**MAJOR RESEARCH PROJECT**

**NO.F.5-232/2014(HRP) dated June 2017**
**MRP-MAJ-MALA-2013-19211**

**FD-III Diary No. 7689 Dated. 5/10/2015**
**FD Diary No. 1450 Dated. 13/06/2017**

# FINAL REPORT

## MODELS OF CHRISTIAN UTTERANCES IN MALAYALAM - A CULTURAL STUDY

## മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ – സംസ്കാരപഠനം

**Dr. JAMES V**
**Associate Professor (Retired)**
Department of Malayalam
St. Berchmans' College, Changanacherry
Kerala - 686101

(Mahathma Gandhi University, Kottayam)

Major Research Project

Report submitted to the U.G.C. on

# MODELS OF CHRISTIAN UTTERANCES IN MALAYALAM - A CULTURAL STUDY

# (മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ – സംസ്കാരപഠനം)

**Annexure – X**

**UNIVERSITY GRANTS COMMISSION**
**BAHADUR SHAH ZAFAR MARG**
**NEW DELHI – 110 002**

**ASSESSMENT CERTIFICATE**

(to be submitted with the proposal)

It is certified that the proposal entitled "**Models of Christian Utterances in Malayalam – A Cultural Study"** by **Dr. James V**, Associate Professor(Retired) Department of Malayalam, St. Berchmans Autonomous College, Changanacherry has been assessed by the Assessment (Expert) committee consisting the following members for submission to the University Grants Commission, New Delhi for financial support under the scheme of Major Research Projects:

**Details of Expert Committee:**

1. Dr. Scaria Zacharia
   Former Head and Professor of Malayalam Department
   Sree Sankaracharya University of Sanskrit,
   Kalady, Kerala.

2. Dr. B Ravi Kumar
   Associate Professor (Retired)
   Department of Malayalam
   N.S.S. Hindu College,
   Changanacherry, Kerala.

The proposal is as per the guidelines.

(REGISTRAR/ PRINCIPAL)

(Seal)

# മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ
# – സംസ്കാരപഠനം

## Models of Christian Utterances in Malayalam
## - A Cultural Study

Dr James V.

# കടപ്പാട്

ചങ്ങനാശേരി എസ്.ബി. കോളജ് മലയാളവിഭാഗത്തിൽനിന്നും വിരമിച്ചതിനുശേഷം എനിക്ക് യു.ജി.സി.യിൽനിന്നു ലഭിച്ച മേജർ റിസർച്ച് പ്രോജക്ടാണിത്. മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ - സംസ്കാരപഠനം (Models of Christian Utterances in Malayalam - A Cultural Study) എന്ന പഠനവിഷയം തൃശൂർ മുതൽ പത്തനംതിട്ട വരെയുള്ള മധ്യകേരളത്തിലെ അഞ്ചു ജില്ലകൾ കേന്ദ്രീകരിച്ചു നടന്ന വിപുലമായ അന്വേഷണാത്മക ഗവേഷണപഠനമാണ്. മൂന്നു വർഷം പഠനകാലത്ത് സഹായസഹകരണങ്ങൾ നൽകിയ നിരവധി പേരുട്. അതിൻ നല്ലൊരു പങ്ക് ആളുകളും ജീവിതത്തിൽ ആദ്യമായി ഞാൻ കുമുട്ടിയവരാണ്. എല്ലാവരിൽനിന്നും പ്രോത്സാഹനം പകരുന്ന പ്രചോദനാനുഭവമാണ് ഉായിട്ടുള്ളത്.

യു.ജി.സി.യുടെ 12-ാമതു പദ്ധതി മാർഗ്ഗദർശന(2012-2017) പ്രകാരം യൂണിവേഴ്സിറ്റി/ കോളജ് അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ മേജർ റിസർച്ച് പ്രോജക്ട് അനുവദിക്കുന്ന സ്കീം അനുസരിച്ചാണ് ഇപ്രകാരമൊരു റിസർച്ച് പ്രോജക്ട് എനിക്ക് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ യു.ജി.സി. നൽകിയിട്ടുള്ള മാർഗ്ഗദർശനങ്ങൾ കൃത്യമായി പാലിച്ചുകൊാണ് ഗവേഷണപഠനം പൂർത്തിയാക്കിയിട്ടുള്ളത്. എനിക്ക് ഗവേഷണം അംഗീകരിച്ച് അനുവദിച്ചതു മുതൽ നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ സഹായങ്ങൾക്കും കേന്ദ്രമാനവവികസനവകുപ്പു മന്ത്രാലയത്തോടും യു.ജി.സി.യോടും നിസ്സീമമായ കടപ്പാടുട്.

ഈ വിഷയസ്വീകരണത്തിൽ ഞാൻ കടപ്പെട്ടിട്ടുള്ളത് ഡോ. സ്കറിയാ സക്കറിയ സാറിനോടാണ്. ഗവേഷണമാർഗ്ഗദർശനരംഗത്തെ കുലപതിയും എന്റെ ഗുരുനാഥനുമാണ് സ്കറിയ സാർ. ചങ്ങനാശേരി എസ്.ബി.കോളജിലെ പൂർവവിദ്യാർത്ഥിയും പൂർവാധ്യാപകനുമാണ് ഞാൻ. ഈ കോളജിലെ മലയാളവിഭാഗമാണ് എന്റെ മേജർ റിസർച്ച് നിർവഹണകേന്ദ്രം. പ്രോജക്ടിന് അപേക്ഷിക്കുന്ന കാലം മുതൽ നാളിതുവരെ കോളജ് അധികൃതരിൽനിന്നും മലയാളവിഭാഗത്തിലെ അദ്ധ്യാപകരിൽനിന്നും എനിക്ക് എന്നും പ്രോത്സാഹനമേ ലഭിച്ചിട്ടുള്ളൂ. ഈ കാലയളവിൽ പ്രിൻസിപ്പൽമാരായിരുന്ന റവ. ഡോ. ടോമി പടിഞ്ഞാറേവീട്ടിലിനെയും റവ. ഫാ. മുള്ളൻപാറയ്ക്കലിനെയും നന്ദിയോടെ ഓർക്കുന്നു.

അഞ്ചു ജില്ലകളിൽ പഠനം നടത്തിയപ്പോൾ വിവരങ്ങൾ നൽകിയും സൗകര്യങ്ങൾ ഒരുക്കിയും സഹായിച്ചവർ അനവധിയാണ്. വൈദികർ, ദൈവാലയഭരണനിർവഹണക്കാർ, വിശ്വാസികൾ, ഭക്തർ, ക്രൈസ്തവകലാകാരന്മാർ... അങ്ങനെ നീളുന്നു അവരുടെ പട്ടിക. പലയിടത്തും എന്റെ മുൻകാലശിഷ്യരുടെ സഹായമുായി. അവരിൽ തൃശൂർജില്ലാപഠനത്തിൽ എന്നോടൊപ്പമുായിരുന്ന ജോസുകുട്ടി വല്ലയിലിനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ മൂന്നുകൊല്ലവും ഗവേഷണം പൂർത്തിയാക്കേ എന്നു ചോദിച്ച് 'അലട്ടലുകളും' പ്രോത്സാഹനവുമായി എന്നോടൊപ്പം നിലകൊവരാണ് ഭാര്യ ഡെയ്സമ്മയും മക്കൾ ഡോ. അർജുനും ഡോ. ആര്യയും. ഗവേഷണകാലത്തിനിടയിലാണ് എനിക്കു മരുമക്കളായി ഡോ. ആൻ ട്രീസയേയും ഡോ. അമലിനെയും ലഭിച്ചത്. അവർ ഇരുവരുടെയും ഇടപെടലുകൾ പ്രചോദനം നൽകിയിട്ടു്. ഭാഷാന്തരപ്രവർത്തനങ്ങളിൽ ഷിജിമോൾ ജോൺസൺ ഏറെ സഹായിച്ചു.

ര് അമ്മമാരാണ് എനിക്കുള്ളത്; അമ്മയുടെ അനുജത്തി (ഇളയമ്മ) ആരാധനാസന്ന്യാസിനീസഭാംഗം സി. ഫിലിപ്പിയായും പ്രിയപ്പെട്ട അമ്മാമ്മച്ചിയും (ഡെയ്സമ്മയുടെ അമ്മ). രു

പേരും അശീതി (80 വയസ്) പിന്നിട്ടവരാണ്. ഇരുവരുടെയും സ്നേഹവാത്സല്യങ്ങൾ എന്നും എന്നപോലെ ഈ ഗവേഷണകാലത്തും അനുഭവിച്ചവനാണ് ഞാൻ. എനിക്കായി പ്രാർത്ഥന യുടെ സംരക്ഷിതകവചമൊരുക്കി ഒപ്പം നിന്നവരാണവർ. ഈ പ്രബന്ധത്തിന്റെ മുദ്രണവും ഗ്രാഫിക് ഡിസൈനിംഗും ബയന്റിംഗും ഭംഗിയാക്കിയ ബിജു, കുട്ടൻ, തങ്കച്ചൻ ജെ. മുളവന, സുവി കളർ പ്രിന്റേഴ്സിലെ ലൂയിസ്, ഡയാന, സെന്റ് മാർക്ക്സ് ബിസിനസ് സെന്ററിലെ ജോ എന്നിവർക്ക് നന്ദി.

എന്റെ പിഎച്ച്.ഡി. പ്രബന്ധം എന്നതുപോലെ ഈ മേജർ റിസർച്ച് പ്രബന്ധവും സ്വർഗ്ഗ സ്ഥരായ എന്റെ അമ്മയ്ക്കും അച്ചായനും പപ്പയ്ക്കുമായി സമർപ്പിക്കുന്നു.

**ഡോ. ജയിംസ് വി.**

# ഉള്ളടക്കം

## മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ – സംസ്കാരപഠനം
## Models of Christian Utterances in Malayalam - A Cultural Study


**ആമുഖം** 21

**അധ്യായം ഒന്ന്**

**പ്രയോഗവിജ്ഞാനം – അടിസ്ഥാനസങ്കല്പനങ്ങൾ**

**(Pragmatics - Basic Concepts)** 23 -39

വാക്യവിജ്ഞാനം, അർത്ഥവിജ്ഞാനം, പ്രയോഗവിജ്ഞാനം – ക്രമികത – ചരിത്രം – സാധാരണഭാഷയും തർക്കശാസ്ത്രവും – വാക്യവിജ്ഞാനത്തിലെ പ്രശ്നങ്ങൾ

**അധ്യായം രണ്ട്**

**മധ്യകേരളക്രൈസ്തവസഭാചരിത്രം ഉദയമ്പേരൂർ സൂനഹദോസ് വരെ**

**(History of Kerala Christians - Upto the Synod of Diamper)** 40 - 80

സപ്തദൈവാലയങ്ങൾ – പുരാതനപാട്ടുകളിലെ തോമ്മാപാരമ്പര്യം – ചരിത്രത്തിന്റെ താളുകളിൽ തോമ്മാസാക്ഷ്യം – ആദിമ കേരള ക്രൈസ്തവർ – മലങ്കരസഭയുടെ സുറിയാനി ബന്ധം – പേർഷ്യൻ ബന്ധം – ക്നായിത്തോമ്മായുടെ കുടിയേറ്റം – തെക്കും ഭാഗക്കാരും വടക്കുംഭാഗക്കാരും – സുറിയാനിയുടെ സുവർണപരിവേഷം കേരളസഭയിൽ – സാമൂഹ്യജീവിതത്തിന്റെ സംജ്ഞകൾ – വില്ലാർവട്ടം രാജകുടുംബം – തരിസാപ്പള്ളി ചെപ്പേടുകൾ – ക്നായിത്തൊമ്മൻ ചെപ്പേട് – ശാസനങ്ങളിൽ പ്രതിഫലിക്കുന്ന മാർത്തോമ്മാ ക്രൈസ്തവസംസ്കാരം – സൈനികസേവനം – മാർത്തോമ്മാ ക്രൈസ്തവരുടെ മതജീവിതം – ഭരണസംവിധാനം–ആർച്ചുഡീക്കന്മാർ – ദൈവാലയ സംവിധാനം – കുടുംബങ്ങളിലെ ആചാരങ്ങൾ – വിവാഹാചാരങ്ങൾ

**അധ്യായം മൂന്ന്**

**ഉദയംപേരൂർ സൂനഹദോസും പ്രത്യാഘാതങ്ങളും**

**(The Synod of Diamper and Consequences)** 81 - 94

ആധിപത്യത്തിന്റെ അംശവടി പോർട്ടുഗീസുകാരുടെ കരങ്ങളിൽ – ഫ്രാൻസിസ് സേവ്യർ – മെനെസിസ്: ഉദയംപേരൂർ സൂന്നഹദോസിന്റെ സൂത്രധാരൻ – ഉദയംപേരൂർ സൂനഹദോസ്: പാശ്ചാത്യവത്കരണത്തിന്റെ പടപ്പുറപ്പാട് – കൂനൻകുരിശു സത്യം ഐതിഹാസിക സ്വാതന്ത്ര്യപ്രഖ്യാപനം – വിദേശാധിപത്യത്തിനെതിരെ വീണ്ടും – കേരളത്തിലെ ലത്തീൻ കത്തോലിക്കർ – ഉത്ഭവവും വളർച്ചയും

**അധ്യായം നാല്**

**കേരളനവോത്ഥാനത്തിൽ ക്രൈസ്തവരുടെ പങ്ക്**

**(The Role of Christians in the Renaissance of Kerala)** 95 - 117

ബൈബിൾ മലയാളത്തിൽ – വിദ്യാഭ്യാസരംഗം – വിപ്ലവപരിവർത്തനത്തിലേക്ക് – മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ – കത്തോലിക്കാസഭയും വിദ്യാഭ്യാസരംഗത്ത്

– സ്ത്രീ വിദ്യാഭ്യാസം – നിന്ദിതർക്കും പീഡിതർക്കും വിമോചനം – സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മാർഗദർശികൾ – ആധുനിക ശാസ്ത്രപഠനം – പാഠപുസ്തകങ്ങൾ – പ്രമാണഗ്രന്ഥങ്ങൾ – ആംഗ്ലിക്കൻ സഭ കേരളത്തിൽ – ദളിതർ കിസ്തുമാർഗത്തിലേക്ക് – അബ്രഹാം മല്പാൻ – ആരാധന മലയാളത്തിൽ – മാരാമൺ മഹാസമ്മേളനം – അയിത്താചരണവും അടിമത്തവും – മിഷനറിമാരും മലയാളഭാഷയും – അച്ചടിയും പുസ്തകപ്രസാധനവും – പത്രപ്രവർത്തനം – മാറിവന്ന സാഹിത്യസങ്കല്പം

**അധ്യായം അഞ്ച്**

**ഇരുപതാം നൂറ്റാണ്ട് – കേരള സമൂഹവും ക്രൈസ്തവരും**
**(Christians and Kerala Society in the 20th Century)** 118 - 141

മലയാള മനോരമയും ഭാഷാപോഷിണിയും – വിജ്ഞാനസാഹിത്യവും ഗവേഷണവും – ചരിത്രവും സംസ്കാരവും – സാഹിത്യവിമർശനം – സാമ്പത്തിക വികസനത്തിൽ പുതിയ ചക്രവാളം – രാഷ്ട്രീയപ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ – ക്രൈസ്തവ മഹാജനസഭ – അഖിലകേരള കത്തോലിക്കാകോൺഗ്രസ് – പൗരസമത്വവാദപ്രക്ഷോഭണം – നിവർത്തനപ്രസ്ഥാനം – ഉത്തരവാദിത്വഭരണ പ്രക്ഷോഭണം – സ്റ്റേറ്റ് കോൺഗ്രസ്സിൽ – കേരളാ യൂത്ത് ക്രിസ്ത്യൻ കൗൺസിൽ ഓഫ് ആക്ഷൻ – ഏകാധിപത്യത്തിനെതിരെ – മനുഷ്യാവകാശങ്ങൾക്കുവേണ്ടി – സ്ത്രീകൾക്കു തുല്യാവകാശം – ആദ്ധ്യാത്മികതയുടെ വിശുദ്ധ വഴികളിൽ – ഐക്യത്തിന്റെ പാതയിൽ – ദൈവശാസ്ത്രവേദിയിൽ

**അധ്യായം ആറ്**

**ക്രൈസ്തവസാന്നിദ്ധ്യം മലയാളസാഹിത്യത്തിൽ**
**(The Presence of Christians in the Malayalam Literary Scenario)** 142 - 181

മിഷനറിമാരും മലയാളസാഹിത്യവും – പുതുയുഗപ്പിറവി – ക്രൈസ്തവർ സാഹിത്യവേദിയിൽ – ബൈബിൾ കഥകൾ കവിതയിൽ – മഹാകാവ്യങ്ങൾ – സങ്കീർത്തനങ്ങളും ഉത്തമഗീതവും – മഗ്ദലനമറിയവും മറ്റു ഖണ്ഡകൃതികളും – ക്രിസ്തുഭാഗവതം – ഭക്തിഗാനങ്ങൾ – കീർത്തനസാഹിത്യത്തിലെ കുലപതികൾ – വർത്തമാനപ്പുസ്തകം – സർഗാത്മക സാഹിത്യരംഗത്ത് സംഭാവനകൾ-നാടകം – ചെറുകഥ – ബാലസാഹിത്യം – നോവൽ – ജനപ്രിയ രചനകൾ – പെൺമയുടെ പ്രതിരോധം – ആത്മകഥാഖ്യാനങ്ങൾ – ഉയിർത്തെഴുന്നേൽക്കുന്ന ബൈബിൾ ഇമേജുകൾ – ബൈബിൾ ബിംബങ്ങൾ കവിതയിൽ – നവീന വിമർശനവും ബൈബിൾ സ്വാധീനവും – പുതിയ ഭാഷ, പുതിയ ശൈലി – ക്രിസ്തുവിന്റെ പീഡാസഹനവും ഉയിർത്തെഴുന്നേല്പും – ബൈബിൾ ആധുനികാനന്തര കവിതയിൽ – ക്രൈസ്തവദർശനം മലയാളത്തിൽ

**അധ്യായം ഏഴ്**

**ക്രൈസ്തവ കലകൾ (The Christian Art Forms)** 182 - 208

പള്ളികളുടെ രൂപകല്പന – മദ്ബഹായും അൾത്താരയും – ചുവർചിത്രങ്ങൾ –ഐക്കണുകൾ – പഴമയുടെ തിരുശേഷിപ്പുകൾ – വാസ്തുവിദ്യയുടെ നവീനശൈലികൾ – പള്ളിആഘോഷങ്ങളിലെ കലാവതരണങ്ങൾ – ക്രൈസ്തവ കലാരൂപങ്ങൾ – മാർഗംകളി – പരിചമുട്ടുകളി – വാളാട്ടു പരിചവീശുകളി (ലത്തീൻ പരിചമുട്ടുകളി) – വട്ടക്കളി – പൂവിറക്കം – ചവിട്ടുനാടകം – അണ്ണാവിപ്പാട്ടുകൾ – സംഗീതനാടകങ്ങൾ – ക്രൈസ്തവർ കലാരംഗത്ത്.

**അധ്യായം എട്ട്**

**മധ്യകേരളക്രൈസ്തവസമൂഹം: ആചാരാനുഷ്ഠാനങ്ങൾ, ജീവിതചര്യകൾ**
**(The Central Kerala Christian Community - Rituals and Customary Practices)**
209 - 269

കൂദാശകൾ - പൊതുത്തിരുനാളുകൾ - വലിയ നോമ്പ് കർമ്മങ്ങൾ - മധ്യകേരള ക്രൈസ്തവസഭയിലെ വ്യത്യസ്ത നാട്ടാചാരങ്ങൾ - പെരുന്നാളുകൾ - പെരുന്നാളിന്റെ ഘടന - നേർച്ചകൾ - എഴുന്നള്ളിക്കൽ - നോമ്പും ഉപവാസവും - വലിയനോമ്പ് കർമ്മങ്ങൾ - വിശുദ്ധവാരാചാരങ്ങൾ - പെസഹാ ഭക്ഷണം - ആശീർവ്വാദം/വെഞ്ചെരിപ്പ് - സ്ലീവാഭക്തി - പള്ളിമണികൾ - മഹറോൻ - ക്രൈസ്തവസമൂഹങ്ങളിലെ ശവസംസ്കാരചടങ്ങുകൾ - യാക്കോബായ ദൈവാലയങ്ങളിലെ ആചാരങ്ങൾ - മാർതോമ്മാ ദൈവാലയത്തിലെ ആചാരാനുഷ്ഠാനങ്ങൾ - ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (CSI) ദൈവാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ - പെന്തക്കോസ്ത് പ്രാർത്ഥനാഹാളുകളിലെ ആചാരാനുഷ്ഠാനങ്ങൾ - ബ്രദറൺ അസംബ്ലിഹാളുകളിലെ ആചാരാനുഷ്ഠാനങ്ങൾ - യഹോവയുടെ സാക്ഷികൾ - കല്യാണപ്പാട്ടുകളിൽ വെളിവാകുന്ന ക്രിസ്തീയ വിവാഹ ആചാരങ്ങൾ - മാർതോമൻപാട്ട് - ചന്തംചാർത്തുപാട്ട് (അന്തം ചാർത്തുപാട്ട്) - മൈലാഞ്ചിപ്പാട്ട് -ക്നാനായ വിവാഹം: പാരമ്പര്യങ്ങളുടെ സമന്വയം - വിവാഹസദ്യയിലെ തീൻമുറകൾ - വസ്ത്രധാരണം, വേഷവിധാനം, ദായക്രമം - ക്രൈസ്തവതീൻമേശ: പാരമ്പര്യരുചിഭേദങ്ങൾ

**അധ്യായം ഒൻപത്**

**മധ്യകേരളത്തിലെ പ്രധാന(40) ക്രൈസ്തവദൈവാലയങ്ങൾ-സാംസ്കാരികപഠനം**
**(സവിശേഷപഠനം: കോഴിവെട്ടു നേർച്ച ഇന്നും പിന്തുടരുന്ന പുതുപ്പള്ളി പള്ളി)**
**(Prominent Christian Churches (40) in Central Kerala - A Cultural Study**
**(Special Emphasis to Shrine of St. George at Puthuppally where the tradition of offering 'livefowls' is still followed)** 270 - 573

പുതുപ്പള്ളി പള്ളിയും നസ്രാണി സംസ്കൃതിയും സവിശേഷപഠനം - സെന്റ് തോമസ് തീർത്ഥകേന്ദ്രം, പാലയൂർ - ആർത്താറ്റ് പടിയോലയും കുന്നംകുളം (ആർത്താറ്റ്) ഓർത്തഡോക്സ് സെന്റ് മേരീസ് വലിയപള്ളി ചരിത്രവും - പറവൂർ കോട്ടക്കാവ് തീർത്ഥാടന പള്ളി - ഇടപ്പള്ളി പള്ളി: ചരിത്രം, ആചാരാനുഷ്ഠാനങ്ങൾ - വല്ലാർപാടം ബസലിക്ക ദേശീയ തീർത്ഥാടനകേന്ദ്രം - കോതമംഗലം മാർ തോമൻ ചെറിയപള്ളിയും പരി. യൽദോ മാർ ബസേലിയോസ് ബാവയും - ഉദയംപേരൂർ സൂനഹദോസ് പള്ളി - പ്രസിദ്ധമായ കാഞ്ഞൂർ ദൈവാലയം - കൊരട്ടിപള്ളിയുടെ സ്ഥാപനപശ്ചാത്തലവും ആചാരങ്ങളും - മലയാറ്റൂർ കുരിശുമുടി തീർത്ഥാടനം - പഴുവിൽ പള്ളിയും അർണോസ് സ്മൃതിമണ്ഡപവും - ചരിത്രശേഷിപ്പുകൾ പേറുന്ന കടുത്തുരുത്തി വലിയപള്ളി - കുറവിലങ്ങാട് മർത്ത മറിയം പള്ളി മധ്യകേരള ക്രൈസ്തവരുടെ ഈറ്റില്ലം - രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപള്ളി - വല്യച്ചൻ മാഹാത്മ്യവും അരുവിത്തുറ സെന്റ് ജോർജ്ജ് പള്ളിയും - പാലാ സെന്റ് തോമസ് കത്തീഡ്രലും രാക്കുളി തിരുന്നാളും - ഭരണങ്ങാനം ആനക്കല്ല് സെന്റ് മേരീസ് ഫൊറോനാപ്പള്ളി - ചേർപ്പുങ്കൽ ഹോളിക്രോസ് ഫൊറോനാപ്പള്ളി - സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ മണർകാട് - കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ - മണിമല ഹോളി മാഗി ഫൊറോനാ ദൈവാലയം - നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയവും പുഴുക്കുനേർച്ചയും - അതിര

മ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയം - ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം ചരിത്രാവലോകനം - ചേർത്തല തങ്കിപ്പള്ളിയുടെ ചരിത്രം - അർത്തുങ്കൽ വി. സെബസ്ത്യാനോസ് ബസിലിക്ക: തീർത്ഥാടകരുടെ പുണ്യഭൂമി - ആലപ്പുഴ മാർ സ്ലീവാ ഫൊറോനാ ദൈവാലയം - തത്തംപള്ളി സെന്റ് മിഖായേൽ ദൈവാലയം - പുറക്കാട് മാർ സ്ലീവാ ദൈവാലയം - ചമ്പക്കുളം കല്ലൂർക്കാടു പള്ളിയും ചെമ്പകശ്ശേരി രാജാക്കന്മാരും - എടത്വാ കോയിൽമുക്ക് സെന്റ് ജോർജ് ഫൊറോനാ ദൈവാലയം - തിരുവല്ല പാലിയേക്കര പള്ളി ചരിത്രം ചുവർചിത്രങ്ങൾ, റിലീഫ് വർക്കുകൾ - കല്ലൂപ്പാറ വലിയപള്ളി സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം - കല്ലിശ്ശേരി പള്ളി: മഴുക്കീർ പള്ളിയും സ്ഥാപനചരിത്രവും - വായ്പൂര് സെന്റ് മേരീസ് പഴയപള്ളി - സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പുത്തൻകാവ് - ചന്ദനപ്പള്ളി ദൈവാലയം: പ്രാദേശികതയും സാംസ്കാരിക തനിമയും - കുടമാളൂർ സെന്റ് മേരീസ് ദൈവാലയം - നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയവും അന്താരാഷ്ട്ര എക്യുമെനിക്കൽ സംവാദകേന്ദ്രവും.

**ഉപസംഹാരം** 574- 584

**അനുബന്ധം (Annexure)**

| | | |
|---|---|---|
| **1.** | **ക്രൈസ്തവ പദകോശം**<br>**(A Guide to Christian Utterances)** | **586- 616** |
| **2.** | **മാർഗ്ഗംകളി ആട്ടപ്രകാരം**<br>**(The Procedure of Margam kali)** | **617 - 630** |
| **3.** | **പാണംപാട്ടിലെ ക്നായിതോമ്മാ**<br>**(Thomas of Cana in Panampattu)** | **631 - 640** |
| **4.** | **പരിചമുട്ടുകളി പാട്ടുകൾ (52)**<br>**(Songs of Parichamuttukali)** | **641 - 663** |
| **5.** | **ചിത്രങ്ങൾ (Pictures)** | **665 - 714** |
| **6.** | **ആവേദകർ (Informers)** | **715 - 717** |
| **7.** | **സഹായകഗ്രന്ഥങ്ങൾ (Bibliography)** | **718 - 727** |

# ആമുഖം

മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ - സംസ്കാരപഠനം (Models of Christian Utterances in Malayalam - A Cultural Study) എന്ന ഈ ഗവേഷണപ്രബന്ധം ഭാഷണഭേദങ്ങൾ (utterances) ക്രൈസ്തവഭാഷയിലുാക്കുന്ന വൈവിധ്യസമൃദ്ധി സാംസ്കാരികപശ്ചാത്തലത്തിൽ പഠിക്കുന്ന ഒന്നാണ്. ഭാഷകൊ് ക്രൈസ്തവസ്വത്വത്തെ അടയാളപ്പെടുത്തുന്നത് എങ്ങനെയെന്ന് അപഗ്രഥിച്ച് വിലയിരുത്തി നിരീക്ഷിക്കപ്പെടുന്നു. തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ അഞ്ചു മധ്യകേരളജില്ലകളിലെ ക്രൈസ്തവകേന്ദ്രങ്ങൾ മുൻനിർത്തി ചരിത്രം, പാരമ്പര്യം, പ്രാർത്ഥന, തീർത്ഥാടനം, ആരാധന, അനുഷ്ഠാനങ്ങൾ, നാട്ടാചാരങ്ങൾ, ജീവിതചര്യകൾ, സാഹിത്യം, കലകൾ തുടങ്ങി ക്രൈസ്തവജീവിതത്തെ സാംസ്കാരികമായി അടയാളപ്പെടുത്തുന്ന കർമ്മമേഖലകളിൽനിന്ന് പരമാവധി ഭാഷണഭേദങ്ങൾ സമാഹരിച്ചിട്ടു്. പ്രയോഗവിജ്ഞാനം (pragmatics) എന്ന ആധുനിക ഭാഷാപഠനസങ്കേതം ഈ സാംസ്കാരികപഠനത്തിന്റെ പൊതുപരിപ്രേക്ഷ്യമായി മാറുന്നു.

ഒൻപത് അധ്യായങ്ങളായാണ് ഈ പഠനപ്രബന്ധം സംവിധാനം ചെയ്തിരിക്കുന്നത്. ആദ്യ അധ്യായം പ്രയോഗവിജ്ഞാനം - അടിസ്ഥാനസങ്കല്പനങ്ങൾ എന്നതാണ്. ഒരു പഠനശാഖ എന്ന നിലയിൽ പ്രയോഗവിജ്ഞാനത്തിന്റെ വളർച്ചയെ വിലയിരുത്തി ഭാഷാശാസ്ത്രസംബന്ധമായ വിശാലകാഴ്ച്ചപ്പാടിന്റെ പരിധിയിൽ അതിനെ നിർവചിച്ചിരിക്കുന്നു. ഉക്തിയുടെ വ്യാഖ്യാനത്തിലൂന്നുന്ന പ്രയോഗവിജ്ഞാനനിർവചനം എപ്രകാരം സ്വീകാര്യമായി മാറുന്നു എന്നും പരിശോധിക്കുന്നു.

ര്, മൂന്ന് അധ്യായങ്ങൾ കേരളക്രൈസ്തവസഭയുടെ ഉദയംപേരൂർ സൂനഹദോസ് വരെയുള്ള ചരിത്രത്തെയും കേരള ക്രൈസ്തവചരിത്രത്തിൽ ഭിന്നിപ്പിനും പിളർപ്പിനും കാരണമായ ആ സംഭവത്തിന്റെ പ്രത്യാഘാതങ്ങളെയും വിലയിരുത്തുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ സാംസ്കാരിക സ്വത്വത്തെ അടയാളപ്പടുത്തുന്നതിന് ഇവിടെ ചരിത്രത്തെയും പാരമ്പര്യമൊഴികളെയും വീടുകളിലെയും സ്ഥാപനങ്ങളിലെയും പുരാവസ്തുക്കളെയും അവലംബമാക്കിയിരിക്കുന്നു. നാലാം അധ്യായത്തിൽ കേരളനവോത്ഥാനത്തിൽ ക്രൈസ്തവരുടെ പങ്ക് പരിശോധിക്കുന്നു. മിഷണറിമാരുടെ ബൈബിൾ വിവർത്തനസംരംഭങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളും സ്ത്രീവിദ്യാഭ്യാസത്തിനു നൽകിയ ഊന്നലും അധഃസ്ഥിതരുടെ വിമോചനത്തിന് അവർ വഹിച്ച പങ്കും ആധുനിക ശാസ്ത്രജ്ഞാനത്തിന്റെ പരിചയപ്പെടുത്തലും അച്ചടി, പ്രസാധനരംഗത്തെ സംഭാവനകളും കേരള സാംസ്കാരിക നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കുന്നു.

'ഇരുപതാം നൂറ്റ് - കേരളസമൂഹവും ക്രൈസ്തവരും' എന്നതാണ് അഞ്ചാമധ്യായം. പത്രപ്രവർത്തനം, വിജ്ഞാനസാഹിത്യം, സാഹിത്യവിമർശനം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയപ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും, സ്ത്രീസമത്വപോരാട്ടം തുടങ്ങിയ മേഖലകളിൽ ഇരുപതാം നൂറ്റാിലെ കേരളം കൈവരിച്ച നേട്ടങ്ങളിൽ ക്രൈസ്തവരുടെ സംഭാവന ഇവിടെ വിവരിക്കുന്നു. മിഷണറിസാഹിത്യം, മഹാകാവ്യങ്ങൾ, ഭക്തിഗാനങ്ങൾ, യാത്രാവിവരണം, നോവൽ ചെറുകഥ നാടകമടക്കമുള്ള സർഗ്ഗാത്മകസാഹിത്യരംഗം, പെണ്ണെഴുത്ത്, മലയാളസാഹിത്യത്തിലെ ക്രൈസ്തവദർശനം എന്നീ മേഖലകൾ സമഗ്രമായി വിശകലനം ചെയ്ത് മലയാളസാഹിത്യത്തിലെ ക്രൈസ്തവസാന്നിധ്യം അവതരിപ്പിക്കുന്നതാണ് ആറാമധ്യായം. ക്രൈസ്തവകലകൾ എന്ന ഏഴാമധ്യായത്തിൽ ദൈവാലയങ്ങളിലെ ശില്പകലകൾ, മാർഗ്ഗംകളി, പരിചമുട്ടുകളി, വാളാട്ടുപരിചവീശുകളി, വട്ടക്കളി, പൂവിറക്കം, ചവിട്ടുനാടകം, അണ്ണാവിപാട്ടുകൾ, ദേവാസ്തവിളി

എന്നിങ്ങനെ അനുഷ്ഠാനപരവും ഇതരവുമായ ക്രൈസ്തവകലാരൂപങ്ങളെ വിശദപഠനം നടത്തി അവതരിപ്പിക്കുന്നു. ഒപ്പം വിവിധ കലാരംഗത്ത് ശ്രദ്ധേയരായ മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ ക്രൈസ്തവകലാകാരന്മാരുടെ സംഭാവനകൾ സൂചിപ്പിക്കുന്നു.

എട്ടാമദ്ധ്യായത്തിൽ മദ്ധ്യകേരളക്രൈസ്തവസമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങളും ജീവിതചര്യകളും വിശദമായി പഠിച്ചിരിക്കുന്നു. കൂദാശകൾ, പൊതുത്തിരുനാളുകൾ, പള്ളിപ്പെരുനാളുകൾ, നേർച്ചകൾ, എഴുന്നള്ളിക്കലുകൾ, നോമ്പും ഉപവാസവും, മാസവണക്കങ്ങൾ, വിശുദ്ധവാരാചരണങ്ങൾ, ശവസംസ്കാരചടങ്ങുകൾ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളും ജീവിതചര്യകളുമാണ് പരിഗണിക്കപ്പെട്ട മുഖ്യമേഖലകൾ. യാക്കോബായ, മാർത്തോമ്മാ, ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ (സി.എസ്.ഐ.) ദൈവാലയങ്ങളിലെ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ, പെന്തക്കോസ്ത്/ബ്രദറൺ/യഹോവയുടെ സാക്ഷികൾ എന്നിവരുടെ അസംബ്ലിഹാളുകളിലെ ആചാരാനുഷ്ഠാനഭേദങ്ങൾ എന്നിവയും പഠനവിഷയമാണ്. തനതു ക്രൈസ്തവ സാംസ്കാരികസ്വത്വം നിലനിർത്തിപ്പോരുന്ന ക്നാനായസമുദായത്തിന്റെ കല്യാണപ്പാട്ടുകളിൽ വെളിവാകുന്ന ക്രിസ്തീയ വിവാഹാചാരങ്ങൾ സവിശേഷമായി അവതരിപ്പിക്കുന്നു. ക്രൈസ്തവ വസ്ത്രധാരണം, വേഷവിധാനം, ദായക്രമം, ക്രൈസ്തവ തീൻമേശയിലെ പാരമ്പര്യരുചിഭേദങ്ങൾ എന്നിവയും ഈ അധ്യായത്തിന്റെ ഭാഗമാണ്.

ഈ പ്രബന്ധത്തിലെ ദൈർഘ്യമേറിയതും സമഗ്രവുമായ പഠനമാണ് ഒൻപതാം അധ്യായത്തിൽ നിർവഹിച്ചിട്ടുള്ളത്. ഗവേഷണപഠനപ്രദേശമായ അഞ്ചു ജില്ലകളിൽനിന്നും പ്രാതിനിധ്യാത്മകമായി എൺപതോളം ദൈവാലയപ്രദേശങ്ങളെയും സമൂഹത്തെയും വിഷയപഠനത്തിനായി സ്വീകരിച്ചു. ക്രൈസ്തവസാംസ്കാരിക സ്വത്വരൂപീകരണത്തെ സമർത്ഥിക്കുവാൻ പറ്റുന്ന ഒട്ടേറെ ഭാഷണഭേദങ്ങൾ പഠനഫലമായി സമാഹരിച്ചു. ദൈവാലയങ്ങളുടെയും ക്രൈസ്തവ സമൂഹങ്ങളുടെയും പഴമയും പാരമ്പര്യവും, നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന തനിമയാർന്ന അനുഷ്ഠാനങ്ങൾ, നാട്ടാചാരങ്ങൾ, ആഘോഷങ്ങൾ, കലകൾ, നേർച്ചകൾ, എഴുന്നള്ളിക്കലുകൾപോലെയുള്ള ഭക്താഭ്യാസങ്ങൾ, തീർത്ഥാടനങ്ങൾ, പുത്തൻപാനപോലെയുള്ളവയുടെ ആലാപനഭേദങ്ങൾ, ചവിട്ടുനാടകംപോലെയുള്ള കലകളുടെ അവതരണഭേദങ്ങൾ (തെക്കൻചിട്ട, വടക്കൻചിട്ട) തുടങ്ങിയവയാണ് പരിഗണിച്ച വിഷയങ്ങൾ. വിശദപഠനം നിർവഹിച്ച 80 ക്രൈസ്തവകേന്ദ്രങ്ങളിൽനിന്നും തെരഞ്ഞെടുത്ത 40 എണ്ണത്തെക്കുറിക്കുന്ന പഠനമാണ് ഒൻപതാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൂവൻകുല തുലാഭാരം (അങ്കമാലി കൊരട്ടിപള്ളി), അടിമയായി മുറ്റംതൂപ്പ് (വല്ലാർപാടംപള്ളി), കപ്പൽപ്രദക്ഷിണം (കുറവിലങ്ങാടുപള്ളി), രാക്കുളിയും മലയുന്തും (പാലാ കത്തീഡ്രൽപള്ളി), ശയനപ്രദക്ഷിണം (ചേർത്തല-തങ്കിപ്പള്ളി), ശബരിമല അയ്യപ്പദർശനത്തിനുശേഷം പള്ളിയിലെത്തി 'വെളുത്തച്ചനെ' കുവണങ്ങി ഹിന്ദുക്കൾ മാലയൂരുന്നത് (അർത്തുങ്കൽ പള്ളി), പ്രശസ്തമായ ചെമ്പെടുപ്പ് (ചന്ദനപ്പള്ളിപ്പള്ളി), പതിനായിരങ്ങൾ പങ്കെടുക്കുന്ന പുഴുക്കുനേർച്ച (നെടുങ്കുന്നം), മലയാറ്റൂർ തീർത്ഥാടനം, ഇന്നും തുടരുന്ന പുതപ്പള്ളിപ്പള്ളിയിലെ കോഴിവെട്ട് (സവിശേഷപഠനം) തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ ഇവിടെ വിശകലനവിധേയമാക്കിയിട്ട്.

ഗവേഷണപഠനഫലമായി സമാഹരിച്ച 253 ക്രൈസ്തവഭാഷണഖണ്ഡങ്ങൾ അകാരാദിക്രമത്തിൽ ഉൾപ്പെടുത്തി  ഒന്നാം അനുബന്ധമായി ക്രൈസ്തവപദകോശം തയ്യാറാക്കിയിരിക്കുന്നു. പദനിഷ്പത്തി, അർത്ഥവിവരണം, പ്രയോഗസന്ദർഭസൂചന ഇവ പദകോശത്തിന്റെ ഭാഗമാണ്. അനുബന്ധം രിൽ മാർഗ്ഗംകളി ആട്ടപ്രകാരവും മൂന്നിൽ 'പാണൻപാട്ടിലെ ക്നായിത്തോമ്മാ'യും നാലിൽ സമാഹരിച്ച 96 പരിചമുട്ടുകളിപ്പാട്ടിൽനിന്ന് 52 എണ്ണവും ഉൾപ്പെടുത്തിയിരിക്കുന്നു. അനുബന്ധം അഞ്ച് ചിത്രങ്ങളാണ്. ഗവേഷണപഠനവേളയിൽ സമാഹരിച്ചവയിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ളവയാണ് അവ. ആറിൽ ആവേദകരെക്കുറിക്കുന്ന വിശദാംശങ്ങളാണ്. അവസാനഭാഗത്തുള്ള ഗ്രന്ഥസൂചിയും പ്രബന്ധത്തിന്റെ ഭാഗമാണ്.

## അധ്യായം ഒന്ന്

# പ്രയോഗവിജ്ഞാനം - അടിസ്ഥാനസങ്കല്പനങ്ങൾ

# (Pragmatics - Basic Concepts)

### 1.1 ആമുഖം

ഭാഷകർ സംവേദനം ചെയ്യുകയും ശ്രോതാക്കൾ വ്യാഖ്യാനിച്ചെടുക്കുകയും ചെയ്യുന്ന അർത്ഥത്തിന്റെ പഠനമാണ് പ്രയോഗവിജ്ഞാനം. ഇപ്രകാരം തന്നെ എഴുത്തുകാർ പ്രയോഗിക്കുകയും വായനക്കാർ വ്യാഖ്യാനിച്ചെടുക്കുകയു ചെയ്യുന്ന അർത്ഥത്തിന്റെ പഠനത്തിനും ഈ പഠനമേഖലയിൽ പ്രസക്തിയു്. പ്രയോഗവിജ്ഞാനം ശ്രദ്ധിക്കുന്നത്, ഭാഷകർ ഉക്തിയിലൂടെ എന്താണ് അർത്ഥമാക്കുന്നത് എന്നതിന്റെ അപഗ്രഥനത്തിലാണ്. ആ നിലയ്ക്ക് പ്രയോഗവിജ്ഞാനം വക്താവിന്റെ ഉക്ത്യാർത്ഥപഠനമാകുന്നു.(1)

വാക്കുകൾ അർത്ഥമാക്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ എങ്ങനെ ഉക്തിയിലൂടെ സംവേദനം ചെയ്യാനാകുന്നു എന്നതിന്റെ പഠനംകൂടിയാണ് പ്രയോഗവിജ്ഞാനം.(2) ഒരു പ്രത്യേക പ്രകരണത്തിൽ ഭാഷകർ എന്താണ് അർത്ഥമാക്കുന്നതെന്നും അവരുടെ സംഭാഷണരീതിയെ പ്രകരണം എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നതെന്നും അന്വേഷണം സാധ്യമാണ്. സംഭാഷണത്തിലെ സന്ദർഭം, ചുറ്റുപാട്, സമയം എന്നിവയ്ക്കെല്ലാമനുസരിച്ച് സംഭാഷണത്തെ ഭാഷകർ എങ്ങനെയെല്ലാം ക്രമീകരിക്കുന്നു് എന്നതും പരിഗണിക്കാം. അപ്പോൾ പ്രയോഗവിജ്ഞാനം പ്രകരണാർത്ഥപഠനം കൂടിയായും മാറും.(3)

എന്താണ് പറയേത്, എന്തൊക്കെയാണ് ധ്വനിപ്പിക്കേത് എന്ന കാര്യത്തിൽ തെരഞ്ഞെടുപ്പിനായി വക്താവിനെ പ്രേരിപ്പിക്കുന്ന ഘടകങ്ങളേവ എന്ന കാര്യംകൂടി അന്വേഷിക്കേതു്. ഭാഷകരും ശ്രോതാക്കളും തമ്മിലുള്ള അടുപ്പവും അകലവും നിർണായകമാണ്. ഇതനുസരിച്ച് എത്രത്തോളം പറയേതു് എന്ന് ഭാഷകൻ തീരുമാനിക്കുന്നു. അപ്പോൾ പ്രയോഗവിജ്ഞാനമെന്നാൽ ഭാഷകരും ശ്രോതാക്കളും തമ്മിലുള്ള ആപേക്ഷികമായ അകലത്തിന്റെ ആവിഷ്കരണത്തെക്കുറിച്ചുള്ള പഠനമാണ്.(4)

ഭാഷകർ തങ്ങളുടെ വാക്കുകൾ അർത്ഥമാക്കുന്നതിലും അധികം കാര്യങ്ങൾ തങ്ങളുടെ ഉക്തിയിലൂടെ സംവേദനം ചെയ്യാൻ ശ്രമിക്കുന്നു... ശ്രോതാക്കൾ അവ പ്രയാസം കൂടാതെ മനസ്സിലാക്കുന്നു... ഒരു പ്രത്യേക പ്രകരണത്തിൽ ഉക്തികൊ് അർത്ഥമാക്കുന്നത് ഇന്നതാണെന്ന് എങ്ങനെയാണ് ഭാഷകർ മനസിലാക്കുന്നത്... ഇത്തരം നിരവധി ചോദ്യങ്ങൾക്ക് പ്രയോഗവിജ്ഞാനം പരിഹാരം നിർദ്ദേശിക്കുന്നു. (Thomas, J, 1995:1)

എന്താണ് പ്രയോഗവിജ്ഞാനം? എന്ന ചോദ്യത്തിന് ഭാഷയും പ്രയോക്താക്കളുമായും ബന്ധപ്പെട്ട പഠനശാഖയെന്നാണ് പ്രയോഗവൈജ്ഞാനികർ ആദ്യം നൽകുന്ന ഉത്തരം. വാക്യവിജ്ഞാനം (syntax), അർത്ഥവിജ്ഞാനം (semantics) തുടങ്ങിയ ഭാഷാപഠനമേഖലകളിൽനിന്ന് വ്യത്യസ്തമായി പ്രയോഗവിജ്ഞാനത്തിന് ഭാഷാസംബന്ധമായി ഏറെ പഠിക്കാനും വിശദീകരിക്കാനും ്. ഭാഷാപ്രയോഗരീതികളെക്കുറിച്ച് സാധ്യമാകുന്നിടത്തോളം ശാസ്ത്രീയമായി

പഠിക്കാൻ ശ്രമിക്കുന്ന പഠനശാഖയാണ് പ്രയോഗവിജ്ഞാനം. പ്രയോക്താക്കൾ പ്രത്യേക ഉദ്ദേശ്യങ്ങൾ നേടിയെടുക്കാനായി തങ്ങളുടെ പരിമിതികൾക്കും ശക്തിവിശേഷങ്ങൾക്കും കീഴ്വഴങ്ങി ഭാഷ അനുദിനജീവിത പരിസരങ്ങളിൽ എങ്ങനെ പ്രയോഗിക്കുന്നു എന്നതിന് പ്രയോഗവിജ്ഞാനം പ്രാധാന്യം നൽകുന്നു.

### 1.2. വാക്യവിജ്ഞാനം, അർത്ഥവിജ്ഞാനം, പ്രയോഗവിജ്ഞാനം

ഒരു ചിഹ്നത്തിന് മറ്റൊന്നിനോടുള്ള രൂപപരമായ ബന്ധത്തെക്കുറിച്ച് വാക്യവിജ്ഞാനം (syntax) പഠിക്കുന്നു. അർത്ഥവിജ്ഞാനം ചിന്തിക്കുന്നത് ചിഹ്നങ്ങൾ എന്തിന് ഏതുവിധം ഉപയോഗിക്കുന്നു എന്നാണ്. എന്നാൽ ചിഹ്നങ്ങളുടെ സ്വീകർത്താവും (user) വ്യാഖ്യാതാവും (interpreter) തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പ്രയോഗവിജ്ഞാനം അന്വേഷിക്കുന്നത്.[5]

വാക്യത്തിനുള്ളിലെ ഭാഷാരൂപങ്ങൾ തമ്മിലുള്ള ബന്ധം, ഭാഷാരൂപങ്ങൾ വാക്യത്തിനുള്ളിൽ എങ്ങനെയാണ് ക്രമീകരിക്കപ്പെടുന്നത്, ഏതൊക്കെ രീതിയിൽ ക്രമീകരിക്കപ്പെട്ട വാക്യങ്ങളാണ് ശരിയായി രൂപംകൊവയായി കണക്കാക്കാനാവുക എന്നൊക്കെയുള്ള കാര്യങ്ങളാണ് വാക്യവിജ്ഞാനം പരിഗണിക്കുന്നത്. ഈ പരിഗണനയിൽ പ്രയോക്താക്കളെക്കുറിച്ചോ അവർ പരാമർശിക്കാനുദ്ദേശിക്കുന്ന ലോകത്തെക്കുറിച്ചോ വാക്യവിജ്ഞാനം കണക്കിലെടുക്കുന്നില്ല.[6] (Yule, 1998). അർത്ഥവിജ്ഞാനമാകട്ടെ ഭാഷാരൂപങ്ങളും അവയാൽ പരാമർശിക്കപ്പെടുന്ന വസ്തുക്കളും ആശയങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനമാണ്. അതായത്, ഭാഷയിലെ വാക്കുകൾ ലോകത്തിലെ വസ്തുതകളും ആശയങ്ങളുമായി വാച്യമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യമാണ് അർത്ഥവിജ്ഞാനം കണക്കിലെടുക്കുന്നത്. എന്നാൽ പ്രയോഗവിജ്ഞാനം ഭാഷാരൂപങ്ങളും പ്രയോക്താക്കളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനമാണ്. ഈ മൂന്നു പഠനമേഖലകളിൽ പ്രയോഗവിജ്ഞാനം മാത്രമാണ് പ്രയോക്താക്കളെ അപഗ്രഥനത്തിൽ ഉൾപ്പെടുത്തുന്നത്. ഭാഷകരുടെ ഊഹങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ, ധാരണകൾ എന്നിവയും ഭാഷയിലൂടെ അവർ നിർവ്വഹിക്കുന്ന വിവിധങ്ങളായ കൃത്യങ്ങളും ഭാഷാപഗ്രഥനത്തിൽ കണക്കിലെടുക്കാനാവും എന്നത് പ്രയോഗവിജ്ഞാനത്തിന് മുൻതൂക്കം നൽകുന്ന കാര്യങ്ങളാണ്. എന്നാൽ, ഈ മാനുഷിക സങ്കല്പനങ്ങൾ ഒന്നുംതന്നെ വസ്തുനിഷ്ഠാപഗ്രഥനത്തിന് വഴങ്ങിത്തരുന്നവയല്ലായെന്നത് വലിയ കോട്ടവുമാണ്. അർത്ഥഭേദത്തിന് കാരണമായിക്കൊ് വാക്യത്തിലുടനീളം വ്യാപിച്ചുനിൽക്കുന്ന, സ്വരവ്യഞ്ജനങ്ങളായി വേർതിരിക്കാനാവാത്ത ലീനധ്വനികളിലൂടെ പലകാര്യങ്ങളും വ്യഞ്ജിപ്പിക്കാൻ കഴിയും. വാക്കുകൾക്ക് അപ്പുറം ഉക്തിയിലൂടെ പറയാതെ പറയപ്പെട്ട കാര്യങ്ങൾക്ക് അടിസ്ഥാനമായി യാതൊരുവിധ ഭാഷാരൂപങ്ങളും സംഭാഷണരൂപത്തിൽനിന്ന് ഭാഷാപഗ്രഥനത്തിലൂടെ കടെുക്കാൻ കഴിയണമെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ഉക്തിയുടെ പൊരുൾ തിരിച്ചറിയണമെങ്കിൽ പ്രസ്തുത സംഭാഷണത്തിൽ പങ്കെടുത്തവരുടെ ഭൗതിക പശ്ചാത്തലവും വ്യക്തിപരമായ സാഹചര്യവും ഭാഷണസന്ദർഭവും അറിയേ തു്.

1.2.1 സംഭാഷണത്തിലേർപ്പെടുന്നവർ പരസ്പരം എങ്ങനെയാണ് യുക്തിസഹമായി കണക്കിലെടുക്കുന്നത് എന്ന കാര്യം പരിഗണിക്കുന്നതുകൊ് പ്രയോഗവിജ്ഞാനം കൂടുതൽ ആകർഷകമാണ്. അതേസമയംതന്നെ ഭാഷാ പ്രയോക്താക്കളെ യുക്തിസഹമായി കണക്കിലെടുക്കാനും അവരുടെ മനസിലെന്തെന്ന് അന്വേഷിക്കാനും പ്രേരിപ്പിക്കുന്ന പഠന

ശാഖയെന്ന നിലയിൽ പ്രയോഗവിജ്ഞാനം ഏറെ വെല്ലുവിളി നിറഞ്ഞതാണ്.(7) (Yule; 1998:4)

### 1.2.2. ക്രമികത (Regularity)

ഭാഷ പ്രയോഗിക്കുന്നതിൽ ഭാഷാപ്രയോക്താക്കൾക്കിടയിൽ ചില പതിവുരീതികളും സമാനതകളും നിലനിൽക്കുന്നു്. ഓരോ ഭാഷകനും/ഭാഷകയും ഏതെങ്കിലുമൊരു സാമൂഹികഗണത്തിലെ അംഗംകൂടിയായതുകൊാണ് ഇത് സാധ്യമാകുന്നത്. ഓരോ ഭാഷാസമൂഹത്തിലും ചില പൊതുഭാഷാപെരുമാറ്റരീതികൾ നിലനിൽക്കുന്നു. ഈ പൊതുരീതി ഓരോ ഭാഷകരിൽനിന്നും സമൂഹം പ്രതീക്ഷിക്കുന്നു്. ദേവാലയത്തിലും മരണവീട്ടിലും പുലർത്തേ നിശബ്ദത ആരും ആരെയും പറഞ്ഞുപഠിപ്പിക്കേതല്ല. ഇത്തരം നിരവധി ഭാഷാപെരുമാറ്റരീതികൾ ഓരോ സാമൂഹികസന്ദർഭത്തോടും ബന്ധപ്പെട്ട് ഭാഷാസമൂഹത്തിൽ കാണാം. ഇതിൽനിന്നാണ് ഭാഷാപ്രയോഗത്തിൽ ക്രമികസ്വഭാവം കൈവരുന്നത്. പരിചിതമായ ഒരു സാമൂഹികഗണത്തിനുള്ളിൽ ഉചിതമായും ആദരവ് നിലനിർത്തിയും പെരുമാറുക എന്നത് എളുപ്പമാണ്. എന്നാൽ അപരിചിതമായ സാമൂഹിക ചുറ്റുപാടിൽ എന്താണ് പറയേതെന്നും പറഞ്ഞാൽ തന്നെ അനുചിതമായി തീരുമോ എന്നും ഒരു വ്യക്തിക്ക് സംശയമുളവാകാൻ ഇടയു്. അത്തരം സന്ദർഭങ്ങളിൽ ഭാഷകന് സംയമനത്തോടുകൂടി മാത്രമേ ഭാഷ പ്രയോഗിക്കാൻ കഴിയൂ.

1.2.3. ഭാഷയിൽ ക്രമികത കൊുവരുന്ന മറ്റൊരു ഘടകം, ഭാഷാസമൂഹത്തിനുള്ളിലുള്ളവർ പങ്കിടുന്ന ലോകാനുഭവങ്ങളിലെ സമാനതകളാണ്. അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യത്യസ്ത ഭാഷാസമൂഹങ്ങൾക്കിടയിൽ സമാനത നിലനിൽക്കുന്നു്. സൂര്യനുദിക്കുന്നതും പൂക്കൾ വിടരുന്നതും പക്ഷികൾ പാടുന്നതുമെല്ലാം സമാനമായ അനുഭവമായാണ് ഏതു ഭാഷാസമൂഹത്തിലും കടന്നുവരിക. അതുപോലെ വൈദ്യുതി, റോഡുഗതാഗതം, വാഹനങ്ങൾ തുടങ്ങിയ അടിസ്ഥാന മാനുഷികജീവിതസൗകര്യങ്ങൾ സംബന്ധമായും മിക്ക ഭാഷാസമൂഹങ്ങൾക്കിടയിലും സമാനധാരണകൾ നിലനിൽക്കുന്നു്.

### 1.3. പ്രയോഗവിജ്ഞാനം – 'ചവറ്റുകൊട്ട'

പ്രയോഗവിജ്ഞാനത്തെ വിശേഷിപ്പിക്കാൻ ആദ്യകാലത്ത് 'ചവറ്റുകൊട്ട' എന്ന പദം ഉപയോഗിച്ചിരുന്നു. എന്നാൽ ഈ പ്രയോഗം ആദ്യമായി ഭാഷാശാസ്ത്രത്തിൽ കടന്നുവന്നത് പ്രയോഗവിജ്ഞാനവുമായി ബന്ധപ്പെട്ടായിരുന്നില്ല. തത്വചിന്തകനും ഭാഷാശാസ്ത്രജ്ഞനുമായ ഇസ്രായേലി പണ്ഡിതൻ യേഹോഷ്വാബാർ-ഹിലൽ (Yehoshua Bar-Hillel) ആണ് ആദ്യമായി ചവറ്റുകുട്ടപ്രയോഗം നടത്തിയത്.(8) വാക്യവിജ്ഞാനത്തിന്റെ ചവറ്റുകുട്ട എന്ന നിലയിൽ അർത്ഥവിജ്ഞാനത്തെ വിശേഷിപ്പിക്കാനാണ് അദ്ദേഹം ഈ പ്രയോഗം നടത്തിയത്. (Asher, 1994: 3261) ചോംസ്കിയൻ വാക്യവിജ്ഞാനദർശനങ്ങളുടെ പ്രഭാവം ജ്വലിച്ചുനിന്ന 1950 കളുടെ അവസാനവും 1960 കളുടെ ആദ്യവും ഭാഷാപഠനത്തിൽ രൂപാധിഷ്ഠിത സമീപനങ്ങൾക്കും അമൂർത്ത പ്രതീകവാദങ്ങൾക്കും (Abstract symbolism) ആയിരുന്നു പ്രാമുഖ്യം. ഭാഷയുടെ ആൾജിബ്ര (Algebra) എന്നായിരുന്നു ഭാഷാശാസ്ത്രത്തെ പലരും അക്കാലത്ത് കണക്കാക്കിയിരുന്നത്.(9) എന്നാൽ രൂപാധിഷ്ഠിതവും ഗണിതശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തെ പിന്തുടരുന്നതുമായ ഭാഷാപഠനരീതികൾ, നിത്യജീവിതത്തിലെ ഭാഷാപ്രയോഗരീതികൾ വിശദീകരിക്കാൻ പര്യാപ്തമ

ല്ലെന്ന് വന്നു. ചോംസ്കി രചനാന്തരണ പ്രജനകവ്യാകരണമാതൃകയുമായി മുന്നേറുമ്പോൾ തന്നെ, സ്വാഭാവികഭാഷയിലെ വളരെ ചെറിയൊരു വിഭാഗം ഭാഷാപ്രയോഗങ്ങൾക്കെ തന്റെ മാതൃക യോജിക്കൂ എന്ന് തിരിച്ചറിഞ്ഞിരുന്നു. (Mey, 1994:13)(10) ഭാഷയിലെ പ്രമുഖ ഘടകമായി താൻ കരുതുന്ന വാക്യങ്ങളുടെ പഠനത്തിന് മുഖ്യസ്ഥാനം നൽകുന്നതിനായി അദ്ദേഹം മറ്റുപലതും പരിഗണനാതീതമായി മാറ്റിനിർത്തുകയായിരുന്നു. വാക്യവിജ്ഞാനത്തിൽനിന്നും ഉള്ളടക്കപഠനമെന്ന അർത്ഥവിജ്ഞാനത്തെ അദ്ദേഹം മാറ്റി നിർത്തി (Mey, 1994:12). ഒരു വാക്യത്തെ എന്തെങ്കിലും അർത്ഥം അതിന് ഉാകുന്നതിന് മുമ്പുതന്നെ പൂർണമായും നിർവ്വചിച്ച് വിശദീകരിക്കാനാകുമെന്ന് ചോംസ്കി കരുതിയത് അതുകൊാണ്. 'നിറമില്ലാത്ത പച്ചയായ ആശയങ്ങൾ പ്രക്ഷുബ്ധമായി ഉറങ്ങുന്നു' എന്ന ചോംസ്കിയുടെ പ്രസിദ്ധമായ ഉദാഹരണം (1957) പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഈ ഉദാഹരണം വാക്യവിജ്ഞാനത്തിന്റെ കാഴ്ചപ്പാടിൽനിന്ന് നോക്കിയാൽ പൂർണമായും ശരിയാണെന്ന് ചോംസ്കി നിരീക്ഷിക്കുകയുായി. എന്നിരുന്നാലും ഉള്ളടക്കം പരിശോധിക്കുമ്പോൾ പ്രസ്തുത ഉദാഹരണം പരിപൂർണ വിഡ്ഢിത്തമെന്നും അദ്ദേഹം വിലയിരുത്തി. പരസ്പരം പൊരുത്തമില്ലാത്ത പദങ്ങളാൽ നിർമിതമാണ് ഈ വാക്യം എന്നതാണ് അതിന് കാരണമെന്ന് അദ്ദേഹം നിരീക്ഷിച്ചു.

1.3.2. നിറമില്ലാത്ത ഒന്നിന് എങ്ങനെ പച്ചനിറം കിട്ടും? ഉറങ്ങുമ്പോൾ എങ്ങനെയാണ് പ്രക്ഷുബ്ധമാകാൻ കഴിയുക. ആശയങ്ങൾക്ക് നിറങ്ങൾ സാധ്യമാകുന്നതെങ്ങനെ? അവയ്ക്കെങ്ങനെ ഉറങ്ങാൻ കഴിയും? ഇത്തരം കാര്യങ്ങൾ വാക്യവിജ്ഞാനപരമായി പ്രസക്തമല്ലെന്ന് നിരീക്ഷിച്ചുകൊ് അർത്ഥവിജ്ഞാനത്തിന്റെ ഉത്കണ്ഠകളായി അവയെ വിട്ടുകളയുകയാണ് യഥാർത്ഥത്തിൽ വാക്യവിജ്ഞാനം ചെയ്തത്. അങ്ങനെയാണ് അർത്ഥവിജ്ഞാനം വാക്യവിജ്ഞാനത്തിന്റെ ചവറ്റുകുട്ട എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങിയത്. എന്നാൽ എന്തുകൊാണ് ചില ഭാഷാപ്രശ്നങ്ങൾ ചവറ്റുകുട്ടയിലേയ്ക്ക് എന്നവണ്ണം നിരന്തരം ഉപേക്ഷിക്കപ്പെടുന്നതെന്നും അങ്ങനെ ഉപേക്ഷിക്കപ്പെടുന്ന ഭാഷാപ്രശ്നങ്ങൾ ഏവയെന്നും പിന്നീട് ഭാഷാശാസ്ത്രജ്ഞരും തത്വചിന്തകരും ഗൗരവമായി ചിന്തിച്ചുതുടങ്ങി.

പിൽക്കാലത്ത് നോം ചോംസ്കിതന്നെ ചില പരിഹാരനിർദ്ദേശങ്ങളുമായി രംഗത്തെത്തി. ചില വാക്യങ്ങൾ കാഴ്ചയിൽ സുരചിതങ്ങളെന്ന് (welformed) തോന്നിപ്പിക്കുമെങ്കിലും അവ അർത്ഥസാധുത ഉള്ളവയല്ലെന്ന് ചോംസ്കി പറഞ്ഞത് ഉദാഹരണമാണ്. (Mey. 1994:13)(11) വാക്കുകളെ വാക്യത്തിനുള്ളിൽ വെറുതെ കൂട്ടിച്ചേർക്കുകയല്ല, ചില തെരഞ്ഞെടുപ്പ് പ്രക്രിയകളിലൂടെ കടന്നുപോയി ഏതൊക്കെ വാക്കുകൾക്ക് ഏതൊക്കെ വാക്കുകളുമായി ഒത്തുചേരാം എന്നുനോക്കി ഉചിതമായ വാക്കുകളെയും പദസംഹിതകളെയും കൂട്ടിഘടിപ്പിക്കുന്ന പ്രക്രിയയാണ് വാക്യത്തിനുള്ളിൽ നടക്കുന്നതെന്ന് ചോംസ്കി എഴുതി. (Mey, 1994:13)(12)

ഒരു പദവുമായി ഏതൊക്കെ പദങ്ങളാണ് കൂട്ടിയോജിപ്പിക്കാനാവുക എന്ന കാര്യത്തിൽ ഭാഷയ്ക്കുള്ളിൽ സൂക്ഷ്മവും ജാഗ്രത്തുമായ ഒരു തെരഞ്ഞെടുപ്പുപ്രക്രിയ നടക്കുന്നുന്ന് ചോംസ്കി വിശദീകരിച്ചു. വാക്യവിജ്ഞാനത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പാണിതെന്ന് ആദ്യകാല രചനാന്തരണപ്രജനകവ്യാകരണത്തിന്റെ വെളിച്ചത്തിൽ ചോംസ്കി കരുതി. അതിനാൽ ഈ തെരഞ്ഞെടുപ്പുപ്രക്രിയ ഗണിതസ്വഭാവമുള്ള വാക്യനിയമങ്ങളാൽ വിശ

ദീകരിക്കാനാവുമെന്ന് കരുതിയതുകൊാണ് അർഥവിജ്ഞാനത്തിന് അമൂർത്തമായ വിവരണാത്മക ശാസ്ത്രമായി വളരെക്കാലം തുടരേിവന്നത്. യഥാർത്ഥത്തിൽ ഈ നിയമങ്ങൾക്കുള്ളിൽ ഒതുക്കിനിർത്താൻ കഴിയുന്നവയല്ല നിത്യജീവിതത്തിലെ ഭാഷാപ്രയോഗങ്ങൾ. അങ്ങനെ ഒരു വാക്യം വാസ്തവമാണോ അവാസ്തവമാണോ എന്ന കാര്യം മാത്രമായി വളരെക്കാലം അർത്ഥവിജ്ഞാനത്തിന്റെ പരിഗണനാവിഷയം പരിമിതപ്പെട്ടു.(13)

**1.3.3.** യഥാർത്ഥത്തിൽ വാസ്തവാധിഷ്ഠിത അർത്ഥവിജ്ഞാനത്തിന്റെ താർക്കികനിയമങ്ങൾകൊ് വ്യാഖ്യാനിക്കാവുന്നവയല്ല നിത്യഭാഷാപ്രയോഗങ്ങളിൽ ഏറെയും. അതോടെ മറ്റൊരു ചവറ്റുകുട്ടകൂടി ഭാഷാശാസ്ത്രപഠനരംഗത്ത് എത്തിച്ചേർന്നു. ഇത്തവണ അർത്ഥവിജ്ഞാനത്തിന്റെ ചവറ്റുകുട്ടയായി പ്രയോഗവിജ്ഞാനമാണ് രംഗപ്രവേശം ചെയ്തത്.

**1.3.4.** അർത്ഥവിജ്ഞാനത്തിന്റെ അളവുകോലുകൾകൊ് വിശദീകരിക്കാനാവാത്ത ഭാഷാപ്രശ്നങ്ങളുടെ എണ്ണം പെരുകിയതോടെ അത്തരം പ്രശ്നങ്ങൾ എന്തുകൊന്നെും, അവ എങ്ങനെ ഉചിതമായി വ്യാഖ്യാനിച്ചപഗ്രഥിക്കാമെന്നും അന്വേഷിക്കാൻ ഭാഷാശാസ്ത്രം നിർബന്ധിതമായി. അതോടെ പ്രയോഗവൈജ്ഞാനികരെന്ന് പിൽക്കാലത്ത് തിരിച്ചറിയപ്പെട്ട ഭാഷാതത്വശാസ്ത്രജ്ഞർ അടിയന്തിരമായി ഉത്തരം നൽകേ ചില ചോദ്യങ്ങൾ ഉന്നയിക്കാനാരംഭിച്ചു.(14) അവരുന്നയിച്ച പ്രധാന ചോദ്യങ്ങൾ ഇവയായിരുന്നു.

1. ആളുകൾ ഭാഷകൊ് എന്താണ് ചെയ്യുന്നത്?(15)
2. സാഹചര്യത്തിനനുസരിച്ച് ഭാഷകരുടെ ഭാഷാപ്രയോഗരീതി മാറുന്നതെന്തുകൊാണ്?(16)
3. സംഭാഷണത്തിനുള്ളിൽ ഭാഷകൾ പരസ്പരം സഹകരണം പുലർത്തുന്നതെങ്ങനെ?(17)

ഭാഷയുടെ പ്രഭാവം മനസിലാക്കണമെങ്കിൽ ചില കാര്യങ്ങൾ അനിവാര്യമായി അറിയേതുന്ന് പ്രയോഗവിജ്ഞാനം കരുതുന്നു. അവ ഇപ്രകാരമാണ്.

1. ഭാഷാപ്രയോഗത്തിനത് ഭാഷകരെ പ്രചോദിപ്പിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
2. തങ്ങളുടെ ഭാഷാപ്രയോഗം വിജയിച്ചതായി എപ്പോഴൊക്കെയാണ് ഭാഷകർ കണക്കാക്കുന്നത്?
3. തങ്ങളുടെ ഭാഷാപ്രയോഗം പരാജയപ്പെട്ടതായി അവർ വിലയിരുത്തുന്നത് എപ്പോഴൊക്കെയാണ്?

ഈ പരിചിന്തനങ്ങളിലൂടെ നിത്യഭാഷാപ്രയോഗങ്ങളിൽ കടന്നുവരുന്ന വാക്യങ്ങളുടെ വാസ്തവമൂല്യത്തിന് വലിയ പ്രാധാന്യമൊന്നും പ്രയോക്താക്കൾ കല്പിക്കുന്നില്ലെന്ന് പ്രയോഗവിജ്ഞാനം സ്ഥാപിക്കുകയായിരുന്നു. ഭാഷകർ പറഞ്ഞ കാര്യങ്ങൾ ശരിയോ തെറ്റോ എന്ന് വ്യാകരണയുക്തിപ്രകാരം പരിശോധിക്കുന്നതിലും ഉചിതം ആളുകൾ എന്തുകൊ് അങ്ങനെ സംസാരിക്കുന്നു എന്ന കാര്യം പരിശോധിക്കുന്നതായിരിക്കും. തങ്ങൾ ഉച്ചരിച്ച ഉക്തികളുടെ പൊരുൾ ഭാഷകർ തിരിച്ചറിയുന്നതുപോലും അവ ഉളവാക്കിയ പ്രഭാവം ബോധ്യമാകുമ്പോഴാണെന്ന് പ്രയോഗവിജ്ഞാനം കരുതുന്നു.

1.3.5. വക്താക്കൾ കാണാത്ത അർത്ഥതലങ്ങൾ അവരുടെ ഉക്തികളിൽനിന്ന് ശ്രോതാക്കൾ വ്യാഖ്യാനിച്ചെടുക്കുകവഴി ഉക്തികൾക്ക് ഏറെ അർത്ഥവ്യാഖ്യാനങ്ങൾ ഉാകാറു്. പ്രയോഗവിജ്ഞാനം ഊന്നുന്നത് ഭാഷാർത്ഥം ഗ്രഹിച്ചെടുക്കുന്നതിലാണ്. പ്രയോഗവിജ്ഞാനപരമായ ചിന്താധാരകളിലെ പ്രമുഖവ്യക്തിത്വം എച്ച്.പി.ഗ്രൈസിന്റെ (H.P Grice) വാക്കുകളിൽ പറഞ്ഞാൽ ഭാഷകർ പരസ്പരം പുലർത്തുന്ന സഹകരണത്തിലാണ് പ്രയോഗവിജ്ഞാനപഠനങ്ങൾ ഊന്നുന്നത്. ആസ്റ്റിന്റെയും (John.L. Austin) സിയോളെയുടെയും (J.R.Searle) അഭിപ്രായത്തിൽ, ഭാഷയിലൂടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് പ്രയോഗവിജ്ഞാനത്തിന്റെ പഠനവിഷയം. ബ്രൗണിന്റെയും ലെവിൻസണിന്റെയും കാഴ്ചപ്പാടിൽ ഭാഷാപ്രയോഗത്തെ നിയന്ത്രിക്കുന്ന സാമൂഹികാവബോധങ്ങളാണ് പ്രയോഗവിജ്ഞാനത്തിന്റെ പഠനമേഖല. ഒരുകാലത്ത് ചവറ്റുകുട്ടയിലേയ്ക്കെന്നപോലെ ഉപേക്ഷിച്ചുകളഞ്ഞ പ്രയോഗവിജ്ഞാനകരമായ ഭാഷാപ്രശ്നങ്ങൾ അധികം താമസിയാതെ ഭാഷാശാസ്ത്രചിന്തകളുടെ എല്ലാ മേഖലകളിലേയ്ക്കും കടന്നുചെന്നു. ഭാഷാശാസ്ത്രത്തെ താർക്കികവും ഗണിതസമവാക്യമാതൃകയിലുള്ളതുമായ വിശദീകരണങ്ങൾ നൽകി അടുക്കും ചിട്ടയുമുള്ള ശാസ്ത്രീയ പഠനശാഖയാക്കി മാറ്റുന്നതിനു പകരം, ഭാഷാപ്രയോഗങ്ങളിലെ അനിയന്ത്രിത ക്രമരാഹിത്യങ്ങൾ ചൂിക്കാണിച്ച് പ്രയോഗവിജ്ഞാനം പ്രശ്നഭരിതമാക്കുകയായിരുന്നു.

1.4. ചരിത്രം

ഒരു പഠനശാഖ എന്ന നിലയിൽ പ്രയോഗവിജ്ഞാനം സജീവമായത് ഇരുപതാം നൂറ്റാിന്റെ അവസാന ര് ദശകങ്ങളിലാണ്. നാല് രാജ്യാന്തരസമ്മേളനങ്ങൾ (Viareggio 1985, Artwerp 1987, Barcelona 1990, Kobe, Japan 1993)[18] ഇക്കാലത്ത് നടന്നു. ഇന്റർനാഷണൽ പ്രാഗ്മാറ്റിക്സ് അസോസിയേഷൻ (IPrA) നിലവിൽവന്നു. ജേണൽ ഓഫ് പ്രാഗ്മാറ്റിക്സ് ത്രൈമാസികയിൽനിന്നും മാസികയായി രൂപാന്തരപ്പെട്ടതും ഇക്കാലയളവിലാണ്. (Mey, 1994:8) പ്രയോഗവിജ്ഞാനം വളരെവേഗം വികാസം പ്രാപിച്ച് വളർന്നു ഭാഷാപഠനശാഖയായി മാറിയതിനുപിന്നിൽ ചരിത്രപരവും ആഭ്യന്തരവുമായ കാരണങ്ങൾ ു്.[19]

1.4.1. 1960–കളുടെ അവസാനവും 1970–കളുടെ തുടക്കത്തിലുമായി ജോർജ് ലാക്കോഫ് (George Lakoff), ജോൺ റോബർട്ട് റോസ്സ് (John Robbert Ross) തുടങ്ങിയ ഭാഷാശാസ്ത്രജ്ഞർ നടത്തിയ പഠനങ്ങളിലൂടെയാണ് പ്രയോഗവിജ്ഞാനപരമായ കാഴ്ചപ്പാടുകൾ ഭാഷാശാസ്ത്രത്തിൽ ആദ്യമായി ദൃശ്യമായത്. (നോ: Leech, 1983). ചോംസ്കിയൻ വ്യാകരണത്തിന്റെ അമിതപ്രഭാവത്തോടുള്ള പ്രതിഷേധമെന്ന നിലയിലാണ് ഇവരുടെ പഠനങ്ങൾ പലതും പുറത്തുവന്നത്. പുതിയൊരു പഠനമാതൃകയ്ക്ക് തങ്ങൾ രൂപം കൊടുക്കുകയാണെന്ന കാര്യം അവർപോലും അക്കാലത്ത് തിരിച്ചറിഞ്ഞില്ല എന്നതാണ് സത്യം. തോമസ്കൂനിന്റെ (Thomas Kuhn) വാക്കുകളിൽ പറഞ്ഞാൽ ഭാഷാശാസ്ത്രത്തിന്റെ ആശയസമുച്ചയമാതൃകയിൽതന്നെ വന്ന മാറ്റമായി (Paradigm shift) ഇവരുടെ പഠനങ്ങൾ വിലയിരുത്താം (Leech 1983:4).[20] സൈദ്ധാന്തികവ്യാകരണത്തിന്റെ ആശയസമുച്ചയമാതൃകകളിൽനിന്ന് പ്രയോക്താക്കളെ കേന്ദ്രീകരിക്കുന്ന ആശയസമുച്ചയമാതൃകകളിലേയ്ക്കുള്ള മാറ്റമായിരുന്നു ഇത്.

ഭാഷാശാസ്ത്രത്തിന്റെ സാങ്കേതിക കാഴ്ചപ്പാടിൽ ഈ മാറ്റത്തെ ലെവിൻസൺ (Levinson) ഇങ്ങനെ വിശദീകരിക്കുന്നു്. "വിവിധ ഭാഷകളുടെ വാക്യവിജ്ഞാനം, സ്വനിമ വിജ്ഞാനം, അർഥവിജ്ഞാനം എന്നിവയിലുള്ള അറിവ് വർദ്ധിക്കുംതോറും പ്രകരണസങ്കല്പ നങ്ങളെ ആശ്രയിച്ചുമാത്രം വിശദീകരിക്കാൻ കഴിയുന്ന പ്രത്യേകഭാഷാപ്രതിഭാസങ്ങൾ ഏറെ യാണെന്ന ധാരണ കൂടുതൽ വ്യക്തമായിക്കൊിരിക്കുന്നു. ഉദാഹരണമായി, പല വാക്യനിയ മങ്ങളും ശരിയായി പ്രവർത്തിക്കണമെങ്കിൽ പ്രയോഗവ്യവസ്ഥകൾ പാലിക്കേതു്. പ്രകരണ സ്വതന്ത്രമായ ഭാഷാജ്ഞാനസങ്കല്പനത്തെ (competence) വെല്ലുവിളിക്കുന്ന മറ്റ് ഉദാഹരണ ങ്ങളാണ് ഊന്നൽ (accent), ഈണം (intonation) തുടങ്ങിയവയുടെ ഭാഷയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ. അതുപോലെതന്നെ ഭാഷാപ്രയോക്താക്കൾക്കിടയിൽ സ്വീകാര്യമായ വാക്യ ങ്ങളേവയെന്ന് തീരുമാനിക്കാൻ പ്രയോഗവിജ്ഞാനസങ്കല്പനങ്ങളെത്തന്നെ കൂട്ടുപിടിക്കേി വരും. ചോംസ്കി വിഭാവനം ചെയ്ത ഭാഷാജ്ഞാനസിദ്ധാന്തവും അതിനാധാരമായ ഭാഷാദ ത്തങ്ങളും ഏറെക്കുറെ അമൂർത്തങ്ങളാണെന്ന് കൂടുതൽ കൂടുതൽ തിരിച്ചറിയപ്പെട്ടതോടെ ഭാഷാ ശാസ്ത്രത്തിനുള്ളിൽനിന്നുതന്നെ വ്യവസ്ഥാപിത പ്രയോഗവിജ്ഞാനത്തിനുള്ള മുറവിളി കൂടു തൽ ശക്തമായി" (Levinson, 1983:36)[21]

പ്രയോഗവിജ്ഞാനത്തിന്റെ ക്രമാനുഗതമായ വളർച്ചയെ കോളനിവൽക്കരണ പ്രക്രിയ യോടാണ് ബ്രിട്ടീഷ് പ്രയോഗവിജ്ഞാനിയായ ജെഫ്രി ലീച്ച് (Geoffrey Leech) ഉപമിച്ചിട്ടുള്ള ത്.[22] ലീച്ച് ഇങ്ങനെയെഴുതുന്നു: "ഭാഷയുടെ ഭൗതികദത്തങ്ങളായ ശബ്ദങ്ങളെക്കുറിച്ച് പ്രതി പാദിക്കുന്ന സങ്കുചിതമായ വിജ്ഞാനശാഖ എന്നതിൽനിന്ന് രൂപവും അർത്ഥവും പ്രകരണവും കണക്കിലെടുക്കുന്ന വിശാലവിജ്ഞാനമേഖല എന്ന നിലയിലേയ്ക്ക് ഭാഷാശാസ്ത്രം വികസി ക്കുകയാണുായത്" (Leech 1983:2). പ്രമുഖ ഭാഷാശാസ്ത്രജ്ഞർ ആദ്യകാലഘട്ടങ്ങളിൽ ഇക്കാര്യത്തോട് വിയോജിച്ചിരുന്നു. ജോൺ ലയൺസ് (John Lyons) എന്ന ബ്രിട്ടീഷ് ഭാഷാ ശാസ്ത്രജ്ഞൻ അവരിലൊരാളാണ്. ആധുനിക ഘടനാത്മക ഭാഷാശാസ്ത്രം പുലർത്തുന്ന അമൂർത്തസമീപനവും കൂടുതൽ പ്രായോഗികമെന്ന് പറയപ്പെടുന്ന സമീപനവും തമ്മിൽ യാതൊ രുവിധ വൈരുദ്ധ്യവും നിലനിൽക്കുന്നില്ലായെന്ന് അദ്ദേഹം എഴുതുന്നു. (Lyons 1968: 50-1 cited in Asher, 1994: 3261)[23]

1:4:3. നിലവിലുള്ള ഭാഷാശാസ്ത്രസമീപനങ്ങൾക്കെതിരായി പ്രായോഗികവും യാഥാർത്ഥ്യസ്വ ഭാവമുള്ളതുമായ ചില പഠനരീതികൾ രൂപംകൊുവരുന്നുന്നെ് ലയൺസ് ഈ ഗ്രന്ഥ ത്തിൽ പറയുന്നു്. തന്റെ കാഴ്ചപ്പാടിൽ ആ പ്രായോഗിക സമീപനങ്ങൾ യഥാർത്ഥ ഭാഷാശാസ്ത്രവുമായി വൈരുദ്ധ്യം പുലർത്തുന്നവയല്ലെന്നും, വൈരുദ്ധ്യത്തിനായി വാശി പിടിക്കുന്ന 'ചില' ഭാഷാശാസ്ത്രജ്ഞരുടെ മനസിൽ മാത്രമേ വൈരുദ്ധ്യം നിലനിൽക്കു ന്നുള്ളൂ എന്നും അദ്ദേഹം തുടർന്ന് എഴുതുന്നു. (Lyons 1968: 50-1 cited in Mey 1994). ചുരുക്കത്തിൽ, ഭാഷാശാസ്ത്രത്തിനുള്ളിൽ യാതൊരുവിധ സംഘർഷങ്ങളും ലയൺസിന്റെ കാഴ്ചപ്പാടിൽ നിലനിൽക്കുന്നില്ല. എന്നാൽ ഭാഷാകാര്യങ്ങളിൽ പുലർത്തേ പുതിയ സമീപനങ്ങൾക്കായുള്ള സമ്മർദ്ദം ഭാഷാശാസ്ത്രത്തിനുള്ളിൽനി ന്നുതന്നെ ശക്തമായി ഉയർന്നുവരുന്നുായിരുന്നു എന്നതായിരുന്നു വാസ്തവം. (Asher, 1994: 3261).

പ്രയോഗവിജ്ഞാനത്തിന്റെ രൂപീകരണത്തിന് വഴിവെച്ച ചരിത്രപരമായ കാരണമായി ചോംസ്കിയൻ ഭാഷാശാസ്ത്രത്തിന്റെ വാക്യവിജ്ഞാനവാദത്തിനെതിരെയുള്ള പ്രതിഷേധത്തെ കാണാം. എല്ലാ ഭാഷാപഠനവിഭാഗങ്ങളും വാക്യവിജ്ഞാനചട്ടക്കൂട്ടിനുള്ളിൽ വെച്ച് പഠിക്കപ്പെടണമെന്ന വാദത്തെ 'ലാക്കോഫും' 'റോസും' എതിർത്തു. ഈ പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ് ചോംസ്കിയുടെ വാക്യവിജ്ഞാനകേന്ദ്രിത ചട്ടക്കൂട്ടിനുപകരം പ്രജനക അർത്ഥവിജ്ഞാനം[24] എന്ന സമീപനം ലാക്കോഫ് കൊുവന്നത്. ചോംസ്കിയൻ വ്യാകരണമാതൃകയുടെ കാർക്കശ്യങ്ങൾക്കെതിരെ ലാക്കോഫും റോസും നടത്തിയ പ്രതികരണങ്ങൾ പ്രയോഗവിജ്ഞാനശാഖയെ രൂപപ്പെടുത്തുകയായിരുന്നു.

1.5. ജോൺ എൽ. ആസ്റ്റിൻ (1962)[25], ജോൺ.ആർ. സിയോളെ (1969)[26], എച്ച്.പി. ഗ്രൈഡ് (1975)[27] എന്നീ ഭാഷാതത്ത്വചിന്തകർ പ്രയോഗവിജ്ഞാനാഭിമുഖ്യമുള്ള പഠനങ്ങൾ നടത്തിയവരാണ്. ഇവരുടെ പഠനങ്ങളാണ് യഥാർത്ഥത്തിൽ പ്രയോഗവിജ്ഞാനപഠനത്തിന് തുടക്കം കുറിച്ചത്. എന്നാൽ സിയോളെയുടെ ഗ്രന്ഥം (1969) പ്രസിദ്ധീകൃതമാകുംവരെ ഇവരുടെ പഠനഗവേഷണങ്ങൾ ഭാഷാശാസ്ത്രത്തിനുള്ളിൽ പരിഗണിക്കപ്പെട്ടിരുന്നില്ല. ഭാഷണകൃത്യങ്ങളെക്കുറിച്ചുള്ള സിയോളെയുടെ ഗ്രന്ഥം പുറത്തുവന്നപ്പോഴാണ് തങ്ങളുടേതിന് സമാനമായ കാഴ്ചപ്പാടുകൾ ഒരുപറ്റം ഭാഷാതത്ത്വചിന്തകരും പുലർത്തിപ്പോരുന്നുന്ന് ലാക്കോഫും റോസും തിരിച്ചറിഞ്ഞത്. ഇതേക്കുറിച്ച് ജഫ്രി ലീച്ച് ഇങ്ങനെ എഴുതുന്നു: "1960-കളുടെ ഒടുവിൽ റോസ്സ്, ലാക്കോഫ് തുടങ്ങിയ ഭാഷാശാസ്ത്രജ്ഞർ പ്രയോഗവിജ്ഞാനത്തിനുള്ളിൽ തങ്ങളുടേതായ അവകാശമുറപ്പിച്ചപ്പോൾത്തന്നെ, ഒരു കൂട്ടം ഭാഷാതത്ത്വചിന്തകർ പ്രയോഗവിജ്ഞാനമേഖലയിൽ കുറേക്കാലമായി പഠനഗവേഷണങ്ങൾ നടത്തിമുന്നേറുന്നുായിരുന്നുവെന്ന് തിരിച്ചറിഞ്ഞു. വാസ്തവം പറഞ്ഞാൽ ആധുനിക പ്രയോഗവിജ്ഞാനത്തിനുള്ളിൽ കൂടുതൽ കാലം നീുനിന്ന പ്രഭാവം ചെലുത്തിയത് ഈ തത്ത്വചിന്തകർ തന്നെയായിരുന്നു. ജോൺ.എൽ. ആസ്റ്റിൻ (1962), ജോൺ. ആർ. സിയോളെ (1969), എച്ച്.പി. ഗ്രൈഡ് (1975) തുടങ്ങിയവരാണവർ" (Leech 1983:2).[28]

**1.4.5.** ഭാഷാശാസ്ത്രത്തിന്റെയോ തത്ത്വശാസ്ത്രത്തിന്റെയോ നിലവിലുള്ള രീതിശാസ്ത്രങ്ങൾ പ്രകാരം വിശദീകരിക്കാനാവാത്ത ഭാഷാപ്രതിഭാസങ്ങൾ പെരുകിവരുന്നത് ആദ്യം ശ്രദ്ധിച്ചത് ഈ ഭാഷാതത്ത്വചിന്തകരായിരുന്നു. അവരുടെ ശ്രദ്ധയിൽപ്പെട്ട ചില പ്രധാന ഭാഷാപ്രശ്നങ്ങൾ താഴെപ്പറയുന്നു.

#### 1.4.5.1. ഭാഷയും തർക്കശാസ്ത്രവും (Logic) തമ്മിലുള്ള സംഘർഷാത്മക ബന്ധം

വാക്യവിജ്ഞാനപഠനങ്ങളിലാണ് ഈ സംഘർഷം ആദ്യമായി തിരിച്ചറിഞ്ഞത്. പിന്നീട് അർത്ഥവിജ്ഞാനത്തിന്റെ മേഖലയിലും താർക്കികനിയമങ്ങൾക്കായുള്ള വാദങ്ങൾക്ക് പ്രസക്തിയില്ലെന്ന് തിരിച്ചറിഞ്ഞു (നോ: 16).

#### 1.4.5.2. വാക്യവിജ്ഞാനവാദത്തിന്റെ ആധിപത്യത്തിനെതിരെയുള്ള പ്രതിഷേധം

ഭാഷാസംബന്ധമായി ഉചിതവും കൃത്യവുമായ വിശദീകരണം നൽകാൻ വാക്യവിജ്ഞാനകേന്ദ്രിത സമീപനങ്ങൾക്ക് മാത്രമേ പര്യാപ്തിയുള്ളൂ എന്ന കടുംപിടുത്തത്തിനെതിരെയാണ് ഭാഷാതത്ത്വചിന്തകർ പ്രതിഷേധം ഉയർത്തിയത്. ഭാഷാനിയമങ്ങൾ രൂപംകൊടുക്കുന്ന

തിലും നിലനിർത്തുന്നതിലും വാക്യേതരവും, ഭാഷേതരംപോലുമായ ഘടകങ്ങൾ നിർണായക സ്ഥാനം വഹിക്കുന്നുണ്ടെന്ന് അവർ സ്ഥാപിച്ചു. (നോ. 1.7).

**1.4.5.3. പൂർവ്വധാരണങ്ങൾ സംബന്ധമായ പഠനങ്ങൾ**

നിലവിലുള്ള ഭാഷാപഠനരീതികൾ പ്രകാരം പൂർവധാരണകളെ ഫലപ്രദമായി വ്യാഖ്യാനിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കപ്പെട്ടു (നോ: 1.4.2).

**1.4.5.4. പ്രകരണത്തിനും പ്രയോക്താവിനും അർത്ഥനിർണയത്തിലുള്ള പങ്ക്**

ഒരു പ്രത്യേകസമയത്ത്, ഒരു പ്രത്യേക സ്ഥലത്തുവച്ച് ഉച്ചരിക്കപ്പെടുന്ന ഭാഷാപ്രയോഗങ്ങളുടെ അർത്ഥം നിർണയിക്കുന്നതിൽ പ്രയോക്താക്കൾക്ക് വലിയ പങ്കുണ്ടെന്ന പരമപ്രധാനമായ കാര്യം തിരിച്ചറിയപ്പെട്ടു. (നോ 1.9.5)

ഇപ്രകാരമാണ് ഭാഷാശാസ്ത്രത്തിനുള്ളിൽ പ്രയോഗവിജ്ഞാനപരമായ ആഭിമുഖ്യം സംഭവിച്ചത്. അങ്ങനെ സൈദ്ധാന്തിക വ്യാകരണത്തിന്റെ ആശയസമുച്ചയ മാതൃകകളിൽനിന്ന് പ്രയോക്താവിനെ കേന്ദ്രീകരിക്കുന്ന ആശയസമുച്ചയമാതൃകകളിലേയ്ക്കുള്ള മാറ്റം ഭാഷാശാസ്ത്രത്തിനുള്ളിൽ സംഭവിക്കുകയായിരുന്നു (Leech, 1983:2) (നോ: 1.5.1).

## 1.5. സാധാരണഭാഷയും തർക്കശാസ്ത്രവും

വാക്കുകൾകൊ് ഭാഷകർ യഥാർത്ഥത്തിൽ ചെയ്യുന്നതെന്തെന്ന കാര്യത്തിൽ വ്യവസ്ഥാപിത ഭാഷാശാസ്ത്രജ്ഞരും തത്ത്വചിന്തകരും ഒരുകാലത്ത് താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ ജോൺ എൽ. ആസ്റ്റിൻ ഇക്കാര്യത്തിൽ ഒരു അപവാദമായിരുന്നു. "How to do things with words' (1962) എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം പ്രയോഗവിജ്ഞാനപരമായ ചിന്താപാരമ്പര്യത്തിലെ ക്ലാസിക് ഗ്രന്ഥങ്ങളിൽ ഒന്നാണ്. ഈ കൃതി പ്രയോഗവിജ്ഞാനത്തെ രൂപപ്പെടുത്തുന്നതിൽ നിർണായകപങ്കു വഹിച്ചിട്ടു്. ഗ്രന്ഥത്തിന്റെ പേരിൽത്തന്നെ ഒരു ചോദ്യം ഉള്ളടങ്ങിയിട്ടു്. പ്രസ്തുത ചോദ്യത്തിനുള്ള ഉചിത മറുപടി ആളുകൾ വ്യാകരണപരമായി ശരിയായ വാക്യങ്ങൾ രൂപീകരിക്കണമെന്നോ താർക്കികമായി ശരിയായ ഉക്തികൾ പറയണമെന്നോ അല്ല. ആളുകൾ പരസ്പരം ഭാഷ പ്രയോഗിക്കുകവഴി പ്രത്യേക സംവേദനധർമങ്ങൾ നിർവ്വഹിക്കാൻ ഉദ്യമിക്കുക എന്നതാണത്.

**1.5.1.** താർക്കിക പ്രസ്താവ്യങ്ങളുടെ ശരിയായ പ്രയോഗം ഏതെന്ന് നിശ്ചയിക്കുന്നതിൽ പ്രയോഗവ്യവസ്ഥകൾക്ക് എത്രത്തോളം പങ്കുണ്ടെന്ന് ആദ്യകാലഭാഷാതത്ത്വചിന്തകർ അന്വേഷിച്ചു. ഇതിനായി തർക്കശാസ്ത്രത്തിലെ പ്രധാന നിയമങ്ങൾ പലതും ഇവർ പ്രയോഗതലത്തിൽ വിലയിരുത്താൻ ശ്രമിച്ചു.

**1.5.2.** ഉദാഹരണമായി, തർക്കശാസ്ത്രത്തിലെ നിയമങ്ങളനുസരിച്ച്, രു ഉപപാദ്യങ്ങളെ (propositions) കൂട്ടിയോജിപ്പിക്കുമ്പോൾ വാക്യത്തിനുള്ളിൽ അവയുടെ ക്രമം പ്രധാനപ്പെട്ട കാര്യമല്ല.[29] അതായത് p, q എന്നിവ ര് ഉപപാദ്യങ്ങളാണെന്നു കരുതുക. ഈ ര് ഉപപാദ്യങ്ങളെയും ഒറ്റവാക്യമായി കൂട്ടിയോജിപ്പിക്കുന്നു എന്നും കരുതുക. അവയെ ഏതു ക്രമത്തിൽ കൂട്ടിയോജിപ്പിച്ചാലും താർക്കികമായ തുല്യത നിലനിൽക്കും എന്നാണ് തർക്കശാസ്ത്രത്തിലെ നിയമം പറയുന്നത്. അതായത് $p \& q = q \& p$. എന്നാൽ സാധാരണ ഭാഷാപ്രയോഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ താർക്കികനിയമം സ്വീകാര്യമാ

കാറില്ലെന്ന് ഭാഷാതത്ത്വശാസ്ത്രം തിരിച്ചറിഞ്ഞു. ഇക്കാര്യം വ്യക്തമാക്കാൻ ലെവിൻസൺ ഉപയോഗിച്ച ഉദാഹരണം ഇവിടെ വിവരിക്കുന്നു.

**ഉദാഹരണം 1**

"Getting married and having a child is better than having a child and getting married" (Levinson, 1983: 35).

(വിവാഹം കഴിച്ചതിനുശേഷം കുട്ടിയുാകുന്നതാണ് കുട്ടിയുായിട്ട് വിവാഹം കഴിക്കുന്നതിനേക്കാൾ നല്ലത്)

**ഉദാഹരണം 2**

Having a child and getting married is better than getting married and having a child.

(കുട്ടിയുായിട്ട് വിവാഹം കഴിക്കുന്നതാണ് വിവാഹം കഴിച്ചതിനുശേഷം കുട്ടിയുാവുന്നതിനേക്കാൾ നല്ലത്).

1.5.3. Getting married (ഉപപാദ്യം p), Having a child (ഉപപാദ്യം q), താർക്കിക നിയമപ്രകാരം ഈ ര് ഉപപാദ്യങ്ങളും വാക്യത്തിനുള്ളിൽ ഏതു ക്രമത്തിൽ ഘടിപ്പിച്ചാലും താർക്കികമായ തുല്യത നിലനിൽക്കുമെന്ന് തർക്കശാസ്ത്രം കരുതുന്നു. അതിൻപ്രകാരം ഉദാഹരണം 1-ലെ വാക്യം, ഉദാഹരണം 2-ലെ വാക്യവുമായി താർക്കികമായി തുല്യത പുലർത്തുന്ന ഒന്നായിരിക്കണം.

1.5.4. എന്നാൽ, ഈ രു വാക്യങ്ങളും ഒരേ അർത്ഥമല്ല ഭാഷാപ്രയോഗക്താക്കൾക്കിടയിൽ ജനിപ്പിക്കുന്നത്. ഉദാഹരണം 1-ലെ ഉക്തി ഉച്ചരിക്കുന്ന ഒരാൾ ഒരുപക്ഷേ, നിലവിലെ സാമൂഹികനിയമങ്ങൾ തെറ്റിച്ച ഒരാളെ (കല്ല്യാണം കഴിക്കാതെ കുട്ടിയെ ജനിപ്പിച്ച) കുറ്റപ്പെടുത്തുകയാവാം. ഉദാഹരണം 2-ലെ ഉക്തി ഉച്ചരിക്കുന്ന ആളാവട്ടെ സാമൂഹിക കീഴ്വഴക്കങ്ങളെ വെല്ലുവിളിക്കുന്ന സ്വന്തം ജീവിതശൈലിയെ ഒരുപക്ഷേ, ന്യായീകരിക്കാൻ ശ്രമിക്കുകയാവാം. എന്തായാലും പ്രസ്തുത ഉക്തികളുടെ പൊരുൾ നിർണയിക്കുന്നതിൽ പ്രകരണം വലിയ പങ്ക് വഹിക്കുന്നു്.

## 1.6. വാക്യവിജ്ഞാനത്തിലെ പ്രശ്നങ്ങൾ

ചോംസ്കിയൻ വ്യാകരണത്തിന്റെ കർക്കശതയ്ക്കെതിരെ എഴുതപ്പെട്ട ആദ്യ പ്രതികരണമെന്ന നിലയിലാണ് 'On generative semantic'[(30)] എന്ന ലാക്കോഫിന്റെ ലേഖനം പരിഗണിക്കപ്പെടുന്നത്. എന്നാൽ ലാക്കോഫിന്റെ തന്നെ 'presupposition and relative well-formedness' എന്ന ലേഖനമാണ് ചോംസ്കിയൻ വാക്യമാനദണ്ഡങ്ങളെ പരസ്യമായി എതിർക്കുന്ന ഏറ്റവും പ്രസക്തമായ ആദ്യലേഖനമായി ജേക്കബ് മേ കരുതുന്നത് (Mey, 1994:25). ഭാഷോല്പാദനത്തെ വിലയിരുത്തുന്നതിൽ ആത്യന്തിക മാനദണ്ഡമെന്ന നിലയിൽ 'സാധുരൂപതയെ' (സുരചനയെ) കരുതുന്നതിനെ ഈ ലേഖനത്തിലൂടെ 'ലാക്കോഫ്' എതിർക്കുന്നു്.

1.6.1. 'Syntactic Wellformedness' എന്ന വാക്യപരമായ സാധുരൂപതയ്ക്കാണ് ചോംസ്കിയൻ ഭാഷാപാരമ്പര്യപ്രകാരം ഭാഷയിൽ ഏതൊക്കെ വാക്യങ്ങൾ ഉൾപ്പെടുത്താം, ഉൾപ്പെടുത്താൻ കഴിയില്ല എന്ന കാര്യങ്ങൾ തീരുമാനിക്കുന്നതിൽ പ്രമുഖസ്ഥാനം. മറ്റു വാക്കുക

ളിൽ പറഞ്ഞാൽ ഭാഷ എന്നാൽ സാധ്യരൂപതയുള്ള വാക്യങ്ങളുടെ കൂട്ടമാണ്. സാധുരൂപതയുള്ള വാക്യങ്ങൾ മാത്രമാണ് ഭാഷാശേഖരത്തിൽ ആധികാരികമായി ഉൾപ്പെടുന്നവയായി ചോംസ്കിയൻ വ്യാകരണം കരുതുന്നത്.[31] ഈ കാഴ്ചപ്പാട് ചോംസ്കിയൻ ഭാഷാദർശനത്തിന്റെ അടിത്തറയായി വളരെ വർഷങ്ങളോളം ചോദ്യം ചെയ്യപ്പെടാതെ നിലനിന്നിരുന്നു. എന്നാൽ ലാക്കോഫ് ചോംസ്കിയൻ സാധുരൂപതാ സങ്കല്പത്തെ അപകടത്തിലാകുന്നതായി കാണാമെന്ന് തന്റെ ലേഖനത്തിലൂടെ ചൂിക്കാട്ടുന്നു്. സാധാരണ ഭാഷാതത്വശാസ്ത്രമനുസരിച്ച് എന്താണ് ആളുകൾ യഥാർത്ഥത്തിൽ പറയുന്നതെന്നും തങ്ങളുടെ ഭാഷാപ്രയോഗങ്ങളുടെ സാധുരൂപതയെക്കുറിച്ച് അവർ നടത്തുന്ന വിലയിരുത്തലുകൾ എന്തെന്നും പരിശോധിക്കുമ്പോഴാണ് വൈരുദ്ധ്യം പ്രകടമാകുന്നത്.

ഭാഷാപ്രയോഗങ്ങളുടെ മലയാള സാഹചര്യത്തിലും ഇക്കാര്യം ശരിയാണ്. വ്യാകരണം ശരിയെന്ന് വിധിക്കുന്ന പലതും ഭാഷാപ്രയോഗത്തിൽ അഭികാമ്യമായി കരുതപ്പെടുന്ന പല സന്ദർഭങ്ങളും ഉ്. കേരളപാണിനിയുടെ 41-ാം കാരികതന്നെ ഉദാഹരണം.

“നാമാർത്ഥവസ്തുവിന്നുള്ള
പുംസ്ത്രീക്ലീബങ്ങൾ ലിംഗമാം
ജഡജന്തുക്കളും ക്ലീബം
പുംസ്ത്രീ ഭേദാവിവക്ഷയാൽ”

(കാരിക 41, രാജരാജവർമ്മ, എ.ആർ, 1996: 121).

1.6.2.1. എന്നാൽ, നിത്യജീവിതത്തിൽ ഈ നിയമം പലപ്പോഴും ലംഘിക്കപ്പെടുന്നതു കാണാം. വളർത്തുമൃഗങ്ങളെ, എന്തിന് അചേതന വസ്തുക്കളെപ്പോലും അവനെന്നോ അവളെന്നോ വിളിക്കുന്ന സന്ദർഭങ്ങൾ ധാരാളമുാകാറു്. അതുപോലെതന്നെ, അതായത് വിശേഷബുദ്ധിയുള്ള മനുഷ്യനെ, അതെന്നോ ഇതെന്നോ വിശേഷിപ്പിക്കുന്ന സന്ദർഭങ്ങളും (ജാതീയവും സാമൂഹികവും സാമ്പത്തികവുമായ ഉച്ചനീചത്വമനോഭാവങ്ങളെ കുറിക്കുന്ന പ്രയോഗങ്ങൾ) ഭാഷയിൽ അനവധിയു്.[32] “സൂര്യഭഗവാൻ, ഭൂമീദേവി തുങ്ങിയ ഭാരതീയ ഹൈന്ദവസങ്കല്പനങ്ങൾ” ഉദാഹരണങ്ങളാണ്.

## 1.7. പ്രയോക്താക്കളുടെ ലോകം

ആധുനിക പ്രയോഗവിജ്ഞാനത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷാപഗ്രഥനത്തിൽ പ്രയോക്താക്കൾക്ക് ലഭിച്ച പ്രാധാന്യവും പ്രധാന പങ്ക് വഹിച്ചിട്ടു്. ഭാഷയെ വ്യവസ്ഥ എന്ന നിലയിൽ കുകൊു നടത്തുന്ന അമൂർത്താപഗ്രഥന രീതികൾക്ക് മാറ്റം സംഭവിക്കുകയും പ്രയോക്തൃകേന്ദ്രിത സമീപനരീതികൾ ഭാഷാശാസ്ത്രത്തിനുള്ളിൽ ആവിർഭവിക്കുകയും ചെയ്തു. പ്രയോഗവിജ്ഞാനത്തിന്റെ നിലനില്പുതന്നെ സാധ്യമാക്കുന്നത് പ്രയോക്താക്കളാണ്. നേരത്തേ ഉദാഹരിച്ച ഉക്തി (ഉദാഹരണം 1) ഒന്നുകൂടി പരിശോധിച്ചുനോക്കൂ. പ്രയോക്താക്കളുടെ ജീവിത പരിസരവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത ഉക്തിയുടെ വ്യാഖ്യാനം സാധ്യമാകുക. വിവാഹത്തിന്റെ സാംസ്കാരിക പ്രാധാന്യം, സമൂഹത്തിനുള്ളിൽ കുട്ടികൾക്കുള്ള സ്ഥാനം, അവരുടെ ജനനവുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യ സാംസ്കാരിക ധാരണകൾ എന്നിവയ്ക്കനുസരിച്ച് പ്രസ്തുത ഉക്തിയുടെ അർഥം മാറിക്കൊിരിക്കും. ഭാഷയെ താർക്കികവ്യവസ്ഥ എന്ന നിലയിൽ സമീപിച്ചാൽ ഈ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം പ്രവചിക്കാനോ കണക്കിലെടു

ക്കാനോ കഴിയില്ല. പ്രസ്തുത ഉക്തി പ്രയോഗിക്കപ്പെട്ട മാനുഷിക പരിസരം മുഴുവൻ കണക്കിലെടുത്താലേ ഉക്തിയുടെ പൊരുൾ പിടികിട്ടൂ.

1.7.1. ഭാഷാശാസ്ത്രത്തിന്റെ പാരമ്പര്യവഴികളിൽനിന്ന് വേറിട്ട പഠനമാതൃകയുമായി മുന്നേറിയ മറ്റു ചില ഭാഷാശാസ്ത്രജ്ഞരും പ്രകരണത്തിന്റെ പ്രാധാന്യം തങ്ങളുടെ പഠനഗവേഷണങ്ങളിലൂടെ ആവർത്തിച്ചുറപ്പിച്ചിട്ടു്.(33) പ്രയോഗവിജ്ഞാനത്തിൽ പ്രകരണം എന്നു പറയുന്നത് വാക്യത്തെ ആശ്രയിച്ചു നിൽക്കുന്നതോ വാക്യകാഴ്ചപ്പാട് വികസിപ്പിച്ചുാക്കിയതോ അല്ല. സംഭാഷണം നടക്കുന്ന സാമൂഹിക പരിസരം മുഴുവൻ ഉൾക്കൊള്ളുന്ന ഒന്നാണ്. പരമ്പരാഗതഭാഷാശാസ്ത്രത്തിലും പ്രകരണം എന്ന സങ്കല്പനം പ്രസക്തമായിരുന്നു. എന്നാൽ പ്രയോഗവിജ്ഞാനം, ഭാഷാപ്രയോക്താവിന്റെ പ്രകരണം എന്ന കാഴ്ചപ്പാട് സ്വീകരിച്ചുകൊ് പ്രകരണസങ്കല്പനത്തെ കൂടുതൽ സ്പഷ്ടീകരിക്കുകയാണു ായ ത് .

1.7.2. ഭാഷാപ്രയോക്താക്കളുടെ ലോകവും ഭാഷാനിയമങ്ങളുടെ ലോകവും തമ്മിൽ ഏറെ അന്തരം നിലനിൽക്കുന്നുണ്ടെന്ന് പ്രയോഗവിജ്ഞാനം ചൂിക്കാട്ടുന്നു. എന്നാൽ, പരമ്പരാഗത ഭാഷാപഠനങ്ങൾ ഇക്കാര്യത്തിൽ വേത്ര ശ്രദ്ധ പുലർത്തിയിരുന്നില്ല. ഭാഷാപ്രയോക്താക്കളുടെ ലോകത്തിൽ ഭാഷാനിയമങ്ങൾ പലപ്പോഴും അലംഘനീയങ്ങളല്ല. നപുംസകലിംഗപ്രയോഗത്തേ സംബന്ധിക്കുന്ന കേരളപാണിനിയുടെ നിയമത്തെ ലംഘിക്കുന്ന പ്രയോഗസന്ദർഭങ്ങൾ വളരെ സാധാരണമാണ്. ഇവിടെയെല്ലാം പ്രകരണം നിർണായകമാകുന്നു. ഭാഷാപ്രയോഗത്തിൽ ഇടപെടുന്ന ഏറ്റവും വലിയ ഭാഷാബാഹ്യഘടകമായി മാനുഷികപ്രകരണം മാറുന്നു. അതുകൊുതന്നെ പ്രയോഗവിജ്ഞാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പഠനവസ്തുവായി പ്രകരണം മാറുന്നു. സംഭാഷണത്തിലൂടെ ഉരുത്തിരിയുന്ന ഒന്നായി പ്രകരണത്തെ പ്രയോഗവിജ്ഞാനം കാണുന്നു. അത് നിശ്ചലമായ ഒന്നല്ല, ചലനാത്മകമായ സങ്കല്പനമാണ്. സംവേദനപ്രക്രിയയിൽ ഇടപെടാൻ ഭാഷാപ്രയോക്താക്കളെ കഴിവുറ്റവരാക്കുന്ന, അവർ നടത്തുന്ന ഭാഷാവിഷ്ക്കാരങ്ങളെ ബുദ്ധിപരവും യുക്തിപൂർണവുമാക്കുന്ന ചുറ്റുപാട് എന്ന വിശാലാർത്ഥത്തിൽ പ്രകരണത്തെ മനസിലാക്കാം (Mey, 1994: 38-41).

## 1.8. പ്രയോഗവിജ്ഞാന നിർവചനങ്ങൾ

ചാൾസ്മോറിസിന്റെ (Charles Morris: 1938 cited in Schmtt, Norbert, 2010:70) ചിഹ്നങ്ങളും അവയുടെ വ്യാഖ്യാനങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനത്തിൽനിന്ന് പ്രചോദനം സ്വീകരിച്ച് ഉളവായവയാണ് പ്രയോഗവിജ്ഞാനത്തിനു നൽകപ്പെട്ടിട്ടുള്ള നിർവചനങ്ങളിൽ മിക്കവയും. സാങ്കേതികതക്ക് പ്രാധാന്യം നൽകുന്ന പദാവലികളാണ് ചാൾസ് മോറിസ് ഉപയോഗിക്കുന്നത്. എന്നാൽ സംവേദനത്തിനു പ്രാധാന്യം നൽകുന്ന പദാവലികൾ അതിനു പകരമായി ഉപയോഗിച്ചാൽ പ്രസ്തുത നിർവചനത്തെ ഭാഷാസന്ദേശവും ഭാഷാപ്രയോക്താക്കളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം എന്ന് മാറ്റിയെഴുതാനാകും.

1.8.1. പ്രയോഗവിജ്ഞാനവും ഭാഷാസംബന്ധമായ ശാസ്ത്രീയപഠനമാണ്. എന്നാൽ ഭാഷ പ്രയോഗിക്കപ്പെടുന്ന മാനുഷികരീതികൾക്ക് എത്രത്തോളം പ്രാധാന്യം നൽകുന്നുവോ അത്രത്തോളം മാത്രമേ പ്രയോഗവിജ്ഞാനം ഒരു ശാസ്ത്രമായിരിക്കുകയുള്ളു എന്നുമാത്രം. പ്രയോഗവിജ്ഞാനത്തെ മറ്റുഭാഷാപഠനശാഖകളിൽനിന്ന് വ്യത്യസ്തമാക്കുന്ന ഘടകം

ഇതാണ്. ക്ലാസിക്കൽ ഭാഷാശാസ്ത്രപഠനശാഖകൾ ആദ്യമായും അവസാനമായും ഊന്നൽ കൊടുക്കുന്നത് ഭാഷാപരമായ പ്രവർത്തനങ്ങളുടെ അന്തിമോല്പന്നത്തിലാണ്. അതായത്, വ്യാകരണം അഥവാ ഭാഷാവ്യവസ്ഥ അനുസരിച്ച് ഭാഷാപ്രയോക്താക്കൾക്ക് ഉളവാക്കാൻ കഴിയുന്ന ഭാഷാഘടനകളിലാണ് അവയെല്ലാം ശ്രദ്ധിക്കുന്നത്. എന്നാൽ പ്രയോഗവിജ്ഞാനമാകട്ടെ ഭാഷോല്പാദനപ്രക്രിയയുടെ അന്തിമഫലമായ ഭാഷാഘടന കളിൽ മാത്രമല്ല ഭാഷോല്പാദനപ്രക്രിയകളിലും ഭാഷാവ്യാഖ്യാനപ്രക്രിയകളിലും കൂടി യാണ് ശ്രദ്ധിക്കുന്നത്.

**1.8.2.** 1980-കൾ മുതൽ, ഭാഷാശാസ്ത്രസംബന്ധിയായ സാമാന്യപഠനഗ്രന്ഥങ്ങളിലെല്ലാം പ്രയോ ഗവിജ്ഞാനം എന്ന പഠനശാഖയ്ക്കുകൂടി ഇടം കിട്ടിത്തുടങ്ങിയിരുന്നു. പ്രയോഗാർത്ഥം, പ്രകരണാർത്ഥം തുടങ്ങിയ നിർവചനങ്ങളാണ് അത്തരം ഗ്രന്ഥങ്ങളിൽ പൊതുവെ പ്രയോ ഗവിജ്ഞാനത്തിനു നൽകിക്കാണുന്നത് (Thomas, 1995:12) ഈ നിർവചനങ്ങൾ ഒരു തുടക്കം എന്ന നിലയിൽ കൃത്യതയുള്ളതും യോജിച്ചതുമാണെന്ന് പറയാം. എന്നാൽ അവ യഥാർത്ഥത്തിൽ വളരെയധികം സാമാന്യമായിപ്പോയി എന്നതാണ് വാസ്തവം. അർത്ഥവിജ്ഞാനത്തിനുള്ളിൽ തന്നെ പ്രയോഗാർത്ഥവും പ്രകരണാർത്ഥവും പരിഗണി ക്കുന്ന രീതി 1980-കൾക്കുശേഷം ഉ് എന്നതാണ് അതിനു കാരണം. താഴെക്കാണുന്ന ചില പ്രധാനപ്പെട്ട നിർവചനങ്ങൾ ശ്രദ്ധേയമാകുന്നു.

1. Pragmatics studies the factors that governs our choice of langauge in Social interaction and the effects of our choice on others (Crystal David, 1987:120).
2. Pragmatics can be usefully defined as the study of how utterances have meaning in situation (Leech, 1983: x).
3. Pragmatics is the study of those relations betweeen language and context that are grammaticalized or encoded in the structure of a language (Levinson, 1983:9).
4. The broadest interpretation of pragmatics is that it is the study of understanding international human action (Green, Georgia) 1989: 3 cited in Yule, 1998: 91.
5. Pragmatics is the study of the conditions of human language uses as these are determined by the context of society (Mey, 1994:42).
6. At the most elementary level, Pragmatics can be defined as the study of language use, or to employ as somewhat more complicated phrasing, the study of linguistic phenomena from the point of view of their usage properties and processes (Verschueren, 1999:1).

**1.8.3.** 1980-കളിലും ശേഷവുമായി പുറത്തിറങ്ങിയ പഠനഗ്രന്ഥങ്ങളെല്ലാം പ്രയോഗവിജ്ഞാന ത്തിനു നൽകേ നിർവചനത്തിന്റെ കാര്യത്തിൽ യോജിപ്പ് പ്രകടിപ്പിക്കുന്നില്ല. വക്താവ് കല്പിക്കുന്ന അർത്ഥത്തിനു കൂടുതൽ ഊന്നൽ കല്പിക്കുന്നവരും ഉക്തിയുടെ വ്യാ ഖ്യാനത്തിന് കൂടുതൽ ഊന്നൽ നൽകുന്നവരുമായി ഒരു ചേരിതിരിവ് ഉാകുന്നു. പ്രയോ ഗവിജ്ഞാനം എന്ന പഠനശാഖയുടെ കീഴിൽ നടക്കുന്ന പഠനഗവേഷണങ്ങളിൽ ചില

തിനെ മാത്രം സൂചിപ്പിക്കുന്ന നിർവചനങ്ങളാണ് ഇവ ഓരോന്നും എന്നു കരുതുന്നതാണ് ഉചിതം. അതിനാൽതന്നെ ആ നിർവചനങ്ങൾ ഒന്നും അവയിൽതന്നെ തൃപ്തികരങ്ങളല്ല. പ്രയോഗവിജ്ഞാനസംബന്ധമായി സ്വീകരിക്കുന്ന വ്യത്യസ്തപഠനസമീപനങ്ങളെ കുറിക്കുന്നവയാണ് ഓരോ നിർവചനവും എന്നു കരുതുകയാണ് യുക്തിസഹം.

1.8.4. പ്രയോഗവിജ്ഞാനസംബന്ധമായി വിശാലമായ സാമൂഹിക കാഴ്ചപ്പാട് സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നവർ വക്താവിന്റെ അർത്ഥത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന നിർവചനത്തോട് ആഭിമുഖ്യം പ്രകടിപ്പിക്കുക സ്വാഭാവികമാണ്. എന്നാൽ ഭാഷാസന്ദേശത്തിന്റെ ഉല്പാദകരിൽ മാത്രമായി ഊന്നുന്ന സമീപനം പല വികാസങ്ങളിലൂടെ കടന്നുപോയാണ് അർത്ഥം വ്യാഖ്യാനിക്കപ്പെടുക എന്നതിനാൽ വിമർശിക്കപ്പെടുന്നു. അർത്ഥസംബന്ധമായി ധാരണാധിഷ്ഠിതസമീപനം (cognitive approach) സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നവർക്ക് ഉക്തിയുടെ വ്യാഖ്യാനത്തിൽ ഊന്നുന്ന പ്രയോഗവിജ്ഞാനിർവചനം ഏറെ സ്വീകാര്യമായി മാറുന്നു. അപ്പോഴും ഉക്തിയുടെ ഉല്പാദനത്തിൽ സ്വാധീനം ചെലുത്തുന്ന സാമൂഹികശക്തികളെ വിസ്മരിക്കുന്നു എന്ന ആക്ഷേപം ഉയരുന്നു. അതിനാൽ അമൂർത്താർത്ഥതലം (abstract meaning), പ്രകരണനിഷ്ഠമായ അർത്ഥതലം (contextual meaning) എന്നീ തലങ്ങളെ കണക്കിലെടുത്തുകൊള്ള സമീപനം സമന്വയത്തിന്റെ തലമായി മാറുന്നു. ആ നിലയ്ക്ക് പ്രയോഗവിജ്ഞാനത്തെ ഏതെങ്കിലും നിർവചനങ്ങളിൽ ഒതുക്കിയിടുന്നതിലും നല്ലത് ഭാഷാശാസ്ത്രസംബന്ധമായ വീക്ഷണങ്ങളിൽ പുലർത്തേ വിശാലകാഴ്ചപ്പാടിന്റെ പരിധിയിൽ പരിഗണിക്കുന്നതാവും. പുതിയ കൃതികളിലെ സമീപനം ഇതാണ് (Verschueren, 1999, Mey, 1994, Schmitt Norbert, 2010).

ഈ ഗവേഷണപഠനത്തിൽ ഇപ്രകാരമുള്ള വിശാലകാഴ്ചപ്പാടാണുള്ളത്. അനുബന്ധം ഒന്നിലെ ക്രൈസ്തവപദകോശം ഇതിനു മാതൃകയാകുന്നു.

## Notes

1. "Pragmatics is the study of speaker meaning" (Yule, 1998:3).
2. 'Pragmatics is the study of how more gets communicated than is said' (Yule, 1998:3).
3. "Pragmatics is the study of contextual meaning" (Yule, 1998:3).
4. "Pragmatics is the study of the expression of relative distance" (Yule 1998:3).
5. ജോസഫ് സ്കറിയ, പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ:50
6. Yule, 1998:
7. "Pragmatics is appealing because it's about how people make sense of each other linguistically, but it can be a frustrating area of study because it requires us to make sense of people what they have in mind" (Yule, 1994:4)
8. "Geofrey Leech (1983) remark that "fifteen years ago, it was mentioned by linguistics rarely, if at all. And if needed pragmatics was mentioned 'at all', it was more in the guise of a 'ragbag' or, as the Israel; Mathematician and formal linguistic philosopher Yehoshua Bar-Hillel (1971) once expressed it, a 'waste-paper basket' designed to absorb the overflow

from semantics, in the same way that semantics itself, a decade earlier; has been assigned the task of explaining whatever transformational generative syntax had been proved unable to cope with" (Asher, 1994: 3261).

9. "For a number of philosophers, the study of Language is a branch of Mathematics rather than an aspect of psychology" (Smith, Neil, 1999: 146).

10. "In his (Chomsky) early attempt, he separated the syntax form the semantics, the context of language and postulate that a sentence could be described perfectly well on the syntactic level without having ever to have mean anything- just algebraic formula" (Mey: 1994 12-13).

11. പ്രയോഗവിജ്ഞാനത്തിന്റെ പ്രാധാന്യവും പങ്കും ചോംസ്കി കാര്യമായി പരിഗണിക്കാതിരുന്നതിനു പിന്നിൽ ചില കാരണങ്ങളുന്നെ് ചൂിക്കാണിക്കപ്പെട്ടിട്ടു്. "Chomsky has little to say about the role of pragmatics or about theories of communication more generally. This is unsurprising, as they are tangential to his ideas about language. Language is a code linking representations of sound and meaning". (Smith, Neil, 1999: 152-153).

12. "Chomsky tried to make explicit the fact that certain sentences didn't make serve eventhough they seemingly were perfectly good constructions. The way he did this was by saying that you only could combine words into phrases if you took certain precautions in your selection process. Words could be assigned certain traits called 'selection features', that would guide their possible coexistence with other words. The early transformational grammarians (along with Chomsky) though of this selection process as something which went on under the guidance of the syntax, and hence could be formally explained by Mathematical or quasi-Mathematical rules. But even so, there were problems that could not easily be treated under such an assumption. Semantics remained an abstract, descriptive science; its favourite (and for a long time unique) concern was the conditions under which a sentence was true or false (Mey, 1994:13).

13. അർത്ഥവിജ്ഞാനം സംബന്ധമായുള്ള ചോംസ്കിയൻ കാഴ്ചപ്പാടുകൾക്കും തൽസംബന്ധിയായ വിമർശനങ്ങൾക്കും കാണുക. (Smith, Neil, 1999: 162-167).

14. These and other considerations led pragmaticians to the conviction that there was more going on between people using language.

15. ഭാഷണകൃത്യങ്ങൾ എന്ന സങ്കല്പനം വഴി ഇക്കാര്യമാണ് പ്രയോഗവിജ്ഞാനം വിശദീകരിക്കാൻ ശ്രമിക്കുന്നത്.

16. ഭാഷയിലെ ആദരവുതന്ത്രങ്ങൾ എന്ന സങ്കല്പനംവഴി ഇക്കാര്യമാണ് പ്രയോഗവിജ്ഞാനം വിശദീകരിക്കുന്നത്.

17. സംഭാഷണവ്യഞ്ജനങ്ങൾ എന്ന സങ്കല്പനം വഴി ഇക്കാര്യമാണ് പ്രയോഗവിജ്ഞാനം വിശദീകരിക്കാൻ ശ്രമിക്കുന്നത്.

18. 2015 വരെ 13 രാജ്യാന്തര സമ്മേളനങ്ങൾ നടന്നിട്ടു്. അവ ഇവയാണ്.

    1) Viareggio, Italy, September 1985 (special theme: on the issue of coherence in a theory of pragmatics)

2) Antwerp, Belguim, 17-22 August 1987 (on intercultural and international communication).
3) Barcelona, Spain, 9-13 July 1990 (with a focus on social issues).
4) Kobe, Japan, 25-30 July (1993) (connecting social and cognitive issues).
5) Mexio city, Mexico, 4-9 July 1996 (on conversation).
6) Reims, France, 19-24 July 1998 (on language and ideology).
7) Budapest, Hungary, 9-14, 2000 (on cognition and language use).
8) Toronto, Canada, 13-19 July 2003 (On linguistic pluralism)
9) Riva del Garda, Italy, 10-15 July 2005 (on pragmatics and philosophy).
10) Goteborg, Sweden, 8-13 July 2007 (on language data copora and computational pragmatics)
11) Melbourne, Australia, 12-17 July 2009 (diversity, context and structure).
12) Manchester: United Kingdom, 3-8 July 2011(pragmatics and its interfaces).
13) New Delhi, India, 8-13 September 2013 (narrative pragmatics: culture, cognition, context).
14) Antwerp, Belgium 26-31 July 2015 (Language and adaptability).

19. പ്രയോഗവിജ്ഞാനത്തിന്റെ ചരിത്രസംബന്ധമായുള്ള വിവരങ്ങൾക്ക് Leech: 1983 Mey: 1994, Levinson: 1983 എന്നിവരുടെ ഗ്രന്ഥങ്ങളോട് കടപ്പാട്.

20. Cumulatively these approaches, and others have led to remarkable shift of direction within linguistics away from 'competence' and towards performance" (Leech, 1993:4).

21. ".... as knowledge of the syntax, phonology, and semantics of various languages has increased it has become clear that there are specific phenomena that can only naturally be described by recourse to contextual concepts. On the one hand, various syntactic rules seem to be properly constrained. Only if one refers to pragmatic conditions; and similarly for matters of stress and intionation. It is possible in response to these apparent counter examples to a context-independent notion of linguistic competence, simply to retreat: the rules can be left unconstrained and allowed to generate unacceptable sentences, and a performance theory of pragmatics assigned the job off fittering out the acceptable sentences. Such a move is less than entirely satisfactory because the relationship between the theory of competence and the data on which it is based (ultimately institutions about acceptability) becomes abstract to a point where conter-examples to the theory may be.

22. "So pragmatics was henceforth on linguistic map. Its colonization was only the last stage of a wave-by-wave expansion of linguistic from a narrow discipline dealing with the physical data of speech, to abroad discipline taking in form, meaning and context” (Leech, 1983:2).

23. "(there is) no conflict between the peculiarly abstract approach to the study of language which is characteristic of modern structural linguistics and more, 'practical' approaches" (1968:50-51) cited in Asher, 1994: 3261).

24. പ്രജനക അർഥവിജ്ഞാനം: ചോംസ്കിയൻ വ്യാകരണമാതൃക ഉപയോഗിച്ചതുകൊ് അർത്ഥ വിജ്ഞാനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുമ്പെട്ട ചോംസ്കിയൻ പാരമ്പര്യവഴിയിൽപ്പെട്ട

ഭാഷാശാസ്ത്രജ്ഞർ രൂപംകൊടുത്ത പഠനശാഖയാണിത്. George Lacoff, John Robert Ross എന്നിവരാണ് പ്രമുഖർ. ഭാഷ എന്നത് മാനസിക പ്രതിഭാസമാണ്. ഭാഷാശാസ്ത്രം ഗണിതസൂത്ര വാക്യങ്ങൾപോലെ പ്രതിപാദിക്കാവുന്നതാണ്. സൃഷ്ടിച്ചെടുത്ത ദത്തങ്ങൾ പഠനമാതൃകയാക്കാം. ഭാഷ എന്നത് വാക്യങ്ങളുടെ ഗണമാണ് എന്നിവ ചോംസ്കിയൻ വ്യാകരണത്തിന്റെ ആണിക്കല്ലുകളായ ദർശനങ്ങളാണ്. ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനദത്തങ്ങളിൽ സന്നിഗ്ദ്ധതയെയും പര്യായതയെയും അംഗീകരിക്കുക വഴി ചോംസ്കി വാസ്തവത്തിൽ അർത്ഥവിജ്ഞാനപഠനത്തിനായുള്ള വാതിൽ തുറന്നിടുകയായിരുന്നു. പൂർവധാരണകൾ, സംഭാഷണബലം തുടങ്ങിയവയെല്ലാം പ്രജനകവ്യാകരണം ഉപയോഗിച്ചുകൊ് പഠിക്കാനാവുമെന്ന് അവർ കരുതി. അവരുടെ ശ്രമം പരാജയപ്പെടുകയും അർഥപഠനത്തിന് ഭാഷാശാസ്ത്രത്തിൽ കേന്ദ്രസ്ഥാനം നൽകിക്കഴിഞ്ഞാൽ അർഥം ഓരോരോ പ്രകരണത്തിനനുസരിച്ച് മാറുന്നതും കണക്കിലെടുക്കാതിരിക്കാനാവില്ലാ എന്നവർ തിരിച്ചറിഞ്ഞു. പ്രജനക അർഥവിജ്ഞാനികൾ ക്രമേണ തങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലധികം കാര്യങ്ങൾ തങ്ങളുടെ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു മനസ്സിലാവുകയും ക്രമേണ പ്രയോഗവിജ്ഞാനമേഖലയുടെ പ്രസക്തി തിരിച്ചറിഞ്ഞു തുടങ്ങുകയും ചെയ്തു, എന്ന ലീച്ചിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. (Leech, 1983: 2-3).

25. How to do things with words എന്ന ഗ്രന്ഥം (Oxford University Press, 1962).

26. Speech acts : An essay in the philosophy of language. Cambridge University Press- 1969.

27. H.P. Grice ന്റെ Logic and convention എന്ന പ്രബന്ധം. In P. Cole and J. Morgan (eds) 1975: 41-58).

28. "When linguistic pioneers such as Ross and Lakoff staked a claim in pragmatics in the late 1960's, they encountered there on indegenous breed of philosophers of language who has been quietly cultivating the territory for some time. In fact, the more lasting influences on modern pragmatics have been those of philosophers, notably, in recent years, Austin (1962), Searle (1969), and Grice (1975)" (Leech, 1983:2).

29. "According to a familiar rule of logic, when conjoining two propositions (let us call them P and Q, and symbolize their conjunction by the formula P,Q, it is not important which order the two constituents of the formula appear: P&Q is logically equivalent to Q&P" (Mey, 1994; 23).

30. (നോ: (Mey, 1994).

31. In the Chomskyan linguistic tradition, syntactic well-formedness plays the role of the decision-maker in questions of linguistic 'belonging': a language consists of a set of well-formed sentences, and it is these that belong in the language; no others do. This is the definition that-assumed implicity, or explicity invoked-has been the pillar of the Chomskyan systems for more than thirty years: (Mey, 1994:25).

32. ഭാഷാനവീനപഠനവഴികൾ (മാർക്കോസ് വി.പി 2010).

33. The role of the context has been most forcefully advocated in non-traditional linguistics, such as the kind of studies we normally associated with names like Malinowski, firth and the different schools of anthropologically and sociologically inspired language studies (Mey, 1994:31).

## അധ്യായം രണ്ട്

# മധ്യകേരളക്രൈസ്തവസഭാചരിത്രം ഉദയമ്പേരൂർ സൂനഹദോസ് വരെ

## (History of Kerala Christians - Upto the Synod of Diamper)

ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹാ പാലസ്തീൻ, മെസോപ്പൊട്ടേമിയ, മേദിയ, പാർത്തിയ, ബാക്ട്രിയ, എത്യോപ്യ, സൊക്കോത്ര എന്നിവിടങ്ങളിലും ഇന്ത്യയിലും സുവിശേഷം അറിയിച്ചതായി പാരമ്പര്യങ്ങളുണ്ട്. എന്നാൽ, ഭാരതത്തിലെ പ്രേഷിതത്വംപോലെ മറ്റൊരിടത്തും തെളിവുകളില്ല. ഐതിഹ്യമനുസരിച്ച്, മാർത്തോമ്മാ ആദ്യം ദമാസ്ക്കസിലേക്കും അവിടെനിന്ന് അന്ത്യോക്യായിലേക്കും തുടർന്ന് ബാക്ട്രിയായിലേക്കും പോയി. ഭാരതത്തിലെത്തിയ ശ്ലീഹാ കേരളത്തിലുടനീളം യാത്രചെയ്തു സുവിശേഷസന്ദേശം അറിയിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, കോതമംഗലം, പറവൂർ, നിരണം, കൊല്ലം, നിലയ്ക്കൽ എന്നീ ഏഴു സ്ഥലങ്ങളിൽ അനേകരെ യേശുശിഷ്യരാക്കുകയും ക്രൈസ്തവസമൂഹങ്ങൾക്കു രൂപംനൽകുകയും ചെയ്തു. കേരളത്തിൽനിന്ന് ശ്ലീഹാ ചോഴമണ്ഡലത്തിലെത്തി പ്രേഷിതപ്രവർത്തനം പൂർത്തിയാക്കി. ഇതിനുശേഷം കേരളത്തിലേക്കു മടങ്ങി മലയാറ്റൂരിൽ പ്രാർത്ഥിച്ചതായി പറയപ്പെടുന്നു. നേരത്തേ കേരളത്തിൽ സ്ഥാപിച്ച സഭാസമൂഹങ്ങളെല്ലാം സന്ദർശിച്ച തോമ്മാശ്ലീഹാ നിലയ്ക്കൽ വഴി പാ‍യിലേക്കും അവിടെനിന്ന് മൈലാപ്പൂരിലേക്കും പോയി. അവിടെ പ്രാർത്ഥനയിൽ നിമഗ്നനായി കഴിയുമ്പോൾ എമ്പ്രാന്മാർ തോമാശ്ലീഹായെ കുന്തംകൊണ്ടു കുത്തിക്കൊലപ്പെടുത്തി.

ഇതാണ് വിവിധ രൂപങ്ങളിലൂടെ പ്രാചീന പാരമ്പര്യമായി നമുക്കു ലഭിക്കുന്ന മാർത്തോമ്മായുടെ പ്രേഷിതപാരമ്പര്യം. എല്ലാ പാരമ്പര്യങ്ങളും അപ്പസ്തോലൻ ഭാരതത്തിൽതന്നെ രക്തസാക്ഷിയായി എന്ന കാര്യത്തിൽ യോജിക്കുന്നു. 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരിൽ ഒരു വലിയ ക്രൈസ്തവസമൂഹം കേരളത്തിലുണ്ട്. അപ്പസ്തോലന്റെ പ്രേഷിതപ്രവർത്തനത്തെ ഇക്കാര്യം വിളിച്ചറിയിക്കുന്നു. തോമ്മാശ്ലീഹാ കപ്പലിറങ്ങിയ തുറമുഖവും സ്ഥാപിച്ച പള്ളികളും പ്രാർത്ഥിച്ച മലകളും സംസ്ക്കരിക്കപ്പെട്ട കബറിടവും ഇന്നും സംപൂജ്യമായി കരുതപ്പെടുന്നു. ശ്ലീഹാ വൈദികസ്ഥാനത്തേക്ക് ഉയർത്തിയവരുടേത് എന്നു പറയപ്പെടുന്ന പകലോമറ്റം, ശങ്കരപുരി തുടങ്ങിയ അതിപുരാതനകുടുംബങ്ങൾ ഇന്നുമുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്ന പാട്ടുകൾ ഇന്നും ആലപിക്കപ്പെടുന്നു. മൈലാപ്പൂരിലല്ലാതെ മറ്റൊരിടത്തും തോമ്മാശ്ലീഹായുടെ കബറിടം ചൂ‍ിക്കാണിക്കപ്പെട്ടിട്ടില്ല. ഈ പ്രാദേശികപാരമ്പര്യങ്ങളെല്ലാം തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിലേക്കു വിരൽചൂണ്ടുന്നു.[1]

### 2.1 സപ്തദൈവാലയങ്ങൾ

തോമ്മാശ്ലീഹാ കേരളത്തിൽ പ്രേഷിത പ്രവർത്തനം നടത്തിയതിന്റെ പ്രത്യക്ഷതെളിവാണ് പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം (തൃപ്പാലേശ്വരം), കൊല്ലം, നിലയ്ക്കൽ (ചായൽ) എന്നിവിടങ്ങളിലെ പുരാതനക്രൈസ്തവ സമൂഹങ്ങൾ. ഇവ സപ്ത ദൈവാലയങ്ങൾ എന്നറിയപ്പെടുന്നു. ഈ സ്ഥലങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ കയറ്റി

അയയ്ക്കുന്ന വാണിജ്യകേന്ദ്രങ്ങളുമായിരുന്നു. 'ദൈവാലയങ്ങൾ' എന്നതുകൊ് ഉദ്ദേശിക്കുന്നത് ഇന്നത്തേതുപോലുള്ള ദേവാലയങ്ങളല്ല. ഈ സ്ഥലങ്ങളിൽ തോമ്മാശ്ലീഹാ രൂപം കൊടുത്ത ക്രൈസ്തവസമൂഹം "ജീവിക്കുന്ന ദൈവാലയങ്ങൾ" (Living Temples) ആയിരുന്നു[2].

### 2.1.1 കൊടുങ്ങല്ലൂർ

പ്രാചീന ഇൻഡ്യയിലെ ഏറ്റവും വലിയ തുറമുഖപട്ടണവും വാണിജ്യകേന്ദ്രവുമായിരുന്നു കൊടുങ്ങല്ലൂർ. എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ കൊടുങ്ങല്ലൂർ വന്നിറങ്ങിയപ്പോൾ സുറിയാനിഭാഷ സംസാരിച്ചിരുന്ന ഒരു പ്രബല യഹൂദസമൂഹം അവിടെ ഉായിരുന്നു. ഭാഷയിലും ആചാരങ്ങളിലും ഒരേ പാരമ്പര്യമുായിരുന്ന ഇവരുടെ ഇടയിലായിരുന്നിരിക്കണം തോമ്മാശ്ലീഹായുടെ ആദ്യകാലപ്രവർത്തനങ്ങൾ. കേരളത്തിലെ ആദ്യകാല ക്രൈസ്തവസമൂഹത്തിൽ യഹൂദസാന്നിദ്ധ്യം സജീവമായിരുന്നു എന്ന് ചരിത്രകാരനായ വില്യം ലോഗൻ പ്രസ്താവിക്കുന്നു[3].

തോമ്മാശ്ലീഹാ വന്നിറങ്ങിയതും സുവിശേഷം അറിയിക്കുകയും കുരിശു സ്ഥാപിക്കുകയും ചെയ്തത് കൊടുങ്ങല്ലൂരാണ് എന്ന് കെ.പി. പത്മനാഭമേനോൻ 'കേരളചരിത്ര'ത്തിൽ പ്രസ്താവിക്കുന്നു[4]. ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യകേന്ദ്രം എന്നാണ് പ്ലിനി കൊടുങ്ങല്ലൂരിനെപ്പറ്റി പറയുന്നത്. ഈ വിശേഷണം കൊടുങ്ങല്ലൂർ തികച്ചും അർഹിക്കുന്നതുതന്നെ. ഇവിടെവച്ചാണ് ഫിനിഷ്യർ ഇന്ത്യാക്കാരെ കൈയെഴുത്തുവിദ്യ പഠിപ്പിച്ചത്. ഇവിടെനിന്നാണ് സോളമൻ ചക്രവർത്തിയുടെ നാവികർ (ബി.സി. 1000) സ്വർണം, ആനക്കൊമ്പ്, ചന്ദനം മുതലായവ കൊു പോയത്. ഇവിടേക്കാണ് ഗ്രീക്കു നാവികനായ ഹിപ്പാലൂസ് കൊളംബസിനെപ്പോലെ ഇന്ത്യ കുപിടിക്കാൻ കാലവർഷത്തിനനുകൂലമായി തന്റെ കപ്പൽ തിരിച്ചുവിട്ടത്. സർവസമ്മതമായ പാരമ്പര്യമനുസരിച്ച് ഇവിടെയാണ് എ.ഡി.52-ൽ മാർത്തോമ്മാശ്ലീഹാ വന്നിറങ്ങുകയും കുരിശു സ്ഥാപിക്കുകയും ചെയ്തത്[5].

പതിനാറാം നൂറ്റാുവരെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആസ്ഥാനം കൊടുങ്ങല്ലൂർ ആയിരുന്നു. പോർച്ചുഗീസുകാർ എത്തിയപ്പോൾ ക്രൈസ്തവസഹോദരർ എന്ന നിലയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ കാട്ടിയ അനുഭാവം വിനാശകരമായ ഫലങ്ങളാണ് ഉളവാക്കിയത്. ഇതേതുടർന്ന് തങ്ങളുടെ കൊടുങ്ങല്ലൂരിലെ ക്രൈസ്തവതറവാട് ഉപേക്ഷിച്ച് അവർക്ക് ഉൾനാടുകളിലേക്ക് കുടിയേറിവന്നു. 15-ാം നൂറ്റാിന്റെ അവസാനം കൊടുങ്ങല്ലൂരിൽ ഹൈന്ദവക്ഷേത്രമാതൃകയിൽ ഒരു സുറിയാനി ദൈവാലയമുായിരുന്നുവെന്ന് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടു്. 1504-ൽ പോർച്ചുഗീസുകാരുമായുായ ഏറ്റുമുട്ടലിൽ മുഹമ്മദീയർ ഈ ദൈവാലയം നശിപ്പിച്ചു. 1622-ൽ കൊടുങ്ങല്ലൂർ ഡച്ചുകാരുടെ കീഴിലായി. 1795-നുശേഷം കൊടുങ്ങല്ലൂരിന്റെ അവകാശം ഇംഗ്ലീഷുകാർക്കായി. 1963-ൽ കാർഡിനൽ യൂജിൻ ടിസറാങ് കേരളം സന്ദർശിച്ചപ്പോൾ ഇറ്റലിയിലെ ഓർത്തോണാ കത്തീഡ്രലിൽ ഉായിരുന്ന തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരുഭാഗം അഴീക്കോട് സ്ഥാപിച്ചു. (അനുബന്ധം 5 ചിത്രം കാണുക).

### 2.1.2. പാലയൂർ

ബ്രാഹ്മണരുടെ കേന്ദ്രവും യഹൂദരുടെ ഒരു കമ്പോളവുമായിരുന്നു പാലയൂർ. ഇന്നും ഈ സ്ഥലം 'യൂദക്കുന്ന്' എന്നാണറിയപ്പെടുന്നത്. അവിടുത്തെ ഹൈന്ദവക്ഷേത്രം പള്ളിയായി രൂപാന്തരപ്പെടുത്തി എന്നാണ് പാരമ്പര്യം. ഇതിന്റെ തെളിവുകൾ ഇന്നും ഇവിടെ ദൃശ്യമാണ്. ശങ്കര

പുരി, പകലോമറ്റം, കള്ളി, കാളിയങ്കാവ്, കോയിക്കര, മാടപുരു, നെടുമ്പള്ളി തുടങ്ങിയ 32 ഇല്ല ക്കാരാണ് അവിടെ ആദ്യം ക്രിസ്തുമതം സ്വീകരിച്ചതെന്നും പാരമ്പര്യമു്. ക്രിസ്തുമതത്തിൽ ചേരാതിരുന്ന നമ്പൂതിരിമാർ ഈ സ്ഥലത്തെ ശപിച്ചശേഷം വേമ്പനാട്ടേക്കുപോയി എന്നാണ് ഐതിഹ്യം. ആ പ്രദേശത്തിനു ശാപക്കാട് (ചാവക്കാട്) എന്നു പേരുായത് അങ്ങനെയാ ണെന്ന് പറയപ്പെടുന്നു. വേമ്പനാട്ടിലെ കുളത്തൂമന ബ്രാഹ്മണകുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന നാഗരഗ്രന്ഥവര്യോലയിൽ കലിയുഗം വർഷം 3153 ൽ വിദേശിയായ തോമ്മാസന്യാസി അവ രുടെ ഗ്രാമം അശുദ്ധമാക്കിയതിനെ തുടർന്ന് അവർ ആ ഗ്രാമം വിട്ടുപോന്ന ചരിത്രം രേഖപ്പെ ടുത്തിക്കാണുന്നു.

പോർച്ചുഗീസുകാർ കേരളത്തിലെത്തിയപ്പോൾ പാലയൂർ ഒരു പ്രധാന സുറിയാനി ക്രൈസ്ത വകേന്ദ്രവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തീർത്ഥാടനസ്ഥലവുമായിരുന്നു. എ.ഡി. 1607–ൽ പാലയൂരിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച പഴയ ദൈവാലയം ഉള്ളിലാക്കി ഒരു വലിയ ദൈവാ ലയം പണിതു. പിന്നീട് പഴയതുപൊളിച്ചു. 18–ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിൽ ടിപ്പു സുൽത്താന്റെ മൈസൂർപ്പട പാലയൂർ ദൈവാലയം നശിപ്പിച്ചു. മതപരിവർത്തനത്തിനു വിസമ്മതിച്ചവർ നിഷ്ക്കരുണം വധിക്കപ്പെട്ടു. മറ്റുചിലർ ഒളിച്ചോടി. ബ്രിട്ടീഷ് സൈന്യം ശ്രീരം ഗപട്ടണം പിടിച്ചെടുക്കുകയും മൈസൂർപ്പടയെ തുരത്തുകയും ചെയ്തതോടെ, തിരിച്ചെത്തിയ വർ ചുട്ടുകരിച്ച പള്ളിയുടെ സ്ഥാനത്ത് അവശിഷ്ടങ്ങൾ പുനരുദ്ധരിച്ച് പുതിയതാക്കി.

#### 2.1.3. കോട്ടയ്ക്കാവ്

കോട്ടയ്ക്ക് അകത്തുള്ളകാവ് എന്നർത്ഥമുള്ള കോട്ടയ്ക്കാവ് ദ്രാവിഡഹൈന്ദവരുടെ കേന്ദ്ര മായിരുന്നു. സർപ്പക്കാവുകൾ അവരുടെ പ്രത്യേകതകളാണ്. ഇന്ന് കോട്ടയ്ക്കാവു പള്ളി കാണ പ്പെടുന്നത് വടക്കൻ പറവൂർ പട്ടണത്തിന്റെ പാർശ്വത്തിലാണ്. കോട്ടയ്ക്കാവു ദൈവാലയം മാർത്തോമ്മാശ്ലീഹാ തന്നെയാണ് സ്ഥാപിച്ചതെന്ന് ക്യൂട്ടോ (Cuto) എന്ന മിഷനറി 16–ാം നൂറ്റാ ിൽ രേഖപ്പെടുത്തിയിട്ടു്. കോട്ടയ്ക്കാവിലെ അമ്പലം പള്ളിയാക്കി മാറ്റുകയായിരുന്നു എന്നാണ് പുരാതന പാരമ്പര്യം. പള്ളിയുടെ മതിൽ പഴയ അമ്പലത്തിന്റെതന്നെ മതിലാണെന്നു പറയപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പുരാവസ്തു ഗവേഷണവകുപ്പ് ആ മതിൽ സംരക്ഷി ച്ചുവരുന്നു.

പോർച്ചുഗീസുകാരാണ് ഈ ദൈവാലയം ഗർവാസീസിന്റെയും പ്രോത്താസീസിന്റെയും നാമത്തിലാക്കിയത്. ഈ പള്ളിയിൽനിന്നും അരമൈൽ ദൂരത്താണ് 1712–ൽ സ്ഥാപിതമായ യാക്കോബായ ദൈവാലയം. 1665–ൽ യാക്കോബായ വിശ്വാസവുമായി ആദ്യം കേരളത്തിലെ ത്തിയ മാർഗ്രിഗോറിയോസ് മെത്രാന്റെ കബറിടം ഈ ദൈവാലയത്തിലാണ്. ഇന്നത്തെ പുതിയ കോട്ടയ്ക്കാവ് പള്ളിക്കു തൊട്ടുപിറകിലായി പഴയ ദൈവാലയത്തിന്റെ അവശിഷ്ടങ്ങളായി ഭിത്തി കളും പടികളും ബലിപീഠങ്ങളും രു കുളങ്ങളും കാണാം.

#### 2.1.4 കോക്കമംഗലം

കൊച്ചിയിൽ നിന്ന് 32 കി.മീ. തെക്കുകിഴക്കാണ് ഈ സ്ഥലം. അവിടെ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സ്ളീവാ ശത്രുക്കൾ പിഴുതെടുത്ത് കടലിലെറിഞ്ഞു. അതൊഴുകി പള്ളിപ്പുറത്തിനടു ത്തുള്ള മാട്ടേൽ എന്ന മണൽത്തുരുത്തിൽ അടിഞ്ഞു. ഇതു കത്തെിയ ക്രിസ്ത്യാനികൾ ഒരു പുതിയ പ്രാർത്ഥനാലയം നിർമ്മിച്ച് ആ സ്ലീവാ പ്രതിഷ്ഠിച്ചു. ഇതാണ് കോക്കമംഗലം പള്ളിയെ സംബന്ധിച്ച ഐതിഹ്യം.

### 2.1.5 നിരണം

ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുകളിൽ ഒരു അന്താരാഷ്ട്ര വാണിജ്യകേന്ദ്രമായിരുന്നു നിരണം എന്നു പറയപ്പെടുന്നു[6]. കുട്ടനാട്ടിലെ 'അപ്പർ കുട്ടനാട്' എന്ന സ്ഥലത്താണ് നിരണം. ആധുനിക ഗവേഷണങ്ങൾ നിരണത്തിന്റെ വാണിജ്യപ്രാധാന്യം വെളിച്ചത്തുകൊണ്ടുവന്നിട്ടു ്[7]. ഇവിടെയെത്തിയ മാർത്തോമ്മാശ്ലീഹായിൽനിന്നും പട്ടമുക്ക്, തയ്യിൽ, മാങ്കി, മടത്തലാൻ എന്നീ നാലു കുടുംബക്കാർ ജ്ഞാനസ്നാനം സ്വീകരിക്കുകയും അവിടെ ഒരു കുരിശു സ്ഥാപിക്കുകയും ചെയ്തു. കുപിതരായ മറ്റു നമ്പൂതിരിമാർ ആ കുരിശെടുത്തു പമ്പയാറ്റിൽ എറിഞ്ഞു. കുരിശു കരയ്ക്കടുത്ത സ്ഥലത്തു വീും അതു സ്ഥാപിക്കപ്പെട്ടു. ഈ സ്ഥലത്താണ് നിരണം യാക്കോബായ പള്ളി എന്നാണ് പാരമ്പര്യം.

### 2.1.6. കൊല്ലം

പുരാതനകാലം മുതൽക്കേ കൊല്ലം തുറമുഖവും വാണിജ്യകേന്ദ്രവുമാണ്. മാർത്തോമ്മാ ശ്ലീഹാ മരിക്കുന്നതിനുമുമ്പ് കൊല്ലത്ത് സ്ഥാപിച്ചുവെന്ന് വിശ്വസിക്കപ്പെടുന്ന ഒരു വലിയ പള്ളിയു െന്ന് 1514-ൽ കേരളം സന്ദർശിച്ച ഡുവാർട്ടെ ബാർബോസ (Duarte Barbosa) രേഖപ്പെടുത്തുന്നു. അക്കാലത്ത് മൂത്തറാണിയും ഇളയറാണിയും എന്ന് രു രാജ്ഞിമാരാണ് ഉായിരുന്നത്. ഇളയറാണിയുടെ വിശ്വസ്തമിത്രവും ആപ്തകാര്യസ്ഥയും ആയിരുന്നത് കൊച്ചിക്കാളി[8] എന്ന കുലീനയായ ഒരു നസ്രാണിവനിതയായിരുന്നു. 1503-ൽ പോർച്ചുഗീസ് മേധാവി കൊല്ലത്തെത്തിയപ്പോൾ അവിടെ 6000 മാർത്തോമ്മാ ക്രിസ്ത്യാനി കുടുംബങ്ങളുായിരുന്നു. ഇവരുടെ ഇടയിൽ ലത്തീൻ ആചാരങ്ങളും കർമ്മങ്ങളും പോർച്ചുഗീസുകാർ അടിച്ചേല്പിച്ചു. പോർച്ചുഗീസ് പീഡനം, സഹിക്കാനാവാതെ നസ്രാണികൾ ചാത്തന്നൂർ, അടൂർ എന്നിവിടങ്ങളിലേക്കു പലായനം ചെയ്തു.

### 2.1.7 നിലയ്ക്കൽ

മാർത്തോമ്മാശ്ലീഹാ ഒരുവർഷം നിലയ്ക്കൽ താമസിച്ചുവെന്ന് 'റമ്പാൻ പാട്ടിൽ' പറയുന്നു.

"കിഴക്കൻ വഴിയായവിടുന്നുടനെ
മലനഗരം ചായൽക്കെത്തി
പിഴയാതവിടെയുമൊരുവർഷത്തിട
അറിയിച്ചു തൻ മാർഗത്തെ
ഒരായിരമൊടൊരുനൂർപേരെ
മാമ്മോദീസായും മുക്കി
ആരാധന മുറയോടെ സ്ലീവാ
സ്ഥാപിച്ചുതാനവിടേക്കും"

നിലയ്ക്കൽ അഥവാ ചായൽ ശ്ലീഹാ ഒരു കുരിശും പ്രാർത്ഥനാലയവും സ്ഥാപിച്ചു എന്നത് കേരളസഭയിലെ പാരമ്പര്യമാണ്. ഇത് ഐശ്വര്യസമൃദ്ധയായ ഒരു സുഗന്ധവ്യഞ്ജന വാണിജ്യകേന്ദ്രമായിരുന്നു. പായിൽ നിന്നുവന്ന കൊള്ളക്കാരുടെയോ കൊലയാളികളുടെയോ ശല്യത്താൽ ജനങ്ങൾ നാടുവിട്ടോടി കാഞ്ഞിരപ്പള്ളി, വടശ്ശേരിക്കര, എരുമേലി, റാന്നി മുതലായ സ്ഥലങ്ങളിൽ അഭയം തേടി. ആൾപ്പാർപ്പില്ലാത്ത വനമായ ഇവിടെനിന്നും പഴയ ക്രൈസ്തവ സമൂഹസാന്നിദ്ധ്യത്തിന്റെ അവശിഷ്ടങ്ങൾ കടെുത്തിട്ടു്.

1930–ൽ നിലയ്ക്കൽ ദൈവാലയം പുനരുദ്ധരിക്കാൻ ക്രൈസ്തവർ ശ്രമിച്ചപ്പോൾ അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ അനുവാദം നിഷേധിക്കുകയും അവിടെ ഒരു ഹിന്ദുക്ഷേത്രം പണിയാൻ ഗവണ്മെന്റിൽ നിന്ന് ധനസഹായം ചെയ്യുകയും ചെയ്തു. പഴയ പള്ളിക്കുളം അമ്പലക്കുളമാക്കി. നിലയ്ക്കൽ ദൈവാലയം പുനരുദ്ധരിക്കുന്നതിനുള്ള മാർത്തോമ്മാ നസ്രാണികളുടെ ആഗ്രഹമനുസരിച്ച് കേരള ഗവണ്മെന്റ് 1976–ലും 1979–ലും നിലയ്ക്കലിൽ കുറെ സ്ഥലം നൽകി. അവിടെ ഇപ്പോൾ വിവിധ സഭകളുടെ സഹകരണത്തോടെ ഒരു എക്യുമെനിക്കൽ ദൈവാലയവും പഠനകേന്ദ്രവും സ്ഥാപിച്ചിട്ടു് (അനുബന്ധം 5, ചിത്രങ്ങൾ കാണുക).

### 2.1.8. തിരുവിതാംകോട് (അരപ്പള്ളി)

തെക്കൻ തിരുവിതാംകൂറിൽ ഇന്നത്തെ തമിഴ്നാട്ടിലെ തക്കല രൂപതയിൽപെട്ട കന്യാകുമാരി ജില്ലയിലെ ഒരു ചെറിയ പഞ്ചായത്താണ് തിരുവിതാംകോട്. ഇത് നാഗർകോവിലിൽനിന്ന് 20 കി.മീ. അകലെയും തക്കലയിൽ നിന്ന് 2 കി.മീ. ദൂരത്തുമാണ്. മലങ്കര ഓർത്തഡോക്സ് സിറിയൻ ദൈവാലയമായ ഇത് ഇന്റർനാഷണൽ സെന്റ് തോമസ് പിൽഗ്രിം സെന്ററായി 2007 ഡിസംബർ 16 മുതൽ അറിയപ്പെടുന്നു. തോമ്മാശ്ലീഹാ ഇവിടെ സുവിശേഷം പ്രസംഗിച്ചുവെന്നും കുരിശ് സ്ഥാപിച്ചുവെന്നും പറയപ്പെടുന്നു. അരജൻ-രാജാവ് (അരചൻ) - കൊടുത്ത സ്ഥലത്ത് നിർമ്മിതമായതിനാലാണ് ഇതിനെ അരപ്പള്ളി എന്നു വിളിക്കുന്നത്.

1600 വർഷം പഴക്കമുള്ള പ്രാർത്ഥനപീഠവും അതിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ശില്പങ്ങളും ഇവിടെ കാണാനാകും. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്ന് ഇവിടെ കൊുവന്ന് പ്രതിഷ്ഠിച്ചിട്ടു്. തോമ്മാശ്ലീഹായിൽ നിന്ന് 64 കുടുംബക്കാർ ജ്ഞാനസ്നാനം സ്വീകരിച്ചുവെന്നും മതപീഡനം ഭയന്ന് അവർ രാജാവിന്റെ പക്കൽ അഭയം തേടിയെന്നും അദ്ദേഹം തന്റെ തലസ്ഥാനമായ തിരുവിതാംകോട്ടിൽ അവരെ താമസിപ്പിച്ചു എന്നുമാണ് ഐതിഹ്യം.

## 2.2. പുരാതനപാട്ടുകളിലെ തോമ്മാപാരമ്പര്യം

തോമ്മാപർവം, മാർഗംകളിപ്പാട്ട്, വീരടിയാൻപാട്ട് എന്നിവ കേരളത്തിൽ സംരക്ഷിക്കപ്പെട്ടുപോരുന്ന തോമ്മാപാരമ്പര്യത്തെക്കുറിക്കുന്ന ചരിത്രസാക്ഷ്യങ്ങളാണ്. ഈ പുരാതനപാട്ടുകൾക്ക് അവതരണത്തിൽ ഐകരൂപ്യമു്. വിശദാംശങ്ങളിൽ പല വ്യത്യാസങ്ങളും ഉങ്കിലും ഇവയുടെ ശരിയായ പഠനം തോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യൻ പ്രേഷിത പ്രവർത്തനത്തിലേക്കും രക്തസാക്ഷിത്വത്തിലേക്കും വെളിച്ചം വീശാൻ പര്യാപ്തമാണ് [9].

### 2.2.1. തോമ്മാപർവം (റമ്പാൻപാട്ട്)

പ്രാചീനക്രിസ്ത്യൻ പാട്ടുകളിൽ ഏറ്റം പ്രധാനം തോമ്മാപർവമാണ്[10]. തോമ്മാശ്ലീഹായുടെ തന്നെ ശിഷ്യന്മാരിൽ ഒരാളെന്നുവിശേഷിപ്പിക്കപ്പെടുന്ന നിരണത്തുമാളിയേക്കൽ തോമ്മാ എന്ന വൈദികനാണ് ഈ പാട്ടിന്റെ മൂലരൂപത്തിന്റെ കർത്താവ്. മാളിയേക്കൽ ഭവനം സ്ഥിതിചെയ്തിരുന്ന സ്ഥലം ഇന്നും നിരണത്തു്. ഇപ്പോൾ കിട്ടിയിട്ടുള്ള പതിപ്പ് 1601–ൽ അതേ കുടുംബത്തിലെ 48–ാം തലമുറക്കാരനായ തോമ്മാ റമ്പാൻ ചുരുക്കി എഴുതിയതാണ്. അക്കാര്യം പാട്ടിൽതന്നെ പറയുന്നു്.[11]

മാർത്തോമ്മാശ്ലീഹാ ചോഴപ്പെരുമാളിന്റെ പ്രതിനിധി ഹാബാനോടുകൂടി[12] അറേബ്യയിൽ നിന്നു കപ്പൽകയറി മാല്യങ്കരെ വന്നെത്തി[13]. പല അത്ഭുതങ്ങളും പ്രവർത്തിക്കുകയും സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തതിനുശേഷം ചൈനയിലേക്കു പോയി. വീും മൈലാപ്പൂരിൽ വന്നു. 'ചിലപണി'കൾക്കായി ചോഴപ്പെരുമാളിൽ നിന്ന് പണം വാങ്ങി പാവങ്ങൾക്കു നൽകി. ഈ ഘട്ടത്തിൽ തിരുവഞ്ചിക്കുളം രാജാവിന്റെ മരുമകൻ അവിടെച്ചെന്നു തോമ്മാശ്ലീഹായെ കേരളത്തിലേയ്ക്കു ക്ഷണിച്ചു. അപേക്ഷ സ്വീകരിച്ച് തോമ്മാശ്ലീഹാ എ.ഡി. 51 ധനുവിൽ മാല്യങ്കരയിൽ വന്നു. ഒന്നര വർഷത്തെ പ്രേഷിതപ്രവർത്തനത്തിനിടയിൽ രാജകുടുംബാംഗങ്ങളും മൂവായിരം വിജാതീയരും 40 യഹൂദരും മാമ്മോദീസാ സ്വീകരിച്ചു. രാജാവിന് അന്ത്രയോസെന്നും അദ്ദേഹത്തിന്റെ മരുമകന് കേപ്പാ എന്നും പേരുനൽകി.

കേപ്പായോടുകൂടി കൊല്ലം, തൃക്കപാലേശ്വരം[14], ചായൽ[15], കോതമംഗലം, കോട്ടക്കാവ്, പാലയൂർ എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുകയും ആയിരക്കണക്കിനാളുകളെ മാമ്മോദീസ മുക്കുകയും ചെയ്തു. കേരളത്തിലെ പ്രേഷിതവേല ഇങ്ങനെ മുന്നേറിക്കൊിരിക്കുമ്പോൾ ചോഴപ്പെരുമാളിന്റെ പ്രതിനിധികൾ വന്നെത്തി. അവരോടൊപ്പം ശ്ലീഹാ മൈലാപ്പൂർക്കു പോയി. രാജധാനി പണിയാമെന്ന കരാറനുസരിച്ച് പണം വാങ്ങി കൊട്ടാരം പണിയാതിരുന്നകൊ് രാജാവ് ശ്ലീഹായെ കാരാഗൃഹത്തിലടച്ചു.

ഈ അവസരത്തിൽ രാജാവിന്റെ അനുജൻ മരണമടയുകയും സ്വർഗത്തിൽ ഒരു കൊട്ടാരം കാണുകയും അത്ഭുതകരമായി തിരിച്ചുവന്ന് ആ വസ്തുത രാജാവിനെ അറിയിക്കുകയും ചെയ്തു. ഈ അത്ഭുതം ക രാജാവ് തോമ്മാശ്ലീഹായെ മോചിപ്പിക്കുകയും സത്യമതത്തെക്കുറിച്ച് പഠിച്ചതിനുശേഷം രാജാക്കന്മാർ രുപേരും[16] മാമ്മോദീസ സ്വീകരിക്കുകയുമായി അവരോടൊപ്പം രായിരം ജനങ്ങളും 'മാർഗം കൈക്കൊു'. വിശുദ്ധൻ അവർക്കായി ആരാധനാസ്ഥലം സ്ഥാപിക്കുകയും രര വർഷത്തോളം അവിടെ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ഒടുവിൽ ചന്ദ്രപുരി[17] രാജാക്കന്മാരായ പത്രോസ്, പൗലോസ് എന്നിവരിൽ പൗലോസിനെ അവിടുത്തെ മേല്പട്ടക്കാരനായി നിയമിച്ചു. അദ്ദേഹത്തെ സഹായിക്കാനായി ആറ് വേദാചാര്യന്മാരെയും.

അവിടുത്തെ സഭാഭരണം ഇവരെ ഏല്പിച്ചിട്ട് മലയാളക്കരയിലെ തന്റെ അജഗണങ്ങളെ സന്ദർശിക്കാൻ കരമാർഗമായി യാത്ര പുറപ്പെട്ടു. മാർഗമധ്യെ മലയാറ്റൂർ വന്നെത്തി. അവിടെ മാർഗം അറിയിച്ചു. ഇരുന്നൂറ്റിഇരുപത് ആളുകൾക്ക് ജ്ഞാനസ്നാനം നൽകി. പിന്നീട് പാലയൂർ, മാല്യങ്കര, കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ എന്നിവിടങ്ങളിൽ താൻ സ്ഥാപിച്ച ക്രൈസ്തവ സമൂഹങ്ങളെ സന്ദർശിക്കുകയും ഓരോ വർഷം അവരോടൊത്തു വസിക്കുകയും അവിടങ്ങളിൽ ആരാധനാലയങ്ങൾ സ്ഥാപിക്കുകയും ആചാര്യന്മാരെ നിയമിക്കുകയും ചെയ്തു. എല്ലാറ്റിന്റെയും പൂർത്തീകരണമായി അവർക്ക് റൂഹാവരവും നൽകി. തന്റെ സന്തതസഹചാരിയായി നിന്ന പ്രേഷ്ഠശിഷ്യൻ കേപ്പായെ തന്റെ 'അങ്കി ധരിപ്പിച്ചിട്ട്' തലയിൽ കൈവച്ച് ഭാരതത്തിലെ സഭയുടെ മേലദ്ധ്യക്ഷനായി ഉയർത്തി. അദ്ദേഹത്തെ തന്നെപ്പോലെ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് തന്റെ പ്രിയശിഷ്യരോട് യാത്രപറഞ്ഞു. നിറഞ്ഞ കണ്ണുകളോടെ അവർ വത്സലപിതാവിനു യാത്രാനുമതി നൽകി. ശ്ലീഹാ മൈലാപ്പൂരിലേക്കു യാത്ര തിരിച്ചു.

കേരളത്തിലെ പ്രേഷിതപ്രവർത്തനങ്ങൾക്കിടയിൽ തോമ്മാശ്ലീഹാ മരിച്ചവരെ ഉയിർപ്പിച്ചു. പിശാചുക്കളെ പുറത്താക്കി; കുഷ്ഠരോഗികളെ സുഖപ്പെടുത്തി. കുരുടന്മാർക്കു കാഴ്ച നൽകി. തളർവാതരോഗികൾക്കു സൗഖ്യം നൽകി. അദ്ദേഹം ആകെ 17450 ആളുകളെ സഭയിൽ ചേർത്തു; രുപേരെ മെത്രാന്മാരായും ഏഴു ഗ്രാമത്തലവന്മാരെ പുരോഹിതന്മാരായും നിശ്ച യിച്ചു[18]. അവരിൽ നാലു പേരെ റമ്പാന്മാരായും സഭയുടെ പൊതു മുതൽ സംരക്ഷിക്കുന്ന തിന് ഇരുപത്തൊന്നു പ്രഭുക്കന്മാരെയും നിയമിച്ചു.

ചോഴമണ്ഡലത്തിലേക്കുള്ള യാത്രാ മദ്ധ്യേ എ.ഡി. 72 കർക്കടകം 3-ാം തീയതി[19] തോമ്മാശ്ലീഹാ മൈലാപ്പൂരിൽ എത്തി. അദ്ദേഹം ചിന്നമലയ്ക്ക് പോകുമ്പോൾ മൈലാപ്പൂരിലെ കാളീക്ഷേത്രത്തിലെ പൂജാരികളായ ബ്രാഹ്മണർ വളഞ്ഞു. കാളിയെ വണങ്ങുവാൻ നിർബ ന്ധിച്ചു. ശ്ലീഹാ അത് നിരസിക്കുകയും ക്ഷേത്രത്തിനുനേരെ കുരിശടയാളം വരയ്ക്കുകയും ചെയ്തു. തൽക്ഷണം ക്ഷേത്രം കത്തിച്ചാമ്പലായി. കോപാക്രാന്തരായ ബ്രാഹ്മണർ ശ്ലീഹായെ പലവിധ ദേഹോപദ്രവം ഏല്പിച്ചു. ഒടുവിൽ ക്രൂരനായ ഒരു ബ്രാഹ്മണൻ വലിയൊരു കുന്തം അദ്ദേഹത്തിന്റെ നെഞ്ചിൽ കുത്തിയിറക്കി. തോമ്മാശ്ലീഹാ അവിടെ 'കടലോരക്കാട്ടിൽ കല്ലിൽ വീണു പ്രാർത്ഥിച്ചു'. ഈ വിവരം മാലാഖമാർവഴി അറിഞ്ഞ പൗലോസ് മെത്രാനും പെരുമാളും പരിചാരകരും ഓടിച്ചെന്നു. ശൂലം വലിച്ചൂരിയെങ്കിലും താമസിയാതെ തോമ്മാശ്ലീഹാ മരിച്ചു. 'വെള്ളപ്രാവിനു തുല്യമായ അദ്ദേഹത്തിന്റെ ആത്മാവ്' പരമാനന്ദമഹത്ത്വത്തിനായി 'വെള്ളയ ണിഞ്ഞ അരൂപികളോടെ' സ്വർഗത്തിലേക്കു പറന്നുയർന്നു.

പെരുമാക്കന്മാർ ശ്ലീഹായുടെ ശരീരം ആഘോഷസമന്വിതം അവിടത്തെപള്ളിയിൽ സംസ്ക രിച്ചു. ഈ വിവരം മാലാഖാമാർ മുഖേന അറിഞ്ഞ കേപ്പാമെത്രാൻ മാളിയേക്കൽ, കടപ്പൂർ റമ്പാന്മാരുമായി കർക്കടകം 21-ാം തീയതി മൈലാപ്പൂരിനു കരമാർഗ്ഗം യാത്രതിരിച്ചു. അവി ടത്തെ മെത്രാനോടും സൈനികരോടും കൂടി ശവകുടീരത്തിൽ പ്രാർത്ഥിച്ചു. അപ്പോൾ അത്ഭു തകരമായി സ്വർണപ്രഭ അവരുടെമേൽ വീശുകയും അവർ അവർണനീയ ഭംഗിയുള്ള കൊട്ടാരം ആകാശത്തിൽ കാണുകയും ചെയ്തു. തോമ്മാശ്ലീഹാ അവിടെ സിംഹാസനാരൂഢനായിരുന്ന് അവർക്ക് വെളിപാടുകൾ നൽകി അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തു. അതിനുശേഷം വിശു ദ്ധന്റെ നിർദ്ദേശാനുസരണം എല്ലാവരും തിരിച്ചുപോയി,.

ഇതാണ് തോമ്മാപർവത്തിലെ പ്രതിപാദ്യം. ഈ പ്രതിപാദ്യവിവരണത്തിൽ കത്തൊ വുന്ന ചരിത്രസത്യം ഇതാണ്: മിശിഹായുടെ ശിഷ്യരിലൊരാളായ തോമ്മാ എ.ഡി. 50 നോട ടുത്ത് കേരളത്തിൽ വരികയും കേരളത്തിലും ചോഴമണ്ഡലത്തിലും സുവിശേഷപ്രഘോഷണം നടത്തുകയും ശ്ലൈഹിക പൈതൃകത്തോടുകൂടിയ സഭ സ്ഥാപിക്കുകയും മൈലാപ്പൂരിൽ രക്ത സാക്ഷിമകുടം ചൂടുകയും ചെയ്തു.

### 2.2.2 മാർഗംകളിപ്പാട്ടിലെ മാർത്തോമ്മാ

കേരളക്രൈസ്തവരുടെ പുരാതന പൈതൃകങ്ങളിൽ സുപ്രധാനമാണ് മാർഗംകളിപ്പാട്ട്. കല്യാ ണം, തിരുനാൾ മുതലായവയോടനുബന്ധിച്ച് രാത്രികാലങ്ങളിൽ നടത്തിവന്ന കലാരൂപമാണിത്. തോമ്മാശ്ലീഹായുടെ കേരളത്തിലെയും ചോഴമണ്ഡലത്തിലെയും പ്രേഷിതപ്രവർത്തനത്തെയും രക്തസാക്ഷിത്വത്തെയും പ്രകീർത്തിച്ചു നടത്തുന്ന സൈനികനൃത്തമാണിത്. വാളും പരിചയും

ധരിച്ച രണശൂരന്മാരുടെ വേഷമണിഞ്ഞ പന്ത്രുപേർവീതമുള്ള സംഘങ്ങളാണ് മാർഗംകളി നടത്തുന്നത്. പാട്ടിനും അഭിനയത്തിനും ഒപ്പം പ്രാധാന്യം ഉിതിൽ. നിലവിളക്കിനു ചുറ്റും നിന്നു പാട്ടിനൊപ്പിച്ചു ചുവടും താളവുമെടുത്ത് അവർ നൃത്തം ചെയ്യുന്നു. മാർഗംകളിപാട്ടിന്റെ കാലം കൃത്യമായി പറയുക സാദ്ധ്യമല്ലെങ്കിലും പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പാണെന്നു കരുതുന്നതിൽ തെറ്റില്ലെന്ന് ഡോ. പി.ജെ. തോമസ് അഭിപ്രായപ്പെടുന്നു[20].

ഉദയംപേരൂർ സൂനഹദോസിന്റെ സൂത്രധാരകനായ മെനെസിസ് അങ്കമാലിയിൽ എത്തിയപ്പോൾ തോമ്മാശ്ലീഹായുടെ അപദാനങ്ങൾ കീർത്തിക്കുന്ന ഗാനത്തോടു കൂടിയ ഒരു കളി നസ്രാണികൾ നടത്തിയെന്ന് പോർച്ചുഗീസ് ചരിത്രകാരനായ ഗുവെയാ പറയുന്നു[21]. ഈ കലാപരിപാടി മാർഗംകളി ആവാം. മാർഗംകളിക്കുപയോഗിച്ചിരുന്ന പാട്ട് തോമ്മാശ്ലീഹായെക്കുറിച്ചുള്ള പ്രാദേശിക പാരമ്പര്യങ്ങളിൽ ഏറ്റം പ്രകടമായ ഒന്നാണെന്ന് ബിഷപ്പ് ബ്രൗൺ അഭിപ്രായപ്പെടുന്നു[22]. അദ്ദേഹം ഈ പാട്ടിന്റെ ഉള്ളടക്കം ചുരുക്കമായി നൽകുന്നു്. യഥാർത്ഥത്തിൽ തോമ്മാപർവത്തിലെ വസ്തുതകൾ തന്നെയാണ് സ്വതന്ത്രമായ അവതരണവ്യത്യാസത്തോടെ മാർഗംകളിപാട്ടിൽ ആവിഷ്ക്കൃതമായിരിക്കുന്നത്. പാട്ടിന്റെ ആരംഭം തമിഴ്മയമാണ്[23]. ഇതു പാട്ടിന്റെ പുരാതനത്വത്തെ കാണിക്കുന്നു. പുരാതനമായ ഈ ഗാനം കലക്രമത്തിൽ ജനങ്ങൾക്കു മനസ്സിലാകത്തക്കവിധം ആശയം വിടാതെ ലളിതമലയാളത്തിൽ പാടിപ്പോകുന്നതുകൊാണ് ഭാഷയിലെ വ്യത്യാസം ഉായതെന്നു ഡോ.പി.ജെ. തോമസ് അഭിപ്രായപ്പെടുന്നു. മാർഗംകളിപ്പാട്ട് ആരംഭിക്കുന്നത് ഇങ്ങനെയാണ്.

"മെയ്ക്കണിന്തപീലിയും മയിൽമേൽതോന്നും മേനിയും
പിടിത്ത ദണ്ഡും കയ്യും മെയ്യും എന്നന്നേക്കും വാഴ്കവേ
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിയിൽ
വഴിക്കൂറായ് നടക്കവേ വന്തവരോ നാമെല്ലാം
അഴിവുകാലം വന്തടുത്ത് അലയുന്ന നിന്മക്കളെ
അഴിവാഴ്വണ്ണം കാത്തരുൾവാൻ
കഴിവുപേശുക മാർത്തോമ്മാൻ."

തുടർന്ന് പാട്ടിൽ പറയുന്നത് കേരളത്തിൽ വന്ന് തോമ്മാശ്ലീഹാ നടത്തിയ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചാണ്.

"കാലം കഴിഞ്ഞു വീും പുറപ്പെട്ടു
കേരളനാടെന്നു കേട്ടു
ഊരടുത്തുള്ളോരു മാലിയാവുംകരെ ചെന്നവിടത്തിലിരുന്നു.
ഊരാളരോടറിവിച്ചതു മാർഗവും കേട്ടവരായതിലായി
എപ്പോഴുമെന്നെയും കാത്തരുൾവാനായി
അത്ത ലണ യാതെ ക്
ഉത്സാഹമേറി പുറപ്പെട്ടു പിന്നെയും ദക്ഷിണദിക്കിനു യാത്ര.
ഇങ്ങനെ മാർഗമറിയിച്ചതിനുശേഷം തീർത്തു കുരിശതുകൊല്ലം
നിരണം കോതമംഗലം കോട്ടക്കായൽ
മാലം പ്രദേശമായി ചായൽ

പാലൂരും പിന്നെ അരചന്നിരിപ്പിടം
കൊടുങ്ങല്ലൂരെന്നവയേഴും.
മാണിക്കക്കല്ലായ മാർഗം നാളിൽ നാളിൽ തെളിയുന്നു.
മാറ്റേറ്റുള്ള നിവ്യാളന്മാർ മെല്ലെ മെല്ലെച്ചവളുന്നു
മാമ്മോദീസ മുങ്ങുന്നവരും നാളിൽ നാളിൽ പെരുകുന്നു.
മാർഗം നേടാക്കാവ്യരുമെല്ലാം കാണെക്കാണെ കുറയുന്നു
ലൗകികങ്ങൾ നീളെ നീളെ ചൊല്ലിപ്പലരും ചേരുന്നു."

ചോഴപ്പെരുമാളിനുവേി കൊട്ടാരം പണിയാൻ തോമ്മാശ്ലീഹാ നിയുക്തനാകുന്നതും കരാറനുസരിച്ച് കൊട്ടാരം തീരാത്തതിനാൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നതും പെരുമാളിന്റെ സഹോദരൻ അകാലമൃത്യുവിൽ നിന്ന് അത്ഭുതകരമായി പുനരുജ്ജീവിച്ച് സ്വർഗത്തിൽ തോമ്മാശ്ലീഹാ പെരുമാളിനുവേി പണിയിച്ച കൊട്ടാരത്തിന്റെ ഭംഗിവർണിക്കുന്നതും പാട്ടിൽ വിവരിക്കുന്നു. ഇതറിഞ്ഞ രാജാവ് തോമ്മാശ്ലീഹായെ മോചിപ്പിച്ചു. രാജാവും സഹോദരനും ഹാബാനും മറ്റനവധി ആളുകളും ക്രിസ്തുമതം സ്വീകരിച്ചു. ഇത് അവിടുത്തെ ബ്രാഹ്മണരുടെ ഇടയിൽ അസൂയ വളർത്താൻ ഇടയാക്കി. കാളിയെ വന്ദിക്കാൻ അവർ ശ്ലീഹായോട് ആവശ്യപ്പെട്ടു. വിശുദ്ധൻ അത് നിരസിച്ചു. തത്ക്ഷണം തന്നെ കാളിക്ഷേത്രം അഗ്നിക്കിരയാവുകയും ചെയ്തു. കോപാക്രാന്തനായ ഒരു ബ്രാഹ്മണൻ കുന്തംകൊ് കുത്തിവിശുദ്ധനെ വധിച്ചു. രാജാവ് വിശുദ്ധന്റെ ശരീരം മൈലാപ്പൂരിൽ പൂജ്യമായി സംസ്ക്കരിച്ചു[24].

### 2.2.3 വീരടിയാൻപാട്ട്

ഹിന്ദുമതാനുയായികളായ വീരടിയാന്മാർക്ക് പാണന്മാർ എന്നും പേരു്. അതുകൊ് ഈ പാട്ടിനെ പാണൻപാട്ട് എന്നും പറയും. നസ്രാണികളുടെ വീടുകൾതോറും ചെന്നു പാണന്മാർ പാടിയിരുന്നതാണ് വീരടിയാൻപാട്ട്. എ.ഡി. 52-ൽ തോമ്മാശ്ലീഹാ കേരളത്തിൽ വന്നതും സുവിശേഷം പ്രസംഗിച്ചതും ക്നായിത്തോമ്മാ ഇവിടെ എത്തിയതും ചേരമാൻ പെരുമാളിൽ നിന്ന് വളരെ സ്ഥാനമാനങ്ങൾ ലഭിച്ചതുമായ കാര്യങ്ങളാണ് ഈ പാട്ടിൽ വർണിക്കുന്നത്. പാട്ടിനു പ്രതിഫലമായി സമ്മാനങ്ങൾ ക്രിസ്ത്യാനികൾ അവർക്കു നൽകിയിരുന്നു.

സംഘകാലത്ത് പാണന്മാരെയും മറ്റും ബഹുമാനത്തോടും സത്ക്കാരത്തോടും കൂടിയാണ് രാജാക്കന്മാർ കൊട്ടാരത്തിലേയ്ക്കു സ്വാഗതം ചെയ്തിരുന്നത്[25]. പാണന്മാരെ സംരക്ഷിക്കുന്നത് ചേരരാജാക്കന്മാരുടെ കർത്തവ്യങ്ങളിലൊന്നായിപോലും കണക്കാക്കിയിരുന്നു[26]. പാണന്മാർ ബുദ്ധിപരവും സാംസ്കാരികവുമായ സിദ്ധികളാൽ ബ്രാഹ്മണരെയും അതിശയിച്ചിരുന്നു[27]. പരണർ, കപിലർ തുടങ്ങിയ സംഘകാല മഹാകവികൾ പാണന്മാരായിരുന്നു എന്ന് പറയപ്പെടുന്നു[28]. സംഘകാലത്തിനുശേഷമായിരിക്കണം വീരടിയാൻപാട്ട് രൂപംകൊത്. പതിനഞ്ചു നൂറ്റാിലധികം പഴക്കം ഈ പാട്ടിനുന്നെു കണക്കാക്കപ്പെടുന്നു[29].

### 2.3. ചരിത്രത്തിന്റെ താളുകളിൽ തോമ്മാസാക്ഷ്യം

തോമ്മാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതവൃത്തിയെക്കുറിച്ചു പാഠഭേദങ്ങളോടെ, അതിശയോക്തിയുടെ അകമ്പടിയോടെ, പ്രചരിച്ചിട്ടുള്ള പാരമ്പര്യകഥകൾ ചരിത്രവസ്തുതകളിൽ നിന്ന് അകലെയല്ലെന്ന് ആധുനിക ഗവേഷണം തെളിയിക്കുന്നു[30]. ക്രിസ്തുവർഷത്തിനു മുമ്പു

തന്നെ കേരളവും മധ്യപൂർവേഷ്യൻ രാജ്യങ്ങളുമായി ഉായിരുന്ന വിപുലമായ വാണിജ്യബന്ധങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ, കേരളത്തിലെ അപ്പൊസ്തോലിക പൈതൃകത്തിനും അസാംഗത്യമില്ല. അറബികൾ, അസ്സിറിയക്കാർ, ബാബിലോണിയക്കാർ, ഫിനിഷ്യർ, ഇസ്രായേൽക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, ചീനക്കാർ തുടങ്ങിയവരാണ് പ്രാചീനകാലത്തു കേരളവുമായി ബന്ധം പുലർത്തിയിരുന്നത്. പുരാതനമായ ഈ വിദേശബന്ധം പ്രധാനമായും വാണിജ്യപരമായിരുന്നെങ്കിലും അതു ചരിത്രത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ക്രിസ്തുമതവും യെഹൂദമതവും ഇസ്ലാംമതവും ഇവിടെ പ്രചരിക്കാൻ ഇടയാകുകയും, നാനാഘടകങ്ങളാർന്ന് സർവസ്പർശിയായ ഒരു സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ കേരളത്തെ സഹായിക്കുകയും ചെയ്തു(31). കേരളത്തിലെ 'കറുത്ത പൊന്ന്' (കുരുമുളക്) വൈദേശിക കൊട്ടാരങ്ങളിലെ ഭക്ഷണമേശകളിൽ അംഗീകാരം നേടിയിരുന്നു. ക്രിസ്തുവർഷാരംഭകാലത്ത് കിഴക്കും പടിഞ്ഞാറും തമ്മിൽ ബന്ധിക്കുന്ന പല വാണിജ്യമാർഗങ്ങളുമുായിരുന്നു. അവ പതിവായി ഉപയോഗപ്പെടുത്തിയിരുന്നവയുമായിരുന്നു. കരമാർഗങ്ങൾ ഉത്തരേന്ത്യയിലേക്കായിരുന്നുവെങ്കിൽ, കടൽമാർഗം കേരളതീരത്തേക്കും മറ്റു ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലേക്കുമായിരുന്നു. പ്രസ്തുത വാണിജ്യബന്ധം അപ്പസ്തോലന് വഴിയൊരുക്കിയിരിക്കണം. അക്കാലത്തെ പ്രമുഖ തുറമുഖമായിരുന്നു മുസ്സിരിസ്-കൊടുങ്ങല്ലൂർ. പ്രാചീന ഭാരതത്തിലേക്കുള്ള പ്രവേശനകവാടമായിരുന്നു മുസ്സിരസ്സ്(32). ഫിനീഷ്യരുടെയും, ഈജിപ്തുകാരുടെയും, ഗ്രീക്കുകാരുടെയും, റോമാക്കാരുടെയും വാണിജ്യകേന്ദ്രമായിരുന്ന മുസ്സിരസ് അപ്പൊസ്തലന് വഴിതുറന്നിരിക്കണമെന്നു കരുതുന്നതിൽ യുക്തിഭംഗമില്ല.

### 2.3.1. ക്രിസ്തുവർഷാരംഭഘട്ടത്തിലെ അനുകൂലസാഹചര്യം

വിദേശ മണ്ണിൽ കുരുത്ത സത്യദർശനം വേരുറപ്പിക്കുന്നതിന് അനുകൂലമായിരുന്നു, അക്കാലത്തെ കേരളീയ ജനജീവിതവും. ക്രിസ്തുവർഷാരംഭഘട്ടം, കേരളചരിത്രത്തിൽ 'സംഘകാലം' എന്നറിയപ്പെടുന്നു. *പതിറ്റുപ്പത്ത്* തുടങ്ങിയ സംഘം കൃതികളിൽ പരാമർശിക്കപ്പെടുന്ന ചേരരാജാക്കന്മാരുടെ ഭരണകാലമാണത്. വൈദേശികർക്ക് ആതിഥ്യമരുളുന്നതിൽ കേരളീയർ എക്കാലവും തൽപരരായിരുന്നു. മതാന്ധതയുടെ നാലുകെട്ടിൽ തളച്ചിടപ്പെടാത്ത പ്രാചീന കേരളീയ സമൂഹത്തിന്റെ മതസഹിഷ്ണുത സുപ്രസിദ്ധമാണ്. ചിട്ടപ്പെടുത്തിയ ഒരു മതവിശ്വാസം തമിഴകത്ത് പ്രചരിച്ചിരുന്നില്ല. എല്ലാമതങ്ങൾക്കും യഥേഷ്ടം പ്രചരിക്കുന്നതിനുള്ള സൗകര്യം നല്കപ്പെട്ടിരുന്നു. ജനങ്ങൾ അവയിൽനിന്നു തങ്ങൾക്കിഷ്ടമുള്ള തത്വങ്ങൾ മാത്രം സ്വീകരിച്ചിരുന്നു. ഹിന്ദുവെന്നോ ബൗദ്ധനെന്നോ ജൈനനെന്നോ പറയാവുന്ന വ്യക്തികൾ വളരെ ദുർലഭമായിരുന്നു. മതവിശ്വാസം മിക്കവാറും വ്യക്തികാര്യമായിരുന്നു. ഒരേ കുടുംബത്തിൽതന്നെ വ്യത്യസ്ത മതവിശ്വാസികളെ കാണാം. ബ്രാഹ്മണമതത്തിന്റെയും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആദർശങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിച്ചുകൊിരുന്നു. കൂടുതൽ സ്വാധീനമുായിരുന്നത് ബുദ്ധമതത്തിനാണ്(33). ക്രിസ്തുവർഷാരംഭത്തിൽ, കേരളത്തിലെ ജനസംഖ്യ തുലോം തുച്ഛമായിരുന്നു. അവർ ഇന്നത്തെപ്പോലെ രാജ്യവ്യാപകമായി താമസിക്കുകയായിരുന്നില്ല. നദീതീരങ്ങളിലും, തുറമുഖപ്രദേശങ്ങളിലും സംഘം ചേർന്നു വസിച്ചിരുന്നു. തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം നദീതീരങ്ങളിലും തുറമുഖതീരങ്ങളിലും വാണിജ്യകേന്ദ്രങ്ങളിലും മറ്റുമായിരുന്നുവെന്നത് ഇവിടെ സ്മരണീയമാണ്.

### 2.3.2. മാർത്തോമ്മാ ക്രിസ്ത്യാനികൾ

തോമ്മാശ്ലീഹായുടെ കേരളത്തിലെ പ്രേഷിത പ്രവർത്തനത്തിന്റെ ശാശ്വതസ്മാരകം, പുരാതനകാലം മുതൽ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' (St. Thomas Christians) എന്നറിയപ്പെടുന്ന കേരളക്രൈസ്തവരാണ്. ശ്ലീഹായുടെ നാമധേയവുമായി അവരുടെ നാമം അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ചരിത്രത്തിന്റെ ഉറവകളിലേക്കു വിരൽ ചൂന്നതാണ് വർഗനാമം. ചെമ്പുപട്ടയങ്ങളെയും ശിലാരേഖകളെയും അതിശയിക്കുന്ന ചൈതന്യവത്തായ പാരമ്പര്യം അവരുടെ ഹൃദയഭിത്തികൾക്കുള്ളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അപ്പസ്തോലന്റെ മൈലാപ്പൂരിലെ കബറിടത്തിൽ നടത്തിയ ഗവേഷണങ്ങളും കേരള ക്രിസ്ത്യാനികളുടെ പാരമ്പര്യത്തെ സ്ഥിരീകരിക്കുന്നതാണ്.[34]

### 2.3.3. ആദിമ കേരള ക്രൈസ്തവർ

തോമ്മാശ്ലീഹായിൽനിന്ന് ക്രിസ്തുമാർഗം സ്വീകരിച്ചവർ ആരായിരുന്നു? ആഢ്യബ്രാഹ്മണരായിരുന്നു വിശ്വാസം സ്വീകരിച്ചതെന്നാണ് പരമ്പരാഗത വിശ്വാസം. പറഞ്ഞു പഴകിയ ഈ വിശ്വാസം ചരിത്രത്തോടു നീതി പുലർത്തുന്നുോ? അനുകൂലവും പ്രതികൂലവുമായ വാദഗതികൾ നിരത്തിവയ്ക്കാനു്. ആര്യന്മാരുടെ കുടിയേറ്റവുമായി ബന്ധപ്പെടുത്തി അതിനുത്തരം ക െ ത്തേ ി യി രി ക്കു ന്നു .

ക്രിസ്തുവർഷാരംഭ നൂറ്റാുകളിൽ കേരളത്തിൽ നിവസിച്ചിരുന്നത് പ്രധാനമായും ആദിമനിവാസികളും ദ്രാവിഡരുമായിരുന്നു. ദ്രാവിഡർക്കു സംഘടിതമതത്തിന്റെ പരിവേഷമുായിരുന്നില്ല. 'ദ്രാവിഡമതം' ആര്യമതവുമായി സംയോജിച്ചു സനാതന ഹിന്ദുമാർഗമായി പരിണമിക്കുന്നത് കാലമേറെ കഴിഞ്ഞാണ്. അക്കാലത്തു കേരളത്തിൽ പ്രബലസ്വാധീനമുായിരുന്നത് ബുദ്ധജൈനമതങ്ങൾക്കായിരുന്നു. അശോകന്റെ കാലം മുതലെങ്കിലും കേരളത്തിൽ ബുദ്ധമതം പ്രചരിച്ചുകാണും. ബുദ്ധമിഷനറിമാർ, കേരളപുത്രരുടെ രാജ്യത്തെത്തിയെന്ന് അശോകന്റെ ഗീർനാർ ശാസനത്തിൽ പരാമർശിക്കുന്നു്. (ബി.സി. മൂന്നാം നൂറ്റ്). ബുദ്ധമതത്തോടൊപ്പം ജൈനമതവും കേരളത്തിൽ പ്രചരിച്ചു. ബുദ്ധവിഹാരങ്ങളും ജൈനക്ഷേത്രങ്ങളും കേരളത്തിൽ ഉടനീളമുായിരുന്നു. ബുദ്ധജൈനമതങ്ങളുടെ കർക്കശമായ നിയമാവലികൾ, അവയെ സാമാന്യജനങ്ങളിൽനിന്ന്  അകറ്റിനിർത്തി. അവർ പകർന്ന ആദർശങ്ങൾക്കു ജനങ്ങളുടെയിടയിൽ സാരമായ സ്വാധീനമുായിരുന്നു. ബുദ്ധമതം സാമാന്യജനങ്ങളിൽനിന്നു ക്രമേണ അകന്നുകൊിരുന്ന ഘട്ടത്തിലാവണം, പരിത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സനാതന സത്യദർശനം തോമ്മാശ്ലീഹാ പ്രചരിപ്പിച്ചത്. ബുദ്ധമതത്തോടു ചില കാര്യങ്ങളിലെങ്കിലും സാധർമ്മ്യമുള്ള, തികച്ചും ലളിതമായ ക്രിസ്തുമാർഗത്തിൽ ജനങ്ങൾ ആകൃഷ്ടരായിരിക്കണം. അങ്ങനെ ബുദ്ധമതാനുസാരികളായിരുന്ന ദ്രാവിഡരായിരിക്കണം, ആദിമ കേരള ക്രൈസ്തവർ[35].

### 2.3.4. ആചാരങ്ങളിൽ പൊരുത്തം

ക്ഷേത്രങ്ങളോടു തൊട്ടുരുമ്മി നില്ക്കുന്ന പുരാതന ക്രൈസ്തവദേവാലയങ്ങളും ബ്രാഹ്മണാചാരങ്ങളോടു രക്തബന്ധമുള്ള ക്രൈസ്തവാചാരങ്ങളും വിരൽ ചൂുന്നത്, ബ്രാഹ്മണരാണ് ക്രിസ്തുമതാവലംബികളായത് എന്ന വസ്തുതയിലേക്കാണ്. പാലയൂർ, പറവൂർ, കൊടുങ്ങല്ലൂർ, നിരണം തുടങ്ങിയവ പ്രബല നമ്പൂതിരിഗ്രാമങ്ങളായിരുന്നു. ആചാരപരമായ സാദൃശ്യം

സവിശേഷം ശ്രദ്ധേയമാണ്. നസ്രാണികളുടെയും നമ്പൂതിരി സ്ത്രീകളുടെയും വേഷം തമ്മിൽ സാമ്യമു്. രുകൂട്ടരും ഞൊറിഞ്ഞിട്ടുടുക്കുന്നു. നമ്പൂതിരിസ്ത്രീകളുടെ ഞൊറി മുമ്പിലും നസ്രാണിസ്ത്രീകളുടെ ഞൊറി പിമ്പിലുമാണെന്ന വ്യത്യാസമു്. നമ്പൂതിരിസ്ത്രീയുടെ പുടവയുടെ നീളവും നസ്രാണിസ്ത്രീയുടെ പുടവയുടെ നീളവും പത്തുമുഴമാണ്; രും വെള്ളതന്നെ. വിവാഹനടപടികളിലും സാമ്യം വളരെയു്. വിവാഹത്തിൽ ഏർപ്പെടുന്ന സ്ത്രീപുരുഷന്മാർ തമ്മിലുള്ള ചാർച്ചയെ സംബന്ധിച്ചു നിയമങ്ങളും നിരോധനങ്ങളും ഇരുകൂട്ടർക്കും മിക്കവാറും ഒന്നുതന്നെയാണ്. പൊതുവായുള്ള പൂർവികനിൽനിന്നു പുരുഷനും സ്ത്രീയും നാലു തലമുറകൾ വീതം അകന്നിരിക്കണമെന്നാണ്, നമ്പൂതിരിയുടെ നിയമം. നാലും മൂന്നും തലമുറകൾ കഴിഞ്ഞിരിക്കണമെന്നാണ് നസ്രാണിയുടേത്.

നമ്പൂതിരിസ്ത്രീയുടെയും നസ്രാണിസ്ത്രീയുടെയും 'മിന്ന്' -കെട്ടുതാലി - മിക്കവാറും ഒന്നുതന്നെയാണ്. ആലിലയുടെ ആകൃതിയിലുള്ള മിന്നിൽ, അരിമ്പുകൊുള്ള കുരിശ് 'മാർഗ'ത്തിന്റെ അടയാളമാണ്. താലികെട്ടുന്ന ചരടിനും സാമ്യമു്. താലിയോടുള്ള ബഹുമാനം രു വർഗത്തിലെ സ്ത്രീകൾക്കുമു്. നമ്പൂതിരി 'പെൺകൊട' എന്നും നസ്രാണി 'പെണ്ണുകെട്ട്' എന്നും പറയുന്നു. സ്ത്രീധനസമ്പ്രദായം രു വിഭാഗത്തിലും നിലനില്ക്കുന്നു. കല്യാണത്തിനു പന്തലുാക്കുക, അരി അരച്ചുകലക്കി 'നിലയണയിടുക', കുരിപ്പലകകളും മറ്റും അതുകൊ് അലങ്കരിക്കുക - ഇവയെല്ലാം രുകൂട്ടർക്കുമുള്ളതാണ്. വായ്ക്കുരവയ്ക്കു ഇരുകൂട്ടരും പ്രാധാന്യം കല്പിച്ചിരുന്നു. നാലുദിവസത്തെ കല്യാണം, നാലുകുളി, 'അയനി' ഊണ്, 'അയനി' ചുരുട്ട്, ഇവയെല്ലാം രു ജാതികളുടെയും ആചാരമര്യാദകൾ തമ്മിലുള്ള സാധർമ്മ്യത്തിനു തെളിവാണ്. വേളിക്കാരൻ നമ്പൂതിരിക്ക് ആദ്യം ജനിക്കുന്ന സന്താനം ആണാണെങ്കിൽ, ആ കുട്ടിക്ക് അയാളുടെ പിതാവിന്റെ പേരാണിടുന്നത്, പെണ്ണാണെങ്കിൽ അമ്മയുടെ പേരും. ഇതുതന്നെയാണ്, മലങ്കര നസ്രാണികളുടെയിടയിലെ പതിവും. മരണാനന്തരകർമ്മങ്ങൾക്കും സാമ്യമു്. മരണത്തിനുശേഷം നാല്പത്തിയൊന്നു ദിവസം നമ്പൂതിരി പ്രതിദിന ശ്രാദ്ധം കഴിക്കുന്നു; നസ്രാണിക്കും 'നാൽപത്തിയൊന്നടിയന്തിരം' പ്രധാനമാണ്[36].

ആചാരങ്ങളും അനുഷ്ഠാനങ്ങളും പൈതൃകത്തിന്റെ അന്തസ്സത്തയോടു ബന്ധപ്പെട്ടിരിക്കുന്നു. കേരളക്രൈസ്തവരുടെ പൈതൃകത്തിലേക്കാണ് ഇവ വെളിച്ചം പകരുന്നത്. അക്കാലത്ത്, വർണാശ്രമവ്യവസ്ഥകൾ ഉറയ്ക്കുന്നതിനുമുമ്പ് അതിനു സാധ്യത അധികമു്. ബ്രാഹ്മണേതരർ ക്രൈസ്തവമാർഗം സ്വയം വരിച്ചില്ല എന്നിവിടെ അർത്ഥമാക്കുന്നില്ല. വർഗവർണ്ണഭേദങ്ങൾക്കതീതമായി, ക്രിസ്തുദർശനം കേരളീയജനതയിൽ സ്വാധീനം ചെലുത്തിയിരിക്കണം.

**2.3.5. യഹൂദപാരമ്പര്യം**

ആദിമ കേരള ക്രൈസ്തവർ യഹൂദപാരമ്പര്യത്തിൽനിന്നു വന്നവരാണെന്ന വാദഗതി സമീപകാലത്ത് പ്രബലപ്പെട്ടിട്ടു്. അബ്രഹാം ബെൻഹറാണ്, ഈ വാദഗതിയുടെ അവതാരകൻ. (*ഭാരതത്തിലെ ജൂതക്രിസ്ത്യാനികൾ*) എബ്രായജനത ക്രിസ്തുവിനു മുമ്പുതന്നെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തുവെന്നും അവരിൽ ഒരുവിഭാഗം കേരളതീരത്ത് എത്തിയെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു്. നഷ്ടപ്പെട്ട സ്വജനത്തിന്റെ അടുക്കലേക്കാണത്രേ, തോമ്മാശ്ലീഹാ സുവിശേഷവുമായി എത്തിയതെന്നും, അവരാണ് കേരളത്തിൽ ആദ്യമായി ക്രിസ്തുവിശ്വാസം സ്വീകരിച്ചതെന്നും സമർത്ഥിക്കാൻ ശ്രമിക്കുന്നു. കേരളത്തിൽ വിവിധയിടങ്ങളിൽ കുവരുന്ന ചരിത്രാവശിഷ്ടങ്ങളായ ശവക്കല്ലറകളാണ് അതിന്റെ പ്രധാന തെളി

വായി ബെൻഹർ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ അതീതകാലചരിത്രത്തിലേക്ക് സൂചന നൽകുന്ന 'തൊപ്പിക്കല്ല്', 'കുടക്കല്ല്', 'വെട്ടുകൽ ഗുഹകൾ', 'നന്നങ്ങാടികൾ' എന്നിവ മഹാശിലായുഗ സംസ്കാരത്തിന്റെ സ്മാരകങ്ങളാണെന്ന് ചരിത്രകാരന്മാർ തെളിയിച്ചിട്ടുള്ളതാണ്. അവ യഹൂദന്മാരുടേതാവണമെന്നില്ല. കേരളത്തിൽ ഉായിരുന്ന വർത്തകസമൂഹമായ യഹൂദന്മാരിൽ ചിലർ ക്രിസ്തുമാർഗം അവലംബിച്ചു എന്നു കരുതുന്നതിൽ തെറ്റില്ല. എന്നാൽ കേരള ക്രൈസ്തവർ അവരുടെ പിന്മുറക്കാരല്ല.

## 2.4. മലങ്കരസഭയുടെ സുറിയാനിബന്ധം

ക്രിസ്തുവർഷം രാം ശതകത്തിൽ കേരളം സന്ദർശിച്ച അലക്സാറിയൻ വിദ്യാലയാദ്ധ്യക്ഷനായ പന്തേനിയസ്[37] കേരളത്തിൽ അഭിവൃദ്ധമായ ഒരു ക്രൈസ്തവ സമുദായത്തെ കതായി പ്രസ്താവിച്ചിട്ടു്[38]. ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ അപേക്ഷയനുസരിച്ചാണ്, പന്തേനിയസ് കേരളത്തിലെത്തിയതെന്ന് വിശ്വസിക്കുന്നു. കേരളക്രിസ്ത്യാനികൾ, ഒരു മതാദ്ധ്യാപകനെ അയച്ചു തരുന്നതിന് അഭ്യർത്ഥിച്ചുകൊ് അലക്സാറിയായിലെ മെത്രാന് എഴുതിയെന്നും, അതിന്റെ ഫലമായിട്ടാണ്, പന്തേനിയസ് കേരളത്തിലെത്തിയതെന്നും പറയപ്പെടുന്നു. വിവിധ മതാനുയായികളുടെയിടയിൽ കഴിഞ്ഞിരുന്ന കേരള ക്രിസ്ത്യാനികൾക്ക് അദ്ദേഹത്തിന്റെ ആഗമനം ആശ്വാസം നല്കിയിരിക്കാം. എബ്രായ ഭാഷയിൽ എഴുതപ്പെട്ട വിശുദ്ധ മത്തായിയുടെ സുവിശേഷഗ്രന്ഥം കേരള ക്രിസ്ത്യാനികൾ അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു.

### 2.4.1. പേർഷ്യൻ ബന്ധം

കേരളത്തിലെ ക്രൈസ്തവസഭ, അതിപുരാതനകാലം മുതൽ 'പേർഷ്യൻ സഭ'യുമായി, വൈദികബന്ധം പുലർത്തിയിരുന്നു. ടൈഗ്രീസ് നദിയുടെ ഇരുകരകളിലായി സ്ഥിതിചെയ്യുന്ന സെലൂക്കിയ, സ്റ്റസിഫോൺ എന്നീ യുഗ്മനഗരത്തിലെ സഭയാണ് 'പേർഷ്യൻ സഭ' എന്ന പേരിൽ ഇവിടെ വിവക്ഷിക്കുന്നത്. 'കിഴക്കിന്റെ സഭ' 'ബാബിലോണിയൻ സഭ' 'സെലൂക്കിയൻ സഭ' എന്നിങ്ങനെ വിവിധ പേരുകളിൽ പ്രസ്തുത സഭ അറിയപ്പെടുന്നു. ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും സാംസ്കാരികമായും പടിഞ്ഞാറൻ യൂറോപ്പുമായി പേർഷ്യൻ സഭയുടെ ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിന്റെ പിൻബലത്തോടെയാണ്, ഈ സഭ ഉയർന്നുവന്നത്. നെസ്തോറിയൻ വിശ്വാസം പ്രബലപ്പെട്ടിരുന്ന പേർഷ്യൻ സഭയുടെ അധിപൻ പാത്രിയർക്കീസായിരുന്നു.

സെന്റ് തോമസുമായി ബന്ധപ്പെട്ട അപ്പസ്തോലികപൈതൃകം ഇരുസഭകളും അവകാശപ്പെടുന്നതുകൊ്, അപ്പൊസ്തോലന്റെ പ്രേഷിത പ്രവർത്തനകാലം മുതൽ ഈ ബന്ധം പുലർത്തിപ്പോരുന്നുവെന്നു ചില സഭാചരിത്രകാരന്മാർ സമർത്ഥിക്കുന്നു[39]. ക്രിസ്തുവർഷം 325-ൽ നിഖ്യായിൽ കൂടിയ 'സർവദേശീയ ക്രൈസ്തവ'സമ്മേളനത്തിൽ 'പേർഷ്യയുടെയും മഹത്തായ ഇന്ത്യയുടെയും മെത്രോപ്പോലീത്താ' എന്നു വിശേഷിപ്പിക്കപ്പെട്ട മാർ യോഹന്നാസും പങ്കെടുത്തിരുന്നുവത്രേ. കോസ്മോസ് ഇൻഡികോപ്ള്സ്റ്റസിന്റെ കുറിപ്പുകളിലും പേർഷ്യൻ ബന്ധത്തിന്റെ സൂചനയു്. ക്നായിത്തോമ്മയുടെ കുടിയേറ്റം, ഈ ബന്ധം കൂടുതൽ ഉറപ്പിക്കാൻ ഉതകിയിട്ടു്. കേരളസഭയിൽ വൈദിക മേലദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരുന്ന പേർഷ്യൻ ബിഷപ്പന്മാരുടെ ക്രമാനുഗതമായ ചരിത്രം രേഖപ്പെടുത്തുക അസാധ്യമാണെന്നിരിക്കിലും പരസ്പരബന്ധം നിഷേധിക്കാനാവില്ല.

### 2.4.2. ക്നായിത്തോമ്മായുടെ കുടിയേറ്റം – തെക്കും ഭാഗക്കാരും വടക്കുംഭാഗക്കാരും

ക്രിസ്തുവർഷാരംഭ നൂറ്റാറുകളിലെ ഏറ്റവും ശ്രദ്ധേയമായ സംഭവങ്ങളിലൊന്ന്, ക്നായി ത്തൊമ്മന്റെയും (Thomas of Cana) അനുയായികളുടെയും കുടിയേറ്റമാണ്. ബാഗ്ദാദ്, നിന വെ, യെരുശലേം എന്നിവിടങ്ങളിൽ നിന്നുമായി വർത്തകപ്രമാണിയായ ക്നായിത്തൊമ്മന്റെ നേതൃത്വത്തിൽ നാനൂറോളം ക്രിസ്ത്യാനികൾ എ.ഡി. 345–ൽ കൊടുങ്ങല്ലൂരിലെത്തി. മലങ്കര യിലെ ക്രൈസ്തവസമൂഹത്തിന്റെ അപേക്ഷയനുസരിച്ചു സഹായത്തിന് എത്തിയവരാണെ ന്നാണ് ക്നാനായവിഭാഗക്കാരുടെ വിശ്വാസം. എന്നാൽ ആദിമനൂറ്റാറുകളിലെ മതപീഡനത്തിന് ഇരയായ ഇവർ, അഭയംതേടി കേരളത്തിലെത്തിയതാണെന്നും അഭിപ്രായമു്. കേരളത്തിൽ ഇവർക്ക് അഭികാമ്യമായ സ്വീകരണമാണ് ലഭിച്ചത്. കൊടുങ്ങല്ലൂർ രാജാവ് ഒരു പള്ളിയും പട്ട ണവും പണിയുന്നതിനുവേി, ആനക്കോലാൽ 244 കോൽ ഭൂമി ക്നായിത്തോമ്മായ്ക്കു കൊടു ത്തുവെന്നും, പട്ടണത്തോടുചേർന്നു കിടക്കുന്ന ആ പ്രദേശത്തു പള്ളിയും ഭവനങ്ങളും പണി തുമെന്നുമാണ് പുരാവൃത്തം. നാടുവാഴി അദ്ദേഹത്തിനു പദവികളും അവകാശങ്ങളും നൽകി മാനിക്കുകയും ചെയ്തു.

ക്നായിത്തോമ്മായുടെ കുടിയേറ്റത്തോടനുബന്ധിച്ച് കേരള ക്രിസ്ത്യാനികളുടെ ഇടയിൽ തെക്കുംഭാഗക്കാരെന്നും വടക്കുംഭാഗക്കാരെന്നും രുവിഭാഗം രൂപപ്പെട്ടിട്ടു്[40]. തെക്കുംഭാ ഗക്കാർ 'ക്നാനായക്കാർ' എന്ന പേരിൽ അറിയപ്പെടുന്നു. ക്നായിത്തോമ്മായോടൊപ്പം വന്ന വരുടെ അനന്തരാവകാശികളാണ് തങ്ങളെന്ന് അവർ അവകാശപ്പെടുന്നു. ക്നായിത്തോമ്മായ്ക്കു രു പുത്രന്മാരുായിരുന്നുവെന്നും, അവർ തമ്മിൽ പിണങ്ങിയെന്നും, ഒരു വിഭാഗം തെക്കും ഭാഗത്തും മറ്റെവിഭാഗം വടക്കുംഭാഗത്തും കുടിയേറിയെന്നും, ആ വിഭജനം പിൽക്കാലത്തു രൂഢമൂലമായതാണെന്നും എം.ഒ. ജോസഫ് ചൂിക്കാട്ടുന്നു[41]. കൊടുങ്ങല്ലൂരിൽ തെക്കുഭാ ഗത്തു ക്നായിത്തൊമ്മനും അനുയായികളും താവളമുറപ്പിച്ചിരിക്കാനാണ്, സാദ്ധ്യത. വടക്കു ഭാഗത്തുള്ള ഇതര ക്രൈസ്തവർ അവരുടെ ദൃഷ്ടിയിൽ വടക്കുംഭാഗക്കാരാവുക സ്വാഭാവിക മാണ്.

### 2.4.3. കോസ്മോസ് ഇൻഡികോപ്ലെസ്റ്റസിന്റെ സാക്ഷിപത്രം

ക്രി.വ 6–ാം ശതകത്തിൽ (522) കേരളം സന്ദർശിച്ച ബൈസന്റയിൻ സന്യാസിയായ കോസ്മോസ് ഇൻഡികോപ്ലെസ്റ്റസ്, കേരളത്തിലെ ക്രൈസ്തവസമൂഹത്തെക്കുറിച്ച് പരാമർശി ക്കുന്നു്. *സാർവത്രിക ക്രൈസ്തവ സ്ഥലവിവരങ്ങൾ* (Universal Christian Topography) എന്ന ഗ്രന്ഥത്തിലാണ് ഈ പരാമർശം:

'ക്രിസ്തീയ സഭ ക്ഷയിക്കുന്നില്ല; അതു ലോകം മുഴുവൻ വ്യാപിക്കുകയാണ്. ലോകം മുഴുവൻ ക്രൈസ്തവതത്ത്വങ്ങൾ അനുദിനം പ്രചരിക്കപ്പെടുകയും, സുവിശേഷം ലോകമാസ കലം പ്രസംഗിക്കപ്പെടുകയും ചെയ്യുന്നു എന്നു ഞങ്ങൾ കറിഞ്ഞിരിക്കുന്നു. ഞാൻ ഈ വസ്തുത സ്വന്തം കണ്ണുകൾകൊു കറിയുകയും, മറ്റുള്ളവർ പറഞ്ഞുകേൾക്കുകയും ചെയ്തിട്ടുള്ളതിനാൽ, സത്യത്തിന്റെ സാക്ഷ്യം എന്ന നിലയിൽ ഞാൻ നിങ്ങളോടു പറയുന്നു. താപ്രോബേയിൻ (സിലോൺ) ദ്വീപിൽ വൈദികരും വിശ്വാസികളുമുള്ള ഒരു സഭയു്. അതി നപ്പുറം ഉോ എന്നെനിക്കു നിശ്ചയമില്ല. അതുപോലെതന്നെ കുരുമുളകു വിളയുന്ന 'മാലോ' എന്ന സ്ഥലത്തും ഒരു സഭയു്. പേർഷ്യയിൽ അഭിഷിക്തനായ ഒരു മെത്രാൻ 'കല്യാണ'യിൽ താമസിക്കുന്നു. അതേ, ഇന്ത്യൻ സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന 'ഡിയാസ്കോറിസ്' എന്ന

ദ്വീപിൽ പേർഷ്യയിൽനിന്നു അയയ്ക്കപ്പെടുന്ന മറ്റു മെത്രാന്മാരും അവിടെയു്. അവിടെ ധാരാളം ക്രിസ്ത്യാനികളുമു്[(42)].

കോസ്മോസ് രേഖപ്പെടുത്തിയിരിക്കുന്ന 'കുരുമുളകു വിളയുന്നമാലെ', മലബാർ-മലങ്കര -തന്നെ. 'കല്യാൺ' കൊല്ലമാണെന്നും മൈലാപ്പൂരാണെന്നും അഭിപ്രായാന്തരമു്. എന്തുത ന്നെയായാലും കോസ്മോസിന്റെ കാലത്ത്, വ്യവസ്ഥാപിതമായ ഒരു സഭ കേരളക്കരയിലു ായിരുന്നു.

### 2.4.4. പേർഷ്യൻ മെത്രാന്മാർ – മാർ സാപ്പോർ, മാർ പ്രോത്ത്

കേരള ക്രൈസ്തവസമൂഹവും പേർഷ്യൻസഭയും തമ്മിലുള്ള ബന്ധത്തെ എടുത്തുകാട്ടുന്ന വസ്തുതയാണ്, ക്രിസ്തുവർഷം ഒൻപതാം നൂറ്റാിന്റെ ആരംഭത്തിൽ മാർ സാപ്പോർ, മാർ പ്രോത്ത് എന്നീ മെത്രാന്മാരുടെ ആഗമനം. പേർഷ്യയിലെ സഭയോ സെലൂക്യയിലെ പാത്രിയർക്കീസോ അയച്ചതാണ് ഇരുവരെയും. അനുയായികളോടൊത്താണ് അവർ കേരളത്തിലെത്തിയത്. അവരുടെ കേരളാഗമനം, എ.ഡി. 825 നോടടുത്താവണം. ഇവരിൽ മാർ സാപ്പോർ കൊല്ലം ആസ്ഥാനമാക്കിയും, മാർ പ്രോത്ത് കൊടുങ്ങല്ലൂർ ആസ്ഥാനമാക്കിയും അജപാലനം നടത്തി. ഇവർ മലങ്കര ക്രിസ്ത്യാനികൾക്കു ആദരണീയരായിരുന്നു. പേർഷ്യൻ ബന്ധം വീും ഉറപ്പിക്കുന്നതിന് ഇവരുടെ ആഗമനം ഉതകിയിരിക്കണം.

### 2.4.5. സുറിയാനിയുടെ സുവർണപരിവേഷം കേരളസഭയിൽ

കേരള ക്രൈസ്തവർക്ക് പേർഷ്യൻ സഭയുമായുായിരുന്ന വൈദികബന്ധത്തിന്റെ ശാശ്വതസ്മാരകമാണ് സുറിയാനി ആരാധനക്രമങ്ങൾ. പുരാതനകാലം മുതൽ കേരള ക്രിസ്ത്യാനികളുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു. പേർഷ്യൻസഭയോടുള്ള ബന്ധത്തിന്റെ ഫലമാണത്. മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനവുമായി ബന്ധപ്പെടുത്തി, സുറിയാനി ഭാഷയെ കാണുന്നവരാണ്, ആധുനിക ചരിത്രഗവേഷകർ. യേശുവും ശിഷ്യന്മാരും ഉപയോഗിച്ചതു പലസ്തീൻ നാട്ടിലെ സാധാരണ വ്യവഹാരമാധ്യമമായിരുന്ന അരമേയ ഭാഷയായിരുന്നു. ഈ അരമേയ ഭാഷയാണ് പിൽക്കാലത്തു 'സുറിയാനി' എന്നറിയപ്പെട്ടത്. രുതരം അക്ഷരങ്ങളും രുതരം ഉച്ചാരണവും ഇതിനു്. അങ്ങനെ പൗരസ്ത്യസുറിയാനിയും പാശ്ചാത്യസുറിയാനിയും രൂപപ്പെട്ടു. പഴയ രീതിയിലുള്ള ഉച്ചാരണം തന്നെയാണ്, പൗരസ്ത്യ സുറിയാനി-കൽദായ സുറിയാനിക്ക് ഇന്നുമുള്ളത്. ക്രിസ്തുവിന്റെ കാലത്തെ ഉച്ചാരണവുമായി ഏറ്റവും പൊരുത്തമുള്ളതും പൗരസ്ത്യസുറിയാനിക്കുതന്നെ. 'തലിത്താകൂമി', 'ഏലി ഏലി ലമ്മാ ശബക്താനി', 'അക്കൽദാമ', 'അബ്ബ', 'മാറാനാത്ത' തുടങ്ങിയ രൂപങ്ങൾ ഉദാഹരണമായി എടുത്തുകാട്ടാവുന്നതാണ്. അതുകൊാണ് പൗരസ്ത്യ സുറിയാനിയാണ് അതിപ്രാചീനകാലം മുതൽ തന്നെ കേരളക്രിസ്ത്യാനികൾ ആരാധനാഭാഷയായി സ്വീകരിച്ചിരുന്നതെന്നു കരുതുന്നത്.

കേരളക്രൈസ്തവരുടെ മതാത്മകജീവിതവുമായി ബന്ധപ്പെട്ട ഒട്ടുവളരെ പദങ്ങൾ സുറിയാനിയിൽനിന്ന് ആദാനം ചെയ്തിട്ടുള്ളതാണ്. സുറിയാനിയുടെ സുവർണ്ണപരിവേഷമണിഞ്ഞ കാലഘട്ടത്തിന്റെ തിരുശേഷിപ്പുകളാണ്, ഈ പദങ്ങളും കല്പനകളും. സുറിയാനിയിൽ ദേവാലയത്തിന് യ്കലാ എന്നു പറയുന്നു. ദേവാലയത്തിന്റെ പ്രധാനകവാടം ആനവാതിൽ എന്ന് അറിയപ്പെടുന്നു. വാതിൽ കടന്ന് ഹയ്കലായിൽ പ്രവേശിച്ചാൽ ഹന്നാൻ വെള്ളം തൊട്ടു കുരിശ് വരയ്ക്കുന്നു. ദേവാലയത്തിൽ പ്രവേശിക്കുന്ന ആൾ മദ്ബഹായെ അഭിമുഖീകരിച്ചാണ് നില്ക്കു

ന്നത്. മദ്ബഹായെയും ഹയ്കലായെയും വേർതിരിച്ചുകൊ് കനുക്കാ എന്ന അഴികൾ ു്.

*ദേവാലയവാചിയായ മലയാളപദങ്ങൾ നോക്കുക:*

| | |
|---|---|
| കനുക്കാ | കനെക് (സുറി.) |
| ദയറാ (സന്യാസാശ്രമം) | ദയറാ (സുറി.) |
| മദുബഹാ (ബലിപീഠം) | മദ്-ബഹാ (സുറി.) |
| ഹയ്ക്കല (ദേവാലയത്തിൽ ജനങ്ങൾ നില്ക്കുന്ന സ്ഥലം) | ഹയ്കലാ (കൊട്ടാരം, ദേവാലയം) |
| ഹന്നാൻവെള്ളം (തീർത്ഥജലം) | ഹാനാൻ (സുറി.) |

***പൗരോഹിത്യവുമായി ബന്ധപ്പെട്ട പദങ്ങൾ:***

| | |
|---|---|
| കശീശാ (ഏഴാംപട്ടം ലഭിച്ചവൻ) | കശീശാ (സുറി.) |
| മസ്ക്യാമ (പുരോഹിതന്റെ ഭാര്യ) | ബത്ക്യാമാ (സുറി.) |
| മെത്രാപ്പോലീത്താ (സഭാമേലദ്ധ്യക്ഷൻ) | മെത്രാപോലീത്താ |
| ശെമ്മാശൻ (അഞ്ചാംപട്ടക്കാരൻ) | മ്-ശമ്-ശാനാ (സുറി.) |
| റമ്പാൻ (സന്യാസി) | റെബാൻ (സുറി.) |

*പൂജാപാത്രങ്ങൾ, വിശുദ്ധവസ്തുക്കൾ തുടങ്ങിയവയെ കുറിക്കുന്ന പദങ്ങൾ:*

| | |
|---|---|
| കാസാ (പാനപാത്രം) | കാസാ (സുറി.) |
| പീലാസാ (അപ്പം കൂദാശചെയ്തു വയ്ക്കുന്ന പാത്രം) | പീലാ-ലാസ് (സുറി.) |
| മൂറോൻ (സുഗന്ധദ്രവ്യം) | മൂറോൻ (സുറി.) |
| ഊറാറ (തിരുകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ വൈദികൻ ധരിക്കുന്നത്) | ഊറാറ (സുറി.) |
| സ്ളീവാ (കുരിശ്) | സ്ലീബാ (സുറി.) |

***ദേവവാചിയായ പദങ്ങൾ:***

| | |
|---|---|
| മിശിഹാ (അഭിഷിക്തൻ - ക്രിസ്തു) | മ്-ശീഹാ (സുറി.) |
| റൂഹാ (ആത്മാവ്) | റൂഹ് (സുറി.) |
| മാലാകാ (മാലാഖ-ദൈവദൂതൻ) | മാലാകാ (സുറി.) |
| ശ്ളീഹാ (അയയ്ക്കപ്പെട്ടവൻ) | ശ്-ലീഹാ (സുറി.) |

*മതകർമ്മങ്ങൾ:*

| | |
|---|---|
| കൂദാശ (Sacrament) | കൂദാശാ (സുറി.) |
| കുർബാന (ബലി) | കുർബാനാ (സുറി.) |
| മാമ്മോദീസാ (ജ്ഞാനസ്നാനം) | മഅമോദീശാ (സുറി.) |
| റൂശ്മ (അടയാളം, കുരിശടയാളം) | റൂശ്മ (സുറി.) |
| കൗമാ (പ്രാർത്ഥന) | കവ്മാ (സുറി.) |
| റാസകുർബാന (ആഘോഷമായ കുർബാന) | റാസ (സുറി.) |

ആരാധനാ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു, സുറിയാനിഭാഷയും ആരാധനാ ക്രമങ്ങളുമെന്ന്, മതാത്മകജീവിതത്തിന്റെ സമസ്തതലങ്ങളെയും സ്പർശിക്കുന്ന ഈ പദങ്ങൾ വെളിവാക്കുന്നു. കേരളക്രൈസ്തവരുടെ സുറിയാനിപൈതൃകത്തിന്റെ വേരുകളിലേക്കാണ് ഈ അന്വേഷണം നമ്മെ നയിക്കുക.

സുറിയാനിഭാഷയോടു വൈകാരികമായ ഒരടുപ്പംതന്നെ കേരള ക്രിസ്ത്യാനികൾക്കുണ്ട്. ആശയസമ്പന്നവും കാവ്യാത്മകവുമായ സുറിയാനി ആരാധനാക്രമങ്ങൾ ഇവിടെ പ്രചാരത്തിലിരുന്നു. പ്രാചീന സാഹിത്യസൃഷ്ടികൾപോലും സുറിയാനിയിലായിരിക്കാനാണ് സാദ്ധ്യത. അവയിലധികവും ഉദയംപേരൂർ സൂനഹദോസിനോടനുബന്ധിച്ചു നശിപ്പിക്കുകയോ പിഴ തീർക്കുകയോ ചെയ്തിട്ടുണ്ട്. സുറിയാനി പണ്ഡിതരായ വൈദികർ മലയാളം കുറിച്ചിരുന്നതും സുറിയാനി ലിപിയിലായിരുന്നു. 'കർസോൻ' എന്നാണ് അത്തരം രചനാസമ്പ്രദായം അറിയപ്പെടുന്നത്.

**2.4.6. സാമൂഹ്യജീവിതത്തിന്റെ സംജ്ഞകൾ**

സുറിയാനി ആരാധനാമാദ്ധ്യമമായി സ്വീകരിച്ചിരുന്നതുകൊണ്ട്, മലങ്കര നസ്രാണികൾ 'സുറിയാനിക്കാർ' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ചില വർഗനാമങ്ങൾക്കൂടി ഇതോടനുബന്ധിച്ചു പരിഗണിക്കേണ്ടതുണ്ട്. കേരള ക്രിസ്ത്യാനികൾ, സുറിയാനിക്കാർ എന്നതോടൊപ്പം, 'മലങ്കര നസ്രാണികൾ', 'മാപ്പിളമാർ' 'അറുപത്തിനാലിൽക്കാർ' 'തരിസ്സായ്ക്കൾ' എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നു. 'മലങ്കര' മലബാറിനെ – കേരളത്തെ – കുറിക്കുന്ന പദമാണ്. മലകൾ നിറഞ്ഞ കരയാണല്ലോ കേരളം. പ്രാചീന പാട്ടുകളിലും 'മലങ്കര' എന്നുതന്നെയാണ് വിവക്ഷിച്ചിട്ടുള്ളത്. 'നസ്രാണികൾ', നസ്രായന്റെ അനുയായികളാണ്. സാമൂഹ്യരംഗത്തുായിരുന്ന പദവി അനുസ്മരിക്കുന്നതാണ്, 'അറുപത്തിനാലിൽക്കാർ' എന്ന അഭിധാനം. അപ്പൊസ്തോലനിൽനിന്നു വിശ്വാസം സ്വീകരിച്ചവർ കേരളത്തിൽ അറുപത്തിനാലു ഗ്രാമങ്ങളിൽ വസിച്ചിരുന്ന ബ്രാഹ്മണാദികളായിരുന്നുവെന്നും, അങ്ങനെ സിദ്ധിച്ചതാണ് ഈ വിശേഷണമെന്നും കരുതാവുന്നതാണ്. ചില പൂർവരേഖകളിൽ ഈ നാമധേയം ഉപയോഗിച്ചിട്ടുണ്ട്.

'മാപ്പിളമാർ' എന്നു ക്രൈസ്തവർ പ്രാചീനകാലം മുതൽ തന്നെ അറിയപ്പെട്ടിരുന്നു. 'മഹാപിള്ള' ലോപിച്ചാണ്, 'മാപ്പിള' ആയതെന്നു പറയപ്പെടുന്നു. 'രാജനന്ദനന്മാർ' എന്ന അർത്ഥത്തിൽ ഒരു പദവിയായി നൽകപ്പെട്ടതാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്. ചേരമാൻ പെരുമാളിന്റെ കാലത്ത് സുറിയാനി ക്രിസ്ത്യാനികൾക്ക് ബഹുമാനസൂചകമായി നല്കപ്പെട്ടതാണെന്ന് കരുതുന്നവരുണ്ട്. ഉത്പത്തി എങ്ങനെയായിരുന്നാലും, ഈ വിശേഷണപദം ഒരു ബഹുമതിയായി കരുതിപ്പോരുന്നു. പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾ നസ്രാണിമാപ്പിളമാർ എന്നും അറിയപ്പെട്ടിരുന്നു. 'തരിസാ' എന്ന സുറിയാനി പദത്തിന്റെ തത്ഭവമാണ്, 'തരിതായ്ക്കൾ' എന്നു ഡോ. പി.ജെ. തോമസ് അഭിപ്രായപ്പെടുന്നു. 'Orthodox' എന്ന പദത്തിനു തുല്യമാണ്, 'തരിസാ' എന്ന പദം. അങ്ങനെ വരുമ്പോൾ 'തരിസ്സായ്ക്കൾ' എന്ന വിശേഷണം 'സത്യവിശ്വാസികൾ' എന്ന അർത്ഥത്തിലാവണം പ്രയോഗിച്ചിരുന്നത്.

പോർട്ടുഗീസ് ആധിപത്യത്തിനു മുമ്പു സുറിയാനിയുടെ സുവർണ്ണപരിവേഷം, കേരള ക്രൈസ്തവർക്കുായിരുന്നു. അവരുടെ പൈതൃകത്തിന്റെ അവിഭാജ്യഘടകമായിരുന്നു അത്. പവിത്രമായ ഈ ബന്ധത്തിന്റെ മറ്റൊരു സ്മാരകമാണ് പഹ്ലവി കുരിശുകൾ (പേർഷ്യൻ കുരി

ശുകൾ). മുട്ടുചിറ കത്തോലിക്കാ പള്ളിയിൽ ഒന്നും കടമറ്റം യാക്കോബായ പള്ളിയിൽ ഒന്നും കോട്ടയം ക്നാനായ യാക്കോബായ പള്ളിയിൽ രും ഇങ്ങനെ നാല് പഹ്ലവി കുരിശുക ളാണ് കേരളക്കരയിലുള്ളത്. കുരിശുകളുടെ രൂപശില്പവും സവിശേഷ ശ്രദ്ധയർഹിക്കുന്നു. നാല് കൈകൾക്കും ഒരേ നീളം വരുന്ന ഈ കുരിശുകൾ കൃഷ്ണശിലാഫലകത്തിൽ കൊത്തി വച്ചിരിക്കുന്നു. കുരിശിന്മേലേക്ക് ഒരു പ്രാവ് - പരിശുദ്ധാത്മാവിന്റെ പ്രതീകം - പറന്നിറങ്ങു ന്നു. അതിനു മുകളിലായി ഒരു കമാനം. അതിനും കുരിശിനും താഴെയുമായിട്ടാണ് പഹ്ലവി ലിഖിതം. ഇവയുടെ കാലം എട്ടാം ശതകമാണെന്ന് കരുതപ്പെടുന്നു[43]. പ്രത്യാശയുടെ പൂക്കൾ വിരിയുന്ന പ്രതീതിയാണ് ഈ കുരിശുകൾ മനസ്സിൽ ഉണർത്തുന്നത്.

## 2.5. വില്ലാർവട്ടം രാജകുടുംബം

മാർത്തോമ്മാക്രിസ്ത്യാനികൾക്ക് സ്വന്തമായ ഒരു രാജാവുായിരുന്നു എന്നു മിക്ക ചരി ത്രകാരന്മാരും രേഖപ്പെടുത്തിയിട്ടു്. സമുദായത്തിൽ സമുന്നതമായ സ്ഥാനം അലങ്കരിച്ചി രുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ കച്ചവടപ്രമുഖരും ആയുധവിദ്യയിൽ നിപുണരുമായിരുന്നു. ക്രിസ്ത്യാനികൾക്കു പല തരത്തിലുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും രാജാക്കന്മാർ കല്പി ച്ചുകൊടുത്തിരുന്നു. പ്രബല സമുദായമായിരുന്നതിനാൽ അവർ സ്വന്തമായി രാജാവിനെ തിര ഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഇതേപ്പറ്റി അസ്സമാൻ ഇപ്രകാരം പറയുന്നു:

കാലത്തിന്റെ ഗതിവിഗതികളിൽ കൊച്ചിയിലെയും കൊല്ലത്തേയും ക്രിസ്ത്യാനികൾ അഭി വൃദ്ധിപ്പെട്ടപ്പോൾ അവർ തങ്ങൾക്കുതന്നെ ഒരു രാജാവിനെ വാഴിച്ചു. ആദ്യത്തെ വില്ലാർവട്ടം രാജാവ് മാർത്തോമ്മാക്രിസ്ത്യാനികളുടെ രാജാവ് എന്ന പേരിൽ മലബാറിൽ ഭരണം നടത്തി. അദ്ദേഹത്തിന്റെ ചില പുത്രന്മാരുടെ ഭരണകാലവും കഴിഞ്ഞു. രാജവംശം ക്രിസ്ത്യാനികളുടെ കൈയിൽനിന്നും ഉദയംപേരൂരിലെ അക്രൈസ്തവരാജാക്കന്മാരിലേക്കു കൈമാറ്റം ചെയ്യപ്പെട്ടു. പോർച്ചുഗീസുകാർ മലബാർതീരത്തു വന്നപ്പോൾ മലബാറിലെ ക്രിസ്ത്യാനികൾ കൊച്ചിരാജാ വിന്റെ കീഴിലായിരുന്നു[44].

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ നടന്ന രാജതിരഞ്ഞെടുപ്പിനെപ്പറ്റി ഗുവെയാ ഇപ്രകാരം പ്രസ്താവിക്കുന്നു: 'ക്രിസ്ത്യാനികൾ നേടിയ ആനുകൂല്യങ്ങളാലും വർദ്ധനവിനാലും ക്രിസ്തുമതം വലരെയധികം വികസിക്കുകയും പ്രചരിക്കുകയും ചെയ്തു. വിഭിന്ന പ്രദേശങ്ങ ളിൽ പല രാജാക്കന്മാർക്കു വിധേയരായി ചിതറിക്കിടന്ന തങ്ങളെ ഭരിക്കുകയും അക്രൈസ്ത വരുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുകയും പാലിക്കുകയും ചെയ്യുന്ന സ്വന്തമൊരു രാജാ വിനെ തങ്ങളുടെ ഇടയിൽനിന്നു തിരഞ്ഞെടുക്കുവാൻ ക്രിസ്ത്യാനികൾ തീരുമാനിച്ചു. ഈ തീരുമാനമനുസരിച്ച് ബില്ലാർട്ടെ എന്നു പറയുന്ന ഒരാളെ അവർ പ്രഥമ രാജാവായി തിരഞ്ഞെ ടുത്തു. അദ്ദേഹത്തിന്റെ സ്ഥാനപ്പേർ മാർത്തോമ്മാക്രിസ്ത്യാനികളുടെ രാജാവ് എന്നായിരു ന്നു[45].'

ഈ രാജകുടുംബത്തിന്റെ ആദ്യസ്ഥാനം കൊടുങ്ങല്ലൂരിനു തെക്കു ചേന്ദമംഗലമായിരു ന്നു[46]. ക്രിസ്ത്യാനികളും യഹൂദരും മുഹമ്മദീയരും തമ്മിലുായ യുദ്ധത്തിൽ മുഹമ്മദീയർ ക്രിസ്ത്യാനികളുടെ എല്ലാ സ്ഥാപനങ്ങളും നശിപ്പിച്ചു. പിന്നീട് രാജധാനി പുരാതന ക്രൈസ്ത വകേന്ദ്രമായിരുന്ന ഉദയംപേരൂർക്കു മാറ്റി എന്നു പറയപ്പെടുന്നു.

പാരമ്പര്യം പറയുന്നത് ഉദയംപേരൂർപള്ളി എ.ഡി. 510-ൽ വില്ലാർവട്ടം രാജാവ് പണികഴി

പ്പിച്ചതാണ് എന്നാണ്. ചേന്ദമംഗലത്തു താമസിച്ചിരുന്ന വില്ലാർവട്ടത്ത് തോമ്മാ രാജാവു നാടു നീങ്ങി 1500 കുംഭം 2 ന് എന്നു രേഖപ്പെടുത്തിയിട്ടുള്ള ഒരു സ്മാരകശില ഉദയംപേരൂർ ഉണ്ടെന്നും എ.ഡി. 800-ാം ആിനിടക്കു മരിച്ച വില്ലാർവട്ടം മാത്തുളതമ്പുരാനെപ്പറ്റിയുള്ള ഒരു ലിഖിതം അവിടെ ഉായിരുന്നു എന്നും ശ്രീ. പി.കെ. ജോസഫ് മാപ്പിള ഒരു ലേഖനത്തിൽ പ്രസ്താവി ച്ചി ട്ടു ്(47).

മാർത്തോമ്മാക്രിസ്ത്യാനികളുടെ രാജാവ് ശക്തനായ ഭരണാധികാരി ആയിരുന്നു. തന്റെ പ്രജകളുടെമേൽ അദ്ദേഹത്തിനു പൂർണാധികാരമുായിരുന്നു. ഇതേപ്പറ്റി 1911-ലെ കൊച്ചി സെൻസസ് റിപ്പോർട്ടിൽ എം. ശങ്കരമേനോൻ ഇങ്ങനെ പ്രസ്താവിക്കുന്നു: "ഒമ്പതും പതിന്നാലും നൂറ്റാുകൾക്കു മദ്ധ്യേ ക്രിസ്ത്യാനികളുടെ മഹിമയും ഐശ്വര്യവും ഉന്നതസ്ഥാനത്തെത്തി. ഉദയംപേരൂരിൽ വില്ലാർവട്ടം എന്ന പേരോടുകൂടി അവർക്കൊരു സ്വജാതി രാജാവുായിരുന്നു.... ക്രിസ്തീയരാജാവിന് അനേകം അധികാരം ഉായിരുന്ന കൂട്ടത്തിൽ തന്റെ മേലധികാരത്തെ യഥാർത്ഥത്തിൽ സ്വീകരിച്ചിരുന്ന ക്രൈസ്തവസമുദായത്തിൽ നടക്കുന്ന കുറ്റങ്ങൾക്ക് ശിക്ഷ നൽകാനുള്ള അധികാരവും ഉായിരുന്നു(48)."

വില്ലാർവട്ടം രാജാവിന്റെ പ്രശസ്തി യൂറോപ്പിലും എത്തിയിരുന്നു. പേപ്പൽ സന്ദേശങ്ങൾ ഇതിനു മതിയായ തെളിവാണ്.(49) 1328-ൽ 22-ാം യോഹന്നാൻ മാർപ്പാപ്പ കൊല്ലം മെത്രാനായി ജോർഡാലൂസ് കറ്റലാനി എന്ന വൈദികനെ നിയമിച്ചപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിനും സഹായിക്കുന്നതിനും ക്രിസ്ത്യാനികളുടെ രാജാവിന് ഒരു സന്ദേശം കൊടുത്തയച്ചു. അതിൽ രാജാവിനെ സംബോധന ചെയ്തിരിക്കുന്നത് 'നസ്രാണികളുടെ തലവനായ മഹനീയ പുരുഷൻ' എന്നാണ്. 1439-ൽ എവുജീനിയസ് പാപ്പാ അയച്ച കത്തിൽ രാജാവിനെ സംബോധന ചെയ്തിരിക്കുന്നത് 'മിശിഹായിൽ നമ്മുടെ ഏറ്റം പ്രിയ പുത്രൻ ഭാരതീയരുടെ പ്രശസ്ത ചക്രവർത്തി തോമ്മായ്ക്ക്' എന്നാണ്.

ഉദയംപേരൂർ ആസ്ഥാനമാക്കി വാണിരുന്ന വില്ലാർവട്ടം രാജവംശം പതിനാറാം നൂറ്റാായപ്പോഴേക്കും അവസാനിച്ചു. 'വില്ലാർവട്ടം പാന'യനുസരിച്ച് അവസാനം വാണിരുന്ന തോമ്മാ രാജാവ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യമാത്രമാണ് രാജകുടുംബത്തിൽ അവശേഷിച്ചിരുന്നത്. കൃപാവതി എന്നും ഇവർക്കു പേരുായിരുന്നു. പാരമ്പര്യമനുസരിച്ച് കൊച്ചിരാജകുടുംബത്തിലെ രാമവർമ്മ രാജാവ് ക്രിസ്തുമതം സ്വീകരിക്കുകയും മറിയം രാജകുമാരിയെ വിവാഹം ചെയ്യുകയും ചെയ്തു. കൊച്ചിരാജാവിന് ഇതിഷ്ടപ്പെട്ടില്ല. തന്മൂലം രാമവർമ്മ രാജാവ് നാടുകടത്തപ്പെടുകയോ സിലോണിലേക്കു പാലായനം ചെയ്യുകയോ ചെയ്തു. ഈ ദുഃഖഭാരംമൂലം മറിയം രാജ്ഞി താമസിയാതെ നാടുനീങ്ങി. അങ്ങനെ വില്ലാർവട്ടം രാജവംശം നാമാവശേഷമായി. ഇതാണ് പാരമ്പര്യം. വ്യക്തമായ തെളിവുകൾ ഇല്ല(50).

'ഒരു സമൂഹമെന്ന നിലയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുായിരുന്ന കെട്ടുറപ്പിലേക്കും സ്ഥാന ഔന്നത്യത്തിലേക്കുമാണ് സ്വന്തമായ രാജഭരണം വിരൽചൂന്നത്. മാർത്തോമ്മാ ക്രിസ്ത്യാനികൾ മതപരമായി മാത്രമല്ല രാഷ്ട്രീയമായും വലിയ ശക്തി ആയിരുന്നു' എന്ന് ഇതു സൂചിപ്പിക്കുന്നു(51).

'വില്ലാർവട്ടം' എന്ന ഗോത്രനാമത്തിന്റെ നിഷ്പത്തിയെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ ഉ ്.

1. 'ആയുധാഭ്യാസനിപുണൻ' എന്ന അർത്ഥത്തിൽ 'വില്ലാൾവെട്ടം' പിന്നീട് വില്ലാർവട്ടമെന്നു മാറിയതാവാം.
2. 'വലിയേടത്ത്' എന്നതിന്റെ രൂപപരിണാമമാണ് വില്ലാർവട്ടം.
3. രാജവംശത്തിന്റെ ആദ്യആസ്ഥാനമായിരുന്ന ചേന്ദമംഗലത്തെ ചുറ്റിയൊഴുകുന്ന പെരിയാർ, വില്ലിന്റെ ആകൃതിയിൽ ആകയാൽ അതിനുള്ളിലുള്ള പ്രദേശം എന്ന അർത്ഥത്തിൽ 'വില്ലാറുവട്ടം' എന്നായിരിക്കാം ആദ്യരൂപം.

### 2.6. ചെപ്പേടുകൾ

ഉത്കൃഷ്ടവർഗവും ഉന്നതധാർമിക നിലവാരമുള്ളവരും ദേശസ്നേഹികളും എന്ന നിലയിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പ്രത്യേക അംഗീകാരം നൽകി അന്നത്തെ രാജാക്കന്മാർ അവരെ ആദരിച്ചിരുന്നു. ഇപ്രകാരം പുരാതന കേരളക്രൈസ്തവർക്ക് അന്നത്തെ നാടുവാഴികളിൽനിന്ന് ചില ചെമ്പുപട്ടയങ്ങൾ അഥവാ താമ്രശാസനങ്ങൾ ലഭിച്ചിട്ട്. ഇവ ചെമ്പുതകിടുകളിൽ എഴുതപ്പെട്ടതുകൊാണ് ഇവയെ ചെപ്പേടുകൾ എന്നു വിളിക്കുന്നത്. ക്രൈസ്തവ ചെപ്പേടുകൾ പ്രധാനമായും നാലെണ്ണമാണ്.

1. തരിസാപ്പള്ളി ചെപ്പേട് - ഒന്ന്
2. തരിസാപ്പള്ളി ചെപ്പേട് - ര ്
3. ഇരവികൊർത്തൻ ചെപ്പേട് (വീരരാഘവപട്ടയം)
4. ക്നായിത്തൊമ്മൻ ചെപ്പേട്

പുരാതന ക്രൈസ്തവരുടെ പ്രധാന തൊഴിൽ വാണിജ്യമായിരുന്നു എന്ന് ഈ ചെപ്പേടുകൾ സൂചിപ്പിക്കുന്നു. കേരളത്തിൽ ക്രൈസ്തവർക്ക് മാന്യമായ സ്ഥാനം ഉായിരുന്നുവെന്നും രാജാക്കന്മാരും ചക്രവർത്തിമാരും ക്രൈസ്തവവ്യാപാരികളെ തങ്ങളുടെ അധികാരമുപയോഗിച്ച് പ്രത്യേക സ്ഥാനമാനങ്ങൾ നൽകി അംഗീകരിച്ചുവെന്നും ഇതു വ്യക്തമാക്കുന്നു. പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പ് മഹത്തായ സാംസ്കാരിക പൈതൃകമുള്ള ശക്തമായ ക്രൈസ്തവസമുദായം കേരളത്തിലുായിരുന്നു എന്നതിന് വ്യക്തമായ തെളിവാണ് ഈ ചെപ്പേടുകൾ.

#### 2.6.1. തരിസാപ്പള്ളി ചെപ്പേടുകൾ

സ്ഥാണു രവിവർമ്മ കുലശേഖരൻ മഹോദയപുരം ആസ്ഥാനമാക്കി ഭരിച്ചിരുന്ന കാലത്ത് വേണാട് നാടുവാഴികളായിരുന്ന അയ്യനടികളും അനുജൻ രാമനടികളും കൂടി കൊല്ലത്ത് തരിസാപ്പള്ളിക്കുവേി എഴുതിക്കൊടുത്തിട്ടുള്ളവയാണ് ഈ ചെപ്പേടുകൾ. ഇപ്പോൾ കോട്ടയം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നതുകൊ് ഇവയെ 'കോട്ടയം ചെപ്പേടുകൾ' എന്നും വിളിക്കുന്നു. കൊല്ലത്തെ തരിസാപ്പള്ളിക്ക് അവിടുത്തെ നാടുവാഴിയിൽ നിന്നും സിദ്ധിച്ച ചില ആനുകൂല്യങ്ങളും അവകാശങ്ങളും ഉൾക്കൊള്ളുന്നതിനാൽ 'കൊല്ലം ചെപ്പേട്' എന്നും ഇതിനുപേരു്. ര് ചെപ്പേടുകളാണ് ഈ ഗണത്തിലുള്ളത്. ഒന്നാം ചെപ്പേടിനു മൂന്നു തകിടുകളുള്ളതിൽ ഒടുവിലത്തേത് നഷ്ടപ്പെട്ടുപോയി. ഒന്നാമത്തെ തകിട് തിരുവല്ല മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അരമനയിലും, രാമത്തേത് കോട്ടയം ദേവലോകം അരമനയിലും സൂക്ഷിച്ചിരി

ക്കുന്നു. രാം ചെപ്പേടിനു നാലു  തകിടുകളുള്ളതിൽ ആദ്യത്തേത് നഷ്ടപ്പെട്ടു. രും മൂന്നും തകിടുകൾ കോട്ടയം ദേവലോകം അരമനയിലും നാലാമത്തേതു മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അരമനയിലുമു്. ചെപ്പേടുകൾ വിവിധ പണ്ഡിതന്മാർ വിവിധ തരത്തിലാണ് വായിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. ഇളംകുളം കുഞ്ഞൻപിള്ളയുടെ പരിഭാഷയാണ് ഇവിടെ അവലംബിക്കുന്നത്.

#### 2.6.1. A ഒന്നാം ചെപ്പേട് പരിഭാഷ(52)

'സ്വസ്തി. രാജാവായ സ്ഥാണു രവിക്ക് പല നൂറായിരം വർഷം ശത്രുക്കളെ മേന്മയോടെ കീഴ്പ്പെടുത്തി വാഴാനുള്ള ആിൽ നടപ്പുവർഷം അഞ്ച്, ഈ ആിൽ വേണാട്ടുവാഴുന്ന അയ്യനടികൾ തിരുവടിയും ഉദ്യോഗസ്ഥന്മാരും പ്രകൃതിയും മണിക്കിരാമവും അഞ്ചുവണ്ണവും പുന്നത്തലപ്പതിയും കൂടി ആലോചിച്ച് കുറേക്കിക്കൊല്ലത്ത് എശോദാതപീർ ചെയ്യിച്ച തരിസാപ്പള്ളിക്ക് അയ്യനടികൾ തിരുവടി കൊടുത്ത വിടുവേറ്, നാലുകൂടി ഈഴവരും അക്കുടിയിലുള്ള ഈഴക്കൈയരെട്ടും ഇങ്ങനെ ആകെ എണ്ണം പന്ത്രും, ഒരു വണ്ണാർകുടിയും ഇവയ്ക്കെല്ലാമുള്ള തലക്കാണവും, ഏണിക്കാണവും, വീടുമേയുമ്പോൾ വാങ്ങാറുള്ള കരവും മാന്യന്മാർക്കുള്ള മേനിപ്പൊന്നും, പൊലിപ്പൊന്നും ഇരവുചോറും കുടനാഴിയും ഇവയൊന്നും വാങ്ങരുത്. വാരക്കോലും കപപാനും പഞ്ചക്കിയും മുന്നമെ ഉള്ളവയെ ഞാനും വിടുപേറായി ദാനം ചെയ്തിരിക്കുന്നു. നാലുകുടി ഈഴവർക്കും ഒരുകുടി വണ്ണാർക്കും ഉള്ള എല്ലാ വകക്കരവും തരിസാപ്പള്ളിക്കു വിടുപേറായി ദാനം കൊടുത്തിരിക്കുന്നു. ഈ ഈഴവർക്കും തങ്ങളുടെ വി അങ്ങാടിയിലും കോട്ടയ്ക്കകത്തും കൊുവന്നു വ്യാപാരം നടത്താവുന്നതാണ്. വണ്ണാനും വന്നു കോട്ടയ്ക്കകത്തും അങ്ങാടിയിലും കയറി തന്റെ പണി ചെയ്യാവുന്നതാണ്. തീയമാൾവിനോ മതിൽ നായകനോ മറ്റേതെങ്കിലും വകുപ്പിൽപെട്ട ഉദ്യോഗസ്ഥനോ യാതൊരു കുറ്റവും പറഞ്ഞ് ഇവരെ തടുക്കരുത്. ഇവർ എന്തുകുറ്റം ചെയ്താലും പള്ളിക്കാർ തന്നെ അന്വേഷണം നടത്തിക്കൊള്ളണം. ഉലകും ചന്ദ്രാതിദ്യരും  ഉള്ള കാലത്തോളം ചെപ്പേടിൻപടി വിടുപേറ് അട്ടിപ്പേറായിട്ടു ദാനം കൊടുത്തിരിക്കുന്നു. മരുവാൻ സ്പിരീശോ ഇപ്രകാരമുള്ള വിടുപേറ് അട്ടിപ്പേറായിട്ടു അയ്യനടികൾ തിരുവടിയെക്കൊു തരിസാപ്പള്ളിക്കു ദാനാധാരം ചെയ്യിച്ചുകൊടുത്തിരിക്കുന്നു. ഇതു കാത്തു രക്ഷിക്കുന്നവരെ ദൈവം അനുഗ്രഹിക്കും. അയ്യൻ (ഒപ്പു) വേഴക്കുല സുന്ദരനും സാക്ഷി. വിജയ....

#### 2.6.1. B. രാം ചെപ്പേട് പരിഭാഷ

'രു കുടി..... ഒരു കുടിത്തകർച്ചകൾ ഉൾപ്പെടെ ഭൂമി ഏറ്റെടുത്തു കൃഷിചെയ്യുന്നതിനു നാലുകുടി വെള്ളാളരും ഇവരെല്ലാം ദേവർക്കു നടാനുള്ളതു നട്ടും ഇടാനുള്ളവ ഇട്ടും പള്ളിക്ക് എണ്ണക്കും മറ്റും മുടക്കമോ കുറവോ വരാതെ ചെയ്യത്തക്കവണ്ണം ഏർപ്പെടുത്തി, ഈനശം ബോധ്യപ്പെട്ട ഇവിടുത്തെ പ്രഭുവായിത്തീർന്ന മരുവാൻ സപിരിശോ തരിസാപ്പള്ളിക്ക് എഴുതിക്കൊടുത്ത ഭൂമി. കോയിലധികാരികളായ വിയരാക തേവർ ഉൾപ്പെടെ ഇരുന്നരുളി നീർത്തുള്ളിയോടുകൂടി പിടിനടത്തും ചെയ്ത അയ്യനടികൾ തിരുവടിയും, ഇളങ്കൂർ വാഴുന്ന രാമതിരുവടിയും അധികാരികളും പ്രകൃതിയും അറുന്നൂറ്റുവരും പുന്നത്തലപ്പതിയും പോളക്കുടിപ്പതിയും കൂടി ആലോചിച്ച് ഈ ഭൂമിയുടെ എലുക തീർച്ചപ്പെടുത്തിയത്. കിഴക്ക് കായലുൾപ്പെടെ വയൽക്കാട് എലുകയാണ്. തെക്കുകിഴക്ക് ചിറവാതിൽക്കൽ മതിൽ എലുകയാണ്; പടിഞ്ഞാറു കടൽ എലുകയാണ്; വടക്ക് തോരണത്തോട്ടം എലുകയാണ്. വടക്കുകിഴക്കു പുന്നത്തല അ

ലിൽ തോട്ടം എലുകയാണ്. ഈ നാല് എലുകക്കകത്തുള്ള ഭൂമി പിടിനടത്തുകർമ്മവും ചെയ്തു. ഉലകും ചന്ദ്രാദിത്യരും ഉള്ള കാലത്തോളം ചെപ്പേടിൽ ഞാൻ എഴുതിക്കൊടുത്തിരുന്നു. അയ്യനടികൾ തിരുവടിയും രാമ തിരുവടിയും കോയിലധികാരികളുമായി ആലോചിച്ച് ഈ ഭൂമിയിൽ കുടികളെ യാതൊരു കുറ്റവും പറഞ്ഞു.... വിലയും മുലൈവിലയും പള്ളിക്കാർ മാത്രമെ വാങ്ങാവൂ. നമ്മുടെ ജോലിക്കാരും മറ്റും... ചെല്ലരുത്. അറുനൂറുവരും അഞ്ചു വണ്ണവും മണിഗ്രാമവും രക്ഷിച്ചുകൊള്ളണം പള്ളിയേയും ഭൂമിയേയും ഉലകം ചന്ദ്രാദിത്യരും ഉള്ളിടത്തോളം കാലം ചെപ്പേടിൽ പറയും പോലെ ചെയ്വാൻ അഞ്ചുവണ്ണവും മണിഗ്രാമവും ചുമതലപ്പെട്ടവരാണ്. കോയിലധികാരികളായ വിയരാകതേവരും അയ്യനടികൾ തിരുവടിയും രാമതിരുവടിയും കൂടിയിരുന്നു ഇവർക്കുകൊടുത്തുവിടുപേറാണിത്. അറുപതിലൊന്നു ചുങ്കങ്ങൾ സാമാനങ്ങൾ കൊവരുമ്പോൾവേ. വിറ്റഴിയുന്നതിനും ചുങ്കം ഇല്ല. പള്ളിക്കാർ വാങ്ങിക്കുന്ന അടിമകൾക്കു അരിമക്കാശ് ഈടാക്കാനും പാടില്ല. (എന്നാൽ) വാഹനം വരുന്നതിൽ വരത്തിലും പോക്കിലും എട്ടുകാശു വാങ്ങാവുന്നതാണ്. വെടി, പടവു ഇവ വരുമ്പോഴും പോകുമ്പോഴും നാലുകാശു വാങ്ങാവുന്നതാണ്. ചുങ്കം ഉള്ള ചരക്കു പള്ളിക്കാരെകൂടി നിറുത്തി ചുങ്കം നിശ്ചയിക്കേതാണ്. ചരക്കിനു വിലയിടുന്നിടത്തും മറ്റും സ്വാമികാര്യങ്ങളെല്ലാം പള്ളിക്കാരെ കൂട്ടിത്തന്നെ ചെയ്യണം. അന്നന്നുള്ള ചുങ്കം അഞ്ചുവണ്ണവും മണിഗ്രാമവും മുദ്രവെച്ചു സൂക്ഷിക്കേതാണ്. നാലു വാതിലിനകത്തും വിലക്കിയിട്ടുള്ള ഭൂമി (പള്ളിക്കു കൊടുത്ത സ്ഥലമായതുകൊ് രാജഭൃത്യന്മാർക്കു തടഞ്ഞിട്ടുള്ളത്)' കാരാണ്മകൊടുത്താൽ കോപ്പതവാരം രാജഭണ്ഡാരത്തിലേക്കു വാങ്ങിക്കുകയും പതിപ്പതവാരം അഞ്ചുവണ്ണവും മണിഗ്രാമവും വാങ്ങിക്കുകയും വേണം. പള്ളിക്കാർക്കു കല്യാണത്തിന്, കോയിലധികാരികളായ വിയരാകതേവരും അയ്യനടികളും രാമതിരുവടിയും പ്രകൃതിയും ഉദ്യോഗസ്ഥന്മാരും അറുന്നൂറ്റുവരും പുന്നത്തലപ്പതിയും പോളക്കുടിപ്പതിയും കൂടി ആനമേൽ മണ്ണുനീർ മുതലായ എഴുപത്തിരു വീട്ടുപേരും അനുവദിച്ചുകൊടുത്തിരിക്കുന്നു. ഉലകും ചന്ദ്രാദിത്യരും ഉള്ള കാലത്തോളം ഈ അട്ടിപ്പേറെല്ലാം ചെപ്പേടിൽ പറഞ്ഞിരിക്കുന്നപോലെ ചെയ്തുകൊള്ളേതാണ്. പള്ളിക്കാർക്ക് അന്യായമുായാൽ, അഞ്ചുവണ്ണവും മണിക്കിരാമവും ചുങ്കവും തുലാക്കൂലിയും തടഞ്ഞ് അന്യായം തീർത്തുകൊള്ളണം. ഈ നഗരത്തിന്റെ സൂക്ഷിപ്പുകാരായി നിയോഗിച്ചിട്ടുള്ള അഞ്ചുവണ്ണവും മണിഗ്രാമവും കുറ്റം ചെയ്താൽ അവർ തന്നെ അതിനെപ്പറ്റി അന്വേഷിക്കേതാണ്. ഇവരിൽ രുകൂട്ടരും കൂടി ചെയ്യുന്നതേ സ്വീകാര്യമാകയുള്ളൂ. ഈ നഗരം ബോദ്ധ്യപ്പെട്ടു ഇവിടുത്തെ പ്രജയായിത്തീർന്ന സപിരീശോ വാരക്കോലും പഞ്ചക്കിഴിയും മുന്നമേ പള്ളിയിലേക്കു ലഭിച്ചിട്ടുള്ളത്. തൂക്കിതൂക്കക്കൂലി പള്ളിക്കു കൊടുത്തുകൊള്ളുവാൻ അഞ്ചു വണ്ണവും മണിഗ്രാമവും അനുവദിക്കേതാണ്. ഇതു ഭൂമിയും സൂര്യചന്ദ്രന്മാരും ഉള്ള കാലത്തോളം അനന്തരപ്പാടായി ഞാൻ കൊടുത്തിരിക്കുന്നു...

### 2.6.1. C. ചെപ്പേടിന്റെ കാലം

ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തിൽ ഒന്നാമത്തെ ചെപ്പേട് എഴുതിയത് എ. ഡി. 849-ൽ ആണ്. രാം നമ്പർ ശാസനം ഒന്നാമത്തേതിനോടുകൂടി നൽകപ്പെട്ടതാണെങ്കിലും രുമൂന്നു നൂറ്റാുകൾക്കുശേഷം പകർത്തപ്പെട്ടതാണ്. ലിപിയുടെയും ഭാഷയുടെയും വ്യത്യാ

സത്തിൽ നിന്ന് ഇതു മനസ്സിലാക്കാം[54]. സ്ഥാണുരവിവർമ്മയുടെ കാലം ഭരണത്തിന്റെ അഞ്ചാം കൊല്ലമെന്ന് ചെപ്പേടിൽ വ്യക്തമായി എഴുതിയിരിക്കുന്നതുകൊ് സ്ഥാണു രവിവർമ്മയുടെ കാലം അറിഞ്ഞാൽ ചെപ്പേടുകളുടെ കാലം മനസിലാക്കാം. സ്ഥാണു രവിവർമ്മയുടെ കാലം എ.ഡി. 844–885 വരെ എന്നാണ് ശ്രീധരമേനോൻ കേരളചരിത്രത്തിൽ പറയുന്നത്[55]. അപ്പോൾ ചെപ്പേടിന്റെ കാലം 849 എന്നുവരുന്നു. അയ്യനടികൾ തിരുവടികൾ വേണാട്ടിലെ രാജാവായിരുന്നിരിക്കണം എന്നാണ് പ്രബലമായ ഒരു അഭിപ്രായം.

#### 2.6.1. D. ചെപ്പേടുകളുടെ മൂല്യം

തരിസാപ്പള്ളി ചെപ്പേടുകളിൽനിന്ന് അന്ന് കൊല്ലത്തു ജീവിച്ചിരുന്ന ക്രൈസ്തവരെപ്പറ്റി ഏകദേശരൂപം ലഭിക്കുന്നു. കേരളചരിത്രനിർമ്മാണത്തിന് ചരിത്രകാരന്മാരെ ഏറെ സഹായിച്ചിട്ടുള്ളവയാണ് തരിസാപ്പള്ളി ശാസനങ്ങൾ. കാരണം, ഇതിന്റെ കാലം വ്യക്തമായി നിജപ്പെടുത്തുവാൻ കഴിഞ്ഞിട്ട്. വ്യാപാരികൾ എന്ന നിലയിൽ തുറമുഖപട്ടണങ്ങളിലായിരുന്നു ക്രിസ്ത്യാനികൾ പ്രധാനമായും അധിവസിച്ചിരുന്നത്. അക്കാലത്ത് കൊടുങ്ങല്ലൂർ കഴിഞ്ഞാൽ പ്രധാന തുറമുഖം കൊല്ലമായിരുന്നു. സമുദായത്തിൽ ഉന്നതസ്ഥാനം ക്രിസ്ത്യാനികൾക്ക് ഉായിരുന്നു. പല നികുതികളും മുഖവിലയും തറവിലയും മറ്റും പിരിക്കുവാനുള്ള അവകാശം ശാസനത്തിലൂടെ അവർക്കു ലഭിക്കുന്ന്. ക്രിസ്ത്യാനികൾക്ക് വളരെയേറെ പദവികൾ ഉായിരുന്നു എന്നും ഇതു സൂചിപ്പിക്കുന്നു. ചെപ്പേടിൽനിന്നു മനസിലാകുന്നത് 72 പദവികൾ ഉായിരുന്നുവെന്നാണ്. ആ പദവികൾക്ക് ഇന്നു വലിയ പ്രസക്തി ഇല്ലെങ്കിലും ജാതിവ്യത്യാസവും ബ്രാഹ്മണമേധാവിത്വവും രൂക്ഷമായിരുന്ന കാലഘട്ടത്തിൽ സുറിയാനി ക്രൈസ്തവ വിഭാഗത്തെ പ്രത്യേകം ആദരിച്ച ഔദ്യോഗികരേഖകൾ എന്ന നിലയിൽ തരിസാപ്പള്ളി ചെപ്പേടുകൾക്ക് ചരിത്രപ്രാധാന്യമു്. ശ്രീ.എം.ഒ. ജോസഫ് 'കേരള ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ പറയുന്ന പദവികളുടെ പട്ടിക ഇപ്രകാരമാണ്.

| | | | | | |
|---|---|---|---|---|---|
| 1. | അടിമ | 2. | അൻമൂലം (ടാക്സ്) | 3. | അറപ്പുര |
| 4. | ആന മേൽ നിർമണ്ണ് | 5. | ആർപ്പ് | 6. | ആലവട്ടം |
| 7. | ഇടുപടിപടിപ്പുര | 8. | ഉച്ചിപ്പൂവ് | 9. | എടമ്പിരിശംഖ് |
| 10. | കച്ച | 11. | കച്ചപ്പുറം | 12. | കനകമുടി |
| 13. | കാൽച്ചിലമ്പ് | 14. | കുതിരസവാരി | 15. | കുഴൽ |
| 16. | കൈത്തള | 17. | കൊടി | 18. | ചണ്ണമേൽക്കട്ടി |
| 19. | ചെല്ലി | 20. | ചെങ്കൊമ്പു | 21. | തകിൽ |
| 22. | ത് (അന്ദോളം) | 23. | തഴ | 24. | തീലകറ്റൽ |
| 25. | തൂക്കുമഞ്ചം | 26. | തൊങ്ങൾ | 27. | തോൾവള |
| 28. | നഗരത്തോണം | 29. | നടയും നടത്തും | 30. | നന്താവിളക്ക് |
| 31. | നാങ്കുരപരിക്ഷക്കുടമ | 32. | നായാട്ടുഭോഗം | 33. | നാലുവാക്കുരവ |
| 34. | നെടിയകുട | 35. | നെട്ടൂർപെട്ടി | 36. | നെറ്റിപ്പട്ടം |
| 37. | നേർവാൾ | 38. | പകൽവിളക്ക് | 39. | പഞ്ചവട്ടം |
| 40. | പഞ്ചവർണ്ണക്കുട | 41. | പഞ്ചവാദ്യം | 42. | പട്ടുചട്ട |
| 43. | പട്ടുമു് | 44. | പട്ടുറുമാൽ | 45. | പണിപ്പുടവ |

| | | | | | |
|---|---|---|---|---|---|
| 46. | പതക്കം | 47. | പന്തൽവിതാനം | 48. | പരവതാനി |
| 49. | പതിനേഴുപരിഷക്കുടമ | 50. | പല്ലക്ക് | 51. | പാവാട |
| 52. | മണക്കോലം | 53. | മദ്ദളം | 54. | മുടിക്കീഴാഭരണം |
| 55. | മുൻകയ് (നായകത്വം) | 56. | മുൻകൈയിൽ പതക്കം | 57. | മുൻചൊല്ല് |
| 58. | മുൻമൂലം | 59. | മുരശ് | 60. | മെതിയടി |
| 61. | രാജഭോഗം | 62. | രാജസമക്ഷം ഇരിപ്പു | 63. | വലംപിരിശംഖ് |
| 64. | വിരിപന്തൽ | 65. | വീണ | 66. | വീരശൃംഖല |
| 67. | വീരത്ത് | 68. | വീരമദ്ദളം (പെരുമ്പറ) | 69. | വീരവാദ്യം |
| 70. | വെഞ്ചാമരം | 71. | ശംഖ് | 72. | ഹസ്തകടകം (കൈവള) |

**2.6.2. ഇരവികൊർത്തൻ ചെപ്പേട്**

ഈ ചെപ്പേട് വീരരാഘവപട്ടയം എന്നും അറിയപ്പെടുന്നു. വീരരാഘവചക്രവർത്തി ഇരവികൊർത്തനു നൽകിയ ചെപ്പേടായതുകൊാണ് രു പേരിലും അറിയപ്പെടുന്നത്. ഇന്ന് ഇത് കോട്ടയം പഴയ സെമിനാരിയിൽ സൂക്ഷിച്ചുവരുന്നു. 14½ ഇഞ്ചു നീളവും 4 ഇഞ്ച് വീതിയുമുള്ള ഒരു ചെമ്പുതകിടിന്റെ ഇരുവശങ്ങളിലുമായാണ് ഈ ശാസനം എഴുതപ്പെട്ടിട്ടുള്ളത്. ഇരവികൊർത്തൻ എന്ന വ്യാപാരിക്ക് മണിഗ്രാമപ്പട്ടം കൊടുക്കുന്നതാണ് ചെപ്പേടിന്റെ പ്രധാന ഉള്ളടക്കം. മണിഗ്രാമം എന്നത് കച്ചവടസംഘത്തിന്റെ പേരാണ്. കച്ചവടത്തിന്റെ കുത്തകാവകാശം ഇരവികൊർത്തനു നൽകുന്നു.

**2.6.2.A. ചെപ്പേടിന്റെ പരിഭാഷ[56]**

ഹരിശ്രീ മഹാഗണപതയേ നമഃ ശ്രീ ദ്രുപാല, നരപതി, ശ്രീവീരകേരള ചക്രവർത്തി മുതൽ മുറമുറയായി പല നൂറായിരത്താു ചെങ്കോൽ നടത്തിവരുന്ന വീരരാഘവചക്രവർത്തിക്കു ശ്രേഷ്ഠ രാജത്വം നടക്കുന്ന മകരവ്യാഴം മീനമാസം ഇരുപത്തിയൊന്നാം തീയതി ശനിയാഴ്ച രോഹിണി നാൾ പെരുങ്കോവിലകത്തിരുന്നരുളി മകോതയൂർ പട്ടണത്തു ഇരവികൊർത്തനായ ചേരമാൻ പെരുഞ്ചെട്ടിക്കു മണിഗ്രാമപട്ടം നാം കൊടുത്തിരിക്കുന്നു. വിളവാടയും പവനത്താങ്കും മററവകാശങ്ങളും കടത്തുവാണിജ്യവും, വാണിജ്യത്തിനു കുത്തകയും മുൻചൊല്ലും മുൻനടയും പഞ്ചവാദ്യവും ശംഖും പകൽവിളക്കും പാവാടയും അന്ദോളവും കൊറ്റക്കുടയും വട്ടകപ്പറയും ഇടുപടി തോരണവും നാലുചേരിയിലെ കുത്തകയും നാം കൊടുത്തിരിക്കുന്നു. പണിയരെയും ഐങ്കമാളരെയും നാം അടിമകൊടുത്തിരിക്കുന്നു. പറകൊളന്നു, കട്ടികൊുതൂക്കി, നൂലുകൊളന്നു, എണ്ണുന്നതിലും, എടുക്കുന്നതിലും, ഉപ്പുശർക്കര വിളക്കെണ്ണ തൊട്ടു കസ്തൂരി വരെയുള്ള എല്ലാറ്റിനും തരകും അതിനടുത്ത ചുങ്കവും കൂടെ നഗരത്തിനു കർത്താവായ ഇരവികൊർത്തനു നാം കൊടുത്തിരിക്കുന്നു. കൊടുങ്ങല്ലൂർ അഴി മുതൽ ഗോപുരം വരെയുള്ള സ്ഥലത്തു വിശേഷാൽ നാലു തളിക്കും തളിക്കടുത്ത ഗ്രാമത്തിനും ഇടയിൽ ഇവ രും ചേരമാൻ പെരുംചെട്ടിയായ ഇരവികൊർത്തനന്നു തീർമുതലായി നാം ചെപ്പേടെഴുതിക്കൊടുത്തിരിക്കുന്നു. ഇതറിയുന്ന പന്നിയൂർഗ്രാമവും ചൊവ്വരഗ്രാമവും അറികെ നാം കൊടുത്തിരിക്കുന്നു. വേണാടും ഓടനാടും അറികെ നാം കൊടുത്തിരിക്കുന്നു. ഏറനാടും വള്ളുവനാടും അറികെ കൊടുത്തിരിക്കുന്നു. ചന്ദ്രാദിത്യന്മാരുള്ള നാളത്തെക്കു കൊടുത്തിരിക്കുന്നു. ഇവർ അറികെ ചെപ്പേട് എഴുതിയ ചേരന്മാർ ലോകപ്പെരുംതട്ടാൻ നമ്പി ചടയൻ കൈയെഴുത്ത്.

### 2.6.2.B. ചെപ്പേടിന്റെ കാലം

ചെപ്പേടിന്റെ കാലത്തെപ്പറ്റി ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായൈക്യമില്ല. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ളതിൽ ഏറ്റം പുരാതനമായ രാജശാസനം ഈ ചെപ്പേടാണ്. ഇൻഡ്യയിലെ പുരാതനരേഖകളിൽ വർഷവും മാസവും ദിവസവും തീയതിയും കുറിച്ചിരുന്നത് ഗ്രഹനില അനുസരിച്ചാണ്. ഈ ചെപ്പേടിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി താഴെ ചേർക്കുന്നു. 'മകരത്തുൾ വിയാഴം മീനഞായറും ഇരുപത്തൊൻറു ചെൽറ ചനി രോഹിണി നാൾ'. ഇതനുസരിച്ച് എ.ഡി. 230, 680, 775, 1320 എന്നീ വർഷങ്ങളാവാം. അതിനാൽ മറ്റു തെളിവുകളുടെ വെളിച്ചത്തിൽ മാത്രമേ ചെപ്പേടിന്റെ തീയതി നിർണയിക്കാൻ സാധിക്കൂ.

ഇക്കാര്യത്തിൽ പണ്ഡിതാഭിപ്രായങ്ങളിലും ഐകരൂപ്യമില്ല. തിരുവിതാംകൂർ ചരിത്രമെഴുതിയ പി. ശങ്കുണ്ണിമേനോൻ, ഗണിതശാസ്ത്രജ്ഞനായ കക്കേൽ കേളുനായർ, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവേൽ കർത്താവായ നാഗമയ്യ, ചരിത്രകാരന്മാരായ കെ.എൻ. ദാനിയേൽ, ടി.കെ. ജോസഫ് മുതലായവർ ഈ ചെപ്പേടിന്റെ കാലം എ.ഡി. 230 ആണെന്ന് അഭിപ്രായപ്പെടുന്നു. ഭാഷ, ലിപി മുതലായവ അടിസ്ഥാനമാക്കി ശാസനകാലം 13-ഉം 14-ഉം നൂറ്റാണ്ടുകളാണെന്ന് ഡോ. ഗോദവർമ്മ, ഡോ. രാമപിഷാരടി, ഡോ. ഹിൽഹോൺ, വെങ്കയ്യ പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള മുതലായവർ വാദിക്കുന്നു[57].

ഈ ചെപ്പേട് കേരള ക്രിസ്ത്യാനികൾക്കു നൽകിയതാണെന്ന് പൊതുവെ കരുതപ്പെടുന്നു. എന്നും ക്രിസ്ത്യാനികളുടെ കൈവശമായിരുന്നു ഇത്. ഇതിന്മേൽ ഹിന്ദുക്കൾ ഒരിക്കലും അവകാശവാദം ഉന്നയിച്ചിട്ടില്ല. മാർത്തോമ്മാക്രിസ്ത്യാനികൾ എന്നും വാണിജ്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നു. പ്രശസ്തമായ രാജ്യസേവനത്തിനുള്ള അംഗീകാരം എന്ന നിലയിലും ഇതു ക്രിസ്ത്യാനികൾക്കു ലഭിച്ചതാണെന്ന് കരുതാം.

കേരളത്തിലെ ക്രൈസ്തവർക്കു സ്ഥാനമാനങ്ങളും പദവികളും ലഭിക്കുന്ന ആദ്യത്തെ ശാസനമാണിത്. തരിസാപള്ളി ശാസനങ്ങൾ പ്രധാനമായും കച്ചവടസംബന്ധമായ അവകാശങ്ങൾ നൽകുമ്പോൾ ഇരവികൊർത്തൻ ചെപ്പേട് അതോടൊപ്പം സമൂഹത്തിൽ ഉന്നതമായ പദവിയും പാരിതോഷികങ്ങളും കൂടെ നൽകുന്നു.

### 2.6.3. ക്നായിത്തൊമ്മൻ ചെപ്പേട്

ക്നായിത്തൊമ്മനു ലഭിച്ച ചെപ്പേടാണിതെന്നു പറയപ്പെടുന്നു. ഇന്ന് ഇതെവിടെയാണെന്ന് ആർക്കുമറിഞ്ഞുകൂടാ. ബ്രിട്ടീഷ് മ്യൂസിയത്തിൽ പോർച്ചുഗീസ് ഭാഷയിലുള്ള ഒരു തർജ്ജമ ഉള്ളതായി പറയപ്പെടുന്നു. മാർ യാക്കോബ് മെത്രാൻ കൊച്ചിപകശാലയിൽ പ്രസ്തുത ചെപ്പേട് ഏല്പിച്ചു എന്നു ചിലരും അവിടെ അതു പണയം വയ്ക്കുകയാണുായതെന്നു മറ്റു ചിലരും, ഇതു രുമല്ല അവിടെ സൂക്ഷിക്കാൻ ഏല്പിച്ചതാണെന്നു വേറൊരു കൂട്ടരും പ്രസ്താവിക്കുന്നു[58].

ഡാമിയോ ഡിയോഗസ് എന്ന പോർച്ചുഗീസ് ഗ്രന്ഥകാരൻ പറയുന്നത് മാർ യാക്കോബിന്റെ മരണത്തെത്തുടർന്ന് കൊച്ചിക്കോട്ടയുടെ അധിപൻ അത് ഗവർണർ അൽഫോൻസോ ഡിസൂസയെ കാണിച്ചുവെന്നും സുറിയാനി, തമിഴ്, അറബി ഭാഷകളിലാണ് അത് എഴുതപ്പെട്ടിരുന്നതെന്നും ഗവർണർ അത് യഹൂദനെക്കൊു പരിഭാഷപ്പെടുത്തിയെന്നും പരിഭാഷയുടെ ഒരു

പകർപ്പ് പോർച്ചുഗൽ രാജാവിന് അയച്ചുകൊടുത്തുവെന്നും പോർച്ചുഗൽ രാജാവിന് അയച്ച പകർപ്പ് പോർച്ചുഗീസ് ഭാഷയിലേക്കു തർജമ ചെയ്തു എന്നുമാണ്.

### 2.6.3.A. ചെപ്പേടിന്റെ പരിഭാഷ(59)

ദേവന്മാരുടെ ദിവ്യദാസനും ബലവാനും സത്യവാനും നീതിമാനും സത്കർമ്മ പരിപൂർണനും വിവേകിയും ഭൂമി മുഴുവൻ മേലും ശക്തിയുള്ളവനും സൗഭാഗ്യവും വിജയവും മഹിമയും പൂവനും ദേവന്മാരുടെ സേവയിൽ നേരാംവണ്ണം ഐശ്വര്യം ഉള്ളവനുമായ കോച്ചേരകോൻമല മണ്ഡലത്തു മഹാദേവർ പട്ടണത്തു വിജയിക്കുമാറാകാം. ദീർഘായുസ്സോടെ നൂറായിരത്താരിക്കുമാറാക. മേല്പടി കോച്ചേരകോൻ പെരുമാൾ വാഴുംകാലം മീനമാസം ഏഴാം തീയതി ബുധനാഴ്ച (മാർച്ച് 7) ശുക്ലചതുർദശിനാൾ അവൻ കൊടുങ്ങല്ലൂർ ഇരുന്നരുളുമ്പോൾ പൗരസ്ത്യദേശത്തിന്റെ അങ്ങേഅറ്റത്തെ ഭാഗങ്ങൾ കാണണമെന്നുറച്ച് തോമ്മാ കാനാനിയോ എന്ന നസ്രാണി കപ്പലിൽ വന്നിറങ്ങി. അവൻ വന്നപ്രകാരം ചിലർ കു പെരുമാളോടുണർത്തിച്ചു പെരുമാൾതന്നെ എഴുന്നള്ളിക്കു മേൽപ്പടി തൊമ്മൻമാപ്പിളക്ക് ആളയച്ചാരെ അവൻ കരയിറങ്ങി പെരുമാൾ തിരുമുമ്പിൽ വന്നു. പെരുമാൾ അവനോടു സംസാരിച്ചരുളുകയും ചെയ്തു. അവനെ ബഹുമാനിക്കുന്നതിന് കൊച്ചേരകോൻ കനായൻ എന്ന തന്റെ സ്വന്തം പേർ അദ്ദേഹം കൊടുത്തു. പെരുമാളിൽനിന്ന് ഈ പദവി വാങ്ങി അവൻ തന്റെ ഇടത്ത് സ്വസ്ഥമായിരിക്കുവാൻ പോയി. പെരുമാൾ അവന് എന്നന്നേക്കുമായി മഹാദേവർ പട്ടണം എന്ന നഗരി കൊടുക്കുകയും ചെയ്തു.

മേല്പടി പെരുമാൾ ഈ വലിയ ഐശ്വര്യത്തിൽ ഇരിക്കയിൽ ഒരുനാൾ വനത്തിൽ വേട്ടയാടാൻ പോയി. മേല്പടി പെരുമാൾ കാടൊക്കെയും വളഞ്ഞു. അവൻ തൊമ്മനെ ബദ്ധപ്പെട്ടു വിളിച്ചിട്ട് നല്ല നേരത്ത് അവൻ പെരുമാളിന്റെ മുമ്പിൽ വന്നുനിന്നു. പെരുമാൾ ജ്യോത്സ്യനോട് ചോദിച്ചശേഷം ആ വനത്തിൽ അവനൊരു പട്ടണം കൊടുക്കണമെന്നു കല്പിക്കുകയും ചെയ്തു. അവൻ വണങ്ങി പെരുമാളോട്, ഈ അടവി അടിയനുതന്നെ വേണമെന്ന് ഉത്തരം പറഞ്ഞു. പെരുമാൾ അത് അവന് എക്കാലത്തേക്കും വിടുപേറായി കൊടുക്കുകയും ചെയ്തു. അനന്തരം വേറൊരുനാൾ അവൻ കാട് തെളിച്ച് മേല്പടി ആ മേടമാസം പതിനൊന്നാം (ഏപ്രിൽ 11) തീയതി തൃക്കൺപാർത്ത്, ഒരു നല്ല നാളിൽ നല്ല നേരത്ത് പെരുമാളിന്റെ പേരിൽ അത് അവന് അവകാശമായി കൊടുത്തു. പള്ളിക്കും ക്നായിത്തൊമ്മന്റെ വീടിനും പെരുമാൾ ഒന്നാം കല്ലിട്ടു. അവിടെ അവൻ എല്ലാവർക്കുമായി ഒരു പട്ടണം കെട്ടി. പള്ളിയിൽ കേറി അന്നുതന്നെ അതിൽ പ്രാർത്ഥിക്കുകയും ചെയ്തു. ഈ കാര്യങ്ങളുടെ ശേഷം തൊമ്മൻതന്നെ പെരുമാളിന്റെ തൃപ്പാദത്തിൽ ചെന്നു തിരുമുൽക്കാഴ്ച വെച്ചു തനിക്കും തന്റെ സന്തതികൾക്കുമായി ആ ഭൂമി കൊടുക്കണമെന്ന് പെരുമാളോട് അഭ്യർത്ഥിച്ചു.

അദ്ദേഹം ആനക്കോലാൽ 264 കോൽ അളന്നുതിരിച്ച് അവിടെ ഉടൻ പണിത 62 വീടുകളോടും അയലുകളും അവയുടെ (ചുറ്റും) വഴികളും അതിരുകളും അകമുറ്റങ്ങളും ഉൾപ്പെടെ പറമ്പുകളോടുംകൂടെ തൊമ്മനും അവന്റെ സന്തതികൾക്കുമായി എന്നേക്കും കൊടുത്തു. ഏഴുവിധം വാദ്യങ്ങളും സകലപദവികളും പല്ലക്കിൽ യാത്രയും രാജാക്കന്മാരുടെ സ്ത്രീകളുടേതുപോലെ കല്യാണങ്ങൾക്കു പെണ്ണുങ്ങളുടെ കുരവയും അദ്ദേഹം അവനു കൊടുത്തു. സ്ഥാനമാനവും നിലത്തു പരവതാനികൾ വിരിക്കുന്നതിനും മെതിയടി ഇടുന്നതിനും കയ്യിൽ ചന്ദനക്കുറി ഇരട്ടി ഇടുന്നതിനും പന്തലിടുന്നതിനും ആനമേൽകേറി പോകുന്നതിനുള്ള അവകാശവും

കൂടെ അദ്ദേഹം ദാനം ചെയ്തു. എന്നിയേ തൊമ്മനും അവന്റെ സന്തതിക്കും അവന്റെ കൂട്ടുകാർ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അവന്റെ സകല ബന്ധുക്കൾക്കും അവന്റെ മതക്കാർക്കും അഞ്ചുവരം എന്നെന്നേക്കുമായി പെരുമാൾ കൊടുത്തു. മേല്പടി പെരുമാൾ ഒപ്പു.

### 2.6.3.B. ചെപ്പേടിന്റെ കാലം

ക്നായിത്തൊമ്മൻ ചെപ്പേടിന്റെ കാലത്തെപ്പറ്റി ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായൈക്യമില്ല. എ.ഡി. 345, 774, 822 എന്നിങ്ങനെ ഓരോ ചരിത്രകാരനും ഓരോ കാലമാണു നൽകുന്നത്. ഒരു ചരിത്രകാരനും അത് ക്രൈസ്തവർക്കു ലഭിച്ചതല്ല എന്നു പറഞ്ഞിട്ടില്ല. എന്നാൽ ഇതൊന്നും അസന്നിഗ്ദ്ധമായി തെളിയിക്കുവാൻ ചരിത്രരേഖകൾ ലഭ്യമല്ല.

### 2.6.4. താഴയ്ക്കാട്ട് ശാസനം

കുലശേഖരചക്രവർത്തിയായ രാജസിംഹന് (1028–1043) മണിഗ്രാമത്തിലെ അംഗങ്ങളായ ചാത്തൻ, വടുകൻ, ഇരവിചാത്തൻ എന്നീ ക്രിസ്ത്യൻ വ്യാപാരികൾക്കു ചില അവകാശങ്ങൾ ചാർത്തിക്കൊടുത്തതാണ്, താഴയ്ക്കാട് പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള രേഖ. ഇരിങ്ങാലക്കുടക്കടുത്താണ് താഴയ്ക്കാട്ട് പള്ളി. ശാസനത്തിന്റെ പ്രസക്ത ഭാഗം ഉദ്ധരിക്കുന്നു:

'സ്വസ്തി ശ്രീ ഇരായചിങ്ക പെരുമാനടികൾക്കു താഴെക്കാട്ടുക്ക മൈക്കപ്പെട്ട വാണികർക്കു ഊരാർ അവിരോതത്താപീടികെ കട്ടുവാൻ അമൈത്ത ചിറുപള്ളി അതിരിൽ മേക്കുപേരാലിൻ വടക്കുക്കരൈപ്പള്ളിയിൻ കിഴക്ക് കീഴ്ത്തിരു കോയിർ തേവ പൂമിക്കുത്തെക്കു ഇതിനകത്തു ഊരാളർ തടുക്കവും... തന്തൈയെയ്ക്കൊന്റുത്തായൈക്കളത്തിരം വെച്ചാരാവിതു... അന്നാൽവരും യെന്റു ഇറൈയും തിറൈയും** കൊൾവിതു. ഇവ്വ.... മണിക്കിരാമത്താർ ആന ചാത്തം വടുകൻ ഇരവിചാത്തനും ഇവർകളിരുവർക്കു മിരുമുറിപ്പീടികൈയാലും[60]'.

(വണികർ: കച്ചവടക്കാർ, ഇറ = കരം, ചുങ്കം, തിറ = കപ്പം)

ശാസനത്തിൽ പരാമൃഷ്ടരാകുന്ന ചാത്തൻ വടുകനും ഇരവിചാത്തനും വർത്തകപ്രമാണിമാരാണ്. ഇവർക്കു കച്ചവടപ്പീടികകൾ പണിയുന്നതിന് അവകാശം നൽകുന്നതാണ് ശാസനത്തിന്റെ ഉള്ളടക്കം.

### 2.6.5. ശാസനങ്ങളിൽ പ്രതിഫലിക്കുന്ന മാർത്തോമ്മാ ക്രൈസ്തവസംസ്കാരം

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹ്യരാഷ്ട്രീയ ജീവിതത്തിലേക്കു വെളിച്ചം വീശുന്ന രേഖകളാണ് മുകളിൽ ഉദ്ധരിച്ച ശാസനങ്ങൾ എല്ലാം. ക്രൈസ്തവ സംസ്ക്കാരത്തിന്റെ മുഖങ്ങൾ അവയിൽ പ്രതിഫലിക്കുന്നു. അന്തസ്, ആഭിജാത്യം, കുലമഹിമ എന്നിവയിലും സ്വന്തമായ വ്യക്തിത്വത്തിലും അടിപതറാതെ നിലയുറപ്പിച്ചവരായിരുന്നു ക്രൈസ്തവർ. കേരളീയതയുടെ അടിസ്ഥാനഭാവങ്ങളുമായി അവർ സാത്മ്യപ്പെട്ടു. അല്ലാതെ അവക്കെതിർ നിൽക്കുന്ന നിഷേധാത്മകശക്തികളായി ക്രിസ്ത്യാനികൾ മാറിയിരുന്നില്ല.

ശാസനങ്ങളിൽ പരാമർശിക്കപ്പെടുന്ന ക്രൈസ്തവർ പ്രധാനതൊഴിലായി കച്ചവടത്തെ സ്വീകരിച്ചിരുന്നു. വ്യാജത്തിനു ഏറെ പഴുതുള്ള വ്യാപാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധത ദീക്ഷിച്ചതുകൊ് അവർക്കു ഭരണാധികാരികളുടെയും ന്യായവിശാരദന്മാരുടെയും പ്രശംസ

ആർജിക്കാൻ കഴിഞ്ഞു. കേരള വാണിജ്യത്തിന്റെ സിരാകേന്ദ്രമായിരുന്നു ക്രൈസ്തവരുടെ മണിഗ്രാമം. ശാസനകാലങ്ങളിൽ ക്രൈസ്തവർ സാമ്പത്തികമായി നല്ല അടിയുറപ്പുള്ള ജനവി ഭാഗമായിരുന്നു. കഠിനാദ്ധ്വാനത്തിലൂടെ, നെറ്റിയിലെ വിയർപ്പിൽനിന്ന് അമൂല്യരത്നങ്ങൾ വിള യിച്ചെടുത്ത ക്രിസ്ത്യാനികളെ ഔപചാരികമായി അംഗീകരിക്കുന്നത്, ഭരണപരമായ നില നിൽപ്പിന് ഈടുനൽകും എന്ന് കേരളത്തിലെ അന്നത്തെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും അറിയാമായിരുന്നു[60].

## 2.7. സാമൂഹ്യജീവിതം

കേരളീയ സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു ക്രൈസ്തവർ. സമൂഹ ത്തിൽ അവർക്കു മാന്യസ്ഥാനം ഉായിരുന്നു. 'പോർച്ചുഗീസുകാരുടെ കാലംവരെ ക്രിസ്തു ദേവന്റെ ഉപദേശങ്ങളിൽ പൂർണവിശ്വാസം തോന്നി ക്രിസ്തുമതത്തിൽ ചേരണമെന്ന് ആഗ്ര ഹിക്കുന്ന ഉയർന്ന വർഗക്കാരെ മാത്രം അതിന് അനുവദിച്ചിരുന്നതുകൊും കച്ചവടത്തിലും മറ്റും ഉയർന്ന മാനദണ്ഡങ്ങൾ പുലർത്തിയിരുന്നതുകൊും, ഇവിടുത്തെ സാമുദായിക സ്ഥിതി കൾ അതേ രീതിയിൽ പാലിച്ചിരുന്നതുകൊും ക്രിസ്ത്യാനികളെ ഉത്കൃഷ്ടരായ ഹിന്ദുക്കൾക്കു തുല്യം മാനിച്ചിരുന്നു.[62] കേരളീയ ജീവിതരീതി അടിസ്ഥാനപ്പെടുത്തി സ്വന്തമായ ആചാരരീതി കളും ശിക്ഷണരീതികളുമാണ് അവർക്കുായിരുന്നത്. കേരളീയർക്കു സുപരിചിതമായ ഹൈന്ദ വജീവിതരീതിയെ നവീകരിച്ചും ക്രൈസ്തവീകരിച്ചും അവർ അതിനെ സമ്പന്നമാക്കി ത്തീർത്തു[63]. വേഷത്തിലും ഭാഷയിലും അവർ ഇതരമതസ്ഥരിൽനിന്നു വ്യത്യസ്തരായിരുന്നി ല്ല. ഇരവികർത്തൻ, ഇരവിചാത്തൻ, ഇരവിവടുകൻ തുടങ്ങിയവ പ്രമാണികളുടെ പേരുകളായി രുന്നു[64]. തനി കേരളീയമായ പല ആചാരങ്ങളും അവർക്കുായിരുന്നു. സവർണഹിന്ദുക്ക ളെപോലെ തീലും തൊടീലും ക്രൈസ്തവരും പാലിച്ചിരുന്നുവെന്ന് ഉദയംപേരൂർ സൂനഹ ദോസിന്റെ കാനോനകൾ സാക്ഷ്യപ്പെടുത്തുന്നു.

### 2.7.1. സൈനികസേവനം

ക്രൈസ്തവരുടെ രാജ്യസേവനത്തിന്റെ മറ്റൊരു മുഖം സൈനികവൃത്തിയാണ്[65]. രാജാ വിന്റെ ശക്തിയും പ്രതാപവും സൈന്യബഹുത്വത്തെ ആശ്രയിച്ചിരിക്കുന്നു. ആയുധാഭ്യാസം നേടിയിരുന്ന ക്രൈസ്തവ യോദ്ധാക്കളുടെ സഹായം രാജാവിനു ലഭിച്ചിരുന്നു. രാജ്യത്തിനും രാജാവിനുംവേി പടപൊരുതുന്നത് അവരുടെ കടമയായി കരുതിയിരുന്നു. യുദ്ധകാലത്ത് രാജാക്കന്മാർ, ദേശവാസികളായ ഇടപ്രഭുക്കന്മാരോടെന്നപോലെ നസ്രാണിജാതിത്തലവന്മാരായ മെത്രാപ്പോലീത്താമാരോടും സൈന്യസഹായം ആവശ്യപ്പെട്ടിരുന്നു. അവർ ഇടവക വികാരി മാരിലൂടെ, ശേഖരിക്കാവുന്നിടത്തോളം സൈനികരെ, പടത്താവളങ്ങളിലേക്കു അയയ്ക്കുകയും ചെയ്തിരുന്നു[66].

പെരുമ്പടപ്പ് രാജാവിന് അമ്പതിനായിരം ക്രൈസ്തവഭടന്മാരുായിരുന്നു. ചെമ്പകശ്ശേരി രാജാവ് ക്രൈസ്തവ ഭടന്മാർക്കുവേി സ്ഥാപിച്ചതാണ്, പുറക്കാട്ടുപള്ളി. അതിന്റെ പിന്നിൽ ഒരൈതിഹ്യമു്. യുദ്ധസമയത്തു നസ്രാണിസൈനികർ ഉപയോഗിച്ചിരുന്ന പടക്കൊടിയിലെ കുരിശടയാളം രാജാവ് കാണുവാനിടയായി. കുരിശിന്റെ ശക്തിയാൽ യുദ്ധം ജയിക്കുകയാ ണെങ്കിൽ, കുരിശിന്റെ നാമത്തിൽ ഒരു ദേവാലയം പണിതുകൊടുക്കാമെന്നു രാജാവ് വാഗ്ദാനം ചെയ്തു. അങ്ങനെ യുദ്ധത്തിൽ വിജയിച്ചപ്പോൾ, രാജാവ്, 1607-ൽ പുറക്കാട്ടുപള്ളി പണിതു കൊടുത്തുവത്രേ[67].

ക്രൈസ്തവസൈനികരുടെ ആയുധങ്ങളെക്കുറിച്ചു പ്രാചീനരേഖകളിൽ പരാമർശമുണ്ട്. ആയുധം ധരിക്കുന്നതിൽ, അവർ ഇതര സൈനികരിൽനിന്നു വ്യത്യസ്തത പാലിച്ചിരുന്നു. പതിമൂന്നാം ശതകത്തിൽ നസ്രാണികൾ വളഞ്ഞവാളും, നായന്മാർ നീവാളും ഉപയോഗിച്ചിരുന്നതായി, ഒരു പോർട്ടുഗീസ് ഗ്രന്ഥകർത്രി രേഖപ്പെടുത്തിയിട്ടുണ്ട്. വാളും പരിചയും സ്ഥാന ചിഹ്നങ്ങളായി അവർ അണിഞ്ഞിരുന്നു.

ജനങ്ങൾ മാത്രമല്ല, വൈദികരും യുദ്ധവൃത്തിയിൽ ഏർപ്പെട്ടിരുന്നു. രാജ്യരക്ഷയ്ക്കു ധാർമ്മിക പിൻതുണ നൽകുന്നതോടൊപ്പം അടിയന്തരഘട്ടത്തിൽ യുദ്ധക്കളത്തിൽ ഇറങ്ങുന്നതിനും അവർ മടിച്ചില്ല. പ്രധാന ഹൈന്ദവക്ഷേത്രങ്ങളിലെന്നപോലെ, പള്ളികളിലും വൈദിക യോദ്ധാക്കളുടെ മേൽനോട്ടത്തിൽ ആയുധവാഹകരായ ഭടന്മാർ കാവലുണ്ടായിരുന്നു. സഭാനേതൃത്വം വഹിച്ചിരുന്ന അർക്കദിയാക്കോന്മാരും മെത്രാപ്പോലീത്താമാരും സുറിയാനി സമുദായത്തിന്റെ പുരോഹിതരാജാക്കന്മാരായിരുന്നു. ആദ്ധ്യാത്മിക നേതൃത്വത്തോടൊപ്പം സാമുദായിക നേതൃത്വവുമുണ്ടായിരുന്ന അവരുടെ നിലയും വിലയും സ്വാധീനശക്തിയും മനസ്സിലാക്കി, രാജകീയപദവികളോടെ, അംഗരക്ഷകസൈന്യത്തെ പരിരക്ഷിക്കുന്നതിനും അനുവദിച്ചിരുന്നു.

### 2.7.2. നസ്രാണിപ്പണിക്കരന്മാർ

ആയുധ വിദ്യാദ്ധ്യാപകത്വത്തെ സൂചിപ്പിക്കുന്ന സ്ഥാനപ്പേരാണ്, പണിക്കർ. കുടുംബപാരമ്പര്യമായിത്തന്നെ സ്ഥാനപ്പേര് സ്വീകരിച്ചിരുന്നു. കാലംതോറും കച്ചകെട്ടിക്കുക, ആയുധവിദ്യ പരിശീലിപ്പിക്കുക, പയറ്റിപ്പരിചയിച്ചവരെ യഥാകാലം ചവിട്ടിത്തിരുമ്മുക, യുദ്ധമുണ്ടാകുമ്പോൾ നാടുവാഴിയുടെ കൽപനയ്ക്കു സൈന്യത്തെ ചേർത്തു രണാങ്കണത്തിലേക്കു നയിക്കുക, പടപൊരുതുക - എന്നിവയായിരുന്നു അവരുടെ പ്രധാന ചുമതലകൾ. മൂവാറ്റുപുഴ വള്ളിക്കടയും കാരക്കുന്നവും നസ്രാണിപ്പണിക്കരന്മാരുടെ കൂട്ടത്തിൽ പ്രശസ്ത കുടുംബങ്ങളായിരുന്നു[(68)]. നസ്രാണിപ്പണിക്കരന്മാരിൽ പലർക്കും സമീപ ഹിന്ദുക്ഷേത്രങ്ങളിൽ അധികാരാവകാശങ്ങളും നൽകപ്പെട്ടിരുന്നു. ക്ഷേത്രസംബന്ധമായ ആലോചനകളിലും മറ്റും അവർക്കു പ്രധാന സ്ഥാനമുണ്ടായിരുന്നു[(69)].

### 2.7.3. ഓണപ്പടയും ശർക്കരത്തട്ട വയ്ക്കലും

പ്രാചീനകാലത്തു വീരപരാക്രമങ്ങൾ നിലനിർത്തുന്നതിനുവേണ്ടി, രണ്ടുമൂന്നു വർഷം കൂടുമ്പോൾ, തിരുവോണത്തോടനുബന്ധിച്ചു രാജാക്കന്മാരുടെ മേൽനോട്ടത്തിൽ, മത്സരയുദ്ധങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം പ്രദർശനമത്സരങ്ങൾക്കാണ്, 'ഓണപ്പട' എന്നു പറയുന്നത്. അതതു സ്ഥലത്തെ പ്രധാനക്ഷേത്രസങ്കേതത്തോടു സമീപിച്ചുള്ള വിശാലമായ സമതലപ്രദേശങ്ങളിലാണ്, പടക്കളികൾ നടത്തിയിരുന്നത്. യുദ്ധപൗരുഷം നിലനിർത്തുന്നതിനുള്ള ഈ പൊതുസാമുദായിക വിനോദകലയിൽ ക്രൈസ്തവയോദ്ധാക്കളും പങ്കെടുത്തിരുന്നു[(70)].

ക്രൈസ്തവരുടെ രാജ്യസേവനപരമായ പ്രാധാന്യത്തെക്കുറിക്കുന്ന ഒരു ചടങ്ങാണ്, 'ശർക്കരത്തട്ട വയ്ക്കൽ'. പെരുമ്പടപ്പ് സ്വരൂപത്തിൽ ഭരിക്കുന്ന രാജാവ് നാടു നീങ്ങിയശേഷം, അടുത്ത രാജാവ് സ്ഥാനമേൽക്കുമ്പോൾ, സുറിയാനിക്കാർ ഏഴു പുത്തൻ കലത്തിൽ ശർക്കര നിറച്ചു വാഴയിലകൊണ്ടു കെട്ടിയടച്ചു, രാജസന്നിധിയിൽ തിരുമുൽക്കാഴ്ച വച്ചിരുന്നു. രാജാവ് പള്ളി

ക്കാര്യങ്ങളെപ്പറ്റിയും മറ്റും അന്വേഷണം നടത്തിയശേഷം, 'ഇരുപത്തിയൊന്നരയും കോപ്പും' കൊടുത്ത് അവരെ ബഹുമാനിച്ചയയ്ക്കുന്നു.

### 2.8. മാർത്തോമ്മാ ക്രൈസ്തവരുടെ മതജീവിതം

കേരളക്രൈസ്തവരുടെ മതജീവിതം, ഇതര ക്രൈസ്തവസമൂഹങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. തനതായ മതാത്മകത കരുപ്പിടിപ്പിക്കുന്നതിന് അവർക്കു കഴിഞ്ഞു. പടിഞ്ഞാറൻ രാജ്യങ്ങളുമായി, ഭൂമിശാസ്ത്രപരമായി അകന്നു കഴിഞ്ഞിരുന്നതുകൊ് വ്യക്തിത്വം പരിരക്ഷിക്കുന്നതിന് കഴിഞ്ഞിട്ട്. മലങ്കരനസ്രാണികളുടെ മതജീവിതം പള്ളികളുമായി ബന്ധപ്പെട്ടിരിക്കുന്നു. പള്ളിവക വസ്തുക്കൾക്കു കരം ഉായിരുന്നില്ല[71]. വൈദികക്ഷേത്രങ്ങൾക്കുള്ള പ്രത്യേക അവകാശം ആയിരുന്നു അത്. പള്ളികൾക്കു കൊടുത്തിരുന്ന വസ്തുക്കൾക്കു 'പള്ളിപ്പുറ'മെന്നും 'പള്ളിച്ചന്ത' എന്നും പറഞ്ഞുവന്നു. അക്കാലത്ത് പള്ളികൾ പണിയപ്പെട്ടിരുന്നത് സാധാരണമായി ക്ഷേത്രങ്ങളുടെ മാതൃകയിലാണ്[72]. ദേവാലയത്തിനുമുമ്പിലും മേൽക്കൂരയിലും സ്ഥാപിച്ചിരുന്ന കുരിശുകളാണ്, അവയെ ക്ഷേത്രങ്ങളിൽനിന്നു വ്യത്യസ്തമാക്കിയിരുന്നത്. പ്രധാന പള്ളികളുടെ മുറ്റത്ത് കൊടിമരം ഉായിരുന്നു. ദേവാലയങ്ങളുടെ വാതിൽക്കൽ പടിപ്പുരകൾ ഉായിരുന്നു. അവിടെയാണ് പുരുഷന്മാരുടെ ആയുധങ്ങൾ സൂക്ഷിച്ചിരുന്നത്. പള്ളിയിൽ കുരിശല്ലാതെ യാതൊരു രൂപമോ പ്രതിമയോ ഉായിരുന്നില്ല[73].

#### 2.8.1. ഭരണസംവിധാനം – ആർച്ചുഡീക്കന്മാർ

പേർഷ്യൻസഭയുമായും അതുവഴി നെസ്തോറിയൻ ബിഷപ്പുമാരുമായും വൈദികബന്ധം പുലർത്തിയിരുന്നുവെങ്കിലും മാർത്തോമ്മാക്രിസ്ത്യാനികൾ അതൊരു പാരതന്ത്ര്യമായി കരുതിയിരുന്നില്ല. യഥാർത്ഥത്തിൽ ഭരണച്ചുമതല ഏതുദ്ദേശീയരായ അർക്കദിയാക്കോൻമാർക്കായിരുന്നു. എട്ടാം നൂറ്റാുമുതൽ മെത്രാപ്പോലീത്താസ്ഥാനം നിലവിലിരുന്നതായി തെളിവു്. മെത്രാപ്പോലീത്തായ്ക്ക് കൽദായ പാത്രിയർക്കീസിൽനിന്നും അംഗീകാരം കിട്ടിയിരുന്നു. 'അഖിലേന്ത്യായുടെ മെത്രാപ്പോലീത്തായും കവാടവും' എന്നായിരുന്നു ഔദ്യോഗികനാമം. പൗരസ്ത്യരുടെ ഇടയിൽ 'കവാടം' എന്നത് ശ്രേഷ്ഠാധികാരത്തെ സൂചിപ്പിക്കുന്നു[74].

അർക്കദിയാക്കോൻ അഥവാ ആർച്ചുഡീക്കൻ എന്ന പദത്തിനു 'മുഖ്യശുശ്രൂഷകൻ' (അജപാലനകാര്യങ്ങളിൽ സഹായിച്ചിരുന്നവരിൽ പ്രധാനി) എന്നാണർത്ഥം. 'ജാതിക്കു കർത്തവ്യനും' ഭരണകർത്താവുമായിരുന്നു ആർച്ചുഡീക്കൻ. സെലൂഷ്യയിൽനിന്നു വന്ന താപസരായിരുന്ന മെത്രാന്മാർ ആദ്ധ്യാത്മിക കാര്യങ്ങളിലാണ് സദാ ശ്രദ്ധപതിപ്പിച്ചിരുന്നത്. ഇവിടുത്തെ സഭയുടെ യഥാർത്ഥനേതാക്കൾ ആർച്ചുഡീക്കന്മാരായിരുന്നു. വൈദികവും അവൈദികവുമായ കാര്യങ്ങളിൽ ഇവർക്ക് അസാമാന്യമായ സ്വാധീനം ഉായിരുന്നു. സഭയിൽ മെത്രാൻ കഴിഞ്ഞാൽ ഒന്നാമത്തെ സ്ഥാനം ആർച്ചുഡീക്കനാണ്.' സഭയിലെ എല്ലാവിഭാഗത്തിലും പെട്ട ആളുകൾ അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചിരുന്നു. പൊതുപ്രാധാന്യമുള്ള തർക്കങ്ങൾ ഉന്നതതലത്തിൽ ആർച്ചുഡീക്കനാണ് തീരുമാനിക്കുന്നത്. പള്ളിയോഗത്തിന്റെ പരിധിയിൽപ്പെടാത്ത സഭാകാര്യങ്ങളെല്ലാം ആർച്ചുഡീക്കൻവഴിയാണ് കൈകാര്യം ചെയ്യപ്പെടേത്. മെത്രാൻ ധിക്കരിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്യാതിരിക്കാനും ഭരണപരമായ കാര്യങ്ങളിൽ ഇടപെട്ട് ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെടാതിരിക്കാനും പ്രാർത്ഥിക്കാനും പഠിക്കാനും വളരെ സഹായകമായിരുന്നു ഈ നടപടി. ആരാധനാസമ്മേളനങ്ങളിൽ ആർച്ചുഡീക്കന് പ്രത്യേക സ്ഥാന

മുായിരുന്നു. സഭയിലെ എല്ലാ വിഭാഗത്തിലുംപെട്ട ആളുകളുടെ മേലും – വൈദികർ, വൈദി കവിദ്യാർത്ഥികൾ, സന്ന്യാസികൾ, അൽമായർ – ആർച്ചുഡീക്കന് അധികാരം ഉായിരുന്നു. അവിവാഹിതരായ വൈദികരെ മാത്രമേ ഈ സ്ഥാനത്തേക്കു നിയമിച്ചിരുന്നുള്ളൂ. പകലോമറ്റം കുടുംബത്തിൽപെട്ടവരുമായിരുന്നു അവർ.

ഒരു പ്രതിഷ്ഠാകർമ്മം വഴിയാണ് ആർച്ചുഡീക്കനെ ആ സ്ഥാനത്തേക്ക് ഉയർത്തിയിരുന്നത്. ഈ സ്ഥാനം മാറ്റപ്പെടാൻ പാടില്ലാത്തതും ജീവിതകാലം മുഴുവനുമുള്ളതുമാണ്. എന്നാൽ പതിനാറാം നൂറ്റാിനുശേഷം ലത്തീൻ ഭരണരീതി കടന്നുകൂടിയതിന്റെ ഫലമായി ആർച്ചു ഡീക്കൻ സ്ഥാനത്തിന് അതിന്റെ ഉന്നതമായ പദവി നഷ്ടപ്പെട്ടു. കോതമംഗലത്തെ പോത്താനിക്കാട് കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു രേഖയിൽ ആർച്ചുഡീക്കനെ 'ജാതിക്കു കർത്തവ്യൻ' എന്നു വിളിക്കുന്നു. ജാതിയുടെ നാഥൻ, ഉത്തരവാദിത്വമുള്ള വ്യക്തി എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. കൽദായ പാത്രിയാർക്കീസായിരുന്ന മാർ തീമോത്തിയോസ് (780–826) അർക്കദിയാക്കോനയച്ച കത്തിൽ, 'ഭാരതത്തിലെ വിശ്വാസികളുടെ തലവൻ' എന്നാണ് അദ്ദേഹത്തെ അഭിസംബോധന ചെയ്തിരിക്കുന്നത്. സഭാഭരണത്തിൽ മുഖ്യപങ്കു ആർച്ചുഡീക്കനുതന്നെയായിരുന്നു. ക്രൈസ്തവസമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ സമസ്ത വിഷയങ്ങളുടെയും ചുമതല വഹിച്ചിരുന്ന അർക്കദിയാക്കോൻ, കിരീടമില്ലാത്ത രാജാവുതന്നെയായിരുന്നു[(75)].

### 2.8.2. വൈദികർ

വൈദികരെ ആദരപൂർവം 'അച്ചൻ' എന്നാണ് സംബോധന ചെയ്തിരുന്നത്. വൈദികൻ, 'കത്തനാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. റവ. ഡോ. ഏ.എം. മുാടന്റെ നിഗമനത്തിൽ, 'കത്തനാർ' അഥവാ 'കസ്സനാർ' കശ്ശീശാ, (Qasisa) എന്ന സുറിയാനി വാക്കിന്റെ മലയാള രൂപമാണ്[(76)]. അവർ അഭിഷിക്തരാവുന്നത് ഇടവകകൾക്കുവേിയാണ്. അതുകൊുതന്നെ 'ദേശത്തുപട്ടക്കാർ' എന്നും അറിയപ്പെട്ടിരുന്നു. ഇടവകാംഗങ്ങളുടെ ആത്മീയവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും ഇടവക പട്ടക്കാരന് പ്രാമുഖ്യമുായിരുന്നു. നീ അയഞ്ഞ കാൽശരായിയും, വീതിയുള്ള കൈകളും നാവിക്കോളറുമുള്ള നീ അയഞ്ഞ അങ്കിയും, കമ്മീസും, ആയിരുന്നു വൈദികരുടെ വേഷം; എല്ലാം വെള്ളനിറത്തിൽതന്നെ. വിശുദ്ധ കൂദാശകൾക്കുവേി, ചിത്രത്തയ്യലോടുകൂടിയ, വിലയേറിയ കുപ്പായം വൈദികർ ധരിച്ചിരുന്നു. പൊതുവെ വിവാഹിതരായിരുന്നു; ആശ്രമജീവിതം നയിച്ചവരും ഉായിരുന്നു. 'മല്പാന്മാർ' എന്നുവിളിക്കപ്പെടുന്ന പണ്ഡിത വൈദികരാണ് വൈദികാർത്ഥികളെ വേദഗ്രന്ഥവും ആരാധനയും അഭ്യസിപ്പിച്ചിരുന്നത്; അഭ്യസനം ഗുരുകുല സമ്പ്രദായമനുസരിച്ചും.

### 2.8.3. ഇടവകയോഗം

ഇടവകയിലെ വൈദികരുടെയും, കുടുംബങ്ങളിലെ പ്രായപൂർത്തിയായവരുടെയും കൂട്ടമാണ്, ഇടവകയോഗം. ഇടവകയോഗത്തിന്റെ അദ്ധ്യക്ഷൻ, ഇടവക വികാരിയായിരുന്നു. തനികേരളീയമായ ഒരു സമ്പ്രദായമാണിത്. പ്രാചീനകേരളത്തിൽ 'നാട്ടുക്കൂട്ടങ്ങളും' 'തറക്കൂട്ടങ്ങളും' നിലവിലിരുന്നു. സംഘകാലത്ത് കേരളത്തിൽ, 'മന്റം' എന്നറിയപ്പെടുന്ന സമിതികളുമുായിരുന്നു. ഓരോ ഗ്രാമത്തിനുമുായിരുന്നു അതിന്റേതായ 'മൻറം'. ഗ്രാമത്തിലെ ആലിൻചുവട്ടിലോ, മറ്റോ അത് സമ്മേളിക്കുന്നു. ഗ്രാമവൃദ്ധന്മാരുടെ ഈ സമിതി ഗ്രാമീണർക്കിടയിലെ തർക്ക

ങ്ങളും വഴക്കുകളും പറഞ്ഞു തീർത്തിരുന്നു[77]. 'ഇടവകയോഗ'ങ്ങളും ഏതാ് ഇതേ മാതൃകയിൽ തന്നെയായിരുന്നുവെന്നു പറയാം. 'ഇടവകയോഗ'ത്തിനു വിപുലമായ അധികാരമുായിരുന്നു. പരസ്യപാപികളെ ശിക്ഷിക്കുന്നതിനുപോലും അധികാരമു്. ഇടവകാതിർത്തിയിലുള്ള എല്ലാ പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനമെടുത്തിരുന്നു ഇത്തരം 'ക്രിസ്ത്യൻ റിപ്പബ്ലിക്കുകൾ'. ഇടവകവക സ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്നത്, വികാരിയും, ഇടവകയോഗം തിരഞ്ഞെടുക്കുന്ന 'പ്രവർത്തിക്കാരും', ചേർന്നായിരുന്നു. 'പാലയൂർ പട്ടയങ്ങൾ' ഈ വസ്തുത വ്യക്തമാക്കുന്നു്:

'കൊല്ലം 781-ാമതു കുമ്പഞായറിൽ എഴുതിയ പാട്ടം നെർപാലിച ഓലക്കരണമാവത. പാലൂർ പള്ളിലെ വികാരിയും പുരോത്തിക്കാരരും കൂട കൈയ്യാൽ ആയിര്ത്ത അൻപത്ത അഞ്ചുപുത പണം, കൊാൻ കൂത്തംചെരി ഇരെവി നാരായണൻ കൊാൻ. കൊന പരിചാവതു - ഇക്കൊ പുതുകപണം 1055-നും കാരിയം തന്റെ ഇരിങ്ങപ്പുരം തേചത്ത ഇളങ്കളത്ത വടക്കെ മുറി പറമ്പും അതിനു അടുത്ത കങ്ങൾ നാല്പതിനാഴി വിത്തിനു കവും കൂടനിലപ്പാട്ടവുമുൾപ്പെട ആയിരത്ത അൻപത്ത അഞ്ചു പണത്തിനു നെർപലിച്ച കിഴിടി മാറ എഴുതികൊടുത്താൻ ഇരവിനാരാണൻ-ഇമ്മാർക്കമെ ഇച്ചൊന്ന ഇളങ്കളത്തെ വടക്കേ മുറിപ്പറമ്പും അതിനടുത്ത കം നാനാഴിവിത്തിനു കവുംക്കൂടി ആയിരത്തെ 55ത്തിനു നെർപാലിച്ച കഴിയു മാറ എഴുതിച്ചു കൊാർ പാലൂർ പള്ളിയിൽ വികാരി-പരുക്കുളങ്ങര ഇട്ടി അച്ചെനാരും പൂരോത്തിക്കാരുംകൂടി ഇപ്പടിക്കഇതറിയും - താഴ്ക്കി കോതനല്ലൂർ നമ്പൂതിരി - മാടക്കാവിൽ ചാത്തപ്പമെയോൻ കൈയെഴുത്ത[78]'.

പ്രൊഫ. സി.എൽ. ആന്റണി അഭിപ്രായപ്പെട്ടതുപോലെ, കേരളത്തിലെ സുറിയാനിപ്പള്ളികളിലെ പ്രാചീന സാമ്പത്തിക ഭരണരീതിയെക്കുറിച്ചു പ്രാമാണികമായി, നമുക്കാദ്യം ഗ്രഹിക്കാൻ കഴിയുന്നത് ഈ രേഖയിൽനിന്നാണ്. പണമിടപാടുകൾ പള്ളിയിലെ വികാരിയുടെ മാത്രമല്ല, 'പ്രവർത്തിക്കാരുടെയും', 'അറിവോടുകൂടി മാത്രമേ നടക്കാറുള്ളൂ. പട്ടയങ്ങളിൽ പോലും അക്കാര്യം രേഖപ്പെടുത്തത്തക്കവിധം, അത്രയ്ക്കു പരമ്പരാഗതവും സുദൃഢവുമായിരുന്നു. പരുക്കുളങ്ങര ഇട്ടിയച്ചനെ 'അച്ചന്മാർ' എന്നാണ്, പട്ടയമെഴുതിയ മാടക്കാവിൽ ചാത്തപ്പമേനോൻ രേഖപ്പെടുത്തിയിട്ടുള്ളത്. പള്ളിയിലെ പണമിടപാടു പട്ടയത്തിൽ, സാക്ഷി നില്ക്കുന്നത് കോതനല്ലൂർ നമ്പൂതിരിയും, ആ പട്ടയം രചിക്കുന്നത് മാടക്കാവിൽ ചാത്തപ്പമേനോനും, പള്ളിയിൽ നിന്നു കടം വാങ്ങുന്നത് കൂത്തഞ്ചേരി ഇരവിനാരായണനുമാണ്[79]. സമുദായസൗഹാർദത്തിന്റെ നേർകാഴ്ചയാണ് ഈ രേഖയിൽനിന്നും വ്യക്തമാകുന്നത്. സമീപസ്ഥരായ ഹൈന്ദവ പ്രമാണികൾക്കും ചില അധികാരാവകാശങ്ങൾ പള്ളികളിലുായിരുന്നു; അതുപോലെ മറിച്ചും.

പല ഇടവകകളിലെ പ്രതിനിധികൾ ചേർന്ന പൊതുയോഗവും അന്ന് നിലവിലിരുന്നു. ആർച്ചുഡീക്കനാണ് ഇവിടെ നിർണായകസ്ഥാനമുായിരുന്നത്. സഭയിലെ പ്രധാനസംഭവങ്ങൾക്കെല്ലാം തീരുമാനമെടുത്തിരുന്നത്, ഇത്തരം പൊതുയോഗങ്ങൾ ചേർന്നായിരുന്നു[80].

#### 2.8.4. ആരാധന

പൗരസ്ത്യസുറിയാനിയിലുള്ള ക്രമമാണ്, ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നത്. ഞായറാഴ്ച ദിനം അത്യധികം ഭക്തിപൂർവം ആചരിച്ചിരുന്നു. വിശുദ്ധ കുർബാന ശുശ്രൂഷയോട് അത്യധികം ബഹുമാനവുമുായിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവത്തെ സ്മരിക്കുന്ന വാരം

അതീവ ആദരവോടെ കൊാടിയിരുന്നു. ഈസ്റ്റർ, കേരളക്രൈസ്തവർക്കു വലിയ ഞായറാഴ്ചയാണ്. ഈസ്റ്ററിനുമുമ്പ് നാൽപത്തിയൊൻപതു ദിവസവും, ക്രിസ്തുമസിനുമുൻപ് ഇരുപത്തിനാലു ദിവസവും പ്രധാന നോമ്പായി ആചരിച്ചിരുന്നു. ആ ദിവസങ്ങളിൽ ദേവാലയങ്ങളിൽ പ്രാർത്ഥന കഴിക്കുകയും, മാംസാഹാരം വർജിക്കുകയും ചെയ്തിരുന്നു.

എല്ലാ ദിവസവും ദിവ്യബലിയർപ്പിക്കുകയെന്ന പാശ്ചാത്യസഭയിലെ മധ്യകാലഘട്ടപാരമ്പര്യം ഭാരതത്തിൽ ഇല്ലായിരുന്നു. വി. കുർബാനയോടു വലിയ ഭക്തിയാണ് ഉായിരുന്നത്. ദിവ്യബലിക്കുമുമ്പ് വൈദികർ നിശബ്ദരായി പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞിരുന്നു. പുതുതായി ചുട്ടെടുത്ത അപ്പം താമരയിലയിൽ അൾത്താരയിലേക്കു കൊുവന്നിരുന്നു. വി. കുർബാനയിൽ സമൂഹം വളരെ സജീവമായാണ് പങ്കുകൊിരുന്നത്. വേദഭാഷ എന്ന നിലയിൽ സുറിയാനി പഠിക്കുകയും അതിൽ പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നതിന് അവർക്കു വലിയ താല്പര്യമായിരുന്നു. തിരുനാളിനോടും ഉപവാസത്തോടും അനുബന്ധിച്ചു പള്ളികളിൽ പന്തിഭോജനം നടത്തിയിരുന്നു. വൈദികർ മദ്ബഹായിലും അൽമായർ പള്ളിയകത്തും ഇരുന്നാണ് ഭക്ഷിക്കുക. തിരുനാളിനോടനുബന്ധിച്ച് അമ്പലങ്ങളിലെ പ്രസാദംപോലെ ചില ഭക്ഷണസാധനങ്ങൾ വിശ്വാസികൾക്കു വിതരണം ചെയ്തിരുന്നു. ദുക്റാനത്തിരുനാൾ എല്ലാ ഇടവകകളിലും ഒരു ശ്രാദ്ധദിനമായാണ് ആചരിച്ചിരുന്നത്.

**2.8.5. മരണാനന്തര കർമ്മാനുഷ്ഠാനങ്ങൾ**

മരണവുമായി ബന്ധപ്പെട്ട ആചാരങ്ങളധികവും ശരീരവും ആത്മാവും തമ്മിലുള്ള ബന്ധത്തെയും ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള ബന്ധത്തെയും പ്രതിനിധാനം ചെയ്യുന്നു. മരണത്തിലൂടെ നിത്യസ്വസ്ഥതയിലേക്കു പ്രവേശിക്കുന്നുവെന്നാണ് വിശ്വാസം. ഒടുവിലത്തെ നാളിൽ നിത്യജീവനായി ഉയിർത്തെഴുന്നേൽപിക്കുമെന്ന പ്രത്യാശയോടുകൂടിയാണ് മൃതശരീരം സംസ്കരിക്കുന്നത്. ക്രിസ്തുവിലുള്ള പ്രത്യാശയുടെ പ്രഖ്യാപനവും വിലപിച്ചിരിക്കുന്നവരുടെ ആശ്വാസവുമാണ് മൃതശരീരസംസ്കാരത്തോടുബന്ധപ്പെട്ട ആരാധനയുടെ ലക്ഷ്യം.

മരണം സംഭവിച്ചാൽ അതു വിളിച്ചറിയിക്കുന്നതിന്റെ ഭാഗമായി, ഇടവകദേവാലയത്തിൽ ഒന്നിടവിട്ട് മണി മുഴക്കുന്നു. ശരീരം കുളിപ്പിച്ച് ശുഭ്രവസ്ത്രം ധരിപ്പിക്കുകയും/സ്ത്രീയാണെങ്കിൽ മന്ത്രകോടി പുതപ്പിക്കുകയും ചെയ്യുന്നു. ശവപ്പെട്ടിയിൽ വച്ച്, ഭവനത്തിലും തുടർന്ന് ദേവാലയത്തിലും അന്ത്യോപചാരമർപ്പിക്കുന്നതിന് പൊതുദർശനത്തിനുവയ്ക്കുന്നു. മൃതശരീരപേടകത്തിന്റെ തലയ്ക്കൽ ഒരു മരക്കുരിശു വയ്ക്കാറ്. ഭവനത്തിലെ ആരാധനക്കുശേഷം വിലാപയാത്രയായി മൃതദേഹം ദേവാലയത്തിലെ ശുശ്രൂഷകൾക്കായി കൊുപോകുന്നു. വീട്ടിൽനിന്ന് ദേവാലയത്തിലേക്കുള്ള വിലാപയാത്രയിൽ പള്ളിയിൽനിന്നു കൊുവന്ന കുരിശ്, മുത്തുക്കുടകൾ, കൊടി, നടപ്പന്തൽ തുടങ്ങിയവ അകമ്പടി സേവിക്കാറു്. പുരോഹിതന്മാർ കറുത്ത മേൽക്കുപ്പായം അണിയുന്ന പതിവും ു്. ദേവാലയത്തിന്റെ മധ്യഭാഗത്ത് കിഴക്കുമുഖമായി മൃതശരീരം വയ്ക്കുന്നു. പള്ളിയിലെ പ്രാർത്ഥന, ആരാധന എന്നിവയ്ക്കുശേഷം സെമിത്തേരിയിൽ സംസ്ക്കരിക്കുന്നു. കിഴക്കുദിക്കിന് അഭിമുഖമായിട്ടാണ് മൃതശരീരം സംസ്കരിക്കുക.

മരണം നടന്ന് ഒരു വർഷം തികയുന്ന ദിവസം ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും പുരോഹിതൻ കുഴിമാടത്തിലെത്തി ധൂപം വയ്ക്കുകയും ചെയ്യുന്നു. (വിശേഷ

ദിവസങ്ങളിൽ കല്ലറയ്ക്കൽ മെഴുകുതിരി കൊളുത്തി വെയ്ക്കാറു്). തുടർന്ന് ഭവനത്തിലെത്തി പ്രാർത്ഥനയോടെ ആരാധന സമാപിക്കുന്നു. തുടർന്ന് വിരുന്നുസല്ക്കാരവും നടക്കുന്നു. പരേതന്റെ കുടുംബാംഗങ്ങളും ബന്ധുക്കളും സ്നേഹിതരുമാണ് മരണാനന്തര ശുശ്രൂഷകളിൽ പങ്കുകൊള്ളുക. മാമ്മോദീസാ (സ്നാപനം) സ്വീകരിക്കാത്തവർക്കും മുടക്കപ്പെട്ടവർക്കും യഥാവിധിയുള്ള അടക്കാരാധന നൽകാറില്ല.

### 2.8.5.A. പുല, ശ്രാദ്ധം

ഉയർന്നജാതി ഹിന്ദുക്കളെപ്പോലെ മരിച്ചവരുടെ ഓർമ്മക്കായി മാർത്തോമ്മാക്രിസ്ത്യാനികളും പുലയും ശ്രാദ്ധവും ആചരിച്ചിരുന്നു. മൃതസംസ്ക്കാരം കഴിയുന്നതുവരെ പരേതന്റെ വീട്ടിൽ ഭക്ഷണം പാകം ചെയ്യുകയോ ആരെങ്കിലും ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. മൃതസംസ്കാരം കഴിഞ്ഞശേഷം അതിൽ സംബന്ധിച്ചവർക്ക് പരേതന്റെ വീട്ടിൽ ഒരു സദ്യ കൊടുത്തിരുന്നു. അതിൽ വൈദികനും സംബന്ധിക്കണം. ഒരു കരിക്കുവെട്ടി വൈദികൻ അതിൽനിന്ന് അല്പം കുടിച്ചിട്ട് ബാക്കി മറ്റുള്ളവർക്കു രുചിക്കാൻ കൊടുക്കും. പുല എന്നാൽ അശുദ്ധി എന്നാണർത്ഥം. ഒരാൾ മരിച്ചാൽ അയാളുടെ അടുത്തബന്ധുക്കൾ നിശ്ചിതകാലം വരെ അശുദ്ധരാക്കപ്പെടും. അതിന്റെ അവസാനം അവർ ഔദ്യോഗികമായി കുളിക്കുകയും (പുലകുളി) ബലിയർപ്പിക്കുകയും സദ്യ നടത്തുകയും ചെയ്തിരുന്നു[81]. അശുദ്ധിയുടെ കാലം ബ്രാഹ്മണർക്കു 10 ദിവസവും ക്ഷത്രിയർക്കു 12 ദിവസവും നായന്മാർക്കു 15 ദിവസവും ക്രിസ്ത്യാനികൾക്കു 11 ദിവസവും ആയിരുന്നു. ചരമവാർഷികത്തിൽ നടത്തപ്പെടുന്ന അടിയന്തിരമാണ് ശ്രാദ്ധം (ചാത്തം).

### 2.8.6. നോമ്പും ഉപവാസവും പ്രാർത്ഥനയും

നോമ്പും ഒരുനേരവും മറ്റു തപശ്ചര്യകളും മാർത്തോമ്മാ ക്രിസ്ത്യാനികൾ കർശനമായി പാലിച്ചിരുന്നു[82]. ഒരുനേരദിവസം രാവിലെ കുളിച്ചു പള്ളിയിൽപോയി ഉച്ചവരെയെങ്കിലും അവിടെ പ്രാർത്ഥനയിൽ കഴിയുകയാണ് പതിവ്. പെസഹാവ്യാഴാഴ്ച മുതൽ ഉയിർപ്പ്ശനിയാഴ്ച വരെ ക്രൈസ്തവർ കഴിയുന്നതും നിശബ്ദതപാലിച്ച് ഉപവാസത്തിലും പ്രാർത്ഥനയിലും സമയം ചെലവഴിച്ചിരുന്നു.

പെസഹാ വ്യാഴാഴ്ച യഹൂദരുടെ പെസഹാചരണത്തെ അനുസ്മരിക്കുന്ന പ്രത്യേക ചടങ്ങുായിരുന്നു. അത്താഴത്തോടനുബന്ധിച്ച് പ്രത്യേകതരത്തിലുള്ള അപ്പവും (പുളിക്കാത്ത മാവുകൊ് ആവിയിൽ പുഴുങ്ങുന്ന ഇൻറി അപ്പം) മധുരപാനീയവും (തേങ്ങാപ്പാലും ശർക്കരയും പഴവും ചേർത്ത് ഉാക്കുന്നത്) എല്ലാ കുടുംബങ്ങളിലും ഉാക്കിയിരുന്നു. കുടുംബനാഥന്റെ കാർമ്മികത്വത്തിൽ പ്രാർത്ഥനയോടെ അപ്പം മുറിക്കുകയും അതു കുടുംബാംഗങ്ങൾക്കെല്ലാം വിതരണം ചെയ്യുകയും പതിവാണ്. യേശുവിന്റെ അന്ത്യഅത്താഴത്തിന്റെ ഓർമ കുടുംബങ്ങളിൽ ആചരിക്കുന്ന ഈ കർമം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ ഇന്നും ആചരിക്കപ്പെടുന്നു. ആദ്യ നൂറ്റാിൽ തന്നെ മലബാറിൽ ഉായിരുന്ന യഹൂദക്രൈസ്തവസാന്നിദ്ധ്യത്തിന്റെ സജീവസ്മരണയാണ് ഈ ആചാരം കൈമാറുന്നത്. കുടുംബനാഥന്റെ നേതൃത്വത്തിലുള്ള പെസഹാ ആചരണം യഹൂദപാരമ്പര്യത്തിന്റെ മർമ്മപ്രധാനമായ ഘടകമാണ്. ദുഃഖവെള്ളിയാഴ്ച രാവിലെ കയ്പ്പുനീര് കുടിച്ചിരുന്നു. അന്ന് പൂർണ ഉപവാസമാണ്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രധാന നോമ്പുകൾ ഈസ്റ്ററിനു മുമ്പുള്ള 49 ദിവസം (50 നോയമ്പ്), ക്രിസ്മസിനുള്ള 24 ദിവസം (25 നോയമ്പ്), അമ്പതുനോയമ്പിനു രാഴ്ചയ്ക്കു മുമ്പുള്ള 3 ദിവസം (3 നോയമ്പ്), സ്വർഗാരോഹണത്തിനുമുമ്പുള്ള 14 ദിവസം (പതിനഞ്ചു നോയമ്പ്), ക്രിസ്തുമസിനെ തുടർന്നുള്ള 12 വെള്ളിയാഴ്ചകൾ, മറുരൂപപ്പെരുന്നാളിന്റെ തലേ ദിവസം എന്നിവയായിരുന്നു. ബുധൻ, വെള്ളി ദിവസങ്ങളിൽ മത്സ്യ മാംസാദികളും ക്ഷീരോല്പന്നങ്ങളും വർജ്യമായിരുന്നു. ഉപവാസദിവസങ്ങളിൽ ദാമ്പത്യസംയോഗവും വെറ്റിലമുറുക്കും വർജിക്കേിയിരുന്നു. കേരള ക്രൈസ്തവർക്കു സന്ന്യാസജീവിതം അജ്ഞാതമല്ലായിരുന്നു. അങ്കമാലി, ഇടപ്പള്ളി മൈലക്കൊമ്പ് മുതലായ സ്ഥലങ്ങളിൽ സന്ന്യാസഭവനങ്ങൾ ഉായിരുന്നു.

### 2.8.7. ദൈവാലയ സംവിധാനം

മാർത്തോമ്മാക്രിസ്ത്യാനികളുടെ പള്ളികൾ ബാഹ്യമായി ഹൈന്ദവക്ഷേത്രങ്ങളെപ്പോലെ ആയിരുന്നു. അവർ തങ്ങളുടെ നസ്രാണി പൈതൃകത്തിന്റെ തനിമയാർന്ന 'മാർത്തോമ്മാ സ്ലീവ' ബഹുമാനാദരങ്ങളോടെ വണങ്ങിയിരുന്നു. ഉത്ഥിതനായ മിശിഹായുടെയും പരിശുദ്ധാത്മാവിന്റെയും സാന്നിദ്ധ്യം ഇതിൽ പ്രതീകാത്മകമായി അവർക്ക് അനുഭവവേദ്യമായിരുന്നു. 16–ാം നൂറ്റാിൽ മലബാറിൽ വന്ന പോർച്ചുഗീസുകാർ ഇതേപ്പറ്റി പ്രത്യേകം രേഖപ്പെടുത്തിയിട്ടു്[83]. ദൈവാലയത്തിന്റെ മദ്ധ്യം മുതൽ മുന്നോട്ടുള്ള ഭാഗം പുരുഷന്മാരും പിന്നിലുള്ള ഭാഗം സ്ത്രീകളും ഉപയോഗിച്ചിരുന്നു. ദൈവാലയങ്ങളുടെ വാതിൽക്കലുള്ള നടപ്പുര മതകർമ്മങ്ങളുടെ സമയത്ത് പുരുഷന്മാരുടെ ആയുധങ്ങൾ സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നു. ദൈവാലയത്തിന്റ അകം ദീർഘചതുരാകൃതിയിലുള്ള ഒരു ശാലയാണ്[84]. അത് മദ്ബഹാ, കെസ്ത്രോമ, ഹൈക്കല എന്നു മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ നിൽക്കുന്നത് ഹൈക്കലയിലാണ്. കെസ്ത്രോമ ഗായകസംഘത്തിനും കുർബാനക്കു സഹായിക്കുന്നവർക്കുമുള്ള സ്ഥലമാണ്. മദ്ബഹായിൽ ബലിപീഠം സ്ഥിതിചെയ്യുന്നു. കെസ്ത്രോമയെക്കാൾ അല്പം കൂടി ഉയർന്നാണു മദ്ബഹാ. മദ്ബഹാ സ്വർഗത്തെ സൂചിപ്പിക്കുന്നു; ഹൈക്കലാ ഭൂമിയെയും. മദ്ബഹായുടെ മേൽക്കൂര ഹൈക്കലായുടേതിനെക്കാൾ ഉയർന്നിരിക്കും[85].

മദ്ബഹായുടെ മുമ്പിൽ വിരി ഇട്ട് വിശുദ്ധസ്ഥലമായി വേർതിരിച്ചിരുന്നു. വൈദികനും സഹായികൾക്കും മാത്രമേ ഇവിടെ പ്രവേശനം ഉായിരുന്നുള്ളു. ക്രിസ്മസിനും ഈസ്റ്ററിനും പള്ളിയകത്ത് എടനമരത്തിന്റെ സുഗന്ധപത്രങ്ങൾ വിതറുക പതിവാണ്. പള്ളിയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക പ്രവേശനകവാടങ്ങളും സ്ഥാനങ്ങളും ഉായിരുന്നു. പള്ളിയിലെ പ്രദക്ഷിണങ്ങൾ ഹിന്ദുക്ഷേത്രങ്ങളിലേതുപോലെ ആയിരുന്നു. അവ തമ്മിൽ വേർതിരിച്ചറിയാൻ മാർഗം ക്രിസ്തീയ പ്രദക്ഷിണങ്ങളിൽ വഹിച്ചിരുന്ന സ്ലീവായാണ്. പ്രത്യേകം അലങ്കരിച്ച വേദപുസ്തകം എല്ലാ ദൈവാലയങ്ങളിലും സൂക്ഷിച്ചിരുന്നു.

### 2.8.8. കുടുംബങ്ങളിലെ ആചാരങ്ങൾ

ശിശു ജനിച്ചാലുടനെ തേനിലോ നെയ്യിലോ പൊന്നുരച്ച് കൊടുത്തിരുന്നു. വേദപുസ്തകത്തിലെ പേരുകളാണ് പൊതുവെ കൊടുത്തിരുന്നത്. പൂർവികരുടെ പേരുകൾ നൽകി അവരുടെ ഓർമ നിലനിർത്തുക ഇപ്പോഴും ഒരാചാരമാണ്. പതിനൊന്നുമാസം പ്രായമാകുമ്പോൾ ആഘോഷപൂർവം ശിശുവിന്റെ 'ചോറൂണ്' നടത്തിയിരുന്നു. അക്ഷരമാല പഠിക്കുവാൻ തുട

ങ്ങുന്നത് ഒന്നാമത്തെ അക്ഷരം അരിയിൽ എഴുതിക്കൊണ്ടാണ്. ഇവയിൽ പലതും യഹൂദരുടെയും സമൂഹത്തിലെ ഉന്നതജാതികളായ ബ്രാഹ്മണരുടെയും പ്രത്യേകതകളായിരുന്നു. മുതിർന്ന ആൺകുട്ടികളും പെൺകുട്ടികളും പുറമേ ഒന്നിച്ചു നടക്കുകയോ പരസ്പരം സംസാരിക്കുകയോ ചെയ്തിരുന്നില്ല.

കുടുംബത്തിലെ പരമാധികാരി പിതാവാണ്. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചിരുന്നു ഭക്ഷിക്കുമായിരുന്നില്ല. ഭക്ഷണസമയത്തു ഭാര്യ ഭർത്താവിനു വിളമ്പിക്കൊടുക്കും[86]. ഭാര്യമാർ ഭർത്താക്കന്മാരെ പേരുചൊല്ലിവിളിച്ചിരുന്നില്ല. കുടുംബപാരമ്പര്യം നിലനിർത്താൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ പെൺമക്കളെ സ്വത്തുക്കൾക്കവകാശികളാക്കിയിരുന്നില്ല. പെൺകുട്ടികൾ ജനിച്ചാൽമുതൽ ഭാവിയിൽ അവരുടെ വിവാഹാവസരത്തിൽ കൊടുക്കേ വിഹിതത്തെപ്പറ്റി ചിന്തിക്കുകയും പണവും സ്വർണവുമായി വരന് കൊടുക്കുവാൻ അവ സ്വരൂപിക്കുകയും ചെയ്തിരുന്നു. മിതവ്യയം ശീലിക്കുന്നതിനും കുടുംബസ്വത്ത് ഛിന്നഭിന്നമാകാതിരിക്കാനും ഈ നസ്രാണി പാരമ്പര്യം സഹായിച്ചു. മാത്രമല്ല പുതിയ കുടുംബജീവിതം ആരംഭിക്കുവാൻ സാമ്പത്തികസഹായം വരന് കൂടുതൽ സഹായകവുമായി. ആൺ മക്കളില്ലാത്തവർ തായ്വഴിയിൽ പെട്ട ഒരാണിനെ ദത്തെടുത്തിരുന്നു. മെത്രാന്റെ സാന്നിദ്ധ്യത്തിലാണ് ഈ ദത്തെടുക്കൽ. ഇപ്പോൾ, ആൺമക്കളില്ലെങ്കിൽ പെൺമക്കളെ കെട്ടിച്ചു ദത്തുനിർത്താറു്.

ആഘോഷാവസരങ്ങളിൽ ധരിക്കാൻ പ്രത്യേക അംഗവസ്ത്രം മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഉായിരുന്നു. പതിനേഴാം നൂറ്റാുവരെ പുരുഷന്മാർ ഹിന്ദുക്കളെപ്പോലെ കാതുകുത്തുകയും കർണാഭരണങ്ങൾ അണിയുകയും തലമുടി നീട്ടി വളർത്തി കുടുമ്മിയായി കെട്ടിവെക്കുകയും ചെയ്തിരുന്നു. കുടുമ്മിയിൽ ധരിച്ചിരുന്ന കുരിശ് അവർ ക്രിസ്ത്യാനികളാണ് എന്നതിന്റെ അടയാളമായിരുന്നു. എന്നാൽ നിത്യബ്രഹ്മചാരികളും മൈലാപ്പൂരെ മാർത്തോമ്മാ ശ്ലീഹായുടെ കബറിടത്തിലേക്കു തീർത്ഥയാത്ര നടത്തിയവരും മുടിവെട്ടിയിരുന്നു[87]. മാർത്തോമ്മാ ക്രിസ്ത്യൻ വനിതകളുടെ പാതിവ്രത്യം സുപ്രസിദ്ധമാണ്. കൈകളും അരക്കെട്ടും വരെ മൂടിക്കിടക്കുന്ന ചട്ടയും കണങ്കാൽവരെ എത്തുന്നതും പുറകിൽ വിശറിപോലെ ഞൊറിച്ചിലോടും കൂടിയ നീളമുള്ള മുുമാണ് (കച്ചമുറി) അവർ ധരിച്ചിരുന്നത്.

ഔദ്യോഗികമായി നിലവിലിരുന്ന ജാതിവ്യവസ്ഥ നസ്രാണികളും പാലിക്കേിവന്നു. സമൂഹത്തിലെ ശ്രേഷ്ഠജാതിയിൽപെട്ട ഹിന്ദുക്കളെപ്പോലെ താണജാതിക്കാരുടെ അടുക്കൽപോകുകയോ അവരെ സ്പർശിക്കുകയോ ചെയ്തിരുന്നില്ല[88]. താണജാതിക്കാർ അവർക്കു വഴിമാറികൊടുക്കേിയിരുന്നു. താണജാതിക്കാരുടെ സാമീപ്യമോ സ്പർശനമോമൂലം അശുദ്ധമാക്കപ്പെട്ട പദാർത്ഥങ്ങൾ ശുദ്ധീകരിക്കുന്നതിനു മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്പർശനം മതിയെന്ന് ഉയർന്നജാതി ഹിന്ദുക്കൾ കരുതിയിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുള്ള സിവിൽ കേസുകളെല്ലാം മെത്രാനോ ആർച്ചുഡീക്കനോ ഇടപെട്ടു തീർത്തിരുന്നു. ക്രിമിനൽ കേസുകൾ ഏറ്റവും ഉയർന്ന അധികാരികളാണു തീരുമാനിച്ചിരുന്നത്.

#### 2.8.9. വിവാഹാചാരങ്ങൾ

ഹൈന്ദവസമുദായത്തിലെ ഏറ്റവും ഉയർന്ന നിലയിലുായിരുന്നവർ പുലർത്തുന്ന ചില ആചാരങ്ങളാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ വിവാഹചടങ്ങുകളിൽ സ്വീകരിച്ചിരുന്നത്[89].

വിവാഹത്തിനായി വധൂവരന്മാർ പള്ളിയിൽ പോയിരുന്നത് സ്വർണ്ണകിരീടമണിഞ്ഞാണ്. വരന്റെ കഴുത്തിൽ സ്വർണകുരിശുായിരുന്നു. വധൂവരന്മാരെ ചൂടിക്കാൻ പട്ടുകുട, വഴിയിൽ വിരിക്കാൻ വെള്ളത്തുണി എന്നിവയും ഉപയോഗിച്ചിരുന്നു. ബ്രാഫ്മണരെപ്പോലെ വരൻ വധുവിന്റെ കഴുത്തിൽ താലികെട്ടിയാണ് വിവാഹം നടത്തുക. ബ്രാഫ്മണരുടെ താലിയിൽ നിന്ന് ഇതിനെ വേർതിരിച്ചിരുന്നത് 21 മണികളുള്ള അതിലെ കുരിശാണ്. ഭർത്താവ് അണിയിച്ചതാലി ഒരു കാരണവശാലും എടുത്തുമാറ്റിയിരുന്നില്ല. മരിക്കുമ്പോൾ താലി ഒന്നുകിൽ മൃതദേഹത്തോടൊപ്പം സംസ്ക്കരിക്കും അല്ലെങ്കിൽ പള്ളിയിലെ ഭണ്ഡാരത്തിൽ നിക്ഷേപിക്കും[90].

പള്ളിയിൽ നിന്നു വീട്ടിൽ വരുന്ന വധൂവരന്മാരെ നിറപറയും നിലവിളക്കും വെച്ചു സ്വീകരിക്കുന്നു. വിവാഹത്തോടനുബന്ധിച്ച് ആചാരപരമായ കുളിയും വിവാഹത്തിനുമുൻപും പിൻപും വധൂവരന്മാർക്കു മധുരം കൊടുക്കുന്ന ചടങ്ങുകളും ഉായിരുന്നു. ശൈശവവിവാഹം മാർത്തോമ്മാ ക്രിസ്ത്യാനികളിൽ മുമ്പ് സാധാരണമായിരുന്നു. ഭർത്താവിന്റെ മരണശേഷം ഒരു കൊല്ലം കഴിഞ്ഞുമാത്രമേ വിധവകൾ വീം വിവാഹം കഴിക്കുമായിരുന്നുള്ളൂ. വിവാഹമോചനം അവരുടെ ഇടയിൽ അജ്ഞാതമായിരുന്നു. (അക്കാലങ്ങളിൽ, വിധവാവിവാഹം സാദ്ധ്യമാണ് എന്നത് പുരോഗമനപരമായ കാഴ്ചപ്പാടാണ്.)

**2.8.10. ഉപസംഹാരം**

തനതായൊരു ശ്ലൈഹികപൈതൃകവും സഭാജീവിതശൈലിയും പുലർത്തിക്കൊ് പതിനാറാം നൂറ്റാിന്റെ അവസാനംവരെ 'തോമ്മായുടെ മാർഗ'മനുസരിച്ച് കഴിഞ്ഞവരാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ. റോമാ സാമ്രാജ്യത്തിനും പേർഷ്യൻ സാമ്രാജ്യത്തിനും പുറത്ത് പുരാതനമായ സാംസ്കാരികപൈതൃകം കൈമുതലായുായിരുന്ന ഭാരതമണ്ണിൽ തഴച്ചുവളർന്നതാണ് ഭാരതസഭ. തുടർച്ചയായ ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ വളർന്നുവികസിച്ചതിന്റെ നിരവധി തെളിവുകൾ കാണാം. ലഭ്യമായ രേഖകൾ ചരിത്രത്തിന്റെ ഇരുളടഞ്ഞ പാതകളിലെ വഴിവിളക്കുകളാണ്.

ആരാധനക്രമത്തിലും വേദപുസ്തകത്തിലും താപസജീവിതത്തിലും ധാർമ്മികതയിലും ആഴത്തിൽ വേരൂന്നിയ ആദ്ധ്യാത്മിക ജീവിതശൈലിയുള്ളവരായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ. അവരുടെ ശ്ലൈഹിക അടിത്തറയെ ആദരിച്ചുകൊാണ് പൗരസ്ത്യ സുറിയാനി പാത്രിയർക്കീസ് ഇടപെട്ടിരുന്നത്. ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ സാംസ്ക്കാരികമായി ഭാരതീയരും വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനക്രമപരമായി പൗരസ്ത്യരുമായിരുന്നു. പണ്ഡിതവരേണ്യനും ഭാരതസഭാചരിത്രപിതാവെന്ന സംജ്ഞക്ക് അർഹനുമായ റവ. പ്ലാസിഡ് ജെ. പൊടിപ്പാറയുടെ വാക്കുകളാണിത്.

## കുറിപ്പുകൾ

1. *ഭാരതസഭാചരിത്രം*, റവ. ഡോ. സേവ്യർ കൂടപ്പുഴ, 2018, പേജ് 145.
2. *Ibid* P. 146
3. W. Logan, *Malabar manual*, 1951, P. 202.
4. കെ.പി. പത്മനാഭമേനോൻ, *കേരളചരിത്രം*, വാല്യം 1, പേജ് 326-327.

5. തോമസ് നങ്ങച്ചിവീട്ടിൽ, *ഏഷ്യയിലെ മാർത്തോമ്മാസഭകൾ*, വാല്യം 1, 1982, P. 315.
6. *Ibid*, P. 339
7. *Ibid*, P. 340.
8. *Ibid*, P. 346. ഈ നസ്രാണി നിതക്ക് കൊച്ചിക്കാളി എന്നു പേരു ലഭിക്കാൻ കാരണം ആദ്യ നൂറ്റാുകളിൽ ക്രിസ്ത്യാനികൾ ഹൈന്ദവ ദ്രാവിഡരൂപത്തിലുള്ള പേരുകൾ സ്വീകരിച്ചതാണ്.
9. Brown L.M., *The Indian Christian of St. Thomas*, Cambridge, 1956, P. 48-49.
10. തോമ്മാപർവത്തിന്റെ പൂർണരൂപം ബർണാദ് നൽകുന്നു്. *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, വാല്യം 1, പേജ് 66–79.
11. *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, പേജ് 78–79.
12. പാട്ടിൽ പറയുന്ന ആബാൻ.
13. മാല്യാൻകര = കൊടുങ്ങല്ലൂർ.
14. നിരണം = തൃപ്പാലേശ്വരം.
15. ചായൽ = നിലയ്ക്കൽ, ഗോക്കമംഗലം = കോക്കമംഗലം, പുലൂർ = പാലയൂർ.
16. ചോഴപ്പെരു.
17. മൈലാപ്പൂർ തലസ്ഥാനമായി നിന്ന രാജ്യം.
18. പി.ജെ. തോമസ്, *കേരളത്തിലെ ക്രിസ്തീയസാഹിത്യം*, അതിരമ്പുഴ, 1935 പേര് 62.
19. എ.ഡി. 72, ജൂലൈ 3.
20. ഡോ. പി.ജെ. തോമസ്, *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പേജ് 56.
21. Gouvea A. de, *Jornada* do Arcebisp de Goa Dom Frey Alexio de Memeses Primas da India Oriental religioso da Ordem de s. Agostinho, Coimbre, 1606, P. 87.
22. Brown L.W., op. cit, P. 51.
23. പാട്ടിന്റെ പൂർണരൂപത്തിന് : മാടശേരി (സമ്പാദകൻ) *നമ്മുടെ പാട്ടുകൾ*, കോട്ടയം, 1968, PP. 137–155.
24. Brown L.W, Op. Cit, P. 57.
25. ശ്രീധരമേനോൻ, *കേരളചരിത്രം*, പേജ് 111.
26. ഉദ്ധൃതഗ്രന്ഥം.
27. തീലും തൊടീലും അന്നിവിടെ ഉായിരുന്നില്ല.
28. ഇളംകുളം കുഞ്ഞൻപിള്ള, *കേരളം അഞ്ചും ആറും നൂറ്റാുകളിൽ*, പേജ് 204.
29. ബർണാദ്, മാർത്തോമ്മാ ........, വാല്യം 1, പേജ് 22.
30. *കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ*, പുറം 1–27.
31. എ. ശ്രീധരമേനോൻ, *കേരളചരിത്രം*, പു. 78.
32. *കേരളചരിത്രം*, പു. 85.
33. പി.കെ. ഗോപാപകൃഷ്ണൻ, *കേരളത്തിന്റെ സാംസ്കാരികചരിത്രം*, പു. 181–183.

34. എ.എം. മുാടൻ, മാർത്തോമ്മായുടെ കബറിടം.

35. എൻ.കെ. ജോസ് *ആദിമകേരള ക്രൈസ്തവർ* എന്ന ഗ്രന്ഥത്തിൽ ഈ നിഗമനം വിശദീകരിച്ചിട്ടു ്.

36. *മലങ്കര നസ്രാണികൾ*, ഒന്നാംഭാഗം, പുറം 194-198.

37. ഫാ. ഡോ. സേവ്യർ കൂടപ്പുഴ, *ഭാരതസഭാചരിത്രം*, പുറം 112.

പന്തേനിയസിന്റെ ഇന്ത്യാ സന്ദർശനത്തെക്കുറിച്ച് ചരിത്രകാരനായ എവുസേബിയൂസ് (Eusebius) - എ.ഡി. 263-340 - ഇപ്രകാരം പ്രസ്താവിക്കുന്നു. "ഏതാ് ഇതേ കാലഘട്ടത്തിൽ (എ.ഡി. 180) അലക്സാറിയായിലെ വിശ്വാസികളുടെ പഠനകേന്ദ്രത്തിന്റെ അധിപൻ പണ്ഡിതനായിരുന്ന പന്തേനൂസായിരുന്നു. വളരെ പുരാതനവും ഇന്ന് നിലനിൽക്കുന്നതുമായ ഈ പഠനകേന്ദ്രത്തിനു നേതൃത്വം നൽകിയപ്പോന്നത് വാഗ്മികളും ദൈവികവിഷയങ്ങളിൽ സമർത്ഥരുമായ വ്യക്തികളാണ്. സ്റ്റോയിക്കുകളുടെ തത്വശാസ്ത്രസിദ്ധാന്തങ്ങളിൽ അവഗാഹം നേടിയ വ്യക്തി എന്ന നിലയിൽ ദാർശനികനായ പന്തേനൂസ് വളരെ പ്രശസ്തനായിരുന്നു... ക്രിസ്തുവിന്റെ സുവിശേഷത്തെപ്രതി തീക്ഷ്ണതയും താത്പര്യവും മൂലം സുവിശേഷത്തിന്റെ സന്ദേശവാഹകനായി അദ്ദേഹം കിഴക്കൻ രാജ്യങ്ങളിലേക്ക് അയയ്ക്കപ്പെട്ടു. പന്തേനിയസ് ഇന്ത്യ വരെ വന്നതായി പറയപ്പെടുന്നു".

38. ടി ഗ്രന്ഥം പുറം 134.

39. സേവ്യർ കൂടപ്പുഴ, ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാവിജ്ഞാനീയം, *ജീവധാര*, ജൂലൈ-ആഗസ്റ്റ് 1978, പുറം 308-314.

40. പോർച്ചുഗീസുകാരുടെ കാലംവരെ കേരളത്തിലെത്തിയ വിദേശസഞ്ചാരികളാരും ഇങ്ങനെയൊരു വ്യത്യസ്ത വിഭാഗങ്ങളെപ്പറ്റി രേഖപ്പെടുത്തിയിട്ടില്ല.

41. *കേരളക്രിസ്ത്യാനികൾ*, പുറം 131.

42. *ഭാരതസഭാചരിത്രം*, പുറം 121, 122.

43. ഡോ. പി.എം. ജോസഫ്, *മലയാളത്തിലെ പരകീയപദങ്ങൾ*, പുറം 283.

44. cfr. Mckenzie, op. cit, P. 147.

45. എം.ഒ. ജോസഫ്, *കേരളക്രിസ്ത്യാനികൾ*, പേജ് 170.

46. T.K. Joseph, "A Christian Dynasty in Malabar" *Indian Antiquary*, Vol. III, P. 156.

47. എം.ഒ. ജോസഫ്, ഉദ്ധൃതഗ്രന്ഥം, പേജ് 172.

48. Cochin Census, P. 49, Cited by M.O. Joseph, *Ibid* P. 174.

49. Cochin Census P. 49, cited by M.O. Joseph, *Ibid*, P. 174.

50. എം.ഒ. ജോസഫ്, *കേരളക്രിസ്ത്യാനികൾ*, P. 169.

51. ജോർജ് വർഗീസ്, മലങ്കര നസ്രാണികളുടെ ജാത്യൗൽകൃഷ്ട്യവും രാജ്യസേവനനിരതയും, മദ്രാസ്, 1988.

52. എം.ഒ. ജോസഫ്, *കേരളക്രിസ്ത്യാനികൾ*, പേജ് 147-148.

53. *Ibid*, പേജ് 150-152.

54. Elamkulam Kunjan Pillai, *Studies in Kerala History*, Trivandrum, 1970, P. 375.

55. ശ്രീധരമേനോൻ എ, *കേരളചരിത്രം*, പേജ് 206.

56. എം.ഒ. ജോസഫ്, *കേരളക്രിസ്ത്യാനികൾ*, 1972, പേജ്, 138-139.

57. cfr. Nagam aiya, *The Travancore State Manual*, P. 122, *The Madras Journal of Literature and Science*, Vol. XXX, P. 39.

58. ഇ.എം. പീലിപ്പോസ്, *മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ*, ചിങ്ങവനം, 1977, പേജ് 59.

59. എം.ഒ. ജോസഫ്, ഉദ്ധൃതഗ്രന്ഥം, പേജ്, 143-145.

60. ഇളംകുളം കുഞ്ഞൻപിള്ള, *ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ*, പുറം, 85-86.

61. ഡോ. സാമുവൽ ചന്ദനപ്പള്ളി, *കേരളസംസ്കാരം*, പുറം 24, 25.

62. പ്രൊഫ. ഇളംകുളം, *ചില കേരളചരിത്രപ്രശ്നങ്ങൾ*, പുറം 130.

63. റവ. ഡോ. പ്ലാസിഡ് പൊടിപാറ, *കേരളസഭയുടെ വ്യക്തിത്വം*, പുറം 2.

64. *ചില കേരളചരിത്രപ്രശ്നങ്ങൾ*, പുറം 131.

65. *ചിത്രമെഴുത്ത് കെ.എം. വറുഗീസിന്റെ കേരള നസ്രാണികളുടെ രാഷ്ട്രീയസേവനം* എന്ന ഗ്രന്ഥത്തിൽ, ക്രൈസ്തവരുടെ സൈനികവൃത്തിയെക്കുറിച്ച് വിശദപഠനം ഉ്.

66. *കേരളീയനസ്രാണികളുടെ രാഷ്ട്രീയസേവനം*, പുറം 12.

67. ടി ഗ്രന്ഥം, പുറം 91.

68. ടി ഗ്രന്ഥം, പുറം 155. മൂവാറ്റുപുഴ വള്ളിക്കട പണിക്കർ, കടമറ്റം പുന്നമറ്റത്തു പണിക്കർ, പറവൂർ പണിക്കരന്മാർ, മുതലക്കോടത്തു പണിക്കർ, മാവേലിക്കര മല്ലിട്ടി പണിക്കർ, കല്ലൂപ്പാറ അടങ്ങപ്പുറത്തു പണിക്കർ, കുമ്പനാട്ടു വലിയവീട്ടിൽ പണിക്കർ, ക മംഗലത്തു പണിക്കർ തുടങ്ങിയവ ഉദാഹരണങ്ങൾ.

69. താഴെ ഉദ്ധരിക്കുന്ന രേഖ നോക്കുക-

"വല്യേഴത്തു തോമ്മാപണിക്കർക്കു എഴുതിവരുന്ന ചീട്ടു. ആനപ്രാമ്പാൽ അമ്പലത്തിൽ ഈയാണ്ടു മകരം നാളിൽ, തൃക്കൊടിയേറി തിരുവുത്സവം നടത്തുന്നതിനും മറ്റുമായ കാര്യങ്ങൾ ആലോചിക്കുന്നതിനു ഈ മാസം 12-ാം തീയതി അമ്പലത്തിൽ കൂടണമെന്ന് അറിയിച്ചിരിക്കുന്നു. എന്നു ചിന്തിര, പൂണുതുറ അയ്യപ്പൻ രായിരൻ, കൊല്ലം 918-മാ് മാർകഴി മാസം 8-ാം തീയതി".

70. ഓണപ്പട ക്രൈസ്തവധർമ്മവിരുദ്ധമായ ഒരു ഏർപ്പാടായി ഉദയംപേരൂർ സൂനഹദോസ് (1599) വിധിച്ചു. ക്രൈസ്തവർ ഇതിൽ പങ്കെടുക്കുന്നതിന് വിലക്കു കല്പിച്ചു.

71. ഇളംകുളം കുഞ്ഞൻപിള്ള, *അന്നത്തെ കേരളം*, പുറം 172.

72. പള്ളിയാണെന്നു തെറ്റിദ്ധരിച്ച് വാസ്കോഡിഗാമ ഒരു കാളീക്ഷേത്രത്തിൽ ആരാധന നടത്തിയതായി *കേരളപ്പഴമ*യിൽ രേഖപ്പെടുത്തിയിട്ടു്.

73. ക്രൈസ്തവകലകളെക്കുറിച്ചുള്ള അദ്ധ്യായത്തിൽ പള്ളികളുടെ വാസ്തുവിദ്യയെക്കുറിച്ച് പ്രതിപാദിക്കുന്നു.

74. സേവ്യർ കൂടപ്പുഴ, *ജീവധാര*, 1978, പുറം 316.

75. ടി ഗ്രന്ഥം, പുറം 319. ഫ്രാൻസിസ് ഡയനീഷ്യോ എന്ന ജസ്യൂട്ട് വൈദികൻ 1578 ജനുവരി 2-ാം തീയതി സഭാജനറലിന് അയച്ച കത്തിൽ ആർച്ചുഡീക്കനെക്കുറിച്ച് പരാമർശിക്കുന്നു.

"പ്രത്യേക പദവിയുള്ള മലയാളിയായ ഒരു വൈദികൻ ഇവിടുത്തെ ക്രിസ്തുമതത്തിലു്. സഭാഭരണകാര്യങ്ങളിൽ അതിനിപുണനനും പരിചയസമ്പന്നനുമായ അദ്ദേഹത്തിന്റെ സദാചാരനിഷ്ഠയും സദ്സ്വഭാവവും അംഗീകരിച്ചുകൊടുക്കുക തന്നെ വേണം. അദ്ദേഹത്തിനു വിശുദ്ധഗ്രന്ഥം നന്നാ

യറിയാം. സുറിയാനി കൽദായ ഭാഷയിൽ നന്നായി സംസാരിക്കാൻ കഴിവു്. ക്രിസ്ത്യാനിക ളെല്ലാം അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുന്നു. വിജാതീയരായ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും അടുത്ത് അദ്ദേഹത്തിനു വളരെയധികം സ്വാധീനവും അംഗീകാരവുമു്. അങ്കമാലിയിലെ ആർച്ചു ഡീക്കനായ അദ്ദേഹം ജനങ്ങളുടെ നേതാവെന്ന നിലയ്ക്കു സേവനമനു ഷ്ഠിച്ചുകൊ്, അവിടുത്തെ മെത്രാപ്പോലീത്തായെ സഹായിക്കുന്നു".

76. *Traditions of the St. Thomas Christian*, P. 147.

77. എ. ശ്രീധരമേനോൻ, *കേരളചരിത്രം*, പുറം 110.

78. പ്രൊഫ. സി.എൽ. ആന്റണി, *ഭാഷാപഠനങ്ങൾ*, പുറം 35, 36.

79. ടി, ഗ്രന്ഥം, പുറം 37.

80. സഭൈക്യത്തിനുവേി, കരിയാറ്റിൽ ജോസഫ് മല്പാനെയും പാറേമ്മാക്കൽ തോമ്മാ കത്തനാ രെയും റോമിലേക്ക് അയയ്ക്കാൻ തീരുമാനിക്കുന്നതും അതിനാവശ്യമായ പണം ശേഖരിക്കാൻ തീരുമാനിക്കുന്നതും പള്ളികളുടെ പൊതുയോഗം ചേർന്നാണ്. സുറിയാനി പള്ളികളിൽ ഇത്തരം ഭരണസമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നു.

81. ഫാ. പ്ലാസിഡ് പൊടിപാറ, *The St. Thomas Christians*, P. 92.

82. ടി ഗ്രന്ഥം, പേജ് 93.

83. Antonio de Gouvea (അന്തോണിയോ ഡെ ഗുവെയാ), *Jornada* do Arcebispo... Coimbra, 1606, P. 61.

"The old churches were all built in pagoda-fashion, but all full of crosses like those of St. Thomas miracle (Mylapore), which is called St. Thomas cross. Hence one can see how much older than Portuguese times is the veneration, Love and shape of this cross. For the ancient Christian churches, built long before the coming of the Portuguese, were all ornamented with them, both painted and graven".

പ്രാവിനെ പരിശുദ്ധാത്മാവിന്റെ പ്രതീകമായി ആദ്യ നൂറ്റാുകൾ മുതൽ കരുതിയിരുന്നു. നാലു സുവിശേഷങ്ങളിലും പ്രാവിനെ പ്രതീകമായി ഉപയോഗിക്കുന്നു. Mt 3:16, Mk 1:10, LK 3:22, Jn. 1:32.

84. Fr. Placid J. Podipara, *The Thomas Christians*, P. 86, foot note 25.

85. ടി ഗ്രന്ഥം, P. 89.

86. ടി ഗ്രന്ഥം, P. 81.

87. ടി ഗ്രന്ഥം, P. 91, foot note 3.

88. Letter from Malabar Jacob Conter Visscer (മലബാർ സന്ദർശിച്ച വിദേശി), 1743, P. 103, quoted by George Varghese, *മലങ്കരനസ്രാണികളുടെ* ................ Madras, 1988, P. 127-128.

89. Moens Memorandum of 1751, *The Dutch in Malabar*, P. 178, quoted by George Varghese, op. cit., 130.

90. ജോർജ് വറുഗീസ്, ഉദ്ധൃതഗ്രന്ഥം, പുറം. 91.

## അധ്യായം മൂന്ന്

# ഉദയംപേരൂർ സൂനഹദോസും പ്രത്യാഘാതങ്ങളും
# (The Synod of Diamper and Consequences)

പോർച്ചുഗീസ് നാവികത്തലവനായ വാസ്കോഡിഗാമ, 1498–ൽ 'ഒരു കൈയിൽ വാളും മറു കൈയിൽ കുരിശു'മായി കോഴിക്കോട്ടെത്തി. അതോടെ കേരളചരിത്രത്തിൽ പുതിയൊരദ്ധ്യായത്തിനു തുടക്കം കുറിക്കുകയായിരുന്നു. തുടർന്ന് ഒന്നര നൂറ്റാുകാലം പോർച്ചുഗീസുകാർ കേരളത്തിന്റെ രാഷ്ട്രീയമതചരിത്രത്തിലെ നിയാമകഘടകമായി. അവരെത്തുടർന്ന് ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ വൈദേശികശക്തികളും കേരളത്തിൽ ആധിപത്യമുറപ്പിക്കുവാൻ ശ്രമിച്ചു. വാണിജ്യാർത്ഥം കേരളക്കരയിലെത്തിയ വിദേശീയർക്ക് രാഷ്ട്രീയാധികാരം ഉറപ്പിക്കുന്നതിന് അന്നത്തെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലം കളമൊരുക്കുകയും ചെയ്തു.

പോർച്ചുഗീസുകാർ കേരളത്തിലെത്തിയ കാലത്തു ഫ്യൂഡൽപ്രഭുക്കന്മാരുടെ ഭരണകാലമായിരുന്നു. ഭരണരംഗത്ത് തേർവാഴ്ച നടത്തിയിരുന്നത് രാഷ്ട്രീയശൈഥില്യമായിരുന്നു. തമ്മിലടിച്ചു ബലഹീനമായിക്കൊിരുന്ന നാട്ടുരാജ്യങ്ങൾ പോർച്ചുഗീസുകാരുടെ സ്വപ്നസാക്ഷാത്ക്കാരത്തിനു വഴിതുറന്നു. സാമൂഹ്യസ്ഥിതിയും അതിനനുസരണമായിരുന്നു. നമ്പൂതിരിമാരുടെയും അവരോടു ചേർന്നുനിന്ന സവർണരുടെയും ആധിപത്യമായിരുന്നു കൊടികുത്തി വാണിരുന്നത്. നമ്പൂതിരിമാരുടെ അധീനതയിലുള്ള ക്ഷേത്രസങ്കേതങ്ങളും മറ്റും രാഷ്ട്രീയത്തിനുള്ളിലെ രാഷ്ട്രീയമായിട്ടാണ് വർത്തിച്ചിരുന്നത്. ധർമശാസ്ത്രങ്ങളുടെ അനിഷേധ്യമായ പ്രഭാവലയത്തിനുള്ളിൽ നമ്പൂതിരിമാർ, അർദ്ധദിവ്യരായി കരുതപ്പെട്ടിരുന്നു. അവർ സർവാദരണീയരായിത്തന്നെ വർത്തിച്ചു. സാംസ്കാരികമായും ജീർണതയുടെ കാലഘട്ടമായിരുന്നു അത്. മധ്യകാല മണിപ്രവാളകൃതികളിലും(1) മറ്റും പ്രതിഫലിക്കുന്ന സംസ്കാരം, ഭോഗലാലസതയിൽ മുഴുകിയ സമ്പന്നവർഗത്തിന്റേതാണ്. ഇങ്ങനെ രാഷ്ട്രീയശൈഥില്യവും, ഫ്യൂഡൽപ്രഭുക്കളുടെ ഉത്തരവാദിത്വരഹിതമായ നേതൃത്വവും കൂടിച്ചേർന്നപ്പോൾ, പോർട്ടുഗീസുകാർക്ക് ആധിപത്യമുറപ്പിക്കുന്നതിനുള്ള കളമൊരുങ്ങിക്കഴിഞ്ഞു.

### 3.1 ആധിപത്യത്തിന്റെ അംശവടി പോർട്ടുഗീസുകാരുടെ കരങ്ങളിൽ

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ മാത്രമല്ല, കേരളക്രൈസ്തവരുടെ സാംസ്കാരിക ചരിത്രത്തെ നിർണ്ണായകമായ പരിവർത്തനത്തിലേക്കു നയിച്ച ഘടകമായിരുന്നു ഇത്. കേരളത്തിലെ ക്രൈസ്തവസമൂഹം അന്ന് പ്രധാനമായും വ്യാപിച്ചിരുന്നത്, കണ്ണൂർ, തിരുവിതാംകൂർ, കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം എന്നീ നാട്ടുരാജ്യങ്ങളിലായിരുന്നു. രാഷ്ട്രീയാധിപത്യത്തിന്റെ ചെങ്കോൽ പോർച്ചുഗീസുകാരുടെ കരങ്ങളിലമർന്നപ്പോൾ, മതാധിപത്യത്തിന്റെ അംശവടിയേന്തുവാനും അവർ മടിച്ചില്ല. സങ്കുചിതത്വമായിരുന്നു, അവരുടെ മതപരമായ നയത്തിന്റെ ആകെത്തുക. കത്തോലിക്കാവിശ്വാസത്തിന്റെ അന്ധമായ അനുയായികളും പ്രചാരകരുമായിരുന്ന അവർക്കു ഇതര മതങ്ങളെയോ, ഇതര ക്രൈസ്തവ സഭാവിഭാഗങ്ങളെയോ സഹിഷ്ണുതയോടെ വീക്ഷിക്കുന്നതിനു കഴിഞ്ഞില്ല.

പോർച്ചുഗീസ് സംഘത്തോടൊപ്പം, ഫ്രാൻസിസ്കൻ, ഡോമിനിക്കൻ, ജസ്യൂട്ട്, കാർമ്മലൈറ്റ് എന്നീ മിഷനറിസംഘങ്ങളും കേരളത്തിലെത്തി. അവർ വിവിധ മാർഗങ്ങളിലൂടെ മതപ്രചാരണം നടത്തി. ഇതര മാർഗങ്ങളിൽനിന്ന് അനേകം ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടു. സുറിയാനി ആരാധനക്രമം അനുസരിച്ച് ആരാധിച്ചിരുന്ന കേരളത്തിലെ പൂർവിക ക്രൈസ്തവരെ, ലത്തീൻ വൈദികർക്ക് അംഗീകരിക്കുക, ബുദ്ധിമുട്ടായിരുന്നു. അവരെ റോമിലെ പോപ്പിന്റെ ആധിപത്യത്തിലുറപ്പിക്കുകയും ലത്തീൻ പ്രാർത്ഥനാക്രമം അവരെക്കൊ് അംഗീകരിപ്പിക്കു കയും ചെയ്യുക തങ്ങളുടെ അനിവാര്യമായ കടമയായി ലത്തീൻ വൈദികർ കരുതി. അതിനു വേി പള്ളികളും സന്യാസാശ്രമങ്ങളും സ്ഥാപിച്ചു. ബോധപൂർവമായ പ്രസ്തുത തീവ്രയത്ന ത്തിന്റെ ഫലമാണ്, 1599-ൽ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സുന്നഹദോസ്. ഇവിടെ അതിന്റെ പശ്ചാത്തലം വ്യക്തമായി അറിയേതു്.

റോമിനോടു കൂറു പുലർത്തിയിരുന്ന ഒരു കത്തോലിക്കരാജ്യമെന്ന നിലയിൽ പോർച്ചുഗലിന്റെ വളർച്ചയിൽ മാർപ്പാപ്പാമാർ വളരെ തത്പരരായിരുന്നു. പോർച്ചുഗീസുകാർ കൈയടക്കുന്ന രാജ്യങ്ങളിലെല്ലാം അവരുടെ രാഷ്ട്രീയാധികാരം അംഗീകരിക്കുന്നതിനു പുറമെ, അവിടെ പ്രേഷിതപ്രവർത്തനം നടത്താനും അവരെ അധികാരപ്പെടുത്തി. അതിനു വേ ഭരണപരമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും അവർക്ക് അവകാശമു ായിരുന്നു. മെത്രാന്മാരുടെ നിയമനം, രൂപതകളുടെ സംരക്ഷണം, നിയന്ത്രണം എന്നിവയെല്ലാം ഇതിൽപ്പെടും. മാർപാപ്പാമാരായ നിക്കൊളാസ് അഞ്ചാമൻ (1447-1455). സിക്സ്റ്റസ് നാലാമൻ (1471-1484), അലക്സാർ ആറാമൻ (1492-1503) എന്നിവർ പോർച്ചുഗീസുകാർക്കു പ്രത്യേക അധികാരാവകാശങ്ങൾ നൽകിയവരിൽ പ്രമുഖരാണ്. ഈ പ്രത്യേക പദവി 'പദ്രുവാദോ' (Padroado) എന്ന പേരിൽ അറിയപ്പെടുന്നു.[(2)] തുടക്കംമുതൽതന്നെ പോർട്ടുഗീസുകാർ ഈ അധികാരാവകാശങ്ങൾ വിനിയോഗിച്ചു തുടങ്ങി. 1498 മെയ് 21-ാം തീയതി കോഴിക്കോടിനടുത്തു കാപ്പാട്ടെത്തിയ വാസ്കോ ഡി ഗാമ, പോർച്ചുഗലിനു പുതിയൊരു മേച്ചിൽപ്പുറമാണ് കത്തിയത്. 1499 ജൂലൈ 10-ന് ലിസ്ബണിൽ തിരിച്ചെത്തിയ ഗാമക്കു വീരോചിതമായ സ്വീകരണമാണ് ലഭിച്ചത്.

ഗാമ കേരളത്തിലെത്തിയ കാലത്ത്, കോഴിക്കോട്ടെ പ്രധാന കച്ചവടക്കാരും നാവികരും അറബികളായിരുന്നു. അറബികളോടു സാമൂതിരിക്ക് അതിരുകവിഞ്ഞ താൽപര്യമു ായിരുന്നതുകൊ്, ഗാമയ്ക്കു വേത്ര ആനുകൂല്യം ലഭിച്ചില്ല. പോർച്ചുഗീസ് ആധിപത്യം കേരളത്തിലുറപ്പിക്കുന്നതിനു, കേരളക്രിസ്ത്യാനികളെ റോമിനോടു കൂറുള്ളവരാക്കുന്നത് കൂടുതൽ പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കി. പാശ്ചാത്യർക്കു കേരളത്തിലെ ക്രിസ്തുസഭയെ ക്കുറിച്ചു പരിമിതമായ അറിവു മാത്രമേ അതിനുമുമ്പ് ഉായിരുന്നുള്ളൂ. സഞ്ചാരികളിൽനിന്നു ലഭിച്ച കുറിപ്പുകളെ അവലംബമാക്കി രൂപപ്പെടുത്തിയ ചിത്രമായിരുന്നു അത്. കബ്രാളിനോ ടൊത്ത് (1500 ആഗസ്റ്റ് 30) എട്ടു ഫ്രാൻസിസ്കൻ വൈദികരും, എട്ടു ചാപ്ലെന്മാരും, ഒരു ചാപ്ലെൻ മേജറും ഉായിരുന്നു.[(3)] കേരള ക്രൈസ്തവരോടു പോർട്ടുഗീസുകാർക്ക് അനുകൂലഭാവമാണുായിരുന്നതെങ്കിലും, യഥാർത്ഥ ക്രൈസ്തവരാകണമെങ്കിൽ, ലത്തീൻകാരുടെ മതപരമായ അനുഷ്ഠാനങ്ങളോട് അനുരൂപപ്പെടണമെന്നു അവർ

കരുതിയിരുന്നു. കേരളത്തിലെത്തിയ മിഷനറിമാരുടെ ചിന്തയും അതേ ചാലിലൂടെയാണു നീങ്ങിയത്.

വീണ്ടും കേരളത്തിലെത്തിയ ഗാമായ്ക്കു കൊടുങ്ങല്ലൂരിൽനിന്നും എത്തിയ ഒരു സംഘം ക്രിസ്ത്യാനികൾ, ചെങ്കോലും രാജപ്രതികയും നൽകുകയും പോർച്ചുഗീസ് സംരക്ഷണം തേടുകയും ചെയ്തുവെന്നു പറയപ്പെടുന്നു. രാഷ്ട്രീയലക്ഷ്യവും മതപ്രചാരണവും കൂടിക്കലർന്ന നയമാണ് പോർച്ചുഗീസുകാർ സ്വീകരിച്ചത്. ശക്തിയും സ്വാധീനവും വളർത്തുന്നതിനു മിശ്രവിവാഹങ്ങൾപോലും പ്രോത്സാഹിപ്പിച്ചു. നിർബന്ധിത മതപരിവർത്തനങ്ങൾ വളരെയധികം നടന്നു. തീരപ്രദേശങ്ങളിൽ താമസിച്ചിരുന്ന മുക്കുവർ, മുസ്ലീങ്ങളുടെ ആക്രമണം ഭയന്ന്, കൂട്ടമായി ക്രിസ്തുമാർഗത്തിലേക്കു പരിവർത്തനം ചെയ്തു. 1536-ൽ തൂത്തുക്കുടി കടലോരത്ത് ഈ വിധത്തിൽ 20,000 മുക്കുവർ ക്രിസ്തുമതാനുയായികളായി. അല്പകാലത്തിനുശേഷം അവരുടെ അംഗസംഖ്യ 80,000 ആയി വർദ്ധിച്ചു. തിരുവിതാംകൂറിന്റെ തീരങ്ങളിലും ഇപ്രകാരം മതപരിവർത്തനമുായി. ഇവയുടെ ഫലമായി, പാശ്ചാത്യപാരമ്പര്യത്തിൽ വേരൂന്നിയ ലത്തീൻസഭ കേരളത്തിൽ ജന്മമെടുക്കുകയായിരുന്നു.(4)

കേരളത്തിലെ പുരാതനക്രിസ്ത്യാനികളുടെ വൈദികാധികാരികളായിരുന്ന കൽദായ മെത്രാന്മാരുമായി ആദ്യകാലങ്ങളിൽ പോർച്ചുഗീസുകാർക്കു സൗഹൃദമായിരുന്നുവെങ്കിൽ, മിഷൻകേന്ദ്രങ്ങൾ വളർന്നതോടെ അതു സംഘർഷമായി മാറി. കേരളക്രിസ്ത്യാനികളെ ലത്തീൻവത്കരിക്കുന്നതിന്, അത് അനിവാര്യമായിരുന്നു. മലങ്കരക്രിസ്ത്യാനികൾ പോർട്ടുഗീസുകാരോടു സഹോദരഭാവേന വർത്തിച്ചിരുന്നുവെങ്കിലും, നൂറ്റാുകളായി ആദ്ധ്യാത്മിക സേവനം നൽകിയിരുന്ന കൽദായമെത്രാന്മാരെയോ, പാർത്രിയർക്കീസിനെയോ തള്ളിപ്പറയുവാൻ അവർ ഒരുക്കമല്ലായിരുന്നു; മാത്രമല്ല, തങ്ങളുടെ സാമൂഹികജീവിതത്തിന്റെ അകത്തളത്തിലേക്കു പോർച്ചുഗീസുകാരെ പ്രവേശിപ്പിക്കുന്നതിൽ തൽപ്പരരുമായിരുന്നില്ല; അതിർത്തിയില്ലാത്ത അനുകരണമാണ്, പോർട്ടുഗീസുകാർ ആവശ്യപ്പെട്ടതും.

മിഷൻപ്രവർത്തനങ്ങൾക്ക് ആദ്യകാലത്ത് നേതൃത്വം നൽകിയതു ഫ്രാൻസിസ്കൻ മിഷനറിമാരായിരുന്നു; അവരെ തുടർന്നു ഡൊമിനിക്കൻ, അഗസ്റ്റീനിയൻ, ജസ്യൂട്ട് (ഈശോസഭ) സന്യാസസഭാംഗങ്ങളും കൊച്ചിയിലും കൊടുങ്ങല്ലൂരിലും കൊല്ലത്തും താവളമുറപ്പിച്ചു. മിഷനറി പ്രവർത്തനം വിപുലമായതോടെ ഇന്ത്യയ്ക്കുവേി, ഗോവയിൽ പ്രത്യേക രൂപതയും അനുവദിക്കപ്പെട്ടു. (1534 നവംബർ 3). തുടർന്നു കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനു വേ ി, 1558 ഫെബ്രുവരി 4-ാം തീയതി, ഗോവാ രൂപതയെ വിഭജിച്ചു കൊച്ചിയിൽ മറ്റൊരു രൂപതയും സ്ഥാപിച്ചു.

മലങ്കര നസ്രാണികളെ ലത്തീൻവത്കരിക്കാനുള്ള ആസൂത്രിതയത്നത്തിന്റെ ഭാഗമായി, ആരാധനാലയങ്ങൾ ലത്തീൻ ശൈലിയിൽ പുതുക്കിപ്പണിതു തുടങ്ങി. കർമ്മാനുഷ്ഠാനങ്ങൾ ലത്തീനിൽ രൂപപ്പെടുത്തി. ഫ്രാൻസിസ്കൻ വൈദികർ, 1541-ൽ കൊടുങ്ങല്ലൂരിൽ വൈദികസെമിനാരി സ്ഥാപിച്ചു. കേരളത്തിലെ പരമ്പരാഗതമായ, മല്പാന്മാരുടെ ചുമതലയിലുള്ള ഗുരുകുലവിദ്യാഭ്യാസത്തിൽനിന്നു തികച്ചും വ്യത്യസ്തമായി, പാശ്ചാത്യ ലത്തീൻരീതിയിലാണ്, സെമിനാരിയിൽ അഭ്യസനം നടന്നത്. ലാറ്റിൻ അഭ്യസിക്കുകയായിരുന്നു,

പാഠപദ്ധതിയിലെ പ്രധാന ഇനം. കേരളസഭയുടെ പൈതൃകമോ, ആചാരാനുഷ്ഠാനങ്ങളോ അവിടെ അഭ്യസിപ്പിച്ചിരുന്നില്ല. മാത്രമല്ല, ദിനചര്യകളിലൂടെ മലങ്കരപാരമ്പര്യങ്ങൾ ഉപേക്ഷിക്കുന്നതിനു പ്രേരിപ്പിച്ചിരുന്നു. ലത്തീനിൽനിന്നു ഭിന്നമായതെല്ലാം 'ഇടത്തൂടാ'ണ്; ശീശ്മയും പാഷണ്ഡതയുമാണ്. ചിലരെ പോർച്ചുഗലിൽതന്നെ കൊുപോയി അഭ്യസിപ്പിച്ചു.[5] ലത്തീൻ സെമിനാരിയിലെ പരിശീലനം കഴിഞ്ഞ് അനേകം യുവാക്കന്മാർ വൈദികവൃത്തി സ്വീകരിച്ചുവെങ്കിലും, മലങ്കരനസാണികളുടെ ഇടവകയിൽ അവർക്കു സ്ഥാനം ലഭിച്ചില്ല.[6] തുടർന്നു വൈപ്പിൻകോട്ടയിൽ ഈശോസഭാവൈദികർ ഒരു സെമിനാരി സ്ഥാപിച്ചു. അവിടെ ലത്തീനോടൊപ്പം സുറിയാനിയും അഭ്യസിപ്പിച്ചു. എങ്കിലും ഫലം മറിച്ചായിരുന്നില്ല.

### 3.2 ഫ്രാൻസിസ് സേവ്യർ

പുണ്യശ്ലോകനായ ഫ്രാൻസിസ് സേവിയറിന്റെ പ്രേഷിതപ്രവർത്തനം, ദീപ്തമായ ഒരേടായി നിലനിൽക്കുന്നു. ഇതര മിഷനറിമാരിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു ഫ്രാൻസിസ് സേവിയർ. അവർ കൊട്ടാരങ്ങളിൽ രാജകീയ ആഡംബരങ്ങളിൽ മുഴുകിക്കഴിഞ്ഞപ്പോൾ, അധഃസ്ഥിതരായ മുക്കുവരുടെയും മറ്റു പതിതവർഗങ്ങളുടെയും ഇടയിലേക്ക് ഇറങ്ങിച്ചെന്നു അവരോടൊപ്പം ജീവിച്ച വ്യക്തിയായിരുന്നു സേവിയർ. ക്രിസ്തുമതം സ്വീകരിച്ച മുക്കുവരും പരവരുമായ പുതുക്രിസ്ത്യാനികളുടെ മതബോധനത്തിനാണ്, അദ്ദേഹം അക്ഷീണം യത്നിച്ചത്. തിരുവിതാംകൂർ, കൊച്ചി, കൊല്ലം എന്നിവിടങ്ങളിൽ ലത്തീൻ സമുദായക്കാരുടെ അഭ്യുന്നതിക്കുവേി പ്രവർത്തിച്ച അദ്ദേഹത്തിന്റെ നാമം അവിസ്മരണീയമാണ്.

### 3.3 മെനെസിസ് - ഉദയംപേരൂർ സുന്നഹദോസിന്റെ സൂത്രധാരൻ

1595-ൽ അലക്സിസ് ഡി മെനെസിസ് ഗോവയുടെ ആർച്ചുബിഷപ്പായി നിയമിതനായി. അക്കാലത്തു മലങ്കരയിലെ മെത്രാൻ മാർ അബ്രഹാം ദിവംഗതനായി. മലങ്കരയുടെ പാരമ്പര്യമനുസരിച്ചു ആർച്ചുഡീക്കൻ മെത്രാന്റെ ചുമതല ഏറ്റെടുത്തു. എന്നാൽ ഫാ. റോസിനെ അഡ്മിനിസ്ട്രേറ്റീവായി നിയമിക്കുന്നതിനു റോമൻ ആധിപത്യം ഒരുമ്പെട്ടു. മലങ്കര ക്രിസ്ത്യാനികൾ ഈ നടപടി ശക്തിയായി എതിർത്തതുകൊു, പിൻവലിക്കേിവന്നു. അതിനെ തുടർന്നു അങ്കമാലിയിൽ കൂടിയ സമ്മേളനം, അർക്കദിയാക്കോന്റെ നേതൃത്വത്തിൽ വിശ്വാസം പ്രഖ്യാപിക്കുകയും, ആർച്ചുബിഷപ്പിന്റെ നടപടിയിൽ ശക്തമായി പ്രതിഷേധിക്കുകയും ചെയ്തു. മെനേസിസ് തുടർന്നു 1599 ഫെബ്രുവരി 1 ന് കൊച്ചിയിലെത്തി. തന്നെ സന്ദർശിക്കണമെന്നു ക്ഷണിച്ചതനുസരിച്ചു മെനേസിസിനെ കാണാനെത്തിയ ആർച്ചുഡീക്കനെ മൂവായിരം ഭടന്മാർ അകമ്പടി സേവിച്ചിരുന്നു.

ആർച്ചുഡീക്കന്റെ ജനസ്വാധീനവും പിൻബലവും തദവസരത്തിൽ മെനേസിസിനു ബോദ്ധ്യമായിരിക്കണം. ലത്തീൻവത്കരണം ലക്ഷ്യമാക്കി സുറിയാനിപ്പള്ളികൾ സന്ദർശിച്ച മെനേസിസിനു പലേടത്തും എതിർപ്പു നേരിടേിവന്നു. എന്നാൽ രാഷ്ട്രീയാധികാരമുപയോഗിച്ചും നയപരമായും ആർച്ചുബിഷപ്പ് കരുക്കൾ നീക്കിത്തുടങ്ങി. ആർച്ചുഡീക്കന്റെ എതിർപ്പു വകവയ്ക്കാതെ ഉദയംപേരൂരിൽ വച്ചു 38 പേർക്കും, കടുത്തുരുത്തിയിൽവച്ചു വേറെ കുറെപേർക്കും പട്ടം നൽകി. സൂനഹദോസിന് ഏതാനും ദിവസം മുമ്പു പറവൂരെത്തി 50 പേർക്കു പട്ടം കൊടുത്തു. ചില പ്രബലവ്യക്തികളുടെ സഹകരണത്തോടെ, ആർച്ചുഡീക്ക

നെതിരെ കരുനീക്കങ്ങൾ തുടർന്നു. പുറക്കാട് (ചെമ്പകശ്ശേരി), കായംകുളം, കൊച്ചി രാജാക്കന്മാർ മെനേസിസിന്റെ കളിപ്പാവകളായിരുന്നു. രാജകീയ പിൻബലവും പ്രമാണികളുടെ പിൻതുണയുമുായിരുന്ന മെനേസിസ് സൂനഹദോസ് വിളിച്ചുകൂട്ടാൻതന്നെ തീരുമാനിച്ചു. അർക്കദിയാക്കോനും, ഓരോ പള്ളിയിൽനിന്നും വൈദികരെല്ലാവരും, ശെമ്മാശന്മാരും, പള്ളിയോഗം തെരഞ്ഞെടുക്കുന്ന നാല് അല്മായ പ്രതിനിധികളും സൂനഹദോസിൽ സംബന്ധിക്കണമെന്നും, തക്കകാരണം കൂടാതെ സൂനഹദോസിൽ സംബന്ധിക്കാത്തവർ, അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും മെനെസിസ് കല്പന പുറപ്പെടുവിച്ചു.(7)

സൂനഹദോസിൽ വായിച്ചു അംഗീകരിക്കുന്നതിനു കാനോനാകൾ - നിയമങ്ങൾ - തയ്യാറാക്കിയത് മെനേസിസ് തന്നെയായിരുന്നു. ഫാ. റോസിന്റെയും മറ്റും സഹായവും തേടിയിരിക്കണം, സൂനഹദോസിലെ ഡിക്രികൾക്കു - കാനോനാകൾക്കു - രൂപം നല്കുന്നതിന് ആധാരമാക്കിയിരുന്നത് മലങ്കരയിലെ ഇടവകകൾ സന്ദർശിച്ചപ്പോൾ ആർച്ചുബിഷപ്പിന്റെ ശ്രദ്ധയിൽപ്പെട്ട ആചാരാനുഷ്ഠാനങ്ങളാണ്.(8) സുന്നഹദോസിന്റെ ഔദ്യോഗിക ദ്വിഭാഷിയായി പള്ളുരുത്തിക്കാരൻ യാക്കോബ് കത്തനാരെ നിയമിച്ചു.

### 3.4 ഉദയംപേരൂർ സൂനഹദോസ്

പോർച്ചുഗീസുകാരുടെ കാലത്ത്, കേരളചരിത്രത്തിലുായ അതിപ്രധാനസംഭവമായി ചരിത്രകാരന്മാർ ചൂിക്കാട്ടുന്ന സൂനഹദോസ്, 1599 ജൂലൈ 20-ാം തീയതി, ഉദയംപേരൂർ സെന്റ് മേരീസ് ദേവാലയത്തിൽ സമ്മേളിച്ചു. തീയതിയും പങ്കെടുത്തവരുടെ സംഖ്യയും, കാനോനാകളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടു്:

'ബാവായും പുത്രനും റൂഹാദിശായും പട്ടാങ്ങയായ മൂവരൊരുവൻ തമ്പുരാന്റെ നാമത്താൽ മശിഹാ പിറന്നിട്ടു 1599-ാം കാലം നസ്രാണികൾ ഒക്കക്കും തലയാകുന്ന ക്ളെമ്മിസ എന്ന ശുദ്ധമാന പാപ്പാടെ ഏഴാം ആിൽ മലങ്കര രാജ്യത്തെ ഉദിയൻപേരൂരെ മർത്തമറിയംഉമ്മാടെ പള്ളിക്കൽനിന്നു മിഥുന ഞായർ 21-ാംനു പ്രത്തുക്കാൽ രാജ്യത്തിനു കിഴക്കുള്ള മെത്രാന്മാർക്കു ശുദ്ധമാന മാർപ്പാപ്പാടെ പ്രമാണത്താലെ തലവനായ മാർ അലക്സീസ് മൈത്രാൻ ഈ എടവകയിൽ കൂടിയ സുന്നദോസ്...(9) ശുദ്ധമാന സുനഹദോസ മശിഹാ പെറന്ന ആയിരത്തഞ്ഞൂറ്റിത്തൊണ്ണൂറ്റി ഒൻപതാം കാലം (മിഥുനഞായറ ഇരുപത്തി ആറാം ദിവസി) ഇതിന്ന യോഗം കൂടീട്ട ഓയിരുന്നവരെ എണ്ണൂറ്റി ഒരു പത്തു മൂന്നു നാലും അഞ്ചും ആറും പട്ടം ഒള്ള ശമ്മാശമാര കൂടാതെ പട്ടക്കാരരനൂറ്ററുപത്തു മൂന്നു. ഇതുകൂടാതെ പലരു പൊറത്തന്ന വന്നു. ഉദിയംപേരൂർ നിന്ന ഇത ആയി. ആ ദേശത്തെ ഒള്ളവര ഒക്കയും ഇതക്കൂടാതെ പ്രത്തുക്കാൽ പലരും ഉായിരുന്നു. പട്ടക്കാരെ ആയിട്ടും അൽമെനികളായിട്ടും.(10)

മലങ്കരയിലെ അനേക വൈദികർ സൂനഹദോസിൽ പങ്കെടുത്തില്ല. പങ്കെടുത്തവർ അധികവും മെനെസിസ് പുതുതായി പട്ടം നല്കിയവരായിരുന്നു. പോർട്ടുഗീസ് ഗവർണർ പങ്കെടുക്കുക മാത്രമല്ല, വേത്ര പറങ്കിപ്പടയാളികളും എത്തിയിരുന്നു.

**3.4.1 യോഗവിചാരം**

"തമ്പുരാന്റെ ശുദ്ധമാനപ്പള്ളി അടക്കി വാഴുന്ന ശുദ്ധമാന മാർ ക്ളമ്മീസ എന്ന പാപ്പാടെ പ്രമാണത്താലെ പോർത്തുക്കാൽ രാജ്യത്തിനു കെഴക്കൊള്ള മെത്രാന്മാർക്കു ഒക്കക്കും തലവെൻ ആകുന്ന മാർ അല്ലേസോസു മെത്രാ പ്പോലീത്താ മലങ്കര പു പ് ഒള്ള മാർത്തോമ്മാ നസാണികളുടെ എടവക യിലെ പട്ടക്കാരരെയും എണങ്ങരെയും യോഗം കൂട്ടി" കല്പിച്ച സുനഹദോ സിന്റെ[11] യോഗവിചാരം താഴെകൊടുക്കുന്നു.

സുന്നഹദോസിന്റെ പ്രാരംഭമായി, 'നസ്രാണികളുടെ ഒരിംപാടിനുവേി' മെത്രാൻ ആഘോഷപൂർവം റാസക്കുർബാന അർപ്പിച്ചു. യോഗത്തിന്റെ നടപടിക്രമങ്ങൾ മലയാളീകരിക്കുന്നതിന്, ദ്വിഭാഷിയായി പള്ളുരുത്തിക്കാരൻ യാക്കോബ് കത്തനാരെയും, അദ്ദേഹത്തെ സഹായിക്കുന്നതിനു മറ്റു രു വൈദികരെയും നിയമിച്ചു. തുടർന്ന് ആർച്ചുബിഷപ്പ്, സുന്നഹദോസ് വിളിച്ചു കൂട്ടുന്നതിനു തനിക്കുള്ള അധികാരം വ്യക്തമാക്കി. 'തമ്പുരാന്റെ പെരിമ സൊകത്തിനും പൊകഴ്ചയ്ക്കും ശുദ്ധമാന കത്തോലിക്കാ വിശ്വാസത്തിനും അതിന്റെ മുഴുപ്പിനും തെളിവിനും ഈ എടവകയിലെ പട്ടക്കാരുടെയും എണങ്ങ രുടെയും മര്യാദകൾക്കു വേുന്ന വെടിപ്പിനും ഒറപ്പിനും സുറിയാനി പൊസ്ത കങ്ങടെ തൂമയ്ക്കും മാനം കാലൂന്നിയതിനകത്തൊള്ള പള്ളികളോടു ഈ പള്ളി ഐമോസ്യപ്പെട്ടു ഒന്നിപ്പാനും നസ്രാണികൾ ഒക്കക്കും തലയായ ശുദ്ധമാന മാർപ്പാപ്പാനെ വേുന്ന മുഴുവനാകുന്ന വഴക്കത്തിനും വേീട്ട ഈ സൂനഹദോസ തൊടങ്ങണമെന്നു മശിഹായാലെ സ്നേഹിക്കപ്പെട്ട എന്റെ ന്നതോ?"[12] എന്നു ചോദിച്ചപ്പോൾ എല്ലാവരും അപ്രകാരംതന്നെ എന്നു പറയുകയും ചെയ്തു. സൂനഹദോസ് വിജയപ്രദമായി പര്യവസാനിക്കുന്നതിന് എല്ലാവരും കുമ്പസാരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സൂനഹദോസിന്റെ വിജയത്തിനുവേി വൈദികർ രു കുർബാന അർപ്പിക്കണമെന്നും ദിവസവും മാതാവിന്റെ ലുത്തിനിയാ ചൊല്ലണമെന്നും കല്പിച്ചു. സൂനഹദോസ് അവസാനിക്കാതെ ആരും ഉദയംപേരൂർ വിട്ടുപോകരുതെന്നും, മറിച്ചു ചെയ്താൽ മഹറോൻശിക്ഷ കൽപിച്ചുകൊും, രഹസ്യചർച്ചകൾ നടത്തുന്നതു നിരോധിച്ചു.

രാംദിവസം നമസ്കാരം കഴിഞ്ഞു, എല്ലാവരും വിശ്വാസസത്യം പ്രഖ്യാപിക്കണമെന്ന് ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടു. അദ്ദേഹംതന്നെ ആദ്യം വിശ്വാസപ്രഖ്യാപനം നടത്തി. തുടർന്നു വൈദികരെയും അത്മായരെയും വിശ്വാസപ്രഖ്യാപനത്തിനു ക്ഷണിച്ചു. അവർ ആർച്ചുബിഷപ്പിന്റെ നടപടിയെ എതിർത്തുവെങ്കിലും പിന്നീടു ശാന്തരായി. "മലങ്കരയ്ക്ക് അർക്കദിയാക്കോൻ ആകുന്ന ബഹുമാനപ്പെട്ട ഗീവർഗീസ് തന്റെ സാക്ഷിയാലുള്ള മലയാളംഭാഷയിൽ എല്ലാവർക്കും കേൾപ്പാൻ തക്കവണ്ണം മെത്രാന്റെ കയ്യിൽ ഇരുന്ന ശുദ്ധമാന പുസ്തകം തൊട്ടു വിശ്വാസത്തുമ്മേൽ സത്യം ചെയ്തു.[13] തുടർന്നു വൈദികരും, അനന്തരം പള്ളുരുത്തിക്കാരൻ യാക്കോബ് പാതിരി പ്രസംഗപീഠത്തിൽ കയറിനിന്ന്, വിശ്വാസത്തുമ്മേൽ വേുന്ന സത്യത്തിന്റെ വചനം" മലയാളത്തിൽ വായിച്ചപ്പോൾ, ജനങ്ങളെല്ലാം അതേറ്റുചൊല്ലി. ബൈബിളിന്റെ കാതൽ, ഏഴു കൂദാശകൾ, വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ, വിശുദ്ധരോടുള്ള വണക്കം, മറിയത്തിന്റെ ദൈവമാതൃത്വം, പരിശുദ്ധ മറിയത്തിന്റെയും വിശുദ്ധരുടെയും രൂപങ്ങൾ, മറിയ

ത്തിന്റെ കന്യകാത്വം, മാർപ്പാപ്പായുടെ പരമാധികാരം, മുമ്പു നടന്നിട്ടുള്ള സാർവത്രിക സൂനഹദോസുകളിലുള്ള വിശ്വാസം, നെസ്തോറിയൻ പ്രബോധനം തെറ്റാണെന്ന പ്രഖ്യാപനം ഇവയായിരുന്നു, വിശ്വാസപ്രഖ്യാപനത്തിന്റെ ഉള്ളടക്കം.

മൂന്നാം ദിവസം സുന്നഹദോസിൽ, ചർച്ച ചെയ്യുവാൻ തയ്യാറാക്കപ്പെട്ടിരുന്നത്, വിശ്വാസ സംബന്ധമായ കാര്യങ്ങളായിരുന്നു. വിവിധതരം അബദ്ധങ്ങൾ ചൂിക്കാണിച്ചുകൊു ഇരുപത്തിമൂന്നു നിയമങ്ങളാണ് വായിക്കുവാൻ തയ്യാറാക്കിയിരുന്നത്. എന്നാൽ പറങ്കികളുടെ സാന്നിദ്ധ്യത്തിൽ, ഈ നിയമങ്ങൾ വായിക്കുന്നതു തങ്ങൾക്ക് അപമാനകരമാണെന്നു മലങ്കര നസ്രാണികൾ ചൂിക്കാണിച്ചതുകൊ്, വിശ്വാസം സംബന്ധിച്ച ചർച്ചകൾ, പറങ്കികൾ വി.യോഹന്നാൻ ശ്ലീഹായുടെ ജനനത്തിരുന്നാളിൽ പങ്കെടുക്കുവാൻ പോകുന്ന 24-ാം തീയതിലേക്കു മാറ്റിവയ്ക്കേിവന്നു. പകരം, മാമ്മോദീസാ സൈര്യലേപനം എന്നീ കൂദാശകളെക്കുറിച്ചു അന്നു ചർച്ച നടത്തി. 23-ാം തീയതി, വിശുദ്ധ കുർബാന, ദിവ്യബലി, തക്സാ, തിരുനാൾ, കുമ്പസാരം, രോഗീലേപനം, എന്നിവയെപ്പറ്റിയാണ് ചർച്ചകൾ നടന്നത്. അടുത്ത ദിവസം വിശ്വാസസംബന്ധമായ വിഷയങ്ങൾ വിചിന്തനത്തിനെടുത്തു. ആർച്ചുബിഷപ്പ് അവതരിപ്പിച്ചവയിൽ, ഒന്നൊഴികെ എല്ലാം സ്വീകരിക്കപ്പെട്ടുവെന്നു പറയപ്പെടുന്നു. മലങ്കരയിൽ ഉപയോഗിച്ചിരുന്ന കൽദായ സുറിയാനി നമസ്കാരക്രമം, അബദ്ധോപദേശങ്ങൾകൊു നിറയപ്പെട്ടിരിക്കയാൽ, ലത്തീൻ കാനോനാ നമസ്കാരം സുറിയാനിയിലേക്കു തർജമ ചെയ്ത് ഉപയോഗിക്കണമെന്ന നിർദേശമാണ്, വൈദികരുടെ എതിർപ്പ് മൂലം ഉപേക്ഷിക്കേതായി വന്നത്.

25-ാം തീയതി വിശുദ്ധവസ്തുക്കളുടെ കൈമാറ്റം, പട്ടത്വം, വിവാഹം എന്നിവയെക്കുറിച്ചു ചർച്ച ചെയ്തു. ഏഴാം ദിവസം (26-ാം തീയതി), മലങ്കരയെ എഴുപത്തിയഞ്ചു ഇടവകകളായി വിഭജിച്ചു. പാരമ്പര്യം, വസ്ത്രധാരണം, ജാതിവ്യത്യാസം എന്നിവയായിരുന്നു തുടർന്നുവന്ന ചർച്ചാവിഷയങ്ങൾ. സാമൂഹ്യജീവിതത്തെക്കുറിക്കുന്ന ഇരുപത്തിനാലു കാനോനാകൾ തദവസരത്തിൽ പാസ്സാക്കി.

സമാപനസമ്മേളനത്തിൽ, പുതിയതായി നിയമനം ലഭിച്ച ഇടവക വികാരിമാരുടെ പേരുവിവരം പ്രഖ്യാപിച്ചു. ആർച്ചുബിഷപ്പിന്റെ കരം ചുംബിച്ചു കൊാണ്, വൈദികർക്ക് ഈ നിയമനം സ്വീകരിക്കേിവന്നത്. സൂനഹദോസിലെ കാനോനാകൾക്ക് അംഗീകാരം നല്കുക എന്ന പരിപാടിയായിരുന്നു അവസാനമായി നടന്നത്. ആദ്യം ആർച്ചുബിഷപ്പും, തുടർന്നു വൈദികരും, ശെമ്മാശന്മാരും അത്മായപ്രതിനിധികളും ക്രമമായി ഒപ്പുവച്ചു. സുന്നഹദോസിന്റെ നടപടികളുടെ മലയാളം തർജമ എല്ലാ ഇടവകകളിലുമുായിരിക്കണ മെന്നും, പ്രസംഗമില്ലാത്ത ഞായറാഴ്ചകളിലും, തിരുനാളുകളിലും സൂനഹദോസ് തീരുമാന ങ്ങൾ വായിക്കണമെന്നും മെനേസിസ് കല്പിച്ചു.

സൂനഹദോസിൽ പങ്കെടുത്ത വൈദികർക്ക് മെനേസിസ് ആശീർവദിച്ച കുർബാനക്കല്ല്, സൈത്ത് (വി.തൈലം) സൂക്ഷിക്കുന്നതിന് പാത്രങ്ങൾ, സൈത്ത്, അവ കൈകാര്യം ചെയ്യുന്ന വിവരമടങ്ങുന്ന പുസ്തകങ്ങൾ, കുർബാനക്കുപ്പായം എന്നിവയും നൽകപ്പെട്ടു. ആഘോഷ പൂർവം പ്രദക്ഷിണത്തോടെ സൂനഹദോസ് സമാപിച്ചു.

### 3.4.2 സൂനഹദോസിന്റെ സാധുത

ഉദയംപേരൂർ സൂനഹദോസ്, നിയമാനുസരണം വിളിച്ചുകൂട്ടിയ സമ്മേളനമായിരുന്നില്ലെന്നും, നിയമസാധുതയില്ലാത്ത സമ്മേളനമായിരുന്നുവെന്നും ആധുനിക ചരിത്രഗവേഷകർ തെളിയിച്ചിട്ടു്. ഫാ. ജോനാസ് തളിയത്ത് സൂനഹദോസ് അസാധുവാണെന്ന് നിസ്സംശയം സമർത്ഥിക്കുന്നു. ചൂിക്കാട്ടുന്ന കാരണങ്ങൾ:

- സൂനഹദോസ് വിളിച്ചുകൂട്ടുന്നതിന് മെനസിസിന് അധികാരമില്ലായിരുന്നു
- ഇപ്രകാരമൊരു സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിന് വ്യക്തമായ ഉദ്ദേശ്യമില്ലായിരുന്നു.
- സുന്നഹദോസ് നടത്തിയ രീതിയിൽ കാര്യമായ ക്രമക്കേടുകൾ ഉായിരുന്നു.
- കൗൺസിൽ നിശ്ചയങ്ങളിൽ തന്നെ കാതലായ വ്യത്യാസങ്ങൾ ഉ്.

### 3.4.3 പാശ്ചാത്യവത്കരണത്തിന്റെ പടപ്പുറപ്പാട്

ഉദയംപേരൂർ സൂനഹദോസ്, കേരള ക്രൈസ്തവസംസ്കാരചരിത്രത്തിൽ ഒരു വഴിത്തിരിവിനെക്കുറിക്കുന്നു. 'മാനം വളഞ്ഞതിനാംപക്കം' ഒരു സഭയേ ഉള്ളുവെന്നും ആ സഭയെ അംഗീകരിക്കാത്തവർ ശീശ്മക്കാരാണെന്നും, സഭയുടെ അധിപൻ പരിശുദ്ധ മാർപ്പാപ്പായാണെന്നും, മാർപ്പാപ്പായെ അംഗീകരിക്കാത്തവർ ഇടത്തൂട്ടുകാരാണെന്നും വിശ്വസിക്കുകയും വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്ത പോർട്ടുഗീസുകാർ സൂനഹദോസിലൂടെ, മലങ്കരയിലെ നസ്രാണികൾക്കു പതിന്നാലു നൂറ്റാുകളായി ബാബിലോണിയൻ പാത്രിയർക്കീസുമായുായിരുന്ന ബന്ധം വിച്ഛേദിച്ചു. കേരളത്തിലെ ക്രൈസ്തവരെ റോമിലെ പോപ്പിന്റെ ആധിപത്യത്തിൽ ആക്കുന്നതോടൊപ്പം, സാമൂഹ്യാചാരങ്ങളെയും വേഷഭൂഷാദികളെയും 'ക്രൈസ്തവവത്കരിക്കു'വാൻ ഒരുമ്പെടുകയായിരുന്നു അവർ. ക്രൈസ്തവ വത്കരിക്കുകയെന്നത് ലത്തീൻവത്കരണമെന്നാണ് പോർച്ചുഗീസുകാർ അർത്ഥമാക്കിയിരുന്നത്. പാശ്ചാത്യവത്കരണത്തിന്റെ ഈ പടപ്പുറപ്പാട് സമസ്ത മേഖലകളിലും പരിവർത്തനം ആവശ്യപ്പെട്ടു. കുർബാനപാത്രങ്ങൾ മൂടുന്നതിനുള്ള വിരികൾപോലും പോർച്ചുഗലിൽ നിർമ്മിച്ചവയാകണമെന്ന് നിഷ്കർഷിച്ചു:

"കല്ലിന്റെ എല്ലായിലും മീതെ വിരിക്കുന്ന ശീലയും കാസാടെ വാ മൂടുന്ന ശീലയും പഞ്ഞിയിടെ നൂൽകൊു നൈെത ഒള്ളശീല കൊു അരുത. പ്രൊത്തുക്കാൽ ശീലകൊു ഒള്ളതെ ആവൂ. വെറെ പ്രമാണം കൂടാതെ മറ്റു ശീല അതിന്നു അരുത്."[15] സാമൂഹ്യജീവിതത്തിൽനിന്ന്, സാംസ്കാരിക പൈതൃകത്തിൽനിന്നു കേരള ക്രൈസ്തവരെ അടർത്തിമാറ്റുന്നതിന് ബോധപൂർവം അവർ ശ്രമിച്ചു. ക്രൈസ്തവർ വേഷത്തിലും ഭാഷയിലും എല്ലാം മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായിരിക്കണമെന്നു തീർപ്പുകല്പിച്ചു:

"വിശ്വാസം ഒള്ള ലോകരുടെയും ഇത ഇല്ലാത്തവരുടെയും ഭേദം പൊറമെ ഒള്ള ശമയം കൊും ഒട്ടു വെണം എന്ന് പള്ളിക്ക് അതിന്ന ആതിനെ സൂക്ഷം ഒ്. അത് എന്തെ. ര് കുട്ടുവും ചമയം കൊറിവാൻ. ഈ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയംകൊും തലമുടികൊും കറിവാൻ ഏതും ഭെദം ഇല്ലെന്ന ശുദ്ധമാന സൂനഹദോസ്

കിട്ട് തങ്ങളിൽ ഭേദംകൊ് കറിവാൻ കല്പ്പിക്കുന്നു. ആണങ്ങൾ ആരും ഇന്നി തുടങ്ങി കാത്കുത്തരുത് എന്നും വളർത്തരുത് എന്നും. ഇതിന്നു എടത്തൂട ചെയ്യുന്നവരെ മെൽപട്ടക്കാരന്റെ മനസിനു തക്കവണ്ണം കുറ്റപ്പെടുകയും വേണം. കാതിൽ പൊന്നു ഇടുകയും അരുത്. പൊന്നു ഇടുകിൽ പള്ളിക്ക് പൊറത്ത ആക്കുകയും വെണം.''(16) പഴയ കർമ്മാനുഷ്ഠാനങ്ങൾക്ക് സൂനഹദോസ് വിലക്കു കല്പിച്ചു. കാനോനാകളിലെ 'മരിയാതീടെ തൂമകൾ മെൽ' എന്ന ഭാഗത്തുനിന്നും ഉദ്ധരിക്കുന്നു:

"മലയാം കൃത്യവും തിന്മകളും കാവ്യർക്കടുത്ത രസങ്ങളും അത്ര നീക്കം വെ്വത. നീക്കിക്കളയെുന്ന തണ്യമരിയാതകളീന്ന ഒന്നു ആകുന്നത് പെല കുളിക്കുന്നതു.... പെണ്ണുകെട്ടിനും മറ്റും ചെല വിശേഷത്തിനും നെലൊണ വീഴ്ത്തുന്നതും, പൊടക മുറിക്കുമ്പോൾ, ഒരനൂൽ വെലങ്ങത്തിൽ വരുന്നതു നന്ന എന്നു നെനക്കുന്നതും, നെല്ല അളന്നു കൊടുത്താൽ ആ കൊടുത്തതിൽ രു മണി നെല്ലെംകിലും വീുനുള്ളി ഇടുന്നതും, തലനൊയമ്പിനു കുളിയായ്കിൽ നൊയമ്പകാര്യം അല്ല എന്ന നെനക്കുന്നതും, കെട്ടിയ നാലാം പക്കം കുളികഴിഞ്ഞെ പള്ളിക്കൽ പൊകാവൂ എന്നും പുളികുടി കല്യാണവും തീർന്ന കുളിയും, ഇതഎപ്പെരും കാവ്യർക്ക അടുത്ത തിന്മടെ കൃത്യങ്ങൾ ആയതിനെക്കൊ് ശുദ്ധമാന സൂനഹദോസിനെ ഇതിനെ പൊറത്തെ കളഞ്ഞ ഇത്തരം ആരും ചൈകയും അരുത എന്ന അപേക്ഷ ആകുന്നു....

.... കാവ്യരിടെ മരിയാതകളിൽനിന്നും കൃത്യങ്ങളിൽനിന്നും തന്നെ നല്ല വിശ്വാസം ഒടെ നസ്രാണികൾ അകലെു. പിന്നെയൊ ശുദ്ധമാന എവൻ ഗേലിയൊൻ വഴങ്ങിയതിൽ പിന്നെ പഴെ മാർഗത്തിലെ മരിയാതകളും കൃത്യങ്ങളും അകറ്റിയെ മതിയാവൂ!"(17)

സാംസ്കാരികപൈതൃകത്തിന്റെ വളക്കൂറുള്ള മണ്ണിൽനിന്നു കേരളത്തിലെ പുരാതന ക്രൈസ്തവരെ പിഴുതു മാറ്റുന്നതിനു സൂനഹദോസിനു ഒരു പരിധിവരെ കഴിഞ്ഞുവെന്നു പറയാം. പൂർണമായി വിജയിച്ചില്ലെങ്കിലും സൂനഹദോസ് സൃഷ്ടിച്ച പരിവർത്തനം സർവതല സ്പർശിയായിരുന്നു; ദൂരവ്യാപകമായിരുന്നു. സഭാജീവിതത്തിൽ ചില വ്യവസ്ഥകളും നിഷ്ഠകളും വിളക്കിച്ചേർക്കുന്നതിനു സൂനഹദോസിനു കഴിഞ്ഞിട്ടുന്നെ വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ, കേരളീയജീവിതത്തിന്റെ എല്ലാ തടങ്ങളെയും നനച്ചൊഴുകിയ ക്രൈസ്തവമൂല്യബോധത്തിന്റെ സ്രോതസ്സിനെ ഇടുങ്ങിയ പുതിയ ചാലിലേക്കു തിരിച്ചു വിടാനുള്ള ഗൂഢമായ ഒരു യത്നം ഉദയംപേരൂർ സൂനഹദോസിനു പിന്നിലുായിരുന്നു.(18)

ഫാ. സേവ്യർ കൂടപ്പുഴ വിലയിരുത്തിയതുപോലെ 'ഭാരതീയവും പൗരസ്ത്യ'വുമായിരുന്ന ഒരു അപ്പൊസ്തലസഭയെ പാശ്ചാത്യസംസ്കാരത്തിനു അടിമപ്പെടുത്താനും അനുരൂപപ്പെടു ത്താനും നടത്തിയ ശ്രമമാണ് ഉദയംപേരൂർ സൂനഹദോസ്...മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയുടെ സ്വന്തമായ വ്യക്തിത്വവും വിലയേറിയ പാരമ്പര്യങ്ങളും ശ്ലാഘനീയമായ ആചാര ങ്ങളും പുരാതനമായ ആരാധനക്രമവുമെല്ലാം വികലമായി; വളരെയേറെ നഷ്ടപ്പെട്ടു. എല്ലാറ്റിലു മുപരിയായി ഒന്നായിരുന്ന ഇവിടുത്തെ സഭയെ വെട്ടിമുറിച്ച് കൂനൻകുരിശുസത്യത്തിലേക്കു നയിക്കുകയും ചെയ്തു."(19)

### 3.5 കൂനൻകുരിശു സത്യം – ഐതിഹാസിക സ്വാതന്ത്ര്യപ്രഖ്യാപനം

ഉദയംപേരൂർ സൂനഹദോസ് പ്രഥമദൃഷ്ടിയിൽ വിജയമായിരുന്നുവെങ്കിലും, അസ്വസ്ഥതകൾ സമുദായാന്തരീക്ഷത്തിൽ നിറഞ്ഞുനിന്നു. രാഷ്ട്രീയാധിപത്യത്തിന്റെ പിൻബലത്തോടെ, മതാധികാരത്തിന്റെ അംശവടിയേന്തിയ മിഷനറിമാർ സാമൂഹ്യജീവിതത്തിൽ കൈവച്ചപ്പോൾ, നിശ്ശബ്ദമായി അംഗീകരിക്കുവാൻ മലങ്കരനസ്രാണികൾ, ഒരുക്കമായിരുന്നില്ല. തങ്ങളുടെ സ്വാതന്ത്ര്യം അടിയറവയ്ക്കുവാൻ തയ്യാറില്ലായിരുന്ന നസ്രാണികൾ, ഏതദ്ദേശീയ വൈദികാധികാരിയായിരുന്ന അർക്കദിയാക്കോന്റെ ഭരണത്തിൻകീഴിൽ ഉറച്ചുനിന്നുകൊു, ലത്തീൻവത്കരണത്തെ സമസ്തശക്തിയും സമാർജ്ജിച്ച് എതിർക്കുന്നതിന് ഒരുമ്പെട്ടു.

മലങ്കരനസ്രാണികളുടെമേൽ അധികാരം ഉറപ്പിക്കുവാൻ കഴിഞ്ഞതോടെ, അവരുടെ വ്യക്തിത്വം നശിപ്പിക്കുവാനുള്ള ക്രമാനുഗതമായ ശ്രമങ്ങളും ആരംഭിച്ചു. അർക്കദിയാക്കോന്റെ അധികാരവും പദവിയും എടുത്തുകളയുകയായിരുന്നു, ആദ്യപടി. അങ്കമാലി മെത്രാസനത്തെ ഗോവയുടെ സാമന്തരൂപതയായി തരം താഴ്ത്തുകയും, ഫാ. റോസിനെ അവിടെ മെത്രാനായി നിയമിക്കുകയും ചെയ്തു. അർക്കദിയാക്കോന്റെ അധികാരത്തിന്റെ മേലുള്ള കടന്നാക്രമണമായിരുന്നു, ഇത്. ഏതാനും വർഷങ്ങൾക്കുശേഷം, സാമന്തരൂപതാസ്ഥാനം എടുത്തുമാറ്റിയെങ്കിലും, ആർച്ചുഡീക്കന്റെ വ്യക്തിത്വം കുറച്ചുകാട്ടുന്നതിനുള്ള ശ്രമം തുടർന്നുകൊയേിരുന്നു. ആർച്ചുഡീക്കൻ റോമിലേക്കയച്ച പരാതികൾ സ്വീകരിച്ചില്ല. ആർച്ചുഡീക്കനെതിരെ ശിക്ഷണനടപടിയെടുക്കുകകൂടി ചെയ്തു. ചില അനുരഞ്ജനശ്രമങ്ങൾ നടന്നുവെങ്കിലും ആത്യന്തികമായി അവ വിഫലമായതേയുള്ളു. 1653-ലെ കൂനൻകുരിശുസത്യംവരെ സഭാന്തരീക്ഷം പുകഞ്ഞു കൂടിയതേയുള്ളു. 1599 മുതൽ 1653 വരെ അരനൂറ്റാുകാലം സംഘർഷത്തിന്റെ ഘട്ടമായിരുന്നു. ഫാ. സേവ്യർ കൂടപ്പുഴ സംഘർഷത്തിന്റെ ഘട്ടത്തെ വിലയിരുത്തുന്നു:

'ആർച്ചുബിഷപ്പും ആർച്ചു ഡീക്കനും തമ്മിലുള്ള ഒരു പ്രതിസന്ധി എന്നതിനെക്കാൾ, ഒരു പ്രാചീനസഭയുടെ പരമ്പരാഗതമായ ഭരണക്രമവും, പോർച്ചുഗീസുകാരുടെ സ്ഥാപിതതാല്പര്യങ്ങളുമായുള്ള ഒരു ഏറ്റുമുട്ടലാണ്, ഇവിടെ നാം ദർശിക്കുക. രാഷ്ട്രീയവും മതപരവുമായ ലക്ഷ്യങ്ങൾ പോർച്ചുഗീസുകാർക്ക് ഉായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ അനിഷേധ്യനേതാക്കന്മാരായിരുന്ന ആർച്ചുഡീക്കന്മാർക്കു ഈ വിദേശശക്തികളുടെ മുമ്പിൽ തലകുനിച്ചു കീഴടങ്ങുക അസാദ്ധ്യമായിരുന്നു. ഒരു സഭയുടെയും സമുദായത്തിന്റെയും നിലയും വിലയും കാക്കേവരിൽനിന്ന് അപ്രകാരം പ്രതീക്ഷിക്കരുതല്ലോ. ഈ ധർമ്മസമരമാണ് 1599-നും 1653-നുമിടയ്ക്കു നമ്മൾ ദർശിക്കുക."[20]

അരനൂറ്റാുകാലം മലങ്കരയിൽ നീറിപ്പുകഞ്ഞ അസ്വസ്ഥതയും അസംതൃപ്തിയുമാണ്, കൂനൻകുരിശുസത്യമായി ആളിപ്പടർന്നത്. അതിനു നിമിത്തം കുറിക്കാൻ ഒരു സംഭവമുായി. മാർ അഹത്തള്ളാ എന്ന മെത്രാന്റെ ആഗമനമായിരുന്നു അത്. തങ്ങൾക്കു വൈദികനേതൃത്വം നൽകുന്നതിന്, അർക്കദിയാക്കാൻ കൽദായ പാർത്രിയർക്കീസിനെഴുതി. അതിന്റെ ഫലമായി പാത്രിയർക്കീസ് മാർ അഹത്തള്ളാ എന്ന മെത്രാനെ കേരളത്തിലേക്കയച്ചു. മെത്രാനെ കൊച്ചിയിലിറക്കുന്നതിന് പോർച്ചുഗീസുകാരും ലത്തീൻ വൈദികാധികാരികളും കൂട്ടാക്കിയില്ല. അർക്കദിയാക്കോൻ – തോമ്മാ അർക്കദിയാക്കോൻ – ആറായിരത്തിലധികം വരുന്ന സുറിയാനി

ക്കാരോടൊപ്പം മട്ടാഞ്ചേരിയിലെത്തി. പോർച്ചുഗീസുകാർ ആർച്ചുഡീക്കന്റെ അപേക്ഷ നിരസിച്ചു മെത്രാനെ ഗോവയിലേക്കയച്ചു. ഇതിനിടെ, പോർച്ചുഗീസുകാർ മെത്രാനെ കടലിൽ മുക്കി ക്കൊന്നതായി കിംവദന്തി പ്രചരിച്ചു. രോഷാകുലരായിത്തീർന്ന സുറിയാനിക്കാർ ആർച്ചു ഡീക്കന്റെ നേതൃത്വത്തിൽ കൊച്ചിയിലേക്കു പുറപ്പെട്ടു. കൊച്ചികോട്ടയുടെ വാതിൽ അവർക്കു നേരെ അടയ്ക്കപ്പെട്ടുവെന്നുമാത്രമല്ല, കോട്ടയ്ക്കു മുകളിലുായിരുന്ന പീരങ്കികൾ അവർക്കു നേരെ തിരിക്കുകയും ചെയ്തു. ധാർമ്മികരോഷം ആളിക്കത്തിയ ജനസമൂഹം മട്ടാഞ്ചേരി പള്ളിയിലേക്കു നീങ്ങി. പള്ളിയുടെ മുമ്പിൽ സ്ഥാപിച്ചിരുന്ന കൽക്കുരിശിൽ ആലാത്തുകെട്ടി, 'റോമാ ആധിപത്യത്തെ ഉപേക്ഷിക്കുന്നു'വെന്നു പ്രതിജ്ഞയെടുത്തു. സംഭവനാമധേയത്തെ അന്വർത്ഥ മാക്കുമാറ് കുരിശ് ഒരുവശത്തേക്കു ചരിഞ്ഞുവെന്നു പറയപ്പെടുന്നു. 1653 ജനുവരി 3-ാം തീയതി നടന്ന ഐതിഹാസികമായ ഈ സ്വാതന്ത്ര്യപ്രഖ്യാപനമാണ്, 'കൂനൻകുരിശുസത്യം' എന്ന പേരിൽ അറിയപ്പെടുന്നത്.

കേരളക്രൈസ്തവസഭാചരിത്രത്തിലെ പരിവർത്തനബിന്ദുവാണിത്. അമ്പതുനോമ്പിനെ തുടർന്ന് ആലങ്ങാട്ടുപള്ളിയിൽകൂടിയ യോഗം തോമ്മാ അർക്കദിയാക്കോനെ മെതാനാക്കണ മെന്ന തീരുമാനത്തോടെ പിരിഞ്ഞു. അതനുസരിച്ചു 1653 മെയ് 22-ാം തീയതി ആലങ്ങാട്ടുപള്ളി യിൽവച്ചു പന്ത്രു വൈദികർ ചേർന്നു ആർച്ചുഡീക്കനെ 'മാർത്തോമ്മാ ഒന്നാമൻ' എന്ന നാമധേയത്തോടെ, അധികാരം ഔദ്യോഗികമായി ഏല്പ്പിച്ചു. സ്വാഭാവികമായി മലങ്കര സഭയിൽ പിളർപ്പുായി. പുരാതന നസ്രാണികളധികവും ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ വിശ്വാസ മർപ്പിച്ചു; ഒരു വിഭാഗം റോമാസഭയിലേക്കു മടങ്ങി. റോമാ ആധിപത്യം അംഗീകരിച്ചവർ 'പഴയകുറ്റുകാരെന്നും' അർക്കദിയാക്കോന്റെ നേതൃത്വം അംഗീകരിച്ചവർ 'പുത്തൻകുറ്റുകാർ' എന്നും പിൽക്കാലത്ത് അറിയപ്പെട്ടു. റോമാവിഭാഗത്തിൽ ആദ്യത്തെ ഏതദ്ദേശീയ മെത്രാനായി പറമ്പിൽ ചാി കത്തനാർ അഭിഷേകം ചെയ്യപ്പെട്ടു.

### 3.6 രാഷ്ട്രീയാധിപത്യത്തിൽ മാറ്റം

പതിനേഴാം നൂറ്റാിന്റെ പൂർവാർദ്ധം പിന്നിട്ടതോടുകൂടി ഡച്ചുകാർ കേരളത്തിൽ ആധിപത്യം ഉറപ്പിച്ചു. അതോടെ പോർച്ചുഗീസ് ആധിപത്യം ഒരു പഴങ്കഥയായി മാറി. ഡച്ചുകാർ പ്രൊട്ടസ്റ്റന്റ് മതവിശ്വാസികളായിരുന്നു. അവർ 1663-ൽ കൊച്ചി പിടിച്ചടക്കിയതോടെ പോർച്ചുഗീസുകാർ കേരളത്തോടു വിട പറഞ്ഞു. അങ്ങനെ സുറിയാനി മെത്രാന്മാർക്ക് മലങ്കരയിൽ എത്തിച്ചേരുന്നതിന് ഉായിരുന്ന മാർഗതടസ്സം നീങ്ങി. തുടർന്ന് അന്ത്യാക്യ യിൽനിന്ന് എത്തിയ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഒന്നാം മാർത്തോമ്മായെ മെത്രാനായി അഭിഷേചിച്ചു.

ഡച്ച് അധിനിവേശഘട്ടത്തിലെ മഹത്തായ ഒരു സാംസ്കാരിക സംഭാവന എടുത്തു പറയേതു്; 'ഹോർത്തൂസ് ഇൻഡിക്കൂസ് മലബാറിക്കസ്' എന്ന വിഖ്യാത ഗ്രന്ഥം. 'ഇന്ത്യയിൽ മലബാറിലെ സസ്യലോകം' എന്ന് മലയാളീകരിക്കാം. സസ്യശാസ്ത്രലോകത്തിന് കേരളം നല്കിയ അതുല്യസംഭാവനയാണിത്. കേരളത്തിൽ വളരുന്ന എഴുന്നൂറ്റിനാല്പത്തിര് സസ്യങ്ങളെ സംബന്ധിച്ച സചിത്രവിവരണമാണ്, ഗ്രന്ഥത്തിന്റെ ഉള്ളടക്കം. എഴുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് ചിത്രങ്ങളുമു്. ഡച്ചുകാരനായ ഹെൻറിക് ആഡ്രിയൻ വാൻറീഡാണ്, പിന്നിൽ പ്രവർത്തിച്ചത്. മലയാളിയായ ഇട്ടി അച്യുതൻ വൈദ്യരാണ്, വിവരങ്ങൾ ശേഖരിച്ച്

ഗ്രന്ഥം തയ്യാറാക്കുന്നതിന് സഹായിച്ച മുഖ്യശില്പി. 1678-ൽ ഒന്നാം വാല്യവും 1693-ൽ പന്ത്രാം വാല്യവും പ്രസിദ്ധീകരിച്ചു. ലാറ്റിൻ ഭാഷയിൽ റോമൻ ലിപിയിൽ ആംസ്റ്റർഡാമിൽ മുദ്രണം ചെയ്തു പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിലാണ്, മലയാള ലിപി ആദ്യമായി അച്ചടിമഷി പുരത്.

## 3.7 വിദേശാധിപത്യത്തിനെതിരെ വീും

കാലം ചെല്ലുന്തോറും വിദേശമിഷനറിമാരും സുറിയാനിക്കാരും തമ്മിലുള്ള സംഘർഷം ഏറിവന്നതേയുള്ളു. റോമാ ആധിപത്യം അംഗീകരിച്ചവരും ഈ വിദേശപീഡനത്തിൽനിന്നും മുക്തരായിരുന്നില്ല. വിദേശാധിപത്യം ദുസ്സഹമായി തീർന്നപ്പോൾ, ഏതദ്ദേശീയ മെത്രാനെ ലഭിക്കുന്നതിനുവേി, റോമിലെ പരിശുദ്ധ സിംഹാസനത്തിനുമുമ്പിൽ, നിവേദനമർപ്പിക്കാൻ തന്നെ സുറിയാനിക്കാർ തീരുമാനിച്ചു. അങ്കമാലിപള്ളിയിൽക്കൂടിയ സുറിയാനി ക്രിസ്ത്യാനികളുടെ യോഗം, പ്രശ്നപരിഹാരത്തിനായി, കരിയാറ്റിൽ യൗസേഫ് മല്പാനെ റോമിലേക്കയയ്ക്കുവാൻ തീർച്ചയാക്കി. റോമായാത്രയ്ക്കുവേ പണം സുറിയാനി പള്ളിക്കാർ ശേഖരിച്ചു. പണ്ഡിതനും കർമ്മകുശലനുമായിരുന്ന പാറേമ്മാക്കൽ തോമ്മാകത്തനാരെ മല്പാന്റെകൂടെ അയയ്ക്കാനും തീരുമാനമായി. 1778 മെയ് 7-ന് അവർ മദ്രാസിൽനിന്നു കപ്പൽ കയറി. പത്തുമാസത്തെ ക്ലേശപൂർണ്ണമായ യാത്രയ്ക്കുശേഷം ലിസ്ബണിൽ എത്തിയ അവർ പോർട്ടുഗൽ രാജ്ഞിക്ക് ഏതാനും ഹർജി നല്കി. 1780-ൽ അവർ റോമിലെത്തി. ഇതിനിടെ കേരളത്തിൽനിന്നു മാർത്തോമ്മായ്ക്കും കരിയാറ്റിക്കുമെതിരായി നിരവധി കത്തുകൾ ലിസ്ബണിലും റോമിലും എത്തിക്കൊിരുന്നു.

1782 ഡിസംബർ 16-നു പോർട്ടുഗൽ രാജ്ഞി ജോസഫ് കരിയാറ്റിയെ കൊടുങ്ങല്ലൂർ മെത്രാനായി നിയമിച്ചു. 1783 മാർച്ചിൽ അവിടെവച്ചുതന്നെ അദ്ദേഹം അഭിഷിക്തനായി. ലക്ഷ്യങ്ങളെല്ലാം നേടി 1785 ഏപ്രിലിൽ ലിസ്ബണിൽനിന്ന് സ്വദേശത്തേക്കു കപ്പൽ കയറി. മാർ കരിയാറ്റിയും തോമ്മാകത്തനാരും 1786 മെയ് മാസത്തിൽ ഗോവയിലെത്തി. അവിടത്തെ താമസത്തിനിടയിൽ 1786 സെപ്റ്റംബർ 10-ാം തീയതി, മാർ കരിയാറ്റിൽ മെത്രാപ്പോലീത്താ അന്തരിച്ചു. അതിനുമുമ്പ്, മെത്രാപ്പോലീത്താ തോമ്മാകത്തനാരെ, തന്റെ കാലശേഷം കൊടുങ്ങല്ലൂർ രൂപതയുടെ ചുമതലകൾ നിർവഹിക്കുന്നതിനു ഗോവർണദോരാക്കിയിരുന്നു.[20]

പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോർ, 1788 ഡിസംബറിൽ കൊടുങ്ങല്ലൂർ രൂപതയുടെ ഭരണമേറ്റെടുത്തു. ക്രൈസ്തവരുടെ സ്നേഹവും സഹകരണവും അദ്ദേഹത്തിനു ലഭിച്ചു. ക്രൈസ്തവസമൂഹത്തിൽ ഐക്യബോധം ഉളവാകുന്നതിനു ഗോവർണ്ണദോരുടെ ഭരണം ഉപകരിച്ചു. സംതൃപ്തരായ ജനങ്ങൾ അദ്ദേഹത്തെ മെത്രാപ്പോലീത്തായായി അഭിഷേചിക്കുന്നതിന് റോമാസിംഹാസനത്തോട് അപേക്ഷിച്ചുവെങ്കിലും നടപ്പായില്ല. 'പുനരൈക്യ'ത്തിനു ഗോവർണദോർ അച്ചൻ തുടക്കം കുറിച്ചുവെങ്കിലും ഫലപ്രദമായി നടപ്പാക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല.[22]

കേരള ക്രൈസ്തവസഭയുടെ സ്വാതന്ത്ര്യവും നന്മയും ധന്യപൈതൃകവും ഉയർത്തിക്കാട്ടിയ പ്രതിഭാശാലികളിൽ പ്രധാനമായി മാർ കരിയാറ്റിൽ ജോസഫ് മെത്രാപ്പോലീത്തായും, പാറേമ്മാക്കൽ തോമ്മാകത്തനാരും ആദരിക്കപ്പെടുന്നു. ഐതിഹാസികമായ റോമ്മാ യാത്രയുടെ ഉജ്ജ്വലമായ വിവരണമാണ്, സുപ്രസിദ്ധമായ 'വർത്തമാനപ്പുസ്തകം' എന്ന ഗ്രന്ഥം. കേരള

ക്രൈസ്തവ സാംസ്കാരികചരിത്രത്തിലെ ഉജ്ജ്വലമായ ഏടാണ് 'വർത്തമാനപ്പുസ്തക'ത്തിൽ അനാവരണം ചെയ്തിട്ടുള്ളത്.

### 3.8 കേരളത്തിലെ ലത്തീൻ കത്തോലിക്കർ - ഉത്ഭവവും വളർച്ചയും

1320-ൽ ജോർദാൻ കറ്റലാനി എന്ന മിഷനറി കൊല്ലത്തെത്തി. പേർഷ്യൻ സിറിയൻ രീതികളിൽ ആരാധന നടത്തിയിരുന്ന കേരള ക്രിസ്ത്യാനികളിൽനിന്നു വ്യത്യസ്തമായ ലത്തീൻ രീതിയിലായിരുന്നു, കറ്റലാനിയുടെ ആരാധനക്രമം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട മാർഗ്ഗം ഇന്നത്തെ ലത്തീൻ കത്തോലിക്ക സമുദായത്തിന് ആരംഭമിട്ടു. അന്ന്, ലത്തീനാരാധനക്രമങ്ങൾ സ്വീകരിച്ചവരിൽ ഭൂരിപക്ഷവും നസ്രാണി മാപ്പിളമാർ ആയിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ചരിത്രരേഖകളുടെ വെളിച്ചത്തിൽ നിരീക്ഷിക്കുമ്പോൾ, ഫ്രഞ്ചുകാരനായ ജോർദാൻ കറ്റലാനിയാണ്, കേരളത്തിൽ ലത്തീൻവിഭാഗത്തിന്റെ സ്ഥാപകനും, കേരളകത്തോലിക്കരുടെ ആദ്ധ്യാത്മികപിതാവായി മാർപ്പാപ്പ നിയമിച്ച ആദ്യത്തെ ലത്തീൻ മെത്രാനും.

1329-ൽ ഇന്ത്യയിൽ ആദ്യത്തെ രൂപതയായി കൊല്ലം ലത്തീൻ രൂപത നിലവിൽ വന്നു. 15-ാം നൂറ്റാിൽ പോർച്ചുഗീസുകാരുടെ വരവോടെ കേരളത്തിൽ ലത്തീൻ റീത്തിന്റെ വളർച്ച ആരംഭിച്ചു എന്നു പറയാം. സുറിയാനിക്രിസ്ത്യാനികളിൽനിന്നും വ്യത്യസ്തരായി ലത്തീൻ കത്തോലിക്കർ പ്രാദേശിക ജനവിഭാഗത്തെ മതപരിവർത്തനം ചെയ്യുന്നതിൽ ഉത്സുകരായിരുന്നു. ലത്തീൻ കത്തോലിക്കാസഭ ഘടനാപരമായി കേരളത്തിൽ ഒന്നാണെങ്കിലും വ്യത്യസ്ത കാലയളവുകളിൽ, വ്യത്യസ്ത സമൂഹങ്ങൾ ഒന്നാകെ ലത്തീൻ കത്തോലിക്കാസഭയിൽ ചേർന്നതിന്റെ അടിസ്ഥാനത്തിൽ എഴുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, മൂന്നൂറ്റിക്കാർ എന്നിങ്ങനെ പേരുകളിൽ സഭക്കുള്ളിൽത്തന്നെ അറിയപ്പെടുന്നു്.

1599-ലെ ഉദയംപേർ സൂനഹദോസും അതിന്റെ ഡിക്രികളും കേരള കത്തോലിക്കാസഭയിൽ ലത്തീൻ റീത്തിന്റെ ശാക്തീകരണത്തിന് കാരണമായിട്ടു്. 14-ാം നൂറ്റാിൽ നെസ്തോറിയൻ പാഷണ്ഡത വിട്ടെറിഞ്ഞ് കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരും കേരളത്തിലെ വിവിധ ജാതികളുടെ തടവിൽനിന്ന് കാലാകാലങ്ങളിൽ മോചനം നേടി കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരുമുൾപ്പടെ 20 ലക്ഷത്തിൽപ്പരം അംഗങ്ങളുള്ള സമുദായമാണ്, കേരളത്തിലെ ലത്തീൻ കത്തോലിക്കർ.

ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രയായ നാനാത്വത്തിൽ ഏകത്വം, കേരള ലത്തീൻ കത്തോലിക്കരുടെ അടിസ്ഥാനസ്വഭാവമാണെന്നു പറയാം. ഈ സ്വഭാവമാകട്ടെ ഭിന്നപാരമ്പര്യങ്ങളെ കോർത്തിണക്കുന്ന റോമൻ കത്തോലിക്കാസഭയുടെ അടിസ്ഥാനതത്വങ്ങൾ മാത്രമാണ്. അധഃസ്ഥിതജാതികളുടെ പീഡിതപാരമ്പര്യം, കുലീനജാതികളുടെ അധീശപാരമ്പര്യം, എന്നിങ്ങനെ പല പാരമ്പര്യങ്ങളും ഉൾച്ചേർന്ന സങ്കീർണ്ണമായ ഒന്നാണ്. കേരളത്തിലെ ലത്തീൻ സമുദായ പാരമ്പര്യം.

കേരളത്തിലെ ലത്തീൻ സഭ ര് അതിരൂപതകളുടെ കീഴിലുള്ള 11 രൂപതകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കൊല്ലം മുതൽ കൊടുങ്ങല്ലൂർ വരെയുള്ള തീരദേശം ലത്തീൻ കത്തോലിക്കരുടെ പ്രധാന അധിവാസഭൂമിയാണെന്നുപറയാം. സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ഈ സമുദായത്തെ വളർത്തിയെടുക്കുന്നതിനായി കേരളാ റീജണൽ ലാറ്റിൻ കാത്തലിക്

കൗൺസിൽ, ലാറ്റിൻ കാത്തലിക് ബിഷപ്പ് കോൺഫറൻസ് എന്നീ സമിതികൾ പ്രവർത്തിക്കുന്നു. ചവിട്ടുനാടകം, വാളാട്ട പരിചവീശുകളി, അണ്ണാവിപ്പാട്ടുകൾ, പാനപ്പാട്ടുകൾ, പിച്ചപ്പാട്ടുകൾ തുടങ്ങി സാംസ്കാരിക കേരളത്തിന് ഈടുറ്റ സംഭാവനകൾ ഈ സമൂഹം നൽകി.

## കുറിപ്പുകൾ

1. വൈശികതന്ത്രം, ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടിചരിതം, ഉണ്ണിച്ചിരുതേവി ചരിതം, ചന്ദ്രോത്സവം തുടങ്ങിയ കൃതികൾ ഇവിടെ സ്മരിക്കുന്നു.
2. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിതം, പുറം 167.
3. ഭാരതസഭാചരിത്രം, പുറം. 151
4. ഭാരതസഭാചരിതം, പുറം. 16, 21, 63
5. മത്തായി എന്ന വൈദികവിദ്യാർത്ഥി, പോർട്ടുഗലിൽനിന്നും മടങ്ങിയെത്തിയപ്പോൾ, ആശയത്തിലും, വീക്ഷണത്തിലും മാത്രമല്ല, പേരുപോലും പോർച്ചുഗീസ് ശൈലിയിൽ പരിഷ്ക്കരിച്ചു മാത്യു ഡയസ്.
6. *ഭാരതസഭാചരിതം*, പുറം. 182,
7. *ഭാരതസഭാചരിതം*, പുറം. 224
8. *ഭാരതസഭാചരിതം*, പുറം. 225
9. ഉദയംപേരൂർ സുനഹദോസിന്റെ കാനോനാകൾ, പുറം. 22
10. കാനോനാകൾ, പുറം. 218
11. കാനോനാകൾ, പുറം. 13
12. കാനോനാകൾ, പുറം. 15
13. കാനോനാകൾ, പുറം. 20, 21
14. *ഭാരതസഭാചരിതം*, പുറം. 249
15. കാനോനാകൾ, പുറം. 211, 212
16. കാനോനാകൾ, പുറം. 201
17. കാനോനാകൾ, പുറം. 188 190
18. ഡോ. സാമുവൽ ചന്ദനപ്പള്ളി, ക്രൈസ്തവ സംസ്കാരം, പുറം. 12.
19. *ഭാരതസഭാചരിതം*, പുറം. 252
20. *ഭാരതസഭാചരിതം*, പുറം. 315
21. ഗോവർണദോർ അഡ്മിനിസ്ട്രേറ്റർ
22. വർത്തമാനപ്പുസ്തകത്തിനു ഒരവതാരിക, പുറം. 34, 35

### അധ്യായം നാല്

# കേരളനവോത്ഥാനത്തിൽ ക്രൈസ്തവരുടെ പങ്ക്
# (The Role of Christians in the Renaissance of Kerala)

ക്രിസ്തുവർഷം പത്തൊൻപതാം നൂറ്റ് കേരളത്തിൽ പ്രേഷിതവൃത്തിയുടെ മഹത്തായ യുഗമാണ്. പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനമാണ്, ഈ നൂറ്റാിനെ പ്രകാശമാനമാക്കിയത്. ബ്രിട്ടീഷ് സാമാജ്യസ്ഥാപനമാണ്, പ്രൊട്ടസ്റ്റന്റ് മിഷനറി പ്രവർത്തനത്തിനു വഴിതുറന്നത്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ മിഷൻപ്രവർത്തനത്തിനു ആദ്യകാലത്തു ചില തടസ്സങ്ങളുായിരുന്നുവെന്നത് വിസ്മരിക്കുന്നില്ല. കേണൽ മൺറോ, തിരുവിതാംകൂർ റസിഡന്റ് ആയതോടെ (1810-1819) ആ തടസ്സങ്ങൾ നീങ്ങുകയുായി, ലൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷനറി സൊസൈറ്റി, ബാസൽ മിഷൻ എന്നീ മിഷനറിസമൂഹങ്ങൾ, 19-ാം നൂറ്റാിന്റെ പ്രഭാതയാമത്തിൽതന്നെ മിഷൻ വയലുകൾ തേടി കേരളക്കരയിലെത്തി.

1795 സെപ്റ്റംബർ 21-ാം തീയതി ജന്മമെടുത്ത ലൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.) ആറ് അംഗങ്ങളടങ്ങിയ ഒരു സംഘത്തെ സുവിശേഷ പ്രചാരണത്തിനുവേി ഇന്ത്യാ, സിലോൺ എന്നിവിടങ്ങളിലേക്കയച്ചു. അവരിൽ ഒരാളായിരുന്ന റവ.റിംഗിൾ ടോബെ തെക്കൻ തിരുവിതാംകൂറിലെ മെലടി കേന്ദ്രമാക്കി 1806-ൽ പ്രവർത്തനമാരംഭിച്ചു. The Apostle of South Travancore എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുക. റവ.ഡോ.ക്ലോഡിയസ് ബുക്കാനൻ കേരളം സന്ദർശിച്ച കാലംമുതൽതന്നെ (1806) ചർച്ച് മിഷനറി സൊസൈറ്റിയുടെ പ്രവർത്തനം കേരളത്തിലാരംഭിച്ചുവെന്നു പറയാം. എങ്കിലും സംഘടിതപ്രവർത്തനമാരംഭിച്ചത് 1816-ലാണ്. തോമസ് നോർട്ടൻ, ബെഞ്ചമിൻ ബെയ്ലി, ജോസഫ് ഫെൻ, ഹെൻട്രി ബേക്കർ എന്നിവരായിരുന്നു മിഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. മധ്യകേരളമായിരുന്നു അവരുടെ കർമ്മമേഖല; കോട്ടയമായിരുന്നു ആസ്ഥാനം. സ്വിറ്റ്സർലിൽ ബാസൽ കേന്ദ്രമാക്കി മിഷനറി പ്രവർത്തനത്തിലേർപ്പെട്ടിരുന്ന 'ബാസൽ ഇവാഞ്ചലിക്കൽ മിഷൻ' 1839-ൽ കേരളത്തിലും പ്രവർത്തനമാരംഭിച്ചു. അവർ പ്രവർത്തനരംഗമായി തിരഞ്ഞെടുത്തത് ഉത്തരകേരളമായിരുന്നു; ആസ്ഥാനം തലശ്ശേരിയും. ഡോ.ഹെർമൻ ഗുർട്ടായിരുന്നു മിഷനറി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. ഇങ്ങനെ ദക്ഷിണ, മധ്യ, ഉത്തരമേഖലകളിലായി പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം പത്തൊൻപതാം നൂറ്റാിന്റെ ആദ്യപാദത്തിൽതന്നെ കേരളമാകെ വ്യാപിക്കുകയും ചെയ്തു.

പാശ്ചാത്യനവോത്ഥാനത്തിന്റെ നവദർശനം കുണർന്ന മിഷനറിമാർ കേരളസഭയെയും സമൂഹത്തെയും നവീകരിക്കുക എന്ന ലക്ഷ്യവും മനസ്സിൽ കിരുന്നു. വിശേഷിച്ചും സി.എം.എസ്. മിഷനറിമാരുടെ പ്രധാന ലക്ഷ്യമതായിരുന്നു. മധ്യതിരുവിതാംകൂറിൽ പ്രേഷിതവയൽ കത്തിയ അവർ സുറിയാനി സഭാവിഷയങ്ങളിൽ അത്യന്തം തൽപരരായിരുന്നു. സുറിയാനി സഭാനേതൃത്വത്തിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് ആദ്യകാല മിഷനറിപ്രവർത്തനം നടന്നത്.

### 4.1 ബൈബിൾ മലയാളത്തിൽ

ക്രൈസ്തവരുടെ വേദഗ്രന്ഥമായ ബൈബിൾ അക്കാലംവരെ മലയാളത്തിൽ വിവർത്തനം ചെയ്തിരുന്നില്ല. സുറിയാനി, ലത്തീൻ ബൈബിളുകളായിരുന്നു വൈദികരുടെയും മറ്റും ഉപയോഗത്തിലിരുന്നത്. സാമാന്യജനത്തിന് നാട്ടുഭാഷയിലുള്ള ബൈബിൾ ഒരവശ്യഘടകമായി മിഷനറിമാർക്കു ബോദ്ധ്യപ്പെട്ടു. കേരളത്തിലെത്തിയ ഡോ. ക്ലോഡിയസ് ബുക്കാനൻ, മലങ്കര മെത്രാപ്പോലീത്താ വലിയ മാർ ദീവാന്നാസ്യോസിനെ – ആറാം മാർത്തോമ്മായെ – സന്ദർശിച്ചു. പ്രസ്തുത കൂടിക്കാഴ്ചയിൽ, വേദഗ്രന്ഥവിവർത്തനത്തിന്റെ ആവശ്യകത ഡോ. ബുക്കാനൻ ഉന്നയിച്ചു. 'ഇരുളടഞ്ഞ ഈ നാടിനു വെളിച്ചം പകരുവാൻ പോരുന്ന വേദപുസ്തക പരിഭാഷയ്ക്കു' മെത്രാപ്പോലീത്താ സമസ്തസഹകരണവും വാഗ്ദാനം ചെയ്തു. ബുക്കാനന്റെ താൽപര്യമനുസരിച്ചു മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽതന്നെ വിവർത്തനമാരംഭിച്ചു. സുറിയാനിയിൽനിന്നു നേരിട്ടുള്ള തർജമയ്ക്ക് തമിഴ് വേദപുസ്തകം സഹായകമായി സ്വീകരിച്ചു. കായംകുളത്തുകാരൻ ഫീലിപ്പോസ് റമ്പാനാണ്, വിവർത്തനത്തിൽ മുഖ്യപങ്കു വഹിച്ചത്. പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെയും തിമ്മപ്പാപ്പിള്ളയുടെയും സഹകരണം അദ്ദേഹത്തിനു ലഭിച്ചു. 1807-ൽ നാലു സുവിശേഷങ്ങളുടെയും അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെയും വിവർത്തനം പൂർത്തിയായി. ഇവ ബുക്കാനന്റെ ചുമതലയിൽതന്നെ ബോംബെ കുറിയർ പ്രസ്സിൽ മുദ്രണം ചെയ്ത് 1811-ൽ പ്രസിദ്ധീകരിച്ചു. ഇതാണ് മലയാളത്തിലെ പ്രഥമ വേദപുസ്തകം. സുറിയാനിബൈബിളിൽനിന്നു പദാനുപദം വിവർത്തനം ചെയ്ത പ്രസ്തുത ബൈബിളിലെ ഭാഷ കുറ്റമറ്റതായിരുന്നില്ല. ചതുരവടിവിലുള്ളതായിരുന്നു ലിപി; ഭാഷ തമിഴ്മയവും. സുറിയാനി പദങ്ങൾതന്നെ പലേടത്തും തത്ഭവങ്ങളായി സ്വീകരിച്ചിട്ടു്. കേരളത്തിലെ പല പള്ളികളിലും ഈ ബൈബിൾ വിതരണം ചെയ്തു.

#### സമ്പൂർണ്ണ ബൈബിൾ

ബുക്കാനൻ പ്രസിദ്ധീകരിച്ച ബൈബിളിന്റെ പിഴകൾ തീർത്ത്, സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ, കേണൽ മൺറോയുടെ ഉത്സാഹഫലമായി സി.എം.എസ്. മിഷനറി റവ. ബെഞ്ചമിൻ ബെയ്‌ലിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. ഇംഗ്ലീഷിൽനിന്നു നേരിട്ടുള്ള വിവർത്തനമായിരുന്നു, അത്. എബ്രായ പണ്ഡിതനായ മോശെ ഈശാർനി, സംസ്കൃതപണ്ഡിതനായ വൈദ്യനാഥയ്യർ, മലയാളപണ്ഡിതനായ ചാത്തുമേനോൻ(1) എന്നിവരുടെ സഹായം വിവർത്തനപ്രക്രിയയിൽ ബെയ്‌ലിക്കു ലഭിച്ചിരുന്നു. ഒരവസരത്തിൽ മുപ്പതു സംസ്കൃതപണ്ഡിതന്മാർ കൂടിയിരുന്നു ചർച്ച ചെയ്തിരുന്നതായി, രേഖയു്. കേണൽ മൺറോ അദ്ദേഹത്തെ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊിരുന്നു.(2) മദ്രാസ് ബൈബിൾ സൊസൈറ്റിയുടെ സഹകരണവും ബെയ്‌ലിക്കു ലഭിച്ചു.

വേദപുസ്തക പരിഭാഷ, മറ്റൊരു പ്രശ്നത്തിലേക്കു ബെയ്‌ലിയുടെ ശ്രദ്ധ തിരിച്ചുവിട്ടു – അച്ചടി. മലയാള ലിപിയിൽ അച്ചടിക്കാവുന്ന ഒരു മുദ്രണാലയവും അന്നു കേരളത്തിലുായിരുന്നില്ല. ബെയ്‌ലി നിരാശനായില്ല. മരംകൊ് ഒരു പ്രസ്സ് സ്ഥാപിച്ചു. അച്ചടിയെക്കുറിച്ചുള്ള ഒരു ചെറുപുസ്തകത്തിന്റെയും ഒരാശാരിയുടെയും സഹായത്തോടെ മലയാളാക്ഷരങ്ങൾ വാർത്തെടുത്തു. അങ്ങനെ 1821-ൽ സി.എം.എസ്. പ്രസ്സ് കോട്ടയത്തു സ്ഥാപിച്ചു. ബെയ്‌ലി സി.എം.എസ്. പ്രസിൽനിന്ന് 1829-ൽ പുതിയ നിയമവും, 1841-42 ൽ സമ്പൂർണ ബൈബിളും

പ്രസിദ്ധീകരിച്ചു. ഭാഷാശൈലി സംസ്കൃതത്തോട് അടുത്തു നിൽക്കുന്നു. തമിഴ് പദങ്ങൾ താരതമ്യേന കുറവാണ്. വാക്യരചനയിൽ, ഇംഗ്ലീഷിനെയാണ്, അംഗീകരിച്ചിരിക്കുന്നത്. ഭാഷാശൈലി ലളിതമാണ്.

ബൈബിൾ വിവർത്തനരംഗത്തു തുടർന്നു പ്രവർത്തിച്ചത്, ആധുനിക മലയാളത്തിന്റെ സ്രഷ്ടാക്കളിലൊരാളായ, ഡോ.ഹെർമ്മൻ ഗുർട്ടാണ്. ഉത്തരകേരളത്തിലെ വായനക്കാരെ മുമ്പിൽ കു രൂപം നൽകിയ പ്രസ്തുത വിവർത്തനം, 1854-ൽ ബാസൽ മിഷൻ പ്രസിദ്ധീകരിച്ചു. ബെയ്‌ലിയുടെയും ഗുർട്ടിന്റെയും വിവർത്തനങ്ങൾക്ക് നല്ല പ്രചാരം ലഭിച്ചു. എന്നാൽ മലയാള ഭാഷയ്ക്ക് ഇക്കാലത്തുായ പുരോഗതിയുടെ വെളിച്ചത്തിൽ വേദപുസ്തക തർജമയിലും മാറ്റങ്ങൾ വേവന്നു. സി.എം.എസും. ബാസൽ മിഷനും കൂടി യോജിച്ച്, മദ്രാസ് ബൈബിൾ സൊസൈറ്റിയുടെ സഹകരണത്തോടെ, 1871-ൽ സംയുക്ത വിവർത്തനത്തിനുള്ള ശ്രമമാരംഭിക്കുകയും, 1910-ൽ സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആർച്ച് ഡീക്കൻ കോശിയാണ് വിവർത്തനത്തിൽ മുഖ്യ പങ്ക് വഹിച്ചത്. ‘സത്യവേദപുസ്തകം’ എന്ന് അത് അറിയപ്പെടുന്നു. ബൈബിൾ സൊസൈറ്റി ഇന്നു പ്രസിദ്ധീകരിക്കുന്നത് 1910ലെ വിവർത്തനത്തിന്റെ പുതിയ പതിപ്പുകളാണ്.(3)

കേരളകത്തോലിക്കർ ബൈബിൾ വിവർത്തനരംഗത്തു പദമൂന്നിയത്. 1903ൽ ആയിരുന്നു. മഞ്ഞുമ്മൽ ആശ്രമവാസികളായിരുന്ന ഫാ.അലോഷ്യസ്, ഫാ. മൈക്കൾ, ഫാ.പോലിക്കാർപ്പ് എന്നീ വൈദികരായിരുന്നു, അതിനൊരുമ്പെട്ടത്. നാലു സുവിശേഷങ്ങളും നടപടി പുസ്തകവും ചേർത്ത് 1905-ൽ എറണാകുളത്തുനിന്നും പ്രസിദ്ധീകരിച്ചു. ലത്തീൻ വൾഗേറ്റിൽ നിന്നാണ്, ഈ പരിഭാഷ നിർവഹിച്ചിട്ടുള്ളത്. മാന്നാനം പരിഭാഷ, പുത്തൻപള്ളി മംഗലപ്പുഴ വിവർത്തന ങ്ങൾ, എറണാകുളം പരിഭാഷ, മറ്റം പരിഭാഷ തുടങ്ങി നിരവധി വിവർത്തനങ്ങൾ, കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ വെളിച്ചം കിട്ടു്. കേരള കാത്തലിക്ക് ബിഷപ്പ്സ് കൗൺസിലിന്റെ നിർദേശമനുസരിച്ചു തയ്യാറാക്കിയ പി.ഓ.സി. വിവർത്തനമാണ്, അംഗീകൃത ആധുനിക പരിഭാഷ. ജോസഫ് പുലിക്കുന്നേലിന്റെ നേതൃത്വത്തിൽ 1983 മെയിൽ പ്രസിദ്ധീകരിച്ച ‘മലയാളം ബൈബിൾ’ ശ്രദ്ധാർഹമായ മറ്റൊരു വിവർത്തനമാണ്.

കേരള ക്രൈസ്തവസമൂഹത്തിന്റെ ചരിത്രത്തിലും മലയാളഭാഷയുടെ വികാസപരിണാമ ത്തിലും നിർണായക സ്വാധീനം ചെലുത്തിയിട്ടു് മിഷനറിമാരുടെ ബൈബിൾ വിവർത്തനങ്ങൾ.

കത്തോലിക്കേതര ക്രൈസ്തവരുടെ അംഗീകരിക്കപ്പെട്ട ബൈബിൾ വിവർത്തനം ‘സത്യവേദപുസ്തക’മാണ് (1910); കത്തോലിക്കാ ക്രൈസ്തവരുടേത് ‘പി.ഒ.സി. ബൈബിളും’ (1981). ഇംഗ്ലീഷുകാർക്ക് ‘കിംഗ്സ് ജെയിംസ് വേർഷൻ’ പോലെയാണ്, മലയാളിവിശ്വാസ സമൂഹത്തിന് ‘സത്യവേദപുസ്തകം’. ‘സത്യവേദപുസ്തക’ത്തിന്റെ കാവ്യാത്മകവും താളാത്മകവുമായ ശൈലി മലയാളക്രൈസ്തവന്റെ ഹൃദയത്തിന്റെ താളവും മനസ്സിന്റെ സംഗീതവുമായി പരിണമിച്ചിരിക്കുന്നു. ‘സത്യവേദപുസ്തക’ത്തിലെ ഭാഷയുടെ താളവും ലയവും ആധുനിക വിവർത്തനങ്ങളിൽപ്പോലും കത്തൊനാവുകയില്ല. മലയാളസാഹിത്യത്തെ സ്വാധീനിച്ചതും ‘സത്യവേദപുസ്തക’ത്തിന്റെ ഭാഷാശൈലിതന്നെയാണ്.

### 4.2 വിദ്യാഭ്യാസരംഗം – വിപ്ലവപരിവർത്തനത്തിലേക്ക്

വിദ്യാഭ്യാസരംഗമായിരുന്നു മിഷനറിമാരുടെ സുപ്രധാന കർമ്മമേഖല. കാരണം സമൂഹത്തിന്റെ ഉയിർത്തെഴുന്നേല്പിന് വിദ്യാഭ്യാസത്തോളം പ്രസക്തമായ മറ്റൊന്നില്ലെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. കേരളത്തിൽ ആധുനികവിദ്യാഭ്യാസത്തിന് അടിത്തറയൊരുക്കിയത് മിഷനറിമാരാണ്. ഇടവകകൾതോറും പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, ഡോ. ക്ലോഡിയസ് ബുക്കാനൻ, ആറാം മാർത്തോമ്മായുടെ മുമ്പിൽ സമർപ്പിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം നാട്ടിൽ പ്രചരിപ്പിക്കുന്നതിൽ, കേണൽ മൺറോ പ്രതിജ്ഞാബദ്ധനായിരുന്നു. സാമാന്യജനങ്ങൾക്കു വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള പദ്ധതിക്ക് അവർ രൂപംനൽകി. അതുവരെ ഉത്കൃഷ്ടജാതിയിൽ ജനിച്ചവർക്കു മാത്രമേ വിദ്യാഭ്യാസം അനുവദിച്ചിരുന്നുള്ളു. അതും പരമ്പരാഗതവിദ്യാഭ്യാസം മാത്രം. അറിവിന്റെ നവീനമേഖലകൾ അജ്ഞാതമായിരുന്നു. ഇവിടെയാണ്, സാർവത്രിക വിദ്യാഭ്യാസത്തിന് മിഷനറിമാർ കളമൊരുക്കിയത്.

#### 4.2.1 പഴയ വിദ്യാഭ്യാസ സമ്പ്രദായം

വിദ്യാഭ്യാസമേഖലയിൽ വിപ്ലവം സൃഷ്ടിച്ച മിഷനറിമാർ ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതിയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നതിനുമുമ്പ്, കേരളത്തിൽ നിലവിലിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ രൂപരേഖ അറിയേതു്. പ്രാചീനകേരളത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതിയെക്കുറിച്ചു വ്യക്തമായ ചിത്രം ലഭിക്കുന്നില്ല. ലഭിച്ചിടത്തോളം തെളിവുകളുടെ വെളിച്ചത്തിൽ, പാരമ്പര്യനിഷ്ഠമായ വിദ്യാഭ്യാസരീതിയാണ് നിലനിന്നിരുന്നതെന്ന് ബോധ്യ മാകും.[(4)] എഴുത്തുപള്ളികളും എഴുത്താശാന്മാരുമായിരുന്നു പൊതുജനങ്ങളുടെ പ്രാഥമിക വിദ്യാകേന്ദ്രങ്ങൾ. ഓരോ കരയിലും ഓരോ എഴുത്തുപള്ളിയും എഴുത്താശാനും ഉായിരുന്നു. അക്ഷരജ്ഞാനം നൽകുകയായിരുന്നു അവയുടെ പ്രധാനലക്ഷ്യം. വിദ്യാഭ്യാസത്തിന്റെ മറ്റൊരു മുഖം കളരികളായിരുന്നു. കരകൾ തോറുമുായിരുന്നു കളരികൾ. കളരിയാശാന്മാരുടെ കീഴിലായിരുന്നു കളരികൾ. 'കുറുപ്പ്', 'പണിക്കർ' തുടങ്ങിയ സ്ഥാനപ്പേരുകളിലാണ് ആശാന്മാർ അറിയപ്പെട്ടിരുന്നത്. എഴുത്തുപള്ളികളിലെ പഠനം കഴിയുമ്പോൾ കളരികളിൽ പ്രവേശിക്കുക യായി. അവിടെ മെയ്വഴക്കവും ആയുധാഭ്യാസവും പരിശീലിപ്പിച്ചിരുന്നു. ബുദ്ധവിഹാര ങ്ങളോടു ചേർന്നും എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു.[(5)]

പ്രാഥമിക വിദ്യാലയങ്ങൾക്കു പുറമേ, കുറെക്കൂടി ഔന്നത്യം പുലർത്തിയിരുന്ന വിദ്യാകേന്ദ്രങ്ങളും ഉായിരുന്നുവെന്ന് കുലശേഖരസാമ്രാജ്യത്തിന്റെ ഭരണകാലത്തെ ശാസനങ്ങളും മറ്റും വെളിവാക്കുന്നു്. അവ 'ശാലകൾ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇത്തരം ശാലകൾ പ്രവർത്തിച്ചിരുന്നത് പ്രമുഖക്ഷേത്രങ്ങളോടനുബന്ധിച്ചാണ്. 'ദക്ഷിണ നളന്ദ' എന്ന പേരിൽ പ്രസിദ്ധിയാർജിച്ച കാന്തളൂർ ശാലയാണ് അവയിൽ പ്രഖ്യാതം. കൂടാതെ മൂഴിക്കുളം ശാല, തിരുവല്ലാ ശാല, പാർത്ഥിവപുരം ശാല തുടങ്ങിയ വിദ്യാകേന്ദ്രങ്ങളെക്കുറിച്ചും ശാസനങ്ങളിൽ പരാമർശമു്. ശാലകളിൽ വേദാന്തം, തർക്കം, മീമാംസ തുടങ്ങിയ വിഷയങ്ങളിൽ വിശേഷശിക്ഷണം നല്കിയിരുന്നു. നമ്പൂതിരി യുവാക്കൾക്ക് വേദങ്ങളിലും ശാസ്ത്രങ്ങളിലും ശിക്ഷണം നല്കിയിരുന്ന സഭാമഠങ്ങളെക്കുറിച്ചും ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു്. ഗുരുകുല സമ്പ്രദായമാണ് മഠങ്ങളിൽ നിലവിലിരുന്നത്. ഇവയോടു ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് യോഗ്യതാമത്സരങ്ങൾ നടത്താറുായിരുന്നു. കടവല്ലൂർ

അന്യോന്യം അക്കൂട്ടത്തിൽ പ്രസിദ്ധമാണ്. 'നുമ്പിരിക്കലി'നുവേയും 'രാംവാരം ഇരിക്കലിനു' വേയുമായിരുന്നു, പ്രധാന മത്സരങ്ങൾ. കോഴിക്കോട് തളി ക്ഷേത്ര സങ്കേതത്തിൽ തുലാം മാസത്തിലെ രേവതിനാളിൽ സമാരംഭിച്ചിരുന്ന 'രേവതി പട്ടത്താന'വും ചരിത്രപ്രസിദ്ധമാണ്.

ഇവിടെ ശ്രദ്ധേയമായ വസ്തുത, മേല്പറഞ്ഞ വിദ്യാകേന്ദ്രങ്ങളെല്ലാം സമൂഹത്തിലെ ഉന്നതകുലജാതർക്കുവേിമാത്രം ഉള്ളതായിരുന്നു എന്നതാണ്. പൊതുജനങ്ങൾക്ക് അവ അപ്രാപ്യമായിരുന്നു. ശൂദ്രനുപോലും വേദം ഉച്ചരിക്കാൻ അവകാശമില്ലാതിരുന്ന സാമൂഹികവ്യവസ്ഥിതിയിൽ അധഃസ്ഥിതന്റെ കാര്യം പറയേതില്ലല്ലോ. വർഗാധിഷ്ഠിതമായ വിദ്യാഭ്യാസ(Class education)മാണ് നിലവിലിരുന്നത് എന്നർത്ഥം. കരകൾതോറും നടന്നിരുന്ന എഴുത്തുപള്ളികളും കളരികളും പൊതുവെ സവർണർക്കു മാത്രമുള്ളതായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം മിഷനറിമാർ ആവിഷ്കരിച്ച വിദ്യാഭ്യാസപദ്ധതിയുടെ വിപ്ലവാത്മക സ്വഭാവത്തെ മനസ്സിലാക്കാൻ. മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ പരമമായ ലക്ഷ്യം വിദ്യാദാനമായിരുന്നുവെന്ന് ശഠിക്കേതില്ല; പ്രേഷിതവൃത്തിയുടെ ഭാഗമായിരുന്നു വിദ്യാഭ്യാസവും.

### 4.2.2 മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ഇടവകകൾതോറും പ്രാഥമിക വിദ്യാലയങ്ങൾ, അവിടെനിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഗ്രാമർ സ്കൂളുകൾ, അവിടെനിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സെമിനാരി അഥവാ കോളജ് ഇതായിരുന്നു മിഷനറിമാർ, വിശേഷിച്ച് സി.എം.എസ്. മിഷനറിമാർ സംവിധാനം ചെയ്ത വിദ്യാഭ്യാസപദ്ധതി. ആംഗലഭാഷയിലുള്ള വിദ്യാഭ്യാസം പ്രചരിപ്പിക്കുകയായിരുന്നില്ല അവരുടെ ഉദ്ദേശ്യം. മാതൃഭാഷയ്ക്കും മാതൃഭാഷയിലെ സമ്പന്നമായ കാവ്യശാഖയ്ക്കും സവിശേഷപ്രാധാന്യമുായിരുന്നു അവരുടെ വിദ്യാഭ്യാസപദ്ധതിയിൽ. എന്നാൽ ഉന്നതവിദ്യാഭ്യാസം ആംഗലഭാഷയിലാക്കുവാൻ അവർ നിർബന്ധിതരാവുകയും ചെയ്തു.

തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചത് എൽ.എം.എസ്. മിഷനറി റിംഗിൾ ടോബെയാണ്. 1806-ൽ തന്നെ ആറ് സ്കൂളുകൾ സ്ഥാപിച്ചതായി രേഖയു്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ തഞ്ചാവൂരിലെ മിഷനറിമാർ സൗജന്യമായി നല്കിവന്നു. ടോബെ മിഷനറി പറയുന്നു: "വിദ്യാഭ്യാസ വിഷയത്തിൽ അനുഭവപ്പെട്ട വലിയ ബുദ്ധിമുട്ട്, നാട്ടുകാർ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ വിമുഖരായിരുന്നു എന്നതാണ്. പെൺകുട്ടി കളെ തീരെയും അനുവദിച്ചിരുന്നില്ല. പുതിയതെന്തിനോടും നിഷേധാത്മകമായ സമീപനം പുലർത്തുകയാണ് പതിവ്". ആ സ്ഥിതി ക്രമേണ മാറി വന്നതായും ടോബെ രേഖപ്പെടുത്തിയിട്ടു്. മിഷനറി വിദ്യാലയങ്ങളിൽ ക്രൈസ്തവർ മാത്രമല്ല കുട്ടികളെ അഭ്യസനത്തിന് അയച്ചിരുന്നത്; ഇതരമതസ്ഥരും അയച്ചിരുന്നു.

വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി ഹൃദയവും ആത്മാവും അർപ്പിച്ച റവ. ചാൾസ് മീഡാണ്, തിരുവിതാംകൂർ വിദ്യാഭ്യാസചരിത്രത്തിലെ തിളക്കമേറിയ മറ്റൊരു കണ്ണി. ഓരോ ദേവാലയത്തോടും ചേർന്ന് ഓരോ വിദ്യാലയം - ഇതായിരുന്നു റവ. മീഡിന്റെ ലക്ഷ്യം. പ്രാദേശികഭാഷയായിരുന്നു മാധ്യമം. ഭാഷയും കണക്കും സാധാരണ വിഷയങ്ങൾ; ഒപ്പം

ഭൂമിശാസ്ത്രവും ചരിത്രവും ഇംഗ്ലീഷും ബൈബിൾ പാഠങ്ങളും. 1855ൽ തിരുവിതാംകൂർ ഗവണ്മെന്റ് അദ്ദേ ഹത്തെ സ്കൂളുകളുടെ സൂപ്രായി നിയമിച്ചു. 1904 ആയപ്പോഴേക്കും ലൻ മിഷൻ സൊസൈറ്റിക്ക് 384 സ്കൂളുകളും അവയിലാകെ 15641 വിദ്യാർത്ഥികളും ഉായിരുന്നു. കോട്ടയം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച 'ചർച്ച് മിഷനറി സൊസൈറ്റി' വിദ്യാഭ്യാസ മേഖലയിൽ പദമൂന്നിയതോടെ മധ്യകേരളത്തിന്റെ വിദ്യാഭ്യാസചരിത്രം തിരുത്തിക്കുറിക്കപ്പെടുകയായിരുന്നു. കോട്ടയം, ആലപ്പുഴ, കൊച്ചി, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലായി 1821 ആയപ്പോഴേക്കും മുപ്പത്തിയഞ്ച് സ്കൂളുകൾ പ്രവർത്തിക്കുന്നുായിരുന്നു. പ്രാഥമികവിദ്യാലയങ്ങളിൽനിന്ന് ജയിച്ചുവരുന്നവർക്കായി കോട്ടയത്ത് ഗ്രാമർസ്കൂൾ സ്ഥാപിച്ചു (1821). ഇംഗ്ലീഷായിരുന്നു അവിടെ മാധ്യമം. ആരംഭത്തിൽ 10 വിദ്യാർത്ഥികളേ ഉായിരുന്നുള്ളു. 1826 ആയപ്പോഴേക്കും വിദ്യാർത്ഥികളുടെ സംഖ്യ എഴുപതായി. 1816-ൽ തുടക്കമിട്ട പഴയ സെമിനാരിയാണ് പില്ക്കാലത്ത് സി.എം.എസ്. കോളേജായി പരിണമിച്ചത്; കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ തറവാട്. കേരളീയസമൂഹത്തിന്റെ ആധുനികതയിലേക്കുള്ള സംക്രമണം അവിടെ ആരംഭംകുറിക്കുന്നു. ബഹുഭാഷാപണ്ഡിതന്മാരായിരുന്ന മിഷനറിമാരോടൊപ്പം സംസ്കൃതം മുൻഷിമാരും അവിടെ അധ്യാപകരായിരുന്നു. 1904 ൽ സി.എം.എസ്. മിഷനറിമാരുടെ ചുമതലയിൽ പ്രവർത്തിച്ചിരുന്ന 290 സ്കൂളുകളിലായി 13148 വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നു. ഉത്തരകേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആരംഭംകുറിച്ചത് ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ആയിരുന്നു. കണ്ണൂരിൽ വർണ്ണശ്ശേരിയിൽ 1841-ൽ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. മിഷനറിമാർ 1848-ൽ കല്ലായിയിൽ ആരംഭിക്കുകയും 1858-ൽ കോഴിക്കോട്ടേക്ക് മാറ്റി സ്ഥാപിക്കുകയും 1878-ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്ത വിദ്യാലയമാണ് മലബാർ ക്രിസ്ത്യൻ കോളേജായി വളർന്നത്. ബാസൽ മിഷൻ 1856-ൽ തലശ്ശേരിയിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് ഇന്നത്തെ ഗവണ്മെന്റ് ബ്രണ്ണൻ കോളജ്. 1866-ൽ പാലക്കാട്ട് ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് പില്ക്കാലത്ത് വിക്ടോറിയ കോളേജായി വികസിച്ചത്. വിദ്യാലയങ്ങൾക്കുവേി പാഠമാലകൾ തയ്യാറാക്കിയത് ഡോ. ഗുർട്ട് ആയിരുന്നു. 1857-ൽ ഗവണ്മെന്റ് അദ്ദേഹത്തെ സ്കൂൾ ഇൻസ്പെക്ടറായി നിയമിക്കുകയും ചെയ്തു.

#### 4.2.3 കത്തോലിക്കാസഭയും വിദ്യാഭ്യാസരംഗത്ത്

കത്തോലിക്കാ മതവിശ്വാസികൾ, ആദ്യകാലത്ത് പ്രൊട്ടസ്റ്റന്റ് മതവിശ്വാസികളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ വിമുഖരായിരുന്നു. വൈകാതെ പൊതുവിദ്യാഭ്യാസരംഗത്ത് അവരും ചുവടുവച്ചു തുടങ്ങി. കർമ്മലീത്താ മിഷനറിമാരാണ്, ഈ മേഖലയിൽ വളരെദൂരം മുന്നേറിയത്. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനാണ് കർമ്മപരിപാടികൾക്ക് നേതൃത്വം നല്കിയത്. അദ്ദേഹം അധ്യക്ഷൻ പ്രിയോർ - ആയിരുന്ന കാലത്ത് സന്ന്യാസസമൂഹത്തിന് പല ശാഖാഭവനങ്ങളുമുായി. സമൂഹസേവനത്തിന് പല സരണികളും കത്തുകയും ചെയ്തു. അതിൽ പ്രധാനമാണ് വിദ്യാഭ്യാസപ്രവർത്തനം. ചാവറയച്ചൻ അതിരൂപതയുടെ വികാരി ജനറാൾ ആയിരുന്നപ്പോൾ, 1865-ൽ പള്ളികൾക്ക് അയച്ചിട്ടുള്ള ഒരു സർക്കുലറിൽ, ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്തപക്ഷം പള്ളിമുടക്കു കല്പിക്കുന്നതാണെന്നും കർശനമായി അനുശാസിക്കുകയുായി. ദേവാലയത്തോടനുബന്ധിച്ച് വിദ്യാലയം സ്ഥാപിക്കുന്നത് മതപരമായ കടമയായി ക ഈ സന്ന്യാസസമൂഹമാണ്,

വിദ്യാഭ്യാസമേഖലയിൽ അവിസ്മരണീയമായ ഒരേട് ആരചിച്ച ഏതദ്ദേശീയ മിഷനറിമാരിൽ പ്രമുഖർ. മാന്നാനത്ത് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. അധഃകൃതരുടെ അഭ്യസന ത്തിനുവേി പ്രത്യേക പള്ളിക്കൂടങ്ങൾ ആരംഭിച്ചു. ഇടവകവിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന സമർത്ഥർക്ക് ഉന്നതവിദ്യാഭ്യാസം നല്കുന്നതിലേക്ക് കൊച്ചിയിലെ സാന്റാക്രൂസ് ഹൈസ്കൂളും മാന്നാനത്തെ സെന്റ് ഇംഫ്രേംസ് ഹൈസ്കൂളും സ്ഥാപിതമായി.

മിഷനറിമാരുടെ ചുവടുപിടിച്ചാണ് ഗവണ്മെന്റ് വിദ്യാഭ്യാസമേഖലയിലേക്ക് പ്രവേശിക്കുന്നത്. തുടക്കത്തിൽ മിഷനറിമാർ തന്നെയായിരുന്നു ഗവണ്മെന്റ് ചുമതലയിൽ നടന്ന വിദ്യാലയങ്ങളുടെയും സാരഥ്യം വഹിച്ചിരുന്നത്. ഗവണ്മെന്റ് വിദ്യാലയങ്ങളിൽ ഫീസ് ചുമത്തിയിരുന്നു. സ്വാഭാവികമായി സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്ക് അവ അപ്രാപ്യമായിരുന്നു. മാത്രമല്ല, അവർണർക്ക് പ്രവേശനം അനുവദിച്ചിരുന്നുമില്ല. മിഷനറിമാരാകട്ടെ, ഫീസ് ചുമത്തിയിരുന്നില്ലെന്നു മാത്രമല്ല, എല്ലാ വിഭാഗക്കാർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തു. അങ്ങനെ ഇരുപതാം നൂറ്റാിന്റെ പ്രഭാതം ആകുമ്പോഴേക്കും കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ അഭൂതപൂർവമായ വികാസം സൃഷ്ടിക്കാൻ മിഷന റിമാർക്കു കഴിഞ്ഞു.

#### 4.2.4 സ്ത്രീ വിദ്യാഭ്യാസം

മിഷനറിമാർ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ സുപ്രധാന പരിഷ്കാരം പെൺകുട്ടികളുടെ അഭ്യസനത്തിനുവേി സ്കൂളുകൾ സ്ഥാപിക്കുകയായിരുന്നു. അക്കാലത്ത് കേരളത്തിലെ വനിതാവിദ്യാഭ്യാസത്തിന്റെ നില സാമാന്യസങ്കല്പത്തിൽ നിന്നുപോലും താഴെയായിരുന്നു. പ്രാചീനകാലത്ത് വിശേഷിച്ച് സംഘകാലങ്ങളിൽ സ്ത്രീകൾക്ക് പുരുഷ ന്മാരോടൊപ്പം സ്ഥാനമുായിരുന്നുവെന്ന് സംഘസാഹിത്യം സാക്ഷ്യപ്പെടുത്തുന്നു്. ഉയർന്ന തോതിലുള്ള സ്ത്രീവിദ്യാഭ്യാസത്തിന്റെ ഫലമായി അവ്വയാരെപ്പോലെയുള്ള പ്രശസ്ത കവയിത്രികളും സംഘകാലത്ത് ഉായിരുന്നു. എന്നാൽ മധ്യകാലകേരളത്തിൽ സ്ത്രീകൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. ഈ സ്ഥിതിക്ക് മാറ്റം വരുന്നത് മിഷനറിമാരുടെ പ്രവർത്തനഘട്ടത്തിലാണ്.

മിഷനറിമാരുടെ ഭാര്യമാരാണ് ഗേൾസ് സ്കൂളുകളുടെ ചുമതല വഹിച്ചിരുന്നത്. 1817-ൽ മിസ്സിസ് മീഡ് പതിന്നാല് പെൺകുട്ടികളെ തേടിപ്പിടിച്ച് ഒരു വിദ്യാലയം ആരംഭിച്ചു. 1820-ൽ ആലപ്പുഴയിൽ മിസ്സിസ് നോർട്ടനും 1822-ൽ കോട്ടയത്ത് മിസ്സിസ് ബെയ്‌ലിയും സ്കൂളുകൾ ആരംഭിച്ചു. മിസ്സിസ് ബെയ്‌ലി സ്കൂൾ തുടങ്ങിയത് സ്വന്തം വീട്ടിലായിരുന്നു. മിസ്സിസ് ബേക്കർ 18 വിദ്യാർത്ഥിനികളുമായി മിഷൻവീട്ടിൽ വിദ്യാലയം ആരംഭിച്ചു. 1837 ആയപ്പോൾ, പെൺകുട്ടികൾക്കായി പതിനഞ്ച് വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു; അവയിൽ 361 വിദ്യാർത്ഥിനികളും. മാതൃഭാഷയിൽ ചരിത്രം, ഭൂമിശാസ്ത്രം, കണക്ക് എന്നിവയ്ക്കു പുറമേ, ഉയർന്ന ക്ലാസുകളിൽ ഇംഗ്ലീഷും പഠിപ്പിച്ചിരുന്നു. മിഷനറിമാർ സ്ത്രീവിദ്യാഭ്യാസത്തിന്റെ മേന്മകൾ വിശദമാക്കിക്കൊുള്ള ലഘുലേഖകൾ പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവാന്മാ രാക്കുവാൻ ശ്രമിച്ചു. മിഷനറിമാരുടെ വനിതാവിദ്യാലയങ്ങളിൽ ഫീസ് ഈടാക്കിയിരുന്നില്ലെന്നു മാത്രമല്ല, താമസവും ഭക്ഷണവും വസ്ത്രവും പുസ്തകവും സൗജന്യമായി നല്കിയിരുന്നു. ക്രമേണ കൂടുതൽ വിദ്യാർത്ഥിനികൾ വിദ്യാലയങ്ങളിലേക്ക് വന്നുതുടങ്ങി. 1901-ലെ സെൻസസ്

അനുസരിച്ച് തിരുവിതാംകൂർ സ്ത്രീവിദ്യാഭ്യാസത്തിൽ ഇന്ത്യയിലെ സ്റ്റേറ്റുകളിൽ ഒന്നാമതായി. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ സൃഷ്ടിച്ച പരിവർത്തനമായിരുന്നു അത്.

#### 4.2.5. നിന്ദിതർക്കും പീഡിതർക്കും വിമോചനം

സമൂഹത്തിന്റെ താണതലങ്ങളുമായി സാത്മ്യം പ്രാപിച്ച മിഷനറിമാർ നിന്ദിതരുടെയും പീഡിതരുടെയും അവശതകൾക്ക് പരിഹാരം തേടുന്നതിനുള്ള കർമ്മപരിപാടികളിൽ വ്യാപൃതരായി. ഇത് ഏറെ പ്രതിഫലിച്ചത് വിദ്യാഭ്യാസമേഖലയിലായിരുന്നു. തലമുറകളായി ചൂഷണത്തിന് വിധേയരായ അധഃസ്ഥിതർ അനുഭവിക്കുന്ന അവശതകൾക്ക് പരിഹാരം കാണുന്നതിന് മിഷനറിമാർ പ്രതിജ്ഞാബദ്ധരായിരുന്നു. 'വിദ്യാഭ്യാസത്തിലൂടെ വിമോചനം' എന്നതായിരുന്നു അവരുടെ ലക്ഷ്യം. മിഷനറിവിദ്യാലയങ്ങളിൽ ജാതിവ്യവസ്ഥ അംഗീകരിച്ചിരുന്നില്ല. എല്ലാ ജാതിയിൽപ്പെട്ടവർക്കും അവർ പ്രവേശനം നല്കി. ആദ്യമൊക്കെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട അധഃസ്ഥിതർ മാത്രമേ അഭ്യസനത്തിന് എത്തിയിരുന്നുള്ളു. തുടക്കത്തിൽ അവരിൽ മാത്രമേ മിഷനറിമാർക്ക് നേരിട്ടു സ്വാധീനം ചെലുത്താൻ ആകുമായിരുന്നുള്ളു.

ചിലയിടങ്ങളിൽ താഴ്ന്നജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ സവർണഹിന്ദുക്കൾ കുട്ടികളെ അയയ്ക്കാൻ മടി കാട്ടി. ഈ പ്രശ്നം പരിഹരിക്കുവാൻ വേി ഉചിതമെന്നു തോന്നിയ ഇടങ്ങളിൽ വെവ്വേറെ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും മിഷനറിമാർ മടിച്ചില്ല. 'അടിമസ്കൂളുകൾ' എന്ന് ഇത്തരം വിദ്യാലയങ്ങൾ അറിയപ്പെട്ടു. 1852-ൽ അടിമകളുടെ വിദ്യാഭ്യാസത്തിനുവേി മല്ലപ്പള്ളിക്കടുത്ത് കൈപ്പറ്റ എന്ന സ്ഥലത്ത് ആദ്യത്തെ 'അടിമസ്കൂൾ' സ്ഥാപിച്ചു. ഹോക്സ് വർത്ത് എന്ന പാതിരിയും റവ. ജോർജ് മാത്തൻ എന്ന നാട്ടുപട്ടക്കാരനുമായിരുന്നു സ്ഥാപകർ. യജമാനന്മാർ ആ വിദ്യാലയം തീവച്ചു നശിപ്പിച്ചു. അവർ ഷെഡ് കെട്ടി വീും വിദ്യാലയം ആരംഭിച്ചു. റവ. തോമസ് നോർട്ടൻ ആലപ്പുഴയിൽ ഒരു അടിമസ്ക്കൂൾ സ്ഥാപിച്ചു. അടിമത്തസമ്പ്രദായം നിരോധിക്കുന്നതിനുപോലും മിഷനറിമാരുടെ പ്രവർത്തനം വഴിതെളിച്ചു.

മേലുകാവ് മലകളിൽ വിദ്യയുടെ വെളിച്ചം കൊളുത്തിയതും മിഷനറിമാരാണ്. ഹെന്റി ബേക്കർ ജൂനിയറായിരുന്നു, വിദ്യയുടെ വെളിച്ചവുമായി മേലുകാവിലെത്തിയത്. അതീവ ദുർഘടമായ കാട്ടുവഴികളിലൂടെ അനേകം മൈൽ കുതിരപ്പുറത്ത് സഞ്ചരിച്ച് 1849-ൽ അദ്ദേഹം മലമടക്കുകളിലെത്തി. മുക്കയത്ത് മരത്തിനുമുകളിൽ മാടം കെട്ടി താമസിച്ചു. അവിടെ ഒരു സ്കൂൾ ആരംഭിച്ചു. മേലുകാവിലെ ആദിവാസികളെ പരിഷ്കൃതലോകത്തിന്റെ ഭാഗമാക്കിയത് മിഷനറിമാരുടെ വിദ്യാദാനമാണ്. കുടുംബം പുലർത്താൻവേി പകൽ മുഴുവൻ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കുവേി മിഷനറിമാർ സായംകാല പാഠശാലകൾ നടത്തിയിരുന്നതായി രേഖയു്. അടിമക്കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്ന അധ്യാപകന് മാസശമ്പളത്തിനു പുറമേ ആൺകുട്ടിയൊന്നിന് ഒരു പണവും പെൺകുട്ടിയൊന്നിന് ഒന്നരപ്പണവും വീതം നല്കാൻ വ്യവസ്ഥ ചെയ്യുകപോലും ചെയ്തു.

#### 4.2.6 സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മാർഗദർശികൾ

മിഷനറിമാരുടെ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖലയായിരുന്നു, സാങ്കേതികവിദ്യാഭ്യാസം. 1819-ൽ മിസ്സിസ് മീഡ് നാഗർകോവിലിൽ പെൺകുട്ടികൾക്കായി ആരംഭിച്ച ബോർഡിംഗ്

സ്കൂളാണ്, കേരളത്തിലെ ആദ്യത്തെ സാങ്കേതിക വിദ്യാലയം. തയ്യൽ, നൂൽനൂല്പ്, എംബ്രോയിഡറി തുടങ്ങിയവയിലായിരുന്നു അവിടെ പരിശീലനം നല്കിയിരുന്നത്. റവ. മീഡ് നാഗർകോവിലിൽ ഒരു വ്യാവസായിക വിദ്യാലയം സ്ഥാപിച്ചു (1820). അച്ചടി, ബുക്ക് ബയന്റിംഗ്, തുകൽ സംസ്കരണം തുടങ്ങിയവയാണ് അവിടെ പരിശീലിപ്പിച്ചിരുന്നത്. നെല്ലൂരിലെ ആശുപത്രിയോടനുബന്ധിച്ചു ഒരു മെഡിക്കൽ സ്കൂളും നടത്തുന്നുായിരുന്നു. അഞ്ച് വർഷം ദീർഘിക്കുന്ന ചികിത്സാസംബന്ധമായ പരിശീലനമാണ് അവിടെ നല്കിയിരുന്നത്. സി.എം.എസ്. മിഷനറിമാർ കോട്ടയത്ത് ആരംഭിച്ച ഇൻഡസ്ട്രിയൽ സ്കൂളും തലശ്ശേരിയിലെ വീവിംഗ് സ്കൂളും ആദ്യകാല സാങ്കേതികവിദ്യാലയങ്ങളാണ്.

#### 4.2:7 ആധുനിക ശാസ്ത്രപഠനം

മലയാളിയുടെ കണ്ണുകൾക്കു മുമ്പിൽ വിജ്ഞാനത്തിന്റെ പുതിയ മേഖലകൾ തുറന്നു നല്കിയെന്നത് മിഷനറിമാരുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ മികവുറ്റ സംഭാവനയാണ്. ശാസ്ത്രാവബോധമുള്ളവരായിരുന്നു, മിഷനറിമാർ. ഭാഷയും പ്രാചീനകാവ്യങ്ങളും ഹൃദിസ്ഥമാക്കുന്നതിൽ ഒതുങ്ങിനിന്ന വിദ്യാഭ്യാസക്രമം തിരുത്തിക്കുറിക്കുകയും ആധുനിക ശാസ്ത്രത്തിന്റെ അനന്തമായ മേഖലകൾ അനാവരണം ചെയ്യുകയും ചെയ്തു. ശാസ്ത്ര വിഷയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുന്നതിനും അവർ ശ്രമിക്കുകയുായി.

ചില ശാസ്ത്രപാഠങ്ങളുടെ ശീർഷകങ്ങൾ ശ്രദ്ധിക്കുക:

അന്തരീക്ഷം (The Atmosphere)
ആകാശത്തുള്ള ഗോളങ്ങൾ (The Heavenly Bodies)
ഭൂമി ഉരുതാകുന്നു എന്നുള്ളത് (The World's Rotindity)
ഇരുമ്പുപാതയുടെയും ആവി വിയുടെയും ആരംഭം (The Railways)
വിദ്യുത്താരയന്ത്ര പ്രമാണം (The Electric Telegraph)

'Chemistry' ‘രാസവാദശാസ്ത്രം’ എന്ന പേരിൽ പരിഭാഷപ്പെടുത്തി. ഓരോ അദ്ധ്യായവും വിദ്യാസംഗ്രഹത്തിൽ പ്രസിദ്ധീകരിച്ചു. ശാസ്ത്രസാങ്കേതിക പദങ്ങൾക്ക് മിഷനറിമാർ നല്കിയ തർജമ ഇന്നും പ്രസക്തമാണ്. ഏതു വിഷയവും ലളിതസുന്ദരമായി പ്രതിപാദിക്കുവാൻ സവിശേഷം ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

വിദ്യാഭ്യാസപദ്ധതിയുടെ ഉള്ളടക്കത്തെ മാറ്റിമറിച്ച മിഷനറിമാർ പരീക്ഷാസമ്പ്രദായവും നവീകരിച്ചു. സി.എം.എസ്. കോളേജിൽ ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയോടൊപ്പം വാചാപരീക്ഷയും (Viva Voce) നടത്തിയിരുന്നു. രിന്റെയും മാർക്ക് കൂട്ടിയാണ് വിജയം നിശ്ചയിച്ചിരുന്നത്. കേംബ്രിഡ്ജ് സർവകലാശാലയിലെ പരീക്ഷാസമ്പ്രദായമായിരുന്നുവത്രെ, ഇതിന് മാതൃക.

#### 4.2.8 പാഠപുസ്തകങ്ങൾ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഉപകരണങ്ങളാണ് പാഠപുസ്തകങ്ങൾ, അച്ചടിച്ച പുസ്തകങ്ങൾ മലയാളത്തിൽ ഉായിരുന്നില്ലെന്നു മാത്രമല്ല, വ്യവസ്ഥാപിതമായ ഗദ്യശൈലി തന്നെ രൂപപ്പെട്ടിരുന്നില്ല. സിദ്ധരൂപവും അമരകോശവും ശ്രീരാമോദന്തവും മാഘവും ഉരുക്കഴിച്ചു പഠിക്കുന്നതിൽ സ്വാസ്ഥ്യം കിരുന്നു, ഇവിടുത്തെ വിദ്യാഭ്യാസം. മിഷനറിമാർ

ഈ പ്രതിസന്ധിയും തരണംചെയ്തു. വിവിധ ക്ലാസ്സുകളിലേക്ക് ആവശ്യമായ പാഠാവലികൾ തയ്യാറാക്കി അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഡോ. ഗുർട്ടാണ് ഈ മേഖലയിൽ ബഹുദൂരം മുന്നേറിയത്. അദ്ദേഹത്തിന്റെ പാഠാവലികൾ പ്രസിദ്ധമാണ്. പാഠ്യപദ്ധതി ശാസ്ത്രീയമായി വിഭാവനം ചെയ്യുകയും ഭാഷാബോധനത്തിന് സഹായകമായ പാഠപുസ്തകങ്ങൾ ഗുർട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും ചെയ്തു. വലിയ പാഠാരംഭം, മലയാള പാഠമാല (വിവിധ ക്ലാസ്സുകളിലേക്ക്) മലയാളരാജ്യം, മലയാളം-ഇംഗ്ലീഷ് ഭാഷാന്തരപുസ്തകം, പഞ്ചതന്ത്രം തുടങ്ങിയവ ഗുർട്ട് തയ്യാറാക്കിയ പാഠപുസ്തകങ്ങളാണ്. മലയാളഭാഷയിൽ ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട പാഠമാലകളുടെ സവിശേഷതകൾ ഡോ. ചെറിയാൻ കുനിയന്തോടത്ത് അക്കമിട്ട് പറയുന്നു്:

1. പദ്യഭാഗങ്ങൾ ലഭിച്ചിടത്തോളം ഗ്രന്ഥങ്ങളിൽനിന്ന് ശേഖരിച്ചു ചേർത്തു.
2. ഗദ്യരചനകൾ സുലഭമല്ലാതിരുന്നതുകൊ് ഗുർട്ട് സ്വയം എഴുതി തയ്യാറാക്കി.
3. വിദ്യാർത്ഥികളുടെ സ്വഭാവരൂപവത്ക്കരണത്തിനും സദാചാര തത്പരതയ്ക്കും ഉപയുക്തമാകുംവിധം സാരോപദേശങ്ങളോ ഗുണപാഠങ്ങളോ അടങ്ങിയ ഭാഗങ്ങൾ തിരഞ്ഞെടുത്തു.
4. അതുവരെ വെളിച്ചം കാണാതെ താളിയോല ഗ്രന്ഥങ്ങളിലായി പ്രചാരലോപം സംഭവിച്ച കൃതികളിൽ നിന്നുള്ള ഭാഗങ്ങൾ പാഠമാലകളിൽ ഉൾപ്പെടുത്തി.
5. ബൈബിൾ കഥകൾ ഇദംപ്രഥമമായി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി.

പ്രാചീനമലയാള കാവ്യങ്ങളെല്ലാം ഗുർട്ട് ഇതിലേക്ക് ഉപയോഗപ്പെടുത്തുകയുായി. പാഠാവലികളിലെ പ്രതിപാദനശൈലി ഋജുവും ലളിതവും ശക്തവുമായിരുന്നു. ഏതു വിഷയവും ആവിഷ്കരിക്കാൻ മലയാളഭാഷ സമർത്ഥരാണെന്ന് പാഠപുസ്തകങ്ങൾ തെളിയിക്കുകയും ചെയ്തു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട പാഠപുസ്തക കമ്മിറ്റികളും മറ്റും ഇതിന്റെ തുടർച്ചയാണ്.

#### 4.2.9 പ്രമാണഗ്രന്ഥങ്ങൾ

വ്യാകരണം, നിഘു തുടങ്ങിയ പ്രാമാണിക്രഗ്രന്ഥങ്ങൾ ഭാഷാഭ്യസനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. മിഷനറിമാർ ഇത്തരം ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിനും നേതൃത്വം നല്കുകയുായി. അച്ചടിയും പുസ്തകപ്രസാധനവും വിദ്യാഭ്യാസരംഗത്തെ ബഹുദൂരം മുന്നോട്ടു നയിക്കുവാൻ സഹായകമായി. കോട്ടയം കോളജ് പ്രസിദ്ധീകരണമായ *വിദ്യാസംഗ്രഹം* മലയാളത്തിലെ ആദ്യത്തെ കോളേജ് മാഗസിനാകുന്നു. 1864 ജൂലൈയിൽ ഒന്നാം ലക്കം പ്രസിദ്ധീകരിച്ചു. കേംബ്രിഡ്ജിലെയും ഓക്സ്ഫോർഡിലെയും കോളജ് മാസികകളായിരുന്നു, വിദ്യാസംഗ്രഹത്തിന് മാതൃക. വിദ്യാർത്ഥികൾക്കും വിദ്യാസമ്പന്നർക്കും പ്രയോജനപ്പെടുത്തത്തക്കതുപോലെയുള്ള ഉള്ളടക്കത്തോടു കൂടിയ മാസിക സംവിധാനം ചെയ്തത് റിച്ചാർഡ് കൊളിൻസാണ്. റവ. ജോർജ് മാത്തനായിരുന്നു, പല ലേഖനങ്ങളുടെയും രചയിതാവ്. ശാസ്ത്രലേഖനങ്ങൾ പലതും വിദ്യാസംഗ്രഹത്തിൽ പ്രസിദ്ധപ്പെടുത്തിയവയാണ്.

ഇങ്ങനെ വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ പരിവർത്തനം സൃഷ്ടിക്കുവാൻ മിഷനറിമാർക്കു കഴിഞ്ഞു. കേരളത്തിൽ നിലവിലിരുന്ന വർഗാധിഷ്ഠിതവും സവർണ്ണ

കേന്ദ്രിതവുമായ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്ഥാനത്ത് സാർവത്രികവിദ്യാഭ്യാസം നടപ്പിലാക്കി. ആധുനികവിദ്യാഭ്യാസം തുടങ്ങിവയ്ക്കുകയും അത് എല്ലാവർക്കും പ്രാപ്യമാക്കി ത്തീർക്കുകയും ചെയ്തതോടെ, സമൂഹഘടനയെ ഉടച്ചുവാർക്കുന്നതിന് പ്രചോദനമാവുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ അനന്തമായ വിജ്ഞാനമേഖലകൾ മലയാളിയുടെ കണ്ണുകളുടെ മുമ്പിൽ തുറന്നുകിട്ടിയതോടെ, പാരമ്പര്യനിഷ്ഠമായ മേഖലകളിൽ തളച്ചിട പ്പെട്ടിരുന്ന കേരളീയമനസ്സിനെ നവീന അവബോധങ്ങളിലേക്കു നയിക്കുവാനിടയായി. സ്ത്രീവിദ്യാഭ്യാസത്തിലൂടെ സ്ത്രീകളുടെ വിമോചനത്തിന് കളമൊരുങ്ങി. യുക്തിചിന്ത, ശാസ്ത്രീയ മനോഭാവം, സ്വാതന്ത്ര്യബോധം, തുടങ്ങിയവയും നവീന വിദ്യാഭ്യാസത്തിന്റെ പരിണതഫലങ്ങളാണ്. കേരളത്തിന്റെ ബൗദ്ധികവളർച്ചയുടെയും സാംസ്കാരിക പ്രബുദ്ധത യുടെയും വേരുകൾ ആഴ്ന്നിറങ്ങിയത് നവീനവിദ്യാഭ്യാസം ഉഴുതുമറിച്ച വളക്കൂറുള്ള മണ്ണിലാണ്.

### 4.3 ആംഗ്ലിക്കൻ സഭ കേരളത്തിൽ

മലങ്കര സുറിയാനിസഭയെ നവീകരിക്കുക എന്ന ലക്ഷ്യം മിഷനറി പ്രവർത്തനങ്ങളുടെ അന്തർധാരയായി വർത്തിച്ചിരുന്നു. 'പഴയ സഭയെ തകർത്തു വേറൊന്നു പണിയുകയോ, ആംഗ്ലിക്കൻ സഭയുടെ വിശ്വാസാചാരങ്ങളും ശിക്ഷണവും ഇവിടെ അടിച്ചേല്പിക്കുകയോ അല്ല ആവശ്യം; പ്രത്യുത സഭയിലെ കേടുപാടുകൾ പോക്കി ക്രമീകരിക്കുകയും, സഭയെ അതിന്റെ പഴയ ആരാധന ക്രമത്തിലേക്കും ശിക്ഷണത്തിലേക്കും നയിക്കുകയുമാണു വേത്' - ചർച്ച് മിഷനറി സൊസൈറ്റി, മിഷനറിമാർക്കു നൽകിയ നിർദ്ദേശമാണിത്. ആദ്യകാല പ്രവർത്തനവും ഇതനുസരിച്ചായിരുന്നു. മലങ്കര മെത്രാപ്പോലീത്താമാർ, മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടരായിരുന്നുവെന്നു മാത്രമല്ല, ഇടവകകളിൽ സഞ്ചരിച്ചു പ്രവർത്തിക്കുന്നതിന് അനു മതി നൽകുകയും ചെയ്തു. തുടർന്നു വന്ന മിഷനറിമാരുടെ സമീപനം അല്പം വ്യത്യസ്ത മായിരുന്നു. മെത്രാപ്പോലീത്താമാരുടെ നയത്തിലും വ്യതിയാനം സംഭവിച്ചു. മിഷനറിമാരും മെത്രാപ്പോലീത്തായും തമ്മിലുള്ള ശീതസമരമായിരുന്നു, അനന്തരഫലം. 1835-ൽ കേരളത്തിലെ ത്തിയ കൽക്കട്ടായിലെ ആംഗ്ലിക്കൻ ബിഷപ്പ് വിൽസൺ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മെത്രാപ്പോലീത്തായുടെ മുമ്പിൽ സമർപ്പിച്ചു.

1. കോട്ടയം സെമിനാരിയിൽനിന്നു ബിരുദം നേടിയവർക്കേ പട്ടം കൊടുക്കാവൂ എന്നത് ഒരു പൊതുതത്ത്വമായി അംഗീകരിക്കുക.
2. സഭയുടെ വസ്തുക്കളും സ്വത്തുക്കളും സംബന്ധിച്ച കണക്കുകൾ റസിഡന്റ് സായ്പിനു സമർപ്പിക്കുക.
3. പട്ടക്കാർ പള്ളികളിൽ ശുശ്രൂഷ നടത്തുമ്പോൾ അവർക്കു ലഭിക്കുന്ന അനിശ്ചിത വരുമാനത്തെ ആശ്രയിക്കാതെ അവർക്കു നിശ്ചിതശമ്പളം നല്കുന്നതിനു സ്ഥിരനിക്ഷേപം ഏർപ്പെടുത്തുക.
4. ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടം വീതം ഉായിരിക്കുക.
5. ഞായറാഴ്ചതോറും പള്ളികളിൽ ശുശ്രൂഷയ്ക്കിടയ്ക്ക് സുവിശേഷപ്രസംഗം ഉായിരിക്കുക.
6. പ്രാർത്ഥനയിൽ സുറിയാനിഭാഷയ്ക്കു പകരം മലയാളം ഉപയോഗിക്കുക.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ 1836 ജനുവരി 18-ാം തീയതി മാവേലിക്കര പുതിയകാവ് പള്ളിയിൽ കൂടിയ സൂനഹദോസ് തള്ളിക്കളഞ്ഞു. ഇതോടെ, മിഷനറിമാർ സുറിയാനി സഭയോടുള്ള ബന്ധം വിടർത്തി. ക്രൈസ്തവേതരരിലേക്കു ശ്രദ്ധ തിരിക്കുകയും മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ രൂപഭാവങ്ങൾ കത്തുകയും ചെയ്തു. പിന്നോക്കവിഭാഗ ങ്ങളിൽനിന്നും ജ്ഞാനസ്നാനം നല്കി ക്രൈസ്തവസഭയിലേക്ക് ആനയിച്ചു. മിഷനറിമാരുടെ പ്രബോധനങ്ങളിൽ ആകൃഷ്ടരായിത്തീർന്ന സുറിയാനിക്രിസ്ത്യാനി കുടുംബങ്ങളും മിഷനറി മാരോടൊപ്പം ചേർന്നുനിന്നു. ആദ്യമായി മല്ലപ്പള്ളിയിലും, പിന്നീട് മാവേലിക്കര തുടങ്ങിയ പ്രദേശങ്ങളിലും പള്ളികൾ സ്ഥാപിക്കപ്പെട്ടു. ആംഗലേയ പ്രാർത്ഥനാപുസ്തകം മലയാളത്തി ലേക്കു വിവർത്തനം ചെയ്ത് ആരാധന ആരംഭിച്ചു. അങ്ങനെ തിരുവിതാംകൂറിലും കൊച്ചിയിലും ആംഗ്ലിക്കൻ സഭ സ്ഥാപിതമായി.

### 4.4 ദളിതർ കിസ്തുമാർഗത്തിലേക്ക്

കേരളീയ സാമൂഹ്യജീവിതത്തിൽ ദൂരവ്യാപകമായ ചലനം സൃഷ്ടിക്കുന്നതിനു, മിഷനറിമാരുടെ ഈദൃശപ്രവർത്തനങ്ങൾക്കു കഴിഞ്ഞു. മിഷനറിമാരുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനങ്ങളെ - ദളിതരെ - ആകർഷിക്കുന്ന വിധത്തിലുള്ള തായിരുന്നു. ജാതിഭേദം നോക്കാതെ എല്ലാവരെയും വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള അവരുടെ സംരംഭവും, അടിച്ചമർത്തപ്പെട്ടവരോടുള്ള സൗഹൃദപൂർവമായ പെരുമാറ്റവും നല്ലൊരു വിഭാഗം അധഃസ്ഥിതരെ അവരിലേക്കാകർഷിച്ചു. വളരെയധികം പേർ ക്രിസ്തുമതത്തിലേക്കു പരിവർ ത്തനം ചെയ്യപ്പെട്ടു. മതപരിവർത്തനം ചെയ്ത അവർണ്ണർക്കു ഹിന്ദുസമുദായ ത്തിൽ ജീവിക്കുന്ന അവർണ്ണർ അനുഭവിച്ചിരുന്ന അവശതകൾ പലതും ഉായിരുന്നില്ല. അയിത്താചാരം അവർക്കു ബാധകമായിരുന്നില്ല. സവർണ്ണരുടെ 'തീട്ടം' ഭയപ്പെടാതെ അവർക്കു പൊതുനിരത്തുകളിൽ ക്കൂടി സഞ്ചരിക്കാം. ക്ഷേത്രപരിസരങ്ങളിൽ പോലും അവർക്കു പ്രവേശിക്കാം. വിദ്യാലയങ്ങൾ, അഞ്ചലാപ്പീസ്, പോസ്റ്റോഫീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങളിലും അവർക്കു നിരോധനമില്ല. മതംമാറിയ അവർ അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യം കൂടുതൽ അവർണ്ണരെ ക്രിസ്തുമത ത്തിലേക്കു ആകർഷിച്ചു. മിഷനറിമാരുടെ[6] ഇങ്ങനെ സാമൂഹ്യജീവിതഘടനയിൽ വന്നുചേർന്ന മാറ്റത്തോടൊപ്പം, ക്രൈസ്തവസമൂഹത്തിന്റെ അവർണ്ണരോടുള്ള സമീപനത്തിലും മിഷനറിമാർ വ്യതിയാനം സൃഷ്ടിച്ചു.

### 4.5 അബ്രഹാം മല്പാൻ - ആരാധന മലയാളത്തിൽ

മിഷനറിമാർ കൊളുത്തിയ നവോത്ഥാനത്തിന്റെ പ്രകാശത്തിൽ ആകൃഷ്ടരായ ചില പ്രതിഭാശാലികൾ സുറിയാനിസഭ വിട്ട് ആംഗ്ലിക്കൻ സഭയിൽ ചേരുന്നതിന് തയ്യാറായില്ല; വെളിച്ചം മൂടിവയ്ക്കുന്നതിനും ഒരുമ്പെട്ടില്ല. സുറിയാനിസഭയിൽ ഉറച്ചുനിന്നുകൊു നവീകരിക്കുന്നതിന് അവർ ആരംഭമിട്ടു. സെമിനാരി അദ്ധ്യാപകരായിരുന്ന മാരാമൺ പാലക്കുന്നത്ത് അബ്രഹാം മല്പാനും പുതുപ്പള്ളി കൈതയിൽ ഗീവർഗീസ് മല്പാനുമാണ്, സുധീരമായ ചുവടുവയ്പ്പിന് ഒരുങ്ങിയത്. ആരാധനാക്രമം മാതൃഭാഷയിലാക്കുകയായിരുന്നു, ആദ്യപടി. 1836 (കൊ.വ.1012) ചിങ്ങം 15ാം തീയതി, പതിനഞ്ചുനോമ്പു വീടിയ ഞായാറാഴ്ച രാവിലെ, അബ്രഹാം മല്പാൻ[7] സ്വന്തം ഇടവകപ്പള്ളിയിൽ - മാരാമണ്ണ് - മലയാളത്തിൽ വിശുദ്ധ കുർബാനശുശ്രൂഷയനുഷ്ഠിച്ച് ആധുനിക സഭാചരിത്രത്തിലെ ഏറ്റവും വിപ്ലവാത്മകമായ

അദ്ധ്യായത്തിനു തുടക്കംകുറിച്ചു. സുറിയാനിയുടെ അതിപ്രസരത്തിൽ മാതൃഭാഷയ്ക്കു പതിത്വം കല്പിച്ചിരുന്ന പാരമ്പര്യത്തിനെതിരെ മുഴക്കിയ വെല്ലുവിളിയായിരുന്നു അത്. നവീകരണവിഭാഗം പിൽക്കാലത്ത് മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്നറിയപ്പെട്ടു.

### 4.5.1 നവോത്ഥാനത്തിന്റെ പുലർകാലവെളിച്ചം

അബ്രഹാം മല്പാൻ, നവീകരണം ലക്ഷ്യമാക്കി സംഘടിതമായി നീങ്ങുന്നതിന് നേതൃത്വം നല്കി. നവീകരണാദർശങ്ങളോട് ആഭിമുഖ്യമുള്ള സാമാനചിന്താഗതിക്കാരായ വൈദികരുടെ ഒരൈക്യനിരതന്നെ അദ്ദേഹം സംഘടിപ്പിച്ചു. അവർ, 1836 ചിങ്ങം 21-ാം തീയതി ബ്രിട്ടീഷ് റസിഡന്റിന് ഒരു ഹർജി സമർപ്പിച്ചു. 'സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി സഭയിലെ അപമര്യാദകൾ' അക്കമിട്ടു ഹർജിയിൽ അവതരിപ്പിച്ചിട്ട്. 'നവീകരണപോർക്കളത്തിലെ കാഹളം' എന്ന് പില്ക്കാലത്ത് ആ ഹർജി പ്രസിദ്ധമായിത്തീർന്നു.

മലങ്കര സഭയുടെ അവിഭാജ്യഘടകമായി നിലകൊള്ളുന്നതിനായിരുന്നു, നവീകരണവിഭാഗം ആഗ്രഹിച്ചത്. കേരള ക്രൈസ്തവസഭയിൽ ഇടക്കാലത്ത് വന്നുചേർന്ന ആചാരമര്യാദകൾക്ക പ്പുറത്തേക്ക് - ആദിമ സുറിയാനിസഭയുടെ രൂപഭാവങ്ങളിലേക്ക് - മടങ്ങിപ്പോവുകയായിരുന്നു, ഏബ്രഹാം മല്പാനച്ചന്റെയും സ്നേഹിതരുടെയും ലക്ഷ്യം, ഹർജിയിൽ അത് വ്യക്തമാക്കി യിട്ടു്. അബ്രഹാം മല്പാനച്ചന്റെ ഭാഗിനേയൻ മാത്യൂസ് ശെമ്മാശൻ മദ്രാസ് കോളജിൽ വിദ്യാർത്ഥിയായിരുന്നു. മല്പാനച്ചന്റെ നിർദ്ദേശാനുസരണം ശെമ്മാശ്ശൻ അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആസ്ഥാനമായ മർദ്ദീനിലേക്കു പോയി. പാത്രിയർക്കീസ് അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും ഒരു വർഷം തന്നോടൊത്തു പാർക്കുന്നതിനു അനുവദിക്കുകയും ചെയ്തു. തുടർന്ന് 'മാത്യൂസ് മാർ അത്താനാസ്യോസ്' എന്ന അഭിധാനത്തിൽ അഭിഷേകം ചെയ്ത് മലങ്കരയിലേക്കയച്ചു. 1843-ൽ അദ്ദേഹം കൊച്ചിയിലെത്തി. അക്കാലത്ത് മലങ്കര മെത്രാപ്പോലീത്താസ്ഥാനത്ത് ചേപ്പാട്ടു മാർ ദിവന്നാസ്യോസ് ഉായിരുന്നു. 1852-ൽ മാത്യൂസ് മാർ അത്താനാസ്യോസ്, രാജകീയവിളംബരം ലഭിച്ച് മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലം സംഘർഷത്തിന്റെ കാലഘട്ടമായിരുന്നു. എങ്കിലും നസ്രാണികളുടെ സാമൂഹികവും മതപരവുമായ ഉന്നതിക്ക് അദ്ദേഹത്തിന്റെ നേതൃത്വം വിലപ്പെട്ടതായിരുന്നു. ആരാധനയിൽ വരുത്തിയ മാറ്റങ്ങൾക്കു പുറമേ, വേദപുസ്തകം വായന, സസേ്കൂൾ പഠനം, വേദവാക്യങ്ങളെ ആധാരമാക്കിയുള്ള പ്രസംഗം എന്നിവകൂടി ശുപാർശചെയ്തു. ഒരുകാലത്ത് ഹൈന്ദവ ഭരണാധികാരികളും ക്രിസ്ത്യാനികളും പരസ്പരം യോജിപ്പിലാണ് കഴിഞ്ഞിരുന്നതെങ്കിലും, കാലാന്തരത്തിൽ സുറിയാനി ക്രിസ്ത്യാനികളെ സമീപവാസികളായ ഹിന്ദുക്കൾ പലവിധത്തിൽ പീഡിപ്പിച്ചിരുന്നു. ബ്രിട്ടീഷ് റസിഡന്റിന്റെയും സർക്കാരുദ്യോഗസ്ഥന്മാരുടെയും മേൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്ന അദ്ദേഹം, ആ സ്വാധീനശക്തി ഉപയോഗിച്ചു, സുറിയാനി ക്രിസ്ത്യാനികൾ സമീപസ്ഥരായ ഹൈന്ദവരിൽനിന്നു സഹിച്ചിരുന്ന സാമൂഹ്യമായ പല അവശതകളും ഇല്ലാതാക്കി. മലങ്കരയിലെ ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസപരമായ സ്വത്വവും സാമൂഹികമായ സ്വത്വവും പരിരക്ഷിക്കുക യായിരുന്നു, ലക്ഷ്യം. കേരളീയ നവോത്ഥാനത്തിന്റെ പുലർകാലവെളിച്ചമാണ്, ഇത്തരം നവീകരണസംരംഭങ്ങളിൽ കത്തെുക.

ആരാധന ദേശീയഭാഷയിലേക്കു മാറ്റിയതോടൊപ്പം ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും സാരമായ വ്യതിയാനവും വരുത്തുകയുായി. ആത്മീയനവോത്ഥാനത്തിലേക്ക് ഒരു

തീർത്ഥയാത്രയ്ക്കായിരുന്നു അവിടെ തുടക്കമിട്ടത്. പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് ഒരു നവദർശനം ഇക്കാലത്ത് ദൃശ്യമായി. സുവിശേഷം സാർവത്രിക സത്യദർശനമാണെന്നും, പ്രേഷിതപ്രവർത്തനം സഭാദൗത്യത്തിന്റെ ഭാഗമാണെന്നും അംഗീകരിക്കപ്പെട്ടു. അതിനുള്ള സംഘടിതശ്രമം ആരംഭിക്കുകയും ചെയ്തു. വഴിവക്കിലും വയൽവരമ്പിലും സുവിശേഷം പ്രഘോഷിച്ചു. സഭാപ്രവർത്തനത്തിൽ ജനകീയപങ്കാളിത്തം അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു. കേരള ക്രൈസ്തവസഭയിലുായ നിർണ്ണായക പരിവർത്തനമായിരുന്നു, ഇത്.

### 4.6 മാരാമൺ മഹാസമ്മേളനം

കേരള ക്രൈസ്തവരുടെ ആദ്ധ്യാത്മികചൈതന്യത്തിന്റെ മുഖം പ്രതിഫലിപ്പിക്കുന്ന മഹാപ്രസ്ഥാനമായി വളർന്ന മാരാമൺ മഹാസമ്മേളനത്തിന് തുടക്കംകുറിച്ചതും പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് ഉടലെടുത്ത നവദർശനത്തിൽനിന്നാണ്. നവീകരണത്തിന്റെ യുഗപ്പിറവി കുറിച്ച അബ്രഹാം മല്പാന്റെ ജന്മസ്ഥലമായ മാരാമണ്ണിന്റെ തീരഭൂമിയിലാണ്, മഹാസമ്മേളനത്തിനു വേദിയൊരുങ്ങിയത്. കൺവൻഷന്റെ തുടക്കത്തെക്കുറിച്ച് 1895 മാർച്ച് 23-ാം തീയതി മലയാള മനോരമയിൽ വന്ന റിപ്പോർട്ട് നോക്കുക:

'ആറന്മുളയ്ക്കടുത്തു മാരാമണ്ണ് ആറ്റുമണൽപ്പുറത്ത് കഴിഞ്ഞ കുംഭം 27-ാം തീയതി മുതൽ പത്തു ദിവസത്തെ പ്രസംഗം മുതലായവ നടക്കുന്നതാണെന്നു മുൻപുകൂട്ടി ഇംഗ്ലീഷിലും മലയാളത്തിലും നോട്ടീസുകളടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ആറന്മുളക്ഷേത്രക്കടവിനു നേരേയുള്ള കൊട്ടതട്ടിമാലിയുടെയും അതിനു കിഴക്കുള്ള നിക്ഷേപമാലിയുടെയും മദ്ധ്യത്തിൽ കിഴക്കുപടിഞ്ഞാറായി 40 കോൽ നീളത്തിലും 25 കോൽ വീതിയിലും കെട്ടിയൊരുക്കിയിരുന്ന നെടുംപുര ഉദ്ദേശം പതിനായിരം ആളുകൾക്ക് ഇരിക്കാൻ മതിയാവുന്നതായിരുന്നു. ശാലയുടെ പടിഞ്ഞാറുഭാഗത്തു രു പീഠങ്ങൾ കെട്ടിയുാക്കിയിരുന്നതിൽ ഒന്നു മാർത്തോമ്മാ മെത്രാപ്പോലീത്താ അവർകൾക്ക് ഇരിക്കാനും മറ്റതു പ്രസംഗകരുടെയും തർജമകരുടെയും ആവശ്യത്തിനും ആയിരുന്നു. ഈ പീഠത്തിന്റെ ചുറ്റിലുമായി കത്തനാരന്മാർക്കിരിക്കാനായി ഏതാനും ബഞ്ചുകളും നിരത്തിയിരിക്കുന്നു.'

ആത്മീയ നവോത്ഥാനത്തിന്റെ അഗ്നിനാളങ്ങൾ എരിഞ്ഞുനിന്ന ആദ്യകാല സമ്മേളനങ്ങളുടെ വർണ്ണപ്രഭയണിഞ്ഞ ചിത്രം ഒരനുഭവസ്ഥൻ സ്മരണയിൽനിന്നു പകർത്തുന്നു:

'തെങ്ങുംകീറുപയോഗിച്ചുാക്കിയ തട്ടുപന്തൽ... രാത്രിയോഗങ്ങളിൽ വെളിച്ചത്തിനു വേി കത്തിച്ചുതുക്കിയ പതിന്നാലാം നമ്പർ വിളക്കുകൾ... ചോറ്റുക്ലബും കാപ്പിക്കടയും... ഊണൊന്നിനു രു ചക്രവും... തകരപ്പോണിയിൽ കൊടുക്കുന്ന കരിപ്പെട്ടിവെള്ളത്തിനു രുകാശു മാത്രമായിരുന്നു കാപ്പിക്കടകളിലെ വില. ആറ്ററുകിൽ അടുപ്പിച്ചുകെട്ടി നെടുനീളെ നിരന്നുകിടക്കുന്ന വള്ളങ്ങൾ'.

യോഗത്തിൽ വരുന്നവരെല്ലാം ശുഭ്രവസ്ത്രധാരികളായിരുന്നു. ഞൊറിയിട്ടുടുത്ത മുും മുഴങ്കെ മൂടുന്ന ചട്ടയും വെള്ളക്കവണിയും ധരിച്ച വനിതകൾ ശാന്തരായി പിരിഞ്ഞുപോകുന്ന കാഴ്ച അലോകസാധാരണമാണ്. പ്രസംഗം ഉജ്ജ്വലശബ്ദത്തിൽ പരിഭാഷപ്പെടുത്തിയിരുന്നു.

ആത്മീയചൈതന്യം അലതല്ലുന്ന അന്തരീക്ഷമായിരുന്നു, ആദ്യകാലത്തു മണൽപ്പുറത്തെങ്ങും അനുഭവപ്പെട്ടത്.[8]

#### 4.6.1 കടവിൽ മാളിക

കൊട്ടാരത്തിൽ തോമസ് കശീശയുടെയും കല്ലിശ്ശേരി കടവിൽ അച്ചന്റെയും നേതൃത്വത്തിൽ പമ്പാനദിയുടെ തീരത്തുള്ള കടവിൽമാളികയിൽ ആരംഭിച്ചതാണ് സുവിശേഷസംഘം. മാർത്തോമ്മാസഭയുടെ വളർച്ചയിൽ നിർണ്ണായകപങ്കു വഹിച്ചിട്ടു് ഈ സുവിശേഷപ്രസംഗസംഘം. ഈ സംഘത്തിന്റെ ചുമതലയിലാണ് 1895 മുതൽ മാരാമൺ കൺവൻഷൻ നടന്നുവരുന്നത്. കടവിലച്ചൻ കല്ലിശ്ശേരി ക്നാനായ പള്ളിവികാരിയായിരുന്നു. ഇപ്പോൾ പുരാതനമായ കടവിൽ മാളിക മാർത്തോമ്മാസഭയുടെ ഒരു സ്മാരകമായി സംരക്ഷിച്ചുവരുന്നു. ആരംഭകാലത്ത് കല്ലിശ്ശേരി പള്ളിവകയായിരുന്ന ഈ മാളിക പമ്പാനദീതീരത്തു സ്ഥിതി ചെയ്യുന്നു. ദൂരദേശങ്ങളിൽ നിന്നു വരുന്നവർക്ക് താമസിച്ച് ആരാധനയിൽ സംബന്ധിക്കുന്നതിനും വിശ്രമിക്കുന്നതിനും പിൻകാലങ്ങളിൽ ഇതുപയോഗിച്ചിരുന്നു. (പ്രൊഫ. റവ. ജോസഫ് കുളത്രാമണ്ണിൽ, *കേരളത്തിലെ ക്രൈസ്തവസഭകൾ*, 2017, പുറം. 128). (കടവിൽ മാളികയുടെ ചിത്രം അനുബന്ധം അഞ്ചിൽ കല്ലിശ്ശേരിപള്ളി ചിത്രത്തോടൊപ്പം ചേർത്തിട്ടു്).

### 4.7 അയിത്താചരണവും അടിമത്തവും

മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം, കേരളീയസമൂഹത്തിൽ വിപ്ലവകരമായ പരിവർത്തനത്തിനു നാന്ദികുറിച്ചു. ജനജീവിതത്തിന്റെ സമസ്തതലങ്ങളിലും സ്പർശിക്കുന്നതായിരുന്നു ഈ മാറ്റങ്ങൾ. സമൂഹത്തിന്റെ താണതലങ്ങളുമായി സാത്മ്യം പ്രാപിച്ച മിഷനറിമാർ, നിന്ദിതരുടെയും പീഡിതരുടെയും അവശതകൾക്കു പരിഹാരം തേടുന്നതിനുള്ള കർമ്മപരിപാടികളിൽ വ്യാപൃതരായി, ക്രൈസ്തവ ഹ്യൂമനിസത്തിന്റെ വക്താക്കളായിരുന്ന അവർ അടിമത്തത്തിനും അയിത്തത്തിനും ചൂഷണത്തിനുമെതിരെ സുവ്യക്തമായ നിലപാട് സ്വീകരിച്ചു.

അയിത്താചരണം കേരളീയ സമൂഹത്തിൽ രൂഢമൂലമായിരുന്നു. അവർണ്ണ സമുദായത്തിൽപ്പെട്ടവർക്കു പൊതുനിരത്തുകളിലൂടെ സഞ്ചരിക്കുന്നതിനുപോലും സ്വാതന്ത്ര്യമുായിരുന്നില്ല. ക്രൈസ്തവസമൂഹവും അയിത്താചരണത്തിൽ പിന്നിലായിരുന്നില്ല. മനുഷ്യത്വരഹിതമായ ഈ ആചാരത്തിനെതിരെ മിഷനറിമാർ സമൂഹമനസ്സാക്ഷി തട്ടിയുണർത്തി. മിഷനറിമാരുടെ സ്കൂളുകളിൽ സവർണാവർണഭേദം പരിഗണിച്ചിരുന്നതേയില്ല. ഈഴവരിൽനിന്ന് അന്യായമായി ഈടാക്കിയിരുന്ന 'തലവരിപ്പണം' നിർത്തലാക്കി. സ്ത്രീകൾക്കു മാറുമറയ്ക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു; അതിനെതിരെ പൊതുജനാഭിപ്രായം സംഘടിപ്പിച്ചതും നിയമനിർമ്മാണത്തിനു ഗവണ്മെന്റിൽ സ്വാധീനം ചെലുത്തിയതും മിഷനറിമാരാണ്. ചാന്നാർ ലഹള എന്ന പേരിൽ ഇത് അറിയപ്പെടുന്നു. കേരളത്തിലെ അയിത്തോച്ചാടനചരിത്രത്തിലെ സുപ്രധാനസംഭവമാണത്. അശുഭനക്ഷത്രത്തിൽ ജനിക്കുന്ന ശിശുക്കൾ കുടുംബത്തിനു മുഴുവൻ ആപത്താണെന്നു ഭയന്ന് അവരെ കൊല്ലുകയോ, നാടോടികൾക്കു നൽകുകയോ ചെയ്തിരുന്നു. ക്രൂരമായ ഈ ഏർപ്പാടിനെതിരെ മിഷനറിമാർ പടപൊരുതി. മരുമക്കത്തായ സമ്പ്രദായത്തിന്റെ ദൂഷ്യഫലങ്ങൾ കേരളീയസമൂഹത്തിന്റെ മുമ്പിൽ ഉയർത്തിക്കാട്ടിയതും മിഷനറിമാർതന്നെ.

കേരളത്തിൽ അക്കാലത്തു നിലവിലിരുന്ന അടിമത്തസമ്പ്രദായത്തിന്റെ ഭീകരമായ ചിത്രം നോക്കുക: 'തിരുവിതാംകൂറിൽ ഒരു ലക്ഷത്തി മുപ്പതിനായിരത്തിനുമേൽ അടിമകളുായിരുന്നു;

കൊച്ചിയിൽ നാല്പതിനായിരവും. ഇതിൽ തിരുവിതാംകൂറിൽ 3400 പേരും കൊച്ചിയിൽ 9000 പേരും സർക്കാർ അടിമകളായിരുന്നു. അടിമകളെ അവരുടെ ഉടമസ്ഥർ ഇഷ്ടാനുസരണം വിൽക്കുകയും പണയപ്പെടുത്തുകയും കൂലിക്കുകൊടുക്കുകയും ചെയ്തുപോന്നു. 1821-ൽ തിരുവിതാംകൂർകൊച്ചി റസിഡന്റായിരുന്ന കർണൽ സ്റ്റുവർട്ട് ഒരു സ്ഥലത്തേക്കു യാത്ര ചെയ്യവേ, ഒരു കലപ്പയിൽ ഒരു കാളയോടൊന്നിച്ച് അടിമയെക്കൂടി കെട്ടി നിലം ഉഴുന്നത് അദ്ദേഹം സ്വന്തം കണ്ണുകൊുതന്നെ കാണുകയുായി! കൂരഹൃദയന്മാരായ യജമാനന്മാർ, കേവലം നഗ്നത മറയ്ക്കാൻ അരയിൽ വല്ല പുല്ലോ പഴന്തുണിക്കമോ മാത്രം ഒട്ടിച്ചിട്ടുള്ളവരും മൃഗങ്ങളോടൊപ്പം അടികൊും ചൂടുവച്ചും തൊലിപൊളിച്ചിട്ടുള്ളവരുമായ അനേകായിരം അടിമകളെ ചങ്ങനാശ്ശേരി, കാർത്തികപ്പള്ളി, കായംകുളം, ഇരണിയൽ മുതലായ സ്ഥലങ്ങളിൽ നിന്നും രാജ്യത്തിനു വെളിക്കുള്ള കോഴിക്കോട്, മൊറിഷിയമ്പ് മുതലായ സ്ഥലങ്ങളിലേക്കു മൂന്നുമുതൽ പതിന്നാലു രൂപ വരെ വിലവച്ചു വിറ്റുപോന്നു. മാതാപിതാക്കന്മാരിൽനിന്നു മക്കളെയും, ഭർത്താക്കന്മാരിൽനിന്നു ഭാര്യമാരെയും പിന്നീടൊരിക്കലും കാണാൻ ഇടയില്ലാത്തവണ്ണം എന്നന്നേക്കുമായി വേർപെടുത്തി കണ്ണുനീരിന്റെയും മുറവിളിയുടെയും മദ്ധ്യേ കൈമാറ്റം ചെയ്തുപോന്ന ഈ ക്രൂരമായ ഏർപ്പാട് ക് മിഷനറിമാരുടെ ഹൃദയം ക്രിസ്തുവിന്റെ സ്നേഹോഷ്മാവിനാൽ കത്തിയുരുകി. അവർ പൈശാചികമായ ഈ ഏർപ്പാടു നിർത്തൽ ചെയ്യുന്നതിനായി 1847-ൽ തിരുവിതാംകൂർ മഹാരാജാവിന് അതിഭീമമായ ഒരു മെമ്മോറിയൽ സമർപ്പിച്ചതിനുപുറമേ ബ്രിട്ടീഷ് ഗവണ്മെന്റിനെ നിരന്തരമായി പ്രേരിപ്പിക്കുകയും ചെയ്തുപോന്നു. തൽഫലമായി തിരുവിതാംകൂർകൊച്ചി ഗവണ്മെന്റുകൾ ആദ്യമായി സർക്കാർ അടിമകളുടെ കുട്ടികൾക്കു സ്വാതന്ത്ര്യം നൽകുകയും, അനന്തരം പ്രായപൂർത്തി വന്ന സർക്കാർ അടിമകളെ വിടുതൽ ചെയ്കയും ഒടുവിൽ കുടിയാന്മാരുടെ അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്തു.

### 4.8 മിഷനറിമാരും മലയാളഭാഷയും

മലയാളഭാഷയുടെ വികാസപരിണാമചരിത്രത്തിൽ മിഷനറിമാരുടെ സേവനം നിസ്തുലമാണ്. സമ്പന്നമായ കാവ്യപാരമ്പര്യം മലയാളത്തിനുായിരുന്നുവെങ്കിലും കരുത്തുറ്റ ഗദ്യശൈലി വളർത്തിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. ക്രി.വ. 13-ാം നൂറ്റാുവരെ ചെന്തമിഴ് മേൽക്കോയ്മയായിരുന്നുവെങ്കിൽ, തുടർന്ന് പതിനാറാം നൂറ്റാു വരെ സംസ്കൃതപ്രഭാവ ഘട്ടമായിരുന്നു. നമ്പ്യാന്മാർക്കു പാഠകം പറയുന്നതിനു രൂപപ്പെടുത്തിയെടുത്ത ഗദ്യമേ സാഹിത്യ രൂപമായി അറിയപ്പെട്ടിരുന്നുള്ളൂ. വ്യവഹാരഭാഷയോടു ബന്ധം പുലർത്തുന്നതായിരുന്നില്ല ആ ഭാഷാശൈലി.

വേദപ്രചാരണം ജീവിതവ്രതമായി സ്വീകരിച്ച മിഷനറിമാർക്കു ജനജീവിതത്തുടിപ്പുകൾ ഉൾക്കൊള്ളുന്ന വ്യവഹാരഭാഷയെ വിസ്മരിക്കാനാവില്ല. ജനസാമാന്യത്തിന്റെ ഭാഷ രൂപപ്പെടുത്തി വേദപ്രചാരണത്തിനുതകുന്ന ഗ്രന്ഥങ്ങൾ രചിക്കുക മിഷനറിമാർക്കു അവശ്യം ആവശ്യമായിരുന്നു. മലയാളഗദ്യത്തിന്റെ വികാസത്തിനു വഴിതെളിച്ച നിയാമകഘടകം മിഷനറിമാരുടെ ഭാഷാസേവനമാണ്. ഏതദ്ദേശീയ ക്രൈസ്തവരും മിഷനറിമാരുടെ ചുവടുപിടിച്ചു ഗദ്യരചനയ്ക്കു ഒരുമ്പെട്ടു.

മിഷനറിമലയാളത്തിനു രു വികാസഘട്ടങ്ങളു്. എ.ഡി. 16 മുതൽ 18 വരെയുള്ള ശതകങ്ങൾ പ്രഥമഘട്ടവും 19-ാം നൂറ്റ് ദ്വിതീയഘട്ടവുമാണ്. കത്തോലിക്കാ മിഷനറിസംഘ

ങ്ങളായ ഫ്രാൻസിസ്കൻ, ഡോമിനിക്കൻ, ജസ്യൂട്ട്, കാർമലൈറ്റ് മിഷനറിമാരാണ്, പ്രഥമ ഘട്ടത്തിൽ പ്രേഷിതപ്രവർത്തനത്തിനു നേതൃത്വം നൽകിയത്. കൊച്ചിക്കോട്ടയിലും അമ്പഴക്കാട്ടും വാരാപ്പുഴയുമായിരുന്നു അവരുടെ പ്രവർത്തനകേന്ദ്രങ്ങൾ. ഈ ഘട്ടത്തിലെ ഗദ്യശൈലിയുടെ വികാസം വെളിവാക്കുന്നതിനു കരിയാറ്റിൽ യൗസേപ്പ് മല്പാന്റെ വേദതർക്കം (1768) ക്ലമന്റു പിയാനിയൂസിന്റെ സംക്ഷേപവേദാർത്ഥം (1772), ജ്ഞാനമുത്തുമാല (1784), പാറേമ്മാക്കൽ തോമാ കത്തനാരുടെ വർത്തമാനപ്പുസ്തകം (1785) തുടങ്ങിയ കൃതികളിലെ ഭാഷാശൈലി പഠിച്ചാൽ മതിയാകും. മലയാളഭാഷയുടെ ആധുനികതയിലേക്കുള്ള വഴിത്തിരിവാണ് ഈ കൃതികൾ അടയാളപ്പെടുത്തിയത്.

പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനഘട്ടമാണ് ഗദ്യഭാഷയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് വഴിതുറന്നത്. ജനജീവിതത്തിന്റെ താണതലങ്ങളിൽ സുവിശേഷപ്രകാശം പ്രസരിപ്പിക്കുന്നതിനു പ്രതിജ്ഞാബദ്ധരായിരുന്ന മിഷനറിമാർ വ്യവഹാരഭാഷയോടു രക്തബന്ധമുള്ള നവീനഭാഷാശൈലിക്കു രൂപം നൽകി. ബൈബിൾ എന്ന ബൃഹത്ഗ്രന്ഥം ഭാഷയിൽ അവതരിപ്പിച്ചതോടെ ഗൗരവമേറിയ വിഷയം കൈകാര്യം ചെയ്യാൻ മലയാളഗദ്യം സമർത്ഥമാണെന്നു കാട്ടിക്കൊടുത്തു. വിദേശമിഷനറിമാരോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച നാട്ടുക്രിസ്ത്യാനികളും ഈ ഘട്ടത്തിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലയിൽ 'നല്ല പോർ പൊരുതി'. ഡോ. ഗുർട്ടും റവ. ജോർജ് മാത്തനും, ആർച്ചു ഡീക്കൻ കോശിയും ആധുനിക മലയാളഗദ്യത്തിന്റെ സ്രഷ്ടാക്കളായി തീർന്നു. ആർജവമുള്ളതും ജനജീവിതത്തോടു ബന്ധമുള്ളതുമായ ഭാഷാശൈലിയായിരുന്നു അവർ കരുപ്പിടിപ്പിച്ചത്. ലാളിത്യമാണ് ആ ശൈലിയുടെ മുഖമുദ്ര. മാതൃകയ്ക്കുവേി റവ. ജോർജ് മാത്തന്റെ 'സത്യവാദഖേടം' (1863) എന്ന ഗ്രന്ഥത്തിൽനിന്നും ഒരുഭാഗം ഉദ്ധരിക്കുന്നു:

"ശൈശവത്തിൽ മനുഷ്യമനസ്സ് വെള്ളക്കടലാസിനു സമമാകുന്നു എന്ന് ഒരു വിദ്വാൻ പറയുന്നു. യാതൊന്നും എഴുതപ്പെടാതെ മിനുസമായിരിക്കയാൽ അതിന്മേൽ എന്തെങ്കിലും വരച്ചാൽ ഛായ നല്ലവണ്ണം പതിയുന്നതും വിവരമായി കാണാകുന്നതുമാകുന്നു. അതിൻവണ്ണം തന്നെ ജനിക്കുമ്പോൾ ശിശുക്കളുടെ മനസ്സും യാതൊരു നിനവുകളും കൂടാതെ നിർമ്മലമായിരിക്കയാൽ അവരുടെ ഉള്ളിൽ ചെല്ലുന്നതൊക്കെയും അവിടെ പതിയും. അവർക്കു നല്ലതു ചൊല്ലി ക്കൊടുത്താൽ നന്മ പഠിക്കും. അവരുടെ മനസ്സിൽ ചീത്ത കയറ്റിയാൽ അതു ദോഷത്തിനു പാത്രമാകും. ചെറുപ്പത്തിൽ ഒരു പ്രകാരം മനസ്സിൽ കയറിയാൽ, പിന്നീടു മറ്റൊരു പ്രകാരമാക്കുവാൻ പ്രയാസമാകുന്നു. ഒരു പാത്രം ഒഴിഞ്ഞിരിക്കുമ്പോൾ വല്ലതുമിട്ടു നിറയ്ക്കുന്നതിനുള്ള എളുപ്പം പോലെ ഒന്നുകൊു നിറഞ്ഞിരിക്കയിൽ മറ്റൊന്ന് അകത്താക്കുന്നതിന് ഏനം കാണുകയില്ല... കാര്യ ങ്ങളുടെ സത്യം ഒരുവിധം ഇരിക്കെ മറ്റൊരുവിധത്തിൽ തെറ്റായിട്ടു മനസ്സിൽ ചെന്നാൽ ആയത് പരിജ്ഞാനംകൊു ചൊവ്വാകയില്ലയോ?... പഞ്ചസാര കൈക്കും എന്ന് എത്ര കൊച്ചിലേ പഠിച്ചിരുന്നതായാലും, രുചി നോക്കുമ്പോൾ നേരറിയത്തില്ലയോ?... മനുഷ്യൻ എന്താകുന്നു ചെറുപ്പത്തിലെ ചെയ്തുവരുന്നത് അത് അവർക്കു പരിചയമാകും. ശൈശവത്തിലേ, സസ്യങ്ങൾകൊു ഉപജീവിച്ചു വരുന്നവർക്കു മാംസഭക്ഷണം പിടിക്കത്തില്ല. മറിച്ചു മാംസം തിന്നു വളരുന്നവർക്കു അന്നഭോജനം രസമാകയില്ല. അപ്രകാരം തന്നെ മോഷ്ടിച്ചും വ്യാജം പറഞ്ഞും ശീലിക്കുന്ന പൈതങ്ങൾക്കു മുതിർന്നതിന്റെ ശേഷം നേരുമാർഗ്ഗത്തൂടെ നടക്കുന്നതിനു അഹിതമായിരിക്കും.

ആകയാൽ മാതാപിതാക്കന്മാർ മക്കളെ കുഞ്ഞിൻനാളിലേ സന്മാർഗമുറയിൽ ശീലിപ്പിക്കാതെ ദൃഢം വന്നിട്ടു കഴിച്ചുകൊള്ളാം എന്നു വെയ്ക്കുന്നതു വലിയ അബദ്ധമാകുന്നു. എന്തെന്നാൽ പ്രായം വന്നതിന്റെശേഷം പഠിപ്പിപ്പാൻ സംഗതി വന്നാലും അത് കതിരേൽ വളം വെയ്ക്കുന്ന തുപോലെ വ്യർത്ഥമാകയുള്ളു."(9)

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും മറ്റും സംസ്കൃതപദസമൃദ്ധമായ ഭാഷാശൈലിയോടു താരതമ്യപ്പെടുത്തുമ്പോൾ ജീവിതഗന്ധിയായ ഈ ശൈലിയുടെ മഹത്വം ബോദ്ധ്യമാകും. ഭാഷയുടെ മേഖലയിൽ സംഭവിച്ച അത്ഭുതകരമായ പരിവർത്തനത്തെ പി.കെ. ബാലകൃഷ്ണൻ വിലയിരുത്തുന്നു: ''ക്രിസ്തുമതപ്രചാരണത്തിന് ഉഴറിയ മിഷനറിമാർക്കു പ്രഭുവർഗങ്ങളുടെ സൗഭാഗ്യതലങ്ങൾ വിട്ടു കേരളീയസമൂഹത്തിന്റെ കാനകളിലേക്കിറങ്ങേി വന്നു. പരസ്പരം മനസ്സിലാക്കാനുള്ള കഴിവും അതിനുള്ള ബോധനോപാധിയും മത പരിവർത്തനശ്രമങ്ങളുടെ മുൻവ്യവസ്ഥയാണല്ലോ. അങ്ങനെ പ്രചരിപ്പിച്ചു മനസ്സിലാക്കാനും, പരിവർത്തനം ഉാക്കാനും മിഷനറിമാർ മുന്നോട്ടിറങ്ങിയപ്പോൾ, പ്രതീക്ഷിക്കാത്ത ഒരു തടസ്സമാണ്, അവരെ നേരിട്ടത്. ആശയവിനിമയത്തിനു കൊള്ളുന്നതും, പരക്കെ പ്രയോഗിക്ക പ്പെടുന്നതുമായ ഒരു ഭാഷ കേരളത്തിനു പൊതുവായി ഇല്ലെന്നുള്ളതായിരുന്നു, ആ തടസ്സം. ഇതിനെ നേരിടാൻ മതഭക്തിക്കു മാത്രം സാധിക്കുന്ന വികാരതീവ്രതയോടെ ആ പുരോഹിതന്മാർ മുതിർന്നു. പ്രചാരത്തിലിരുന്ന പ്രാകൃത മലയാളഭാഷ അവർ അഭ്യസിച്ചു. ഭാഷാശാസ്ത്രപരമായ വിചിന്തനത്തിനും വിശകലനത്തിനുംശേഷം അതിനെ ക്രോഡീകരിച്ചു ചിട്ടപ്പെടുത്താൻ അവർ ഉദ്യുക്തരായി. മതപ്രചാരണലക്ഷ്യത്തോടെ നടത്തപ്പെട്ട ഈ സംരംഭങ്ങളിൽ വിപ്ലവകരമായ ഒരു മഹാസാദ്ധ്യതയും കൂടിയുായിരുന്നു. സമൂഹത്തിന്റെ അധഃസ്ഥലത്തെ ലാക്കാക്കി യായിരുന്നു, അവരുടെ ഈ സംരംഭങ്ങൾ. മനുഷ്യജീവിതത്തിലെ ചലനാത്മകതയാണ്, ഭാഷയുടെ വളർച്ചയ്ക്കു വളവും ജലവും എന്ന സത്യം തത്ത്വത്തിലല്ലെങ്കിലും ഫലത്തിൽ ഈ പാതിരിമാർ പ്രയോഗക്ഷമമാക്കി. ഏതോ ത്രിശങ്കുസ്വർഗത്തിൽ നിന്ന ആട്ടക്കഥാകാരന്റെയും ചമ്പുകാരന്റെയും മലയാം സംസ്കൃതത്തിൽനിന്നു വ്യതിരിക്തവും കേരളത്തിന്റേതെന്നു വിശേഷിപ്പിക്കാവുന്നതുമായ ഒരു മലയാളഭാഷയ്ക്ക് ഈ പാതിരിമാർ അടിത്തറ പാകി. നിരവധി വിദേശഭാഷകളിൽ അവഗാഹമുായിരുന്ന ഇവർ കേരളീയ ജീവിതത്തിൽനിന്നു പെറുക്കി യെടുത്ത പദങ്ങളെക്കൊാണ് ഈ പുത്തൻമലയാളത്തിന്റെ അടിത്തറ കെട്ടിയത്. ചരിത്രപര മായി നോക്കുമ്പോൾ, മതപ്രചാരണവും പ്രവർത്തനവും അതിനുള്ള പ്രായോഗിക പരീക്ഷണ ശാലയായിരുന്നു."(10) മിഷനറിമലയാളത്തിൽ പാശ്ചാത്യഭാഷകളുടെ സ്വാധീനമുന്നെ വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. പാശ്ചാത്യമിഷനറിമാർ മലയാളഭാഷ കൈകാര്യം ചെയ്തപ്പോൾ, തങ്ങളുടെ മാതൃഭാഷയുടെ ഘടനയും രൂപവിശേഷങ്ങളും സ്വാധീനം ചെലുത്തുക സ്വാഭാവികമാണ്. അതിന്റെ ഫലം ഇംഗ്ലീഷ് ഭാഷാനുകരണമാണ്. ഡോ. പി. ജെ. തോമസ് സമർത്ഥിക്കുന്നതുപോലെ 'ഈ ഇംഗ്ലീഷ് അനുകരണമാണ് പിന്നീട് മലയാളഗദ്യത്തിനു പുതിയ ജീവൻ പകർന്നുകൊടുത്തത്.(11)

#### 4.8.1 നിഘു, വ്യാകരണം

ഭാഷയുടെ വളർച്ചയ്ക്കു മിഷനറിമാരുടെ സുപ്രധാന സംഭാവന, ഭാഷ വ്യവസ്ഥ പ്പെടുത്തുന്നതിനുവേി, വ്യാകരണഗ്രന്ഥങ്ങളുടെയും ശബ്ദകോശങ്ങളുടെയും മറ്റും

രചനയാണ്. ഭാഷാശാസ്ത്ര ഗ്രന്ഥനിർമ്മാണം മിഷനറിമാർക്കു തപസ്യയായിരുന്നു. വൈദിക സെമിനാരിയിലെ അദ്ധ്യേതാക്കൾക്കുവേയിയാണ് ആദ്യകാലത്ത് നിഘുക്കളും വ്യാകരണഗ്രന്ഥങ്ങളും രചിച്ചത്. അർണോസ് പാതിരി, സ്റ്റീഫൻ പാതിരി, ഫാറോസ് പാതിരി, ക്ലമന്റ് പീയാനീയൂസ് പാതിരി തുടങ്ങിയവർ രചിച്ച ശബ്ദകോശങ്ങൾ ഇത്തരത്തിലുള്ള ആദ്യകാലകൃതികളാണ്. റവ. ബെഞ്ചമിൻ ബെയ്‌ലിയുടെയും റവ. റിച്ചാർഡ് കൊളിൻസിന്റെയും നിഘുക്കളും വിലപ്പെട്ടവതന്നെ. 1872-ൽ ഡോ. ഹെർമ്മൻ ഗുർട്ട് പ്രസിദ്ധീകരിച്ച നിഘു, മിഷനറിമാരിൽനിന്ന് മലയാളഭാഷയ്ക്കു ലഭിച്ച ഏറ്റവും മികച്ച സമ്പത്തായി കരുതുന്നു.

വ്യാകരണഗ്രന്ഥരചനയും മിഷനറിമാരുടെ സംരംഭമായിരുന്നു. ഡോ. അഞ്ചലോസ് ഫ്രാൻസിസ് വാമൊഴിക്കുവേ ഒരു വ്യാകരണഗ്രന്ഥം രചിച്ചിട്ടു്. അർണോസ് പാതിരിയുടെ രചന, ഗ്രന്ഥഭാഷയുടെ വ്യാകരണമാണ്. റോബർട്ട് ഡമിന്റെ *Grammer of the Malabar Language* (1799) എഫ്. സ്പ്രിംഗിന്റെ *Grammer of Malayalam Language* (1839) റവ. ജോസഫ് പീറ്റിന്റെ *മലയാളഭാഷാവ്യാകരണം* (1841), ഡോ.ഗുർട്ടിന്റെ *മലയാളഭാഷാവ്യാകരണം* (1851), റവ. ജോർജ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം* (1863) എന്നീ വ്യാകരണഗ്രന്ഥങ്ങൾ പിൽക്കാലത്തെ വ്യാകരണകർത്താക്കൾക്കു വഴികാട്ടികളായിരുന്നു. വിശേഷിച്ചു ഡോ. ഗുർട്ടിന്റെയും റവ. ജോർജ് മാത്തന്റെയും വ്യാകരണഗ്രന്ഥങ്ങളോടു കേരളപാണിനീയ കർത്താവായ ഏ.ആർ.രാജാരാജവർമ്മയ്ക്കുള്ള കടപ്പാട് നിസ്സീമമാണ്.

### 4.9 അച്ചടിയും പുസ്തകപ്രസാധനവും

ഭാഷയുടെ വികാസത്തിന് ഉപോദ്ബലകമായി ഭവിച്ച അച്ചടിസമ്പ്രദായത്തിനും പുസ്തകപ്രസാധനത്തിനും, പത്രപ്രസിദ്ധീകരണപ്രചാരണത്തിനും തുടക്കമിട്ടതും മാതൃക കാട്ടിയതും മിഷനറിമാരാണ്. മതപ്രചാരണത്തിന് അച്ചടിച്ചതാളുകൾ അവശ്യഘടകമാണ്. കേരളത്തിൽ മുദ്രണകലയുടെ ജനയിതാക്കൾ ജസ്യൂട്ട് വൈദികരാണ്. അമ്പഴക്കാട്ടും കൊച്ചി, വൈപ്പിൻകോട്ട എന്നിവിടങ്ങളിലും അവർ അച്ചുകൂടം സ്ഥാപിച്ചു. മലയാളലിപിയിൽ മുദ്രണത്തിന് അവിടെ സൗകര്യമുായിരുന്നില്ല. സുറിയാനിലിപിയിലും തമിഴ്‌ലിപിയിലും മുദ്രണം നടത്തിയിരുന്നു. മലയാള അക്ഷരങ്ങൾ മാത്രം ഉപയോഗിച്ചു ഒരു ഗ്രന്ഥം ആദ്യമായി പുറത്തിറക്കിയത്, 1772-ൽ റോമിലെ ബഹുഭാഷാമുദ്രണാലയത്തിൽ നിന്നാണ്; ക്ലെമന്റ് പീയാനിയൂസിന്റെ *സംക്ഷേപവേദാർത്ഥം.*

ഇറ്റാലിയൻ മിഷനറിയാണ്, ഫാദർ ക്ലെമന്റ് പിയാനിയസ്. (1731-1782). വാരാപ്പുഴയിൽ താമസിച്ച് മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ട ക്ലെമന്റ് പിയാനിയസ് മലയാളവും സംസ്കൃതവും അഭ്യസിച്ചു. വൈദികപഠനത്തിന് സെമിനാരി സ്ഥാപിക്കുകയും വൈദിക വിദ്യാർത്ഥികളുടെ പ്രയോജനത്തിനായി നിഘുവും വ്യാകരണവും രചിക്കുകയും ചെയ്തു. പാതിരിയുടെ പേര് ചിരസ്മരണീയമായത് *സംക്ഷേപവേദാർത്ഥം* എന്ന ഗ്രന്ഥത്തിലൂടെയാണ്. (നസ്രാണികൾ ഒക്കക്കും അറിയേുന്ന സംക്ഷേപവേദാർത്ഥം). റോമിലെ ബഹുഭാഷാ മുദ്രണാലയത്തിൽ ലിപികൾ നിർമ്മിച്ച് 1772-ൽ മുദ്രണം ചെയ്ത *സംക്ഷേപവേദാർത്ഥ*മാണ് മലയാളത്തിൽ മുദ്രണം ചെയ്ത ആദ്യഗ്രന്ഥം. ഗുരുശിഷ്യസംവാദരൂപത്തിൽ ക്രിസ്തുമത തത്ത്വങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന കൃതിയിലെ ശൈലി സരളമാണ്, ഋജുവാണ്. മാതൃകയ്ക്കുവേ ഗ്രന്ഥത്തിന്റെ തുടക്കം ചുവടെ ചേർക്കുന്നു:

സർവെശ്വരായെ നമഃ
സംക്ഷേപവെദാർത്ഥം
തംപുരാന്റെ മെൽ വെന്ന
അറിവും നമ്മുടെ അന്ത്യവും
എന്നതിന്മേൽ.

ഗുരു: നിന്റെ സൃഷ്ടിച്ചതാര

ശിഷ്യൻ: ഉടയതംപുരാൻ എന്നെ സൃഷ്ടിച്ചു.

ഗു: തംപുരാൻ എന്തിന്ന നിന്നെ സൃഷ്ടിച്ചു

ശി. തന്നെ അറിഞ്ഞ സ്നെഹിച്ച തന്റെ ശുദ്ധമാനമാർഗ്ഗം കാത്തും കൊ് തന്റെ ചിറ്റാഴ്മക്കിരിപ്പാൻ യെന്നതിന്ന തംപുരാൻ എന്നെ സൃഷ്ടിച്ചു.

ഗു: തന്നെ സ്നെഹിച്ച സെവിക്കുന്നവർക്ക് എന്തു സമ്മാനം തംപുരാൻ കല്പ്പിച്ചു.

ശി. എന്നന്നേക്കുമുള്ള ആകാശത്തിലെ മൊക്ഷം.

മലയാള അച്ചടിയുടെ ചരിത്രത്തിൽ സുസ്മരണീയനായ വ്യക്തി, റവ. ബെഞ്ചമിൻ ബെയ്ലിയാണ്. ബൈബിൾ മുദ്രണംചെയ്യുക എന്ന മുഖ്യലക്ഷ്യം മുന്നിൽകു 1821-ൽ കോട്ടയത്തു സ്ഥാപിച്ച സി.എം.എസ്. പ്രസ്, മലയാളഭാഷയുടെ വികാസചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. (ബെയ്ലി സ്ഥാപിച്ച മുദ്രണാലയത്തിന്റെ വികസിതരൂപമാണ്, ഇന്നത്തെ സി.എം.എസ് പ്രസ്, കോട്ടയം). മദ്രാസ്സിലെ സർക്കാർപ്രസ്സിൽനിന്നും അക്ഷരങ്ങൾ കൊു വന്നുവെങ്കിലും, അതിലെ അക്ഷരവടിവ് വിരൂപമായി തോന്നുകയാൽ സ്വന്തമായി അക്ഷരം വാർത്തുാക്കി. അതുവരെ നിലവിലിരുന്ന ചതുരവടിവിലുള്ള അക്ഷരങ്ങൾക്കു പകരം ഇന്നത്തെ രീതിയിലുള്ള മലയാളം ടൈപ്പുകൾ ആദ്യമായി അവതരിപ്പിച്ച വ്യക്തി എന്ന ബഹുമതിയും ബെയ്ലിയ്ക്കു്. 1828-ൽ തിരുവിതാംകൂർ ഗവണ്മെന്റ് സ്വന്തമായി ഒരച്ചുകൂടം തുടങ്ങിയപ്പോൾ, അതിലേക്കാവശ്യമായ മലയാളഅച്ചുകൾ വാർത്തുകൊടുത്തതും ബെയ്ലിയാണ്. തുടർന്ന് മദ്രാസ് ഗവണ്മെന്റും കോട്ടയം പ്രസ്സിൽനിന്ന് അക്ഷരങ്ങൾ വാർപ്പിച്ചു വാങ്ങിക്കുകയുായി. സി.എം.എസ്. പ്രസിൽ വേദപുസ്തകം മാത്രമല്ല സംസ്കൃതത്തിലും മലയാളത്തിലുമുള്ള മിക്ക സാഹിത്യകൃതികളും മുദ്രണം ചെയ്തിരുന്നു. തിരുവിതാംകൂർ ഗവണ്മെന്റ് 1860-ൽ ആ പ്രസ്സിൽനിന്നും 600 ക. വിലയ്ക്കുള്ള സ്കൂൾ പുസ്തകങ്ങൾ വാങ്ങിയതായി മി. ഹോക്സ്വർത്ത് എന്ന മിഷനറി രേഖപ്പെടുത്തിയിട്ടു്. മതാത്മക്രഗ്രന്ഥങ്ങൾ മാത്രമല്ല, അവിടെ അച്ചടിച്ചിരുന്നതെന്ന് ഇത് തെളിയിക്കുന്നു. ബെയ്ലിയുടെ വേദപുസ്തകവും നിഘുവും, റവ. ജോർജ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണ*വും *സത്യവാദഖേട*വും ആർച്ചു ഡീക്കൻ കോശിയുടെ *പുല്ലേലിക്കുഞ്ചു*വും മറ്റും മുദ്രണം ചെയ്തിട്ടുള്ളത് സി.എം.എസ്. പ്രസിലാണ്.

മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സാണ്, മലയാളലിപിയിൽ അച്ചടിസൗകര്യങ്ങൾ ഏർപ്പെടുത്തിയ മറ്റൊരു മുദ്രണാലയം (1844). കത്തോലിക്കാ മതാത്മകഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയായിരുന്നു ലക്ഷ്യം. പ്രസ്സിന്റെ സ്ഥാപകൻ പ്രിയോർ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചനാണ്. നിത്യാരാധന, കൃപാനിധി, മുതലായ നിരവധി ജപപ്പുസ്തകങ്ങളും, 'നസ്രാണി ദീപിക', 'കർമ്മലകുസുമം' എന്നീ പത്രമാസികകളും ഒട്ടേറെ ഇതരഗ്രന്ഥങ്ങളും

ഈ മുദ്രണാലയത്തിൽനിന്നു പ്രസിദ്ധീകരിച്ചു. മംഗലാപുരത്തെ സുപ്രസിദ്ധമായ ബാസൽമിഷൻ പ്രസ്സ് സ്ഥാപിച്ചത് ഡോ. ഹെർമ്മൻ ഗുർട്ടാണ്.

### 4.10 പത്രപ്രവർത്തനം

ആംഗലഭാഷാവിദ്യാഭ്യാസവും അച്ചടിയുമാണ്, കേരളത്തിൽ പത്രപ്രവർത്തനത്തിനു വഴിയൊരുക്കിയത്. മിഷനറിമാരുടെ കരങ്ങളായിരുന്നു അതിന്റെ പിന്നിലും. ആദ്യകാല പത്രങ്ങളുടെ ലക്ഷ്യം വേദപ്രചാരണവും വിദ്യാഭ്യാസാഭിവൃദ്ധിയുമായിരുന്നു. തലശ്ശേരിയിലെ ഇല്ലിക്കുന്നിൽനിന്ന്, ഡോ. ഗുർട്ട് 1847-ൽ പ്രസിദ്ധീകരിച്ച 'രാജ്യസമാചാര'മാണ്, അറിയപ്പെട്ടിടത്തോളം ആദ്യത്തെ മലയാളപത്രം. 'ദൈവരാജ്യത്തിലെ വാർത്തകൾ' എന്നാണ് രാജ്യസമാചാരം എന്ന ടൈറ്റിൽകൊ് ഡോ. ഗുർട്ട് വിവക്ഷിച്ചിരുന്നത്. മതകാര്യങ്ങളായിരുന്നു, പ്രധാന പ്രതിപാദ്യം. കഥകളും പ്രസംഗങ്ങളും ഉൾപ്പെടുത്തിയിരുന്നു. 1847 ഒക്ടോബറിൽ ബാസൽ മിഷന്റെ ചുമതലയിൽതന്നെ പ്രസിദ്ധീകരണം ആരംഭിച്ച 'പശ്ചിമോദയ'ത്തിൽ ചേർത്തിരുന്നത് മതേതര വിഷയങ്ങളാണ്. ശാസ്ത്രം, ചരിത്രം, പൊതുവിജ്ഞാനം തുടങ്ങിയവയായിരുന്നു ഉള്ളടക്കം.

കോട്ടയം സി.എം.എസ്. പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ച 'ജ്ഞാനനിക്ഷേപ'മാണ് മറ്റൊരു പത്രം. റവ. ജോർജ് മാത്തനും ആർച്ചുഡീക്കൻ കോശിയുമാണ് ജ്ഞാനനിക്ഷേപത്തിന്റെ പ്രധാന ശില്പികൾ. മതകാര്യങ്ങളോടൊപ്പം പ്രൗഢലേഖനങ്ങളും ലോകവാർത്തകളും ജ്ഞാനനിക്ഷേപത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിരുന്നു. ആദ്യത്തെ മതേതരപത്രം, 1865-ൽ പ്രസിദ്ധീകരണമാരംഭിച്ച 'പശ്ചിമതാരക'യാണ്. കല്ലൂർ ഉമ്മൻ പീലിപ്പോസാണ്, താരകയുടെ പ്രഥമ പത്രാധിപർ. കോട്ടയം കോളജ് പ്രസിദ്ധീകരണമായ വിദ്യാസംഗ്രഹ(1864)ത്തിൽ ഈടുറ്റ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

'സത്യനാദകാഹളം' കത്തോലിക്കാ വൈദികരുടെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ചതാണ് (1876). കൂനമ്മാവ് അച്ചുകൂടത്തിൽനിന്നും പ്രസിദ്ധീകരിച്ച സത്യനാദകാഹളത്തിൽ വൈദിക വിഷയങ്ങളോടൊപ്പം ലോകകാര്യങ്ങളും ഭാഷാവിഷയങ്ങളും പ്രതിപാദിച്ചിരുന്നു. ഭാഷാഭിമാനിയായിരുന്ന ഫാദർ ലൂയിസ് ആയിരുന്നു പത്രാധിപർ. മാന്നാനത്തുനിന്നും 1887ൽ പ്രസിദ്ധീകരണമാരംഭിച്ച നസ്രാണി ദീപിക ആദ്യകാലപത്രങ്ങളുടെ മുമ്പന്തിയിൽ നില്ക്കുന്നു. നിധീരിക്കൽ മാണി ക്കത്തനാരുടെ[12] ശ്രമഫലമായി ഉടലെടുത്ത 'നസ്രാണി ജാത്യൈക്യ സംഘ'ത്തിന്റെ മുഖപത്രമായിട്ടാണ് 'ദീപിക' ജന്മമെടുത്തത്. അലങ്കാരശാസ്ത്രകർത്താവായ ഫാദർ ജരാർദ് മാനേജരും മാണിക്കത്തനാർ പത്രാധിപരുമായിരുന്നു. മതവിഷയങ്ങൾക്കുപരി രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾക്കാണ് ദീപിക പ്രാധാന്യം കൊടുത്തിരുന്നത്.

### 4.11 മാറിവന്ന സാഹിത്യസങ്കല്പം

ആംഗലഭാഷാസമ്പർക്കം കേരളീയരുടെ സാഹിത്യസങ്കൽപങ്ങൾ തിരുത്തിക്കുറിച്ചു. മലയാളികളുടെ കണ്ണുകൾക്കു മുമ്പിൽ വിശ്വസാഹിത്യത്തിന്റെ അനന്തവിസ്തൃതമായ മേഖലകൾ തുറന്നുകിട്ടി. വിദേശസാഹിത്യ മാതൃകകൾ, മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. *കലഹിനീദമനക*ത്തിലൂടെ കത്തിൽ വറുഗീസ് മാപ്പിളയും, *ആൾമാറാട്ട*ത്തിലൂടെ കല്ലൂർ ഉമ്മൻ ഫീലിപ്പോസും ഷേക്സ്പിയറെയും, *പരദേശിയുടെ മോക്ഷയാത്ര*യിലൂടെയും *തിരുപ്പോരാട്ട*ത്തിലൂടെയും ആർച്ചു ഡീക്കൻ കോശി ജോൺ, ബനിയനേയും മലയാളികൾക്കു

പരിചയപ്പെടുത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രികമായതോടെ, പാശ്ചാത്യസാഹിത്യത്തിലെ നവീനകൃതികൾ മലയാളസാഹിത്യകാരന്മാരും മാതൃകയായി സ്വീകരിച്ചു. നോവൽ എന്ന പുതുപ്രസ്ഥാനം മലയാളത്തിലും രൂപപ്പെട്ടു. റവ. ജോസഫ് പീറ്റ് വിവർത്തനം ചെയ്ത *ഫുൽമോനി എന്നും കോരുണ എന്നും പേരായ ര് സ്ത്രീകളുടെ കഥ* (മിസ്സിസ് കാതറീൻ ഹന്നാ മുല്ലൻസ്) എന്ന കൃതിയാണ് അറിയപ്പെട്ടിടത്തോളം ആദ്യത്തെ നോവൽ (1858). കൊളിൻസ് മദാമ്മയുടെ *ഘാതകവധ*മാണ് കേരള പശ്ചാത്തലത്തിൽ രചിച്ച ആദ്യത്തെ നോവൽ (1877). ആർച്ചുഡീക്കൻ കോശിയുടെ *പുല്ലേലിക്കുഞ്ചു*വും ആദ്യകാല നോവൽ എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു. അന്നുവരെ മലയാളത്തിൽ, സാഹിത്യമെന്നതിനു 'പദ്യ'മെന്നായിരുന്നു വിവക്ഷ. ശബ്ദജാലങ്ങൾകൊു അത്ഭുതം കാട്ടിയിരുന്ന കാലത്ത് സമസ്യാപൂരണത്തിലും ദ്രുതകവനത്തിലും പ്രതിഭാശക്തി അളന്നുകുറിച്ചിരുന്ന കാലത്ത് പുതുപ്രസ്ഥാനങ്ങളുടെ അവതാരത്തോടെ, പദ്യത്തിന്റെ സർവാധിപത്യത്തെ സിംഹാസനത്തിൽ നിന്നിറക്കി അവിടെ ഗദ്യത്തെ പ്രതിഷ്ഠിച്ചു. ഒ. ചന്തുമേനോനും സി.വി. രാമൻപിള്ളയും സർഗാത്മകസാഹിത്യ ത്തിന്റെ മേഖലയിൽ പുതിയ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ചതിന്റെ ആരംഭംകുറിച്ചു, മഹത്തായ സാംസ്കാരികവിപ്ലവത്തിന്റെ തുടക്കം.

പി.കെ.ബാലകൃഷ്ണൻ ആ പരിവർത്തനത്തെ സൂക്ഷ്മമായി വിലയിരുത്തുന്നു: 'പത്തൊൻപതാം നൂറ്റാിന്റെ ഉത്തരാർദ്ധംമുതൽ ഇരുപതാം നൂറ്റാിന്റെ പിറവിവരെയുള്ള അമ്പതുവർഷം അത്ഭുതകരവും അവിശ്വസനീയവുമായ പരിവർത്തനങ്ങളാണ്, കേരളക്കരയിൽ വരുത്തിയത്. കേരളീയജീവിതം രായിരം കൊല്ലത്തിന്റെ ചാട്ടം ചാടിയ കാലമാണ് ആ അൻപതു കൊല്ലം. പതിന്നാലാം നൂറ്റാിന്റെ പ്രാരംഭത്തിൽ ഇറ്റലിയിലുായതുപോലെ, സർഗാത്മകമായ ഒരു പ്രക്ഷുബ്ധത പത്തൊൻപതാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിലെ കേരളീയ സമൂഹത്തിലു ായി.[13]

## കുറിപ്പുകൾ

1. ചാത്തുമേനോൻ ക്രൈസ്തവവിശ്വാസം ഉൾക്കൊള്ളുകയും 'ജോസഫ് ഫെൻ' എന്ന പേരു സ്വീകരിക്കുകയും ചെയ്തു. *അജ്ഞാനകുഠാരം* എന്നൊരു കാവ്യം അദ്ദേഹം രചിച്ചിട്ടു്.
2. 1818 മെയ് 23-ാം തീയതി മൺറോ, ബെയ്ലിക്ക് അയച്ച ഒരു കത്തിൽ കുറിച്ചിരിക്കുന്നു

   '........വിശുദ്ധ വേദപുസ്തകപരിഭാഷയുടെ കാര്യത്തിൽ നിങ്ങൾ എടുക്കുന്ന താൽപ്പര്യവും അതിന്റെ പുരോഗതിയും എനിക്ക് അതീവ സംതൃപ്തി നൽകുന്നു്. പരിഭാഷ കുറ്റമറ്റതായിരിക്കണമെന്ന വസ്തുത എപ്പോഴും ഓർമ്മയുായിരിക്കണം. അതിന്റെ പുരോഗതിക്ക് ഇതുവരെയുായ തടസ്സങ്ങളും, അതു പൂർത്തിയാക്കി വിതരണം ചെയ്താൽ ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ബാഹുല്യവും ഓർമ്മയുായിരിക്കണം...' *ജ്ഞാനനിക്ഷേപം ബെയ്ലി ജൂബിലി സുവനീർ,* 1973, പുറം.22
3. ബൈബിൾ സൊസൈറ്റി 'പുതിയ നിയമം ആധുനിക വിവർത്തനം' 1980-ലും സമ്പൂർണ്ണ ബൈബിൾ 2013-ലും പ്രസിദ്ധീകരിച്ചിട്ടു്.
4. *ഭാരതത്തിലെ ക്രിസ്തുസഭയും മാർത്തോമ്മാസഭയുടെ സംക്ഷിപ്തചരിത്രവും*, പുറം.46
5. ടി കൃതി, പുറം 48

6. പി.കെ.ഗോപാലകൃഷ്ണൻ, *കേരളത്തിന്റെ സാംസ്കാരിക ചരിതം*, പുറം 504, 505.

7. മലങ്കര സഭയിലെ ലൂഥർ എന്നറിയപ്പെടുന്ന അബ്രഹാം മല്പാൻ, മാരാമൺ പാലക്കുന്നത്ത് കുടുംബത്തിൽ 1796-ൽ ജനിച്ചു. മാരാമൺ ഇടവകവികാരിയായി വൈദികശുശ്രൂഷയാരംഭിച്ച മല്പാൻ, തുടർന്ന് സെമിനാരിയിൽ സുറിയാനി അദ്ധ്യാപകനായി. തക്സാ പരിഷ്ക്കരണ കമ്മിറ്റിയിൽ അംഗമായിരുന്നു. സഭയുടെ നവീകരണത്തിനു, ധീരമായി നേതൃത്വം നൽകിയ മല്പാൻ, കൊ.വ. 1021 ചിങ്ങം 24-ാം തീയതി ദിവംഗതനായി.

8. ചിത്രമെഴുത്ത് കെ.എം. വർഗീസ്, *കേരളീയ നസ്രാണികളുടെ രാഷ്ട്രീയസേവനം*, പുറം. 217, 219.

9. ഡോ.സാമുവൽ ചന്ദനപ്പള്ളി, *റവ. ജോർജ് മാത്തനും മലയാളഭാഷയും*, പുറം, 22, 23.

10. പി.കെ.ബാലകൃഷ്ണൻ, *ചന്തുമേനോൻ ഒരു പഠനം*, പുറം. 64, 65

11. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പുറം. 190

12. നിധീരിക്കൽ മാണിക്കത്തനാർ (1842-1904). കുറവിലങ്ങാട്ട് നിധീരി കുടുംബത്തിൽ 1842 മെയ് 27ന് ജനിച്ചു. 1875-ൽ വൈദികപട്ടം സ്വീകരിച്ചു. മാതൃഭാഷയ്ക്കു പുറമേ സംസ്കൃതം, തമിഴ്, ഇംഗ്ലീഷ്, ലത്തീൻ, പോർട്ടുഗീസ്, ഇറ്റാലിയൻ, സുറിയാനി തുടങ്ങി പതിനെട്ടോളം ഭാഷകൾ അദ്ദേഹത്തിനു വശമായിരുന്നു. സമുദായസ്നേഹിയായിരുന്ന മാണിക്കത്തനാർ, ഭിന്നിച്ചു നിന്നിരുന്ന സുറിയാനി സഭകളെ ഒന്നിപ്പിക്കുന്നതിന് 'ജാതൈക്യ സംഘം' സ്ഥാപിച്ചു. കേരളീയ സുറിയാനിക്കാർക്കു സ്വന്തം റീത്തിലും ജാതിയിലും മെത്രാന്മാരെ ലഭിക്കുവാനുള്ള ശ്രമങ്ങളിൽ വ്യാപൃതനായ അദ്ദേഹം, സുറിയാനി ക്രിസ്ത്യാനികളുടെ വിമോചനസമരത്തിലെ മുന്നണിപ്പോരാളിയായിരുന്നു. സാഹിത്യകാരനായിരുന്ന മാണിക്കത്തനാർ, ഭാഷാപോഷിണിസഭയുടെ ഉപരക്ഷാധികാരിയായും സേവനമനുഷ്ഠിച്ചിട്ടു്. 1904 ജൂൺ 20-ാം തീയതി ദിവംഗതനായി.

13. പി.കെ. ബാലകൃഷ്ണൻ, *ചന്തുമേനോൻ - ഒരു പഠനം*, പുറം. 62, 63.

## അധ്യായം അഞ്ച്

# ഇരുപതാം നൂറ്റാണ്ട് - കേരള സമൂഹവും ക്രൈസ്തവരും
# (Christians and Kerala Society in the 20th Century)

പുതിയൊരു പരിവർത്തനത്തിന്റെ വെളിച്ചം കുകൊാണ്, ഇരുപതാം നൂറ്റാ് ഉണർന്നത്. പത്തൊൻപതാം നൂറ്റാിൽതന്നെ പരിവർത്തനത്തിന്റെ അരുണോദയമുായി. അതിനു വഴിയൊരുക്കിയത് ക്രൈസ്തവമിഷനറിമാരായിരുന്നു; തുടർന്ന് അമരത്തു നിലയുറപ്പിച്ചത് ആംഗലവിദ്യാഭ്യാസം നേടിയ നാട്ടുകാരും. ഇരുപതാംനൂറ്റാിന്റെ ഉദയത്തിനു തൊട്ടു മുൻപുതന്നെ, സാസ്കാരികകേരളത്തിന്റെ നേതൃത്വം, കത്തിൽ വറുഗീസ് മാപ്പിള[1]യിൽ നിക്ഷിപ്തമായി. കേരള ക്രൈസ്തവ സംസ്കാരചരിത്രത്തിൽ ഒരു വഴിത്തിരിവിനെ കുറിക്കുന്ന ഘട്ടമാണിത്. കേരളത്തിലെ സാസ്കാരികധാരകളെ സമന്വയിപ്പിക്കുന്നതിലൂടെ, യുഗപ്പകർച്ചയ്ക്കു കളമൊരുക്കുകയായിരുന്നു, കത്തിൽ വറുഗീസ് മാപ്പിള. മലയാള മനോരമയുടെ പ്രസിദ്ധീകരണം അതിന്റെ നാന്ദിയായിരുന്നു.

### 5.1. മലയാള മനോരമയും ഭാഷാപോഷിണിയും

മലയാള മനോരമയുടെ പ്രഥമലക്കം പ്രസിദ്ധീകരിച്ചത് 1890 മാർച്ച് 22-ാം തീയതിയാണ്.[2] സുറിയാനിക്രിസ്ത്യാനിസമൂഹത്തിലെ സ്വാധീനശക്തിയുള്ള ചില അംഗങ്ങളെ മനോരമയുടെ പിന്നിൽ സംഘടിപ്പിക്കുന്നതിനു വറുഗീസ് മാപ്പിളയ്ക്കു കഴിഞ്ഞു. മനോരമയുടെ "കൂട്ടുയാദാസ്തി"ൽ സൂചിപ്പിച്ച നയവിശദീകരണം ഇതായിരുന്നു: "മലയാളത്തിൽ, അർഹങ്ങളായ എല്ലാ വിഷയങ്ങളെപ്പറ്റിയും സ്വാതന്ത്ര്യത്തോടുകൂടിയും പക്ഷവാതം കൂടാതെയും, എങ്കിലും എല്ലാ ജനസമുദായങ്ങളെയും പ്രത്യേകം സുറിയാനി സഭകളെയും കോയ്കമളെയും കുറിച്ച് ആദരവോടുകൂടിയും വ്യവഹരിക്കുന്ന ഒരു വർത്തമാനപ്പത്രിക". മറ്റു പത്രങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു മനോരമയുടെ ഉള്ളടക്കം. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സമർഥരായ ചെറുപ്പക്കാരുടെ ലേഖനങ്ങളും വാസനാസമ്പന്നരായ കവികളുടെ കവിതകളും *മനോരമ*യുടെ താളുകളിൽ സ്ഥാനം പിടിച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, വെണ്മണി - നടുവം നമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ.സി. കേശവ പിള്ള എന്നീ മേജർ സെറ്റുകളോടൊപ്പം ഒട്ടേറെ ഇടത്തരക്കാരായ കവികളും *മനോരമ*യിൽ അണിനിരന്നു. തെക്കും വടക്കുമുള്ള കവികൾ പരസ്പരം അറിഞ്ഞു; ആശയസംവാദത്തിനു കളരികൾ ഒരുങ്ങി.

വറുഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ"കവിസമാജം" എന്ന സാസ്കാരിക സംഘടന രൂപവത്ക്കരിച്ചു. 1891 - വൃശ്ചികം 11-ാം തീയതി, *മനോരമ*യോടു ചേർന്നു സജ്ജീകരിച്ച പന്തലിൽ കവിസമാജം സമ്മേളിച്ചു. എ.ആർ. രാജരാജവർമയായിരുന്നു പ്രഥമസമ്മേളനത്തിന്റെ അദ്ധ്യക്ഷൻ. *മനോരമ*യുടെ കവിതാപംക്തിയിൽ അണിനിരന്ന കവികൾ അധികവും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. കവി സമാജത്തിന്റെ പേര് പിന്നീട് "ഭാഷാപോഷിണി സഭ" എന്നു ഭേദപ്പെടുത്തുകയും, സാഹിത്യ പ്രധാനമായ ത്രൈമാസിക - ഭാഷാപോഷിണി - പ്രസിദ്ധീകരണമാരംഭിക്കുകയും ചെയ്തു.

### 5.1.1. സാംസ്കാരിക ചരിത്രത്തിൽ ഒരു വഴിത്തിരിവ്

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഒരു നവയുഗപ്പിറവിക്കു മാർഗം കാട്ടിയ കത്തിൽ വറുഗീസ് മാപ്പിളയുടെ പത്രപ്രവർത്തനത്തെയും സാഹിത്യസേവനത്തെയും പ്രൊഫ. ജോസഫ് മുശ്ശേരി വിലയിരുത്തുന്നു: "പത്തൊൻപതാം നൂറ്റാിന്റെ ഉത്തരാർദ്ധത്തോടെയാണ് മലയാള സാഹിത്യത്തിൽ ഒരു നവോത്ഥാനമുായത്. മലയാളസാഹിത്യത്തിന് സർവാംഗീണമായ അഭിവൃദ്ധിയുാകുവാൻ പോകുന്നു എന്നു തോന്നിയത് അക്കാലത്താണ്. അതിനിടയാക്കിയ പല സാഹചര്യങ്ങളുമു്. അവയിൽ വച്ചേറ്റവും പ്രധാനം ആംഗലവിദ്യാഭ്യാസത്തിന്റെ പ്രചാരമാണ്. ആ പഠിപ്പിന്റെ അപൂർവസിദ്ധികളെ തികച്ചും ഉപയോഗപ്പെടുത്തി സാഹിത്യാഭിവൃദ്ധി കൈവരുത്താൻ മുന്നോട്ടുവന്നതു സുറിയാനി ക്രിസ്ത്യാനികളാണ്; അഥവാ കത്തിൽ വറുഗീസ് മാപ്പിളയും കൂട്ടരുമാണ്. *മനോരമ മനോരമ, ഭാഷാപോഷിണി, ഭാഷാപോഷിണി സഭ* - ഇവ മൂന്നുംകൊും ആ വലിയ മനുഷ്യൻ എന്തെല്ലാം സാധിച്ചുവെന്നു വിവരിക്കാൻ പ്രയാസം. ദേശം, ജാതി, സമുദായം, മതം എന്നിവയിലുള്ള ഭേദവിഭേദങ്ങളെ മുഴുവനും അടിച്ചുടച്ചു വലിയ കോയിത്തമ്പുരാൻമുതൽ മൂലൂർ എസ്. പത്മനാഭപ്പണിക്കർവരെ എല്ലാവരേയും സാഹിത്യരംഗത്ത് അണിനിരത്തിയത് അദ്ദേഹമാണ്. ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും രംഗത്ത്, ആഭിജാത്യത്തിനുായിരുന്ന കുത്തക അതോടുകൂടി പൊളിഞ്ഞുപോയി. സുറിയാനിക്രിസ്ത്യാനികളിൽ വാസനാശാലികളായ പലരെയും അരങ്ങേറ്റി സാഹിത്യകാരന്മാരാക്കിയതു വറുഗീസ് മാപ്പിള ഒരാളാണെന്നു പറഞ്ഞാൽ അത്യുക്തിയാവില്ല. പദ്യസാഹിത്യത്തെ അവശ്യംഭാവിയായ ഒരു പരിവർത്തനത്തിലേക്കു നയിക്കാനും, പത്രമാസികാപംക്തികളിലൂടെ ലളിതകോമളമായൊരു ഗദ്യശൈലി വളർത്തിയെടുക്കാനും, ഗദ്യസാഹിത്യത്തിന് അഭൂതപൂർവമായൊരു ഭാവി കുവയ്ക്കാനും കഴിഞ്ഞ വർഗീസ് മാപ്പിള നമ്മുടെ സാഹിത്തിലെ ഒരതികായനായിരുന്നുവെന്നു ആരും സമ്മതിക്കും"[3]

സാമൂഹ്യ-രാഷ്ട്രീയ മേഖലകളിലും, മനോരമയുടെ പ്രസിദ്ധീകരണം ചലനം സൃഷ്ടിച്ചു. കേരളത്തിൽ സാമൂഹ്യമായും രാഷ്ട്രീയമായും അന്ന് അസമത്വം നിലനിന്നിരുന്നു. സാമ്പത്തിക രംഗത്തും സാംസ്കാരികവേദിയിലും സാധാരണക്കാർക്കു പ്രവേശനമുായിരുന്നില്ല. ഈവക കാര്യങ്ങൾക്കുവേി മനോരമ നടത്തിയിട്ടുള്ള ഐതിഹാസിക യജ്ഞം കേരളചരിത്രത്തിന്റെ തന്നെ ഒരു ഭാഗമായിട്ടു്.... ജാതി-മത-വർണ വ്യത്യാസം കൂടാതെ, എല്ലാവർക്കും സ്ഥിതിസമത്വവും അവസരസമത്വവും കൈവരുത്തുക, ഭരണനേതാക്കന്മാരുടെ സ്വേച്ഛാധിപത്യം അവസാനിപ്പിക്കുക, സമുദായമൈത്രി സ്ഥാപിക്കുക തുടങ്ങി സാമൂഹ്യതലത്തിൽ, ഒരു ഇളക്കിപ്രതിഷ്ഠയ്ക്കുതന്നെ മനോരമ തയാറായി.[4]

ഇവിടെ ഒരു യുഗപ്പകർച്ചയാണ്, കേരള ചരിത്രത്തിലെന്നപോലെ ക്രൈസ്തവസംസ്കാര ചരിത്രത്തിലും. ക്രൈസ്തവ സാംസ്കാരികധാര, കേരളസംസ്കാരസ്രോതസ്സിൽ ലയിക്കുന്നു. 'ക്രൈസ്തവ'മെന്ന വിശേഷണത്തിനു സങ്കുചിതമായ അർഥത്തിൽ ഇനി പ്രസക്തിയില്ല.

## 5.2. ഉല്പതിഷ്ണുക്കളായ സാംസ്കാരികനായകർ

കത്തിൽ വറുഗീസ് മാപ്പിളയെ തുടർന്ന്, സാംസ്കാരിക കേരളത്തിന്റെ നേതൃനിരയിലേക്ക് ഉയർന്ന ക്രൈസ്തവസമുദായാംഗങ്ങൾ പലരു്. പി.കെ.കൊച്ചീപ്പൻ തകരൻ, സി.അന്തപ്പായി, റാവു സാഹിബ് ഒ.എം. ചെറിയാൻ, ചിത്രമെഴുത്ത് കെ.എം.വറുഗീസ്, ഐ.സി. ചാക്കോ

തുടങ്ങിയവർ പ്രാതഃസ്മരണീയരാണ്. പ്രൊഫ.എം.പി.പോൾ, പ്രൊഫ. ജോസഫ് മുശ്ശേരി, സി.ജെ.തോമസ് എന്നിവർ സാംസ്കാരിക മേഖലയിൽ അമരത്വം നേടിയവരാണ്; മലയാള സാഹിത്യത്തിന് 'പുതിയൊരാകാശവും പുതിയൊരു ഭൂമിയും' കാട്ടിക്കൊടുത്തവരാണ്.

'അഭിനവപാണിനി'യെന്ന് പ്രൊഫ. ജോസഫ് മുശ്ശേരി വിശേഷിപ്പിച്ച, പണ്ഡിതവരേണ്യനായ ഐ.സി.ചാക്കോ[5] വൈജ്ഞാനികമേഖലയിൽ ഒരതികായനായിരുന്നു. ശാസ്ത്രവും സാഹിത്യവും ഏതാ് ഒരേ അളവിൽ ശീലിച്ച്, ആദ്യത്തേതിന്റെ സ്വാധീനശക്തിയെ രാമത്തേതിന്റെ ദീപ്രതയ്ക്ക് ഉപയോഗപ്പെടുത്തിപ്പോന്ന വളരെ ചുരുക്കം മഹാപണ്ഡിതന്മാരിൽ ഒരാളായിരുന്നു ഐ.സി. ചാക്കോ. ഏതു വിഷയത്തിലും നല്ലപോലെ യുക്തിവിചാരം ചെയ്തേ അദ്ദേഹം സ്വാഭിപ്രായം പ്രകടിപ്പിക്കാറുള്ളു. ഒരു തത്ത്വജ്ഞന്റെ സമചിത്തതയും സൗമ്യതയുമാണ്, അദ്ദേഹത്തിന്റെ ലേഖന പ്രഭാഷണങ്ങളുടെ തനിമ. *പാണിനീയ പ്രദ്യോത*മെന്ന മഹാഗ്രന്ഥമാണ് ഐ.സി.ചാക്കോയുടെ നിത്യസ്മാരകം. വാല്മീകിയുടെ ലോകത്തിൽ, ചില ശബ്ദങ്ങളും അവയുടെ രൂഢാർഥങ്ങളും തുടങ്ങിയവയാണ് ഐ.സി. ചാക്കോയുടെ മറ്റു ചില പ്രധാന കൃതികൾ.

ഇന്ത്യയിലെ എണ്ണപ്പെട്ട സാമ്പത്തിക ശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു ഡോ.പി. ജെ.തോമസ്.[6] ഗ്രാമീണഭാരതത്തിന്റെ യഥാർഥ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച ഈ ധനതത്ത്വശാസ്ത്രജ്ഞൻ രചിച്ച ധനതത്ത്വശാസ്ത്രം (1919) ആ വിഷയത്തിൽ മലയാളത്തിൽ എഴുതിയ ആദ്യകൃതികളിലൊന്നാണ്. (റവ. ഇട്ട്യേര ജോൺ രചിച്ച *പണക്കാര്യവർണന* എന്ന ഗ്രന്ഥം ഇതിനു മുമ്പ് പ്രസിദ്ധീകരിച്ചിട്ടു്.) വിസ്മൃതിയിൽ ആുപോയ ക്രൈസ്തവസാഹിത്യകാരന്മാരെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചും ഉള്ള വിവരങ്ങൾ തേടിപ്പിടിച്ച്, അപഗ്രഥനപരമായി വിലയിരുത്തി രചിച്ച "മലയാളസാഹിത്യവും ക്രിസ്ത്യാനികളും" എന്ന കൃതി പ്രാമാണികമാണ്. ക്രൈസ്തവർ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ മഹിതസംഭാവനകളെ ആദ്യമായി അടയാളപ്പെടുത്തിയത് ഈ ഗ്രന്ഥത്തിലൂടെയാണ്.

പ്രൊഫ. എം.പി. പോൾ[7] എല്ലാ അർഥത്തിലും ഒരു ജീനിയസ്സായിരുന്നു. വിജ്ഞാനത്തിന്റെ കരുത്തേറിയ പിൻബലത്തോടുകൂടി വ്യക്തിത്വം വളർത്തിയെടുത്ത അദ്ദേഹം ഒരു ജീനിയസ്സിന്റെ ലാഘവത്തോടുകൂടി ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിരുന്നു. കേരളത്തിൽ പുരോഗമനവാദികളായ എഴുത്തുകാർ സംഘടിച്ചപ്പോൾ, ആ സംഘടനയുടെ അദ്ധ്യക്ഷനായി വരിക്കപ്പെട്ടത് അദ്ദേഹമാണ്. ഉത്പതിഷ്ണുക്കളുടെ തലവനെന്ന നിലയിൽ, കേരളത്തിലെ സാംസ്കാരിക പരിശ്രമങ്ങളെ കാലോചിതമായി ഉന്മിഷത്താക്കാൻ പ്രൊഫ. പോളിനു കഴിഞ്ഞു. അതുകൊുതന്നെ, മലയാളസാഹിത്യത്തിൽ പുതിയൊരാവേശത്തിന്റെ കൊടുങ്കാറ്റുയർന്നു. ഒരു സാംസ്കാരിക നവോത്ഥാനം കേരളത്തിലുടനീളം ഉായിക്കാണാൻ അദ്ദേഹം ക്ഷമയോടുകൂടി കാത്തിരുന്നു; യഥാശക്തി അതിനുവേി പ്രവർത്തിച്ചും പോന്നു. പഴകി തുരുമ്പിച്ച പ്രസ്ഥാനങ്ങളിൽ തളച്ചിടപ്പെടുന്ന മലയാളസാഹിത്യകാരന്മാരുടെ കണ്ണുകൾ നവീനമേഖലകളിലേക്കു തിരിച്ചുവിട്ടതിലൂടെ, സാഹിത്യത്തിൽ ഒരു വഴിത്തിരിവിന് പ്രൊഫ. പോൾ തുടക്കം കുറിച്ചു.

കേരളത്തിന്റെ സാഹിത്യ-രാഷ്ട്രീയ-വിദ്യാഭ്യാസമണ്ഡലങ്ങളിലാകെ വ്യാപിച്ചുനിന്ന അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയായ പ്രൊഫ. ജോസഫ് മുശ്ശേരി,[8] എല്ലാ രംഗത്തും വിഗ്രഹഭഞ്ജകനായിരുന്നു. പ്രൊഫ. കെ.പി. അപ്പൻ വിലയിരുത്തിയതുപോലെ "മലയാളത്തിന്റെ അഭി

രുചിയെ ഞെട്ടൽ നൽകിക്കൊള്ള ചികിത്സയ്ക്കു വിധേയമാക്കുന്നതിനും, അതുവഴി ദാർശനികവും സൗന്ദര്യപരവുമായ ഒരു ശുദ്ധീകരണത്തിനു വഴിതെളിക്കുന്നതിനും വേി മുശ്ശേരി നടത്തിയ വിഗ്രഹ ഭഞ്ജനങ്ങളുടെ പ്രസക്തി, കാലം കഴിയുംതോറും വർധിക്കുകയാണ്.[9] ജീവിതപക്ഷപാതിയായ മുശ്ശേരി, കൈവച്ച മേഖലകളിലെല്ലാം ഒരു വിവാദപുരുഷനായിരുന്നു. അദ്ദേഹം ഉണർത്തിവിട്ട, ധൈഷണികമായ കൊടുങ്കാറ്റിന്റെ മാറ്റൊലി ഇന്നും സാംസ്കാരിക കേരളത്തിന്റെ അന്തരീക്ഷത്തിൽ മുഴങ്ങുന്നു്."

ഒരു മിന്നൽപ്പിണർപോലെ ജ്വലിച്ചു വിളങ്ങി അസ്തമിച്ച സി.ജെ.തോമസ്,[10] ധിക്കാരിയുടെ കാതലായിരുന്നു. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സങ്കൽപങ്ങൾ, ആ പ്രതിഭാശാലി തിരുത്തിക്കുറിച്ചു. ബൈബിളിന്റെ നിലീനലാവണ്യം സി.ജെ.യുടെ ചിന്താശൈലിയിൽ നിഴലിട്ടിരുന്നു. ആദ്ധ്യാത്മികമായ ദുഃഖം സി.ജെ.യുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു - മതാത്മകമെന്നു വിശേഷിപ്പിക്കാവുന്ന ആഴത്തിലുള്ള ദർശനം.[11] അന്തർസംഘർഷത്തിന്റെ പ്രതിധ്വനികൾ അദ്ദേഹത്തിന്റെ ജീവിതത്തിലെന്നപോലെ കൃതികളിലും മുഴങ്ങിക്കേൾക്കാം. മലയാളത്തിൽ, ആധുനികതയുടെ ആദ്യവെളിച്ചം പടർന്നുതുടങ്ങുന്നത് സി.ജെ.യിലാണ്. സാഹിത്യ പ്രവർത്തക സഹകരണസംഘം, ഡി.സി. ബുക്സ് എന്നിവയിലൂടെ പുസ്തക പ്രസാധനരംഗത്ത് അത്ഭുതം സൃഷ്ടിച്ച പ്രസാധനകനാണ് ഡി.സി. കിഴക്കേമുറി.

### 5.3. വിജ്ഞാനസാഹിത്യവും ഗവേഷണവും

വിജ്ഞാന സാഹിത്യമേഖലയിൽ ഒരത്ഭുതം തന്നെയാണ്, ഡോ.കെ.എം.ജോർജ് - മലയാളത്തിൽ സർവകലാശാലാ തലത്തിലുള്ള ഗവേഷണരംഗത്ത് പ്രാതഃസ്മരണീയൻ. ആ ധിഷണാശാലിയുടെ മേൽനോട്ടത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച *വിശ്വവിജ്ഞാനകോശം*, *ഭാരതീയ സാഹിത്യചരിത്രം*, *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* തുടങ്ങിയ കൃതികൾ മലയാളത്തിന്റെ ഈടുവെപ്പുകളാണ്. *Modern Indian Literature: An Anthology* (മൂന്ന് വാല്യങ്ങൾ), *Masterpieces of Indian Literature* (മൂന്ന് വാല്യങ്ങൾ) എന്നിവ ഭാരതീയ സാഹിത്യങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിനും ആദാനപ്രദാനത്തിനും അതുവഴി ദേശീയോദ്ഗ്രഥനത്തിനും മാർഗദർശകമായ ബൃഹദ്ഗ്രന്ഥാവലികളാണ്.

ഭാഷയുടെയും സാഹിത്യത്തിന്റെയും തമോമയമേഖലകളെ ഗവേഷണപഠനങ്ങളിലൂടെ പ്രകാശമാനമാക്കിയ ഗവേഷകപ്രതിഭകൾ ഒട്ടുവളരെയു്. ഡോ. പി.ജെ. തോമസിന്റെ *മലയാളസാഹിത്യവും ക്രിസ്ത്യാനികളും* ആ മേഖലയിലെ ആധികാരിക പഠനമാണ്. അധ്യാപകനും വൈയാകരണനും ഗവേഷകനുമായ പ്രൊഫ. സി.എൽ. ആന്റണിയുടെ ഭാഷാഗദ്യം (*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*) മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങൾ യുക്തിഭദ്രമായി അടയാളപ്പെടുത്തുന്നു. *ഭാഷാപഠനങ്ങളാണ്* മറ്റൊരു ഗ്രന്ഥം.

മലയാളഭാഷയ്ക്കും സാഹിത്യത്തിനും സ്വദേശീയരും വിദേശിയരുമായ മിഷനറിമാർ നല്കിയ ചരിത്രപ്രധാനമായ സംഭാവനകളെ ഡോ. സാമുവൽ ചന്ദനപ്പള്ളി ഭാഷാശാസ്ത്ര പശ്ചാത്തലത്തിൽ വെളിച്ചത്തു കൊുവന്നു. 'വർത്തമാനപുസ്തകവും മിഷനറി മലയാള ഗദ്യവു' മായിരുന്നു, പ്രധാന ഗവേഷണമേഖല. പത്തൊൻപതാം നൂറ്റാിലെ നോവലുകളെ കേന്ദ്രീകരിച്ചായിരുന്നു, ഡോ. ജോർജ് ഇരുമ്പയത്തിന്റെ ഗവേഷണം. വ്യാകരണവും ഭാഷാശാസ്ത്രവുമാണ് ഡോ. സി. ജെ. റോയിയുടെ ഗവേഷണരംഗം. ഭാഷാശാസ്ത്രകാരനും പണ്ഡിതനുമായ

ഡോ. സ്കറിയാ സക്കറിയ ഡോ. ഗുർട്ടിന്റെ കൃതികൾ, തേടിപ്പിടിച്ച് പുനഃപ്രസിദ്ധീകരിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനാകളും മറ്റും അദ്ദേഹത്തിന്റെ പഠനമേഖലയിൽ പ്രാധാന്യമർഹിക്കുന്നു. ക്രിസ്ത്യൻ ഫോക്‌ലോർ പഠനത്തിലായിരുന്നു, ഡോ. ചുമ്മാർ ചൂൽ ശ്രദ്ധയർപ്പിച്ചത്. മലയാളത്തിലെ പരകീയപദങ്ങളെക്കുറിച്ചുള്ള ഡോ.പി.എം.ജോസഫിന്റെ പഠനം പ്രൗഢമാണ്. സർഗാത്മക സാഹിത്യഗവേഷണത്തിലാണ്, ഡോ. ഡി. ബഞ്ചമിൻ മനമർപ്പിച്ചത്. *ജിയുടെ ഭാവഗീതങ്ങൾ* - ഒരു പഠനം സർഗാത്മക സാഹിത്യഗവേഷണത്തിന്റെ മികവാർന്ന മാതൃകയാണ്. ക്രൈസ്തവ കവിത്രയമെന്ന് വിശേഷിപ്പിക്കാവുന്ന അർണോസ് പാതിരി, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബെനീഞ്ഞ എന്നിവരുടെ സമ്പൂർണ കൃതികൾ തേടിപ്പിടിച്ച് പ്രൗഢമായ ആമുഖപഠനത്തോടെ പ്രസിദ്ധീകരിച്ച ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ ഗ്രന്ഥങ്ങൾ സാഹിത്യഗവേഷണത്തിന് മുതൽക്കൂട്ടാണ്.

ക്രൈസ്തവസംസ്കാരം, സാഹിത്യം, ബൈബിൾ തുടങ്ങിയ മേഖലകളെ അധികരിച്ചു നടന്ന പ്രധാന ഗവേഷണപഠനങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഡോ. പോൾ മണവാളൻ: | കേരള സംസ്കാരവും ക്രൈസ്തവ മിഷനറിമാരും. |
| ഡോ. റോസി തമ്പി: | ബൈബിളും മലയാളവും |
| ഡോ. എൻ.സാം: | മലയാള പത്രപ്രവർത്തനം പത്തൊൻപതാം നൂറ്റാിൽ |
| ഫാ. ഡോ.ജോസഫ് ചീരൻ: | ബൈബിൾ ആധുനിക മലയാള കവിതയിൽ |
| ഡോ. സാമുവൽ നെല്ലിമുകൾ: | കേരളത്തിലെ സാമൂഹിക പരിവർത്തനം |
| പ്രൊഫ. തുമ്പമൺ തോമസ്: | പാപവിചാരം സി.ജെ.യുടെ നാടകങ്ങളിൽ |
| ഡോ. ബിയാട്രിസ് അലക്സിസ്: | ക്രൈസ്തവമിത്തും സി.ജെ.നാടകങ്ങളും |
| ഡോ. ചെറിയാൻ കുനിയന്തോടത്ത്: | മലയാളഭാഷയും ഡോ. ഹെർമൻ ഗുർട്ടും |
| ഡോ. ബാബു ചെറിയാൻ: | ബെഞ്ചമിൻ ബെയ്‌ലിയും മലയാള സാഹിത്യവും |
| Towards Modernity: | The Story of the First College in India |
| ഡോ. എമ്മാനുവൽ ആട്ടേൽ: | പ്രാചീന മലയാള ലിപിമാല, വേദതർക്കത്തിന്റെ ഭാഷ ശാസ്ത്ര ഭൂമിക |
| ഡോ. സിബി തരകൻ: | ഒ.എം. ചെറിയാൻ ജീവിതവും കൃതികളും |
| ഡോ.സിസ്റ്റർ ദീപ എസ്.ജെ.സി.: | നസ്രാണികളുടെ പുരാതന പാട്ടുകൾ |
| ഡോ. ജിപിൻ വർഗീസ്: | കേരളത്തിലെ ക്രൈസ്തവ ദേവാലയ ചുമർചിത്രങ്ങളും അൾത്താരചിത്രങ്ങളും |

### 5.4. ചരിത്രവും സംസ്കാരവും

ചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടുകളിൽ വെളിച്ചം പകർന്ന ടി.കെ. ജോസഫ്, ചിത്രമെഴുത്ത് കെ.എം. വർഗീസ്, കെ.എൻ. ഡാനിയൽ, ഫാ. പ്ലാസിഡ് ജെ. പൊടിപാറ, എം.ഒ. ജോസഫ് നെടുങ്കുന്നം, ഡോ. മത്തിയാസ് മുാടൻ, ഡോ. സേവ്യർ കൂടപ്പുഴ, ഡോ. ജെ. ചേടിയത്ത് എന്നിവരുടെ സേവനം അവിസ്മരണീയമാണ്. *മലങ്കരനസ്രാണികളുടെ നാല് ചെപ്പേടുകൾ*, 'പ്രാചീന ഇന്ത്യയിലെ ക്രിസ്തുമത പ്രചാരം', *Malabar Christians and Their Ancient Documents* എന്നിവയാണ് റ്റി.കെ. ജോസഫിന്റെ പ്രധാന കൃതികൾ. സുറിയാനി ക്രിസ്ത്യാനി

കളുടെ രാജ്യരക്ഷാപുരുഷത്വം, *കേരളീയനസ്രാണികളുടെ രാഷ്ട്രീയസേവനം*, തുടങ്ങിയവയാണ് ചിത്രമെഴുത്തിന്റെ ചരിത്രപഠനഗ്രന്ഥങ്ങൾ. *Dissertation on the Coper-Plates in Possession of the St.Thomas Chritians, A Critical Study of Primitive Liturgies, ഉദയംപേരൂർ സൂന്നഹദോസിന്റെ കാനോനാകൾ, മലങ്കരസഭയും നവീകരണവും* എന്നിവയാണ് കെ.എൻ ഡാനിയലിന്റെ പ്രധാന ഗ്രന്ഥങ്ങൾ. സഭാചരിത്രവും ആരാധനാവിജ്ഞാനീയവുമാണ് ഫാ.ഡോ.വി.സി. സാമുവലിന്റെ ഗവേഷണമേഖല. കാൽസിനോണിയൻ കൗൺസിലിനെക്കുറിച്ചുള്ള പഠനം വിശ്വവിഖ്യാതമാണ്. ബിഷപ്പ് ഡോ. ജെ.ഡബ്ലിയു. ഗ്ലാഡ്സന്റെ കേരളത്തിലെ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതവും ബഹുജനപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥം ആധികാരിക പഠനമാണ്. മാർ അപ്രേം മെത്രാപ്പോലീത്താ, റവ.ഡോ.റ്റി.പി. ഏബ്രഹാം എന്നിവരുടെ സഭാചരിത്രപഠനങ്ങളും പ്രൗഢമാണ്.

ഭാരതീയ ക്രൈസ്തവരുടെ ചരിത്രവും സാംസ്കാരിക പൈതൃകവും ലോകമെങ്ങുമെത്തിച്ച സാംസ്കാരിക ചരിത്രഗവേഷകനാണ് പ്രൊഫ. ജോർജ് മേനാശ്ശേരി. *The St.Thomas Christian Encyclopaedia of India, Indian Church Hisotry Classics* എന്നീ ബൃഹത്ഗ്രന്ഥങ്ങൾ വിഖ്യാതമാണ്. ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സിന്റെ പ്രഥമ വാല്യമായ The Nazranies, എൻസൈക്ലോപീഡിയായുടെ വിപുലീകരിച്ച പതിപ്പായ *The Thomapedia*-യും പണ്ഡിതലോകം താത്പര്യപൂർവം വരവേറ്റ പ്രൗഢഗ്രന്ഥങ്ങളാണ്. പള്ളിക്കലകളും മറ്റുമാണ് മറ്റൊരു ഗ്രന്ഥം. ക്രൈസ്തവരുടെ സാംസ്കാരികചരിത്രം പണ്ഡിതന്മാരുടെ ശ്രദ്ധയിലേക്കു കൊുവരികയും പള്ളിക്കു പുറത്ത് അംഗീകരിക്കപ്പെടുകയും ചെയ്തത് പ്രൊഫ. മേനാശ്ശേരിയുടെ പഠനങ്ങളിലൂടെയാണ്.

### 5.5. സാഹിത്യവിമർശനം

സാഹിത്യവിമർശനത്തിൽ സമന്വയത്തിന്റെ വക്താവാണ് ഡോ. കെ.എം. തരകൻ. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ അന്തഃസത്ത ഉൾക്കൊ ഡോ. തരകൻ സാഹിത്യസങ്കല്പങ്ങളുമായി ക്രൈസ്തവദർശനത്തെ സമന്വയിപ്പിച്ചു. ദർശനസാഫല്യമാണ് അദ്ദേഹം സാഹിത്യകൃതികളിൽ അന്വേഷിച്ചത്. *അനശ്വരനായ ഉറൂബ്, പാശ്ചാത്യ സാഹിത്യതത്ത്വശാസ്ത്രം, ആധുനിക നോവൽദർശനം, മലയാളനോവൽ സാഹിത്യചരിത്രം, ധർമ്മാരാമം കവിത്വം* തുടങ്ങിയ കൃതികൾ മലയാള വിമർശനത്തെ സമ്പന്നമാക്കിയിട്ടു്.

പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യദർശനങ്ങളെയും സിദ്ധാന്തങ്ങളെയും സമന്വയിപ്പിച്ചു കർക്കശമെങ്കിലും ഋജുവും സുഗമവുമായ വിമർശനസങ്കല്പത്തെ വളർത്തിയെടുത്ത സാഹിത്യവിമർശകനാണ് പ്രൊഫ. കെ.എം. ഡാനിയൽ. *വീണപൂവ് കൺമുമ്പിൽ, നവചക്രവാളം നളിനിയിലും മറ്റും, കലാദർശനം, വിമർശനം – സിദ്ധാന്തവും പ്രയോഗവും* എന്നീ കൃതികളിലൂടെ മലയാളവിമർശനത്തിന് ബലിഷ്ഠമായ ഒരടിത്തറയുറപ്പിക്കുവാൻ പ്രൊഫ. ഡാനിയലിന് കഴിഞ്ഞിട്ടു്.

മലയാളവിമർശനത്തിന് പുതിയ ദിശാബോധം നല്കിയ ആധുനിക വിമർശകരിൽ പ്രമുഖനാണ് എം. തോമസ് മാത്യു, സാഹിത്യത്തെ കലയായി കാണുക എന്നതാണ് തോമസ് മാത്യുവിന്റെ സമീപനം. തന്റെ ആത്മാവിന്റെ വിദൂരചക്രവാളത്തിൽ അപൂർവ തേജസ്സോടെ, മായിക സൗഭാഗ്യാതിശയത്തോടെ, വർത്തിക്കുന്ന ദർശനത്തെ ആവിഷ്കരിക്കുന്നതിനെക്കാൾ ആത്മഹർഷപ്രദായിനിയായി ഒരനുഭവവും ഒരു പ്രതിഫലവും കലാകാരന് കിട്ടാനില്ലെന്ന് തോമസ് മാത്യു കരുതുന്നു. ഇവിടെ സൃഷ്ടി എന്നപോലെ വിമർശനവും സർഗാത്മകമാകുന്നു.

ഉന്മിഷത്തായ സഹൃദയത്വവും പാണ്ഡിത്യവും സമന്വയിക്കുന്ന അക്കാദമിക് വിമർശനത്തിന്റെ ബലിഷ്ഠമായ അടിത്തറയാണ്, ഡോ. ഡി. ബഞ്ചമിന്റെ സാഹിത്യവിമർശനങ്ങളുടെ ഭൂമിക. സർഗാത്മക രചനകൾ – വിശേഷിച്ച് കവിതയും കഥയും നോവലുമാണ് ഡോ.ബഞ്ചമിന്റെ പഠനമേഖല. *നോവൽ സാഹിത്യപഠനങ്ങൾ, കവിതാപഠനങ്ങൾ, സാഹിതീയ പ്രതികരണങ്ങൾ, സാഹിത്യപഠനങ്ങൾ, അക്കാദമിക് വിമർശനവും മറ്റും* തുടങ്ങിയവയാണ് പ്രധാന വിമർശനഗ്രന്ഥങ്ങൾ. വിമർശനകലയിലെ പാരിസ്ഥിതികാവബോധമാണ് ഡോ. മിനി പ്രസാദിന്റെ വിമർശനപഠനങ്ങളെ ദീപ്തമാക്കുക. സ്ത്രൈണാത്മീയതയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളെ വിശകലനം ചെയ്യുന്നു ഡോ. റോസ് തമ്പി. ഫെമിനിസത്തിന്റെ വക്താവാണ് ഡോ. മ്യൂസ് മേരി.

സാഹിത്യ തത്ത്വവിചാരത്തിന്റെ മേഖലയിലായിരുന്നു പ്രൊഫ. പി.റ്റി. ചാക്കോയുടെ മനസ്സ് വ്യാപരിച്ചത്. സൗന്ദര്യശാസ്ത്രം, കവിത തുടങ്ങിയവയെക്കുറിച്ച് നടത്തിയ താത്ത്വികചർച്ചകൾ പ്രൗഢമാണ്. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച ദാർശനികഗ്രന്ഥങ്ങൾ (*ഈശ്വരദർശനം ദാർശനികദൃഷ്ടിയിൽ, സ്വാതന്ത്ര്യം ദാർശനികദൃഷ്ടിയിൽ, കല ദാർശനികദൃഷ്ടിയിൽ* തുടങ്ങിയ കൃതികൾ) കലയുടെയും സാഹിത്യത്തിന്റെയും ദർശനത്തിന്റെയും മേഖലയിൽ മലയാളത്തിന് പുതിയ വിചാരലോകം നല്കുകയുായി.

### 5.6. സാമ്പത്തിക വികസനത്തിൽ പുതിയ ചക്രവാളം

പാശ്ചാത്യസഭകളുടെ ആധിപത്യത്തിനുമുമ്പ്, കേരളത്തിലെ സുറിയാനിക്കാർ സാമ്പത്തികരംഗത്ത് അധീശശക്തിയായിരുന്നു; കൃഷിയും വാണിജ്യവും അവരുടെ കുത്തകയായിരുന്നു. കേരളത്തിലെ പ്രധാന നാണ്യവിളയായിരുന്ന കുരുമുളക് വിപുലമായ തോതിൽ കൃഷി ചെയ്തിരുന്നുവെന്നു മാത്രമല്ല, വിദേശത്തുനിന്ന് എത്തുന്ന വ്യാപാരികൾക്കു കുരുമുളകു ശേഖരിച്ച് എത്തിച്ചിരുന്നതും നസ്രാണികളാണ്. അതുപോലെ ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ തുറമുഖപട്ടണങ്ങളിൽനിന്നു വാങ്ങി വിതരണം ചെയ്തിരുന്നു. എന്നാൽ പാശ്ചാത്യർ തുറമുഖങ്ങളിൽ ആധിപത്യമുറപ്പിച്ചതോടെ ഈ രീതിക്കു മാറ്റം വന്നു. എങ്കിലും തച്ചിൽ മാത്തൂത്തരകനെ[12]പ്പോലെയുള്ള വർത്തകപ്രമാണികൾ ക്രൈസ്തവരുടെ കൂട്ടത്തിൽ ഉായിരുന്നു.

കേരളത്തിന്റെ ആധുനികഘട്ടത്തിൽ സാമ്പത്തിക വികസനത്തിനു പുതിയ ചക്രവാളങ്ങൾ കത്തെിയതും ഈ രംഗത്തു പരമ്പരാഗതമായി പ്രവർത്തിച്ചിരുന്ന ക്രൈസ്തവർ തന്നെയാണ്. ഇരുപതാം നൂറ്റാിന്റെ ആദ്യത്തെ നാലു ദശകങ്ങൾ സാമ്പത്തികമുന്നേറ്റത്തിന്റെ ഘട്ടമാണ്. കേരളത്തിലെ വിഭവസമൃദ്ധി ഉപയോഗപ്പെടുത്തി, കൃഷി, വാണിജ്യം, വ്യവസായം, ഗതാഗതം, ബാങ്കിംഗ് എന്നീ മേഖലകൾക്കു രൂപഭാവങ്ങൾ നല്കുന്നതിനു ക്രൈസ്തവർക്കു കഴിഞ്ഞു. കേരളത്തിന്റെ സാമ്പത്തികചരിത്രത്തിലെ, അവിസ്മരണീയമായ ഒരേടാണിത്.

കേരളം ഒരു കാർഷികമേഖലയായിരുന്നുവെങ്കിലും, ബ്രിട്ടീഷുകാരുടെ വരവിനുമുമ്പ്. കൃഷി വ്യാവസായികാടിസ്ഥാനത്തിൽ ചെയ്തിരുന്നില്ല; മുഖ്യമായും വീട്ടുവളപ്പിലെ കൃഷിമാത്രമായിരുന്നു. ബ്രിട്ടീഷുകാർ തോട്ടവ്യവസായത്തിന് ആരംഭംകുറിച്ചു. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുക എന്ന ആശയം ബ്രിട്ടീഷുകാരിൽ നിന്നു സ്വീകരിച്ചു പ്രാവർത്തികമാക്കിയത്, ക്രൈസ്തവരാണ്. തോട്ടവ്യവസായത്തിനു കളമൊരുക്കിയത് കെ.സി.മാമ്മൻ മാപ്പിള[13]യും മലയാള മനോരമയുമാണ്. നാട്ടുകാരെ തോട്ടക്കൃഷി രംഗത്തേക്ക് ആകർഷിക്കുവാൻ മനോരമ തുടർച്ചയായി

ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അതിന്റെ പ്രവർത്തകർ സ്വയം രംഗത്തിറങ്ങി മാതൃക കാട്ടുകയും ചെയ്തു.

തോട്ടവ്യവസായത്തിൽ ആദ്യമായി പ്രവേശിച്ച കേരളീയൻ അയ്മനം പി. ജോണാണ്. അദ്ദേഹത്തിന്റെ 'കാളിയാർ പ്ലാന്റേഷൻ' വമ്പിച്ച വിജയമായിരുന്നു. രാമത്തേതാണ് മലങ്കര റബർ കമ്പനി. കെ.സി. മാമ്മൻ മാപ്പിള, തോട്ടവ്യവസായം തുടങ്ങാൻ ആരൊക്കെ മുമ്പോട്ടു വന്നുവോ അവരെ പ്രോത്സാഹിപ്പിക്കുകയും വേ ഉപദേശങ്ങൾ കൊടുക്കുകയും മാത്രമല്ല, വേിവന്നാൽ അവരോടുകൂടെ വ്യവസായത്തിലേക്ക് എടുത്തുചാടുകയും ചെയ്തിട്ടു്. കേരളത്തിന്റെ സാമ്പത്തികവികസനത്തെപ്പറ്റി അദ്ദേഹത്തിനു ധാരാളം ആശയങ്ങളുമുായിരുന്നു. കേരളത്തിനു സാമ്പത്തികാസൂത്രണവും പ്ലാനും ഉാകേതിന്റെ ആവശ്യകതയെപ്പറ്റി അസംബ്ലി പ്രസംഗങ്ങളിൽക്കൂടിയും മനോരമയിൽക്കൂടിയും വാദിച്ചിരുന്നു. ഒരു സാമ്പത്തിക വികസനബോർഡുാക്കാൻ (1921) സർക്കാരിനെ പ്രേരിപ്പിച്ചത് മാമ്മൻ മാപ്പിളയുടെ ആഹ്വാനങ്ങളാണ്.[14]

കേരളത്തിൽ ബാങ്കുകൾക്കു തുടക്കം കുറിച്ചത്, വാണിജ്യ വ്യാവസായിക മേഖലകളിൽ പ്രാമുഖ്യം വഹിച്ചിരുന്ന ചില ക്രൈസ്തവകുടുംബങ്ങളാണ്. നാടൻബാങ്കുകളായി ആരംഭിച്ച ഇത്തരം സ്ഥാപനങ്ങൾ ഒട്ടുമുക്കാലും പിൽക്കാലത്ത് വാണിജ്യബാങ്കുകളായി രൂപാന്തരപ്പെട്ടു. തിരുവിതാംകൂർ പ്രദേശത്ത് തിരുവല്ലായിലും, കൊച്ചി പ്രദേശത്ത് തൃശൂരിലും ബാങ്കിംഗ് വ്യവസായം കേന്ദ്രീകരിച്ചിരുന്നു. കത്തിൽ കുടുംബം മുൻകൈയെടുത്തു തുടങ്ങിയ 'തിരുവിതാംകൂർ ബാങ്കാ'ണ് (ട്രാവൻകൂർ നാഷണൽ ബാങ്ക്) കേരളത്തിൽ ആദ്യമായി (1893) വാണിജ്യാടിസ്ഥാനത്തിൽ രൂപംകൊ ബാങ്ക്.[15] ഇത്, തിരുവല്ല ചാലക്കുഴി സി.പി. മാത്തൻ കൊല്ലത്തു തുടങ്ങിയ 'ക്വയിലോൺ ബാങ്കു'മായി സംയോജിപ്പിച്ചു. 1937-ൽ ഉടലെടുത്ത 'ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക്' ആയിരുന്നു ബാങ്കിംഗ് സമ്പ്രദായം കേരളത്തിൽ വളർത്തിയെടുത്തത്.[16]

ആധുനിക വ്യവസായങ്ങളുടെ മുന്നോടികളും ക്രൈസ്തവർതന്നെ. കൊച്ചുപുരയ്ക്കൽ വി.എ.ജോസഫിന്റെ മലബാർ ട്രേഡിംഗ് കമ്പനി, കത്തിൽ കെ.എം. മാത്തുള്ള മാപ്പിളയും മാമ്മൻ മാപ്പിള വക്കീലുംകൂടി തുടങ്ങിയ 'ട്രാവൻകൂർ ടൈൽസ്', ട്രാവൻകൂർ ട്രാൻസ്പോർട്ട് കമ്പനി, ട്രാവൻകൂർ ടിമ്പേഴ്സ്, സൗത്തിന്ത്യൻ കമേർഷ്യൽ കമ്പനി തുടങ്ങിയവ ആദ്യകാല വ്യാവസായിക സംരംഭങ്ങളാണ്. മാമ്മൻ മാപ്പിളയും സി.പി. മാത്തനും കൂടി ആരംഭിച്ച 'ഗാർഡിയൻ ഓഫ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി'യും സ്മരണീയമാണ്.

ഇൻഡ്യയുടെ ധവളവിപ്ലവത്തിന്റെ നായകനാണ് ഡോ. വർഗീസ് കുര്യൻ. ലോകത്തിലെ ഏറ്റവും വലിയ പാലുല്പാദകരാജ്യമായി ഇൻഡ്യയെ മാറ്റിയെടുത്തതിന്റെ ബഹുമതി ആദ്ദേഹത്തിനുള്ളതാണ്. വിഖ്യാതഉല്പന്നമായ 'അമൂൽ' (ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്) വർഗീസ് കുര്യന്റെ സൃഷ്ടിയാണ്; അരനൂറ്റാിലേറെ അതിനെ നയിക്കുകയും ചെയ്തു.

### 5.7. രാഷ്ട്രീയപ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ

ജനങ്ങളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ മുന്നേറ്റത്തിന്റെ പാതയിൽ നിർണായക ഘടകമായി നിലകൊള്ളുന്നതിന്, ഇരുപതാംനൂറ്റാിലെ സംഘടിതസഭയ്ക്ക് ഏറെയൊന്നും കഴിഞ്ഞിട്ടില്ല. രാഷ്ട്രീയത്തിനു വർഗീയതയുടെ നിറം പകരണമെന്നല്ല, ഇവിടെ വിവക്ഷ. വിദേശാ

ധിപത്യത്തിൽനിന്നു തങ്ങളുടെ ആത്മീയ സ്വാതന്ത്ര്യം നേടുന്നതിന് സർവ കഴിവുകളും സമാഹരിച്ചു പ്രയോഗിച്ചുകൊിരുന്ന നസ്രാണികൾക്ക് പൗരപരമായ കടമ നിറവേറ്റുന്നതിനു പലപ്പോഴും അവസരം കിട്ടിയില്ല. 'കക്ഷിവഴക്കുകൾ' സഭാന്തരീക്ഷമാകെ കലുഷിതമാക്കിയിരുന്നു. എന്നിരിക്കിലും ചില രാഷ്ട്രീയപ്രസ്ഥാനങ്ങളെയും അവയ്ക്കു നേതൃത്വം നൽകിയവരേയും സവിശേഷം അനുസ്മരിക്കേതു്. ഇരുപതാംനൂറ്റാിലെ കേരളീയ രാഷ്ട്രീയഭൂപടത്തിൽ നിർണായകശക്തിയായി മാറുന്നതിനു അവർക്കു കഴിഞ്ഞിട്ടുമു്.

കേരളത്തിൽ ക്രൈസ്തവർ തിങ്ങിപ്പാർത്തിരുന്നത് തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിലായിരുന്നു. പോർട്ടുഗീസുകരുടെയും തുടർന്നു ഡച്ചുകാരുടെയും ശക്തികേന്ദ്രമായിത്തീർന്ന കൊച്ചിയിലെ ഭരണാധികാരികൾ, ക്രൈസ്തവരോടു സൗമനസ്യത്തോടെ പെരുമാറിയിരുന്നു. അതുകൊ് പൗരപരമായ അവശതകൾ അവർക്കു അധികം അനുഭവിക്കേിവന്നതുമില്ല. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. മാർത്താണ്ഡവർമ്മയുടെ ദിഗ്വിജയത്തോടെ തമിഴ് ബ്രാഹ്മണർ കേരളത്തിന്റെ ഭരണരംഗത്ത് ശക്തികേന്ദ്രങ്ങളായിത്തീർന്നു; ഒപ്പം കേരളത്തിലെ സവർണഹിന്ദുക്കളും. ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭരണത്തോടുകൂടി പ്രധാന ഉദ്യോഗങ്ങളെല്ലാം തമിഴ്ബ്രാഹ്മണർക്കായി. രാജസ്ഥാനംപോലും അവരുടെ നിയന്ത്രത്തിലൊതുങ്ങി. തിരുവിതാംകൂറിലെ ആദ്യത്തെ നിയമനിർമാണസഭയിൽ (1888) എട്ടുപേരാണ്, നോമിനേറ്റു ചെയ്യപ്പെട്ടത്. സാമാജികരിൽ മൂന്നുപേർ പരദേശിബ്രാഹ്മണരും ഒരാൾ പരദേശി ശൂദ്രനും, മൂന്നുപേർ സ്വദേശി ശൂദ്രരും, ഒരാൾ പരദേശ ക്രിസ്ത്യാനിയുമായിരുന്നു. പ്രതിനിധി സഭാസ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല.

ബ്രാഹ്മണമേധാവിത്വത്തിന്റെ തള്ളിക്കയറ്റത്തിൽ നാട്ടുകാർ ജാതിമതഭേദമന്യേ പുറന്തള്ളപ്പെട്ടിരുന്നു. ബ്രാഹ്മണാധിപത്യത്തെ തച്ചുടയ്ക്കുന്നതിനു സ്വദേശീയർ സംഘടിച്ചു. അതിന്റെ ഫലമാണ്, മലയാളി മെമ്മോറിയൽ സമർപ്പണം. നായന്മാരും നസ്രാണികളും സംയുക്തമായി സമർപ്പിച്ച മലയാളി മെമ്മോറിയലിന്റെ പിന്നിൽ, മദ്രാസ് ഹൈക്കോടതിയുടെ വക്കീലായിരുന്ന കെ.പി. ശങ്കരമേനോനും, ജി.പി. പിള്ളയും നിധീരിക്കൽ മാണിക്കത്തനാരും നേതൃത്വം നൽകി. 10,037 പേർ ഒപ്പിട്ടു. 1891 ജനുവരി ഒന്നാം തീയതി മഹാരാജാവിനു സമർപ്പിച്ച മെമ്മോറിയലിൽ മലയാളികളുടെ നാട്ടിൽ മലയാളികൾക്ക് അവരർഹിക്കുന്ന പ്രാതിനിധ്യം അനുവദിക്കണമെന്നു ആവശ്യപ്പെട്ടു. ജനങ്ങളുടെ രാഷ്ട്രീയബോധം തട്ടിയുണർത്തുന്നതിന് മലയാളി മെമ്മോറിയലിനു കഴിഞ്ഞു. അതിനെ തുടർന്നാണ്, ഡോ. പല്പുവിന്റെ നേതൃത്വത്തിൽ, 13,176 ഈഴവർ ഒപ്പിട്ട 'ഈഴവ മെമ്മോറിയൽ', 1896 സെപ്റ്റംബർ മൂന്നാം തീയതി മഹാരാജാവിനു സമർപ്പിച്ചത്. ഈഴവർക്കും മറ്റു പിന്നോക്കവിഭാഗക്കാർക്കും സർക്കാരുദ്യോഗം നിഷേധിച്ചിരുന്ന അക്കാലത്ത്, ഈഴവസമുദായത്തിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചവർക്കു ലഭിക്കുന്ന ആനുകൂല്യം അവർക്കും ലഭിക്കണമെന്ന് 'ഈഴവ മെമ്മോറിയലിൽ' മഹാരാജാവിനോട് ആവശ്യപ്പെട്ടു.(17)

**5.7.1. ക്രൈസ്തവ മഹാജനസഭ**

രാഷ്ട്രീയാവകാശങ്ങൾക്കുവേിയും സർക്കാർ സർവീസിൽ അർഹമായ സ്ഥാനം ലഭിക്കുന്നതിനുവേിയും ഇലഞ്ഞിക്കൽ ഇ.ജെ.ജോൺ വക്കീലിന്റെ നേതൃത്വത്തിൽ ഒരു സംഘടന രൂപവത്ക്കരിച്ചു - 'തിരുവിതാംകൂർ - കൊച്ചി ക്രൈസ്തവ മഹാജനസഭ' . 1910 മെയ് മൂന്നാം തീയതി കോട്ടയത്തു കൂടിയ പ്രഥമ സമ്മേളനത്തിൽ, സഹകരണ സംഘങ്ങളെപ്പറ്റി

കെ.സി. മാമ്മൻ മാപ്പിളയും 'ക്രിസ്തീയാവകാശങ്ങൾ - നിയമം' എന്നതിനെപ്പറ്റി മാരോട്ടു പീലിപ്പോസ് ജഡ്ജിയും പ്രസംഗിച്ചു. അടുത്തവർഷം മഹാജനസഭ കൂടുതൽ സംഘടിതമായി, കോട്ടയത്തു വീും സമ്മേളിച്ചു. നിവർത്തന പ്രസ്ഥാനത്തിലേക്കും സ്റ്റേറ്റ് കോൺഗ്രസിലേക്കും ജനകീയഭരണത്തിലേക്കും കേരളജനതയെ പ്രബുദ്ധരാക്കി നയിക്കുന്നതിനുവേിയുള്ള ആദ്യകാല സംരംഭങ്ങളിൽ ഏറ്റവും പ്രധാനം മഹാജനസഭയുടെ ആവിർഭാവവും പ്രവർത്തനങ്ങളും ആയിരുന്നു.(18)

**5.7.2. അഖിലകേരള കത്തോലിക്കാകോൺഗ്രസ്**

കേരളത്തിലെ കത്തോലിക്കാസമുദായത്തെ റീത്ത് - രൂപതാ വ്യത്യാസം നോക്കാതെ പ്രതിനിധാനം ചെയ്തു സമുദായത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അസമത്വങ്ങൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേി രൂപമെടുത്ത സംഘടനയാണ് അഖിലകേരള കത്തോലിക്കാകോൺഗ്രസ്. 1918 ഏപ്രിൽ മുപ്പതാം തീയതി ചങ്ങനാശേരിയിൽക്കൂടിയ സമ്മേളനത്തിലാണ്, 'കേരളീയ കത്തോലിക്കാമഹാജനസഭ ' എന്ന പേരിൽ സംഘടന ഔപചാരികമായി നലവിൽവന്നത്. പ്രസിഡന്റായി മാർ ളൂയിസ് തിരുമേനിയും വൈസ് പ്രസിഡന്റായി സി. അന്തപ്പായിയും സെക്രട്ടറിയായി ടി.ജെ. മാത്യു തെള്ളിയും തെരഞ്ഞെടുക്കപ്പെട്ടു. 1931-ൽ ചേർത്തലയിൽക്കൂടിയ സമ്മേളനത്തിലാണ്, മഹാജനസഭയുടെ പേര് 'അഖില കേരള കത്തോലിക്കാകോൺഗ്രസ് ' എന്നു ഭേദെപ്പടുത്തി പ്രഖ്യാപിക്കപ്പെട്ടത്. പൗരാവകാശ സമരങ്ങളിലും പ്രക്ഷോഭങ്ങളിലും മറ്റും പില്ക്കാലത്തു കത്തോലിക്കാസമുദായത്തിന്റെ ജിഹ്വയായി വർത്തിച്ചത് ഈ സംഘടനയാണ്.

സമുദായത്തിന്റെ രാഷ്ട്രീയവും പൗരപരവുമായ ഉന്നമനത്തനുവേി ജീവിതമുഴിഞ്ഞുവച്ച കർമയോഗിയാണ് എം.എ. വർക്കി. സമുദായാവകാശങ്ങൾ നേടിയെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും വേി, തിരുവനന്തപുരത്തുനിന്നും ശ്രീ. വർക്കി 'കേരളദാസൻ' എന്ന പത്രമാരംഭിച്ചു (1924). അതു തടയപ്പെട്ടപ്പോൾ ദാസനും (1926) പിന്നീടു യുവഭാരതിയും (1933) തുടങ്ങി. കത്തോലിക്കർക്കു സാമുദായികമായ അംഗീകാരം നേടിയെടുക്കുന്നതിനും പബ്ലിക് സർവീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനുമായിരുന്നു, വർക്കിയുടെ തീവ്രയത്നം, നിവർത്തനപ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രങ്ങളിലൊന്നായിരുന്നു എം.എ. വർക്കി.(19)

**5.7.3. പൗരസമത്വവാദപ്രക്ഷോഭണം**

മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ എന്നിവയിൽക്കൂടി സവർണരല്ലാത്തവർക്കു ചില ആനുകൂല്യങ്ങളൊക്കെ ലഭിച്ചുവെങ്കിലും സവർണഹിന്ദുക്കൾക്കാണ് ഏറെ പരിഗണന ലഭിച്ചത്. അതുകൊ് അർഹമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേി, മലങ്കര മഹാജനസഭയും അതിലെ പ്രമുഖാംഗമായ ഇ.ജെ. ജോൺ വക്കീലും 'പൗരസമത്വവാദ ലീഗ് ' എന്നൊരു സംഘടന രൂപവത്കരിക്കുന്നതിനു നേതൃത്വം നല്കി. ലീഗിന്റെ നേതൃത്വത്തിൽ 1920 മാർച്ച് എട്ടാം തീയതി പ്രക്ഷോഭണത്തിനു തുടക്കം കുറിച്ചു. അമ്പത് സാമാജികർ ഒപ്പിട്ട മെമ്മോറാം ദിവാൻജിക്കു സമർപ്പിച്ചു. തുടർന്ന് 27,000 പേർ ഒപ്പിട്ട മെമ്മോറാം ആറ് വാല്യങ്ങളായി ബയന്റു ചെയ്ത് ദിവാൻജിക്കു സമർപ്പിച്ചു. ഈ പ്രക്ഷോഭണ-നിവേദനഫലമായി, ദേവസ്വം - റവന്യു ഡിപ്പാർട്ടുമെന്റ് രായി വിഭജിക്കുകയും, റവന്യു ഡിപ്പാർട്ടുമെന്റിൽ സവർണരല്ലാത്തവർക്കു പ്രവേശനം അനുവദിക്കുകയും ചെയ്തു.

### 5.7.4. നിവർത്തനപ്രസ്ഥാനം

1932-ൽ ശ്രീചിത്തിരതിരുനാൾ ഭരണമേറ്റെടുത്തുകൊ് ചെയ്ത പ്രസ്താവനയിൽ, ഉടൻതന്നെ ഭരണപരിഷ്കാരം നടപ്പിലാക്കുമെന്നു വ്യക്തമാക്കിയിരുന്നു. പ്രഖ്യാപിക്കപ്പെട്ട ഭരണപരിഷ്ക്കാരമനുസരിച്ചു ഒരു ദ്വിമണ്ഡലസഭ തിരുവിതാംകൂറിൽ നിലവിൽ വന്നു. പത്ത് ഉദ്യോഗസ്ഥാംഗങ്ങളുൾപ്പെടെ 72 അംഗങ്ങളുള്ള ശ്രീമൂലം അസംബ്ലിയും 37 അംഗങ്ങളുള്ള ശ്രീചിത്തിരാ കൗൺസിലും. രു മണ്ഡലങ്ങളുടെയും സ്ഥിരാദ്ധ്യക്ഷൻ ദിവാനായിരുന്നു. ഒരു ഡപ്യൂട്ടി പ്രസിഡന്റിനെ തിരഞ്ഞെടുക്കാനുള്ള അധികാരം അസംബ്ലിക്കു നല്കപ്പെട്ടു. നിലവിലിരുന്ന സമ്മതിദാനാവകാശവും നിയോജകമണ്ഡല വ്യവസ്ഥയുമനുസരിച്ച്, നായന്മാർക്ക് അനർഹമായ പ്രാതിനിധ്യം ലഭിക്കാനുള്ള സൗകര്യമുായിരുന്നു. എന്നാൽ ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായാംഗങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചുമില്ല. അവർ ശക്തമായി പ്രതിഷേധിച്ചു. 'സമസ്ത തിരുവിതാംകൂർ രാഷ്ട്രീയസഭ' എന്ന പേരിൽ സംഘടനയ്ക്കു രൂപം കൊടുത്ത്, നിവർത്തനപ്രക്ഷോഭണം ആരംഭിച്ചു. 1933 ജനുവരി 25-ാം തീയതി എൽ.എം.എസ്. ഹാളിൽ സമ്മേളിച്ച് 'നിവർത്തനപ്രമേയം' പാസ്സാക്കി. നിയമസഭകളിൽനിന്നു വിട്ടുനിൽക്കുക എന്നതായിരുന്നു പ്രമേയത്തിന്റെ ആശയം. ഇതിന് 'നിവർത്തനം' (Abstention) എന്നു പേരിട്ടത് ഐ.സി. ചാക്കോയാണ്. നാടാകെ പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു. 'രാഷ്ട്രീയസഭ'യുടെ പേര് 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ് ' എന്നാക്കി. നിയമസഭയിലും പബ്ലിക് സർവീസിലും പട്ടാളത്തിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം, പ്രായപൂർത്തി വോട്ടവകാശം, ഉത്തരവാദിത്വഭരണം എന്നിവയാണ് നിവർത്തന പ്രക്ഷോഭകർ മുമ്പോട്ടുവച്ച ലക്ഷ്യം. ടി.എം. വർഗീസ്, സി. കേശവൻ, എ.ജെ. ജോൺ, കെ. മുഹമ്മദാലി, എൻ.വി. ജോസഫ് തുടങ്ങിയവരായിരുന്നു പ്രസ്ഥാനത്തിനു കരുത്തുറ്റ നേതൃത്വം നൽകിയത്. നാടെങ്ങും ആളിക്കത്തിയ നിവർത്തന പ്രക്ഷോഭണത്തിനിടയിൽ 1935 ജൂലൈയിൽ സി. കേശവൻ കോഴഞ്ചേരിയിൽവച്ചു അറസ്റ്റു ചെയ്യപ്പെട്ടു. പ്രക്ഷോഭം ആളിപ്പടരാനേ അത് ഉപകരിച്ചുള്ളു. ഗവൺമെന്റിന് നിവർത്തന പ്രസ്ഥാനക്കാരുടെ ആവശ്യം അംഗീകരിക്കേി വന്നു - ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം. ജയിൽ വിമുക്തനായ സി.കേശവന് ആലപ്പുഴയിൽ നൽകിയ വമ്പിച്ച സ്വീകരണ സമ്മേനത്തിൽ, അക്കാലത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഉറച്ച പിൻബലമായിരുന്ന കെ.സി.മാമ്മൻ മാപ്പിളയാണ് ആദ്ധ്യക്ഷം വഹിച്ചത്.

### 5.7.5. ഉത്തരവാദിത്വഭരണ പ്രക്ഷോഭണം

പ്രായപൂർത്തി വോട്ടവകാശവും ജനകീയ ഭരണവും നേടിയെടുക്കാനുള്ള ശ്രമമായിരുന്നു പിന്നീട് നടന്നത്. നിവർത്തനപ്രസ്ഥാനക്കാർ, പൗരസമത്വപ്രസ്ഥാനത്തിലൂടെ മുന്നേറി. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ, 'സംയുക്ത രാഷ്ട്രീയസഭ' മിക്ക നിയോജക മണ്ഡലങ്ങളിലും ജയിച്ചു. പാർട്ടിനേതാവായ ടി.എം. വർഗീസ് അസംബ്ലിയുടെ ഉപാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1938 ഫെബ്രുവരി രാം തീയതി ടി.എം. വർഗീസ് അസംബ്ലിയിൽ ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചു - 'മഹാരാജാവ് തിരുമനസ്സിലെ പരമാധികാരങ്ങളും അവകാശങ്ങൾക്കും ഹാനി കൂടാത്തവിധത്തിൽ ഇവിടെ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു വേ നടപടികൾ ഉടനെ ആരംഭിക്കേതിന്റെ ആവശ്യകതയെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി, സഭാനടപടികൾ നിറുത്തിവയ്ക്കണം' - എന്നതായിരുന്നു പ്രമേയം. ദിവാൻ ഉത്തരവാദിത്വ

ഭരണം അനുവദിച്ചില്ല. ഇതിനെതിരെ നടന്ന പ്രക്ഷോഭണത്തിനു ടി.എം. വറുഗീസ്, സി.കേശവൻ, പട്ടംതാണുപിള്ള, സി.വി.കുഞ്ഞിരാമൻ, ഇലഞ്ഞിക്കൽ ജോൺ ഫീലിപ്പോസ് തുടങ്ങിയവർ നേതൃത്വം നല്കി. പൗരസ്വാതന്ത്ര്യത്തിനുവേയുള്ള ഈ പ്രക്ഷോഭണം, ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിന്റെ അടിത്തറ ഇളക്കിയെന്നു പറയാം. സ്റ്റേറ്റ് കോൺഗ്രസ്സാണ് സമരത്തിന്റെ നേതൃനിരയിൽ നിലകൊത്.

### 5.7.5. സ്റ്റേറ്റ് കോൺഗ്രസ്സിൽ

കോൺഗ്രസ്സിന്റെ ആരംഭകാലം മുതൽതന്നെ ക്രൈസ്തവർ നേതൃനിരയിൽ ശോഭിച്ചിരുന്നു. ടി.എം. വറുഗീസും, ജോൺ നിധീരിയും, എ.ജെ. ജോണും, ചെങ്ങന്നൂർ ഊരേൽ ജോർജ് ജോസഫും കർമരംഗത്തു സജീവനേതൃത്വം നൽകിയവരാണ്. ഉത്തരവാദഭരണപ്രക്ഷോഭണത്തിൽ കോൺഗ്രസ്സ് നേരിട്ട് ഇറങ്ങിയതോടെ (1938) സംഘടനായോഗങ്ങൾ നിരോധിക്കപ്പെട്ടു. കോൺഗ്രസ് നേതാക്കളെ തടവിലാക്കുക, യോഗങ്ങൾ റൗഡികളെക്കൊ് കലക്കുക, ഈ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ ലൈസൻസ് റദ്ദു ചെയ്യുക തുടങ്ങിയ തന്ത്രങ്ങൾ ദിവാൻ സർ സി.പി. സ്വീകരിച്ചു. ആഗസ്റ്റ് 26-ന് സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വത്തിൽ സമരമാരംഭിച്ചു. പട്ടംതാണുപിള്ളയായിരുന്നു പ്രസിഡന്റ്. തിരുവനന്തപുരത്ത് പട്ടവും ടി.എം. വറുഗീസും കോട്ടയത്ത് ജോൺ ഫീലിപ്പോസും അറസ്റ്റു വരിച്ചു.

അതിനെത്തുടർന്ന് പ്രസിഡന്റിന്റെ ചുമതല ഏറ്റെടുത്ത എ.ജെ. ജോൺ.[20] അറസ്റ്റു ചെയ്യപ്പെട്ടു. അതിനുശേഷം, കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം സ്വീകരിച്ച് സമരത്തിനു ധീരമായ നേതൃത്വം നൽകിയ ക്രൈസ്തവവനിതകളാണ് ശ്രീമതി എലിസബത്ത് കുരുവിളയും.[21] ശ്രീമതി അക്കാമ്മ ചെറിയാനും. തൃശൂരിൽനിന്ന് തിരുവനന്തപുരത്തെത്തിയ എലിസബത്ത് കുരുവിള, ത്രിവർണപതാകയേന്തിയ പതിനായിരക്കണക്കിനു വോളിയറന്മാരുടെ അകമ്പടിയോടെ നിയമം ലംഘിച്ച് അറസ്റ്റു വരിച്ചു. സ്റ്റേറ്റ് കോൺഗ്രസ് സമരത്തിനു അറസ്റ്റു വരിച്ച ആദ്യത്തെ തിരുവിതാംകൂർ വനിത എലിസബത്ത് കുരുവിളയാണ്. കോൺഗ്രസിന്റെ പന്ത്രാമതു പ്രസിഡന്റായി നിയമിതയായ ശ്രീമതി അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജാഥ മറ്റൊരു ജനമുന്നേറ്റമായിരുന്നു. മഹാരാജാവിന്റെ ജന്മദിനത്തിൽ, അദ്ദേഹത്തെ നേരിട്ടുകു മെമ്മോറാം സമർപ്പിക്കുന്നതിന് ഉദ്യമിച്ച ഈ ജാഥയോട് സർക്കാരിന് അടിയറവ് പറയേിവന്നു. ജാഥാംഗങ്ങളെ സി.പി.യുടെ കുതിരപ്പട്ടാളം ചവുട്ടിമെതിച്ചെങ്കിലും സമരനേതാക്കളെ ജയിൽവിമുക്തരാക്കിയിരിക്കുന്നു എന്ന വിജ്ഞാപനം നേടിക്കൊാണ് ജാഥക്കാർ പിൻവാങ്ങിയത്. അങ്ങനെ നിയമലംഘനപ്രസ്ഥാനത്തിന്റെ ആദ്യഘട്ടം 1938 ഒക്ടോബർ 23 ന് അവസാനിച്ചു.

### 5.7.7. കേരളാ യൂത്ത് ക്രിസ്ത്യൻ കൗൺസിൽ ഓഫ് ആക്ഷൻ

1938-ലെ പ്രക്ഷുബ്ധമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ഉടലെടുത്ത സംഘടനയാണ്, കേരളാ യൂത്ത് ക്രിസ്ത്യൻ കൗൺസിൽ ഓഫ് ആക്ഷൻ (വൈ.സി.സി.എ.)..[22] തിരുവനന്തപുരം കേന്ദ്രമാക്കിയായിരുന്നു ആദ്യകാലപ്രവർത്തനം. മിസ്സിസ് കെ.എ. മാത്യു (അദ്ധ്യക്ഷ) കെ.കെ. ചാി (ഉപാദ്ധ്യക്ഷൻ) എം.എം. തോമസ് (സെക്രട്ടറി) എന്നിവരായിരുന്നു ആദ്യത്തെ ഭാരവാഹികൾ. ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുന്ന ക്രൈസ്തവവിശ്വാസികൾക്കു രാഷ്ട്രീയ മേഖല, ധാർമികമായി പ്രധാനമാണെന്നു വിശദീകരിക്കുന്നതായിരുന്നു സംഘടനയുടെ ദൈവ

ശാസ്ത്രം. സമകാലിക രാഷ്ട്രീയ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തു അഭിപ്രായം രൂപവത്ക രിച്ചു പ്രസിദ്ധപ്പെടുത്തുകയായിരുന്നു ആദ്യ പരിപാടി. സർ സി.പി.യുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷം നടന്നത് ഇക്കാലത്താണ്. തിരുവിതാംകൂർ ജനതയുടെമേൽ തന്റെ സർവാധിപത്യം സ്ഥാപിക്കാൻ ഒരവസരമായിട്ടാണ് സി.പി. ഈ അവസരം ഉപയോഗിച്ചത്. സ്റ്റേറ്റ് കോൺഗ്രസ് ഒഴിച്ചുള്ള രാഷ്ട്രീയ സംഘടനകൾ അദ്ദേഹത്തെ അനുമോദിച്ചു. സമുദായങ്ങളും സാമുദായിക സംഘടനകളും സാമൂഹ്യസ്ഥാപനങ്ങളും സി.പി.യെ അനുമോദിക്കുന്നതിനും മംഗളപത്രം സമർപ്പിക്കുന്നതിനും യോഗം കൂടണമെന്നു നിർബന്ധമാക്കി.(23)

തിരുവിതാംകൂറിലെ ക്രൈസ്തവസമുദായങ്ങളുടെ പേരിൽ സർ സി.പി.യുടെ ഒരു പ്രതിമ തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിനു ചില ക്രൈസ്തവ പ്രമാണിമാർ തീരുമാനിച്ചു. പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞശേഷമാണ് വാർത്ത പുറത്തുവന്നത്. ഈ സംരംഭത്തിന് എതിരായി യൂത്ത് ക്രിസ്ത്യൻ കൗൺസിൽ എൺപത്തിമൂന്നു ക്രൈസ്തവ നേതാക്കന്മാരുടെ ഒപ്പോടുകൂടി ഒരു പ്രസ്താവന അച്ചടിച്ചു നാടെങ്ങും പ്രചരിപ്പിച്ചു. മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ചു എം.പി. ജോബാണ് പ്രസ്താവനയ്ക്കു രൂപം നൽകിയത്. മാങ്ങാനം മാർത്തോമ്മാ ഇടവക വികാരി റവ. കെ.എൻ. ഉമ്മനായി(24)രുന്നു ഒന്നാമത്തെ ഒപ്പുകാരൻ. പ്രസ്താവന കൊച്ചിയിൽ ഒരച്ചടിശാലിൽ മുദ്രണം ചെയ്തു. ബന്ധപ്പെട്ടവർക്കെല്ലാം അയച്ചുകൊടുക്കുകയും, ഞായറാഴ്ച പ്രധാന ആരാധനാലയങ്ങളിലെല്ലാം വിതരണം ചെയ്യുകയും ചെയ്തു. അടുത്ത ദിവസംതന്നെ പ്രതിമാസ്ഥാപനം സർ. സി.പി. അംഗീകരിച്ചിട്ടില്ലെന്നു പത്രക്കുറിപ്പ് ഇറങ്ങി.(25)

**5.7.8. ഏകാധിപത്യത്തിനെതിരെ**

ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്ന ദിവസം മുതൽ തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി ത്തീരുന്നതാണെന്നു സർ സി.പി. രാമസ്വാമിഅയ്യർ 1947 ജൂൺ 11–ാം തീയതി പ്രഖ്യാപിച്ചു. ദിവാന്റെ ഈ പ്രഖ്യാപനം സംസ്ഥാനത്തിനകത്തും പുറത്തും രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങൾക്ക് ഇടം നൽകി. തിരുവിതാംകൂർ വീും രാഷ്ട്രീയപ്രക്ഷോഭണത്തിന്റെ ചുഴിയിൽ അകപ്പെട്ടു. സ്ഥിതിഗതികളെ നേരിടാൻ ഗവൺമെന്റ് മർദനപരിപാടികൾ സ്വീകരിച്ചു. സി.പി.യുടെ 'സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപന'ത്തിനെതിരെ ഡോ.ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ സ്വീകരിച്ച നിലപാട് സുപ്രസിദ്ധമാണ്. അദ്ദേഹം മാർത്തോമ്മാ സമുദായ കൗൺസിൽ അടിയന്തിരമായി വിളിച്ചുകൂട്ടി തീരുമാനമെടുത്തു സഭയുടെ പ്രതിഷേധം ഗവൺമെന്റിനെ അറിയിച്ചു.

"തിരുവിതാംകൂർ രാജ്യത്തെ സ്വതന്ത്രമാക്കുന്ന ഒരു പ്രഖ്യാപനം ഉാക്കാൻ പോകുന്നു എന്നുള്ള ദിവാന്റെ നിഘോഷണത്തെ മാർത്തോമ്മാസഭയുടെ കൗൺസിൽ ഉത്കണ്ഠാപൂർവം വീക്ഷിക്കുന്നു. നിർദേശിച്ചിരിക്കുന്ന പ്രകാരം തിരുവിതാംകൂർ സ്വതന്ത്രമായാൽ തിരുവിതാംകൂറിലുള്ള മറ്റു സഭകളെപ്പോലെ മാർത്തോമ്മാസഭ, ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ക്രിസ്തുസഭയുടെ വിവിധ ശാഖകളോടു ഗാഢമായ സമ്പർക്കങ്ങളും സംബന്ധങ്ങളും ഉള്ളതുമായ മാർത്തോമ്മാസഭ, ഭാരതത്തിലെ സർവ ക്രൈസ്തവപ്രവർത്തനങ്ങളിൽനിന്നും വിച്ഛേദിക്കപ്പെടുക എന്ന ആപത്തുാകുമെന്നു കൗൺസിലിനു ബോധ്യപ്പെട്ടിരിക്കുന്നു. നിർദേശിക്കപ്പെട്ടിരിക്കുന്ന സ്വതന്ത്രത, തിരുവിതാംകൂറിനെ പൊതുവെ ഒറ്റതിരിക്കയും മാതൃഭൂമിയുടെ വിപുലമായ ജീവനത്തെ സമ്പന്നമാക്കുന്നതിലേക്കുള്ള അംശദാനം സ്വീകരിക്കുന്നതിനും നല്കു

ന്നതിനും തിരുവിതാംകൂർ പൗരന്മാർക്കു കഴിഞ്ഞകാലങ്ങളിൽ ഉായിരുന്നവയും, ഭാവി ഭാരതത്തിൽ ഉാകാവുന്നവയുമായ അവസരങ്ങളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. തിരുവിതാംകൂറിന്റെ ആധുനികനില ഭാരതത്തിന്റെ ഇതര ഭാഗങ്ങളോടു ചേർത്ത് ആലോചിക്കുമ്പോൾ, സർവപ്രധാനമായി ആവശ്യപ്പെടുന്നതു വിസ്തൃതമായ വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെടുന്ന നിയമനിർമാണസഭകളോടുള്ള ഉത്തരവാദമുള്ള ഒരു ഭരണസംസ്ഥാനമാണ്. ഇപ്പോൾ ആവിർഭവിച്ചുവരുന്ന ഐക്യഭാരതത്തോടുള്ള സംബന്ധത്തിൽ തിരുവിതാംകൂറിന്റെ നില എന്തായിരിക്കണമെന്നു ആലോചിക്കേത് അങ്ങനെയുള്ള ഒരു ഭരണകൂടം മാത്രമാണ്. ഈ പ്രശ്നത്തെ സംബന്ധിച്ചു പ്രചരണവേല ചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്നതു ഗൗരവമായ തെറ്റാണെന്നു കൗൺസിൽ വിചാരിക്കുന്നു. രാജ്യത്ത് വികസിച്ചുവരുന്ന വിഷമാവസ്ഥയെ കൗൺസിൽ ആകുലതയോടുകൂടെ വീക്ഷിക്കയും സമാധാനപരമായ ഒരു ഒത്തുതീർപ്പിൽ എത്തുന്നതിനു വേ സത്വരനടപടി കൈക്കൊള്ളുണമെന്നു ഗവൺമെന്റിനോടു അഭ്യർഥിക്കുകയും ചെയ്യുന്നു."[26]

കൗൺസിൽ തീരുമാനം പൂർണമായി പ്രസിദ്ധപ്പെടുത്താൻ ഒരു വർത്തമാനപ്പത്രവും തയ്യാറായില്ല. തീരുമാനം സമുദായ സെക്രട്ടറി ഗവൺമെന്റ് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. ദിവാൻ മെത്രാപ്പോലീത്തായുടെ പേർക്കു നേരിട്ടു കത്തെഴുതി. മാർത്തോമ്മാസഭ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നുവെന്നും മഹാരാജാവിന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിനെതിരായി പ്രസ്തുത സഭ അണിനിരന്നിരിക്കുന്നതായി ഗവൺമെന്റു നോട്ടു ചെയ്തിരിക്കുന്നുവെന്നും ദിവാൻ കത്തിൽ വ്യക്തമാക്കി. കത്തിനു മറുപടി നൽകാൻപോലും മെത്രാപ്പോലീത്താ തയ്യാറായില്ല. തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിലെ ഉജ്ജ്വലമായ നിലപാടായിരുന്നു അത്.

### 5.7.9. മനുഷ്യാവകാശങ്ങൾക്കുവേി

സ്വതന്ത്രഭാരതത്തിന്റെ രാഷ്ട്രീയ ഗതിവിഗതികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു 1975 ജൂൺ 25-ാം തീയതി പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തരാവസ്ഥ. രാഷ്ട്രത്തിൽ സംജാതമായ അരക്ഷിതാവസ്ഥയിൽ ഗവൺമെന്റ് സ്വീകരിച്ച സുപ്രധാന നിലപാട് എന്ന പേരിൽ ഭാരതസഭകൾ പരക്കെ അടിയന്തിരാവസ്ഥയെ അനുകൂലിച്ചു.[27] അടിയന്തിരാവസ്ഥയുടെ മറുവശം മനസ്സിലാക്കുന്നതിനും സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നാടിന്റെ മനസ്സാക്ഷി തട്ടിയുണർത്തുന്നതിനും ഒറ്റപ്പെട്ട ചില ശ്രമങ്ങൾ അക്കാലത്തു നടന്നിട്ടു്. ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അഭിപ്രായം ഇവിടെ സുധീരമായിരുന്നു; സുവ്യക്തമായിരുന്നു. അടിയന്തരാവസ്ഥ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊ് 1976 ആഗസ്റ്റ് 25-ാം തീയതി മെത്രാപ്പോലീത്താ പ്രധാനമന്ത്രിക്ക് ഒരു കത്തെഴുതി. മാത്രമല്ല, അടിയന്തരാവസ്ഥയുടെ പരിണാമങ്ങൾ വ്യക്തമാക്കിക്കൊ് ദീർഘമായ ഒരു ലേഖനം തയ്യാറാക്കി. അവശ്യം ആവശ്യമായ സ്വാതന്ത്ര്യം നിഷേധിക്കരുതെന്നു മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. പ്രസിദ്ധീകരണാനുമതി നിഷേധിക്കപ്പെട്ട, 'അടിയന്തിരാവസ്ഥ പ്രഖ്യാപനവും പിന്നീടും' എന്ന പ്രസ്തുത  ലേഖനം ഇപ്രകാരം സമാപിക്കുന്നു:

"കോൺഗ്രസിന്റെയും പാർലമെന്റിന്റെയും തീരുമാനങ്ങൾ മനസ്സിലാക്കിയാൽ ഈ അടിയന്തരാവസ്ഥ പെട്ടെന്ന് അവസാനിക്കാൻ പോകുന്നില്ലെന്ന് മനസ്സിലാക്കാം. ഇപ്പോൾ ഏകാധിപത്യ ഭരണത്തിലിരിക്കുന്ന നേതാക്കൾക്കു ബോദ്ധ്യപ്പെടണം സുരക്ഷിതാവസ്ഥ സ്ഥാപിതമായെന്ന്. ആ ബോധ്യം അത്ര എളുപ്പം വരുകയില്ല. കേസ്സെടുത്തിരിക്കുന്നവർ തന്നെയത്രെ വിധി

കർത്താക്കൾ. പത്രപ്രവർത്തകർക്ക് എത്രനാൾ, പത്രപ്രവർത്തനം നിർത്തലാക്കാവുന്ന ഭവിഷ്യത്തു ഫലത്തെപ്പേടിച്ചു മുൻപോട്ടു പോകുവാൻ കഴിയും. അപ്പോൾ പത്രങ്ങൾ ഗവൺമെന്റു കക്ഷികളുടെ ഗ്രാമഫോൺ റിക്കാർഡുകളത്രെ. പൊതുജനങ്ങൾക്കു പലതരം അവശതകൾ, സാമൂഹ്യമായും രാഷ്ട്രീയമായും ഉ്. ഗവൺമെന്റിന്റെ കൈകൾ ഭാരമാകുന്ന സാഹചര്യം ഉ്. ഇവ ഗവൺമെന്റിനെയും പൊതുജനങ്ങളെയും അറിയിച്ചു പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ സാദ്ധ്യമല്ല. പൊതുയോഗങ്ങൾ പാടില്ല; ഭരണകൂടത്തെ വിമർശിച്ചുകൂടാ. പത്രങ്ങളിൽ എഴുതിക്കൂടാ; ഇത് എത്രനാൾ വഹിക്കേിവരും? ഇത് ജനങ്ങളെ ശ്വാസം മുട്ടിക്കുകയാണ്. എല്ലാം ശുഭം എന്നാണ് പത്രങ്ങളിൽ ഭരണകക്ഷി പ്രസിദ്ധപ്പെടുത്തുന്നത്. എന്നാൽ ജനങ്ങൾക്കോ?'[28] കേരള ക്രൈസ്തവസഭാനേതൃത്വത്തിൽനിന്നു സ്വീകരിച്ച ഏറ്റവും ധീരമായ നിലപാടായിരുന്നു അതെന്നു പിൽക്കാലസംഭവങ്ങൾ തെളിയിക്കുന്നു. മനുഷ്യാവകാശങ്ങൾക്കുവേയുള്ള വൈദികസമിതിയുടെ നിലപാട് ഇതുതന്നെയായിരുന്നു.[29]

#### 5.7.10. സ്ത്രീകൾക്കു തുല്യാവകാശം

#### മേരി റോയ് കേസും സുപ്രീംകോടതി വിധിയും

കേരളത്തിലെ ക്രൈസ്തവർക്ക് മൂന്ന് വ്യത്യസ്ത പിൻതുടർച്ചാവകാശ നിയമങ്ങളാണ് ഉായിരുന്നത്. 1.Travancore Christian Succession Act 1916, 2.Cochin Christin Succession Act 1921, 3.Indian Succession Act 1925 (ബ്രിട്ടീഷ് മലബാറിൽ മാത്രം). നിലവിലിരുന്ന പിൻതുടർച്ചാവകാശനിയമപ്രകാരം തിരുവിതാംകൂറിലും കൊച്ചിയിലും ആൺസന്താനങ്ങൾക്കു മാത്രമേ പിതൃസ്വത്തിൽ അവകാശം ലഭിച്ചിരുന്നുള്ളു. പെൺമക്കൾക്ക് അയ്യായിരം രൂപാ വരെ സ്ത്രീധനാവകാശം ലഭിച്ചിരുന്നു. വിധവയ്ക്ക് ജീവിതാവസാനം വരെ കുടുംബവസ്തുവിൽ ഒരു ഭാഗം അനുഭവിക്കുന്നതിനുള്ള അവകാശവും ഉായിരുന്നു. അത് ജീവനാംശം മാത്രമായിരുന്നതിനാൽ മക്കൾക്ക് പിൻതുടർച്ചാവകാശം ലഭിക്കുമായിരുന്നില്ല. (ബ്രിട്ടീഷ് മലബാറിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശം ലഭിക്കുകയും ചെയ്തിരുന്നു.)

പിതൃസ്വത്തവകാശത്തിന്റെ മേൽ സ്ത്രീകളോടു കാട്ടിയിരുന്ന വിവേചനത്തിനെതിരെ മേരി റോയ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 1986-ൽ തുല്യാവകാശം നല്കിക്കൊ് സുപ്രീംകോടതി വിധി പ്രസ്താവിക്കുകയും ചെയ്തു; 1951 മുതൽ മുൻകാലപ്രാബല്യവും ലഭിച്ചു. നിലവിലുായിരുന്ന പിൻതുടർച്ചാവകാശം റദ്ദാക്കപ്പെടുകയും ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശം നൽകുന്ന നിയമം മുൻകാലപ്രാബല്യത്തോടെ പ്രാബല്യത്തിലാവുകയും ചെയ്തു. ഒരു ക്രിസ്ത്യാനി വിൽപത്രം എഴുതിവച്ച് തന്റെ വസ്തുവകകൾ പ്രത്യേകമായി അവകാശപ്പെടുത്തി കൊടുക്കാതിരുന്നാൽ, ആ ആൾ മരിക്കുമ്പോൾ അയാളുടെ ആൺമക്കൾക്കും പെൺമക്കൾക്കും ആ ആളുടെ വസ്തുവകകളിൽ തുല്യമായ അവകാശം ലഭിക്കുന്നു.

*വിധിയുടെ പ്രയോജനങ്ങൾ*:

- സ്ത്രീപൂരുഷന്മാർക്ക് പിതൃസ്വത്തിലുള്ള തുല്യാവകാശം
- ആൺക്കൾക്കു പുറമേ പെൺമക്കൾക്കും വിധവയ്ക്കും കൂടി കൂടുംബസ്വത്തിൽ പൂർണാവകാശം
- സ്ത്രീകൾക്കു സ്വത്തവകാശത്തിലുള്ള വ്യക്തിത്വം, സ്വാതന്ത്ര്യം, സുരക്ഷിതത്വം എന്നിവയുടെ അംഗീകാരം.

- ഏകീകൃത സിവിൾ നിയമം നിലവിൽ വരുന്നതിനുള്ള വ്യക്തമായ ചുവടുവയ്പ്.

### 5.8. സാമൂഹ്യസേവനം സ്ഥാപനങ്ങളിലൂടെ

ഇരുപതാം നൂറ്റിലെ കേരളക്രൈസ്തവസഭകൾ പ്രധാനമായും ശ്രദ്ധയൂന്നിയത് സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലാണ്. വിദ്യാലയങ്ങൾ, കലാലയങ്ങൾ, ആതുരാലയങ്ങൾ, അനാഥശാലകൾ എന്നിങ്ങനെ സാമൂഹ്യസേവനത്തിനുവേി സ്ഥാപിതമായ സ്ഥാപനങ്ങൾ കേരളമൊട്ടാകെ തലയുയർത്തി നിൽക്കുന്നു. കഴിഞ്ഞ നൂറ്റിൽ മിഷനറിമാർ തുടങ്ങിവച്ച കർമപരിപാടികളുടെ തുടർച്ചയായിട്ടാണ് അവയെ കണക്കാക്കേത്. വിദ്യാഭ്യാസസ്ഥാപനങ്ങളോടൊപ്പംതന്നെ ദുർബലവിഭാഗങ്ങളുടെ ക്ഷേമത്തെക്കരുതി ആശുപത്രികൾ, സാധുജനസംരക്ഷണ സംരംഭങ്ങൾ തുടങ്ങിയ കർമപദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടു്. കത്തോലിക്കാ സഭയുടെ മേൽനോട്ടത്തിലാണ് അധികം സ്ഥാപനങ്ങളും നടത്തപ്പെടുന്നത്.[30] സന്ന്യസ്തരായ വൈദികരും കന്യാസ്ത്രീകളും സ്ഥാപനങ്ങൾക്കു നേതൃത്വം നൽകുന്നു. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിലും ആതുരശുശ്രൂഷാമേഖലയിലും ഗണ്യമായ പുരോഗതി കൈവരിക്കുന്നതിൽ ക്രൈസ്തവസ്ഥാപനങ്ങൾ വഹിച്ചിട്ടുള്ള നിർണായകമായ പങ്ക് അവിസ്മരണീയമാണ്. സാക്ഷരത്വത്തിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നതിന്റെ പിന്നിലെ നിയാമകഘടകവും ക്രൈസ്തവ വിദ്യാലയങ്ങളാണ്. ദുർബലവിഭാഗങ്ങൾക്ക് അടിയന്തര സഹായമെത്തിക്കുന്നതിനുള്ള സംവിധാനം മിക്ക സഭകൾക്കുമു്. 'സാമൂഹ്യസേവന'മെന്നതിലുപരി വികസനപ്രവർത്തനങ്ങൾ കത്തെുകയും അവിടെ സ്ഥാപനങ്ങളിലൂടെ ബലിഷ്ഠമായ അടിത്തറയുറപ്പിക്കുവാനും സഭകളുടെയും ട്രസ്റ്റുകളുടെയും മേൽനോട്ടത്തിൽ സമീപകാലത്തു നടത്തപ്പെടുന്നു; അതോടൊപ്പം സേവനത്തെക്കുറിക്കുന്ന സങ്കല്പങ്ങൾക്കും മാറ്റം സംഭവിച്ചിട്ടു്.

#### 5.8.1. സത്യാന്വേഷണത്തന്റെ പുതിയ പാതകൾ

മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം പ്രധാനമായും സമൂഹത്തിന്റെ താണതലത്തിലുള്ളവരെ ലക്ഷ്യമാക്കിയായിരുന്നു. സവർണഹിന്ദുക്കളും ബുദ്ധിജീവികളും പ്രേഷിതമേഖലയ്ക്ക് അന്യമായിരുന്നു. ആദ്ധ്യാത്മികതയുടെ അമരഭൂമിയായ ഭാരതത്തിൽ, ഇതരമതങ്ങളെക്കുറിച്ച് ആഴത്തിൽ അറിയുകയും ആശയസംവേദനം നടത്തുകയും ചെയ്യേത് അനിവാര്യമാണ് എന്ന ചിന്ത ഉടലെടുത്തത് ഈ നൂറ്റിലാണ്. മഹർഷിവര്യനായ സാധുമത്തായിച്ചന്റെ[31] 'ഡയലോഗ് മൂവ്മെന്റ്' ഇവിടെ സവിശേഷം ശ്രദ്ധിക്കേിയിരിക്കുന്നു.

ആർഷസംസ്കാരത്തോടും വേദതത്ത്വങ്ങളോടും ആദരം പുലർത്തിപ്പോന്ന സാധുമത്തായിച്ചൻ, ' സുന്ദരവും നിർമലവും സത്യവു'മായവ എവിടെ കാലും അവ ദൈവത്തിൽനിന്നാണെന്നും അവ നിരുപാധികം ഏവർക്കും സ്വീകാര്യമാണെന്നും വിശ്വസിച്ചു. സവർണഹിന്ദുക്കളോടു സമ്പർക്കം പുലർത്തുന്നതിനുള്ള ഉപാധിയായി ആലപ്പുഴ മുല്ലയ്ക്കൽ ഭാഗത്ത് മിഷൻ കോമ്പൗിൽ ഒരു വായനശാല ആരംഭിച്ചു. 1916 സെപ്റ്റംബർ 14-ാം തീയതി വായനശാല ഉദ്ഘാടനം ചെയ്തു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പത്രമാസികകൾ മാത്രമല്ല, ക്രിസ്തീയജീവിതം, ദൈവശാസ്ത്രം, മതങ്ങളുടെ താരതമ്യപഠനം തുടങ്ങിയ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളും വായനശാലയിൽ ലഭ്യമാക്കി. ആലപ്പുഴയുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രവർത്തനങ്ങളിൽ അന്ന് നേതൃത്വം നൽകിയിരുന്ന പല ഉന്നത വ്യക്തികളും വായനശാലയുമായി സഹകരിച്ചുപോന്നു.[32]

'ഡയലോഗ്' കുറേക്കൂടി വിപുലമായ രീതിയിൽ നടത്തുന്നതിന്, 1919 ൽ 'ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിച്ചു. ഉന്നതവിദ്യാഭ്യാസം നേടിയ ക്രൈസ്തവേതരർ ഇൻസ്റ്റിറ്റ്യൂട്ടിലെ നിത്യസന്ദർശകരായി. ഈശ്വരനെപ്പറ്റിയുള്ള സത്യാന്വേഷണമായിരുന്നു സജീവമായി നടന്ന 'ഡയലോഗു'കളുടെ മുഖ്യധാര. മതവിഷയങ്ങളെക്കുറിച്ചും ഇതരവിഷയങ്ങളെക്കുറിച്ചുമുള്ള പ്രഭാഷണങ്ങളും പതിവായി നടത്തപ്പെട്ടു. യോഹന്നാന്റെ സുവിശേഷവും കഠോപനിഷത്തും അവിടെ പഠിച്ച വിഷയങ്ങളിൽ ഉൾപ്പെടുന്നു. ക്രൈസ്തവസത്യാന്വേഷണത്തിന്റെ പാതയിലെ സുപ്രധാനമായ ചുവടുവയ്പായിരുന്നു 'ഡയലോഗ് മൂവ്മെന്റ്'. ആർഷസംസ്കാരത്തിന്റെ കളിത്തൊട്ടിലായ ഭാരതത്തിൽ സുവിശേഷപ്രവർത്തനത്തിന് പുതിയ മാനം കത്തെിയ മത്തായിച്ചന്റെ ജീവിതദർശനത്തിന് മറ്റൊരു സാക്ഷാത്കാരമാണ്, 'മാങ്ങാനം ക്രൈസ്തവാശ്രമം' (1939).

### 5.9. ആദ്ധ്യാത്മികതയുടെ വിശുദ്ധ വഴികളിൽ

ക്രൈസ്തവ ആദ്ധ്യാത്മികതയുടെ വിശുദ്ധവഴികളിലൂടെ സഞ്ചരിച്ച പുണ്യചരിതരുടെ പാദമുദ്രകൾ കേരളസഭയുടെ ചരിത്രത്തിലും അടയാളപ്പെട്ടിട്ടു്. ആദ്ധ്യാത്മികതയ്ക്ക് ഭാരതീയമെന്നോ, കേരളീയമെന്നോ വിശേഷിപ്പിക്കാവുന്ന ഭാവമുദ്രകൾ പകർന്നവരാണ് ഈ പുണ്യാത്മാക്കൾ. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത വിശുദ്ധനാണ്, പരുമലത്തിരുമേനി എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന പരുമല മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ. ആത്മീയഗുരുവും ദാർശനികനും പൗരസ്ത്യ ദൈവശാസ്ത്ര പ്രഘോഷകനുമായിരുന്നു പരുമലത്തിരുമേനി.

കേരളസഭയിൽനിന്ന് ആഗോള കത്തോലിക്കാസഭ വിശുദ്ധയായി ആദ്യം പ്രഖ്യാപിച്ചത് വിശുദ്ധ അൽഫോൻസാമ്മയെയാണ്. സഹനത്തിന്റെയും സമർപ്പണത്തിന്റെയും ഉൽകൃഷ്ടത വെളിപ്പെടുത്തുന്നതാണ്, മെഴുകുതിരിനാളം പോലെ ഹ്രസ്വമായ ആ ജീവിതം. സഹനമാണ് അൽഫോൻസാമ്മയുടെ സന്ദേശം. വിദ്യാലയങ്ങളിലൂടെ, മുദ്രണാലയങ്ങളിലൂടെ, അക്ഷരകലയിലൂടെ ജീവിച്ചിരുന്നപ്പോൾതന്നെ ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും തിരികൾ തെളിച്ച കെടാവിളക്കായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. കേരളനവോത്ഥാന നായകരിൽ ഒരാളായി ചാവറയച്ചൻ അംഗീകരിക്കപ്പെട്ടു. പ്രാർഥനയിലൂടെ, അശരണർക്കും നിസ്സഹായർക്കും പ്രത്യാശയും ആശ്വാസവും പ്രദാനം ചെയ്ത വിശുദ്ധ എവുപ്രാസ്യാമ്മയുടെ ജീവിതംതന്നെ ഒരു പ്രാർഥനയായിരുന്നു. ജീവിതംകൊ്, ദർശനംകൊ് ചുറ്റുവട്ടത്തെ പ്രകാശമണിയിച്ചവരാണ്, ഈ പാവനചരിതർ.

### 5.10. ഐക്യത്തിന്റെ പാതയിൽ

വിവിധ സഭകൾ തമ്മിൽ ഐക്യത്തിനുവേിയുള്ള ചർച്ചകളും സംരംഭങ്ങളും ഇരുപതാം നൂറ്റാിലെ ക്രൈസ്തവസഭയുടെ സവിശേഷതകളിലൊന്നാണ്. പത്തൊൻപതാം നൂറ്റാിൽ വിഘടിച്ചുനിന്ന സഭാവിഭാഗങ്ങൾ പരസ്പരം അറിയുന്നതിനും അടുക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഒപ്പം, പല സ്വതന്ത്രവിഭാഗങ്ങളും പൊട്ടിമുളച്ചിട്ടുമു്. ബ്രദറൺ, പെന്തിക്കോസ്തൽ സഭാവിഭാഗങ്ങൾ ഉടലെടുത്തതും വളർന്നതും ഇക്കാലത്താണ്.

പുത്തൻകൂർ - പഴയകൂർ ക്രിസ്ത്യാനികൾ തമ്മിൽ 'പുനരൈക്യ'ത്തിനുള്ള ശ്രമങ്ങൾ പലതും നടന്നിട്ടു്. അവയിൽ ഏറ്റവും പ്രധാനം, മാർ ഇവാനിയോസിന്റെ പുനരൈക്യശ്രമ

മാണ്. 1930 ജൂലൈയിൽ റോമിൽ സമ്മേളിച്ച 'പൗരസ്ത്യ തിരുസംഘം' ഈ വിഷയത്തെക്കുറിച്ചു തീരുമാനമെടുത്തു. പുനരൈക്യപ്പെടുന്ന മെത്രാന്മാരെ പദവിയോടെ ഭരണാധികാരം നൽകിക്കൊു സ്വീകരിക്കുന്നതിനുള്ള തീരുമാനം മാർ ഈവാനിയോസിനെ അറിയിച്ചു. അതിനെ തുടർന്ന് 1930 സെപ്റ്റംബർ ഇരുപതാം തീയതി മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ മെത്രാന്മാരോടൊപ്പം ഒരു വിഭാഗം കത്തോലിക്കാവിശ്വാസം സ്വീകരിച്ചു 'പുനരൈക്യ'പ്പെട്ടു. പുനരൈക്യവിഭാഗം, 'മലങ്കര സുറിയാനി കത്തോലിക്കാ സഭ' എന്ന പേരിൽ അറിയപ്പെടുന്നു.

കേരളത്തിലെ സഭൈക്യപ്രസ്ഥാനത്തിലെ സുപ്രധാന ചുവടു വയ്പ്, ദക്ഷിണേന്ത്യയിലെ നാല് ഡയോസിസുകളും, പ്രസ്ബിറ്റീരിയൻ കോൺഗ്രഗേഷണൽ സഭകളും തമ്മിൽ 1908-ൽ ചേർന്നുായ തെന്നിന്ത്യാ ഐക്യസഭയും (S.I.U.C.), മെതഡിസ്റ്റ് സഭയും യോജിച്ച് ദക്ഷിണേന്ത്യാ സഭ (സി.എസ്.ഐ.) രൂപവത്ക്കരിക്കപ്പെട്ടതാണ്. 1947 ആഗസ്റ്റ് 27-ാം തീയതി ദക്ഷിണേന്ത്യാസഭ ഔദ്യോഗികമായി നിലവിൽ വന്നു. മാർത്തോമ്മാ സഭ ദക്ഷിണേന്ത്യാസഭയോടും ഉത്തരേന്ത്യാസഭയോടും പൂർണസംസർഗത്തിൽ പ്രവേശിച്ചതാണ് സഭൈക്യത്തിന്റെ പാതയിൽ മറ്റൊരു ചുവടുവയ്പ്പ്.

എക്യുമെനിക്കൽ പ്രസ്ഥാനത്തോടു കേരളത്തിലെ കത്തോലിക്കേതര ക്രൈസ്തവസഭകൾ സർഗാത്മകമായി പ്രതികരിക്കുന്നു. 1948-ൽ രൂപമെടുത്ത അഖില ലോക സഭാകൗൺസിലിൽ, കേരളത്തിലെ കത്തോലിക്കേതര ക്രൈസ്തവസഭകൾ അംഗങ്ങളാണ്. 1954-ൽ ഇവാൻസ്റ്റനിൽ ചേർന്ന സമ്മേളനം, അഖിലലോക സഭാകൗൺസിലിലിന്റെ അദ്ധ്യക്ഷന്മാരിൽ ഒരാളായി മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരഞ്ഞെടുക്കപ്പെട്ടു. 1968-ൽ ഉപ്സാലയിൽ ചേർന്ന നാലാമത് അസംബ്ലിയിൽ പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ജെ.എം.എം.തോമസ്, കൗൺസിലിന്റെ സെൻട്രൽ കമ്മിറ്റിയുടെ അദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടു. സഭകളുടെ ലോകകൗൺസിലിന്റെ പ്രഥമ വനിതാ അധ്യക്ഷയായ സാറാ ചാക്കോ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് കേരള സഭ നൽകിയ അതുല്യപ്രതിഭയാണ്. വാൻകൂവറിൽ കൂടിയ സമ്മേളനം (1983) ഓർത്തഡോക്സ് സഭയുടെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. സഭകളുടെ ലോകകൗൺസിലിന്റെ രാജ്യാന്തര ഡയറക്ടറായിരുന്നു, വിദ്യാഭ്യാസപ്രവർത്തകനും വിദേശകാര്യ നയതന്ത്ര സംവാദങ്ങളിലെ ആധികാരിക സാന്നിധ്യവുമായിരുന്ന ഡോ. നൈനാൻ കോശി. ഫാ. ഡോ. കെ.എം. ജോർജും ഡോ. മാത്യൂസ് ജോർജ് ചുനക്കരയും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ പ്രശോഭിക്കുന്നവരാണ്.

കേരളത്തിലെ കത്തോലിക്കേതര സഭകൾ, ഐക്യത്തോടെ വിവിധ പ്രസ്ഥാനങ്ങൾക്കു രൂപം നൽകിയിട്ടു്. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജും (1921) ആലുവാ മഹിളാലയം ഹൈസ്കൂളും ഐക്യപ്രവർത്തനത്തിന്റെ നാഴികക്കല്ലുകളാണ്. ഓർത്തഡോക്സ്, മാർത്തോമ്മാ, ആംഗ്ലിക്കൻ സഭാവിഭാഗങ്ങളാണ് ഈ ഐക്യവേദിക്ക് ജന്മമൊരുക്കിയത്. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ, കേരളാ ക്രിസ്ത്യൻ കൗൺസിൽ, ബൈബിൾ സൊസൈറ്റി, ക്രൈസ്തവ സാഹിത്യസമിതി (സി.എസ്.എസ്.), ദൈവശാസ്ത്ര സാഹിത്യ പ്രസിദ്ധീകരണസമിതി (റ്റി.എൽ.സി) തുടങ്ങിയ പ്രസ്ഥാനങ്ങൾ, ക്രൈസ്തവസഭകളുടെ ഐക്യവേദികളാണ്.

### 5.11. ദൈവശാസ്ത്രവേദിയിൽ

കേരളക്രൈസ്തവർക്ക് തനതായ ദൈവശാസ്ത്രം കരുപ്പിടിപ്പിക്കുന്നതിൽ ഏറെയൊന്നും മുമ്പോട്ടു പോകുന്നതിനു കഴിഞ്ഞിട്ടില്ല. വിദേശസഭകളുടെ മേൽക്കോയ്മ, ആ വിധത്തിൽ ചിന്തിക്കുന്നതിനു പ്രേരണ നൽകുകയുമില്ല. കടംകൊ ദൈവശാസ്ത്രസങ്കല്പങ്ങളും അഭ്യസനവുമേ, കേരള ക്രൈസ്തവർക്ക് ഇക്കാലമത്രയും ലഭിച്ചിരുന്നുള്ളു. ഈ രംഗത്തും മാറ്റം കുതുടങ്ങി. ഭാരതത്തിന്റെ - വിശേഷിച്ചു കേരളത്തിന്റെ - ആദ്ധ്യാത്മിക സംസ്കാരത്തിനിണങ്ങുന്ന, രാഷ്ട്രീയ സാമൂഹ്യപ്രശ്നങ്ങളോടു പ്രതികരിക്കുന്ന ദൈവശാസ്ത്രം രൂപപ്പെട്ടുവരുന്നു. ദൈവശാസ്ത്ര പ്രസിദ്ധീകരണരംഗത്തെ അമൂല്യനേട്ടങ്ങളാണ് *ക്രിസ്തുദർശന*ത്തിന്റെയും *വേദപുസ്തകഭാഷ്യ*ത്തിന്റെയും പ്രസിദ്ധീകരണം. ക്രിസ്തുകേന്ദ്രിതമായ ജീവിതവീക്ഷണത്തെയും അതിനാധാരമായി നിൽക്കുന്ന ആദർശസംഹിതയേയും *ക്രിസ്തുദർശന*ത്തിൽ സമഗ്രമായി പ്രതിപാദിക്കുന്നു. ദൈവം, ക്രിസ്തു, ക്രിസ്തുസഭ, ക്രൈസ്തവജീവിതം എന്നീ നാലു ഭാഗങ്ങളായി തിരിച്ച്, *ക്രിസ്തുദർശന*ത്തിൽ രൂപംകൊ വിശ്വാസവിചാരപദ്ധതികളെ ക്രമബദ്ധമായും യുക്തിഭദ്രമായും വിവരിക്കുന്ന ബൃഹത്ഗ്രന്ഥമാണിത്. ഡോ.ജോർജ് പുഞ്ചക്കുന്നേൽ, ഡോ.ജേക്കബ് കട്ടയ്ക്കൽ എന്നിവർ എഡിറ്റു ചെയ്ത ഗ്രന്ഥം പ്രസിദ്ധീകരിച്ചത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. പ്രസാധനവർഷം, 1975.

വേദപുസ്തകവ്യാഖ്യാനരംഗത്തെ അതുല്യമായ ചുവടുവയ്പാണ്, വേദപുസ്തകഭാഷ്യമെന്ന ഏകവാല്യപ്രകരണത്തിന്റെ പ്രസിദ്ധീകരണം. യുക്തിയും ഭക്തിയും സമഞ്ജസമായി സമ്മേളിക്കുന്ന 'ഭാഷ്യ'ത്തിൽ, വേദപുസ്തക വ്യാഖ്യാനസംബന്ധമായി രൂപംകൊിട്ടുള്ള മിക്ക ആധുനികചിന്തകളും ഉൾക്കൊള്ളിച്ചിട്ട്. എബ്രായ ഗ്രീക്ക് - അരാമ്യ മൂലരേഖകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള *വേദപുസ്തകഭാഷ്യ*ത്തിൽ, ഭാരതീയചിന്തയ്ക്കു സമർഹമായ പ്രധാന്യം നൽകിയിട്ട്. വേദഗ്രന്ഥങ്ങളെക്കുറിച്ചു പൊതുവായ വിജ്ഞാനം പകരുന്ന, അവയിൽ അടങ്ങിയിരിക്കുന്ന മഹത്വാക്യങ്ങളുടെ അർഥം വിശദീകരിക്കുന്ന *വേദപുസ്തകഭാഷ്യ*ത്തിന്റെ രചനയിൽ നാല്പതിൽപരം എഴുത്തുകാർ സഹകരിച്ചു. ഭാരതീയ ഭാഷകളിലെ ഈദൃശ പ്രഥമസംരംഭമായ *വേദപുസ്തകഭാഷ്യ*ത്തിന്റെ പ്രസാധകർ, ദൈവശാസ്ത്ര സാഹിത്യസമിതിയാണ്. (പ്രസാധന വർഷം 1979).

മലയാളത്തിലെ ആദ്യ വേദപുസ്തക ശബ്ദകോശമാണ് റവ. എ.സി.ക്ലെയിറ്റന്റെ ബൈബിൾ നിഘു. (സി.സ്.എസ്. പ്രസിദ്ധീകരണം). ഇതൊരു സ്വതന്ത്രരചനയല്ല, വിവർത്തനമാണ്. ഡോ. ഡി. ബാബു പോളിന്റെ *വേദശബ്ദരത്നാകരം* മലയാളത്തിലെ ബൈബിൾ വിജ്ഞാനീയത്തിന് ലഭിച്ച മഹത്തായ നേട്ടമാണ്. വേദപുസ്തഭാഷ്യത്തിന്റെ സഹോദര പ്രസിദ്ധീകരണമായ *ബൈബിൾ വിജ്ഞാനകോശം* സമഗ്രമാണ്, ആധികാരികമാണ്. *ക്രൈസ്തവ ശബ്ദകോശം* (ഡോ.ജോർജ് കുരുക്കൂർ) ഒരു പ്രൗഢകൃതിയാണ്. ജി. സുശീലന്റെ *ബൈബിൾ ശബ്ദസാഗര*മാണ് മറ്റൊരു നിഘു.

ദൈവശാസ്ത്രസംബന്ധമായ പഠനലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന മികച്ച ആനുകാലികങ്ങളാണ് 'മതവും ചിന്തയും', 'ജീവധാര', 'ബൈബിൾ ഭാഷ്യം' എന്നിവ. പൗരസ്ത്യ ക്രൈസ്തവ ആധ്യാത്മികതയുടെ പ്രമാണഗ്രന്ഥമായ *ഫിലോകാലിയാ* വിവർത്തനം ചെയ്ത് അഞ്ച് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ട്. (റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗേഷൻ പ്രസിദ്ധീകരണം). ദൈവശാസ്ത്രരംഗത്ത് മികച്ച സംഭാവന നല്കിയവരാണ് ഡോ.

പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഡോ. എം.എം.തോമസും. ഡോ. സിറിയക് കണിച്ചായി, ഡോ.ജോസഫ് പാത്രപാങ്കൽ, ഫാ. സാമുവൽ രായൻ, ഡോ. ജെ. കട്ടയ്ക്കൽ എന്നീ ദൈവശാസ്ത്രജ്ഞന്മാരുടെ പേരുകൾ സവിശേഷം സ്മരണീയമാണ്. സമകാലികപ്രശ്നങ്ങളോടുള്ള ദൈവശാസ്ത്രാധിഷ്ഠിതമായ പ്രതികരണങ്ങളാണ് ഫാ. എ. അടപ്പൂരിന്റെയും ഫാ. ഡോ. പോൾ തേലക്കാട്ടിന്റെയും ഫാ. ഡോ. കെ.എം. ജോർജിന്റെയും രചനകൾ. ഭാരതീയ ദൈവശാസ്ത്രം രൂപപ്പെടുത്താനുള്ള ശ്രമം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടു്.

വിമോചനദൈവശാസ്ത്രവും കേരളത്തിലെ ദൈവശാസ്ത്രചിന്തയെ പ്രചോദിപ്പിച്ചിട്ടു്. ദൈവശാസ്ത്രത്തിന് ജനകീയ അടിത്തറയൊരുക്കിയവരിൽ ഡോ. പൗലോസ് മാർ പൗലോസ് പ്രഥമഗണനീയനാണ്. *സ്വാതന്ത്ര്യമാണ് ദൈവം* എന്ന ഗ്രന്ഥം ബിഷപ്പിന്റെ ദൈവശാസ്ത്ര കാഴ്ചപ്പാടിന്റെ നിദർശനമാണ്. ക്രൈസ്തവ മാർക്സിസ്റ്റ് സംവാദങ്ങളിൽ പുതിയ വഴിത്താരകൾ വെട്ടിത്തെളിച്ച ദാർശനികനും ദൈവശാസ്ത്രജ്ഞനുമാണ് ഫാ. എസ്. കാപ്പൻ. ചരിത്രത്തിൽ പ്രവർത്തിക്കുന്ന, നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിലും വർത്തമാനകാലസംഭവങ്ങളിലും നമ്മെ അഭിമുഖീകരിക്കുന്ന യേശുവാണ്, കാപ്പനച്ചന്റെ വിശ്വാസത്തിന്റെയും ആത്മീയതയുടെയും കേന്ദ്രം. പള്ളിയിൽനിന്ന് ലോകത്തിലേക്ക് എന്നതായിരുന്നു, കാപ്പനച്ചന്റെ ചിന്താഗതി. *Jesus and Freedom, Jesus and Culture, Jesus Today, വിശ്വാസത്തിൽനിന്ന് വിപ്ലവത്തിലേക്ക്* തുടങ്ങിയവയാണ് എസ്. കാപ്പന്റെ പ്രഖ്യാതകൃതികൾ.

സ്ത്രീപക്ഷചിന്തയിൽ അധിഷ്ഠിതമായ സ്ത്രൈണ ആത്മീയത വർത്തമാനകാല ദൈവശാസ്ത്രചിന്തയുടെ പ്രബലമായ ധാരയാണ്. സ്ത്രീ–പരിസ്ഥിതി എന്നീ മേഖലകളിലേക്ക് അത് ഒഴുകിപ്പരക്കുന്നു. ദൈവശാസ്ത്രമേഖലയിൽ ഒതുങ്ങിനില്ക്കാതെ, സാഹിത്യദർശനം, പാരിസ്ഥിതിക ദർശനം തുടങ്ങിയ ചിന്താപദ്ധതികളിലേക്കും വ്യാപിക്കുന്നു്. ദലിത് ദൈവശാസ്ത്രവും സജീവമാണ്. നിന്ദിതരുടെയും പീഡിതരുടെയും നിലവിളിക്ക് വർത്തമാനകാല ദൈവശാസ്ത്രപഠനവും കാതോർക്കുന്നു. പാരമ്പര്യനിഷ്ഠമായ ദൈവശാസ്ത്രസമീപനങ്ങളും പഠനവും പുതിയ ചിന്താശൈലികൾക്ക് വഴിമാറുകയാണ്. പത്രപ്രസിദ്ധീകരണങ്ങളിൽ ധ്യാനാത്മക ചിന്തകൾക്ക് ഇടംകിട്ടുന്നത് കഴിഞ്ഞ നൂറ്റാറിന്റെ ഉത്തരപാദത്തിലാണ്. പൊതു വായനാസമൂഹത്തെയാണ്, അവ ലക്ഷ്യമാക്കുന്നത്. ബൈബിൾകേന്ദ്രീകൃതമായ പ്രസാദാത്മക ചിന്തകൾ, ഞായറാഴ്ചപ്പതിപ്പുകളിലും മറ്റും ഇടം കത്തെി. മലയാള മനോരമയിലെ പ്രതിവാര പംക്തിയായ റ്റി. ചാ‌യുടെ ഇന്നത്തെ ചിന്താവിഷയമാണ്, അക്കൂട്ടത്തിൽ പ്രാതഃസ്മരണീയം. *ഇന്നത്തെ ചിന്തകൾ* എന്ന പേരിൽ പുസ്തകരൂപം ആർജിക്കുകയും ചെയ്തു. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ര് ദശാബ്ദത്തിലേറെയായി പ്രതിവാരചിന്തകൾ പ്രസിദ്ധീകരിക്കുന്നു; അവ പതിനൊന്നു വാല്യങ്ങളായി പുസ്തകരൂപം പ്രാപിക്കുകയും ചെയ്തിട്ടു്. കെ.എം. റോയിയുടെ 'ഇരുളും വെളിച്ചവും' പ്രസാദാത്മകചിന്തകളുടെ ബൃഹത്തായ സമാഹാരമാണ്. മതാതീവും കാവ്യാത്മകവുമായ ധ്യാനചിന്തകളുടെ സൗരഭ്യം പകരുന്നവയാണ് ഫാ. ബോബി ജോസ് കട്ടിക്കാട്ടിന്റെ പുസ്തകങ്ങൾ. ബൈബിളും സെൻബുദ്ധിസവും സൂഫിസവും കാവ്യാത്മക ചിന്തകളിൽ ലയിച്ച് പുതിയൊരു ധ്യാനാത്മകശൈലിതന്നെ രൂപപ്പെട്ടിട്ടു്, ബോബി ജോസിന്റെ രചനകളിലൂടെ. 'ഇത്ര ചെറുതാകാൻ എത്ര വളരേണം' എന്ന ഗാനത്തിലൂടെ ക്രൈസ്തവഹൃദയങ്ങളിൽ ഇടം തേടിയ ഫാ. ജോയി ചെഞ്ചേരിൽ എം.സി.ബി.എസ് 'അയനം' തുടങ്ങിയ ധ്യാനാത്മകഗ്രന്ഥങ്ങളുടെ കർത്താവായ ദിവ്യകാരുണ്യപ്രഘോഷകനാണ്.

രാം വത്തിക്കാൻ കൗൺസിലിന്റെ സഭാദർശനം ഉൾച്ചേർത്ത് വിപുലീകരിച്ച റവ. ഡോ. സേവ്യർ കൂടപ്പുഴയുടെ *ഭാരതസഭാചരിത്രം* ഒരു വിശിഷ്ട ചരിത്രഗ്രന്ഥമാണ്. 1500-ഓളം പേജുകളിൽ 29 അദ്ധ്യായങ്ങളിലായി പരന്നുകിടക്കുന്നു ഈ ബൃഹദ് ചരിത്രഗവേഷണത്തിന്റെ സദ്ഫലം. നൂറുകണക്കിനു ചരിത്രരേഖകളും ആധികാരിക ഗ്രന്ഥങ്ങളും വിവിധ പഠനകേന്ദ്രങ്ങളിൽ നടന്നതും നടന്നുകൊിരിക്കുന്നതുമായ ചരിത്രഗവേഷണപഠനങ്ങളും ആധാരമാക്കി ഈ ഗ്രന്ഥത്തിന്റെ സമഗ്രതയും ആധികാരികതയും ഉറപ്പുവരുത്തിയിരിക്കുന്നു. റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളുടെ അതിർത്തികൾക്കപ്പുറത്ത് അവയുടെ സ്വാധീനവലയത്തിൽ പെടാതെ തോമ്മാമാർഗത്തിൽ ചുവടുറപ്പിച്ച് വളർത്തിയെടുത്ത മാർത്തോമ്മാക്രിസ്ത്യാനികളുടെ ജീവിതശൈലിയും പാരമ്പര്യവും വീടെടുക്കണമെന്ന ശക്തമായ അഭിനിവേശം ഈ ഗ്രന്ഥത്തിന്റെ അന്തർധാരയാണ്. ഭാരതവത്ക്കരണം എന്നത് ആരതി, പത്മാസനം, കാഷായവേഷം, രുദ്രാക്ഷം, ചന്ദനം പൂശൽ എന്നിവയിൽ ഒതുങ്ങേതല്ലെന്നും ജീവിതലാളിത്യം, നോമ്പ്, പ്രാർഥന, ധ്യാനം, പരിത്യാഗം, ഉപവാസം, തപസ്, എളിമ, സസ്യാഹാരം എന്നിവയിലൂടെ വീടെടുക്കപ്പെടേതാണെന്നും ഈ കൃതിയിൽ വായനക്കാരെ ഓർമിപ്പിക്കുന്നു.

## കുറിപ്പുകൾ

1. തിരുവല്ലാ കത്തിൽ കുടുംബാംഗമായ വറുഗീസ് മാപ്പിള 1857-ൽ ജനിച്ചു. കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽനിന്ന് മെട്രിക്കുലേഷൻ പാസ്സായി. തുടർന്ന് ഇംഗ്ലീഷ് പഠിക്കാൻ പോകയും എഫ്.എ.ക്ലാസ് വരെ പഠനം തുടരുകയും ചെയ്തു. കൊച്ചിയിൽനിന്ന് ദേവജി ഭീമജി പ്രസിദ്ധീകരിച്ച 'കേരളമിത്ര'ത്തിന്റെ പത്രാധിപരായി. 1888-ൽ മലയാള മനോരമ കമ്പനി സ്ഥാപിച്ചു. അടുത്ത വർഷം മുതൽ 'മലയാള മനോരമ' പത്രം പ്രസിദ്ധീകരിച്ചു. കോട്ടയത്തു 'കവിസമാജം' വിളിച്ചുകൂട്ടിയതും, 'ഭാഷാപോഷിണി സഭ' സ്ഥാപിച്ചതും (1892) അദ്ദേഹമാണ്. 'ദർപ്പവിച്ഛേദം', 'കലഹിനീദമനകം', 'എബ്രായക്കുട്ടി', 'സച്ചരിത്രശതകം' മുതലായ പ്രസിദ്ധ കൃതികളുടെ കർത്താവാണ് അദ്ദേഹം. മലയാള സാഹിത്യത്തിന്റെ പരിവർത്തനഘട്ടത്തിൽ ധീരമായ നേതൃത്വം നല്കിയ വറുഗീസ് മാപ്പിള 1904 ജൂലൈ ആറാം തീയതി നിര്യാതനായി.
2. കത്തിൽ വറുഗീസ് മാപ്പിളയുടെ നിര്യാണത്തെ തുടർന്ന് (1904) കെ.സി.മാമ്മൻ മാപ്പിള പത്രാധിപരായി. അദ്ദേഹത്തിന്റെ ഭരണകാലത്താണ് മനോരമ പടർന്നു പന്തലിച്ചത്. 1928 ജനുവരി 16-ാം തീയതി ദിനപത്രമായി പ്രസിദ്ധീകരിച്ചു തുടങ്ങി. സ്വദേശാഭിമാനിയായ മാമ്മൻമാപ്പിളയുടെ പത്രാധിപത്യത്തിലിറങ്ങിയ മനോരമ ഭരണാധികാരികളുടെ അപ്രീതിക്കു പാത്രമാവുകയും, 1938 സെപ്തംബർ 10-നു നിരോധിക്കുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുശേഷം, 1947 നവംബർ 29 നാണ് മനോരമ പുനരാരംഭിച്ചത്.
3. ജോസഫ് മു ശ്ശേരി – 'സുറിയാനി ക്രിസ്ത്യാനികളും സാഹിത്യമണ്ഡലവും', *ക്രിസ്തുമതവും ഭാരതവും*, പുറം.577, 578
4. ജോൺ പെല്ലശ്ശേരി, 'നമ്മുടെ പത്രപ്രവർത്തന പാരമ്പര്യം' *ക്രിസ്തുമതവും ഭാരതവും,* പുറം. 589, 590.
5. ഐ.സി.ചാക്കോ (1875 – 1966): പുളിങ്കുന്നിൽ പുന്നക്കുന്നത്തുശ്ശേരി ഗ്രാമത്തിൽ ഇല്ലിപ്പറമ്പ് കുടുംബത്തിൽ, 1875 ഡിസംബർ 25-ാം തീയതി ജനിച്ചു. സംസ്കൃതപഠനത്തോടുകൂടെയായിരുന്നു വിദ്യാഭ്യാസത്തിനു തുടക്കംകുറിച്ചത്. തുടർന്ന് ഇംഗ്ലീഷ് അഭ്യസിച്ചു. സംസ്കൃതം ഐച്ഛികവിഷയമായെടുത്ത് എഫ്.എ.യും ഗണിതശാസ്ത്രത്തിൽ ബി.എ.യും പാസായതിനുശേഷം അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. ഗവൺമെന്റ് സ്കോളർഷിപ്പോടുകൂടി ഇംഗ്ലിൽ പോയി രസതന്ത്രം, ഫിസിക്സ്, മാത്തമാറ്റിക്സ്, എഞ്ചിനീയറിംഗ്, സർവേയിംഗ് ജിയോളജി എന്നീ വിഷയങ്ങളിൽ ഡിഗ്രി കരസ്ഥമാക്കി നാട്ടിൽ തിരികെയെത്തി ഗവൺമെന്റ് സർവീസിൽ ജോലി സ്വീകരിച്ചു. പൗരസമത്വ

വാദത്തിന്റെയും നിവർത്തനപ്രസ്ഥാനത്തിന്റെയും സ്റ്റേറ്റ് കോൺഗ്രസിന്റെയും പിന്നിലെ മേധാശക്തികളിലൊന്നായിരുന്നു അദ്ദേഹം. വിവിധ വിഷയങ്ങളിൽ കൃതികൾ രചിച്ചിട്ടു്. 1966 മെയ് 27-ാം തീയതി അന്തരിച്ചു.

6. ഡോ. പി.ജെ.തോമസ് (1893-1955): കുറവിലങ്ങാട്ട് പകലോമറ്റം കുടുംബശാഖയായ നരിമറ്റത്തു വീട്ടിൽ, 1893 ഫെബ്രുവരി 22 ന് ജനിച്ചു. ബി.എ. പാസായശ്ശേഷം തിരുവനന്തപുരം മഹാരാജാസ് കോളജിൽ ജോലി സ്വീകരിച്ചു. ഓക്സ്ഫോർഡിൽ നിന്ന് ബി.ലിറ്റ്; ഡി.ഫിൽ. ബിരുദങ്ങൾ നേടി. 1922-ൽ ഇംഗ്ലിൽ നിന്നു തിരിച്ചെത്തിയ ഡോ. തോമസ് സിലോൺ സർവകലാശാലയിൽ ജോലി സ്വീകരിച്ചു. 1927-ൽ മദ്രാസ് സർവകലാശാലയിൽ ധനതത്വശാസ്ത്ര പ്രൊഫസറായ അദ്ദേഹം ചരിത്രം, ധനതത്ത്വശാസ്ത്രം എന്നീ വിഷയങ്ങളിൽ അനേകം പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തി. 1937 മുതൽ ഒൻപതുവർഷത്തേക്കു മദ്രാസ് നിയമസഭാ മെമ്പറായി ഗവൺമെന്റ് നോമിനേറ്റു ചെയ്തു. 1945-ൽ ഐക്യരാഷ്ട്രസഭയടെ ആദ്യ പ്രതിനിധിസംഘത്തിൽ അംഗമായിരുന്ന ഡോ. തോമസ്, ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തികോപദേഷ്ടാവായി നിയമിതനായി. 1957-ൽ രാജ്യസഭാംഗമായി. സാഹിത്യപരിഷത്ത്, കത്തോലിക്കാകോൺഗ്രസ്, കേരളചരിത്രപരിഷത്ത് എന്നിവയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടു്. *കർഷകന്റെ കടബാദ്ധ്യത* എന്ന കൃതി പ്രസിദ്ധമാണ്. ഇംഗ്ലീഷിലും നിരവധി കൃതികൾ രചിച്ചിട്ടു്. 1965 ജൂലൈ 26-ാം തീയതി അന്തരിച്ചു.

7. പ്രൊഫ. എം.പി.പോൾ (1904 - 1952). പുത്തൻപള്ളി മേനാച്ചേരി കുടുംബത്തിൽ, 1904 മെയ് ഒന്നാം തീയതി ജനിച്ചു. തൃശിനാപ്പള്ളി കോളജിൽനിന്നു 1928-ൽ എം.എ. പാസായി. തൃശൂർ സെന്റ് തോമസ് കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി പ്രവർത്തിച്ചു. അവിടെ നിന്നു പിരിഞ്ഞതിനെ തുടർന്ന് ട്യൂട്ടോറിയൽ പ്രസ്ഥാനത്തിലേക്കു തിരിഞ്ഞു. മാർ ഈവാനിയോസ് കോളജിൽ വീും അദ്ധ്യാപകനായി. മലയാളസാഹിത്യത്തിന്റെ അമരത്ത് നിലയുറപ്പിച്ച കാരണവരായിരുന്നു പ്രൊഫ. എം.പി. പോൾ. *നോവൽസാഹിത്യ*വും *ചെറുകഥാപ്രസ്ഥാന*വും പ്രസിദ്ധ ലക്ഷണഗ്രന്ഥങ്ങളാണ്. 'സൗന്ദര്യ നിരീക്ഷണ'മാണ് മറ്റൊന്ന്. പുരോഗമനവാദികളായ സാഹിത്യകാരന്മാരിൽ പലരെയും പ്രവൃത്യുന്മുഖരാക്കിത്തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടു്. ബഷീറും കാരൂരും തകഴിയുമൊക്കെ അദ്ദേഹവുമായി ഇടപഴകി വളർന്നിട്ടുള്ള സാഹിത്യകാരന്മാരാണ്. പത്തൊൻപതാമത്തെയോ, ഇരുപതാമത്തെയോ വയസ്സിൽ ഉജ്വലമായി കത്തിത്തുടങ്ങിയ ആ തിരി നാല്പത്തിയൊൻപതിലേക്കു കടന്നപ്പോഴേക്കും കത്തിയടങ്ങിക്കഴിഞ്ഞു. - 1952 ജൂലൈ 12-ാം തീയതി.

8. പ്രൊഫ. ജോസഫ് മുശ്ശേരി (1903-1977): തൃശൂരിനടുത്ത് കശ്ശാംകടവിൽ 1903 ജൂലൈ 17നു ജനിച്ചു. ഊർജതന്ത്രത്തിൽ ബിരുദം നേടിയശേഷം മലയാളത്തിലും സംസ്കൃതത്തിലും എം.എ. പരീക്ഷകൾ പാസ്സായി. 1952 വരെ തൃശൂർ സെന്റ് തോമസ് കോളജിൽ പൗരസ്ത്യഭാഷാ വിഭാഗത്തിന്റെ തലവനായിരുന്നു. ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ (1957-59) വിദ്യാഭ്യാസമന്ത്രിയായി. മുശ്ശേരി മന്ത്രിയായിരുന്ന കാലത്തു വിദ്യാഭ്യാസംരംഗത്തു ദൂരവ്യാപകമായ ഫലം ഉളവാക്കിയ പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കി. 'മംഗളോദയം' മാസികയുടെ പത്രാധിപരുമായിരുന്നു. സഹകരണപ്രസ്ഥാനത്തിലും, കേന്ദ്രകേരള സാഹിത്യഅക്കാദമികളിലും മറ്റു സാംസ്കാരിക മേഖലകളിലും പ്രവർത്തിച്ച പ്രൊഫ. മുശ്ശേരി, കൊച്ചി സർവകലാശാലയുടെ ഒന്നാമത്തെ വൈസ് ചാൻസലറായി. മലയാള സാഹിത്യവിമർശനത്തിന്റെ നെടുംതൂണായിരുന്ന മുശ്ശേരി, അമ്പതോളം കൃതികൾ രചിച്ചിട്ടു്. 'കാവ്യപീഠിക', 'മാറ്റൊലി', 'അന്തരീക്ഷം', 'മാനദണ്ഡം', 'രൂപഭദ്രത', 'മനുഷ്യകഥാനുഗായികൾ' തുടങ്ങിയവ സുപ്രസിദ്ധമാണ്. കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ പ്രഭാഷകനായിരുന്നു മുശേരി. 1977 ഒക്ടോബർ 25-ാം തീയതി അന്തരിച്ചു.

9. കെ.പി. അപ്പൻ, *കലഹവും വിശ്വാസവും,* പുറം. 186

10. സി.ജെ.തോമസ് (1918-1960): കൂത്താട്ടുകുളത്തു ചൊള്ളമ്പേൽ കുടുംബത്തിൽ, 1918 നവംബർ 14-ാം തീയതി ജനിച്ചു. 1939 ൽ ബി.എ.പാസായി. രുവർഷം വടകര സ്കൂളിൽ അദ്ധ്യാപകനായിരുന്നു. തുടർന്നു തിരുവനന്തപുരം ലോ കോളേജിൽനിന്നു നിയമബിരുദം. വിദ്യാർഥി ഫെഡറേഷൻ പ്രവർത്തനത്തിലൂടെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി. രാഷ്ട്രീയത്തിൽനിന്നു വിരമിച്ചശേഷം, സാഹിത്യത്തിൽ ശ്രദ്ധയൂന്നി. 'സോഷ്യലിസം', 'മതവും കമ്യൂണിസവും', 'അവൻ വീും വരുന്നു',

'ധിക്കാരിയുടെ കാതൽ', 'ഇവൻ എന്റെ പ്രിയപുത്രൻ', '1128-ലെ ക്രൈം.27', 'ആ മനുഷ്യൻ നീ തന്നെ', 'ഉയരുന്ന യവനിക' തുടങ്ങിയവയാണ് കൃതികൾ. പത്രപ്രവർത്തകനുമായിരുന്നു. മലയാള പുസ്തകങ്ങളുടെ മുഖച്ഛായ മാറ്റുന്നതിലും കവർ ചിത്രങ്ങൾ വരയ്ക്കുന്നതിലും സി.ജെ.താല്പര്യമെടുത്തു. 1960 ജൂലൈ 14-ാം തീയതി അന്തരിച്ചു.

11. അയ്യപ്പപ്പണിക്കർ, 'സി.ജെ.തോമസിന്റെ നാടകസങ്കല്പം', *നാടകക്കളരി,* പുറം 65.

12. തച്ചിൽ മാത്തുത്തരകൻ: സമുദായനേതാവും രാജ്യസേവകനുമായിരുന്നു തച്ചിൽ മാത്തുത്തരകൻ, കുത്യതോട്ടിൽ തച്ചിൽ കുടുംബത്തിൽ, 1742-ൽ ജനിച്ചു. ഈസ്റ്റ് ഇൻഡ്യാ കമ്പനിയുമായി തടി വ്യാപാരത്തിൽ ഏർപ്പെട്ട മാത്തൂത്തരകൻ, തിരുവിതാംകൂറിലെ ഏറ്റവും സമ്പന്നനായ വർത്തകപ്രമാണിയായിത്തീർന്നു. തിരുവിതാംകൂർ രാമവർമ്മ മഹാരാജാവിന്റെ സേവകനായിത്തീർന്ന അദ്ദേഹം രാജകുടുംബത്തിന്റെ കടംവീട്ടുവാനായി 14 ലക്ഷം രൂപാ കടം കൊടുക്കുകയുായി. തിരുവിതാംകൂറിന്റെ വാണിജ്യാഭിവൃദ്ധിക്കും, ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനും തരകൻ മുൻനിന്നു പ്രവർത്തിച്ച ക്രിസ്തുമത വിരോധിയായിരുന്ന വേലുത്തമ്പി, ദളവയായിത്തീർന്നപ്പോൾ മാത്തൂത്തരകനെ പലവിധത്തിൽ പീഡിപ്പിക്കുകയും തടവിലാക്കുകയും സ്വത്ത് കുകെട്ടുകയും ചെയ്തു. 1814 മേടം 26-ാം തീയതി നിര്യാതനായി. *ക്രൈസ്തവ വിജ്ഞാനകോശം,* പുറം 549.

13. കെ.സി. മാമ്മൻ മാപ്പിള: നിരണം കത്തിൽ കുടുംബത്തിൽ 1872 മേടം 23 നു ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്നു ബി.എ.പാസ്സായശേഷം കോട്ടയം എം.ഡി.സെമിനാരി ഹെഡ്മാസ്റ്ററായി. വറുഗീസ് മാപ്പിളയുടെ ചരമത്തെ തുടർന്നു മലയാള മനോരമ പത്രാധിപരായി. മലങ്കര റബർ കമ്പനി, ആലപ്പുഴ സി.പി. കമ്പനി, തിരുവിതാംകൂർ നാഷണൽ ബാങ്ക് എന്നിവയുടെ സ്ഥാപകനാണ്. നാഷണൽ ബാങ്ക് ക്വയിലോൺ ബാങ്കുമായി സംയോജിപ്പിക്കുയും, സർ സി.പി.യുടെ ചരടുവലിമൂലം ലിക്വിഡേഷനിലാവുകയും ചെയ്തു. സർ സി.പി., മാമ്മൻ മാപ്പിളയെ ജയിലിലാക്കുകയും മനോരമ കുകെട്ടുകയും ചെയ്തു. മാമ്മൻ മാപ്പിള പല തവണ പ്രജാസഭാമെമ്പറും രു തവണ നിയമസഭാമെമ്പറുമായിട്ട്.. 1953 ഡിസംബർ 31 നു നിര്യാതനായി

14. ജോ.എം.ജെ. കോശി., 'K.C. Mammen Mappilai the Man and his Vision', P.96

15. എസ്.കൃഷ്ണയ്യർ, 'ബാങ്കിംഗ് വ്യവസായം കേരളത്തിൽ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1982 സെപ്റ്റംബർ. 19-52, പുറം.6

16. മേപ്രാർ പുതിയോട്ട് പി.ജെ.ജേക്കബിന്റെ നേതൃത്വത്തിൽ തുടങ്ങിയ പുതിയോട്ട് ഇൻഡസ്ട്രിയൽ ബാങ്ക്, കറുത്തേടത്ത് സി.ഒ.ഫിലിപ്പും പുതുമഠത്തിൽ കെ.ഐ. വറുഗീസ് മാപ്പിളയും തുടങ്ങിയ കേരള ബാങ്ക്, ആലപ്പുഴയിൽ ആരംഭിച്ച ആലപ്പുഴ ബാങ്ക്, കോട്ടയം യൂണിയൻ കൊമേർഷ്യൽ കോർപ്പറേഷൻ, ചങ്ങനാശ്ശേരി മലയാള നാഷണൽ യൂണിയൻ ബാങ്ക് തുടങ്ങിയവ ക്രൈസ്തവരുടെ ചുമതലയിൽ ആരംഭിച്ച ആദ്യകാല ബാങ്കുകളാണ്.

17. എ. ശ്രീധരമേനോൻ, *കേരള ചരിത്രം,* പുറം.446

18. പ്രൊഫ.ജോസഫ് കെ. അലക്സാർ, 'രാഷ്ട്രീയ സാമ്പത്തിക സംഭാവനകൾ', *ഇരുപതാം നൂറ്റാിലെ മലങ്കര സഭ*, പുറം 402.

19. ക്രൈസ്തവ വിജ്ഞാനകോശം, പുറം. 952

20. എ.ജെ.ജോൺ: തലയോലപ്പറമ്പ് ആനാപ്പറമ്പിൽ 1893-ൽ ജനിച്ചു. 1919-ൽ നിയമബിരുദമെടുത്ത ശേഷം തിരുവനന്തപുരത്ത് വക്കീലായി പ്രാക്ടീസാരംഭിച്ചു. 1952-ൽ വൈക്കം-കോട്ടയം നിയോജക മണ്ഡലത്തിൽ നിന്നും നിയമസഭാംഗമായി. നിവർത്തന പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുത്ത എ.ജെ.ജോൺ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിലൊരാളാണ്. 1952-ൽ മുഖ്യമന്ത്രിയായി. 1956-ൽ മദ്രാസ് ഗവർണറായി നിയമിതനായി. 1957 ഒക്ടോബർ 1-ാം തീയതി അന്തരിച്ചു.

21. ഇലഞ്ഞിക്കൽ ജോൺ കുരുവിളയുടെ പത്നി

22. എം.സി.എം.ന്റെ ആഭിമുഖ്യത്തിൽ വർക്കല ശിവഗിരി സ്കൂളിൽ കൂടിയ വിദ്യാർഥി ക്യാമ്പിലെ ചർച്ചകളുടെ ഫലമായി ഉരുത്തിരിഞ്ഞ സംഘടനയാണ് വൈ.സി.സി.എ. യൂഹാനോൻ മാർ തിമോത്തിയോസ്, ശ്രീ.ഇ.വി.മാത്യു തുടങ്ങിയവരായിരുന്നു. കോൺഫറൻസിന് ആ വർഷം നേതൃത്വം നൽകിയത്.

23. അപ്രകാരം ചെയ്തവർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു. ചില സമുദായങ്ങൾക്ക് കോളേജുകൾ അനുവദിച്ചു കിട്ടി. ഒരു സഭ സി.പി.യ്ക്കു നല്കിയ മംഗളപത്രവും അത് ഉള്ളടക്കം ചെയ്ത ആനക്കൊമ്പുകൊുള്ള കാസ്കറ്റും തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ പ്രദർശിപ്പിച്ചിരുന്നു. മാർത്തോമ്മാ സഭ മാത്രമാണ് ഇതിൽനിന്ന് ഒഴിഞ്ഞുനിന്നത്. ഡോ.എം.എം.തോമസ്, *എന്റെ ക്രൈസ്തവ ധർമാന്വേഷണ പര്യടനം,* പുറം. 69, 70

24. പില്ക്കാലത്ത് സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ ബിഷപ്പ്.

25. എം.എം.തോമസ്, *എന്റെ ക്രൈസ്തവ ധർമാന്വേഷണ പര്യടനം,* പുറം. 70, 72.

26. കെ.എൻ.ഡാനിയൽ, *ഡോക്ടർ എബ്രഹാം മാർത്തോമ്മാ മെത്രപ്പോലീത്താ*, പുറം. 346

27. സി.ഐ.എസ്.ആർ.എസ്. പ്രസിദ്ധീകരണമായ നവദർശനത്തിന്റെ 1978 ഫെബ്രുവരി ലക്കത്തിൽ, ഇതോടനുബന്ധിച്ച രേഖകൾ സമാഹരിച്ചു പ്രസിദ്ധീകരിച്ചിട്ടു്.

28. നവദർശനം, 1978 ഫെബ്രുവരി. പുറം. 47

29. മനുഷ്യാവകാശ സംരക്ഷണത്തിൽ തത്പരമായ, വിവിധ സഭകളിൽനിന്നുള്ള പട്ടക്കാരുടെ സമിതിയാണ് ഇത്. മനുഷ്യന്റെ പൊതുവായ ആവശ്യങ്ങൾക്കു വേിയായിരുന്നു സമിതി രൂപപ്പെട്ടത്; സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുവാനായിരുന്നില്ല. റവ.വി.റ്റി. കുര്യൻ സമിതിയുടെ അദ്ധ്യക്ഷനും റവ.എ.പി. ജേക്കബ്, റവ.സഖറിയ കോശി എന്നിവർ സെക്രട്ടറിമാരുമായിരുന്നു. *നവദർശനം*, പുറം 48-51.

30. കേരളത്തിൽ കത്തോലിക്കാ സഭകളുടെ ചുമതലയിൽ, 9022 കിടക്കകളുള്ള 169 ആശുപത്രികളും കത്തോലിക്കേതര സഭകളുടെ വകയായി 2311 കിടക്കകളുള്ള 36 ആശുപത്രികളും പ്രവർത്തിക്കുന്നു. കത്തോലിക്കാ സഭകളുടെ ഉടമസ്ഥതയിൽ 5100 പ്രൈമറി സ്കൂളുകളും, അപ്പർ പ്രൈമറി സെക്കൻഡറി തലത്തിൽ 3018 സ്കൂളുകളുമു്. അനാഥാലയങ്ങളും അഭയ ഭവനങ്ങളുമായി മുന്നുറോളം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. *ക്രൈസ്തവ വിജ്ഞാനകോശം,* പുറം. 495, 576.

31. സാധു മത്തായിച്ചൻ (1885-1971): കോട്ടയം പട്ടണത്തിൽനിന്ന് നാല് കിലോമീറ്റർ വടക്കുപടിഞ്ഞാറായി ഒളശ ഗ്രാമത്തിൽ കൊച്ചുവീട്ടിൽ കുടുംബത്തിൽ, 1885 ജനുവരി 22-ാം തീയതി ജനിച്ചു. പിതാവ് കൊച്ചിട്ടി സുവിശേഷകനായിരുന്നു. സ്കൂൾ വിദ്യാഭ്യാസാനന്തരം തിരുവനന്തപുരത്ത് മഹാരാജാസ് കോളേജിൽ ചരിത്രം ഐച്ഛിക വിഷയമായെടുത്ത് ബി.എ. പഠിച്ചു. 1910-ൽ സി.എം.എസ്. കോളേജ് ഹൈസ്കൂളിലും തുടർന്ന് ഗവൺമെന്റ് ഹൈസ്കൂളിലും അദ്ധ്യാപകനായി ചേർന്നു. ചുരുങ്ങിയ കാലംകൊ് മികച്ച അദ്ധ്യാപകൻ എന്നു പേരെടുത്തു. എന്നാൽ എല്ലാ സമയവും സുവിശേഷ പ്രവർത്തകനായി തീരുന്നതിന് ആഗ്രഹിച്ച മത്തായിച്ചൻ ഗവൺമെന്റ് സർവീസിൽ നിന്നും പിരിഞ്ഞു. ആലപ്പുഴയിൽ സുവിശേഷ പ്രവർത്തകനായി സേവനമനുഷ്ഠിച്ചു. കരപ്പുറം മിഷൻ, കുഷ്ഠരോഗികളുടെയിടയിലെ സേവന പ്രവർത്തനം തുടങ്ങിയവയിൽ വ്യാപൃതനായി. 1939-ൽ മാങ്ങാനം ക്രൈസ്തവാശ്രമം സ്ഥാപിച്ചു. ക്രൈസ്തവ സ്നേഹത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു, മത്തായിച്ചൻ. 1971-ൽ ആഗസ്റ്റ് 30-ാം തീയതി ദിവംഗതനായി,

32. അഭിഭാഷക സിംഹവും തിരുവിതാംകൂർ നിയമസഭയുടെ ഡപ്യൂട്ടി പ്രസിഡന്റുമായ കൃഷ്ണയ്യങ്കാർ, തിയോസഫിസ്റ്റ് മഞ്ചേരി രാമകൃഷ്ണയ്യർ, വാമനബാലിക വി.എസ്. താണു അയ്യൻ തുടങ്ങിയവർ ചർച്ചയിൽ പതിവായി പങ്കെടുത്തിരുന്നു.

## അധ്യായം ആറ്

# ക്രൈസ്തവസാന്നിദ്ധ്യം മലയാളസാഹിത്യത്തിൽ
# (The Presence of Christians in the Malayalam Literary Scenario)

നാടൻപാട്ടുകളിലാണ് സാഹിത്യത്തിന്റെ ആദിരൂപങ്ങൾ കത്തൊവുന്നത്. തലമുറയിൽനിന്നു തലമുറയിലേക്കു കൈമാറിയ നാടൻപാട്ടുകൾ, അവയുടെ തനിമയിൽ ഇന്നു ലഭ്യമല്ല. കാലത്തിനനുസരിച്ച് അവയുടെ രൂപപരിണാമമുാവുക സ്വാഭാവികമാണ്. മാനവജീവിതഗന്ധിയായ അവയിൽ കാലത്തിന്റെ ഹൃദയത്തുടിപ്പുകൾ വ്യക്തമായി കേൾക്കാം. കേരള ക്രൈസ്തവർക്കും സമ്പന്നമായ ഗാനപൈതൃകമു്. ക്രിസ്തുശിഷ്യനായ മാർത്തോമ്മായുടെ ചരിത്രം ആഖ്യാനം ചെയ്യുന്നവയും പള്ളികളുടെ പുരാവൃത്തം പറയുന്നവയും വിവാഹാദി മംഗളമുഹൂർത്തങ്ങൾക്ക് നാദവും താളവും പകരുന്നവയുമാണ് പുരാതനപ്പാട്ടുകളിലധികവും. റമ്പാൻപാട്ട്, മാർഗംകളിപ്പാട്ട്, കല്യാണപ്പാട്ടുകൾ, പള്ളിപ്പാട്ടുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി അവയെ ഉൾപ്പെടുത്താവുന്നതാണ്.[(1)]

കേരളക്രിസ്ത്യാനികളുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു. അതുകൊുതന്നെ സുറിയാനി കീർത്തനങ്ങൾ അവരുടെ ഹൃദയതാളമായി മാറിയവയാണ്. ആദ്യകാലത്തെ വൈദികരുടെ സാഹിത്യപരിശ്രമങ്ങളെല്ലാം സുറിയാനിഭാഷയിലാവാനാണ് സാധ്യത. അന്ന് മലയാളം എഴുതിയിരുന്നതും 'കർസോൻ' എന്ന സുറിയാനി ലിപിയിലായിരുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ തുടർച്ചയായി പുരാതന സുറിയാനിഗ്രന്ഥങ്ങൾ നശിപ്പിക്കുകയോ പിഴ തീർക്കുകയോ ചെയ്തിട്ടു്. അതുകൊ് അവയിൽ ഏറിയ കൂറും നഷ്ടപ്പെട്ടിരിക്കാനും സാധ്യതയു്.

### 6.1. മിഷനറിമാരും മലയാളസാഹിത്യവും – പുതുയുഗപ്പിറവി

പാശ്ചാത്യമിഷനറിമാരുടെ ആഗമനത്തോടെയാണ് സാഹിത്യരംഗത്ത് ബോധപൂർവം ക്രൈസ്തവർ ചുവടുവച്ചത്. കേരളീയ കാവ്യപാരമ്പര്യത്തോടു ബന്ധപ്പെട്ട്, ക്രൈസ്തവേതിവൃത്തങ്ങൾ കാവ്യാത്മകമായി ആവിഷ്കരിക്കാനാണ് അവർ ഒരുമ്പെട്ടത്. പതിനെട്ടാം നൂറ്റാിന്റെ ഉദയകാലത്ത് കേരളത്തിലെത്തിയ ഹംഗേറിയൻ മിഷനറി അർണോസ് പാതിരിയാണ് പ്രഥമഗണനീയൻ. സംസ്കൃതവും മലയാളവും അഭ്യസിച്ച പാതിരി, ബൈബിൾ സംസ്കാരമുള്ള കവനങ്ങൾക്കു രൂപം നൽകി. മലയാളത്തിലെ ആദ്യ ബൈബിൾ കാവ്യകാരനായ പാതിരിയാണ്, ആദ്യത്തെ ഖണ്ഡകാവ്യരചയിതാവും. സംസ്കൃതഭാഷയുടെ കവാടം ആദ്യമായി യൂറോപ്പിന് തുറന്നുകൊടുത്തതും അർണോസ് പാതിരിയാണ്; 'ഇന്തോളജി' എന്ന പഠനശാഖയ്ക്കു തുടക്കം കുറിക്കുകയും ചെയ്തു. ചതുരന്ത്യം നാലുപർവം, മശിഹാചരിത്രം പുത്തൻപാന, ഉമ്മാപർവം, ഉമ്മാടെ ദുഃഖം എന്നിവയാണ് പാതിരിയുടെ പ്രധാന കൃതികൾ. ആസന്നമരണനായ മനുഷ്യന്റെ മനസ്സിലൂടെ കടന്നുപോകുന്ന വികാരവിചാരങ്ങൾ ആവിഷ്കരിക്കുന്ന ചതുരന്ത്യം നാലുപർവത്തിന്റെ രൂപശില്പത്തിന് എഴുത്തച്ഛന്റെ കൃതികളോടും കൃഷ്ണഗാഥയോടും കടപ്പാടു്. ലോകസൃഷ്ടിമുതൽ ക്രിസ്തുവിന്റെ ജനനംവരെ ചുരുക്കമായും ക്രിസ്തുവിന്റെ ജീവിതകഥകൾ സാമാന്യം ദീർഘമായും പ്രതിപാദിക്കുന്ന കാവ്യമാണ് മശിഹാചരിത്രം പുത്തൻപാന. ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ മാതാവിനുായ കഠിനവ്യഥയുട ചിത്രം (ഉമ്മാടെ ദുഃഖം) പാതിരി അവതരിപ്പിക്കുന്നു

'അമ്മ കന്ന്യാമണി തന്റെ നിർമലദുഃഖങ്ങളിപ്പോൾ
നന്മയാലെ മനസ്സുറ്റു കേട്ടുകൊാലും
സർവ മാനുഷർക്കു വന്ന സർവ ദോഷോത്തരത്തിനായ്
സർവ നാഥൻ മശിഹായും മരിച്ചശേഷം,
സർവ നന്മക്കടലോന്റെ സർവപങ്കപ്പാടു കു
സർവദുഃഖം നിറഞ്ഞുമ്മാ പുത്രനേനോക്കി -
എന്മകനേ, നിർമലനേ, നന്മയെങ്ങും നിറഞ്ഞോനേ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്രാ!
ആദമാദി നരവർഗം ഭീതികൂടാതെ പിഴച്ചു,
ഹേതുവതിനുത്തരം നീ ചെയ്തിതോ പുത്രാ!
നന്നു നന്നു നരരക്ഷ നന്നിതത്രെ ചെയ്തതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്രാ!'(2)

'കുരിശിൽ വിടർന്ന കവിത'യെന്നാണ് പാതിരിയുടെ കാവ്യത്തെ ഡോ. കുര്യാസ് കുമ്പളക്കുഴി വിശേഷിപ്പിച്ചിട്ടുള്ളത്. പാതിരിയുടെ കാവ്യങ്ങളുടെ ചരിത്രപരമായ പ്രാധാന്യത്തെ ഇങ്ങനെ വിലയിരുത്തുന്നു : മലയാളസാഹിത്യത്തിൽ ബൈബിൾ ആദ്യം അവതരിപ്പിച്ചത് അർണോസ് പാതിരിയാണ്. മലയാളഭാഷയിലെ ആദ്യവിലാപകാവ്യങ്ങൾ പാതിരിയുടേതാണ്. ഹൈന്ദവ-ക്രൈസ്തവ സംസ്കാരസമന്വയത്തിന്റെ സ്വരം ആദ്യം മുഴങ്ങിയത് പാതിരിയുടെ കാവ്യങ്ങളിലാണ്. കേരളക്രൈസ്തവരുടെ സാംസ്കാരികജീവിതം ചിട്ടപ്പെടുത്തുന്നതിൽ പാതിരിയുടെ കാവ്യങ്ങൾ ചരിത്രപരമായ പങ്ക് നിർവഹിക്കുകയും ചെയ്തു.(3)

#### 6.1.1. ക്രൈസ്തവർ സാഹിത്യവേദിയിൽ

മിഷനറിമാർ മാത്രമല്ല, നാട്ടുകാരായ നസ്രാണികളും കാവ്യസപര്യക്ക് ഒരുമ്പെട്ടു. കാവ്യദേവതയെ പൂജിക്കുന്നതിനു യോജിച്ച സാഹചര്യമായിരുന്നില്ല അന്നു ക്രൈസ്തവസമൂഹത്തിൽ നിലവിലിരുന്നത്. മതപരവും സഭാപരവുമായ മാത്സര്യങ്ങൾ കൊടുമ്പിരിക്കൊിരുന്ന അക്കാലത്തു സുകുമാരകലകളിൽ ശ്രദ്ധിക്കുന്നതിനു വേത്ര സമയമോ സന്ദർഭമോ ലഭിച്ചിരുന്നില്ല. സവർണഹൈന്ദവ സമുദായങ്ങളിലെ കവികൾക്കു ലഭിച്ചിരുന്നതുപോലെ രാജകീയ സഹായങ്ങളോ പ്രോത്സാഹനങ്ങളോ ക്രൈസ്തവ കവികൾക്കു നല്കപ്പെട്ടിരുന്നില്ല. സ്വന്ത സമുദായത്തിൽപ്പോലും കവികളെ പ്രോത്സാഹിപ്പിക്കത്തക്ക ഒരന്തരീക്ഷം അന്നുായിരുന്നില്ല.(4) ക്രൈസ്തവസമുദായത്തിന്റെ സാമാന്യസ്ഥിതി ഇതായിരുന്നുവെങ്കിലും ചില പ്രതിഭാശാലികൾ കാവ്യരചനയ്ക്ക് ഒരുമ്പെടുകയും വിജയം വരിക്കുകയും ചെയ്തു.

പതിനേഴാം നൂറ്റാിന്റെ ഉത്തരാർധത്തിൽ ജീവിച്ചിരുന്ന കോട്ടയത്ത് മള്ളൂശ്ശേരി കുടുംബത്തിലെ ചാി മാപ്പിളയുടെ ആദമാദി, അമ്മയായ രാജകന്നി എന്നീ കീർത്തനങ്ങൾ പ്രസിദ്ധമാണ്. തുഞ്ചത്ത് എഴുത്തച്ഛന്റെയും കുഞ്ചൻനമ്പ്യാരുടെയും കാവ്യശൈലി കവിയെ സ്വാധീനിച്ചിട്ടു്.

'ആദമാദി' എന്ന കീർത്തനഭാഗം നോക്കുക :
ആദമാദിനാഥനേ ത്യജിച്ചു വാചകർമണാ
ചേതസ്സിങ്കൽ നീചർകൊലമെന്നു കറിഞ്ഞവൻ
ഖേദമോടു കേണിരന്നു ദൈവമേ പിഴച്ചു ഞാൻ

സത്യമാണു ശിക്ഷ നീ തികയ്ക്കല്ലേ കൃപാംബുധേ!
അർഥിയോടിരന്നവനു പേർത്തു കാണുമാറതി
ന്നോർത്തു മൂന്നു നേർത്ത ശിക്ഷ ധാത്രിയിങ്കൽ വച്ചുതാൻ
ആർത്തിമാറ്റി പുത്രനാൽ തുണയ്പെനെന്നു തൽപരൻ
സത്യമാണു ശിക്ഷ നീ തികയ്ക്കല്ലേ കൃപാംബുധേ!
മന്നിലേ പിറന്നു ചോരചിന്തിയെന്നമൂലവും
മുന്നമേ വിളിച്ചു പേശുമീശോയെന്ന നാമവും
എന്നിലുള്ള പാപഭാരമഗ്നിയാക്കി നീക്കി നീ
നിന്നിലുള്ള ക്രൂശിനിക്കു നൽകണം കൃപാംബുധേ![5]

പതിനെട്ടാം ശതകത്തിലെ നസ്രാണികവികളിൽ പ്രമുഖനായിരുന്ന കുരുവിളക്കത്തനാരുടെ ഈയോബിന്റെ ചരിതം കരുണോദ്ദീപകമായ ഒരു കാവ്യമാണ്. അക്കാലത്തെ കവികളിൽ പ്രസിദ്ധനായിരുന്നു *ചാക്കോ മാപ്പിള. മാർ അല്ലേശു പാന, അല്ലേശു നാടകം, നിഷിദ്ധപർവം*, എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. *മാർ ഗീവർഗീസ് പാന, ഗൂശരാജാക്കളുടെ പാട്ട്, ചെറിയ തോബിയാസിന്റെ പാട്ട്* എന്നിവകൂടി ചാക്കോ മാപ്പിളയുടെ കൃതികളായിരിക്കാമെന്നു ഡോ. പി.ജെ. തോമസ് അഭിപ്രായപ്പെടുന്നു. മാർ അല്ലേശു പാനയിലെ വന്ദനശ്ലോകങ്ങൾ നോക്കുക:

'ആദിപുരാണനഖിലേശ്വരനൊരുവ-
ന്നത്യന്തം കൂറാകുന്നോരു
മാറല്ലേശിൻ വൃത്താന്തങ്ങളെ
ആദരവാലെ ചൊൽവതിനെല്ലാം
ആലാഹാ തുണ ചെയ്യുവതിനു
മാനുഷജാതികളെല്ലാവർക്കും
ദുഷ്കൃതമായതശേഷമറുത്തോ-
രുത്തമനാകിയ മിശിഹാ തന്റെ
മാതാവാകിയ കന്നിയെ ഞാനും
അടിമലർ കുമ്പിട്ടത വന്ദിച്ചേൻ'[6]

#### 6.1.2. ബൈബിൾ കഥകൾ കവിതയിൽ

പത്തൊൻപതാം നൂറ്റാിലെ നസ്രാണി കവികളും ഇതേ കാവ്യപാരമ്പര്യമാണ് പിൻതുടർന്നത്. ബൈബിൾ കഥകൾക്കു കാവ്യാവിഷ്കാരം നൽകിയ അവർ നിലവിലുള്ള കാവ്യമാതൃകകളെ പിന്തുടർന്നു. ബൈബിൾ കഥകളായിരുന്നു അവർ ഇതിവൃത്തമായി സ്വീകരിച്ചത്. ജോസഫ് ഫെൻ, ചാവറ കുര്യാക്കോസച്ചൻ, തകിടിയേൽ മാത്തൻ ഇട്ടിയവിരാ, വേളൂർ കൊന്നയിൽ കൊച്ചുകുഞ്ഞു റൈട്ടർ, ചേകോട്ടാശാൻ, കത്തിൽ വറുഗീസ് മാപ്പിള, എടമരത്തു വിക്ടർ എന്നിവരുടെ കൃതികൾ അക്കാലത്തെ കാവ്യത്തിന്റെ കരുത്തുറ്റ പ്രാതിനിധ്യമുള്ളവയാണ്.

ജോസഫ് ഫെന്നിന്റെ അജ്ഞാനകുഠാരം മലയാളത്തിലെ ആദ്യത്തെ പുരോഗമന സാഹിത്യകൃതിയാണെന്നു ഡോ.പി.ജെ.തോമസ് വിലയിരുത്തുന്നു്.[7] ദ്രാവിഡവൃത്തങ്ങളിലാണു കാവ്യരചന. ഹിന്ദുമതത്തിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വിമർശിക്കുകയും ക്രിസ്തുമാർഗത്തിന്റെ ഉദാത്തത ഉയർത്തിക്കാട്ടുകയുമായിരുന്നു കവിയുടെ ലക്ഷ്യം

കേരള കർമലീത്താ സന്യാസസഭയുടെ സ്ഥാപകനായിരുന്ന ചാവറ കുര്യാക്കോസ് അച്ചന്റെ ആത്മാനുതാപം എന്ന കാവ്യം ആത്മകഥാകഥനമാണ്. വായനക്കാരുടെ ഹൃദയത്തിൽ ഭക്തിയും അനുതാപവും ഉളവാക്കുകയായിരുന്നു ചാവറയച്ചന്റെ ഉദ്ദേശ്യം. പദങ്ങളുടെ ലാളിത്യവും സ്വച്ഛന്ദമായ ഒഴുക്കും ആത്മാനുതാപത്തിന്റെ സവിശേഷതയാണ്. ഭക്തിരസം കവിഞ്ഞൊഴുകുന്ന കവിതയിൽ ലൗകിക വിത്ത പ്രതാപങ്ങളുടെ ക്ഷണഭംഗുരത കവി ചൂിക്കാണിക്കുന്നു:

ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറിനീങ്ങുന്നു ക്ഷണേ, ക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ,
മെച്ചമായ് കീടുന്ന വൃക്ഷങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊു മാറിപ്പോയ് വീണിടുന്നു
ചിത്രമായതിനുള്ള അഴകുമൊക്കെപ്പോകും.[8]

തകിടിയേൽ മാത്തൻ ഇട്ടിയവിരായുടെ പതിനാറിലധികം കൃതികൾ പ്രസിദ്ധീകരിച്ചിട്ട്. വിസ്മയസ്വയംബരം, സ്കറിയാ സുതോദന്തം, ഓടനൃത്തം, പാസനൃത്തം, ഉദയകീർത്തനം, മസുമൊറാകൾ തുടങ്ങിയവയാണ് അവയിൽ പ്രധാനം. ബൈബിൾ കഥകളാണ് പ്രതിപാദ്യം. വിസ്മയസ്വയംബരത്തിൽ ക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ച വൃത്താന്തങ്ങൾ തുള്ളൽപ്പാട്ടുരീതിയിൽ വർണിച്ചിരിക്കുന്നു. സ്നാപകയോഹന്നാന്റെയും യേശുദേവന്റെയും ജീവിതകഥയാണ് സ്കറിയാസുതോദന്തത്തിന്റെ ഇതിവൃത്തം. പാസനൃത്തത്തിൽ യേശുവിന്റെ പീഡാസഹനമാണ് വർണിക്കുന്നത്. ഒരു പ്രഭാതപ്രാർഥനയായാണ് ഉദയകീർത്തനം. മസുമൊറാകൾ സങ്കീർത്തനങ്ങൾ പദ്യരൂപത്തിൽ അവതരിപ്പിക്കുന്നു. സങ്കീർത്തനങ്ങളുടെ കാവ്യാവിഷ്കാരത്തിനു മലയാളത്തിൽ തുടക്കംകുറിച്ചത് ഇട്ടിയവിരായാണ്. ഏതാനും വരികൾ:

സകല ഭൂവനപരിവൃഢനാദിനായകാ
    കേൾക്ക നീ മമ പ്രാർഥന
ചായ്ക തവ ചെവികൾ മമ സ്തോത്രമോർത്തുനിൻ
    നീതിയാൽ മമ കേൾക്ക നീ.
ഉടയവനെ ന്യായവിധിയതിൽ നിന്നുടെ
    അടിയാൻ പ്രവേശിച്ചീടല്ലെ.
ജീവകുലമതിലൊരുവനുമില്ല നീതിമാൻ
    ദൈവമേ തവ സന്നിധൗ[9]

#### 6.1.3. ക്രൈസ്തവ വേദചരിതം - മുപ്പത്തിനാലുവൃത്തം

ബൈബിൾ ആധാരമാക്കി മലയാളസാഹിത്യത്തിൽ ആദ്യമായാവിർഭവിച്ച മണിപ്രവാളകാവ്യമാണ് വേളൂർ കൊന്നയിൽ കൊച്ചുകുഞ്ഞു റൈട്ടറുടെ ക്രൈസ്തവ വേദചരിതം - മുപ്പത്തിനാലുവൃത്തം. വേദഗ്രന്ഥത്തിലെ ലോകസൃഷ്ടിമുതൽ മോശെയുടെ മരണംവരെ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു; പതിനെട്ടു വൃത്തംവരെ മാത്രമേ കവി രചിച്ചിട്ടുള്ളു. രാമായണം ഇരുപത്തിനാലു വൃത്തമാണ് കാവ്യത്തിന്റെ മാതൃക. ഭക്തിജനകവും നിത്യപാരായണയോഗ്യവുമായ

കാവ്യം രചിക്കുകയായിരുന്നു കവിയുടെ ലക്ഷ്യം. കാവ്യരചനോദ്ദേശ്യം വ്യക്തമാക്കി കാവ്യത്തിനു തുടക്കമിടുന്നു.

ആദപിഴയാലുദിത പാപമതൊഴിപ്പാൻ
മേദിനിയിൽ ബേതലപുരേയവതരിച്ചോൻ
വേദനിധിയായ പരമേശു മശിഹാതാൻ
വേദനയകറ്റുക നമുക്കു-ഗുണനാഥ.
വേദചരിതം സമുചിതം പറവതിനും
ആദിതിരുനായകവിലാസമറിവാനും
മോദമിയലുന്നൊരടിയന്റെ ഹൃദയത്തിൽ
ആദിവചനം കരുണചെയ്ക-ഗുണനാഥ[10]

ഭക്തിഭാവമാണ് 'ക്രൈസ്തവേദചരിത'ത്തിന്റെ അന്തർധാര. അഖിലേശ്വരനെ സ്തുതിക്കുന്ന കവി, ഭഗവന്നാമ സങ്കീർത്തനങ്ങളിലൂടെ അർച്ചന നടത്തുകയാണ്:

"മഹോന്നതാദിനാഥ ദേവ വിശ്വനാഥപാഹിമാം
സമുന്നതസ്ഥിതൈക ജാതപുത്രദേവ പാഹിമാം
പ്രസന്നതാസ്വരൂപനാം ശുഭപ്രദാത്മ പാഹിമാം
വന്ദ്യമാന മർത്യദേവ ക്രിസ്തുവേശോ പാഹിമാം
ജയ ജയ ക്രിസ്തോ ജയ ജയ പരമർത്യ
ജയ പരമേശ്വരസുത മമ കർത്താ
ജയ മമ സ്രഷ്ടാ ജയ നരഭൃഷ്ടാ
ജയ വല്ലഭ ഹേ! മശിഹാ ശരണം"

#### 6.1.4. ഇസ്രായേൽ ഉത്ഭവവും അത്ഭുതമാലികയും

പ്രതിഭാധനനായ ഇലന്തൂർ ചേകോട്ട് ആശാന്റെ (1773-1857) കൃതികൾ *ഇസ്രായേൽ ഉത്ഭവവും* *അത്ഭുതമാലിക*യുമാണ്. കവിയുടെ ഏതാനും സ്തുതിപ്പുകളും പ്രചാരത്തിലു്. നല്ലൊരു ശീലനാം യൗസേപ്പു തന്നുടെ അല്ലലും പിന്നെയുല്ലാസമായ് വന്നതുമാണ് ഇസ്രായേൽ ഉത്ഭവത്തിന്റെ പ്രതിപാദ്യം. പത്തൊൻപതു പാദങ്ങളിലായി വിവിധ മട്ടുകളിൽ ശീതങ്കൻ തുള്ളൽ രീതിയിലാണ് സംഭവബഹുലമായ ഈ ബൈബിൾ കഥയ്ക്കു കാവ്യാവിഷ്കാരം നൽകിയിരിക്കുന്നത്. ലളിതസുന്ദരമാണ് രചനാശൈലി. മാതൃകയ്ക്കുവേി യാക്കോബ് ക സ്വപ്നരംഗം ചിത്രീകരിക്കുന്നത് ഉദ്ധരിക്കുന്നു:

"അംബരംതൊട്ടുള്ള ഗോവേണി കു
അവനിതലമതിനുടയ ചുവടുമവൻ കു
ആകാശവാതിലെവിടെന്നു കു
അഖിലഗുണനിധിയുടയ ദൂതരെ കു.
മാലാഹാമാരിങ്ങിറങ്ങുന്ന കു
മഹിമപരമിയലുമവർ കേറുന്ന കു
ഈറയെരെന്നുള്ള ദൂതരെ കു
ഇരുകരവുമനവരതം കൂപ്പുന്ന കു

....................

ദീപട്ടിപോലെഴുരൂപികൾ കു
ദിശിവിലസുമവരുടെയതെളിവുമതുകു
സ്ഫടികക്കടലുള്ള ദിക്കുകൾ കു
സ്ഫടികനിറജലമിളകും കടലതു കു
രാജാധിരാജന്റെ തേരുമതു കു
രഥഗമനമതിനുടെ വികൾ കു
സംഖ്യയില്ലാതുള്ളതിശയം കു
സകലജനപ്രഭുവുപരി നില്ക്കുന്ന കു"(11)

യേശുദേവന്റെ അത്ഭുതപ്രവൃത്തികളുടെ കാവ്യാവിഷ്ക്കാരമാണ് ആശാന്റെ അത്ഭുതമാലിക. ക്രിസ്തുവിന്റെ മുപ്പത്തിമൂന്നു അത്ഭുതപ്രവൃത്തികൾ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. സ്ത്രീകൾക്കു കൈകൊട്ടിപ്പാടുവാൻ തക്കവിധത്തിലാണ് രചന. ക്രൈസ്തവ കാവ്യവേദിയിൽ ഒരു പരീക്ഷണം തന്നെയായിരുന്നു ഇത്. യേശുദേവൻ കൊടുങ്കാറ്റിനെ പ്രശാന്തമാക്കുന്ന രംഗം കവി അവതരിപ്പിക്കുന്നു.

"കാറ്റുകടുത്തു കടലിളകി തിര
കടലൊക്കെ ഒന്നോടുരുു മറിഞ്ഞു
ഊറ്റംവെടിഞ്ഞു പടവിലുള്ളോരെല്ലാം
ഒന്നോടലറുന്നു ജ്ഞാനപ്പെണ്ണേ-യേശു
തന്നെയുണർത്തുന്നു യോഗപ്പെണ്ണേ.
ശക്തിപെരുത്ത പൊന്നേശുനാഥൻ ഉടൻ
ശാസിച്ചു കാറ്റും കടലിനെയും.
ഊക്തിയോടെ തിരകാറ്റു ശമിക്കുന്നു
പാരം ചന്തമൊടെ ജ്ഞാനപ്പെണ്ണേ-ഇതിൻ
സാരം ചിന്തിക്കെടോ യോഗപ്പെണ്ണേ."(12)

### 6.1.6. മാണിക്കത്തനാരും കത്തിൽ വറുഗീസ് മാപ്പിളയും

സ്മരണീയരായ ക്രൈസ്തവ കവികളാണ് നിധീരിക്കൽ മാണിക്കത്തനാരും എടമരത്ത് വിക്ടരും കത്തിൽ വറുഗീസ് മാപ്പിളയും. ശോശാൻ ചരിതവും ശിംശോൻ ചരിതവും ഔഗേൻ ചരിതവുമാണ് മാണിക്കത്തനാരുടെ പ്രധാന ഖണ്ഡകൃതികൾ. മശിഹാചരിത്രം ഇരുപത്തിനാല് വൃത്തം, പഴയപാന, മാർത്തോമ്മാ പർവം തുടങ്ങിയ കാവ്യങ്ങൾ രചിച്ച എടമരത്ത് വിക്ടർ വാസനാസമ്പന്നനായ ഒരു കവിയായിരുന്നു. സചരിത്രശതകമാണ് വർഗീസ് മാപ്പിളയുടെ പ്രധാന കാവ്യകൃതി. ക്രിസ്തുവിന്റെ ത്യാഗസുരഭിലമായ ജീവിതമാണ് നൂറു ശ്ലോകങ്ങളുള്ള ഈ കാവ്യത്തിന്റെ ഉള്ളടക്കം. ഭക്തിഭാവം കൊു സമ്പന്നമാണ് സചരിത്രശതകം. രു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

ഇരുപുരവുമഹോ തൻ കൈകൾ രും പരത്തി-
ത്തരുവിലുടലുറപ്പിച്ചാണിയാൽ വീണിടാതെ
ചരണമപി തറയ്ക്കപ്പെട്ടിതാ മട്ടു തൂങ്ങും

തിരുവുരുവമരേണം നിത്യമെൻ ചിത്തമദ്ധ്യേ
'തെറ്റിപ്പോകുന്നു തെല്ലും തിരിവിവരിലുദി
യ്ക്കായ്കയാൽ താത, കോപം
പറ്റീടല്ലേ 'വനെ'ന്നവരുടയ നട-
ത്തയ്ക്കു ചേർന്നേറ്റമുള്ളം
മുറ്റിപ്രാർഥിച്ചുമാണിപ്പഴുതുകൾ വഴിയായ്
ചോര ചോർന്നും വിഷാദാ-
ലിറ്റിക്കണ്ണീരൊലിച്ചും മരുവിനൊരുവുൾ
പ്പൂവിൽ മേ മേവിടേണം[13]

#### 6.1.6. മഹാകാവ്യങ്ങൾ

ഉദാത്തമായ ഇതിവൃത്തത്തിന്റെയും ഉദാത്തമായ ശൈലിയുടെയും ഏകീഭാവമാണ് മഹാകാവ്യം. മഹത്തായ ജീവിതത്തെ മഹത്തായ രീതിയിൽ ആവിഷ്കരിക്കുന്നു. മലയാളത്തിൽ മഹാകാവ്യം സംസ്കൃതകാവ്യങ്ങളുടെ ചുവടുപിടിച്ച് ആരംഭിച്ചതാണ്. അഴകത്ത് രാമചന്ദ്രക്കുറുപ്പിന്റെ രാമചന്ദ്രവിലാസമാണ് ഒന്നാമത്തെ മലയാള മഹാകാവ്യം. ആചാര്യനായ ദണ്ഡിയുടെ മാനദണ്ഡമനുസരിച്ചു ചിട്ടപ്പെടുത്തുന്ന മഹാകാവ്യങ്ങളിൽ ഭാവഭദ്രത കാണണമെന്നില്ല. അതുകൊാവാം മലയാളത്തിൽ ഒട്ടേറെ മഹാകാവ്യങ്ങൾ രചിച്ചിട്ടുങ്കെിലും കാവ്യസൗന്ദര്യമിണങ്ങിയവ അധികമില്ല. ക്രൈസ്തവമഹാകവികളുടെ കാവ്യങ്ങൾ ഇതര മഹാകാവ്യങ്ങളെ അപേക്ഷിച്ചു വ്യക്തിത്വം പുലർത്തുന്നവയാണ്. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ *ശ്രീയേശുവിജയം*, കെ.വി. സൈമണിന്റെ *വേദവിഹാരം*, പ്രവിത്താനം ദേവസ്യായുടെ *ഇസ്രായേൽ വംശം*, മഹാപ്രസ്ഥാനം, പുത്തൻകാവ് മാത്തൻ തരകന്റെ *വിശ്വദീപം*, സിസ്റ്റർ മേരി ബനീഞ്ഞായുടെ *മാർത്തോമ്മാ വിജയം*, ഡോ.റ്റി.വി. മാത്യുവിന്റെ *ദിവ്യസംഗീതം*, ഇടയാറന്മുള കെ.എം. വർഗീസിന്റെ *ക്രിസ്തുദേവചരിതം*, പ്രൊഫ. മാത്യു ഉലകംതറയുടെ *ക്രിസ്തുഗാഥ* എന്നിവ എടുത്തു പറയേ പ്രാധാന്യമുള്ളവയാണ്.

#### 6.1.6.A. ശ്രീയേശുവിജയം

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം മലയാളത്തിലെ മഹാത്ഭുതമായി പ്രകീർത്തിതമാണ്. ഇരുപത്തിനാലു സർഗങ്ങളിലായി, 3720 ശ്ലോകങ്ങളിലൂടെ വേദഗ്രന്ഥത്തിന്റെ അന്തസത്ത സ്വഭാഷയിൽ കാവ്യാത്മകമായി അവതരിപ്പിക്കുകയാണ് കവി.

'വരദൻ സുതനാമീശൻ
നരകാഹിയെ വെന്നിടാൻ
നരനായ ചരിത്രം ഞാ-
നുരചെയ്യാം ചുരുക്കമായ് ' എന്നാരംഭിച്ച്,

ദൈവം, ദൈവദൂതന്മാരുടെ സൃഷ്ടി, മനുഷ്യന്റെ സൃഷ്ടി, പതനം തുടങ്ങി ഇസ്രായേലിന്റെ ചരിത്രത്തിലൂടെ ക്രിസ്തുവിൽ കേന്ദ്രീകരിച്ചു, 'എന്നാട്ടിലും നന്നായിങ്ങനെ യേശുവിന്റെ വിജയം സമ്പൂർണമായി ' എന്നു കാട്ടിത്തന്നുകൊ് ഉപസംഹരിക്കുന്നു. സംക്ഷിപ്തതയാണ്, ശ്രീയേശുവിജയത്തിന്റെ മുഖമുദ്ര. മഹാകവികൾ വർണനയ്ക്കുവേി വർണിക്കുന്നവരാണ്. കട്ടക്കയം ഇതിനൊരപവാദമാണ്. ക്രിസ്തുദേവൻ കുരിശിൽ കിടന്നു മൃത്യുവരിക്കുന്ന നിമിഷത്തിൽ, പ്രകൃതിയുടെ അസാധാരണ വ്യതിയാനം കവി അവതരിപ്പിക്കുന്നു.

'അലയിൽ പെട്ടോരോടത്തിൻ
നിലയിൽ ക്ഷിതി മണ്ഡലം
ശിലയും മലയും വിു
ചലനം പൂിതേറ്റവും'

ബൈബിളിന്റെ നിതാന്തമോഹനമായ സന്ദേശമാണ് ശ്രീയേശുവിജയത്തിന്റെ അന്തർധാര. കാവ്യത്തിന്റെ ചരിത്രപരമായ പ്രാധാന്യം ഡോ. കെ.എം. തരകൻ വിലയിരുത്തുന്നു. ശ്രീയേശുവിജയത്തിനുമുമ്പു മലയാളത്തിൽ രരേു നായകന്മാരേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ - ശ്രീകൃഷ്ണനും ശ്രീരാമനും. ദേശീയോദ്ഗ്രഥനത്തിനു സഹായമാംവിധം, ക്രിസ്തുവിനെ ആദ്യമായി മഹത്തായ ഒരു മലയാളകാവ്യത്തിന്റെ നായകനായി ഭാരതീയസാഹിത്യത്തിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞുവെന്നതാണ് കട്ടക്കയത്തിന്റെ നേട്ടം. ഹൈന്ദവസംസ്കാരത്തിൽ ആിരുന്ന ഒരു ഭാഷയെ ക്രിസ്തുമാഹാത്മ്യം ഉദ്ഗാനം ചെയ്യാൻ സമർഥമാക്കിത്തീർത്തുവെന്നതാണ് കട്ടക്കയത്തിന്റെ രാമത്തെ നേട്ടം. വിശ്വാസവും കവിതയുംകൂടി ഒന്നിച്ചുപോകുമെന്നു മാത്രമല്ല, വിശ്വാസംതന്നെ കവിതയാകാമെന്നു കട്ടക്കയം വിളംബരം ചെയ്തു, ശ്രീയേശുവിജയത്തിൽക്കൂടി. സ്തനനിതംബങ്ങളെക്കുറിച്ചുള്ള വർണനകൾ മാത്രമേ, ഹൃദ്യമായി ഭവിക്കുകയുള്ളുവെന്ന ഫ്യൂഡൽ ധാരണയെ മഹാകവി വെല്ലുവിളിച്ചു. ശ്രീയേശുവിജയം മലയാളത്തിലെ മഹാത്ഭുതങ്ങളിലൊന്നാണെന്നുള്ളതിനു സംശയമില്ല. പരിശുദ്ധമായ തന്റെ ഹൃദയാന്തരീക്ഷത്തിൽനിന്നു നിർഗളിച്ച നിസർഗമായ ക്രിസ്തുഭക്തിയെ സുഘടിതമായ ഒരു ശില്പത്തിൽ, കരടുതടയാത്ത ശയ്യയിൽ സംക്രമിപ്പിച്ച കട്ടക്കയം കാവ്യകുതുകികളുടെ കൃതജ്ഞത അർഹിക്കുന്നു. ചെളി നിറഞ്ഞ കുളത്തിൽനിന്നു പൊന്തിയ വെൺതാമരപോലെ മനോജ്ഞമായി വിരാജിക്കുന്നു, നിയോക്ലാസിക് കാലത്തിൽ കൈരളിക്കു ലഭിച്ച ശ്രീയേശുവിജയം മഹാകാവ്യം.[14]

#### 6.1.6. B വേദവിഹാരം

ബൈബിളിലെ ആദിപുസ്തകമായ 'ഉല്പത്തി'യുടെ കാവ്യാവിഷ്ക്കരണമാണ് കെ.വി. സൈമണിന്റെ വേദവിഹാരം. അമ്പത് അദ്ധ്യായങ്ങളും ആറായിരത്തോളം ഈരടികളുമുള്ള വേദവിഹാരം, ക്രൈസ്തവ പദ്യസാഹിത്യത്തിലെ മഹാഭാരതമാണെന്ന് ടി.എം.ചുമ്മാർ വിശേഷിപ്പിക്കുന്നു.[15] കവിതയിലാക്കാൻ യോജിക്കാത്ത ഭാഗങ്ങൾപോലും വിട്ടുകളയാതെ ആവിഷ്ക്കരിച്ചിട്ടു് വേദവിഹാരത്തിൽ. ഭാരതീയ കാവ്യപൈതൃകത്തെ ക്രൈസ്തവസംസ്കാരവുമായി, വിശേഷിച്ച് വേദഗ്രന്ഥവുമായി സമന്വയിപ്പിക്കുകയായിരുന്നു കവിയും പ്രേഷിതനുമായ മഹാകവി. സോദാം നഗരം കത്തിനശിക്കുന്ന സന്ദർഭം:

ജ്വലനനുടെ ശിഖകളതിവേഗമായ് പാഞ്ഞുടൻ
ചാടിപ്പിടിച്ചു മർത്ത്യോല്ക്കരത്തേ ഹഠാൽ
മുടിവസനമിവയിലരമെത്തി ജ്വലിക്കയാൽ
മൂടിപ്പരന്നുതേ മേനിമേലഗ്നിയും.
നിലവിളി തുടങ്ങിനാൽ സോദോമ്യരമ്പര-
ന്നതി വിവശമോടിനാരങ്ങുമിങ്ങും ശുചാ
ദഹനശമനത്തിനായ് വാപിയിൽ ചാടിയും
ഫലമണുവുമെന്നിയേ വെണ്ണീറടിഞ്ഞുപോയ്[16]

**6.1.6.C. ഇസ്രായേൽവംശവും മഹാപ്രസ്ഥാനവും**

പ്രവിത്താനം ദേവസ്യാ ബൈബിളിലെ പഴയനിയമപുസ്തകങ്ങളാണ്, മഹാകാവ്യങ്ങൾക്ക് ആധാരമായി സ്വീകരിച്ചത് - ഇസ്രായേൽ വംശം, മഹാപ്രസ്ഥാനം, രാജാക്കന്മാർ. ഇസ്രായേൽവംശത്തിന്റെ കുലകൂടസ്ഥനായ യാക്കോബിന്റെയും അദ്ദേഹത്തിന്റെ പന്ത്രു പുത്രന്മാരുടെയും ചരിത്രമാണ്, ഇസ്രായേൽ വംശത്തിന്റെ ഇതിവൃത്തം. ആനുഷംഗികമായി യാക്കോബിന്റെ പിതാവായ ഇസഹാക്കിന്റെ ചരിത്രവും വിവരിക്കുന്നു. മഹാകാവ്യത്തിനു വിധിക്കപ്പെട്ടിട്ടുള്ള ലക്ഷണമെല്ലാം തികഞ്ഞ കാവ്യമാണിത്. കാളിദാസന്റെ രഘുവംശത്തിന്റെ രൂപത്തെ അനുസ്മരിക്കുന്ന വിധമാണ് കാവ്യത്തിനു രൂപം നല്കിയിരിക്കുന്നത്.

ഇസ്രായേൽവംശം എഴുതിത്തെളിഞ്ഞ കാവ്യസംസ്കാരത്തിൽനിന്നുമാണ് ഇതര കാവ്യങ്ങൾ ഉടലെടുത്തിട്ടുള്ളത്. മഹാനായ ഒരു നായകൻ, മഹത്തായ ഒരു ജനതയെ, മഹത്തായ ലക്ഷ്യത്തിലേക്കു ദീർഘദൂരം നയിച്ച കഥ-മഹാനായ മോശെയുടെ നേതൃത്വത്തിൽ ഇസ്രായേൽജനത വാഗ്ദത്തഭൂമി തേടിയ മഹാപ്രയാണത്തിന്റെ കഥ - മഹാപ്രസ്ഥാനത്തിന്റെ ഇതിവൃത്തമാണ്. ഭക്തിഭാവം നിറഞ്ഞുനില്ക്കുന്ന കാവ്യാരംഭത്തിലെ ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു:

'ശ്രീമൽ പ്രഭാവത്തിനു മൂലകന്ദം
പ്രേമപ്രവാഹത്തിനു നിത്യകന്ധം
ഓമൽപ്രതാപത്തിനധൃഷ്യകേന്ദ്രം
ഭീമ പ്രപഞ്ചത്തിനു മന്ദ്രമന്ത്രം
നീതിസ്വരൂപൻ നിഗമപ്രശംസ്യൻ
ഭൂതിപ്രദൻ നിർമലനേവമാരും
ഓതിസ്തുതിക്കുന്ന യഹോവ, യാത്മ
ജ്യോതിസ്സെനിയ്ക്കേകണമൻപോടെന്നും'(17)

**6.1.6. D. വിശ്വദീപം**

മനുഷ്യവർഗത്തിന്റെ പാപപരിഹാരാർഥം മരക്കുരിശിൽ മരണം വരിച്ച ക്രിസ്തുദേവന്റെ ജീവിതകഥ ഇതിവൃത്തമായി സ്വീകരിച്ചു രചിച്ച ബൃഹത്തായ കാവ്യമാണ് പുത്തൻകാവ് മാത്തൻ തരകന്റെ *വിശ്വദീപം*. ക്രിസ്തുവിന്റെ ജീവിതകഥ രാഷ്ട്രീയവും സാമൂഹികവുമായ പശ്ചാത്തലത്തിൽ വിലയിരുത്തി രചിച്ച കാവ്യമാണിത്. രൂപസംവിധാനത്തിൽ കവി പിൻതുടർന്നിരിക്കുന്നത് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തെയാണ്. 'ഉദയകാണ്ഡ'ത്തിൽ, ലോകസൃഷ്ടിമുതൽ ക്രിസ്തുവിന്റെ അവതാരംവരെയുള്ള ഭാഗങ്ങളും തുടർന്ന് 'ബാലകാണ്ഡം', 'യോഗകാണ്ഡം', 'കർമകാണ്ഡം', 'ത്യാഗകാണ്ഡം' എന്നീ ഭാഗങ്ങളിലായി, ക്രിസ്തുചരിതവും പ്രതിപാദിച്ചിരിക്കുന്നു. ദ്രാവിഡവൃത്തങ്ങളിലാണ് കാവ്യരചന. ക്രൂശീകരണം കവിവാക്കുകളിൽ ഉദ്ധരിക്കുന്നു:

'കുരിശും താങ്ങിക്കൊു ഗോൽഗോഥാശൈലത്തിന്റെ
പരുത്ത ശിഖരത്തിൽ കയറി ജഗല്പതി
വന്നെത്തി പുരോഹിതവൃന്ദവും പരീശരും
വമ്പരാം ശാസ്ത്രിമാരും യൂദനേതാക്കന്മാരും
കർത്തൃദേഹത്തിൽനിന്നു നിർദയമൂരി തന്റെ

കഞ്ചുകം ശതാധീശൻ തന്നുടെ നിർദേശത്താൽ.
മരിക്കും മനുഷ്യർക്കു ജീവനേകുവാൻ വന്ന
പരമേശ്വര പ്രിയ സുതനേകൃപാഹീനം
കുരിശിൽ കയറ്റി നാരായതകീലകത്തെ
കരതാരിലും പാദങ്ങളിലുമടിച്ചേറ്റി
പരന്നകടയേലുമാണികൾ മൃദുമാംസം
തുരന്നു തടിക്കുള്ളിൽ കടന്നു മുറുകവേ
പ്രാർഥിച്ചാനനാമയനീ വിധമഖിലാണ്ഡ-
നാഥനോടുള്ളം തന്നിൽ കാരുണ്യം തുടിക്കയാൽ
'പൊറുത്തിടേണം താതനിവരോടിവരിങ്ങു
നടത്തും കൃതിയെന്തെന്നിവരിന്നറിവീലാ'[18]

വിശ്വദീപം ഭാഷാപരമായി ആധുനികമാണ്. അതിന്റെ അന്തർധാരയാകട്ടെ, ചിട്ടയിലും കെട്ടുറപ്പിലും വിശ്വസിക്കുന്ന ക്ലാസ്സിക്കൽ ചിന്താശൈലിയിൽ അധിഷ്ഠിതമാണ്. മഹാകാവ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ സാമഞ്ജസ്യം ഒരു പുതിയ അനുഭവമാണ്.[19]

### 6.1.6. E. മാർത്തോമ്മാവിജയം

കേരളത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ ത്യാഗസുരഭിലമായ ജീവിതകഥയാണ് സിസ്റ്റർ മേരി ബനീഞ്ഞായുടെ *മാർത്തോമ്മാവിജയം* മഹാകാവ്യത്തിന്റെ ഇതിവൃത്തം. മാർത്തോമ്മായുടെ പ്രേഷിതവൃത്തിയെക്കുറിച്ചുള്ള പാരമ്പര്യകഥകളും സുവിശേഷ പരാമർശങ്ങളും ചരിത്രവസ്തുതകളും കോർത്തിണക്കി, ലളിതസുന്ദരമായി, കവയിത്രി ആവിഷ്കരിച്ചിരിക്കുന്നു. മഹാകാവ്യങ്ങളിൽ സാധാരണമായി കടന്നുകൂടുന്ന ദീർഘവർണനകൾ വർജിച്ചിരിക്കുന്നു. പത്തൊൻപത് സർഗങ്ങളുള്ള കാവ്യം ആർഭാടരഹിതമാണ്; ലളിതസുന്ദരമാണ്. *ആത്മാവിന്റെ സ്നേഹഗീത* തുടങ്ങിയ ഖണ്ഡകാവ്യങ്ങളും ഒട്ടേറെ ലഘുകവനങ്ങളും കവയിത്രി രചിച്ചിട്ടുണ്ട്.

### 6.1.6. F. ക്രിസ്തുദേവചരിത്രം

മഹാകവി കെ.വി.സൈമണിന്റെ സഹോദരപുത്രനായ ഇടയാറന്മുള കെ.എം. വർഗീസിന്റെ *ക്രിസ്തുദേവചരിത*മാണ് മഹത്തും ബൃഹത്തുമായ മറ്റൊരു മഹാകാവ്യം. ക്രിസ്തുചരിതം സമ്പൂർണമായി ഉൾക്കൊള്ളുന്ന കാവ്യം തന്റെ ഉപാസനാമൂർത്തിയുടെ തൃപ്പാദങ്ങളിൽ അർപ്പിച്ച തിരുമുൽക്കാഴ്ചയാണ്. ഉദാസീനമായ രചനയല്ല ഇത്; അരനൂറ്റാണ്ടുകാലത്തെ തപസ്യയുടെ പക്വഫലമാണ്. മാതാപിതാക്കളിൽനിന്നും ഗുരുജനങ്ങളിൽനിന്നും ഉൾക്കൊതും തുടർന്ന് ക്രിസ്തീയവേദഗ്രന്ഥങ്ങളിലൂടെ, ഭാഷ്യങ്ങളിലൂടെ ഉള്ളിൽ ഉറഞ്ഞുകൂടിയ ക്രിസ്തുദേവന്റെ ജീവിതകഥ സമഗ്രമായി പ്രതിപാദിക്കുന്നു. രാമായണകാവ്യത്തെപ്പോലെ ക്രിസ്തുദേവന്റെ ഐതിഹാസിക ചരിതം ബാലകാണ്ഡം, ഗലീലിയാകാണ്ഡം, പ്രസ്ഥാനകാണ്ഡം, പീഡാനുഭവകാണ്ഡം, സ്വർഗാരോഹണകാണ്ഡം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. അസാധാരണമായ പാരായണക്ഷമതയോടെ തെളിനീരുപോലെ ഒഴുകുന്നു, ഇടയാറന്മുളയിലെ ഭക്തകവിയുടെ മഹാകാവ്യം. ഗിരിപ്രഭാഷണത്തിൽനിന്നും ഒരു ഭാഗം:

'സ്നേഹിക്ക നിൻ അയൽക്കാരനെ, യഹിതനെ
ദ്വേഷിക്ക'യെന്നല്ലീ പൂർവാനുശാസനം.
സ്നേഹിക്ക നിൻ ശത്രുവേപ്പോലുമെന്നു താൻ
ശ്രോതാക്കളാം നിങ്ങളോടെൻ നിയോജനം.
നിന്നെപ്പകപ്പോനു നന്മയെ ചെയ്യുക;
നിന്നെ ശപിപ്പോനനുഗ്രഹം നേരുക;
പ്രാർഥിക്കവേു നീ നിന്നെക്കുറിച്ചു ദുഷ്-
കീർത്തി പ്രചാരണം ചെയ്‌വോനുവേിയും.

### 6.1.6. G. ദിവ്യസംഗീതവും ക്രിസ്തുഗാഥയും

രൂപഭാവശില്പങ്ങളിൽ വ്യത്യസ്തമായ മഹാകാവ്യമാണ് ഡോ. റ്റി.വി. മാത്യുവിന്റെ ദിവ്യ സംഗീതം. ശീർഷകനാമം സൂചിപ്പിക്കുന്നതുപോലെ ആപാദമധുരമായ സംഗീതസുധാരസം പക രുന്ന ഗാനകാവ്യമാണ് ഇത്. പൂർവഭാഗം, ഉത്തരഭാഗം എന്ന് രു ഭാഗങ്ങൾ; 'വേദസുധ' എന്ന് പൂർവഭാഗത്തിനും 'ദിവ്യദൂത'മെന്ന് ഉത്തരഭാഗത്തിനും നാമകരണം ചെയ്തിരിക്കുന്നു. അവയെത്തന്നെ സർഗം, ശില്പം, ദളം എന്നിങ്ങനെ ചിട്ടപ്പെടുത്തിയിട്ടു്. വൃത്തശാസ്ത്ര ത്തിൽ ഗവേഷണം നടത്തിയ റ്റി.വി. മാത്യു സംഗീതാത്മകമായ വൃത്തങ്ങളിലൂടെ ബൈബി ളിലെ പഴയ-പുതിയനിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സന്ദർഭങ്ങളും സന്ദേശങ്ങളും സംഗ്രഹി ച്ചിരിക്കുന്നു. ഇരുനൂറ് ദശകങ്ങളിലൂടെ ബൈബിളിന്റെ ഉദാത്തഭാവങ്ങൾ പകരുന്നു.

'മുന്തിരിവള്ളികളേ, കുയിലുകൾ കൂകുംകാവുകളേ,
മഞ്ജുള മലരുകളേ, പാടും വെള്ളിൽപ്പറവകളേ'

എന്നീവിധം ഉറന്നൊഴുകുന്ന ഒരു സംഗീതശില്പത്തിന്റെ പ്രതീതിയാണ്, ദിവ്യസംഗീതം അനുവാചകന് നല്കുക.

കൃഷ്ണഗാഥയുടെ ചുവടുപിടിച്ച് രചിക്കപ്പെട്ട മഹാകാവ്യമാണ് പ്രൊഫ. മാത്യു ഉലകം തറയുടെ *ക്രിസ്തുഗാഥ*. ശ്രീയേശുക്രിസ്തുവിന്റെ ജീവിതവും പ്രബോധനങ്ങളും മരണപുന രുത്ഥാനങ്ങളും ക്രിസ്തുഗാഥയിൽ കാവ്യരൂപത്തിൽ പുനർജനിക്കുന്നു. ഭാഷാവൃത്തത്തിൽ എഴുതപ്പെട്ടതാണ് മഹാകാവ്യം. ലാളിത്യമാണ് കാവ്യത്തിന്റെ മുഖമുദ്ര.

### 6.1.7. സങ്കീർത്തനങ്ങളും ഉത്തമഗീതവും

പുരാതന യഹൂദജനതയുടെ ജീവിതഭാവങ്ങളും ഹൃദയത്തുടിപ്പുകളും ഉൾക്കൊള്ളുന്ന ഭക്തഗീതാഞ്ജലിയാണ് സങ്കീർത്തനങ്ങൾ. കാവ്യാത്മകമായ കീർത്തനങ്ങൾ ഗദ്യരൂപത്തിലാ ണ്, മലയാളം ബൈബിളിൽ നിബന്ധിച്ചിട്ടുള്ളത്. സങ്കീർത്തനങ്ങൾ കാവ്യരൂപത്തിൽ ആവി ഷ്കരിച്ചിട്ടു്, കവികൾ. പി. ഒ. സാമുവേലിന്റെ സങ്കീർത്തനമഞ്ജരിയിൽ പതിനേഴു സങ്കീർത്ത നങ്ങൾ പദ്യരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. 'അജപാലകീർത്തനം' എന്ന് നാമകരണം ചെയ്തിട്ടുള്ള ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽനിന്ന് ഉദ്ധരിക്കുന്നു:

'അഖിലേശ്വരനടിയാനുടെ
    പരിപാലകനടിയൻ
സുഖമേ സുഖമഖിലം ശുഭം

അജഭപാലനമസ്തേ
പച്ചപ്പുതുപുൽമാലിയിൽ
മേച്ചങ്ങുനിറച്ചും
ഉച്ചയ്ക്കു കിടത്തുന്നതിലി-
ച്ഛയ്ക്കജപാലൻ.
ഹിതശീതള മൃദുശാന്ത
തടാകത്തിലെ ജലവും
കൊതിതീർത്തുകുടിപ്പിച്ചീടു-
മജപാല നമസ്തേ.'[20]

ഗാനാത്മകമായ സമുചിത മലയാളവൃത്തങ്ങളിൽ സങ്കീർത്തനങ്ങൾക്കു സുരുചിരമായ രൂപം നല്കി അവതരിപ്പിച്ചതാണ് പുത്തൻകാവ് മാത്തൻതരകന്റെ *കാവ്യസങ്കീർത്തനം*. ലളിത പദങ്ങളിലാണ്, എബ്രായ സങ്കീർത്തനങ്ങൾ മഹാകവി പുനരാവിഷ്കരിച്ചത്. നൂറ്റിയൻപതു സങ്കീർത്തനങ്ങളുടെ പദ്യവിവർത്തനവും കാവ്യസങ്കീർത്തനത്തിലുൾപ്പെടുത്തിയിട്ടു്. ജോസഫ് ചെറുവത്തൂരിന്റെ *വിശുദ്ധ കാവ്യസങ്കീർത്തനങ്ങളി*ലും സങ്കീർത്തനങ്ങൾ മുഴുവനും മലയാളീകരിച്ചിട്ടു്. ലളിതസുന്ദരമാണ് ചെറുവത്തൂരിന്റെ ആവിഷ്കരണശൈലി. മാതൃകയ്ക്കു വേി, ഇരുപത്തിമൂന്നാം സങ്കീർത്തനം ഉദ്ധരിക്കുന്നു:

'യഹോവയെന്റെ നല്ലോ-
രിടയനാകമൂലം
എനിക്കേതു കാലത്തും
ബുദ്ധിമുട്ടു ാവില്ല.
പച്ചയായിടും മൃദു-
പുൽപുറങ്ങളിലെന്നെ
ഇച്ഛയാ കൂട്ടിക്കൊു-
പോയവൻ കിടത്തുന്നു.
പരമ പ്രശാന്തമാം
സലില സമീപത്തേ-
ക്കരുമയോടും കൂടെ
നടത്തീടുന്നേനെന്നെ'[21]

കവികളെ ഏറ്റവുമധികം ആകർഷിച്ച ബൈബിൾഗ്രന്ഥം ഉത്തമഗീതമാണ്. പ്രേമമാണല്ലോ കലയുടെ അനശ്വരപ്രമേയം. 'ശാരീരികവും ആത്മീയവുമായ ഈ അത്ഭുതത്തിന്, താരുണ്യത്തിൽ മനുഷ്യനിലും വസന്തത്തിൽ പ്രകൃതിയിലും ആവേശിക്കുന്ന ഈ ഇന്ദ്രജാലത്തിന്, പുരുഷൻ സ്ത്രീയിലും സ്ത്രീ പുരുഷനിലും കാണുന്ന ഈ കവിതയ്ക്ക് ഇരുപത്തിയഞ്ചു നൂറ്റാുകൾക്കു മുമ്പ് എബ്രായകവി നല്കിയ രൂപമാണ് ഉത്തമഗീതം'.[22] കവിഭാവന ചിറകുവിടർത്തി നില്ക്കുന്നത് ഉത്തമഗീതപുനരാഖ്യാനങ്ങളിൽ കാണാം. പുത്തൻകാവ് മാത്തൻ തരകന്റെ ശൂലേംകാരിയും ഇ.എം.ജെ. വെണ്ണിയൂരിന്റെ പാട്ടുകളുടെ പാട്ടും രു വീക്ഷണങ്ങളിലൂടെ നോക്കിക്ക് ഉത്തമഗീതം പുനരാവിഷ്കരിച്ചതാണ്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ദിവ്യഗീതം 'ഉത്തമഗീത'ത്തിന്റെ പ്രസിദ്ധവിവർത്തനമാണ്.

### 6.1.8. മഗ്ദലനമറിയവും മറ്റു ഖണ്ഡകൃതികളും

ബൈബിൾ മലയാളത്തിൽ പല ഖണ്ഡകൃതികൾക്കും ഇതിവൃത്തമായിട്ടു്. മഹാകവി വള്ളത്തോൾ നാരായണമേനോൻ രചിച്ച *മഗ്ദലനമറിയം* മലയാളത്തിലെ ബൈബിൾക്കവിത യുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവിനെ കുറിക്കുന്നു. 1921-ലാണ് *മഗ്ദലനമറിയം* പ്രസിദ്ധീക രിക്കുന്നത്. വേദേതിഹാസങ്ങളുടെ പാലാഴി കടഞ്ഞ് അമൃത് കത്തിയ മഹാകവിയുടെ കണ്ണ് ബൈബിളിലേക്കു തിരിഞ്ഞതോടെ അക്ഷയമായ കാവ്യസാധ്യതയുള്ള ഒരു മഹാഗ്രന്ഥമാണ് അതെന്നുള്ള സത്യം അംഗീകരിക്കപ്പെട്ടു.

ക്രിസ്തുവിന്റെ ജീവിതത്തിലെ സ്തോഭപൂർണമായ ഒരു നാടകീയ മുഹൂർത്തത്തെയാണ് മഹാകവി ഇതിവൃത്തമായി സ്വീകരിച്ചത് - പാപിനിയായ മഗ്ദലനമറിയത്തിന്റെ ആത്മാവ് പശ്ചാ ത്താപത്തിന്റെ അഗ്നിയിലൂടെ കടന്ന് പവിത്രീകൃതമാകുന്ന കഥ. പശ്ചാത്താപവിവശയായി ക്രിസ്തുവിനെ സമീപിച്ചു കണ്ണീർകൊ് പാദം കഴുകിയ മറിയത്തോട് ക്രിസ്തു പ്രതിവചിച്ചു:

'പൊയ്ക്കൊൾക പെൺകുഞ്ഞേ, ദുഖം വെടിഞ്ഞു നീ-
യുൾക്കൊ വിശ്വാസംകാത്തു നിന്നെ,
അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയു-
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം'

അനന്യമായ സാംസ്കാരികോദ്ഗ്രഥനം ഈ ഖണ്ഡകാവ്യത്തിലൂടെ സാധിച്ചിരിക്കുന്നു വെന്നത് സവിശേഷ പ്രാധാന്യമർഹിക്കുന്നു. 'ക്രിസ്തുവാം കൃഷ്ണന്റെ ധർമോപദേശമാം നിസ്തുലകോമളവേണുഗാനം' എന്ന സങ്കല്പംതന്നെ ശ്രദ്ധേയമാണ്. 'ക്രൈസ്തവ-ഹൈന്ദവ ചിന്താധാരകളെ സമന്വയിപ്പിക്കുകവഴി ദേശീയോദ്ഗ്രഥനത്തിനും സാംസ്കാരിക സമന്വയ ത്തിനും ബാധകമായ വിധത്തിൽ മഗ്ദലനമറിയത്തെ സംവിധാനം ചെയ്യാൻ മഹാകവിക്കു കഴിഞ്ഞുവെന്ന് വിലയിരുത്തപ്പെട്ടിട്ടു്'.(23) അതിലുപരി, ബൈബിൾ ഇതിവൃത്തങ്ങളിലേക്ക് കവികളുടെയും അനുവാചകരുടെയും സവിശേഷ ശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞുവെന്ന താണ് മഗ്ദലനമറിയത്തിന്റെ ചരിത്രപരമായ ദൗത്യം.

ക്രിസ്തുവിന്റെ കുരിശിലെ ത്യാഗങ്ങൾ ഇതിവൃത്തമായി സ്വീകരിച്ചു രചിച്ച ഖണ്ഡകൃതിക ളാണ് എം.ഒ.അവിരായുടെ *മഹാത്യാഗി*യും ചാലിൽ ജേക്കബിന്റെ *കാൽവരിയിലെ കരിനിഴ ലും.* കുരിശിലേറ്റിയവർക്കുവേി ക്രിസ്തു പിതാവിനോടു മാപ്പപേക്ഷിക്കുന്നു:

'കരളിൽ കനിവാർന്നു താത! നീ-
യിവർ തൻ തെറ്റു പൊറുത്തീടണമേ.
അറിവീലവർ തങ്ങൾ ചെയ്തതിൻ
പൊരുളും നിൻ തിരുവുള്ളവും വിഭോ!'

കുരിശിലെ ദിവ്യസൂക്തം കേട്ടപ്പോൾ ചരാചരങ്ങൾപോലും ശാന്തചിത്തരായെന്ന് കവി വർണി ക്കുന്നു.

'അനവദ്യവിശിഷ്ട വാക്യമാ-
മനുജോത്തംസമിവണ്ണമോതവേ
ഇളകാതെയരക്ഷണം ചരാ-
ചരമാനന്ദമിയന്നു നിന്നുപോയ്.

കളുർതെന്നലതിൻ പ്രശാന്തമാം
പൊരുൾ മന്ത്രിച്ചീടവേ തരുവ്രജം
തലയാട്ടിരസിച്ചു പൂക്കളാൽ
മൃദുമഞ്ജൂസ്മിതമാർന്നു നില്ക്കയായ്'(23)

#### 6.1.9. ക്രിസ്തുഭാഗവതം

ത്യാഗമൂർത്തിയായ ക്രിസ്തുഭഗവാന്റെ ജീവിതകഥ ഇതിവൃത്തമായി സ്വീകരിച്ചു പ്രൊഫ. പി.സി. ദേവസ്യാ സംസ്കൃതത്തിൽ രചിച്ച *ക്രിസ്തുഭാഗവതം*, ഭാരതീയ പുരാണേതിഹാസങ്ങളെ ക്രിസ്തുകഥയുമായി സമന്വയിപ്പിക്കാനുള്ള ശ്രമത്തിന്റെ പരിപക്വഫലമാണ്. ക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള ചരിത്രം മുപ്പത്തിമൂന്ന് അദ്ധ്യായങ്ങളിൽ കവി നിബന്ധിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഐഹിക ജീവിതകാലം, മുപ്പത്തിമൂന്നു വർഷമായതിനാലാവാം കവി, മുപ്പത്തിമൂന്നു സർഗങ്ങൾ എഴുതിച്ചേർത്തത്. സമാധാനപ്രവാചകനായ ക്രിസ്തുദേവന്റെ ദിവ്യചരിത്രം ആഖ്യാനം ചെയ്യുന്ന *ക്രിസ്തുഭാഗവത*ത്തിന്റെ പ്രധാന രസം ശാന്തമാണ്; അംഗരസങ്ങളിൽ പ്രാധാന്യം വീര, കരുണ, അത്ഭുതങ്ങൾക്കാണ്. കാളിദാസകവിയിൽനിന്നും പ്രചോദനമുൾക്കൊ ദേവസ്യ, വൈദർഭശൈലിയിലാണ് കാവ്യാവിഷ്കാരം നിർവഹിച്ചിട്ടുള്ളത്. ക്രിസ്തുഭാഗവതത്തിലൂടെ ഹൈന്ദവ ക്രൈസ്തവസംസ്കാരങ്ങളുടെ സമന്വയം ലക്ഷ്യമാക്കിയിട്ടുള്ള പ്രൊഫ. ദേവസ്യാ, ഭാരതീയേതിഹാസങ്ങളിലെ സമാന സംഭവങ്ങളോടു ക്രിസ്തുചരിത്രസംഭവങ്ങളെ ബന്ധപ്പെടുത്തുന്നു. ജോസഫും മറിയവും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുന്നിടത്ത് വസിഷ്ഠമഹർഷിയും അരുന്ധതിയും തമ്മിലുള്ള ബന്ധം അനുസ്മരിക്കുന്നു (2.80). യേശുക്കുഞ്ഞിനെ നശിപ്പിപ്പാൻ നിശ്ചയിച്ച ഹേരോദാവിനെ, കൃഷ്ണനെ വധിക്കാൻ കല്പന പുറപ്പെടുവിച്ച കംസനോടാണ് താരതമ്യപ്പെടുത്തുന്നത് (9.1). ക്രൂശുമരണത്തിനുശേഷം യേശു, ശിഷ്യന്മാർ ഇരുന്ന അടഞ്ഞമുറിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അവരുടെ മാനസികഭാവത്തെ, കൃഷ്ണന്റെ വിശ്വരൂപം ദർശിച്ചപ്പോൾ, അർജുനനുായ ഭാവത്തോടാണ് ഉപമിച്ചിരിക്കുന്നത് (21.26).

#### 6.1.10. ഭക്തിഗാനങ്ങൾ

ഭക്തിഗീതങ്ങൾ മതജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. കേരളക്രൈസ്തവരുടെ ആരാധനാ കീർത്തനങ്ങൾ സുറിയാനിയിലായിരുന്നു. ആരാധനാജീവിതത്തിൽ പൗരസ്ത്യ സുറിയാനിയുടെ പാരമ്പര്യം പുലർത്താനായിരുന്നു ക്രൈസ്തവർക്കു താല്പര്യം. ആരാധനാഗീതങ്ങൾ മലയാളീകരിച്ചപ്പോഴും സുറിയാനിരാഗങ്ങളിലായിരുന്നു അവ ആലപിച്ചിരുന്നത്. ഭാരതീയ ആരാധനാരീതികൾ അവലംബിക്കുവാൻ ക്രൈസ്തവർ താല്പര്യം കാട്ടിയില്ല, കാരണം സുറിയാനി പൈതൃകം തന്നെ. പാശ്ചാത്യസമ്പർക്കം കേരളക്രിസ്ത്യാനികളുടെ ആരാധനാജീവിതത്തിലും വ്യതിയാനം വരുത്തി. പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുടെ ഗാനാമൃതം മലയാളത്തിലേക്കു പകരപ്പെട്ടു. സുപ്രസിദ്ധമായ ആ ഗാനങ്ങൾ മലയാളീകരിച്ചപ്പോൾ, അവയുടെ കാവ്യഭംഗി ചോർന്നുപോയിട്ടുങ്കിലും ഒരു പുതിയ മേഖല തുറന്നുകിട്ടുകയായിരുന്നു. പാശ്ചാത്യഗാനങ്ങളുടെ സ്വരതാളബോധമനുസരിച്ചാണ് അവ ആലപിക്കപ്പെട്ടതും.

ഭാരതീയ ശാസ്ത്രീയസംഗീതത്തിന്റെ ശ്രീകോവിലിൽ ക്രൈസ്തവഭക്തിഗീതങ്ങൾ പ്രതിഷ്ഠിക്കുന്നതിന് അപൂർവം ചില പ്രതിഭാശാലികൾ ശ്രമിച്ചിട്ടു്. കത്തിൽ വറുഗീസ് മാപ്പിള

യുടെ കീർത്തനമാല ശ്രദ്ധേയമായ തുടക്കമായിരുന്നു. കീർത്തനമാലയിൽ അമ്പത്തിയൊന്നു കീർത്തനങ്ങൾ സമാഹരിച്ചിരിക്കുന്നു. ശാസ്ത്രീയസംഗീതത്തിന്റെ സ്വരതാളവ്യവസ്ഥയ്ക്കനുസരിച്ചാണ് അവയുടെ രചന. 'പരമാത്മഭജന'മെന്ന കീർത്തനം ഉദ്ധരിക്കുന്നു:

**പരമാത്മഭജനം**

**സാവേരി – ചെമ്പട**

*പല്ലവി*

പരമാത്മൻ!പാലയ! മാം പാവനമൂർത്തേ!

*അനുപല്ലവി*

പാവകസ്വരൂപാഖില-
പാവനതര! നിത്യസേവകാഭീഷ്ടപ്രദ! പരമാ...

*ചരണങ്ങൾ*

1. ആകാശം പിളർന്നന്നാ ശ്ലീഹന്മാരിൽ വന്നു നീ
ആവസിച്ചതുപോലവേ,
ആശാവിഹീനനാമെന്നാശയം തന്നിൽ നിത്യം
ആവസിച്ചാശ്വാസം തന്നാശു രക്ഷിച്ചീടുക . പരമാ...

2. വളരുന്ന പാപഭാരം തളരുംവണ്ണം ശരീരം
വരുമാറില്ലുള്ളിൽ വിചാരം
അളവറ്റുള്ള നന്നൻപുമഴിയാത്താനന്ദവായ്പും
അനിശവുമോർപ്പിച്ചരുൾകതിലവ്യാജ വിശ്വാസം. പരമാ...

3. തിരുവുരകളിൽ വേറുന്നൊരു രുചി വളർന്നതി-
പൊരുളറിഞ്ഞൊന്നും വായിച്ചും
കരളിൽ ധ്യാനിച്ചും ഞാൻ തിരുവരുളാചരിപ്പാൻ
കരുതി നിത്യം കുടികൊ രുളുക മമ ഹൃദി. പരമാ...

**6.1.11. കീർത്തനസാഹിത്യത്തിലെ കുലപതികൾ**

മലയാള ക്രൈസ്തവ കീർത്തനസാഹിത്യത്തിലെ കുലപതികളാണ് റവ. യുസ്തൂസ് ജോസഫും മഹാകവി കെ.വി.സൈമണും സാധു കൊച്ചുകുഞ്ഞ് ഉപദേശിയും. ദേവശാസ്ത്ര പണ്ഡിതനും മികച്ച വാഗ്മിയുമായിരുന്ന റവ.യുസ്തൂസ് ജോസഫ് – വിദ്വാൻകുട്ടിയച്ചൻ[(25)] – സംഗീതകലയിലും വിദ്വാനായിരുന്നു. അർഥസാന്ദ്രവും സംഗീതാത്മകവുമായ ഒട്ടേറെ ഗീതങ്ങൾ അദ്ദേഹം രചിച്ചിട്ടു്. 'സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ' എന്ന വിശ്രുതകീർത്തനത്തിൽനിന്ന് ഒരു ഭാഗം:

*പല്ലവി*

സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ
ഹല്ലെലുയ്യാ പാടി
സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ

*അനുപല്ലവി*

സ്തുതിപ്പിൻ ലോകത്തിൻ പാപത്തെ നീക്കുവാൻ

അധിപനായ്‌വന്ന - ദൈവകുഞ്ഞാടിനെ - സ്തുതി...

*ചരണങ്ങൾ*

1. കരുണനിറഞ്ഞ കണ്ണുള്ളോനവൻ-തൻജനത്തിൻകരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ-ലോകപാപച്ചുമടിനെ
ശിരസ്സുകൊു ചു-മന്നൊഴിപ്പതിന്നു
കുരിശെടുത്തു ഗോൽ-ഗോഥാവിൽ പോയോനെ
സ്തുതി...

2. വഴിയും സത്യവും ജീവനുമിവനെ-അവനരികിൽ
വരുവിൻവഴിയുമാശ്വസമേകുവാൻ-പാപച്ചുമടൊഴിച്ചവൻ
മഴയും മഞ്ഞും പെയ്യുമ്പോലുള്ളിൽ കൃപാ-
പൊഴിയുമേ മേഘ-ത്തൂണിൽനിന്നു പാടി-
സ്തുതി...

3. മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ-ഭൂമിരാജാക്കന്മാരെ
ഭരിച്ചുവാഴുമേക നായകൻ-നമ്മെ സ്നേഹിച്ചവൻ തിരു-
ച്ചോരയിൽ കഴുകി-നമ്മെയെല്ലാം ശുദ്ധീ-
കരിച്ച വിശ്വസ്ത-സാക്ഷിയെ നിനച്ചു-

ഭാരതീയസംഗീതത്തെ ക്രൈസ്തവ ഭക്തിഗീതങ്ങളിൽ കുടിയിരുത്തിയ മറ്റൊരു പ്രതിഭാശാലിയാണ് മഹാകവി കെ.വി.സൈമൺ.[26] മഹാകവിയുടെ ഗീതങ്ങളിൽ 'കീർത്തനസംസ്കാരം' തന്നെയു്. സംഗീതശതകം, ശതകാനുയായി, സംഗീതരത്നാവലി, പ്രത്യാശാഗീതങ്ങൾ, പ്രയാണഗീതങ്ങൾ, ഗാനചന്ദ്രിക, ഗാനസൂനം എന്നിവയാണ് മഹാകവിയുടെ ഗാനസമാഹാരങ്ങൾ. ഭാരതീയ കാവ്യസംസ്കാരം സൈമണിന്റെ ഗാനങ്ങളിൽ അന്തർധാരയായി വർത്തിക്കുന്നു. രൂപഭാവശില്പങ്ങളിൽ ഭാരതീയ സംഗീതത്തിന്റെ സ്വാധീനം പ്രകടമാണ്. ക്രൈസ്തവ പ്രമേയങ്ങളെ ഗാനരചനയ്ക്കു വിഷയമാക്കുമ്പോൾ ഉചിതരാഗങ്ങൾ തെരഞ്ഞെടുത്തിരുന്നു. കർണാടകസംഗീതത്തിലെയും ഹിന്ദുസ്ഥാനിസംഗീതത്തിലെയും പ്രമുഖ രാഗങ്ങൾ മിക്കതും സഫലമായി പ്രയോഗിച്ചിട്ടു്. ക്രിസ്തുവിനു കല്പിക്കുന്ന വിശേഷണങ്ങൾ ആർഷസംസ്കാര സുരഭിലമാണ്. ക്രൈസ്തവമതത്തിന്റെ ഭാരതീയവത്കരണം എന്ന ആശയം കീർത്തനങ്ങളിലൂടെ സമർഥമായും സാർഥകമായും ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടു്.

**തിരുപ്പുകൾ**

**ശങ്കരാഭരണം**

*'നാദബിന്ദുകലാദി'-ആദിതാളം*

1. യേശു നായക! ശ്രീശ! നമോ നമോ
നാശവാരണ! സ്വാമിൻ! നമോ നമോ
മോശിപൂജിത രൂപ! നമോ നമോ
മഹീപാദ!

2. മാനുവേലനേ! പാഹി നമോ നമോ
മാനവസുതവര്യ! നമോ നമോ

ദീനവൽസല! ക്രിസ്തോ! നമോ നമോ
ദിനമാകെ.

3. കുഷ്ഠരോഗ വിനാശ! നമോ നമോ
തുഷ്ടിനല്കുമെന്നീശ! നമോ നമോ
ശിഷ്ടപാലക!വന്ദെ നമോ നമോ
ദീവപീഠ!

4. പഞ്ചപൂപപ്രദാന! നമോ നമോ
സ്സഞ്ചിതാധിക പുണ്യ! നമോ നമോ
അഞ്ചിതാനനയുക്ത! നമോ നമോ
പരമീഡേ.

ആഴമായ ആത്മീയാനുഭവങ്ങളിൽനിന്ന് ഉറവെടുത്ത സാധുകൊച്ചുകുഞ്ഞ് ഉപദേശിയുടെ[27] ഗീതങ്ങൾ, ആശ്വാസഗീതങ്ങളിൽ സമാഹരിച്ചിരിക്കുന്നു. ജനശ്രദ്ധ ഇത്രയധികം ആകർഷിച്ച ക്രൈസ്തവകീർത്തനങ്ങൾ വേറെയില്ല. ലാളിത്യമാണ് അവയുടെ മുഖമുദ്ര. അനുഭവങ്ങളുടെ ഉറവകളിൽനിന്ന് അനിയന്ത്രിയമായി പ്രവഹിച്ച വികാരങ്ങളുടെ വാങ്മയരൂപത്തിലുള്ള ആവിഷ്കാരമെന്നു വിശേഷിപ്പിക്കാവുന്ന സാധുവിന്റെ കീർത്തനങ്ങളുടെ കാവ്യഭംഗിയും വിസ്മരിക്കാനാവില്ല. ഹൃദയത്തിന്റെ ഭാഷയിൽ രൂപമെടുത്ത ആശ്വാസഗീതങ്ങളുടെ സംഗീതഭംഗിയും ശ്രദ്ധേയമാണ്. സംഗീതസാന്ദ്രമായൊരു മനസ്സിന്റെ സൃഷ്ടിയാണ് അവ. താളവും ലയവും രീതിയുമെല്ലാം ശരിയായിരിക്കത്തക്കവണ്ണം, ഹൃദയത്തിൽ പാകപ്പെട്ട ഈ അപൂർവ സൃഷ്ടികളിൽ ഭക്തഹൃദയത്തിന്റെ തുടിപ്പുകളാണ് കേൾക്കുക:

1. എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായി ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു

2. വൈഷമ്യമുള്ളേതു കുന്നും കരേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായി
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടീടും

3. ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നുവെന്നോ
മാനസത്തിലാധിപൂ വേദിപ്പാൻ
സാധു അന്ധനായി തീർന്നിടല്ലേ ദൈവമേ

4. ദുഃഖിതനായോടിപ്പോയി ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെ ഓർത്തു ദൈവദൂതർ വന്നീടും
ഏറ്റം സ്നേഹചൂടോടപ്പവുമായി വന്നീടും

5. നാളയെക്കൊൻ മനസ്സിൽ ലവലേശം ഭാരമില്ല
ഓരോനാളും ദൈവമെന്നെ പോറ്റുന്നു
തന്റെ കൈകളിൽ ഞാൻ ദിനംതോറും ചാരുന്നു

6. കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല

ദൈവം അവയ്ക്കായി വേതേകുന്നു
ലില്ലിപ്പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു

7. ഹാ മഹേശാ കരുണേശാ പൊന്നുതാത നീയെനിക്കായി
വേതെല്ലാം ദയതോന്നി നല്കുമ്പോൾ
എന്റെ ദേഹി വൃഥാ കലങ്ങുന്നതെന്തിനായി?

പ്രശസ്തരും അപ്രശസ്തരുമായ ഒട്ടേറെ ഭക്തകവികൾ ക്രൈസ്തവ കീർത്തനശാഖയെ പരിപോഷിപ്പിച്ചിട്ടു്. സുപ്രസിദ്ധ ഗാനങ്ങൾ രചിച്ച ചില ഭക്തകവികളുടെ പേരുകൾ മാത്രം ഇവിടെ അനുസ്മരിക്കുന്നു – പി.വി. തൊമ്മി ('എന്തതിശയമേ ദൈവത്തിൻ സ്നേഹം...', 'എന്നോടുള്ള നിൻ സർവ നന്മകൾക്കായി...', 'വന്ദനം യേശുപരാ...'), റ്റി. ജെ. വർക്കി ആശാൻ ('പ്രാർഥന കേൾക്കണമേ, കർത്താവേ എൻ...', 'പരനേ നിൻ തിരുമുമ്പിൽ വരുന്നോരീ...'), മോശെവത്സലം ശാസ്ത്രികൾ ('നിന്റെ ഹിതം പോലെയെന്നെ...', 'വരിക സുരാധിപ പരമപരാനിൻ...'), റവ. റ്റി. ജെ. ആൻഡ്രൂസ് ('യേശുവെന്നടിസ്ഥാനം...'), റവ. റ്റി. കോശി ('യേശുമഹേശനെ ഞാൻ...'), റ്റി.ഡി. ജോർജ് മാസ്റ്റർ ('യേശുസന്നിധി മമ ഭാഗ്യം...'), മുല്ലശ്ശേരി ജോൺ ഈശോ ('നല്ല ദേവനേ ഞങ്ങൾ എല്ലാവരേയും...'), എം.ഇ. ചെറിയാൻ ('അനുഗ്രഹത്തിൻ അധിപതിയേ...', 'തുണയെനിക്കേശുവേ...'), അന്നമ്മ മാമ്മൻ ('ലോകമാം ഗംഭീര വാരിധിയിൽ...'), ചാൾസ് ജോൺ ('സാധു എന്നെ കൈവിടാതെ...', 'ദൈവകൃപയിൽ ഞാനാശ്രയിച്ച്...'), കോശി തലയ്ക്കൽ ('നല്ലവനേ നൽവഴി കാട്ടി...', 'ദൈവമേ നിനക്കു സ്തോത്രം പാടിടും...'), തദേവൂസ് അരവിന്ദത്ത് ('ദൈവസ്നേഹം വർണിച്ചിടാൻ വാക്കുകൾ പോരാ...'). ബൈബിൾ സംസ്കാരം, ഭാഷയിൽ ലയിപ്പിച്ചവരാണ് ഈ അപ്രശസ്ത കവികൾ. വിഭാഗീയ ചിന്തകൾക്കതീതമായി, ഈ ഗാനങ്ങൾ ക്രൈസ്തവസമൂഹത്തെ ഒന്നിച്ചുനിർത്തുകയും ചെയ്യുന്നു. ക്രിസ്തുദർശനം ജനകീയ സാഹിത്യവിഭാഗമായ ഈരടികളിലൂടെ പകർന്ന ഭക്തിഗീതങ്ങളുടെ രൂപഭാവങ്ങൾ യോഗാത്മകാനുഭൂതിയിലാണ് വിലയം പ്രാപിക്കുന്നത്. ബൈബിൾ സത്തയിൽനിന്ന് ഉറവെടുത്ത അവയുടെ കാവ്യഭംഗിയും വിസ്മരിക്കാവുന്നതല്ല.

## 6.2. വർത്തമാനപ്പുസ്തകം

വ്യവഹാരഭാഷയോടു രക്തബന്ധമുള്ള വ്യവസ്ഥാപിതമായൊരു ഗദ്യശൈലി രൂപപ്പെട്ടത് മിഷനറിമാരുടെ ഭാഷാപ്രവർത്തനത്തോടെയാണ്. ക്രൈസ്തവകൃതികൾക്കു ഭാഷാപരമായ പ്രാധാന്യം മാത്രമല്ല, സാഹിത്യപരമായ മൂല്യവും ഉ്. സർഗാത്മക കൃതികൾ മലയാളഗദ്യത്തിൽ രചിക്കാനൊരുമ്പെട്ടത്, 19–ാം നൂറ്റാിന്റെ അന്ത്യപാദത്തിലാണ്. എന്നാൽ അതിന് ഒരു നൂറ്റാു മുമ്പ്, 1785–ൽ പ്രൗഢവും ഒപ്പം സാഹിത്യഭംഗിയിണങ്ങിയതുമായ ഒരു ബൃഹത്ഗ്രന്ഥം രചിക്കപ്പെട്ടു. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ *വർത്തമാനപ്പുസ്തക*മാണ് ആ ഗ്രന്ഥം. ഭാരതീയ ഭാഷകളിലെ ഒന്നാമത്തെ യാത്രാവിവരണഗ്രന്ഥമാണ് *വർത്തമാനപ്പുസ്തകം*. ചരിത്രപരവും ഭാഷാപരവുമായ പ്രാധാന്യത്തോടൊപ്പം, ഭാവസുന്ദരമായ ആ കൃതിയുടെ സാഹിത്യമൂല്യം സാഹിത്യചരിത്രകാരന് വിസ്മരിക്കാനാവതല്ല. ഒരു ആഖ്യായികയ്ക്കു വേ കഥാവസ്തുവും സംഭവങ്ങളും സംഘട്ടനങ്ങളും കഥാപാത്രങ്ങളുടെ വിജയപരാജയങ്ങളും മനുഷ്യസ്വഭാവങ്ങളുടെ ചിത്രീകരണങ്ങളും നിരീക്ഷണങ്ങളും ശോകച്ഛായയെ ഉദ്ദീപിപ്പിക്കുമാറു നന്മതിന്മകളുടെ മത്സരവും ഈ ഗ്രന്ഥത്തിലു്.[28] ഗ്രന്ഥകാരന്റെ വ്യക്തിത്വവും അനുഭവങ്ങളുടെ തീവ്രതയും ഗ്രന്ഥത്തിൽ ആദ്യന്തം വിളങ്ങിനിൽക്കുന്നു. സഞ്ചരിച്ച രാജ്യങ്ങളെ, വിടർന്ന കണ്ണുകളോടെ ഗ്രന്ഥകാരൻ നോക്കിക്കാണുന്നു.

*വർത്തമാനപ്പുസ്തക*ത്തോളം പ്രാധാന്യമില്ലെങ്കിലും പത്തൊൻപതാം നൂറ്റാിന്റെ രാമത്തെ പാദത്തിൽ രചിക്കപ്പെട്ട സഞ്ചാരസാഹിത്യകൃതികൾ കൂടി ഇവിടെ പരാമർശിക്കപ്പെടേതു്. ഡോ. പോൾ മണലിൽ എഡിറ്റു ചെയ്ത് ആമുഖപഠനത്തോടുകൂടി പ്രസിദ്ധീകരിച്ച *യാത്രാവിവരണങ്ങൾ പത്തൊൻപതാം നൂറ്റാിൽ*[29] എന്ന ഗ്രന്ഥത്തിൽ ഇവ സമാഹരിച്ചിരിക്കുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രാമന്റെ ഊർശ്രേം യാത്രാവിവരണം (1865), യോഹന്നാൻ സന്യാസിയുടെ ഒർശ്ലെം യാത്രാവിവരണം (1880), ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ കൊളമ്പിലെക്കുള്ള യാത്രാവിവരണം (1892), കട്ടക്കയത്തിൽ കൊച്ചുചാടി അച്ചന്റെ ചതുബാലാനയ ചരിത്രം (1893), പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഊർശ്ളേം യാത്രാവിവരണം (1895), മാർ തോമസ് കുര്യാളശ്ശേരിയുടെ റൊമ്മായാത്ര (1901), കട്ടക്കയത്തിൽ കൊച്ചുചാടി അച്ചന്റെ രാം റോമായാത്ര (1906) എന്നിവ *വർത്തമാനപ്പുസ്തക*ത്തിനുശേഷം രചിക്കപ്പെട്ടവയാണ്. വിശുദ്ധ നഗരമായ യെരുശലേമിലേക്കും റോമിലേക്കും നടത്തിയ യാത്രകളാണ് പ്രതിപാദ്യം. പ്രതിപാദ്യത്തിന്റെയും പ്രതിപാദനത്തിന്റെയും തികവുകൊ് ഇക്കൂട്ടത്തിൽ മികവാർന്നത് പരുമല മാർ ഗ്രീഗോറിയോസിന്റെ ഊർശ്ളേം യാത്രാവിവരണമാണ്. ആദ്യം മുദ്രണം ചെയ്ത മലയാളത്തിലെ യാത്രാവിവരണവും ഊർശ്ളേം യാത്രാവിവരണംതന്നെ. 1895 ജനുവരിയിൽ (മകരം 16) പരുമലയിൽനിന്ന് പുറപ്പെട്ട് മെയ് മാസത്തിൽ (ഇടവം 5) നാട്ടിൽ തിരിച്ചെത്തിയ അവിസ്മരണീയമായ യാത്രയുടെ ഹൃദയഹാരിയായ വിവരണമാണ് പരുമല തിരുമേനിയുടെ പുസ്തകം.

### 6.3. സർഗാത്മക സാഹിത്യരംഗത്ത് സംഭാവനകൾ - നാടകം

സർഗാത്മക സാഹിത്യരംഗത്ത് ക്രൈസ്തവരുടെ സംഭാവനകൾ വിലയിരുത്തുമ്പോൾ ബൈബിൾ കഥകൾ ഇതിവൃത്തമായി സ്വീകരിച്ച കൃതികളാണ് നമ്മുടെ ദൃഷ്ടിയിൽ ആദ്യം പെടുക; പിന്നീട് ക്രൈസ്തവ സമൂഹത്തിന്റെ ജീവിതം പകർത്തിയവയും. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഇടയനാടകങ്ങളാണ് പ്രാതഃസ്മരണീയം. ക്രിസ്തുവിന്റെ അവതാരസംഭവത്തെ ഗോശാലയുടെ പശ്ചാത്തലത്തിൽ ഉചിത കഥാപാത്രകല്പനയിലൂടെ പുനരാവിഷ്കരിക്കുകയാണ് ചാവറയച്ചൻ ഇടയനാടകങ്ങളിലൂടെ. പാശ്ചാത്യനാടുകളിൽ പ്രചാരത്തിലുള്ള എക്ലോഗുകളുടെ (ഇടയനാടകങ്ങളുടെ) ചുവടുപിടിച്ചാണ് രചന. വൈദികവിദ്യാർഥികൾക്കുവേയായിരുന്നു ഇവ രൂപപ്പെട്ടത്. 1855-56 ആണ് രചനാകാലം. മൂന്ന് നാടകങ്ങൾ പദ്യരൂപത്തിലും ര് നാടകങ്ങൾ കാവ്യത്തോടടുക്കുന്ന ഗദ്യത്തിലുമാണ് നിബന്ധിച്ചിട്ടുള്ളത്.[30] അറിയപ്പെട്ടിടത്തോളം മലയാളത്തിലെ ആദ്യത്തെ നാടകരചനയും രംഗാവിഷ്കാരവുമാണ് ചാവറയച്ചന്റേത്. അവ വൈദിക വിദ്യാമന്ദിരങ്ങളിൽ ഒതുങ്ങിനിന്നുവെന്നുമാത്രം.

ബൈബിളിലെ പ്രസിദ്ധമായ ജോസഫിന്റെ കഥ ആധാരമാക്കി കത്തിൽ വർഗീസ് മാപ്പിള രചിച്ച *എബ്രായക്കുട്ടി*യാണ് ശ്രദ്ധേയമായ ആദ്യനാടകം. സംസ്കൃതനാടകങ്ങളെ മാതൃകയായി സ്വീകരിച്ചാണ് വറുഗീസ് മാപ്പിള *എബ്രായക്കുട്ടി*ക്കു രൂപം നൽകിയത്. അതോടൊപ്പം വറുഗീസ് മാപ്പിളയ്ക്ക് ഇംഗ്ലീഷ് നാടകപരിചയത്തിലൂടെ ആർജിച്ച സംസ്കാരം നാടകഘടനയെയും പ്രതിപാദനത്തെയും സ്വാധീനിച്ചിട്ടു്. സഹോദരന്മാരുടെ പീഡനത്തിനു വിധേയനായ എബ്രായക്കുട്ടിയുടെ കഷ്ടപ്പാടുകളും ഒടുവിൽ പീഡിപ്പിച്ചവർക്ക് അദ്ദേഹത്തിൽനിന്ന് അഭയം സ്വീകരിക്കേിവന്നതും നാടകീയഭംഗിയോടെ വറുഗീസ് മാപ്പിള ചിത്രീകരിച്ചിരിക്കുന്നു.

ബൈബിൾക്കഥകൾ നാടകരൂപത്തിൽ ആവിഷ്കരിച്ച ശക്തനായ നാടകകൃത്ത് സി.ജെ. തോമസ്സാണ്. ബൈബിൾ സംസ്കാരവുമായി ബന്ധപ്പെട്ട കാലദേശങ്ങളെക്കുറിച്ചു വ്യക്തമായ ജ്ഞാനമുായിരുന്നു സി.ജെ.യ്ക്ക്. സി.ജെ.യുടെ മാസ്റ്റർപീസാണ് *ആ മനുഷ്യൻ നീ തന്നെ* എന്ന നാടകം. ദാവീദിന്റെയും ബേദ്ശേബയുടെയും പ്രണയകഥയാണ് ഇതിവൃത്തം. പ്രസിദ്ധമായ ഈ കഥാബീജത്തെ ഭാവനയുടെ അന്തരീക്ഷത്തിൽ സി.ജെ. മുളപ്പിച്ചെടുത്തു. ആത്മസംഘർഷത്തിന്റെ അഗ്നിച്ചൂളയിലൂടെ കടന്നുപോകന്ന ദാവീദുരാജാവ്, ലക്കില്ലാത്ത ധീരസാഹസികത്വവും നിയന്ത്രിക്കാനാവാത്ത ചോരത്തിളപ്പുമുള്ള ഋജുബുദ്ധിയായ ഊറിയാ, കയ്പുരസം കലർന്നുതുടങ്ങിയ ഉപഹാസഭാവമുള്ള വൃദ്ധനായ യോവാബ്, ധർമസങ്കടത്തിൽ കുടുങ്ങിയ ബേത്ത്ശേബാ എന്നിങ്ങനെ സി.ജെ.യുടെ കഥാപാത്രങ്ങളെല്ലാം അവിസ്മരണീയരാണ്. ഈശ്വരവിരഹം ഹേതുവായ പാപകർമം, അതിൽനിന്നുള്ള ഉൽക്കടമായ പശ്ചാത്താപം, അതിന്റെ ഫലമായ പാപമോചനം - ഇത്തരം ഒരു കഥാവൃത്തം ഉൾക്കൊള്ളുന്ന ഏക മലയാളനാടകം ആ മനുഷ്യൻ നീ തന്നെയാണ്. (31)

പഴയനിയമഗ്രന്ഥങ്ങളിലെ മൂന്നുകഥകളുടെ - പ്രതികാരത്തിന്റെ കഥകളുടെ - നാടകീയാവിഷ്കാരമാണ് ഇ.എം.ജെ. വെണ്ണിയൂരിന്റെ *കണ്ണിനുപകരം കണ്ണ്*. ശിംശോൻ, എസ്തർ, ജൂഡിത്ത് എന്നീ കഥാപാത്രങ്ങളെയാണ് നായകപദവിയിൽ വെണ്ണിയൂർ പ്രതിഷ്ഠിച്ചിട്ടുള്ളത്. ഹോശാന പാടി യേശുവിനെ യെരുശലേമിലേക്ക് എതിരേറ്റ ഞായറാഴ്ച മുതൽ ക്രൂശിൽ ജീവാർപ്പണം ചെയ്ത വെള്ളിയാഴ്ച മദ്ധ്യാഹ്നംവരെയുള്ള സംഭവങ്ങളാണ് ഏബ്രഹാം ജോസഫ് *പീലാത്തോസ്* എന്ന നാടകത്തിൽ അവതരിപ്പിക്കുന്നത്.

മലയാളത്തിലെ സ്വതന്ത്രസാമൂഹിക നാടകങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്, പോളച്ചിറയ്ക്കൽ കൊച്ചീപ്പൻ തരകന്റെ *മറിയാമ്മ* നാടകം (1903). സാമൂഹ്യവിമർശനമായിരുന്നു നാടകത്തിന്റെ പ്രധാന ഉദ്ദേശ്യം. ക്രിസ്തീയസമുദായത്തിൽ ആഴത്തിൽ വേരോടിയിരുന്ന 'അമ്മായിമ്മപ്പോര്' ഈ നാടകത്തിലൂടെ അനുവാചകരുടെ ശ്രദ്ധയിലേക്ക് കൊുവന്നു. പഴയ തലമുറയുടെ പ്രതിനിധിയായ മാത്തച്ചൻ, സ്ത്രീസ്വഭാവത്തിന്റെ സവിശേഷതകളുടെ മൂർത്തീഭാവമായ ഭാര്യ, ഭാരതീയ വനിതകളുടെ വിശിഷ്ടപാരമ്പര്യവും ക്രൈസ്തവസംസ്കാരത്തിന്റെ ഉദാത്തഭാവവും വിളങ്ങിനില്ക്കുന്ന മറിയാമ്മ, ആധുനിക സ്ത്രീത്വത്തിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുന്ന സാറാമ്മ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ സാമൂഹ്യപരിഷ്കരണോന്മുഖമായി രചിക്കപ്പെട്ട *മറിയാമ്മ* നാടകം ചരിത്രത്തിൽ ഇടം നേടിയിരിക്കുന്നു.

ക്രൈസ്തവരുടെ സാമൂഹ്യജീവിതത്തിന്റെയും മതാത്മകജീവിതത്തിന്റെയും ഇരുവശങ്ങൾ വിമർശനാത്മകദൃഷ്ടിയിലൂടെ അവതരിപ്പിക്കുന്നവയാണ് പൊൻകുന്നം വർക്കിയുടെ നാടകങ്ങൾ. വൈദികാധിപത്യത്തിന്റെ കോട്ടകൾക്കുനേരെ സാമൂഹ്യപരിഷ്കർത്താവിന്റെ തീവ്രതയോടെ നാടകങ്ങളിലൂടെ കടന്നാക്രമിക്കുകയാണ് പൊൻകുന്നം വർക്കി. പി.ജെ. ആന്റണിയുടെ നാടകങ്ങൾക്ക് അനുഭവത്തിന്റെ ചൂരും വിപ്ലവത്തിന്റെ വീര്യവുമു്. സി.എൽ. ജോസ്, പറവൂർ ജോർജ് എന്നിവരുടെ കൃതികളിൽ ക്രൈസ്തവജീവിതത്തിന്റെ ആദർശാത്മകമുഖമാണ് ആവിഷ്കരിക്കപ്പെട്ടത്.

### 6.4. ചെറുകഥ

ചെറുകഥ സൂക്ഷ്മതയുടെ സാഹിത്യരൂപമാണ്. ജീവിതത്തിൽനിന്ന് അടർത്തിയെടുത്ത ഒരു നിമിഷം, ഒരു ഭാവം, ഒരു കഥാപാത്രം മതിയാവും ഒരു കഥയ്ക്ക്. ഏകാഗ്രതയാണ് കഥയുടെ

ജീവൻ. മലയാളത്തിൽ കഥയും നോവലും സമാന്തരമായിട്ടാണ് വികാസം നേടുന്നത്. നോവലിസ്റ്റുകൾ അധികവും ചെറുകഥയിൽനിന്ന്, കുറേക്കൂടി വലിയ ക്യാൻവാസ് തേടി നോവലിൽ എത്തിച്ചേർന്നവരാണ്. നവോത്ഥാനകാലത്താണ് ചെറുകഥ ശക്തമായ ഒരു സാഹിത്യരൂപമായി വികാസം പ്രാപിച്ചത്. തകഴി, കേശവദേവ്, ബഷീർ തുടങ്ങിയവരുടെ കാലത്ത് ശക്തമായ കഥകളിലൂടെ ശ്രദ്ധേയനായി പൊൻകുന്നം വർക്കി. പള്ളിമതത്തിന്റെയും പൗരോഹിത്യത്തിന്റെയും മുതലാളിത്തത്തിന്റെയും ദുഷ്പ്രവണതകൾ കും അനുഭവിച്ചും അറിഞ്ഞ പൊൻകുന്നം വർക്കി അവയോടുള്ള രോഷം കഥകളിൽ ആവിഷ്കരിച്ചു. മതം മനുഷ്യനുവേയാകണമെന്ന് വർക്കി വിശ്വസിക്കുന്നു. പ്രമേയത്തിന്റെ സാമൂഹ്യമൂല്യങ്ങളിൽ പക്ഷപാതമുള്ള കഥാകാരൻ രൂപശില്പത്തിൽ വേത്ര ശ്രദ്ധിക്കാറില്ല. വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ' മലയാളത്തിലെ ഏറ്റവും മികച്ച കഥകളിലൊന്നാണ്.

സാമൂഹിക ജീവിതവിമർശനത്തിന്റെയും മനുഷ്യസ്വഭാവനിരീക്ഷണത്തിന്റെയും ഗൗരവഭാവം കലർന്ന കഥകളാണ് ഇ.എം. കോവൂരിന്റേത്. ജീവിതത്തിലെ പൊള്ളത്തരങ്ങളെയും കാപട്യങ്ങളെയും വിമർശിക്കുന്ന പല കഥകളും കോവൂർ എഴുതിയിട്ടു്. ('നീ മണ്ണാകുന്നു' എന്ന കഥ ഉദാഹരണം). കോവൂരിന്റെ 'ഹണി കഥകൾ' നർമബോധം നിറഞ്ഞവയാണ്. ആത്മകഥാപരമാണ് പാറപ്പുറത്തിന്റെ നോവലുകൾ എന്നപോലെ ചെറുകഥകളും. മലയാളിവായനക്കാർക്ക് അപരിചിതമായ പട്ടാളബാരക്കുകളിലെ കഥകൾ അനുഭവതീവ്രതയോടെ ആവിഷ്കരിച്ചുകൊായിരുന്നു തുടക്കം. അവയിൽപ്പോലും പ്രതിഫലിച്ചിരുന്നത് നാട്ടിൻപുറത്തെ ജീവിതത്തുടിപ്പുകളാണെന്നത് പാറപ്പുറത്തിനെ വ്യത്യസ്തനാക്കുന്നു.

മലയാള ചെറുകഥയിൽ ആധുനികതയുടെ പ്രോദ്ഘാടകരിൽ പ്രമുഖനാണ് കാക്കനാടൻ (ജോർജ് വർഗീസ്). മനുഷ്യവിഹ്വലതകളുടെയും ദാർശനികതൃഷ്ണകളുടെയും വേദനകളുടെയും അവസ്ഥകൾ കഥകളിൽ ആവിഷ്കരിച്ചു. ആദർശങ്ങളുടെ പൊള്ളത്തരങ്ങൾ, മനുഷ്യബന്ധങ്ങളുടെ വിചിത്രഗതികൾ, മതദർശനാദികളുടെ പരാജയങ്ങൾ, സമൂഹജീവിതത്തിലെ ഹിപ്പോക്രസികൾ, ജീവിതത്തിന്റെ പ്രഹേളികാസ്വഭാവം, അടിസ്ഥാനപരമായ ലൈംഗികത - ഇതെല്ലാമാണ് കാക്കനാടന്റെ ഭൂമികയായി വർത്തിച്ചത്.[32] 'ശ്രീചക്രം' പോലെയുള്ള അപൂർവ രചനകളും കാക്കനാടന്റെ കഥാപ്രപഞ്ചത്തിലു്.

സർഗാത്മകമായ സത്യസന്ധതയോടെ, ചലച്ചിത്രമേഖലയിലെന്നപോലെ ചെറുകഥയിലും വ്യാപരിച്ച കഥാകാരനാണ് ജോൺ എബ്രഹാം. എഴുപതുകളുടെ ഉത്തരാർധത്തിലും എൺപതുകളുടെ പൂർവാർധത്തിലുമാണ് ജോൺ എബ്രഹാമിന്റെ കഥകൾ പ്രത്യക്ഷപ്പെടുന്നത്. ആധുനിക കഥയുടെ പ്രമേയപരവും ഭാഷാപരവുമായ സവിശേഷതകളെ തിരസ്കരിക്കുന്നവയാണ് ജോണിന്റെ കഥകൾ. കുട്ടനാടൻ ഗ്രാമജീവിതത്തിന്റെ സന്ദിഗ്ധതകളും അവയുണർത്തുന്ന സാമൂഹികവും മനഃശാസ്ത്രപരവും സാമ്പത്തികവുമായ പ്രതിസന്ധികളും ജോണിന്റെ കഥകളുടെ അടിസ്ഥാനപ്രമേയമാണ്. വിദൂഷകന്റെയും കോമാളിയുടെയും ഉള്ളുലയ്ക്കുന്ന പരിഹാസം ജോൺകഥകളുടെ മുഖമാണ്. 'കോട്ടയത്ത് എത്ര മത്തായിമാരു്?', 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ', 'നേർച്ചക്കോഴി' തുടങ്ങിയ കഥകൾ ജോൺകഥകളുടെ പ്രമേയങ്ങളുടെയും ആഖ്യാനങ്ങളുടെയും സവിശേഷത ഉൾക്കൊള്ളുന്നവയാണ്.

യാഥാർഥ്യത്തെ സ്ത്രീപക്ഷത്തുനിന്നുകൊ് കാണുന്നവയാണ് സാറാജോസഫിന്റെ കഥകൾ. ആദ്യകാലകഥകൾതന്നെ സമകാലികരിൽനിന്ന് സാറാ ജോസഫിനെ വ്യത്യസ്തയാക്കി

യിരുന്നു – 'മനസ്സിലെ തീ മാത്രം', 'കാടിന്റെ സംഗീതം' എന്നീ സമാഹാരങ്ങളിലെ കഥകൾ. 'പാപത്തറ'യിൽ തുടക്കമിട്ട കഥകളിലേക്കു വരുമ്പോൾ പെൺമിഴികളിലൂടെയുള്ള കാഴ്ച അതി ശക്തമാകുന്നു. പുരുഷൻ വരച്ചുവച്ച കളങ്ങളിൽ ഒതുങ്ങിക്കൂടേതല്ല സ്ത്രീയുടെ ജീവിത മെന്ന് ആ കഥകൾ പ്രഖ്യാപിക്കുന്നു. 'പെണ്ണ് പൂക്കണ നാടാണ്' കഥാകാരിയുടെ സ്വപ്നം. പ്രമേയത്തിന്റെ അപൂർവചാരുതയാർന്നതാണ് സാറാ ജോസഫിന്റെ കഥകൾ.

പുതിയവീഞ്ഞ് പുതിയ കുപ്പിയിൽ പകരുന്ന സക്കറിയായുടെ കഥകൾ ഏറെ ശക്തമാണ്. 'അശ്ലീലം വരുത്തിവച്ച വിന – ഒരു ദുരന്തസംഭവം (പോംവഴി സഹിതം)', 'ഒരു ക്രൂരനസ്രാണിയുടെ കഥ', 'ജോസഫ് നല്ലവന്റെ കുറ്റസമ്മതം', 'ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും' തുടങ്ങിയ കഥകൾ ക്രൈസ്തവസമൂഹത്തിന്റെ ദ്വന്ദ്വവ്യക്തിത്വത്തെ ആവിഷ്കരിക്കുന്നു. 'ആർക്കറിയാം' പോലെയുള്ള കഥകളിൽ ബൈബിൾ മുഹൂർത്തങ്ങൾക്ക് വ്യത്യസ്തമായ തലത്തിൽ വ്യാഖ്യാനം നൽകുന്നു്. ബൈബിൾദർശനത്തോട് അവ നീതി പുലർത്തുന്നില്ല എന്ന വിമർശനവുമു്.

അയ്മനം ജോൺ, പി.എഫ്. മാത്യൂസ്, ബാബു കുഴിമറ്റം, ജോൺ സാമുവൽ, തോമസ് ജോസഫ്, ജോർജ് ജോസഫ് കെ., വി.പി. ജോൺസ്, ഗ്രേസി, എബ്രഹാം മാത്യു, ഐസക് ഈപ്പൻ, പി.ജെ. ആന്റണി, കെ.എ. സെബാസ്റ്റ്യൻ എന്നിങ്ങനെ മലയാള കഥാസാഹിത്യത്തെ സമ്പന്നമാക്കുന്ന ഒട്ടേറെ പ്രതിഭാശാലികളു്. പുതിയ കാലത്തിന്റെ വ്യഥകളും സമസ്യകളും തനത് ശൈലികളിൽ അവർ ആവിഷ്കരിക്കുന്നു.

### 6.5. ബാലസാഹിത്യം

ബാലസാഹിത്യരംഗത്ത് ക്രൈസ്തവസാന്നിദ്ധ്യം ഗണനീയമാണ്. കേരളത്തിൽ അച്ചടിച്ച ആദ്യമലയാള പുസ്തകം തന്നെ കുട്ടികൾക്കുവേിയുള്ള ഒരു കഥാസമാഹാരമാണ് – ചെറു പൈതങ്ങൾക്ക് ഉപകാരാർഥം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ (1824). എട്ട് കഥകൾ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നു. കുട്ടികൾക്ക് മാർഗബോധം നല്കുന്നതിന് ഉതകുന്നവയാണ് കഥകൾ. പിൽക്കാലത്ത് ബാലസാഹിത്യത്തെ സമ്പന്നരാക്കിയ എഴുത്തുകാർ പലരു്. പുതിയ തലമുറയെ നന്മയിലേക്ക് വഴികാണിക്കുന്ന സാരോപദേശകഥകളും പുനരാഖ്യാനങ്ങളും രചിച്ച റ്റി. വി. ജോൺ, പാലാ കെ.എം. മാത്യു, ജോയൻ കുമരകം, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ പേരുകൾ എടുത്തുപറയേതു്.

### 6.6. നോവൽ

മലയാളത്തിൽ നോവൽരചനയ്ക്കു തുടക്കംകുറിച്ചത് ക്രൈസ്തവമിഷനറിമാരാണ്. മിസ്സിസ് കാതറീൻ ഹന്നാ മുല്ലൻസ് രചിച്ച *ഫുൽമോനി എന്നും കോരുണ എന്നും പേരായ ര് സ്ത്രീകളുടെ കഥ*യും (വിവർത്തനം : റവ. ജോസഫ് പീറ്റ് 1858) മിസ്സിസ് റിച്ചാർഡ് കൊളിൻസ് രചിച്ച *ഘാതകവധ*വും (1877) ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു. രും വിവർത്തനങ്ങളാണ്. ആർച്ചുഡീക്കൻ കോശിയുടെ *പുല്ലേലിക്കുഞ്ചു*(1882)വാണ് മറ്റൊരു നോവൽ. കൊളിൻസ് മദാമ്മയുടെ *ഘാതകവധ*ത്തിലും ആർച്ചുഡീക്കന്റെ *പുല്ലേലിക്കുഞ്ചു*വിലും കേരളീയ ജീവിതത്തിൽ സംജാതമായ നവോത്ഥാനത്തിന്റെ രേഖാചിത്രങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടു്. കുന്നുകുഴിയിൽ തൊമ്മൻ അപ്പോത്തിക്കിരിയുടെ *പരിഷ്കാരപ്പാതി* (1892)യിൽ ഉത്തര തിരുവിതാംകൂറിലെ നസ്രാണികളുടെ സാമൂഹ്യാചാരങ്ങൾ സൂക്ഷ്മമായി ചിത്രീകരിച്ചിട്ടു്. പുതിയ

വിദ്യാഭ്യാസ സമ്പ്രദായം ക്രൈസ്തവസമൂഹത്തിൽ പ്രസരിപ്പിച്ച പുതിയ വെളിച്ചം നോവലിസ്റ്റ് വ്യക്തമാക്കുന്നു. കൊച്ചീപ്പൻ തരകന്റെ *ബാലികാസദന*വും രചനാഭംഗിയുള്ള മറ്റൊരു നോവലാണ്. കീഴാളജനതയുടെ മതപരിവർത്തനത്തിന്റെ വിമോചനാത്മകതയെ ആവിഷ്കരിക്കുന്ന നോവലാണ് ജോസഫ് മൂളിയിൽ രചിച്ച *സുകുമാരി* (1897). വാര്യത്ത് ചോറി പീറ്റർ രചിച്ച *പരിഷ്കാരവിജയം* ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സാമൂഹികജീവിതം അനാവരണം ചെയ്യുന്നു.

#### 6.6.1. ബൈബിൾ നോവലുകൾ

ബൈബിൾക്കഥകൾ അധികം നോവലുകൾക്ക് വിഷയമായിട്ടില്ല. എങ്കിലും ഏതാനും കൃതികൾ ബൈബിൾ കഥകളുടെ നോവൽരൂപത്തിലുള്ള പുനരാഖ്യാനങ്ങളായി എടുത്തുകാട്ടാറുറ്. വായനക്കാരുടെ അഭിരുചികൾക്ക് ഇണങ്ങുംവിധം ബൈബിൾക്കഥകൾ ആഖ്യാനം ചെയ്തിട്ടുള്ള നോവലിസ്റ്റാണ് കാനം ഇ.ജെ. ക്രിസ്തുവിന്റെയും സ്നാപകയോഹന്നാന്റെയും ജീവിതാഖ്യാനമാണ്, *വാളും കുരിശും*. ദാവീദുരാജാവിന്റെ സംഭവബഹുലമായ ജീവിതമാണ് സമരഭേരിയിൽ കാനം അവതരിപ്പിക്കുന്നത്. ദാവീദിന്റെ കഥ സമരങ്ങളുടെ കഥയാണ്. ഈ സമരകഥയോടിണക്കി ദാവീദിന്റെ പ്രണയകഥകളും നോവലിസ്റ്റ് ആവിഷ്കരിക്കുന്നു. വികാരങ്ങളുടെ അടിമയിൽ ശിംശോന്റെ കഥയാണ് നോവലിസ്റ്റ് പറയുന്നത്. ദലീലായുടെ മടിയിൽ മയങ്ങിയ ശിംശോൻ - വികാരങ്ങളുടെ അടിമയായ ശിംശോൻ - ദിവ്യശക്തി തന്നിൽനിന്ന് ചോർന്നുപോയി എന്നറിഞ്ഞപ്പോൾ തപിച്ചു. ദൈവദത്തമായ ശക്തി ദൈവജനത്തിന്റെ ചങ്ങലകൾ വെട്ടിപ്പൊട്ടിക്കാനുള്ളതാണെന്ന ചിന്ത ഉണർന്നപ്പോൾ കുമിഞ്ഞുകൂടിയ വേദനയോടെ, അമർഷത്തോടെ നിസ്സഹായതയുടെ നീർച്ചുഴിയിൽപ്പെട്ടുപോയ ശിംശോന്റെ ചിത്രം കാനം ഇ.ജെ. ഹൃദയസ്പർശിയായി ചിത്രീകരിച്ചിട്ടു്.

ബൈബിളിലെ സ്ത്രീസങ്കല്പങ്ങളാണ് പ്രൊഫ.കെ.എം.തരകന്റെ ഭാവനയെ ഉണർത്തിയത്. 'ക്രിസ്തുവിന്റെ വംശാവലിയിൽ അഗമ്യഗമനം ചെയ്ത നാലു സ്ത്രീകളെ കാണാം. ഹവ്വാ, താമാർ, രൂത്ത്, ബേത്ശേബാ എന്നിങ്ങനെ. ഹവ്വാ ഗ്രഹണശക്തിക്ക് അതീതയാണ്. മറ്റു മൂവരെയും മനസ്സിലാക്കാനാണ് ശ്രമിച്ചത്. താമാറിൽനിന്നു രൂത്തിലേക്കും രൂത്തിൽനിന്നും ബേത്ശേബയിലേക്കും ഞാൻ വന്നെത്തി.' - നിനക്കായി മാത്രം എന്ന നോവലിന്റെ മുഖക്കുറിപ്പിൽ കുറിച്ച ഈ വാക്കുകൾ പ്രൊഫ. കെ.എം. തരകന്റെ ബൈബിൾ നോവലുകളിലേക്കു വെളിച്ചം വീശുന്നു. താമാറിന്റെ ജീവിതത്തിലെ താളപ്പിഴകൾ വികാരവായ്പോടെ ഈ നോവൽ പകരുന്നു. രൂത്തിന്റെ ഓർമകളുടെ രൂപത്തിൽ പുനരാവിഷ്കരിച്ചതാണ് ഓർമകളുടെ രാത്രി. അകാലവൈധവ്യം നൽകിയ അസഹ്യമായ വേദനയും ഏറ്റുവാങ്ങി ഭർതൃമാതാവിനെ ശുശ്രൂഷിക്കാൻ ഇറങ്ങിത്തിരിച്ച രൂത്ത്, ബോവസ്സിൽ പുതിയ പ്രകാശം കത്തെി. ബോവസ്സിന്റെ വരവും പ്രതീക്ഷിച്ചു മുറിയുടെ വാതിൽ തഴുതിടാതെ ചാരിനിർത്തി അവളുറങ്ങാൻ കിടന്നു. ഓർമകൾ പൊട്ടിവിടർന്ന രാത്രി. ബോവസ് വരുന്നുവെന്ന വാർത്തയുമായെത്തിയ ദൂതന്റെ ശബ്ദം കേട്ടാണ് അവളുണർന്നത്. ബോധധാരാസങ്കേതം ഉപയോഗിച്ചു രചിച്ച ഈ കൃതി ആശയത്തിലും ആവിഷ്കാരത്തിലും നൂതനത്വം അവകാശപ്പെടാവുന്ന നോവലാണ്. ദാവീദിന്റെയും ബേത്ശേബയുടെയും പ്രണയകഥയ്ക്കു നവീനഭാഷ്യം നൽകി അവതരിപ്പിക്കുന്നു പ്രൊഫ. തരകൻ നിനക്കായി മാത്രം എന്ന നോവലിൽ. ടി.വി.വർക്കിയുടെ 'കഴുകിത്തുടച്ച കാൽപ്പാദങ്ങളും' പോഞ്ഞിക്കര റാഫിയുടെ 'കാനാവിലെ കല്യാണ'വും ബൈബിളിൽനിന്നു കഥാരത്നങ്ങൾ തിരഞ്ഞെടുത്തു തേച്ചുമിനുക്കി അവതരിപ്പിച്ച നോവലുകളാണ്.

ബൈബിളിലെ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും മനോഹരമായ ആഖ്യാന ശൈലിയിൽ അവതരിപ്പിച്ച നോവലിസ്റ്റാണ് പി.സി. എറികാട്. *ഊരാക്കുടുക്ക്* എന്ന നോവലിലൂടെ മനുഷ്യാസ്തിത്വത്തിന്റെ ദുരൂഹസമസ്യകളുടെ ചുരുളഴിക്കാൻ ശ്രമിച്ച എറികാട്, *പാഴായും ശൂന്യമായും, നീതിമാന്റെ മരണം* തുടങ്ങിയ നോവലുകളിലൂടെ ബൈബിൾക്കഥകൾ പുനരാഖ്യാനം ചെയ്യുന്നു. കേരളത്തിന്റെ അപ്പസ്തോലനായ സെന്റ് തോമസിന്റെ ജീവിതകഥ ബൈബിളിൽനിന്നും മിത്തുകളിൽനിന്നും പാരമ്പര്യത്തിൽനിന്നും പുനർജനിക്കുകയാണ് പി.സി. എറികാടിന്റെ *വെളിച്ചത്തിന്റെ വഴികൾ* എന്ന നോവലിൽ. പരമ്പരാഗത ക്രിസ്തുവിശ്വാസത്തെ പരിപോഷിപ്പിക്കുകയാണ് എറികാട് കൃതികളിലൂടെ; വിമർശിക്കുകയല്ല. വിശുദ്ധമാതാവിനെ കേന്ദ്ര കഥാപാത്രമാക്കി ക്രിസ്തുകഥയെ പുനഃസൃഷ്ടിക്കുന്ന നോവലാണ് ജോർജ് ഓണക്കൂറിന്റെ *ഹൃദയത്തിൽ ഒരു വാൾ.* വേദഗ്രന്ഥം ഒളിപ്പിച്ചുവച്ച മൗനത്തിന്റെ വഴികളിലൂടെ യാത്രചെയ്ത് ബൈബിൾ കഥാപാത്രങ്ങൾക്കും സന്ദർഭങ്ങൾക്കും മിഴിവ് പകരുന്നു നോവലിസ്റ്റ്.

ബൈബിൾ പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന ഒരു കഥാപാത്രത്തെ കേന്ദ്രീകരിച്ച് മെനഞ്ഞെടുത്തതാണ് ബെന്യാമിന്റെ *അബീശഗിൻ* എന്ന ലഘുനോവൽ. കാലാതിവർത്തിയായ ഒരു പ്രണയകഥ നെയ്തെടുക്കുമ്പോൾത്തന്നെ രതി, അധികാരം എന്നീ സമസ്യകൾക്കൂടി വിചിന്തനം ചെയ്യുന്നു. ഖുമ്റാൻ ചാവുകടൽ ചുരുളുകളിൽനിന്നും ലഭ്യമായ പുതിയ അറിവുകളുടെ വെളിച്ചത്തിൽ യേശുക്രിസ്തുവിന്റെ ജീവിതവും ചരിത്രവും മാറ്റിവയ്ക്കുവാനുള്ള ശ്രമമാണ് ബെന്യാമിന്റെ *പ്രവാചകന്മാരുടെ രാം പുസ്തകം.* ക്രിസ്തു മാത്രമല്ല, പത്രോസ്, ലാസർ, മറിയ, യൂദാസ് തുടങ്ങിയവരും ഇവിടെ തിരുത്തിയെഴുതപ്പെടുന്നു. പാരമ്പര്യത്തിന്റെ വഴിയിൽനിന്നും വേറിട്ട രചനാനുഭവമാണ് ഈ നോവൽ പകരുക.

#### 6.6.2. കോവൂരിന്റെ കൊടുമുടികൾ

കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ വേരുകൾ തേടിയ നോവലിസ്റ്റാണ് ഇ.എം. കോവൂർ. ചെറുകഥയിൽനിന്നാണ് കോവൂർ നോവലിലേക്കു കടന്നത്. കാട്, മലകൾ, കൊടുമുടികൾ എന്നിവയാണ് കോവൂർ പ്രതിഭയുടെ മികച്ച നോവലുകൾ. ബിസ്സിനസ്സുകാരുടെയും എസ്റ്റേറ്റുടമകളുടെയും ജീവിതത്തിന്റെ അടിയൊഴുക്കുകളാണ് *കാട്, മലകൾ* എന്നീ നോവലുകളിൽ കോവൂർ ആവിഷ്കരിക്കുന്നത്. കോവൂരിന്റെ നോവലുകളിൽ ഏറ്റവും മികച്ചത് *കൊടുമുടികൾ* തന്നെ. ഇത് ഒരേസമയം ഒരു സമൂഹത്തിന്റെയും ഒരു വ്യക്തിയുടെയും കഥയാണ്. ആത്മകഥാംശങ്ങൾ *കൊടുമുടിക*ളെ മനോഹരമാക്കിയിരിക്കുന്നു. ഇട്ടിച്ചായിയാണ് കഥാനായകൻ. പഠിക്കുവാൻ പോയപ്പോൾ മുതൽ ജഡ്ജിസ്ഥാനം നിരാകരിച്ചതുവരെയുള്ള ഇട്ടിച്ചായിയുടെ ജീവിതകഥ ഹൃദയസ്പർശകമാംവിധം നോവലിസ്റ്റ് പകർത്തുന്നു. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ പൊടുന്നനെ ആത്മാവ് ദൈവത്തിനു തീറെഴുതിക്കൊടുത്ത് ഉപദേശിയായിത്തീർന്ന പിതാവും സ്നേഹമയിയും പ്രായോഗികബുദ്ധിയുമായ മാതാവും ദുരഭിമാനിയായ ഭാര്യയും യൗവനകാലത്ത് ഇട്ടിച്ചായിയുടെ ഹൃദയം കവർന്ന് അയാളുടെ നിത്യകാമുകിയായിത്തീർന്ന കുഞ്ഞമ്മയും സാമൂഹികസേവനത്തിൽ തല്പരനായ ജേക്കബ് അച്ചനും കൂടി ക്രൈസ്തവസംസ്കാരത്തിന്റെ ചില അടിയൊഴുക്കുകളെ കൊടുമുടികളിൽ പകർത്തിക്കാട്ടുന്നു.[33]

#### 6.6.3. പാറപ്പുറത്തിന്റെ നോവലുകൾ

*നിണമണിഞ്ഞ കാൽപ്പാടുകളു*ടെയും കണ്ടെത്താത്ത അന്വേഷണങ്ങളുടെയും *പണിതീരാത്ത വീടി*ന്റെയും ആകാശത്തിലെ പറവകളുടെയും കഥകൾ അനശ്വരമാക്കിയ പാറപ്പുറത്തിന്റെ

കൃതികൾ ആധുനിക മലയാളസാഹിത്യത്തിന്റെ ഈടുവെപ്പുകളാണ്. ആൾക്കൂട്ടത്തിലിരിക്കുമ്പോഴും ആത്മാവുകൊ് ഒറ്റപ്പെടുവാൻ വിധിക്കപ്പെട്ട പാറപ്പുറത്ത്, വിശ്രമിക്കുവാൻ തീർത്ത പർണശാലകളാണ് തന്റെ കഥകളെന്നു കുറിച്ചിട്ടു്. മധ്യകേരളത്തിലെ ക്രൈസ്തവസമുദായത്തിന്റെ ജീവിതകഥയാണ് അദ്ദേഹത്തിന്റെ നോവലുകളുടെയെല്ലാം പശ്ചാത്തലം. ആദ്യകാല നോവലുകളെല്ലാം - *നിണമണിഞ്ഞ കാല്പാടുകൾ, അന്വേഷിച്ചു കത്തെിയില്ല, പണിതീരാത്ത വീട്* - പട്ടാളജീവിതത്തോടു ബന്ധപ്പെട്ടവയാണ്. പട്ടാളജീവിതം അവയുടെ പശ്ചാത്തലം മാത്രമാണ്. മാത്യുവിന്റെ നിണമണിഞ്ഞ കാല്പാടുകളും സൂസമ്മയുടെ കത്തൊത്ത അന്വേഷണങ്ങളും ജോസിന്റെ പണിതീരാത്ത മോഹങ്ങളുമാണ് അവയിലെ പ്രമേയം. അവയുടെയെല്ലാം പിന്നിൽ മധ്യതിരുവിതാംകൂറിലെ ഇടത്തരം ക്രൈസ്തവരുടെ നൊമ്പരങ്ങളുടെയും സ്വപ്നങ്ങളുടെയും സ്വപ്നഭംഗങ്ങളുടെയും ചിത്രമാണ് നിറഞ്ഞുനിൽക്കുന്നത്.

പാറപ്പുറത്തിന്റെ ഏറ്റവും പ്രസിദ്ധ നോവൽ *അരനാഴികനേര*മാണ്. ഒരു വ്യക്തിയുടെ കഥയാണത്, ഒരു കുടുംബത്തിന്റെ കഥയുമാണ്; ഒപ്പം ഒരു സമൂഹത്തിന്റെയും. കുഞ്ഞേനാച്ചനാണ് മുഖ്യകഥാപാത്രം. പനച്ചമൂട്ടിൽ കുഞ്ഞേനാച്ചൻ എന്ന തൊണ്ണൂറു കഴിഞ്ഞ വൃദ്ധന്റെ കഥയിലൂടെ, കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ അസ്തിത്വം തേടുകയാണ് പാറപ്പുറത്ത്. ജീവിതം വെട്ടിപ്പിടിച്ചവനാണ് കുഞ്ഞേനാച്ചൻ. സ്വന്തമായിട്ടു ഒന്നുമില്ലാതിരുന്ന അയാൾ സ്വപ്രയത്നത്തിലൂടെ മുപ്പതുപറ പുഞ്ചനിലത്തിന്റെ ഉടമയായി. അഞ്ചുമക്കളും അവരുടെ മക്കളും മരുമക്കളുമായി വലിയൊരു തറവാടിന്റെ കാരണവർ. എങ്കിലും ആ കുടുംബത്തിലെ നന്മയുടെ സൂര്യൻ അസ്തമിച്ചിരിക്കുന്നു. തൊണ്ണൂറു കഴിഞ്ഞ കുഞ്ഞേനാച്ചൻ കൂട്ടുകാരൻ കുറുപ്പ് കൊടുത്ത കറുപ്പിൽ മയങ്ങിക്കിടന്നു. ഗതകാലജീവിതത്തിന്റെ ഏടുകൾ തിരശ്ശീലയിലെന്നപോലെ അവ്യക്തമായും ചിലപ്പോൾ വ്യക്തമായും കാണുന്നു. ജീവിതത്തിനു ന്യായീകരണം കത്താൻ  ബൈബിളിലെ പഴയനിയമത്തിന്റെ താളുകളും മറിക്കുന്നു.

കേരളക്രൈസ്തവരുടെ ഇതിഹാസമെന്നു വിശേഷിപ്പിക്കാവുന്ന *അരനാഴികനേര*ത്തിനു ദാർശനികമായ മാനവുമു്. മരണത്തിന്റെ മുമ്പിൽ നിസ്സഹായനായി കിടക്കുന്ന മനുഷ്യന്റെ ചിത്രം നോവലിസ്റ്റ് കുഞ്ഞേനാച്ചനിലൂടെ അവതരിപ്പിക്കുന്നു. വിശ്വവിഖ്യാതരായ സാഹിത്യകാരന്മാർ അതിമാനുഷരിലൂടെ അവതരിപ്പിച്ച പ്രമേയം സാധാരണരിൽ സാധാരണനായ ഒരു ക്രൈസ്തവവൃദ്ധനിലൂടെ പറപ്പുറത്ത് ആവിഷ്കരിക്കുന്നു. *അരനാഴികനേര*ത്തിലെ ഭാഷാശൈലിയാണ് ഏറ്റവും ആകർഷകം. ബൈബിൾ മലയാളത്തിന്റെ പുനർജന്മമെന്നു വിശേഷിപ്പിക്കാവുന്ന ശൈലിയിലാണ് നോവൽ രചിച്ചിട്ടുള്ളത്.

*ആകാശത്തിലെ പറവകൾ* പാറപ്പുറത്തിന്റെ ഇതിഹാസമാനമുള്ള നോവലാണ്. അതൊരു ഗ്രാമത്തിന്റെ കഥയാണ് - മേലുകര ഗ്രാമത്തിന്റെ കഥ. ജീവിതസൗഖ്യമെന്തെന്നറിയാതെ കല്ലിച്ച ദുഃഖഭാരവും പേറി മൺമറഞ്ഞ തലമുറകളുടെ കഥയാണത്. ആകാശത്തിലെ  പറവകളെപ്പോലെ അലയാൻ വിധിക്കപ്പെട്ട മനുഷ്യരാണ് കഥാപാത്രങ്ങൾ. രുമൂന്നു തലമുറകളുടെയും രുമൂന്നു സമുദായങ്ങളുടെയും കഥ നോവലിസ്റ്റ് അവതരിപ്പിക്കുന്നു്. നോവലിൽ പ്രത്യക്ഷപ്പെടുന്ന ക്രൈസ്തവ കഥാപാത്രങ്ങളിലൂടെ സമകാലീന ക്രൈസ്തവസമൂഹത്തിന്റെ പരിച്ഛേദം തന്നെ കാട്ടിയിരിക്കുന്നു.

പാറപ്പുറത്തിന്റെ നോവലുകളിലെ സമൂഹം സവിശേഷ പഠനമർഹിക്കുന്നതാണ്. കേരളത്തിലെ സാമൂഹ്യവ്യവസ്ഥിതിയുടെ ഇഴകൾ വേർതിരിക്കുന്ന പ്രസ്തുത പഠനം കേരള ക്രൈസ്ത

വസമൂഹത്തിന്റെ വേരുകൾ കണ്ടെത്താൻ ഉപകരിക്കും. ക്രൈസ്തവദർശനത്തിന്റെ നിലീന ലാവണ്യം പാറപ്പുറത്തിന്റെ കൃതികളുടെ അന്തർധാരയായി വർത്തിക്കുന്നു. ക്രൈസ്തവസമുദായത്തിന്റെ ശക്തിദൗർബല്യങ്ങൾ ആ ഉദാത്തരചനകളിൽ അനാവരണം ചെയ്യപ്പെടുന്നു.

**6.6.4. ജനപ്രിയ രചനകൾ**

ജനപ്രിയ നോവലുകളിലൂടെ വായനക്കാർക്ക് പ്രിയങ്കരനായിത്തീർന്ന നോവലിസ്റ്റാണ് മുട്ടത്തു വർക്കി. അറുപത്തിയെട്ട് നോവലുകൾ വർക്കി രചിച്ചിട്ടുണ്ട്. മധ്യതിരുവിതാംകൂറിന്റെ, വിശേഷിച്ച് ക്രൈസ്തവസമുദായത്തിന്റെ കഥകളാണ് റിയലിസവും റൊമാന്റിസിസവും സമന്വയിപ്പിച്ച് വർക്കി ആവിഷ്കരിച്ചത്. പ്രണയാഖ്യായികകളാണ് അവയെല്ലാം. എന്നാൽ, ദരിദ്രജനതയുടെ ഹൃദയത്തുടിപ്പുകൾ ആലേഖനം ചെയ്തിട്ടുമുണ്ട്. *കരകാണാക്കടൽ* പോലെ, ജീവിതദൈന്യത്തിന്റെ ഉള്ളും പുറവും ആവിഷ്കരിച്ച കൃതികളും ആ നോവൽ പ്രപഞ്ചത്തിലുണ്ട്. കാനം ഇ.ജെ., ജോസഫ് മറ്റം തുടങ്ങിയവരുടെ നോവലുകളും ബഹുഭൂരിപക്ഷം വരുന്ന സാമാന്യവായനക്കാർ ഹൃദയപൂർവം സ്വീകരിച്ചവയാണ്.

ആഖ്യാനചാരുതയിണങ്ങിയ നോവലുകളാണ് സാറാ തോമസിന്റേത്. *വലക്കാർ, ദൈവമക്കൾ, നാർമുടിപുടവ* എന്നീ കൃതികളിൽ വ്യത്യസ്ത ജനപദങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതം ആവിഷ്കരിക്കുന്നു. ദലിത് ക്രൈസ്തവരുടെ ജീവിതപരിസരം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ആദ്യനോവലാണ് പോൾ ചിറക്കരോടിന്റെ *പുലയത്തറ*. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ദലിതരുടെ സാമൂഹികവും സാംസ്കാരികവുമായ പ്രതിസന്ധികൾ പുലയത്തറയിൽ അടയാളപ്പെടുത്തിയിരിക്കുന്നു. യേശുവിനെ കുരിശിലേറ്റിയ മരത്തെചുറ്റിപ്പറ്റി മെനഞ്ഞെടുത്ത നോവൽ ശില്പമാണ് തൈശ്ശേരിയുടെ *കുരിശമ്പകം*.

**6.6.5. പെൺമയുടെ പ്രതിരോധം**

പെണ്ണെഴുത്തിന്റെ കരുത്തും സ്ത്രൈണഭാഷയുടെ സംവേദനക്ഷമതയും അനുഭവിപ്പിക്കുന്ന കൃതികളാണ് സാറാ ജോസഫിന്റെ നോവലുകൾ. സ്ത്രീവാദകേന്ദ്രീകൃതമായ പരിപ്രേക്ഷ്യത്തിൽ രചിക്കപ്പെട്ട സാറാ ജോസഫിന്റെ നോവലുകളിൽ പരിസ്ഥിതിബോധത്തിന്റെയും കീഴാളനിലപാടിന്റെയും ഇഴകൾ ഇടകലർന്നിരിക്കുന്നു. പ്രാന്തവത്ക്കരിക്കപ്പെട്ടവരുടെ ജീവിതപരിതോവസ്ഥയിലേക്ക് അധിനിവേശിക്കുന്ന നാഗരികതയോടും ഉപഭോഗസംസ്കാരത്തോടുമുള്ള പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും സൂക്ഷ്മസ്വരം നോവലുകൾക്ക് അസാധാരണമായ മാനം നല്കുന്നു. പ്രാദേശികസ്വത്വവും ദേശ്യഭാഷയുടെ തനിമയും സാറാ ജോസഫിന്റെ നോവലുകളിൽ പുനർജനിക്കുന്നു. *ആലാഹയുടെ പെൺമക്കളാ*ണ് ആദ്യ നോവൽ. തൃശൂർ നഗരത്തിന്റെ പ്രാന്തത്തിലുള്ള എച്ചിൽപ്പറമ്പായ കോക്കാഞ്ചിറയുടെ കഥയാണത്; അവിടെ ജീവിക്കാൻ വിധിക്കപ്പെട്ട കുറെ മനുഷ്യരുടെയും. ചരിത്രത്തിലുടനീളം നടക്കുന്ന അധിനിവേശത്തിനെതിരെയുള്ള പെണ്മയുടെ പ്രതിരോധമാണ്, *ആലാഹായുടെ പെൺമക്കളു*ടെ ഏകാന്തമഹത്വം. *മാറ്റാത്തി, ഒതപ്പ്, ആതി, ആളോഹരി ആനന്ദം* എന്നീ കൃതികളിലെത്തുമ്പോഴേക്കും ജലത്തിനും പച്ചപ്പിനും പ്രാണനും വേണ്ടി നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് സാർവലൗകികമായ മാനം ലഭിക്കുന്നു. സമകാലീന മലയാള നോവലിന്റെ ഈടുവെപ്പുകളാണ് സാറാ ജോസഫിന്റെ നോവലുകൾ

മധ്യകേരളത്തിലെ സമൂഹപരിണാമത്തെയും രാഷ്ട്രീയപരിണാമത്തെയും അടയാളപ്പെടുത്തുന്ന നോവലാണ് അരുന്ധതി റോയിയുടെ *കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ* (*God of Small Things*). പെൺമിഴികളിലൂടെയുള്ള വായനയാണ്, രതീദേവിയുടെ *മഗ്ദലീനയുടെ (എന്റെയും) പെൺസുവിശേഷം* എന്ന നോവലിനെ ചേതോഹരമാക്കുക. നിലവിലുള്ള ബൈബിൾ സങ്കല്പങ്ങളുടെ നിരാസവും ഈ കൃതിയെ ശ്രദ്ധേയമാക്കുന്നു. ക്രിസ്തുവിന്റെ പരമോന്നത ശിഷ്യയായി പരിഗണിക്കപ്പെടുന്ന മഗ്ദലനയാണ് കേന്ദ്രകഥാപാത്രം. ആത്മീയതയുടെയും പ്രണയത്തിന്റെയും പെൺകരുത്തായി കഥാപാത്രം വികാസംകൊള്ളുന്നു.

മാവേലിമന്റവും ബെസ്പുർക്കാനയുമാണ് കെ.ജെ.ബേബിയുടെ നോവലുകൾ. വയനാടൻ മലയോരമേഖലയിലേക്ക്  കുടിയേറിയവരുടെ ഞെരുക്കങ്ങളും നിവൃത്തികേടുകളും ഒടുങ്ങാത്ത പ്രതിസന്ധികളോടുള്ള ചെറുത്തുനില്പും ബെസ്പുർക്കാനയിൽ അടയാളപ്പെടുത്തപ്പെടുന്നു്. എസ്.ഇ. ജെയിംസിന്റെ സംവത്സരങ്ങളാണ് മറ്റൊരു മികച്ച നോവൽ.

പുതിയ തലമുറയിലെ പ്രശസ്തനായ നോവലിസ്റ്റാണ് ബെന്യാമിൻ. അറേബ്യൻനാടുകളിലെ പ്രവാസജീവിതത്തിന്റെ നൊമ്പരം ഇത്രയേറെ അനുഭവിപ്പിക്കുന്ന കൃതി, *ആടുജീവിതം* പോലെ മറ്റൊന്നുവില്ല. അനുഭവസാക്ഷ്യത്തിൽനിന്നും ഉടലെടുത്ത നോവലാണത്. കേരള ക്രൈസ്തവരുടെ മതാത്മകജീവിതത്തിന്റെ പരിച്ഛേദനമാണ്, *അക്കപ്പോരിന്റെ ഇരുപത് നസ്രാണിവർഷങ്ങൾ*. പാരമ്പര്യനിഷ്ഠമായ ക്രൈസ്തവസമൂഹത്തിന്റെ 'സിംഹാനപ്പോര്' പ്രമേയമാക്കുന്നു *അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ*. ആഖ്യാനതലങ്ങളിൽ പുതിയ വഴികൾ കണ്ടെത്തിയ നോവലാണ് *മഞ്ഞവെയിൽ മരണങ്ങൾ*. വി.ജെ. ജെയിംസിന്റെ *പുറപ്പാടിന്റെ പുസ്തകം* ശില്പത്തികവാർന്ന നോവലാണ്; ആഖ്യാനകലയിൽ പുതിയ ചക്രവാളങ്ങൾ കണ്ടെത്തിയ നോവൽ. ക്രൈസ്തവ പുരോഹിതന്റെ ചിത്രം മലയാളഭാവനയ്ക്ക് സുപരിചിതമാണ് – ആദർശത്തിന്റെ പരിവേഷം ചാർത്തിയ  മുഖവും വികലമാക്കപ്പെട്ട മുഖവും; ടൈപ്പുകളായി പരിണമിച്ച കഥാപാത്രങ്ങൾ. അതിൽനിന്ന് വ്യത്യസ്തമായി, പൗരോഹിത്യത്തിന്റെ ആത്മനൊമ്പരങ്ങളും ആത്മസംഘർഷങ്ങളും ആവിഷ്കരിച്ച നോവലാണ് സെബാസ്റ്റ്യൻ പള്ളിത്തോടിന്റെ *ആഞ്ഞൂസ്ദേയി.* ക്രൂശിതന്റെ കുഞ്ഞാടുകളുടെ കുമടുക്കാത്ത ജീവിതം ഈ നോവലിൽ മിഴിവോടെ അടയാളപ്പെടുത്തുന്നു. ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ രൂപമെടുത്ത് തീരപ്രദേശങ്ങളിൽ അഗ്നി പടർത്തിയ മത്സ്യത്തൊഴിലാളിസമരങ്ങളുടെ പശ്ചാത്തലത്തിലാണ് ജോസഫ് എന്ന ക്രിസ്തുപുരോഹിതന്റെ ഉള്ളും പുറവും ആവിഷ്കൃതമാകുന്നത്. വിമോചന ദൈവശാസ്ത്രത്തിന്റെ അലയൊലികളാണ് കേരളീയതീരങ്ങളെയും ചലനാത്മകമാക്കിയത്. ഉള്ളുനിറയെ കാരുണ്യവും മനംനിറയെ വിമോചനത്തിന്റെ തീവ്രഭാവങ്ങളുമായി ക്രിസ്തുദർശനം നെഞ്ചിലേറ്റിയ പൗരോഹിത്യത്തിന്റെ പ്രതിസന്ധികളും ധർമസങ്കടങ്ങളും നോവലിൽ അവതരിപ്പിക്കുന്നു. ദൈവശാസ്ത്രവിചിന്തനങ്ങളാണ് *ആഞ്ഞൂസ്ദേയി*യെ മലയാള നോവലിൽ ഒരു വ്യത്യസ്ത പീഠത്തിൽ പ്രതിഷ്ഠിച്ചത്. ബൈബിളിന്റെയും ക്രിസ്ത്യൻ ലിറ്റർജിയുടെയും ലാവണ്യം ചാലിച്ചെടുത്ത ശൈലി *ആഞ്ഞൂസ്ദേയിക്ക്* അസാധാരണമായ ആഖ്യാനചാരുത നല്കുന്നു്.

#### 6.6.6. ക്രിസ്തുചരിതങ്ങൾ

ക്രിസ്തുവിന്റെ ജീവിതകഥ ആഖ്യാനം ചെയ്ത ചില കൃതികൾകൂടി പരാമർശിക്കേതു്. ക്രിസ്തുകഥയെ ദിവ്യതയുടെ തലത്തിൽ കൈകാര്യം ചെയ്യാം; മനുഷ്യകഥയായും ചിത്രീകരിക്കാം. രിനെയും സമന്വയിപ്പിക്കുക സവിശേഷമായ ഒന്നാണ്. നിത്യനൂതനമായ ആ ജീവി

തകഥയിലെ ദിവ്യതയുടെയും മാനവികതയുടെയും അംശങ്ങൾ യുക്തിഭദ്രമായി സമന്വയിപ്പിച്ചതിലൂടെ മലയാളത്തിൽ രൂപമെടുത്ത ക്രിസ്തുചരിതമാണ് കെ.പി. കേശവമേനോന്റെ *യേശുദേവൻ*. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന *ക്രിസ്തുചരിത*ത്തോടൊപ്പം വിശ്വവിഖ്യാതമായ ക്രിസ്തുകഥകളിലെ കഥാംശങ്ങളും പാരമ്പര്യകഥകളും കേശവമേനോൻ ഉപജീവിച്ചിട്ടു്. കേശവമേനോന്റെ കാഴ്ചപ്പാടിൽ യേശുക്രിസ്തു സ്നേഹത്തിന്റെ പൂർണസ്വരൂപമാണ്. അപാരമായ കാരുണ്യത്തിന്റെയും അനന്തമായ ക്ഷമയുടെയും പ്രതീകമാണ്. മനുഷ്യവർഗത്തിന്റെ ഒരനശ്വരഗുരുവായി യേശുദേവൻ എന്നും ജനഹൃദയങ്ങളിൽ കുടികൊള്ളുന്നു.

മയ്യനാട് ജോണിന്റെ ശ്രീയേശുക്രിസ്തുവാണ് പ്രഖ്യാതമായ മറ്റൊരു ക്രിസ്തുചരിതം. ഇത് ഒരു സ്വതന്ത്രകൃതിയല്ല; ഫ്രഞ്ച് വൈദികൻ രചിച്ച കൃതിയുടെ ഇംഗ്ലീഷ് വിവർത്തനത്തിന്റെ സ്വതന്ത്രപുനരാഖ്യാനമാണ്. അമ്പത്തിയഞ്ച് അദ്ധ്യായങ്ങളിലായി, ക്രിസ്തുവിന്റെ ജീവിതം സമഗ്രമായി പ്രതിപാദിക്കുന്ന ഗ്രന്ഥം സരളമധുരമായ ഭാഷയിലാണ് വിരചിതമായിട്ടുള്ളത്.

ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ *ഗലിലേയന്റെ ഇതിഹാസ*ത്തിൽ വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലൂടെ ക്രിസ്തുകഥ ആഖ്യാനം ചെയ്യുന്നു. യേശുവിന്റെ സഹോദരനും ശിഷ്യനുമായ ക്ലെയോപ്പാവിന്റെ സ്മരണകളിലൂടെയാണ് ക്രിസ്തുചരിതം വികാസം കൊള്ളുന്നത്. ക്ലെയോപ്പാവ് പുതിയനിയമത്തിൽ സൂചിപ്പിക്കപ്പെടുന്ന ഒരു കഥാപാത്രമാണ്. ആ കഥാപാത്രം ക്രിസ്തുവിന്റെ ജീവിതത്തിനും സന്ദേശത്തിനും എല്ലാം സാക്ഷിയാണ്. ക്രിസ്തുവിന്റെ ജീവിതകഥയിൽ മാത്രം ഒതുങ്ങിനില്ക്കാതെ, ബൈബിളിന്റെ പഴയപുതിയ നിയമഗ്രന്ഥങ്ങളിൽനിന്ന് അടർത്തിയെടുത്ത് സന്ദർഭോചിതമായി വിളക്കിച്ചേർത്ത്, ഇതിഹാസമാനമുള്ള ഒരു ജീവചരിത്രം രചിച്ചിരിക്കുന്നു. ചരിത്രത്തിൽനിന്നും ഐതിഹ്യങ്ങളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും കടഞ്ഞെടുത്ത ഈ കഥാശില്പത്തിന് ഒരു നോവലിന്റെ ആഖ്യാനശില്പമു്; ലാളിത്യത്തിന്റെ സൗന്ദര്യമു്.

### 6.7. ആത്മകഥാഖ്യാനങ്ങൾ

മഹാനായ പത്രാധിപർ, ക്രാന്തദർശിയായ വ്യവസായ-സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മേഖലയിൽ പ്രമുഖനുമായിരുന്ന കെ.സി. മാമ്മൻമാപ്പിളയുടെ *ജീവിതസ്മരണകൾ* കേവലം ഒരു വ്യക്തിയുടെ ആത്മകഥ എന്നതിലുപരി ഒരു കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്. കെ. എം. മാത്യു(മലയാള മനോരമ)വിന്റെ *എട്ടാമത്തെ മോതിരം* പ്രസാദമധുരമായ ദർശനംകൊും ആവിഷ്കരണശൈലികൊും ഹൃദ്യമായ ഒരാത്മകഥയാണ്. രാഷ്ട്രീയം, സാമൂഹിക ജീവിതം, സാഹിത്യം തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആനി തയ്യിലിന്റെ ആത്മകഥാഖ്യാനമാണ് *ഇടങ്ങഴിയിലെ കുരിശ്.* ഇവയിൽനിന്നൊക്കെ വ്യത്യസ്തമാണ് റോസി തോമസിന്റെ *ഇവൻ എന്റെ പ്രിയ സി.ജെ.* കലാകാരനും കലാപകാരിയുമായ മലയാളത്തിന്റെ ഒരപൂർവ പ്രതിഭ (സി.ജെ. തോമസ്)യുടെ ജീവിതപങ്കാളി ആത്മാനുഭവങ്ങളിലൂടെ രേഖപ്പെടുത്തുന്ന ചാരുതയാർന്ന ഗ്രന്ഥമാണ്. ദയാബായിയുടെ *പച്ചവിരൽ*, പരിസ്ഥിതി പ്രവർത്തകനായ പ്രൊഫ. ജോൺസിയുടെ *ഹരിതദർശനം* എന്നീ കൃതികളും ആത്മകഥാസാഹിത്യത്തിലെ അസാധാരണ വായനാനുഭവമാണ്. ജസ്റ്റീസ് കെ.റ്റി.തോമസ് രചിച്ച *സോളമന്റെ തേനീച്ചകൾ* - ഒരു ന്യായാധിപന്റെ സ്മരണകൾ - പ്രൗഢമായ ആത്മകഥയാണ്. പത്രപ്രവർത്തനരംഗത്തെ അതികായനായ ടി.ജെ.എസ്. ജോർജിന്റെ അപൂർവചാരുതയുള്ള ആത്മകഥാഖ്യാനമാണ് *ഘോഷയാത്ര.*

## 6.8. ഉയിർത്തെഴുന്നേൽക്കുന്ന ബൈബിൾ ഇമേജുകൾ

ആധുനികസാഹിത്യത്തിൽ ക്രിസ്തുമതവും പ്രമാണഗ്രന്ഥമായ ബൈബിളും ചെലുത്തുന്ന സ്വാധീനം കുറെക്കൂടി സൂക്ഷ്മമാണ്. മതത്തിന്റെ പരിധിക്കപ്പുറത്ത് ബൈബിൾ ആദരിക്കപ്പെടുന്നു. ആധുനികമനുഷ്യന്റെ ധാർമികവ്യഥയും അസ്തിത്വദുഃഖവും മൂർത്തമായി അവതരിപ്പിക്കുവാൻ ഒരുമ്പെടുമ്പോൾ ബൈബിൾ ഇമേജുകൾ സജീവ ബിംബങ്ങളായി ഉയിർത്തെഴുന്നേൽക്കുന്നു. ബൈബിൾ ഇമേജുകൾക്കു പുതിയൊരു അർഥതലം ഇവിടെ രൂപപ്പെടുന്നു.

ബൈബിൾ ഇമേജുകളുടെ കരുത്ത് ആദ്യമായി വ്യക്തമാക്കിയ നോവൽ പോഞ്ഞിക്കര റാഫിയുടെ *സ്വർഗദൂതനാണ്*. സൈമണെന്ന ബാലന്റെ മനസ്സിൽ സ്വർഗം വിരചിക്കുന്ന ബൈബിൾക്കഥകൾ, റാഫി കാവ്യാത്മകമായി പകർത്തിയിട്ടു്. ദിവ്യാനുഭൂതിയുടെ അനശ്വര ലോകത്തിലേക്കുള്ള ജാലകങ്ങൾ നോവലിസ്റ്റു തുറന്നിടുന്നു. ബൈബിളിലെ സൃഷ്ടിയുടെയും പതനത്തിന്റെയും പ്രളയത്തിന്റെയും കഥകൾ സജീവ ചിത്രങ്ങളായി തെളിഞ്ഞുവരുന്നു. സൈമണിന്റെ മനസ്സിൽ ഉയിർത്തെഴുന്നേല്ക്കുന്ന ബൈബിൾബിംബങ്ങളിലൂടെ അനുവാചകൻ പ്രവേശിക്കുന്നത്, മുന്തിരിയിലകളുടെയും സ്വർഗദൂതന്മാരുടെയും അനശ്വര പ്രപഞ്ചത്തിലേക്കാണ്.

ദൈവസന്നിധിയിൽ നിൽക്കുന്ന നോഹയുടെ ചിത്രം നോവലിസ്റ്റ് അവതരിപ്പിക്കുന്നത് നോക്കുക:

“ദൈവത്തിന്റെ കരങ്ങൾ നോഹയെ ചുമലിൽ പിടിച്ചെഴുന്നേല്പിച്ചു, ഒരു ദീപഗോപുരം പോല നിറുത്തി.

ദൈവത്തിന്റെ നാദമുയർന്നു -

- എന്റെ മകനേ, ഞാൻ എന്നെത്തന്നെയാണ് നിന്നിൽ കാണുന്നത്;

എന്റെ നേർക്ക് ആദ്യമായി കണ്ണുകളുയർത്തിയ ആബേലിന്റെ അപക്വസ്വപ്നത്തിന് ഇന്നു നിന്റെ ജീവിതംകൊു നീ രൂപമുാക്കിയപ്പോൾ, ഞാൻ എന്നെത്തന്നെയാണ് നിന്നിൽ കാണുന്നത്.

ഈ ഭൂമിയിൽ പിറന്നവരിൽവച്ചു സ്വർഗരാജ്യത്തിന്റെ ഒന്നാമത്തെ അവകാശി നീ തന്നെ.

നീയും നിന്റെ നല്ല പുത്രന്മാരും ഈ ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിക്കും. ദൈവമായ ഞാൻ പറയുന്നു, ഈ മരപ്പണിക്കാരൻ നോഹയെ പിൻതുടരുന്നവരേ സ്വർഗരാജ്യത്തിലെത്തുകയുള്ളു. എങ്കിലും സഹോദരരക്തത്തിനുവേി ദാഹിക്കുന്ന ഈ സർവ്വസന്തതികളുടെമേൽ.....

എങ്കിലും, എന്റെ മകനേ, നിന്റെ പ്രത്യാശയുമായി നീ അവരുടെ അടുത്തേക്കു ചെല്ലൂ.

മുളങ്കുഴലുകളും മുന്തിരിയിലകളും അനുരണനമുാക്കി: ഭൂമിയിലെ ആദ്യസ്വർഗദൂതാ, എന്റെ പ്രത്യാശയുടെ പ്രത്യാശയായി ഞാൻ നിന്നെ അയയ്ക്കുന്നു! അനശ്വരജീവിതത്തിന്റെ ഗായകനായി നിന്നെ അയയ്ക്കുന്നു!

വാനംപാടി, അതേറ്റുപാടുന്നു:

ഇതാ, ഭൂമിയിലെ ആദ്യസ്വർഗദൂതൻ!

കണ്ണുകളേ, കാണുക;

കാതുകളേ കേൾക്കുക

ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം-

അനശ്വരമായ സ്വർഗരാജ്യം!" (34)

നീ തൊണ്ണൂറു സംവൽസരം ഭൂമിയിൽ ജീവിച്ചു. ഇനി ഏറിയാൽ അരനാഴികനേരം എന്നു പറഞ്ഞു യാത്രയാവുന്ന മുഹൂർത്തം കാത്തു നിസ്സംഗനായി കിടക്കുന്ന കുഞ്ഞേനാച്ചന്റെ സ്മൃതികളിലൂടെ, ബൈബിൾ ഇമേജുകൾ അനായാസം ഒഴുകിവരുന്നു. (പാറപ്പുറത്തിന്റെ 'അരനാഴികനേരം') യൗവനത്തിന്റെ ഓർമകളെ'ഉത്തമഗീത'ത്തിലും വാർധക്യത്തിന്റെ പരിമിതികളെ 'ഇയ്യോബി'ലും വ്യർഥതയുടെ വിലാപങ്ങളെ 'സഭാപ്രസംഗക'നിലും അധ്യാരോപിച്ചിരിക്കുന്നു. ജീവിതത്തിന്റെ നശ്വരത നോവലിൽ പ്രതിബിംബിക്കുന്നു. താമരയിലയിലെ ജലബിന്ദുപോലെ തൂകിപ്പോകാവുന്ന ജീവിതം. കൊച്ചുമകൾ സിസിലിക്കുട്ടി സ്കൂളിലേക്കു പോകുന്ന നിമിഷം കുഞ്ഞേനാച്ചന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞുവരുന്നത് ശ്രദ്ധിക്കുക:

അവൾ ചാടിത്തുള്ളിപ്പോയി.

ഒച്ച കേട്ടതേയുള്ളു. എന്നാലും എങ്ങനെയാണ്, ആ പോക്കെന്നറിയാം. ഒരു കൈകൊു നെറ്റിയിൽ ചിതറിവീഴുന്ന മുടിയൊതുക്കും. മറ്റേ കൈയിൽ റബർ വള്ളികൊു ചുറ്റിക്കെട്ടിയ സ്ലേറ്റും പുസ്തകവും. ഉത്തമഗീതങ്ങളിൽ പറയുമ്പോലെ, കേദാര്യകൂടാരങ്ങളെപ്പോലെയും, ഫറവോൻ രഥത്തിനു കെട്ടുന്ന പെൺകുതിരയെപ്പോലെയും ഏൻദെഗി മുന്തിരിത്തോട്ടത്തിലെ മയിലാഞ്ചിപ്പൂക്കുല പോലെയും ശാരോനിലെ പനിനീർപുഷ്പം പോലെയും സുന്ദരിയാണ് നീ. നിന്റെ കണ്ണുകൾ പ്രാവിന്റെ കണ്ണുകൾ പോലെയാകുന്നു. നിന്റെ തലമുടി ഗിലെയാദ് മലഞ്ചെരിവിൽ കിടക്കുന്ന കോലാട്ടിൻകൂട്ടം പോലെയാകുന്നു. നിന്റെ അധരം ചുവപ്പുനൂൽപോലെയും നിന്റെ ചെവികൾ മാതളപ്പഴത്തിൻ ഖണ്ഡം പോലയും ആകുന്നു. ചെറുമാൻപേടയെപ്പോലെ നീ തുള്ളിച്ചാടി നടക്കുന്നു. മാന്തളിർപോലെ നീ സുന്ദരിയായിരിക്കുന്നു....

നാലഞ്ചു ഇടവപ്പാതി മഴകൂടി കഴിയുമ്പോൾ, നീ ഒരു മുതിർന്ന പെണ്ണാവും. കവിളിൽ മിനുക്കം, കണ്ണിൽ തിളക്കം. പാദം മൂടിക്കിടക്കുന്ന പാവാട. അന്നു പത്തോ പന്ത്രാേ വയസ്സേ ഉള്ളെങ്കിലും നിന്റെ അമ്മ പറയും: 'ഒരുത്തന്റെ പൊറകേ എറങ്ങിപ്പോകാൻ പ്രായമായി പെണ്ണിന്. ഇപ്പോഴും ഒരു സമ്മന്തി അരയ്ക്കാനറിയത്തില്ല'.... പിന്നെയും മൂന്നുനാലു പെരുന്നാളുകൾ, നൊയമ്പു വീടികകൾ. ഇപ്പഴ് ഉറക്കെ ചിരിയില്ല; ഇടംവലം നോട്ടമില്ല. പല സംഗതികൾ പുതുതായി അറിഞ്ഞിരിക്കുന്നു. എന്നാലും ഒന്നും അറിഞ്ഞുകൂടാ എന്ന ഭാവം. തലയിൽ ഒരു ചുക്കും ചുണ്ണാമ്പുമില്ലെങ്കിലും ആലോചന ഭാവിച്ചു നടത്തം. വെറുതെയിരിക്കുമ്പോൾ, അർഥമില്ലാത്ത മന്ദഹാസം....

ഇവിടെ ഒരു വഴിത്തിരിവാണ്. ഇനിയും നിനക്കൊരാൾ കൂട്ടുവേണം. ഒരു മകരമാസത്തിലാണ്, മണവറയിൽ പ്രവേശിക്കുന്നതെങ്കിൽ, അടുത്ത മകരത്തിൽ ഒരു കുഞ്ഞിന്റെ അമ്മ. പിന്നെ നാക്കിലും വാക്കിലും ഒക്കെ കൊള്ളാവുന്ന വീട്ടമ്മ. ആട്, കോഴി, അരിച്ചട്ടി, ചെമ്പുകലം, ആട്ടുകല്ല്... നിന്റെ അമ്മയെപ്പോലെ. ക്രിസ്തുമസ്സുകളും പുതിയകാവുപള്ളിയിലെ 'ചാത്ത'പ്പെരുനാളും കടന്നുപോകുന്നു. മൂത്തമകൾക്ക് അനിയത്തിമാർ ഉാകുന്നു. അല്ലെങ്കിൽ അനിയന്മാരും പെങ്ങന്മാരും. ഇപ്പോൾ പടിഞ്ഞാറുള്ള പറമ്പു കിളയ്ക്കാൻ നിർത്തിയ വേലക്കാരെ നോക്കാൻ നീ തന്നെ പോകും...

പിന്നെയും കാലത്തിന്റെ ഇലച്ചക്രം തിരിയുന്നു. കോളജിൽ പഠിക്കുന്ന രാൺമക്കൾക്കു ഫീസ്, പുസ്തകം.... ഭർത്താവിനു മൂത്രമൊഴിവിന്റെ സുഖക്കേട്. അതിനു ചികിത്സിക്കാൻ

പണം. എല്ലാം കൂടെ വലിയ ഞെരുക്കം. വീടും വരൾച്ചയും വെള്ളപ്പൊക്കവും വന്നുപോകുന്നു. നിനക്കു പത്തെപ്പോലെ വയ്യാ. കണ്ണിനു കാഴ്ചക്കുറവ്. ചെവിക്കു കേൾവിക്കുറവ്. മുഖത്തു ചുളിവുകൾ.

നടക്കാൻ വടിയുടെ സഹായം വേണം. മക്കളും കൊച്ചുമക്കളും നിന്റെ സുഖവിവരമറിയാൻ വരുന്നു. ഇപ്പോൾ നിന്റെ കൈയിൽ പിടിപാടൊന്നുമില്ല. മക്കളോ മരുമക്കളോ തന്നാൽ കഴിക്കാം. കുറ്റപ്പെടുത്തലും നിന്ദയും ഒക്കെ ഏൽക്കേിവരുന്നു.... ഇനി കുറച്ചേ ഉള്ളല്ലോ എന്നോർത്തു സഹിക്കണം. ഇങ്ങനെയൊരുകാലം നിന്റെ അപ്പനും അമ്മയ്ക്കും വല്യപ്പച്ചനും ഒക്കെ ഉായിരുന്നു എന്നോർത്തു സഹിക്കണം ....

ഇനി ഏറിയാൽ അരനാഴികനേരം.[35]

### 6.9. ബൈബിൾ ബിംബങ്ങൾ കവിതയിൽ

ബൈബിൾ ബിംബകങ്ങളുടെ ധ്വനനശക്തി കറിഞ്ഞവരാണ് ആധുനിക കവികളിൽ പലരും. ജീവിതയാഥാർഥ്യങ്ങൾക്ക് പഴയ കഥകളിലൂടെ പുതിയ ഭാഷ്യം തേടുന്ന കവികൾ, ആവിഷ്കരിക്കുന്ന ജീവിതദർശനത്തോടു ഗാഢബന്ധമുള്ള ഇമേജുകൾ ഭാരതീയ പുരാണങ്ങളിൽ നിന്നെന്നപ്പോലെ, ബൈബിളിൽനിന്നും സ്വീകരിക്കുന്നു. ആധുനികമനുഷ്യന്റെ ഭാവമണ്ഡലത്തിലേക്കു കടന്നുചെല്ലുന്ന കെ.വി. തമ്പിയുടെ സൃഷ്ടി എന്ന കവിത ഇവിടെ ഉദാഹരിക്കട്ടെ:

എന്നെ നീ വെറും കുഴ-
മണ്ണുകൊ ല്ലോ തീർത്തു,
പിന്നെ നിൻ ജീവശ്വാസ-
മെന്നിലേക്കാവഹിച്ചു.
തന്നു നീ പറുദീസ
വാരിയെല്ലിനാലൊരു-
പെണ്ണിനെ, യവസാനം
തരിശാമീ ഭൂമിയും.
മുന്നലായനന്തമാം
ശൂന്യത മാത്രം കു,
പിന്നിലായവളുടെ കാലൊച്ച മാത്രം കേട്ടു.
പാറകൾ പിളർന്നെന്റെ
ചവിട്ടേറ്റപ്പോൾ; തേനും
പാലുമായിരം ചാലി-
ട്ടൊഴികിപ്പരക്കയായ്.
ആദിപാപത്തിൻ സർപ്പ-
മിഴഞ്ഞു സിരകളി-
ലാശ്ലേഷലഹരിയായ്,
സംയോഗലയമായി.[36]

### 6.10. നവീന വിമർശനവും ബൈബിൾ സ്വാധീനവും

മലയാളത്തിലെ നവീനവിമർശനത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും ആരചിച്ച സാഹിത്യവിമർശകനാണ് കെ.പി. അപ്പൻ. *ബൈബിൾ വെളിച്ചത്തിന്റെ കവചം* എന്ന പുസ്തകം തന്നെ ബൈബിളിലൂടെയുള്ള സർഗാത്മക തീർഥാടനമാണ്; *മധുരം നിന്റെ ജീവിതം* വിശുദ്ധ കന്യകയ്ക്ക് അർപ്പിക്കുന്ന സ്തുതിഗീതമാണ്. അക്കാദമിക് പാണ്ഡിത്യത്തിനെതിരെയുള്ള കലാപവുമായി വിമർശനകലയിൽ വ്യാപരിച്ച കെ.പി. അപ്പൻ, ബൈബിൾ തന്റെ ബുദ്ധിപരമായ ജീവിതത്തെ രൂപപ്പെടുത്തിയ പ്രധാനശക്തിയായി സ്വയം വിലയിരുത്തുന്നു്. അത്, കേവലം ഉദ്ധരിക്കപ്പെടുന്ന വചനങ്ങളിലോ ശൈലിയിലോ ഒതുങ്ങുന്നതല്ല. മൂന്നു തരത്തിൽ ബൈബിൾ സ്വാധീനിച്ചതായി കെ.പി. അപ്പൻ സാക്ഷ്യപ്പെടുത്തുന്നു്. ഒന്ന്, കലാസൃഷ്ടികളെ ആധ്യാത്മികമായൊരു തലത്തിൽ സന്തോഷപൂർവം സ്വീകരിക്കാൻ വേദപുസ്തകം പഠിപ്പിച്ചു. ര്, ശൈലിയെ നിരന്തരം നവീകരിക്കാനുള്ള സൗന്ദര്യശിക്ഷണം എനിക്ക് നല്കി. മൂന്ന്, ഒരു മതകർമത്തിന്റെ പരിശുദ്ധിയോടെ ഖണ്ഡനവിമർശനത്തിൽ ഏർപ്പെടാനുള്ള പ്രചോദനം അത് എനിക്കു നല്കി.[37] 'ബൈബിൾ എനിക്ക് നിത്യരക്ഷയുടെ സ്രോതസ്സാണ്. നല്ല നിലപാട് തിരഞ്ഞെടുക്കാൻ അത് എന്നെ സഹായിക്കുന്നു. എന്നിലെ പഴയ എഴുത്തുകാരനെ ഉരിഞ്ഞുകളഞ്ഞ്, ആശയങ്ങൾകൊ് നവീകൃതനായ പുതിയ എഴുത്തുകാരനെ ധരിക്കാനുള്ള കരുത്ത് അത് എനിക്കു നൽകുന്നു'.[38]

സാഹിത്യവിമർശനത്തിൽ അക്ഷരകലയുടെ ദന്തഗോപുരങ്ങൾ തീർത്ത എം.തോമസ് മാത്യുവിന്റെ കൃതികളിലും ബൈബിൾ ശക്തമായ സ്വാധീനമാകുന്നു്. ദർശനാവിഷ്കാരത്തിന്റെ വിശുദ്ധവും ഋജുവുമായ സമീപനത്തിലൂടെ സൃഷ്ടിയും ആസ്വാദനവും പുനർനിർവചിക്കാനുള്ള ശ്രമമാണ് വിമർശനത്തിലൂടെ ചെയ്യുക. മൂല്യബോധത്തിന്റെ ബലിഷ്ഠമായ അടിത്തറയിൽ നിന്നുകൊാണ് എം.തോമസ് മാത്യു സാഹിത്യകലയെ അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നത്. വിമർശകന് പ്രവാചകധർമ്മമാണ് നിർവഹിക്കാനുള്ളതെന്ന് അദ്ദേഹം കരുതുന്നു. ബൈബിൾ അധിഷ്ഠിതമായ ആദ്ധ്യാത്മികതയുടെ സ്പർശം വിമർശനത്തെ ദീപ്തമാക്കുന്നു. മാരാർ ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം, ആത്മാവിന്റെ മുറിവുകൾ, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം തുടങ്ങിയ പ്രഖ്യാതകൃതികൾ ഈ വസ്തുത വെളിവാക്കുന്നു. ബൈബിൾ അനുഭവം എന്ന കൃതി ബൈബിൾ പഴയനിയമത്തിലെ സന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും മൂല്യാധിഷ്ഠിതമായി വിചിന്തനം ചെയ്യുന്ന പഠനമാണ്.

### 6.11. പുതിയ ഭാഷ, പുതിയ ശൈലി

ഭാഷയുടെ വ്യക്തിത്വത്തിന്റെ മൗലിക ഘടകങ്ങളാണ് ശൈലികളും പ്രയോഗവിശേഷങ്ങളും. ആധുനിക മലയാളത്തിൽ പ്രതിഷ്ഠ നേടിയ ബൈബിൾ ശൈലികളും പ്രയോഗവിശേഷങ്ങളും ഒട്ടേറെയു്. മലയാളഭാഷയുടെ ഹൃദയത്തിൽ ക്രിസ്തുമതവും ബൈബിളും കുടിയിരുന്നതിന്റെ നിദർശനമായി അവ പരിഗണിക്കാവുന്നതാണ്. മതസാഹിത്യത്തിലും മതേതര സാഹിത്യത്തിലും പ്രയോഗത്തിലിരിക്കുന്ന ചില ബൈബിൾ ശൈലികൾ ചുവടെ കൊടുക്കുന്നു.

ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ / ഇടയനില്ലാത്ത ആടുകൾ / ഇടുക്കുവാതിൽ / ഇവൻ എന്റെ പ്രിയപുത്രൻ / ഉയിർത്തെഴുന്നേല്പ് / ഏദൻ തോട്ടം / ഒട്ടകം സൂചിക്കുഴയിലൂടെ / ഓശാന പാടുക / കപടഭക്തിക്കാർ / കാൽവറി / കുഞ്ഞാടുകൾ / കുരിശു ചുമക്കുക

/ കൈ കഴുകി ഒഴിയുക / കൈപ്പുള്ള കാസാ / ഗതെസമന / ചുങ്കക്കാരും പാപികളും / ചുവരെഴുത്ത് / ജൂഡാസ്സുകൾ / തടങ്കൽപ്പാറ / താലന്തുകൾ / നല്ല പോർ പൊരുതുക / നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല / പത്തും അറുപതും നൂറും മേനി വിളയുക / പരദേശി / പരീശൻ / പറുദീസാ / പാലും തേനും ഒഴുകുന്ന നാട് / പാറപ്പുറത്തു വിതച്ച വിത്ത് / പീലാത്തോസ് / പുതിയ ആകാശവും പുതിയ ഭൂമിയും / പ്രവാചകൻ / പ്രവാസി / പ്രേമത്തിന്റെ പാനപാത്രം / ബലിയാടുകൾ / മരക്കുരിശ് / മനുഷ്യപുത്രൻ / മനുഷ്യപുത്രനു തലചായ്പ്പാൻ ഇടമില്ല / മണവാട്ടി / മരണത്തിന്റെ താഴ്വര / മാലാഖമാർ / മേച്ചിൽപ്പുറം / മുപ്പതു വെള്ളിക്കാശ് / മുൾക്കിരീടം / മുള്ളും പറക്കാരയും / വിധവയുടെ ചില്ലിക്കാശ് / വിലക്കപ്പെട്ട കനി / വെള്ളയടിച്ച ശവക്കല്ലറകൾ / സങ്കീർത്തനം / സർപ്പസന്തതികൾ / സാത്താന്റെ പരീക്ഷകൾ / സുവിശേഷം / സ്വർഗരാജ്യം.

ബൈബിൾബദ്ധമായ പുതിയൊരു ശൈലിതന്നെ മലയാളത്തിൽ രൂപപ്പെട്ടിട്ടു്. ബൈബിൾ ശൈലികൾ കൊരുത്ത് പുതിയൊരു ഭാഷ കരുപ്പിടിപ്പിച്ചതു ശ്രദ്ധിക്കുക:

'കേരളത്തെ പാലും തേനും ഒഴുകുന്ന നാടാക്കാമെന്നു രാഷ്ട്രീയരംഗത്തെ ഇടയന്മാർ വാഗ്ദാനം ചെയ്യുന്നു. രാഷ്ട്രീയരംഗമാകട്ടെ അവർക്കും അവരുടെ കുഞ്ഞാടുകൾക്കും പറ്റിയ മേച്ചിൽപ്പുറമാണ്. ഇവരിൽ പലരും ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളാണ്. സന്ദർഭാനുസരണം അവർ ബലിയാടുകളെ കത്തെുന്നു. ഇവർ വെള്ള പൂശിയ ശവക്കല്ലറകളാണ്. വിധവയുടെ ചില്ലിക്കാശ് തട്ടിപ്പറിക്കുന്നവരാണ്. ഇനിയും ചിലർ ഭൂമിയിൽ സമാധാനവും ജനങ്ങൾക്കു സന്മനസ്സും സുവിശേഷിച്ചുവെന്നു വരാം. പക്ഷേ, വാളും തീയുമാണ് ഇവർ കൊുവരുന്നത്. ഒരു മുടിയനായ പുത്രനെ നമുക്കു സ്വീകരിക്കാം. പക്ഷേ, ഇത്തരം കപടഭക്തിക്കാരെയും സർപ്പസന്തതികളെയും സൂക്ഷിക്കണം.' (39)

പുതിയൊരു ചിന്താശൈലി ബൈബിളുമായി ബന്ധപ്പെട്ടു രൂപപ്പെട്ടിട്ടു്. പ്രൊഫ. എം. ലീലാവതി, വയലാറിനെക്കുറിച്ച് അപഗ്രഥിക്കുമ്പോൾ കുറിക്കുന്നു:

'ഒരു താരകത്തിന്റെ നവോദയം കാൽ, ആ പ്രകാശത്തിന്റെ വഴിപിടിച്ചു ചെന്നിട്ടുള്ളത് പും പണ്ഡിതന്മാരാണ്; അക്ഷരവിദ്യക്കാരാണ്. പുൽക്കുടിലിലെ മഹാവതാരം കത്താനുള്ള ഭാഗധേയം അവർക്കു വിധിച്ചിട്ടു്.'(40)

ബൈബിൾഭാഷയുടെ ലാവണ്യം ആത്മാവിൽ ആവാഹിച്ചെടുത്ത കഥാകാരനാണ് സി. വി. ബാലകൃഷ്ണൻ. *ആയുസ്സിന്റെ പുസ്തകം* മലയാളനോവലിൽ പുതിയൊരു അനുഭവമായത് ബൈബിളിനോട് രക്തബന്ധമുള്ള ആഖ്യാനശൈലിയുടെ സൗന്ദര്യം കൊുകൂടിയാണ്. ബൈബിളിനോട് ഹൃദയബന്ധമുള്ള കഥകളുടെ സമാഹാരമാണ് സി.വി.ബാലകൃഷ്ണന്റെ *വിശുദ്ധചുംബനം.*

**6.11.1. ക്രിസ്തുവിന്റെ പീഡാസഹനവും ഉയിർത്തെഴുന്നേല്പും**

ക്രിസ്തുവും ബൈബിളും ആധുനിക കവികൾക്കും കഥാകാരന്മാർക്കും പ്രിയതരമായിരുന്നു. അടിയന്തിരാവസ്ഥയുടെ കാലത്ത് ജന്മമെടുത്ത കവിതകളിലും കഥകളിലും ക്രിസ്തുവിന്റെ പീഡാസഹനം പ്രതീകാത്മകമായി വെളിപ്പെടുന്നു്. സച്ചിദാനന്ദൻ അടിസ്ഥാനപരമായും പീഡനകാലത്തിന്റെ കവിയാണ്. 'ആഹ്ലാദങ്ങളെക്കാൾ ദുഃഖങ്ങളാണ് എന്നെ പേനയെടുപ്പിച്ചത്; വിമോചനദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലാണ് വേദപുസ്തകത്തിന്റെ സാമൂ

ഹ്യസന്ദേശം വായിച്ചിട്ടുള്ളത്. വിമോചകനായ ക്രിസ്തു എനിക്കും എന്റെ കാലത്തിനും പ്രിയ ങ്കരമായി' - എന്ന സച്ചിദാനന്ദന്റെ വാക്കുകൾ ആ കാലഘട്ടത്തിലെ കവികൾക്ക് പൊതുവെ യോജിക്കുന്നതാണ്. ക്രിസ്ത്യൻ മിത്തുകൾ കവിതയിൽ ധാരാളം ഇണക്കിച്ചേർക്കുകയുമായി. അതുകൊുതന്നെ പല കവിതകൾക്കും അതിഭൗതികമായ പരിവേഷം ലഭിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ മനുഷ്യവേദനയുടെയും ത്യാഗത്തിന്റെയും ഔന്നത്യം അവർ ദർശിച്ചു. ധനികർക്കും അധികാരികൾക്കും പുരോഹിതർക്കും എതിരെ നയിച്ച കലാപമാണ് ക്രിസതുവിനെ കുരിശിലേറ്റിയതെന്ന് അവർ തിരിച്ചറിഞ്ഞു. യാതനകളുടെയും പീഡനത്തിന്റെയും കാൽവരിയിലാണ് തങ്ങളും എന്ന ബോധ്യം അവരുടെ യാതനകൾക്ക് പുതിയ മാനം നല്കുകയുായി.

പീഡിതനായ മനുഷ്യന്റെ വ്യഥകളും ചെറുത്തുനില്പും ആവിഷ്കരിക്കുന്ന ആനന്ദിന്റെ കൊടുമുടി എന്ന കഥ നോക്കുക:

'ദ്രവിച്ചു വീഴാറായ ഒരു മരക്കുരിശിൽ തൂങ്ങിക്കിടക്കുന്ന ആ എല്ലിൻകൂടിനു നേരെ ഞങ്ങൾ അമ്പരപ്പോടെ നോക്കി. ഒരു ചാൺ അരക്കെട്ടിൽ, കാൽമുട്ടുകളെക്കാൾ വീതി കുറഞ്ഞ തുടകളിൽ, ഒടിഞ്ഞ കഴുത്തിൽ, പഴുത്തു പുണ്ണുകളായ വ്രണങ്ങളിൽ, ഇറ്റിറ്റുവീഴുന്ന ചോരയിൽ, മരിച്ചിട്ടില്ലെന്നു ഘോഷിക്കുന്ന ഭൂമിയിലെ അവസാനത്തെ മനുഷ്യനെ, മനുഷ്യപുത്രനെ. ആകാശത്തിൽ ഗ്രഹങ്ങളെയും ഭൂമിയിൽ സാമന്തരാജ്യങ്ങളെയും ഞങ്ങൾക്കു ചുറ്റും തൊടുത്തുവിട്ട ഞങ്ങളുടെ ചരിത്രത്തെ അയാൾ വെല്ലുവിളിക്കുന്നു.'

'ആരാണ് നിങ്ങളെ കുരിശിലേറ്റിയത്?'

'വീടുകളിൽ തീ എരിയാനും നാക്കിൽ വാക്കുദിക്കാനും തുടങ്ങിയ നാൾ മുതൽ ഞാൻ കുരിശിൽ കിടക്കുന്നു. സംസ്കാരം ഉയർത്തിപ്പിടിച്ച ഓരോ ശിരസ്സിനെയും ചരിത്രം വേട്ടയാടി. കതു പറഞ്ഞവനു കാരാഗൃഹം കിട്ടി. നടക്കാൻ ശ്രമിച്ചവനോ കുരിശും'

'ഈ എല്ലിൻകൂടിനെ നോക്കൂ. ഇതിനെ ഒടിയാതെ നിർത്തുന്നത് ഈ കുരിശാണ്. ദ്രവിച്ചു പൂതലിച്ച ഈ കുരിശിനെ നോക്കൂ. ഇതിനെ തകരാതെ നിർത്തുന്നത് ഈ എല്ലുകളാണ്. ഈ കുരിശിൽ കിടക്കുവോളം എനിക്കു മരണമില്ല. ഞാൻ ഇതിൽ തൂങ്ങിക്കിടക്കുവോളം ഈ കുരിശിനും നാശമില്ല... മനുഷ്യസംസ്കാരത്തിന്റെ നീയാത്രയുടെ ഈ അവസാന നിമിഷത്തിൽ, ചരിത്രത്തിന്റെ വളർച്ചയുടെയും വിജയത്തിന്റെയും ഈ കൊടുമുടിയിൽ ഞാനും ഈ കുരിശും പരമമായ ഒരു സത്യം കത്തെിയിരിക്കുന്നു. എനിക്കു ഈ കുരിശും ഈ കുരിശിന് ഞാനും മാത്രമേയുള്ളൂയെന്ന്. ഞങ്ങൾ പരസ്പരം തോല്പിക്കുകയോ ജയിപ്പിക്കുകയോ ചെയ്യുന്നില്ല. ഒരുമിച്ചു ജയിക്കുന്നു. ഒരുമിച്ചു തോല്ക്കുന്നു....'[41]

ബൈബിളിന്റെ കാവ്യാത്മകശൈലി, ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ കാണുന്ന മനുഷ്യവേദനയുടെയും ത്യാഗത്തിന്റെയും ഔന്നത്യം - ഇവയൊക്കെ മലയാളസാഹിത്യത്തെ/കവിതയെ പുതിയൊരു ഭാഷയിലേക്കും ചിന്തയിലേക്കും ആനയിച്ചു. ആധുനികർക്ക് സ്വയം അവതരിപ്പിക്കുവാൻ കിട്ടിയ ബലിക്കല്ലായിരുന്നു, ബൈബിൾ[42] എന്ന് ചുരുക്കം. എം.ഗോവിന്ദൻ, സച്ചിദാനന്ദൻ, കടമ്മനിട്ട രാമകൃഷ്ണൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, മാധവൻ അയ്യപ്പത്ത്, അയ്യപ്പപ്പണിക്കർ, ചെറിയാൻ കെ. ചെറിയാൻ, കെ.ജി.ശങ്കരപ്പിള്ള, എ.അയ്യപ്പൻ. വി.ജി.തമ്പി എന്നിവരുടെ കവിതകളിൽ ബൈബിൾ ശക്തമായ സാന്നിദ്ധ്യമായി നിലകൊള്ളുന്നു.

കടമ്മനിട്ട രാമകൃഷ്ണന്റെ ഉയിർത്തെഴുന്നേല്പ് എന്ന കവിത നോക്കുക:

'മരക്കുരിശിന്റെ നിഴൽപ്പാടു വിട്ടി-
ട്ടുയിർത്തെഴുന്നേൽക്കൂ, മനുഷ്യബോധമേ.
മനുഷ്യപുത്രന്റെ പവിത്രമാം ചോര
വെറുതെ ചിന്തുവാനിനിയുമില്ലല്ലോ!
അദൃശ്യഹസ്തങ്ങൾ ചുഴറ്റും ചാട്ടവാർ
തിണർത്ത പാടുകൾ നിലവിളിക്കുന്നു
കലിച്ച ചെഞ്ചോര നിലവിളിക്കുന്നു
തിരുഹൃദയങ്ങൾ നിലവിളിക്കുന്നു
മരക്കുരിശിന്റെ നിഴൽപാടു വിട്ടി-
ട്ടുയിർത്തെഴുന്നേൽക്കൂ, മനുഷ്യബോധമേ.
ഇരുകാലിൽ മെല്ലെ നിവർന്നു നട്ടെല്ലു-
നിവർത്തി മുന്നോട്ടു നടക്കും മർത്ത്യനെ-
ക്കുനിക്കുവാൻ, പിന്നെത്തറയ്ക്കുവാൻ മര
ക്കുരിശു തീർക്കുന്ന മടയശക്തികൾ
തിമർക്കുന്നു, പുണ്യം വിടരേും കൺകൾ
അടയുന്നു, പൂവിൻമണം തടവിലായ് ഞെരിയുന്നു.
വിശുദ്ധ ശക്തികൾ വിറങ്ങലിക്കുമീ
നെടിയ പാതിരാനിരത്തിലൂടെ
വീണുരുും തേങ്ങിയുമിഴഞ്ഞും വേപഥു
വിഴുങ്ങിയും നീങ്ങും തളർന്ന ജീവനായ്
ഉദിക്കട്ടുള്ളിലെ വിഹായുസ്സിൻ വഴി-
വിളക്കുകളായി പുതിയ താരകൾ
ഇളകി വീശട്ടെ സമീരണൻ
കറുത്ത ശീലകൾ പുതച്ചുറങ്ങാതെ
ഉണർന്നെഴുന്നേല്പിൻ സമയമായെന്നു
വിളിച്ചറിയിക്കൂ, യുവ പ്രഭാവമേ.
കുരുത്തോല തുള്ളിച്ചണി നിരക്കുവാൻ
കുരുന്നുകൂമ്പുകൾ തയ്യാറെടുക്കട്ടെ'(43)

കുരിശ്, ഉയിർത്തെഴുന്നേല്പ് തുടങ്ങിയ ബൈബിൾ ബിംബങ്ങൾക്ക് മതാതീതവും സാർവ ലൗകികവുമായ മാനം ലഭിക്കുന്നു ഇത്തരം രചനകളിൽ.

ഉയിർത്തെഴുന്നേല്പിന്റെ ഉജ്ജ്വലമായ മുഹൂർത്തം നോവലിൽ ആവിഷ്കരിക്കുന്ന ഒരു സന്ദർഭം ഇങ്ങനെ: പെരുമ്പടവം ശ്രീധരന്റെ *അരൂപിയുടെ മൂന്നാം പ്രാവ്* എന്ന നോവലിലെ കേന്ദ്രകഥാപാത്രം ആൻഡ്രൂസ് സേവ്യറാണ്. ആദിമകാലത്തെ ഏതോ ഒരു വിശുദ്ധന്റെ മുഖച്ഛായയുായിരുന്നു അയാൾക്ക്. നരച്ച ജീൻസും അയഞ്ഞ ജൂബയും ചെമ്പിച്ച മുടിയും ഊശാന്താടിയുമായി അവൻ പ്രത്യക്ഷപ്പെടുന്നു. അസാധാരണ മാനമുള്ള നോവൽ സമാപനം കൊള്ളുന്നത് ഉയിർത്തെഴുന്നേല്പിന്റെ ഉജ്ജ്വല മുഹൂർത്തം ചിത്രീകരിച്ചുകൊാണ്:

‘മൂന്നാം ദിവസം അവനുവേി പ്രാർഥിച്ചതിനുശേഷം റോസ് മേരിയും ക്ലാരയും പള്ളിയിൽ നിന്നിറങ്ങി, സിമിത്തേരിയിലെ ആൻഡ്രൂസ് സേവ്യറുടെ കബറിടത്തിലേക്കു പോയി. മണ്ണിനടിയിൽ ഉറങ്ങുന്നവരെ തങ്ങളുടെ കാലൊച്ചകൾകൊ് ഉണർത്താതെ വളരെ പതുക്കെ മൃദുവായ ചുവടുവയ്പുകളോടെ അവർ ആൻഡ്രൂസ് സേവ്യറുടെ കബറിടത്തിനരികിൽ ചെന്നു. മൂന്നു ദിവസം കഴിഞ്ഞിട്ടും അവന്റെ കബറിടത്തിലെ പൂക്കൾ വാടിയിരുന്നില്ല. അവ അപ്പോൾ വിടർന്നമട്ടിൽ തുടുപ്പേറിയ നിറത്തോടും വാസനയോടുംകൂടി ഇരുന്നു. മൊട്ടുകൾ വിടർന്നിരിക്കുന്നു. അപ്പോഴത്തെ മാനസികാവസ്ഥയിൽ അവരത് ഗൗനിച്ചില്ല. റോസ് മേരിയും ക്ലാരയും അവന്റെ കബറിടത്തിനു മുമ്പിൽ മുട്ടുകുത്തി. അവർ കുരിശ് വരയ്ക്കുകയും അവന്റെ ആത്മാവിനുവേി പ്രാർഥിക്കുകയും ചെയ്തു. അതിനിടയിൽ ഉയരെ ആകാശത്തിൽ മേഘപാളികൾക്കിടയിൽ ഗിത്താറിൽനിന്നുള്ള ഒരു സംഗീതം അവർ കേട്ടു. സിമിത്തേരിക്കു മുകളിൽ അങ്ങനെ ഒരു സംഗീതം കേൾക്കുന്നത് അവരെ വിസ്മയിപ്പിച്ചു. ആ സംഗീതവും ആൻഡ്രൂസ് സേവ്യറെക്കുറിച്ചുള്ള ഓർമകളും അവരുടെ മനസ്സിൽ കെട്ടുപിണഞ്ഞു. എന്തെന്നില്ലാത്ത ഒരു വിസ്മയത്തോടെ അവർ ഇരുവരും മുഖമുയർത്തി നോക്കുമ്പോൾ ഉയരെ ആകാശത്തിൽ മേഘങ്ങൾക്കിടയിൽനിന്ന് ആൻഡ്രൂസ് സേവ്യർ ഗിത്താർ മീട്ടുന്നു! അവന്റെ മുഖം പ്രകാശപൂർണമായിരുന്നു. അവന്റെ കണ്ണുകൾ നക്ഷത്രങ്ങളെപ്പോലെ തിളങ്ങി. അവൻ ശിരസ്സിൽ കസവുപൂക്കൾകൊുള്ള ഒരു കിരീടവും അണിഞ്ഞിരുന്നു. നേർത്ത അംഗവസ്ത്രം കാറ്റിൽ പാറുന്നുായിരുന്നു. ഗിത്താറിന്റെ കമ്പികളിൽ ഏതോ രാഗം മീട്ടിക്കൊ് മേഘങ്ങൾക്കിടയിൽ അവൻ നില്ക്കുന്നു. ആകാശവും ഭൂമിയും അവന്റെ പാട്ടുകൊ് നിറയുന്നു...’(44)

### 6.12. ബൈബിൾ ആധുനികാനന്തര കവിതയിൽ

ആധുനികാനന്തര കവിതകളിലേക്ക് വരുമ്പോൾ, മിത്തുകൾക്ക് ഭാഷ്യം ചമയ്ക്കുവാനല്ല കവികൾ ശ്രമിക്കുന്നത്. വൈയക്തികമായ അനുഭവതലങ്ങളിലേക്ക് ബൈബിൾ ഉൾപ്രവേശിക്കുകയാണ് – സ്ത്രീ, പരിസ്ഥിതി, പ്രണയം എന്നിങ്ങനെ വ്യക്തിപരമായ അനുഭവങ്ങൾ. സെബാസ്റ്റ്യൻ, എസ്. ജോസഫ്, അഗസ്റ്റിൻ ജോസഫ്, വർഗീസ് ആന്റണി, കെ.ആർ. ടോണി, ജോണി പ്ലാത്തോട്ടം, അലക്സി തോമസ്, എൽ. തോമസ്കുട്ടി, സുനിൽ സി.ഇ., റ്റിജോ ഇല്ലിക്കൽ, റോസ് മേരി, മ്യൂസ് മേരി, റോസി തമ്പി തുടങ്ങിയവരുടെ കവിതകളിൽ, പുതിയ കാലത്തിലേക്ക് ബൈബിളിനെ പരിവർത്തിക്കപ്പെട്ടിരിക്കുന്നത് കത്തൊം. ‘ഉപ്പ് ജലത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതുപോലെ ബൈബിളിന്റെ സ്വരവിശേഷം മലയാളഭാഷയിലും ഭാവനയിലും അലിഞ്ഞുചേർന്നിരിക്കുന്നു’(45) എന്ന് ആ കവിതകൾ വെളിവാക്കുന്നു.

റോസി തമ്പിയുടെ ‘ഉടൽമഞ്ചം’ എന്ന കവിതയിൽ പ്രണയത്തിന്റെ സൂക്ഷ്മാനുഭവങ്ങൾ ആവിഷ്കരിക്കുന്നത് ഇങ്ങനെ:

“നീ എന്റെ അപ്പവും
ഞാൻ നിന്റെ വീഞ്ഞുമാകയാൽ
നിന്നിലല്ലാതെ മറ്റെവിടെ
ഞാൻ എന്നെ തിരയും
നിന്റെ ഉടലെനിക്കു
അപ്പമാകയാൽ
എന്നുടലല്ലാതെ

മറ്റെന്തു നിനക്കു
ഞാൻ തരും.
എന്റെ ചുറ്റുകളെ
നിന്റെ അടഞ്ഞ കണ്ണുകൾക്കു മുകളിൽ
ഞാൻ കൊരുവച്ചു
അപ്പോൾ
വലതു വശത്തെ മാലാഖ പറഞ്ഞു:
'ഇതാ!
ദൈവം ഇപ്പോൾ ഇവിടെയാണ്,
എന്റെ ചുറ്റുകൾക്കും
നിന്റെ അടഞ്ഞ കണ്ണുകൾക്കും
ഇടയിലുള്ള നേർത്ത വിടവിൽ'.
വീണ്ടും പ്രഭാതമായ്
കല്ലറ അടയ്ക്കപ്പെട്ടു
പൂക്കൾ ഇലകളിലേക്കും
ജലം ഉറവയിലേക്കും
എന്റെ ഉടൽമഞ്ചം
പകലിന്റെ ചൂടിലേക്കും
തിരിച്ചു നടന്നു"(46)

ബൈബിളിലെ ഏതെങ്കിലും മിത്തിന്റെ പുനരാഖ്യാനമല്ല ഇത്; സമഗ്രസൗന്ദര്യം ആത്മാവിലാവഹിച്ച് വാങ്മയത്തിൽ പകരുകയാണ്. ശൈലിയുടെ രൂപത്തിലാവാം, ദർശനത്തിന്റെ രൂപത്തിലാവാം. ആധുനികാനന്തര കവിതയുടെ പൊതുസ്വഭാവമാണിത്.

### 6.13. ക്രൈസ്തവദർശനം മലയാളത്തിൽ

ക്രൈസ്തവസ്വാധീനം മലയാളത്തിൽ എത്രത്തോളമുന്നെ വിചിന്തനമാണ് ഈ അദ്ധ്യായത്തിലുള്ളത്. സാഹിത്യത്തെയും സാഹിത്യകാരന്മാരെയും 'ക്രൈസ്തവ'മെന്നോ 'ക്രൈസ്തവേതര'മെന്നോ സങ്കുചിതാർഥത്തിൽ വ്യവഹരിക്കുന്നത് ശരിയല്ല. ക്രൈസ്തവസമുദായത്തിൽ ഉൾപ്പെട്ട എത്രയോ സാഹിത്യകാരന്മാരും കലാകാരന്മാരും സാഹിത്യത്തെയും കലാരംഗത്തെയും സമ്പന്നമാക്കിയിട്ടുണ്ട്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ധാരയിൽ അവ അലിഞ്ഞുചേർന്നിരിക്കുന്നു. ഭാഷയിലും സാഹിത്യത്തിലും ക്രിസ്തുമതത്തിന്റെയും ക്രിസ്തുദർശനത്തിന്റെയും സ്വാധീനം എടുത്തുകാട്ടുവാനാണ് ഇവിടെ ശ്രമിച്ചത്. അത് വ്യക്തമാക്കുന്ന ഒരു വസ്തുതയുണ്ട്; ക്രിസ്തുമതവും അത് ഉൾക്കൊള്ളുന്ന ജീവിതദർശനവും മലയാളസാഹിത്യത്തിന്റെ രൂപഭാവങ്ങളെ നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. 'സവർണഹിന്ദു കഥാപാത്രങ്ങൾ വിഹരിച്ചിരുന്ന സാഹിത്യത്തിന്റെ നടക്കാവുകളിൽ ഇപ്പോൾ ധാരാളം മത്തായിമാരും കത്രീനാമാരും കടന്നുകൂടിയിട്ടുണ്ട്. ആനവാരിയും പൊൻകുരിശും(47) ചങ്ങാതികളാണ്. വൈരുദ്ധ്യാത്മക ഭൗതികസിദ്ധാന്തത്തിന്റെ ഒരു ധ്രുവത്തിൽ ജന്മിമുതലാളിമാരോടൊപ്പം പുരോഹിതനും സ്ഥാനം പിടിച്ചിരിക്കുന്നു. ചില ക്രൈസ്തവസാഹിത്യകാരന്മാർ അവരെ നഖശിഖാന്തം എതിർക്കുന്നു; മറ്റു ചിലർ അവരിൽ ആദർശശാലികളെ കണ്ടെത്തുന്നു. ക്രിസ്തുമതത്തിന്റെ

പ്രചാരവും ക്രൈസ്തവസാഹിത്യകാരന്മാർ മതേതര സാഹിത്യത്തിനു നൽകിത്തുടങ്ങിയ സംഭാവനകളും അബോധപൂർവമായെങ്കിലും ദീർഘകാലമായി നിലവിലിരുന്ന വിടവിനെ നിശ്ശേഷം നികത്തിയിരിക്കുന്നു'.(48)

ഭാവപരമായ സ്വാധീനം കുറെക്കൂടി സൂക്ഷ്മമാണ്. പുതിയൊരു ജീവിതദർശനം, ക്രിസ്തുമതം മലയാളസാഹിത്യത്തിൽ പകർന്നിട്ടു്. വിശ്വസാഹോദര്യത്തിന്റെ ദർശനമാണത്; വിശ്വസ്നേഹത്തിന്റെ ദർശനവുമാണ്. ദൈവത്തെ സ്നേഹപിതാവായി വിഭാവനം ചെയ്തിരിക്കുന്നു. സ്നേഹത്തിന്റെ ഉദാത്ത ക്രിസ്തുദർശനത്തിന്റെ ശാശ്വതസന്ദേശമാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്കൃഷ്ടതയും സാന്മാർഗിക പ്രമാണങ്ങളും ക്രിസ്തു എന്ന ത്യാഗമൂർത്തിയും സാഹിത്യകാരന് പ്രചോദനം നല്കുന്നു

## കുറിപ്പുകൾ

1. ഇവയിൽ പ്രസക്തമായവ അനുബന്ധമായി ചേർത്തിട്ടു്.
2. അർണോസ് പാതിരിയുടെ കാവ്യങ്ങൾ, പുറം 289, 290.
3. *അർണോസ് പാതിരിയുടെ കാവ്യങ്ങൾ*, പുറം 83.
4. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പുറം. 150–152.
5. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പുറം. 154.
6. മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം. 240.
7. മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം. 242.
8. മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം. 246.
9. മലയാളസാഹിത്യവും ക്രിസ്ത്യാനികളും, പുറം. 249.
10. ഡോ.സാമുവൽ ചന്ദനപ്പള്ളി *സംവേദനം*, പുറം 149, 150.
11. *സംവേദനം*, പുറം. 134

    *. അത്ഭുതമാലിക: ജെ.ജോൺ, നന്തൻകോട് 1958-ൽ പ്രസിദ്ധീകരിച്ച വത്സല ശാസ്ത്രിയാരുടെ *കവിതകൾ - പുസ്തകം ഒന്ന്* എന്ന കൃതിയിൽ അത്ഭുതമഞ്ജരി എന്ന ശീർഷകത്തിൽ ഇതേകവിത ഈഷദ്ഭേദങ്ങളോടെ ഉൾപ്പെടുത്തിയിട്ടു്. കേരളമാകെ സഞ്ചരിക്കുകയും കഥാകാലക്ഷേപം അവതരിപ്പിച്ച് പ്രേഷിതശുശ്രൂഷ നിർവഹിക്കുകയും ചെയ്ത മോശവത്സലം ശാസ്ത്രികൾ (1847–1916) സ്വന്തം രചനകളോടൊപ്പം അക്കാലത്ത് ലഭിക്കാവുന്ന എല്ലാ ബൈബിൾ കവനങ്ങളും ഉപയോഗപ്പെടുത്തിയിരിക്കണം. ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികൾ സംഗ്രഹിച്ച് കാവ്യരൂപത്തിൽ ആവിഷ്കരിച്ച ചേകോട്ടാശാന്റെ *അത്ഭുതമാലിക*യും അപ്രകാരം സ്വീകരിച്ചിരിക്കാൻ ഇടയു്. ഏതായാലും *അത്ഭുതമാലിക*യുടെ കർത്തൃത്വം സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമായിരിക്കുന്നു.

12. സംവേദനം, പുറം. 138, 139.
13. കത്തിൽ വറുഗീസ് മാപ്പിളയുടെ കൃതികൾ, പുറം. 286.
14. കെ.എം.തരകൻ, ധർമാരാമം കവിത്വം, പുറം. 32–84.
15. ടി.എം. ചുമ്മാർ, പദ്യസാഹിത്യചരിത്രം, പുറം. 171.
16. കെ.വി.സൈമൺ, വേദവിഹാരം, പുറം. 131.
17. പ്രവിത്താനം ദേവസ്യാ, മഹാപ്രസ്ഥാനം, പുറം. 1, 2.

18. പുത്തൻകാവ് മാത്തൻ തരകൻ, *വിശ്വദീപം*, പുറം. 535.
19. ഇ.എം.ജെ.വെണ്ണിയൂർ, *ക്രിസ്തുമതവും മലയാളസാഹിത്യവും*, പുറം. 42, 48.
20. പി.ഒ. സാമുവേൽ, *വേദാമൃതം*, പുറം. 47, 48.
21. ജോസഫ് ചെറുവത്തൂർ, *വിശുദ്ധ കാവ്യസങ്കീർത്തനങ്ങൾ*
22. ഇ.എം.ജെ. വെണ്ണിയൂർ, *പാട്ടുകളുടെ പാട്ട്*, പുറം. 12, 13.
23. ഡോ. കെ.എം. തരകൻ, *മഗ്ദലനമറിയം - ഒരു മുക്തിഗാഥ*, പുറം. 74.
24. എം.ഒ.അവിരാ, *മഹാത്യാഗി*, പുറം. 25, 26.
25. റവ. യുസ്തൂസ് യോസഫ് (1835–1877)

    പാലക്കാട് മണിപ്പൂരം ഗ്രാമത്തിൽ ജനിച്ചു. സംഗീതജ്ഞനായ വെങ്കിടേശ്വരയ്യരും മീനാക്ഷിയമ്മ യുമായിരുന്നു മാതാപിതാക്കൾ. 1861–ൽ റവ. പീറ്റ്സായ്പിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു ക്രിസ്തുമതാനുയായി.. ഉണർവ് പ്രസംഗങ്ങളിലൂടെ അനേകരെ ക്രിസ്തുദർശനത്തിലേക്കു ആകർഷി ച്ചു. 'യുയോമതം' എന്ന പേരിൽ, ഒരു പുതിയ സഭ സ്ഥാപിച്ചു. ക്രിസ്തുവിന്റെ പുനരാഗമനം അഞ്ചരവർഷത്തിനുശേഷമുാവുമെന്ന പ്രവചനം പിൻതുടർന്നുകൊ് യുയോമതവിശ്വാസി കൾക്ക് 'അഞ്ചരക്കാർ' എന്നും പേരു്. 'ആത്മാവേ, വന്നീടുക', 'ജീവനായകനേ മനുവേലേ', 'സേനയിൽ യഹോവയേ', 'സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ' തുടങ്ങിയ ഒട്ടേറെ കീർത്ത നങ്ങൾ രചിച്ചു. ഗദ്യകൃതികളുടെയും കർത്താവാണ് വിദ്വാൻകുട്ടിയച്ചൻ. 1877–ൽ നിര്യാതനായി.

26. മഹാകവി കെ.വി. സൈമൺ (1883–1944).

    ഇടയാറന്മുള കുന്നുംപുറത്ത് കുടുംബത്തിൽ 1883ൽ ജനിച്ചു. വിദ്യാഭ്യാസത്തെ തുടർന്ന് ഇടയാറ ന്മുള ഹൈസ്കൂളിൽ അദ്ധ്യാപകനായി. മലയാളം, സംസ്കൃതം എന്നിവയ്ക്കു പുറമെ, എബ്രായ -ഗ്രീക്ക്-ഇംഗ്ലീഷ് ഭാഷകളിലും പാണ്ഡിത്യം നേടിയിരുന്നു. കെ.വി.സൈമൺ സമർഥനായ വേദ പണ്ഡിതനായിരുന്നു. 'വിയോജിതസഭ'യ്ക്കു രൂപം നല്കി. പ്രതിഭാശാലിയും വാഗ്വൈഭവമുള്ള പ്രസംഗകനുമായ കെ.വി. സൈമൺ വാദങ്ങളിൽ അധൃഷ്യനായിരുന്നു. അഗാധപണ്ഡിതനും സംഗീതകലാഭിജ്ഞനുമായ 'സൈമൺസാർ' മുന്നോറോളം ഭക്തിഗീതങ്ങൾ രചിച്ചിട്ടു്. സഭാ ചരിത്രം തുടങ്ങിയ ചില ഗദ്യകൃതികളുടെയും കർത്താവാണ്. വേദവിഹാരം എന്ന പ്രഖ്യാത കാവ്യ ത്തിലൂടെ മഹാകവിസൈമൺ സാഹിത്യവേദിയിൽ അമരത്വം നേടിയിരിക്കുന്നു. മഹാകവിയുടെ ഗീതങ്ങളുടെ സമ്പൂർണ പതിപ്പ്, *ക്രിസ്തീയ സംഗീതരത്നാവലി* എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടു ്.

27. സാധുകൊച്ചുകുഞ്ഞ് ഉപദേശി (1883–1945) : ഇടയാറന്മുള മൂത്താമ്പാക്കൽ വീട്ടിൽ, 1883 വൃശ്ചികം 22–ാം തീയതി ജനിച്ചു. പ്രേഷിതവൃത്തി ജീവിതവ്രതമായി സ്വീകരിച്ച സാധു കൊച്ചുകുഞ്ഞ്, കേരള ത്തിലങ്ങളോമിങ്ങോളം മാത്രമല്ല; ദക്ഷിണേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മൂന്നു ദശവർഷക്കാലം വിശ്രമമറിയാതെ, സുവിശേഷം പ്രസംഗിച്ചു. ഋഷിയുടെ ജീവിതനിഷ്ഠകളും മിഷനറിയുടെ സുവി ശേഷപ്രചാരണതീഷ്ണതയും സാമൂഹ്യപരിഷ്കർത്താവിന്റെ പരിവർത്തനോന്മുഖതയും സാധു വിൽ കേന്ദ്രീകരിച്ചിരുന്നു. സാധുവിന്റെ 210 കീർത്തനങ്ങൾ *ആശ്വാസഗീതങ്ങളിൽ* സമാഹരിച്ചിരി ക്കുന്നു. 12 ഗദ്യകൃതികളും അദ്ദേഹം രചിച്ചിട്ടു്
28. പി.കെ.പരമേശ്വരൻ നായർ, *ആധുനിക മലയാളസാഹിത്യം*, പുറം. 129.
29. ഡോ.പോൾ മണലിൽ, *യാത്രാവിവരണങ്ങൾ പത്തൊൻപതാം നൂറ്റാിൽ*, പുറം. 403.
30. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ സ്വന്തം കൈപ്പടയിലുള്ള അഞ്ച് നാടകങ്ങളുടെ കയ്യെ ഴുത്തുപ്രതികൾ കടെുത്ത് കേരള സാഹിത്യ അക്കാദമി 2014–ൽ പ്രസിദ്ധീകരിച്ചു.
31. ഡോ. അയ്യപ്പപ്പണിക്കർ, *നാടകക്കളരി*, പുറം. 67.
32. എം. അച്യുതൻ, *ചെറുകഥ-ഇന്നലെ, ഇന്ന്*, പുറം 382.
33. കെ.എം. തരകൻ, *മലയാള നോവൽസാഹിത്യചരിത്രം*, പുറം.175.
34. പോഞ്ഞിക്കര റാഫി, *സ്വർഗദൂതൻ*, പുറം. 335, 336.

35. പാറപ്പുറത്ത്, *അരനാഴികനേരം*, പുറം 84-87
36. കെ.വി.തമ്പി, *പ്രവാസഗീതം*, പുറം. 42,42.
37. *ബൈബിൾ വെളിച്ചത്തിന്റെ കവചം*, പുറം 92, 93.
38. ബൈബിൾ വെളിച്ചത്തിന്റെ കവചം, പുറം 96.
39. ഇ.എം.ജെ. വെണ്ണിയൂർ, *ക്രിസ്തുമതവും മലയാളസാഹിത്യവും*, പുറം. 55, 56.
40. *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 1976 ഒക്ടോബർ 31, പുറം.31.
41. *ആനന്ദിന്റെ കഥകൾ*, 2004, പുറം. 200-213.
42. ഡോ.റോസി തമ്പി, *ആധ്യാത്മികതയും സാഹിത്യവും*, പുറം. 205, 206.
43. *കടമ്മനിട്ടക്കവിതകൾ*, പുറം. 178.
44. പെരുമ്പടവം, *അരൂപിയുടെ മൂന്നാം പ്രാവ്*, 1998, പുറം. 205, 206.
45. ഡോ.റോസി തമ്പി, *ആധ്യാത്മികതയും സാഹിത്യവും*, പുറം. 49.
46. പറയാൻ ബാക്കിവച്ചത്, പുറം. 29, 30.
47. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധ കഥാപാത്രങ്ങൾ
48. ഇ.എം.ജെ. വെണ്ണിയൂർ, *ക്രിസ്തുമതവും മലയാളസാഹിത്യവും*, പുറം.57, 58.

## അധ്യായം ഏഴ്

# ക്രൈസ്തവ കലകൾ
# (The Christian Art Forms)

സംസ്കാരത്തിന്റെ പ്രകാശനോപാധികൾ കലയും സാഹിത്യവുമാണ്. പ്രാചീന കലാരൂപങ്ങളും സാഹിത്യമാതൃകകളും മതജീവിതത്തോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഈശ്വരാരാധനയാണ് അവയ്ക്കു രൂപഭാവങ്ങൾ പകർന്നിരിക്കുന്നത്. കേരള ക്രൈസ്തവരുടെ കലാപൈതൃകവും ഈ പൊതുനിയമത്തെ സാധൂകരിക്കുന്നു.

ക്രൈസ്തവരുടെ ജീവിതം ആരാധനാലയങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രൈസ്തവ ആരാധനാലയങ്ങൾ 'പള്ളികൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ശില്പകലയുടെ ശ്രീകോവിലുകളാണ് പുരാതനപള്ളികൾ. കേരളീയ ക്രൈസ്തവദൈവാലയങ്ങളുടെ വാസ്തുശില്പത്തെക്കുറിച്ചു പഠിക്കുന്നതിന് ആവശ്യമായ മാതൃകകളും രേഖകളും വിരളമാണ്. കാരണം, പഴയപള്ളികൾ പൊളിച്ച് പുതിയ രൂപമാതൃകകൾ അവിടെ സ്ഥാനം പിടിച്ചിരിക്കുന്നു. എന്നാൽ ഇന്നും നിലനില്ക്കുന്ന, പരിരക്ഷിക്കപ്പെടുന്ന ചില പ്രാചീന ദൈവാലയങ്ങൾ നൂറ്റാണ്ടുകളുടെ ചരിത്രവും സംസ്കാരവും മൂകമായി ഉരുവിടുന്നവയാണ്; മൗലികതയാർന്ന ശില്പകലാപാരമ്പര്യത്തിന്റെ തിരുശേഷിപ്പുകളാണ്.

### 7.1. പള്ളികളുടെ രൂപകല്പന

ക്രൈസ്തവദൈവാലയങ്ങളുടെ ശില്പസൗന്ദര്യത്തെക്കുറിച്ച് അധികം ഗവേഷണമോ പഠനമോ നടന്നിട്ടില്ല. പ്രൊഫ. ജോർജ് മേനാച്ചേരി എഡിറ്റ് ചെയ്ത *'The St.Thomas Christian Encyclopaedia of India* Vo.II (1973) ആണ് ഈ മേഖലയിലെ ഏറ്റവും ശ്രദ്ധേയമായ തുടക്കം. 1978 മാർച്ച് 26 ലക്കം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രൊഫ. മേനാച്ചേരി പ്രസിദ്ധീകരിച്ച 'പള്ളികളിലെ കല' എന്ന ദീർഘമായ സചിത്രലേഖനം ക്രൈസ്തവ ദൈവാലയങ്ങളുടെ കലാത്മകമായ മൂല്യം വെളിവാക്കുകയുായി. കേരളത്തിലെ ക്രൈസ്തവദൈവാലയങ്ങളിലെ ശില്പങ്ങളെക്കുറിച്ചും ചിത്രങ്ങളെക്കുറിച്ചുമുള്ള വിവരണാത്മകപഠനമാണ് എം.കെ. ദേവസ്സിയുടെ *കേരളത്തിലെ ക്രൈസ്തവ ദൈവാലയങ്ങളിലെ ശില്പചിത്രകലകൾ* എന്ന ഗ്രന്ഥം (1978). അമ്പതോളം ദൈവാലയങ്ങളിലെ ശില്പങ്ങളും ചിത്രങ്ങളും ഇതിൽ പരിചയപ്പെടുത്തുന്നു. ദൈവാലയങ്ങളുടെ ഘടനാപരമായ സവിശേഷതകളും ചരിത്രവും പഠനവിധേയമാക്കുന്ന കൃതിയാണ് ഡോ.എ.മോഹനാക്ഷൻനായരുടെ *വാസ്തുവിദ്യ: ക്രൈസ്തവ-മുസ്ലീം ദൈവാലയങ്ങൾ* (2009). പള്ളികളിലെ ചുമർചിത്രങ്ങളും അൾത്താരച്ചിത്രങ്ങളും സവിശേഷനിരീക്ഷണത്തിന് വിധേയമാക്കിയ കൃതിയാണ് *കേരളത്തിലെ ക്രൈസ്തവ ദൈവാലയ ചുമർചിത്രങ്ങളും അൾത്താരച്ചിത്രങ്ങളും* (ഡോ. ജിപിൻ വർഗീസ്, 2011).

ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രതീകമായി കലാചാതുര്യത്തോടെ നിർമിക്കപ്പെട്ടവയാണ് പള്ളികൾ. അവയുടെ ശില്പഘടനയെ നിയന്ത്രിക്കുന്ന ര് ഘടകങ്ങളു്. ഒന്ന്, ക്രൈസ്തവ ദൈവശാസ്ത്രസ്വാധീനം; ര്, പ്രാദേശിക സ്വാധീനം. പ്രാദേശിക വാസ്തുവിദ്യയുടെ സ്വാധീനമാണ് പള്ളികളുടെ രൂപശില്പത്തെ പ്രധാനമായും സ്വാധീനിച്ചിത്. പുരാതന

ക്രൈസ്തവദൈവാലയങ്ങൾ കേരളീയ വാസ്തുവിദ്യയുടെ ഉത്തമ നിദർശനങ്ങളാണ്. ക്ഷേത്രങ്ങളിലെപ്പോലെ കൊടിമരവും ദ്വാരപാലകന്മാരുമൊക്കെ ആദ്യകാല പള്ളികളിലും ഉായിരുന്നു. ക്ഷേത്രനിർമാണത്തിന് ഉപയോഗിച്ചിരുന്ന ദ്രവ്യങ്ങൾ തന്നെയാണ് പള്ളികളുടെ നിർമാണത്തിനും ഉപയോഗിച്ചിരുന്നത്. മാത്രമല്ല, ഒരേ ശില്പികൾ തന്നെയാവും ക്ഷേത്രവും പള്ളിയും നിർമിച്ചിരുന്നത്.

പള്ളികൾ പൊതുവെ കുന്നിൻപുറത്തോ, സമതലത്തുനിന്ന് ഉയർന്നു നില്ക്കുന്ന പ്രദേശങ്ങളിലോ ആണ് പണിതിട്ടുള്ളത്. കിഴക്കുപടിഞ്ഞാറായിരിക്കും സാധാരണയായി പള്ളിയുടെ ദിശ. ത്രോണോസിനഭിമുഖമായി നില്ക്കുമ്പോൾ, അത് കിഴക്കോട്ട് ദർശനമായിരിക്കും. പള്ളിപ്പറമ്പ് ബലവത്തായ മതിലുകൾകൊ് സുശക്തമായി പരിരക്ഷിച്ചിരുന്നു. നെടുനീളെ ഒട്ടേറെ നടക്കല്ലുകൾ കയറി വേണം പള്ളിയിൽ എത്തിച്ചേരേത്. പള്ളികൾക്കുമുമ്പിൽ ദൂരെനിന്നു കാണാവുന്നവിധത്തിൽ കരിങ്കൽ കുരിശുകൾ സ്ഥാപിച്ചിരുന്നു. ‘നസ്രാണി സ്തംഭം’ എന്നാണ് അവ അറിയപ്പെടുക. ഇത്തരം സ്തംഭങ്ങൾ ഭാരതീയ ശില്പകലയുടെ പൊതുസ്വഭാവം ഉൾക്കൊള്ളുന്നവയാണ്. ബൗദ്ധന്മാരും ജൈനന്മാരും സ്തംഭങ്ങൾ സ്ഥാപിച്ചിരുന്നതായി രേഖയു്. ദൈവാലയത്തിന്റെ സാന്നിദ്ധ്യം അനുസ്മരിപ്പിക്കുന്നതിനുവേി പാതയോരത്താവും അവ സ്ഥാപിച്ചിട്ടുള്ളത്.

പ്രാചീന ദൈവാലയങ്ങളുടെ മുമ്പിൽ കാണുന്ന കുരിശുകൾക്ക് നാലു നൂറ്റാുകളിലേറെ പഴക്കം കാണുമെന്ന് സങ്കല്പിക്കുന്നു. പോർട്ടുഗീസ് - കേരള വാസ്തുവിദ്യയുടെ സമ്മേളനം ഇതിൽ കാണുന്നവരു്. കരിങ്കൽ ശില്പങ്ങൾ തീർക്കുന്നതിൽ മലയാളശില്പികൾക്കുള്ള വൈദഗ്ധ്യവും പോർട്ടുഗീസുകാരുടെ പ്രേരണയുംകൂടി യോജിച്ചപ്പോൾ, നിരവധി കൽക്കുരിശുകൾ നിർമിക്കപ്പെട്ടുവെന്ന് കരുതാം. ഉയരംകൊ് ഏറ്റവും ശ്രദ്ധാർഹമായത് കടുത്തുരുത്തി സെന്റ് മേരീസ് പള്ളിമുറ്റത്തെ കുരിശാണ് (നാല്പതി അടി). ചങ്ങനാശേരി, കാഞ്ഞൂർ, പുത്തൻചിറ, മുട്ടുചിറ, കുറവിലങ്ങാട്, അങ്കമാലി, ഇടപ്പള്ളി തുടങ്ങിയ പ്രാചീന ദൈവാലയങ്ങളിൽ ഇത്തരം കുരിശുകൾ സ്ഥാപിക്കപ്പെട്ടിട്ടു്. ചേതോഹരമായ അലങ്കാരവേലകൊ് ചെങ്ങന്നൂർ വലിയപള്ളിയിലെ കൽക്കുരിശ് ശ്രദ്ധേയമാകുന്നു. കരിങ്കൽകുരിശുകളുടെ ആകർഷകമായ ഭാഗം അതിന്റെ ചുവടാണ്. കേരള ക്ഷേത്രങ്ങളിലെ ബലിക്കല്ലുകളുമായി ഇവയ്ക്ക് സമാനതയു്. ചില പള്ളികളിൽ കൊടിമരമു്; കല്ലിൽ കൊത്തിയ ദീപസ്തംഭവും ഉാവും. ദീപസ്തംഭത്തിന്റെ മുകളിൽ കുരിശുരൂപവുമു്. കേരളീയ ക്ഷേത്രങ്ങളിലെന്നപോലെ വിശേഷദിവസങ്ങളിൽ ദീപസ്തംഭങ്ങളിൽ തിരി കൊളുത്തുകയും ചെയ്തിരുന്നു.

പള്ളിയുടെ പ്രധാന കെട്ടിടം കല്ലും മരവും ഉപയോഗിച്ചു പടുത്തുയർത്തിയതാണ്. പൂമുഖം, മുഖവാരം, പ്രാർഥനാമണ്ഡപം (ഹൈക്കലാ), മദ്ബഹാ - ഇവയാണ് പള്ളിയുടെ പ്രധാന ഭാഗങ്ങൾ. പടിപ്പുര, വരാന്ത, കൊട്ടുപുര, ഊട്ടുപുര, മണിമാളിക, ആയുധപ്പുര, നാടകശാല തുടങ്ങിയവയാണ് പള്ളിയോടനുബന്ധിച്ച് നിർമിച്ചിട്ടുള്ളത്. ഒല്ലൂർ, പറവൂർ, കാഞ്ഞൂർ, കടുത്തുരുത്തി, കുറവിലങ്ങാട്, കോതമംഗലം, കോട്ടയം, പുതുപ്പള്ളി, പുന്നത്ര, രാമപുരം, കല്ലൂപ്പാറ, നിരണം, ചേപ്പാട്, ചെങ്ങന്നൂർ, മാരാമൺ, തുമ്പമൺ തുടങ്ങിയ ദൈവാലയങ്ങൾ പുരാതന കേരളത്തിലെ പള്ളികളുടെ വാസ്തുവിദ്യക്കു നിദർശനങ്ങളാണ്. ഏറ്റവും പ്രാചീന മാതൃക കല്ലൂപ്പാറ പള്ളിയുടേതാണ്; പുതുപ്പള്ളിയിലെ പുരാതന ദൈവാലയവും പഴക്കമേറിയ മാതൃകകളിലൊന്നാണ്. ഉയരം കൂടിയ മുഖവാരങ്ങൾ ഇത്തരം പള്ളികൾക്കില്ല. പോർട്ടുഗീസ് ആഗമനത്തിനുശേഷമാണ് പടുകൂറ്റൻ മുഖവാരങ്ങൾ കെട്ടിയുയർത്താൻ തുടങ്ങിയത്.

### 7.1.1. മദ്ബഹായും അൾത്താരയും

കേരളീയ വാസ്തുശില്പങ്ങളുടെ വമ്പിച്ച ശേഖരങ്ങളാണ് പ്രാചീനപള്ളികൾ. മേൽക്കൂര, മോന്തായം, മേൽമച്ച്, തൂണുകൾ, നിരപ്പലകകൾ എന്നിവ ശില്പസുന്ദരമായി രൂപപ്പെടുത്തിയിരിക്കുന്നു. ക്ഷേത്രങ്ങളിൽ ശിലയിലാണ് ഇവയധികവും തീർത്തിരിക്കുന്നത്; പള്ളികളിലാവട്ടെ തടിയിലും. മദ്ബഹായും അൾത്താരയുമാണ് സുപ്രധാനം. ക്ഷേത്രത്തിൽ ശ്രീകോവിലുകൾക്കുള്ള സ്ഥാനമാണ് പള്ളികളിൽ മദ്ബഹായ്ക്കുള്ളത്. മദ്ബഹാമാത്രം പള്ളിയായി പരിഗണിച്ചിരുന്നതായി പാലയൂർ പള്ളി തെളിയിക്കുന്നു. സ്വർഗപ്രതീകമായ മദ്ബഹാ ആദ്ധ്യാത്മികമായ ഔന്നത്യത്തെ പ്രതിനിധാനം ചെയ്യുന്നു. പുരോഹിതൻ ആരാധനയനുഷ്ഠിക്കുന്ന പരിപാവനമായ സ്ഥലമാണ് മദ്ബഹാ. സുറിയാനി പദമാണത്; മലയാളത്തിൽ ബലിപീഠമെന്നോ, ബലിപീഠമിരിക്കുന്ന സ്ഥലമെന്നോ പറയാം. സുറിയാനി ഭാഷയിലെ 'ദ്ബഹ്' എന്നതാണ് മൂലരൂപം. ബലി, പൂജ-നിർവഹണം എന്നൊക്കെ അർഥം. മൂന്ന് വിധത്തിലുള്ള മദ്ബഹാകൾ കേരളീയ പള്ളികളിലുായിരുന്നു - സമചതുരം, ചതുരം, അഷ്ടഭുജം. സർവസാധാരണമായി കാണുന്നത് സമചതുരാകൃതിയാണ്. മദ്ബഹാകളുടെ നിർമാണശൈലിയിൽ പേർഷ്യൻ സഭാശാസ്ത്രവും കേരളീയ ക്ഷേത്രവാസ്തുവിദ്യയും സ്വാധീനിച്ചിട്ടു്.[(1)] ക്ഷേത്രവാസ്തുവിദ്യയുടെ ക്രൈസ്തവവത്കൃതരൂപമാണ് ആദ്യകാലപള്ളികളുടെ ശില്പരചനയിൽ കാണുന്നത്.[(2)]

കമാനാകൃതിയിലാണ് മദ്ബഹായുടെ മുകൾഭാഗം. കുമ്മായവും വെട്ടുകല്ലും ഉപയോഗിച്ചാണ് ഇവ നിർമിച്ചിരിക്കുന്നത്. അതിവിശുദ്ധസ്ഥലമാണ് അൾത്താര. ദിവ്യബലി അർപ്പിക്കുന്നതിന് സജ്ജീകരിച്ചിട്ടുള്ള വേദിയാണത്. 'അൾത്താർ' (Altare) എന്ന ലാറ്റിൻ പദത്തിൽനിന്നാണ് 'അൾത്താര' എന്ന പദം മലയാളത്തിലേക്കു വന്നത്; ബലിപീഠം, യാഗവേദി എന്നൊക്കെ അർഥം കല്പിക്കാം. സിംഹാസനം എന്നർഥം വരുന്ന 'ത്രോണോസ്' എന്ന ഗ്രീക്ക് സംജ്ഞയും സമാനമായ അർഥത്തിൽ ഉപയോഗിക്കുന്നു്. തടികൊാണ് ത്രോണോസുകൾ നിർമിച്ചിരുന്നത്. വലിയ പള്ളികളിൽ മൂന്ന് ത്രോണോസ് ഉാവും. മധ്യത്തിൽ പ്രധാന ത്രോണോസും തെക്കും വടക്കും ഭിത്തികളോടു ചേർന്ന് ര് ചെറിയ ത്രോണോസുകളും. വിശുദ്ധ വസ്തുക്കൾ സൂക്ഷിക്കുന്നതിന് സജ്ജീകരിച്ചിരിക്കുന്ന പേടകമാണ് സക്രാരി. ശില്പകലാവൈഭവത്തോടെയാണ് സക്രാരി നിർമിച്ചിരിക്കുന്നത്. അൾത്താരയുടെ പിൻഭാഗത്ത് ഉയർന്നുനില്ക്കുന്ന ഭാഗം 'റത്താൾ' എന്നറിയപ്പെടുന്നു. 'പിൻഭാഗത്തെ മേശ' എന്നർഥമുള്ള 'റേറ്റാബ്ള' എന്ന ഫ്രഞ്ച്പദത്തിൽ നിന്നാണ് 'റത്താൾ'' നിഷ്പന്നമായിരിക്കുന്നത്. പ്രസംഗപീഠത്തിന് 'പുഷ്പം' എന്നും പറഞ്ഞിരുന്നു. ത്രോണോസിനു മുകളിൽ വിശുദ്ധവസ്തുക്കൾ വയ്ക്കുവാൻ പലകയിൽ തീർത്ത 'തബീബൈത്ത' ഉാവും. വിശുദ്ധഗ്രന്ഥം വയ്ക്കുവാൻ 'ഏവൻഗേലി മേശ'യും പ്രതിഷ്ഠിച്ചിരിക്കുന്നു.

അൾത്താരയും അൾത്താരയിലെ കുരിശും മെഴുകുതിരിക്കാലുകളും അൾത്താരമച്ചും മരപ്പണിക്കാരന്റെ കരവിരുത് പ്രദർശിപ്പിക്കുന്നവയാണ്. അൾത്താരയുടെ പിന്നിലെ പലക കൊത്തുപണിക്കാരുടെ വിഹാരരംഗമായിരുന്നു. ഒല്ലൂർ, കാഞ്ഞൂർ, ആലങ്ങാട്, കൊരട്ടി, ചെങ്ങന്നൂർ, പഴുവിൽ, തുമ്പമൺ, കോട്ടയം, ചാല, കടുത്തുരുത്തി, മുളന്തുരുത്തി എന്നിവിടങ്ങളിലെ പള്ളികളിൽ ശില്പസുന്ദരമായ അൾത്താരകളും അൾത്താര വിതാനങ്ങളുമു്. പള്ളിയുടെ മേല്പുരകളും പ്രത്യേകം ശ്രദ്ധേയമാണ്. വലിയ എടുപ്പുകൾ പള്ളികളുടെ സവിശേഷതയാണ്.

നായാട്ട് രംഗങ്ങൾ, യുദ്ധരംഗങ്ങൾ, കോഴിപ്പോര്, മയിൽനൃത്തം, പുലി, പ്രാവ്, പുഷ്പലതാദികൾ, മാലാഖമാർ തുടങ്ങിയ ചിത്രങ്ങൾ ഫ്രെയിമിനുള്ളിലും അല്ലാതെയും കമനീയമായി ആലേഖനം ചെയ്തിട്ടുള്ളത് മിക്ക പ്രാചീന ദൈവാലയങ്ങളിലുമു്. നിയതമായ മതാത്മക ശൈലിയിലല്ല ഇവയുടെ ചിത്രീകരണം. നാടൻ ചിത്രീകരണങ്ങളുടെ ലാളിത്യമുള്ള ശില്പങ്ങളാണ്, ഇവ പൊതുവെ. മിക്കതും വെള്ളപൂശിയ നിലയിലാണ് കാണപ്പെടുന്നത്; ചിലതൊക്കെ നിറങ്ങളിലും കാണാം.

#### 7.1.2. ചുവർചിത്രങ്ങൾ

മദ്ബഹായുടെ ചുവരുകളിലും പള്ളിയുടെ പ്രധാന ചുവരുകളിലും ബഹുവർണചിത്രങ്ങൾ കമനീയമായി ആലേഖനം ചെയ്തിരിക്കുന്നു.(3) ബൈബിൾരംഗങ്ങളായിരിക്കും ചുവരുകളിൽ അധികവും ചിത്രീകരിച്ചിട്ടുള്ളവ. ചുവർചിത്രങ്ങളുള്ള ദൈവാലയങ്ങളിൽ പ്രസിദ്ധമായവ: വിശുദ്ധ അന്തോനീസിന്റെ ഫൊറോനാപ്പള്ളി, ഒല്ലൂർ; വ്യാകുലമാതാവിന്റെ ദൈവാലയം, തൃശൂർ; സെന്റ് മേരീസ് ഫൊറോനാപ്പള്ളി, കൊരട്ടി; സെന്റ് മേരീസ് യാക്കോബായ പള്ളി, അങ്കമാലി; സെന്റ് മേരീസ് ഫൊറോനാപ്പള്ളി, കാഞ്ഞൂർ; സെന്റ് മേരീസ് ബസലിക്ക, എറണാകുളം; സാന്റാക്രൂസ് ദൈവാലയം, ഫോർട്ട്കൊച്ചി; മാർ യൗസേഫിന്റെ ഫൊറോനാപ്പള്ളി, വൈക്കം; സെന്റ് മേരീസ് ഭദ്രാസനപ്പള്ളി, ചങ്ങനാശേരി; സെന്റ് മേരീസ് സുറിയാനിപ്പള്ളി, നിരണം; മർത്തമറിയം ഫൊറോനാപ്പള്ളി, കുറവിലങ്ങാട്; സെന്റ് ആന്റണീസ് ദൈവാലയം, കിഴക്കമ്പലം; സെന്റ് മേരീസ് ഫൊറോനാപ്പള്ളി, ഞാറയ്ക്കൽ; സെന്റ് മേരീസ് ചെറിയപള്ളി, കോട്ടയം; സെന്റ് ജോർജ് പള്ളി, പാലിയേക്കര, തിരുവല്ല; സെന്റ് ജോർജ് പള്ളി, ചേപ്പാട്. ചിത്രകലകൊ് നിറഞ്ഞ ദൈവാലയമാണ് ഒല്ലൂരിലെ സെന്റ് ആന്റണീസ് പള്ളി. 'ഒടുവിലത്തെ അത്താഴം', 'കുരിശിലെ ബലി' എന്നീ ചിത്രങ്ങൾ വിഖ്യാതമാണ്. വെൺമേഘങ്ങളിൽ പാദങ്ങളൂന്നി, നയനങ്ങൾ സ്വർഗത്തിലേക്ക് ഉയർത്തി ദൈവദൂതന്മാരാൽ അനുഗമിക്കപ്പെട്ട ശ്രീയേശുവിന്റെ സ്വർഗാരോഹണരംഗം നിരണം പള്ളിയിൽ കമനീയമായി ചിത്രീകരിച്ചിട്ടു്. വൈവിധ്യമുള്ള ഒട്ടേറെ ചിത്രങ്ങൾകൊ് സമ്പന്നമാണ് ചേപ്പാട് പള്ളി. നോഹയുടെ പെട്ടകം, ക്രിസ്തുവിന്റെ ജനനം, ജ്ഞാനസ്നാനം, ക്രിസ്തുവിനെ ക്രൂശിൽനിന്നിറക്കി മാതാവിന്റെ മടിയിൽ ഇങ്ങനെ വ്യത്യസ്ത ചിത്രങ്ങൾ കറുത്ത രേഖകളിൽ ചുവപ്പ്, പച്ച നിറങ്ങൾ ഉപയോഗിച്ച് ആലേഖനം ചെയ്തിരിക്കുന്നു. പള്ളികളിലെ ചുവർചിത്രങ്ങൾ സ്ഫുടത, സൗകുമാര്യം, സജീവത്വം, കുലീനത്വം എന്നീ വൈശിഷ്ട്യങ്ങൾ നിറഞ്ഞവയാണ്.(4)

#### 7.1.3. ഐക്കണുകൾ

ഛായ, പ്രതിബിംബം എന്നെല്ലാം അർഥമുള്ള 'ഏയികോൺ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഐക്കൺ എന്ന വാക്കിന്റെ നിഷ്പത്തി. വരയ്ക്കപ്പെട്ട വചനമാണ് ഐക്കൺ. ഈശോയുടെ മനുഷ്യാവതാരം, പീഡാനുഭവം, ഉത്ഥാനം തുടങ്ങിയ രക്ഷാകര സംഭവങ്ങൾ, സ്വർഗാരോഹണം, റാംവരവ് എന്നിങ്ങനെയുള്ള വിശ്വാസസത്യങ്ങൾ, പരിശുദ്ധ കന്യകാമറിയം, ശ്ലീഹന്മാർ, വിശുദ്ധർ എന്നിവയാണ് ഐക്കണുകളുടെ വിഷയം.(5)

ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു, മനുഷ്യകുലത്തെ രക്ഷിക്കാൻ, ദൈവപുത്രൻ മനുഷ്യരൂപം സ്വീകരിച്ചു എന്ന ക്രൈസ്തവരുടെ അടിസ്ഥാനവിശ്വാസങ്ങളാണ് ഐക്കൺ രചനയുടെ അടിത്തറ. മനുഷ്യന്റെ രൂപസാദൃശ്യത്തിൽ ദൈവപുത്രൻ

സ്വയം വെളിപ്പെടുത്തിയതിനാൽ ആ രൂപം പകർത്തുവാൻ മനുഷ്യന് സാധിച്ചു. ഐക്കണുകളുടെ ആരംഭത്തെക്കുറിച്ച് പല വിശ്വാസങ്ങളുമുണ്ട്. വേറോനിക്കയുടെ തൂവാലയിൽ പതിഞ്ഞ ക്രൂശിതന്റെ തിരുമുഖം, കുഷ്ഠരോഗിയായിരിക്കെ, തന്നെ കാണാനാഗ്രഹിച്ച ഏദേസായിലെ അവ്ഗാർ രാജാവിന് ഈശോ പതിപ്പിച്ചു നൽകിയ തിരുമുഖചിത്രം എന്നിവ മനുഷ്യകരത്താലല്ലാത്ത ആദ്യ ഐക്കണുകളായി കൂട്ടായ്മയിൽ പ്രസിദ്ധി നേടുന്നു. പന്തക്കുസ്ത അനുഭവത്തിനുശേഷം സുവിശേഷകനായ വിശുദ്ധ ലൂക്കാ വരച്ചതെന്ന് കരുതപ്പെടുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ ഐക്കൺ ഭാരതത്തിലേക്കു വന്ന തോമാശ്ലീഹാ കൂടെക്കൊണ്ടുവന്നിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. 'ഈ പാരമ്പര്യമനുസരിച്ച് പാലയൂർ പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു ചിത്രമുണ്ട്. ഇടപ്പള്ളി, ആലങ്ങാട്, വെച്ചൂർ, ചൊവ്വര, കോഴിക്കോട് കത്തീഡ്രൽ, വല്ലാർപാടം, കുറവിലങ്ങാട്, ഗോവ തുടങ്ങിയ പള്ളികളിൽ ഐക്കണുകൾ കാണാം' (ആരാധനാവത്സര കലർ 2018).

രക്ഷാകരസംഭവങ്ങൾ ചിത്രീകരിക്കുന്ന ഐക്കണുകൾ കൊണ്ടാണ് ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലമായ മദ്ബഹായെ ആദ്യകാലത്ത് വേർതിരിച്ചിരുന്നത്. ഭൗതികലോകത്തുനിന്നും ആത്മീയസ്ഥലകാലത്തിലേക്കുള്ള വാതിലാണ് ഐക്കണുകൾ. മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുകയാണ് ഐക്കണുകളുടെ ലക്ഷ്യം. അലങ്കാരവസ്തുവല്ല, ആരാധനവസ്തു എന്ന സ്ഥാനമാണ് ക്രൈസ്തവ കൂട്ടായ്മയിൽ ഐക്കണുകൾക്കുള്ളത്. വി. ശ്ലീവായോടൊപ്പം ഈശോമിശിഹായുടെയും പരിശുദ്ധ കന്യാമറിയത്തിന്റെയും വിശുദ്ധരുടെയും ഐക്കണുകൾ വണങ്ങാമെന്ന് രാം നിഖ്യാ സൂനഹദോസ് ഉദ്ബോധിപ്പിക്കുന്നുണ്ട്.

ദൈവാരാധനയുടെ ഭാഗമെന്ന നിലയിലാണ് ഐക്കണുകളെ വിശ്വാസസമൂഹം പരിഗണിക്കുന്നത്. വിശ്വാസസത്യങ്ങളെ ചിത്രീകരിക്കുകവഴി പാരമ്പര്യത്തെ അതിഭൗതിക യാഥാർഥ്യത്തിലേക്ക് ഉയർത്തുകയും മൂല്യവത്താക്കുകയും ചെയ്യുന്നുണ്ട് ഐക്കണുകൾ. ക്രൈസ്തവ സംസ്കാരത്തിന് സാധൂകരണം നല്കുന്നവയാണവ.

#### 7.1.4. പഴമയുടെ തിരുശേഷിപ്പുകൾ

ശില്പസുന്ദരമായ മാമോദീസാ തൊട്ടികളും പള്ളിമണികളും സവിശേഷ പഠനമർഹിക്കുന്നവയാണ്. പേർഷ്യൻ ശില്പകലാസ്വാധീനമാണ് അവയിൽ വിളങ്ങുന്നത്. പള്ളികളിലെ രൂപക്കൂടുകൾ, വിളക്കുകൾ, പുൾപിറ്റുകൾ (പുഷ്പം) തുടങ്ങിയവയും ക്രൈസ്തവ കലാസങ്കല്പത്തിന്റെ മൂർത്തരൂപങ്ങളാണ്. പള്ളിയുടെ വാതിലുകളും ശില്പാലംകൃതമായിരുന്നു.

പഴമയുടെ തിരുശേഷിപ്പുകളായി പടിപ്പുരകൾ അപൂർവം ചില പള്ളികളിൽ നിലനിർത്തുന്നു. ആർത്താറ്റ് പള്ളി, കുറ പള്ളി, തേവലക്കര പള്ളി, ചെങ്ങന്നൂർ വലിയപള്ളി, കൈപ്പട്ടൂർ പള്ളി എന്നീ ദൈവാലയങ്ങൾക്ക് പടിപ്പുരമാളികകളുണ്ട്. വൈദികർക്ക് താമസിക്കുവാനും മറ്റുമായി പള്ളിമാളികകളും പല ദൈവാലയങ്ങളോടു ബന്ധപ്പെട്ട് നിർമിച്ചിരുന്നു. മണിമാളികകളും പല പള്ളികളിലുമുണ്ട്. പൂമുഖങ്ങളും നാടകശാലകളും പ്രാചീന ദൈവാലയങ്ങളുടെ ഭാഗമായിരുന്നു. പഴയകാല ദൈവാലയങ്ങളോടു ചേർന്ന് നദികളോ കുളങ്ങളോ ജലാശയങ്ങളോ ഉാവും. കേരളീയമായ പവിത്രസങ്കല്പത്തോടു ബന്ധപ്പെട്ടാണത്.

പ്രാചീന കേരളത്തിലെ ക്രൈസ്തവദൈവാലയങ്ങളിൽ തിരുസ്വരൂപങ്ങൾ ഉായിരുന്നതായി തെളിവുകളില്ല. എന്നാൽ പോർത്തുഗീസുകാരുടെയും മറ്റും സ്വാധീനത്താലാവും തിരു

സ്വരൂപങ്ങൾ ദൈവാലയങ്ങളിൽ സ്ഥാപിച്ചു തുടങ്ങിയത്. കത്തോലിക്കാ ദൈവാലയങ്ങളിൽ തിരുസ്വരൂപങ്ങൾ സാധാരണമാണ്. വിശ്വവിശ്രുത കലാകാരന്മാരായ മൈക്കൽ ആഞ്ജലോ, ലിയനാർഡോ ഡാവിഞ്ചി, റാഫേൽ തുടങ്ങിയവരുടെ കാൽപ്പാടുകളാണ് ഇവയ്ക്കധികവും മാതൃക. വ്യാകുലമാതാവിന്റെ തിരുസ്വരൂപമാണ് സർവസാധാരണമായി കാണുക. മൈക്കൽ ആഞ്ജലോ വെണ്ണക്കല്ലിൽ തീർത്ത വിശ്വപ്രസിദ്ധമായ ശില്പമാണ് ഇവയിൽ പലതിനും മാതൃകയായി സ്വീകരിച്ചിട്ടുള്ളത്.[6] മാതാവിന്റെ മടിയിൽ ആസനസ്ഥനായിരിക്കുന്ന ദിവ്യകുമാരന്റെ തിരുസ്വരൂപം കുറവിലങ്ങാട് മർത്തമറിയംപള്ളിയിലും ദുർലഭമായി മറ്റു ചില ദൈവാലയങ്ങളിലുമു്. ഭൂരിപക്ഷം ശില്പങ്ങളിലും ദിവ്യാംബിക പുത്രനെ കരത്തിൽ വഹിച്ചുനിൽക്കുന്ന രൂപമാണ് കാണുന്നത്.

യേശുക്രിസ്തുവിന്റെ കുരിശുമരണത്തോടനുബന്ധിച്ചുള്ള രംഗങ്ങൾ വിവിധ ദൈവാലയങ്ങളിൽ പ്രതിഷ്ഠിച്ചിട്ടു്. ഇവയിൽ ഏറ്റവും പഴക്കമുള്ള ശില്പമാണ് ചങ്ങനാശേരി അതിരൂപതയുടെ ഭദ്രാസനപ്പള്ളിയുടെ മുമ്പിലുള്ള കരിങ്കൽ കുരിശിന്റെ പീഠത്തിൽ കൊത്തിവച്ചിട്ടുള്ളത്. പതിമൂന്നാം ശതകത്തോളം പഴക്കമു് ഈ രൂപത്തിന് എന്നു കണക്കാക്കപ്പെടുന്നു.

#### 7.1.5. വാസ്തുവിദ്യയുടെ നവീനശൈലികൾ

ആധുനിക ദൈവാലയങ്ങളുടെ വാസ്തുശില്പത്തിനു പാശ്ചാത്യസഭകളോടു കടപ്പെട്ടിരിക്കുന്നു. പോർട്ടുഗീസുകാരാണ് ആധുനികശൈലിയിൽ പള്ളികൾ നിർമിക്കുന്നതിനു തുടക്കമിട്ടത്. കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് ദൈവാലയമാണ് ഇവയിൽ ആദ്യത്തേത്. അത് പൂർണമായും പാശ്ചാത്യമാതൃകയിലല്ല. പിൽക്കാല ദൈവാലയങ്ങളധികവും ആ മാതൃകയിലാണ്. യവനരുടെ പ്രശസ്തമായ 'ബിസാന്റിയൻ ശില്പരീതി'(Byzantine style)യിൽ അടിഭാഗം വൃത്തത്തിൽ അർധഗോളാകൃതിയിലുള്ള 'മേലാപ്പോടും' (Dome) വിചിത്ര മനോഹരമായ കൊത്തുപണിയോടുകൂടിയ 'ബസലിക്ക'(Basilica)കളും 'കപ്പേള' (Cupola)കളും ഗോഥിക് (Gothic) ശില്പമാതൃകയിൽ കൂർശമുള്ള വളച്ചുവാതിലുകളോടും (Pointed arch) ഘനം കുറഞ്ഞു ശില്പസുന്ദരമായ ഭിത്തികളോടും വൃത്താകൃതിയിലുള്ള സ്തംഭസമൂഹ(Rounded clustered columns)ങ്ങളോടും കൂടിയ കത്തീഡ്രലുകളും യവന-റോമൻ ആലയനിർമാണരീതീകൾ ഏകീകരിച്ചുായ റൊമാനെസ്ക് (Romanesque) ശൈലിയിലുള്ള ഘനമേറിയ വളച്ചുവാതിലുകളോടും ഭീമാകൃതിയിലുള്ള കൽക്കെട്ടോടും കൂടിയ ഗംഭീര'കലാലയങ്ങളും' കേരളത്തിൽ രൂപം കൊ ാ 1 ട്ടു ് .[7] ഇത് ദൈവാലയ വാസ്തുവിദ്യയുടെ ആധുനികമുഖമാണ്.

#### 7.1.6. പള്ളിആഘോഷങ്ങളിലെ കലാവതരണങ്ങൾ

ക്രൈസ്തവരുടെ ഉത്സവാഘോഷങ്ങൾ ദൈവാലയങ്ങളോടു ബന്ധപ്പെട്ടാണ്. 'പെരുന്നാളുകൾ' എന്ന പേരിലാണ് അവ അറിയപ്പെടുന്നത്. ക്രൈസ്തവവത്ക്കരിച്ച ഉത്സവങ്ങൾ എന്നു അവയെ വിളിക്കുകയാവും ശരി. പെരുന്നാളുകളിൽ ക്രൈസ്തവരോടൊപ്പം ഇതര സമുദായങ്ങളിൽപെട്ടവരും സഹകരിച്ചിരുന്നു. പള്ളിയിലെ മതകർമങ്ങൾ കഴിഞ്ഞാൽ പെരുന്നാളിന്റെ ഒരു പ്രധാന ചടങ്ങ് ആഘോഷമായ പ്രദക്ഷിണമായിരുന്നു. പ്രദക്ഷിണം കടന്നുപോകുന്ന വഴികൾ കമനീയമായി അലങ്കരിക്കുക പതിവാണ്. വിവിധ വാദ്യമേളങ്ങൾ, കൊടി, മുത്തുക്കുട, കുരിശ് മുതലായവയുടെ അകമ്പടിയോടെ നടത്തുന്ന പ്രദക്ഷിണം വർണശബളമാണ്. ആഘോഷങ്ങൾക്ക് പ്രാദേശികഭേദങ്ങളു്

പെരുന്നാളുകളോടനുബന്ധിച്ചു വിവിധ കലാപരിപാടികൾ അവതരിപ്പിക്കുക പതിവായിരുന്നു. തനിഹൈന്ദവമെന്നു മുദ്രകുത്താവുന്ന കലാപരിപാടികളും അരങ്ങേറിയിരുന്നു. ഒരു പഴയരേഖ നോക്കുക: ചമ്പക്കുളം പള്ളിക്കണക്കിൽ, (990-ാമാ്) മൂന്നു നോമ്പ്, ധനുമാസത്തിലെ പെരുന്നാൾ ഇവയ്ക്കു താഴെപ്പറയുന്ന പതിവു കാണുന്നു: *ഹരിഹരതുള്ളൽ- തകഴിയിൽ പോണേത്തു കൃഷ്ണപിള്ള പേര് എഴുക്ക്-ചിലവ്, - ടി തുള്ളൽ വടക്കൻ ഈശ്വരപ്പണിക്കർ എഴുക്കു ചിലവ്. തുള്ളൽ ശ്രാമ്പിക്കൽ രാമപ്പണിക്കർ പേർ ആറുക്കു ചിലവ്. മേത്തച്ചേരി പോത്തൻ മകുടംകളി പേരു നാലുക്കു ചിലവ് - ഞാണിമ്മേക്കളി, കല്ലിപ്പാറ ഉതുപ്പു പേരു അഞ്ചുക്കു ചെലവ് - തുള്ളൽ അമിച്ചകരി കണികൊല്ലൻ പറമ്പിൽ ഇട്ടിക്കുഞ്ഞു മുതൽ പേര് അഞ്ച് - തുള്ളൽ കൻകരി വടക്കേടത്തു കണി ഇട്ടിണ്ണൻ പേര് 18. വാളേറു തോപ്പിൽ കുറുപ്പും കൈയ്മൺ പേരു 18 ചെ. പേര് ആറ് മദ്ദളം പേര് 2. മകുടം കളി തലവടി കരിയാപ്പള്ളി ഇട്ടി മാത്തപ്പണിക്കർ പേര് 3. പാിവാദ്യം ചങ്ങനാശേരിയിൽ തകിടിയിൽ മാത്തു മുതൽ പേര് 6. തെയ്യാുകളി ഇളേകുഞ്ഞ്. പേര് 8.*[8] അതോടൊപ്പം തന്നെ ക്രൈസ്തവരുടെ തനതുകലാരൂപങ്ങളും അരങ്ങേറിയിരുന്നു. തീരപ്രദേശങ്ങളിൽ 'ചവിട്ടുനാടകം' ആഘോഷപൂർവം അവതരിപ്പിച്ചിരുന്നു.

#### 7.2. ക്രൈസ്തവ കലാരൂപങ്ങൾ

പ്രാചീന കലാരൂപങ്ങൾ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രൈസ്തവ കലാരൂപങ്ങൾ അരങ്ങേറിയിരുന്നത് പ്രധാനമായും പള്ളിപ്പെരുന്നാളുകൾ, വിവാഹാഘോഷങ്ങൾ എന്നിവയോട് അനുബന്ധിച്ചാണ്. ക്രൈസ്തവരുടെ ആയോധനപാടവം സ്പഷ്ടമാക്കുന്നവയാണ് അവയധികവും. മാർഗംകളി, പരിചമുട്ടുകളി, വട്ടക്കളികൾ, ചവിട്ടുനാടകം തുടങ്ങിയവയാണ് പ്രധാന ക്രൈസ്തവ കലാരൂപങ്ങൾ.

#### 7.2.1. മാർഗംകളി

കേരളക്രൈസ്തവരുടെ പ്രാചീന കലാരൂപങ്ങളിൽ പ്രഥമസ്ഥാനം മാർഗംകളിക്കാണ്. നസ്രാണികളുടെ ഏറ്റവും പ്രധാന ഗൃഹോത്സവമായ വിവാഹത്തോടു ബന്ധപ്പെട്ട് മാർഗംകളി അവതരിപ്പിച്ചിരുന്നു. നാലോ അതിലധികമോ ദിവസം കൊാവും വിവാഹാഘോഷം പൂർത്തിയാവുക. അതിന്റെ ഭാഗമായിരുന്നു മാർഗംകളിയും. തെക്കുംഭാഗക്കാരുടെ -ക്നാനായ്കാരുടെ - വിവാഹാഘോഷങ്ങളിൽ അപൂർവമായിട്ടെങ്കിലും ഇപ്പോഴും മാർഗംകളിക്ക് സ്ഥാനമു്. പള്ളികളുടെ പെരുന്നാളുകളോടു അനുബന്ധിച്ചും മാർഗംകളി അരങ്ങേറിയിരുന്നു.

മാർഗംകളിക്ക് എത്രത്തോളം പഴക്കമു് എന്നു പറയുക ബുദ്ധിമുട്ടാണ്. ര് അഭിപ്രായമു്. ഒന്ന്, പോർട്ടുഗീസ് ആഗമനത്തിനു മുമ്പ്; ര്, പോർട്ടുഗീസ് ആഗമനത്തിനുശേഷം. 1606-ൽ പകർത്തിയ ഒരു പാഠമു്. അത് കല്ലൂശേരി ഇടവകയിൽ വെട്ടിക്കുന്നേൽ ഇട്ടിത്തൊമ്മൻ കത്തനാർ സമാഹരിച്ചതാണ്. അദ്ദേഹം രചയിതാവല്ല, സമാഹരിച്ച വ്യക്തിയോ പരിഷ്കരിച്ച വ്യക്തിയോ ആണെന്നു കരുതുന്നു. ഏതാനും പോർട്ടുഗീസ് പദങ്ങളും ഈ പാട്ടുകളിലു്. അത് പിൽക്കാലത്ത് കൂട്ടിച്ചേർത്തതാവണം. നമ്പൂതിരിമാരുടെയിടയിൽ നിലവിലിരുന്ന 'യാത്രക്കളി'യോടും സാദൃശ്യമു് മാർഗംകളിക്ക്. ക്രൈസ്തവരുടെ ആയോധനപാടവവുമായി മാർഗംകളി ബന്ധപ്പെട്ടിരിക്കുന്നു.

മാർഗം എന്ന പദത്തിന് 'വിശ്വാസ'മെന്നും 'മത'മെന്നും അർഥമു്. ക്രൈസ്തവവിശ്വാസികൾ മാർഗക്കാരാണ്. കേരളത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ ക്രിസ്തുമാർഗ പ്രചാരണം 'മാർഗംകളി'യിലൂടെ പുനരാവിഷ്കരിക്കുന്നു.

താളവും സംഗീതവും കരവിരുതും മെയ്‌വഴക്കവും സമ്യക്കായി സമന്വയിപ്പിക്കുന്ന മാർഗംകളിയിൽ പുരുഷന്മാരാണു പങ്കെടുക്കുക. സമീപകാലത്ത് സ്ത്രീകളാണ് മാർഗംകളി അവതരിപ്പിക്കുന്നത്. വേഷം ലളിതമാണ്. കസവ്മുും കസവ് തലേക്കെട്ടും ചുമന്ന പട്ടുകൊുള്ള അരക്കെട്ടും. സ്ത്രീകൾക്കാകട്ടെ, പ്രാചീന കേരളീയ സുറിയാനിക്രിസ്ത്യാനികളുടെ വേഷമാണ് - കച്ചമുും പണിച്ചട്ടയും കവണിയും. കാതിപ്പൂവ്, വള, തള എന്നീ ആഭരണങ്ങളും അണിയാറു്. പന്ത്രുപേർ അരയും തലയും മുറുക്കി ശിരസ്സിൽ മയിൽപ്പീലി തിരുകി, നിലവിളക്കിനു ചുറ്റുംനിന്നു ചുവടുവച്ചു കൈകൊട്ടിപ്പാടിയാണ് കളി നടത്തുന്നത്. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ വിളക്കു സൂചിപ്പിക്കുന്നു. വിളക്കിനു ചുറ്റും നിൽക്കുന്നവർ, ക്രിസ്തുവിന്റെ പന്ത്രു ശിഷ്യന്മാരെ അനുസ്മരിപ്പിക്കുന്നു. വിളക്കുതൊട്ടു നമസ്കരിച്ച് ആശാനെ ആദരവോടെ വണങ്ങി, കളിക്കാർ വിളക്കിനുചുറ്റും നിൽക്കുന്നു; ഇവിടെയാണു കളിയുടെ തുടക്കം. ആശാൻ പാട്ടു പാടുന്നു; മറ്റുള്ളവർ അത് ഏറ്റുപാടുന്നു. തോമ്മാശ്ലീഹായുടെ പ്രേഷിതവൃത്തിയാണു മാർഗംകളിപ്പാട്ടിന്റെ ഇതിവൃത്തം.

(മാർഗംകളി 14 പാദവും - അനുബന്ധം ര് - ചേർത്തിട്ടു്.)

ഉത്തരതിരുവിതാംകൂറിലെ നസ്രാണിമാരുടെ ജീവിതം ആവിഷ്കരിക്കുന്ന നോവലാണ് *പരിഷ്കാരപ്പാതി.* നായികാനായകന്മാരുടെ വിവാഹച്ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളുമെല്ലാം ഇതിൽ വിശദമായി വിവരിക്കുന്നു. വിവാഹത്തോടനുബന്ധിച്ച് സ്ത്രീകൾ കല്യാണപ്പാട്ടുകൾ പാടുന്നതായും, യുവാക്കൾ മാർഗംകളി വേണമെന്നു നിശ്ചയിച്ച് വിളക്കിനു ചുറ്റും നിരന്നുനിന്നു പാട്ടും കളിയും തുടങ്ങിയതായും ഇതു തൃപ്തി പോരാഞ്ഞ് വൃദ്ധന്മാർ പതിൻമടങ്ങ് ആവേശത്തോടെ യുവാക്കളോട് ചേർന്നു കളിച്ചതുമെല്ലാം ഇതിൽ വിവരിക്കുന്നു. ആ കാലഘട്ടങ്ങളിൽ യുവാക്കളായിരുന്നു മാർഗംകളിയിൽ സജീവമായി നിന്നിരുന്നത് എന്നതിന് ഈ വിവരണം ഉപോത്ബലകമാണ്.

മാർത്തോമ്മാശ്ലീഹാ മയിലിന്റെ പുറത്തു സഞ്ചരിച്ചിരുന്നുവെന്നും ഇങ്ങനെ സഞ്ചരിച്ചപ്പോഴാണ് അമ്പെയ്ത് അദ്ദേഹത്തെ വധിച്ചതെന്നും തമിഴ്നാട്ടിൽ ഒരൈതിഹ്യം പ്രചാരത്തിലു്. മാർഗംകളിയിലെ നടന്മാർ മയിൽപ്പീലി ചൂടുന്നത് ഇക്കാരണത്താലാവാം.(9)

മാർഗംകളിപ്പാട്ടിൽ പതിന്നാലു പാദങ്ങളും നാനൂറിലധികം വരികളുമു്. ഭിന്നവൃത്തങ്ങളിൽ നിബന്ധിച്ചവയാണ് ഈ പാദങ്ങൾ. പതിന്നാലു പാദത്തിന്റെയും സംഗീതത്തിനും നൃത്തത്തിനും താളത്തിനും ചുവടുകൾക്കും വ്യത്യാസമു്. ഓരോ പാട്ടിന്റെയും അവസാനഭാഗത്ത് ആട്ടത്തിനും പാട്ടിനും വേഗം വർധിക്കുന്നു. 'താ തകിർ തിത്തത്താ' - എന്നീ വായ്ത്താരികളും പാട്ടിനോടൊപ്പമു്. മാർഗംകളിയിൽ വാദ്യോപകരണങ്ങൾ ഉപയോഗിക്കാറില്ല.(10)

#### 7.2.2. പരിചമുട്ടുകളി

നസ്രാണികളുടെ ആയോധനപാടവത്തെ പ്രകടമാക്കുന്ന കലാരൂപമാണ് പരിചമുട്ടുകളി. കേരളത്തിലെ പ്രാചീന കളരിസമ്പ്രദായവുമായി പരിചമുട്ടുകളിക്കു പ്രത്യക്ഷത്തിൽത്തന്നെ ബന്ധമു്. കളിവട്ടത്തെക്കുറിച്ചു സെബീനാ റാഫി ഇങ്ങനെ വിവരിക്കുന്നു:

"മെയ്ക്കരുത്തും ചുണയുമുള്ള രുഡസനിൽ കുറയാത്ത ചെറുപ്പക്കാർ, കൈയിൽ നീളം കുറഞ്ഞ വാളും വൃത്താകൃതിയിലുള്ള വലിയ പരിചയും പിടിച്ചു കത്തിച്ചുവച്ച നിലവിളക്കിനു ചുറ്റുമായി നിൽക്കുന്നു. വിളക്കിനരികെ കൈയിൽ ഇലത്താളവുമായി നിൽക്കുന്ന

ആശാൻ പാട്ടുപാടി കൊടുക്കുന്നതോടെ ചുറ്റും നിൽക്കുന്ന ശിഷ്യന്മാർ അതേറ്റുപാടി, താളത്തിൽ പരിചകൾ മുട്ടിച്ചും ഇരുന്നും ചെരിഞ്ഞും ഓരായം കുത്തിയും തകിടം മറിഞ്ഞും വിവിധ ആയോധനാഭ്യാസപ്രകടനങ്ങളോടെ ചുവടുവച്ചു നീങ്ങുന്നു.

ദേവസ്തുതിയോടെയാണ് സാധാരണയായി പരിചമുട്ടുകളി ആരംഭിക്കുക:

'ആദി പെരിയോനെ ആലാഹാനായനേ,
പുത്രൻ മശിഹായും വെളിവേറും റൂഹായും
അഴകേറുമമ്മായും യൗസേപ്പും മാലാഖാ
അമ്പോയെയിന്നിനിക്കു തുണയാകവേണം
.............. .................
ചുറ്റുമിരിക്കും ജനം കുറ്റം കുറകൾ കാൽ
പെറ്റ മാതാവെപ്പോലെ കുറ്റം പൊറുത്തീടേണം.'

പാട്ടിനിടയിൽ ആശാൻ ഇലത്താളം മുറുക്കുകയും 'ഹോയ്... ഹായ് ... ' ശബ്ദങ്ങളിലൂടെ കളിക്കാർക്ക് ആവേശം പകർന്നുകൊടുക്കുകയും 'ഹായ് തിന്തത്തെയ് തിന്തത്തെയ്' എന്നു കലാശം കൊടുക്കുകയും ചെയ്യുന്നു. ആശാൻ ഇലത്താളവുമായി, കളിവൃത്തത്തിനു പുറത്തുനിന്നുകൊു കളിക്കു നേതൃത്വം കൊടുക്കുന്ന രീതിയു്. മാർത്തോമ്മാശ്ലീഹാ, വിശുദ്ധ സെബസ്ത്യാനോസ്, വിശുദ്ധ ഗീവറുഗീസ് സഹദാ എന്നിവരെ പ്രകീർത്തിക്കുന്നവയാണ് പരിചമുട്ടുകളിയിലെ പാട്ടുകളധികവും.

(സമാഹരിച്ച 90 പരിചമുട്ടുകളിപ്പാട്ടിൽ 52 എണ്ണം അനുബന്ധം 4-ൽ ചേർത്തിട്ടു്.)

**7.2.3. വാളാട്ടു പരിചവീശുകളി - ലത്തീൻ പരിചമുട്ടുകളി**

കൊച്ചി-ആലപ്പുഴ തീരദേശങ്ങളിൽ സൗദി, മാനാശ്ശേരി, മുംവേലി, കക്കടവ്, ചെല്ലാനം, പള്ളിത്തോട് തുടങ്ങിയ കടലോരക്കരകളിൽ കാണുന്ന പരിചമുട്ടുകളി ചുവടുകളിലും അരങ്ങുകളിലും തെക്കൻ ചുവടുകളേക്കാൾ പിരിമുറുക്കം കൂടുതൽ ഉള്ളതാണ്. പരിചമുട്ടുകളി എന്നതിനുപകരം വാളാട്ടു പരിചകളി എന്നാണ് ഈ പ്രത്യേകകളി അറിയപ്പെടുന്നത്. തറ്റുടുത്ത്, താറുവാച്ചിക്കുത്തി ഗീവർഗീസിന്റേയും തോമാശ്ലീഹായുടേയും പ്രമുഖപള്ളികളുടേയും കഥാഗാനങ്ങൾ പാടുന്ന കിഴക്കൻ ക്രൈസ്തവസമൂഹത്തിൽ നിലനിൽക്കുന്ന പരിചമുട്ടുകളിക്കു പകരം പോർട്ടുഗീസ് പട്ടാളവേഷം ധരിച്ചു വാളും പരിചയും തമ്മിൽ മുട്ടിക്കാതെ വീശി ചുവടുവയ്ക്കുന്ന കളികളാണു വാളാട്ടു പരിചവീശുകളി.

കൊച്ചി, ഫോർട്ടുകൊച്ചി, സൗദി, മാനാശ്ശേരി, മുംവേലി എന്നിവിടങ്ങളിലെ ചില പരിചമുട്ടുകളി സംഘങ്ങൾ ഇപ്രകാരം പഴയ ഷോർട്ട്പാന്റ്സും കോട്ടും ഓവർകോട്ടും തൊപ്പിയും വേഷവിധാനങ്ങളായി ഇന്നും ഉപയോഗിക്കുന്നു്. കപ്പലോട്ടക്കാലത്തെ പട്ടാളക്കാരെ അനുസ്മരിപ്പിക്കുന്ന ഈ പാശ്ചാത്യവേഷമാണ് തിരുക്കൊച്ചി തീരദേശ പരിചവീശുകളിയുടെ ചരിത്രപരമായ തനിമ.

പ്രാദേശികമോ വിദേശീയമോ ആയ പട്ടാളവേഷം ധരിച്ച ഒരു വിഭാഗം കളിക്കാർ വാളും പരിചയുമേന്തി അടവും തടവും മുറകളും ചവിട്ടും ചിട്ടപ്പെടുത്തി അഭ്യാസക്കളി കളിക്കുന്ന ഒരു വിനോദമാണു പരിചവീശുകളി. വാളും പരിചയും നാഗത്തകിടിലോ മരത്തിലോ മൃഗത്തോലുകൊാോ പണിതീർത്തെടുക്കുന്നു. വാളിനും പരിചയ്ക്കും പകരം മരത്തിന്റെ കോലു

പയോഗിച്ചും കളിക്കുന്നവരു്. അതിനെ കോലുകളി എന്നാണു പറയുന്നത്. ഇന്നു വളരെ നിരുപദ്രവമായ കളി മാത്രമായി പരിചവീശുകളിയെ കാണാമെങ്കിലും ഇതിന്റെ ഉത്ഭവകാലത്തു തനി മൂർച്ചവാളും പരിചയുംകൊുള്ള അഭ്യാസങ്ങൾ തന്നെയായിരിക്കണം പരിചവീശുകളിക്കാർ ഉപയോഗിച്ചിരുന്നത്. ഓതിരം മറിയലും ഒഴിഞ്ഞുമാറലും വെട്ടും തടവും അടങ്ങുന്ന അഭ്യാസമുറകൾ ഈ കളിയെ കാര്യമാക്കുന്നു. ഈ കളിയുടെ വിനോദപ്പാട്ടുകൾ വിശ്വാസത്തിന്റെയും വിശുദ്ധരുടെയും പ്രമേയങ്ങൾ ഉൾക്കൊ പ്പോൾ പരിചവീശുകളികൾക്കു ക്രൈസ്തവരുടെ ഇടയിൽ അനുഷ്ഠാനകലകളുടെ പരിവേഷം ആർജിച്ച് പ്രശസ്തി നേടുകയു ായി.

പള്ളിത്തിരുനാളുകൾക്ക് മോടികൂട്ടുന്ന മുഖ്യഇനങ്ങളായി ഇന്നും വാളാട്ടുപരിചവീശുകളി ആത്മീയ ആഡംബരത്തിന്റെ അരങ്ങായി നിലകൊള്ളുന്നു. സർക്കാരും സാമൂഹ്യസംഘടനകളും നടത്തുന്ന സാംസ്കാരിക ഘോഷയാത്രകൾക്കും പരിചവീശുകളി തിളക്കമാർന്ന ഒരു നാടൻകലയാണ്. സമ്മേളനങ്ങളിലേക്ക് വിശിഷ്ടാതിഥികളെ സ്വീകരിച്ച് ആനയിക്കുന്നതിന് ക്രൈസ്തവർ നൂറ്റാുകൾക്കുമുമ്പേ അഭ്യാസക്കളരി പ്രകടനങ്ങളുടെ അകമ്പടി നൽകിയെന്നതിനു പോർട്ടുഗീസ് ചരിത്രകാരനായ ഗോവയ്യയുടെ വിവരണങ്ങൾതന്നെ മതിയാകും.

സമൂഹത്തിലെ മേലധ്യക്ഷൻമാരെ സ്വീകരിക്കുന്നതിന് അകമ്പടി സേവിക്കുന്നതുൾപ്പെടെ പള്ളിപ്പെരുന്നാളിനും വിശുദ്ധരുടെ തിരുവെഴുന്നള്ളത്തിനും അതാതു സമൂഹങ്ങൾ അവരുടെ ആയുധാഭ്യാസങ്ങൾ പാരമ്പര്യകലാരൂപത്തിൽ പ്രകടിപ്പിച്ചിരുന്നു. ലത്തീൻക്രിസ്ത്യാനികളുടെ തനതായ വാളാട്ടുപരിചവീശുകളിപാരമ്പര്യം ഇന്നും പച്ചകെടാതെ സംരക്ഷിച്ചുപോരുന്നു്. ഈ തനതു പാരമ്പര്യത്തിന് ചരിത്രപരമായ പശ്ചാത്തലം കൂടിയു്. പൊതുവേ ലത്തീൻ ക്രിസ്ത്യാനികളുടെ പള്ളിപ്പെരുന്നാളുകളുടെ എഴുന്നള്ളത്തോടനുബന്ധിച്ച് തിരുസ്വരൂപത്തിന്റെ മുമ്പിൽ 21 മുതൽ 42 വരെ അംഗങ്ങൾ അണിനിരക്കുന്ന പരിചവീശുകളി നടത്താറു്. വി. സെബസ്ത്യാനോസ്., വി. യാക്കോബ് ശ്ലീഹാ, വി. ഗീവർഗീസ് തുടങ്ങിയ വിശുദ്ധന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് എഴുന്നള്ളത്തിനും പള്ളിയിലേക്ക് നേർച്ചയെടുപ്പിനുമാണ് സാധാരണയായി പരിചവീശുകളി നടത്താറുള്ളത്. എന്നാൽ പരിചവീശുകളിക്ക് ഉപയോഗിക്കുന്ന വാളും പരിചയുംതന്നെ നേർച്ചയായി കൊടുക്കുന്നത് ഒരു പുണ്യാളന് മാത്രമാണ്; സന്ധ്യാവ് പുണ്യാളന്. എന്താണ് സന്ധ്യാവ് പുണ്യാളനും വാളും പരിചയും പരിചവീശുകളിയും തമ്മിലുള്ള ബന്ധം എന്നത് പഠനാർഹമാണ്. മലയാളത്തിൽ സന്ത്യാവ് പുണ്യാളൻ എന്നു പറയുന്ന സാക്ഷാൽ സെന്റ് ജേക്കബിനെ സാന്തിയാഗോ എന്നാണ് പോർച്ചുഗീസ് സ്പാനിഷ് ഭാഷകളിൽ വിളിക്കുന്നത്. റോമാസാമ്രാജ്യത്തിന്റെ സ്ഥാപകചക്രവർത്തിയായ കാറൽസ്മാൻ എമ്പ്രദോറിന്റെ യുദ്ധപരാക്രമങ്ങൾക്ക് സ്വർഗീയ മാധ്യസ്ഥശക്തിപകർന്ന സൈനികരക്ഷാധികാരിയായിരുന്നു സാന്റിയാഗൊ എന്ന സന്ധ്യാവ് പുണ്യാളൻ.

പടയാളിവേഷം ധരിച്ച് വാളുമേന്തി കുതിരപ്പുറത്ത് സെന്റ് ജേക്കബ്, കാറൽസ്മാന് പ്രത്യക്ഷനായി ക്രിസ്തുവിന്റെ മൃതദേഹം സംസ്കരിച്ചിരുന്ന ജറുസലേം പട്ടണം അധീനപ്പെടുത്തിയ തുർക്കി ചക്രവർത്തിയിൽനിന്ന് തിരികെ പിടിച്ചെടുക്കാൻ നിർദേശം നൽകി എന്നതാണ് ഷാൽമെയിൻ ഇതിഹാസം. യുദ്ധം ജയിച്ച ചക്രവർത്തി സാന്റിയാഗോയുടെ നാമത്തിൽ ഒരു മഹാദൈവാലയം പണികഴിപ്പിച്ചു. പോർച്ചുഗലിലും സ്പെയിനിലും യുദ്ധവിജയത്തിന്റെ ഐക്കൺ ആയിത്തീർന്ന സാന്റിയാഗോയെ പാശ്ചാത്യമിഷനറിമാരാണ് കേരളക്രൈസ്തവരിൽ പ്രത്യേകിച്ച് ലത്തീൻസമൂഹത്തിന് പകർന്നുനല്കിയത്. കൊച്ചിപട്ടണത്തിന്റെ മൂന്നു മൈൽ തെക്ക് കടൽത്തീ

രത്ത് സന്ധ്യാവ് പുണ്യാളന്റെ പേരിൽ പോർച്ചുഗീസുകാർ ഒരു പള്ളി പണിയിച്ചിരുന്നു. വാളും പരിചയുമേന്തി കുതിരപ്പുറത്ത് യുദ്ധനീക്കം നടത്തുന്ന ഒരു സൈന്യാധിപന്റെ വീരോദാത്ത ഭാവമുള്ള തിരുസ്വരൂപമാണ് ഈ പള്ളിയിൽ പ്രതിഷ്ഠിച്ച് തിരുനാളിന് എഴുന്നള്ളിക്കുന്നത്. ഈ പള്ളി കടലെടുത്ത് ഇടിഞ്ഞുവീണപ്പോൾ സന്ധ്യാവുപുണ്യാളന്റെ വാളും പരിചയും ധരിച്ച് കുതിരപ്പുറത്തേറിയ അത്ഭുതതിരുസ്വരൂപം അടുത്തുള്ള മുംവേലി സെന്റ് ലൂവീസ് പള്ളി യിലേക്ക് മാറ്റി പ്രതിഷ്ഠിച്ചിട്ടുള്ളത് ഇപ്പോഴും ഇവിടെ കാണാം. സന്ധ്യാവു പുണ്യാളന്റെ പള്ളി എന്നാണ് ഇന്നും ഈ പള്ളി അറിയപ്പെടുന്നത്. ഇവിടുത്തെ പ്രമുഖപ്രതിഷ്ഠയായ സന്ധ്യാവ് പുണ്യാളന് നേർച്ചവയ്ക്കുന്നതും വാളും പരിചയും തന്നെയാണ്. തിരുസ്വരൂപം പുറത്തെടുത്ത് എഴുന്നള്ളിക്കുമ്പോൾ ആചാരമുറയനുസരിച്ച് വാളും പരിചയുമുപയോഗിച്ച് ചുവടുവെച്ചുള്ള ഒരു പ്രത്യേക നൃത്തവുമു് എഴുന്നള്ളത്തിന് അകമ്പടി സേവിക്കാൻ. ഇതാണ് ലത്തീൻ സമു ദായത്തിലെ നിലവിലിരിക്കുന്ന പരിചമുട്ടുകളിയുടെ ചരിത്രവശം.

വാളും പരിചയും അണിഞ്ഞ് കളിക്കാർ പോർച്ചുഗീസ് പട്ടാളവേഷത്തിലാണ് ഇവിടെ പരിചമുട്ടുകളി നടത്തുന്നത്. ഇത് ചവിട്ടുനാടകത്തിന്റെ പട്ടാളക്കാർ ധരിച്ചിരുന്ന വേഷങ്ങളോട് സാദൃശ്യമുള്ളവയാണ്. കേരളത്തിൽ ഹൈന്ദവ മുസ്ളീം-ഹരിജനസമുദായങ്ങളിൽ നില നിൽക്കുന്ന പരിചകളിയിൽനിന്ന് തീരദേശ ക്രിസ്തീയസമൂഹത്തിൽ നിലനില്ക്കുന്ന പരിചക ളിയെ വ്യത്യസ്തമാക്കുന്നത് അതിന്റെ പടിഞ്ഞാറൻ സൈനികവേഷം തന്നെയാണ്. സന്ധ്യാവ് പുണ്യാളന്റെ തിരുനാൾ പ്രദക്ഷിണ പരിചവീശുകളിയോടനുബന്ധിച്ച് കൊച്ചീക്കരയിലെ മും വേലി ഭാഗത്തുനിലനിൽക്കുന്ന ഒരു പരിചകളിപ്പാട്ടു്.

സന്ധ്യാവ് പുണ്യാളാ വാ
സന്ധ്യാവ് പുണ്യാളാ വാ
ഝടപടയാലെ വെള്ളക്കുതിരപ്പുറത്ത്
സന്ധ്യാവ് പുണ്യാളാ വാ

ഈ പരിചകളിപ്പാട്ടിലെ ഝടപട എന്ന വാക്കിന് ഗുർട്ട് നിഘു നൽകിയിരിക്കുന്ന അർഥം 'The Sound of war' 'യുദ്ധഭേരി' എന്നാണ്. (ഗുർട്ട് നിഘു പേജ് 339). ഒരു സമൂഹം നിലനിൽപ്പിനുവേ ഒരു കാലം നടത്തിയ യുദ്ധങ്ങളുടെയും മുന്നേറ്റങ്ങളുടെയും ചരിത്രം പറയാനു് പരിചവീശുകളിക്ക്. അത് കേരള ക്രൈസ്തവരുടെ വിശിഷ്യാ, ലത്തീൻ കത്തോലിക്കരുടെ യുദ്ധസമരമുന്നേറ്റങ്ങളുടെ പ്രാക്തന ചരിത്രം തന്നെയാണ്. ആദ്യത്തെ കൊച്ചീക്കോട്ട യാക്കോബ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിച്ചതായിരുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ കുഞ്ഞുങ്ങളെ 8 വയസ്സുമുതൽ 25 വയസ്സുവരെ ആയുധാഭ്യാസം പഠിപ്പിച്ചിരുന്നു. (ഒരിയന്തെ കൊങ്കിസ്താതൊ 2-1-19, ഗോവയ 63, *ദ ലാൻഡ് ഓഫ് പെരുമാൾസ്* പേജ് 125). അന്നത്തെ ക്രിസ്തീയ സൈന്യം പട്ടാളത്തിൽ ചേരാതെ യുദ്ധകാലത്തു മാത്രം യുദ്ധചെയ്യുന്ന തിനുകൂടിയായിരുന്നു ഇത്. ഇവരാണ് നാട്ടുകാരുടെ പോർട്ടുഗീസ് സൈന്യം (*കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ* പേജ് 71). ഈ സൈനിക സംസ്കാരത്തിന്റെ കലാപാരമ്പര്യമാണ് വാളാട്ടു പരിചവീശുകളി.

#### 7.2.4. വട്ടക്കളി

സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട വട്ടക്കളികൾ ക്രൈസ്തവരുടെയിടയിൽ പ്രചാരത്തി ലു്. വിവാഹത്തോടനുബന്ധിച്ചാണ് അവ അരങ്ങേറുക. മംഗല്യം വട്ടക്കളി, എട്ടുതിര വട്ട

ക്കളി, ആദം-ഹവ്വാ വട്ടക്കളി, മൂശയുടെ വട്ടക്കളി, പൂർവയൗസേപ്പിന്റെ വട്ടക്കളി എന്നിങ്ങനെ വിവിധ വട്ടക്കളികളു്. ആദ്യത്തേ രും മംഗല്യത്തെക്കുറിച്ചു വർണിക്കുന്നവയും പിന്നെയുള്ളവ ബൈബിൾക്കഥകളുമാണ്. ക്നായിത്തൊമ്മന്റെ ആഗമനവൃത്താന്തം കുറിക്കുന്ന വാടി മനം വട്ടക്കളിയുമു്.

വട്ടക്കളിയുടെ മുറ ഇങ്ങനെയാണ്: കല്യാണസംഘം സാഘോഷം 'പാട്ടും കുരവയും വാദ്യഘോഷങ്ങളും മുത്തുക്കുട വെൺചാമരയാലവട്ടവു'മായി 'ആർത്തു നട നട ചൊല്ലി' പന്തല്ക്കലെത്തുമ്പോൾ, 'പൂമങ്കത്തോഴിമാർ ആടിയും പാടിയും', 'നല്ലൊരമ്മായി നെല്ലും നീരും വീഴ്ത്തിയും' മണവാട്ടീമണവാളന്മാരെ 'മണക്കോല'ത്തിലിരുത്തി മധുരം കൊടുക്കുന്നതോടെ പുരുഷന്മാരുടെ വട്ടക്കളി ആരംഭിക്കുകയായി. ഉടുത്തൊരുങ്ങി തലയിൽ മാപ്പിള കെട്ടുകെട്ടി, വട്ടമിട്ടുനിന്നു, കൈകൊട്ടി. ചടുലമായ ചുവടുവച്ചു, വന്ദനാലാപത്തോടെ ആരംഭിക്കുന്നു.

'മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു,
നന്നായ് വരേണമേയിന്ന്
ഉത്തമനായ മശിഹാ തിരുവുള്ളം
ഉണ്മെയെഴുന്നള്ള വേണം
കന്തിശനായനെഴുന്നള്ളി വന്നിടു
കർപ്പൂരപ്പന്തലകമേ...'[11]

കളിക്കാർ കല്യാണത്തിന്റെ ചട്ടവട്ടങ്ങളെയും മണവാളനെയും മണവാട്ടിയെയും വർണിച്ചു പാടുന്നു. പൂർവയൗസേപ്പിന്റെ വട്ടക്കളിയിൽ, ജോസഫിന്റെ കഥ പ്രതിപാദിക്കുന്നു. മിസ്രയീമിൽ ജോസഫിനുായ അനുഭവം ഇങ്ങനെ വിവരിക്കുന്നു.

'അക്കാലമവുസേപ്പിനെ കച്ചവടക്കാരന്ന്
ആനന്ദമായ മെസ്രേനിൽ രാജന്റെ മന്ത്രി
പൊത്തിപ്പേറന്നവനു വിറ്റുവിലയും വാങ്ങി
ഭക്തിയാൽ യൗസേപ്പിനേ എത്രയും സന്തോഷമായ്
പൊത്തിപ്പേറിന്റെ വീടും വസ്തുക്കളൊക്കെയുമേ
ഒന്നുപോൽ പരിപാലിച്ചീടുവോനവുസേപ്പായ്
ഒക്കെയും പരിപാലിച്ചീടുന്ന കാലങ്ങളിൽ
ഓമന കരെവുസേപ്പിൽ പൊത്തിപ്പേറിന്റെ
ഭാര്യയ്ക്കു കാംക്ഷയുായെന്നഹോ പറയേു
നാളുകളൊക്കെയിലുമിഷ്ടമവനോടവൾ
നാണം കളഞ്ഞപേക്ഷിച്ചിട്ടും ദിവസങ്ങളിൽ
ഒന്നും സമ്മതിക്കാതെ നീതിമാനവുസേപ്പ്
........... ..............
കാഴ്ചയിലവുസേപ്പു തന്റെ ഗുണങ്ങൾ കു
ഏല്പിച്ചു യൗസേപ്പിനെ താക്കോൽ പാറാവുകാരൻ
ഇങ്ങനെ യൗസേപ്പു മംഗളമോടുകൂടെ
ചങ്ങലയതിൽപ്പുക്കു കാലവും കഴിയുന്നു.'[12]

#### 7.2.5. പൂവിറക്കം

കല്യാണത്തോടനുബന്ധിച്ച് അവതരിപ്പിക്കുന്ന ഒരു കലാവിശേഷണാണ് പുവിറക്കം. കല്യാണം കെട്ടിക്കയറി മണവാളനും മണവാട്ടിയും മണക്കോലത്തിലിരിക്കുമ്പോഴാണ് പൂവിറക്കം. കളിക്കുന്നത് പൂവു തന്നെയാണ്; മനുഷ്യൻ പാടും, പൂവ് തുള്ളും, ഓരോ ഇതളുകളായി വിടരും! കല്യാണപ്പന്തലിന്റെ നടുവിൽ ഉയരത്തിൽ, കൂറ്റൻ വാഴക്കുടപ്പൻപോലെ കൂമ്പിയ ഒരു കടലാസ് പൂവ് തൂക്കിയിട്ടിരിക്കും. പൂവിൽനിന്നുള്ള ചരട് പാട്ടുകാരന്റെ കാലിൽ പെരുവിരലിൽ ചുറ്റിപ്പിടിച്ചിരിക്കും. പാട്ടുകാരനും കൂട്ടുകാരും ഓരോ അടി പാട്ടു പാടുമ്പോഴും പെരുവിരൽ ചലിപ്പിക്കും. അപ്പോൾ പൂവ് വിറച്ചുതുള്ളി ഒരിതൾ വിടരും. തുടർന്ന് ഓരോ പാട്ടിനോടനുബന്ധിച്ചും ഓരോ ഇതളും വിടരും. സാധാരണയായി പന്ത്രണ്ടോ പതിനാറോ ഇതളുകൾ ഉാവും. ചിലപ്പോൾ ഇരുപത്തിനാല് അടി പാട്ടും ഇരുപത്തിനാല് ഇതളുകളുള്ള പൂവിറക്കവുമുണ്ട്.[13]

വിവാഹത്തോടനുബന്ധിച്ചു ഞാണിമ്മേക്കളി തുടങ്ങിയ വിനോദങ്ങളും, തീരപ്രദേശത്ത് സഭാമേലദ്ധ്യക്ഷന്മാരുടെ ആഗമനവേളയിലും തിരുനാളുകളിലും വള്ളികളിയും നടത്തുക പതിവായിരുന്നു.

#### 7.2.6. ചവിട്ടുനാടകം

കേരളക്രൈസ്തവരുടെ കലാരൂപങ്ങളിൽ സവിശേഷപ്രാധാന്യമർഹിക്കുന്നതാണ് ചവിട്ടുനാടകം. പതിനേഴാം നൂറ്റാിൽ ജന്മമെടുത്ത ചവിട്ടുനാടകം വിദേശ മിഷനറിമാരോടു കടപ്പെട്ടിരിക്കുന്നു. ഒപ്പം കേരളത്തിന്റെ തനതു കലാരൂപങ്ങളോടു രക്തബന്ധവുമു്. കേരളത്തിലെ അരങ്ങിന്റെ വികാസപരിണാമത്തിൽ ചവിട്ടുനാടകത്തിനും സ്ഥാനമു്. കേരളത്തിലെ ആദ്യത്തെ ജനകീയ നാടകസ്റ്റേജ് ചവിട്ടുനാടകത്തിന്റേതാണെന്നു 'ചവിട്ടുനാടക'ത്തെക്കുറിച്ചു പഠനം നടത്തിയ ശ്രീമതി സെബിനാ റാഫി അഭിപ്രായപ്പെടുന്നു.

പുരാതനകേരളത്തിന്റെ ആയോധനവൃത്തിയുമായി ചവിട്ടുനാടകം ബന്ധപ്പെട്ടിരിക്കുന്നു. പാട്ടും പയറ്റും നൃത്തനൃത്യാഭിനയങ്ങളും സമ്മേളിച്ചിരിക്കുന്ന ഈ കാലരൂപം പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളുടെയും കലാരീതികളുടെയും ആരോഗ്യകരമായ സംയോജനം കൂടിയാണ്.[14] യൂറോപ്പിലെ 'ഓപ്പറ'യെ അനുസ്മരിപ്പിക്കുന്ന കലാശില്പമാണിത്.

വീരരസം ജീവനായുള്ള ഒരു കലാരൂപമാണ് ചവിട്ടുനാടകം. പടവെട്ട് നാടകത്തിലെ ഒരവിഭാജ്യ ഘടകമാണ്. യുദ്ധത്തിൽ മൂർച്ചവാളുകളാണ് ഉപയോഗിച്ചിരുന്നത്. നടന്മാർ കച്ചകെട്ടും അഭ്യാസങ്ങളും വിവിധായുധങ്ങൾകൊുള്ള അടവുകളും തടവുകളും മുറയ്ക്ക് അഭ്യസിക്കണമെന്നുായിരുന്നു ആദ്യകാലങ്ങളിൽ.

കേരളത്തിലെ പരമ്പരാഗതമായ കളരിപ്പയറ്റും കച്ചകെട്ടും അഭ്യാസങ്ങളും ചവിട്ടുനാടകത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. റിഹേഴ്സലിനു കഥാഭാഗങ്ങൾ പാടിക്കൊടുത്തു തന്നെയാണ് ആശാന്മാർ പഠിപ്പിക്കുക. അതോടൊപ്പം ആ തമിഴ് ഗാനങ്ങളുടെ അർഥം വിവരിച്ചുകൊടുക്കുകയും തദനുസരണമായി കണ്ണും കൈയും മെയ്യും ഉപയോഗിച്ച് കഥ ആടി അഭിനയിപ്പിച്ചു ഫലിപ്പിക്കുന്നതിനും, പിന്നണിമേളത്തിന്റെ താളത്തിനൊപ്പിച്ചു ചുവടുവയ്ക്കുന്നതിനും വേ പരിശീലനവും നല്കുന്നു. നിഷ്കൃഷ്ടമായ പരിശീലനം നല്കി ചൊല്ലിയാട്ടം കഴിച്ചശേഷം മുറപ്രകാരമുള്ള കളരി അരങ്ങേറ്റമായി. അതിനുശേഷമാണ്, തട്ടിൽ അരങ്ങേറ്റം – ശരിയായ രംഗപ്രവേശം. കളരി അരങ്ങേറ്റത്തിനാണ് കച്ചകെട്ട് എന്നുപറയുന്നത്.

ഭൂമിവന്ദനം, പൂത്തറവന്ദനം, കളരിപ്പരദേവതാ സങ്കല്പം, പീഠവഴക്കം, ഗുരുത്തറവന്ദനം, ആധ്യാത്മിക സങ്കല്പം, വിളക്ക്, പൂജ, കളരി തുറക്കൽ, ചുവടുകൾ, വടിവുകൾ, പയറ്റുരീതികൾ, ഉടവാൾ വണങ്ങൽ, താരിതാഴ്ത്തൽ, കച്ചകെട്ട്, തലക്കെട്ട് അഥവാ തലപ്പാവ്, അങ്കം, പൊയ്ത്ത്, മെയ്പ്പയറ്റ്, കോൽപ്പയറ്റ്, ആയുധപ്പയറ്റ്, വടിപ്പയറ്റ്, വാൾ, പരിച ഇവയുടെ പരിശീലനം, തൈലലേപനം, കസർത്ത്മുറകൾ, ചുവട്മാറ്റൽ, കാലെടുപ്പ്, ഇരുത്തിക്കാൽ, നേർക്കാൽ, കോൺകാൽ, വീശിപുറംകാൽ, ആക്കച്ചുവട്, നീക്കച്ചുവട്, വട്ടക്കാൽച്ചുവട്, നീടടക്കാൽച്ചുവട്, ഒറ്റക്കാൽച്ചുവട്, അമർച്ച, തെരുത്ത് കയറ്റൽ, മാറിപ്പൊങ്ങൽ, വലിഞ്ഞമരൽ, മെയ്വഴക്കച്ചിട്ടകൾ, മെയ്യൊതുക്കപ്പയറ്റ്, മെയ്യിറക്കപ്പയറ്റ്, വെറുംകൈപ്രയോഗം, കളരിസ്ഥലം, മർമവിദ്യ, ഉഴിച്ചിൽ, പിഴിച്ചിൽ, വായ്ത്താരി, മെയ്ത്താരി, ഗജവടിവ്, സിംഹവടിവ്, അശ്വവടിവ്, വരാഹവടിവ്, മാർജാര വടിവ്, സർപ്പവടിവ്, കുക്കുടവടിവ്, മത്സ്യവടിവ്, തിരിഞ്ഞുചാടൽ, തിരിഞ്ഞ് പൊങ്ങൽ, വാങ്ങിത്തിരിഞ്ഞുപൊങ്ങൽ, വലംപിരി മലർന്ന് ചാടൽ, ചവിട്ടിപ്പൊങ്ങൽ, ഒത്തടി പൊങ്ങൽ, ഇരുത്തിക്കാൽ, തച്ചുവളയൽ, തൊഴുതുകുത്തൽ, സൂചിക്കിരുത്തൽ, പൊന്തിയും പരിചയും, ഓതിരം, കടകം, പടനിലം, അങ്കത്തട്ട്, കളരിത്തട്ട് എന്നിങ്ങനെ പല അംശങ്ങളിലും കേരളത്തിലെ ആയോധനകലയുമായി ചവിട്ടുനാടകം അടുത്തബന്ധം പുലർത്തുന്നതായിക്കാണാം.

കേരള ക്രിസ്ത്യാനികളുടെ കളരിസംസ്കാരത്തോടു ചവിട്ടുനാടകം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും അത് രൂപപ്പെട്ടത് മതപരമായ പശ്ചാത്തലത്തിൽ നിന്നാണ്. ക്രിസ്തുമസിനോടും ഈസ്റ്ററിനോടും അനുബന്ധിച്ചാണ് ചവിട്ടുനാടകങ്ങൾ സാധാരണയായി ആരങ്ങേറിയിരുന്നത്. ചവിട്ടുനാടകാഭിനയംപോലും ഒരു പുണ്യകർമമായി കരുതിയിരുന്നു. പാശ്ചാത്യ മിഷനറിമാരാണ് ചവിട്ടുനാടകത്തിന്റെ പ്രണേതാക്കൾ. അക്കാലത്തെ മിഷനറിമാരിലധികവും കലാകേന്ദ്രമായ ഇറ്റലിയിൽനിന്നു വന്നവരായിരുന്നു. വിദ്യാസമ്പന്നരായ ഈ കലാകുതുകികൾ യൂറോപ്യൻ നവോത്ഥാനത്തിന്റെ സന്ദേശവാഹകരായിരുന്നു. അവിടത്തെ സാംസ്കാരികസത്ത സ്വാംശീകരിച്ച മിഷനറിമാർ, കേരളത്തിന്റെ പശ്ചാത്തലത്തിൽ രൂപം നൽകിയ കലാരൂപമാണ് പള്ളിയുടെ തിരുമുറ്റങ്ങളിൽ അരങ്ങേറിയിരുന്ന ചവിട്ടുനാടകം.

ജനകീയകലാരൂപമായ ചവിട്ടുനാടകം തുറന്ന സ്റ്റേജിലാണ് അരങ്ങേറുന്നത്. വീതി കുറവായ നീളമേറിയ തട്ടിൽ ചവിട്ടിയാൽ ചെപ്പുറത്തെന്നപോലെ ശബ്ദം കേൾക്കത്തക്കവണ്ണം പലക നിരത്തിയിരിക്കും. (പ് 16 കോൽ വീതിയും 50-60 കോൽ നീളവുമുള്ള സ്റ്റേജായിരിക്കും കെട്ടുക). സ്റ്റേജിന്റെ ഒറ്റത്തുമായി 6-8 അടി ഉയരത്തിൽ കെട്ടിയലങ്കരിച്ച് മേടയുായിരിക്കും. ഇരുപക്ഷങ്ങളിലുമുള്ള രാജാക്കന്മാരുടെ രാജധാനിയാണിത്. കളിത്തട്ടിൽനിന്ന് മേടയിലേക്കു കയറുവാൻ ഗോവണിയുായിരിക്കും. തുറന്ന സ്റ്റേജിൽ ഒരു വലിയ നിലവിളക്കു സ്ഥാപിച്ചിരിക്കും. വിളക്കിന്നരികെ, സദസ്സിനെ അഭിമുഖീകരിച്ചു കൈയിൽ ഇലത്താളവുമായി ആശാനും തൊട്ടരികിൽ ചെക്കാരനും മറ്റു മേളക്കാരും സ്ഥലം പിടിച്ചിരിക്കും. രംഗത്തേക്കു പ്രവേശിക്കുന്നതിനും അണിയറയിലേക്കു തിരിച്ചുപോകുന്നതിനുമായി നാടകത്തട്ടിന്റെ ഒറ്റത്തും കർട്ടൻകൊു മറച്ചിരിക്കുന്ന ു വാതിലു്. നടന്മാർതന്നെ കൈകൊു നീക്കി രംഗത്തേക്കു വരികയാണ് പതിവ്. വലതുവാതിലിലൂടെ വന്ന് ഇടതു വാതിലിലൂടെയാവും അകത്തേക്കു പോവുക. സ്റ്റേജിന്റെ മുമ്പിൽ വിളക്കുകൾ ക്രമീകരിച്ചിരിക്കും.

വർണോജ്വലമായ വേഷവിധാനങ്ങൾ ചവിട്ടുനാടകത്തിന്റെ സവിശേഷതയാണ്. ചവിട്ടുനാടകത്തിലെ കഥകളധികവും യൂറോപ്പിലെ ഫ്യൂഡൽ രാജാക്കന്മാരുടേതായതുകൊ് വസ്ത്രാ

ലങ്കാരങ്ങൾ വിലപിടിപ്പുള്ളതും വർണശബളവുമായിരിക്കും. രാജാക്കന്മാരുടെ കിരീടം, ചെങ്കോൽ, ആടയാഭരണങ്ങൾ, ഭടന്മാരുടെ പോർച്ചട്ട, പടത്തൊപ്പി, കാലുറ ആദിയായവ പുരാതന ഗ്രീക്ക്, റോമൻ വേഷങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്.

ചവിട്ടുനാടകത്തിലെ മുഖ്യമായ വാദ്യോപകരണങ്ങൾ ചെയും ഇലത്താളവുമാണ്. മദ്ദളം, മൃദംഗം, ഡോലക്, നാദസ്വരം, ഫിഡിൽ തുടങ്ങിയ വാദ്യങ്ങളും ഉപയോഗിക്കാറ്. നടന്മാർ തന്നെയാണ് ഗീതങ്ങൾ പാടുക. പിന്നണിഗായകസംഘം അവ ഏറ്റുപാടുന്നു. പശ്ചാത്തലസംഗീതം അവയ്ക്കു മാറ്റുകൂട്ടുന്നു. പ്രാസഭംഗിയുള്ള ഗീതങ്ങളാണ് ചവിട്ടുനാടകത്തിലേത്. താളലയങ്ങളോടുകൂടിയ ചവിട്ടിന് (ചുവടിന്) നാടകത്തിൽ സർവപ്രാധാന്യം കല്പിച്ചിരിക്കുന്നു. 'ചവിട്ടുനാടകം' എന്ന പേരുതന്നെ അതാണ് സൂചിപ്പിക്കുക. നൃത്തങ്ങൾ താണ്ഡവപ്രധാനമാണ്. സ്ത്രീവേഷങ്ങൾക്കും മറ്റും പതിഞ്ഞ ചുവടുകളും നിർദേശിച്ചിട്ട്.

കളിദിവസം സന്ധ്യയാകുന്നതോടുകൂടി തട്ടിൽനിന്നു ചെക്കാർ ഒന്നാംകേളി പെരുക്കുന്നു. ഏകദേശം എട്ടുമണിയോടുകൂടി രാം കേളിയായി. അപ്പോഴേക്കും നടന്മാർ വേഷമിട്ടു തുടങ്ങുന്നു. പത്തുമണിയോടുകൂടി മൂന്നാം കേളി പെരുക്കുകയും ഏറെത്താമസിയാതെ കളി ആരംഭിക്കുകയും ചെയ്യും. സമയമായാലുടനെ 'അണ്ണാവി'യും നാലഞ്ചു പാട്ടുകാരുംകൂടി നിലവിളക്കിന്റെ പിന്നിൽ സ്ഥാനം പിടിച്ചു പാട്ടു തുടങ്ങുന്നു. ഈശ്വരസ്തോത്രവും ഗുരുവന്ദനവും മറ്റു പ്രാരംഭചടങ്ങുകളും നിർവഹിച്ചു കഴിയുമ്പോഴേക്കും 'കട്ടിയേൻ' എന്നറിയപ്പെടുന്ന വിദൂഷകൻ പ്രവേശിക്കുകയായി. വിദൂഷകന്റെ വേഷവും ഫലിതവും സദസ്യരെ ചിരിപ്പിക്കും. തുടർന്നു കഥ ആരംഭിക്കുന്നു. ഓരോ വേഷക്കാരനും രംഗപ്രവേശം ചെയ്യുന്നതിനുമുമ്പ് അയാളെക്കുറിച്ചു അണ്ണാവി 'വരവു പാട്ടു'തുടങ്ങുകയും ഏറ്റുപാടിക്കൊ വേഷക്കാരൻ പ്രവേശിക്കുകയും ചെയ്യുന്നു. സദസിനെ വണങ്ങിത്തിരിഞ്ഞു 'ചുവടി'യെയും അണ്ണാവിയെയും നമസ്കരിച്ചശേഷം അയാൾ അഭിനയം തുടരുന്നു. ചില വേഷക്കാർ സദസ്യരുടെ ഇടയിൽക്കൂടി വന്നു തട്ടിൽ കയറാറ്. യുദ്ധം സർവസാധാരണമാണ്. വെളിച്ചമാകുന്നതോടെ മംഗളഗാനം പാടി കളി അവസാനിപ്പിക്കുന്നു:

'മംഗളം നിത്യജയ ആദി കടവുളോനെ
മങ്കളം നമോസ്തു തേ മങ്കളം...'

ചവിട്ടുനാടകമായവതരിപ്പിക്കുന്നവയെല്ലാം ആദർശകഥകളാണ്. ആദ്യകൃതിയായ 'കാറൾസ്മാൻ ചരിത്ര'മാണ് എല്ലാംകൊും മുൻപന്തിയിൽ നില്ക്കുന്നത്. ഫ്രഞ്ചുഭാഷയിലെ ഷാർലിമെയ്ൻ (Charlemagne) ആണ് മലയാളത്തിൽ 'കാറൾസ്മാൻ' ആയി രൂപം പ്രാപിച്ചത്. ജനോവ നാടകം, പ്ലേമേന ചരിത്രം, അല്ലേശുനാടകം, ജ്ഞാനസുന്ദരി നാടകം, ഇസ്താക്കി നാടകം തുടങ്ങിയവയാണ് ഇതര നാടകങ്ങൾ. തമിഴ് കലർന്ന ഭാഷാശൈലിയാണ് ഈ പ്രാചീന കൃതികളിൽ ഉപയോഗിച്ചിട്ടുള്ളത്.

കേരളത്തിലെ ക്രൈസ്തവരുടെയിടയിൽ പ്രചാരത്തിലിരുന്ന പ്രാചീന കലാരൂപങ്ങളെ വിലയിരുത്തുമ്പോൾ നാലു സംസ്കാരധാരകളുടെ സമന്വയം കത്തൊനാവുമെന്ന് സെബിനാ റാഫി ചൂികാട്ടുന്നു.[15]

- പശ്ചിമേഷ്യയിലെ സിറിയൻ പേർഷ്യൻ സംസ്കാരം.
- കേരളത്തിലെ ബുദ്ധസംസ്കാരം / ദ്രാവിഡസംസ്കാരം

- വൈദിക ബ്രാഹ്മണ സംസ്കാരം
- യൂറോപ്യൻ നവോത്ഥാന സംസ്കാരം

വീരരസപ്രധാനമാണ് ക്രൈസ്തവകലാരൂപങ്ങളെല്ലാംതന്നെ. ശൃംഗാരരസം അവയിൽ അധികം തീയിട്ടില്ല. ആദർശകഥകളായിരിക്കും ഇതിവൃത്തം. മലങ്കരയുടെ അപ്പസ്തോല ന്റെയും ഇതര പുണ്യചരിതരുടെയും കഥകളാണ് അധികവും അരങ്ങേറുക. അവ കേരളത്തിന്റെ സാംസ്കാരികധാരയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒപ്പം ക്രൈസ്തവദർശനത്തിന്റെയും പാശ്ചാത്യ സംസ്കാരത്തിന്റെയും അന്തർധാരകൾ അവയിലൂടെ പ്രവഹിച്ചിരുന്നു. അവയെ ക്രൈസ്തവ മാക്കുന്നതും അതുതന്നെയാണ്.

### 7.2.7. അണ്ണാവിപ്പാട്ടുകൾ

ദ്രാവിഡപ്പഴമയുടേയും മധ്യകാല ക്രൈസ്തവയൂറോപ്പിന്റേയും സംസ്കാരത്തെ സംയോ ജിപ്പിക്കുന്ന ഭക്തിരസപ്രധാനമായ സാഹിത്യ-സംഗീത-അനുഷ്ഠാനമാണ് അണ്ണാവിപ്പാട്ടുകൾ എന്നു വിളിക്കപ്പെടുന്ന പെസഹാപ്പാട്ടുകൾ അഥവാ പിച്ചപ്പാട്ടുകളും മാതാ വണക്കപ്പാട്ടുകളും. ചുരുക്കത്തിൽ, ക്രിസ്തീയ നാടോടിപ്പാട്ടുകളാണ് അണ്ണാവിപ്പാട്ടുകൾ. വാസ്കോഡിഗാമായുടെ കാലംമുതൽ യൂറോപ്യൻ മിഷനറിമാരുടെ ഭരണത്തിൻ കീഴിലിരുന്ന തീരദേശ ക്രിസ്ത്യാനി കൾക്കിടയിലാണ് ദേവാസ്തവിളി, ഗ്രാമീണ പെസഹാപ്പാട്ടുകൾ, അണ്ണാവിപ്പാട്ടുകൾ എന്നിവ പ്രചരിച്ചുകാണുന്നത്. അതായത്, കേരളത്തിന്റെ പ്രാചീനതലസ്ഥാനമായ കൊടുങ്ങല്ലൂരിന് വടക്ക് ചാവക്കാട്മുതൽ തെക്ക് കൊല്ലംവരെ.

മതാത്മകവും സാമൂഹികവുമായ ഒരു പശ്ചാത്തലത്തിൽ തന്നെയാണ് അണ്ണാവിപ്പാട്ടുകൾ എന്ന ശ്രാവ്യകാവ്യ അനുഷ്ഠാനം നിലവിൽ വന്നത്. ക്രൈസ്തവരുടെ വലിയനോമ്പു കാല ത്തോട് അനുബന്ധിച്ച നാട്ടുഗായകസംഘങ്ങൾ ജാലറും ചല്ലാംകട്ടയും കൊട്ടി താളംപിടിച്ച് വീടുകൾതോറും കയറിയിറങ്ങി ദൈവപുത്രനായ യേശുവിന്റെ പീഡാസഹനങ്ങളെ വിശദീക രിച്ച് പാടുന്ന അനുതാപജന്യമായ അണ്ണാവിപ്പാട്ടുകൾക്ക് ഗ്രാമീണ പെസഹാപ്പാട്ടുകൾ അഥവാ പിച്ചപ്പാട്ടുകൾ എന്നു പറയുന്നു. വിശുദ്ധ കന്യാമറിയത്തിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന അണ്ണാവിപ്പാട്ടുകൾക്ക് മാതാവണക്കപ്പാട്ടുകൾ എന്നും പറയുന്നു.

രാഗതാളവൃത്തനിബദ്ധമായി നെയ്തെടുത്ത നെയ്തൽത്തീരത്തെ ക്രിസ്തീയ നാടോടി സംഘഗാനങ്ങളാണ് അണ്ണാവിപ്പാട്ടുകൾ. ആശാൻ പാടിത്തുടങ്ങുന്ന വരി ശിഷ്യന്മാർ ഏറ്റുപാ ടുന്നു. സംഘം ഒരുപോലെ പാടുന്ന രീതികളും ഉ്. താളം വീഴാതിരിക്കാൻ ജാലർ, ചല്ലാം കട്ട എന്നീ നാട്ടുതാളവാദ്യങ്ങൾ പ്രയോഗിക്കുന്നു. അണ്ണാവിമാരാൽ എഴുതപ്പെടുകയും പഠിപ്പി ക്കപ്പെടുകയും ചെയ്തതിനാൽ അണ്ണാവിപ്പാട്ടുകൾ എന്നും കേരളത്തിൽ അതിപ്രാചീനകാലം മുതൽ നിലനിന്നിരുന്ന ബുദ്ധമതപ്രചാരക പാരമ്പര്യപ്രകാരം, ബുദ്ധസന്യാസികൾ വീടു കൾതോറും കയറിയിറങ്ങി പാടിനടന്നിരുന്ന ഭിക്ഷാടനപാട്ടുകളുടെ ചുവടുപിടിച്ച്, തെക്കൻ ദേശ ങ്ങളിൽ ചിലയിടങ്ങളിൽ ഈ പ്രസ്ഥാനം പിച്ചപ്പാട്ടുകൾ എന്നും അറിയപ്പെടുന്നു.

ചവിട്ടുനാടകപ്രസ്ഥാനത്തോടൊപ്പം പഴക്കംചെന്ന മാതാവണക്കപ്പാട്ടുകളും ഉ്. പിച്ച പ്പാട്ട് അഥവാ പെസഹാപ്പാട്ടുകളും മാതാവണക്കപ്പാട്ടുകളും ഉൾപ്പെട്ട ഈ അണ്ണാവിപ്പാട്ടുകൾ ഒട്ടുമിക്കതും സംഗീതാത്മകമായ തമിഴ്വിരുത്തങ്ങളിൽ, ചമൽക്കാരപൂർണവും രസനിർഭരവു മായ പ്രാസഭംഗിയോടുകൂടി ഏറ്റവും ഹൃദയഹാരിയായ വിധത്തിലത്രേ തൽക്കർത്താക്കൾ എഴു

തിയിരിക്കുന്നത്. ചവിട്ടുനാടകപ്പാട്ടുകളിലേതുപോലെ പാദാദി പൊരുത്തം, ദ്വിതീയാക്ഷരപ്രാസം, ഘടകപ്രാസം, അന്ത്യപ്രാസം എന്നിവയെല്ലാം ഈ ഗാനങ്ങളിലും നിഷ്കർഷാപൂർവം ദീക്ഷിച്ചിരിക്കുന്നതു കാണാം.

#### 7.2.7.1. അണ്ണാവിപ്പാട്ടു കർത്താക്കൾ – ചിന്നത്തമ്പി അണ്ണാവിയും മറ്റ് ആശാന്മാരും

പിച്ചപ്പാട്ടുകൾ, വണക്കപ്പാട്ടുകൾ, അമ്മാനക്കീർത്തനങ്ങൾ, ചവിട്ടുനാടകം എന്നിവ ആദ്യകാലങ്ങളിൽ പഠിപ്പിച്ചിരുന്ന തമിഴ് ഗുരുക്കളെ അണ്ണാവിമാരെന്നു വിളിക്കുന്നു. അധ്യാപകർ എന്നർഥം. ആദ്യകാലനാടകം, പാട്ട് എന്നിവയുടെ കൃതികൾ മിക്കതും ചെന്തമിഴിൽ രചിക്കപ്പെട്ടവയായിരുന്നതുകൊ് അതിന്റെ അർഥവും അനുഭാവവും ഭാഷയിലേക്ക് വിവർത്തനം ചെയ്തും വ്യാഖ്യാനിച്ചും ശിഷ്യരെ പഠിപ്പിക്കേിയിരുന്നു. ഈ ഗുരുക്കളിൽ പ്രധാനിയായിരുന്നു ബ്രിശീനാ നാടകത്തിന്റെ കർത്താവായി അറിയപ്പെട്ടിരുന്ന ചിന്നതമ്പി അണ്ണാവി. യൂറോപ്യൻ മിഷനറിമാരുടെ ആദ്യകാല സാഹിത്യസംഭാവനകൾ സമാന്തരമായി നിലവിലിരിക്കുന്ന ചില പഴയകാല മാതാവണക്കപ്പാട്ടുകളും പിച്ചപ്പാട്ടുകളും 16–17 നൂറ്റാുകളിൽ ജീവിച്ചിരുന്ന ചിന്നത്തമ്പി അണ്ണാവിയുടേതായി കരുതാം. ബ്രിശീനാ നാടകത്തിലെ ചില ഗീതങ്ങളും അവയുടെ രാഗതാളങ്ങളും വൃത്തചിട്ടകളും ഭക്തിരസവും പല പിച്ചപ്പാട്ടുകളുടേതുപോലെയാണു താനും.

തിരുച്ചിറപ്പള്ളിക്കടുത്തുള്ള കുളത്തൂർ ദേശക്കാരനായ വേദനായകംപിള്ള (1826–1889) തീരദേശവാസികളെ ഭക്തിരസം തുളുമ്പുന്ന തമിഴ് ക്രിസ്ത്രീയ വേദഗാനങ്ങൾ പഠിപ്പിച്ചിരുന്ന അണ്ണാവിയാണ്. ചിന്നത്തമ്പി അണ്ണാവിക്കുശേഷം മണപ്പാട്ടുകാരൻ അന്തോനിക്കുട്ടി അണ്ണാവി മുതൽ പള്ളിപ്പുറം മീങ്കു അണ്ണാവിവരെ നാട്ടുകാരായ പലരും ഈ ക്രിസ്തീയ കലാപ്പഴമകളെ പരിപോഷിപ്പിച്ചിട്ടു്. പള്ളിത്തോട്ടുകാരനായ പണിക്കവീട്ടിൽ പേറച്ചൻ അണ്ണാവി ശ്രദ്ധേയനാണ്. പോർച്ചുഗീസ് കാലഘട്ടത്തിനുശേഷം തമിഴ് ക്രൈസ്തവരെ പരക്കെ സ്വാധീനിച്ച തേമ്പവാണി എന്ന മഹാകാവ്യം ക്രിസ്ത്രീയനാടൻപാട്ടുകളുടെ വിശ്രുതസമാഹാരമാണ്. തമിഴ്നാട്ടിൽ വീരമാമുനി എന്ന പേരിൽ അറിയപ്പെടുന്ന ഫാ. ബക്സി ഒരു ഇറ്റാലിയൻ ജസ്യൂട്ട് മിഷനറിയായിരുന്നു. അദ്ദേഹത്തിന്റെ പാട്ടുകളും പിൽക്കാലത്ത് തമിഴ്നാട്ടിൽ നിന്നെത്തിയ അണ്ണാവിശിഷ്യന്മാർ തീരദേശത്ത് പ്രചരിപ്പിച്ചിട്ടുാകും. തമിഴകത്തുനിന്ന് എത്തിയ അണ്ണാവി ആശാന്മാർക്ക് ഗുരുദക്ഷിണവച്ച് ഈ ഭക്തിപ്രസ്ഥാനകലകൾ അഭ്യസിച്ചെടുത്ത് നാട്ടണ്ണാവിമാരും പിൽക്കാലത്ത് തങ്ങളുടെ മികവുറ്റ രചനകളാൽ അണ്ണാവിപ്പാട്ട് സാഹിത്യത്തെ പരിപോഷിപ്പിച്ചിട്ടു്. ആലപ്പുഴ-കൊച്ചി തീരഗ്രാമങ്ങളിൽ അമ്പതു കൊല്ലങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന പ്രശസ്തരായ ചില നാട്ടണ്ണാവിമാരായിരുന്നു കൊച്ചീക്കാരൻ കൊച്ചൗസേപ്പണ്ണാവി (തുമ്പോളി), പുന്നയ്ക്കൽ പീലിപ്പോസ് അണ്ണാവി (ചെട്ടികാട്), ഫാബിയാൻ അണ്ണാവി (അർത്തുങ്കൽ), ചിറയിൽ ആഞ്ചലോസ് അണ്ണാവി (ഓമനപ്പുഴ), ശൗര്യാർ അണ്ണാവി (വട്ടയാൽ) എന്നിവർ.

#### 7.2.7.2. അണ്ണാവിപ്പാട്ടുകളുടെ സംഗീത-സാഹിത്യം

പിച്ചപ്പാട്ട്, വണക്കപ്പാട്ട് എന്നിവയിലെ സംഗീത-സാഹിത്യങ്ങൾ വൈവിധ്യമേറിയതാണ്. തമിഴ് ഛന്ദോനിയമപ്രകാരമുള്ള വെൺപാ, വഞ്ചിപ്പാ, കലിയപ്പ, ആച്ചരിയപ്പ തുടങ്ങിയ ചവിട്ടുനാടകത്തിൽ കുവരുന്ന നാലുവിധപാവുകളിൽ (അളവ്) വെൺപയെ (അവതരണ സ്തോത്ര രീതി) പിച്ചപ്പാട്ടുകളിലും കാണുന്നു്.

ഉദാ: "ഉമതുമകൻ ശിഷ്യർകളെ പന്തിയിൽവെച്ചു
ഉകപ്പാക കാൽ കഴുകി ഉമൈ ചൊല്ലി....."

ഈ നാലു പാവുകൾക്കുപുറമെ കവി, തുറൈ, ഈശൈ, വിരുത്തം എന്നീ നാലുവിധ പാട്ടുകളും അവയ്ക്കോരോന്നിനും ഏശൽ, കവി, ചീട്ടുകവി, കലിത്തുറൈ, ഇന്നീശ, താഴീശ എന്നിങ്ങനെ സന്ദർഭാനുസാരമുള്ള വ്യത്യസ്ത പിരിവുകളും ചേർത്തിരിക്കുന്നു. ഇങ്ങനെ പോകുന്ന ദ്രാവിഡവൃത്തതാളങ്ങളിൽ എഴുതപ്പെട്ട നാടോടിപ്പാട്ടുകളിൽ കൂടുതലും ആലപിച്ചു കാണുന്നത് ചിന്ത്, കവി മുതലായവ കവനരീതികളിലാണ്. നതോന്നത വൃത്തതാളത്തിൽ വഞ്ചി തുഴയാൻ തോന്നുന്നതുപോലെ ദ്രവിഡവൃത്തതാളങ്ങളായ ചിന്തിൽ പാട്ടുകേൾക്കുമ്പോൾ നൃത്തം ചെയ്യാൻ തോന്നും. മുരുകക്ഷേത്രങ്ങളിൽ പാടിയിരുന്ന ചിന്തുപാട്ടുകളെ കാവടിച്ചിന്ത് എന്നു വിളിക്കുന്നു. ഈ പഴയ ദ്രാവിഡവൃത്തതാളത്തിലാണ് ഇന്നും ജനപ്രീതിയുള്ള പല വണക്കപ്പാട്ടുകളും പെസഹാപ്പാട്ടുകളും എഴുതപ്പെട്ടിരിക്കുന്നത്.

അണ്ണാവിപ്പാട്ടുകൾ ഇതുവരെ അച്ചടിക്കപ്പെട്ടിട്ടില്ല. കൈയെഴുത്തുപ്രതികളായി വീടുകളിലിരുന്ന് ചിലതെല്ലാം ചിതലെടുത്ത് തീരുകയാണ്. ഇവയുടെ രചനാകാലാരംഭം 16-ാം നൂറ്റാണ്ട് മുതൽക്കാണ്. പുത്തൻപാനഒഴിച്ച് മറ്റ് സാഹിത്യകൃതികൾ രചിക്കപ്പെട്ടിരിക്കുന്നത് കേരളത്തിൽ അന്നു പ്രചാരത്തിലിരുന്ന ചെന്തമിഴിലാണ്. ആദ്യകാലകൃതികൾ വട്ടെഴുത്ത് അക്ഷരത്തിൽ താളിയോലഗ്രന്ഥങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അവയിൽനിന്ന് തമിഴിലേക്കും മലയാളത്തിലേക്കും പകർത്തപ്പെട്ടവയാണ് ഇപ്പോഴുള്ള കൃതികൾ.

ചിന്നത്തമ്പി, വേദനായകം, ദുരസ്വാമികൾ, പാദുവാ അണ്ണാവി, നാഗർകോവിൽ വർഗീസ് മേസ്തരി തുടങ്ങിയ ദേശാടന ഭക്തസംഗീതകലാകാരൻമാരുടെ പാരമ്പര്യത്തിൽ കടലോര ക്രൈസ്തവസമൂഹത്തിൽ നിലനിന്നിരുന്ന സംസാരഭാഷയായ ദൃഢദ്രാവിഡമലയാളപാട്ടുകളാണ് അണ്ണാവിപ്പാട്ടുകൾ.

#### 7.2.7.3. അണ്ണാവിപ്പാട്ടുകളും ശാസ്ത്രീയസംഗീതവും

പിച്ചപ്പാട്ടുകൾക്കും വണക്കപ്പാട്ടുകൾക്കും ദ്രാവിഡസംഗീതത്തിൽനിന്നു വളർച്ച പ്രാപിച്ച കർണാടക സംഗീതത്തോടാണ് മൗലികമായ സാമ്യം. കർണാടകസംഗീത അടിത്തറയോടുകൂടിയ സ്വതന്ത്രവും സമഗ്രവുമായ ഗാനരീതിയും രാഗതാളസമ്പ്രദായവും അണ്ണാവിപ്പാട്ടുകൾക്ക് സ്വന്തമായു്. ഇന്നീശാ (വാക്കുകൾ നീട്ടിപ്പാടുക), താഴിശ (വാക്കുകൾ കുറുക്കി, താഴ്ത്തിപ്പാടുക) ഉലാവ് (ശോകാത്മകമായി നീട്ടിപ്പാടുക) തെമ്മാങ്ക്, ഓശാന, താരാട്ട്, കവി, കുറത്തി, ഈയൽത്തരു, കലൈ, കുമ്മി, കോലാട്ടം, അമ്മാനൈ, കാവടിച്ചിന്ത് തുടങ്ങി അനേകം രാഗങ്ങളിൽ ഈ പാട്ടുകൾ ഇപ്പോഴും കടലോരനാടുകളിൽ പാടാറു്. ഹരികാംബോജി, ആനന്ദഭൈരവി, ശങ്കരാഭരണം രാഗങ്ങളും ദ്രാവിഡരുടെ നൃത്തപ്രധാനങ്ങളായ പടേനി (പാട്ടുകൾ) വേലകളി, തിറ, തീയാട്ട്, മുടിയേറ്റ് മുതലായ കൂത്തു സമ്പ്രദായങ്ങളിൽ ഉപയോഗിച്ചിരുന്നതും തമിഴ് ഈശൈകളിൽ പ േകേരളത്തിൽ പ്രചാരത്തിൽ ഉായിരുന്നതുമായ രാഗങ്ങളും പിച്ചപ്പാട്ടുകളിലും വണക്കപ്പാട്ടുകളിലും കത്തെിയെന്നുവരും. കൂടാതെ യൂറോപ്പിൽനിന്നും കേരളത്തിൽ എത്തിയ ക്രിസ്ത്യൻ മിഷനറിമാരിൽനിന്നും ലഭിച്ച ഓപ്പറ - എന്ന പാശ്ചാത്യ സംഗീത നൃത്ത നാടകത്തിലെ രാഗങ്ങളിലും പിച്ചപ്പാട്ടുകളും വണക്കപ്പാട്ടുകളും രൂപപ്പെടുത്തിയിരിക്കുന്നതായി കാണാം. പിച്ചപ്പാട്ടുകൾ സംഘഗാനങ്ങൾ ആയതിനാൽ പാശ്ചാത്യസംഗീതരീതിയിലും

ചില പാട്ടുകൾ പാടുന്നു്. ഇവയിൽ പലതും യൂറോപ്യൻ പള്ളിപ്പാട്ടുകൾക്ക് - ഭക്തിപ്പാട്ടുകൾക്ക് - ഭക്തിതാളക്കൊഴുപ്പു നൽകിയ ഗ്രിഗോറിയൻ സംഗീതരാഗതാളങ്ങളിലാണ് പാടുന്നത്.

ഉദാ: വണക്കപ്പാട്ട്

"അന്നം മരിയെ മന്നർ ഗോത്രിയെ
മന്നർ പോറ്റും മഹിമൈ ചേർത്തയെ
ദൈവ പ്രസ്തുതിയെ ദൈവീക രാജ്ഞിയെ
ദേവലോകം കിരീടമണിഞ്ഞ രാജ്ഞിയെ"

മലയാള സംഗീതസാഹിത്യത്തിന് മുതൽക്കൂട്ടായ ഇത്തരം ഒട്ടനവധി പാശ്ചാത്യരാഗങ്ങളിലും ദ്രാവിഡ താളവൃത്തങ്ങളിലും എഴുതിയ വണക്കപ്പാട്ടുകളും പിച്ചപ്പാട്ടുകളും ഭാഷയിലു്.

**പാട്ട് – 1**

**ക്രിസ്തുപരാപരനേ**

ക്രിസ്തുപരാപരനെ മുത്തിക്കൊടുത്തു യൂദാസ്
പാപമ ഗാരിഗമ രിമാഗ രിമാഗരിസ
ചത്രുസമൂഹമതിൽ വിത്തത്തിനായ് ചതിയൻ
സരിനി സാഗമപ ഗമപ ഗമഗരിസാ
അടിത്തുടൻ പിടിച്ചെൻ കൈകൾ കെട്ടിയവരടിച്ചേൻ
സരി സനിധനിസാ / പപപമ / ഗമഗ രിഗരിസാ
ഈട്ടി ശമ്മട്ടി കുന്തം കഠാരി മേൽ മഴുവും
പപാമ ഗാരിഗമ / രിമാഗ രിാഗരിസ
തോട്ടി വില്ലമ്പ് ചൂലം കുട്ടി ദുഷ്ടർ കൽത്തൂണിൽ
സരിനി സാഗമപ ഗമപ ഗമഗരിസാാ
കെട്ടിയരടിച്ചെൻ തന്മേനി പൊട്ടി അയ്യോ തെറിച്ചെൻ
സരി സനിധനിസ / പപപമ / ഗമഗ രിഗരിസ
പത്തേഴു രാമതായ് തീർത്തൊരു മുൾമുടിയായ്
പാപാമ ഗിരിഗമ / രിമാഗ രിാഗരിസ
കർത്താവിൻ ശിരസ്സ് തന്നിൽ ധൂർത്തർ അടിച്ചിറക്കി
സരിനി സാഗമപ ഗമപ ഗമഗരിസാാ
തിരുമുഖടലും ചോര പുഴയതിൽ ബഹളം
സരി സനിധനിസ / പപപമ / ഗമഗരിഗരിസ
രാഗം: സിന്ധുഭൈരവി (6/8)

**രാഗവിശദീകരണം**

ഈ ഗാനം രൂപകതാളത്തിൽ സിന്ധുഭൈരവിരാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ശോകഭാവമുള്ള ഈ രാഗം കവിതയ്ക്ക് വളരെ അനുയോജ്യമായിട്ടു്. ഇത് സാധാരണയായി ഉപയോഗിക്കുന്ന രാഗമാണ്. ഒരുപാട് ഭക്തിഗാനങ്ങളും സിനിമാഗാനങ്ങളും ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടു്.

**പാട്ട് - 2**

**കേപ്പായോകോ യോഹന്നാൻ**

കേപ്പായോകോ യോഹന്നാൻ എന്നിവരോടുകൂടി-
പപപാമമ ഗഗ സ സരിഗ രിഗരി സസ
അപ്പോൾ തുടർന്നു യാത്രാ ദേവനാപ്പൂവനത്തിൽ
നിനിസ രിരി ഗഗാസ ഗഗഗ രിരി സസാ
ഗദ്സേമേൽ ചെന്നു നാഥൻ
പപപാ മമ ഗഗസാ
സ്രാഷ്ടാംഗം വീണു കെ് -
സരിഗാ രിഗരി സസ
കാഠിന്യാപാപികൾക്കായ്
നിനിസ രിരി ഗഗാ സ
.....
പ്രാർഥിച്ചധിക നേരം
ഗഗഗ രിരി സസാ
വേദനാധ്യഖ്യകെ്
പപപാ മമ ഗഗസാ
രക്തം വിയർത്തക്ഷ
സരിഗാ രിഗരി സസ
ബോധക്ഷയത്തിലായി
നിനിസ രിരി സസ
.....
പാരം തളർന്നു വീണു
ഗഗഗ രിരി സസാ

**രാഗവിശദീകരണം**

ഈ ഗാനം ശങ്കരാഭരണം രാഗത്തിലും രൂപകതാളത്തിലുമാണ് ഒരുക്കിയിരിക്കുന്നത്. സാധാരണയായിട്ടുള്ള ഒരു രാഗമാണിത്. സന്തോഷഭാവമാണ് ഈ രാഗത്തിൽനിന്നും പകർന്നുകിട്ടുന്നത്. ഈഗാനത്തിന്റെ കവിതയ്ക്ക് അനുയോജ്യമായിട്ടാണ് ഈ രാഗം തിരഞ്ഞെടുത്ത് ചിട്ടപ്പെടുത്തിയിട്ടുള്ളത്.

രാഗം - ശങ്കരാഭരണം - സരിഗമപധനിസ - സനിധപമഗരിസ
താളം - 6/8 (രൂപകം - തകിട - തകിട)

**7.2.8. ദേവാസ്തവിളി**

ക്രിസ്തുവിന് മുൻപുതന്നെ യഹൂദർക്കിടയിൽ തിന്മയുടെ ശക്തികളെ ചെറുക്കുന്നതിനുള്ള അനുഗ്രഹത്തിനായി യാഹ്വേയോട് ഉച്ചത്തിൽ പ്രാർഥിക്കുന്ന, ദേവാസ്തവിളിയോട് സാമ്യമുള്ള ഒരാചാരം നിലനിന്നിരുന്നുവെന്നും, മതപീഡനത്തിൽനിന്നും രക്ഷനേടി കേരളത്തിലെത്തിയ യഹൂദർ ഈ ആചാരം പിന്തുടർന്നുപോന്നുവെന്നുള്ളതുമാണ് ദേവാസ്തവിളി

യുടെ പൂർവരൂപത്തെപ്പറ്റിയുള്ള വിശ്വാസം. ബാഗ്ദാദ്, നിനവേ, ജറുസലെം എന്നീ പ്രദേശങ്ങളിൽ വസിച്ചിരുന്ന ഏഴ് ഗോത്രങ്ങളിൽപ്പെട്ട എഴുപത്തിര് കുടുംബങ്ങളിൽനിന്നുള്ള നാനൂറ് പേരുമായി വ്യാപാരലക്ഷ്യാർഥം എ.ഡി. 345-ൽ കേരളത്തിലെത്തിയ ക്നായിത്തൊമ്മനാണ് യഹൂദർക്കിടയിൽ നിലനിന്നിരുന്ന ദേവാസ്തവിളിയുടെ പൂർവരൂപത്തെ ചെന്തമിഴിൽ ക്രൈസ്തവവൽകൃതമായി അവതരിപ്പിച്ചതെന്ന് പറയപ്പെടുന്നു. ഈശോസഭാ മിഷനറിയായിരുന്ന ഫ്രാൻസിസ് സേവ്യറിന്റെ മതപ്രചാരണ പ്രവർത്തനങ്ങളുടെ ഫലമായാണ് ദേവാസ്ത കേരളത്തിന്റെ തീരപ്രദേശങ്ങളിൽ വ്യാപിച്ചത്.

വലിയനോയമ്പുകാലത്തെ രാത്രികളിലാണ് ദേവാസ്തവിളി അനുഷ്ഠിക്കാറുള്ളത്. ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുന്ന നോയമ്പുകാലത്തിന്റെ തുടക്കമായ ക്ഷാരബുധനാഴ്ചയാണ് ദേവാസ്തവിളി ആരംഭിക്കുക. ബൈബിൾ അസുലഭഗ്രന്ഥവും സാധാരണജനങ്ങൾ നിരക്ഷരരുമായിരുന്ന ഒരു കാലഘട്ടത്തിൽ ക്രിസ്തുവിന്റെ പീഡാസഹനങ്ങളെപ്പറ്റി ജനങ്ങളെ അനുസ്മരിപ്പിക്കുവാനും അതുവഴി ക്രൈസ്തവവിശ്വാസത്തിൽ അടിയുറച്ചവരായി അവരെ നിലനിർത്തുവാനുമുള്ള പ്രായോഗികമാർഗമായി ദേവാസ്തവിളി ഉപയോഗിക്കപ്പെട്ടിരിക്കണം.

നോയമ്പുകാലത്തെ ചൊവ്വ, വെള്ളി ദിവങ്ങളിൽ പ്രദേശങ്ങളിലെ വെളിമ്പ്രദേശത്തും തെരഞ്ഞെടുക്കപ്പെട്ട വീടുകളിലും പെസഹാവ്യാഴാഴ്ച സിമിത്തേരിയിലും ദുഃഖവെള്ളിയാഴ്ച ദേവാലയാങ്കണത്തിലും ദേവാസ്തവിളിയുാകും. പിശാചിനെ തുരത്തിയോടിക്കുകയാണ് ലക്ഷ്യം. മേൽപ്പറഞ്ഞ ദിവസങ്ങളിൽ ദേവാസ്തവിളിക്ക് പരിശീലനം സിദ്ധിച്ച അഞ്ച് പുരുഷന്മാരുടെ സംഘം ആറടി നീളമുള്ള മരക്കുരിശുമായി രാത്രി എട്ടു മുതൽ പന്ത്രു വരെ ചുറ്റി സഞ്ചരിക്കുകയും മറ്റ് ദേവാസ്തസംഘങ്ങളുടെ ശബ്ദമെത്താത്ത സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ദേവാസ്ത വിളിക്കുകയും ചെയ്യുന്നു. ഐവർ സംഘങ്ങളുടെ ശബ്ദം പരസ്പരം ലയിക്കരുത് എന്നുള്ളത് ദേവാസ്ത വിളിയുടെ പ്രധാന നിയമമാണ്. ദേവാസ്ത വിളിക്കുന്ന സമയത്ത് പുറകോട്ട് തിരിഞ്ഞുനോക്കരുതെന്നുള്ളതാണ് മറ്റൊരു നിയമം. ദൈവാസ്തവിളിക്കാർ പുറകിലേക്ക് തിരിഞ്ഞുനോക്കിയാൽ പിശാചിന്റെ പ്രഹരമേറ്റ് മരിക്കുമെന്നാണ് വിശ്വാസം. ഈ വിശ്വാസത്തെ പ്രബലപ്പെടുത്തുന്ന കഥകളും പ്രചാരത്തിലു്. വലതുചെവിക്ക്പിന്നിൽ വലതുകൈ ചേർത്തുപിടിച്ചുകൊാ‍ോ കണ്ണടച്ച് ഇരു ചെവികളിലും വിരൽ തിരുകിക്കൊാ‍ോ ആണ് ദേവാസ്ത വിളിക്കാറ്. ഓരോ പ്രാർഥനയും സംഘാംഗങ്ങളിൽ ഓരോരുത്തരായി നീട്ടിവിളിക്കും. ചില സ്ഥലങ്ങളിൽ മുട്ടിന്മേൽ നിന്നുകൊാണ് ദേവാസ്തവിളി അനുഷ്ഠിക്കുക. ദേവാസ്ത വിളിക്കുന്ന ശബ്ദം എത്തുന്നിടത്തോളം പ്രദേശങ്ങളിലെ കുടുംബങ്ങൾ നടയിൽ മെഴുകുതിരി കത്തിച്ച് മുട്ടുകുത്തി നിന്ന് പൈശാചിക ശക്തികളിൽ നിന്നുള്ള മോചനത്തിനായി പ്രാർഥിക്കണമെന്നാണ് വ്യവസ്ഥ. പ്രാർഥനയുടെ അവസാനത്തിൽ മണി മുഴക്കുകയും ചെയ്യും. ദേവാസ്തവിളി തുടങ്ങുന്നതിനുമുമ്പും പ്രത്യേക പ്രാർഥനകൾക്കുശേഷവും 'സ്വർഗസ്ഥനായ പിതാവേ', 'നന്മനിറഞ്ഞ മറിയമേ' എന്നീ ജപങ്ങളും ഉരുവിടാറു്.

ദേവാസ്തവിളിക്ക് പരിശീലനം നൽകുന്നവരെ 'അണ്ണാവികൾ' എന്നാണ് വിളിച്ചുപോന്നിരുന്നത്. അണ്ണാക്കുകൊു വിളിക്കുന്നവർ എന്നാണർഥമെന്നും അതല്ല ഗുരു, ആശാൻ എന്നീ അർഥങ്ങളാണ് ഈ പദത്തിനുള്ളതെന്നും ര് പക്ഷമു്. രാമത്തെ പക്ഷമാണ് 'ശബ്ദതാരാവലി'യിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. നാലാം നൂറ്റാിൽ പ്രചരിക്കപ്പെട്ട 'ദൈവമാതാവമ്മാനെ'യ്ക്ക് മുൻപുതന്നെ 'ദേവാസ്തവിളി' കേരളത്തിൽ ഉടലെടുത്തിരുന്നുവെന്നും

വില്ലാർവട്ടം സ്വരൂപത്തിന്റെ കാലത്ത് തീക്ഷ്ണമായ ഭക്തിയോടെ 'ദേവാസ്തവിളി' അനുഷ്ഠിക്കപ്പെട്ടിരുന്നെന്നും വിശ്വസിക്കപ്പെടുന്നു. അർണോസ് പാതിരി 1706-ലെ വലിയനോമ്പുകാലത്ത് ചാത്യാത്ത് ദൈവാലയത്തിൽ വന്നപ്പോൾ 'ദൈവമാതാവമ്മാനൈ'യും 'ദേവാസ്തവിളി'യും കേൾക്കാനിടയായെന്നും അതിൽ ആകൃഷ്ടനായ പാതിരി ഇത് കേൾക്കാനായി പലപ്പോഴും ഇവിടം സന്ദർശിച്ചിരുന്നെന്നും ആന്റണി പുത്തൂർ നിരീക്ഷിക്കുന്നു.

മറ്റേതൊരു ഫോക്‌രൂപത്തെയുംപോലെ ദേവാസ്തവിളിയും പരിണാമവിധേയമായിട്ടു്. ഭാഷാപരവും വിശ്വാസപരവുമായ കാലികമാറ്റങ്ങൾക്ക് അനുസൃതമായി പരിണമിക്കപ്പെട്ട ദേവാസ്തവിളിയുടെ ഇന്ന് ഉപയോഗത്തിലുള്ള പൂർണരൂപം താഴെ ചേർക്കുന്നു

**ദേവാസ്ത**

സ്വർഗ... നന്മ... ത്രിത്വസ്തുതി

ദൈവകൂദാശയാകുന്ന ശുദ്ധമാന കുർബാനയ്ക്ക്
ഉത്ഭവദോഷമെന്നിയെ ജനിക്കപ്പെട്ട കന്യകാമറിയത്തിന്റെ
ദിവ്യമായ ജനനത്തിന് സ്തുതിയും വാഴ്‌വും പുകഴ്‌വും ആകട്ടെ (മണി)

പട്ടാങ്ങയുടെ നാഥനാകുന്ന ഈശോകർത്താവിന്റെ
ശുശ്രൂഷികളാകുന്ന നമ്മൾ ദൈവ വിശ്വാസകാരരേ
ബെസ്ബ്രൂക്കാന എന്ന ശിക്ഷയിടത്തിൽ കിടക്കുന്ന
ആത്മാവുകളെ ഓർക്കേണമേ നമ്മൾ
ഒരാകാശങ്ങളിലിരിക്കുന്നതും ഒരു നന്മ നിറഞ്ഞ
മറിയവും എന്ന നമസ്കാരത്താലേ

അവർ സഹിക്കുന്ന മഹാസങ്കടങ്ങളിൽ നിന്ന്
ഉടയതമ്പുരാൻ അവരെ രക്ഷിച്ച് മോക്ഷം നല്കുവതിനായിട്ട് (മണി)

1. ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ (മണി)
2. ഇനിയുമൊരാകാശങ്ങളിലിരിക്കുന്നതും ഒരു നന്മ നിറഞ്ഞ മറിയവും

ഉടയതമ്പുരാന പ്രതി ചൊല്ലുവിൻ നമ്മൾ (സ്വർഗ... നന്മ... ത്രിത്വ...)

ചാവുദോഷത്തിലകപ്പെട്ടു നടക്കുന്ന ജനങ്ങൾക്കുവേദ്ടേ
അവർ പിഴച്ച തിന്മയിൽ നിന്ന് നന്മയായിട്ടുള്ള
അറിവവർക്കുായി ആ ദോഷത്തിൽ നിന്ന് ഒഴിയുവാൻ
ഉടയതമ്പുരാൻ അവർക്കിട കൂട്ടേിട്ടേ (1,2)
കരകടൽ ആകാശങ്ങളിൽ സഞ്ചരിക്കുന്ന ജനങ്ങൾക്കുവേദ്ടേ
അവർ നിനച്ചദിക്കുകളിൽ ഉടയതമ്പുരാന്റെ
മനോഗുണത്താലെ യോഗ്യമെന്നിയേ പോയ്‌വരുവതിനാ (1 മണി 2)

മാമ്മോദീസായിലുൾപ്പെട്ട നേതാക്കന്മാരും ജനങ്ങളും തമ്മിൽ
ഇണക്കവും അങ്ങേക്ക് ഐക്യമത്യവും ഉാകുവതിനായിട്ടേ (1 മണി 2)

നമ്മുടെ ശുദ്ധമാന റോമൻ കത്തോലിക്കാ പള്ളിയുടെ
വിശ്വാസത്തിന്റെ വാഴ്ചയ്ക്കും വർധിപ്പിനും വേദ്ടേ (മണി 1, 2)

നമ്മുടെ ശുദ്ധമാന മാർ സെബസ്ത്യാനോസ് പുണ്യവാളന്റെ
ദൈവനിലയിൽനിന്ന് പഞ്ഞം പട വസന്ത മുതലായവ നീക്കി ഒഴിയുവതിനായിട്ട് (1 മണി, 2)

നമ്മുടെ കർത്താവ് ഈസോമിസിഹാ അനുഭവിച്ച പങ്കപ്പാടുകളെ ധ്യാനിപ്പിൻ
നമ്മളെല്ലാവരും

ദോഷമെന്ന ഉറക്കത്തിൽ നിന്ന് ഉണർന്നെഴുന്നേൽപിൻ ജ്യേഷ്ഠനനുജൻമാരരേ
ചാവുദോഷത്തിൽ അകപ്പെട്ടിരിക്കയിൽ മരണത്തിൽ അകപ്പെടാതെ നമ്മെ
കാത്തുകൊൾവാനായിട്ട്

ഇന്നീ രൂപത്തോടുകൂടി ഇരിക്കുന്ന നമ്മൾ
അടുത്ത നാളിൽ ഒരു കബറിനകത്താകിലുമേ
ആയുസ്സിന്റെ ഒടുക്കമെത്രയും നിമിഷം വരും മരണം നിശ്ചയം
നമുക്കെന്നേയ്ക്കുമുള്ള സ്ഥലം രഭ എന്നറിഞ്ഞാലും നമ്മൾ
ഒന്നാമത് ഉടയ തമ്പുരാന്റെയും തന്റെ ഭാഗ്യക്കാരുടെയും
സമൂഹത്തിൽ മോക്ഷസ്ഥലം

രമത് പ്‌രാക്കുപെട്ട ചെകുത്താന്മാരുടെ കൂട്ടത്തിൽ നരകമേ
അയ്യയ്യോ എന്നെയും നിങ്ങളെയും കൊ് എന്തോരു
കണക്കുകൾ നാം കേൾപ്പിക്ക വേത്
സർവതും വശമാകുന്ന ഉടയതമ്പുരാന്റെ
തിരുമുമ്പാകെ വിളിപ്പെടുമ്പോൾ
ന്യായം ക്രൂരതപ്പെട്ടത് ശിക്ഷാ ഭയങ്കരം അതികരമപ്പെട്ടത്
എന്നാലോ ജ്യേഷ്ഠാനുജന്മാരെ നമ്മൾ
പിഴച്ചു ദോഷത്തിന്മേൽ തേറികൊ്
ഉടയതമ്പുരാന്റെ കാരുണ്യം അപേക്ഷിപ്പിൻ നമ്മെളെല്ലാവരും
പട്ടാങ്ങയുടെ നാഥനേ കാരുണ്യം
തന്റെ കാരുണ്യം ഞങ്ങൾക്കെന്നും ഉാവുക
സകല നന്മകളുടെയും തമ്പുരാനേ

(മൂന്ന് പ്രാവശ്യം മുട്ടിൽ നിന്ന്)
(സ്വർഗ... നന്മ... ത്രീത്വ...)

(സമ്പാദകൻ: എഫ്. ആന്റണി പുത്തൂർ, ചാത്യാത്ത്)

വിശ്വാസപ്രമാണം കഴിഞ്ഞ് 3 പ്രാവശ്യത്തെ മണിയടിയോടെ ദേവസ്തവിളി സമാപിക്കുന്നു. ഇന്നും കുളച്ചൽപോലുള്ള പ്രദേശങ്ങളിൽ 'ദേവാസ്ത' ചെന്തമിഴിൽ തന്നെയാണ് വിളിക്കുന്നത്.

#### 7.2.9. സംഗീതനാടകങ്ങൾ

മലയാള നാടകവേദിയുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഘട്ടമാണ് സംഗീതനാടകങ്ങളുടെ കാലം. പത്തൊൻപതാം നൂറ്റാിന്റെ അവസാന ദശകത്തിലും ഇരുപതാം നൂറ്റാിന്റെ ആദ്യപാദത്തിലുമായി ആ ഘട്ടം വ്യാപിച്ചുകിടക്കുന്നു. വൈദേശികമായ തായ്‌വേരിൽനിന്ന് വളർന്നുവെങ്കിലും നാടകകലയെ ജനകീയമാക്കുന്നതിൽ സംഗീതനാടകങ്ങൾ നിർണായക പങ്കു

വഹിച്ചിട്ടു്. തമിഴ് നാടകക്കമ്പനികൾ മലയാളനാടകവേദി അടക്കിവാണ സാഹചര്യത്തിൽ മലയാളസ്വത്വമുള്ള സംഗീതനാടകങ്ങൾ ഉാകേതിന്റെ ആവശ്യകത ബോധ്യമായ നാടക കലാകാരന്മാരാണ് തമിഴ്-മലയാള സങ്കരനാടകങ്ങൾക്കും ക്രമേണ മലയാളസംഗീതനാടക ങ്ങൾക്കും രൂപം നല്കിയത്.

സംഗീതനാടകങ്ങൾ രചിക്കുന്നതിലും രംഗാവിഷ്ക്കരണം നിർവഹിക്കുന്നതിലും പ്രധാന പങ്കുവഹിച്ച നാടക കലാകാരന്മാരിൽ പ്രമുഖർ ക്രൈസ്തവരാണ്. വി.എസ്. ആൻഡ്രൂസ്, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞ് ഭാഗവതർ, അഗസ്റ്റിൻ ജോസഫ്, ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ എന്നിവരുടെ പേരുകൾ സവിശേഷം സ്മരിക്കേതു്. കേരള സംഗീതനാടകചരിത്രം രചിച്ച ഡോ. കെ. ശ്രീകുമാർ, സമർപ്പിതചേതസ്സുകളായ നാടകകലാകാരന്മാരുടെ സംഭാവനകൾ അടയാള പ്പെടുത്തിയിട്ടു്. നാടകസമിതികൾതന്നെ ഈ കലാകാരന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നു - ഉദയകേരള നാടകസഭ (അഗസ്റ്റിൻ ജോസഫ്), ആലപ്പുഴ; കൈരളീകുസുമം നാടക വേദി (സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞ് ഭാഗവതർ); റോയൽ സിനിമ ആൻഡ് ഡ്രമാറ്റിക് കമ്പനി (ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ).

സംഗീതനാടകവേദിയുടെ വളർത്തച്ഛനായിട്ടാണ് വി.എസ് ആൻഡ്രൂസ് അറിയപ്പെടുന്നത്. 1892-ൽ ആൻഡ്രൂസിന്റെ ആദ്യ മലയാള നാടകം പുറത്തുവന്നു - *ഇസ്താക്കീ ചരിതം*. സമൂഹത്തിലെ പല ദുരാചാരങ്ങളെയും നിശിതമായി വിമർശിച്ച ഈ നാടകം യാഥാസ്ഥിതികരെ പ്രകോപിപ്പിച്ചു. *വിശ്വാസവിജയം* (1922), *വേദവിഹാരം* (1935), *മിശിഹാ ചരിത്രം അഥവാ ശ്രീയേശു നാടകം* (1933) എന്നിവയാണ് പ്രധാന നാടകങ്ങൾ. അരനൂറ്റാിലേറെക്കാലം നാടകോപാസനയ്ക്കായി ഉഴിഞ്ഞുവച്ച വി.എസ്. ആൻഡ്രൂസ് നാടകങ്ങൾ രചിക്കുക മാത്രമല്ല അവ അഭ്യസിപ്പിച്ച് കേരളമെങ്ങും അവതരിപ്പിക്കുകയും ചെയ്തു. സംസ്കൃത നാടകങ്ങളുടെ ചുവടുപിടിച്ച് അരങ്ങത്തെത്തിയിരുന്ന നാടകസങ്കല്പത്തെ തിരുത്തിക്കുറിച്ച് പ്രേക്ഷകരുമായി നേരിട്ടു സംവദിക്കുന്നവയായിരുന്നു ആൻഡ്രൂസിന്റെ നാടകങ്ങൾ. ബൈബിളിലെ ചെറുതും വലുതുമായ കഥാപാത്രങ്ങൾക്കു സവിശേഷവ്യക്തിത്വം നല്കി രംഗത്ത് ആവിഷ്കരിക്കുകയുായി. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞ് ഭാഗവതർ, ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ, അഗസ്റ്റിൻ ജോസഫ് തുടങ്ങിയ കലാകാരന്മാരെ കത്തി രംഗത്തെത്തിച്ചതും വി.എസ്. ആൻഡ്രൂസാണ്.

വി. എസ്. ആൻഡ്രൂസിന്റെ പ്രിയശിഷ്യനായ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞ് ഭാഗവതർ മഹാനടന്മാരിൽ ഒരാളാണ്. പറുദീസാനഷ്ടത്തിലെ ആദമാണ് ഭാഗവതരുടെ ഏറ്റവും മികച്ച കഥാപാത്രം; അതുപോലെ കരുണയിലെ ഉപഗുപ്തനും. 'നാടകവേദിയിലെ കിരീടം ചൂടിയ ചക്രവർത്തി'യെന്നാണ് ടി.എൻ. ഗോപിനാഥൻനായർ ഭാഗവതരെ വിശേഷിപ്പിച്ചിട്ടുള്ളത്. ആൻഡ്രൂസ് മാസ്റ്ററുടെ മറ്റൊരു ശിഷ്യനാണ് അഗസ്റ്റിൻ ജോസഫ്. മിശിഹാചരിത്രത്തിലെ ക്രിസ്തുശിഷ്യന്റെ (പത്രോസ്) റോൾ അവിസ്മരണീയമാക്കിയതോടെയാണ് അഗസ്റ്റിൻ ജോസഫ് പ്രശസ്തിയിലേക്കുയർന്നത്. ചലച്ചിത്രരംഗത്തേക്കും അഗസ്റ്റിൻ ജോസഫ് പ്രവേശിക്കുകയുായി. നല്ലതങ്ക എന്ന ചിത്രത്തിലെ നായകകഥാപാത്രത്തെ അവതരിപ്പിച്ചത് അഗസ്റ്റിൻ ജോസഫാണ്.

ക്രൈസ്തവർ നാടകം കാണുന്നതുപോലും വിലക്കപ്പെട്ട ഒരുകാലത്ത് നാടകസമിതിയുടെ അമരക്കാരനാവുകയും കുടുംബാംഗങ്ങളെ നാടകവേദിയിൽ അവതരിപ്പിക്കുകയും ചെയ്ത മഹാരഥനാണ് ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ. മലയാളത്തിൽ ഒരു സ്ഥിരം നാടകവേദി ലക്ഷ്യമി

ട്ടായിരുന്നു, 'റോയൽ സിനിമ ആൻഡ് ഡ്രമാറ്റിക് കമ്പനി' ആരംഭിച്ചത് (1929). പ്രസിദ്ധ ചിത്രകാരനായിരുന്ന അദ്ദേഹം മനോഹരമായ കർട്ടൻ സെറ്റുകൾ നാടകങ്ങൾക്കുവേി തയ്യാറാക്കി. *മിശിഹാചരിത്ര*ത്തിലെ ക്രിസ്തുവിന്റെ വേഷം ആർട്ടിസ്റ്റ് ചെറിയാനാണ് അവതരിപ്പിച്ചിരുന്നത്. 'ചെറിയാന്റെ ക്രിസ്തുവിനെ കാണുന്നവർ യഥാർഥ ക്രിസ്തുതന്നെയോ എന്ന് ശങ്കിച്ച് ആ പാദാരവിന്ദങ്ങളിൽ വീണ് നമസ്കരിച്ചുപോകും' എന്ന് മഹാകവി വള്ളത്തോൾ പ്രശംസിച്ചിട്ടു ്.

**7.3. ക്രൈസ്തവർ കലാരംഗത്ത്**

പിൽക്കാലത്ത് കേരളത്തിലെ ക്രൈസ്തവസമൂഹം കലാരംഗത്തോട് ഏറെക്കുറെ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും ഇതര മേഖലകളിൽ അസ്തിത്വം ഉറപ്പിക്കുന്നതിലും ശ്രദ്ധയൂന്നിയപ്പോൾ, കലാരംഗം വിസ്മരിക്കപ്പെട്ടു. എന്നിരിക്കിലും പ്രതിഭാശാലികളായ കലാകാരന്മാർ ഈ രംഗത്ത് മായാത്തമുദ്ര പതിപ്പിക്കുകയുായി; സഭയുടെ മതിൽക്കെട്ടുകൾക്കു പുറത്ത് അവർ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. കേരളീയ കലാപൈതൃകത്തിന്റെ മുഖ്യധാരയിലാണ് അവർ വിളക്കിച്ചേർക്കപ്പെട്ടിരിക്കുന്നത്. ചിത്രരചനയിൽ അസാധാരണ മികവ് പുലർത്തിയവരാണ് ആർട്ടിസ്റ്റ് പി.ജെ. ചെറിയാനും ചിത്രമെഴുത്ത് കെ.എം. വർഗീസും. സംഗീതരംഗത്ത് കാർത്തികപ്പള്ളിൽ മാമ്മൻ ഭാഗവതർ വ്യക്തിമുദ്ര പതിപ്പിച്ചിട്ടു്. കേരളീയ സംഗീതാലാപനകലയുടെ ചക്രവർത്തിയാണ്, അരനൂറ്റാിലേറെയായി സംഗീതം ആലപിക്കുന്ന ഗാനഗന്ധർവൻ യേശുദാസ് (അഗസ്റ്റിൻ ജോസഫിന്റെ പുത്രൻ). യേശുദാസിന്റെ സഹകരണത്തോടെ ഫാദർ ആബേൽ സംഘടിപ്പിച്ച കലാഭവൻ സംഗീതരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പായിരുന്നു. ക്രിസ്തീയ നാടകങ്ങൾ അവതരിപ്പിക്കുന്ന ഫാദർ ഫൗസ്റ്റിൻ കപ്പുച്ചിൻ നേതൃത്വം നല്കുന്ന 'അസീസി ആർട്ട്സ്' കലാരംഗത്ത് നേട്ടം കൈവരിക്കുകയുായി. തനത് ആലാപനശൈലികൊ് അവിസ്മരണീയരാണ് കെ.എസ്. ജോർജും (കെ.പി.എ.സി.) സി.ഒ. ആന്റോയും.

ഹൃദയത്തെ തരളമാക്കുന്ന സംഗീതത്തിലൂടെ മലയാളികളുടെ മനസ്സ് കവർന്ന സംഗീതസംവിധായകനാണ് ജോൺസൺ. രുതവണ ദേശീയപുരസ്കാരവും അഞ്ചു തവണ സംസ്ഥാന പുരസ്കാരവും ലഭിച്ചിട്ടു്. ജോബ് മാഷിന്റെ ഗാനങ്ങളും അനുവാചകരുടെ സ്മരണയിൽ തങ്ങിനില്ക്കുന്നു. 'യഹൂദിയായിലെ ഒരു ഗ്രാമത്തിൽ' തുടങ്ങി ഒട്ടേറെ ക്രിസ്തീയ ഗാനങ്ങൾ രചിക്കുകയും സംഗീതസംവിധാനം നിർവഹിക്കുകയും ചെയ്ത കലാകാരനാണ് എം.ജെ.ജോസഫ് (ഗിറ്റാർ ജോസഫ്). സവിശേഷമായ സംഗീതശൈലികൊ് ആസ്വാദകരുടെ മനസ്സിൽ ഇടം ഉറപ്പിച്ചു ജെറി അമൽദേവ്. മാർക്കോസും ദലീമയും ശ്രദ്ധേയഗായകരാണ്.

അവിസ്മരണീയരായ ഒട്ടേറെ കഥാപാത്രങ്ങൾക്ക് തിരശ്ശീലയിൽ അമരത്വം നല്കിയ സത്യൻ അഭിനയത്തികവിന്റെ പ്രതീകമായി ചരിത്രത്തിൽ ഇടം കത്തെിയിരിക്കുന്നു. അഭിനയസങ്കല്പത്തിനുതന്നെ പുതിയ മാനം നല്കി നിർമാല്യത്തിലുടെ ഭരത് അവാർഡ് നേടിയ പി. ജെ. ആന്റണി ചലച്ചിത്രകാരനും നാടക കലാകാരനുമാണ്. മലയാള സിനിമയുടെ വികാസപരിണാമത്തിൽ ജെ. സി. ഡാനിയേലിന്റെ സ്ഥാനം അദ്വിതീയമാണ്. കെ. വി. കോശി, കുഞ്ചാക്കോ (ഉദയാ), എം.ജെ. ജോസഫ് (മഞ്ഞിലാസ്) എന്നിവരുടെ സംഭാവനകളും സ്മരിക്കപ്പെടും. മലയാളസിനിമയ്ക്ക് പുതിയ ദൃശ്യഭാഷ്യം പകർന്ന സംവിധായകനും ഛായാഗ്രാഹകനുമായിരുന്നു എ. വിൻസന്റ്. കെ.ജി. ജോർജ്, ലാൽ ജോസ്, ബ്ലെസി എന്നിവർ സംവിധാന

കലയിൽ പുതിയ മാനം കണ്ടെത്തിയവരാണ്. തിരക്കഥാ ചലച്ചിത്രസാഹിത്യരംഗത്തെ അനുഗൃഹീതസാന്നിധ്യമാണ് ജോൺ പോൾ. അവിസ്മരണീയ കഥാപാത്രങ്ങൾക്ക് തിരശ്ശീലയിൽ അമരത്വം നല്കിയ നടികളാണ് മുതിർന്ന തലമുറയിൽ ഷീലയും പുതിയ തലമുറയിൽ മീരാ ജാസ്മിനും.

മലയാള സിനിമയിലെ ഒറ്റപ്പെട്ട വ്യക്തിത്വമായിരുന്നു ജോൺ എബ്രഹാം. കലാപരമായ സത്യസന്ധതയും ധിഷണാപരമായ ധിക്കാരവുമായിരുന്നു ജോണിന്റെ മൂലധനം. സംസ്കാരത്തിന്റെയും ധാർമികതയുടെയും മുഖാവരണമണിഞ്ഞ കാപട്യത്തിനെതിരെ അദ്ദേഹം ജീവിതം മുഴുവൻ കലാപം കൂട്ടി. അക്ഷരത്തിലും അർഥത്തിലും ജനകീയനായിരുന്ന ജോണിന്റെ പ്രധാന മാധ്യമം സിനിമയായിരുന്നു. ചിട്ടപ്പെടുത്തിയ സങ്കല്പങ്ങളോടു വിമുഖനായിരുന്ന ജോണിന്റെ *ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ, അഗ്രഹാരത്തിലെ കഴുത, അമ്മ അറിയാൻ* എന്നീ ചിത്രങ്ങൾ മൗലികതകൊ് എക്കാലത്തെയും അമൂല്യമായ കലാസൃഷ്ടികളാണ്. കാർട്ടൂൺ കലയുടെ കുലപതികളാണ് അബു ഏബ്രഹാം, ടി.സാമുവൽ, യേശുദാസൻ എന്നിവർ. ടോംസിന്റെ കാർട്ടൂൺ കഥാപാത്രങ്ങൾ മിഴിവോടെ അനുവാചക മനസ്സിൽ ചിരംജീവികളാണ്.

## കുറിപ്പുകൾ

1. *നസ്രാണിദേവാലയ വാസ്തുവിദ്യ*, പുറം.67
2. *വാസ്തുവിദ്യ ക്രൈസ്തവ മുസ്ലീം ദേവാലയങ്ങൾ*, പുറം.40
3. ചുമർചിത്രങ്ങൾ/അൾത്താരചിത്രങ്ങൾ കാണപ്പെടുന്ന പള്ളികൾ

   1. കാഞ്ഞിരപ്പള്ളി സെന്റ് മേരീസ്, 2. കോതമംഗലം മർത്തമറിയം വലിയപള്ളി, 3. കോട്ടയം ചെറിയപള്ളി സെന്റ് മേരീസ്, 4. അങ്കമാലി അകപ്പറമ്പ് മാർ താബോർ ആഫ്രോത്ത്, 5. കുറവിലങ്ങാട് മർത്തമറിയം, 6. മുട്ടുചിറ സെന്റ് സെബാസ്റ്റ്യൻസ്, 7. പറവൂർ യാക്കോബായ സെന്റ് തോമസ്, 8. അങ്കമാലി സെന്റ് മേരീസ്, 9. പാലാ സെന്റ് മേരീസ് വലിയപള്ളി, 10. അരുവിത്തുറ ഗീവർഗീസ്, 11. പഴഞ്ഞി സെന്റ് മേരീസ്, 12. കടമറ്റം സെന്റ് ജോർജ്, 13 നാഗപ്പുഴ സെന്റ് മേരീസ്, 14. പാലിയേക്കര സെന്റ് ജോർജ്, 15. വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ്, 16. കടുത്തുരുത്തി സെന്റ് മേരീസ് വലിയപള്ളി. 17. വല്ലാർപാടം പരിശുദ്ധാരൂപിയുടെ പള്ളി, 18. കനാട് മർത്തമറിയം, 19. കുറിഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ്, 20. പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ്, 21. ചേപ്പാട് സെന്റ് ജോർജ്, 22.രാമപുരം ചെറിയപള്ളി സെന്റ് അഗസ്റ്റിൻസ്, 23.വിജയപുരം സെന്റ് ഫ്രാൻസിസ് സേവ്യർ (തൃശൂർ), 24. കിഴതടിയൂർ - പാല സെന്റ് ജോസഫ്സ്, 25. കാഞ്ഞൂർ സെന്റ് മേരീസ്, 26. പുതുപ്പള്ളി സെന്റ് ജോർജ്, 27.കുന്നംകുളം സെന്റ് മേരീസ്, 28. ചമ്പക്കുളം സെന്റ് മേരീസ്, 29. ചേർപ്പുങ്കൽ മാർ സ്ലീബാ ഫൊറോന, 30. മാട്ടൂർ ഔ.ലേ.ഓഫ് ഡൗളേഴ്സ് ചർച്ച്, 31. ഞാറയ്ക്കൽ സെന്റ് മേരീസ്, 32. ഒല്ലൂർ സെന്റ് ആന്റണി, 33. പറവൂർ കോട്ടക്കാവ് സെന്റ് തോമസ്, 34. പട്ടം സെന്റ് മേരീസ്, 35. കൊല്ലം കാദീശാപള്ളി, 36. ഏനമ്മാവ് സെന്റ് മേരീസ്, 37. കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന, 38. ളാലം പുത്തൻപള്ളി പാലാ ഗീവർഗീസ്, 39. ആലപ്പുഴ മാർ സ്ലീബാ പള്ളി ഫൊറോന, 40. ഇടപ്പള്ളി ഗീവർഗീസ്, 41. മുളന്തുരുത്തി സെന്റ് തോമസ്, 42. പിറവം സെന്റ് മേരീസ്, 43. വെച്ചൂർ സെന്റ് മേരീസ്, 44. മറ്റം സെന്റ് തോമസ്, 45. നിരണം സെന്റ് മേരീസ്, 46. കോട്ടപ്പടി സെന്റ് ലാസറസ്, 47. കരിങ്ങാച്ചിറ സെന്റ് ജോർജ്, 48. കുടമാളൂർ സെന്റ് മേരീസ്, 49. മാന്നാനം സെന്റ് ജോസഫ്സ്, 50. ചിറളയം (കുന്നംകുളം) സെന്റ് ലാസറസ്, 51. പാലയൂർ സെന്റ് തോമസ് പള്ളി മ്യൂസിയം (ജോ.ജിപിൻ വർഗീസ്, കേരളത്തിലെ ക്രൈസ്തവദേവാലയ ചുമർചിത്രങ്ങളും അൾത്താരചിത്രങ്ങളും, പുറം.115, 116)

4. എം.കെ.ദേവസി, *കേരളീയ ക്രൈസ്തവ ദൈവാലയങ്ങളിലെ ശില്പകലകൾ*, പുറം.24
5. ഡോ. ആ◌ംൻഡ്രൂസ് മേക്കാട്ടുകുന്നേൽ, *ഐക്കൺ - നിറങ്ങളിലലിയുന്ന ദൈവശാസ്ത്രം*, പുറം.3
6. ദിവ്യാംബികയുടെയും കുമാരന്റെയും നാല് ശില്പങ്ങളാണ്, മൈക്കൽ ആഞ്ജലോ വെണ്ണക്കല്ലിൽ തീർത്തിട്ടുള്ളത്. - Pitty Madona, Taddeia Madonna, Madonna of the stairs, Burges Madonna.
7. *നസ്രാണിദേവാലയ വാസ്തുവിദ്യ*, പുറം.81
8. *കേരളീയ നസ്രാണികളുടെ രാഷ്ട്രീയസേവനം*, പുറം.178.
9. ചുമ്മാർ ചൂൽ, *മാർഗംകളി*, പുറം.67.
10. ലൂയിസ് എടക്കളത്തൂർ, 'മാർഗംകളിപ്പാട്ട്', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 1981 ഡിസംബർ 20–26
11. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പുറം.37.
12. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, പുറം. 67, 68.
13. കോണത്ത് ശ്രീ.ചുമ്മാർ റൈറ്റ് നല്കിയ 'പൂവിറക്ക'ത്തെക്കുറിച്ചുള്ള വിവരണം. സെബീനാ റാഫിയുടെ ലേഖനത്തിൽനിന്ന് ഉദ്ധരിച്ചതാണ്. *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 1931 ഡിസംബർ 20–26
14. സെബീനാ റാഫി, *ചവിട്ടുനാടകം*, പുറം. 13.
15. വിസ്മൃതമാകുന്ന ക്രിസ്തീയകലകൾ, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 1981 ഡിസംബർ 20–26.

## അധ്യായം എട്ട്

# മധ്യകേരളക്രൈസ്തവസമൂഹം ആചാരാനുഷ്ഠാനങ്ങൾ, ജീവിതചര്യകൾ (The Central Kerala Christian Community - Rituals and Customary Practices)

ക്രിസ്തീയസമൂഹം വ്യക്തിത്വമുള്ള വിവിധസഭകളുടെ കൂട്ടായ്മയാണ്. ക്രൈസ്തവ പാരമ്പര്യത്തിന് ലത്തീൻ, ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളുള്ള മൂന്ന് പ്രധാന ശാഖകൾ കാണുന്നു. പത്രോസ്ശ്ലീഹായുടെ ക്രിസ്ത്വനുഭവത്തിൽനിന്ന് റോമിൽ ജന്മമെടുത്ത വ്യക്തി സഭയാണ് ലത്തീൻസഭ. പൗരസ്ത്യസഭകളിൽ ഗ്രീക്ക് പൗരസ്ത്യമെന്നും, സുറിയാനി പൗരസ്ത്യമെന്നും രു വ്യത്യസ്ത പാരമ്പര്യങ്ങളു്. റോമാസാമ്രാജ്യത്തിന്റെ പൗരസ്ത്യ പ്രവിശ്യയിൽ വികസിച്ച സഭകളാണ് ഗ്രീക്ക് പൗരസ്ത്യസഭകൾ. പേർഷ്യൻ സംസ്കാരത്തിൽ തോമ്മാശ്ലീഹായുടെ ശ്ലൈഹിക അടിസ്ഥാനത്തിൽ രൂപംകൊ സഭയാണ് സുറിയാനി പൗരസ്ത്യസഭകൾ. സുറിയാനി ആരാധനാഭാഷയായി സ്വീകരിച്ച സഭകൾ സുറിയാനിസഭകൾ എന്നറിയപ്പെട്ടു.

സീറോ-മലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ മൂന്നു സഭാവിഭാഗങ്ങളാണ് കേരളത്തിലുള്ളത്. മധ്യകേരളത്തിലെ ദൈവാലയങ്ങളിലും ഈ മൂന്നു വിഭാഗങ്ങൾ കാണുന്നു. ലത്തീൻസഭ പാശ്ചാത്യപാരമ്പര്യവും, സീറോമലബാർ സഭ പൗരസ്ത്യപാരമ്പര്യത്തിലെ ഉപവിഭാഗമായ കൽദായപാരമ്പര്യവും, മലങ്കരസഭ പൗരസ്ത്യപാരമ്പര്യത്തിലെ തന്നെ മറ്റൊരു ഉപവിഭാഗമായ അന്ത്യോക്യൻ പാരമ്പര്യവും പിന്തുടരുന്നു. ഉദയംപേരൂർ സൂനഹദോസിനു ശേഷമാണ് കേരളക്രൈസ്തവർ വിവിധ സഭാവിഭാഗങ്ങളായി പിരിയുന്നത്. അങ്ങനെ ചില അംശങ്ങളിൽ വ്യത്യസ്ത ആചാരങ്ങൾ ഇവരുടെയിടയിൽ രൂപംകൊു. സഭയുടെ പഠനങ്ങളിൽ ഈ സഭാവിഭാഗങ്ങളെ റീത്ത് എന്നു വിളിക്കുന്നു. ഈ സഭകൾ പല കാര്യങ്ങളിലും തനിമ പ്രകടിപ്പിക്കുന്ന പ്രത്യേക സമൂഹമായി സാർവ്വത്രികസഭയിൽ നിലകൊള്ളുന്നു. എ.ഡി. 345-ൽ കാനാദേശത്തുനിന്നും ക്നായിതൊമ്മന്റെ നേതൃത്വത്തിൽ കുടിയേറിയ ക്നാനായ വിഭാഗം സീറോ മലബാർ ആരാധനക്രമമാണ് പിന്തുടരുന്നത്. മധ്യകേരളത്തിലെ കത്തോലിക്കാ ദൈവാലയങ്ങളിലെ ആരാധനക്രമത്തിൽ പൊതുവായി കാണുന്ന ചില അനുഷ്ഠാനക്രമങ്ങൾ വിവരിക്കുന്നു.

### 8.1 കൂദാശകൾ

#### 8.1.1 മാമ്മോദീസ, സ്ഥൈര്യലേപനം

കത്തോലിക്കർ ശിശുസ്നാനത്തെ പ്രോത്സാഹിപ്പിക്കുന്നു. ആദ്യകാലങ്ങളിൽ ശിശു ജനിച്ചുകഴിഞ്ഞ് ഏഴ്, ഒൻപത് തുടങ്ങിയ ഒറ്റസംഖ്യാദിവസങ്ങളിൽ മാമ്മോദീസാ നല്കിയിരുന്നു. പിന്നീട് ആൺകുട്ടിക്ക് നാല്പതാം ദിവസവും പെൺകുട്ടിക്ക് അമ്പത്താറാം ദിവസവും മാമ്മോദീസാ നല്കുവാൻ തുടങ്ങി. ആൺകുഞ്ഞിന്റെ ജനനത്തിനുശേഷം നാല്പതുദിവസവും പെൺകുഞ്ഞിന്റെ ജനനത്തിനുശേഷം എൺപത് ദിവസവും കഴിയാതെ മാതാപിതാക്കൾ പള്ളിയിൽ പ്രവേശിച്ചിരുന്നില്ല.

കുഞ്ഞിന്റെ അപ്പന്റെ അപ്പനോ, അപ്പന്റെ അമ്മയോ, ഇളയച്ഛനോ, ഇളയമ്മയോ, രക്തബന്ധത്തിലുള്ള മറ്റാരെങ്കിലുമോ ആണ് തലതൊട്ടപ്പനും തലതൊട്ടമ്മയുമായി നില്ക്കുന്നത്. മാതാപിതാക്കൾ കുട്ടിയുടെ മധ്യസ്ഥരാകുന്നില്ല. തലതൊട്ടമ്മ കുഞ്ഞിന്റെ ശിരസ്സ് വലതുകയ്യിൽ വരത്തക്കവിധം പിടിക്കുന്നു. ആദ്യം ജനിക്കുന്ന ആൺകുട്ടിക്ക് പിതാവിന്റെ അപ്പന്റെയും പെൺകുട്ടിക്ക് പിതാവിന്റെ അമ്മയുടെയും പേരു നല്കുന്നു. നമ്പൂതിരിയുടെ ഈ ആചാരം ക്രിസ്ത്യാനികൾ പിന്തുടരുകയാണു ചെയ്തത്. രാമത്തെ ആൺകുട്ടിക്ക് മാതാവിന്റെ അപ്പന്റെയും പെൺകുട്ടിക്ക് മാതാവിന്റെ അമ്മയുടെയും പേരുകളാണ് നല്കിപ്പോരുന്നത്. കുടുംബപാരമ്പര്യം കൈമാറുന്നതിനുള്ള സുപ്രധാനമായ മാർഗമാണ് പേരിടൽ. പിന്നീട് ജനിക്കുന്ന കുട്ടികൾക്ക് അവനവന് ഇഷ്ടമുള്ള പേരുകൾ നൽകാം. ചിലർക്ക് ഇന്ന പേരു നൽകിയേക്കാം എന്ന് നേർച്ച നേരും. കുഞ്ഞ് ഉായതിനുശേഷം ഏതെങ്കിലും അസുഖത്തിന് വിശുദ്ധരുടെ മധ്യസ്ഥം തേടുമ്പോൾ ആ വിശുദ്ധന്റെ അഥവാ വിശുദ്ധയുടെ പേര് നൽകുന്നു. അങ്ങനെ, കാരണവന്മാരുടെ പേര് നൽകാതെ പോകുന്ന സന്ദർഭങ്ങളുമു്.

ഇടക്കാലത്ത് മാമ്മോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകൾ വെവ്വേറെ നല്കുന്ന രീതിയും നിലവിൽവന്നു. ലത്തീൻക്രമത്തിൽ മാമ്മോദീസായോടുകൂടെ സ്ഥൈര്യലേപനം, വി.കുർബ്ബാന എന്നീ കൂദാശകൾ നൽകുന്നില്ല. സ്ഥൈര്യലേപനം എന്ന കൂദാശ വെവ്വേറെ കൊടുത്തിരുന്ന കാലത്ത് മാമ്മോദീസായിൽ തലതൊട്ടപ്പനും തലതൊട്ടമ്മയും ഏറ്റുപറഞ്ഞ വിശ്വാസം കുട്ടി ബോധപൂർവ്വം ഏറ്റുപറയുന്നു. ആദ്യകുർബ്ബാന സ്വീകരണത്തിനുശേഷമാണ് സ്ഥൈര്യലേപനം നല്കിയിരുന്നത്. സാധാരണയായി മെത്രാൻ ആയിരുന്നു ഈ കൂദാശയുടെ കാർമ്മികൻ. മെത്രാൻ കുട്ടിയുടെ കവിളിൽ മൃദുവായി അടിച്ച് ഈ കൂദാശ നല്കിയിരുന്നു. 'കവിളിൽ അടിക്കുക' എന്ന ലത്തീൻ പാരമ്പര്യം ഇവിടേയ്ക്ക് കടന്നുകൂടിയതാണ്. മാമ്മോദീസാ ശുശ്രൂഷ കഴിയുമ്പോൾ മാമ്മോദീസാ രജിസ്റ്ററിൽ വിവരങ്ങൾ എഴുതിച്ചേർക്കുന്നു.

യേശുക്രിസ്തുവിന്റെ മാമ്മോദീസാവേളയിൽ യോർദ്ദാൻ നദിയിലെ ജലം ഒരേസമയം ഊഷ്മളവും ശീതളവുമായിരുന്നു എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. അതനുസരിച്ച് മലങ്കരസഭയിൽ മാമ്മോദീസായിൽ തണുത്ത വെള്ളവും ചൂടുവെള്ളവും തമ്മിൽ പ്രാർത്ഥനയോടുകൂടി കലർത്തുന്നു്. യേശു സ്നാനമേറ്റ യോർദ്ദാൻ നദിക്ക് ഹെർമ്മോൻനദി, യെർമ്മുക്ക് നദി, യാബോക് നദി എന്നിങ്ങനെ മൂന്നു പോഷകനദികളു്. ഹെർമ്മാൻ മലയിൽനിന്നു പുറപ്പെടുന്ന ഹെർമ്മോൻ നദിയിൽ തണുത്ത വെള്ളമാണുള്ളത്. യെർമ്മുക് നദി ദാൽ മരുഭൂമിയിലൂടെ ഒഴുകുന്നതിനാൽ വെള്ളത്തിന് എപ്പോഴും ചെറുചൂടുായിരിക്കും. യാബോക് നദി ഗിലയാദ് താഴ്വരയിൽകൂടി ഒഴുകുന്നതിനാൽ ഇതിലെ വെള്ളം സുഗന്ധദ്രവ്യങ്ങൾ ചേർന്ന് രോഗസംഹാരശക്തിയുള്ളതായിതീരുന്നുവെന്ന് പറയപ്പെടുന്നു. യോർദ്ദാൻ നദിയിലെ വെള്ളത്തിന് അനുരൂപമായ വിധമാണ് മാമ്മോദീസാക്കല്ലിൽ വെള്ളം തയ്യാറാക്കുന്നത്. ആൺകുട്ടിയാണെങ്കിൽ ജ്ഞാനപിതാവും പെൺകുട്ടിയാണെങ്കിൽ ജ്ഞാനമാതാവുമാണ് മാമ്മോദീസായ്ക്ക് കുട്ടിയെ വഹിക്കുന്നത്. ദേവാലയങ്ങളിൽ മാമ്മോദീസ പരികർമ്മം ചെയ്യുന്ന സ്ഥലമാണ് മാമ്മോദീസാത്തൊട്ടി.

### 8.1.2. വി. കുർബ്ബാന

ക്രൈസ്തവജീവിതത്തിന്റെ സ്രോതസ്സും കേന്ദ്രബിന്ദുവുമാണ് വി. കുർബ്ബാന. സീറോ മലബാർ വിഭാഗത്തിലുള്ളവർ സീറോ മലബാർക്രമത്തിലും ലത്തീൻ വിഭാഗത്തിലുള്ളവർ

ലത്തീൻ ക്രമത്തിലും മലങ്കര കത്തോലിക്കർ മലങ്കരക്രമത്തിലുമുള്ള കുർബ്ബാനയാണ് അർപ്പിക്കുന്നത്. വാഗമൺ കുരിശുമല ആശ്രമത്തിൽ ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ 'ഭാരതീയപൂജ'യാണ് അർപ്പിക്കുന്നത്; ഞായറാഴ്ച മലങ്കരക്രമത്തിലും.

ഭാരതീയ പൂജാർപ്പണത്തിൽ പൂജാവസ്ത്രങ്ങളണിഞ്ഞ പുരോഹിതനും ശുശ്രൂഷിയും ദീപം, ധൂപം, പുഷ്പം, വെള്ളം എന്നിവയുമായി പ്രദക്ഷിണമായി അൾത്താരയിൽ പ്രവേശിക്കുന്നു. പുരോഹിതർ കിഴക്കോട്ട് നീട്ടിപ്പിടിച്ച് കൊളുത്തിയ ദീപംകൊ് അൾത്താരയ്ക്കും കുരിശിനും ബൈബിളിനും ആരതി കാണിക്കുകയും നിലവിളക്ക് കൊളുത്തുകയും ചെയ്യുന്നു. ജനങ്ങൾ മുഴുവൻ ഇരുകൈകളും വിളക്കിനുനേരെ നീട്ടി കണ്ണുകളിലേയ്ക്ക് കൊുവന്ന് ദീപത്തിന് വണക്കം കാണിക്കുന്നു. പുഷ്പങ്ങൾകൊ് അലംകൃതമായ താലത്തിലാണ് വിശുദ്ധപൂജയ്ക്കാവശ്യമായ അപ്പവും വീഞ്ഞും വയ്ക്കുന്നത്.

ഏറ്റവും ആഘോഷപൂർവ്വമായ കുർബ്ബാനയാണ് 'റാസ', വി. കുർബ്ബാനയുടെ സമയത്ത് ഇരിക്കുന്നതിനും, മുട്ടു കുത്തുന്നതിനും, ശിരസ്സ് നമിക്കുന്നതിനും, ആശീർവാദം സ്വീകരിക്കുന്നതിനും പ്രത്യേക സമയമു്. വി.കുർബ്ബാനയോട് മാർത്തോമാ ക്രിസ്ത്യാനികൾക്ക് വളരെ ബഹുമാനമായിരുന്നു. പെസഹാക്കാലത്ത് കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളണമെന്നത് നിർബന്ധമാണ്. കുർബ്ബാനയിൽ തിരുവോസ്തി ഉയർത്തുമ്പോൾ അവർ എഴുന്നേറ്റ് തല തറയിലേക്ക് കുമ്പിട്ടുകൊ് അതു ദർശിക്കുവാൻ തക്ക യോഗ്യത തങ്ങൾക്കില്ലെന്ന് പറഞ്ഞിരുന്നുവെന്ന് പതിനാറാം നൂറ്റാിലെ രേഖയിൽ കാണുന്നു്. നസ്രാണികൾ പ്രത്യേകിച്ച് വൈദികർ വി. കുർബ്ബാനയ്ക്ക് മുൻപ് പല മണിക്കൂറുകൾ ഉപവസിച്ചിരുന്നു; അക്രൈസ്തവരോട് സംസാരിക്കുകയും ചെയ്തിരുന്നില്ല. വി. കുർബ്ബാനയ്ക്കായി പുതുതായി ചുട്ടെടുത്ത അപ്പം കാഴ്ചവെയ്പിന് മുൻപ് പുത്തൻ ഇലയിൽ സമർപ്പിച്ചിരുന്നു. വി. കുർബ്ബാന സ്വീകരണത്തിനുശേഷം അന്ന് പകൽസമയത്ത് ഉറങ്ങുകയോ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുന്നതിന് മുൻപ് തുപ്പിയിരുന്നില്ല.

ആദ്യകുർബ്ബാനസ്വീകരണം വലിയ ആഘോഷപൂർവ്വമാണ് നടത്തുന്നത്. ധാരാളം സമ്മാനങ്ങൾ കുട്ടികൾക്ക് ലഭിക്കാറു്. സന്തോഷവും ആനന്ദവും പങ്കിടാനും കൂട്ടായ്മയും സഹകരണവും ബലപ്പെടുത്താനും ആദ്യകുർബ്ബാന ആഘോഷം ഇടയാക്കുന്നു. ആദ്യകുർബ്ബാനസ്വീകരണത്തിനുമുമ്പാണ് ആദ്യമായി കുമ്പസാരിക്കുന്നത്. സാധാരണയായി മാസത്തിലൊരിക്കലെങ്കിലും എല്ലാവരും കുമ്പസാരിക്കാൻ ശ്രദ്ധിക്കുന്നു. ആദ്യകുർബ്ബാന സ്വീകരണസമയത്ത് കുട്ടികൾ മുടി, ചെ് ഇവ ഉപയോഗിക്കുന്നു. പെൺകുട്ടികൾ നെറ്റും ഉപയോഗിക്കുന്നു്. ചട്ടയും മുും വേഷമായിരുന്ന കാലത്ത് വെള്ളകവണി തലയിലിടുകയാണ് ചെയ്തിരുന്നത്. ആദ്യകുർബ്ബാന സ്വീകരിച്ച പെൺകുട്ടികളും സ്ത്രീകളും ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ തല മറയ്ക്കണമെന്നു്.

### 8.1.3 കുമ്പസാരം

മാമ്മോദീസ സ്വീകരിച്ചതിനുശേഷം ചെയ്ത പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തു സ്ഥാപിച്ച കൂദാശയാണ് കുമ്പസാരം. സമൂഹക്കുമ്പസാരവും പൊതുപാപമോചനവുമായിരുന്നു കുമ്പസാരത്തിന് മുൻകാലങ്ങളിലുായിരുന്ന ക്രമം. പരസ്യപാപികൾ പരസ്യപ്രായശ്ചിത്തം നിറവേറ്റിയിരുന്നു. വൈദികരുടെ നേതൃത്വതത്തിലുള്ള ഇടവകയോഗം ശിക്ഷ ഇളച്ചു

കൊടുത്തിരുന്നു. ദൈവാലയത്തിന്റെ വാതിൽക്കൽവച്ച് ഒരു വടിക്കെട്ടുകൊ് മന്ദമായി അടിച്ചാണ് വൈദികർ ശിക്ഷ ഇളവ് ചെയ്തു കൊടുത്തിരുന്നത്.

### 8.1.4 പൗരോഹിത്യം

തിരുസഭയിൽ മെത്രാന്മാരേയും പുരോഹിതന്മാരേയും മറ്റ് പട്ടക്കാരേയും അതതു പദവികളിലേയ്ക്ക് ഉയർത്തുകയും കൂദാശകളും മറ്റ് ദൈവശുശ്രൂഷകളും ചെയ്യുവാൻ വേ അധികാരവും അവരുടെ സ്ഥാനത്തിനനുസരണമായ കടമകൾ ശരിയായി നിർവ്വഹിക്കുവാൻ വേ അനുഗ്രഹവും നല്കുന്ന കൂദാശയാണ് പൗരോഹിത്യം. പോർട്ടുഗീസുകാരുടെ വരവിനു മുൻപ് വൈദികർ ഇടവകയിലെ ശുശ്രൂഷയ്ക്കുവേിയായിരുന്നു അഭിഷിക്തരായിരുന്നത്. പലപ്പോഴും അവർ വിവാഹിതരായിരുന്നു. വൈദികവിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരുന്നതും ഇടവകയോഗമാണ്. ദേശക്കുറി എന്ന പരസ്യപത്രികവഴി ഇടവകയോഗം നവവൈദികനെ മെത്രാന്റെ സമക്ഷം ഹാജരാക്കിയിരുന്നു. ഈ പത്രികയിൽ അർത്ഥിക്ക് ഇടവകയിൽ ഉായിരിക്കേ സ്ഥാനപ്പേര് കാണിച്ചിരുന്നു. ഇന്ന് പൗരോഹിത്യജീവിതത്തിലേയ്ക്ക് കടന്നുവരുന്ന വൈദികവിദ്യാർത്ഥിക്ക് പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിൽ അവർ യോഗ്യരാണെന്നു കാൽ തിരുസഭാധികാരികൾ പട്ടം നല്കുന്നു.

### 8.1.5 വിവാഹം

കേരള ക്രൈസ്തവരുടെ വിവാഹകർമ്മത്തിലെ അവിഭാജ്യഘടകമാണ് താലികെട്ട്. താലി ഐക്യത്തിന്റെ പ്രതീകമാണ്. ഇത് വിശ്വാസത്തിലും സ്നേഹത്തിലും വധുവരന്മാരെ ഒന്നിപ്പിക്കുന്നു. താലിയിൽ വിശുദ്ധജലം തളിച്ച് വെഞ്ചരിക്കും. വരൻ വധുവിന്റെ പിന്നിൽനിന്ന് താലി കെട്ടുന്നു. മന്ത്രകോടി വെഞ്ചരിച്ച് പുരോഹിതൻ വരനെ ഏല്പിക്കുന്നു. വരൻ വധുവിന്റെ തല മൂടത്തക്കവിധമാണ് പുതപ്പിക്കുന്നത്. വധുവരന്മാർക്കുായിരിക്കേ പരസ്പരമുള്ള ആശ്രയബോധവും ഐക്യവും ആത്മസർപ്പണവും ഇത് സൂചിപ്പിക്കുന്നു. വരൻ വധുവിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. വധു സ്വമനസ്സാ ഭർത്താവിന് വിധേയയായി വർത്തിക്കുന്നു. യഹൂദന്മാരുടെയും ഹൈന്ദവരുടെയുമിടയിൽ മന്ത്രകോടി നല്കുന്ന പതിവു്. മോതിരങ്ങൾ വെഞ്ചരിച്ചതിനുശേഷം നവദമ്പതികൾ പരസ്പരം അണിയിക്കും.

ക്നാനായ ക്രിസ്ത്യാനികളുടെയിടയിൽ വധുവും വരനും പള്ളിമുറ്റത്ത് എത്തിയാൽ വരൻ പള്ളിയിൽ കയറിയശേഷമേ വധു കയറുകയുള്ളു. പള്ളിയുടെ പ്രധാനവാതില്ക്കൽ നിലവിളക്ക് കത്തിച്ചുവച്ചിരിക്കും. താലി ആശീർവദിക്കുന്ന പതിവ് ക്നാനായക്കാർക്കില്ല. മന്ത്രകോടിയും മോതിരവും ആശീർവദിക്കുന്നു്.

മലങ്കരസഭയിൽ വിവാഹകൂദാശയ്ക്ക് 'മോതിരം വാഴ്വിന്റെ ശുശ്രൂഷയും' 'കിരീടം വാഴ്വിന്റെ' ശുശ്രൂഷയുമു്. ആദ്യത്തേത് വിവാഹനിശ്ചയത്തിന്റെ ഭാഗമാണ്. പ്രാർത്ഥന ചൊല്ലി മോതിരം വാഴ്ത്തി വൈദികൻ ഇരുവരുടെയും വലതുകയ്യിലെ മോതിരവിരലിൽ ധരിപ്പിക്കുന്നു. സഭ ഇവരെ യോജിപ്പിക്കുന്നതിന്റെയും മധ്യസ്ഥനായി നില്ക്കുന്നതിന്റെയും പ്രതീകമായിട്ടാണ് പുരോഹിതൻ ഇങ്ങനെ ചെയ്യുന്നത്. രാമത്തേത് കിരീടം വാഴ്ത്തി ആഘോഷപൂർവ്വം മണവാളന്റെയും മണവാട്ടിയുടെയും ശിരസ്സിൽ അണിയിക്കലാണ്. ഈ ശുശ്രൂഷയിലൂടെ വധൂവരന്മാരെ രാജാവിന്റെയും രാജ്ഞിയുടെയും സ്ഥാനത്ത് അവരോധിക്കുകയാണ്. യേശുക്രിസ്തുവിന്റെയും സഭയാകുന്ന രാജ്ഞിയുടെയും സ്ഥാനം ലഭിക്കുന്നതുകൊ് ഈ ശുശ്രൂഷ സ്ഥാനാരോഹണശുശ്രൂഷ കൂടിയാണ്. ഇപ്പോൾ കിരീടത്തിനു പകരം

'കുരിശും മാലയു'മാണ് ഉപയോഗിക്കുന്നത്. പുനർവിവാഹം ചെയ്യുന്ന ആളിന് മോതിരം വാഴ്ത്തി ക്കൊടുക്കലും കിരീടം ധരിപ്പിക്കലും ഇല്ല.

ആഘോഷമായ സദ്യയിൽ മധുരം വയ്ക്കുന്നത് സാധാരണയായി വരന്റെ പെങ്ങളും ഭർത്താവുമാണ്. 'മധുരം വയ്ക്കട്ടെ' എന്ന് മൂന്നു പ്രാവശ്യം ചോദിക്കുന്നു. ആദ്യത്തെ രുപ്രാവശ്യവും 'കേട്ടില്ല' എന്നുപറയുകയും മൂന്നാം പ്രാവശ്യം അനുമതി നൽകുകയും ചെയ്യുന്നു. സദ്യയിൽ വരന്റെയും വധുവിന്റെയും കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും അയൽപക്കക്കാരും പങ്കെടുക്കും. പ് ഭവനങ്ങളിൽ വച്ചു നടത്തിയിരുന്നപ്പോൾ ഭക്ഷണ പദാർത്ഥങ്ങൾ വീട്ടിൽതന്നെ പാകം ചെയ്തിരുന്നു. അയൽപക്കക്കാർക്കും ബന്ധുമിത്രാദി കൾക്കും ഒരു ഉത്സവത്തിമിർപ്പിന്റെ സന്ദർഭമായിരുന്നു ഇത്. വരന്റെ വീട്ടിലെത്തുമ്പോൾ അമ്മ കുരിശുവരച്ച് ഇരുവരെയും അകത്തുകയറ്റും. നവവധുവിന്റെ കയ്യിൽ നിലവിളക്ക് കത്തിച്ചു കൊടുക്കുന്നു. വലതുകാൽ വച്ച് വധു പുതിയ ഗൃഹത്തിൽ പ്രവേശിക്കുന്നു. പിന്നീട് കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കും. വധുവിന്റെ അമ്മ ചെറുക്കനെ മോതിരം അണിയിക്കുമ്പോൾ ചെറുക്കൻ അമ്മായിയമ്മപുടവ കൈമാറുന്നു. നാലാം ദിവസം പെണ്ണിനെ വരന്റെ വീട്ടിലേക്ക് 'കൊുവന്നുവിടൽ' എന്ന ചടങ്ങ് നടത്തും. ഈ മുറയ്ക്ക് മാറ്റം വരുന്ന സന്ദർഭങ്ങളുമു്. പെണ്ണിനുള്ള അലമാര, അത്യാവശ്യമായ ഉപയോഗസാധനങ്ങൾ, മധുരപലഹാരങ്ങൾ എന്നിവ കൊുവരുന്നു.

#### 8.1.6 രോഗിലേപനം

ഗുരുതരമായ രോഗത്തിൽ രോഗിയുടെ ആത്മാവിന് നന്മ നല്കുന്നതും ആത്മാവിന് ഉപക രിക്കുന്നതാകയാൽ ശരീരത്തിന് സുഖം നല്കുന്നതുമായ ഒരു കൂദാശയാണ് രോഗീലേപനം. സഭ ഔദ്യോഗികമായി രോഗികൾക്ക് നല്കുന്ന ആശീർവാദമാണിത്. പോർട്ടുഗീസുകാരുടെ വരവിനുമുൻപ് രോഗീലേപനകർമ്മത്തിലേയ്ക്കായി പുരോഹിതൻ ചെയ്തിരുന്നത് രോഗികളെ അനുഗ്രഹിക്കുകയും അവരുടെമേൽ സുവിശേഷംവച്ച് വായിക്കുകയും സുവിശേഷഭാഗം എഴുതിയ ഓലകൾ ശരീരത്തിൽ കെട്ടുകയുമായിരുന്നു. അകത്തോലിക്കരുടെയിടയിൽ ഈ ആചാരം പൂർണ്ണമായി ഇല്ലാതായിട്ടില്ല. കൂദാശ ചെയ്ത എണ്ണ കൊ് രോഗികളെ പൂശുക, രോഗികളുടെമേൽ എണ്ണ തളിക്കുക, കുടിക്കാൻ കൊടുക്കുക എന്നിങ്ങനെ മൂന്നു രീതികളിൽ അന്ത്യകൂദാശ ലത്തീൻസഭയിൽ നല്കിയിരുന്നു. രോഗീലേപനത്തിന് സീറോമലബാർ ക്രമത്തിൽ പ്രത്യേക ശുശ്രൂഷാക്രമം ഇല്ലാതി രുന്നതിനാൽ ലത്തീൻക്രമം വിവർത്തനം ചെയ്ത് നടപ്പാക്കുവാൻ തുടങ്ങി. ഉദയംപേരൂർ സൂനഹദോസ് നടപ്പാക്കിയ ശുശ്രൂഷയും നിയമ ങ്ങളുമാണ് ഇന്ന് പരികർമ്മം ചെയ്തുവരുന്നത്.

### 8.2 പൊതുത്തിരുനാളുകൾ

#### 8.2.1 ക്രിസ്മസ്

യേശുവിന്റെ ജനനപ്പെരുന്നാളിന് ക്രിസ്മസ് എന്ന പദമാണ് സർവ്വസാധാരണയായി ഉപയോഗിക്കുന്നത്. ആംഗ്ലോസാക്സണിലുള്ള 'ക്രീസ്റ്റ് മെസ്സേ' (Cristmaesse) ആണ് ഇംഗ്ലീഷിൽ ക്രിസ്മസ് ആയത്. ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മദിവസം നടത്തുന്ന കുർബ്ബാന എന്നാണ് ഇതിന് അർത്ഥം. റോമാക്കാർ സൂര്യദേവന്റെ ജനനതിരുനാൾ ഡിസംബർ 25-ന് ആഘോഷിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ടാണ് നീതിസൂര്യനായ ക്രിസ്തുവിന്റെ ജനനതിരുനാൾ ഡിസംബർ 25-ന് ആദിമക്രൈസ്തവർ ആഘോഷിച്ചുപോന്നത്. ക്രിസ്തുമസ്സിന്

യേശുവിന്റെ ജനനത്തെ അനുസ്മരിപ്പിക്കുന്ന പുൽക്കൂട് എല്ലാ ദൈവാലയങ്ങളിലും വീടുകളിലും നിർമ്മിക്കാറു്. ദേവാലയങ്ങളുടെയും വീടുകളുടെയും സ്ഥാപനങ്ങളുടെയും മുമ്പിൽ നക്ഷത്രവിളക്കുകൾ തിളങ്ങുന്നു. ക്രിസ്മസ് കരോൾ, കാർഡ്, ട്രീ, പപ്പാ, കേക്ക് എന്നിവയ്ക്ക് ഇന്ന് ഏറെ പ്രാധാന്യമു്.

ക്രിസ്തുവിന്റെ ജനനപ്രചരണാർത്ഥം തിരുസ്വരൂപവും വഹിച്ചുകൊ് ഒരു സംഘം യുവാക്കൾ ഗാനവാദ്യങ്ങളുടെ അകമ്പടിയോടെ വീഥികളിലൂടെ പോകുന്നതാണ് ക്രിസ്മസ് കരോൾ. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം" (ലൂക്കാ 2:14) എന്ന മാലാഖമാരുടെ ഗാനം ശ്രവിച്ച ആട്ടിടയർ സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി ബത്‌ലഹം പുൽക്കൂട്ടിലേയ്ക്കു പോകുന്നതും അവിടെ മറിയത്തോടും ഔസേപ്പിനോടുമൊത്ത് ഉണ്ണിയേശുവിനെ ദർശിക്കുന്നതുമെല്ലാമായിരുന്നു ആദ്യകാലങ്ങളിൽ കരോൾഗാനമായി ആലപിച്ചിരുന്നത്. ക്രിസ്മസുമായി ബന്ധപ്പെട്ട എല്ലാ ഗാനങ്ങളും ഇന്ന് കരോൾഗാനമായി ആലപിക്കുന്നു.

ക്രിസ്മസ് നവവത്സര ആശംസകൾ എഴുതിയിട്ടുള്ള കാർഡുകൾ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അയയ്ക്കുന്ന പതിവ് ഇന്ന് സാർവ്വത്രികമായി തീർന്നിരിക്കുന്നു. കൂടാതെ ക്രിസ്മസ് കാലങ്ങളിൽ കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കാറു്. ക്രിസ്മസ് കേക്ക് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കൊടുക്കുകയും കൂട്ടായ്മയും ആനന്ദവും അതുവഴി പങ്കുവയ്ക്കുകയും ചെയ്യുന്നു. ക്രിസ്മസ് കാലങ്ങളിൽ ക്രിസ്മസ് പപ്പാമാർ നഗരവീഥി കളിൽക്കൂടി കരോൾ സംഘത്തോടൊപ്പം പോകാറു്.

ദേവാലയത്തിൽ രാത്രികർമ്മങ്ങളുടെ സമയത്ത് 'യേശുക്രിസ്ത്രുവിനെ തീ കായിക്കുക' എന്ന പ്രത്യേക ചടങ്ങ് നടത്തുന്നു്. ദേവാലയത്തിന് മുമ്പിൽ വിറകുകൾ അടുക്കിവയ്ക്കും. വൈദികൻ പ്രാർത്ഥനയെത്തുടർന്ന് ഇവയുടെ ഒരറ്റത്ത് ധൂപിച്ച് ആശീർവദിച്ചതിനുശേഷം തീ കൊളുത്തുന്നു. ഓശാന ഞായറാഴ്ച വെഞ്ചരിച്ച കുരുത്തോലകളും കുന്തുരുക്കവും ഇതിൽ നിക്ഷേപിക്കുന്ന പതിവുമു്. പുരോഹിതനും ജനങ്ങളും തീയ്ക്ക് ചുറ്റും മൂന്നുപ്രാവശ്യം പ്രദക്ഷിണം വച്ചിരുന്നു. ഒരു പ്രാവശ്യം മാത്രം വലംവയ്ക്കുന്ന രീതിയാണ് ഇന്ന് കുവരുന്നത്. ക്രിസ്തുവിന്റെ ജനനവേളയിൽ ആട്ടിടയന്മാർ തീ കാഞ്ഞുകൊിരുന്നതിനെ അനുസരിക്കു ന്നതാണ് ഈ ചടങ്ങ്. ആദ്യകാലങ്ങളിൽ ഈ തീയുടെ ചാരം വാരി സൂക്ഷിക്കുകയും രോഗശാന്തിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. ലത്തീൻസഭയിൽ ഈ ചടങ്ങ് ഇല്ല. മലങ്കരസഭയിൽ ജനനതിരുനാളിന്റെ പ്രത്യേക കാഴ്ച്ചയായി ജനങ്ങൾ കുന്തുരുക്കവും തിരികളും കൊുവരുന്നു. തീ കത്തിക്കുന്നതിനുള്ള വിറകും നേർച്ചയായി കൊടുക്കുന്ന വരു്. പ്രദക്ഷിണസമയത്ത് വിശ്വാസികൾ കൊുവന്നിട്ടുള്ള തിരി കത്തിച്ചു പിടിക്കുകയും ചെയ്യും.

**8.2.2. ദുക്റാന തിരുനാൾ**

ഭാരതത്തിൽ വന്ന ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹാ മൈലാപ്പൂരിൽ വച്ച് എ.ഡി. 72 ജൂലൈ മൂന്നിന് രക്തസാക്ഷിത്വം വരിച്ചു. ഈ ദിനത്തിന്റെ അനുസ്മരണം എല്ലാ വർഷവും ജൂലൈ മൂന്നാം തീയതി ദുക്റാനാതിരുനാൾ എന്ന പേരിൽ സുറിയാനി ക്രിസ്ത്യാനികൾ ആഘോഷിച്ചു വരുന്നു. ദുക്റാന തിരുനാൾ എന്നാൽ ഓർമ്മപ്പെരുന്നാൾ എന്നാണർത്ഥം. പുരാതനകാലം മുതൽ സുറിയാനി ക്രിസ്ത്യാനികൾ ജൂലൈ മൂന്നാം തീയതി കടമുള്ള

ദിവസമായി ആചരിച്ചുപോരുന്നു. പതിനാറാം നൂറ്റാിൽ തോമാശ്ലീഹായുടെ ചരമദിനമായ ജൂലൈ മൂന്ന് ശ്രാദ്ധംപോലെ ആയിരുന്നു ആഘോഷിച്ചിരുന്നത്. അന്നേദിവസം വീടുകളിൽ ദുഃഖവെള്ളിയാഴ്ച ദിവസംപോലെ ആയിരിക്കും. വീട് അടിക്കില്ല. കയ്പുള്ള ഇല ഒടിച്ച് തിന്നുമായിരുന്നു. സ്ത്രീജനങ്ങൾ മക്കൾക്ക് മുലപ്പാൽ പോലും കൊടുക്കുമായിരുന്നില്ല. വ്യാകുലമാതാവിന്റെ പ്രലപനമായ 'എന്റെ മകൻ മരിച്ചുപോയി' എന്നുള്ള പുത്തൻപാന അന്ന് പാടിക്കൊിരിക്കുമായിരുന്നു.

#### 8.2.3 പുതുഞ്ഞായർ തിരുനാൾ

ക്രിസ്തുവിന്റെ ഉത്ഥാനാനന്തരം നാല്പതാം ദിവസമാണ് സ്വർഗ്ഗാരോഹണം ചെയ്തത്. ഇതിനിടയ്ക്ക് ശിഷ്യന്മാർക്ക് പല പ്രാവശ്യം പ്രത്യക്ഷപ്പെട്ട് സന്ദർശനം നല്കിയിരുന്നു. ഉത്ഥാനദിവസം വൈകിട്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് അപ്പസ്തോലൻ അവിടെ ഉായിരുന്നില്ല. അദ്ദേഹം വന്നപ്പോൾ മറ്റ് ശിഷ്യന്മാർ തങ്ങൾ യേശുവിനെ ക് കാര്യം അറിയിച്ചു. "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (ജോൺ, 20:25) എന്നായിരുന്നു തോമസ് അപ്പസ്തോലന്റെ മറുപടി. എട്ടു ദിവസങ്ങൾക്കുശേഷം ശിഷ്യന്മാർ വീട്ടിൽ ആയിരുന്നപ്പോൾ യേശു വീും അവരുടെ മധ്യത്തിൽ വന്നു. "നിന്റെ വിരൽ ഇവിടെ കൊുവരുക. എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയാകുക" എന്ന ക്രിസ്തുവിന്റെ പ്രസ്താവനയ്ക്ക് "എന്റെ കർത്താവേ, എന്റെ ദൈവമേ" (ജോൺ 20:27-28) എന്ന് വിശ്വാസിയായ തോമസ് പ്രതിവചിച്ചു. തോമ്മാശ്ലീഹാ യേശുക്രിസ്തുവിനെ ഏറ്റുപറഞ്ഞ ഈ ദിവസം 'പുതുഞ്ഞായർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ക്രിസ്തുവിന്റെ ഉത്ഥാന ത്തിനുശേഷം എട്ടാം ദിവസമാണ് 'പുതുഞ്ഞായർ തിരുനാൾ' ആചരിച്ചു വരുന്നത്. ആ ദിവസം മലയാറ്റൂർ, വാഗമൺ, പാമ്പൂരാംപാറ തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് തീർത്ഥാടനം, ആഘോഷമായ കുരിശുമലകയറ്റം ഇവയൊക്കെ ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം നടത്തിവരുന്നു.

#### 8.2.4 ഉയിർപ്പുതിരുനാൾ

ക്രിസ്തു ഉയിർത്തെഴുന്നേറ്റ ദിവസത്തെ ഉയിർപ്പുഞായർ അനുസ്മരിപ്പിക്കുന്നു. ഉയിർപ്പുതിരുനാൾ 'തിരുനാളുകളുടെ തിരുനാളാണ്'. മാർച്ച് ഇരുപത്തിയൊന്നിനു ശേഷമുള്ള വെളുത്തവാവ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്നത്. അതുകൊ് മാർച്ച് 22-നും ഏപ്രിൽ 25-നും മധ്യേ എന്നെങ്കിലും ഉയിർപ്പുതിരുനാൾ വന്നേക്കാം. വസന്തദേവതയായ എവോസ്തർ ദേവിയുടെ നാമത്തിൽനിന്നാണ് ഉയിർപ്പു തിരുനാളിന് ഇംഗ്ലീഷിൽ ഈസ്റ്റർ എന്ന പേരുായത്. ഈസ്റ്റർ, ക്രിസ്മസ് ദിവസങ്ങളിൽ പ്രഭാതഭക്ഷണത്തിന് വെള്ളയപ്പവും ഇറച്ചിക്കറിയുമാണ് ഭക്ഷണം. ഈസ്റ്റർ ദിവസം രാവിലെ പുഴുങ്ങിയ കോഴിമുട്ട കൊടുക്കുന്ന പതിവു്. മുട്ട ജീവന്റെ പ്രതീകമാണ്. പാശ്ചാത്യമാതൃക യിലുള്ള 'ഈസ്റ്റർ എഗ്ഗ്' (Easter egg) സങ്കല്പമാകാം ഇതിന്റെ പ്രേരകഘടകം.

ഉയിർപ്പുദിവസം ദേവാലയത്തിന്റെ മുൻഭാഗത്ത് സൗകര്യപ്രദമായ സ്ഥലത്ത് കബറിടം ക്രമീകരിക്കുന്നു. കല്ലറ പിളർന്ന് ഉത്ഥാനം ചെയ്ത യേശുവിനെ ഓർമ്മിപ്പിക്കുംവിധം രാത്രി മൂന്നുമണിക്കുള്ള വി. കുർബ്ബാനയ്ക്ക് മുമ്പായി ഉയിർപ്പിന്റെ ദൃശ്യങ്ങൾ പല ദേവാലയങ്ങളിലും

ചിത്രീകരിക്കും. വിശുദ്ധരായ സ്ത്രീകൾ കർത്താവിന്റെ കബറിടം വെളുപ്പാൻകാലത്ത് സന്ദർശിക്കാൻ പോയ സംഭവത്തെ അനുസ്മരിച്ചുകൊ് സീറോമലബാർ സഭയിൽ ഈസ്റ്റർ ഞായറാഴ്ചയിലെ രാത്രികർമ്മങ്ങളുടെ സമയത്ത് മെഴുകുതിരി കത്തിച്ചു പിടിച്ചുകൊ് പള്ളിയ്ക്കു ചുറ്റും പ്രദക്ഷിണം നടത്തുന്നു. കത്തിച്ച തിരികൾ പുതിയ ജീവിതത്തെ സൂചിപ്പിക്കുന്നവയാണ്. ദൈവപുത്രന്റെ വരവിനുവേയുള്ള ജനലക്ഷങ്ങളുടെ കാത്തിരിപ്പിനെയും ഈ പ്രദക്ഷിണം അനുസ്മരിപ്പിക്കുന്നു.

ലത്തീൻസഭയിൽ ഉയിർപ്പുതിരുനാളിന് ദീപാർച്ചനയും ജ്ഞാനസ്നാനതിരുകർമ്മവും നടത്തുന്നു. അന്ന് പുതിയ തീയും പെസഹാതിരിയും ആശീർവദിക്കുന്നു. പെസഹാതിരി ഉത്ഥിതനായ യേശുവിനെയാണ് സൂചിപ്പിക്കുന്നത്. ദുഃഖശനിയാഴ്ച രാത്രികുർബ്ബാന (Vigil Mass; 11.30 ന്)യിൽ നടത്തുന്ന ഒരു ചടങ്ങാണ് 'പെസഹാതിരി വെഞ്ചരിപ്പ്'. പള്ളിയിലെ എല്ലാ വിളക്കുകളും കെടുത്തിയശേഷം പള്ളിയുടെ മുൻവശത്ത് ഏതെങ്കിലും ഒരുഭാഗത്ത് തീ ഉ ാക്കുന്നു. ഇതിനെ 'പുത്തൻ തീ' എന്നു വിളിച്ചുപോരുന്നു. പുരോഹിതൻ ഈ തീ ആശീർവദിക്കും. അനന്തരം ശുശ്രൂഷകരിൽ ഒരാൾ പുരോഹിതന്റെ മുമ്പിൽ പെസഹാതിരി കൊുവരുന്നു. അതിൽ കുറിക്കുന്ന കുരിശടയാളത്തിലുള്ള അഞ്ച് മുറിവുകൾ ക്രൂശിതന്റെ അഞ്ച് മുറിവുകളെ സൂചിപ്പിക്കുന്നു.

പുരോഹിതൻ പുത്തൻതീയിൽനിന്ന് പെസഹാതിരി കത്തിക്കും. അതിനുശേഷം ദേവാലയ കവാടത്തിലേയ്ക്ക് ഇത് വഹിച്ചുകൊുള്ള പ്രദക്ഷിണം നടത്തുന്നു. തുടർന്ന് ദേവാലയത്തിന്റെ നടുവിൽ എത്തുമ്പോൾ ജനങ്ങൾ തങ്ങളുടെ കയ്യിലിരിക്കുന്ന ചെറിയ മെഴുകുതിരികൾ പെസഹാതിരിയിൽനിന്ന് കത്തിക്കുന്നു. ബലിപീഠത്തിൽ പ്രവേശിക്കുമ്പോൾ അവിടെയുള്ള തിരികളെല്ലാം കത്തിക്കും. തുടർന്ന് ശുശ്രൂഷി പെസഹാതിരി ബലിപീഠത്തിൽ സജ്ജീകരിച്ചിരിക്കുന്ന തിരിക്കാലിൽ ഉറപ്പിച്ചു വയ്ക്കുന്നു. അനന്തരം 50 ദിവസത്തയ്ക്ക് പെസഹാ തിരി അൾത്താരയിൽ വയ്ക്കും.

പെന്തക്കുസ്താ തിരുനാളിനുശേഷം (പരിശുദ്ധാത്മാവിന്റെ Holy Spirit ആഗമനം) പെസഹാതിരി മാമ്മോദീസാ തൊട്ടിയുടെ അടുത്തുവയ്ക്കുന്നു. ആ തിരിയിൽനിന്നാണ് മാമ്മോദീസായുടെ അവസരത്തിൽ പുരോഹിതൻ കൊടുക്കുന്ന മാമ്മോദീസായ്ക്കുള്ള തിരി തലതൊട്ടപ്പൻ കത്തിച്ചെടുക്കുന്നത്.

മലങ്കരക്രമത്തിൽ ഉയിർപ്പുതിരുനാൾ ദിവസം കാർമ്മികൻ കബർ തുറന്ന് കുരിശ് എടുത്ത് വെടിപ്പാക്കി ചുവന്ന ഊറാല ധരിപ്പിക്കുകയും മൂന്നു കവരങ്ങളും മറയത്തക്കരീതിയിൽ ചുവന്ന ശോശപ്പ ഇടുകയും ചെയ്യും. കുരിശ് പടിയിൽവച്ച് ഇരുവശങ്ങളിലും മെഴുകുതിരികൾ കത്തിച്ചുവയ്ക്കുന്നു. രഹസ്യശുശ്രൂഷ തീരാറാകുമ്പോൾ തിരികളെല്ലാം കത്തിച്ചതിനുശേഷം കാർമ്മികൻ കുരിശ് എടുത്ത് ചുവട് മുഖത്തോട് അടുപ്പിച്ചുവച്ച് മദ്ബഹായുടെ വാതിൽ തെക്കോട്ടു മാറി പടിഞ്ഞാറോട്ട് തിരിഞ്ഞുനില്ക്കുന്നു. അതിനുശേഷം മറ വലിച്ചുനീക്കി യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്ന് ഉച്ചത്തിൽ പ്രസ്താവന നടത്തുകയും ജനം പ്രതിവചിക്കുകയും ചെയ്യുമ്പോൾ എല്ലാ മണികളും അടിക്കുന്നു. കുരിശ് പീഠത്തിൽ സ്ഥാപിച്ചതിനുശേഷം പ്രദക്ഷിണം നടത്തുന്നു. ഈ സമയത്ത് എല്ലാവരും തിരികത്തിച്ച് പിടിക്കും.

സമാധാനത്തിന്റെ ദൂത് ലോകമെങ്ങും പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യമായിട്ടാണ് പള്ളിക്കു ചുറ്റും പ്രദക്ഷിണം നടത്തുന്നത്. ക്രിസ്മസ്, ഉയിർപ്പുഞായർ തുടങ്ങിയ ദിവസങ്ങൾ വീടുകൾ വളരെ ഉല്ലാസപ്രദമാണ്. കെട്ടിച്ചയച്ച പെൺമക്കളുടെ ആദ്യത്തെ ക്രിസ്മസും ഈസ്റ്ററും പെൺകുട്ടിയുടെ വീട്ടിലാണ് ആഘോഷിക്കുന്നത്. ഈ തിരുനാളിന്റെ തലേദിവസം തന്നെ മരുമകനോടൊപ്പം വീട്ടിൽ എത്താറു്. ഈ ദിവസങ്ങളിൽ കരിമരുന്ന് കലാപ്രകടനം (പ്രത്യേകമായി പൂവ്, ചകം, കമ്പിത്തിരി, പടക്കം എന്നിവ) നടത്തുന്നു. ക്രിസ്മസ്രാത്രി മുഴുവൻ ആഘോഷത്തിന്റെ രാത്രിയാണ്. ഉറക്കമിളച്ചിരുന്ന് ആ ദിവസം ആനന്ദമാക്കി തീർക്കാൻ പ്രായഭേദമെന്യേ എല്ലാവരും ശ്രദ്ധിക്കുന്നു.

**വലിയ നോമ്പ് കർമ്മങ്ങൾ**

കഴിഞ്ഞ കാലത്തേയ്ക്ക് തിരിഞ്ഞുനോക്കി തെറ്റുകുറ്റങ്ങൾ ഏറ്റു പറഞ്ഞ് ഉപവാസം, ദാനധർമ്മം, പ്രാർത്ഥന എന്നിവവഴി പരിഹാരം ചെയ്ത് മാനസാന്തര പ്പെടുവാൻ നോമ്പുകാലം അവസരമൊരുക്കുന്നു.

### 8.2.5 വിഭൂതിതിരുനാൾ

വിഭൂതി എന്ന വാക്കിന്റെ അർത്ഥം 'ചാരം' എന്നാണ്. കുരുത്തോല കത്തിച്ചുാക്കുന്ന ചാരത്തെ ധൂപം, പനിനീർ എന്നിവ ഉപയോഗിച്ച് വെഞ്ചരിച്ചതിനുശേഷം നോമ്പ് തുടങ്ങുന്നതിന്റെ ബാഹ്യചിഹ്നമായി പുരോഹിതൻ എല്ലാവരുടെയും നെറ്റിയിൽ കുരിശ് വരയ്ക്കുന്നു. ഓശാന ഞായറാഴ്ച നൽകുന്ന കുരുത്തോല കത്തിച്ചാണ് കുരിശ് വരയ്ക്കുന്നതിനുള്ള ഭസ്മം ഉാക്കുന്നത്. ഭസ്മം ധൂപിക്കുകയും അതിൽ പനിനീർ തളിക്കുകയും ചെയ്യുന്നു. യോനായുടെ പ്രസംഗഫലമായി തിന്മയിലേയ്ക്ക് ചാഞ്ഞിരുന്ന നിനവേ നിവാസികൾ മാനസാന്തരത്തിന്റെ പ്രതീകമായി അനുതപിച്ച് ചാക്കുടുത്ത് ചാരം പൂശി ഉപവാസം അനുഷ്ഠിച്ചതിനെ ഈ കർമ്മം സൂചിപ്പിക്കുന്നു. വളർത്തുമൃഗങ്ങൾ, വീടുകൾ, കാർഷികവിളകൾ ആദിയായവയിലെല്ലാം ഭസ്മം ഉപയോഗിച്ച് കുരിശുവരയ്ക്കുന്ന രീതി ഇന്നു കുവരുന്നു.

ആദ്യകാലങ്ങളിൽ സീറോമലബാർ, ലത്തീൻസഭകളിൽ നോമ്പ് തുടങ്ങുന്നതിന്റെ മൂന്നാം ദിവസമായിരുന്നു വിഭൂതി ആചരിച്ചിരുന്നത്. ഇപ്പോഴും ലത്തീൻസഭയിൽ ഈ രീതിതന്നെ പിന്തുടരുന്നു. ഞായറാഴ്ചകളെ ഒഴിവാക്കി എണ്ണുകയാണെങ്കിൽ വിഭൂതിബുധൻ മുതൽ ഈസ്റ്റർ വരെ 40 ദിവസമാണുള്ളത്. യേശു 40 ദിവസം ഉപവാസം അനുഷ്ഠിച്ചതിന്റെ ഓർമ്മയ്ക്കായാണ് ലത്തീൻസഭ വിഭൂതി ആചരിക്കുന്നത്. നാല്പതാമത്തെ എന്നർത്ഥമുള്ള 'ക്വാഡ്രാ ജേസിമാ' എന്ന പദമാണ് ലത്തീനിൽ നോമ്പിനു കൊടു ത്തിട്ടുള്ളത്. സീറോ മലബാർ ക്രമത്തിൽ വിഭൂതി ആചരിക്കുന്നത് നോമ്പ് തുടങ്ങുന്ന ദിവസം തന്നെയാണ്. മലങ്കരസഭയിൽ വിഭൂതിതിരുനാൾ ആചരിക്കുന്നില്ല. നോമ്പ് തുടങ്ങുന്നതിന്റെ സൂചനയായി അനുതാപശുശ്രൂഷ നടത്തുന്നു്.

### 8.2.6 നാൽപതാം വെള്ളിയാഴ്ച

മലങ്കരക്രമത്തിൽ നാല്പതാം വെള്ളി പ്രാധാന്യമുള്ള ദിവസമാണ്. നമസ്കാരവും കുർബാനയും പെരുന്നാൾ മുറയനുസരിച്ച് നടത്തുന്നു. അനന്തരം പാച്ചോർ നേർച്ചയായി കൊടുക്കുന്നു. പല കത്തോലിക്കാ ദേവാലയങ്ങളിലും അന്നേദിവസം ആഘോഷമായ കുരിശിന്റെ വഴിയും മലകയറ്റവും നടത്തുന്ന പതിവു്.

യേശുക്രിസ്തു തന്റെ പരസ്യവേലയ്ക്കു മുൻപ് നാല്പതു ദിവസം ഉപവാസ മനുഷ്ഠിച്ചതിന്റെ ചുവടുപിടിച്ചാണ് ക്രൈസ്തവർ 50 നോമ്പ് ആചരിക്കുന്നത്. അനുതാപ ശുശ്രൂഷയ്ക്ക് പ്രാമുഖ്യം നല്കുന്ന ചാരം പൂശൽ, നോമ്പ് നോൽക്കൽ, ഉപവാസമനുഷ്ഠിക്കൽ, കുരിശിന്റെ വഴി, പ്രത്യേക പ്രാർത്ഥനകൾ തുടങ്ങിയ പല ചടങ്ങുകളും ഈ കാലഘട്ടത്തിൽ മധ്യകേരള ക്രൈസ്തവർ അനുവർത്തിച്ചുവരുന്നു.

**വിശുദ്ധവാരാചാരങ്ങൾ**

ഓശാന ഞായറാഴ്ച മുതൽ ഉയിർപ്പുഞായർ വരെയുള്ള ദിവസങ്ങളാണ് വിശുദ്ധവാരം എന്ന സംജ്ഞകൊ് അർത്ഥമാക്കുന്നത്.

**8.2.7 ഓശാന ഞായർ**

'ഓശാന' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ഞങ്ങളെ രക്ഷിക്കണമെ' എന്നാണ്. ഓശാനഗീതം പാടുക എന്നാൽ സ്തുതിഗീതം പാടുക എന്നാണർത്ഥം. നോമ്പുകാലത്തിലെ അവസാനവാരം വലിയ ആഴ്ച എന്നറിയപ്പെടുന്നു. ഓശാന ഘോഷത്തോടെ ആണ് വലിയ ആഴ്ച ആരംഭിക്കുന്നത്. യേശുവിന്റെ മഹത്വപൂർണ്ണമായ ജറുസലെം പട്ടണപ്രവേശമാണ് ഓശാനദിവസം കൊാടുന്നത്. രാജാക്കന്മാരുടെ രാജാവായ യേശു കഴുതപ്പുറത്ത് വിജയശ്രീ ലാളിതനായി ആനീതനായതിന്റെ ഓർമ്മ ഓശാന ഞായറിൽ ആഘോഷിക്കുന്നു. ഒലിവിലകൾ കൈകളിലേന്തി തങ്ങളുടെ വസ്ത്രങ്ങൾ നിലത്തുവിരിച്ച് ജനങ്ങൾ യേശുവിനെ എതിരേറ്റതിന്റെ ഓർമ്മയ്ക്കായി വെഞ്ചരിച്ച കുരുത്തോലകൾ കൈകളിലേന്തി പ്രദക്ഷിണം നടത്തിയാണ് ഇന്ന് ഓശാനഞായർ ആചരിച്ചുവരുന്നത്.

മലങ്കര സഭയിൽ ഓശാനപ്പെരുന്നാളിൽ വാഴ്ത്തുവാനുള്ള കുരുത്തോലകളുമായി പ്രദക്ഷിണം നടത്തുന്നു. ഇതിനിടയിൽ പൂക്കളും ഇലകളും വഴിയിൽ വാരിവിതറുന്നു്. പൂക്കളും ഇലകളും വിശ്വാസികൾ ആണ് കൊുവരുന്നത്. വിതറുവാനുള്ള പുഷ്പങ്ങളുടെ കൂടെ കുരുത്തോലയും അരിഞ്ഞിടും. പുഷ്പം വിതറുന്നതിന് പരിശീലിപ്പിച്ചിട്ടുള്ള കുട്ടികൾ പ്രദക്ഷിണസമയത്തും ഏവൻ ഗേലിയോൻ (വി. ബൈബിൾ) വായിക്കുന്ന അവസരത്തിലും ഓശാനസ്തുതി പറയുന്ന സമയത്തും അവ വിതറുന്നു. കുരുത്തോല പ്രദക്ഷിണത്തിനുശേഷം അവ വാഴ്ത്തുന്നതിന് ഓലകൾ മേശമേൽ വയ്ക്കുകയും അതിനുശേഷം പുരോഹിതൻ തിരികെ നൽകുകയും ചെയ്യുന്നു.

കത്തോലിക്കർ ഓല കയ്യിൽ പിടിച്ചുകൊാണ് അന്ന് കുർബാനയിൽ പങ്കു കൊള്ളുന്നത്. ഓശാന പ്രദക്ഷിണത്തിനുള്ള കുരിശ് കുരുത്തോലകൊ് ഉാക്കിയതാണ്. വാഴ്ത്തിയ കുരുത്തോല ആദരവോടെ സൂക്ഷിക്കുകയും ചെയ്യുന്നു. കാർഷികവിളകൾക്കു കേട് സംഭവിക്കുമ്പോൾ കുരുത്തോല കത്തിച്ച ചാരം കൃഷിയുടെ അനുഗ്രഹത്തിനായി ഇടുന്ന പതിവു്. കുരുത്തോല വാഴ്ത്തുമ്പോൾ മനുഷ്യജീവിതത്തിന്റെ നിലനില്പിനായും ഫലമൂലാദികൾ പ്രദാനം ചെയ്യുന്ന സസ്യങ്ങളുടെമേൽ ദൈവകൃപ ലഭിക്കുന്നതിനായും പ്രാർത്ഥിക്കുന്നു.

**8.2.8 പെസഹാവ്യാഴം**

പെസഹാ എന്ന വാക്കിന്റെ അർത്ഥം 'കടന്നുപോകൽ' എന്നാണ്. ഇസ്രായേൽജനം ഈജിപ്തിൽവച്ച് ആഘോഷിച്ച ആദ്യത്തെ പെസഹായുടെ അനുസ്മരണമാണ് യഹൂദരുടെ

പെസഹാത്തിരുനാൾ. കാലാന്തരത്തിൽ അവർ പെസഹാതിരുനാൾ ജറുസലെം ദേവാലയ അങ്കണത്തിൽവച്ച് നടത്തിപ്പോന്നു. ദേവാലയാങ്കണത്തിൽവെച്ച് കുഞ്ഞാടിനെ കൊന്ന് രക്തം ബലിപീഠത്തിൽ തളിക്കുകയും മാംസം തീയിൽ ചുട്ട് ഭക്ഷിക്കുകയും ചെയ്തിരുന്നു. ക്രിസ്തു എല്ലാ വർഷവും യഹൂദപാരമ്പര്യമനുസരിച്ച് പെസഹാ ആചരിച്ചുപോന്നു. പുതിയ പെസഹാ ചരണമാണ് ക്രൈസ്തവർക്ക് വി. കുർബ്ബാന എന്ന അനുഷ്ഠാനം.

അന്ത്യഅത്താഴവേളയിൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകി ചുംബിച്ച് ശുശ്രൂഷയുടെ മാതൃക നല്കിയതിനെ അനുസരിച്ചുകൊ് (യോഹന്നാൻ 13:6) പെസഹാ വ്യാഴാഴ്ച ക്രൈസ്തവ ദേവാലയങ്ങളിൽ പുരോഹിതൻ പന്ത്ര് വ്യക്തികളുടെ കാൽ കഴുകി ചുംബിക്കും. വത്തിക്കാനിൽ കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ, രൂപതാകേന്ദ്രങ്ങളിൽ മെതാന്മാർ, സാധാരണ ദേവാലയങ്ങളിൽ വൈദികർ എന്നിവരാണ് കാൽകഴുകൽ ശുശൂഷയ്ക്ക് നേതൃത്വം നൽകുന്നത്. ആൺകുട്ടികളെയോ മുതിർന്ന പുരുഷന്മാരെയോ ആണ് കാലുകഴുകാനായി തെരഞ്ഞെടുക്കുന്നത്. പെസഹാദിനത്തിലെ പാദം കഴുകൽ ശുശ്രൂഷയ്ക്ക് പന്ത്രുപേർക്കും ദേവാലയത്തിൽനിന്ന് പെസഹാപ്പം കൊടുത്തുവിടുന്നു. ദേവാലയങ്ങളിൽ നടക്കുന്ന ഇത്തരം ചടങ്ങുകൾക്ക് പൊതുവായ ഘടനയും പൊരുളുമാണുള്ളത്. എന്നാൽ കേരളത്തിലെ പരമ്പരാഗത ക്രൈസ്തവർക്ക് കുടുംബകേന്ദ്രിതമായ സവിശേഷ പെസഹാചാരണമു്. അത് സജീവമായ നാട്ടാചാരമാണ്. (ഈ അദ്ധ്യായത്തിൽതന്നെ വിവരണം ു്).

#### 8.2.9 ദുഃഖവെള്ളി

ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും സംസ്കാരവും അനുസ്മരിക്കുന്ന ദിവസമാണ് ദുഃഖവെള്ളി. മനുഷ്യകുലത്തിന് രക്ഷ കൈവന്ന ഈ നല്ല വെള്ളി (Good Friday) ദിവസം ക്രിസ്ത്യാനികൾക്ക് ഉപവാസദിവസമാണ്. പെസഹാ ഭക്ഷണാനന്തരം മുതൽ ഉയിർപ്പു തിരുനാൾ കർമ്മങ്ങൾവരെ പുരാതന കാലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾ യാതൊന്നും ഭക്ഷിച്ചിരുന്നില്ല.

പ്രധാന ബലിപീഠത്തിനു മുമ്പിൽ ഗാഗുൽത്താ സംവിധാനം ചെയ്ത് തിരശ്ശീലകൊു മറച്ചിരിക്കും. പള്ളിയുടെ നടുവിൽ വിരിയുള്ള മേശയിൽ ക്രൂശിതരൂപം വയ്ക്കുന്നു. അന്ന് ദേവാലയത്തിൽ കുരിശിന്റെ വഴി നടത്തും. ഈയടുത്ത കാലംവരെ 50 നോമ്പ് കാലത്ത് പള്ളിയിലെ എല്ലാ രൂപങ്ങളും തുണികൊ് മറയ്ക്കുമായിരുന്നു. ഇപ്പോൾ ഈ രീതിക്ക് മാറ്റം വന്നു. ക്രൂശിതരൂപം മാത്രം ദുഃഖവെള്ളിയാഴ്ച മറയ്ക്കുന്നു്. മരണസമയത്ത് യേശുവിന് കുടിക്കാൻ നല്കിയ കയ്പ്പുനീരിനെ അനുസ്മരിച്ചുകൊ് ദുഃഖവെള്ളിയാഴ്ച കയ്പുനീർ രുചിക്കുന്ന പതിവ് ഇന്നും നിലനില്ക്കുന്നു. അന്ന് കുരിശുരൂപം വഹിച്ചുകൊ് ദേവാലയ ത്തിൽനിന്നും വിലാപയാത്രയായി വിവിധ സ്ഥലങ്ങ ളിലേയ്ക്ക് കുരിശിന്റെ വഴി നടത്താറു്.

മലങ്കര സഭയിൽ മൃതദേഹം കുരിശിൽ നിന്നിറക്കി കബറിലേയ്ക്ക് കൊുപോയതിനെ അനുസ്മരിച്ചുകൊ് പ്രദക്ഷിണം നടത്തും. പ്രദക്ഷിണത്തിന് കുട, കൊടി മുതലായവ ഉപയോഗിക്കുന്നില്ലെങ്കിലും മെഴുകുതിരികൾ, മർബഹാസകൾ, ധൂപകലശം എന്നിവ ഉപയോഗിക്കുന്നു്. സ്ലീബായുടെ കബറടക്ക ശുശ്രൂഷയും നടത്തുന്നു. മദ്ബഹാ തിരശ്ശീലയിട്ടു മറച്ചശേഷം കുരിശിന്റെ കുറുകെയുള്ള കവരങ്ങൾ ചൊറുക്കായിൽ മുക്കുകയും തുടർന്ന് കുരിശിൻമേൽ പനിനീർ ഒഴിച്ച് കഴുകി തുടയ്ക്കുകയും ചെയ്യുന്നു. കെത്താനമേൽ (സമചതുരാകൃതിയിൽ നിർമ്മിച്ചിരിക്കുന്ന പ്രത്യേക തിരുവസ്ത്രം) പഞ്ഞി, കുന്തുരുക്കം,

സാമ്പ്രാണി മുതലായ സുഗന്ധദ്രവ്യങ്ങൾ നിരത്തി കുരിശ് അതിനു മേൽ വച്ച് പൊതിയുകയും ഓശാനയ്ക്കുപയാഗിച്ച കുരുത്തോലകൊ് കെട്ടുകയും ചെയ്യാറു്. അനന്തരം തല തെക്കായി കുരിശ് കിഴക്കോട്ട് ചരിച്ചുവച്ച് കബറിങ്കൽ വയ്ക്കും. കബർ അടച്ച് പൂട്ടിയതിനു ശേഷം വാതിലിനു പുറത്ത് കെടാവിളക്ക് കത്തിച്ചുവയ്ക്കുന്നു. അതിനുശേഷം പകൽ മുഴുവൻ ആരാധന യാണ്. ആരാധന കഴിയുമ്പോൾ എല്ലാവർക്കും 'കഞ്ഞി' കൊടുക്കുന്നു.

ഇന്നും ക്രിസ്ത്യാനികൾ ദുഃഖവെള്ളിയാഴ്ച ദിവസം ഉച്ചത്തിൽ സംസാരിക്കുകയോ ജോലികൾ ചെയ്യുകയോ ചെയ്യുന്നില്ല. ആ ദിവസം മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിക്കുകയും 'വ്യാകുലപ്പാന' വായിക്കുവാൻ സമയം കത്തെുകയും ചെയ്യുന്നു. ദുഃഖവെള്ളി, അമ്പതുനോമ്പിലെ വെള്ളിയാഴ്ചകൾ, 40-ാം വെള്ളിയാഴ്ച തുടങ്ങിയ ദിവസങ്ങളിലെല്ലാം പല ദേവാലയത്തിലും പ്രത്യേക സ്ഥലത്തേയ്ക്ക് (വാഗമൺ, മലയാറ്റൂർ, അരുവിത്തുറ, പാമ്പൂരാംപാറ) കുരിശിന്റെ വഴി നടത്താറു്.

#### 8.2.10 ദുഃഖശനി

ക്രിസ്തുവിന്റെ വിയോഗത്തെ അനുസ്മരിക്കുകയും ഉയിർപ്പിനെപ്പറ്റിയുള്ള ധ്യാനത്തിൽ മുഴുകുകയും ചെയ്യുന്ന ദിവസമാണ് ദുഃഖശനി. സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ദുഃഖശനിയാഴ്ചത്തെ കർമ്മങ്ങൾ മാമ്മോദീസായ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. അന്ന് കാർമ്മികൻ പ്രത്യേകം തയ്യാറാക്കി വച്ചിരിക്കുന്ന വലിയ തിരി കത്തിക്കുകയും അനന്തരം ശുശ്രൂഷകർ അതിൽനിന്നും മദ്ബഹായിലുള്ള ചെറിയ തിരികൾ കത്തിക്കുകയും ചെയ്യുന്നു. അതിനുശേഷം പ്രദക്ഷിണമായി മാമ്മോദീസാതൊട്ടിയുടെ അടുക്കലേയ്ക്ക് ചെന്ന് അവിടെ വച്ചിരിക്കുന്ന വെള്ളം വെഞ്ചരിക്കും. ഈ തീയും വെള്ളവും 'പുത്തൻ തീ, പുത്തൻവെള്ളം' എന്ന പേരിൽ അറിയപ്പെടുന്നു. യേശു ലോകത്തിന്റെ പ്രകാശമാകുന്നു എന്ന് അറിയിക്കുവാനും, ഉയിർപ്പ് ഞായറോടെ എല്ലാം പുതുതായി തുടങ്ങുന്നുവെന്ന് ഉദ്ഘോഷിക്കുവാനും വേിയാണ് പുത്തൻവെള്ളവും തീയും വെഞ്ചരിക്കുന്നത്. യേശു മരിച്ചതോടെ പഴയതെല്ലാം അവസാനിച്ചെന്നും ഉത്ഥിതനെ സ്വീകരിക്കാൻ എല്ലാം പുതുതായി തുടങ്ങുന്നുവെന്നും സൂചിപ്പിക്കുന്നതാണ് ഈ ചടങ്ങ്. പുത്തൻ വെള്ളം വിശ്വാസികൾ വീട്ടിൽ കൊുപോയി ഒരു വർഷത്തേക്ക് സൂക്ഷിക്കുകയും ചെയ്യുന്നു.

### 8.3 മധ്യകേരള ക്രൈസ്തവസഭയിലെ വ്യത്യസ്ത നാട്ടാചാരങ്ങൾ

കൈമാറ്റം ചെയ്തുപോരുന്നവയാണ് ആചാരങ്ങൾ. അവ മാറ്റത്തിനു വിധേയമാകുന്നതാണ്. അനുഷ്ഠാനത്തിന്റെ പിൻപിൽ വിശ്വാസത്തിന്റെ ബലമു്. അവയെ മാറ്റാൻ സാധിക്കുന്നില്ല. സഭാനേതൃത്വത്തിനോ (ഭരണ സംവിധാനം) ഇവ പിന്തുടരുന്ന വിശ്വാസിസമൂഹത്തിനോ വ്യക്തമായ നിഗമനങ്ങൾക്കൊടുവിൽ അവയെ നവീകരിക്കാൻ സാധിക്കും. അനുഷ്ഠാനങ്ങൾക്ക് സുസംഘടിതമായ ഒരു ചട്ടക്കൂടു്. ക്രൈസ്തവ വിശ്വാസാചാരങ്ങളിൽ അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ ഘടകങ്ങൾ ഉൾപ്പെടുന്നു്. നാട്ടാചാരങ്ങളിൽ പ്രകടമാകുന്ന ഇത്തരം ഘടകങ്ങളിൽ ചിലത് വിവരിക്കുന്നു.

#### 8.3.1 പെരുന്നാളുകൾ

പെരുന്നാൾ എന്ന പദത്തിന് വിശുദ്ധദിനം, ഒരു വിശേഷദിവസം എന്നിങ്ങനെ യുള്ള അർത്ഥങ്ങളാണുള്ളത്. കേരളത്തിലെ ദേവാലയങ്ങളിലെ പെരുന്നാളുകൾ, ആഘോഷങ്ങൾ

എന്നിവയ്ക്ക് ഹൈന്ദവാരാധനകളുമായി ബന്ധമുണ്ട്. പെരുന്നാൾ ചടങ്ങുകൾ - കൊട്ടും പാട്ടും അലങ്കാരങ്ങളും എഴുന്നെള്ളിപ്പുകളും ക്ഷേത്രോത്സവത്തിന്റെ ബാഹ്യാചാരങ്ങളോടു സാദൃശ്യം വഹിക്കുന്നു. ദേവചൈതന്യം വഹിച്ച് നിലനില്ക്കുന്ന ക്ഷേത്രത്തിൽ, പാകപ്പിഴകൾമൂലം ഉാകുന്ന ചൈതന്യലോപത്തെ പരിഹരിക്കാനാണ് ഉത്സവങ്ങൾ നടത്തുന്നത്. നിത്യപൂജാ സംവിധാനം വിസ്തരിച്ചുനടത്തുകയാണ് ഉത്സവകാലത്തു ചെയ്യുന്നത്. ഇതിനോടു ബാഹ്യമായെങ്കിലും സാമ്യമുണ്ട് പള്ളികളിലെ പെരുന്നാളുകൾക്കും പൂജകൾക്കും. വി. കുർബ്ബാന ആഘോഷപൂർവ്വമായ കുർബ്ബാനയായി മാറുന്നു. സാധാരണയില്ലാത്ത ലദീഞ്ഞ്, വേസ്പര പോലുള്ള ആരാധനകൾ ഈ അവസരങ്ങളിൽ നടത്തുന്നു. തിരുസ്വരൂപങ്ങളും തിരുശേഷിപ്പുകളും എഴുന്നള്ളിച്ച് അന്തരീക്ഷമാകെ പരിശുദ്ധമാക്കുന്നു.

പള്ളികളിലും ക്ഷേത്രങ്ങളിലും കൊടിയേറ്റം നിർബന്ധമാണ്. ദേവചൈതന്യത്തെ ക്ഷേത്രമതിൽക്കെട്ടിൽനിന്നും പുറത്തേയ്ക്കു പ്രവഹിപ്പിക്കുന്ന പള്ളിവേട്ടയും ആറാട്ടുംപോലെ ഈശ്വരചൈതന്യത്തെ നാട്ടിൽ പ്രസരിപ്പിക്കുക എന്ന ഉദ്ദേശ്യം പള്ളികളിലെ പ്രദക്ഷിണങ്ങൾക്കുമുണ്ട്. പ്രദക്ഷിണം എന്ന വാക്കും ക്ഷേത്രാചാരങ്ങളോട് ബന്ധപ്പെട്ടതാണ്. ജ്യോതിഷവിധിപ്രകാരമാണ് ക്ഷേത്രോത്സവത്തിന്റെ ദിവസങ്ങൾ നിശ്ചയിക്കുന്നതെങ്കിലും പള്ളിപ്പെരുന്നാളുകൾ മിക്കവാറും പരമ്പരാഗതമായി നിശ്ചയിക്കപ്പെട്ട ക്രിസ്തുവർഷ കലർ പ്രകാരമാണ്. ഉദാഹരണമായി കുറവിലങ്ങാടുപള്ളിയിലെ കല്ലിട്ടതിരുനാൾ (പള്ളി സ്ഥാപനത്തിന് തറക്കല്ലിട്ട ദിവസം) ആഗസ്റ്റ് പതിനഞ്ചിനും മൂന്നുനോമ്പ് തിരുനാൾ വലിയോമ്പിന് 18 ദിവസം മുമ്പ് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലും നടത്തുന്നു.

ചെ, കതിനാവെടി, കൊടിമരം, ദേവാലയങ്ങളിലെ കെടാവിളക്കുകൾ, അവയ്ക്കായി ഭക്തർ കൊടുക്കുന്ന എണ്ണ, പ്രത്യേക ആകൃതിയിലും പ്രകൃതിയിലും ഉള്ള കുടകൾ, മുത്തുക്കുടകൾ, ആലവട്ടം, തീവെട്ടി (പുകാലങ്ങളിൽ രാത്രി പ്രദക്ഷിണത്തിന് വെളിച്ചം നല്കുന്നതിനായി ഉപയോഗിച്ചിരുന്നത്) ഇവ ക്രൈസ്തവരിലും ഹൈന്ദവരിലും ഒരുപോലെതന്നെ. കുറവിലങ്ങാട്, പാലാ കത്തീഡ്രൽ തുടങ്ങിയ പഴയ ദേവാലയങ്ങളിൽ തീവെട്ടികൾ ഇന്നും സൂക്ഷിക്കുന്നു്. തിരുനാൾ ഏറ്റുകഴിക്കുക എന്നത് പുരാതനക്രിസ്തീയ കുടുംബങ്ങളുടെ പരമ്പരാഗത ആചാരമാണ്. ഇതുവഴി സമുഹത്തിൽ തങ്ങൾക്ക് ആനുകൂല്യവും ബഹുമാനവും കിട്ടുമെന്ന് അവർ വിശ്വസിച്ചിരുന്നു. കുരിശും വേദപുസ്തകവുമൊഴിച്ചാൽ ക്ഷേത്രപ്രദക്ഷിണവുമായി യാതൊരു വ്യത്യാസവും അക്കാലത്ത് പള്ളിപ്രദക്ഷിണത്തിനുായിരുന്നില്ല. പള്ളിയുടെ പടിഞ്ഞാറേ അറ്റത്ത് കൊടിമരവും കുരിശും ഉൾപ്പെട്ട കുരിശിൻതൊട്ടിക്ക് കുറച്ചുകൂടി പ്രാധാന്യം ഉായിരുന്നു എന്നുമാത്രം.

വിജയത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകങ്ങളാണ് കൊടികൾ. ഇവ വഹിച്ചുകൊും അവയ്ക്കു മുൻപിൽ ധൂപാർപ്പണം നടത്തിക്കൊും ആഘോഷപൂർവ്വം വിശ്വാസത്തെ ലോകത്തോട് പ്രഖ്യാപിച്ചുകൊുള്ള ഒരു ജൈത്രയാത്രയാണ് പ്രദക്ഷിണം. കുരിശ്, തിരുസ്വരൂപങ്ങൾ ഇവയുടെ അകമ്പടിക്കും ബഹുമാനത്തിനുമായി വർണ്ണപ്പകിട്ടാർന്ന മറ്റ് പള്ളി ഉപകരണങ്ങളും വാദ്യമേളങ്ങളും ഒരുമിച്ച് സമ്മേളിക്കുമ്പോൾ ആഘോഷത്തിന്റെ പകിട്ടേറുന്നു.

### 8.3.1 A പെരുന്നാളിന്റെ ഘടന

പെരുന്നാളിനു മുൻപ് പള്ളിയോഗം കൂടുകയും പള്ളിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള പള്ളിയോഗത്തിൽ വിവിധ കമ്മിറ്റികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. തിരുനാളിന്റെ തീയതി

നിശ്ചയിക്കും. അലങ്കാരം, മൈക്ക്, ഭക്ഷണം, പബ്ലിസിറ്റി ഇവയ്ക്കെല്ലാം പ്രത്യേക കമ്മിറ്റികൾ ഉായിരിക്കും. ഈ കമ്മിറ്റികൾ സ്ഥിരം കമ്മിറ്റിയല്ല. ഓരോ വർഷവും ഇതിലെ അംഗങ്ങൾ മാറുന്നതായിരിക്കും. ഏതൊക്കെ പന്തലിലേയ്ക്ക് പ്രദക്ഷിണം പോകണം എന്നൊക്കെ തീരുമാനിക്കുന്നതും ഇടവക വികാരിയുടെ നേതൃത്വത്തിലുള്ള പള്ളിയോഗമാണ്.

പെരുന്നാൾ ആരംഭിക്കുന്നത് കൊടിയേറ്റോടുകൂടിയാണ്. പതാകയെ വന്ദിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. കൊടി ഇറക്കുന്നത് തിരുനാൾ സമാപിച്ചതിനു ശേഷമാണ്. ആദ്യകാല ങ്ങളിലെ തടികൊുള്ള കൊടിമരത്തിന്റെ സ്ഥാനത്ത് പിന്നീട് വെള്ളി പൂശിയ കൊടിമരം ഉപയോഗിച്ചുതുടങ്ങി. ഇന്ന് സ്വർണ്ണംപൂശിയ (പിച്ചള) കൊടിമരം പോലും ഉപയോഗിച്ചുവരുന്നു. കൊടി ഉയർത്തുന്നത് സാധാരണയായി പള്ളിയിലെ വികാരിയാണ്. ഉന്നതരായ മതാധികാരികൾ സന്നിഹിതരാണെങ്കിൽ അവരിൽ ഏറ്റവും ഉയർന്ന സ്ഥാനമുള്ള വ്യക്തിയാണ് ഈ ചടങ്ങ് നിർവ്വഹിക്കുന്നത്.

തിരുനാളിനോടനുബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ചടങ്ങാണ് പ്രദക്ഷിണം. പ്രദക്ഷിണം പള്ളിയ്ക്കുചുറ്റും നടത്തുന്നതുമു്. പള്ളിയ്ക്കുപുറത്ത് വിവിധ പന്തലുകളി ലേയ്ക്ക് നടത്തുന്നതുമു്. പ്രദക്ഷിണം ഇറങ്ങുന്നത് ലുത്തിനിയാ ചൊല്ലിയാണ്. ഇത് പോർട്ടുഗീസുകാർ നടപ്പിലാക്കിയ ഒരു ആചാരമാണ്. പ്രദക്ഷിണത്തോടനുബന്ധിച്ചുള്ള ചെകൊട്ടും ക്ലാർനറ്റ് കച്ചേരിയുമൊക്കെ നാട്ടിലുള്ള നടപ്പാണ്. പെരുന്നാൾ പ്രധാനമായും മൂന്നു ദിവസമാണുള്ളത്. ആദ്യദിവസം കൊടിയേറ്റും ലദീഞ്ഞും കുർബ്ബാനയുമാണ്. രാമത്തെ ദിവസം വൈകുന്നേരം വേസ്പരയും തുടർന്ന് പ്രദക്ഷിണവും നടത്തുന്നു. മൂന്നാമത്തെ ദിവസമാണ് പ്രധാനമായും തിരുനാൾ നടത്തുന്നത്. ആഘോഷമായ കുർബ്ബാനയും തുടർന്ന് പകൽ പ്രദക്ഷിണവും നടത്തുന്നു.

പെരുന്നാളിനോടനുബന്ധിച്ച് രൂപം എഴുന്നള്ളിച്ചുവയ്ക്കൽ, തിരിച്ചുവയ്ക്കൽ, നേർച്ചപെട്ടി വയ്ക്കൽ എന്നീ കർമ്മങ്ങൾ ു്. രൂപം എഴുന്നള്ളിച്ചുവയ്ക്കുമ്പോഴും തിരിച്ചുവയ്ക്കുമ്പോഴും ആരുടെ നാമത്തിലുള്ള പെരുന്നാളാണോഘോഷിക്കുന്നത് അതിന് അനുസരിച്ചുള്ള പ്രത്യേക പാട്ടുകളുമു്. പ്രദക്ഷിണം ഇറങ്ങുന്നത് വലതുവശത്തുകൂടിയാണ്.

പ്രദക്ഷിണത്തിന് വെള്ളിക്കുരിശുകൾ, മുത്തുക്കുട, കൊടി ഇവയൊക്കെ മുൻപിലാണ് പോകുന്നത്. പ്രധാനപ്പെട്ട രൂപം ഏറ്റവും പിന്നിലായാണ് പോകുന്നത്. പ്രദക്ഷിണത്തിന് തിരുശേഷിപ്പ് (പുണ്യവാന്മാരുടെ ശരീരാവശിഷ്ടം) നിർബന്ധമാണ്. ഏതെങ്കിലും തിരുശേഷിപ്പ് മതിയാകും. ഏതു വിശുദ്ധന്റെ നാമത്തിലുള്ള തിരുനാളാണോ നടത്തുന്നത്, ആ വിശുദ്ധന്റെ തിരുശേഷിപ്പ് ഉങ്കെിൽ അത് എടുക്കും. പുരോഹിതനാണ് തിരുശേഷിപ്പ് വഹിക്കുന്നത്. തിരുശേഷിപ്പിനു മുകളിൽ പാലിയ (നടപന്തൽ) പിടിച്ചിരിക്കും. പ്രദക്ഷിണം കടന്നുപോകുന്ന പ്രധാന വീഥികളൊക്കെ കമനീയമായി അലങ്കരിക്കും. പള്ളിക്ക് പുറത്തേയ്ക്കുള്ള പ്രദക്ഷിണമാണെങ്കിൽ പ്രദക്ഷിണം പള്ളിയിലെത്തുമ്പോൾ പള്ളിക്കു ചുറ്റും പ്രദക്ഷിണം നടത്തിയാണ് പള്ളിയിലേയ്ക്ക് കയറുന്നത്. പള്ളിക്ക് അകത്ത് ഓർഗൻ, തബല, ഗിറ്റാർ തുടങ്ങിയ വാദ്യോപകരണങ്ങൾ വി. കുർബ്ബാനയുടെ അവസരത്തിൽ വായിക്കുന്നത് ക്രൈസ്തവർ തന്നെയാണ്. എന്നാൽ പെരുന്നാൾ ദിവസങ്ങളിൽ പള്ളിമുറ്റത്തുള്ള ചെകൊട്ട്, ക്ലാർനറ്റ് കച്ചേരി തുടങ്ങിയവ നടത്തുവാൻ എത്തുന്നവരിൽ ഹൈന്ദവരും ഉൾപ്പെടുന്നു്.

വലിയ പെരുന്നാൾ, ചെറിയ പെരുന്നാൾ എന്നിങ്ങനെ പെരുന്നാളുകളെ രുവിഭാഗ ങ്ങളിലുൾപ്പെടുത്താം. പള്ളി ആരുടെ നാമത്തിലാണോ സ്ഥാപിതമായിരിക്കുന്നത് ആ വിശുദ്ധന്റെ തിരുനാളാണ് വലിയ പെരുനാളായി സാധാരണയായി ആഘോഷിക്കുന്നത്. ഇങ്ങനെയല്ലാതെയും കുവരുന്നു്.

ദേവാലയത്തിലെ പെരുന്നാൾ അവിടെയുള്ള ജനതയ്ക്ക് സാംസ്കാരികാനുഭവം പ്രദാനം ചെയ്യുന്നു. തിരുനാളുകൾ അവയുടെ ആർഭാടപൂർണ്ണമായ ആഘോഷങ്ങളിലൂടെ ജനങ്ങളുടെ ഭൗതികജീവിതത്തെ സ്വാധീനിക്കുന്നു. ജനങ്ങളുടെ സാമൂഹിക ജീവിതാവശ്യങ്ങൾ നിറവേറ്റുന്ന ആഘോഷപരിപാടികളായി പരിണമിക്കുന്നു. അതോടൊപ്പംതന്നെ ആദ്ധ്യാത്മികമായ ഉണർവും പ്രദാനം ചെയ്യുന്നു. ജാതിമതഭേദങ്ങളില്ലാതെ ആ പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയായി പെരുന്നാൾ മാറുകയും ചെയ്യുന്നു. എല്ലാ പെരുന്നാളുകളിലും ഇത്തരമൊരു കൂട്ടായ്മ ദർശിക്കാൻ സാധിക്കും.

വർഷം മുഴുവൻ നീുനില്ക്കുന്ന അനുഭവമാണ് പെരുന്നാൾ പ്രദാനം ചെയ്യുന്നത്. കുടകൾ, രൂപങ്ങൾ, മെഴുകുതിരിക്കാലുകൾ, വിളക്കുകൾ, പൊൻ വെള്ളികുരിശുകൾ ഇവയൊക്കെ പെരുന്നാളിന് വഹിക്കുന്നത് അഭിമാനസൂചകമാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം അവർക്കിടയിൽ പരസ്പരസ്നേഹവും സഹകരണവും വർദ്ധിപ്പിക്കുന്നു. ഈ ഒരു ഐക്യബോധം പെരുന്നാളുകളുടെ ഏറ്റവും വലിയ സാമൂഹിക പ്രയോജനം കൂടിയാണ്.

തിരുനാൾ ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. തിരുനാൾ ആ ഇടവകയ്ക്കും ഇടവകയ്ക്ക് പുറത്തുള്ളവർക്കും ഒരു ഉത്സവംപോലെയാണ്. നിരവധി സന്ദർശകർ എത്തുന്നു. കെട്ടിച്ചയച്ച പെണ്ണുങ്ങൾ കല്യാണത്തിനുശേഷം സ്വന്തം ഇടവകയിലെ ആദ്യത്തെ പള്ളിപ്പെരുന്നാൾ ദിവസം വീട്ടിൽ എത്താറു്. കെട്ടിച്ചയച്ച എല്ലാ പെൺമക്കളും തന്നെ പെൺകുട്ടിയുടെ ഇടവകയിലെ മിക്ക പള്ളിപ്പെരുന്നാൾ ദിവസങ്ങളിലും കുടുംബസമേതം എത്തുകയും സന്തോഷം പങ്കുവയ്ക്കുകയും ചെയ്യാറു്. പെരുന്നാൾ കൂടുന്നതിനായി അവനവന്റെ സാമ്പത്തികസ്ഥിതിയനുസരിച്ചുള്ള പണം മക്കൾക്കും കൊച്ചുമക്കൾക്കും പിതാവ് കൊടുക്കുന്നു. പുരാതനകാലങ്ങളിൽ വീടുകളിലേക്ക് ആവശ്യമുള്ള ചെമ്പ്, കലം, വാർപ്പ്, തവികൾ, മുറം, കൊട്ട തുടങ്ങിയ വീട്ടുപകരണങ്ങൾ, നടീൽ വിത്തുകൾ, വളർത്തുമൃഗങ്ങൾ തുടങ്ങിയവയെല്ലാം വാങ്ങിയിരുന്നത് പെരുന്നാൾ അവസരങ്ങളിലാണ്. മുൻകാലങ്ങളിൽ പെൺമക്കളെ കെട്ടിച്ചയയ്ക്കുമ്പോൾ ഭർതൃവീട്ടിലേയ്ക്ക് നല്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങിയിരുന്നതും പെരുന്നാൾസ്ഥലത്തുനിന്നായിരുന്നു. പെരുന്നാളിനോടനുബന്ധിച്ചുള്ള കടകളിൽ നിന്നായിരുന്നു കുട്ടികൾ മെയ്ക്കപ്പ് സാധനങ്ങൾ, കളിക്കോപ്പുകൾ, അലങ്കാര വസ്തുക്കൾ മുതലായവയൊക്കെ വാങ്ങിയിരുന്നത്.

പെരുന്നാൾ ദിവസങ്ങളിൽ നേർച്ചപെട്ടി പുറത്തുവയ്ക്കുന്നു. തിരുനാൾ പ്രദക്ഷിണത്തിന് പള്ളികളിലുള്ള രൂപങ്ങൾ എല്ലാം എടുക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് ചില കലാപരിപാടികളും നടത്താറു്. അതിരമ്പുഴ, അരുവിത്തുറ പെരുന്നാളിനോടനുബന്ധിച്ച് രുമൂന്നു കക്ഷികളുടെ വെടിക്കെട്ട് മത്സരം നടത്താറു്. മുൻകാലങ്ങളിൽ പ്രഭാതം വരെ വെടിക്കെട്ടുായിരുന്നു. ചേർപ്പുങ്കൽ പള്ളിയിലും മത്സരിച്ച് വെടിക്കെട്ട് നടത്താറുായിരുന്നു. ആദ്യകാലങ്ങളിൽ ഇടവകപ്പെരുന്നാളിന് ഇടവകയിലെ ആളുകളുടെ നാടകം, കഥാപ്രസംഗം

എന്നിവയാണ് നടത്തിയിരുന്നത്. തൽസ്ഥാനത്ത് ഇന്ന് പ്രൊഫഷണൽ നാടകങ്ങളും, ഗാനമേളകളും, മിമിക്രികളും, കഥാപ്രസംഗങ്ങളും നടത്തിവരുന്നു. പെരുന്നാൾ ദിവസങ്ങളിൽ പള്ളിയും പരിസരവും വൈദ്യുതദീപാലങ്കാരങ്ങളാൽ കമനീയമാക്കുന്ന പതിവു്. പെരുന്നാൾ ദിവസങ്ങളിൽ കള്ളപ്പം, അരി വറുത്തത്, കുരുമുളക്, നെയ്യപ്പം മുതലായവ നേർച്ചയായി നല്കുന്നു. ഇവയുടെ മൂല്യമല്ല, മറിച്ച് ഇത് ഒരു നിവേദ്യം ആയി പരിഗണിക്കുന്നു. അതിന്റെ പ്രതീകാത്മകമായ അർത്ഥമാണ് അത് നിറവേറ്റുന്ന വ്യക്തി കല്പിക്കുന്നത്. കൂടാതെ തിരുനാൾ കുർബ്ബാനകൾ, എഴുന്നള്ളിക്കലുകൾ, അടിമ തുടങ്ങിയ ആത്മീയകർമ്മങ്ങളും നടത്തുന്നു. പിറ്റേവർഷം പെരുന്നാൾ ഏറ്റുനടത്തുന്ന വ്യക്തിയെ വാഴിക്കുന്ന ചടങ്ങുമു്. ഇതിന് 'പ്രസുദേന്തിവാഴ്ച' എന്നു പറയുന്നു. തിരുനാളവസരങ്ങളിൽ ഒന്നാം മണി, രാം മണി, മൂന്നാം മണി ഇവയോടനുബന്ധിച്ച് 'കതിന' (വെടി) പൊട്ടിക്കാറു്.

വിവിധ തരത്തിലുള്ള മാലകൾ തിരുസ്വരൂപങ്ങളെ അണിയിക്കാറു്. അരുവിത്തുറ പള്ളിയിലെ വി. ഗീവർഗീസിന്റെ പെരുന്നാളിന് ഏലയ്ക്കാമാല, ഗ്രാമ്പൂമാല, നോട്ടുമാല എന്നിവ നല്കുന്നവരു്. ചെറുനാരങ്ങാമാല ഇടുന്നത് സാധാരണമാണ്. ഭരണങ്ങാനത്തുള്ള അൽഫോൻസാമ്മയുടെ കബറിടത്തിൽ മുല്ലപ്പൂമാല, പൂമാല എന്നിവ നല്കുന്നവരു്. ചേർപ്പുങ്കൽപള്ളിയിൽ ഉണ്ണിയേശുവിന്റെ തിരുനാളിനോടനുബന്ധിച്ചും അല്ലാതെയും സ്വർണ്ണമാലകൾ ധാരാളമായി ലഭിക്കുന്നു. മാലകൾ കൂടാതെ ധാരാളം സ്വർണ്ണഉരുപ്പടികൾ, (വളകൾ, മോതിരങ്ങൾ) എന്നിവയും അരുവിത്തുറ, ചേർപ്പുങ്കൽ തുടങ്ങിയ ദേവാലയങ്ങളിൽ ലഭിക്കുന്നു. 'തിരുശേഷിപ്പ്' ചുംബിക്കുവാനും, തിരുശേഷിപ്പ്കൊള്ള ആശീർവ്വാദം വാങ്ങുവാനും വിശ്വാസികൾക്ക് അവസരം ലഭിക്കുന്നു.

മിക്ക പള്ളികളിലും പെരുന്നാളിനു മുമ്പായി വാർഷികധ്യാനം നടത്തി ആദ്ധ്യാത്മികമായി ജനങ്ങളെ ഒരുക്കുന്നു. പ്രദക്ഷിണങ്ങൾ എത്തിച്ചേരുന്ന പന്തലുകളിലും ലദീഞ്ഞും വചന പ്രഘോഷണവും നടത്തുന്നു്. ഉയിർപ്പു തിരുനാൾ, പെന്തക്കുസ്താ തിരുനാളുകൾ തുടങ്ങി ഓരോ വർഷവും ദിവസങ്ങൾ മാറിക്കൊിരിക്കുന്ന തിരുനാളുകൾ, ക്രിസ്മസ്, ദുക്റാന തിരുനാൾ തുടങ്ങി മാറ്റമില്ലാത്ത തിരുനാളുകൾ ഓരോ പള്ളിയിലെയും പ്രധാന തിരുനാളുകൾ, ചെറിയ തിരുനാളുകൾ, കല്ലിട്ട തിരുനാൾ, ഞായറാഴ്ച തോറുമുള്ള അനുസ്മരണം എന്നിങ്ങനെ തിരുനാളാഘോഷങ്ങൾ പലവിധമാണ്. വിശുദ്ധരുടെ നാമത്തിലുള്ള പള്ളികളിൽ തിരുനാൾ കൊാടുമ്പോൾ അവരുടെ ജീവിതത്തിൽ നിറഞ്ഞുനില്ക്കുന്ന അടിയുറച്ച മൂല്യങ്ങളെ ജീവിതത്തിൽ സ്വാംശീകരിക്കുന്നതിനെക്കാൾ പൊതുജനം അതൊരു ഉത്സവമായി കൊാടുന്നു. അന്ന് നല്ല ഭക്ഷണം ലഭിക്കുന്നു. ജീവിതത്തെ ഉല്ലസിക്കാനുള്ള അവസരമായി കാണുന്നു.

ഓരോ പെരുന്നാളിനും ഇത്ര എണ്ണം പൊൻവെള്ളിക്കുരിശുകൾ, മുത്തുക്കുട, കൊടി, ചുരുട്ടി ഇവയൊക്കെ ഇറക്കുന്നത് പള്ളിയുടെ പ്രതാപത്തെ ചൂിക്കാണിക്കുന്നവകൂടിയാണ്. ഇവയെല്ലാം മതാനുഷ്ഠാനവുമായും തിരുനാളുമായും ബന്ധപ്പെട്ടു നില്ക്കുന്ന പ്രതീകങ്ങളാണ്. പള്ളിയുടെ അധികാരത്തെ സൂചിപ്പിക്കുന്നവ കൂടിയാണിത്. പെരുന്നാൾദിനം ഒരു വെടിപ്പാക്കലിന്റെ അവസരം കൂടിയാണ്. പള്ളിയും പരിസരവും എല്ലാം വൃത്തിയാക്കുന്നു. സെമിത്തേരിയ്ക്ക് സമീപമുള്ള പ്രദേശങ്ങളും വൃത്തിയാക്കും. കൂടാതെ തങ്ങളുടെ പൂർവ്വികരുടെ കബറിടത്തിനു മുമ്പിൽ വിളക്ക് വയ്ക്കുകയും ചെയ്യുന്നു. ആചാരാനുഷ്ഠാന ങ്ങൾ ഇനിയും മാറ്റത്തിനു വിധേയമാകുന്നവയാണ്. പെരുന്നാൾ പോലെയുള്ള പ്രാചീനമായ

ആചാരാനുഷ്ഠാനങ്ങൾ കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ രൂപഭേദങ്ങളോടെ ഇന്നും നിലനില്ക്കുന്നു എന്നതു ശ്രദ്ധേയമാണ്.

ആചാരങ്ങൾക്ക് നല്കുന്ന അമിതപ്രാധാന്യം മൂലം ദൈവത്തോടുള്ള യഥാർത്ഥ ഭക്തിപ്രകടിപ്പിക്കുവാൻ സാധിക്കുന്നുവോ എന്നതു സംശയമാണ്. ആദ്ധ്യാത്മിക ഉണർവിനോടൊപ്പം സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനത്തിനും സഹകരണത്തിനും പെരുന്നാളുകൾ സഹായകരമാകുന്നു.

**8.3.2 നേർച്ചകൾ**

ദൈവാലയങ്ങളിൽ കാഴ്ചവസ്തുക്കളോടെ സമർപ്പിക്കുന്ന പ്രാർത്ഥനയാണ് നേർച്ചകൾ. പുണ്യവാന്മാരുടെ സ്മരണയിൽ പണമായും വസ്തുക്കളായും ഭക്ഷണപദാർത്ഥങ്ങളായും നേർച്ചകൾ സമർപ്പിക്കാറുണ്ട്. നേർച്ച കഴിക്കുക എന്നതിന് 'വഴിപാട് കൊടുക്കുക', ദൈവാലയത്തിന് നിശ്ചയിച്ചിരിക്കുന്നത് കൊടുക്കുക എന്നാണർത്ഥം. അമാനുഷികശക്തികളെ പുരാതനകാലം മുതലേ മനുഷ്യർ ആരാധിച്ചിരുന്നതും അവരെ പ്രീതിപ്പെടുത്താൻ വേണ്ടി വ്യത്യസ്ത രീതിയിലുള്ള ഉപഹാരസമർപ്പണങ്ങൾ നടത്തിയിരുന്നതും ഇവിടെ ഓർക്കാവുന്നതാണ്. സവിശേഷ കാര്യസാധ്യങ്ങൾക്കായി നേർച്ച നേർന്ന് നിറവേറ്റുന്നതിലും തിരുനാളുകളിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിലും കത്തോലിക്കർ ഏറെ ശ്രദ്ധിക്കുന്നു. എല്ലാറ്റിന്റെയും കടിഞ്ഞൂൽ ഫലങ്ങൾ, നാണ്യവിളകൾ ഇവ നേർച്ചയായി സമർപ്പിക്കുന്നവരുണ്ട്. അവനവന്റെ ഇടവക ദേവാലയത്തിലാണ് ഇവ സമർപ്പിക്കാറുള്ളത്.

കിണർ കുത്തി വെള്ളം കാണുമ്പോൾ പാച്ചോർ നേർച്ച നടത്താറുണ്ട്. പശു പ്രസവിക്കുമ്പോൾ നെയ്യ്, പാൽ മുതലായവയും പള്ളിയിലേക്ക് കൊടുക്കുന്നു. ഉറുമ്പ് മറ്റു ക്ഷുദ്ര പ്രാണികളൊക്കെ പെരുകുമ്പോൾ പള്ളിയിൽ ചിരട്ടക്കരി, ഉറുമ്പപ്പം മുതലായവ കൊടുക്കുന്നു. (അരുവിത്തുറ, രാമപുരം) കുഞ്ഞുങ്ങളുടെ കരപ്പൻ മാറുവാനായി മാവിൽ എണ്ണയൊഴിച്ച് ഒരു പ്രത്യേക പലഹാരമുാക്കി കൊടുത്തിരുന്നു. കള്ളപ്പം, നെയ്യപ്പം, അരി വറുത്തത്, കുരുമുളക് മുതലായവ ഓരോരോ നിയോഗങ്ങൾക്കായി പള്ളിപ്പെരുന്നാളുകളിൽ വിശ്വാസികൾ കൊടുക്കുന്നു. അരിമ്പാറ പോകുന്നതിനായി ഒരു തീപ്പെട്ടി എള്ള്, 101 കരുമുളക് എന്നിവ അരുവിത്തുറ, ചേർപ്പുങ്കൽ തുടങ്ങിയ പള്ളികളിൽ നേർച്ച നല്കുന്ന പാരമ്പര്യമുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ നേർച്ചയായി ലഭിക്കുമ്പോൾ അത് പുരോഹിതൻ ആശീർവദിച്ച് തിരികെ നല്കുന്നു. ദേവാലയത്തിൽ സന്നിഹിതരായിരിക്കുന്ന വിശ്വാസികൾ അത് ഭക്തിപൂർവ്വം ഭക്ഷിക്കുന്നു.

കണ്ണ്, കാല്, കൈ, ചെവി, ആൾരൂപം, തല, നാക്ക് തുടങ്ങി ശരീരത്തിലെ വിവിധ ഭാഗങ്ങളുടെ പ്രതീകങ്ങളും തൊട്ടിൽ, പശു, കിടാവ്, മൃഗങ്ങൾ, താക്കോൽ, തൊട്ടി-കയർ, കുഞ്ഞ്-തൊട്ടിൽ, ഭർത്താവ്-ഭാര്യ, അമ്മ-കുഞ്ഞ്, ബാലൻ-ബാലിക, പുരുഷൻ-സ്ത്രീ, സ്വർണ്ണനൂൽ, വെള്ളിനൂൽ, വാഹനങ്ങൾ, പാമ്പ്, എലി, പക്ഷി, പന്നി, മരങ്ങൾ, താലി മുതലായവയൊക്കെ നേർച്ച നേരുന്നവരുണ്ട്. ഇതിന്റെ പ്രതിരൂപങ്ങൾ രൂപത്തിനുമുമ്പിൽ എടുത്തുവച്ച് അവർ കുമ്പിടുന്നു. ചേർപ്പുങ്കൽ പള്ളിയിൽ കല്ല്യാണം നടക്കുന്നതിനായി സ്വർണത്താലി കൊുവന്നു വയ്ക്കാറുണ്ട്. സ്വർണ്ണം, മീറ, കുന്തുരുക്കം തുടങ്ങിയവ നേർച്ച സമർപ്പിക്കുന്നു. കോടിമുണ്ട്, തുണി, വെറ്റില, പാക്ക്, സാരി, പഴുക്ക എന്നിവ ഹൈന്ദവർ കാണിക്ക നല്കുന്നു. ചേർപ്പുങ്കൽ പ്രദേശത്തുള്ളവർ പ്രസവം കഴിഞ്ഞു പോകുമ്പോൾ മിക്ക

കുഞ്ഞുങ്ങളെയും അവിടെ കൊുവന്ന് സമർപ്പിച്ച് ഉണ്ണിയേശുവിന് മോതിരം ഇട്ടതിനു ശേഷമാണ് പോകാറുള്ളത്. ഭരണങ്ങാനത്തുള്ള അൽഫോൻസാമ്മയുടെ കബറിടത്തിൽ ധാരാളം ആളുകൾ കാര്യസാധ്യത്തിനായി നീന്തുനേർച്ച നടത്തുന്നു്. വിവിധ പള്ളികളിൽ മുട്ടിന്മേൽ നീന്താനായി ദുഃഖവെള്ളിയാഴ്ച ധാരാളം പേരെത്തുന്നു. കിഴതടിയൂർ പള്ളിയിൽ വി. യൂദാശ്ലീഹായുടെ രൂപത്തിനു മുമ്പിൽ എല്ലാ ദിവസങ്ങളിലും പ്രത്യേകിച്ച് ചൊവ്വാഴ്ചകളിൽ 'അരിയിട്ടുനേർച്ച' നടത്തുന്നു. ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി 'നടതുറന്ന കുർബ്ബാന' രൂപക്കൂട് തുറന്നുവെച്ചുള്ള കുർബ്ബാന, വിവിധ പുണ്യവാന്മാരുടെ നൊവേന ചൊല്ലിക്കുക, തിരിനേർച്ച എന്നിവ മദ്ധ്യകേരളത്തിലെ മിക്ക ദൈവാലയങ്ങളിലും സാധാരണമാണ്. യൗസേപ്പിതാവ്, യൂദാ ശ്ലീഹാ എന്നിവരുടെ തിരുനാളുകളിൽ 'ഊട്ടുനേർച്ച' നടത്തുന്നു. ഇടവകകളിൽ ഇടവകജന ങ്ങൾക്ക് സ്നേഹവിരുന്ന് നടത്താറു്. ക്രൈസ്തവേതരജനങ്ങളും ഇതിൽ പങ്കുചേരാറു്. നെയ്യപ്പം, വറുത്ത അരി, മലര്, കൊഴുക്കട്ട, വറുത്ത തേങ്ങാക്കൊത്ത്, കുരുമുളക്, കള്ളപ്പം തുടങ്ങിയവ നേർച്ചവിഭവങ്ങളാണ്.

### 8.3.2 A പാച്ചോർ നേർച്ച

പ്രാചീന ക്രൈസ്തവ ദൈവാലയങ്ങളിലെല്ലാം നിലനിന്നിരുന്ന ഒരു നേർച്ചയായിരുന്നു ഇത്. മാർ തോമ്മായുടെ ഓർമ്മപെരുന്നാളിന് മുഖ്യമായും, പിന്നീട് മറ്റ് ഓർമ്മതിരുനാളുകൾക്കും ഇത് വ്യാപകമായുായിരുന്നു. ഇടവക ദൈവാലയത്തിലെ തിരുനാളിനോടനുബന്ധിച്ചും, വണക്കമാസം, നൊവേനകൾ തുടങ്ങിയവയോടനുബന്ധിച്ചും പാച്ചോർ നേർച്ച നടത്താറു്. ഓരോ ദിവസത്തേയ്ക്കും വേ പാച്ചോർ ഓരോ കരക്കാരുടെ/വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് തയ്യാറാക്കുന്നത് പാച്ചോർ ര് തരത്തിൽ തയ്യാറാക്കാറു്. ചക്കര പാച്ചോറും, വെൺപാച്ചോറും പച്ചരി വേവിച്ച് ശർക്കരപാനിയും ചിരകിയ തേങ്ങയും ജീരകവും ഏലയ്ക്കയും ഉപ്പും ചേർത്ത് ഇളക്കി വാങ്ങുന്നതാണ് പാച്ചോർ. മധുരം ചേർക്കാതിരുന്നാൽ വെൺപാച്ചോർ ആയി മാറും.

### 8.3.2 B പന്ത്രണ്ട് ശ്ലീഹന്മാരുടെ നേർച്ച

ദൈവാനുഗ്രഹത്തിനും, തടസ്സങ്ങൾ മാറുന്നതിനും, പ്രാർത്ഥനയുടെ ഫലസിദ്ധി വേഗത്തിൽ ഉാകുന്നതിനും വേി നടത്തുന്ന സവിശേഷമായ നേർച്ചയാണിത്. ഇടവക ദൈവാലയ ത്തിൽ വെച്ചോ, ഭവനങ്ങളിൽ വെച്ചോ ഈ നേർച്ച നടത്താവുന്നതാണ്. യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരുടെ ബഹുമാനത്തിനായി നടത്തുന്നതാണ് ഊട്ട് നേർച്ച. പിടിയും കോഴിയുമാണ് പ്രധാന വിഭവം, മൂന്ന് കദളിപ്പഴം, മൂന്ന് അപ്പം തുടങ്ങിയവയെല്ലാം മുഖ്യവിഭവങ്ങളാണ്. 12 വയസ്സിൽ താഴെയുള്ള പന്ത്രണ്ട് ആൺകുട്ടികൾക്കാണ് ഊട്ട് നേർച്ച നൽകുന്നത്.

കുറവിലങ്ങാട്ട് ഇടവകയിൽ മൂന്നുനോമ്പ് തിരുനാളിന് ഉദരസംബന്ധമായ രോഗമുള്ളവർ ആനവായിച്ചക്കരനേർച്ച നേരുന്നു. പുകാലത്ത് രാമപുരം പള്ളിയിൽ ഉണ്ണിയേശുവിന്റെ ഛേദനാ ചാരതിരുനാൾ ആഘോഷിച്ചിരുന്ന ഡിസംബർ 31, ജനുവരി ഒന്ന് എന്നീ ദിവസങ്ങളിലും വി. ആഗസ്തീനോസിന്റെ തിരുനാൾ ആയ ഓഗസ്റ്റ് 28-നും 'പുഴുക്കുനേർച്ച' നടത്തിയിരുന്നു. മിക്ക ക്രൈസ്തവകുടുംബങ്ങളിലും ദേവാലയങ്ങളിലും 'മുത്തിയൂട്ട്' വളരെ സജീവമായി നടത്തിയിരുന്നു. ഇപ്പോഴും മുത്തിയൂട്ട് നടത്തുന്ന കുടുംബങ്ങളും സമൂഹങ്ങളുമു്. തിരു ക്കുടുംബത്തിന്റെ ബഹുമാനാർത്ഥം ഉദ്ദിഷ്ടകാര്യലാഭത്തിനായി നടത്തുന്ന നേർച്ചയാണിത്.

മാതാപിതാക്കളും 12 വയസ്സിൽ താഴെയുള്ള ആൺകുട്ടിയുമടങ്ങുന്ന കുടുംബത്തിന് വിഭവസമൃദ്ധമായ ഭക്ഷണവും പുതുവസ്ത്രവും പണവുമാണ് നൽകുക. കള്ളപ്പം, കോഴി എന്നിവ വി. ഗീവർഗീസ് സഹദായുടെ സംരക്ഷണം ലഭിക്കുന്നതിനായി നൽകുന്നവയാണ്. പാമ്പ് മുതലായ വിഷജീവികളിൽനിന്ന് സംരക്ഷണം നൽകുന്ന പുണ്യവാനാണ് വി.ഗീവർഗീസ്. നെയ്യപ്പം, പായസം തുടങ്ങിയവയും പള്ളികളിൽ നേർച്ചയായി നൽകാറുണ്ട്. കുഞ്ഞുങ്ങൾക്ക് അസുഖം വരാതിരിക്കുവാനും ജീവിതത്തിൽ ഐശ്വര്യവും നന്മയും ഉണ്ടാകുന്നതിനുംവേണ്ടിയാണ് ദൈവാലയങ്ങളിൽ കുഞ്ഞുങ്ങളെ അടിമവയ്ക്കുന്നത്. പള്ളികൾ ആരുടെ നാമത്തിലാണോ സ്ഥാപിതമായിരിക്കുന്നത് അവർക്കാണ് അടിമവയ്ക്കുന്നത്.

വ്യക്തിയെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിന് ഇത്തരം ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. ഈ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ജാതിമതഭേദമില്ലാതെ എല്ലാവരും പങ്കെടുത്തിരുന്നു എന്നത് ഈ നാടിന്റെ പ്രത്യേകതയാണ്. എല്ലാ നേർച്ചകൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാദേശിക വഴക്കങ്ങളുണ്ടെങ്കിലും അടിസ്ഥാനപരമായി ഇവയെല്ലാം ഭക്തിയും ഐക്യവും ഊട്ടിഉറപ്പിക്കാനുള്ളവയായിരുന്നു എന്ന് നിസംശയം പറയാം.

#### 8.3.3. എഴുന്നള്ളിക്കൽ

നേർച്ചകൾ എന്നപോലെതന്നെ ഉദ്ദിഷ്ടകാര്യസാധ്യം, നന്ദിപ്രകടനം എന്നിവയ്ക്കായി എഴുന്നെള്ളിക്കലും ഏറെ താത്പര്യപൂർവ്വം ക്രൈസ്തവർ അനുഷ്ഠിച്ചുവരുന്നു. ദൈവാലയങ്ങൾ ആരുടെ നാമത്തിലാണോ സ്ഥാപിതമായിരിക്കുന്നത് അവരുടെ ജീവിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ വിശുദ്ധമായി കരുതി എഴുന്നള്ളിക്കുകയാണ് ചെയ്യുന്നത്. കുരിശുംതൊട്ടി ചുറ്റിയാണ് എഴുന്നള്ളിക്കൽ പൂർത്തിയാക്കുന്നത്. ഇവയുടെ അകമ്പടിയായി ചെണ്ടയും ചിലപ്പോൾ പോകാറുണ്ട്. എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും കഴുന്ന് എഴുന്നള്ളിക്കൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോട് അനുബന്ധമായി നടത്താറുണ്ട്. വി. സെബസ്ത്യാനോസിനെ അമ്പ് എയ്താണ് കൊന്നത്. ഇതിന്റെ ഓർമ്മയ്ക്കാണ് കഴുന്ന് എഴുന്നള്ളിക്കുന്നത്. യേശുവിനുവേണ്ടി സഹിക്കാൻ കിട്ടുന്ന അവസരങ്ങളെ പാഴാക്കാതെ വിനിയോഗിക്കുവാനും പകർച്ചവ്യാധികൾ വരാതിരിക്കാനുമാണ് സാധാരണയായി കഴുന്ന് എഴുന്നള്ളിക്കുന്നത്.

അക്രൈസ്തവരായ ധാരാളം ആളുകൾ കുറവിലങ്ങാട്, കടനാട്, അടുക്കം, അതിരമ്പുഴ തുടങ്ങിയ ദൈവാലയങ്ങളിൽ കഴുന്ന് എടുക്കാറുണ്ട്. 'മുടി', 'പുഷ്പം', 'പുഷ്പമുടി', 'പുഷ്പവടി', 'ശൂലം', 'ഷൂ', 'തൂലിക', 'തൂവൽ', 'കുടുക്ക', 'ചെപ്പ്', 'വടിക്കുരിശ', 'ആട്', 'വ്യാകുലം', 'കല്ലും തൂവാലയും', 'കുരിശുമാല', 'കുരിശ്', 'തൊട്ടിൽ', 'കൊന്ത', 'പൊന്ന്', 'മീറ', 'കുന്തിരിക്കം', 'ചെങ്കോൽ', 'മുൾമുടി', 'താക്കോൽ' തുടങ്ങിയവ വിവിധ ദേവാലയങ്ങളിൽ എഴുന്നള്ളിക്കാറുണ്ട്. ഇവയോരോന്നും ഓരോരോ കാര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണ്.

| **വിശുദ്ധർ** | **എഴുന്നള്ളിക്കുന്ന വസ്തു** |
|---|---|
| വി. അമ്മ ത്രേസ്യാ, വി. എഫ്രേം | 'തൂവൽ' |
| വി. എസ്തപ്പാനോസ് | 'കല്ലും തൂവാലയും' |
| പൂജരാജാക്കന്മാർ | പൊന്ന്, മീറ, കുന്തിരിക്കം, മുടി, ചെങ്കോൽ |
| മത്തായിശ്ലീഹാ | തൂലിക |

| | |
|---|---|
| സ്നാപകയോഹന്നാൻ | ആട് |
| മേരിമഗ്ദലൻ (മഗ്ദലനമറിയം) | ചെപ്പ് (സുഗന്ധദ്രവ്യപാത്രം) |
| സെന്റ് പോൾ | വാൾ |
| വി. അന്തോനീസ് | വടിക്കുരിശ് |
| വി. പത്താം പീയൂസ് | ഷൂ, കുരിശുംമാലയും |
| വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ | വീട് |
| വി. യോഹന്നാൻശ്ലീഹാ | അംശവടി |
| ഗ്രിഗറി മെത്രാൻ | |
| വി. ബോനിഫസ് | വടി |
| വി. യൂദാശ്ലീഹാ | |
| സെന്റ് റോക്കി | വടിയും കുടുക്കയും |
| വി. ഫ്രാൻസിസ് സേവ്യർ | കുരിശ് |
| തോമ്മാശ്ലീഹാ | ശൂലം, മുടി |
| വി. ജോൺ നെപുംസ്യാൻസ് | കുടുക്ക |
| വ്യാകുലമാതാവ് | 'വ്യാകുലം' |
| വി. മരിയ ഗൊരേത്തി | പുഷ്പം |
| വി. പത്രോസ് ശ്ലീഹാ | താക്കോൽ |
| വി. യൗസേപ്പിതാവ് | പുഷ്പവടി, മുത്തുക്കുട സ്വർണത്തൊട്ടിൽ, ഉളി, ചുറ്റിക |
| വി. ഡൊമിനിക്, വി. അന്തോനീസ് | |
| വി. അന്നാമ്മ | മുടി |
| വി. കൊച്ചുത്രേസ്യാ | പുഷ്പം, മുടി, പുഷ്പമുടി |
| വി. റോസാമിസ്റ്റിക്കാ | 3 പുഷ്പങ്ങൾ (വെള്ള, ചുവപ്പ്, സ്വർണ്ണം നിറങ്ങൾ) |
| മാതാവിന്റെ തിരുനാൾ | മുടി, കൊന്ത |
| ക്രിസ്തുവിന്റെ കുരിശുമരണ തിരുനാൾ | മുൾമുടി |

പരസ്യമായ ബഹുമാനപകടനം, പണം അടയ്ക്കുന്നതുവഴി ഉാകുന്ന ത്യാഗം, ഉദ്ദിഷ്ടഫലസിദ്ധി എന്നിങ്ങനെയുള്ള കാര്യങ്ങൾ വിശുദ്ധവസ്തുക്കൾ എഴുന്നള്ളിക്കുന്നതിൽ അടങ്ങിയിട്ടു്. വളരെ ജനകീയമായ നാട്ടാചാരങ്ങളാണ് ഇവ.

#### 8.3.4 നോമ്പും ഉപവാസവും

എല്ലാ മതവിഭാഗങ്ങളും നോമ്പാചരണം നടത്താറു്.

'ആഹാരശുദ്ധൗസത്വശുദ്ധിയു

സത്വശുദ്ധൗ ധ്രുവാസ്മൃതി' എന്ന് പൂർവ്വികർ വിശ്വസിച്ചിരുന്നു. ആഹാരത്തിലൂടെ മാനസികവും ശാരീരികവുമായ പരിശുദ്ധി നേടുക പ്രധാനമാണ്. ആരോഗ്യമുള്ള ഒരു ശരീരത്തിലെ ആരോഗ്യമുള്ള ഒരു മനസ്സ് ഉായിരിക്കുകയുള്ളു. അതിനാലാണ് പാപമോചനത്തിനും വ്രതാനുഷ്ഠാനങ്ങളിലും ഉപവാസങ്ങളിലും നോമ്പുകളിലുമെല്ലാം

സാത്വികാഹാരത്തിന് പ്രാധാന്യം കൊടുക്കുന്നത്. യഹൂദപാരമ്പര്യത്തിന്റെ തുടർച്ചയാണ് ക്രിസ്ത്യാനികളുടെ നോമ്പുകളിലും കാണുന്നത്.

കുളിക്കാതെ ഉപവാസമനുഷ്ഠിക്കുക, ശുദ്ധിവിധികളുമായി ബന്ധപ്പെട്ടവ പാലിക്കാൻ സാധിക്കാതെ വരിക ഇവ ഉപവാസത്തിന് തടസ്സങ്ങളായി ആദ്യകാലങ്ങളിൽ ക്രൈസ്തവർ കരുതിയിരുന്നു. രാവിലെ കുളിച്ച് പള്ളിയിൽ പോയി ഉച്ചവരെയെങ്കിലും അവിടെ പ്രാർത്ഥനയിൽ ചെലവഴിക്കുമായിരുന്നു. ദുഃഖവെള്ളി, വിഭൂതി (കുരിശുവരപ്പെരുന്നാൾ) ഇവ പൂർണ്ണ ഉപവാസദിവസങ്ങളാണ്. ഉപവാസദിവസങ്ങളിൽ ഒരുനേരം മാത്രമേ ഭക്ഷിക്കുകയുള്ളു. കുമ്പസാരിക്കുക, കുർബ്ബാന കൈക്കൊള്ളുക, യാമപ്രാർത്ഥനകളും സങ്കീർത്തനങ്ങളും പാടുക ഇവ ഉപവാസത്തിന്റെ അവശ്യഘടകങ്ങളായിരുന്നു. വർഷത്തിൽ 221 ദിവസം പൂർവ്വികർ നോമ്പാചരിച്ചിരുന്നു. നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതിന് ദിവസം കണക്കാക്കി യിരുന്നത് സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയായിരുന്നു.

### 8.3.4 A ഇന്ന് നിലവിലുള്ള പ്രധാന നോമ്പാചരണദിവസങ്ങൾ

1. യേശുക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ചുള്ള 25 നോമ്പ്
2. യേശുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട 50 നോമ്പ്
3. പ. കന്യകാമറിയത്തിന്റെ ജനനതിരുനാളിനൊരുക്കമായി 8 നോമ്പ്
4. പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തോടനുബന്ധിച്ച 15 നോമ്പ്
5. 50 നോമ്പ് ആരംഭിക്കുന്നതിന് 18 ദിവസം മുമ്പുള്ള മൂന്നു നോമ്പ്
6. ക്രിസ്തുവിന്റെ കുരിശുമരണത്തെ ഓർമ്മിക്കുന്ന വെള്ളിയാഴ്ച നോമ്പ്
7. പ. കന്യകാമറിയത്തിന്റെ ബഹുമാനാർത്ഥം ആചരിക്കുന്ന ബുധനാഴ്ച നോമ്പ്

പന്തക്കുസ്തായ്ക്കു മുൻപ് അമ്പതുദിവസവും ക്രിസ്തുമസിനുശേഷമുള്ള പന്ത്ര് വെള്ളിയാഴ്ചകളും യേശുവിന്റെ മറുരൂപപ്പെരുന്നാളിന് തലേദിവസവും പതിനാറാം നൂറ്റാിന് മുൻപ് നസ്രാണികൾ നോമ്പുദിനങ്ങളായി ആചരിച്ചിരുന്നതായി തെളിവു്. ഉയിർപ്പു തിരുനാളിന്റെ തലേ ഞായറാഴ്ച ഓശാന ഞായറാണ്. അതിന്റെ തലേദിവസം 'കൊഴുക്കട്ടശനി' എന്നാണറിയപ്പെടുന്നത്. ഈശോയെ എറിഞ്ഞ കല്ലുകളാണ് 'കൊഴുക്കട്ട' എന്ന സങ്കല്പത്തിൽ പ്രത്യേകമായി ചില പ്രദേശങ്ങളിൽ ഇതുാക്കാറു്.

### 8.3.4 B എട്ടുനോമ്പു തിരുനാൾ

മാർതോമ്മാനസ്രാണികളുടെ മരിയഭക്തി പ്രസിദ്ധമാണ്. മാതാവിന്റെ തിരുനാളുകളിൽ ജനന തിരുനാളിനും സ്വർഗ്ഗാരോപണത്തിനുമാണ് പ്രാധാന്യം. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിനു മുൻപുതന്നെ നസ്രാണികൾ എട്ടുനോമ്പു തിരുനാൾ കടമുള്ളതായി ആചരിച്ചിരുന്നു. അതിനൊരുക്കമായി ഒന്നാം തീയതി മുതൽ ജപമാല പ്രാർത്ഥനയിലും തപസ്സിലും ചെലവഴിച്ചിരുന്നു. എട്ടുനോമ്പ് അനുഷ്ഠിച്ചിരുന്നവർ ഉച്ചവരെ പള്ളിയിൽ പ്രാർത്ഥിക്കുകയും തുടർന്ന് അവർക്കായി പള്ളി വാതിൽക്കൽ വച്ചിരിക്കുന്ന ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കു മാത്രമുള്ളതാണ് എട്ടുനോമ്പ്. ചില സ്ഥലങ്ങളിൽ അക്രൈസ്തവരും ഈ നോമ്പ് അനുഷ്ഠിച്ചിരുന്നു. ഒൻപതാം നൂറ്റാിൽ

മുഹമ്മദീയർ കൊടുങ്ങല്ലൂർ ആക്രമിച്ചപ്പോൾ ആ പ്രദേശത്തെ സ്ത്രീകൾ അവിടെയുായിരുന്ന മാതാവിന്റെ ദേവാലയത്തിൽ അഭയം പ്രാപിച്ച് തങ്ങളുടെ കന്യാത്വം പട്ടാളക്കാരാൽ നഷ്ടപ്പെടാതിരിക്കാൻ വേി എട്ടുദിവസം ജാഗരണത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. അദ്ഭുതകരമായി വസൂരിയും മറ്റ് പകർച്ചവ്യാധികളും പിടിപെട്ട് പട്ടാളക്കാർ പിന്തിരിഞ്ഞു. അങ്ങനെ നഗരം മുഴുവൻ ആക്രമണത്തിൽനിന്നും രക്ഷപെട്ടു. ഇതിന്റെ സ്മരണയായിട്ടാണ് എട്ടുനോമ്പാചരണം. ശൈശവവിവാഹം നിലനിന്നിരുന്ന കാലത്ത് വിവാഹനാന്തരം പെൺകുട്ടി തുടർച്ചയായി മൂന്നുവർഷം സ്വന്തം വീട്ടിൽ എട്ടുദിവസം നോമ്പും പ്രാർത്ഥനയുമായി ചെലവഴിച്ചിരുന്നു. മക്കളുാകാനും കുടുംബജീവിതസ്വസ്ഥതയ്ക്കും ഈ നോമ്പ് നോല്ക്കുന്നവരു്. ഇന്ന് ഏത് നിയോഗത്തിനായും ഇതു നോക്കുന്നു. കന്യകകളുടെ നോമ്പ് എന്നറിയപ്പെടുന്ന ഈ നോമ്പ് ഇന്ന് ഏറെ പുരുഷന്മാരും ആചരിക്കുന്നു്. ഹൈന്ദവ പാരമ്പര്യമനുസരിച്ച് ധനുമാസത്തിലെ തിരുവാതിര നക്ഷത്രനാളിൽ നല്ല ഭർത്താവിനെ ലഭിക്കുന്നതിനായി നോമ്പ് എടുക്കുന്നതും സ്ത്രീകളാണ്. യാക്കോബായക്കാരുടെയിടയിലും എട്ടുനോമ്പിനു പ്രാധാന്യമു്.

ആദ്ധ്യാത്മികജീവിതത്തിൽ വളരുന്നതിനും ദൈവാനുഭവത്തിൽ എത്തിച്ചേരുന്നതിനും നോമ്പും ഉപവാസവും ഒഴിവാക്കാനാവാത്തതാണെന്ന് ക്രൈസ്തവർ വിശ്വസിച്ചുവരുന്നു. ക്രൈസ്തവസഭയിൽ വിശിഷ്യാ ഭാരതീയ പശ്ചാത്തലത്തിൽ ഇവയ്ക്ക് വളരെ പ്രാധാന്യമു്.

#### 8.3.5 എണ്ണ ഒഴിക്കൽ

മാനുഷികബലഹീനതകൾ ഉള്ള വ്യക്തികൾക്ക് ദൈവത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഭക്തി പ്രദർശിപ്പിക്കുന്നതിനും ഏതെങ്കിലും വസ്തുവുായിരിക്കുക അനിവാര്യമായി വന്ന സാഹചര്യത്തിലാകാം 'എണ്ണ ഒഴിക്കൽ' പോലെയുള്ള ചടങ്ങുകൾക്ക് പ്രാധാന്യം ഏറിവന്നത്. ഉദ്ദിഷ്ടകാര്യസാധ്യം, നന്ദിപ്രകടനം എന്നിവയ്ക്കായി എണ്ണ ഒഴിച്ചും തിരി കത്തിച്ചും വിശ്വാസികൾ പ്രാർത്ഥിക്കുന്നു. പള്ളിയുടെ മുൻവശത്തുള്ള കൽക്കുരിശിൽ എണ്ണ ഒഴിക്കുക, പള്ളിയിലുള്ള നിലവിളക്കിൽ എണ്ണ ഒഴിച്ച് പ്രാർത്ഥിക്കുക, കുരിശടിയിൽ എണ്ണ ഒഴിച്ചും തിരി കത്തിച്ചും പ്രാർത്ഥിക്കുക, പള്ളികളിലും, കുരിശുപള്ളികളിലുമുള്ള രൂപങ്ങൾക്കു മുമ്പിൽ തിരി കത്തിച്ച് പ്രാർത്ഥിക്കുക ഇവയൊക്കെ ക്രൈസ്തവരുടെ ഭക്തിപ്രകടനങ്ങളിൽ ഉൾപ്പെടുന്നവയാണ്. മധ്യകേരളത്തിലെ പഴക്കംചെന്ന പള്ളികളിൽ എണ്ണ ഒഴിച്ച് പ്രാർത്ഥിക്കുന്നതിനായി നാനാജാതി മതസ്ഥർ ഇടതടവില്ലാതെ ഓടിയെത്തുന്നു.

ഒൻപത് ആദ്യവെള്ളിയാഴ്ചകളിൽ മുടങ്ങാത പള്ളിയിലെത്തി എണ്ണ ഒഴിക്കുന്നതാണ് തീർത്ഥാടന ദൈവാലയങ്ങളിലെ പ്രധാന നേർച്ച. ഒൻപതുമാസം പൂർത്തിയാകും മുമ്പുതന്നെ ഭക്തന്റെ ആഗ്രഹം നിറവേറിയിരിക്കും. ഉദ്ദിഷ്ടകാര്യം സാധിച്ചതിന്റെ ഉപകാരസ്മരണ മനസ്സിൽ സൂക്ഷിക്കുന്നവർ ഈ ഭക്താഭ്യാസം തുടർന്നുകൊുപോകുന്നു. എണ്ണ ഹൈന്ദവർക്കും പ്രധാനപ്പെട്ട ഒരു പൂജാദ്രവ്യമാണ്. ഭാരതീയ പാരമ്പര്യം പിന്തുടരുന്ന ക്രിസ്ത്യാനികൾ ഇതിനെ പിൻപറ്റിയതാകാം. അതുകൊാകാം ധാരാളം ഹൈന്ദവരും പള്ളികളിൽ എണ്ണ ഒഴിക്കാൻ എത്തുന്നത്.

#### 8.3.6 മാസവണക്കങ്ങൾ

ക്രിസ്തുവിന്റെ തിരുഹൃദയം, പ. കന്യകാമറിയം, യൗസേപ്പിതാവ് എന്നിവരോടുള്ള ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുന്നതിനായി യഥാക്രമം കത്തോലിക്കാസഭ നീക്കിവച്ചിട്ടുള്ള

മാസങ്ങളാണ് ജൂൺ, മെയ്, മാർച്ച് എന്നിവ. ഈ മാസങ്ങളിൽ വണക്കമാസജപം, ലദീഞ്ഞ്, വചനപ്രഘോഷണം, കൊന്ത തുടങ്ങിയവ പല കത്തോലിക്കാ ദേവാലയങ്ങളിലും കുരിശുപള്ളികളിലും ചൊല്ലുന്നു. ഇത് ഏറ്റു നടത്തുന്നവരുമുണ്ട്. അവരുടെ സാമ്പത്തിക സ്ഥിതിയും നേർച്ചയുമനുസരിച്ച് പാച്ചോർ, പായസം, നെയ്യപ്പം, മധുരപലഹാരങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. മാതാവിന്റെ മെയ്മാസവണക്കം വളരെ ആഘോഷപൂർവ്വം മിക്ക കത്തോലിക്കാ പള്ളികളിലെയും കുരിശുപള്ളികളിലോ പ്രധാന ദൈവാലയത്തിലോ നടത്തുന്നു. ചില ദിവസങ്ങളിൽ കരിമരുന്നു പ്രകടനവും നടത്താറുണ്ട്.

#### 8.3.7 വലിയനോമ്പ് കർമ്മങ്ങൾ

കത്തോലിക്കർ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ജീവിതവിശുദ്ധീകരണത്തിനും വലിയ പ്രാധാന്യം കൊടുക്കുന്നു. തങ്ങളുടെ ജീവിതത്തിൽ വന്നുപോയ തെറ്റുകുറ്റങ്ങൾക്ക് പരിഹാരം ചെയ്ത് പ്രാർത്ഥിക്കുവാൻ അവർ ഏറെ താത്പര്യം കാണിക്കുന്നു. ഇതിനാവശ്യമായ പല കർമ്മങ്ങളും ഇക്കാലയളവിൽ കത്തോലിക്കാസഭ ഒരുക്കുന്നുണ്ട്. അതുകൂടാതെ സ്വന്തമായ പരിഹാരങ്ങൾ കണ്ടെത്തി നിറവേറ്റുന്നതിലും ഏറെ ഉത്സുകരാണ്. വലിയനോമ്പിന്റെ ആരംഭദിവസവും (വിഭൂതി) ദുഃഖവെള്ളിയാഴ്ചയും പ്രത്യേകമായി പ്രാർത്ഥനയ്ക്കും പരിഹാരത്തിനും ഉള്ള ദിവസമാണ്. വിഭൂതി എന്ന വാക്കിന്റെ അർത്ഥമായ ചാരം ഒരു പ്രതീകം ആണ്. കുരുത്തോല കത്തിച്ചുണ്ടാക്കുന്ന ചാരം ധൂപം, പനിനീർ ഇവ ഉപയോഗിച്ച് വെഞ്ചരിച്ചതിനുശേഷം നോമ്പ് തുടങ്ങുന്നതിന്റെ ബാഹ്യചിഹ്നമായി നെറ്റിയിൽ പൂശുന്നു.

നോമ്പ് തുടങ്ങിയതിനുശേഷമുള്ള ആറാമത്തെ വെള്ളിയാഴ്ച്ച 'നാല്പതാം വെള്ളി' എന്ന പേരിലാണ് അറിയപ്പെടുന്നത്. അന്ന് വാഗമൺ കുരിശുമല, മലയാറ്റൂർ മല എന്നിവ കയറുവാനായി പലരും പോകാറുണ്ട്.

#### 8.3.7 A വിശുദ്ധവാരാചാരങ്ങൾ

വലിയ നോമ്പ് തുടങ്ങിയതിനു ശേഷമുള്ള അവസാനത്തെ ആഴ്ച 'വി. വാരം' എന്ന പേരിൽ അറിയപ്പെടുന്നു. യേശുക്രിസ്തുവിന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയുമൊക്കെ നിർണ്ണായക നിമിഷങ്ങളാണ് ഈ ദിവസങ്ങളിൽ അനുസ്മരിക്കുന്നത്. ഓശാനഘോഷത്തോടെയാണ് വിശുദ്ധവാരം ആരംഭിക്കുന്നത്. വെഞ്ചരിച്ച കുരുത്തോലകൾ കരങ്ങളിൽ വഹിച്ച് പ്രദക്ഷിണം നടത്തുന്നു. കുരുത്തോലയും ഒരു പ്രതീകമാണ്. ജറുസലേം ദൈവാലയത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ നിലത്തുവിരിച്ച് ഒലിവിലകൾ കയ്യിലേന്തി, യേശുവിനെ എതിരേറ്റതിന്റെ ഓർമ്മ പുതുക്കുകയാണ് ഓശാന ഞായറിലൂടെ ചെയ്യുന്നത്. പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഉയിർപ്പുഞായർ എന്നീ ദിവസങ്ങളിലെല്ലാം ആ ദിവസങ്ങൾക്കനുയോജ്യമായ പല കർമ്മങ്ങളും നടത്താറുണ്ട്.

#### 8.3.7 B നഗരികാണിക്കൽ

ദുഃഖവെള്ളിയാഴ്ച ദിവസം ക്രിസ്തുവിന്റെ ആൾവലിപ്പമുള്ളതും ശിരസ്സിൽ മുൾമുടി ചാർത്തിയതും ആണിപ്പഴുതുള്ളതുമായ രൂപം കബറിൽ വഹിച്ചുകൊണ്ട് കുട, കുരിശ് എന്നിവയുടെ അകമ്പടിയോടെ 'കുരിശിന്റെ വഴി' ചൊല്ലി നഗരവീഥിയിൽക്കൂടി നടത്തുന്ന സ്ലീവാപ്പാതയാണ് നഗരികാണിക്കൽ.

### 8.3.7 C പെസഹാ ഭക്ഷണം

പെസഹാഭക്ഷണത്തിൽ സുറിയാനികിസ്ത്യാനികളുടെ ഇടയിൽത്തന്നെ പ്രാദേശിക ഭേദങ്ങളുണ്ട്. കാലം ചെല്ലുംതോറും മാറ്റങ്ങൾ വരുന്നുമുണ്ട്. അകത്തോലിക്കർ പെസഹാ ഭക്ഷണം തയ്യാറാക്കുകയോ ഭക്ഷിക്കുകയോ ചെയ്യുന്നില്ല. മീനച്ചിൽ താലൂക്കിലെ പ്രദേശങ്ങളിലും മണിമല, കോട്ടയം ദേശങ്ങളിലും പുളിക്കാത്ത അപ്പം പുഴുങ്ങിയെടുക്കുന്നു. വാഴക്കുളം, കട്ടപ്പന തുടങ്ങിയ സ്ഥലങ്ങളിൽ വറചട്ടിയിൽ ചുട്ടെടുക്കുന്നു. എടത്വായിൽ പെസഹാ ഭക്ഷണം പുട്ടാണ്. തൃശ്ശൂരിൽ അരിപ്പൊടി തേങ്ങാപ്പാലിലോ പാലിലോ കുറുക്കിയെടുക്കുന്നു. തൃശ്ശൂരിൽ ഉച്ചസമയത്താണ് ഇത് കഴിക്കുന്നത്. പ്രാർത്ഥിച്ചതിനുശേഷം ഗൃഹനാഥ എല്ലാവർക്കും ഓരോ പാത്രത്തിൽ നൽകുന്നു. തൃശൂർ ഭാഗങ്ങളിൽ പാൽ, ഇറിയപ്പം എന്നിവ പെസഹായ്ക്കില്ല. പാതിനോമ്പിൽ ഇറിയപ്പം ഉണ്ടാക്കാറുണ്ട്. ഉണ്ടാക്കുന്ന കൂട്ടിന് മീനച്ചിൽ താലൂക്കിലെ പ്രദേശങ്ങളുമായി വ്യത്യാസമുണ്ട്. തൃശൂർപ്രദേശങ്ങളിൽ അരിപ്പൊടിയിൽ തേങ്ങാ ചേർത്ത് തേങ്ങാക്കൊത്തിട്ട് മഞ്ഞൾപ്പൊടിയുമായി ചേർത്ത് ആവിയിൽ വേവിക്കുന്നവരും ചീനിച്ചട്ടിയിൽ എണ്ണ തൂത്ത് അപ്പംപോലെ ചുട്ടെടുക്കുന്നവരുമുണ്ട്.

മീനച്ചിൽ താലൂക്കിലെ പ്രദേശങ്ങളിൽ പെസഹാ ഭക്ഷണമായി പുളിപ്പില്ലാത്ത കുരിശപ്പവും ഇറിയപ്പവും ഉപയോഗിക്കുന്നു. അരിപ്പൊടി, ഉഴുന്ന്, തേങ്ങ, ജീരകം ഇവ ചേർത്തു കുഴച്ച് ആവിയിൽ പുഴുങ്ങിയെടുക്കുന്ന അപ്പമാണ് കുരിശപ്പവും ഇറിയപ്പവും. 'അപ്പം പുഴുങ്ങുക' എന്നൊരു ശൈലി തന്നെയുണ്ട്. കുരിശിന്റെ അടയാളത്തോടുകൂടി ചുട്ടെടുത്ത അപ്പമായിരുന്നു അപ്പംമുറിക്കൽ ശുശ്രൂഷയ്ക്കായി മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. കുരിശിൽ കിടന്ന യേശുവിന്റെ ഇരുവശത്തും തൂങ്ങപ്പെട്ടിരുന്ന കള്ളന്മാരെ സൂചിപ്പിക്കാൻ കുരിശിന്റെ ഇരുവശങ്ങളിൽ മഞ്ഞൾ വയ്ക്കുന്ന പതിവും പൈക, പൂവരണി, പാദുവാ തുടങ്ങിയ പ്രദേശങ്ങളിലുണ്ട്. യേശുവിന്റെ കുരിശിനു മുകളിൽ സ്ഥാപിച്ച 'IESUS NAZRAENUS REX IUDEORUM' എന്ന ലത്തീൻ വിധിവാചകത്തിലെ വാക്കുകളുടെ ആദ്യാക്ഷരങ്ങളായ INRI എന്നിവയെ സൂചിപ്പിക്കുന്നതിനാണ് ഈ അപ്പത്തിന് 'ഇൻറി' എന്നു പറയുന്നതെന്ന് വിശ്വസിക്കുന്നു.

പെസഹായ്ക്ക് പ്രത്യേകമായി മുറിക്കുന്ന അപ്പം ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് കുരിശപ്പം എന്ന പേരുവന്നു. ചില സ്ഥലങ്ങളിൽ കുരിശുവച്ച റൊട്ടിയാണ് കുരിശപ്പമായി ഉപയോഗിക്കുന്നത്.

മണിമല, മീനച്ചിൽ താലൂക്കിലെ പ്രദേശങ്ങളിൽ പെസഹായ്ക്കുള്ള പാനീയമായി തേങ്ങാപ്പാലാണ് ഉപയോഗിക്കുന്നത്. തേങ്ങാപ്പാലിൽ ശർക്കര ചേർത്ത് കുരുത്തോലക്കഷണങ്ങൾ കുരിശാകൃതിയിൽ മുറിച്ചിട്ട് കാച്ചിയെടുക്കുന്ന പാനീയമാണ് പാൽ. ഏറ്റവും നിർമ്മലവും ദിവ്യവുമായി കരുതപ്പെടുന്ന തേങ്ങയും തേങ്ങാവെള്ളവുമാണ് പാലുണ്ടാക്കാനുപയോഗിക്കുന്നത്. പാലിന്റെ ദിവ്യതയെയും പെസഹാഭക്ഷണത്തിന്റെ പാവനതയെയും ഇത് സൂചിപ്പിക്കുന്നു. ചിലയിടങ്ങളിൽ പാലിൽ പഴം അരിഞ്ഞു ചേർക്കാറുണ്ട്. പെസഹായ്ക്ക് ഉണ്ടാക്കുന്ന പാൽ പിരിയാൻ പാടില്ല എന്ന് നിഷ്ഠവയ്ക്കുന്ന അമ്മമാരുമുണ്ട്. പാലിനുവേണ്ടി ഉപയോഗിക്കുന്ന തേങ്ങായുടെ വെള്ളം തേങ്ങാ ഉടയ്ക്കുന്ന സമയത്ത് പുറപ്പുറത്ത് ഒഴിക്കുന്ന ചടങ്ങ് ഇന്നും ചിലയിടങ്ങളിൽ തുടർന്നുവരുന്നുണ്ട്. യഹൂദന്മാർ കട്ടിളപ്പടിയിന്മേൽ കുഞ്ഞാടിന്റെ രക്തം ഒഴിക്കുന്ന ചടങ്ങിനെ (പുറപ്പാട്, 12:7) ഇത് അനുസ്മരിപ്പിക്കുന്നു.

സന്ധ്യാപ്രാർത്ഥനയ്ക്കും രാത്രി അത്താഴത്തിനുംശേഷം കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി നിലത്തിരുന്നാണ് അപ്പം മുറിക്കുന്നത്. ചില വീടുകളിൽ അത്താഴമേശയ്ക്ക് ചുറ്റും ഇരുന്നാണ് അപ്പം മുറിക്കുന്നത്. കുടുംബത്തിലെ കാരണവരുടെ അനന്യമായ സ്ഥാനം വ്യക്തമാക്കുന്ന ചടങ്ങാണ് പെസഹാ വ്യാഴാഴ്ചയിലെ അപ്പം മുറിക്കൽ. വീട്ടിൽ കുടുംബനാഥൻ ഭക്ഷണം വിളമ്പിക്കൊടുക്കുന്ന അവസരമാണിത്. കുരിശടയാളംകൊ് മുദ്രിതമായ അപ്പത്തിൽ നിന്ന് കുരിശുമാറ്റി കത്തികൊ് കുരിശാകൃതിയിൽ അപ്പം മുറിക്കുന്നു. ആവശ്യാനുസരണം കൂടുതൽ കഷണങ്ങളായി മുറിക്കാവുന്നതാണ്. കുടുംബനാഥൻ മുറിച്ച അപ്പക്കഷണങ്ങൾ മൂപ്പുമുറ അനുസരിച്ച് ഓരോരുത്തർക്കും നൽകുന്നു. പാലും വീതിച്ചുകൊടുക്കുന്നു. ഇരുകൈകളും നീട്ടി ഭക്തിപൂർവ്വം അവ സ്വീകരിക്കുകയും ആദരപൂർവ്വം ഭക്ഷിക്കുകയും ചെയ്യുന്നു. മക്കൾ മാറി താമസിക്കുന്നിടത്ത് അപ്പൻ ചെന്ന് അപ്പം മുറിച്ചുകൊടുക്കുന്ന പതിവും ഉ്. പുത്തൻവീടുവച്ച് മക്കൾ മാറിതാമസിക്കുന്ന വർഷം ഇതിന് പ്രത്യേക പ്രാധാന്യം കൽപിക്കുന്നു.

ചിലയിടങ്ങളിലെല്ലാം അയൽപക്കക്കാർ ഒരുമിച്ചുകൂടിയും അപ്പം മുറിക്കൽ കർമ്മം നടത്താറു്. അപ്പം ഭക്ഷിക്കലിനുശേഷം പുത്തൻപാനയുടെ പത്താംപാദം പാടുന്നു. 'പാന വായിക്കൽ' എന്ന് ഇതറിയപ്പെടുന്നു. കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ തുടർന്നുവരുന്ന പെസഹാനാളിൽ പെസഹാ ഭക്ഷണം ആ കുടുംബത്തിൽ തയ്യാറാക്കുന്നില്ല. ബന്ധുക്കളോ അയൽക്കാരോ കൊുവരുന്ന പെസഹാഅപ്പം അനാർഭാടമായി കഴിക്കുകമാത്രം ചെയ്യുന്നു.

പെസഹാചാരണത്തിൽ വിവിധ പ്രാദേശികസമൂഹങ്ങൾ തമ്മിൽ ഏറെ അന്തരമു്. പുത്തൻപാന വായിക്കുന്ന ഈണത്തിൽ പോലും തൃശൂർ, ആലപ്പുഴ, മീനച്ചിൽ പ്രദേശങ്ങൾ തമ്മിൽ വ്യത്യാസമു്. യഹൂദരുടെ ഇടയിൽ പെസഹായിൽ ഹീബ്രു ബൈബിൾ വായിച്ച് ആദിമ പെസഹയുടെ അനുഭവം തലമുറകൾക്ക് വിശദീകരിക്കുന്നു. അതുപോലെ ക്രൈസ്തവ വേദചരിതം പകരാനുള്ളതായിരിക്കണം ക്രിസ്ത്യാനികൾക്ക് പെസഹാചരണം.

### 8.3.8 വിവിധ പ്രാർത്ഥനാരീതികൾ

'നിൽക്കുക', 'മുട്ടുകുത്തുക', 'സാഷ്ടാംഗപ്രണാമം ചെയ്യുക', 'പത്മാസനത്തിലിരിക്കുക', 'കൈകൾ വിരിച്ചുപിടിക്കുക', 'കൈകൾ കൂപ്പുക', 'മുട്ടുകുത്തി പ്രാർത്ഥിക്കുക', 'മുട്ടിന്മേൽ നീന്തുക' തുടങ്ങി വിവിധ പ്രാർത്ഥനാരീതികൾ ഭക്തിമാർഗങ്ങളായി സുറിയാനിക്രിസ്ത്യാനികൾ അവലംബിച്ചുവരുന്നു.

### 8.3.9 ആശീർവ്വാദം/വെഞ്ചെരിപ്പ്

'ആശീർവദിക്കുക' എന്ന വാക്കിന് 'അനുഗ്രഹിക്കുക' എന്നാണർത്ഥം. വ്യക്തികൾ, ഭക്ഷണ സാധനങ്ങൾ, ഉപയോഗസാധനങ്ങൾ, സ്ഥലങ്ങൾ ഇവയെല്ലാം ആശീർവദിക്കാറു്. കുഞ്ഞുങ്ങൾ നല്ല വഴിയിലൂടെ സഞ്ചരിക്കുന്നതിനായി അവരെ ദൈവാലയത്തിൽ അടിമവയ്ക്കുന്ന പതിവു്. നേർച്ചകാഴ്ചകൾ, സ്ഥാപനങ്ങൾ, വാഹനങ്ങൾ, കിണറുകൾ, ഭക്തവസ്തുക്കൾ, വീട്ടുപകരണങ്ങൾ തുടങ്ങിയവയെല്ലാം വെഞ്ചരിക്കാറു്. പേടി മാറുന്നതിനായി കുഞ്ഞുങ്ങളുടെയും മുതിർന്നവരുടെയും തലയിൽ കൈവച്ച് വൈദികനെ ക്കൊ് പ്രാർത്ഥിപ്പിക്കുന്നതും കാണാം. നാട്ടാചാരങ്ങളിലുൾപ്പെടുന്ന ഫോക് മെഡിസിന്റെ (folk medicine) തലത്തിൽ വരുന്ന മെറ്റാഫിസിക്കൽ (metaphysical) ചികിത്സാ

രീതിയാണിതെന്ന് കത്തൊൻ സാധിക്കും. ആശീർവാദകർമ്മം നിർവ്വഹിക്കുവാൻ പുരോഹിതന് മാത്രമാണ് അധികാരമുള്ളത്. ആശീർവാദകർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന വിശുദ്ധജലമാണ് ഹന്നാൻവെള്ളം.

#### 8.3.10 സ്ലീവാഭക്തി

സുറിയാനിക്രിസ്ത്യാനികൾ വലതുകയ്യിലെ ആദ്യത്തെ മൂന്നു വിരലുകളുടെ അഗ്രങ്ങൾ ചേർത്തും മറ്റ് ര് വിരലുകൾ കൈപ്പത്തിയിൽ തൊടുന്നവിധം ഉള്ളിലേയ്ക്ക് മടക്കിയും പിടിച്ച് ആദ്യം നെറ്റിയിലും തുടർന്ന് നെഞ്ചിലും അതിനുശേഷം വലത്തെ ഉരത്തിലും അവസാനം ഇടത്തെ ഉരത്തിലും സ്പർശിച്ചുകൊ് സ്ലീവായാൽ സ്വയം അടയാളപ്പെടുത്തുന്നു. ദേവാലയത്തിൽനിന്ന് പിരിയുമ്പോഴും യാത്രാവേളകളിൽ ദേവാലയങ്ങൾ കടന്നുപോകോ വരുമ്പോഴും വി. സ്ലീവായുടെ അടയാളത്താൽ സ്വയം മുദ്രിതമാക്കിയിരുന്നു. തിരുക്കർമ്മവേദി കളിൽ കാർമ്മികൻ സ്ലീവായുടെ അടയാളം വരയ്ക്കുകയോ സമൂഹത്തെ പ്രസ്തുത അടയാളത്താൽ മുദ്രിതമാക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിലെല്ലാം ഇവർ ഈ വിശുദ്ധ അടയാളത്താൽ സ്വയം മുദ്രിതരാകുന്നു. കുരിശുവരയ്ക്കുമ്പോൾ നെറ്റിയിലും ചുിലും മാറിടത്തും കുരിശുവരയ്ക്കുന്ന രീതി പോർട്ടുഗീസുകാരിൽനിന്നും ലഭിച്ചതാണ്. കുരിശ് യേശുവിന്റെ മരണത്തിന്റെ പ്രതീകമാണ്. കൽക്കുരിശ്, പൊൻകുരിശ്, വെള്ളിക്കുരിശ്, സ്റ്റീൽ കുരിശ്, മരക്കുരിശ് തുടങ്ങി പലതരം കുരിശുകൾ കാണുവാൻ സാധിക്കും. സുറിയാനി പള്ളികളിൽ മാർത്തോമ്മാ കുരിശാണ് വയ്ക്കുന്നത്.

#### 8.3.11 പള്ളിമണികൾ

പ്രാർത്ഥനയ്ക്ക് വിളിച്ചുകൂട്ടുവാൻ മരമണികളാണ് മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. "രു കയറുകളിൽ കെട്ടിത്തൂക്കിയ ഒരു പലക കഷണമായിരുന്നു ഉായിരുന്നത്. അതിന്മേൽ ഇരുമ്പുകൊടിച്ച് സ്വരം കേൾപ്പിച്ചിരുന്നു. ഇപ്പോൾ മണികൾ ഉ്. അവ പരസ്യമായി പ്രദർശിപ്പിക്കപ്പെടുന്നില്ല. പള്ളിയകത്ത് തൂക്കിയിട്ടിരിക്കുകയാണ് "(ജോർജ്ജ്, കുരുക്കൂർ 2004: 5657). മിക്ക പള്ളികളിലും മണികൾ ഇല്ലെന്നും ഉള്ളവതന്നെ നാട്ടുരാജാക്കന്മാരുടെ എതിർപ്പുമൂലം പള്ളിയകത്ത് തൂക്കിയിട്ടിരിക്കുകയാണെന്നും, മണിമാളികകൾ ഉാക്കി അവ പുറത്ത് കെട്ടിതൂക്കിയിടണമെന്നുമാണ് 1599-ൽ ഉദയംപേരൂർ സൂനഹദോസ് കല്പിച്ചത്. സൂനഹദോസ് കല്പിച്ചെങ്കിലും 1672-ൽ പോലും മണികൾ പള്ളിയകത്ത് തൂക്കിയിരിക്കുക യായിരുന്നു.

ക്രിസ്ത്യാനികളുടെ പരമപ്രധാന ആരാധനയായ വി. കുർബ്ബാനയിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും (കുർബ്ബാന കാണാൻ കടപ്പെട്ട ദിവസം) എല്ലാവരും പങ്കുകൊള്ളുന്നു. ഈ സന്ദർഭങ്ങളിൽ വി. കുർബാനയ്ക്കുമുമ്പ് അരമണിക്കൂർ ഇടവിട്ട് ഒന്നാം മണി, രാം മണി, മൂന്നാം മണി എന്നിവ അടിയ്ക്കുന്നു. ഒരു മണി അടിച്ചതിനുശേഷം കൂട്ടമണിയും ഒരു മണിയും അടിക്കുന്നതാണ് ഒന്നാം മണി. രാം മണിയിലും മൂന്നാം മണിയിലും യഥാക്രമം, ര്, കൂട്ടമണി, ര്; മൂന്ന്, കൂട്ടമണി, മൂന്ന്; എന്നിങ്ങനെയാണ് അനുവർത്തിക്കുന്നത്. തിരുനാൾ ദിനത്തിൽ ഒന്നാം മണി, രാം മണി, മൂന്നാം മണി ഇവയോടനുബന്ധിച്ച് വെടിയും ഉായിരിക്കും. കൂടാതെ പ്രഭാതം, മദ്ധ്യാഹ്നം, സായാഹ്നം തുടങ്ങിയ യാമങ്ങളിൽ കത്തോലിക്കാദേവാലയങ്ങളിൽ കുരിശുമണി അടിക്കുന്നു. മൂന്നു മണികൾ വീതം മൂന്നു പ്രാവശ്യമാണ് ഈ സമയത്ത് അടിക്കുന്നത്. ദുഃഖവെള്ളിയാഴ്ച തിരുകർമ്മങ്ങൾക്ക് മരമണിയാണ് ഉപയോഗിക്കുന്നത്.

മരിച്ചതിനുശേഷവും, മൃതദേഹം പള്ളി അടുക്കാറാകുമ്പോഴും ദുഃഖസൂചകമായി വലിയ മണിയും വിലാപയാത്രയിൽ കൈമണിയും അടിക്കാറു്. അത്മായനാണ് മരിക്കുന്നതെങ്കിൽ ദുഃഖസൂചകമായി ഒറ്റയും ഇരട്ടയും ആയി മണിയടിക്കുന്നു. വൈദികർ മരിക്കുമ്പോൾ ഒന്ന്, മൂന്ന് ക്രമത്തിലാണ് മണിനാദം ഉയരുന്നത്. മെത്രാപ്പോലീത്തായും, മെത്രാനുമാണ് മരിക്കുന്നതെങ്കിൽ ര്, മൂന്ന് എന്നീ ക്രമത്തിൽ അടിക്കുന്നു. മാർപ്പാപ്പായുടെ മരണവാർത്ത അറിയിക്കുന്നതിന് ദേവാലയമണി മൂന്നും നാലുമായി അടിക്കുന്നു. മതാനുഷ്ഠാനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒരു പ്രതീകമാണ് മണി. മണിമാളികകളിലാണ് ഇവ സൂക്ഷിക്കുക. കുറവിലങ്ങാട്ടുപള്ളിയിലെ ആറടി ഉയരമുള്ള മണിയാണ് കേരളത്തിലെ ഏറ്റവും വലിയ ദൈവാലയ മണി.

#### 8.3.12 മഹറോൻ

ക്രൈസ്തവസഭകളിൽ അച്ചടക്കത്തിന്റെ ഭാഗമായി പ്രാബല്യത്തിലുള്ള ഒരു ശിക്ഷാനടപടി ക്രമമാണ് മഹറോൻ. 'സഭയിൽനിന്ന് പുറത്താക്കൽ' എന്നാണ് മഹറോൻ എന്ന സുറിയാനി പദത്തിന്റെ അർത്ഥം. കൂട്ടായ്മയിൽനിന്ന് വിട്ടു കളയുക എന്നാണ് ഉദ്ദേശിക്കുന്നത്. ഇടവക വൈദികർ മെത്രാന്റെ അറിവോടെ കുറ്റവാളികൾക്ക് മതഭ്രഷ്ട് കല്പിക്കുകയും പള്ളിക്ക് പുറത്താക്കുകയും ചെയ്യുന്നു. ഇങ്ങനെ പുറത്താക്കപ്പെട്ടവർക്ക് കുമ്പസാരം, കുർബ്ബാന, കുർബ്ബാനയ്ക്കുശേഷ മുള്ള സമാധാനം എന്നിവ നിഷേധിക്കപ്പെടുന്നു. അവരുടെ വിവാഹമെന്ന കൂദാശ പള്ളിയിൽ നടത്താൻ അനുവാദമില്ല. വീടുകളിൽ വച്ച് നടത്തുന്ന ബന്ധുക്കളുടെ ചരമാനുസ്മരണത്തിൽ പങ്കുകൊള്ളാനും പാടില്ല. ഇടവകാംഗങ്ങളുടെ പൊതു സമ്മേളനത്തിൽ പങ്കെടുക്കുവാനും ആവില്ല. അവരുടെ ശവസംസ്കാരം പള്ളി സിമിത്തേരിയിൽ നടത്തുകയോ മരണാനന്തര കർമ്മങ്ങൾ അനുഷ്ഠിക്കുകയോ ചെയ്യാറില്ല. ഇവരുടെ കുട്ടികൾക്ക് കൂദാശകൾ മുടക്കപ്പെട്ടിരുന്നു. അവരുടെ മാരകമായ പാപങ്ങൾക്ക് ഫലം ചെയ്തു തീർത്താലല്ലാതെ ഭ്രഷ്ട് പിൻവലിക്കപ്പെട്ടിരുന്നില്ല.

അപരാധിക്ക് പള്ളിയിലേയ്ക്ക് പുനഃപ്രവേശനം ലഭിക്കണമെങ്കിൽ ഞായറാഴ്ചയോ അല്ലെങ്കിൽ തിരുനാൾദിനത്തിലോ പള്ളിയുടെ കവാടത്തിനു മുൻപിൽ മുട്ടിന്മേൽ നിന്നുകൊ് മാപ്പപേ ക്ഷിക്കണമായിരുന്നു. തുടർന്ന് വൈദികർ, കൈക്കാരന്മാർ, മുതിർന്നവർ മുതലായവർ അപരാധം, അതിന്റെ സാഹചര്യം, കുറ്റവാളിയുടെ കഴിവുകൾ, സമ്പാദ്യങ്ങൾ എന്നിവ പരിശോധനയ്ക്ക് വിഷയമാക്കുകയും അയാൾ സമ്പന്നനാണെന്നു കാൽ എല്ലാവരുംകൂടി ഒരു പ്രായച്ഛിത്തം കല്പിക്കുകയും ചെയ്യുന്നു. പള്ളിയിലെ കെടാവിളക്കിന് എണ്ണ, ഒരു ചുവന്ന കുട, യാമപ്രാർത്ഥനകൾക്ക് ഉപയോഗിക്കാവുന്ന സാമഗ്രികൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് നൽകുന്നത് പ്രായച്ഛിത്തമായി കല്പിക്കുന്നു.

പുറത്താക്കപ്പെട്ടവർ ദരിദ്രനാണെങ്കിൽ ഒരു വലിയ മരക്കുരിശും ഒരു തലയോട്ടിയും ചുമന്നുകൊ് പള്ളിവാതില്ക്കലേയ്ക്ക് മുട്ടിന്മേൽ വരികയോ ദേവാലയത്തിനു ചുറ്റും മുട്ടിന്മേൽ നടക്കുകയോ മലയാറ്റൂരിലെ കുരിശിനെ വണങ്ങാൻ പോവുകയോ വേണമായിരുന്നു. സ്ത്രീകളാണെങ്കിൽ ഒരു മെഴുകുതിരിയും മരിച്ചവരുടെ ഒരസ്ഥിയും വഹിക്കണമായിരുന്നു. പരിഹാരകർമ്മങ്ങളെല്ലാം അനുഷ്ഠിച്ചുകഴിയുമ്പോൾ മെത്രാന്റെ അനുമതിയോടെ ഇടവകവൈദികൻ പള്ളിയുടെ വാതില്ക്കൽ സകലരുടെയും സാന്നിധ്യത്തിൽ അവർക്കുായ ഉതപ്പിനെ നീക്കിക്കളയാൻ ശിക്ഷകദണ്ഡ് ഉപയോഗിച്ച് അയാളുടെ പാപം മോചിക്കുന്നു.

പൊതുവായ ഈ പാപപരിഹാരകർമ്മങ്ങൾ കത്തോലിക്കാസഭയിൽ സാധാരണയായിരുന്നു. ഇതുപോലുള്ള കഠിനപ്രായശ്ചിത്തങ്ങൾ ഇന്ന് പരസ്യമായി നല്കുന്നില്ല.

തെറ്റ് ചെയ്യുന്നവർ ശിക്ഷയ്ക്ക് അർഹരാണ് എന്ന കാഴ്ചപ്പാടിന്റെ പിൻബലത്തിൽ ക്രൈസ്തവസഭയിലും തെറ്റ് ചെയ്യുന്നവരെ കുറച്ചു കാലത്തേയ്ക്ക് പുറത്താക്കുകയും പരിഹാരം ചെയ്തതിനുശേഷം മാത്രം വീും സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ നടപടി നന്മയുടെ മാർഗ്ഗത്തിൽ കൂടുതൽ സഞ്ചരിക്കുന്നതിന് സഹായിക്കും എന്ന വീക്ഷണത്തിൽ നിന്നാകാം ഉടലെടുത്തത്.

### 8.4 ക്രൈസ്തവസമൂഹങ്ങളിലെ ശവസംസ്കാരചടങ്ങുകൾ

മരണത്തോടനുബന്ധിച്ചുള്ള ആചാരങ്ങൾ എല്ലാ വിഭാഗക്കാരുടെയിടയിലും ക ുവരുന്നു. രോഗി മരണാസന്നനാകുമ്പോഴും മരണസമയത്തും മരണാനന്തരവും അവർക്കുവേി സമൂഹം പ്രാർത്ഥിക്കുന്നു. ഒരു വ്യക്തി മരണകിടക്കയിലാകുമ്പോൾ അദ്ദേഹത്തിന്റെ മക്കളെയും ചാർച്ചക്കാരെയും വിളിച്ച് അനുഗ്രഹിക്കുന്ന ഒരു ചടങ്ങ് ക്നാനായ കത്തോലിക്കരുടെയിടയിൽ കാണുന്നു്. 'മരണകിടക്കയിലെ വാഴ്വ്' എന്ന് ഇതിനു പറയുന്നു. പൂർവ്വപിതാക്കന്മാർ നല്കിയ ആശീർവാദത്തെ അനുസ്മരിക്കുന്ന ഒരു ചടങ്ങാണിത്. "ദൈവം അബ്രഹാമിനും അബ്രാഹം ഇസഹാക്കിനും യാക്കോബ് എന്റെ പിതാക്കന്മാർക്കും എന്റെ പിതാവ് എനിക്കും തന്ന വാഴ്വ് എന്റെ മകനെ/മകളെ നിനക്കു ഞാൻ നല്കുന്നു" എന്നു പറഞ്ഞുകൊ് രു കയ്യും തലയിൽ വച്ച് ആശീർവദിക്കുന്നു. ആശീർവാദം സ്വീകരിക്കുന്ന വർ കൈകൂപ്പി ശിരസ്സുനമിച്ച് മുട്ടിന്മേൽ നില്ക്കുന്നു.

യാക്കോബായസഭയിൽ പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യൈകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നുവെന്ന് മരിക്കുന്ന വ്യക്തിയുടെ ചെവിയിൽ ചൊല്ലിക്കൊടുക്കുന്നു. പ്രാണൻ ശരീരത്തിൽനിന്ന് വേർപെടുന്നതുവരെ എല്ലാവരും ഈ പ്രാർത്ഥന ചൊല്ലിക്കൊിരിക്കുന്നു. ഇതാണ് 'ചെവിയോർമ്മ ചൊല്ലുക' എന്ന ചടങ്ങ്. മരണാസന്നനായ വ്യക്തിയെ യാക്കോബായ വിശ്വാസപ്രകാരം കിഴക്ക് ദിക്കിന് അഭിമുഖമായി കിടത്തുന്നു. വലതുകയ്യിൽ കുരിശും ഇടതുകയ്യിൽ മെഴുകുതിരിയും കൊടുക്കുന്നു. രക്ഷയുടെ ആയുധമായ കുരിശും മണവാളനെ എതിരേല്ക്കാനുള്ള എണ്ണയുള്ള വിളക്കും കയ്യിലേന്തിക്കൊ് ഈ ലോകജീവിതം അവസാനിപ്പിക്കുന്നു എന്നുള്ളതാണ് ഇതിന്റെ വ്യംഗ്യാർത്ഥം.

കത്തോലിക്കാസഭയിൽ ഒരു വ്യക്തി മരണാസന്നനാകുമ്പോൾ "ഈശോ മറിയം ഔസേപ്പേ ആത്മാവിനു കൂട്ടായിരിക്കണേ'' എന്നു ചെവിയിൽ ചൊല്ലിക്കൊടുക്കുന്നു. കുരിശ് മുത്തിക്കുകയും 'വിശ്വാസപ്രമാണം', 'കരുണയുടെ കൊന്ത' ആദിയായ ഉപകരണങ്ങൾ ചൊല്ലിക്കൊടുക്കുകയും ചെയ്യുന്നു. രോഗി മരണാസന്നനാകുമ്പോൾ 'രോഗീലേപനം' എന്ന കൂദാശ കൊടുക്കുന്നു. രോഗി മരിച്ചുകൊിരിക്കുമ്പോൾ പുരോഹിതൻ കത്തോലിക്കാ വിശ്വാസിക്ക് 'അടച്ച ഒപ്റ്ശ്മാ' നല്കുന്നു. ആത്മാവിനുവേി പ്രാർത്ഥിച്ചുകൊ് പുരോഹിതൻ കൊടുക്കുന്ന ആശീർവാദമാണ് 'അടച്ച ഒപ്റ്ശ്മാ.' മരിച്ചുകൊിരിക്കുന്ന ആളിന് സുബോധമുങ്കെിൽ 'തിരുപ്പാഥേയം' നല്കുന്നു. ഐഹികജീവിതത്തിനുശേഷം പാരത്രികജീവിതത്തിലേക്ക് കടക്കാനൊരുങ്ങുന്നവർ സ്വീകരിക്കുന്ന വി. കുർബ്ബാനയാണിത്. ഒരു വ്യക്തി മരിക്കുന്ന സമയം മുതൽ ശവസംസ്കാരം നടത്തുന്നതുവരെയുള്ള ആരാധന ക്രമങ്ങളാണ് കബറടക്കശുശ്രൂഷയിൽ ഉൾപ്പെടുന്നത്.

ആദ്യകാലങ്ങളിൽ അക്രൈസ്തവരുടെ രീതിയിൽ മൃതശരീരം കോടിത്തുണിയിൽ പൊതിഞ്ഞ് ഒരുക്കിയിരുന്നു. മരണത്തിനുശേഷം മൃതദേഹം കുളിപ്പിച്ച് ശുഭ്രവസ്ത്രം ധരിപ്പിക്കുകയും പൂക്കൾകൊ് അലങ്കരിക്കുകയും ചെയ്യുന്നു. ശിരസ്സ് കിഴക്കഭിമുഖമായി വരത്തക്കവിധം കിടത്തുന്നു. വൈദികർ മരിക്കുമ്പോൾ വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന തിരുവസ്ത്രം ധരിപ്പിക്കുകയും കൈകളിൽ കാസായും പീലാസായും പിടിപ്പിക്കുകയും ചെയ്യുന്നു. മെത്രാൻ മരിക്കുമ്പോൾ കാസായും പീലാസായോടുമൊപ്പം അവരുടെ പ്രത്യേക അടയാളമായ കുരിശും മാലയും തൊപ്പിയും അണിയിക്കുകയും കൈയിൽ അംശവടി പിടിപ്പിക്കുകയും ചെയ്യുന്നു. യാക്കോബായ, മാർതോമ്മാ, സി.എസ്.ഐ. സഭകളിൽ പുരോഹിതരുടെയും മെത്രാൻമാരുടെയും കൈകളിൽ കാസായും പീലാസായും പിടിപ്പിക്കുന്നില്ല. മറ്റ് സ്ഥാനികചിഹ്നങ്ങൾ ധരിപ്പിക്കുന്നു്. കന്യാസ്ത്രീകൾ മരിക്കുമ്പോൾ കൈകളിൽ വ്രത വാഗ്ദാനപത്രിക പിടിപ്പിച്ചിരിക്കും.

മന്ത്രകോടി ഇരിപ്പുങ്കിൽ വിവാഹിതയായ സ്ത്രീയെ ശിരസ്സ് മൂടത്തക്കവിധം ഉടുപ്പിക്കുന്നു. ക്നാനായക്കാർ പുരുഷന്മാരുടെ തലയിൽ കസവുള്ള വെള്ളത്തുണി കെട്ടുന്നു. യാക്കോബായസഭയിൽ പുരുഷന്മാർക്ക് തലക്കെട്ട് നിർബന്ധമില്ല. കൂടാതെ അത്മായർ മരിക്കുമ്പോൾ മരിച്ച വ്യക്തി പുരുഷനാണെങ്കിൽ വെള്ളമുറും സ്ത്രീ ആണെങ്കിൽ വെള്ള നേര്യതും പുറമെ പുതപ്പിക്കും. തലയ്ക്കൽ ഒരു മരക്കുരിശും അതിന്റെ ഇരുവശത്തും കത്തിച്ച മെഴുകുതിരികളും സാമ്പ്രാണികളും വയ്ക്കുന്നു. കൈകൾ കുരിശാകൃതിയിലോ, പ്രാർത്ഥനാ രീതിയിൽ കൂപ്പിയോവച്ച് കൈകളിൽ കുരിശുംകൊന്തയും ചെും പിടിപ്പിക്കുന്നു. യാക്കോബായസഭയിൽ മരിച്ചയാളിന്റെ കയ്യിൽ മെഴുകുകൊ് നിർമ്മിച്ച കുരിശ് പിടിപ്പിക്കുന്നു.

കത്തോലിക്ക - യാക്കോബായ - മാർതോമ്മാസഭകളിൽ മൃതദേഹത്തിൽ അടുത്ത ബന്ധുക്കൾ റീത്ത്, ബൊക്ക, പട്ട് ഇവ വയ്ക്കുന്ന പതിവു്. സി.എസ്.ഐ.ക്കാർ കൈകളിൽ ചെ് മാത്രം പിടിപ്പിക്കുന്നു. ഇവർ മൃതദേഹത്തിൽ പട്ട് ഇടാറില്ല. പെന്തക്കോസ്തുകാർക്ക് ഈ രീതികളൊന്നുമില്ല. മുൻകാലങ്ങളിൽ 'മരണപ്പാട്ട്' പാടുന്നതിനായി ഒരു വിഭാഗം ആൾക്കാരെ ഏർപ്പെടുത്തുകയും അവർക്ക് പണം നല്കുകയും ചെയ്തിരുന്നു. അർണോസ് പാതിരിയുടെ പുത്തൻപാനയുടെ വായന കരുണരസം ഉദ്ദീപിപ്പിക്കുന്ന പാരായണമാണ്. തന്നിമിത്തം മരണവീട്ടിൽ (വിശേഷിച്ച് ക്നാനായ സമുദായത്തിൽ) പാന വായിക്കുന്ന പതിവു്. മലങ്കര, യാക്കോബായ എന്നീ സഭകളിൽ അത്മായനാണെങ്കിൽ നാല് ശുശ്രൂഷയും വൈദികനാണെങ്കിൽ ഏഴ് ശുശ്രൂഷയും നടത്തുന്നു. അവസാനത്തെ ശുശ്രൂഷകൾ ഒഴികെയുള്ളവ ശവസംസ്കാരത്തിനുമുൻപ് എപ്പോഴെങ്കിലും വൈദികൻ വീട്ടിൽ ചെന്ന് നടത്തിയാൽ മതി.

സീറോ മലബാർ ആരാധനക്രമമനുസരിച്ച് വീട്ടിൽ ശവസംസ്കാരശുശ്രൂഷകൾ ആരംഭിക്കുമ്പോൾ പുരോഹിതൻ ചന്ദനത്തിരികൾ പനിനീർകൊ് ആശീർവദിക്കാറു്. പുരോഹിതൻ മൃതദേഹത്തിനു ചുറ്റും നടന്ന് ഓരോവശത്തും പനിനീർ തളിക്കുന്നു. മലങ്കര, ലത്തീൻസഭകളിൽ ധൂപവും വീശാറു്. വീട്ടിലെ ശവസംസ്കാരശുശ്രൂഷയുടെ സമാപന സമയത്ത് സ്വർഗത്തിൽ അവർക്ക് ലഭിക്കാനിരിക്കുന്ന നിത്യകിരീടത്തെ ഓർമ്മിപ്പിക്കുംവിധം പൂക്കൾകൊ് തീർത്ത കിരീടം പുരോഹിതൻ മരിച്ചയാളുടെ തലയിൽ വയ്ക്കുന്നു. ഈ രീതി സീറോ മലബാർ കത്തോലിക്കരുടെയിടയിൽ മാത്രമാണ് കാണുന്നത്.

പള്ളിയിൽനിന്നും കൊടി, മരക്കുരിശ്, കുട, കൈമണി, തിരിക്കാലുകൾ ഇവ കൊുവരുന്നു. മാർതോമ്മാ-സി.എസ്.ഐ സഭകളിൽ മരക്കുരിശ് മാത്രമാണ് കൊുവരുന്നത്. മൃതശരീരം പള്ളിയോട് അടുക്കാറാകുമ്പോൾ മണി അടിക്കുന്നു. ശവസംസ്കാര കർമ്മങ്ങൾക്ക് പുരോഹിതൻ കറുപ്പ് നിറത്തിലുള്ള തിരുവസ്ത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിലും ഇപ്പോൾ ഇത് നിർബന്ധമില്ല. മലങ്കര, യാക്കോബായ സി.എസ്.ഐ. സഭകളിൽ ഇപ്പോഴും കറുപ്പ് നിറത്തിലുള്ള തിരുവസ്ത്രമാണ് ഉപയോഗിക്കുന്നത്. ലത്തീൻസഭയിൽ വയലറ്റ് നിറത്തിലുള്ള (purple) തിരുവസ്ത്രമാണ് പുരോഹിതൻ അണിയുന്നത്. മാർതോമ്മാസഭയിൽ പുരോഹിതൻ തിരുവസ്ത്രം അണിയുന്നില്ല. മെത്രാൻ ആണ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതെങ്കിൽ കറുത്ത പുറംകുപ്പായം ഉപയോഗിക്കുന്നു.

മൃതശരീരം വീട്ടിൽനിന്ന് എടുക്കുന്നതിനു മുൻപായി മരിച്ചയാളുടെ അടുത്ത ബന്ധുക്കൾ അന്ത്യചുംബനമർപ്പിക്കുന്നു. മൃതദേഹം വഹിച്ചാൽ തങ്ങൾ അശുദ്ധമാകുമായിരുന്നതുകൊ് ആദ്യകാലങ്ങളിൽ 'പൊങ്ങന്മാർ' എന്ന താഴ്ന്ന ജാതിക്കാരായിരുന്നു ശവം എടുത്തിരുന്നത്. പുരോഹിതൻ മൃതദേഹത്തിനു പിന്നിലായി നടക്കുന്നു. മലങ്കര യാക്കോബായ സഭകളിൽ പുരോഹിതന് 'നടപ്പന്തൽ' പിടിക്കുന്ന പതിവുമു്. മരിച്ചയാൾ മറ്റുള്ളവരോട് യാത്ര ചോദിക്കുന്നതിന്റെ സൂചകമായി ഗായകർ അതിനോടനുബന്ധിച്ചുള്ള ഗാനം ആലപിക്കുന്നു. ഇതിന് 'വഴിക്കാലാ' എന്നു പറയുന്നു.

16-ാം നൂറ്റാിനുമുമ്പ് ആദിമക്രിസ്ത്യാനികൾ മൃതസംസ്കാരം നടത്തിയിരുന്നത് അവരവരുടെ വീട്ടുമുറ്റത്തായിരുന്നു. ഇതര മതസ്ഥരുടെ വാസസ്ഥലങ്ങളുടെയും അവരുടെ ആരാധനാലയങ്ങളുടെയും സമീപത്തുകൂടി മൃതദേഹം പൊതുസ്ഥലത്തേക്ക് കൊുപോകുവാൻ സമ്മതിച്ചിരുന്നില്ല എന്നതിനാലാണിത്. അതുകൊുതന്നെ നിർദ്ദിഷ്ട സ്ഥലത്തു മാത്രമേ വിശ്വാസികളുടെ മൃതദേഹം സംസ്കരിക്കാവൂ എന്ന് മൃതസംസ്കാരം സംബന്ധിച്ച് ഉദയംപേരൂർ സൂനഹദോസ് പ്രത്യേകം നിർദ്ദേശങ്ങൾ നല്കി. അതുകൊ് പ്രത്യേകമായി നിർമ്മിച്ച സ്ഥലമാണ് സിമിത്തേരി.

ശവകുടീരം പെട്ടിയോടെ ദേവാലയത്തിന്റെ മധ്യഭാഗത്ത് പ്രത്യേകം തയ്യാറാക്കിയ മേശമേൽ ബലിപീഠത്തിന് അഭിമുഖമായി കിടത്തുന്നു. മലങ്കര-യാക്കോബായ സഭകളിൽ ദേവാലയത്തിൽവച്ചോ സിമിത്തേരിയിൽവച്ചോ പുരോഹിതൻ മരിച്ച വ്യക്തിയുടെ മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും തൈലം പൂശുന്നു്. മൃതദേഹം സിമിത്തേരിയിൽ കൊുവന്ന് വച്ചതിനുശേഷം കുഴിയും ശരീരവും മൂന്നുപ്രാവശ്യം ധൂപം പൂശുകയും പനിനീർ തളിക്കുകയും ചെയ്യുന്നു. കുഴിയിലേയ്ക്ക് വയ്ക്കുന്നതിനു മുൻപായി വൈദികൻ മൃതദേഹത്തിൽ കുന്തുരുക്കം ഇടും. തുടർന്ന് അടുത്ത ബന്ധുക്കൾ അന്ത്യചുംബനം നല്കുന്നു. മൂത്ത മകൻ ചുംബിച്ചതിനുശേഷം വെള്ള തൂവാലയിട്ട് മുഖം മൂടുന്നു. യാക്കോബായ സഭയിൽ ആൺമക്കൾ മാത്രമേ ചുംബിക്കുന്നുള്ളൂ. കുഴിയിൽ വച്ചതിനുശേഷം കുന്തുരുക്കമോ മണ്ണോ ഇടുന്നു. മലങ്കര യാക്കോബായ സഭകളിൽ കുഴി മൂടിക്കഴിഞ്ഞും പുരോഹിതൻ ധൂപം വീശുന്നു്. മൃതദേഹം കിഴക്ക് അഭിമുഖമായാണ് വയ്ക്കുന്നത്. പുനരുത്ഥാനദിവസം കർത്താവിനെ ദർശിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്.

ക്നാനായക്കാരുടെയിടയിൽ ശവസംസ്കാരം കഴിഞ്ഞതിനു ശേഷം 'തഴുകൽ' എന്നൊരു ചടങ്ങു്. വൈദികന്റെ നേതൃത്വത്തിൽ മറ്റുള്ളവർ പരേതന്റെ വീട്ടുകാരെ തഴുകി മുത്തുന്നു.

ദുഃഖത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ വേി നടത്തുന്ന ചടങ്ങാണിത്. മരണത്തോടനുബന്ധിച്ചുള്ള സുറിയാനിക്കാരുടെ ചടങ്ങുകൾക്ക് വൈവിധ്യമു്. മരണം നടന്ന വീട്ടിൽ അടുക്കളയിലെ തീ കെടുത്തുന്നു. ശവസംസ്കാരം കഴിയുന്നതുവരെ പാചകം ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ വീട്ടിലായിരിക്കും. മരണവീട്ടിലുള്ള മരിച്ചയാളുടെ ബന്ധുക്കൾക്ക് പാലൊഴിക്കാത്ത കാപ്പിയാണ് കൊടുക്കുന്നത്. ഭക്ഷണസമയത്ത് ചോറും പച്ചക്കറികളുമാണ് ബന്ധുക്കൾ കഴിക്കുന്നത്. മൃതസംസ്കാരത്തിനു ശേഷം എല്ലാവരും മരണവീട്ടിൽ തയ്യാറാക്കിയിരിക്കുന്ന 'പഷ്ണിക്കഞ്ഞിയിൽ' പങ്കുകൊള്ളും. മരണശേഷം കുടുംബാംഗങ്ങൾ പട്ടിണിയായിരിക്കണമെന്ന നിബന്ധനയിൽ നിന്നുമാണ് അതിനുശേഷമുള്ള ആദ്യഭക്ഷണത്തിന് ഈ പേര് ലഭിച്ചത്. കഞ്ഞിക്ക് പയറുതോരൻ, പപ്പടം, കടുമാങ്ങ എന്നിവ ഉപയോഗിച്ചു വരുന്നു.

നസ്രാണികളുടെയിടയിൽ പിതാവ് മരിച്ചാൽ കല്യാണം കഴിച്ച ആൺമക്കൾ ഒരു വർഷത്തേയ്ക്ക് ദീക്ഷ നീട്ടുമായിരുന്നു. 'ദീക്ഷ നീട്ടുക', 'ആ ു ച ാ ത്ത ം' വരെ ക്ഷൗരം ചെയ്യാതിരിക്കുക എന്നിവ യാഥാസ്ഥിതികരായ നമ്പൂതിരിമാരുടെ ഇടയിലുള്ള ആചാരമാണ്. ഇവ ഒന്നു രു തലമുറ മുമ്പുവരെ നസ്രാണികളും പിൻതുടർന്നുപോന്നു. ശവസംസ്കാരത്തിനുശേഷം 40 ദിവസം ആത്മാവിന്റെ പാപമോചനത്തിനായി പ്രാർത്ഥിക്കുകയും നോമ്പ് നോല്ക്കുകയും ചെയ്യുന്നു. ഇതിന് 'പെലനോക്കൽ' എന്നു പറയുന്നു. 3, 5, 7, 9 ഇങ്ങനെയുള്ള ദിവസങ്ങളിൽ ഏതെങ്കിലുമൊരുദിവസം ക്നാനായക്കാർ 'മന്ത്രാ' നടത്തുകയും പാച്ചോറ് വിതരണം ചെയ്യുകയും ചെയ്യുന്നു. മാർതോമ്മാ-സി.എസ്. ഐ.-പെന്തക്കോസ്ത് എന്നീ സഭകൾ മരിച്ചവർക്കുവേി പ്രാർത്ഥിക്കുന്നില്ല.

നസ്രാണികളുടെ പാരമ്പര്യമനുസരിച്ച് ഏതെങ്കിലും ഒരു ഒറ്റസംഖ്യാ ദിവസത്തിൽ പുരോഹിതൻ വീട് വെഞ്ചരിക്കുകയും 'മന്ത്രാ' നടത്തുകയും ചെയ്യുന്നു. അതിനുശേഷം മേശമേൽ വച്ചിരിക്കുന്ന പാത്രത്തിൽനിന്ന് എല്ലാവരും ചെറുജീരകം ഒന്നോ രോ നുള്ള് എടുത്ത് കടിക്കുന്നു. അതോടെ 'പുല' തീർന്നു എന്നാണ് വിശ്വാസം. അതേ സ്ഥലത്ത് വച്ചിരിക്കുന്ന ഒഴിഞ്ഞ പാത്രത്തിൽ പണം നിക്ഷേപിക്കുന്നു. ഈ പണം മരിച്ചവരുടെ ആത്മശാന്തിക്കായുള്ള പ്രാർത്ഥനയ്ക്കായി വിനിയോഗിക്കുന്നു. അനന്തരം സദ്യ നല്കുന്നു. സദ്യയ്ക്ക് മൂന്ന് നെയ്യപ്പം, മൂന്ന് പഴം ഇവ കാണും. ഇവ കൊുവരുന്നത് കെട്ടിച്ചയച്ച പെൺമക്കളാണ്. ജീരകവും നെയ്യപ്പവും പഴവും വൈദികൻ വെഞ്ചരിച്ചതിനുശേഷമാണ് കൊടുക്കുന്നത്. നെയ്യപ്പം വെഞ്ചരിച്ചതിനുശേഷം വൈദികൻ അതിൽനിന്നും മൂന്നെണ്ണമെടുത്ത് മൂത്തമകനു നല്കുന്നു. അതിനുശേഷം വൈദികനും മൂന്നെണ്ണമെടുക്കുന്നു. തുടർന്ന് മൂത്തമകൻ മൂന്നെണ്ണം വീതം ഇലയിൽ വിളമ്പുന്നു. തുടർന്ന് പഴവും. ആദ്യം പഴവും പിന്നീട് നെയ്യപ്പവുമാണ് കഴിക്കുന്നത്. ആദവും ഹവ്വയും പഴം തിന്ന്, ആദിപാപം ചെയ്തതിന്റെ പ്രതീകമായിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന് പാപമോചനം നല്കുന്നു എന്ന വിശ്വാസമാണ് മൂന്നെണ്ണം വിളമ്പുന്നതിന്റെ അടിസ്ഥാനം. തുടർന്ന് സാധാരണരീതിയിലുള്ള സദ്യ ആരംഭിക്കുന്നു. ആുചാത്തത്തിന്റെ ചടങ്ങും ഇതുപോലെ തന്നെ.

പുകാലങ്ങളിൽ ശ്രാദ്ധകർമ്മങ്ങളിൽ വൈദികർക്ക് പണവും തുണിയും നല്കിയിരുന്നു. ഒരു വർഷത്തിനുള്ളിൽ വരുന്ന ക്രിസ്മസ്, പെസഹാ, ഈസ്റ്റർ ഇവ അടുത്ത ബന്ധുക്കൾ ആഘോഷിക്കുന്നില്ല. ആുതോറും മരിച്ചവരുടെ സ്മരണ നിലനിർത്തുകയും അവർക്കായി പ്രത്യേക പ്രാർത്ഥനയും (ഒപ്പീസ്) വി. കുർബ്ബാനയും അർപ്പിക്കുകയും ചെയ്യുന്നു.

മരിച്ചവർക്കുവേി സഭ അംഗീകരിച്ചിട്ടുള്ള ചില പ്രത്യേക ദിവസങ്ങളിലും പ്രാർത്ഥിക്കുന്നു. മരിച്ച ആൾ കിടന്നിരുന്ന കട്ടിലിൽ 40 ദിവസത്തേയ്ക്ക് വെള്ളത്തുണി വിരിച്ചൊരുക്കി തലയ്ക്കൽ വിളക്കു കത്തിച്ചുവയ്ക്കുന്നതും മലങ്കരയാക്കോബായ സഭകളുടെ പാരമ്പര്യമാണ്. അയാൾ മരിച്ചുപോയാലും കർത്താവിൽ സജീവനാണ് എന്നു കാണിക്കുവാനാണ് ഇപ്രകാരം ചെയ്യുന്നത്.

**8.5 യാക്കോബായ ദൈവാലയങ്ങളിലെ ആചാരങ്ങൾ**

ഏ.ഡി. 1653-ലെ കൂനൻകുരിശുസത്യത്തിനു ശേഷമാണ് സാർവ്വത്രികസഭ യാക്കോബായ, പ്രൊട്ടസ്റ്റന്റ് എന്നീ സഭാവിഭാഗങ്ങളായി പിരിയുന്നത്. യാക്കോബായ സുറിയാനി സഭയുടെ ആസ്ഥാനം ദമാസ്കസും പരമാധികാരി അന്ത്യോക്യയിലെ പാത്രീയർക്കീസുമാണ്. യാക്കോബായ സഭയിൽ ഇന്ന് ബാവാകക്ഷി, മെത്രാൻ കക്ഷി എന്നീ രു വിഭാഗക്കാരു്. ഇരുവിഭാഗക്കാരുടെയും ആചാരാനുഷ്ഠാനങ്ങൾ ഒന്നാണെങ്കിലും അധികാരത്തിൽ വ്യത്യാസം കുവരുന്നു. ഇരുകൂട്ടർക്കും കാതോലിക്കാബാവയും മെത്രാന്മാരും വൈദികരും വിശ്വാസി കളും ഉ്. ബാവാകക്ഷിയെന്നും സിറിയൻ ഓർത്തഡോക്സ് സഭയെന്നും അറിയപ്പെടുന്ന വിഭാഗത്തിന്റെ തലവൻ പൗരസ്ത്യ കാതോലിക്കോസും ആസ്ഥാനം മൂവാറ്റുപുഴയുമാണ്.

കോട്ടയം ആസ്ഥാനമാക്കിയുള്ള മെത്രാൻകക്ഷി വിഭാഗത്തിനും കാതോലിക്കോസ് ഉ്. കാതോലിക്കോസ് കക്ഷിയെന്നും ഓർത്തഡോക്സ് സിറിയൻ സഭയെന്നും ഇതറിയപ്പെടുന്നു. യാക്കോബായസഭകൾ ഏഴു കൂദാശകളും അനുഷ്ഠിക്കുന്നു്. മലങ്കര കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും മിക്ക ആചാരാനുഷ്ഠാനങ്ങളും ഒന്നുതന്നെയാണ്. കുർബാനക്രമം, വലിയോമ്പ് - വിശുദ്ധവാരം - തിരുനാളുകൾ എന്നിവയുടെ കർമ്മങ്ങൾ, മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളുടെ പരികർമ്മം, ഇങ്ങനെ നീളുന്നു ഉദാഹരണങ്ങൾ. ഇരുകൂട്ടരും വിഭൂതിതിരുനാൾ ആഘോഷിക്കുന്നില്ല. മലങ്കര കത്തോലിക്കരുടെ ഭക്താഭ്യാസങ്ങളിൽ ഉൾപ്പെടുന്ന കുരിശിന്റെ വഴി യാക്കോബായക്കാർ നോമ്പുകാലങ്ങളിൽ ചൊല്ലുന്നില്ല. യാക്കോബായസഭയിലെ വൈദികർക്ക് കശീശാ(വൈദിക)പട്ടത്തിനു മുമ്പ് വിവാഹം കഴിക്കാൻ അനുവാദമു്. മലങ്കരസഭയിലെ വൈദികർക്ക് ഇത് പാടില്ല.

യാക്കോബായ സഭയിൽ ദിവസത്തിൽ ഒരു കുർബാന മാത്രമേ വൈദികൻ അർപ്പിക്കുവാൻ പാടുള്ളൂ. ഞായറാഴ്ചകളിൽ ദിവ്യബലിയിൽ സംബന്ധിക്കണമെന്നുള്ള നിർബന്ധമു്. സാബത്ത് നാളിൽ ലൗകികവേലകൾക്കു പകരം ജീവകാരുണ്യപ്രവർത്തനങ്ങൾ ആണ് ചെയ്യേ ത്. തലേദിവസം അത്താഴം കഴിക്കാതെയോ, ഉറങ്ങാതെയോ വി. കുർബാന സ്വീകരിക്കാൻ ഇവർക്ക് പാടുള്ളതല്ല. അത്താഴഭോജനാനന്തരം കുർബാനസ്വീകരണംവരെ ഇവർക്ക് യാതൊന്നും ഭക്ഷിക്കുവാൻ അനുവാദമില്ല. വിവാഹിതരായ വൈദികരാണെങ്കിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുവാനും പാടില്ല. വിശ്വാസികൾക്കും കുർബാനയിൽ സംബന്ധിക്കുന്നതിന് എല്ലാവിധത്തിലമുള്ള ശുദ്ധി ആവശ്യമാണ്.

ദിവ്യകാരുണ്യം സക്രാരിയിൽ സൂക്ഷിച്ചുവയ്ക്കുന്നില്ല. അന്ത്യഅത്താഴദിവസം അപ്പം ഉാക്കാൻ ഉപയോഗിച്ച മാവിന്റെ ഒരംശം ശ്ലീഹന്മാർ എടുത്തുവച്ചു. അതിൽനിന്ന് പുളിപ്പ് എടുത്താണ് കുർബാന തുടർന്നുകൊിരിക്കുന്നത് എന്നാണ് വിശ്വാസം. പുളിപ്പുള്ള ഗോതമ്പപ്പമാണ് യാക്കോബായക്കാർ വി. കുർബാനയ്ക്കായി ഉപയോഗിക്കുന്നത്. വി. കുർബാന താഴെ പോയാൽ പുരോഹിതൻ മുട്ടുകുത്തിനിന്ന് നാവുകൊ് നക്കി എടുക്കുകയാണ്

ചെയ്യുന്നത്. കുദാശ ചെയ്ത തിരുവോസ്തി ആണോ അല്ലയോ എന്നു സംശയം വരുമ്പോൾ അത് ധൂപക്കുറ്റിയിൽ നിക്ഷേപിക്കുന്നു. ഏതു കൂദാശയും പൂർണ്ണമാകുന്നത് വി. കുർബാന യിലൂടെയാണ്. മാമ്മോദീസായോടുകൂടി തിരുരക്തം നല്കി കഴിഞ്ഞതിനാൽ ആദ്യകുർബാന സ്വീകരണം എന്ന പ്രത്യേക ചടങ്ങ് ഈ സഭയിൽ നടത്തുന്നില്ല.

കുട്ടികൾക്കും മുതിർന്നവർക്കും വേ പ്രത്യേക കുമ്പസാരങ്ങൾ നടത്തുന്നു. കുട്ടികൾക്ക് പാപങ്ങൾ ഏറ്റുപറയുവാൻ വശമില്ലാത്തതുകൊ് അവർ ഒരു നിശ്ചിതദിവസം ഒന്നിച്ചു കൂടുവാൻ ആവശ്യപ്പെടുന്നു. വൈദികൻ പ്രാർത്ഥന ചൊല്ലുമ്പോൾ അവർ മനസ്സിൽ പാപങ്ങൾ ഏറ്റുപറഞ്ഞുകൊിരിക്കും. തുടർന്ന് അവർ ഓരോരുത്തരായി പുരോഹിതന്റെ അടുത്തു വരുന്നു. പുരോഹിതൻ ഓരോരുത്തരുടെയും നെറ്റിയിൽ കുരിശു വരയ്ക്കുന്നു.

കുമ്പസാരിക്കുന്നതിനു മുമ്പായി മുതിർന്നവർ ദേവാലയത്തിൽ കുമ്പിട്ട് പണം വയ്ക്കുന്ന പതിവും ഇവരുടെയിടയിലു്. വൈദികനോട് പാപം ഏറ്റുപറയുകയും വൈദികൻ നല്കുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്യുന്നു. പെസഹാക്കാലത്ത് കുമ്പസാരിച്ച് വി. കുർബാന ഉൾക്കൊള്ളണമെന്ന് നിയമമു്. രോഗീലേപനത്തിന് ര് രീതികളു്. സാധാരണ തൈലാഭിഷേകം, കന്തീലാ ശുശ്രൂഷ എന്നിവയാണവ. രോഗിയുടെ സൗഖ്യത്തിനും ആശ്വാസത്തിനുമായി സാധാരണ തൈലാഭിഷേകം നടത്താം. ഇത് രോഗി സുബോധത്തോടെ യായിരിക്കുമ്പോൾ നടത്തേതാണ്. ഈ സന്ദർഭത്തിൽ കുമ്പസാരത്തിനുശേഷം വി. കുർബാന നൽകുകയാണ് ചെയ്യുന്നത്.

രോഗികളുടെ തൈലാഭിഷേകശുശ്രൂഷയുടെ വിപുലമായ നടപടി ക്രമമാണ് കന്തീലാ ശുശ്രൂഷ. കന്തീല എന്നാൽ തിരി കത്തിച്ചുകൊുള്ള ശുശ്രൂഷ എന്നാണ് അർത്ഥം. അഞ്ച് തിരികൾ നാട്ടിനിർത്തിയിട്ടുള്ള ഒരു തളികയിൽ സൈത്ത് എണ്ണയോടൊപ്പം രോഗികളുടെ തൈലാഭിഷേകത്തിനുള്ള എണ്ണയും ചേർക്കുന്നു. അഞ്ചു ശുശ്രൂഷകളാണ് കന്തീലാക്രമത്തിൽ ഉള്ളത്. ഓരോ ശുശ്രൂഷ ആരംഭിക്കുമ്പോഴും ഓരോ തിരി കത്തിക്കും. കന്തീലാശുശ്രൂഷയിൽ അഞ്ച് പ്രാവശ്യം ശരീരാവയവങ്ങളിൽ തൈലം പൂശുന്നു്. എന്നാൽ സാധാരണ തൈലാ ഭിഷേകത്തിൽ ഇത് ഒരു തവണ മാത്രമേ ചെയ്യുന്നുള്ളു.

പുരോഹിതൻ കശീശാപട്ടത്തിനു (വൈദികപട്ടം) മുമ്പ് വേണം വിവാഹം കഴിക്കുവാൻ. പുരോഹിതൻ ആയതിനുശേഷം എല്ലാവരെയും കുഞ്ഞാടുകളായി കാണണം. കല്യാണം കഴിച്ച പുരോഹിതന് മെത്രാൻ ആകാൻ പറ്റില്ല. ഓരോ പട്ടത്തിനും തലയിൽ കുരിശാകൃതിയിൽ മുടി കത്രിക്കും. നാലു സ്ഥലത്തുനിന്ന് കത്രിക്കുമ്പോൾ കുരിശാകൃതി ആകും. ജഡസംബന്ധമായ സകല വികാരങ്ങളുടെയും ഉന്മൂലനമാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്. " ഞാൻ തള്ളുന്നവനെ നീയും തള്ളണം. ഞാൻ സ്വീകരിക്കുന്നവനെ നീയും സ്വീകരിക്കണം" എന്ന് മെത്രാൻ പറയുമ്പോൾ "അങ്ങ് തള്ളുന്നവനെ ഞാനും തള്ളിക്കൊള്ളാം. അങ്ങ് സ്വീകരിക്കുന്നവനെ ഞാനും സ്വീകരിച്ചുകൊള്ളാം"എന്ന് പറഞ്ഞ് പട്ടക്കാരൻ മെത്രാന്റെ മുമ്പിൽനിന്ന് സത്യം ചെയ്യുന്നു. കത്രിക്കുന്ന മുടി ഓരോരുത്തരുടെയും പേര്, മേൽവിലാസം ഇവ എഴുതി കവറിൽ ഇട്ട് മെത്രാന്റെ മുറിയിൽ സൂക്ഷിക്കും. മെത്രാനെ സംസ്കരിക്കുമ്പോൾ കല്ലറയിൽ ഇത് നിക്ഷേപിക്കും. തന്റെ മുൻപിൽ സത്യം ചെയ്തതിന്റെ അടയാളമായി ഇതിനെ കാണുന്നു.

ഇരുപത്തഞ്ച് നോമ്പ്, 50 നോമ്പ്, 15 നോമ്പ്, 3 നോമ്പ്, ശ്ലീഹാ നോമ്പ് എന്നിങ്ങനെയുള്ള അഞ്ച് കാനോനിക നോമ്പുകളിലും സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള

കാലഘട്ടത്തിലും ഞായർ, തിങ്കൾ ഒഴികെയുള്ള ദിവസങ്ങളിലും യാക്കോബായസഭയിൽ വിവാഹം നിഷിദ്ധമാണ്.

സഭാനിയമപ്രകാരം ഒരു ദിവസം ആരംഭിക്കുന്നതും അവസാനിക്കുന്നതും സന്ധ്യയോടുകൂടിയാണ്. ദമ്പതികൾ രാത്രിയിൽ മണിയറയിൽ കഴിയേവരാണ്. വിവാഹം പൂർണ്ണമാകുന്നത് ലൈംഗികബന്ധത്തിലൂടെയാണ്. ശനിയാഴ്ച വിവാഹം നടന്നാൽ ഞായറാഴ്ച വി.ബലിയിൽ ഒരുക്കത്തോടെ സംബന്ധിക്കാൻ കഴിയുകയില്ല. അതുപോലെ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും വിവാഹം നടന്നാൽ തുടർന്നുള്ള നോമ്പ് ദിവസങ്ങൾ ആയ ബുധൻ, വെള്ളി ദിവസങ്ങൾ ഒരുക്കത്തോടും ഉപവാസത്തോടുംകൂടി കൈകാര്യം ചെയ്യുവാൻ പറ്റുകയില്ല. ഒത്തുകല്യാണം വധുവിന്റെ ഇടവകയിലോ ഭവനത്തിലോ വച്ച് നടത്താം. കാർമ്മികന്റെ സാന്നിധ്യത്തിൽ പേര് എഴുതിയ മോതിരം വധൂവരന്മാർ കൈമാറുന്നു. വിവാഹനിശ്ചയത്തിന്റെ പ്രതീകമായി ഇതിനെ യാക്കോബായക്കാർ കാണുന്നു.

പ്രതിമകൾക്കു പകരം ചിത്രങ്ങളാണ് ഇവർ ദേവാലയങ്ങളിൽ വയ്ക്കുന്നത്. കൊന്ത ചൊല്ലുന്നില്ലെങ്കിലും 'നന്മനിറഞ്ഞ മറിയമെ' എന്ന ജപം ചൊല്ലുന്നുു്. ക്രിസ്തുവിന്റെ നാമത്തിൽ പള്ളികൾ സ്ഥാപിക്കുന്നില്ല. സ്ത്രീകൾ ആർത്തവസമയത്ത് ദേവാലയത്തിൽ പ്രവേശിക്കുകയില്ല. ദേവാലയത്തിൽ സദാ കത്തിച്ചുവച്ചിരിക്കുന്ന നിലവിളക്കിലെ എണ്ണ നെറ്റിയിൽ തൊടുന്ന പതിവും ഇവർക്കുു്. ഈ കർമ്മം നിശ്ചിത തവണ വഴിപാടായി ചെയ്യുന്നവരുമുു്. നൊവേന, മാസവണക്കങ്ങൾ, പതിമൂന്നുമണി ആരാധന, നാല്പതുമണി ആരാധന, ആദ്യവെള്ളിഭക്തി തുടങ്ങിയവയൊന്നും ഇല്ല.

ശിശു ഗർഭാവസ്ഥയിലായിരിക്കുമ്പോൾതന്നെ അടിമവച്ചുകൊള്ളാമെന്ന് നേർച്ച നേരുന്ന പതിവുു്. അടിമ ആയിരിക്കുന്നിടത്തോളം കാലം എല്ലാ തിരുനാളുകളിലും അവർ സംബന്ധിക്കണം. വിവാഹത്തിന്റെ തൊട്ടുമുൻപ് അടിമത്തം അവസാനിക്കുകയും ചെയ്യുന്നു. യാക്കോബായ സഭയിൽ രാവിലെയും വൈകുന്നേരവുമുള്ള യാമങ്ങളിൽ പന്ത്രണ്ട് മണി അടിക്കുന്നു. ഒരു മണി അടിച്ചതിനുശേഷം അല്പം ഇടവേള കഴിഞ്ഞാണ് അടുത്ത മണി അടിക്കുന്നത്. കുർബ്ബാനയുള്ള ദിവസങ്ങളിൽ ഏതാനും നിമിഷങ്ങൾ ഇടവേളയാക്കികൊുനാലുതവണ ആയി മൂന്നുമണികൾ വീതവും, അനന്തരം ഇരുപത്തിയൊന്ന് മണികൾ നിറുത്തില്ലാതെയും അടിക്കുന്നു. ഇപ്രകാരം ചെയ്യുന്നത് 33 എന്ന യേശുവിന്റെ തിരുവയസ്സിനെ സൂചിപ്പിക്കുവാൻ വേിയാണ്. യാക്കോബായ സഭയിലെ മരണമണിയുടെ ക്രമം മലങ്കരസഭയിലേതുപോലെ തന്നെയാണ്.

**8.6 മാർതോമ്മാ ദൈവാലയത്തിലെ ആചാരാനുഷ്ഠാനങ്ങൾ**

കേരളത്തിലെ യാക്കോബായ സഭയിൽ 1799-ൽ ആംഗ്ലിക്കൻ സഭാംഗങ്ങളായ സി.എം.എസ്. മിഷനറിമാർ പ്രവർത്തിക്കുവാൻ തുടങ്ങിയതോടെ ഈ സഭയിൽ ഒരു മാറ്റത്തിന് നാന്ദി കുറിച്ചു. പാലക്കുന്നത്ത് അബ്രാഹം മല്പാന്റെ നേതൃത്വത്തിൽ ആറായിരത്തോളം ആളുകൾ നവീകരണക്കാരായി ഉായിരുന്നു. നവീകരണകക്ഷി എന്ന പേരിൽ അറിയപ്പെട്ട പുതിയ സഭയാണ് മാർതോമ്മാ സുറിയാനിസഭ. തിരുവല്ലയാണ് ഇവരുടെ ആസ്ഥാനം.

മാർതോമ്മാസഭയിൽ സാധാരണയായി കുർബ്ബാനയ്ക്ക് ആറ് മെഴുകുതിരികൾ കത്തിക്കുന്നു. 12 ശ്ലീഹാന്മാരെ സൂചിപ്പിക്കുന്ന 12 തിരികൾ വച്ചുള്ള കുർബ്ബാനയുമുു്. ഈ

സഭ മലങ്കരക്രമമാണ് പിന്തുടരുന്നത്. മലങ്കര കുർബ്ബാനയിലെ പ. കന്യകാമറിയത്തോടും വിശുദ്ധരോടുമുള്ള മധ്യസ്ഥപ്രാർത്ഥന എടുത്തുമാറ്റി. എന്നാലും കുർബ്ബാനയുടെ ഒരു ഭാഗത്ത് ഇവരെ അനുസ്മരിക്കുന്നു്. ആരുടെയും മധ്യസ്ഥത ഈ സഭ അംഗീകരിക്കുന്നില്ല. ദൈവ ത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മറ്റൊരു മധ്യസ്ഥന്റെ ആവശ്യമില്ല എന്നാണ് ഇവരുടെ പക്ഷം.

തിരുനാളുകൾ, തിരുനാൾ പ്രദക്ഷിണങ്ങൾ, വി. വാരകർമ്മത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾ, മരിച്ചവർക്കുവേിയുള്ള പ്രാർത്ഥനകൾ, ദേവാലയമണികൾ ഇവയെല്ലാം യാക്കോബായ സഭയിൽനിന്നു പിരിഞ്ഞുപോന്നപ്പോൾ ഇവർ ഉപേക്ഷിച്ചു. മാർതോമ്മാസഭ യിലും ഏഴു കൂദാശകൾ ഉ്. പ്രഥമകൂദാശയായ മാമ്മോദീസാ ശൈശവത്തിൽ തന്നെ നല്കുന്നതിനാൽ ജ്ഞാനപിതാവും ജ്ഞാനമാതാവും ആവശ്യമാണ്. കുട്ടി ആണാണെങ്കിൽ ജ്ഞാനപിതാവും പെണ്ണാണെങ്കിൽ ജ്ഞാനമാതാവുമാണ് വഹിക്കുന്നത്. മാമ്മോദീസാതൊട്ടി പള്ളിയുടെ പുറകിൽ പടിഞ്ഞാറുവശത്താണ് വച്ചിരിക്കുന്നത്. വൈദികനോട് പാപങ്ങൾ ഏറ്റുപറയുന്നില്ല. പകരം എല്ലാ കുർബ്ബാനമധ്യേയും അനുതാപത്തിന്റെ പ്രാർത്ഥന പുരോഹിതൻ ചൊല്ലികൊടുക്കുന്നത് ഏറ്റുചൊല്ലി അറിഞ്ഞും അറിയാതെയും ചെയ്ത തെറ്റുകൾക്ക് മാപ്പ് ചോദിക്കുകയാണു ചെയ്യുന്നത്.

ഞായറാഴ്ചകൾ, ഈസ്റ്റർ, ക്രിസ്മസ്, പെസഹാവ്യാഴം, നാല്പതാം വെള്ളി, സഭാദിനം (ഡിസംബർ 21) തുടങ്ങിയ ദിവസങ്ങളിൽ കുർബ്ബാന അർപ്പിക്കുന്നു. ദിവ്യകാരുണ്യം സക്രാരിയിൽ സൂക്ഷിച്ചുവയ്ക്കുന്നില്ല. പതിമൂന്നു വയസ്സാകുമ്പോഴാണ് ആദ്യകുർബ്ബാന സ്വീകരിക്കുന്നത്. യാക്കോബായ സഭയിൽനിന്നു വ്യത്യസ്തമായി ഞായറാഴ്ച ഒന്നിൽ കൂടുതൽ കുർബ്ബാന പുരോഹിതന് അർപ്പിക്കാവുന്നതാണ്. സഭയുടെ കോട്ടയം, തിരുവല്ല തുടങ്ങിയ ഓഫീസുകളിൽ നിന്നു വാങ്ങിക്കുന്ന ഇളംമഞ്ഞനിറത്തിലുള്ള ഗോതമ്പപ്പമാണ് (wafer) വി. കുർബ്ബാനയ്ക്കായി ഉപയോഗിക്കുന്നത്. ഈ അപ്പം 'പ ( ന്ത ് ' ആയി മുറിക്കുന്നു. ഇപ്പോൾ ചെറിയ ആകൃതിയിലുള്ളതും ലഭ്യമാണ്. വി. കുർബ്ബാനയിൽ ധൂപം ഉപയോഗിക്കുന്നു്. വി. കുർബ്ബാന സ്വീകരണത്തിൽ മറ്റ് സഭകളിൽനിന്ന് വ്യത്യസ്തമായ രീതി കാണാം. ദിവ്യബലിയിൽ സംബന്ധിച്ച എല്ലാവർക്കും പുരോഹിതൻ ആദ്യം തിരുശരീരം നല്കിയതിനുശേഷം തിരുരക്തം നല്കുന്നു.

മാർതോമ്മാ വൈദികർക്ക് വിവാഹിതരാകാവുന്നതാണ്. പട്ടത്തിനുള്ള പരിശീലനകാല ഘട്ടത്തിനു മുൻപോ വൈദികനായതിനുശേഷമോ ആണ് വിവാഹം കഴിക്കുന്നത്. മലങ്കര, യാക്കോബായ സഭകളിലേതുപോലെ വിവാഹത്തിന് വരന്റെ വലതുവശത്ത് മണവാട്ടി നില്ക്കുന്നു. കൂടാതെ താലികെട്ട്, മോതിരം വാഴ്വ്, കിരീടം വാഴ്വ് എന്നീ ചടങ്ങുകളും നിലവിലു്. വധൂവരന്മാരുടെ കൈകളിൽ കാർമ്മികൻ ആണ് മോതിരം ഇട്ടുകൊടുക്കുന്നത്.

മരിച്ചതിനുശേഷം വ്യക്തിക്ക് നീതീകരണമില്ല എന്നാണ് ഇവരുടെ വിശ്വാസം. അതുകൊ് മരിച്ചവർക്കുവേി പ്രാർത്ഥിക്കാറില്ല. മരണാനന്തരമുള്ള ശുശ്രൂഷകൾ ഉറ്റബന്ധുക്കൾക്ക് ആശ്വാസം നല്കുന്ന വിധത്തിലുള്ളതും പ്രാർത്ഥനയിൽ പങ്കുകൊള്ളുന്നവർക്ക് അനുതാപം ഉാകത്തക്ക വിധത്തിലുള്ളതുമാണ്. മൃതശരീരം പള്ളിയിൽ കൊുവരുമ്പോൾ മദ്ബഹായുടെ തിരശ്ശീല മാറ്റാറു്. ഉടനെ തന്നെ വിരി ഇട്ട് മദ്ബഹ മറയ്ക്കുകയും ചെയ്യുന്നു.

മാർതോമ്മാസഭയിൽ കൂദാശകളോടനുബന്ധിച്ച് വി. കുർബ്ബാന ചൊല്ലുന്ന പതിവില്ല. ക്രിസ്തുവിന്റെയും അപ്പസ്തോലന്മാരുടെയും നാമത്തിലാണ് പള്ളികൾ. മെത്രാപ്പൊലീത്താ,

എപ്പിസ്കോപ്പാ (തിരുമേനി) വൈദികർ, ഉപദേശിമാർ ഇതാണ് സ്ഥാനക്രമം. മാർപ്പാപ്പയുടെ നേതൃത്വം അംഗീകരിക്കുകയോ പ. കന്യകാമറിയം, വിശുദ്ധർ ഇവരുടെ മധ്യസ്ഥത അപേക്ഷിക്കു കയോ ചെയ്യുന്നില്ല.

സ്ത്രീകളുടെയിടയിൽ 'സേവിനിമാർ' ഉ്. ഇവർ സാധാരണയായി അവിവാഹിതകളാ യിരിക്കും. വിവാഹിതരായവർക്കും ഇതിൽ അംഗമാകാം. ആജീവനാന്തം ഇതിൽ അംഗങ്ങളാ കുന്നവരും കുറച്ചു കാലത്തേയ്ക്ക് മാത്രമായി അംഗത്വം സ്വീകരിക്കുന്നവരുമു്. ഇവർക്ക് പൊതുവായി ഒരു ഭവനം ഉായിരിക്കും. സർവ്വീസിൽനിന്നു വിരമിച്ചതിനുശേഷം വീട്ടിൽ പോകാനും അനുവാദമു്. സഭയ്ക്കുവേി പ്രവർത്തിക്കുന്നവരാണ് സേവിനിമാർ. ക്രിസ്തു വിന്റെയും വിശുദ്ധരുടെയും പ്രതിമകൾ ഉപയോഗിക്കുകയില്ല. അവ ദൈവകല്പനയ്ക്ക് വിരുദ്ധവും വിഗ്രഹാരാധനയുമാണ് എന്ന് വിശ്വസിക്കുന്നു. വേദപുസ്തക പഠനത്തിനും കുടുംബപ്രാർത്ഥനയ്ക്കും പ്രാധാന്യം നല്കുന്നു്.

### 8.7 ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (CSI) ദൈവാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ

പതിനെട്ടാം നൂറ്റാിന്റെ അന്ത്യദശകങ്ങളോടുകൂടി മിഷനറിപ്രവർത്തനങ്ങൾക്ക് പാശ്ചാത്യ രാജ്യങ്ങളിൽ വിശേഷിച്ചും ഇംഗ്ലിൽ ഒരു പുതിയ ഉണർവു ായി. അതനുസരിച്ച് 1793-ൽ ബാപ്റ്റിസ്റ്റ് മിഷനറിസമൂഹം രൂപംകൊള്ളുകയും അതിന്റെ നേതാക്കളിലൊരാളായി വില്യംകേരി ഭാരതത്തിലെത്തുകയും ചെയ്തു. തുടർന്ന് 1806-ൽ ലൻ മിഷൻ സൊസൈറ്റി (L.M.S.), 1816-ൽ ചർച്ച് മിഷൻ സൊസൈറ്റി (C.M.S.) 1834-ൽ ബാസൽ മിഷൻ സൊസൈറ്റി (BMS) തുടങ്ങിയ വിവിധ മിഷനറി സമൂഹങ്ങൾ ഭാരതത്തിൽ പ്രവർത്തനങ്ങൾക്കായി എത്തുക യു ായി. 1947-ൽ ഈ സഭാവിഭാഗങ്ങൾ ഒത്തുചേർന്ന് സി.എസ്.ഐ. സഭ രൂപംകൊു.

ഹെൻറി ബേക്കർ സീനിയർ സി.എം.എസ്. വിഭാഗത്തിലെ ആദ്യകാല മിഷനറിമാരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ മകൻ ഹെൻറി ബേക്കർ ജൂണിയർ മിഷനറിയുടെ പ്രവർത്തനഫല മായിട്ടാണ് 1848 മുതൽ 1878 വരെയുള്ള കാലയളവിൽ മുക്കയത്തിനും മേലുകാവിനു മിടയ്ക്കുള്ള ഏതാ് എല്ലാ മലയരയരും മതപരിവർത്തനത്തിന് വിധേയരായത്. ഇദ്ദേഹം ഇവരോട് സുവിശേഷം പ്രസംഗിച്ചു. കേരളത്തിലാണ് ജനിച്ചതെങ്കിലും ഇംഗ്ലിൽ പഠിച്ച അദ്ദേഹം അനേകവർഷങ്ങൾക്കുമുമ്പ് ഇംഗ്ലിലെ ജനങ്ങളും നിങ്ങളെപ്പോലെ വിഗ്രഹ ങ്ങളെയും ദേവൻമാരെയും ആരാധിച്ചിരുന്നവരാണ് എന്ന് പറയുകയുായി. ആദ്യമായിട്ടാണ് സുവിശേഷം കേൾക്കുന്നതെങ്കിലും ഇവർ കേൾക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും പുതിയ വിശ്വാസം ഉൾക്കൊള്ളുന്നതിന്റെ സൂചനയായി തലയിലെ കുടുമ്മ മുറിച്ചുകളയുകയും ചെയ്തു. വസ്ത്രങ്ങൾ മാറുന്നതുപോലെയല്ല ക്രിസ്തീയവിശ്വാസത്തിലേയ്ക്ക് വരേതെന്നും സ്നാനപ്പെട്ട് ക്രിസ്തുവിനെ സ്വീകരിക്കാൻ സുവിശേഷം പഠിക്കണമെന്നും ബേക്കർ ആവശ്യ പ്പെട്ടു. സുറിയാനി പശ്ചാത്തലമുള്ളവർ, തമിഴർ, മലയരയർ, മറ്റ് പിന്നാക്കവിഭാഗങ്ങൾ തുടങ്ങിയവർ ഇന്ന് സി.എസ്.ഐ. സഭയിൽ ഉൾപ്പെടുന്നു. സി.എസ്.ഐ. സഭ ആംഗ്ലിക്കൻ പാരമ്പര്യമാണ് പിന്തുടരുന്നത്.

സി.എസ്.ഐ സഭയിലെ വൈദികർക്ക് വിവാഹം കഴിക്കുവാൻ അനുവാദമു്. വനിതാപൗരോഹിത്യം അംഗീകരിച്ചിട്ടുള്ള ഏകസഭ സി.എസ്.ഐ സഭയാണ്. കേരളത്തിൽ ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. പോപ്പിനെ അംഗീകരിക്കുന്നില്ല. മോഡറേറ്റർ, മെത്രാൻ, വൈദികൻ, ഡീക്കൺ, ഉപദേശി, മിഷനറി എന്നിങ്ങനെയാണ് സ്ഥാനക്രമം. ചെറിയ പള്ളികളിൽ

ഉപദേശിമാരാണ് നേതൃത്വം നല്കുന്നത്. ഇവർ വി. കുർബ്ബാന അർപ്പിക്കുന്നില്ല. പ്രാർത്ഥനാ ശുശ്രൂഷ മാത്രമാണ് നടത്തുന്നത്.

ക്രിസ്തു സ്ഥാപിച്ച സ്നാനം, കർത്താവിന്റെ അത്താഴം എന്നീ രു സത്യകർമ്മങ്ങൾ കൂദാശകളായി രക്ഷയ്ക്ക് നിർദ്ദേശിക്കുന്നു. മാമ്മോദീസാ നല്കുന്നത് സാധാരണയായി അഞ്ചു വയസ്സിനു മുമ്പാണ്. ശിശുവിനു മാമ്മോദീസാ നല്കുന്നതിനു മുമ്പായി മാതാപിതാക്കൾ ദൈവാലയത്തിൽ പ്രവേശിച്ച് സ്തോത്രപ്രാർഥനയ്ക്കുശേഷം കാണിക്കയിടുന്നു. അനന്തരം മാമ്മോദീസാതൊട്ടിയുടെ അടുത്തേയ്ക്കു വരുന്നു. കുട്ടി ആണാണെങ്കിൽ രു പുരുഷനും ഒരു സ്ത്രീയും പെണ്ണാണെങ്കിൽ ര് സ്ത്രീയും ഒരു പുരുഷനും മധ്യസ്ഥരായി നില്ക്കും. മാമ്മോദീസായുടെ സമയത്ത് കുഞ്ഞിനെ വഹിക്കുന്നത് പുരോഹിതനാണ്. മാമ്മോദീസാതൊട്ടി ദേവാലയത്തിന്റെ പുറകുവശത്തായി വയ്ക്കുന്നു. സാധാരണമായി 13-15 പ്രായത്തിനിടയിലാണ് ആദ്യകുർബ്ബാന നല്ക്കുന്നത്. ആദ്യ കുർബ്ബാന നല്കുന്നതിനു മുമ്പായി മെത്രാൻ കുട്ടിയുടെ തലയിൽ കൈവച്ച് പരിശുദ്ധാത്മാവിനെ (Holy Spirit) ലഭിക്കുന്നതിനായി പ്രാർത്ഥിക്കുന്നു്. അതിനുശേഷമാണ് ആദ്യകുർബ്ബാന നല്കുന്നത്. ഇതിന് 'സ്ഥിരീകരണം' എന്നാണ് പറയുന്നത്.

എല്ലാ ദിവസങ്ങളിലും കുർബ്ബാന ചൊല്ലുന്നില്ല. ആുപിറവി, ഈസ്റ്റർ, ക്രിസ്മസ്, തിരുനാളുകൾ, ഓശാന ഞായർ, പെസഹാ വ്യാഴം, ആദ്യഫല പെരുന്നാൾ, ഞായറാഴ്ചകൾ തുടങ്ങിയ ദിവസങ്ങളിൽ മാത്രമാണ് വി. കുർബ്ബാന ചൊല്ലുന്നത്. വി. കുർബ്ബാന സക്രാരിയിൽ സൂക്ഷിക്കുന്നില്ല. പള്ളിയിൽ കുരിശുരൂപം ഒഴികെ മറ്റ് രൂപങ്ങളൊന്നും വയ്ക്കുകയില്ല.

വിവാഹത്തിന് താലി, മോതിരം, മന്ത്രകോടി, കൈപിടിത്തം, ബൈബിൾ തൊട്ട് സത്യം ചെയ്യൽ തുടങ്ങിയ ചടങ്ങുകളൊക്കെയു്. വിവാഹത്തിന് വരൻ വലതുവശത്തും വധു ഇടതുവശത്തും നില്ക്കുന്നു. ഒത്തുകല്യാണം പള്ളിയിൽവച്ച് നടത്തണമെന്ന നിയമം ഇല്ലായിരുന്നുവെങ്കിലും ഇപ്പോൾ അത് പ്രാബല്യ ത്തിൽ വന്നിട്ടു്. വിവാഹത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുന്നില്ല. രോഗികളായവർക്ക് കുർബ്ബാന നല്കുന്നതിനായി വീട്ടിൽ കുർബ്ബാന ചൊല്ലുന്നു. 40 ദിവസം മത്സ്യം, മാംസം ഇവ ഉപേക്ഷിക്കുന്നവരുങ്കെിലും നോമ്പ് അനുഷ്ഠിക്കുന്നതിൽ കൃത്യതയില്ല.

പ്രഭാതം, മദ്ധ്യാഹ്നം, സായാഹ്നം തുടങ്ങിയ യാമങ്ങളിൽ മണി അടിക്കുന്നില്ല. വി. കുർബ്ബാനയ്ക്ക് മുമ്പ് ഒന്നാം മണി അടിയ്ക്കുന്ന പതിവു്. ഇത്ര മണി വേണമെന്ന് നിയമമില്ല. ഇത് ഇടവേള കൊടുക്കാതെ അടിയ്ക്കുന്നു. വി. വാരാചാരങ്ങളോടനുബന്ധിച്ചുള്ള ശുശ്രൂഷകളൊന്നും ഇവർക്കില്ല. ക്രിസ്മസ് ട്രീ, പുൽക്കൂട്, കരോൾ തുടങ്ങിയവയ്ക്കൊന്നും വലിയ പ്രാധാന്യം കല്പിക്കുന്നില്ല. ജപമാല, നൊവേന, മാസവണക്കങ്ങൾ, വിശുദ്ധരോടുള്ള വണക്കം തുടങ്ങിയ ഭക്തിപ്രകടനങ്ങളൊന്നും നടത്തുന്നില്ല. ക്രിസ്തുവിന്റെയും അപ്പസ്തോലന്മാരുടെയും നാമത്തിലാണ് സാധാരണയായി പള്ളികൾ നിർമ്മിക്കുന്നത്. മൃതദേഹം പള്ളിയിലെത്തുമ്പോൾ രോ മൂന്നോ മണി അടിക്കുന്ന പതിവു്. മരിച്ചവർക്കുവേി പ്രാർത്ഥിക്കുന്നില്ലെങ്കിലും ഏഴാംദിനം, നാൽപതാംദിവസം ആുചാത്തം തുടങ്ങിയ അനുസ്മരണകൾ നടത്തുന്നു്. അന്ന് പുരോഹിതൻ വീട്ടിൽ വന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ സഭയിൽ കന്യാസ്ത്രീകൾ വളരെ ചുരുക്കമാണ്. ഇവർ സ്ത്രീകേന്ദ്രീകൃത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും കോൺഫറൻസുകൾ, സെമിനാറുകൾ എന്നിവയ്ക്ക്

നേതൃത്വം നൽകുകയും ചെയ്യുന്നു. പുതുവർഷത്തിൽ പുതിയ വർഷം പ്രകാശമാകുന്ന തിനുവേി പള്ളിക്ക് ചുറ്റും മെഴുകുതിരി കത്തിച്ചുപിടിച്ച് പ്രദക്ഷിണം നടത്താറു്.

### 8.8 പെന്തക്കോസ്ത് പ്രാർത്ഥനാഹാളുകളിലെ ആചാരാനുഷ്ഠാനങ്ങൾ

1952-ൽ ചെങ്ങന്നൂരിനടുത്ത് മുളക്കുഴ എന്ന സ്ഥലത്ത് എത്തിയ പാസ്റ്റർ കുക്ക് എന്ന അമേരിക്കൻ പെന്തക്കോസ്ത് സമൂഹത്തിലെ അംഗമാണ് പെന്തക്കോസ്തുസമൂഹത്തിന് കേരളത്തിൽ അടിസ്ഥാനമിട്ടത്. കേരളത്തിൽ സഭാവിഭാഗം ആരംഭിച്ചിട്ട് 58 വർഷങ്ങൾ മാത്രമേ ആയിട്ടുള്ളുവെങ്കിലും അമ്പതിൽപരം വിഭാഗങ്ങളായി ഇവർ ഭിന്നിച്ചിരിക്കുന്നു. ഇന്ത്യൻ പെന്തക്കോസ്ത്, പെന്തക്കോസ്ത് ദൈവസമൂഹം, സിലോൺ പെന്തക്കോസ്ത്, അപ്പസ്തോലിക ഐക്യപെന്തക്കോസ്ത് എന്നിങ്ങനെ വ്യത്യസ്ത സമൂഹങ്ങളായി പ്രവർത്തിച്ചുവരുന്നു.

ശിശുമാമ്മോദീസാ ഇവർ തള്ളിക്കളയുന്നു. ക്രിസ്തുവിനെയും ക്രിസ്തുവിന്റെ പ്രവൃത്തി കളേയും സ്വീകരിക്കാനും വിശ്വസിക്കാനുമുള്ള തിരിച്ചറിവ് കൈവരുന്നവന് പൂർണ്ണമായും വെള്ളത്തിൽ മുക്കിയുള്ള സ്നാനമാണ് നല്കുന്നത്. പരിശുദ്ധാത്മാവിന്റെ വാഗ്ദാനങ്ങളായ മറുഭാഷാവരം, രോഗശാന്തിവരം എന്നിവയ്ക്ക് പ്രാധാന്യം നല്കുകയും കർത്താവിന്റെ പുനരാഗമനം ഉടൻ ഉാകുമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. പൊതുനേതൃത്വമോ പ്രധാന അധികാരമോ ഇല്ലാത്തതിനാൽ ഓരോരുത്തർക്കും സ്വന്തമായ കൂട്ടായ്മകൾ തുടങ്ങുവാൻ അവകാശമു്.

ഇരുപതാം നൂറ്റാിന്റെ ആരംഭത്തിൽ പ്രൊട്ടസ്റ്റന്റ് സഭകളിൽ ഉായ ആത്മീയ ഉണർവിന്റെ ഫലമായി ഉടലെടുത്ത സഭാസമൂഹങ്ങളാണ് പെന്തക്കോസ്തുസഭകൾ. ക്രിസ്തീയ ജീവിതത്തിന്റെ സത്താപരമായ അംശം ബാഹ്യപ്രകടനങ്ങളിലാണെന്ന് വിശ്വസിക്കുന്നു. കൈകൊട്ട്, ഉച്ചത്തിലുള്ള പ്രസംഗം, പാട്ട് ഇവയൊക്കെ പെന്തക്കോസ്തുകാർ പിന്തുടരുന്നു. പ്രത്യേക ആരാധനക്രമങ്ങളില്ലാതെ സ്വയംപ്രേരിത പ്രാർത്ഥനകൾക്ക് ഊന്നൽ കൊടുക്കുന്നു.

സാധാരണയായി നിലത്തിരുന്നാണ് ദൈവത്തെ ആരാധിക്കുന്നത്. മാമ്മോദീസാ, വി. കുർബ്ബാന എന്നീ കൂദാശകൾ മാത്രമേ സ്വീകരിക്കുന്നുള്ളു. രാഷ്ട്രീയ, സാമൂഹിക സംഘടനകൾ, പൊതുഭരണം, നേതാക്കന്മാർ, പൊതുനിയന്ത്രണം, പട്ടത്വം, ആർഭാടജീവിതം, ലഹരിപാനീയങ്ങൾ മുതലായവ ഇവർ തിരസ്ക്കരിക്കുന്നു, കത്തോലിക്കാസഭയിലെ സഭാശുശ്രൂഷകൾ ഇവർ അംഗീകരിക്കുന്നില്ല. വചനം, ഗാനശുശ്രൂഷ, സുവിശേഷയോഗം തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. വിവാഹം ആരാധനാലയത്തിൽവച്ച് നടത്തണമെന്ന് നിർബന്ധമില്ല. സൗകര്യപ്രദമായ സ്ഥലത്ത് പാസ്റ്റർ വിവാഹരജിസ്റ്ററുമായി എത്തുന്നു. കത്തോലിക്കരുടെയിടയിൽ നിലവിലുള്ള വിവാഹചടങ്ങുകളൊന്നും ഇവരുടെയിടയിൽ നിലവിലില്ല. വിവാഹനിശ്ചയം നടത്തുന്നത് വധുഗൃഹത്തിൽ വച്ചാണ്. വിവാഹനിശ്ചയം കഴിയുമ്പോൾ നിശ്ചയക്കുറി കൈമാറുന്നു. മണവാളന്റെ വലതുഭാഗത്ത് മണവാട്ടി ഇരിക്കുന്നു. വിവാഹത്തിന് വധൂവരന്മാർ കൈകൾ ചേർത്തുപിടിച്ചുകൊ് ഉടമ്പടി ചെയ്യുന്നു. വിവാഹത്തിന്റെ പ്രധാന ചടങ്ങിതാണ്.

മരണത്തോടനുബന്ധിച്ച് യാതൊരു ചടങ്ങുകളും നടത്തുന്നില്ല. രോഗി മരണാസന്ന നാകുമ്പോൾ രോഗിയെ ദൈവകരങ്ങളിൽ ഏല്പിച്ച് പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നു. മരിച്ചവർക്കുവേി പ്രാർത്ഥിക്കാറില്ല. പെന്തക്കോസ്തുകാർക്കുവേി സജ്ജമാക്കിയിട്ടുള്ള പൊതുശ്മശാനത്തിൽ സംസ്കരിക്കുകയാണ് ചെയ്യുന്നത്.

വി. കുർബാനയ്ക്ക് 'കർത്താവിന്റെ മേശ' 'തിരുവത്താഴം' എന്നിങ്ങനെയുള്ള നാമങ്ങൾ ഉപയോഗിക്കുന്നു. വി. കുർബ്ബാനയ്ക്കായി പാസ്റ്ററിന് പ്രത്യേക തിരുവസ്ത്രങ്ങളില്ല. സാധാരണയായി വെള്ളഷർട്ടും കറുത്ത പാന്റ്സും ധരിക്കുന്നു. വി. കുർബ്ബാനയ്ക്കായി റൊട്ടി ആണുപയോഗിക്കുന്നത്. ഇത് വാഴ്ത്തിക്കൊടുക്കുകയാണു ചെയ്യുന്നത്. വി. കുർബ്ബാനയ്ക്ക് പ്രത്യേക ക്രമമൊന്നും ഇല്ല. വി. കുർബ്ബാനയുടെ ഉദ്ദേശ്യം, ലക്ഷ്യം തുടങ്ങിയ കാര്യങ്ങൾ വിവരിച്ച് പാസ്റ്റർ ബലി അർപ്പിക്കുകയും സമൂഹം പങ്കുകാരാവുകയും ചെയ്യുന്നു.

### 8.9 ബ്രദറൺ അസംബ്ലിഹാളുകളിലെ ആചാരാനുഷ്ഠാനങ്ങൾ

ഇംഗ്ലിലെ പ്രൊട്ടസ്റ്റന്റു സഭയിൽ 19-ാം നൂറ്റാിൽ ഉടലെടുത്ത ഒരു നവീകരണ സമൂഹമാണ് ബ്രദറൺ അസംബ്ലി. ഡബ്ലിനിലാണ് ഇതിനാരംഭം. വചനം പഠിക്കുക, പരമ്പരാഗത സഭകളുടെ പ്രവർത്തനങ്ങളിൽനിന്ന് അകന്നിരിക്കുക, വിശ്വാസസ്നാനം സ്വീകരിക്കുക എന്നിവ അടിസ്ഥാനതത്വങ്ങളായിരുന്നു.

ജലത്തിൽ മുക്കിയുള്ള സ്നാനം ആണ് യഥാർത്ഥമെന്ന് ഇവർ വിശ്വസിക്കുന്നു. മറ്റു സഭകളിൽ അംഗത്വമുള്ളവർക്കും ശുശ്രൂഷകളിൽ പങ്കെടുക്കാം. കർത്താവിനായി ലോകത്തിൽനിന്ന് വേർതിരിക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ 'വേർപാടുകാർ' എന്ന് ഇവർ അറിയപ്പെടുന്നു. വേർതിരിക്കപ്പെട്ട സഹോദരന്മാരുടെ കൂട്ടം എന്ന നിലയിലാണ് 'ബ്രദറൺ' എന്ന പേര് ലഭിച്ചത്. കർതൃപുനരാഗമനത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു. ബദറൺ പ്രസ്ഥാനത്തിന് ചരിത്രപരമായി കൈവയ്പുള്ള വൈദികസ്ഥാനാർത്ഥികളോ പാസ്റ്റർമാരോ മിനിസ്റ്റർമാരോ ഇല്ല. ഞായറാഴ്ചകളിൽ ഒരുമിച്ചുകൂടി വി. ഗ്രന്ഥപഠനം നടത്തുകയും അപ്പം മുറിക്കുകയും ചെയ്യുന്നു. ക്രിസ്തീയ കൂട്ടായ്മയുടെ പ്രതീകമാണ് അപ്പം മുറിക്കൽ. 1835-ൽ ബദറൺ പ്രസ്ഥാനത്തിൽ പിളർപ്പുായി. ഓപ്പൺ ബ്രദറൺ, എക്സ്ക്ലൂസീവ് ബ്രദറൺ എന്നിങ്ങനെ ബ്രദറൺ പ്രസ്ഥാനം രായി. ഈ രു കക്ഷികളിൽ തന്നെ പിന്നീട് പല ഉപവിഭാഗങ്ങളുമുായി.

ക്രിസ്തുവിലുള്ള വിശ്വാസം സമ്മതിച്ച് ഏറ്റുപറയുന്നവരെയാണ് സ്നാനപ്പെടുത്തുന്നത്. മറ്റു ക്രൈസ്തവസഭകളിലെപ്പോലെ ജ്ഞാനസ്നാനം വഴി സഭാംഗത്വമോ പാപമോചനമോ ലഭിക്കുമെന്ന് ഇവർ വിശ്വസിക്കുന്നില്ല. യേശുവിനെ കർത്താവായി അംഗീകരിക്കുന്നതും പരസ്യമായി ഏറ്റുപറയുന്നതുമാണ് ജ്ഞാനസ്നാനം. ഇവരുടെ ആരാധനാലയങ്ങൾ 'ബദറൺ സഭാഹാൾ' എന്നാണ് അറിയപ്പെടുന്നത്. സ്വതന്ത്രമായ പ്രാർത്ഥനകളാണിവർ ഉപയോഗിക്കുന്നത്. പ്രാർത്ഥനാപുസ്തകങ്ങൾ ഉപയോഗിക്കുന്നില്ല. അക്രൈസ്തവരുടെ ഇടയിൽ എന്നതിനെക്കാൾ ക്രിസ്ത്യാനികളുടെയിടയിൽ പ്രവർത്തിച്ച് അവരെ മാനസാന്ത രപ്പെടുത്താനാണ് 'ബ്രദറൺകാർ' ആഗ്രഹിക്കുന്നത്.

### 8.10 യഹോവയുടെ സാക്ഷികൾ

യഹോവയുടെ സാക്ഷികൾ 'റസൽമതക്കാർ' എന്ന പേരിലും അറിയപ്പെടുന്നു. അമേരിക്കയിലെ ബ്രൂക്ക്ലിൻ ആസ്ഥാനമായി സ്ഥാപിക്കപ്പെട്ട ഒരു സംഘടനയാണിത്. ഇതിന്റെ സ്ഥാപകൻ ചാൾസ് ടെയ്സ് റസ്സൽ (1852-1916) ആണ്. 1872-ൽ 'വാച്ച് ടവർ സംഘടന' അനുയായികൾക്കായി ഉാക്കി. 1976-ൽ റസ്സൽ മരിച്ചപ്പോൾ ജോസഫ് ഫ്രാങ്ക്ളിൻ റൂഥർഫോർഡ് നേതൃത്വം ഏറ്റെടുത്തു. ഇദ്ദേഹം 1932-ൽ 'യഹോവയുടെ സാക്ഷികൾ' എന്ന

പുതിയ പേര് സംഘടനയ്ക്ക് നല്കി. ബൈബിളിലെ ഏശയ്യായുടെ പുസ്തകം നാല്പ്പത്തി രാം അദ്ധ്യായം പത്താം വാക്യത്തെ ആസ്പദമാക്കിയാണ് ഈ പേര് കൊടുത്തിരിക്കുന്നത്. 'Let God be true' എന്നതാണ് ഇവരുടെ അടിസ്ഥാനഗ്രന്ഥം. ഈ ഗ്രന്ഥം 'ദൈവം സത്യവാൻ' എന്ന പേരിൽ മലയാളത്തിൽ ലഭ്യമാണ്.

കേരളത്തിൽ യഹോവയുടെ സാക്ഷികൾ പ്രവർത്തനം ആരംഭിച്ചത് 1925-ൽ ആണ്. മല്ലപ്പള്ളി, പുതുപ്പള്ളി, വാകത്താനം എന്നീ സ്ഥലങ്ങളിൽ കിംഗ്ഡം ഹാളുകൾ ഉാക്കി പ്രസംഗിച്ചു. എല്ലാ അംഗങ്ങളും സുവിശേഷവേല ചെയ്യാൻ ബാധ്യസ്ഥരാണ്. വീടുകൾ തോറും കയറിയിറങ്ങി പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിച്ച് യഹോവയ്ക്കു സാക്ഷ്യം വഹിക്കുവാൻ ഇവർ ശ്രമിക്കുന്നു. ഭവനസന്ദർശനവേളയിൽ ഉപദേശങ്ങൾ നല്കുകയും പുസ്തകങ്ങൾ, കാസറ്റു കൾ, ലഘുലേഖകൾ ഇവ വിതരണം ചെയ്യുകയും ചെയ്യുന്നു. വേദപുസ്തകത്തിന്റെ സ്വതന്ത്രമായ വ്യാഖ്യാനമാണ് നല്കുന്നത്. ഇവർ കിംഗ്ഡം ഹാളുകളിൽ സമ്മേളിക്കുന്നു. യഹോവസാക്ഷികളെല്ലാം ശുശ്രൂഷകരായതുകൊുതന്നെ ഇവരുടെയിടയിൽ വൈദികരില്ല. ജലത്തിൽ മുങ്ങിയുള്ള മുതിർന്നവരുടെ സ്നാനം മാത്രമേ ഇവർക്കുള്ളൂ. ഒരാൾ യഹോവാ സാക്ഷിയാകുന്നതിന്റെ പരസ്യപ്രകടനമാണ് സ്ഥാനം. മറ്റ് കൂദാശകളും ത്രിത്വത്തെക്കുറിച്ചുള്ള ക്രൈസ്തവ പ്രബോധനവും അംഗീകരിക്കുന്നില്ല. വർഷത്തിലൊരിക്കൽ നടത്തുന്ന പെസഹാ ആചരണമല്ലാതെ മറ്റൊരു അനുഷ്ഠാനവും ഇല്ല. പെസഹാഭക്ഷണം തെരഞ്ഞെടുക്കപ്പെട്ടവർ മാത്രമാണ് ഭക്ഷിക്കുന്നത്.

ക്രൈസ്തവദേവാലയങ്ങളിലെ വ്യത്യസ്തങ്ങളായ നാട്ടാചാരങ്ങൾ പഠന വിഷയമാക്കി യതിൽനിന്ന് ചില കാര്യങ്ങൾ പൊതുവായി മനസ്സിലാക്കാം. ഭാരതസംസ്കാരവും നാട്ടുരീതികളും ക്രൈസ്തവാരാധനയെ കാര്യമായി സ്വാധീനിച്ചിട്ടു്. അദ്ഭുതകഥകളും പള്ളി ഉദ്ഭവകഥകളും ആചാരങ്ങൾക്ക് വഴിതെളിക്കുന്നു. ജാതിമതഭേദമില്ലാതെ ഇത്തരം വിശ്വാസാചാരങ്ങളിൽ ജനങ്ങൾ പങ്കുചേരുന്നു. എന്നാൽ ക്രൈസ്തവവിഭാഗങ്ങളിൽ തന്നെ ആചാരങ്ങളിൽ വൈവിധ്യവും കാണാവുന്നതാണ്. കൂടാതെ അദ്ഭുതങ്ങൾ വിശ്വാസത്തെ സ്വാധീനിക്കുന്ന തായും കാണാം.

സീറോമലബാർ, ലത്തീൻ തുടങ്ങിയ കത്തോലിക്കാസഭകളിൽ കുഞ്ഞിനെ മാമ്മോദീസായ്ക്ക് വഹിക്കുന്നത് തലതൊട്ടമ്മയാണ്. എന്നാൽ മലങ്കര, യാക്കോബായ, മാർതോമ്മാ സഭകളിൽ ആൺകുഞ്ഞാണെങ്കിൽ ജ്ഞാനപിതാവും, പെൺകുഞ്ഞാണെങ്കിൽ ജ്ഞാനമാതാവുമാണ് കുട്ടിയെ വഹിക്കുന്നത്. സി.എസ്.ഐ. സഭയിൽ കുട്ടി ആണാണെങ്കിൽ ര് പുരുഷനും ഒരു സ്ത്രീയും പെണ്ണാണെങ്കിൽ ര് സ്ത്രീയും ഒരു പുരുഷനും മധ്യസ്ഥരായി നില്ക്കുന്നു. സീറോ മലബാർ, ലത്തീൻ, സി.എസ്.ഐ. സഭകളിൽ കല്യാണത്തിന് വരൻ വലതുവശത്തും വധു ഇടതുവശത്തും നില്ക്കുന്നു. എന്നാൽ മലങ്കര- യാക്കോബായ -മാർതോമ്മാ സഭകളിൽ വരന്റെ വലതുവശത്തായാണ് വധു നില്ക്കുന്നത്. പെന്തക്കോസ്ത് ക്രിസ്ത്യാനികൾക്ക് മന്ത്രകോടി നൽകൽ എന്ന ചടങ്ങില്ല.

അരുവിത്തുറ, ഉഴവൂർ ക്നാനായ എന്നീ കത്തോലിക്കാദേവാലയങ്ങളിൽ വിശുദ്ധന്റെ രൂപം പ്രദക്ഷിണത്തിന് എടുക്കുമ്പോൾ ആലവട്ടം വീശുന്നു്. രാജാവിനും രാജ്ഞിക്കും പരിചാരകർ നല്കുന്ന ശുശ്രുഷയായ 'ആലവട്ടം വീശൽ' ക്രൈസ്തവദേവാലയങ്ങളിലേയ്ക്ക് കടന്നുവന്നത് വിശുദ്ധരോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കാനാവാം. ഭരണങ്ങാനം, അരുവിത്തുറ,

പാലാ കത്തീഡ്രൽ, വയലാ എന്നീ ദേവാലയങ്ങളിൽ പ്രദക്ഷിണത്തിന് വിശുദ്ധന്റെ രൂപം വഹിക്കുമ്പോൾ അതിനു മുൻപിലായി കോൽവിളക്ക് പിടിക്കുന്നു്. വയലാ പള്ളിയിൽ കോൽവിളക്ക് പിടിക്കുന്നത് ഹിന്ദുമതവിശ്വാസിയാണ്.

തിരുനാൾ നേർച്ചകൾ, പ്രദക്ഷിണങ്ങൾ എന്നിവ മാർതോമ്മ, സി.എസ്.ഐ. തുടങ്ങിയ ദേവാലയങ്ങളിൽ നടത്തുന്നില്ല. മറ്റ് പ്രൊട്ടസ്റ്റന്റ് സഭകളും തിരുനാളിന് പ്രാധാന്യം കല്പിക്കുന്നില്ല. പു കാലങ്ങളിൽ സീറോ മലബാർ കത്തോലിക്കാ ദേവാലയങ്ങളിൽ വളരെ സജീവമായു ായിരുന്നതും ഇപ്പോൾ മൃതപ്പെട്ടു പോയതുമായ തിരുനാളുകളാണ് ക്രിസ്തുരാജന്റെ തിരുനാളും കുർബ്ബാനയുടെ തിരുനാളും.

പള്ളിക്ക് സ്ഥലം ദാനം ചെയ്തതിന്റെ പ്രതിനന്ദിയായി പള്ളിയിൽനിന്ന് നല്കുന്ന അരിയും കോപ്പും വാങ്ങുന്നത് വളരെ പൂജ്യമായി ഹിന്ദുപ്രമുഖന്മാർ കരുതിയിരുന്നു. പള്ളിമണികൾ അടിക്കുന്ന ക്രമത്തിന്റെ കാര്യത്തിലും സഭകൾ തമ്മിൽ വ്യത്യാസമു്. സീറോമലബാർ, മലങ്കര, യാക്കോബായ സഭകളിൽ ക്രിസ്മസിന് ‘തീ കായിക്കൽ’ ശുശ്രൂഷ നടത്തുന്നു്. വീട്ടിലെ ശവസംസ്കാര ശുശ്രൂഷകൾക്കിടയിൽ പുഷ്പമുടി വയ്ക്കുന്നത് സീറോ മലബാർ കത്തോലിക്കർക്ക് മാത്രമാണ്. ക്രൈസ്തവദേവാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ ഒരു വ്യക്തിയെ സമൂഹജീവിയാക്കുവാൻ സഹായകമാക്കുന്നവയാണ്. സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ ക്രൈസ്തവദേവാലയങ്ങളിലെ ചടങ്ങുകൾക്കു പിന്നിൽ വ്യക്തികളുടെ വിശ്വാസം, ദൈവഭയം, ഭക്തി, ഉദ്ദിഷ്ടഫലസിദ്ധി, നന്ദിപ്രകടനം എന്നിവ പ്രതിഫലിക്കുന്നതായി കാണാം.

### 8.11 കല്യാണപ്പാട്ടുകളിൽ വെളിവാകുന്ന ക്രിസ്തീയ വിവാഹ ആചാരങ്ങൾ

വിവിധതരത്തിലുള്ള പാട്ടുകൾ ക്രിസ്ത്യൻ സമൂഹത്തിലുായിരുന്നു. അതിൽ പലതും ഇന്നും നിലനില്ക്കുന്നു്. ആരാധനപ്പാട്ടുകൾ, ചവിട്ടുനാടക പാട്ടുകൾ, മാർഗംകളിപ്പാട്ടുകൾ, റമ്പാൻപാട്ട്, കല്ല്യാണപ്പാട്ടുകൾ, പരിചമുട്ടുപാട്ടുകൾ, വട്ടക്കളിപ്പാട്ടുകൾ, ക്രൈസ്തവ നാടോടിപ്പാട്ടുകൾ, വീരടിയാൻപാട്ട്, പള്ളിപ്പാട്ടുകൾ, വീരചരിതഗാനങ്ങൾ എന്നിങ്ങനെ അവയെ വർഗീകരിക്കാം.

ക്രിസ്ത്യാനികളുടെ ജീവിതത്തിൽ പ്രധാനപങ്ക് ആഘോഷങ്ങൾക്കു്. ഒരു വ്യക്തിയുടെ ജനനത്തിലും മാമ്മോദീസായിലും വിവാഹദിനത്തിലും വിവിധങ്ങളായ ഗാനങ്ങൾ പാടി പ്രധാനദിവസത്തെ മോടിയാക്കുന്നു. ക്രിസ്തീയമതാചാരങ്ങളിൽ വിവാഹത്തിന് മുഖ്യമായ സ്ഥാനമു്. കേരളത്തിൽ നസ്രാണി മാപ്പിളമാരുടെ ഇടയിൽ പൂർവകാലം മുതൽ വിവാഹത്തേയും പള്ളിപ്പെരുന്നാളുകളെയും സംബന്ധിച്ച് അനവധി പാട്ടുകൾ ഉായിട്ടു്. 1910-ൽ കോട്ടയത്തെ, പി.യു ലൂക്കോസ് പുറത്തിറക്കിയ ‘മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ’ എന്ന പുസ്തകത്തിൽ അനേകം പാട്ടുകൾ ശേഖരിക്കപ്പെട്ടിട്ടു്. ഈ പുസ്തകത്തിൽ കൂടുതൽ തെക്കും ഭാഗക്കാരുടെ പാട്ടുകളാണ് പ്രധാനമായും കത്തെിയിട്ടുള്ളത്.

നസ്രാണികളുടെ കല്യാണങ്ങൾ പ് ഞായറാഴ്ചയാണ് നടന്നിരുന്നത്. ശനിയാഴ്ചതന്നെ സംബന്ധികളും കുടുംബക്കാരും എത്തിക്കൂടും. മാത്രമല്ല, ചില വിവാഹാഘോഷങ്ങൾ നാലോ അതിലധികമോ ദിവസം കൊ േതീരുകയുള്ളൂ. മൈലാഞ്ചിയിടൽ, അന്തം ചാർത്ത്, അയനിയെടുക്കൽ, വാഴുപിടിത്തം, അടച്ചുതുറ, എണ്ണതേക്കൽ, കുളി. വിളക്കുതൊടിൽ, പന്തൽപ്രവേശം എന്നീ ഒമ്പതു ചടങ്ങുകൾ ഉാകും.

**8.11.1 മാർതോമൻപാട്ട്**

മാർതോമാ ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് തെക്കുംഭാഗക്കാരായ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസദാതാവിനെ സ്മരിച്ചുകൊാണ് സകല ചടങ്ങുകളും ആരംഭിക്കുന്നത്. പന്തലിൽ സ്ത്രീകൾ പാടുന്ന ആദ്യപാട്ട് മാർതോമൻ പാട്ടാണ്, യേശുവിന്റേയും മാർത്തോമ്മായുടെയും സാന്നിധ്യംകൊ് ചടങ്ങുകൾ ഭംഗിയാക്കണമെന്ന് പ്രാർത്ഥിക്കുന്ന പാട്ടാണിത്.

മാർതോമൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മയെഴുന്നൾക വേണം
കന്തശാനായനെഴുന്നള്ളി വന്നിട്ടു
കർപ്പൂരപ്പന്തലകമേ
എന്റെ മകളെ പരമേറ്റി വയ്പോളും
എന്മനസ്സോ പതറുന്നു....
നെല്ലുമാനീരും പരമേറ്റിവയ്പോളും
എന്മനസ്സോ തെളിയുന്നു.

മകളെ വിവാഹം ചെയ്തയയ്ക്കുംവരെ മാതാപിതാക്കളുടെ മനസ്സിലുള്ള ആധിയെ വെളിപ്പെടുത്തുന്നു് ഇതിലെ വരികൾ. ഒപ്പം കടമ ചെയ്തതിലെ സംതൃപ്തിയും.

നെല്ലും നീരും - വിവാഹപ്പന്തലിലേക്ക് പ്രവേശിക്കുന്ന നവദമ്പതികളെ വരന്റെ മാതാവ് നെല്ലും നീരും വെച്ച് സ്വീകരിക്കുന്ന ചടങ്ങാണിത്. ഒരു കയ്യിൽ കത്തിച്ച കോലുവിളക്കും മറുകയ്യിൽ നെല്ല്, വെള്ളം (നീര്), കുരുത്തോല ഇവ ഒന്നിച്ചിട്ട താലവുമേന്തി വരന്റെ സഹോദരി നില്ക്കും. കുരുത്തോല വെള്ളത്തിൽ മുക്കി വരന്റെ അമ്മ വധൂവരന്മാരുടെ നെറ്റിയിൽ മൂന്ന് തവണ കുരിശാകൃതി വയ്ക്കുന്നു. നെല്ല് ഐശ്വര്യം, ഉല്പ്പാദനക്ഷമത എന്നിവയുടെയും വെള്ളം അഭിഷേകത്തിന്റെയും കുരുത്തോല വിശുദ്ധിയുടെയും പ്രതീകമായി നസ്രാണി ജനത കാണുന്നു.

**8.11.2 ചന്തംചാർത്തുപാട്ട് (അന്തം ചാർത്തുപാട്ട്)**

കല്യാണത്തിന്റെ തലേദിവസം പന്തലിൽ വച്ച് വരനെ സുന്ദരനാക്കുന്ന ചടങ്ങാണ് അന്തംചാർത്ത്. പഴയകാലത്ത് ശൈശവവിവാഹം നിലനിന്നിരുന്നതിനാൽ വരനെ ആദ്യമായി ക്ഷൗരം ചെയ്യുന്നതും കൗപീനമണിയിക്കുന്നതും ഈ ദിവസമായിരുന്നു. ഈ ചടങ്ങുകൾ നടത്തുമ്പോൾ പന്തലിൽ വച്ച് പാടുന്ന പാട്ടാണ് അന്തം ചാർത്തുപാട്ട്.

മുൻകാലങ്ങളിൽ കല്യാണത്തിനുമുമ്പായി യുവാക്കന്മാർ മുഖം വടിപ്പിക്കാതിരിക്കുകയും കല്യാണം അടുക്കുമ്പോൾ തലമുടി നീട്ടുകയും പതിവുായിരുന്നതിനാൽ ഈ ദിവസം മുഖം വടിക്കുകയും നീട്ടിയ തലമുടിയുടെ അറ്റം കുറെ നുറുക്കുകയും ചെയ്യുന്നു. വടക്കൻ ദിക്കുകളിൽ ചന്തംചാർത്ത് എന്നാണ് ഇതിനെ പറഞ്ഞിരുന്നതെന്ന് പി. ജെ. തോമസ് എഴുതിയിരിക്കുന്നു. ചന്തം ചാർത്ത്, പ്രയോഗത്തിൽ അന്തം ചാർത്തായതാവാം.

മാറാനീശോ പതവിയിലെ മണർക്കോലപ്പുതുമ കാണ്മാൻ
കുനാറ ബന്ധുക്കളും ഗുണമുടയ അറിവുള്ളാരും

അപ്പനോടു അമ്മാവന്മാരയലാരും ബന്ധുക്കളും
തേറാന ധനത്തെയൊത്തു വേഗമോടെ തന്റെ പിതാക്കൾ
മാറാനെ മുൻനിർത്തി മാർഗമാന നാൾ കുറിച്ചു
നാൾ കുറിച്ച ദിവസമതിൽ മുഴുക്കെപ്പൂശി ഭംഗിയോടെ
നിറത്തോടൊത്തങ്ങിരിക്കും നേരം പാടിക്കളിക്കും ബാലകർക്കും
കോൽവിളക്കും പാവാടയും ചന്തംചാർത്തി നീരുമാടി...

അപ്പനും അമ്മയും ബന്ധുക്കളും അയൽവാസികളും ആയ ആളുകൾ ഇരിക്കുന്ന പന്തലിൽ വിവാഹനാളിന്റെ തലേദിവസം ബാലകർ പാടിക്കളിക്കയും അലങ്കരിച്ച പീഠത്തിൽ (പാവാട) ഇരിക്കുന്ന പുരുഷനെ കോൽവിളക്കിന്റെ അകമ്പടിയോടെ ചന്തം ചാർത്തുകയും ചെയ്യുന്നു. പന്തലിന്റെ മധ്യത്തിൽ വരന്റെ സഹോദരി പായവിരിക്കുകയും അതിനു മുകളിൽ കോടിവസ്ത്രം വിരിച്ച ഒരു പ്രത്യേക പീഠം (പാവാട എന്നു പറയും. ഇത് എഴുപത്തിര് പദവികളിൽ ഒന്നായി ക്നാനായക്കാർ വിശ്വസിക്കുന്നു) കൊുവന്നു വയ്ക്കുകയും ചെയ്യുന്നു. പുരുഷനെ ആഭരണങ്ങൾ ധരിപ്പിച്ച് പെങ്ങളുടെ ഭർത്താവ് (അളിയൻ) പീഠത്തിൽ കൊുവന്നിരുത്തുന്നു. പന്തലിന്റെ മുൻഭാഗത്ത് ക്ഷുരകൻ ആചാരപൂർവം നിന്ന് ഒരു ചോദ്യം സദസിനോട് ചോദിക്കും. 'പതിനമ്പരിഷമാളോരോടു ചോദിക്കുന്നു, അന്തം ചാർത്താൻ കയറ്റിയിരുത്തട്ടെ' 'പതിനേഴുപരിക്ഷയ്ക്കുമേൽ' മാളോരോട് ചോദിക്കുന്നു, 'ചെറുക്കനെ അന്തം ചാർത്തട്ടെ' എന്ന് ക്ഷുരകൻ മൂന്നു പ്രാവശ്യം ചോദിച്ച് അനുവാദം വാങ്ങി അന്തം ചാർത്തുന്നതായിട്ടാണ് കാണുന്നത്. അന്തം ചാർത്തുകർമം ഒരുകാലത്ത് നസ്രാണികൾക്കിടയിൽ വ്യാപകമായിരുന്നു. ഇന്ന് ഈ കർമം ക്നാനായരുടെയിടയിൽ മാത്രമാണ് ശേഷിക്കുന്നത്

#### 8.11.3. മൈലാഞ്ചിപ്പാട്ട്

വിവാഹത്തലേന്ന് സന്ധ്യക്ക് മണവാട്ടിയുടെ വീട്ടിൽവച്ച് നടത്തുന്ന ചടങ്ങാണ് മൈലാഞ്ചിയിടൽ. അതിനുള്ള പാട്ടാണ് മൈലാഞ്ചിപ്പാട്ട്. കൈപ്പത്തി, കാൽപ്പത്തി, നഖങ്ങൾ എന്നിവിടങ്ങളിലാണ് മൈലാഞ്ചിയിടുന്നത്.

അന്നന്നു കന്നിമാർ മംഗല്യം വാഴുവാൻ
പച്ചില മയിലാഞ്ചികൊു പൊതിയുന്നു
കയ്യാലെ കായും പറിച്ചൊരു കാരണം
കൈപ്പുടം തന്നിൽപൊതിയുന്നു മയിലാഞ്ചി
കാലാൽ നടന്നു കനിതിന്നു കാരണം
കാൽനഖം തന്നിൽ പൊതിയുന്നു മയിലാഞ്ചി
അസ്ഥിമേൽ മണ്ണു പൊതിഞ്ഞൊരു കാരണം
കൈപ്പുടം തന്നിൽ പൊതിയുന്നു മയിലാഞ്ചി

ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ രും മൂന്നും അധ്യായങ്ങൾ വിവരിക്കുന്ന, ആദത്തിന്റെയും ഹവ്വായുടെയും സൃഷ്ടിയെയും വിലക്കപ്പെട്ട കനി പറിച്ചുതിന്ന ഹവ്വയുടെ പ്രവൃത്തിയെയും വിശദീകരിക്കുന്നു. അതിനെ മൈലാഞ്ചിയിടലുമായി ബന്ധപ്പെടുത്തി ഒരു മിശ്രപാഠം ഉായിരിക്കുന്നു. അതിലൂടെ ഒരു പുതിയ പൊരുൾ ഈ പാട്ടിന് കരഗതമാകുന്നു്. അനുസരണക്കേടിനെയും അതിന്റെ പരിണിതഫലത്തെയും ഓർമപ്പെടുത്തലായി ഈ ചടങ്ങിനെ വ്യാഖ്യാനിക്കുന്നു.

#### 8.11.4. വാഴുപ്പാട്ട്

വിവാഹപ്പന്തലിൽ വധൂവരന്മാരെ അനുഗ്രഹിക്കുവാൻ വധുവിന്റെ അമ്മ എത്തുമ്പോൾ പാടുന്ന പാട്ടാണ് വാഴുപ്പാട്ട്. സദസിനോട് അനുവാദം വാങ്ങി വലതുകരം മണവാളന്റെ തലയിലും ഇടതുകരം മണവാട്ടിയുടെ ശിരസിലുമായി കുരിശാകൃതിയിൽ വച്ച് (വലതുകരം ഇടതുകരത്തിന്റെ മുകളിലായിരിക്കും) മകളെയും മകളുടെ ഭർത്താവിനെയും അകമഴിഞ്ഞ് അനുഗ്രഹിക്കുന്ന വികാരതീവ്രമായ ഒരു ചടങ്ങാണിത്. പൂർവപിതാവായ യാക്കോബ് ജോസഫിനും റഗുവേൽ സാറായിക്കും അനുഗ്രഹം (വാഴ്വ്) നല്കിയതിനെ അനുസ്മരിക്കുന്ന ഒരു ചടങ്ങായിട്ടാണ് ഇത് പരിഗണിക്കുന്നത്. സ്ത്രീകൾ സംഘമായി ഈ പാട്ട് പാടുന്നു.

വാഴ്വെന്ന വാഴു നിനക്കാകെ തന്നേൻ
നീയും നിന്റെ ഭർത്താവും മക്കളും കൂടെ
കാലം പെരുതായ് വാണിട്ടിരിക്കണം
വാഴ്വാന ഭൂമീം ഫലമകത്തന്നേൻ
തിരുവുള്ളമായ വഴിയെ നടപ്പാൻ
അനുഗ്രഹം നൽകണമിവർക്കെന്നേയ്ക്കും

എന്ന് മനം നിറയെ പ്രാർത്ഥിച്ച് അവർക്ക് ദീർഘായുസ് നേരുകയും ഐശ്വര്യം നിറയട്ടെയെന്ന് അകമഴിഞ്ഞ അനുഗ്രഹിക്കുകയും ചെയ്യുന്ന പാട്ടാണിത്.

#### 8.11.5. നല്ലൊരൊറോശ്ലേം

വിവാഹചടങ്ങുകൾ കഴിഞ്ഞ് വധുവരന്മാരെ ഘോഷയാത്രയായി വരന്റെ വീട്ടിൽ സജ്ജീകരിക്കുന്ന പന്തലിലേക്ക് ആനയിക്കുന്നു. അവിടെവച്ച് പാടുന്ന പാട്ടാണിത്. ക്നാനായ ക്രിസ്ത്യാനികളുടെ ചരിത്രം, അവർക്ക് ലഭിച്ച പദവികൾ എന്നിവയാണ് പാട്ടിന്റെ വിഷയം. ഓറോശ്ലം (ജറുസലം) നഗരത്തിൽനിന്ന് മലനാട്ടിലേക്ക് യാത്രയാകുന്ന ഒരു മന്നനെക്കുറിച്ചുള്ള ചിത്രം ഇവിടെ ലഭിക്കുന്നു്.

നല്ലൊരോറോശ്ശീലം തന്നിൽ നഗരിയിൽ
മരതകമുത്തു വിളയുന്ന നാട്ടില്
മയിലാടും പോലെ വിളങ്ങുന്ന മന്നന്
പത്തരമാറ്റിന് നിറമേനി ചൊല്ലാമേ

എന്നു തുടങ്ങി അമ്പത് വരികളാണ് ഈ പാട്ടിനുള്ളത്.

#### 8.11.6. ഇന്നു നീ ഞങ്ങളെ

വിവാഹശേഷം വരന്റെ വീട്ടിൽ അലംകൃതമായ പന്തലിൽ വച്ച് നടക്കുന്ന ചടങ്ങുകൾക്കിടയിൽ പാടുന്ന പാട്ടാണിത്. കുടിയേറ്റ ജനതയുടെ വേർപാടിന്റെ വേദനയും കാതോലിക്ക (മെത്രാപ്പോലീത്ത) അവർക്ക് നല്കുന്ന വൈകാരികമായ ഉപദേശവും ഈ പാട്ടിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

ഇന്ന് നീ ഞങ്ങളെ കൈവിട്ടോ മാറാനെ
ഇന്നു ഞങ്ങൾക്കൊരു പിന്തുണയില്ലല്ലോ
പട്ടണമൊന്നില്ല ഭാഷകളൊന്നില്ല.
ഏഴില്ലമെഴുപത്തിരു കുടിയാരും

ഒത്തൊരുമിച്ചങ്ങു പോകണം നിങ്ങളും
വെണ്മയിൽ പോയാലും മക്കളെ നിങ്ങള്
ചട്ടയും മുട്ടാക്കും കൊന്ത തലമു്
മക്കളെ കാണുമോ ഹിന്ദുവിൽ പോയാലും
ബന്ധങ്ങൾ വേർപിടാതോർക്കണമെപ്പോഴും
പത്തുമൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ

എവിടെ പോയാലും ബന്ധങ്ങൾ വേർപിരിയാതെ സൂക്ഷിക്കണമെന്നും പത്തുമൊരേഴും (പത്തു കല്പനകളും ഏഴു കൂദാശകളും ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനങ്ങൾ എപ്പോഴും ഓർമയിരിക്കണമെന്നുമുള്ള ഈ പാട്ട് കുടിയേറ്റക്കാർക്കുള്ള ആത്മവിശ്വാസം പകർന്നു കൊടുക്കുന്ന ഒന്നാണ്.

**8.11.7. പന്തൽപ്പാട്ട്**

വധുവരന്മാരും സംഘവും വിവാഹഘോഷയാത്രയെത്തുടർന്ന് വിവാഹപന്തലിന്റെ വാതിൽക്കലെത്തുമ്പോൾ സ്ത്രീകൾ സംഘമായി പന്തൽപ്പാട്ടാരം ലഭിക്കുന്നു. പന്തലിനെക്കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്.

കല്ല്യാണപ്പന്തലിത് കാതലുള്ള പന്തലിത്
നല്ല മണപ്പന്തലിത് നാരിമേവും പന്തലിത്
ഇലകളിടും പന്തലിത് കീർത്തിപ്പെട്ട പന്തലിത്

**8.118. മംഗല്യം വട്ടക്കളി**

വിവാഹസംബന്ധമായ ചടങ്ങുകളുടെ സംഗ്രഹം ഈ പാട്ടിൽ കാണാം. വിവാഹക്കാര്യത്തിൽ മാതാപിതാക്കളുടെ ആലോചന മുതൽ ഘോഷയാത്രയായി വധൂവരന്മാരുടെ സംഘം വീട്ടിലെത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും ഇതിലു്.

മകൾക്ക് വിവാഹപ്രായമായി എന്ന് അമ്മ പിതാവിനെ അറിയിക്കുന്നു.

“കറ്റാർ കുഴലിയാളെ പെറ്റു വളർത്തോരമ്മ
ഉറ്റൊരു താതനോടു പെട്ടെന്നുരത്താമൊഴി
കെട്ടിന്നവൾക്കടുത്തു പെട്ടെന്നൊരു ചെറുക്കൻ
ഇഷ്ടം വരുമെടുത്ത് ഒട്ടും വൈകാതെ ക്
എന്ന മൊഴികൾ കേട്ടിട്ടന്നു തിരിഞ്ഞു താതൻ”

പുരുഷനെ ചെന്ന് ക് അച്ചാരം കൊടുത്ത് കല്ല്യാണം ഉറപ്പിക്കുന്നു.

തുടർന്ന് പള്ളിയിൽ വിളിച്ചുചൊല്ലലാണ്.

“കത്തൻ വിളിച്ചു ചൊല്ലി
ശുദ്ധമാം പൂജനേരം
കോലാഹലത്തോടങ്ങു
നാലുദിശയറിഞ്ഞു”

ഒത്തുകല്യാണം (മനഃസമ്മതം) കഴിഞ്ഞ് പിറ്റേ ഞായറാഴ്ച മുതൽ 3 ഞായറാഴ്ച്ച ചെറുക്കന്റെയും പെണ്ണിന്റെയും പള്ളികളിൽ വിശുദ്ധ കുർബ്ബാനയെത്തുടർന്ന് വിവാഹക്കാര്യം

പരസ്യമായി പറയുന്നതാണ് വിളിച്ചുചൊല്ലൽ. ചെറുക്കന്റെ പേര്, പെണ്ണിന്റെ പേര്, മാതാപിതാക്കൾ, വീട്ടുപേര്, ഇടവക എന്നിവ അറിയിപ്പിൽ ഉായിരിക്കും. ജീവിതത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളുങ്കെിൽ കല്യാണം ഒഴിവാക്കുവാൻ ഈ അറിയിപ്പ് കാരണമാകും. പിന്നീട് പന്തലൊരുക്കുന്നതും ബന്ധുജനങ്ങൾ കല്യാണവീട്ടിലേക്ക് വരുന്നതും വർണിക്കുന്നു.

വിവാഹചടങ്ങും വേഷഭൂഷാദികളും വിവരിക്കുന്ന ഭാഗം.

"വേും വചനം ചൊല്ലി കയ്യും പിടിപ്പിച്ചിട്ടു
കയ്യാലെയൂന്നിയവൻ കയ്യാലെ കെട്ടിതാലി
പട്ടുമണിഞ്ഞവരെ കസേരയിലിരുത്തി
ഇട്ടുതരത്തിൽ വള പെട്ടന്നു ഭൂഷണങ്ങൾ
കൂന്തലഴിച്ചു തല കോതിയൊതുക്കിക്കെട്ടി
വേന്തൻ മുടികൾവെച്ചും കാന്തികലരുന്മണ്ണം"

ഘോഷയാത്രയെ സംബന്ധിച്ച വിവരണം

"മെല്ലെയിരുവരെയും ആനപ്പുറത്തിരുത്തി
നല്ല തൊഴുമക്കാരൻ മുന്നിലകമ്പടിയും
ഒത്തു നടനടകൾ ചൊല്ലി നടന്നുടനെ
ഏകാന്തപ്പെൺകൊടിമാർ വായ്ക്കുരവയുമിട്ടു.
വാദ്യമേളവും നല്ല കൊട്ടും കുരവകളും"

### 8.11.9. അയനിപ്പാട്ട്

വിവാഹദിനത്തിൽ മണവാളന്റെ സഹോദരി ഒരു പാത്രത്തിൽ മിന്നും മന്ത്രകോടിയും മറ്റൊരു പാത്രത്തിൽ അയനിയപ്പവുമായി വാദ്യഘോഷങ്ങളോടെ പള്ളിയിൽ പോകുന്ന ചടങ്ങുായിരുന്നു. വിവാഹം നടന്നാലുടനെ മണവാളന്റെ സഹോദരി സ്ത്രീകൾക്കുമാത്രം ഈ പലഹാരം വിതരണം ചെയ്യുന്നു. ഈ ചടങ്ങു നടക്കുമ്പോൾ പാടുന്ന പാട്ടാണ് അയനിപ്പാട്ട്.

"മാറാതെ വാഴുടയോൻ മാറാനീശോ മിശിഹാ
മിശിഹാ തന്നരുളാലെ മാർ യോഹന്നാനബുനാൻ
അമ്പുനാന്മാരൈവർ കൂടി ദേശമാം കുറുകൊ്
ദേശമാം കൂറുകൊ് നാലരും നാലുദിക്കിൽ
വന്നതിൽ മാണിക്യമാം മാർ യോഹന്നാനബുനാൻ
ബഗദാശിൽ നിന്നു പുക്കു കുർബാന ചെയ്തവാറെ
കുർബാനപരശുകൊ് മനമെഴുന്നപ്പമെല്ലാം
മാറാന്റെ അപ്പമതിൽ അമ്പിനാൽ കുമ്പിട്ടേറ്റം
ഗുണവാനാം പുരുഷനായ മാർ യോഹന്നാനബുനാൻ"

മാർ യോഹന്നാനബുനാൻ എന്ന മെത്രാനെക്കുറിച്ചാണ് പാട്ട്. ഈ നാട്ടിലേക്ക് മെത്രാന്മാരെ ലഭിക്കുന്നതിനായി 1490-ാം കാലം കൊടുങ്ങല്ലൂർ ദേശവാസികളായ യൗസേപ്പ്, മത്തായി, ഗീവർഗീസ് എന്നീ മൂന്ന് ക്രിസ്തീയ വിശ്വാസികൾ ഇന്ത്യയിൽനിന്ന് കിഴക്കിന്റെ

പാത്രിയാർക്കിസിനെ സമീപിച്ചു. പാത്രീയർക്കീസ് ര് സന്ന്യാസികളെ നാമകരണം ചെയ്ത് മെത്രാന്മാരായി വാഴിച്ച് ഇന്ത്യയിലേക്ക് വിട്ടു. ഇവരിൽ ഒരാളാണ് മാർ യോഹന്നാനബുനാൻ. ഇന്ത്യയിലെ ക്രിസ്ത്യാനികൾ ഇവരെ സ്വീകരിച്ചു. ഇവർ ഇവിടെ പ്രതിഷ്ഠാകർമ്മങ്ങൾ നടത്തി. അക്കാര്യമാണ് ഈ പാട്ടിൽ പറയുന്നത്.

**8.11.10. പൊന്നണിന്തീടും ഗാനം**

വിവാഹകർമ്മങ്ങളുടെ അവസാനം സ്ത്രീകൾ പാടുന്ന പാട്ടാണിത്. വധൂവരന്മാരുടെ സൗന്ദര്യവർണ്ണനയാണ് നടത്തുന്നത്.

"പൊന്നണിഞ്ഞീടും തുകരേറി
മംഗല്യവേലകാണ്മാൻ
വളർ കൊടി മുമ്പിൽ മുത്തണിന്തോനെ
.........................................................................
കോവൽ പഴുക്കാനിറം ചെല്ലുമിവൾമേനി
വാ കാൽ നല്ല തത്ത ചുു നിറം തോന്നും
നീറ്റിൽ കുളിച്ചെടുത്ത മുത്തിനൊളിവാലെ
നീലത്തടം കവനെ എന്നെ മറന്തോനെ
ആലിൻ തളിരുപോലെ ഇമ്പമുദരമുള്ളോനെ
നാളേറെ ചെല്ലുന്തോറും നന്നായ് വരുന്നോനെ
കൊഞ്ചൽ കളി കന്നിമാർ കനകമണിമാർകളും
ഏറെ നല്ല പങ്കുതരാം പട്ടുതരാം വന്തിരി"

എന്നിങ്ങനെ മണവാളനെയും മണവാട്ടിയെയും മാറിമാറി വർണിക്കുന്നു. ശരീരവർണന പൊതുവെ ക്രിസ്തീയസാഹിത്യത്തിൽ കൊാടപ്പെടാറില്ലെങ്കിലും നാടോടിവഴക്കങ്ങളിൽ അവയ്ക്ക് സ്ഥാനമുായിരുന്നു എന്നതിന് തെളിവാണീ ഗാനം.

**8.11.11. അടച്ചുതുറപ്പാട്ട്**

വിവാഹം കഴിഞ്ഞ് മൂന്നാം ദിവസം നടക്കുന്ന ചടങ്ങാണ് അടച്ചുതുറ. ഇതിനുള്ളതാണ് അടച്ചുതുറപ്പാട്ട്. ഒരാഴ്ച നീുനില്ക്കുന്ന വിവാഹാഘോഷ ചടങ്ങുകളായിരുന്നു പു കാലത്ത് ക്രിസ്ത്യാനികളുടേത്. മൂന്നാം ദിനം വധുവിന്റെ അമ്മ പലഹാരങ്ങളുമായി വധുവിന്റെ വീട്ടിൽ വരും. വധുവരന്മാരെ തോഴരുമായി മണവറയിൽ കയറ്റി കതകടയ്ക്കും. മണവാട്ടിയുടെ അമ്മ കത്തിച്ച കോൽവിളക്കുമായി വാതില്ക്കൽ നില്ക്കും. എന്നിട്ട് വാതിൽ തുറക്കാൻ ആവശ്യപ്പെടുന്നു. മകൾക്ക് വേ ഗൃഹോപകരണങ്ങളും സമ്മാനങ്ങളും വാഗ്ദാനം ചെയ്യുന്നു പാട്ടിൽ.

"വട്ടക കിയും തരാം തട്ടമൊത്ത താലം തരാം
കട്ടിൽതരാം മെത്ത തരാം കിരിപ്പാൻ വിളക്കു തരാം
പട്ടുചേല ഞാൻ തരുവേൻ ഭംഗിയൊത്ത മേൽവിതാനം
ഇഷ്ടമൊത്തൊരെൻ വകയും ഹിതത്തിനോടെ ഞാൻ തരുവേൻ
ഒത്തവണ്ണം ഞാൻ തരുവേൻ ഒന്നിനും കുറവില്ലാതെ
എന്റെ മകനെ മണവാള മണവറയുടെ വാതിൽ തുറ"

ഇപ്രകാരം പാടുമ്പോൾ സ്ത്രീധനത്തിന്റെ തുകയനുസരിച്ച് പാത്രങ്ങളും മറ്റും ഒത്തശേഷം തോഴന്മാർ കതകു തുറക്കും. വധൂവരന്മാർ പുറത്തുവരും. ഇതിനെയാണ് അടച്ചുതുറ എന്ന് പറയുന്നത്.

### 8.11.12. എണ്ണപ്പാട്ട്

അടച്ചുതുറ എന്ന ചടങ്ങിനുശേഷം മണവാളനെയും മണവാട്ടിയെയും പന്തലിൽ കൊുവരും. അമ്മാവി വന്ന് എണ്ണതേപ്പിക്കും. ഈ സമയം സ്ത്രീകൾ പാടുന്ന പാട്ടാണ് എണ്ണപ്പാട്ട്, അതിന്റെ വിവരണം പാട്ടിൽ കൊടുത്തിരിക്കുന്നു.

"അൻപുറ്റ മണവാളനും പെൺകൊടിയുമായി
പാതിയൊരു ചേലകൊാരുമ്പാടായുടുത്ത്
നീതിയോടെ അവൾപോയി പന്തലിലിരുന്നു
ചിക്കനെ മുതിർന്നുവന്നമ്മാവിയെണ്ണതേച്ചു
ശില്പമോടെ നീരുമാടി ചേലയും പകർന്നു
ചുറ്റും നിന്നു പെൺകൊടിമാർ വായ്ക്കുരവയിട്ടു
അവൻ തന്റെയമ്മ പെങ്ങൾ നെല്ലും നീരും വെച്ചു
ഒത്തു നിന്നു പെൺകൊടിമാർ കൈക്കു പിടിച്ചുകേറ്റി"
കുളികഴിഞ്ഞെത്തുന്ന ഇവരെ നെല്ലും നീരും വയ്ക്കുന്നു.

### 8.11.13. കുളിപ്പാട്ട്

വധൂവരന്മാർ നീരാടുന്ന ചടങ്ങാണ് കുളിപ്പാട്ടിലുള്ളത്. ശരീരലാവണ്യവും മാനസിക ഭാവങ്ങളും ഇതിൽ പ്രതിഫലിക്കുന്നു.

"കുന്നു കുഴിച്ച കുളിക്കടവും തോന്നീതെ
മണ്ണു മറിച്ചു മണിക്കിണറും തോന്നീതെ
പൂവിട്ടു കൂന്തലും പൂവും നനഞ്ഞിതെ
പുഷ്പങ്ങൾ ചൂടും തലയും നനഞ്ഞിതെ
ശംഖു കടഞ്ഞ കഴുത്തും നനഞ്ഞിതെ
ചന്ദനം തേക്കുന്ന മാർവും നനഞ്ഞിതെ
ഭൂമിയോടൊത്ത പുറവും നനഞ്ഞിതെ
ആലിലക്കൊത്ത വയറും നനഞ്ഞിതെ
ആടയുടുക്കുമരയും നനഞ്ഞിതെ
കൊാടും കാൽ പുറവടിവും നനഞ്ഞിതെ"

എന്നിങ്ങനെ അവയവഭംഗി പ്രകാശിപ്പിക്കുന്ന വരികളു്

"പൊന്നും കിടാരത്തിൽ നീർകോരി അവൾ കുളിച്ചു
വെള്ളിക്കിടാരത്തിൽ നീർകോരി അവൾ കുളിച്ചു
പട്ടുമു് പട്ടറുമാൽ വേണമെന്നും മണവാളൻ
പട്ടുപുടവ പണിച്ചട്ട വേണമെന്നു മണവാട്ടി
ഓടത്തിൽ ചന്ദനം വേണമെന്നു മണവാളൻ
താലത്തിൽ കസ്തൂരി വേണമെന്ന് മണവാട്ടി

പൊന്നും മെതിയടിമേൽ മെല്ലെ മെല്ലെ അവൻ നടന്നു
വെള്ളി മെതിയടിമേൽ മെല്ലെ മെല്ലെ അവൾ നടന്നു"

എന്നിങ്ങനെ അവരുടെ വസ്ത്രങ്ങളെപ്പറ്റിയും ചമയങ്ങളെപ്പറ്റിയും പറയുന്നു.

"അവൻ പോകും വഴിയെല്ലാം
പൊന്നും പലക നിരത്തി നിരത്തി
അവൾ പോകും വഴിയെല്ലാം
വെള്ളിപ്പലക നിരത്തി നിരത്തി
അവനിരിക്കും മാളികമേൽ കൊങ്കുമപ്പനിനീര്
അവളിരിക്കും മാളികമേൽ കളഭങ്ങൾ കസ്തൂരി"

എന്നിങ്ങനെ, മണവാളന്റെയും മണവാട്ടിയുടെയും ഐശ്വര്യത്തിന്റെ പ്രതിഫലനങ്ങൾ പ്രതീകങ്ങളിലൂടെ വർണിക്കുന്നു.

**8.11.14. വിളക്കു തൊടീൽ പാട്ട്**

വിവാഹചടങ്ങുകളെല്ലാം കഴിഞ്ഞ് വധുവിന്റെ വീട്ടിൽ ഇരുവരും പോകുമ്പോൾ വിളക്കുതൊട്ട് വന്ദിച്ചാണ് പോകുന്നത്. ആ ചടങ്ങിന്റെ വിവരണമാണീ പാട്ട്.

"കല്യാണഘോഷത്താൽ നീരാടി വന്നിട്ട്
മണവാട്ടിയും തോഴിയും പന്തലകം പുക്ക്
വിതാനിച്ച പന്തലിൽ വിളക്കതും തൂക്കീട്ട്
അഞ്ചും നാലൊമ്പതു തിരിയും തെറുത്തിട്ട്
വിളക്കിന് മൂന്ന് വലത്തും വെച്ചാദരാൽ
ഭക്തിയാൽ കൈകൂപ്പി കുരിശും വരച്ചിതെ
കന്നിമറിയം തുണയാകെ ഞങ്ങൾക്കു
പന്ത്രു ശ്ലീഹന്മാർ നിലയാകെ വന്നിട്ട്
ആലഹനായനുമമ്പൻ മിശിഹായും
റൂഹായും കൂടെത്തുണയ്ക്കായിവർക്കെന്നും"

എന്ന് പാടി വിളക്ക് തെളിയിച്ച് കുരിശുവരച്ച് ദൈവികസംരക്ഷണം യാചിച്ച് വധൂവരന്മാർ യാത്രയാകുന്നു.

ഇതോടെ ചടങ്ങുകൾ അവസാനിക്കുന്നു. ഓരോ ചടങ്ങുകളുടെയും ഇടയിൽ സമയമനുസരിച്ച് പാടുന്ന വട്ടക്കളിപ്പാട്ടുകൾ വേറെയു്. ഈ ചടങ്ങുകളിൽ പലതും ഇന്ന് ഒഴിവാക്കിയിട്ടു്. ഓരോ ആചാരങ്ങളും അനുഷ്ഠിക്കുന്നത് പാട്ടിന്റെ പാശ്ചാത്തലത്തിലാണ്. പുരാതന പാട്ടുകൾ കൂടാതെ പന്തലിൽ ആളുകളെ മുഴുവൻ പങ്കുകൊള്ളിക്കാൻ വേ രു സംഘമായി തിരിഞ്ഞ് കുത്തുപാട്ടുകൾ, പൂട്ടുപാട്ടുകൾ, ദ്രുതഗാനങ്ങൾ എന്നിവയും പാടിയിരുന്നു. എന്നാൽ തിരക്കേറിയ ജീവിതത്തിൽ ഒരാഴ്ച നീുനിന്നിരുന്ന വിവാഹാ ഘോഷപരിപാടികൾ ഇന്ന് ഒന്നോ രേ ദിവസത്തേക്കു മാത്രമായി ചുരുങ്ങി.

കല്ല്യാണപാട്ടുകൾ പന്തലിൽ വെച്ച് സ്ത്രീകളുടെ സംഘമാണ് പാടിയിരുന്നത്. ഇന്നത് പലയിടത്തും പള്ളിയിലെ ഗായകസംഘമാണ് നേതൃത്വം കൊടുത്ത് പാടുന്നത്. കല്യാണ ഘോഷയാത്രയും വധൂവരന്മാർ ആനപ്പുറത്തേറി വരന്റെ വീട്ടിലേക്ക് യാത്രയാകുന്നതുമായ

ചടങ്ങുകൾ ഇന്നില്ല. കാരണം സദ്യയും ചടങ്ങുകളും പാരീഷ് ഹാളിലോ പ്രത്യേകം തയ്യാർ ചെയ്ത ഹാളിലോ ആകയാൽ ഘോഷയാത്രയുടെ ആവശ്യം ഉാകുന്നില്ല. എന്നാൽ ആഹ്ലാദാരവങ്ങളുടെ ഒരിനമായ നടവിളി നിർബന്ധപൂർവ്വം എന്നോണം ക്നാനായ ക്രിസ്ത്യാനികൾ പരിരക്ഷിക്കുന്നു.

#### 8.12.15 വട്ടക്കളിപ്പാട്ടുകൾ

ഈ ചടങ്ങുകൾക്കിടയിൽ സന്ദർഭാനുസൃതം പാടിയിരുന്നവയാണ് വട്ടക്കളിപ്പാട്ടുകൾ. താളാത്മകമായ ചുവടുവയ്പ്പോടെ വട്ടത്തിൽ നിന്നു കളിക്കുന്ന പാട്ടുകളാണ് വട്ടക്കളിപ്പാട്ടുകൾ. ഈ നൃത്തരൂപത്തെക്കുറിച്ച് പുതിയ തലമുറയ്ക്ക് വേത്ര അറിവില്ല.

#### 8.12.15 A എട്ടുത്തിരവട്ടക്കളി

"കൂത്തിയുടുത്താപ്പുതുപ്പട്ടതൻമീതെ
വടിവോടു പൂശുന്നു കളമ്പം കസ്തൂരികൾ
ഭുവനമതെല്ലാം വിളങ്ങുമീത്തോഴന്മാർ
കുത്തുകഴനാലും വച്ച് പൊന്നും പൂവും
പത്തുവിരൽക്കും നിരന്തപൊൻമോതിരം
പാലുപോൽ തങ്കം വിളങ്ങും തലുവവും
പത്തുമിരുപതും തരുണികളകമ്പടി
പാട്ടും കുരവയലങ്കാരത്തോടായി
എത്തിനാർ പ്പന്തലിൽ മെല്ലെ മെല്ലെ ചെന്നു"

വധൂവരന്മാർ അണിഞ്ഞൊരുങ്ങി പന്തലിൽ പ്രവേശിച്ച് തിരികൊളുത്തി വിളങ്ങിനിൽക്കുന്ന കാഴ്ചയാണ് ഇതിന്റെയുള്ളടക്കം.

#### 8.12.15. B വേറൊരു വട്ടക്കളി

കല്ല്യാണാഘോഷത്തിന്റെ വിശദവിവരമാണ് ഇതിന്റെയുള്ളടക്കം. കല്ല്യാണാലോചന മുതൽ കല്ല്യാണാഘോഷം വരെയുള്ള കാര്യങ്ങൾ ഇതിൽ വിവരിക്കുന്നു. ആലോചനയിൽ പങ്കെടുക്കുന്നവർ, വധുവരന്മാരുടെ വസ്ത്രത്തിന്റെ പ്രത്യേകതകൾ, ആഭരണങ്ങൾ ഇവ വിശദമായി വർണ്ണിക്കുന്നു.

"നീരാളംകൊുള്ള കുപ്പായമങ്ങനെ
നല്ലൊരു വില്ലൂസിൽ ചട്ടയുമങ്ങനെ
നല്ല കുരിശും പണമാലെ ഇട്ടാറെ
ഏറ്റം വിലയുള്ള പത്താക്കു കോർമ്പലും
വില്ലിട്ട കാതുകൾ മാലകളങ്ങനെ
മാണിക്യകല്ലിനോടൊത്തൊരു രത്നങ്ങൾ
കാതിലലകനുരുക്കു മണികളും
കാതിൽ കനകങ്ങൾ കൈവളമോതിരം
പൊൻമുടിയും നല്ല പൊൻപൂവും"

എന്നിങ്ങനെ ആ വർണ്ണന നീളുന്നു. ഘോഷയാത്രയെക്കുറിച്ച് വർണ്ണിക്കുന്നവയാണ് അടുത്ത വരികൾ.

"പട്ടക്കാരൻ വന്നുകൈയ്യും പിടിപ്പിച്ച്
മംഗല്യകർമ്മങ്ങളെല്ലാം തികഞ്ഞിട്ട്
ഘോഷത്തോടെയവർ യാത്രപുറപ്പെട്ടു.
പാട്ടും കുരവയും വാദ്യധ്വനികളും
അഭ്യാസക്കാരവൻ ചാടിമറിയുന്നു
ഇങ്ങനെ ഘോഷമായ് പന്തലകംപുക്ക്"

ഒടുവിൽ 'കല്ല്യാണാഘോഷം പറഞ്ഞാൽ മതിവരാ" എന്ന അതിശയോക്തിയോടെ നിർത്തുന്നു.

#### 8.12.16 ചെറിയതോബിയാസിന്റെ പാട്ട്

ബൈബിൾ പഴയനിയമഭാഗത്ത് തോബിയാസിന്റെ പുസ്തകത്തിൽ ചെറിയ തോബിയാസിന്റെ വിവാഹാഘോഷം വിവരിക്കുന്ന ഭാഗമാണ് പാട്ടിന് ഇതിവൃത്തം

"കട്ടിൽ കസേരകൾ ഇട്ടൊരുഭാഗത്ത്
മെച്ചമേറുന്ന പുല്പാകൾ മറു□ാഗെ
വെറ്റില തട്ടങ്ങൾ ചന്ദനപാത്രങ്ങൾ
മറ്റുമോരോതര ചിത്രപ്പണികളും
മുത്തുമണിയും പളുങ്കും ജയിക്കുന്ന
നല്ലയരിയൊരു പാƒശാല നിറെ
കൂപക്കിടാരങ്ങൾ കോട്ടസ്ഥലങ്ങളും
ചീനഭരണി നിറച്ചതിൽ വീഞ്ഞതും
ചെമ്മേ നറുനൈ നിറച്ചു പലപാത്രം
കാദാള മോദാള കുക്കുടവൃന്ദവും
ശർക്കരതേങ്ങാകൾ എത്രമേൽ ചൊല്ലിടാ
കോരികകൊട്ടകളെത്രനൂറായിരം
താലത്തിൽ പാതിയും ശുദ്ധവെള്ളികളാൽ
എണ്ണവെളിച്ചെണ്ണ ചുണ്ണാമ്പുകുറ്റിയും"

എന്ന് കേരളനാട്ടിലെ ആഘോഷംപോലെയുള്ള വർണ്ണനയും കേരളീയ വിഭവങ്ങളും അതിൽ വിവരിക്കുന്നു.

#### 8.12.17 ബാലായുള്ള വട്ടക്കളി

വിവാഹനിശ്ചയം, സ്ത്രീധനം, വിവാഹഘോഷയാത്ര തുടങ്ങിയവ ഈ പാട്ടിൽ വർണ്ണിക്കുന്നു.

"ചേർച്ചയാൽ പെങ്കെട്ടു കാര്യം പേശുവാനായ്
അന്നവർ തമ്മിൽ പറഞ്ഞിട്ടു കാര്യങ്ങൾ
അങ്ങനെത്തന്നെയാകട്ടെ യെന്നവർ ചൊല്ലി
എന്നാലതിനു പൊന്നെത്രമേൽ തന്നിടാം
എണ്ണൂറുമങ്ങിരുന്നൂറുമൊരുന്നും
നിന്നോരിടപണത്തൂക്കമെക്കാഞ്ചനം

നിർണ്ണയിച്ചൊന്നും പറഞ്ഞിതു കാര്യങ്ങൾ
പൊന്നും തളമണിമാലകൾ മോതിരം
പിന്നെ ഉരുളിവിളക്കുകോളാമ്പികൾ"

മേൽ സൂചിപ്പിച്ച പാട്ടുകളിൽ പലതും തെക്കുംപ്രദേശത്തുള്ളതാണെങ്കിലും കേരളത്തിന്റെ മധ്യഭാഗത്തും വടക്കൻഭാഗത്തും നിലവിലിരുന്ന കല്യാണപാട്ടുകൾ കണ്ടെത്തിയിട്ടു്. ഈ മംഗല്യപ്പാട്ടുകൾ കുന്നംകുളത്തും തൃശൂരിലും ഇരിങ്ങാലക്കുടയിലും പ്രചരിപ്പിച്ചിട്ടുള്ളതായി കാണാം. കലാപരമായും സംസ്ക്കാരികമായും പാരമ്പര്യം അവകാശപ്പെടുന്നവയാണ് മംഗലപ്പാട്ടുകൾ. ക്രൈസ്തവവിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂരിന് സമീപത്താണ് കുന്നംകുളം സ്ഥിതിചെയ്യുന്നത്. വാമൊഴിയായി പാടിപാടി ജനമനസ്സിൽ നിറഞ്ഞുനിന്ന ധാരാളം ക്രിസ്തീയ പാട്ടുകൾ ഇവിടെ പ്രചാരത്തിലുായിരുന്നു. തെക്കുംഭാഗക്കാരുടേതുപോലുള്ള ചടങ്ങുകൾ ഈ സമുഹത്തിനുായിരിക്കണം. ആദ്യം പാടുക മാർത്തോമ്മൻ പാട്ടായിരിക്കും. വിവാഹത്തിന്റെ ചടങ്ങുകൾക്ക് മാത്രമല്ല എല്ലാ മംഗളകർമ്മങ്ങൾക്കും ആരംഭമായി മാർത്തോമ്മാ പാട്ട് തുടങ്ങും. പിന്നെയങ്ങോട്ട് വട്ടത്തിൽ നിന്ന് സ്ത്രീകൾ എല്ലാവരും കൂടി കല്യാണപാട്ടുകൾ പാടി തിമിർക്കും. കുന്നംകുളത്തും തൃശൂരും ഇരിങ്ങാലക്കുടയിലും പ്രദേശികമായി വളരെ ഉത്സാഹത്തോടും ആഘോഷത്തോടും കൂടിയാണ് വിവാഹം നടത്തിയിരുന്നത്.

### 8.12.18 ക്നാനായ വിവാഹം – പാരമ്പര്യങ്ങളുടെ സമന്വയം

സവിശേഷ ആചാരങ്ങളുടെ ഉടമകളായ ക്നാനായക്രിസ്ത്യാനികളുടെ വിവാഹ ചടങ്ങുകൾ സ്വദേശീയവും വിദേശീയവുമായ ഒരുപിടി ആചാരങ്ങളുടെ ഭംഗിയാർന്ന സമ്മേളനമാണ്. യഹൂദപാരമ്പര്യവും കേരളീയ പാരമ്പര്യവും ക്നാനായി തൊമ്മൻവഴി കേരള ത്തിൽ ലഭിച്ച പദവികളും കാത്തുസൂക്ഷിച്ചതിന്റെ ഫലമാണ് ഈ ചടങ്ങുകളിലധികവും. അമ്മാവന് പ്രാധാന്യമുള്ള മരുമക്കത്തായ കേരളീയശൈലിയും പിതൃപക്ഷത്തിനു പ്രാധാന്യ മുള്ള യഹൂദശൈലിയും ഒത്തുചേർന്ന് ര് പക്ഷത്തിനും തുല്യ പരിഗണന നൽകുന്ന രീതിയാണ് അവരുടേത്. സ്ത്രീധനവും ഇല്ലപ്പണവും നൽകുന്ന രീതി യഹൂദപാരമ്പര്യാ ധിഷ്ഠിതമാണ്. വിവാഹത്തലേന്ന് വധുവരന്മാരുടെ വീട്ടിൽ നടക്കുന്ന ആട്ടവും പാട്ടും യഹൂദ പാരമ്പര്യത്തിന്റെ പിന്തുടർച്ചയും; പുരാതന പാട്ടുകളും മാർഗ്ഗംകളിയും കേരളത്തിന്റെ താള പാരമ്പര്യമനുസരിച്ച് ചിട്ടപ്പെടുത്തിയതുമാണ്. മദ്യത്തിന്റെയും മാംസാഹാരത്തിന്റെയും സംസ്കാരം യഹൂദ പാരമ്പര്യത്തിന്റേതാണ്. താലി കെട്ടലും വിവാഹമോതിരവും മെലാഞ്ചി യിടീലും കേരളീയമാണ്. പന്തലിടീലും ക്ഷുരകന്റെ പങ്കും തട്ടാന്റെ അവകാശവും നടവിളിയും, തലേക്കെട്ടും കച്ചയുമെല്ലാം ക്നായി തൊമ്മന്റെ ചെപ്പേടിന്റെ സ്വാധീനത്താൽ വന്നു കൂടിയതാണ്. ഇങ്ങനെ വ്യത്യസ്തങ്ങളായ ആചാരങ്ങളുടെ സമന്വയമാണ് ക്നാനായ വിവാഹം.

### 8.12.19 വിവാഹ ചടങ്ങുകളുടെ പ്രസക്തി

വിവാഹം ര് വ്യക്തികളുടെ മാത്രം കാര്യമല്ല. കൂട്ടായ്മ അനുശാസിക്കുന്ന ചില കരാറുകളുടെ അടിസ്ഥാനത്തിൽ, ആ കൂട്ടായ്മ നിലനിർത്തുന്ന നിരവധി കുടുംബങ്ങൾ ചേർന്ന ഘടനയിൽ ഒരു കുടുംബത്തെക്കൂടി സൃഷ്ടിക്കാനുള്ള പ്രാരംഭചടങ്ങാണ്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന കുടുംബം, കൂട്ടായ്മയിലെ ശക്തമായ ഒരു കണ്ണിയായി വർത്തിക്കുന്നതിന് പര്യാപ്തമായ ചടങ്ങുകളാണ് ഈ വിവാഹാചാരത്തിലുള്ളത്. മാത്രമല്ല; ചില ആശയങ്ങളുടെ

പ്രതീകാത്മകമായ സംവേദനം കൂടി ഇതിലൂടെ നടത്തപ്പെടുന്നു. തന്മൂലം മറ്റ് ക്രിസ്തീയ സമുദായത്തിന്റെ വിവാഹചടങ്ങുകളിൽനിന്നും വ്യത്യസ്തമായിത്തീരുന്നു ക്നാനായ കിസ്ത്യാനികളുടെ വിവാഹചടങ്ങുകൾ.

**8.12.20 സമൂഹത്തിന്റെ സാന്നിദ്ധ്യം**

വിവാഹം ഒരു വ്യക്തിയുടേയോ കുടുംബത്തിന്റെയോ സ്വകാര്യതയല്ല; സമൂഹത്തിന്റെ കൂടി സജീവ പ്രാതിനിധ്യമുള്ള ചടങ്ങാണ്. മറ്റേതൊരു ക്രൈസ്തവവിഭാഗത്തേക്കാളും സമൂഹത്തോട്, കൂട്ടായ്മയോട് പ്രതിബദ്ധതയുള്ള ജനമായതിനാൽ ക്നാനായരുടെ വിവാഹത്തിൽ സമൂഹത്തിന്റെ സജീവസാന്നിദ്ധ്യമു്. വിവാഹത്തിന്റെ ആദ്യഘട്ടമായ വധുവിനെ കത്തെുന്ന ചടങ്ങു മുതൽ ദമ്പതിമാരെ വരന്റെ വീട്ടിലേക്ക് യാത്രയാക്കുന്നതു വരെയുള്ള ചടങ്ങുകളിൽ സമൂഹത്തിന്റെ സാന്നിദ്ധ്യവും സഹകരണവുമു്.

**8.12.21 വിവാഹപൂർവ്വ ചടങ്ങുകൾ**

**വധുവിനെ കത്തെൽ**

വിവാഹാർത്ഥിയായ പുരുഷനും അയാളുടെ അടുത്ത ബന്ധുവും കൂടിയാണ് പെണ്ണുകാണാൻ പോകുന്നത്. മുൻകാലങ്ങളിൽ ചെറുക്കന്റെ അമ്മാവനും അപ്പനും കൂടിയാണ് പെണ്ണുകാണാൻ പോയിരുന്നത്. പെൺകുട്ടിയെ ഇഷ്ടപ്പെടുന്ന പക്ഷം പെണ്ണിന്റെ അമ്മാവനും അപ്പനും കൂടി ചെറുക്കനെയും വന്നു കാണുന്നു.

**ഉറപ്പീര്**

വിവാഹം ഉറപ്പിക്കുന്ന ചടങ്ങാണിത്. വധുവിന്റെയും വരന്റെയും കൂട്ടർക്ക് പരസ്പരം ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ സൗകര്യമുള്ള ഒരു ദിവസം കല്യാണം ഉറപ്പിക്കുന്ന ചടങ്ങ് നടത്തുന്നു. ഈ ചടങ്ങിൽ സ്ത്രീകൾ പങ്കെടുത്തിരുന്നില്ല. പെണ്ണിന്റെ പക്ഷത്തുനിന്ന് അമ്മാവന്മാർ, പിതൃസഹോദരന്മാർ എന്നിവരാണ് ചടങ്ങിൽ സംബന്ധിക്കുന്നത്. വരുന്നവരുടെ എണ്ണം എപ്പോഴും ഒറ്റസംഖ്യയായിരിക്കണം എന്ന് നിർബന്ധമു്. ഭക്ഷണം ഉായിരിക്കും. ഭക്ഷണമായി മാംസാഹാരവും ചോറുമാണ് നൽകുന്നത്. ഭക്ഷണം കഴിച്ചശേഷം വിവാഹത്തെ സംബന്ധിച്ചും വിവാഹം നടത്തിപ്പിനെ സംബന്ധിച്ചും സ്ത്രീധനത്തെ സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നു. സ്ത്രീധനം എപ്പോഴും ഒറ്റസംഖ്യയായിരിക്കും എന്നുള്ള പ്രത്യേകതയുമു്.

**വേദപാഠം കേൾക്കൽ**

വിവാഹ ഉറപ്പീര് കഴിഞ്ഞാൽ വരനും വധുവും ഇടവകയിലെ പുരോഹിതന് സമീപം ചെന്ന് വേദപാഠം കേൾക്കേതു്. രുപേർക്കും സഭയുടെ നിയമങ്ങളെയും നടപടികളെയും കുറിച്ചുള്ള അറിവുോ എന്ന് പരിശോധിക്കപ്പെടുകയാണിവിടെ. ജനിക്കുന്ന സന്താനങ്ങളെ ഉത്തമ മതവിശ്വാസികളായി വളർത്തിയെടുക്കാൻ ഇവർ പ്രാപ്തരാണോ എന്നുകൂടി പരിശോധിക്കപ്പെടുന്നു്.

**ഒത്തുകല്യാണം**

വിവാഹത്തിന് വരന്റെയും വധുവിന്റെയും സമ്മതം ചോദിക്കുന്ന ചടങ്ങാണിത്. പെണ്ണിന്റെ ഇടവകപ്പള്ളിയിലാണ് ഇതിലെ പ്രധാന ചടങ്ങ് നടക്കുന്നത്. ഒത്തുകല്യാണദിവസം രാവിലെ

വരന്റെയും വധുവിന്റെയും വിടുകളിൽ എഴുതിരി വിളക്ക് കത്തിച്ച് പ്രാർത്ഥന നടത്തുന്നു. അതിനുശേഷം ഇരുസ്ഥലത്തും അമ്മാവന്മാർ, പിതൃസഹോദരങ്ങൾ, മാതാപിതാക്കൾ എന്നിവർക്ക് സ്തുതി കൊടുക്കുന്നു. സ്തുതി സ്വീകരിക്കുന്നവർ ഒറ്റസംഖ്യയുടെ എണ്ണ മായിരിക്കും. സ്തുതി സ്വീകരിക്കുന്നവർ പ്രതിവചിച്ചതിനുശേഷം വധുഗൃഹത്തിൽ വധുവിനെ പിതാവിന്റെ സഹോദരിമാർ കൈപിടിച്ചിറക്കുന്നു. വരനും വധുവും പള്ളിയിലെത്തിയാൽ ബന്ധുക്കളെ സാക്ഷി നിർത്തി പുരോഹിതൻ ര് ചോദ്യങ്ങൾ ചോദിക്കുന്നു; സഭയുടെ നടപടിക്കനുസരിച്ചാണോ വിവാഹത്തിന് ഒരുങ്ങുന്നത്, പൂർണ്ണഹൃദയത്തോടെ പരസ്പരം സ്വീകരിക്കുന്നോ? ചോദ്യങ്ങൾക്ക് അനുകൂലമായ മറുപടി ലഭിച്ചുകഴിഞ്ഞാൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ക്രിസ്തുവിന്റെ നാമത്തിൽ വിവാഹവാഗ്ദാനത്തെ ഉറപ്പിക്കുന്നു. വിവാഹ സാക്ഷ്യ പത്രം-കുറി-പുരോഹിതൻ വരന്റെ ഇടവക വികാരിക്ക് നൽകുവാൻ വരന്റെ കൂട്ടരെ ഏൽപ്പിക്കുന്നു. ഈ ചടങ്ങുകൾക്ക്ശേഷം എല്ലാവരും വധുവിന്റെ വീട്ടിലേക്ക് പോകുന്നു. അവിടെ ഒരുക്കിയിരിക്കുന്ന പന്തലിൽ വരന്റെ ഭാഗക്കാരെ വിളിച്ചിരുത്തി ആദ്യം കുടിക്കാനുള്ള വെള്ളം നൽകുന്നു. പിന്നീട് ഭക്ഷണവും മദ്യവും വിളമ്പുന്നു. സ്ത്രീകളും പുരുഷന്മാരും ഒരു സദസ്സിലിരുന്ന് മദ്യം കുടിക്കുന്ന രീതി മറ്റ് ക്രൈസ്തവ സമുദായങ്ങളിൽനിന്ന് വ്യത്യസ്തമായി ക്നാനായ ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതാണ്. ഭക്ഷണത്തിനുശേഷം വധുവിന്റെ അമ്മാവൻ വരന്റെ പിതൃസഹോദരനെ സ്ത്രീധനത്തുക ഏൽപ്പിക്കുന്നു. അതിനുശേഷം വധുവിന്റെ അമ്മാവൻ വരന്റെ അമ്മാവന് വെറ്റില, അടയ്ക്ക, പുകയില എന്നിവയടങ്ങിയ ഒരു കെട്ട് നൽകുന്നു. വഴിപ്പുകല എന്നാണിതിന് പറയുന്നത്. എന്നാൽ ഇന്ന് അതിനു പകരം ഒരു കുപ്പി മദ്യമാണ് വഴിപ്പുകലയായി നൽകി വരുന്നത്. പിരിയുന്നതിന് മുൻപ് എല്ലാവർക്കും കടുംകാപ്പി നിർബന്ധമായി നൽകുന്നു.

**പള്ളിയിലെ വിളിച്ചുചൊല്ലൽ**

ഒത്തു കല്യാണത്തിന് ശേഷമുള്ള മൂന്ന് ഞായറാഴ്ചകളിൽ വരന്റെയും വധുവിന്റെയും ഇടവകപ്പള്ളികളിൽ വിളിച്ചു ചൊല്ലു നടത്തുന്നു. വിവാഹക്കാര്യം പരസ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. വിവാഹത്തിന് കാനോനികമായ എന്തെങ്കിലും തടസ്സമുങ്കെിൽ മുൻകൂട്ടി വികാരിയെ അറിയിക്കാനും എന്തെങ്കിലും എതിർപ്പുള്ള പക്ഷം വിവാഹം മാറ്റി വയ്ക്കുന്നതിനും വേിയാണിത്. മൂന്നാമത്തെ വിളിച്ചുചൊല്ലിനുശേഷം പിറ്റേന്ന് തിങ്കളാഴ്ച യാണ് വിവാഹം നടത്തുന്നത്.

**8.12.21 A വരന്റെ വീട്ടിലെ ചടങ്ങുകൾ**

**കാലുനാട്ടൽ**

വിവാഹദിനമായ തിങ്കളാഴ്ചയ്ക്ക് തൊട്ടുമുൻപ് വരുന്ന വ്യാഴാഴ്ച വരന്റെ വീട്ടിൽ പന്തലിന് കാലു നാട്ടുന്നു. ഇതാണ് കാലു നാട്ടൽ. വരന്റെ അമ്മാവനാണിത് ചെയ്യുന്നത്. അറവാതിലിന് വലതുവശത്താണ് കാലുനാട്ടുന്നത്. കാലായി നാട്ടുന്ന വൃക്ഷത്തിനുമ് പ്രത്യേകത; വെട്ടിയാൽ കറ ഒഴുകുന്നതും നാട്ടിയാൽ തളിർക്കുന്നതുമായിരിക്കണം കാല് എന്ന് നിർബന്ധമ്. വിവാഹജീവിതത്തിന്റെ സജീവതത്വത്തിനും ഫലസമൃദ്ധിയ്ക്കും വേിയാണിത്.

ഒന്നേകാൽ പണവിട തൂക്കത്തിൽ നിർമ്മിച്ച താലി ഞായറാഴ്ച രാവിലെ തട്ടാൻ പണിത് കൊുവരുന്നു. ഒന്നേകാൽ ഇടങ്ങഴി അരിയിട്ട താലത്തിൽ വെറ്റിലയിൽ താലി വച്ച് തട്ടാൻ

വരന്റെ സഹോദരിക്ക് കൈമാറുന്നു. പ്രതിഫലമായി അരിയും കറിസാധനങ്ങളും പണവും തട്ടാന് നൽകുന്നു. വധുവിന് നൽകാൻ വച്ചിരുന്ന മന്ത്രകോടിയിൽനിന്ന് ഏഴു നൂലെടുത്ത് മൂന്നായി മടക്കിപ്പിരിച്ച് അതിൽ താലി കോർത്തു വയ്ക്കുന്നു. വരന്റെ സഹോദരിയാണ് ഇത് നിർവ്വഹിക്കുന്നത്.

**പന്തലിടൽ**

വ്യാഴാഴ്ച നാട്ടിയ പന്തൽകാല് പ്രധാന തൂണാക്കി ഞായറാഴ്ച രാവിലെ വരന്റെ വീട്ടുമുറ്റത്ത് പന്തലിടുന്നു. പന്തലിന്റെ മുൻഭാഗത്ത് വെള്ളത്തുണി വലിച്ച് കെട്ടിയിരിക്കും. കൂടാതെ പന്തലിന്റെ വശങ്ങൾ വെള്ളകൊ് മറയ്ക്കും. വരനെയും വധുവിനെയും ഇരുത്താനുള്ള സ്ഥലങ്ങൾ പ്രത്യേകമായി അലങ്കരിക്കുന്നു. അതിന് മണർകോലം എന്നാണ് പേര്. ഇടത്ഭാഗത്ത് സദ്യയ്ക്കുള്ള സാധനങ്ങൾ സൂക്ഷിക്കാനായി കലവറ ഒരുക്കുന്നു. പന്തലിനോട് ചേർന്ന് വെപ്പുപുരയും ഉാക്കുന്നു. ഞായറാഴ്ച രാത്രിയിൽ ഈ പന്തലിൽ എത്തുന്നവർക്കെല്ലാം ഭക്ഷണം വിളമ്പുന്നു്. ക്നാനായക്കാരുടെ സവിശേഷ ഭക്ഷണമായ പാച്ചോറും ചക്കരയുമാണ് ആദ്യം വിളമ്പുക. അതിനുശേഷം ചോറും മാംസാഹാരവും മദ്യവും വിളമ്പുന്നു.

**അന്തം ചാർത്ത് (ചന്തം ചാർത്ത്)**

കല്യാണത്തലേന്ന് വൈകിട്ട് ഭക്ഷണത്തിന് ശേഷം പന്തലിന്റെ നടുഭാഗത്ത് വരന്റെ സഹോദരി പായ വിരിക്കുന്നു. അതിനു മീതെ ചെറിയ കൊരി വച്ച് അതിൽ കച്ച വിരിക്കുന്നു. കൊരിക്ക് മുന്നിലായി കോലുവിളക്കും കത്തിച്ചു വയ്ക്കുന്നു. ഈ സമയത്ത് സഹോദരീ ഭർത്താവ് വരനെ വീട്ടിനുള്ളിൽ നിന്നും കൈയ്ക്ക്പിടിച്ചുകൊ് വന്ന് കൊരിയിലിരുത്തുന്നു. അപ്പോൾ പന്തലിലുള്ളവരെല്ലാം ചേർന്ന്, കാനായി തൊമ്മന്റെ വരവും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും പ്രതിപാദിക്കുന്ന പുരാതനപാട്ട് പാടുന്നു. ആ സമയത്ത് ക്ഷുരകൻ വിളക്കു കയ്യിലെടുത്ത് പന്തലിലിരിന്നവരോട് ചോദിക്കുന്നു. 'പതിനേഴ് പരിഷ കളുടെ മേലച്ചന്മാരോട് ചോദിക്കുന്നു. മണവാളച്ചെക്കന് അന്തം ചാർത്തട്ടെ.' ഇത് മൂന്നു പ്രാവശ്യം ആവർ ത്തിക്കുന്നു. സദസ്സിന്റെ അനുമതിയെത്തുടർന്ന് ക്ഷുരകൻ വിളക്ക് താഴെ വച്ച് വരനെ ക്ഷൗരം ചെയ്യുന്നു. അതിനു ശേഷം 'മണവാളനെ എണ്ണ തേപ്പിക്കട്ടെ' എന്ന് ക്ഷുരകൻ മൂന്ന് പ്രാവശ്യം ചോദിക്കുന്നു. സദസ്സിന്റെ സമ്മതത്തോടെ വരനെ എണ്ണ തേപ്പിക്കുന്നു. വരനെ അളിയൻ പന്തലിൽ നിന്ന് കൂട്ടിക്കൊു പോകുന്നു. കൊരിയിൽ വച്ചിരുന്ന കച്ച ക്ഷുരകൻ മടക്കിയെടുക്കുന്നു. അത് അയാൾക്കുള്ള അവകാശമാണ്.

വരൻ കുളിച്ച് പുതിയ വസ്ത്രങ്ങൾ ധരിച്ച് പന്തലിലേക്ക് വരുന്നു. അടിവസ്ത്ര മായി ശീല കെട്ടണം എന്നത് നിർബന്ധമായിരുന്നു. പന്തലിലെത്തുന്ന വരനോട് 'ചീല കാണട്ടെ' എന്ന് കാരണവന്മാർ വിളിച്ചു പറയുമ്പോൾ അളിയൻ വരന്റെ ഉടുവസ്ത്രം ഉയർത്തി ശീലത്തുമ്പ് കാട്ടിക്കൊടുക്കുന്നു. വരൻ പ്രായ പൂർത്തിയായിരിക്കുന്നു എന്ന് സൂചിപ്പിക്കുന്ന ആചാരമാണിത്. അതിനുശേഷം വരന്റെ പെങ്ങൾ പന്തലിലെ കൊരിയിൽ അലക്കിയ തോർത്ത് വിരിക്കുന്നു. പിന്നീട് വെള്ളിപ്പാത്രത്തിൽ പാച്ചോറും ചക്കരയും കൊുവന്നു വയ്ക്കുന്നു; കൂടാതെ വാൽക്കിയിൽ വെള്ളവും കോളാമ്പിയും കൂടി പന്തലിൽ വയ്ക്കുന്നു. അളിയൻ വരനെ കൊരിയിലിരുത്തുന്നു. ഈ സമയത്ത് വരന്റെ അപ്പാപ്പൻ വരന്റെ സമീപം നിന്ന് തോർത്തുമു് കിരീടം പോലെ തലയിൽ കെട്ടി 'ഇച്ചപ്പാട്' കൊടുക്കട്ടെ എന്ന് മൂന്ന് പ്രാവശ്യം

ചോദിക്കുന്നു. അതിന് ശേഷം തോർത്ത് അഴിച്ച് തോളിൽ നിവർത്തിയിട്ടു കൊ് പാച്ചോറും ശർക്കരയും കൂട്ടിച്ചേർത്ത് വരന്റെ വായിൽ വച്ച് കൊടുക്കുന്നു. വലതു കൈയ്യുടെ മുട്ടിനെ ഇടതു കൈപ്പത്തി താങ്ങുന്ന രീതിയിൽ കൈപിടിച്ചാണ് ഇച്ചപ്പാട് നൽകുന്നത്. ഇച്ചപ്പാട് നൽകിയതിനു ശേഷം കിയിലെ വെള്ളം വായിലൊഴിച്ച് കോളാമ്പിയിലേക്ക് തുപ്പുന്നു. അതിനുശേഷം പന്തലിൽ ഒന്നോ രോ മണിക്കൂർ മാർഗംകളി നടത്തുന്നു. നടുവിൽ വിളക്ക് വച്ച് വിളക്കിനു ചുറ്റും ഏഴ് മുതൽ പന്ത്രു വരെ ആളുകൾ നിന്നു കളിക്കുന്നു. മാർഗംഗകളി സ്ത്രീകളും പുരുഷന്മാരും വെവ്വേറെയാണ് കളിക്കുന്നത്.

### 8.12.21 B  വധുവിന്റെ വീട്ടിലെ ചടങ്ങുകൾ

**മൈലാഞ്ചി ഇടീൽ**

വധുവിന്റെ വീട്ടിൽ ഞായറാഴ്ച അലങ്കാരങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ പന്തലിടുന്നു. രാത്രിയിലെ ഭക്ഷണത്തിനുശേഷം വധുവിന്റെ മൂത്തസഹോദരിയോ പിതൃസഹോദരിയോ പന്തലിൽ പായ വിരിച്ച് അതിൽ കൊരിയിട്ട് അതിനു മീതെ തോർത്ത് വിരിച്ച് വധുവിനെ കൊുവന്നിരുത്തുന്നു. തുടർന്ന് 'മണവാട്ടിപ്പെണ്ണിനെ മൈലാഞ്ചി ഇടീക്കട്ടെ'യെന്ന് ആ സ്ത്രീ മൂന്ന് വട്ടം ചോദിക്കുന്നു. സദസ്സിന്റെ അനുവാദത്തോടെ മൈലാഞ്ചി അരച്ചത് വധുവിന്റെ ഉള്ളംകൈ നിറയെ പുരട്ടുന്നു; അതിനുശേഷം നഖങ്ങളിലും കാലുകളിലും. അന്നേരം സദസ്സിലുള്ളവർ മൈലാഞ്ചിപ്പാട്ടുകൾ പാടുന്നു. ഒരു മണിക്കൂറോളം ഈ പാട്ടുകൾ പാടും. തുടർന്ന് മൈലാഞ്ചി ഇടീച്ച ആൾ തന്നെ വധുവിൻ കൈയ്യിൽ വെള്ളമൊഴിച്ച് കൊടുത്ത് കൈ കഴുകിക്കുന്നു. മൈലാഞ്ചി ഇടീലിനുശേഷം പിതൃസഹോദരരിൽ ഒരാൾ തലേൽകെട്ടും കെട്ടി 'മണവാട്ടിപ്പെണ്ണിന് ഇച്ചപ്പാട് കൊടുക്കട്ടെ'യെന്ന് മൂന്നുവട്ടം ചോദിക്കുന്നു. സദസ്സിന്റെ അനുമതിയോടെ പാച്ചോറും ചക്കരയും കൂട്ടിയ ഇച്ചപ്പാട് നൽകുന്നു. വായ കഴുകിച്ച് വധുവിനെ അകത്തേക്ക് കൊുപോകുന്നതോടെ അന്നത്തെ ചടങ്ങുകൾ അവസാനിക്കുന്നു.

### 8.12.21 C  വിവാഹം

വിവാഹം പള്ളിയിൽവച്ചാണ് നടത്തപ്പെടുന്നത്. വിവാഹദിവസം രാവിലെ വരനും വധുവും വെള്ളവസ്ത്രം ധരിക്കുന്നു. അന്ന് വിളക്ക് കത്തിച്ച് വച്ച് ഇരുവരുടെയും വീടുകളിൽ പ്രാർത്ഥന നടത്തുന്നു. അതിനുശേഷം മാതൃപക്ഷത്തെയും പിതൃപക്ഷത്തേയും കാരണവന്മാർക്ക് സ്തുതി ചൊല്ലുന്നു. പെണ്ണ് വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ മുമ്പേ വിളക്ക് പിടിക്കണം. വധുവും വരനും പള്ളിമുറ്റത്തെത്തിയാൽ വരൻ പള്ളിയിൽ കയറിയശേഷമേ വധു കയറാവു എന്നാണ് നിയമം. പള്ളിയുടെ ആനവാതിൽക്കൽ നിലവിളക്ക് കത്തിച്ച് വച്ചിരിക്കും. ബലിപീഠത്തിനഭിമുഖമായി നിൽക്കുന്ന വധൂവരന്മാരുടെ സമീപം പുരോഹിതൻ നിലയുറപ്പിക്കുന്നു. വിവാഹകർമ്മത്തിന് വരന്റെയും വധുവിന്റെയും ഭാഗത്തുനിന്ന് ഓരോ സാക്ഷികൾ ഉായിരിക്കണം വധൂ വരന്മാരുടെ മുൻപിൽ വിളക്ക് കത്തിച്ച് വയ്ക്കുന്നു. തുടർന്ന് വിവാഹവുമായി ബന്ധപ്പെട്ട് ബൈബിൾ ഭാഗങ്ങൾ വായിക്കുന്നു. പുരോഹിതൻ മന്ത്രകോടി, മോതിരം എന്നിവ ആശീർവ്വദിക്കുന്നു. താലി ആശീർവ്വദിക്കുന്ന പതിവ് ക്നാനായർക്കില്ല. പുരോഹിതൻ ചരടിൽ കോർത്ത താലി എടുത്ത് വരനെ ഏൽപ്പിക്കും. വരൻ വധുവിന്റെ കഴുത്തിൽ താലി കെട്ടുന്നു. പുരോഹിതൻ എടുത്തുകൊടുക്കുന്ന മന്ത്രകോടി വരൻ വധുവിന്റെ ശിരസിലണിയിക്കുന്നു. അതേത്തുടർന്ന് വരനും വധുവും പരസ്പരം മോതിരമണിയിക്കുന്നു. പുരോഹിതൻ ഇരുവരുടെയും കൈകൾ ചേർത്ത് പിടിച്ച് അവരെ പരസ്പരം ഭരമേൽപ്പിക്കുന്നു. തുടർന്ന്

വധൂവരന്മാർ ബൈബിളിൽ കൈവച്ച് പ്രതിജ്ഞ ചെയ്യുന്നു. പുരോഹിതൻ വരന്റെയും വധുവിന്റെയും തലയിൽ കൈവച്ച് ആശീർവ്വദിക്കുന്നതോടുകൂടി വിവാഹച്ചടങ്ങ് സമാപിക്കുന്നു. വധൂവരന്മാർ വിവാഹ രജിസ്റ്ററിൽ ഒപ്പ് വയ്ക്കുന്നു.

**8.12.21 D വിവാഹാനന്തരമുള്ള ചടങ്ങുകൾ**

**നടവിളി**

വധൂവരന്മാർ വരന്റെ വീട്ടിലേക്ക് യാത്രയാരംഭിക്കുന്നതിന് മുൻപ് നവദമ്പതികളെ നടുവിൽ നിർത്തി ഇരുഭാഗത്തെയും അമ്മാവന്മാർ നട വിളിക്കുന്നു. 'നട...നട...നട...നടയോ നട'എന്ന് ഉച്ചത്തിൽ വിളിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരും ഇതോടൊപ്പം ആർപ്പ്വിളിക്കുന്നു. ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കുന്നു. വീട്ടുപടിക്കൽവച്ച് രാം പ്രാവശ്യം നട വിളിക്കുന്നു. പന്തൽപടിയിൽ വച്ച് മൂന്നാം പ്രാവശ്യവും. വീട്ടുപടിയിൽ നിന്ന് പന്തൽ പടിയോളം വരനെയും വധുവിനെയും അമ്മാവന്മാർ എടുത്തുകൊു പോകുന്നു.

**എതിരേൽപ്**

**നെല്ലും നീരും വെക്കുക**

പന്തലിന്റെ കവാടത്തിൽ വരന്റെ അമ്മ ഒരു താലത്തിൽ നെല്ലും നീരും അതിൽ കുരുത്തോലയുമായി ദമ്പതികളെ എതിരേൽക്കുന്നു. കുരുത്തോലകൊ് ഇരുവരുടെയും നെറ്റിയിൽ കുരുശാകൃതി വെക്കുന്നു. തുടർന്ന് ദമ്പതിമാർ വലതുകാൽ വച്ച് പന്തലിൽ കയറുന്നു. പ്രത്യേകം സജ്ജമാക്കിയ മണർകോലത്തിൽ അവരെ ഇരുത്തുന്നു.

**വാഴു പിടുത്തം**

മണർകോലത്തിരിക്കുന്ന ദമ്പതിമാരുടെ തലയിൽ കുരിശാകൃതിയിൽ കൈവച്ച് വധുവിന്റെ മൂത്തസഹോദരിയോ അമ്മയുടെ സഹോദരിയോ ആശംസ നൽകുന്ന ചടങ്ങാണിത്. മണവാള ച്ചെക്കനും മണവാട്ടിപ്പെണ്ണിനും വാഴുപിടിക്കട്ടെ എന്ന് മൂന്ന് വട്ടം ചോദിച്ച ശേഷമാണ് ഇത് നടത്തുക. ആ സമയം പന്തലിലിരിക്കുന്നവർ വാഴുപ്പാട്ട് പാടുന്നു. വാഴുപിടിത്തത്തിന് ശേഷം പഴം നുറുക്കിയിട്ട പാല് ദമ്പതിമാർക്ക് നൽകുന്നു. മധുരം വെക്കൽ എന്നാണിതിന് പേര്.

**കച്ച തഴുകൽ**

വധുവിന്റെ അടുത്ത ബന്ധുക്കൾക്ക് വരൻ വാങ്ങുന്ന പുതുവസ്ത്രത്തെയാണ് കച്ച എന്ന് പറയുന്നത്. അമ്മാവൻ, അമ്മ, അമ്മൂമ്മ എന്നിവർക്കാണ് കച്ചാവകാശം. വരന്റെ അമ്മാവൻ കച്ചയെടുത്ത് വരന്റെ കൈയിൽ കൊടുക്കുന്നു. വധുവിന്റെ അമ്മാവൻ വധൂവരന്മാരെ തഴുകി കച്ച സ്വീകരിച്ച് വരന് മോതിരമിടുന്നു. ഇതേപോലെ അമ്മയും അമ്മൂമ്മയും കച്ച സ്വീകരിച്ച് വരന് സമ്മാനം നൽകുന്നു.

**കല്യാണസത്കാരം**

ഭക്ഷണത്തിനായി എല്ലാവരും പന്തലിൽ ഒത്തുകൂടും. ചോറും മാംസാദിവിഭവങ്ങളുമാണ് ഭക്ഷണം. ആട്, മാട്, കോഴി എന്നീ മാംസങ്ങളും കാണും. കള്ളുകൊുാക്കിയ വിശേഷമായ പാനി, പഴം, തൈര് എന്നിവ അവസാനം വിളമ്പുന്നു. മദ്യം വിവാഹസത്കാരത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ്. ഭക്ഷണം കഴിച്ച് അല്പസമയത്തിന്ശേഷം പന്തലിൽ കട്ടൻകാപ്പി വിതരണം ചെയ്യുന്നു്. തുടർന്ന് നവദമ്പതികളും വധുവിന്റെ ബന്ധുക്കളും വധുവിന്റെ വീട്ടിലേക്ക് യാത്രയാകുന്നു.

**ഇല്ലപ്പണം**

നവദമ്പതികൾ വധൂഗൃഹത്തിലേക്ക് പോകാൻ തുടങ്ങുമ്പോൾ വരന്റെ പിതാവ് വധുവിന് പണം നൽകുന്ന പതിവ്. ഇതിന് ഇല്ലപ്പണം എന്നാണ് പറയുന്നത്.

**8.12.21 D വധുവിന്റെ വീട്ടിലെ സ്വീകരണം, സമാപനം**

ദമ്പതികൾ വധുവിന്റെ വീട്ടിലെത്തുമ്പോൾ വധുവിന്റെ അമ്മ വിളക്കുമേന്തി ദമ്പതികളെ എതിരേൽക്കുന്നു. അന്നവിടെ കഴിഞ്ഞ് പിറ്റേദിവസം ദമ്പതിമാർ വരന്റെ വീട്ടിലേക്ക് യാത്രയാകുന്നതോടെ കല്യാണച്ചടങ്ങുകൾ അവസാനിക്കുന്നു.

തീക്ഷ്ണമായ മതബോധവും പാരമ്പര്യബോധവും വച്ചുപുലർത്തുന്ന ക്നാനായ ക്രിസ്ത്യാനികൾ അവരുടെ വിവാഹചടങ്ങുകളിലെ തനിമയും വൈവിധ്യവും കാത്തു സൂക്ഷിക്കുന്നവരാണ്. അതിൽനിന്നും വ്യതിചലിക്കാൻ അവർ തയ്യാറാകുന്നില്ല. കാലത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും ദ്രുതഗതിയിലുള്ള മാറ്റങ്ങളിൽ പോലും തങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ മുറുകെ പിടിക്കാൻ അവർ തയ്യാറാകുന്നു എന്നതിന് തെളിവാണ് ആ ചടങ്ങുകളെല്ലാം അർഹിക്കുന്ന പ്രാധാന്യത്തോടെ നിലനിൽക്കപ്പെടുന്നത്. ഇങ്ങനെ വൈവിധ്യങ്ങൾ പുലർത്തിക്കൊ് ഒറ്റപ്പെട്ട വ്യക്തിത്വത്തിൽ കഴിയുന്നവയാണ് ക്നാനായ ക്രിസ്ത്യാനികളുടെ നാട്ടാചാരങ്ങൾ; പ്രത്യേകിച്ച് വിവാഹച്ചടങ്ങുകൾ.

**8.12.21 E വിവാഹസദ്യയിലെ തീൻമുറകൾ**

വിവാഹസൽക്കാരങ്ങളിൽ ഏറെ വ്യത്യസ്തതകൾ പുലർത്തുന്ന സമൂഹമാണ് സുറിയാനി ക്രിസ്ത്യാനികൾ. മുൻകാലങ്ങളിൽ പ്രത്യേക പന്തൽ ഒരുക്കി അതിനുള്ളിലാണ് സദ്യ വിളമ്പിയിരുന്നത്. പന്തലിനുള്ളിൽ വിരിച്ച പായയിൽ അതിഥികളെ പന്തിപന്തിയായി ഇരുത്തിയായിരുന്നു സദ്യ വിളമ്പിവന്നിരുന്നത്. (മേശയും/ഡസ്കും കസേരയും ഒക്കെ നിരത്തിയുള്ള സദ്യവിളമ്പൽ ഈ അടുത്തകാലത്താണ് തുടങ്ങുന്നത്). വിഭവസമൃദ്ധമായ സദ്യയാണ് നൽകാറുള്ളത്. അതിനായി ആദ്യം വിരുന്നുകാരെ (വിവാഹം വരന്റെ ഇടവകപ്പള്ളിയിലാണെങ്കിൽ വധുവിന്റെ കൂട്ടരാണ് വിരുന്നുകാർ, വധുവിന്റെ ഇടവകപ്പള്ളിയിലെ വിവാഹത്തിന് വരന്റെ കൂട്ടരാണ് വിരുന്നുകാർ) ആദ്യ പന്തിയിൽ ഇരുത്തി സൽക്കരിക്കാറാണ് പതിവ്. വാഴയിലയിലായിരുന്നു സദ്യ വിളമ്പിയിരുന്നത്. ഇലയുടെ അഗ്രഭാഗം ഇടതുവശം വരത്തക്കവിധം ഇല ഇട്ടതിനുശേഷം ഇലത്തുമ്പ് അടിയിലേക്കു മടക്കിവച്ചിട്ടാണ് സദ്യ വിളമ്പാറുള്ളത്. ഈ പതിവ് ഇന്നും തുടരുന്നു. ഇലത്തുമ്പ് മടക്കിവയ്ക്കുന്നത് ക്രിസ്ത്യാനികൾക്ക് മാത്രമായി ലഭിച്ച ഒരു പ്രത്യേക അവകാശമായി കരുതുന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ സദ്യ വിളമ്പുന്നതിനുപോലും ചില ക്രമങ്ങളു്. പുരാതന കാലത്ത് സസ്യാഹാരം മാത്രമായിരുന്നു നൽകിയിരുന്നത്. എന്നാൽ പോർട്ടുഗീസുസംസ്കാരത്തിന്റെ കടന്നുവരവിനുശേഷമാണ് മത്സ്യമാംസാദികൾ സദ്യയിൽ ഇടംപിടിച്ചത്. ഇംഗ്ലീഷ് മിഷണറിമാരുടെ സമ്പർക്കത്താലാണ് സദ്യകളിൽ ഇറച്ചിവിഭവങ്ങൾക്കു മുന്തിയ പരിഗണനയും പദവിയും ലഭിച്ചത്.

ആദ്യമായി ഉപ്പും പിന്നെ പാൽച്ചോറും ശർക്കരയും വിളമ്പിയിരുന്നു. വിരുന്നുകാരും വീട്ടുകാരും തമ്മിലുള്ള സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അടയാളമായിട്ടാണത്രേ മധുരം ആദ്യം നൽകിയിരുന്നത്. അതിനുശേഷം ചോറ്, കറികൾ, മത്സ്യവിഭവങ്ങൾ,

മാംസവിഭവങ്ങൾ, തോരൻ, പച്ചടി ഒക്കെയായി വിളമ്പിയിരുന്നു. 'പുരോഹിത'ന്റെ പ്രാർത്ഥനയ്ക്കു ശേഷമേ ഭക്ഷിച്ചുതുടങ്ങാറുള്ളൂ. സദ്യയുടെ അവസാനത്തിലും പ്രാർത്ഥിക്കുന്ന പതിവ്. ഏറ്റവും അവസാനം കട്ടത്തൈര്, പൂവൻപഴം, പനംപാനി എന്നിവ കൂട്ടിയിളക്കി കുഴച്ചുചേർത്ത് കഴിക്കുമ്പോഴേ സദ്യ അവസാനിക്കാറുള്ളൂ. പനംകള്ളിൽ ശർക്കര അല്ലെങ്കിൽ പഞ്ചസാര ചേർത്തു വറ്റിച്ചെടുക്കുന്ന ഈ പനംപാനി/വെള്ളപ്പാനി നൽകുന്നത് കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്നും തുടരുന്നു്. മധ്യതിരുവിതാംകൂറിൽ പനംപാനി നൽകാറില്ല. തൈരും പഞ്ചസാരയും പൂവൻപഴവും കൂട്ടിയിളക്കി കഴിച്ചുകൊാണ് ഈ പ്രദേശങ്ങളിൽ സദ്യ അവസാനിപ്പാക്കാറുള്ളത്. ഇന്ന് ഈ സമ്പ്രദായങ്ങളൊക്കെ മാറി മറിഞ്ഞിരിക്കുന്നു. ഇപ്പോൾ പലയിടത്തും തീൻമുറയിൽ ആദ്യം കേക്കും വീഞ്ഞും, അവസാനം ഫ്രൂട്ട് സലാഡും ഐസ്ക്രീമും നൽകിക്കൊ് പതിവുശീലങ്ങളിൽ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞു. സദ്യയ്ക്ക്ശേഷം മുറുക്കാൻ നൽകുന്ന പതിവും മുൻ കാലങ്ങളിൽ സർവ്വസാധാരണമായിരുന്നു. ഈ പതിവുരീതികളൊക്ക ഇന്ന് അസ്തമിച്ചുകഴിഞ്ഞു.

**8.12.22 വസ്ത്രധാരണം, വേഷവിധാനം, ദായക്രമം**

സുറിയാനി ക്രിസ്ത്യാനികളുടെ 1847-ലെ സാമൂഹികാവസ്ഥകളെക്കുറിച്ച് ചരിത്ര പണ്ഡിതനും സാമൂഹികശാസ്ത്രജ്ഞനുമായ റോബിൻ ജെഫ്രിയുടെ വിവരണം ഇങ്ങനെയാണ്: "തിരുവിതാംകൂറിൽ നായന്മാർക്ക് ഏതാ് തുല്യമായി സംഖ്യയും പദവിയും ഉായിരുന്ന ഒരേയൊരു വിഭാഗം സുറിയാനി ക്രിസ്ത്യാനികളായിരുന്നു. നായന്മാരിൽനിന്നു വ്യത്യസ്തമായി സുറിയാനി പുരുഷന്മാർ തലമുടി പറ്റെ വെട്ടിയിരുന്നു. സുറിയാനി സ്ത്രീകൾ നീ കൈയുള്ള ബ്ലൗസുകൾ ധരിച്ചിരുന്നു. അവരുടെ ഉടുമു് പുറകിൽ വിശറിപോലെ ഞൊറിഞ്ഞിട്ടിരുന്നു. ചെവിയുടെ മുകളിൽ അവർ വലിയ സ്വർണ്ണവളയങ്ങൾ ധരിച്ചിരുന്നു."

സുറിയാനി കുടുംബം പിതൃദായാത്മകമായിരുന്നു. വിവാഹാനന്തരം ഭാര്യമാർ ഭർത്തൃകുടുംബത്തിൽ താമസിക്കയായിരുന്നു പതിവ്. നായന്മാരിൽനിന്നു വ്യത്യസ്തമായി വിവാഹം ഏകഭർതൃനിഷ്ഠമായിരുന്നു. വിവാഹമോചനം മിക്കവാറും അസാധ്യംതന്നെയായിരുന്നു: (*നായർ മേധാവിത്വത്തിന്റെ പതനം* - ഡി.സി. ബുക്സ്, കോട്ടയം, 2013, പുറം 45). സുറിയാനിക്രിസ്ത്യാനികളുടെ സ്വത്വം തിരിച്ചറിഞ്ഞിരുന്നത് അവരുടെ വേഷവിധാനങ്ങളിൽ നിന്നുമായിരുന്നു. പുരുഷന്മാർ പശമുക്കിയ വെള്ള മുും രാം മുും ധരിച്ചിരുന്നു. ധനിക വിഭാഗത്തിൽ പെട്ടവർ വെള്ള ജുബ്ബയും ധരിച്ചുപോന്നു. വിശേഷാവസരങ്ങളിൽ മാത്രമേ ജുബ്ബാ ധരിച്ചിരുന്നുള്ളു.

സ്ത്രീകളുടെ പരമ്പരാഗതവേഷം പുറകിൽ ഞൊറി വച്ചുടുത്ത (വിശറി പോലെ) പശ മുക്കിയ വെള്ളമുും ചട്ടയുമാണ്. പഴയകാലത്തെ മൂടുപടം രൂപ പരിണാമം സംഭവിച്ചാണ് ചട്ട ഉായതെന്നും അതല്ലാ, ബുദ്ധമതാനുയായികളായ സ്ത്രീകളുടെ പരമ്പരാഗത കുപ്പായം ചട്ടയായി രൂപപരിണാമം പ്രാപിച്ചതാണെന്നും അഭിപ്രായഭേദങ്ങളു്. ചട്ടയുടെ പുറത്ത് സ്വർണ്ണനൂലുകൊ് അരികിൽ ചിത്രത്തുന്നൽ നടത്തിയതോ കസവു കരയുള്ളതോ ആയ നേർത്ത കവണി (നേര്യത്) ചുറ്റുകയും ചെയ്യും. പാരമ്പര്യരീതിയിൽ മേൽക്കാതിൽ വലിയ സ്വർണ്ണക്കുണുക്കുകൾ (വാളിക) അണിയും. കാതിന്റെ തട്ട് അന്നത്തെ പരിഷ്കാരത്തിനനുസരിച്ച് നീട്ടിയെടുത്തിരുന്നു. സ്വർണമാലകളും വളകളും അണിയുന്ന ശീലവും ഉായിരുന്നു. 1960കൾ വരെയും മുും ചട്ടയും നേരിയതും ധരിക്കുന്ന പാരമ്പര്യവേഷക്കാരായ സുറിയാനി

സ്ത്രീകൾ സാധാരണമായിരുന്നു. മുറും ചട്ടയും പതുക്കെ സാരിക്കും ബ്ലൗസിനും വഴിമാറിത്തുടങ്ങിയത് 1960-കൾ മുതലാണ്. എന്നാൽ തൊണ്ണൂറുകൾക്കുശേഷം ചുരുക്കംപേർ മാത്രമേ മുറും ചട്ടയും ധരിക്കാറുള്ളൂ. അപ്പോഴേക്കും സാരിയും ബ്ലൗസും സുറിയാനിസ്ത്രീ കളുടെ പൊതുവേഷമായി മാറിക്കഴിഞ്ഞിരുന്നു. പ്രായംചെന്ന അമ്മമാർ മാത്രം ഇന്നു മുറും ചട്ടയും നേര്യതും ധരിച്ചുകൊ് തങ്ങളുടെ പാരമ്പര്യം നിലനിർത്തുമ്പോൾ പുതുതലമുറ ചുരിദാറിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും ഏറ്റുവാങ്ങി ജീവിതയാത്ര തുടരുന്നു.

**8.12.23 ക്രൈസ്തവതീൻമേശ: പാരമ്പര്യരുചിഭേദങ്ങൾ**

"തോട്ടത്തില് പെരുമഴ പെയ്യുമ്പോൾ നല്ല കുരുമുളക് തേച്ച് പൊള്ളിച്ച താറാവിറച്ചീം, വരാല് മീനും, ചുട്ട പപ്പടോം ഒക്കെയായിട്ട് നമുക്കങ്ങ് കൂടാം". സ്വപ്നക്കൂട് എന്ന സിനിമയിലെ പ്രശസ്തമായ ഈ സംഭാഷണം ക്രിസ്ത്യാനിയുടെ ഭക്ഷണശീലങ്ങൾ വളരെ കൃത്യമായി വെളിപ്പെടുത്തുന്നു്. തിരിഞ്ഞ് കടിക്കാത്തതെന്തും കഴിച്ച് ശീലിച്ചവരാണ് ക്രൈസ്തവർ. കേരളത്തിന്റെ വ്യത്യസ്തമായ ഭൂപരിസ്ഥിതിയെയും കാലാവസ്ഥയേയും ആശ്രയിച്ചുള്ള ഭക്ഷണ വിഭവങ്ങളും ശീലങ്ങളുമാണ് കേരളനസ്രാണികൾ പിന്തുടർന്നുവന്നത്. തേങ്ങ ഒഴിച്ചു നിർത്തിയുള്ള കറികളെപ്പറ്റി അവർക്കു ചിന്തിക്കാനേ ആവില്ല. മധ്യകേരളത്തിലെ ചില പ്രധാന ക്രൈസ്തവ ഭക്ഷണവിഭവങ്ങൾ ഇനി പറയുന്നു.

**1. പാലപ്പം**

കള്ളപ്പം എന്നും വിളിപ്പേരുള്ള പാലപ്പം തൃശ്ശൂരിലും മറ്റും റേന്തയപ്പം എന്ന പേരിലും അറിയപ്പെടുന്നു്. പാലായിലും മറ്റും നസ്രാണികളുടെ ഇഷ്ടപാനീയമായ ഇളംകള്ളു ചേർത്ത് പ് തയ്യാറാക്കിയിരുന്ന പലഹാരമായിരുന്നു പാലപ്പം.

**2. വെള്ളയപ്പം**

**3. വട്ടയപ്പം**

**4. അവലു വിളയിച്ചത്**

കല്യാണത്തിനും അവധിക്കാലത്തും ക്രിസ്ത്യൻ വീട്ടമ്മമാർ വീട്ടിലുാക്കി സൂക്ഷിക്കുന്ന പലഹാരമാണ് അവലു വിളയിച്ചത്.

**5. അച്ചപ്പം**

**6. അവലോസുപൊടി**

**7. ഹൽവ**

വളരെയധികം വൈവിധ്യമാർന്ന രുചികളിലും നിറങ്ങളിലും ഉാക്കപ്പെടുന്ന പലഹാര മാണ് ഹൽവ. ക്രിസ്ത്യാനികൾക്കിടയിൽ പ്രധാന ചടങ്ങുകളിലെല്ലാം ഇതിനു സ്ഥാനമു്. ആചാത്തം, കല്യാണം, പെണ്ണിനെ പേറ്റിനു വിടൽ, ആദ്യകുർബാന സ്വീകരണം ഇങ്ങനെയുള്ള ചടങ്ങുകളിലെല്ലാം ഈ പലഹാരം മുൻപന്തിയിൽ തന്നെ കാണും.

**മീൻ, മാംസവിഭവങ്ങൾ**

**8. മീൻ മപ്പാസ്**

**9. കല്യാണമീൻകറി-കുടംപുളിയിട്ടത് (കോട്ടയം ജില്ല)**

**10. മാങ്ങാമീൻകറി (അങ്കമാലി, വരാപ്പുഴ ദേശം)**

ക്രിസ്ത്യൻ കല്യാണങ്ങൾക്ക് ഒഴിച്ചു കൂടാനാവാത്ത വിഭവമാണ് മീൻകറി. ചൂടാക്കി സൂക്ഷിച്ചാൽ ഇത് ഒരാഴ്ച ഇരുന്നാലും കേടാവുന്നതല്ല.

11. **പോത്തിറച്ചി ഉലർത്ത്**
12. **പന്നി സാദാ ഉലർത്ത്**
13. **ആട്ടിറച്ചി കറി**
14. **താറാവ്/കോഴിക്കറി**

വ്യത്യസ്ത മതവിഭാഗങ്ങൾക്ക് അവരവരുടേതായ ഭക്ഷണശീലങ്ങളു്. ആചാരാനുഷ്ഠാനങ്ങൾപോലെ ജീവിതചര്യയുടെ ഭാഗമായ ക്രൈസ്തവരുടെ ഭക്ഷണശീലവും തനതു സംസ്കാരത്തിന്റെ അവിഭാജ്യഭാഗമാകുന്നു.

## അധ്യായം ഒൻപത്

# മധ്യകേരളത്തിലെ പ്രധാന (40) ക്രൈസ്തവദൈവാലയങ്ങൾ സാംസ്കാരിക പഠനം (സവിശേഷപഠനം: കോഴിവെട്ടു നേർച്ച ഇന്നും പിന്തുടരുന്ന പുതുപ്പള്ളി പള്ളി)

# (Prominent Christian Churches (40) in Central Kerala - A Cultural Study (Special Emphasis to Shrine of St. George at Puthuppally where the tradition of offering 'livefowls' is still followed)

## 9.1. പുതുപ്പള്ളി പള്ളിയും നസ്രാണി സംസ്കൃതിയും - സവിശേഷപഠനം

പുതുപ്പള്ളി പള്ളി ഭാരതത്തിലെ വിശ്വപ്രശസ്ത ക്രൈസ്തവദേവാലയവും ദക്ഷിണേന്ത്യൻ തീർത്ഥാടനകേന്ദ്രവുമാണ്. വിശുദ്ധരായ ഗീവർഗീസ്ബഹനാൻ സഹദാമാരുടെയും ദൈവമാതാവിന്റെയും സാന്നിദ്ധ്യത്താൽ അതിധന്യമാണിവിടം. മർത്ത്മൂനിയമ്മ, മോർത്ത് യൂലിത്തി, തോമാശ്ലീഹാ, പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പാമ്പാടി തിരുമേനി എന്നിവരുടെ ആത്മീയചൈതന്യത്താൽ അനുഗൃഹീതമായ പുതുപ്പള്ളി പള്ളി മാനവമൈത്രി യുടെയും മതമൈത്രിയുടെയും സംഗമസ്ഥാനമാണ്. സാംസ്കാരികമായ പൈതൃകംകൊും ആചാരാനുഷ്ഠാനങ്ങളുടെ തനിമകൊും ഏറെ ശ്രദ്ധേയമായ ഈ പള്ളി ആത്മീയതയിൽ ക്രൈസ്തവവും ആരാധനക്രമത്തിൽ പൗരസ്ത്യവും സംസ്കാരത്തിൽ തനി ഭാരതീയവുമായ ജീവിതവീക്ഷണത്തിന്റെ വിശിഷ്ടവിളംബരമായി മാറുന്നു. "വിളിച്ചാൽ വിളി കേൾക്കും" പുതുപ്പള്ളി പുണ്യവാളൻ (വി. ഗീവർഗീസ് സഹദാ) എന്ന അനുഭവസാക്ഷ്യങ്ങളുമായി നാനാജാതിമതസ്ഥർ അനുദിനം ഇവിടെ എത്തുന്നു.

### 9.1.1 പുതുപ്പള്ളിയും പള്ളിയും

കോട്ടയം-ചങ്ങനാശ്ശേരി റോഡിൽ പുതുപ്പള്ളി കവലയിൽനിന്നും ഒരു കിലോമീറ്റർ തെക്കുപടിഞ്ഞാറ് കൊടൂരാറ്റിന്റെ കിഴക്കതീരത്ത് അങ്ങാടിയോടു ചേർന്നാണ് പുതുപ്പള്ളി പള്ളി. പുതുപ്പള്ളി ഒരുകാലത്ത് വെള്ളത്തിലാഴോ വെള്ളത്താൽ ചുറ്റപ്പെട്ടോ കിടന്നിരുന്ന ഒരു പ്രദേശമായിരുന്നു. പുതുപ്പള്ളി മാത്രമല്ല ഇന്നത്തെ കോട്ടയം ജില്ലയുടെ ഏറിയ പങ്കും കാടുകളോ ചതുപ്പുനിലങ്ങളോ ആയിരുന്നുവെന്ന് കരുതപ്പെടുന്നു. ക്രിസ്ത്വബ്ദം ആദ്യദശക ങ്ങളിൽ ഒരു തുറമുഖപട്ടണമായിരുന്നു കോട്ടയം. അറബിക്കടൽ കോട്ടയം പട്ടണത്തിന്റെ പടിഞ്ഞാറുഭാഗത്ത് തിരിച്ചടിച്ചിരുന്നുവെന്നും 'കോടിമത' കടലിലേക്ക് തള്ളിനിന്ന ഒരു കോടിയായിരുന്നുവെന്നും ചരിത്രകാരന്മാർ പൂിക്കാണിക്കുന്നു. ടോളമി വിവരിക്കുന്ന 'കൊരൈയൂരാ' തന്നെയാണ് കോട്ടയം എന്നഭിപ്രായമു്. വേമ്പനാട്ടുകായലോ അതിന്റെ പശ്ചി മതീരത്തുള്ള ആലപ്പുഴ, ചേർത്തല പ്രദേശങ്ങളോ അന്നുായിരുന്നില്ല. ആ ഭാഗമത്രയും കടലായിരുന്നു. പശ്ചിമതീരത്ത് തുടർച്ചയായി ഉായിരുന്ന പ്രകൃതിക്ഷോഭത്തിൽ

കരവെച്ചുായതാണ് കരപ്പുറം. കടലായി കിടന്ന വേമ്പനാടൻ പ്രദേശങ്ങൾ കായലായി മാറി. കൊടൂരാറും അതിനോടു ചേർന്നുകിടക്കുന്ന പാടവും പുതുപ്പള്ളി, എറികാട്, പരിയാരം പ്രദേശങ്ങളെ തൊട്ടുകിടന്ന പല ഭാഗങ്ങളും ഒരുൾക്കടലായിരുന്നുവത്രെ.

പുതുപ്പള്ളി, ഇരവിനല്ലൂർ, എറികാട്, കാടമുറി, പനച്ചിക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ മാത്രം അക്കാലത്ത് അല്പാല്പം ജനവാസം ഉായിരുന്നു. അവയ്ക്കിടയിലുള്ള പ്രദേശങ്ങളെല്ലാം കാടുതന്നെയായിരുന്നു. ഇവിടെയുള്ള സ്ഥലനാമങ്ങൾതന്നെയും അതിനു തെളിവാണ്. കാടായി കിടന്ന പ്രദേശം പിൽക്കാലത്ത് നാടായി മാറിയതാണ് പുതുപ്പള്ളി. പള്ളി എന്നതിന് ആവാസകേന്ദ്രം എന്ന് പൂർവ്വദ്രാവിഡഭാഷയിൽ അർത്ഥമു്. തമിഴിലെ 'പട്ടി'യും കർണ്ണാടകത്തിലെ 'ഹള്ളി'യുംപോലെ പഴയകാട്-പുതിയൊരു നാടായി മാറിയപ്പോൾ പുതു + പള്ളി' പുതുപ്പള്ളി ആയി. പിന്നീട് പുതുപ്പള്ളിയിൽ 'പള്ളി' സ്ഥാപിക്കപ്പെട്ടപ്പോൾ പുതുപ്പള്ളിയുടെ പ്രസിദ്ധി ഏറി. പേരുകൊുതന്നെ ഒരു നാടിനെ പ്രതിനിധീകരിക്കുകയും നാടിനു പേരും പ്രശസ്തിയും നേടിക്കൊടുക്കുകയും ചെയ്ത ചരിത്രമാണ് പുതുപ്പള്ളി പള്ളിക്കുള്ളത്.

പുതുപ്പള്ളി ആദ്യം വേമ്പനാട്ടു കായലിനോടു ചേർന്നുള്ള വെമ്പലനാടിന്റെ ഭാഗമായിരുന്നു. 11-ാം നൂറ്റാുവരെ വെമ്പലനാട് ചേരരാജാക്കന്മാരുടെ അധീനതയിലായിരുന്നു. പുതുപ്പള്ളിക്കടുത്തുള്ള വെന്നിമല ഈ കാലഘട്ടത്തിൽ പ്രസിദ്ധമായിരുന്നു. ചേരമാൻ പെരുമാൾ സൈന്യവ്യൂഹങ്ങളുമായി സഞ്ചരിക്കുമ്പോൾ രാത്രിയിൽ ഒരു ദിവ്യജ്യോതിസ്സു കന്നെും പുതുപ്പള്ളിയിൽ പാലൂർ കടവിൽ വഞ്ചി അടുപ്പിച്ചെന്നും ദിവ്യജ്യോതിസു ക് വെന്നിമലയിൽ പരിവാരസമേതം എത്തിയെന്നും അവിടെ താമസിച്ച് ക്ഷേത്രസങ്കേതങ്ങൾ പണികഴിപ്പിച്ചെന്നും ഐതിഹ്യമു്. ചേരസാമ്രാജ്യം തകർന്നതോടെ വെമ്പലനാട് തെക്കുംകൂർ, വടക്കുംകൂർ എന്നിങ്ങനെ രു വഴികളായി പിരിഞ്ഞപ്പോൾ പുതുപ്പള്ളി തെക്കുംകൂറിലായി. 14-ാം ശതകത്തിന്റെ ഉത്തരാർദ്ധംവരെ വെന്നിമലതന്നെ ആയിരുന്നു തെക്കുംകൂറിന്റെ ഭരണകേന്ദ്രം. 1750-ൽ മാർത്താണ്ഡവർമ്മ തെക്കുംകൂർ ആക്രമിച്ച് തിരുവിതാംകൂറിൽ ലയിപ്പിച്ചതോടെ പുതുപ്പള്ളി തിരുവിതാംകൂറിന്റെ ഭാഗമായി.

**9.1.1.1. പുതുപ്പള്ളി അങ്ങാടി**

പുതുപ്പള്ളി തെക്കുംകൂർ രാജാക്കന്മാരുടെകാലത്ത് ഒരു പ്രമുഖ വാണിജ്യകേന്ദ്രമായിരുന്നു. കൊടൂരാറിന്റെ കരയിൽ ചിട്ടയായി സംവിധാനം ചെയ്തിരുന്ന പുതുപ്പള്ളി അങ്ങാടി ചേരരാജാക്കന്മാരുടെ കാലത്തുപോലും നിലനിന്നിരുന്നു. വ്യാപാരികൾക്കുവേി കുരുമുളക് തുടങ്ങിയവ ശേഖരിക്കാനും അത് ജലമാർഗ്ഗത്തിലൂടെ കൊച്ചിയിൽ എത്തിക്കുവാനും അവിടെനിന്നും ഇവിടേക്ക് ആവശ്യമായ സാധനങ്ങൾ കൊുവരുവാനും ആവശ്യമായ സംവിധാനം ഈ അങ്ങാടിയിൽ ഉായിരുന്നു. ചുങ്കപ്പുര, തോണിപ്പുര തുടങ്ങിയ സൗകര്യങ്ങൾ അങ്ങാടിയിൽ ഉായിരുന്നതിന് തെളിവുകളു്. പുതുപ്പള്ളി അങ്ങാടിക്ക് കൊല്ലം, നിരണം, ചങ്ങനാശ്ശേരി, കോട്ടയം, കൊച്ചി തുടങ്ങിയ വ്യാപാരകേന്ദ്രങ്ങളുമായി ബന്ധമുായിരുന്നു. അക്കാലത്ത് വ്യാപാരസംബന്ധമായ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നവരിൽ അധികവും ക്രിസ്ത്യാനികൾ ആയിരുന്നു. രാജ്യത്തെ സാമ്പത്തികപുരോഗതിക്കു വേി പ്രവർത്തിക്കുന്ന അവർക്ക് രാജാക്കന്മാർ 'തരകൻ' തുടങ്ങിയ സ്ഥാനമാനങ്ങൾ നൽകി ആദരിച്ചിരുന്നു. രാജ്യത്തിന്റെ സാമ്പത്തികഭദ്രതയ്ക്കുവേി പ്രവർത്തിച്ചുവന്നിരുന്ന അവരിൽ പലരും രാജാവിന്റെ പ്രധാന ഉപദേഷ്ടാക്കളും മന്ത്രിമാർപോലും ആയിരുന്നു.

### 9.1.1.2 ആദ്യത്തെ പള്ളി

തെക്കുംകൂർ രാജാക്കന്മാർ ക്രിസ്ത്യാനികൾക്ക് നൽകിയിരുന്ന അംഗീകാരത്തിന്റെ ഫലമായി ധാരാളം ക്രിസ്തീയകുടുംബങ്ങൾ തെക്കുംകൂറിന്റെ പല ഭാഗങ്ങളിലായി വന്നു താമസിച്ചു. അങ്ങനെ പുതുപ്പള്ളിയിൽ എത്തിയ ക്രിസ്ത്യാനികൾ തെക്കുംകൂർ രാജാവിന്റെ അനുമതിയോടെ സ്ഥാപിച്ച കുരിശുപള്ളി ആയിരുന്നു ആദ്യത്തെ പള്ളി. ആദ്യത്തെ പള്ളി കൊല്ല വർഷം 732-ൽ (എ.ഡി. 1557) നിർമ്മിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു. കൊച്ചുപള്ളി ക്കുന്ന് എന്നാണ് ആദ്യത്തെ പള്ളിനിന്ന സ്ഥലം ഇന്നറിയപ്പെടുന്നത്. കോട്ടയം വലിയപള്ളി സ്ഥാപിച്ച് ഏഴുവർഷം കഴിഞ്ഞും കോട്ടയം ചെറിയപള്ളി സ്ഥാപിക്കുന്നതിന് 22 വർഷം മുമ്പും ആണ് ഈ പള്ളി വച്ചത്. ചെറിയപള്ളിപാട്ടിൽ പുതുപ്പള്ളി പള്ളിയെപ്പറ്റി വ്യക്തമായി പരാമർശമു്. പുതുപ്പള്ളി പള്ളി സ്ഥാപിക്കുന്നതിന് മുമ്പ് ഇവിടത്തെ ക്രൈസ്തവർ തങ്ങളുടെ ആത്മീയകർമ്മങ്ങൾ നിർവഹിച്ചിരുന്നത് എവിടെയാണ് എന്നു വ്യക്തമല്ല. നിരണം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലെ പള്ളികളുമായി പുതുപ്പള്ളിക്കും പള്ളിക്കും ചരിത്രപരമായി ഒട്ടേറെ ബന്ധങ്ങൾ കാണുന്നു്. നിരണത്തുനിന്നു മാറി താമസിക്കേിവന്നവർ ചങ്ങനാശ്ശേരിയിലും അവിടെനിന്നും പുതുപ്പള്ളിയിലും എത്തിയതാകാം ഈ ബന്ധങ്ങൾക്കു കാരണം.

### 9.1.1.3 പുതുപ്പള്ളി പള്ളിയും ചങ്ങനാശ്ശേരി പള്ളിയും

പുതുപ്പള്ളി പള്ളിയും ചങ്ങനാശ്ശേരി പള്ളിയും തെക്കുംകൂർ രാജാക്കന്മാരുടെ അനുമതി യോടെ പണികഴിപ്പിച്ചവയാണ്. വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിലൊന്നായ നിരണം പള്ളി ആയിരുന്നു മാതൃഇടവക. നിരണം പള്ളിയുടെ ഇടവക ചങ്ങനാശ്ശേരിയിലും വ്യാപിച്ചിരുന്നതായി ചരിത്രരേഖകൾ ു്. നിരണത്തെത്തി ആരാധനയിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്ന തെക്കുംകൂർ രാജാവിന്റെ മന്ത്രിമാരിൽ ഒരാളായ കല്ലറയ്ക്കൽ തരകനുമായി ബന്ധപ്പെട്ടാണ് ചങ്ങനാശ്ശേരിയിൽ ആദ്യത്തെ കുരിശുപള്ളി സ്ഥാപിക്കപ്പെട്ടത് എന്ന് ഐതിഹ്യമു്. ചങ്ങനാശ്ശേരിയിൽ കുരിശുപള്ളി സ്ഥാപിച്ചതോടെ പുതുപ്പള്ളി നസാണി കൾക്കു നിരണത്തെക്കാൾ ചങ്ങനാശ്ശേരിയോടായി അടുപ്പം. അടുത്തകാലംവരെ പുതുപ്പള്ളി ചങ്ങനാശ്ശേരി താലൂക്കിൽ ഉൾപ്പെട്ടിരിക്കുന്നതും ചങ്ങനാശ്ശേരിയിലെ സിവിൽ ക്രിമിനൽ ന്യായപീഠങ്ങളുടെ അധീനതയിലായിരുന്നതും അടുപ്പത്തിനിടയാക്കി. ചങ്ങനാശ്ശേരിയും പുതു പ്പള്ളിയും തമ്മിലുായിരുന്ന വാണിജ്യബന്ധങ്ങൾ ചങ്ങനാശ്ശേരി പള്ളിയുമായുള്ള പുതുപ്പ ള്ളിയുടെ ആത്മബന്ധത്തെ ഉറപ്പിച്ചു.

ചങ്ങനാശ്ശേരി കമ്പോളത്തിലുായിരുന്ന പുരാതനമായ പകശാല കെട്ടിടം പുതുപ്പള്ളിയിലെ ക്രിസ്ത്യാനികൾ കെട്ടിക്കൊടുത്തതാണ് എന്ന് ഐതിഹ്യമു്. പ്രമുഖ വ്യാപാരകേന്ദ്രമായിരുന്ന പുതുപ്പള്ളി അങ്ങാടിയിൽ വന്നുചേരുന്ന ചരക്കുകൾ കാളവിയിൽ കിഴക്കൻപ്രദേശങ്ങളിലേക്ക് കൊുപോകുക പതിവായിരുന്നു. അതിനാൽ എക്കാലത്തും വള്ളങ്ങൾ അടുപ്പിക്കുവാൻ കഴിയുന്ന പുതുപ്പള്ളിയിൽ ചന്ത സ്ഥാപിക്കുവാനും പകശാല കെട്ടി കച്ചവടക്കാർക്ക് സൗകര്യം ഏർപ്പെടുത്തി കൊടുക്കുവാനും തെക്കുംകൂർ രാജാവ് തീരുമാനിച്ചു. ഇക്കാര്യം അറിയിച്ചുകൊുള്ള രാജാവിന്റെ വിളംബരം പുറത്തുവന്നപ്പോൾ പുതുപ്പള്ളിയിലെ ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടി ആലോചിച്ച് ചന്ത സ്ഥാപിക്കുവാനുള്ള തീരുമാനത്തിൽനിന്ന് രാജാവിനെ പിന്തിരിപ്പിക്കുവാനുള്ള മാർഗ്ഗത്തെക്കുറിച്ച് ആരാഞ്ഞു. ചന്ത സ്ഥാപിച്ചാൽ മറ്റു മതങ്ങളിൽപ്പെട്ടവർ കച്ചവടത്തിനെത്തി താമസിക്കുമെന്നും അത് തങ്ങളുടെ

പ്രാമാണിത്തത്തിന് മങ്ങലേൽപ്പിക്കുമെന്നും ആയിരുന്നു അവരുടെ ഭയം. ക്രിസ്ത്യൻ പ്രമാണിമാർ രാജാവിനെ ക് സങ്കടമുണർത്തിച്ചു. തങ്ങളുടെ സ്വൈര്യജീവിതത്തിന് പകശാല തടസ്സമാകുമെന്നായിരുന്നു അവർ രാജാവിനെ ബോധിപ്പിച്ചത്. തീരുമാനം മാറ്റാൻ ആദ്യം വിസമ്മതിച്ചുവെങ്കിലും കാഴ്ചകൾ സമർപ്പിച്ചപ്പോൾ രാജാവിന്റെ നിലപാടിൽ അയവു വന്നു. പുതുപ്പള്ളിക്കാർ അവരുടെ ചെലവിൽ ചങ്ങനാശ്ശേരിയിൽ ഒരു പകശ്ശാല നിർമ്മിക്കണ മെന്നായിരുന്നു രാജതീരുമാനം. അവർ സസന്തോഷം ആ വ്യവസ്ഥ സ്വീകരിച്ചു. അങ്ങനെ പുതുപ്പള്ളിക്കാർ ചങ്ങനാശ്ശേരിയിൽ ഒരു പകശ്ശാല കെട്ടിക്കൊടുത്തതോടെ അവിടം ഒരു വലിയ വ്യാപാരകേന്ദ്രമായി.

ചങ്ങനാശ്ശേരി പള്ളിയും പുതുപ്പള്ളി പള്ളിയും 18-ാം നൂറ്റാിന്റെ അവസാനംവരെ സൗഹൃദത്തിലാണ് കഴിഞ്ഞത്. ഈ പള്ളികൾ തമ്മിൽ പല പണമിടപാടു കളും നടത്തിയിരുന്നു. പുതുപ്പള്ളി പള്ളിയിലെ പ്രസിദ്ധമായ പൊന്നിൻകുരിശ് തീർക്കുന്നതിന് പണം തികയാതെ വന്നപ്പോൾ ചങ്ങനാശ്ശേരി പള്ളി പുതുപ്പള്ളി പള്ളിയിൽ പണയം വച്ചിരുന്ന 350 രൂപയുടെ വെള്ളി ഉരുപ്പടികൾ 1033 മകരമാസം 8-ാം തീയതി 1000 രൂപയ്ക്ക് മറിച്ച് പണയം വച്ചതായി രേഖയു്. ഇതിനുപുറമേ, ചങ്ങനാശ്ശേരി പള്ളിവക എന്നു രേഖപ്പെടുത്തിയ ചില ലോഹ പാത്രങ്ങൾ പുതുപ്പള്ളിയിലുായിരുന്നു. പുതുപ്പള്ളിയിൽനിന്നും മേപ്രാൽ മാറി താമസിച്ചിട്ടുള്ള മണമേൽ കുടുംബത്തിലുള്ള ഒരു വാർപ്പിൽ “ചങ്ങനാശ്ശേരി പള്ളി വക 1010 മീനമാസം” എന്ന് കൊത്തിയിട്ടു്. കുനൻകുരിശുസത്യത്തിനുശേഷം ചങ്ങനാശ്ശേരി പള്ളിയും പുതുപ്പള്ളി പള്ളിയും തമ്മിൽ നിലനിന്ന സൗഹൃദത്തിന് തെളിവാണ് പാലാക്കുന്നേൽ വല്യച്ചൻ എന്നറിയപ്പെടുന്ന പാലാക്കുന്നേൽ മത്തായി മറിയം കത്തനാർ ഇളന്തുരുത്തിൽ പീലിപ്പോസ് കോർ എപ്പിസ്കോപ്പായ്ക്ക് അയച്ച കത്തുകൾ. കത്തുകളിലൊന്ന് താഴെ ഉദ്ധരിക്കുന്നു:

*1071 ധനു 16*

*എന്റെ ഏറ്റം പ്രിയപ്പെട്ട അച്ചാ*

കൂത്രപ്പള്ളി പള്ളിയിൽ ഈ ധനുമാസം മലയാളം കണക്കിന് 29-ാം തീയതി ബുധനാഴ്ച പെരുന്നാൾ ആകകൊ് കഴിഞ്ഞ ആപോലെ ഈ ആിലും അച്ചൻകൂടി വരുമാറാകണം. കൂത്രപ്പള്ളി പള്ളി പുതുപ്പള്ളി പള്ളിയുടെ ഒരു കുരിശുപള്ളിയാണെന്നു വിചാരിച്ചുകൊള്ളണം. രു പൊന്ന് അലുക്കിട്ട കുടകൂടി താങ്കൾ വരുമ്പോൾ കൊുപോരണം. നമ്മുടെ കാട്ടി വറീതു വാധ്യക്കാരൻ കാരണവരെക്കൂടി കൊുവരുന്നതിന് ക്ഷണിച്ചിരിക്കുന്നു. ആ വിവരം പറഞ്ഞ് കൂടെ കൊുപോരണം. കഴിഞ്ഞ ആിൽ കൊടുത്തതിൽ സൊൽപം കൂടി കൊടുക്കാമെന്ന് പറയണം. ശേഷമൊക്കെയും കാഴ്ച്ചയിൽ.

*എ.ബ. കോർ എപ്പിസ്ക്കോപ്പാ പുതുപ്പള്ളി പള്ളിയുടെ വികാരിയച്ചൻ അവർ കൾക്ക് ബോധിപ്പാൻ അങ്ങേ തനതു ജ്യേഷ്ഠൻ പാലാക്കുന്നേൽ മത്തായി മറിയം പട്ടക്കാരൻ.*

*(സുറിയാനിയിൽ ഒപ്പ്)*

പുതുപ്പള്ളി പള്ളിയും ചങ്ങനാശ്ശേരി പള്ളിയും തമ്മിൽ ഉായിരുന്നത് പാരമ്പര്യത്തിന്റെ അതിശക്തമായ കണ്ണികൾ അതിദൃഢമാക്കിയ ബന്ധമായിരുന്നു.

### 9.1.1.4 പള്ളി ഇളംതുരുത്തിക്കുന്നിൽ

ആദ്യത്തെ പുതുപ്പള്ളി പള്ളി വാഴക്കുളം ക്ഷേത്രത്തിനു സമീപമായിരുന്നു. അവിടെനിന്നു പള്ളി ഇന്നിരിക്കുന്ന ഇളംതുരുത്തിക്കുന്നിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഈ

സ്ഥാനചലനത്തിനുള്ള കാരണത്തെ സംബന്ധിച്ച് പല അഭ്യൂഹങ്ങളും ഐതിഹ്യങ്ങളുമു്. തെക്കുംകൂർ രാജാവിന്റെ രാജ്ഞിക്ക് എന്തോ രോഗം പിടിപെട്ടുവെന്നും രാജവൈദ്യന്മാർ ആവുംവിധം ശ്രമിച്ചിട്ടും രോഗം കലശലാവുന്നതല്ലാതെ കുറഞ്ഞില്ലെന്നും തുടർന്ന് രാജാവ് പാഴൂപടിക്കലെ ജ്യോതിഷക്കാരനെ വരുത്തി നടത്തിയ പ്രശ്നവിധിയിൽ വാഴക്കുളം ക്ഷേത്ര ത്തിലെ ദേവന് പള്ളിയുടെ സാമീപ്യവും മണിനാദവും മറ്റും അസഹ്യമാണെന്നു കുവെന്നും അങ്ങനെ ജ്യോത്സ്യവിധിയനുസരിച്ച് പള്ളി മാറ്റിസ്ഥാപിച്ചുവെന്നും ആണ് ഒരു ഐതിഹ്യം. വാഴക്കുളംക്ഷേത്രത്തിലെ വെളിച്ചപ്പാട് ഒരിക്കൽ ഉറഞ്ഞുതുള്ളി 'ദേവന് പള്ളി മണിനാദം' അസഹ്യമാണെന്നു പറഞ്ഞതായും ക്ഷേത്രം ഉടമയായ പുന്നാർ കോട്ടുമനയ്ക്കലെ നമ്പൂതിരി ഇവിടത്തെ ക്രിസ്ത്യാനികളിൽ പ്രധാനികളായ അഞ്ചു വീട്ടുകാരെ വിളിച്ചുവരുത്തി പള്ളി പൊളിച്ചു മാറ്റണമെന്ന ആവശ്യപ്പെടുകയും പള്ളിക്കുവേ സ്ഥലം ദാനം ചെയ്തതെന്നും മറ്റൊരു ഐതിഹ്യവും ു്.

പുതുപ്പള്ളിയിലെ ക്രൈസ്തവർ എക്കാലത്തും മറ്റു മതങ്ങളിൽപെട്ടവരുമായി സഹോദരബന്ധം പുലത്തിയിരുന്നവരാണ്. ഇവിടത്തെ ആചാരാനുഷ്ഠാനങ്ങളിൽ ഹൈന്ദവ പാരമ്പര്യം എന്നുമുായിരുന്നു. ഇവിടെയുള്ള ഹൈന്ദവർ പള്ളിയിലെ ആചാരാനുഷ്ഠാനങ്ങ ളുമായി താദാത്മ്യം പ്രാപിച്ചിരുന്നു. ആ നിലയ്ക്ക് പള്ളിയുടെ സ്ഥാനമാറ്റത്തിന്റെ കാരണമായി പറഞ്ഞുവന്നിരുന്ന ജ്യോതിഷവിധിയുടെയും വെളിച്ചപ്പാടിന്റെ അരുളപ്പാടിന്റെയും സ്വീകാര്യത സംശയിക്കത്തക്കതാണെന്നും ഒരു അഭിപ്രായമു്. പള്ളി പണിയാൻ ആവശ്യമായ സ്ഥലം പുന്നാർകോട്ട് ഇല്ലത്തെ നമ്പൂതിരിമാർ ദാനം നൽകുകയായിരുന്നു. ആ ഇല്ലംതുരുത്താണ് ഇന്ന് പള്ളി സ്ഥിതി ചെയ്യുന്ന ഇളംതുരുത്തിക്കുന്ന്. കൊല്ലവർഷം 815-ൽ (എ.ഡി. 1640-ൽ) ആണ് ഇളംതുരുത്തിക്കുന്നിൽ വിശുദ്ധ ബഹനാൻ സഹദായുടെ നാമത്തിൽ പള്ളി സ്ഥാപിക്കപ്പെട്ടത്. 1599-ലെ ഉദയംപേരൂർ സൂന്നഹദോസോടുകൂടി ആരംഭിച്ച ലത്തീൻഭരണമാണ് അന്ന് മലങ്കരയിൽ നടപ്പിലിരുന്നത്. അന്ന് മലങ്കരയിലെ രാമത്തെ ലത്തീൻ മെത്രാനായ സ്റ്റീഫൻ ബ്രിട്ടോ (1624-1641) ആയിരുന്നു പള്ളിയുടെ ആത്മീയഭരണാധികാരി ഗീവർഗീസ് അർക്കദിയാക്കോൻ ലൗകിക ഭരണാധികാരിയുമായിരുന്നു.

#### 9.1.1.5 പുതുപ്പള്ളി പള്ളി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ

'പുതുപ്പള്ളി പള്ളി' എന്ന് ഇന്നറിയപ്പെടുന്ന വലിയ പള്ളി കൊല്ലവർഷം 925-ൽ (എ.ഡി. 1750) ആണ് സ്ഥാപിക്കപ്പെട്ടത്. 16-ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിൽ പുതുപ്പള്ളിയിൽ ക്രൈസ്തവരുടെ കുടിയേറ്റം വർദ്ധിച്ചു. ആദ്യം ഇവിടെ എത്തിയവരിൽ അധികവും വാണിജ്യപര മായ കാര്യങ്ങളിൽ ശ്രദ്ധിച്ചവരായിരുന്നു. പിന്നീട് എത്തിയവർക്കാകട്ടെ കാർഷികമേഖലയിൽ ആയിരുന്നു ശ്രദ്ധ. അവരുടെ സംഖ്യ വർദ്ധിച്ചപ്പോൾ ആരാധനയ്ക്ക് നിലവിലുള്ള പള്ളി പോരാതെവന്നു. ഈ സാഹചര്യത്തിലാണ് വലിയ പള്ളി നിർമ്മിക്കുന്നത്. പള്ളിനിർമ്മാണത്തെ ക്കുറിച്ച് ആലോചിച്ചപ്പോൾ ചില അഭിപ്രായവ്യത്യാസങ്ങൾ ഉായി. നിലവിലിരുന്ന പള്ളി പൊളിച്ചുമാറ്റി പുതിയതായി ഒന്നു നിർമ്മിക്കണമെന്ന് ഒരു കൂട്ടരും പഴയപള്ളി നിലനിർത്തി ക്കൊ് കിഴക്കുഭാഗത്തായി വേറൊരു പള്ളി നിർമ്മിക്കണമെന്ന് മറ്റൊരു കൂട്ടരും അഭിപ്രായപ്പെട്ടു. കൂടിയാലോചനായോഗത്തിൽ പ്രബലരായ 34 കുടുംബക്കാരുടെ പ്രാതിനിധ്യം ഉായിരുന്നു. 18 വീട്ടുകാർ ഒരുപക്ഷത്തും 16 വീട്ടുകാർ മറ്റൊരുപക്ഷത്തും നിലകൊു. ഒടുവിൽ ഉായ അഭിപ്രായസമന്വയത്തിന്റെ ഫലമായി വിശുദ്ധ ബഹനാൻ സഹദായുടെ പള്ളി നിലനിർത്തി പുതിയ പള്ളി പണിയുവാൻ തീരുമാനിക്കപ്പെട്ടു.

വിശുദ്ധ ബഹനാന്റെ മുറി എന്നറിയപ്പെടുന്ന പഴയപള്ളിയുടെ ഭാഗങ്ങളും മദ്ബഹായും നിലനിർത്തിക്കൊാണ് പുതിയ പള്ളി നിർമ്മിച്ചത്. പഴയപള്ളിയുടെ വടക്കേഭിത്തി പുതിയ പള്ളിയുടെ തെക്കേഭിത്തിയായി വരത്തക്കവണ്ണം രൂപകല്പന ചെയ്തു. വലിയ പള്ളി നിർമ്മിക്കുമ്പോൾ പുതുപ്പള്ളിയിൽ ഉയർന്ന പാരമ്പര്യമുള്ള ക്രിസ്തീയ കുടുംബങ്ങൾ ധാരാള മുായിരുന്നു. നിർമ്മാണപ്രവർത്തനങ്ങളിൽ സാധാരണക്കാരും സാമ്പത്തികമായും ശ്രമദാന മായും ഗണ്യമായ പങ്കു വഹിച്ചിട്ടു്. പുതുപ്പള്ളിയിൽ വലിയ പള്ളി ഉാകുമ്പോൾ കൂനൻ കുരിശുസത്യത്തിലൂടെ മലങ്കരസഭ സ്വാതന്ത്ര്യം വീടെടുത്തിട്ട് ഒരു നൂറ്റാോളമായിരുന്നു (97 വർഷം). മാർത്തോമ അഞ്ചാമനാണ് മാർ ഗീവർഗീസ് സഹദായുടെ നാമത്തിൽ പള്ളി പണിയാൻ അനുവാദം നൽകിയത്. പുതുപ്പള്ളി വലിയപള്ളിക്ക് അന്ന് അഞ്ചു ത്രോണോസുകൾ ഉായിരുന്നു. പ്രധാന ത്രോണോസ് വിശുദ്ധ ഗീവർഗീസ് സഹദായുടെയും വടക്കുവശത്തെ ത്രോണോസും, മദ്ബഹായുടെ താഴെയുള്ള ചെറിയ ത്രോണോസും പരിശുദ്ധ ദൈവ മാതാവിന്റെയും നാമത്തിൽ ആയിരുന്നു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ രു തോണോസുകളുായിരുന്ന ഏക ദൈവാലയമായിരുന്നു പുതുപ്പള്ളി പള്ളി. തെക്കുവശത്തെ ത്രോണോസ് വിശുദ്ധ ബഹനാൻ സഹദായുടെയും മദ്ബഹായുടെ താഴെ തെക്കുവശത്തെ ത്രോണോസ് മാർത്തോമ ശ്ലീഹായുടെയും നാമത്തിലുമായിരുന്നു.

#### 9.1.1.6 പുതുപ്പള്ളി പള്ളി സ്ഥാപകരെപ്പറ്റി

അതിപുരാതനമായ പുതുപ്പള്ളി പള്ളിയുടെ ആരംഭത്തേക്കുറിച്ചും സ്ഥാപകരെക്കുറിച്ചും പുതുപ്പള്ളിയിലും, പരിസരങ്ങളിലുമുള്ള ക്രൈസ്തവ കുടുംബങ്ങൾക്ക് ധാരാളം കഥകൾ പറയാനു്. എഴുതപ്പെട്ടിട്ടുള്ള മിക്ക കുടുംബചരിത്രങ്ങളിലും പള്ളിയും അവരുടെ പൂർവ്വികരും തമ്മിലുള്ള ബന്ധം രേഖപ്പെടുത്തിയിട്ടുമു്. പലതിലും പള്ളി അവരുടെ പൂർവ്വികർ നിർമ്മിച്ചതാ ണെന്നു കാണിക്കുന്ന രേഖകൾ ധാരാളമു്. കുടുംബചരിത്രം എഴുതിയിട്ടില്ലാത്തവരും, എഴുതിക്കൊിരിക്കുന്നവരും, പുതുപ്പള്ളി പള്ളിയുമായി അവർക്കുള്ള ബന്ധം ഉറപ്പിച്ചു പറയുന്നു. ആദ്യത്തെ പള്ളിയുടെ നിർമ്മാണത്തിൽ കുട്ടൻചിറ, പുത്തൻപുര, മള്ളി, കാരാപ്പുഴ എന്നീ കുടുംബങ്ങൾ പ്രധാന പങ്കു വഹിച്ചിരുന്നതായി കരുതപ്പെടുന്നു. ഈ കുടുംബങ്ങളിലെ വൈദികരാണ് ആദ്യകാലങ്ങളിൽ പള്ളിയിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്തിയിരുന്നത്. അതു കൊുതന്നെ അവർക്കുള്ള പ്രാമാണ്യം നിഷേധിക്കാനാവില്ല. മാളിയേക്കലായ കൈതയിൽ പടിഞ്ഞാറെക്കുറ്റ് കുടുംബത്തിനും പള്ളിനിർമ്മിതിയിൽ നിർണായകമായ പങ്കാളിത്തം ഉായിരുന്നു. പള്ളി ഇപ്പോൾ ഇരിക്കുന്ന ഇളംതുരുത്തിൽ കുന്നിലേക്ക് മാറ്റി സ്ഥാപിച്ചതിൽ തെക്കുംകൂർ രാജാവിന്റെ പ്രധാന കാര്യസ്ഥനും, ധനാഢ്യനും മന്ത്രിതുല്യനുമായ 'അഞ്ചരിൽ' പുന്നൂസ് മാപ്പിള സുപ്രധാന പങ്കു വഹിച്ചു.

എ.ഡി. 15-ാം നൂറ്റാിൽ പുതുപ്പള്ളിയിലും, പരിസരപ്രദേശങ്ങളായ എറികാട്, പരിയാരം, മീനടം, തോട്ടയ്ക്കാട്, വാകത്താനം, കുഴിമറ്റം, പനച്ചിയാട്, കൊല്ലാട്, തൃക്കോതമംഗലം, ഇരവിനല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലൊന്നുംതന്നെ മറ്റ് ക്രൈസ്തവദൈവാലയങ്ങൾ ഇല്ലായിരുന്നു. അവിടങ്ങളിലെല്ലാമുള്ള നസാണി ക്രിസ്ത്യാനികൾക്ക് അവരുടെ ആരാധനാ സംബന്ധമായ ആവശ്യങ്ങൾക്ക് ഏക ആശ്രയമായിരുന്നു പുതുപ്പള്ളി പള്ളി. അതുകൊു തന്നെ ഇവിടെ പേരുപറഞ്ഞ കുടുംബങ്ങൾ മാത്രമല്ല മറ്റു പല കുടുംബങ്ങളും പള്ളിനിർമ്മിതി യിൽ ഒട്ടും കുറയാത്ത പങ്ക് വഹിച്ചിട്ടുാവണം. വിശുദ്ധ ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള വലിയപള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് താഴത്ത്

ഇട്ടി മാത്തു, തരകൻ, കപ്പനാട്ട് പോത്തൻ, ചക്കാലയിൽ ചെറിയാൻ, യാക്കോബ് അനുവായ തുടങ്ങിയവരോടൊപ്പം 34 കുടുംബക്കാരുടെ സജീവപങ്കാളിത്തം ഉായിട്ടു്. കൂടാതെ അക്കാലത്ത് മുപ്പത്താറോളം കരക്കാരുടെ പ്രാതിനിധ്യവും പുതുപ്പള്ളി പള്ളിക്കുായിരുന്നു. പെരുന്നാൾ തുടങ്ങിയ ചടങ്ങുകൾ അവരെല്ലാം ചേർന്നാണ് നടത്തിയിരുന്നത്.

ദേവാലയങ്ങൾ സമൂഹത്തിന്റെ വികാരവിചാരങ്ങളെ നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന പൊതുസ്ഥാപനങ്ങളാണ്. അവ സ്ഥാപിക്കുന്നതു സ്വകാര്യസ്വത്തായി ആരുതന്നെ ആയാലും അവയുടെ നിലനില്പ്പും വളർച്ചയും ഭക്തജനങ്ങളുടെ വിശ്വാസത്തിന്റെ ബലത്തിലാണ്. അനുദിനം വന്നെത്തുന്ന നാനാജാതിമതസ്ഥരുടെ ഉറച്ച ഭക്തിയും വിശ്വാസവുമാണ് പുതുപ്പള്ളി പള്ളിയുടെ പ്രസിദ്ധിക്കു അടിസ്ഥാനം. സ്ഥാപകരും ഇടവകാംഗങ്ങളും നേതൃത്വം വഹിക്കുന്നവരും അതിനുള്ള നിമിത്തംമാത്രം.

### 9.1.2. പുതുപ്പള്ളി പള്ളിയുടെ തനതു സവിശേഷതകൾ

#### 9.1.2.1 കുരിശിൻതൊട്ടിയും പതിനെട്ടാംപടിയും

പുതുപ്പള്ളി പള്ളിയുടെ സാംസ്കാരികപ്രതീകത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകമാണ് കുരിശിൻതൊട്ടിയും പതിനെട്ടാംപടിയും. മെഴുകുതിരി കത്തിക്കുന്നതിനോടൊപ്പം കേരളീയരീതിയിൽ എണ്ണയൊഴിച്ച് തിരി കത്തിക്കുവാൻ പാകത്തിനുള്ള വിളക്കുകൾ കുരിശിൻതൊട്ടിക്കുചുറ്റും ഘടിപ്പിച്ചിരിക്കുന്നു. 84 തിരികൾ തെളിക്കാൻ കുരിശിൻ തൊട്ടിയിൽ സൗകര്യമു്. 12 ശ്ലീഹന്മാരെയും 12 അറിയിപ്പുകാരെയുമാണ് ഇത് പ്രതിനിധീകരിക്കുന്നത്. കുരിശിൻതൊട്ടിയിലുള്ള ശില്പഭംഗി നിറഞ്ഞ കൽക്കുരിശ് ആരാധകരെ ആകർഷിച്ചുപോരുന്നു. കൊടൂരാറ്റിൽ മുങ്ങിക്കുളിച്ച് കുരിശിൻതൊട്ടിയിൽ ചുറ്റുവിളക്ക് കത്തിച്ച് പ്രാർത്ഥിച്ചാൽ ഉദ്ദിഷ്ടകാര്യം സാധിക്കുമെന്ന് വിശ്വസിക്കുന്നു. കാര്യസിദ്ധിക്കുവേിയും പാപപരിഹാരാർത്ഥവും കുരിശിൻതൊട്ടിക്കു ചുറ്റും ശയനപ്രദക്ഷിണവും മുട്ടിന്മേൽ നീന്തലും ഭക്തന്മാർ അനുഷ്ഠിച്ചുവരുന്നു.

ഒരുകാലത്ത് കഠിനമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പുതുപ്പള്ളി പള്ളിയുടെ മുമ്പിൽ നിർത്തി സത്യം ചെയ്യിക്കുക പതിവായിരുന്നു. കോടതികളിൽനിന്നുപോലും പള്ളിനടയിൽ ആളുകളെ കൊുവരാറുായിരുന്നു. അത്ഭുതപ്രവർത്തകനായ ഗീവർഗീസ് സഹദായുടെ തിരുനടയിൽ നിന്നുകൊ് തെറ്റായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാൻ ആരും ധൈര്യപ്പെടാറില്ല. അത്രയധികം പാവനവും ശക്തിദായകവുമാണ് കുരിശിൻതൊട്ടിയുടെ പശ്ചാത്തലം. പതിനെട്ടാംപടിക്കുമു് ഒട്ടേറെ മാഹാത്മ്യങ്ങൾ. വ്രതശുദ്ധിയോടുകൂടി തത്ത്വത്തിന്റെ പൊരുളായ പതിനെട്ട് പടികൾ താി വിശുദ്ധ ഗീവർഗീസ് സഹദായുടെ സാന്നിദ്ധ്യത്തിൽ അഭയം പ്രാപിക്കുന്ന ഭക്തന് ആത്മശാന്തി തീർച്ചയെന്ന് പാരമ്പര്യവിശ്വാസം. യോർദ്ദാന്റെ തീരങ്ങളിൽനിന്നും ഒഴുകിയെത്തിയ കരുണയുടെയും ആർദ്രതയുടെയും നിർമ്മലമായ ഉറവിന്റെയും സ്മരണയുണർത്തുന്ന കൊടൂരാറ്. അതിന്റെ പച്ചപ്പുകൾ ഉൾക്കൊുകൊ് തലയുയർത്തി നിൽക്കുന്ന കൽക്കുരിശ്. ഔന്നത്യത്തിന്റെ പടവുകളിലേക്ക് നയിക്കുന്ന പതിനെട്ടാംപടി. വിശുദ്ധിയുടെ പശ്ചാത്തലഭൂമിക ഇങ്ങനെ ഒരുങ്ങുന്നു.

#### 9.1.2.2 പൊന്നിൻകുരിശ്

വിശുദ്ധ ഗീവർഗീസ് സഹദായുടെ ശക്തിയും ചൈതന്യവും ആവാഹിച്ചി ട്ടുള്ളതെന്ന് വിശ്വസിക്കപ്പെട്ടു പോരുന്ന പൊന്നിൻകുരിശ് പുതുപ്പള്ളി പള്ളിയുടെ ഗതകാലമഹത്ത്വ

ത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമാണ്. അതിമനോഹരമായ 401 പവൻ തൂക്കമുള്ള ഈ കുരിശ് പെരുന്നാൾ ദിനങ്ങളിലാണ് പുറത്തെടുക്കുന്നത്. അന്നേദിവസം കുരിശിനെ വണങ്ങുവാൻ വമ്പിച്ച തിരക്കാണ്. പൈശാചികശക്തികളിൽനിന്നുള്ള മോചനത്തിനും വേദനകളിൽ നിന്നും കഷ്ടപ്പാടുകളിൽനിന്നും ആശ്വാസം ലഭിക്കുന്നതിനും സഹായിക്കുന്ന പൊന്നിൻകുരിശ് ദർശിക്കുവാൻ കഴിയുന്നത് ജീവിതസൗഭാഗ്യമായി ഭക്തജനങ്ങൾ വിശ്വസിക്കുന്നു. ആരുടെയും ഹൃദയം കവരുന്ന ശില്പചാതുര്യം തികഞ്ഞ പൊന്നിൻകുരിശുമായി ബന്ധമുള്ള ഒട്ടേറെ ചരിത്രസംഭവങ്ങൾ പുതുപ്പള്ളിക്കാർക്കും ഭക്തജനങ്ങൾക്കും പറയാനു്. കുരിശിന്റെ നിർമ്മാണം, സംരക്ഷണം എന്നിവയെ ചുറ്റിപ്പറ്റി ധാരാളം കഥകൾ പ്രചാരത്തിലു്.

#### 9.1.2.3 പുതുപ്പള്ളിക്കുരിശ്

പുതുപ്പള്ളി പള്ളിയിൽ മാത്രമുള്ള "പുതുപ്പള്ളിക്കുരിശ്" ഒരപൂർവ്വ മാതൃകയാണ്. കൂർമ്മാകൃതിയിലുള്ള ശില്പഭംഗി കലർന്ന പീഠത്തിലാണ് ഈ കുരിശ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. ചില പ്രാചീനക്ഷേത്രങ്ങളിൽ കൂർമ്മപീഠങ്ങളുള്ള ധ്വജസ്തംഭങ്ങളും വിളക്കുകളും കാണാം. കൂർമ്മപാദങ്ങളുള്ള കുരിശ് സാധാരണയായി കിട്ടില്ല. അതുകൊാണ് പുതുപ്പള്ളിയുടെ തനത് സവിശേഷതകളിൽ ഒന്നായി ഈ കുരിശിനെ വിശേഷിപ്പിക്കുന്നത്. കുരിശിന്റെ കൈപ്പിടി ഒരു വാളിന്റെ പിടിയെ അനുസ്മരിപ്പിക്കുന്നു. ഒപ്പം അംശവടിയെയും കിരീടത്തെയും. ക്രിസ്ത്യാനികളുടെ ജയത്തിന്റെ സ്ലീബാ എന്നുമവന്റെ രക്ഷയ്ക്ക് ആയുധമാണെന്ന് പുതുപ്പള്ളിക്കുരിശ് ഉദ്ഘോഷിക്കുന്നു. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥന്റെ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ഭാഗ്യസ്മരണ ദർശിക്കുന്നവരിൽ ഉണർത്താൻ പുതുപ്പള്ളിക്കുരിശിന് കഴിയുന്നു്.

പീഠത്തിന്റെ ആമക്കാലുകൾ ഭൂമിയെ ഉദ്ധരിക്കാനായി കൂർമ്മാവതാരം പൂ ദേവന്റെ സ്മരണ ഉണർത്തുന്നു. ഇവിടെ രു വ്യത്യസ്ത സംസ്കാരങ്ങളുടെ സമന്വയമാണ് പ്രതിഫലിക്കുന്നത്. പാപികളെ ഉദ്ധരിക്കാനായി അവതരിച്ച ലോകരക്ഷകനായ ക്രിസ്തുവിന്റെ സ്മരണയെ ആർഷസംസ്കാരവുമായി പ്രതീകാത്മകമായി ഈ കുരിശിൽ ബന്ധപ്പെടുത്തിയിരിക്കുന്നു. കുരിശിന്റെ നടുവിലുള്ള വൃത്തവും അതിലുള്ള കതിരുകളും സാർവ്വദേശീയതയെയും കാലത്തെ നെടുകെയും കുറുകെയും വിഭജിച്ചുകൊ് എല്ലാ ദിശകളിലേക്കും പ്രസരിക്കുന്ന ദിവ്യമായ ദൈവസ്നേഹത്തെയും ഉദ്ഘോഷിക്കുന്നു.

#### 9.1.2.4 മണിമാളിക

പള്ളിമണികൾ ക്രൈസ്തവവിശ്വാസത്തിന്റെ ഭാഗമാണ്. പറുദീസയുടെ പ്രതീകമായും ദൈവത്തിന്റെ നാദമായും ഒക്കെ മണിയെ വിശേഷിപ്പിക്കാറു്. പ്രാർത്ഥനയെ ഓർമ്മിപ്പിക്കാനും പ്രധാന സംഭവങ്ങൾ അറിയിക്കാനുമാണ് മണി മുഴക്കുന്നത്. വാർത്താവിനിമയ മാദ്ധ്യമങ്ങൾ പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഗ്രാമസമൂഹത്തെ പ്രാർത്ഥനയ്ക്ക് സജ്ജമാക്കിയിരുന്നത് പള്ളിമണികളായിരുന്നു. മണിനാദം ആശയവിനിമയത്തിന് ഉപാധിയായിരുന്നു. പുതുപ്പള്ളി പള്ളിക്ക് പ് ഒരു മണിമാളിക ഉായിരുന്നു - ഏഴ് നിലകളിലായി മുഖവാരത്തെക്കാൾ ഉയരത്തിൽ പരിലസിച്ചിരുന്ന മണിമാളിക. വെട്ടുകല്ലിൽ പണിതീർത്ത ഈ മണിഗോപുരം ശില്പകലയുടെ ചാരുത പ്രതിഫലിപ്പിച്ചിരുന്നു. ചുറ്റും പിണഞ്ഞ രീതിയിൽ മാളികയുടെ മുകളിലേക്ക് ചവിട്ടുപടികൾ ഉായിരുന്നു. മണിയുടെ നാക്കുമായി

ബന്ധിപ്പിച്ചിരുന്ന ചക്രത്തിൽ ചവിട്ടിയാണ് അടിച്ചിരുന്നത്. താഴെനിന്ന് മണി മുഴക്കാനുള്ള സൗകര്യത്തിന് ചക്രത്തിന്റെ പഴുതിൽക്കൂടി ഒരു കയർ ബന്ധിച്ച് മുകളിൽനിന്ന് ഇട്ടിരുന്നു.

മേടമാസത്തിലെ പെരുന്നാളിന് കൊടിമരം ഇടീൽ എന്ന ചടങ്ങുമുതൽ പെരുനാളിന്റെ അവസാനം വരെയാണ് അന്ന് പ്രധാനമായും മണി മുഴക്കിയിരു ന്നത്. അതിന്റെ നാദം ഏതാ് പത്തുപതിനഞ്ച് കിലോമീറ്റർ അകലംവരെ കേൾക്കാമായിരുന്നു. പുതുപ്പള്ളി പെരുന്നാൾ കൊടിയേറി എന്ന വാർത്ത ജനങ്ങൾ അറിഞ്ഞിരുന്നത് ഈ മണിനാദം കേട്ടാണ്. 1950 കാലഘട്ട ത്തിൽ എങ്ങനെയോ മുകളിലുായ വിടവിലൂടെ വെള്ളം ഒലിച്ചിറങ്ങി ഈ മണിഗോപുരം തകർന്നു പോയി. വീണുപോയ പഴയ മണിമാളികയുടെ സ്മരണ നിലനിർത്താൻ പുതുക്കി പ്പണിത പള്ളിയിൽ രു മണിമാളികകൾ നിർമ്മിച്ചിരിക്കുന്നു. തെക്കുവശത്ത് ഓർമ്മയ്ക്കായി വിദേശത്ത് നിർമ്മിച്ച പഴയ മണിയും വടക്കുഭാഗത്ത് ചുതുതായി നിർമ്മിച്ച 1105 കിലോ ഭാരമുള്ള പുതിയ മണിയും സ്ഥാപിച്ചിരിക്കുന്നു.

#### 9.1.2.5 ഓവിയപ്പം

വലിയനോയമ്പുകാലത്ത് ഉച്ചനമസ്കാരത്തിനുശേഷം അതിൽ പങ്കെടുക്കുന്നവർക്ക് നല്കുന്ന നേർച്ചയാണ് ഓവിയപ്പം. നോമ്പുതുടങ്ങി എട്ടാംനാൾ മുതൽ നാല്പതാം വെള്ളിയാഴ്ച വരെയുള്ള കാലയളവിലാണ് ഈ നേർച്ച. പുതുപ്പള്ളി പള്ളിയിലല്ലാതെ മറ്റു പള്ളികളിൽ ഇത് ഉള്ളതായി അറിവില്ല. ഓവിയപ്പം കാർഷികമേഖലയുമായി ബന്ധപ്പെട്ട ഒരു നേർച്ചയാണ്. നെൽ കൃഷിയുള്ളവരായിരുന്നു ഈ അപ്പം പള്ളിയിൽ നൽകിയിരുന്നത്. വലിയനോമ്പുകാലം വിളവെടുപ്പിന്റെ സമയമാണ്. തങ്ങൾക്കു ലഭിച്ച സമൃദ്ധിയുടെ പങ്ക് കാവൽനാഥനായ സഹദായ്ക്ക് സമർപ്പിക്കുന്നു. പുന്നെല്ലു കുത്തിയെടുത്ത അരിയാണ് ഓവിയപ്പം ഉാക്കാൻ ഉപയോഗിക്കുന്നത്. ഒരു കിലോ അരിക്ക് മുക്കാൽ കിലോ ശർക്കര, ഉരി ഉഴുന്ന്, രു തേങ്ങ, ഒരു സ്പൂൺ ജീരകം, അഞ്ച് ചുവന്നുള്ളി, ഒരു വെളുത്തുള്ളി എന്നിവയാണ് ചേരുവ.

വറുത്തെടുത്ത അരി വൈകുന്നരം ശർക്കരപാനിയിൽ കുഴച്ചുവയ്ക്കുന്നു. രാവിലെ ഉഴുന്നുപരിപ്പ് വെള്ളത്തിലിട്ട് നല്ലതുപോലെ അരച്ചെടുത്തതും, വെള്ളയപ്പത്തിന്റെ പരുവത്തിൽ അരച്ചെടുത്ത തേങ്ങയും, ചുവന്നുള്ളി, വെളുത്തുള്ളി, ജീരകം എന്നിവയും നല്ലതുപോലെ അരച്ചതും ആദ്യത്തെ മിശ്രിതത്തിൽ ചേർത്തുവയ്ക്കുന്നു. ഏകദേശം രു മണിക്കൂർ കഴിഞ്ഞ് പാകത്തിന് ഉപ്പുചേർത്ത് ഇളക്കി കിണ്ണത്തിൽ കോരിയൊഴിച്ച് വട്ടയപ്പം പുഴുങ്ങുന്നതുപോലെ ആവിയിൽ പുഴുങ്ങിയെടുത്താൽ – ഓവിയപ്പമാകും. യീസ്റ്റോ, മറ്റ് പുളിപ്പിക്കാനുള്ള ഉപാധിയോ ഉപയോഗിക്കില്ല.

നോമ്പോടും പ്രാർത്ഥനയോടും കൂടിയാണ് ഇതുാക്കുന്നത്. കുരുത്തോല പ്രാർത്ഥനാ പൂർവ്വം മിശ്രിതത്തിനു മുകളിൽവച്ചാണ് അപ്പം പുഴുങ്ങിയെടുക്കാറുള്ളത്. പള്ളിയിൽ കൊുവരുന്ന അപ്പം പുരോഹിതൻ പ്രാർത്ഥിച്ചു വാഴ്ത്തിയതിനുശേഷമാണ് മുറിച്ച് ഭക്തജന ങ്ങൾക്കു വിളമ്പുന്നത്. അതിനുശേഷം മാത്രമേ വീട്ടുകാർ പോലും അപ്പം ഭക്ഷിക്കുകയുള്ളൂ. ഉപവാസത്തിലും പ്രാർത്ഥനയിലും ഇരിക്കുന്ന ഭക്തജനങ്ങൾക്ക് ഉപവാസത്തിന്റെ അവസാനം കൊടുക്കുന്ന ഉപവി അപ്പമാണ് ഓവിയപ്പം. യാത്രാസൗകര്യം ഇല്ലാതിരുന്ന പഴയകാലത്ത് ഈ ഭക്ഷണം വീട്ടിൽ എത്തുന്നതുവരെ ഒരു ആശ്വാസമായിരുന്നു.

#### 9.1.2.6 പുതുപ്പള്ളി ഊട്ട് അഥവാ പുതുപ്പള്ളിച്ചാത്തം

പുതുപ്പള്ളി പള്ളിയും വി. ഗീവർഗീസ് സഹദായും ആയി ബന്ധപ്പെട്ട് നിലവിലിരിക്കുന്ന

ഒരു അനുഷ്ഠാനമാണ് പുതുപ്പള്ളി ഊട്ട്. ചിലയിടങ്ങളിൽ പുതുപ്പള്ളിച്ചാത്തം എന്ന പേരിലാണ് ഇത് നടന്നുവരുന്നത്. കേരളത്തിൽ പലയിടത്തും ഈ ആചാരം നിലവിലുï. കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കൂടുതലായി നടത്തിവരുന്നതായി അറിയുന്നു. പുതുപ്പള്ളി പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ നടക്കുന്ന മെയ് 6, 7 തീയതികളോടനു ബന്ധിച്ചാണ് ഈ ചടങ്ങ് നടത്തുന്നത്. പുതുപ്പള്ളിയിൽ പോയി വി. ഗീവർഗീസ് സഹദായെ ദർശിക്കുവാൻ കഴിയാത്ത ഭക്തന്മാർ പ്രാദേശികമായി നടത്തുന്ന ഒരാചാരമായി ഇതിനെ കരുതാം. പള്ളിയിൽ പോകുകയോ ഈ അനുഷ്ഠാനം നടത്താതിരിക്കുകയോ ചെയ്താൽ അനിഷ്ട സംഭവങ്ങൾ ഉാകുമെന്ന് പ്രായമുള്ളവർ പറയുന്നു. തികച്ചും ഭക്തിപൂർണ്ണമാണ് ഈ ചടങ്ങ്. വ്രതശുദ്ധിയോടും പ്രാർത്ഥനയോടുമാണ് ഇത് നടത്താറുള്ളത്. ഊട്ടിന് നിശ്ചയി ക്കപ്പെട്ട ഭവനത്തിൽ ബന്ധുക്കളോടൊപ്പം അയൽക്കാരും അന്യമതസ്ഥരും ഉാവും. പല സ്ഥലങ്ങളിലും പല രീതിയിലാണ് ചടങ്ങുകൾ. വിഭവങ്ങളും വ്യത്യസ്തമാണ്. കോഴിയിറച്ചി നിർബന്ധം. പുണ്യവാളനുവേി സമർപ്പിക്കപ്പെട്ട നേർച്ചക്കോഴികളെയാണ് പുതുപ്പള്ളിയൂട്ടിന് പാകം ചെയ്യുന്നത്.

ഊട്ട് നടത്തുന്ന വീട്ടുകാർ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ആളുകളെ ആദ്യ പന്തിയിലിരുത്തും. സഹദായുടെ ചിത്രത്തിനു മുമ്പിൽ കൊളുത്തിവച്ച വിളക്കിനു സമീപം ആദ്യ ഇലയിട്ട് സഹദായെ സങ്കല്പിച്ച് ഭക്ഷണം വിളമ്പുന്നു. പിന്നീട് മാത്രമേ മറ്റുള്ളവർക്ക് വിളമ്പുകയുള്ളു. ആദ്യകാലത്ത് വൈദികരുടെ സാന്നിദ്ധ്യം ഉായിരുന്നു. കുടുംബത്തിലെ പ്രായമുള്ളവരുടെ നേതൃത്വത്തിലും ചടങ്ങ് നടത്താറുï. പ്രാർത്ഥനയ്ക്ക് ശേഷമാണ് ഭക്ഷണം. വി. ഗീവർഗീസ് സഹദായുടെ നേർച്ചയൂട്ടിന് ചിലയിടങ്ങളിൽ അപ്പവും പഴവും കഴിഞ്ഞാൽ പിന്നീട് വിളമ്പുന്നത് “പിടി”യും ഇറച്ചിയുമാണ്. വറുത്തരച്ച മസാലകൊ് കോഴിയെ പാകം ചെയ്യുകയാണ് സാധാരണരീതി. നേർച്ചസദ്യകൾക്ക് “പിടി”യും ഇറച്ചിയും ഒഴിവാക്കാൻ പറ്റാത്തതാണ്. “പിടി” ഒരു പ്രത്യേക വിഭവമാണ്. (കോഴിയിറച്ചിയും അപ്പവും ചക്കപ്പഴവും കരിപ്പെട്ടിക്കാപ്പിയുമാണ് ചില സ്ഥലങ്ങളിൽ വിഭവം. മറ്റു ചില സ്ഥലങ്ങളിൽ കോഴിയിറച്ചിയും അപ്പവും വിളമ്പിയതിനു ശേഷം വിഭവസമൃദ്ധമായ ഊണും ഉാകും. പുതുപ്പള്ളിയിലെ ക്രൈസ്തവർക്ക് ഉായിരുന്ന പാരമ്പര്യബന്ധമാവാം ഈ അനുഷ്ഠാനത്തിനു പിന്നിലുള്ളത്.

### 9.1.2.7 മദ്ബഹായും ചിത്രപ്പണികളും

ഭാരതീയ വാസ്തുവിദ്യാസങ്കേതങ്ങൾ ഉൾക്കൊു നിർമ്മിച്ചിട്ടുള്ളതാണ് പുതുപ്പള്ളി പള്ളിയുടെ മദ്ബഹാ. പൗരാണിക ശില്പികൾ മനുഷ്യാലയത്തിനും ദേവാലയത്തിനും പറ്റിയ ഭൂവിഭാഗത്തെക്കുറിച്ചും അവ നിർമ്മിക്കേ അളവുകളെക്കുറിച്ചും എഴുതപ്പെട്ടിട്ടുï. തലമുറകളായി പകർന്നുകിട്ടിയ അനുഭവങ്ങളിലൂടെ ആർജ്ജിച്ച അത്തരം അറിവുകൾ ശാസ്ത്രീയമാണെന്ന് തെളിയിക്കപ്പെട്ടിട്ടു്. പുതുപ്പള്ളി പള്ളി അത്യുത്തമമായ സ്ഥാനത്താണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഓരോരുത്തരും മനസ്സിലെ മാലിന്യം കഴുകിക്കളഞ്ഞിട്ടുവേണം ഈ മണ്ണിൽ ചവിട്ടാൻ എന്നത് പാരമ്പര്യബോധമാണ്. ഇത് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട മണ്ണാണ് എന്ന് പ്രശസ്ത വാസ്തുവിദ്യാവിശാരദന്മാരും ശില്പികളും പറയുന്നു.

പള്ളി നിർമ്മിച്ച പൂർവികർ ഒരു ഉത്തമ ദേവാലയത്തിനു വേ അളവുകൾ കണക്കുകൾ എല്ലായിടത്തും സ്വീകരിച്ചിരിക്കുന്നു. ശ്രീകോവിലിനു സദൃശമായ മദ്ബഹായുടെ കണക്ക് അത്യുത്തമം ആണത്രെ. പുതുപ്പള്ളി പള്ളിയുടെ മദ്ബഹായിൽനിന്നു കുർബ്ബാന

അർപ്പിക്കുമ്പോൾ, സംസാരിക്കുമ്പോൾ ഏതോ അഭൗമമായ ശക്തിക്ക് വിധേയരാകാറുന്ന് പുരോഹിതന്മാരും മേലദ്ധ്യക്ഷന്മാരും പറയുന്നു.

മദ്ബഹായും ബസ്ദിശായും ക്രൈസ്തവപ്രതീകങ്ങളായ ചിത്രപ്പണികളാൽ അലംകൃതമാണ്. താമര, മയിൽ, മുന്തിരിവള്ളി, നാലിതൾ പൂവുകൾ, പ്രാവ്, മത്സ്യം, പക്ഷി മൃഗാദികൾ, സൂര്യചന്ദ്രന്മാർ, ഇരുതലയുള്ള പക്ഷി, വാദ്യോപകരണങ്ങൾ തുടങ്ങി പള്ളികളിൽ കാണുന്ന പ്രതീകങ്ങൾ പലതും മദ്ബഹായിൽ ഉ്. വസ്തു, വ്യക്തി എന്നിവയ്ക്കുപകരമാണ് ദേവാലയത്തിലെ പ്രതീകങ്ങളും ചിഹ്നങ്ങളും. പ്രതീകങ്ങൾക്ക് എല്ലാംതന്നെ നാനാർത്ഥങ്ങൾ ഉ ് .

**ചില പ്രതീകങ്ങളും അർത്ഥവും**

| | | |
|---|---|---|
| ക്രിസ്റ്റോ ഗ്രാം, മുന്തിരിക്കുല | - | ക്രിസ്തു |
| മുന്തിരിത്ത് | - | വിശുദ്ധ കന്യകമറിയം |
| ഗോതമ്പുചെടി | - | യേശുക്രിസ്തുവിന്റെ ശരീരം, |
| ഉദയസൂര്യൻ | - | അന്ധകാരമായ പാപത്തെ നീക്കം ചെയ്യുന്ന ക്രിസ്തു |
| സമഭുജത്രികോണം | - | ത്രിത്വം |
| ഒരു തിലുള്ള മൂന്നു മെഴുകുതിരിക്കാലുകൾ | - | ഏകദൈവത്തിന്റെ ത്രിത്വഭാവം |
| ഒരു തിൽ രുതിരികൾ | - | ക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം |
| ചെടി, വേര് | - | പിതാവ് |
| ഇല | - | പരിശുദ്ധാത്മാവ് |
| സ്തംഭത്തിൽ പതിച്ചിരിക്കുന്ന രത്നങ്ങൾ, സ്തംഭം | - | സഭ |
| രത്നങ്ങൾ | - | പന്ത്ര് അപ്പോസ്തോലന്മാർ |
| പ്രാവ് | - | പരിശുദ്ധിയുടെയും സമാധാനത്തിന്റെയും പ്രതീകമായ പരിശുദ്ധാത്മാവ് |
| നാലിതൾപൂവ് | - | കുരിശ് |
| പക്ഷികൾ | - | വിശ്വാസികൾ |
| കപ്പൽ | - | സഭ |
| മഴവില്ല് | - | ഏഴു കൂദാശകൾ |
| കൂടുവിട്ടു പോകുന്ന പക്ഷി | - | മരണം |
| സർപ്പം | - | പാപത്തിന്റെ പ്രതീകമായ സാത്താൻ |
| വീണ | - | ദൈവാരാധനയുടെ പ്രതീകം |

ഈ പ്രതീകങ്ങൾ എല്ലാംതന്നെ പള്ളിയുടെ മദ്ബഹായിൽ - ബസ്കുദിശായിൽ ചിത്രീകരിക്കപ്പെട്ടിട്ടു്. ഇലച്ചാറുകളും മറ്റു പ്രകൃതിവസ്തുക്കളും ഉപയോഗിച്ചുവരച്ചിട്ടുള്ള ചുവർച്ചിത്രങ്ങൾ ഇവിടത്തെ പ്രത്യേകതയാണ്. പള്ളിയുടെ അകത്തെ ചെറിയ തോണോസിനു മുന്നിൽ വരച്ചിട്ടുള്ള ദൈവമാതാവിന്റെ ചിത്രവും ക്രൂശിതനായ ക്രിസ്തുവിന്റെ ചിത്രവും ചിറകുള്ള മാലാഖമാരുടെ ചിത്രവും അത്യാകർഷകമാണ്. പുതിയതായി നിർമ്മിച്ച മദ്ബഹായുടെ അകത്തും ബസ്കദിശായിലും മുൻവശത്തെ ചുവരുകളിലും വരച്ചിട്ടുള്ള ചിത്രങ്ങൾക്കും ഒട്ടേറെ അർത്ഥതലങ്ങളു്. പള്ളിയകത്തുള്ള കെടാവിളക്കുകൾ പുതിയ ചാപ്പലിനു മുന്നിൽ സ്ഥാപിക്കപ്പെട്ട കൽവിളക്കുകൾ, അങ്ങനെ അനേകം പ്രത്യേകതകൾ പുതുപ്പള്ളി പള്ളിയിലു്.

### 9.1.3 പുതുപ്പള്ളി പെരുന്നാളും ആചാരാനുഷ്ഠാനങ്ങളും

പുതുപ്പള്ളി പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുനാൾ മെയ് 6, 7 തീയതികളിലും (മേടം 23, 24) വിശുദ്ധ ബഹനാൻ സഹദായുടെ ഓർമ്മപ്പെരുന്നാൾ ഡിസംബർ 23-ാം തീയതിയും വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ആഗസ്റ്റ് 15-ാം തീയതിയും ജനനപ്പെരുനാൾ എട്ടു നോമ്പിനോടനുബന്ധിച്ച് സെപ്റ്റംബർ 8-ാം തീയതിയും ആഘോഷിച്ചു വരുന്നു. മർത്തശ്മൂനിയമ്മ, മൊർത്ത് യുലീത്തി, വിശുദ്ധ തോമാശ്ലീഹാ, പരിശുദ്ധനായ പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി, പരിശുദ്ധനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യാസ് തിരുമേനി, പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി എന്നിവരുടെ ഓർമ്മപ്പെരുന്നാളുകളും പുതുള്ളി പള്ളിയിൽ ആചരിക്കുന്നു.

പുതുപ്പള്ളി പെരുന്നാൾ എന്നാൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ എന്നാണ് ജനം അർത്ഥമാക്കുന്നത്. മറ്റു പെരുന്നാളുകൾ ആചരിക്കാറുണ്ടെങ്കിലും ഗീവർഗീസ് സഹദായുടെ പെരുന്നാളിനാണ് പരമപ്രാധാന്യം കല്പിച്ചിട്ടുള്ളത്, ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ കൊാടുന്ന മെയ് 6, 7 തീയതികൾ (മേടം 23, 24 തീയതികൾ) പുതുപ്പള്ളിയെ സംബന്ധിച്ചിടത്തോളം അനുഗ്രഹിക്കപ്പെട്ട ദിനങ്ങളാണ്. പെരുന്നാൾ ദിവസങ്ങളിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ആയിരക്കണക്കിന് ജനങ്ങൾ പുതുപ്പള്ളിയിൽ എത്തുന്നു. വമ്പിച്ച ജനക്കൂട്ടത്തെക്കുറിച്ച് പറയാൻ "പുതുപ്പള്ളി പെരുന്നാളിന്റെ ആള്" എന്നൊരു ശൈലിതന്നെയുു്. കേവലം ഒരു ക്രൈസ്തവ ആഘോഷം എന്നതിലധികം ഒരു മഹോത്സവമായാണ് ഗീവറുഗീസ് പുണ്യവാളന്റെ ഓർമ്മപ്പെരുന്നാൾ ഇവിടെയുള്ളവർ ആഘോഷിക്കുന്നത്. അതുകൊുതന്നെ ഗീവറുഗീസ് പുണ്യവാളന്റെ ഓർമ്മപ്പെരുന്നാൾ അറിയപ്പെടുന്നത് പുതുപ്പള്ളി പെരുന്നാൾ എന്നാണ്. മതപരമായ ആഘോഷത്തിനപ്പുറം ഇതൊരു ദേശീയ ഉത്സവമാണ്.

മുൻകാലങ്ങളിൽ മലങ്കരയുടെ നാനാഭാഗത്തുനിന്നും തീർത്ഥാടകർ പെരുന്നാളിന് എത്തിയിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ ഭക്തജനപ്രവാഹം. ഇന്നത്തേതു പോലെ യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കെട്ടുവള്ളങ്ങളിലും കാളവികളിലും കാൽനടയായുമാണ് തീർത്ഥാടകർ എത്തിയിരുന്നത്. കൊടൂരാറ്റിൽ നിരനിരയായി വളവര വച്ച അനേകം വള്ളങ്ങൾ പെരുന്നാൾദിനങ്ങളിൽ വന്നുകിടക്കുന്നതിനെക്കുറിച്ച് പൂർവ്വികർ പറയുന്നു. പുതുപ്പള്ളിയിലെ വീടുകളിൽ തീർത്ഥാടകർക്ക് താമസസൗകര്യം നൽകിയിരുന്നു. ഉദ്യോഗാർത്ഥവും മറ്റും അന്യദിക്കുകളിൽ പോയിരുന്ന പുതുപ്പള്ളിക്കാർ വർഷത്തിലൊരിക്കൽ നാട്ടിലെത്തി ബന്ധുമിത്രാദികളോടൊപ്പം ഒത്തുചേരുന്ന സന്ദർഭവും പെരുന്നാൾ ദിവസങ്ങളാണ്. പെരുന്നാൾ ജ്വരം ബാധിച്ചുകഴിഞ്ഞാൽ പുതുപ്പള്ളിയിലെ ക്രിസ്തീയഭവനങ്ങളിൽ ആഴ്ചകളോളം ഉത്സവാന്തരീക്ഷം നിലനിന്നിരുന്നു. മക്കളും മരുമക്കളും വിദൂരദേശങ്ങളിൽ കെട്ടിച്ചയച്ചവരും അവരുടെ ബന്ധുക്കളും എല്ലാ ഭവനങ്ങളിലും അതിഥികളായി ഉായിരിക്കും. യാത്രാസൗകര്യം കുറവായിരുന്നതിനാൽ പലരും മടങ്ങിപ്പോകുന്നത് ദിവസങ്ങൾ കഴിഞ്ഞാണ്. "പെരുന്നാൾപനി ബാധിച്ച ഞങ്ങളുടെ വീടുകളിൽ എന്നും സദ്യയായിരുന്നു. ചെമ്പിലോ, വാർപ്പിലോ ആയിരുന്നു അരി വയ്ക്കുന്നത്. അത്രമാത്രം ആളുകൾ അന്ന് പെരുന്നാളിന് വരുമായിരുന്നു" - പ്രായമുള്ളവർ പറയുന്നു.

കേരളത്തിലെ തെക്കൻനാടുകളിൽ പുകാലം മുതൽ 'പുതുപ്പള്ളിപ്പോക്ക്' ഒരു നേർച്ചയായി വിശ്വാസികളുടെ ഇടയിൽ ഇന്നും നിലനിൽക്കുന്നു. നാടിന്റെ ഐശ്വര്യത്തിനു വേിയും സർപ്പദോഷം, പൈശാചികമായ അനുഭവങ്ങൾ തുടങ്ങിയവയിൽനിന്നും വിമുക്തി ലഭിക്കുന്നതിനും ഭക്തജനങ്ങൾ ഇതു നടത്തിപ്പോരുന്നു. ശാരീരികവും മാനസികവുമായ ആധിവ്യാധികളിൽനിന്നും വിശുദ്ധ ഗീവവർഗീസ് സഹദാ കാത്തുരക്ഷിക്കുമെന്നാണ് ഭക്തജനങ്ങൾ ദൃഢമായി വിശ്വസിക്കുന്നത്. ആയിരങ്ങൾ അരയിൽ തോർത്തു ചുറ്റി പുതുപ്പള്ളി ആറ്റിൽ മുങ്ങിക്കുളിച്ച് പള്ളിക്കു ചുറ്റും പ്രായശ്ചിത്തപരിഹാര പ്രദക്ഷിണം ചെയ്യുന്ന പതിവുമു്. ചുട്ടുപഴുത്ത മണലിൽ ശയനപ്രദക്ഷിണം നടത്തിയും മുട്ടിന്മേൽ നീന്തിയുമാണ് പരിഹാരപ്രദക്ഷിണം നടത്താറുള്ളത്.

കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിൽനിന്നും ചെറുസംഘങ്ങളായി കാൽനടയായാണ് ഭക്തജനങ്ങൾ എത്തിയിരുന്നത്. പുതുപ്പള്ളി പുണ്യവാളനെ സ്തുതിക്കുന്ന പാട്ടുകൾ പാടിയുള്ള "തെക്കരുടെ വരവ്" ഒരു കാഴ്ച തന്നെയായിരുന്നു. പുതുപ്പള്ളി പുണ്യവാളനുള്ള നേർച്ച ക്കോഴികളുമായാണ് അവർ വരുന്നത്. സ്വന്തം വീടുകളിൽനിന്നുള്ളവയും പള്ളിയിൽ വരാൻ സാധിക്കാത്തവർ കൊടുത്തയയ്ക്കുന്നവയുമാണ് ഈ നേർച്ചക്കോഴികൾ. പകൽ മുഴുവൻ നടന്നും വൈകിട്ട് ഏതെങ്കിലും വീടുകളുമായി ബന്ധപ്പെട്ട് സ്വന്തമായി ഭക്ഷണം പാകം ചെയ്ത് ഭക്ഷിച്ചും അങ്ങനെ രും മൂന്നും ദിവസത്തെ അതിക്ലേശകരമായ യാത്രയ്ക്കുശേഷമാണ് പല സംഘങ്ങളും പുതുപ്പള്ളിയിൽ എത്തുക. തീർത്ഥാടകർക്ക് ആഹാരം പാകം ചെയ്യുവാൻ സൗകര്യം ചെയ്തുകൊടുക്കുന്നത് പുണ്യമായി കരുതപ്പെടുന്നു. യാത്രാസൗകര്യം വർദ്ധിച്ചതിനു ശേഷം പത്തേതുപോലെ കാൽനടയായി വരുന്ന സംഘങ്ങൾ കുറഞ്ഞിട്ടു്. "കാൽനടയായി വന്ന് പുണ്യവാളനെ കാണാം" എന്ന് തീരുമാനിച്ചെത്തുന്ന ഭക്തജനങ്ങൾ ഇന്നും ഇല്ലാതായിട്ടില്ല.

### 9.1.3.1 പുതുപ്പള്ളി പെരുന്നാളിന്റെ തനതു സവിശേഷതകൾ

വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ കാലംമുതൽ മലങ്കരനസ്രാണികൾ കേരളത്തിൽ സവർണ്ണഹിന്ദുക്കളെപ്പോലെയാണ് ജീവിച്ചുപോന്നത്. അതിനാൽ, പെരുന്നാൾ ചടങ്ങുകൾ കേരളക്ഷേത്രങ്ങളിലെ ആചാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലം കടന്നിട്ടും രൂപം മാറാത്ത ആചാരങ്ങളും കാലത്തിനൊപ്പം നിന്നുപോയ അനുഷ്ഠാനങ്ങളും പുതുപ്പള്ളി പെരുന്നാളിനു്. കൊടിമരമിടീൽ, വിറകിടീൽ, അരിയിടീൽ, വെടിക്കെട്ട്, വെച്ചൂട്ട്, കോഴിനേർച്ച, റാസ എന്നിങ്ങനെ പുതുപ്പള്ളി പെരുന്നാളിന് തനതായ സവിശേഷതകൾ പലതു്.

### 9.1.3.2 കൊടിമരങ്ങൾ

പെരുന്നാളിന് 10 ദിവസം മുമ്പ്, മേടം 15-ാം തിയതി കൊടിമരമിടുന്നു. ര് കൊടിമരങ്ങൾ പുതുപ്പള്ളി പെരുന്നാളിന്റെ പ്രത്യേകതയാണ്. രു ദേവസ്ഥാനങ്ങൾ ഒരുപോലെയുള്ള ദേവാലയങ്ങളിലാണ് അപൂർവ്വമായി ര് കൊടിമരങ്ങൾ കുവരുന്നത്. തെക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന വെന്നിമല ക്ഷേത്രത്തിൽ ര് കൊടിമരമു്. പുതുപ്പള്ളി പള്ളിയിൽ ഇടുന്ന കൊടിമരം വിശുദ്ധ ഗീവർഗീസ് സഹദായെയും വിശുദ്ധ ബഹനാൻ സഹ ദായെയും ആവാം പ്രതിനിധീകരിക്കുന്നത്. മേടം 15-ാം തീയതി പുതുപ്പള്ളി-എറികാട് കര ക്കാർ ഓരോ കമുക് ഘോഷയാത്രയായി കൊുവന്ന് നാട്ടി കൊടിയേറ്റുന്നു. അടുത്ത ദിവസം മുതൽ പെരുന്നാൾവരെ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കതിനാവെടികൾ മുഴക്കുകയും കൊടിമരച്ചുവട്ടിൽ വാദ്യമേളങ്ങൾ നടത്തുകയും ചെയ്യുന്നു. ഹൈന്ദവ

ക്ഷേത്രങ്ങളിലെ കൊടിയേറ്റ് എന്ന ചടങ്ങിനോട് സദൃശമാണ് പുതുപ്പള്ളി പള്ളിയിലെ കൊടിമരമിടീൽ. വൈദികരുടെ അനുമതിയോടും പ്രാർത്ഥനയോടും കൂടിയാണ് കൊടിമരമിടീലുമായി ബന്ധപ്പെട്ട എല്ലാ കർമ്മങ്ങളും. വൈദികർ ആശീർവദിച്ചാണ് കൊടിമരത്തിന്റെ ഉച്ചിയിൽ കുരിശ് നാട്ടുന്നത്. ആദ്യത്തെ കൊടി കെട്ടുന്നതും വൈദികർതന്നെ. കൊടിമരങ്ങളുടെ അടി മുതൽ മുടിവരെ കുരിശടയാളങ്ങൾ നിറഞ്ഞ കൊടികൾ പ്രത്യേകമായി ചരടിൽ കെട്ടി ഉയർത്തുന്നു. കൊടികളിൽ ഏറിയപങ്കും നേർച്ചയായി ലഭിക്കുന്നതാണ്. കൊടി മരച്ചുവട്ടിൽ നടത്തുന്ന വാദ്യാഘോഷങ്ങൾ ഏതാ് ശീവേലി എഴുന്നള്ളത്തിനെ അനുസ്മരിപ്പിക്കുന്നു. വിഗ്രഹങ്ങൾ ഇല്ലെന്നുമാത്രം. പുതുപ്പള്ളി പെരുന്നാൾ നാനാജാതി മതസ്ഥരുടെ പ്രാദേശിക ഉത്സവമായതും മതമൈത്രിയുടെ സംഗമമായതുമാകാം ഈ പ്രത്യേകതകൾക്കു കാരണം.

പെരുന്നാൾ അടുത്തുവരുന്നതോടെ വാദ്യമേളങ്ങളുടെ കൊഴുപ്പും ദൈർഘ്യവും കതിനാവെടികളുടെ എണ്ണവും കൂടിവരും. പെരുന്നാളിന്റെ തലേദിവസമായ മേടം 23-ന് രാവിലെ മുതൽ പള്ളിയിലേക്ക് ഭക്തജനപ്രവാഹം ആരംഭിക്കുന്നു. ഉച്ചകഴിയുമ്പോൾ തീർത്ഥാടന പ്രവാഹം വർദ്ധിച്ച് പള്ളിയും പരിസരവും ജനസമുദ്രമായി മാറുന്നു. തിരക്ക് ഏറുമെന്ന് അറിയാവുന്നതുകൊ് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഇടവകാംഗങ്ങൾ നേരത്തെതന്നെ ചെയ്തിട്ടുാവും. കാണിക്ക ഇടുന്നതിനും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്ന തിനും പ്രത്യേകം സംവിധാനങ്ങൾ ഉാവും. കുർബ്ബാനപണം വാങ്ങുന്നതിന് വൈദികർ പ്രത്യേകം നിയോഗിച്ച് ആളുകൾ തയ്യാറായി നിൽക്കും. കാണിക്ക ഇടുന്നതിന് പള്ളിയുടെ പല ഭാഗത്തായി വഞ്ചികകൾ വച്ചിട്ടുാവും. കാണിക്കയിട്ടാൽ പ്രസാദം കൊടുക്കുന്നതിന് പ്രത്യേകം ആളുകൾ ഉ്. പ്രസാദമായി കൊടുക്കുന്നത് നേർച്ചയായി ലഭിക്കുന്ന കുരുമുളക്, എള്ള്, കുന്തിരിക്കം, അരി വറുത്തത്, കരപ്പനപ്പം തുടങ്ങിയവയാണ്.

പുതുപ്പള്ളി പള്ളിയിലെ വെച്ചൂട്ടിനുള്ള കറികൾ നേരത്തെതന്നെ ഇടവകാംഗങ്ങൾ തയ്യാറാക്കിയിരിക്കും. ചമ്മന്തിപ്പൊടിയും അച്ചാറും മോരുമാണ് വിഭവങ്ങൾ. അവ പെരുന്നാളിന് രുമൂന്നുദിവസം മുമ്പുതന്നെ തയ്യാറാക്കും. അച്ചാറിനുള്ള മാങ്ങ അരിയുന്നതും ചമ്മന്തിക്കുള്ള തേങ്ങ ചുരുന്നതും സ്ത്രീജനങ്ങളാണ്. പലരും നേർച്ചയായി അതു ചെയ്തുവരുന്നു. പെരുന്നാളിന് ഏതാനും തേങ്ങ ചുരാൻ കഴിയുന്നത് അനുഗ്രഹപ്രദമായി കരുതുന്നു. ചമ്മന്തി ഇടിക്കുക തുടങ്ങിയ ശ്രമകരമായ ചടങ്ങുകൾ പുരുഷന്മാരുടെ ചുമതലയിലാണ് നടത്തുന്നത്. മോരുകൂട്ടാനും കൂട്ടുത്തരവാദിത്വത്തോടെ ഇടവകാംഗങ്ങൾ തയ്യാറാക്കുന്നു. പുതുപ്പള്ളി പുണ്യവാളന്റെ വെച്ചൂട്ടിന് പതിനായിരക്കണക്കിന് ഇലകൾ ആവശ്യമാണ്. ഈ ഇലകൾ നേർച്ചയായി ഇടവകയുടെ വിവിധ ഭാഗങ്ങളിൽനിന്നും ലഭിക്കുന്നു. മേടമാസം 18-ഓടുകൂടി പെരുന്നാളിനുവേ എല്ലാവിധത്തിലുമുള്ള പന്തൽ, കൊട്ടിൽ തുടങ്ങിയ മുന്നൊരുക്കങ്ങൾ നടത്തിയിരിക്കും. തുടർന്ന് പള്ളിയിൽ കൺവൻഷൻ യോഗങ്ങൾ ആരംഭിക്കുന്നു. പ്രസിദ്ധ രായ വാഗ്മികൾ ഈ യോഗങ്ങൾക്ക് ഉണർവ് ഏകുന്നു. പെരുന്നാളിന് ആവശ്യമായ ആത്മീയ സാന്നിധ്യം ലഭിക്കുവാൻ കൺവൻഷൻ യോഗങ്ങൾ സഹായിക്കുന്നു.

#### 9.1.3.3 വിറകിടീൽ

പെരുന്നാളിന്റെ തലേന്നാൾ അതായത് മേടം 21-ാം തീയതി ഉച്ചകഴിഞ്ഞ് ഇടവകാംഗങ്ങൾ സംഘം ചേർന്ന് ആഘോഷത്തോടെ വിറകു കൊുവന്ന് സൂക്ഷിക്കുന്നതാണ് വിറകിടീൽ.

പുതുപ്പള്ളി, എറികാട് കരക്കാർ പ്രത്യേകമായി സംഘം ചേർന്ന് മത്സരബുദ്ധിയോടെ വിറകു ശേഖരിച്ച് വാദ്യമേളങ്ങളുടെയും വള്ളപ്പാട്ടുകളുടെയും അകമ്പടിയോടെ പള്ളിയിലെത്തുന്ന കാഴ്ച ആവേശകര മാണ്. പെരുന്നാൾ സദ്യയായ വെച്ചൂട്ടിന് അരിയും ഇറച്ചിയും പാകം ചെയ്യുന്നതിനാവശ്യമായ വിറക് ശേഖരിക്കുകയാണ് ഈ ചടങ്ങിന്റെ ലക്ഷ്യം. കൃത്യ സമയത്തു തന്നെ പാചകം തീരണമെങ്കിൽ അതിനാവശ്യമായ വിറക് വേണം. ഇടവകയിലെ ജനങ്ങൾ കുബേര-കുചേലവ്യത്യാസമില്ലാതെ ഈ ചടങ്ങിൽ പങ്കെടുക്കുന്നു.

ഏതെങ്കിലും മലയിലോ കുന്നിലോ ചെന്ന് മരം മുറിച്ച് വിറകുകൊു വരികയായിരുന്നു പഴയ രീതി. ഇന്ന് കാടും മലയും അന്യമായി തീർന്നെങ്കിലും ചടങ്ങ് നടത്താറു്. സ്വന്തം വീടുകളിൽനിന്നോ, വിലയ്ക്ക് വാങ്ങിയോ വിറക് എത്തിക്കുവാൻ ഇടവകയിലെ ആളുകൾ ശ്രദ്ധിക്കുന്നു. വിറക് നേർച്ചയും നിലവിലു്. കാളവി ഉായിരുന്നവർ ഒരു വിനിറയെ വിറക് നേർച്ച നൽകിയിരുന്നു. വള്ളത്തിൽ നിറയെ നേർച്ചവിറക് ഇറക്കിയിരുന്ന കാലവും ഉായിരുന്നു. ആർപ്പുവിളിയും സഹദായുടെ മഹത്ത്വം പ്രകീർത്തിക്കുന്ന വള്ളപ്പാട്ടുമായി വിറക് പള്ളിയിലെത്തുമ്പോൾ കൂട്ടമണിയും കതിനാവെടിയും മുഴങ്ങും. രുദിവസം വരെ നീ വിറകിടീൽ ചടങ്ങുകൾ ഉായിട്ടു്. ഒരു ദിവസംതന്നെ രുപ്രാവശ്യം വിറകിടീൽ നടത്തിയ വർഷങ്ങളുമു്. വിറക് ചുമക്കാൻ ശേഷിയില്ലാത്ത പ്രായമായവർ ഒരു കമ്പ് വിറകെങ്കിലും കൊിട്ട് ചടങ്ങിൽ പങ്കുചേരും. മുത്തച്ഛന്മാർ കൊച്ചുമക്കളെക്കൊ് വിറകുകമ്പ് എടുപ്പിച്ചുകൊുവരുന്നു.

വിറകിടീൽ കഴിഞ്ഞാൽ പള്ളിമുറികളിൽ സൂക്ഷിച്ചിട്ടുള്ള വാർപ്പുകളും ചെമ്പുകളും പുറത്തിറക്കി കഴുകി വെടിപ്പാക്കുന്നു. അരി വയ്ക്കുന്നതിന് ‘പന്തിരു നാഴി’ എന്നറിയപ്പെടുന്ന 12 പറ അരി വയ്ക്കാവുന്ന വാർപ്പും അതിലും വലിപ്പം കുറഞ്ഞ വാർപ്പുകളും ു്. ഇറച്ചി പാകം ചെയ്യുന്നതിന് പന്തിരുനാഴിയോടൊപ്പം നിൽക്കുന്ന ചെമ്പും ഏതാനും ചെറിയ ചെമ്പുകളുമു്. ആർപ്പുവിളിയോടും വാദ്യമേളങ്ങളോടും കൂടി ‘പന്തിരുനാഴി’ എടുത്ത് കുരിശിൻതൊട്ടിക്കു ചുറ്റും പ്രദക്ഷിണം വയ്ക്കുന്നു. അതിനുശേഷം കഴുകി വൃത്തിയാക്കി അടുപ്പിൽ കയറ്റുന്നു. മുന്നൊരുക്കമായി പന്തലും അടുപ്പും മറ്റും കൂട്ടിയിരിക്കും. ഇതിന് നിശ്ചിത സ്ഥാനങ്ങളും പ്രത്യേകമായ രീതിയുമു്. പള്ളിയിലെ കെടാവിളക്കിൽനിന്ന് പ്രധാന പുരോഹിതൻ കോൽവിളക്കിലേക്കു പകർന്നു കൊടുക്കുന്ന തിരിനാളം ഭക്ത്യാദരപൂർവം കൊുവന്ന് അടുപ്പിൽ ജ്വലിപ്പിക്കുകയാണ് പതിവ്. അരിവയ്പ്പ് ആരംഭിക്കുന്നതിന് മുഹൂർത്തവുമു്. അരി ആദ്യം വാർപ്പിലേക്കിടുന്നത് ആരായിരിക്കണം എന്നതിനുവരെ ചിട്ടകളും ക്രമങ്ങളും ഉായിരുന്നു.

പെരുന്നാളിന്റെ തലേന്നാൾ ഏഴരയോടുകൂടി സന്ധ്യാനമസ്കാരവും തുടർന്ന് സുവിശേഷ പ്രസംഗവും കഴിഞ്ഞ് പള്ളിചുറ്റിയുള്ള പ്രദക്ഷിണം നടത്തുന്നു. ഇപ്പോൾ പ്രദക്ഷിണം നിലയ്ക്കൽ പള്ളിവഴി പുതുപ്പള്ളി കവല ചുറ്റിയാണ് നടത്താറുള്ളത്. ഇരവിനല്ലൂർ കൊച്ചാലും മൂട്ടിൽനിന്നുള്ള റാസയും ഇതോടൊപ്പം ചേരും. പ്രദക്ഷിണം കഴിഞ്ഞാൽ ഗംഭീരമായ വെടിക്കെട്ട് നടത്താറു്. പതിനായിരങ്ങളെ ആകർഷിക്കുന്നതാണ് പുതുപ്പള്ളി വെടിക്കെട്ട്.

#### 9.1.3.4 ലക്ഷദീപം

വെടിക്കെട്ടിനൊപ്പമോ അതിലധികമോ ആകർഷകമാണ് പെരുന്നാളിന്റെ ഭാഗമായ ദീപക്കാഴ്ച അഥവാ ‘ലക്ഷദീപം’. പുതുപ്പള്ളി പെരുന്നാളിന്റെ കേരളതനിമ എന്നു

വിശേഷിപ്പിക്കാവുന്ന ദീപക്കാഴ്ച ഉത്സവങ്ങളോടനുബന്ധിച്ചുള്ള ദീപാലങ്കാരങ്ങളെ അനുസ്മരിപ്പിക്കുന്നു. പള്ളിയുടെ മുമ്പിലുള്ള വിശാലമായ പാടങ്ങളിൽ മുഴുവൻ കാലുകൾ നാട്ടി അവയുടെ അറ്റത്ത് വാഴപ്പിി വട്ടത്തിൽ മുറിച്ച് കുത്തിനിർത്തും. അവയിൽ ചിരട്ട നിരത്തി എണ്ണയിൽ നനച്ച കിഴിയിട്ടു കത്തിച്ചാണ് ദീപക്കാഴ്ച നടത്തുന്നത്. വിദ്യുച്ഛക്തി കിട്ടിയ തിനുശേഷം പള്ളിയുടെ മുഖവാരവും, കുരിശിൻതൊട്ടിയും മതിലുകളും വിവിധ നിറത്തിലുള്ള വൈദ്യുതദീപങ്ങൾകൊ് അലങ്കരിക്കുന്നുങ്കെിലും പാടത്തുള്ള ദീപക്കാഴ്ച ഇന്നും തുടരുന്നു. പാടത്തു വയ്ക്കുന്ന ദീപക്കാഴ്ചയും അവയുടെ ജലത്തിൽ പതിക്കുന്ന പ്രതിച്ഛായ കളും, വൈദ്യുതവിളക്കുകളുടെ അലങ്കാരവും എല്ലാംകൂടി 'ലക്ഷദീപം' എന്ന പേര് അന്വർത്ഥമാക്കുന്നു. വെടിക്കെട്ടിനുശേഷം കലാപരിപാടികൾ പതിവാണ്. പരമ്പരാഗത കലാരൂപങ്ങളായ മാർഗ്ഗംകളി, പരിചമുട്ടുകളി എന്നിവയ്ക്കൊപ്പം ആധുനികമായ നാടകം, കഥാപ്രസംഗം, ഗാനമേള തുടങ്ങിയവയും അരങ്ങേറിയിരുന്നു. രാത്രിയിൽ ഉറക്കമിളച്ച് പിറ്റേ ദിവസത്തേക്കുള്ള പാചകങ്ങളിൽ ഏർപ്പെടുന്നവർക്കും വിദൂരദേശങ്ങളിൽനിന്ന് പെരുന്നാൾ ദിവസത്തെ ചടങ്ങുകളിൽ പങ്കെടുക്കാൻ എത്തി കാത്തിരിക്കുന്നവർക്കും മാനസികമായ ഉല്ലാസ ത്തിനുവേി എർപ്പെടുത്തിയിരുന്ന ഇത്തരം കലാപരിപാടികൾക്ക് ഇന്ന് മുമ്പുായിരുന്നത്ര പ്രസക്തി ഇല്ല.

വെച്ചൂട്ടിനുള്ള അരിയിടുന്നത് രാത്രി ഒരുമണിക്കാണ്. പള്ളിയുടെ മുൻഭാഗത്തുകൂടി ഒഴുകുന്ന കൊടൂരാറിലെ പുതുവെള്ളത്തിലാണ് പുതുപ്പള്ളി പുണ്യവാളന്റെ നേർച്ചചോറ് പാകം ചെയ്യുന്നതിനുള്ള അരി കഴുകി എടുക്കേത്. ഇന്നും വാർപ്പു വച്ചാൽ ഒരു കുടംവെള്ളം കൊടൂരാറ്റിൽനിന്നും കോരിയൊഴിച്ച് അരി കഴുകുന്ന പതിവു്. അരി ഇടുമ്പോൾ കതിനാവെടി മുഴങ്ങുന്നു. ഒരുഭാഗത്ത് വെച്ചൂട്ടിനു ചോറും മറ്റും പാകംചെയ്തുകൊിരിക്കുമ്പോൾ മറ്റൊരു ഭാഗത്ത് നേർച്ചയ്ക്കുള്ള കോഴിയെ പാകപ്പെടുത്തുവാനുള്ള ഒരുക്കങ്ങളും നടക്കും.

അരിയിടീൽ കഴിഞ്ഞാൽ രു കുർബ്ബാനകൾ ഉാവും. ആദ്യത്തെ കുർബ്ബാന വെളുക്കുന്നതിനുമുമ്പ് കഴിയും. അതിൽ സംബന്ധിക്കുന്നതിന് ധാരാളം തീർത്ഥാടകരു ായിരിക്കും. പെരുന്നാൾദിവസത്തെ കർമ്മത്തിൽ സംബന്ധിക്കണമെന്ന് നിർബന്ധമുള്ള വരും, കാണിക്ക ഇട്ട് നേരത്തെ മടങ്ങിപ്പോകണമെന്ന് ആഗ്രഹമുള്ളവരുമാണ് ആദ്യകുർബ്ബാന യിൽ പങ്കെടുക്കുന്നവരിൽ അധികവും. രാമത്തേത് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയായാണ്. ചില കാലങ്ങളിൽ അഞ്ചിന്മേൽ കുർബ്ബാനയും നടത്താറുായിരുന്നു. പള്ളി നവീകരിക്കപ്പെട്ട തോടെ ഒൻപത് ത്രോണോസുകളിലും ഒരുപോലെ കുർബാന ഉാവും. പെരുന്നാൾ ദിവസ മുള്ള രാമത്തെ വിശുദ്ധ കുർബ്ബാന ഏകദേശം 11 മണിയോടുകൂടി അവസാനിക്കും. പിന്നീടാണ് പ്രസിദ്ധമായ വെച്ചൂട്ട്.

#### 9.1.3.5 വെച്ചൂട്ട്

പുതുപ്പള്ളി പള്ളിയിലെ വെച്ചൂട്ട് വളരെ പ്രസിദ്ധമാണ്. ഉച്ചയ്ക്കുമുമ്പുതന്നെ അത് ആരംഭിക്കുന്നു. കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ നടന്നുവരുന്ന പ്രസാദമൂട്ടിനു തുല്യമാണ് വെച്ചൂട്ട്. പുതുപ്പള്ളിയുടെ സാംസ്കാരിക തനിമയും പാരമ്പര്യവും പ്രകടമാകുന്ന ഒന്നാണത്. പെരുന്നാളിന് പള്ളിയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് ഭക്ഷണം നൽകുന്ന വിശിഷ്ടകർമ്മം. വൈദികരുടെ പ്രാർത്ഥനകൾക്കുശേഷം അവരുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി ഭക്ത്യാദര പുരസ്സരം ചോറും കറികളും വിളമ്പുന്നു. പള്ളിപ്പറമ്പിൽ ആളുകളെ ഇരുത്തിയാണ് ചോറു

വിളമ്പുന്നത്. പതിനായിരങ്ങൾ പങ്കെടുക്കുന്ന ഈ വെച്ചൂട്ടിന് ഒറ്റ ഇരുപ്പിൽ എല്ലാവരെയും ഇരുത്താൻ സ്ഥലം തികയാത്തതിനാൽ ഒന്നിലധികം ഏറ്റ് വേിവരും. വിശ്വാസികൾ നേർച്ചച്ചോറ് ദിവ്യൗഷധമായി തങ്ങളുടെ ഭവനങ്ങളിൽ കൊുപോയി ഉണക്കി സൂക്ഷിക്കുന്നു. രോഗികൾ അത് ഉപയോഗിച്ച് രോഗവിമുക്തി നേടിയതായി സാക്ഷ്യങ്ങളു്. വേസമയത്ത് വെച്ചൂട്ടിന് എത്തിച്ചേരാൻ കഴിയാതെ പള്ളിയിൽ വന്ന് അരിയും മറ്റും വാങ്ങി കൊുപോയി ഭക്തിയോടെ പാകം ചെയ്യുന്ന തീർത്ഥാടകരു്. വെച്ചൂട്ടിന് വിളമ്പുന്ന നേർച്ചച്ചോറും കറികളും പ്രാർത്ഥനയോടെ വീട്ടിൽ കൊുപോയി സ്വന്തക്കാർക്കും, അയൽക്കാർക്കും പങ്കുവെച്ച് പുണ്യം നേടുന്ന തീർത്ഥാടകരുടെ എണ്ണം വളരെയാണ്.

വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമധേയത്തിലുള്ള നേർച്ചയായി കണക്കാക്കി ക്രൈസ്തവർ വെച്ചൂട്ടിൽ പങ്കെടുക്കുമ്പോൾ അന്യമതസ്ഥർ അത് സഹദായുടെ പ്രസാദമായി കരുതി പങ്കാളികളാകുന്നു. ഏവരും അവരുടെ ഭക്തിയുടെയും വിശ്വാസത്തിന്റെയും ശക്തി ക്കൊപ്പം പുണ്യം നേടി കൃതാർത്ഥരാകുന്നു. കുട്ടികൾക്ക് ആദ്യമായി ചോറു കൊടുക്കുവാൻ അനേകം മാതാപിതാക്കൾ വെച്ചൂട്ടിൽ സംബന്ധിക്കാറു്. വൈദികർ കുഞ്ഞുങ്ങൾക്ക് ചോറുവാരിക്കൊടുത്താണ് ഈ കർമ്മം നിർവഹിക്കുന്നത്.

#### 9.1.3.6 കോഴിനേർച്ച – കോഴിവെട്ട്

പുതുപ്പള്ളി പള്ളിയിലെ കോഴിവെട്ട് വളരെ പ്രസിദ്ധമാണ്. പള്ളിയിൽ നേർച്ചയായി ലഭിക്കുന്ന കോഴികളെ വെട്ടിക്കൊന്ന് മാംസം എടുത്ത് വെടിപ്പാക്കി പാകം ചെയ്തു നേർച്ചയായി വിളമ്പുന്ന പതിവ് പുകാലംമുതൽ ഉ്. കാലാനുസൃതമായ ചില വ്യത്യാസങ്ങൾ ഉായിട്ടുങ്കെിലും ആ പതിവ് ഇപ്പോഴും തുടരുന്നു. വിശ്വാസികൾ വീടുകളിൽ കോഴിയെ അടവയ്ക്കുമ്പോൾ ഒരു മുട്ടയിൽ കുരിശടയാളം ഇടുകയും തലപ്പൂവനെ പള്ളിക്കു കൊടുവയ്ക്കുകയും പതിവാണ്. താറാവ് വളർത്തുന്നവരും അങ്ങനെ ചെയ്യാറു്. അങ്ങനെ വരുന്ന നേർച്ചക്കോഴികളെയാണ് പെരുന്നാളിന് വെട്ടുന്നത്. ഇടയ്ക്കുവരുന്ന കോഴികളെ ലേലം ചെയ്യുകയാണ് പതിവ്.

പഴയകാലത്ത് കോഴിവെട്ട് എന്ന ചടങ്ങ് ഇന്നത്തേതിലും വളരെ വിപുലമായിരുന്നു. കോഴികളുടെ കഴുത്തറുക്കാൻ പ്രത്യേക 'അവകാശികൾ' ഉായിരുന്നു. കോഴികളുടെ തല അപ്പോൾതന്നെ അവർക്കെടുക്കാം, കോഴിയെ കൊന്നുകൊിരിക്കുമ്പോൾതന്നെ അവയെ തിളച്ച ചൂടുവെള്ളത്തിൽ മുക്കുക, പപ്പുപറിക്കുക, കഷണങ്ങളാക്കുക തുടങ്ങിയവയ്ക്ക് ചുമതലപ്പെട്ടവർ അവ ചെയ്യുന്നു. കോഴിയെ വെട്ടി നുറുക്കുവാൻ പ്രത്യേകം 'കോഴിത്തടികൾ' ഉായിരുന്നു. ഒരുകാലത്ത് പുതുപ്പള്ളിയിൽ ഉായിരുന്നതായി പറയപ്പെടുന്ന ഏഴ് ആനകളാണ് പെരുന്നാളിന് ആവശ്യമായ കോഴിത്തടികൾ പള്ളിയിൽ കാഴ്ചയായി കൊുവന്നിരുന്നത്. ഇറച്ചി പാകപ്പെടുത്തുന്നതിനോടൊപ്പം തേങ്ങാ നുറുക്കും അതിനോടു ചേർക്കുമായിരുന്നു. കോഴിയെ വെട്ടി നുറുക്കിക്കൊിരിക്കുമ്പോൾതന്നെ മറ്റൊരുഭാഗത്ത് ആവശ്യമായ തേങ്ങനുറുക്ക് നടക്കുമായിരുന്നു. ഇതോടൊപ്പം മറ്റൊരു കൂട്ടർ ഇറച്ചി പാകം ചെയ്യുന്നു. ഓരോ ജോലിയും ഓരോ കരയിൽപെട്ടവരാണ് ചെയ്തിരുന്നത്. ഇത് കാലാകാല ങ്ങളായി തുടർന്നുവന്നിരുന്നു. ഒരു യന്ത്രത്തിലെന്നപോലെ അനേകായിരം കോഴികളെയാണ് പെരുന്നാൾ ദിവസം 3 മണിയോടുകൂടി പാകം ചെയ്തിരുന്നത്.

കോഴിവെട്ടിനെ കുരുതിയോ, ബലിയോ ആയി കരുതുന്നവരു്. എന്നാൽ, ഇവിടെ

ദേവനും, കാർമ്മികനും, ബലിക്കല്ലും ഒന്നുമില്ല. മാംസഭക്ഷണം വർജ്ജിച്ചിട്ടില്ലാത്ത നസ്രാണികൾ അവരുടെ പള്ളിയിൽ വരുന്ന നല്ല നേർച്ചക്കോഴികളെ പാകം ചെയ്തു തീർത്ഥാടകർക്കു നേർച്ചയായിക്കൊടുക്കുന്നുവെന്നുമാത്രം. പുതുപ്പള്ളി പള്ളിയിലെ കോഴിയിറച്ചിയുടെ സ്വാദ് ഒന്ന് വേറെയാണ്. അതിലുള്ള തേങ്ങാ കൊത്തിനുപോലും പ്രത്യേക രുചിയു്. അതിന്റെ ഒരു കഷണമെങ്കിലും സ്വന്തമാക്കുവാനും കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും പങ്കുവയ്ക്കുവാനും നാനാജാതി മതസ്ഥർ തൽപരരാണ്.

പെരുന്നാൾ ദിവസം 4 മണിയോടുകൂടി പുതപ്പള്ളി അങ്ങാടി ചുറ്റി റാസ പ്രദക്ഷിണം നടത്താറു്. പുതുപ്പള്ളിയിലെ പ്രദക്ഷിണം പ്രസിദ്ധവും ഭക്തിനിർഭരവുമാണ്. നൂറുകണക്കിനു പൊൻവെള്ളി കുരിശുകളും വാദ്യമേളങ്ങളും പ്രദക്ഷിണത്തിന് കൊഴുപ്പേകുന്നു. പ്രസിദ്ധമായ 'പൊന്നിൻ കുരിശ്' ഈ പ്രദക്ഷിണത്തിൽ ഉായിരിക്കും. അതു കാണാനുള്ള താത്പര്യം ഭക്തജനങ്ങളുടെ തിരക്ക് വർദ്ധിപ്പിക്കുന്നു. ഗജവീരന്മാരുടെ അകമ്പടിയോടെ പ്രദക്ഷിണം നടത്തുന്ന ക്രൈസ്തവദേവാലയങ്ങൾ അപൂർവമാണ്. മുൻകാലങ്ങളിൽ പ്രദക്ഷിണത്തിന് ഒന്നിലധികം ഗജവീരന്മാർ ഉായിരുന്നു. പുതുപള്ളിയിൽ ഉായിരുന്ന ഒരാനയെ കൂപ്പിൽ തടിപിടിക്കാൻ കൊുപോയതിനാൽ പെരുന്നാളിന് പങ്കെടുപ്പിക്കുവാൻ ശ്രമിച്ചില്ലെന്നും, അവൻ ചങ്ങല പൊട്ടിച്ച് പെരുന്നാളിന്റെ തലേരാത്രിയിൽ കുപ്പിൽ കിടന്ന ഒരു തടിക്കഷണവുമായി കോഴിത്തടിയായി ഉപയോഗിക്കാൻ പള്ളിയിൽ എത്തിയെന്നും കേഴ്വിയു്; പാപ്പാന്മാർ അന്വേഷിച്ചെത്തി പെരുന്നാൾ പ്രദക്ഷിണത്തിൽ പങ്കെടുപ്പിച്ചെന്നും.

പ്രദക്ഷിണം കഴിഞ്ഞാൽ കോഴിഇറച്ചിയും അപ്പവും നേർച്ചയായി വിളമ്പും. കോഴി ഇറച്ചിയോടൊപ്പം വിളമ്പുന്ന അപ്പം ഇടവകയിലെ കുടുംബങ്ങളിൽ നിന്നും തീർത്ഥാടകരിൽ നിന്നും നേർച്ചയായി ലഭിക്കുന്നതാണ്. പുതുപ്പള്ളി പുണ്യവാളന്റെ പെരുന്നാൾ ആഘോഷങ്ങൾ കുടുംബാംഗങ്ങളോടൊപ്പം എന്നതുപോലെ സമൂഹത്തിലെ എല്ലാവർക്കും പങ്കുവയ്ക്കുക എന്ന ലക്ഷ്യത്തോടെ പെരുന്നാൾ ദിവസം ഇടവകയിലെ ഓരോ വീട്ടിൽനിന്ന് കുറഞ്ഞത് ഒരു കിലോ അരിയുടെ അപ്പം വീതം പള്ളിയിൽ എത്തിക്കാറു്.

പുതുപ്പള്ളി പള്ളിയിലെ നേർച്ചവിളമ്പും വളരെ പ്രസിദ്ധമാണ്. അതുമായി ബന്ധപ്പെട്ട് ചില ശൈലികൾതന്നെ മലയാളത്തിൽ പ്രചാരത്തിലു്. നേർച്ചവിളമ്പോടുകൂടി പെരുന്നാളിന്റെ ആരവങ്ങൾക്ക് സമാപനമാകും. എങ്കിലും പെരുന്നാളിന്റെ ഉത്സവപ്രതീതി ഒരു മാസത്തോളം നീുനിൽക്കും; പുതുപ്പള്ളി അങ്ങാടിയിലെ പെരുന്നാൾ വാണിഭവും. യഹൂദന്മാർക്ക് ജറുസലേം പോലെയാണ് കേരളീയർക്ക് പുതുപ്പള്ളി പള്ളി.

നേർച്ചകാഴ്ചകൾ സമർപ്പിച്ചു വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ രോഗശാന്തി നേടിയ അനേകം ആളുകളുടെ അനുഭവസാക്ഷ്യങ്ങൾ പ്രചാരത്തി ലു്. രോഗശാന്തിക്കുവേി കുരുമുളക്, എള്ള്, കടുക്, അരി, നെല്ല്, കരപ്പനപ്പം, നെയ്യപ്പം, വറുത്ത അരി എന്നിവയാണ് അർപ്പിക്കുന്നത്. വ്രതശുദ്ധിയോടെ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് പല വിധത്തിലുള്ള ത്വക്‌രോഗങ്ങളും മാനസികരോഗങ്ങളും മാറിയിട്ടുള്ളവർ അനവധിയാണ്. കുട്ടികൾ ഇല്ലാതിരുന്ന ദമ്പതികൾക്ക് സഹദായുടെ തിരുസന്നിധിയിൽ എത്തി ഭജനമിരുന്ന് സന്താനസൗഭാഗ്യം നേടിയതിനും സാക്ഷ്യങ്ങളു്.

ധാരാളം കോഴികൾ, കാർഷികോത്പന്നങ്ങളുടെ ആദ്യഫലങ്ങൾ, മുത്തുക്കുടകൾ, മെഴുകുതിരി, എണ്ണ, കുന്തുരുക്കം തുടങ്ങിയവ പുതുപ്പള്ളി പള്ളിയിൽ നേർച്ചയായെത്തുന്നു.

കുരിശുംതൊട്ടിക്കു ചുറ്റും വിളക്കു കത്തിക്കുക, മുട്ടിന്മേൽ നീന്തുക, ശയനപ്രദക്ഷിണം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ ഭക്തന്മാർ ആത്മശാന്തിക്കായി ഇവിടെ അനുഷ്ഠിക്കുന്നു. ക്രൈസ്തവ പാരമ്പര്യത്തിനുപരി അർച്ചന നടത്തുന്നവരുടെ മനഃശാന്തി മാത്രമാണ് ഈ അനുഷ്ഠാനങ്ങൾക്ക് അടിസ്ഥാനം.

### 9.1.3.7 വിശുദ്ധ ബഹനാൻ സഹദായുടെ പെരുന്നാൾ

വിശുദ്ധ ബഹനാൻ സഹദായുടെ ഓർമ്മപ്പെരുന്നാൾ ഡിസംബർ 23 (ധനു 10)നാണ് ആചരിക്കുന്നത്. കൊച്ചുപെരുന്നാൾ, ഏത്തയ്ക്കാ പെരുന്നാൾ, വിത്തുകുത്തി പെരുന്നാൾ തുടങ്ങിയ പേരുകളിൽ ഇത് അറിയപ്പെടുന്നു. പുതുപ്പള്ളി പള്ളിയിലെ ആദ്യത്തെ പെരുന്നാൾ ബഹനാൻ സഹദായുടെ ഓർമ്മപ്പെരുന്നാൾ തന്നെയാണ്. ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും നാല്പത് രക്തസാക്ഷികളുടെയും ഓർമ്മപ്പെരുന്നാൾ. പഴയകാലങ്ങളിൽ വളരെ ആഘോഷപൂർവം കൊാടിയിരുന്നു. പൈശാചികമായ പീഡകളിൽനിന്നും രക്ഷിക്കുന്ന സഹദായാണ് വിശുദ്ധ ബഹനാൻ സഹദാ എന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിന് പ്രസിദ്ധി ഏറിയപ്പോൾ ആദ്യത്തെ പെരുന്നാൾ "കൊച്ചുപെരുന്നാളായി" ചുരുങ്ങിയതാണ്.

പുതുപ്പള്ളി ഒരു കാർഷികമേഖലയായി അഭിവൃദ്ധി പ്രാപിച്ചപ്പോൾ ആ രംഗത്ത് പ്രവർത്തിച്ചിരുന്നവർ ധനുമാസത്തിലെ പെരുന്നാളിന് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നു. പള്ളിക്കുള്ളത് ആദ്യംതന്നെ മാറ്റിവയ്ക്കുന്ന പാരമ്പര്യം ഇവിടത്തെ ക്രിസ്ത്യാനികൾക്കുായിരുന്നു. വൃശ്ചികമാസത്തിൽ പാടത്ത് വിളവിറക്കുന്നതിനു മുമ്പ്, ഉടമ വിതയ്ക്കുവാനുള്ള വിത്ത് നീറ്റിലിടുന്നതിനുമുമ്പ് വിത്തിനു മുമ്പിൽനിന്നു കൈകൂപ്പി പ്രാർത്ഥിക്കുകയും കുപ്പിയ കൈ വിടർത്തി മൂന്ന് കൈനിറയെ വിത്ത് അളന്ന് മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. ആ നെല്ല് ഉണക്കി കുത്തി എടുത്ത് അരിയാക്കി ബഹനാൻ സഹദായുടെ പെരുന്നാളിന് പള്ളിയിൽ അർപ്പിച്ചിരുന്നു. വിത്ത് കുത്തി ലഭിക്കുന്ന അരികൊ് ഉാക്കുന്ന 'പാച്ചോറാണ്' ധനു 10-ാം തീയതിയിലെ നേർച്ച. അങ്ങനെയാണ് ധനുമാസത്തിലെ പെരുന്നാൾ വിത്തുകുത്തിപെരുന്നാൾ ആയത്. ധനുമാസം ഏത്തക്കുല ധാരാളം ഉള്ള കാലഘട്ടമാണല്ലോ. അതിനാൽ പെരുന്നാൾ കച്ചവടത്തിന് ധാരാളം ഏത്തക്കുലകൾ വരുമായിരുന്നു. കൂടാതെ പള്ളിയിൽ കർഷകർ ഏത്തക്കുലകൾ കാണിക്കയായി വയ്ക്കുകയും പതിവായിരുന്നു. അങ്ങനെ ബഹനാൻ സഹദായുടെ പെരുന്നാൾ-ഏത്തയ്ക്ക പെരുന്നാൾ ആയിത്തീർന്നു.

### 9.1.4. പുതുപ്പള്ളി പള്ളിയുടെ സാംസ്കാരികമാനം - ഒരവലോകനം

കേരളത്തിലെ ഏറ്റവും പ്രമുഖ ക്രൈസ്തവ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നാണ് പുതുപ്പള്ളി വലിയ പള്ളി. മലങ്കര ഓർത്തഡോക്സ് സഭയുടെ പുരാതന ദേവാലയങ്ങളിലൊന്ന് എന്ന നിലയിലും അനേകായിരങ്ങൾ പ്രതിവർഷം വന്നുപോകുന്ന ഒരു പുണ്യസങ്കേതം എന്ന നിലയിലും പുതുപ്പള്ളി പള്ളിക്ക് അനന്യമായ ഒരു സ്ഥാനമു്. **നൂറ്റാുകളുടെ ചരിത്രവും അനന്യസാധാരണമായ ആചാരാനുഷ്ഠാനങ്ങളുമുള്ള പുതുപ്പള്ളിപള്ളി കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ പ്രത്യേകിച്ചും നസ്രാണിസംസ്കൃതിയുടെ ഒരു പരിച്ഛേദമാണ്.** പുതുപ്പള്ളി പള്ളിയുടെ ചരിത്രത്തിന്റെയും തനതായ ആചാരവിശേഷങ്ങളുടെയും വിശകലനം നസ്രാണി സമൂഹത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ വിശകലനം തന്നെയാണ്.

പുതുപ്പള്ളിയിലെ ആദ്യകാല ക്രൈസ്തവർ ആരായിരുന്നാലും അത് ഒരു വർത്തക സമൂഹമായിരുന്നു എന്നത് നിസ്സംശയമാണ്. പുതുപ്പള്ളി അങ്ങാടിതന്നെയാണ് അതിന്റെ ഏറ്റവും വലിയ തെളിവ്. പതിനെട്ടാംനൂറ്റാിന്റെ ഉത്തരാർദ്ധത്തിലാവണം പുതുപ്പള്ളിക്കാർ മറ്റു ഭാഗങ്ങളിലെ ക്രൈസ്തവരെ പ്പോലെ വൻതോതിലുള്ള നെൽകൃഷിയിലേക്ക് തിരിയുന്നത്. നസ്രാണികൾ ഒരു വർത്തകസമൂഹമായിരുന്നു എന്നതുകൊ് എല്ലാ നസ്രാണികളും കച്ചവട ക്കാരായിരുന്നു എന്ന് അർത്ഥമില്ല. വൻകിടകച്ചവടക്കാരെയും ചെറുകിടകച്ചവടക്കാരെയും കൂടാതെ കര-ജലഗതാഗതം, അങ്ങാടികളുടെയും ചരക്കുകളുടെയും ഗതാഗതത്തിന്റെയും സംരക്ഷകരായ കാവൽക്കാർ മുതലായ അനുബന്ധ തൊഴിലുകൾ ചെയ്യുന്നവരും, വ്യാപാരവു മായി ബന്ധപ്പെട്ട തൊഴിലാളികളും നസ്രാണിസമൂഹത്തിൽ ഉൾപ്പെട്ടിരുന്നു.

നസ്രാണി സമൂഹത്തിന്റെ മറ്റൊരു ജീവിതസരണി നാണ്യവിളകളുടെ ഉത്പാദനവും സംസ്ക്കരണവുമായിരുന്നു. പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുതന്നെ കേരളത്തിലെ കുരു മുളകു തോട്ടങ്ങൾ നസ്രാണികളുടെ വകയായിരുന്നു എന്ന് സഞ്ചാരികൾ രേഖപ്പെടുത്തിയിട്ട്. തെങ്ങായിരുന്നു മറ്റൊരു കാർഷികവിള. കൊപ്രായാട്ടും വെളിച്ചെണ്ണ വ്യവസായവും നസ്രാണിക ളുടെ കുത്തകയായിരുന്നുവെന്നതിന് സൂചനയു്. പക്ഷേ, ഇത് ഏതു കാലത്ത് അവരുടെ കൈവശമെത്തിയെന്നത് ഇനിയും നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഇത്തരം വർത്തകരും അനുബന്ധ തൊഴിൽകാരുമടങ്ങുന്ന ഒരു സമൂഹമാണ് പുതുപ്പള്ളിയിലെ ആദ്യകാല ക്രൈസ്തവസമൂഹം. അക്കൂട്ടത്തിൽ നാണ്യവിളകൾ കൃഷിചെയ്യുന്ന സമൂഹം സമീപദേശങ്ങളിലും ആവാസമുറപ്പിച്ചു.

#### 9.1.4.1 മാർ ബഹനാം സഹദായുടെ മുറി – സാംസ്കാരിക തിരുശേഷിപ്പ്

18-ാം നൂറ്റാിലെ പള്ളികളുടെ നിർമ്മാണത്തെ പേർഷ്യൻ വേദശാസ്ത്രവും പോർട്ടുഗീസ് ശൈലിയും സ്വാധീനിച്ചിട്ടുങ്കെിലും ദേശീയമായ തച്ചുശാസ്ത്രമായിരുന്നു കേരളീയ ക്രൈസ്തവദേവാലയങ്ങളുടെ നിർമാണത്തിന്റെ അടിസ്ഥാനഘടകം. ഇതാകട്ടെ, ജനസമൂഹത്തിന്റെ പൊതുവായ ദേവതാ -ദേവാലയ സങ്കൽപ്പത്തിന് (Concept of Sacredness) അനുരൂപവുമായിരുന്നു. തച്ചുശാസ്ത്രം ഇന്ത്യൻ ദേവതാസങ്കൽപ്പങ്ങൾക്ക് അനുസൃത മായി രൂപപ്പെട്ടതാണെങ്കിലും അതേ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായ മലങ്കര നസ്രാണികളുടെയും ദേവതാസങ്കൽപ്പം വിഭിന്നമല്ലായിരുന്നു. അതിനാൽ അവർക്ക് ആ വാസ്തുവിദ്യ ഉൾക്കൊള്ളുക അയത്നലളിതവുമായിരുന്നു. ഇതിന് മതം ഒരു തടസ്സമായിരുന്നില്ല. കാരണം സംസ്കാരമാണ് ദേവതാസങ്കൽപ്പത്തിന് അടിസ്ഥാനമാകുന്നത്.

എത്ര വലിയ ക്ഷേത്രസമുച്ചയമായാലും ശ്രീകോവിലായിരുന്നു ക്ഷേത്രങ്ങളുടെ കേന്ദ്രബിന്ദു. ശ്രീകോവിൽ എന്ന കേന്ദ്രത്തിന്റെ ബാഹ്യനിർമിതികളായി രൂപപ്പെടുന്ന വിവിധോ പയോഗനിർമിതികളാണ് ബ്രഹ്മക്ഷേത്ര നിർമിതികൾ. മറ്റൊന്നുമില്ലാതെ ഒരു ശ്രീകോവിൽ മാത്രമാണെങ്കിലും ക്ഷേത്രസങ്കൽപ്പത്തിന് മാറ്റമുാകുന്നില്ല. കേരളത്തിലെ പുരാതന പള്ളികളുടെ കാര്യത്തിലും ഇതാണ് സംഭവിച്ചിരുന്നത്. ശ്രീകോവിലിന്റെ സ്ഥാനത്തുള്ള മദ്ബഹാ മാത്രമുള്ള അവസ്ഥയിലും 'പള്ളി' എന്ന പൂർണ്ണസങ്കൽപ്പം നിലനിന്നിരുന്നു. അതിനോടൊപ്പം മണ്ഡപത്തിന്റെയും ഗോപുരത്തിന്റെയും സ്ഥാനത്ത് ഹൈക്കലയും മുഖവാരവും കൂടി പണിതുയർത്തുമ്പോൾ പൂർണ്ണരൂപത്തിലുള്ള ഒരു പള്ളിയാകും.

പതിനെട്ടാം നൂറ്റാിന്റെ അന്ത്യപാദത്തിൽപോലും മദ്ബഹായെ മാത്രമായി 'പള്ളി' എന്ന നിലയിൽ പരിഗണിച്ചിരുന്നു എന്നതിന് തെളിവുകളു്. പുത്തൻ കാവിൽ പള്ളിയുടെ മദ്ബഹാ

മാത്രം പണി തീർത്ത് കൂദാശ നടത്തിയതിനെ 'പള്ളി കൂദാശ' നടത്തിയതായിട്ടാണ് ചരിത്രം പ്രതിപാദിക്കുന്നത്. പിന്നീടു നടന്ന ബൃഹത്തായ ഹൈക്കലയുടെ നിർമ്മാണത്തിന് അതേ ചരിത്രം അത്ര പ്രാധാന്യം നൽകിയിട്ടില്ല.

പോർട്ടുഗീസുകാരുടെ സ്വാധീനം നസ്രാണിയുടെ ദേവാലയസങ്കൽപ്പങ്ങളിൽ പാശ്ചാത്യ മാനദണ്ഡങ്ങൾക്കനുസരിച്ച് മാറ്റംവരുത്തി. ഇതനുസരിച്ച് പള്ളികൾക്ക് ഹൈക്കല അത്യന്താപേക്ഷിതമായി. അതിനാൽ ഉടനെയോ പിന്നീടോ, ഹൈക്കല പണിതു ചേർക്കുക എന്നത് പള്ളിപണിയുടെ ഭാഗമായിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാവണം പുതുപ്പള്ളിയിൽ പുതിയൊരു പള്ളി സ്ഥാപിച്ചത്. ആദ്യം സ്ഥാപിച്ച മാർ ബഹനാം സഹദായുടെ മദ്ബഹാ വലിയൊരു ഹൈക്കലയ്ക്ക് അനുയോജ്യമായ അളവുകളിലല്ലായിരുന്നതിനാൽ പുതിയൊരു മദ്ബഹാ പണിയേ ആവശ്യം നേരിട്ടു. പക്ഷേ, നിലവിലുള്ള മദ്ബഹാ പൊളിക്കുന്നതിന് ദേശീയമായ ദേവാലയസങ്കൽപ്പം വൈകാരികമായ തടസ്സമായി. അതിനാൽ ആ മദ്ബഹാ നിലനിർത്തി പുതിയൊരു മദ്ബഹായും ഹൈക്കലയും പണിതീർത്തു. അതാണ് ഇന്നത്തെ പുതുപ്പള്ളി മാർ ഗീവർഗീസ് സഹദാപ്പള്ളി എന്നു ചിന്തിക്കുന്നതാണ് ഉചിതം.

### 9.1.4.2 മാർ ബഹനാം സഹദായിൽനിന്നും മാർ ഗീവർഗീസ് സഹദായിലേക്ക്

മാർ ബഹനാം സഹദായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന പുതുപ്പള്ളി പള്ളി മാർ ഗീവർഗീസ് സഹദായുടെ നാമത്തിൽ പുനഃസ്ഥാപിക്കപ്പെട്ടതിന്റെ പശ്ചാത്തലം പരിഗണിക്കേണ്ടിയിരിക്കുന്നു. സാധാരണഗതിയിൽ ഒരു പള്ളി പുതുക്കിപ്പണിയുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ പഴയപള്ളിയുടെ മദ്ധ്യസ്ഥപരിശുദ്ധന്റെ പേരിൽത്തന്നെ തുടരുകയാണ് പതിവ്. ഇതിനു വിപരീതമായി ഇവയൊന്നും കൂടാതെ പള്ളികളുടെ പേരുമാറിയ സംഭവം ഇരുപതാം നൂറ്റാിൽ പോലും ഉായിട്ടു്.

പുതുപ്പള്ളിയിൽ സംഭവിച്ചത് ഇതു രുമല്ല. മാർ ബഹനാം സഹദായുടെ നാമത്തിലുള്ള പഴയപള്ളി നിലനിർത്തിക്കൊ് മാർ ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു പുതിയ പള്ളി അതിനോടു ചേർന്നുതന്നെ പണിയുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ഒരു സംഭവം മലങ്കരയിൽ മറ്റൊരിടത്തും നടന്നതായി അറിയില്ല. ഏതാ് സമാനമായ ഒരു സംഭവമായി കരുതാവുന്നത് കുന്നംകുളം അന്തിമഹാകാളൻകാവ് പള്ളിയുടെ കാര്യം മാത്രമാണ്.

**ശക്തൻതമ്പുരാൻ പള്ളിയാക്കുന്നതിന് ക്രൈസ്തവർക്ക് ദാനം കൊടുത്ത കുന്നംകുളം അന്തിമഹാകാളൻ കാവ് ക്ഷേത്രം** മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലാണ് പ്രതിഷ്ഠിച്ചത്. പിന്നീട് അത് നിലനിർത്തിക്കൊ് അതിന്റെ പുറകിൽ മാർ മത്യാസ് ശ്ലീഹായുടെ നാമത്തിൽ ഒരു പള്ളി പണിതു. ഇതു രും ഇന്നും നിലനിൽക്കുന്നു്. (അനുബന്ധം 5, ചിത്രങ്ങളിൽ ഈ 'അമ്പലംപള്ളി'യുടെ ചിത്രമു്).

പുതുപ്പള്ളിയിൽ പഴയ മാർ ബഹനാം പള്ളിയുടെ വിപുലീകരണം അതിനോട് ചേർന്ന് മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ഒരു പുതിയ പള്ളിയായാണ് രൂപാന്തരപ്പെട്ടത്. മുകളിൽ സൂചിപ്പിച്ചതുപോലെ പഴയ പള്ളിയും അതിന്റെ മദ്ധ്യസ്ഥതയും ഉപേക്ഷിക്കുവാനുള്ള വൈമനസ്യമാണ് പുതിയൊരു പള്ളി പണിയാൻ പുതുപ്പള്ളിക്കാരെ പ്രേരിപ്പിച്ചതെന്നതു നിസ്തർക്കമാണ്.

#### 9.1.4.3 ഇരട്ടക്കൊടിമരം

മലങ്കരസഭയിലോ കേരളസഭയിലോ ഒരു പള്ളിയിലും ഒന്നിലധികം കൊടിമരങ്ങൾ ഉയർത്താറില്ല. **കേരളീയമായ ദേവാലയസങ്കൽപ്പത്തിൽനിന്നാണ് പള്ളികൾക്ക് കൊടിമരം ലഭിച്ചത്. ലോകത്ത് മറ്റൊരു ക്രൈസ്തവസമൂഹത്തിനും കൊടിമരവും കൊടിയേറ്റവുമില്ല.** ഈ ദേശീയസങ്കൽപ്പത്തിൽ എത്ര വലിയ ക്ഷേത്രമാണെങ്കിലും മുഖ്യദേവനുമാത്രമാണ് കൊടിമരം ഉാവുക. എന്നാൽ അത്യപൂർവ്വമായി ര് കൊടിമരങ്ങളുള്ള ക്ഷേത്രങ്ങളുമു്. പുതുപ്പള്ളിക്ക് സമീപമുള്ള വെന്നിമല, അരീപ്പറമ്പ് ക്ഷേത്രങ്ങൾക്ക് ഇരട്ടക്കൊടിമരമാണ്. ഇതിനു പ്രത്യേക കാരണവുമു്. വെന്നിമല ക്ഷേത്രത്തിൽ ഒരേ വിഗ്രഹത്തിൽ തുല്യപ്രാധാന്യത്തോടെ ശ്രീരാമ-ലക്ഷ്മണസങ്കൽപ്പങ്ങളാണ്. അരീപ്പറമ്പിലാകട്ടെ തുല്യപ്രാധാന്യമുള്ള രു ശിവ പ്രതിഷ്ഠയും രു ക്ഷേത്രവുമാണ്. അതിനാലാണ് ര് കൊടിമരങ്ങൾ. ഇതാണ് കൊടിമര ങ്ങളുടെ കേരളീയ മാനദണ്ഡം. ഈ മാനദണ്ഡംവെച്ചു ചിന്തിച്ചാൽ പുതുപ്പള്ളിയിലെ ഇരട്ടക്കൊടിമരം മാർ ബഹനാം സഹദായുടെ പഴയപള്ളിക്ക് മാർ ഗീവർഗീസ് സഹദായുടെ പുതിയ പള്ളിയുടെ തുല്യപ്രാധാന്യവും സ്വതന്ത്രമായ വ്യക്തിത്വവും അംഗീകരിച്ചതിന്റെ തെളിവായി കണക്കാക്കാം.

#### 9.1.4.4 മാർ ഗീവർഗീസ് സഹദായും സർപ്പവും

ഇനിയും പുതുപ്പള്ളിയിലെ പുതിയ പള്ളി മാർ ഗീവർഗീസ് സഹദായുടെ നാമത്തിലായ തിന്റെയും ക്ഷുദ്രജീവികൾക്ക് പ്രത്യേകിച്ചും പാമ്പുകൾക്ക് എതിരായ മദ്ധ്യസ്ഥതയുടെ പേരിൽ പ്രശസ്തമായതിന്റെയും കേരളീയമാനങ്ങൾ പരിശോധിക്കാം. മാർ ഗീവർഗീസ് സഹദായുടെ ജീവിതവുമായി ബന്ധപ്പെട്ട അനേകം അദ്ഭുതങ്ങളിൽ ഒന്നു മാത്രമാണ് അദ്ദേഹം ഒരു വ്യാളിയെ വധിച്ച സംഭവം. മാർ ഗീവർഗീസ് സഹദായ്ക്ക് അനന്യപ്രാധാന്യം നൽകുന്ന ബൈസന്റൈൻ സഭകളിലെങ്ങും മാർ ഗീവർഗീസ് സഹദായെ പാമ്പുമായി ബന്ധിപ്പിച്ച് ഒരൈതിഹ്യമില്ല. അത് തികച്ചും കേരളീയമായ ഒരു സങ്കൽപ്പമാണ്.

സർപ്പഭയം കേരളസംസ്കാരത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. പരശുരാമനും കേരളോൽപ്പത്തിയുമായി ബന്ധപ്പെട്ട ചില ഐതിഹ്യങ്ങളിൽ കേരളത്തിൽനിന്നും സർപ്പങ്ങളെ ഒഴിച്ചെടുത്ത് വാസയോഗ്യമാക്കിയ വ്യക്തി എന്ന നിലയിൽ പരശുരാമനെപ്പറ്റി പരാമർശമു്. കേരളത്തിലെ ജൈനപാരമ്പര്യത്തിന്റെ നിഷ്കാസനവുമായി ഈ സർപ്പഭയത്തിനു ബന്ധമു്.

കേരളീയ സമൂഹത്തിന്റെ പൊതുവായ ഈ സർപ്പഭയം രു രീതിയിലാണ് പ്രതിഫലിച്ചത്. **ഹിന്ദുസമൂഹം സർപ്പാരാധനയിലും സർപ്പക്കാവുകളിലും ഈ ഭയത്തെ തളച്ചിട്ടപ്പോൾ നസ്രാണിസമൂഹം സർപ്പത്തെ തകർക്കുന്ന ഒരു പരിശുദ്ധനിൽ അഭയം കത്തെി.** വ്യാളീ നിഗ്രഹകനായ മാർ ഗീവർഗീസ് സഹദാ തങ്ങൾക്കു ഭയമുള്ള സമാനസ്വഭാവമുള്ള പാമ്പിന്റെ നിഗ്രഹകനായി നസ്രാണിമനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഈ പ്രതിലോമസങ്കൽപ്പവും മലയാളിയുടെ സർപ്പഭയവുമാണ് കേരളത്തിൽ മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പുരാതനപള്ളികളുടെ അനന്യപ്രശസ്തിക്കു കാരണം. പുതുപ്പള്ളിയിൽ മാർ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ വർദ്ധിച്ചുവന്ന വിശ്വാസമാവാം പുതിയപള്ളി ആ നാമത്തിൽ സ്ഥാപിക്കാൻ ഹേതുവായത്.

#### 9.1.4.5 കോഴിനേർച്ച – പൊരുൾ

വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരാചാരമാണ് പുതുപ്പള്ളിയിലെ കോഴി വെട്ട്. ഇതൊരു ജന്തുബലിയാണെന്ന ആരോപണം ഉായി. പിൽക്കാലത്ത് കോഴിവെട്ടിനെ അടിസ്ഥാനമാക്കി ചില അന്ധവിശ്വാസങ്ങളും ഉടലെടുത്തു. യഥാർത്ഥത്തിൽ **നേർച്ച വിളമ്പുവാനായി കോഴിയെ കൊന്ന് പാകംചെയ്യുന്നു എന്നതിലപ്പുറം കോഴിവെട്ട് മതപരമായ ഒരു ചടങ്ങേയല്ല**. എന്നാൽ പുതുപ്പള്ളി പള്ളിയിലെ കോഴി നേർച്ചയ്ക്ക് കേരളത്തിലെ സർപ്പഭയവുമായി ബന്ധമു്.

പാമ്പും കോഴിമുട്ടയും തമ്മിൽ എന്തോ ഒരു ബന്ധം കേരളീയ സംസ്കാരം കൽപ്പിച്ചിട്ടു്. പാമ്പിനു മുട്ട കൊടുക്കുക എന്നൊരു ചടങ്ങുതന്നെയു്. കണ്ണൂർ ജില്ലയിലെ പ്രശസ്തമായ ഒരു ക്ഷേത്രത്തിലെ സർപ്പപ്രതിഷ്ഠയ്ക്ക് മുട്ട കൊടുക്കുന്ന വഴിപാടിന് പാമ്പിന് മുട്ട ഒപ്പിക്കൽ എന്നാണ് പേര്. കോഴികൾതന്നെ നേർച്ചയായി എത്തുന്ന ക്ഷേത്രങ്ങളുമു്. കൊച്ചിരാജകുടുംബത്തിന്റെ പരദേവതയായ തൃശൂർ ജില്ലയിലെ പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെ പ്രധാന വഴിപാട് കോഴികളാണ്. ഇപ്രകാരം വന്നുചേരുന്ന നൂറുകണക്കിനു കോഴികളാണ് ക്ഷേത്രപരിസരത്ത് ജീവിക്കുന്നത്.

ഇതിൽനിന്ന് **മുട്ടയും കോഴിയും ദേവാലയങ്ങളിൽ വഴിപാടായി നൽകുന്നത് ഒരു തികഞ്ഞ കേരളീയ സങ്കൽപ്പമാണെന്നു വ്യക്തമാണ്.** ഭയത്തോടെ സർപ്പത്തിനു നൽകുന്ന മുട്ടയും കോഴിയും പാമ്പിൽനിന്നും രക്ഷിക്കുന്നതിന് ഉപകാരസ്മരണയായി പുണ്യാളച്ചനു വഴിപാടായി നൽകുന്നത് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. ധാരാളം കോഴി വഴിപാടായി വരുന്നിടത്ത് അത് പാകം ചെയ്ത് നേർച്ചയായി വിതരണം ചെയ്യുന്നത് സ്വാഭാവികവും.

#### 9.1.4.6 വെച്ചൂട്ട് – സാംസ്കാരികമാനം

പുതുപ്പള്ളി പെരുനാളിനു നടക്കുന്ന പ്രശസ്തമായ സദ്യയാണ് വെച്ചൂട്ട്. പെരുന്നാളുകളും ഉത്സവങ്ങളും പ്രദക്ഷിണങ്ങളും ഊരുവലത്തുകളും ഒരേ പൊതുസംസ്കൃതിയിൽനിന്നും രൂപമെടുത്തിട്ടുള്ളതാണ്. അതിനാൽ ഇവയുടെ രൂപഭാവങ്ങൾക്കും ചടങ്ങുകൾക്കും സമാനതകൾ ഉാവും എന്നത് നിസ്സംശയമാണ്. വെച്ചൂട്ടിന്റെ കാര്യത്തിലും ഈ പൊതുസംസ്കൃതിയുടെ സമാനതകൾ ക്ഷേത്രങ്ങളിലെ തത്തുല്യചടങ്ങുകളുമായി പങ്കുവയ്ക്കുന്നു്.

പ്രശസ്തമായ പല ക്ഷേത്രങ്ങളിലും ബ്രാഹ്മണസദ്യ എന്നതിലുപരി ഉത്സവസദ്യ നടത്തിവരുന്നു്. ദേവപ്രസാദമായിട്ടാണ് ഇതിനെ ഭക്തജനങ്ങൾ കാണുന്നത്. അതിനുപരി ഇത്തരമൊരു സദ്യ നടത്തുന്നതിന് പല കാരണങ്ങൾ കത്തൊൻ കഴിയും. യാത്രാസൗകര്യം പരിമിതമായിരുന്ന പഴയകാലത്ത് ദീർഘദൂരം സഞ്ചരി ച്ചെത്തിയാണ് ജനങ്ങൾ പെരുന്നാൾ-ഉത്സവ ചടങ്ങുകളിൽ പങ്കെടുക്കുന്നത്. മറ്റിടങ്ങളിൽ നിന്നും ഭക്ഷണം ലഭിക്കുക എന്നത് അന്ന് അപ്രായോഗികമായിരുന്നു. ഈ സാഹചര്യത്തിൽ ദേവാലയത്തിൽ നിന്നുതന്നെ അവർക്കു ഭക്ഷണം കൊടുക്കുക എന്നത് ഒരു സാമാന്യമര്യാദ ആയിട്ടാണ് കാണേത്.

ഭക്തജനങ്ങളെ ഒഴിവാക്കിയാൽ തന്നെ പെരുന്നാൾ-ഉത്സവ ചടങ്ങുകളുമായി ബന്ധപ്പെട്ട അനേകം വ്യക്തികൾ ഈ ദിവസങ്ങളിൽ ദേവാലയത്തിൽനിന്നും വിട്ടുമാറാതെ ഉാവും. അവർക്ക് ഭക്ഷണം കൊടുക്കുക എന്നത് അത്യാവശ്യകാര്യമാണ്. അവർക്കായി ഭക്ഷണം പാകം ചെയ്യുമ്പോൾ അവരോടൊപ്പം ഭക്തജനങ്ങൾക്കുകൂടി ഭക്ഷണം കൊടുക്കുക എന്നത് അത്ര ബുദ്ധിമുട്ടുള്ള ഒരു സംഗതിയായി അന്നു കണക്കാക്കിയിരുന്നില്ല. പെരുന്നാൾ-ഉത്സവവേളകൾ

അക്കാലത്ത് ഒരു കൂടിവരവായിരുന്നു. വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവരും ബന്ധുക്കളും ഒത്തുചേരുന്ന ഒരു വാർഷികചടങ്ങ്. ദേവാലയം എന്ന പൊതുസ്ഥാപനം അതിലെ അംഗങ്ങളെ യെല്ലാം ഒരു കുടുംബംപോലെ കാണുന്നതിന്റെ പ്രതീകംകൂടിയാണ് ഇത്തരം സദ്യകൾ. സമൂഹപാചകവും സമൂഹസദ്യയും വളർത്തുന്ന കൂട്ടായ്മ, ഒരുമിച്ചു ഭക്ഷണം കഴിക്കുമ്പോ ഴുാകുന്ന സാഹോദര്യം, സമഭാവന എന്നീ ഉദാത്തമായ ലക്ഷ്യങ്ങളാവാം ഇത്തരം ആചാരങ്ങൾ കരുപ്പിടിപ്പിച്ച കേരളസംസ്കൃതി ഇവകൊ് ഉദ്ദേശിച്ചത്.

#### 9.1.4.7 വിറകിടീൽ – സാംസ്കാരികമാനം

പുതുപ്പള്ളി പെരുന്നാളിനോടനുബന്ധിച്ച് നടക്കുന്ന തികച്ചും അനന്യമായ ഒരു ചടങ്ങാണ് വിറകിടീൽ. പുതുപ്പള്ളി-എറികാട് കരകളിലെ പുരുഷന്മാർ വെച്ചൂട്ടിനു പാകംചെയ്യാനുള്ള വിറക് ആഘോഷമായി കൊുവരുന്ന ചടങ്ങാണിത്. പെരുന്നാൾ-ഉത്സവസദ്യകളുടെ ഭോജനത്തിനുമാത്രമല്ല കേരളീയ സംസ്കൃതിയിൽ പൊതുജനപങ്കാളിത്തം ആവശ്യപ്പെടുന്നത്. അതിനാവശ്യമായ വസ്തുക്കളുടെ സംഭരണവും പാചകവും ഇപ്രകാരം പൊതുജന പങ്കാളിത്ത ത്തോടു കൂടിത്തന്നെയാണ് നടത്തുക. അതിനായി പ്രത്യേകസമൂഹങ്ങളെയോ, ജാതികളെയോ ഓരോ ഉത്തരവാദിത്വം ഏൽപ്പിക്കുക എന്നതായിരുന്നു കേരളത്തിലെ രീതി. കാലക്രമത്തിൽ ഈ ഉത്തരവാദിത്വങ്ങൾ അവകാശങ്ങളായി മാറുകയും അവയ്ക്കുതന്നെ ഒരു ഉത്സവച്ഛായ കൈവരികയും ചെയ്തു.

**പുതുപ്പള്ളിപള്ളിയുടെ ചരിത്രവും ചടങ്ങുകളും മതം സംസ്കാരത്തിന്റെ മേൽ അധിനിവേശം നടത്തുന്നതിനുമുമ്പുള്ള കേരളത്തിന്റെ പൊതുസംസ്കാരത്തിന്റെ പരിച്ഛേദമാണ്.** അവയെക്കുറിച്ചുള്ള വിശദവും ശാസ്ത്രീയവുമായ പഠനം കേരളത്തിലെ ദേവതാദേവാലയസങ്കൽപ്പങ്ങളിലും കേരളീയസമൂഹത്തിന്റെ സാംസ്കാരിക ചരിത്രത്തിലും കൂടുതൽ ഉൾക്കാഴ്ച നൽകും. പ്രത്യേകിച്ചും **കാലഭേദംമൂലം മറ്റിടങ്ങളിലെ സമാന ചടങ്ങുകൾ അന്യംനിൽക്കുമ്പോൾ പുതുപ്പള്ളി പള്ളിക്ക് പ്രസക്തിയേറുന്നു.**

പുതുപ്പള്ളി പള്ളിയിലെ പെരുന്നാൾ ചടങ്ങുകൾക്ക് ഹൈന്ദവക്ഷേത്രത്തിലെ ചടങ്ങു കളുമായുള്ള സാമ്യംമൂലം അവ ഹൈന്ദവമാണെന്നോ അക്രൈസ്തവമാണെന്നോ പറയുന്ന തിൽ അർത്ഥമില്ല. ബ്രാഹ്മണഹിന്ദുമതവും ക്രിസ്തുമതവും പൊതുവായ കേരള സംസ്കാര ത്തിൽനിന്നും ഉൾക്കൊ്, തങ്ങളുടേതായ വേദശാസ്ത്രമാനങ്ങൾ നൽകിയ ആചാരങ്ങളാണ് എല്ലാ കേരളീയ ദേവാലയങ്ങളിലും പുരാതനമായി നിലവിലിരിക്കുന്നത്. കേരളത്തിലെ പല ഉത്സവച്ചടങ്ങുകളും ബുദ്ധജൈനമതങ്ങളോടു കടപ്പെട്ടിരിക്കുന്നു എന്ന് ചരിത്രകാരന്മാർ തെളിയിച്ചിട്ടു്. പല ക്രിസ്തുമത ചടങ്ങുകൾ രൂപം കൊതും വികസിച്ചതും ഇപ്രകാരം മറ്റ് മതങ്ങളുടെ ആചാരങ്ങൾ സ്വാംശീകരിച്ച്, പരിഷ്കരിച്ച്, വേദശാസ്ത്രമാനം നൽകിയാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടു്.

ഈ അർത്ഥത്തിൽ അപ്പസ്തോലിക കാലഘട്ടത്തിലെ സ്നേഹവിരുന്നാണ് പുതുപ്പള്ളിവെച്ചൂട്ട് എന്ന് വ്യാഖ്യാനിക്കുന്നതിൽ തെറ്റില്ല. പക്ഷേ, ആ ആശയത്തിൽനിന്നാണ് പുതുപ്പള്ളിവെച്ചൂട്ട് ആരംഭിച്ചത് എന്നു ചിന്തിക്കുന്നത് സയുക്തികമല്ല. കേരളീയമായ ഉത്സവസദ്യയ്ക്ക് അത്തരമൊരു ക്രൈസ്തവ വേദശാസ്ത്ര അടിത്തറ പിന്നീടു നൽകി എന്നു ചിന്തിച്ചാൽ മതി.

**പുതുപ്പള്ളിപ്പെരുന്നാളും വെച്ചൂട്ടും അനുബന്ധചടങ്ങുകളും മലങ്കര നസ്രാണികളുടെ ദേശീയതയുടെ പ്രതീകമാണ്.** അവ ഒഴിവാക്കുന്നതും ഭേദപ്പെടുത്തുന്നതും കേരള ക്രൈസ്തവരുടെ ഇന്ത്യൻസ്വത്വം ഇല്ലാതാക്കുകയും അവരെ ഒരു വിദേശീയമതത്തിന്റെ അനുയായികൾ എന്ന ആരോപണത്തിനു വിധേയരാക്കുകയും ചെയ്യും.

### 9.1.5 പുതുപ്പള്ളി പള്ളിചരിത്രം കലകളിൽ

#### 9.1.5.1 പരിചമുട്ടുകളി പാട്ടുകൾ

പുതുപ്പള്ളി പള്ളിയിൽ ഒരുകാലത്ത് പെരുന്നാളിനോടനുബന്ധിച്ച് നടത്തിയിരുന്ന പരിചമുട്ടുകളിക്ക് ഉപയോഗിച്ചിരുന്ന ഗീവർഗീസ് സഹദായോടുള്ള ഏതാനും പ്രാർത്ഥനകൾ:

ഒന്ന്

കാണ്മാൻ പ്രഭയേറിയൊരു പുതുപ്പള്ളിയിലമരും സഹദാ
കന്മഷങ്ങളൊഴിച്ചടിയാർക്കരുളുക നിൻ മനഗുണം
ബോധമില്ലാതുള്ള നരരുടെ കവിതകളെ ത്യജിക്കല്ലേ
നിൻ കൃപയാലടിയങ്ങൾക്കിഹ രക്ഷ നൽകുക നാഥനെ
ഈ കവിതകളൊക്കെ ഞങ്ങളെ സർവ്വേശാ നീ തോന്നിക്ക
പിഴവരികിൽ പൊറുക്ക നാഥ പരമലോക തായേ
തത്തരികിടതന്തകം താതരികിടതിന്തകം
താതെയ്യത്തക തൊങ്കതരികിടതോം

ര ്

പുകൾ പെരുകിന പുതുപ്പള്ളിയിൽ അമരും പൊൻവറുഗീസയ്യോ
പാൽവർണ്ണകുതിരയിലേറി നായാട്ടിനുപോകും നേരം
താനറിയാതുള്ളാരു സർപ്പം കുതിരയുടെ കാലിൽ ചുറ്റി
ചുറ്റിയുടൻ വറുഗീസയ്യോ മാതാവേ ഓർത്തുംകൊ്
കുന്തമെടുത്തു പൊക്കി സർപ്പത്തിൻ വായിൽ കുത്തി
കുത്തിയുടൻ വറുഗീസയ്യോ കൊാടി പുഞ്ചിരിയിട്ടു
മാതാവേ മരതകമേ വലഞ്ഞല്ലോ അടിയാർ ഞങ്ങൾ

മൂന്ന്

മന്നിൽ പരിപാവനമാം പുതുപ്പള്ളി തന്നിൽ അമരും പള്ളി
വാണരുളും ഗീവറുഗീസു തുണചെയ്യുക ചെറുബാലകർക്ക്
തിരുഹൃദയം തുറന്നുവേും വെളിവു ഞങ്ങൾക്കേകുവാൻ
കരുണയുള്ളോരുടയവനേ നീ കനിഞ്ഞു കാത്തരുളണമേ.
കവിതകളൊക്കെ ഞങ്ങളെ സർവ്വേശാ നീ തോന്നിക്ക
പിഴവരുകിൽ പൊറുക്കദേവ പരമലോകതാത
നിൻ തിരുമലരടിയാൽ നിനച്ചതിതരവിനയമായ്
ചന്തമേറും പരിശകളിക്കൊരുമ്പെടുന്നീ സഭതന്നിൽ
അറിവുള്ളവർ പരിഹസിപ്പതു സഹജമല്ലിതു വന്നിടും
കുറവശേഷം ക്ഷമിച്ചു ഞങ്ങളെ അനുഗ്രഹിക്കണമേവരും
താ ഇന്ത തരികിട തിന്ത തൈതെയ്.

### 9.1.5.2 പുതുപ്പള്ളി പള്ളിയുടെ പാട്ട്

ചരിത്രാതീതവും ചരിത്രപരവുമായ പാരമ്പര്യങ്ങൾക്കു പരമപ്രാധാന്യം കല്പിക്കുന്നവരാണ് മലങ്കര സുറിയാനി ക്രിസ്ത്യാനികൾ. ആ പാരമ്പര്യങ്ങളുടെ സാക്ഷ്യപത്രങ്ങളായി നാവുകളിൽനിന്നു നാവുകളിലേക്ക് പകർന്നു കിട്ടിയ പാട്ടുകൾ പലതുണ്ട്. സുറിയാനി രാഗങ്ങൾക്കു ദ്രാവിഡഭംഗികളണിയിച്ച് സന്ദർഭാനുസൃതമായി സംഗീതാത്മകമാക്കിയ ഈ പാട്ടുകളിൽ ഒരു പ്രധാന ഇനമാണ് പള്ളിപ്പാട്ടുകൾ. അതതു പള്ളികളുടെ ഉത്ഭവവും വികാസ പരിണാമങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ ചരിത്രവസ്തുതകൾ അവയിലുണ്ട്. കാലവും കർതൃത്വവും കൃത്യമായി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പുതുപ്പള്ളി പള്ളിപ്പാട്ടും ഇതിന് അപവാദമല്ല. ആലാഹ എന്ന യഹോവയുടെ പ്രപഞ്ചസൃഷ്ടി, അബ്രഹാം മുതൽ മിശിഹാവരെയുള്ളവരുടെ ജീവിതഗാഥ, സുവിശേഷഘോഷണലക്ഷ്യത്തോടെയുള്ള വി. തോമസിന്റെ കേരളപ്രവേശം, ക്രൈസ്തവസമൂഹം ഇവിടെ നേടിയ സ്നേഹാദരങ്ങളുടെ ഭാഗമായി ഗീവർഗീസ് സഹദായുടെ പേരിലുായ പള്ളിനിർമ്മിതി എന്നിവയെല്ലാം വിശദവും ഭാവനാപൂർണ്ണവുമായി വിവരിച്ചിരിക്കുന്നു ഇതിൽ.

ആലാഹാനാഥനനുഗ്രഹത്താൽ
ആദിയേയുള്ള വിശേഷം ചൊൽവാൻ
ആലാഹാപുത്തിരൻ തമ്പുരാനും
അനുകൂലവാരിധേ റൂഹാതാനും
അമ്മയാം കന്നിമറിയം താനും
ആദരാലീരാറു ശ്ലീഹന്മാരും
ആധാരമായ് മറ്റു പുണ്യവാളരും
അൻപോടിതിന്നു തുണച്ചീടണം
ആദിയുമന്തവുമില്ലാതവൻ
ആലാഹാതമ്പുരാൻ തന്നാൽത്താനായ്
അറ്റമില്ലാതുള്ള വെള്ളത്തിന്റെ
ആഴത്തിന്നുള്ളോരു ഭാഗത്തിന്മേൽ
ആഞ്ചുകൾ കൂട്ടത്തെ നിർമ്മിച്ചാറെ
അല്ലും വെളിവും തിരിച്ചരുളി
അൻപോടെ ബാവാ തിരുവുള്ളമാം

*(രാം പാദം)*
ആദിപെരിയവനൊന്നാംനാളിൽ
ആകാശം ഭൂമിയും സൃഷ്ടിച്ചാറെ
ആകാശത്തട്ടുകൾ റൂഹായാലെ
അഴകായ് തിരിച്ചിതുരാന്നാളിൽ
അറിവുള്ള വൃക്ഷപുഷ്പാദികളും
അരുൾപോലെയുായ് മൂന്നാം നാളിൽ
ആദിത്യ ചന്ദ്രചരാദികളും
ആകാശെ കിതു നാലാന്നാളിൽ
അരൂപിയായോന്റെ ഏകലാലെ

അങ്ങനെതന്നെ മൃഗങ്ങളെല്ലാം
ആകെയും കാണാമിതഞ്ചാം നാളിൽ
ആവൻ തന്നെപ്പോൽ മണ്ണുകൊു
ആദത്തെ സൃഷ്ടിച്ചിതാറാന്നാളിൽ
അസ്ഥികൊവ്വായെ നിർമ്മിച്ചാറെ
ആദനിൽ കൊയിരുത്തി പിന്നെ
അൻപോടെ വേും ഗുണദോഷങ്ങൾ
അന്നവനോട് അരുൾചെയ്തു നായൻ
ആകെയുടയവനേഴാന്നാളിൽ
അഴകോടെ കങ്ങിരുന്നരുളി.

*(മൂന്നാം പാദം)*
തമ്പുരാൻ തന്റെയരുൾപോലെയാദവും
തന്നുടെ ഭാര്യയുമായി വാണിടുമ്പോൾ
ദുഷ്ടനാകൽക്കറുസാ ഹവ്വായോട്
ഇഷ്ടമാം വാക്കുകൾ ചൊന്നതുകേട്ടപ്പോൾ
ഒട്ടും മടിക്കാതെ പേക്കനി തിന്നുടൻ
വിട്ടിതു മോക്ഷസ്ഥലത്തീന്നു പോന്നാറെ
കഷ്ടമായുള്ള സ്ഥലം പുക്കതുനേരം
നഷ്ടമായി ഭാഗ്യവും സൗഖ്യവുമതുമൂലം
ഇഷ്ടമായി ദൈവത്തെ സേവിച്ചു കേണാറെ
കേട്ടരുൾ ചെയ്തുടയവനവരോട്
കേടുകൾ തീർത്തു ഞാൻ രക്ഷിച്ചുകൊൾവേൻ
ആദത്തിൻ പുത്രരായി മൂന്നുപേരുായി
ആയതിൽ മൂത്തവൻ തമ്പിയെ കൊന്നാറെ
മൂന്നാമൻ ശേതിന്റെ താവഴിക്കൂട്ടത്തിൽ
ഒന്നായ് പിരാക്കേറ്റ കായന്റെ വർഗ്ഗവും
കൂടിപ്പെരുകിയ കാരണം തമ്പുരാൻ
പാടെ മുടിപ്പാൻ തുനിഞ്ഞിതു ഭൂമിയെ
ഉായോരാദത്തിൻ കാലമതിൻകാലം
രായിരത്തിമുന്നൂറ്റി തൊണ്ണൂറ്റൊന്നിൽ
ഒക്കെ മുടിച്ചു വെള്ളത്താലന്നതിൽ
ഓവിയാൽ രക്ഷിച്ചു നോഹിനെയന്നു താൻ
മാനുഷരവനാലെ വർദ്ധിച്ചു ഭൂമിയിൽ
മനുവതിൽ മുഖ്യനായബറാഹമുായി
അവനോടു വറുഗീസു വേണമെന്നരുൾചെയ്തു
അബ്രഹാം താനും തന്മക്കളും കൈക്കൊു
ആയതിൻ മുമ്പു ക്നായേൽ വർഗ്ഗവും
അന്നു തുടങ്ങിയിസ്രായേൽ മാർഗ്ഗവും

*(നാലാം പാദം)*

അബ്രഹാം തൊട്ടു മിശിഹാവരെയോളം
അഴകായിവന്നിസ്രയെന്നുള്ള മാർഗ്ഗവും
ആദം പിഴച്ചുടനയ്യായിരത്തി
അഞ്ഞൂറ്റിലൊൻപതുപോയ കാലം
മായവൻ കന്നിയിൽ വന്നുളവായി
മാനുഷർക്കുള്ളൊരു ദോഷം തീർപ്പാൻ
ദാവീദുരാജാവിന്റെ ജന്മമാകും
ബേതലം തന്നിൽ പിറന്നു നായൻ
കിഴക്കുനിന്നപ്പോളുദിച്ചുപൊങ്ങി
കീഴിൽ കാണാതൊരു നക്ഷത്രത്തെ
ക റിഞ്ഞെന്നു പുറപ്പെട്ടിതെ
പൂജരാജാക്കന്മാർ മൂന്നുപേരും
ആദം കരുതിയ കാഴ്ചകളും
ആ വ ന ന്ന വർ കാഴ് ച വ ച്ചു
വീണുവണങ്ങി മനോഗുണങ്ങൾ
വാങ്ങിയവർ നടകൊു പിന്നെ
മന്ന വ രിൽ മന്ന വൻ മുപ്പതാിൽ
മാമ്മോദീസാ മുങ്ങി ശക്തിയോടെ
ഈരാറുശിഷ്യരും താനുംകൂടെ
ഈലോകമെങ്ങും നടന്നുനന്നായ്
നേരായ മാർഗം നടത്തുന്നാളിൽ
നേരല്ലാന്നായവർ യൂദന്മാരും
നിവ്യായിലെഴുതിയ വാചകങ്ങൾ
നിരൂപണ കൂടാതെ പൈശൂന്യത്താൽ
തൂയവനായ മിശിഹാതന്നെ
തൂക്കിനാർ യൂദർ കുരിശിതിന്മേൽ
മൂന്നാം ദിവസത്തിലുയർത്തു നായൻ
മോക്ഷരാജ്യംചെന്നുപുക്കുശേഷം
അൻപതാം നാളായ വൻന്നാളുന്നാൾ
ആകെയുടയവൻ തമ്പുരാനെ
ശിഷ്യരിൽ റൂഹാ തികച്ചരുളി
ചേലോടെ മാർഗ്ഗമറിയിപ്പാനായ്
കേവലമങ്ങനെ ശ്ലീഹന്മാരും
കേട്ടരുൾപോലെ തുടങ്ങി മെയ്യേ
മന്നിലുള്ളവർക്ക് മാതൃവതാകിയ കന്യയതിൽ
മാനമോടെ തികച്ചുവാഴ്ച കൊടുത്തിരുത്തി നടന്നവർ

*(അഞ്ചാം പാദം)*

മാർഗ്ഗമറിയിപ്പതിന്നു ശിഷ്യജനങ്ങളും
വന്നു മാർഗ്ഗമറിയിപ്പാനിതു മാർത്തോമ്മൻ മലനാടതിൽ
മാനമോടെ കൊടുത്തു പട്ടവുമങ്ങനെ മരുവുന്ന നാൾ
ക്ഷീണമായിതു മാർഗ്ഗമങ്ങറിഞ്ഞും വിധിവശാൽ
ക്ഷീരവും പരിചോടെ തേനുമൊഴുകുന്നാടു കിനാനതിൽ
നിന്നുവന്നു കൊടുങ്ങല്ലൂർദിശി പുക്കു ക്രിസ്തുജനങ്ങളും
നീതിയുടയവനാുമൂന്നു ശതത്തിൽ നാല്പതോടഞ്ചിൽ
ചേരകോൻ തൻ തിരുമുമ്പിൽ ചേതസി
തെളിവോടെ കാഴ്ചയെടുത്തു ഭൂമി കൊടുത്തിതെ
വാങ്ങിയന്നവർ വച്ചു പള്ളി നഗരിയുമതിലേറ്റമായി
വന്നു വാണു പുതുപ്പള്ളിയതിലെത്രയുമഴകോടുടൻ
വച്ചു പള്ളിയതിന്റെ വൻപുകളിച്ഛയോടു പുകഴ്ത്തുവാൻ
വാഴുടയവനെ തുണച്ചടിയാർക്കെന്നതിനടി കുപ്പിനേ

*(ആറാം പാദം)*

പരിശോടെ വൻപു കലർന്ന പുതുപ്പള്ളി പള്ളി ചമപ്പതിനായി
പാരാതെ യാക്കോബും മറ്റുള്ളവർകളുംകൂടി നിരൂപിച്ചു പിന്നെ
ഭൂസുരനായകൻ പുന്നൂർക്കെട്ടമ്പെഴും ഭൂദേവൻ തിരുമുമ്പിൽ
ഭൂമി തെളിവോടെ വച്ചൊരു നേരത്ത് എടുത്തുടൻ ഭൂമി കൊടുത്തു
വാങ്ങിത്തിരുവെഴുത്തപ്പോഴെ ഭൂമിക്കു പള്ളി ചമപ്പതിനായി
വമ്പടതച്ചരിൽ മെച്ചമേറീടുന്ന ശില്പികൾ തന്നെ വരുത്തി
കൊല്ലമൊരെണ്ണൂറ്റിമൂന്നഞ്ചുചെന്നൊരു കുംഭമാസമൊരുരിൽ
കേടുവരാതെന്നും നന്മ വരുത്തുവാൻ മേല്പട്ടക്കാരൻ വിധിയാൽ
വച്ചകുരിശതിനാലയം കെട്ടിച്ചു കുദാശചെയ്തഴകോടെ
വാഴു പെരിയോന്റെ മാർസ്ലീബാപ്പള്ളിയെന്നുള്ള നാമവും വീശി
ഇങ്ങിനെയുള്ളാരു പള്ളിയഴിച്ചതിൽ മംഗലമായ് പണി ചെയ്ത
ഇഷ്ടമായേറ്റവും പീലിപ്പോസിൻസുതൻ നാമമവുറാഹം മാത്തു
ഈഴലൊഴിഞ്ഞൊരുബുദ്ധിവിശേഷവാൻ തമ്പുരാൻനിന്നിരന്ന്
ഈലോകരക്ഷ ചെയ്തികുലത്തെ വീ ഈശോമിശിഹാ കർത്താവേ
മാനമോടെ പലർ ഭാവിച്ചതീലാർക്കും സംഗതിവന്നില്ല മുന്നം
മനഗുണവാരിധേയെല്ലാം തിരുമനസായതുപോലെ നീ ചെയ്ക
എന്നുള്ള ചിന്ത ദിനംപ്രതി ചിന്തിച്ചപേക്ഷിച്ചുമേവീടുന്നാകിൽ
ഏകമുടയോന്റെ ഏകലാലെയുള്ളിൽ ഏകാന്തമായെന്നുതോന്നി
ആലസ്യമെന്യേ പട്ടക്കാരൊടു തൻ സോദരനന്തരവരോടും
അൻപൊടു നല്ലയിണങ്ങരുമൊന്നിച്ചു കൂടി നിരൂപിച്ചുറച്ച്
അർത്ഥവുമുാക്കി മറ്റുള്ളവർക്കെല്ലാം അല്ലൽതീരുംപടി ചൊല്ലി
ആനന്ദമേറും മുനികുലരത്നമാം മാർ ദീവന്നാസ്യോസ് തന്റെ അനു

വാദമായരുൾ കേട്ടു തെളിവോടെയാകുലമന്യേ തരകൻ
അമ്പൊടു മാർസ്ലീബാപ്പള്ളി പണിയിപ്പാനാനന്ദമോടെ തുടങ്ങി.

*(ഏഴാം പാദം)*

മൂന്നു ലോകത്തിനും മാതൃവാകും കന്നിമാതാവേ
ഇന്നു നീയിതിന്നു തുണയ്ക്കെന്നെ വന്ദിച്ചേറ്റവും
ചിത്രമേറും നൽപണിക്കങ്ങെത്രയും വിരുതേറും
ശില്പികൾ തന്നെ വരുത്തി കല്ലുകളും വെട്ടിച്ചു
തന്റെ കാലമൊരായിരത്തെഴുന്നൂറ്റിമ്മേൽ
മാറാതൻപതോടു വൃശ്ചികമിരുപതിൽ
മാറ്റിൽ മൂന്നുള്ളതിൽ വടക്കുസ്ഥാനം
തെറ്റാത്ത മാറ്ററും കനകമിട്ടടിസ്ഥാനപടിക്കെല്ലാം
വെട്ടുകല്ലുകൊു പണി കട്ടിയിൽ വളർന്നുടൻ
വെണ്മാടം വളച്ചു ഖണ്ഡമിട്ടു വെള്ളപൂശി
തീർത്തുടൻ മുഖവാരവും ചിത്രമായെഴുത്തുകൾ
ചിത്തിര ചീലാന്തി തന്നിലുത്തരമിരുത്തി
നന്മയിൽ വളകപോതകമൊരു വാതിൽ മീതെ
നാട്ടിവെള്ളഴുത്തുകാലം ചൺമുഖമതിന്മീതെ
വച്ചു ചുറ്റുത്തരമതിൽ വൻകഴുക്കോൽ തന്നിലെ
വാലകൂടമോടിടകലർന്നു പത്തി ഉത്തരം
ചിത്രപട്ടികയും വളതച്ചുടനിടബന്ധം
ചിക്കനെ ബലം വരുത്തി മോന്താഴമതിന്നുമേൽ
ചേലോടെ പട്ടിക തറച്ചുമേഞ്ഞു കുറ തീർത്തു
അർക്കൻ വളവിന്നകത്ത് തീർത്തുവച്ചു ത്രോണോസ്
ആക്കമായഴിക്കകത്തു രുപാടും ത്രോണോസ്
മോടിയിൽ നടകെട്ടി മേടകളും തീർത്തുടൻ
മറ്റും പല പള്ളികൾക്കു വേണമെന്നതൊക്കെയും
മാനമോടെയു‍ു കാണ്മാനോരോന്നെ നിരൂപിച്ചാൽ
മേടമിരുപത്തുമൂന്നു ചെന്ന് പെരുന്നാളതിൽ
കാരുണ്യമേറും മുനിമാർ ദീവന്നാസ്യോസുടൻ
കൂദാശചെയ്തന്നു പള്ളിശുദ്ധമാക്കിയഴകോടെ
കൊട്ടും തപ്പും മദ്ദളവും കൊമ്പും കുഴൽ വെടിവിരവോടെ
കൂട്ടമിട്ടടിച്ചു മണി പാട്ടും കുരവകൾ പരിശോടെ
കൊടയും കൊടിയും സ്ലീബാമറ്റും കുറകൂടാതൊരു നിറം.
കോട്ടംകൂടാദൂരപ്രദക്ഷണമങ്ങു കഴിച്ചുടനിതമോടെ
പള്ളിപുകിന്തുടയോൻ തിരുമുമ്പിൽ പട്ടക്കാരതിയഴകോടെ
പരിശോടെ കാഴ്ചയണച്ചു പലർക്കും ഗുണമാവാനവരറിവോം
ഭക്ഷണമങ്ങു കൊടുത്തതു ലോകർക്കാത്മാവുങ്കൽ തെളിവോടെ
രക്ഷയുടയവനാകിയ മിശിഹാകർത്താവെ നീ കനിവോടെ

സഹദേന്മാർ മണിനീയെന്നരുളിയ മാർ ഗീവറുഗീസൻപോടെ
തുണചെയ്കെന്നു സ്തുതിച്ചു മഹാജനമൊക്കെയുമങ്ങവനിതമോടെ
അഖിലജനത്തിനുമരുളുകയുമ്മാഗുണമെന്നും നീ നിനവോടെ
അടിമലർ കുമ്പിട്ടിതമൊടുപാടും അടിയാരിൽ നീ ദയയോടെ
അനുകൂലമായി തുണയരുളുക നന്നായെല്ലാവർക്കും കനിവോടെ
ആലാഹാ തുണച്ചരുളും അന്നുമിന്നുമെന്നുമേ.

### 9.1.6 പുതുപ്പള്ളി പെരുന്നാൾ പഴയ താളുകളിൽ

*(മലയാള മനോരമ)*

1926 മെയ് 15

#### 9.1.6.1 പുതുപ്പള്ളി പെരുന്നാളും കോഴിവെട്ടും

(പുതുപ്പള്ളി ലേഖകൻ)

1-10-101- ഇവിടെ ആുതോറും മേടമാസം 24-ാംനു ആഘോഷിക്ക പതിവുള്ള മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മയുടെ പെരുന്നാൾ ഈയാിലും പതിവനുസരിച്ചു നടത്തുകയുായി. എന്നാൽ ഇവിടെ പതിവുള്ള കോഴിവെട്ട് ഈയാുമുതൽ നിർത്തൽ ചെയ്യണമെന്ന് ഇടവകക്കാരായ ഉത്പതിഷ്ണുക്കൾ ഒരു ആലോചന അവതരിപ്പിക്കുകയും വോട്ടിനിട്ടതിൽ യാഥാസ്ഥിതികന്മാർ വിജയികളാകയുമാണു ചെയ്തത്. കോഴിവെട്ടിന്റെ ചടങ്ങുകൾ താഴെ ചേർക്കുന്നു.

“നേർച്ചപ്പൂവൻ” എന്ന ഇനത്തിൽ ഇവിടെ വരുന്ന കോഴികളെ എല്ലാം സൂക്ഷിക്കുന്നതിനായി മുൻകൂട്ടി ഒരു അഴിക്കൂടു തയ്യാറാക്കും. കുറഞ്ഞൊരു സമയംകൊ് ആയിരത്തിലധികവും രായിരത്തിൽ കുറഞ്ഞും ഉള്ള കോഴികൾ വന്നുചേരും. ഇതുകൂടാതെ ഏതാനും ആട്ടുകൊറ്റന്മാരെയും “നടകിടാവ്” എന്ന ഇനത്തിൽ കൊുവന്നുകെട്ടും. നിശ്ചിതസമയത്തിനു പള്ളി പ്രമാണികളിൽ അതാതുകാലം പ്രായക്കൂടുതൽ ഉള്ള ആൾ ഇതിൽ ഒരു കോഴിയുടെ കഴുത്തു കിക്കയും, പപ്പു പറിക്കുകയും ചെയ്യും. അനന്തരം പരവൻ ജാതിയിലുള്ള എട്ടുപത്താളുകൾ ബാക്കി ഉള്ളതിനെ എല്ലാം കൊന്നൊടുക്കാൻ തുടങ്ങും. ഇതിന്റെ എല്ലാം തലയുടെ അവകാശം ഇക്കൂട്ടർക്കാകയാൽ ഓരോരു ത്തർക്കും കൂടുതൽ സംഖ്യ ലഭിക്കേതിനുവേ ഇവർ അഹമഹമികയാ തങ്ങളുടെ ജോലി തുടരുന്നത് ഒന്നു കാണേതുതന്നെയാണ്. പിന്നീട് ഉള്ളാടൻ ജാതിയിലുള്ള വളരെ അധികം സ്ത്രീപുരുഷന്മാർ ഹാജരാകും. ഇവർ കോഴിയെ ചൂടുവെള്ളത്തിൽ മുക്കുക, പപ്പു പറിക്കുക, കുടലെടുക്കുക മുതലായ ജോലികൾ തുടർന്നുകൊിരിക്കും. ഇതിന്റെ ശേഷം പള്ളി സൂക്ഷിപ്പിൽ ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ‘കോഴിക്കത്തി’ എന്നൊരുവക ആയുധം ഓരോരുത്തർ ഓരോന്നും എടുത്തുകൊു അണിനിരന്ന് ഇരിക്കുന്നു. പിന്നീട് ഓരോ കോഴിയെ തടിയേൽവെച്ചുകൊു കമാനം അറഞ്ഞുതുടങ്ങും. ഇതിന്റെ ശേഷം ഇടവകക്കാരിൽ “ശ്രമക്കാർ” എന്നൊരു കൂട്ടർ ഇവയെല്ലാം യഥാക്രമം പാകപ്പെടുത്തും.

1931 മെയ് 12 (മേടം 28)

#### 9.1.6.2 പുതുപ്പള്ളിപ്പെരുനാൾ

*(സ്വന്തം ലേഖകൻ)*

ഇവിടെ ആുതോറും മേടമാസം 24-ാം തീയതി ആഘോഷിക്ക പതിവുള്ള മാർ

ഗീവറുഗീസ് സഹദായുടെ ഓർമ്മയുടെ പെരുനാൾ ഈയാലിലും പതിവനുസരിച്ച് എല്ലാവിധ ചടങ്ങുകളോടും കൂടി യഥാവിധി നിർവഹിക്കപ്പെട്ടിരിക്കുന്നു. സമാധാനപരിപാലനവിഷയത്തിൽ പോലീസ് പ്രത്യേകം ബദ്ധശ്രദ്ധരായിരുന്നു. മഴ ഇല്ലാതിരുന്നതിനാൽ കച്ചവടക്കാർക്കു യാതൊരു ഉപദ്രവവും ഇല്ലായിരുന്നു എങ്കിലും ഇപ്പോഴത്തെ സാമ്പത്തികാധഃപതനവും വെള്ളിനാണയങ്ങളുടെ കുഴപ്പവും നിമിത്തം കച്ചവടം ജോറായിരുന്നില്ല. വഞ്ചിക തിട്ടപ്പെടുത്തിയതിൽ നടവരവുരൊക്കം എണ്ണി ക രൂപാ 1417 ആയിരുന്നു. ഭണ്ഡാരം നിറഞ്ഞിരിക്കുന്നു. മാന്തി എടുത്തിട്ടില്ല: കുർബാനപ്പണം, അടിമപ്പണം, നടകിടാവ്, പൊൻ-വെള്ളി ആൾരൂപങ്ങൾ, ചേന, കാച്ചിൽ, നാളികേരം മുതലായവയും ധാരാളമായിരുന്നു.

1932 മെയ് 7 (മേടം 25)

**9.1.6.3 പുതുപ്പള്ളിപ്പെരുനാൾ**

*(പുതുപ്പള്ളി ലേഖകൻ)*

ഇവിടുത്തെ വലിയ പള്ളിയിൽ പുരാതനകാലം മുതൽ നടന്നുവരുന്നതും മേട മാസം 24-ാംനു തോറും ആഘോഷിക്ക പതിവുള്ളതുമായ മാർ ഗീവറുഗീസു സഹദായുടെ ഓർമ്മയുടെ പെരുനാൾ ഈയാൽ ഗവർമ്മെ് അധീനതയിലും റിസീവരുടെ ഭരണത്തിലും അഭൂതപൂർവ്വമായവിധം വിജകരമായി പര്യവസാനി ച്ചിരിക്കുന്നു. ഓരോ സംഗതികളും നടത്തുന്നതിനു ഇടവകയിലെ യുവാക്കന്മാർക്ക് ഒരു യോഗത്തിൽ വെച്ച് അദ്ധ്യക്ഷനായ ദിവ്യശ്രീ പാറേട്ട് മാത്യൂസ് കത്തനായവർ കൾ സ്കൗട്ട് പ്രസ്ഥാനം അനുസരിച്ചു ഓരോ നിർദ്ദേശങ്ങൾ നൽകി ബാഡ്ജ് കൊടുക്കയുായി. ബാഡ്ജ് ധരിച്ചിട്ടുള്ളവർ എല്ലാം മദ്യപാനം ചെയ്യാത്തവരും സദാചാരനിരതന്മാരും ആയിരുന്നു. കൂടാതെ അടുത്ത പല താലൂക്കുകളിലെ പോലീസുകാരും എക്സയിസ്സുകാരും അവരുടെ മേധാവികളുടെ ആജ്ഞാനുസരണം തങ്ങളുടെ ചുമതല യഥാവിധി നിർവ്വഹിച്ചുകൊിരുന്നു. എന്നു മാത്രമല്ല ഉപഷാപ്പുകൾ തുറക്കാതെയും വ്യാജവിൽപ്പന നടക്കാതെയും ഇരിക്കുന്നതിന് അസിസ്റ്റന്റ് എക്സയിസ് കമ്മീഷണർ മി. ഗോവിന്ദപ്പിള്ള സ്ഥലത്തെത്തി വേ നിഷ്കർഷകൾ ചെയ്തിരുന്നു. പള്ളി പുരയിടാതിർത്തിക്കുള്ളിൽ യാതൊരു ക്രയവിക്രയങ്ങളും ചെയ്യുന്നതിനു സ്ഥലം അനുവദിക്കാതിരുന്നതിനാൽ പള്ളിയിലും പരിസരങ്ങളിലും സർവ്വദാ ശാന്തത പരിലസിച്ചുകൊിരുന്നു. തലേദിവസം രാത്രിയിലുള്ള റാസ (പ്രദക്ഷിണം) ആഘോഷസമേതം നിർവ്വഹിക്കുകയും അനന്തരം ദീപക്കാഴ്ച, കരിമരുന്നുപയോഗം മുതലായവയും യഥാവിധി നിർവ്വഹിക്കപ്പെടുകയും ചെയ്തു.

പള്ളിവക പൊൻവള്ളി കുരിശുകൾ മുത്തുക്കുട, വെട്ടുകുട മുതലായ സാമഗ്രികളോടും ബാന്റു, നാഗസ്വരം, ഉരുട്ടുചെ, തമ്പേറു മുതലായ വിവിധ തരം വാദ്യഘോഷങ്ങളോടും കൂടിയുള്ള പ്രദക്ഷിണവും മോടിയായി കഴിഞ്ഞു കൂടി. ഈയാൽ പഴയ മാമൂലിനെ അതിലംഘിച്ചു സംഗതികൾ എല്ലാം നടന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

1934 മെയ് 19

**9.1.6.4 പുതുപ്പള്ളിപ്പെരുനാൾ**

*(പുതുപ്പള്ളി ലേഖകൻ)*

ഇവിടത്തെ വല്യപള്ളിയിൽ ആുതോറും മേടം മാസം 24-ാംനു ആഘോഷിക്ക പതിവുള്ള മാർ ഗീവറുഗീസുസഹദായുടെ ഓർമ്മയുടെ പെരുനാൾ ദിനം ഈയാൽ

ഞായറാഴ്ച ആയിരുന്നതിനാൽ അടുത്തദിനമായ തിങ്കളാഴ്ച (ഇന്നലെ) യഥാവിധി ഭംഗിയായി നടന്നിരിക്കുന്നു. പെരുനാളിന്റെ പ്രാരംഭമായി പത്തുദിവസം മുൻപു കൊടിയേറ്റം മുതൽ ഉള്ള എല്ലാ സംഗതികളും റിസ്സീവരും ഇടവകപ്രധാനികളുംകൂടി ആലോചിച്ചു തീർച്ച ചെയ്ത വ്യവസ്ഥകൾ സംബന്ധിച്ചുള്ള കാര്യപരിപാടി അച്ചടിച്ചു മുൻകൂട്ടി വിതരണം ചെയ്തിരുന്നു. തലേദിവസം രാത്രിയിൽ "റാസ"യ്ക്ക് ശേഷം പുഞ്ചപ്പാടത്തു ദീപക്കാഴ്ച ആരംഭിച്ചു. അതിന്റെ ശേഷം കോട്ടയം വല്യങ്ങാടിയിൽ കുന്നുംപുറത്തു വർക്കി കൊച്ചുതൊമ്മന്റെ ചുമതലയിൽ കരിമരുന്നുപ്രയോഗം ആരംഭിച്ചു. വാണം, കുടച്ചക്രം, അമിട്ട്, കോട്ട മുതലായ ഓരോന്നിനെക്കുറിച്ചും പ്രത്യേകം പ്രത്യേകം പറയാനുങ്കിലും അവ അഭൂതപൂർവ്വമായവിധം ഭംഗിയായിരുന്നു എന്നുമാത്രം പറഞ്ഞവസാനിപ്പിക്കുന്നു. പെരുന്നാൾ ദിനം 8 മണിയോടുകൂടി "മുന്നുമ്മേൽ" കുർബാന എന്ന ദിവ്യകർമ്മം ആരംഭിച്ചു. അതു കഴിഞ്ഞപ്പോഴേക്കു നൂറിലധികം പറ അരി വെച്ചു വേ വിഭവങ്ങളോടുകൂടി മൂവായിരത്തോളം വന്ന ആളുകൾക്ക് ഒറ്റ ഏറ്റിനു ഇരുത്തി, വിളമ്പിക്കൊടുക്കുകയും അവർ ഭക്ഷിച്ചു സംതൃപ്തരായിത്തീരുകയും ചെയ്തു. ഉച്ചകഴിഞ്ഞു പൊൻ വെള്ളിക്കുരിശുകൾ മുതലായ എല്ലാത്തരം പള്ളിസാമാനങ്ങളുടേയും അകമ്പടിയോടും ബാന്റ്, നാഗസ്വരം, ഉരുട്ടുചെ മുതലായ എല്ലാത്തരം താളമേളങ്ങളോടും രു ഗജവീരന്മാരുടെ അകമ്പടിയോടും കൂടിയുള്ള വൻപിച്ച ഘോഷയാത്രയ്ക്കുശേഷം "നേർച്ചവിളമ്പ്" ആരംഭിച്ചു. അപ്പം, ഇറച്ചി ഈ രു സാധനങ്ങളാണു വിളമ്പിക്കൊടുക്കുന്നത്. വിളമ്പു ശരിപ്പെടുത്തുന്നതിനുവേ ഓരോ ബ്ലോക്കു തിരിച്ച് ഓരോ പ്രധാനികളെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ഒരു ബ്ലോക്കിലെ ചുമതല, ഇവിടത്തെ ഒരു പൗരപ്രധാനിയും പള്ളിക്കാര്യങ്ങളിൽ നല്ല തഴക്കവും പഴക്കവും സിദ്ധിച്ചുള്ള ആളുമായ കരവട്ടു കുഞ്ഞുവർക്കി അവർകൾ സ്വയം സ്വീകരിച്ചു നടത്തുകയും മറ്റുള്ളവർ അതിനെ മാതൃകയായി സ്വീകരിച്ചു വിളമ്പ് ഏറ്റവും ഭംഗിയാക്കി ത്തീർക്കുകയുമാണു ചെയ്തത്.

1936 മെയ് 19 (മേടം 25)

**9.1.6.5 പുതുപ്പള്ളി പെരുനാൾ**

*(പുതുപ്പള്ളി ലേഖകൻ)*

പുതുപ്പള്ളി പള്ളിയിൽ ആുതോറും മേടമാസം 24-ാംനു ആഘോഷിക്ക പതിവുള്ള മാർ ഗീവറുഗീസു സഹദായുടെ ഓർമ്മയുടെ 296-ാമത്തെ പെരുനാൾ ഗവർമ്മെന്റു നിയമിച്ചിട്ടുള്ള റിസ്സീവരുടെ ചുമതലയിൽ ഇന്നലെ യഥാപൂർവം നിർവഹിച്ചിരിക്കുന്നു. പെരുനാൾ ദിവസം രാവിലെ വി. കുർബാന കഴിഞ്ഞു പത്തുമണിക്കു മൈതാനമായ പള്ളിപ്പറമ്പിലെ പുല്ലിൻപുറത്തു സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെ അയ്യായിരത്തോളം വരുന്ന ആളുകളെ ഒന്നായി നിരത്തി ഇരുത്തി ഭക്ഷണം കൊടുക്കയും പിന്നീടു നാലുമണിയോടുകൂടി പൊൻ വെള്ളിക്കുരിശുകൾ മുതലായ എല്ലാത്തരം പള്ളി സാമാനങ്ങളോടും നാഗസ്വരം, ബാന്റു തകിൽ, തമ്പേറു, ഉരുട്ടുചെ മുതലായ താളമേളങ്ങളോടും ഗജവീരന്മാ രുടെ അകമ്പടിയോടും കൂടിയുള്ള വമ്പിച്ച പ്രദക്ഷിണം ആരംഭിച്ചു. പോലീസു കമ്മീഷണരുടെ ആർഡർ അനുസരിച്ചു കോട്ടയം, ചങ്ങനാശേരി, പാമ്പാടി, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ എന്നീ സ്റ്റേഷനുകളിൽനിന്നും ഒട്ടേറെ പോലീസു കാരെ സമാധാനപരിപാലനത്തിനായി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്നു. സാമ്പത്തികാധഃപതനം ഭയങ്കരമായിരുന്നിട്ടും കച്ചവടക്കാരും മറ്റും ധാരാള മായിരുന്നു. യാതൊരനിഷ്ടസംഭവങ്ങൾക്കും ഇടയാകാതെ എല്ലാം ശാന്തപരമായി കഴിഞ്ഞുകൂടിയിരിക്കുന്നു എന്നതും പ്രസ്താവ്യമത്രെ.

1937 മെയ് 19 (മേടം 28)

**9.1.6.6 പുതുപ്പള്ളിപ്പള്ളി പെരുനാളിന്റെ ചരിത്രം**

*(സ്വന്തം ലേഖകൻ)*

പുതുപ്പള്ളി

പുതുപ്പള്ളി പള്ളിയിൽ ആണ്ടുതോറും മേടമാസം 24-ാംനു ആഘോഷിക്ക പതിവുള്ള മാർ ഗീവറുഗീസു സഹദായുടെ ഓർമ്മയുടെ പെരുന്നാൾ 297-മതു തവണയാണു കഴിഞ്ഞ വ്യാഴാഴ്ച ഇവിടെ ആഘോഷിക്കപ്പെട്ടത് ഈ പെരുനാൾ ആരംഭിച്ച കാലത്തു നേർച്ച വിളമ്പാനുള്ള ചോറിന്റെ ആവശ്യത്തിനു വേി കഞ്ഞി വെച്ചത് ഒരു കലത്തിൽ ആയിരുന്നു. അതു വർദ്ധിച്ചാണ് ഇപ്പോഴത്തെ വൻപിച്ച നിലയിൽ എത്തീട്ടുള്ളത്. പത്രോസു പാത്രിയർക്കീസുബാവയുടെ ആഗമനാനന്തരം 1051-ാമാു മുതൽ ആറു വർഷത്തേക്കു പെരുനാൾ മുടങ്ങി പ്പോയി. പിന്നീടു പുലിക്കോട്ടിൽ മാർ ജോസേപ്പു ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ അനുവാദപ്രകാരം 17-ാമാു മേടമാസം 24-ാം തീയതി (ബുധനാഴ്ച) മുതൽ പെരുനാൾ വീും തുടരുകയാണുായത്. മുടങ്ങിയ കാലത്ത് ഈ പള്ളിയിൽ തവണക്കാരായി മൂന്നു പട്ടക്കാരാണുായിരുന്നത്. ആഘോഷങ്ങളില്ലായിരുന്നെങ്കിലും എല്ലാ ആുകളിലും പതിവായി വി. കുർബാന ഉായിരുന്നു. ഈ കാലങ്ങളിലെ നടവരവു നാലായിരം ചക്രം മുതൽ അയ്യായിരം ചക്രം വരെ ആയിരുന്നു. അന്നു വെള്ളിച്ചക്രമായിരുന്നു നടപ്പിലി രുന്നത്. (വെള്ളിച്ചക്രം 1078-ൽ നിറുത്തലാക്കപ്പെട്ടു.) ഈ പള്ളിയിലെ പെരുനാൾ സംബന്ധിച്ച കച്ചവടങ്ങളെല്ലാം പള്ളിമതിൽകെട്ടിനകത്തായിരുന്നതു ബാവായുടെ നിർദ്ദേശപ്രകാരം 57-മാു മുതൽ അങ്ങാടിയിലേക്കു മാറ്റി.

1938 മെയ് 9 (മേടം 26)

**9.1.6.7 പുതുപ്പള്ളി പെരുനാൾ**

പുതുപ്പള്ളി പള്ളിയിൽ ആുതോറും മേടം 24ാം തീയതി ആഘോഷിക്കുക പതിവുള്ള മാർ ഗീവർഗീസ് സഹദായുടെ ഓർമയുടെ പെരുനാൾ ഈയാിലും ഭംഗിയായി നിർവഹിച്ചിരിക്കുന്നു. വെള്ളിയാഴ്ച രാത്രി 9 മണിക്കു റാസയും പിന്നീട് പ്രദക്ഷിണം, ദീപക്കാഴ്ച, വെടിക്കെട്ടുകാരനായ തോട്ടയ്ക്കാട്ടു പൗലൂസിന്റെ കരിമരുന്നു പ്രയോഗം ഇവ കഴിഞ്ഞ് പള്ളിപ്പറമ്പിൽ പല സെറ്റുകാരുടെ മാർഗംകളി, പരിശമുട്ടുകളി, കോലടികളി എന്നിവയും അങ്ങാടിയിൽ സിനിമ, സർക്കസ് മുതലായവയും ഉായിരുന്നു. പെരുനാൾ ദിവസമായ ശനിയാഴ്ച കാലത്ത് 9 മണിക്ക് അഞ്ചു ത്രോണോസിന്മേൽ വി. കുർബാന ആരംഭിച്ചു. അതിനുശേഷം ചെറിയമഠത്തിൽ സ്കറിയ മൽപ്പാൻ അവർകൾ ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. 11 മണിക്കുശേഷം നൂറുപറ അരി വച്ചു തീർത്ഥയാത്ര ക്കാർക്കു സദ്യ നൽകി. ഉച്ചകഴിഞ്ഞു പൊൻ-വെള്ളിക്കുരിശുകൾ മുതലായ എല്ലാത്തരം പള്ളിസാമാനങ്ങളുടെ അകമ്പടിയോടും ബാൻഡ്, നാഗസ്വരം, ഉരുട്ടുചെ മുതലായ വിവിധതരം താളമേളങ്ങളോടും അനേകം പട്ടക്കാരുടെ സഹകരണ ത്തോടും കൂടിയുള്ള വമ്പിച്ച പ്രദക്ഷിണം ആരംഭിച്ചു. ഒടുവിൽ നേർച്ച (ഇറച്ചിയും അപ്പവും) വിളമ്പുക എന്ന ചടങ്ങാണ് നടന്നത്.

## 9.2. സെന്റ് തോമസ് തീർത്ഥകേന്ദ്രം, പാലയൂർ

9.2.1 ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവദേവാലയമാണിത്. ഈ ദേവാലയത്തിന്റെ സ്ഥാനം ഒരിക്കലും മാറ്റപ്പെട്ടിട്ടില്ല എന്നതുകൊണ്ടാണ് ഈ ദേവാലയത്തെ ഇങ്ങനെ വിശേഷിപ്പിക്കുന്നത്. പാലയൂരിൽ മാർതോമാശ്ലീഹാ ചെയ്ത കാര്യങ്ങൾ പുരാതനമായ 'റമ്പാൻ പാട്ടി'ൽ വിവരിക്കുന്നു്. പാലയൂരിലെത്തിയ തോമാശ്ലീഹാ ഏകദേശം ഒരു വർഷത്തോളം പാലയൂരിൽ താമസിച്ച് പ്രേഷിതപ്രവർത്തനം നടത്തി. അദ്ദേഹം 1050 പേരെ മാമ്മോദീസ മുക്കുകയും അവർക്കു പ്രാർത്ഥിക്കാനായി ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു.

**9.2.1.1. പാലൂർ – പാലയൂരിന്റെ ആദ്യനാമം**

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ അറബിക്കടലിനോടു ചേർന്നു കിടക്കുന്ന ചാവക്കാട് മുനിസിപ്പാലിറ്റിയിൽപെട്ട പാലയൂരിന്റെ ആദ്യനാമം പാലൂർ എന്നായിരുന്നു. പുരാതനമായ റമ്പാൻ പാട്ടിൽ 'പാലൂർ' എന്നാണ് കാണുന്നത്. എ.ഡി. രാം നൂറ്റാിൽ ജീവിച്ചിരുന്ന ടോളമി(Ptolemy)യുടെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ കാണുന്ന 'പാലുറാ' എന്ന സ്ഥലനാമം പാലയൂരിനെയാണ് സൂചിപ്പിക്കുന്നതെന്ന് മലബാർ ഗസറ്റീയറിൽ രേഖപ്പെടുത്തിയിട്ടു്.

'പാലയൂർ ചെപ്പേടുകൾ' എന്നറിയപ്പെടുന്ന നാലു ചെപ്പേടുകളിൽ എ.ഡി. 1606–ൽ എഴുതപ്പെട്ട ഒന്നാമത്തെ ചെപ്പേടിലും പാലൂർ എന്നുതന്നെയാണു കാണുന്നത്. 1677–ൽ എഴുതപ്പെട്ട രാമത്തെ ചെപ്പേടിലും 1681–ൽ എഴുതപ്പെട്ട മൂന്നാമത്തെ ചെപ്പേടിലും പാലൂർ എന്നതിനു പകരം 'പാലൈയൂർ' എന്നാണു കാണുന്നത്. അതിനു കാരണം ഒന്നുകിൽ പദമധ്യേ 'ഐ'കാരം പാലയൂർ പ്രദേശങ്ങളിലെ വ്യവഹാരഭാഷയിൽ 17–ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിലും ഉായിരുന്നതോ അതല്ലെങ്കിൽ വ്യാവഹാരഭാഷയിലെ പാലൂരിനു പകരം ശാസനഭാഷയുടെ സാങ്കേതികത്വവും പ്രാചീനത്വും സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ കേരളത്തിലെ പഴയ രാജഭാഷയായ ചെന്തമിഴിനോടൊട്ടി നിൽക്കാൻ 'പാലൈയൂർ' എന്നു ബോധപൂർവ്വം പ്രയോഗിച്ചതോ ആവാമെന്ന് 'ഭാഷാപഠനങ്ങൾ' എന്ന ഗ്രന്ഥത്തിൽ പ്രൊഫ.സി.എൽ. ആന്റണി അനുമാനിക്കുന്നു. എ.ഡി. 1743–ൽ എഴുതപ്പെട്ട നാലാമത്തെ ചെപ്പേടിൽ 'പാലൈയൂർ' എന്നും 'പാലയൂർ' എന്നും രുവിധത്തിലും കാണുന്നു. 18–ാം നൂറ്റാിന്റെ പൂർവാർദ്ധത്തോടുകൂടി ചെന്തമിഴിന്റെ സ്വാധീനം മലയാളഭാഷയിൽ ഇല്ലാതായിത്തുടങ്ങി എന്നാണിതു സൂചിപ്പിക്കുന്നത്. അങ്ങനെ പാലൂർ ക്രമേണ പാലയൂർ ആയി മാറി.

ക്രിസ്തുവിനുമുമ്പ് ആറാം നൂറ്റാു മുതൽ ജൂതന്മാരുടെ സാന്നിധ്യം കേരളത്തിൽ ഉായിരുന്നു. കേരളത്തിൽ ജൂതന്മാരുടെ അധിവാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു പാലയൂർ. ഒരു ജൂതസിനഗോഗും പാലയൂരിൽ ഉായിരുന്നു. പാലയൂരിലുള്ള തന്റെ വംശജരുടെ സാന്നിധ്യമായിരിക്കണം ഇവിടേയ്ക്കു വരാൻ ശ്ലീഹായെ പ്രേരിപ്പിച്ചത്. ഇവിടുത്തെ ജൂതന്മാരിൽ കുറേപ്പേർ തോമാശ്ലീഹായാൽ മാമ്മോദീസ മുങ്ങി.

'യൂദക്കുന്ന്' എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന പാലയൂർ, യഹൂദരുടെ ഒരു കമ്പോളവും ബ്രാഹ്മണരുടെ കേന്ദ്രവുമായിരുന്നു. ഇന്നും യഹൂദരില്ലാത്ത യൂദക്കുന്ന് – യൂദൻ ബസാർ – എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശം നമുക്കിവിടെ കാണാം. ക്രിസ്തുവർഷം 52–ൽ തോമാ

ശ്ലീഹാ കൊടുങ്ങല്ലൂരിൽനിന്നു പാലയൂരെത്തി യഹൂദരോട് സുവിശേഷം പ്രസംഗിച്ചു.

ശ്ലീഹാ പാലയൂരിൽ താമസിക്കുമ്പോൾ അവിടുത്തെ ചില ബ്രാഹ്മണന്മാർ ക്ഷേത്രക്കുളത്തിൽ സ്നാനം ചെയ്ത് ജലകണങ്ങൾ മേലോട്ടെറിഞ്ഞുകൊ് പിതൃതർപ്പണകർമ്മങ്ങൾ ചെയ്യുന്നത് കാണാനിടയായി. ദൈവത്തെ പ്രഘോഷിക്കുവാൻ അതൊരവസരമാക്കി മാറ്റാൻ തീരുമാനിച്ച ശ്ലീഹാ, എന്തുകൊാണ് ദൈവത്തിനായിട്ട് മുകളിലേക്കെറിഞ്ഞ ജലം ദൈവം സ്വീകരിക്കാതെ താഴേയ്ക്കുതന്നെ പോകുന്നതെന്നും, കോരിയെടുത്ത ഭാഗം കുഴിയായി കാണാത്തതെന്നും ആരാഞ്ഞു. സംസാരം സംവാദവിഷയമായി. തന്റെ ദൈവം ജലം സ്വീകരിക്കുമെന്നു പറഞ്ഞ വിശുദ്ധൻ മിശിഹായുടെ നാമത്തിൽ ജലമെടുത്ത് മുകളിലേക്കെറിഞ്ഞു. മുകളിലേക്കെറിഞ്ഞ ജലം അന്തരീക്ഷത്തിൽ തങ്ങുകയും ജലം കോരിയെടുത്തഭാഗത്ത് കുഴികൾ രൂപപ്പെടുകയും ചെയ്തു. ജലം സ്വീകരിച്ച ദൈവത്തിന്റെ ശക്തിയിലും വിശുദ്ധന്റെ സാക്ഷ്യത്തിലും വിശ്വസിച്ച ഒരു വിഭാഗം ഭക്തന്മാർ ക്രിസ്തുമതം സ്വീകരിച്ചു. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയങ്കാവ്, കോയിക്കര, മാടപുരു, പനയ്ക്കമറ്റം, മുട്ടോടൻ, കോട്ടക്കാളി, നെടുമ്പള്ളി തുടങ്ങിയ 32 ഇല്ലക്കാരാണ് ഇവിടെ ക്രിസ്തുമതം സ്വീകരിച്ചതെന്നു പാരമ്പര്യമു്.

ക്രിസ്തുമതത്തിൽ ചേരാതിരുന്ന ബ്രാഹ്മണരും നമ്പൂതിരിമാരും ഈ സ്ഥലത്തെ ശപിച്ചിട്ട് വേമ്പനാട്ടേക്കു പോയി എന്നാണ് ഐതിഹ്യം. ഇങ്ങനെ ഈ സ്ഥലത്തിന് ശാപക്കാട്, ചാവക്കാട് എന്നു പേരുായി. പാലയൂർ അശുദ്ധമായി എന്ന വിശ്വാസത്താൽ ഒരുകൂട്ടർ 'ഇനിയത്തെ കുളി വെമ്പേനാട്ട്' എന്നു പറഞ്ഞ് നാടിനെ ശപിച്ചുകൊ് സ്ഥലംവിട്ടുപോയി. ഇവർ കി, കാളം, ചെലം, മും തുടങ്ങിയ മനക്കാരാണ്. പാലയൂരിനെ ശപിച്ചിട്ട് വേമ്പേനാട്ടിനു പോയ അവർ അവിടെ പുതിയ മനകൾ പണിതു. അതിനാൽ ആ സ്ഥലത്തിന് പുതുമനശ്ശേരി എന്ന സ്ഥലപ്പേരുായി. ഒരു മനക്കാർ മാത്രം മാമ്മോദീസ മുങ്ങുകയോ സ്ഥലം വിട്ടു പോവുകയോ ചെയ്തില്ല. ആ ഒരു മന നിന്നിരുന്ന സ്ഥലം പിന്നീട് 'ഒരുമനയൂർ' എന്ന പേരിൽ അറിയപ്പെട്ടു. പാലയൂരിൽനിന്നും ഒരു കിലോമീറ്റർ തെക്കായിട്ടാണ് ഒരുമനയൂർ.

ടിപ്പു സുൽത്താന്റെ നേതൃത്വത്തിലുള്ള മൈസൂർപട 18-ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിൽ പാലയൂർ ദേവാലയം നശിപ്പിച്ചു. പിന്നീട് ആ ദേവാലയം മനോഹരമായി പുനരുദ്ധരിച്ചു. ഈ ദേവാലയത്തിന്റെ പ്രവേശനകവാടം ഹിന്ദു വാസ്തുശില്പമാതൃകയിലുള്ള മണ്ഡപമാതൃകയിലാണ് നിർമ്മിതമായിരിക്കുന്നത്. ഇന്ന് പാലയൂർ എത്തുന്ന തീർത്ഥാടകർക്ക് ശ്ലീഹായുടെ ജീവിതത്തിലെ പതിനാല് സന്ദർഭങ്ങൾ കരിങ്കല്ലിൽ ചിത്രീകരിച്ചിരിക്കുന്നതു കാണാം.

#### 9.2.1.2. മാർതോമാപാത

മാർതോമാ പാതയുടെ പതിന്നാലു സ്റ്റേഷനുകളിലെ ദൃശ്യങ്ങൾ താഴെ പറയുന്നവയാണ്:

1) യേശു തന്റെ ശിഷ്യനാകാൻ തോമായെ വിളിക്കുന്നു. 2) വഴി ഞങ്ങൾ എങ്ങനെ അറിയും? എന്നു തോമാശ്ലീഹാ ചോദിച്ചപ്പോൾ യേശു പറയുന്നു: 'വഴിയും സത്യവും ജീവനും ഞാനാകുന്നു'. 3) യഹൂദർ തന്നെ കല്ലെറിയാൻ കാത്തിരിക്കുന്ന യൂദയായിലേക്കു പുറപ്പെട്ട യേശുവിനെ മറ്റു ശിഷ്യന്മാർ തടഞ്ഞപ്പോൾ തോമാശ്ലീഹാ പറയുന്നു: 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം'. 4) ഉയിർത്തെഴുന്നേറ്റ യേശു തനിക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമാശ്ലീഹാ വിളിച്ചു പറയുന്നു: 'എന്റെ കർത്താവേ, എന്റെ ദൈവമേ!' 5) തോമാശ്ലീഹാ ഗുഫർ രാജാവിന്റെ മുന്നിൽ. 6) തോമാശ്ലീഹാ കൊടു

ങ്ങല്ലൂരിൽ കേപ്പായ്ക്ക് പൗരോഹിത്യം നൽകുന്നു. 7) പാലയൂർ തളിയക്കുളത്തിൽ തോമാശ്ലീഹാ പൂർവ്വികർക്ക് മാമ്മോദീസ നൽകുന്നു. 8) കൊല്ലത്ത് ഒരു കുഞ്ഞിന്റെ പിതൃത്വ കേസിൽ തോമാശ്ലീഹാ സത്യം തെളിയിച്ചുകൊടുക്കുന്നു. 9) നിരണത്ത് ആക്രമിക്കാൻ വന്ന സിംഹത്തെ തോമാശ്ലീഹാ ശാന്തമാക്കുന്നു. 10) കോക്കമംഗലത്ത് തോമാശ്ലീഹാ സുവിശേഷപ്രഘോഷണം നടത്തുന്നു. 11) പറവൂരിൽ ആക്രമിക്കാൻ വന്ന ആനയെ തോമാശ്ലീഹാ ശാന്തമാക്കുന്നു. 12) നിലയ്ക്കലിൽ ആക്രമിക്കാൻ വന്ന പുലിയെ തോമാശ്ലീഹാ ശാന്തമാക്കുന്നു. 13) തോമാശ്ലീഹാ മലയാറ്റൂർ മലമുകളിൽ പ്രാർത്ഥിക്കുന്നു. 14) മൈലാപ്പൂരിൽ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം.

### 9.2.1.3. തളിയക്കുളം – മാമ്മോദീസാശില്പം

പാലയൂർ പള്ളിയുടെ പ്രസക്തിയും പ്രാധാന്യവും നിലനിർത്തുന്നത് തോമാശ്ലീഹാ തർപ്പണാത്ഭുതം ചെയ്ത് പൂർവ്വികരെ മാമ്മോദീസാ മുക്കിയ തളിയക്കുളമാണ്. കുളത്തിന്റെ പരിശുദ്ധിയും പ്രൗഢിയും ആകർഷണീയതയും വർദ്ധിപ്പിക്കുവാൻ പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമന്റെ മേൽനോട്ടത്തിൽ കരിങ്കൽ ചുററുമതിൽ കെട്ടി കുളം സംരക്ഷിച്ച് പടവുകളും നിർമ്മിച്ചു. പാലയൂരിലെ തളിയക്കുളത്തിൽ തോമാശ്ലീഹാ ചെയ്ത തർപ്പണാത്ഭുതമാണ് പൂർവ്വികരുടെ മാനസാന്തരത്തിനിടയാക്കിയത്. ക്രിസ്തുമതം സ്വീകരിക്കുവാൻ സന്നദ്ധരായവരെ അവിടെവച്ചുതന്നെ തോമാശ്ലീഹാ മാമ്മോദീസ മുക്കി. ആ മാമ്മോദീസായെ അനുസ്മരിപ്പിക്കുവാൻ തളിയക്കുളത്തിന്റെ പടവുകൾക്കു താഴെ മാമ്മോദീസശില്പം 1982–ൽ സ്ഥാപിച്ചു.

### 9.2.1.4. താമര മാതാവ്

തളിയക്കുളത്തിന്റെ വടക്കുഭാഗത്ത് ഒരു ചെറിയ താമരക്കുളം. അതിൽ നട്ടുവളർത്തിയ താമരപ്പൂക്കളുടെ നടുവിൽ കോൺക്രീറ്റിൽ നിർമ്മിച്ച ഒരു വലിയ താമരപ്പൂവ്. ആ താമരപ്പൂവിനുള്ളിൽ ആറടി ഉയരത്തിൽ ഭാരതീയവേഷമായ സാരി ധരിച്ച പരി. കന്യാമറിയത്തിന്റെ ഉണ്ണിയേശുവെ കൈയിലേന്തിയ രൂപം. അതിന്റെ ഇരുഭാഗങ്ങളിലായി രു ഗജവീരന്മാർ. അവയുടെ ഉയർത്തിപ്പിടിച്ച തുമ്പിക്കൈകളിൽ പുഷ്പഹാരം. ഭാരതീയ സാംസ്കാരിക പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ ഈ ശില്പം ക്രൈസ്തവരെ മാത്രമല്ല, തളിയക്കുളം സന്ദർശിക്കുന്ന ഇതര മതസ്ഥരെക്കൂടി ഹഠാദാകർഷിക്കുന്നു.

### 9.2.1.5 രക്തസാക്ഷിമണ്ഡപം

ഈ താമരക്കുളത്തിന്റെ വടക്കഭാഗത്ത് തോമാശ്ലീഹായുടെ രക്തസാക്ഷിമണ്ഡപം. മൈലാപ്പൂരിലെ ചിന്നമലയുടെ ഏകദേശമാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഈ ചെറിയ മലയുടെ ഉള്ളിൽ ഒരാൾക്ക് സ്വതന്ത്രമായി നടന്നുപോകാനുള്ള ഒരു നീ ഗുഹ. അതിനുള്ളിൽ തോമാശ്ലീഹാ ദിവ്യബലി അർപ്പിക്കുന്നതിന്റെയും ബൈബിൾ പാരായണം ചെയ്യുന്നതിന്റെയും വിശ്രമിക്കുന്നതിന്റെയുമൊക്കെ ദൃശ്യങ്ങൾ. മലയുടെ മുൻഭാഗത്തുള്ള ഗ്രോട്ടോയിൽ തോമാശ്ലീഹായുടെ മൃതദേഹരൂപം. സമീപത്തായി മാർത്തോമ്മാ കുരിശും നിവർത്തിവച്ച ബൈബിളും. മലയുടെ മുകളിൽ കുരിശിനു മുമ്പാകെ മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്ന തോമാശ്ലീഹാ. പിന്നിൽ ശൂലധാരികളായ ഘാതകർ. തോമാശ്ലീഹായുടെ അന്ത്യനിമിഷങ്ങളെ ഒന്നാകെ സന്ദർശകരുടെ മനസ്സുകളിലേക്ക് സന്നിവേശിപ്പിക്കുന്നു ഈ രക്തസാക്ഷി മണ്ഡപം.

### 9.2.1.6. ബോട്ട് ശില്പം

പ്രാചീനകാലത്ത് കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന് വിവിധ പ്രദേശങ്ങളിലേക്ക് ജലഗതാഗതമാർഗ്ഗങ്ങളുായിരുന്നു. വടക്കൻപ്രദേശങ്ങളിലേക്കുള്ള ജലഗതാഗതമാർഗ്ഗത്തിലൂടെ ബോട്ടിലാണ് തോമാശ്ലീഹാ പാലയൂർ ബോട്ടുജെട്ടിയിലെത്തിയത്. പ്രധാന ജലമാർഗ്ഗത്തിൽനിന്നും പാലയൂരിലേക്കുള്ള ഉപജലമാർഗ്ഗം പിൽക്കാലത്ത് പലയിടങ്ങളിലും കരഭൂമിയായി നികന്നുപോയതോടെ പാലയൂർ ബോട്ടുജെട്ടി ഒരു കുളത്തിന്റെ രൂപം പ്രാപിക്കുകയും ബോട്ടുകുളം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. പക്ഷേ, ഈ കുളം യഥായോഗ്യം സംരക്ഷിക്കപ്പെട്ടിരുന്നില്ല. 1987-ൽ രൂപതാ ശതാബ്ദിവർഷത്തിൽ കുളം വൃത്തിയാക്കി നാലു ഭാഗവും കല്ലു പതിക്കുകയും തോമാശ്ലീഹാ ബോട്ടിൽ വന്നു നില്ക്കുന്ന ഒരു ശില്പം സ്ഥാപിക്കുകയും ചെയ്തു.

### 9.2.7. ഭാരത ക്രൈസ്തവമ്യൂസിയം

തൃശൂർ അതിരൂപതാ തീർത്ഥകേന്ദ്രസമിതി ആസൂത്രണം ചെയ്ത വൻപദ്ധതിയായിരുന്നു ഭാരത ക്രൈസ്തവചരിത്ര-സാംസ്കാരിക മ്യൂസിയത്തിന്റെ നിർമ്മാണം. മൂന്ന് നിലകളിലായി പതിനായിരം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ നാല്പതു ലക്ഷം രൂപ ചെലവിൽ മ്യൂസിയം നിർമ്മിക്കുക എന്നതായിരുന്നു പദ്ധതി. 2004-ൽ നിർമ്മാണം പൂർത്തിയായ ഈ മ്യൂസിയം ക്രൈസ്തവചരിത്രഗവേഷകർക്ക് വലിയ മുതൽക്കൂട്ടു തന്നെയാണ്.

മ്യൂസിയത്തിൽ ഏറ്റവും പഴക്കമുള്ളത് കുടക്കല്ലാണ് (തൊപ്പിക്കല്ല്). നിവർത്തിയ കുടയുടെയും തൊപ്പിയുടെയും രൂപസാദൃശ്യമുള്ളതുകൊാണ് ആ പേരുകളിൽ അത് അറിയപ്പെടുന്നത്. മഹാശിലായുഗത്തിൽ (ബി.സി. 300 മുതൽ എ.ഡി. ഒന്നാം നൂറ്റാുവരെ) ശവക്കല്ലറകളുടെ മുകളിൽ സ്ഥാപിച്ചിരുന്നവയാണ് വെട്ടുകല്ലിൽ രൂപപ്പെടുത്തിയ കുടക്കല്ലുകൾ. നാലു നൂറ്റാിലേറെ പഴക്കമുള്ള, കോട്ടകൊത്തളങ്ങളുടെ അവശിഷ്ടങ്ങളെന്നു കരുതാവുന്ന കരിങ്കൽ പാളികൾ കാണാം. ചെമ്പുതകിടിലുള്ള ചെപ്പേടുകൾ അമൂല്യങ്ങളാണ്.

ആനക്കൊമ്പിലും മരത്തിലും സിമന്റിലും നിർമ്മിച്ച വിശുദ്ധരുടെ രൂപങ്ങൾ ഏറെ പഴക്കമുള്ളവയാണ്. മരത്തിൽ നിർമ്മിച്ച പുഷ്പക്കൂട് പുതുതലമുറയ്ക്ക് കൗതുകകരമായിരിക്കും. ഭിത്തിയിൽ ചേർത്തുവച്ച പുഷ്പക്കൂട്ടിൽനിന്നുകൊാണ് പഴയകാലങ്ങളിൽ വൈദികർ പള്ളിയിൽ പ്രസംഗിച്ചിരുന്നത്. തറയിൽ കിടക്കുന്ന സിംഹത്തിന്റെ വായിൽനിന്നും പുറപ്പെടുന്ന നീ തരോടുകൂടിയ ഒരു പുഷ്പത്തിന്റെ ആകൃതിയിലാണ് ഇതിന്റെ നിർമ്മാണം. അതുകൊായിരിക്കാം 'പുഷ്പക്കൂട്' എന്ന പേരുായത്. പഴയ പള്ളികളിൽ ഇതുായിരുന്നെങ്കിലും ഇന്നത് അപൂർവ കാഴ്ചയാണ്. പുകാലങ്ങളിൽ അൾത്താരയിൽ അലങ്കാരത്തിനായി വച്ചിരുന്ന റംശേത്തികൾ (മരപ്പൂക്കൾ), രൂപക്കൂടുകൾ, തക്സാ സ്റ്റാന്റുകൾ, നേർച്ചപ്പെട്ടി, മരമണി, റിക്ഷാവി, ദിവാൻകട്ടിൽ, മഞ്ചകൾ, മരത്തിൽ നിർമ്മിച്ച ആനത്തലകൾ, തോച്ചക്കാലുകൾ, നൂറ്റാുകൾ പഴക്കമുള്ള മേച്ചിലോടുകൾ, തുലാഭാരത്തട്ടുകൾ എന്നിവയും മ്യൂസിയത്തിൽ കാണാം.

പേർഷ്യൻ കുരിശ്, അരുളിക്കകൾ, കിരീടങ്ങൾ, കുത്തുവിളക്ക്, തൂക്കുവിളക്ക്, ഗ്ലാസ് വിളക്ക്, ധൂപക്കുറ്റി, വാദ്യോപകരണങ്ങൾ, എഴുത്താണി, ഓസ്തി ഉാക്കുന്ന അച്ച്, സുറിയാനിക്കുർബാന ചൊല്ലിയിരുന്ന കാലത്തുള്ള കുർബാനക്കുപ്പായങ്ങൾ, സുറിയാനി ഭാഷയിലുള്ള നമസ്കാരപ്പുസ്തകങ്ങൾ, പഴയകാലങ്ങളിൽ വൈദികർ ഉപയോഗിച്ചിരുന്ന കറുത്ത തൊപ്പി, നസാണിവനിതകളുടെ ആഭരണങ്ങൾ, ചിത്രങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ, പഴയ നാണ

യങ്ങൾ, കറൻസി നോട്ടുകൾ, തപാൽ സ്റ്റാമ്പുകൾ തുടങ്ങി നിരവധി വസ്തുക്കൾ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടു്.

**9.2.3. ജൂതസ്മാരകം**

തോമാശ്ലീഹായുടെ കാലത്തുതന്നെ പാലയൂരും ജൂതന്മാരും തമ്മിൽ ബന്ധമുായിരുന്നു. ഏകദേശം 19-ാം നൂറ്റാുവരെ ജൂതന്മാർ പാലയൂരിൽ അധിവാസമുറപ്പിച്ചിരുന്നു. അവരുടെ ഒരു സിനഗോഗും (ആരാധനാലയം) ഇവിടെ ഉായിരുന്നു. കാലാന്തരത്തിൽ ജൂതന്മാർ പാലയൂരിനോടു വിട പറയുകയും അവരുടെ സിനഗോഗ് നശിച്ചുപോവുകയും ചെയ്തു.

2006 ഡിസംബർ 23-ന് ജൂതൻബസാറിൽ ഒരു ജൂതസ്മാരകം ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോർജ് മേനാച്ചേരിയുടെ വിദഗ്ദ്ധോപദേശമനുസരിച്ച് ജൂതസംസ്കാരത്തിന്റെ പല പ്രതീകങ്ങളും ഈ സ്മാരകത്തിൽ ചിത്രീകരിച്ചിട്ടു്. ദൈവം മോശയ്ക്കു നൽകിയ പ്രമാണപ്പലകകൾ, ബൈബിൾ ചുരുളുകൾ, സ്പ്തശാഖകളുള്ള മിനോറ എന്ന വിളക്ക്, ജൂതന്മാരുടെ നിയമഗ്രന്ഥം (തോറ), ദാവീദിന്റെ നക്ഷത്രം തുടങ്ങിയവ അവയിൽ പെടുന്നു.

**9.2.4 പൂജക്കിണർ**

തളിയക്കുളം കോമ്പൗിലുള്ള പൂജക്കിണർ ഏറെ പുരാതനമായ ഒരു കിണറാണ്. തോമാശ്ലീഹാ പാലയൂരിൽ വന്ന കാലത്തുതന്നെ തളിയക്കുളത്തിനടുത്ത് ഈ കിണറും ഉായിരുന്നു. പൂർവ്വികർ അവരുടെ പൂജയ്ക്കുള്ള പവിത്രജലം എടുത്തിരുന്നത് ഈ കിണറിൽനിന്നായിരുന്നുവത്രെ. അതുകൊാണ് പൂജക്കിണർ എന്നു വിളിക്കപ്പെടുന്നത്. ഏതു കഠിന വേനൽക്കാലത്തും ഈ കൽക്കിണറിൽ വെള്ളം സമൃദ്ധമാണ്. അതിലെ വെള്ളം കുടിച്ച ചിലർക്കൊക്കെ അത്ഭുതരോഗശാന്തി ഉായതായും പറയപ്പെടുന്നു.

**9.2.5 സമൂഹമാമ്മോദീസ**

തോമാശ്ലീഹാ പൂർവികരെ മാമ്മോദീസാ മുക്കിയ തളിക്കുളത്തിന്റെ പടവിനടുത്താണ് 1982-ൽ മാമ്മോദീസാശില്പം സ്ഥാപിച്ചിട്ടുള്ളത്. അതിനുശേഷം ഇടവകയിൽ ജനിക്കുന്ന ശിശുക്കളെ ആ മാമ്മോദീസാശില്പത്തിനടുത്ത് മാമ്മോദീസ മുക്കുന്ന സമ്പ്രദായം ആരംഭിച്ചു. അത് മാർത്തോമ്മാ ഭക്തിദിനമായ ചൊവ്വാഴ്ചകളിലായിരുന്നു നടത്തിയിരുന്നത്. 1991 മുതൽ തളിയക്കുളത്തിലെ മാമ്മോദീസാകർമ്മം മുപ്പിട്ടു ഞായറാഴ്ചകളിൽ (ഇംഗ്ലീഷുമാസം 10-ാം തീയതി കഴിഞ്ഞുവരുന്ന ഞായർ) നടത്തിത്തുടങ്ങി.

പാലയൂർ തളിക്കുളത്തിലെ മാമ്മോദീസ കൂടുതൽ ആഘോഷപൂർവ്വം 'സമൂഹമാമ്മോദീസ' എന്ന പേരിൽ 1999 മാർച്ച് 14 മുപ്പിട്ടുഞായർ മുതൽ നടത്തിവരുന്നു. തളിയക്കുളത്തിൽ മാമ്മോദീസാ കർമ്മത്തിനുശേഷം ശിശുക്കളെ പട്ടുകുട ചൂടിച്ച്, പ്രദക്ഷിണമായി പള്ളിയിലെത്തിച്ച്, നടപ്പുരയിലെ കൽവിളക്കുകളിൽ തിരി തെളിയിച്ച്, പള്ളിയിൽ പ്രവേശിപ്പിച്ചതിനുശേഷം ദിവ്യബലിയോടുകടി ചടങ്ങു സമാപിക്കും. ഇപ്പോൾ വിവിധ പ്രദേശങ്ങളിൽനിന്നും മുപ്പിട്ടു ഞായറാഴ്ചകളിൽ ശിശുക്കളെ മാമ്മോദീസാ മുക്കുവാൻ വിശ്വാസത്തിന്റെ പൈതൃകഭൂമിയായ പാലയൂരിലേക്ക് നിരവധിപേർ എത്തുന്നു.

**9.2.6. എഴുത്തിനിരുത്തൽ**

പള്ളി നടപ്പുരയിൽ നിറപറയും നിലവിളക്കും വാഴയിലയിൽ ബൈബിളും പൂക്കളും ചന്ദനത്തിരിയും തേങ്ങാമുറിയും പഴങ്ങളും സജ്ജീകരിച്ച വേദിയിലാണ് ആദ്യവർഷങ്ങളിൽ എഴുത്തിനിരുത്തൽ നടത്തിയിരുന്നത്. പള്ളിമുറ്റത്തുനിന്നും എടുക്കുന്ന മണൽ തളികയിൽ നിരത്തി

അതിൽ കാർമ്മികൻ കുട്ടികളുടെ കൈവിരൽ പിടിച്ച് യേശു എന്നെഴുതിച്ചുകൊാണ് എഴുത്തിനിരുത്തൽ ചടങ്ങു നടത്തുക. 1999 മെയ് 31-ന് നടത്തിയ ആദ്യത്തെ എഴുത്തിനിരുത്തൽ പിന്നീട് പെന്തക്കുസ്താ തിരുനാളിൽ തളിയക്കുളം കപ്പേളയുടെ മുന്നിൽ നടത്താൻ തുടങ്ങി. വിശ്വാസത്തിന്റെ പൈതൃകഭൂമിയായ പാലയൂരിൽ തങ്ങളുടെ പൊന്നോമനകളെ ആദ്യാക്ഷരം കുറിപ്പിക്കാൻ വിവിധ പ്രദേശങ്ങളിൽനിന്നും നിരവധിപേർ കുട്ടികളോടൊത്ത് പെന്തക്കുസ്താ തിരുനാളിൽ പാലയൂർ പള്ളിയിൽ എത്തുന്നു.

#### 9.2.7. ജൂബിലി കവാടം

പതിനൊന്നടി ഉയരവും രു പാളികൾക്കുംകൂടി എട്ടടി വീതിയും മൂന്നിഞ്ചു ഘനവും അഞ്ഞൂറു കിലോഗ്രാം തൂക്കവുമുള്ള മഹാജൂബിലി കവാടം നിലമ്പൂർ തേക്കിലാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ പാളിയിലും മുമ്മൂന്നു വീതം രു പാളികളിലായി ബൈബിളിലെ ആറു രംഗങ്ങളാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇടതുപാളിയുടെ മുകളിൽനിന്നും താഴോട്ടും വലതുപാളിയുടെ താഴെനിന്നും മുകളിലോട്ടുമാണ് ആവിഷ്കരണക്രമം. പരിശുദ്ധ ത്രിത്വത്തിന്റെ ത്രികോണാകൃതിയിലുള്ള അവതരണമാണ് ഇടതുപാളിയിലെ ഒന്നാമത്തെ ദൃശ്യം. അതിനു താഴെ യേശുവിന്റെ പിറവിയും ഏറ്റവും താഴെ യേശുവിന്റെ ജ്ഞാനസ്നാനവും കാണാം. യേശു ശിഷ്യന്മാരെ വിളിക്കുന്നതാണ് വലതുപാളിയിൽ ഏറ്റവും താഴെ. അതിനു മുകളിൽ വിശുദ്ധകുർബാനയുടെ അടയാളങ്ങളായ കാസയും പീലാസയും അപ്പവും മീനും ഗോതമ്പ് കതിരുകളും മുന്തിരിക്കുലകളും. യേശുവിന്റെ സ്വർഗ്ഗാരോഹണമാണ് വലതുപാളിയിൽ ഏറ്റവും മുകളിൽ. ക്രിസ്തുജയന്തി മഹാജൂബിലിയോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ട കവാടം ക്രിസ്തുവിന്റെ ജീവിതസന്ദേശമാണ് വിളംബരം ചെയ്യുന്നത്.

#### 9.2.8. ആഘോഷങ്ങൾ ആചരണങ്ങൾ

പാലയൂർ പള്ളിയിലെ പ്രധാന ആഘോഷങ്ങളും ആചരണങ്ങളും താഴെ പറയുന്നവയാണ്.

1. വിഭൂതിനാളിൽ വ്രതാരംഭകൂട്ടായ്മ.
2. വിഭൂതിനാൾമുതൽ മഹാതീർത്ഥാടനനാൾവരെ ഒരുമാസം ഏകദിന ഉപവാസ പ്രാർത്ഥനാകൂട്ടായ്മകൾ.
3. അൻപതുനോമ്പിലെ വെള്ളിയാഴ്ചകളിൽ ജാഗരണപദയാത്രകളും ജാഗരണപ്രാർത്ഥനയും.
4 ഓശാന ഞായറിന്റെ തലേ ഞായറാഴ്ച മഹാതീർത്ഥാടനം
5. മഹാതീർത്ഥാടനത്തിന്റെ തൊട്ടുമുമ്പുള്ള അഞ്ചു ദിവസങ്ങളിൽ ബൈബിൾ കൺവൻഷൻ
6. ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച പുതുഞായർ തിരുനാൾ.
7. പെന്തക്കുസ്താനാളിൽ കുട്ടികളെ എഴുത്തിനിരുത്തൽ.
8. ജൂലൈ 3-ന് ദുക്റാനാ ഊട്ട്.

   മുത്തപ്പന്റെ ചാത്തൂട്ട് എന്നറിയപ്പെടുന്ന ഈ ആചരണത്തിൽ അമ്പതിനായിരത്തോളം ഭക്തജനങ്ങൾ പങ്കെടുക്കുന്നു.
9. ജൂലൈമാസത്തെ മുപ്പിട്ടു ഞായറാഴ്ച തർപ്പണത്തിരുനാൾ.

### 9.2.9. മുപ്പിട്ടുഞായർ തിരുനാൾ

പു മലയാളം മാസങ്ങളും തീയതികളുമാണ് പ്രധാനമായും കണക്കാക്കപ്പെട്ടിരുന്നത്. ഓരോ മലയാളമാസത്തിലും ആദ്യം വരുന്ന -മുമ്പിട്ടു വരുന്ന- ഞായറാഴ്ചയാണ് മുപ്പിട്ടു ഞായർ. (ചെമ്പേടിനെ ചെപ്പേട് എന്നും ചെമ്പുകുടത്തെ ചെപ്പുകുടമെന്നും പറയുന്നതുപോലെ മുമ്പിട്ട് എന്നത് മുപ്പിട്ട് എന്നായി). ആധുനികകാലത്ത് ഇംഗ്ലീഷ്മാസങ്ങൾക്കു പ്രാധാന്യം വന്ന പ്പോൾ മുപ്പിട്ടുഞായറിന് ഇംഗ്ലീഷ് മാസമനുസരിച്ച് ഒരു കാലഗണന നിശ്ചയിച്ചു. എല്ലാ ഇംഗ്ലീഷ് മാസവും 10-ാം തീയതി കഴിഞ്ഞുവരുന്ന ഞായർ 'മുപ്പിട്ടു ഞായർ' ആയി. യഥാർത്ഥത്തിൽ ഈ ഞായർ മലയാളമാസത്തിലോ ഇംഗ്ലീഷ് മാസത്തിലോ ആദ്യം വരുന്ന ഞായർ ആവുക യില്ല. എങ്കിലും പേര് 'മുപ്പിട്ടു ഞായർ' എന്നാണ്.

പാലയൂർ പള്ളിയിൽ പൂർവികമായി ആഘോഷിച്ചുവരുന്ന തിരുനാളാണ് മുപ്പിട്ടു ഞായർ തിരുനാൾ. പുരാതനമായ പാലയൂർ ഇടവകയിൽനിന്നും പല കാലങ്ങളിലായി ഇടവക പിരി ഞ്ഞുപോയവർക്ക് മാസത്തിലൊരിക്കൽ തലപ്പള്ളിയിൽ വന്ന് തോമാ മുത്തപ്പനോട് പ്രാർത്ഥി ക്കുവാനുള്ള അവസരം ഉാക്കുന്നതിനു വേിയാണ് മാസം തോറും മുപ്പിട്ടു ഞായർ തിരു നാൾ ആഘോഷിച്ചുവരുന്നത്. പുകാലങ്ങളിൽ ഈ തിരുനാളിന് വിവിധ ഇടവകക ളിൽനിന്നും നേർച്ചകാഴ്ചകളുമായി ധാരാളം വിശ്വാസികൾ എത്തിയിരുന്നു. അന്ന് തളിയക്കുള പ്രദക്ഷിണം, നേർച്ചക്കഞ്ഞി വിതരണം, ശിശുക്കൾക്ക് ആദ്യചോറൂണ്, അടിമയിരുത്തൽ, തളി യക്കളത്തിൽ സമൂഹമാമ്മോദീസ എന്നിവ ഉാകും.

### 9.2.10. തർപ്പണ തിരുനാൾ

തോമാശ്ലീഹായുടെ രു തിരുനാളുകളാണ് സഭയിൽ പൊതുവായി ആഘോഷിക്കപ്പെ ടുന്നത്. ഒന്നാമത്തേത്, ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ചയിലെ പുതുഞായർ തിരുനാൾ. രാമത്തേത് ജൂലൈ 3-ലെ ദുക്റാന തിരുനാൾ. എന്നാൽ തോമാശ്ലീഹാ സ്ഥാപിച്ച പാല യൂർ പള്ളിയിലെ തോമാശ്ലീഹായുടെ വലിയ തിരുനാൾ ഇതു രുമല്ല. ജൂലൈ മധ്യത്തിൽ ആഘോഷിക്കപ്പെടുന്ന മറ്റൊരു തിരുനാളാണ്.

തോമാശ്ലീഹാ പാലയൂരിൽ വന്ന് തളിയക്കുളത്തിൽ തർപ്പണാത്ഭുതം ചെയ്ത് പൂർവി കരെ മാമ്മോദീസ മുക്കിയ സംഭവമാണ് ജൂലൈ മധ്യത്തിൽ പാലയൂർ പള്ളിയിൽ ആഘോ ഷിക്കുന്ന വലിയ തിരുനാളിന്റെ അടിസ്ഥാനം. ആ അടിസ്ഥാനകാരണം തിരുനാളിന്റെ പേരിൽ തന്നെ സ്മരിക്കപ്പെടാൻ വേിയാണ് 2001-ൽ തീർത്ഥകേന്ദ്രസമിതിയുടെ അംഗീകാരത്തോടെ തിരുനാളിന്റെ പേര് 'മാർ തോമാശ്ലീഹായുടെ തർപ്പണ തിരുനാൾ' എന്നാക്കി മാറ്റിയത്.

### 9.2.11. പ്രധാന ദൃശ്യങ്ങൾ

പാലയൂർ പള്ളിയിൽ വരുന്നവർക്കു കാണാവുന്ന പ്രധാന ദൃശ്യങ്ങൾ താഴെ പറയുന്ന വയാണ്.

1. തോമാശ്ലീഹാ പാലയൂരിൽ ബോട്ടിൽ വന്നിറങ്ങിയ സ്ഥലത്തുള്ള ബോട്ടുകുളവും ബോട്ടു ശില്പവും
2. ലോകത്തിലെ ഏറ്റവും വലിയ മാർ തോമാശില്പം (45 അടി).
3. ചരിത്രമ്യൂസിയം
4. തോമാശ്ലീഹാ തർപ്പണാത്ഭുതം നടത്തി പൂർവ്വികരെ മാമ്മമോദീസാ മുക്കിയ തളിയക്കു ളവും മാമ്മോദീസാശില്പവും

5. മൈലാപ്പൂരിലെ ചിന്നമലയുടെ മാതൃകയിൽ തോമാശ്ലീഹായുടെ അന്ത്യരംഗങ്ങൾ സജ്ജീകരിച്ചിട്ടുള്ള രക്തസാക്ഷി മണ്ഡപം
6. പുരാതനമായ പൂജക്കിണർ
7. തളിയക്കുളം കപ്പേള
8. തളിയക്കുളം കോമ്പൗിലെ സ്ലീവാപ്പാത
9. പരി. കന്യാമറിയത്തിന്റെ ഭാരതീയ സങ്കല്പത്തിലുള്ള ശില്പം
10. വി. അൽഫോൻസാ സ്മൃതിമണ്ഡപം
11. പുരാതനമായ ദേവാലയവും ഭൂഗർഭാവശിഷ്ടങ്ങളും
12. തോമാശ്ലീഹാ കുരിശു നാട്ടിയ സ്ഥലത്ത് പിന്നീടു സ്ഥാപിച്ച കൽക്കുരിശും കൽവിളക്കുകളും
13. തോമാശ്ലീഹായുടെ ജീവിതരംഗങ്ങൾ കരിങ്കല്ലിൽ കൊത്തി 14 സ്റ്റേഷനുകളിലായി സജ്ജീകരിച്ച മാർത്തോമ്മാപ്പാത (പള്ളിനട).
14. അംബരചുംബിയായ മണിമാളിക.

    മണിമാളികയിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ മണി 1902-ൽ ഫ്രാൻസിലാണ് നിർമ്മിക്കപ്പെട്ടത്. PREMIATA FONDERIA DE POLI IN VITTORIO 1902 എന്ന് മണിയിന്മേൽ ആലേഖനം ചെയ്തിട്ടു്. മണിയുടെ നാലു ഭാഗത്തും വിശുദ്ധരുടെ രൂപങ്ങളും മനോഹരമായ ചിത്രപ്പണികളും കാണാം. ഓടിൽ നിർമ്മിച്ചിട്ടുള്ള മണിക്ക് മൂന്നടിയോളം ഉയരവും അഞ്ചടിയോളം വ്യാസവുമു് ഇരുമ്പിൽ നിർമ്മിച്ചിട്ടുള്ള മണിനാക്കിന് നീളം നാലടിയാണ്.

    ആയിരത്തിമുന്നൂറോളം കിലോഗ്രാം തൂക്കമുള്ള മണി ഫ്രാൻസിൽനിന്നും കപ്പൽമാർഗ്ഗം കൊച്ചിയിലെത്തിക്കുകയും അവിടെനിന്നു കാളവിയിൽ പാലയൂരിൽ എത്തിക്കുകയും ചെയ്തെന്നാണ് പഴമക്കാരുടെ സാക്ഷ്യം. മണിമാളികയുടെ നിർമ്മാണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ പാലയൂരിൽ എത്തിയ മണി തൽക്കാലം വലിയ ഒരു മരത്തിൽ കെട്ടിത്തൂക്കുകയാണു ചെയ്തത്.
15. പള്ളിയുടെ തെക്കും കിഴക്കും പടിഞ്ഞാറുമുള്ള അലങ്കാരകവാടങ്ങൾ
16. ജൂതൻബസാറിലെ ജൂതസ്മാരക കപ്പേള.

ഭാരതത്തിലെ ആദ്യ ക്രൈസ്തവദേവാലയമെന്ന പദവിയിലൂടെ വിശ്വാസപൈതൃകത്തിന്റെ പുണ്യഭൂമിയാണ് പാലയൂരെങ്കിലും ആഗോളവ്യാപകമായി അതറിയപ്പെടാനുള്ള ശ്രമങ്ങൾ വളരെ വൈകിയാണ് ആരംഭിച്ചത്. പാലയൂർ പള്ളി തങ്ങളുടെ തലപ്പള്ളിയും വിശ്വാസത്തിന്റെ പ്രഭവകേന്ദ്രവുമാണെന്ന അവബോധം തൃശൂർ അതിരൂപതയിലെതന്നെ വിശ്വാസികൾക്ക് ഉാക്കിയെടുക്കുക എന്നതായിരുന്നു ആദ്യശ്രമം. അതിരൂപതാ കാത്തലിക് യൂണിയന്റെയും കെ.സി.വൈ.എം.ന്റെയും പാലയൂർ ഇടവകയുടെയും സംയുക്താഭിമുഖ്യത്തിൽ 1998 ഏപ്രിൽ 19 പുതുഞായർ തിരുനാളിലാണ് ആദ്യത്തെ പാലയൂർ മഹാതീർത്ഥാടനവും സർവമതസാംസ്കാരിക സമ്മേളനവും നടത്തപ്പെട്ടത്. തുടർന്ന് നാളിതുവരെ നടത്തപ്പെട്ട മഹാതീർത്ഥാടനങ്ങളിൽ പങ്കാളികളായത് ലക്ഷക്കണക്കിനു വിശ്വാസികളാണ്. സമയബന്ധിതമായി നടപ്പിലാക്കിയ ത്വരിത വികസനപ്രവർത്തനങ്ങൾ പാലയൂരിന്റെ ഖ്യാതി അന്തർദ്ദേശീയതലത്തിൽ ഉയർത്തിയിരിക്കുന്നു.

## 9.3. ആർത്താറ്റ് പടിയോലയും കുന്നംകുളം (ആർത്താറ്റ്) ഓർത്തഡോക്സ് സെന്റ് മേരീസ് വലിയപള്ളി ചരിത്രവും

9.3.1. സഭാചരിത്രഗ്രന്ഥങ്ങളിൽ ചില സുപ്രധാന പടിയോലകളുടെ പേരുകൾ സ്ഥാനം പിടിച്ചിട്ടുള്ളതായി കാണാം. 1787-ലെ അങ്കമാലി പടിയോല, 1806-ലെ ആർത്താറ്റ് പടിയോല, 1809-ലെ കനാട് പടിയോല, 1836-ലെ മാവേലിക്കര പടിയോല എന്നിവ. ഏതു സ്ഥലത്തുവച്ച് നിശ്ചയങ്ങൾ ചെയ്തുവോ ആ സ്ഥലത്തിന്റെ പേരിലാണ് പടിയോല അറിയപ്പെടുന്നത്. തീർപ്പുകല്പിച്ച് എഴുതിവെച്ച രേഖ എന്ന് പടിയോലയ്ക്ക് അർത്ഥം. ചട്ടം നിശ്ചയിച്ച് എഴുതിവെച്ച ഓല എന്ന് ശബ്ദതാരാവലിയിൽ അർത്ഥം. രാജകീയ കല്പനകൾ, സൂനഹദോസ് തീരുമാനങ്ങൾ, പട്ടയങ്ങൾ തുടങ്ങിയ രേഖകൾ ചെമ്പുതകിടിൽ എഴുതി സൂക്ഷിക്കുന്ന പതിവ് ഉായിരുന്നു. അങ്ങനെ താമ്രപത്രത്തിൽ എഴുതപ്പെട്ടതുകൊ് ആർത്താറ്റ് പടിയോല അനേകവർഷങ്ങൾക്കുശേഷം നശിക്കാതെ ലഭിച്ചു.

### 9.3.1.1. 1806-ലെ ആർത്താറ്റ് പടിയോല

വലിയ മാർ ദിവന്നാസ്യോസ് 1765-1808 എന്ന പേരിൽ വിഖ്യാതനായ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന മാർത്തോമാ ആറാമന്റെ മുമ്പാകെ മലയാളവർഷം 981 മകരമാസത്തിൽ (1806 ഫെബ്രുവരി) കുന്നുംകുളം ആർത്താറ്റ് വലിയപള്ളി നടയിൽവെച്ച് എഴുതപ്പെട്ട ആർത്താറ്റ് പടിയോല സഭാചരിത്രത്തിലെ ഒരു അമൂല്യരേഖയാണ്. 'മലങ്കരസഭയുടെ മാഗ്നാകാർട്ട' എന്ന് ഇതിനെ വിശേഷിപ്പിക്കാം. ചെമ്പുതകിടിൽ പഴയ മലയാളം വട്ടെഴുത്തിൽ എഴുതി ആർത്താറ്റ് പള്ളിയിലെ വികാരിയച്ചനും പന്ത്ര് ഇടവകപ്രധാനികളും ഒപ്പിട്ട പ്രസ്തുത പടിയോല വിസ്മൃതിയിൽപ്പെട്ടു കിടക്കുകയായിരുന്നു. നസ്രാണികളുടെ പടിയോലകളിൽ അസ്സൽരേഖ കുകിട്ടിയിട്ടുള്ളത് ആർത്താറ്റ് പടിയോലയുടേതു മാത്രമാണ്. പിന്നെയെല്ലാം പകർപ്പുകളെ ആധാരമാക്കിയുള്ളവയാണ്. പടിയോലകളെക്കുറിച്ചു കേരളചരിത്രത്തിലും സാഹിത്യത്തിലും പരാമർശങ്ങൾ ഇല്ലെന്നുതന്നെ പറയാം.

ചേപ്പാട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ മാവേലിക്കര പുതിയകാവ് പള്ളിയിൽവെച്ച് എഴുതപ്പെട്ട മാവേലിക്കര പടിയോലയേക്കാൾ മുപ്പതുവർഷം മുമ്പാണ് ആർത്താറ്റ് പടിയോല എഴുതപ്പെടുന്നത്. ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യത്തെക്കാൾ അർത്ഥവും വ്യാപ്തിയും തീക്ഷ്ണതയും മുറ്റിനിൽക്കുന്നതാണ് ആർത്താറ്റ് പടിയോല. കൂനൻകുരിശുസത്യം ഈശോസഭക്കാരെ അനുസരിക്കുകയില്ലെന്ന് സത്യം ചെയ്തപ്പോൾ, ആർത്താറ്റ് പടിയോല മലങ്കരസഭയുടെ വ്യാകുലത്തിന് ഇടവരുത്തിയ വിദേശമതമേൽക്കോയ്മകളെ ഒന്നൊന്നായി പേരെടുത്തുപറഞ്ഞു തള്ളിക്കളയുകയാണുായത്. മലങ്കരനസ്രാണികളുടെ തനിമ നിലനിർത്തുന്നതിനുള്ള ആഹ്വാനമാണ് ആർത്താറ്റ് പടിയോലയിലൂടെ മുഴങ്ങിക്കേൾക്കുന്നത്.

### 9.3.1.2. ആർത്താറ്റ് പടിയോല എഴുതിയ ചെമ്പുതകിടിന്റെ അസ്സൽരൂപം

56 സെന്റിമീറ്റർ നീളവും 4 സെന്റിമീറ്റർ വീതിയുമുള്ള ചെമ്പുതകിടിൽ വട്ടെഴുത്ത് അക്ഷരങ്ങളിലാണ് ആർത്താറ്റ് പടിയോല എഴുതപ്പെട്ടിട്ടുള്ളത്. ചെമ്പുതകിടിന്റെ ഇടതുഭാഗത്ത് മുകളിലായി ഒരു കുരിശ് ആലേഖനം ചെയ്തിട്ടു്. കുരിശിന്റെ ഇടതും വലതും ഭാഗങ്ങളിൽ ര ു സെന്റിമീറ്റർ വീതിയിൽ സ്ഥലം ഒഴിച്ചിട്ടിട്ടു്. ചെമ്പുതകിടിന്റെ ഒരുവശത്തു മാത്രമേ

എഴുതിട്ടുള്ളു. പടിയോലയുടെ ചെമ്പുതകിട് നടുവശം പൊട്ടി രു കഷണമായിട്ടാണ് ഇന്നു കാണപ്പെടുന്നത്. നീളം കൂടുതൽ കാരണം എടുത്തുവയ്ക്കാനുള്ള സൗകര്യത്തിന് ആരോ മടക്കിയപ്പോൾ നടുവശം പൊട്ടിപ്പോയതാണ് എന്നു സംശയിക്കുന്നു. രു കഷണവും കൂട്ടിച്ചേർത്ത് പുറകിൽ ഒരു കനംകുറഞ്ഞ ബോർഡുവച്ച് അതിന്മേൽ ഉറപ്പിച്ച നിലയിലാണ് പടിയോലയുടെ തകിട്. പടിയോലയിലെ അക്ഷരങ്ങൾക്ക് തേയ്മാനമോ ചെമ്പുതകിടിനു പൊടിവോ പറ്റിയിട്ടില്ല.

**9.3.1.3. ആർത്താറ്റ് പടിയോലയുടെ മൂലം**

ഫാദർ ജോസഫ് ചീരനാണ് പടിയോലയുടെ മൂലം തയ്യാറാക്കിയത്.

“കൊലലമ 981 ആമത മകര ഞായററിൽ പുതതൻ കൂറ തുറിയാനിക കാരായ ആർത താററ ഇടവകക്കാരെലലാവരുമ് കൂടി നമ്മുടെ തീവനനാതതിയോത വാവ തിരുമുമ്പാകെ എഴുതി വാച്ച പടിയോലയാവിത. നാമമുടെ ചനങ്ങളിൽ ചിലര പരതേചകകാരുടെ ഇടതതുട ഉപതേചമ് കേകകയാൽ റോമാവിചാതതതിലേകക തിരിഞ്ഞപോയി വാഴകക പിടിചചപള്ളിയുമ് പറമ്പമ് പകതത നകകിടട ഉടപപാൻ റടവനന അപതതങ്ങൾട് വളരെ വാകുലതതിനന ഇടവനനതിനാൽ മേലാൽ അങ്ങനെ വരാതിരിപപാൻ വേ റോമായിൽ നിനേനാ വാവേലിൽ നിനേനാ അന്തിയോകകായിൽ നിനിനേനാമററ വലല പരദേചതതനിനോനാ വരുനന യാതൊരു മെതതിരാൻമാരുടെ യുമ് ഉപദേചവുമ് നടപപകളുമ് ഒരു നാളുമ് കേടട വഴങ്ങി നടകകാതെ നമമുടെ മാതേതാമ ചിലികായുടെ പുറുവിക വിചതാതവുമ് ചടങ്ങളുമ് അനിതരിചച നടനനകൊളളമാറുമ് തമമതിചച തമ്പുരാനെ പെററ അമമയുടെ ആതതാററ പള്ളിനടയിൽ വചച ഇഴുതിയ മേകക വികാരി തെഇകകകകരെ കുരിയത കതതനാര് (ഒപ്പ്) പനകകൽ താരു (ഒപ്പ്) കുതതുര ചുമമാർ (ഒപ്പ്) കോലാടി ഉടടുപപ (ഒപ്പ്) കാകകചേചരി മാതതു (ഒപ്പ്) ചുങ്കതതതിയയാവു (ഒപ്പ്) തോലതതപാതതു (ഒപ്പ്) ചീരൻ പാതതു (ഒപ്പ്) ചെറുവതതരു കുഞ്ഞാതതു (ഒപ്പ്) പുലികേകാടടിൽ താരു (ഒപ്പ്) കിടങ്ങൻ ചേറുണണി (ഒപ്പ്) മൺടുമ്പാൽ കുഞ്ഞിതതു (ഒപ്പ്) തെങ്ങുകൽ കുരിയാകകു (ഒപ്പ്) ഇതിന്റെ മലയാളവിവർത്തനം താഴെ നൽകുന്നു.

കൊല്ലം 981-ാമത് മകരം ഞായിറ്റിൽ പുത്തൻകൂറു സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരുംകൂടി നമ്മുടെ ദിവന്നാസ്യോസ് ബാവാ തിരുമുൻപിൽ എഴുതിവെച്ച പടിയോലയാവിത്. നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ എടത്തൂട് ഉപദേശെ കേക്കയാൽ റോമാവിച്ചാതത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ ഇടവന്ന അബദ്ധങ്ങൾകൊ് വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻ വേ റോമായിൽനിന്നോ ബാവേലിൽനിന്നോ അന്ത്യോഖ്യായിൽനിന്നോ മറ്റു വല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടെയും ഉപദേശവും നടപ്പുകളും ഒരുനാളും കേട്ട് വഴങ്ങിനടക്കാതെ നമ്മുടെ മാർത്തോമശ്ലീഹായുടെ പൂർവ്വികവിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെ പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽവച്ച് ഇതെഴുതിയ വികാരി തെക്കേക്കര കുരിയത്ത് കത്തനാർ (ഒപ്പ്) പനയ്ക്കൽ താരു (ഒപ്പ്) കുത്തൂർ ചുമ്മാർ (ഒപ്പ്) കോലാടി ഇട്ടൂപ്പ് (ഒപ്പ്) കാക്കച്ചേരി മാത്തു (ഒപ്പ്) ചുങ്കത്ത് ഇയ്യാവു (ഒപ്പ്) തോലാത്ത് പാത്തു (ഒപ്പ്) ചീരൻ പാത്തു (ഒപ്പ്) ചെറുവത്തൂർ കുഞ്ഞാത്തു (ഒപ്പ്) പുലിക്കോട്ടിൽ താരു (ഒപ്പ്) കിടങ്ങൻ ചേറുണ്ണി (ഒപ്പ്) മുമ്പാൽ കുഞ്ഞാത്തു (ഒപ്പ്), തെങ്ങുങ്കൽ കുയാക്കു (ഒപ്പ്).

ആർത്താറ്റ് പടിയോല എഴുതിയത് മലയാളവർഷം 981 മകരം ഞായിറ്റിലാണെന്ന് ആമു
ഖമായി പറയുന്നു്. ഞായിറ്റിൽ എന്നാൽ മാസം എന്നർത്ഥം. മകരമാസത്തിലെ ഏതു തീയ
തിയിലാണ് എഴുതിയതെന്നു പറയുന്നില്ല. അക്കാലങ്ങളിലെ രേഖകൾ പരിശോധിച്ചാൽ പല
തിലും കൊല്ലവും മാസവും മാത്രം പറയുന്ന രീതി അവലംബിച്ചിരിക്കുന്നതായി കാണാം.
ആർത്താറ്റ് പള്ളിയിൽനിന്ന് ആറു കിലോമീറ്റർ മാത്രം ദൂരമുള്ള പാലയൂർ പള്ളിയിൽനിന്നും
നാലു ചെപ്പേടുകൾ കുകിട്ടിയിട്ടു്. മലയാളവർഷം 781, 852, 856, 918 എന്നീ കൊല്ലങ്ങളി 918
ലേതാണ് അവ. ഇവയിലൊന്നിനും തീയതി കൊടുത്തിട്ടില്ല. വർഷവും മാസവും മാത്രമേയു
ള്ളു. കൊച്ചിരാജാവ് കൊടുത്ത ആർത്താറ്റ് പള്ളിയുടെ തീട്ടൂരം കുകിട്ടിയിട്ടു്. അതു തുട
ങ്ങുന്നതും തീയതി ഇല്ലാതെയാണ്. അരുളിച്ചെയ്ത നമ്മുടെ ആർത്താറ്റ് പള്ളി ഇടവകയിൽ
പുത്തൻകൂറ്റ് പള്ളിക്കാർക്ക് എന്നാൽ - തീട്ടൂരം അവസാനിക്കുന്നത് ഇപ്രകാരമാണ്. എന്നാൽ
ഇതു കൊല്ലം 980-ാമത് തുലാം ഞായിറ്റിൽ കല്പിച്ചു അരുളിയ മെക്ക തൃശിവപേരൂർ കോവി
ലകത്ത് ഇരുന്നരുളെ പവ്വത്തിൽ കുഞ്ചു കൈയെഴുത്ത് ഇതിൽ 981 തുലാം ഞായിറ്റിൽ എന്ന 981
ല്ലാതെ തീയതി പറയുന്നില്ല. പടിയോല എഴുതിയത് വട്ടെഴുത്തിലാണ്.

#### 9.3.1.3.1. പടിയോലയിലെ പ്രസക്ത സൂചനകളുടെ വിശദീകരണം

#### പുത്തൻകൂറ് സുറിയാനിക്കാരായ ആർത്താറ്റ് ഇടവകക്കാർ

ക്രിസ്തുശിഷ്യനായ വിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന ആർത്താറ്റ് വലിയപള്ളിയുടെ പുരാതനനാമം 'ചാട്ടുകുളങ്ങര പള്ളി' എന്നായിരുന്നു. 1825-ൽ രചിക്കപ്പെട്ട 'ആർത്താറ്റ് പള്ളിപ്പാട്ട്' എന്ന കൃതിയിൽ (1994: 10, പുനഃപ്ര) 'എട്ടുദിക്കിൽ കേളികേട്ട ചാട്ടുകുളങ്ങര പള്ളി' എന്നാണ് ആർത്താറ്റ് പള്ളിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ചാട്ടുകുളം എന്ന പേരിൽ അറിയപ്പെടുന്ന വിസ്തൃതമായ ഒരു കുളം ഗുരുവായൂർ-കുന്നംകുളം മെയിൻ റോഡിനരികിൽ പള്ളിക്ക് അധികം അകലെയല്ലാതെ ഇപ്പോഴുമു്. ചാട്ടുകുളങ്ങര പള്ളി ആർത്താറ്റ് പള്ളിയായി മാറിയതിനു പിന്നിൽ ചില ചരിത്രവസ്തു ത ക ളു്.

അവിഭക്ത മലങ്കരസഭയെ റോമൻ കത്തോലിക്കസഭയിൽ ലയിപ്പിക്കുന്നതിന് പോർത്തുഗീസുകാരുടെ രാഷ്ട്രീയവും മതപരവുമായ മേലധികാരം ഉപയോഗിച്ച് 1599-ൽ ആർച്ചുബിഷപ്പ് മെനേസിസിന്റെ നേതൃത്വത്തിൽ ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി. മലങ്കരസഭയിലെ അന്നുായിരുന്ന പ്രധാന പള്ളികളിൽനിന്നുള്ള പ്രതിനിധികൾ സൂനഹദോസിൽ സംബന്ധിച്ചു. ചാട്ടുകുളങ്ങര പള്ളിയിൽനിന്നും പ്രതിനിധികൾ പോയിരുന്നു. ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുക്കാൻ ചെന്ന ചാട്ടുകുളങ്ങര പള്ളിക്കാർ ക കാഴ്ച മെനേസിസ് മെത്രാനും കൂട്ടരും നസ്രാണികളെ റോമൻ കത്തോലിക്കസഭയിൽ അകപ്പെടുത്താനുള്ള കെണി ഒരുക്കിവച്ചിരിക്കുന്നതായിട്ടാണ്. കെണിയിലേക്ക് ആട്ടിത്തെളിച്ചു കൊുപോകാൻ പാകത്തിൽ പറങ്കിപ്പടയാളികളും കൊച്ചി വലിയതമ്പുരാന്റെ നായർപട്ടാളവും ജാഗരൂകരായി നിന്നിരുന്നു. പൗരസ്ത്യസഭാവിശ്വാസത്തിലും മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യത്തിലും ഉറച്ചു വിശ്വസിച്ചിരുന്ന ആർത്താറ്റ്-കുന്നംകുളം നസ്രാണികൾ സൂനഹദോസിൽ പങ്കെടുക്കാതെ പ്രതിഷേധിച്ച് ഇറങ്ങിപ്പോരുകയാണു ചെയ്തത്. മലങ്കര നസ്രാണികളുടെമേൽ പാശ്ചാത്യ റോമൻ കത്തോലിക്കാവിശ്വാസവും മാർപ്പാപ്പയുടെ മേധാവിത്വവും ആധിപത്യവും സ്ഥാപിച്ചുകിട്ടുന്നതിനുവേയായിരുന്നു ഈ സൂനഹദോസെന്ന് ക്രാന്തദർശികളായ ആർത്താറ്റ്-കുന്നംകുളം നസ്രാണി

കൾ എളുപ്പം മനസ്സിലാക്കി. പോർത്തുഗീസ് സൈനികശക്തിക്കും കൊച്ചിരാജാവിന്റെ സമ്മർദ്ദ ത്തിനും ഭീഷണികൾക്കും ധനപ്രലോഭനത്തിനും ആ വീറുറ്റ നസ്രാണികളെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല.

വേിവന്നാൽ നിർമ്മലമായ ഓർത്തഡോക്സ് സത്യവിശ്വാസം കാത്തുരക്ഷിക്കുന്നതിൽ രക്തസാക്ഷികളായി മരണം വരിക്കേിവന്നാൽ അതിനും തയ്യാറായിട്ടാണ് ചാട്ടുകുളങ്ങര നസ്രാണികൾ ഉദയംപേരൂർ സൂനഹദോസിൽനിന്നും സധൈര്യം ഇറങ്ങിപ്പോന്നത്. പഴയ സഭാ ചരിത്രഗ്രന്ഥങ്ങളിൽ മേൽപറഞ്ഞ സംഭവം രേഖപ്പെടുത്തിയിട്ട്. നിരണം ഗ്രന്ഥവരിയിൽ "തിരുവിതാംകോട്ടുകാരും ചാട്ടുകളങ്ങരക്കാരും കൂടിയില്ല" എന്നു പറയുന്നു്. നിരണം ഗ്രന്ഥ വരി പഠനവും സംശോധനവും നിർവ്വഹിച്ച് ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിച്ച എം. കുര്യൻ തോമസ് എഴുതിച്ചേർത്ത അടിക്കുറിപ്പിൽ മേൽപറഞ്ഞ കാര്യത്തെക്കുറിച്ച് പ്രസ്തുത ഗ്രന്ഥ ത്തിലെ പേജ് 198-ൽ നാലാം ഖണ്ഡികയായി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "തിരുവിതാംകോട് കന്യാകുമാരി ജില്ലയിൽ തക്കലക്കു സമീപമാണ്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിച്ച ഏഴര പള്ളികളിലെ അരപള്ളി ഇതാണെന്നാണ് വിശ്വാസം. ഇരുപതാം നൂറ്റാുവരെ കൊല്ലത്തിനു തെക്കുള്ള ഏക നസ്രാണിപള്ളിയും ഇതായിരുന്നു. ചാട്ടുകുളങ്ങര ഇന്ന് അറിയപ്പെടുന്നത് ആർത്താറ്റ് കുന്നംകുളം പള്ളി എന്നാണ്. (തൃശ്ശൂർ ജില്ല) അന്ന് ഏറ്റവും വടക്കുള്ള പള്ളി അതായിരുന്നു."

മലയാളത്തിൽ ആദ്യമായി അച്ചടിച്ച സഭാചരിത്രഗ്രന്ഥമായ ഇട്ടൂപ്പ് റൈട്ടരുടെ മലയാള ത്തുള്ള 'സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "....എന്നാൽ തിരുവിതാംകോട്ടുകാരും ചാട്ടുകുളങ്ങരക്കാരും ഇത് റോമായിൽക്കൂടെ ചേർപ്പാ നുള്ള വഴി എന്ന് അറിഞ്ഞിട്ട് അവർ ഈ കൂട്ടത്തിൽ കൂടിയില്ല" (പേജ് 108).

ഉദയംപേരൂർ സൂനഹദോസിനുശേഷം ജൈത്രയാത്രയായി ഓരോ പള്ളിയിലും കയറി ച്ചെന്ന് അവിടെയുള്ള പുരാതനരേഖകളും ഗ്രന്ഥക്കെട്ടുകളും ചുട്ടുചാമ്പലാക്കി റോമാവിശ്വാസം അടിച്ചേല്പിച്ച് വിജയശ്രീലാളിതനായി വന്ന പറങ്കിമെത്രാനെയും കിങ്കരൻമാരെയും ചാട്ടുകു ളങ്ങര പള്ളിയുടെ അടുത്ത് എത്തിയപ്പോൾ തന്നെ ശൂരൻമാരായ ചാട്ടുകുളങ്ങര നസ്രാണി കൾ ആ പറങ്കിമെത്രാനെയും അനുചരന്മാരെയും ആട്ടിപ്പായിച്ചു. അങ്ങിനെ അയർത്ത (എതൃ ത്ത) അറ്റത്തെ (കൊച്ചിരാജ്യത്തിന്റെ വടക്കെ അറ്റത്തെ) പള്ളി എന്ന പേർ ചാട്ടുകുളങ്ങര പള്ളിക്കു ലഭിച്ചു. ഉദയംപേരൂർ സംഭവത്തിനുശേഷം അയർത്ത അറ്റത്തെ പള്ളി എന്നാണ് പറഞ്ഞുവന്നിരുന്നത്. അതു ക്രമേണ ലോപിച്ച് 'ആർത്താറ്റ്' എന്നായി. പള്ളിയുടെ ഒരു പുരാ തന അട്ടിപ്പേര് ഓല കരണത്തിൽ 'അയർത്തറ്റ്' ദേശത്ത് കുടിയിരിക്കും. ..... ഞങ്ങൾക്കുള്ള അയർത്തറ്റ് ദേശത്ത് തെക്കുംപുറത്ത് പുറവടി എന്ന നിലം ...." എന്നു കാണുന്നു. കൊല്ല വർഷം 996-ൽ (1821) നടന്ന കഴുത്തു കാലത്ത് പിന്നീട് അതിനെ 'ആർത്താറ്റ്' എന്നു തിരുത്തി രേഖപ്പെടുത്തുകയാണ് ഉായതെന്ന് പറയപ്പെടുന്നു. 'അയർക്കുക' എന്നത് പഴയ മലയാളം വാക്കാണ്. സമകർമ്മക്രിയാരൂപത്തിൽ ഇടയുക, കോപിക്കുക, വെറുത്തു പറയുക എന്നെല്ലാം അർത്ഥം കൊടുക്കാം.

മേൽപറഞ്ഞ കൂനൻകുരിശ് പ്രതിജ്ഞ ചെയ്തവർ അർക്കദിയാക്കോൻ തോമ്മായെ ആലങ്ങാടുവച്ച് പന്ത്രു വൈദികർ ചേർന്ന് കൈവയ്പു നടത്തി മാർത്തോമ്മാമെത്രാൻ എന്ന പേരിൽ എപ്പിസ്കോപ്പയായി വാഴിച്ചു. പുതുതായി മെത്രാൻ പദവിയിലേറിയ മാർത്തോമ്മാ

മെത്രാന്റെ അനുയായികളെ പുത്തൻകൂറ്റുകാരെന്നും റോമാ അനുയായികളെ പഴയകൂറ്റുകാർ എന്നും വിളിച്ചുവന്നു. ആർത്താറ്റ് പടിയോലയിൽ പുത്തൻകൂറ്റു സുറിയാനിക്കാരായ ആർത്താറ്റ് ഇടവകക്കാര് എന്നു പറഞ്ഞിരിക്കുന്നത് ഈ വേർതിരിവിനെ സൂചിപ്പിച്ചുകൊാണ്.

#### 9.3.1.3.2. 'പരദേശക്കാരുടെ ഇടത്തൂട് ഉപദേശം'

ഇടത്തൂട് എന്ന വാക്ക് ഇപ്പോൾ മലയാളത്തിൽ അത്ര സുലഭമായി ഉപയോഗിക്കുന്ന പദമല്ല. അതുകൊ് അതിന്റെ അർത്ഥം സാധാരണക്കാർക്ക് അത്രവേഗം പിടികിട്ടിയെന്നുവരില്ല. ഇടത്തൂട് എന്നതിനു വിപരീതമായി എന്നാണ് നിഘുവിൽ അർത്ഥം കാണുന്നത്. ഇടത്തൂടുകാർ എന്നതിന് വേദവിരുദ്ധരായവർ, മതവിരോധികൾ എന്നെല്ലാം അർത്ഥം കൊടുത്തിട്ടു്. പുത്തൻകൂറ്റുകാർ അല്ലാത്തവർ എന്ന് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ *ശബ്ദതാരാവലി*യിൽ അർത്ഥം കൊടുത്തിരിക്കുന്നു. പുത്തൻകൂറ്റുകാർ മാത്രമാണ് സത്യവേദത്തിൽപെട്ടവരെന്നും മറ്റുള്ളവർ വേദവിരുദ്ധരും മതവിരോധികളും ആണെന്നുമാണല്ലോ അതിൽനിന്നും അർത്ഥം ലഭിക്കുന്നത്. വിശുദ്ധ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിൽ പാശ്ചാത്യസഭയുടെ വിശ്വാസങ്ങളും ആചാരങ്ങളും രാഷ്ട്രീയ പിൻബലത്തോടെ അടിച്ചേല്പിക്കാനാണല്ലോ റോമൻ മതമേധാവികൾ ശ്രമിച്ചത്. അവരുടെ ശാസനങ്ങളെയാണ് 'ഇടത്തൂട് ഉപദേശം' എന്ന് വീക്ഷിക്കുന്നത്.

ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങൾ മലങ്കരസഭാഗാത്രത്തിൽ ഏല്പിച്ച മുറിവുകൾ മാരകങ്ങളായിരുന്നു. മലങ്കരയിൽ ഉപയോഗിച്ചുവന്ന വേദഗ്രന്ഥങ്ങൾ പലതും മെനേസിസിന്റെ ആജ്ഞപ്രകാരം തീയിലിട്ട് നശിപ്പിച്ചുകളഞ്ഞു. ബിഷപ്പ് ബ്രൗൺ അതിനെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "മലങ്കരയുള്ള വേദഗ്രന്ഥങ്ങൾ പരിശോധിച്ച് തിരുത്തുന്നതിനു കുർബാന തക്സാ, പ്രാർത്ഥനാപുസ്തകങ്ങൾ, മറ്റു സുറിയാനി മതസാഹിത്യഗ്രന്ഥങ്ങൾ എന്നിവ പള്ളികളിൽനിന്നു കൊുവരാനും സൂനഹദോസ് തീരുമാനിച്ചു. അതനുസരിച്ച് കുർബാനക്രമം തിരുത്തുന്നതിനു വേ വിശദമായ നിർദ്ദേശങ്ങൾ നൽകി. തിരുത്തൽ സാധ്യമല്ലാത്ത ഗ്രന്ഥങ്ങൾ എല്ലാം നശിപ്പിക്കാൻ ആജ്ഞ കൊടുത്തു. തേവോദോവേസിന്റെയും ദീയസ്കോറോസിന്റെയും നെസ്തോറിയസിന്റെയും തക്സാകൾ ദഹിപ്പിച്ചു കളയുവാനും പ്രത്യേകം ആജ്ഞാപിച്ചിരുന്നു."

ഉദയംപേരൂർ സൂനഹദോസ് വഴി മെനേസിസ് കൊുവന്ന ഇടത്തൂട് ഉപദേശങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു. പോർത്തുഗീസുകാർ വരുന്നതുവരെ മലങ്കരസഭയ്ക്ക് മേൽപ്പട്ടക്കാരെ അയച്ചിരുന്നത് ബാബിലോൺ പാത്രിയർക്കീസുമായുള്ള ബന്ധം വിച്ഛേദിക്കാൻ കല്പിച്ചു. പകരം റോമാ പാപ്പായുടെ ആധിപത്യം സ്ഥാപിച്ചു. മലങ്കരസഭ അതുവരെ കേൾക്കാത്ത ബസ്പുർക്കാനാ മുതലായ റോമാവിശ്വാസങ്ങൾ അന്ധമായി സ്വീകരിപ്പാൻ നിർബന്ധിച്ചു. മലങ്കരസഭയിലെ പട്ടക്കാർ ഭൂരിപക്ഷവും അക്കാലത്ത് വിവാഹിതരായിരുന്നു. അതിനു വിപരീതമായി പട്ടക്കാരുടെ വിവാഹത്തെ കർശനമായി നിരോധിച്ചു. വിവാഹം കഴിച്ച പട്ടക്കാരാണ് ഇതുമൂലം വെട്ടിലായത്. അവർ തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കാൻ നിർബന്ധിതരായി. ഇതിനെത്തുടർന്ന് പല വൈദികരുടെ ഭാര്യമാരും ആറ്റിൽ ചാടി ആത്മഹത്യ ചെയ്തെന്നു പറയപ്പെടുന്നു. നോമ്പ്, കൂദാശാനുഷ്ഠാനം എന്നീ കാര്യങ്ങളിൽ പല നൂതനാചാരങ്ങളും നടപ്പിലാക്കി. പ്രതിമകളിൽകൂടി ക്രിസ്തുവിനെയും കന്യാമറിയത്തെയും പരിശുദ്ധന്മാരെയും ആരാധിക്കുന്ന റോമൻ സമ്പ്രദായം മലങ്കര നസ്രാണികൾക്ക് അരോചകമായിരുന്നു. പ്രതിമകളെ

വണങ്ങാൻ അവർ നിർബന്ധിതരായി. ക്രിസ്തുവിന്റെ ഇഹത്തിലെ വികാരിയായ പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണ് പാപ്പാ എന്നുള്ള ഉപദേശം മലങ്കര നസ്രാണികൾക്ക് പൊറുക്കാനും വഹിക്കാനും വയ്യാത്ത ഇടത്തൂട്ട് ഉപദേശമായിത്തോന്നി.

ഗോവയിൽ പ്രവർത്തനം നടത്തിക്കൊിരുന്ന മതദ്രോഹവിചാരണക്കോടതി (ഇൻക്വിസിഷൻ) മലങ്കരയിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് ഉദയംപേരൂർ കാനോനയിൽ എഴുതിപിടിപ്പിച്ചിരുന്നു. ആ ഭയങ്കര മർദ്ദനക്കോടതിയെപ്പറ്റി ഓർക്കാൻപോലും സാധാരണക്കാർക്കു പേടിയായിരുന്നു. ആ മതകോടതിയുടെ അധികാരത്തിന് ഈ സൂനഹദോസും മലങ്കരയിലെ വൈദികരും ജനങ്ങളും എല്ലാം ബഹുമാനപൂർവം വിധേയരാകുന്നു എന്നാണ് 22-ാം കാനോനയുടെ സാരാംശം. കോടതിയുടെ കിങ്കരന്മാരോ അവരെ നിയന്ത്രിക്കുന്നവരോ വിശ്വാസാചാരങ്ങൾ അപ്പാടെ സ്വീകരിക്കാൻ ഒരുക്കമില്ലാത്തവരെ, അല്ലെങ്കിൽ ഒരുക്കമില്ലെന്ന് അക്കൂട്ടർ വിചാരിക്കുന്നവരെ, നരകയാതനകൾക്കു വിധേയരാക്കുന്നതിനുള്ള ഒരു സംഘടനയായിരുന്നു ഈ കോടതി. ഇതിന്റെ അധികാരം മലങ്കരയിലേക്കു വ്യാപിപ്പിക്കണമെന്നും ചേന്നമംഗലത്തുള്ള ജെസ്വിത്തന്മാരുടെ വൈദികസെമിനാരിയെ വൈദികരെ സംഘടനയുടെ നടത്തിപ്പുകാരോ അധികാരികളോ ആയി നിയമിക്കണമെന്നും, കാവ്യരുടെ നടുവിൽ ജീവിക്കുന്ന നസ്രാണികളുടെ ആത്മരക്ഷയ്ക്ക് ഈ നടപടി ആവശ്യമാണെന്നും സൂനഹദോസ് തീരുമാനിച്ചതായിട്ടാണ് കനോനയിൽ കാണുന്നത്.

മെനേസിസ് മെത്രാന്റെ ഭീഷണികൾ അവഗണിച്ച്, സ്വസമുദായത്രാണനാർത്ഥം സ്വജീവൻപോലും അപകടത്തിലാക്കി പറങ്കിശക്തിയോടും ശക്തനായ മെനേസിസിനോടും പടവെട്ടിയ ധീമാനായിരുന്നു ഗീവർഗീസ് അർക്കദിയാക്കോൻ. അദ്ദേഹത്തെ ഇൻക്വിസിഷന്റെ വിചാരണയ്ക്കു വിധേയനാക്കുമെന്നു ഭീഷണി ഉായപ്പോൾ ബോധരഹിതനായി വീണുപോയി എന്ന് 'ലാൻഡ് ഓഫ് പെരുമാൾസ്' എന്ന ചരിത്രത്തിൽ കാണാം എന്ന് പാറേട്ട് ചൂിക്കാണിക്കുന്നു (പേജ് 230). ഗീവർഗീസ് അർക്കദിയാക്കോൻ ഇൻക്വിസിഷൻ കോടതി മുമ്പാകെ ഹാജരാകാൻ ഒരിക്കൽ നിർബന്ധിതനായി എന്ന് ഉന്നതനായ കർദ്ദിനാൾ ടിസ്സറന്റ്തന്നെ രേഖപ്പെടുത്തിയിട്ടു് (*Eastern Christianity of India*, Page 74). ആ സിംഹത്തെ വിറപ്പിക്കാൻ പറ്റിയ ഇൻക്വിസിഷൻ മലങ്കരയിൽ വരണമെന്ന് ഉദയംപേരൂർ സൂനഹദോസ് നിശ്ചയം ചെയ്തു എന്നാണ് ശ്രേഷ്ഠാനുമതി സിദ്ധിച്ചിട്ടുള്ള ഇംഗ്ലീഷ് പരിഭാഷയിൽ കാണുന്നതെന്ന് ജെയിംസ് ഹോഗും രേഖപ്പെടുത്തിയിട്ടു് (വാല്യം 2, പേജ് 556-557).

ഇങ്ങനെ വിദേശ മതമേൽക്കോയ്മയുടെ ഭീകരവും ഭയാനകവും അതിക്രൂരവുമായ ഇടത്തൂട്ട് ഉപദേശങ്ങളിൽ പൊറുതിമുട്ടിയപ്പോഴാണ് ആർത്താറ്റ് പടിയോലയിൽ നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ ഇടത്തൂട്ട് ഉപദേശം കേൾക്കയാൽ റോമാവിശ്വാസത്തിലേക്കു തിരിഞ്ഞുപോയി എന്ന് ദുഃഖത്തോടുകൂടി രേഖപ്പെടുത്തിയത്.

### 9.3.1.3.3. 'വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നർക്കിട്ട് എടുപ്പാൻ ഇടവന്നു'

കൂനൻകുരിശു സത്യത്തിനുശേഷം സഭ രായി പിളർന്നപ്പോൾ അതിന്റെ അലയടികൾ ആർത്താറ്റ് പള്ളിയിലും സമീപ ഇടവകകളിലും ഉായി. അതിന്റെ ഫലമായി പ്രസിദ്ധമായ പാലയൂർ പള്ളിയിലും ആർത്താറ്റ് പള്ളിയിലും റോമൻ കത്തോലിക്കരും യാക്കോബായക്കാരും തവണമുറ അനുസരിച്ച് ആരാധനകൾ നടത്താൻ തുടങ്ങി. പുത്തൻകൂറ്റുകാരുടെ വീതം വരുന്ന ആഴ്ചകളിൽ കുന്നംകുളത്തുനിന്നും വൈദികർ പോയാണ് പാലയൂർ പള്ളി

യിൽ വിശുദ്ധ കുർബാന ചൊല്ലിയിരുന്നത്. 'ആർത്താറ്റ് പള്ളി ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇതിനെക്കുറിച്ച് പറയുന്നു്. തവണവെച്ചുള്ള ആരാധനയിൽ രു വിഭാഗക്കാരും തമ്മിലുള്ള കലഹങ്ങളും സാധാരണമായിരുന്നു. ഇത് അനവധി വർഷങ്ങൾ നീുനിന്നു. ഇങ്ങനെ കഴിഞ്ഞുവരുന്ന വേളയിൽ ടിപ്പുസുൽത്താന്റെ പട്ടാളക്കാർ 1789 ഡിസംബർ മാസത്തിൽ ചാട്ടുകുളങ്ങര പള്ളി അഥവാ ആർത്താറ്റ് പള്ളി തീവെച്ചു നശിപ്പിച്ചു. ഇരുവിഭാഗക്കാരും തമ്മിലുള്ള വഴക്ക് പള്ളി പുനരുദ്ധരിക്കുന്നതിന് തടസ്സമായിനിന്നു. ഇരുവിഭാഗക്കാരും അവകാശവാദങ്ങൾ പറഞ്ഞ് തർക്കിച്ചുനിന്നതല്ലാതെ പള്ളി പുതുക്കിപ്പണിയുക ഉായില്ല. ഭാഗം ചെയ്തു പിരിയുക മാത്രമേ പോംവഴിയുായിരുന്നുള്ളു. ആരാധന മുടങ്ങി 16 വർഷം പള്ളി അനാഥമായിക്കിടന്നു. പുലിക്കോട്ടിൽ യൗസേഫ് കത്തനാർ (പിന്നീട് പഴയ സെമ്മിനാരി സ്ഥാപകൻ എന്ന പേരിൽ വിഖ്യാതനായ പുലിക്കോട്ടിൽ യൗസേഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത) പള്ളിത്തർക്കം ഒത്തുതീർപ്പാക്കുന്നതിനു അന്നത്തെ കൊച്ചി രാജാവിന്റെ മുൻപാകെ പലതവണ നിവേദനം അർപ്പിച്ചെങ്കിലും പ്രയോജനപ്പെട്ടില്ല. ഒടുവിൽ ശക്തൻ തമ്പുരാൻ എന്ന പേരിൽ പ്രസിദ്ധനായ കൊച്ചി രാമവർമ്മ മഹാരാജാവിന്റെ അന്ത്യകാലത്ത് തിരുമനസ്സുകൊ് ആർത്താറ്റേക്ക് എഴുന്നള്ളി നറുക്കിട്ടു ഭാഗം വെച്ച് പള്ളിത്തർക്കം സമാധാനപരമായി അവസാനിപ്പിച്ചു. ഇത് മലയാളവർഷം 980 ഇടവമാസത്തിലാണ് ഉായത്.

**9.3.1.3.4. ആർത്താറ്റ് പള്ളിയുടെ തീട്ടൂരം**

"അരുളി ചെയ്തു നമ്മുടെ ആർത്താറ്റ് പള്ളി എടവകയിൽ പുത്തൻകൂറ്റു പള്ളികയ്ക്കാർക്ക് എന്നാൽ ആർത്താറ്റ് പള്ളിക്കാര്യം കൊു പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും തമ്മിൽ വിവദിച്ച് പള്ളി മുടങ്ങിക്കിടന്നതിന്റെ ശേഷം രുവകക്കാരുടെയും ആവലാതി ഉാകകൊു പള്ളിക്കൽ വെച്ചു എഴുതിയിട്ട് എടുക്കത്തക്കവണ്ണം വച്ച് കല്പിച്ച് ആളെകൂടെ അയച്ച് എല്ലാവരേയും വരുത്തി ശീട്ടു എഴുതി ഇട്ടു എടുപ്പിച്ചാറെ പള്ളി പുത്തൻകൂറ്റുകാർക്കും, കുരിശു പഴെ കൂറ്റുകാർക്കും ആയിട്ടു തിരിച്ചുവെച്ചു. അതിരും ഇടുവിച്ചു തരുവിച്ചിരിക്കകൊു പള്ളി നന്നാക്കി പണിയേതും, നന്നാക്കി കുരിശും പണിയിപ്പിച്ചു അവിടെ യാതി (ജാതി) മര്യാദ പോലെ ഉള്ള കർമ്മവും ക്രിയയും മുടക്കം വരാതെ നടന്നുകൊള്ളത്തക്കവണ്ണം ഇനിമേലിൽ പഴെ കൂറ്റുകാർക്കു ഈ പള്ളിക്കൽ ഒരു സമ്മന്ധവും (സംബന്ധവും) ഇല്ലാത്തതിൻവണ്ണവും ഇതിനു ആുകാഴ്ച കല്പിച്ച പുത്തൻ 120 (ഒരു പുത്തൻ = 10 പൈസ) കാലന്തോറും കുന്നുംകുളങ്ങരെ പ്രവർത്തിയിൽ കൊടുത്തു നടന്നുകൊള്ളുമാറുതക്കവണ്ണവും കല്പിച്ചു നാം ശീട്ടും തന്നു. എന്നാലിതു കൊല്ലം 981-ാംതു തുലാ ഞായിറ്റിൽ കല്പിച്ചു അരുളിയ മേക്ക തൃശ്ശിവപേരൂർ കോവിലകത്തു ഇരുന്നരുളെ പവ്വത്തിൽ കുഞ്ചു കയ്യെഴുത്തു."

ഈ തീട്ടൂരപ്രകാരം പഴയകൂറ്റുകാർ ന്യൂനപക്ഷമായിരുന്നിട്ടും കുരിശുപള്ളിയും വിശാലമായ പള്ളിപ്പറമ്പിന്റെ പകുതിഭാഗവും അവർക്കു ലഭിച്ചു. പുത്തൻകൂറ്റുകാർക്ക് മേൽക്കൂരയില്ലാത്ത പള്ളിയും പകുതി സ്ഥലവും കിട്ടി. ഈ സ്ഥലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ സിമിത്തേരി (നാലര ഏക്കർ) ഉൾപ്പെടുന്നു.

ആർത്താറ്റ് പള്ളിത്തർക്കത്തിൽ ശക്തൻ തമ്പുരാൻ ഇടപെട്ടതിനെക്കുറിച്ച് പുത്തേഴത്ത് രാമൻമേനോൻ എഴുതിയ ശക്തൻ തമ്പുരാന്റെ ജീവചരിത്രത്തിൽ പറയുന്നു്. ഇസഡ് എം. പാറേട്ട് ശക്തൻ തമ്പുരാനിൽനിന്നും ഉദ്ധരിച്ച് മലങ്കരനസ്രാണികൾ വോള്യം 2 പേജ് 342-ൽ ഇപ്രകാരം എഴുതിയിട്ടു്: "ഇന്നത്തെ ആർത്താറ്റ് പള്ളി മുമ്പ് ചാട്ടുകുളങ്ങര പള്ളി എന്ന്

അറിയപ്പെട്ടിരുന്നു. ടിപ്പു ചാട്ടുകുളങ്ങര അങ്ങാടിയെ ആക്രമിച്ചു. ഒട്ടധികം നാശങ്ങൾ വരുത്തി. അതോടുകൂടി വളരെ ജനങ്ങൾ കുന്നംകുളം, പഴഞ്ഞി, ചാലിശ്ശേരി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഓടിപ്പോകുകയും താമസമുറപ്പിക്കുകയും ചെയ്തു." ശ്രീ. പുത്തേഴത്ത് രാമൻമേനോന്റെ *ശക്തൻതമ്പുരാൻ* എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ചാട്ടുകുളം പള്ളി വളരെ പഴക്കമുള്ളതും മാർത്തോമ്മായാൽതന്നെ സ്ഥാപിക്കപ്പെട്ടതാണെന്നു വിശ്വസിക്കപ്പെട്ടു വരുന്നതും ആകുന്നു. ചാട്ടുകുളത്തെ ദൈവമാതാവിന്റെ വലിയപള്ളിയും അതിന്റെ മുമ്പിലുായിരുന്ന കുരിശുപള്ളിയും തൻനിമിത്തം (കൂനൻകുരിശു വിപ്ലവത്തെ തുടർന്നുായ വേർപാട്) കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും ഉഗ്രമായ കിടമത്സരത്തിനു ദയനീയരംഗമായി. ...

ഇട്ടൂപ്പ് റമ്പാൻ എന്നും യൗസേഫ് ദിവന്നാസിയോസ് എന്നും പ്രഖ്യാതനായ അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ച് (അന്ന് കത്തനാർ) ശക്തൻതമ്പുരാൻ നേരിട്ടുതന്നെ പള്ളിവഴക്കിൽ തലയിടുകയും ഇരുകൂട്ടർക്കും തൃപ്തികരമായ വിധത്തിൽ വളരെക്കാലമായി നിലനിന്നുപോന്ന ആ വാദത്തെ സമാപ്തീകരിക്കുകയും ചെയ്തു. തർക്കം തീർക്കാൻ നറുക്കിട്ടു വലിയപള്ളി പുത്തൻകൂറ്റുകാർക്കും കുരിശുപണ്ണി പഴയകൂറ്റുകാർക്കും കിട്ടി. ഇതു നടന്നത് 1803 നോട് അടുത്താണെന്നാണു തോന്നുന്നത്. (നറുക്കിട്ടത് മലയാളവർഷം 980 എടവമാസത്തിലാണ്. അപ്പോൾ 1805 ആയിരിക്കും). ചാട്ടുകുളങ്ങരക്കാരു മുഴുവനായി മാറിനിന്നില്ലെന്നും, മെനേസിസിന്റെ പക്ഷത്തു കുറേപ്പേർ ചേർന്നിരുന്നു എന്നും രു ശതവർഷക്കലത്തോളം ആ ഭിന്നത തുടർന്നുനിന്നു എന്നും അല്ലേ ഇതിൽനിന്നും മനസ്സിലാക്കേത്."

### 9.3.1.3.5. വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ

ഏകോദരസഹോദരരെപ്പോലെ സ്നേഹത്തോടും സ്വസ്ഥതയോടുംകൂടി കഴിഞ്ഞുവന്നിരുന്ന ആർത്താറ്റ് പള്ളി ഇടവകക്കാർ പറങ്കികളുടെ ഇടപെടലിലൂടെ പരസ്പരം ശത്രുക്കളായി വർത്തിക്കാൻ തുടങ്ങി. പോർത്തുഗീസുകാർ വിതച്ച ഭിന്നതയുടെ വിത്തുകൾ വളരാൻ തുടങ്ങിയിരുന്നു. അതോടെ പടിയോലയിൽ പ്രസ്താവിച്ചതുപോലെ ഇടവകക്കാർക്ക് വ്യാകുലതകൾ അനുഭവിക്കേിവന്നു. ഇത് നസ്രാണികൾക്ക് മൊത്തത്തിൽ വന്നുകൂടിയ അനർത്ഥമായിരുന്നു. ആർത്താറ്റ് പള്ളിക്കാരിൽ ഭൂരിഭാഗം ആളുകളും പുത്തൻകൂർ വിഭാഗത്തിൽ ഉറച്ചുനിന്നു. ന്യൂനപക്ഷം പഴയകൂറ്റിൽ ഉൾപ്പെട്ടു. ഇവർ തമ്മിലുള്ള മത്സരം കാരണം പള്ളി പുതുക്കിപ്പണിയാൻ കഴിയാതെവന്നു. ഏതാ് 16 കൊല്ലം ആർത്താറ്റ് പള്ളിക്ക് മേൽപ്പുര ഇല്ലാത്ത അവസ്ഥയായിരുന്നു. ഈ കാഴ്ച 1800 ഡിസംബർ മാസം പത്താം തീയതി പള്ളി സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനൻ (1981: 48) രേഖപ്പെടുത്തിയിട്ടു്. അല്പം ഉയർന്നു കിടക്കുന്ന ഭംഗിയുള്ള സ്ഥലത്ത് ഒരു പഴയപള്ളി കാണുന്നു്. അതിന്റെ മേൽക്കൂര ഇപ്പോഴില്ല. ചുമരുകൾ ചളിയും കളിമണ്ണും കുഴച്ചുാക്കിയതും പഴകിയതുമാണെങ്കിലും ഇപ്പോഴും വളരെ ഉറപ്പുള്ളതായും പുതിയതായും തോന്നുന്നു.

### 9.3.1.3.6. 'മേലാൽ അങ്ങനെ വരാതിരിപ്പാൻ വേി'

പടിയോല എഴുതിയ പിതാക്കന്മാർ അവരുടെ സഹോദരങ്ങളിൽ ചിലർക്ക് പറ്റിപ്പോയ ഒരു തെറ്റ് തിരുത്തുകയാണ് ഇവിടെ ചെയ്യുന്നത്. പരദേശക്കാരുടെ ഇടത്തൂട്ട് ഉപദേശം അവർക്കു കണ്ഠകോടാലിയായി എന്നു സമ്മതിക്കുന്നു്. മാർത്തോമ്മാശ്ലീഹായുടെ ഉപദേശവും കല്പനകളും മുറുകെപ്പിടിച്ച് ജീവിക്കേ കേരളത്തിലെ ക്രിസ്തീയജനത അന്യോപദേശം കേട്ടു വഴിപിഴച്ചുപോയി. ഇതിൽനിന്നും രക്ഷപ്പെടാൻ എന്താണു പോംവഴി എന്ന് അവർ

കൂട്ടായി ആലോചിച്ചു. ആ ഹൃദയംനൊന്ത ആലോചനയുടെ ബഹിർസ്ഫുരണമാണ് ആർത്താറ്റ് പടിയോല.

പ്രബുദ്ധരായ ഒരു ജനസമൂഹമായിരുന്നു ആർത്താറ്റ് പള്ളി ഇടവകക്കാർ. ഭാവിയിലേക്ക് അവർ ദൃഷ്ടിപായിച്ചു. അടുത്ത തലമുറ വ്യാകുലതയും അല്ലലും അന്തഃഛിദ്രവുമില്ലാതെ ദൈവത്തിന്റെ വിശ്വസ്തദാസന്മാരായി വളരണമെന്ന് അവർ ആഗ്രഹിച്ചു. അതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കാൻ അവർ ബദ്ധപ്പെട്ടു. മാർത്തോമ്മാശ്ലീഹായുടെ ആത്മീയമക്കൾ ഒറ്റക്കെട്ടായി ഈ ഹിന്ദുരാജ്യത്ത് മറ്റുള്ള ജനതയ്ക്കു മാതൃകയായി ക്രിസ്തീയസാക്ഷ്യം വഹിക്കണമെന്ന് അവർ പ്രത്യാശിച്ചു. ഇനി നമുക്ക് അബദ്ധം പറ്റിക്കൂടെന്ന് അവർ ആലോചിച്ചുറച്ചു. അത് ഉറപ്പാക്കാൻ ചെമ്പുതകിടിൽ ആ പ്രമാണം വരമൊഴിയായി രേഖപ്പെടുത്തുകയും ചെയ്തു.

**9.3.1.3.7. റോമിൽനിന്നോ, ബാബേലിൽനിന്നോ, അന്ത്യോഖ്യായിൽനിന്നോ മറ്റു വല്ല പരദേശത്തുനിന്നോ**

റോമിൽനിന്നോ, ബാബേലിൽനിന്നോ, അന്ത്യോഖ്യായിൽനിന്നോ മറ്റു വല്ല പരദേശത്തുനിന്നോ വരുന്ന യാതൊരു മെത്രാന്മാരുടെയും ഉപദേശവും നടപ്പുകളും ഒരുനാളും കേട്ടുവഴങ്ങി നടക്കരുതെന്നാണ് ആർത്താറ്റ് പടിയോലയിൽ അടുത്തതായി ആജ്ഞാപിക്കുന്നത്. വളരെ ഉള്ളുരുകി കഠിനമായ പശ്ചാത്താപത്തോടെയാണ് പൂർവിക പിതാക്കന്മാർ ഇങ്ങനെയൊരു തീരുമാനത്തിൽ എത്തിച്ചേരുന്നത്. വിദേശത്തുനിന്നു വരുന്ന ചില മേൽപട്ടക്കാർ മലങ്കരയിൽ വന്നു കാട്ടിക്കൂട്ടിയ വിക്രിയകളുടെ തിക്തഫലങ്ങൾ നേരിട്ടനുഭവിക്കാൻ ഇടവന്ന ഒരു ക്രിസ്തീയ സമൂഹം ശല്യം സഹിക്കവയ്യാതെ നീറുന്ന ഹൃദയത്തോടെ നെടുവീർപ്പിട്ടുകൊ് വിദേശമതാധിപത്യത്തെ ശപിക്കുന്ന തപ്തസ്വരമല്ലെ ആ വാചകത്തിൽ ധ്വനിച്ചുകേൾക്കുന്നത്?

പരദേശമെത്രാന്മാരുടെ കടുംകൈകൾകൊ് പൊറുതിമുട്ടിയ ആ തലമുറ അനുഭവിച്ച വ്യാകുലതകൾ ശരിക്കറിയണമെങ്കിൽ സഭാചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികയിൽ കൂടി ബഹുദൂരം സഞ്ചരിക്കേിവരും. വിദേശത്തുനിന്ന് സാക്ഷാൽ മെത്രാന്മാരും ഡ്യൂപ്ലിക്കേറ്റ് മെത്രാന്മാരും മലങ്കരയിൽ വന്നുചേരുക ഉായിട്ടു്. മെത്രാനാണെന്നു നടിച്ച് ഒരു യഹൂദൻവരെ വേഷംമാറി മലങ്കരയിൽ വന്ന് തോന്നിയവാസം കാണിച്ചിട്ടു്. മദ്യപിച്ചു ലക്കുകെട്ടു നടന്ന് ഒടുവിൽ ആറ്റിൽ മുങ്ങിമരിച്ച ശീമമെത്രാനും മലങ്കരയിൽ വിലസിയിട്ടു്. ഇങ്ങനെ വന്ന പരിഷകളെയെല്ലാം സ്വാഗതം ചെയ്ത് മലങ്കരനസ്രാണികൾ തീറ്റിപ്പോറ്റേിവന്നു.

**9.3.1.3.8. റോമായിൽനിന്നോ**

ആർത്താറ്റ് പടിയോലയിൽ പരദേശത്തുനിന്ന് വന്ന് മലങ്കര സഭാമക്കളിൽ 'ഇടത്തൂട് ഉപദേശം' പ്രചരിപ്പിച്ച് വളരെ വ്യാകുലത്തിന് ഇടവരുത്തിയ അനർത്ഥകാരികളിൽ ആദ്യം പേരെടുത്തു പറയുന്നത് റോമിനെയാണ്. റോമൻ കത്തോലിക്കരുടെ ആധിപത്യത്തിൽനിന്നും പുറത്തു ചാടുവാൻ ശ്രമിച്ചുകൊിരുന്ന നസ്രാണികൾ 1653 ജനുവരി 15-ാം തീയതി കൂനൻകുരിശു സത്യപ്രതിജ്ഞ ചെയ്ത് സ്വാതന്ത്ര്യം പ്രാപിച്ചു. ഗീവർഗീസ് അർക്കദിയാക്കോനും പിന്നീടു വന്ന തോമ അർക്കദിയാക്കോനും കേരളത്തിലെ റോമൻ കത്തോലിക്ക ഭരണാധികാരികളിൽനിന്ന് പീഡനം സഹിക്കേിവന്നു. ഇതെല്ലാം സ്മരിച്ചുകൊാണ് ആർത്താറ്റ് പടിയോലയിൽ റോമിനെ തള്ളിപ്പറഞ്ഞിരിക്കുന്നത്. മാത്രമല്ല ആർത്താറ്റ് പള്ളി അനേകവർഷം

നശിച്ചു ജീർണ്ണിച്ചു കിടക്കാനും ഒടുവിൽ പള്ളിസ്ഥലം നറുക്കിട്ടു വിഭജിക്കാനും ഇടയായതും റോമൻ കത്തോലിക്കാസഭയുടെ ഇടപെടൽ കൊായിരുന്നു.

കത്തോലിക്കാ നസ്രാണികൾ 1772-ൽ അങ്കമാലിയിൽ ഒരു യോഗം ചേർന്നു. അന്ന് ഇടപ്പള്ളി യോഗക്കാർ റോമൻ പാതിരിമാരുടെ ക്രൂരതയെക്കുറിച്ച് ഒരു നിവേദനം നടത്തുകയുായി. ഇടപ്പള്ളി റോമൻ കത്തോലിക്കാ പള്ളി വികാരിയായിരുന്ന ചാക്കോ കത്തനാരെ ഫ്രാൻസിസ്കോ സാലെസ് എന്ന ഒരു യൂറോപ്യൻ പാതിരി പിടിച്ചുകെട്ടി വരാപ്പുഴ കൊുപോയി കഠിനമായി ദേഹോപദ്രവം ചെയ്ത്, ആഹാരമോ വെള്ളമോ കൊടുക്കാതെ പട്ടിണിക്കിട്ടു കൊന്നു. കത്തോലിക്കാ സമുദായം ഈ ദുരന്തവാർത്ത കേട്ടു നടുങ്ങി. ഇതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 'വർത്തമാനപ്പുസ്തകം' എന്ന യാത്രാവിവരണഗ്രന്ഥത്തിലു്. *വർത്തമാനപ്പുസ്തക*ത്തിൽനിന്ന് ഇടപ്പള്ളി ചാക്കോ കത്തനാരുടെ ദുരന്തകഥ സംഗ്രഹിച്ചു താഴെ കൊടുക്കുന്നു. (*വർത്തമാനപ്പുസ്തകം*, ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട്, വടവാതൂർ, പേജ് 49-മുതൽ).

ത്രേസ്യാ പുണ്യവാളത്തിയുടെ പെരുന്നാൾദിവസം വരാപ്പുഴ പള്ളിയിൽവെച്ച് ആഘോഷപൂർവ്വം റാസ കുർബ്ബാനയും ചൊല്ലി പൊന്നുകൊുള്ള അരുളിക്കയുടെ അകത്തു ശുദ്ധമാന കുറുവാന വെച്ച് വിശ്വാസികളെ ആശീർവ്വദിച്ച് സ്വർണ്ണഅരുളിക്ക പള്ളിയുടെ ത്രോണോസിൽ വെച്ചു. അതിനുശേഷം പാതിരിമാരെല്ലാവരും ഭക്ഷണത്തിനു പോയി.

പെരുന്നാൾ ആഘോഷത്തിനു പുറമെയുള്ള ഇടവകകളിൽനിന്നു അനവധി പട്ടക്കാരും അൽമേനികളും വന്നുകൂടിയിരുന്നു. അവരുടെ ഇടയിൽ ഇടപ്പള്ളി റോമൻ കത്തോലിക്കാ പള്ളി വികാരിയായിരുന്ന കല്ലൂർക്കാട്ടുകാരൻ ചമ്പക്കുളത്തു പുത്തൻപുരയ്ക്കൽ ചാക്കോ കത്തനാരും ഉായിരുന്നു. പെരുന്നാൾ കഴിഞ്ഞു ജനങ്ങൾ പിരിഞ്ഞുപോയ കൂട്ടത്തിൽ ചാക്കോ കത്തനാരും തന്റെ ഇടവകയായ ഇടപ്പള്ളിക്കു പോന്നു.

യൂറോപ്യൻ പാതിരിമാർ ഭക്ഷണം കഴിഞ്ഞു സന്തോഷിച്ച്, സന്തോഷംകൊ് അന്നത്തെ ദിവസം പള്ളി പൂട്ടേ കാര്യം ആരും ഓർത്തില്ല. (കേരളത്തിൽ കഴിഞ്ഞിരുന്ന യൂറോപ്യൻ പാതിരിമാരുടെ ഭക്ഷണരീതിയെക്കുറിച്ചു പാറേമ്മാക്കൽ തോമ്മാക്കത്തനാർ *വർത്തമാനപ്പുസ്തക*ത്തിൽ മറ്റൊരിടത്ത് (പേജ് 423) ഇങ്ങനെ പറയുന്നു്. നല്ല തീപോലെയിരിക്കുന്ന ചാരായവും പോർക്കിറച്ചിയും കോഴിയും മുട്ടയും മറ്റു പലപല തീൻതരങ്ങളും കുടികളും ആയതു തിന്നുകയും കുടിക്കുകയും പുളക്കയും ചെയ്യുന്നതത്രെ മലങ്കര ഇടവകയിൽ അവർ (പാതിരിമാർ) പെടുന്ന പാട്. പെരുന്നാൾ കഴിഞ്ഞ് പിറ്റെദിവസം നേരം വെളുത്ത് നോക്കിയപ്പോൾ (തലേദിവസത്തെ കുടിയുടെ ലഹരിയെല്ലാം അപ്പോഴേക്കും ഇറങ്ങിക്കാണുമെന്നു കരുതാം) പള്ളി തുറന്നുകിടക്കുന്നതു കു. ത്രോണോസിന്മേൽ വച്ചിരുന്ന ശുദ്ധമാന കുർവാനയും അതിനോടുകൂടെയുള്ള പൊന്നുകൊുള്ള അരുളിക്കായും കതുമില്ല. ഉടനെ അന്വേഷണമായി. ഒടുവിൽ ഇടപ്പള്ളി വികാരി ചാക്കോ കത്തനാരുടെ മേൽ സംശയം വന്നുവീണു.

ശേഷം ഭാഗങ്ങൾ 'വർത്തമാനപ്പുസ്തക'ത്തിൽനിന്നും പാറേമ്മാക്കൽ തോമ്മാക്കത്തനാർ എഴുതിയ അതേ വരികൾ പകർത്തുന്നു. ഭാഷ പഴയ മലയാളമാണ്.

"ഇതിന്റെ ശേഷം ഉടൻതന്നെ മെത്രാൻ ഇടപ്പള്ളിക്കു ആളയച്ചു ചാക്കോ കത്തനാരെ വരുത്തി ചോദിച്ചാറെ താൻ ആയതൊന്നും അറിഞ്ഞിട്ടില്ലെന്നും പാതിരിമാരൊക്കെയും

ഭക്ഷണം കഴിഞ്ഞു ഉറക്കത്തിനു പോകകൊത്രെ താൻ പെരുന്നാൾക്കു വരാപ്പുഴ വന്നാറെ യാത്ര ചൊല്ലിക്കൊള്ളാതെ ഇടപ്പള്ളിക്കു പോയതെന്നും പരമാർത്ഥമായി പറഞ്ഞാറെ മെത്രാനും പാതിരിമാരും നെരുബോധിച്ചു ചാക്കോ കത്തനാരെ അയക്കുകയും ചെയ്തു. എന്നാൽ പാതിരിമാരിൽ ഒരുത്തൻ പ്രഞ്ചിസ്ക്കൊസല്ല്യാസ്യോ, ചാക്കോ കത്തനാരെ വരുത്തിയ നേരത്തു വരാപ്പുഴ ഇല്ലാഞ്ഞു. ഇതിന്റെശേഷം അയാൾ വരാപ്പുഴക്കു വന്നു. ഈ ഉായ വർത്തമാനം കേട്ടപ്പോൾ ചാക്കോ കത്തനാരത്രെ അരുളിക്ക കട്ടതെന്നും ആയതുകൊ് അയാളെ വീും വരുത്തി ശൊധന ചെയ്യണമെന്നും വെച്ചു ഇടപ്പള്ളിക്കു വീും ആളയച്ചു. അയാളെ രാമതു വരുത്തിയാറെ അയാളെ പല പല ദുഷ്ക്രമങ്ങൾ ചെയ്തു ശൊധന ചെയ്തു കാണണമെന്നും സല്ലെസപാതിരി നിശ്ചയിച്ചിരിക്കുന്ന പ്രകാരം ചാക്കോ കത്തനാരറിഞ്ഞാറെ തനിക്കുായ ഭയത്തിന്നുടെ ഊറ്റംകൊു മറ്റേതും വിചാരിക്കാതെ മെത്രാനൊടും പാതിരിമാരൊടും യാത്ര ചൊല്ലിക്കൊള്ളാതെ വീും ഇടപ്പള്ളിക്കുതന്നെ തിരികെ പോയിട്ടും ഭയത്തിനു പതം വരായ്കകൊു ഇടപ്പള്ളി സ്വരൂപത്തെ (ഇടപ്പള്ളി രാജാവിനെ) തനിക്കുള്ള ഈ അമളി ബോധിപ്പിച്ചാറെ സ്വരൂപവും തന്റെ ഇടത്തിൽ തന്നെ അയാളെ കൈയ്ക്കൊ് ആയാളെ തണുപ്പിക്കുകയും ചെയ്തു."

എന്നാൽ ചാക്കോ കത്തനാരു ചെയ്ത ഈ പ്രവർത്തി മെത്രാനും പാതിരിമാർക്കും തന്റെ മേലുള്ള സംശയം ഉറപ്പിക്കുകയും ചെയ്തു. അതെന്തെന്നാൽ ചാക്കോ കത്തനാർക്കു അരുളിക്കാ മോഷ്ടിച്ചട്ടില്ലാ എന്നുള്ള പരമാർത്ഥം ഉായിരുന്നെങ്കിൽ ഒളിച്ചുപോകുവാൻ ദിഷ്ടതിയില്ലല്ലോ. ആയതുംവച്ചു ഒളിച്ചുപോയതിനാൽ താൻ മോഷ്ടിച്ചെന്നുള്ള വ്യവസ്ഥ (ശരി, പരമാർത്ഥം) യത്രെയാകുന്നുവെന്നു മെത്രാനും പാതിരിമാരും വിചാരിക്കുകയും ചെയ്തു..."

"ഇങ്ങിനെയൊക്കെ കത്തനാരുടെ നേരെ മെത്രാന്റേയും പാതിരിമാരുടേയും സംശയം ഉറക്കെയും ചാക്കോ കത്തനാരും തനിക്കുള്ള ഭയംകൊു എടപ്പള്ളി രാജാവിന്റെ ആശ്രമത്തിൽ പുക്കു അവിടെ വസിക്കുകയും ചെയ്തതിന്റെ ശേഷം ബലത്താലെ അവിടെനിന്നു ചാക്കോ കത്തനാരെ ഇറക്കി വരാപ്പുഴക്കു കൊുവരണമെന്നും കല്പിച്ചു ആയതിനു പാതിരിമാരിൽ ഒരുത്തൻ അതായതു പിന്നെ ജെർമ്മനീസിയ എന്ന നാട്ടിന്റെ മെത്രാനും മലങ്കര ഇടവകയുടെ വികാരി അപ്പൊസ്തോലിക്കായും ആയി വന്ന പ്രഞ്ചിസ്ക്കൊസസല്ലെസിയോ എന്ന പാതിരി തുനിഞ്ഞു പുറപ്പെട്ടു. പറൊരുനാളും കേട്ടിട്ടില്ലാത്തതുപോലെ ഏറിയ മാർക്കക്കാരെയും കൂട്ടി പടവെട്ടി നാടു പിടിപ്പാൻ പുറപ്പെടുന്നപോലെ ആയുധങ്ങളോടുംകൂടെ പുറപ്പെട്ടു. ഇടപ്പള്ളി സ്വരൂപത്തിന്റെ ഇടം വളഞ്ഞുംകൊു ബലത്താലെ അവിടെനിന്നും ചാക്കോ കത്തനാരെ പുറപ്പെടുത്തി വരാപ്പുഴ കൊുവന്നു അവിടെ മുറിയിൽ ഇട്ടു പൂട്ടി ഏറിയ ശോഭകെടുകളും സങ്കടങ്ങളും അയാളോടു ചെയ്തിട്ടും അയാൾ അരുളിയ്ക്കാ എടുത്തു എന്നു പറയായ്കകൊും തീനും കുടിയും ഒന്നും കൂടാതെ പട്ടിണിയാൽ മരിക്കണമെന്നും വിധിച്ചു. ഏറിയദിവസം ഭക്ഷണമൊന്നും കൊടുക്കാതെയും ഇങ്ങനെ ചാക്കോ കത്തനാരു തന്റെ മരണസമയം അടുത്തപ്പോൾ കുമ്പസാരിച്ചു ശുദ്ധമാന കുർബ്ബാന കൈക്കൊള്ളണമെന്നും അപേക്ഷിച്ചാറെ ആയതുകൂടയും സമ്മതിക്കാതെയും അപ്പടികൊന്നതിന്റെ ശേഷം ഒരു പായയിൽ പൊതിഞ്ഞുകെട്ടി പള്ളിക്കു പറത്തെ പറമ്പിലുള്ള ഒരു കുളത്തിന്റെ മട്ടെയ്ക്കു കുഴിച്ചിടുകയും ചെയ്തു."

ഇത്ര ക്രൂരമായിട്ടാണ് റോമൻ വിദേശമതമേധാവികൾ മലങ്കരയിലെ ക്രിസ്ത്യാനികളോടും നാട്ടുകാരായ വൈദികരോടും പെരുമാറിയിരുന്നത്. പഴയ റോമാസാമ്രാജ്യത്തിലെ അടിമകളോട്

എന്നവണ്ണമായിരുന്നു വെളുത്തതൊലിയുള്ള പാതിരിമാർ മലങ്കരയിലെ നസ്രാണികളോട് പെരുമാറിയിരുന്നത്.

ചാക്കോ കത്തനാരുടെ പ്രശ്നം തിരുവിതാംകൂർ രാജാവിന്റെ മന്ത്രി 1787-ൽ ശ്രദ്ധിക്കുകയുായി. പ്രൊപ്പഗാന്താ തിരുസ്സംഘത്തിന് 1787 മെയ് 7-ാം തീയതി അന്നത്തെ വികാരി അപ്പസ്തോലിക്കയും മിഷണറിമാരും എഴുതിയ കത്തിൽ ദൈവനിന്ദാപരമായ പല മോഷണക്കുറ്റങ്ങളും ചുമത്തി മുറിയിൽ അടയ്ക്കപ്പെട്ടു മരിച്ച സുറിയാനി കത്തനാരുടെ കാര്യത്തിൽ മെത്രാനും പാതിരിമാർക്കും വിശ്വാസികൾക്കുമാണ് പൂർണ്ണഉത്തരവാദിത്വം എന്നു പറയുന്നു. കത്തനാരുടെ മരണത്തിന് ഇടവരുത്തിയതിൽ തിരുവിതാംകൂർ ഗവണ്മെന്റിന് പിഴയടയ്ക്കുവാൻ കർമ്മലീത്താ മിഷണറിമാരായ പൗളിനൂസച്ചനും ജോണച്ചനും പിഴ കല്പിച്ചതായി പറയുന്ന 1787-ലെ ഒരു രേഖ മലബാർ ക്രിസ്ത്യാനികൾ ഹാജരാക്കുന്നു് (എം.ഒ. ജോസഫ് - തച്ചിൽ മാത്തൂത്തരകൻ - പേജ് 206).

റോമൻ പാതിരിമാരും മേൽപട്ടക്കാരും മലങ്കരയിൽ ചെയ്തുകൂട്ടിയ കൊടുംപാപകർമ്മങ്ങൾ നിരവധിയാണ്. *വർത്തമാനപ്പുസ്തക*ത്തിൽ ഇതിന് ഉദാഹരണങ്ങൾ വേുവോളമു്. പേജ് 401. പാറേമ്മാക്കൽ തോമ്മാക്കത്തനാർ പരദേശ പാതിരിമാരോട് പറയുകയാണ്: "മശിഹായെ പ്രതി ഞങ്ങൾ ഭോഷന്മാർ, നിങ്ങൾ ബുദ്ധിമാന്മാർ, ശ്രേഷ്ടതപ്പെട്ടവർ നിങ്ങളും, ക്ഷയിച്ചവർ ഞങ്ങളും, നിങ്ങൾ ചെയ്യുന്നതൊക്കെയും ഉടയതമ്പുരാന് വേിയും, ഞങ്ങൾ ചെയ്യുന്നതൊക്കെയും ലോകകാര്യങ്ങൾക്കു വേിയും. ഇത്രയും പറഞ്ഞ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ ചില സംഭവങ്ങൾ അനുസ്മരിക്കുന്നു്. പ് സുറിയാനിക്കാരൻ മാർ ശെമവൂൻ മലങ്കരയിൽ വന്നിരുന്നു. അന്ന് ആഞ്ചലോസ്മെത്രാനെ വാഴിക്കാൻ മേൽപ്പട്ടക്കാരനെ കിട്ടാതെ വിഷമിച്ചിരിക്കുന്ന കാലമായിരുന്നു. മാർ ശെമവൂനെക്കൊ് ആഞ്ചലോസ് മെത്രാനെ വാഴിച്ചു. വാഴ്ച കഴിഞ്ഞ ഉടൻ അർദ്ധരാത്രി ശെമവൂൻ മെത്രാനെ പിടിച്ചു പോഛേരിയിലേക്കു കൊുപോയി. അവിടെ ഒരു മുറിയിൽ പിടിച്ച് പൂട്ടിയിട്ടു കൊന്നു.

പോർത്തുഗീസ് പാതിരിമാരുടെ മറ്റൊരു ക്രൂരകൃത്യം തോമ്മാകത്തനാർ അനുസ്മരിക്കുന്നു്. മാർ ഗബ്രിയേൽ എന്നൊരു മെത്രാൻ മലങ്കര വന്നു. മാർപ്പാപ്പയുടെ വിശ്വാസംതന്നെയാണ് തന്റേതും എന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നു. എങ്കിലും അദ്ദേഹത്തെക്കുറിച്ച് റോമിലേക്ക് നുണകൾ എഴുതി അയച്ച് ഗ്രബ്രിയേൽ എടത്തൂട്ടുകാരനും നുണയനുമാണെന്നും റോമിൽനിന്ന് കല്പന വരുത്തി ഗബ്രിയേലിനെ പീഡിപ്പിച്ചു. മറ്റൊന്ന്, മലയാറ്റൂർ പള്ളിയിൽവച്ച് പുതുഞായറാഴ്ച പെരുന്നാളിന് പള്ളിയിൽ ജനങ്ങൾ കുടിയിരിക്കെ പനച്ചിക്കൽ വറുഗീസ് കത്തനാരെ കഴുത്തിൽ ചങ്ങലയിട്ട് പട്ടിയെ കൊുപോകുന്നപോലെ വരാപ്പുഴ കൊുചെന്ന് കട്ടിലിന്മേൽ കമഴ്ത്തി കെട്ടിയിട്ട് കിടത്തി വടുകന്മാരെക്കൊു തല്ലിച്ചു. ഇങ്ങനെ പോകുന്നു റോമൻ പാതിരിമാരുടെയും കത്തോലിക്കാ സഭാനേതാക്കന്മാരുടെയും വിക്രമങ്ങൾ. ഇതൊക്കെകും കേട്ടും മനസ്സു മടുത്താണ് പുലിക്കോട്ടിൽ ഉട്ടൂപ്പ് കത്തനാർ റോമിൽനിന്നോ... വരുന്ന യാതൊരു പരദേശമെത്രാന്മാരുടെ ഉപദേശങ്ങളും നടപ്പുകളും വേന്നെ് പടിയോലയിൽ രേഖപ്പെടുത്താൻ കാരണം.

#### 9.3.1.3.9. 'ബാബേലിൽ നിന്നോ'

ആർത്താറ്റ് പടിയോല എഴുതുന്ന കാലത്തും അതിനു മുൻപും വിദൂരമായ ബാബിലോണിൽനിന്ന് മെത്രാന്മാരും വൈദികരും മലങ്കരയിൽ സൗകര്യംപോലെ വന്നുകൊിരുന്നു.

ഒന്നാം നൂറ്റാുമുതൽതന്നെ ബാബേലിൽ ക്രിസ്തീയസഭ ഉായിരുന്നു. ബാബേൽ അഥവാ ബാബിലോൺ പട്ടണം ലോകചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള അതിപ്രാചീന നഗരങ്ങളിൽ ഒന്നാണ്. ക്രിസ്തുവിനു മുൻപ് ഏതാ് 4500 വർഷം മുമ്പുതന്നെ ഈ പട്ടണം ഉായിരുന്നതായി കണക്കാക്കപ്പെടുന്നു. പുരാതന സാംസ്കാരികകേന്ദ്രമായിരുന്ന സുമേരിയൻ പ്രദേശത്ത് മുമ്പ് വളർന്നതാണ് കൽദായസഭ. പൗരസ്ത്യ സുറിയാനിസഭ, പേർഷ്യൻ സഭ, ബാബിലോണിയൻ സഭ, അസീറിയൻ സഭ എന്നിങ്ങനെ പല പേരുകളിൽ ഈ സഭ അറിയപ്പെടുന്നു ് .

ഇന്ത്യയിൽ പലകാലത്തായി വന്ന വിദേശമെത്രാന്മാരിൽ കൽദായമെത്രാന്മാരും ഉായിരുന്നു. 1653-ലെ കൂനൻകുരിശുസത്യത്തിനുശേഷവും 1708-ൽ മാർ ഗബ്രിയേൽ എന്ന കൽദായമെത്രാൻ വരികയുായി. പേർഷ്യയിൽനിന്ന് മലങ്കരയിൽ വന്ന ചിലരെങ്കിലും നെസ്തോറിയ വിശ്വാസമുള്ള കൽദായമെത്രാന്മാരായിരുന്നു എന്നാണ് വിശ്വസിക്കപ്പെട്ടുവരുന്നത്. കൽദായമെത്രാൻമാർ മലങ്കരയിൽ വരുമ്പോൾ അവർ ഏതു വിഭാഗത്തിൽപ്പെട്ടവരാണെന്നു തിരിച്ചറിയാതെ ഏറെ ബുദ്ധിമുട്ടുകൾ ഉായി. മലങ്കരയിൽ വന്നശേഷം നിലനിൽപ്പിനും കൂടുതൽ ഭൗതികസുഖങ്ങൾക്കും വേി കക്ഷി മാറിയ മെത്രാന്മാരുമു്. കുറച്ചുനാൾ മലങ്കരയിലെ കൽദായസഭയുടെ പള്ളികളിൽ കഴിഞ്ഞുകൂടിയ ശേഷം ഒരു സുപ്രഭാതത്തിൽ റോമൻ കത്തോലിക്കപള്ളിയിൽ ചേക്കേറിയ ചരിത്രവും ു്. പള്ളികളിലെ മുതൽ അപഹരിച്ചതിന് അറസ്റ്റു ചെയ്യപ്പെട്ട് നാടുകടത്തേി വന്ന കൽദായമെത്രാന്മാരും ു്. തൃശൂരിലെ കൽദായസഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേം തിരുമേനി എഴുതിയ 'പൗരസ്ത്യസഭാചരിത്രപ്രവേശിക' എന്ന ഗ്രന്ഥത്തിൽ പറയുന്നു. പേജ് 132. "1747-ൽ മാർ യോഹന്നാൻ എന്ന ഒരു നെസ്തോറിയൻ മെത്രാൻ ബസ്രായിൽനിന്നു ഡച്ചു കപ്പലിൽ കയറി മലങ്കരയിൽ വന്നു. മൂന്നോ നാലോ പള്ളികളിലെ സ്വത്തുക്കൾ അപഹരിച്ചതിന് കൊച്ചി മഹാരാജാവ് മെത്രാനെ അറസ്റ്റു ചെയ്ത് സ്വന്തം നാട്ടിലേക്ക് മടക്കി അയച്ചു.

തങ്ങൾ ബാബിലോൺ പാത്രിയർക്കീസിന്റെ കീഴെയുള്ള സ്ഥാനിയാണെന്നും മാർപ്പാപ്പയോടു കൂറു പുലർത്തുന്ന കൽദായ വിഭാഗത്തിൽപ്പെടുന്ന മെത്രാനാണെന്നും തരംപോലെ പറഞ്ഞ് മലങ്കരയിൽ കുഴപ്പങ്ങൾ ഉാക്കാൻ ശ്രമിച്ചിരുന്നു. ഇതെല്ലാം ക് സഹികെട്ടാണ് ഉട്ടൂപ്പ് കത്തനാർ ആർത്താറ്റ് പടിയോലയിൽ വിദേശമേധാവികളെ തള്ളിപ്പറഞ്ഞ കൂട്ടത്തിൽ ബാബേലിനെയും ഉൾപ്പെടുത്താൻ കാരണം.

**9.3.1.3.10. അന്ത്യോഖ്യയിൽ നിന്നോ**

അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ക്രിസ്തുമതം സ്ഥാപിക്കപ്പെട്ട സ്ഥലമാണ് വേദപുസ്തകത്തിൽ പറയുന്ന അന്ത്യോഖ്യാ. ആദ്യകാലത്ത് റോമാസാമ്രജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളുടെ തലസ്ഥാനവും പാത്രിയർക്കീസിന്റെ ആസ്ഥാനവുമായിരുന്നു അന്ത്യോഖ്യാ. ഇവിടെവെച്ചാണ് ക്രിസ്തുവിന്റെ അനുയായികൾക്ക് 'ക്രിസ്ത്യാനികൾ' എന്ന പേര് ലഭിച്ചത് പിൽക്കാലത്ത് മുസ്ലീം ഭരണാധിപനായ സുൽത്താനിൽനിന്ന് അന്ത്യോഖ്യൻ സഭയ്ക്ക് അധികാരപത്രമായ 'ഫർമാൻ' ലഭിക്കേിയിരുന്നു. ഇതു പണം കൊടുത്തും മറ്റും സമ്പാദിക്കേി വന്നപ്പോൾ നേതൃത്വത്തിന്റെ നിലവാരവും യോഗ്യതയും അധഃപതിച്ചു. സഭയുടെ കെട്ടുറപ്പ് നഷ്ടമായി. ആഭ്യന്തരകലഹങ്ങളെത്തുടർന്ന് സഭ ക്ഷയിച്ചു.

പാത്രിയർക്കീസിന്റെ ആസ്ഥാനം മർദീനിലേക്കും അവിടെനിന്ന് ഹോംസിലേക്കും അതിനുശേഷം ദമാസ്കസിലേക്കും മാറ്റി സ്ഥാപിക്കപ്പെട്ടു. പത്തൊൻപതാം നൂറ്റാിന്റെ ആദ്യപാ

ദത്തിൽ ആർത്താറ്റ് പടിയോല എഴുതുന്നതിനു മുമ്പും അന്ത്യോഖ്യയിൽനിന്ന് എന്നും പറഞ്ഞ് മെസപ്പെട്ടോമിയ മരുപ്രദേശത്തിന്റെ ഏതെങ്കിലും കോണിൽനിന്ന് ശീമബാവാമാർ മലങ്കരയിൽ വന്നെത്തുമായിരുന്നു. ധർമ്മശേഖരത്തിനും നേർച്ചകാഴ്ചകൾക്കുമായിട്ടാണ് ഇവർ മുഖ്യമായി വന്നെത്താറുള്ളത്. അന്ത്യോഖ്യൻസഭയെ മലങ്കര നസ്രാണികൾ കഴിയുംവിധം സഹായിച്ചു പോന്നു.

മലങ്കരസഭയെ രക്ഷിക്കാൻ എന്നു പുറമേയ്ക്കു പറഞ്ഞ് പണം പിരിച്ചുവന്ന ശീമബാവാമാർ മടങ്ങിപ്പോകുമ്പോൾ പള്ളികളിൽനിന്നും സമ്പന്നരായ ഇടവകക്കാരിൽനിന്നും പണം ഇരന്നുവാങ്ങി ശേഖരിച്ചാണ് തിരിച്ചുപോയിരുന്നത്. ഇക്കാര്യത്തിൽ ശീമമെത്രാനും പാത്രിയർക്കീസ് ബാവായും എല്ലാം ഒരുപോലെയായിരുന്നു. ഇടവകക്കാർ സ്വമനസ്സാലെ കൊടുത്തില്ലെങ്കിൽ ഭീഷണി ഉയർത്തി പിരിക്കാനുള്ള ശ്രമങ്ങളും നടത്തിയിട്ടു്. കൊടുത്ത കൈമുത്ത് പോരെന്നു പറഞ്ഞ് പള്ളിയിൽ വലിച്ചെറിഞ്ഞ് ബഹളം വെച്ച ശീമബാവായും ഉായിട്ടു്.

നിരണം ഗ്രന്ഥവരി പരിശോധിച്ചാൽ ശീമബാവാമാരുടെ പ്രവൃത്തികൾ മനസ്സിലാക്കാം. ദീയസ് കോറസ് എന്ന അന്ത്യോഖ്യൻ മെത്രാൻ ആർത്താറ്റ് പടിയോല എഴുതിയ കാലത്ത് മലങ്കരയിൽ ഉായിരുന്നു. അദ്ദേഹം ചെയ്ത ദ്രോഹപ്രവൃത്തികൾ സഹിക്കാതായപ്പോൾ സർക്കാർ മെത്രാനെ അറസ്റ്റു ചെയ്തു നാടുകടത്തി. ഈവക ദുരനുഭവങ്ങൾകൊാണ് അന്ത്യോഖ്യയിൽനിന്നോ മറ്റ് ഏതു നാട്ടിൽനിന്നോ വരുന്ന മെത്രാന്മാരുടെ ഉപദേശവും നടപ്പുകളും ഒരുനാളും കേട്ടുവഴങ്ങി നടക്കേതില്ലെന്ന് ആർത്താറ്റ് പടിയോല രേഖപ്പെടുത്തുന്നത്.

**9.3.1.3.11. മറ്റു വല്ല പരദേശത്തുനിന്നോ**

റോം, ബാബിലോൺ, അന്ത്യോഖ്യ എന്നീ സങ്കേതങ്ങളിലെയും പരദേശത്ത് വേറെ എവിടെനിന്നെല്ലാം മതമേൽക്കോയ്മ നിലവിലുോ അവയെയും ആർത്താറ്റ് പടിയോല തീർത്തും തിരസ്കരിച്ചു. കേരളത്തിൽ വന്ന പോർത്തുഗീസുകാർ റോമൻ കത്തോലിക്ക മതാഭിമുഖ്യമുള്ളവരായിരുന്നു. അവർക്കുശേഷം വന്ന ഡച്ചുകാർ പ്രൊട്ടസ്റ്റന്റ് മതാനുകൂലികളായിരുന്നു. പിന്നീട് കേരളത്തിൽ ആധിപത്യം സ്ഥാപിച്ച ഇംഗ്ലീഷുകാരാവട്ടെ പ്രൊട്ടസ്റ്റന്റ് മതവിഭാഗക്കാരായിരുന്നു.

കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ സമ്പാദിക്കുന്നതിന് മദ്രാസ് ഗവർണർ വില്യം ബന്റിക് പ്രഭു അദ്ദേഹത്തിന്റെ സീനിയർ ചാപ്ളേൻ ആയ ഡോക്ടർ കെറിനെ കേരളത്തിലേക്ക് നിയോഗിച്ചു. 1806-ൽ കേരളത്തിലെത്തിയ കെർ, മലങ്കര ക്രിസ്ത്യാനികളുടെ ചരിത്രവും സാമൂഹിക-സാമ്പത്തിക സ്ഥിഗതിയും മറ്റും ആരാഞ്ഞറിഞ്ഞ് 1807 ജനുവരിയിൽ കൊച്ചിയിൽനിന്ന് മദ്രാസ് ഗവർണർക്ക് ഒരു വിശദമായ റിപ്പോർട്ട് അയച്ചു. 1896 -ൽ തന്നെ ഗവർണർ ജനറലിന്റെ നിയോഗമനുസരിച്ച് കൽക്കട്ടാ ഫോർട്ട് വില്യം കോളേജിലെ വൈസ് പ്രിൻസിപ്പാളായ ഡോക്ടർ ക്ലോഡിയസ് ബുക്കാനൻ മലങ്കരസഭ സന്ദർശിച്ചു. ഇംഗ്ലീഷുകാരുടെ ഈ സന്ദർശനങ്ങൾ മറ്റൊരു മതകയ്യേറ്റത്തിന്റെ ആരംഭമായി ആർത്താറ്റ് പടിയോലയുടെ ശില്പികൾക്ക് തോന്നിയിരിക്കണം. അതാണ് 'മറ്റു വല്ല പരദേശത്തുനിന്നോ' എന്ന് പടിയോലയിൽ രേഖപ്പെടുത്തുന്നത്.

**9.3.1.3.12. നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവികവിശ്വാസവും ചട്ടങ്ങളും**

മലങ്കര രാജാക്കന്മാരിൽനിന്ന് പീഡനം ഏറ്റുവാങ്ങാതെ നൂറ്റാുകളോളം സ്വസ്ഥമായി

കഴിഞ്ഞു. പതിനാറാം നൂറ്റാിൽ പോർത്തുഗീസുകാർ ഇന്ത്യയിൽ കാലു കുത്തുന്നതുവരെ സഭ ഒന്നായിരുന്നു. അവരുടെ സഭാവിശ്വാസങ്ങളും ചട്ടങ്ങളും ആചാരങ്ങളും ഒരേപോലെയായിരുന്നു. ഇന്ത്യൻ പ്രദേശത്തുള്ള ക്രിസ്ത്യാനികളെ മുഴുവൻ ഭരിക്കുന്നതിനുള്ള മാർപ്പാപ്പയുടെ തീട്ടൂരവുമായാണ് പോർത്തുഗീസുകാർ കേരളത്തിൽ എത്തുന്നതുതന്നെ. റോമുമായി മലങ്കര നസ്രാണികൾക്ക് പോർത്തുഗീസുകാർ വരുന്നതുവരെ ബന്ധമൊന്നും ഉായിരുന്നില്ല. പാശ്ചാത്യസഭയുടെയും നസ്രാണിസഭയുടെയും ഘടനാരീതിയും ഭരണസമ്പ്രദായവും തികച്ചും വ്യത്യസ്തങ്ങളായിരുന്നു.

മലങ്കരയിലെ ക്രിസ്തീയ ദേവാലയങ്ങളുടെ ഭരണം നടത്തിയിരുന്നത് അതതു പള്ളിയോഗമായിരുന്നു. പള്ളിയോഗത്തിൽ കുടുംബത്തലവന്മാർ പങ്കെടുത്ത് കൂട്ടായ തീരുമാനങ്ങൾ കൈക്കൊു. യോഗം തെരഞ്ഞെടുത്ത് മല്പാന്റെ കീഴിൽ പരിശീലനം നേടിയവരായിരുന്നു ആത്മീയകാര്യങ്ങൾ നിർവഹിക്കാൻ നിയോഗിക്കപ്പെട്ടിരുന്നത്. യോഗത്തിന്റെ തീരുമാനപ്രകാരം അവരെ വൈദികരായി ദേവാലയങ്ങളിൽ നിയമിച്ചുവന്നു.

മലങ്കരയിലെ പൂർവ്വിക വൈദികർ സഭയുടെ ശുശ്രൂഷകരായിരുന്നു, സഭയുടെ അധികാരികളായിരുന്നില്ല. അവർക്കു പള്ളിയുടെമേൽ യാതൊരു ഭൗതികാധികാരവും ഉായിരുന്നില്ല. തങ്ങളുടെ പീഡിതസഭയ്ക്കായി പണം പിരിക്കുന്നതിനുവേി വിദേശത്തുനിന്നും ഇവിടെ വന്നെത്തിയിരുന്ന പേർഷ്യൻ മെത്രാന്മാർക്കും പള്ളിയുടെ ഭരണത്തിൽ യാതൊരധികാരവും ഉായിരുന്നില്ല. മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും എന്നറിയപ്പെട്ടിരുന്ന ഈ പള്ളിയുടെ ഭരണസമ്പ്രദായം അപ്പസ്തോലന്മാർ ആദിമസഭയ്ക്കു നൽകിയിരുന്ന ഭരണസംവിധാനത്തിനു ചുവടു പിടിച്ചുള്ളതായിരുന്നു.

പാശ്ചാത്യസഭയിൽ റോമാചക്രവർത്തിയായ കോൺസ്റ്റന്റയിനുശേഷം സഭാധികാരം രാജകീയമായിത്തീർന്നു. സഭാസമ്പത്തിന്റെ ഭരണം മുഴുവൻ മാർപ്പാപ്പായും മെത്രാന്മാരും വൈദികരും ഏറ്റെടുത്തു. അവിടെ വികസിച്ച മെത്രാന്റെ രാജകീയപദവിയുമായാണ് വിദേശീയർ കേരളത്തിൽ വന്നെത്തിയതും. അവർ നമ്മുടെ പാരമ്പര്യവിശ്വാസത്തേയും പള്ളി ഭരണക്രമത്തെയും തകർത്ത് പള്ളിയുടെ ഭരണം ഏറ്റെടുക്കാൻ സംഘടിതമായി പരിശ്രമിച്ച കാലത്താണ് ധീരനായ പാറേമ്മാക്കൽ ഗോവർണദോർ സടകുടഞ്ഞ് രംഗത്തിറങ്ങി അവർക്കെതിരെ സമുദായത്തിനുവേി പോരാടിയത്.

'വർത്തമാനപുസ്തക'ത്തിൽനിന്ന് ആ പോരാട്ടത്തിന്റെ സിംഹനാദം നമുക്കു കേൾക്കാം. അന്ന് കത്തോലിക്കരുടെ കൊച്ചി മെത്രാനായിരുന്ന യൗസേപ്പ് ദെസൊല്ലി ദൊരെയ്ക്കെതിരെ പാറേമ്മാക്കൽ തോമ്മാക്കത്തനാർ ഉതിർത്ത തീ പാറുന്ന ധർമ്മരോഷത്തെ ധ്വനിപ്പിക്കുന്ന ചില ഭാഗങ്ങൾ:

"എന്നാൽ നിന്റെ ഈ വാക്കുകൾ കേൾക്കുന്നവർക്ക് എന്തു തോന്നും? മലങ്കരയുള്ള പള്ളികൾ മിഷണറിമാരുടെ തന്തമാർ പണിയിച്ചതാണെന്നും മിഷണറിമാരുടെ അടിമകളും വിടുപണിക്കാരുമാണെന്നും മിഷണറിമാരുടെ അനുവാദമില്ലാതെ പള്ളിക്കാർക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും. പക്ഷേ ഞാൻ നിന്നോടു പറയട്ടെ. നീ അത്രയൊന്നും ഉറച്ചിരിക്കേ. നിന്റെ ഉപായവും തട്ടിപ്പുംകൊ് ഞങ്ങളുടെ പള്ളിക്കാരിൽ ചിലർ നിന്നെ സേവിച്ചു നിൽക്കുന്നുങ്കിലും ഞങ്ങളുടെ പള്ളികൾ നിങ്ങളുടെ കാരണവന്മാർ പണിയിച്ചതൊന്നും അല്ല. ഞങ്ങളെയും ഞങ്ങളുടെ പള്ളികളെയും ആരും നിനക്കു വിറ്റിട്ടുമില്ല. ഞങ്ങളുടെ യോഗത്തിനു

നിന്നെ സ്വീകരിപ്പാൻ മനസ്സുങ്കിൽ നിന്നെ സ്വീകരിക്കും. മനസ്സില്ലെങ്കിൽ ബലം പ്രയോഗിച്ചു സ്വീകരിപ്പാൻ നിന്നെക്കൊു സാധ്യമല്ല. ഇതു നല്ലവണ്ണം ധരിച്ചുകൊള്ളുക. മേലാലെങ്കിലും ഇത്തരം ഹുങ്കാരവചനങ്ങൾ ആരോടും പറയാനിടയാകരുത്." (*വർത്തമാനപ്പുസ്തകം* പേജ് 275).

പോർത്തുഗീസുകാരുടെ വരവുവരെ ഒരേ സഭയായി കഴിഞ്ഞിരുന്ന മലങ്കരയിൽ വിനാശവിത്തുകൾ വിതച്ച് പറങ്കികൾ നസ്രാണികളെ ഭിന്നിപ്പിച്ച് പല തട്ടുകളിലാക്കി. അതിന് പൈതൃകങ്ങൾ ചമച്ചുാക്കാനും വിദേശികൾ മടിച്ചില്ല. ശീമക്കാർ മലങ്കരയിൽ വന്ന് വലിയ കഷ്ടപ്പാടുകൾ സഹിച്ചാണ് മതപ്രചാരം നടത്തുന്നതെന്നാണ് നടിക്കാറ്. ഇതിനെക്കുറിച്ച് പാറേമ്മാക്കൽ തോമ്മാക്കത്തനാർ പറയുന്നതു ശ്രദ്ധിക്കാം: ഇങ്ങനെയെല്ലാമിരിക്കമ്പോൾ നീ പലപല സങ്കടങ്ങൾ മലങ്കരയിൽ അനുഭവിച്ചുവരുന്നു എന്ന് പുറംനാടുകളിലേക്ക് എഴുതി അയയ്ക്കുന്നത് ആലോചിച്ചാൽ മനുഷ്യർക്കുള്ള സാധാരണ സങ്കടങ്ങളിൽനിന്നു വ്യത്യസ്തമായ വേറൊരുതരം സങ്കടമാണ് എന്നു കാണാം. എന്താണീ സങ്കടങ്ങൾ? അതിനു ഞങ്ങളെങ്ങനെ കാരണമാകുന്നു? പറയാം. നല്ല തീ പോലിരിക്കുന്ന ചാരായവും പോർക്കിറച്ചിയും കോഴിയും മുട്ടയും മറ്റുള്ള തീനും കുടിയുമൊക്കയാണ് നിന്റെ ഇവിടുത്തെ സങ്കടങ്ങൾ. അതു തിന്നു കുടിച്ചു പുളിക്കുന്നതിനെക്കുറിച്ചാണ് മലങ്കര ഇടവകയിൽക്കിടന്നു നീ പാടുപെടുന്നു എന്നു പറയുന്നത്. വലിയ പെരുന്നാളും വരവുമുള്ള ഞങ്ങളുടെ പള്ളിയിൽ ആുതോറും നിന്റെ കൂട്ടർ വന്ന് അവിടെ പിരിഞ്ഞുകിട്ടുന്ന നേർച്ചപ്പണമെല്ലാം വാരിക്കെട്ടി മേൽപ്പറഞ്ഞ സങ്കടങ്ങൾ വാങ്ങാൻ നിന്റെ വസതിയിലേക്കു കൊുപോകുന്നു. പരമാർത്ഥികളും ഭോഷന്മാരുമായ ഞങ്ങൾ അതെല്ലാം അനുവദിച്ചുതരുന്നു. അപ്പോൾ മലങ്കരയിൽ നീ പാടുപെട്ടു സങ്കടങ്ങളെ അനുഭവിക്കുന്നതിനു ഞങ്ങൾ തന്നെയല്ലേ കാരണം? അതുകൊുതന്നെയാണു മലങ്കരയിൽ മിശിഹായ്ക്കു വേി പാടുപെടാൻ നീ ഓടിവരുന്നത്. മേൽപ്പറഞ്ഞ ചെല്ലനാട്ടിലും (സിലോൺ) ചൈനയിലും പോയി മിശിഹായ്ക്കുവേി പാടുപെടാൻ നിനക്കു മനസ്സില്ലാത്തതും അതുകൊുതന്നെ (*വർത്തമാനപ്പുസ്തകം* പേജ് 274-275).

**9.3.1.3.13. 'തമ്പുരാനെ പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വെച്ച് എഴുതിയത്'**

വിശുദ്ധ മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ വന്ന് സ്ഥാപിച്ച പള്ളികളെല്ലാം കന്യാമറിയാമിന്റെ പേരിലായിരുന്നു. ആ നിലയ്ക്ക് അദ്ദേഹം സ്ഥാപച്ച ആർത്താറ്റ് പള്ളിയും ദൈവമാതാവിന്റെ പേരിലായിരുന്നു എന്നു പ്രത്യേകം പറയേതില്ല. സെന്റ് മേരീസ് പള്ളി എന്ന പേരിൽതന്നെയാണ് ആർത്താറ്റ് പള്ളി ഇന്നും അറിയപ്പെടുന്നത്. കന്യാമറിയമിനോടുള്ള അതിരറ്റ ഭക്തിയും ബഹുമാനവും സ്നേഹവുമാണ് 'തമ്പുരാനെ പെറ്റ അമ്മ' എന്ന സംബോധനയിൽ അലിഞ്ഞുചേർന്നു കിടക്കുന്നത്. മക്കൾക്ക് അമ്മയോടുള്ള വാത്സല്യവും പ്രീതിയും ഒന്നു വേറെതന്നെയാണ്. തമ്പുരാനെപ്പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളി എന്നു പറയുമ്പോൾ ദൃഢമായ സ്നേഹബന്ധം ആ ദേവാലയത്തോടുന്ന് സൂചിപ്പിക്കുന്നു.

ആർത്താറ്റ് പടിയോല എഴുതിയത് ആർത്താറ്റ് പള്ളിനടയിൽ വെച്ചാണെന്ന് പടിയോലയിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ള സംഗതിയാണ്. പള്ളിയകത്തുവെച്ചല്ല പടിയോല എഴുതിയത് എന്നു പറയുമ്പോൾ പള്ളിയകം അതിനു യോഗ്യമായിരുന്നില്ല എന്നാണ് മനസ്സിലാക്കേത്. ടിപ്പുവിന്റെ തീവയ്പും സമുദായവഴക്കും ശക്തൻ തമ്പുരാന്റെ തീട്ടൂരത്തെത്തുടർന്നുള്ള സമാധാനസാഹചര്യത്തിലാണ് പടിയോല എഴുതപ്പെട്ടത്.

#### 9.3.1.4. ആർത്താറ്റ് പടിയോലയിൽ ഒപ്പിട്ടവർ

ആർത്താറ്റ് പള്ളിയിലെ അന്നത്തെ മൂപ്പച്ചനും പന്ത്രു ഇടവകപ്രധാനികളുമാണ് പടിയോലയിൽ ഒപ്പിട്ടിട്ടുള്ളത്. അവരുടെ പേരും തറവാട്ടുപേരും ഒപ്പും പടിയോലയിൽ ഉ്. ആരുടെയും പിതാവിന്റെ പേരു കൊടുത്തിട്ടില്ല. വളരെ ശ്രദ്ധിച്ചായിരിക്കണം പടിയോലയിൽ ഒപ്പിടാനുള്ള പന്ത്ര് ഇടവകാംഗങ്ങളെ തെരഞ്ഞെടുത്തിരിക്കുക. ഒരുപക്ഷേ അവർ പള്ളി പുനരുദ്ധരിക്കാൻ തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിക്കാരായിരിക്കണം. മൂപ്പച്ചനാണ് ആദ്യം ഒപ്പിട്ടിരിക്കുന്നത്. ആർത്താറ്റ് പള്ളിയിൽ വേറെയും വൈദികർ ഉായിരുന്നെങ്കിലും മൂപ്പച്ചനെന്ന നിലയ്ക്കാണ് തെക്കേക്കര കുരിയത് കത്തനാർ ഒപ്പിട്ടിരിക്കുന്നത്.

ഇടവകപ്രധാനികളിൽ ആദ്യം ഒപ്പിട്ടിരിക്കുന്നത് പനയ്ക്കൽ താരുവാണ്. ആർത്താറ്റ് -കുന്നംകളം ഇടവകയിലെ ഏറ്റവും ധനികനായ വ്യക്തിയായിരുന്നു അദ്ദേഹം. കൊച്ചിരാജാവിന്റെ ദർബാറിൽ സ്ഥിരം ക്ഷണിതാവായിരുന്നു പനയ്ക്കൽ താരു. മഹാരാജാവ് ഉടവാൾ സമ്മാനിച്ച് അദ്ദേഹത്തെ ആദരിച്ചിരുന്നു. പനയ്ക്കൽ താരു കഴിഞ്ഞാൽ അടുത്ത ഏറ്റവും വലിയ ധനാഢ്യൻ കുത്തൂർ ചുമ്മാരായിരുന്നു. രാമത്തെ ഒപ്പ് അദ്ദേഹത്തിന്റെയാണ്. ധനസ്ഥിതിയിലും തറവാട്ടുമഹിമയിലും മികച്ചുനിന്നവരെ അവരുടെ ഔന്നത്യത്തിന്റെ നിലയനുസരിച്ചാണ് ക്രമപ്രകാരം ഒപ്പിടുവിച്ചിട്ടുള്ളത്. ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന പഴയകാലത്ത് അങ്ങനെ തരംതിരിക്കുന്നതിൽ ആർക്കും പരിഭവം തോന്നിയിരിക്കില്ല.

ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരമെന്ന്(1857) വിശേഷിപ്പിക്കപ്പെടുന്ന ശിപായിലഹളയിലൂടെ വിദേശഭരണകൂടത്തിനെതിരെ ഇന്ത്യൻജനത ആഞ്ഞടിക്കുന്നതിന് ഒരമ്പതു കൊല്ലങ്ങൾക്കു മുൻപാണ് വിദേശമതമേധാവിത്വങ്ങളെ നിഷ്കാസനം ചെയ്യുന്ന ആർത്താറ്റ് പടിയോല എഴുതപ്പെട്ടത്. പരദേശത്തുനിന്നു വരുന്ന യാതൊരു മെത്രാൻമാരുടെ ഉപദേശങ്ങൾക്കും നടപ്പുകൾക്കും ഒരുനാളും വഴങ്ങുകയില്ലെന്ന് ധീരകേസരികളായ ഇവിടത്തെ നസ്രാണികൾ ഉറക്കെ പ്രഖ്യാപിച്ചു. മാർത്തോമ്മാശ്ലീഹായുടെ പൂർവ്വികവിശ്വാസവും ചട്ടങ്ങളും അനുസരിച്ചു നടക്കുവാൻ പടിയോല ആഹ്വാനം ചെയ്തു. വിപ്ലവകരമായ ആശയത്തെ ഘോഷിക്കുവാൻ മുന്നോട്ടു വന്ന ആർത്താറ്റ് പടിയോല ശില്പികളുടെ ദീർഘവീക്ഷണവും സ്വാതന്ത്ര്യബോധവു ക്രാന്തദർശിത്വവും ശ്രദ്ധേയമാണ്.

## 9.4. പറവൂർ കോട്ടക്കാവ് തീർത്ഥാടനപള്ളി

#### 9.4.1 ഐതിഹ്യചരിത്രരേഖകൾ

പറവൂർ കോട്ടക്കാവ് സെന്റ് തോമസ് ഫൊറോനാ പള്ളി മാർ തോമാശ്ലീഹയാൽ എ.ഡി. 52-ൽ സ്ഥാപിതമായതും അദ്ദേഹം കപ്പലിറങ്ങിയ കൊടുങ്ങല്ലൂരിന് വളരെ അടുത്തും വേമ്പനാട്ടുകായലിന്റെ തീരത്തുമായി സ്ഥിതിചെയ്യുന്നതുമായ ദേവാലയമാണ്. പുരാതനരേഖകളിൽ പട്ടമന പറവർ എന്നു വിളിക്കുന്ന കായൽത്തീരത്തുയിരുന്ന ഒരു കാവാണ് 'കോട്ടയ്ക്കൽ' അഥവാ 'കോട്ടക്കാർ'. ബി. സി. മൂന്നാം ശതകത്തിൽ കേരളത്തിൽ കുടിയേറി പാർത്ത ആദ്യ ബ്രാഹ്മണനമ്പൂതിരിമാരുടെ ഒരു ആസ്ഥാനമായിരുന്നു പട്ടമന പറവൂർ. പിിനിവട്ടത്തു സ്വരൂപമെന്ന് വിളിക്കപ്പെട്ടിരുന്ന ഒരു നമ്പൂതിരി കുടുംബമായിരുന്നു ഇവിടുത്തെ നാടുവാഴികൾ. കോട്ടക്കാവ് പള്ളി മറ്റു ദേവാലയങ്ങളുടെയെല്ലാം മാതൃദേവാലയം എന്ന അർത്ഥത്തിൽ വലിയപള്ളി എന്ന പേരിലും അറിയപ്പെടുന്നു.

കോക്കമംഗലത്ത് പള്ളി സ്ഥാപിച്ചതിനുശേഷം അവിടെനിന്നും പുറപ്പെട്ട ശ്ലീഹ കൊട്ടക്കാവിൽ എത്തിയെന്നും അവിടെ പ്രേഷിതപ്രവർത്തനം നടത്തിയെന്നും റമ്പാൻ പാട്ട് സ്ഥിരീകരിക്കുന്നു. പറവൂരിലെയും ചേന്ദമംഗലത്തെയും യഹൂദരുടെ സാന്നിധ്യം ശ്ലീഹായ്ക്ക് തന്റെ പ്രേഷിതപ്രവർത്തനം നടത്തുവാൻ ഏറെ അനുഗ്രഹമായിരുന്നു. കോട്ടയ്ക്ക് അകത്തുള്ള കാവ് എന്ന് അർത്ഥമുള്ള കോട്ടയ്ക്കാവിൽ ഒരു ക്ഷേത്രവും അതിനോടനുബന്ധിച്ച് ഒരു ബ്രാഹ്മണ കോളനിയുമുായിരുന്നു. ഐതിഹ്യമനുസരിച്ച് ക്ഷേത്രത്തിലെ ഉത്സവം നടക്കുന്ന സമയത്താണ് തോമാശ്ലീഹാ അവിടെയെത്തിയത്. അവസരം മുതലാക്കി തോമാശ്ലീഹാ വചനം പ്രഘോഷിക്കുവാൻ ആരംഭിച്ചു. അപരിചിതൻ, പരിചിതമല്ലാത്ത ഭാഷ, വസ്ത്രധാരണം, രൂപം ഇതെല്ലാം തദ്ദേശവാസികളെ പ്രകോപിതരാക്കി. അവർ മാർതോമാശ്ലീഹായെ കളിയാക്കി ഉപദ്രവിച്ചു. പെട്ടെന്ന് അകാരണമായി ഒരു കൊടുങ്കാറ്റ് രൂപപ്പെടുകയും അത് ആഞ്ഞടിക്കുകയും ചെയ്തു. പൂജാരിമാരുൾപ്പെടെ വളരെപ്പേർ ബോധരഹിതരായി. അവർ തോമാശ്ലീഹായോട് മാപ്പിരക്കുകയും രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തോമാശ്ലീഹാ വെള്ളമെടുത്തു വെഞ്ചരിച്ച് അവരുടെമേൽ തളിച്ചപ്പോൾ അവർക്കു ബോധം തിരികെ ലഭിച്ചു. വെഞ്ചരിച്ചുകൊിരിക്കുമ്പോൾ കുറച്ചു ജലം ഭൂമിയിൽ പതിക്കാതെ ആകാശത്തു തങ്ങിനിൽക്കുന്നതു കതദ്ദേശവാസികൾ തോമാശ്ലീഹായുടെ ദിവ്യത്വം തിരിച്ചറിയുകയും അദ്ദേഹത്തെ സ്വീകരിച്ച് മാപ്പിരക്കുകയും, തങ്ങൾ ഇനി എന്താണ് ചെയ്യേത് എന്ന് ആരായുകയും ചെയ്തു. തനിക്കു പ്രാർത്ഥിക്കാൻ ശ്ലീഹാ ഒരാലയം ആവശ്യപ്പെട്ടു. എവിടെ ആലയം വേണമെന്നു ചോദിച്ചപ്പോൾ അവിടെയുായിരുന്ന ഒരാനയെ ചൂിക്കാണിച്ചിട്ട്, ഈ ആന ഇവിടെ കിടക്കുന്ന തടി കൊവന്നിടുന്ന സ്ഥലം ദേവാലയം പണിയാൻ ചോദിച്ചു. അവർ സമ്മതിച്ചു. ആന തടി വലിച്ച് ക്ഷേത്രത്തിനോടടുത്തുതന്നെ പിടിച്ചിട്ടു. അവിടെ ശ്ലീഹാ ദേവാലയം സ്ഥാപിച്ചു.

പിന്നീട് ജലതർപ്പണം നടത്തിക്കൊിരുന്ന നമ്പൂതിരിമാരുടെ തർപ്പണജലം താഴേക്കു വീഴുന്നതു ക് "എന്തുകൊാണ് വെള്ളം മുകളിലേക്കു പോകാത്തത്, ദൈവം പ്രാർത്ഥന കേൾക്കാത്തതുകൊാണോ?" എന്ന ചോദ്യം തർക്കത്തിൽ എത്തിച്ചു. "എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കുകയും അതിനടയാളമായി മുകളിലേക്കെറിയുന്ന ജലവും സ്വീകരിക്കും" എന്നു പറഞ്ഞ് ശ്ലീഹാ തർപ്പണം ചെയ്തു. ജലം അന്തരീക്ഷത്തിൽ തങ്ങിനിന്നു എന്നും ഇവിടുത്തെ ഐതിഹ്യം പറയുന്നു.

തോമാശ്ലീഹായുടെ അത്ഭുതശക്തിയിലും ദൈവികദർശനത്തിലും തദ്ദേശവാസികൾ ആകൃഷ്ടരായി. ശ്ലീഹാ അവിടെ ഒരു കുരിശു സ്ഥാപിക്കുകയും 1770 തദ്ദേശവാസികൾ അദ്ദേഹത്തിൽനിന്നും മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു. നെടുന്തള്ളി, കോട്ടക്കാലി, കാഞ്ഞിരക്കാടൻ, വേങ്ങനാടൻ, മേനവശ്ശേരി, ചെമ്പകശ്ശേരി, കുന്നപ്പള്ളി, വേങ്ങനാട്, വാഴപ്പിള്ളി, പയ്യപ്പള്ളി, ഈരാളി തുടങ്ങിയ കുടുംബങ്ങളാണവരെന്നും പറയുന്നു. പുതുതായി മാർഗ്ഗം സ്വീകരിച്ചവർക്ക് പ്രാർത്ഥിക്കുവാൻ ഒരിടം വേണം. ഇത് ശ്ലീഹായെ സ്വീകരിച്ചവരും സ്വീകരിക്കാത്തവരും തമ്മിലുള്ള ശത്രുതയ്ക്ക് ഇടയാക്കി. പള്ളിപണിക്കായി എത്തുന്ന തോമാശ്ലീഹായെയും കൂട്ടരെയും വധിക്കാൻ മദമിളകിയ ആനയെ ശത്രുപക്ഷം ഒരുക്കിനിർത്തി. പക്ഷേ തോമാശ്ലീഹായെത്തിയപ്പോൾ ആന ശിരസ്സു നമിച്ചു നമസ്കരിച്ചു. പള്ളിപണിക്ക് സ്ഥലം തേടിയപ്പോൾ ആന തടി വലിച്ച് എവിടെ കൊിടുന്നുവോ അവിടെ പള്ളി പണിയാം എന്നൊരു ഒത്തുതീർപ്പു വ്യവസ്ഥയുായി. ആന തടി വലിച്ച് ഇന്നു പള്ളിയിരിക്കുന്ന സ്ഥലത്ത് ഇട്ടു എന്നും അവിടെ ദേവാലയം പണിതുയർത്തപ്പെട്ടു എന്നുമാണ് മറ്റൊരു ഐതിഹ്യം. അതു

ക്ഷേത്രത്തോടു ചേർന്നായിരുന്നുവെന്നും ക്ഷേത്രത്തിന്റെ മതിൽതന്നെയാണ് പള്ളിയുടെയും മതിൽ എന്നും പറയുന്നു. ഇതിനാൽതന്നെ ഈ മതിൽ ആനമതിൽ എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് ആ പുരാതനമതിൽ ഇന്ത്യാ ഗവണ്മെന്റിന്റെ പുരാവസ്തു ഗവേഷണവകുപ്പിന്റെ സംരക്ഷണച്ചുമതലയിലാണ്. ടിപ്പുവിന്റെ നേതൃത്വത്തിലുള്ള മൈസൂർ പട തോമാശ്ലീഹായാൽ സ്ഥാപിതമായ കുരിശ് നശിപ്പിച്ചു. 1308-ലാണ് തോമാശ്ലീഹായാൽ സ്ഥാപിതമായ പള്ളിയുടെ പുനരുദ്ധാരണം നടത്തിയത്.

പറവൂർ-കോട്ടയ്ക്കാവ് പള്ളി ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്നു. ഇപ്പോൾ നിത്യാരാധനാകേന്ദ്രമായി പരിപാലിക്കുന്ന, 1308-ൽ പുനരുദ്ധരിച്ച പഴയ പള്ളിയുടെ അൾത്താരയിൽ ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്തയുടെ കബറിടം സ്ഥിതി ചെയ്യുന്നു.

ഫ്രാൻസീസ് റോസ് 1557-ൽ പോർത്തുഗലിലെ കാറ്റലോനയിൽ ജനിച്ച് ഈശോസഭാംഗവൈദികനായി ഇന്ത്യയിൽ മിഷൻ പ്രവർത്തനത്തിനായി എത്തി. ചേന്ദമംഗലത്തെ വൈപ്പിൻകോട്ട സെമിനാരിയിലെ റെക്ടറായി സേവനം ചെയ്തിരുന്ന അദ്ദേഹത്തെ 1599-ൽ ഉദയംപേരൂർ സൂഹനദോസിന്റെ കൗൺസിലിലേക്ക് ഗോവയിലെ മെത്രാപ്പോലീത്ത മെനേസിസ് തിരഞ്ഞെടുത്തു. വിദേശിയായിരുന്നു എങ്കിലും സുറിയാനിഭാഷയിലുള്ള അദ്ദേഹത്തിന്റെ പ്രാവീണ്യം അദ്ദേഹത്തെ പ്രശസ്തനാക്കി. ഉദയംപേരൂർ സൂഹനദോസിനെ ത്തുടർന്ന് 1599 ഡിസംബർ 20-ന് അങ്കമാലി സുറിയാനി കത്തോലിക്ക അതിരൂപതയുടെ അതിരൂപതാസ്ഥാനം മാറ്റിക്കളഞ്ഞു. 1599 നവംബർ 5 ന് ഫാ. ഫ്രാൻസീസ് റോസിനെ അങ്കമാലിയുടെ മെത്രാനായി ക്ലെമന്റ് എട്ടാമൻ മാർപാപ്പ നിയമിച്ചു. തങ്ങളുടെ രൂപതയുടെ പൂർവപദവി തിരികെക്കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊ് റോസ് മെത്രാനും മാർത്തോമ്മാ ക്രിസ്ത്യാനികളും റോമിലേക്ക് അപേക്ഷകൾ അയച്ചതിന്റെ ഫലമായി 1608 ഡിസംബർ 22 ന് അങ്കമാലിയെ വീും അതിരൂപതയാക്കി. 1609 ജനുവരി 26-ാം തീയതി ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്തായ്ക്ക് 'പാലിയം' നൽകപ്പെട്ടു. കൊടുങ്ങല്ലൂരിൽ പോർത്തുഗീസ് കോട്ടയും സൈന്യവും ഉായിരുന്നതിനാൽ തന്റെ ആസ്ഥാനം 1609 ഡിസംബർ 3-ാം തീയതി അങ്കമാലിയിൽനിന്ന് കൊടുങ്ങല്ലൂരിലേക്കു മാറ്റി. പിന്നീട് അതു തീരദേശപട്ടണമായതിനാലും ശത്രുക്കളുടെ ആക്രമണങ്ങളും പ്രശ്നങ്ങളും വർദ്ധിച്ചതിനാലും, താമസം പറവൂർ കോട്ടക്കാവിലേക്കു മാറ്റി. ഇതിനോടനുബന്ധിച്ചാണ് വലിയ നിരീക്ഷണഗോപുരവും അതിനുള്ളിലെ വലിയ ദേവാലയമണിയും സ്ഥാപിച്ചത്. 1626 ഫെബ്രുവരി 16 നു ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്ത നിര്യാതനാവുകയും 18 -ാം തീയതി ഞായറാഴ്ച അദ്ദേഹത്തെ പറവൂർ കോട്ടയ്ക്കാവ് പള്ളിയുടെ അൾത്താരയിൽ സംസ്കരിക്കുകയും ചെയ്തു.

1508-ൽ പള്ളി മൂന്നാം പ്രാവശ്യം പുനരുദ്ധരിച്ചു. ഇത് പള്ളിയിൽ വട്ടെഴുത്ത് ലിപിയിൽ സ്ഥാപിതമായിരിക്കുന്ന പുരാതനലിഖിതം സാക്ഷ്യപ്പെടുത്തുന്നു്. 1508-ൽ മൂന്നാം പ്രവശ്യം പുനരുദ്ധരിച്ച പള്ളി 1964-ലാണ് പൊളിച്ചു നീക്കിയത്. അതിന്റെ അവശിഷ്ടങ്ങൾ നമുക്കു ഇന്നും കാണാൻ സാധിക്കും. ഇന്നു കാണുന്ന പുതിയ പള്ളിക്ക് 1911-ൽ കല്ലിടുകയും 1935 -ൽ വെഞ്ചരിക്കുകയും ചെയ്തു. മനോഹരമായ അൾത്താര 150 കോളങ്ങളായി തിരിച്ച് അതിൽ 150-ൽ പരം വ്യത്യസ്ത പൂക്കൾ കൊത്തിവച്ചിരിക്കുന്നതും ഈ പള്ളിയുടെ പുരാതനത്വം വിളിച്ചോതുന്നു. പഴയപള്ളിയുടെ അവശിഷ്ടങ്ങളും പുരാവസ്തുക്കളും പള്ളിക്കുളത്തിൽ നിക്ഷേപിച്ചു. പൗരാണികദേവാലയത്തിന്റെ വെട്ടുകല്ലിൽ തീർത്ത വൻമതിലിൽ കരിങ്കല്ലിൽ തീർത്ത

ഇന്ത്യൻ കുരിശും കരിങ്കൽ സോപാനവും തീർത്ഥാടകരെ ആകർഷിക്കുന്നു. പുരാതനമായ ഈ പള്ളിയിൽ തോമാശ്ലീഹായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്നു. ജൂലൈമാസം 3-ാം തീയതി 'സമൂഹമാമ്മോദീസാ' എന്ന ആചാരം ഇന്നും ഇവിടെ തുടരുന്നു. എല്ലാ ബുധനാഴ്ച കളിലും രാവിലെ 10 മണിക്ക് ആഘോഷമായ കുർബാനയും തോമാശ്ലീഹായുടെ നൊവേനയും നടത്തപ്പെടുന്നു. ഈ പുരാതനദേവാലയത്തിൽ അനേകം തീർത്ഥാടകർ എത്തിച്ചേരുന്നു്.

### 9.4.2. മട്ടം എഴുന്നള്ളിപ്പ്

ഈ ദേവാലയത്തിലെ പ്രധാന നേർച്ചയാണ് മട്ടം എഴുന്നള്ളിപ്പ്. 'തോമായുടെ നടപടി കൾ' എന്ന ഒന്നാം നൂറ്റാിൽ എഴുതപ്പെട്ട ഗ്രന്ഥത്തിൽ ഗുഫറസ് രാജാവിന് കൊട്ടാരം പണിയാൻ രാജപ്രതിനിധിയായ ഹബാന്റെ കൂടെ ഇന്ത്യയിൽ എത്തിച്ചേർന്ന ഈശോയുടെ ശിഷ്യനാണ് തോമസ്. തോമായുടെ ശില്പങ്ങളിൽ കൊട്ടാരം നിർമ്മാണത്തിന്റെ ലംബമാന തിരശ്ചീന അളവുകൾ നിശ്ചയിക്കാൻ ഉപയോഗിക്കുന്ന മട്ടം ചിത്രീകരിക്കുന്നു്. തോമാശ്ലീഹാ ഉപയോഗിച്ച മട്ടം, ശ്ലീഹായെ വധിക്കാനുപയോഗിച്ച കുന്തം, തോമാശ്ലീഹായുടെ വിശുദ്ധകരം എന്നിവയുടെ മാതൃകകളാണ് മട്ടം എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്നത്.

### 9.4.3. പ്രിവിലേജ്ഡ് ഓൾട്ടർ

1542-ൽ പോർത്തുഗീസ് മിഷണറിമാർ ഭാരതത്തിലെത്തി. കൊടുങ്ങല്ലൂരിൽ സെമിനാരി സ്ഥാപിച്ചു. സെമിനാരി പരിശീലനം പൂർത്തിയാക്കിയ രുപേർ പതിമൂന്നാം ഗ്രിഗോറിയോസ് മാർപ്പാപ്പയുടെ വാഴ്ചക്കാലത്ത് (1572-1585) റോമിൽ പോവുകയും തോമാശ്ലീഹായാൽ സ്ഥാപി തമായ ഈ ദേവാലയത്തിന്റെ ബലിപീഠത്തിന് 'പ്രിവിലേജ്ഡ് ഓൾട്ടർ' എന്ന് പൂർണ്ണദണ്ഡവി മോചനം കല്പിച്ചു നൽകുകയും ചെയ്തതായി വത്തിക്കാൻ രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ബലിക്കു ലഭിക്കുന്ന സാധാരണഫലങ്ങൾക്ക് ഉപരി യായി പൂർണ്ണദണ്ഡവിമോചനസന്തോഷം ലഭിക്കപ്പെടും എന്നതാണ് വിശേഷാനുകൂല്യം കൽപ്പിച്ചു നൽകിയിരിക്കുന്ന ഈ അൾത്താരയിൽ ബലിയർപ്പിക്കുന്നതിലൂടെ ലഭിക്കുന്നത്.

### 9.4.4. സാൻതോം സാഗ - ഐതിഹ്യശില്പാവിഷ്കാരം

'സാൻതോം സാഗ' എന്ന പേരിൽ ശ്ലീഹായുടെ ജീവിതവുമായി ബന്ധപ്പെട്ട 21 ചരി ത്രാവിഷ്കാരങ്ങൾ കാണാം. ഭാരതത്തിൽ സുവിശേഷ പ്രഘോഷണത്തിനെത്തി ധീരരക്ത സാക്ഷിത്വം വരിച്ച തോമാശ്ലീഹായുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ പൂർണ്ണമായും ശിലാരൂപത്തിൽ സാൻതോം സാഗയിൽ ചിത്രീകരിക്കുന്നു. ചരിത്രാതീതകാലത്തെ അനുസ്മ രിപ്പിക്കുന്ന സാൻതോം സാഗയുടെ പ്രവേശനകവാടം തുറന്ന് ഉള്ളിലെത്തുന്ന ഓരോ വിശ്വാ സിയും ദൃശ്യവിസ്മയങ്ങളുടെ നവലോകത്തേക്കായിരിക്കും എത്തിച്ചേരുന്നത്.

ക്രിസ്തുനാഥൻ ഉയിർത്തെഴുന്നേറ്റതിനുശേഷം തോമാശ്ലീഹായ്ക്കു പ്രത്യക്ഷപ്പെടുന്നതും ശ്ലീഹന്മാരെ പ്രേഷിതദൗത്യം ഏല്പിക്കുന്നതും ശ്ലീഹായുടെ തുടർന്നുള്ള പ്രേഷിതപ്രവർത്ത നങ്ങളും അതേത്തുടർന്നു വിശ്വാസത്തിന്റെ പേരിൽ നടത്തപ്പെടുന്ന അത്ഭുതപ്രവൃത്തികളും സുവിശേഷപ്രഘോഷണത്തിലൂടെ ക്രൈസ്തവസമൂഹങ്ങൾക്ക് രൂപം നൽകുന്നതും ശ്ലീഹായ്ക്കു നേരിടേിവന്ന ഭീഷണികളും പീഡനങ്ങളും അവസാനം ക്രിസ്തുവർഷം 72 -ൽ മൈലാപ്പൂരിൽവെച്ച് രക്തസാക്ഷിത്വം വരിക്കുന്നതുമായ ചരിത്രങ്ങളും പാരമ്പര്യങ്ങളുമാണ് ഒരേക്കർ സ്ഥലം വരുന്ന സാൻതോം സാഗയിൽ ദർശിക്കുന്നത്. നൂറ്റിയമ്പതോളം പൂർണ്ണ

കായശില്പങ്ങൾ ഉൾക്കൊള്ളിച്ചുകൊാണ് വിശുദ്ധൻ സഞ്ചരിച്ച ചരിത്രാതീതകാലത്തെ ഇവിടെ പുനരാവിഷ്കരിക്കുന്നത്.

### 9.4.5. ശ്ലീഹായുടെ അത്ഭുതഐതിഹ്യങ്ങൾ

#### 9.4.5.1. വിശുദ്ധ സൂനോറോയും തോമാശ്ലീഹായും

'സൂനോറോ' എന്ന വാക്കിന്റെ അർത്ഥം ഇടക്കെട്ട് എന്നാണ്. ദൈവമാതാവായ പരി. കന്യാമറിയം ഈ ലോക ജീവിതാന്ത്യത്തിൽ ഗാഢനിദ്രയിലമർന്നു എന്നും പുത്രന്റെ ബഹുമാനത്തിനും മഹത്ത്വമേറിയ അവിടുത്തെ അമ്മയുടെ മഹത്ത്വത്തിനും എപ്പോഴും കന്യകയും അമലോത്ഭവയുമായ ദൈവമാതാവു ഭൗതികജീവിതാനന്തരം ശരീരത്തിന്റെയും ആത്മാവിന്റെയും മഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടുവെന്നും സഭ പഠിപ്പിക്കുന്നു.

ഇന്ത്യയിൽ സുവിശേഷം അറിയിക്കുവാൻ നിയോഗിക്കപ്പെട്ട വിശുദ്ധ തോമാശ്ലീഹാ ദൈവമാതാവിന്റെ ഈലോകജീവിതപൂർത്തീകരണത്തെക്കുറിച്ച് പരിശുദ്ധാത്മാവിനാൽ അറിഞ്ഞ് ജറുസലേമിൽ പരി. ദൈവമാതാവിന്റെ അടുക്കലേക്ക് പരിശുദ്ധാത്മാവിനാൽ എടുക്കപ്പെട്ടു. വഴിമധ്യേ മാലാഖമാരും വിശുദ്ധരും പരി. മാതാവിനെ സ്വർഗ്ഗീയത്തേരിൽ സ്വർഗ്ഗീയ പറുദീസയിലേക്ക് എടുക്കുന്നതു ദർശിച്ചു. മറ്റു ശിഷ്യന്മാർക്കു ലഭിച്ച സ്വർഗ്ഗാരോഹണദർശനം തനിക്കും തരണമെന്ന ശ്ലീഹായുടെ അപേക്ഷപ്രകാരം മാതാവ് ദർശനം അനുവദിക്കുകയും അമ്മയുടെ കൈലേസും ഇടക്കെട്ടും തോമാശ്ലീഹായ്ക്ക് നൽകുകയും ചെയ്തു. ഈ സൂനോറോയുമായി തോമാശ്ലീഹാ ജറുസലേമിലെത്തി മറ്റു ശ്ലീഹന്മാരെ കാണുകയും മാതാവിന്റെ സ്വർഗ്ഗാരോപണം താൻ ദർശിച്ചു എന്നും ദൈവമാതാവ് തന്റെ അരക്കെട്ട് തനിക്കു നൽകിയെന്നും സാക്ഷ്യപ്പെടുത്തി.

തോമാശ്ലീഹാ ഇന്ത്യയിലേക്ക് തിരികെ പോന്നപ്പോൾ അമൂല്യമായ സൂനോറോ കൂടെക്കൊണ്ടുപോന്നു. ശ്ലീഹായുടെ മരണശേഷം 394-ൽ മാതാവിന്റെ ഈ അരക്കെട്ട് ഉറഹയിലേക്കും അവിടെനിന്നും 705 ആഗസ്റ്റ് 22 ന് ഹോമസിലെ വിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള പള്ളിയിലേക്കും മാറ്റപ്പെട്ടു.

ഹോംസിലെ ആർച്ചുബിഷപ്പ് ഈ ദേവാലയം 1953 ജൂലൈ 20 ന് പുതുക്കിപ്പണിയാൻ ആവശ്യപ്പെട്ടപ്പോൾ ബലിപീഠത്തിന്റെ ഉള്ളിൽനിന്നും പൂജ്യമായി സിൽവർ പാത്രത്തിൽ സൂക്ഷിച്ചിരുന്ന ഈ മാതാവിന്റെ അരക്കെട്ട് വിശ്വാസികൾക്കു വിണങ്ങുന്നതിനായി പ്രതിഷ്ഠിച്ചു. ഈ അരക്കെട്ട് പുരാവസ്തുഗവേഷകരുടെ റേഡിയോ കാർബൺ കാലനിർണ്ണയതീർപ്പിനു വിധേയമാക്കുകയും വിശ്വാസികളുടെ വിശ്വാസം ശരിയാണെന്നു സ്ഥിരീകരിക്കുകയും ചെയ്തു. ഈ തിരുശേഷിപ്പ് വർഷത്തിൽ അഞ്ചു സമയങ്ങളിൽ - ക്രിസ്മസ്, ഈസ്റ്റർ, മെയ് 1, ആഗസ്റ്റ് 15, സെപ്തംബർ 8 - വിശ്വാസികൾക്ക് പൊതുവണക്കത്തിനായി തുറന്നു കൊടുക്കുന്നു.

#### 9.4.5.2. പാനപാത്രവാഹകന്റെ കൈ

തോമാശ്ലീഹായും അനുയായികളും പട്ടണത്തിൽ എത്തിയപ്പോൾ അവിടെ രാജാവിന്റെ ഏകപുത്രിയുടെ വിവാഹം നടക്കുന്നു. രാജ്യമൊട്ടാകെ ക്ഷണം ഉായിരുന്നതിനാൽ അവർ പന്തലിൽ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു. വിദേശിയായ തോമ്മാ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടു. ഈ സമയം എബ്രായക്കാരിയായ ഒരു യുവതി പുല്ലാങ്കുഴൽ ഊതിക്കൊ് വിരുന്നുകാരുടെ ഇടയിലേക്കു വന്നു. അപ്പസ്തോലന്റെ അടുത്തുചെന്ന് കുറെനേരം കുഴലൂതി.

എന്നാൽ, തന്റെ യാത്രയെക്കുറിച്ച് ചിന്താമഗ്നനായിരുന്ന ശ്ലീഹാ ഇതു ശ്രദ്ധിച്ചില്ല. അപ്പോൾ പാനപാത്രവാഹകനായിരുന്ന യുവാവിന് ശുണ്ഠി പിടിക്കുകയും അവൻ ശ്ലീഹായെ അടിക്കുകയും ചെയ്തു. അദ്ദേഹം കണ്ണുകൾ ഉയർത്തി നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു; "എന്റെ ദൈവം നിത്യമായ ശിക്ഷയിൽനിന്നും നിന്നെ മോചിപ്പിക്കട്ടെ. അതിനു സാധ്യമാക്കാൻ ഈ ലോകത്തിൽ ഉടൻതന്നെ അവിടുന്ന അത്ഭുതങ്ങൾ കാണിക്കട്ടെ".

അപ്പസ്തോലനെ അടിച്ച പാനപാത്രവാഹകൻ വെള്ളമെടുക്കുന്നതിനായി സമീപത്തുള്ള അരുവിക്കടുത്തേക്കു പോയി. അപ്പോൾ സമീപത്തുള്ള കുറ്റിക്കാട്ടിൽനിന്ന് ഒരു സിംഹം ചാടി വീണ് അയാളെ ആക്രമിച്ചു. അപ്പസ്തോലനെ അടിച്ച വലതുകൈ കടിച്ചുപറിച്ച് എറിഞ്ഞിട്ട് അപ്രത്യക്ഷനായി. കൈ നഷ്ടപ്പെട്ട അവസ്ഥയിൽ അവൻ വിരുന്നുശാലയിലെത്തി. പുറകെ ഒരു കറുത്തപട്ടി അയാളുടെ വലതുകൈ കടിച്ചുവലിച്ചിഴച്ചുകൊ് കല്യാണപ്പന്തലിൽ എത്തി. എല്ലാവരും നടന്ന സംഭവങ്ങളെല്ലാം ഗ്രഹിച്ചു. അലിവു തോന്നിയ തോമാ പട്ടിയിൽനിന്നും കൈപ്പത്തി വാങ്ങി അത്ഭുതകരമായി അദ്ദേഹത്തെ സൗഖ്യപ്പെടുത്തി. വിവരം അറിഞ്ഞ രാജാവ് പന്തലിലെത്തി തന്റെ ഏകപുത്രിക്കുവേി പ്രാർത്ഥിക്കുവാനായി അപ്പസ്തോലനെ രാജകൊട്ടാരത്തിലേക്കു കൂട്ടിക്കൊുപോയി. അന്നു രാത്രിയിൽ നവദമ്പതികൾക്ക് കർത്താവുതന്നെ പ്രത്യക്ഷപ്പെട്ട് അനുഗ്രഹം നൽകുകയും അവർ മാർഗം സ്വീകരിക്കുകയും ചെയ്തു.

**9.4.5.3. യുവാവിന്റെ തളർച്ചാസൗഖ്യവും സ്ത്രീയുടെ പുനർജീവിതവും**

ഒരു യുവാവ് തന്റെ കാമുകിയെ വധിച്ചതിനുശേഷം തോമാശ്ലീഹായുടെ അടുത്തുവന്ന് വിശുദ്ധ കുർബാന സ്വീകരിച്ചു. വിശുദ്ധ അപ്പം സ്വീകരിച്ച ഉടനെ അയാളുടെ രു കൈകളും തളർന്നുപോയി. കൈ ഉയർത്തുന്നതിനായുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ കുനിന്നവർ ശ്ലീഹായെ വിവരം അറിയിച്ചു. യുവാവിനോട് പാപങ്ങൾ ഏറ്റുപറഞ്ഞു പശ്ചാത്തപിക്കുവാൻ ശ്ലീഹ ആവശ്യപ്പെട്ടു. യുവാവ് ശ്ലീഹായുടെ കാൽപാദത്തിൽ വീണു പ്രാർത്ഥിച്ചുകൊ് തന്റെ തെറ്റ് ഏറ്റുപറഞ്ഞു. പട്ടണത്തിനു പുറത്ത് ഒരു സ്ത്രീയുമായി അയാൾക്ക് സ്നേഹബന്ധമുായിരുന്നു. ഭാര്യാ-ഭർത്തൃബന്ധത്തിനു പുറത്തുള്ള ബന്ധം പാപമാണെന്ന് ശ്ലീഹാ പഠിപ്പിച്ചതനുസരിച്ച് അവളെ വിവാഹം കഴിക്കാൻ യുവാവ് ആഗ്രഹിക്കുകയും അവളെ അതിനു നിർബന്ധിക്കുകയും ചെയ്തു. ആ സ്ത്രീ അതിനു സമ്മതിച്ചുവെങ്കിലും താൻ തുടർന്നു പോന്ന വേശ്യാവൃത്തിയിൽനിന്ന് അവൾ പിന്മാറിയില്ല. ഇതറിഞ്ഞ യുവാവ് ക്രോധത്താൽ ഒരു വാളുകൊ് വെട്ടി ആ സ്ത്രീയെ കൊന്നു. തെറ്റ് ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച യുവാവിനോടൊപ്പം സ്ത്രീ മരിച്ചുകിടക്കുന്ന സ്ഥലത്തെത്തിയ ശ്ലീഹാ യുവാവിനെ കൊുതന്നെ അവളെ പിടിച്ചെഴുന്നേല്പിച്ചു. അവൾ മാനസാന്തരപ്പെടുകയും ഈ അത്ഭുതപ്രവർത്തനം ക് വളരെയധികം ആളുകൾ മാർഗ്ഗത്തിൽ ചേരുകയും ചെയ്തു.

**9.4.5.4. ബ്രാഹ്മണനെ ഉയിർപ്പിക്കുന്നു**

തോമാശ്ലീഹായ്ക്ക് അപകീർത്തി വരുത്തുന്നതിനും നാട്ടിൽനിന്നു തുരത്തുന്നതിനുമായിട്ട് ഒരു ബ്രാഹ്മണപുരോഹിതൻ തന്റെ മകനെ വധിച്ചു. കൊലപാതകക്കുറ്റം തോമാശ്ലീഹയിൽ ആരോപിച്ചു. തോമാശ്ലീഹായ്ക്കെതിരെ അനേകം ശത്രുക്കൾ അണിനിരന്നു. അവരുടെ മധ്യേ മരണമടഞ്ഞവനെ തോമാശ്ലീഹാ പുനർജ്ജീവിപ്പിച്ചു. തന്നെ വധിച്ചത് തോമാശ്ലീഹയല്ല, തന്റെ പിതാവുതന്നെയാണെന്ന് ഉയിർത്തെഴുന്നേറ്റ് പുത്രൻ വെളിപ്പെടുത്തി. ഭൂമിയിൽ ജീവിക്കാനാണോ, മരിച്ച് നേരത്തെയെത്തിയിടത്ത് എത്താനാണോ താത്പര്യമെന്ന് ശ്ലീഹാ അവനോട്

ആരാഞ്ഞു. നേരത്തെ എത്തിയിടത്ത് എന്ന് അവൻ മറുപടി പറഞ്ഞു. തോമാശ്ലീഹാ ബാലന് മാമ്മോദീസ നൽകുകയും ഉടൻതന്നെ അവൻ മരിക്കുകയും ചെയ്തു.

#### 9.4.5.5. ശ്ലീഹായെ വിളംബരം ചെയ്ത കഴുത

ഒരു ദിവസം തോമാശ്ലീഹാ ജനക്കൂട്ടത്തോട് സുവിശേഷം പ്രസംഗിക്കുവാൻ പരിശ്രമിച്ചു. അവർ അതു ശ്രദ്ധിക്കുവാനോ ശ്രവിക്കുവാനോ ഗ്രഹിക്കുവാനോ കൂട്ടാക്കിയില്ല. അപ്പോൾ, ഒരു കഴുതക്കുട്ടി അവിടേക്കു കടന്നുവരുകയും ശ്ലീഹാ ആരാണെന്നും എന്തിനാണ് വന്നിരിക്കുന്നതെന്നും വിശദീകരിക്കുവാൻ ആരംഭിച്ചു. ജനം അത്ഭുതത്തോടെ ശ്രവിച്ചു എന്നു മാത്രമല്ല, അതിൽ വിശ്വസിക്കുകയും മാർഗ്ഗം സ്വീകരിക്കുകയും ചെയ്തു. ഇന്ത്യയെ രക്ഷിക്കുവാനായി വന്നിരിക്കുന്ന അങ്ങ് പട്ടണത്തിൽ പ്രവേശിക്കുന്നതുവരെ എന്റെ പുറത്തുതന്നെ സവാരി ചെയ്യണമെന്ന് കഴുത ശ്ലീഹായോട് അപേക്ഷിച്ചു. ശ്ലീഹാ കഴുതക്കുട്ടിയുടെ പുറത്തു കയറി പട്ടണകവാടത്തിലെത്തി. കഴുതയുടെ പുറത്തുനിന്ന് ശ്ലീഹാ താഴെയിറങ്ങിയ ക്ഷണത്തിൽതന്നെ കഴുത ചത്തുവീണു.

#### 9.4.5.6. യുവാവിനെ പുനർജീവിപ്പിക്കുന്നു

ഒരുനാൾ രാത്രി അപ്പസ്തോലൻ ഉറങ്ങുമ്പോൾ കർത്താവ് തലയ്ക്കൽ വന്നുനിന്നുകൊ ു പറഞ്ഞു: "രാവിലെ എഴുന്നേറ്റ് പ്രാർത്ഥനയ്ക്കും മറ്റു കർമ്മങ്ങൾക്കും ശേഷം കിഴക്കോട്ടുള്ള വഴിയെ രു നാഴിക പോകണം. അപ്പോൾ ഞാൻ ദിവ്യമഹത്ത്വത്തോടുകൂടി നിനക്കു പ്രത്യക്ഷപ്പെടും." തന്റെ തമ്പുരാൻ ആവശ്യപ്പെട്ടതുപോലെതന്നെ രാവിലെ വിശുദ്ധ കുർബാന നൽകി എല്ലാവരെയും അനുഗ്രഹിച്ച് ആശീർവദിച്ചശേഷം തോമാശ്ലീഹാ കിഴക്കോട്ടു നടന്നു. അവിടെ തമ്പുരാന്റെ ദിവ്യമഹത്ത്വം ദർശിച്ചു. തിരിച്ചുപോരുംവഴി സർപ്പദംശനമേറ്റ് മൃതനായി കിടക്കുന്ന ഒരു യുവാവിനെ കു. തൊട്ടടുത്തുതന്നെയുള്ള ഒരു പൊത്തിൽ കറുത്ത സർപ്പത്തെയും അദ്ദേഹം കു. സർപ്പത്തിനോട് വിഷം തിരികെ വലിച്ചെടുക്കാൻ വിശുദ്ധൻ ആവശ്യപ്പെട്ടു. വിസമ്മതിച്ച സർപ്പവുമായി തോമാശ്ലീഹാ അല്പനേരം സംവദിച്ചു. സർപ്പം വിഷം തിരിച്ചെടുത്തതിനെത്തുടർന്ന് അപ്പസ്തോലൻ യുവാവിനെ പുനർജീവിപ്പിച്ചു.

#### 9.4.5.7. പിശാചുബാധയിൽനിന്നും സ്ത്രീയെ മോചിപ്പിക്കുന്നു

അപ്പസ്തോലൻ വലിയൊരു ജനക്കൂട്ടത്തെ സുവിശേഷം അറിയിച്ചുകൊിരിക്കെ, സർപ്പദംശനമരണത്തിൽനിന്നും അപ്പസ്തോലൻ പുനർജീവിപ്പിച്ച യുവാവിന്റെ മാതാപിതാക്കൾ എത്തി നന്ദി പറയുകയും തങ്ങളുടെ ഭവനത്തിലേക്ക് ശ്ലീഹായെ ക്ഷണിക്കുകയും ചെയ്തു. അവരുടെ ആതിഥ്യം സ്വീകരിച്ചു മുന്നോട്ടു പോകുമ്പോൾ സുന്ദരിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ മുമ്പിൽ അലമുറയിട്ടു ബഹളംവച്ചു പ്രത്യക്ഷപ്പെട്ടു. ഒരു ദുർഭൂതം അതികഠിനമായി അവളെ ദ്രോഹിക്കുന്നുന്നെു മനസ്സിലാക്കിയ ശ്ലീഹാ ഭൂതത്തിനോട് അവളിൽനിന്നു പുറത്തുപോകാൻ കല്പിച്ചു. ശ്ലീഹായുടെ ശക്തമായ കല്പന കേട്ട ഭൂതം അവളിൽനിന്നു പുറത്തുപോയി. അവൾ സാന്തമായും സൗമ്യമായും സംസാരിക്കുവാൻ ആരംഭിച്ചു. ഇതു കവരും അറിഞ്ഞവരുമായ അനേകം പേർ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയും പ്രവൃത്തികൾ കാണുകയും ചെയ്ത് മാർഗം സ്വീകരിച്ചു.

#### 9.4.5.8. സേനാനായകന്റെ കുടുംബം

തോമാശ്ലീഹാ ഈശോമിശിഹായെ പ്രസംഗിക്കുന്നതനിടയിൽ ഒരു രാജാവിന്റെ സേനാ

നായകൻ അപ്പസ്തോലന്റെ കാൽക്കൽ വീണ് തന്റെ കുടുംബത്തെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരിക്കൽ ഒരു സ്നേഹിതന്റെ ഭവനത്തിൽ വിരുന്നു പോയി തിരിച്ചുവരുന്ന വഴി തന്റെ ഭാര്യയെയും മകളെയും ആരോ ക്രൂരമായി അക്രമിച്ചു. ബോധരഹിതരായ അവർ മൂന്നു വർഷമായി തളർന്നുകിടക്കുന്നു. 'ഞാൻ മിശിഹായല്ല' എന്നറിയിച്ച ശ്ലീഹാ "തന്റെ ഗുരുവായ ഈശോയിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്താൽ സൗഖ്യം പ്രാപിക്കും" എന്ന് അറിയിച്ചു. അവർ കർത്താവിൽ ശരണപ്പെടുകയും വിശ്വസിക്കുകയും ചെയ്യുന്നുവെന്ന് സാക്ഷ്യപ്പെടുത്തി. തൽക്ഷണം അദ്ദേഹത്തിന്റെ കുടുംബത്തിൽ രോഗസൗഖ്യം ഉാകുകയും അവർ മാർഗത്തിൽ ചേരുകയും ചെയ്തു. അവരുടെ ഇടയനായി സാന്തിപ്പാസ് ശെമ്മാശനെ ശ്ലീഹാ നിയോഗിച്ചതിനുശേഷം അവിടെനിന്നും യാത്രയായി.

#### 9.4.5.9. കൂറ്റൻ മരത്തടിയും ദേവാലയനിർമ്മാണവും

ചെന്നൈയുടെ കഴിക്കൻതീരത്ത് മൈലാപ്പൂരിൽ ഒരു കൂറ്റൻ മരത്തടി വന്നടിഞ്ഞു. നല്ല കാതലുള്ള ആ തടി വലിച്ചു കയറ്റുവാനായി ഒത്തിരിപേർ പരിശ്രമിച്ചു. ആനയേയും കൊുവന്നു. പക്ഷേ, മരത്തടി ഒരിഞ്ചുപോലും അനങ്ങിയില്ല. വിവരം രാജാവും പരിവാരങ്ങളും അറിഞ്ഞു. ഈ കൂറ്റൻ തടി കാണുവാൻ, വലിച്ചുകയറ്റുവാൻ രാജാവിന്റെ നേതൃത്വത്തിലും പരിശ്രമമുായി. പക്ഷേ തടി അനങ്ങിയില്ല. തനിക്ക് പള്ളി പണിയുവാൻ തടി എടുക്കുവാൻ അനുവദിക്കുമെങ്കിൽ താൻ അതിനെ കരയ്ക്കു കയറ്റുവാൻ സഹായിക്കാമെന്ന് തോമാശ്ലീഹാ രാജാവിനെ അറിയിച്ചു. ശ്ലീഹായ്ക്ക് അതിനു സാധിക്കുകയില്ല എന്ന ഉറച്ച ചിന്തയിൽ രാജാവ് അനുവദിക്കുകയും അതു വലിച്ച് എത്തിക്കുന്നിടത്ത് പള്ളി പണിയാൻ അനുവദിക്കുകയും ചെയ്തു. അല്പനേരം പ്രാർത്ഥനയിൽ മുഴുകിയ ശ്ലീഹാ തടി വലിച്ചുകൊള്ളുവാൻ കല്പിച്ചു. അത്രയും നേരം ആന വലിച്ചിട്ടുപോലും അനങ്ങാതിരുന്ന തടി അനായാസം കരയിലേക്കെടുക്കപ്പെട്ടു. ആ മരത്തടികൊ് ഒരു ദേവാലയം പണിയുയകുയം ബാക്കിയുള്ള മരത്തിൽ തീർത്ത തൂണ്, കടൽ കരയിലേക്കു കടന്ന് നാശനഷ്ടങ്ങൾ വരുത്തുന്നതിൽനിന്ന് കടലിനെ തടയുന്നതിനുള്ള അടയാളമായി കടലിനും ദേവാലയത്തിനും മധ്യേ സ്ഥാപിച്ചതായി ഐതിഹ്യം പറയുന്നു. ഇന്നും കടലിനും ദേവാലയത്തിനും മധ്യേ കാണുന്ന തൂണ് ഇതാണെന്ന് മൈലാപ്പൂരിലെ ജനങ്ങൾ വിശ്വസിക്കുന്നു.

2004 ഡിസംബർ 26 ന് തമിഴ്നാട്ടിലെ തീരങ്ങളെ തഴുകിയ സുനാമി ദേവാലയത്തിന് ഇടത്തും വലത്തും വൻനാശനഷ്ടങ്ങൾ വിതച്ചപ്പോഴും ദേവാലയത്തിനരുകിൽ അത്ഭുതകരമെന്നോണം അവ പിൻവാങ്ങാൻ കാരണം തോമാശ്ലീഹയാൽ സ്ഥാപിച്ച ദേവാലയസംരക്ഷണതൂൺ അവിടെ നിന്നതുകൊാണെന്നു വിശ്വസിക്കപ്പെടുന്നു.

## 9.5. ഇടപ്പള്ളി പള്ളി - ചരിത്രം, ആചാരാനുഷ്ഠാനങ്ങൾ

### 9.5.1. ഇടപ്പള്ളി പള്ളിയുടെ ഉത്ഭവം

പുരാതനത്വത്തിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികൾ കഴിഞ്ഞാൽ പിന്നീടു സ്ഥാപിക്കപ്പെട്ട ഏതാനും പള്ളികളിൽ ഒന്നാണ് ഇടപ്പള്ളി പള്ളി. ഉദയംപേരൂർ പള്ളി തുടങ്ങിയ പുരാതന ദേവാലയങ്ങൾക്കുള്ള സ്ഥാനം ഇടപ്പള്ളി പള്ളിക്കും ഉന്നെു കാണാവുന്നതാണ്. എന്നാൽ "ദക്ഷിണദിക്കുകളിലെ ദേവാലയങ്ങളിൽ ഏറ്റവും പുരാതനമായിട്ടുള്ളത് അരു

വിത്തുറ പള്ളിയാണ്. വി. ഗീവർഗീസിന്റെ അഭിധാനത്തിലുള്ള ഈ പള്ളിയുടെ സ്ഥാപനകാലം നാലാം ശതവത്സരമാണെന്നും ചായൽപള്ളിയിൽനിന്നും പിരിഞ്ഞതാണ് ഈ പള്ളിയെന്നും തീർച്ചയാക്കാം." കടുത്തുരുത്തിയിലെ വലിയ പള്ളി നാലാം ശതാബ്ദത്തിൽ സ്ഥാപിച്ചതായും കുറവിലങ്ങാട് പള്ളി നാലാം ശതവത്സരത്തിലോ അഞ്ചാം ശതവത്സരത്തിന്റെ ആരംഭത്തിലോ സ്ഥാപിച്ചതും കല്ലൂർക്കാട് പള്ളി നിരണത്തുനിന്നും പിരിഞ്ഞതും അഞ്ചാം നൂറ്റാിൽ സ്ഥാപിച്ചതുമാണെന്നും പറയപ്പെടുന്നു. അങ്കമാലിയിലെ പഴയപള്ളി അഞ്ചാം ശതാബ്ദത്തിന്റെ മധ്യത്തിലും ഇടപ്പള്ളി പള്ളി ആറാം ശതാബ്ദത്തിന്റെ അന്ത്യത്തിലും സ്ഥാപിക്കപ്പെട്ടു എന്നു കരുതുന്നു. എ.ഡി. 593-ലാണ് ഇടപ്പള്ളി പള്ളിയുടെ സ്ഥാപനമെന്ന് പരമ്പരാഗതമായി വിശ്വസിക്കുന്നു.

### 9.5.2. പള്ളിയും രാജകുടുംബവും

പള്ളിയുടെ ചരിത്രം നാടിന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. എ.ഡി. ആദ്യനൂറ്റാുകളിൽ ശിഥിലമായിക്കൊിരുന്ന ജൈന-ബുദ്ധസംസ്കാരത്തിന്റെ അടിസ്ഥാനത്തിൽനിന്നുമാണ് പിൽക്കാലത്തെ ബ്രാഹ്മണരാജവംശം ഇടപ്പള്ളിയെ സൃഷ്ടിച്ചത്. ഇടപ്പള്ളിയിലെ പോണേക്കാവും തേവൻകുളങ്ങരയും ബുദ്ധമതത്തോടു ബന്ധപ്പെട്ടതാണ്. 'തേവൻ' എന്ന വാക്കുതന്നെ ആര്യസംസ്കാരമല്ല, മറിച്ച് ദ്രാവിഡാത്മകമാണ്. ബുദ്ധനെ 'തേവൻ' എന്ന് അഭിസംബോധന ചെയ്തിരുന്നു.

ആറാം ശതാബ്ദത്തിൽ ഇടപ്പള്ളിയിൽ പള്ളി പണിതപ്പോൾ അതിനുള്ള സ്ഥലവും അനുവാദവും 'എളങ്ങൂർ സ്വരൂപ'ത്തിൽനിന്നും ലഭിച്ചു എന്നു കുരുതന്നവരു്. അക്കാലത്ത് അങ്കമാലി, പറവൂർ, ഉദയംപേരൂർ എന്നിവിടങ്ങളിൽ ഉായിരുന്ന പള്ളികളിലായിരുന്നു ഇടപ്പള്ളിയിലെ ക്രൈസ്തവർ ആരാധനയ്ക്കു പോയിരുന്നത്. പ്രത്യേകിച്ചും അങ്കമാലിയിൽ. ഈയവസ്ഥയിൽ തങ്ങൾക്കൊരു ആരാധനാലയം ഇടപ്പള്ളിയിൽ ലഭിക്കുന്നതിന് ഇവിടത്തെ ക്രൈസ്തവർ അന്നുായിരുന്ന നാടുവാഴിയെ സമീപിച്ചിരിക്കണം. വിശാലഹൃദയനായ നാടുവാഴി അതിന് അനുവാദവും നൽകി.

### 9.5.3. ഇടപ്പള്ളി എന്ന നാമം

ഇടപ്പള്ളിക്കു എങ്ങനെ ഈ പേരു ലഭിച്ചു എന്നതിനെക്കുറിച്ച് പഴമക്കാരുടെ ഇടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത്. അതിൽ പ്രധാനമായും മൂന്നെണ്ണമുള്ളത് താഴെ ചേർക്കുന്നു.

1. ഈ ദേവാലയം സ്ഥാപിതമാകുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ ഈ പ്രദേശങ്ങളിലുായിരുന്ന ക്രൈസ്തവർ തങ്ങളുടെ മതകർമ്മങ്ങൾക്കും മറ്റുമായി പോയിരുന്നത് തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പറവൂർ കോട്ടക്കാവ് പള്ളിയിലേക്ക് ആയിരുന്നു. അവരുടെ കഷ്ടപ്പാടുകൾക്കുള്ള ഒരു വലിയ പരിഹാരമായിരുന്നു ഇടപ്പള്ളിയിലെ പള്ളി. സമീപപ്രദേശങ്ങളിലൊന്നും ദേവാലയങ്ങളില്ലാതെ ഇവിടെ മാത്രം ഒരു പള്ളിയുായിരുന്നതുകൊ് അക്കാലത്തെ ക്രൈസ്തവരുടെ ഇടവകപള്ളി ഇതായിരുന്നിരിക്കണം. 'ഇടവക പള്ളി' ലോപിച്ച് 'ഇടപ്പള്ളി'യായി എന്നാണ് ഒരു ഐതിഹ്യം.
2. പറവൂർ കോട്ടക്കാവ് പള്ളിക്കും ഉദയംപേരൂർ പള്ളിക്കും ഇടയിലുായിരുന്ന ഏക പള്ളി എന്ന നിലയിൽ 'ഇടയ്ക്കുള്ള പള്ളി' ലോപിച്ച് 'ഇടപ്പള്ളി'യായതാണെന്ന് മറ്റൊരു കൂട്ടർ വാദിക്കുന്നു.

3. എന്നാൽ ഇതിൽനിന്നും തീർത്തും വ്യത്യസ്തമാണ് മൂന്നാമത്തേത്. ഇടപ്പള്ളിയുടെ ആദ്യ കാലനാമം ശ്രീവിഘ്നേശ്വരപുരം എന്നായിരുന്നു. തെക്കൻദേശങ്ങളിലെ ക്ഷേത്രങ്ങളിൽ മുറജപത്തിനു പോയിരുന്ന വടക്കൻദേശങ്ങളിലെ നമ്പൂതിരിമാർ വിശ്രമിക്കാനും പള്ളി കൊള്ളാനും സമയം ചെലവഴിച്ചിരുന്നത് ഗണപതിക്ഷേത്രം ഉള്ള ഇവിടെയാണ്. അവർ 'ഇടയ്ക്ക് പള്ളികൊള്ളുന്ന സ്ഥലം' എന്നതു ലോപിച്ച് ശ്രീവിഘ്നേശ്വരവും ഇടപ്പള്ളിയായി മാറിയെന്നും പറയപ്പെടുന്നു. ഇടപ്പള്ളി പള്ളിയുടെ കൊടിമരം ഇരിക്കുന്ന സ്ഥലം പ് പട്ടരു മഠത്തിപ്പറമ്പ് എന്നും പാരിഷ്ഹാളിനു മുൻഭാഗം സ്കൂളപ്പറമ്പ് എന്നും പിൻഭാഗം വേലൻമാരുടെ പറമ്പ് എന്നും അതിനു വടക്ക് ആശാരിപറമ്പ് എന്നും തോമ്മാശ്ലീഹായുടെ കപ്പേളയുടെ പരിസരം ശാസ്താപറമ്പ് എന്നും പഴയപള്ളി ഇരിക്കുന്നിടം കാഞ്ഞിരത്തും കാട്ടുപറമ്പ് എന്നും ഒരുകാലത്ത് അറിയപ്പെട്ടിരുന്നതായി പഴമക്കാർ പറയുന്നു.

### 9.5.4. ഇടപ്പള്ളിയിലെ പഴയപള്ളി

ഇന്നു കാണുന്ന കൊച്ചുപള്ളി (പഴയപള്ളി)യുടെ മേൽക്കൂര ഒഴികെയുള്ളത് എ.ഡി. 1000-ത്തിനു മുമ്പ് സ്ഥാപിതമായെന്നും പടിഞ്ഞാറു ദർശനമായി അതു സ്ഥാപിച്ചുവെന്നുമാണ് പരമ്പരാഗത വിശ്വാസം. പടിഞ്ഞാട്ടുള്ള ദർശനത്തിനു കാരണം പള്ളിയുടെ സ്ഥാപനകാലത്ത് അതിന്റെ ആമുഖമിറ്റം കടലോരമായിരുന്നു എന്നതുതന്നെ. ഇന്ന് കിഴക്കുവശത്തുള്ള കടപ്പുറ ത്തുകൂടിയായിരുന്നിരിക്കണം വഴി. തൊട്ടുപടിഞ്ഞാറുള്ള പോണേക്കരയ്ക്കു ആ പേരു ലഭി ച്ചത് പോണികളടുത്തിരുന്ന കര ലോപിച്ചാണ് പോണിയെന്നാൽ തമിഴിൽ വള്ളമാണ്. തമിഴാ യിരുന്നു ഇടപ്പള്ളിയിലെയും ഭാഷ.

"ചേരസാമ്രാജ്യത്തിന്റെ അസ്തമയത്തോടെ ഉടലെടുത്ത ഒരു സ്വതന്ത്രരാജ്യമായ ഇട പ്പള്ളി രാജ്യത്തിന്റെ ഇന്നത്തെ ഇടപ്പള്ളിയും തൊട്ടടുത്ത ഭാഗങ്ങളും (വെണ്ണല, ചേരാനല്ലൂർ മുതലായവ) ഒഴിച്ചു ആലപ്പുഴ മുഴുവനും (ഇന്നത്തെ കുട്ടനാട്) തമിഴ് സംഘകാലത്തുായി രുന്നില്ല. കാരണം എ.ഡി. ഒന്നാം നൂറ്റാിലെ പെരിപ്ലസ്സിലും ഹസ്തോറിയാ നാച്ചുരലീസിലും ഈ ഭാഗങ്ങളുടെ പേരില്ല. എ.ഡി. അഞ്ചാം ശതകത്തിലെഴുതപ്പെട്ട ക്രിസ്ത്യൻ ടോപോഗ്രാഫി യിലും അതുപോലെതന്നെ സംഘകാലത്തെ കുട്ടനാടിന്റെ കേന്ദ്രസ്ഥാനം ഇടപ്പള്ളിയായിരു ന്നു. ഇടപ്പള്ളി പള്ളി സ്ഥാപിക്കപ്പെട്ട എ.ഡി. 593-ൽ പള്ളിപ്പറമ്പിന്റെ പടിഞ്ഞാറെ അതിരായി രുന്നു കടൽ. കാലക്രമത്തിൽ  കടൽ വയ്പിനനുസൃതമായി ആലപ്പുഴ ചേർത്തല ഉായ തോടെ ഇടപ്പള്ളിയിലെ കുട്ടനാട് അങ്ങോട്ടു വ്യാപിച്ചു. ആ പേരാകട്ടെ അവിടെമാത്രം സ്ഥായി യായി നിലനിൽക്കുകയും ചെയ്തു. അപ്പോൾ തമിഴ് സംഘകാലത്തെ കുട്ടനാട് ഇടപ്പള്ളിയും അതിനു തൊട്ടു തെക്കു വടക്കു നീളത്തിൽ സ്ഥിതി ചെയ്തിരുന്ന അന്നത്തെ കടലോരവുമാ ണെന്നു സിദ്ധിക്കുന്നു.

ഒരു പ്രത്യേക കാലഘട്ടത്തിന്റെ ശില്പമാതൃകയെ ഉൽഘോഷിച്ചുകൊു നിൽക്കുന്ന കരിങ്കൽ കുരിശുകൾ രണ്ണെം ഇടപ്പള്ളി പള്ളിക്കു സമീപമു്. എ.ഡി. ആറാം നൂറ്റാിന്റെ ശില്പമാതൃകയായി ഇവയെ കാണാം.

അന്നിവിടെ പ്രബലമായിരുന്ന ഹൈന്ദവ-ബുദ്ധമതങ്ങളുടെ ഇടയിൽ കേവലം ശുഷ്കവും നാമമാത്രവുമായിരുന്ന വൈദേശിക മതാനുഷ്ഠാനങ്ങളുടെ ഉടമസ്ഥരായിരുന്ന ക്രൈസ്ത വർക്കും ആരാധിക്കാനും ആരാധനാലയം സ്ഥാപിക്കാനും അനുമതി നൽകിയ ഹൈന്ദവരാ ജാക്കന്മാർ മതസൗഹാർദ്ദത്തിന്റെ ഉത്തമവക്താക്കളായിരുന്നു. പ്രത്യേകം മുഖവാരമില്ലാതെ പട

ഞ്ഞാറു ദർശനമായി പണിയപ്പെട്ട പഴയപള്ളിയുടെ അൾത്താരയിൽ കിഴക്കുദിക്കിലേക്ക് തിരിഞ്ഞുനിന്നായിരിക്കണം മതകർമ്മങ്ങൾ നടത്തിയിരുന്നത്. ഉദയസൂര്യനായ (നീതിസൂര്യൻ) യേശുവിന്റെ രാമത്തെ ആഗമനത്തെ നോക്കി പാർക്കുന്ന ക്രൈസ്തവജനതയുടെ ആദ്ധ്യാത്മികദർശനം ഇവിടെ പ്രകടമാണ്. അതായിരിക്കാം പടിഞ്ഞാറു ദർശനമായി പള്ളി പണിയാനുള്ള മറ്റൊരു കാരണം.

**9.5.5. ആരുടെ നാമത്തിൽ പഴയപള്ളി?**

ഇടപ്പള്ളിയിലെ പഴയപള്ളി സ്ഥാപിതമായത് ആരുടെ നാമത്തിലാണ് എന്നതും തർക്കവിഷയമാണ്. പഴയപള്ളിയുടെ ഭിത്തിയോടു ചേർന്നുകാണുന്ന ഒരു പഴയശിലയിൽ ഇപ്രകാരം രേഖപ്പെടുത്തി കാണുന്നു: “ഇടപ്പള്ളിയിൽ മാർ ഗീവർഗീസ് സഹദായുടെ നാമത്തിൽ മുൻപണിചെയ്തിരുന്ന പള്ളി കേട് വരികകൊ്...” ഇതിന്റെ വെളിച്ചത്തിൽ ഇടപ്പള്ളി പള്ളി വിശുദ്ധ ഗീവർഗീസിന്റെ നാമത്തിൽ സ്ഥാപിതമായി എന്നു തീർത്തുപറയുക പ്രയാസമാണ്. ശുദ്ധമായ മലയാളത്തിലാണ് ഈ വാചകം കല്ലിൽ കൊത്തിയിരിക്കുന്നത്. ആദ്യകാലങ്ങളിൽ മലയാള ഭാഷതന്നെ ഉായിരുന്നില്ലെന്നും കേരളത്തിലെ ഭാഷതന്നെയും തമിഴ് ആയിരുന്നെന്നും പിന്നീട് മലയാളം അതിൽനിന്നും ഉരുത്തിരിഞ്ഞ് ഇന്നത്തെ രൂപത്തിൽ ആയിത്തീർന്നിട്ട് വളരെ നൂറ്റാുകളായില്ലെന്നുമുള്ളത് പരമാർത്ഥമാണ്. അങ്ങനെയെങ്കിൽ നൂറ്റാുകളുടെ പഴക്കം അവകാശപ്പെടാൻ നിർവ്വാഹമില്ലാത്ത ശിലാലിഖിതത്തെ ഒരു ആധികാരികരേഖയായി കാണാൻ പ്രയാസമാണ്.

ഈ സാഹചര്യത്തിൽ പഴയപള്ളി മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായിട്ടുാകും എന്നു പറയുന്നതാവും കൂടുതൽ യുക്തം. ആദ്യനൂറ്റാുകളിൽ സ്ഥാപിതമായ മിക്കവാറും എല്ലാ പള്ളികളുംതന്നെ മാതാവിന്റെ നാമധേയത്തിലാണ് എന്നതും എ.ഡി. നാലാം നൂറ്റാിന്റെ ആരംഭദശയിൽ വിശുദ്ധപദം ചൂടിയെന്നു വിശ്വസിക്കുന്ന വി. ഗീവർഗീസിനോടുള്ള ഭക്തി അക്കാലങ്ങളിൽതന്നെ കേരളത്തിലുായിട്ടുാകുമെന്ന് വിശ്വസിക്കുക പ്രയാസമായതുകൊും ഈ പള്ളിയും മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായി എന്നു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. നൂറ്റാുകൾക്കുശേഷം മാത്രമായിരിക്കണം വി. ഗീവർഗീസിനോടുള്ള ഭക്തി കേരളത്തിൽ പ്രചരിക്കാൻ ഇടയായത്. മാത്രമല്ല, വലിയപള്ളിയുടെ പൊളിച്ചുകളഞ്ഞ പഴയ മുഖവാരത്തിൽ രൂപക്കൂടിൽ പ്രതിഷ്ഠിച്ചിരുന്നത് മാതാവിന്റെ രൂപമായിരുന്നു എന്നതും വലിയപള്ളിയിലെ പ്രധാന അൾത്താരയിലെ 1911-ൽ പുതുക്കി പണിത സൊർണോസിലും മാതാവിന്റെ ചിത്രംതന്നെ വരയ്ക്കാൻ അന്നുള്ളവരെ പ്രേരിപ്പിച്ചതും ഈ ചിന്താഗതിക്ക് കരുത്തു പകരുന്നു.

ദൈവമാതാവിനോട് പ്രത്യേകമായ ഭക്തി പുലർത്തുന്ന ഒരു ക്രൈസ്തവസമൂഹമാണ് കേരളത്തിലുള്ളത്. അതുകൊുതന്നെ മാതാവിന്റെ നാമധേയത്തിൽ ധാരാളം പള്ളികൾ ഇവിടെയുള്ളതായി കാണാം. “ഇവിടത്തെ സംസ്കാരത്തിൽ നിലനിന്നിരുന്ന മാതൃദായക്രമവും ദ്രാവിഡ ഹിന്ദുമതങ്ങളിൽ സ്ത്രീദൈവത്തിനു കൊടുത്തിരിക്കുന്ന പ്രത്യേക പ്രാധാന്യവുംമൂലം ലഭിച്ച പാരമ്പര്യമാണ് അതിനു പ്രേരകമായതെന്ന് ചിന്തിക്കുന്നവരു് (കാളി, സരസ്വതി, മഹാലക്ഷ്മി തുടങ്ങിയ ദേവീസങ്കല്പങ്ങൾ ഉദാഹരണം)”.

“പുരുഷദൈവങ്ങളേക്കാളധികം സ്ത്രീദൈവങ്ങൾക്ക് സ്ഥാനമുള്ള നാടാണ് കേരളം. മതമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള കാർഷിക സമാഹികവ്യവസ്ഥ സുശക്തമായി നില

നിന്നുപോന്നതാണിതിന്റെ കാരണം. കുടുംബത്തിന്റെ നായികയും കൃഷിയുടെ സംരക്ഷകയുമായ സ്ത്രീ ഗോത്രത്തിന്റെ നാഥ എന്ന നിലയ്ക്ക് സമുദായത്തിൽ മാന്യത നേടിയ കാലത്താണ് അമ്മദൈവങ്ങളും ആരാധിക്കപ്പെട്ടത്." മരുമക്കത്തായ സമ്പ്രദായവും മാതൃദായക്രമവുമെല്ലാം ഈ സംസ്കാരത്തിന്റെ ഭാഗമായപ്പോൾ പരി. കന്യാമറിയത്തോടുള്ള ഭക്തിക്ക് കുടുതൽ പ്രാധാന്യം നൽകാൻ കൈരളക്രൈസ്തവർ പ്രചോദിതരായിട്ടുകാകും.

ജൈന-ബുദ്ധമതങ്ങൾ ഐശ്വര്യപൂർണ്ണമായി നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ പ്രസ്തുത മതങ്ങളിൽനിന്നും സാംസ്കാരികാനുരൂപണം വഴി ക്രൈസ്തവർക്കു ലഭിച്ച് ആചാരവിശേഷങ്ങളിൽ പെട്ടതാണ് ഉത്സവങ്ങളും പെരുന്നാളുകളും മറ്റും. ബുദ്ധമതത്തിന്റെ നാശത്തിനുശേഷം ക്രൈസ്തവരും ഹൈന്ദവരും ഈ ആചാരവിശേഷങ്ങൾ നിലനിർത്തുകയും ചെയ്തു. അങ്ങനെ ക്രിസ്തുമതത്തിൽ സ്ഥാനം പിടിച്ച തിരുനാളുകളാണ് പള്ളിയെ ഏതെങ്കിലും വിശുദ്ധന്റെ നാമത്തിൽ പ്രതിഷ്ഠിക്കുന്നതിന് പ്രേരണ ചെലുത്തിയ കാരണങ്ങളിലൊന്ന്. വിവിധ സ്ഥലങ്ങളിൽ ആരംഭിച്ച ക്രൈസ്തവസമൂഹങ്ങൾ ആ സമൂഹത്തിന്റെ ഉത്ഭവത്തിനു കാരണമായ വ്യക്തിയുടെയോ ആ സമൂഹവുമായി പ്രത്യേകമായ വിധം ബന്ധപ്പെട്ട വിശുദ്ധന്റെയോ പേരിൽ അറിയപ്പെടാൻ തുടങ്ങിയത് പള്ളികൾ വിശുദ്ധരുടെ പേരിൽ അറിയപ്പെടുന്നതിനും പ്രതിഷ്ഠിക്കുന്നതിനും കാരണമായിട്ടുു്.

ഇടപ്പള്ളി പള്ളി മാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടുവെങ്കിലും എന്നു മുതൽക്കാണ് വി. ഗീവർഗീസിനോടുള്ള ഭക്തി ഇവിടെ പ്രബലപ്പെട്ടത് എന്നു പറയുക സാധ്യമല്ല. പൈശാചികശക്തിയുടെ പ്രതീകമായ സർപ്പത്തെ ചിത്രീകരിക്കുന്നതും അതിനെ കീഴടക്കുന്ന വി. ഗീവർഗീസിനെക്കുറിച്ചുള്ള ഐതിഹ്യങ്ങളും കേരളീയർക്ക് ആകർഷകമാകാനും വിശുദ്ധനോടുള്ള ഭക്തി ഇവിടെ വളരുവാനും കേരളീയപശ്ചാത്തലം സാഹചര്യമൊരുക്കിയിട്ടുാകും. സർപ്പാരാധന ഹൈന്ദവർക്കിടയിൽ നിലനിൽക്കുന്നു്. വിഷസർപ്പങ്ങൾ ധാരാളമായി ഇവിടെ കുവരുന്നതിനാൽ അതിൽനിന്നും രക്ഷപ്പടുന്നതിന് സർവ്വനിഗ്രഹകനായ വി. ഗീവർഗീസിനോടു പ്രാർത്ഥിച്ചാൽ മതി എന്ന വിശ്വാസമാണ് ഇപ്പോഴും വിശുദ്ധനോടുള്ള ഭക്തി പച്ചകെടാതെ കേരളീയ മനുഷ്യമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടുവാൻ കാരണം. കാലാന്തരത്തിൽ വിശദ്ധനോടുള്ള ഭക്തിക്കും വിശുദ്ധന്റെ തിരുനാളാഘോഷത്തിനും ഇടപ്പള്ളിയിൽ പ്രാധാന്യം ലഭിച്ചപ്പോൾ ഇടപ്പള്ളി പള്ളി വിശുദ്ധന്റെ നാമധേയത്തിൽ അറിയപ്പെടാൻ തുടങ്ങിയെന്ന് അനുമാനിക്കാം.

എന്നാൽ വി. ഗീവർഗീസിന്റെ നാമധേയത്തിൽ ഈ പള്ളി സ്ഥാപിതമായി എന്നു വാദിക്കുന്നവരുടെ വാദമുഖങ്ങളും ശക്തമാണ്. ഡയക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിയായ വിശുദ്ധന്റെ നാമധേയത്തിൽ നാലാം നൂറ്റാിൽതന്നെ കോൺസ്റ്റന്റയിൻ ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിൽ നാലു ദേവാലയങ്ങൾ പണികഴിപ്പിച്ചതായും പല പൗരസ്ത്യദേശങ്ങളിലും ഈ കാലഘട്ടത്തിൽ വിശുദ്ധനോടുള്ള ഭക്തി പ്രകടമായിരുന്നെന്നും പറയപ്പെടുന്നു. അങ്ങനെയെങ്കിൽ ഈ നാടുകളുമായി കേരളനാടിന് ഉായിരുന്ന വാണിജ്യബന്ധവും അവിടെനിന്നുള്ള ക്രൈസ്തവകുടിയേറ്റങ്ങളും കേരളമണ്ണിൽ ആദ്യനൂറ്റാുകളിൽത്തന്നെ വിശുദ്ധനോടുള്ള വണക്കം പ്രചരിക്കാനിടയാക്കിയിട്ടുാകും. ഇക്കാലങ്ങളിൽ സ്ഥാപിതമായ അങ്കമാലി, അരുവിത്തുറ പള്ളികളിൽ നിലനിൽക്കുന്ന വിശുദ്ധനോടുള്ള ഭക്തിയും ഈ ചിന്താഗതിക്കു പിൻബലമേകുന്നു.

മുഖവാരമില്ലാതെ സ്ഥാപിതമായ പഴയപള്ളിയുടെ ആകൃതിയും വലിപ്പവും അതിന്റെ പ്രാചീനത്വത്തിലേക്ക് വിരൽചൂന്നുന്നു. ഹൈന്ദവസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽനിന്നും ഇവിടത്തെ ക്രൈസ്തവസംസ്കാരം ഉടലെടുത്തതുകൊ് പുരാതന ദേവാലയങ്ങൾ ക്ഷേത്രാകൃതിയോടു സാമ്യമുള്ള വിധത്തിലായിരിക്കണം പണിയപ്പെട്ടിട്ടുാവുക. ക്ഷേത്രഭിത്തികളിൽ കാണുന്ന എണ്ണത്തിരി കത്തിക്കുന്നതിനുള്ള സംവിധാനം ഈ ദേവാലയഭിത്തികളിലും കാണാം. പഴയപള്ളിയുടെ ഭിത്തിയിലും അതു്. പഴയപള്ളിക്ക് സ്ഥാപനംകൊുള്ള പ്രാചീനത്വമല്ലാതെ പണികൊുള്ള പ്രാചീനത്വമില്ല. “ഇന്നുള്ള പ്രാചീന ദേവാലയങ്ങളെല്ലാം കാലത്തിന്റെ ഒഴുക്കിൽ ജീർണ്ണത പ്രാപിച്ചപ്പോൾ കാലാകാലങ്ങളിൽ പുതുക്കി പണിയപ്പെട്ടവയാണെന്നും സ്ഥാപനംകൊുള്ള പൂർവ്വാകൃതി ഉാകാനിടയില്ലെന്നും ഊഹിക്കാം.” എന്നാൽ എ.ഡി. 593-ൽ ഇടപ്പള്ളിയിൽ സ്ഥാപിതമായ പള്ളിയുടെ സ്ഥാനത്ത് ഇന്നു കാണുന്ന പഴയപള്ളിക്ക് (ഭിത്തികൾ) 1000 കൊല്ലത്തിന്റെ പഴക്കമുന്നെു വിശ്വസിക്കുന്നു.

പോർത്തുഗീസുകാരുടെ വരവിനു മുമ്പ് പണിയപ്പെട്ടിട്ടുള്ള സുറിയാനിപ്പള്ളികൾ പൗരസ്ത്യാചാരപ്രകാരം കിഴക്കോട്ടു മുഖമായി നിന്നു. ആരാധന, പ്രാർത്ഥന എന്നിവ ചെയ്യാൻ തക്കവിധം ‘മദ്ബഹ’ (പീഠസ്ഥാനം) കിഴക്കും, ‘ഹൈക്കല’ (ജനസ്ഥാനം), മുഖവാരം എന്നിവ പടിഞ്ഞാറുമായിട്ടാണ് പണി ചെയ്തിട്ടുള്ളത്.

ഇടപ്പള്ളിയിൽ പഴയപള്ളി പണിതിട്ടുള്ളതും ഇപ്രകാരമാണ്. അതുകൊ് ആമുഖമിറ്റം കടലായതുകൊ് പ്രസ്തുത ദേവാലയം കടലിനഭിമുഖമായി പണിതു എന്ന പ്രസ്താവം പൂർണ്ണമായും ശരിയല്ല. എന്നാൽ മുൻപറഞ്ഞ രീതിക്കു വിരുദ്ധമായി ഇടപ്പള്ളിയിൽ വലിയ പള്ളി പണിതിരിക്കുന്നു എന്നതിന്റെ കാരണം വ്യക്തമല്ല. വലിയ പള്ളിയുടെ ദർശനം കിഴക്കോട്ടേക്ക് ആണെങ്കിലും അൾത്താര പടിഞ്ഞാറുവശത്തും കർമ്മങ്ങൾ നടത്തിയിരുന്നത് പടിഞ്ഞാറുവശത്തേക്കു മുഖം തിരിച്ചുമാണ്. ഇതിന്റെയും കാരണം എന്തെന്നറിയില്ല. എന്നാൽ ഇക്കാലത്ത് ചില പള്ളികൾ പണിതിരിക്കുന്ന രീതിയും സ്ഥലപ്രകൃതിയും വിചാരിച്ചാൽ ആരാധനാകൃത്യങ്ങൾ പടിഞ്ഞാറേയ്ക്കു തിരിഞ്ഞു നടത്തുവാൻ തക്കവിധം പണിയപ്പെട്ടിരിക്കുന്നു എന്ന സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

### 9.5.6. വലിയപള്ളിയിലെ വിശുദ്ധ ഗീവർഗീസിന്റെ തിരുസ്വരൂപങ്ങൾ

പഴയപള്ളി ചെറുതാകയാൽ പിന്നീട് വലിയൊരു ദേവാലയം പണിയേത് ആവശ്യമായി വന്നു. അങ്ങനെ സ്ഥാപിതമായതാണ് ഇന്നു കാണുന്ന വലിയപള്ളി. ഇത് 1808-ൽ സ്ഥാപിക്കപ്പെട്ടു എന്ന് വിശ്വസിച്ചുവരുന്നു. വലിയപള്ളി വിശുദ്ധ ഗീവർഗീസിന്റെ നാമധേയത്തിൽ പണിയിക്കപ്പെട്ടതാണെന്നു വിശ്വസിക്കാവുന്നതാണ്. മാത്രമല്ല, പള്ളിയുടെ ഇടതുവശത്തുള്ള അൾത്താരയിൽ വിശുദ്ധന്റെ രൂപം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന വിശുദ്ധന്റെ രൂപം താടിയുള്ളതും ശൗര്യഭാവം മുറ്റിനിൽക്കുന്നതുമാണ്. പ്രസ്തുതരൂപം ഇന്ന് പ്രദക്ഷിണത്തിനു കൊുപോകുന്ന തങ്കവർണ്ണപണികളോടുകൂടിയ രൂപക്കൂട്ടിൽ സൂക്ഷിക്കുന്നു. ഇന്ന് അൾത്താരയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളത് വിശുദ്ധന്റെ താടിയില്ലാത്തതും ശാലീനത മുറ്റിനിൽക്കുന്നതുമായ പുതിയ രൂപമാണ്. നേർച്ചയായി ലഭിച്ചിട്ടുള്ളതാണ് ഈ രൂപം. തിരുനാളിൽ സ്വർണ്ണാഭരണങ്ങളണിയിച്ചു പുറത്തേക്ക് എഴുന്നള്ളിക്കുന്നത് ഈ രൂപമാണ്. ഇവ രിന്റെയും കാലപ്പഴക്കം എത്രയെന്നു കൃത്യമല്ല. എടത്വാപ്പള്ളിയിലേക്ക് ഇടപ്പള്ളി പള്ളിയിൽനിന്നും പഴയരൂപത്തിനു സമാനമായ മറ്റൊരു രൂപം കൊുപോയെന്നും

ആ രൂപമാണ് എടത്വാ പള്ളിയിൽ പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ഇവിടത്തുകാർ ഉറച്ചുവിശ്വസിക്കുന്നു.

അക്കാലങ്ങളിൽ ഹിന്ദുക്ഷേത്രങ്ങൾക്കുള്ളതുപോലുള്ള നടപ്പുരകളും ഭിത്തികളിൽ ക്ഷേത്രഭിത്തികളിലേതുപോലെ എണ്ണത്തിരികൾ കത്തിക്കുന്നതിനുള്ള സംവിധാനങ്ങളും ക്രിസ്ത്യൻപള്ളികൾക്കും ഉായിരുന്നു. ഇരുപതാം നൂറ്റാിന്റെ ഉത്തരാർദ്ധംവരെ ഇടപ്പള്ളിയിൽ നടപ്പുരയും പള്ളിയകത്ത് പ്രസംഗം പറയുന്നതിനുള്ള പീഠവും (പുഷ്പം) ഉായിരുന്നു. മതകർമ്മങ്ങൾക്കു വരുന്ന പുരുഷന്മാരുടെ ആയുധങ്ങൾ സൂക്ഷിച്ചിരുന്നത് ഇത്തരം നടപ്പുരകളിലായിരുന്നു. ഇടപ്പള്ളി പള്ളിയിൽ ചെകൊട്ടുകാരുടെ സ്ഥാനവും ഈ നടപ്പുരയിലായിരുന്നു.

പോർത്തുഗീസുകാരുടെ വരവിനു മുമ്പ് പണിയപ്പെട്ടിട്ടുള്ള ദേവാലയങ്ങൾക്ക് ഗോഥിക് സ്റ്റൈൽ ഇല്ല. കല്ലും കുമ്മായവും ഉപയോഗിച്ചുാക്കിയ ആർച്ചുകളും സ്വർഗ്ഗീയപ്രതീതി ഉളവാക്കുന്ന ചിത്രങ്ങളും അലങ്കാരപ്പണികളും ഇവിടെ കാണാം. ഇടപ്പള്ളി പള്ളിയിലെ അൾത്താരയിലും ഇതു പ്രകടമാണ്.

### 9.5.7. വലിയ പള്ളി

കാലത്തിന്റെ പ്രയാണത്തിൽ ഇടപ്പള്ളിയിലെ പഴയപള്ളിയിൽ സ്ഥലം തികയാതെ വരികയാൽ 1080-ൽ വലിയപള്ളി സ്ഥാപിതമായി. വലിയപള്ളിയുടെ പ്രധാന ദേവാലയഭാഗത്തിന്റെ ഭിത്തികളും അൾത്താരയും ഇക്കാലഘട്ടത്തിലേതെന്നു വിശ്വസിക്കപ്പെടുന്നു. പ്രസ്തുത ദേവാലയത്തിനു വേ സ്ഥലം ദാനമായി ഇടപ്പള്ളി രാജാവിൽനിന്നും (ഇളങ്ങള്ളൂർ സ്വരൂപം) കിട്ടിയതാണ് പ്രധാന അൾത്താരയിൽ ആദ്യകാലത്ത് പണിചെയ്ത അലങ്കാരപ്പണികൾ ജീർണ്ണിച്ചുപോയപ്പോൾ ബഹു. കാനാട്ട് കുഞ്ഞാക്കോയച്ചന്റെ കാലത്ത് 1911-ൽ തേക്കിൻതടിയിൽ പുതിയതൊന്ന് ഉാക്കി. മാലാഖമാരുടെയും മുന്തിരിവള്ളിയുടെയും മാതാവിനെ സ്വർഗ്ഗരാജ്ഞിയായി വാഴിക്കുന്നതിന്റെയും കൊത്തുപണികൾ ഇതിൽ കാണാം. ഇതിലുള്ള മാതാവിന്റെ ചിത്രവും ഇക്കാലത്ത് വരയ്ക്കപ്പെട്ടു എന്നു കരുതുന്നു. എന്നാൽ പ്രസ്തുതചിത്രം അതിനു വളരെ മുമ്പ് വരയ്ക്കപ്പെട്ടു എന്നു കുരതുന്നവരുമു്. തിരുനാളിൽ പ്രദക്ഷിണസമയത്ത് വിശുദ്ധന്റെ രൂപം എഴുന്നള്ളിക്കുന്ന മനോഹരമായ രൂപക്കൂട് ഇക്കാലത്താണ് രൂപപ്പെടുത്തിയത്. 1903-ലാണ് അൾത്താരയ്ക്കു മുകളിലെ ചോരാമാളിക പണികഴിക്കപ്പെട്ടത്.

ഇടവകാംഗങ്ങളുടെ എണ്ണം വീും വർദ്ധിച്ചപ്പോൾ ദേവാലയത്തിന്റെ വലിപ്പം കൂട്ടേത് ആവശ്യമായി വന്നു. അങ്ങനെ വലിയപള്ളിയുടെ തെക്കുഭാഗം സിമിത്തേരിവരെ നീട്ടി. മധ്യകേരളത്തിലെതന്നെ ഏറ്റം ബൃഹത്തായ ബ്രഹ്മാണ്ഡദൈവാലയം ശില്പകലാചാരുതയോടെ 1996-ൽ ആരംഭിച്ച് 2014-ൽ പൂർത്തീകരിച്ചു.

### 9.5.8. തെക്കെ പള്ളി (കുരിശുപള്ളി)

ഇതിന്റെ സ്ഥാപനത്തെപ്പറ്റിയും ഒരു ചരിത്രമു്. ക്രിസ്ത്യാനികളുടെ കച്ചവടസൗകര്യത്തിനുവേി ഇടപ്പള്ളി രാജാവിന്റെ നിർദ്ദേശാനുസരണമാണ് ഇടപ്പള്ളി അങ്ങാടി രൂപംകൊത്. നൂറ്റാുകൾക്കു മുമ്പ് ഇടപ്പള്ളിയുടെയും പ്രാന്തപ്രദേശങ്ങളുടെയും സിരാകേന്ദ്രമായിരുന്നു ഇടപ്പള്ളി അങ്ങാടി. കൊച്ചിയിലെ പോർത്തുഗീസാധിപത്യകാലത്ത് ഇവിടേക്ക് ഇരച്ചുകയറിയ പോർത്തുഗീസ് സൈന്യം അങ്ങാടി കൊള്ളയടിക്കുകയും ചുട്ടുകരിക്കുകയും ചെയ്തു. 1536 സെപ്തംബറിൽ പോർത്തുഗീസ് പടത്തലവൻ മാർട്ടിൻ അൽഫോൻസസ് ഡിസൂ

സയാണ് ഇടപ്പള്ളി അങ്ങാടിക്ക് തീവെച്ചതെന്ന് കൊച്ചിരാജ്യചരിത്രത്തിൽ കാണുന്നു. പിന്നീട് അങ്ങാടി പുതുക്കിപ്പണിതു.

1536-ൽ മാർട്ടിൻ അൽഫോൻസസ് ഡിസൂസ, കൊച്ചി രാജാവിന്റെയും പോർത്തുഗീസുകാരുടെയും സംയുക്തസൈന്യത്തെ സാമൂതിരിയോടൊപ്പംനിന്ന് എതിർത്ത ഇടപ്പള്ളി രാജാവിന് എതിരെയുള്ള മുന്നേറ്റത്തിനിടയിൽ ഇടപ്പള്ളി മുസ്ലീം പള്ളിയിൽവെച്ചുായ ഏറ്റമുട്ടലിൽ മരിച്ചു എന്ന് കൊച്ചിരാജ്യചരിത്രത്തിൽ പറയുന്നു. പ്രസ്തുത യുദ്ധത്തിൽ മരിച്ചവരുടെ സംസ്കാരം നടത്തിയത് തെക്കെ പള്ളിയുടെ സ്ഥാനത്താണ്. 1536-ൽ പോർത്തുഗീസുകാർ ഇവിടെ വി. പത്രോസിന്റെയും വി. പൗലോസിന്റെയും നാമത്തിൽ ഒരു ദേവാലയം പണിതു. പ്രസ്തുത ദേവാലയത്തിൽ ഉായിരുന്നതെന്നു പറയപ്പെടുന്ന വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ പ്രതിമകൾ ഇടപ്പള്ളിയിലെ പഴയപള്ളിയിൽ സൂക്ഷിച്ചുവരുന്നു.

പോർത്തുഗീസുകാർ പണിത ഈ ദേവാലയം പിൽക്കാലത്ത് ജീർണ്ണിച്ചുപോയി. പിന്നീട് അതു പുതുക്കിപ്പണിയാൻ എറണാകുളം രൂപതാ മെത്രാനായിരുന്ന മാർ ലൂയീസ് പഴേപറമ്പിൽ അനുവാദം നൽകുകയും 1916-ൽ മർത്തമറിയത്തിന്റെ നാമത്തിൽ ഇടപ്പള്ളിക്കാർ അതിനെ പുതുക്കിപ്പണിയുകയും ചെയ്തു. "ഞങ്ങൾ മാതാവിന്റെ മക്കളാണ്, മാതാവ് ദൈവജനനിയാണ് എന്നു സമർത്ഥിക്കുന്നതിന് നെസ്തോറിയൻകാരെ വെല്ലുവിളിച്ചുകൊ് പണിയപ്പെട്ടതാണ് ഈ ദേവാലയ"മെന്ന് പറയപ്പെടുന്നു. ഈ ദേവാലയം പുതുക്കിപ്പണിതത് അറിഞ്ഞപ്പോൾ 1917 -ൽ പോർത്തുഗൽ രാജ്ഞി ഉണ്ണിയീശോയുടെ രൂപം ഇവിടേക്ക് അയച്ചുകൊടുത്തു. പ്രസ്തുതരൂപം ഈ പള്ളിയിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

വസ്തുനിഷ്ഠമായ ചരിത്രരേഖകളുടെ പിൻബലം കത്തുെക പ്രയാസമാണെങ്കിലും പഴമക്കാർ പറയുന്ന മറ്റൊരു സംഭവവും ഈ ദേവാലയവുമായി ബന്ധപ്പെട്ടു കാണുന്നു. മാർത്തോമ്മാ നസ്രാണികളെ ഭരിച്ച പാലമറ്റത്തിൽ മത്തായി അർക്കദിയാക്കോൻ ഇവിടെ താമസിച്ചിരുന്നെന്നും അദ്ദേഹം 1706-ൽ നിര്യാതനായപ്പോൾ അദ്ദേഹത്തെ ഈ പള്ളിയിലാണ് കബറടക്കിയതെന്നും. എന്നാൽ പ്രസ്തുത ആർച്ചുഡീക്കൻ 1705 ഡിസംബർ 22 നു അമ്പഴക്കാട്ടു നിന്നും വരാപ്പുഴയ്ക്കു പോയെന്നും സഭാസ്നേഹിയായ ആർച്ചുഡീക്കൻ 1706 മാർച്ച് 20 ന് രാവിലെ 3 മണിക്ക് അകാലമൃത്യുവിന് ഇരയായെന്നും മാത്രം ചരിത്രരേഖകളിലുള്ളു.

ഈ ദേവാലയത്തിലെ പ്രധാന തിരുനാൾ ഉണ്ണീശോയുടേതാണ്. 1945-ൽ ഈ ദേവാലയത്തോടു ചേർന്ന് ആരാധനാമഠം സ്ഥാപിക്കുകയും പ്രസ്തുത ദേവാലയം അവരുടെ ചാപ്പലായി ഉപയോഗിച്ചുവരികയും ചെയ്യുന്നു.

### 9.5.9. ദർശനസമൂഹം

മാതാവിന്റെയോ വിശുദ്ധരുടെയോ നാമത്തിൽ സന്ന്യാസസമൂഹവുമായി ബന്ധപ്പെട്ട് അൽമായർക്കുവേി സ്ഥാപിതമായ ഭക്തസംഘടനയാണ് ദർശനസമൂഹം. പാശ്ചാത്യസംസ്കാരത്തിൽ ഉടലെടുത്ത ഈ സമൂഹാംഗങ്ങൾക്ക് ഔദ്യോഗികമായ സ്ഥാനവസ്ത്രങ്ങൾ (ഓപ്പയും മോറീസും) ഉ്. ഇതിന്റെ പ്രവർത്തകസമിതിയിൽ പ്രസുദേന്തി (പ്രസിഡന്റ്), തെശിരദേർ (ട്രഷറർ), പ്രൊക്കുരദോർ (കാര്യദർശി), ഇസ്ക്രമൻ (ആലോചനക്കാരൻ), മേസക്കാർ(സഹായികൾ), ചെമ്മദോർ (അറിയിപ്പുകാരൻ) എന്നിവരുായിരിക്കും. പ്രവർത്തകസമിതിയെ ലൈത്തോരൻമാർ തെരഞ്ഞെടുക്കുന്നു. മുൻ പ്രസുദേന്തിമാരിൽനിന്നും ലൈത്തോരൻമാരെ തെരഞ്ഞെടുക്കും. ദർശനസമൂഹത്തിന്റെ പൂർണ്ണാധികാരി 'കപ്ലോൻ വികാരി' ആണ്.

പൊതുമാദ്ധ്യസ്ഥം മാതാവിലാണ്. മാതാവിനെ പ്രകീർത്തിച്ചുകൊുള്ള കീർത്തനങ്ങളും മാതാവിന്റെ രൂപം വഹിച്ചുകൊുള്ള പ്രദക്ഷിണവും തിരുനാളിനോടനുബന്ധിച്ചുള്ള ലദീഞ്ഞിന് ഇടപ്പള്ളിയിൽ കാണാവുന്നതാണ്.

പോർത്തുഗീസുകാരുടെ വരവിനു ശേഷമാണ് ദർശനസമൂഹങ്ങൾ - പ്രത്യേകിച്ചും ഉദയംപേരൂർ സൂനഹദോസിനുശേഷം - കേരളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. കേരളത്തിൽ ആദ്യകാലങ്ങളിൽ സ്ഥാപിതമായ ദർശനസമൂഹങ്ങൾ മാതാവിന്റെയും യൗസേപ്പിതാവിന്റെയും നാമത്തിൽ ഉള്ളവയായിരുന്നു. 1800-നു ശേഷമാണ് സുറിയാനിപ്പള്ളികളിൽ കൂടുതലായി ദർശനസമൂഹങ്ങൾ സ്ഥാപിതമായതെന്നു പറയാം.

ഇടപ്പള്ളിയിൽ 1846 മേടമാസം 7-ാം തീയതി വി. ഗീവർഗീസിന്റെ നാമധേയത്തിൽ ഒരു കൊമ്പര്യ തുടങ്ങുന്നതിനു മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന ദിവ്യശ്രീ ലെയൊനാർദ് മെത്രാൻ ഇടവകക്കാരുടെയും വികാരിയുടെയും അപേക്ഷയുടെ ഫലമായി അനുവദിച്ചു. പ്രസ്തുത കൽപന പള്ളിയിൽ സൂക്ഷിക്കപ്പെട്ടിട്ടു്. 1864-ൽ അനുവാദം ലഭിച്ചെങ്കിലും 1869 മെയ് നാലിനു മാത്രമാണ് വിശുദ്ധന്റെ തിരുനാൾ പ്രസുദേന്തി ഏറ്റെടുത്തു നടത്താൻ തുടങ്ങിയതെന്നു പറയപ്പെടുന്നു. ഇന്നാട്ടുകാരനായ ഇന്താപ്പു ആശാനാൽ രചിക്കപ്പെട്ടതെന്നു പഴമക്കാർ വിശ്വസിക്കുന്ന വൃത്തനിബന്ധനകളില്ലാത്ത പൊലിപ്പാട്ടിൽനിന്നും ചില വസ്തുതകൾ നമുക്കു ലഭിക്കുന്നു.

> "അൻപരിൽ അൻപനാം
> തമ്പുരാൻ തന്നരുളാലെ
> വൻപെഴും കോക്കമംഗല-
> മിടപ്പള്ളി തന്നിൽ
> ശുദ്ധമൻ മാർ ഗീവർഗ്ഗീസ്
> സഹദാടെ നാമം
> നിയമമായ് ആരംഭച്ചത്തമരാകെ
> അന്നു വികാരി പിട്ടാപ്പിള്ളി
> എന്നു പ്രസിദ്ധം നാമം
> കുരിയാക്കോസ് വേദമുനി ഗുരുവാലെ
> കാലമൊരായിരത്തെണ്ണൂറ്റ-
> റുപത്തൊമ്പതിൽ
> ചക്കാലയ്ക്കൽ പാപ്പി പ്രസുദേ-
> ന്തിയായ് മുന്നം
> ദർശനവാസികളേവരും കൂടി
> ഘോഷം മഹാഘോഷാഘോഷം."

1869-ൽ വികാരിയായിരുന്ന പിട്ടാപ്പിള്ളി കുര്യാക്കോസച്ചന്റെ കാലത്ത് മെയ് 4 ന് ചക്കാലയ്ക്കൽ പാപ്പി ആദ്യത്തെ പ്രസുദേന്തിയായി തിരുനാളാഘോഷം നടന്നു.

തിരുനാൾ നടത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽനിന്നും കൈത്തോരന്മാർ പ്രസുദേന്തിയെ നറുക്കിട്ട് തിരഞ്ഞെടുക്കും. അടുത്ത വർഷത്തേക്കുള്ള പ്രസുദേന്തിയെയും ഓഫീഷ്യാളൻമാരെയും പ്രധാന തിരുനാളിനനു മുമ്പ് വാഴിക്കും.

ദർശനസമൂഹത്തിൽ അംഗങ്ങളായിരിക്കുന്നവർ പാലിക്കാൻ കടപ്പെട്ടിരിക്കുന്ന കാര്യങ്ങളുടെ വലിയൊരു പട്ടിക ഇടപ്പള്ളി പള്ളിയിൽ കൊമ്പര്യ തുടങ്ങുന്നതിനു അനുവാദം നൽകുന്ന കല്പനയിൽത്തന്നെ എഴുതിച്ചേർക്കപ്പെട്ടിട്ടുള്ളതാണ്.

### 9.5.10. തിരുനാളും ആചാരാനുഷ്ഠാനങ്ങളും

പില്ലാതിരുന്നതും പിൽക്കാലത്ത് ആംരഭിച്ചതുമായ മൂന്നു ദിവസം നീു നിൽക്കുന്ന നാല്പതുമണി ആരാധനയോടെ തിരുനാളാഘോഷത്തിന്റെ തുടക്കമാകുന്നു. സാർവത്രിക സഭ വി. ഗീവർഗീസിന്റെ തിരുനാൾ ആഘോഷിക്കുന്നത് ഏപ്രിൽ 23 ന് ആണ്. അന്ന് തിരുനാൾ ഇവിടെയും ആരംഭിക്കുന്നെങ്കിലും ഇടപ്പള്ളിയിൽ കൊടികയറ്റം ഏപ്രിൽ 25 ന് ആണ്. പു കാലങ്ങളിൽ തിരുനാളാഘോഷം മെയ് 1 മുതൽ 4 വരെ നാലു ദിവസത്തെ തിരുനാളായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. ഇടപ്പള്ളി സ്വരൂപത്തിന്റെ താൽപര്യപ്രകാരമാണ് ഇപ്രകാരം തിരുനാളാഘോഷിച്ചിരുന്നതെന്നു പറയപ്പെടുന്നു.

#### 9.5.10.1. കൊടികയറ്റം

മറ്റെങ്ങുമില്ലാത്ത ഒരു പ്രത്യേകത ഇവിടത്തെ കൊടികയറ്റത്തിനു്. 101 തരം പലഹാരങ്ങൾ സജ്ജമാക്കി തിരുനാൾ നടത്തുന്ന പ്രസുദേന്തിയും ദർശനസമൂഹാംഗങ്ങളും ചേർന്ന് കപ്ലോൻ വികാരിയെ കൊടികയറ്റത്തിനു ക്ഷണിക്കും. ഇതിനു പിന്നിൽ ഒരു ചരിത്രമു്. ഇടപ്പള്ളി പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രദക്ഷിണവഴികളും ഇടങ്ങള്ളൂർ സ്വരൂപം (ഇടപ്പള്ളി രാജാവ്) പള്ളിക്ക് കരമൊഴി വാക്കായും ദാനമായും നൽകിയതാണെന്ന് വിശ്വസിക്കപ്പെടുന്നു. ആകയാൽ പ് തിരുനാളിന്റെ കൊടികയറും മുമ്പ് ഇടവകാംഗങ്ങൾ കാഴ്ചവസ്തുക്കളുമായി രാജസന്നിധിയിൽ ചെന്ന് കൊടികയറ്റുന്ന വിവരം രാജാവിനെ ഉണർത്തിച്ചിരുന്നു. കൊടികയറ്റുന്നതിനുള്ള അനുവാദത്തോടൊപ്പം കൊടികയറ്റുന്നതിനുള്ള അടയ്ക്കാമരവും രാജാവ് കൊടുത്തിരുന്നു. പ്രസ്തുത മരം കൊട്ടാരംവക ആനയെക്കൊ് പള്ളിയിൽ എത്തിക്കുന്നതിനും രാജാവ് ശ്രദ്ധിച്ചിരുന്നു. ഇതിന്റെ ഓർമ്മ പുതുക്കലാണ് പലഹാരങ്ങളുമായി വികാരിയെ ക്ഷണിക്കുന്നതിന്റെ പുറകിലുള്ളത്.

ദർശനസമൂഹാംഗങ്ങളാൽ ആനീതനായി ദേവലയത്തിൽ പ്രവേശിക്കുന്ന വികാരി വിശുദ്ധന്റെ നടയിൽനിന്നും കൊടി പ്രസുദേന്തിയെ ഏല്പിക്കുകുയും സഹകാർമ്മികരോടൊപ്പം കൊടിമരത്തിനടുത്തേക്കു നീങ്ങുകയും ചെയ്യുന്നു. കൊടികയറ്റത്തോടൊപ്പം 9 ദിവസം നീു നിൽക്കുന്ന ആഘോഷമായ സാൽവേ ലദീഞ്ഞും നൊവേനയും ആരംഭിക്കുന്നു.

#### 9.5.10.2. പ്രദക്ഷിണം

മെയ് 1 നു ആണ് രൂപം എഴുന്നള്ളിക്കൽ. നേർച്ചയായി ലഭിച്ച സ്വർണ്ണാഭരണങ്ങൾ അണിയിച്ച രുപം കൊത്തുപണികൾകൊും തങ്കവർണ്ണംകൊും അലംകൃതമായ രൂപക്കൂട്ടിൽ പുറത്തേയ്ക്കിറക്കും. പ്രസ്തുത രൂപക്കൂട് തേക്കിൻതടയിൽ കൊത്തുപണികൾ ചെയ്ത രഥത്തിലാണ് ഉറപ്പിച്ചിരിക്കുന്നത്. പള്ളിയുടെ വടക്കുവശത്തുള്ള വാതിലിലൂടെ പുറത്തേക്കിറങ്ങി മോളത്തിൽ കൊുവന്ന് രഥം നിർത്തുന്നു. ഒരു മണിക്കൂർ നീളുന്ന ഈ പ്രദക്ഷിണത്തിൽ ആയിരങ്ങൾ തിങ്ങിക്കൂടുന്നു. വെറ്റിലയും പൊരിയും രൂപക്കൂടിന്മേൽ എറിയുന്നു. അങ്ങനെ താഴെ വീഴുന്ന വെറ്റിലയും പൊരിയുമെല്ലാം ജനങ്ങൾ വീട്ടിൽ കൊുപോകുന്നു.

മെയ് മൂന്നും നാലും പ്രധാന തിരനാൾദിവസങ്ങളും മെയ് 10, 11 എട്ടാമിടവുമാണ്. ആ ദിവസങ്ങളിൽ 4 അങ്ങാടി ചുറ്റി തിരുസ്വരൂപവും വഹിച്ചുകൊുള്ള പ്രദക്ഷിണമു്. പു കാലങ്ങളിൽ തിരുനാളിന്റെ പ്രദക്ഷിണത്തിന് തിരുസ്വരൂപം എഴുന്നള്ളിക്കുമ്പോൾ രാജാവിന്റെ പ്രതിനിധിയായ തരകൻ കസവുവസ്ത്രങ്ങൾ ധരിച്ച് കുരിശും മാലയും സ്വർണ്ണാഭരണങ്ങളും അണിഞ്ഞ് കൈയിൽ വാളുമേന്തി അകമ്പടി സേവിച്ചിരുന്നു. പ്രദക്ഷിണത്തിൽ കുത്തുവിളക്കും തിരുസ്വരൂപത്തിന്റെ ഇരുവശത്തും വെൺചാമരവും ആലവട്ടവും ഉായിരുന്നു. കാലത്തിക വിൽ രാജഭരണം ജനായത്തഭരണത്തിനു വഴിമാറിയപ്പോൾ ഇവയെല്ലാം ചരിത്രം മാത്രമായി. പള്ളിക്കു സമീപമുള്ള ഗണപതിക്ഷേത്രത്തിലെ ദീപാരാധന സന്ധ്യാസമയത്ത് നടത്തിയിരുന്നതിനാൽ ഇടപ്പള്ളി സ്വരൂപത്തിന്റെ നിർദ്ദേശാനുസാരം കൊട്ടും മേളവുമായി നടത്തിയിരുന്ന പ്രദക്ഷിണം ദീപാരാധന തീരാൻ ക് രാത്രിയായതിനുശേഷം മാത്രമാണ് പള്ളിയിൽ തിരിച്ചു കയററിയിരുന്നത് എന്ന് പഴമക്കാർ പറയുന്നു. ആ പതിവ് ഇന്നും തുടരുന്നു.

**9.5.10.3. 'കുതിരപ്പക്ഷി'**

പ്രദക്ഷിണം പോകുന്ന വഴികൾ ഇടപ്പള്ളി രാജാവ് പള്ളിക്കു കരമൊഴിവാക്കിയും ദാനമായും നൽകിയതാണെന്നു പരമ്പരാഗതമായി വിശ്വസിക്കുന്നു. അതിനുള്ള കാരണമിതാണ്. ഇടപ്പള്ളിയിൽ കുതിരപ്പുറത്തു കയറിയാൽ പക്ഷിയെപ്പോലെ പറക്കുന്ന വീരശൂരപരാക്രമിയായിരുന്ന ഒരു പടത്തലവനുായിരുന്നു. വല്ലൂർ ഉണ്ണി എന്നായിരുന്നു യഥാർത്ഥ പേരെങ്കിലും 'കുതിരപ്പക്ഷി'യെന്ന ബിരുദം കൊാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്.

വേലുത്തമ്പിദളവ പാലിയത്തച്ഛനുമായി സഖ്യം ചെയ്തു ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം ചെയ്തു. 1808 ഡിസം 18 ന് ഈ സൈന്യം ബ്രിട്ടീഷ് റസിഡന്റിന്റെ കൊച്ചിയിലുള്ള ആസ്ഥാനം വളഞ്ഞു. 1809 ജനുവരി 19 ന് തിരുവിതാംകൂർ - കൊച്ചി സംയുക്തസൈന്യം കൊച്ചിയെ ആക്രമിച്ചു. പക്ഷേ ഫലമുായില്ല. വേലുത്തമ്പി നയിച്ച യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ വലംകൈയായിരുന്നു കുതിരപ്പക്ഷി. വേലുത്തമ്പിയുടെ യത്നം വിജയിച്ചില്ല. തിരുവിതാംകൂർ രാജാവിന് ഒടുവിൽ അദ്ദേഹത്തെ തള്ളിപ്പറയേിവന്നു. അദ്ദേഹം ബ്രിട്ടീഷുകാരോട് സമാധാനം യാചിച്ച് രക്ഷപ്പെട്ടു. മാത്രമല്ല വേലുത്തമ്പിയേയും കുതിരപ്പക്ഷിയേയും ഒറ്റിക്കൊടുക്കുകയും ചെയ്തു. തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽനിന്നുള്ള പ്രസക്തമായ രേഖ ഇപ്രകാരമാണ്:

"....വേലുത്തമ്പിയേയും ചെമ്പകരാമൻതമ്പിയേയും മുളകുമടിശ്ശീല പത്മനാഭപിള്ളയും ഏറ്റുമാനൂർ മുകത്തു കാർയ്യം വിചാരിച്ചിരുന്ന അയ്യപ്പൻ ചെമ്പകരാമൻപിള്ളയും ആവിരണം പിള്ളയും കുതിരപ്പക്ഷിയേയും പല ദിക്കിലുമായിട്ടു ഓടിപ്പോയെന്നു വരാതെ വരുത്തി പാർപ്പിച്ചുകൊള്ളേതാകകൊും സാധനം കുകൂടുമ്പോൾ തന്നെ നീയും അധികാരിമാരും വില്ലരിൽ ഏതാനും പേരും കൂടെച്ചെന്നു വിചാരിച്ചു വേലുത്തമ്പി മുതൽപ്പേര് എവിടെപ്പാർക്കുന്നു എന്നാൽ അവിടെനിന്നും കൊുവന്നു ഒരു സ്ഥലത്തു പാർപ്പിച്ചു കാവലിനു ഇവിടെനിന്നു വന്നിരിക്കുന്ന കുപ്പണിയേയുമാക്കി ആയവസ്ഥക്കു എത്രയും വേഗത്തിൽ എഴുതിവരികയും വേണം. ഇക്കാര്യം ചൊല്ലി അയ്യപ്പൻ കൃഷ്ണനു നീട്ടു എഴുതി വിടു എന്നു തിരുവള്ളമായ നീട്ട്" (ഇ.ഢ.ഞ. ഊീ. ഇഋഇ ഢകക 226). തിരുവിതാംകൂർ രാജാവും ബ്രിട്ടീഷുകാരും തമ്മിലുായ യുദ്ധത്തിൽ രാജാവിന്റെ ദളവ (ദിവാൻ) ആയിരുന്ന വേലുത്തമ്പിയും അദ്ദേഹത്തിന്റെ വലംകൈയായിരുന്ന കുതിരപ്പക്ഷിയും ബ്രിട്ടീഷുകാരുടെ നോട്ടപ്പുള്ളികളായതിൽ അത്ഭുതമില്ല. യുദ്ധത്തിനിടയിൽ തിരുവിതാംകൂർ രാജാവ് ബ്രിട്ടീഷുകാരുമായി ഉടമ്പടി ചെയ്തു

യുദ്ധം അവസാനിപ്പിച്ചു. യുദ്ധത്തിനു കാരണക്കാരൻ വേലുത്തമ്പിയാണെന്നും കുഴപ്പക്കാരനായ വേലുത്തമ്പിയെ വകവരുത്തണമെന്നും ബ്രിട്ടീഷുകാർക്ക് നിർബന്ധമുായിരുന്നു. അതുകൊാണ് വേലുത്തമ്പിയെ പിടികൂടാനുള്ള ഉത്തരവും തന്ത്രങ്ങളും ആവിഷ്കരിക്കപ്പെട്ടത്. പിടിക്കപ്പെടുമെന്ന് ഉറപ്പായപ്പോൾ വേലുത്തമ്പി ആത്മഹത്യ ചെയ്തു വീരചരമം പ്രാപിച്ചു. കുതിരപ്പക്ഷിയെ ബ്രിട്ടീഷുകാർ പിടികൂടി.

കുതിരപ്പക്ഷിയെ തൂക്കിക്കൊല്ലാനാണ് വിധിച്ചത്. കുതിരപ്പക്ഷിയുടെ വൃദ്ധമാതാവ് ഇടപ്പള്ളി രാജാവിന്റെ കാലു പിടിച്ചു കരഞ്ഞു. മകനെ രക്ഷിക്കാൻ എന്തുപായമെന്ന് രാജാവ് ആലോചിച്ചു. നേരെ വരാപ്പുഴ മെത്രാനെ സമീപിച്ചു. മെത്രാൻ ബ്രിട്ടീഷ് റസിഡന്റിന്റെ സ്യാലനായിരുന്നു. മെത്രാൻവഴി കാര്യം സാധിച്ചു. കുതിരപ്പക്ഷി രക്ഷപ്പെട്ടു. അതിനു പ്രത്യുപകരാമായി രാജാവ് ഇടപ്പള്ളി മുതൽ കിഴക്ക് പുഴവരെയുള്ള സ്ഥലങ്ങൾ ഇടപ്പള്ളി പള്ളിക്കു കരമൊഴിവായും ദാനമായും നൽകി എന്നു പറഞ്ഞു കേൾക്കുന്നു.

മാർത്താണ്ഡവർമ്മയും രാമവർമ്മയും സമീപരാജ്യങ്ങൾ ആക്രമിച്ചപ്പോൾ ഇടപ്പള്ളിയെ തൊട്ടില്ല. 19-ാം നൂറ്റാിന്റെ പൂർവ്വാർദ്ധംവരെ ഇടപ്പള്ളി രാജാക്കന്മാർക്കു പരമാധികാരം അനുവദിച്ചുപോന്നു. കരം പിരിഞ്ഞുകിട്ടാൻ വഴിയില്ലാതെ ഇടപ്പള്ളി രാജാവ് തിരുവിതാംകൂറിനെ സമീപിച്ചു. 1820-ൽ ഇടപ്പള്ളി കൊച്ചിയോടു ചേർക്കപ്പെട്ടിരുന്നു. 1825-ൽ തിരുവതാംകൂറിൽ ലയിച്ചു.

#### 9.5.11. നേർച്ചകൾ

പുമുതൽ കോഴിയെ നേർച്ചയായി കൊടുക്കുന്ന ഒരു പതിവു്. വി. ഗീവർഗീസിന്റെ ഈ ദേവാലയത്തിൽ കോഴിയെ നേർച്ചയായി നൽകിയാൽ പാമ്പിന്റെ ഉപദ്രവത്തിൽനിന്നും രക്ഷപ്പെടാം എന്നു ജനം വിശ്വസിക്കുന്നു.

സർപ്പദോഷം ഹൈന്ദവവിശ്വാസത്തിന്റെ ഭാഗമാണ്. സർപ്പദോഷത്തിൽനിന്നു രക്ഷപ്പെടാൻ വി. ഗീവർഗീസിന്റെ ദേവാലയത്തിൽ നേർച്ചകാഴ്ചകൾ നടത്തിയാൽ മതിയെന്നു വിശ്വസിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഉഗ്രമൂർത്തിയായ സർപ്പത്തെ (പിശാച്) നിഗ്രഹിക്കുന്ന വി. ഗീവർഗീസുമായി ബന്ധപ്പെട്ട ഐതിഹ്യവും ആ ചിത്രവുമായിരിക്കാം ഈ വിശ്വാസത്തിനു പിന്നിലുള്ളത്. വഴിപാടായി ലഭിക്കുന്ന കോഴികളെ ലേലം ചെയ്യുന്നു. തിരുനാളിൽ ലേലം ചെയ്യുന്ന കോഴികളെ പള്ളിക്കു സമീപമുള്ള വീടുകളിൽ പാകപ്പെടുത്തി ഒരു നേർച്ചപോലെ കഴിക്കുന്നവരും ധരാളമു്.

#### 9.5.12. കിണർ

പള്ളിക്കു വടക്കുവശത്തെ കിണറിലുള്ള വെള്ളത്തിനു രോഗശാന്തി നൽകാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ജനം ആ ജലം കുടിക്കുന്നതിനും തല കഴുകുന്നതിനും സർപ്പദോഷത്തിൽനിന്നും രക്ഷ നേടാൻ വീട്ടിലും പറമ്പിലും തളിക്കുന്നതിനും ഉപയോഗിക്കുന്നു. പള്ളിമുറ്റത്തുനിന്നും ശേഖരിക്കുന്ന മണ്ണും കിണറിലെ വെള്ളവും വൈദികരെക്കൊ് വെഞ്ചരിപ്പിച്ച് വീടിനു ചുറ്റും പറമ്പിലും തളിക്കുന്നവരുടെ എണ്ണവും കൂടിവരുന്നു. വഴിപാടായി കോഴിമുട്ടയും വെള്ളി, സ്വർണ്ണം, പിച്ചള എന്നിവയിൽ പണിതീർത്ത സർപ്പം, ആൾരൂപം, ആഭരണങ്ങൾ, ഓടുകൊുള്ള നിലവിളക്ക് എന്നിവയും ഇവിടെ നേർച്ചയായി ലഭിക്കുന്നു. പഴയതും പുതിയതുമായ വാഹനങ്ങൾ വെഞ്ചരിക്കുന്നതും ഇവിടത്തെ മറ്റൊരു പ്രത്യേകതയാണ്.

#### 9.5.13. അടിമ മുതലായവ

ഹൈന്ദവാചാരങ്ങളിൽനിന്നും ക്രൈസ്തവ ആചാരങ്ങളിലേക്ക് കയറിപ്പറ്റിയ വെടിനീർച്ച, ശൂലം എഴുന്നള്ളിക്കൽ, അടിമ (സമർപ്പണം) എന്നിവയും ഇവിടത്തെ മറ്റു പ്രധാന നേർച്ചക ളാണ്. മാസാദ്യവെള്ളികളിൽ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങ ളിൽനിന്നും ഇവിടെ ആയിരക്കണക്കിനു തീർത്ഥാടകരെത്തുന്നു.

## 9.6. വല്ലാർപാടം ബസലിക്ക - ദേശീയ തീർത്ഥാടനകേന്ദ്രം

### 9.6.1. വല്ലാർപാടം പള്ളി

കേരളത്തിന്റെ ലൂർദ്ദ് എന്നും മലയാളക്കരയിലെ വെളാങ്കണ്ണി എന്നും വിശേഷിപ്പിക്ക പ്പെടുന്ന ദക്ഷിണേന്ത്യയിലെ പ്രമുഖ തീർത്ഥാടനകേന്ദ്രമാണ് വല്ലാർപാടം. വിമോചകനാഥയുടെ ദൈവാലയം, വല്ലാർപാടം (Church of Our Lady of Ransom, Vallarpadam) എന്ന മേൽവിലാ സത്തിൽനിന്ന് വല്ലാർപാടത്തമ്മയുടെ ദേശീയ തീർത്ഥാടന ബസിലിക്ക (National Shrine Basilica of Our Lady of Vallarpadam) എന്ന മഹനീയ പദവിയിലേക്ക് ഈ ദൈവാലയം ഉയർന്നു. യാത്ര ചെയ്യുന്നവരുടെ പ്രത്യേക മദ്ധ്യസ്ഥയാണ് വല്ലാർപാടത്തമ്മ. പ്രത്യേകിച്ച് ജല യാത്രികരുടെ പ്രതികൂല കാലാവസ്ഥയിലും സാഹചര്യങ്ങളിലും അമ്മയുടെ സ്നേഹസാന്നിദ്ധ്യം അവരെ ശുഭപ്രതീക്ഷയുള്ളവരാക്കുന്നു.

കൊച്ചിക്കായലിൽ കൊച്ചിതുറമുഖത്തിനു വടക്കുഭാഗത്ത് മുളവുകാട് ദ്വീപിനും വൈപ്പിൻദ്വീപിനും ഇടയിലാണ് ഹരിതാഭമായ വല്ലാർപാടം ദ്വീപ്. ഗോശ്രീപാലങ്ങളിലൂടെ ഈ ദ്വീപ് എറണാകുളം നഗരവുമായി ബന്ധപ്പെട്ടിരിക്കുന്നു. എറണാകുളം നഗരമധ്യത്തിൽനിന്ന് വളരെവേഗം ഇന്ന് വല്ലാർപാടംപള്ളിയിൽ എത്തിച്ചേരാൻ സാധിക്കും. ആയിരത്തിഎണ്ണൂറോളം കുടുംബങ്ങളുള്ള, 3.964 കി. മീ.നീളവും 1.5 കി.മീ. വീതിയും ഏതാ് 6 ച.കി.മീ. മാത്രം വിസ്തീർണ്ണവുമുള്ള ഒരു കൊച്ചുദ്വീപാണ് വല്ലാർപാടം. ഇന്ന് വല്ലാർപാടം കയ്നർ ടെർമി നലിന്റെ നിർമ്മാണത്തിനായി കായൽ നികത്തിയെടുത്ത 386 ഹെക്ടർ ഭൂമിയും ദ്വീപിനോട് ചേർന്നു കിടക്കുന്നു.

#### 9.6.1.1. തീർത്ഥാടനകേന്ദ്രം

1888-ൽ ലിയോ 13-ാമൻ പാപ്പ ഈ ദൈവാലയത്തിലെ പ്രധാന അൾത്താരയെ ''Altare Privilagiatum' എന്ന പ്രത്യേക പദവിയിലേക്ക് ഉയർത്തി. ഇവിടെവന്ന് ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നവർക്ക് ഒരു പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നു. ഇപ്രകാരം തങ്ങളുടെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനും ദൈവസാന്നിദ്ധ്യാനുഭവത്തിനും വല്ലാർപാടത്തേക്കുള്ള തീർത്ഥാടനം ഹേതുവാകുന്നു. വല്ലാർപാടത്തമ്മയുടെ ഈ ദൈവാലയത്തിന് ജനങ്ങളിലും സമൂ ഹത്തിലും ഉായിരുന്ന മഹനീയസ്ഥാനം മനസ്സിലാക്കി 1951-ൽ ഭാരതസർക്കാർ ഈ ദൈവാ ലയത്തെ 'വലിയതീർത്ഥാടനകേന്ദ്ര'(Major Pilgrim Centre)മായി പ്രഖ്യാപിച്ചു. സ്വതന്ത്ര ഇന്ത്യാ റിപ്പബ്ലിക്കിന്റെ ആദ്യ ഗവണ്മെന്റാണ് ഇപ്രകാരം നടപടിയെടുത്തത്. 2004 സെപ്തംബർ 12-ാം തീയതി ഈ ദൈവാലയത്തെ ഒരു 'ദേശീയതീർത്ഥാടനകേന്ദ്രം' (National Shrine) ആക്കി CBCI ഉയർത്തി.

ഒരു തീർത്ഥാടനകേന്ദ്രത്തിനു ലഭിക്കാവുന്ന പരമോന്നത കാനോനികപദവിയായ മൈനർ ബസിലിക്കയായി ജോൺപോൾ രാമൻ മാർപാപ്പാ 2004 ഡിസംബർ ഒന്നിന് ഈ ദൈവാലയത്തെ പ്രഖ്യാപിച്ചു.

**9.6.1.2. വല്ലാർപാടത്തെ ആദ്യദൈവാലയം**

ജെ. എഫ്.റോളിന്റെ Ecclesia Malabaricae cum Diamperitana Synodo (1745)-ൽ ഉദയംപേരൂർ സൂനഹദോസ് നടത്തപ്പെട്ട കാലത്ത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ 128 പള്ളികൾ ഉായിരുന്നു എന്നും അവയിൽ 15 പള്ളികൾ പോർത്തുഗീസുകാരുടെ വരവിനുശേഷം ലത്തീൻരീതി അനുസരിച്ചു വരുന്നു എന്നും പറയുന്നു. ഈ പതിനഞ്ച് പള്ളികളിൽ വല്ലാർപാടവും ഉൾപ്പെടുന്നു എന്നു കരുതപ്പെടുന്നു. വല്ലാർപാടത്തെ ഈ ആദ്യത്തെപള്ളി എന്നാണു പണികഴിപ്പിച്ചതെന്ന് വ്യക്തമായി സ്ഥാപിക്കാൻ രേഖകളില്ല. രേഖകളുയിരുന്നത് 1341-ലെയും 1676-ലെയും വെള്ളപ്പൊക്കത്തിൽ നഷ്ടമാവുകയായിരുന്നു. പരിശുദ്ധാത്മാവിന്റെ നാമത്തിലായിരുന്നു ഈ ദേവാലയം സ്ഥാപിതമായത്. തിരുസഭയുടെ ഔദ്യോഗിക ഉൽഘാടന മഹോത്സവമായ പെന്തക്കുസ്താ തിരുനാളിൽ വല്ലാർപാടത്തെ ആദ്യപള്ളി ആശീർവദിക്കപ്പെട്ടു. പരിശുദ്ധാരൂപിയുടെ പള്ളി വല്ലാർപാടം എന്ന് നാമകരണം ചെയ്യപ്പെട്ടു. പരിശുദ്ധാരൂപിയുടെ നാമത്തിൽ ഏഷ്യയിലെ ആദ്യദൈവാലയമാണ് വല്ലാർപാടത്തെ ഈ പഴയപള്ളി. വല്ലാർപാടത്ത് ഇപ്പോഴുള്ള ദൈവാലയത്തിന്റെ തെക്കുകിഴക്കേ മൂലയിൽ ഏതാ് 700 മീറ്റർ അകലെ ഇപ്പോൾ വല്ലാർപാടം പനമ്പുകാട് റോഡ് ഗോശ്രീ റോഡിൽനിന്ന് ആരംഭിക്കുന്നിടത്ത് കിഴക്കുവശത്തായിരുന്നു ഈ പഴയപള്ളിയുടെ സ്ഥാനം. പഴയപള്ളിക്കൽ എന്നു വീട്ടുപേരുള്ള കുടുംബക്കാരുടെ തെക്കുപടിഞ്ഞാറ് ഭാഗത്തായി കായലായിത്തീർന്നതും എന്നാലിപ്പോൾ നികത്തി റോഡായി മാറ്റിയതുമായ സ്ഥലത്തായിരുന്നു ഈ പള്ളി എന്നാണ് വല്ലാർപാടത്തെ കാരണവന്മാരുടെ അഭിപ്രായം. പരിശുദ്ധാരൂപിയുടെ നാമത്തിൽ സ്ഥാപിതമായ ഈ പള്ളി വെള്ളപ്പൊക്കത്തിൽ നശിച്ചുപോയെങ്കിലും ഇന്നും വല്ലാർപാടം പള്ളിയിൽ പരിശുദ്ധാരൂപിയുടെ തിരുനാൾ, പെന്തക്കുസ്താ മഹോത്സവം, വലിയ ആഘോഷത്തോടെയാണ് നടത്തപ്പെടുന്നത്.

**9.6.1.3. വല്ലാർപാടവും പോർച്ചുഗീസുകാരും**

സാമ്രാജ്യസ്ഥാപകരെന്നതിനെക്കാൾ മികച്ച ദേവാലയസ്ഥാപകരായിരുന്നു പോർത്തുഗീസുകാരെന്ന് ചില ഇംഗ്ലീഷ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടു്. അവർ രുമായിരുന്നു എന്നതാണു സത്യം. നൂറ്റാുകൾ കഴിഞ്ഞപ്പോൾ അവർക്ക് അവരുടെ കോളനികൾ നഷ്ടമായി. എന്നാൽ അവർ സ്ഥാപിച്ച ദേവാലയങ്ങൾ അവരുടെ വിശ്വാസം തലമുറകൾക്കു പകർന്നു കൊടുത്തുകൊ് ഇന്നും ഉയർന്നു നിൽക്കുന്നു. അതിൽ പ്രസിദ്ധമായ ദേവാലയങ്ങളിൽ ഒന്നാണ് വല്ലാർപാടം. നെസ്തോറിയൻ പാഷണ്ഡതയാൽ വികലമായതെന്നു പോർത്തുഗീസുകാർ കരുതിയ കേരളക്രൈസ്തവരുടെ 'വികലമായ വിശ്വാസവും ദോഷങ്ങളും' പരിഹരിക്കാൻ അവർ കത്തെിയ മാർഗം മരിയഭക്തി പ്രചരിപ്പിക്കുകയും കഴിയുന്നത്ര പേരെ ലത്തീൻ റീത്തിൽ ചേർക്കുകയുമായിരുന്നു. അങ്ങനെ മറ്റ് ക്രിസ്ത്യൻ കേന്ദ്രങ്ങളോടൊപ്പം വല്ലാർപാടവും പൂർണ്ണമായും പോർത്തുഗീസുകാരുടെ സംരക്ഷണയിലായി.

വല്ലാർപാടത്ത് അവർ ആദ്യമായി ചെയ്തത് ആകെ ജീർണ്ണിച്ചിരുന്ന പഴയപള്ളി പൊളിച്ച് പൂർണ്ണമായും നവീകരിക്കുക എന്നതാണ്. ദിവ്യപൂജയ്ക്കും മറ്റു മതകർമ്മങ്ങൾക്കും ഉപയോഗിച്ചു വന്ന പഴയതും വിലകുറഞ്ഞതുമായ തിരുവസ്ത്രങ്ങൾ മാറ്റി പുതിയതും വിലപിടിച്ചതും

മനോഹരവുമായ പാശ്ചാത്യരീതിയിലുള്ള തിരുവസ്ത്രങ്ങൾ യൂറോപ്പിൽനിന്ന് വരുത്തി ഉപയോഗിക്കാൻ ആരംഭിച്ചു. പലതരത്തിലുള്ള വിളക്കുകൾ, പരവതാനികൾ, പള്ളിയിൽ ഉപയോഗിക്കാനുള്ള ഒട്ടുമിക്ക സാധനങ്ങൾ എന്നിവയും പുതുതായി വരുത്തി.

വിശ്വാസകാര്യങ്ങളിൽ ഒട്ടും കുറവുവരാതിരിക്കാനായി പോർത്തുഗീസ് രാജാവിന്റെ അനുമതിയോടെയും സ്ഥലത്തെ മെത്രാനായ അബുന യാക്കോബ് പിതാവിന്റെ അംഗീകാരത്തോടെയും സ്വന്തം വൈദികരെ ഇവിടെ നിയമിച്ചു. പോർത്തുഗീസ് ഭടന്മാരുടെയും ഒപ്പം നാട്ടുക്രിസ്ത്യാനികളുടെയും വിശ്വാസപരമായ കാര്യങ്ങൾക്ക് യാതൊരു ഭംഗവും വരാതിരിക്കാനാണ് ഇപ്രകാരം ചെയ്തത്. ജ്ഞാനസ്നാനം തുടങ്ങിയ കൂദാശകൾ നല്കുമ്പോൾ പഴയ പതിവനുസരിച്ച് ജനങ്ങളോട് പണമായൊന്നും വാങ്ങാതിരിക്കേതിന് പോർത്തുഗീസുകാർ വാങ്ങിയ സ്ഥലത്ത് പഞ്ഞിക്കാട് എന്ന നിലത്തിലെ ആദായത്തിൽ ഒരോഹരി വൈദികന്റെ നിത്യവൃത്തിക്കായി നൽകണമെന്നും വ്യവസ്ഥ ചെയ്തു. ഇപ്രകാരം വല്ലാർപാടത്തും മറ്റു സ്ഥലങ്ങളിലും ക്രിസ്തീയവിശ്വാസത്തിന് ഒരു പുതുജീവൻ കൈവന്നു. ഈ പുതുജീവൻ ഏറ്റവുമധികം ഓജസ്സു പകർന്നത് മരിയഭക്തിക്കാണ്. പോർത്തുഗീസ് ജനതയാകമാനവും, നാവികർ പ്രത്യേകിച്ചും, കാത്തുപാലിച്ചുപോന്ന ഈ പ്രത്യേക ഭക്തി കേരളത്തിലെ തദ്ദേശീയ ക്രിസ്ത്യാനികളും ഉത്സാഹത്തോടെ സ്വീകരിച്ചു. അടുത്ത വരവിൽ പോർത്തുഗീസുകാർ സ്വദേശത്തുനിന്ന് മാതാവിന്റെ ചിത്രത്തിന്റെ ഏഴ് പ്രതികളാണ് കൊുവന്നത്. അവയിൽ ഏറ്റം മനോഹരമായത് വല്ലാർപാടംപള്ളിയിൽ സ്ഥാപിച്ചു. ആ ചിത്രംതന്നെയാണ് വല്ലാർപാടം പള്ളിയിൽ മുഖ്യ അൾത്താരയിൽ ഇന്നും വണങ്ങപ്പെടുന്നത്.

### 9.6.1.4. 1676-ലെ വെള്ളപ്പൊക്കം - ദൈവാലയനാശം

17-ാം നൂറ്റാിന്റെ ആദ്യപകുതിയിൽ കൊച്ചി വെറുമൊരു കൊച്ചഴിമാത്രമായിരുന്നു. അനേകം ചെറുതോടുകളും കുറച്ച് ചെറുപുഴകളുമുള്ള ഒരു കൊച്ചുകായൽ തടാകം എന്നു വേണമെങ്കിൽ വിളിക്കാം. 1341-ൽ ഉായ ഒരു വെള്ളപ്പൊക്കം തീർത്ത ഈ കൊച്ചഴി ഒരു ഒന്നാംകിട തുറമുഖവും നിരവധി അഭിവൃദ്ധികൾക്കു നിദാനവും ആക്കിത്തീർക്കാൻ, വിശാല കൊച്ചിക്കായലാക്കിത്തീർക്കാൻ 1676-ലെ മഹാവെള്ളപ്പൊക്കം കാരണമായി.

വെള്ളപ്പൊക്കത്തിന്റെ ഫലമായി ചെറുതോടുകളും പുഴകളും വിസ്തൃതമായി ഒരു വൻ കായലായിത്തീർന്നു. ഈ വെള്ളപ്പൊക്കത്തിൽ വല്ലാർപാടം ദൈവാലയവും വീണുപോയി. പള്ളി നിന്നിരുന്ന സ്ഥലമെല്ലാം ആഴമുള്ള കായലായിത്തീർന്നു. അമ്മയുടെ അത്ഭുതചിത്രവും മറ്റനേകം വിലപിടിച്ച രേഖകളും മറ്റും ഒഴുകിപ്പോയി. രാത്രിയിലുായ ഈ വെള്ളപ്പൊക്കത്തിൽ പേടിച്ചരണ്ട ജനങ്ങളെല്ലാം പ്രാണരക്ഷാർത്ഥം നാനാദിക്കിലേക്കും ഓടി. രാത്രിയായിരുന്നതിനാൽ വെള്ളപ്പൊക്കത്തിന്റെ ഭയാനകത മനസ്സിലാക്കാൻ നന്നേ സമയമെടുത്തു. ഭക്തജനങ്ങൾ പ്രാണതുല്യം കരുതിയിരുന്ന ദൈവജനനിയുടെ തിരുചിത്രംപോലും രക്ഷപ്പെടുത്തിയെടുക്കാൻ സാധിച്ചില്ല. കായലിലെ മൂന്നു ദിവസത്തെ അന്വേഷണം വിഫലമായി.

### 9.6.1.5. വല്ലാർപാടത്തമ്മയും പാലിയത്തച്ചനും

1676-ലെ വെള്ളപ്പൊക്കസമയത്ത് കൊച്ചിരാജ്യത്തിന്റെ പ്രധാനമന്ത്രി കോമി (കോമ്പി)എന്നറിയപ്പെട്ടിരുന്ന പാലിയത്ത് രാമൻ വലിയച്ചനായിരുന്നു. അദ്ദേഹം കൊച്ചിയിൽനിന്ന് ചേന്ദമംഗലത്തേക്ക് കായലിലൂടെ പോകുംവഴി അത്ഭുതകരമായ പ്രഭാപൂരം വിതറിക്കൊ് എന്തോ ഒന്ന് കയൽപ്പരപ്പിൽ ഒഴുകി നടക്കുന്നത് കു. വിസ്മയപൂരിതനായ അദ്ദേഹം അതെ

ന്താണെന്നറിയാൻ വള്ളം അതിനടുത്തേക്ക് കൊുചെല്ലാൻ തുഴക്കാരോടു കൽപ്പിച്ചു. അതൊരു ചിത്രമാണെന്നുക് അതെടുക്കുവാൻ അദ്ദേഹം തുഴക്കാരോടു പറഞ്ഞു. തുഴക്കാർ വള്ളമടുപ്പിച്ച് എത്ര പരിശ്രമിച്ചിട്ടും അതെടുക്കാൻ സാധിച്ചില്ല. ഇതുക് ????????? കരമായി അദ്ദേഹത്തിന് എടുക്കാൻ സാധിക്കുകയും ചെയ്തു.

വെള്ളത്തിൽനിന്ന് ആ ചിത്രം എടുത്ത വലിയച്ചനെ അത്ഭുതപ്പെടുത്തിയ മറ്റൊന്ന്, ആ ചിത്രത്തിന് അല്പംപോലും നനവ് പറ്റിയിരുന്നില്ല എന്നതാണ്. കരയ്ക്കിറങ്ങിത്തിരക്കിയ വലിയച്ചൻ ആ തിരുചിത്രം വല്ലാർപാടം പള്ളിയിൽ സ്ഥാപിതമായിരുന്നതാണെന്നും വെള്ളപ്പൊക്കത്തിൽ പള്ളി മുഴുവനായി ഒഴുകിപ്പോയ അവസരത്തിൽ നഷ്ടപ്പെട്ടതാണെന്നും ബോധ്യപ്പെട്ടു. ജനങ്ങളുടെ നിരന്തരപ്രാർത്ഥനയുടെ ഫലമായാണ് ആ തിരുചിത്രം തന്നാൽ വീടെടുക്കപ്പെട്ടതെന്നും അദ്ദേഹം മനസ്സിലാക്കി. വല്ലാർപാടത്ത് ഈ ചിത്രം സ്ഥാപിക്കാൻ ഒരു പുതിയ പള്ളി തന്നെ ആവശ്യമാണെന്ന് വലിയച്ചനു മനസ്സിലായി. പുതിയപള്ളി പണിയുന്നതിനായി തന്റെതന്നെ കൈവശമായിരുന്ന കമ്പഞ്ഞിക്കാട് എന്ന സ്ഥലം കരമൊഴിവാക്കി അദ്ദേഹം നല്കി. അവിടെ പള്ളി പണിയുന്നതിനുള്ള അനുവാദം നല്കുകയും സ്ഥലത്തിൽനിന്നുള്ള ആദായം പള്ളിക്കാര്യങ്ങൾക്കുള്ളതാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തു. ആ സ്ഥലത്ത് പനമ്പ് കെട്ടി ഒരു പള്ളി താൽകാലികമായി പണിതീർത്തു. വലിയച്ചൻ അവർക്കായി വീടെടുത്തു കൊുവന്ന ആ തിരുചിത്രം വികാരി ഏറ്റുവാങ്ങി. പിന്നീട് എല്ലാവരുടെയും അകമ്പടിയോടെ പ്രദക്ഷിണമായി വന്ന് ആ വിശിഷ്ടചിത്രം പുതുതായി നിർമ്മിച്ച പനമ്പുപള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു. പനമ്പുകൊട്ടിമറച്ച പള്ളിയായിരുന്നതിനാലായിക്കണം ഈ പള്ളിയെ 'പനമ്പുപള്ളി' എന്ന് പറഞ്ഞുവന്നിരുന്നത്. തീർത്ഥാടകരുടെ എണ്ണം കാലക്രമേണ അധികമായിക്കൊയേിരുന്നു, നേർച്ച കാഴ്ചകളും അവയും പോരാതെവന്നപ്പോൾ കരംപിരിവ് നടത്തിയും മറ്റും ഉചിതമായ പുതിയ ഒരാലയം പണിയുന്നതിന് പരിശ്രമിച്ചു. അധികകാലം കഴിയും മുമ്പേ അത് സാധിതമായി.

പോർത്തുഗീസ് വാസ്തുവിദ്യയുടെ ഉത്തമോദാഹരണമായിരുന്നു ആ ദൈവാലയം. ഇന്നത്തെ സിമിത്തേരി സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ഇതു പണിയിച്ചത്. ആ ദൈവാലയത്തിന്റെ ആശീർവാദകർമ്മത്തിൽ പാലിയത്തച്ചൻ സന്നിഹിതനായിരുന്നു. മാതാവിനോടുള്ള തന്റെ ഭക്തിയുടെ അടയാളമെന്നോണം അദ്ദേഹം അമ്മയുടെ മുമ്പിൽ കത്തിച്ചു സൂക്ഷിക്കാനുള്ള ഒരു കെടാവിളക്ക് നല്കുകയുായി. കെടാവിളക്കിൽ ഉപയോഗിക്കാനുള്ള എണ്ണ എന്നേക്കും തന്റെ കൊട്ടാരത്തിൽനിന്ന് സൗജന്യമായി നല്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. 1947-ൽ ഇന്ത്യ സ്വതന്ത്രയാകുന്നതുവരെ പാലിയത്തച്ചന്മാരുടെ ആസ്ഥാനമായ ചേന്ദമംഗലത്തുനിന്ന് വല്ലാർപാടം പള്ളിക്ക് സൗജന്യമായി എണ്ണ ലഭിച്ചിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ ഭരണം ഗവണ്മെന്റ് ഏറ്റെടുത്തു. അതോടുകൂടെ എണ്ണ നല്കുന്ന പതിവും നിന്നുപോയി. എന്നാൽ 1994 സെപ്തംബർ 23-ാം തീയതി പാലിയം കുടുംബവും വല്ലാർപാടംപള്ളിയും തമ്മിലുള്ള ആത്മബന്ധം പുതുക്കുകയും പാലിയം കുടുംബാംഗങ്ങൾ വല്ലാർപാടം പള്ളിയിൽ വരികയും ചെയ്തു. ഉജ്ജ്വലമായ ഒരു വരവേല്പാണ് വല്ലാർപാടം പള്ളിയിൽ അവർക്കു ലഭിച്ചത്. 1676-ൽ കോമിയച്ചൻ നല്കിയ കെടാവിളക്കിൽ അവർ വീും എണ്ണയൊഴിച്ച് ദീപം തെളിച്ചു.

**9.6.1.6. മീനാക്ഷിയമ്മയും കുഞ്ഞും - അടിമസർപ്പണത്തിന്റെ ആരംഭം**

1752 മെയ് 23-ന് നടന്ന ഒരു അത്ഭുതസംഭവമാണ് സംക്ഷിപ്തമായി വിവരിക്കുന്നത്.

മട്ടാഞ്ചേരിയിൽ താമസിച്ചിരുന്ന പ്രൗഢ നായർകുടുംബമാണ് പള്ളിയിൽ വീട്ടുകാർ.

സമീപദേശങ്ങളിലേക്ക് മാറി താമസിച്ച ഇവർ മതപരമായ ചടങ്ങുകൾക്ക് മട്ടാഞ്ചേരിയിൽ കുടുംബക്ഷേത്രത്തിലാണ് പൊയ്ക്കൊിരുന്നത്. വല്ലാർപാടത്തു താമസമാക്കിയ പള്ളിയിൽ വീട്ടിലെ കാവു എന്ന മീനാക്ഷിയമ്മ തന്റെ കുഞ്ഞിന്റെ ചോറൂട്ടിനായി ബന്ധുക്കളോടൊപ്പം വഞ്ചിയിൽ മട്ടാഞ്ചേരിയിലേക്ക് പോകുന്നു. വൈകിട്ട് 4 മണിയോടെ രാമൻതുരുത്തിനടുത്ത് ആഴമേറിയ കായലിൽ കാറ്റിൽപെട്ട് വഞ്ചി മറിഞ്ഞു. മീനാക്ഷിയമ്മയും കുഞ്ഞുമൊഴികെ മറ്റെല്ലാവരും രക്ഷപ്പെട്ടു. രക്ഷാപ്രവർത്തനങ്ങൾ വിഫലമായി.

അന്നു രാത്രി വല്ലാർപാടംപള്ളി വികാരിക്ക് സ്വപ്നത്തിൽ വല്ലാർപാടത്തമ്മ പ്രത്യക്ഷപ്പെട്ട് കായലിൽപെട്ട അമ്മയെയും കുഞ്ഞിനെയും രക്ഷിക്കണമെന്നു പറയുന്നു. സ്വപ്നമെന്ന ചിന്തയിൽ അദ്ദേഹം അതവഗണിച്ചു. രാം ദിവസത്തെ രക്ഷാപ്രവർത്തനങ്ങളും ഫലം കില്ല. തന്റെ ആജ്ഞ അനുസരിക്കാത്തതിൽ ദുഃഖിതയായ അമ്മ അന്നു രാത്രിയിലും സ്വപ്നത്തിൽ അച്ചനോട് അവരെ രക്ഷപ്പെടുത്തിയേ പറ്റൂ എന്നു പറഞ്ഞു. പിറ്റേന്ന് അദ്ദേഹം ആളെക്കൂട്ടി കായലിന്റെ നാനാഭാഗങ്ങളിലും വലയെറിഞ്ഞു. നിരാശരായ അവർ അവസാനശ്രമം എന്ന നിലയിൽ കായലിൽ വഞ്ചി മറിഞ്ഞ സ്ഥലത്ത് വീും വലയെറിഞ്ഞപ്പോൾ അമ്മയേയും കുഞ്ഞിനെയും കായൽത്തട്ടിൽനിന്ന് കിട്ടി. വഞ്ചി മറിയുമ്പോൾ “എന്റെ വല്ലാർപാടത്തമ്മേ രക്ഷിക്കണേ” എന്ന് കരഞ്ഞുവിളിച്ചാണ് മീനാക്ഷിയമ്മ കായലിൽ വീണത്. രക്ഷപ്പെട്ട അവർ കുഞ്ഞിനെ മാറോടടുക്കി കരഞ്ഞു കൊോടി വല്ലാർപാടത്തമ്മയുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. ഇന്നു മുതൽ ഞാനും കുഞ്ഞും അമ്മയുടെ അടിമകളായി ജീവിച്ചു കൊള്ളാം എന്ന് പ്രതിജ്ഞ ചെയ്തു. “കായലിനടിയിൽ ഉദ്യാനസദൃശമായ ഒരിടത്ത് പ്രഭാപൂരിതനായ മകനെ കൈകളിലേന്തി നിൽക്കുന്ന ഒരമ്മയൊടൊപ്പമായിരുന്നു ഞങ്ങൾ” എന്നാണവർ പറഞ്ഞത്.

മീനാക്ഷിയമ്മയുടെ ആഗ്രഹമനുസരിച്ച് ഇരുവരെയും അവർ ദൈവമാതാവിന് അടിമകളായി പ്രതിഷ്ഠിച്ചു. അന്നത്തെ ഇടവകവികാരിക്കും ജനങ്ങൾക്കും അവരെ ഏൽപിച്ച് സന്തോഷമായി എല്ലാവരും പിരിഞ്ഞു. വീട്ടുകാരെല്ലാം പിന്നീട് പള്ളിയിൽ വന്നാണ് അവരെ സന്ദർശിച്ചത്. അപകടസമയത്ത് താൻ ചെയ്ത വാഗ്ദാനം സസന്തോഷം പാലിച്ചുകൊ് അവർ പള്ളിവളപ്പിൽത്തന്നെ ഒരു കുടിൽകെട്ടി താമസിച്ചു. അധികം താമസിയാതെതന്നെ ജ്ഞാനസ്നാനത്തിനുവേ അറിവുകൾ നേടി. വല്ലാർപാടം പള്ളിയിൽ വച്ചുതന്നെ ജ്ഞാനസ്നാനം സ്വീകരിച്ചു. മാതാവിൽനിന്നു ലഭിച്ച പുതിയ ജീവന് നന്ദിയെന്നോണം തന്റെ പുതുജീവിതത്തിൽ മറിയം എന്ന പേരാണ് മീനാക്ഷിയമ്മ സ്വീകരിച്ചത്. കുഞ്ഞിന് യേശുദാസനെന്ന് പേരും നല്കി.

രാവിലേയും വൈകുന്നേരവും അവർ ചൂലുകൊ് പള്ളിയും പരിസരവും വൃത്തിയാക്കിയിരുന്നു. കുർബാനയിൽ ഏറ്റവും ഭയഭക്തിയോടെ പങ്കെടുത്തും ബാക്കി സമയം ക്രിസ്തുനാഥനെ ആരാധിച്ചും അവിടത്തെ അമ്മയായ പരിശുദ്ധ മറിയത്തെ വാഴ്ത്തി സ്തുതിച്ചും സകലർക്കും വേി പ്രാർത്ഥിച്ചുംകൊ് അമ്മയുടെ ദാസരായി, അടിമകളായി ജീവിച്ചു. വല്ലാർപാടം പള്ളിയിലെ പ്രസിദ്ധമായ അടിമ സമർപ്പണത്തിന്റെ ആരംഭം ഈ സംഭവത്തോടുകൂടെയാണ്. മാതാവിനെ പ്രത്യക്ഷമായിക്ക ഒരു പുണ്യവതി ആയാണവരെ ജനങ്ങൾ കിരുന്നത്. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ യേശുദാസൻ മരണമടഞ്ഞു. എന്നാൽ മീനാക്ഷി, മറിയം മാതാവിന്റെ അപദാനങ്ങൾ പാടിക്കൊും ദൈവാലയത്തിന്റെ മുറ്റമടിച്ചും മറ്റു ശുശ്രൂഷകൾ ചെയ്തും സസന്തോഷം പുണ്യജീവിതം തുടർന്നു. പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളതുപോലെ 72-ാം വയസ്സിൽ മരണമടഞ്ഞു.

### 9.6.2. ബസിലിക്കയായി ഉയർത്തപ്പെടുന്നു

ബസിലിക്ക ആയി ഉയർത്തപ്പെടുക എന്നതാണ് ഒരു ക്രൈസ്തവദൈവാലയത്തിനു നേടാവുന്ന ഏറ്റവും ഉയർന്ന കാനോനിക പദവി. 'രാജകീയമായത്' എന്നതാണ് ബസിലിക്ക എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. കാലക്രമേണ വിശാലവും അതിമനോഹരവുമായ ഹാൾ എന്നതായി ഇതിന്റെ അർത്ഥം. പുരാതനകാലത്ത് നിയമപരവും ഭരണപരവുമായ കാര്യങ്ങൾക്കായി വാസ്തുശില്പകലാമേന്മയേറിയതും വിശാലവുമായ ഹാളുകൾ നിർമ്മിച്ചിരുന്നു. ഗ്രീക്ക് സുവർണ്ണകാലത്താണ് ഈ പ്രവണത ആദ്യമായി കാണുക. 'ബസിലിക്ക പോർച്ചിയ' ആണ് ആദ്യത്തെ ബസിലിക്ക എന്നു പറയാം. നൂറ്റാുകളിലേക്ക് ഈ പ്രവണത നീു. നമ്മുടെ നാട്ടിലെ ഡർബാർഹാളുകളോടു സമാനമാണ് ബസിലിക്കകൾ. ഇന്ത്യയിൽ ആകെ 15 മൈനർ ബസിലിക്കകളാണുള്ളത്. ഇതിൽ വല്ലാർപാടം മാത്രമാണ് ദേശീയതീർത്ഥാടനകേന്ദ്രവും ബസിലിക്കയുമായുള്ളത്.

### 9.6.3. ജലയാത്രികരുടെ മദ്ധ്യസ്ഥ

വല്ലാർപാടത്തമ്മയുടെ ദൈവാലയം കൊച്ചിക്കായലിലെ ഒരു ദ്വീപിലാണ്. ചുറ്റുമുള്ള കായലിലൂടെ ചെറുതും വലുതുമായ ജലയാനങ്ങളിൽ അനേകംപേർ യാത്രചെയ്യുന്നു. ആഴമേറിയതും വിസ്തൃതവുമായ ഈ കായലിൽ അപകടസാധ്യതയും ഏറുമല്ലോ. ഇത്തരമൊരവസ്ഥയിൽ വല്ലാർപാടത്തമ്മയുടെ മാധ്യസ്ഥ്യം കൂടുതലായി അപേക്ഷിക്കുന്നവരും ജലയാത്രികരാണ്. അതിനാലാണ് ജലയാത്രികരുടെ മാദ്ധ്യസ്ഥയായി വല്ലാർപാടത്തമ്മ വണങ്ങപ്പെട്ടുവരുന്നത്. വിദൂരയാത്രയ്ക്കായി ജലയാനങ്ങളിൽ കയറുന്നവർ 'വല്ലാർപാടത്തമ്മേ' എന്നു വിളിച്ചുകൊാണ് യാത്രയാരംഭിക്കുക. മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വഞ്ചിയും വലയുമെല്ലാം വല്ലാർപാടം ബസിലിക്കയിൽ കൊുവന്ന് ആശീർവദിച്ചിട്ടേ മത്സ്യബന്ധനത്തിനിറങ്ങാറുള്ളൂ. കേരളത്തിലെയും ദക്ഷിണ തമിഴ്നാട്ടിലെയും ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും വർഷത്തിലൊരിക്കലെങ്കിലും വല്ലാർപാടത്തമ്മയുടെ മദ്ധ്യസ്ഥത തേടിവരാറു്. ഗോശ്രീ പാലങ്ങളുടെ പൂർത്തീകരണത്തോടെ കരവാഹനങ്ങൾ വല്ലാർപാടത്തുകൊുവന്ന് വെഞ്ചരിപ്പിച്ചാൽ വല്ലാർപാടത്തമ്മയുടെ പ്രത്യേക സംരക്ഷണം ഉാകും എന്ന വിശ്വാസം വളരെ ദൃഢമാണ്.

### 9.6.4. വല്ലാർപാടം ബസിലിക്കയിലെ പ്രധാന വഴിപാടുകൾ

#### 9.6.4.1. അടിമ സമർപ്പണം

1752-ൽ മീനാക്ഷിയമ്മയും കുഞ്ഞും കായലിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടതിനു പ്രതിനന്ദിയായി സ്വയം തങ്ങളെത്തന്നെ മാതാവിന്റെ ദാസിയും ദാസനുമായി സമർപ്പിച്ചു. അതനുസരിച്ച് ജീവിച്ചു. ഇന്നും ജനലക്ഷങ്ങൾ ഇത് തുടരുന്നു. അടിമസമർപ്പണം നടക്കാത്ത ഒറ്റ ദിവസംപോലും വല്ലാർപാടം ബസിലിക്കയിൽ ഉായിട്ടില്ല. മഴയത്തും വെയിലത്തും വിദൂരസ്ഥലങ്ങളിൽപോലും ദിവസേന ഇവിടെ എത്തിച്ചേരുന്നു. അടിമസമർപ്പിക്കാനുള്ളവർ വൈദികരുടെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നു. വൈദികർ അർത്ഥിയുടെ തലയിൽ കൈവച്ച് അവരുടെ ജീവിതസമർപ്പണത്തെ ദൈവത്തിന് സമർപ്പിക്കുന്നു. തീർത്ഥം തളിച്ച് അവരെ വല്ലാർപാടത്തമ്മയുടെ ദാസൻ/ദാസിയായി സ്ഥിരീകരിച്ചനുഗ്രഹിക്കുന്നു.

വല്ലാർപാടത്തമ്മയ്ക്ക് അടിമസമർപ്പണം ധനിക-ദരിദ്രഭേദമില്ലാതെ ഒരുപോലെ ചെയ്യുന്ന ഒരു ഭക്തകൃത്യമാണ്. എന്നാൽ ഇന്ന് അതിന്റെ പൂർണ്ണതയിൽ വളരെകുറച്ചുപേരേ ഈ നേർച്ച കഴിക്കാറുള്ളൂ.

### 9.6.4.2. പള്ളിയും മുറ്റവും അടിച്ചു വൃത്തിയാക്കൽ

വല്ലാർപാടത്തമ്മയുടെ അടിമകളായി സ്വയം സമർപ്പിച്ച മീനാക്ഷിയമ്മയും കുഞ്ഞും പള്ളിയും പരിസരവും ചൂലുകൊടിച്ച് വൃത്തിയായി സൂക്ഷിച്ചിരുന്നു. ഇന്നും വിദൂരങ്ങളിൽനിന്നുപോലും വരുന്ന ഭക്തർ അടിമസമർപ്പണത്തിനുശേഷം, തങ്ങൾ കൊുവരുന്ന ചൂല് ഉപയോഗിച്ച് പള്ളിയും പരിസരവും അടിച്ച് വൃത്തിയാക്കുന്നു. "ആത്മീയവും ഭൗതികവുമായ ജീവിതത്തിൽനിന്ന് മാലിന്യങ്ങൾ നീക്കിത്തരണമേ" എന്ന പ്രാർത്ഥനയോടെയാണ് പള്ളിയും മുറ്റവും അടിച്ചു വൃത്തിയാക്കുന്ന ഈ നേർച്ച നടത്തുക.

### 9.6.4.3. ബോട്ട്, വഞ്ചി, വലകൾ എന്നിവയുടെ ആശീർവാദം

പുരാതനകാലം മുതൽക്കേ പുതിയ വഞ്ചി, വള്ളം എന്നിവയുടെ കന്നിയാത്ര വല്ലാർപാടത്തേക്കായിരുന്നു. ഇവിടെ വന്ന് അവ വെഞ്ചരിപ്പിച്ച് അമ്മയ്ക്ക് അടിമ സമർപ്പണവും നടത്തിയതിനുശേഷമാണ് അവ ആവശ്യങ്ങൾക്കായി ഉപയോഗിക്കുക. മത്സ്യബന്ധനത്തിനു പോകുന്നവർ വലകൂടി കൊുവരും. അമ്മ അവരെ സകലവിപത്തുകളിൽനിന്നു സംരക്ഷിക്കുമെന്നും സമൃദ്ധമായ മത്സ്യബന്ധനസൗകര്യം ഒരുക്കുമെന്നുമാണ് അനുഭവസാക്ഷ്യം. കേരളത്തിന്റെയും തമിഴ്നാടിന്റെയും തീരപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ മത്സ്യബന്ധനക്കാരും മറ്റ് തൊഴിലാളികളും ആദ്യദിനം മാത്രമല്ല വർഷത്തിലൊരിക്കലെങ്കിലും തങ്ങളുടെ ബോട്ടുകളും വഞ്ചികളും വലകളുമായി വന്ന് അവ വല്ലാർപാടത്തമ്മയ്ക്ക് സമർപ്പിച്ച് അനുഗ്രഹവും സംരക്ഷണവും യാചിക്കുന്നു. ഉല്ലാസനൗകകളും വല്ലാർപാടത്തമ്മയുടെ സംരക്ഷണം യാചിച്ച് ആശീർവദിക്കാൻ കൊുവരുന്നു.

### 9.6.4.4. ചോറൂട്ട്

മീനാക്ഷിയമ്മ തന്റെ മകന് ഒരു വയസ്സ് പൂർത്തിയാകയാൽ ചോറൂട്ടിനായി മട്ടാഞ്ചേരിയിലേക്കു പോകുംവഴിയാണ് അപകടത്തിൽപ്പെട്ടതും അത്ഭുതകരമായി രക്ഷിക്കപ്പെട്ടതും. വല്ലാർപാടത്തമ്മയുടെ തിരുനടയിലാണ് പിന്നീട് കുഞ്ഞിന്റെ ചോറൂണു നടത്തിയത്. ഇന്നും അനേകം ദമ്പതികൾ തങ്ങളുടെ പിഞ്ചോമനകൾക്ക് ആദ്യ ഖരഭക്ഷണം നല്കാൻ, ചോറൂണു നടത്താൻ, വല്ലാർപാടത്തമ്മയുടെ തിരുനടയിൽ എത്തുന്നു. മാതാപിതാക്കൾ കൊുവരുന്ന ചോറ് വൈദികർ ആശീർവദിച്ചതിനുശേഷം വല്ലാർപാടത്തമ്മയുടെ തിരുനടയിൽവച്ച് കുഞ്ഞിന് നല്കുന്നു. ഈ വഴിപാട് രാം ശനിയാഴ്ചയാണ് കൂടുതലായി നടത്തപ്പെടുന്നത്.

### 9.6.4.5. എഴുത്തിനിരുത്ത്

ദിവ്യജ്ഞാനത്തിന്റെ സിംഹാസനമായ പരിശുദ്ധ മറിയത്തിന്റെ തിരുനട കുഞ്ഞുമക്കളുടെ വിദ്യാരംഭത്തിന്റെ കേന്ദ്രം കൂടിയാണ്. മെയ് 31-ന് വിദ്യാരംഭദിനത്തിൽ വെളുപ്പിനുള്ള ദിവ്യബലിക്കു ശേഷം വൈദികശ്രേഷ്ഠർ കുഞ്ഞുങ്ങളുടെ നാവിൽ കുരിശുവരച്ചുകൊ് വിദ്യാരംഭം കുറിക്കുന്നു. തുടർന്ന് അവരുടെ വിരൽകൊ് അരിയിൽ ആദ്യാക്ഷരം കുറിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വല്ലാർപാടത്തമ്മയുടെ നടയിൽ കുഞ്ഞുങ്ങളുടെ വിദ്യാരംഭം നടത്തുക മാതാപിതാക്കൾക്ക് ഏറ്റവും ആഹ്ലാദദായകമാണ്.

ദൂരെനിന്ന് വിദ്യാരംഭദിനത്തിൽ എത്തിച്ചേരാൻ സാധിക്കാതെ വരുന്ന മാതാപിതാക്കൾ സൗകര്യപ്രദമായ മറ്റു ദിനങ്ങളിലും ഈ ചടങ്ങ് നടത്താൻ വല്ലാർപാടത്ത് എത്താറു്. വല്ലാർപാടത്തമ്മയുടെ നടയിൽ ഈ കുഞ്ഞുമക്കൾക്കും വൈദികർ അറിവിന്റെ ആദ്യക്ഷരങ്ങൾ ത്രിത്വൈകനാമത്തിൽ കുറിക്കുന്നു.

## 9.7. കോതമംഗലം മാർ തോമൻ ചെറിയപള്ളിയും പരി. യൽദോ മാർ ബസേലിയോസ് ബാവയും

### 9.7.1 കോതമംഗലപ്പഴമ

പുരാതനകാലംമുതൽ അഭിവൃദ്ധിയുടെ നാടെന്ന് അറിയപ്പെട്ടിരുന്ന ഒന്നാണ് കോതമംഗലം. ഈ പേരു കേട്ടാൽ ഓർമ്മയിലേക്ക് ഓടിയെത്തുന്ന രസവും ഭക്തിയും കലർന്നതായ രു പ്രയോഗങ്ങളാണ് 'ഏതപ്പാ കോതമംഗലം', 'എന്റെ മുത്തപ്പാ' എന്നത്. ഇക്കാലത്ത് ഈ നാമങ്ങൾ കോതമംഗലത്തും സമീപപ്രദേശങ്ങളിലും മാത്രമല്ല, ഇൻഡ്യ മുഴുവനിലും വിദേശത്തും ഉള്ള മലയാളി ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ അലിഞ്ഞുചേർന്നിരിക്കുന്നു. പരിശുദ്ധ ബാവായുമായി ബന്ധമില്ലാത്ത ഒരു കോതമംഗലത്തെ ചിന്തിക്കുവാൻ ഇന്ന് അസാദ്ധ്യമാണ്. ഈ ദേശത്തിന്റെയും സമീപപ്രദേശങ്ങളുടെയും സാമൂഹിക-സാമുദായിക-സാംസ്കാരിക രംഗങ്ങളിലേക്ക് കണ്ണോടിക്കുന്ന ഏതൊരാളുടെയും സ്മൃതിപഥത്തിലേക്ക് കടന്നുവരുന്ന നാമമാണ് യൽദോ മാർ ബസേലിയോസ്. തന്നെയുമല്ല, യാക്കോബായ സുറിയാനിസഭയുടെ മാതാവായ അന്ത്യോഖ്യാ സിംഹാസനത്തോട് മലങ്കരയിലെ യാക്കോബായ സുറിയാനിസഭയെ ബന്ധിക്കുന്ന കണ്ണികളിൽ ഒന്നാണ് ഈ പരിശുദ്ധ കബറിടം.

ചരിത്രപ്രസിദ്ധമായ ഈനാട് ഒരുകാലത്തു ഭരിച്ചിരുന്നത് കർത്താക്കന്മാരായിരുന്നു. പാിയുമായി വ്യാപാരബന്ധമുായിരുന്ന ഈ ദേശത്തെ വലിയ വ്യാപാരകേന്ദ്രമാക്കുവാൻ ഭരണകർത്താവും പ്രതാപവാനുമായിരുന്ന പാറയ്ക്കനാട്ട് കയ്മൾ മുതലായവർ ശ്രമിച്ചിരുന്നു. ആയതിന് എല്ലാ ക്രമീകരണങ്ങളും അവർ ചെയ്തു. കമ്പോളം സ്ഥാപിക്കുവാനായി കയ്മൾമാർ കൊുവന്ന കട്ടച്ചിറ കുരിയൻ കുരിയതിനും സഹപ്രവർത്തകർക്കും ആരാധനയ്ക്കായി പള്ളി വയ്ക്കുന്നതിന് അനുവദിച്ച് പൂക്കോട്ടുമല ദാനമായി കൊടുത്തു. എ.ഡി. 1340 -ൽ (കൊ. വർഷം 515) പരി. കന്യാമറിയത്തിന്റെ നാമത്തിൽ പള്ളിപണി നടത്തി. ദേവാലയവും പരിസരവും ഉന്നതി പ്രാപിച്ചുവരുമ്പോൾ പള്ളി ഇടവകക്കാരുടെയിടയിൽ അഭിപ്രായഭിന്നതകളും നേതൃമത്സരങ്ങളും തലപൊക്കി. ഈ മത്സരങ്ങൾ മൂർച്ഛിക്കുകമൂലം 18 വീട്ടുകാർ പള്ളിയിൽനിന്നു പിരിയുന്നതിനു തീരുമാനിക്കുകയും വിവരം കയ്മളെ അറിയിക്കുകയും ചെയ്തു. ഇവരിൽ സഹതാപം തോന്നിയ കയ്മൾ കൊള്ളിക്കാട്ടുമലയിൽ പള്ളി വയ്ക്കാൻ അനുവദിച്ചു. അവർ എ.ഡി. 1451 ധനുമാസം 18-നു കർക്കിടകം രാശിയിൽ കൊള്ളിക്കാട്ടുമലയിലെ പട്ടക്കാടുമുകളിൽ പരി. മാർത്തോമായുടെ നാമത്തിൽ കുരിശു സ്ഥാപിച്ചു. ഈ കുരിശ് പോത്താനിക്കാട്ട് ചെറിയാൻ ഉണ്ണൂപ്പ് പറിച്ചകളഞ്ഞു. വിവരം 18 വീടൻമാർ കയ്മളെ അറിയിക്കുകയും പള്ളിവയ്ക്കുവാനുള്ള സ്ഥലം 13,400 പണം വീതമെടുത്ത് സ്വന്തമായി കൈവശപ്പെടുത്തി. അതിൽ 11,200 പണം കാണം കൊടുത്ത് നീർചാക്കൽ കോട്ട അളന്ന് പള്ളിപണിക്കായി വേർതിരിക്കുകയും കൊല്ലവർഷം 630 ചിങ്ങം 17 ന് (എ.ഡി. 1455) തീറൊട്ടിച്ചുകൊള്ളകയും ചെയ്തു. ഒരു മാസത്തിനുള്ളിൽ കന്നി 13 ന് ചിങ്ങം രാശിക്ക് മാർതോമൻ നാമം ചൊല്ലി വന്നവർക്കും വരുവാനുള്ളവർക്കും കയ്മൾമാർ നിൽക്കെ കുരിശു സ്ഥാപിച്ചു. തുടർന്ന് അവിലും ശർക്കരയും പഴവും നേർച്ചവിളമ്പി. പള്ളിവക സ്ഥലത്തിന്റെയും കുരുശിന്റെയും സംരക്ഷണച്ചുമതല മൂത്തേടത്ത് സ്വരൂപം ഏറ്റെടുക്കുകയും ചെയ്തു.

1558 മീനമാസത്തിൽ അന്നത്തെ ജാതിത്തലവനായ ഇടപ്പള്ളിയിലെ ഇട്ടിക്കുരിശു അർക്കദിയാക്കോൻ അച്ചനെ സ്ഥലത്തു കൊുവരികയും രു പള്ളിക്കാർ തമ്മിലുള്ള വഴക്ക് പറഞ്ഞവസാനിപ്പിക്കുകയും തീർപ്പു കല്പിക്കുകയും ചെയ്തു. കോതമംഗലം വളരെ വേഗം ഒരു ക്രൈസ്തവകേന്ദ്രമായി വളർന്നുവന്നു. 1065-ൽ നീർച്ചാക്കൽ കോട്ടയിലെ ചെറിയ പള്ളിക്ക് പ്രത്യേക ഭരണഘടന ഇടവകക്കാർ ഉാക്കി ഭരണം തുടങ്ങി. 1108-ൽ ഭരണഘടന പുതുക്കി. 1110-ൽ വീും പുതുക്കി ഉാക്കിയ ഭരണഘടനയാണ് ഇന്ന് ഈ പള്ളിയിൽ നിലവിലുള്ളത്. ഇപ്പോൾ ഏകദേശം 2000-ത്തോളം വീട്ടുകാർ ഈ പള്ളിയിൽ ഉ്. മലങ്കരയിലെ യാക്കോബായ സുറിയാനി പള്ളികളിൽ ഉന്നതസ്ഥാനത്തു നിൽക്കുന്ന ഈ ദൈവാലയത്തിന്റെ ഉടമസ്ഥതയിൽ മാർ ബേസിൽ ഹയർ സെക്കറി സ്കൂൾ, മാർ ബസേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി നെല്ലിമറ്റം, മാർ ബസേലിയോസ് ദന്തൽ കോളേജ്, മാർ ബസേലിയോസ് നേഴ്സിംഗ് കോളേജ്, സെന്റ് മേരീസ് പബ്ലിക് സ്കൂൾ, മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ആശുപത്രി, പള്ളിക്കു മുഖ്യഷെയറുള്ള മോർ അത്തനാസിയോസ് എൻജിനീയറിംഗ്, ആർട്ട്സ് കോളേജുകൾ, ഹൈസ്കൂൾ ഇവയെല്ലാം പ്രവർത്തിക്കുന്നു.

### 9.7.2. പരി. എൽദോബാവയുടെ വരവും സമാധിയും

കോതമംഗലം ചെറിയപള്ളിയുടെയും ദൈവമാതാവിന്റെ നാമത്തിലുള്ള വലിയപള്ളിയുടെയും കോതമംഗലത്തിന്റെതന്നെയും ഉയർച്ചയ്ക്കും ശ്രേയസ്സിനും കാരണഭൂതനായ യൽദോ മാർ ബസേലിയോസ് ബാവാ ബസ്നഹറിനിൽ (മെസ്സപ്പട്ടോമിയ) മുസ്സലിനു സമീപം കുദൈദ് ഗ്രാമത്തിൽ ഹദ്ദായി കുടുംബത്തിൽ ജനിച്ചു. ഇന്ന് ഈ ഗ്രാമം കർക്കോശ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ബാല്യം മുതൽ ദൈവികഭക്തിയിൽ വളർന്നു വന്ന ഇദ്ദേഹം നന്നേ ചെറുപ്പത്തിലേ റമ്പാൻ സ്ഥാനിയായി. 1662-ൽ കിഴക്കിന്റെ മപ്രിയാനായി 'മോർ ബസേലിയോസ് യൽദോ' എന്ന പേരിൽ വാഴിക്കപ്പെട്ടു. പരി. അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നും മലങ്കരയിലേക്ക് അയയ്ക്കപ്പെട്ട ഊർശ്ലേമിന്റെ പാത്രിയർക്കീസായിരുന്ന മോർ ഗ്രിഗോറിയോസ് ബാവായുടെ കാലശേഷം 1665-ൽ ആഗതനായ മോർ ഗ്രിഗോറിയോസ് ബാവായാൽ അഭിഷിക്തനായ രാം മാർത്തോമാ തങ്ങൾക്ക് ഒരു പിതാവിനെ അയയ്ക്കുവാൻ ആവശ്യപ്പെട്ടുകൊുള്ള ഒരപേക്ഷ പരി. ഇഗ്നാത്തിയോസ് അബേദ്മശിഹാ പാത്രിയർക്കീസ് ബാവായ്ക്ക് 1648-ൽ സമർപ്പിച്ചു. മലങ്കരെനിന്നും ഒരു ഡെപ്യൂട്ടേഷനും മർദ്ദീനിൽ കൂർക്കുമാ ദയറായിൽ എത്തി വിവരം ധരിപ്പിച്ചു. അതേവർഷം അവിടെ പരി. ബാവാ നടത്തിയ വി. മൂറോൻ കൂദാശയിൽ കിഴക്കിന്റെ മപ്രിയാനാ മാർ ബസേലിയോസ് യൽദോ ബാവായും അനേകം എപ്പിസ്കോപ്പാമാരും സംബന്ധിച്ചിരുന്നു. ദീർഘമായ ശുശ്രൂഷയുടെ ഇടവേളയിൽ മലങ്കരസഭ പറങ്കികളുടെ കടന്നാക്രമണം മൂലം സത്യഇടയൻമാരില്ലാതെ വലയുന്നതിനെപ്പറ്റി ഹൃദയസ്പൃക്കായി പ്രസംഗിച്ചു. സമർത്ഥനും വിദ്വാനും പരിശ്രമശീലനും ത്യാഗസമ്പന്നനും സാഹസികനുമായ പരി. പിതാവ് മലങ്കര യാക്കോബായ സുറിയാനിസഭയുടെ ദയനീയസ്ഥിതിയിൽ ദുഃഖിതനായി. യൽദോ മാർ ബസേലിയോസ് പിതാവ് മലങ്കരസഭയിലേക്ക് എഴുന്നെള്ളുവാൻ തീരുമാനിക്കുകയും വിവരം പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അബേദ്മശിഹാ ഒന്നാമനെ അറിയിക്കുകയും ചെയ്തു. ശത്രുക്കളുടെ നടുവിൽക്കൂടി അജ്ഞാതമായ സ്ഥലത്തേക്ക് സത്യ ഇടയന്റെ സാമീപ്യം കൊതിച്ചുകൊിരുന്ന മലങ്കരയിലേക്കു വന്ന് തന്റെ മക്കൾക്ക് പൈതൃകമായ അനുഗ്രഹങ്ങൾ പകർന്നുകൊടുക്കുവാനുള്ള 92 വയസ്സകാരനായ വൃദ്ധപിതാവിന്റെ അടങ്ങാനാകാത്ത ആഗ്രഹത്തിനു മുമ്പിൽ സ്വന്തജനങ്ങളുടെ തടസ്സവാദങ്ങൾ നിഷ്ഫലമായി.

പരി. പാത്രിയർക്കീസ് ബാവായുടെ അറിവോടും സമ്മതത്തോടും അനുഗ്രഹാശിസ്സുകളോടും കൂടി 1685-ൽ തന്റെ സ്വന്തം സഹോദരൻ ശാമ്മൊ, മോർ മത്തായിയുടെ ദയറായിൽനിന്ന് ഹദിയല്ലറമ്പാൻ ഇവരൊപ്പം ബസ്രാവഴി യാത്ര തിരിച്ച് 1685-ൽ പാക്കപ്പലിൽ തലശ്ശേരിയിൽ വന്നിറങ്ങി പ. അഹത്തുള്ളാ ബാവാക്ക് നേരിട്ട ദുരന്തത്തെപ്പറ്റി മനസ്സിലാക്കിയ ബാവായും പരിവാരങ്ങളും പോർത്തുഗീസുകാരോടുള്ള ഭയം നിമിത്തം വേഷപ്രച്ഛന്നരായി കാൽനടയായി കിഴക്കോട്ടു യാത്ര ചെയ്തു. പാിനാടു വഴി സഹ്യപർവതനിരകളുടെ ഇടയിലുള്ള മലയിടുക്കുകൾവഴി ക്ലേശങ്ങൾ സഹിച്ച് പള്ളിവാസലിൽ എത്തിച്ചേർന്നു. യാത്രക്കിടയിൽ സഹോദരനും നഷ്ടപ്പെട്ടു. ഹദിയല്ലാ റമ്പാനും പരി. ബാവായും മാത്രമായി. ഘോരവനത്തിലൂടെ യാത്ര ചെയ്തു കോതമംഗലത്തിനടുത്തുള്ള കോഴിപ്പിള്ളിയിലെത്തി. അവിടെ കന്നുകാലികളെ മേയിച്ചുകൊിരുന്ന ചക്കാലനായരെ കുമുട്ടി. ആംഗ്യഭാഷയിൽ ക്രിസ്ത്യാനികളുടെ പള്ളി അന്വേഷിച്ച് അയാളെ കൂട്ടി കോതമംഗലത്ത് ചെറിയപള്ളിയിൽ 1685 കന്നി 7-നു ബാവ എത്തിച്ചേർന്നു. ബാവായുടെ ആഗമനത്തിൽ വാതിൽ താനേ തുറന്നു. പള്ളിമണി താനേ മുഴങ്ങി. കൂട്ടമണി കേട്ട് വിശ്വാസികൾ പള്ളിയിലേക്ക് ഓടിക്കൂടി. തങ്ങൾ അതിയായി ആഗ്രഹിച്ചിരുന്ന സഭാതലവന്റെ ആഗമനം ലഭ്യമായതിൽ ജനങ്ങൾ ആഹ്ലാദഭരിതനായി. തന്നോടുകൂടെയുള്ള റമ്പാന്റെ വിവരം ജനങ്ങളോടു പറയുകയും കൊുവരാനായി ജനങ്ങൾ പുറപ്പെട്ടപ്പോൾ സാക്ഷ്യത്തിനായി ബാവ തന്റെ തൂവാല കൊടുത്തുവിടുകയും ചെയ്തു. റമ്പാൻ ആദ്യം ഭയന്നെങ്കിലും കാര്യങ്ങൾ മനസ്സിലാക്കി അവരോടുകൂടി പള്ളിയിലേക്കു വന്നു.

കഷ്ടതകളും പീഡനങ്ങളും സഹിച്ച് ഇവിടെ എത്തിച്ചേർന്ന ബാവ, രോഗവും യാത്രാക്ഷീണവും വാർദ്ധക്യവും മൂലവും പരിക്ഷീണിതനായി തന്റെ അന്ത്യം അടുത്തിരിക്കുന്നു എന്ന് ആത്മാവിൽ അറിഞ്ഞ് കന്നി 14 നു സ്ലീബാ പെരുന്നാൾ ദിവസം കൂടെയുള്ള ബാക്കുദൈദാഗ്രാമക്കാരനും ശമ്മോവിന്റെ പുത്രനും ആയ ഹദിയല്ലാ റമ്പാനെ മലങ്കരയിലെ ഭരണത്തിൽ തന്നെ സഹായിക്കുവാനായി ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനം കൊടുത്തു വാഴിച്ചു. ആലസ്യവിധേയനായ പിതാവിന് സ്വന്തആഗ്രഹപ്രകാരം തൈലാഭിഷേക ശുശ്രൂഷ  നടത്തി. തന്റെ പിൻഗാമിയായ മോർ ഇവാനിയോസ് ബാവായെ അരികിൽ വിളിച്ചുപറഞ്ഞു. “മകനേ, എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.  മകൻ വേതു ചെയ്യണം. പറങ്കി വേഗത്തിൽനിന്ന് സഭയെ രക്ഷിക്കണം. അന്ത്യോഖ്യായിലെ പരി. പിതാവിനെ അറിയിക്കണം. പരി. അന്ത്യോഖ്യാ സിംഹാസനവും മലങ്കരയും തമ്മിലുള്ള ബന്ധത്തിന്റെ കണ്ണി സത്യവിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കണം.” തന്റെ മരണസമയം പോലും മുൻകൂട്ടി മനസ്സിലാക്കിയ ബാവാ പള്ളിയകത്തു തിങ്ങിക്കൂടിയ ജനങ്ങളോട് പ്രവചിച്ചു. “നിങ്ങൾ എന്റെ മരണം കാണുവാൻ തിരക്കു കൂട്ടുന്നു. പള്ളിമുറ്റത്തെ കുരിശിൽ സൂക്ഷിച്ചു നോക്കിക്കൊൾക.  മരണസമയത്ത് കുരിശിൽ പ്രകാശം കാണും.” കന്നി 19-നു പകൽ ഉച്ചകഴിഞ്ഞ് ശനിയാഴ്ച ബാവ കർത്തൃസന്നിധിയെ പൂകി. മരണസമയം ജനങ്ങൾ കുരിശിൽ പ്രകാശം ദർശിച്ചു. പള്ളിയുടെ മദ്ബഹായുടെ തെക്കുവശത്തു പിറ്റേദിവസം ഭൗതികശരീരം സംസ്കരിച്ചു.

**9.7.3. ഓർമ്മപ്പെരുനാൾ/നേർച്ചകൾ**

ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനേകം അത്ഭുതങ്ങൾ നടക്കുന്നു. കബറിൽനിന്നും വിശ്വാസികൾ ഉൾക്കൊള്ളുന്ന കൃപാവരങ്ങൾ ഏറെയും രോഗപീഡയാലോ മറ്റു കഷ്ടപ്പാടുകളാലോ നട്ടം തിരിയുന്നവർക്ക് അനുഗ്രഹത്തിന്റെ അത്താണിയായിക്കൊ് ഈ വിശുദ്ധന്റെ

കബറിടം ഇന്നും നിലകൊള്ളുന്നു. പരി. ബാവായുടെ ഓർമ്മ ആുതോറും കന്നി 13 മുതൽ 21 വരെ കൊാടുന്നു. ഒരു ശനിയാഴ്ചയായിരുന്നു ബാവാ കാലംചെയ്തത്. അന്നുമുതൽ ഇന്നുവരെയും എല്ലാ ശനിയാഴ്ചയും ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു വി. കുർബാന അർപ്പിച്ചുവരുന്നു. ഈ കുർബാനയാണ് 'ശനിയാഴ്ച കുർബാന' എന്ന പേരിൽ അറിയപ്പെടുന്നത്. കാലക്രമേണ ബാവായുടെ നാമത്തിൽ ഉള്ള എല്ലാ കുർബാനകൾക്കും 'സാധാരണ ശനിയാഴ്ച' കുർബാന എന്നു പറഞ്ഞുവരുന്നു. ഈ പരിശുദ്ധന്റെ പേരിൽ 12 പട്ടക്കാരുടെ നേർച്ച, 3 പട്ടക്കാരുടെ നേർച്ച, 12 പൈതങ്ങളുടെ നേർച്ച, 3 പൈതങ്ങളുടെ നേർച്ച, വഴിപാട്, മാമ്മോദീസ, എഴുത്തിനിരുത്ത്, പള്ളിക്കു ചുറ്റും മുട്ടുകുത്തിയും ഉരുും കബറിങ്കൽ എത്തി വഴിപാട് കഴിക്കൽ, ഭജന ഇരിക്കൽ, വാഹനകൂദാശ മുതലായവ ഇവിടെ കാണുന്ന ഒരു പ്രത്യേകതയാണ്. ഈദൃശ കാഴ്ചനേർച്ചകൾ അർപ്പിക്കാൻ യാക്കോബായ സുറിയാനിക്കാർ മാത്രമല്ല നാനാജാതി മതസ്ഥരും ു്.

ഈ വിശുദ്ധന്റെ കബർ സ്ഥിതി ചെയ്യുന്ന പള്ളി പരി. അന്ത്യോഖ്യാ സിംഹാസനത്തിനു വിധേയമായിട്ടിരിക്കുന്നു. ഇതിന്റെ അടയാളമായി ഒരു പാത്രിയർക്കാ സിംഹാസനം അന്ത്യോഖ്യയുടെ പാത്രിയർക്കീസായിരുന്ന മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവ ഇവിടെ എഴുന്നള്ളി താമസിച്ചിരുന്നപ്പോൾ കൂദാശ ചെയ്തത് മദ്ബഹായുടെ വടക്കുവശത്ത് സ്ഥാപിച്ചിരിക്കുന്നു. വേ ആലോചനകളും പഠനങ്ങളും ക്രമീകരണങ്ങളും നടത്തി ബസേലിയോസ് പിതാവിനെ പരിശുദ്ധനായി പ്രഖ്യാപിക്കുവാൻ വേതു ചെയ്തിരുന്നു. ഇപ്പോഴത്തെ പരി. പാത്രിയർക്കീസ് മോറോൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവ 1987 ഒക്ടോബർ 20 ന് E265/87-ാം നമ്പർ കല്പനപ്രകാരം യൽദോ മാർ ബസേലിയോസ് ബാവായുടെ നാം കുർബാനയിലെ 5-ാം തുബ്ദേനിൽ ഓർക്കുവാൻ ക്രമീകരിച്ചു പരിശുദ്ധനായി പ്രഖ്യാപിച്ചിരിക്കുന്നു. 1965 മുതൽ എല്ലാ വർഷവും ഒക്ടോബർ 1 മുതൽ 5 വരെ കോതമംഗലത്തെ ഒരു ഫെസ്റ്റിവൽ ഏരിയയായി പ്രഖ്യാപിച്ചതോടെ ഈ പെരുന്നാൾ (കന്നി 20) ഒരു ദേശീയോത്സവമായി മാറിയിരിക്കുന്നു. പ. യൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളിന്റെ ആഘോഷങ്ങൾ കടന്നുപോയാലും പിതാവിന്റെ ഓർമ്മ ഒരിക്കലും കടന്നുപോകുകയില്ല. ഈ പുണ്യാത്മാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടി നാനാദിക്കുകളിൽനിന്നും ജാതിമത വർണ്ണ-വർഗ്ഗവ്യത്യാസമെന്യേ അനേകർ എത്തിച്ചേർന്ന് ബാവായുടെ അനുഗ്രഹം പ്രാപിച്ചു മടങ്ങുന്നു.

## 9. 8. ഉദയംപേരൂർ സൂനഹദോസ് പള്ളി

9.8.1. ഒരുകാലത്ത് കേരള സുറിയാനി ക്രിസ്ത്യാനികളുടെ വളരെ പ്രസിദ്ധമായ ഒരു കേന്ദ്രമായിരുന്നു ഉദയംപേരൂർ. പ് കേരളം പല ചെറു രാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും ആധിപത്യത്തിലായിരുന്നു. ഇവർ 'സ്വരൂപികൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കൊടുങ്ങല്ലൂരിന്റെ സമീപപ്രദേശങ്ങൾ ഭരിച്ചിരുന്ന സ്വരൂപികളിൽ ഒന്നായിരുന്നു വില്ലാർവട്ടം. വടക്കൻ പറവൂരിനു സമീപത്തുള്ള ചേന്ദമംഗലത്തായിരുന്നു അവരുടെ ആദ്യ ആസ്ഥാനം. പിന്നീടുായ സാമുദായിക ലഹളയെത്തുടർന്ന് രാജധാനി ഉദയംപേരൂർക്കു മാറ്റപ്പെട്ടു. ചരിത്രപ്രസിദ്ധമായ ഉദയപേരൂർ സൂനഹദോസ് ദേവാലയം എ.ഡി. 510-ൽ വില്ലാർവട്ടം തോമാ രാജാവിനാൽ സ്ഥാപിക്കപ്പെട്ടു (മാർത്തോമ്മാ ക്രിസ്ത്യാ

നികൾ, ഫാ. ബർണാർഡ്, അധ്യായം 9, പേജ് 110). പരിശുദ്ധ മാതാവിന്റെ നാമത്തിലായിരുന്നു പള്ളി സ്ഥാപിച്ചത്. പിന്നീട് 1599-ൽ ഈ ദേവാലയത്തിൽവച്ചു നടന്ന സൂനഹദോസിനുശേഷം ദൈവാലയം സകല വിശുദ്ധന്മാരുടെയും നാമത്തിൽ പ്രതിഷ്ഠിച്ചു. ഇപ്പോൾ പ്രധാന വിശുദ്ധരായി ഗർവ്വാസീസ്, പ്രോത്താസിസ് എന്നീ സഹോദരങ്ങളെ വണങ്ങിവരുന്നു. കന്തീശങ്ങളുടെ പള്ളി എന്ന പേരിലും ഈ പള്ളി അറിയപ്പെടുന്നു്.

9.8.2. 16-ാം നൂറ്റാിന്റെ അവസാനം വില്ലാർവട്ടം രാജകുടുംബത്തിലെ അവശേഷിച്ച അംഗമായ ഒരു രാജകുമാരിയെ കൊച്ചി രാജകുടുംബത്തിൽനിന്നും ഒരു രാജകുമാരൻ വിവാഹം കഴിക്കുകയുായി. ഇവർക്ക് അനന്തരാവകാശികൾ ഇല്ലാതിരുന്നതിനാൽ വില്ലാർവട്ടം രാജകുടുംബം അന്യംനിന്നുപോകയും കൊച്ചി രാജകുടുംബത്തിൽ ലയിക്കുകയും ചെയ്തു. ഈ രാജകുടുംബത്തിന്റെ ഭരണത്തിനു കീഴിലായിരുന്നു കനാട്, ഉദയംപേരൂർ, പറവൂർ മുതലായ ദേശങ്ങൾ. രാജകുടുംബത്തിന്റെ പ്രധാന കോവിലകം വൈക്കം റോഡിൽ വലിയകുളത്തിനു കിഴക്കുവശത്തുള്ള 'കോലേത്തിൻപറമ്പിൽ' ആയിരുന്നു. ഇപ്പോൾ വലിയകുളം എന്നറിയപ്പെടുന്ന കുളം വില്ലാർവട്ടം രാജാക്കന്മാരുടെ ആസ്ഥാനം എന്ന നിലയിൽ പുരാതനകാലത്ത് ഉദയംപേരൂരിന് വലിയ ഒരു സ്ഥാനമാണുായിരുന്നത്. വില്ലാർവട്ടം രാജകുടുംബാംഗങ്ങളുടെ ആരാധനാലയമായിരുന്നു ഈ ദൈവാലയം. പള്ളിക്കു രാജാവ് ധാരാളം വസ്തുക്കൾ ദാനം ചെയ്തിട്ടു്.

9.8.3. 1599-ൽ ഈ പള്ളിയിൽവെച്ചു നടന്ന സൂനഹദോസ് സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രത്തെ നിർണ്ണായകമായ ഒരു വഴിത്തിരിവിലേക്ക് എത്തിക്കുകയുായി. അന്നു നടന്ന സൂനഹദോസിനു ശേഷമാണ് ഈ ദേവാലയത്തിന് 'സൂനഹദോസ് പള്ളി' എന്ന പേര് ലഭിച്ചത്. 9-ാം നൂറ്റാിൽ മദ്ധ്യപൗരസ്ത്യദേശങ്ങളിൽനിന്നും മാർ സാബോർ, മാർ പ്രോത്ത് എന്നീ മെത്രാന്മാർ വില്ലാർവട്ടം രാജാവിന്റെ ആസ്ഥാനമായ ഉദയംപേരൂരിൽ വന്നു താമസിച്ചിരുന്നു. കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് പൗരസ്ത്യദേശവുമായുള്ള ബന്ധത്തിനു തെളിവാണ് ഈ മെത്രാന്മാരുടെ ഇവിടത്തെ സഭാപ്രവർത്തനങ്ങൾ. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇവരെ വിശുദ്ധരായി കണക്കാക്കിയിരുന്നു.

**9.8.4.** പോർത്തുഗീസുകാരുടെ വരവിനുശേഷം വരാപ്പുഴയിലെയും ചങ്ങനാശേരിയിലെയും സഭാധികാരികൾ ഈ പള്ളിയുടെമേൽ ഭരണം നടത്തിയിട്ടു്. 1896 മുതൽ ഉദയംപേരൂർ പള്ളി, എറണാകുളം രൂപതയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ പള്ളിയിൽ തെക്കുംഭാഗരും വടക്കുംഭാഗരും ഉായിരുന്നതിനാൽ രുഭാഗത്തുനിന്നും വികാരിമാർ മാറി മാറി ഇവിടെ ഭരണം നടത്തിയിട്ടു്. 9-ാം നൂറ്റാിൽ കൊടുങ്ങല്ലൂർ അധഃപതിച്ചതോടുകൂടി അവിടെ ഉായിരുന്ന ക്രിസ്ത്യാനികൾ നാനാഭാഗങ്ങളിലേക്കും ചിതറിപ്പോയി. അവിടെനിന്നും ഏതാനും തെക്കുംഭാഗർ ഉദയംപേരൂർ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിലെത്തി വാസമുറപ്പിച്ചു. അക്കാലത്ത് തെക്കുംഭാഗർക്ക് പ്രത്യേകം ഇടവകയോ രൂപതയോ ഇല്ലായിരുന്നു. അവർ വടക്കുംഭാഗരുടെ പള്ളികളിൽ ചേർന്ന് മതകർമ്മങ്ങളിൽ പങ്കുകൊിരുന്നു. ഉദയംപേരൂർ പള്ളിയുടെ ഇടവകയോഗങ്ങളിൽ അവർക്കും സജീവ പങ്കാളിത്തം ഉായിരുന്നതിന്റെ തെളിവാണ് പള്ളിയുടെ മൂന്നു കൈക്കാരന്മാരിൽ ഒരാൾ അവരിൽനിന്നായിരുന്നു എന്നത്. അവരിൽ പലരും ഇവിടെ

നിന്ന് കടുത്തുരുത്തി, പിറവം, തൊടുപുഴ മുതലായ സ്ഥലങ്ങളിലേക്ക് താമസം മാറ്റി. പിന്നീട് 1911-ൽ ഇവർക്ക് സ്വന്തമായി കോട്ടയം രൂപത സ്ഥാപിതമായതോടെ ഇവിടെ നിന്നും പിരിഞ്ഞ് കോട്ടയം രൂപതയിൽ ചേർന്നു.

എ.ഡി. 510-ൽ സ്ഥാപിതമായ പള്ളിയുടെ സ്ഥാനത്തു പല ഘട്ടങ്ങളിലും നടത്തിയിട്ടുള്ള അഴിച്ചുപണികൾക്കുശേഷം പണിതീർത്ത പള്ളിയാണ് ഇന്നു കാണുന്ന പഴയപള്ളി. പൗരാണിക തച്ചുശാസ്ത്രത്തിന്റെ രൂപവും ഭാവവും വെളിപ്പെടുത്തുന്ന ഒന്നാണ് ഈ ദേവാലയം. ഈ പുനർനിർമ്മിത പഴയപള്ളിയുടെ നിർമ്മാണത്തിൽ പല പോർത്തുഗീസ് രീതികളും കാണുവാൻ സാധിക്കും. ഈ പള്ളിയുടെ മദ്ബഹായിൽ അഞ്ചു ശവകുടീരങ്ങൾ കത്തിയിട്ടു്. അതിൽ രണ്ണെം രാജകുടുംബത്തിൽപ്പെട്ടവരുടേതാണെന്നും ശേഷിച്ച മൂന്നെണ്ണം വൈദികമേലദ്ധ്യക്ഷന്മാരുടേതാണെന്നും കരുതുന്നു.

മലങ്കരസഭാചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട സംഭവമായിരുന്നു 1599 ജൂൺമാസത്തിൽ ഗോവയിലെ മെത്രാപ്പോലീത്തയായിരുന്ന ഡോക്ടർ അലക്സിസ് മെനേസിസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (തീരുമാനങ്ങൾ കേരള കത്തോലിക്കസഭയിൽ വളരെയധികം സ്വാധീനം ചെലുത്തി. കേരള നവോത്ഥാനത്തിന്റെ തളിർനാമ്പുകൾ 19-ാം നൂറ്റാിന്റെ അവസാനമാണ് മുളനീട്ടിയത് എന്നു പറയപ്പെടുന്നു. എന്നാൽ സാമൂഹികമായ ഉയിർത്തെഴുന്നേല്പിന്റെ തുടക്കം ഉദയപേരൂർ സൂനഹദോസ് വഴിയാണെന്ന് കാണാൻ കഴിയും. 16-ാം നൂറ്റാിൽ കേരളത്തിൽ നിലവിലിരുന്ന ചാതുർവർണ്ണ്യവും അനാചാരങ്ങളും അന്നത്തെ ക്രിസ്ത്യാനികളിലും വളരെയധികം സ്വാധീനം ചെലുത്തിയിട്ടു്. ഇത്തരം ജീർണ്ണതകളെ ആർച്ചുബിഷപ്പ് മെനേസിസ് സൂനഹദോസിന്റെ കാനോനകൾവഴി നിർമ്മാർജ്ജനം ചെയ്യുകയുായി. കേരള നവോത്ഥാനത്തിന്റെ തുടക്കമായിരുന്നു ഉദയംപേരൂർ സൂനഹദോസ്. 1599 ജൂൺ 20 മുതൽ 26 വരെ നടന്ന സൂനഹദോസിൽ 153 കത്തനാർമാരും 660 അത്മായപ്രതിനിധികളുമടക്കം 832 പേരാണ് പങ്കെടുത്തത്. 168-ഓളം പ്രധാനപ്പെട്ട തീരുമാനങ്ങൾ സമ്മേളനത്തിൽ എടുക്കുകയുായി. ഇവയെ പ്രധാനമായും വിശ്വാസത്തെ സംബന്ധിക്കുന്നവ, പള്ളിക്കാരെ സംബന്ധിക്കുന്നവ, സാമൂഹികപ്രശ്നങ്ങളെയും അനാചാരങ്ങളെയും സംബന്ധിക്കുന്നവ എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. (ഉദയംപേരൂർ സൂനഹദോസും ആദ്ധ്യാത്മികനവോത്ഥാനവും - റവ. ഡോ. ഫ്രാൻസീസ് പേരേപ്പറമ്പിൽ ഒ.സി.ഡി.).

പതിനാറാം നൂറ്റാിലെ കേരളക്രൈസ്തവരുടെ സാമൂഹികവും സാമ്പത്തികവും മതപരവും കലാപരവുമായ സവിശേഷപൈതൃകത്തിലേക്ക് കാനോനകൾ വിരൽചൂന്നു. ഭാഷാപഠിതാക്കൾക്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ് കാനോനകൾ. പള്ളിയോഗം എന്ന പ്രാദേശിക ഭരണസംവിധാനത്തിന്റെ തകർച്ചയും തിരോധാനവും മറ്റൊന്ന്. ഒട്ടനവധി പ്രാമാണിക രേഖകളും അമൂല്യഗ്രന്ഥങ്ങളും പള്ളികളിൽനിന്നും ശേഖരിച്ച് ഉദയംപേരൂർ പള്ളിമുറ്റത്തിട്ടു കത്തിച്ചു നശിപ്പിച്ചു. കേരള ക്രൈസ്തവസഭയിൽ നിലനിന്നിരുന്ന പല അനാചാരങ്ങളെയും സൂനഹദോസ് നീക്കം ചെയ്തു.

### 9.8.5. ഉദയംപേരൂർ സൂനഹദോസിന്റെ പശ്ചാത്തലം

മാർത്തോമ്മാക്രിസ്ത്യാനികളുടെ അതിരൂപതയായിരുന്ന അങ്കമാലി ഭദ്രാസനത്തിന്റെ

മെത്രാപ്പോലീത്തയും കൽദായക്കാരനുമായ മാർ അബ്രഹാം 1599-ൽ അന്തരിച്ചു. മാർ അബ്രഹാമിന്റെ മരണവാർത്ത അറിഞ്ഞയുടനെ ഗോവ മെത്രാപ്പോലീത്തയായിരുന്ന ഡോ. മെനേസിസ് ഈശോസഭാംഗമായ ഫാ. റോസിനെ അങ്കമാലിയുടെ അഡ്മിനിസ്ട്രേററായി നിയമിച്ചു. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ച് ഒരു മെത്രാൻ മരിച്ചുകഴിഞ്ഞാൽ അടുത്തമെത്രാൻ വരുന്നതുവരെ ആർച്ചുഡീക്കനായിരിക്കും രൂപതയുടെ അഡ്മിനിസ്ട്രേറ്റർ. ഇതു മനസ്സിലാക്കിയ ആർച്ചുബിഷപ്പ് മെനേസിസ് താൻ അഡ്മിനിസ്ട്രേറ്ററായി നിയമിച്ച ഫാ. റോസിനെ മാറ്റി ആർച്ചുഡീക്കൻ ഗർവാസീസ് കത്തനാരെ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു.

മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയുടെ കാര്യങ്ങളിൽ ഇടപടുവാനും ആ സഭയിലെ പോരായ്മകളെന്നു താൻ മനസ്സിലാക്കിയതുമായ കാര്യങ്ങൾ ക്രമപ്പെടുത്തുവാനുമുള്ള നല്ല അവസരമായി ആർച്ചുബിഷപ്പ് ഈ അവസരത്തെ കു. അതിനായി മെനേസിസ് മെത്രാപ്പോലീത്ത 1599 ഫെബ്രുവരി 8-ാം തീയതി ഗോവയിൽനിന്നും യാത്ര പുറപ്പെട്ട് കൊച്ചിയിലെത്തിച്ചേരുകയും അങ്കമാലിയിലായിരുന്ന ആർച്ചുഡീക്കൻ കൊച്ചിയിലെത്തി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ആർച്ചുബിഷപ്പ് കേരളത്തിലെ അന്നത്തെ സുറിയാനി പള്ളികൾ സന്ദർശിക്കുവാൻ തുടങ്ങി. പള്ളി സന്ദർശനത്തോടൊപ്പം വിശ്വാസികൾക്ക് സ്ഥൈര്യലേപനകൂദാശ നല്കുകയും നൂറോളം പേർക്ക് വൈദികപട്ടം നൽകുകയും ചെയ്തു. ഇതുവഴി മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ അല്പം സ്വാധീനം ഉറപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒപ്പംതന്നെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തിലും മറ്റും നിലനിന്നിരുന്ന നെസ്തോറിയൻ പാഷണ്ഡതയുടെ അംശങ്ങളെയും അവരുടെയിടയിൽ ഉായിരുന്ന വിശ്വാസത്തിനു നിരക്കാത്ത ചില ആചാരരീതികളും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവയെല്ലാം ലത്തീൻ ആരാധനക്രമത്തിൽനിന്നും വ്യത്യസ്തമാകയാൽ അവയെല്ലാം തെറ്റാണെന്ന തെറ്റിദ്ധാരണയായൽ പ്രേരിതനായി എല്ലാ കാര്യങ്ങൾക്കും അടിമുടി മാറ്റം വരുത്താൻ മെത്രാപ്പോലീത്ത ആഗ്രഹിച്ചു. അങ്ങനെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയിലെ പോരായ്മകളും അബദ്ധങ്ങളും ഒക്കെ മാറ്റി അവരെ പരിശുദ്ധ കത്തോലിക്കാസഭയിലെ സജീവ ഭാഗമാക്കുക എന്ന അടിസ്ഥാനലക്ഷ്യത്തോടെയാണ് മെനേസിസസ് ഉദയംപേരൂരിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മഹാസിനഡ് വിളിച്ചുകൂട്ടിയത്. ഈ സൂനഹദോസ് വിളിച്ചുകൂട്ടുവാൻ അദ്ദേഹം പല മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ഒരുക്കങ്ങൾ നടത്തുകയും ചെയ്തു.

### 9.8.5.1. ഉദയപേരൂർ സൂനഹദോസിന്റെ നടത്തിപ്പ്

1599 മെയ് 14-ാം തീയതി സൂനഹദോസ് വിളിച്ചുകൂട്ടുന്ന വിവരം അറിയിച്ചുകൊുള്ള കല്പന ആർച്ചുബിഷപ്പ് മെനേസിസ് എല്ലാ സുറിയാനി പള്ളികളിലേക്കും അയച്ചു. പ്രസ്തുത സൂനഹദോസിൽ ആർച്ചുഡീക്കനും ഓരോ പള്ളിയിൽനിന്നും അവിടെയുള്ള എല്ലാ വൈദികരും ശെമ്മാശ്ശന്മാരും പള്ളിയോഗം തെരഞ്ഞെടക്കുന്ന നാല് അല്മായ പ്രതിനിധികളും നിർബന്ധമായും സംബന്ധിക്കണമെന്നതായിരുന്നു കല്പന. തക്കകാരണം കൂടാതെ സൂനഹദോസിൽ സംബന്ധിക്കാതിരുന്നാൽ അവർ അതിനാൽതന്നെ മഹറോൻ ശിക്ഷയിൽപെടുമെന്നും കല്പനയിൽ പറഞ്ഞിരുന്നു. ഈ കല്പന പള്ളിയിൽ പരസ്യമായി വായിക്കണമെന്നും ഇതിന്റെ ഒരു കോപ്പി പള്ളിയുടെ പ്രധാന കവാടത്തിൽ പതിക്കണമെന്നും പ്രത്യേകമായി നിർദ്ദേശിച്ചിരുന്നു.

ഈ കല്പനപ്രകാരമാണ് 1599 ജൂൺ 20-ാം തീയതി മുതൽ 26 വരെ ഉദയംപേരൂർ പള്ളിയിൽവെച്ച് മാർത്തോമ്മാക്രിസ്ത്യാനികൾക്കായി ഈ സൂനഹദോസ് വിളിച്ചുകൂട്ടപ്പെട്ടത്. സൂനഹദോസിൽ വൈദികരും അൽമായപ്രതിനിധികളും ഉൾപ്പെടെ 813 പേർ സംബന്ധിച്ചു. കൂടാതെ ദൈവശാസ്ത്രജ്ഞന്മാരും ദ്വിഭാഷികളും കൊച്ചി രൂപതയുടെ കത്തീഡ്രൽ ചാപ്റ്റർ അംഗങ്ങളും ഗായകസംഘവും കൊച്ചിയിലെ പോർത്തുഗീസ് ക്യാപ്റ്റൻ ആന്റണി ദെനെറോണായും സംബന്ധിച്ചിരുന്നു. എല്ലാ ദിവസവും രാവിലെ 7 മണി മുതൽ 11 മണിവരെയും ഉച്ചകഴിഞ്ഞ് 2 മുതൽ 6 മണിവരെയുമായിരുന്നു സമ്മേളനങ്ങൾ. അനുവാദം കൂടാതെ രഹസ്യചർച്ച നടത്തുന്നതും സംഘം ചേരുന്നതും  സൂനഹദോസ് തീരുന്നതിനു മുമ്പേ സമ്മേളനസ്ഥലം വിട്ടുപോകുന്നതും മഹറോൻ ശിക്ഷയിൻ കീഴിൽ മുടക്കിയിരുന്നു.

ആകെ 9 സമ്മേളനങ്ങളായിരുന്നു സൂനഹദോസിൽ ഉായിരുന്നത്. ഈ സമ്മേളനങ്ങളിലൂടെ 181 ഡിക്രികൾ വായിച്ചു പാസ്സാക്കി. സമാപനദിവസം ആർച്ചു ഡീക്കനും 153 വൈദികരും 660 അല്മായപ്രതിനിധികളും വായിച്ചു കേട്ട് മുഴുവൻ ഡിക്രിയിലും ഒപ്പുവെച്ചു. (അവർ ഒപ്പു വയ്ക്കാൻ നിർബന്ധിതരായതാണെന്നും വ്യാഖ്യാനമു്). അനന്തരം സ്തോത്രഗീതം ആലപിച്ചുകൊ് നടത്തിയ പ്രദക്ഷിണത്തോടെ ഉദയംപേരൂർ സൂനഹദോസ് സമാപിച്ചു.

### 9.8.5.2. ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനങ്ങൾ

ഉദയംപേരൂർ സൂനഹദോസിൽ 181 ഡിക്രികളിലായി മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭയിലെ വിവിധ കാര്യങ്ങളെക്കുറിച്ച് വ്യക്തവും നിയതവുമായ തീരുമാനങ്ങളുായി. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

മാർത്തോമ്മാക്രിസ്ത്യാനികൾ നൂറ്റാുകളായി ഹൃദയത്തിൽ വച്ചു പൂജിച്ചിരുന്ന മാർത്തോമ്മായുടെ നിയമം തെറ്റും അസ്വീകാര്യവുമാണെന്ന് കൗൺസിൽ പ്രഖ്യാപിച്ചു. നിലവിലിരുന്ന നസ്രാണി ആരാധനാചാരങ്ങളെ സമൂലം പാശ്ചാത്യവല്ക്കരിച്ചു. റോമൻസഭയിൽ നിലവിലിരിക്കുന്ന എല്ലാ ക്രമങ്ങളും കൂദാശാപരികർമ്മങ്ങൾക്കും സ്വീകരിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുപ്പിച്ചു (രാം സെഷൻ, ഒന്നാം ഡിക്രി) പാശ്ചാത്യരീതിയിലുള്ള കൊത്തുരൂപങ്ങളും പെയിന്റിംഗുകളും ദേവാലയങ്ങളിലും ഭവനങ്ങളിലും സ്ഥാപിച്ചുകൊള്ളണം (സെഷൻ 3, ഡിക്രി 1). സുറിയാനി ബൈബിളിനു പകരം ലത്തീൻ ബൈബിൾ സുറിയാനിയിലേക്ക് തർജമ ചെയ്ത് ഉപയോഗിച്ചുകൊള്ളണം (സെഷൻ 3, ഡിക്രി 2). പാശ്ചാത്യസഭയിൽ നിലവിലിരുന്ന മാമ്മോദീസാക്രമങ്ങൾ സമൂലം മാറ്റി ലത്തീൻ മാമ്മോദീസാക്രമം സുറിയാനിയിൽ മൊഴിമാറ്റം നടത്തി ഉപയോഗിക്കണം (സെഷൻ 4, ഡിക്രി 1). കുട്ടികൾ ജനിച്ച് 8-ാം നാൾ ജ്ഞാനസ്നാനപ്പെടുത്തണം (സെഷൻ 4, ഡിക്രി 5). മാമ്മോദീസാ, ഭൂതോച്ചാടനം, പ്രാർത്ഥനകൾ മുതലായവ റോമൻ ക്രമമനുസരിച്ച് നടത്തണം (സെഷൻ 4, ഡിക്രി 14). മാമ്മോദീസാതൊട്ടികൾ പള്ളിയിൽ നിർമ്മിക്കണം; റോമൻരീതിപോലെ ജ്ഞാനസ്നാനതൈലം സൈത്തുപയോഗിച്ച് ആശീർവദിക്കണം (സെഷൻ 4, ഡിക്രി 19). സ്ഥൈര്യലേപനം ജ്ഞാനസ്നാനത്തോടൊപ്പം കൊടുക്കരുത്. അതു പരികർമ്മം ചെയ്യാനുള്ള അധികാരം മെത്രാനു മാത്രമാണ് വൈദികർക്കല്ല.

ദിവ്യബലിയിൽ നാല്പതോളം വ്യതിയാനങ്ങൾ വരുത്തി (സെഷൻ 5, ഡിക്രി 1-3) റോമൻ മിസ്സാൽ അനുസരിച്ച് സ്ഥാപനവാക്യങ്ങൾ ക്രമീകരിച്ചുകൊള്ളണം. ആരാധന, മുട്ടുകുത്തൽ മുതലായ കാര്യങ്ങളും റോമൻ മിസ്സാളിൽ പറയുന്നതുപോലെ അനുഷ്ഠിക്കണം (സെഷൻ 5, ഡിക്രി 1). വിശ്വാസപ്രമാണം ലത്തീൻ പുസ്തകത്തിലെ പോലെ ക്രമീകരിക്കണം.

റൂഹാക്ഷണപ്രാർത്ഥനയിൽ തിരുത്തലുകൾ ചെയ്തു. അനുദിന ദിവ്യബലിയർപ്പണം പ്രോത്സാഹിപ്പിച്ചു (സെഷൻ 5, ഡിക്രി 4). ലത്തീൻക്രമത്തിലുള്ള രോഗീലേപനശുശ്രൂഷാക്രമം സുറിയാനിയിലേക്ക് തർജമ ചെയ്ത് എല്ലാ പള്ളികളിലും സൂക്ഷിക്കണം (സെഷൻ 6, ഡിക്രി 1). വിവാഹിതരായ വൈദികരെ നിരുത്സാഹപ്പെടുത്തി. നിർബ്ബന്ധിത ബ്രഹ്മചര്യം നിർദ്ദേശിച്ചു (സെഷൻ 7, ഡിക്രി 16-17). വിവാഹത്തിന് ലത്തീൻ ഫോർമുല സുറിയാനിയിലേക്ക് തർജമ ചെയ്തു മാത്രമേ ഉപയോഗിക്കാവൂ (സെഷൻ 7, ഡിക്രി 1) വലിയനോമ്പിന്റെ ആരംഭമായ തിങ്കളാഴ്ച നടത്തിയിരുന്ന ചാരം പൂശൽ ബുധനാഴ്ച മതിയെന്നു തീരുമാനിച്ചു (സെഷൻ 8, ഡിക്രി 18). പുരോഹിതൻ ലത്തീൻ കുർബാനക്കുപ്പായം ഉപയോഗിക്കണം. എല്ലാ കൂദാശകളും കൂദാശാനുകരണങ്ങളും റോമൻ മിസ്സാളിൽനിന്നും സുറിയാനിയിലേക്ക് തർജമ ചെയ്ത് ഉപയോഗിക്കണം (സെഷൻ 8, ഡിക്രി 30). കുരിശു വരയ്ക്കുന്നത് ഇടത്തുനിന്നു വലത്തേക്ക് മാത്രമായിരിക്കയണമെന്ന് എല്ലാവരേയും പഠിപ്പിക്കണം. പുരോഹിതൻ ഇപ്രകാരമേ വരയ്ക്കാവൂ (സെഷൻ 8, ഡിക്രി 37).

ഈ തീരുമാനങ്ങളിലൂടെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളിലെ പിശകുകൾ തിരുത്തപ്പെട്ടു. എന്നാൽ അതിലൂടെ ലത്തീൻസഭയുടെ ആരാധനക്രമവും ആചാരവിധികളും മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമവും ആചാരവിധികളുമാക്കി മാറ്റി എന്ന കാര്യം സത്യമാണ്. ഈ തീരുമാനങ്ങളെ അടിച്ചേല്പിക്കലായി കാണുന്നവരും ഒപ്പംതന്നെ സന്തോഷത്തോടും സ്വതന്ത്രമനസ്സോടുംകൂടി സ്വീകരിച്ച തീരുമാനങ്ങളാണെന്ന് അഭിപ്രായപ്പെടുന്നവരും ഇന്നും സഭയിലു്. മാത്രമല്ല, ഈ സിനഡിന്റെ സാധുതയെത്തന്നെ ചോദ്യം ചെയ്യുന്ന സഭാചരിത്രകാരന്മാരും സഭയിലു് പ്രത്യേകിച്ച്, സീറോമലബാർസഭയിൽ.

**9.8.6. പൗരാണിക സ്മാരകങ്ങൾ**

വിശേഷപ്പെട്ട പല ലോഹങ്ങൾ കൂട്ടിച്ചേർത്ത് വാർത്തെടുത്ത ചരിത്രപ്രസിദ്ധമായ ഒരു മണി ഉദയംപേരൂർ പള്ളിയിലുായിരുന്നു. വിദേശത്തുനിന്നു ലഭിച്ച ആ മണിയിൽ 'നന്മ നിറഞ്ഞ മറിയം' എന്ന നമസ്കാരം സുറിയാനി അക്ഷരത്തിൽ എഴുതപ്പെട്ടിട്ടുന്നെു പറയപ്പെടുന്നു. ഒരുകാലത്ത് പള്ളിക്കുായ കടബാദ്ധ്യതകൾ തീർക്കുന്നതിനായി അങ്കമാലി പള്ളിക്ക് 12,000 ചക്രത്തിന് മണി പണയപ്പെടുത്തി. ഇപ്പോൾ ആ മണി അങ്കമാലി പള്ളിയുടെ കൈവശമാണ്. മണി പണയപ്പെടുത്തിയപ്പോൾ മണിയുടെ നാക്ക് ഒഴിവാക്കിയാണ് കൊടുത്തത്. ആ മണി വേറെ നാക്ക് ഘടിപ്പിച്ച് ഉപയോഗിച്ചുവരുന്നു. ഇപ്പോൾ സൂനഹദോസ് പള്ളിയിൽ ഉപയോഗിക്കുന്ന മണിയും വിദേശത്തുനിന്നും വരുത്തിയതാണ്.

പള്ളിയുടെ കിഴക്കുവശത്തായി ഒരു കരിങ്കൽ കുരിശു സ്ഥാപിച്ചിട്ടു്. മാലാഖ, അരയന്നം, താമര മുതലായ കൊത്തുവേലകൾ ചെയ്തിട്ടുള്ള വലിയ കരിങ്കല്ലുകളാൽ നിർമ്മിതമാണ് അതിന്റെ അടിത്തറ. പടിഞ്ഞാറെ ഭാഗത്തെ തറയുടെ താഴെയായി ഒരു ഉള്ളറ കാണാം. ആ ഉള്ളറയിൽ ഉണ്ണീശോയെ വഹിച്ചുകൊുള്ള പരിശുദ്ധ കന്യാമറിയത്തിന്റെ ഒരു കരിങ്കൽപ്രതിമ കാണുന്നു്. കുരിശിന്റെ തറയുടെ നാലുഭാഗത്തും കുർബാന അർപ്പിക്കുന്നതിനുവേി കരിങ്കൽ കുഴികളോടുകൂടിയ അൾത്താരപീഠം കാണാം. ഒരേസമയം നാലു വൈദികർക്കു കുർബാനയർപ്പിക്കത്തക്കവിധമാണ് ഈ കൽക്കുരിശിന്റെ നിർമ്മാണം. തറയുടെ മേൽപ്പോട്ടുള്ള കുരിശിന്റെ നെടുനീളത്തിലുള്ള ഭാഗം രു കല്ലുകൾ കൊും വിലങ്ങനെ

യുള്ളത് ഒരു കല്ലുകൊണ്ടും തീർത്തതാണ്. ആദ്യം ഈ കുരിശിന്റെ സ്ഥാനം പള്ളിയുടെ പടിഞ്ഞാറുഭാഗത്തായിരുന്നു. പിന്നീട് പള്ളിയുടെ കിഴക്കുവശത്ത് പബ്ലിക് റോഡ് വന്നപ്പോൾ ഇപ്പോൾ കാണുന്ന സ്ഥാനത്തേക്ക് കുരിശു മാറ്റി സ്ഥാപിക്കുകയുണ്ടായി.

സൂനഹദോസ് ദിനങ്ങളിൽ ബലിയർപ്പണത്തിന് ഉപയോഗിച്ചിരുന്ന ചങ്ങലയിൽ തൂക്കിയ ചെറുമണികളുള്ള മനോഹരമായ ഒരു സ്വർണ്ണകാസ ഇവിടെയുണ്ട്. മണിക്കാസ എന്നു പറയുന്ന ഇത് സൂനഹദോസ് മ്യൂസിയത്തിൽ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്നു (റവ. ഡോ. ജോർജ്ജ് കോയിൽപറമ്പിൽ - *ഉദയംപേരൂർ സൂനഹദോസ് പള്ളി*, 2006 പേജ് 20, 21, 11) (അനുബന്ധം 5 ചിത്രങ്ങൾ: ഉദയംപേരൂർപള്ളി കാണുക).

സൂനഹദോസ് നടന്നതിന്റെ നിത്യസ്മാരകമായ ഒരു ലോഹഫലകം പള്ളിയുടെ പ്രധാനഗേറ്റിനടുത്തുള്ള ചെറിയ കപ്പേളയിൽ ചില്ലുകൂട്ടിൽ സൂക്ഷിച്ചിരിക്കുന്നു. ജി. റ്റി. മക്കെൻസി ഗവർണറായിരിക്കുമ്പോൾ ഗവണ്മെന്റ് ചെലവിൽ നിർമ്മിച്ചു നല്കപ്പെട്ടതാണ് ഈ ഫലകം (കൊച്ചിൻ സ്റ്റേറ്റ് മാനുവൽ). അതിൽ കുറിച്ചിരിക്കുന്നത് ഇപ്രകാരമാണ്: “The Synod of Diamper was held in this building on the 20th of June 1599 by Archbishop Menezes of Goa.”

പഴയപള്ളിയുടെ മേൽക്കൂരയിലുള്ള ദാരുശില്പങ്ങൾ ചരിത്രപ്രസിദ്ധമാണ്. മേൽക്കൂരയുടെ ശീലാന്തികൾ വിവിധ ചിത്രങ്ങളാലും ശില്പങ്ങളാലും അലംകൃതമാണ്. ശീലാന്തികൾ ഉറപ്പിച്ചിരിക്കുന്നത് ആനകൾ, കുതിരകൾ, കാമൃഗങ്ങൾ എന്നിവയുടെ തലയിലാണ്. കൂട്ടത്തിൽ ആരുടെയും ശ്രദ്ധയാകർഷിക്കുന്ന ഒരു ശില്പമാണ് സ്ത്രീയെ വിഴുങ്ങുന്ന ഒരു കൂറ്റൻ മത്സ്യത്തിന്റേത്. കൊത്തുപണികളും ചിത്രവേലകളും ഉള്ള മേൽക്കൂടുകൾ പഴയ അമ്പലങ്ങൾക്കും പള്ളികൾക്കും വീടുകൾക്കുമൊക്കെ കാണാൻ സാധിക്കും. എന്നാൽ ഇതുപോലെ എല്ലാ ഭാഗങ്ങളും ശില്പങ്ങൾകൊണ്ടും ചിത്രങ്ങൾകൊണ്ടും നിറഞ്ഞ ഒരു മേൽക്കൂട് വളരെ അപൂർവ്വമായിട്ടേ കാണാൻ സാധിക്കൂ.

സൂനഹദോസ് പള്ളിയുടെ ചരിത്രമെഴുതിയ താളിയോലകൾ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. കരിങ്കല്ലിൽ തീർത്ത വളരെ പഴയ ഒരു മാമ്മോദീസാ തൊട്ടി ഈ പള്ളിയിലുണ്ട്. പഴയകാലത്തെ മാമ്മോദീസായുടെ ഓർമ്മകൾ പുതുക്കുന്ന ഒന്നാണിത്. പുരാതന ശിലാലിഖിതങ്ങളുടെ ഒരു ശേഖരം തന്നെയുണ്ടിവിടെ. അവയിൽ ചിലത് പള്ളിയുടെ ചുവരിൽ പതിച്ചിരിക്കുന്നു. ശിലകളിൽ വട്ടെഴുത്തിലുള്ള ലിപികൾ കാണാവുന്നതാണ്.

### 9.8.7. മാർ സാബോർ പ്രോത്ത് നാമധേയങ്ങളിൽനിന്ന് പള്ളി കന്തീശങ്ങളിലേക്ക്

സൂനഹദോസിന്റെ 25-ാമത്തെ കാനോനയിൽ മാർ സാബോറിനെയും മാർ പ്രോത്തിനെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്. മാർ സാബോറിന്റെയും മാർ പ്രോത്തിന്റെയും നാമത്തിലുള്ള എല്ലാ പള്ളികളും സകല വിശുദ്ധന്മാരുടെയും നാമത്തിൽ സമർപ്പിക്കണമെന്നും അവരിരുവരുടെയും നാമത്തിലുള്ള തിരുനാളുകളും നേർച്ചകളും സകല വിശുദ്ധന്മാരുടെയും പേരിലായിരിക്കണമെന്നും മേലിൽ ഒരു പള്ളിയും ഇവരുടെ പേരിൽ ആയിക്കൂടായെന്നും സൂനഹദോസ് കല്പിച്ചു. അങ്ങനെ ഉദയംപേരൂർ പള്ളിയും സകല വിശുദ്ധരുടെയും നാമത്തിലായി. തിരുനാൾ നവംബർ ഒന്നാം തീയതിയാക്കണമെന്നും കത്തോലിക്കാസഭ അംഗീകരിക്കാത്ത ഒരാളെയും വിശുദ്ധന്മാരുടെ ഗണത്തിൽപ്പെടുത്തി വണങ്ങരുതെന്നും കല്പിച്ചു. മാർ സാബോറിനെയും മാർ പ്രോത്തിനെയും നീക്കം ചെയ്തത് മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ എതിർപ്പിനും വിഭജനത്തിനും കാരണമാക്കി. ഇതു മനസ്സിലാക്കിയ ബുദ്ധിമാനായ മെനേസിസ്

മെത്രാപ്പോലീത്ത സകല വിശുദ്ധരുടെയും നാമധേയത്തിനു പകരമായി മിലാനിലെ ഇരട്ടസഹോദരങ്ങളായ വി. ഗർവാസിസിനെയും വി. പ്രോത്താസിസിനെയും മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ വണക്കത്തിനായി സമർപ്പിച്ചു. ഇവർ ഏകദേശം രാം നൂറ്റാിൽ ഇറ്റലിയിലെ മിലാനിൽ ജീവിച്ചവരും വിശ്വാസത്തിനുവേി രക്തസാക്ഷിത്വം വരിച്ച് വിശുദ്ധരായവരുമാണ്. നീറോ ചക്രവർത്തി വിശുദ്ധരായ ഗർവാസിസിനെയും പ്രോത്താസിസിനെയും ശിരഛേദം ചെയ്താണ് വധിച്ചത്. റോമൻ മതപീഡനകാലത്ത് രക്തസാക്ഷിത്വം വരിച്ച മാതാപിതാക്കളെപ്പോലെ ഇവരും കൗമാരത്തിൽതന്നെ രക്തസാക്ഷിത്വം വരിക്കുകയുായി. നാലാം നൂറ്റാിൽ വി. അംബ്രോസിനു ലഭിച്ച വെളിപാടനുസരിച്ചു പരിശോധിച്ചപ്പോൾ ഇവരുടെ ശരീരങ്ങൾ കേടുകൂടാതെ, ശിരസ്സു വേർപെട്ട നിലയിൽ രക്തകണങ്ങളോടകൂടി കാണപ്പെട്ടു. അങ്ങനെ സകല വിശുദ്ധരുടെയും നാമത്തിലുായിരുന്ന പള്ളികൾ വി. ഗർവാസിസിന്റെയും വി. പ്രോത്താസിസിന്റെയും നാമത്തിലായി.

ഇപ്പോൾ ഉദയംപേരൂർ പള്ളിയുടെ ഇടവക മദ്ധ്യസ്ഥർ വി. ഗർവാസിസും വി. പ്രോത്താസിസും ആണ്. നവംബർ മാസം രാമത്തെ ഞായറാഴ്ചയാണ് തിരുനാൾ ആഘോഷിക്കുന്നത്. ഈ തിരുനാളിൽ പങ്കെടുക്കുന്നതിനായി പല ഭാഗത്തുമുള്ള ഇരട്ടകൾ, ഇരട്ടകളായ വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം തേടിയെത്താറു്. കേരളത്തിൽ ഇവരുടെ നാമത്തിലുള്ള പള്ളികൾ കോട്ടയം ജില്ലയിലുള്ള കോതനല്ലൂർ, എറണാകുളം ജില്ലയിലുള്ള ഉദയംപേരൂർ, അകപറമ്പ് എന്നിവയാണ്.

#### 9.8.8. സിനഡ് മ്യൂസിയം

വളരെ ഭംഗിയായും ചിട്ടയായും ക്രമപ്പെടുത്തിയിരിക്കുന്ന, സിനഡിന്റെ ഓർമ്മകൾ പുതുക്കുന്ന ഒരു മ്യൂസിയം ഇവിടെ നിർമ്മിച്ചിട്ടു്. 2005-ലാണ് മ്യൂസിയം രൂപംകൊ ത്. അടച്ചിട്ടിരുന്ന പഴയ ദേവാലയം കേടുപാടുകൾ നീക്കി മനോഹരമാക്കി തീർത്തു. പുരാവസ്തുക്കൾ ശേഖരിച്ചു ക്രമപ്പെടുത്തി അവയ്ക്ക് വിശദീകരണവും നല്കി. ഇവിടെ നടന്ന ചരിത്ര സംഭവങ്ങൾക്ക് പ്രതിമകളിൽകൂടി ദൃശ്യാവിഷ്കരണം നൽകി ജീവൻ കൊടുത്തു. അങ്ങനെ നിർമ്മിച്ച ഈ സിനഡ് മ്യൂസിയം, സൂനഹദോസ് പള്ളിയുടെ പുരാവസ്തുക്കൾ കാണുന്നതിനും ചരിത്രം പഠിക്കുന്നതിനും അവസരം ഒരുക്കിയിരിക്കുകയാണ്.

### 9.9. പ്രസിദ്ധമായ കാഞ്ഞൂർ ദൈവാലയം

9.9.1 കേരളത്തിലെ അതിപുരാതന കത്തോലിക്കദൈവാലയങ്ങളിൽ ഒന്നാണ് കാഞ്ഞൂർ സെന്റ് മേരിസ് ഫൊറോനപള്ളി. കാഞ്ഞൂരിലെ ക്രൈസ്തവവിശ്വാസത്തിന്റെയും ആത്മീയമുന്നേറ്റത്തിന്റെയും പ്രതീകമായി ക്രിസ്തുവർഷം 1001-ൽ സ്ഥാപിതമായ ഈ ചരിത്രപ്രസിദ്ധ ദൈവാലയം നെടുമ്പാശ്ശേരി എയർപോർട്ടിനു സമീപം കാലടി-ആലുവ റൂട്ടിൽ സ്ഥിതി ചെയ്യുന്നു. ദൈവമാതാവിന്റെ നാമത്തിലുള്ള മനോഹരമായ ഈ പുരാതന ദൈവാലയം ഭാരതീയ വാസ്തുശില്പവിദ്യയും പേർഷ്യൻ നിർമ്മാണശൈലിയും പോർത്തുഗീസ് ശില്പചാതുര്യവും ഒത്തുചേർന്ന ക്രൈസ്തവ ദേവാലയനിർമ്മാണശൈലിയുടെ ഒരു ഇതിഹാസമാണ്. പുരാതന കൊത്തുപണികൾ, പഴച്ചാറും ഇലച്ചാറും തങ്ക

ഭസ്മവും ചാലിച്ചെടുത്ത ചിത്രപ്പണികൾകൊ് അലംകൃതമായ അൾത്താരകൾ, മനോഹരമായ പെയിന്റിംഗുകൾ, ദൈവാലയമുറ്റത്തെ ഒറ്റക്കല്ലിൽ തീർത്ത കൽക്കുരിശ്, പ്രധാന കവാടമായ ആനവാതിൽ, കരിങ്കല്ലിൽ തീർത്ത തൂണുകൾ, താമരപ്പൂവിന്റെ രൂപത്തിലുള്ള ഒറ്റക്കൽ മാമ്മോദീസത്തൊട്ടി, വട്ടെഴുത്തു ലിപിയിലുള്ള കല്ലറത്തറകല്ലുകൾ, പരിശുദ്ധാരൂപിയുടെ പ്രതീകമുള്ള ചാരുതയാർന്ന പ്രസംഗപീഠം, ശക്തൻതമ്പുരാനിൽനിന്നും കാണിക്കയായി ലഭിച്ച പ്രസിദ്ധമായ ആനവിളക്ക്, പുരാതനമായ താളിയോലകൾ, ഫ്രാൻസിൽനിന്നും കൊുവന്ന പുരാതന മണികൾ എന്നിവയെല്ലാം വർഷങ്ങളുടെ സാംസ്കാരിക പൈതൃകവും ചരിത്രസ്മരണകളും ഉണർത്തുന്നവയും കാഞ്ഞൂരിന്റെ ക്രൈസ്തവ പഴമ ലോകത്തോടു വിളിച്ചോതുന്നവയുമാണ്.

### 9.9.2. കാഞ്ഞൂരിൽ ജീവിക്കുന്ന വി. സെബസ്ത്യാനോസ്

എറണാകുളം-അങ്കമാലി അതിരൂപതയിലെ കാഞ്ഞൂർ ഫൊറോന പള്ളി പരി. കന്യാമറിയത്തിന്റെ നാമധേയത്തിലാണ് സ്ഥാപിച്ചിട്ടുള്ളതെങ്കിലും വി. സെബസ്ത്യാനോസിനെ ചുറ്റിപ്പറ്റിയുള്ള അത്ഭുതങ്ങളാണ് ഈ തീർത്ഥാടനകേന്ദ്രത്തെ ഇത്രകു പ്രസിദ്ധമാക്കിയത്. ഇന്ത്യയിൽ വെറെയെങ്ങും കാണാൻ സാധിക്കാത്ത ഉദയസൂര്യനെപ്പോലെ തേജസ്സുറ്റ ആ ദിവ്യരൂപം ഇറ്റലിയലെ മിലാനിൽ നിർമ്മിച്ച് എ.ഡി. 1600-ൽ പോർത്തുഗീസ് മിഷണറിമാർ കാഞ്ഞൂർ പള്ളിയിൽ കൊുവന്നു സ്ഥാപിച്ചതാണ്. വലിയ അത്ഭുതശക്തിയുള്ള ഈ രൂപം രൂപക്കൂടിൽനിന്നും പുറത്തിറക്കാറില്ല. രൂപം പുറത്തിറക്കിയ സന്ദർഭങ്ങളിൽ വിയർത്തെന്നും, അങ്ങാടിയിൽ തീപിടുത്തവും നാട്ടിൽ പഞ്ഞം, പട, വസൂരി തുടങ്ങിയ അനർത്ഥങ്ങൾ ഉായെന്നുമാണ് പറയപ്പെടുന്നത്. പോർത്തുഗീസിൽനിന്നും കപ്പലിൽ മൂന്നു രൂപങ്ങളാണ് കൊുവന്നത്. ഒന്ന് കാഞ്ഞൂർ പള്ളിയിലേക്കും, രാമത്തേത് അർത്തുങ്കൽ പള്ളിയിലേക്കും, മൂന്നാമത്തേത് അതിരമ്പുഴ പള്ളിയിലേക്കും. ഏതു സ്വരൂപമാണ് കാഞ്ഞൂർ പള്ളിയിലേക്കെന്ന ചിന്താക്കുഴപ്പത്തിൽ കപ്പലിൽവെച്ചുതന്നെ ഒരു രൂപം കാഞ്ഞൂരിനെ ലക്ഷ്യമാക്കി വടക്കു കിഴക്കായി സ്വയം തിരിഞ്ഞെന്നും അപ്പോൾ മുതൽ വിശുദ്ധൻ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തുടങ്ങി എന്നും പറയപ്പെടുന്നു. ചരിത്രപുരുഷന്മാരായ ടിപ്പു സുൽത്താനും ശക്തൻ തമ്പുരാനുമെല്ലാം ഇതിന് അനുഭവസാക്ഷികളാണെന്നും ഭക്തജനങ്ങൾ ഏകസ്വരത്തിൽ ഏറ്റുപറയുന്നു.

#### 9.9.2.1. വിളിച്ചു വിളികേട്ട കാഞ്ഞൂർ പുണ്യവാൻ

ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് അദ്ദേഹം കീഴടക്കിയ പ്രദേശങ്ങളിലെ പള്ളികളും അമ്പലങ്ങളും തകർത്തിരുന്നു. 1790-ൽ ടിപ്പു സുൽത്താൻ കാഞ്ഞൂർ പള്ളി ആക്രമിക്കുവാൻ പടയുമായി എത്തി. ടിപ്പുവിന്റെ പട വരുന്നതറിഞ്ഞ ഇടവക ജനങ്ങൾ ഓടിക്കൂടി വി. സെബസ്ത്യാനോസിന്റെ രൂപത്തിനു മുമ്പിൽനിന്നു കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. പള്ളിയെ ആകമിക്കുവാൻ ടിപ്പു കല്പന കൊടുത്തപ്പോൾ പുണ്യവാന്റെ അത്ഭുതശക്തിയെക്കുറിച്ചു ഭക്തജനങ്ങൾ സുൽത്താനോടു പറഞ്ഞു. അതു കേട്ട സുൽത്താൻ പറഞ്ഞു: “ഈ കളിമൺ പ്രതിമക്ക് അത്ഭുതശക്തി ഉങ്കിൽ പുണ്യവാൻ നമ്മോട് നേരിട്ടു സംസാരിക്കട്ടെ” എന്ന്. അപ്പോൾ ഭക്തജനങ്ങൾ കൂട്ടനിലവിളിയോടെ “കാഞ്ഞൂർ പുണ്യവാനേ, ഞങ്ങളെ കാത്തുകൊള്ളണേ...” എന്നു വിളിച്ചപേക്ഷിച്ചു. “എനിക്ക് ഇവിടെ ഇരുന്നുകൂടേ?” എന്ന് ഉച്ചത്തിൽ വി. സെബസ്ത്യാനോസിന്റെ രൂപത്തിൽനിന്ന് ശബ്ദം പുറത്തേക്കു വന്നു. ഇതു കേട്ട് അത്ഭുതപ്പെട്ട സുൽത്താൻ കാഞ്ഞൂർപള്ളിയിെ ആക്രമിക്കാതെ തിരിച്ചുപോയെന്നാണ് പഴമ

ക്കാരുടെ ഭാഷ്യം. അന്നു മുതൽ കാഞ്ഞൂർ പുണ്യവാൻ വിളിച്ചു വിളികേട്ട പുണ്യവാനായി അറിയപ്പെടുന്നു. പള്ളിയെ ആക്രമിക്കുവാൻ ടിപ്പു സുൽത്താൻ വന്ന സമയത്ത് പള്ളിയോടു ചേർന്നുള്ള പെരിയാറിൽ ഒരു അത്ഭുത വെള്ളപ്പൊക്കം ഉാവുകയും അവിടെ തമ്പടിച്ചിരുന്ന പട്ടാളക്കാരും പടക്കോപ്പുകളും ഒലിച്ചുപോവുകയും ചെയ്തു. പള്ളിയുടെ ആനവാതിലിന്റെ ഇരുവശത്തുമായി മൈസൂർ പടയെ തുരത്തിയ തിരുവിതാംകൂറിന്റെ സൈന്യത്തെ ചിത്രീകരിച്ചിരിക്കുന്നു. ടിപ്പുവിന്റെ പടയ്ക്കെതിരെ യുദ്ധം ചെയ്യുന്ന പീരങ്കിപടയും മറുവശത്ത് അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെ നേതൃത്വത്തിലുള്ള കാലാൾപ്പടയുമാണ് ചിത്രീകരിച്ചിരിക്കുന്നത്. 1790-ൽ ആലുവയുടെ പരിസരങ്ങളിൽ നടന്ന യുദ്ധത്തിന്റെ ഭീകരത ഈ ചിത്രങ്ങളിൽ ആവാഹിച്ചിരിക്കുന്നു..

### 9.9.2.3. ശക്തൻ തമ്പുരാനും ആനവിളക്കും

ശക്തൻ തമ്പുരാൻ ജനിച്ചത് കാഞ്ഞൂർ പള്ളിയിൽനിന്ന് ഒരു വിളിപ്പാടകലെയുള്ള വെള്ളാരപ്പിള്ളി കോവിലകത്താണ്. ഒരിക്കൽ തമ്പുരാൻ പള്ളിയുടെ മുൻപിലൂടെ കുതിരപ്പുറത്ത് എഴുന്നള്ളുമ്പോൾ പള്ളിയുടെ പടിപ്പുരയിൽ ഇരുന്ന ഒരാൾ എഴുന്നേറ്റ് വണങ്ങിയില്ല. ഇതിൽ കോപിഷ്ഠനായ തമ്പുരാൻ പള്ളിയുടെ പടിപ്പുര പൊളിച്ചുകളയുവാൻ ഉത്തരവു നൽകി. ഭൃത്യന്മാർ പടിപ്പുര പൊളിക്കുവാൻ തുടങ്ങിയപ്പോൾ കോവിലകത്തെ ആന കോവിലകത്തെ പടിപ്പുര തകർക്കുവാൻ തുടങ്ങി. കാഞ്ഞൂർ പള്ളിയിലെ പുണ്യവാൻ അത്ഭുതശക്തിയുള്ള ദിവ്യനാണെന്നും അവിടുത്തെ കോപമാണ് ഇതിനു കാരണമെന്നും വെളിച്ചപ്പാട് തമ്പുരാനെ ബോധിപ്പിച്ചു. ഇതുകേട്ട തമ്പുരാന് വിശ്വാസം വരികയാൽ പ്രായശ്ചിത്തമായി പുണ്യവാനു സമർപ്പിച്ചതാണ് പ്രസിദ്ധമായ ആനവിളക്ക്. നരസിംഹത്തിന്റെ തലയോടുകൂടിയ തുടൽവിളക്കിന്റെ തട്ടിൽ ആനയും ആനപ്പുറത്ത് പൂണൂൽ ധരിച്ച പൂജാരിയുമായിട്ടുള്ളതാണ് കാഞ്ഞൂർപള്ളിയിലെ പ്രസിദ്ധമായ ആനവിളക്ക്.

### 9.9.2.4.കൊത്തുപണികളാൽ അലംകൃതമായ പ്രസംഗപീഠം

കാഞ്ഞൂർ പള്ളിയിൽ വരുന്ന വിദേശികളും സ്വദേശികളുമായ തീർത്ഥാടകരെ അത്ഭുതപ്പെടുത്തുന്നതും കൊത്തുപണികളാൽ അലംകൃതവുമായ പ്രസംഗപീഠം (പുഷ്പം) ഒരു വിസ്മയകാഴ്ചയാണ്. പള്ളിയുടെ മദ്ധ്യഭാഗത്ത് കോളാമ്പിപ്പൂവിന്റെ ആകൃതിയിൽ ആനയുടെ വായിൽനിന്നും പുറപ്പെടുന്ന സസ്യഞെട്ടിൽ വിടരുന്ന പൂവായിട്ടാണ് കാഞ്ഞൂരിലെ ഈ മനോഹര പ്രസംഗപീഠം. പീഠത്തിനു മുകളിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവിന്റെ ചുിൽ പ്രസംഗപീഠത്തിന്റെ മേലാപ്പ് തൂങ്ങികിടക്കുന്നു. പ് മൈക്കുകൾ ഇല്ലാതിരുന്ന കാലത്ത് വൈദികർ ഈ പീഠത്തിൽനിന്നാണ് പ്രസംഗിച്ചിരുന്നത്.

### 9.9.2.5.ഒറ്റക്കല്ലിൽ തീർത്ത മാമ്മോദീസതൊട്ടിൽ

കാഞ്ഞൂർ പള്ളിയിലെ ശ്രദ്ധേയമായ ഒരു കാഴ്ചയാണ് ഈ മാമ്മോദീസക്കല്ല്. നൂറ്റാുകൾ പഴക്കമുള്ളതും ഒറ്റക്കല്ലിൽ പണിതീർത്തതുമായ മാമ്മോദീസക്കല്ലിൽ വിചിത്രങ്ങളായ പല കൊത്തുപണികളും ഉ്. ക്രിസ്തുമതവിശ്വാസികൾ കുഞ്ഞുങ്ങളെ വിശുദ്ധജലംകൊു മാമ്മോദീസ നടത്തുന്നത് ഇവിടെയാണ്. ഇവിടെ എത്തുന്ന തീർത്ഥാടകരെ ഏറെ ആകർഷിക്കുന്ന ഈ മാമ്മോദീസക്കല്ല് അപൂർവമായ ഒന്നാകയാൽ ധാരാളമാളുകൾ ഇതിന്റെ ചിത്രമെടു ക്കാ റു ്.

### 9.9.2.6. പതിനെട്ടാം നൂറ്റാിൽ സ്ഥാപിതമായ പള്ളിമേട

എ.ഡി. 1001-ലാണ് കാഞ്ഞൂർ സെന്റ് മേരിസ് ഫൊറോനപള്ളി സ്ഥാപിച്ചത് എന്ന് ക്രൈസതവ ഡയറക്ടറികളിലും എറണാകുളം-അങ്കമാലി അതിരൂപതാ രേഖകളിലും കാണപ്പെടുന്നു. എ.ഡി. 1876-ൽ എറണാകുളം വികാരിയാത്ത് രൂപംകൊപ്പോൾ കാഞ്ഞൂർ പള്ളി ഫൊറോനാ ദൈവാലയമായി. ഫൊറോനാ ദേവാലയമായപ്പോൾ വലിയൊരു പള്ളിമേട ആവശ്യമാണെന്ന് മനസ്സിലാക്കി പള്ളിമേട പണിയുവാൻ തീരുമാനിച്ചു. അന്നത്തെ വികാരി ഫാ. വറീത് ഔസേപ്പച്ചനായിരുന്നു. 1896-ൽ മെത്രാൻപട്ടം സ്വീകരിച്ച പഴേപ്പറമ്പിൽ തിരുമേനിയാണ് പള്ളിമേടയ്ക്കു തറക്കല്ലിട്ടത്. അതിപുരാതനമായ കാഞ്ഞൂർപള്ളിയുടെ പാരമ്പര്യം വിളിച്ചോതുന്ന പ്രൗഢഗംഭീരമായ ബ്രിട്ടീഷ് മാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ള പള്ളിമേട പള്ളിയുടെ വടക്കേ മുറ്റത്ത് തലയുയർത്തി നിൽക്കുന്നു.

### 9.9.3. കാഞ്ഞൂർപള്ളിയും പുരാതന ചിത്രകലകളും

പള്ളിക്കകത്തെ ചിത്രപ്പണികളും കൊത്തുവേലകളും കാഞ്ഞൂർപള്ളിയുടെ പഴക്കത്തിന്റെ ആക്കവും തൂക്കവും വിളിച്ചറിയിക്കുന്നതാണ്. മദ്ബഹായുടെ മുകളിലുള്ള ആർച്ചുഭാഗത്തു കാണപ്പെടുന്ന മനോഹരങ്ങളായ ചിത്രങ്ങൾ. പച്ചിലച്ചാറും പഴച്ചാറും തങ്കഭസ്മവും ചാലിച്ചെടുത്ത പെയിന്റിംഗുകൾ നൂറ്റാ്ടുകൾ കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാതെ ഇന്നും നില നിൽക്കുന്നു. ഈ വാസുതവിദ്യയും ശില്പഭംഗിയും ശില്പകലാരംഗത്തെ മുതൽക്കൂട്ടാണ്. സർവവിജ്ഞാനകോശഗ്രന്ഥത്തിൽ കൊടുത്തിട്ടുല്ള അൾത്താരയുടെ പടം കാഞ്ഞൂർ പള്ളിയുടേതാണ്. ഇന്ത്യയിലും വിദേശത്തുമുള്ള പല ചിത്രകാരന്മാരും കാഞ്ഞൂർ പള്ളിയിലെ പുരാതനമായ ഈ ചിത്രകലയെക്കുറിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും എത്താറു്.

പഴയ ചുവർചിത്രത്തിന്റെ പുതിയ ചായത്തിലുള്ള പുനരാലേഖനമാണ് ഇപ്പോഴുള്ള ചുവർചിത്രങ്ങളിൽ പലതും. അന്ത്യഅത്താഴം, പിലാത്തോസിന്റെ കല്പന, ഉണ്ണിയേശുവിനെ ദേവാലയത്തിൽ കാഴ്ചവയ്ക്കുന്നത്. മറിയം എലിസബത്തിനെ കാണുന്നത്, ഗബ്രിയേൽ മാലാഖയുടെ മംഗളവാർത്ത, തിരുപ്പിറവി, മാതാവിന്റെ മടിയിൽ കിടത്തിയ മൃതനായ യേശു, അബ്രഹാമിന്റെ ബലി തുടങ്ങിയവയാണ് അൾത്താരയിലെ പലകയിൽ രേഖപ്പെടുത്തിയ വർണചിത്രങ്ങൾ. ഭിത്തിചിത്രങ്ങളിലെ രേഖാചിത്രങ്ങളുടെ മിഴിവ് ശ്രദ്ധേയമാണ്.

#### 9.9.3.1. പുരാതനലിഖിതങ്ങൾ

എഴുതപ്പെട്ട ചരിത്രരേഖകളിൽനിന്നും കാഞ്ഞൂർ സെന്റ് മേരീസ് ദേവാലയം ക്രി.വ. 1001 -ൽ സ്ഥാപിതമായി. പല കാലഘട്ടങ്ങളിലും ഈ ദേവാലയം പുതുക്കി പണിതിട്ടുള്ളതായി കാണാവുന്നതാണ്. എ.ഡി. 1403-ൽ ഈ ദേവാലയം പുതുക്കി പണിതപ്പോൾ പഴയ ദേവാലയത്തിലെ നാലു ശീലാന്തികൾക്ക് ബലക്ഷയം ഒന്നും ഇല്ലാത്തതിനാൽ ആ ശീലാന്തികൾ വീും ഉപയോഗിച്ചതായി അതിൽ രേഖപ്പെടുത്തിയിട്ടുള്ള വട്ടെഴുത്തു ലിഖിതങ്ങളിൽനിന്നും മനസ്സിലാക്കിയിട്ടു്.

ഈ ലിഖിതത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

“മിശിഹാ പിറന്നിട്ട് ഒരായിരത്തിമൂന്നു കാലം അന്ന കൊല്ലം അഞ്ഞൂറ്റി എഴുപത്തേഴ്മ് മിഥിനമാസം അഞ്ചാം തീയതി അക്കര വെതേത്തി മാറി കഴിപലക പണതു. എഴുപത്തെട്ടാമാ തുലാം മാസം എട്ടിന് ഉത്തരം കയറ്റി അന്നു നടുവിലെ ചിലാൻന്തി 4 ന്ന ചുരുള്

മാറിട്ടില്ല. കുംഭമാസം പഴേകണക്കിൽ 12 കുനിക തറച്ചു വിതാനം വച്ച വാപ്പലശ്ശേരിൽ ആശാരികേളെ കുഞ്ഞിട്ടുണ്ണാമൻ ഇത എഴുത്ത"

ഈ ലിഖിതം ഉളികൊ് കുറിച്ചിട്ടത് വാപ്പലശ്ശേരിയിലെ ആശാരിയായിരുന്ന കേളു കുഞ്ഞിട്ടുണ്ണാമൻ ആണെന്നു കരുതാവുന്നതാണ്.

ദേവാലയം വീും പുതുക്കി പണിതപ്പോൾ പഴയ മലയാളഭാഷ ലിഖിതങ്ങളും വട്ടെഴുത്തു ലിഖിതങ്ങളും ആലേഖനം ചെയ്തിട്ടുള്ള ഇരുപതോളം കല്ലുകൽ പള്ളിയുടെ വടക്കേ ഭിത്തിയിൽ സ്ഥാപിച്ചിട്ടു്. പല കല്ലുകളും 16, 17 നൂറ്റാുകളിലേതെന്നു കരുതപ്പെടുന്നു. ഇത് പല ശിലാലിഖിതങ്ങളും കബറിടങ്ങളുമായി ബന്ധപ്പെട്ടവയാണ്.

'കൊല്ലം 864-ാമത് കന്നി ഞായർ പതിമൂന്നി തിങ്കളാഴ്ച കൈത്തോട്ടുങ്കൽ അച്ചുണ്ണി അമ്മ മരിച്ചു.' 'കൊല്ലം 872-ാമത് മിഥുന ഞായറിന് തിങ്കളാഴ്ചനാൾ കൈത്തോട്ടുങ്കൽ അവരാൻ വർഗ്ഗീസ് മരിച്ചു.' തുടങ്ങിയ വട്ടെഴുത്തു ലിഖിതങ്ങൾ ഈ ഗണത്തിൽപ്പെടും. കി.വ. 1689-ലെയും ലിഖിതങ്ങളാണിവ.

ശിലാലിഖിതകല്ലുകൾ ഭിത്തിയിൽ സ്ഥാപിച്ചപ്പോൾ പലതും തലതിരിച്ചും കഷണങ്ങളാക്കിയും സ്ഥാപിച്ചിട്ടുള്ളതിനാൽ എപ്പിഗ്രാഫി വിദഗ്ദ്ധർക്കു ലിപികൾ വായിച്ചെടുക്കുവാൻ ബുദ്ധിമുട്ടായിട്ടു്.

1838 ജൂലൈ 29-ന് ചരമം പ്രാപിച്ച കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളുടെ പെ.ബ. ദെഫോത്തപിശോത്ത ഗോവർണ്ണദോരച്ചൻ കാലം ചെയ്ത ആിൽ ഒരു റാസയ്ക്ക് 100 ക. വെച്ചിട്ടു്. എന്ന പഴയ മലയാളലിപിയുടെ ശിലാലിഖിതവും ഈ കൂട്ടത്തിൽ കാണാം.

1924-ൽ എച്ച്. ഹോസ്റ്റൺ (റവ. ഫാ. എച്ച്. ഹോസ്റ്റൺ) എന്ന വൈദികൻ ഈ ദേവാലയം സന്ദർശിക്കുകയും പള്ളിപ്പറമ്പിൽനിന്ന് ചില ശവകുടീര വട്ടെഴുത്തു ലിഖിതങ്ങൾ കടുക്കുകും ചെയ്തു. അതിലെ ഒന്നിലെ വട്ടെഴുത്ത് ലിപികളിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു. 'ഇട്ടിച്ചെറിയ മാപ്പിള നല്ല വഴിചെയ്തു.' മറ്റൊന്നിൽ '1099-ൽ കുഞ്ഞച്ചി നല്ല വഴിക്കേ പോയി. നല്ല വഴി എന്ന ശൈലി മരണത്തിന്റെ വഴി' എന്നാണ് സൂചിപ്പിക്കുന്നത്.

**9.9.4. ഏഷ്യയിലെ ഏറ്റവും വലിയ 3 തിരുനാൾ പ്രദക്ഷിണങ്ങൾ**

കാഞ്ഞൂർ പള്ളിയിലെ തിരുനാളിന്റെ പ്രദക്ഷിണം വളരെയേറെ പ്രസിദ്ധമാണ്. ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞു 3 മണിക്ക് തിരുനാളിന്റെ ആദ്യത്തെ പ്രദക്ഷിണം ഇറങ്ങുകയും വൈകിട്ട് 6 മണിക്ക് പള്ളിയിൽ തിരിച്ചു കയറുകയും ചെയ്യുന്നു. 20-ാം തീയതി ഉച്ചയ്ക്കു 12 മണിക്ക് തിരുനാൾ പ്രദക്ഷിണം ഇറങ്ങി 3 മണിക്ക് പള്ളിയിൽ കയറുന്നു. ഈ രു പ്രദക്ഷിണവും മൂന്ന് അങ്ങാടി ചുറ്റിവരുന്നു. 20-ാം തീയതി വൈകിട്ട് 6.30 മുതൽ 8 മണിവരെ പള്ളി ചുറ്റിയുള്ള സമാപനപ്രദക്ഷിണം നടക്കുന്നു. പ്രദക്ഷിണത്തിന് മുന്നിലായി 101 വാദ്യകലാകാരന്മാർ അണിനിരക്കുന്ന ചെമേളം, അതിനു പുറകിലായി 300 ഓളം പൊൻകുരിശും വെള്ളിക്കുരിശുകളും അതിനു പുറകിലായി ആയിരത്തോളം നാനാവർണ്ണ മുത്തുക്കുടകളും അണിനിരക്കുന്നു. പ്രദക്ഷിണത്തിന്റെ കൂടെ ബാന്റ് സെറ്റുകൾ, നാദസ്വരങ്ങൾ, പഞ്ചവാദ്യങ്ങൾ തുടങ്ങിയവയും അതിനു പുറകിലായി ആയിരക്കണക്കിനു വിശ്വാസികളും തിരുസ്വരൂപവും അണിനിരക്കുന്നു. ദൂരദേശങ്ങളിൽനിന്ന് ജനങ്ങൾ ഈ പ്രദക്ഷിണത്തിന് നേർച്ച നേർന്ന് കുരിശും കുടയും പിടിച്ചു പങ്കെടുക്കുന്നത് ഇവിടത്തെ മാത്രം പ്രത്യേകതയാണ്. ഒരിക്കൽ ഈ പ്രദ

ക്ഷിണത്തിൽ പങ്കെടുത്തിട്ടുള്ള തീർത്ഥാടകർ എല്ലാ വർഷവും മുടങ്ങാതെ ഭക്തിപൂർവ്വം വീും പങ്കെടുക്കുന്നു. വിശുദ്ധന്റെ തിരുനാളിന്റെ പ്രാധാന്യം കണക്കാക്കി തിരുനാൾ ദിനങ്ങളായ ജനുവരി 19, 20 ദിവസങ്ങൾ കാഞ്ഞൂരിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ ഫെസ്റ്റിവൽ ഏരിയയായി ഗവണ്മെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെയെത്തുന്ന് നാനാജാതി തീർത്ഥാടകരുടെ പ്രധാന വഴിപാട് അമ്പ് എഴുന്നള്ളിക്കലാണ്. ഇവിടെ വരുന്നവർക്ക് ഒത്തിരി അത്ഭുതാനുഭവങ്ങൾ പറയുവാനു്. നാട്ടിൽ പടർന്നുപിടിച്ച വസൂരിയിൽനിന്ന് ഇവിടത്തെ ജനങ്ങളെ രക്ഷിച്ചത്, ജന്മനാ കേൾവിശക്തിയില്ലാത്ത കുട്ടിക്ക് കേൾവിശക്തി ലഭിച്ചത്. പള്ളിയുടെ മുമ്പിലുള്ള ഇരുനിലകെട്ടിടം പൊളിക്കുമ്പോൾ അതിന്റെ മുകളിൽനിന്നും വീണസമയത്ത് "കാഞ്ഞൂർ പുണ്യവാനേ രക്ഷിക്കണമേ..." എന്നു കരഞ്ഞു വിളിച്ചപ്പോൾ ഒരു പോറൽ പോലുമേല്പിക്കാതെ ഒരു സഹോദരനെ രക്ഷിച്ചത്. പുണ്യവാന്റെ തിരുസ്സന്നിധിയിൽ നേർച്ച നേർന്ന് 9 നൊവേനകളിൽ മുടങ്ങാതെ വന്നു പ്രാർത്ഥിക്കുമ്പോൾ വർഷങ്ങളായി നടക്കാത്ത വിവാഹങ്ങൾ നടക്കുന്നത്. കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ലഭിക്കുന്നത്, പരീക്ഷയിൽ ഉന്നതവിജയം നേടുന്നത്, വിദേശത്ത് ജോലിക്കു പോകുവാനുള്ള തടസ്സങ്ങൾ മാറ്റി കൊടുക്കുന്നത്, ഭൂമി വിൽക്കാൻ സാധിക്കുന്നത്, മാറാരോഗങ്ങൾ മാറിക്കിട്ടുന്നത് അങ്ങനെ എത്രയെത്ര അനുഭവങ്ങളാണ് ഇന്നും ജീവിക്കുന്ന, വിളിച്ചു വിളികേട്ട കാഞ്ഞൂരിലെ വി. സെബസ്ത്യാനോസിന്റെ മുൻപിൽ നിത്യവും സാക്ഷ്യപ്പെടുത്തുന്നത്.

#### 9.9.4.1. തിരുനാളും പരുന്തും

ജനുവരി 20-ാം തീയതി ഉച്ചയ്ക്കു 12 മണിക്ക് ഇറങ്ങുന്ന തിരുനാൾ പ്രദക്ഷിണത്തിന് പുണ്യവാനെ അകമ്പടി സേവിക്കുവാൻ എല്ലാവർഷവും പരുന്തുകൾ വട്ടമിട്ടു പറക്കുന്നതും നട്ടുച്ചയ്ക്കും നക്ഷത്രങ്ങൾ തെളിഞ്ഞു കാണുന്നതും തീർത്ഥാടകരെ നിർവൃതിയിലെത്തിക്കുന്നു. ഈ പരുന്തുകൾ വരുന്നതിന് ഒരു ചരിത്രം പറയുന്നു്. പരുന്തുകളെ പുണ്യവാന് വളരെ ഇഷ്ടമായിരുന്നു. സെബസ്ത്യാനോസിനെ അമ്പെയ്ത് മരിക്കാതെ വന്നപ്പോൾ ഗദകൊ് തലയ്ക്ക് അടിച്ചുകൊന്നു. കഴുകന്മാരും നരികളും ഉപദ്രവിക്കാതെ ആ ശരീരത്തിനു ചുറ്റും പരുന്തുകൾ കാവൽനിന്നു. നട്ടുച്ചയ്ക്കും നക്ഷത്രങ്ങൾ മിന്നിനിന്നു എന്നാണ് പറയുന്നത്. അതുകൊണ് വി. സെബസ്ത്യാനോസ് മരിച്ച ജനുവരി 20 ന് തിരുനാൾ കൊടുന്ന കാഞ്ഞൂർ പള്ളിയിലെ പുണ്യവാന്റെ തിരുസ്വരൂപം ഇറങ്ങുമ്പോൾ മുതൽ പരുന്തുകൾ വട്ടമിട്ട് പറക്കുന്നതെന്നും നക്ഷത്രങ്ങൾ തെളിയുന്നതെന്നും ഭക്തർ ഇപ്പോഴും വിശ്വസിക്കുന്നത്.

#### 9.9.4.2. കാഞ്ഞൂർ പള്ളിയിലെ പ്രസിദ്ധമായ വെടിക്കെട്ട്

കാഞ്ഞൂർ പള്ളിയിലെ വെടിക്കെട്ട് വളരെ പ്രസിദ്ധമാണ്. ശക്തൻതമ്പുരാന്റെ കാലത്ത് കാഞ്ഞൂർ പള്ളിയിലെ തിരുനാളിന് കതിനയുടെ നിരന്തരമായ വെടിയൊച്ച തമ്പുരാന് അസഹ്യമായപ്പോൾ കതിനകളെല്ലാം പള്ളിയോടു ചേർന്ന പെരിയാർ നദിയിൽ കളയുവാൻ കല്പിച്ചു. എന്നാൽ തിരുനാളിന്റെ പ്രദക്ഷിണത്തിന് പുണ്യവാന്റെ രൂപം ഇറങ്ങിയപ്പോൾ ആ കതിനകളെല്ലാം വെള്ളത്തിൽ കിടന്ന് ഉച്ചത്തിൽ പൊട്ടി. ഇതു നേരിൽ ക തമ്പുരാൻ പുണ്യവാനെ വന്ന് വണങ്ങുകയും പള്ളിയുടെ സ്ഥലങ്ങളെല്ലാം കരം ഒഴിവാക്കി നൽകുകയും ചെയ്തു.

ജനുവരി 10-ാം തീയതി മുതൽ വൈകിട്ട് 6.30 ന് ടൗൺ കപ്പേളയിൽ ആരഭിക്കുന്ന നൊവേനയ്ക്കും 11-ാം തീയതി രാവിലെ 5.30 ന്റെ കുർബാനയോടുകൂടി പള്ളിയിൽ ആരംഭി

ക്കുന്ന ഓരോ നൊവേനയക്കുശേഷവും വെടിക്കെട്ടു നടക്കുന്നു. പെരുന്നാൾ ദിവസം 19-ാം തീയതി രാത്രി 9.30 നും 20-ാം തീയതി വൈകിട്ട് 6.30 നുമുള്ള പള്ളിചുറ്റി പ്രദക്ഷിണം 8 മണിക്ക് കയറുന്നതുവരെയും എട്ടാമിടത്തിന് 26 തീയതി രാത്രി 7 നും ഗംഭീരമായ വെടിക്കെട്ട് നടക്കുന്നു. നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് വിമാനങ്ങൾ താഴ്ന്നിറങ്ങുന്നത് കാഞ്ഞൂർ പള്ളിയോട് ചേർന്നാണ്. കാഞ്ഞൂർ തിരുന്നാളിന് നൂറ്റാുകളായി നടന്നുവരുന്ന വെടിക്കെട്ടിന് തടസ്സമുാകാതിരിക്കുന്നതിനുവേി വിമാനത്താവള അധികൃതർ തിരുനാൾ ദിവസങ്ങളിലെ വെടിക്കെട്ടിന്റെ സമയത്ത് വിമാനങ്ങളുടെ സമയക്രമങ്ങളിൽ മാറ്റം വരുത്തി, വിശുദ്ധന്റെ തിരുനാളിനോട് വളരെയേറെ സഹകരിച്ചുപോരുന്നു.

#### 9.9.4.3. മതസൗഹാർദ്ദത്തിന്റെ കാഞ്ഞൂർപള്ളി

ദിവസവും ഇവിടെ ക്രൈസ്തവരോടൊപ്പം ധാരാളം നാനാജാതി മതസ്ഥരും വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം തേടിയെത്തുന്നു. വിശുദ്ധന്റെ തിരുനാൾ ഈ നാടിന്റെ ഉത്സവമായാണ് ഇവിടുത്തെ നാനാജാതി മതസ്ഥർ ഒരുമയോടെ ആഘോഷിക്കുന്നത്. തിരുനാളിന്റെ പ്രദക്ഷിണത്തിന് വിശുദ്ധന്റെ രൂപത്തിനു മുമ്പിൽ കോൽവിളക്കു പിടിക്കുന്നത് അക്രൈസ്തവരായ വിശ്വാസികളാണ്. ഇതു നൂറ്റാുകളായി നടന്നുവരുന്ന ആചാരങ്ങളാണ്. കാഞ്ഞൂർപള്ളിയുടെ അടുത്തുള്ള പുതിയേടം ഭഗവതി ക്ഷേത്രത്തിലെ ഭഗവതി പുണ്യവാന്റെ സഹോദരിയാണെന്ന് ഇന്നാട്ടിലെ ഹിന്ദുമതവിശ്വാസികൾ വിശ്വസിക്കുന്നു. ജനുവരി 20-ാം തീയതി ഉച്ചയ്ക്ക് വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചുകൊുള്ള പ്രദക്ഷിണം പുതിയേടം ക്ഷേത്രത്തിനു സമീപമുള്ള തെക്കേ അങ്ങാടിയിൽ എത്തുമ്പോൾ വി. സെബസ്ത്യാനോസിന്റെ രൂപത്തിൽ ഏറ്റവും കൂടുതൽ മാലകൾ ചാർത്തുന്നത് അക്രൈസ്തവരായ വിശ്വാസികളാണ്. ഈ നാടിനു മാത്രമല്ല ഇവിടെ വന്നണയുന്ന നാനാജാതി മതസ്ഥരായ വിശ്വാസികൾക്ക് ആശ്വാസമായി കാഞ്ഞൂരിന്റെ രക്ഷകനായ വിശുദ്ധനായി വിളിച്ചു വിളികേട്ട വി. സെബസ്ത്യാനോസ് ഇന്നും നിലകൊള്ളുന്നു.

## 9.10. കൊരട്ടിപള്ളിയുടെ സ്ഥാപനപശ്ചാത്തലവും ആചാരങ്ങളും (പൂവൻകുല തുലാഭാരം)

#### 9.10.1. പുരാവൃത്തം

കൊരട്ടിപള്ളിയുടെ സ്ഥാപനത്തെക്കുറിച്ചു ഒരു സംഭവകഥ (ഐതിഹ്യം) നിലനിൽക്കുന്നു്. പള്ളി സ്ഥാപിതമാകുന്നതിനുമുമ്പേ ഇവിടെ പ്രബലമായ ഒരു ക്രൈസ്തവസമൂഹം നിലനിന്നിരുന്നു. ഇക്കൂട്ടരുടെ അന്നത്തെ മാതൃദേവാലയം (ഇടവക) അമ്പഴക്കാട് ആയിരുന്നു. എ.ഡി. 300-ൽ സ്ഥാപിതമായതാണ് അമ്പഴക്കാട്ട് പള്ളി എന്നു പരമ്പരാഗതമായി വിശ്വസിക്കുന്നു. ചാലക്കുടിപ്പുഴയ്ക്ക് അക്കരെ ഏഴെട്ടു കിലോമീറ്റർ അകലെയാണ് അമ്പഴക്കാട്. കൊച്ചി രാജ്യത്തിലെ ഇടപ്രഭുവായിരുന്ന കൊടുശ്ശേരി കർത്താവിന്റെ ഭരണപ്രദേശങ്ങളിൽ ഉൾപ്പെട്ടിരുന്ന സ്ഥലമാണ് അമ്പഴക്കാട്. കൊരട്ടി പ്രദേശം കൊരട്ടി കൈമളിന്റെ ഭരണത്തിലും.

കൊരട്ടി കൈമളും കോടുശ്ശേരി കർത്താവും തമ്മിൽ നിരന്തരം യുദ്ധത്തിലേർപ്പെട്ടിരുന്നു. കർത്താവിന്റെ കീഴിൽ നായന്മാരും കൈമളിന്റെ കീഴിൽ ധാരാളം ക്രിസ്ത്യാനികളും സൈന്യസേവനത്തിനുായിരുന്നു. സൈന്യബലത്തിൽ കൈമളിനേക്കാൾ മുന്നിലായിരുന്ന കർത്താവ് ആദ്യമാദ്യം യുദ്ധത്തിൽ മുന്നേറിക്കൊിരുന്നു. കൈമളിന്റെ സേനാനായകനാ

യിരുന്നു കവലക്കാട്ട് കൊച്ചുവറീത് (അമ്പഴക്കാട് ഇവകയിൽ അഞ്ചു നമ്പൂതിരി ഇല്ലക്കാർ മാമ്മോദീസ മുങ്ങി ക്രിസ്ത്യാനികളായെന്നും അവരിൽ ഒരു തറവാട്ടുകാരാണ് കവലക്കാട്ട് കുടുംബമെന്നും പറപ്പെടുന്നു. ഈ കുടുംബത്തിലെ അന്നത്തെ തലയെടുപ്പുള്ള വ്യക്തിയായിരുന്നു കൊച്ചുവറീത്. കൊരട്ടിക്കു സമീപം കാടുകുറ്റി, അന്നനാട് പ്രദേശങ്ങളിൽ ഇന്നും ഇവരുടെ പിൻമുറക്കാർ താമസിക്കുന്നു). കൊച്ചുവറീതിന്റെ നേതൃത്വത്തിൽ തന്ത്രപരമായി യുദ്ധം മുന്നോട്ടു നീക്കിയതിനാൽ കൈമൾ പക്ഷക്കാർ വിജയം കുതുടങ്ങി. എന്നാൽ യുദ്ധത്തിനിടയിൽ അപ്രതീക്ഷിതമായി ശത്രുപക്ഷത്തുനിന്നുായ പ്രത്യാക്രമണത്തിൽ വാളിന്റെ വെട്ടേറ്റ് കൊച്ചുവറീത് വീരമൃത്യു വരിച്ചു. അക്കാലത്ത് കൊരട്ടിസ്വരൂപത്തിലെ ഭരണകർത്താവ് ഒരു തമ്പുരാട്ടി ആയിരുന്നു. സേനാനായകൻ കൊല്ലപ്പെട്ടെങ്കിലും തമ്പുരാട്ടി സൈന്യത്തെ ധീരതയോടെ നയിച്ച് യുദ്ധത്തിൽ വിജയിച്ചു.

യുദ്ധതന്ത്രങ്ങൾകൊും വ്യക്തിത്വംകൊും തമ്പുരാട്ടിയെ ആകർഷിച്ച കൊച്ചുവറീത് അവരുടെ പ്രധാന ആലോചനക്കാരൻകൂടിയായിരുന്നു. ധീരയോദ്ധാവിന്റെ അകാലമൃത്യുവിൽ തമ്പുരാട്ടി ദുഃഖിച്ചു. ക്രിസ്തീയാചാരപ്രകാരം ശവസംസ്കാരം നടത്തുന്നതിന് തമ്പുരാട്ടി കല്പിച്ചു. സേനാനായകന്റെ മൃതദേഹം എല്ലാവരും കൂടി ഇടവകപ്പള്ളിയായിരുന്ന അമ്പഴക്കാട് സംസ്കരിക്കുന്നതിനുവേി കൊുപോയി. വെട്ടിത്തെളിച്ചു ജനവാസയോഗ്യമാക്കിയിട്ടില്ലാത്ത വനത്തിലൂടെ പുഴയും കടന്ന് മൃതദേഹം അവർ അമ്പഴക്കാട് പള്ളിയിൽ എത്തിച്ചു.

അമ്പഴക്കാട് കോടുശ്ശേരി കർത്താവിന്റെ ഭരണപ്രദേശമായിരുന്നതിനാൽ അവരുടെ എതിർപ്പുമൂലം പള്ളി വികാരി ശവസംസ്കാരം പള്ളി സിമിത്തേരിയിൽ നടത്തുന്നതിന് അനുവദിച്ചില്ല എന്നു മാത്രമല്ല, കോടുശ്ശേരി കർത്താവിന്റെ ഭരണദേശത്തുനിന്നു ശവം കൊുപോകണമെന്നു നിർബന്ധിക്കുകയും ചെയ്തു. ഇതനുസരിച്ച് സേനാനായകന്റെ മൃതദേഹം തിരിച്ചുകൊുപോന്നു. ശവം ചുമന്നു ക്ഷീണിതരായവർ വിശ്രമത്തിനായി ശവം താഴെവച്ചു. ഇന്നു പള്ളിയുടെ മുൻഭാഗത്തു കാണുന്ന കരിങ്കൽ കുരിശിന്റെ സ്ഥാനത്താണ് ശവം വെച്ചത്. വിശ്രമത്തിനുശേഷം ശവം പൊക്കുന്നതിനു സാധിച്ചില്ല. ശവമഞ്ചം എടുക്കുന്നതിനുള്ള പരിശ്രമം വിഫലമായപ്പോൾ വിവരം തമ്പുരാട്ടിയെ അറിയിച്ചു. ശവം അവിടെത്തന്നെ സംസ്കരിക്കാൻ തമ്പുരാട്ടി കല്പിച്ചു. തുടർന്ന് സേനാനായകന്റെ ബഹുമാനാർത്ഥം അവിടെ ഒരു കരിങ്കൽകുരിശ് (ഉദ്ദേശം 20 അടി ഉയരവും 12 ഇഞ്ച് കനവുമുള്ള കുരിശ്) സ്ഥാപിക്കുകയും ചെയ്തു.

കോടുശ്ശേരി കർത്താവിന്റെ അധീനതയിലുള്ള അമ്പഴക്കാട് ഇടവക ദേവാലയത്തിൽ തന്റെ ആശ്രിതരായ ക്രിസ്ത്യാനികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കിട്ടുക സാധ്യമല്ലെന്നു മനസ്സിലാക്കിയ തമ്പുരാട്ടി, തന്റെ സേനാനായകനെ സംസ്കരിച്ചതിനു തൊട്ടടുത്തു ഒരു ദേവാലയം നിർമ്മിച്ചു ക്രിസ്ത്യാനികൾക്കു നൽകി. ദേവാലയ കർമ്മാനുഷ്ഠാനങ്ങളുടെ നടത്തിപ്പിലേക്കായി പള്ളിയുടെ പേരിൽ സ്ഥലവും കുറെ വസ്തുക്കളും ദാനം ചെയ്തു. പള്ളിവക സ്ഥലം കരത്തിൽനിന്ന് ഒഴിവാക്കി. എ.ഡി. 1381 ആഗസ്റ്റ് 15 ന് പണികൾ തുടങ്ങി 1382 സെപ്റ്റംബർ 8-ന് പള്ളി നിർമ്മാണം പൂർത്തിയാക്കി പ്രതിഷ്ഠ നടത്തി എന്നാണ് പരമ്പരാഗതമായ വിശ്വാസം. തമ്പുരാട്ടിയുടെ സൈന്യത്തിൽ സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ചിരുന്ന നസ്രാണികളോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നതിനും അവരുടെ മതാത്മകജീവിതത്തെ പരിപോഷിപ്പിക്കുന്നതിനുമായി തമ്പുരാട്ടി ചെയ്ത മഹത്കൃത്യം ദേവാലയ നിർമ്മാണത്തിൽ കലാശിച്ചു.

പുരാതനക്ഷേത്രങ്ങൾക്കു മുമ്പിൽ പ് ക്രിസ്തീയ കുടുംബങ്ങളെ താമസിപ്പിച്ചിരുന്നു. ക്ഷേത്രാരാധനയ്ക്കുള്ള സാധനങ്ങൾ ക്രിസ്ത്യാനി തൊട്ടു ശുദ്ധമാക്കണമെന്നായിരുന്നു വിശ്വാസം. അത്തരത്തിലുള്ള ഒരു മഹാത്മ്യം ക്രിസ്ത്യാനിക്കു നല്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്കുവേ ആരാധനാലയങ്ങൾ തീർക്കുന്നതിൽ ഹൈന്ദവനാടുവാഴികൾ താത്പര്യം പ്രകടിപ്പിച്ചതിൽ അത്ഭുതപ്പെടാനില്ല.

**9.10.2. കൊരട്ടിമുത്തി**

എറണാകുളം അതിരൂപതയിൽ ധാരാളം പുരാതന ദേവാലയങ്ങൾ മാതാവിന്റെ നാമധേയത്തിലുങ്കിലും കൊരട്ടി, വെച്ചൂർ തുടങ്ങിയ വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമാണ് മാതാവിനെ 'മുത്തി' എന്നു സംബോധന ചെയ്യുന്നത്. മലയാറ്റൂരു തോമ്മാശ്ലീഹായെ 'മുത്തപ്പൻ' എന്ന് അഭിസംബോധന ചെയ്യുന്നു്. (ഉദാ; 'പൊന്നിൻ കുരിശുമല മുത്തപ്പോ പൊൻമല കയറ്റം' എന്ന ശരണംവിളി). 'മുത്തപ്പൻ' എന്ന സംജ്ഞയുടെ ഉത്ഭവത്തെക്കുറിച്ച് ചരിത്രപണ്ഡിതനായ വി.വി.കെ. വാലത്ത് പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: "കേരളത്തിൽ ജൈനമതക്കാർ തങ്ങളുടെ ദേവനായ തീർത്ഥങ്കരനെയും ബുദ്ധമതക്കാർ ബുദ്ധനെയും മുത്തൻ, മുത്തപ്പൻ എന്നൊക്കെ വിളിച്ചിരുന്നു. 'മുക്തൻ' എന്നതിന്റെ ഗ്രാമ്യം മുത്തൻ, ആർഹതൻ ബുദ്ധൻ. ജൈന-ബുദ്ധമതങ്ങളുടെ അധഃപതനത്തിനുശേഷം അനാഥരായ അതിന്റെ അനുയായികളുടെ പിന്മുറക്കാരിൽ പലരും ക്രിസ്തുമതാവലംബികളായി. 'മുത്തപ്പൻ' എന്ന ചിരപരിചിതമായ വാക്കുകൊുതന്നെ ക്രൈസ്തവപുണ്യവാളനെ അവർ സംബോധന ചെയ്തുപോരുകയും ചെയ്തു." എന്നാൽ "ഈ സംബോധനാരീതി കേരളത്തിലെ പുരാതനപാരമ്പര്യത്തിന്റെ മറ്റൊരു അവശിഷ്ടമാണ്. ആദിവാസി ദ്രാവിഡസംസ്കാരത്തിന്റെ കാലത്ത് മരിച്ചുപോയ ഗോത്രത്തലവന്മാരെ മുത്തപ്പനെന്നും മുത്തിയെന്നും വിളിച്ചിരുന്നു. അവരായിരുന്നു വംശത്തിന്റെ സ്ഥാപകരും ശക്തിദാതാക്കളും. അപ്പന്മാരിൽ മുത്തനായ അപ്പനാണ് മുത്തപ്പൻ. 'മുത്തപ്പൻ ദൈവം' ദ്രാവിഡസംസ്കാരത്തിന്റെ ഭാഗമായി ക്രിസ്തുമതത്തിന്റെ ആവിർഭാവത്തിനു മുമ്പേ കേരളത്തിൽ നിലനിന്നിരുന്നു".

'മുത്തപ്പൻ' എന്നതിന്റെ സ്ത്രീലിംഗമാണ് 'മുത്തി' എന്നത്. സ്വന്തം പിതാവിനെ അപ്പൻ എന്നും അപ്പന്റെ പിതാവിനെ അപ്പൂപ്പൻ എന്നും അപ്പൂപ്പന്റെ പിതാവിനെ മുത്തപ്പൂപ്പൻ എന്നും അഭിസംബോധന ചെയ്തിരുന്നു. മുത്തപ്പൂപ്പൻ ലോപിച്ച് മുത്തപ്പൻ ആയി. ക്രൈസ്തവവിശ്വാസത്തിലേക്ക് തങ്ങളുടെ പൂർവപിതാക്കന്മാരെ ജനിപ്പിച്ച തോമ്മാശ്ലീഹായെ ആ അർത്ഥത്തിൽ മുത്തപ്പൂപ്പൻ അതായത് മുത്തപ്പൻ എന്ന് സംബോധന ചെയ്യുന്നു എന്നു പറയുന്നതിൽ തെറ്റില്ല. കാരണം ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരെ 'പിതാക്കന്മാർ' എന്നാണല്ലോ മലയാളികൾ (കത്തോലിക്കർ) വിളിക്കുന്നത്. ആകയാൽ പൂർവപിതാവായ തോമ്മാശ്ലീഹായെ മുത്തപ്പൻ എന്നു വിളിക്കുന്നു എന്ന് അനുമനിക്കുന്നതാണ് കൂടുതൽ യുക്തിസഹം.

അമ്മയുടെ അമ്മ അമ്മൂമ്മയും അമ്മൂമ്മയുടെ അമ്മ മുത്തിയമ്മയും ആണ്. മുത്തിയമ്മൂമ്മ ലോപിച്ച് മുത്തിയമ്മയും പിന്നീട് മുത്തിയുമായി എന്നും അനുമാനിക്കാം. എല്ലാവർക്കും അമ്മയായ മറിയത്തെ മുത്തിയമ്മയായി ക് 'മുത്തി' എന്നു സംബോധന ചെയ്യുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരാം. എന്നിരുന്നാലും കേരളത്തിൽ പരി. കന്യാമറിയത്തിന്റെ നാമധേയത്തിലുള്ള എല്ലാ പുരാതന ദേവാലയങ്ങളും 'മുത്തി' സങ്കല്പത്തെ അംഗീകരിച്ചിട്ടില്ല.

ആകയാൽ 'മുത്തി' എന്ന സംബോധന തീർത്തും ക്രൈസ്തവമായ ഒന്നല്ല എന്നു കരുതാം. കൊരട്ടിയിൽ മുത്തിയെന്നു വിളിക്കുന്നത് പരി. കന്യാമറിയത്തെയാണ്.

**9.10.3. കൊരട്ടി എന്ന സ്ഥലനാമം**

കൊരട്ടിക്ക് എങ്ങനെ ആ പേര് ലഭിച്ചുവെന്നത് ഗവേഷണവിഷയമാക്കേയിരിക്കുന്നു. ഒരുകാലത്ത് 'അഡൂർ' എന്ന് അറിയപ്പെട്ടിരുന്ന കൊരട്ടി എന്നാണ് ഈ പേരിന് ഉടമയായ തെന്നും കാരണമെന്തെന്നും സ്ഥാപിക്കുക പ്രയാസമാണ്. "ബൗദ്ധ-ജൈന സന്ന്യാസിമാരെ 'കുരത്തികൾ' എന്നു വിളിച്ചിരുന്നു. 'കുരത്തി' ഇംഗ്ലീഷ് ലിപിയിലെഴുതുമ്പോൾ 'കുരട്ടി,' 'കൊരട്ടി' എന്നൊക്കെ ശബ്ദഭേദം വരാം. എറണാകുളം ജില്ലയിൽ കൊരട്ടി അങ്ങാടി, കൊരട്ടിക്കര എന്നീ സ്ഥലനാമങ്ങളു്. പ് ഇവിടെ ഉായിരുന്ന ബുദ്ധ-ജൈനമതാവശിഷ്ടങ്ങളുടെ ബാക്കിപത്രമാണ് ഈ സ്ഥലപ്പേരെന്നു ചുരുക്കം.

**9.10.4. കൊരട്ടിപള്ളിയിലെ നേർച്ചകൾ**

**9.10.4.1. പൂവൻകുല തുലാഭാരം**

ഉദ്ദേശം ഒന്നരശതാബ്ദത്തിലേറെ പഴക്കമുള്ള നേർച്ചയാണ് പൂവൻകുല നേർച്ച. കൊരട്ടിമുത്തിക്കു വേിയുള്ള നേർച്ചകളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഇതുതന്നെ. 'പൂവൻകുല എടുത്തുവയ്ക്കൽ' ജാതിമതഭേദമെന്യേ എല്ലാവരും ചെയ്തുവരുന്നു. ഉദ്ദിഷ്ടകാര്യസാധ്യത്തിനായും അനുഗ്രഹലബ്ധിക്കു നാന്ദിയായും ഈ നേർച്ച നടത്തിവരുന്നു. ഈ നേർച്ചയുടെ ഉത്ഭവത്തിന് ആധാരമാക്കി ഒരു സംഭവം വിവരിക്കപ്പെടുന്നു്. അതിപ്രകാരമാണ്.

പു കാലങ്ങളിലും ഇന്നും കർഷകർ തങ്ങളുടെ വിളവിന്റെ ആദ്യഫലം ആരാധനാലയങ്ങളിൽ കാഴ്ചയായി അർപ്പിക്കാറു്. ഏകദേശം ഒന്നര നൂറ്റാുമുമ്പ് ഒരു വിശ്വാസി തന്റെ വിളവിന്റെ ആദ്യഫലമായി ഒരു കുല പൂവൻപഴം കൊരട്ടിമുത്തിക്കു നേർച്ചയായി സമർപ്പിക്കുതിനു വേി കാവിന്മേൽ തൂക്കി വയൽവരമ്പിലൂടെ കൊുവരികയായിരുന്നു. കൊരട്ടിയിൽനിന്നും ഉദ്ദേശം ആറ് കിലോമീറ്റർ വടക്കുകിഴക്കായി കിടക്കുന്ന മേലൂര് ദേശത്തുനിന്നുമാണ് പൂവൻപഴവുമായി അയാൾ വന്നത്. മുരിങ്ങൂർഭാഗത്ത് എത്തിയപ്പോൾ പഴം ക് ആകൃഷ്ടനായ ഒരു കർഷകപ്രമാണി അതിൽനിന്നും ഏതാനും പഴം വേണമെന്നാവശ്യപ്പെട്ടു, നിർബന്ധപൂർവം ആവശ്യപ്പെട്ടെങ്കിലും നേർച്ചക്കാരൻ അതിൽ ഒന്നുപോലും കൊടുക്കാൻ തയ്യാറായില്ല. മുത്തിക്കുള്ള നേർച്ചയായതിനാൽ കൊടുക്കാൻ നിർവാഹമില്ലെന്നു ഭക്തൻ വിശദമാക്കിയെങ്കിലും പ്രമാണി മുത്തിയെ ആക്ഷേപിക്കുകയും കുലയിൽനിന്ന് തത്സമയം അടർന്നു വീണ പഴങ്ങൾ അയാൾ എടുത്തുതിന്നുകയും ചെയ്തു.

പഴം ഭക്ഷിച്ച് വിജയാഹ്ലാദത്തോടെ വീട്ടിലെത്തിയ ഹൈന്ദവപ്രമാണിക്ക് വയറുവേദന തുടങ്ങി. അന്നത്തെ നാട്ടുവൈദ്യന്മാരും ചികിത്സകന്മാരും ആവതും പണിപ്പെട്ടെങ്കിലും വേദന ശമിച്ചില്ല. ഇതിനിടയിൽ വയലിൽവച്ചു നടന്ന സംഭവം അയാൾ വൈദ്യനോട് വിശദീകരിച്ചു. അരുതാത്തതു പ്രവർത്തിച്ചതുമൂലം ഉായ ഈ അസുഖത്തിന് മരുന്നല്ല പ്രായശ്ചിത്തമാണ് വേതെന്നു വൈദ്യൻ കല്പിച്ചതോടെ അയാൾ മുത്തിയുടെ സന്നിധിയെലെത്തി കാൽക്കൽ വീണു മാപ്പപേക്ഷച്ചു. അയാളുടെ വേദന ശമിച്ചു. നന്ദിസൂചകമായും പ്രായശ്ചിത്തമായും 40 പറയ്ക്ക് നിലം കർഷകൻ മുത്തിക്കു നേർച്ചയായി നല്കി, മേലൂർ പാലത്തുഴി എന്ന സ്ഥലത്ത് കൊരട്ടിപ്പള്ളിയുടെ കൈവശമുായിരുന്ന 40 പറ നിലമാണ് ഇപ്രകാരം നല്കപ്പെട്ട സ്ഥലം എന്നു വിശ്വസിക്കുന്നു.

കാട്ടുതീ പോലെ പടർന്നു സംസാരവിഷയമായി മാറിയ ഈ സംഭവം പൂവൻകുല നേർച്ചയുടെ പ്രസക്തി വർദ്ധിക്കുന്നതിനു കാരണമായി. മുത്തിയുടെ ഭക്തന്മാർ ഇതോടെ പൂവൻകുല (പൂവൻപഴം) മുത്തിക്കു നേർച്ചയായി നൽകുന്നതിൽ തീക്ഷ്ണത കാണിച്ചു. ഇതിന്റെ ചുവടുപിടിച്ചു മുത്തിയോടുള്ള സ്നേഹത്തിന്റെയും അനുഗ്രഹലബ്ധിയുടെയും പ്രതീകമായി പൂവൻകുല നേർച്ചയായി നല്കിത്തുടങ്ങി. കാലങ്ങൾ പിന്നിട്ടപ്പോൾ മുത്തിയുടെ രൂപത്തിനു സമീപം സ്വർണ്ണം കൊുള്ള പൂവൻകുല ഉാക്കി സ്ഥാപിച്ചു.

പിൽക്കാലത്ത് പൂവൻകുല വീടുകളിൽനിന്നു കൊുവരാനും വലിയ വിലകൊടുത്തു ഒരു കുല പൂവൻപഴം പള്ളിയിലെത്തിക്കാനും സാധാരണക്കാർക്കു പ്രയാസമായി. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഒരു വലിയ തുക പള്ളിയിലേല്പിച്ച് കൃത്രിമമായുാക്കിയ പൂവൻകുല എടുത്തുവച്ച് നേർച്ച പൂർത്തിയാക്കുന്ന രീതി ഉടലെടുത്തു. തിരുനാളിനും അല്ലാത്തപ്പോഴും ധാരാളം പൂവൻകുലകൾ ഇന്നും നേർച്ചയായി ലഭിക്കുന്നു്. ആദ്യകാലങ്ങളിൽ പണമടച്ചു പൂവൻകുല എടുത്തുവയ്ക്കുന്ന രീതി ഉായിരുന്നില്ല. പിൽക്കാലത്ത് പണമടച്ചു രശീതി വാങ്ങി പൂവൻകുല എടത്തുവയ്ക്കുന്ന രീതി ഉടലെടുത്തു. അപ്രകാരം നേർച്ച കഴിക്കുന്നവർക്കു മുത്തിയുടെ ഫോട്ടോയും നൽകിയിരുന്നു. പിന്നീട് നേർച്ചക്കാർക്ക് ഒരു പൂവൻപഴം കൂടെ കൊടുക്കുന്ന പതിവ് ആരംഭിച്ചു. രു ദശാബ്ദക്കാലത്തിനു മുമ്പ് ഇന്നുള്ള തിരക്കു പൂവൻകുല നേർച്ച ഇല്ലായിരുന്നു. തുച്ഛവും നാമമാത്രവുമായ പണമാണ് ആരംഭകാലഘട്ടങ്ങളിൽ പള്ളി വാങ്ങിയിരുന്നത്. ഇന്ന് ഒരു പ്രാവശ്യം പൂവൻകുല നേർച്ച കഴിക്കാൻ പത്തുരൂപ പള്ളിക്കു നല്കണം. മുത്തിയുടെ പടവും ഒരു പൂവൻകായും നേർച്ച കഴിക്കുന്നവർക്കു കൊടുക്കുന്നു.

ഈ അടുത്ത കാലഘട്ടത്തിൽ ആരംഭിച്ചതാണ് പൂവൻപഴംകൊുള്ള തുലാഭാരം. നാനാജാതി മതസ്ഥരായവർ പൂവൻകുല നേർച്ച നടത്താറു്. ഇവരിൽ വലിയൊരു ഭാഗം ഹൈന്ദവസഹോദരങ്ങളാണ്. നേർച്ച നടത്തുന്നവർക്ക് നേർച്ചയായി കൊടുക്കുന്ന പൂവൻകായ വിശ്വാസികൾ വീടുകളിൽ കൊുപോയി ഉണക്കിപ്പൊടിച്ച് വയറുവേദനയ്ക്കും ഉദരസംബന്ധമായ രോഗങ്ങൾക്കും പ്രതിവിധിയായി കഴിക്കുന്നു. വിശ്വാസപൂർവമായ പ്രസ്തുത പ്രവൃത്തി രോഗശാന്തിക്കു കാരണമാകുന്നതായി അനുഭവസ്ഥർ പറയുന്നു.

**9.10.4.2. മുട്ടുകുത്തി നീന്തൽ**

കൊരട്ടിമുത്തിയുടെ ദേവാലയത്തിൽ മറ്റു പല തീർത്ഥാടനകേന്ദ്രങ്ങളിൽനിന്നും വ്യത്യസ്തമായി കുവരുന്ന സവിശേഷമായ ഒരു നേർച്ചയാണ് 'മുട്ടുകുത്തി നീന്തൽ'. സ്ത്രീപുരുഷവ്യത്യാസമില്ലാതെ, പ്രായഭേദമെന്യേ നാനാജാതി മതസ്ഥരായവർ ഈ നേർച്ച നടത്തുന്നു. രോഗശാന്തി, സുഖപ്രസവം, സന്താനലബ്ധി, ദാമ്പത്യജീവിതവിജയം, പാപപ്രായശ്ചിത്തം ഇത്യാദി കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഈ നേർച്ച പ്രധാനമായും നിറവേറ്റുന്നത്. ദേവാലയത്തിന്റെ പ്രധാന കവാടംമുതൽ മദ്ബഹവരെ ആളുകൾ മുട്ടുകുത്തി നീന്തി മുത്തിയെ വിളിച്ചു പ്രാർത്ഥിച്ചുവരുന്നു. കുഞ്ഞുങ്ങളെ മുതുകിലുരത്തി മുട്ടുകുത്തി നീന്തിവരുന്നവരും ധാരാളമാണ്. ഈ നേർച്ചയുടെ ഉത്ഭവം കൃത്യമായി പറയുക പ്രയാസമാണ്. എന്നിരുന്നാലും ഹൈന്ദവക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ശയനപ്രദക്ഷിണത്തിന്റെ മറ്റൊരു പതിപ്പായി ഈ നേർച്ചയെ കാണാവുന്നതാണ്.

ഉണ്ണിയേശുവിനെ ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ വളർത്തി ലോകത്തിനു നല്കിയ

പരി. കന്യാമറിയത്തന്റെ ദിവ്യമാതൃത്വം മാതൃകയാക്കാനും ദൈവം തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ നന്നായി വളർത്താനും മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടുന്ന ഒരു പ്രവൃത്തിയായി ഇതിനെ കാണുമ്പോൾ നേർച്ചയുടെ പ്രസക്തി വർദ്ധിക്കുന്നു. തിരുനാൾ കാലഘട്ടങ്ങളിൽ തിങ്ങിനിറഞ്ഞു നിൽക്കുന്ന ജനാവലിയുടെ മധ്യത്തിൽ ലജ്ജയില്ലാതെ നടത്തുന്ന ത്യാഗപൂർണ്ണമായ ഈ പ്രവൃത്തി ഏറെ പ്രശംസനീയമാണ്. ത്യാഗപൂർണ്ണമായ പ്രാർത്ഥന ദൈവസന്നിധിയിൽ കൂടുതൽ അഭികാമ്യവും പ്രസക്തവുമാണെന്ന സാമാന്യബോധത്തിൽനിന്ന് ഉടലെടുത്തതാകാം ഈ നേർച്ച എന്ന് അനുമാനിക്കാം.

#### 9.10.4.3. അടിമ

പുരാതനകാലം മുതൽ ക്രൈസ്തവ ദേവാലയങ്ങളിൽ കുവരുന്ന ഒരു നേർച്ചയാണ് (ആചാരമാണ്) 'അടിമവയ്ക്കൽ'. മതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പള്ളികളിൽ കൊുവന്ന് മാതാവിന് (വിശുദ്ധന്) അടിമയിരുത്തിക്കൊള്ളാം എന്നു നേരുന്നു. മറ്റുള്ളവർ ഈ നേർച്ച നടത്തുന്നതു ക് മുൻകൂട്ടിയുള്ള നിയോഗങ്ങളില്ലാതെ ഈ കർമ്മം നടത്തുന്നവരും കുറവല്ല. ഇതിന്റെ ഉത്ഭവം എവിടെനിന്ന് എന്നു കൃത്യമായി പറയുക സാധ്യമല്ലെങ്കിലും ഒരുകാലത്ത് ഇവിടെ നിലിന്നിരുന്ന അടിമവ്യാപാരവും തത്തുല്യമായ സമ്പ്രദായങ്ങളും ആയിരിക്കാം ഇതിനു പിന്നിലെന്നു സംശയിക്കേിയിരിക്കുന്നു. അടിമകളായ സ്ത്രീകൾ പ്രസവിക്കുന്ന കുട്ടികളെ അവരുടെ യജമാനന്മാർക്ക് അടിമയായി നല്കിയതിനുശേഷം തിരികെ മാതാപിതാക്കൾ വിലയ്ക്കെടുക്കുന്ന പഴയ രീതി തങ്ങൾ ബഹുമാനിക്കുന്ന പള്ളികളോടും വിശുദ്ധരോടും പ്രകടിപ്പിച്ചതിൽനിന്ന് ഉത്ഭവിച്ചതാകാം ഈ ആചാരമെന്ന് ഒരഭിപ്രായമു്.

പരി. കന്യാമറിയത്തിന് കുഞ്ഞിനെ അടിമയായി നല്കിക്കഴിഞ്ഞാൽ പിന്നെ അവരെ കാത്തുസൂക്ഷിക്കുന്ന ചുമതല പരി. കന്യാമറിയത്തിന്റേതാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ അദ്ദേഹത്തിന്റെ 'ആത്മാനുതാപ'ത്തിൽ കുടവെച്ചൂർ പള്ളിയിൽ വെച്ചൂർ മുത്തിക്ക് തന്നെ അമ്മ അടിമയിരുത്തിയതിനെപ്പറ്റി ഇപ്രകാരം പാടുന്നു:

> "കരുണാനാഥൻ പരൻ കരുതിയടിയനെ
> പത്മനാഥാ തന്റെ അടിമയാക്കി മുന്നം.
> ശിശുവാം മാം മാതൃ അമൃതത്താൽ വളർത്തുമ്പോൾ
> ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ.
> ശുദ്ധ മാതാവേ ദേവ ജനനി കന്നിയമ്മേ
> അശുദ്ധയാം മാമോദരഫലമാമിതിനെ നീ
> നിന്നുടെ ദാസനായി കൈക്കൊു രക്ഷിപ്പാനായി
> ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചേൻ
> ... ... ... ... ... ...
> ചെന്നു കുമ്പിടും നാഥാ മക്കാലം മാതൃസഹാ
> കൊടുക്കും ദാസ്യപണം മടിക്കാതെയെക്കാലവും
> ഒടുക്കിയവളുടെ മരണകാലംവരെ."

എന്നാൽ അടിമ വയ്ക്കൽ എന്ന ആചാരത്തിന് ഇന്ന് 'സമർപ്പണം' എന്ന് ചിലയിടങ്ങളിൽ പേരു പരിഷ്കരിച്ചിരിക്കുന്നു. അതു കുറച്ചുകൂടെ അർത്ഥവ്യാപ്തിയും പ്രസക്തിയുമുള്ള ഒരു പദപയോഗമാണ്.

മാതാവിന്റെ ദാസൻ അല്ലെങ്കിൽ ദാസിയായി സമർപ്പിക്കപ്പെടുന്നയാൾ സ്വയം എളിമപ്പെട്ടു മാതൃസന്നിധിയിൽ സാധ്യമായ ശുശ്രൂഷകൾ ചെയ്തും ധ്യാനമിരുന്നും അവസാനം പുരോഹിതന്റെ ആശീർവാദവും മാതാവിൽനിന്നു അനുഗ്രഹങ്ങളും വാങ്ങി പോകണമെന്നതാണ് സമർപ്പണത്തിന്റെ ശരിയായ അരൂപി. തന്റെ ശുശ്രൂഷയുടെയും ത്യാഗത്തിന്റെയും പ്രതീകമായി ചെറിയൊരു തുക പള്ളിയിൽ സമർപ്പിക്കുന്നു. അതാണ് അടിമപ്പണം. എന്നാൽ ഇന്ന് യഥാർത്ഥ അരൂപി വിസ്മരിക്കപ്പെടുകയും പണമടച്ചു രശീതി വാങ്ങി വൈദികന്റെ കൈവയ്പുകൊു മാത്രം തൃപ്തരായി അടിമവയ്ക്കൽ പൂർത്തിയാക്കുകയും ചെയ്യുന്ന രീതിയാണ് കുവരുന്നത്.

**9.10.4.4. തമുക്ക് നേർച്ച**

ഒരുകാലത്ത് വളരെ പ്രാധാന്യമുായിരുന്ന കൊരട്ടിയിലെ തമുക്ക് നേർച്ച പൂവൻകുല നേർച്ചയുടെ മുമ്പിൽ കാലക്രമേണ നിന്നുപോയി എന്നു പറയുന്നതാവും ശരി. ഹൈന്ദവാചാരത്തിൽനിന്നുമാണ് ക്രിസ്തീയ ദേവാലയങ്ങളിലേക്ക് ഈ നേർച്ച കയറിപ്പറ്റിയതെന്നാണ് ചരിത്രഗവേഷകനായ ശ്രീ. വി.വി.കെ.വാലത്തിന്റെ അഭിപ്രായം. ചില ഭഗവതിക്കാവുകളിൽ ഭക്ഷണസാമഗ്രികൾ കൊുവന്ന് കാവിന്റെ പറമ്പിലിട്ട് പാകപ്പെടുത്തി നേർച്ച നടത്തുന്ന സമ്പ്രദായം പുായിരുന്നു. തിരുവനന്തപുരത്തെ ആറ്റുകാൽക്ഷേത്രം, വടക്കൻപറവൂരിലെ കാളികുളങ്ങര ക്ഷേത്രം, പാലക്കാട് ആലത്തൂരിനടുത്ത് മലേപ്പതി തുടങ്ങിയവയിൽ ഇന്നും അതു തുടർന്നു നിൽക്കുന്നു്... വറുത്ത അരിമാവും പഴവും മറ്റും ചേർത്തു പാകപ്പെടുത്തിയെടുക്കുന്നതാണ് തമുക്ക്. ഹൈന്ദവർ വന്ദിക്കുന്ന ഭഗവതിയുടെ സ്ഥാനത്ത് ക്രിസ്ത്യാനികൾ പരി. കന്യാമറിയത്തെ പ്രതിഷ്ഠിച്ചു. നേർച്ചയുടെ സ്വഭാവത്തിൽ മാറ്റമുായില്ല എന്നു മാത്രം.

**9.10.4.5. ആൾരൂപം**

ശാരീരികമായ സൗഖ്യം നേടുന്നതിനുവേി അസുഖമുള്ള ശരീരഭാഗത്തിന്റെ അല്ലെങ്കിൽ ഒരാളിന്റെ രൂപത്തിൽ സ്വർണ്ണം വെള്ളി തുടങ്ങിയവയിൽ പണി തീർത്തതോ അല്ലെങ്കിൽ സ്വർണ്ണം, വെള്ളി ഇത്യാദി ലോഹങ്ങൾ പൂശിയതോ ആയ വസ്തുക്കൾ നേർച്ച സമർപ്പിക്കുന്ന രീതിയും ഇവിടെ കുവരുന്നു. ചില ദേവാലയങ്ങളിൽ പുകാലത്ത് അരിപ്പൊടികൊോ തത്തുല്യമായ പദാർത്ഥങ്ങൾകൊോ ഇതുപോലുള്ള രൂപങ്ങൾ ഉാക്കി സുഖപ്രാപ്തിക്കുവേി നേർച്ചയായി കൊടുത്തിരുന്നു. കൊരട്ടിപ്പള്ളിയിലും ഇതുപോലുള്ള നേർച്ചകൾ കൊുവന്നിരുന്നു. പിൽക്കാലത്ത് ഭക്ഷണപദാർത്ഥങ്ങൾക്കു പകരം സ്വർണ്ണത്തിലും വെള്ളിയിലും പണിതീർത്ത രൂപങ്ങളായി അവ മാറിയെന്നു മാത്രം. ഈ നേർച്ചയുടെ ഉത്ഭവവും അജ്ഞാതമാണ്. എങ്കിലും ഇവിടെ നിലനിൽക്കുന്ന ചില ഹൈന്ദവആചാരങ്ങളിൽ നിന്നുമായിരിക്കും ഇതും ഉടലെടുത്തത്.

**9.10.4.6. ഭജനയിരിക്കൽ**

മുത്തിയുടെ സന്നിധിയിൽ ദീർഘനേരം ഇരുന്നു പ്രാർത്ഥിച്ച് ആത്മീയധന്യത പ്രാപിക്കുന്ന ധാരാളം വ്യക്തികളെ കൊരട്ടിപ്പള്ളിയിൽ കാണാം. ഇപ്രകാരം ഭജനയിരിക്കുന്ന ചില സ്ത്രീകൾ തങ്ങളുടെ ത്യാഗത്തിന്റെയും മുത്തിയോടുള്ള സ്നേഹത്തിന്റെയും പ്രതീകമായി പള്ളിയും പരിസരവും അടിച്ചു വൃത്തിയാക്കുന്ന പതിവ് പുകാലത്തുായിരുന്നു.

**9.10.4.7. മാധ്യസ്ഥപ്രാർത്ഥന**

1950 കളിൽ കേരളത്തിൽ ആരംഭിച്ചതും പില്ക്കാലത്ത് വളർന്നു പന്തലിച്ചതുമായ

ഒന്നാണ് നിത്യസഹായമാതാവിനോടുള്ള നൊവേനയും മാദ്ധ്യസ്ഥപ്രാർത്ഥനകളും കൊരട്ടി പള്ളിയിലും ശനിയാഴ്ചകളിൽ നിത്യസഹായമാതാവിനോടുള്ള നൊവേന ഇക്കാലഘട്ടത്തിൽ ആരംഭിക്കുകയുായി. കുർബാനയോടു ചേർന്ന് നൊവേന പ്രാർത്ഥനകളും ചൊല്ലുന്ന പതി വാണ് നിലനിന്നിരുന്നത്. പിന്നീട് കൊരട്ടി മുത്തിയോടുള്ള പ്രത്യേക മാദ്ധ്യസ്ഥപ്രാർത്ഥന തയ്യാ റാക്കപ്പെട്ടു, 2001 ഡിസംബർ മുതൽ ശനിയാഴ്ചകളിൽ നിത്യസഹായമാതാവിനോടുള്ള നവ നാൾ പ്രാർത്ഥനയ്ക്കു പകരം പുതുതായി തയ്യാറാക്കിയ മാദ്ധ്യസ്ഥപ്രാർത്ഥന ഉപയോഗിക്കു വാൻ തുടങ്ങി. ശനിയാഴ്ചകളിലെ ദിവ്യബലികൾക്കുശേഷം ഈ പ്രാർത്ഥന ചൊല്ലിവരുന്നു.

### 9.10.5. കൊരട്ടിപള്ളിയും അക്രൈസ്തവരും

കേരളത്തിലെ ഇതര ക്രൈസ്തവ തീർത്ഥകേന്ദ്രങ്ങൾപോലെ കൊരട്ടിപള്ളിക്കും സമീ പപ്രദേശങ്ങളിലെ അക്രൈസ്തവരുമായി പ്രത്യേക ബന്ധം ഉ്. അക്രൈസ്തവനായ നാടു വാഴിയുടെ പ്രത്യേക ഔദാര്യത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമായാണ് പള്ളി സ്ഥാപിതമായത്. അന്യമതങ്ങളിലെ ദേവന്മാരെ ആദരിക്കുകയും അവരോടു പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു ഹൈന്ദവപാരമ്പര്യമാണ് കൊരട്ടിയിലും പ്രാന്തപ്രദേശങ്ങളിലും ഇന്നും നില നിന്നുപോരുന്നത്. അതുകൊ് കൊരട്ടിമുത്തിയുടെ സന്നിധിയിൽ വന്ന് നിലവിളക്കിൽ എണ്ണ യൊഴിച്ചും മെഴുകുതിരി കത്തിച്ചും പള്ളിയിൽ മുട്ടുകുത്തി നീന്തിയും പ്രാർത്ഥിക്കുന്ന വിവിധ പ്രായക്കാരായ ധാരാളം ഹൈന്ദവസഹോദരങ്ങളെ കൊരട്ടി പള്ളിയിൽ സദാ കാണാവുന്ന താണ്. കൊരട്ടിമുത്തിയും ചിറങ്ങരക്ഷേത്രത്തിലെ ദേവിയും അവരിൽ പലർക്കും സഹോദരി മാരാണ്.

തിരുനാൾ പ്രദക്ഷിണസമയത്ത് രൂപക്കൂടിനു മുമ്പിൽ കത്തിച്ചുപിടിക്കുന്ന കുത്തുവി ളക്ക് ഈ അടുത്തകാലം വരെ ഹൈന്ദവസഹോദരന്മാരാണ് വഹിച്ചിരുന്നത്. വാദ്യമേളങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചെമേളം അവരുടെ കുത്തകയാണെന്നുതന്നെ പറയാം. തിരുനാൾ ദിവസത്തെ 'അങ്ങാടി പ്രദക്ഷിണം' പള്ളിയിൽ കയറുന്ന സമയത്ത് 'പറയൻകൊട്ട്' എന്ന പേരിൽ ഹൈന്ദവഭക്തന്മാർ നടത്തുന്ന വാദ്യമേളവും മുടിയാട്ടവും ഇവിടത്തെ സവിശേഷത യാണ്. കൊരട്ടിമുത്തിയുടെ ഏറ്റവും പ്രധാനപ്പെട്ട നേർച്ചയായ പൂവൻകുല നേർച്ചയുടെ ഉത്ഭവം ഒരു ഹൈന്ദവസഹോദരനിൽനിന്നാണെന്ന കാരണത്താൽതന്നെ പൂവൻകുല നേർച്ചയും തുലാഭാരവും നടത്താൻ തിരുനാൾ ദിവസങ്ങളിൽ ഹൈന്ദവരുടെ നീനിര കാണാ നാകും. തിരുനാളിൽ മുത്തിയുടെ സന്നിധാനത്തിൽ വരുന്നവരിൽ വലിയൊരു പങ്ക് അവരാ ണെന്നത് പ്രത്യേകം എടുത്തുപറയേിയിരിക്കുന്നു.

ഒരുകാലത്ത് പള്ളിയിലെ കണക്കെഴുത്തുകാരൻ ഒരു നീലകണ്ഠമേനോനായിരുന്നു. 1922-ൽ മെത്രാപ്പോലീത്തയുടെ അരമനയിൽ അദ്ദേഹം തന്റെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു.തരണം എന്നു കാട്ടി സമർപ്പിച്ച അപേക്ഷ കച്ചേരിയിലെ രേഖാലയത്തിൽ സൂക്ഷി ക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത ഹർജിയിൽ താൻ കൊരട്ടിയിലെ കണക്കെഴുത്തുകാരനായിട്ട് 15 വർഷമായി എന്നു പ്രത്യേകം എടുത്തുപറയുന്നു്.

ഒരുകാലത്ത് വലിയ ധനസ്ഥിതിയിൽ കഴിഞ്ഞിരുന്ന ചില നായർകുടുംബങ്ങളും നമ്പൂ തിരില്ലങ്ങളും ധാരാളം നെൽപ്പാടങ്ങളും മറ്റും പള്ളിക്ക് നൽകിയിട്ടു്. പലവിധ സഹായങ്ങളും അവരിൽനിന്നു പള്ളിക്കുായിട്ടു്. അതിനൊരുദാഹരണമാണ് 1923 മാർച്ച് 6-ന് കൊരട്ടി പള്ളി വികാരി അരമനക്കച്ചേരിയിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയും അതിനു കിട്ടിയ

അനുവാദവും അപേക്ഷയിൽ പറയുന്നു: "നെടുമ്പാമനവക വളരെ വസ്തുക്കൾ രുമൂന്നു അട്ടിപ്പേറാധാരങ്ങൾ മൂലം ഈ പള്ളിക്കു സിദ്ധിച്ചിട്ടു്. ഈ അട്ടിപ്പേറുകൾ പള്ളിക്കു വളരെ ആദായകരമായിട്ടുള്ളതാണെന്ന് ഐകകണ്ഠ്യേന സമ്മതിക്കുന്നതാണെന്നു മാത്രമല്ല, ഈ അട്ടിപ്പേറുകൾ വാങ്ങുന്നതിനായി മറ്റു ചിലർ ഉദ്യമിക്കുകയും സംഖ്യ കൂടുതൽ കൊടുക്കാമെന്നു പറയുകയും ചെയ്തിട്ടും മനയ്ക്കൽനിന്നും പള്ളിക്കുതന്നെ തരുകയാണ് ചെയ്തത്. ഈ മന ഇപ്പോൾ നശിച്ചു തീരെ നാമാവശേഷമായി പോകാറായിരിക്കുന്നു. മനവാസികൾക്കു കിടപ്പാടവും കുടിയുമില്ലാതെ ഭിക്ഷാടനത്തിനായി പുറപ്പെട്ടിരിക്കുന്നു. ഈ നാലാം ഞായറാഴ്ച പള്ളിയോഗത്തിൽ ടി മനയ്ക്കലെ ഇപ്പോഴത്തെ നമ്പൂതിരിപ്പാടു തന്റെ തൽക്കാല കഷ്ടാവസ്ഥയെ വിവരിക്കുകയും തന്റെ മനവക വസ്തുക്കൾ ലഭിച്ചിട്ടുള്ളവരുടെ സഹായത്തിന്മേൽ ഒരു ചെറിയ മന പണിയുന്നതിനു ആരംഭിക്കുന്നുന്നെും അതിലേയ്ക്കായി മനവക വസ്തുക്കൾ ലഭിച്ചിട്ടുള്ളവരിൽ പ്രഥമസ്ഥാനത്തു നിൽക്കുന്ന പള്ളിയിൽനിന്നും ഒരു സഹായം ചെയ്തു തരണമെന്നും അപേക്ഷിച്ചതിനെപ്പറ്റി യോഗത്തിൽ ആലോചിച്ചതിൽ കുറഞ്ഞപക്ഷം നൂറുപറ നെല്ലുകൊങ്കെിലും ഒരു സഹായം പിതാവ് അനുവദിക്കുന്ന പക്ഷം ചെയ്തുകൊടുക്കേതാണെന്നും അഭിപ്രായപ്പെട്ടു. ആകയാൽ മനയിൽനിന്നും പള്ളിക്കു കിട്ടിയ ഗണ്യമായ ഉപകാരത്തിനു പ്രതിനന്ദിയായും മനയ്ക്കലെ ഇപ്പോഴത്തെ കഷ്ടാവസ്ഥയെ ഓർത്തും ഇങ്ങനെയൊരു ധർമ്മസഹായം ചെയ്തുകൊടുക്കേതിലേക്കു പിതാവിന്റെ കല്പനയുാകണമെന്ന് അപേക്ഷിക്കുന്നു. പ്രസ്തുത അപേക്ഷ മെത്രാപ്പോലീത്ത അനുവദിച്ചു കല്പനയുായി.

തങ്ങളുടെ വക സഥലം പ്രത്യേകിച്ചും നെൽപ്പാടം പള്ളിക്കു തീറെഴുതുകയും പിന്നീട് ആ സ്ഥലംതന്നെ പാട്ടത്തിനു പള്ളിയിൽനിന്ന് തിരിച്ചു വാങ്ങി കൃഷിയിറക്കുകയും ചെയ്തിരുന്ന ധാരാളം അക്രൈസ്തവർ കൊരട്ടിയിലു്. പള്ളിയിൽനിന്നു പാട്ടത്തിനു സ്ഥലമെടുത്ത് മുതലും പലിശയും തിരിച്ചടയ്ക്കാനോ പള്ളിവിഹിതം നൽകാനോ കഴിയാതെ പോയവർക്ക് കച്ചേരിയിൽനിന്നുള്ള പ്രത്യേക കല്പനപ്രകാരം ഇളവു നൽകിയതിനും ധാരാളം തെളിവുകൾ പള്ളി റിക്കാർഡുകളിൽ കാണാം. തങ്ങളുടെ വസ്തുവകകളിൽ സാധ്യമായത് പള്ളിക്കു കൊടുക്കുന്നതിന് ഇരുപതാം നൂറ്റാിന്റെ പകുതിവരെ ഹിന്ദുക്കൾ പ്രത്യേകം താത്പര്യം പ്രകടിപ്പിച്ചിരുന്നു. ഇന്നും തങ്ങളുടെ വിളവിന്റെ ആദ്യഫലം കൊരട്ടിപ്പള്ളിയിൽ എത്തിക്കുന്നവരും വിരളമല്ല.

പള്ളിയുടെ സ്ഥാപനകാലത്തും അതിനുശേഷവും ധാരാളം പറമ്പും നിലങ്ങളും പള്ളിയുടെ നടത്തിപ്പിലേക്ക് പാക്കാട്ടി സ്വരൂപത്തിൽനിന്നു കിട്ടിയതായി പഴമക്കാർ പറയുന്നു. കൊരട്ടിപ്പള്ളിയുടെ ഉത്ഭലകാലംമുതൽ ചുറ്റുപാടുമുള്ള നാനാജാതി മതസ്ഥർ പുലർത്തിപ്പോരുന്ന പള്ളിയുമായുള്ള വൈകാരികബന്ധം ഇന്നും നിലനില്ക്കുന്നു എന്നത് അഭിമാനാർഹമാണ്. പലവിധ നേർച്ചകൾ നിറവേറ്റിയും പ്രാർത്ഥിച്ചും കൊരട്ടിമുത്തിവഴി അനുഗ്രഹങ്ങൾ പ്രാപിക്കുന്ന അക്രൈസ്തവരുടെ വിശ്വാസവും പ്രശംസനീയമാണ്. ഇതിനൊരു ഉദാഹരണമായി പഴമക്കാർ പറയുന്ന ഒരു സംഭവം ഇതാണ്:

കൊരട്ടി സ്വരൂപമായും പ്രസിദ്ധനായ പനമ്പിള്ളി കെ. ഗോവിന്ദമേനോനുമായും വളരെ അടുത്ത ബന്ധമുള്ള വാളൂര് താമസക്കാരായ ശക്രമത്ത് കുടുംബവുമായി ബന്ധപ്പെട്ടതാണ് ഏറെ വർഷങ്ങൾക്കു മുമ്പുായ ഈ സംഭവം. അക്കാലത്ത് ശക്രമത്ത് ഇല്ലത്ത് സഹോദരികളായ രു സ്ത്രീകളായിരുന്നു തറവാട്ടിലെ പ്രധാന കുടുംബാവകാശിനികൾ. ഇതിൽ ഒരു

താവഴിക്കാർ ശക്തരും പ്രാപ്തരും ആയിരുന്നെങ്കിൽ മറ്റേ താവഴി പിടിപ്പില്ലാത്തതായിരുന്നു. അതിലെ കാരണവർ മദ്യപനും ധൂർത്തനും ആയിരുന്നു. ലക്ഷണയുക്തനായ ഒരു കൊമ്പനാന കുടുംബവക പൊതുസ്വത്തായിട്ടുായിരുന്നു. ആലങ്ങാട്ടു താമസക്കാരായ ചിലർ മദ്യപനും ധൂർത്തനുമായ കാരണവരെ വശീകരിച്ച് ആനയെ ബലമായി കൈവശപ്പെടുത്തി. ശങ്കമത്ത് കുടുംബക്കാർ ആനയെ തിരികെ കൊുവരാൻ പല ശ്രമങ്ങളും നടത്തിയെങ്കിലും വിജയിച്ചില്ല.

അവരുടെ മിത്രവും കൊരട്ടിപ്പള്ളിയിലെ കണക്കെഴുത്തുകാരനുമായിരുന്ന പള്ളത്തുകാട്ടി ലോന എന്നയാൾ കൊരട്ടിമുത്തിയുടെ അത്ഭുതപ്രവർത്തനങ്ങളെക്കുറിച്ച് ശങ്കമത്തുകാരോട് സംസാരിക്കുകയുായി. ഇതു കേട്ട ശങ്കമത്തുകാർ കൊരട്ടിയിലെ തിരുനാൾ ഏറ്റുനടത്താമെന്ന് നേർച്ച നേർന്നുകൊ് ആനയെ കിട്ടാനായി മുത്തിയോടു പ്രാർത്ഥിച്ചു. എന്നിട്ട് ആനക്കാരനെയും കൂട്ടി വെളിയത്തുനാട്ടിൽ ചെന്ന ശങ്കമത്തുകാർ ആരുടെയും എതിർപ്പുകൂടാതെ ആനയെ നിഷ്പ്രയാസം തറവാട്ടിൽ കൊുവന്നു. ഇതു കൊരട്ടിമുത്തിയോടു പ്രാർത്ഥിച്ച തന്റെ ഫലമായാണെന്ന വിശ്വാസം നാട്ടിലെങ്ങും പരന്നു. എന്നാൽ, തിരുനാളിന്റെ സമയമായപ്പോൾ കുലീനനായന്മാരായ ശങ്കമത്തുകാർക്ക് നസ്രാണി പള്ളിയിലെത്തി തിരുനാൾ ഏല്ക്കാനും നടത്താനും വൈമനസ്യം തോന്നി. തിരുനാൾ ഏല്ക്കേതിന്റെ അടുത്തദിവസം പ്രഭാതത്തിൽ വലിയ തേരട്ടകൾ പറമ്പിന്റെ നാനാഭാഗത്തുനിന്നും വീട്ടിലേക്ക് ഇഴഞ്ഞുകയറാൻ തുടങ്ങി. വളരെ പ്രതിവിധികൾ ചെയ്തിട്ടും തേരട്ടകളുടെ ശല്യം ഒഴിവാക്കാനായില്ല. മുത്തിയോടു ചെയ്തിരുന്ന വാഗ്ദാനം അപ്പോൾ അവർ ഓർത്തു. ഇനിയും ഒരു പരീക്ഷണത്തിനു മുതിരാതിരിക്കുന്നതാണു നല്ലതെന്നു തോന്നിയ ശങ്കമത്തുകാർ അന്നുതന്നെ പള്ളിയിലെത്തി പ്രത്യേക താത്പര്യപ്രകാരം പള്ളത്തുകാട്ടി ലോനയെത്തന്നെ അവർക്കു വേി പ്രസുദേന്തിയാക്കി പിറ്റേവർഷത്തെ തിരുനാൾ ഏല്ക്കുകയും ചെയ്തു. അതോടെ തേരട്ടകളും അപ്രത്യക്ഷമായി. ശങ്കമത്തു കുടുംബപ്രമാണിയും ഇളമുറക്കാരും ചേർന്ന് അടുത്തവർഷത്തെ തിരുനാൾ ഗംഭീരമായി നടത്തിയെന്ന് പഴമക്കാർ പറയുന്നു. ഈ തറവാട്ടിലെ പിൻമുറക്കാർ ഇന്നും കൊരട്ടിയ്ക്കടുത്ത് വാളൂരിൽ താമസിക്കുന്നു്.

ഒരുകാലത്ത് പള്ളിക്ക് സദ്യ നടത്തുന്നതിനുപയോഗിക്കുന്ന വലിയ വാർപ്പുകളും ഉരുളികളും ഉായിരുന്നു. മുത്തിയുടെ പള്ളിവക സാധനങ്ങൾ മോഷ്ടിക്കാൻ ആരും ധൈര്യപ്പെടുമായിരുന്നില്ല. ഒരിക്കൽ ഒരാൾ ഒരു ഉരുളി മോഷ്ടിച്ച് രഹസ്യത്തിൽ കൊച്ചിയിലെത്തിച്ച് ഒരു സേട്ടിനു വിറ്റു. അതു വാങ്ങിയ ദിവസം മുതൽ "അത് കൊരട്ടിമുത്തിയുടേതാണ് തിരിച്ചുകൊടുക്കുക" എന്ന സ്വരം സേട്ട് രാത്രിയിൽ കേൾക്കാൻ തുടങ്ങി. ആദ്യമയാൾ അതു ഗൗനിച്ചില്ലെങ്കിലും പിന്നീടയാൾ ഉരുളിയുടെ കരി പുര ഭാഗങ്ങൾ നന്നായി കഴുകി നോക്കിയപ്പോൾ 'കൊരട്ടിമുത്തിയുടെ പള്ളിവക' എന്ന് അതിൽ എഴുതിയിരിക്കുന്നതു കു. സംഗതി പിടികിട്ടിയ സേട്ട് ആ ഉരുളി പള്ളിയിൽ എത്തിക്കുകയും വഴിപാടുകൾ നടത്തുകയും ചെയ്തു. മോഷ്ടാവിനും ചില കഷ്ടപ്പാടുകൾ അനുഭവപ്പെട്ടതോടെ അയാളും പശ്ചാത്തപിച്ചു മുത്തിയുടെ പക്കലെത്തി. ഇതോടെ കാണാതായ വസ്തുക്കൾ കുകിട്ടുന്നതിന് മുത്തിയുടെ സന്നിധിയിൽ നേർച്ച നടത്താനെത്തുന്നവരുടെ എണ്ണം വർദ്ധിക്കാനിടയായി.

ഒരിക്കൽ പള്ളിയിലെ കുത്തുവിളക്ക് ആരോ മോഷ്ടിച്ചു. അയാൾക്ക് അതു വില്ക്കാൻ കഴിയാതിരുന്നതിനാൽ കാതിക്കൊടത്തിനടുത്ത് കണ്ണൻചിറ എന്ന കുളത്തിലെറിഞ്ഞു. ആ ദിവ

സങ്ങളിൽ കുളത്തിൽ വലയെറിഞ്ഞ ആളിന് വിളക്ക് വലയിൽ തടഞ്ഞുകിട്ടി. അയാളതു പരിശോധിച്ചപ്പോൾ പള്ളിവകയാണെന്നറിഞ്ഞ് പള്ളിയിൽ ഏല്പിച്ചു.

1790-ലെ ടിപ്പുവിന്റെ പടയോട്ടത്തിനും നിർബന്ധിത മതപരിവർത്തനത്തിനും മുമ്പേ കൊരട്ടിദേശത്ത് മുസ്ലീമുകൾ ഉായിരുന്നതായി കാണുന്നില്ല. ടിപ്പു സുൽത്താന്റെ ആക്രമണത്തിൽ ജീവന്റെ നിലനില്പിനു വേി ധാരാളം പേർ ഇസ്ലാംമതം സ്വീകരിക്കാൻ നിർബന്ധിതരായി. പഴയ മുസ്ലീം തറവാടുകളിൽ പലതിനും ഉള്ള വീട്ടുപേരുകൾ ഈ ചിന്താഗതിക്കു ശക്തി പകരുന്നതാണ്. പഴയ നായർ തറവാടുകൾക്കും ക്രിസ്തീയ തറവാടുകൾക്കും ഉള്ള അതേ പേരുകൾ മുസ്ലീം തറവാടുകളിൽ പലതിനും കാണാവുന്നതാണ്. വിവിധ മതസ്ഥരായ കൊരട്ടി നിവാസികൾ മതസൗഹർദ്ദതയിലും സഹിഷ്ണുതയിലും കഴിയുന്നു.

## 9.11. മലയാറ്റൂർ കുരിശുമുടി തീർത്ഥാടനം

മലയാറ്റൂർ കുരിശുമുടി ഇന്ന് ഏഷ്യയിലെ ഏക അന്തർദ്ദേശീയ ക്രൈസ്തവ തീർത്ഥാടനകേന്ദ്രമാണ്. ഇത് ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ നാമധേയത്തലുള്ള തീർത്ഥാടനമലയാണ്. എറണാകുളം ജില്ലയിൽ അദ്വൈതാചാര്യനായ ശ്രീശങ്കരാചാര്യരുടെ ജന്മദേശമായ കാലടിയിൽനിന്നും വടക്കുകിഴക്ക് 10 കി. മീറ്റർ ദൂരത്താണ് മലയാറ്റൂർ കുരിശുമുടി. സമുദ്രനിരപ്പിൽനിന്നും 386.70 മീറ്റർ ഉയരത്തിലും പ്രകൃതിഭംഗിയാൽ മനോഹരായ അടിവാരത്തുള്ള മണപ്പാട്ടുചിറയിൽനിന്ന് 1269 അടി ഉയരത്തിലും ഈ പുണ്യഭൂമി സ്ഥിതിചെയ്യുന്നു.

### 9.11.1. തോമാശ്ലീഹാ മലയാറ്റൂരിൽ

കരമാർഗ്ഗം വാഹനങ്ങൾ ഇല്ലാതിരുന്ന ഒന്നാം നൂറ്റാിൽ തോമാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളും ഏതെങ്കിലും നദികളുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. അറബിക്കടലിൽ ചെന്നുപതിക്കുന്ന പെരിയാറിന്റെ തീരത്തേക്ക് തോമാശ്ലീഹാ പാണ്ഡ്യരാജ്യത്തിൽനിന്നും എളുപ്പമാർഗ്ഗം തിരികെവരുമ്പോൾ മലയാറ്റൂരിൽ എത്തിച്ചേർന്നു. ഇതിനു കാരണം ചേരരാജ്യവും പാണ്ഡ്യനാടും തമ്മിൽ ബന്ധിക്കപ്പെട്ടിരുന്ന പ്രധാന വഴികളിലൊന്ന് മലയാറ്റൂർവഴി കടന്നുപോകുന്ന കാട്ടുനടപ്പാതയായിരുന്നു. അന്ന് മണപ്പാട്ടുചിറയുടെ തീരം ഒരു പ്രമുഖ വാണിജ്യകേന്ദ്രമായിരുന്നു. അതിനാൽതന്നെ ഈ പ്രദേശത്തെ വാണിഭടം എന്നാണ് ഇന്നും വിളിക്കുക.

പാണ്ഡ്യനാട്ടിൽനിന്നുള്ള യാത്രക്കിടയിൽ ഇടതൂർന്നു വളർന്നുനിന്ന മാമരങ്ങൾക്കിടയിലൂടെയും വലിയ പാറകളുടെ ഇടയിലുള്ള മലമ്പാതയിലൂടെയും എ.ഡി. 62-ൽ വിശുദ്ധൻ മലയാറ്റൂരിലെത്തുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. എന്നാൽ ഭാഷയിലും വേഷത്തിലും അനുഷ്ഠാനങ്ങളിലും വിദേശിയായിരുന്ന അദ്ദേഹത്തെ സ്വീകരിക്കുവാൻ തദ്ദേശികൾ തയ്യാറായില്ല. സുവിശേഷപ്രഘോഷണത്തിനെത്തിയ ശ്ലീഹാ തദ്ദേശവാസികളുടെ എതിർപ്പുകളെ തുടർന്ന് മലയും ആറും ഊരും ചേർന്ന മലയാറ്റൂർ മലയുടെ മുകളിൽ അഭയം പ്രാപിച്ചു. താപസശ്രേഷ്ഠന്മാർ അത്യന്തം ഇഷ്ടപ്പെടുന്ന മാമലപ്രദേശം ഈശ്വരധ്യാനത്തിനും പ്രാർത്ഥനയ്ക്കും അനുയോജ്യമാണ്. വിശാലമായ വിരിപ്പാറ നിറഞ്ഞ പീഠഭൂമിയിലെത്തിയ ശ്ലീഹാ തന്റെ പ്രേഷിതപ്രവർത്തനങ്ങൾക്കായി ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊ് ദിവസങ്ങളോളം അവിടെ ചിലവഴിച്ചു ധ്യാനനിരതനായിരുന്നു.

മലമുകളിലുള്ള വിരിപ്പാറയുടെ മുകളിൽ മുട്ടുകുത്തി പ്രാർത്ഥനാനിരതനായിരുന്ന ശ്ലീഹാ പ്രാർത്ഥനയുടെ അവസാനം യേശുനാഥന്റെ തിരുശരീരത്തിലെ മുറിപ്പാടുകളിൽ തൊട്ട വിരലുകൾകൊ് പാറയിൽ കുരിശടയാളം വരച്ച് കുരിശിനെ ചുംബിച്ചു. വിശുദ്ധൻ കുരിശടയാളം വരച്ചപ്പോൾ തന്റെ ഗുരുവിന്റെ രക്ഷാകര പീഡാസഹനവും മരണവും ഉത്ഥാനവും ഓർത്ത് തീക്ഷ്ണമായി പ്രാർത്ഥിച്ചു. അപ്പോൾ, ആ കുരിശ് രക്തം വിയർത്തുവെന്നും തത്സമയം പരിശുദ്ധ കന്യാമറിയം പ്രത്യക്ഷപ്പെട്ട് ശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങൾക്കുള്ള വിജയാശംസകളർപ്പിച്ച് വിശപ്പും ദാഹവും തീർക്കാൻ വിശിഷ്ടവസ്തു കൈയിൽ കൊടുത്തനുഗ്രഹിച്ച് അപ്രത്യക്ഷയായി എന്നും വിശ്വസിക്കുന്നു.

മാതാവു നൽകിയ ഭക്ഷണം കഴിച്ച് നിദ്രയിലാ ശ്ലീഹാ ഉണർന്നപ്പോൾ അമ്പും വില്ലുമായി നിൽക്കുന്ന മലവേടന്മാരെ കു. സ്വർഗ്ഗീയാനുഭൂതിയിൽ നിറഞ്ഞിരിക്കുന്ന തോമാശ്ലീഹായെയും തൊട്ടടുത്തു രക്തം വിയർക്കുന്ന കുരിശും ക് അവർ അത്ഭുതപ്പെട്ടു. ഈ വാർത്ത മലയടിവാരത്തുള്ള ജനങ്ങൾ അറിഞ്ഞു. മലമുകളിലേക്ക് കൂട്ടത്തോടെ എത്തിയ അവരോട് തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചു. അവർ കർത്താവിൽ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു. ശ്ലീഹാ ഇവരോടൊപ്പം രു മാസക്കാലം താമസിച്ച് ഇരുനൂറ്റി ഇരുപതുപേരെ മാമ്മോദീസ മുക്കി. തോമാശ്ലീഹായുടെ ഈ പ്രേഷിതപ്രവർത്തനം റമ്പാൻ പാട്ട് സാക്ഷ്യപ്പെടുത്തുന്നു.

"മലയാളത്തിനു തിരികെ വരുവാൻ
താൻ കരയാത്ര ചെയ്യുമ്പോൾ
മാലാകമാരുടെ തുണയാലെ
മലയാറ്റൂർ താൻ വന്നെത്തി.
ഇരുമാസങ്ങളവിടങ്ങളിലും
മാർഗ്ഗത്തെ താനറിയിച്ചു
ഇരുനൂറ്റിരുപതവിശ്വാസികളെ
താൻ മാമ്മോദീസാ മുക്കി"

ഇവർ കൂട്ടത്തോടെ പ്രാർത്ഥിച്ച് ഇടക്കിടെ മല കയറുമായിരുന്നു. എന്നാൽ തോമാശ്ലീഹാ എ.ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ചപ്പോൾ ആ മല കൂടുതൽ പ്രസിദ്ധിയാർജ്ജിക്കുകയും ദുർഘടമായതും ഘോരവനത്താൽ ചുറ്റപ്പെട്ടതുമായ മലയാറ്റൂർ മല കാലക്രമത്തിൽ വിശ്വാസികളുടെ മനസ്സിൽനിന്നു മറയുകയും അജ്ഞാതമാവുകയും ചെയ്തു.

ഏകദേശം 500 വർഷങ്ങൾക്കുശേഷം നായാട്ടിനിറങ്ങിയ മലവേടന്മാർ രാത്രികാലങ്ങളിൽ വിശുദ്ധൻ ധ്യാനിച്ചു പ്രാർത്ഥിച്ചിരുന്ന വിരിപ്പാറയിലിരുന്ന് വിശ്രമിക്കുന്നതിനിടയിൽ തൊട്ടടുത്തുായിരുന്ന പാറയിൽനിന്നും കുരിശാകൃതിയിൽ അത്ഭുതപ്രകാശം ദർശിച്ചു. വിസ്മയഭരിതരായ മലവേടന്മാർ തങ്ങളുടെ കൈയിലുായിരുന്ന ആയുധംകൊ് അത്ഭുതപ്രകാശം ക പാറയിൽ കുത്തിനോക്കി. ഉടനെ പാറയുടെ പ്രതലം കുരിശാകൃതിയിൽ രക്തവർണ്ണമാവുകയും അവിടെ സ്വർണ്ണക്കുരിശ് പ്രത്യക്ഷപ്പെടുകയും ചെയ്തു. ഏതാനും മൈലകലെ പാറപ്പുറത്ത് വിശുദ്ധന്റെ കാൽമുട്ടുകളും പാദങ്ങളും മുദ്രിതമായിരിക്കുന്നതും കു. അവർ താഴ്വാരത്തുള്ള ക്രൈസ്തവരെ വിവരമറിയിച്ചു. ഈ അത്ഭുതകഥയറിഞ്ഞ ജനങ്ങൾ കൂട്ടമായി ചെന്ന് പൊൻകുരിശിനെ വണങ്ങി കിടാവിളക്കു കത്തിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി.

“പൊന്നിൻകുരിശുമല മുത്തപ്പോ പൊൻമലകയറ്റം”, “പൊന്നിൻകുരിശുമല മുത്തപ്പോ പൊൻമലയിറക്കം” എന്നു ശരണം വിളിച്ചുകൊണ്ട് ഭക്തജനങ്ങൾ പൊൻകുരിശുമല കയറുന്നതും ഇറങ്ങുന്നതും. തലമുറകൾക്കു മുമ്പുള്ള മുത്തപ്പന്റെ ഈ അടയാളം ദർശിക്കുവാനും പ്രാർത്ഥിക്കുവാനും വിശ്വാസം പുനഃപ്രതിഷ്ഠിക്കാനുമായി ഒരുകോടിയോളം ഭക്തജനങ്ങൾ ഇന്ന് ഈ മല ചവിട്ടിക്കയറുന്നു. ഇതാണ് പൊൻകുരിശുമുടിയിലെ പൊൻകുരിശിന്റെയും കാൽപാദങ്ങളുടെയും മലയാറ്റൂർ തീർത്ഥാടനത്തിന്റെയും നാന്ദി.

വാഹനസൗകര്യം ഇല്ലാതിരുന്ന കാലത്ത് മദ്രാസിനെയും ചെന്നൈയെയും പ്രാചീന തുറമുഖനഗരമായ കൊടുങ്ങല്ലൂരിനെയും ബന്ധിപ്പിക്കുന്ന കാനനപാത മലയാറ്റൂർ വാണിഭത്തടത്തിനെ ബന്ധിപ്പിച്ച് കടന്നുപോകുന്ന കാരവൻപാതയായിരുന്നു. ധാരാളം തമിഴ് വംശജർ കാരവൻപാതയിലൂടെ വ്യാപാരത്തിനായി വന്നിരുന്നു. അവർ വലിയ വണക്കത്തോടെ തോമാശ്ലീഹായെ വിളിച്ചിരുന്നത് ‘മുത്തപ്പൻ’ എന്നാണ്.

നോമ്പിന്റെയും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും വഴികളിലൂടെ വിവിധ നിയോഗങ്ങളും ആവശ്യങ്ങളും വി. തോമാശ്ലീഹായുടെ മധ്യസ്ഥതയിൽ തമ്പുരാനർപ്പിക്കാൻ നേർച്ച കാഴ്ചകളുമായി ഇവർ പൊന്നിൻകുരിശുമുത്തപ്പന്റെ കാൽപ്പാദത്തിങ്കൽ പൊൻകുരിശിനെ വണങ്ങുന്നു. “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന വലിയ വിശ്വാസമന്ത്രം ഏറ്റുചൊല്ലിക്കൊണ്ട് ശ്ലീഹായുടെ പുണ്യമായ തിരുശേഷിപ്പിന് തങ്ങളെത്തന്നെ അർപ്പിക്കുകയും ചെയ്യാൻ ജനകോടികൾ ഇന്ന് മലയാറ്റൂർ കുരിശുമുടിയിൽ എത്തിച്ചേരുന്നു.

### 9.11.2. പേരുകൾ - കുരിശുമുടി, കാലടി, മലയാറ്റൂർ

ഇന്നത്തെ കുരിശുമുടി, ചേരരാജ്യത്തിലെ വാണിഭത്തടം എന്ന പേരിൽ അറിയപ്പെടുന്ന പ്രസിദ്ധമായ വ്യാപാരകേന്ദ്രത്തിന്റെ അടുത്തായതിനാലും പാണ്ഡ്യ-ചേരരാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അതിപുരാതന കാട്ടുപാതയായ കാരവൻ പാതയുടെ അടുത്ത് സ്ഥിതി ചെയ്തിരുന്നതിനാലും വളരെ പ്രസിദ്ധമായിരുന്നു. എന്നാൽ കരമാർഗ്ഗമുള്ള യാത്രാസൗകര്യങ്ങൾ വാണിഭത്തടത്തിലെ വ്യാപാരത്തെ ഇല്ലാതാക്കി. എന്നിരിക്കിലും അഞ്ചാം നൂറ്റാിൽ പൊൻകുരിശു കത്തെിയതോടുകൂടി ഈ മല വീും ശ്രദ്ധയാകർഷിക്കാൻ തുടങ്ങി. കുരിശുമുടിയിലെ രു പ്രധാന അത്ഭുതങ്ങളാണ് പൊൻകുരിശും തോമാശ്ലീഹായുടെ കാൽപ്പാദങ്ങളും. അനേകം തീർത്ഥാടകർ പൊൻകുരിശിനെ വണങ്ങുവാനും തോമാശ്ലീഹായുടെ കാൽപ്പാദങ്ങൾ പതിഞ്ഞ വിരിപ്പാറ ദർശിക്കുവാനുമായി പെരിയാറിലൂടെ മലയാറ്റൂരിൽ എത്തുമായിരുന്നു. മല, പൊൻകുരിശിനെ മഹത്ത്വപ്പെടുത്തിക്കൊ് കുരിശുമുടി എന്ന പേരിൽ അറിയപ്പെടാനും അതു സർക്കാർ രേഖകളിൽ കുറിക്കപ്പെടാനും തുടങ്ങി. കരമാർഗ്ഗം ഗതാഗതം വളരെ വിരളമായിരുന്ന അക്കാലത്ത് ജലമാർഗ്ഗം കുരിശുമുടിക്ക് തീർത്ഥാടനത്തിന് എത്താനായി ഇറങ്ങിയിരുന്ന പ്രധാന കവലയ്ക്കും കടത്തിനും  അവർ മുത്തപ്പന്റെ രാമത്തെ അത്ഭുതമായ കാൽപ്പാദങ്ങളെ അനുസ്മരിച്ചുകൊ് ‘കാലടി എന്നു പേരിട്ടു. കാലടിക്കും കുരിശുമുടിക്കും ഇടയ്ക്ക് കടത്ത് എത്തിച്ചേരുന്ന സ്ഥലം മലയും ആറും ഊരും ഒത്തുചേരുന്ന ഒരു പ്രദേശമായിരുന്നതിനാൽ അതിനെ അവർ മലയാറ്റൂർ എന്നും വിളിക്കാൻ ആരംഭിച്ചു.

### 9.11.3. മലയാറ്റൂർ - കുരിശുമുടി തീർത്ഥാടനം

പൊൻകുരിശു കത്തെിയ നാൾമുതൽ ചെറിയ തോതിൽ ആരംഭിച്ച മലയാറ്റൂർ

തീർത്ഥാടനം ഇന്ന് അരക്കോടിയോളം ജനങ്ങളുടെ വിശ്വാസപ്രഖ്യാപനവേദിയാകുന്നു. അഭയകേന്ദ്രവുമാകുന്നു. മലയാറ്റൂർ തീർത്ഥാടനത്തിന് തുടക്കം കുറിക്കുന്നത് മഹാഇടവക മലകയറ്റത്തോടെയാണ്. വലിയനോമ്പിലെ രാമത്തെ ഞായറാഴ്ച രാവിലെതന്നെ മലയാറ്റൂർ ഇടവകയിലെയും കുരിശുപള്ളികളായിരുന്ന വിമലഗിരി, സെബിയൂർ, ഇല്ലിത്തോട് എന്നിവിടങ്ങളിലെയും ഇടവകാംഗങ്ങൾ അടിവാരത്തു കൂടുകയും തോമാശ്ലീഹായുടെ തിരുശേഷിപ്പുകളുമായി വാദ്യമേളങ്ങളുടെയും ടാബ്ലോകളുടെയും അകമ്പടിയോടെ കുരിശുമുടി റെക്ടറുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനകളും കുരിശുമലമന്ത്രവും ('പൊന്നിൻകുരിശുമല മുത്തപ്പോ പൊൻമലകയറ്റം,) ചൊല്ലി മലകയറ്റം ആരംഭിക്കുന്നു. മല മുകളിലുള്ള മാർത്തോമ്മാ മണ്ഡപത്തിൽ പ്രാർത്ഥനകൾ ചൊല്ലി തിരുശേഷിപ്പ് ധൂപിച്ചു പ്രതിഷ്ഠിച്ച്, തീർത്ഥാടനകേന്ദ്രം ഔദ്യോഗികമായി തീർത്ഥാടകർക്കായി തുറന്നുകൊടുക്കുന്നു. തുടർന്നു നടക്കുന്ന ആഘോഷമായ സമൂഹബലിയോടുകൂടി തീർത്ഥാടനസായൂജ്യത്തിന് ആരംഭം കുറിക്കുന്നു. കുരിശുമല കയറുവാൻ ആുവട്ടത്തുടനീളം തീർത്ഥാടകരെത്തുന്നു. എല്ലാ ദിവസവും രാവിലെ 9.30 ന് കുരിശുമല പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും തോമാശ്ലീഹായുടെ നൊവേന ചൊല്ലുകയും ചെയ്യുന്നു. നോമ്പുകാലത്ത് ഇടതടവില്ലാതെ അനേകായിരങ്ങളാണ് മുത്തപ്പന്റെ ചാരെ എത്തി മധ്യസ്ഥം യാചിക്കുന്നത്.

### 9.11.4. മലയാറ്റൂരിലെ വഴിപാടുകൾ

ഈ പുണ്യസവിധത്തിൽ വഴിപാടുകൾക്കും വൈവിധ്യമു്. പൊന്നിൻകുരിശു മുത്തപ്പനോടു പ്രാർത്ഥിച്ചാൽ പ്രാർത്ഥിക്കുന്നതെന്തും സാധിക്കും എന്ന ഉറച്ച വിശ്വാസവും ബോധ്യവും തീർത്ഥാടകർക്കു്. കാരണം മുത്തപ്പൻ ഗുരുവിനെ ഏറ്റവും ആത്മാർത്ഥമായി സ്നേഹിച്ചവനും ഗുരുവിനെ കാണാൻ ഗുരുവിന്റെ മുമ്പിൽ ശാഠ്യം പിടിച്ചവനും, തന്റെ വലിയ വിശ്വാസം ഏറ്റു പറഞ്ഞ് ഗുരു ഏല്പിച്ച പ്രേഷിതദൗത്യം ഏറ്റവും ആത്മാർത്ഥതയോടെ നിറവേറ്റി രക്തസാക്ഷിത്വം വരിച്ചവനുമാണ്. അനേകായിരങ്ങളുടെ അത്ഭുതാനഭവങ്ങളും മുത്തപ്പന്റെ മുൻപിൽ വന്ന് നേർച്ചകാഴ്ചകളർപ്പിക്കുവാൻ ജനലക്ഷങ്ങളെ പ്രചോദിപ്പിക്കുന്നു.

#### 9.11.4.1. അടിമ വയ്ക്കൽ

മാർ തോമാശ്ലീഹായുടെ മധ്യസ്ഥതയിൽ അടിമ വയ്ക്കാൻ (സമർപ്പിക്കാൻ) വിശ്വാസികൾ നേർച്ച നേരുന്നു. ഈ നേർച്ച കുടുംബത്തിലെ ഓരോ വ്യക്തിക്കും കുടുംബത്തിനു മുഴുവനായിട്ടും നേരാറു്. പൊന്നിൻകുരിശുമല മുത്തപ്പനു സമർപ്പണം നടത്തുന്ന വ്യക്തിയെ മുത്തപ്പൻ എല്ലാ വിപത്ഘട്ടങ്ങളിലും സംരക്ഷിക്കുമെന്നും വിശ്വസചൈതന്യത്തിൽ വളർത്തുമെന്നും വിശ്വാസികൾക്കു ബോധ്യമു്. തമ്പുരാന്റെ മാധുര്യമുള്ള ഹൃദയത്തിന് അനുയോജ്യരാക്കി തീർക്കുന്നതിനുള്ള മധ്യസ്ഥത ലഭിക്കുമെന്ന വിശ്വാസവും തങ്ങൾ ആരംഭിക്കുന്ന എല്ലാ സംരംഭങ്ങൾക്കും വിശുദ്ധന്റെ തുണ ലഭിക്കുമെന്ന ഉറപ്പും ഭക്തജനങ്ങൾ ഈ നേർച്ച നേരലിലൂടെ അനുഭവിക്കുന്നു.

#### 9.11.4.2. വെടിവഴിപാട്

പൊന്നിൻകുരിശുമല മുത്തപ്പന്റെ മദ്ധ്യസ്ഥതയിലുള്ള മറ്റൊരു പ്രധാന വഴിപാടാണിത്. മുത്തപ്പന്റെ പാദാരവൃന്ദങ്ങളിൽ നേർച്ചകളർപ്പിച്ച്, മനഃക്ലേശങ്ങൾ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ

തമ്പുരാനോട് ഏറ്റുപറഞ്ഞ് മലയിറങ്ങുന്നു. മുത്തപ്പന്റെ ചാരെ നിന്നുകൊ് തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങൾക്ക് ഏറ്റവും ഉച്ചത്തിൽ തമ്പുരാനോടു നന്ദി പറയുന്നതിനും സ്തുതിക്കുന്നതിനും വെടിവഴിപാടുകളിലൂടെ സാധിതമാകുന്നു.

ജീവിതപ്രശ്നങ്ങൾ ഹൃദയം നുറുങ്ങുന്നതാണെന്നും അവ ഏറ്റവും മനഃക്ലേശങ്ങൾ തങ്ങളിൽ സൃഷ്ടിക്കുന്നവയാണെന്നും മുത്തപ്പന്റെ മധ്യസ്ഥതയിൽ തങ്ങൾ ഏറ്റവും ഉച്ചത്തിൽ അവ പ്രാർത്ഥിക്കുന്നുവെന്നും വെടിവഴിപാടിലൂടെ ഭക്തജനങ്ങൾ അറിയിക്കുന്നു. തങ്ങളുടെ ആവശ്യങ്ങളും നിയോഗങ്ങളും സാധിതമാകുന്നതിനും സ്തുതിസ്തോത്രങ്ങൾ സമർപ്പിക്കുന്നതിനും അനേകായിരങ്ങൾ മുത്തപ്പന്റെ മുമ്പിൽവരുന്നു.

#### 9.11.4.3. നൊവേന

പൊന്നിൻകുരിശുമല മുത്തപ്പന്റെ സവിധത്തിലെ ഏറ്റവും വലിയ പ്രാർത്ഥനയാണ് നൊവേന. ഈ പ്രാർത്ഥനയിൽ മാർതോമാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായും നമ്മുടെ പിതാവുമായി നൽകിയതിന് തമ്പുരാനോട് നന്ദി പറയുകയും ഗുരുവിന്റെ വിളി ശ്രവിച്ച ഉടനെ എല്ലാം ഉപേക്ഷിച്ചുകൊ് സുവിശേഷവേലക്കായി ഇറങ്ങിത്തിരിച്ച ശ്ലീഹായെപ്പോലെ ദൈവേഷ്ടം തിരിച്ചറിഞ്ഞ് അനുദിനജീവിതം നയിക്കുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശുദ്ധന്റെ ധീരതയിലേക്കും വിശ്വാസചൈതന്യത്തിലേക്കും മാതൃകയിലേക്കും നൊവേനയിലൂടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു. അനേകായിരങ്ങളുടെ മാനസികവും ഭൗതികവുമായ രോഗങ്ങൾക്കു സൗഖ്യം നൽകിയ വിശുദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള പ്രത്യേക രോഗീസൗഖ്യപ്രാർത്ഥനയും ഈ പ്രാർത്ഥനയുടെ പ്രത്യേകതയാണ്. വിശുദ്ധനെ സ്തുതിച്ചുകൊ്, വിശുദ്ധന്റെ മധ്യസ്ഥതയിൽ തമ്പുരാനിൽനിന്നു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞുകൊ് മാർതോമാശ്ലീഹായുടെ മധ്യസ്ഥതയിൽ പ്രത്യേക പ്രാർത്ഥനായനിയോഗങ്ങൾ സമർപ്പിക്കുകയും വിശുദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള ആശീർവാദപ്രാർത്ഥന നടത്തുകയും ചെയ്യുന്നു. വിവിധ ആവശ്യങ്ങളുമായി അനേകായിരങ്ങൾ ഇവിടെ നവനാൾ നൊവേന പ്രാർത്ഥന നടത്തുകയും ഫലസിദ്ധി ലഭിക്കുകയും ചെയ്യുന്നു.

#### 9.11.4.4. ലദീഞ്ഞ്

വിശുദ്ധരുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധരുടെ മാധ്യസ്ഥ്യം പ്രത്യേകം അപേക്ഷിക്കുന്ന അവസരങ്ങളിൽ അവരുടെ പ്രത്യേക ഗുണങ്ങൾ എടുത്തുപറഞ്ഞുകൊ് അനുഗ്രഹം അപേക്ഷിക്കുന്ന പ്രത്യേക പ്രാർത്ഥനാരീതിയാണിത്. ഈ പ്രാർത്ഥനയിൽ തമ്പുരാന്റെ മുമ്പിൽ വിശുദ്ധന്റെ സുകൃതങ്ങൾ ഓർത്ത് സഭയെയും സഭയെ നയിക്കുന്നവരെയും തിരുനാൾ ഏറ്റെടുത്തു നടത്തുന്നവരെയും മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നവരെയും പ്രത്യേകം അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കുന്നു.

#### 9.11.4.5. കല്ലു ചുമക്കൽ

അടിവാരത്തുനിന്ന് മുത്തപ്പന്റെ സവിധത്തിലേക്ക് പാറക്കല്ലുകൾ ചുമന്നു മല കയറുന്നത് മറ്റൊരു വഴിപാടാണ്. വിട്ടുമാറാത്ത തലവേദനയിൽനിന്നു മോചനം ലഭിക്കുന്നതിനാണ് വിശ്വാസികൾ മുത്തപ്പന് ഈ നേർച്ച നേരുന്നത്. ജീവിതക്ലേശങ്ങൾ സന്തോഷത്തോടെ സഹിക്കുന്നതിനുള്ള കൃപയ്ക്കായും ഈ നേർച്ചയിലൂടെ വിശ്വാസികൾ പ്രാർത്ഥിക്കുന്നു.

**9.11.4.6. ധർമ്മം കൊടുക്കൽ**

പൊന്നിൻകുരിശുമല കയറുമ്പോഴും ഇറങ്ങുമ്പോഴും ഭിക്ഷാടകർക്ക് ധർമ്മം കൊടുക്കുന്നതും കുരിശുമലയിലെ ഒരു വഴിപാടാണ്. നോമ്പുകാലത്ത് തങ്ങൾ അനുഷ്ഠിച്ച ഉപവാസവിഹിതം ദാനമായി കൊടുക്കുന്നതായും ഈ ഭക്താനുഷ്ഠാനത്തിലൂടെ വിശ്വാസികൾ വിശ്വസിക്കുന്നു. മക്കൾക്ക് ചൊറി, ചുരങ്ങ്, കരപ്പൻ മുതലായ ത്വക്‌രോഗങ്ങൾ ഉാകുമ്പോൾ മുത്തപ്പന്റെ സന്നിധാനത്തെ ഭിക്ഷക്കാർക്ക് നേർച്ച നേരുന്നതിലൂടെ വിശ്വാസികൾ മുത്തപ്പന്റെ മാദ്ധ്യസ്ഥ്യം തേടുന്നു. അടിവാരത്തു വച്ചിരിക്കുന്ന 'നിർധനസഹായ'പെട്ടിയിൽ നിക്ഷേപിച്ചും വിശ്വാസികൾ ഈ നേർച്ച നിറവേറ്റുന്നു.

**9.11.4.7. എള്ളും കുരുമുളകും**

പൊന്നിൻകുരിശു മുത്തപ്പനെ കാണാൻ വരുന്ന തീർത്ഥാടകരുടെ മറ്റൊരു നേർച്ചയാണ് എള്ളും കുരുമുളകും. ശരീരത്തിലെ അരിമ്പാറയും പുഞ്ചച്ചൂടും (ചുടുകുരു) ശമിക്കുന്നതിനുവേി ഭക്തജനങ്ങൾ പൊന്നിൻകുരിശുമല മുത്തപ്പനു കാഴ്ചവയ്ക്കുന്നതാണു എള്ളും കുരുമുളകും.

**9.11.4.8. അരി വറുത്തത്**

തങ്ങളുടെ കാർഷികവിളകൾ, പ്രത്യേകിച്ച് നെല്ല് സമൃദ്ധമായി പൊലിച്ചുാകട്ടെ എന്ന നിയോഗത്താലും മുത്തപ്പന്റെ മാധ്യസ്ഥ്യത്തിൽ സമൃദ്ധമായി തങ്ങളുടെ അധ്വാനത്തിനു പ്രതിഫലം നൽകിയതിന്റെയും സൂചനയായി വിശ്വാസികൾ അരി വറുത്തതുമായി മുത്തപ്പന്റെ അടുത്ത് എത്തിച്ചേരുന്നു. ത്വക്ക് രോഗങ്ങൾ പ്രത്യേകിച്ച് ചിക്കൻ പോക്സ് പോലുള്ള രോഗങ്ങൾ ഉാകുമ്പോൾ പൂർവ്വസ്ഥിതിക്കായി യാചിച്ചുകൊും വിശ്വാസികൾ ഈ നേർച്ച നേരുന്നു.

**9.11.4.9. അവുലോസ് പൊടി**

വീടുകളിൽ പാമ്പുകളുടെയും കീടങ്ങളുടെയും ശല്യം കൂടുമ്പോൾ മുത്തപ്പന്റെ മാധ്യസ്ഥ്യതയിൽ അവയെ വിലക്കുന്നതിനായി ഭക്തജനങ്ങൾ അവലോസ്പൊടി നേർച്ചയായി നേരുന്നു.

**9.11.4.10. നെയ്യപ്പം**

തങ്ങൾക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കുള്ള നന്ദിസൂചകമായി മുത്തപ്പന് സന്തോഷത്തോടുകൂടി ഭക്തജനങ്ങൾ ഇഷ്ടഭോജനമായ നെയ്യപ്പം നേർച്ചയായി എത്തിക്കുന്നു.

**9.11.4.11. ചൂല്**

മുത്തപ്പന്റെ സന്നിധിയിൽ എത്തിച്ചേരുന്ന സ്ത്രീജനങ്ങൾ തങ്ങളുടെ സൗന്ദര്യത്തിന്റെ പ്രധാന കണ്ണികളിലൊന്നായ മുടിയുടെ കൊഴിച്ചിലിൽനിന്നും മുടി സംബന്ധമായ അസുഖങ്ങളിൽനിന്നും വിടുതൽ ലഭിക്കുന്നതിനും മുടി തഴച്ചുവളരുന്നതിനും വേി ചൂലുകൾ നേർച്ചയായി നേരുന്നു.

തങ്ങളുടെ വിവാഹം മംഗളകരമായി നടക്കുന്നതിനും ദാമ്പത്യജീവിതം സന്തോഷകരമായി തീരുന്നതിനും മുത്തപ്പന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊ് സ്ത്രീകൾ മുത്തപ്പന്റെ മണ്ഡപം അടിച്ചുവൃത്തിയാക്കുകയും അതു നേർച്ചയായി അർപ്പിക്കുകയും ചെയ്യുന്നു.

#### 9.11.4.12. കൽ വിളക്കും നേർച്ച എണ്ണയും

പൊന്നിൻകുരിശുമല മുത്തപ്പനെ ദർശിക്കുവാൻ എത്തുന്ന തീർത്ഥാടകർ താഴത്തെ പള്ളിയിൽ ഇറങ്ങി കൽകുരിശിൽ നേർച്ച എണ്ണ ഒഴിക്കുകയും കത്തിച്ചു പ്രാർത്ഥിക്കുകയും ചെയ്തതിനുശേഷം തങ്ങളുടെ മലകയറ്റം ആരംഭിക്കുന്നു. മുത്തപ്പന്റെ എണ്ണ തീർത്ഥാടകർ പൂജ്യമായി കൊുപോവുകയും ഭവനങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുന്നു. പ്രത്യേക അവസരങ്ങളിൽ ഇത് നെറ്റിയിൽ പൂശുകയും ചെയ്യുന്നു.

#### 9.11.4.13. പൂർണ്ണ ദണ്ഡവിമോചനം

അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രമായ പൊന്നിൻകുരിശുമല കയറുന്ന തീർത്ഥാടകർക്ക് മാർപ്പാപ്പ പൂർണ്ണദണ്ഡവിമോചനം കൽപിച്ചു നൽകുന്നു. വി. പത്താം പീയൂസ് മാർപാപ്പ 1909 ആഗസ്റ്റ് 20 ന് ഒരു കല്പനയിലൂടെ പൂർണ്ണദണ്ഡവിമോചനം കൊടുത്തു. കുരിശുമല കയറുവാൻ സാധിക്കാത്തവർക്ക് താഴത്തെ വലിയപള്ളിയിൽ വന്ന് പ്രാർത്ഥിക്കുന്നതിലൂടെ പൂർണ്ണദണ്ഡവിമോചനം സാധിതമാകുന്നു.

#### 9.11.4.14. മെഴുകുതിരി

തീർത്ഥാടകർ നോമ്പിന്റെയും പ്രാർത്ഥനയുടെയും അരൂപിയിലാണ് മലയാറ്റൂരിൽ എത്തിച്ചേരുക. അവർ 'കുരിശിന്റെ വഴി' ചൊല്ലി ഈശോയുടെ പീഡാസഹനത്തെയും മരണത്തെയും ഉത്ഥാനത്തെയും ഓർത്ത് പ്രാർത്ഥിക്കുന്നു. മലയാറ്റൂർ മലയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിന്റെ വഴിയുടെ രഹസ്യങ്ങളെ ധ്യാനിക്കുകയും മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ച് മല കയറുകയും ചെയ്യുന്നു. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിന്റെ പ്രകാശം തങ്ങളിലേക്ക് എത്തിച്ചേരണമേ എന്ന യാചനയും മറ്റുള്ളവർക്കിതു പകർന്നു നൽകാനാവശ്യമായ വരദാനങ്ങളും തിരി കത്തിച്ചു പ്രാർത്ഥിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. മന്തുരോഗമുാകുമ്പോൾ രോഗശമനത്തിനായി വലിയ തിരികൾ നേർച്ചയായി നേർന്ന് സൗഖ്യപ്പെടുന്ന അനുഭവവും വിശ്വാസവും മലയാറ്റൂരിലു്.

#### 9.11.4.15. തല മുണ്ഡനം ചെയ്യൽ

ഒത്തിരി ഒരുക്കത്തോടും വ്രതശുദ്ധിയോടും നോമ്പുനോക്കി മാലയിട്ട് മലയാറ്റൂർ മല കയറുന്ന, പ്രത്യേകിച്ച് തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ തീർത്ഥാടകർ താഴത്തെ പള്ളിയിലെത്തി നേർച്ചയിടുകയും തല മുണ്ഡനം ചെയ്ത്, കുളിച്ചു മല കയറുകയും ചെയ്യുന്നു. മുകളിലെത്തുന്ന തങ്ങളുടെ മാല ഊരി പുരോഹിതന്റെ കൈയിൽ കൊടുത്ത് പ്രാർത്ഥിച്ച്, അടിമവെച്ച് നേർച്ചകാഴ്ചകളെല്ലാം നടത്തി തിരികെ പോകുന്നു.

#### 9.11.4.16. രൂപങ്ങൾ

ജീവിതത്തിൽ വലിയ പ്രതിസന്ധികളും അപകടങ്ങളും ഉാകുമ്പോൾ ഭക്തജനങ്ങൾ തോമാശ്ലീഹായ്ക്കു നേരുന്നതാണ് രൂപങ്ങൾ. വിവിധ ശരീരാവയവങ്ങളെയാണ് ഈ വെള്ളി രൂപങ്ങൾ പ്രതിനിധീകരിക്കുക. ആൾരൂപം, കൈരൂപം, കാൽരൂപം, മുത്തപ്പന്റെ രൂപം മുതലായവ വെള്ളിത്തകിടിൽ തീർത്ഥാടകർ ആലേഖനം ചെയ്തു വാങ്ങി അവർ നേർച്ചയിടുന്നു. വെള്ളിത്തകിടിൽ തീർത്ത രൂപങ്ങൾ കിട്ടുക വിഷമകരമായതിനാൽ തീർത്ഥാടകർ തത്തുല്യമായ തുക നേർച്ചനൽകുന്നു.

നവജാതശിശുക്കൾക്ക് കുരിശുമുടിയിൽ ചോറൂണ്, മുട്ടുകുത്തി മല കയറുന്നവർ,

പൂക്കൾ, കുരിശുകൾ, മുത്തുക്കുടകൾ, പള്ളിമണികൾ, സ്വർണ്ണാഭരണങ്ങൾ നൽകൽ എന്നിവയും വിശുദ്ധന്റെ പക്കൽ നേർച്ചയായി നടത്തുന്നവരെയും നൽകുന്നവരെയും കാണാം.

**9.11.4.17. എള്ളും മുളകും മുതിരയും**

തീർത്ഥാടകർ നേർച്ചയായി എള്ളും മുളകും മുതിരയും കൊുവരുന്നു. വളർത്തുമൃഗങ്ങൾക്ക് അസുഖങ്ങൾ വരുമ്പോഴാണ് വിശ്വാസികൾ എള്ളും മുളകും മുതിരയും നേർച്ചയായി നേരുന്നത്. ഇതിനു പിന്നിൽ ഒരു ഐതിഹ്യമു്. പൊൻകുരിശ് കത്തെിയതു മുതൽ അവിടെയൊരു വിളക്കു കത്തിച്ചുവയ്ക്കാറുായിരുന്നു. ഈ വിളക്ക് അണഞ്ഞാൽ ഒരുകൂട്ടം വരയാടുകൾ മലയിൽനിന്നും താഴേയ്ക്കിറങ്ങി നിലവിളിച്ച് ബഹളം കൂട്ടും. ഇവരുടെ അസ്വസ്ഥത മാറണമെങ്കിൽ വിളക്ക് വീും തെളിക്കണം. ഈ വരയാടുകളെ ഇവിടെ ഇപ്പോൾ കാണാറില്ലെങ്കിലും ഇവയുടെ തീറ്റയ്ക്കുവേി ഭക്തജനങ്ങൾ എള്ളും മുളകും മുതിരയും വിതറുക എന്ന ഭക്താനുഷ്ഠാനം നടത്തുകയും മുത്തപ്പനു കാഴ്ചവയ്ക്കുകയും ചെയ്യുന്നു. ഇവ മുളച്ചുപൊങ്ങുമ്പോൾ വരയാടുകൾക്കു തീറ്റയാകും എന്ന വിശ്വാസവും ഇതിന്റെ പുറകി ലു്.

**9.11.4.18. പാളയും കയറും**

വീടുകളിൽ പുതിയ കിണർ കുഴിക്കുമ്പോൾ വിശ്വാസികൾ നേരുന്ന നേർച്ചയാണിത്. മലമുകളിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്ന തോമാശ്ലീഹായ്ക്കു കുടിക്കുവാൻ മലയുടെ നെറുകയിൽ ഒരു അത്ഭുത ഉറവ പ്രത്യക്ഷപ്പെടുകയും ആ ജലം വിശുദ്ധന്റെ ദാഹം ശമിപ്പിക്കുകയും ചെയ്തു. തങ്ങളുടെ ദാഹശമനത്തിനായി കിണർ കുഴിക്കുമ്പോൾ മുത്തപ്പന്റെ മല കയറിവരുന്ന വിശ്വാസികൾക്ക് അത്ഭുതകിണറിൽനിന്നും വെള്ളം കുടിക്കാൻവേി അവർ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടിക്കൊ് പാളയും കയറും മുത്തപ്പനു നേർച്ചയായി നേരുന്നു.

**9.11.4.19. കൈക്കുടന്ന പണം**

വിവാഹിതരാകുന്ന ദമ്പതികൾ തങ്ങൾക്കു മക്കളുാകുവാൻ വേിയും അതിനുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടുന്നതിനു വേിയും കൈക്കുടന്ന പണം മുത്തപ്പനു നേർച്ചയായി നേരുന്നു. തങ്ങൾക്കു കുട്ടിയുാകുമ്പോൾ മാതാപിതാക്കൾ ആ കുട്ടിയെക്കൊ് ഒരു കുടന്ന (ഒരു പിടി) പണം വാരി മുത്തപ്പന്റെ മണ്ഡപത്തിൽ നേർച്ചയായി ഇടുവിപ്പിക്കുന്നു.

**9.11.4.20. കുരിശു ചുമക്കൽ**

യേശുവിന്റെ പീഡാനുഭവരഹസ്യങ്ങൾ മനസ്സിൽ ധ്യാനിച്ചുകൊ് ജീവിതത്തിൽ വലിയ സഹനങ്ങൾ ഉാകുമ്പോൾ നേരുന്ന നേർച്ചയാണിത്. ജീവിതസഹനങ്ങൾ ധീരതയോടെ അഭിമുഖീകരിക്കുന്നതിലൂടെ തമ്പുരാന്റെ ഇഷ്ടം നിറവേറ്റപ്പെടുവാനായി വിശ്വാസികൾ ഈ നേർച്ച നിറവേറ്റുന്നു. അൻപതു നോമ്പുകാലത്ത് കൃത്യമായി നോമ്പു നോക്കി കുരിശുമേന്തി കാൽനടയായി അവർ പൊന്നിൻകുരിശുമല മുത്തപ്പന്റെ മണ്ഡപത്തിൽ എത്തിച്ചേർന്നു പ്രാർത്ഥിക്കുന്നു. വിശ്വാസികളിൽ ചിലർ നോമ്പു നോറ്റ്, കാവിയുമുടത്ത് കുരിശുമേന്തി കിലോമീറ്ററുകളോളം കാൽനടയായി വന്നാണ് ഈ നേർച്ച നിറവേറ്റുന്നത്. ചിലരെങ്കിലും പൊന്നിൻകുരിശുമല കയറുന്നത് മുട്ടുകുത്തിയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിച്ചേരുന്ന ഈ തീർത്ഥാടകരുടെ വിശ്വാസവും ചൈതന്യവും അത്ഭുതസാക്ഷ്യങ്ങളും നമ്മെ അത്ഭുതപ്പെടുത്തുന്നു.

#### 9.11.4.21. മണി കുലുക്കി മലകയറ്റം

തോമാശ്ലീഹായുടെ പൊന്നിൻ കുരിശുമല കയറുന്ന ഭക്തജനങ്ങളിൽ ചിലർ മണി കിലുക്കിക്കൊ് കയറാറു്. തങ്ങളുടെ സംസാരസ്ഫുടതയ്ക്കും, പ്രത്യേകിച്ച് വിക്കുപോലുള്ള രോഗങ്ങളിൽനിന്ന് വിടുതൽ ലഭിക്കുന്നതിനും, സ്വരം നഷ്ടപ്പെടാതെ തിരികെ ലഭിക്കുന്നതിനും. സ്വരത്തിനുള്ള വികലതകളിൽനിന്ന് വിമുക്തി പ്രാപിക്കുന്നതിനുമായിട്ടാണ് ഭക്തജനങ്ങൾ ഈ നേർച്ച കഴിക്കുന്നത്.

#### 9.11.4.22. പൊൻകുരിശു നേർച്ച

മാർതോമാശ്ലീഹായുടെ മക്കളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വലിയ സന്തോഷങ്ങളിലും ഭാഗ്യങ്ങളിലും ആവശ്യങ്ങളിലും വിശ്വാസം നൽകിയ പിതാവിനെ ഓർക്കുകയും നന്ദി പറയുകയും ചെയ്യുക സ്വാഭാവികം മാത്രം. വലിയ സന്തോഷങ്ങളിൽ തോമാശ്ലീഹായെ സ്മരിച്ച് പൊൻകുരിശിനെ ഓർത്ത് പ്രാർത്ഥിക്കുകയും നന്ദി പറയുകയും ചെയ്തുകൊ് അവർ പൊൻകുരിശു മുത്തപ്പന് നേർച്ചയായി നൽകുന്നു.

#### 9.11.4.23. ആടുനേർച്ചയും കെടാവിളക്കും

ക്രിസ്തുവർഷം 500-ൽ പൊൻകുരിശു കനാൾ മുതൽ ഒരു കെടാവിളക്ക് പൊൻകുരിശിനു സമീപം കത്തിച്ചുവയ്ക്കുമായിരുന്നു. ഈ വിളക്ക് അണഞ്ഞാൽ ഒരുകൂട്ടം വരയാടുകൾ അസ്വസ്ഥരാവുകയും നിലവിളിച്ച് ബഹളംകൂട്ടി മലയിൽനിന്ന് താഴ്വാരത്തിലേക്കിറങ്ങി വരും. ഈ പ്രതിഭാസം താഴ്വാരത്തുള്ള വിശ്വാസികൾക്ക് ഒരു അടയാളമായിരുന്നു. ഈ കെടാവിളക്ക് വീും തെളിയിക്കുന്നതിലൂടെ മാത്രമാണ് വരയാടുകൾ ശാന്തരായിരുന്നത്. ഇന്നു ഭക്തജനങ്ങൾ മലയാറ്റൂർ മുത്തപ്പന് ആടുകളെ നേരുകയും ദൈവികപ്രഭയുടെ വലയം തങ്ങളുടെ ഭവനത്തിനു ലഭിക്കണമേയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

#### 9.11.5. പൊൻകുരിശെഴുന്നള്ളിപ്പ്

മലയാറ്റൂർ മലമുകളിൽ രക്തം വിയർത്ത് പൊട്ടിമുളച്ച പൊൻകുരിശിനെ സ്മരിച്ചുകൊും തമ്പുരാന്റെ പീഡാസഹന-മരണ-ഉത്ഥാന രഹസ്യങ്ങൾ ധ്യാനവിഷയമാക്കിക്കൊും വിശ്വാസികൾ നേരുന്ന മറ്റൊരു നേർച്ചയാണിത്. എഴുന്നള്ളിപ്പിന് സ്ഥലപരിമിതിയും ജനബാഹുല്യവും തടസ്സമായതിനാൽ ഇപ്പോൾ വിശ്വാസികൾ ഈ നേർച്ചകാഴ്ച്ചകൾ പൊന്നിൻകുരിശിന്റെ മുമ്പിൽ സമർപ്പിച്ച് നിറവേറ്റുന്നു.

#### 9.11.6. പൊൻപണമിറക്കൽ

പൊന്നിൻകുരിശുമല മുത്തപ്പന് ഭക്തജനങ്ങൾ നല്കുന്ന നേർച്ചപ്പണം തലച്ചുമടായി 'മുത്തപ്പോ പൊൻപണമിറക്കം' എന്ന മന്ത്രവും ആർപ്പുവിളികളുമായി ഭക്തിപുരസ്സരം ഇറക്കുന്നതാണ് പൊൻപണമിറക്കൽ. വിശ്വാസപ്രഖ്യാപന തിരുനാൾദിനം (പുതുഞായർ) ഉച്ചകഴിഞ്ഞാണ് വരവണ്ണം (പൊൻപണം) ഇറക്കൽ നടത്തുക. നേർത്തെ നേർച്ചയായി പേര് നൽകിയിരിക്കുന്നവരാണ് ഇതിൽ പങ്കെടുക്കുക. മലയിൽനിന്നും പൊൻപണം ബാഗുകളിൽ ഭദ്രമായി സീൽ ചെയ്ത് പള്ളി അധികാരികളുടെയും പോലീസിന്റെയും നേതൃത്വത്തിൽ പ്രദക്ഷിണമായി മല ഇറക്കുന്നു. ഈ പ്രദക്ഷിണത്തെ വരവണ്ണമെന്നു പറയുന്നു. ആയിരങ്ങൾ പങ്കെടുക്കുന്ന നേർച്ച പണമിറക്കൽ പ്രദക്ഷിണമാണിത്. വരവണ്ണം മലയാറ്റൂരിന്റെ മാത്രം പ്രത്യേകതയാണ്.

വരവ് + പണം എന്ന രു വാക്കുകൾ ലോപിച്ചാണ് വരവണ്ണമെന്ന വാക്കുായത്. പൊൻപണമിറക്കുന്ന കാഴ്ച വളരെ ഹൃദ്യവും വിശ്വാസം ഉജ്ജ്വലിപ്പിക്കുന്നതുമാണ്.

പൊന്നിൻകുരിശുമല മുത്തപ്പന്റെ പൊൻപണമിറക്കുമ്പോൾ മുത്തപ്പനു നേർച്ചയായി ലഭിക്കുന്ന ആടിനെ ചുവന്ന പട്ടുതുണിയുടുപ്പിച്ച് മനോഹരമായി അലങ്കരിക്കുകയും വരവണ്ണത്തിനുമുമ്പിൽ മണികെട്ടി ഓടിക്കുകയും ചെയ്യുന്നു. അതിനു പിന്നിൽ കുരിശും കുടയുമായിട്ടാണ് ഭക്തിനിർഭരമായ പ്രദക്ഷിണം വരവണ്ണം മലയടിവാരത്തിലേക്ക് നീങ്ങുന്നത്.

### 9.11.7. കുരിശുമലയിലെ അത്ഭുതങ്ങൾ

#### 9.11.7.1. പൊൻകുരിശ്

തോമാശ്ലീഹാ മലമുകളിലെ വിരിപ്പാറയിൽ ദീർഘനേരം മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. പ്രാർത്ഥനാനന്തരം ശ്ലീഹാ പാറപ്പുറത്ത് ഈശോയുടെ തിരുവിലാവിൽ സ്പർശിച്ച വിരലുപയോഗിച്ച് കുരിശടയാളം വരയ്ക്കുകയും ആ കുരിശ് രക്തവർണ്ണമാവുകയും ചെയ്തു. പിന്നീട് ക്രിസ്താബ്ദം 5-ാം നൂറ്റാിൽ മലവേടന്മാർ വിശ്രമിക്കുന്നതിനുവേി പാറപ്പുറം വൃത്തിയാക്കിയ വേളയിൽ പാറയിൽ അത്ഭുതപ്രകാശം ദർശിച്ചു. അതിലൊരുവൻ കൈയിലിരുന്ന കുന്തം ഉപയോഗിച്ച് അവിടെ കുത്തിയപ്പോൾ കുരിശാകൃതിയിൽ രക്തം വിയർക്കുകയും പൊൻകുരിശു പൊട്ടി മുളയ്ക്കുകയും ചെയ്തു. അവർ വിവരം മേൽപ്പട്ടക്കാരനെ അറിയിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവിടെ കുരിശാകൃതിയിൽ ഒരു പള്ളി സ്ഥാപിച്ച് ഒരു കെടാവിളക്കു വച്ചു. ആനകളുടെയും മറ്റു വന്യമൃഗങ്ങളുടെയും വിഹാരകേന്ദ്രമായിരുന്നു കുരിശുമല. 'ആന കുത്തിയ പള്ളി' ഈ ചരിത്രത്തിലേക്കാണ് വെളിച്ചം വീശുന്നത്. അതിനാൽ പൊൻകുരിശു സംരക്ഷിക്കുന്നതിനുവേി പാറമേൽ ക പൊൻകുരിശിനു മുകളിൽ 16 അടി ഉയരത്തിൽ കരിങ്കല്ലുകൊ് വലിയൊരു കുരിശു സ്ഥാപിക്കുകയും അതിനെ തങ്കത്തകിടുകളാൽ ആവരണം ചെയ്തു സൂക്ഷിക്കുകയും ചെയ്യുന്നു. മനോഹരമായി പണി ചെയ്ത പൊൻകുരിശു കപ്പേളയിലാണ് ഇന്ന് പൊൻകുരിശു സ്ഥിതി ചെയ്യുക. പൊൻകുരിശു പ്രത്യക്ഷപ്പെട്ടതു മുതലാണ് ഈ മല കുരിശുമല എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. അന്നു മുതൽ പൊൻകുരിശിന്റെ മുമ്പിൽ കെടാവിളക്ക് കത്തിക്കുന്നു.

#### 9.11.7.2. കാൽപാദങ്ങളും കാൽമുട്ടുകളും

പൊന്നിൻകുരിശുമല മുത്തപ്പന്റെ പൊൻകുരിശ് ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന കപ്പേള സ്ഥിതിചെയ്യുന്ന പാറയുടെ അടിഭാഗത്തായിട്ടാണ് ശ്ലീഹായുടെ കാൽപാദങ്ങളും കാൽമുട്ടുകളും പതിഞ്ഞിരിക്കുന്നത്. അനേകം അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നതിന്റെയും കുരിശിലൂടെ വളർന്നുവന്ന ഭക്തിയുടെയും വെളിച്ചത്തിൽ ആ കാൽപാദങ്ങളും കാൽമുട്ടുകളും തോമാശ്ലീഹായുടേതുതന്നെയാണെന്ന വിശ്വാസത്തിൽ എത്തിച്ചേരുന്നു. പൂജ്യമായ ഈ കാൽപാദങ്ങൾ ഒരു കപ്പേളയിൽ ഇന്നു മനോഹരമായി കാത്തുസൂക്ഷിച്ചിരിക്കുന്നു.

#### 9.11.7.3. അത്ഭുത ഉറവ

വലിയപള്ളിക്കു കിഴക്കുഭാഗത്ത് പത്ത് അടി താഴെയുള്ള കിണറാണ് അത്ഭുതഉറവ എന്ന പേരിൽ അറിയപ്പെടുക. ദൈവാനുഗ്രഹക്കിനായി മലമുകളിൽ പ്രാർത്ഥനയിൽ ചിലവഴിച്ച മാർതോമാശ്ലീഹായ്ക്ക് ദാഹിച്ചു. മലമുകളിൽ ജലലഭ്യത തീരെ ഇല്ലാതിരുന്നപ്പോൾ തോമാശ്ലീഹാ തന്റെ ഗുരുവിനോടു പ്രാർത്ഥിക്കുകയും കൈയിലെ വടികൊ് പാറച്ചെരിവിൽ കുത്തുകയും ചെയ്തു. കുത്തിയ സ്ഥലത്ത് ഒരു അത്ഭുതഉറവ പ്രത്യക്ഷപ്പെട്ടു. അതിൽനിന്ന് ശ്ലീഹാ

തന്റെ ദാഹം ശമിപ്പിച്ചു. ആ അത്ഭുതഉറവ പ്രത്യക്ഷപ്പെട്ടിടത്ത് വിശ്വാസികളുടെ ആവശ്യത്തിനായി ഒരു കിണറു കുഴിക്കുകയും അതിൽനിന്ന് ജലം നേർച്ചയായി കൊുവരുന്ന പാളത്തൊട്ടിയും കയറും ഉപയോഗിച്ച് കോരിയെടുക്കുകയും ചെയ്യുന്നു. തീർത്ഥാടകർ ഈ ജലം കുടിക്കുകയും ഭവനങ്ങളിലേക്കു കൊുപോയി തളിക്കുകയും തങ്ങളുടെ വളർത്തുമൃഗങ്ങൾക്കു കൊടുക്കുകയും ചെയ്യുന്നു. ഈ അത്ഭുതകിണറിലെ ജലം കുടിക്കുന്നവർക്ക് പല രോഗസൗഖ്യങ്ങളും ലഭിക്കുന്നു.

#### 9.11.8. മാർത്തോമ്മാമണ്ഡപം

ഭാരതീയ വാസ്തുശില്പചാതുര്യത്തോടെ നിർമ്മിച്ചിരിക്കുന്ന കപ്പേളയായ മാർത്തോമ്മാമണ്ഡപത്തിലാണ് പൊന്നിൻകുരിശുമല മുത്തപ്പന്റെ തിരുശേഷിപ്പും പൂർണ്ണകായപ്രതിമയും സ്ഥാപിച്ചിരിക്കുന്നത്. ക്രിസ്തുവർഷം 52-ൽ ഭാരതത്തിൽ വരുകയും 72-ൽ മൈലാപ്പൂരിൽവെച്ച് രക്തസാക്ഷിയാവുകയും ചെയ്ത ശ്ലീഹായുടെ ഇരുപതു വർഷത്തെ ഭാരതപ്രേഷിതത്വത്തെ അനുസ്മരിപ്പിക്കുന്ന ഇരുപതു പടികൾ ചവുട്ടിയാണ് മാർത്തോമ്മാമണ്ഡപത്തിലേക്കു തീർത്ഥാടകർ പ്രവേശിക്കുക.

കുരിശുമുടി തീർത്ഥാടനത്തിന്റെ കേന്ദ്രമാണ് ഇന്നിത്. ജനകോടികൾ ഇവിടെയെത്തി പൊന്നിൻകുരിശുമല മുത്തപ്പന്റെ  തിരുശേഷിപ്പ് വണങ്ങുകയും മുത്തപ്പനെ ക് നേർച്ചകാഴ്ച്ചകളർപ്പിക്കുകയും ചെയ്ത് വിശുദ്ധന്റെ മഹനീയസാന്നിധ്യത്തിന്റെ ഓർമ്മകൾ പുതുക്കുന്ന കുരിശുമുടിയിലെ പുണ്യസ്ഥലങ്ങളിലേക്ക് നീങ്ങുന്നു.

#### 9.11.9. ആന കുത്തിയ പള്ളി

പൊൻകുരിശു കപ്പേളയിൽനിന്നും 150 അടി കിഴക്കുഭാഗത്തു കാണുന്ന അതിപുരാതന കപ്പേളയാണ് 'ആന കുത്തിയ പള്ളി'. 1595-ൽ സ്ഥാപിതമായ ഈ കപ്പേളയാണ് മലമുകളിലെ ആദ്യകെട്ടിടം. ഈ പള്ളി പണിയുന്ന കാലഘട്ടത്തിൽ കുരിശുമലമുകൾ ഘോരവനമായിരുന്നു. ധാരാളം കാട്ടുമൃഗങ്ങൾ ഉായിരുന്നു. കാട്ടാനകൾ കൂട്ടമായി വന്ന് പള്ളിയുടെ ഭിത്തിയിൽ കൊമ്പ് താഴ്ത്തിയ പാടുകൾ ഇപ്പോഴും കാണാവുന്നതാണ്. അതുകൊാണ് ഈ അതിപുരാതന കപ്പേളയെ ആന കുത്തിയ പള്ളി എന്നു വിളിക്കുക.

#### 9.11.10. വലിയ പള്ളി

പൊൻകുരിശു കപ്പേളയ്ക്കും ആന കുത്തിയ പള്ളിക്കും ഇടയിൽ കാണുന്ന വലിയ പള്ളിയാണിത്. 1893-ലാണ് ഈ പള്ളിയുടെ പണി ആരംഭിച്ചത്. ആുവട്ടത്തിൽ തിരക്കുള്ള തിരുനാൾ കാലഘട്ടം ഒഴിച്ചുള്ള ദിവസങ്ങളിൽ വിശുദ്ധകുർബാന അർപ്പിക്കുന്നത് ഈ ദേവലയത്തിലാണ്. ആുവട്ടത്തിൽ ഉടനീളം കുരിശുമുടിയിൽ ഒരു പുരോഹിതന്റെ സേവനം ലഭ്യമാണ്. രാവിലെ 9.30 ന് വിശുദ്ധ കുർബാനയു്. പൊന്നിൻകുരിശുമല മുത്തപ്പനെ ദർശിക്കുന്നതിനും നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിനും പാപസങ്കീർത്തനം നടത്തുന്നതിനുമുള്ള സൗകര്യം ഈ അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രത്തിലു്.

#### 9.11.11. സന്നിധി

തിരുനാൾ ദിവസങ്ങളിൽ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം വി. കുർബാന അർപ്പിക്കുന്നതിനായി ഒരുക്കിയിരിക്കുന്നിടമാണ് സന്നിധി. ഒരേസമയം പതിനായിരത്തോളം പേർക്ക് വി. കുർബാനയിൽ പങ്കെടുക്കുവാനായിട്ട് സന്നിധിയും അതിനോടനുബന്ധിച്ചുള്ള തുറസ്സായ സ്ഥലവും വേദിയാകുന്നു.

### 9.11.12. അടിവാരം

പൊന്നിൻ കുരിശുമലയുടെ താഴ്വാരമാണിത്. അടിവാരം, വാണിഭതടം എന്നീ പേരുകളിലറിയപ്പെടുന്നു. തീർത്ഥാടകർ പൊന്നിൻ കുരിശുമലകയറ്റം ആരംഭിക്കുന്നത് ഇവിടെനിന്നാണ്. പുരാതനകാലത്തെ പ്രസിദ്ധമായൊരു വാണിജ്യകേന്ദ്രമായിരുന്നു ഈ പ്രദേശം. അതിനാൽതന്നെ ഈ പ്രദേശം വാണിഭതടം എന്ന പേരിലറിയപ്പെടുമായിരുന്നു എങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽ ഇതൊരു ഘോരവനമായി മാറി. പൊന്നിൻകുരിശു കത്തെിയ നാൾ മുതൽ തീർത്ഥാടകർ ഇവിടേക്ക് പ്രവഹിക്കാൻ ആരംഭിച്ചു. ഇവിടെ മണപ്പാട്ടുചിറ എന്ന പേരിൽ അറിയപ്പെടുന്ന പ്രകൃതിരമണീയമായ ഒരു ചിറയുമു്. വാണിഭത്തടത്തിൽ 1953-ൽ സ്ഥാപിച്ച തിരുഹൃദയദേവാലയവും അനുബന്ധസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നു. 1930-ൽ അടിവാരത്തു സ്ഥാപിച്ചിരിക്കുന്ന വിശുദ്ധന്റെ തിരുസ്വരൂപത്തിനു മുമ്പിൽ തീർത്ഥാടകർ മല കയറുന്നതിനു മുമ്പ് പ്രാർത്ഥിച്ച് തിരികൾ കത്തിക്കുന്നു. മല കയറുന്നതിനുള്ള അനുഗ്രഹത്തിനും പുണ്യവാന്റെ സാന്നിധ്യത്താൽ നടന്ന അത്ഭുതങ്ങൾ ദർശിക്കുന്നതിനും ഈശോയുടെ പീഡാനുഭവരഹസ്യങ്ങൾ ഭക്തിനിർഭരമായി ധ്യാനിക്കുന്നതിനുമുള്ള പ്രസാദവരത്തിനായി പ്രാർത്ഥിക്കുന്നു. ആനയെത്താപ്പാറയിലാണ് തോമ്മാശ്ലീഹായുടെ രൂപം സ്ഥാപിച്ചിരിക്കുന്നത്. 'ആനയെത്താപ്പാറ' എന്ന പേരുതന്നെ ഇത് ഘോരവനമായിരുന്നു എന്നത് വ്യക്തമാക്കുന്നു. പൊന്നിൻകുരിശുമല കയറുവാൻ എത്തുന്നവരിൽ കുറെ വിശ്വാസികൾക്ക് ആരോഗ്യകാരണങ്ങളാൽ കുരിശുമല കയറുവാൻ സാധിക്കാറില്ല. ഇവർക്ക് പ്രാർത്ഥിക്കുവാൻ തങ്ങളുടെ തീർത്ഥാടകസംഘത്തെ കാത്തിരിക്കുവാൻ 1953-ൽ പണിത തിരുഹൃദയദേവാലയം അപര്യാപ്തമായിരിക്കുന്നു. മുത്തപ്പന്റെ മലയുടെ അടിവാരത്ത് സ്വസ്ഥമായി പ്രാർത്ഥിക്കുവാൻ, പാപസങ്കീർത്തനം നടത്തുവാൻ, ധ്യാനിക്കുവാൻ സൗകര്യവും വൈദികസേവനവും ഇന്നിന്റെ വലിയ ആവശ്യമായി മാറിയിരിക്കുന്നു.

### 9.11.13. കുരിശിന്റെ വഴികൾ

പൊന്നിൻ കുരിശുമലയുടെ അടിവാരം മുതൽ മാർത്തോമ്മാമണ്ഡപം വരെയുള്ള ഭാഗങ്ങളെ കുരിശിന്റെ വഴിയുടെ ഈശോയുടെ പതിന്നാലു വഴിയോരസ്ഥലങ്ങളായി തിരിച്ചിരിക്കുന്നു. കുരിശിന്റെ വഴികളിലെ പതിന്നാലു സ്ഥലത്തും ഈശോയുടെ പീഡാസഹനം മുതൽ കുരിശുമരണംവരെയുള്ള രംഗങ്ങൾ ഓർമ്മിപ്പിക്കുന്ന മനോഹരമായ രൂപങ്ങൾ സ്ഥാപിച്ചിരിക്കുന്നു. കൊന്തയും കുരിശിന്റെ വഴിയും ചൊല്ലിക്കൊ് തീർത്ഥാടകർ ഓരോ സ്ഥലത്തെത്തുമ്പോഴും തിരി കത്തിച്ച് ഭക്തിനിർഭരമായി മല കയറുന്നു.

### 9.11.14. കുരിശിലെ മന്ത്രം

പൊന്നിൻ കുരിശുമല കയറുവാനായിട്ട് എത്തുന്ന തീർത്ഥാടകരുടെ മന്ത്രമാണ് 'പൊന്നിൻ കുരിശുമല മുത്തപ്പോ പൊൻമല കയറ്റം'. ഈ മന്ത്രം സംഘത്തിലെ ഒരാൾ ഉച്ചത്തിൽ പറയുന്നു. സംഘാംഗങ്ങൾ അതേറ്റുചൊല്ലിക്കൊ് ഭക്തിനിർഭരമായി മല കയറുന്നു. മല ഇറങ്ങുന്ന വേളയിൽ 'പൊന്നിൻ കുരിശുമല മുത്തപ്പോ പൊൻമല ഇറക്കം' എന്നാണ് ഉരുവിടുന്നത്. ഇടമുറിയാതെയുള്ള ശരണംവിളിയിലൂടെ തങ്ങളുടെ ഭക്താനുഷ്ഠാനത്തിന്റെ ആശ്രയം തോമാശ്ലീഹായാണെന്നും എല്ലാ അപകടങ്ങളിൽനിന്നും ആപത്തുകളിൽനിന്നും തങ്ങളെ കാത്തുകൊള്ളണമേ എന്നും ഭക്തജനങ്ങൾ മുത്തപ്പനോട് അപേക്ഷിക്കുന്നു.

### 9.11.15. മലയാറ്റൂർ പള്ളി (പുരാതനദേവാലയം)

തോമാശ്ലീഹായുടെ പേരിലുള്ള തീർത്ഥാടനകേന്ദ്രങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന തീർത്ഥാടനകേന്ദ്രമാണ് മലയാറ്റൂർ. കുരിശുമുടിയിൽ പൊൻകുരിശും കാൽപാദങ്ങളും കത്തിയ കാലഘട്ടം മുതൽ അനേകം ഭക്തജനങ്ങൾ കുരിശുമല കയറുവാൻ തുടങ്ങി. കുരിശുമുടിയിലേക്കുള്ള ഭക്തജനങ്ങൾക്ക് കരമാർഗ്ഗം ഗതാഗതസൗകര്യം ഇല്ലാതിരുന്ന കാലത്ത് ഇന്നു കാണുന്ന താഴത്തെ പള്ളിക്കു സമീപം അവർ കടത്തിറങ്ങിയിരുന്നു. കുരിശുമുടി ഒരു ഘോരവനമായിരുന്നതിനാലും കാട്ടാനകളും മറ്റു വന്യമൃഗങ്ങളും വിഹരിച്ചിരുന്നതുകൊും തീർത്ഥാടകർ വിദൂരസ്ഥലങ്ങളിൽനിന്നും യാത്ര ചെയ്ത് എത്തിയിരുന്നതിനാലും ഒരു വിശ്രമസ്ഥലം ആവശ്യമായിരുന്നു. തദ്ദേശവാസികൾക്കും തീർത്ഥാടകർക്കും ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തുന്നതിനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും രാത്രികാലങ്ങളിൽ വിശ്രമിക്കുന്നതിനും ഉപകരിക്കുന്ന സ്ഥലം കടത്തിറങ്ങുന്നതിനോടു സമീപത്ത് പെരിയാറിന്റെ തീരത്തുതന്നെ കത്തെി. അങ്ങനെ മലയാറ്റൂർ നിവാസികളുടെ കഠിനപരിശ്രമഫലമായി ക്രിസ്തുവർഷം 900-ൽ പെരിയാറിനോടു ചേർന്ന് ഒരു ദേവാലയം സ്ഥാപിച്ചു.

തദ്ദേശവാസികളുടെയും തീർത്ഥാടകരുടെയും ആവശ്യാർത്ഥം പുരാതനകാലത്തെ ഈ ചെറിയ ദേവാലയം പലപ്രാവശ്യം പുതുക്കിപ്പണിയുകയും മോടി പിടിപ്പിക്കുകയും ചെയ്തിട്ടു്. ക്രൈസ്തവർ യഹൂദാചാരമനുസരിച്ച് ദേവാലയത്തിനുള്ളിൽ പ്രാർത്ഥിക്കുന്ന തു കൊ് വലിയ കെട്ടിടങ്ങൾ ആവശ്യമാണ്. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് ഈ പ്രാചീന ദേവാലയം കിഴക്കു പടിഞ്ഞാറ് ദർശനമായിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രാചീന ദേവാലയത്തിന്റെ അൾത്താര പോർത്തുഗീസ്-റോമൻ ശില്പകലയുടെ വൈശിഷ്ട്യം വിളിച്ചോതുന്നതാണ്. പോർത്തുഗീസ് കാലഘട്ടത്തിലെ മനോജ്ഞമായ റെത്താൾ (ഇറത്താഴ്, ഞലമേയഹല) ഈ ദേവാലയത്തിന്റെ മദ്ബഹയുടെ പുരാതനത്വം വിളിച്ചോതുന്നു. ഈശോയുടെ തിരുവിലാവിൽ സ്പർശിക്കുന്ന തോമാശ്ലീഹായുടെ തടിയിൽ തീർത്ത അതിപുരാതന പ്രതിഷ്ഠാരൂപം പ്രസിദ്ധവും അനേകായിരങ്ങളുടെ അഭയകേന്ദ്രവുമാണ്. ഈ പുരാതനദേവാലയത്തിന് 5106 ചതുരശ്ര അടി വിസ്താരമുായിരുന്നു. അതിപുരാതന കൊത്തുപണികളും തങ്കം പൂശിയ ചിത്രവേലകളും ഈ ദേവാലയത്തിന് പാരമ്പര്യത്തിന്റെയും പ്രാചീനത്വത്തിന്റെയും പ്രൗഢി നൽകുന്നതോടൊപ്പം സ്വസ്ഥമായി പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനുമുള്ള ഒരു ഇടമായിത്തീരുകയും ചെയ്യുന്നു. പള്ളിയുടെ മദ്ബഹായ്ക്കു മുകളിൽ സ്ഥിതി ചെയ്യുന്ന പ്രാചീന ശിഖിരക്കുരിശ് പള്ളിയുടെ പുരാതനത്വത്തെ വിളിച്ചോതുന്നു.

കാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആധുനികവും ഭാരതീയ വാസ്തുശില്പകലയുടെ ചാരുതയിൽ 12,000 ചതുരശ്രഅടി വലിപ്പമുള്ള വളരെ മനോഹരമായി പണിതുയർത്തിയിട്ടുള്ളതാണ് പുതിയ ദേവാലയം. അൾത്താരകേന്ദ്രീകൃതമാണ് ദേവാലയത്തിന്റെ വാതിലുകൾ എന്നത് ഈ ദേവാലയത്തെ മറ്റു ദേവാലയങ്ങളിൽനിന്നു വേർതിരിച്ചു നിർത്തുകയും വിശ്വാസികൾക്കു പുതിയൊരനുഭവം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

#### 9.11.15.1. വിളക്കും നേർച്ചഎണ്ണയും

ദൈവികസാന്നിധ്യത്തിന്റെ അടയാളമായും ദൈവികസാന്നിധ്യസ്മരണയ്ക്കായും ദൈവികമധ്യസ്ഥതയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതിന്റെ പ്രതീകമായും വിളക്കുനേർച്ച പ്രസിദ്ധമാണ്. കുരിശുമലയിൽ പൊൻകുരിശു പ്രത്യക്ഷപ്പെട്ട കാലത്ത് മുതൽ ഒരു കെടാവി

ളക്ക് അവിടെ കത്തിക്കുമായിരുന്നു. ഇന്നു ഭക്തജനങ്ങൾ മുത്തപ്പന്റെ മല കയറുന്നതിനു മുമ്പ് താഴത്തെ പുരാതന ദേവാലയത്തിൽ എത്തി നേർച്ച എണ്ണ കുരിശിലൊഴിച്ച് കത്തിക്കുകയോ, തിരി കത്തിക്കുകയോ ചെയ്യുന്നു. മല കയറാൻ പ്രയാസമനുഭവിക്കുന്നവർ തിരി കത്തിച്ച് ഉദ്ദിഷ്ടകാര്യസാധ്യതയ്ക്കായി പ്രാർത്ഥിക്കുന്നു. ഇതു മലയാറ്റൂർപള്ളിയിലെ ഒരു പ്രധാന നേർച്ചയാണ്.

### 9.11.15.2. പൊൻകുരിശ് എഴുന്നള്ളിക്കൽ

മലയാറ്റൂർ മലമുകളിൽ പ്രാർത്ഥിച്ചുകൊിരുന്ന ശ്ലീഹാ, ഈശോയുടെ തിരുവിലാവിൽ തൊട്ട വിരൽകൊ് പ്രാർത്ഥനയുടെ സമാപ്തിയിൽ വിരിപ്പാറയുടെ മേൽ കുരിശ് വരച്ചു. അവിടെ രാത്രിയിൽ വിശ്രമിച്ചുകൊിരുന്ന മലവേടന്മാർ കുരിശടയാളത്തിൽ സ്വർണ്ണ പ്രകാശം ദർശിച്ചു. തങ്ങളുടെ കൈയിലുായിരുന്ന കുന്തംകൊ് അവടെ കുത്തിയപ്പോൾ അവിടെനിന്ന് രക്തം പ്രവഹിച്ചു. അവിടെ സ്വർണ്ണക്കുരിശ് ദർശിക്കുകയും ചെയ്തു, പൊന്നിൻകുരിശുമല മുത്തപ്പന്റെ ഈ അത്ഭുതം ദർശിച്ച നാൾ മുതൽ മലയാറ്റൂർമല കുരിശുമല/പൊൻമുടി എന്നീ പേരുകളിൽ അറിയപ്പെടാൻ തുടങ്ങി.

മലയാറ്റൂരിലെത്തിച്ചേരുന്ന വിശ്വാസികളുടെ പ്രധാനപ്പെട്ട നേർച്ചയാണ് പൊൻകുരിശെഴുന്നള്ളിക്കൽ, കുരിശിന്റെ വഴിയാണ് തങ്ങളുടെ വഴിയെന്ന തിരിച്ചറിവോടെ സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല (മത്താ. 10-38) എന്ന തിരുവചനം ഉൾക്കൊ്, ജീവിതത്തിലെ സഹനവേളയിൽ തങ്ങളുടെ ദുഃഖങ്ങൾ ഈശോയുടെ പീഡാനുഭവത്തോടു ചേർത്തുവച്ച് കുരിശു വഹിക്കാനുള്ള ശക്തി ലഭിക്കുവാൻ വി. തോമാ ശ്ലീഹായുടെ മാദ്ധ്യസ്ഥ്യം ഭക്തജനങ്ങൾ യാചിക്കുന്നു.

തോമാശ്ലീഹായുടെ കുരിശ് എഴുന്നള്ളിക്കലിലൂടെ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ തങ്ങളുടെ നിയോഗങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും ജീവിതപ്രതിസന്ധികളിൽ മുത്തപ്പന്റെ ധീരതയും ശക്തിയും വിശ്വാസതീക്ഷ്ണതയും ഞങ്ങൾക്കു നൽകണമേയെന്നും അപേക്ഷിക്കുന്നു. പൊൻകുരിശ് എഴുന്നള്ളിപ്പിനായി ഉപയോഗിക്കുന്ന കുരിശ് താഴത്തെ പള്ളിയുടെ തോറയ്ക്കു മുകളിൽ സ്ഥിതി ചെയ്യുന്ന പ്രാചീന ശിഖിരകുരിശിന്റെ മാതൃകയിലുള്ളതാണ്. 2006-ലെ തിരുനാൾ അവസരത്തിലാണ് ഈ നേർച്ച ഈ ദേവാലയത്തിൽ ആരംഭിച്ചത്.

### 9.11.16. മലയാറ്റൂർ തിരുനാൾ

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളാണ് പുതുഞായർ തിരുനാൾ അല്ലെങ്കിൽ വിശ്വാസപ്രഖ്യാപനത്തിരുനാൾ. ഈശോയുടെ മരണശേഷം യഹൂദരെ ഭയന്നു കതകടച്ചിരുന്ന ശിഷ്യന്മാർക്ക് ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെട്ടു. എന്നാൽ ഈ സമയം തോമസ് മാത്രം അവരോടുകൂടെ ഉായിരുന്നില്ല. മറ്റു ശിഷ്യന്മാർ തങ്ങൾ കർത്താവിനെ കു എന്നു തോമസിനോടു പറഞ്ഞു. ഗുരുവിനെ ജീവനു തുല്യം സ്നേഹിച്ചിരുന്ന തോമസിനെ അതു വേദനിപ്പിച്ചു. ദുഃഖത്തോടെ അവൻ പറഞ്ഞു, “അവന്റെ കൈകളിൽ ആണികളുടെ, പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.” ഗുരുവിനെ കാണണം എന്ന ശാഠ്യവുമായി അവൻ കാത്തിരുന്നു. അവന്റെ ശാഠ്യത്തിന്റെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഫലമായി എട്ടാം ദിവസം ശിഷ്യന്മാർ വീട്ടിലായിരിക്കുമ്പോൾ ഈശോ വീും പ്രത്യക്ഷപ്പെട്ട് തോമസിനോടു പറഞ്ഞു, “നിന്റെ വിരൽ ഇവിടെ

കൊുവരിക, എന്റെ കൈകൾ കാണുക; നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക". ഉത്ഥിതനെ ക മാത്രയിൽ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു പറഞ്ഞ് തോമാശ്ലീഹാ തന്റെ വിശ്വാസപ്രഖ്യാപനം നടത്തുകയാണ്. ഇത് ഉയിർപ്പു കഴിഞ്ഞു വരുന്ന ഞായറാഴ്ചയായിരുന്നു. അതിനാൽതന്നെ ആ ഞായറിനെ പുതുഞായറായി കാണുകയും ആ പ്രഖ്യാപനത്തെ വിശ്വാസപ്രഖ്യാപനതിരുനാൾദിനമായി ആഘോഷിക്കുകയും ചെയ്യുന്നു.

ആുവട്ടത്തുടനീളം ഈ അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രത്തിൽ തീർത്ഥാടകരെത്തുന്നുങ്കെിലും വലിയ നോമ്പിന്റെ ആരംഭം മുതൽ അനേകായിരങ്ങൾ തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ പുണ്യഭൂമിയിൽ "പൊന്നിൻ കുരിശുമല മുത്തപ്പോ പൊൻമല കയറ്റം" എന്ന മന്ത്രവുമായി എത്തിച്ചേരുന്നു. കാൽനടയായും അല്ലാതെയും അനേകായിരങ്ങളാണ് വിദൂരദേശങ്ങളിൽനിന്നുപോലും കുരിശിന്റെ വഴി ചൊല്ലിയും ജപമാല ചൊല്ലിയും മല കയറുന്നത്. ഏകദേശം അമ്പതുലക്ഷത്തോളം പേർ വിശ്വാസപ്രഖ്യാപനതിരുനാളിനോടനുബന്ധിച്ച് പൊന്നിൻ കുരിശുമല കയറുന്നു. താഴത്തെ പുരാതനദേവാലയത്തിലെ പുതുഞായറാഴ്ച പ്രദക്ഷിണം പ്രസിദ്ധമാണ്. വിശുദ്ധരൂപം വഹിച്ചുള്ള പ്രദക്ഷിണത്തിൽ നാനാജാതി മതസ്ഥർ ഉൾപ്പെടെ ജനസഹസ്രങ്ങൾ പങ്കെടുക്കുന്നു. പൊൻ-വെള്ളിക്കുരിശുകളും മുത്തുക്കുടകളും തോരണങ്ങളും വിദ്യുത് അലങ്കാരങ്ങളും പഞ്ചവാദ്യങ്ങളും പ്രദക്ഷിണത്തെ മോടിപിടിപ്പിക്കുന്നു.

### 9.11.17. കുരിശുമുടി - അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രം

മാർത്തോമാ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എന്നും മലയാറ്റൂർ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമാണ്. തങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെ പ്രാർത്ഥനാചൈതന്യത്തിലേക്കും വിശ്വാസമണ്ഡലത്തിലേക്കും എത്തിച്ചേരുവാനും കുരിശിന്റെ വഴികളിലൂടെ തോമാശ്ലീഹാ തായ മലമുകളിലേക്ക് പ്രാർത്ഥനയുടെയും ശരണം വിളിയുടെയും നിറവിൽ എത്തിച്ചേരുവാനും അവർക്കു സാധിക്കുന്നു. തീർത്ഥാടകർ എത്തിച്ചേരുന്ന ഈ പുണ്യഭൂമി മുഴുവൻ മലയാറ്റൂർ മഹാഇടവകയായിരുന്നു.

1998-ൽ കുരിശുമുടിയുടെ വളർച്ചയുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും, തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനുമായി, കുരിശുമുടി അതിരൂപതാ ഷ്രൈൻ ആയി ഉയർത്തി. ഈ വളർച്ചയുടെ ഔദ്യോഗിക പ്രഖ്യാപനം 1998 സെപ്തംബർ 4-ാം തീയതിയായിരുന്നു. അതിനെത്തുടർന്ന് കുരിശുമുടിയുടെ മേൽനോട്ടം എറണാകുളം-അങ്കമാലി മേജർ അതിരൂപതാധ്യക്ഷന്റെ കല്പന പ്രകാരമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ തീർത്ഥാടനകേന്ദ്രമായ കുരിശുമുടിയിലാണ് ഏറ്റവും കൂടുതൽ മാർത്തോമാക്രിസ്ത്യാനികൾ തീർത്ഥാടനം നടത്തുന്നത് എന്നതിനാലും തോമാശ്ലീഹായാൽ സ്ഥാപിതമായ സീറോ മലബാർ ക്രൈസ്തവരാണ് ഏറ്റവും പ്രസരിപ്പുള്ള പൗരസ്ത്യസഭ എന്നതിനാലും ഇതിനെ ഒരു അന്തർദേശീയ തീർത്ഥാടനകേന്ദ്രമാക്കേതിന്റെ പ്രസക്തിയേറെയാണെന്നു മനസ്സിലാക്കിയ എറണാകുളം - അങ്കമാലി മേജർ അതിരൂപതാധ്യക്ഷൻ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ കുരിശുമുടിയെ ഒരു പൊന്തിഫിക്കൽ ഷ്റൈനെന്ന പദവിയിലേക്ക് ഉയർത്തണമെന്ന് ആവശ്യപ്പെട്ട് റോമിൽ അപേക്ഷ സമർപ്പിച്ചു. പൗരസ്ത്യതിരുസംഘത്തിന്റെയും വൈദികർക്കുവേയുള്ള തിരുസംഘത്തിന്റെയും അന്വേഷണത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ ഈ അപേക്ഷ 2004 ഫെബ്രുവരി 11-ാം തീയതി ജോൺ പോൾ രാമൻ മാർപ്പാപ്പയുടെ

മുമ്പാകെ സമർപ്പിച്ചു. ഈ ചരിത്രരേഖയിൽ ഇതിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ട്. മാർതോമാശ്ലീഹായുടെ സുവിശേഷപ്രസംഗവും ഈ ഉപഭൂഖണ്ഡത്തിന്റെ ആദ്യ സുവിശേഷവൽക്കരണവുമായി ബന്ധപ്പെട്ടതും ഇന്ത്യയിലെ ക്രൈസ്തവചരിത്രത്തിലെ ചരിത്രപ്രധാനവുമായ കേന്ദ്രമാണിത്. ഇന്ത്യയിലെ മൂന്നു വ്യക്തിസഭകളുടെയും ഈ രാജ്യത്തിലെ എല്ലാ ക്രൈസ്തവരുടെയും പൊതുപൈതൃകമാണിത്.

മലയാറ്റൂർ കുരിശുമുടി അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രമാക്കിയതിന്റെ സമുചിതമാ ഉദ്ഘാടനം 2005 ഫെബ്രുവരി 13-ാം തീയതി ഞായറാഴ്ചയാണ് നടത്തിയത്. സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതാദ്ധ്യക്ഷനുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ അദ്ധ്യക്ഷതയിൽ അനേകം മെത്രാന്മാരുടെയും വൈദികരുടെയും സന്ന്യാസിനി സന്ന്യാസികളുടെയും പതിനായിരക്കണക്കിനു വിശ്വാസികളുടെയും സാന്നിധ്യത്തിൽ ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താന ഉദ്ഘാടനകർമ്മം നിർവഹിച്ചു.

കുരിശുമുടിയെ ഒരന്തർദ്ദേശീയ ടൂറിസ്റ്റ്കേന്ദ്രമായി സർക്കാർ പരിഗണിച്ചുവരികയും അതിനുള്ള പരിശ്രമങ്ങൾ മുന്നേറിക്കൊിരിക്കുകയും ചെയ്യുന്നു. ഈ തീർത്ഥാടനകേന്ദ്രം സന്ദർശിക്കാനും ദൈവാനുഗ്രഹം പ്രാപിക്കാനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികൾ മലയാറ്റൂർ കുരിശുമുടിയിലെത്തുന്നു.

## 9.12. പഴുവിൽ പള്ളിയും അർണോസ് സ്മൃതിമണ്ഡപവും

### 9.12.1. പഴുവിൽ പള്ളിയുടെ ആരംഭവും ഐതിഹ്യപശ്ചാത്തലവും

പഴുവിൽപള്ളിയുടെ ആരംഭകാലത്തെക്കുറിച്ച് പഴമക്കാർ പറഞ്ഞുപോകുന്ന ഐതിഹ്യം ഇന്നും ആവർത്തിച്ചുവരുന്നു. കൊച്ചിരാജാവും സാമൂതിരിയും തമ്മിൽ നടന്ന ഒരു യുദ്ധത്തിൽ സേനാനായകനായിരുന്നത് ഒരു മാപ്പിളയാണെന്നും ആ മാപ്പിളയുടെ വീട്ടുപേർ 'തട്ടിൽ' എന്നായിരുന്നുവെന്നും പറയപ്പെടുന്നു. കൊച്ചിരാജാക്കന്മാരുടെ പടയിൽ, നായന്മാരെപ്പോലെ ക്രിസ്ത്യാനികളുമുായിരുന്നു. സാധാരണനിലയിൽ പരാജയമടയാറുള്ള കൊച്ചിരാജാവ് അന്നത്തെ യുദ്ധത്തിൽ വിജയശ്രീലാളിതനായി. സേനാനായകനും മറ്റു പടയാളികളുംകൂടി ജലമാർഗ്ഗം മടങ്ങിപ്പോരുമ്പോൾ സേനാനായകൻ ചരമമടഞ്ഞു. യുദ്ധത്തിന് പുറപ്പെടുമ്പോൾ 'യുദ്ധം ജയിക്കുമെന്നും ഞാൻ മടങ്ങുകയില്ലെന്നും' പ്രവചിച്ചിട്ടുായിരുന്ന സേനാനായകൻ കൊച്ചിരാജാവിനോട് ഒരാഗ്രഹം പ്രകടിപ്പിച്ചിരുന്നു. അത് പണമോ പദവിയോ ആയിരുന്നില്ല. തന്റെ ശവം ഒരു ദൈവാലയത്തിൽ സംസ്കരിക്കണമെന്നു മാത്രമായിരുന്നു. രാജാവ് അത് സമ്മതിക്കുകയും ചെയ്തിരുന്നു. യാത്രാമദ്ധ്യേ പടനായകൻ മരിച്ചപ്പോൾ കൂടെയുായിരുന്ന പടയാളികൾ ശവം തങ്ങൾ യാത്രചെയ്തിരുന്ന വഞ്ചിയിൽതന്നെ കൊുപോരുകയും ചെയ്തു. ഇടയ്ക്ക് വച്ച് ഏനാമാവ് പള്ളിയിൽ ശവം സംസ്കരിക്കാമെന്നു വിചാരിച്ച് അതിനെക്കുറിച്ച് ആരാഞ്ഞുവെങ്കിലും അത് സാമൂതിരിയുടെ അധീനത്തിൽപ്പെട്ട സ്ഥലമായതുകൊ് ആ പരിശ്രമം പരാജയപ്പെടുകയാണുായത്. അവർ അതിവേഗം കൊച്ചിയ്ക്ക് യാത്ര തിരിച്ചു. വഞ്ചിയിൽ കിടന്നിരുന്ന ശവം ചീഞ്ഞളിഞ്ഞ് നാറ്റം സഹിക്കവയ്യാതായി. ഗത്യന്തരമില്ലാതായപ്പോൾ പടയാളികൾ 'വെരശ്ശേരി തുരുത്തിൽ' ശവം നിക്ഷേപിച്ച് അടയാളവും

വച്ച് സ്ഥലം വിട്ടു. മടങ്ങിച്ചെന്ന പടയാളികളിൽനിന്ന് വിവരമറിഞ്ഞ രാജാവ് കുപിതനായി. സത്യസന്ധനും പ്രജാക്ഷേമതൽപരനുമായ രാജാവ് സേനായകന്റെ ജഡം നിക്ഷേപിച്ച സ്ഥലത്ത് ഒരു പള്ളി പണിയിച്ച് അതിൽ വിധിപ്രകാരം ശവസംസ്കാരം നടത്തിക്കുവാൻ പട യാളികളോടാജ്ഞാപിച്ചു പടയാളികൾ മടങ്ങിവന്ന് ജഡത്തിന്റെ കിട്ടിയേടത്തോളം അവശി ഷ്ടങ്ങൾ എടുത്തു സൂക്ഷിക്കുകയും അവിടെ കാടു വെട്ടിതെളിയിച്ച് ഒരു ദേവാലയം പണി യിച്ച് അതിൽ സംസ്കരിക്കുകയും ചെയ്തു. അങ്ങനെ ആദ്യമായി പഴുവിൽപള്ളിക്ക് ആരംഭം ഇട്ടുവെന്നാണ് ഐതിഹ്യം. ഇന്നും ആളുകൾ പറയാറു് 'തട്ടിൽമുത്തപ്പന്റെ നെഞ്ചത്താണ് പഴുവിൽ പള്ളി'യെന്ന്. പഴുവിൽപള്ളിയാണ് പിന്നീട് പഴയൂരായത്

### 9.13.2. പഴുവിൽപള്ളി – ചരിത്രനാൾവഴി (എ.ഡി. 883–1921)

എ.ഡി. 883: കൊച്ചിരാജാവിന്റെ സേനാനായകനായിരുന്ന തട്ടിൽ മുത്തപ്പന്റെ ശവശരീരം വെ രശ്ശേരി തുരുത്തിൽ മറവുചെയ്ത് പനമ്പുകൊ് മറച്ച് പഴുവിലെ പ്രാർത്ഥനാലയം പണിതീർത്തു. പിന്നീട് തിട്ടയിൽ മനയ്ക്കലിൽനിന്ന് കരമൊഴിവാക്കി പള്ളിപണി തുടങ്ങി.

എ.ഡി. 900: പഴുവിൽപള്ളിയുടെ കീഴിൽ അരിമ്പൂർ പ്രദേശത്ത് ഒരു കുരിശുപള്ളി സ്ഥാപിച്ചു. അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ പഴുവിൽപള്ളിയിൽനിന്നാണ് നടത്തിവന്നിരുന്ന ത്. കുരിശുപള്ളി വികസിപ്പിച്ച് ഒരു ഇടവകപള്ളിയായി. പിന്നീട് സെമിത്തേരി പണിതു.

എ.ഡി. 1341: മഹാവെള്ളപ്പൊക്കമുായി. നാടിനും നാട്ടുകാർക്കും മാറ്റം വന്നു. അതുകാ രണം പഴുവിൽപള്ളിയുടെ പലരേഖകളും നഷ്ടപ്പെട്ടു

എ.ഡി. 1461: ഈ പ്രദേശത്തെ 'പഴും' എന്നാണ് വിളിച്ചുവന്നിരുന്നത്. അന്ന് പഴുവിൽപ ള്ളിയുടെ നാമധേയം കുറിച്ചിട്ടില്ല. 606–ാമാ് കന്നി ഞായറ്റ് 26–ന് എഴുതിയ പള്ളി യോലരേഖ.

എ.ഡി. 1500: പഴുവിൽപള്ളിയുടെ കീഴിൽ ഒരു കുരിശുപള്ളി വലപ്പാട് സ്ഥാപിച്ചു. മാമ്മോദീ സയും സ്ഥൈര്യലേപനവും മറ്റ് ആത്മീയകാര്യങ്ങളും പഴുവിൽപള്ളിയിൽനിന്നാണ് നടത്തിവന്നിരുന്നത്. 1890–ൽ പള്ളി പുതുക്കിപണിതു.

എ.ഡി. 1504–1514: പോർത്തുഗീസുകാർ കൊടുങ്ങല്ലൂർ ആക്രമിച്ച് അഗ്നിക്കിരയാക്കി. ഭയവി ഹ്വലരായ ക്രിസ്ത്യാനികൾ ക്രിസ്ത്യൻ സങ്കേതങ്ങളായ ചേന്ദമംഗലം, പറവൂർ, പറ പ്പൂക്കര, പഴുവിൽ വലപ്പാട്, എടത്തിരുത്തി, ഏനാമ്മാവ് എന്നിവിടങ്ങളിലേയ്ക്കും പ്രയാണം ചെയ്തു

എ.ഡി. 1541: മാർത്തോമ്മാക്രിസ്ത്യാനികളെ പോർത്തുഗീസ് പക്ഷത്താക്കാൻ ഗോവ ബി ഷപ്പായിരുന്ന ജോൺ ഡി അൽബുക്കർ, ഫ്രാൻസിസ്കൻ സന്ന്യാസിയായിരുന്ന വിൻസെന്റ് ഡി ലാഗോസിനെ മലങ്കര നസ്രാണികളുടെ അടുത്തേക്കയച്ചു. ഇദ്ദേഹ മാണ് അമ്പലമാതൃകയിലുള്ള പള്ളികൾ പൊളിച്ച് ഗോത്തിക് രൂപത്തിലാക്കാൻ രൂപം കൊടുത്തത്.

എ.ഡി. 1565: പഴുവിൽപള്ളി അമ്പലമാതൃക മാറ്റി ഗോത്തിക്ക് രൂപത്തിൽ പണിതീർത്തു. ആദ്യ പള്ളിയിലെ പ്രതിഷ്ഠയായ പ. കന്യാമറിയത്തിന്റെ തിരുസ്വരൂപം മാറ്റി തൽസ്ഥാനത്ത്

വി. അന്തോണീസിന്റെ രൂപം പ്രതിഷ്ഠിച്ചു. ഇന്ത്യയിൽ വി. അന്തോണീസിന്റെ പേരിൽ ആദ്യത്തെ പള്ളിയാണ് പഴുവിൽ. പഴുവിലെ ഇടവകക്കാർ ഏനാമാവ് പള്ളിക്കീഴിലായിരുന്നു. പഴുവിൽ പള്ളി പരിഷ്കരിച്ചപ്പോൾ എടത്തിരുത്തി നിവാസികൾ പഴയൂർ പള്ളി ഇടവകയിൽ ചേർന്നു. അതുവരെ ഏനാമാവ് പള്ളി ഇടവകക്കാരായിരുന്നു.

എ.ഡി. 1681: ഓസ്റ്റാബ്രുക്കിന് സമീപം ഓസ്റ്റാൻ കാപ്പലിൽ അർണ്ണോസ് പാതിരി ജനിച്ചു.

എ.ഡി. 1693: 868-മാിൽ മേച്ചേരികൻ ആളുവർ മഹാദേവർ പട്ടണത്ത് ഇരിക്കും പഴുവിൽ മാർ അന്തോണീസ് പുണ്യവാളൻ കയ്യിനാൽ എഴുതി കൊടുത്ത രേഖയു്. നമ്പർ3

എ.ഡി. 1699: ഫാദർ വെബ്ബർ, ഫാ. മേയർ, ഫാ. ഷില്ലിംഗർ എന്നിവരോടുകൂടി ജോൺ ഏർണസ്റ്റ് (അർണോസ് പാതിരി) ഇന്ത്യയിലേക്കു പുറപ്പെട്ടു.

എ.ഡി. 1701: അർണോസ് പാതിരി കേരളത്തിലെത്തി.

എ.ഡി. 1722: ജൂൺ 13-നു മാർ ആന്റണി പിമെന്റൽ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ഒല്ലൂർ പള്ളി വി. അന്തോണീസിന്റെ നാമധേയത്തിൽ പ്രതിഷ്ഠിച്ചു. തദവസരത്തിൽ അർണോസ് പാതിരി സംബന്ധിച്ചിരുന്നു.

എ.ഡി. 1753: ആർച്ച് ബിഷപ്പ് ഈശോസഭക്കാരനാണെന്ന കാരണത്താൽ മാർത്തോമ്മ ക്രിസ്ത്യാനികൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ താല്പര്യം കാണിച്ചില്ല. ഡച്ചുകാരുടെ പ്രതികൂലമനോഭാവവും ഈശോ സഭക്കാരുടെ വൈമനസ്യവും മാർത്തോമ്മ ക്രിസ്ത്യാനികളുടെ വിരോധവും 1653-ലെ കൂനൻകുരിശ് സത്യത്തിന്റെ വ്യവസ്ഥയും ഒത്തുചേർന്നതിന്റെ പരിണിതഫലമായി പഴുവിൽപള്ളിയുടെ വടക്കെഭാഗത്ത് ഒരു പള്ളി ഉയർന്നുവന്നു. അതാണ് 1753-ൽ ഉ ായ പള്ളി. ഭിന്നിച്ച് തിരിഞ്ഞു ാക്കിയ പള്ളി ഒന്നായി ചേർന്നു പ്രവർത്തിച്ചപ്പോൾ അത് സെമിത്തേരി പള്ളിയാക്കി. തുടർന്ന് 18-ാം നൂറ്റാിന്റെ അവസാനഘട്ടത്തിൽ യോജിച്ചിരിക്കണം. അതിന് പ്രേരണ നല്കിയിട്ടുള്ളത് കുത്തിയതോട് തച്ചിൽ അബ്രഹാം മല്പാനായിരിക്കും.

തച്ചിൽ അബ്രഹാം മല്പാന്റെ ആഗമന ഉദ്ദേശം പഴയൂർ പഴയപള്ളിയുടെ ചുമരിൽ രേഖപ്പെടുത്തിയതിൽനിന്ന് മനസ്സിലാക്കാം.

എ.ഡി. 1787: ഫെബ്രുവരി 1-നു അങ്കമാലി വലിയപള്ളിയിൽ മാർ ഗീവർഗ്ഗീസ് സഹദായുടെ മുമ്പാകെ സത്യം ചെയ്ത് എഴുതിയ അങ്കമാലി പടിയോലയിൽ 84 പള്ളികളിൽ മൂന്നാം നമ്പരായി ഒപ്പിട്ടിട്ടുള്ളതിൽ പഴയൂർ പള്ളിയു ായിരുന്നു.

എ.ഡി. 1790: ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ പഴുവിൽപള്ളി പെട്ടുപോയി. ടിപ്പുവിന്റെ ആക്രമണത്തിൽപ്പെട്ട പള്ളികളെ പാറേമ്മാക്കൽ തോമ ഗോവർണ്ണദോർ അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിച്ചു.

എ.ഡി. 1796: സ്ഥാപിതമായ അരണാട്ടുകരപള്ളിയിലെ ക്രിസ്ത്യാനികൾ മുൻകാലങ്ങളിൽ പഴുവിൽ പള്ളിയിലാണ് അവരുടെ ആത്മീയകാര്യങ്ങൾ നടത്തിവന്നിരുന്നത്

എ.ഡി. 1800–1873: വരെയുള്ള കാലഘട്ടങ്ങളിൽ പഴുവിൽപള്ളിയിൽ അനേകം വൈദികരും ശെമ്മാശ്ശന്മാരും ഒന്നിച്ച് താമസിച്ചുവന്നിരുന്നതായും രേഖകളിൽ കാണാം.

എ.ഡി. 1852 മുതൽ പിൻതുടർച്ചയോടെ സഹായമെത്രാനായി ഭരണം നടത്തിയ ബർണാർദിനോസ് ത്രേസ്യാ 1859 മുതൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി ഭരണം നടത്തി. ഇദ്ദേഹത്തിന്റെ കാലത്ത് മലബാറിലെ ഭൂരിഭാഗം വൈദികരും മല്പാൻ ഭവനങ്ങളിലെ പരിശീലനം നേടിയവരായിരുന്നു. അത് മതിയാകില്ലെന്ന് അദ്ദേഹത്തിനു തോന്നിയതിനാൽ ഏകദേശം 20 മല്പാൻ ഭവനങ്ങൾ നിറുത്തി. അങ്ങനെയുള്ള ഒരു മല്പാൻഭവനം പഴുവിൽ പള്ളിയിൽ നിലനിന്നിരുന്നതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. പഴുവിൽ വിശുദ്ധ അന്തോണീസിന്റെ തീർത്ഥാലയത്തിൽ വൈദികരും ശെമ്മാശന്മാരും മറ്റു ഇടവകകളിലെ വൈദികരും ഒന്നിച്ചു താമസിച്ചിരുന്നതിന്റെ ഒരു ചുമർലിഖിതം കുത്തിയതോട് സ്വദേശി അബ്രാഹം മല്പാൻ സുറിയാനി പദ്യത്തിൽ രേഖപ്പെടുത്തിയിട്ടു്.

എ.ഡി. 1921: പഴുവിൽ പള്ളി ഫൊറോനയായി ഉയർത്തി.

### 9.12.3. ടിപ്പുവിന്റെ പടയോട്ടവും പഴുവിൽ പള്ളിയും

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പല പള്ളികളും അമ്പലങ്ങളും മുസ്ലീം സൈന്യങ്ങൾ നശിപ്പിച്ചിട്ടു്. ജീവനെ ഭയന്ന് വിശ്വാസികളും അല്ലാത്തവരും കയ്യിൽ കിട്ടിയതുമായി ഓടി രക്ഷപ്പെടുകയുായി. ടിപ്പുവിന്റെ ആക്രമണത്തിന് ഇരയായിട്ടുള്ള പള്ളിയിലൊന്നാണ് പഴുവിൽ (പഴയൂർ) പള്ളി. പഴുവിൽ പള്ളിയിൽനിന്ന് അവകാശമായി കിഴുപ്പിള്ളിക്കരയിൽ താമസിച്ചു വന്നിരുന്ന മുസ്ലീം കുടുംബത്തിലെ (കരിപ്പാക്കുളം) അവകാശികൾക്ക് കൊല്ലംതോറും കൊടുത്തുവന്നിരുന്ന അവകാശം കുറച്ചു കൊല്ലങ്ങൾക്കു മുമ്പ് ഒരു സംഖ്യകൊടുത്ത് ആ അവകാശം നിർത്തി. അവകാശം കൊടുക്കുന്നതിനുള്ള കാരണം ഇതാണ്. പഴുവിൽ പള്ളി ടിപ്പുവും ടിപ്പുവിന്റെ സൈന്യങ്ങളും ചേർന്ന് നശിപ്പിക്കുവാൻ തുടങ്ങി. എന്നാൽ കരിപ്പാക്കുളം മുസ്ലീം കുടുംബത്തിലെ ഒരു കാരണവർ ഈ പള്ളി നമ്മന്റെ ഓത്തുപള്ളിയാക്കാമെന്ന് അപേക്ഷിച്ചു. അപ്പോൾ വൈയ്ക്കോൽ നിറച്ച് തീവെച്ചു നശിപ്പിക്കുവാൻ മുതിർന്ന ഈ പള്ളി നശിപ്പിക്കാതെ പോയി. അതുകൊാണ് കൊല്ലംതോറും സന്തോഷമായി ഒരു ചെറിയതുക കൊടുത്തു പോന്നിരുന്നത്. പള്ളിയുടെ പല രേഖകളും വസ്തുക്കളും അതിൽ നഷ്ടപ്പെടുകയു ാ യി.

1763-ൽ തേക്കിൻതടിയിൽ മനോഹരമായി കൊത്തിയ കലാശില്പം (എറത്താഴ്) പഴുവിൽ പള്ളിയുടെ കിഴക്കുഭാഗത്തുള്ള കായൽപ്രദേശമായ 'എട്ട്'ക്കോളിൽ ടിപ്പുവിന്റെ ആക്രമണം ഭയന്ന് ചേറ്റിൽ പൂഴ്ത്തിയിരുന്നു. പിന്നീടത് ചാർത്തിയപ്പോൾ 'മംഗലവാർത്ത' ചിത്രത്തിന് വന്ന വിടവ്, പഴയപള്ളി പുതുക്കി പണിതപ്പൊഴാണ് തീർത്തത്. 1790-ലെ ടിപ്പുവിന്റെ ആക്രമണത്തിൽ ഭയന്നോടിയ മാള്യേക്കൽ കുടുംബക്കാർ തെക്കാട്ടുശ്ശേരിയിൽ അഭയം പ്രാപിച്ചതായി കാണുന്നു. തെക്കാട്ടുശ്ശേരി പള്ളിയുടെ ആരംഭവും ഐതിഹ്യവും ഇതിന് തെളിവാണ്. 1791-ൽ വി. അന്തോണീസിന്റെ പള്ളി സ്ഥാപിച്ചുവെന്നത് 1991 ഒക്ടോബർ 6-നു ഞായറാഴ്ച പ്രസിദ്ധീകരിച്ച ദീപികപത്രത്തിൽ 12-ാം പേജിലും ഫിലിപ്പ് പാമർ 1934-ൽ അച്ചടിച്ച് ഇറക്കിയ 'ദി കത്തോലിക്ക ഡിറക്ടറി ഓഫ് മലബാറി'ലും രേഖപ്പെടുത്തിയിട്ടു്. പടയോട്ടക്കാലത്ത് പള്ളിവക വിലപിടിപ്പുള്ള രേഖകളും സ്വരൂപങ്ങളും കൈക്കാരന്മാർതന്നെ പള്ളിയോഗത്തിന്റെ നിശ്ചയമനുസരിച്ച് വീടുകളിലും മറ്റുമായി സൂക്ഷിച്ചുവന്നിരുന്നു. അങ്ങനെയാണ് മാള്യേയ്ക്കൽ കുടുംബക്കാർ വി. അന്തോണീസിന്റെ തിരുസ്വരൂപവുമായി വഞ്ചിമാർഗ്ഗം രക്ഷപ്പെട്ടത്.

ടിപ്പുവിന്റെ ആക്രമണത്തിന് ഇരയായിട്ടുള്ള പള്ളികളുടെ പേരുകൾ റവ. ഡോ. സേവ്യർ കൂടപ്പുഴയുടെ 'ഭാരതസഭാചരിത്ര'ത്തിൽ 388-ാം പേജിൽ പറഞ്ഞിട്ടുള്ള 24 പള്ളികളുടെ ലിസ്റ്റിൽ 15-ാമത്തെ നമ്പറായി ചേർത്തിട്ടു്. പാലയൂർ, പഴയൂർ, ഏനാമാവ്, മറ്റം, പറപ്പൂർ എന്നീ തൃശ്ശൂർ അതിരൂപതയിൽപ്പെട്ട പള്ളികൾ ആക്രമണത്തിന് വിധേയമായതായി കാണുന്നു

### 9.12.4. തൃശൂർ അതിരൂപതയിൽ പഴുവിൽപള്ളിയുടെ കാലം നാലാം സ്ഥാനം

1935 തൃശൂർ രൂപത വൈദികപഞ്ചാംഗത്തിൽ പാലക്കാട് രൂപതയും ഇരിഞ്ഞാലക്കുട രൂപതയും വിഭജിക്കുന്നതിന് മുമ്പുായിരുന്ന പള്ളികളുടെ ആദ്യ സ്ഥാപനകാലം കണക്കാക്കി അതിരൂപതാ പള്ളികളുടെ പേരുകളും അവയുടെ കാലവും രേഖപ്പെടുത്തി താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പാലയൂർ | എ.ഡി. 52 | - വി. കുരിയാക്കോ, പിന്നീട് സെന്റ് തോമസ് |
| മറ്റം | എ.ഡി. 140 | - വി.തോമാശ്ലീഹ |
| അമ്പഴക്കാട് | എ.ഡി. 300 | - വി. തോമാശ്ലീഹ |
| പുത്തൻചിറ | എ.ഡി. 400 | - പരി. മാതാവിന്റെ പിറവി |
| വടക്കൻ പുതുക്കാട് | എ.ഡി. 400 | - പരി. കർമ്മല മാതാവ് |
| ഏനാമാവ് | എ.ഡി. 500 | - പരി. കർമ്മല മാതാവ് |
| ചാലക്കുടി | എ.ഡി.600 | - പരി. മാതാവിന്റെ പിറവി |
| പറപ്പൂക്കര | എ.ഡി. 600 | - പരി. മാതാവിന്റെ പള്ളി |
| താഴെക്കാട് | എ.ഡി. 500 | - വി. സെബാസ്റ്റ്യൻ |
| പഴയൂർ (പഴുവിൽ) | എ. ഡി. 883-ൽ | - പരി. മാതാവിന്റെ പ്രതിഷ്ഠ - |
| | 1565-ൽ | - വി. അന്തോണീസിന്റെ പ്രതിഷ്ഠ |
| അരിമ്പൂർ | എ.ഡി. 900 | - പരി. മാതാവിന്റെ പള്ളി |
| മാപ്രാണം | എ.ഡി. 928 | - വി. കുരിശിന്റെ പുകഴ്ച |
| കൊട്ടേക്കാട്ട് | എ.ഡി. 1000 | - വി. കർമ്മല മാതാവ് |
| വെളിയനാട് | എ.ഡി. 1100 | - വി. കർമ്മല മാതാവ് |
| കോട്ടപ്പടി | എ.ഡി.1400 | - വി. ലാസർ |
| വലപ്പാട് | എ.ഡി 1500 | - വി. സെബാസ്റ്റ്യൻ |

പാലക്കാട്-ഇരിഞ്ഞാലക്കുട രൂപത വിഭജിച്ചതിനുശേഷം തൃശൂർ രൂപതയിൽ ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹ സ്ഥാപിച്ച പാലയൂർ പള്ളി ഒഴിച്ചു നിറുത്തിയാൽ സ്ഥാപന കാലം നാലാം സ്ഥാനത്ത് പഴുവിൽ പള്ളിയായിരിക്കും.

### 9.12.5. പഴുവിൽ പള്ളിയിലെ സെമിത്തേരി

ഇന്ന് കാണുന്ന സെമിത്തേരിയായിരുന്നില്ല പഴുവിൽ പള്ളിയുടെ ആദ്യത്തെ സെമിത്തേരി. ഇപ്പോൾ ഉയർന്നു നിൽക്കുന്ന പള്ളിയുടെ തെക്കേഭാഗത്തായിരുന്നു അത്. അവിടെയാണ് പൂർവ്വികരെ സംസ്കരിച്ചിരുന്നതെന്നതിന് തെളിവുകൾ ഉ്. ഇന്നു കാണുന്ന പള്ളിയുടെ തെക്കേഭാഗത്ത് പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന സെമിത്തേരിയും അസ്ഥിക്കുഴിയും ഒരുകാലത്തെ ചരിത്രശേഷിപ്പാണ്. ശീശ്മയിൽനിന്ന് പിൻതിരിഞ്ഞ വിഭാഗം പഴുവിൽ ഒന്നായതിനുശേഷം പദ്രുവാദാ ഭരണകാലത്ത് ഉാക്കപ്പെട്ട പള്ളിയാണ്. ഇന്ന് സെമിത്തേരിപള്ളി

യായി ഉപയോഗിച്ചുവരുന്നത്. പഴയ സെമിത്തേരിയുടെ തുടർച്ചയായി ഉായിരുന്ന അസ്ഥി ക്കുഴി ഇരുപതാം നൂറ്റാിന്റെ മദ്ധ്യഘട്ടത്തിലാണ് മൂടിക്കളഞ്ഞത്. ഇപ്പോൾ മനോഹരമായി രൂപകൽപന ചെയ്തിട്ടുള്ള സെമിത്തേരി 'പദ്രുവാദോ' കാലത്ത് 1753-ൽ ഉാക്കിയ വടക്കെ പള്ളിയാണ്. പോർത്തുഗീസുകാർ അനുഷ്ഠിച്ചുവന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾ നാട്ടുകാ രായ സുറിയാനി കത്തോലിക്കരുടെമേൽ അടിച്ചേൽപിക്കുവാൻ തുനിഞ്ഞു. അതിൽ അമർഷം പൂവർ സംഘടിച്ച് പണിതതാണ് ഇന്നു കാണുന്ന കല്ലറ പള്ളി. പദ്രുവാദോ പള്ളി (വട ക്കേപള്ളി) പണിയുവാൻ വേ വെട്ടുകല്ല് വെട്ടി എടുത്ത സ്ഥലത്ത് താമസിക്കുന്ന ചാലി ശ്ശേരി തറവാട്ടുകാർ ഇന്നും കല്ലുംകുഴി എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു.

### 9.12.6. എറത്താഴ് (ദാരുകലാശില്പം)

ആദ്യപള്ളിയുടെ ആകൃതിയിൽ പലപ്പോഴായി രൂപഭാവങ്ങൾക്കു മാറ്റം സംഭവിച്ചിട്ടുള്ള താണ് ഇന്നത്തെ പള്ളി. ചെറിയ പ്രാർത്ഥനാലയമായിരുന്ന അത് കാലക്രമേണ ചെറിയ പള്ളി യായി. പിന്നീട് 1565-ൽ ഗോത്തിക്ക് രൂപത്തിൽ പുനരുദ്ധരിക്കപ്പെട്ട പള്ളിയുടെ മദുബഹച്ചു മരിൽ മനോഹരമായി കൊത്തളങ്ങളുാക്കി അവയിലാണ് രൂപം പ്രതിഷ്ഠിച്ചിരുന്നത്. അവ യുടെ ശേഷിപ്പ് ഇന്നും എറത്താഴിന്റെ പിന്നിൽ പരിശോധിക്കുമ്പോൾ കാണാം. പിന്നീട് പള്ളി യുടെ പരിഷ്കാരത്തിൽ വന്ന മാറ്റത്തോടെ 1765-ൽ തേക്കിൻമരത്തിൽ മനോഹരമായി കൊത്തി നിറംകൊടുത്തിട്ടുള്ളതും അനേകം ചരിത്രസത്യങ്ങൾ ആവിഷ്കരിക്കപ്പെട്ടതുമായ ഒരു കലാകേന്ദ്രമാണ് ബദ്ബാഗയിൽ കാണുന്ന ഇന്നത്തെ എറത്താഴ്. കൊത്തളങ്ങളിൽനിന്ന് രൂപം എടുത്ത് എറത്താഴിൽ പ്രതിഷ്ഠിച്ചത് അക്കാലത്താണ്. പിന്നീട് ടിപ്പുവിന്റെ പടയോട്ടത്തിൽ ടിപ്പുവിനെ ഭയന്ന് അന്നത്തെ കലാപ്രേമികൾ അവ അഴിച്ച് ഏട്ടക്കോൾ എന്നറിയപ്പെട്ടിരുന്ന കായലിൽ അവ കൊുപോയി പൂഴ്ത്തുകയുായി. ടിപ്പുവിന്റെ പടയോട്ടഭീഷണി നിലച്ച പ്പോൾ അവ വീും കൊുവന്ന് പഴയ സ്ഥാനത്ത് ചാർത്തുകയുായി. പള്ളിയിലെ ഈ എറത്താഴ് മികച്ച കരകൗശലങ്ങൾ കാണിക്കവെച്ചിട്ടുള്ള കലാസമ്പത്താണ്. ഗബ്രിയേൽ ദൈവ ദൂതന്റെ മംഗളവാർത്ത, മാതാവിന്റെ ഇളയമ്മയായ ഏലീശ്വ പുണ്യവതിയെ സന്ദർശിക്കൽ, മാതാവിനെ ത്രിലോകരാജ്ഞിയായി കിരീടധാരണം ചെയ്യൽ, വി. യൗസേപ്പും പരി. മാതാവും കൂടി ഉണ്ണിയേശുവിനെ ദേവാലയത്തിൽ കാഴ്ചസമർപ്പിക്കൽ, ഗദ്സേമൻ തോട്ടത്തിലെ ക്രിസ്തു വിന്റെ പ്രാർത്ഥന, ഒടുക്കത്തെ അത്താഴം, ക്രിസ്തുവിന്റെ പിറവിയ്ക്ക് പുറമെ സുവിശേഷക രായ വി. മത്തായി, വി. മർക്കോസ്, വി. ലൂക്ക, വി. യോഹന്നാൻ എന്നിവരെയും പ്രദർശിപ്പി ച്ചിട്ടു്. എറത്താഴിന്റെ മദ്ധ്യഭാഗത്തായി വി. അന്തോണീസും പ്രതിഷ്ഠിക്കപ്പെട്ടു. പൂക്കൾ, ഇലകൾ, ചെടികൾ, മാലാഖമാർ എന്നിവ സുന്ദരമായി 16 തൂണുകളിൽ കൊത്തിയുാക്കി യിട്ടുള്ളത് നയനാനന്ദകരമാണ്. ഒമ്പത് വൃന്ദം മാലാഖമാരെയും കാഹളമൂതുന്ന മാലാഖമാ രെയും ഗാനാലാപം നടത്തുന്ന ദൈവദൂതന്മാരെയും ഇവിടെ പ്രദർശിപ്പിച്ചിട്ടു്.

### 9.12.7. പുഷ്പക്കൂട് (പ്രസംഗപീഠം)

പഴുവിൽ പള്ളിയിലെ പുഷ്പക്കൂട് മരംകൊ് ചാർത്തിയതാണ്. കലാപ്രേമികളെ ആകർഷിക്കുന്ന ഈ പുഷ്പതട്ടിൽ പല രൂപങ്ങളും കൊത്തിയുാക്കിയിട്ടു്. പുകാലത്ത് പള്ളിയിൽ വരുന്നവർക്ക് സുവിശേഷപ്രഘോഷണം നടത്തിയിരുന്നത് പ്രസംഗപീഠത്തിൽ നിന്നാണ്. പുരുഷന്മാരും സ്ത്രീകളും മതകർമ്മങ്ങളിൽ പങ്കുകൊള്ളുമ്പോൾ പ്രത്യേകം വേർതി

രിക്കപ്പെട്ട സ്ഥലത്താണ് അത്തരത്തിലുള്ള പ്രസംഗപീഠം കാണുന്നത്. ജനങ്ങൾക്ക് മനസ്സിലാക്കാനും വൈദികർക്ക് ജനങ്ങൾ കേൾക്കെ പറയുന്നതിനും സഹായിക്കുന്നൊരുപാധിയാണ് പ്രസംഗപീഠം. മികച്ച കരകൗശലങ്ങൾ കാണിക്കവെച്ചിട്ടുള്ളതാണ് ഈ കലാസമ്പത്ത്.

### 9.12.8. ചുമർലിഖിതം

1965-ൽ പഴുവിൽ പള്ളിയിലെ പഴയ ഗോഥിക്ക് രൂപത്തിലുള്ള മദ്ബഹയും അതിനോടനുബന്ധിച്ച് അച്ചന്മാർ താമസിച്ചിരുന്ന പള്ളിമേടയും പൊളിക്കുകയുായി. മദ്ബഹയുടെ വടക്കെഭിത്തിയിൽ ഒരുതരം പച്ചിലച്ചായം കൊഴെുതിയ സുറിയാനിയെഴുത്തിന്റെ ഫോട്ടോയെടുത്ത് സൂക്ഷിച്ചിട്ടു്. ഈ ഫോട്ടോ പള്ളി ആഫീസ്സിൽ സംരക്ഷിക്കപ്പെട്ടുവരുന്നു.

ഈ പദാവലികൾ ചരിത്രസത്യങ്ങൾ ഒളിഞ്ഞുകിടക്കുന്ന ഒരു സുറിയാനി പദ്യമാണ്. കുത്തിയതോട് സ്വദേശിയും അഖിലമലബാർ മല്പാനുമായിരുന്ന തച്ചിൽ അബ്രാഹം മല്പാൻ കലഹിച്ചു കഴിഞ്ഞിരുന്ന സഭാജനങ്ങളെ ഒന്നിച്ചാക്കി കാണുന്നതിന് ദൈവത്തോട് പ്രാർത്ഥിക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം. 1787-ൽ പാറേമ്മാക്കൽ തോമ ഗവർണ്ണദോർ കൊടുങ്ങല്ലൂർ അധിപനായിരിക്കെ അങ്കമാലി പള്ളിയിൽ കൂടിയ കേരളത്തിന്റെ പൊതുയോഗത്തിൽവച്ച് സുറിയാനി പള്ളികളുടെയും ജനങ്ങളുടെയും അഭിവൃദ്ധിയെ ലക്ഷ്യംവെച്ച് പ്രവർത്തിക്കുവാൻ ഏർപ്പെടുത്തിയ കാനോനിസ്റ്റുകളുടെ പ്രത്യേക സംഘത്തിലെ ഒരംഗമായിരുന്നു അബ്രാഹം മല്പാൻ. തോമാ ഗോവർണ്ണദോർ ദിവംഗതനായപ്പോൾ വരാപ്പുഴ മെത്രാന്റെ ആവശ്യപ്രകാരം പിൻഗാമിയെ തെരഞ്ഞെടുക്കുവാൻ ആലപ്പുഴ പള്ളിയിൽ കൂടിയ പൊതുയോഗത്തിൽവെച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട നാലുപേരിൽ ഒരാളായിരുന്നു പ്രസ്തുത അബ്രാഹം മല്പാൻ.

**പദ്യത്തിന്റെ മലയാള ലിപിരൂപം**

ബുദ്റാൻ - മ്ശിഹാ - മഹിയാനാ
എന്നാ - അബ്റാഗം - കഹ്നാ
ദ്കൊല്ലെ - മല്ബാർ - മല്പാനാ
ഈസാവ് - മിൻ കുരോട് - മ്ദീനാ
എസ്സേസ് - ലേന്താ - ദ്മൌളാനാ
മാർ - അന്തോണീസ് - പാദ്വാനാ
ഈസാവ് - ഉയ്റാ - മ്സ്യ്യാനാ
ദിലെ - ബ്പഴയൂർ ബ്കെമ്പാനാ
യെന്തോൻ - ദ്നാശാ - ബ്താവോനാ
ന്പക്ക് - മെന്നൻ - ദ്ലാ - ഹവൈയ്മനാ
വയാദാ - താവാ - വ്കേ....നാ
മൻ - മിൻ കെത്ശാ - ക്രിസ്തു....നാ
വെസ്ഹെദ് - വാവാ - ബ്സെവിയാ....നാ
അംഹോൻ - എസ്സാവ് - മിൻ - മ്ദീ....നാ
ബാബേൻ - ബ്രികാ - വയ്ഗ....നാ
ദിൽഹോൻ - ദദ്ലാ - സൂയാ....നാ
ബെലാദ് - സക്ക്റാ - വ്പുക്ക്ദാ....നാ
ദ്മാറൻ - പാപ്പാ - മ്ദബ്റാ....നാ

വ്എൽസാ - ദ്കെനശാ എൽസാ....നാ
വസ്റ - സറാ - ദ്സീസ്....നാ
വ്ശഗ്ശൂയി - ലസ്റാ - ല്ലെ - ശൈ....നാ
വ്ഹുമ്പാ - വ്സ്സ്റാ - വഹൈയ്മ....നാ
വ്ശഹ്ലപ്പ് - കുമാ - വ്ദുക്റാ....നാ
വ്ലാ - ശമ - ല്മാ - മാർ - ദ് ദവിയാ....നാ
എല്ലാ - പ്രശുൻ - ബ്ഹെറ് യാ....നാ
അൽ - ദേൻ - റഹറിയാ - ഹാ....നാ
സവ്റേസ് - മ്ബ്അൻന്തോൻ - വെള്ളാ....നാ
മെക്കോൻ - ഹാനാ - ബായേ....നാ
മിൻ - ആലാഗാ - ഹന്നാ....നാ
പ്രോക്കെൻ - മിൻ കെന്ശാ - ഹാ....നാ
പ്ലീഗ് - വപ്പ്ഹെ - ചിൻ - പുക്ക് ദാ....നാ
വ്നന്താറൈൻ - ബസ്റാ - ഹാ....നാ
വവ്കോൽ - അസ്റാ - ദാസേ....നാ
വ്മെന്തോലാസേക് - പാലേഹ്....നാ
വ്പസ്സെ - ലി - വിൻ -ഗേഹ....നാ
ആമ്മേൻ

**അർത്ഥം**: ജീവിപ്പിക്കുന്നവനായ മിശിഹായുടെ സഹായത്താൽ കുത്തിയതോടു സ്വദേശിയും അഖിലമലബാർ മല്പാനുമായ ഞാൻ അബ്രാഹം കത്തനാർ: പാദുവായിലെ വി. അന്തോണീസിന്റെ കൂട്ട് തീർത്ഥാലയമായ പഴയൂർ പള്ളിയിൽ, ചില ആളുകളെ സംബന്ധിച്ചുള്ള (ഹൃദയ)ഭാരവുമായി, ആദരപൂർവ്വം വന്നിരിക്കയാണ്. കാരണം ഇതാണ് ക്രിസ്ത്യാനിസമൂഹത്തിൽപെട്ടവരായ കുറെപേർ, വിശ്വാസവും, സുകൃത പാരമ്പര്യമുറകളും നീതിനിഷ്ഠയും ഇല്ലാത്തവരായി ഭാവിച്ച് ഞങ്ങളിൽനിന്നും വിട്ടുമാറിപ്പോയി. ഇവരാകട്ടെ സർവ്വലോകനേതാവും പിതാവും (തലസ്ഥാന) മാതൃക്രിസ്ത്യൻ സമൂഹത്തിന്റെ ശില്പിയും ആയ മാർപ്പാപ്പയുടെ തിരുവെഴുത്തൊ അനുമതിയോ കൂടാതെ സർവ്വഥാ ആദരണീയവും എന്നാൽ നിരന്തര ഉപദ്രവകാരിയുമായ ബാബേലിൽനിന്നും വന്നവരുമായി മനസ്സിണങ്ങി കൂട്ടുചേർന്നുകൊ്, ഈ രാജ്യത്ത് കളകൾ വിതയ്ക്കുകയും ചെയ്തു. (കളകളായി വളർന്ന) ഇവർ സമാധാനത്തിന്റെയും സൗഹാർദ്ദതയുടെയും ശുഭപ്രതീക്ഷയുടെയും വിശ്വാസത്തിന്റെയും വിളനിലമായിരുന്ന അധികാരസ്ഥാനത്ത് കുഴപ്പം സൃഷ്ടിക്കുകയും മതസിദ്ധാന്തങ്ങളെയും സുവിശേഷനിബന്ധനകളെയും മാറ്റിമറിക്കുകയുമുായി. എന്റെ നിർഭാഗ്യം കൊാേ എന്തോ എന്റെ കർത്താവെ എന്റെ വിഷമാവസ്ഥയെ അവർ ഗ്രഹിച്ചില്ലെന്നു മാത്രമല്ല, അക്രമബലംകൊ് എന്റെ അധികാരസ്ഥാനത്തുനിന്നു എന്നെ മാറ്റുകയും ചെയ്തു. ഈ വിഷമസന്ധിയിൽ, വി. അന്തോണീസ് പുണ്യവാളനിൽ ആണ് ഞാൻ ശരണം വെച്ചിരിക്കുന്നതും. തന്നിമിത്തം കാരുണ്യവാനായ ദൈവത്തോടുള്ള എന്റെ പ്രാർത്ഥന ഇതാണ്: "കർത്താവെ ഛിദ്രിച്ച് നില്ക്കുന്നവരും പ്രമാണങ്ങളിൽനിന്നു തെറ്റി നടക്കുന്നവരുമായ ഈ പരീഷയിൽനിന്നു എന്നെ മോചിപ്പിക്കണമേ. ഈ രാജ്യത്തിലും ഞാൻ സഞ്ചരിക്കുന്ന ഇടങ്ങളിലും അങ്ങുന്ന പ്രതി ഞാൻ

സേവനം നടത്തുന്ന സ്ഥലങ്ങളിലും അങ്ങുന്ന് എന്നെ കാത്തുപാലിക്കണമേ. നിത്യനാശത്തിൽനിന്നും എന്നെ രക്ഷിക്കുകയും ചെയ്യേണമെ. ആമ്മേൻ"

### 9.12.9. പഴുവിൽ ഒരു മല്പാൻ ഭവനം

എ.ഡി. 883-ൽ സ്ഥാപിതമായ പഴുവിൽ പള്ളിയുടെ പഴയ മാമ്മോദീസ രജിസ്റ്ററും 1965-ൽ പഴയ പള്ളിയുടെ ഗോഥിക്ക് രൂപം പൊളിച്ചപ്പോൾ അന്നത്തെ മദ്ബഹയുടെ വടക്കെ ഭാഗത്തുള്ള മേപ്പൂട്ട്മുറിയുടെ തെക്കെ ചുമരിൽ കുത്തിയതോട് സ്വദേശിയായ അബ്രാഹം മല്പാൻ എഴുതിയ സുറിയാനി പദ്യത്തിന്റെ ചുമർലിഖിതമെടുത്ത് സൂക്ഷ്മമായി പഠനം നിർവ്വഹിക്കുന്ന പക്ഷം പല ചരിത്രവസ്തുതകളും വെളിച്ചത്തുവരും. പതിനെട്ടാം നൂറ്റാിൽ ആരംഭിച്ച് പത്തൊമ്പതാം നൂറ്റാിന്റെ മദ്ധ്യഘട്ടത്തിനുശേഷം അവസാനിച്ച വി. അന്തോണീസിന്റെ ഒരു കൂട്ടായ തീർത്ഥാലയം അന്ന് പഴുവിൽ നിലവിൽ ഉായിരുന്നെന്നും അതിൽ അനേകം വൈദികരും ശെമ്മാശ്ശന്മാരും ഒന്നിച്ചു താമസിച്ചിരുന്നെന്നും മനസ്സിലാക്കുവാൻ കഴിയും. കൂടാതെ പഴുവിൽപള്ളി ഇടവകക്കാരായി സമീപപ്രദേശങ്ങളിൽ കഴിഞ്ഞിരുന്ന കത്തോലിക്ക പൈതങ്ങൾക്ക് മാമ്മോദീസയും സൈ്ഥര്യലേപനവും അന്നത്തെ പഴുവിൽപള്ളി വികാരിയുടെ അനുവാദത്താൽ ഇടത്താവളങ്ങളിൽ വെച്ച് വൈദികരും ശെമ്മാശന്മാരും നടത്തിപ്പോന്നിരുന്നതായി കാണാൻ കഴിയും. അങ്ങനെ പോകുന്ന വൈദികരും ശെമ്മാശന്മാരും അതാത് കരകളിലുള്ളവരായിരിക്കും. അവർക്കാണ് മുൻഗണന. അന്നത്തെ ഇടത്താവളങ്ങളായിരുന്ന കരകൾ താഴെ പറയുന്ന അമ്മാടം, ചെവ്വൂർ, മുറ്റിച്ചൂർ, പുത്തൻപീടിക, എടത്തിരുത്തി, വലപ്പാട് എന്നിവയാണ്. ഒരു മല്പാന്റെ കീഴിൽ വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടുകയും ഇടവകയ്ക്കുവേി വൈദികരായി പട്ടം സ്വീകരിക്കുകയും ചെയ്യുന്നു. വൈദികനാകുന്നതിന് വിദ്യാർത്ഥികൾക്ക് സമയദൈർഘ്യപരിധിയുായിരുന്നില്ല. ഇടവകക്കാർ 'ദേശക്കുറി' നല്കിയാൽ മാത്രമെ പട്ടം നൽകിയിരുന്നുള്ളൂ.

മല്പാന്റെ കീഴിൽ പരിശീലനം നടത്തിവന്നിരുന്ന ശെമ്മാശ്ശന്മാരുടെ പട്ടികയു്. അതിനുള്ള രേഖകൾ പഴുവിൽപള്ളി പഴയ മമ്മോദീസ പുസ്തകത്തിലു്. മറ്റു കരകളിൽ പോയി കത്തോലിക്ക പൈതങ്ങൾക്ക് മാമ്മോദീസയും സൈ്ഥര്യലേപനവും നല്കുന്നതുമായ മല്പാൻമാർ പഴുവിൽപള്ളിയിൽ ഉായിരുന്നതായി ഐതിഹ്യങ്ങളിൽ പറഞ്ഞുവരുന്നു. മാള്യേയ്ക്കൽ പൗലോസ് കത്തനാർ മുതൽ പഴുവിൽപള്ളിയിൽ വികാരിമാരായി സേവനം ചെയ്ത അന്നത്തെ കത്തനാരന്മാർ മല്പാൻ എന്ന പേര് പ്രത്യേകം പേരിനൊപ്പം പറയാറില്ല. ഭാരതസഭാചരിത്രത്തിൽ കാനോനിസ്റ്റുകളുടെ പേരിനു പിന്നാലെ കത്തനാർ എന്നാണ് പറഞ്ഞിരിക്കുന്നത്. പിന്നീട് കുത്തിയതോട് സ്വദേശിയായ അബ്രാഹാം കത്തനാർ തന്റെ ചുമർലിഖിതത്തിൽ മല്പാനെന്ന് പറഞ്ഞിരിക്കുന്നു. മാള്യേയ്ക്കൽ പൗലോസ് തുടങ്ങി രുമൂന്ന് മല്പാന്മാർ പഴുവിൽ താമസിച്ചിരുന്നെന്ന് പറയുന്ന പഴമക്കാരുടെ പഴമൊഴി കണക്കിലെടുത്ത് മല്പാൻ ഭവനം പഴുവിലുള്ളതായിരുന്നെന്ന് മനസ്സിലാക്കാം.

### 9.12.10. പഴുവിൽ പള്ളിയും അർണോസ് പാതിരിയും

വിദേശത്തുനിന്ന് കേരളക്കരയിലെത്തി മലയാളവും സംസ്കൃതവും അഭ്യസിച്ച് മലയാള സാഹിത്യത്തിൽ വിശിഷ്ടഗ്രന്ഥങ്ങളെഴുതി ക്രൈസ്തവരെ സമുദ്ധരിച്ച അർണോസ് പാതിരി, 2019 മാർച്ച് 20-ന് മലയാളഭാഷയ്ക്കും സംസ്കൃതത്തിനും അവിസ്മരണീയമായ സംഭാവന നല്കി മൺമറഞ്ഞിട്ട് ഇരുന്നൂറ്റി എൺപത്തിയേഴ് കൊല്ലം തികഞ്ഞു.

ഈ പണ്ഡിതൻ ഹംഗറി ദേശക്കാരനായിരുന്നു. ഹംഗറി അന്ന് ജർമ്മൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നതുകൊ് പാതിരി ജർമ്മൻകാരനാണെന്നു കരുതുന്നവരും ു്. എർണസ്റ്റ് ഹാൻസിൽഡൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. 1681-ൽ ഓസ്റ്റാന ബുക്കിൽ ജനിച്ച അദ്ദേഹം 1699 ഒക്ടോബർ 3-ാം തീയതി വെബ്ബർ, മേയർ, ഷില്ലിംഗർ എന്നീ വൈദികരോടുകൂടി മതപ്രചാരണത്തിന് ഇന്ത്യയിലേക്കു പുറപ്പെട്ടു. അവരുടെ നോവീസ്സ് മാസ്റ്റർ ഫാദർ വില്ല്യമായിരുന്നു. 20-ാമത്തെ വയസ്സിൽ പതിനെട്ടാം നൂറ്റാിന്റെ ആരംഭദശയിൽ കേരളത്തിൽ എത്തിച്ചേർന്ന അർണോസ് പാതിരി അമ്പഴക്കാട് ആശ്രമത്തിലാണ് ആദ്യമായി വാസമുറപ്പിച്ചത്. ഒരു ഈശോസഭാ സന്ന്യാസിവൈദികനായി പുരോഹിതപദം സ്വീകരിച്ചതും അവിടെ വെച്ചു തന്നെയാണ്. പാതിരിയുടെ ആഗമനകാലത്ത് കേരളത്തിലെ കത്തോലിക്കാ സഭാന്തരീക്ഷം കാറും കോളും നിറഞ്ഞതായിരുന്നു. പോർത്തുഗീസുകാരുടെ ആഗമനത്തിനുമുമ്പ് മാർപ്പാപ്പയുടെ അനുവാദത്തോടെ വരുന്ന ബാബേൽ പാത്രീയർക്കീസുമാരായിരുന്നു കേരള സഭയുടെ ഭരണകർത്താക്കൾ. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് മുതൽക്ക് കേരള സഭയിൽ സമൂലമായ മാറ്റങ്ങൾ അനുഭവപ്പെട്ടു, കേരളസഭയെ ബാബേൽ പാത്രിയർക്കീസുമാരുടെ ഭരണത്തിൽനിന്ന് ഒഴിവാക്കി പോർത്തുഗീസുകാരുടെ ആധിപത്യത്തിലാക്കി. അതോടുകൂടി കൽദായ സുറിയാനി റീത്ത് മാറ്റി ലത്തീൻ റീത്ത് സ്ഥാപിക്കാൻ ആരംഭമിട്ടു. അന്നു മുതൽ റീത്തു സംവാദങ്ങൾ തുടർന്നുപോന്നു. സുറിയാനി ക്രിസ്ത്യാനികൾ ലത്തീൻ റീത്തിനേയും പോർത്തുഗീസുകാരുടെ മർദ്ദനമുറയേയും വിമർശിക്കുവാനും എതിർക്കുവാനും തുടങ്ങിയ കാലഘട്ടമായിരുന്നു അത്. ഈ സംവാദത്തിൽ ഇടപെടാതെ തന്റെ പാവനമായ ചുമതലകൾ ആരുടേയും പക്ഷത്തു ചേരാതെ ശരിയാംവണ്ണം നിർവ്വഹിച്ചിരുന്ന ഒരു പുരോഹിതനായിരുന്നു അർണോസ് പാതിരി.

അമ്പഴക്കാടും പുത്തൻചിറയിലും താമസമുറപ്പിച്ച ഈ വന്ദ്യപുരോഹിതൻ ഓരോ സാധനങ്ങളുടെ പേരുകൾ തൊട്ടുകാണിച്ചു ചോദിച്ചു. മലയാളം ആദ്യമായി പഠിച്ചെന്നാണ് കേൾവി. അമ്പഴക്കാട്ടു നിന്ന് അദ്ദേഹം പല സ്ഥലങ്ങളിലും പോയി ക്രൈസ്തവരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്നെന്ന് അദ്ദേഹത്തെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാക്കുവാൻ കഴിയും. പുത്തൻചിറയിൽനിന്ന് വേലൂർക്ക് പോരുന്നതിന് അദ്ദേഹത്തെക്കുറിച്ച് ഒരു ഐതിഹ്യമു്. അദ്ദേഹത്തിന് ഉദരരോഗമുായി. വളരെ വൈദ്യംചെയ്ത് ഒടുവിൽ ഒരു വൈദ്യന്റെ നിർദ്ദേശമനുസരിച്ച് 'കറുപ്പ്' തിന്നാൽ ഭേദമാകുമെന്ന് കേട്ടപ്പോൾ ധാരാളം കറുപ്പ് കിട്ടാൻ സാദ്ധ്യതയുള്ള വേലൂർക്ക് പോന്നുവെന്നതാണ് ആ ഐതിഹ്യം. അങ്ങനെയാണ് 'വെളുത്ത പാതിരി കറുപ്പിന് വിധേയമായത്'.

കേരളത്തിലെ സാധാരണ ജനങ്ങളിൽ ക്രൈസ്തവ മതസിദ്ധാന്തങ്ങളെ ആഴത്തിൽ പതിപ്പിക്കുവാൻ ഭാഷജ്ഞാനമില്ലാതിരുന്നത് ഒരു പോരായ്മയായി അദ്ദേഹത്തിനു തോന്നി. അതു പരിഹരിക്കുവാൻ അദ്ദേഹം, ഭാഷയും അക്കാലത്തു നിലവിലുള്ള സംസ്കൃതവും പഠിക്കുവാൻ പ്രേരിതനായി. എഴുത്തച്ഛന്റെ കൃതികൾ ഹിന്ദുസമുദായത്തിലെ കുടുംബാംഗങ്ങൾ സന്ധ്യാസമയത്ത് ഭക്തിനിർഭരം പാരായണം ചെയ്യുന്നത് കേൾക്കുകയും കാണുകയും ചെയ്തിരുന്ന അദ്ദേഹത്തിന് കൂടുതൽ അഭിനിവേശം തോന്നുകയുായി. ആഗ്രഹങ്ങൾ കുമിഞ്ഞു കൂടിയപ്പോൾ മലയാളവും സംസ്കൃതവും പഠിക്കുവാൻ കേരളത്തിലെ പണ്ഡിതന്മാരുടെ കേന്ദ്രസ്ഥാനമായി കഴിയുന്ന തൃശ്ശിവപേരൂർ പട്ടണത്തിന്റെ പരിസരപ്രദേശമായ വേലൂർ വന്നു

വെന്ന് അനുമാനിക്കാം. അവിടെ ഒരു പള്ളി സ്ഥാപിക്കുവാൻ പരിശ്രമിച്ചപ്പോൾ പല ക്ലേശങ്ങളും അനുഭവിക്കേി വന്നെങ്കിലും ശൗരിയാർ പുണ്യവാന്റെ പ്രത്യേക അനുഗ്രഹത്താൽ അത് സാധിച്ചു. അദ്ദേഹത്തിന്റെ നാമത്തിലാണ് പള്ളി സ്ഥാപിതമായത്.

വേലൂരുള്ള താമസക്കാലത്ത് എഴുത്തച്ഛന്റെ ശിഷ്യന്മാരും സംസ്കൃതപണ്ഡിതന്മാരുമായ നമ്പൂതിരിമാരും ആ ദിക്കിലുായിരുന്നു. അവരുടെ പരിചയം സമ്പാദിക്കുവാൻ പാതിരിയ്ക്ക് കുറെ വിഷമങ്ങൾ ഉായി. ആദ്യകാലത്ത് നമ്പൂതിരിമാർക്ക് ഈ വെള്ളക്കാരനെക്കുറിച്ച് അല്പം നീരസവും അധികം സംശയവുമുായതിനാൽ സംസ്കൃതം പഠിക്കുന്നതിനുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങൾ കയ്യിൽ കൊടുക്കുന്നതിന് അവർക്ക് മനസ്സുായില്ല. ഒടുവിൽ അങ്കമാലിയിലുള്ള കുഞ്ഞൻ എന്നും കൃഷ്ണൻ എന്നും പേരായ ര് നമ്പൂതിരിമാർ പാതിരിയെ സഹായിക്കുവാൻ തയ്യാറായി. അവർ അദ്ദേഹത്തിന് താളിയോലയിൽ എഴുതിയ സിദ്ധരൂപം മുതലായ സംസ്കൃത വ്യാകരണകൃതികളും മഹാഭാരതം മുതലായ കാവ്യഗ്രന്ഥങ്ങളും നല്കി പ്രോത്സാഹിപ്പിച്ചു. മലയാളത്തിലുള്ള എഴുത്തച്ഛന്റെ കൃതികൾ അദ്ദേഹം ആദ്യംതന്നെ ഹൃദിസ്ഥമാക്കിയിരിക്കണം. വളരെക്കാലത്തെ അദ്ധ്വാനത്തിന്റെ ശേഷം രു ഭാഷകളിലും സാമാന്യം വ്യുല്പന്നനായിത്തീർന്നു. പിന്നീട് അദ്ദേഹം ര് ഭാഷകളിലും കാവ്യകൃതികൾ എഴുതി തുടങ്ങി.

അർണോസ് പാതിരി വേലൂർ താമസമാക്കി പഠിച്ചുവെങ്കിലും കൃതികൾ മിക്കതും പഴയൂർ (പഴുവിൽ) പള്ളിയിൽ ഇരുന്നാണ് എഴുതിയിട്ടുള്ളതെന്ന് പഴമക്കാർ പറയുന്നു. കാരണം നമ്പൂതിരി ഇല്ലക്കാർക്ക് അർണോസിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉാകുന്നതിന് പല കാരണങ്ങൾ ഉായിട്ടു്. ഒരിക്കൽ ഞായറാഴ്ച പള്ളിയിൽ പോകാതെ മത്സ്യം പിടിച്ചിരുന്ന ഒരു ക്രിസ്ത്യാനിയെ അർണോസ് പാതിരി ശകാരിക്കുകയുായി. ശകാരമേറ്റവൻ നമ്പൂതിരി ഇല്ലത്തിന്റെ പണിക്കാരുടെ കുടുംബത്തിലെ അംഗമായിരുന്നതിനാൽ നമ്പൂതിരിയെ വിവരം ബോധിപ്പിച്ചതുമൂലം അർണോസിനോട് വിരോധം തോന്നാനിടയായി. വേറൊരു ദിവസം വരുണപ്രീതിയ്ക്കുവേി യാഗം നടത്തിക്കൊിരിക്കുമ്പോൾ ശ്രീകൃഷ്ണന്റെ വേഷഭൂഷാധികളോടെ കുതിരപ്പുറത്തു കയറി യാഗസ്ഥലത്തു ചെന്ന് യാഗപാത്രമെടുത്തുകൊു വന്ന് തന്റെ മുറിയിൽ സൂക്ഷിച്ചു. ചതുരംഗക്കളിയിൽ പ്രാവീണ്യം നേടിയ അദ്ദേഹത്തോടുകൂടി നമ്പൂതിരിമാർ കളിക്കാറുായിരുന്നു. കളിക്കാൻ വന്ന നമ്പൂതിരിയോട് യാഗത്തെക്കുറിച്ചു ചോദിച്ചപ്പോൾ ഭഗവാൻ പ്രസാദിച്ച് മഴ പെയ്തുവെന്നു പറഞ്ഞപ്പോൾ താൻ തലേദിവസം കൊുവന്ന യാഗപാത്രം മുറിയിൽനിന്ന് കൊുവന്നു കാണിച്ചുകൊടുത്തു. ഇത് കപ്പോൾ നമ്പൂതിരിമാരുടെ വിരോധത്തിന് മൂർച്ചകൂടി. മറ്റൊരുദിവസം പാതിരി സാക്ഷാൽ ശ്രീകൃഷ്ണന്റെ രൂപത്തിൽ (നമ്പൂതിരി ഇല്ലത്ത് ഇല്ലാതിരുന്നതിനാൽ) വരുകയും വീട്ടുകാർ യഥോചിതം സ്വീകരിക്കുകയും ചെയ്തു. നമ്പൂതിരി ഇല്ലത്തു വന്നപ്പോൾ വീട്ടുകാർ വിവരം പറഞ്ഞു. നമ്പൂതിരി കാര്യം മനസ്സിലാക്കി. ഭ്രഷ്ട് ഭയന്ന് അന്നുരാത്രി സ്ഥലം വിട്ടതായി പറയുന്നു. ഈ ഐതിഹ്യങ്ങൾ ഫാദർ സി.കെ. മറ്റത്തിന്റെ 'അർണോസ് പാതിരി'യിൽ രേഖപ്പെടുത്തിയിട്ടു്.

വെറുപ്പും, ഭ്രഷ്ടും നേടുന്ന കാര്യങ്ങൾ പ്രവർത്തിച്ചുപോന്നിരുന്ന അർണോസിനോട് നീരസം തോന്നുകയും അദ്ദേഹത്തെ വകവരുത്താൻ നമ്പൂതിരിമാർ ആഗ്രഹിച്ചു. അതിനുവേി നമ്പൂതിരി കുടുംബത്തിലെ പണിയാളുകളായ ക്രിസ്ത്യാനികളെത്തന്നെ കരുക്കളാക്കി. ക്രിസ്ത്യാനികളായ അവർ അർണോസിനെ കൊല്ലുവാൻ തീരുമാനിച്ചു. കൊല്ലുന്നതിന് വട്ട

മൊരുക്കിയ രാത്രി ഈഴവകുടിയാന്റെ വീട്ടിൽപോയി അവർ കള്ള് മൂക്കറ്റം സേവിച്ചു. കള്ള് അകത്തു ചെന്നപ്പോൾ കള്ളം പുറത്തു വന്നു. ഈഴവസ്ത്രീ അതു മനസ്സിലാക്കി. ആ വിവരം അർണോസ് പാതിരിയെ അറിയിച്ചു. അന്നു രാത്രിതന്നെ താൻ കിടന്നിരുന്ന കട്ടിലിന്മേൽ വാഴത്തടിവെച്ച് പുതപ്പിച്ച് വാതിൽ കതകിന്റെ പിറകിൽ ഒളിച്ചുനിന്നു. രാത്രിയായപ്പോൾ കൊലയാളികൾ വരുകയും കട്ടിലിൽ കിടന്നിരുന്ന വാഴപ്പി അർണോസ് പാതിരിതന്നെയെന്ന് വിചാരിച്ച് വെട്ടി കഷണങ്ങളാക്കി അട്ടഹസിച്ച് പോകുകയും ചെയ്തു. അന്നുരാത്രി സ്ഥലം വിട്ട അർണോസ് പാതിരി പഴുവിൽ എത്തിച്ചേർന്നു എന്നതാണ് പഴമക്കാരുടെ അഭിമതം. പാതിരിയെ രക്ഷിക്കുന്നതിനും വകവരുത്തുന്നതിനും ആയി ര് ക്രിസ്ത്യാനികുടുംബം പഴുവിൽ താമസമാക്കി പോന്നിരുന്നെന്നുള്ള കഥയും പഴുവിൽ പ്രചാരമായിട്ടുള്ളതാണ്.

പഴുവിൽ എത്തിച്ചേർന്ന അർണോസ് പാതിരി കാവ്യകൃതികൾ എഴുതാൻ തുടങ്ങിയെന്നതിനു മതിയായ കാരണമു്. 'പുത്തൻപാന'യുടെ ആരംഭത്തിൽ 'മാർ അന്തോണീസെന്നോട് കല്പിച്ചന്നാൾ' എന്ന വരിയിൽനിന്ന് മെത്രാനായിരിക്കുന്ന അന്തോണീസ് പറഞ്ഞതനുസരിച്ച് താൻ കൃതികൾ എഴുതാൻ തുടങ്ങിയത് എന്ന് സൂചന. മാർ അന്തോണി പിമെന്റൽ മെത്രാപ്പോലീത്തയായിരിക്കണം ഈ മെത്രാൻ. അദ്ദേഹം 1701-ൽ കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം ഏറ്റെടുത്തുവെന്ന് ചരിത്രമു്. അദ്ദേഹത്തെ പിൻതുടർന്ന അന്തോണി പിമെന്റൽ മെത്രാപ്പോലീത്തയുടെ കാലം 1721 മുതൽ 1752 വരെയുള്ളതായിരുന്നു. 1752 കുംഭമാസം 21-ന് പുത്തൻചിറ വെച്ച് മരണം പ്രാപിച്ചതായി രേഖകളിൽ കാണുന്നു. 1906-ൽ 'ഒല്ലൂർ പള്ളി മാഹാത്മ്യം' എന്ന പേരിൽ അച്ചടിച്ചിറക്കിയ ഗ്രന്ഥത്തിൽ അന്തോണി പിമെന്റൽ മെത്രാപ്പോലീത്ത ഈശോസഭാംഗമായിരുന്നെന്നും അദ്ദേഹത്തിന്റെ കാലത്ത് പള്ളികളുടെ അഭിവൃദ്ധിക്കും ജനങ്ങളുടെ ഐക്യത്തിനും പരിശ്രമിച്ചിരുന്നെന്നും രേഖപ്പെടുത്തിയിട്ടു്. അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും ശാസ്ത്രജ്ഞനുമായിരുന്നെന്നും തെളിയിക്കുന്ന വരികൾ 'പുത്തൻപാന'യിൽ തന്നെ കാണാം. അദ്ദേഹത്തിന്റെ കാലഘട്ടം സുവർണ്ണഘട്ടമായിരുന്നു. 1722 മിഥുനമാസം 13-നു മാർ അന്തോണി പിമെന്റൽ മെത്രാപ്പോലീത്ത ഒല്ലൂർപള്ളിയുടെ പ്രതിഷ്ഠാകർമ്മം നടത്തിയെന്നും അന്നു അർണോസ് പാതിരിയുായിരുന്നെന്നും പ്രസംഗം ചെയ്തിരുന്നെന്നും രേഖയു്. (ഒല്ലൂർപള്ളി മാഹാത്മ്യം) പഴുവിൽ പള്ളിയിൽനിന്ന് പിരിഞ്ഞുപോയ ഒല്ലൂർ പള്ളി പ്രതിഷ്ഠാകർമ്മത്തിൽ മുൻപള്ളി വികാരി പങ്കുചേരുകയെന്നുള്ളത് പ്രധാന ചുമതലയാണ്. അതനുസരിച്ചായിരിക്കും അദ്ദേഹം പങ്കുചേർന്നത്. ഈ കാരണങ്ങൾവെച്ചു നോക്കുമ്പോൾ 1721-ന് പിൻപ് പഴുവിൽ താമസിച്ചിരുന്നെന്ന് വ്യക്തമായി തെളിയുന്നു. ആ സ്ഥിതിക്ക് 'പുത്തൻപാന' തുടങ്ങിയ കൃതികൾ പഴുവിൽവെച്ചു തന്നെയാണ് എഴുതിയിട്ടുള്ളത്. പള്ളിമുറ്റത്തുള്ള കിണറിന്റെ മെത്താരണയിൽ ചാരിയിരുന്നാണ് പുത്തൻപാനയെഴുതിയിരുന്നതെന്ന് മറ്റൊരു ഐതിഹ്യം പഴുവിൽ പരന്നിട്ടുള്ളതാണ്. പള്ളിയിൽ മൊസായിക്ക് ഇടുന്നതിന് പ്രവർത്തിച്ചുകൊിരിക്കുമ്പോൾ ഒരു കുഴിമാടം ഇടിഞ്ഞു കു. നോക്കിയപ്പോൾ അസ്ഥികൂടവും മറ്റും കിട്ടുകയുായി. പള്ളിയിൽ ഇന്നും സൂക്ഷിച്ചിട്ടു്. 1732 മാർച്ച് 20-നു മരിച്ച അർണോസിനെ പഴുവിൽ പള്ളിയിൽ സംസ്കരിച്ചുവെന്നു കാണിക്കുന്ന ഒരു ശിലാലേഖനമു്. അദ്ദേഹത്തിന്റെ മരണം സർപ്പദംശനം മൂലമാണുായിട്ടുള്ളത്.

അർണോസ് പാതിരിയുടെ പ്രധാനലക്ഷ്യം ഹിന്ദുക്കൾക്കുള്ള രാമായണ ഭാരതാദി കൃതികൾപോലെ ക്രിസ്ത്യാനി കുടുംബങ്ങളിൽ സന്ധ്യാസമയത്ത് പാരായണത്തിന് ഉൽക്കൃഷ്ട

കാവ്യകൃതികൾ ഉാവണമെന്നുള്ളതായിരുന്നു. ആ കൃതിയിലും മട്ടിലും അവയോടു സാമ്യ മുന്നെ് അനുവാചകർക്ക് ആസ്വദിച്ചറിയാവുന്നതാണ്. എഴുത്തച്ഛന്റെ കൃതികളിലെ ആശയ ങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ സ്ഥലംപിടിച്ചിട്ടു്.

*പുത്തൻപാന, ചതുരന്ത്യം, ഉമ്മാടെ വ്യാകുലപ്രബന്ധം, ജനോവാപർവ്വം, സംസ്കൃത വ്യാകരണം, മലയാളം സംസ്കൃത നിഘു, മലയാളം പോർത്തുഗീസ് നിഘു* മുതലാ യവ അർണോസ് പാതിരിയുടെ കൃതികളാണ്.

#### 9.12.7.1. അർണ്ണോസ് സ്മൃതിമണ്ഡപം

വിദേശത്തുനിന്ന് മിഷനറിയായി വന്ന അർണോസ് പാതിരി വൈദികപട്ടം സ്വീകരിച്ച തിനുശേഷം മലയാളഭാഷയും സംസ്കൃതവും പഠിച്ച് പുത്തൻപാന തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചും താമസിച്ചും മരണമടഞ്ഞതും പഴുവിൽപള്ളിയിലാണെന്ന് രേഖപ്പെടുത്തുന്ന ഒരു ശിലാ രേഖയു്. 1931 ജൂൺ 13-ാം തീയതി സ്ഥാപിച്ച ഈ ശിലാസ്മാരകം അർണോസിനെക്കുറിച്ച് പഴുവിൽ ഇടവകക്കാർ ആദ്യമായി നിർമ്മിച്ച സ്മാരകം ആണ്.

വി. അന്തോണീസിന്റെ നാമത്തിൽ ഇന്ത്യയിൽ ആദ്യമായി പണിതീർത്ത പഴുവിൽപള്ളി യിൽ ആ വിശുദ്ധന്റെ 700-ാം ചരമവാർഷികവും അർണോസ് പാതിരിയുടെ 200-ാം ചരമവാർഷി കവും പഴുവിൽ ഇടവക ജനങ്ങൾ ആചരിച്ചതിന്റെ തെളിവാണ് ഈ സ്മാരകശില. അർണോസ് പാതിരിയെ സംസ്കരിച്ചതിന്റെ അവശിഷ്ടം അർണോസ് സ്മൃതിമണ്ഡപം പണിത് അവിടെ സംസ്കരിച്ചു. സ്മൃതിമണ്ഡപത്തിൽ അർണോസ് പാതിരിയുടെ ഒരു പൂർണ്ണകായപ്രതിമ സ്ഥാപിച്ചു, പാതിരിയുടെ സ്മരണയെ കൂടുതൽ നിലനിർത്തുവാൻ ചരിത്രമ്യൂസിയമുാകു വാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## 9.13. ചരിത്രശേഷിപ്പുകൾ പേറുന്ന കടുത്തുരുത്തി വലിയപള്ളി

#### 9.13.1. ആദ്യത്തെ ദൈവാലയം 'ചതുരപള്ളി'

1524-ൽ സാമൂതിരിയുടെ സൈന്യം അവിചാരിതമായി കൊടുങ്ങല്ലൂർ ആക്രമിക്കുകയും പട്ടണം അഗ്നിക്കിരയാക്കുകയും ചെയ്തു. അവിടെനിന്നും രക്ഷപെട്ട ഒരു നല്ല സംഘം ക്രിസ്ത്യാനികൾ കടുത്തുരുത്തിയിൽ വന്നു താമസമുറപ്പിച്ചെന്നു കരുതപ്പെടുന്നു. എന്നാൽ പരാമ്പരാഗതമായി വിശ്വസിച്ചുവരുന്നത് കൊടുങ്ങല്ലൂരുനിന്നും കുടിയേറ്റക്കാർ വരുന്നതിനു വളരെമുമ്പുതന്നെ കുരുമുളകും ചുക്കും മറ്റു സുഗന്ധദ്രവ്യങ്ങളും ശേഖരിച്ച് കൊടുങ്ങല്ലൂർ തുറമുഖത്തേക്ക് കയറ്റി അയയ്ക്കുന്നതിന് ക്നായി തോമ്മായുടെ മക്കളോ അടുത്ത ബന്ധു ക്കളോ കടുത്തുരുത്തിയിൽ താമസമാക്കിയിരുന്നു എന്നാണ്. കടുത്തുരുത്തി പള്ളിയോടു തൊട്ടുചേർന്നു തെക്കുവശത്തു കിടക്കുന്നതും അടുത്തകാലത്തു പള്ളിയുടെ കൈവശത്തിൽ ഇരിക്കുന്നതുമായ 'കീനാൻപറമ്പ്' ക്നായി തോമ്മായോ അദ്ദേഹത്തിന്റെ മക്കളോ വാങ്ങി താമ സമാക്കിയതായിരിക്കണം. ഇദ്ദേഹത്തിന്റെ സന്തതിപരമ്പരകൾ ഇന്നും കടുത്തുരുത്തി യിലുന്നെു വിശ്വസിച്ചുപോരുന്നു. കീനാൻ തൊമ്മൻ എന്നു വിളിക്കുമ്പോൾ ക്നാൻ പറ മ്പിലെ തോമസ് എന്നാണ് മനസ്സിലാക്കുന്നത്. ഒരു ലക്ഷത്തിൽപരം ക്നാനായക്കാർ കോട്ടയം രൂപതയിൽ മാത്രമുള്ളപ്പോൾ കടുത്തുരുത്തിയിലുള്ള ഒരു പ്രത്യേക കുടുംബത്തെ മാത്രം

കീനാൻ (ക്നാൻ) തൊമ്മൻ എന്നു പ്രത്യേകം എടുത്തുവിളിക്കുന്നത് ശ്രദ്ധിക്കപ്പെടേതാണ്. ക്നായി തൊമ്മന്റെ വംശാവലിയിൽപെട്ടവരാണവർ എന്നു കരുതാം.

ക്നായി തോമാക്കു ചേരമാൻ പെരുമാൾ നല്കിയ ചെപ്പേടിനു നാലു സാക്ഷികളുായിരുന്നു. അവർ ഓരോ ദേശത്തിന്റെ അധിപന്മാരായിരുന്നു. ഈ സാക്ഷികളിൽ ഒരാൾ കടുത്തുരുത്തിയിലെ വിക്രമൻ ചിങ്ങനായിരുന്നു. അദ്ദേഹം മുഖേന ആയിരിക്കാം കടുത്തുരുത്തിയുടെ കച്ചവടപ്രാധാന്യം ഗ്രഹിച്ച് കുടിയേറ്റക്കാരെ ഇങ്ങോട്ട് ആകർഷിച്ചത്. പള്ളിക്കുള്ള അനുമതിയും ഇദ്ദേഹത്തിൽനിന്നും ലഭിച്ചിരിക്കാനാണ് സാധ്യത.

കടുത്തുരുത്തിയിലെ ആദ്യത്തെ ദൈവാലയത്തിന് 'ചതുരപള്ളി' എന്നായിരുന്നു പേര്. തടികൊ് സമചതുരാകൃതിയിൽ പണിത് പനയോലകൊ് മേഞ്ഞതിനാലായിരിക്കാം ഈ പേരു വന്നത്. അതിന്റെ നീളവും വീതിയും അതു നിർമ്മിച്ച കാലവും ആർക്കും അറിവില്ല. നാലാം ശതാബ്ദം മുതൽ ചെറുതെങ്കിലും ഒരു ക്രിസ്തീയസമൂഹം കടുത്തുരുത്തിയിൽ ഉായിരുന്നുവെന്നതിനെ ആധാരമാക്കിയാണ് ദൈവാലയത്തിന്റെ സ്ഥാപനകാലത്തെപ്പറ്റി 'അഉമയീൗേ 500' എന്ന് പള്ളി പഞ്ചാംഗത്തിൽ പറഞ്ഞിരിക്കുന്നത്. കടുത്തുരുത്തിയിലെ ആദ്യത്തെ പള്ളി തടികൊുള്ള 'ചതുരപള്ളി' എന്ന് പഴമക്കാർ ഇപ്പോഴും പറയുന്നു്.

ഫാ. ബർണാഡിന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ചരിത്രഗ്രന്ഥത്തിൽ കടുത്തുരുത്തിപള്ളിയുടെ സ്ഥാപനകാലം 4-ാം ശതാബ്ദം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1890-ലെ പള്ളി പഞ്ചാംഗത്തിലും ഇതേ കാലഘട്ടമാണ് സൂചിപ്പിച്ചിരിക്കുന്നത്. 1490-ൽ അച്ചടിച്ച *കേരള ക്രൈസ്തവ ഡിറക്ടറി* രാം പതിപ്പിലും (*The Malabar Christian Historical Directory*, edited by Philip George) കടുത്തുരുത്തി വലിയപള്ളി 4-ാം നൂറ്റാിൽ സ്ഥാപിച്ചു എന്നു പ്രസ്താവിച്ചിരിക്കുന്നു.

**9.13.2. രാമത്തെ ദൈവാലയം**

ആദ്യത്തെ ദൈവാലയം കാലപ്പഴക്കംകൊ് ജീർണ്ണിച്ചു പോയതോ, വർദ്ധിച്ചുവന്ന ജനസമൂഹത്തിനു സ്ഥലസൗകര്യം ലഭിക്കാഞ്ഞതോ ആയിരിക്കാം രാമത്തെ ദൈവാലയത്തിന്റെ നിർമ്മിതിക്കു കാരണം. ചെങ്കല്ല് അഥവാ വെട്ടുകല്ലുകൊു പണിതുയർത്തിയതാണ് ഈ ആരാധനാലയം. ഇപ്പോഴത്തെ ദൈവാലയത്തിന്റെ മണിമാളിക നിൽക്കുന്ന ഭാഗം ഉൾപ്പെടെ അതിന്റെ കിഴക്കുവശത്തായിട്ടാണ് അടിത്തറ കാണപ്പെടുന്നത്. മരിച്ചവരെ ദൈവാലയത്തിൽതന്നെ സംസ്കരിക്കുന്ന പതിവ് മുൻകാലങ്ങളിലുായിരുന്നു. മരിച്ച ആളിന്റെ പേരും മറ്റു വിവരണങ്ങളും കരിങ്കൽ പലകമേൽ എഴുതിസ്ഥാപിച്ചിട്ടുള്ള അനേകം കബറിടഭാഗങ്ങൾ ഇവിടെ കാണാം. വട്ടെഴുത്തു ലിപികളാണ് ഇവയിൽ കാണുന്നത്. എന്നാൽ, കാലപ്പഴക്കംകൊ് അവയൊന്നും ഇന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല.

**9.13.3. മൂന്നാമത്തെ പള്ളി**

കടുത്തുരുത്തി വലിയപള്ളിയുടെ ചരിത്രം മൂന്നു ഘട്ടങ്ങളായി വിഭജിക്കാവുന്നതാണ്. 4 മുതൽ 10 വരെയുള്ള ശതാബ്ദം ആദ്യഘട്ടം. ഈ ഘട്ടത്തിൽ ചരിത്രരേഖകൾ വളരെ വിരളമായിട്ടേയുള്ളൂ. രാമത്തെഘട്ടം 10 മുതൽ 18-ാം ശതാബ്ദത്തിന്റെ മദ്ധ്യഭാഗം-മാർത്താണ്ഡവർമ്മ വടക്കുംകൂർ സ്വരൂപം പിടിച്ചടക്കുന്നതുവരെയുള്ളതാണ്. ഇത് കടുത്തുരുത്തിയുടെ സുവർണ്ണകാലം. അതേസമയം അധഃപതനത്തിന്റെ ആരംഭവുമാണ്. കൊടുങ്ങല്ലൂർനിന്നും 10-ാം നൂറ്റാിൽ കടുത്തുരുത്തിയിലേക്കുായ കുടിയേറ്റം, കടുത്തുരുത്തി അങ്ങാടിയുടെ വിക

സനം, പ്രമുഖ കുടുംബങ്ങളുടെ അഭിവൃദ്ധി, കോട്ടയം, കല്ലിശ്ശേരി, മുതലായ സ്ഥലങ്ങളിൽ ക്നാനായക്കാരുടെ ഉയർച്ച, മൂന്നാമത്തെ പള്ളിയുടെ ആരംഭം, പോർട്ടുഗീസുകാരുടെ വരവും സുറിയാനി റീത്തിന്മേലുള്ള കയ്യേറ്റവും, പറമ്പിൽ ചാി മെത്രാന്റെ വാഴ്ച, മാർ അബ്രാഹം മെത്രാന്റെ തിരോധാനം, വലിയപള്ളിയുടെ വികസനം, സുപ്രസിദ്ധമായ കരിങ്കൽകുരുശിന്റെ സ്ഥാപനം, മെനേസീസു മെത്രാപ്പോലീത്തായുടെ കടുത്തുരുത്തി സന്ദർശനവും ലത്തീൻ ആധിപത്യവും, ചുങ്കം, ഉഴവൂർ, പുന്നത്ര മുതലായ സ്ഥലങ്ങളിലേക്കുള്ള ക്നാനായക്കാരുടെ കുടിയേറ്റം, കടുത്തുരുത്തി നിവാസിയായ കുമ്മനത്തു ഇട്ടൂപ്പു കത്തനാരുടെ നേതൃത്വത്തിൽ ഉഴവൂർ, പുന്നത്ര പള്ളികളുടെ സ്ഥാപനം എന്നിവയെല്ലാം ഈ കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങളാണ്.

കടുത്തുരുത്തിയുടെ മൂന്നാംഘട്ടം ആരംഭിക്കുന്നത് വടക്കുംകൂർ അഥവാ വേണാട്ടു സ്വരൂപത്തിന്റെ തിരോധാനത്തോടുകൂടിയാണ്. വേണാടിന്റെ തലസ്ഥാനനഗരിയായി പ്രശോഭിച്ചിരുന്ന കടുത്തുരുത്തിയുടെ രാജകൊട്ടാരങ്ങളും കച്ചേരികളും സൈനികാസ്ഥാനങ്ങളുമെല്ലാം നശിപ്പിച്ച് പഴയ തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു. അങ്ങനെ തിരുവിതാംകൂറിന്റെ ഭരണസംവിധാനം അവിടെ നിലവിൽ വന്നു. അതോടെ വ്യാപാരം മന്ദീഭവിച്ചു; തുറമുഖം സഞ്ചാരയോഗ്യമല്ലാതായിത്തീർന്നു; പള്ളിയുടെ കിഴക്കും പടിഞ്ഞാറുമായി പരിലസിച്ചിരുന്ന അങ്ങാടിയിൽ ക്രയവിക്രയങ്ങൾ നടക്കാതെ കെട്ടിടങ്ങൾ നാശോന്മുഖമായി. അവിടെ താമസമുറപ്പിച്ചിരുന്ന പ്രമുഖ കുടുംബങ്ങൾ കൃഷിസ്ഥലങ്ങളന്വേഷിച്ച് മറ്റു ഭാഗങ്ങളിലേക്കു താമസം മാറി.

1498-ലാണ് വാസ്കോഡിഗാമ കോഴിക്കോട്ടു വന്നിറങ്ങിയത്. 1456-ലാണ് കടുത്തുരുത്തിയിലെ ഇപ്പോഴത്തെപള്ളി നിർമ്മിതമായത്. കടുത്തുരുത്തി വലിയപള്ളിയുടെ പാട്ടിൽതന്നെ ഇതിനു തെളിവുകളു്.

"കാലത്തുപള്ളി കടുത്തുരുത്തിൽ
കാതലായി വെച്ചതിനാശകൂറി"

'കാലത്തു' എന്ന പദസമുന്വയത്തിന്റെ അർത്ഥം കൊല്ലവർഷം 631 എന്നാണ്. അതിനു 'പരല്പേരും' പ്രകാരമുള്ള കണക്കുകൂട്ടൽ എന്നു പറയുന്നു. കൊല്ലവർഷം 631 ക്രിസ്താബ്ദം 1456 ആണ്.

കടുത്തുരുത്തിയിലെ കുരിശിന്റെ പാട്ടിൽ 'കുംഭമേഴും മീനമെഴുനൂറ്റി മുപ്പതാം കാലം' എന്നു പറയുന്നുത് കൊല്ലവർഷം 771 ക്രിസ്താബ്ദം 1596 ആണ്. പ്രസ്തുത കുരിശിന്റെ കൂദാശകർമ്മത്തിൽ മെനേസീസ് മെത്രാപ്പോലീത്തയുടെ കൂടെ സന്നിഹിതനായിരുന്ന അദ്ദേഹത്തിന്റെ സെക്രട്ടറി ഗൊവേയാ തന്റെ 'ജൊർനാദാ' എന്ന ഗ്രന്ഥത്തിൽ കടുത്തുരുത്തിയിലെ കുരിശിന്റെ കൂദാശാകർമ്മം 1596 പെസഹാവ്യാഴാഴ്ച ആണെന്നു പ്രസ്താവിക്കുന്നു. ഇന്നുവരെ ലഭിച്ചിട്ടുള്ള തെളിവുകൾ വച്ചുനോക്കുമ്പോൾ കടുത്തുരുത്തിയിൽ ഇന്നു കാണുന്ന പള്ളി മുമ്പുായിരുന്നവയോടു യോജിപ്പിച്ചു മദുബഹായും മണിമാളികയും മുഖവാരവും (ഉമരമറല) പണികഴിപ്പിച്ചിട്ടുള്ളതാണെന്നു വ്യക്തമായി ഗ്രഹിക്കാം.

1456-ലെ പള്ളിയുടെ രു നെടുഭിത്തികൾ മാത്രമേ ഇന്ന് അവശേഷിച്ചിട്ടുള്ളു. ആ ഭിത്തികൾക്ക് നാല് അടിയിൽ കൂടുതൽ ഘനമു്. രു വശത്തും ഓരോ വാതിലും മുഖവാരത്തിൽ ആനവാതിലും അല്ലാതെ ഭിത്തികളിൽ ജനാലകൾ ഒന്നുമുായിരുന്നില്ല. ഈ ഭിത്തികളുടെ ഉൾഭാഗം പൊള്ളയാണ്. അതിൽ വെറും ആറ്റുമണൽ ഇട്ടു നിറച്ചിരിക്കുകയാണ്.

പുറത്ത് എത്രകൂടിയ ചൂട് അനുഭവപ്പെട്ടാലും അത് അകത്ത് കടക്കാതിരിക്കത്തക്കവിധമാണ് അതിന്റെ സംവിധാനം.

കേരളത്തിലെ അവസാനത്തെ സുറിയാനി മെത്രാപ്പോലീത്താ ആയിരുന്നു മാർ അബ്രാഹം. കടുത്തുരുത്തി വലിയപള്ളി വിപുലമായി പണിയുന്നതിനും ഇന്നു നാം കാണുന്ന മനോഹരമായ കരിങ്കൽ കുരിശ് സ്ഥാപിക്കുന്നതിനുമുള്ള തീരുമാനം അദ്ദേഹത്തിന്റെ അന്ത്യകാലത്തോടുകൂടിയാണ് ഉായത്, മൂന്നാമത്തെ പള്ളിയുടെ നെടുഭിത്തികൾ നിർത്തി കിഴക്കുവശത്തു മദുബഹാ പൊളിച്ചു മുന്നോട്ടു നീട്ടി പുതിയ അൾത്താരയും മണിമാളികയും പണിയുന്നതിനും പടിഞ്ഞാറുവശത്തെ പഴയ മുഖവാരം പൊളിച്ച് വിപുലപ്പെടുത്തുന്നതിനും അങ്ങനെ കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കുന്നതിനു മുകൾത്തട്ടും പുതിയ മുഖവാരവും പണിയുന്നതിനുമാണ് തീരുമാനമുായത്.

പോർട്ടുഗീസ് ആധിപത്യം സുറിയാനി ക്രിസ്ത്യാനികളുടെ മേൽ അടിച്ചേല്പിക്കുന്നതിനുള്ള നീക്കങ്ങൾ മനോവേദനയോടെ കുകൊിരുന്ന മാർ അബ്രാഹം മെത്രാപ്പോലീത്ത (1563-1597) തന്റെ അന്ത്യനാളുകൾ അടുത്തിരിക്കുന്നു എന്നറിഞ്ഞു ക്നാനായക്കാരോടുള്ള സ്നേഹത്തിന്റെ അടയാളമായി കടുത്തുരുത്തി വലിയപള്ളി വിസ്താരപ്പെടുത്തുവാനും കരിങ്കൽ കുരിശു നിർമ്മിക്കാനും ഉത്സാഹം കാട്ടി.

**9.13.4. കരിങ്കൽ ഫലകം**

കടുത്തുരുത്തി പള്ളിയുടെ വടക്കുവശത്തെ ഭിത്തിയിൽ (പുറത്തു പടിഞ്ഞാറുവശം) സ്ഥാപിച്ചിരിക്കുന്ന കരിങ്കൽഫലകം പള്ളി വിസ്താരപ്പെടുത്തി പണികഴിപ്പിച്ചതിന്റെ രേഖയാണ്.

ക്രിസ്താബ്ദം 1590 ഫെബ്രുവരി മാസം 22-ാം തീയതി മാർ അബ്രാഹം മെത്രാപ്പോലീത്ത പള്ളി വലുതാക്കി പണിയുന്നതിനുള്ള ശിലാസ്ഥാപനകർമ്മം നിർവഹിച്ചു എന്നാണ് ഈ ശിലാലിഖിതത്തിന്റെ ഉള്ളടക്കം.

വട്ടെഴുത്തിലുള്ള ആ ശിലാലിഖിതം ആധുനിക മലയാള ലിപികളിൽ ചരിത്ര പണ്ഡിതനായ ഡോ. ജേക്കബ് കൊല്ലാപറമ്പിൽ ഇങ്ങനെ പകർത്തിയിരിക്കുന്നു.

| | |
|---|---|
| മാറാൻ | കൊല്ലം |
| ഈചോമി | 765 |
| ചിഹ | കുർവ്വാന |
| പൂമിഇ | ക്കുപ്പായം |
| ൽ പിറന്ന് | ഇട്ടു ഒ |
| 1590 | രു കല്ലു 5 |
| കുംപ മാ | കൈകൾ പി |
| തം22നു | ടിച്ചു മതുവാ |
| ഞാറാഴ്ച | യി വെച്ചു |
| ച നാൾ പ | ആമ്മേനീചോ |

ള്ളി വലുതാഇ പണി
യാൻ മാർ അവുരാ മെത്തെ
റാനും 4 കത്തങ്ങളും

1597-ൽ മാർ അബ്രാഹം ചരമമടഞ്ഞു. അതിനുശേഷമാണ് പോർട്ടുഗീസുകാരനായ മെനേസീസ് മെത്രാപ്പോലീത്ത 1599-ൽ കടുത്തുരുത്തി സന്ദർശിച്ചത്. അദ്ദേഹത്തിന്റെ സെക്രട്ടറി ഗൊവെയായുടെ വിവരണങ്ങളിൽ കടുത്തുരുത്തിയിലെ കുരിശിന്റെ ആഘോഷമായ ആശീർവ്വാദകർമ്മം മെനേസീസു മെത്രാപ്പോലീത്ത നിർവഹിച്ചു എന്നാണ്. ആ വിവരണങ്ങളിൽ പള്ളിയുടെ കൂദാശകർമ്മത്തെപ്പറ്റി വിവരിക്കാതിരുന്നതു അതിനുമുമ്പ് മാർ അബ്രാഹം അതു നടത്തിയിരുന്നതുകൊായിരിക്കണം.

### 9.13.5. കടുത്തുരുത്തി പള്ളിയിൽ കാണാവുന്ന ചരിത്രരേഖകൾ

ഇന്ത്യയിലെ അവസാനത്തെ കൽദായ(സുറിയാനി) മെത്രാപ്പോലീത്തയായിരുന്നു മാർ അബ്രാഹം. കേരളത്തിൽ ഭൗതികാധികാരത്തോടൊപ്പം ആദ്ധ്യാത്മികാധികാരവും സ്വായത്തമാക്കാനുള്ള പോർട്ടുഗീസുകാരുടെ നിരന്തരശ്രമത്തിൽ ഏറ്റവും കൂടുതൽ ഞെരുക്കം അനുഭവിക്കേി വന്നത് അദ്ദേഹത്തിനായിരുന്നു. റോമാ സിംഹാസനത്തിൽ പോർട്ടുഗീസുകാർക്കു ചെലുത്താൻ കഴിയുന്ന സ്വാധീനത്തെപ്പറ്റി ബോധവാനായിരുന്ന അദ്ദേഹം ദീർഘദൃഷ്ടിയോടുകൂടി കിരുന്നു, അവർ ഇവിടെ ആധിപത്യം ഉറപ്പിക്കുമെന്ന്. അതോടെ സുറിയാനിസഭയുടെ പല പാരമ്പര്യങ്ങളും നഷ്ടീഭവിക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു. അതിനുള്ള മുൻകരുതലായി അദ്ദേഹം ക്നാനായ കുടിയേറ്റത്തിന്റെ ചരിത്രം സംരക്ഷിക്കുവാൻ തയ്യാറായി. ചരിത്രം എഴുതി വയ്ക്കുന്നതിനേക്കാൾ അഭികാമ്യമായി അദ്ദേഹത്തിനു തോന്നിയത് ദൈവാലയങ്ങളുടെ അകത്ത് ക്രിസ്തീയവിശ്വാസത്തിന്റെ അടയാളങ്ങൾ രേഖപ്പെടുത്തുകയും പുറമെയുള്ള വശങ്ങളിൽ ചരിത്രസാക്ഷ്യങ്ങൾ ചിത്രീകരിക്കുകയും ചെയ്യുക എന്നുള്ളതാണ്.

#### 9.13.5.1. മുഖവാര ചിത്രം - ക്നാനായ കുടിയേറ്റം

കടുത്തുരുത്തി വലിയപള്ളിയുടെ മുഖവാരത്തു കാണുന്ന ചിത്രം എ.ഡി. 345 ലെ ക്നാനായ കുടിയേറ്റത്തിന്റെ ആദ്ധ്യാത്മികവശത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു പുരുഷനും ഒരു സ്ത്രീയും തലയിൽ കപ്പൽ വഹിച്ചുകൊു നിൽക്കുന്നു. ഇരുവരുടെയും അരവരെയുള്ള ഭാഗം മത്സ്യമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. കടലിൽകൂടി വന്നവരാണെന്നു കാണിക്കുവാൻവേി കടലാനയെയും മുകളിൽ പക്ഷികളെയും കാണിച്ചിട്ടു്. ക്നാനായ സമുദായത്തിന്റെ കൊടുങ്ങല്ലൂരെ കുടിയേറ്റമാണ് ഈ ചിത്രങ്ങളിലൂടെ വ്യക്തമാക്കുന്നതെങ്കിലും വലിയ പള്ളിയിൽ മൂന്ന് നോമ്പ് വലിയ തിരുനാളായി ആഘോഷിച്ചുകൊ് പഴയനിയമത്തിലെ യൗനാൻ ദീർഘദർശിയുടെ ദൗത്യത്തെയാണ് ഇവിടെ അനുസ്മരിക്കുന്നത്. നിനിവേയിലേക്ക് യൗനാനെ അയച്ചതുപോലെ കേരളത്തിലേക്കയയ്ക്കപ്പെട്ട ക്നാനായക്കാർക്കു നൽകപ്പെട്ട സന്ദേശം അവർ ഇന്ത്യയിൽ ക്രിസ്തുവിന്റെ സന്ദേശവാഹികളാകുക എന്നുള്ളതാണ്.

#### 9.13.5.2. നായാട്ടു ചിത്രം - കൊടുങ്ങല്ലൂർ ഓർമ്മ

പള്ളിയുടെ കിഴക്കുവശത്ത് മണിമാളികയുടെ പുറത്തെ ഭിത്തിയിൽ ഒരു ശിക്കാരി പന്നിയെ വെടിവെക്കുന്നതിന് ഉന്നം നോക്കിനില്ക്കുന്ന ചിത്രമു്. ഈ ചിത്രത്തിൽ അന്തർഭവിച്ചിരിക്കുന്ന കഥ എന്തെന്നു നോക്കാം. ക്നായി തോമ്മായുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ 72 കുടുംബങ്ങൾക്ക് താമസിക്കാൻ സ്ഥലം ആവശ്യമാണ്. ചേരമാൻ പെരുമാളാണ് ഭരണാധിപൻ. ക്നാനായി തൊമ്മൻ രാജാവിനെ മുഖം കാണിച്ച് തങ്ങൾക്കു താമസിക്കാൻ സ്ഥലം തരണമെന്ന് അപേക്ഷിച്ചു. രാജാവ് സമ്മതിച്ചു. ഏറെ താമസിയാതെ

രാജാവും പരിവാരങ്ങളും നായാട്ടിനു പോയി. നായാട്ടിൽ ദത്തശ്രദ്ധനായിരിക്കെ ആ സ്ഥലം തോമസിനും അദ്ദേഹത്തിന്റെ അനുചരന്മാർക്കും പട്ടണംകെട്ടി താമസിക്കാനനുയോജ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. ഉടനെ തോമസിനെ വിളിച്ചുകൊുവരുന്നതിന് രാജാവ് കല്പന നല്കി. അദ്ദേഹം രാജാവിന്റെ സന്നിധിയിലെത്തി. പ്രസ്തുത സ്ഥലം തോമസിന്റെ ഹിതാനുസാരം പട്ടണം പണിയുന്നതിന് യോജിച്ചതാണോ എന്നു നോക്കാൻ ആവശ്യപ്പെട്ടു. തോമസ് തന്റെ അനുയായികളോടു കൂടി ആ പ്രദേശം ചുറ്റി നടന്ന ക്, അവർക്ക് ഇഷ്ടപ്പെട്ടു. അവർ അവിടെ പട്ടണം സ്ഥാപിച്ചു. മകോതെ- സംസ്കൃതത്തിൽ മഹോദേവർ എന്ന് അന്നത്തെ ചേരമാൻ പെരുമാളിന്റെ പേരിൽ അറിയപ്പെടുന്നതും പത്താം നൂറ്റാുവരെ ക്നാനായക്കാർ കൊടുങ്ങല്ലൂർ താമസിച്ചിരുന്നതുമായ സ്ഥലത്തിന്റെ ഓർമ്മ നിലനിർത്താനാണ് നായാട്ടിന്റെ ചിത്രം രേഖപ്പെടുത്തിയിരിക്കുന്നത്.

കടുത്തുരുത്തി വലിയപള്ളിയിലെ ചരിത്ര സ്മാരകങ്ങൾ (1) മാർ അബ്രാഹം നിർമ്മിച്ച ഇപ്പോഴത്തെ ദൈവാലയം (2) കരിങ്കൽ കുരിശ് (3) മാമ്മോദീസാ നല്കുന്ന കൽത്തൊട്ടി (4) പള്ളിമണി എന്നിവയാണ്.

**9.13.5.3. കരിങ്കൽ കുരിശ്**

കടുത്തുരുത്തി വലിയപള്ളിയുടെ കിഴക്കേ അങ്കണത്തിലാണ് പ്രസിദ്ധമായ കരിങ്കൽകുരിശ് നിലകൊള്ളുന്നത്. 1594-ൽ വലിയപള്ളിയുടെ പണി പൂർത്തിയാക്കി കൂദാശ ചെയ്ത ശേഷം മാർ അബ്രാഹം മെത്രാൻ പള്ളിക്കു യോജ്യമായ ഒരു കരിങ്കൽ കുരിശുകൂടി സ്ഥാപിക്കണമെന്ന് അഭിലഷിച്ചു. അതിന്റെ പ്ലാനും പീഠത്തിങ്കൽ രേഖപ്പെടുത്തേ ചരിത്രസംഭവങ്ങളുടെ വിവരണങ്ങളും അദ്ദേഹംതന്നെ നിർദ്ദേശിച്ചുകൊടുത്തു. ക്രിസ്തീയവിശ്വാസത്തിൽ കുരിശിനുള്ള സ്ഥാനം, തോമാശ്ലീഹായും കേരളമായും കേരളത്തിനു മൈലാപ്പൂരുമായുള്ള ബന്ധം, ക്നായിതൊമ്മന്റെ കൊടുങ്ങല്ലൂർ കുടിയേറ്റം, അദ്ദേഹത്തിന് ചേരമാൻ പെരുമാൾ ചെമ്പുപട്ടയം നല്കുന്ന രംഗം, കൊടുങ്ങല്ലൂരിന്റെ നാശത്തിനു വഴിതെളിച്ച യുദ്ധങ്ങൾ എന്നിവയെല്ലാം ചിത്രരൂപേണ കരിങ്കൽ കുരിശിൽ കൊത്തിവച്ചിട്ടുള്ളതായി കാണാം.

കടുത്തുരുത്തിയിൽ സ്ഥാപിതമായിരിക്കുന്ന കുരിശിന് 40 അടി ഉയരമു്. അതിന്റെ പീഠത്തിന് 10 അടിനീളവും 10 അടി വീതിയും 10 അടി ഉയരവുമാണുള്ളത് പീഠത്തിന്റെ ചുറ്റിലുമുള്ള കൊത്തുവേലകളെ കുരുശിന്റെ പാട്ടിൽ വിവരിച്ചിരിക്കുന്നത് ‘സിംഹം, ഗജം, പുലി, പന്നി, കേഴമാനും മറിമാനൊട്ടകവും, അന്നംകിളി മൈൽ പൂങ്കോഴിയും പുഷ്പവും നല്ല ലതാദികളും’ എന്നാണ്. കുരിശിന്റെ പീഠത്തിൽ പടിഞ്ഞാറുവശത്തു നിർമ്മിച്ചിരിക്കുന്ന കമാനത്തിൽ കന്യകമറിയം യേശുവിനെ കൈയ്യിലേന്തി പള്ളിക്കഭിമുഖമായി നിലകൊള്ളുന്നു. വടക്കുവശത്ത് ഒരു യഹൂദസ്ത്രീ - മറിയത്തിന്റെ അമ്മ - മകളെ തന്റെ സമീപത്തു നിർത്തിയിരിക്കുന്ന ചിത്രം, കിഴക്കുവശത്ത് കുരിശിന്റെ സമീപത്തേക്കു കടന്നുവരുന്ന പ്രേഷിതരെ ആഹ്വാനം ചെയ്തുകൊ് നിൽക്കുന്ന ഇന്ത്യയുടെ അപ്പസ്തോലനായ തോമ്മാശ്ലീഹാ, തെക്കുഭാഗത്ത് കേരളമണ്ണിൽ മതാദ്ധ്യക്ഷന്മാരേയും സ്വജനങ്ങളേയും കുടിയിരുത്താൻ കൊുവന്ന മഹത്തായ ഒരു പ്രേഷിതകുടിയേറ്റത്തിന്റെ നേതാവ് ക്നായിതോമ്മാ... ഇങ്ങനെ നാലുവശവും ഭംഗിയേറിയ ചിത്രവേലകൾകൊ് കമനീയമാക്കപ്പെട്ടിരിക്കുകയാണ് കടുത്തുരുത്തി വലിയ പള്ളിയുടെ കരിങ്കൽ കുരിശ്.

മേൽപറയപ്പെട്ട പ്രതിമകളുടെ ചുറ്റും കുരിശിന്റെ പീഠത്തിൽ 'തോമ്മാശ്ലീഹായുടെ കുരിശ്' എന്നറിയപ്പെടുന്ന അനേകം കുരിശുകൾ സ്ഥാപിച്ചിട്ടു്. ചതുരാകൃതിയിലുള്ള താഴത്തെ പീഠത്തിനു മുകളിൽ എട്ടുപട്ടമുള്ള ഒരെടുപ്പ്ു്. അവയുടെ മുകളിൽ ദീർഘചതുരാകൃതിയിലുള്ള എട്ടുപട്ടങ്ങളിൽ ഓരോന്നിലും മനോഹരങ്ങളായ ചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. ക്യാൻവാസിലോ കടലാസിലോ ചിത്രങ്ങൾ എഴുതുന്നതുപോലെ കരിങ്കല്ലിലും അതിമനോഹരങ്ങളായ ചിത്രങ്ങൾ നിർമ്മിക്കുവാൻ കഴിവുള്ള കലാചതുരന്മാർ 16–ാം നൂറ്റാിലുമുായിരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. കാലപ്പഴക്കംകൊ് ചിത്രങ്ങൾ പലതും മാഞ്ഞുതുടങ്ങിയിട്ടു്. കൊടുങ്ങല്ലൂരിന്റെ പൂർവ്വസ്മരണ നിലനിർത്തുന്നതും ക്നാനായക്കാർക്ക് അവിടെയുായിരുന്ന പദവിയും വിളിച്ചറിയിക്കുന്നതുമായ പല ചിത്രങ്ങളും അവിടെ കാണാം. അതിനടുത്തു കാണുന്ന ചിത്രങ്ങൾ യുദ്ധരംഗങ്ങളാണ്. കൊടുങ്ങല്ലൂർ നടന്ന മൂന്നു യുദ്ധങ്ങളെയാണ് അവ പ്രതിനിധാനം ചെയ്യുന്നത്. അവയിൽ രണ്ണെം അറബികളുമായുായ ഏറ്റുമുട്ടലുകളും ഒന്ന് പരശുരാമൻ കേരളത്തിൽ ആധിപത്യം പുലർത്തുന്നതുമാണ്. കൊടുങ്ങല്ലൂർ ഉപേക്ഷിച്ച് കടുത്തുരുത്തി കുടിയേറ്റസ്ഥാനമായി തെരഞ്ഞെടുക്കുവാനുായ സാഹചര്യം ഇതിൽ ഏതായിരുന്നുവെന്ന് ചരിത്രകാരന്മാർ വ്യക്തമായി പറയുന്നില്ല. ഇതിന്റെ മറുവശത്തുള്ള ചിത്രങ്ങൾ നായാട്ടിനെ അനുസ്മരിക്കുന്നതാണ്. കേരളത്തിലെ ഏറ്റവും വലിയ കരിങ്കൽ കുരിശ് കടുത്തുരുത്തിയിലേതാണ്. അതു നാട്ടിനിർത്തുന്നതിന് ഭഗീരഥപ്രയത്നം ചെയ്യേിവന്നു.

1597–ൽ കരിങ്കൽ കുരിശിന്റെ പണി പൂർത്തിയായി. അതേവർഷം തന്നെ ഇതിന്റെ നിർമ്മാണത്തിനുവേി എല്ലാവിധ പ്രോത്സാഹനങ്ങളും നല്കിക്കൊിരുന്ന മാർ അബ്രാഹം മെത്രാപ്പോലീത്താ നിര്യാതനായി. കുരിശിന്റെ കൂദാശകർമ്മം 'സ്വന്തം മെത്രാപ്പോലീത്താ'യെക്കൊു നിർവഹിക്കാൻ സാധിക്കാതെ വന്നു. കൂദാശകർമ്മം നിർവഹിച്ചത് മെനേസീസ് മെത്രാപ്പോലീത്താ 1599–ലെ വലിയനോമ്പിന്റെ ദുഃഖവെള്ളിയാഴ്ച ദിവസമായിരുന്നു. ഈ വസ്തുത *പുരാതനപ്പാട്ടുകളിൽ* പ്രസ്താവിച്ചു്.

ഈ ചരിത്രപ്രസിദ്ധമായ കുരിശിൻ ചുവട്ടിൽ വി. കുരിശിന്റെ ഒരംശം നിക്ഷിപ്തമായിട്ടുന്നൊണ് പരക്കെയുള്ള വിശ്വാസം. വലിപ്പംകൊും കലാവൈശിഷ്ട്യംകൊും അതുപോലെ വി. കുരിശിന്റെ ഒരംശം നിഷിപ്തമായിരിക്കുന്ന മഹത്ത്വംകൊും കേരളത്തിൽ ദൈവാലയങ്ങളോടനുബന്ധിച്ചുള്ള പല കരിങ്കൽ കുരിശുകളിൽ മഹനീയമായ ഒരു സ്ഥാനമാണ് കടുത്തുരുത്തി വലിയപള്ളിയിലെ ചരിത്രപ്രസിദ്ധമായ കുരിശിനുള്ളത്. ആ കരിങ്കൽ കുരിശിങ്കലുള്ള ഒരു പ്രധാനനേർച്ചയാണ് ചുറ്റുവിളക്ക്. വിസ്തൃതമായ കുരിശിൻ ചുവട്ടിൽ പ്രത്യേക വിളക്കുകളിൽ വെളിച്ചെണ്ണയൊഴിച്ച് നിരനിരയായി ഒട്ടേറെ വിളക്കുകൾ തെളിക്കുന്നതിനാണ് 'ചുറ്റുവിളക്കു നേർച്ച' എന്നു പറയാറുള്ളത്. വളരെ ഫലസിദ്ധിയുള്ള ഒരു നേർച്ചയായി ഇതിനെ ജാതിമതഭേദംകൂടാതെ ജനങ്ങൾ പരിഗണിച്ചുവരുന്നു. കുരിശിങ്കലുള്ള ഈ നേർച്ച വി. കുരിശിനെപ്പറ്റിയുള്ള ഭക്തിയേക്കാൾ ദിവ്യജനനിയോടുള്ള ഒരു ഭക്തിപ്രകടനമായും അവിടെ കരുതപ്പെടുന്നു. അതുപോലെ ദുഖവെള്ളിയാഴ്ച ദിവസം ഈ കുരിശുചുറ്റി കുരിശുതൊട്ടി മുതലുള്ള നീന്തൽ നേർച്ചയും പല ശതാബ്ദങ്ങളായി കടുത്തുരുത്തിയിലെ ഒരു പ്രധാന നേർച്ചയാണ്. പല രോഗശമനങ്ങളും ഈ നേർച്ച നടത്തുന്നവർക്ക് സിദ്ധിക്കാറു്. സന്താനലബ്ധി തുടങ്ങിയ ഉദ്ദേശ്യങ്ങളും ഈ നേർച്ച നിർവ്വഹിക്കുന്ന ഒരു വിഭാഗമാളുകൾക്കു്.

എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേകിച്ച് മാസാദ്യവെള്ളിയാഴ്ചകളിൽ കടുത്തുരുത്തി കരിങ്കൽ കുരിശിങ്കൽ വരുന്ന നാനാജാതി ജനങ്ങളുടെ ഭക്തിപ്രകടനങ്ങളും ചുറ്റുവിളക്കു കത്തിക്കലും നൂറ്റാുകളുടെ തുടർച്ചയാണ്.

**9.13.5.4. മാമ്മോദീസാ കല്ല്**

(From the Roman Rite of blessing the Baptismal Font "From the Immaculate Womb of the divine Font comes forth heavenly offspring born as a new creature"). "കളങ്കരഹിതമായ ഗർഭപാത്രത്തിൽനിന്ന് എന്നപോലെ ദൈവികമായ ഈ പാത്രത്തിൽനിന്നും പുതിയ സൃഷ്ടിയായി ഒരു ദൈവികസന്തതി പുറത്തേക്കു വരുന്നു." (Roman Ritual) വിശുദ്ധ കുർബാന അർപ്പിക്കുന്ന ബലിപീഠത്തിന്റെ പവിത്രത പോലെതന്നെ മാമ്മോദീസാ നല്കുന്ന സ്ഥലത്തിനും പവിത്രത കല്പിച്ചിരിക്കുന്നു.

മാതാപിതാക്കൾ വഴി സംജാതമായ ശിശുവിനെ വീും പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനം വഴി ദൈവികമനുഷ്യനാക്കി മാറ്റുന്ന പ്രക്രിയയാണ് മാമ്മോദീസാ.

കടുത്തുരുത്തിയിലെ മാമ്മോദീസാ കല്ലിന്റെ പുറകുവശത്ത് ചുറ്റുമായി കരിങ്കല്ലിൽ കൊത്തിയ ചിത്രവേലകൾ കാണാവുന്നതാണ്. അവയിലൊന്ന്, ക്രിസ്തു ജോർദ്ദാൻ നദിയിലിറങ്ങി യോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിക്കുന്നതാണ്. മറ്റൊന്ന്, പീഡാസഹനത്തിനും കുരിശുമരണത്തിനുംശേഷം ക്രിസ്തുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തിയിരിക്കുന്നതാണ്. കടുത്തുരുത്തിയിലെ കരിങ്കൽ കുരിശിനേക്കാൾ പഴക്കമേറിയതാണ് ഈ മാമ്മോദീസാകല്ല് എന്ന് ചരിത്രകാരന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. 1456-ൽ നിർമ്മിച്ച പള്ളിയോട് അനുബന്ധിച്ചായിരിക്കണം ഈ മാമ്മോദീസാ തൊട്ടിയും സ്ഥാപിച്ചതെന്ന് അനുമാനിക്കാം.

**9.13.5.5. വലിയപള്ളിയുടെ മദുബഹായും അൾത്താരയും**

ഓരോ കാലഘട്ടങ്ങളിലും പ്രതിധ്വനിക്കുന്ന, രൂപം പ്രാപിക്കുന്ന, കലാരൂപങ്ങൾ അക്കാലത്തു നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളിൽ ദൃശ്യമായിരിക്കും. അവ നശിക്കുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുമ്പോൾ അതതു കാലത്തിന്റെ ചരിത്രവും കൂടിയാണ് നഷ്ടപ്പെടുന്നത്. നവീകരണത്തിന്റേതായ ഈ യുഗത്തിലും 16-ാം നൂറ്റാിലെ ശില്പകലയെ ദ്യോതിപ്പിക്കുന്ന കടുത്തുരുത്തി വലിയപള്ളിക്ക് യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല എന്നത് സന്തോഷദായകമാണ്. അവിടുത്തെ മദുബഹായും അൾത്താരയും അന്നത്തെ ശില്പകലാവൈദഗ്ധ്യത്തിന് മകുടോദാഹരണം തന്നെ.

പരിശുദ്ധ കന്യാമറിയത്തിന്റെ നാമത്തിൽ പ്രതിഷ്ഠിതമായിരിക്കുന്ന ഈ ദൈവാലയത്തിൽ, മരണാനന്തരം ദൈവമാതാവിന് സ്വർഗ്ഗത്തിൽ നല്കപ്പെട്ട മഹത്ത്വപൂർണ്ണമായ വരവേല്പം മുടിചൂടലും അൾത്താരയുടെ പിറകിൽ പണിതീർത്തിട്ടുള്ള (Reardos) പുറംചട്ടക്കൂടിന്റെ ഏറ്റവും മുകളിൽ മധ്യഭാഗത്തായി ചിത്രീകരിച്ചിരിക്കുന്ന പൂമാലകൾ കയ്യിലേന്തിയ മാലാഖമാരുടെ സമൂഹം വിവിധ സംഗീതോപകരണങ്ങൾ മീട്ടിക്കൊുള്ള മാലാഖാവൃന്ദങ്ങളുടെ സംഗീതാലാപം, പൂർവ്വപിതാക്കന്മാരും അപ്പസ്തോലരുമടങ്ങിയ മഹനീയസദസ്സ്, അദ്ധ്യക്ഷവേദിയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും അവരുടെ നടുവിൽ കൈകൾകൂപ്പി വിനീതയായി നില്ക്കുന്ന കന്യാമറിയം സ്വർഗ്ഗരാജ്യത്തിന്റെ കിരീടം അണിയിക്കപ്പെടുന്ന രംഗം അത്യാ

കർഷകമായി ചിത്രീകരിച്ചിരിക്കുന്നു. മറിയത്തിന്റെ ഇരുപാർശ്വങ്ങളിലൂമായി ക്രിസ്തീയ നെടും തൂണുകളായ വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പ്രതിമകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവയ്ക്കു താഴെയായി മദ്ധ്യത്തിൽ സ്വപുത്രനെ മാറോടുചേർത്ത്പിടിച്ചു നില്ക്കുന്ന മറിയത്തിന്റെ മറ്റൊരു പ്രതിമയു്. പ്രസ്തുത പ്രതിമയുടെ വലതുവശത്ത് വി. യൗസേപ്പിന്റെയും ഇടതുവശത്ത് സ്നാപകയോഹന്നാന്റെയും ചിത്രങ്ങൾ കാണാം. ഇതിന്റെ വശങ്ങളിൽ ഇൻഡ്യയുടെ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായും കുമ്പസാരരഹസ്യം സൂക്ഷിച്ചതിനു വീരചരമം കൈവരിച്ച വി. ജോൺ നെപുംസ്യാനോസും സ്ഥാനം പിടിച്ചിട്ടു്.

വി. കുർബാന സൂക്ഷിക്കുന്ന സക്രാരിയും പരസ്യാരാധനയ്ക്കു വി. കുർബാന ഉയർത്തിവയ്ക്കുന്ന സിംഹാസനവും അസാമാന്യ വലിപ്പമുള്ളവയും മദുബഹായുടെ ഗാംഭീര്യത്തിനു മാറ്റു കൂട്ടുന്നവയുമാണ്. മദുബഹായുടെ ചട്ടക്കൂട്ടിൽ തടിയിൽ കൊത്തി വർണ്ണഭംഗിപിടിപ്പിച്ചുള്ള തൂണുകളും അതിന്മേലുള്ള പുഷ്പങ്ങളും ലതകളും 16-ാം നൂറ്റാിലെ ചിത്രകലയുടെ നിദർശനങ്ങളാണ്. ഇതിഹാസത്തിലെ രാജക്ഷാളി പക്ഷി സ്വഹൃദയത്തെ ചുുകൊ്കൊത്തിക്കീറി തന്റെ കുഞ്ഞുങ്ങൾക്ക് രക്തം ഊറ്റിക്കൊടുത്ത് ജീവൻ ഹോമിക്കുന്ന ചിത്രങ്ങൾക്ക് അവിടെ പ്രമുഖസ്ഥാനം നല്കിയിട്ടു്. അത് വെറും അലങ്കാരത്തിനു മാത്രമാണെന്നു തോന്നുന്നില്ല. സ്വന്തം രക്തം ചിന്തി മനുഷ്യവംശത്തെ രക്ഷിച്ച ക്രിസ്തുവിന്റെ ത്യാഗസന്നദ്ധതയും, മക്കളുടെ വിശപ്പു മനസ്സിലാക്കി അവരുടെ സഹായത്തിനായി ഓടിയെത്തുന്ന മറിയത്തിന്റെ മാതൃഹൃദയവും ഈ ചിത്രങ്ങളിലൂടെ മനസ്സിലാക്കാം.

വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പ്രതിമകൾക്ക് താഴെ ഒരു സിംഹത്തിന്റെയും ഒരു കാളയുടെയും ചിത്രങ്ങൾ കാണാം. സുവിശേഷകരായ വി. മർക്കോസിനെയും വി. ലൂക്കായേയും ആണ് അവ സൂചിപ്പിക്കുന്നത്. എന്നാൽ വി. മത്തായി, യോഹന്നാൻ ശ്ലീഹന്മാർക്ക് യഥാക്രമം മാലാഖയുടെയും കഴുകന്റെയും അടയാളങ്ങളാണ് നല്കപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രസ്തുത അടയാളങ്ങൾ അവിടെ ചിത്രണം ചെയ്തു കാണുന്നില്ല.

**9.13.5.6. കടുത്തുരുത്തിയിലെ പള്ളിമണി**

കടുത്തുരുത്തിയിലെ പള്ളിമണി പഞ്ചലോഹനിർമ്മിതമാണെന്നു പറയപ്പെടുന്നു. അതിൽ 1647 എന്ന സംഖ്യ കൊത്തിയിരിക്കുന്നത് അതിന്റെ ജന്മവർഷത്തെ സൂചിപ്പിക്കുന്നതാണ്. കടുത്തുരുത്തി പോർട്ടുഗീസ് ആധിപത്യത്തിലായിരുന്നപ്പോൾ അവരുടെ സഹായത്തോടെ പോർട്ടുഗലിൽനിന്നും കൊുവന്നതായിരിക്കണം ഈ പള്ളിമണി. വേമ്പനാട്ടു കായലിന്റെ പടിഞ്ഞാറേ തീരത്തുള്ള കണ്ണങ്കര ഇടവകക്കാർക്ക് സ്വന്തമായി ഒരു ദേവാലയം ഉായത് 1842-ലാണ്. അതിനുമുമ്പ് അവർ കടുത്തുരുത്തി ഇടവകക്കാരായിരുന്നു. കിഴക്കൻ കാറ്റ് അനുകൂലമായിരുന്ന സാഹചര്യത്തിൽ കടുത്തുരുത്തിയിലെ പള്ളിമണിയുടെ ശബ്ദം കണ്ണങ്കരനിവാസികൾക്കു കേൾക്കാമായിരുന്നു. ഇന്നു കടുത്തുരുത്തിക്കു പടിഞ്ഞാറു ഭാഗത്തുള്ള കരഭൂമിയും വൃക്ഷലതാദികളും മറ്റും അന്നില്ലായിരുന്നു. കൂടാതെ ഇന്നു കാണുന്ന മണിനാക്ക് അല്ലായിരുന്നു അന്നുായിരുന്നത് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

1790 നോടടുത്ത് ടിപ്പു സുൽത്താൻ കേരളം ആക്രമിച്ചപ്പോൾ കടുത്തുരുത്തിപള്ളി സൂക്ഷിപ്പുകാർ പള്ളിയിലെ നിക്ഷേപങ്ങൾ ഓരോന്നും സുരക്ഷിതസ്ഥാനങ്ങളിലേയ്ക്ക് മാറ്റി. മണിമാളികയിൽനിന്നും പള്ളിമണി താഴെയിറക്കി മണിയും അതിന്റെ നാക്കും വേർപെടുത്തി പ്രത്യേകം സ്ഥാനങ്ങളിൽ കുഴിച്ചിട്ടു. മണിനാക്ക് ഒരു കിണറ്റിലാണ് ഇട്ടിരുന്നതെന്ന് പറയപ്പെ

ടുന്നു. എന്നാൽ, ആലുവാപ്പുഴയിലെ വെള്ളപ്പൊക്കം നിമിത്തം ടിപ്പുവിന് കടൽ കടക്കാൻ കഴിയാതെ അദ്ദേഹവും സൈന്യവും തിരിച്ചുപോയി. ആക്രമണഭീതി അകന്നതോടെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്ന നിക്ഷേപങ്ങളെല്ലാം പുറത്തു കൊവന്നു. നിർഭാഗ്യമെന്നു പറയട്ടെ, പള്ളിമണിയുടെ നാക്കു നഷ്ടപ്പെട്ടു. വിവാദങ്ങൾകൊാന്നും ഫലമില്ലെന്ന് മനസ്സിലാക്കിയ ജനങ്ങൾ ആദ്യം ഇരുമ്പുകൊുള്ള മണിനാക്കുാക്കി മണി അടിച്ചുകൊിരുന്നു. പിന്നീട് ഇരുമ്പുമണിനാക്ക് മാറ്റി തൽസ്ഥാനത്ത് ഓടുകൊുള്ള മണിനാക്ക് സ്ഥാപിച്ചു. പക്ഷേ, ആദ്യമുായിരുന്ന ദൂരവ്യാപകമായ മണിമുഴക്കം വീടെുക്കാൻ ഇതുകൊാന്നും സാധിച്ചില്ല. ഇപ്പോഴും ആ നിലയിൽ തന്നെ കഴിയുന്നു. 300-ഓളം വർഷത്തെ പഴക്കമുള്ള ഈ മണിക്ക് ഇപ്പോഴും കാര്യമായ തേയ്മാനമൊന്നും സംഭവിച്ചിട്ടില്ല.

#### 9.13.5.7. വാദ്യപ്പുര

അതിപുരാതനങ്ങളായ അമ്പലങ്ങളുടെ മാതൃക നമുക്ക് സുപരിചിതമാണ്. മദ്ധ്യത്തിൽ അമ്പലം, അതിനു ചുറ്റും നടുമുറ്റം പിന്നീട് കൂറ്റൻ മതിലുകൾ അമ്പലത്തിലേക്കു പ്രവേശിക്കാനുള്ള വലിയ പ്രവേശനകവാടം, അതിനുമുകളിൽ വാദ്യമേളങ്ങൾ നടത്തുന്നവർക്ക് സൗകര്യമായി ഇരിക്കുന്നതിനുള്ള വിശാലമായ എടുപ്പുകൾ ഇവയെല്ലാം ഒരമ്പലത്തിന്റെ മാതൃകകളാണ്. പോർച്ചുഗീസുകാരുടെ വരവിനു മുമ്പുായിരുന്ന പ്രശസ്തങ്ങളായ പള്ളികൾക്കും ഇതേ സംവിധാനമാണുായിരുന്നത്. അവയിൽ വാദ്യപ്പുര അനിവാര്യമായ ഒന്നായിരുന്നു. പള്ളികളിൽ ചെറുതും വലുതുമായ അനേകം തിരുനാളുകൾ ആഘോഷിച്ചിരുന്നു. വാദ്യമേളക്കാർക്ക് ആുവട്ടം ഒരു നിശ്ചിതപണവും നെല്ലും മറ്റ് അവകാശങ്ങളും കൊടുത്തുകൊള്ളാമെന്നായിരുന്നു വ്യവസ്ഥ.

കടുത്തുരുത്തി പള്ളിമുറ്റത്തിനു ചുറ്റും ബലവത്തായ മതിൽകെട്ടു്. അതിന്റെ കിഴക്കേകവാടം സദാ തുറന്നിട്ടിരുന്നു. കരിങ്കൽ കുരിശിൽ പ്രാർത്ഥിക്കുന്നതിനും ചുറ്റുവിളക്കുകൾ കത്തിക്കുന്നതിനും ജനങ്ങൾക്ക് സൗകര്യമുാക്കുന്നതിനാണ് ഇപ്രകാരം ചെയ്തിരുന്നത്. പള്ളിമുറ്റത്തിന്റെ പടിഞ്ഞാറെ ഭാഗത്തെ മതിൽക്കെട്ടുകൾ സന്ധിച്ചിരുന്നത് വലിയ ഒരു കമാനത്തിലായിരുന്നു. അതിലൂടെ ആനകൾക്ക് നിഷ്പ്രയാസം പള്ളിമുറ്റത്തു പ്രവേശിക്കാമായിരുന്നു. ഈ കമാനത്തിന്റെ മുകളിലായിരുന്നു വാദ്യപ്പുര. ചെക്കാർക്കും നാദസ്വരക്കാർക്കും ഒരേ സമയം അതിൽ സമ്മേളിക്കുന്നതിനും രാത്രി ഉറങ്ങുന്നതിനും കഴിയത്തക്കവിധം വിസ്താരമുള്ളതായിരുന്നു ആ മുറി. അടിത്തട്ടിൽനിന്നും നാലുവശത്തേക്കും ചെരിഞ്ഞ് തള്ളി നില്ക്കുന്ന മരത്തൂണുകളിലാണ് അതിന്റെ മേൽക്കൂര സ്ഥാപിച്ചിരുന്നത്. ആവശ്യത്തിനു വായുവും വെളിച്ചവും ഉള്ളിൽ കടക്കത്തക്കവിധമാണ് അത് സംവിധാനം ചെയ്തിരുന്നത്.

വാദ്യമേളത്തിനുപയോഗിച്ചിരുന്ന ഈ കെട്ടിടത്തിന് മറ്റൊരു ഉപയോഗം കൂടിയുായിരുന്നു. പുരുഷന്മാർ പു മുതലേ ആയുധാഭ്യാസം പരിശീലിച്ചിരുന്നുവല്ലോ. ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കുന്നതിനു പുരുഷന്മാർ ദൈവാലയത്തിലേക്കു പോരുമ്പോൾ അവരുടെ കൈവശം വാളും പരിചയും എടുത്തിരുന്നു. പള്ളിയിൽ പ്രവേശിക്കുന്നതിനു മുമ്പായി പ്രസ്തുത ആയുധങ്ങൾ സൂക്ഷിക്കാനുള്ള സ്ഥലം കൂടിയായിരുന്നു ഈ വാദ്യപ്പുര. സൈനികചിട്ടയിൽ ഒന്നിനു മുകളിലൽ ഒന്നായി അവ അടുക്കിവച്ചിരുന്നു. കുർബാന കഴിഞ്ഞ് വീട്ടിലേക്കു തിരിച്ചുപോകുമ്പോൾ വീും ചിട്ടയോടുകൂടിയാണ് അവ എടുത്തിരുന്നത്. ആഴ്ചയിൽ കുറെ ദുവസമെങ്കിലും ഈ കെട്ടിടം ആയുധപ്പുരയായി മാറുമായിരുന്നു. ഇത്തരത്തി

ലുള്ള ഒരു കെട്ടിടം ഇന്നിന്റെ ഉപയോഗത്തിന് ആവശ്യമില്ലെന്നു കരുതി അവ നശിപ്പിച്ചു കളഞ്ഞു.

### 9.13.6. 'വലിയപള്ളി' സ്ഥാനം

കടുത്തുരുത്തിയിൽ രു ദൈവാലയങ്ങാണുള്ളത്. കോട്ടയം രൂപതയുടെ വക വലിയപള്ളിയും പാലാരൂപതയുടെ താഴത്തുപള്ളിയും. ഈ രു പള്ളികളിലേയും വിശ്വാസികൾ ആദ്യകാലത്ത് വലിയപള്ളിയിലാണ് ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത്. വലിയപള്ളിയുടെ അകത്ത് പടിഞ്ഞാറോട്ടുള്ള നിരകളിലും പുറത്ത് പടിഞ്ഞാറുവശത്തെ മുറ്റത്തും താഴത്തുപള്ളിയുടെ പൂർവ്വികന്മാരേയും അതുപോലെ കിഴക്കുഭാഗത്ത് ക്നാനായക്കാരുടെ പൂർവ്വികരേയും സംസ്കരിച്ചിട്ടുള്ള സ്മാരകശിലകൾ ഇപ്പോഴും കാണാം. ജനസംഖ്യ വർദ്ധിച്ചതോടെ താഴത്തുപള്ളി സ്ഥാപിച്ച് അങ്ങോട്ടു മാറുകയും ക്നാനായക്കാർ സ്വന്തം ഇടവകയായ വലിയപള്ളിയിൽ നിലയുറപ്പിക്കുകയും ചെയ്തുപോന്നു. ഇങ്ങനെയുള്ള ഇടവക വിഭജനത്തിനു മറ്റൊരു കാരണംകൂടി പറയുന്നു്. പള്ളിക്കകത്ത് മുൻനിരയിൽ സ്ഥാനം പിടിക്കാനുള്ള സംരംഭത്തിൽ സ്ത്രീകൾ തമ്മിൽ ശണ്ഠകൂടുകയും അതേതുടർന്ന് മാലാനാ എന്ന സ്ത്രീ അവരുടെ സ്വന്തമായ സ്ഥലം പുതിയപള്ളി സ്ഥാപിക്കുന്നതിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ആ മഹതിയുടെ നിർലോഭമായ സഹായത്താൽ സ്ഥാപിതമായതാണ് താഴത്തുപള്ളി.

ഇരുപള്ളികളും തമ്മിൽ തിരിച്ചറിയുന്നതിന് പഴയപള്ളിയെ വലിയപള്ളിയെന്നും സമീസ്ഥമായ പുതിയപള്ളിയെ താഴത്തുപള്ളിയെന്നും പേർ വിളിക്കപ്പെട്ടു.

### 9.13.7. അർണോസുപാതിരി കടുത്തുരുത്തി വലിയപള്ളിയിൽ

മലയാളസാഹിത്യത്തിന്റെ വികസനത്തിന് മറക്കാനാവാത്ത സംഭാവനകൾ നൽകിയ അർണോസുപാതിരിയെപ്പറ്റി കേൾക്കാത്ത മലയാളികൾ ചുരുക്കമായിരിക്കും. അദ്ദേഹം രചിച്ച മതഗീതങ്ങൾ - പാനകൾ - ഏവർക്കും സുപരിചിതമാണല്ലോ. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ വിവരിക്കുന്ന പാട്ടുകൾ മുൻകാലങ്ങളിൽ വലിയ നോയമ്പിലും പ്രത്യേകിച്ചു പെസഹാ വ്യാഴാഴ്ച രാത്രിയിലും വിശ്വാസികൾ ദൈവാലയത്തിൽ ഒരുമിച്ച് പാടിയിരുന്നു. മിക്കവാറും ഇവയെല്ലാംതന്നെ അർണോസുപാതിരി രചിച്ചതോ, അദ്ദേഹത്തിന്റെ കാലത്ത് മനഃപാഠമായി പാടിക്കൊിരുന്നവ ആവശ്യമായ തിരുത്തലുകൾ ചെയ്ത് അദ്ദേഹം രേഖപ്പെടുത്തിയതോ ആയിരിക്കാം.

ജർമ്മൻകാരനും ഈശോ സഭാംഗവുമായ ഒരു വൈദികനായിരുന്നു അർണോസുപാതിരി. അദ്ദേഹത്തിന്റെ യഥാർത്ഥനാമം ഏണസ്റ്റ് ഹാൻക്സ് ലെഡൻ എന്നായിരുന്നു. കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്തായായിരുന്ന ജോൺ റിബെയിരയുടെ സഹപ്രവർത്തകനായി അദ്ദേഹം കേരളത്തിൽ വന്നു മലയാളവും സംസ്കൃതവും പഠിച്ചു. രു ഭാഷകളിലും അഗാധമായ വ്യുല്പത്തി സമ്പാദിച്ചു. മലയാളഭാഷയിലെ മതഗ്രന്ഥങ്ങളുടെ അഭാവം പരിഗ്രഹിക്കുവാൻ അദ്ദേഹം തൃശ്ശൂരിനടുത്ത് വേലൂരിലേക്ക് താമസം മാറ്റി ഗ്രന്ഥരചനയിൽ ഏർപ്പെട്ടു. കടുത്തുരുത്തി വലിയപള്ളി കൊടുങ്ങല്ലൂർ രൂപതയുടെ അധീനതയിലായിരുന്നതിനാൽ പുരാതന പാട്ടുകളും പാനകളും അവിടെനിന്നു ശേഖരിച്ച് ഓലയിൽ എഴുതി സൂക്ഷിച്ചിരുന്ന പാട്ടുകളും പ്രാർത്ഥനകളും വായിച്ചു മനസ്സിലാക്കാൻ കഴിവുള്ളവർ മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്ത് പഠിപ്പിച്ചിരുന്നു. അങ്ങനെ പഴയപാട്ടുകളും പ്രാർത്ഥനകളും മനഃപാഠമാക്കിയിട്ടുള്ളവരെ അർണോ

സുപാതിരി പള്ളിയിൽ വിളിച്ചുവരുത്തി എഴുതി എടുത്തിരുന്നു. സ്ത്രീകൾക്കായിരുന്നു പാടിക്കൊടുക്കാൻ കൂടുതൽ സാമർത്ഥ്യമുായിരുന്നത്. ഉപ്പൂട്ടിൽ കുടുംബത്തിലെ സ്ത്രീകൾ ഇക്കാര്യത്തിൽ കൂടുതൽ പാടവം കാണിച്ചു. അദ്ദേഹം അവർക്കു നല്കിയിരുന്ന സമ്മാനങ്ങൾ വളരെക്കാലത്തേക്ക് ആ വീട്ടിൽ സൂക്ഷിച്ചുവെച്ചിട്ടുായിരുന്നു. അങ്ങനെ നഷ്ടപ്പെടാൻ സാദ്ധ്യതയുായിരുന്ന പല രേഖകളും അദ്ദേഹം പുനഃപരിശോധന ചെയ്ത് രേഖപ്പെടുത്തി വച്ചു.

1732–ലാണ് അർണോസുപാതിരി മരിച്ചത്. തൃശ്ശൂർ രൂപതയിലെ പഴുവു പള്ളിയിൽ അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്തു. 'പുരാതനപാട്ടുകൾ' എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകം രൂപപ്പെടുത്തിയത് യഥാർത്ഥത്തിൽ കുമരകം സ്വദേശി വട്ടക്കളത്തിൽ ബഹു. മത്തായി അച്ചനാണ്. അദ്ദേഹവും അർണോസുപാതിരിയെപ്പോലെ കടുത്തുരുത്തിയിൽ വന്നു താമസിച്ച് സമുദായത്തിൽ നിലനിന്നിരുന്ന പാട്ടുകൾ ശേഖരിച്ച് രേഖപ്പെടുത്തിയിരുന്നു. പുരാതന ദൈവാലയങ്ങളിൽ പുരാവസ്തുക്കൾ മാത്രമല്ല, പഴയ സംസ്കാരങ്ങളെയും മാമൂലുകളെയും പറ്റിയുള്ള ജ്ഞാനവും കൈവിടാതെ സൂക്ഷിക്കപ്പെട്ടുപോരുന്നു.

## 9.14. കുറവിലങ്ങാട് മർത്തമറിയം പള്ളി (എ.ഡി. 345) മധ്യകേരള ക്രൈസ്തവരുടെ ഈറ്റില്ലം

### 9.14.1. ദൈവാലയസ്ഥാപനവും പുരാവൃത്തവും

കേരള കത്തോലിക്കരുടെ പ്രാചീനമായ ദേവാലയങ്ങളിൽ ഒന്നാണ് കുറവിലങ്ങാട് മർത്തമറിയം പള്ളി. ഒട്ടേറെ ചരിത്രസംഭവങ്ങളും പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും സവിശേഷമായ ആചാരാനുഷ്ഠാനങ്ങളും ഈ ദൈവാലയത്തോടനുബന്ധിച്ച് നിലനിൽക്കുന്നു്. പ്രശസ്ത തീർത്ഥാടനകേന്ദ്രമായ ഈ പള്ളി കോട്ടയത്തിനു 22 കി. മീറ്റർ വടക്ക് മീനച്ചിൽ താലൂക്കിൽ സ്ഥിതി ചെയ്യുന്നു.

കേരളത്തിലെ മിക്ക പ്രാചീനദേവാലയങ്ങളും മൂന്നോ നാലോ കുടുംബങ്ങൾ ഒത്തുചേർന്ന് സ്ഥാപിച്ചവയാണ്. കൃഷിക്കും വ്യാപാരത്തിനുമായി പുതിയ ഇടങ്ങളിലേക്കു ചേക്കേറുന്ന ക്രിസ്ത്യാനികൾ മൂലദേവാലയത്തോടുള്ള ബന്ധം നിലനിർത്തിക്കൊു പോന്നിരുന്നു. ദേശവാസികളുടെ സംപ്രീതി നേടിയതുകൊ് അവരുടെ അനുവാദത്തോടെ ദേവാലയസ്ഥാപനം നടത്തി. എ.ഡി. 105-ൽ ഇവിടെ ക്രൈസ്തവസമൂഹം രൂപംകൊു. എ.ഡി. 345-ൽ ദൈവാലയം സ്ഥാപിക്കപ്പെട്ടു എന്നാണ് വിശ്വാസം. പാലയൂർ എന്ന സ്ഥലത്തുനിന്നു പുറപ്പെട്ടുപോന്ന പകലോമറ്റം, ശങ്കുരിക്കൽ, കള്ളി, കാളികാവ് എന്നീ കുടുംബക്കാർ അങ്കമാലി തെക്കൻപള്ളിപ്പുറം, കടുത്തുരുത്തി വഴി ഏറ്റുമാനൂരെത്തി അവിടത്തെ ക്ഷേത്രാധികാരികളുടെ സഹായത്തോടെ കാളികാവ് എന്ന സ്ഥലത്ത് ദേവാലയം സ്ഥാപിച്ചു എന്ന് ഐതിഹ്യം പറയുന്നു.

കേരളത്തിലെ ബ്രാഹ്മണഗ്രാമങ്ങൾ നിള-പെരിയാർ നദീതീരം വിട്ട് തെക്കോട്ട് വ്യാപിക്കുന്നത് എ.ഡി. നാലാം നൂറ്റാോടെയാണ് ആ ബന്ധം പാലയൂർ ക്രൈസ്തവർക്ക് ഏറ്റുമാനൂരിലക്ക് പോകുന്നതിന് പ്രേരകമായിട്ടുാവാം. കേരളീയ ഭൂപ്രകൃതിയിൽ നദീ, കരമാർഗ്ഗങ്ങളിലൂടെ ചില സഞ്ചാരപഥങ്ങൾ ഉായിരുന്നു. എന്നാൽ മറ്റു വിശ്വാസാചാരങ്ങൾ സ്വീക

രിച്ച കുടിയേറ്റക്കാർക്ക് ഏറ്റുമാനൂരിലെ ബ്രാഹ്മണർ കുറച്ചകലെയുള്ള കാളികാവിലാണ് താമസിക്കാൻ സ്ഥലം കൊടുത്തത്. മതം മാറി നസ്രാണികൾ ആയിത്തീർന്നവരാണ് ഇവർ എന്നറിഞ്ഞ ക്ഷേത്രാധികാരികൾ ഉഗ്രദേവതയായ കാളിയുടെ കോപത്തിന് ഇരയാകട്ടെ എന്നു കരുതിയാവാം അവിടെ താമസിക്കാൻ പറഞ്ഞുവിട്ടത്.

പ്രാചീന ക്ഷേത്രങ്ങളുടെയെല്ലാം സ്ഥാപനത്തിനു പിന്നിൽ ചില ഐതിഹ്യങ്ങൾ പ്രചാരത്തിലു്. കുറവിലങ്ങാട് പള്ളിയുടെ സ്ഥാപനത്തെ സംബന്ധിച്ചും അപ്രകാരത്തിലൊന്ന് പ്രചാരത്തിലു്. എ.ഡി. 335-ൽ കുറവിലങ്ങാടുായിരുന്ന ഒരു കളരിയിൽ നസാണി കുട്ടികൾ അക്ഷരാഭ്യാസം നടത്തിയിരുന്നു. എഴുത്തുകഴിഞ്ഞ് വീടുകളിലേക്കു പോകുമ്പോൾ ഒരു വൃദ്ധ കുട്ടികളുടെ അടുത്തെത്തി നിലത്തുനിന്ന് കല്ലുകഷണങ്ങൾ പെറുക്കിയെടുത്ത് അപ്പമാക്കിക്കൊടുത്തു. അവിടെത്തന്നെ കൈകൊ് കുഴിച്ച് ഒരു നീരുറവയും കാണിച്ചുകൊടുത്തു. കുട്ടികൾ ഈ വിവരം വീടുകളിൽ ചെന്ന് മുതിർന്നവരെ അറിയിച്ചു. അത്ഭുതമറിഞ്ഞെത്തിയ മാതാപിതാക്കൾക്കും വൃദ്ധസ്ത്രീ പ്രത്യക്ഷപ്പെട്ട് നീരുറവ കാണിച്ചുകൊടുക്കുകയും ഉറവയുടെ വശത്ത് പള്ളി പണിയണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രത്യക്ഷപ്പെട്ട വൃദ്ധ പരി. കന്യകാമറിയമായിരുന്നുവെന്ന് അവർ വിശ്വസിച്ചു. പാരമ്പര്യമനുസരിച്ച് വൃദ്ധയുടെ ദർശനവും വെളിപ്പെടുത്തലും നടന്നത് എ.ഡി. 335-ൽ ആണ്. എ.ഡി. 345-ൽ ഇവിടെ ദേവാലയം സ്ഥാപിച്ചു എന്നാണ് പൊതുവായ നിഗമനം. ലോകത്തിലാദ്യമായി പരി. കന്യാമറിയത്തിന്റെ ദർശനം ഉായത് കുറവിലങ്ങാടാണ് എന്ന അഭിപ്രായവും നിലനില്ക്കുന്നു.

ഈ പാരമ്പര്യത്തിന് എ.ഡി. 345-ഓളം പഴക്കം കല്പിക്കുമ്പോൾ വ്യവസ്ഥാപിതമായ ഒരു കുടുംബഘടനയും സാമുഹികവ്യവസ്ഥിതിയും ക്രിസ്തുമതവിശ്വാസജീവിതത്തിന്റെ സുപ്രതിഷ്ഠയും അനുവദിച്ചുകൊടുക്കേിവരും. അത്തരത്തിലുള്ള ഒരു ചരിത്രസൂചന കത്തെുക ക്ലേശകരമാണ്. ആഗോളസഭയുടെ ചരിത്രവുമായി ബന്ധിച്ചു നോക്കുമ്പോൾ അത് ക്രിസ്തുമതപ്രതിഷ്ഠാപനത്തിന്റെ ബാല്യദശയാണ്. സംഘർഷങ്ങളെ അതിജീവിച്ച് സഭ വേരുറപ്പിക്കുന്നത് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (എ.ഡി. 274-337) കാലത്തായിരുന്നു. ആരാധനയും വിശ്വാസവും വ്യവസ്ഥാപിതമാകുന്നതും അക്കാലത്താണ്.

കുറവിലങ്ങാട് പള്ളി മൂന്നു പ്രാവശ്യം പുതുക്കിപ്പണിതതതിന്റെ തെളിവുകൾ വ്യക്തമാണ്. ഓരോ പ്രാവശ്യവും വടക്കോട്ടു വീതി കൂട്ടുന്ന രീതി സ്വീകരിച്ചതായി തോന്നുന്നു. പള്ളിയുടെ കിഴക്കുവശത്തുള്ള ഭിത്തിയിൽ മൂന്നുതരം ചേർപ്പുകൾ കാണുന്നു്. ആദ്യത്തെ പള്ളിയുടെ മദ്ബഹാ പില്ക്കാലത്തെ പുതുക്കലോടെ തെക്കെ അരികിലായി എ.ഡി. 162-ൽ പള്ളിവീട്ടിൽ കത്തനാർ പുതുക്കിയതായി പാരമ്പര്യമു്. ഇത് പോർത്തുഗീസ് മാതൃകയിൽ ഉയർന്ന മുഖവാരത്തോടുകൂടിയതായിരുന്നു.

കുറവിലങ്ങാട് പള്ളിയുടെ പ്രധാന അൾത്താരയുടെ തെക്കുവശത്തുള്ള ചെറിയ അൾത്താരയിൽ ഉണ്ണിയേശുവിനെ കയ്യിലേന്തിയ മനോഹരമായ ഒരു കരിങ്കൽ പ്രതിമയു്. സർ സി.പി. രാമസ്വാമി അയ്യർ ഈ രൂപം കിട്ട് കുമാരനല്ലൂരിലെ കാർത്ത്യായനിയുടെ രൂപം പോലെയു് എന്ന് അഭിപ്രായപ്പെട്ടുവെന്ന് ജോർജ്ജ് കുരുക്കൂർ. കുറവിലങ്ങാട് പള്ളിയിലുള്ള പരി. കന്യാമാതാവിന്റെ കരിങ്കൽ പ്രതിമ കൊച്ചിപ്രദേശത്ത് പള്ളുരുത്തിക്കടുത്തുള്ള സൗദേ പള്ളിയിലെ രൂപത്തോട് സാദൃശ്യമുള്ളതാണ്. ലൂക്കാ സുവിശേഷകൻ വരച്ച ചിത്രത്തിന്റെ പുനരാവിഷ്കരണമായ മുന്നൂറിലധികം വർഷം പഴക്കമുള്ള പരി. കന്യാമറിയത്തിന്റെ പലക

യിൽ തീർത്ത ഛായാചിത്രം റോമിലെ സാന്താമരിയയ മജോര എന്ന ബസിലിക്കയുടെ ഉള്ളിലുള്ള ബോർഗിസ് എന്ന ചാപ്പലിൽ സൂക്ഷിച്ചിരിക്കുന്ന പടത്തിന്റെ അനുകരണമാണ്. ഏഴു പ്രാചീന ദേവാലയങ്ങൾക്കായി ഏഴു പടങ്ങൾ യൂറോപ്പിൽ വരച്ച് യൂറോപ്യന്മാർ കൊുവന്നിരുന്നുവെന്ന് കരുതുന്നു. മുന്നൂറിലേറെ വർഷങ്ങൾ പഴക്കമുങ്കെിലും ഇവിടെ ഇതിനു മങ്ങൽ സംഭവിച്ചിട്ടില്ല. പോർത്തുഗീസുകാരുടെ വരവിനു മുമ്പ് പേർഷ്യയിൽനിന്നു കൊുവന്ന ചിത്രമാണിതെന്നും വിശ്വസിച്ചുപോരുന്നു.

തേക്കിന്റെ ഒറ്റത്തടിയിൽ പച്ചിലച്ചാറു ചേർത്തുാക്കിയ ചായംകൊ് വരച്ചിട്ടുള്ള വി. സെബസ്ത്യാനോസിന്റെ ചിത്രം, പോർത്തുഗീസ്-റോമൻ ശില്പകലാവൈദഗ്ദ്ധ്യം വഴിഞ്ഞൊഴുകുന്ന മദ്ബഹ, അർത്ഥപുഷ്ടമായ ഉല്ലേഖനങ്ങൾകൊ് അലംകൃതമായ 1575-ൽ പണികഴിപ്പിച്ച 34 അടി ഉയരമുള്ള കരിങ്കൽ കുരിശ്, ഈ കുരിശിന്റെ പീഠത്തിലും പടിയിലുമായി 124 വിളക്കുകൾ, മൂന്നു നോമ്പു തിരുനാളിന് കടപ്പൂർ നിവാസികൾ സംവഹിക്കുന്ന കപ്പൽ, ചെറിയപള്ളി മദ്ബഹായിലെ സീലിംഗിലുള്ള പച്ചിലചായക്കൂട്ടുകൾകൊുള്ള പെയിന്റിംഗ്, വാസ്തുശില്പവൈഭവം വിളിച്ചറിയിക്കുന്നതും ഒരേസമയം എട്ടുപേർക്ക് തേങ്ങ ചിരത്തക്ക സൗകര്യത്തോടുകൂടിയ ഒറ്റത്തടിയിൽ തീർത്ത എട്ടുശിഖരങ്ങളോടുകൂടിയ ചിരവ, നൂറ്റാുകളായി ഭരതസഭയെ നയിച്ച അർക്കദിയാക്കോന്മാർ അന്ത്യവിശ്രമംകൊള്ളുന്ന പകലോമറ്റം നഗറിലുള്ള കബറിടങ്ങൾ, ക്രിസ്തുവിനെ തറച്ച തിരുക്കുരിശിന്റെ അംശം, പുരാതനദേവാലയങ്ങളോട് അനുബന്ധിച്ചുള്ള വാദ്യപ്പുര, മാതാവ് കുട്ടികൾക്കു കാണിച്ചുകൊടുത്ത അത്ഭുത ഉറവ, പ്രസംഗപീഠം, താളിയോല, വട്ടെഴുത്ത്, കോലെഴുത്ത്, തമിഴ് ലിഖിതം, പഴയ ആധാരം, പഴയ എഴുത്തുകൾ, നിലവിളക്ക്, തൂക്കുവിളക്ക്, കോൽവിളക്ക്, കുത്തുവളക്ക്, വിലയേറിയ സാധനങ്ങൾ സൂക്ഷിച്ചിരുന്ന ഏഴുപൂട്ട് താഴുള്ള പഴയ നിക്ഷേപമുറി, ആലവട്ടം, വെഞ്ചാമരം, തീവെട്ടി, പണം എണ്ണാനുപയോഗിക്കുന്ന രാശിപ്പലക, പഴയകാലത്തെ പണിയായുധങ്ങൾ, ഭരണികൾ, തിരുനാൾ സദ്യയ്ക്ക് ഉപയോഗിക്കുന്ന വാർപ്പ്, ചെമ്പ്, കുട്ടകം, മറ്റു പാത്രങ്ങൾ, പ്രാചീനകാലത്തെ ശവമഞ്ചം, പൗരാണിക തമുക്ക് നേർച്ചതോണി, മണിമാളികയ്ക്കു നൽകിയിരിക്കുന്ന തോറ എന്ന പോർത്തുഗീസ് പേര്, 'എമ്മെ ദാലാഹ' എന്നു കൊത്തിയിട്ടുള്ള ദേവാലയത്തിന്റെ മുഖവാരത്തോട് അടുത്തു സ്ഥാപിച്ചിരിക്കുന്ന മണി, അനേകവർഷക്കാലത്തെ പഴക്കമുള്ളതും ആയിരത്തിലധികം കിലോഗ്രാം തൂക്കമുള്ളതുമായ ഇമ്മാനുവേൽ, സെന്റ് മരിയ മജോരെ, സെന്റ് ജോസഫ് എന്നിങ്ങനെ പേരു നല്കിയിരിക്കുന്ന മണികൾ എന്നിവ കുറവിലങ്ങാട് പള്ളിയിലെ എടുത്തുപറയത്തക്ക വസ്തുക്കളാണ്.

കുറവിലങ്ങാട് പള്ളിവക പണവും, പൊൻവെള്ളിക്കുരിശ്, അരുളിക്കാ തുടങ്ങിയ വിലയേറിയ സാധനങ്ങളും ഒരു പ്രത്യേക നിക്ഷേപഅറയിലാണ് സൂക്ഷിച്ചിരുന്നത്. ഈ നിക്ഷേപ അറയിലെ താഴിന് മേമ്പൂട്ട് എന്നു പറഞ്ഞിരുന്നു. ഈ മേമ്പൂട്ടിന് പല താക്കോലുകളും താഴുകളും ഉായിരുന്നത് അവകാശമുറയ്ക്ക് ഓരോരോ കരക്കാരുടെ (ഏഴ് കരക്കാർ) കയ്യിലായിരുന്നു. അവരുടെയെല്ലാം സഹകരണം ഉങ്കെിൽ മാത്രമേ മേമ്പൂട്ട് തുറക്കുവാൻ സാധിച്ചിരുന്നുള്ളു. വ്യക്തികൾക്കുായിരുന്ന ഈ താക്കോൽ ഉടമസ്ഥത നൂറുവർഷം മുമ്പ് മാത്രമാണവസാനിച്ചത്. ഈ ഏഴു കരക്കാരിൽ ഒരാൾ വരാതിരുന്നാൽ നിക്ഷേപഅറ തുറക്കാൻ പറ്റില്ലായിരുന്നു. ഇപ്പോൾ ഇവയെല്ലാം സ്ട്രോങ് റൂമിലാണ് സൂക്ഷിച്ചിരിക്കുന്നത്. വലിയ തിരുനാളുകൾക്കു മാത്രമേ ഇത് തുറക്കുകയുള്ളു. വികാരിയച്ചൻ പ്രധാന കൈക്കാരന്റെ സഹായത്തോടെ കുട, ചെമേളം, ബാന്റുമേളം ഇവയുടെ അകമ്പടിയോടെയാണ് ഇവ എടുക്കുന്നതും

തിരികെ വയ്ക്കുന്നതും. സ്ട്രോങ്ങ്റൂമിൽനിന്നും എടുത്തുകൊുവരുന്ന തിരുസ്വരൂപങ്ങൾക്ക് ആഭരണചമയം നടത്തുന്നത് വികാരിയച്ചനാണ്. മാല, മോതിരം, കാൽത്തള, കാപ്പ് തുടങ്ങിയ ആഭരണങ്ങൾ തിരുസ്വരൂപങ്ങളെ അണിയിക്കാറു്.

കുറവിലങ്ങാട് ഫൊറോനപള്ളിയുടെ പാരമ്പര്യത്തോളം പ്രാധാന്യമർഹിക്കുന്നു ഇവിടുത്തെ പ്രധാന തിരുനാളായ മൂന്നു നോമ്പു തിരുനാളും. ഇതിന് 16 നൂറ്റാിലധികം പഴക്കമു്. യോനാപ്രവാചകന്റെ നിനവെ യാത്രയെ അനുസ്മരിച്ചുകൊാണ് ഇവിടെ മൂന്ന് നോമ്പ് ആചരിക്കുന്നത്. ആദിമക്രൈസ്തവസഭയിൽ ഈ നോമ്പാചരണം ഉയിരുന്നു. 40 രാവും 40 പകലും ഉപവാസം അനുഷ്ഠിച്ച യേശുവിന്റെ നോമ്പിനെ അനുസ്മരിക്കുന്ന 50 നോമ്പ് ആരംഭിക്കുന്നതിനു 18 ദിവസം മുമ്പാണ് മൂന്നു നോമ്പാചരണം.

തങ്ങളുടെ കുറ്റങ്ങളും കുറവുകളും നിമിത്തമുാകുന്ന ദുരിതങ്ങളെ ഭയപ്പെട്ടുകൊ് അവയിൽനിന്നു രക്ഷപെടുവാൻവേി പശ്ചാത്താപവിവശമായ ഹൃദയത്തോടെ പ്രാർത്ഥനാപൂർവം കഠിനതപശ്ചര്യകൾ ചെയ്തുകൊ് പൂർവ്വികന്മാർ മൂന്നുനോമ്പ് ആചരിച്ചുപോന്നു. ഈ ദിവസങ്ങളിൽ മത്സ്യ-മാംസഭോജനം, മദ്യപാനം, ലൈംഗികത എന്നിവ അവർക്കു വർജ്ജ്യമായിരുന്നു. ഇടവകക്കാരെല്ലാം ജപതപങ്ങളോടെ രാവും പകലും പള്ളിയിൽതന്നെ കഴിഞ്ഞുകൂടിയിരുന്നു. സമാധാനപ്രാപ്തിയുടെ സൂചകമായി പുരോഹിതനിൽനിന്ന് കൈക്കസ്തൂരി സ്വീകരിച്ചിരുന്നു.

### 9.14.2. കപ്പൽ പ്രദക്ഷിണം

കപ്പലുകളോടും കപ്പൽ സഞ്ചാരത്തോടും പുരാതനകാലത്തുായിരുന്ന ബന്ധത്തെ പരിഗണിച്ച് മൂന്നുനോമ്പ് തിരുനാൾ ദിവസം കപ്പൽ പ്രദക്ഷിണം ആരംഭിച്ചു. നാവികപ്രമാണികളായ നസ്രാണികളുടെ ഒരു സംഘം കുറവിലങ്ങാട്ടും പരിസരപ്രദേശങ്ങളിലും ഒരുകാലത്ത് വസിച്ചിരുന്നതും ഇതിനു പ്രേരകമായി. കപ്പൽ ആകൃതിയിൽ തീർത്ത പേടകത്തിൽ വിശുദ്ധരുടെ രൂപം പ്രതിഷ്ഠിച്ചിട്ടു്. ഒരുകാലത്ത് നാവികവിദ്യയിലും സമുദ്രസഞ്ചാരത്തിലും സമർത്ഥരായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന കടപ്പൂർ അഥവാ കടൽവെപ്പൂർ നിവാസികളുടെ തോളിലേറ്റി തിരമാലകളും കൊടുങ്കാറ്റും അത്യധികം അലട്ടുന്ന കടലിന്റെ മീതെയെന്നവണ്ണം ചാഞ്ഞും ചെരിഞ്ഞും മുമ്പോട്ടും പിമ്പോട്ടും ആയി പ്രദക്ഷിണവീഥിയിൽ ചലിക്കുന്ന കപ്പൽ മൂന്നു നോമ്പ് തിരുനാളിലെ മനോഹരമായ ദൃശ്യങ്ങളിലൊന്നാണ്. ദേവാലയമുറ്റത്തിനു താഴെ കുരിശിൻതൊട്ടിയുടെ വടക്കുഭാഗത്തെത്തുമ്പോഴേയ്ക്കും കപ്പൽ ഒരുവിധത്തിൽ മുന്നോട്ടു നീങ്ങുകയാണ്. യോനായുടെ കപ്പൽയാത്രയുടെ തീക്ഷ്ണവും ശാന്തവുമായ ഭാവങ്ങൾ ഭക്തജനങ്ങളിൽ ഉളവാക്കുവാൻ രാം ദിവസമുള്ള കപ്പൽ പ്രദക്ഷിണം സഹായകമാകുന്നു. കുരിശിന്റെ മുൻഭാഗത്തുവച്ച് യോനാൻ പ്രവാചകന്റെ പ്രതിമ എടുത്തുമാറ്റുന്നതോടെ കപ്പലിന്റെ വശത്ത് പ്രവാചകനെ വിഴുങ്ങുന്ന മത്സ്യത്തെ മറച്ചിരുന്ന ആവരണവും നീക്കം ചെയ്യപ്പെടുന്നു. അതോടെ കടൽ ശാന്തമാവുകയും കപ്പലിന്റെ ഇളക്കം നിലയ്ക്കുകയും ചെയ്യും. പിന്നീട് കപ്പൽ പ്രദക്ഷിണം സാവധാനം മുന്നോട്ടു പോകുന്നു.

യോനാൻനിവ്യായുടെ കപ്പൽയാത്രയെ അനുസ്മരിക്കുന്ന തിരുനാളും അതിനു മുമ്പുള്ള മൂന്നുദിവസത്തെ നോമ്പും കേരളത്തിൽ ചുരുക്കം ചില പള്ളികളിലേ നിലവിലുള്ളു. കൊടുങ്ങല്ലൂർ, പാലയൂർ മുതലായ പ്രാചീന ക്രൈസ്തവകേന്ദ്രങ്ങളിൽ ഇതുായിരുന്നു. 1668-ൽ ഇടപ്പള്ളി പള്ളിയിൽ മൂന്നുനോമ്പു തിരുനാൾ ആഡംബരപൂർവം നടത്തിയിരുന്നതായി ചരി

ത്രത്തിൽ കാണുന്നു്. ചരിത്രഗതിയിൽ കൊടുങ്ങല്ലൂർ, പാലയൂർ എന്നീ ക്രൈസ്തവകേന്ദ്ര ങ്ങൾക്കുായ വ്യതിയാനങ്ങൾ മൂലം ഈ തിരുനാൾ ഉപേക്ഷിക്കപ്പെട്ടു. കടുത്തുരുത്തിയിലും കുറവിലങ്ങാടും ഇന്ന് ഈ തിരുനാളു്. കടുത്തുരുത്തിയുമായുളള ബന്ധം കൊാണ് കുറ വിലങ്ങാട് ഈ തിരുനാളുായതെന്ന് പറയപ്പെടുന്നു.

വലിയപള്ളിയിൽനിന്ന് ആറ് വൈദികരും ചെറിയപള്ളിയിൽനിന്ന് 112 വൈദികരും ചേർന്നാണ് കപ്പൽ പ്രദക്ഷിണം ആരംഭിക്കുന്നത്. കപ്പൽപ്രദക്ഷിണത്തിന് ആനയുടെ സാന്നിധ്യം, ചെമേളം ആലവട്ടം, കൊടി, പൊൻ വെളളിക്കുരിശുകൾ ഇവയുായിരിക്കും. പാലികയ്ക്കു കീഴിൽ പതിനെട്ടു വൈദികർ ഉായിരിക്കും. കപ്പൽപ്രദക്ഷിണം നീങ്ങുന്നതി നിടയിൽ കപ്പലിലേയ്ക്ക് വെറ്റിലയും നാണയങ്ങളും എറിയുന്നു. വെറ്റിലകൃഷിക്ക് നാശനഷ്ട ങ്ങളും കേടുപാടുകളും സംഭവിക്കാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. തിരുനാളിൽ സംബ ന്ധിക്കാൻ എത്തുന്ന വ്യക്തികൾ വെറ്റില കൈകളിൽ പിടിച്ചെടുത്ത് വീട്ടിൽ കൊുപോയി കാരണവന്മാർക്ക് മുറുക്കാൻ കൊടുക്കുന്നു.

കപ്പൽ വഹിക്കുന്നത് കടപ്പൂർ കരക്കാരാണ്. പുതുശ്ശേരി, മഞ്ചേരി, വലിയവീട്, കറുത്തേ ടം, ചെമ്പൻകുളം എന്നിങ്ങനെ അഞ്ചു വീട്ടുകാരാണ് ഇതിന്റെ അവകാശികൾ. ഇന്ന് മറ്റനേകം വീട്ടുപേരുകളിൽ അവരുടെ വംശക്കാരു്. ഈ വംശപരമ്പരയിൽപ്പെട്ടവർക്കും കടപ്പൂർ കര യിൽ താമസമാക്കിയിട്ടുള്ളവർക്കും മാത്രമേ കപ്പൽ വഹിക്കുവാൻ അവകാശമുള്ളു. ഒരുവർഷം ഏതോ കാരണവശാൽ കടപ്പൂർകാർ കപ്പൽ വഹിക്കുവാൻ വന്നില്ല. അപ്പോൾ കപ്പലിന് വലിയ ഭാരം അനുഭവപ്പെട്ടു. കപ്പൽ ഉയർത്താൻ സാധിച്ചില്ല. കടപ്പൂർകാർ വന്ന് കപ്പൽ ഉയർത്തി യപ്പോൾ മാത്രമാണ് കപ്പൽ പൊങ്ങിയത്. ആകെയുള്ള 400 അംഗങ്ങൾ ചെറിയ സംഘങ്ങ ളായി നിന്ന് മാറി മാറിയാണ് കപ്പൽ എടുക്കുന്നത്. ചെരിപ്പ് ഇടാതെയാണ് കപ്പൽ വഹിക്കു ന്നത്. ചെരിപ്പിട്ടുകൊ് ആരെങ്കിലും വന്നു തൊട്ടാൽ അവർ അടിക്കും. കപ്പൽ വഹിച്ചതിനു ശേഷം അവർ പോയി കുളിക്കുന്നു. തുടർന്ന് കപ്പൽ വഹിച്ചവർ കപ്പൽ പ്രദക്ഷിണത്തിൽ പങ്കെ ടുത്ത എല്ലാവർക്കും പാച്ചോർ നല്കും. വലിയ അഭിമാനത്തോടെയാണ് അവർ കപ്പൽ വഹി ക്കുന്നത്. കപ്പൽ വഹിച്ച എല്ലാവർക്കും പള്ളിയിൽനിന്ന് ഊണ് നൽകുന്നു. 10 വല്ലം ചോറ്, 1200 കഷണം മീൻ, 1200 പഴം, നാലുതരത്തിലുള്ള മരക്കറി തുടങ്ങിയവ ഇവർക്കു നൽകു ന്നു. ഭക്ഷണമെല്ലാം വെഞ്ചരിച്ചതിനുശേഷമാണ് നൽകുന്നത്. കപ്പൽ വഹിച്ചവർക്ക് അടയ്ക്ക, വെറ്റ, പുകയില തുടങ്ങിയ അവകാശങ്ങളുമു്. മീൻ വറ്റിച്ചത്, മീനും മാങ്ങയും ചേർത്ത് തേങ്ങ അരച്ചിട്ടു വയ്ക്കുന്ന കറി എന്നിവ നിർബന്ധമായും ഊണിന് ഉായിരിക്കണം.

മൂന്നു നോമ്പു തിരുനാളിന് രൂപങ്ങൾ എടുക്കുന്നത് കാളികാവ് കരക്കാരും കൊടി എടു ക്കുന്നത് കളത്തൂർ കരക്കാരുമാണ്. കുടകൾ എടുക്കേത് ഏതാനും തലമുറകളായി കുറ വിലങ്ങാട്ട് ഇടവകാതിർത്തിയിൽനിന്ന് അകന്നു താമസിക്കുന്ന കണിവേലി കുടുംബക്കാരാണ്.

മൂന്നു നോമ്പു തിരുനാളിന് കുട, കൊടി, രൂപങ്ങൾ എടുക്കുക എന്നത് ജീവിതത്തിലെ അനുഭൂതിദായകമായ ഒന്നായിട്ടാണ് നാട്ടുകാർ കാണുന്നത്. അവരെ സംബന്ധിച്ചിടത്തോളം മൂന്നു നോമ്പു തിരുനാൾ ഉത്സവപ്രതീതിയുളവാക്കുന്ന ഒന്നാണ്. ധാരാളം ജനങ്ങൾ എല്ലാ കഷ്ടപ്പാടുകളും മറന്ന് ആഹ്ലാദത്തിമിർപ്പോടെ ഇതിൽ പങ്കുചേരുന്നു. വെൺചാമരവും മറ്റും പ്രദക്ഷിണത്തിന് ഉപയോഗിക്കുന്നു്. ഗജവീരന്റെ ആഗമനവും വദ്യമേളഘോഷങ്ങളുടെ അക മ്പടിയും ഇതിനു കൊഴുപ്പേകുന്നു. ഇത്ര തിരക്കേറിയതും ഭക്തിസാന്ദ്രവുമായ ഈ പ്രദക്ഷി

ണത്തിന് കൊടി, കുട, രൂപങ്ങൾ എന്നിവ എടുക്കുവാൻ ഭാഗ്യം ലഭിച്ചതുവഴി എന്തോ വലിയ ദൈവാനുഗ്രഹം കുടുംബത്തിനു ലഭിക്കുന്നുണ്ടെന്ന് ഇന്നാട്ടുകാർ വിശ്വസിക്കുന്നു.

മൂന്നു നോമ്പിനുശേഷം പതിനെട്ടാം ഇട വിവാഹാഘോഷങ്ങളുടെ കാലമാണ്. ആറു വർഷം മുമ്പുവരെ മൂന്നു നോമ്പു കഴിഞ്ഞുവരുന്ന 18 ദിവസങ്ങളിലാണ് സുറിയാനി ക്രിസ്ത്യാനികൾ കല്യാണം നടത്തിയിരുന്നത്. ഈ അടുത്തകാലത്തും കുറവിലങ്ങാട് പള്ളിയിൽ 20 –25 കല്യാണങ്ങൾവരെ ഈ പതിനെട്ടു ദിവസങ്ങൾക്കിടയിൽ നടന്നിരുന്നു.

മൂന്നുനോമ്പു തിരുനാളിലെ കപ്പലിന്റെ ഉത്ഭവത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഈ തിരുനാളിലെ പ്രധാന തിരുനാൾ ദിനം പ്രദക്ഷിണത്തിനു വഹിക്കുന്ന മനോഹരമായ കപ്പൽ കടപ്പൂർ നിവാസികൾ പള്ളിക്കു നേർന്നതാണെന്നു കരുതുന്ന ഒരു ഐതിഹ്യം ഇവിടെയുണ്ട്. കടപ്പൂർ ഗ്രാമവാസികളുടെ ഒരു സംഘം പുറംകടലിൽവച്ച് കാറ്റിലും കോളിലും പെട്ട് അത്യാപത്തിലായി. കുറവിലങ്ങാട്ട് മുത്തിയമ്മയെ വിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ട് അവർ നേർച്ച നേർന്നു. കുറവിലങ്ങാട്ടു പള്ളിയിലെ പെരുന്നാളിന് എഴുന്നള്ളിക്കുവാൻ കപ്പൽ പണിതു കാഴ്ച വച്ചുകൊള്ളാം. കപ്പൽയാത്രക്കാരുടെ പ്രത്യേക മദ്ധ്യസ്ഥനായ യോനാ പ്രവാചകനോടും ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു. അത്യത്ഭുതകരമായി കാറ്റും കോളും ശമിച്ചു. അവർ നേർച്ച നിറവേറ്റുകയും ചെയ്തു.

ഡച്ചു നാവികർ കപ്പലിൽ യാത്ര ചെയ്തപ്പോൾ കൂടല്ലൂർ എത്തിയപ്പോൾ കടൽക്ഷോഭം ഉായി. എല്ലാ വർഷവും കപ്പൽ പ്രദക്ഷിണം നടത്തിക്കൊള്ളാമെന്ന് അപ്പോൾ നേർച്ച നേർന്നു. ഇതു മുടങ്ങാതെ നടത്താൻ കടപ്പൂരുകാരെ ഏല്പിച്ചു. വിദേശകച്ചവടക്കാർക്ക് തുറമുഖത്ത് ചരക്ക് എത്തിക്കുകയും കമ്മീഷൻ പണം പിരിക്കുകയും മറ്റും ചെയ്തുവന്നിരുന്ന കൂറ്റൻ മാപ്പിള വിദേശയാത്രയ്ക്കു പോയി എന്നും കടൽക്ഷോഭമുായപ്പോൾ മാതൃഭക്തനായിരുന്ന കൂറ്റൻമാപ്പിള കപ്പൽപ്രദക്ഷിണനേർച്ച നേർന്ന് കടൽ ശാന്തമാക്കിയെന്നും സന്തുഷ്ടനായ കപ്പിത്താൻ മരക്കപ്പലുാക്കി എന്നും കടുത്തുരുത്തി പള്ളിമുറ്റത്ത് കപ്പൽവച്ച് പെയിന്റു ചെയ്തവരുടെ കണ്ണിന് വൈകല്യം ബാധിച്ചുവെന്നും കൂറ്റൻമാപ്പിളയുടെ നിർദ്ദേശപ്രകാരം കപ്പൽ കൊുവന്ന് കുറവിലങ്ങാട്ട് പള്ളിമുറ്റത്തുവച്ച് പെയിന്റ് ചെയ്തപ്പോൾ കണ്ണു സുഖപ്പെട്ടെന്നും കുറവിലങ്ങാട്ടുകാരുടെ ഇടയിൽ ഐതിഹ്യമുണ്ട്.

പതിനെട്ടാം നൂററാിന്റെ പൂർവ്വാർദ്ധത്തിൽ കപ്പൽ കടുത്തുരുത്തിയിൽ കൊുവന്നപ്പോൾ കടുത്തുരുത്തി പള്ളിക്കോ കുറവിലങ്ങാട്ടു പള്ളിക്കോ എന്ന തർക്കമുാവുകയും അന്ന് വടക്കുംകൂർ രാജാവിന്റെ പടക്കുറുപ്പന്മാരിൽ പ്രധാനിയായിരുന്ന കടപ്പൂർ മഞ്ചേരി കൂറ്റൻമാപ്പിള (പിന്നീട് കൂറ്റൻ തരകൻ) മദ്ധ്യസ്ഥം പറഞ്ഞാണ് കപ്പൽ കുറവിലങ്ങാടിന് കൊുവന്നത് എന്നും പറയാറുണ്ട്.

കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം, കടപ്പൂർ അഞ്ചുവീടർ എന്നീ അഞ്ചു കുടുംബങ്ങൾ ക്രിസ്തുവർഷം മൂന്നാം നൂറ്റാിൽ കപ്പൽമാർഗ്ഗം കടുത്തുരുത്തിയിലെത്തി. കിഴക്കോട്ടു നീങ്ങി മരം വെട്ടിത്തെളിച്ച് താമസം തുടങ്ങി. കടപ്പുറത്തുകാരു വന്ന് താമസിച്ച സ്ഥലം കാലക്രമത്തിൽ കടപ്പുറത്തുകാരുടെ ഊരും കടപ്പൂരുമായി. കടപ്പൂർ അഞ്ചുവീടരിൽ പ്രധാന കുടുംബം വലിയവീട്ടിൽ കാരണവർ ആണ്. ഇവർ ആദ്യം കടുത്തുരുത്തി പള്ളിയിൽ പോയിരുന്നുവെന്ന് ഐതിഹ്യമുണ്ട്. ഇവർ കപ്പൽ കയറി വന്നപ്പോൾ സുരക്ഷിതരായി കരയടുക്കുന്നിടത്ത് മാതാവിനു പള്ളി പണിത് യോനാ ദീർഘദർശിയെ അനുസ്മരിപ്പിക്കുംവിധം കപ്പലു

ാക്കി പ്രദക്ഷിണം നടത്തിക്കൊള്ളാമെന്നുള്ള നേർച്ചയാണ് കുറവിലങ്ങാട് പള്ളിയിലെ കപ്പലും കപ്പൽ പ്രദക്ഷിണവും ഉാകാൻ കാരണമെന്ന് പൊതുവേ കരുതുന്നു.

### 9.14.2.1. കപ്പൽ പ്രദക്ഷിണത്തിന് കടപ്പൂരുകാർക്ക് അവകാശം

കടപ്പൂർകാരായ  അഞ്ചുവീട്ടുകാർക്ക് കപ്പൽ വഹിക്കാനുള്ള അവകാശം ലഭിച്ചതിനെക്കുറിച്ച് ചില പഴമപറച്ചിലുകളു്. അവർ ക്രിസ്തുമതം സ്വീകരിച്ച ബ്രാഹ്മണരുടെ പിൻഗാമികളാണത്രേ. ഏതായാലും ഇവരിൽ ചിലരുടെ പ്രാചീനഗൃഹം നാലുകെട്ടുമാതിരിയായിരുന്നുവെന്നതിന് തെളിവുകളു്. പകലോമറ്റം അർക്കദിയാക്കോന്മാരാണ് പരമ്പരാഗതമായി പള്ളിഭരണം നടത്തിയിരുന്നത്. എന്നാൽ കൂറ്റത്താൻ കുടുംബക്കാർക്ക് ഇതു ലഭിക്കണമെന്ന ആഗ്രഹമുായി. രോഗം പലവിധ ചികിത്സകൾകൊും ഭേദപ്പെടാതിരിക്കുന്നതുകൊ് നാടുവാഴി വൻപ്രതിഫലം രോഗം ചികിത്സിച്ചു മാറ്റുന്നവർക്ക് പ്രഖ്യാപിച്ചു. പ്രസിദ്ധ ചികിത്സകരായിരുന്ന കൂറ്റത്താൻ കുടുംബക്കാർ രാജാവിന്റെ രോഗം ചികിത്സിച്ചു മാറ്റുകയും പ്രതിഫലമായി പള്ളിയിലെ കൈസ്ഥാനം നേടിത്തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നാടുവാഴി പകലോമറ്റം വലിയവീട്ടിൽ കാരണവരെ വിളിക്കുകയും പള്ളിയിലെ കൈസ്ഥാനം കൂറ്റത്താനു കൊടുക്കണമെന്നും പകരമായി മാഞ്ഞൂർ, കളത്തൂർ പാടശേഖരങ്ങളിൽ ആയിരപ്പറ നിലം നല്കാമെന്നും പറഞ്ഞു. വലിയവീടൻ അതു നിരസിച്ചതുകാരണം അദ്ദേഹത്തെ ഏഴുദിവസം അട്ടക്കുഴിയിലിട്ടു. ഏഴാം ദിവസം അയാൾ അരയിൽനിന്നും താക്കോലൂരി രാജാവിനു നല്കി. “എന്റെ വംശത്തിൽ എന്റെ തലമുറയിലും വരുംതലമുറയിലും ആരും ഈ താക്കോൽ എടുക്കാൻ ഇടയാവരുതേ, മറ്റൊരു പള്ളി വയ്ക്കാൻ എന്റെ തലമുറയിൽ ആരും സമ്പന്നനാകരുതേ, എന്നാൽ ആർക്കും അഷ്ടിക്കു മുട്ടരുതേ, അട്ടക്കാലു പിടിക്കാൻ ഇടയാവുകയുമരുതേ” എന്നുറക്കെ പ്രാർത്ഥിച്ചുകൊാണ് താക്കോൽ കൊടുത്തത്.  (ജോർജ്ജ് കുരുക്കൂർ 2004: 37). താക്കോൽ കൊടുത്തതിനു പ്രതിഫലമായി തനിക്കും സന്തതികൾക്കും മൂന്നു നോമ്പു തിരുനാളിനു നേതൃത്വവും പ്രദക്ഷിണത്തിൽ കപ്പൽ പിടിക്കുന്നതിനുള്ള അവകാശവും തിരുനാൾ അവസരത്തിൽ വിശ്രമത്തിനായി ഒരു കെട്ടിടവും പള്ളിമണി കേൾക്കാത്ത അകലത്തിൽ ഒരു സ്ഥിരതാമസസ്ഥലവും കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അന്നുമുതൽ കടപ്പൂർഭാഗത്ത് അവർ സ്ഥിരതാമസമായി.

കുറവിലങ്ങാടു പള്ളിക്കു മുമ്പിലെ കുരിശ് ഒരിക്കൽ ചരിഞ്ഞുപോയപ്പോൾ ഉയർത്തിനിർത്തുവാൻ ശ്രമിച്ചിട്ടു നടന്നില്ല. ആനയുടെ സഹായം തേടിയിട്ടും കാര്യം നടക്കാതെ വന്ന സന്ദർഭത്തിൽ ഒരു വൃദ്ധ എത്തി കുരിശ് നേരെ വച്ചുവത്രേ. അത് പരി. കന്യാമറിയം തന്നെയായിരുന്നുവെന്ന് ജനങ്ങൾ വിശ്വസിച്ചുപോരുന്നു. ദൂരെ പ്രദേശങ്ങളിൽനിന്ന് കുറവിലങ്ങാടു പള്ളിയിൽ മൂന്നുനോമ്പിനു വരുന്നവർ മുൻകാലങ്ങളിൽ കപ്പൽ വഹിച്ചവരുടെ ഓർമ്മ നിലനിർത്തുന്നതിനായി കടപ്പൂർ വട്ടക്കുളത്തിനു പടിഞ്ഞാറ് പുതുശ്ശേരി തറവാട്ട് പള്ളിയിലെ രുസെന്റ് തിരിച്ചിട്ടിരിക്കുന്ന സ്ഥലത്തെ കല്ലറകളിൽ വിളക്ക് കത്തിച്ചു പ്രാർത്ഥിക്കുമായിരുന്നു.

മുൻകാലങ്ങളിൽ പ്രധാന തിരുനാളിനോടനുബന്ധിച്ച് മിക്ക ദേവാലയങ്ങളിലും പള്ളിയിൽവച്ച് ആഹാരം വേവിച്ച് ഊട്ടു നടത്താറുായിരുന്നു. യൂറോപ്യൻ മിഷണറിമാരുടെ വരവിനുശേഷം ഇത് ‘വങ്കേത്തി’ (ബൻക്വറ്റ് എന്ന പദത്തിന്റെ തത്ഭവം) എന്നറിയപ്പെട്ടു. തിരുനാളിനു വരുന്ന എല്ലാവർക്കുമുള്ള അന്നദാനമായിരുന്നു ഇത്. മൂന്നുനോമ്പിൽ മൂന്നു ദിവസത്തെ വെച്ചൂട്ടും പ്രസിദ്ധമായിരുന്നു. ആദ്യദിവസം കുറവിലങ്ങാട്ടുകാരും രാം ദിവസം

കടപ്പൂരുകാരും മൂന്നാം ദിവസം കാളികാവുകാരുമാണ് വെച്ചൂട്ട് നടത്തുന്നത്. ഈ ദിവസങ്ങളിൽ മുമ്മൂന്നു പറ അരിവീതം വേവിച്ച് നേർച്ച തയ്യാറാക്കുകയായിരുന്നു. 13 പറ അരി ഇതിന് ഉപയോഗിച്ചിരുന്നുവെന്നും അഭിപ്രായമു്. ആദിമ ക്രൈസ്തവസഭയിലുായിരുന്ന സ്നേഹവിരുന്നിന്റെ മാതൃകയിൽ കേരളത്തിലെ പള്ളികളിൽ നിലവിലിരുന്ന സദ്യയാണ് വെച്ചൂട്ട്. പള്ളിയിൽവെച്ച് ഭക്ഷണം പാകം ചെയ്യുന്നതുകൊാണ് ഈ പേരുായത്.

### 9.14.2.2. കപ്പലിന്റെ ഘടന

നീളം 17 അടി 3 ഇഞ്ചും വീതി 4 അടി 5 ഇഞ്ചും വശത്തിന്റെ ഉയരം 2 അടിയുമാണ്. അടിത്തട്ടിന്റെ വീതി 5 അടി 2 ഇഞ്ചും മുൻഭാഗത്തേക്കും പിൻഭാഗത്തേക്കുമുള്ള തള്ള് യഥാക്രമം നാലടിയും മൂന്നടിയുമാണ്. കപ്പലെടുക്കുന്നതിനു പാകത്തിൽ അടിയിൽ ഇരുവശത്തും വച്ചിരിക്കുന്ന തള്ളുകൾക്ക് 233/4 അടി വീതം നീളമു്.

കപ്പലിൽ ഒൻപതു പ്രതിമകളാണുള്ളത്. രുപേർ സ്ത്രീകളാണ്. ഒരാളെ സ്ത്രീയോ പുരുഷനോ എന്നു കൃത്യമായി പറയാൻ വയ്യ. മൂന്നുപേർ കപ്പൽ ജോലിക്കാരാണ്. യൂണിഫോം ധരിച്ച മൂന്നു പേരിൽ ഒരാൾ കപ്പിത്താനും രുപേർ പടയാളികളുമാണ്. യോനാൻ പ്രവാചകന്റെ പ്രതിമ വയ്ക്കാൻ ഒരു പീഠം പിടിപ്പിച്ചിട്ടു്. കപ്പലിനുള്ളിൽ ഒരു വലിയ മത്സ്യത്തിന്റെ പ്രതിമയു്. മധ്യഭാഗത്ത് പിതാവായ ദൈവത്തിന്റെ പ്രതിമയും അതിന്റെ ചുവട്ടിൽ ആറു മാലാഖമാരെയും കൊത്തിയിട്ടു്. കപ്പലിന്റെ മുന്നഗ്രത്തിൽ ഒരു മാലാഖയുടെ രൂപവും പിന്നഗ്രത്തിൽ മെത്രാൻ സ്ഥാനീയചിഹ്നങ്ങളായ മുടിയും വടിയും കൊത്തിയിട്ടു്. കപ്പലിന്റെ പുറത്ത് വെള്ളവുമായി ചേർന്ന വശത്ത് യോനാൻ പ്രവാചകനെ വിഴുങ്ങുന്ന മത്സ്യവും മറുവശത്ത് വായ് പൊളിച്ചുനില്ക്കുന്ന ഒരു വലിയ മത്സ്യവും രു ചെറിയ മത്സ്യങ്ങളുമു്. കപ്പലിന്റെ കൊടിമരത്തിൽ പതാകകളുമു്.

കുറവിലങ്ങാട്ടെ വലിയ പള്ളി പോലെതന്നെ വി. സെബസ്ത്യാനോസ് സഹദായുടെ നാമത്തിലുള്ള ചെറിയപള്ളിയും ഒരത്ഭുതതീർത്ഥമത്രേ. ഇവിടെ വരുന്ന ഹൈന്ദവരുടെ സംഖ്യ വളരെയാണ്. വിശുദ്ധന്റെ സാക്ഷാൽ തിരുശേഷിപ്പ് അദ്ദേഹത്തിന്റെ മനോഹരമായ പ്രതിമയുടെ മാർവ്വിടത്തിൽ പ്രതിഷ്ഠിച്ചിട്ടു്. നാട്ടിൽ വസന്ത പിടിപെടുന്ന അവസരത്തിലും മോഷണം, വ്യവഹാരം തുടങ്ങിയ ലൗകിക കാര്യങ്ങളിലും ചെറിയപള്ളിയിലെ നേർച്ചകളും പ്രാർത്ഥനകളും അനുഗ്രഹദായകമാണ്. പുണ്യവാനും ശബരിമല ശാസ്താവും സഹോദരന്മാരാണെന്നുള്ള വിശ്വാസത്തിൽ ശബരിമലയ്ക്കു പോകുന്ന ഹൈന്ദവതീർത്ഥാടകർ ജനുവരി 20-ന് നടക്കുന്ന തിരുനാളിനു മുമ്പിലും പിമ്പിലുമായി നേർച്ചകാഴ്ച്ചകൾ സമർപ്പിക്കാറു്. ഇന്നും ചില അയ്യപ്പഭക്തർ ഇതു തുടർന്നുപോരുന്നു. വി. സെബസ്ത്യാനോസ് റോമാസാമ്രാജ്യത്തിന്റെ പടത്തലവനായിരുന്നു. അതിന്റെ പ്രതീകമായി ചെറിയപള്ളിയുടെ മുമ്പിൽ രു പട്ടാളക്കാരുടെ പ്രതിമ വച്ചിട്ടു്.

പകർച്ചവ്യാധികളിൽനിന്നും മാറാരോഗങ്ങളിൽനിന്നും കാത്തുരക്ഷിക്കുന്ന വിശുദ്ധനാണ് സെബസ്ത്യനോസ്. വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ദേവാലയത്തിന്റെ എല്ലാ കരകളിലേക്കുംതന്നെ വിശുദ്ധന്റെ രൂപം എഴുന്നള്ളിക്കുന്നു. തങ്ങുടെ പ്രദേശത്തെ സാംക്രമികരോഗങ്ങളിൽനിന്ന് കാത്തുരക്ഷിക്കുന്നതിനു വേിയാണിത്. ഇതുകൂടാതെ കുറവിലങ്ങാട്, കടനാട്, ഉദയഗിരി തുടങ്ങിയ ദേവാലയങ്ങളിൽ പള്ളിയിൽനിന്ന് കഴുന്ന് (അമ്പ്) എടുത്ത് ആവശ്യമുള്ളവർ അവരവരുടെ വീടുകളിൽ കൊുപോയി വയ്ക്കുന്നു. പ്രദക്ഷിണം തങ്ങളുടെ

കരയിൽ എത്തുമ്പോൾ ഈ കഴുന്നുമായി പ്രദക്ഷിണത്തോടൊപ്പം പള്ളിയിലേക്ക് വരികയും ചെയ്യുന്നു. വസന്തപ്രദക്ഷിണം, പന്തൽ പ്രദക്ഷിണം തുടങ്ങിയ പേരുകളിലൊക്കെ ഇത് അറിയപ്പെടുന്നു.

വിശുദ്ധന്റെ തിരുനാൾദിവസമല്ലാതെയും ചില പ്രത്യേക സാഹചര്യങ്ങളിൽ കുറവിലങ്ങാട് വിശുദ്ധന്റെ രൂപം എഴുന്നള്ളിച്ചുകൊുള്ള പ്രദക്ഷിണം നടത്താറു്. വർഷങ്ങൾക്കു മുമ്പ് വസൂരി പടർന്നുപിടിച്ചപ്പോൾ ഇപ്രകാരം നടത്തിയിരുന്നു. 2007-ൽ ചിക്കുൻഗുനിയാ പടർന്നുപിടിച്ചപ്പോൾ ഈ പ്രദക്ഷിണം നടത്തുകയുായി. പ്രദക്ഷിണം നടത്തിയതിന്റെ തലേ ദിവസം 650 പേർ ആശുപത്രിയിൽ ചികിത്സയ്ക്കായി വന്നിരുന്നു. ഈ പ്രദക്ഷിണം നടത്തിയതിന്റെ പിറ്റേന്ന് അതു 40 പേരായി ചുരുങ്ങി. ഇതിനെ ഒരു അത്ഭുതമായും മനസ്സിന്റെ തലവുമായി ബന്ധപ്പെട്ടു നില്ക്കുന്ന ഒന്നായും (psychology) കാണാവുന്നതാണ്. തിരുനാൾദിവസം വലിയപള്ളിയിൽ കുർബ്ബാന വച്ചാലും വിശുദ്ധന്റെ നാമത്തിലുള്ള ചെറിയപള്ളിയിൽ എല്ലാവരും പോകും. സ്ത്രീകൾ ആർത്തവസമയത്ത് ഈ പള്ളിയുടെ മുൻപിൽകൂടി പോവുകയില്ല. തങ്ങൾക്ക് സാംക്രമികരോഗങ്ങൾ വരാതിരിക്കേതിന് ഭയഭക്തി ബഹുമാനത്തോടെയാണ് വിശുദ്ധനെ ഏവരും സമീപിക്കുന്നത്.

ക്രിസ്തുമതവിഭാഗങ്ങൾക്ക് പരസ്പരമല്ല, ഹിന്ദുമതത്തോടാണ് കല്പിതകഥകൾകൊാേ സൗഹൃദസൂചനകൾകൊാേ ബന്ധുത്വംകൊാേ സാമ്യമുള്ളത്. സമീപസ്ഥമായ ദേവാലയത്തിലെയും ക്ഷേത്രത്തിലെയും ദേവീദേവന്മാരെ സഹോദരരായോ സുഹൃത്തുക്കളായോ കല്പിക്കുക എന്നത് ഇവിടെ സർവ്വസാധാരണമാണ്. കുറവിലങ്ങാട് പള്ളിയിലെ പരി. കന്യാമറിയത്തെ ഏററുമാനൂർ ക്ഷേത്രത്തിലെ ശിവന്റെ സഹോദരിയായി ഗണിച്ചിരുന്നു. കുറവിലങ്ങാട് ചെറിയപള്ളിയിലെ വി. സെബസ്ത്യാനോസും ഏറ്റുമാനൂർ അമ്പലത്തിലെ സുബ്രഹ്മണ്യനും ജ്യേഷ്ഠനും അനുജനും ആണെന്നു വിശ്വസിക്കുന്നു.

കുറവിലങ്ങാട് പള്ളിയിൽ കണ്ണ്, കാല്, കൈ, ചെവി, മുഴ, തല, ആൾരൂപം, തൊട്ടിൽ, പശു, കിടാവ്, മൃഗങ്ങൾ, താക്കോൽ മുതലായവയൊക്കെ നേർച്ച നേരുന്നവരു്. ഇതിന്റെ പ്രതിരൂപങ്ങൾ രൂപത്തിനു മുമ്പിൽ എടുത്തുവച്ച് അവർ കുമ്പിടുന്നു. ശരീരത്തിന്റെ ഏതെങ്കിലും പ്രത്യേകഭാഗത്തെ വേദന മാറുവാൻ മൃഗങ്ങളുടെ അസുഖം മാറുവാൻ, കൊച്ചുകുഞ്ഞുങ്ങൾക്കു രോഗമൊന്നും വരാതെ സംരക്ഷണം ലഭിക്കുവാൻ, പുതിയ വീടു പണിയുന്നതിനു മുൻപും പിൻപും കുടുംബത്തിൽ ഐശ്വര്യം ലഭിക്കുവാൻ തുടങ്ങി. പലവിധ നിയോഗങ്ങൾക്കായാണ് ഇപ്രകാരം ചെയ്യുന്നത്.

### 9.14.3. നേർച്ചകൾ

#### 9.14.3.1. പാച്ചോർ നേർച്ച

പരി. കന്യാമറിയത്തിന്റെയും വിശുദ്ധന്മാരുടെയും തിരുനാളുകളോടനുബന്ധിച്ച് സമൂഹഭോജനം കേരള ക്രൈസ്തവരുടെയിടയിൽ ആദ്യശതകം മുതൽ നിലവിലിരുന്നതാണ്. സമൂഹഭോജനത്തിന് അഥവാ അഗാപ്പെയ്ക്ക് കേരളത്തിൽ നേർച്ച എന്നാണ് പറഞ്ഞുവരുന്നത്. ഈ ആചാരാനുഷ്ഠാനത്തിൽ കുറവിലങ്ങാട് ഇടവകക്കാർ മുൻപന്തിയിലായിരുന്നു. രാക്കുളി തിരുനാൾ, ദുക്റാന തിരുനാൾ, പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഇവയോടനുബന്ധിച്ച് പാച്ചോർ തയ്യാറാക്കിയിരുന്നു. അത് തയ്യാറാക്കുക പ്രത്യേക കരക്കാരുടെ ചുമതലയാണ്. രാക്കുളി തിരുനാളിന് കുളിച്ചിട്ടു കഴിക്കുന്ന പാച്ചോറിന് 'ചക്കരപ്പാച്ചോർ' എന്നും മറ്റു സന്ദർഭങ്ങളിലുള്ളതിന് വെളുത്ത പാച്ചോർ എന്നും പറയും.

കുറവിലങ്ങാട് പള്ളിയിൽ 50 നോമ്പിലെ എല്ലാ ഞായറാഴ്ചകളിലും പുകാലങ്ങളിൽ പാച്ചോർ വിതരണം ഉായിരുന്നു. കാളികാവ്, കുറവിലങ്ങാട്, കടപ്പൂർ, മണ്ണയ്ക്കനാട്, കോഴ, കുറിച്ചിത്താനം, മോനിപ്പള്ളി എന്നീ കരക്കാർ ക്രമത്തിലായിരുന്നു വലിയനോമ്പിലെ ഞായറാഴ്ചകളിൽ പാച്ചോർ നേർച്ച നടത്തിയിരുന്നത്. വെച്ചൂട്ട് പോലെ കുറവിലങ്ങാടുള്ള ഈ പാച്ചോർ നേർച്ചയുടെയും പ്രാധാന്യം കാലക്രമേണ കുറഞ്ഞുവന്നു.

തിരുനാളിൽ സംബന്ധിക്കുന്ന നാനാജാതിമതസ്ഥരായ ജനങ്ങൾ ഭക്തിയോടുകൂടി തേക്കിലയിൽ പാച്ചോർ വാങ്ങി ഭക്ഷിച്ചിരുന്നു. അനേകമാസക്കാലം കുറവിലങ്ങാട് പള്ളിയിൽ താമസിച്ചിരുന്ന വിൽചെൻസോമരിയാ എന്ന കർമ്മലീത്താ ചരിത്രകാരൻ താൻ ക നേർച്ചഭക്ഷണത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിട്ടു്: "എല്ലാവരും തറയിൽ ഇരിക്കുന്നു. പട്ടക്കാർ ബലിപീഠത്തിനടുത്തുള്ള കല്പടകൾമേലും സ്ഥാനമഹിമയുള്ള അത്മായർ അതിനടുത്ത് മുറപ്രകാരവും മറ്റുള്ളവർ താണസ്ഥാനങ്ങളിലും. സ്ത്രീകൾ അത്യധികം വിനയം, ഈശ്വരഭക്തി ഇവയോടുകൂടി യാതൊരു തകരാറിനും ഇട കൊടുക്കാതെ സ്ഥലത്തിനുയോജിക്കാത്ത ഒറ്റവാക്കുപോലും ശബ്ദിക്കാതെ അവരുടെ സ്ഥാനങ്ങളിലും ഇരിക്കുന്നു. ഈ നേർച്ചകളിൽനിന്ന് യാതൊരുവനും ഒഴിവാക്കപ്പെട്ടിരുന്നില്ല. യാതൊരു വ്യത്യാസവും വിവേചനവും കൂടാതെ ഇടത്തരക്കാരും ദരിദ്രരും അവയിൽ ഭാഗഭാക്കാകുന്നു. വല്ലതും സംസാരിക്കുന്നുങ്കിൽ വളരെ മിതമായ സ്വരത്തിൽ യാതൊരു കുഴപ്പത്തിനും ഇടകൊടുക്കാതെ, യാതൊരു ബഹളവും കൂടാതെ ദൈവം കേൾക്കുന്നു എന്നറിഞ്ഞുകൊ് അവർ ഈ വിധം ആചരിക്കുന്നു. ഭാജനങ്ങൾക്കു പകരം ഇലകൾ വിതരണം ചെയ്തിട്ടാണ് ഭോജ്യങ്ങൾ വിളമ്പുക. പള്ളിയിലെ മൂപ്പന്മാരാണ് വിളമ്പുന്നത്. ഉന്നതന്മാർ ദരിദ്രർക്കു ശുശ്രൂഷ ചെയ്യുന്നതിൽ വൈമനസ്യം പ്രകടിപ്പിക്കുന്നില്ല."

#### 9.14.3.2. തമുക്കു നേർച്ച

കാളികാവ്, കുറവിലങ്ങാട്, കടപ്പൂർ എന്നീ കരകളിലെ ക്രൈസ്തവർ പരസ്നേഹത്തിന്റെയും ഔദാര്യത്തിന്റെയും പ്രതീകമായി സമൂഹഭോജനം നടത്തിയപ്പോൾ തങ്ങളുടെ കരയ്ക്ക് അതില്ലാത്തത് കളത്തൂർ കരക്കാരെ ചിന്തിപ്പിച്ചു. തങ്ങൾ ന്യൂനപക്ഷമായിരുന്നുവെങ്കിലും അവരുടെ നാട്ടിലുള്ള ഭൂരിപക്ഷമായ സവർണ്ണഹിന്ദുക്കളെ ഓർമ്മയിൽ വച്ചുകൊ് ഓശാനഞായർ ദിവസം 'തമുക്ക് നേർച്ചപ്രസ്ഥാനം' ആരംഭിച്ചു. 'തമുക്കം' എന്നതിന് പള്ളിയിലേക്കുള്ള വഴിപാട് എന്നാണ് അർത്ഥം. ഈ നേർച്ച നടത്താനും തയ്യാറാക്കാനും ഭക്ഷിക്കാനും ജനങ്ങൾ ജാതി-മത-വർണ്ണവ്യത്യാസംകൂടാതെ പങ്കുചേരുന്നു. തമുക്ക് ഉാക്കാനുപയോഗിക്കുന്ന തോണി ചരിത്രവിദ്യാർത്ഥികളെ ആകർഷിക്കാറു്.

തമുക്കു നേർച്ച ഭക്തജനങ്ങൾക്കു നൽകുന്നതിനു മുമ്പ് ആശീർവദിക്കും. ഒരു പൂജ്യവസ്തു എന്ന നിലയിൽ ഇതു ഭക്ഷിക്കുന്നു. അല്പംപോലും താഴെ വീഴ്ത്താതെ ഭയഭക്തിബഹുമാനത്തോടെയാണ് ഭക്ഷിക്കുന്നത്. ഇതു പൂജ്യമായി കഴിച്ചാൽ ആത്മീയവും ശാരീരികവും ഭൗതികവുമായ അഭിവൃദ്ധി ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉാകുമെന്നാണ് വിശ്വാസം. ശർക്കര ഉരുക്കി ചുരിയ തേങ്ങയുമായി കൂട്ടിയോജിപ്പിച്ച് പഴവും അരിപ്പൊടിയുമായി ചേർന്ന കൂട്ടിൽ ചേർത്തു യോജിപ്പിക്കുന്നു. ഇതുാക്കുന്നതിനായി വലിയതോണി, എട്ടു നാക്കുള്ള ചിരവ, വാർപ്പുകൾ, ചെമ്പുകൾ, വല്ലം, തുഴ എന്നിവയും ഉപയോഗിച്ചുവരുന്നു.

വിവാഹം കഴിച്ച ഓരോ പുരുഷനും 5 നാളികനേരം, 100 വാഴപ്പഴം, ഇരുനാഴി അരിപ്പൊടി, രു ചക്രം എന്ന കണക്കിനാണ് തമുക്ക് നേർച്ചയ്ക്കു സംഭാവന ചെയ്തിരുന്നത്. കാലക്രമേണ ഇതിൽ ചില മാറ്റങ്ങൾ വന്നിട്ടു്. ആദ്യകാലങ്ങളിൽ സ്ത്രീകൾക്ക് വിളമ്പിക്കഴിഞ്ഞിട്ടേ പുരുഷന്മാർക്കു വിളമ്പുമായിരുന്നുള്ളൂ. വട്ടയിലയിൽ ആണ് അന്നു വിളമ്പിയിരുന്നത്. ഇപ്പോൾ പ്ലാസ്റ്റിക് കവറിൽ വിളമ്പുന്നു. മുന്നാഴി അരി വറുത്തത്, ഒരു കിലോഗ്രാം ശർക്കര, നൂറു പാളയംകോടൻപഴം, അഞ്ചു നാളികേരം എന്നിവ ഓരോ കുടുംബത്തിലെയും വിവാഹം കഴിച്ച പുരുഷന്മാർ നൽകിയിരുന്നു. ഇതിനു പകരം നൂറു രൂപാ കൊടുക്കുന്നവരുമു്.

അടുത്തകാലത്തായി പതിനഞ്ചു രൂപയും ഇടങ്ങഴി അരിയും നൂറു പഴവും ആറ് നാളികേരവും ആണ് നൽകുന്നത്. അതിനു തൊട്ടു മുമ്പ് പതിനഞ്ചുരൂപയുടെ സ്ഥാനത്ത് പത്തു രൂപയും ആറ് നാളികേരത്തിന്റെ സ്ഥാനത്ത് അഞ്ച് നാളികേരവും ആയിരുന്നു നൽകിയിരുന്നത്.

#### 9.14.3.3. ആനവായിച്ചക്കര നേർച്ച

കുറവിലങ്ങാട് പള്ളിയിൽ ആനവായിച്ചക്കര നേർച്ച തുടങ്ങുവാൻ ഇടയായതിന്റെ പിന്നിൽ ഒരു സംഭവമു്. പനങ്കുഴയ്ക്കൽ ചെറിയതു കത്തനാർ ഈ പള്ളിയിൽ വികാരിയായിരുന്ന കാലത്ത് ഒരുകൊല്ലം മൂന്നുനോമ്പ് തിരുനാളിൽ സംബന്ധിക്കുവാനായി തെക്കൻ ദിക്കുകളിൽനിന്നും പുറപ്പെട്ട തീർത്ഥാടകരിൽ ഒരു സാധുവായ നസ്രാണി എങ്ങനെയോ വഴി തെറ്റി ഏറ്റുമാനൂർ ക്ഷേത്രത്തിൽ ചെന്നുകയറാനിടയായി. തീലും അയിത്താചാരങ്ങളും കൊടികുത്തി വാണിരുന്ന അക്കാലത്ത് കൊല്ലും കൊലയും അടക്കി ഭരിച്ചിരുന്ന ക്ഷേത്രാധികാരികൾ അയാളെ കൊല്ലുവാനായി പുലിക്കൂട്ടിൽ അടച്ചു. ഈ വിവരം പള്ളിയിൽ അറിഞ്ഞപ്പോൾ വികാരിയച്ചൻ ആ സാധുവിനു പകരം മരണശിക്ഷ അനുഭവിച്ചുകൊള്ളാമെന്നു സമ്മതിച്ച് ഏറ്റുമാനൂരിലേക്കു പുറപ്പെട്ടു. മൂന്നുനോമ്പു തിരുനാൾ ദിവസങ്ങളായിരുന്നതിനാൽ വികാരിയച്ചനെ അനുഗമിക്കുവാൻ ധാരാളം ആളുകളുായിരുന്നു. അങ്ങനെ അയാളെ വിട്ടയച്ചു.

പിന്നീടൊരു ദിവസം ദേവസ്വം അധികാരികൾക്ക് വന്നുചേർന്ന ഈ അപമാനത്തെ പരിഹരിക്കുന്നതിനായി ദേവസ്വംവക കൊമ്പനാനയോടുകൂടി ധാരാളം നമ്പൂതിരിമാരും നായന്മാരും പള്ളിമുറ്റത്തെത്തി. പള്ളിയിലുായിരുന്ന വൈദികരും അല്മായരും ഭയന്ന് ഓടിയൊളിച്ചു. വികാരിയച്ചൻ പള്ളിക്കകത്തു കടന്ന് കതകുകൾ എല്ലാം അടച്ചു ബന്ധിച്ചു. എണ്ണവിളക്കുകളും തിരികളും കത്തിച്ച് കൈകൾ കരും വിരിച്ചുപിടിച്ച് അൾത്താരയുടെ മുമ്പിൽ മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുവാൻ തുടങ്ങി. പള്ളിയുടെ മുൻവശത്തുള്ള പ്രധാന കതക് ആനയെക്കൊ് കുത്തിതുറപ്പിക്കാൻ അവർ തീരുമാനിച്ചു.

ആന മുൻവശത്തുള്ള കതകിൽ ആഞ്ഞുകുത്തി. ആ കതകിന്റെ പാളിയുടെ അകത്തേക്ക് ആനയുടെ കൊമ്പുകൾ പകുതിയിലധികവും കടന്നു. കതകുകൾ പൊളിഞ്ഞില്ല. രാമത് ഒന്നുകൂടി കുത്തിക്കുവാനായി പാപ്പാൻ ആനയോട് കൊമ്പൂരിയെടുക്കാൻ ആജ്ഞാപിച്ചു. ആന സർവ്വശക്തിയുമെടുത്തിട്ടും കൊമ്പൂരാൻ സാധിച്ചില്ല. പരിഭ്രമം വർദ്ധിച്ച ആന മരണവ്യഥയോടുകൂടി ഉച്ചത്തിൽ നിലവിളിക്കുവാൻ തുടങ്ങി. പരിഭ്രാന്തരായ ദേവസ്വക്കാർക്ക് ആനയുടെ കുത്തുമൂലം കതകിൽ ഉായ വിള്ളലിൽക്കൂടി പള്ളിയകത്തെ ദീപജ്വാല കാണുവാൻ സാധിച്ചു.

കത്തിജ്വലിക്കുന്ന തിരികളുടെ നടുവിൽ കൈ വിരിച്ചുപിടിച്ച് മുട്ടിന്മൽ നിന്നു പ്രാർത്ഥിക്കുന്ന വൈദികന്റെ തപസ്സ് അഗ്നിയായി പടർന്ന് സകലതും ദഹിപ്പിക്കുമെന്ന് അവർ ഭയപ്പെട്ടു.

നായന്മാർ പരിഭ്രമത്തോടെ അങ്ങോട്ടുമിങ്ങോട്ടും ഓടി. ഒളിവിലിരുന്ന ചില മാപ്പിളമാരെ കുമുട്ടി വിഷമസ്ഥിതി അറിയിച്ചു. മൂത്ത കത്തനാർ തപസ്സു നിർത്തി പുറത്തുവന്ന് ഈ അപകടത്തിൽനിന്ന് തങ്ങളെ രക്ഷിക്കണമെന്നവർ കേണപേക്ഷിച്ചു. കാര്യങ്ങളുടെ ഗൗരവം ബോധ്യം വന്ന മാപ്പിളമാരുടെ അപേക്ഷപ്രകാരം മൂത്ത കത്തനാർ കതകു തുറന്ന് വെളിയിൽ വന്നു. ക്ഷേത്രാധികാരികൾ തങ്ങൾക്കു വന്നുപോയ അവിവേകം ക്ഷമിക്കുവാനും പള്ളിയുടെ കോപത്തിൽനിന്ന് അവരെ രക്ഷിക്കുവാനും അച്ചന്റെ കാൽക്കൽ വീണപേക്ഷിച്ചു. വല്യച്ചൻ എന്നു വിളിക്കപ്പെടുന്ന പനങ്കുഴയ്ക്കലച്ചൻ ആനയുടെ സമീപം ചെന്ന് ആനയുടെമേൽ കൈവച്ചു പ്രാർത്ഥിച്ചു. കൊമ്പൂരാൻ ആജ്ഞാപിച്ചപ്പോൾ വേദനകൊു വലഞ്ഞ ആന കൊമ്പൂരി, മുൻകാലുകൾ മടക്കി തുമ്പിക്കൈ കുനിച്ച് ആ വന്ദ്യപിതാവിനെ കൃതജ്ഞതാപൂർവ്വം നമസ്കരിച്ചു. അവർക്കു വന്ന തെറ്റിനും അവർമൂലം പള്ളിക്കു വന്ന നഷ്ടത്തിനും പരിഹാരമായി ചില പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിന് അച്ചനുമായി വ്യവസ്ഥകൾ ചെയ്ത് ക്ഷേത്രാധികാരികൾ പിരിഞ്ഞു.

ഈ വ്യവസ്ഥകളിൽ ഒന്നായിരുന്നു ഏറ്റുമാനൂർ ദേവസ്വംവക ആനയെ എല്ലാ വർഷവും മൂന്നുനോമ്പ് തിരുനാൾദിനം കുറവിലങ്ങാട് പ്രദക്ഷിണത്തിന് അയച്ചുകൊള്ളാമെന്നത്. നന്ദിസൂചകമായി ഏറ്റുമാനൂർ ദേവസ്വംവക ആയ കുറവിലങ്ങാടു പള്ളിക്കു സമീപമുായിരുന്ന 25 പറ ഇരുപ്പുനിലം പള്ളിയിൽ പാച്ചോർ നേർച്ചയ്ക്കായി ഊരാൺമക്കാർ ദാനം നല്കി. പാച്ചോർ നേർച്ചയ്ക്കു വേ ഓട്ടുപാത്രങ്ങൾ കൂടി പള്ളിക്കു നൽകി. കൂടാതെ ക്ഷേത്രംവക സാമാന്യം വലിയതും ഓടുകൊുള്ളതുമായ ഒരു വിളക്കും പള്ളിക്കു ദാനം ചെയ്തിട്ടു്. പ്രസ്തുത വിളക്ക് ഇന്നും പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. ആനയുടെ വേദനയകറ്റാൻ വികാരിയച്ചൻ കുറച്ചു ചക്കര കൊടുത്തതാകാം ആനവായിച്ചക്കര. ആനയുടെ നോവു മാറിയ ദൈവാനുഗ്രഹത്തിന്റെ ഫലമായി ആനയുടെ വായിൽവച്ചുകൊടുക്കുന്ന ചക്കരതുത്തിന് മനുഷ്യന്റെ നോവുമാറ്റാൻ കഴിയുമെന്ന് ഭക്തജനങ്ങൾ വിശ്വസിച്ചു. ഒരിക്കൽ പതിവിനു വിപരീതമായി ആനയെ അയയ്ക്കാതെ തളച്ചുനിർത്തുകയുായി. ആനയാകട്ടെ തളച്ചിരുന്ന മരവും പിഴുതുകൊ് കുറവിലങ്ങാട്ടെ പ്രദക്ഷിണസമയത്ത് അവിടെയെത്തുകയും പ്രദക്ഷിണം എഴുന്നള്ളിച്ചു താഴോട്ടു വന്നപ്പോൾ മുത്തിയമ്മയുടെ മുമ്പിൽ ആ ആന താണുവീണു നമസ്കരിക്കുകയും ചെയ്ത സംഭവം ഐതിഹ്യമായി പറയപ്പെടുന്നു. പ്രശസ്തമായ ഈ സംഭവം വർഷത്തിലൊരിക്കൽ ഓർമ്മിക്കുവാൻ മുന്നുനോമ്പ് തിരുനാളിലെ ആനഅകമ്പടി സഹായകമാകുന്നു. കുറവിലങ്ങാടു പള്ളിയിൽനിന്ന് കുട, ആലവട്ടം, ചുരുട്ടി, കൊടി ഇവ ഉത്സവത്തിന് ക്ഷേത്രത്തിലേക്കും കൊടുക്കുന്നു.

വല്യച്ചൻ എന്ന പേരിലറിയപ്പെടുന്ന പനങ്കുഴയ്ക്കൽ ചാത്ത വല്യച്ചന്റെ (ചെറിയ യാക്കോബ് - ചെറിയ കത്തനാർ 1479 - 1543) പ്രാർത്ഥനയുടെ ഫലമായി നോവ് സുഖപ്പെട്ടതുകൊ് വിശ്വാസികൾ നോവ്, വയറ്റിലെ അസുഖങ്ങൾ മുതലായ രോഗങ്ങൾ സുഖപ്പെടുത്തുന്നതിനുള്ള ഒരു പ്രത്യേക സിദ്ധി അദ്ദേഹത്തിനുണ്ടെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വല്യച്ചന്റെ ചാത്തദിനത്തിൽ കബറിടത്തിലും ചാത്തവീട്ടിലും ഉദരരോഗികളും നോവുകാരും തിങ്ങിക്കൂടുന്നതും അനുഗ്രഹങ്ങൾ പ്രാർത്ഥിക്കുന്നതും. വല്യച്ചൻ ആദ്യം നോവു സുഖപ്പെടുത്തി ജനഹൃദയങ്ങളിൽ പ്രതിഷ്ഠ സമ്പാദിച്ചത് ഏറ്റുമാനൂർ അമ്പലത്തിലെ കൊച്ചുകൊമ്പൻവഴി ആയിരുന്നതുകൊ് നോവും ആനയും തമ്മിലുള്ള

ബന്ധം പുലർത്താൻ വല്യച്ചന്റെ ഭക്തർക്ക് ഇതു സഹായകമായി. അതുകൊ് നോവുകാരെല്ലാം മൂന്നു നോമ്പിനു വരുന്ന ആനയെ പ്രസാദിപ്പിക്കുന്നതിനായി അതിനിഷ്ടമുള്ള കരുപ്പെട്ടി ശർക്കര വാങ്ങി പള്ളി മതിലകത്തുവച്ച് ആനയ്ക്കു തീറ്റയായി കൊടുത്ത് സംതൃപ്തിയടഞ്ഞുവന്നു. ഇതിന് 'ആനവായിച്ചക്കരനേർച്ച' എന്നു പറഞ്ഞുവരുന്നു. തിരുനാളുകൾക്ക് സ്ഥിരമായി ആനയെഴുന്നള്ളിപ്പു നടക്കുന്ന ഏകദേവാലയം കുറവിലങ്ങാടാണ്.

ആനയെ കെട്ടുന്നത് മാവിലാണ്. ശർക്കര കച്ചവടക്കാർ അവിടെ വന്നുചേരും. 10 രൂപയ്ക്ക് രോ മൂന്നോ കഷണം കിട്ടുന്നു. നേർച്ചശർക്കരയുടെ പകുതി ഒടിച്ച് പാപ്പാൻ തന്റെ കീശയിൽ വച്ചതിനുശേഷം പകുതി ആനയുടെ വായിൽവച്ചിട്ട് അതെടുത്ത് പകുതി വഴിപാടുകാരനും പകുതി ആനയ്ക്കും നൽകുന്നു. 200 കിലോ ശർക്കരവരെ അന്നേദിവസം ചിലവാകുന്നു്.

കുറവിലങ്ങാടു പള്ളിയിൽ നടന്ന് ആനവാതിൽ സംഭവത്തിനുശേഷം പനങ്കുഴയ്ക്കൽ ചെറിയതു കത്തനാരുടെ പ്രാർത്ഥനാശക്തിയിൽ ജനങ്ങൾക്ക് വലിയ വിശ്വാസമുായി. ഇദ്ദേഹത്തിന്റെ വിശുദ്ധിയിൽ വിശ്വാസമുായിരുന്ന അനേകം ആളുകൾ അച്ചന്റെ അടുത്ത് രോഗശാന്തിക്കായി എത്തുകയും പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 1479–ൽ ജനിച്ച് 1543–ൽ മരണമടഞ്ഞ അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് എല്ലാവർഷവും മരണദിവസമായ നവംബർ 5 ന് ശ്രാദ്ധസദ്യ നടത്തുന്നു. ചില ഭക്തർ ഈ നേർച്ചചോറ് വാങ്ങി ഭക്ഷിച്ചശേഷം കുറെ ഭാഗം വീടുകളിൽ കൊുപോയി ഉണക്കി സൂക്ഷിക്കുകയും ചെയ്യുന്നു.

465 വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ചാത്തം മുടങ്ങാതെ നടത്തിക്കൊുപോരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്. ഇദ്ദേഹത്തെ തോമ്മാശ്ലീഹായുടെ അനുയായികളിൽ ആദ്യത്തെ അത്ഭുതപ്രവർത്തകനായി കരുതുന്നു. ഇദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കുറവിലങ്ങാട് വലിയപള്ളിയിലെ പ്രധാന ബലിപീഠത്തിനു മുൻപിൽ നിത്യവിശ്രമം കൊള്ളുന്നു. ചാത്തത്തിനു വരുന്നവർ ഇച്ഛാനുസരണം എന്തെങ്കിലും കാഴ്ചവയ്ക്കുക പതിവാണ്. ആട്, കോഴി, കറിസാമാനങ്ങൾ, പലഹാരങ്ങൾ മുതലായവ മാത്രമല്ല, കൊട്ട, മുറം തുടങ്ങിയ നേർച്ചവസ്തുക്കളും അവർ നേർച്ച കൊുവരുന്നു.

അർക്കദിയാക്കോന്മാരുടെ ശ്രാദ്ധം ചരിത്രാതീതകാലം മുതൽ നടന്നുവന്നിരുന്നു. അതിനുവേ 150 പറനിലമാണ് നീക്കിവച്ചിരുന്നത്. എന്നാൽ പിന്നീട് ശ്രാദ്ധം മുടങ്ങിപ്പോയി. ഇപ്പോൾ കഴിഞ്ഞ 15 വർഷങ്ങളായി പുണ്യാത്മാക്കളുടെ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായവർ മുന്നോട്ടുവന്ന് ഇതേറ്റെടുത്ത് മുടക്കം കൂടാതെ നടത്തുന്നു.

പകലോമറ്റത്ത് എല്ലാമാസവും ഒരു ഏകദിന കൺവൻഷൻ നടത്താറു്. അവിടെ ധാരാളം നിലവിളക്കുകൾ കാണിക്കയായി ലഭിക്കാറു്. അഞ്ചാറെണ്ണമാകുമ്പോൾ കുറവിലങ്ങാടു പള്ളിയിൽ കൊുവന്നു വയ്ക്കും. ഇതിലൂടെ കടന്നുപോകുന്ന ജനങ്ങൾ ഇവിടെ കയറി പ്രാർത്ഥിച്ചിട്ടേ പോകൂ. പകലോമറ്റത്ത് സദ്യ വെച്ചുകൊടുക്കാറു്. അവിടെ മത്സ്യമാംസങ്ങൾ പ്രവേശിപ്പിക്കില്ല. അതു പാകം ചെയ്യുന്നതും ബ്രാഹ്മണരാണ് (പഴയിടം നമ്പൂതിരി). ഇവുടെ ശവകുടീരത്തിലെ മുടി വെട്ടുകല്ലുകൊുള്ളതാണ്. വെട്ടുകല്ലിന്റെ പൊടി അടർത്തി എടുത്ത് ആൾക്കാർ വീട്ടിൽ കൊുപോയി ഭദ്രമായി സൂക്ഷിക്കാറു്.

അർക്കദിയാക്കോന് സിവിൽ അധികാരമുായിരുന്നു. രാഷ്ട്രീയമണ്ഡലത്തിലും പ്രശോഭിച്ചിരുന്നു. കൊച്ചി രാജാക്കന്മാരെ വാഴിക്കുന്നതിൽ അതിപ്രധാനമായ ഒരു പങ്ക് ഇവർക്കുായിരുന്നു. കിരീടധാരണത്തിലെ പ്രധാനപ്പെട്ട ഒരു ചടങ്ങായിരുന്നു രാജാവായി സ്ഥാനമേൽക്കുന്നയാളെ അർക്കദിയാക്കോൻ സ്വർണ്ണക്കുരിശ് അണിയിക്കുന്നത്. സ്ഥാനമേറ്റയാൾ അർക്കദിയാക്കോന് പ്രതിസമ്മാനമായി സ്വർണ്ണമോതിരം നൽകുന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ ബുദ്ധമതപാരമ്പര്യത്തെ വെളിപ്പെടുത്തുന്നതാണ്. അവരുടെ ദേവാലയങ്ങളുടെ മുമ്പിൽ സ്ഥാപിക്കുന്ന കൽക്കുരിശും അതിൽ വർഷിക്കുന്ന എണ്ണയും. ബുദ്ധമതദൈവാലയങ്ങളിൽ എണ്ണ ഔഷധമായി നൽകിയിരുന്നു. അവയുടെ മുൻപിൽ നാട്ടിയിരുന്ന സ്തംഭങ്ങളുടെ തുടർച്ച ക്രിസ്ത്യൻ ദേവാലയങ്ങളുടെ മുമ്പിലുള്ള കൽക്കുരിശുകളിൽ നിരീക്ഷിക്കാം. എ.ഡി. നാലാം നൂറ്റാോടെ ക്രിസ്തുമതത്തിൽ വ്യാപകമാകുന്ന കുരിശ് ആരാധന, പോർത്തുഗീസുകാർ കേരളത്തിലെത്തുമ്പോൾ വിസ്മയത്തോടെ കാണുന്നു്. യേശുവിന്റെ ശവശരീരമില്ലാത്ത കുരിശുകളായിരുന്നു സുറിയാനി ക്രിസ്ത്യാനികൾ ആരാധിച്ചിരുന്നത്.

കുറവിലങ്ങാട് പള്ളിയുടെ മുൻവശത്തുള്ള കരിങ്കൽ കുരിശിന്റെ കലാസുന്ദരമായ കരിങ്കൽത്തറ ശ്രദ്ധേയമാണ്. (അങ്കമാലി തുടങ്ങിയ പഴയ പള്ളികളിൽ ഇത്തരം കുരിശിൻതറകളു്. ഇതിൽ തൂങ്ങപ്പെട്ട രൂപവും പെലിക്കൻപക്ഷിയും കൊത്തിവച്ചിരിക്കുന്നതു കൊ് പോർത്തുഗീസുകാർ വന്നതിനുശേഷം നിർമ്മിച്ചതാണെന്നു തീർച്ചപ്പെടുത്താം. ഈ കുരിശിന്റെ തറയിൽ മൂന്നു വശങ്ങളിലായി 1072 എന്ന് പഴയ മലയാളഅക്കത്തിൽ എഴുതിയിട്ടു്. ഈ കുരിശ് ഒരു നായർ പ്രമാണിയുടെ ആനയുടെ സഹായത്തോടെയാണ് ഉയർത്തിയതെന്നും പറയപ്പെടുന്നു. കുറവിലങ്ങാട്ടുള്ള കുരിശിൻതൊട്ടിയിൽ നൂറ്റാുകളുടെ പഴക്കമുള്ള ഒരു അരയാലും തറയുമുായിരുന്നു. ഇവിടത്തെ കുരിശിൻതറയിലെ താമരയിലകൾ ഭാരതീയ ചിത്രകലയുടെയും ബുദ്ധമതസ്വാധീനത്തിന്റെയും ഭാഗമാണ്. തൂങ്ങപ്പെട്ടരൂപം, പെലിക്കൻ പക്ഷി, മുന്തിരിക്കുലകൾ എന്നിവ യൂറോപ്യൻ കലകളുടെ അനുകരണമാണ്.

ഇന്ത്യയിലെ ക്രിസ്ത്യാനികളുടെയിടയിൽ മാത്രം കാണുന്നതാണ് വലിയ കൽക്കുരിശുകളും കുരിശിൻതൊട്ടിയും. ബുദ്ധമതക്കാർ സ്തംഭങ്ങൾ നിർമ്മിക്കുന്നവരാണ്. ആ പാരമ്പര്യമാണ് കരിങ്കൽകുരിശ് നാട്ടൽ, ചുറ്റുവിളക്കു കത്തിക്കൽ തുടങ്ങിയവയുടെ പിന്നിലുള്ളത് എന്നു കരുതാം.

#### 9.14.3.4. എണ്ണ ഒഴിക്കൽ

കുറവിലങ്ങാട് പള്ളിയിൽ ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു നേർച്ചയാണ് ചുറ്റുവിളക്കിൽ എണ്ണ ഒഴിക്കൽ. 1597-ൽ സ്ഥാപിച്ചിട്ടുള്ള 48 അടി ഉയരമുള്ള കൽക്കുരിശിന്റെ പീഠത്തിലുള്ള ചുറ്റുവിളക്കിലാണ് ഭക്തജനങ്ങൾ എണ്ണ ഒഴിക്കുന്നത്. ആദ്യവെള്ളിയാഴ്ച ദിവസങ്ങളിൽ രാവിലെ അഞ്ചുമണിക്കാരംഭിക്കുന്ന ഭക്തജനപ്രവാഹം രാത്രി ഒൻപതുമണിവരെയുാകും. മറ്റു ദിവസങ്ങളിലും, പ്രത്യേകിച്ച് സാധാരണ വെള്ളിയാഴ്ചകളിലും ധാരാളം തീർത്ഥാടകർ എണ്ണ ഒഴിക്കുവാൻ എത്തുന്നു്. ഒരു ലക്ഷത്തിൽപരം ആളുകൾ ജാതിമതഭേദമെന്യേ ആദ്യവെള്ളിയാഴ്ച ദിവസങ്ങളിൽ എണ്ണ ഒഴിക്കുവാൻ ഇവിടെയെത്തുന്നു.

കുറവിലങ്ങാട് പള്ളിയിൽ പ്രാർത്ഥിക്കുവാനായി വരുന്നവർ പരി. കന്യാമറിയത്തോടും വി. സെബസ്ത്യാനോസിനോടും പ്രാർത്ഥിക്കുവാനായിട്ടാണ് വരുന്നത്. മാതാവിന്റെ ഏഴു

വ്യാകുലങ്ങളെ അനുസ്മരിപ്പിക്കുന്ന ഏഴു ചുറ്റുവിളക്കുകൾ ഉൾക്കൊള്ളുന്ന കൽക്കുരിശ് ഇവിടെയു്. മുകളിലുള്ള ചുറ്റുകളിൽ എണ്ണ ഒഴിക്കുന്നത് അവിടെ കയറിനിന്നാണ്. താഴെനിന്ന് ആൾക്കാർ എണ്ണ കപ്പുകളിൽ എടുത്തുകൊടുക്കും. ചൂട് അടിച്ച് കുരിശിന് ഇളക്കം തട്ടുന്നതിനാൽ കുരിശിന്റെ സുരക്ഷിതത്വത്തിനായി താഴെയുള്ള ഒരു ചുറ്റിൽ മാത്രമാണ് എണ്ണ ഒഴിക്കുവാൻ ഇപ്പോൾ അനുവാദം കൊടുത്തിരിക്കുന്നത്. ആദ്യവെള്ളിയാഴ്ചകളിൽ ഇഷ്ടമുള്ള തുക നേർച്ചപ്പെട്ടിയിൽ ഇട്ടതിനുശേഷം ഇഷ്ടമുള്ളത്രയും എണ്ണ കപ്പുകളിൽ എടുത്ത് ഒഴിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. സാധാരണ ദിവസങ്ങളിൽ എണ്ണ  എടുക്കുന്ന ടാങ്ക് പൂട്ടിയിട്ടിരിക്കുകയാണ്. അപ്പോൾ എണ്ണ കച്ചവടക്കാരുടെ പക്കൽനിന്ന് എണ്ണ വാങ്ങി കൽക്കുരിശിൽ ഒഴിക്കുകയാണ് ചെയ്യുന്നത്.

കരിങ്കൽകുരിശിനു പുറമെ വലിയപള്ളിയിൽ മാതാവിന്റെ രൂപത്തിനു മുൻപിലും ചെറിയ പള്ളിയിൽ വി. സെബസ്ത്യാനോസിന്റെ രൂപത്തിനു മുൻപിലും എണ്ണ ഒഴിക്കാൻ നിലവിളക്കു വെച്ചിട്ടു്.  പ് മൂന്നു തട്ടുള്ള നിലവിളക്കായിരുന്നു. തിരക്ക് ഒഴിവാക്കാൻ ഒരു തട്ടുളള നിലവിളക്കാണ് ഇപ്പോൾ വെച്ചിരിക്കുന്നത്. വെഞ്ചരിച്ച് എണ്ണ കുപ്പിയിലാക്കി സ്റ്റാളിൽ വച്ചിട്ടു്. അത് 10 രൂപ കൊടുത്ത് വാങ്ങി വീടുകളിൽ കൊുപോകുന്നവരുമു്. മൃഗങ്ങൾക്കും സസ്യങ്ങൾക്കും മനുഷ്യർക്കും രോഗങ്ങൾ വരുമ്പോൾ ഈ എണ്ണ പുരട്ടാറു്. ആദ്യവെള്ളിയാഴ്ച നാലു ലക്ഷം രൂപാവരെയും സാധാരണ വെള്ളിയാഴ്ചകളിൽ 40,000 രൂപാവരെയും കാണിക്കയായി ഇവിടെ ലഭിക്കാറു്.

കുറവിലങ്ങാട് പള്ളിയുടെ താഴത്തെ മുറ്റത്തുള്ള ഉത്തുംഗമായ കരിങ്കൽകുരിശ് ഉയർത്തി സ്ഥാപിക്കുന്നതിന് ഉപയോഗിച്ച് ആന കാഞ്ഞിരക്കാട്ട് നായരുടെ വകയായിരുന്നു. ആനയുടെ അക്കാലത്തെ പാപ്പാൻ കാഞ്ഞിരവേലി നായരും. മാമലശ്ശേരി കൈമൾക്കും കാഞ്ഞിരക്കാട്ട് നായർക്കും പള്ളിക്കാര്യത്തിൽനിന്നും അഞ്ചേകാൽ ഇടങ്ങഴി അരിയും കോപ്പും നല്കിയിരുന്നു. (പണം, നാളികേരം, നെല്ല്, പുകയില, വെറ്റില, പാക്ക് ഇവയിൽ ഏതെങ്കിലുമൊക്കെ കോപ്പിൽ ഉൾപ്പെടുന്നു). എന്നാൽ കാഞ്ഞിരവേലി നായർക്ക് മൂന്നേകാൽ ഇടങ്ങഴി അരിയും കോപ്പും വാങ്ങുന്ന സമ്പ്രദായം വളരെ പൂജ്യമായി ഹിന്ദുപ്രമുഖന്മാർ കരുതിയിരുന്നു. പള്ളിയുടെ പ്രധാന വാതിൽക്കൽ ഹാജരായി ഓഹരികളും സംഭാവനകളും സ്വീകരിക്കുകയായിരുന്നു പൂർവ്വികാചാരം. ഇതുകൂടാതെ ചുരുട്ടി, തഴ മുതലായവ എടുക്കുന്നവർ വെടിക്കാരൻ, കപ്യാർ, കണക്കൻ, ബാന്റ് സെറ്റ്, ഓരോ കരക്കാർക്കുള്ള അവകാശങ്ങൾ (കപ്പൽ, കുട, കൊടി മുതലായവ വഹിക്കുന്നവർ) തുടങ്ങിയവ വേറെയുമു്.

### 9.14.4. അത്ഭുത ഉറവ

കുറവിലങ്ങാട് പള്ളിയിൽ ചുറ്റും കല്ലുകെട്ടി ഉറപ്പിച്ചു ഭദ്രമാക്കിയിട്ടുള്ളതും ഉയർന്നു കാണുന്ന പീഠത്തിൽ പരി. കന്യകയുടെ രൂപത്തിനു കീഴിൽ സ്വയംഭൂവായ ഒരു ഉറവയു്. ഏകദേശം 1700 സംവത്സരങ്ങൾക്കുമുമ്പ് കാണപ്പെട്ട ഈ ഉറവയിലെ ജലം സദാ നിർമ്മലവും ആുവട്ടം മുഴുവനും അപ്രതിരോധ്യമായ ശക്തി ഉൾവഹിക്കുന്നതുമയി കുവരുന്നു എന്നുള്ളത് ഉറവയുടെ പ്രത്യേകതയാണ്.

കന്യാമാതാവ് കുട്ടികൾക്കു പ്രത്യക്ഷപ്പെട്ട് കൽകഷണങ്ങൾ അപ്പമാക്കി പകർത്തി അവരുടെ വിശപ്പടക്കുകയും ദാഹിച്ചപ്പോൾ സമീപത്തുതന്നെ ഒരുറവ പ്രവഹിപ്പിക്കുകയും ചെയ്തെന്നാണ് സ്ഥല ഐതിഹ്യം. നിരപ്പിൽനിന്നും ഉദ്ദേശം രടി താഴെ ഒരു പാറക്കെട്ടിൽനിന്നാണ്

ഉറവ പുറപ്പെടുന്നത്. ഉഗ്രമായ വേനൽക്കാലത്ത് പരിസരങ്ങളിൽ എത്രതന്നെ താഴ്ത്തിയാലും വെള്ളം കിട്ടാത്ത കാലത്തുപോലും പ്രസ്തുത ഉറവയിലെ വെള്ളം വറ്റുന്നില്ല. ഇവിടെ ആഗതരാകുന്ന ഭക്തജനങ്ങൾ ഈ ജലം കോരിയെടുത്ത് വീട്ടിൽ കൊുപോകാറു്. വയറ്റുനോവിനും മറ്റു പല രോഗങ്ങൾക്കും പൈശാചിക ഉപദ്രവങ്ങൾക്കും അതു ശമനം വരുത്തുന്നതായി പറയപ്പെടുന്നു. കുട്ടികൾ ഉാകുന്നതിനുവേി തൊട്ടിയും കയറും അത്ഭുതഉറവയുടെ സമീപത്ത് വയ്ക്കുന്നവരു്.

പ്രാചീനമായ പല സുറിയാനി പള്ളിയോടും ചേർന്ന് ഉപദേവാലയങ്ങൾ കാണാം. ജാതി പതിത്വം പാലിച്ചിരുന്ന സുറിയാനിക്കാർ താഴ്ന്ന ജാതിക്കാരെ മതപരിവർത്തനം ചെയ്തതായി ആദ്യകാലചരിത്രത്തിൽ കാണുന്നില്ല. ഹിന്ദുമതവും ആചാരങ്ങളും എങ്ങനെ ബ്രാഹ്മണവിഭാഗത്തിൽമാത്രം നിലനിന്നുവോ അതുപോലെ കൈമാറാതെ, ചട്ടക്കൂടുകളിൽ സുരക്ഷിതമാക്കി. ക്രൈസ്തവർ മതം പരമ്പരാഗത സ്വകാര്യസ്വത്തായി കൊുവന്നിരുന്നു. പോർത്തുഗീസുകാരുടെ മതപരിവർത്തനത്തോടെ മറ്റു ജാതിവിഭാഗങ്ങളെയും മതപരിവർത്തനം ചെയ്തുതടങ്ങിയപ്പോൾ ഹിന്ദുവിഭാഗത്തിലെ കീഴാളവിഭാഗങ്ങളും മതത്തിന്റെ വിശാലപരിധിയിൽ ഉൾപ്പെട്ടു. എന്നാൽ തികച്ചും വിഭിന്നമായിത്തന്നെ നിലകൊു. മതപരിവർത്തനം ചെയ്ത അവർണ്ണവിഭാഗങ്ങൾക്ക് പള്ളിയുടെ ആനവാതിൽവരെയേ പ്രവേശനമുായിരുന്നുള്ളു. പോർത്തുഗീസ് പാതിരിമാരുടെ നിർബന്ധം ശക്തമായപ്പോൾ പള്ളിയോടുചേർന്ന് പുലപ്പള്ളികൾ സ്ഥാപിച്ചു. കുറവിലങ്ങാടു പള്ളിയോടു ചേർന്നു കാണുന്ന ചെറിയ പള്ളികൾ ഇതിന്റെ സ്മാരകങ്ങളാണ്. കിഴക്കുഭാഗത്തുള്ള വി. യൗസേപ്പിന്റെ പള്ളിയും തെക്കുഭാഗത്തെ വി. സെബസ്ത്യാനോസിന്റെ പള്ളിയും അത്തരത്തിലുള്ള പുലപ്പള്ളികളായിരുന്നു. 1653-ലെ കൂനൻകുരിശുസത്യത്തിനു ശേഷം ഇവിടെ അപ്പസ്തോലിക സന്ദർശനത്തിനെത്തിയ മാർ സെബസ്ത്യാനിയോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കാനായിരുന്നു സെബസ്ത്യാനോസിന്റെ നാമത്തിൽ ഈ ഉപദേവാലയം സ്ഥാപിച്ചത്. മാർ സെബസ്ത്യാനിയാണ് കുറവിലങ്ങാട് ഇടവകാംഗമായിരുന്ന പറമ്പിൽ ചാി കത്തനാരെ ഇവിടത്തെ ആദ്യത്തെ തദ്ദേശീയമെത്രാനായി വാഴിച്ചത്. പറമ്പിൽ ചാി മെത്രാനാണ് ഈ ദേവാലയം പണികഴിപ്പിച്ചതും. ഇത് അദ്ദേഹത്തിന്റെ സ്വകാര്യപ്രാർത്ഥനാലയമായാണ് കരുതപ്പെടുന്നത്.

ഈ ദേവാലയങ്ങൾക്കു വടക്കുഭാഗത്തായി മാർ ഔഗേന്റെ നാമത്തിൽ ക്രിസ്തുമതം അവലംബിച്ച് അവർണ്ണർക്കായി നിധീരിക്കൽ മാണിക്കത്തനാരും മേൽവട്ടത്ത് യാക്കോബ് കത്തനാരുംകൂടി 1900-ത്തിനുശേഷം പണികഴിപ്പിച്ച ദേവാലയവും സുറിയാനിസഭയിൽ നിലനിന്ന ജാതിഭേദത്തെ വെളിപ്പെടുത്തുന്നു. രാമപുരം, ചേർപ്പുങ്കൽ തുടങ്ങിയ സ്ഥലങ്ങളിലും അവർണ്ണർക്കുവേി പ്രത്യേക ദേവാലയം കാണുന്നു്. മതപരിവർത്തനം ചെയ്തവരെ അവർണ്ണജാതികളായിട്ടുതന്നെയാണ് പരമ്പരാഗത വിശ്വാസികൾ ഗണിച്ചിരുന്നത്. സഭയുടെ വൈദികവൃത്തിയിലോ, സന്ന്യാസാശ്രമങ്ങളിലോ അവർക്കു പ്രവേശനം സാധാരണമല്ലായിരുന്നു. ഉദയംപേരൂർ സൂനഹദോസിൽ ഈ ജാതിവ്യവസ്ഥയ്ക്കെതിരേ പറഞ്ഞിരുന്നുവെങ്കിലും അത് നിലനിന്നുപോന്നതായിട്ടാണ് കാണപ്പെടുന്നത്.

സമീപപ്രദേശത്തെ ദേവാലയങ്ങളുടെ മാതൃദേവാലയം എന്ന നിലയിൽ കുറവിലങ്ങാട് പള്ളിയെ കണക്കാക്കുന്നു. രാമപുരം, മുത്തോലി, ഇലഞ്ഞി, കാക്കൂർ, തിരുമാറാടി, ആരക്കുഴ, അതിരമ്പുഴ, കാഞ്ഞിരത്താനം, കുടക്കച്ചിറ, കൂടല്ലൂർ, മുട്ടുചിറ തുടങ്ങിയ ഇടങ്ങളിലേക്ക് കുടിയേറിയ ക്രിസ്ത്യാനികൾ അതാതിടങ്ങളിൽ ദേവാലയങ്ങൾ തീർത്തു. 2009 സെപ്തംബ

റിൽ എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് മേരിനാമധേയരുടെ സംഗമം നടത്തിയത് മരിയ ഭക്തിയുടെ പുതിയ അനുഭവം പ്രദാനം ചെയ്തിരുന്നു. അയ്യായിരത്തിലധികം മേരി നാമധേയർ ഇതിൽ പങ്കെടുത്തു. തിരുക്കർമ്മങ്ങൾക്കുശേഷം ഇവർ കൊുവന്ന അപ്പവും പള്ളിയിൽനിന്നു തയ്യാറാക്കിയ ഇറച്ചിക്കറിയും ആശീർവദിച്ച് നേർച്ചയായി നല്കി നോമ്പുവീടുകയും ചെയ്തു. ഇന്നും ഈ സംഗമം തുടരുന്നു.

## 9.15. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപള്ളി (1450)

### 9.15.1. അഞ്ചു നൂറ്റാിന്റെ പഴക്കമുള്ള ദൈവാലയം

പാലായിൽ നിന്ന് 12 കി. മീ. വടക്ക് ഈ ദൈവാലയം സ്ഥിതി ചെയ്യുന്നു. പ. കന്യകാമറിയത്തിന് പ്രതിഷ്ഠിച്ചുകൊ് ഇവിടെയുായ ആദ്യത്തെ പള്ളി എ.ഡി. 1450 നോടടുത്ത് പൂർത്തിയായി. തുടർന്ന് ഈ പള്ളി പൊളിക്കുകയും വി. ആഗസ്തീനോസിന്റെ നാമത്തിലുള്ള ഇപ്പോഴത്തെ പഴയപള്ളി, 1599-ൽ പോർത്തുഗീസ് ശില്പമാതൃകയിൽ പണിയപ്പെടുകയും ചെയ്തു. വിശുദ്ധന്റെ നാമത്തിലുള്ള കേരളത്തിലെ പ്രഥമദേവാലയമാണിത്. പരി. കന്യകാമറിയത്തിന്റെ നാമത്തിലുള്ള ആദ്യത്തെ പള്ളിയുടെ അൾത്താര പഴയപള്ളിയുടെ സങ്കീർത്തിയിൽ ഇപ്പോഴും ഭംഗിയായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതിലുള്ളത് ഇലച്ചാർ ഉപയോഗിച്ച് അഞ്ച് നൂറ്റാുകൾക്കു മുൻപ് വരച്ച ചിത്രങ്ങളാണ്. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പ് നാട്ടിലെ ദൈവാലയങ്ങളുടെ നിർമ്മിതിക്ക് ഇന്ത്യൻ ശില്പകലയാണ് ഉപയോഗപ്പെടുത്തിയിരുന്നത് എന്നതിന് ഉത്തമതെളിവാണ് ഈ പുരാതനബലിപീഠം. ഇതിലെ ചിത്രങ്ങളെല്ലാം ഭാരതീയരീതിയിലുള്ളവയാണ്. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടുകൂടി രാമത്തെ പള്ളിയും പോരാതെ വന്നു. ഈ പള്ളി പൊളിച്ചുമാറ്റാതെ പ്രഥമദൈവാലയത്തെ അനുസ്മരിച്ചുകൊ് മാതാവിന്റെ നാമത്തിൽ മൂന്നാമതൊരു പള്ളി പണിയാൻ ആരംഭിക്കുകയും 1864-ൽ അത് പൂർത്തിയാക്കുകയും ചെയ്തു. ഈ പള്ളിക്ക് പലയിടത്തും കേടുപാടുകൾ സംഭവിച്ചതുകൊ് 2009-ൽ നാലാമത്തെ പള്ളി പണിപൂർത്തീകരിച്ചിട്ടു്. 1864-ലെ പള്ളി പുരാവസ്തുവകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്.

### 9.15.2. പാറേമ്മാക്കൽ ഗോവർണ്ണദോർ സമാധിമണ്ഡപം

1799-ൽ ദിവംഗതനായ പാറേമ്മാക്കൽ ഗോവർണ്ണദോറിന്റെ മൃതദേഹം സംസ്കരിച്ചത് ഇവിടത്തെ പഴയപള്ളിയിലാണ്. പോർട്ടുഗൽ രാജ്ഞി കരിയാറ്റി മെത്രാപ്പോലീത്തായ്ക്ക് സമ്മാനിച്ചതും അദ്ദേഹം ഉപയോഗിച്ചിരുന്നതുമായ രത്നം പതിച്ച കുരിശും മാലയും മോതിരവും, സ്വർണ്ണക്കാസയും പാറേമ്മാക്കൽ ഗോവർണ്ണദോർ വഴി ഈ പള്ളിക്ക് ലഭിച്ചിട്ടു്. ഗോവർണ്ണദോർ ഉപയോഗിച്ചിരുന്ന ദന്തത്തിൽ ചിത്രവേലകൾ ചെയ്തിട്ടുള്ളതുമായ മനോഹരമായ ഒരു പല്ലക്കും ഈ പള്ളിയിൽ സൂക്ഷിച്ചിട്ടു്. രാമപുരംപള്ളിക്ക് ഏഴു നിലകളുള്ള ഒരു കുരിശുപള്ളിയു്. പഴമ വിളിച്ചറിയിക്കുന്ന വാദ്യപ്പുരയും സ്വന്തമായു്. കേടുകൂടാതെ നിലകൊള്ളുന്ന പള്ളി മതിൽക്കെട്ട് പോർത്തുഗീസ് മാതൃകയിലുള്ളതാണ്.

### 9.15.3. വി. അഗസ്തീനോസിന്റെ രൂപം

പഴയപള്ളിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. അഗസ്തീനോസിന്റെ രൂപം പോർത്തുഗ

ലിൽനിന്ന് ഗോവവഴി കൊുവന്നതാണെന്നും, അതല്ല ഈ രൂപം ആഫ്രിക്കയിൽ നിർമ്മിക്കപ്പെട്ടതാണെന്നും അഭിപ്രായമു്. ഇടക്കൊച്ചിയിലെ ഏതോ പള്ളിയിൽ സ്ഥാപിക്കുന്നതിനുവേി കപ്പൽമാർഗ്ഗം ഈ രൂപം അവിടെ എത്തിച്ചെങ്കിലും കാറ്റ് പ്രതികൂലമായതിനാൽ പടിഞ്ഞാറുതീരത്ത് രൂപം ഇറക്കാൻ സാധിച്ചില്ല. കിഴക്കേക്കരയിൽ ഇറക്കിയ രൂപം പിന്നീട് മറുകരയ്ക്കു കടത്താൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അവസാനം തിരുസ്വരൂപം രാമപുരത്ത് കൊുവരികയും യാതൊരു ബുദ്ധിമുട്ടും കൂടാതെ പഴയപള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം. വി. ആഗസ്തീനോസിനോടുള്ള ഭക്തി നാട്ടിൽ പ്രചാരത്തിൽ വന്നത് ഇതോടുകൂടിയാണ്. ഇടക്കൊച്ചിയിൽനിന്ന് ധാരാളം ആളുകൾ രാമപുരത്തെ വലിയ തിരുനാളിൽ പങ്കെടുക്കുവാൻ ഇന്നും വരികയും കാണിക്കകൾ സമർപ്പിക്കുകയും ചെയ്യുന്നത് കാണുമ്പോൾ ഈ ഐതിഹ്യത്തിൽ സത്യമുന്നെ് ചിന്തിച്ചുപോകും.

### 9.15.4. പ്രധാന തിരുനാളുകൾ

രാമപുരത്ത് പ്രധാന തിരുനാളായി ആഘോഷിച്ചിരുന്നത് ജനുവരി ആറിലെ ദനഹാതിരുനാളായിരുന്നു. ക്രിസ്തുവിന്റെ ജ്ഞാനസ്നാനവും ക്രിസ്തുവിന്റെ ദൈവപുത്രനെന്നുള്ള വെളിപ്പെടുത്തലും സ്മരിക്കുന്ന ദനഹാ പ്രധാന തിരുനാളായാണ് ഇവിടെ ആഘോഷിച്ചുപോന്നിരുന്നത്. പാലാ കത്തീഡ്രൽപള്ളിയിലെ പ്രധാന തിരുനാളും ഇതേദിവസം തന്നെ ആയിരുന്നതിനാൽ 1825-നുശേഷം ദനഹാതിരുനാളിനു പകരം ജനുവരി ഒന്നാം തീയതി ഉണ്ണീശോയുടെ ഛേദനാചാരതിരുനാൾ ആഘോഷിക്കുവാൻ സഭാധികാരികൾ തീരുമാനിച്ചു. ഛേദനാചാരതിരുനാൾ 'ധനുമാസത്തിൻ പെരുന്നാൾ' എന്നാണ് സാധാരണ അറിയപ്പെടുന്നത്.

ഡിസംബർ 24-ാം തീയതി കൊടിയേറുന്നതോടെ തിരുനാൾ ആരംഭിക്കുന്നു. ഡിസംബർ 31-ാംതീയതിയും ജനുവരി ഒന്നാം തീയതിയുമാണ് പ്രധാന തിരുനാൾ. തിരുനാളിനു മുമ്പുള്ള ഒൻപതു ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും വിവിധ തിരുക്കർമ്മങ്ങളും നൊവേനയും ആഘോഷങ്ങളും നടത്താറു്. ഡിസംബർ മുപ്പത്തൊന്നാം തീയതി ഉച്ചകഴിഞ്ഞ് വി. ആഗസ്തീനോസിന്റെയും മറ്റു വിശുദ്ധന്മാരുടെയും രൂപങ്ങൾ പള്ളിമുറ്റത്തെ പന്തലിൽ പ്രതിഷ്ഠിക്കുന്നതോടെ ആഘോഷങ്ങളുടെ പ്രധാനഭാഗം തുടങ്ങുന്നു. വിവിധ വാദ്യമേളങ്ങളും വെടിയും മണിയുമൊക്കെ മുഴങ്ങുന്നു. അപ്പോൾ മുതൽ തിരുസ്വരൂപത്തിനു മുമ്പിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുവാൻ ആളുകൾ എത്തുകയായി. കമനീയമായി അലങ്കരിച്ച വീഥിയിലൂടെ പൊൻവെള്ളികുരിശുകൾ, വിവിധ വർണ്ണമുത്തുക്കുടകൾ, എന്നിവയും ഉണ്ണീശോ, മാതാവ്, വി. ആഗസ്തീനോസ് എന്നീ രൂപങ്ങളും ആഘോഷമായ പട്ടണപ്രദക്ഷിണത്തിന് സംവഹിക്കപ്പെടും. ഏറ്റവും പിന്നിൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾ അടങ്ങിയ അരുളിക്കാ ഉയർത്തിപ്പിടിച്ച് തിരുവസ്ത്രധാരികളായ പുരോഹിതന്മാർ പാലികയ്ക്കു കീഴിൽ പ്രദക്ഷിണത്തിൽ പങ്കുകൊള്ളും.

ഇടവകമധ്യസ്ഥനായ വി. ആഗസ്തീനോസിന്റെ തിരുനാൾ ആഗസ്റ്റ് 28-ാം തീയതി ആഘോഷിച്ചു വരുന്നു. ഇപ്പോഴത്തെ പഴയപള്ളിക്ക് കല്ലിട്ട ദിവസത്തിന്റെ ഓർമ്മയിൽ ഈ പെരുന്നാളിനെ 'കല്ലിട്ട തിരുനാൾ' എന്ന് വിളിച്ചുപോരുന്നു. വി. ആഗസ്തീനോസിന്റെ തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണത്തിന് ആദ്യം മോനിക്കാ പുണ്യവതിയേയും പിന്നാലെ മകനായ വി. ആഗസ്തീനോസിനെയും എഴുന്നള്ളിക്കുന്നു. രാമപുരത്ത് കുഞ്ഞച്ചൻ എന്ന പേരിലറിയപ്പെടുന്ന 'അഗസ്റ്റിൻ തേവർപറമ്പിലച്ച'ന്റെ മരണശേഷം നടത്തിയിരുന്ന ശ്രാദ്ധസദ്യ വാഴ്ത്ത

പ്പെട്ടവനായതു മുതൽ നേർച്ചസദ്യ എന്ന പേരിലറിയപ്പെടുന്നു. ആദ്യകാലത്ത് ശ്രാദ്ധം പാച്ചോർരൂപത്തിലായിരുന്നു. ഒക്ടോബർ മാസത്തിൽ കുഞ്ഞച്ചന്റെ തിരുനാൾ ആചരിക്കുന്നു. 2008 ഒക്ടോബർ 16-ാം തീയതി 75,000 വ്യക്തികൾ നേർച്ചസദ്യയിൽ പങ്കുകൊു. 35 ചാക്ക് അരി, 200 കിലോ അച്ചാർ, 200 കിലോ പയർ എന്നിവ ഇതിനായി ഉപയോഗിച്ചു. കുഞ്ഞച്ചൻ മരണത്തിനു മുൻപ് എഴുതിയ വിൽപ്പത്രത്തിൽ ആുതോറും തന്റെ മരണതീയതിയിൽ ഒരു പാട്ടുകുർബ്ബാനയും ഒപ്പീസും നടത്തണമെന്ന് എഴുതിയിരുന്നു. ഇതുപ്രകാരം ചരമവാർഷികദിനമായ ഒക്ടോബർ പതിനാറിന് പാട്ടുകുർബ്ബാനയും ഒപ്പീസും നടത്തുന്നു.

വി. അൽഫോൻസാമ്മയുടെ കബറിടത്തിലെന്നപോലെ കുഞ്ഞച്ചന്റെ കബറിടത്തിലും ധാരാളം വ്യക്തികൾ കാര്യസാധ്യത്തിനായി 'നീന്തുനേർച്ച' നടത്തുകയും തിരി കത്തിച്ച് പ്രാർത്ഥിക്കുകയും പൂക്കൾ സമർപ്പിക്കുകയും ചെയ്യാറു്. പരീക്ഷ എഴുതുവാനുള്ള പേനകൾ കുട്ടികൾ കബറിടത്തിൽ കൊുവന്ന് തൊടുവിക്കുന്ന പതിവു്. പലവിധത്തിലുള്ള രോഗങ്ങൾ ബാധിച്ചവരും അംഗവൈകല്യമുള്ളവരും കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുന്നു. കുട്ടികളെ കബറിടത്തിൽ കിടത്തി പ്രാർത്ഥിക്കുന്നു.

കപ്പ, റബർഷീറ്റ്, വാഴക്കുല, ഇഞ്ചി, പയർ തുടങ്ങിയവ കബറിടത്തിൽ കൊുവന്നു വയ്ക്കാറു്. അവയ്ക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കാനും നാശനഷ്ടങ്ങൾ ഉാകാതെ കൃഷി സമൃദ്ധമാകുന്നതിനും വേിയാണ് ഇങ്ങനെ ചെയ്യുന്നത്. കുഞ്ഞച്ചൻ ജീവിച്ചിരുന്ന കാലത്ത് ചാഴി, എലി, വ്, നീർ എന്നിവയെ കൃഷിസ്ഥലത്ത് പോയി വിലക്കിയിരുന്നു. അവിടെ പോയി ഹന്നാൻ വെള്ളം തളിച്ചാണ് വിലക്കിയിരുന്നത്. വിശ്വാസികൾ തീപ്പെട്ടി, കുപ്പി തുടങ്ങിയവയ്ക്കുള്ളിൽ വ്, ചാഴി എന്നിവയെ കൊുവന്ന് കബറിടത്തിൽ വയ്ക്കും. കബറിടത്തിൽ വച്ചതിനുശേഷം അവയെ കൊുപോയി കൃഷിസ്ഥലത്തുവിടും. അപ്പോൾ ബാക്കിയുള്ളതെല്ലാം പറന്നുപൊയ്ക്കൊള്ളും എന്നാണ് വിശ്വാസം.

പശു പാൽ ചുരത്താതിരിക്കുമ്പോൾ ഉപ്പും കയറും കൊു വന്ന് അച്ഛനെകൊ് വെഞ്ചരിപ്പിക്കുമായിരുന്നു. അതിന്റെ സ്മരണയ്ക്കായി ഇക്കാലത്തും ഉപ്പും കയറും കുഞ്ഞച്ചന്റെ കബറിടത്തിൽ വയ്ക്കുന്നതിനായി ധാരാളം വ്യക്തികൾ വരാറു്. കുഞ്ഞച്ചൻ വെഞ്ചരിച്ചാൽ ഉദ്ദിഷ്ടകാര്യം സാധിക്കുമെന്നാണ് വിശ്വാസം. ഇതിന്റെ ഓർമ്മയ്ക്കായി കറ്റ, ഉപ്പ്, കയർ എന്നിവയൊക്കെ മ്യൂസിയത്തിൽ സൂക്ഷിക്കുന്നു്.

**9.15.4.1. പുഴുക്കു നേർച്ച**

പുകാലത്ത് രാമപുരം പള്ളിയിൽ ഉണ്ണിയേശുവിന്റെ ഛേദനാചാരതിരുനാൾ ആഘോഷിച്ചിരുന്ന ഡിസംബർ 31, ജനുവരി 1 ദിവസങ്ങളിലും, വി. ആഗസ്തീനോസിന്റെ തിരുനാളായ ഓഗസ്റ്റ് 28-നും 'പുഴുക്കുനേർച്ച' നടത്തിയിരുന്നു. കാട്ടുപന്നി, മുള്ളൻപന്നി തുടങ്ങിയ ജന്തുക്കൾ കൃഷി നശിപ്പിച്ചിരുന്ന കുടിയേറ്റക്കാലത്താണ് രാമപുരം പുഴുക്കുനേർച്ച നിലവിലിരുന്നത്. കപ്പ, ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് തുടങ്ങിയ നടുതല സാധനങ്ങളെല്ലാം പുഴുങ്ങി അവയിൽ തേങ്ങാ, മുളക് ഇവയെല്ലാം ചേർത്താണ് ഈ നേർച്ചവിഭവം തയ്യാറാക്കുന്നത്. കള്ളന്മാരിൽനിന്നും കൃഷിവിഭവങ്ങളെ സംരക്ഷിക്കാനും പുഴുക്കു നേർച്ച ഉപകരിച്ചിരുന്നു. പരമ്പരാഗതമായി ചില കുടുംബങ്ങളായിരുന്നു പുഴുക്കുനേർച്ച നടത്തിയിരുന്നത്. പണക്കാരനെന്നോ, പാവപ്പെട്ടവരെന്നോ ഉള്ള തരംതിരിവ് ഇല്ലാതെ ഇതിൽ എല്ലാവരും സഹകരിച്ചിരുന്നു. തലേക്കൊല്ലത്തെ കൃഷി കാത്തുപാലിച്ചതിനും വരുംകൊല്ലത്തെ സമൃദ്ധിക്കുവേിയും കൂടിയാ

യിരുന്നു ഇത് അനുഷ്ഠിച്ചിരുന്നത്. കപ്പ, കാച്ചിൽ, കിഴങ്ങുവർഗ്ഗങ്ങൾ, ചേന, ഇഞ്ചി, നെല്ല് തുടങ്ങിയവ അക്കാലത്ത് സമൃദ്ധമായി കൃഷിചെയ്തിരുന്നു. പുഴുക്കുനേർച്ച നിന്നുപോകാൻ പല കാരണങ്ങളാണ് പഴമക്കാർ പറയുന്നത്. അവ

1. റബ്ബർ പ്രധാന നാണ്യവിളയായി മാറി
2. കൃഷിനാശം സംഭവിക്കാൻ സാഹചര്യമില്ലാതായി.
3. ഇടവകയിലെ കർഷകരുടെ എണ്ണം കുറഞ്ഞു – എന്നിവയാണ്.

പെരുന്നാൾ സ്ഥലത്ത് നേർച്ചഭക്ഷണത്തിനായി ഉന്തും തള്ളും വർദ്ധിച്ചതുകൊ് രാമപുരം പള്ളിയിലെ പുഴുക്കു നേർച്ച പിന്നീട് നിർത്തലാക്കി. നേർച്ച കഴിച്ചിരുന്നവർക്ക് രോഗവിമുക്തി ലഭിച്ചിരുന്നതായി പറയപ്പെടുന്നു. സുറിയാനിക്രിസ്ത്യാനികളുടെ വിശ്വാസകൂട്ടായ്മ, കാർഷിക പാരമ്പര്യം എന്നിവ ഇതിലൂടെ ഊട്ടിയുറപ്പിച്ചിരുന്നു. സാധുക്കളെ സഹായിക്കുക എന്ന യേശുക്രിസ്തുവിന്റെ ഉപദേശം കൃഷിയുടെ മറപിടിച്ച് ശക്തിപ്പെട്ടതാണ് 'രാമപുരം പുഴുക്ക്' എന്നു പറയുന്നു.

മുത്തപ്പന് അടിമ വയ്ക്കുന്നതിനായി ജാതിമതഭേദമെന്യേ ധാരാളം കുഞ്ഞുങ്ങളെ ഇവിടെ കൊുവരാറു്. ആദ്യകാലത്ത് പള്ളിയിൽ എണ്ണ ഒഴിച്ച് കത്തിക്കാൻ തൂക്കുവിളക്ക് ഉായിരുന്നു. രാമപുരം പള്ളിയിൽ ഹൈന്ദവപ്രമുഖനായിരുന്ന കോക്കരകൈമൾ ഇപ്പോൾ പള്ളി ഇരിക്കുന്ന സ്ഥലവും വിളക്കുവയ്പിനുവേി കുളങ്ങരപ്പാടത്തെ പത്തുപറനിലവും ദാനം നല്കി. പരസ്പരാദരവിന്റെയും മതമൈത്രിയുടെയും അടയാളമെന്നോണം ഇന്നും രാമപുരംപള്ളിയിലെ പ്രധാന തിരുനാൾ ദിവസം പ്രസ്തുത കുടുംബത്തിലെ അവകാശികൾക്ക് പന്ത്രേകാൽ ഇടങ്ങഴി അരിയും കോപ്പുകളും നൽകിവരുന്നു. ഇപ്പോൾ കോപ്പുകളുടെ സ്ഥാനത്ത് (കറികോപ്പുകൾ) 101 രൂപയാണ് നല്കുന്നത്. രാമപുരം പള്ളിയിലെ പ്രധാന തിരുനാളിന് പ്രസ്തുത ഹൈന്ദവകുടുംബത്തിലെ ഒരംഗം വാളും പരിചയും പിടിച്ച് അകമ്പടി സേവിക്കുന്ന പതിവുായിരുന്നു. കാലക്രമേണ ആ പതിവ് നിന്നുപോയി.

രാമപുരംപള്ളിക്ക് ഏഴുപൂട്ട് നിക്ഷേപഅറ ഉ്. ഇവിടെയാണ് തിരുസ്വരൂപങ്ങൾ, പൊൻവെള്ളികുരിശ് എന്നിവ സൂക്ഷിക്കുന്നത്. നാല്പതുമണി ആരാധന, പ്രധാന തിരുനാളുകൾ എന്നീ ദിവസങ്ങളിൽ ഏഴുപൂട്ട് തുറന്ന് പൊൻ വെള്ളികുരിശുകൾ, അരുളിക്കകൾ എന്നിവ പുറത്തെടുക്കും. ഏഴുപൂട്ടിന്റെ താക്കോലുകൾ നാലു കൈക്കാരന്മാരുടെ കയ്യിലാണ്.

#### 9.15.4.2. കുരിശും മാലയും എഴുന്നള്ളിക്കൽ

ഇവിടെ തിരുനാളിന് 'കുരിശും മാലയും എഴുന്നള്ളിക്കാൻ' ധാരാളം ആളുകൾ എത്താറു്. കുരിശുംതൊട്ടി ചുറ്റി ഇവർ തിരികെ എത്തുന്നു. വി. ആഗസ്തീനോസ് മെത്രാനായതുകൊാണ് കുരിശും മാലയും എഴുന്നള്ളിക്കുന്നത്. ഒരു കുടുംബത്തിൽനിന്ന് ഒരാളെങ്കിലും കുരിശും മാലയും എടുക്കും. കുടുംബത്തിലെ എല്ലാ അംഗങ്ങളും എഴുന്നള്ളിക്കുന്നവരുമു്. വർഷത്തിൽ ഒരു പ്രാവശ്യം എടുത്തില്ലെങ്കിൽ ഒരു സുഖവുമില്ലെന്ന് ഇടവകക്കാർ സാക്ഷ്യപ്പെടുത്തുന്നു. മുത്തപ്പന്റെ സംരക്ഷണം ഇതിലൂടെ ലഭിക്കുന്നു. വി. ആഗസ്തീനോസിനെ 'മുത്തപ്പൻ' എന്നാണ് വിളിക്കാറുള്ളത്. ബാക്കി എല്ലാം മുത്തപ്പൻ നോക്കിക്കൊള്ളും എന്നാണ് വിശ്വാസം.

പള്ളിമൈതാനത്തുള്ള കരിങ്കൽ കുരിശിനു ചുറ്റുമായി സ്ഥാപിച്ചിരിക്കുന്ന 152 തിരികളുള്ള ചുറ്റുവിളക്കിൽ ഭക്തജനങ്ങൾ എണ്ണ ഒഴിക്കുന്നത് ഒരു പ്രധാന നേർച്ചയാണ്. എല്ലാ വെള്ളി

യാഴ്ചകളിലും, പ്രത്യേകമായി മാസാദ്യവെള്ളിയാഴ്ചകളിലും നാനാജാതി മതസ്ഥർ ഉദ്ദിഷ്ട കാര്യസാധ്യത്തിനായി എണ്ണ ഒഴിച്ച് തിരിതെളിക്കാറു്. പുരാതനകാലം മുതൽ ഉദ്ദിഷ്ടകാര്യ സാധ്യത്തിനുവേി യേശുവിന്റെ പന്ത്ര് ശ്ലീഹന്മാരുടെ ഓർമ്മ ആചരിച്ചുകൊ് നേർച്ച സദ്യ നടത്തിയിരുന്നു. പിടിയും കോഴിയുമാണ് പ്രധാന നേർച്ചഭക്ഷണം. വി. ആഗസ്തീ നോസിന്റെയും ഉണ്ണീശോയുടെ തിരുനാളുകളിൽ ഉദ്ദിഷ്ടകാര്യസാധ്യത്തിനുവേി ഭക്തജന ങ്ങൾ മോതിരവും മാലയും സമർപ്പിക്കാറു്.

ദുഃഖവെള്ളിയാഴ്ചയിലെ പരിഹാരപ്രദക്ഷിണത്തിൽ വെള്ളിലാപ്പിള്ളിയിലുള്ള ഏതാനും വീട്ടുകാർ ക്രിസ്തുവിന്റെ മഞ്ചം വഹിക്കാറു്. വളരെ വർഷങ്ങൾക്കുമുമ്പ് ആമ്പല്ലൂർക്കാ രൻ പ്രസിദ്ധനായ ഒരു മേസ്തിരി കുമ്പിൾതടിയിൽ തീർത്തതാണ് പ്രസ്തുത മഞ്ചം. വർഷ ങ്ങൾക്കുമുമ്പ് വെള്ളിലാപ്പിള്ളിയിൽ 'ആത്മക്കുറി' ആരംഭിച്ചിരുന്നു. എല്ലാ മാസവും ആദ്യവെ ള്ളിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ച വൈകുന്നേരം ഭവനങ്ങളിൽ മരിച്ചവർക്കുവേി പ്രത്യേകം പ്രാർത്ഥന നടത്തും. തുടർന്ന് സസ്യാഹാരങ്ങൾകൊുള്ള സ്നേഹവിരുന്നും സ്തോത്രക്കാഴ്ചയും ഉാകും. ഈ ചടങ്ങിനാണ് 'ആത്മക്കുറി' അഥവാ 'സഭക്കൂട്ടം' എന്നു പറയുന്നത്. നാനാജാതിമതസ്ഥർ തങ്ങളുടെ ആഗ്രഹപ്രാപ്തിക്കായി എത്തുന്ന ഒരു തീർത്ഥാ ടനസ്ഥലം കൂടിയാണ് രാമപുരം പള്ളി.

## 9.16. വല്യച്ചൻ മാഹാത്മ്യവും<br>അരുവിത്തുറ സെന്റ് ജോർജ്ജ് പള്ളിയും

### 9.16.1. ചരിത്രനാൾവഴികൾ

ഉൾനാട്ടിലെ വാണിജ്യസങ്കേതമെന്ന നിലയിൽ അരുവിത്തുറയ്ക്ക് പ്രാധാന്യമു്. ഗൂഡ ല്ലൂരിലേക്ക് കാഞ്ഞിരപ്പള്ളി, അരുവിത്തുറ വഴിയുായിരുന്ന വനമാർഗ്ഗം ദുർഗ്ഗമമായിരുന്നി രിക്കാമെങ്കിലും ഒരു പ്രാചീന സഞ്ചാരപഥമായിരുന്നു. ജനവാസകേന്ദ്രങ്ങളായിരുന്നതിനാലാവാം മാർ തോമായുടെ സഞ്ചാരപഥങ്ങളിൽ അരുവിത്തുറയെയും നിലയ്ക്കലിനെയും ബന്ധിപ്പിച്ചുള്ള പഴമൊഴികൾക്കു കാരണമായത്. എ.ഡി. 52-ൽ തോമാശ്ലീഹാ അരുവിത്തുറയിൽ വന്നുവെന്ന് അഭിപ്രായപ്പെടുന്നവരു്. ഏഴു ദിവസം ഇവിടെ താമസിക്കുകയും കുരിശ് സ്ഥാപിക്കുകയും ചെയ്തു. കുരിശ് സ്ഥാപിച്ചിടത്ത് കൂടാരം കെട്ടി എല്ലാ ഞായറാഴ്ചകളിലും പ്രാർത്ഥന നട ത്തിയിരുന്നു. 'മാറാൻ ഈശോ' (നമ്മുടെ കർത്താവീശോമിശിഹാ) എന്നാരംഭിക്കുന്ന പാട്ടാണ് പാടിക്കൊിരുന്നത്. ഫാ. തോമസ് അരയത്തിനാൽ 'അരുവിത്തുറ പള്ളി' എന്ന തന്റെ പുസ്ത കത്തിൽ തോമാശ്ലീഹായ്ക്കു കുരിശുവയ്ക്കുവാൻ സ്ഥലം കൊടുത്തെന്ന് അവകാശപ്പെടുന്ന തെങ്ങുംമൂട്ടിൽ കുടുംബക്കാർ ഇവിടെയുന്നെ് പറയുന്നു. വി. ഗീവർഗീസ് നാലാം നൂറ്റാ ിൽ ജീവിച്ച വ്യക്തി ആയതിനാലാവാം നാലാം നൂറ്റാിൽ പള്ളി സ്ഥാപിച്ചതെന്നു പറയു ന്നത്. എന്നാൽ ആദ്യത്തെ പള്ളി പരി. കന്യകാമറിയത്തിന്റെ നാമത്തിലായിരുന്നു. 14-ാം നൂറ്റാ ിൽ നിലയ്ക്കൽനിന്ന് വി. ഗീവർഗിസിന്റെ രൂപം കൊുവന്നതിനാൽ 16-ാം നൂറ്റാിൽ പോർത്തുഗീസ് മാതൃകയിൽ സ്ഥാപിച്ച പള്ളിക്കാണ് വി. ഗീവർഗീസിന്റെ പള്ളി എന്ന് നാമ കരണം ചെയ്തതെന്നും പറയപ്പെടുന്നു.

എ.ഡി. 151-ൽ പരി. കന്യകാമറിയത്തിന്റെ നാമത്തിൽ അരുവിത്തുറ പള്ളി ക്ഷേത്രമാ തൃകയിൽ സ്ഥാപിതമായി എന്നു വിശ്വസിച്ചുപോരുന്നു. ഈരാറ്റുപുഴ, ഈരാറ്റുപുള്ളെ, ഈരാ

പ്പുഴ, ഈരാപ്പൊളി എന്നെല്ലാം മുൻപു പറഞ്ഞിരുന്നു. വാണിജ്യസങ്കേതമെന്ന നിലയിലാവണം 'അരുവിത്തുറൈ' എന്ന പേരു വന്നത്. പള്ളിയുടെ ഔദ്യോഗികരേഖകളിൽ എ.ഡി. നാലാം നൂറ്റ് സ്ഥാപനകാലമായി പറയുന്നു. കപ്പൽ വരാത്ത തുറമുഖം എന്നറിയപ്പെട്ടിരുന്നാലും നിരന്തരമായി തോണികൾ വഴിയുള്ള കച്ചവടം നടന്നിരുന്നു. മാർ തോമ്മാ സ്ഥാപിച്ച ഒരു പള്ളി നിലയ്ക്കലായിരുന്നുവെന്നും അവിടെനിന്നും ഫക്കീർ പോലിഗർ പെരുംപറ്റ(വലിയസൈന്യം) യുടെ ആക്രമണം ഉായപ്പോൾ പലായനം ചെയ്തവർ അരുവിത്തുറയിലെ ബന്ധുമൈത്രിഭ വനങ്ങളിലാണ് അഭയം പ്രാപിച്ചതെന്നും പറയപ്പെടുന്നു.

അരുവിത്തുറ പള്ളി മീനച്ചിലാറിന്റെ രു പോഷകനദികളായ തീക്കോയി ആറിന്റെയും പൂഞ്ഞാർ ആറിന്റെയും സംഗമസ്ഥാനത്തിനടുത്ത് പശ്ചിമഘട്ട പർവ്വതനിരയുടെ പടിഞ്ഞാറെ ചെരുവിൽ സ്ഥിതി ചെയ്യുന്നു. ര് ആറുകൾ സന്ധിക്കുന്ന സ്ഥലമായതുകൊാണ് ഈ സ്ഥലം ഈരാപ്പുഴ, ഈരാപ്പൊലി, ഈരാറ്റുപുഴ എന്നീ പേരുകളിൽ അറിയപ്പെട്ടത്. 1901 വരെയുള്ള അരുവിത്തുറ പള്ളിയിലെ രേഖകളിൽ മേല്പറഞ്ഞ പേരുകൾ സുലഭമാണ്. 1910-നു ശേഷം ഈ പേരുകളുടെ സ്ഥാനത്ത് അരുവിത്തുറ എന്ന പേര് സ്ഥാനം പിടിക്കുന്നു. 10-ാം നൂറ്റാു മുതൽ 17-ാം നൂറ്റാുവരെയുള്ള ശവകുടീരങ്ങൾ ഇവിടെ കാണുന്നു്. അവയിൽ വട്ടെഴുത്തിലും മറ്റും 'ഈരാറ്റിട' എന്ന പേർ കാണുന്നു്. എ.ഡി. നാലാം ശതകംവരെ ഇവിടത്തെ ക്രൈസ്തവദേവാലയത്തിനു പഴക്കം പറയുമ്പോൾ അത് കേരളീയരീതിയിലുള്ള ഈശ്വരസങ്കേതമായിരിക്കാനാണ് സാധ്യത.

### 9.16.2. വി. ഗീവർഗീസ് സഹദ

ചരിത്രവിവരണങ്ങളൊന്നും വി. ഗീവർഗീസിനെ സംബന്ധിച്ച് ലഭ്യമല്ല. ഗ്രീക്കിൽ 'കൃഷീവലൻ' എന്നർത്ഥമുള്ള 'ഗയാൻഗിയോസ്' എന്നായിരുന്നു വിശുദ്ധന്റെ പേര്. ഇതിന്റെ സുറിയാനിരൂപമാണ് ഗീവർഗീസ്. ലത്തീനിൽ ജോർജ്ജിയൂസ് എന്നും ഇംഗ്ലീഷിൽ ജോർജ്ജ് എന്നുമാണ് ഇതിന്റെ രൂപാന്തരങ്ങൾ. കപ്പദോച്യയിൽ ഒരു പ്രഭുകുടുംബത്തിലായിരുന്നു ജനനം. പ്രഭുകുടുംബസാഹചര്യം അദ്ദേഹത്തിന് മികച്ച വിദ്യാഭ്യാസം ലഭ്യമാകാൻ കാരണമായി. അക്കാലത്തെ ഏറ്റവും അഭികാമ്യമായ സൈനികവൃത്തിയിൽ പ്രവേശിച്ച അദ്ദേഹം പിന്നീട് അശ്വസൈന്യത്തിൽ നിയോഗിക്കപ്പെട്ടു. സൈനികവൃത്തയിലെ സാഹചര്യം ഭരണാധികാരികളുടെ പ്രീതി പിടിച്ചുപറ്റുന്നതിന് കാരണമായിത്തീർന്നു.

അർമേനിയായിലെ രാജപ്രതിനിധിയായും ചക്രവർത്തിയുടെ ഉപദേശകസമിതി അംഗമായും യുദ്ധകാര്യമന്തിയായും അദ്ദേഹം പ്രവർത്തിച്ചു. വളരെ ഉത്തരവാദിത്വപൂർണ്ണവും അപകടകരവുമായ ഈവക പ്രവൃത്തികളോടനുബന്ധിച്ച് ഏറെ യാത്രകൾ അദ്ദേഹത്തിനു നടത്തേതായിവന്നിരുന്നു. ഇത്തരത്തിലുള്ള ഒരു യാത്രയിലാണ് ഒരു ഘോരസർപ്പത്തിന്റെ പിടിയിൽനിന്നും അദ്ദേഹം നാടുവാഴിയുടെ മകളെ രക്ഷിച്ചത്. സർപ്പത്തിൽനിന്നും തന്റെ മകളെ രക്ഷിച്ചതിന് പ്രതിഫലമായി അവളുടെ ഭർത്തൃപദവും രാജ്യത്തിന്റെ പകുതിയും നാടുവാഴി വാഗ്ദാനം ചെയ്തു. എന്നാൽ വി. ഗീവർഗീസ് ഇവ നിരസിക്കുകയാണുായത്. ആയതിനാൽ പാമ്പുകളുടെ ഉപദ്രവത്തിൽനിന്നുള്ള രക്ഷയ്ക്കായി ജനങ്ങൾ വി. ഗീവർഗീസിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നു. വി. ഗീവർഗീസിന്റെ ശക്തമായ മാധ്യസ്ഥ്യശക്തി നിറഞ്ഞു നിൽക്കുന്ന ദേവാലയങ്ങളിലൊന്നാണ് അരുവിത്തുറ പള്ളി.

പൗരസ്ത്യസഭയിൽ വി. ഗീവർഗീസിനോടുള്ള ഭക്തി വളരെ വ്യാപകമാണ്. കേരളത്തിലെ പ്രമുഖ ദേവാലയങ്ങളായ എടത്വാ, ഇടപ്പള്ളി, അങ്കമാലി, പുതുപ്പള്ളി, മുതലക്കോടം, കുമ്പ ളങ്ങി എന്നീ ദേവാലയങ്ങളെല്ലാം വി. ഗീവർഗീസ് സഹദായുടെ പേരിൽ വളരെ പ്രസിദ്ധങ്ങ ളാണ്.

അരുവിത്തുറയിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും ഹൈറേഞ്ച് മലബാർ മേഖലക ളിലേക്ക് കുടിയേറിപ്പാർത്തവരും നാട്ടിലുള്ളവരും ഒത്തുകൂടുന്ന അവസരമാണ് അരുവിത്തുറ തിരുനാൾ. വർഷങ്ങൾക്കുമുമ്പ് വാഹനസൗകര്യമില്ലാത്ത അവസരങ്ങളിൽ ഹൈറേഞ്ചിൽ നിന്നും മറ്റും നടന്നാണ് ആളുകൾ തിരുനാൾ കൂടാനെത്തിയിരുന്നത്. ഏലപ്പാറ, വാഗമൺ വഴി നടന്ന് വൈകുന്നേരത്തോടെ അരുവിത്തുറയിലെത്തി രാത്രി പെരുന്നാളും വെടിക്കെട്ടും കൂടി പിറ്റേദിവസത്തെ പകൽ പെരുന്നാളും കഴിഞ്ഞാണ് ആളുകൾ മടങ്ങിയിരുന്നത്. ഇതിനിടയിൽ ബന്ധുവീടുകളിലും മറ്റും സന്ദർശനവും നടത്തും. കാട് വെട്ടിത്തെളിച്ച് കൃഷിയിറക്കി തങ്ങ ളുടെ ദുഃഖങ്ങളും ദുരിതങ്ങളും പറയാൻ വർഷത്തിലൊരിക്കൽ സന്നിധിയിലെത്തുന്ന ആചാരം കാലത്തിനൊപ്പം വളർന്നു. അരുവിത്തുറ തിരുനാൾ ഒരു വ്യാപാരമേളകൂടിയാണ്. കൃഷിക്കുള്ള പണിയായുധങ്ങൾ മുതൽ മുറം, കൊട്ട, കത്തി, കപ്പി, കോപ്പ, ഭരണി, വാർപ്പ്, കുട്ട ഉരുളി, മൺപാത്രങ്ങൾ തുടങ്ങി പരമ്പ്, കട്ടിൽ, മേശ തുടങ്ങിയവയും പലവ്യഞ്ജനസാധനങ്ങൾവരെ പെരുന്നാൾ പറമ്പിലുാകും. കൂടാതെ വഴിവാണിഭ കച്ചവടക്കാരും കാപ്പിക്കടക്കാരും ഇന്നും ഇതിനു വലിയ കുറവൊന്നുമില്ല. പെരുന്നാൾ കഴിഞ്ഞാലും എട്ടാമിടംവരെ കച്ചവടത്തിരക്കൊ ഴിയുകയില്ല.

### 9.16.3. കോഴി നേർച്ച

ക്രിസ്തീയസഭയുടെ ഔദ്യോഗികപഠനത്തിനു വിധേയമായ വിശ്വാസാചാരങ്ങളല്ല വി. ഗീവർഗീസിന്റെ കാര്യത്തിൽ പിന്തുടരുന്നത്. കേരളത്തിൽ നിലനിന്നിരുന്ന ഗോത്ര, ദ്രാവിഡാ ചാരങ്ങളുടെ ശേഷിപ്പ് ക്രിസ്തീയ വിശുദ്ധന്മരുടെ വിശ്വാസത്തിലും ആചാരത്തിലും ചേർന്നു കിടപ്പു്. വി. ഗീവർഗീസ് പാരമ്പര്യമായി പാമ്പുകളുടെ ഉപദ്രവങ്ങളിൽനിന്നും പ്രകൃതിയിലെ അപകടകാരികളായ ജീവജാലങ്ങളിൽനിന്നും ആശ്രിതരെ രക്ഷിക്കുന്നതായി വിശ്വസിച്ചുപോ രുന്നു. വി. ഗീവർഗീസിന്റെ പള്ളികളിൽ നൽകുന്ന കോഴിനേർച്ച ശ്രദ്ധേയമാണ്. പാമ്പിന്റെ ഉപദ്രവത്തിൽനിന്നു രക്ഷ നേടുന്നതിനും കോഴിക്കൂട്ടിൽ പാമ്പു കയറാതിരിക്കുന്നതിനും വി. ഗീവർഗീസിന്റെ തിരുന്നാളിനോട് അനുബന്ധിച്ച് എല്ലാ ഭവനത്തിൽനിന്നും ഒരു കോഴിയെ എങ്കിലും പള്ളിക്കു നൽകാറു്. നാഗങ്ങളെ രക്ഷയ്ക്കായി ആരാധിച്ചിരുന്ന ബൗദ്ധഗോത്ര പാരമ്പര്യങ്ങളിൽ വേരൂന്നിയതാണ് വി. ഗീവർഗീസിനെ, നാഗഭീഷണിയിൽനിന്നു രക്ഷപ്പെടു ത്തുന്ന വിശുദ്ധനായുള്ള സങ്കല്പം. വിശുദ്ധന്റെ സഹായത്താൽ നേടിയ അനുഗ്രഹങ്ങളുടെ കഥ എണ്ണമറ്റവയാണ്.

ഭക്ത്യാരാധനകൾകൊും നേർച്ചകാഴ്ചകൾകൊും പ്രസാദിക്കുകയും വിരുദ്ധമായ പ്രവൃത്തികളിൽ കോപിക്കുകയും പ്രതികാരം ചെയ്യുകയും ചെയ്യുന്ന ഒരു വ്യക്തിയായി വി. ഗീവർഗീസിനെ കാണുന്നവരുമു്. പാമ്പുകൾ അദ്ദേഹത്തിന്റെ ദൂതന്മാരാണ്. നേർച്ചകൾ മറ ന്നുകളയുന്നവരെ അദ്ദേഹം തന്റെ ദൂതന്മാരെ വിട്ട് ഓർമ്മിപ്പിക്കുമെന്നാണ് അത്തരക്കാരുടെ വിശ്വാസം.

പാമ്പുകൾ നിറഞ്ഞ ഭൂപാരിസ്ഥിതികാവസ്ഥയിലാണ് നാഗാരാധന കേരളത്തിൽ സജീ വമായത്. കാർഷികവൃത്തിയുടെ വികാസത്തിൽ കൃഷിയുടെ ശത്രുക്കളായ എലി, പരുന്ത് ആദി

യായവയും പ്രശ്നമായിത്തീർന്നു. ഇത്തരം ഘട്ടങ്ങളിൽ അഭയസ്ഥാനമാകുന്ന ഭാരതീയ പാരമ്പര്യങ്ങൾക്കനുസൃതമായ ദേവസങ്കല്പം വി. ഗീവർഗീസിനു ചേരും. കേരളീയ ആരാധനാരീതിയോട് യോജിച്ചുപോകുന്നതുകൊാണ് ഹൈന്ദവർക്കും വി. ഗീവർഗീസ് ആരാധ്യനായത്. പൊതുവെ 'വല്യച്ചനെ'ന്ന് വി. ഗീവർഗീസിനെ വിളിക്കുന്നു. അച്ചൻ-വൈദികൻ, മാന്യൻ, ശ്രേഷ്ഠൻ, അമ്മാവൻ, പിതാവ്, യജമാനൻ എന്നെല്ലാം ഇതിന് അർത്ഥം കാണുന്നു. പൊതുവെ ബഹുമാനസൂചകമായ ഈ പദം ജാതികളോടും പേരുകളോടും ചേർത്തുപയോഗിച്ചും കാണുന്നു.

മോഷണം പോയ മുതൽ കത്തൊൻ വിശ്വാസികൾ വല്യച്ചനെ ആശ്രയിക്കുന്നു. വല്യച്ചന്റെ തിരുസ്വരൂപത്തിന്റെ ശക്തിചൈതന്യംകൊ് നേരെ നോക്കാൻ ആവില്ലെന്ന വിശ്വാസവും നിലവിലു്. പാപികൾക്ക് ആ തിരുസ്വരൂപം കോപാകുലമായും, സാധുക്കൾക്ക് ദയാമസൃണമായും അനുഭവപ്പെടുന്നു. ഇങ്ങനെ ഒട്ടേറെ വിശ്വാസങ്ങളാൽ വലയം ചെയ്യപ്പെട്ടാണ് വി. ഗീവർഗീസ് ഇവിടെ നിലകൊള്ളുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ ആയോധനവിദ്യയിലും വി. ഗീവർഗീസ് കടന്നുവരുന്നു്. ആയോധനകളരികളിൽ കുലദേവതകളെ പ്രതിഷ്ഠിക്കുക സാധാരണമായിരുന്നു. ഉദയംപേരൂർ സൂനഹദോസോടെ ക്രിസ്തീയേതര ദേവതകൾ വിലക്കപ്പെട്ടു. ആ പാരമ്പര്യത്തിനു യോജിച്ചവിധം വീരയോദ്ധാവിന്റെ പ്രതിമയും ചിത്രങ്ങളും വച്ചിരുന്നു.

പടച്ചട്ടയണിഞ്ഞ യുവാവായ ഒരു കുതിരപ്പടയാളിയുടേതായിട്ടാണ് വി. ഗീവർഗീസിന്റെ രൂപം സാധാരണ കാണാറുള്ളത്. എന്നാൽ പ്രസ്തുത തിരുസ്വരൂപം കുതിരപ്പുറത്തിരുന്നുകൊ് സർപ്പത്തിന്റെ വായിലേക്ക് കുന്തം കുത്തിയിറക്കുന്ന മദ്ധ്യവയസ്കനായാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ രൂപത്തിൽ വി. ഗീവർഗീസിന്റെ നേരെയുള്ള ദൃശ്യമാണുള്ളത്. സ്വരൂപത്തിന്റെ ജീവൻ തുടിക്കുന്ന ഭാവം ആരെയും ആകർഷിക്കുന്നു. കഴിഞ്ഞ ഏഴ് നൂറ്റാുകളായി ഈ അത്ഭുതരൂപം യാതൊരു മാറ്റവും കൂടാതെ ഇവിടെ സ്ഥിതി ചെയ്യുന്നു. പതിമൂന്നാം നൂറ്റാിൽ നിർമ്മിക്കപ്പെട്ട ഈ രൂപം ഇവിടെ എത്തിയതിനുശേഷം ആരും ഒരിക്കലും ഇതിൽ പെയിന്റു ചെയ്തിട്ടില്ല. വിശുദ്ധന്റെ രൂപം ഇവിടെ വന്നെത്തിയകാലം മുതൽ ഇന്നാട്ടിലെ ജനങ്ങൾ വിശുദ്ധനിൽ അചഞ്ചലമായ വിശ്വാസം പ്രദർശിപ്പിച്ചതുകൊ് പരി. കന്യകാമറിയത്തിന്റെ പേരിലുായിരുന്ന അരുവിത്തുറ പള്ളി 16-ാം നൂറ്റാിൽ വി. ഗീവർഗീസിന്റെ പേരിൽ പുനഃസ്ഥാപിച്ചു. അരുവിത്തുറ പള്ളിമേടയുടെ ഭിത്തിയിലുള്ള വട്ടെഴുത്ത്, പഴയ ഒരു ഹന്നാൻവെള്ള തൊട്ടി, പുതിയ പള്ളിയുടെ പുറംഭിത്തിയിൽ ഉറപ്പിച്ചിരിക്കുന്ന പഴയപള്ളിയുടെ ആർച്ച് ഇവയൊക്കെ ഈ പള്ളിയുടെ പുരാതനത്വം എടുത്തുകാണിക്കുന്നു.

കേരളത്തിൽ വി. ഗീവർഗീസിനോടുള്ള ഭക്തി പാശ്ചാത്യസ്വാധീനത്തിൽനിന്നും വന്നതാണ്. യൂറോപ്യൻ ജനതയ്ക്ക് വി. ഗീവർഗീസിനോടുള്ള ഭക്തി ലോപിച്ചുവരവേ കേരളത്തിൽ ആ ഭക്തി വളരെ സജീവമായിത്തന്നെ നിലനില്ക്കുന്നു. മിക്ക ക്രൈസ്തവകുടുംബങ്ങളിലും ജോർജ്ജ് എന്നു പേരുള്ള ആരെങ്കിലും കാണും. ജോർജ്ജ് എന്ന പേര് സുറിയാനിയിൽ ഗീവർഗീസ് എന്നും മലയാളത്തിൽ വർക്കി എന്നുമാണ്. വി. ഗീവർഗീസിന്റെ രൂപങ്ങൾ മിക്കവാറും എല്ലാ ഭവനങ്ങളിലുമു്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളാണ് ഇന്ന് വി. ഗീവർഗീസിനെ കൂടുതലായി അംഗീകരിച്ചുവരുന്നത്. പതിനാറാം നൂറ്റാിനു മുമ്പുായിരുന്നതും ഇപ്പോൾ അനുസ്യൂതമായി എല്ലാ ദൈവാലയങ്ങളിലും തുടർന്നുകൊിരിക്കുകയും ചെയ്യുന്ന തിരുനാളാണ് വി. ഗീവർഗീസിന്റെ തിരുനാൾ.

### 9.16.4. അരുവിത്തുറ പെരുന്നാൾ

എല്ലാ വർഷവും ഏപ്രിൽ 22, 23, 24, 25 തീയതികളിൽ ആഘോഷിക്കുന്ന വി. ഗീവർഗീസിന്റെ തിരുനാൾ അരുവിത്തുറയെ സംബന്ധിച്ചിടത്തോളം ഒരു ദേശീയോത്സവംതന്നെയാണ്. പ്രധാന തിരുനാളായ ഏപ്രിൽ 24 ന് ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം (പാപങ്ങളിൽനിന്ന് ഇളവു ലഭിക്കൽ) ലെയോ പന്ത്രാമൻ പാപ്പ അംഗീകരിച്ചിട്ടു്. ഈ ദിവസങ്ങളിൽ അരുവിത്തുറ മനുഷ്യമഹാസമുദ്രമായി രൂപാന്തരപ്പെടുന്നു. വി. ഗീവർഗീസിന്റെ തിരുനാളിനൊരുക്കമായി ഏപ്രിൽ 15 മുതൽ മെയ് ഒന്നു വരെ ആഘോഷമായ കുർബാനയും നൊവേനയും നടത്തുന്നു. മെയ് ഒന്നിന് എട്ടാമിടം ആഘോഷിക്കുന്നതോടുകൂടി അരുവിത്തുറയിലെ തിരുനാൾ അവസാനിക്കുമെങ്കിലും മറ്റവസരങ്ങളിലും ധാരാളം ആളുകൾ ഈ ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കാറു്. സാധാരണ ദിവസങ്ങളിലും രായിരത്തോളം വിശ്വാസികൾ പള്ളി സന്ദർശിക്കുന്നു.

ഏപ്രിൽ 24-ാം തീയതി വൈകുന്നേരം വി. ഗീവർഗീസിന്റെ രൂപക്കൂട് തുറക്കും. രൂപമെടുത്ത് വീഞ്ഞുകൊ് തുടയ്ക്കുന്നു. മറ്റൊരു ദിവസവും ഈ രൂപക്കൂട് തുറക്കാറില്ല. ഇടവകയച്ചന്മാരുടെ സാന്നിധ്യത്തിൽ വികാരിയച്ചന്മാരാണ് തിരുനാൾ ദിവസങ്ങളിൽ രൂപക്കൂട് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നത്. 23-നു വൈകിട്ടും 24-നു ഉച്ചയ്ക്കുമുള്ള പ്രദക്ഷിണത്തിന്റെ പ്രത്യേകത വല്യച്ചന്റെ രൂപങ്ങളൊഴികെ മറ്റ് രൂപങ്ങളൊന്നും പ്രദക്ഷിണത്തിന് ഇറക്കാറില്ല എന്നതാണ്. പ്രദക്ഷിണത്തിന് വല്യച്ചന്റെ രൂപത്തിന്റെ ഇരുവശത്തുനിന്നും രുപേർ ആലവട്ടം വീശുന്നു. അത്യാലിൽ കുടുംബക്കാരാണ് ആലവട്ടം വീശുന്നത്. ഇത് രാജകീയത്വത്തെ സൂചിപ്പിക്കുന്നു. ആലവട്ടം മുകളിലോട്ടു പൊക്കി രുമൂന്നു പ്രാവശ്യം തിരിച്ചതിനു ശേഷം താഴ്ത്തും. വല്യച്ചന്റെ രൂപം നിലയ്ക്കൽനിന്നും കൊുവന്ന അത്യാലിൽ കുടുംബത്തിന്റെ പാരമ്പര്യമായ അവകാശമാണ് ആലവട്ടം വീശൽ. പുകാലങ്ങളിൽ ആലവട്ടത്തോടൊപ്പം വെഞ്ചാമരവും കൊമ്പുവിളക്കും വീശുമായിരുന്നു. പ്രദക്ഷിണസമയത്ത് വല്യച്ചന്റെ രൂപത്തിനു മുമ്പിൽ കോൽവിളക്കു കത്തിച്ചുപിടിച്ചിരിക്കും. ഏപ്രിൽ 24-ാം തീയതി പകൽസമയത്തുള്ള പ്രദക്ഷിണസമയത്ത് ആകാശത്ത് നക്ഷത്രം തെളിയുമെന്നാണ് പഴമക്കാർ പറയുന്നത്. അരുവിത്തുറ പള്ളിയിൽ മൂന്നു സെറ്റുകാരുടെയെങ്കിലും മത്സരിച്ചുള്ള വെടിക്കെട്ട് തിരുനാളിനു്.

പ്രദക്ഷിണം ഇറങ്ങുമ്പോൾ ശവക്കോട്ടയ്ക്കു നേരെ രൂപം നിർത്തി പ്രാർത്ഥന ആദ്യകാലങ്ങളിൽ ചൊല്ലിയിരുന്നു. കഴിഞ്ഞ കാലങ്ങളിൽ രൂപക്കൂട് എടുത്തവരുടെ ഓർമ്മയ്ക്കായിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. വിശുദ്ധന്റെ രൂപവുമായി ബന്ധപ്പെട്ട് ഇവിടെ പല വിശ്വാസങ്ങൾ നിലനിൽക്കുന്നുങ്കെിലും അതിൽ വ്യത്യസ്തമായ ഒന്നാണ് തിരുനാൾപ്രദക്ഷിണസമയത്ത് രൂപത്തിനു മുമ്പിൽ മിഖായേൽ മാലാഖയുടെ രൂപം എഴുന്നള്ളിക്കുന്നത്. ഇങ്ങനെ ചെയ്തില്ലെങ്കിൽ വിശുദ്ധൻ ഇറങ്ങി വരികയില്ല എന്നാണ് ഇന്നാട്ടുകാരുടെ വിശ്വാസം. പ്രതീകാത്മകമായ ഒരുതലംകൂടി ഇതിനു്. തിന്മയ്ക്കും നാരകീയശക്തികൾക്കുമെതിരേ നിരന്തരം പോരാടിക്കൊിരുന്ന ദൈവദൂതനാണ് വി. മിഖായേൽ. തിന്മയുടെ ശക്തിക്കെതിരെയാണല്ലോ വിശുദ്ധനും പോരാടിയിരുന്നത്. ഒരുപക്ഷേ തന്റെ ഈ പോരാട്ടത്തിനിടയിൽ മാലാഖയെ വി. ഗീവർഗീസ് കൂട്ടുപിടിച്ചിരുന്നിരിക്കണം.

### 9.16.5. നേർച്ചകൾ

വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്ന ഏപ്രിൽ 24-ാം തീയതി ഭക്തജനങ്ങൾ അർപ്പിക്കുന്ന കാണിക്കകൾ ഒരു വലിയ തുകതന്നെയാണ്. തിരുനാൾ ദിവസങ്ങളിൽ 30 ലക്ഷം രൂപാ നേർച്ചയായി ലഭിക്കുന്നു. സാധാരണ വെള്ളിയാഴ്ചകളിൽ ഒന്നേകാൽ ലക്ഷം രൂപ വരെ ലഭിക്കുന്നു്. ഇതുകൂടാതെ കാർഷികവിളകളും നാണയങ്ങളും സ്വർണ്ണാഭരണങ്ങളും തിരുനാൾ ദിവസങ്ങളിൽ ധാരാളമായി ലഭിച്ചുവരുന്നു. ധാരാളം ആളുകൾ തിരി കത്തിക്കുകയും കള്ളപ്പം, നെയ്യപ്പം, ഉറുമ്പപ്പം, പാച്ചോറ്, കുരുമുളക് എന്നിവ നേർച്ചയായി കൊുവരികയും ചെയ്യുന്നു. കോഴികൾക്ക് വസന്ത പിടിപെടാതിരിക്കാനും വിഷദംശനം ഏല്ക്കാതിരിക്കുന്നതിനും പാമ്പിന്റെ ശല്യമുാകാതിരിക്കാനും കോഴിയെ ധാരാളമായി തിരുനാൾ ദിവസങ്ങളിലും സാധാരണദിവസങ്ങളിലും കൊുവരുന്നു. അല്ലെങ്കിൽ ഗീവർഗീസ് പുണ്യവാളൻ കോപിക്കും, പാമ്പിനെ വിടും എന്നാണ് സാധാരണക്കാരുടെ വിശ്വാസം.

അരുവിത്തുറ പള്ളിയിൽ കണ്ണ്, കാല്, കൈ, ചെവി, മുഴ, തല, ആൾരൂപം, തൊട്ടിൽ, പശു, ആട്, മൃഗങ്ങൾ, താക്കോൽ, പാമ്പ് മുതലായവയൊക്കെ നേർച്ച നേരുന്നു്. ഇവയ്ക്ക് 10 രൂപയാണു നിരക്ക്. പള്ളിയുടെ ഓഫീസിൽനിന്ന് ഇതു വാങ്ങി നേർച്ചപ്പെട്ടിയിൽ ഇടും. ഇവയുടെ സ്വർണ്ണംകൊുള്ള രൂപങ്ങൾ നേർച്ചപ്പെട്ടിയിൽ ഇടുന്നവരുമു്. അരിമ്പാറ, കാലിലെ ആണി ഇവ പോകുന്നതിന് 101 കുരുമുളക് പലരും വയ്ക്കാറു്.

കോഴിയും അപ്പവുമൊക്കെ ഇഷ്ടപ്പെടുന്ന പാമ്പു പിടുത്തക്കാരനായ ഒരു മുത്തപ്പനായിട്ടാണ്, ക്രൈസ്തവവിശ്വാസത്തിനുവേി രക്തസാക്ഷിത്വം വരിച്ച ഈ ധീരനായ റോമൻ പടയാളി ജനമനസ്സുകളിൽ ഇടം പിടിച്ചിരിക്കുന്നത്. തങ്ങളെ തീരാവ്യാധികൾ വരാതെ കാക്കുക, ഭീകരജീവികളുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കുക, തങ്ങളുടെ കൃഷിയിടങ്ങളും ആടുമാടുകളും സ്വത്തുവകകളും സംരക്ഷിക്കുക തുടങ്ങിയവയാണ് ഈ വല്യച്ചനെ ജനങ്ങൾ ഏല്പിച്ചിരിക്കുന്ന ജോലി.

ഏലയ്ക്കാ, ഏലയ്ക്കാമാലകൾ, മുത്തുക്കുടകൾ, നിലവിളക്ക് എന്നിവ തിരുനാൾ ദിവസങ്ങളിലും അല്ലാതെയും ധാരാളമായി ലഭിക്കാറു്. ഏലം കൃഷിയുടെ പുരോഗതിക്കു വേി ഹൈറേഞ്ച്, മലബാർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവർ തിരുനാൾ ദിനങ്ങളിൽ ധാരാളം ഏലയ്ക്കാ മാലകൾ കൊുവരാറു്. 2000-ത്തിൽ 69 ലക്ഷം രൂപയാണ് ഏലയ്ക്കാലേലത്തിലൂടെ അരുവിത്തുറ തിരുനാളിന് ലഭിച്ചത്. പുളിക്കൽ കുടുംബക്കാർ 30 ഗ്രാമിന്റെ സ്വർണ്ണ കിരീടവും നൽകി.

### 9.16.6. നാണയമെറിയിൽ

സുഗമമായ യാത്രയ്ക്കും മറ്റുമായി അരുവിത്തുറ പള്ളിയുടെ മുൻവശത്തുകൂടി കടന്നുപോകുന്ന ബസുകൾ അവിടെ നിർത്തി ഭണ്ഡാരക്കുറ്റിയിലേക്ക് നാണയമെറിയാറു്. വെള്ളിയാഴ്ചകളിലുള്ള നൊവേന കുർബ്ബാനകളിലും തിരുനാളിനോടനുബന്ധിച്ചുള്ള (തിരുനാളിന് മുമ്പ് ഒൻപതു ദിവസം, തിരുനാളിനു പിൻപ് ഒൻപതു ദിവസം) നൊവേന കുർബ്ബാനകളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം ജനങ്ങൾ എത്തുകയും നേർച്ചകാഴ്ചകൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അരുവിത്തുറ പള്ളിയിൽ ഈയടുത്ത കാലത്തായി എണ്ണ ഒഴിക്കൽ വഴിപാടും നടത്തിവരുന്നു. ഇഷ്ടമുള്ള തുക നേർച്ചപെട്ടിയിൽ

ഇട്ടതിനുശേഷം വിശുദ്ധന്റെ രൂപത്തിനു മുൻപിലായി വച്ചിരിക്കുന്ന മാർത്തോമാ കുരിശിലേയ്ക്ക് എണ്ണ ഒഴിക്കുകയാണ്. ചെയ്യുന്നത്. അഞ്ചു രൂപയ്ക്ക് അഞ്ച് മില്ലീലിറ്റർ എണ്ണ വീടുകളേക്ക് വാങ്ങിക്കൊുപോകുന്നവരുമു്.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ വല്യച്ചന്റെ സന്നിധിയിൽ കൊുവന്ന് അടിമ വയ്ക്കുക പതിവാണ്. അടിമ വയ്ക്കുന്നതിനായി ധാരാളം കുട്ടികളെ ഇടവകയ്ക്കു പുറത്തുനിന്നും ഇവിടെ കൊുവരാറു്. തിരുനാളിനോടനുബന്ധിച്ചു പള്ളിക്കു പുറത്തും അകത്തും നീന്തുനേർച്ച നടത്തുന്നവരെയും കാണാം. വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിനും ഭാവിയിൽ നല്ല ജീവിതപങ്കാളിയെ ലഭിക്കുന്നതിനും നല്ല ജോലിക്കും ഭക്തർ വിശുദ്ധനെ സമീപിക്കാറു്. ഈ തീർത്ഥാടനകേന്ദ്രത്തിൽ നാനാജാതിമതസ്ഥർ അനുദിനം എത്തിക്കൊിരിക്കുകയും വഴിപാടുകൾ സമർപ്പിക്കുകയും ചെയ്യുന്നു.

## 9.17. പാലാ സെന്റ് തോമസ് കത്തീഡ്രലും (1002) രാക്കുളി തിരുന്നാളും

### 9.17.1. ദൈവാലയസ്ഥാപനം

തിരുവിതാംകൂറിൽ ഒരു കേന്ദ്രീകൃതഭരണം പാലാ പള്ളിയുടെ സ്ഥാപനകാലത്ത് നിലവിലില്ലായിരുന്നു. വേണാട്, കായംകുളം, തെക്കുംകൂർ, വടക്കുംകൂർ എന്നിങ്ങനെ പല രാജാക്കന്മാരും അവരുടെ കീഴിൽ നിരവധി ഇടപ്രഭുക്കന്മാരും ചേർന്ന് രാജ്യം ഭരിച്ചിരുന്നു. പാലാ ഉൾപ്പെടുന്ന പ്രദേശം തമ്പുരാൻ ചിങ്ങരെന്ന സ്ഥാനപ്പേരുള്ള ഇടപ്രഭുവായ മീനച്ചിൽ ഞാവക്കാട്ട് കർത്താക്കന്മാരുടെ ഭരണത്തിൻകീഴിലായിരുന്നു. ഈ ഇടപ്രഭുക്കന്മാർക്ക് കരംപിരിക്കാനും കൊല്ലും കൊലയുംവരെ നടത്താനും അധികാരം ഉായിരുന്നു.

പുരാതനങ്ങളായ എല്ലാ പള്ളികളുടെയും സ്ഥാപനത്തിന് ചുരുങ്ങിയത് നാലു കുടുംബങ്ങൾ വേണമെന്നുള്ള ഒരു അലിഖിതനിയമംതന്നെ അക്കാലത്തുായിരുന്നു. തൊടുപുഴയ്ക്കടുത്ത് മൈലക്കൊമ്പിൽനിന്നും മീനച്ചിലിൽ വന്നു താമസിച്ച് ആയോധവിദ്യയിൽ തനിക്കുള്ള പാടവംകൊ് മീനച്ചിൽ കർത്താവിന്റെ സൈന്യാധിപനായിത്തീർന്ന ആളാണ് വയലക്കൊമ്പ് മാപ്പിള. കടുത്തുരുത്തിയിൽനിന്നും പുലിയന്നൂർ വന്ന് കുഴിക്കാട്ടുതറക്കാരുടെ സ്ഥലം വാങ്ങി കൃഷിയിലും കച്ചവടത്തിലും ഏർപ്പെട്ട് സമ്പന്നനായിത്തീർന്ന ആളായിരുന്നു തറയിൽ മാപ്പിള. എറകോന്നി മാപ്പിളയാകട്ടെ അങ്കമാലിയിൽനിന്നും മേവിട വന്ന് വെട്ടിക്കാട്ടു നായരുടെ സ്ഥലം വാങ്ങി വ്യാപാരംവഴി ധനികനായിത്തീർന്ന ഒരാളായിരുന്നു. പള്ളിസ്ഥാപനത്തിന് നാലു വീട്ടുകാർ എങ്കിലും വേണമെന്ന് മീനച്ചിൽ കർത്താവ് ആവശ്യപ്പെട്ടപ്പോൾ തറയിൽ മാപ്പിള കടുത്തുരുത്തിയിൽനിന്ന് കൂട്ടിക്കൊു വന്ന അദ്ദേഹത്തിന്റെ സഹോദരനായിരുന്നു കൂട്ടുങ്കൽ മാപ്പിള.

പാലായിൽ പള്ളി ആരംഭിക്കുന്നതിനുമുമ്പ് പാലായിലും പരിസരങ്ങളിലുമുള്ള ക്രിസ്തുമതവിശ്വാസികൾക്ക് അരുവിത്തുറയായിരുന്നു ഇടവകപ്പള്ളി. യാത്രാസൗകര്യങ്ങളുടെ അഭാവംകൊും, വന്യമൃഗങ്ങളുടെയും മോഷ്ടാക്കളുടെയും ശല്യംകൊും വിശ്വാസികൾക്ക് പതിവായി പള്ളിയിൽ പോകുവാൻ സാധിച്ചിരുന്നില്ല. വർഷകാലത്ത് അരുവിത്തുറ പള്ളിയിൽ ചെന്നെത്താൻ വിഷമമായിരുന്നതുകൊ് അവർ കുറവിലങ്ങാട് പള്ളിയിലും പോയിരുന്നു.

ഇതിനൊരു പരിഹാരമാക്കുവാൻ സുഹൃത്തുക്കളായ തറയിൽ മാപ്പിളയും വയലക്കൊമ്പ് മാപ്പിളയും ചേർന്ന് ആലോചിച്ചു. വയലക്കൊമ്പ് മാപ്പിളയ്ക്ക് മീനച്ചിൽ കർത്താവിലുള്ള സ്വാധീനം ഉപയോഗിച്ച് ഇരുവരും മീനച്ചിൽ കർത്താവിനെ ചെന്നുക് പാലായിൽ ഒരു പള്ളി പണിയാൻ അനുവാദം വാങ്ങി. അനുമതി വാങ്ങിക്കഴിഞ്ഞപ്പോൾ, പള്ളി പണിയേ സ്ഥലം സംബന്ധിച്ച് ഇരുവരും യോജിക്കാതെ വന്നു. വയലക്കൊമ്പ് മാപ്പിള തന്റെ നാട്ടിൽ പള്ളിക്ക് സ്ഥാനനിർണ്ണയം നടത്തുകയും ചെയ്തു. തറയിൽ മാപ്പിള മീനച്ചിലാറിന്റെ വടക്കേക്കരയിൽ പള്ളി പണിയണമെന്ന് വാദിച്ചു. ഇപ്രകാരം തർക്കമുായപ്പോൾ മീനച്ചിൽ കർത്താവ് ഇടപെട്ട് തറയിൽനിന്ന് തെക്കു കിഴക്കായും വയലക്കൊമ്പിൽനിന്ന് വടക്കുപടിഞ്ഞാറായും അളന്നാൽ വരുന്ന മധ്യസ്ഥാനത്ത് പള്ളി പണിയാമെന്നും ആ സ്ഥലം ആരുടേതായാലും ഒഴിപ്പിച്ചു നല്കാമെന്നും തീരുമാനിച്ചു. അതനുസരിച്ച് കർത്താവിന്റെ മേൽനോട്ടത്തിൽതന്നെ അളന്നു നോക്കുകയും മീനച്ചിലാറിന്റെ തെക്കേക്കരയിൽ ഇപ്പോൾ പള്ളി ഇരിക്കുന്ന സ്ഥലം മധ്യസ്ഥാനമായി കത്തുെകയും ചെയ്തു. വെട്ടുകല്ലുകളും പാറക്കൂട്ടങ്ങളും ഇഞ്ചപ്പടർപ്പും മുളങ്കൂട്ടവും നിറഞ്ഞ പ്രസ്തുത സ്ഥലം വെട്ടിത്തെളിച്ച് നിരപ്പാക്കി ക്രിസ്തുവർഷം 1002 ജൂലൈ മാസം മൂന്നാം തീയതി സെന്റ് തോമസിന്റെ നാമത്തിൽ തറക്കല്ലിട്ട് പള്ളിപണി ആരംഭിച്ചു.

പള്ളി പണിയുന്നതിൽ എതിർപ്പുായിരുന്ന ചില പ്രമാണിമാർ രാത്രികാലങ്ങളിൽ സംഘംചേർന്ന് പണിതീർന്ന ഭാഗത്തെ കല്ലുകൾ പെറുക്കിയെടുത്ത് മീനച്ചിലാറ്റിൽ കളഞ്ഞിരുന്നു. മാപ്പിളമാർ നാടുവാഴിയെ സങ്കടമറിയിച്ചു. മീനച്ചിൽ കർത്താവ് നേരിട്ടെഴുന്നള്ളി സ്ഥലത്ത് ശ്രാമ്പി കെട്ടി അവിടെ താമസിച്ച് പള്ളിപണി നിർബാധം നടത്തിക്കൊടുക്കുകയുായി. 1002-ൽ പള്ളിക്ക് തറക്കല്ലിടുകയും 1003-ൽ പണി പൂർത്തിയാക്കുകയും ചെയ്തു.

ആദ്യം പണികഴിപ്പിച്ച പള്ളി ക്ഷേത്രമാതൃകയിലുള്ളതും ചെറുതുമായിരുന്നു. പള്ളിപണി തീർന്നപ്പോൾ കർത്താവ് മടങ്ങിപ്പോയതിനെതുടർന്ന് പള്ളിസംരക്ഷണം വീും പ്രശ്നങ്ങൾ സൃഷ്ടിച്ചു. പള്ളിയുടെ സമീപം ക്രിസ്ത്യാനികൾ ആരും ഇല്ലാത്തത് ശത്രുക്കൾക്ക് സഹായകരമായതിനാൽ ഇതിന് ഒരു പരിഹാരമായി തറയിൽ മാപ്പിള പള്ളിക്കു തെക്കുവശമുള്ള ഞരളക്കാട്ടു പുരയിടം വിലയ്ക്കുവാങ്ങി അവിടെ താമസമാരംഭിച്ചു. തറയിൽ മാപ്പിള കർത്താവിനുവേി പണികഴിപ്പിച്ചതും ആൾപ്പാർപ്പില്ലാതെ കിടന്നിരുന്നതുമായ ശ്രാമ്പിയിലാണ് ആദ്യം താമസിച്ചതെന്നും പിന്നീട് ഞരളക്കാട്ട് പുരയിടത്തിലേയ്ക്ക് മാറിയെന്നും ചില കുടുംബചരിത്രങ്ങളിൽ കാണുന്നു്.

പള്ളിസ്ഥാപനകാലം മുതല്ക്കുതന്നെ സ്ഥാപക കുടുംബക്കാരായ നാലു വീട്ടുകാർ പള്ളി സംബന്ധമായ കാര്യങ്ങളിൽ ചില അവകാശങ്ങളും അധികാരങ്ങളും ഉന്നയിച്ചിരുന്നു. പള്ളിയുടെ മുതൽ സംബന്ധമായ കാര്യങ്ങൾ ഈ നാലു വീട്ടുകാർ ചേർന്നാണ് കൈകാര്യം ചെയ്തിരുന്നത്. തറയിൽ, വയലക്കൊമ്പ് കുടുംബക്കാരെ ഏറ്റവും ഉയർന്ന ആറാംനിരയിലും, കൂട്ടുങ്കൽ, എറകോന്നി കുടുംബക്കാരെ അതിനടുത്ത അഞ്ചാംനിരയിലും, മറ്റു വീട്ടുകാരെ അതിനു താഴെയുള്ള നിരകളിലുമാണ് സംസ്കരിച്ചിരുന്നത്. പള്ളി സാമാനങ്ങൾ സൂക്ഷിച്ചിരുന്ന നിക്ഷേപഅറയുടെ രു താക്കോലുകളിൽ ഒരെണ്ണം വയലക്കൊമ്പ് കുടുംബപ്രധാനിയുടെ കൈവശമായിരുന്നു. 750 കൊല്ലം മുമ്പുവരെ ഈ രീതിയാണ് തുടർന്നിരുന്നത്.

പഴയപള്ളിയും അതിനടുത്തുതന്നെ പുതിയപള്ളിയും ഇന്നിവിടെ സ്ഥിതിചെയ്യുന്നു. 16-ാം നൂറ്റാിൽ പോർത്തുഗീസുകാരുടെ ആഗമനശേഷം ആദ്യം ഉായിരുന്ന പള്ളി പൊളിച്ചുപണി

തു. ഈ ദേവാലയം പതിനേഴാം നൂറ്റാിൽ തീവെച്ച് നശിപ്പിക്കപ്പെട്ടപ്പോൾ 18-ാം നൂറ്റാിൽ പോർട്ടുഗീസ് ശില്പമാതൃകയിൽ പണിത ദൈവാലയമാണ് ഇപ്പോഴത്തെ പഴയപള്ളി. പഴയപള്ളിയിൽ കാണുന്ന അൾത്താര തടിയിൽ പണികഴിപ്പിച്ച് തങ്കം പൂശിയതാണ്. പഴയപള്ളിയിലെ പ്രധാന അൾത്താരയുടെ ഭിത്തി മുഴുവൻ പച്ചിലച്ചാറുകൾകൊ് അലംകൃതമാണ്. സങ്കീർത്തിയിൽ സ്ഥാപിച്ചിട്ടുള്ള എണ്ണച്ഛായാചിത്രങ്ങളും പൗരാണികതയുടെ പ്രതീകങ്ങളാണ്.

ഇപ്പോൾ പഴയപള്ളിയുടെ അകത്ത് സ്ഥാപിച്ചിട്ടുള്ള പ്രസംഗപീഠം ഒരു വെള്ളപ്പൊക്ക കാലത്ത് മീനച്ചിലാറ്റിൽ കൂടി ഒഴുകിവന്ന ഒറ്റത്തടിയുപയോഗിച്ച് പണികഴിപ്പിച്ചതാണ് എന്നു പഴമക്കാർ പറയുന്നു. ഈ തടി ഏതിനത്തിൽപെട്ടതാണെന്നുപോലും ആർക്കും നിശ്ചയമില്ല. വാദ്യോപകരണവിദഗ്ധർക്ക് തിരുനാൾദിവസങ്ങളിൽ മേളം നടത്താനും വിശ്രമിക്കാനും ഉപയോഗിച്ചിരുന്ന വാദ്യപ്പുരകൾ, അയർലിൽനിന്നും വരുത്തിയ സംഗീതാത്മക സ്വരങ്ങൾ പുറപ്പെടുവിക്കുന്ന അഞ്ച് പള്ളിമണികൾ ഇവയും എടുത്തുപറയേവയാണ്. യേശുവിന്റെ തിരുഹൃദയത്തിന്റെ അൾത്താര(ബലിപീഠം) ഇറ്റലിയിലെ ഓർത്തോണായിൽനിന്നും കൊവന്നു സ്ഥാപിച്ചതാണ്. വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പും അതുൾക്കൊള്ളുന്ന പേടകവും, താളിയോലകളിൽ എഴുതി സൂക്ഷിച്ചിരിക്കുന്ന കണക്കുകളും മറ്റ് രേഖകളും താളി.യോലകളും അവ സൂക്ഷിക്കുന്ന ചൂരൽപെട്ടിയും, പള്ളിയുടെ പ്രധാന അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. തോമ്മാശ്ലീഹായുടെ തിരുസ്വരൂപവും, 150 വർഷം കൊടി കയറിയ 200 അടി ഉയരമുായിരുന്ന കൊടിമരവും സ്പെയിനിൽനിന്നു വരുത്തിയ പ. കന്യാമറിയത്തിന്റെ തിരുസ്വരൂപവും പള്ളിയുടെ പാരമ്പര്യത്തെ എടുത്തു കാണിക്കുന്നതാണ്.

പള്ളിപണിക്ക് അനുവാദം നല്കി തടസ്സം നീക്കിത്തന്ന മീനച്ചിൽ കർത്താക്കന്മാർക്ക് പള്ളി ചില അവകാശങ്ങൾ കൊടുക്കുന്നുായിരുന്നു. മുൻകാലങ്ങളിൽ അഞ്ചേകാൽ ഇടങ്ങഴി അരിയും കോപ്പും (കറിക്കൂട്ടുകൾ) കർത്താവിന്റെ കൊട്ടാരത്തിൽ വല്ലത്തിൽകൊുപോയി വയ്ക്കുമായിരുന്നു. ഇപ്പോൾ സന്തതിപരമ്പരകൾ പല ശാഖകളായി വേർപെട്ട് പല സ്ഥലങ്ങളിലാണ് താമസിക്കുന്നത്. 1981 വരെ ഈ അവകാശം നല്കിയിരുന്നു. വലിയ കർത്താവ് ചമ്പകരാമൻ ആയിരുന്നു. ഇപ്പോഴുള്ള കർത്താവ് ഭാസ്ക്കരൻ കർത്തായാണ് മീനച്ചിൽ കർത്താവിനോട് ചേർന്ന് പള്ളിപണിയിൽ സഹായിച്ച കടവുപുഴ ഈഴവകുടുംബക്കാർക്ക് അഞ്ചേകാൽ ഇടങ്ങഴി അരിയും കോപ്പും (കറിക്കൂട്ടുകൾ, വെറ്റ, പുകയില, അടയ്ക്ക) നല്കിവരുന്നു.

പാലായിലെ പുരാതനകുടുംബമായ കൊട്ടുകാപ്പള്ളി കുടുംബത്തിന് രാക്കുളിതിരുനാളിന് പുകയിലയും വെറ്റയും ഡ്രൈവർക്ക് 100 രൂപായും പള്ളി നല്കുമ്പോൾ അവർ പള്ളിക്ക് രുപാത്രം വട്ടയപ്പവും പത്തിടങ്ങഴി അരിയും നല്കുന്നു. പാലാപള്ളിയിലെ വലിയ തിരുനാളിനോടനുബന്ധിച്ച് പൂജരാജാക്കന്മാർ ഉണ്ണിയേശുവിനു സമർപ്പിച്ച പൊന്ന്, മീറ, കുന്തുരിക്കം എന്നിവയും ഇവരുടെ രാജത്വത്തെ സൂചിപ്പിക്കുന്ന മുടി,ചെങ്കോൽ എന്നിവയും എഴുന്നള്ളിക്കുന്നവരു്.

### 9.17.2. രാക്കുളിത്തിരുന്നാൾ

പാലാ കത്തീഡ്രൽ പള്ളിയിലെ രാക്കുളിതിരുനാൾ അഥവാ ദനഹാ തിരുനാളിന് ജനങ്ങൾ രാത്രിയിൽ കുളിച്ചതിനുശേഷം ദേവാലയത്തിൽ പോയിരുന്നു. അങ്ങനെയാണ് രാക്കുളി തിരുന്നാൾ എന്ന പേരുായത്. രാത്രിയിൽ കുളിക്കുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തെ അനുസ്മരിക്കാനാണ്. ജനുവരി ആറ് യേശുവിന്റെ മാമ്മോദീസാദിനമാണെന്ന് പഴയ സുറി

യാനി കലറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൂജരാജാക്കന്മാരുടെ സന്ദർശനത്തിന് പ്രാധാന്യം വന്നത് 1164–നു ശേഷമാണ്. പോർത്തുഗീസ് മിഷനറിമാരുടെ വരവിനുശേഷം ഇവിടെയും ഇതിനു പ്രാധാന്യം ലഭിച്ചു.

പൂജരാജാക്കന്മാരുടെ സന്ദർശനത്തിനാണ് പാശ്ചാത്യസഭയിൽ ദനഹാതിരുനാൾ ദിവസം പ്രാധാന്യം കൊടുക്കുന്നത്. യേശുവിന്റെ മാമ്മോദീസാവേളയിൽ പിതാവായ ദൈവം നല്കിയ വെളിപ്പെടുത്തലാണ് പൗരസ്ത്യസഭയുടെ പാരമ്പര്യമനുസരിച്ച് രാക്കുളിത്തിരുനാൾ ദിവസം അനുസ്മരിക്കുന്നത്. ഇന്ന് പൂജരാജാക്കളുടെ നാമത്തിലുള്ള പള്ളികളിൽ ദനഹാതിരുനാൾ പ്രധാന തിരുനാളായി ആഘോഷിച്ചുവരുന്നു. യേശുവിന്റെ ജ്ഞാനസ്നാനസമയത്തുള്ള വെളിപ്പെടലും പൂജരാജാക്കൾക്കുള്ള വെളിപ്പെടലും ദനഹാതിരുനാളിൽ ഒന്നിച്ചു ചേർത്തിരിക്കുന്നു. യേശുവിന്റെ ജനനസമയത്ത് കിഴക്ക് അദ്ഭുതനക്ഷത്രം കത്തിയതിനെ തുടർന്ന് മെൽക്കിയോർ, ഗാസ്പാർ, ബാൾത്തസാർ എന്നീ മൂന്നു വിജ്ഞാനികൾ നക്ഷത്രത്തെ നോക്കി ബത്ലഹമിൽ എത്തി ഉണ്ണിയേശുവിന് പൊന്നും മീറയും കുന്തിരിക്കവും കാഴ്ച സമർപ്പിച്ചതിന്റെ അനുസ്മരണവും പുരാതനകാലം മുതൽ രാക്കുളിതിരുനാളിൽ നടത്തപ്പെടുന്നു.

യേശുവിന്റെ മാമ്മോദീസായുടെ സ്മരണയ്ക്കായി ഒന്നാം നൂറ്റിൽ അലക്സാ്രിയായിൽ ഈ തിരുനാൾ ആരംഭിച്ചിരുന്നു. 'പിറകുത്തിപെരുന്നാൾ' എന്നും ഇതറിയപ്പെടുന്നു. വാഴപ്പിണിയിലോ വാഴത്തടയിലോ ദീപങ്ങൾവച്ച് അതിനു ചുറ്റും നടന്ന് 'ഏൽപയ്യാ' (ദൈവം പ്രകാശമാകുന്നു) എന്ന് വിളിച്ചുപറഞ്ഞിരുന്നതുകൊ് ഈ പേരു വന്നു.

ആദിമക്രിസ്ത്യാനികൾ പരമാവധി ആത്മശരീരശുദ്ധിയോടുകൂടിയായിരുന്നു ദനഹാതിരുനാൾ ആഘോഷിച്ചുവന്നിരുന്നത്. തലേദിവസം പാതിരായ്ക്കുശേഷം ഇടവകജനങ്ങൾ ഭവനങ്ങളിൽനിന്ന് ദൈവാലയം ലക്ഷ്യമാക്കി പുറപ്പെട്ടിരുന്നു. മുൻകാലങ്ങളിൽ വളരെദൂരം യാത്ര ചെയ്താണ് പള്ളികളിൽ എത്തിച്ചേർന്നിരുന്നത്. സഞ്ചാരമധ്യേ താണജാതിക്കാരെ കാണുമായിരുന്നു. ഇപ്രകാരം സംഭവിക്കാവുന്ന അയിത്ത പരിഹാരത്തിനുവേിയും ശാരീരികശുദ്ധിക്കുവേിയും സ്ത്രീപുരുഷന്മാർ പള്ളിക്കുളത്തിൽ പോയി കുളികഴിച്ചശേഷം മാത്രമേ മതകർമ്മങ്ങൾക്കായി ദൈവാലയത്തിൽ പ്രവേശിച്ചിരുന്നുള്ളൂ. ജാതിഭേദം അനുവദിച്ചിരുന്ന അക്കാലത്തെ നമ്പൂതിരിമാരുടെ പിൻമുറക്കാരായതുകൊാവാം ഈ അനാചാരത്തെ കേരളത്തിലെ ക്രിസ്ത്യാനികൾ പിൻതുടർന്നുപോന്നത്. യേശുവിന്റെ ജ്ഞാനസ്നാനത്തെ അനുസ്മരിച്ചുകൊ് പുരാതനകാലങ്ങളിൽ മീനച്ചിൽ താലൂക്കിലെ ക്രിസ്ത്യാനികൾ മീനച്ചിലാറ്റിൽ മുങ്ങിക്കുളിച്ചതിനുശേഷമായിരുന്നു തിരുനാൾ ചടങ്ങിൽ സംബന്ധിച്ചിരുന്നത്. പാലാ സെന്റ് തോമസ് കത്തീഡ്രലിൽ ജനുവരി ആദ്യ ആഴ്ചയിൽ(5, 6) നടത്തുന്ന രാക്കുളിതിരുനാളിൽ വളരെയധികം ജനങ്ങൾ ജാതിമതഭേദമെന്യേ പങ്കെടുത്തുവരുന്നു.

### 9.17.3. മലയുന്ത്

രാക്കുളിത്തിരുനാൾ ദിവസം പ്രദക്ഷിണസമയത്താണ് ജനശ്രദ്ധ പിടിച്ചുപറ്റിയ 'മലയുന്തും' 'ശിശുവധപ്രദർശനവും' നടത്തുന്നത്. കട്ടക്കയത്ത് കൊച്ചുചാി മുളവാരിയും പരമ്പും ഉപയോഗിച്ച് ഒരു മല ഉാക്കി ചായംപൂശി ഭംഗിയാക്കി. 1819 ജനുവരി ആറാംതീയതിയിലെ രാക്കുളിതിരുനാളിന് ഈ മല പള്ളിയിൽനിന്ന് ആഘോഷമായി എഴുന്നെള്ളിച്ചു വരികയുായി. അങ്ങനെയാണ് രാക്കുളിതിരുനാളിന് ഇപ്പോഴുള്ള മലയുന്ത് (മലതള്ളൽ) പ്രദക്ഷിണം ആരംഭിച്ചതെന്നു പറയപ്പെടുന്നു. പാലാ മല്പാൻ എന്നറിയപ്പെടുന്ന കട്ടക്കയത്തിൽ യൗസേപ്പ് മല്പാൻ

വികാരിയായി വന്നപ്പോൾ കൊച്ചു ചാിയച്ചൻ മുളവാരികൊ് നിർമ്മിച്ച മല ശില്പകലാ വിദഗ്ധനായ യൗസേപ്പ് മല്പാനച്ചൻ തടികൊു നിർമ്മിച്ച് (1833) ഇപ്പോഴത്തെ രീതിയിൽ മനോഹരമാക്കി. മലയിലെ പല രൂപങ്ങളും നിർമ്മിച്ച് ചായമിട്ടതും അദ്ദേഹം തന്നെയാണ്. പുൽക്കൂടിനെ അനുസ്മരിപ്പിക്കുന്ന ഈ മലയിൽ തിരുക്കുടുബത്തെ പ്രതിഷ്ഠിച്ചിട്ടു്. ഒപ്പം മാലാഖമാർ, മൂന്നു രാജാക്കന്മാർ, ഇടയന്മാർ, ആടുകൾ, മൃഗങ്ങൾ, സൃഷ്ടിയുടെ പുസ്തകത്തിൽ പറയുന്ന വിലക്കപ്പെട്ട കനി, മേൽക്കട്ടിയിൽ പൂജരാജാക്കന്മാർക്ക് വഴികാട്ടിയ നക്ഷത്രം ഇവയെല്ലാം ചിത്രീകരിച്ചിട്ടു്. പല ചിത്രങ്ങളുമുള്ള ഈ മലയിൽ വായും പിളർന്നുനില്ക്കുന്ന കടുവയെയാണ് ഏറ്റവും മുൻപിൽ കാണുന്നത്.

ജനുവരി അഞ്ചാം തീയതി വൈകുന്നേരം പാലാ ടൗൺ കപ്പേളയിൽ നിന്നാരംഭിക്കുന്ന പ്രദക്ഷിണം കിഴക്കുനിന്നുള്ള മൂന്നു രാജാക്കളുടെ ബത്‌ലഹമിനെ ലക്ഷ്യംവച്ചുകൊുള്ള പുറപ്പാടിനെ സൂചിപ്പിക്കുന്നു. വൈദ്യുതവിളക്കുകൾ ഇല്ലാതിരുന്ന പുരാതനകാലങ്ങളിൽ മെഴുകുതിരിയും വർണ്ണക്കടലാസുമുപയോഗിച്ച് നടത്തിയിരുന്ന ദീപക്കാഴ്ച സാക്ഷാൽ ദീപാവലിയുടെ പ്രതീതിയുളവാക്കുകയും പള്ളിപരിസരത്തെ ദീപ്തിപ്രളയത്തിലാഴ്ത്തുകയും ചെയ്തിരുന്നു. രാത്രികാലത്തുള്ള പ്രദക്ഷിണത്തിൽ പ് ഉപയോഗിച്ചിരുന്ന തീവെട്ടികളുടെ അവശിഷ്ടങ്ങൾ ഇന്നും പള്ളിയറയിൽ കാണാം.

മൂന്നു രാജാക്കൾക്ക് വഴികാണിച്ച അത്ഭുതനക്ഷത്രത്തെ അനുസ്മരിച്ചുകൊ് പ്രദക്ഷിണത്തിനു മുൻപിൽ ഒരു നക്ഷത്രവിളക്ക് സഞ്ചരിച്ചിരുന്നു. പള്ളിമേടയ്ക്ക് സമാന്തരമായി വലിച്ചുകെട്ടിയ കമ്പിയിൽക്കൂടി നീങ്ങിക്കൊിരുന്ന നക്ഷത്രം ഏവരുടെയും ശ്രദ്ധ ആകർഷിച്ചിരുന്നു. പ്രദക്ഷിണം ഇറങ്ങുന്ന സമയത്ത് ഭക്തജനങ്ങൾ മേല്പോട്ടുനോക്കി നില്ക്കുകയും നീലാകാശത്ത് തെളിഞ്ഞുകാണുന്ന യഥാർത്ഥ നക്ഷത്രം ക് സംതൃപ്തിയടയുകയും ചെയ്തിരുന്നു. ഇപ്പോൾ ഇതിനു പകരം മനോഹരമായ ഒരു നക്ഷത്രദീപം വാഹനത്തിൽ വഴികാട്ടിയായി ആവഹിക്കപ്പെടുന്നു.

പ്രദക്ഷിണം കടന്നുപോകുമ്പോൾ പള്ളിയുടെ മുൻപിലുള്ള കൽക്കുരിശിൽ നിറദീപങ്ങൾ തെളിഞ്ഞ് പ്രകാശിക്കും. എ.ഡി.1002-ൽ പള്ളി പണിയുന്നതിനുള്ള തടസ്സം നീക്കി പള്ളി പണിക്കായി ക്രൈസ്തവരെ സഹായിക്കുവാൻ കടവുപുഴ ഈഴവകുടുംബക്കാർ മീനച്ചിൽ കർത്താവിനോട് ചേർന്ന് പ്രവർത്തിച്ചിരുന്നു. അതിന്റെ ഫലമായി പള്ളിയുടെ മുൻപിലുള്ള കൽക്കുരിശിൽ വിളക്കു കത്തിക്കാനുള്ള അവകാശം പരമ്പരാഗതമായി ഇവർക്കു നല്കുകയും ചെയ്തു. പ്രദക്ഷിണസമയത്ത് ഇന്നും ഈ കൽക്കുരിശിൽ ദീപങ്ങൾ കത്തിക്കുന്നത് കടവുപുഴ കുടുംബക്കാരാണ്.

**9.17.4. ശിശുവധ പ്രദർശനം**

പ്രദക്ഷിണം പള്ളിയുടെ മുൻവശത്ത് എത്തുമ്പോൾ പഴയപള്ളിയിൽനിന്ന് തോമ്മാശ്ലീഹായുടെ രൂപംകൊുവന്ന് മൂന്നു രാജാക്കളെയും സ്വീകരിച്ച് പള്ളി മൈതാനിയിൽ എത്തിച്ചേരുന്നു. അതിനുശേഷം പ്രധാന പ്രദക്ഷിണം കുരിശിനുചുറ്റും നടത്തുന്നു. ദനഹാതിരുനാളിൽ പ്രദക്ഷിണം കടന്നുപോകുമ്പോൾ ഹേറോദേസ് നടത്തിയ അതിക്രൂരമായ ശിശുവധത്തിന്റെ വിവിധ ദൃശ്യങ്ങൾ (4 രംഗങ്ങൾ) പ്രദക്ഷിണം കടന്നുവരുന്ന പല സമയങ്ങളിലായി സ്റ്റേജിൽ അവതരിപ്പിക്കും. കിഴക്ക് നക്ഷത്രം കതിനെപ്പറ്റിയും ദിവ്യശിശു ജനിച്ചതിനെപ്പറ്റിയുമുള്ള ഹേറോദേസിന്റെ കൊട്ടാരത്തിലെ സംസാരം, ദിവ്യനക്ഷത്രത്തെ അനുഗമിക്കുന്ന രാജാക്കന്മാർ,

ഉണ്ണിയേശുവിന്റെ ജനനം, ഈജിപ്തിലേക്കുള്ള പലായനം, രുവയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും കൊല്ലുന്നതിനുള്ള ഹേറോദേസിന്റെ കല്പന, വിളംബരം, ശിശുവധത്തിന്റെ വിവിധ രംഗങ്ങൾ മുതലായവ പ്രദർശനത്തിൽ ഉൾപ്പെടുന്നു.

മണിക്കൂറുകൾ നീുനില്ക്കുന്ന സുപ്രസിദ്ധമായ 'മലയുന്ത് പ്രദക്ഷിണം' ആറാം തീയതിയാണ്. ചരിത്രപ്രസിദ്ധമായ രാക്കുളി പ്രദക്ഷിണത്തിൽ രൂപങ്ങൾ എടുക്കുന്നത് ഓരോരോ കരക്കാരാണ്. ഭാരം മുറ്റിയ മലയെടുക്കുന്നത് കിഴതടിയൂർ കരക്കാരാണ്. മലതള്ളുന്നതിനായി 200 പേർ എത്തുന്നു. 24 പേരാണ് ഒരേസമയം തള്ളുന്നത്. രുമണിക്കൂർ നീു നില്ക്കുന്ന ഈ ചടങ്ങിൽ ഇരുന്നൂറുപേരിൽനിന്ന് 24 പേർ അടങ്ങുന്ന പല സെറ്റുകൾ മല തള്ളുന്നു. അതിനുശേഷം മല തള്ളിയവർക്കു ഭക്ഷണം നല്കുന്നു. കുറവിലങ്ങാട് പള്ളിയിൽ കടപ്പൂർ കരക്കാർ നടത്തുന്ന കപ്പൽ തള്ളലിനെ അനുകരിച്ചാണ് 'മലതള്ളൽ' ഉായത്. പുൽക്കൂട്ടിൽ ജാതനായ ഉണ്ണിയേശുവിന് കിഴക്കുനിന്നെത്തിയ പൂജരാജാക്കന്മാർ കാഴ്ചയർപ്പിച്ച പാവനസംഭവത്തെ അനുസ്മരിച്ചുകൊ് അവരുടെ തിരുസ്വരൂപങ്ങൾ മൂന്നു പ്രാവശ്യം ഉയർത്തിതാഴ്ത്തി ആചാരം ചെയ്തതിനുശേഷം മലയിൽ പ്രതിഷ്ഠിക്കുന്നു.

തുടർന്ന് മറ്റ് തിരുസ്വരൂപങ്ങളുമൊത്ത് പ്രധാനപ്രദക്ഷിണം ആരംഭിക്കുന്നു. ഏറ്റവും പിന്നിലായി തോമ്മാശ്ലീഹായുടെ രൂപം വഹിക്കും. പള്ളിയിൽനിന്ന് പുറത്തിറങ്ങഉന്ന വേളകളിൽ തോമ്മാശ്ലീഹായുടെ രൂപത്തിനു മുൻപിൽ കോൽവിളക്ക് പിടിക്കും. വട്ടമറ്റത്തിൽ കുടുംബക്കാരാണ് കോൽവിളക്ക് പിടിക്കുന്നത്. പള്ളിയുടെ ആശ്രിതരായിരുന്നു ഇവർ. 'പള്ളിക്കോശാലകൾ' എന്ന് ഇവർ അറിയപ്പെട്ടിരുന്നു. പുകാലങ്ങളിൽ പല പല ജോലികൾക്കായി ചില കുടുംബക്കാർക്ക് പള്ളിപറമ്പിൽ സ്ഥലം കൊടുത്തിരുന്നു. അവരിൽ ഒരു കുടുംബമാണ് വട്ടമറ്റം. പള്ളി ഉരുപ്പടികൾ മിനുക്കിവയ്ക്കുക, കയ്യാലകെട്ടുക, തേങ്ങാപിരിക്കുക തുടങ്ങിയ പല ജോലികൾ ഇവർ ചെയ്തിരുന്നു.

തോമ്മാശ്ലീഹായുടെ തിരുസ്വരൂപത്തിനു പിൻപിലായി വിശുദ്ധരുടെ തിരുശേഷിപ്പുകൾ വഹിക്കുന്ന വൈദികർ നീങ്ങുന്നു. പ്രദക്ഷിണം കുരിശുംതൊട്ടി ചുറ്റിയതിനുശേഷം മല പഴയ പള്ളിയകത്ത് പ്രതിഷ്ഠിക്കുന്നു. പൂജരാജാക്കളുടെ തിരുസ്വരൂപങ്ങൾ മലയിൽനിന്നു മാറ്റി പഴയപള്ളിയുടെ തെക്കുവശത്തുള്ള ചെറിയ കവാടത്തിലൂടെ പുറത്തിറക്കുന്നു. മാലാഖയുടെ അറിയിപ്പനുസരിച്ച് പൂജരാജാക്കൾ ഹേറോദേസിനെ കാണാതെ സ്വദേശത്തേക്കു മടങ്ങിയ സംഭവമാണ് ഇതിലൂടെ അനുസ്മരിക്കുന്നത്. പൂജരാജാക്കളുടെ തിരുസ്വരൂപങ്ങൾ പുതിയപള്ളിയുടെ പടിഞ്ഞാറേനടയിലൂടെ പള്ളിയുടെ മുൻഭാഗത്ത് എത്തി പന്തലിൽ പ്രതിഷ്ഠിക്കുന്നതോടെ തിരുനാൾ പ്രദക്ഷിണം സമാപിക്കുന്നു. തുടർന്ന് തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ ചുംബിക്കാൻ ഭക്തജനങ്ങൾക്ക് അവസരം നല്കും. പാലാ കത്തീഡ്രൽപള്ളിയിൽ രാക്കുളി തിരുനാൾ ദിവസങ്ങളിൽ ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിച്ചിട്ടു്.

**9.17.5. നീന്തു നേർച്ച**

പാലാ കത്തീഡ്രൽ പള്ളിയുടെ കീഴിലുള്ള തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ ഫാ. മാത്യു കദളിക്കാട്ടിലിന്റെ കബറിടമു്. പാവങ്ങളോടും, സമൂഹത്തിന്റെ താഴേക്കിടയിലുള്ള ദളിതരോടും, അവശത അനുഭവിക്കുന്ന ദരിദ്രരോടും പ്രത്യേക അനുകമ്പയും സഹാനുഭൂതിയും പ്രദർശിപ്പിച്ചിരുന്നതുകൊ് കദളിക്കാട്ടിൽ മത്തായി അച്ചൻ

ഏവർക്കും പ്രാപ്യനായിരുന്നു. കുടുംബപ്രേഷിതത്വത്തിന് അച്ചൻ മുൻതൂക്കം കൊടുത്തിരുന്നതുകൊ് കുടുംബപ്രശ്നം ഒഴിവാക്കുന്നതിന് മത്തായിയച്ചന്റെ അടുക്കൽ നിരവധിപേർ പ്രാ ദർത്ഥനാസഹായവുമായി എത്തുന്നു. കാര്യസാധ്യത്തിനായി നീന്തുനേർച്ച നടത്തുകയും പൂക്കൾ സമർപ്പിക്കുകയും പരീക്ഷ എഴുതുവാനുള്ള പേനകൾ കുട്ടികൾ കബറിടത്തിൽ കൊുവന്ന് തൊടുവിക്കുകയും ചെയ്യുന്നു. തിരുനാൾദിനമായ മെയ് 23-ന് മത്തായിയച്ചന്റെ അനുസ്മരണയിൽ നടത്തുന്ന ചാത്തസദ്യയ്ക്ക് നിരവധി ആളുകൾ പങ്കെടുക്കാറു്.

## 9.18. ഭരണങ്ങാനം ആനക്കല്ല് സെന്റ് മേരീസ് ഫൊറോനാപ്പള്ളി (1004)

### 9.18.1. വെൺപൊലിനാടിന്റെ പഴമ പേറുന്ന ദൈവാലയം

പാരമ്പര്യമൊഴികളിലും പരമ്പരാഗത സങ്കല്പങ്ങളിലും നിറഞ്ഞുനില്ക്കുന്ന നാടാണ് ഭരണങ്ങാനം. എ. ഡി. പത്താം നൂറ്റാുവരെ വെൺപൊലിനാടിന്റെ ഭാഗമായിരുന്നു ഭരണങ്ങാനം. ബ്രാഹ്മണസങ്കേതങ്ങൾ ഉറച്ച മീനച്ചിലാറിന്റെ ഫലഭൂയിഷ്ഠമായ തീരത്താണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. പാലാ-ഈരാറ്റുപേട്ട റോഡിന്റെ സമീപത്ത് പാലായിൽനിന്ന് എട്ടു കിലോമീറ്റർ അകലെയായി ഈ പള്ളി സ്ഥിതിചെയ്യുന്നു. പാലായിൽനിന്നും 12 കി.മീ. അകലെയുള്ള അരുവിത്തുറ പള്ളിയിൽ ആരാധന നടത്തിയിരുന്ന നാലു കുടുംബങ്ങൾ ദേവാലയനിർമ്മാണത്തിന് അന്നത്തെ ഭരണാധികാരികളായിരുന്ന മീനച്ചിൽ കർത്താക്കന്മാരോട് അനുവാദം വാങ്ങിച്ചുവെന്നും ഇപ്പോഴത്തെ പള്ളിയിൽനിന്നും രു ഫർലോംഗ് അകലെ മീനച്ചിലാറിന്റെ തീരത്തുള്ള പുരയിടത്തിൽ കുരിശുനാട്ടിയെന്നും എന്നാലത് ക്രിസ്തുമത വിരോധികൾ പറിച്ചുകളഞ്ഞുവെന്നും അഭിപ്രായമു്.

എ.ഡി. 1004-ൽ കരിങ്കല്ലിൽ പണിത ഭരണങ്ങാനം ദേവാലയം 14-ാം നൂറ്റാിലും പിന്നീട് 16-ാം നൂറ്റാിൽ പോർത്തുഗീസ് ശില്പമാതൃകയിലും പുതുക്കിപണിതു. ഇതിൽ ഗ്രീക്ക്, റോമൻ, സിറിയക്ക്, ഗോഥിക് ഭാരതീയ ശില്പകലകളെ അനുസ്മരിപ്പിക്കുന്ന കലാമാതൃകകൾ ഉായിരുന്നു. നെഞ്ചുപിളർന്ന് സ്വന്തം രക്തംകൊ് കുഞ്ഞുങ്ങളെ പോറ്റുന്ന പെലിക്കൻ പക്ഷി, ആന, താമര, മയിൽ, ജലദേവതകൾ, പൂവൻകോഴി, സൂര്യചന്ദ്രന്മാർ, പുലിയും വേട്ടക്കാരനും, കടൽപ്പന്നി, കടൽമനുഷ്യർ മുതലായ പലതും പോർത്തുഗീസ് മാതൃകയിലുള്ള ഈ പള്ളിയിൽ ഉായിരുന്നു. ചെങ്കല്ലിൽ നിർമ്മിച്ച ഈ ദേവാലയം 1913-ൽ പൊളിച്ചു മാറ്റി പുതിയ ദേവാലയം നിർമ്മിച്ചു. 15 കൊല്ലംകൊ് പൂർത്തിയാക്കിയ ഈ പള്ളിയുടെ മുഖവാരത്തിലെ സ്തൂപികകളും ഗോഥിക് മാതൃകയുടെ പ്രത്യേകതകളാണ്. 1913-ൽ പോളിച്ചുമാറ്റപ്പെട്ട ദേവാലയത്തിലെ തടികൊ് നിർമ്മിക്കപ്പെട്ട പ്രധാന ബലിപീഠം ആധുനികദേവാലയത്തിന്റെ വലതുവശത്ത് സ്ഥാപിച്ചിട്ടു്. ഇതിനു മുകളിൽ പിതാവിനെയും കുഴൽ വിളിക്കുന്ന മാലാഖമാരെയും കൊത്തിയിട്ടു്. ഈ കലാവിരുത് ആരെയും ആകർഷിക്കുന്നതാണ്. വട്ടെഴുത്തിൽ കൊത്തപ്പെട്ട അനവധി ശിലാലിഖിതങ്ങൾ ഭരണങ്ങാനം പള്ളിയിലുായിരുന്നു. 1913-ൽ പള്ളി പൊളിച്ചുമാറ്റിയപ്പോൾ അവയിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടു. ഒരു വട്ടെഴുത്തുശില വൈദികമന്ദിരത്തിന്റെ പുറത്തെ ഭിത്തിയിൽ സ്ഥാപിച്ചിട്ടു്. കേരളത്തിലെ ദേവാലയങ്ങളിൽ പൊന്നിൻകുരിശ് ആദ്യം ഉായത് ഭരണങ്ങാനത്തും (1855-ലും 1860-ലും ആണെന്ന് വ്യത്യസ്ത അഭിപ്രായമു്.) രാമത് പാലാ കത്തീഡ്രലിലുമാണെന്ന് വിശ്വസിച്ചുപോരുന്നു. ക്രിസ്തുവിനെ തറച്ച തിരുക്കുരിശിന്റെ ഒരു ചെറിയ അംശവും ഇവിടെയു്. പള്ളിയിൽ ഉപയോഗിക്കുന്ന മൂന്നു മണികൾ ഫ്രാൻസിൽനിന്നും കൊുവന്നതാണ്.

പള്ളിയുടെ വിലപിടിപ്പുള്ള ജംഗമസ്വത്തുക്കൾ ഏഴുപൂട്ടുകളോടുകൂടിയ മുറിയിൽ സ്ഥാപിച്ചിരിക്കുന്നു. ആറ് താക്കോലുകൾ ഇടവകയിലെ ആറു കരക്കാരുടെ കൈയിലും ഒരു താക്കോൽ വികാരിയച്ചന്റെ കൈവശവുമാണ്. പ്രധാനപ്പെട്ട തിരുനാളുകൾ, പെസഹാവ്യാഴം, നാൽപതുമണി ആരാധന തുടങ്ങിയ വിശേഷപ്പെട്ട ദിനങ്ങളിൽമാത്രം ഈ ഏഴു പൂട്ടുകൾ തുറന്ന് പൊൻവെള്ളിക്കുരിശുകൾ, അരുളിക്ക മുതലായവ പുറത്തെടുക്കുന്നു.

### 9.18.2. ആനക്കല്ല് പള്ളിയിലെ മലയുന്ത് നേർച്ച

ഭരണങ്ങാനം പള്ളിക്ക് ആനക്കല്ലുപള്ളി എന്ന പേരു വരാൻ കാരണവും പള്ളിസ്ഥാപനം സംബന്ധിച്ചുള്ള ഒരു അഭിപ്രായവ്യത്യാസമാണ്. പള്ളി സ്ഥാപനത്തിനു മുൻകൈ എടുത്ത നാലു വീട്ടുകാരിൽ (ആക്കൽ, അറയ്ക്കൽ, ചുയിൽ, ബ്രാട്ടിയാനിയിൽ) രു വീട്ടുകാർ ആറിന്റെ തെക്കേക്കരയും രു വീട്ടുകാർ വടക്കേക്കരയും താമസിച്ചിരുന്നു. തെക്കേക്കരയിൽ പള്ളി സ്ഥാപിക്കണമെന്ന് അന്നത്തെ ചില പ്രബല നമ്പൂതിരിമാരും അവിടെയുള്ള രു ക്രൈസ്തവകുടുംബങ്ങളും വടക്കേക്കരയിൽ പള്ളി സ്ഥാപിക്കണമെന്ന് അവിടെയുള്ള ചില നമ്പൂതിരിമാരും ഏതാനും ക്രൈസ്തവകുടുംബങ്ങളും ആവശ്യപ്പെട്ടു. പ്രശ്നപരിഹാരത്തിനായി മീനച്ചിൽ കർത്താവിനെ സമീപിച്ചു. ഇരുകൂട്ടരെയും തൃപ്തിപ്പെടുത്തുന്നതിനുവേി മീനച്ചിൽ കർത്താവ് ഒരുപായം സ്വീകരിച്ചു. മീനച്ചിലാറിന്റെ നടുക്ക് ഒരു ആനയെ ഇറക്കിനിർത്തി ആനയുടെ തുമ്പിക്കൈയിൽ പള്ളിയുടെ ശിലാസ്ഥാപനത്തിനുള്ള കല്ല് കൊടുക്കുകയും ആന യഥേഷ്ടം ആ കല്ല് എവിടെ കൊുചെന്നു വയ്ക്കുന്നുവോ അവിടെ പള്ളി പണിയുകയും ചെയ്യുക എന്ന് നിർദ്ദേശിച്ചു. ഇത് രു കൂട്ടർക്കും സ്വീകാര്യമായിരുന്നു. ഇതനുസരിച്ച് ആനയുടെ തുമ്പിക്കൈയിൽ കല്ല് കൊടുത്തപ്പോൾ ആന മീനച്ചിലാറിന്റെ വടക്കേ തീരത്തേയ്ക്കു കയറി 'കോരച്ചാൻകുന്ന്' എന്നറിയപ്പെട്ടിരുന്ന സ്ഥലത്താണ് കല്ല് കൊുപോയി വച്ചത്. ഈ സ്ഥലം കരമൊഴിവായി മീനച്ചിൽ കർത്താവ് ക്രിസ്ത്യാനികൾക്കു നല്കുകയുായി. ആന പള്ളിക്ക് അടിസ്ഥാനം ഇട്ടതു നിമിത്തം ആനക്കല്ലുപള്ളി എന്ന പേരുായി. ആന കല്ലെടുക്കുന്നതിന്റെ ശില്പം ഭരണങ്ങാനം പള്ളിയുടെ മുൻവശത്തു്.

എ. ഡി. 1325-ൽ വക്രപ്പുലി പെരുമ്പാറ്റയുടെ ഉപദ്രവംമൂലം തോമ്മാശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ ഇടവകയിൽനിന്ന് ക്രിസ്ത്യാനികൾ പല സംഘങ്ങളായി പലായനം ചെയ്ത് കാഞ്ഞിരപ്പള്ളി, അരുവിത്തുറ, ഭരണങ്ങാനം എന്നീ സ്ഥലങ്ങളിൽ എത്തി. ഭരണങ്ങാനത്ത് എത്തിയവർ വി. സെബസ്ത്യാനോസിന്റെ ഒരു രൂപംകൊു വന്ന് പള്ളിയിൽ പ്രതിഷ്ഠിച്ചു. ഭരണങ്ങാനത്തെ അദ്ഭുതസിദ്ധിയുള്ള വി. സെബസ്ത്യാനോസിന്റെ രൂപം 13-ാം നൂറ്റാിലോ അതിനു മുമ്പോ പേർഷ്യയിൽ നിർമ്മിക്കപ്പെട്ടതാണെന്നു വിശ്വസിച്ചുപോരുന്നു. തിരുനാൾ ദിവസം പ്രദക്ഷിണത്തിനു മുൻപിൽ കത്തിച്ചുപിടിച്ചിരുന്നത് നമ്പൂതിരി നല്കിയ ദേവന്റെ ചിത്രം ആലേഖനം ചെയ്ത കോൽവിളക്കായിരുന്നു. ഈ വിളക്കിനു പകരമായി ഉത്സവത്തിന് മുത്തുക്കുട അമ്പലത്തിലേക്ക് നല്കുകയും ചെയ്തിരുന്നു. ഇന്ന് പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ആ കോൽവിളക്കാണ് രൂപത്തിനു മുൻപിൽ പിടിക്കുന്നത്.

ഭരണങ്ങാനം പള്ളിയിൽ വലിയ തിരുനാളിനോടനുബന്ധിച്ച് ഡിസംബർ എട്ടാം തീയതി ആഘോഷമായ 'മലയുന്ത്' വർഷങ്ങളോളം നടത്തിയിരുന്നു. കാർമ്മൽമലയുടെ പ്രതീകമായിരുന്നു ഈ മല. ബൈബിളിൽ ഏലിയാസ് പ്രവാചകന്റെ കാലത്ത് കാർമ്മൽമലയിൽ നടന്ന

സംഭവങ്ങളാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിലൂടെ ഏലിയാസ് പ്രവാചകൻ, യഹോവയാണ് സത്യദൈവമെന്ന് തെളിയിക്കുന്നു.

ചെറിയപള്ളിയിലെ തിരുനാളിനോടനുബന്ധിച്ചായിരുന്നു 'മലയുന്ത്' നടത്തിയിരുന്നത്. വടക്കൻ പറവൂരിനടുത്തുള്ള ഗോതുരുത്തുകാരനായ ഒരു മേസ്തിരിയാണ് ഇതിന്റെ മുഖ്യശില്പി. ഡിസംബർ എട്ടാം തീയതി ഭരണങ്ങാനത്തും പരിസരങ്ങളിലുമുള്ള തന്റേടവും കായികബലവുമുള്ളവരുടെ കരങ്ങളിൽ പൊങ്ങിക്കിടന്ന് മല മുമ്പോട്ടും പിമ്പോട്ടും നീങ്ങുന്നു.

അദ്ഭുതകരമായി ഇസ്രായേലിൽ മഴ പെയ്യിച്ച ഏലിയാസ് പ്രവാചകന്റെ തിരുസ്വരൂപം അതിരൂക്ഷമായ വേനൽക്കെടുതികളുാകുന്ന വർഷങ്ങളിൽ ഭരണങ്ങാനം പള്ളിയുടെ ബലിപീഠത്തിൽ പ്രതിഷ്ഠിച്ച് വി. കുർബ്ബാനയും നൊവേനയും അർപ്പിക്കാറു്. നൊവേന പ്രാർത്ഥനകൾ അവസാനിക്കുന്നതിനു മുമ്പുതന്നെ ഭരണങ്ങാനത്തും സമീപപ്രദേശങ്ങളിലും സമൃദ്ധമായ മഴ ലഭിക്കുന്നതായാണ് ജനങ്ങളുടെ അനുഭവം. 'മലയുന്ത്' നടത്തിയിരുന്ന ദിവസം ഭരണങ്ങാനം മനുഷ്യസമുദ്രമായി മാറുമായിരുന്നു. വർഷങ്ങളായി നിന്നുപോയിരുന്ന 'മലയുന്ത് പ്രദക്ഷിണം' പുനരാരംഭിക്കുവാനുള്ള ഊർജ്ജിതശ്രമങ്ങൾ നടന്നുകൊിരിക്കുന്നു.

### 9.18.3. നേർച്ച ഊണ്

ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ മാസം വിവിധ കർമ്മങ്ങളോടെ കൊാടുന്നു. അൽഫോൻസാമ്മയുടെ മരണശേഷം ചരമവാർഷികദിനത്തിൽ നടത്തിയിരുന്ന ശ്രാദ്ധസദ്യ 'വാഴ്ത്തപ്പെട്ടവൾ' ആയി പ്രഖ്യാപിച്ചതു മുതൽ 'നേർച്ചസദ്യ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഭരണങ്ങാനത്ത് ജീവിച്ച് മരിച്ച അൽഫോൻസാമ്മയുടെ ശ്രാദ്ധത്തിന് ആദ്യകാലങ്ങളിൽ നേർച്ചഭക്ഷണത്തിലെ ഘടകങ്ങൾ അപ്പവും പഴവുമായിരുന്നു. ആദിമാതാപിതാക്കൾ പഴം ഭക്ഷിച്ച് ദൈവകല്പന ലംഘിച്ചുവെന്നും അതിനു പരിഹാരമായി ദൈവം മനുഷ്യനായി അവതരിച്ച് തന്നെത്തന്നെ അപ്പമായി മനുഷ്യനു നല്കി അവനെ രക്ഷിച്ചുവെന്നുമുള്ള വിശ്വാസമായിരുന്നു ഇതിനു പിന്നിൽ. നേർച്ചയപ്പത്തിനു പുറമേ കാലക്രമേണ നേർച്ചയൂണ് കൊടുത്തുതുടങ്ങി.

ഈ നേർച്ചഭക്ഷണം കഴിച്ച പലർക്കും ശാരീരികവും മാനസികവുമായ സൗഖ്യം ലഭിച്ചിട്ടുള്ളതായി പറയുന്നു്. 2003 ജൂലൈ ഇരുപത്തിയെട്ടിന് അറുപതിനായിരം ഭക്തജനങ്ങൾ നേർച്ചയൂണിൽ പങ്കുകൊതായി പറയപ്പെടുന്നു. 50 ചാക്ക് അരിയും 300 കിലോ പയറും 300 കിലോ നാരങ്ങായും 2008-ൽ ഇതിനായി എടുത്തിരുന്നു ശ്രാദ്ധസദ്യ നടത്തിയിരുന്ന കാലത്ത് ഊണു കഴിഞ്ഞ് 'തേക്കിലവലിക്കൽ' നേർച്ചയായി നടത്തിയിരുന്നവരും ഉായിരുന്നു. അൽഫോൻസാമ്മ വിശുദ്ധയായതിനാൽ 2009 മുതൽ നേർച്ചസദ്യയ്ക്കു പകരമായി നെയ്യപ്പവിതരണമാണ് നടത്തുന്നത്.

കുട്ടികളിലൂടെയാണ് അൽഫോൻസാമ്മയുടെ വിശുദ്ധി ലോകത്തിൽ അറിയപ്പെടാൻ തുടങ്ങിയത്. പരീക്ഷ അടുക്കാറാകുമ്പോൾ കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും കുട്ടികൾ അൽഫോൻസാമ്മയുടെ മാധ്യസ്ഥം തേടി എത്തുന്നു. അൽഫോൻസാമ്മയുടെ കബറിടത്തിൽ നിന്നുമെടുത്ത മണ്ണ് കാപ്പിയിലും ചായയിലും അല്പം കലക്കി ഭാര്യമാർ ദുശ്ശീലമുള്ള ഭർത്താക്കന്മാർക്കു നല്കുകയും തത്ഫലമായി മദ്യപാനശീലം ഒഴിവാക്കുവാൻ സാധിച്ചതായി പലരും സാക്ഷ്യപ്പെടുത്തിയിട്ടു്. അൽഫോൻസാമ്മ ജീവിച്ച കാലഘട്ടം വളരെയധികം ദാരിദ്ര്യത്തി

ന്റെയും ക്ഷാമത്തിന്റേതുമായിരുന്നു. വെളിച്ചമില്ലാത്ത രാത്രികളിൽ മുറിത്തിരികൾ ശേഖരിച്ചു വച്ച് സഹോദരങ്ങൾക്ക് വെളിച്ചം നല്കിയ അൽഫോൻസാമ്മയെ ഓർമ്മിച്ചുകൊ് ഉദ്ദിഷ്ടഫ ലസിദ്ധിക്കായി ധാരാളംപേർ മെഴുകുതിരികൾ കത്തിച്ച് പ്രാർത്ഥിക്കാറു്. വിവാഹം നടക്കു ന്നതിനായി യുവതീയുവാക്കൾ അൽഫോൻസാമ്മയുടെ കബറിടത്തിൽ സാരികൾ കൊു വന്ന് വയ്ക്കാറു്.

### 9.18.4. മെഴുകുതിരി പ്രദക്ഷിണം

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 27-ന് നിരവധിപേർ പങ്കെടുക്കുന്ന മെഴുകുതിരി പ്രദക്ഷിണം ു്. അൽഫോൻസാമ്മ വിശുദ്ധയായതിനെതുടർന്ന് എല്ലാ ശനിയാഴ്ചകളിലും ആഘോഷമായി ജപമാല ചൊല്ലിക്കൊുള്ള മെഴുകുതിരി പ്രദക്ഷിണം നടത്തുന്നു. തിരുനാളിനൊരുക്കമായുള്ള ഒൻപതുദിവസങ്ങളിൽ കൈയിൽ മെഴുകുതിരി പിടിച്ചുകൊ് സായംസന്ധ്യയിൽ ആഘോഷപൂർണ്ണമായ ജപമാല പ്രദക്ഷിണം നടത്തുന്നു്. കുട്ടികളെ വളരെ സ്നേഹിക്കുകയും കുട്ടികളിലൂടെ വിശുദ്ധി അറിയപ്പെടുകയും ചെയ്ത അൽഫോൻസാമ്മയുടെ കബറിടത്തിനരികിൽ പന്തക്കുസ്താദിനത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നു. അൽഫോൻസാമ്മയുടെ കബറിടത്തിൽ ധാരാളം ആളുകൾ കാര്യസാധ്യത്തിനായി നീന്തുനേർച്ച നടത്താറു്. ഭരണങ്ങാനം അൽഫോൻസാ ചാപ്പലിലും അൽഫോൻസാമ്മയുടെ മുറിയിലും നിരവധി ആളുകൾ മുപ്പത്താറ് പ്രാവശ്യം നീന്താറു്. അൽഫോൻസാമ്മ മരിക്കുമ്പോൾ മുപ്പത്താറ് വയസ്സായിരുന്നു. ഇതിനെ അനുസ്മരിച്ചുകൊാണ് മുപ്പത്താറ് പ്രാവശ്യം നീന്തുന്നത്.

തിരുനാളിനോടനുബന്ധിച്ചും അല്ലാതെയും ധാരാളം ഭക്തജനങ്ങൾ പദയാത്രയായും വാഹനങ്ങളിലുമായി അൽഫോൻസാമ്മയുടെ കബറിടത്തിലേയ്ക്ക് തീർത്ഥാടനം നടത്തുന്ന പതിവുമു്. ഇതോടൊപ്പം ധാരാളം നിലവിളക്കുകൾ കാണിക്കയായും ലഭിക്കുന്നു.

## 9.19. ചേർപ്പുങ്കൽ ഹോളിക്രോസ് ഫൊറോനാപ്പള്ളി (1111)

### 9.19.1. പള്ളിസ്ഥാപനം - പുരാവൃത്തം

ചേർപ്പുങ്കലും (കുമ്മണ്ണൂർ, കിടങ്ങൂർ) അരുവിത്തുറയും പ്രാചീനകാലത്തെ രു പ്രധാന മലഞ്ചരക്കു വ്യാപാരകേന്ദ്രങ്ങളായിരുന്നു. കിടങ്ങും കോട്ടയും കൊത്തളവും (ശത്രുക്കളെ നിരീക്ഷിക്കുന്ന സ്ഥലം) എല്ലാമുള്ള, കരമാർഗ്ഗം യാത്ര സാധിക്കുന്ന, സ്ഥലമായിരുന്നു കുമ്മണ്ണൂർ. കിടങ്ങൂർ എന്നാൽ കിടങ്ങുള്ള സ്ഥലം. കിടങ്ങുങ്കെിൽ കോട്ട ഉായേ തീരൂ. ഇപ്പോഴും കിടങ്ങൂരിന് 'കോട്ടപ്പുറം' എന്ന പേരു്. കുമ്മണ്ണൂർ പ്രദേശത്ത് കൊത്തളം എന്നു വിളിക്കുന്ന സ്ഥലവുമു്. കുമ്മണ്ണൂരിലെ വ്യാപാരകേന്ദ്രത്തിൽനിന്ന് മീനച്ചിലാറുവഴിയോ കരമാർഗ്ഗമോ മറ്റൊരു വാണിജ്യസ്ഥാനമായ ഈരാ(ഈരാപ്പുഴ-ഈരാറ്റുപേട്ട- അരുവിത്തുറ) പോവുക എളുപ്പമായിരുന്നു.

തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ ചേർപ്പുങ്കൽ ഇല്ല. വിശുദ്ധൻ ഏഴരപള്ളികൾ സ്ഥാപിച്ചുവെന്നും അരപ്പള്ളി അരുവിത്തുറയാണെന്നും അരുവിത്തുറക്കാർ വിശ്വസിക്കുന്നു. പ്രസിദ്ധിയാർജ്ജിച്ച സെന്റ് തോമസ് തീർത്ഥാടനകേന്ദ്രമായ മലയാറ്റൂരിന്റെ പേര് ചരിത്രത്തിലില്ല. ചരിത്രത്തിൽ പേരില്ലാതെ വിശുദ്ധ പാദമുദ്രയിൽനിന്നു നിഷ്പന്നമായ സ്ഥലനാമവും

പേറി ചേർപ്പുങ്കലും നിലകൊള്ളുന്നു. ചേർപ്പുങ്കലിലെ ക്രൈസ്തവസമൂഹം വി. തോമാശ്ലീഹാ സ്ഥാപിച്ചതാണെന്നും ഇവിടെ തോമ്മാശ്ലീഹാ കുരിശുനാട്ടി എന്നുമാണ് വിശ്വസിക്കുന്നത്. ഇതിന് ചരിത്രത്തിന്റെ പിൻബലമില്ലെങ്കിലും പരമ്പരാഗതവിശ്വാസത്തിന്റെ കെട്ടുറപ്പു്. ചേർപ്പുങ്കൽപള്ളി സ്ഥാപിച്ചത് എ.ഡി. 1111-ൽ ആണെന്നായിരുന്നു കണക്കാക്കിയിരുന്നത്. ഈ അടുത്തകാലത്ത് കു കിട്ടിയ താളിയോലകളിൽ 1096 കൊല്ലവർഷം 271 ചിങ്ങമാസം 21) ആണെന്ന് കാണുന്നു്.

ചേർപ്പുങ്കൽ മാർ സ്ലീവാപള്ളിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട ര് ഐതിഹ്യങ്ങളു്. രും തമ്മിൽ നിസ്സാരമായ വ്യത്യാസമേയുള്ളൂ. മീനച്ചിൽ താലൂക്കിൽ കിടങ്ങൂർ വില്ലേജിൽ കുമ്മണ്ണൂർ കരയിൽ മൂന്നുപീടിക, വാലേൽ പീടിക, കാവിൽ പീടിക മുതലായ ഏഴു പീടികകളിൽ ക്രിസ്തുവർഷാരംഭത്തിൽ ചെട്ടികൾ വ്യാപാരം നടത്തിക്കൊിരുന്നു. തോമ്മാശ്ലീഹാ എ.ഡി. 52-ൽ കേരളത്തിൽ വന്ന് സുവിശേഷം പ്രസംഗിച്ച് സഞ്ചരിക്കുന്നതിനിടയിൽ ഈ സ്ഥലത്തുകൂടി വരികയും കച്ചവടപീടികകളും ജനക്കൂട്ടവും ക് ഇവിടെ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. കച്ചവടം നടത്തികൊിരുന്നവരിൽ അഞ്ച് കുടുംബക്കാരും വേറെ ചിലരും ക്രിസ്തുമതത്തിൽ വിശ്വസിച്ചു. അവർക്ക് കഴുത്തിൽ ധരിക്കുന്നതിനായി വിശുദ്ധൻ കുരിശുകൾ നല്കുകയും ചെയ്തു. കച്ചവടപീടികകളുടെ കിഴക്കുവശമുള്ള വാലേൽ മറ്റത്തിൽ പാദുകംകൊ് വിശുദ്ധൻ ചവുട്ടിക്കാണിച്ച സ്ഥലത്ത് ഒരു കുരിശ് സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് കുരിശ് സ്ഥാപിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. ആ കുരിശുവഴി പല അത്ഭുതങ്ങളും നടന്നുകൊിരുന്നു. കുരിശിൻചുവട്ടിൽ വന്ന് വിശ്വാസത്തോടെ എന്തു പ്രാർത്ഥിച്ചാലും നിങ്ങൾക്ക് കിട്ടും എന്നദ്ദേഹം പറഞ്ഞു. തോമ്മാശ്ലീഹാ കുരിശുനാട്ടിയ സ്ഥലത്ത് ചേർപ്പുങ്കലിലെ ആദ്യക്രൈസ്തവസമൂഹം രൂപംകൊു. ചെരിപ്പ് വച്ച സ്ഥലത്ത് പണിത കൂടാരം ആദ്യത്തെ പ്രാർത്ഥനാലയമായി. ക്രമേണ അത് ചെരിപ്പിങ്കൽ പള്ളിയും ചേർപ്പുങ്കൽ പള്ളിയുമായി. സർക്കാർ റിക്കാർഡുകളിൽ ചേർപ്പുങ്കൽ എന്നല്ല, ചെരിപ്പുങ്കൽ എന്നാണ് ഇപ്പോഴും കാണുന്നത്. വടക്കുംകൂർ, തെക്കുംകൂർ എന്നീ അതിർത്തികളുടെ ചേർപ്പായിരുന്നു ഈ പ്രദേശം.

ചേർപ്പുങ്കൽപള്ളിയുടെ മുൻവശത്തുള്ള മൂന്ന് എടുപ്പുകൾ ഉള്ള മുഖവാരം, പിന്നിൽ ഉത്തുംഗമായ നാലുനില മാളിക, തങ്കവർണ്ണോജ്ജ്വലമായ അൾത്താര, വർഷങ്ങൾ കഴിഞ്ഞിട്ടും ഒളിമങ്ങാതെ ചിത്രങ്ങൾകൊ് മനോഹരമായ മദ്ബഹാ, മദ്ബഹായുടെ പ്രധാന ബലിപീഠത്തിനു മുകളിൽ സ്ഥാപിച്ചിരിക്കുന്ന എട്ടടി നീളവും നാലടി വീതിയുമുള്ള ഐക്കൺ, അതിൽ വിശിഷ്ടമായ പെയിന്റ് ഉപയോഗിച്ച് ചിത്രീകരിച്ചിരിക്കുന്ന പേർഷ്യയിൽനിന്ന് കൊുവന്ന പത്തു നൂറ്റാിലേറെ പഴക്കമുള്ള യേശുക്രിസ്തുവിന്റെ ക്രൂശാരോഹണചിത്രം ഇവയൊക്കെ ചേർപ്പുങ്കൽ ഹോളി ക്രോസ് ഫൊറോനാപള്ളിയെ പുരാതനമായ ചില പാശ്ചാത്യ ദേവാലയങ്ങളുടെ പ്രതീതി ജനിപ്പിക്കുന്നു. ടൂറിനിലെ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്ന യേശുവിന്റെ മൃതസംസ്ക്കാരവേളയിൽ ശരീരം പൊതിയുവാനുപയോഗിച്ച തിരുക്കച്ചയുടെ ഫോട്ടോഗ്രാഫ് ചെറിയപള്ളിയിൽ ഫ്രെയിം ചെയ്തു പ്രദർശിപ്പിച്ചിട്ടു്.

### 9.19.2. ഛേദനാചാരത്തിരുനാൾ

ചേർപ്പുങ്കൽ പള്ളിയിൽ ഉണ്ണിയേശുവിന്റെ ഛേദനാചാര തിരുനാളാണ് പ്രധാന തിരുനാൾ. യേശുവിന് പേരിട്ട ദിവസത്തെയും ഇതനുസ്മരിപ്പിക്കുന്നു. വിടപറയുന്ന പഴയ വർഷത്തെയും സമാഗതമാകുന്ന പുതിയ വർഷത്തെയും ബന്ധിപ്പിക്കുന്ന ഉത്സവപ്രതീതി ജനിപ്പി

ക്കുന്ന ഈ തിരുനാൾ ഡിസംബർ 25 മുതൽ ജനുവരി രുവരെ നീു നില്ക്കുന്നു. ക്രിസ്മസ് രാത്രിയിൽ ഉണ്ണിയേശുവിന് തീയുടെ ചൂടുനല്കുകയും കൊടി വെഞ്ചരിച്ച് മുത്തിക്കുകയും ചെയ്തതിനുശേഷമാണ് ഇവിടെയുള്ള വെള്ളിക്കൊടിമരത്തിൽ കൊടിയേറ്റാറുള്ളത്. കൊടി ഇറക്കുന്നതിന് പ്രത്യേക ചടങ്ങൊന്നുമില്ല. ഉണ്ണിയേശുവിന് മാല, വള, മോതിരം, കാൽത്തള, ഉടുപ്പ്, കിരീടം, മുത്തുക്കുട, നിലവിളക്ക് മുതലായവ ധാരാളമായി കാണിക്കയായി ലഭിക്കുന്നു.

തിരുനാളിന് ഉണ്ണീശോയുടെ രൂപത്തിന്മേൽ ആഭരണങ്ങൾ ഇടുവിക്കുന്നത് ജന്മദോർ (മുതിർന്ന കപ്യാർ) ആണ്. കൈക്കാരന്മാരുടെ സാന്നിധ്യത്തിൽ ആണ് ഇടുവിക്കുന്നത്. പള്ളിയിലുള്ള ഉണ്ണിയേശുവിന്റെ രൂപം പ്രദക്ഷിണത്തിനെടുക്കാറില്ല. ഏഴുപൂട്ടിലുള്ള രൂപമാണ് പ്രദക്ഷിണത്തിന് കൊുപോകുന്നത്. ഏഴുപൂട്ടു തുറന്ന് ഉണ്ണിയേശുവിന്റെ രൂപം എടുക്കുന്നതും ജന്മദോർ (പ്രധാന കപ്യാർ) ആണ്. പ്രദക്ഷിണത്തിന് ഉണ്ണീശോയുടെ രൂപത്തിനു മുമ്പിൽ പെട്രോമാക്സ്, കോൽവിളക്ക് എന്നിവ പിടിക്കാറു്. ഉണ്ണീശോയുടെ പെരുന്നാളിന് വി. കുരിശ്, വി, സെബസ്ത്യാനോസ്, വി. ഗീവർഗീസ് തുടങ്ങി എല്ലാവരുടെയും തിരുശേഷിപ്പുകൾ എടുക്കും. ബാക്കി തിരുനാളുകൾക്ക് അതതു വിശുദ്ധന്റെ തിരുശേഷിപ്പ് മാത്രമേ വഹിക്കൂ. പ് തിരുനാളിനോടനുബന്ധിച്ച് പാച്ചോർ നേർച്ചയുായിരുന്നു.

തിരുനാൾ പ്രദക്ഷിണത്തിന് നാലു കരകളിലേയ്ക്കും പ്രദക്ഷിണം പോകും. പ്രധാന രൂപങ്ങൾ മാത്രം ഉണ്ണിയേശുവിന്റെ തിരുസ്വരൂപത്തോടൊപ്പം കൊുപോകും. ബാക്കിയുള്ളവ ഓഫീസിന്റെ മുൻവശത്തുള്ള വരാന്തയിൽ നിരത്തിവയ്ക്കും. നാലു ദിവസങ്ങളിലായി (ഡിസംബർ 29, 30, 31 ജനുവരി 1) പ്രദക്ഷിണം നടത്തുന്നു. പുകാലങ്ങളിൽ കുരിശ്, പ്രധാനരൂപങ്ങൾ, കൊടി, പൊൻ വെള്ളി കുരിശുകൾ ഇവയുംകൊ് പ്രദക്ഷിണം ആരംഭിക്കുന്ന നാലു പ്രധാനസ്ഥലങ്ങളിലേയ്ക്ക് കുർബ്ബാന ചൊല്ലുന്ന അച്ചൻ, കൈക്കാരന്മാർ, ജന്മദോർ മുതലായവർ നടന്നുപോവുകയായിരുന്നു. പ്രധാനപ്പെട്ട വ്യക്തികൾ വാഹനങ്ങളിലാണ് ഇപ്പോൾ പോരുന്നത്. പ്രദക്ഷിണമായി വരുമ്പോൾ ഓഫീസിന്റെ മുമ്പിലുള്ള വരാന്തയിൽ വച്ചിരിക്കുന്ന രൂപങ്ങൾ മറ്റുള്ളവയെ സ്വീകരിക്കും. തിരുനാളിന് വി. കുരിശിന്റെ തിരുശേഷിപ്പ് ചുംബിക്കുവാൻ അവസരം നല്കുന്നു. ജാതിമതഭേദമെന്യേ ധാരാളം കുഞ്ഞുങ്ങളെ ഉണ്ണിയേശുവിന് അടിമ വയ്ക്കുന്നതിനായി ദിവസവും കൊുവരുന്നു്. ആദ്യഫല പെരുന്നാൾ ദിവസം കാർഷിക ഫലങ്ങൾ കൊുവരുന്നു (പുത്തിരി തിരുനാൾ). ചേർപ്പുങ്കലിൽ ഇപ്പോഴുള്ള ചെറിയപള്ളി മുൻകാലങ്ങളിൽ ദളിത് ക്രിസ്ത്യാനികൾക്ക് വേിയുള്ളതായിരുന്നു. കീഴാളത്ത വ്യവസ്ഥിതിയും ക്രിസ്ത്യാനികളുടെയിടയിൽ നിലവിലിരുന്നു.

കല്യാണം നടക്കുന്നതിന് നേർച്ചയായി താലി കൊുവന്നു കൊടുക്കുന്നവർ ു്. 300 രൂപയ്ക്ക് ഓഫീസിൽനിന്ന് വാങ്ങുവാൻ കിട്ടും. അതല്ലാതെ താലി മേടിച്ചുകൊുവരുന്നവരും ു്. ഗൃഹപ്രവേശത്തിനുമുൻപും പിൻപും ധാരാളം വ്യക്തികൾ ചേർപ്പുങ്കൽ പള്ളിയിൽ വരുകയും എണ്ണ ഒഴിക്കുകയും, കാണിക്ക നല്കുകയും ചെയ്യാറു്. സ്വർണ്ണ, മീറ, കുന്തുരിക്കം, നാരങ്ങാമാല, ഏലയ്ക്കാമാല, നോട്ടുമാല, പൂമാല തുടങ്ങിയവ ധാരാളമായി ലഭിക്കുന്നു. വീട്ടിൽ ഉറുമ്പ് വരുമ്പോൾ അത് പോകുന്നതിനായി കരി കൊുവന്നു കൊടുക്കുന്നവരു്. ചേർപ്പുങ്കൽ പ്രദേശത്തുള്ളവർ പ്രസവം കഴിഞ്ഞ് ആശുപത്രിയിൽനിന്ന് പോകുമ്പോൾ മിക്ക കുഞ്ഞുങ്ങളെയും അവിടെകൊുവന്ന് സമർപ്പിച്ച് ഉണ്ണീശോയ്ക്ക് മോതിരം ഇട്ടതിനു

ശേഷമാണ് പോകാറുള്ളത്. ഹൈന്ദവർ കോടിമുണ്ട്, തുണി, രൂപാ, വെറ്റില, പാക്ക്, സാരി, പഴുക്ക എന്നിവ കാണിക്ക നല്കുന്നു.

ചേർപ്പുങ്കൽ പള്ളി ഓഫീസിൽ ഉാക്കിവച്ചിരിക്കുന്ന കുഞ്ഞ്-തൊട്ടിൽ, തൊട്ടി-കയർ, ഭർത്താവ്-ഭാര്യ, അമ്മ-കുഞ്ഞ്, ബാലൻ-ബാലിക, പുരുഷൻ-സ്ത്രീ, സ്വർണ്ണനൂൽ, വെള്ളിനൂൽ, വാഹനങ്ങൾ, പാമ്പ്, എലി, കിളി, പന്നി, മരങ്ങൾ, ശരീരത്തിലെ വിവിധ ഭാഗങ്ങൾ, മുതലായവയൊക്കെ നേർച്ചനേരുന്നവരുണ്ട്. ഇവയുടെ രൂപം ഓഫീസിൽനിന്ന് വാങ്ങി നേർച്ചയായി സമർപ്പിക്കുന്നു. കിണർ കുത്തുവാനും വെള്ളം ലഭിക്കുവാനുമാണ് തൊട്ടിയും കയറും നേരുന്നത്. കുഞ്ഞ് ഉാകുന്നതിനുവേി കുഞ്ഞും തൊട്ടിലും നേരുന്നു. സ്വർണ്ണനൂൽ, വെള്ളിനൂൽ മുതലായവ ആളിന്റെ നീളത്തിൽ കൊടുക്കുന്നവരുണ്ട്. ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗത്തിന് അസുഖം വരുമ്പോൾ അവ നേരുന്നവരുണ്ട്. കഴുന്ന്, വ്യാകുലവാൾ, ഉണ്ണീശോയുടെ മുടി മുതലായവ കുരിശുംതൊട്ടി ചുറ്റി എഴുന്നള്ളിക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നതും ഉദ്ദിഷ്ടകാര്യസാധ്യത്തിനാണ്.

ദുഃഖവെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ക്രിസ്തുവിന്റെ ആൾ വലിപ്പമുള്ളതും ശിരസ്സിൽ മുൾമുടി ചാർത്തിയതും ആണിപ്പഴുതുകളുള്ളതുമായ രൂപം കബറിൽ വഹിച്ചുകൊ് കുട, കുരിശ് എന്നിവയുടെ അകമ്പടിയോടെ പള്ളിക്കു ചുറ്റും നഗരികാണിക്കൽ നടത്തുന്നു. ദുഃഖവെള്ളിയാഴ്ച വെളുപ്പിന് 3.30 മുതൽ പാപപരിഹാരത്തിനായി നീന്തുനേർച്ച നടത്താൻ ധാരാളം ആളുകൾ എത്തുന്നുണ്ട്. പെസഹാവ്യാഴാഴ്ച രാത്രിയിലും ഇതു നടത്തുന്നു. മുട്ടുകുത്തി കൈപ്പത്തികൾ നിലത്തൂന്നി നാലുകാലിൽ ഇഴഞ്ഞാണ് നീങ്ങുന്നത്. താഴത്തെ കുരിശുംതൊട്ടി ചുറ്റി, ഇപ്രകാരം തന്നെ നടകൾ കയറി, നേരെ മുകളിൽ എത്തുന്നു. അനന്തരം പള്ളിയ്ക്കു ചുറ്റും നീന്തുന്നു. പാപപരിഹാരമാണ് ലക്ഷ്യം. ഉദ്ദിഷ്ടകാര്യസാധ്യത്തിനു വേിയും നീന്താറുണ്ട്. വലിയ പാപങ്ങളുടെ അദൃശ്യഭാരവും ചുമന്ന് തങ്ങളുടെ കുരിശിന്റെ വഴികളിൽ അവർ ക്രിസ്തുവിനെ അനുകരിക്കുന്നു. അനുഭവിക്കുന്ന വേദനകളും, കഷ്ടപ്പാടുകളും ചിന്തുന്ന വിയർപ്പുമെല്ലാം സർവ്വേശ്വരന് ത്യാഗപൂർവ്വം കാഴ്ചവയ്ക്കുന്നു.

ദുഃഖവെള്ളിയാഴ്ച കൂടാതെ എല്ലാ ദിവസങ്ങളിലും ചേർപ്പുങ്കൽ പള്ളിക്ക് അകത്തും പുറത്തും ധാരാളം വ്യക്തികൾ മുട്ടിന്മേൽ നീന്തുന്നുണ്ട്. വാഹനങ്ങൾ വെഞ്ചരിക്കുന്നതിനായി ധാരാളം വ്യക്തികൾ ചേർപ്പുങ്കലിൽ എത്താറുണ്ട്. ഉണ്ണീശോയുടെ സമീപം കൊുവന്ന് തങ്ങളുടെ വാഹനങ്ങൾ വെഞ്ചരിച്ചാൽ ഒന്നും സംഭവിക്കുകയില്ല എന്ന വിശ്വാസമാണ് ഇതിനായിട്ട് അവരെ പ്രേരിപ്പിക്കുന്നത്. ചേർപ്പുങ്കൽപള്ളിയിൽ വി. ഗീവർഗീസിന്റെ തിരുനാളിന് 21 അപ്പം നേർച്ചയായി നല്കുന്നവർ ധാരാളമുണ്ട്. കോഴിക്ക് വസന്ത വരാതിരിക്കാൻ കോഴി നേർച്ചയും നല്കുന്നു. കോഴിയെ ലേലം വിളിച്ച് വരുമാനം പള്ളിയിലേക്ക് ചേർക്കും.

### 9.19.3. വാതക്കുളം

ചേർപ്പുങ്കൽപള്ളിക്കു കീഴിലുള്ള ചെമ്പിളാവിലെ ഗ്രോട്ടോയിലുള്ള ഉറവകളിലെ ജലധാര അദ്ഭുതത്വം വഹിക്കുന്നു. ഭക്തജനങ്ങൾ രോഗശാന്തിക്കായി ഈ ജലം കുടിക്കുകയും രോഗബാധിതമായ ശരീരഭാഗത്ത് പുരട്ടുകയും ചെയ്യുന്നു. ഈ ഗ്രോട്ടോയിൽ എല്ലാ ശനിയാഴ്ചയും ജപമാല പ്രാർത്ഥനയുണ്ട്. 'വാതക്കുളം' എന്ന പേരിൽ ഇതറിയപ്പെടുന്നു. വളരെയധികം അദ്ഭുതങ്ങൾ ചേർപ്പുങ്കൽപള്ളിയിൽ സംഭവിക്കാറുന്ന് ആളുകൾ പറയുന്നു.

### 9.19.3. ദർശനത്തിരുനാൾ

പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷമാണ് ദർശനത്തിരുനാളുകൾ പള്ളികളിൽ ആഘോഷിക്കുവാൻ തുടങ്ങിയത്. പള്ളിപെരുന്നാൾ ഭംഗിയാക്കുവാൻ വേി സ്ഥാപിച്ച സംഘടനയാണ് ദർശനസമൂഹം. ആദ്യകാലങ്ങളിൽ പല പുരാതന ദേവാലയങ്ങളിലും ദർശനതിരുന്നാൾ ഉായിരുന്നതാണ്. കാലക്രമേണ അത് പല ദേവാലയങ്ങളിൽനിന്നും അപ്രത്യക്ഷമായി. ചേർപ്പുങ്കൽപള്ളിയിൽ ഉണ്ണിയേശുവിന്റെ ദർശനസമൂഹം ഇപ്പോഴും നിലവിലു്. ആരുടെ നാമത്തിലാണോ പള്ളി അറിയപ്പെടുന്നത് അവരുടെ പേരിലാണ് ദർശനസമൂഹങ്ങളും നിലകൊള്ളുന്നത്. ദർശനക്കാർക്ക് പ്രത്യേക സ്ഥാനവസ്ത്രങ്ങൾ ു്. കാൽപാദം വരെ നീുകിടക്കുന്ന വെള്ളയുടുപ്പ്, കഴുത്തിനുചുറ്റും ഉരങ്ങൾ മറഞ്ഞുകിടക്കുന്ന അലങ്കാര തയ്യലോടുകൂടിയ പട്ടുമോറീസ്, കടലാസുപൂക്കൾകൊ് അലങ്കരിച്ച മുടി എന്നിവയാണവ. ഇവ വെഞ്ചരിച്ച് ധരിപ്പിച്ചാണ് ദർശനത്തിൽ ചേർത്തിരുന്നത്. ദർശനസമൂഹത്തിലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമൊക്കെ ആഘോഷമായ അനുഷ്ഠാനങ്ങളിലൂടെ നടത്തിയിരുന്നു. അതതുവർഷത്തെ പ്രസിഡാണ് ആ വർഷത്തെ തിരുനാൾ പ്രസുദേന്തി.

ദർശനസമൂഹത്തിലെ അംഗങ്ങളാണ് പു കാലങ്ങളിൽ ദർശനത്തിരുനാൾ കഴിച്ചിരുന്നത്. തിരുനാൾ ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവുമായി ഇവരെ വാഴിക്കുന്നു. എലക്തോരന്മാർ അഥവാ ലൈത്തോരന്മാർ (electers) എന്ന പേരിൽ അറിയപ്പെടുന്ന ഇവരിൽനിന്ന് ഒരാളെ പ്രസുദേന്തി ആയി നിയമിക്കും. ദർശനപ്പെരുനാൾ ഇവർ ഏറ്റെടുത്തു നടത്തിയാലും ഇല്ലെങ്കിലും പ്രസുദേന്തി വാഴ്ച എന്ന കർമ്മം ഇതോടൊപ്പം നടത്തും. ഇവർ ഒരു പ്രത്യേകക്രമത്തിൽ ആണ് ദേവാലയത്തിൽ നില്ക്കുന്നത്. മുമ്പിലായി പ്രസുദേന്തിയും ശിശിദോർ, പ്രക്ത്തോർ എന്നീ പേരുകളിൽ അറിയപ്പെടുന്ന ര് പാർശ്വദന്മാരും നില്ക്കുന്നു. പ്രസുദേന്തിക്ക് തൊട്ടുപിന്നിലായി ഇസ്ക്രമോനും മേല്പറഞ്ഞ ര് പാർശ്വദന്മാരും നില്ക്കുന്നു. ഇസ്ക്രമോനും കൂടെ നില്ക്കുന്നവരുമാണ് വി.കുർബ്ബാനയിലെ വേദപുസ്തകവായനയ്ക്കു മുമ്പ് തിരി കത്തിച്ച് പ്രസുദേന്തിക്കും ബാക്കിയുള്ളവർക്കും നല്കുന്നത്. സുവിശേഷവായന കഴിയുമ്പോൾ തിരി കെടുത്തും. പ്രത്യേക പ്രാർത്ഥന ചൊല്ലി ഹന്നാൻവെള്ളം തളിച്ചും പൂ വിതറിയുമാണ് ഇവരെ വാഴിക്കുന്നത്. പുരോഹിതൻ ഇവർക്ക് കത്തിച്ച തിരി നല്കുകയും മുടി അണിയിക്കുകയും ചെയ്യുന്ന പതിവു്.

ഒരു വർഷത്തെ പ്രധാന തിരുനാളുകളിലെല്ലാം പ്രത്യേക വേഷധാരികളായാണ് ഇവർ വി. കുർബ്ബാനയിൽ പങ്കുകൊള്ളുന്നത്. ഇവർക്ക് ദേവാലയമധ്യത്തിൽ പ്രത്യേക സ്ഥാനം ഉായിരിക്കും. മാസത്തിലൊരു ദിവസം (ആദ്യശനിയാഴ്ച) ദർശനസമൂഹത്തിലുള്ളവർക്കായി പ്രത്യേക കുർബ്ബാനയും ു്. 'തിങ്കൾ കുർബ്ബാന' എന്ന പേരിൽ ഇതറിയപ്പെടുന്നു. (തിങ്കൾ = മാസം) ഇവരെ പുകാലങ്ങളിൽ അടക്കം ചെയ്തിരുന്നതും ഔദ്യോഗികവസ്ത്രങ്ങൾ ധരിപ്പിച്ചായിരുന്നു. ദർശനത്തിൽ ചേർന്നു കഴിയുമ്പോൾ ആുതോറും വരിസംഖ്യ അടയ്ക്കണമായിരുന്നു. വരിസംഖ്യയ്ക്ക് 'പീത്താ' എന്നു പറയുന്നു.

### 9.19.4. എണ്ണ ഒഴിക്കൽ

നാനാജാതിമതസ്ഥരായ തീർത്ഥാടകർ എണ്ണ ഒഴിക്കുന്നതിനായി എത്തുന്ന തീർത്ഥാടനകേന്ദ്രമാണിവിടം. വെള്ളിയാഴ്ചകളിൽ പ്രത്യേകിച്ച് ആദ്യവെള്ളിയാഴ്ചകളിൽ ആണ് എണ്ണ ഒഴിക്കുന്നത്. എല്ലാ ദിവസവും ഇവിടെവന്ന് എണ്ണ ഒഴിച്ച് പ്രാർത്ഥിച്ചതിനുശേഷം ജോലിക്കു

പോകുന്നവരുമു്. ആദ്യവെള്ളിയാഴ്ച വെളുപ്പിന് 3.30-ന് തുടങ്ങി രാത്രി 10 മണിവരെ ഇവിടെ എണ്ണ ഒഴിക്കാൻ നല്ല തിരക്കാണ്. ആദ്യവെള്ളിയാഴ്ചകളിൽ പന്ത്ര് കുർബ്ബാനയും നൊവേനയും ഇവിടെ ചൊല്ലുന്നു.

പള്ളിക്കകത്തുള്ള തൂക്കുവിളക്കുകളിൽ വീടുകളിൽനിന്നും കൊുവരുന്ന നല്ലെണ്ണ ഒഴിക്കുകയായിരുന്നു ആദ്യകാലത്തെ പതിവ്. ഭക്തജനങ്ങളുടെ തിരക്കേറിയപ്പോൾ വിളക്ക് പള്ളിക്കുള്ളിൽ ആനവാതിലിന് അടുത്തേയ്ക്കും പിന്നീട് ഈയടുത്തകാലത്ത് മോളത്തിലേയ്ക്കും മാറ്റി. വീടുകളിൽനിന്ന് എണ്ണ കൊുവരുന്നതിനുപകരം പള്ളിയിൽനിന്ന ലഭിക്കുന്ന എണ്ണ വാങ്ങി ഒഴിക്കുന്ന പതിവ് പിന്നീട് ആരംഭിച്ചു. വിളക്കിലെ എണ്ണയ്ക്ക് അദ്ഭുതശക്തിയും ഔഷധശക്തിയുമുന്ന് മനസ്സിലാക്കിയ ഭക്തർ വീടുകളിലേയ്ക്ക് എണ്ണ വാങ്ങിക്കൊുപോകുവാനും തുടങ്ങി.

അൾത്താരയ്ക്കും മദ്ബഹായ്ക്കും താഴെ ഇരുവശങ്ങളിലുമായിരുന്ന സ്ഫടിക നിർമ്മിതമായ എണ്ണ വിളക്കുകളിലൊന്നിൽ ഏതോ ഭക്തൻ കൊുവന്ന് ഒഴിച്ച എണ്ണയിൽനിന്നാണ് അദ്ഭുതങ്ങളുടെ തുടക്കം. അതു ക് അടുത്ത വെള്ളിയാഴ്ച മറ്റൊരാൾ; അങ്ങനെ ഉണ്ണിയേശുവിന്റെ വിളക്കു കത്തുവാൻ വേ എണ്ണയുമായി അനേകംപേർ എത്തിതുടങ്ങി.

എണ്ണ ഒഴിക്കാൻ അവനവന് ഇഷ്ടമുള്ള തുക നേർച്ചപെട്ടിയിൽ ഇടുന്നു. ഓരോരുത്തരും അവിടെ വച്ചിരിക്കുന്ന ചെറിയ കപ്പ് എടുത്ത് ഇഷ്ടമുള്ളത്രയും തവണ എണ്ണ ഒഴിക്കുന്നു. ഉണ്ണിയേശുവിന്റെ രൂപത്തിനുമുമ്പിൽ വച്ചിരിക്കുന്ന വിളക്കിലാണ് എണ്ണ ഒഴിക്കുന്നത്. എണ്ണ നെറ്റിയിൽ തൊട്ട് കുരിശുവരയ്ക്കുന്നവരു്. രോഗങ്ങളിൽനിന്ന് ശമനം ലഭിക്കുന്നതിനായും ഐശ്വര്യം ഉാകുന്നതിനുംവേിയാണ് ഇപ്രകാരം ചെയ്യുന്നത്. ആദ്യവെള്ളിയാഴ്ചകളിൽ രര മണിക്കൂർ നിരയിൽനിന്നാൽ മാത്രമേ എണ്ണ ഒഴിക്കുവാൻ സാധിക്കൂ. അഞ്ച്, ആറ് നിരകൾ ആയിട്ടാണ് നില്ക്കുന്നത്.

ഒരു ആദ്യവെള്ളിയാഴ്ച അര ടണ്ണിന് മുകളിൽ തിരി ഇവിടെ കത്തിയെരിയുന്നു. അഞ്ചും പത്തും തിരിയും ഒരു കൂട് തിരിയും കത്തിക്കുന്നവരു്. അഞ്ചുരൂപ മുതൽ പതിനായിരം രൂപവരെ നേർച്ചയായി ഇടുന്നവരു്. വെഞ്ചരിച്ച എണ്ണ പന്ത്ര് രൂപയ്ക്ക് സ്റ്റാളിൽനിന്ന് വാങ്ങാൻ സാധിക്കും. ഈ എണ്ണ വളരെ പൂജ്യമായി വീടുകളിൽ കൊുപോയി വയ്ക്കുകയും രോഗം വരുമ്പോൾ ശരീരഭാഗങ്ങളിൽ പുരട്ടുന്നതിന് ഉപയോഗിക്കുകയും ചെയ്യുന്നു. നാനാജാതിമതസ്ഥരായ ആളുകളുടെ വലിയ അഭയകേന്ദ്രമാണ് ചേർപ്പുങ്കൽ പള്ളി. ധാരാളം വ്യക്തികൾ ദിവസവും ഈ ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നു.

## 9.20. സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ മണർകാട്

9.20.1. ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ള മലങ്കരയിലെ ഏക ദൈവാലയമാണ് ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ. കോട്ടയം ജില്ലയിലെ അഞ്ചു പഞ്ചായത്തുകളിൽപ്പെട്ട പന്ത്രു കരകളിലായി 3000-ത്തിലധികം കുടുംബങ്ങളും 15000-ത്തിലധികം അംഗങ്ങളും ഉൾപ്പെടുന്ന ഒരു വലിയ ഇടവകപ്പള്ളിയാണിത്. നൂറ്റാുകൾക്കു മുമ്പു സ്ഥാപിതമായ

ഈ ദൈവാലയത്തിന്റെ സ്ഥാപനകാലംമുതൽ ആചരിച്ചുവരുന്നതും ഇന്നു സഭയിൽ ആകമാനം കൊടുക്കുന്നതുമായ എട്ടുനോമ്പാചരണത്തിന്റെ തുടക്കം മണർകാട് പള്ളിയിലാണ്. മലങ്കരയിലെ മറ്റൊരു ദൈവാലയത്തിലും ഇല്ലാത്ത സവിശേഷതയാർന്ന നിരവധി അനുഗൃഹീത ആചാരങ്ങളാൽ മണർകാട് പള്ളിയിലെ എട്ടുനോമ്പാചരണം ഇന്നും തനിമ നിലനിർത്തുന്നു. സെപ്തംബർ 8-ാം തീയതി നടത്തപ്പെടുന്ന ഭക്തിനിർഭരവും വർണ്ണശബളവുമായ റാസ, 7-ാം തീയതി ദിവ്യദർശനത്തിന്റെ അനുസ്മരണയായി വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി തുറന്നുകൊടുക്കുന്ന നട തുറക്കൽ, പന്തിരുനാഴി ഘോഷയാത്ര, 8-ാം തീയതിയിലെ പാച്ചോർ നേർച്ച.... ഇങ്ങനെ മണർകാടുപള്ളിയിലെ എട്ടുനോമ്പാചരണത്തിന്റെ പ്രത്യേകതകൾ നിരവധിയാണ്.

### 9.20.2. ചരിത്രപശ്ചാത്തലവും ദിവ്യദർശനവും

പ്രാചീനകേരളത്തിന്റെ തലസ്ഥാനമായിരുന്ന മഹാദേവർ പട്ടണത്തിൽ (ഇന്നത്തെ കൊടുങ്ങല്ലൂർ) വളരെയധികം നസ്രാണികൾ പാർത്തിരുന്നു. യഹൂദന്മാർക്കും മുസ്ലീങ്ങൾക്കും ഇടയിൽ വ്യാപാരക്കുത്തകയെ സംബന്ധിച്ചുായ മത്സരങ്ങളിൽ മഹാദേവർ പട്ടണം അഗ്നിക്ക് ഇരയാകുകയും നസ്രാണികൾ വ്യാപാരസൗകര്യത്തെക്കരുതി നദീമുഖങ്ങളോട് അടുത്ത സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർക്കുകയും ചെയ്തു. കുടിയേറ്റക്കാരിൽ ഒരു വിഭാഗം തിരുവഞ്ചൂർ, മണർകാട്, മാലം, കുഴിപ്പുരയിടം, വെള്ളൂർ, പാമ്പാടി, തോട്ടയ്ക്കാട്, മീനടം, പുതുപ്പള്ളി, വാഴൂർ, അമയന്നൂർ മുതലായ കരകളിൽ താമസിക്കുകയും കൃഷി, വ്യാപാരം മുതലായ തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തു. ചേരമൻ പെരുമാളിന്റെ നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്ന തെക്കുംകൂറിൽ മണർകാട് പ്രദേശവും ഉൾപ്പെട്ടിരുന്നു. തെക്കുംകൂറിന്റെ തലസ്ഥാനങ്ങളിൽ ഒന്നു ചങ്ങനാശേരിയും മറ്റേതു കോട്ടയവും ആയിരുന്നു. തെക്കുംകൂറിന്റെ വിവിധ ശാഖകളിൽ ഒന്നായിരുന്ന ഇടത്തിൽ തമ്പുരാക്കന്മാർ ആണ് മണർകാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭരണം നടത്തിയിരുന്നത്. ഇഞ്ചയും ചൂരലും കുറുമുള്ളും പിടിച്ച് കാടായിക്കിടന്നിരുന്ന ഈ പ്രദേശം ഹിംസ്രജന്തുക്കളുടെ അധിവാസകേന്ദ്രമായിരുന്നു. കുടിയേറ്റക്കാരിൽ ഏതാ് പന്ത്രാേളം ക്രിസ്ത്യാനിക്കുടുംബങ്ങൾ ഉായിരുന്നു. കുടിയേറ്റ ക്രിസ്ത്യാനികൾക്ക് ആരാധനയിൽ സംബന്ധിക്കുന്നതിനും വി. കൂദാശകൾ അനുഷ്ഠിക്കുന്നതിനും ഒരു ദൈവാലയം ഉാക്കണമെന്ന ആഗ്രഹത്തോടെ പിതാക്കന്മാർ ഒന്നിച്ചുകൂടി പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടുകയും തുടർച്ചയായി ഏഴു ദിവസം ഇങ്ങനെ ആചരിച്ചപ്പോൾ അവർക്ക് ഓരോരുത്തർക്കും ഇതുസംബന്ധിച്ച് ദർശനം ഉാവുകയും ചെയ്തു. മാനും മീനും എയ്യാവുന്നതും ഇഞ്ചയും ചൂരലും പടർന്നുകിടക്കുന്നതുമായ കാട്ടിൽ വെളുത്ത പശുവും കിടാവും കിടക്കുന്നത് കാണുന്ന സ്ഥലത്ത് ദൈവാലയം പണിയുക ഇതായിരുന്നു ദർശനം. തങ്ങൾക്ക് എല്ലാവർക്കും ഒരേ ദർശനം ഉായി എന്നത് അവരെ അത്ഭുതപ്പെടുത്തി.

### 9.20.3. പള്ളിസ്ഥാപനവും എട്ടുനോമ്പാചരണവും

ദർശനത്തിൽ ക പശുവിനെയും കിടാവിനെയും അന്വേഷിച്ചിറങ്ങിയ പിതാക്കന്മാരുടെ സംഘം ഇപ്പോഴത്തെ വലിയപള്ളിയുടെ സ്ഥലത്ത് പശുവിനെയും കിടാവിനെയും കത്തെി. ദർശനത്തിന്റെ പൊരുൾ മനസ്സിലാക്കിയ പിതാക്കന്മാർ പശുവിനെയും കിടാവിനെയും ക സ്ഥലത്ത് വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും നാമത്തിൽ ദൈവാ

ലയം സ്ഥാപിച്ചു. അതേത്തുടർന്ന് എല്ലാവർഷവും വി. ദൈവമാതാവിന്റെ നാമത്തിൽ എട്ടു ദിവസം നീുനിൽക്കുന്ന എട്ടുനോമ്പ് ആചരിച്ചുവരുന്നു.

അനുഗൃഹീതമായ എട്ടുനോമ്പാചരണത്തിന്റെ ഉത്ഭവം മണർകാട് പള്ളിയിൽനിന്നാണ്. പിതാക്കന്മാർക്കു ലഭിച്ച ദർശനത്തിന്റെ ഓർമ്മ നിലനിർത്തിക്കൊ് എല്ലാവർഷവും സെപ്തംബർ 7-ാം തീയതി വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി തുറന്നുകൊടുക്കുന്ന 'നടതുറക്കൽ ചടങ്ങ്' ഈ ദൈവാലയത്തിലെ മാത്രം പ്രത്യേകതയാണ്.

പരി. അമ്മയുടെ അനുഗ്രഹം തേടി നൂറ്റാുകൾക്കു മുമ്പുതന്നെ ഭക്തജനങ്ങൾ ഈ ദൈവാലയത്തിൽ എട്ടുനോമ്പിനെത്തിയിരുന്നു. ഫാ. ബർണാർദിന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ', ഇം.എം. ഫിലിപ്പിന്റെ 'മാർത്തോമാശ്ലീഹായുടെ ഇൻഡ്യൻ സഭ', ഹെർമ്മൻ ഗുർട്ടിന്റെ 'കേരളപ്പഴമ' എന്നീ ഗ്രന്ഥങ്ങളിലും ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിലും ഇതു സംബന്ധിച്ച പരാമർശനമു്.

1836 സെപ്തംബറിൽ എട്ടുനോമ്പുകാലത്ത് നവീകരണലക്ഷ്യങ്ങളോടെ മണർകാട് പള്ളിയിലെത്തിയ ജോസഫ് പീറ്റ് എന്ന ആംഗ്ലിക്കൻ മിഷനറി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"മണർകാട് പള്ളിയിൽ കന്യകാമറിയാമിന്റെ പുകഴ്ചയ്ക്കുവേി നോൽക്കുന്ന ഒരു പ്രത്യേക നോമ്പുന്നെറിഞ്ഞാണ് ഞാൻ അവിടെയെത്തിയത്. ഇതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിനുവേി ഞാൻ മണർകാട് പള്ളിയിലെത്തിയപ്പോൾ ദൈവാലയത്തിന് അകത്തും പുറത്തുമായി 2000-ത്തിലധികം ആളുകൾ സമ്മേളിച്ചിരുന്നു. ആളുകൾ പള്ളിയിൽ താമസിക്കുകയും ചില പ്രത്യേക ഭക്ഷണങ്ങൾ വർജ്ജിക്കുകയും തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിന് എല്ലാ ദിവസവും സ്നാനം ചെയ്യുകയുമെന്നത് ആചാരമാണ്. കന്യകാമറിയത്തിന്റെ ഒരു രൂപം അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അവിടം അതിവിശുദ്ധസ്ഥലമായി കരുതപ്പെട്ടു. ഇതിനെതിരെ പ്രസംഗിക്കാൻ എഴുന്നേറ്റപ്പൾ എന്റെ ശബ്ദത്തിനു മീതെ കന്യകാമറിയത്തോടുള്ള പ്രാർത്ഥനകൾ അവർ ഉച്ചത്തിൽ ചൊല്ലുവാൻ തുടങ്ങി. (സി.എം.എസ്. റെസിഡിംഗ്സിൽനിന്ന് വെരി. റവ. ഡോ. കുര്യൻ കോർ എപ്പിസ്കോപ്പായുടെ *ദി സിറിയൻ ഓർത്തഡോക്സ് ഇൻ ഇൻഡ്യ ആൻഡ് ഇറ്റ്സ് അപ്പോസ്തോലിക് ഫെയ്ത്ത്* (പേജ് 131) എന്ന ഗ്രന്ഥത്തിൽ പ്രസ്തുത സംഭവം ഉദ്ധരിച്ചിട്ടു്). നൂറ്റാുകൾക്കു മുമ്പ് ഇവിടെ നിലനിന്ന എട്ടുനോമ്പ് ആചരണത്തിന്റെ സജീവചിത്രമാണ് ഇത്.

കൂടാതെ വാർഡ്, കോണർ എന്നിവരുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സർവ്വേ സംഘം തയ്യാറാക്കിയ റിപ്പോർട്ടിലും വലിയ ജനാവലിയെ ആകർഷിക്കുന്ന പ്രസിദ്ധമായ പള്ളിയായിട്ടാണ് മണർകാട് പള്ളിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ളത്.

മലങ്കരയിലെ അതിപുരാതനമായ ദൈവാലയങ്ങളിൽ അഗ്രിമസ്ഥാനമുള്ള മണർകാട് പള്ളി ആയിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കപ്പെട്ടു എന്നതിന് ഹൈക്കലായിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ തെളിവാണ്. നാനം മോനം (വട്ടെഴുത്ത്)സമ്പ്രദായത്തിൽ എഴുതപ്പെട്ടിട്ടുളള ഈ ശിലാലിഖിതങ്ങൾ എ.ഡി. 910-ലും 920-ലും ദൈവാലയത്തിനുള്ളിൽ ഓരോ കബറിടങ്ങളിൽ സ്ഥാപിക്കപ്പെട്ട സ്മാരകഫലമാണെന്ന് പുരാവസ്തു ഗവേഷകർ കത്തുകയുായി.

ആദ്യം മുളയിലും പരമ്പിലുമായി തീർത്ത ദൈവാലയം പിന്നീട് പല ഘട്ടങ്ങളിൽ പുനരുദ്ധരിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തിട്ടു്. 16-ാം ശതകത്തിൽ പോർത്തുഗീസ് രീതിയിൽ പൊളിച്ചുപണിതു. ഇപ്പോൾ കാണുന്ന ദൈവാലയത്തിന്റെ പണി പൂർത്തീകരിച്ചത് 1954-ൽ ആണ്. വളരെ പഴക്കമുള്ള രു വാളുകൾ ഇപ്പോഴും പള്ളിയിൽ സൂക്ഷിച്ചിട്ടു്. ഇവ പള്ളിയുടെ സംരക്ഷണത്തിനായി രാജകൊട്ടാരത്തിൽനിന്നും നേരിട്ട് ഏല്പിച്ചിട്ടുള്ളവയാണെന്നു പറയപ്പെടുന്നു. വി. ദൈവമാതാവിന്റെ നാമത്തിൽ പ്രധാന ത്രോണോസ് മൂറോൻ അഭിഷേകം ചെയ്ത് സ്ഥാപിച്ചിരിക്കുന്ന ഈ ദൈവാലയത്തിന്റെ ഇരുവശത്തുമുള്ള ത്രോണോസുകൾ വടക്കുവശത്തേത് വിശുദ്ധനായ ഇഗ്നാത്തിയോസ് നൂറോനയുടെ നാമത്തിലും തെക്കുവശത്തേത് വിശുദ്ധനായ കുറിയാക്കോസ് സഹദായുടെ നാമത്തിലും സ്ഥാപിച്ചിരിക്കുന്നു.

### 9.20.4. വി. സൂനോറൊ

1982-ൽ പരി. ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ ശ്ലൈഹികസന്ദർശനവേളയിൽ ഫെബ്രുവരി മാസം 26-ാം തീയതി വി. ദൈവമാതാവിന്റെ സൂനോറൊയുടെ ഒരംശം ഈ ദൈവാലയത്തിൽ സ്ഥാപിച്ചു. വിശ്വാസികൾക്ക് വി. സൂനോറൊ വണങ്ങി അനുഗ്രഹം പ്രാപിപ്പാൻ പള്ളിയകത്ത് പ്രത്യേക ക്രമീകരണം ചെയ്തിട്ടു്.

### 9.20.5. വി. മൂറോൻ കൂദാശ

1982 ഫെബ്രുവരി 27-ാം തീയതി പരി. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊ് ശ്രേഷ്ഠകാതോലിക്കാ ആബൂൻ മോർ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവായുടെ സഹകരണത്തിലും മലങ്കരയിലെയും ആകമാന സുറിയാനിസഭയിലെയും മെത്രാപ്പോലീത്തന്മാരുടെ സാന്നിധ്യത്തിലും ഈ പള്ളിയിൽവച്ച് വി. മൂറോൻ കൂദാശ നിർവ്വഹിച്ചു. പരി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തിയിൽ വി. മൂറോൻ കൂദാശ നിർവ്വഹിച്ചതിനുശേഷം മലങ്കരയിൽ ഈ ഭാഗ്യം കൈവന്ന രാമത്തെ ദൈവാലയമാണ് മണർകാട് പള്ളി.

### 9.20.6. പവിത്രമായ പദവി

പരി. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ മലങ്കരയിലെ മൂന്നാമത് ശ്ലൈഹിക സന്ദർശനവേളയിൽ 2004 സെപ്റ്റംബർ 26-ാം തീയതി വി. ദൈവാലയത്തിൽ എഴുന്നള്ളിവന്ന് വി. കുർബ്ബാന അർപ്പിക്കുകയും ഈ ദൈവാലയത്തെ കത്തീഡ്രൽ ആയി ഉയർത്തുകയും ആഗോളമരിയൻ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ച് അനുഗ്രഹിക്കുകയും ചെയ്തു.

### 9.20.7. ഭരണസംവിധാനം

ഈ പള്ളി പൂർവ്വിക യാക്കോബായ സുറിയാനിസഭയുടെ വിശ്വാസം പുലർത്തുന്നതിനും അവ അനുസരിച്ചുള്ള വി. കർമ്മാനുഷ്ഠാനങ്ങൾ നിവൃത്തിക്കുന്നതിനുംവേി സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നാളിതുവരെ അതേ സ്ഥാപനോദ്ദേശം അനുസരിച്ച് വി. സഭയുടെ പരമതലവനാകുന്ന അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത വി. പത്രോസിന്റെ സിംഹാസനത്തിന്മേൽ അതാതുകാലം വാഴുന്ന പരി. പാത്രിയർക്കീസിന്റെയും ആ പരിശുദ്ധ സിംഹാസനത്തിൽനിന്ന് അപ്പോഴപ്പോൾ കോട്ടയം ഭദ്രാസന ഇടവകയ്ക്കുവേി അധികാരപ്പെടുത്തുന്ന മെത്രാപ്പോലീത്തായുടെയും മേലധികാരത്തിനും ആജ്ഞകൾക്കും കീഴ്പ്പെട്ടു നട

ന്നുവന്നിട്ടുള്ളതും മേലാലും അതിനു വ്യത്യാസംകൂടാതെ നടക്കേതും ആകുന്നു. ഈ ഇടവക മണർകാട്, കുഴിപ്പുരയിടം, മാലം, വെള്ളൂർ, വെള്ളുക്കുട്ട്, മാങ്ങാനം, വടവാതൂർ, തിരുവഞ്ചൂർ, അമയന്നൂർ, പറമ്പുകര, വിജയപുരം, അരിപ്പറമ്പ് എന്നീ പന്ത്രു കരകളിലായി വ്യാപിച്ചു കിടക്കുന്നു. പള്ളിയുടെയും പള്ളിവകസ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഭരണം സംബന്ധിച്ചുള്ള പരമാധികാരം ഇടവക പൊതുയോഗത്തിനാണ്. ഇൻഡ്യയിൽ ജനാധിപത്യഭരണം ആരംഭിക്കുന്നതിനു മുൻപുതന്നെ 1925-ൽ പൂർവിക പിതാക്കന്മാരാൽ തയ്യാറാക്കപ്പെട്ടതും 1935 -ലും 1958-ലും ഇടവക പൊതുയോഗം ചേർന്ന് ആവശ്യമായ ഭേദഗതികൾ വരുത്തിയതുമായ സ്വതന്ത്ര ഭരണഘടനയുടെ അടിസ്ഥാനത്തിൽ ജനാധിപത്യരീതിയിൽ പള്ളിയുടെ വിവിധ കരകളിൽനിന്നുമായി 50 വീടിന് ഒരാൾ എന്ന കണക്കിൽ തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റി അംഗങ്ങളും സൺഡേസ്കൂൾ അദ്ധ്യാപകരിൽനിന്നുള്ള ഒരു പ്രതിനിധിയും ഇടവക പട്ടക്കാരും ഉൾപ്പെട്ടതാണ് ഭരണസമിതി. ഭരണസമിതി ചേർന്ന് മൂന്നു ട്രസ്റ്റിമാരെയും ഒരു സെക്രട്ടറിയേയും തെരഞ്ഞെടുക്കും. ഓരോ സ്ഥാപനത്തിനും സംഘടനയ്ക്കും ഭരണനിർവ്വഹണത്തിനുള്ള പ്രത്യേകം പ്രത്യേകം കമ്മിറ്റികളു്. ഭരണസമിതി തയ്യാറാക്കുന്ന തന്നാ് ബഡ്ജറ്റ് മാനേജിംഗ് കമ്മറ്റി പാസ്സാക്കി ഇടവക പൊതുയോഗത്തിന്റെ അംഗീകാരത്തോടെയാണ് പള്ളിയും പള്ളിവകസ്ഥാപനങ്ങളും ഭരണനിർവ്വഹണം നടത്തുന്നത്. ഒരു വർഷമാണ് ഭരണസമിതിയുട കാലാവധി.

### 9.20.8. ചരിത്രപ്രസിദ്ധമായ കൽക്കുരിശും ദിവ്യാത്ഭുതവും

വലിയപള്ളിയുടെ പടിഞ്ഞാറുവശത്തു സ്ഥിതി ചെയ്യുന്ന കൽക്കുരിശ്, നാളിതുവരെ, വിശ്വാസികൾക്ക് ദൈവിക നൽവരങ്ങളുടെ ഉറവിടമായിരുന്നെങ്കിൽ, ഇന്നത് സുകൃതങ്ങളുടെ സുഗന്ധസ്രോതസ്സായി പരിണമിച്ചിരിക്കുന്നു. 1982 ഫെബ്രുവരിമാസം 26-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊ് വി. ദൈവമാതാവിന്റെ തിരുവസ്ത്രത്തിന്റെ ഭാഗമായ സുനോറൊ (ഇടക്കെട്ട്) ഈ പള്ളിയിൽ സ്ഥാപിച്ചതിന്റെ 30-ാം വാർഷികപ്പെരുന്നാളിനോടനുബന്ധിച്ച് ഫെബ്രു. 25-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം രാത്രി 9 മണിയോടുകൂടി ഈ കൽക്കുരിശിൽനിന്ന് സുഗന്ധം പരത്തിക്കൊ് സുഗന്ധതൈലം ഒഴുകിയിറങ്ങി. 2012 ജൂൺ 29-ന് പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുനാൾ ദിനത്തിൽ കൽക്കുരിശിൽനിന്നുള്ള പരിമളതൈലത്തിന്റെ സുഗന്ധവർഷത്താൽ ഈ ദൈവാലയം വീും അനുഗൃഹീതമായി. 2012 ജൂലൈ മാസം 4-ാം തീയതി ബുധനാഴ്ച ധ്യാനശുശ്രൂഷയ്ക്കും മദ്ധ്യാഹ്നപ്രാർത്ഥനയ്ക്കും ശേഷം ഉച്ചയ്ക്ക് ഒരുമണിയോടുകൂടി മൂന്നാം പ്രാവശ്യവും കൂടാതെ എട്ടുനോമ്പുദിനങ്ങളിൽ പലതവണയും ഈ കൽക്കുരിശിൽനിന്നും സുഗന്ധതൈലം പ്രവഹിച്ചു. ഈ കൽക്കുരിശിന്റെ സ്ഥാപനത്തെ സംബന്ധിച്ച് നിലവിലുള്ള ഐതിഹ്യം ചുവടെ ചേർക്കുന്നു:

പള്ളിയുടെ പടിഞ്ഞാറുവശത്തായി കാണപ്പെടുന്ന കൽക്കുരിശിന് മുകളിൽ കാണുന്ന അത്രയും നീളം താഴേക്കുമുന്നെു വിശ്വസിക്കപ്പെടുന്നു. ഇത്ര വലിയ കൽക്കുരിശ് ഉയർത്തുന്നതിന് ആനയുടെ സഹായം ആവശ്യമായിരുന്നു. ആറു കിലോമീറ്റർ അകലെ പുതുപ്പള്ളിയിൽ മാത്രമാണ് ആനയുായിരുന്നത്. നടന്നെത്തിയ പിതാക്കന്മാർ ആനയുടെ ഉടമയോട് ഈ വലിയ കൽക്കുരിശ് ഉയർത്തുന്നതിലേക്ക് ആനയെ ആവശ്യപ്പെട്ടു. കൽക്കുരിശ് ആനയെക്കൊ് ഉയർത്തിക്കുന്നതിൽ ഇഷ്ടമില്ലാത്തതിനാൽ ആനയെ തണുപ്പു കൊടുത്തു നിർത്തിയിരിക്കുന്നു എന്ന് കളവു പറഞ്ഞ് ഉടമ രക്ഷ നേടി. നിരാശരായി മടങ്ങിയെത്തിയ പിതാക്കന്മാർ ക കാഴ്ച അത്ഭുതകരമായിരുന്നു. കുരിശ് സ്ഥാപിക്കാവാൻ വേ നിർമ്മിച്ച കുഴി

യിൽ കുരിശ് നിവർന്നു നിൽക്കുന്നതും തങ്ങൾ അന്വേഷിച്ചുപോയ ആന കുരിശിൻചുവട്ടിൽ കൊമ്പുകുത്തി നിൽക്കുന്നതും ക് എല്ലാവരും ആശ്ചര്യപ്പെട്ടു. ചങ്ങല പൊട്ടിച്ച് ഓടിപ്പോയ ആനയെ  ഉടമ എത്തി തിരികെ കൊുപോയി എന്നാണ് ഐതിഹ്യം.

**9.20.9. ചെറിയ പള്ളി (കരോട്ടെ പള്ളി)**

നവീകരണത്തിന് ആധിപത്യമുറപ്പിച്ചപ്പോൾ പള്ളിയുടെ കിഴക്കുവശത്തുള്ള റോഡിന്റെ കിഴക്കുവശത്തായി സ്ഥാപിക്കപ്പെട്ടതാണ് ചെറിയ പള്ളി. ഈ ദൈവാലയം കൊല്ലവർഷം 1056 (എ.ഡി. 1881) നു ശേഷം പണിയപ്പെട്ടതായി വിശ്വസിക്കുന്നു. കതിരായിരുന്ന നെല്ല് പിഴുതുമാറ്റിയാണ് മുളയിലും പരമ്പിലുമായി പള്ളി പണികഴിപ്പിച്ചതെന്ന് പറയപ്പെടുന്നു. കോട്ടയം ഇടവകയുടെ കടവിൽ പൗലൂസ് മാർ അത്തനാസിയോസ് തിരുമേനി വെറും ഓലക്കുടിലിൽ വന്നു താമസിച്ച് പള്ളിപണിക്ക് മേൽനോട്ടം വഹിച്ചതായി ചരിത്രരേഖകൾ സാക്ഷിക്കുന്നു. 1993-ൽ പഴമ നഷ്ടപ്പെടാതെ ഈ ദൈവാലയം പുനരുദ്ധരിച്ചു.

**9.20.10. പള്ളിക്കുളങ്ങൾ**

പുരാതനകാലം മുതൽ ഉള്ളതാണ് പള്ളിയുടെ വടക്കും പടിഞ്ഞാറുമായി കാണുന്ന രു കുളങ്ങൾ. ഇതിൽ വടക്കുവശത്തെ കുളം സ്ത്രീകൾക്കും പടിഞ്ഞാറുവശത്തെ കുളം പുരുഷന്മാർക്കും വേിയാണ്. വിദേശങ്ങളിൽനിന്നുപോലും എത്തുന്ന ഭക്തജനങ്ങൾ ഈ കുളങ്ങളിലെ ജലം പുണ്യജലമായി കരുതി കുപ്പികളിലാക്കി കൊുപോയി രോഗശാന്തിക്കായി പ്രയോജനപ്പെടുത്തുന്നു. എട്ടുനോമ്പുകാലങ്ങളിൽ ഈ കുളങ്ങളിൽ കുളിച്ചുകയറി ഈറനോടെ കൽക്കുരിശിങ്കൽ മുട്ടിന്മേൽ നീന്തി നേർച്ചകാഴ്ചകൾ അർപ്പിക്കുന്നവരുടെ സംഖ്യനിരവധിയാണ്.

**9.20.11. പിൽഗ്രിം ക്വാർട്ടേഴ്സ്**

ദൂരസ്ഥലങ്ങളിൽനിന്നും ശുശ്രൂഷകളിൽ സംബന്ധിക്കുവാനും നോമ്പ് എടുക്കുവാനും വരുന്ന ഭക്തജനങ്ങൾക്ക് താമസിക്കുവാൻ പള്ളിയുടെ വടക്കുവശത്ത് 1976-ൽ നിർമ്മിച്ച കെട്ടിടത്തിൽ സൗകര്യം ഒരുക്കിയിരിക്കുന്നു.

**9.20.12. പ്രധാന പെരുന്നാളുകൾ**

| | |
|---|---|
| ജനുവരി 15 : | ആദ്യഫല പെരുന്നാൾ |
| ഫെബ്രവരി 26 : | സുനോറൊ പെരുന്നാൾ |
| മേയ് 5, 6 : | ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ |
| ഓഗസ്റ്റ് 15 : | വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ |
| സെപ്തംബർ 1-8 : | എട്ടുനോമ്പ് പെരുന്നാൾ |

**9.20.13. പ്രധാന നേർച്ചകൾ, വഴിപാടുകൾ**

വി. കുർബാന (ഒറ്റ കുർബ്ബാന, മൂന്നിന്മേൽ കുർബ്ബാന, അഞ്ചിന്മേൽ കുർബ്ബാന, ഓർമ്മ കുർബ്ബാന), വിശുദ്ധ ദൈവമാതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന, കുട്ടികളെ അടിമവയ്ക്കൽ, പിടിപ്പണം, ഉരുളുനേർച്ച (ശയനപ്രദക്ഷിണം), കൽക്കുരിശിനും പള്ളിക്കും ചുറ്റും മുട്ടിന്മേൽ നീന്തൽ, മുത്തുക്കുട കൊടി നേർച്ച, സ്വർണ്ണം വെള്ളി കുരിശുകൾ നേർച്ച, എണ്ണ മെഴുകുതിരി കുന്തുരുക്കം നേർച്ച, ചുറ്റുവിളക്ക് കത്തിക്കൽ, ആൾരൂപം, പാച്ചോർ നേർച്ച, വാഹനങ്ങൾ ആശീർവദിക്കൽ.

#### 9.20.14. എട്ടുനോമ്പിലെ പ്രധാന ചടങ്ങുകൾ

റാസ: ഏഷ്യയിലെതന്നെ ഏറ്റവും വലിയ ആദ്ധ്യാത്മിക ഘോഷയാത്രയായി അറിയപ്പെടുന്ന ഈ പള്ളിയിലെ ചരിത്രപ്രസിദ്ധമായ റാസ എല്ലാവർഷവും സെപ്റ്റംബർ 6-ാം തീയതി ഉച്ചയ്ക്കു പന്ത്രു മണിയോടെ ആരംഭിക്കും. പതിനായിരക്കണക്കിനു മുത്തുക്കുടകളുടെയും നിരവധി പൊൻ-വെള്ളിക്കുരിശുകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ നടത്തപ്പെടുന്ന റാസയിൽ പരി. മാതാവിനോടുള്ള പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചുകൊ് പതിനായിരങ്ങൾ ഭക്തിനിർഭരമായി നടന്നുനീങ്ങും. മുത്തുക്കുട എടുത്ത് റാസയിൽ പങ്കെടുക്കുന്നത് ഉദ്ദിഷ്ടകാര്യസാധ്യത്തിനുള്ള ഒരു വഴിപാടായി ഭക്തജനങ്ങൾ കണക്കാക്കുന്നു.

#### 9.20.15. നട തുറക്കൽ

സെപ്തംബർ 7-ാം തീയതി ഉച്ചനമസ്കാരസമയത്താണ് ചരിത്രപ്രസിദ്ധമായ ഈ ചടങ്ങു നടക്കുന്നത്. പ്രധാന മദ്ബഹായിലെ വി. ത്രോണോസിൽ സ്ഥാപിച്ചിട്ടുള്ള വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി വർഷത്തിലൊരിക്കൽ മാത്രമാണ് തുറന്നുകൊടുക്കുക.

#### 9.20.16. നേർച്ചവിളമ്പ്

സെപ്തംബർ 8-ാം തീയതി പകൽ രു മണിക്ക് നടക്കുന്ന പ്രദക്ഷിണവും ആശീർവാദവും കഴിഞ്ഞ ശേഷമാണ് പാച്ചോർ നേർച്ച വിളമ്പ് നടക്കുക. ഓരോ വർഷവും 1500 പറ അരിയുടെ പാച്ചോറാണ് തയ്യാറാക്കുന്നത്. എല്ലാ ജനങ്ങൾക്കും നേർച്ച ലഭിക്കുവാനുള്ള സംവിധാനം പള്ളിക്കാര്യത്തിൽനിന്നും ചെയ്യുന്നു. നേർച്ചവിളമ്പോടെ പെരുന്നാൾ പരിപാടികൾ സമാപിക്കുന്നു.

## 9.21. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ (1449)

പൗരാണികവും പ്രശസ്തവുമായ ചരിത്രമുറങ്ങുന്ന സാംസ്കാരികഭൂമിയാണു കാഞ്ഞിരപ്പള്ളി. കാഞ്ഞിരപ്പള്ളി ഉൾപ്പെടെയുള്ള കിഴക്കൻ പ്രദേശങ്ങൾ ക്രിസ്തുവർഷാരംഭം മുതൽ പത്താംനൂറ്റാുവരെ ചേരസാമ്രാജ്യത്തിൽപ്പെട്ടിരുന്നതായി കരുതപ്പെടുന്നു. പിന്നീടു പത്തു മുതൽ പതിന്നാലുവരെ നൂറ്റാുകൾക്കിടയിൽ, തമിഴരുടെ ആധിപത്യകാലത്തു കാഞ്ഞിരപ്പള്ളി പഴയപേട്ടമുതൽ നെല്ലിമല പേട്ട വരെ (ഒന്നാം മൈൽ) ഏകദേശം ഒരു ചതുരശ്രമൈൽ തമിഴ് ചെട്ടിമാരുടെ കേന്ദ്രമായിരുന്നു. നെല്ലിമലയിൽ 'കാഞ്ചനവള്ളി' എന്ന തമിഴ് ക്ഷേത്രമുായിരുന്നു. ഇതു 'കാഞ്ചനപ്പള്ളി'യാകുകയും പിന്നീടതു 'കാഞ്ഞിരപ്പള്ളി'യാവുകയും ചെയ്തുവത്രേ.

### 9.21.1. വിശ്വാസസമൂഹവളർച്ച

പുരാതനമായ ക്രൈസ്തവപാരമ്പര്യത്തിനവകാശികളാണു കാഞ്ഞിരപ്പള്ളി ഇടവകക്കാർ. നിലയ്ക്കൽ, കുറവിലങ്ങാട്, ഭരണങ്ങാനം എന്നിങ്ങനെ പല കേന്ദ്രങ്ങളിൽനിന്നു ക്രൈസ്തവ കുടുംബങ്ങൾ ഇവിടെ എത്തിയിട്ടു്. ഇവരിൽ നിലയ്ക്കലിൽനിന്നു വന്ന സമൂഹം അംഗസംഖ്യയിൽ കൂടുതലായിരുന്നു. പുരാതനമായ നിലയ്ക്കൽ ദൈവാലയവും അവിടുത്തെ വിശ്വാസികളും 1400-ാമാിന്റെ ആരംഭത്തിൽ കിഴക്കുള്ള പാദിദേശത്തുനിന്നു നിരന്തരം ആക്രമണത്തിനു വിധേയമായിരുന്നു. നിലയ്ക്കൽ നിവാസികൾ ആക്രമണങ്ങൾ ഭയന്നു ചെങ്ങന്നൂർ, കടമ്പനാട്, കാഞ്ഞിരപ്പള്ളി, അരുവിത്തുറ എന്നിവിടങ്ങളിൽ കുടിയേറിപ്പാർത്തു.

#### 9.21.2. പഴയപള്ളി

ഇങ്ങനെ കുടിയേറിയവരിൽ നിലയ്ക്കൽപള്ളി കൈക്കാരനായിരുന്ന വലിയവീട്ടിൽ തൊമ്മി അപ്പൂപ്പനും മറ്റേതാനും ആളുകളും കാഞ്ഞിരപ്പള്ളിയിലുള്ള പഴൂർത്തടം എന്ന സ്ഥലത്തുവന്നു താമസിച്ചു. ഇവരുടെ പിൻഗാമികളിൽ ചിലർ ഗണപതിയാർ കോവിലിനടുത്തുള്ള മങ്കാശ്ശേരിപ്പറമ്പിൽ താമസമാക്കി. 1449 മേയ്മാസത്തിൽ രാജകല്പനപ്രകാരം പള്ളിവയ്ക്കുന്നതിനു സ്ഥലം കിട്ടി. ഏറെത്താമസിയാതെ അഞ്ചാംതലമുറ തൊമ്മി അപ്പൂപ്പൻ മരമുപയോഗിച്ചു പള്ളി പണിയിപ്പിച്ചു. പള്ളി പണിത് ഉടനെതന്നെ മരമുപയോഗിച്ച് പള്ളിമുറിയും പണികഴിപ്പിച്ചു.

അന്നു സുറിയാനി മെത്രാനായിരുന്ന മാർ യൗസേപ്പിന്റെ കല്പനപ്രകാരം 1449 സെപ്തംബർ 8 ന് ഇവിടെ ആദ്യമായി ദിവ്യബലിയർപ്പിച്ചു. മാതാവിന്റെ പിറവിത്തിരുനാൾ ആഘോഷിക്കുകയും ചെയ്തു. താമസിയാതെ ഇത് ഇടവകയായി ഉയർത്തി. പഴയപള്ളി ഇടവകയ്ക്ക് ഒരു ചെറിയ സെമിത്തേരിയുായിരുന്നു. എങ്കിലും മുൻകാലങ്ങളിൽ പള്ളിപ്പരിസരങ്ങളിൽ വിശ്വാസികളെ സംസ്കരിച്ചിരുന്നു. വസന്തയുള്ള കാലങ്ങളിൽ വീട്ടുപടിക്കലും സസ്കാരങ്ങൾ നടത്തിയിരുന്നു.

#### 9.21.2.1. അക്കരപ്പള്ളിയും പഴയപള്ളിയും

തെക്കുംകൂർ രാജാവിന്റെ കാഞ്ഞിരപ്പള്ളിയിലുള്ള താമസസ്ഥലത്തിന് അക്കരെയാണ് മാതാവിന്റെ നാമത്തിലുള്ള ദൈവാലയം സ്ഥാപിതമായത്. അങ്ങനെ 'അക്കരയമ്മ'യുടെ ദൈവാലയം അക്കരപ്പള്ളി എന്നറിയപ്പെട്ടിരിക്കാം. പിന്നീട് പുത്തൻപള്ളി പണിതപ്പോൾ പഴയപള്ളിയായി.

ആദ്യത്തെ പഴയപള്ളി മൂന്നു തവണ പൊളിച്ചു പണിതിട്ട്. 1879-ൽ പുല്ലുമേഞ്ഞ മേൽക്കൂരയായിരുന്നുവത്രെ. 1949-ൽ പഴയപള്ളിയുടെ 500-ാം വർഷ ജൂബിലിയും 1999-ൽ 550-ാം വർഷജൂബിലിയും ആഘോഷിച്ചു. കാഞ്ഞിരപ്പള്ളി പഴയപള്ളി ഇന്നു രൂപതയിലെ ഏറ്റവും പുരാതനമായ ദൈവാലയവും ജാതിമതഭേദമെന്യേ എല്ലാ ജനങ്ങളുടെയും പ്രാർത്ഥനാലയവും മരിയൻ തീർത്ഥാടനകേന്ദ്രവുമാണ്. കാഞ്ഞിരപ്പള്ളി രൂപതയുടെ തറവാട് ഈ ചെറിയ ഇടവകയാണ്.

#### 9.21.2.2. പുത്തൻപള്ളി

പലതവണ പുനരുദ്ധരിക്കപ്പെട്ട പഴയപള്ളിക്കു വെള്ളപ്പൊക്കംമൂലം 1825-ൽ പല നാശനഷ്ടങ്ങളുമുായതിനാൽ പഴയപള്ളിയുടെ കാര്യങ്ങളെച്ചൊല്ലി ആളുകൾക്കിടയിൽ ഭിന്നാഭിപ്രായമുായി. ഇനിയും വെള്ളപ്പൊക്കശല്യം ഉാകാത്തവിധം അല്പംകൂടി ഉയർന്ന സ്ഥലമായ പള്ളിവക വയമ്പുപുരയിടത്തില മറ്റൊരു പള്ളി പണിയുന്നതിനു സർക്കാരിൽ അപേക്ഷ കൊടുത്തു. അങ്ങനെ 1825 കാർത്തികമാസം 21-ാം തീയതി ദിവാൻ ശ്രീ വെങ്കിട്ടരായ കൊച്ചുനാരായണപിള്ള പുതിയ പള്ളി പണിയുവാൻ അനുവാദം നൽകി. അതോടെ 1825 ഓഗസ്റ്റ് 4-ാം തീയതി വിശുദ്ധ ദുമ്മിനീങ്കോസിന്റെ നാമത്തിൽ വയമ്പു പുരയിടത്തിൽ പുത്തൻപള്ളിക്കു തറക്കല്ലിട്ടു പണിതുടങ്ങി.

അങ്ങനെ പുതിയ പള്ളി സ്ഥാപിതമായി. പുതിയ പള്ളി പണിയുന്നതിനോട് എതിർപ്പു പ്രകടിപ്പിച്ചവർ പഴയപള്ളി കേടുപാടുകൾ തീർത്ത് അതു തങ്ങളുടെ ഇടവകയാക്കി അവിടെത്തന്നെ കൂടി. ഓരോ പള്ളിക്കും ഓരോ വികാരിയും ഉായിരുന്നു. ഇങ്ങനെ രു വികാരിമാരുടെ കീഴിൽ വ്യത്യസ്ത ഇടവകകളായി 18 വർഷക്കാലം കാര്യങ്ങൾ നീങ്ങി.

കുടുംബവഴക്കുകൾമൂലം കാഞ്ഞിരപ്പള്ളി ഇടവകക്കാർ രു വിഭാഗമായി കഴിയുന്നുവെന്ന് അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്ത ഫ്രാൻസിസ് സേവ്യർ അറിഞ്ഞു. പ്രശ്നങ്ങൾ പഠിക്കുന്നതിനും ഇടവകയിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിനും വേി മെത്രാൻ ഒരു കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിച്ചതിന്റെ വെളിച്ചത്തിൽ 1842-ൽ ര് ഇടവകകളും ഒന്നാക്കിക്കൊും പുത്തൻപള്ളി ഏക ഇടവകദൈവാലയമായി അംഗീകരിച്ചുകൊും കല്പനയുായി. പഴയപള്ളി നിലനിർത്തണമെന്നും ദേശത്തു പട്ടക്കാർ ഉള്ളിടത്തോളംകാലം അവരിലൊരാൾ  ഞായറാഴ്ച അവിടെ ദിവ്യബലി അർപ്പിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും നിർദ്ദേശമുായി.

#### 9.21.2.3. പുനർനിർമ്മാണം

വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ 1878-ൽ പുത്തൻപള്ളി വിപുലീകരിക്കാൻ തീരുമാനിച്ചു. എന്നാൽ 1882-ൽ മഴയിലും വെള്ളപ്പൊക്കത്തിലും പള്ളിക്കു കേടുപാടുകൾ സംഭവിക്കുകയും മുഖവാരം ഇടിഞ്ഞുവീഴുകയും ചെയ്തു. അതിനാൽ 1884-ൽ താൽക്കാലിക പള്ളി എന്ന നിലയിൽ സിമിത്തേരിക്കപ്പേള ഉപയോഗിച്ചു. 1885-ൽ പള്ളി പാടേ പൊളിച്ചുമാറ്റി പുതിയ പള്ളിയുടെ പണി ആരംഭിച്ചു. ഇത് 1997 വരെ നീു.

1945-ൽ പള്ളി മൂന്നാമതും പൊളിച്ചുപണിതു. 50,000 രൂപ കൊ് അഞ്ചു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണു തീരുമാനിച്ചതെങ്കിലും പത്തുവർഷംകൊു കുരിശാകൃതിയിലുള്ള പള്ളിയുടെ ഒരു ഭാഗത്തിന്റെ പണികളേ പൂർത്തിയായുള്ളൂ. മാത്രമല്ല, അപ്പോഴേക്കും അഞ്ചുലക്ഷം രൂപ ചെലവാകുകയും ചെയ്തു. പള്ളിയുടെ ഹൈക്കല ഒഴിച്ചുള്ള ഭാഗങ്ങൾ 1955-ൽ പണിത് ജനുവരി 5 ന് കൂദാശ ചെയ്തു. മുഖവാരം ഒഴിച്ചുള്ള ഭാഗങ്ങൾ 1964-ൽ പണിതീർത്തു. മുഖവാരം പണി പൂർത്തിയാക്കിയത് 1976-77 കാലത്താണ്.

#### 9.21.3. അഞ്ചു നൂറ്റാിന്റെ വികസനചരിത്രം

കാഞ്ഞിരപ്പള്ളി ഇടവക പോർത്തുഗീസുകാരുടെ ആഗമനശേഷം വരാപ്പുഴ ലത്തീൻ മെത്രാന്റെ കീഴിലായിരുന്നു. 1887-ൽ കോട്ടയം വികാരിയാത്തിന്റെയും പിന്നീട് ചങ്ങനാശേരി വികാരിയാത്തിന്റെയും ഭാഗമായി ചങ്ങനാശേരി വികാരിയാത്തിലെ ഏറ്റവും കിഴക്കെ അറ്റത്തെപള്ളിയായിരുന്നു കാഞ്ഞിരപ്പള്ളി. കാഞ്ഞിരപ്പള്ളി ഇടവകയിൽനിന്നും 19-ാം നൂറ്റാിൽ പിരിഞ്ഞ ഇടവകകളാണു മണിമല, ആനിക്കാട്, ചിറക്കടവ്, പൊൻകുന്നം, തമ്പലക്കാട്, കപ്പാട് എന്നിവ.

കാഞ്ഞിരപ്പള്ളി ഇടവക ചങ്ങനാശേരിമിസത്തിലെ ഫൊറോനയായി 1919 സെപ്തംബർ 14-ാം തീയതിയിലെ 1583-ാം നമ്പർ കല്പനമൂലം ഉയർത്തപ്പെട്ടു. അന്ന് ഈ ഫൊറോനയുടെ കീഴിൽ ആനിക്കാട്, ചെങ്ങളം, എലിക്കുളം, ഇളങ്ങുളം, പൊൻകുന്നം, തമ്പലക്കാട്, കപ്പാട്, താമരക്കുന്ന്, ചെറുവള്ളി പഴയമണിമല, പുത്തൻമണിമല, കോട്ടാങ്ങൽ എന്നീ 12 പള്ളികളാണുായിരുന്നത്.

### 9.22. മണിമല ഹോളി മാഗി ഫൊറോനാ ദൈവാലയം (1825)

9.22.1. ചങ്ങനാശേരിയിൽനിന്നും 30 കിലോമീററർ കിഴക്കുമാറി സ്ഥിതി ചെയ്യുന്ന ഒരു ഉൾനാടൻ ഗ്രാമമാണ് മണിമല. കൃഷിയിടങ്ങളും കാർഷികവൃത്തിയുടെ കരുത്തും കരവിരുതും പ്രകടമാക്കുന്ന റബർത്തോട്ടങ്ങളും കുന്നിൻപുറങ്ങളും അവയ്ക്കെല്ലാം മധ്യേ പ്രകൃതി

രമണീയമായ മണിമലയാറും ചേർന്ന് ഈ പ്രദേശം ഹൃദയഹാരിയായ ഒരു ദൃശ്യചിത്രം കാഴ്ചവയ്ക്കുന്നു. ഗ്രാമീണജീവിതത്തിന്റെ ശാലീനസൗന്ദര്യവും ചെറുപട്ടണത്തിന്റെ ശ്രീയും മേളിക്കുന്ന മണിമല ജംഗ്ഷനിൽനിന്നു അധികമകലെയല്ലാതെ ഒരു കുന്നിൻ നെറുകയിൽ ഗംഭീരതേജസ്സോടെ നിലകൊള്ളുന്നു, മണിമല ഹോളിമാഗി ഫൊറോനാ പ്പള്ളി.

മണിമല പഴയപള്ളി എന്നുകൂടി അറിയപ്പെടുന്ന ഈ ദൈവാലയം സ്ഥാപിക്കപ്പെട്ടത് ക്രിസ്തുവർഷം 1825-ൽ ആണ്. അതിനുമുമ്പ് ഇവിടത്തെ കത്തോലിക്കർ കാഞ്ഞിരപ്പള്ളി ഇട വകയിലണ് ഉൾപ്പെട്ടിരുന്നത്. കാഞ്ഞിരപ്പള്ളിയിലെയും പരിസരപ്രദേശങ്ങളിലെയും ക്രൈസ്ത വർ പുരാതനകാലത്ത് ഒരു സുപ്രധാന ക്രൈസ്തവകേന്ദ്രമായിരുന്ന നിലയ്ക്കലിൽനിന്നു കടി യേറിപ്പാർത്തവരാണെന്നാണ് പാരമ്പര്യം. ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകളിൽ കൃഷിയിലും വാണിജ്യത്തിലും അസൂയാർഹമായ നേട്ടം കൈവരിച്ച ഒരു ജനവാസകേന്ദ്രമായിരുന്നു നില യ്ക്കൽ അഥവാ ചായൽ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിൽ ഒന്നു നിലയ്ക്ക ലായിരുന്നുവെന്നാണ് പാരമ്പര്യവിശ്വാസം. കേരളവും പാിനാടും തമ്മിലുായിരുന്ന കച്ച വടബന്ധത്തിലെ ഒരു പ്രധാന കണ്ണിയായിരുന്നു നിലയ്ക്കൽ പ്രദേശത്തെ ക്രൈസ്തവസമൂ ഹം. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാർ പ്രബലന്മാരായി വർത്തിച്ച നൂറ്റാണ്ടുകളിൽ ചെങ്കോ ട്ടയ്ക്കടുത്ത് ആയക്കുടി ആസ്ഥാനമാക്കി ഭരിച്ചിരുന്ന 'ആയ്' രാജാക്കന്മാരുടെ ഭരണസീമ യിൽപ്പെട്ട പ്രദേശമായിരുന്നു നിലയ്ക്കൽ. തെക്ക് നാഗർകോവിൽ മുതൽ, കടൽത്തീരപ്രദേ ശങ്ങളൊഴിച്ച് സഹ്യസാനുപ്രദേശങ്ങളുൾപ്പെടെ, വടക്കു തിരുവല്ല (ശ്രീവല്ലഭപുരം) വരെ, പമ്പാ നദിക്കു തെക്കു വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് ആയ് രാജ്യമായി അറിയപ്പെട്ടിരുന്നത്. പത്താം നൂറ്റാടുത്ത് ആയ് രാജ്യം അസ്തമിച്ചു. ഒരു ഇടവേളയ്ക്കുശേഷം നിലയ്ക്കൽ, പന്തളം രാജാവിന്റെ അധികാരത്തിൻകീഴിലായി. 14-ാം നൂറ്റ് ആരംഭത്തോടുകൂടി സംഭ വിച്ച ഏതോ ആക്രമണമോ കൊള്ളയോ കൊള്ളിവയ്പോ മൂലമായിരിക്കാം, നിലയ്ക്കൽ പ്രദേ ശത്തുനിന്നും ജനങ്ങൾ കൂട്ടത്തോടെ പലായനം ചെയ്തു. അവിടെയുായിരുന്ന ക്രിസ്ത്യാ നികൾ കാഞ്ഞിരപ്പള്ളി, കോഴഞ്ചേരി, വടശ്ശേരിക്കര, എരുമേലി, ചോറ്റി, റാന്നി, ചെങ്ങന്നൂർ, വായ്പൂർ, കല്ലൂപ്പാറ, മല്ലപ്പള്ളി മുതലായ സ്ഥലങ്ങളിലേക്കാണു പോയത്.

### 9.22.2. ദൈവാലയം സ്ഥാപിക്കാനുള്ള പരിശ്രമം

പത്തൊമ്പതാം നൂറ്റാിന്റെ ആദ്യദശകത്തിൽതന്നെ മണിമലയിൽ ഒരു ദൈവാലയം സ്ഥാപിക്കാനുള്ള പരിശ്രമം തുടങ്ങിയിരുന്നുവെന്നതിനു തെളിവുകള്. കൊല്ലവർഷം 980 (ക്രിസ്തുവർഷം 1805) നു മുമ്പ് മണിമലക്കാരായ ഏതാനും ക്രിസ്ത്യാനികൾ തങ്ങളുടെ പ്രദേ ശത്ത് ഒരു കുരിശുപള്ളി വയ്ക്കുവാൻ അനുവാദത്തിന് തിരുവിതാംകൂർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൻപ്രകാരം സർക്കാരിൽനിന്നുായ ഉത്തരവിന്റെ പകർപ്പ് താഴെ ചേർക്കുന്നു:

"കാഞ്ഞിരപ്പള്ളി പ്രവർത്തിയിൽ ഏതാനും മാപ്പിളമാർ പള്ളിക്കു സമീപമല്ലാതെ രു മൂന്നുകാതം ദൂരെ പാർത്തുവരികകൊ് നേർച്ചകൾക്കു പോകുന്നതിനും വരുന്നതിനും വളരെ ബുദ്ധിമുട്ടു നേരിട്ടിരിക്കുന്നു. മണിമല വരുത്തപ്പാറ ചേരിക്കലിൽ ഒരു കുരിശുപള്ളി പണിയി ക്കുന്നതിന് നിദാനം വരുത്തിക്കൊടുക്കണമെന്ന് മാപ്പിളമാരിൽ ഏതാനും പേർ കൊല്ലത്തു

വന്നു സങ്കടം പറയുകകൊ് ചങ്ങനാശേരി കാര്യക്കാരെക്കൂടി അയച്ച് മണിമല വരുത്തുപ്പാറ ചേരിക്കലിൽ കാണക്കാലിൽ ഒരു കുരിശുപള്ളി വയ്ക്കുന്നതിന് വേുന്ന സ്ഥലം കൊടുപ്പിച്ച്, അതിനായി അവിടെ നിദാനം വരുത്തിക്കൊള്ളുകയും ഈ ചെയ്തിയെല്ലാം കോട്ടയം മുഖത്തു സർവ്വധികാര്യക്കാരെ കേൾപ്പിക്കുകയും വേണം. ഈ ചെയ്തിക്ക് സാധനം എഴുതിയത് ദളവാ തമ്പി ചെമ്പകരാമൻ. 980-ാമാ് ആനിമാസം 7-ാം തീയതി" (റവ. ഫാ. ജേക്കബ് ഏർത്തയിൽ രചിച്ച 'കാഞ്ഞിരപ്പള്ളി നൂറ്റാുകളിലൂടെ', പേജ് 165).

പതിനൊന്നു വർഷങ്ങൾക്കുശേഷം കൊല്ലവർഷം 991 (ക്രിസ്തുവർഷം 1816)-ാമാ് മേടമാസം 4-ാം തീയതി കാഞ്ഞിരപ്പള്ളി ഇടവകക്കാരുടെ ഒരു യോഗം പള്ളിമേടയിൽ കൂടുകയും മണിമലയിൽ ഒരു പള്ളി സ്ഥാപിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തു. യോഗനിശ്ചയത്തിന്റെ പകർപ്പ് ഉദ്ധൃതഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ളത് ഇവിടെ പകർത്താം:

"1816-ാമാ് കൊല്ലവർഷം 991 മേടം 4-ാം തീയതി കാഞ്ഞിരപ്പള്ളിയിലെ വികാരിയും ഇടവകപ്പട്ടക്കാരും യോഗക്കാരും പള്ളികൈക്കാരന്മാരുംകൂടി എഴുതിയ പടിയോല.

മണിമലയും കാഞ്ഞിരപ്പള്ളിയും തമ്മിൽ മൂന്നുകാതം ദൂരം വരും. കൂടാതെ ആറും തോടും കടന്നു വർഷകാലങ്ങളിൽ വരുന്നതിനും പോകുന്നതിനും വളരെ വൈഷമ്യങ്ങൾ ഉ്. അതുകൊ് മണിമല നെടുംതോട്ടത്തിൽ ഒരു കുരിശുപുര വക്കുന്നതിനും കാഞ്ഞിരപ്പള്ളിയിൽനിന്നും അച്ചന്മാർ ചെന്ന് കർമ്മാദികൾ നടത്തിക്കൊടുക്കുന്നതിനും അവിടെ മരിക്കുന്നവരെ അവിടെത്തന്നെ അടക്കം ചെയ്തു കുഴിക്കാണം തുടങ്ങിയ സകല വരവുകളും കാഞ്ഞിരപ്പള്ളി കൈക്കാരന്മാരെ ഏല്പിക്കുന്നതിനും മറ്റും നിശ്ചയങ്ങൾ ചെയ്തു. ഈ യോഗനിശ്ചയത്തിനുശേഷം 9 വർഷം കഴിഞ്ഞ് 1825-ൽ ആണ് മണിമലയിൽ പള്ളി സ്ഥാപിക്കപ്പെടുന്നത്. 1821 മുതൽ 1827 വരെ മലബാർ വികാരി അപ്പസ്തോലിക്ക ആയിരുന്ന മിലെസ് പ്രോഡർഗാസ്റ്റ് (Miles Predergast) എന്ന വൈദികമേലദ്ധ്യക്ഷന്റെ അനുമതിയോടെ കളത്തൂർ കൊച്ചീപ്പച്ചൻ സംഭാവന ചെയ്ത സ്ഥലത്ത് പള്ളിവച്ചു. 1825-ൽ കാഞ്ഞിരപ്പള്ളിയിൽ വികാരിയായിരുന്ന ബ. വൈദികൻ (പേരു ലഭ്യമല്ല) ഈ ദൈവാലയനിർമ്മാണത്തിനു നേതൃത്വം നല്കിയതായി കരുതപ്പെടുന്നു. മണിമല നിവാസികളായിരുന്ന കളത്തൂർ കൊച്ചീപ്പച്ചൻ, കുത്തുകല്ലുങ്കൽ കുഞ്ചേറിയ, കല്ലുപുരയ്ക്കൽ ചാപ്പിള്ള തുടങ്ങി 19 പേർ ഈ ദേവാലയനിർമ്മാണത്തിൽ സുപ്രധാനമായ പങ്കു വഹിച്ചതായി രേഖയു്. പിൽക്കാലത്ത് കളത്തൂർ എബ്രഹാം കത്തനാർ കുറെ സ്ഥലംകൂടി ഈ പള്ളിക്കു ദാനം ചെയ്യുകയുായി.

പത്തൊമ്പതാം നൂറ്റാിന്റെ ഉത്തരാർദ്ധം കേരളസഭയിൽ വരാപ്പുഴ ഭരണത്തിനെതിരെ ശക്തമായ എതിർപ്പും തത്ഫലമായ അസ്വസ്ഥതകളും രൂപംകൊ ഒരു കാലഘട്ടമായിരുന്നു. പാശ്ചാത്യമേധാവിത്വത്തിൽനിന്നു മോചനം നേടുവാനും സ്വന്ത റീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുവാനും വേി സുറിയാനി സമുദായത്തിലെ ചില നേതാക്കന്മാർ ഇക്കാലത്തു കൽദായ പാത്രിയാർക്കീസിന്റെ നേർക്കു തിരിയുകയും അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുകയുമായി. അതിന്റെ ഫലമായി, കൽദായസഭയിലെ മാർ ഔദോ പാത്രിയർക്കീസിനാൽ അനധികൃതമായി അയയ്ക്കപ്പെട്ട മാർ തോമ്മാ റോക്കോസ് മെത്രാൻ 1861-ലും മാർ ഏലിയാ മേലൂസ് മെത്രാൻ 1874-ലും കേരളത്തിലെത്തി. അവർ ഇവിടത്തെ സഭാന്തരീക്ഷത്തിൽ കോളിളക്കം സൃഷ്ടിക്കുകയും വിഘടനനീക്കങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്തു. എന്നാൽ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും മറ്റു സുറിയാനി കർമ്മെലീത്താസ ഭാംഗങ്ങളുടെയും നിധീരിക്കൽ മാണിയച്ചൻ തുടങ്ങിയവരുടെയും ഒക്കെ പരിശ്രമഫലമായി റോക്കോസിയൻ, മേലൂസിയൻ ഛിദ്മങ്ങളെ അതിജീവിക്കുവാനും ഐക്യം പുനസ്ഥാപിക്കുവാനും കേരളസഭയ്ക്കു കഴിഞ്ഞു. സ്വാതന്ത്ര്യബോധത്തിൽനിന്നു ഉരുത്തിരിഞ്ഞ വിപ്ലവാവേശത്തിന്റെ കൊടുങ്കാറ്റ് കേരളത്തിലങ്ങോളമിങ്ങോളം ചുറ്റിയടിച്ചപ്പോൾ മണിമല പഴയപള്ളിയും അതിന്റെ സ്വാധീനവലയത്തിൽ ഉൾപ്പെടുവാനിടയായി. എങ്കിലും അധികം താമസിയാതെതന്നെ അതു സഭാകൂട്ടായ്മയുടെയും വിവേകത്തിന്റെയും പാതയിലേക്കു പിന്തിരിഞ്ഞുവെന്നുള്ളതാണ് ചരിത്രം.

ഉത്തുംഗമായ മുഖവാരത്തോടുകൂടിയ ഇപ്പോഴത്തെ മനോഹരദൈവാലയം ഇവിടെ നാലാമതുതവണ പുനർ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. 1955-ൽ ആരംഭിച്ച പള്ളിപണി 1965-ൽ ആണു പൂർത്തിയായത്. മാത്യു കാവുകാട്ട് മെത്രാപ്പോലീത്ത 1968-ൽ പുതിയ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. 1974-ൽ മാർ ആന്റണി പടിയറ ഇതിനെ ഒരു ഫൊറോനാപ്പള്ളിയുടെ പദവിയിലേക്ക് ഉയർത്തി.

1919-ൽ ഇവിടെ സെന്റ് ജോർജ് യു.പി. സ്കൂൾ സ്ഥാപിതമായി. ഇതിന്റെ സ്ഥാപകൻ കളത്തൂർ ഇട്ടിയവിരാ ചാക്കോയും ആദ്യമാനേജർ വട്ടക്കുന്നത്തു കൃഷ്ണപിള്ളയുമായിരുന്നു. പിന്നീടാണു ഈ സ്കൂൾ പള്ളിക്കു കൈമാറിയത്.

**9.22.3. ദനഹാത്തിരുനാൾ**

മണിമല ഫൊറോനാപ്പള്ളിയിലെ ദനഹാത്തിരുനാൾ വളരെ പ്രസിദ്ധവും അനേകായിരങ്ങൾ പങ്കെടുക്കുന്ന ഒരു പ്രാദേശിക മഹോത്സവവുമാണ്. ഡിസംബർ 31-ാം തീയതി ആരംഭിക്കുന്ന തിരുനാൾ ജനുവരി 7-ാം തീയതി സമാപിക്കുന്നു. പാശ്ചാത്യസഭയുടെ വീക്ഷണമനുസരിച്ച് ദനഹാത്തിരുനാൾ, പൗരസ്ത്യദിക്കിൽനിന്നുള്ള പൂജരാജാക്കന്മാർ ഉണ്ണിമിശിഹായെക് പൊന്നും മീറയും കുന്തുരുക്കവും തിരുമുൽക്കാഴ്ചവച്ച് ആരാധിച്ച സംഭവത്തിന്റെ അനുസ്മരണമാണ്. മണിമലപ്പള്ളിയിലെ തിരുനാളാഘോഷത്തിന്റെ പിന്നിലെ കാഴ്ചപ്പാടും ഇതുതന്നെയാണ്. ജനുവരി 5-ാം തീയതി വൈകിട്ട് കരിക്കാട്ടൂർ കുരിശടിയിൽനിന്നാരംഭിച്ച് ഫൊറോനാപ്പള്ളിയിൽ സമാപിക്കുന്നതും നാനാജാതി മതസ്ഥരായ ജനസഹസ്രങ്ങൾ പങ്കെടുക്കുന്നതുമായ ആർഭാടപൂർണ്ണമായ പ്രദക്ഷിണമാണു തിരുനാളാഘോഷങ്ങളോടെ ഉച്ചസ്ഥായിയായ മുഹൂർത്തമെന്നു പറയാം. ദനഹാതലേന്ന് രാത്രി പാലാ കത്തീഡ്രലിലേതുപോലെ ഇവിടെയും മണിമലയാറ്റിൽ കുളിച്ച് വിശ്വാസികൾ പ് രാക്കുളിത്തിരുനാൾ ആചരിച്ചിരുന്നതായി പഴമക്കാർ പറയുന്നു.

ചെറുവള്ളി സെന്റ് മേരീസ് പള്ളി 1914-ലും കരിമ്പനക്കുളം തിരുഹൃദയപള്ളി 1926-ലും മണിമല പുത്തൻപള്ളി 1892-ലും വള്ളംചിറ സെന്റ് മേരീസ് പള്ളി 1958-ലും കരിക്കാട്ടൂർ സെന്റ് ജെയിംസ് പള്ളി 1971-ലും മണിമല ഫൊറോനപ്പള്ളിയിൽനിന്നു പിരിഞ്ഞു സ്വതന്ത്ര ഇടവകകളായിത്തീർന്നിട്ടുള്ളവയാണ്.

## 9.23. നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയവും പുഴുക്കുനേർച്ചയും

### 9.23.1. പള്ളിസ്ഥാപനം

പുരാതനമായ ഒരു കത്തോലിക്ക കേന്ദ്രമാണ് നെടുങ്കുന്നം. ചങ്ങനാശേരിയിൽനിന്നു 16 കിലോമീറ്റർ കിഴക്കുമാറി, ചങ്ങനാശേരി-മണിമല റോഡിന്റെ വടക്കുഭാഗത്ത് ഒരു ചെറിയകുന്നിന്റെ മുകളിൽ വിശുദ്ധ യോഹന്നാൻ മാംദാനയുടെ നാമധേയത്തിലുള്ള നെടുങ്കുന്നം ഫൊറോനപ്പള്ളി സ്ഥിതി ചെയ്യുന്നു. റോഡിൽനിന്നും തട്ടുതട്ടായി കെട്ടി ഉയർത്തിയിട്ടുള്ള നടകൾ പള്ളിമുറ്റത്ത് അവസാനിക്കുന്നു. ഈ നടകളുടെ ഇരുഭാഗത്തുമായി ദിവ്യരക്ഷകനായ ഈശോയെ കുരിശുമരണത്തിനു വിധിക്കുന്നതുമുതൽ കല്ലറയിൽ സംസ്കരിക്കുന്നതുവരെയുള്ള പീഡാനുഭവദൃശ്യങ്ങൾ എടുത്തുകാണിക്കുന്ന രൂപങ്ങൾ കാണാം.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആക്രമണകാലംവരെ നെടുങ്കുന്നം പ്രദേശം തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ഈ ഗ്രാമവും ഇതിനു ചുറ്റുമുള്ള അതിവിസ്തൃതമായ പ്രദേശങ്ങളും പുണർവട്ടത്തു നമ്പൂതിരിമാരുടെയും തുരുത്തിക്കാട്ടു നമ്പൂതിരിമാരുടെയും തെക്കുംകൂറുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരുന്ന നായർ പ്രഭുക്കന്മാരുടെയും അവകാശാധികാരപരിധിക്കുള്ളിലായിരുന്നു.

നൂറ്റാുകൾക്കു മുമ്പേ ഈ പ്രദേശങ്ങൾ ജനവാസകേന്ദ്രങ്ങളായിരുന്നുവെങ്കിലും പതിനെട്ടാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിലാണ് സുറിയാനി ക്രിസ്ത്യാനികൾ ഇവിടെ കുടിയേറി പാർത്തു തുടങ്ങിയത്. മുഖ്യമായും ചങ്ങനാശേരി, നിരണം, വായ്പൂര്, മാവേലിക്കര, കുറവിലങ്ങാട്, കാഞ്ഞിരപ്പള്ളി തുടങ്ങിയ ക്രിസ്ത്യൻ കേന്ദ്രങ്ങളിൽനിന്നാണ് കുടിയേറ്റം നടന്നത്. ഈ കുടിയേറ്റക്കാർക്ക് തങ്ങളുടെ മതപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ചങ്ങനാശേരിപ്പള്ളിയെയോ. വായ്പൂര് പഴയപള്ളിയേയോ ആശ്രയിക്കേിയിരുന്നു. ചങ്ങനാശേരി-പീരുമേട് റോഡിന്റെ പണി ആരംഭിച്ച 1838 വരെ പടിഞ്ഞാറൻ പ്രദേശങ്ങളിൽനിന്ന് അയ്യപ്പഭക്തന്മാർ ശബരിമല സന്നിധാനത്തേക്കു സഞ്ചരിച്ചിരുന്ന ഒറ്റയടിപ്പാത മാത്രമേ അന്നു ചങ്ങനാശേരിക്കു പോകുന്നവർക്ക് ആശ്രയമായി ഉായിരുന്നുള്ളു. കല്ലും മുള്ളും കും കുഴിയും നിറഞ്ഞ ഊടുവഴികൾ താി ചിലരൊക്കെ വല്ലപ്പോഴുമെങ്ങാനും ചങ്ങനാശേരിയിലെത്തി ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. പ്രായമായവർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമൊക്കെ ദൈവാലയസന്ദർശനം ഒരു മോഹനസ്വപ്നം മാത്രമായിരുന്നു. ചങ്ങനാശേരിയിലെത്തുമ്പോഴൊക്കെ നെടുങ്കുന്നംകാർ തങ്ങൾക്കും ഒരു പള്ളിയുാകേതിന്റെ ആവശ്യകത ദൈവാലയാധികാരികളെ അറിയിക്കാറുായിരുന്നു.

വിശുദ്ധൻ യോഹന്നാൻ മാംദാനയുടെ തിരുസ്വരൂപം നെടുങ്കുന്നത്ത് എത്തിയതിനെക്കുറിച്ച് ഒരു ഐതിഹ്യമു്. പോർത്തുഗലിൽനിന്നു തിരുവിതാംകൂറിലേക്കു പുറപ്പെട്ട ഒരു കപ്പൽ മാർഗ്ഗമധ്യേ കാറ്റിലും കോളിലും പെട്ടു മുങ്ങുമെന്നായപ്പോൾ, നാവികർ കപ്പലിൽ പ്രതിഷ്ഠിച്ചിരുന്ന യോഹന്നാൻ മാംദാനയുടെ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം യാചിച്ചു. കാറുംകോളും ശമിച്ച് കപ്പൽ നിരപായം തുറമുഖത്തെത്തിയാൽ കിഴക്കൻനാട്ടിൽ എവിടെയെങ്കിലും വിശുദ്ധന്റെ നാമധേയത്തിൽ ഒരു പള്ളിപണിയിച്ചു. കൊള്ളാമെന്നു കപ്പൽക്കാർ നേർന്നെന്നും കടൽ ശാന്തമായെന്നുമാണ് ഐതിഹ്യം. കൃതജ്ഞതാനിർഭ

രരായ നാവികർ കപ്പൽ പുറക്കാട്ട് അടുത്തപ്പോൾ, വിശുദ്ധന്റെ തിരുസ്വരൂപവും ഒരു പള്ളി പണിയുന്നതിനുവേ പണവും പുറക്കാട്ടു പള്ളിക്കാരെ ഏല്പിച്ചു. അവർ അതു തുടർന്ന്, ആലപ്പുഴപ്പള്ളിക്കാരെ ഏല്പിക്കുകയുായി. ഒടുവിൽ തിരുസ്വരൂപം ചങ്ങനാശേരിയിലെത്തി. ചങ്ങനാശേരിക്കാർ ഈ നേർച്ചപ്പള്ളിയുടെ കാര്യം നെടുങ്കുന്നംകാരെ അറിയിക്കുകയും വിശുദ്ധന്റെ തിരുസ്വരൂപം അവരെ ഏല്പിക്കുകയും ചെയ്തു. അക്കാലത്ത് നെടുങ്കുന്നത്തെ ഒരു മാടമ്പിയായിരുന്ന ചാത്തനാട്ടു പണിക്കർ ദാനം ചെയ്ത സ്ഥലത്ത് ഒരു വെട്ടിക്കെട്ടാക്കി അതിൽ വിശുദ്ധന്റെ രൂപം പ്രതിഷ്ഠിച്ചു. അടച്ചുറപ്പില്ലാത്ത ഒരു ഷെഡ്ഡിൽ തിരുസ്വരൂപം സൂക്ഷിക്കുന്നതു ശരിയല്ലെന്നു തോന്നിയതിനാൽ ആദ്യകാലത്ത് അതു സമീപസ്ഥങ്ങളായ വീടുകളിൽ സൂക്ഷിച്ചുപോന്നു. ഞായറാഴ്ചകളിലും മറ്റു വിശേഷദിവസങ്ങളിലും രൂപം സൂക്ഷിച്ചിരിക്കുന്ന വീട്ടിൽനിന്ന് അത് ആഘോഷമായി എടുത്തുകൊു വരികയായിരുന്നു പതിവ്. ഇത് എത്രകാലം തുടർന്നിരുന്നുവെന്നു പറയുക സാധ്യമല്ല.

1803-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ നെടുങ്കുന്നത്തെ ഒരു ഇടവകയാക്കി ഉയർത്തിക്കൊ് കല്പന പുറപ്പെടുവിച്ചു. ഇടവകയായി അംഗീകരിക്കപ്പെട്ടെങ്കിലും വൈദികരുടെ കുറവുമൂലം ഞായറാഴ്ചദിവസങ്ങളിൽപോലും ഇവിടെ ക്രമമായി ബലിയർപ്പണം നടന്നിരുന്നില്ല. 1825-ൽ ഇലഞ്ഞി ഇടവകക്കാരൻ കളത്തൂർ കുളങ്ങര അബ്രഹാം കത്തനാർ നെടുങ്കുന്നം ഇടവകയുടെ ആദ്ധ്യാത്മികശുശ്രൂഷയ്ക്കു നിയോഗിക്കപ്പെടുന്നതുവരെ ഇതായിരുന്നു ഇവിടത്തെ അവസ്ഥ. നെടുങ്ങോത്തച്ചൻ എന്നു പിൽക്കാലത്തു പ്രസിദ്ധനായ ഇദ്ദേഹമണ് നെടുങ്കുന്നം പള്ളിയുടെ പ്രഥമ വികാരി.

#### 9.23.2. നെടുങ്ങോത്തച്ചൻ

നെടുങ്ങോത്തച്ചന്റെ ജീവിതത്തെയും വൈദികശുശ്രൂഷകളെയും ചുറ്റിപ്പറ്റി ഒട്ടേറെ കഥക ളു ് . 1825 മുതൽ 1847-ൽ നിര്യാതനാകുന്നതുവരെ അദ്ദേഹം നെടുങ്കുന്നം പള്ളിയുടെ വികാരിയായിരുന്നു. ഒരു താപസനെപ്പോലെ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ സിദ്ധികൾ ഇന്നും നെടുങ്കുന്നംകാർക്കിടയിൽ ഒരു സംസാരവിഷയമാണ്. ഭക്തനും താപസോത്തംസനുമായിരുന്ന അദ്ദേഹം പ്രാർത്ഥിച്ച് ആശീർവദിച്ച തേങ്ങാക്കൊത്തുകൊടുത്ത് പലർക്കും രോഗശാന്തി വരുത്തിയിട്ടു്. അദ്ദേഹം നടപ്പാക്കിയ മറ്റൊരു ആചാരമാണു 12 കുട്ടികൾക്കു ഊണു കൊടുക്കുന്ന നേർച്ച. ചില ദിവസങ്ങളിൽ നൂറിലധികം നേർച്ചയൂട്ടുകൾ ഇവിടെ നടന്നിട്ടുള്ളതായും ഊണിനു കുട്ടികളെ കിട്ടാതെ വിഷമിച്ചിട്ടുള്ളതായും പറയപ്പെടുന്നു. വിദൂരദിക്കുകളിൽനിന്നുപോലും നേർച്ചയൂട്ടുകൾ നടത്തുവാൻ ആളുകൾ ഇവിടെയെത്തിയിരുന്നു. സമീപസ്ഥരും വിദൂരസ്ഥരുമായിരുന്ന വിശ്വാസികൾക്കു നെടുങ്കുന്നംപള്ളി അന്നൊരു തീർത്ഥാടനകേന്ദ്രമായി മാറിയിരുന്നു. ആുതോറും വൃശ്ചികം 13-ാം തീയതി പ്രധാന തിരുനാളിനോടനുബന്ധിച്ചു നടത്തിവരുന്ന പുഴുക്കുനേർച്ചയുടെ ഉപജ്ഞാതാവും നെടുങ്ങോത്തച്ചനാണ്. ആദ്യകാലത്ത് പുഴുക്കിനോടൊപ്പം ചോറും നല്കിയിരുന്നു. എന്നാൽ, രാം ലോകമഹായുദ്ധകാലത്ത് അരിക്കു ക്ഷാമം നേരിട്ടപ്പോൾ ഈ പതിവു നിർത്തലാക്കി. പുഴുക്കുനേർച്ചയിൽ ജാതിമതഭേദമെന്യേ പതിനായിരങ്ങൾ ഇന്നും പങ്കെടുത്തുവരുന്നു.

ആദ്യകാലത്തു നെടുങ്കുന്നം ഇടവക കിഴക്കു കടനിക്കാടുമുതൽ പടിഞ്ഞാറു കൂത്രപ്പള്ളിവരെയും വ്യാപിച്ചു കിടന്നിരുന്നു. മുത്താനം, പുന്നവേലി, പനയമ്പാല, കൂത്രപ്പള്ളി, ചമ്പക്കര, നെടുമണ്ണി, പുളിക്കൽകവല എന്നീ ഇടവകകൾ നെടുങ്കുന്നത്തുനിന്ന് ഓരോ കാലയള

വിൽ പിരിഞ്ഞുപോയിട്ടുള്ളവയാണ്. അതിവിസ്തൃതമായ ഈ പ്രദേശങ്ങളിൽനിന്നു ദിവ്യബലിയിൽ സംബന്ധിക്കാനെത്തുന്നവർക്കു നേർച്ചയായി ലഭിക്കുന്ന ഫലമൂലാദികൾകൊ് പുഴുക്കും പിടിയരികൊു കഞ്ഞിയും തയ്യാറാക്കി നല്കിയിരുന്നു. ഈ പതിവു ദീർഘകാലം നിലനിൽക്കുകയുായി.

ഇന്നു നിലവിലുള്ള പഴയപള്ളിയുടെ പടിഞ്ഞാറുവശത്തു കാണുന്ന കുരിശിൻതൊട്ടിയിൽനിന്ന് ഏകദേശം 50 അടി വടക്കുമാറി ആയിരുന്നു നെടുങ്ങോത്തച്ചൻ പണികഴിപ്പിച്ച ആദ്യദൈവാലയം സ്ഥിതി ചെയ്തിരുന്നത്. 1847-ൽ നെടുങ്ങോത്തച്ചൻ നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം സംസ്കരിച്ചത് ഈ പള്ളിയിലാണ്. പിന്നീട് പള്ളിയുടെ നഷ്ടശിഷ്ടങ്ങൾക്കിടയിൽനിന്ന് നെടുങ്ങോത്തച്ചന്റെ ഭൗതികാവശിഷ്ടം കടുെത്ത് കൊച്ചുപള്ളിയിലേക്കു മാറ്റി സ്ഥാപിച്ചു. കളത്തൂർ കളങ്ങര അബ്രഹാം കത്തനാർ എന്നെഴുതിയ ഒരു ശിലാഫലകവും ഭൗതികാവശിഷ്ടം കടുെത്ത സ്ഥലത്തുനിന്നു കുകിട്ടുകയുായി.

നെടുങ്ങോത്തച്ചൻ മരിച്ച് ഏറെക്കഴിയുന്നതിനു മുമ്പ് ആ പള്ളി ജീർണ്ണിച്ചു തകർന്നടിഞ്ഞു. ഈ ദൈവാലയം ജീർണ്ണിക്കുന്നതിനുമുമ്പുതന്നെ ഇന്നത്തെ കൊച്ചുപള്ളിയിരിക്കുന്ന സ്ഥലത്തോ പരിസരത്തോ മറ്റൊരു ദൈവാലയം പണിതു. 1855 കർക്കിടകം രാം തീയതി പാലാക്കുന്നേൽ മത്തായി മറിയം കത്തനാരുടെ (വല്യച്ചൻ) പ്രഥമ ദിവ്യബലിയർപ്പണം നടന്നത് ഈ ദൈവാലയത്തിൽവച്ചാണ്. ആ ബലിയിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെക്കൂടാതെ ഏഴു വൈദികർകൂടി പങ്കെടുത്തിരുന്നു. പിന്നീടു പണിതതാണ് ഇപ്പോഴത്തെ കൊച്ചുപള്ളി. 1878 വൃശ്ചികം 13-ാം തീയതിയാണ് ഇതിന്റെ വെഞ്ചരിപ്പുകർമ്മം നടന്നത്. കൊച്ചുപള്ളിയോടു ചേർന്നായിരുന്നു വൈദികഭവനം. ഇതു പുല്ലുമേഞ്ഞ കെട്ടിടമായിരുന്നു.

നെടുങ്കുന്നം പള്ളിവളർച്ചയുടെ ചരിത്രവഴികളിലേക്കു ചുവടുവയ്ക്കുന്നത് നെടുങ്ങോത്തച്ചന്റെ കാലം മുതൽക്കാണ്. അദ്ദേഹംതന്നെയാണ് നെടുങ്കുന്നത്തിന്റെ ആദ്ധ്യാത്മികവളർച്ചയക്ക് എന്നും താങ്ങും തണലുമായി നിന്നതും. അദ്ദേഹം ഇവിടെ വികാരിയായി എത്തുന്നതുവരെ നെടുങ്കുന്നം ഏതാ് അനാഥാവസ്ഥയിലായിരുന്നു. നെടുങ്ങോത്തച്ചൻ ഇടവകയുടെ ആദ്ധ്യാത്മികവളർച്ചയ്ക്കുവേി അക്ഷീണം യത്നിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നു പ്രചോദനമുൾക്കൊ് ആദ്ധ്യാത്മികമേഖലയിലേക്കു കടന്നുവന്നവരാണ് ചെറുകര മുട്ടത്തച്ചനും പാലാക്കുന്നേൽ വല്യച്ചനും പുതിയാപറമ്പിൽ കോര സന്ന്യാസിയുമെല്ലാം.

1855 മുതൽ 1871 വരെ പാലാക്കുന്നേൽ വല്യച്ചനായിരുന്നു നെടുങ്കുന്നം പള്ളിയുടെ വികാരി. അദ്ദേഹം സുവിശേഷവേലയ്ക്കായി പോകുമ്പോൾ ഈ ഇടവകയിലെ പ്രഥമവൈദകനായിരുന്ന ചെറുകര മുട്ടത്തു യോഹന്നാൻ കത്തനാരെ വികാരിക്കടുത്ത ചുമതലകൾ ഏല്പിച്ചിട്ടാണ് പോയിരുന്നത്. തികവുറ്റ ആദ്ധ്യാത്മികചൈതന്യത്തിന്റെ ഉടമയയിരുന്നു യോഹന്നാൻ അച്ചൻ. 1867-ൽ നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം നെടുങ്കുന്നം കൊച്ചുപള്ളിയിൽ സംസ്കരിച്ചു.

### 9.23.3. കോരസന്ന്യാസി

ഇന്ന് അധികമാരും അറിഞ്ഞിട്ടില്ലാത്ത ഒരു സന്ന്യാസി നെടുങ്കുന്നത്ത് ഉായിരുന്നു, പുതിയാപറമ്പിൽ കോര സന്ന്യാസി. കൊച്ചുകോര എന്നാണ് നാട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നത്. സർവസംഗപരിത്യാഗിയായ ഇദ്ദേഹം 'കേരള അസ്സീസി' എന്ന അപരനാമത്തിൽ

അറിയപ്പെടുന്ന പുത്തൻപറമ്പിൽ തൊമ്മച്ചനോടൊപ്പം നെടുങ്കുന്നത്തെ ഏറ്റവും ഉയരംകൂടിയ മലയായ മുളമലയുടെ മുകളിലും മറ്റും തപസ്സ് അനുഷ്ഠിച്ചിരുന്നു.

1936-ൽ ഇന്നത്തെ വലിയ പള്ളിയുടെ ശിലാസ്ഥാപനം നടന്നു. 1940 നവംബർ 28 -ാം തീയതി (വൃശ്ചികം 13) പള്ളിയുടെ വെഞ്ചരിപ്പു നടത്തി. പതിനായിരം രൂപയായിരുന്നു പള്ളിപണിയുടെ എസ്റ്റിമേറ്റ്. എങ്കിലും നിർമ്മാണസാമഗ്രികൾക്കു വില കൂടിയതിനാൽ പണി തീർന്നപ്പോഴേക്കും പതിനയ്യായിരം രൂപയോളം ചെലവായി.

ഏതാ് ഒന്നേകാൽ നൂറ്റാുകൾക്കു മുമ്പ് നിരക്ഷരരായ ജനങ്ങൾക്ക് അക്ഷരാഭ്യാസം നല്കുന്നതിനുവേി പള്ളിയുടെ മേൽനോട്ടത്തിൽ ഒരു കളരി നടത്തിവന്നിരുന്നു. പിന്നീട് അത് ഒരു പ്രൈമറിസ്കൂളായി വളർന്നു. ഈ സ്കൂൾ പിൽക്കാലത്തു കാവുനടയ്ക്ക് അടുത്തു ചാത്തനാട്ടേക്കു മാറ്റി. അതാണ് ഇന്നത്തെ ഗവണ്മെന്റ് ഹൈസ്കൂൾ.

**9.23.4. പുഴുക്കുനേർച്ച - പാരമ്പര്യത്തുടർച്ച**

കത്തോലിക്ക ദൈവാലയമായ നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്സ് ഫൊറോനാപ്പള്ളിയിലെ പുഴുക്കുനേർച്ച സവിശേഷതകൾ നിറഞ്ഞതാണ്. ദേവാലയസംജ്ഞ ദേശാന്തരങ്ങളിലേക്ക് അറിയപ്പെടുന്നത് പുഴുക്കുനേർച്ചയുടെ ഖ്യാതിയിലാണ്. വൃശ്ചികമാസം 13-ാം തീയതിയിലെ പ്രധാന തിരുനാൾ ദിവസമാണ് പുഴുക്കുനേർച്ച വിളമ്പുന്നത്. ആയിരക്കണക്കിനു ജനം അഭേദചിന്തയോടെ നേർച്ച ഏറ്റുവാങ്ങി പള്ളിപരിസരത്തിരത്തുതന്നെ ഭക്ഷിച്ച് നിർവൃതിയടയുന്നു. നേർച്ചയുടെ രുചിയിലൂടെ ദൈവകാരുണ്യത്തെ അറിയുന്ന സന്ദർഭം. പഞ്ചേന്ദ്രിയങ്ങളിൽ രസനയിലൂടെ ദൈവാനുഭവം രുചിക്കുന്ന പ്രത്യേകത ഓരോ നേർച്ചവിഭവംപോലെ പുഴുക്കും സാധ്യമാക്കുന്നു. പള്ളിവിട്ട് വീട്ടിലെത്തിയാൽ സ്വാദില്ലാതാകുമെന്ന വിശ്വാസം നേർച്ചയുടെ ധർമ്മപ്രദാനത്തിന് നിദാനമാകുന്നു.

സ്നാപകയോഹന്നാന്റെ നാമധേയത്തിലുള്ള ഈ ദേവാലയത്തിലെ പുഴുക്കുനേർച്ചയ്ക്ക് പള്ളിയോളം പഴക്കമില്ലെന്നു കാണുന്നു. നേർച്ചയുടെ പ്രാചീനത നെടുങ്ങോത്തച്ചനെന്ന പുരോഹിതന്റെ ചരിത്രവുമായി ചേർന്നുനില്ക്കുന്നു. 1825 മുതൽ പള്ളിയുടെ വികാരിസ്ഥാനമേറ്റെടുത്ത അച്ചന്റെ അന്നദാനമാണ് പിൽക്കാലത്ത് പുഴുക്കുനേർച്ചയിലേക്കും ആചാരത്തിലേക്കും വഴിതെളിച്ചത്.

ഇലഞ്ഞി ഇടവകാംഗമായിരുന്ന കളത്തുകുളങ്ങര ഏബ്രഹാം കത്തനാരെന്ന വൈദികനാണ് നെടുങ്ങോത്തച്ചൻ എന്ന പേരിൽ പ്രസിദ്ധനായത്. ആരാധനയ്ക്ക് ദൂരസ്ഥലങ്ങളിൽ നിന്ന് എത്തുന്ന വിശ്വാസികൾക്ക് നൽകിവന്ന നേർച്ചപ്പുഴുക്കാണ് പിന്നീട് പുഴുക്കുനേർച്ചയായി മാറിയത്. അന്നത്തെ നേർച്ചപുഴുക്കിൽനിന്ന് പുഴുക്കുനേർച്ചയിലേക്ക് ആചരണം വിപുലീകരിക്കപ്പെടുകയുായി. നേർച്ചപ്പുഴുക്ക് എന്ന പദത്തിലെ പൂർവ്വപ്രാധാന്യശബ്ദമായ നേർച്ചരാമത്തേയ്ക്കു മാറ്റിക്കൊ് പുഴുക്കുതന്നെ ആദ്യസ്ഥാനം പിടിച്ചു. പുഴുക്കെന്ന നാമത്തിനും ഭക്ഷണത്തിനും കേരളീയതയുടെ പാരമ്പര്യവഴക്കമവകാശപ്പെടാനാകും. നാട്ടകങ്ങളുടെ രുചിഭേദങ്ങളുടെ കൂട്ടത്തിൽ മലയോരപ്രിയമായ ഒരു ഭക്ഷണമാണ് പുഴുക്ക്. മാത്രമല്ല, കർഷകജനതയുടെ ശക്തിയും വീര്യവും പുഴുക്കു നേടിത്തരുന്നു്. പുഴുക്കിന്റെ പഴക്കം തിരഞ്ഞാൽ അതു സംഘകാലവും കടന്ന് പുറകോട്ട് ആനയിക്കുന്നു. ആദിമ മനുഷ്യജീവിതം വനപ്രദേശത്താണല്ലോ ചുവടുപിടിച്ച് വളർന്നിട്ടുള്ളത്. കാട്ടുതീയിലെ വെന്തകിഴങ്ങുകൾ മനു

ഷ്യന്റെ നാവിൽ രുചിഭേദങ്ങൾ സൃഷ്ടിച്ചു. വേവിച്ചു കഴിക്കുന്ന ശീലം ആരംഭിച്ച സമയത്ത് എപ്പഴോ പുഴുക്കും ആഹാരഇനമായി പരീക്ഷിക്കപ്പെട്ട് ഇടം നേടിയിട്ടുവാം. 'പുഴുകൽ' (ആവിയിൽ വേവിക്കൽ) എന്ന ക്രിയയിൽനിന്നുതന്നെയാവാം 'പുഴുക്ക്' എന്ന വിഭവനാമം ഉായത്. മാത്രമല്ല, തികച്ചും ദ്രാവിഡപദമായതിനാൽ മറ്റെങ്ങുനിന്നും കടന്നുകയറിയ വിഭവമാവാനും തരമില്ല. പുഴുക്കും അതിന്റെ കൂട്ടും രുചിയുമെല്ലാം നാടോടിപാരമ്പര്യത്തിന്റെ സവിശേഷതകളാൽ നിർമ്മിക്കപ്പെടുന്നവയാണ്.

ചെറുമലകളാൽ ചുറ്റപ്പെട്ട നെടുംകുന്നം കിഴക്കൻപ്രദേശത്തിന്റെ ഭൂപ്രകൃതിയെ ഉൾക്കൊള്ളുന്നു. തട്ടുതട്ടായ ഭൂമിയിൽ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിയായിരുന്നു ഏറെയും. റബ്ബറുകൾ സ്ഥാനം പിടിക്കുന്നതിനുമുമ്പേ കപ്പയും ചീനിയും കാച്ചിലും ചേനയും കുരുമുളകുമെല്ലാം ഇവിടുത്തെ കൃഷിക്കാർക്ക് നല്ല വിളവുതന്നെ നേടിക്കൊടുത്തിരുന്നു. അരിക്കു ക്ഷാമമായിരുന്ന 18, 19 നൂറ്റാുകളിൽ പുഴുക്ക് ജനഭക്ഷണവും പിന്നീട് ജനകീയ ഭക്ഷണവുമായിത്തീർന്നു. കിഴങ്ങുവർഗ്ഗത്തിൽ ഏതെങ്കിലും ഒന്നുമാത്രം ഉപയോഗിച്ച് തയ്യാറാക്കുന്ന പുഴുക്ക് ഒറ്റപ്പുഴുക്കെന്നും പലവിധ സാധനങ്ങൾ ചേർത്ത് പുഴുങ്ങുന്ന പുഴുക്കിന് കൂട്ടുപുഴുക്കെന്നും പ്രാദേശികമായ സംജ്ഞകൾ നിലനിന്നിരുന്നു. പണിയിടത്തിലേക്ക് അധ്വാനിക്കാനിറങ്ങുന്നവർക്ക് ആവശ്യമായ ഊർജ്ജം പകരുവാൻ പുഴുക്കുകൾക്കു കഴിയുമായിരുന്നു. അതിനാൽതന്നെ കർഷകകുടുംബങ്ങളുടെ ആശ്രയഭക്ഷണമായി പുഴുക്ക് ഇടംനേടി.

ക്രൈസ്തവരായ നാട്ടുകാരുടെ പുഴുക്ക് ഉരുവിറച്ചി (പോത്തിറച്ചി) വേവിച്ചുചേർത്ത് മസാലക്കൂട്ട് ഇളക്കിവാങ്ങുന്ന പാചകവഴക്കത്തിലുള്ളതായിരുന്നു. 'പുറനാനൂറി' (സംഘസാഹിത്യകൃതി)ലെ പാട്ടിൽ പറയുന്നു ചേരചക്രവർത്തിമാരുടെ കൊട്ടാരത്തിലെ ഭക്ഷണസൽക്കാരവിഭവങ്ങളിൽ മുഖ്യമായിരുന്നത് ഊൻചോറാണെന്ന് (കവിയൂർ മുരളി, 1999: 82). 'ഊൻ' എന്നാൽ മാംസം എന്നാണ്. കൊത്തിയരിഞ്ഞ മാംസം ചേർത്തു തയ്യാറാക്കിയ ചോറ്, അതായത് ഇന്നത്തെ ബിരിയാണിയുടെ പ്രാചീനരൂപം. നിത്യാഹാരത്തിൽ മാംസഭോജികൾ ഇറച്ചികൾ ചേർത്തു കഴിക്കുന്ന രീതിക്ക് ഏറെ പഴക്കമുന്ന് പഴമ്പാട്ടുകൾ തെളിയിക്കുന്നു. അരിയുടെ ക്ഷാമം പരക്കെയുായിരുന്ന കാലത്ത്, പ്രത്യേകിച്ച് മലയോരമേഖലയിൽ ക്രൈസ്തവർ തങ്ങളുടെ ഭക്ഷണവഴക്കം പുഴുക്കിൽ പരീക്ഷിച്ചതാവാനും വഴിയു്. മാംസാഹാരികളുടെ ഇഷ്ടനേർച്ചയായി ഈ കൂടിക്കലർത്തൽ പാചകം മാറി. ബിരിയാണിയേക്കാൾ സ്വീകാര്യത ആടും പോത്തും ചേർത്തു വേവിച്ച പുഴുക്കുകൾക്കു വന്നത് നാട്ടുരുചിയുടെ രാജവാഴ്ച തന്നെയാണെന്നു പറയാം. പോഷകസമ്പുഷ്ടവും സ്വാദേറിയതുമായ ഈ പുഴുക്ക് കാലക്രമത്തിൽ വിശേഷാവസരങ്ങളിലേക്കും പല വകഭേദങ്ങളിലേക്കും വഴിമാറി. ക്രൈസ്തവകുടുംബങ്ങളിലെ ഞായറാഴ്ചകൾ എല്ലും കപ്പയുമെന്ന പേരിൽ പുഴുക്കിന്റെ നിർമ്മാണഭേദങ്ങൾക്ക് ആസ്വാദനസമൃദ്ധി കൊുവന്നു. പുതിയ കാലത്തിൽ കപ്പ ബിരിയാണിയെന്ന നാമത്തിൽ വലിയ സ്വീകാര്യതയും വിപണിയും നേടിയെടുത്തു.

പുഴുക്കുനേർച്ചയൊരുക്കുന്നതിലെ വിഭവങ്ങൾ കപ്പ, കാച്ചിൽ, ചേമ്പ്, ഏത്തയ്ക്ക, ഉരുവിറച്ചി, കൂട്ടുവകകൾ എന്നിവയാണ്. എല്ലാംതന്നെ നാട്ടിലെ കൃഷിയിടത്തിൽ സുലഭമായി ലഭിക്കുന്നവയായിരുന്നു. പുഴുക്കുനേർച്ച തയ്യാറാക്കുന്നതിന് രാഴ്ച മുമ്പേതന്നെ ഇടവകയിലെ മുഴുവൻ അംഗങ്ങളും പ്രത്യക്ഷ-പരോക്ഷമാർഗ്ഗത്തിൽ സഹായസഹകരണങ്ങൾ ഉറപ്പുവരുത്തു

ന്നു. ഫലങ്ങൾ ഇടവകാംഗങ്ങൾ പള്ളിയിൽ സമർപ്പിക്കുന്നു. നെടുംകുന്നം പള്ളിയിൽ ഈ പതിവ് നിത്യവുമുണ്ടെങ്കിലും നേർച്ച പ്രമാണിച്ച് വലിയ അളവിൽ നേർച്ചദ്രവ്യങ്ങൾ പള്ളിയങ്കണത്തിൽ എത്തിച്ചേർന്നിരുന്നു. അതിനായി പല കുടുംബങ്ങളും കൂട്ടായി പ്രവർത്തിക്കുന്നു.

തേക്കിലയിലാണ് പുഴുക്കു വിളമ്പിയിരുന്നത്. കാലം ഏറെ മാറ്റങ്ങൾ വരുത്തിയെങ്കിലും ഈ വഴക്കത്തിനു മാറ്റമില്ല. ഇടവകജനങ്ങൾ ശേഖരിച്ചുകൊുവരുന്ന ഇലകൾ വാഴനാരിട്ടു കെട്ടിയ പല കെട്ടുകളായി അടുക്കി സൂക്ഷിക്കും. തികയാതെ വരികയാണെങ്കിൽ പള്ളിയുടെ പരിസരത്തുനിന്നുതന്നെ ആവശ്യമായതു ശേഖരിക്കും. ഇതേപോലെതന്നെ ഫലങ്ങളുടെ കാര്യത്തിലും പോരാത്തത് പള്ളിതന്നെ വാങ്ങും. ടൺ കണക്കിനാണ് കപ്പയുൾപ്പെടെയുള്ളവ വേവിക്കേ വരുന്നത്. ഓരോ വർഷവും അതിന്റെ അളവ് കൂടിവരികയാണ്. ദിവസങ്ങൾക്കു മുമ്പേതന്നെ അനേകം ചൂരൽകൊട്ടകൾ കഴുകി വൃത്തിയാക്കി ചരലിൻ പുറത്തു കമഴ്ത്തി ഉണങ്ങാൻ വയ്ക്കുന്നു. പുഴുക്കൊരുക്കത്തിന്റെ ആദ്യകാഴ്ചയായി ഇതു മാറുന്നു. ദിവസങ്ങളടുക്കുന്നതോടുകൂടി ഒരുക്കങ്ങൾക്ക് ആവേശം പെരുക്കുന്നു.

പുഴുക്കുനേർച്ച ഒരുക്കുന്ന തലേദിവസം കിഴങ്ങുവർഗ്ഗങ്ങളുടെ തൊലിപൊളിക്കലിനും കൂട്ടൊരുക്കലിനും നാട്ടിലെ യുവാക്കളടക്കം പലരും സജീവമാകുന്നു. ഒത്തൊരുമയുടെ പ്രവർത്തനശൈലിയുള്ള സമർപ്പിതമായ ഒരു സംഘാടനമാണിവിടെ ഉാകുന്നത്. പള്ളിമുറ്റത്തിനു താഴത്തെ ഇടത്തിൽ പുഴുക്ക് വേവിക്കലിനുള്ള പന്തലിൽ ഒരുക്കത്തിന്റെ ആർപ്പുവിളി കേൾക്കാം. നാട്ടുമനസ്സിന്റെ ഈ കൂട്ടത്തിൽ ജാതിമതഭേദങ്ങൾ അകലെ മാറ്റപ്പെടുന്നു. ഭക്ഷണത്തിലൂടെ പകരുന്ന സ്നേഹവും സംസ്കാരവും മനുഷ്യമനസ്സുകളെ ഇണക്കുന്നു. വ്യതിരിക്തതയുടെ അളവുകോലുകൾ ഇവിടെ അപ്രസക്തമാകുന്നു. തമാശയും നാട്ടുകാര്യവും ഉന്മേഷം പകരുമ്പോൾ പുരോഹിതരും ആ കൂട്ടായ്മയുടെ ഭാഗമായി മാറുന്നു. ചെമ്പിലേയ്ക്ക് തുല്യഅളവിൽ പകരുന്ന ഓരോ ഫലത്തിനും ആവശ്യമായ മസാലക്കൂട്ടുകൾ തയ്യാറാക്കുന്നു. മുമ്പു പറഞ്ഞ വിഭവങ്ങളെക്കൂടാതെ വെളുത്തുള്ളി, ഇഞ്ചി, ചുവന്നുള്ളി തുടങ്ങി പൊടി ഇനങ്ങൾകൂടി ചേർത്താണ് മസാലക്കൂട്ട് ഒരുക്കുന്നത്. മസാലക്കൂട്ടിനാവശ്യമായ എല്ലാം പരമ്പരാഗതമായിത്തന്നെ ഉണങ്ങിപ്പൊടിച്ചെടുക്കുകയാണ്. നാട്ടുവഴക്കത്തിൽനിന്ന് വഴുതിമാറലില്ലാത്ത ഊട്ടൊരുക്കത്തിൽ രുചിയുടെ പാരമ്പര്യത നിലനില്ക്കുന്നു.

മൂന്നു ചെമ്പുകൾ ആദ്യകാലത്ത് അടുപ്പിൽ കയറിയെങ്കിൽ കഴിഞ്ഞ വർഷം (2018) 24 ആയിരുന്നു എണ്ണം. തലേന്ന് രാത്രി 2.30 ന് അടുപ്പു കത്തിക്കുന്നത് അണച്ചുവാങ്ങുന്നത് നേർച്ച ദിവസം 2.30 ഓടെയാണ്. ഫലങ്ങളുടെ ഒരുക്കിനു മുമ്പും അടുപ്പിൽ തീ പകരുമ്പോഴും തിരുക്കർമ്മങ്ങളുടെ ആചാരപരമായ വഴിനടത്തിപ്പുറപ്പാക്കുന്നു. വെന്തുപാകമായ പുഴുക്ക് പനമ്പിലേക്കാണ് പകരുന്നത്. പെരുന്നാൾദിവസം ഉച്ചതിരിഞ്ഞ് പള്ളിയിൽനിന്ന് ആരംഭിച്ച പ്രദക്ഷിണം മുൻവശത്തെ പടിക്കെട്ടിറങ്ങി തെക്കുവശത്തെ കുരിശുപള്ളി ചുറ്റി തിരികെ പള്ളിയിൽ വന്നു കയറിക്കഴിഞ്ഞാണ് പുഴുക്കുനേർച്ചയുടെ സമയം. പുഴുക്കു ചെറുതായി ഒന്നാറി പാകമാകുമ്പോൾ കൊട്ടകളിലേക്ക് പകരുന്നു. ഏതാ് അറുനൂറിലധികം കൊട്ടകളുമായി വിളമ്പുകാരും ആ സമയം അണിനിരക്കും. നിറഞ്ഞ കൊട്ട വിളമ്പുകാർ കയ്യിലെടുത്ത് പള്ളിപ്പരിസരത്തു നിറഞ്ഞുനിൽക്കുന്ന വിശ്വാസികൾക്കിടയിൽ വിളമ്പാൻ പാകത്തിൽ നിലയുറപ്പിക്കുന്നു. ഓരോ വാർഡുകൾ തിരിച്ചാണ് പള്ളിപ്പരിസരം ക്രമീകരിച്ചിരിക്കുന്നത്. ഈ സമയത്ത് മൈക്കിലൂടെ വികാരിയച്ചനോ/കൊച്ചച്ചനോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊിരിക്കും. വിളമ്പു

കാരെ വിന്യസിപ്പിക്കൽ, നേർച്ചസ്വീകരണ സൗകര്യമുറപ്പാക്കൽ എന്നിവ അച്ചന്റെ ക്രിയാത്മകമായ വാക്കുകളാൽ നിവൃത്തിക്കപ്പെടുന്നു. പുഴുക്കുനേർച്ചയ്ക്കായി കാത്തിരിക്കുന്നവരുടെ മേൽ ചായുന്ന വെയിലിന്റെ ചൂട് അല്പമൊന്നു തണുപ്പിക്കാൻ അച്ചന്മാർ പലപ്പോഴും തമാശ കലർത്തിയാണ് നിർദ്ദേശങ്ങൾ കൊടുക്കുന്നത്. കൂട്ടായ ചിരിയും സന്തോഷവും ജനങ്ങൾക്കിടയിൽ പടരുന്നത് അവിടെ കാണാം.

ദൈവസമർപ്പണ സങ്കല്പത്തോടെ പുഴുക്കു വെഞ്ചരിക്കുന്ന ചടങ്ങിനുശേഷം മണിനാദവും വെടിശബ്ദവും മുഴങ്ങുന്നതോടെ പുഴുക്കു വിളമ്പിത്തുടങ്ങുന്നു. വിളമ്പുകാർ വിളമ്പിനു കൈതന്നെയാണ് ഉപയോഗിക്കുന്നത്. പുഴുക്കിന്റെ മണവും രുചിയും മനസ്സുകൾ നിറയ്ക്കുന്ന നിമിഷങ്ങൾ. വിശപ്പടക്കലെന്ന ഭൗതികചിന്ത മാറ്റിനിർത്തി, ദൈവദാനമായ സ്വർഗ്ഗീയഭക്ഷണം രുചിക്കുന്നതിന്റെ കൃതാർത്ഥത എല്ലാ മുഖങ്ങളിലും കാണാം. സമർപ്പണബുദ്ധ്യാലൊത്തുകൂടുന്ന ജനതയുടെ കൈവന്ന പുണ്യമായി ഈ നാട്ടുഭക്ഷണം മാറുമ്പോൾ വിശ്വാസഭക്തി അനേകരുടെ പൊതുവികാരമായി മാറുന്നു. ഊട്ടുനേർച്ചയുടെ മനുഷ്യചേർച്ചകൾ മുന്നൊരുക്കത്തിൽ, വിളമ്പലിൽ, സ്വീകരിക്കലിനുള്ള ഒത്തുകൂടലിൽ തുടങ്ങി ബഹുവിധ മാനങ്ങളിൽ സംഭവിക്കുന്നു. ഒത്തുചേരലിലെ സന്തോഷം, കൂട്ടായ പ്രയത്നത്തിന്റെ ഫലവത്തായ നേർച്ച പങ്കിടൽ ഇവയെല്ലാം തനതായ മനുഷ്യബന്ധത്തിന്റെ അഭികാമ്യപരിസരങ്ങളാണ്. ഭക്ഷണസംസ്കാരസംബന്ധിയായി കൂട്ടായ്മകൾ ഉടലെടുക്കുമ്പോൾ അതിനേറെ ദൃഢതയും നിലനിൽപു മു്.

പ്രകൃതിയോടിണങ്ങുന്ന പരമ്പരാഗതമായ വഴിത്താരയിലൂടെയാണ് പുഴുക്കുനേർച്ച ഒരുക്കപ്പെടുന്നത്. തേക്കിലയും ചൂരൽകൊട്ടയും മൺവിളകളും ചെമ്പുപാത്രങ്ങളും തുടങ്ങി ഇളക്കുന്ന നയമ്പ്, പകർത്തി നിരത്തുന്ന പനമ്പ് ഇവയെല്ലാം നാട്ടുവഴക്ക പെരുമാറ്റത്തിന്റെ കൈയടയാളങ്ങളാണ്. ഇന്നത്തെ നിലവച്ചു പറഞ്ഞാൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുള്ള ചടങ്ങ്. ഈ രീതി പുതമയല്ല, പഴയകാലത്തിന്റെ ആവർത്തനമാണ്. ഒരുകാലത്ത് നെടുങ്ങോത്തച്ചൻ വിശപ്പിന് ശമനമായി വിളമ്പിയ കഞ്ഞിയും പുഴുക്കും കാലാന്തരത്തിൽ ആചാരങ്ങളുടെ നിഷ്ഠാതലത്തിലേക്ക് വഴിമാറി. ഐതിഹ്യവും നാട്ടുവഴക്കവും സ്മൃതിയും സമാന്തരമായി ദിശ ഒരുക്കുന്നു.

നാടൻകലകൾക്കുള്ളപോലെ ഊട്ടുനേർച്ചയ്ക്കും അതിന്റെ രൂപപ്പെടലിന് അനുകൂലമായ സ്വാഭാവിക പരിസരമു്. മറ്റൊരിടത്തേക്ക് മാറ്റപ്പെട്ടാൽ നേർച്ചയുടെ പ്രാധാന്യംതന്നെ അപ്രസക്തമാകും. പള്ളിപ്പരിസരത്തുനിന്നകന്നാൽ പുഴുക്കിന്റെ രുചി നഷ്ടമാകുമെന്ന വിശ്വാസം ശക്തമാണ്. പുഴുക്കിന്റെ കൂട്ട് അറിയാവുന്നവർ വീട്ടിൽവച്ചാൽ പോലും നെടുംകുന്നംപള്ളി പുഴുക്കിനോളം വരികയില്ല എന്നത് തെളിയിക്കപ്പെട്ട സാക്ഷ്യമാണ്. അതിനോരുദാഹരണമായി പറയുന്നത് പെരുന്നാൾ ദിവസം പുഴുക്കുനേർച്ച കഴിച്ച ദൂരജനങ്ങൾ പലരും തങ്ങളുടെ പള്ളിയിലും ഇങ്ങനൊരു പുഴുക്കുനേർച്ച തുടങ്ങാൻ ആഗ്രഹിച്ചു. ചമ്പക്കുളം പള്ളിയിൽ നെടുങ്കുന്നത്തുനിന്ന് പുഴുക്കു വയ്ക്കുന്നവരെ കൊുപോയി വെച്ചിട്ടും നെടുംകുന്നംപള്ളി പുഴുക്കിനെ മറികടക്കാൻ കഴിഞ്ഞില്ല.

## 9.24. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയം (835)

ആദിമ കുടിയേറ്റത്തിന്റെ ഓർമ്മകൾ പേറുന്ന, ചരിത്രപരമായി വളരെ പ്രാധാന്യമുള്ള ഒരു പ്രദേശമാണ് അതിരമ്പുഴ. വളരെ പുരാതനമായ പല ചരിത്രരേഖകളിലും അതിരമ്പുഴയെക്കുറിച്ച് പരാമർശമുണ്ട്. മാർക്കോപോളോയുടെ യാത്രാവിവരണത്തിൽ ദക്ഷിണേന്ത്യയിലെ വാണിജ്യകേന്ദ്രമായ 'അതിരങ്കരി' എന്നൊരു സ്ഥലത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. ചരിത്രപണ്ഡിതനായ ഡോ. പി. ജെ. തോമസ് 'കോട്ടയം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ ഇന്നത്തെ അതിരമ്പുഴ 'അതിരങ്കരി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെന്നു പറയുന്നു. പൗരാണികഗ്രന്ഥകാരനായ ടോളമിയുടെ ഭൂമിശാസ്ത്രത്തിലും അതിരങ്കരിയെപ്പറ്റി പരാമർശമുണ്ട്.

### 9.24.1. പേരിന്റെ ഉത്ഭവം

ചെമ്പകശ്ശേരി രാജകുടുംബത്തിന്റെ വാഴ്ചയെത്തുടർന്ന് തെക്കുംകൂർ, വടക്കുംകൂർ രാജ്യങ്ങൾ തമ്മിൽ ഒരു അതിർത്തിത്തർക്കം ഉണ്ടായി. ഇരുരാജ്യങ്ങളുമയി വ്യാപാരബന്ധം ഉണ്ടായിരുന്ന പറങ്കികൾ ആ തർക്കം രമ്യതയിലെത്തിച്ചു. രാജ്യവിഭജനത്തിനു പ്രകൃതിദത്തമായ ഒരു അതിർത്തി ഇല്ലാതിരുന്നതിനാൽ വേമ്പനാട്ടുകായൽ മുതൽ പൂഞ്ഞാർവരെ മൂന്നാൾ ഉയരത്തിൽ ഒരു കോട്ടയും അതിനോടനുബന്ധിച്ച് കൊത്തളവും നിർമ്മിച്ചു. ഇതിനു പറങ്കികൾ കാര്യമായ സാമ്പത്തികസഹായം നൽകുകയുണ്ടായി. ഈ കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നാട്ടിൽ പലയിടങ്ങളിലുമായി കാണാവുന്നതാണ്. സമീപദേശത്തെ കൊത്തലം, കോട്ട, കോട്ടയരിക്, കോട്ടമുറി, കോട്ടയ്ക്കപ്പുറം, കോട്ടയിൽ, കിടങ്ങൂർ കോട്ട വെട്ടിയ സ്ഥലം, വെട്ടിമുകൾ, കോട്ടപ്പുറം, കോട്ടവാതിൽ തുടങ്ങിയ സ്ഥലനാമങ്ങൾ ഈ കോട്ടയുമായി ബന്ധമുള്ളവയാണ്.

പെരുമ്പുഴ, കാട്ടുതോട് എന്നീ പേരുകളിൽ അറിയപ്പെടുന്ന ഒരു അരുവി വേദഗിരിയിൽനിന്നു തുടങ്ങി അതിരമ്പുഴ ചന്തക്കുളത്തിൽ വന്നുചേരുന്നുണ്ട്. ഈ ചെറുപുഴ, തെക്കുംകൂറിന്റെ അതിരായി നിശ്ചയിക്കപ്പെടുകയും തന്മൂലം ഇതിനടുത്ത പ്രദേശം 'അതിരാകുംപുഴ' എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങുകയും ചെയ്തു. കാലക്രമേണ ആ നാമം ലോപിച്ച് 'അതിരമ്പുഴ' എന്നായി മാറി. മുൻപറഞ്ഞ ചെറിയപുഴയുടെ ഉത്ഭവസ്ഥാനമായ വേദഗിരി എന്നറിയപ്പെട്ടിരുന്നത് 'വേദവ്യാസഗിരി' എന്നാണ്. ഇവിടം ഒരു പുരാതന സാംസ്കാരിക കേന്ദ്രമായിരുന്നു. ഇവിടെനിന്നു കുകിട്ടിയിട്ടുള്ള പുരാവസ്തുക്കളുടെ അവശിഷ്ടങ്ങൾ ഇതിനു തെളിവാണ്.

### 9.24.2. ക്രൈസ്തവകുടിയേറ്റം

അതിരമ്പുഴയിൽനിന്നു മൂന്നു കിലോമീറ്റർ കിഴക്കു മാറി പുരാതനവും പ്രസിദ്ധവുമായ ഏറ്റുമാനൂർ ശിവക്ഷേത്രം സ്ഥിതിചെയ്യുന്നു. അതിരമ്പുഴ ഉൾപ്പെടെ ക്ഷേത്രത്തിനു ചുറ്റുപാടുമുള്ള വിസ്തൃതമായ ഭൂപ്രദേശങ്ങൾ ഏറ്റുമാനൂർ പടിഞ്ഞാറുഭാഗമെന്നാണ് മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. അന്ന് നമ്പൂതിരിമാരുടെയും ക്ഷേത്രജീവനക്കാരായ മറ്റു ഹൈന്ദവസമുദായക്കാരുടെയും അധിവാസകേന്ദ്രമായിരുന്നു ഈ പ്രദേശം. ഊഴിയക്കാരും മാരാന്മാരും പയറ്റുകാരുമൊക്കെ അവരിൽ ഉൾപ്പെട്ടിരുന്നു. അമ്പലത്തിലെ ജീവനക്കാരായ നമ്പൂതിരിമാരുടെ കൃഷികാര്യങ്ങൾ നടത്തുന്നതിനും ക്ഷേത്രത്തിലേക്കുള്ള എണ്ണ തൊട്ടുകൊടുക്കുന്നതിനുമാ

യിട്ടാണ് ക്രിസ്ത്യാനികളെ ആദ്യമായി അതിരമ്പുഴയിൽ കൊുവന്നു താമസിപ്പിച്ചതെന്നു പറയപ്പെടുന്നു. ഇങ്ങനെ വന്ന രു കുടുംബങ്ങളാണ് വേമ്പേനി കുടുംബവും കുടിലിൽ കുടുംബവും. ഈ രു കുടുംബങ്ങളുടെയും ശാഖകൾ ഇന്ന് അതിരമ്പുഴയിലു്.

## 9.24.3. അതിരമ്പുഴയും കുറവിലങ്ങാടു പള്ളിയും

കുറവിലങ്ങാടു പള്ളിയുടെ കുരിശുപള്ളിയായിട്ടാണു അതിരമ്പുഴപ്പള്ളി സ്ഥാപിതമായത്. നാലാം നൂറ്റാിന്റെ ആരംഭത്തിൽ പാലയൂരിൽനിന്നു കുടിയേറിപ്പാർത്തവരാണ് കുറവിലങ്ങാട്ടെ ആദിക്രിസ്ത്യാനികൾ. കുറവിലങ്ങാടിനടുത്തുള്ള കാളികാവിലാണ് അവർ ആദ്യം താമസമുറപ്പിച്ചതെന്നാണ് ഐതിഹ്യം. അംഗസംഖ്യ വർദ്ധിച്ചപ്പോൾ കാടായിക്കിടന്നിരുന്ന കുറവേലൻകാട്ടിലേക്ക് (കുറവിലങ്ങാട്ട്) അവർ കുടിയേറിപ്പാർത്തു. മാർത്തോമ്മാശ്ലീഹായിൽനിന്ന് ആചാര്യപദം സ്വീകരിച്ച പാലയൂരിലെ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് എന്നീ കുടുംബങ്ങളിൽപ്പെട്ടവരായിരുന്നു ഈ ആദ്യകാലകുടിയേറ്റക്കാർ. പിൽക്കാലത്തു മറ്റു പല കുടുംബങ്ങളും അവിടെ കുടിയേറിപ്പാർക്കുകയുായി. കുറവിലങ്ങാടുപള്ളിയുടെ സ്ഥാപനം ക്രിസ്തുവർഷം 337-ൽ ആണെന്നു പറയപ്പെടുന്നു. ക്രമേണ ജനസംഖ്യ വർദ്ധിച്ചപ്പോൾ പൂർവ്വികന്മാർ നാടിന്റെ നാനാഭാഗങ്ങളിലേക്കും കുടിയേറിപ്പാർക്കുവാൻ നിർബ്ബന്ധിതരായി. അതിരമ്പുഴ പ്രദേശത്തു താമസമാക്കിയവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിന് കുറവിലങ്ങാടുപള്ളിയുടെ കുരിശുപള്ളിയായി ക്രിസ്തുവർഷം 835-ൽ അതിരമ്പുഴയിൽ ഒരു ദൈവാലയം സ്ഥാപിച്ചു.

## 9.24.4. ദൈവാലയനിർമ്മാണം - പാരമ്പര്യവൃത്താന്തം

ഫിലിപ്പ് പാമർ എന്ന ഗ്രന്ഥകാരൻ 1934-ൽ പ്രസിദ്ധീകരിച്ച 'ദി കാത്തലിക് ഡയറക്ടറി ഓഫ് മലബാർ' എന്ന ഗ്രന്ഥത്തിന്റെ 79-ാം പേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അതിരമ്പുഴ പരി. കന്യകാമറിയത്തിന്റെ നാമത്തിലുള്ള ദൈവാലയം ക്രിസ്തുവർഷം 835-ൽ സ്ഥാപിച്ചു. ഈ ദൈവാലയത്തിന്റെ ആദ്യത്തെ നാമം 'കാഞ്ഞിരത്തിനാൽ' എന്നായിരുന്നു.

അതിരമ്പുഴനിന്നു കുറവിലങ്ങാടു പള്ളിയിലെത്തി കുർബാനയിലും ദൈവാലയശുശ്രൂഷകളിലും പങ്കെടുക്കുവാൻ വിശ്വാസികൾ വളരെ ക്ലേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ഒരു പള്ളി പണിയുവാൻ, ഒരു നേർച്ചയുടെ പൂർത്തീകരണമെന്ന നിലയിൽ സ്ഥലം നൽകിയത് എട്ടൊന്നുശേരി ഇല്ലാക്കാരാണ്. ഇവർ വലിയ പ്രഭുക്കളും വളരെയേറെ അധികാരാവകാശങ്ങൾ കൈയാളുന്നവരുമായിരുന്നു. വ്യക്തികളോ സമൂഹങ്ങളോ സമ്പാദിക്കുന്ന മുതലിന്റെ എട്ടിൽ ഒരു ഭാഗം ഈ ഇല്ലക്കാർക്ക് അവകാശപ്പെട്ടതായിരുന്നുവത്രേ. ഈ നിയമത്തിൽനിന്നു രക്ഷപെടാൻ വേി അന്നത്തെ ഏറ്റുമാനൂർ ക്ഷേത്രഭരണക്കാർ പൊന്നാനകളെ പണിതപ്പോൾ ഏഴര എണ്ണം മാത്രം പണിതതായി പറയപ്പെടുന്നു.

ഐശ്വര്യസമൃദ്ധിയിലും പ്രതാപത്തിലുമാണ് കഴിഞ്ഞിരുന്നതെങ്കിലും ഇല്ലത്തെ നമ്പൂതിരിക്ക് സന്താനസൗഭാഗ്യം ഉായിരുന്നില്ല. വളരെയേറെ നേർച്ചകാഴ്ചകൾ നടത്തിയെങ്കിലും ഫലമുായില്ല. അത്യധികം ദുഃഖിതനായിരുന്ന നമ്പൂതിരിയോട് ഇവിടത്തെ ക്രൈസ്തവരിൽ ചിലർ പരി. കന്യാമറിയത്തോട് അപേക്ഷിച്ചാൽ ദുഃഖനിവൃത്തി വരുമെന്നും മക്കളുാകുമെന്നും പറയുകയുായി. തന്റെ ആഗ്രഹം സഫലമായാൽ നന്ദിസൂചകമായി ഒരു പള്ളി പണിയുന്നതിന് ആവശ്യമായ സ്ഥലം തന്നുകൊള്ളാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. നമ്പൂ

തിരിക്ക് ഒരു ആൺകുഞ്ഞ് ഉാകുവാൻവേി ക്രിസ്ത്യാനികൾ ഹൃദയം നൊന്തു പ്രാർത്ഥിക്കുകയും ഉപവാസമനുഷ്ഠിക്കുകയും ചെയ്തു. അവരുടെ പ്രാർത്ഥന വിഫലമായില്ല. നമ്പൂതിരിക്ക് ഒരു ആൺകുഞ്ഞ് ജനിച്ചു. അദ്ദേഹം തന്റെ വാക്കു പാലിക്കുകയും പള്ളി പണിയുന്നതിനാവശ്യമായ സ്ഥലം നല്കുകയും ചെയ്തു. പള്ളി പണിയുവാൻ ഇല്ലക്കാർ നിർദ്ദേശിച്ച സ്ഥലം അവരുടെ കാഞ്ഞിരത്തിനാൽ പുരയിടമായിരുന്നതിനാലാണ് ഇവിടം 'കാഞ്ഞിരത്തിനാൽ' എന്ന പേരിൽ അറിയപ്പെട്ടത്. സ്ഥലവാസികളായ ക്രിസ്ത്യാനികൾ ഒത്തൊരുമിച്ചു പള്ളി പണി പൂർത്തിയാക്കി. ദൈവാലയസ്ഥാപനം സംബന്ധിച്ച് ദീർഘകാലമായി ഇവിടെ പ്രചാരത്തിലുള്ള പാരമ്പര്യവൃത്താന്തമാണിത്. കുറവിലങ്ങാട് പള്ളിയുടെ കുരിശുപള്ളി ആയിരുന്നതിനാൽ അവിടെനിന്നു വൈദികർ വന്നാണ് ഇവിടെ തിരുക്കർമ്മങ്ങൾ നടത്തിയിരുന്നത്. ഇത് ഒരു സ്വതന്ത്രഇടവകയായി മാറിയത്. ഏതു കാലഘട്ടത്തിലാണെന്നതിനെപ്പറ്റി രേഖകളൊന്നും ലഭ്യമല്ല.

അതിരമ്പുഴപള്ളിയുമായി അവിസ്മരണീയബന്ധമുള്ള മറ്റൊരു ഹൈന്ദവകുടുംബമാണ് പഴയമ്പള്ളി കൈമളിന്റേത്. കാലഘട്ടങ്ങളെ അതിജീവിച്ച് വിശ്വാസികൾക്ക് അഭയകേന്ദ്രമായി നിലകൊള്ളുന്ന ഈ ദൈവാലയത്തിനു പലപ്പോഴും വിവിധ തരത്തിലുള്ള അതിക്രമങ്ങളെ ചെറുക്കേിവന്നിട്ടു്. അതിരമ്പുഴയും പരിസരപ്രദേശങ്ങളും ക്ഷേത്രജീവനക്കാരുടെ അധിവാസകേന്ദ്രമായിരുന്നെന്നു പറഞ്ഞിട്ടുല്ലോ. എന്തുകൊാേ അക്കൂട്ടർക്കു പള്ളിയോടു നീരസം ജനിക്കുകയാൽ അവർ പള്ളി നശിപ്പിക്കുവാൻ സംഘടിതശ്രമം നടത്തി. ഇതിൽനിന്ന് ഈ ദൈവാലയത്തെ രക്ഷിച്ചത് പ്രതാപശാലിയും കായികാഭ്യാസിയുമായിരുന്ന പഴയമ്പള്ളി കൈമളാണെന്നു പറയപ്പെടുന്നു.

ഇപ്പറഞ്ഞ ര് ഇല്ലക്കാരെയും ഈ പള്ളി ഇന്നും കൃതജ്ഞതയോടെ സ്മരിക്കുന്നു. അവർക്കു പുമുതലേ പന്തക്കോലും കോപ്പും നൽകുന്ന പതിവു്. എന്നാൽ ഇപ്പോൾ ഈ അവകാശം വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിവസം പണമായിട്ടാണു നൽകുന്നത്. കൂടാതെ ആശാരി, കൊല്ലൻ, വെടിവയ്പുകാരൻ, കൊട്ടുകാർ, വാദ്യക്കാർ, തൂപ്പുകാരി തുടങ്ങി നാല്പത്തിരു പേർക്ക് ഈ സമയത്തുതന്നെ കൂലി കൊടുത്തുവന്നിരുന്നു. ഇപ്പോൾ ആ പതിവെല്ലാം മാറ്റി ജോലിക്കാർക്ക് അപ്പപ്പോൾ കൂലി കൊടുക്കുന്നു. പള്ളിയുടെ നിർമ്മാണത്തിൽ പങ്കുവഹിച്ച അന്നത്തെ പുരാതന കുടുംബങ്ങളായ ഇടം, തടം, തെക്കേടം, വടക്കേടം, മാത്തൻകുന്ന്, മണ്ണാർകുന്ന് എന്നീ കുടുംബങ്ങളിൽ തെക്കേടം കുടുംബക്കാർക്ക് (മാന്നാനം കര) ഇന്നും പസാരം, കുഴിക്കാണം എന്നിവയിൽനിന്ന് ഒഴിവു കൊടുത്തിട്ടു്.

### 9.24.5. തിളക്കമേറിയ ചില ഏടുകൾ

അധികം വിദൂരമല്ലാത്ത കാലംവരെ തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഒരു വാണിജ്യകേന്ദ്രമായിരുന്നു അതിരമ്പുഴ. ഇവിടത്തെ സുപ്രസിദ്ധമായ മാർക്കറ്റ് ആരംഭിച്ചത് 1042 (ക്രിസ്തുവർഷം 1867)-ൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്താണ്.

വിദേശമേൽക്കോയ്മയിൽനിന്നു മോചനം നേടുവാനും സുറിയാനി സമുദായത്തിന്റെ ഐക്യം വീടുക്കാനുമുള്ള സംരംഭങ്ങളുടെ ഭാഗമായി പുത്തൻകൂറ്റുകാരുടെ പുനരൈക്യത്തിനു വഴിതെളിക്കുവാൻ കരിയാറ്റിൽ ജോസഫ് മല്പാനെയും പാറേമ്മാക്കൽ തോമ്മാകത്തനാരെയും റോമിലേക്കും പദ്രുവാദോ ഭരണകേന്ദ്രമായ ലിസ്ബണിലേക്കും അയയ്ക്കുന്നതിനായി കേരളത്തിന്റെ തെക്കൻ ദിക്കുകളിലെ ഇടവകക്കാർ സമ്മേളിച്ചത് അതിരമ്പുഴപ്പള്ളിയി

ലായിരുന്നു. ഈ ഇടവകയിൽ ഉൾപ്പെട്ടിരുന്ന ക്നാനായക്കാരായ ഒട്ടനേകം കുടുംബക്കാർ 1813-ൽ കൈപ്പുഴയിൽ ഒരു പള്ളി സ്ഥാപിച്ച് ഇടവക തിരിഞ്ഞുപോയി. 1874-ൽ ഇവിടെ ഉ ാ യിരുന്ന ദൈവാലയം പൊളിച്ചു.

### 9.24.6. ദേശക്കഴുന്ന്

വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് ഇടവകയെ നാലു ഭാഗങ്ങളായി തിരിച്ച് നാലു ദിവസങ്ങളിലായി നടത്തുന്ന കഴുന്നു പ്രദക്ഷിണം വിശുദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള ആഴമേറിയ വിശ്വാസത്തിന്റെയും വിശുദ്ധന്റെ നേർക്കുള്ള അകൈതവമായ ഭക്തിയുടെയും പരസ്യപ്രഖ്യാപനമാണ്. കൊടികയറ്റുന്ന ജനുവരി 19-ാം തീയതിയിലെ കഴുന്നു പ്രദക്ഷിണം കോട്ടയം ടെക്സ്റ്റൈൽസ് ജീവനക്കാരാണു നടത്തുന്നത്.

### 9.24.7. പട്ടണപ്രദക്ഷിണം

ജനുവരി 24-ന് രു പ്രദക്ഷിണങ്ങളാണ് ഉള്ളത്. ആദ്യത്തേത് പട്ടണപ്രദക്ഷിണം എന്ന പേരിൽ അറിയപ്പെടുന്നു. വർണ്ണശബളിമയും താളമേളങ്ങളുംകൊ് ഹൃദയാകർഷകമായ ഈ പ്രദക്ഷിണം വലിയപള്ളിയിൽനിന്ന് ആരംഭിച്ച് പൂർവ്വികർ അന്ത്യവിശ്രമംകൊള്ളുന്ന സിമിത്തേരിപ്പള്ളിയും കടന്ന് പള്ളിക്കടവിൽ എത്തിച്ചേരുന്നു. തുടർന്ന് അവിടത്തെ കുരിശുപള്ളിയിൽ ലദീഞ്ഞും കഴിഞ്ഞ് കുരിശുപള്ളിയോരത്തുകൂടിയുള്ള റോഡിലൂടെ പ്രദക്ഷിണം പള്ളിമൈതാനിയിൽ എത്തുമ്പോൾ വലിയപള്ളിയിൽനിന്നു രാമത്തെ പ്രദക്ഷിണം ആരംഭിക്കുന്നു. ഇരുപ്രദക്ഷിണങ്ങളും ഒന്നുചേർന്ന് വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുസ്വരൂപം സംവഹിച്ചുകൊ് വലിയപള്ളിയിൽ എത്തുന്നതോടെ കരിമരുന്നു കലാപ്രകടനം ആരംഭിക്കുന്നു.

25-ാം തീയതി റാസക്കുർബാനയും ഉച്ചകഴിഞ്ഞ് പ്രദക്ഷിണവും നടക്കുന്നു. വർണ്ണപുഷ്പങ്ങളും വൈദ്യുതദീപങ്ങളും കൊ് അലങ്കരിച്ച് 29 തിരുസ്വരൂപങ്ങൾ വഹിച്ചുകൊുള്ള പ്രദക്ഷിണം നൂറുകണക്കിനു മുത്തുക്കുടകളും ആലവട്ടം, വെഞ്ചാമരം, പദവിക്കുടകൾ, ചുരുട്ടികൾ, തീവെട്ടികൾ മുതലായ മറ്റ് ആഡംബരോപകരണങ്ങളും പ്രദക്ഷിണവീഥിയെ സംഗീതസാന്ദ്രമാക്കുന്ന പഞ്ചവാദ്യങ്ങളുടെ താളക്കൊഴുപ്പുംകൊ് ഏറെ ഹൃദയഹാരിയാണ്.

ഇടവകക്കാരുടെ തിരുനാളായ 26-ാം തീയതി വൈകിട്ട് 9 മണിക്ക് തിരുസ്വരൂപം അൾത്താരയിൽ പുനഃപ്രതിഷ്ഠിക്കുന്നതോടുകൂടി തിരുനാൾ സമാപിക്കുന്നു.

### 9.24.8. പള്ളിമണികൾ

ജർമ്മൻ നിർമ്മിതമായ മൂന്നു മണികൾ അതിരമ്പുഴപ്പള്ളിക്കു്. 1904 ധനുമാസത്തിൽ കൂടിയ പള്ളിയോഗം പള്ളിക്കുവേ മണികൾ വിദേശത്തുനിന്നു വരുത്താൻ വരാപ്പുഴ പുത്തൻപള്ളി സെമിനാരി റെക്ടർ ആയിരുന്ന ബോനിഫാസ് മൂപ്പച്ചനെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ ശ്രമഫലമായി മൂന്നു വലിയ മണികൾ 1906-ൽ ജർമ്മനിയിൽനിന്ന് ഇവിടെയെത്തി. ഈ മണികളിൽ ഏറ്റം വലുതിൽ ആർക്ക് ഏഞ്ജൽ എന്നും രാമത്തേതിൽ 'സാൻ സെബസ്ത്യാൻ' എന്നും ഏറ്റം ചെറുതിൽ സാൻ മരിയ എന്നും പേരുകൾ രേഖപ്പെടുത്തിയിട്ടു ്.

### 9.24.9. ഇപ്പോഴത്തെ ദൈവാലയം

ഇപ്പോഴത്തെ ദൈവാലയത്തിന്റെ ശിലാസ്ഥാപനം 1962 സെപ്തംബർ 3-ാം തീയതി നടന്നു. അമേരിക്കൻ ശില്പകലാമാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ള ഈ ദൈവാലയത്തിന് 180 അടി

നീളവും 55 അടി വീതിയുമു്. ഇതിന്റെ മുഖവാരത്തിനു 101-ഉം മണിഗോപുരത്തിന് 85-ഉം അടി ഉയരമു്. 1874-ൽ പണികഴിപ്പിച്ച പഴയപള്ളിയിലെ അൾത്താരയും അതോടനുബന്ധിച്ചുള്ള ശില്പസംവിധാനങ്ങളും അതേപടി നിലനിർത്തിക്കൊാണ് പുതിയ പള്ളി പണിതിരിക്കുന്നത്. അൾത്താരയിലെ ഈ ശില്പസംവിധാനങ്ങൾ പ്രാചീന ശില്പകലയുടെ ഉദാത്ത മാതൃകയായി നിലകൊള്ളുന്നു.

**വി. സെബസ്ത്യാനോസിന്റെ രൂപം**

സഭ ഔദ്യോഗികമായി വി. സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 20-നാണ് ആഘോഷിക്കുന്നത്. അതനുസരിച്ച് ആദ്യകാലങ്ങളിൽ ഈ തീയതിയിൽതന്നെയാണ് അതിരമ്പുഴ തിരുനാളും കൊാടിയിരുന്നത്. കുറേക്കാലം കഴിഞ്ഞപ്പോൾ തലപ്പള്ളിയായ കുറവിലങ്ങാട്ടും വിശുദ്ധന്റെ തിരുനാൾ ഇതേ തീയതിയിൽതന്നെ ആഘോഷിച്ചുതുടങ്ങി. രു പള്ളികളിലും ഒരേദിവസംതന്നെ തിരുനാൾ ആഘോഷിക്കുന്നതുമൂലമുായ പ്രായോഗികബുദ്ധിമുട്ടുകൾ പരിഗണിച്ച് പൂർവ്വികന്മാർ അതിരമ്പുഴപ്പള്ളിയിലെ തിരുനാളിന്റെ തീയതിക്ക് മാറ്റം വരുത്തി, തലപ്പള്ളിയായ കുറവിലങ്ങാട്ട് ജനുവരി 20-നു തന്നെ തിരുനാൾ ആഘോഷിച്ചപ്പോൾ കീഴ്പള്ളിയായ അതിരമ്പുഴയിൽ ജനുവരി 25 ന് തിരുനാൾ കൊാടുവാൻ തീരുമാനിച്ചു. 1728 മുതലാണ് ഇങ്ങനെ വ്യത്യസ്ത തീയതിയിൽ അതിരമ്പുഴ തിരുനാൾ ആഘോഷിച്ചുതുടങ്ങിയത്. 1924 വരെ തിരുനാളിന്റെ തലേരാത്രിയിൽ വെളുക്കുന്നതുവരെ കലാപരിപാടികളും കരിമരുന്നു കലാപ്രകടനങ്ങളും നടത്തിയിരുന്നു. ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ ,ഈ തിരുനാളാഘോഷങ്ങൾക്ക് 250 വർഷത്തിനുമേൽ പഴക്കമുന്നെു വ്യക്തമാകുന്നു.

ഇപ്പോഴത്തെ വലിയപള്ളിയിൽ നിന്നു 200 വാര കിഴക്കു മാറി ഗോഥിക് മാതൃകയിലുള്ളതും ശില്പചാതുരി വഴിയുന്നതുമായ ഒരു ദൈവാലയം കാണാം. അതാണ് വി. സെബസ്ത്യാനോസിന്റെ പള്ളി. ഈ പള്ളിയുടെ പണി 1910-ൽ പൂർത്തിയായി.

**9.24.10. എട്ടുനോമ്പും മാതാവിന്റെ തിരുനാളും**

പുമുതലേ ഈ പള്ളിയിൽ എട്ടു നോമ്പ് ആചരിക്കുന്ന പതിവ് ഉായിരുന്നു. സെപ്തംബർ ഒന്നു മുതൽ എട്ടുവരെയുള്ള തീയതികളിൽ സ്ത്രീകളും പുരുഷന്മാരും നോമ്പ് ആചരിക്കുകയും എട്ടാം തീയതി മറിയത്തിന്റെ പിറവിത്തിരുനാൾ കൊാടുകയും ചെയ്തിരുന്നു. ഈ തിരുനാളിന് 'കല്ലിട്ടതിരുനാൾ', 'പൂത്തിരുനാൾ' എന്നൊക്കെയാണ് സാധാരണ പേര് പറഞ്ഞിരുന്നത്. ഇപ്പോഴും എട്ടുനോമ്പ് ആചരണം ഇവിടെ തുടർന്നുവരുന്നു. എന്നാൽ 1809 -ൽ ഒരു ദർശനസമൂഹം ഇവിടെ രൂപംകൊതോടുകൂടി എല്ലാവർഷവും സെപ്തംബർ മൂന്നാം ഞായറാഴ്ച വ്യാകുലമാതാവിന്റെ ദർശനത്തിരുനാളായി ആചരിച്ചുവരികയാണ്. തിരുനാളിന് ദർശനസമൂഹങ്ങളായ നൂറുകണക്കിന് ആളുകൾ ദർശനവസ്ത്രം ധരിച്ചാണ് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത്.

**9.24.11. കരിങ്കൽ കുരിശ്**

പള്ളിയുടെ മുൻഭാഗത്ത്, എട്ടുപട്ടമായി ഒരു കോൽ പൊക്കത്തിൽ തറ കെട്ടി, അത്രയും വീതിയിൽ പടികളും നിർത്തി, മദ്ധ്യേ തൂണുകളും അവയിൽ കരിങ്കൽ വിളക്കുകളും സ്ഥാപിച്ച് 12 കോൽ പൊക്കത്തിൽ 18-ാം ശതകാരംഭത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഒരു വലിയ കരിങ്കൽ കുരിശു നില്പു്.

### 9.24.12. പൊതുസേവനരംഗങ്ങളിലെ സംഭാവനകൾ

ജാതിമതഭേദമെന്യേ പൊതുജനങ്ങൾക്കു പ്രയോജനപ്രദമാകത്തക്കവിധം വിവിധ സേവനരംഗങ്ങളിൽ സംഭാവനകളർപ്പിക്കുവാൻ അതിരമ്പുഴ ഇടവക മുന്നോട്ടു വന്നിട്ടു്. സർ സി.പി. രാമസ്വാമി അയ്യർ ദിവാനായിരുന്നപ്പോൾ അതിരമ്പുഴ ഗവണ്മെന്റ് ഹോസ്പിറ്റലിന് സ്ഥലവും കെട്ടിടവും ഉപകരണങ്ങളും പള്ളിയിൽനിന്നു നല്കിയെന്നുള്ളത് ഇവിടെ പ്രസ്താവ്യമാണ്. അതിരമ്പുഴ വില്ലേജ് ഓഫീസിന് അഞ്ചു സെന്റ് സ്ഥലം പള്ളി ദാനമായി നല്കിയെന്നതും സ്മരിക്കട്ടെ.

### 9.24.13. പുതിയ പള്ളികൾ രൂപംകൊള്ളുന്നു

കാണക്കാരിയിൽ തുടങ്ങി കോട്ടയ്ക്കപ്പുറംകൂടി കൈപ്പുഴവരെയും അവിടെനിന്നു മാന്നാനം കടന്ന് അടിച്ചിറവരെയും പിന്നീട് തെള്ളകം, ചെറുവാൂർ, വെട്ടിമുകൾ എന്നീ സ്ഥലങ്ങൾ കടന്ന് കാണക്കാരിയിൽ വീും ചെന്നവസാനിക്കുന്ന ഭൂപ്രദേശങ്ങൾക്കുള്ളിൽ അധിവസിച്ചിരുന്ന എല്ലാ ക്രിസ്തീയകുടുംബങ്ങളുടെയും ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റിയിരുന്നത് അതിരമ്പുഴ പള്ളിയിലാണ്. വിസ്തൃതമായ ഈ ഇടവകയിൽ ജനസംഖ്യ വർദ്ധിച്ചപ്പോൾ പുതിയ ഇടവകകൾ രൂപംകൊു.

അതിരമ്പുഴയിൽനിന്നു പിരിഞ്ഞ് ആദ്യം ഇടവകയായിത്തീർന്നത് കൈപ്പുഴയായിരുന്നു (1813), പിന്നീട് ചെറുവാൂർ (1889), വെട്ടിമുകൾ (1899), തെള്ളകം-പുഷ്പഗിരി (1959), കോട്ടയ്ക്കപ്പുറം (1959), ഏറ്റുമാനൂർ (1960), രത്നഗിരി (1990; ഇപ്പോൾ പാലാ രൂപതയിൽ) എന്നീ ഇടവകകൾ രൂപംകൊു. മണ്ണാർകുന്ന്, നാല്പാത്തിമല എന്നിവയും അതിരമ്പുഴപ്പള്ളിയുടെ കീഴിലുള്ള കുരിശുപള്ളികളായിരുന്നു ഇവയും പിന്നീട് ഇടവകകളായി മാറി.

## 9.25. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം (1117) - ചരിത്രാവലോകനം

സുദീർഘവും സമ്പന്നവുമായ ഒരു ക്രൈസ്തവ പൈതൃകമുൾക്കൊള്ളുന്നതും നൂറ്റാുകളിലെ പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ളതുമായ ചങ്ങനാശേരി അതിരൂപതയുടെ സിംഹാസനപ്പള്ളിയാണ് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം. 1888-ൽ കോട്ടയം വികാരിയാത്തിന്റെ സാരഥിയായി അധികാരമേറ്റ ഡോ. ചാൾസ് ലവീഞ്ഞ് പിതാവ്, ചങ്ങനാശേരിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ബൃഹത്തും മനോഹരവുമായ ഈ ദൈവാലയത്താൽ ആകൃഷ്ടനായാണ് തന്റെ ആസ്ഥാനം ചങ്ങനാശേരിയിലേക്കു മാറ്റിയത്. വിശുദ്ധിയുടെയും കർമ്മധീരതയുടെയും വ്യക്തിമാഹാത്മ്യത്തിന്റെയും ഉദാത്തമാതൃകകളായി ദൈവജനത്തെ വിശ്വാസപാതയിലൂടെ നയിച്ച പിതാക്കന്മാരിൽ പലരും ഈ ദൈവാലയത്തിന്റെ മദ്ബഹായിൽ അന്ത്യവിശ്രമം കൊള്ളുന്നു. ചങ്ങനാശേരി അതിരൂപതാചരിത്രവും ഈ അതിമെത്രാസനദൈവാലയചരിത്രവും ബന്ധപ്പെട്ടു കാണപ്പെടുന്നു.

### 9.25.1. ചങ്ങനാശേരിയിലെ പ്രഥമ ദൈവാലയം

ചങ്ങനാശേരിപ്പള്ളിയുടെ സ്ഥാപനം സംബന്ധിച്ചു പരമ്പരാഗതമായി കൈമാറിവന്നിട്ടുള്ള പ്രസിദ്ധമായ ഒരു ഐതിഹ്യമു്. തെക്കുംകൂർ രാജാവിന്റെ മന്ത്രിമാരിൽ ഒരാളായിരുന്ന കല്ലറയ്ക്കൽ തരകനോടു ബന്ധപ്പെട്ടതാണത്.

ചങ്ങനാശേരിയിലെ ക്രിസ്ത്യാനികൾ അക്കാലത്ത് ദൈവാലയശുശ്രൂഷയിൽ സംബന്ധിച്ചിരുന്നത് നിരണംപള്ളിയിലായിരുന്നു. തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഏഴരപ്പള്ളികളിൽ ഒന്നാണ് നിരണംപള്ളി. എ.ഡി. ആദ്യനൂറ്റാുകളിൽ നിരണം ഒരു വാണിജ്യകേന്ദ്രമായിരുന്നു. ഏറെ നൂറ്റാുകാലം ചങ്ങനാശേരിയിലെയും പരിസരപ്രദേശങ്ങളിലെയും ക്രിസ്ത്യാനികളുടെ ഏക ആരാധനാലയം നിരണം പള്ളിയായിരുന്നു. ഇവിടെ പരാമർശിക്കുന്ന കാലഘട്ടത്തിൽ കല്ലറയ്ക്കൽ തരകനും ചങ്ങനാശേരിയിലെ ക്രിസ്ത്യാനികളും നിരണത്തു ചെന്നുചേർന്നതിനുശേഷമേ പള്ളിയിൽ വിശുദ്ധ കുർബാന ആരംഭിക്കാറുായിരുന്നുള്ളു. എന്നാൽ ഒരു ഓശാനഞായറാഴ്ചദിവസം പതിവു തെറ്റി. ഏതോ കാരണവശാൽ തരകനും മറ്റും നിരണത്ത് എത്തിയത് അല്പം താമസിച്ചായിരുന്നു. അവർ അവിടെ എത്തിയപ്പോഴേക്ക് കുർബാന സമാപിക്കാറായി. തരകനു ദുഃഖവും അപമാനബോധവും ഉായി. മന്ത്രിയുടെ സങ്കടം മനസ്സിലാക്കിയ തിരുവിതാംകൂർ രാജാവ് ചങ്ങനാശേരിയിൽ ക്രിസ്ത്യാനികൾക്ക് ഒരു പള്ളി പണിയുവാൻ തീരുമാനിച്ചു. കൊട്ടാരം ജ്യോത്സ്യന്റെ നിശ്ചയപ്രകാരം ആന തടി വലിച്ചിട്ട സ്ഥലത്തു പള്ളി പണിയുവാൻ അനുവദിക്കുകയും അവിടെ 'ചങ്ങഴിനാഴൂരി' പയറ്റുപാടു സ്ഥലം അതിനായി നല്കുകയും ചെയ്തു. അക്കാലത്ത് കരഭൂമി അളക്കാൻ പയറു വിതയ്ക്കാവുന്ന സ്ഥലവും നിലം അളക്കാൻ നെല്ലു വിതയ്ക്കാവുന്ന സ്ഥലവുമാണ് മാനദണ്ഡമായി കരുതിയിരുന്നത്. രാജാവ് സന്തം ചെലവിൽതന്നെ പള്ളി പണിയിക്കുകയായിരുന്നുവത്രെ.

### 9.25.2. ചങ്ങനാശേരി - പദനിഷ്പത്തി

'ചങ്ങഴിനാഴൂരി' എന്ന പദസമുച്ചയം ക്രമേണ രൂപപരിണാമം പ്രാപിച്ച് 'ചങ്ങനാശേരി' എന്ന സ്ഥലനാമമുായി എന്നാണ് പ്രബലമായ ഒരഭിപ്രായം. പുരാതനകാലത്ത് ചങ്ങനാശേരി എന്ന സ്ഥലനാമമുായിരുന്നില്ല. പെരുന്ന പുഴവാത്, ഉമ്പുഴി തുടങ്ങിയ സ്ഥലങ്ങൾ ചേർന്നതായിരുന്നു ഈ പ്രദേശം. ദൈവാലയം സ്ഥാപിക്കുവാൻ തെക്കുംകൂർ രാജാവ് ദാനമായി നൽകിയ 'ചങ്ങഴിനാഴൂരി' പയറ്റുപാടു സ്ഥലത്തിനു 'ചങ്ങഴിനാഴൂരി' എന്ന പേരു പതിഞ്ഞു കിട്ടുകയുായത്രെ. 'ചങ്ങഴിനാഴൂരി'യിലെ 'ഴ'കാരങ്ങൾ ലോപിച്ച് 'ചങ്ങനാരി' രൂപം പ്രാപിക്കുകയും അതു പരിഷ്കരിക്കപ്പെട്ട് 'ചങ്ങനാശേരി'യാകുകയും ചെയ്തുവെന്നാണ് ചില സ്ഥലനാമവിദഗ്ദ്ധർ നൽകുന്ന പദനിഷ്പത്തി. 'ശംഖനാദചേരി'യാണ് ചങ്ങനാശേരി ആയതെന്നും ഒരഭിപ്രായമു്.

തെക്കുംകൂർ രാജ്യത്തിന്റെ ആവിർഭാവം ക്രിസ്തുവർഷം 12-ാം നൂറ്റാിലായിരുന്നുവെന്ന് ചരിത്രകാരന്മാർ കരുതുന്നു. അക്കാലത്ത് ആ രാജ്യം ഭരിച്ചിരുന്നത് ആദിത്യവർമ്മ എന്ന രാജാവായിരുന്നു. അദ്ദേഹം വ്യാപാരാവശ്യങ്ങൾക്കായി ഏതാനും ക്രൈസ്തവകുടുംബങ്ങളെ അങ്ങാടിയിൽ കൊുവന്നു കുടിയിരുത്തുകയുായി. അവരിൽ പ്രധാനി കല്ലറയ്ക്കൽ തരകനായിരുന്നു. അന്നു ചങ്ങനാശേരിയിൽ ആയിരത്തോളം ക്രൈസ്തവകുടുംബങ്ങൾ ഉായിരുന്നുവെന്ന് ചരിത്രകാരനായ ഫാ. ബർണാർദ് റ്റി.ഒ.സി.ഡി. 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. പെരുന്ന സുബ്രഹ്മണ്യക്ഷേത്രത്തിൽ എണ്ണതൊട്ടു ശുദ്ധിയാക്കുന്നതിനുവേി ഇടപ്പള്ളിയിൽനിന്നു കുത്തുകല്ലുങ്കൽ നസ്രാണികുടുംബത്തെ പെരുന്നയിൽ കൊുവന്നതായി ആ ക്ഷേത്രത്തിന്റെ ചരിത്രത്തിലും പ്രസ്താവിച്ചിട്ടു്. ക്രിസ്ത്യാനികളിൽ പ്രമാണിയായിരുന്ന കല്ലറയ്ക്കൽ തരകന്റെ ബുദ്ധിസാമർത്ഥ്യവും ധൈര്യവും ആയോധനപാടവവും മനസ്സിലാക്കിയ തെക്കുംകൂർ രാജാവ് അദ്ദേഹത്തെ തന്റെ

സൈന്യമേധാവിയായ ഒരു മന്ത്രിയായി നിയമിച്ചു. ക്രിസ്ത്യാനികളുടെ നേതാവായിരുന്ന തരകന് ചില നിർബന്ധങ്ങളെല്ലാം ഉായിരുന്നു. അന്യസ്ഥലങ്ങളിൽനിന്നു ചങ്ങനാശേരിയിൽ കുടിയേറിയവർ തങ്ങളുടെ കുടുംബപ്പേരോടുകൂടെ ജന്മനാടിന്റെ പേരുകൂടി ചേർത്തുകൊള്ളണമെന്നതായിരുന്നു ഒരു നിബന്ധന. ഇതനുസരിച്ചാണ് ഇന്നു പ്രചാരത്തിലിരിക്കുന്ന കാവാലം, കുട്ടംപേരൂർ, ചക്കാലയ്ക്കൽ, ചങ്ങങ്കരി, കൊടുപ്പുന്ന വലിയവീട്ടിൽ, ഒളശ്ശ മുതലായ കുടുംബനാമങ്ങൾ ഉായത്. തരകന്റെ കാലശേഷം ഈ നിബന്ധന മുറയ്ക്കു പാലിക്കപ്പെട്ടിരുന്നില്ല. എന്നാൽ ചങ്ങനാശേരി ചന്തയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് സ്ഥലം കച്ചവടാവശ്യത്തിനു പതിച്ചു നൽകിയപ്പോൾ ഈ നിബന്ധന പാലിക്കപ്പെട്ടു.

### 9.25.3. ചങ്ങനാശേരിയുടെ ചരിത്രം

ചങ്ങനാശേരിയുടെ അറിയപ്പെടുന്ന ചരിത്രം ആരംഭിക്കുന്നത് നന്റുഴൈനാടിന്റെ ആവിർഭാവത്തോടെയാണ്. മഹോദയപുരം തലസ്ഥാനമാക്കി ഭരിച്ച കുലശേഖരചക്രവർത്തിമാരുടെ കാലത്ത് കേരളം പല നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. അതിലൊന്നായിരുന്നു നന്റുഴൈനാട്. ചങ്ങനാശേരി പ്രദേശം ഉൾപ്പെട്ടിരുന്ന നന്റുഴൈനാടിന്റെ തലസ്ഥാനം തൃക്കൊടിത്താനമായിരുന്നുവെന്നാണ് എ.ഡി. 995-ലെ തൃക്കൊടിത്താനം ശാസനത്തിൽനിന്നു മനസ്സിലാകുന്നത്. നന്റുഴൈനാടിന്റെ തിരോധനത്തെത്തുടർന്ന് ആ പ്രദേശംകൂടി വെമ്പലനാട്ടിൽ ഉൾപ്പെട്ടതായി കരുതാം. ക്രിസ്തുവർഷം 1100-ൽ വെമ്പലനാട് തെക്കുംകൂറെന്നും വടക്കുംകൂറെന്നും രായി പിരിയുകയുായി. ഇന്നത്തെ ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, തിരുവല്ല, കോട്ടയം എന്നീ താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗവും കോട്ടയം ജില്ലയിലെ ഹൈറേഞ്ചും ചേർന്നതായിരുന്നു തെക്കുംകൂർ. തെക്കുംകൂർ രാജാവിന്റെ പല കൊട്ടാരങ്ങളിലൊന്ന് പുഴവാതിലെ നീരാഴിക്കൊട്ടാരമായിരുന്നു. ഇതിനടുത്താണു ചങ്ങനാശേരിപ്പള്ളി സ്ഥിതി ചെയ്യുന്നത്. എ.ഡി. 1117-ലാണ് ചങ്ങനാശേരിയിലെ ആദ്യദൈവാലയം പണികഴിപ്പിക്കപ്പെട്ടതെന്നാണ് പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നത്.

തെക്കോട്ടു ദർശനമായിട്ടായിരുന്നു ആദ്യത്തെ പള്ളി പണിതിരുന്നത്. ആ പള്ളിയുടെ മുൻഭാഗത്താണ് ഇപ്പോൾ മെത്രാപ്പോലീത്തൻ പള്ളിയുടെ തെക്കുവശത്തുള്ള കുരിശടി നില്ക്കുന്നത്. ഏതാ് 50 വർഷം മുമ്പുവരെ അവിടെ ഒരു തടിക്കുരിശ് മാത്രമായിരുന്നു നിന്നിരുന്നത്. പിന്നീടാണ് അതു മാറ്റി ഇപ്പോഴത്തെ കുരിശടി പണിതത്.

### 9.25.4. ചങ്ങനാശേരി - മതസൗഹാർദ്ദത്തിന്റെ മാതൃക

പള്ളിയുടെ ദർശനം തെക്കോട്ടായിരിക്കണമെന്നു രാജാവിനു നിർബന്ധമുാകാൻ കാരണമു്. ഡിസംബർ മാസത്തിൽ ക്രിസ്ത്യൻ ദൈവാലയത്തിലെ ക്രിസ്തുമസ് ആഘോഷവും കാവിൽ ക്ഷേത്രത്തിലെ ചിറപ്പും മുസ്ലീംപള്ളിയിലെ ചന്ദനക്കുടവും രാജാവിന് എഴുന്നെള്ളത്തുപുരയിലിരുന്നു കാണണമായിരുന്നു. മതസഹിഷ്ണുവായിരുന്ന തെക്കുംകൂർ രാജാവ് എഴുന്നള്ളത്തുപുരയുടെ പൂമുഖത്തിരുന്ന് മൂന്നു ദൈവാലയങ്ങളിലെയും ആഘോഷങ്ങൾ ദർശിക്കുമായിരുന്നുവത്രെ. അദ്ദേഹത്തിന്റെ മറ്റൊരാഗ്രഹം ക്രിസ്ത്യൻ പള്ളിയിലെ മണിനാദവും മോസ്കിലെ വാങ്കുവിളിയും ക്ഷേത്രത്തിലെ ശംഖനാദവും കേട്ടുണരണമെന്നതായിരുന്നു. ക്രിസ്ത്യൻ ദൈവാലയത്തിൽ വിളക്കെണ്ണ വാങ്ങാൻ 21 പണവും രാജാവ് അനുവദിച്ചുകൊടുത്തിരുന്നു. മാർത്താണ്ഡവർമ്മ രാജാവ് തെക്കുംകൂർ വെട്ടിപ്പിടിച്ചെടുത്ത് വേണാടിനോടു

ചേർത്തശേഷവും വിളക്കെണ്ണയ്ക്കുള്ള പണം പള്ളിക്കു കൊടുക്കുമായിരുന്നു. മാർത്താണ്ഡ വർമ്മ തെക്കുംകൂർ പിടിച്ചടക്കിയത് 1750 സെപ്റ്റംബർ 11-ാം തീയതിയായിരുന്നുവെന്നു ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ കാണുന്നു. 1749 ഡിസംബറിൽ ഡിലനായിയുടെയും രാമയ്യന്റെയും നേതൃത്വത്തിലുള്ള സൈന്യം ചങ്ങനാശേരി പിടിച്ചെടുത്തു. 1754-ലാണ് തെക്കുംകൂർ പൂർണ്ണമായി തിരുവിതാംകൂറിൽ ലയിച്ചത്.

### 9.25.5. പള്ളിയുടെ അവകാശം

ചങ്ങനാശേരി പള്ളിക്ക് വിളക്കെണ്ണയ്ക്കു പണം നൽകുന്നതു സംബന്ധിച്ച് 1938 നവംബർ 19 ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് താഴെ കൊടുക്കുന്നു.

Karatil Chilavu
G.O.R.D. No. 2095/38
Dated 19-11-1938
P.P.O. No. K. 30 (Revised)
Office of the Accountant General, Trivandrum
Renewed No. J 184/15-11-1920
Roma Syrian Church Changanacherry
3.02 only

Karattil Chilavu due to the above Roma Syrian Church on Survey No. 48/1 A in the Changanacherry Pakuthy from the Changanacherry Sub Treasury with permission to draw the allowance by the Kariakar from time to time on his receipt Counter Signed by the Vicar of the Church up on the production of this order and a receipt according to usual form. The payment should commence from 1st Chingam 1119.

Sd/-
Asst. Acountant General

ജനകീയഭരണം തുടങ്ങിയതിനുശേഷം ഈ തുക പള്ളിക്ക് പെൻഷൻ എന്ന നിലയ്ക്കാണ് കൊടുത്തുപോന്നത്. ഇന്നും ഈ ഇനത്തിൽ പള്ളിക്കു ലഭിക്കുനന ഈ തുക 3.02 രൂപാ തന്നെയാണ്.

### 9.25.6. രാമത്തെ പള്ളി

പ്രഥമ ദൈവാലയം മതിയാകാതെ വന്നപ്പോൾ അതു പൊളിച്ചുകളഞ്ഞശേഷം രാമത്തെ പള്ളി പണികഴിപ്പിച്ചു. 13-ാം നൂറ്റാാടുകൂടിയാണ് വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ നാമത്തിലുള്ള ചെറിയപള്ളി പണിതീർത്തതെന്നു കരുതപ്പെടുന്നു. വ്യാകുലമാതാവിന്റെ പള്ളി എന്നു ഈ പള്ളിക്കു പേരു്. ചങ്ങനാശേരിയിലെ ആദ്യത്തെ പള്ളി 13-ാം നൂറ്റാിലാണു പൊളിച്ചുമാറ്റിയത്. ഇന്നത്തെ ചെറിയപള്ളി 18-ാം നൂറ്റാിൽ ഉായിരുന്നതായി ചരിത്രസംഭവങ്ങൾ വ്യക്തമാക്കുന്നു്. അതിനാൽ രാമത്തെ പള്ളി 13-ാം നൂറ്റാിനും 18-ാം നൂറ്റാിനും ഇടയ്ക്കായിരിക്കും പണിതതെന്ന് നമുക്ക് അനുമാനിക്കാം. ഈ പള്ളി എന്നു പണിതു എന്നു തീർത്തു പറയാൻ രേഖകളൊന്നും കാണുന്നില്ല. പ്രസ്തുത പള്ളി ഇന്നു പൂർവ്വ

സ്ഥിതിയിൽതന്നെ സംരക്ഷിച്ചുപോരുന്നു. ഒരു കൂട്ടിച്ചേർക്കലാണ് ഇന്നു വ്യത്യസ്തമായി കാണുന്നത്. ഈ പള്ളിക്കു രു പ്രാവശ്യം പോർട്ടിക്കോ (മോ ളം) പണിയുകയുായി. ആദ്യത്തെ മോ ളം 1911-ൽ പൊളിച്ചുകളഞ്ഞുവെങ്കിലും അതിന്റെ തറപ്പാട് ഇന്നത്തെ രാമത്തെ മോളം പണിയുന്നതുവരെ കാണാമായിരുന്നു. ഈ മോളം പൊളിച്ച കാര്യം 1911 -ലെ പള്ളിയോഗനടപടിപുസ്തകത്തിൽ കാണാം. മദ്ധ്യത്തിലുള്ള രൂപക്കൂട്ടിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു സെബസ്ത്യാനോസ് പുണ്യവാളന്റെ രൂപമാണ്. പള്ളിയുടെ മുൻഭാഗത്തു സഹദായുടെ രക്തസാക്ഷിത്വത്തിന്റെ അടയാളമായ അമ്പും വില്ലും മുടിയും കുമ്മായക്കൂട്ടുകൊു നിർമ്മിച്ചിട്ടു്. അകത്തെ വളവിൽ മാർത്തോമ്മാ കുരിശിന്റെ മാതൃകയിലുള്ള കുരിശും മുകളിൽ പ്രാവും ഉല്ലേഖനം ചെയ്തിരിക്കുന്നു. അൾത്താരയുടെ റെത്താളിന്റെ മദ്ധ്യത്തിൽ സ്വന്തം മാറുകീറി അതിൽനിന്നു വീഴുന്ന രക്തം കുഞ്ഞുങ്ങൾക്ക് പാനീയമായി കൊടുക്കുന്ന പെലിക്കൻപക്ഷിയുടെ ചിത്രം രേഖപ്പെടുത്തിയിട്ടു്. വളരെ അർത്ഥവത്തായി ഈ പ്രതീകം പല പള്ളികളുടെയും റെത്താളിൽ ചിത്രീകരിച്ചുകാണുന്നു്. മെത്രാപ്പോലീത്തൻപള്ളിയുടെ തെക്കുവശത്തെ ചാപ്പലിന്റെ നടയുടെ താഴത്തെ വശത്തും ഈ ചിത്രം രചിച്ചിട്ടുായിരുന്നു. പള്ളിയുടെ തറ മൊസൈക്കു ചെയ്തപ്പോൾ ഭിത്തികളിലുായിരുന്ന ചിത്രങ്ങളെല്ലാം മായിച്ചുകളഞ്ഞ കൂട്ടത്തിൽ പ്രസ്തുത ചിത്രവും മായിച്ചുകളഞ്ഞതാണ്.

പള്ളിയുടെ മുൻവശത്തെ വാതിലിനു വടക്കുവശത്തായി ഭിത്തിയിൽ ഹന്നാൻവെള്ളം സൂക്ഷിക്കുന്ന വലിയ കൽപ്പാത്രം പിടിപ്പിച്ചിരിക്കുന്നു. അതിനു പുറമെ പള്ളിയുടെ ചുറ്റുമുള്ള ഭിത്തിയിൽ പിടിപ്പിച്ചിരിക്കുന്ന കൽവിളക്കുകൾ (വിളക്കുമാടങ്ങൾ) ഇപ്പോഴും കാണാവുന്നതാണ്. ഇന്നത്തെപ്പോലെ പരിഷ്കൃതവിളക്കുകൾ പ്രചാരത്തിലില്ലാതിരുന്ന കാലഘട്ടത്തിൽ പള്ളിയിലെ രാത്രി ചടങ്ങുകൾക്ക് ഈ കൽവിളക്കുകളിൽ എണ്ണയൊഴിച്ച് തിരിയിട്ടു കത്തിച്ചായിരുന്നു വെളിച്ചം കിരുന്നത്. ഗ്യാസ് വിളക്കുകളും വൈദ്യുതിവിളക്കുകളും പ്രചാരത്തിലായതോടുകൂടി ഇവ ഉപയോഗശൂന്യമായി. അക്കാലത്ത് രാത്രിയിലെ പ്രദക്ഷിണത്തിന് തീവെട്ടി(പന്തങ്ങൾ)കളാണ് ഉപയോഗിച്ചിരുന്നത്. പള്ളിക്കു ധാരാളം തീവെട്ടികളുായിരുന്നു.

പഴയ പല പള്ളികളുടെയും പുറത്തെ ഭിത്തിയിൽ വിവിധതരത്തിലുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും മനുഷ്യരുടെയും ചിത്രങ്ങൾ കുമ്മായംകൊ് നിർമ്മിച്ചിരുന്നു. കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ പ്രാചീന ദൈവാലയങ്ങളിൽ ഇവ ഇന്നും കാണാം. അതുപോലെ ഈ ചെറിയപള്ളിയുടെ പുറംഭിത്തിയിൽ മുഖാഭിമുഖമായി നിൽക്കുന്ന രു കടുവകളുടെ ചിത്രം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ നഷ്ടശിഷ്ടങ്ങളാണ് ഇപ്പോൾ കാണാനുള്ളത്. വടക്കേഭിത്തിയിൽ അന്യോന്യം നോക്കിനിൽക്കുന്ന രു മയിലുകളുടെ ചിത്രം ഇന്നും കാണാം. ഇവയെല്ലാം കുമ്മായത്തിലാണു തീർത്തിരിക്കുന്നത്.

ഈ പള്ളിയുടെ അൾത്താരയുടെ പ്രധാന സ്ഥാനത്ത് വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. പള്ളിയകത്തു വിരിയിടുന്നതിന്റെ മുകളിൽ ഭിത്തിയിൽ ഒരു കുരിശും മുകളിൽ പ്രാവും കുരിശിന്റെ തുകളിൽ പക്ഷികളും ചിത്രീകരിക്കപ്പെട്ടിട്ടു്. ബാൽക്കണിയുടെ മുൻവശത്തു തുലാത്തിന്മേൽ കൊത്തിയിരിക്കുന്ന പ്രതീകാത്മകമായ ചിത്രങ്ങൾ ശ്രദ്ധേയമാണ്.

പള്ളിയുടെ മദ്ബഹായ്ക്കു വെളിയിൽ വടക്കും തെക്കുമായി ഓരോ അൾത്താരയു്. അവയിൽ വടക്കുവശത്തുള്ള അൾത്താരിലെ രൂപം വ്യാകുലമാതാവിന്റേതാണ്. മറ്റേത് വി.

ഫ്രാൻസീസ് അസ്സീസിയുടേതും. ഇവയിൽ വ്യാകുലമാതാവിന്റെ പ്രതിമ ഹൃദയാവർജ്ജകമാണ്. പ്രതിദിനം അനേകംപേർ ഈ രൂപത്തിനു മുമ്പിൽ മുട്ടുകത്തി പ്രാർത്ഥിക്കുകയും തിരി കത്തിക്കുകയും വലിയ നിലവിളക്കിൽ എണ്ണയൊഴിക്കുകയും ചെയ്തുപോരുന്നു. വെള്ളിയാഴ്ചകളിൽ തീർത്ഥാടകരുടെ സംഖ്യ വർദ്ധിതമായിരിക്കുമെന്നതിനാൽ എല്ലാവർക്കും വെയിലും മഴയും കൊള്ളാതെ ഇരിക്കുന്നതിനുവേയാണ് രാമതും മറ്റൊരു മോളം പണിതത്. വ്യാകുലമാതാവിന്റെ സന്നിധിയിൽ പ്രതിദിനം പ്രാർത്ഥിക്കുവാൻ എത്തുന്ന തീർത്ഥാടകരുടെ ആധിക്യം നിമിത്തം ഈ പള്ളിയെ വ്യാകുലമാതാവിന്റെ പള്ളിയെന്നും പറഞ്ഞുപോരുന്ന്.

വ്യാകുലമാതാവിന്റെ നടയുടെ മുൻപിൽ ഓടുകൊു നിർമ്മിതമായ ഒരു വലിയ വിളക്കു തൂക്കിയിട്ടിരിക്കുന്നു. ഈ നിലവിളക്ക് 1933 മെയ് 15 ന് കുരിശിങ്കപ്പറമ്പിൽ വർക്കി തോമ്മാ നൽകിയതാണെന്ന് അതിൽ രേഖപ്പെടുത്തിയിട്ടു്.

### 9.25.7. കരിങ്കൽ കുരിശ്

ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളിയുടെ മുൻവശത്തുകൂടി കടന്നുപോകുന്നവരെ ആകർഷിക്കുന്ന ഒരു ദൃശ്യമാണു മനോഹരമായ കരിങ്കൽകുരിശും ചിത്രപ്പണികൾകൊ് അലംകൃതമായ അതിന്റെ ബൃഹത്തായ ചുവട് അഥവാ പീഠവും. കുരിശിന്റെ ചുവടുവിട്ട് ഉയരം ഏകദേശം 20 അടിയാണ്. കുറുകെയുള്ള തിന് 10 അടി നീളം ു്. നാലുപട്ടമായി ചതുരത്തിൽ കൊത്തിയെടുത്തിരിക്കുന്ന കുരിശിന്റെ വീതി രടി വരും. കുരിശിന്റെ ഉച്ചിയും കുറുകെയുള്ള തിന്റെ അഗ്രവും ക്ലാവർ രൂപത്തിലാണു കൊത്തിയിരിക്കുന്നത്. കുരിശിന്റെ ചുവടാണ് അത്യാകർഷകം. അതിന്റെ ചുറ്റും താഴത്തെ വശങ്ങളിൽ കൊത്തിയിരിക്കുന്ന പക്ഷികളുടെയും മൃഗങ്ങളുടെയും ചിത്രങ്ങൾ എന്ത് ആശയത്തിന്റെ പ്രതീകമാണെന്ന് സാധാരണക്കാർക്കു മനസ്സിലാകുകയില്ല. കരിങ്കൽ തളിരം പാകിയിരിക്കുന്ന തറയിലാണ് കുരിശു നാട്ടിയിരിക്കുന്നത്. കുരിശിൽ തറയ്ക്കപ്പെട്ട ഈശോയുടെ ഇരുവശങ്ങളിലും നടന്നുകൊ് ക്രൂരന്മാരായ പടയാളികൾ അവിടുത്തെ വീും പീഡിപ്പിക്കുന്ന ചിത്രമാണു കുരിശിന്റെ മുൻവശത്തു കാണുന്നത്. ഈശോയുടെ ഇടത്തെ കരത്തിൽ കാണുന്ന വിടവ് പള്ളി പിടിച്ചെടുക്കാൻ വന്ന മൺറോ സായ്പിന്റെ പട്ടാളക്കാർ വെടിവച്ചതിൽനിന്നുായതാണെന്നു പഴമക്കാർ പറയുന്നു.

ഈ കുരിശ് പതിനാറാം നൂറ്റിൽ സ്ഥാപിച്ചതാണെന്നു സുപ്രസിദ്ധ ചരിത്രഗവേഷകനായ ഫാ. ഹെരാസ് എസ്.ജെ. 1938 ജനുവരി 29-ാം തീയതി അരമനയിലേക്ക് അയച്ച ഒരു കത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

### 9.25.8. ചങ്ങനാശ്ശേരിപ്പള്ളിയും പുതുപ്പള്ളിപള്ളിയും

പതിനെട്ടാം നൂറ്റിന്റെ അന്തിമഘട്ടത്തിൽ, അതായത് പുത്തൻകൂറ്റുകാർ ഈ പള്ളി പിടിച്ചെടുക്കാൻ ശ്രമിക്കുന്നതുവരെ ചങ്ങനാശ്ശേരിപ്പള്ളിയും പുതുപ്പള്ളിപള്ളിയും വളരെ സൗഹൃദത്തിലാണു കഴിഞ്ഞിരുന്നത്. കൂനൻകുരിശുസത്യവും (1653) മറ്റും അവർക്കൊരു പ്രശ്നമായിരുന്നില്ലെന്നു ഓർത്തഡോക്സ് സഭാചരിത്രകാരനായ ഇസഡ്. എം. പാറേട്ട് പറഞ്ഞിരിക്കുന്നു. താഴത്തു മൂപ്പച്ചൻ എന്ന് അറിയപ്പെട്ടിരുന്ന പുതുപ്പള്ളിക്കാരൻ ചെറിയതു കത്തനാർ ചങ്ങനാശ്ശേരിപ്പള്ളിയിൽ ഭരണം നടത്തിയിരുന്നതായി പുതുപ്പള്ളിപള്ളിയുടെ ചരിത്രകാരനായ പാറേട്ട് പറഞ്ഞിരിക്കുന്നു. താഴത്തു ചെറിയതു കത്തനാർ മരിച്ചത് 1024 (ക്രിസ്തുവർഷം

1849) തുലാം പതിനാറാം തീയതിയാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. കൂനൻകുരിശു സത്യം നടന്നത് 1653 ജനുവരി 3-ാം തീയതിയുമാണ്. അതിനാൽ ആ സംഭവത്തിനു ശേഷവും പല പള്ളികളിലും കക്ഷിഭേദംകൂടാതെ വൈദികർ ഭരണം നടത്തിയിരുന്നുവെന്നു പറയാം. താഴത്ത് ചെറിയതു കത്തനാരും തുടർന്ന് അദ്ദേഹത്തിന്റെ അനന്തരവൻ ഗീവറുഗീസ് കത്തനാരും ചങ്ങനാശ്ശേരിപ്പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതായി പുതുപ്പള്ളിപള്ളിയുടെ ചരിത്രത്തിൽ പറയുന്നു. പുതുപ്പള്ളിപള്ളി ചങ്ങനാശ്ശേരിപ്പള്ളിയുടെ കുരിശുപള്ളിയായിരുന്നുവെന്നും ഇസഡ് എം. പാറേട്ട് പറഞ്ഞിരിക്കുന്നു.

പുതുപ്പള്ളിപള്ളി പണിയിച്ചത് ചങ്ങനാശ്ശേരിപ്പള്ളി പണികഴിപ്പിച്ച കല്ലറയ്ക്കൽ തരകന്റെ അനുജൻ ഇട്ടിമാത്തു തരകനാണ്. പുതുപ്പള്ളി കുറെ കാലങ്ങൾക്കു മുൻപുവരെ ചങ്ങനാശ്ശേരി താലൂക്കിന്റെ ഭാഗമായിരുന്നു. പുതുപ്പള്ളിപള്ളിയും ചങ്ങനാശ്ശേരിപ്പള്ളിയും തമ്മിൽ പല പണമിടപാടുകളും നടത്തിയിരുന്നതായി രേഖയു്. പുതുപ്പള്ളിപള്ളിയുടെ പൊന്നിൻകുരിശിനു പണം തികയാതെ വന്നപ്പോൾ ചങ്ങനാശ്ശേരിപ്പള്ളി പുതുപ്പള്ളിപള്ളിയിൽ പണയംവച്ചിരുന്ന 350 രൂപയുടെ വെള്ളി ഉരുപ്പടികൾ മറിച്ചു പണയംവച്ചതായി രേഖയുന്നെു പുതുപ്പള്ളിപള്ളിയുടെ ചരിത്രത്തിലും കയ്പനാട്ടു കുടുംബചരിത്രത്തിലും കാണുന്നു. ഇവയ്ക്കു പുറമെ ചങ്ങനാശ്ശേരിപ്പള്ളിവക എന്നു രേഖപ്പെടുത്തിയിട്ടുള്ള ചില ലോഹപാത്രങ്ങൾ പുതുപ്പള്ളിപള്ളിയിൽ കാണുന്നുമു്. പുതുപ്പള്ളിയിൽനിന്നും മേപ്രാൽ മാറിത്താമസിച്ച മണമേൽ കുടുംബത്തിലുള്ള ഒരു വാർപ്പ് പ്രത്യേകശ്രദ്ധ അർഹിക്കുന്നു. ഈ വാർപ്പിന്മേൽ ചങ്ങനാശ്ശേരി പള്ളി വക 1010 മീനമാസം എന്നു കൊത്തിയിട്ടു്. പ്രസ്തുത വാർപ്പ് ഇപ്പോൾ ഈ കുടുംബത്തിൽനിന്നു മലബാറിൽ പോയി താമസിക്കുന്ന വലിയതോട്ടമുടമയായ മിസ്സിസ് എം.പി. ചെറിയാന്റെ (കോഴിക്കോട്ട്) കൈവശമാണിരിക്കുന്നത്.

### 9.25.9. ഉദയംപേരൂർ സൂനഹദോസിൽ ചങ്ങനാശേരിക്കാർ

1599 കേരള ക്രൈസ്തവരുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു കാലഘട്ടമാണ്. ഗോവയിലെ ആർച്ചുബിഷപ്പ് അലക്സിസ് മെനേസിസ് കേരളത്തിൽ വന്ന് ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി ചരിത്രപ്രധാനമായ പല തീരുമാനങ്ങളും എടുത്തത് ആ വർഷമാണ്. ഈ സൂനഹദോസിൽ ചങ്ങനാശേരിയിലെ പ്രതിനിധികളും സംബന്ധിച്ചിരുന്നതായി സഭാചരിത്രകാരനായ ബർണാർദച്ചൻ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞി ട്ടു്.

ഉദംയപേരൂർ സൂനഹദോസിനുശേഷം തീരുമാനങ്ങൾ നടപ്പാക്കുന്നതിനും വിശദീകരണങ്ങൾ നല്കുന്നതിനുമായി മെനേസിസ് മെത്രാപ്പോലീത്ത പള്ളികൾ സന്ദർശിക്കുവാൻ തുടങ്ങി. ചങ്ങനാശ്ശേരിപ്പള്ളിയും അദ്ദേഹം സന്ദർശിച്ചു.

### 9.25.10. മെനേസിസ് ചങ്ങനാശേരിയിൽ

മെനേസിസ് മെത്രാപ്പോലീത്തയുടെ സന്ദർശനപര്യടനത്തിൽ കൂടെയുായിരുന്ന അന്റോണി ഗുവയാ എന്ന ചരിത്രകാരൻ പ്രസിദ്ധീകരിച്ച 'ജൊർണാദൊ' എന്ന ഗ്രന്ഥത്തിന്റെ രാം ഭാഗം 13-ാം അധ്യായത്തിൽ മെനേസിസ് മെത്രാപ്പോലീത്തയുടെ ചങ്ങനാശേരിപ്പള്ളി സന്ദർശനത്തിന്റെ ഒരു വിവരണം കാണുന്നു്. എ.ഡി. 1606-ലാണ് പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 'ചങ്ങനഗിരി' എന്നാണ് ചങ്ങനാശേരിയെപ്പറ്റി ഗുവയാ പറഞ്ഞിരിക്കുന്നത്.

'ജൊർണാദൊ'യുടെ 13-ാം അധ്യായം തുടങ്ങിയിരിക്കുന്നത് ഇങ്ങനെയാണ്: "അതീവ മനോഹരവും ആരോഗ്യകരവുമായ ഒരു ദേശമാണ് ചങ്ങനഗിരി. അവിടുത്തെ ദൈവാലയം മർത്തമറിയാമിന്റെ നാമത്തിലാണ്. എന്നാൽ ഇവിടുത്തെ വിശ്വാസികൾ വേത്ര മതപരിശീലനം സിദ്ധിച്ചിട്ടുള്ളവരല്ല...." (പാശ്ചാത്യരീതിയിലുള്ള മതപഠനവും ഭക്തിപരിശീലനവുംഇവിടുത്തെ പൂർവ്വികന്മാർക്കില്ലായിരുന്നുവെന്നേ ഇതിനർത്ഥമുള്ളു). "അനേകവർഷങ്ങളായി അവർ ദിവ്യബലിയിൽ സംബന്ധിക്കുകയോ കൂദാശകൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. ഇവിടത്തെ ക്രൈസ്തവരെ പ്രബുദ്ധരാക്കുവാനും പള്ളിക്കാര്യങ്ങൾ ക്രമപ്പെടുത്തുവാനും വേി ഏതാനും ദിവസം ഇവിടെ താമസിക്കുവാൻ മെത്രാപ്പോലീത്ത തീരുമാനിച്ചു. മെത്രാപ്പോലീത്ത പള്ളികാര്യങ്ങളിൽ വ്യാപൃതനായി കഴിയുമ്പോൾ ഒരു ദിവസം ചങ്ങനാശേരി നാടുവാഴി അദ്ദേഹത്തെ സന്ദർശിക്കുവാനെത്തി. സ്വർണ്ണകസവു വസ്ത്രം ധരിച്ചുവന്ന ആ യുവകോമളൻ തൂവെള്ളനിറമുള്ളവനും കാതിൽ വൈരക്കല്ലുകൾ പതിച്ച കടുക്കൻ അണിഞ്ഞവനുമായിരുന്നു. അദ്ദേഹം മെത്രാപ്പോലീത്തയോടു അത്യന്തം ഉപചാരപൂർവ്വമാണ് പെരുമാറിയത്. മെത്രാപ്പോലീത്തായ്ക്കു സ്നേഹോപഹാരങ്ങൾ സമർപ്പിച്ചിട്ടു മടങ്ങിപ്പോവാനല്ല അദ്ദേഹം തീരുമാനിച്ചത്. ചങ്ങനാശേരിയിലെ ക്രൈസ്തവപ്രമാണിമാരെയെല്ലാം അദ്ദേഹം പള്ളിയുടെ മണ്ഡപത്തിൽ വിളിച്ചുകൂട്ടി മെനേസിസ് മെത്രാപ്പോലീത്ത ക്രൈസ്തവിശ്വാസത്തിന്റെ സംരക്ഷണത്തിനുവേി സഹിക്കുന്ന കഷ്ടപ്പാടുകൾ അവർക്കു വിശദീകരിച്ചുകൊടുത്തു. തന്റെ ഭരണസീമയിലുള്ള ക്രൈസ്തവർക്കുവേി മെത്രാപ്പോലീത്ത ചെയ്യുന്ന സേവനങ്ങൾക്ക് അദ്ദേഹം നന്ദി പറയുകയും ചെയ്തു. അതുകൊു തീർന്നില്ല. തന്റെ പ്രജകളായ ക്രൈസ്തവരിൽ ആരെങ്കിലും മതാനുഷ്ഠാനത്തിൽ വീഴ്ചവരുത്തുകയോ ദൈവാലയത്തിൽ ക്രമമായി പോകാതിരിക്കുകയോ ഞായറാഴ്ചകളിൽ പണിയെടുക്കുകയോ വൈദികന്റെ സാന്നിധ്യം കൂടാതെ വിവാഹം നടത്തുകയോ ചെയ്താൽ അയാൾ രാജശിക്ഷ സഹിക്കേിവരും എന്നുകൂടി ദേശവാഴി (രാജാവ്) പറഞ്ഞു. മതപരമായ കാര്യങ്ങളിൽ വീഴ്ചവരുത്തുന്നവരുടെ പേരുവിവരം നൽകണമെന്നും താൻ അവരെ ശിക്ഷിക്കുന്നതാണെന്നുംകൂടി അദ്ദേഹം മെത്രാപ്പോലീത്തായെ അറിയിക്കുയുായി."

ക്രൈസ്തവവിശ്വാസമില്ലാത്ത ഒരു ഭരണാധികാരി ആ വിശ്വാസം നിലനിറുത്തുന്നതിൽ പ്രകടമാക്കിയ ശുഷ്കാന്തി മെത്രാപ്പോലീത്തയെ വിസ്മയസ്തബ്ധനാക്കി. അദ്ദേഹം നാടുവാഴിക്കു നന്ദി പറയുകയും ക്രൈസ്തവവിശ്വാസത്തിന്റെ തനിമയെക്കുറിച്ച് അവിടെയുായിരുന്നവരോടു പ്രസംഗിക്കുകയും ചെയ്തു. മിശിഹായിലുള്ള വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മെത്രാപ്പോലീത്ത നടത്തിയ പ്രസംഗം രാജാവും അനുചരന്മാരും സശ്രദ്ധം ശ്രവിച്ചുകൊിരുന്നു. ഇതു കിട്ടാവണം മെത്രാപ്പോലീത്ത നാടുവാഴിയുടെ നേരെ തിരിഞ്ഞു പറഞ്ഞു: "അങ്ങു ക്രൈസ്തവധർമ്മത്തിൽ കാണിക്കുന്ന ഈ ശുഷ്കാന്തി കതുകൊു പറയുകയാണ്, മിഥ്യാദേവന്മാരെ പൂജിക്കാതെ മിശിഹായുടെ രക്ഷാകരധർമ്മം സ്വീകരിച്ചുകൂടേ?" നാടുവാഴിയുടെ പ്രതികരണം ഈശ്വരഹിതം അതാണെങ്കിൽ ഞങ്ങൾ അങ്ങനെ ചെയ്യുന്നതാണ് എന്നായിരുന്നു. ഇത്രയും പറഞ്ഞ് അദ്ദേഹം യാത്രയായി.

തെക്കുംകൂർ രാജവംശത്തിന്റെ കിരീടാവകാശിയായ യുവരാജാവും മെനേസിസ് മെത്രാപ്പോലീത്തയെ ചങ്ങനാശേരിയിൽ വന്നു സന്ദർശിക്കുകയുായെന്ന് ഗുവയാ പറയുന്നു. പോർത്തുഗീസുകാരുടെ മിത്രമായ മെനേസിസ് മെത്രാപ്പോലീത്തയെ രാഷ്ട്രീയകാരണങ്ങളാൽ അന്നത്തെ നാടുവാഴികൾക്കു പ്രീതിപ്പെടുത്താതെ നിവൃത്തിയില്ലായിരുന്നു. എന്നാൽ ഗുവയാ

യുടെ ലക്ഷ്യം മെനേസിസ് മെത്രാപ്പോലീത്തയുടെ സന്ദർശനം ചങ്ങനാശേരി ക്രിസ്ത്യാനിക ളുടെ അന്തസ്സ് വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുകയാണെന്നു തോന്നുന്നു.

ചങ്ങനാശേരി രാജാവും മെനേസിസ് മെത്രാപ്പോലീത്തയും തമ്മിൽ നടന്ന കൂടിക്കാഴ്ചയെ സംബന്ധിച്ച് ബ. ബർണാർദച്ചന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിലും അല്പമായി വിവരിച്ചിട്ടു്. മെനേസിസ് മെത്രാപ്പോലീത്ത ചങ്ങനാശേരിപ്പള്ളി സന്ദർശിച്ചപ്പോൾ തദ്ദേശക്രിസ്ത്യാനികളുടെ ആചാരദൂഷ്യങ്ങളെക്കുറിച്ച് രാജാവ് അദ്ദേഹത്തിന് അറിവുകൊടുക്കുകയും അവരെ ഗുണദോഷിക്കണമെന്നപേക്ഷിക്കുകയും ചെയ്തു എന്നു മാത്രമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ആചാരദൂഷ്യങ്ങൾ എന്തെല്ലാമാണെന്നു ചൂിക്കാണിച്ചിട്ടില്ല.

### 9.25.10.1. ഫാ. ജോൺ കമ്പോറിയുടെ കത്ത്

മെനേസിസ് മെത്രാപ്പോലീത്തയുടെയും പിന്നീട് സുറിയാനിക്കാരെ ഭരിച്ച ഫ്രാൻസിസ് റോസ് മെത്രാന്റെയും സഹചരനായിരുന്നു ജോൺ മേരി കമ്പോറി എസ്.ജെ. മെനേസിസ് മെത്രാപ്പോലീത്തയുടെ പരിവാരത്തിൽ ഉൾപ്പെട്ടിരുന്ന അദ്ദേഹം വൈപ്പിക്കോട്ടയിൽനിന്ന്, കൊടുങ്ങല്ലൂർ കോളജ് റെക്ടറായിരുന്ന റവ. ഫാ. ഡി. ഒലിവേരയ്ക്ക് 1618 ഓഗസ്റ്റ് 20–ാം തീയതി അയച്ച ഒരു കത്തിൽ ചങ്ങനാശേരിക്കാരെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "തെക്കുംകൂർ രാജ്യത്തിൽപെട്ടതും ചങ്ങനാശേരി എന്നു വിളക്കുന്നതുമായ വേറൊരു സ്ഥലത്തേക്ക് ഞങ്ങൾ കടന്നു. ഈ ക്രിസ്ത്യാനികൾ കാടുകളിൽനിന്നു വന്നിട്ട് കുറച്ചുകാലം മാത്രമേ കഴിഞ്ഞിട്ടുള്ളു. അതുകൊവർ അപരിഷ്കൃതരും പരുക്കൻ സ്വഭാവം ഉളളവരുമാണ്. എങ്കിലും അവർ വളരെ സന്തോഷത്തോടുകൂടി ഞങ്ങളെ സ്വീകരിച്ചു. വികാരിയായ കത്തനാർ തന്റെ ഉദ്യോഗസംബന്ധമായ ജോലികളിൽ വളരെ തീക്ഷ്ണതയും ശുഷ്കാന്തിയും ഉള്ള ഒരാളാണ്. ക്രിസ്ത്യാനികൾക്കു നെൽപ്പാടങ്ങളിൽ വളരെയധികം ജോലി ഉായിരുന്നതിനാൽ പത്തുദിവസം മാത്രമേ ഞങ്ങൾ ഇവിടെ താമസിച്ചുള്ളു.

ഫാ. ജോൺ കമ്പോറി എസ്.ജെ. 1604 ജനുവരി 9–ന് വൈപ്പിക്കോട്ടയിൽനിന്ന് ജസ്യൂട്ട് ജനറൽ ക്ലോഡിയസ് അക്വാവിവായ്ക്ക് എഴുതിയ മറ്റൊരു കത്തിൽ ചങ്ങനാശേരിക്കാരെക്കുറിച്ചു പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണ്. വലിയനോമ്പ് തുടങ്ങുന്നതിനു മുമ്പ് 1603–ൽ സെന്റ് തോമസ് രൂപതയുടെ ഏതാനും പള്ളികൾ സന്ദർശിക്കുവാൻ ബിഷപ്പ് (മെനേസിസ്) തീരുമാനിച്ചു. യാതൊരു മെത്രാനും മുപ്പതു വർഷങ്ങൾക്കിപ്പുറം ആ പള്ളികൾ സന്ദർശിച്ചിരുന്നില്ല. ക്വാറിങ്ങനാചേരി (ചങ്ങനാശേരി) എന്ന സ്ഥലത്തെ പള്ളിയാണ് അദ്ദേഹം ആദ്യം സന്ദർശിച്ചത്. അവിടത്തെ മുസൽമാന്മാർ അവിടത്തെ ബസാറിലുള്ള പള്ളി സന്ദർശിക്കുന്നതിൽനിന്ന് തന്നെ തടയാൻ നിശ്ചയിച്ചിരിക്കുന്നതായി ബിഷപ്പ് അറിഞ്ഞു. അവരെ നേരിടുന്നതിന് 2000 അംഗസംഖ്യ വരുന്ന നായന്മാരെ ക്ഷണിച്ചുവരുത്തുവാൻ ബിഷപ്പ് അവിടുത്തെ വൈദികരോട് ആവശ്യപ്പെട്ടു. വേപോലെ ആയുധധാരികളായ പടയാളികളെ ക മാത്രയിൽ മുസ്ലീങ്ങൾ ശാന്തരായിത്തീർന്നു. മെത്രാനും വൈദികരും ആർപ്പുവിളികളോടുകൂടി മുസ്ലീങ്ങളുടെ ബസ്സാറിൽക്കൂടി മുന്നോട്ടുനീങ്ങി. രാജാക്കന്മാരെ മാത്രം സ്വീകരിക്കുന്നവിധം ബിഷപ്പ് സ്വീകരിക്കപ്പെട്ടു. ഇവിടെ പ്രസ്താവിക്കുന്ന ബസ്സാർ പഴയ അങ്ങാടിതന്നെയായിരിക്കാനാണു സാദ്ധ്യത.

### 9.25.11. മാർ ഗബ്രിയേൽ എന്ന കൽദായ മെത്രാൻ ചങ്ങനാശേരിയിൽ

ചങ്ങനാശേരിയിൽ വിദേശമിഷണറിമാരുടെ ഭരണംകൊു വിഷമിച്ചിരുന്ന മാർത്തോമ്മാ

ക്രിസ്ത്യാനികൾ ഒരു പൗരസ്ത്യമെത്രാനെ ലഭിക്കുവാൻ തീവ്രമായി ആഗ്രഹിച്ചിരുന്ന അവസരത്തിലാണ് മാർ ഗബ്രിയേൽ എന്ന കൽദായ മെത്രാൻ കേരളത്തിലെത്തിയത്. അദ്ദേഹം 1708–ൽ മലങ്കരയിൽ വന്നതായി പൗലിനോസും 1709–ൽ വന്നതായി അസ്സെമാനും പറയുന്നു. അദ്ദേഹം നെസ്തോറിയനായിരുന്നുവെന്നും അല്ലായിരുന്നുവെന്നും ഭിന്നാഭിപ്രായങ്ങൾ ഉായിരുന്നു. അക്കാലത്തു മലബാർ വികാരിയാത്തു ഭരിച്ചിരുന്നത് (പ്രൊപ്പഗാന്താ ഭരണം) ആഞ്ജലൂസ് ഫ്രാൻസീസ് മെത്രാൻ ആയിരുന്നു. മാർ ഗബ്രിയേൽ താൻ മാർപ്പാപ്പയുടെ അംഗീകാരത്തോടെയാണ് മലങ്കരയിൽ വന്നിരിക്കുന്നതെന്നു നടിച്ചു. എന്നാൽ അദ്ദേഹം മാർപ്പാപ്പയുടെ അനുവാദം കൂടാതെ വന്നിരിക്കുന്നയാളാണെന്നും അദ്ദേഹത്തെ അനുസരിക്കുരുതെന്നും അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് അതിന്റെ അസ്സൽ രേഖ മാർപ്പാപ്പയ്ക്ക് അയച്ചുകൊടുത്താലേ അദ്ദേഹത്തെ സ്വീകരിക്കാനാകൂ എന്നും ആഞ്ജലൂസ് ഫ്രാൻസീസ് മെത്രാൻ വിട്ടുവീഴ്ചയില്ലാതെ പ്രസ്താവിച്ചു. അതനുസരിച്ച് മാർ ഗബ്രിയേൽ ചങ്ങനാശേരിപ്പള്ളിയിലെത്തി 1712 ഒക്ടോബർ 5–ാം തീയതി പരസ്യമായി സത്യപ്രതിജ്ഞ ചെയ്യുകയും അതിന്റെ ശരിപ്പകർപ്പ് റോമിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത സത്യപ്രതിജ്ഞയുടെ പകർപ്പ് ബർണാർദച്ചന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടു്.

പള്ളിക്കാര്യങ്ങളിൽ ഇടപെടുകയില്ലെന്ന ഉറപ്പിന്മേൽ ആണ് ചങ്ങനാശേരിക്കാർ അദ്ദേഹത്തെ അവിടെ താമസിക്കാൻ അനുവദിച്ചത്. ഈ മെത്രാൻ താമസിച്ചിരുന്നത് പരതനായ അഡ്വക്കേറ്റ് പി. ജെ. കുര്യാക്കോസ് പീടിയേക്കലിന്റെ കൈവശമിരുന്ന സ്ഥലത്തെ ഒരു പഴയ കെട്ടിടത്തിലായിരുന്നു. മെത്രാൻ താമസിച്ചിരുന്ന പുരിയിടമായിരുന്നതുകൊ് അതിനെ 'മെത്രാൻപറമ്പ്' എന്ന് ഇപ്പോഴും പറഞ്ഞുവരുന്നു.

അധികകാലം വേിവന്നില്ല, മാർ ഗബ്രിയേലിനു ചങ്ങനാശേരിക്കാരുമായി തെറ്റിപ്പിരിയാൻ. ചങ്ങനാശേരിയിൽവച്ച് അദ്ദേഹം ഏഴുപേർക്കു വൈദികപട്ടം കൊടുത്തു. ചങ്ങനാശേരിക്കാർ അദ്ദേഹത്തെ അവിടെനിന്ന് ഓടിച്ചുവെന്നുതന്നെ പറയാം. അദ്ദേഹം കോട്ടയത്തു പോയി താമസിച്ചു.

### 9.25.12. പുനരൈക്യശ്രമത്തിൽ ചങ്ങനാശേരിയുടെ പങ്ക്

കൂനൻകുരിശു സത്യത്തെ തുടർന്ന് പിരിഞ്ഞുപോയ പുത്തൻകൂറ്റുകാരെ തിരിച്ചുകൊുവരുന്നതിന് ചങ്ങനാശേരി ഇടവക അവരുടെ പങ്കു വഹിക്കാതിരുന്നില്ല. പുത്തൻകൂറ്റുകാരുടെ 6–ാം മാർത്തോമ്മാ എന്ന് അറിയപ്പെടുന്ന മാർ ഡയനീഷ്യസ് 1772–ലും അതിനു മുമ്പും കത്തോലിക്കാസഭയിലേക്ക് തിരിച്ചുവരാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരു അനന്തരവനായിരുന്നു കല്ലറയ്ക്കൽ കുഞ്ഞീപ്പത്തരകൻ. തന്നിമിത്തം മാർ ഡയനീഷ്യസ് പലപ്പോഴും ചങ്ങനാശേരിയിൽ വന്നു താമസിക്കാറുായിരുന്നു. ചങ്ങനാശേരിയിൽ താമസിച്ചുകൊ് അനന്തരവൻവഴി തന്റെ അഭിലാഷം വരാപ്പുഴ മെത്രാനായിരുന്ന മോൺ. സാലസിനെ അറിയിക്കുവാൻ മാർ ഡയനീഷ്യസ് ഒരു ശ്രമം നടത്തുകയുായി. അദ്ദേഹം തദർത്ഥം ഒരു കത്തു തയ്യാറാക്കി അനന്തരവൻ കുഞ്ഞീപ്പത്തരകൻവഴി സാലസ് മെത്രാനു കൊടുത്തയച്ചു. ഈ സന്ദേശം വഹിക്കുവാൻ തരകനേക്കാൾ യോഗ്യനായ മറ്റൊരാൾ അക്കാലത്ത് ഇവിടെയുായിരുന്നില്ലെന്നുതന്നെ പറയാം. ഈ കത്തുമായി തരകൻ ആലങ്ങാട്ടു താമസിച്ചിരുന്ന സാലസ് മെത്രാനെ സന്ദർശിക്കാൻ പോയി. അനന്തരസംഭവങ്ങൾ വർത്തമാനപ്പുസ്തക കർത്താവായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കാം.

"....ഇതിന്റെ ശേഷം മാർതോമ്മാ മെത്രാൻ കരിയാറ്റിൽ മല്പാനുമായിട്ടു പറഞ്ഞതു പോലെ തനിക്കു പഴേതിൽ വഴങ്ങുവാൻ മനസ്സുള്ള കാര്യത്തിന്മേൽ സല്ലേസു മെത്രാനു കുറിയും എഴുതി തന്റെ മരുമകനാകുന്ന മലങ്കര ഇടവകയിലെ ബഹുമാനപ്പെട്ട തറവാട്ടിലുള്ള ചങ്ങനാശേരിക്കാരൻ കുഞ്ഞീപ്പൻ തരകനെ ആലങ്ങാട്ടേക്കയച്ചു. സല്ലേസു മെത്രാൻ നല്ല മന സ്സോടെ അയാളെ കൈക്കൊില്ല. എന്നുതന്നെയല്ല, പിന്നയോ തരകന്റെ ബഹുമാനവും മഹി മയും ഓർക്കാതെ ഏറിയ വിരോധങ്ങളും അസഭ്യങ്ങളും പറകകൊു തരകനു പാരം ക്ലേശ മാകുകയും കരിയാറ്റിൽ മല്പാൻ തരകനെ വിളിച്ച് തണുപ്പിച്ച് താൻ മാർത്തോമ്മാമെത്രാനോടു പറഞ്ഞതിൽ ഏറക്കുറവില്ലെന്നും ഇക്കാര്യം ചൊല്ലി റോമായ്ക്കു പോകുന്നതിന് ഒട്ടും ഒരു സംശയവുമില്ലെന്നും പറഞ്ഞു. അപ്രകാരത്തിൽ മാർത്തോമ്മാമെത്രാനു കുറിയുംകൊടുത്ത് കുഞ്ഞീപ്പത്തരകനെ നിരണത്തിനു വീും അയയ്ക്കുകയും ചെയ്തു."

ചങ്ങനാശേരിക്കാരൻ കല്ലറയ്ക്കൽ കുഞ്ഞീപ്പത്തരകന്റെ പരിശ്രമം നിരാശാജനകമായത് കരിയാറ്റിൽ മല്പാന്റെ അപകടംനിറഞ്ഞ റോമ്മായാത്രയ്ക്ക് ഒരു പ്രേരണയായി ഭവിച്ചുവെന്ന് മേൽ കാണിച്ചിരിക്കുന്ന ഉദ്ധരണി വ്യക്തമാക്കുന്നു്.

### 9.25.13. കാനോനിസ്റ്റുകൾ ചങ്ങനാശേരിയിൽ

കൊടുങ്ങല്ലൂർ ഇടവകയുടെ ഭരണകർത്താവായി 1786 മുതൽ 1799 വരെ 12 വർഷം സേവ നമനുഷ്ഠിച്ച പാറേമ്മാക്കൽ തോമ്മാക്കത്തനാരെ സഹായിക്കുന്നതിനുവേി 1787 ഫെബ്രു വരി 2-ാം തീയതി അങ്കമാലി വലിയപള്ളിയിൽ പള്ളിക്കാരുടെ ഒരു യോഗം ചേർന്നു ചെയ്ത രു നിശ്ചയങ്ങളിൽ രാമത്തേത് സുറിയാനിപ്പള്ളികളിലെ ജനങ്ങളുടെ അഭിവൃദ്ധിക്കും പരി രക്ഷയ്ക്കും വേി 12 വൈദികരെ കാനോനിസ്റ്റ് എന്ന അഭിധാനത്തോടുകൂടി നിയമിക്കണ മെന്നതായിരുന്നു. യോഗത്തിൽ ചങ്ങനാശേരിയുടെ പ്രതിനിധികളായി ആരും സംബന്ധിച്ചി ല്ലെങ്കിൽപോലും ചങ്ങനാശേരി ഇടവക തെക്കേക്കര കുഞ്ഞിച്ചെറിയക്കത്തനാരെ കാനോനി സ്റ്റുകളുടെ കൂട്ടത്തിൽ ചേർത്തിരുന്നു. മേൽ പ്രസ്താവിച്ച പദവികൾ ലഭിക്കേതിന് തിരു വനന്തപുരത്തു അടിയറ വയ്ക്കുന്നതിനു പള്ളികൾക്കും ജനങ്ങൾക്കും വരിയിടുകയുായി. ചങ്ങനാശേരിപ്പള്ളി 1000 കലിപ്പണവും ജനങ്ങൾ 5450 കലിപ്പണവും അതനുസരിച്ചു നൽകി. അക്കാലത്തെ ചരിത്രസംഭവങ്ങളിൽ ചങ്ങനാശേരിപ്പള്ളി വഹിച്ച പങ്ക് എന്തായിരുന്നുവെന്നും പള്ളിയുടെ സ്ഥാനമെന്തായിരുന്നുവെന്നും വ്യക്തമാക്കുന്നതിനു വേിയാണ് ഇവ ഇവിടെ വിവരിച്ചിട്ടുള്ളത്. ഈ കാലയളവിൽ കേരളസഭയിൽ വരാപ്പുഴ, പദ്രുവാദോ എന്ന രു കക്ഷി കൾ ഉായിരുന്നു. ചങ്ങനാശേരിയിലുമുായിരുന്നു ഈ കക്ഷിഭേദം.

### 9.25.14. പ്രൊപ്പഗാന്ത, പദ്രുവാദോ

ഈ കക്ഷിതിരിവ് പള്ളി കർമ്മാനുഷ്ഠാനങ്ങളെയും ബാധിക്കാതിരുന്നില്ല. രുകൂട്ടരും ഒരേ ബലിപീഠം ഉപയോഗിക്കുവാൻ പാടില്ലെന്നു തീരുമാനിക്കപ്പെട്ടു. വരാപ്പുഴ വിരുദ്ധർ കൊച്ചു പള്ളി താഴിട്ടുപൂട്ടി. പ്രൊപ്പഗാന്താ പക്ഷക്കാർ വരാപ്പുഴ ആസ്ഥാനമാക്കിയായിരുന്നു പ്രവർത്ത നം. വരാപ്പുഴപക്ഷക്കാർ ചേർത്തല ഡിവിഷൻ കച്ചേരിയിൽ പരാതിപ്പെട്ടു. അടച്ചിട്ട പള്ളി തഹ സീൽദാർ തുറപ്പിച്ചു. വീും കേസ്സായി. എതിർകക്ഷി തിരുവനന്തപുരത്തുപോയി വരാപ്പുഴ പക്ഷക്കാരിൽനിന്ന് പള്ളി ഒഴിപ്പിച്ചുകിട്ടുവാൻ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പക്കൽ പരാതി പ്പെട്ടു. പള്ളിവക വിലപ്പെട്ട പല സാധനങ്ങളും വീും പണയത്തിലായി. വരാപ്പുഴയ്ക്ക് അനു

കൂലമായി ദിവാൻ വിധിയെഴുതി. കൈക്കാരൻ ചാിയും മറ്റും റസിഡന്റ് ജനറൽ കല്ലന്റെ പക്കൽ നൽകിയ നിവേദനം നിഷ്ഫലമായിപ്പോയി.

പാറേമ്മാക്കൽ ഗോവർണ്ണദോരുടെ മരണശേഷം മറ്റൊരാളെ ഗോവർണ്ണദോരായി നിയമിക്കുവാൻ കാലതാമസം വന്നപ്പോൾ ചില പള്ളികൾ വരാപ്പുഴയിലും (പ്രൊപ്പഗാന്ത) മറ്റു ചില പള്ളികൾ പദ്രുവാദോയിലും ഉൾപ്പെടാനിടയായി. പിന്നീട് ശങ്കൂരിക്കൽ ഗീവർഗീസ് കത്തനാർ ഗോവർണ്ണദോരായി. ഗീവർഗീസ് ഗോവർണ്ണദോരുടെ കാലശേഷം ദൊമിനിക്കോസ് എന്ന ഒരു പാദ്രി അദ്ദേഹത്തിന്റെ സ്ഥാനത്ത് നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാലത്ത് വരാപ്പുഴയിൽ (പ്രൊപ്പഗാന്തപക്ഷം) നിന്നിരുന്ന വരാപ്പുഴ പുത്തൻപള്ളിക്കാർക്ക് അവിടത്തെ വികാരി ജനറാളായിരുന്ന പ്രോസ്പർ പാദ്രിമൂലം അകാരണമായി പള്ളിവഴക്കും ചില ശിക്ഷകളും ഉാകുകയാൽ ആ ഇടവകക്കാർ ദൊമിനിക്കോസ് പാദ്രിയെ ചെന്നുക് അദ്ദേഹത്തിനു കീഴ്പ്പെടുകയും ചെയ്തു. ചങ്ങനാശേരിയിലും ഉായിരുന്നു ഇരുപക്ഷങ്ങൾ. വരാപ്പുഴപക്ഷത്തെ കൊച്ചുകൂട്ടരെന്നും പദുവാദോ പക്ഷത്തെ വലിയകൂട്ടരെന്നും പറഞ്ഞുപോന്നു.

### 9.25.15. പാരി പൗലോസ് മെത്രാൻ

പാറേമ്മാക്കൽ ഗോവർണ്ണദോരുടെ കാലത്ത് പുത്തൻചിറ ഇടവകക്കാരൻ പാരി പൗലോസ് എന്നൊരാൾ കേരളത്തിലെ നസ്രാണികളുടെ ചില നിവേദനങ്ങളുമായി ബാഗ്ദാദിൽ പോവുകയും അവിടെ പാത്രിയാർക്കേറ്റിലെ താൽക്കാലിക അഡ്മിനിസ്ട്രേറ്ററും മൊസ്സൂളിന്റെ മെത്രാപ്പോലീത്തയുമായിരുന്ന മാർ ജോൺ ഹൊർമിസ്ദാസിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ച് മാർ അബ്രാഹമെന്ന പേരിൽ കേരളത്തിൽ തിരിച്ചെത്തുകയുമുായി. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ അദ്ദേഹത്തിനു വലിയ സ്വാഗതമോ അംഗീകാരമോ ലഭിച്ചില്ല.

പാരി പൗലോസ് മെത്രാൻ ചങ്ങനാശേരിപ്പള്ളിയിൽവച്ച് ഏതാനും പേർക്ക് പട്ടം നൽകുകയുുായി. അദ്ദേഹം 1802 ജനുവരി 20-ാം തീയതി തെറ്റു സമ്മതിച്ച് സ്ഥാനത്യാഗം ചെയ്ത് വരാപ്പുഴവെച്ചു മരണമടഞ്ഞുവെന്നും മൊസെപ്പെട്ടോമിയയിലേക്കു പോയി അവിടവെച്ചു മരിച്ചെന്നും ര് അഭിപ്രായങ്ങളു്. ഏതായാലും ആ ശീശ്മ അങ്ങനെ അവസാനിച്ചു.

### 9.25.16. ചങ്ങനാശേരിപ്പള്ളിയിൽ ആദ്യം കബറടങ്ങിയ മേലദ്ധ്യക്ഷൻ

പോർത്തുഗീസ് സംരക്ഷണയിൽ ചില ഭൂഖണ്ഡങ്ങളിൽ കത്തോലിക്കാമതം പ്രചരിപ്പാൻ കഴിഞ്ഞതുകൊ് മാർപ്പാപ്പാ പോർത്തുഗലിനു സഭാഭരണകാര്യങ്ങളിൽ ചില അവകാശങ്ങളെല്ലാം നൽകിയിരുന്നു. ഇങ്ങനെ പോർത്തുഗീസുകാരുടെ അധികാരത്തിൽ മാർപ്പാപ്പയ്ക്കു വിധേയരായവരെ പദ്രുവാദോ കക്ഷിക്കാർ എന്നു പറഞ്ഞുവന്നു. പദ്രുവാദോ എന്ന വാക്കിന് പേട്രനേജ് (രക്ഷാകർത്തൃത്വം) എന്നാണ് അർത്ഥം. 1801–ൽ ശങ്കൂരിക്കൽ ഗീവർഗിസ് ഗോവർണ്ണദോർ നിര്യാതനായതുമുതൽ 1821 വരെ മൂന്ന് അഡ്മിനിസ്ട്രേറ്റർമാർ കൊടുങ്ങല്ലൂരിൽ ഭരണം നടത്തി. ഡൊമിനിക്കോസ് ഗോവർണ്ണദോരുടെ കാലശേഷം കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരായി നിയമിതനായ വൈദികശ്രേഷ്ഠനാണ് പൗലോസ് തോമ്മാ അക്വീനാസ് എന്ന പോർത്തുഗീസ് ഡൊമിനിക്കൻ വൈദികൻ, 1819 ജനുവരി 16–ാം തീയതി അദ്ദേഹം കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. കൊടുങ്ങല്ലൂർ അതിരൂപതയിൽ ഇദ്ദേഹത്തിനുശേഷം മെത്രാപ്പോലീത്താമാർ ഉായിട്ടില്ല.

പൗലോസ് തോമസ് മാർ അകിീനാസ്  മെത്രാപ്പോലീത്തയ്ക്കു ചങ്ങനാശേരിയോടു പ്രത്യേക സ്നേഹബന്ധമുായിരുന്നതുകൊ് അദ്ദേഹം പലപ്പോഴും ചങ്ങനാശേരിയിൽ വന്നു താമസിക്കാറുായിരുന്നു. പുത്തൻകൂറ്റുകാരുടെ പള്ളിപിടുത്തസമയത്തും അദ്ദേഹം ഇവിടെയുായിരുന്നു. അനിഷ്ട സംഭവങ്ങളുാകാതെ പള്ളി തുറപ്പിച്ചുകൊടുത്തത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ പ്രേരണയാൽ ഒരു സെമിനാരി സ്ഥാപിക്കണമെന്ന ലക്ഷ്യത്തോടുകൂടി പൊതുമുതൽ ചെലവു ചെയ്തു പണികഴിപ്പിച്ചതാണ് വലിയപള്ളിയുടെ വടക്കുവശത്തു കാണുന്ന ബൃഹത്തായ പഴയ പള്ളിമേട. മെത്രാപ്പോലീത്ത ഈ പള്ളിമേടയിൽ താമസിച്ചിട്ടു ്. 1823 ഡിസംബർ 19-ാം തീയതി കൊല്ലത്ത് ഓലിക്കര എന്ന സ്ഥലത്തുവച്ച് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തെ അവിടെത്തന്നെ സംസ്കരിക്കണമെന്ന് തദ്ദേശവാസികൾ നിർബന്ധിച്ചുവെങ്കിലും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയെ സുറിയാനിപ്പള്ളിയിലാണു കബറടക്കേത് എന്ന് ന്യായവാദം തച്ചിൽ കൊച്ചുമാത്തുത്തരകനും പൂിക്കുളത്തു ലൂക്കാ ശെമ്മാശനും മറ്റും ഉന്നയിച്ച് മൃതദേഹം ചങ്ങനാശേരിയിലേക്കു കൊുപോന്നു. ഇവിടെ കബറടക്കി. അദ്ദേഹത്തിന്റെ കബറിടം മെത്രാപ്പോലീത്തൻപള്ളിയിൽ മദ്ബഹായുടെ വടക്കേ അറ്റത്തു കാണാവുന്നതാണ്. വലിയപള്ളിയിൽ സംസ്കരിച്ചിരിക്കുന്ന ആദ്യത്തെ മെത്രാൻ പൗലോസ് മാർ അകിനാസ് ആണ്. കബറിടം മൂടിയിരിക്കുന്ന ശിലാഫലകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു;

“Here lies the remains of the MOST REV. MAR PAULOS Archbishop of Cranganore, arrived in India on the 30th Dec. 1822. Died on the 20th Dec. 1823 a Olicarey in Quilon buried 22nd Dec. 1823.”

ക്രിസ്താബ്ദം 1822 ഡിസംബർ 30-ാം തീയതിക്കു കൊല്ലം 998-ാമാു ധനുമാസം 16-ാം തീയതി കൊടുങ്ങല്ലൂർ രൂപതയുടെ എ.പെ.പെ.ബ. മാർ പൌലൊസ് മെത്രാപ്പോലീത്താ മലങ്കര വന്നിറങ്ങി. 1823-ാം വത്സരം ഡിസംബർ 20-ാം തീയതി കൊല്ലത്ത് ഓലിക്കരവച്ച് കാലം ചെയ്തു. 22-ാം തീയതി ചങ്ങനാശേരിപ്പള്ളയിൽ കൊുവന്നു അടക്കുകയും ചെയ്തു.

### 9.25.17. മൂന്നാമത്തെ പള്ളി

വിശുദ്ധ സെബാസ്ത്യാനോസിന്റെ നാമത്തിൽ പണികഴിപ്പിച്ച ചങ്ങനാശേരിയിലെ ഇന്നത്തെ ചെറിയപള്ളി സഭാചരിത്രത്തിലെ പല സംഭവങ്ങൾക്കും രംഗമായിരുന്നു. കാലക്രമത്തിൽ മതിയാകാതെ വന്നപ്പോൾ ആ പള്ളിക്കു കേടൊന്നും വരാതെ നിലനിർത്തിക്കൊു മൂന്നാമതു മറ്റൊരു പള്ളി പണിതിരുന്നതായി ചില ചരിത്രകാരന്മാർ സൂചിപ്പിച്ചിട്ടു്. ഒരു അകത്തോലിക്കനായ സി. എം. ആഗൂർ എന്ന ചരിത്രകാരൻ രചിച്ചിട്ടുള്ള ‘തിരുവാതംകൂറിലെ സഭാചരിത്രം’ എന്ന ഗ്രന്ഥത്തിലാണ് ഈ കാര്യം പറയുന്നത്.

### 9.25.18. ചങ്ങനാശേരിയുടെ ധനസംഭാവന

ഓരോരോ കാലത്തെ മെത്രാന്മാരുടെ കല്പനപ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉചിതമായ പിരിവുകൾ നൽകുന്നതിനും ചങ്ങനാശേരി എന്നും മുന്നിൽതന്നെ നിന്നിരുന്നു. 1870-ൽ വരാപ്പുഴ മെത്രാപ്പോലീത്തയുടെ കല്പനപ്രകാരം പത്രോസിന്റെ കാശായി ചങ്ങനാശേരി 1077 രൂപ 16 ചക്രവും പിടിയരി ഇനത്തിൽ 127 രൂപയും (ക്രിസ്തുവർഷം 1869 മലയാളമാസം ചിങ്ങത്തിൽ) കൊടുത്തതായി വരാപ്പുഴ അരമനയിൽ സൂക്ഷിച്ചിരിക്കുന്ന ലെയനാർദ് മെത്രാപ്പോ

ലീത്തയുടെ പരസ്യകല്പനയിൽ കാണുന്നു. അദ്ദേഹത്തിന്റെ 15-ാം നമ്പർ ഇടയലേഖനത്തിൽ മാർപാപ്പായുടെ വിഹിതമായി സുറിയാനി പള്ളികളിൽനിന്നു നൽകിയ ആകെ തുക 33321 രൂപ 12 ചക്രം 6 കാശാണ്. അതിൽ ചങ്ങനാശേരി നൽകിയത് 1077 രൂപ 16 ചക്രം 8 കാശാണെന്നും പ്രസ്താവിച്ചിട്ടു്. 1872-ാം കാലം മെയ് 7-ാം തീയതിയിലെ പരസ്യകല്പനപ്രകാരം ക്രിസ്തുവർഷം 1871 മലയാളമാസം മകരം മുതൽ ക്രിസ്തുവർഷം 1872 മലയാളമാസം മീനം വരെ പിടിയരി ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടിയ തുകയിൽ 92 രൂപ ചങ്ങനാശേരി പള്ളിയുടെ വിഹിതമാണെന്നു പറഞ്ഞിരിക്കുന്നു. 1872-ാം കാലം മീനംമുതൽ 1873 മീനം വരെ ആകെ പിരിഞ്ഞ 2265 രൂപ 7 ചക്രത്തിൽ 95 രൂപ ചങ്ങനാശേരി പള്ളിയുടെ വിഹിതത്തിൽ പെടുന്നു. വരാപ്പുഴ മെത്രാപ്പോലീത്ത മോൺ. ലെയനാർദ് മെല്ലാനോ പിരിവുകൾ വാങ്ങുകയും കണക്കുകൾ പരസ്യം ചെയ്യുകയും ചെയ്യുക എന്ന നല്ല സമ്പ്രദായം പുലർത്തിക്കൊുപോന്നു. അദ്ദേഹത്തിന്റെ കീഴിലുായിരുന്ന നൂറില്പരം പള്ളികളിൽവെച്ച് ഏറ്റവും കൂടുതൽ തുക സംഭാവനയായി കൊടുത്തിട്ടുള്ള ചുരുക്കം ചില പള്ളികളിൽ ഒന്നു ചങ്ങനാശേരിയാണെന്നു കണക്കുകൾകൊു മനസ്സിലാക്കാം.

### 9.25.19. മൺട്രോ സായിപ്പിന്റെ കുപിടുത്തം

പുത്തൻകൂറ്റുകാരുടെ കേന്ദ്രമായിത്തീർന്ന നിരണംപള്ളി മുൻകാലങ്ങളിൽ ചങ്ങനാശേരിയുടെ തലപ്പള്ളിയായിരുന്നെങ്കിലും ചങ്ങനാശേരിപ്പള്ളിക്കാർ റോമുമായുള്ള ബന്ധം വെടിഞ്ഞ് വിഘടിതവിഭാഗത്തിലുൾപ്പെട്ടില്ല. ഇതു ചങ്ങനാശേരിക്കാരുടെ വിശ്വാസദാർഢ്യത്തിനു തെളിവാണ്.

എന്നാൽ 19-ാം നൂറ്റ് ചങ്ങനാശേരിപ്പള്ളിയെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായ കാലഘട്ടമായിരുന്നു. തിരുവിതാംകൂറിൽ ദിവാനും റെസിഡന്റുമായിരുന്ന കേണൽ മൺട്രോയുടെ സ്വാധീനത്താൽ റാണി പാർവ്വതീഭായി ചങ്ങനാശേരി, ആലപ്പുഴ, പറവൂർ, കോട്ടയം എന്നീ പള്ളികൾ പിടിച്ചെടുത്തു പുത്തൻകൂറ്റുകാർക്കു കൊടുക്കുവാൻ ശ്രമിച്ചത് 1818-ലെ റാണിയുടെ വിളംബരം മൂലമായിരുന്നു. ഈ സംഭവം പ്രധാനമായ ഒരു ചരിത്രവസ്തുതയാകയാൽ അതു സഭാചരിത്രകാരനായ ഫാ. ബർണാർദിന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ കാണുന്നു.

ചങ്ങനാശേരിപ്പള്ളി 18-ാം ശതാബ്ദമധ്യത്തിൽ പുത്തൻകൂറ്റുകാരുടെ അധീനത്തിൽ ഇരുന്നതാണെന്നും അതിനാൽ അതവർക്കു തിരിച്ചുകിട്ടണമെന്നും റസിഡന്റിന്റെയും ചർച്ച് മിഷനറിമാരുടെയും പക്കൽ അവർ ആവലാതിപ്പെട്ടു. എന്നാൽ അതിനായി അവർ ചെയ്ത പ്രയത്നം ഫലിക്കാതെയും അതു ലഭിക്കാതെയും പോയി. ഭൂരിപക്ഷം ജനങ്ങൾ എതിർത്തുനിന്നു.

### 9.25.20. റോക്കോസ് മെത്രാൻ മലങ്കരയിൽ

കൽദായമെത്രാനെ ലഭിക്കുന്നതിനുള്ള പരിശ്രമങ്ങൾക്കു നേതൃത്വം നൽകിയ കുടക്കച്ചിറ അന്തോണി കത്തനാരുടെ സഹയാത്രികനായിരുന്ന തൊനാട്ട് അന്തോണി കത്തനാർ ഔദോ പാത്രിയാർക്കീസിൽനിന്ന് തോമ്മാ റോക്കോസ് എന്ന മെത്രാനെ കേരളത്തിലെ വിസിറ്ററായി നേടി. 1861 മെയ് 9-ന് റോക്കോസ് മെത്രാനും തൊനാട്ട് അന്തോണി കത്തനാരും കൊച്ചിയിലെത്തി. ഒരു കൽദായമെത്രാനെ ലഭിക്കുവാൻ ഉൽക്കടമായ അഭിലാഷം പുലർത്തിയിരുന്നവരായിരുന്നു മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾ. ഈ അവസരം മുതലെടു

ത്തുകൊ് മാർപ്പാപ്പയുടെ അനുമതിയോടെയെന്ന വ്യാജേന ചില പൗരസ്ത്യ മെത്രാന്മാർ മലങ്കരയിൽ വരുകയുായി. സത്യമറിയാതെ വളരെ നസ്രാണികൾ അവരെ സ്വീകരിക്കുകയുമുയി. അങ്ങനെ വന്നവരിൽ ഒരാളായിരുന്നു 1861 മെയ് 9-ന് കൊച്ചിയിൽ വന്നിറങ്ങിയ മാർ തോമ്മാ റോക്കോസ് മെത്രാൻ. പല പള്ളിക്കാരും അദ്ദേഹത്തെ സ്വീകരിച്ച് ശീശ്മയിലായി. താമസസൗകര്യം നോക്കി അദ്ദേഹം ചങ്ങനാശേരിയിലും വരുകയുായി. കുമരകത്തുനിന്ന് ആഘോഷപൂർവ്വമാണ് അദ്ദേഹത്തെ ഇവിടേക്കു കൊുവന്നത്. അക്കാലത്തു പാലാക്കുന്നേൽ വല്യച്ചൻ ചങ്ങനാശേരിപ്പള്ളി വികാരിയായിരുന്നു.

റോക്കോസിന് അധികകാലം പിടിച്ചുനില്ക്കാൻ കഴിഞ്ഞില്ല. സുറിയാനിക്കാരുടെ വികാരി ജനറാൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഒൻപതാം പീയൂസ് മാർപ്പാപ്പയിൽനിന്ന്, റോക്കോസ് അനധികൃതമായി എത്തിയ ആളാണെന്നു മനസ്സിലാക്കി. അദ്ദേഹം റോക്കോസിനെതിരെ നീങ്ങി. പാത്രിയർക്കീസ് റോക്കോസിനെ തിരിച്ചുവിളിച്ചു.എന്നാൽ അദ്ദേഹം തിരികെ പോകാൻ വിസമ്മതിച്ചു. അവസാനം 1862-ൽ തൊനാട്ട് അന്തോണി കത്തനാരുമൊന്നിച്ച് റോക്കോസ് മെത്രാൻ ബാഗ്ദാദിനു തിരികെപ്പോയി. റോക്കോസ് പക്ഷത്തു ഭാഗികമായി ചേർന്ന പള്ളികളുടെ കൂട്ടത്തിൽ ചങ്ങനാശേരിയും കുറുമ്പനാടവും തുരുത്തിയുമൊക്കെ ഉ്.

### 9.25.20.1. മേലൂസ് ശീശ്മ ചങ്ങനാശേരിയിൽ

റോക്കോസിനെ അനുകൂലിച്ച പള്ളിക്കാർ അദ്ദേഹം നാടുവിട്ടതോടെ പദ്രുവാദോ പക്ഷത്തായി. അവർക്കു മെത്രാനില്ലാതിരുന്നതുമൂലമുായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അവർ ബാബേൽ പാത്രിയർക്കീസിനോട് അപേക്ഷിച്ചു. ബാബേൽ പാത്രിയർക്കീസ് 1869-ൽ ഒന്നാം വത്തിക്കാൻ കൗൺസിലിൽ ഭാരതസഭയുടെമേൽ അവകാശവാദം ഉന്നയിക്കുകയുായി. കൗൺസിൽ പെട്ടെന്നു നിർത്തേിവന്നതിനാൽ ഇതുസംബന്ധിച്ച തീരുമാനമൊന്നും എടുക്കാനായില്ല. എങ്കിലും ഏതുവിധേനയും മലങ്കരസഭാഭരണം പിടിച്ചെടുക്കുന്നതിന് ബാബേൽ പാത്രിയർക്കീസ് അവസരം പാർത്തിരിക്കുമ്പോഴാണ് മലങ്കരയിലെ പദ്രുവാദോ പക്ഷക്കാർ തങ്ങൾക്ക് ഒരു മെത്രാനെ അയച്ചുതരണമെന്ന് അഭ്യർത്ഥിച്ചുകൊ് അദ്ദേഹത്തിന്റെ പേർക്ക് ഹർജികൾ അയച്ചുകൊിരുന്നത്. തത്ഫലമായി റോമിന്റെ അറിവുകൂടാതെ ആക്രായിലെ മെത്രാൻ മാർ ഏലിയാജോൺ മേലൂസിനെ പാത്രിയർക്കീസ് മലങ്കരയിലേക്ക് അയച്ചു. 1874 ഒക്ടോബർ 2-ാം തീയതി മേലൂസ് തൃശൂരിലെത്തി. ഇടമറ്റം വികാരി തൊനാട്ട് അന്തോണി കത്തനാർ (മാർ അബ്ദീശോ) മേലൂസിന്റെ വലംകൈയും സഹചരനുമായി പ്രവർത്തിച്ചു.

മേലൂസ് ശീശ്മ മലങ്കരയിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ആഞ്ഞടിച്ചു. മേലൂസ് മെത്രാൻ ചങ്ങനാശേരിയിലും വരുകയുായി. ചങ്ങനാശേരിയിലെ ജനങ്ങളിൽ നാലിലൊന്ന് മേലൂസ് ശീശ്മയിൽ പെട്ടു. റോക്കോസിയൻ ശീശ്മ തിരോധാനം ചെയ്തതോടെ വരാപ്പുഴക്കാർ ചാവറയച്ചനെ മറന്നുകളയുകയാണുായത്. പലരുടെയും പ്രതീക്ഷയ്ക്കു വിരുദ്ധമായി അദ്ദേഹത്തിനു മെത്രാൻ പദവി ലഭിച്ചില്ല. ചങ്ങനാശേരിയിലെ അന്നത്തെ പ്രമുഖ വൈദികരിൽ ചിലർ മേലൂസിൽനിന്നു പട്ടം സ്വീകരിച്ചവരായിരുന്നു. കടന്തോട്ട് ഗർവാസീസ്, ഏഴൻ കുര്യാക്കോസ്, തേവലക്കര മത്തായി, ആലഞ്ചേരിൽ പീലിപ്പോസ്, കയ്യാലകത്തു യൗസേപ്പ് എന്നീ വൈദികർ അവരിൽപ്പെടുന്നു. ഇതിലെല്ലാമുപരിയായി അക്കാലത്തു വളരെ പ്രശസ്തനായിരുന്ന പാലാക്കുന്നേൽ മത്തായി മറിയം കത്തനാർ മേലൂസ് പക്ഷത്തു ചേർന്നുവെന്നു

മാത്രമല്ല, മേലൂസ് മെത്രാന്റെ വികാരി ജ്ജനറാൾ പദം സ്വീകരിക്കുകകൂടി ചെയ്തു. മലങ്കര വിസിറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ട ബോംബെ മെത്രാപ്പോലീത്ത മോൺ. ലെയോ മെവൂറിനും കേരളസഭയിൽ അതുല്യപ്രഭാവനായിരുന്ന നിധീരിക്കൽ മാണിയച്ചനും മറ്റും തങ്ങളുടെ ധീരവും ബുദ്ധിപൂർവ്വകവുമായ പരിശ്രമംകൊ് മേലൂസിന്റെ തനിനിറം മറനീക്കി കാണിക്കുകയുായി. വിശ്വസ്ത അനുയായികൾ പലരും മേലൂസിനെ ഉപേക്ഷിച്ചു. പാലാക്കുന്നേൽ വല്യച്ചനും അവസാനം അദ്ദേഹത്തെ കൈവിട്ടു. ഇതിന്റെയൊക്കെ ഫലമായി മേലൂസ് 1882 മാർച്ച് 5 ന് സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോയി. മേലൂസ് മുഖാന്തിരം ഉായ ശീശ്മയുടെ അവശിഷ്ടമാണ് ഇന്നു തൃശൂരിൽ കാണുന്ന ശൂറായക്കാർ.

### 9.25.21. പീലിപ്പോസ് മൂപ്പച്ചൻ

1874 ഒക്ടോബർ മാസത്തിൽ പീലിപ്പോസ് മൂപ്പച്ചൻ എന്ന ഒരു മിഷനറി ചങ്ങനാശേരിയിൽ വന്ന് വെട്ടിത്തുരുത്തിൽ താമസിച്ചുകൊ് പ്രേഷിതയത്നങ്ങളിൽ ഏർപ്പെടുകയുായി. അവിടെനിന്നു ചങ്ങനാശേരി ടൗണിലേക്കു വരാൻ യാത്രാസൗകര്യമില്ലാതിരുന്ന സാഹചര്യത്തിൽ ധാരാളം പുലയർ താമസിച്ചിരുന്ന ആ പ്രദേശത്ത് ഒരു പള്ളിക്കൂടത്തിന്റെ ആവശ്യകത മൂപ്പച്ചനു ബോധ്യമായി. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അവിടെയൊരു ഓലഷെഡ്ഡ് കെട്ടിയുാക്കി. അനേകം പുലയർക്കദ്ദേഹം മാമ്മോദീസ നൽകി. പുലയരുടെ ഇടയിൽ സുവിശേഷവേല തീവ്രമായി നടന്നുകൊിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അദ്ദേഹം തുരുത്തിയിലെ പുലയരുടെ ഇടയിലും ഫലപ്രദമായി സുവിശേഷജോലി ചെയ്തു.

### 9.25.22. പ്രത്യേക മെത്രാനുവേി ചങ്ങനാശേരിക്കാർ

സുറിയാനിക്കാർക്കു മാത്രമായി ഒരു മെത്രാനെ അനുവദിച്ചു കിട്ടുവാൻ റോമിൽ ശുപാർശ ചെയ്യണമെന്ന് അപേക്ഷിച്ചുകൊ് വിസിറ്റർ അപ്പസ്തോലിക്ക മോൺ. ലെയോ മെവുറിന് 1876 മേയ് 23-ാം തീയതി നൽകിയ വൈദികരുടെ ഹർജിയിൽ ഒപ്പിട്ടവരുടെ കൂട്ടത്തിൽ ചങ്ങനാശേരി ഇടവകക്കാരായ ചങ്ങനാശേരിപ്പള്ളി വികാരി ചക്കാലയിൽ സ്കറിയ, തെക്കേക്കര മത്തായി, തെക്കേകര എബ്രാഹം, മരങ്ങാട്ടു മത്തായി, ഇടനാട് ജോസഫ് എന്നീ വൈദികരും ഉൾപ്പെട്ടിരുന്നു.

### 9.25.23. നാലാമത്തെ പള്ളി

ഇന്നത്തെ മനോഹരമായ മെത്രാപ്പോലീത്തൻ പള്ളി ക്രിസ്തുവർഷം 1887 മലയാളമാസം മകരം 16-ാം തീയതിയാണ് കൂദാശ ചെയ്യപ്പെട്ടത്. പള്ളിപണി പൂർത്തിയാക്കാൻ 10 വർഷം വേിവന്നു എന്നു പറയപ്പെടുന്നു. ചങ്ങനാശേരിപ്പള്ളി എക്കാലത്തും സാമ്പത്തിക ക്ലേശങ്ങളിലൂടെയാണു നീങ്ങിയിരുന്നത്. ആവശ്യനിർവഹണത്തിനു പണം സ്വരൂപിക്കാൻ ലോഹപ്പാത്രങ്ങളും മറ്റും പണയം വയ്ക്കേി വന്നിട്ടു്. പള്ളിപണി പൂർത്തിയാക്കുവാൻ 1000 രൂപ കൂടി വേിവന്ന സാഹചര്യത്തിൽ പ്രസ്തുത തുക വസ്തു ഈടിന്മേൽ കുമാരമംഗലത്തു മനയ്ക്കൽനിന്നു കടം എടുക്കുന്നതിന് ഇടയായി. ഈ കടമെടുപ്പു സംബന്ധിച്ച യോഗനിശ്ചയം ഓലയിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഇപ്രകാരം കാണുന്നു.

"ചങ്ങനാശേരിപ്പള്ളിയുടെ പ്രോ വികാരി ചക്കാലയിൽ കറിയ കത്തനാരും ഇടവക പട്ടക്കാരൻ തെക്കേക്കര അബ്രാഹം കത്തനാരും തകടിയേൽ യൗസേഫ് കത്തനാരും പുത്തൻപുരയ്ക്കൽ ചാപ്പിള്ളി കത്തനാരും കങ്കരി കുര്യാക്കോസ് കത്തനാരും ടി കറിയാ കത്ത

നാരും എടവകക്കാര് കടവിൽ ചാപ്പിള്ളയും ളാഹയിൽ ചാക്കോ കത്തനാരും തെക്കേക്കര ചാപ്പിള്ള തോമ്മായും പുതുപ്പറമ്പിൽ വറീതും ചക്കാലയിൽ ഇട്ടിച്ചെറിയ ചെറിയാനും ഒള ശ്ശയിൽ കൊച്ചാപ്പി വറീതും കൈക്കാരൻ കളീക്കൽ പോത്തൻ അവിരാ മുതൽപേർക്ക് നട ത്തുചീട്ട് പള്ളിപ്പണം ഇല്ലായ്കയാൽ കുറഞ്ഞൊരു ദിവസങ്ങളായി പണിവീഴ്ചയ്ക്കു ഇട വ ന്നിരിക്കുന്നതും അകത്തെ വളവുകളിലേക്കു കല്ലു ചെത്തി അടുക്കിവച്ചിരിക്കുന്നതും ഇനി ചെരിപ്പുറം പാകുന്നതിന് സമ്മതിച്ചിരുന്നതും ആകകൊ് തൽക്കാലത്തേക്കു കുറെ രൂപ കടം വാങ്ങിക്കാതെ നടക്കുന്നവിധം കാണാനില്ലാത്തതിനാൽ, അന്വേഷിച്ചതിൽ കുമാരമംഗലത്തു മനയ്ക്കൽനിന്നു രൂപ തരാമെന്നു പറഞ്ഞിട്ടുള്ളതാകകൊ് പള്ളിക്കാര്യം തോട്ടടി നിലത്തിന്റെ ആധാരം ഈടുവച്ച് എഴുതിക്കൊടുത്ത് ടി മനയ്ക്കൽനിന്ന് 1000 രൂപവരെ വാങ്ങിച്ച് എളുപ്പ ത്തിൽ പള്ളിക്കാര്യം നിവൃത്തി വരുത്തിക്കൊള്ളണമെന്ന് ടി യോഗം 1060-ാമാ് കർക്കിടക മാസം ഏഴിന് എഴുതി.

ക്രിസ്തുവർഷം 1887 മലയാളമാസം മകരം 16-ന് ചങ്ങനാശേരിപ്പള്ളി കൂദാശ ചെയ്തു. മൂന്നു മെത്രാന്മാരുായിരുന്നു. വരാപ്പുഴ ലെയോനാർദ് മെത്രാപ്പോലീത്ത ആയിരുന്നു മുഖ്യ കാർമ്മികൻ. മർസലിനോസ് മെത്രാനച്ചനും കൊല്ലത്തെ ഫെർഡിനാൻഡു മെത്രാനച്ചനും സഹ കാർമ്മികരായിരുന്നു. മൂന്നു മിഷനറി മൂപ്പച്ചന്മാരും അറുപതു പട്ടക്കാരും ഇരുപതു ശെമ്മാശ ന്മാരും നാലായിരത്തോളം ഭക്തജനങ്ങളും തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നുവെന്ന് പാലാ ക്കുന്നേൽ വല്യച്ചന്റെ നാളാഗമത്തിൽ കാണുന്നു. കൊല്ലം മെത്രാൻ പൊന്തിഫിക്കൽ റാസ ചൊല്ലി. മർസലിനോസ് മെത്രാൻ പ്രസംഗം പറഞ്ഞു. ലയോനാർദ് മെത്രാപ്പോലീത്തയാണു പള്ളി കൂദാശ ചെയ്തത്.

ഫ്രാൻസിലെ ഏതോ ഒരു പള്ളിയുടെ മാതൃകയിലാണ് ഈ പള്ളി പണിതിരിക്കുന്നതെ ന്നാണ് പറയപ്പെടുന്നത്. ഇതിന്റെ വാസ്തുവിദ്യ നോക്കിയാൽ ഇക്കാര്യം വ്യക്തമാകും.

മദ്ബഹാ വളരെ മനോഹരമാണ്. അതിന്റെ റെത്താൾ സ്വർഗ്ഗപ്രതീതി ജനിപ്പിക്കുന്ന ചിത്ര പ്പണികളാൽ അലംകൃതമായിരിക്കുന്നു. റെത്താൾ രു തട്ടുകളായാണ് സംവിധാനം ചെയ്തി രിക്കുന്നത്. മുകളിലത്തെ തട്ടിന്റെ മധ്യത്തിൽ പരിശുദ്ധത്രിത്വം ചിത്രീകൃതമായിരിക്കുന്നു. ഇരു വശങ്ങളിലും വാദ്യസംഗീതമുതിർക്കുന്ന മാലാഖമാരും. മുകളിലും താഴെയുമുള്ള തട്ടുകളിലെ മൂന്നു വീതമുള്ള നിച്ചുകളിൽ വിശുദ്ധരുടെ രൂപങ്ങൾ വച്ചിരിക്കുന്നു. മുകൾത്തട്ടിലെ നിച്ചിൽ വച്ചിരുന്ന തിരുഹൃദയരൂപം കുറെക്കാലം മുമ്പ് അവിടെനിന്നു മാറ്റി മദ്ബഹായുടെ തെക്കുവ ശത്തുള്ള കപ്പേളയിൽ പ്രതിഷ്ഠിച്ചു. പിന്നീട് അതു മദ്ബഹായുടെ മധ്യഭാഗത്തുള്ള നിച്ചിൽ പ്രതിഷ്ഠിക്കുകയുായി. റെത്താളിന്റെ ഇരുവശങ്ങളിലുമുള്ള റംശേത്തി, പുഷ്പമാല്യങ്ങൾ പിടിച്ചുനിൽക്കുന്ന മാലാഖമാരാൽ അലംകൃതമാണ്. റെത്താളിന്റെ മുൻവശത്ത് സക്രാരിയുടെ പിന്നിലായി വളരെ വലുപ്പുമുള്ള ഒരു ക്രൂശിതരൂപം സ്ഥാപിച്ചത് അരനൂറ്റാുമുമ്പാണ്. പായി ക്കാട്ടു ദേവസ്യാ നേർച്ചയായി സംഭാവന ചെയ്തതാണ് ഈ ക്രൂശിതരൂപം. ഈ രൂപം ആദ്യ പ്ലാനിൽ ഇല്ലാതിരുന്നതുകൊ് അത് അവിടെ വേപോലെ ചേരുന്നില്ലെന്ന് കാഴ്ചക്കാർക്ക് തോന്നിയേക്കാം. മദ്ബഹായുടെ മുകൾത്തട്ടിൽ കന്യാമറിയത്തെ ത്രിലോകരാജ്ഞിയായി സ്വർഗ്ഗത്തിൽ മുടിധരിപ്പിക്കുന്ന വർണചിത്രം മനോഹരമായി ആലേഖനം ചെയ്തിരിക്കുന്നു. 108 വർഷങ്ങൾ കഴിഞ്ഞിട്ടും ആ ചിത്രത്തിന്റെ വർണ്ണസൗകുമാര്യത്തിന് ഒട്ടും മങ്ങലേറ്റിട്ടില്ല.

മദ്ബഹായിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത പൗലോസ് മാർ അക്വീനാസ്, മാർ തോമസ് കുര്യാളശേരി, മാർ ജെയിംസ് കാളാശ്ശേരി, മാർ മാത്യു കാവുകാട്ട് എന്നീ വൈദിക മേലദ്ധ്യക്ഷന്മാരുടെ കബറിടങ്ങൾ കാണാം. മദ്ബഹായുടെ താഴെ ഇരുവശങ്ങളിലും ഓരോ ചെറിയ കപ്പേളകളു്. അവയിലാണ് പള്ളിമേടയിൽ വിശ്രമിച്ചിരുന്ന പ്രായം ചെന്ന വൈദികർ ദിവ്യബലി അർപ്പിച്ചിരുന്നത്. അക്കാലത്ത് രും മൂന്നും കുർബാനകൾ ഒരേസമയത്ത് വിവിധ നടകളിൽ അർപ്പിച്ചിരുന്നു. പള്ളിക്കകത്തു തെക്കുവശത്തു വിശുദ്ധ യൗസേപ്പിതാവിനുവേി പ്രതിഷ്ഠിച്ചിരുന്ന ഒരു 'നട' ഉായിരുന്നു. അതിനു മുകളിൽ വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണം ചിത്രീകരിക്കുന്ന വലിയ ഒരു എണ്ണഛായാചിത്രം വരച്ചുവച്ചിരുന്നത് ഇപ്പോൾ പഴയ പള്ളിമേടയിൽ സൂക്ഷിച്ചിരിക്കുന്നു. ജീവചൈതന്യം സ്ഫുരിക്കുന്ന മനോഹരമായ ആ ചിത്രം വിലയ്ക്കു വാങ്ങാൻ പല വിദേശികളും ശ്രമിച്ചിട്ടു്.

ചങ്ങാശേരിപ്പള്ളിയുടെ കൊടിമരം സ്ഥാപിച്ചത് 1063 മകരം 10-ാം തീയതി ആണെന്ന് കൊടിമരത്തിന്റെ ചുവട്ടിൽ രേഖപ്പെടുത്തിയിട്ടു്. ഹൈന്ദവക്ഷേത്രങ്ങളിലെ കൊടിമരത്തിന്റെ മാതൃകയിലാണ് ഈ കൊടിമരവും നിർമ്മിച്ചിരിക്കുന്നത്; ഉച്ചിയിൽ കുരിശു സ്ഥാപിച്ചിട്ടുന്നെ ഒരു വ്യത്യാസം മാത്രം. സെബാസ്ത്യാനോസ് പുണ്യവാന്റെ രക്തസാക്ഷിത്വത്തിന്റെ അടയാളമായ അമ്പും വില്ലും ഇതിന്റെ ചുവട്ടിലുന്നെുള്ളത് മറ്റൊരു വ്യത്യാസമാണ്.

#### 9.25.24. പള്ളിമണികൾ

ചങ്ങനാശരി മെത്രാപ്പോലീത്തൻ പള്ളി മണിമാളികയിൽ നാലു മണികളാണുള്ളത്. കോട്ടയം വികാരി അപ്പസ്തോലിക്ക ആയിരുന്ന റവ. ഡോ. ചാൾസ് ലവീഞ്ഞ് പള്ളിക്കു സംഭാവന ചെയ്തവയാണ് ഇവ. 'കോട്ടയം വികാരി അപ്പസ്തോലിക്ക ചാൾസ് ലവീഞ്ഞ് എസ്.ജെ. ചങ്ങനാശേരി സെന്റ് മേരീസ് പള്ളി' എന്ന് എല്ലാ മണികളിന്മേലും ഉല്ലേഖനം ചെയ്തിരിക്കുന്നു. നാലാമത്തെ മണിയിന്മേൽ 'നഗരത്തിന്റെ കാവൽക്കാരനായ വി. സെബസ്ത്യാനോസ്' എന്നു രേഖപ്പെടുത്തിയിട്ടു്. ഈ മണികളുടെ മന്ത്രധ്വനി നഗരത്തിലെവിടെയും കേൾക്കാം.

#### 9.25.25. ചങ്ങനാശേരി സൂനഹദോസ്

1888 ഡിസംബർ 18 മുതൽ 20 വരെ ചങ്ങനാശേരിപ്പള്ളിയിൽ ഒരു സൂനഹദോസ് നടന്നിട്ടു്. ലവീഞ്ഞ് മെത്രാനച്ചനാണ് ഈ സൂനഹദോസ് വിളിച്ചുകൂട്ടിയത്. 'ചങ്ങനാശേരി സൂനഹദോസ്' എന്നാണ് കേരളസഭാചരിത്രത്തിൽ ഈ സൂനഹദോസ് അറിയപ്പെടുന്നത്.
തന്റെ വിശാലമായ വികാരിയാത്തിലെ സുറിയാനിക്കാരുടെ ആദ്ധ്യാത്മികവും സാമ്പത്തികവും സാമൂഹികവുമായ നിലയെക്കുറിച്ച് ബിഷപ്പ് ചുരുങ്ങിയ സമയംകൊ് ഏറെക്കുറെ പഠിച്ചിരുന്നു. തത്സംബന്ധമായ പാളിച്ചകളും പോരായ്മകളും ചൂിക്കാണിച്ച് പരിഹാരം കത്തുന്നതിനായിരുന്നു പ്രാദേശികസൂനഹദോസ്. ചങ്ങനാശേരിപ്പള്ളിയിൽ വികാരിയാത്തിലെ എല്ലാ വികാരിമാരെയും റെക്ടർമാരെയും സന്ന്യാസശ്രേഷ്ഠന്മാരെയും വിളിച്ചുകൂട്ടി. നൂറിൽപരം പള്ളികളിലെ വികാരിമാർ അതിൽ സംബന്ധിച്ചു.

തോമ്മാശ്ലീഹായുടെ ദുക്റാന ജൂലൈ 3-ാം തീയതി ആചരിക്കണം. യൗനാൻ നിവ്യയുടെ മൂന്നുനോമ്പ് ആചരിക്കണം. സ്ത്രീകൾ കാതുകുത്തി വളർത്തരുത്. സ്ത്രീക്കും പുരുഷനും വിവാഹപ്രായം യഥാക്രമം 15, 18 ആയിരിക്കണം. വിവാഹത്തിനു ചെലവു കുറയ്ക്കണം. ആഭരണങ്ങൾ എരവു വാങ്ങരുത്. പുത്തൻകൂറ്റുകാരുടെ പള്ളിക്കൂടങ്ങളിൽ കത്തോലിക്ക കുട്ടികളെ വിട്ടുകൂടാ. അകത്തോലിക്കരുടെ മാനസാന്തരത്തിനായി ദിവസവും പ്രാർത്ഥിക്കണം.

സുറിയാനി കുർബാനയ്ക്കു കൂടുവാൻ എല്ലാ കുട്ടികളെയും പഠിപ്പിക്കണം. പള്ളി പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആറു പട്ടക്കാരും ആറ് അൽമായരും ഉൾപ്പെട്ട ഒരു കമ്മിറ്റി ഉായിരിക്കണം. ആത്മീയജീവിതത്തിനു ചേരാത്ത നാടകങ്ങൾ നടത്തിക്കൂടാ എന്നിവയായിരുന്നു സൂനഹദോസിന്റെ തീരുമാനങ്ങളിൽ ചിലവ. ജനങ്ങളുടെ ആത്മീയ നവോത്ഥാനത്തിനു വേിയുള്ള ബിഷപ്പിന്റെ ആദ്യശ്രമമായിരുന്നു ഈ സൂനഹദോസ്.

ലവീഞ്ഞു ബിഷപ്പിന്റെ ഭരണത്തിന്റെ കെട്ടുറപ്പിൽ വിള്ളലുാക്കിയ ഒരു സംഭവവും ഈ സൂനഹദോസിൽവച്ചുായി. നിധീരിക്കൽ മാണിയച്ചൻ യാക്കോബായ ബിഷപ്പ് മാർ ദിവന്ന്യാസോസുമായി ഉാക്കിയ ജാത്യൈക്യസംഘവും അതിന്റെ ദുരന്തവും യാക്കോബായക്കാരിൽനിന്നും ലവീഞ്ഞു ബിഷപ്പിന് നേരിട്ട ബുദ്ധിമുട്ടുകളെല്ലാം മനസ്സിൽവച്ചുകൊ് ബിഷപ്പ് മാണിയച്ചനെ ഈ സൂനഹദോസിൽ വച്ച് അതിനിശിതമായി വിമർശിച്ചു. ഈ വിമർശനം മാണിയച്ചനെ മാത്രമല്ല, അദ്ദേഹത്തെ ബഹുമാനിച്ചിരുന്ന അനേകംപേരെയും രോഷാകുലരാക്കി.

റോമൻ കത്തോലിക്കരോടു ശത്രുതാമനോഭാവം പുലർത്തുന്ന യാക്കോബായക്കാർ ബഹുഭൂരിപക്ഷമുള്ള കോട്ടയത്ത് തന്റെ ആസ്ഥാനമുറപ്പിക്കുക ദുഷ്കരമാണെന്നു ക് ലവീഞ്ഞു മെത്രാനച്ചൻ സൗകര്യപ്രദമായ വേറെ സ്ഥലം അന്വേഷിച്ചുതുടങ്ങി. ഈ വിവരമറിഞ്ഞ നിധീരിക്കൽ മാണിയച്ചൻ തന്റെ ജന്മസ്ഥലമായ കുറവിലങ്ങാട്ട് വേുവോളം സ്ഥലം സൗജന്യമായി തന്നുകൊള്ളാമെന്ന് ബിഷപ്പിനെ അറിയിച്ചു. അതനുസരിച്ച് സ്ഥലം സന്ദർശിച്ചെങ്കിലും തൃപ്തിയാകാതെ പോന്നു. ബിഷപ്പിന്റെ സെക്രട്ടറി പഴയപറമ്പിൽ ലൂയിസച്ചൻ മുഖാന്തിരം ഈ വിവരം ചങ്ങനാശേരിപ്പള്ളി വികാരിയായിരുന്ന റവ. ഫാ. സിറിയക് കങ്കരി അറിഞ്ഞു. കത്തോലിക്കർ ഭൂരിപക്ഷമുള്ളതും കത്തീഡ്രലിനു പറ്റിയ പുതിയ ദൈവാലയമുള്ളതുമായ ചങ്ങനാശേരിയിൽ അരമനയ്ക്ക് ഉചിതമായ സ്ഥലം സൗജന്യമായി നൽകിക്കൊള്ളാമെന്ന് അദ്ദേഹം സെക്രട്ടറിവഴി ബിഷപ്പിനെ അറിയിച്ചു. ഇന്ന് അരമനയിരിക്കുന്ന ഇരുമ്പനത്തുകുന്ന് കങ്കരിയച്ചൻ ബിഷപ്പിന് കാണിച്ചുകൊടുത്തു. സ്ഥലം ബിഷപ്പിന് ഇഷ്ടപ്പെട്ടു. ഏഴു പുരിയടങ്ങൾ ചേർന്നതാണ് ഇന്നത്തെ അരമനയിരിക്കുന്ന സ്ഥലം. അവ ചങ്ങനാശേരിപ്പള്ളിയിൽനിന്നു വാങ്ങി ബിഷപ്പിന് അരമന പണിയാൻ കൊടുത്തു. അഞ്ചു പുരയിടങ്ങൾ ബിഷപ്പിന്റെയും ചങ്ങനാശേരിപ്പള്ളി കൈക്കാരനും കണക്കനുമായിരുന്ന പ്രശസ്തനായ മാളേക്കൽ വർഗീസ് മാത്തുവിന്റെയും പേരിലാണ് പതിച്ചിട്ടുള്ളത്. രുമുറി പുരയിടം കൈവശമെടുക്കാൻ സിവിൾ കേസ് നടത്തേി വന്നു. മാക്കീൽ മെത്രാനച്ചന്റെ കാലത്താണ് ആ കേസുകൾ തീർന്ന് സ്ഥലം അരമനയ്ക്കുതന്നെ കിട്ടിയത്. ചങ്ങനാശേരിപ്പള്ളിയെ സംബന്ധിച്ച് ഈ ദാനവും ഒരു പ്രധാന സംഭവമാണ്.

**9.25.26. ആസ്ഥാനമാറ്റം: ചങ്ങനാശേരിപ്പള്ളി മെത്രാസനദൈവാലയം**

1891 മാർച്ച് 21-ാം തീയതി ശനിയാഴ്ച ചങ്ങനാശേരിക്കാർ ലവീഞ്ഞു ബിഷപ്പിനെ ആഘോഷപൂർവം ചങ്ങനാശേരിയിലേക്ക് സ്വീകരിച്ചു എന്ന് നസ്രാണി ദീപികയിൽ റിപ്പോർട്ടു കാണുന്നു. അന്നു മുതൽ ചങ്ങനാശേരിപ്പള്ളി മെത്രാസന ദൈവാലയമായി മാറി.

കർമ്മെലീത്താമഠത്തിന്റെ മൂന്നാം നിലയിലാണ് ബിഷപ്പ് ലവീഞ്ഞ് താമസിച്ചിരുന്നത്. അവിടെ തെക്കേ ഭിത്തിയിൽ ഒരു ത്രിവർണ്ണചിത്രം ആലേഖനം ചെയ്തിരിക്കുന്നു. അക്കാലത്തെ ഒരു സുറിയാനി ക്രിസ്ത്യൻ ബാലനെ കാവൽമാലാഖ സംരക്ഷിക്കുന്നതാണ് ചിത്രം.

### 9.25.27. ശ്രദ്ധേയമായ ഒരു കർമ്മം

യാദൃച്ഛികമെങ്കിലും അർത്ഥവത്തായ ഒരു കർമ്മം ക്രിസ്തുവർഷം 1895 മലയാളമാസം കന്നി 9-ാം തീയതി ചങ്ങനാശേരിപ്പള്ളിയിൽ നടക്കുകയുായി. കോട്ടയം വികാരിയാത്തിന്റെ അപ്പസ്തോലിക്ക ബിഷപ്പ് ചാൾസ് ലവീഞ്ഞ് എസ്.ജെ. ചങ്ങനാശേരിപ്പള്ളിയിൽ വെച്ച് തോമ്മാശ്ലീഹായുടെ പ്രതിമയെ മെത്രാന്റെ ചിഹ്നങ്ങളായ കാപ്പയും വടിയും മുടിയും ധരിപ്പിച്ച് കത്തീഡ്രലിന്റെ വലിയ ത്രോണോസിൽ സ്ഥാപിച്ചു. എല്ലാ വർഷവും ജൂലൈ 3-ാം തീയതി കാപ്പയും മീത്രയും അംശവടിയും ധരിപ്പിച്ച തോമ്മാശ്ലീഹായുടെ രൂപം മെത്രാപ്പോലീത്തൻ ദൈവാലയത്തിന്റെ മദ്ബഹായിൽ ഇപ്പോഴും സ്ഥാപിച്ചിട്ടു്. മറ്റൊരു ദൈവാലയത്തിലും കാണാത്തതാണ് ഈ ചടങ്ങ്.

### 9.25.28. പഴയ പള്ളിമേടയും പുതിയ പള്ളിമേടയും

1887 മകരം 16-നാണ് സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി കൂദാശ ചെയ്തത്. എന്നാൽ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്ത 1822 ഡിസംബർ 30-ന് മലങ്കരയിലെത്തിയ പൗലോസ് മാർ അക്വിനാസ് ആണ് പള്ളിയുടെ നിർമ്മാണത്തിനു നേതൃത്വം നൽകിയത്. അദ്ദേഹത്തിന്റെ ആസ്ഥാനമായും ഈ പള്ളിമേട ഉപയോഗിച്ചിരുന്നു. കോട്ടയം വികാരിയാത്തിന്റെ മെത്രാനായി നിയമിതനായ മാർ ചാൾസ് ലവീഞ്ഞ് തന്റെ ആസ്ഥാനം ചങ്ങനാശേരിയിലേക്കു മാറ്റാനുായ കാരണങ്ങളിലൊന്ന് സുറിയാനിക്കാരുടെ മെത്രാപ്പോലീത്ത തന്റെ ആസ്ഥാനമായി ഉപയോഗിച്ച സ്ഥലമെന്നതായിരിക്കാം. 1890 ജനുവരി 6-ന് ലവീഞ്ഞു പിതാവിന്റെ ജന്മദിനം പഴയ പള്ളിമേടയിൽവച്ച് ആഘോഷിക്കുകയും നാടകം നടത്തുകയും ചെയ്ത കാര്യം പാലാക്കുന്നേൽ വല്യച്ചൻ തന്റെ നാളാഗമത്തിൽ വിമർശനാത്മകമായിട്ടാണെങ്കിലും ദീർഘമായി വിവരിക്കുന്നു്. 1991-ലാണ് പുതിയ പള്ളിമേട പണിയുന്നത്. പുതിയ പള്ളിമേടയിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഫലകം രു പള്ളിമേടകളുടെയും ചരിത്രം വിശദമാക്കുന്നതുകൊ് അതിവിടെ പകർത്താം.

"കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരും മെത്രാപ്പോലീത്തയും ആയിരുന്ന പൗലോസ് മാർ അക്വിനാസിന്റെ പ്രോത്സാഹനത്താലും പള്ളികളിൽനിന്നുള്ള പൊതുമുതൽ ചെലവു ചെയ്തും 1821-22-ൽ നിർമ്മിച്ച് തുടക്കത്തിൽ വൈദികപരിശീലനകേന്ദ്രവും പിന്നീട് വൈദികഭവനവുമായി ഉപയോഗിച്ചിരുന്ന പള്ളിമേട പഴക്കംകൊ് അപര്യാപ്തമായിത്തീർന്നതിനാൽ 1980 ഫെബ്രുവരി 18-ന് ഇടവകയിലെ കുടുംബനാഥന്മാർ വികാരി പെ. ബ. ജോസഫ് എരുമച്ചാടത്തിന്റെ അധ്യക്ഷതയിൽ യോഗം ചേർന്ന് പുതിയ പള്ളിമേട നിർമ്മിക്കാൻ തീരുമാനിച്ചു. 1991 ജനുവരി 6-ന് ശിലാസ്ഥാപനം നടത്തി. 1992 നവംബറിൽ പണി പൂർത്തിയാക്കി.

### 9.25.29. ചങ്ങനാശേരിപ്പള്ളി സേവനരംഗത്ത്

നിധീരിക്കൽ മാണിയച്ചൻ യാക്കോബായക്കാരുടെ തിരിച്ചുവരവിനെ ലക്ഷ്യമാക്കി അവരുടെ മെത്രാൻ മാർ ദിവന്നാസിയോസുമായി യോജിച്ചു രൂപീകരിച്ച 'ജാത്യൈക്യസംഘ'ത്തിന് 1875 രൂപ 3 ചക്രം 8 കാശ് ചങ്ങനാശേരിയിൽനിന്നു നൽകിയിട്ടു്. കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട മാർ ഈവാനിയോസ്, മാർ തിയോഫിലോസ് തിരുമേനിമാർ ചങ്ങനാശേരിപ്പള്ളി സന്ദർശിച്ചപ്പോൾ പള്ളിയിൽനിന്നു പുനരൈക്യപ്രവർത്തനത്തിനായി 1000 രൂപ അവർക്കു സംഭാവന നൽകുകയുായി.

ഇന്നു കർമ്മെലീത്താമഠം ഇരിക്കുന്ന വടക്കേകാലാ പുരയിടം അരമനയിരിക്കുന്ന ഇരുമ്പനത്തുകുന്ന് ഇവ ചങ്ങനാശേരിപ്പള്ളി വാങ്ങി നല്കിയതാണ്.

അധികമാരും അറിഞ്ഞിട്ടില്ലാത്ത മറ്റൊരു വലിയ സേവനം പൊതുരംഗത്ത് ചങ്ങനാശേരിപ്പള്ളി അർപ്പിച്ചിട്ടു്. ഇന്നത്തെ സർക്കാർ ആശുപത്രി ഇരിക്കുന്ന സ്ഥലവും ആശുപത്രിയുടെ ആദ്യത്തെ പഴയ കെട്ടിടവും ചങ്ങനാശേരിപ്പള്ളി നൽകിയതാണെന്ന് 1895 മേയ് 10-ാം തീയതിയിലെ നസ്രാണി ദീപികയിലെ ഒരു റപ്പോർട്ടിൽനിന്നും മനസ്സിലാക്കാം. മെയ് മൂന്നാം തീയതി നടന്ന ഉദ്ഘാടനസമ്മേളനം ഫാ. റിക്കാർദിന്റെ അദ്ധ്യക്ഷതയിലായിരുന്നു. ആശുപത്രിക്കുവേി പള്ളി നല്കിയ കെട്ടിടത്തിന്റെ താക്കോൽ വികാരി റവ. ഫാ. സിറിയക്ക് കങ്കരി മജിസ്ട്രേട്ടിനെ ഏല്പിച്ചു. മജിസ്ട്രേട്ട് അതു ഫാ. റിക്കാർദിനെ ഏല്പിച്ചു. അദ്ദേഹം കെട്ടിടം തുറന്നു. എല്ലാവരും അകത്തു പ്രവേശിച്ചു. ഡോക്ടർ തോമസ് കോരയായിരുന്നു ഈ ആശുപത്രിയിലെ ഡോക്ടർ.

വിദ്യാഭ്യാസരംഗത്തും ചങ്ങനാശേരിപ്പള്ളി കാലത്തിന് അനുസരിച്ചവിധം സേവനം അനുഷ്ഠിച്ചിട്ടു്. 1888 വരെ ചങ്ങനാശേരിയിൽ സ്ത്രീകൾക്ക് ഒരു വിദ്യാലയം ഇല്ലായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ വിദ്യാലയങ്ങൾ വേണമെന്ന് പ്രഗത്ഭനായ വികാരി കങ്കരിൽ സിറിയക്ക് അച്ചൻ ആഗ്രഹിച്ചു. അന്ന് ഇവിടത്തെ സ്കൂൾ ഇൻസ്പെക്ടർ ഉള്ളൂർ സുബ്രഹ്മണ്യ അയ്യർ റവ. ഫാ. സിറിയക്കിന്റെ ഉറ്റ സ്നേഹിതനായിരുന്നു. അദ്ദേഹത്തിന്റെ സഹായംകൊ് 1888 ഏപ്രിൽ മാസത്തിൽ സ്ത്രീകൾക്കായി ഒരു ഇംഗ്ലീഷ്-മലയാളം സ്കൂൾ റവ. ഫാ. കങ്കരി സ്ഥാപിച്ചു. ഈ സ്കൂളിന്റെ വികാസപരിണാമമാണ് ഇന്നത്തെ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ. പ്രസ്തുത സ്കൂൾ ഇന്നത്തെ പോലീസ് സ്റ്റേഷനു സമീപമുള്ള ഒരു കെട്ടിടത്തിലായിരുന്നു ആരംഭിച്ചത്.

## 9.26. ചേർത്തല തങ്കിപ്പള്ളിയുടെ ചരിത്രം

### 9.26.1. ചരിത്രമുറങ്ങുന്ന തീരഭൂമി

ആലപ്പുഴയുടെ ഉത്തര പശ്ചിമാതിർത്തിയിൽ കരപ്പുറത്തിന്റെ (ചേർത്തല) ഭാഗമായ കടക്കരപ്പള്ളി (കടൽക്കരപ്പള്ളി)യിലെ ഒരു അനുഗൃഹീതപ്രദേശമാണ് തങ്കി. കേരളചരിത്രം മാറ്റിയെഴുതപ്പെട്ടേക്കാവുന്ന ചരിത്രവേരുകൾ മൺമറഞ്ഞു കിടക്കുന്ന ഒരു പ്രദേശമാണ് ഇത്. എ.ഡി. 11-ാം നൂറ്റാിനു മുമ്പ് കരപ്പുറം പ്രദേശം (ചേർത്തല) കടലിനടയിൽ ആയിരുന്നുവെന്നും വൻപ്രകമ്പനങ്ങൾകൊാേ തുറമുഖരൂപീകരണവുമായി ബന്ധപ്പെട്ട് തെക്കോട്ട് എക്കൽ അടിഞ്ഞോ രൂപാന്തരപ്പെട്ടതാകണം കരപ്പുറം എന്ന് അനുമാനിക്കപ്പെടുന്നു. പ്രസിദ്ധ യൂറോപ്യൻ സഞ്ചാരിയായിരുന്ന മാർക്കോ പോളോ കൊടുങ്ങല്ലൂരിൽ കപ്പലടുപ്പിച്ചശേഷം തെക്കോട്ട് യാത്ര തുടർന്നു. ഇന്നത്തെ തൃപ്പൂണിത്തുറയിലും പിന്നീട് കപ്പൽ യഥാക്രമം കടുത്തുരുത്തി (കടൽത്തുരുത്ത്), ചങ്ങനാശേരി (പെരുന്ന) തുടങ്ങിയ തുറമുഖങ്ങളിലും അവസാനം പുറക്കാട്ട് തുറമുഖത്തും എത്തിച്ചേർന്നുവെന്ന് രേഖപ്പെടുത്തിയതിൽനിന്നും കരപ്പുറം എന്ന ഭൂഭാഗം അക്കലത്തുായിരുന്നുവെന്ന് അനുമാനിക്കാം.

സമീപകാലത്ത് തൈക്കലിലെ കുഞ്ഞിത്തൈ പാടശേഖരത്തിൽ മണ്ണിനടിയിൽ കത്തിയ ആയിരത്തിനുമേൽ വർഷങ്ങൾ പഴക്കമുള്ള ഒരു പായ്ക്കപ്പൽ മേൽപ്പറഞ്ഞ വസ്തു

തയെ സാധൂകരിക്കുന്നതാണ്. ചരിത്രവസ്തുതകൾ എന്തുതന്നെ ആയാലും കരപ്പുറത്തിന്റെ മറ്റു ദേശങ്ങളുടെ രൂപീകരണത്തിനു മുൻപുമുതലേ തങ്കി, കടക്കരപ്പള്ളി, തൈക്കൽ, ഒറ്റമശ്ശേരി പ്രദേശങ്ങൾ ഉായിരുന്നുവെന്നു വേണം കരുതാൻ. (ഫാ. ഫ്രാൻസിസ് സേവ്യർ കവലക്കൽ തങ്കിപ്പള്ളിയും....). ആദ്യകാലങ്ങളിൽ ഈ നാട്ടുകാർ ഹിന്ദുമതവിശ്വാസികൾ ആയിരുന്നു. പിന്നീട് ഇവർ ബുദ്ധമതവിശ്വാസികൾ ആവുകയും പിന്നീട് വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ വരവോടുകൂടി പലരും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

പ് ചെമ്പകശ്ശേരി രാജവംശത്തിന്റെ അധീനതയിലായിരുന്നു ഈ പ്രദേശം. കൊച്ചി രാജവംശത്തിന്റെ ഭാഗമായിത്തീർന്നതിനു പിന്നിൽ പോർത്തുഗീസ് നാവിക പടത്തലവനും പിന്നീട് കൊച്ചിരാജാവിന്റെ സർവ്വസൈന്യാധിപനുമായിത്തീർന്ന ആൻഡ്രൂസ് പെരേരയ്ക്ക് അനിഷേധ്യമായ പങ്കു്. അർത്തുങ്കലിൽ കൊച്ചിരാജാവ് പണികഴിപ്പിച്ച അരംപറമ്പ് ബംഗ്ലാവിൽ താമസമാക്കിയ ആൻഡ്രൂസ് പെരേരയുടെ പിൻതലമുറക്കാരാണ് അന്ത്രപ്പേർമാർ. കൊച്ചി രാജാവ് കരമൊഴിവായി കല്പിച്ചു നൽകിയ അർത്തുങ്കൽ, തങ്കി പ്രദേശങ്ങളിൽ താമസിച്ച ഇവർ പിന്നീട് നാടുവാഴികളും ഫ്യൂഡൽ പ്രഭുക്കന്മാരുമായിത്തീർന്നു. അന്ത്രപ്പേർ കുടുംബാംഗങ്ങൾ അധികവും തങ്കിയിലാണ് നിവസിച്ചത്.

തങ്കി പ് 'തനകി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗ്രാമമായിരുന്നു. പിന്നീട് വിദേശികൾ സൗകര്യത്തിനയി 'തങ്കി' എന്നു വിളിച്ചുവെന്നു പറയപ്പെടുന്നു. വെള്ളക്കെട്ടും ചതുപ്പും ചിറകളും പാടങ്ങളുമായി വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശം വെള്ളക്കെട്ട് എന്നർത്ഥമുള്ള ഠഅചഗ എന്ന പദത്തിൽനിന്ന് ശബ്ദരൂപഭേദമുായി തങ്കിയായിത്തീർന്നിരിക്കണം. ഇതാണ് തങ്കിയെന്ന സ്ഥലനാമത്തിനു പിന്നിൽ അനുമാനിക്കാവുന്ന വസ്തുതകൾ. കാലവർഷസമയത്തെ വെള്ളക്കെട്ട് പരിഹരിക്കാനായി പള്ളിത്തോടിനടുത്തുള്ള അഴി വെട്ടി മുറിക്കാൻ ആൻഡ്രൂ പെരേര കൽപ്പിക്കുകയുായി. അങ്ങനെയുായ അഴി 'ആന്ഡ്രൂക്കാരനഴി'യും പിൽക്കാലത്ത് 'അന്ധകാരനഴി'യും ആയിത്തീർന്നു.

എ.ഡി. 1762-ൽ തിരുവിതാംകൂർ രാജാവായിരുന്ന കാർത്തികതിരുനാൾ ബാലരാമവർമ്മ (ധർമ്മരാജ 1758-98) കരപ്പുറം (ചേർത്തല) പിടിച്ചടക്കുകയും തിരുവിതാംകൂറിനോട് ചേർക്കുകയും ചെയ്തു. അങ്ങനെ 'ചേർത്ത തലം' 'ചേർത്തല'യായി മാറി എന്നത് ചരിത്രം. കരപ്പുറം കൊച്ചിയുടെ അധീനതയിലായിരുന്ന കാലത്ത് ഇവിടത്തെ സാമന്തരാജാവായിരുന്ന മൂത്തേടത്ത് സ്വരൂപക്കാർക്ക് ലഭിക്കുകയും അർത്തുങ്കൽ കേന്ദ്രമാക്കി അവർ ഭരണം നടത്തിപ്പോരുകയും ചെയ്തു.

ഈ കാലയളവിൽ ക്രൈസ്തവവിശ്വാസികൾക്ക് ശരിയായ ദിശാബോധം നൽകി അർത്തുങ്കൽ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന സാന്തേ ആന്ത്രേ മിഷൻ ജസ്യൂട്ട് വൈദികരുടെ പരിശ്രമഫലമായി തങ്കിയിൽ ഒരു കുരിശുപള്ളി സ്ഥാപിക്കാനുള്ള അനുമതി 1579-ൽ മൂത്തേടത്തു സ്വരൂപക്കാരിൽനിന്നും ലഭിക്കുകയുായി. തത്ഫലമായി ഈ നാട്ടിലെ നാലാംപാദക്കാരയ ഈഴവരും മറ്റു വിജാതീയരും മാമ്മോദീസ സ്വീകരിക്കുകയും ഇവിടെ ഉായിരുന്ന പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ സമുദായത്തിൽ ചേരുകയും ചെയ്തു. ഇവർക്കായി 1583-ൽ ആണ് തങ്കിയിലെ ആദ്യത്തെ കുരിശുപള്ളി സ്ഥാപിച്ചത്. ഇതിനുശേഷം സാന്തേ ആന്ത്രേ മിഷന്റെ തലവനായിരുന്ന ഫാ. ജെക്കോ മോഫിനിഷ്യോ എസ്.ജെ. 1620-ൽ വിശുദ്ധ കുരിശിന്റെ നാമത്തിൽ കടക്കരപ്പള്ളിയിൽ ഒരു കുരിശുപള്ളി സ്ഥാപിച്ചതായും 1762

-ലെ തിരുവിതാംകൂർ അധിനിവേശത്തെത്തുടർന്ന് ഈ ദൈവാലയം നശിപ്പിക്കപ്പെട്ടതായും ഇവിടത്തെ അഞ്ഞൂറോളം വരുന്ന ക്രിസ്തീയകുടുംബങ്ങൾ (കുരിശിങ്കൽക്കാർ എന്നാണ് ഈ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്നത്) തങ്കിയിലെ കുരിശുപള്ളിയിൽ അഭയം തേടിയതായും പറയപ്പെടുന്നു.

1832-ൽ തങ്കിപ്പള്ളിയെ സ്വതന്ത്രഇടവകയായി ഉയർത്തി. തികച്ചും ഗോഥിക് ശൈലിയിൽ നിർമ്മിക്കപ്പെട്ട അൾത്താരയുടെയും കെട്ടിടത്തിന്റെയും പ്രവേശനകവാടത്തിൽ ഇന്നു കാണുന്ന പ്രൗഢഗംഭീരമായ മുഖപ്പ് നിർമ്മിച്ചത് 1930-ൽ ആണ്. മുകളിലെ ഓടുകളുടെ വ്യത്യാസത്തിലും ഉള്ളിലെ സമാനതകളില്ലാത്ത അലങ്കാരപ്പണികളിലുംനിന്ന് പള്ളി രു ഘട്ടങ്ങളായി നിർമ്മിച്ചതാണ് എന്ന് തിരിച്ചറിയാം. തെക്ക് തൈക്കൽ മുതൽ വടക്ക് കുത്തിയതോടുവരെ കടക്കരപ്പള്ളി, പട്ടണക്കാട്, തുറവൂർ പഞ്ചായത്തുകളിലായി 35 ച.കി.മീ. വ്യാപ്തിയിൽ പരന്നു കിടക്കുന്ന വളരെ വിസ്തൃതമായ ഒരു ഇടവകയായിരുന്നു (ഛൗൃ ഘമറ്യ ീള ജൗൃശളശരമശേീ ഇവൗൃരവ) 'ശുദ്ധീകരണമാതാവിന്റെ പള്ളി' എന്ന ഉത്ഭവനാമധേയത്തിലുള്ള തങ്കി സെന്റ് മേരീസ് ഫൊറോന ചർച്ച്.

### 9.26.2. മുടി വളരുന്ന പീഡാനുഭവ തിരുസ്വരൂപത്തിന്റെ ചരിത്രം

തങ്കിയുടെ ചരിത്രം കർത്താവീശോമിശിഹായുടെ അത്ഭുത പീഡാനുഭവസ്വരൂപത്തിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1935-ൽ വികാരിയായിരുന്ന കരോട്ട് ജോർജ്ജ് അച്ചനുായ വെളിപാടിൽനിന്നാണ് തിരുസ്വരൂപചരിത്രം തുടങ്ങുന്നത്. യേശുവിന്റെ പീഡാനുഭവസ്വരൂപം വിശ്വാസികളുടെ ദൈവഭക്തി വർദ്ധിപ്പിക്കുവാൻ തങ്കിപ്പള്ളിയിൽ വേണം എന്നായിരുന്നു അത്. ജനപങ്കാളിത്തത്തോടെ അതു നടപ്പിലാക്കുവാൻ ക്ഷാമകാലമായിരുന്നിട്ടുകൂടി ഇടവകയിലെ മുഴുവൻ കുടുംബങ്ങളും ഒരുപിടി അരിവീതം ദിവസേന മാറ്റിവെക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. കൊച്ചിരാജ്യത്തെ ഒരു പ്രമുഖശില്പിയെ സ്വരൂപനിർമ്മാണത്തിനു ചുമതലപ്പെടുത്തി.

തിരുസ്വരൂപം കൊത്തിയിട്ടുള്ള തടി ഏതെന്ന് അറിയില്ല. പല ഭാഗങ്ങളും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നത് തുകൽബെൽറ്റ് ഉപയോഗിച്ചാണ്. ശരീരഭാഗങ്ങൾ പാസ്ക്ക് കാണിക്കുന്ന തരത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം നൂറ്റാിൽ ജീവിച്ചിരുന്ന ഒത്ത ഒരു യഹൂദന്റെ ഉയരവും വണ്ണവും ചേർന്ന ആകാരം ഒരു കുറവും വരാതെ വാർത്തെടുക്കുവാൻ ശില്പിക്കു കഴിഞ്ഞു. സാധാരണ സ്വരൂപങ്ങളിൽ താടിയും മുടിയും മരത്തിൽതന്നെയാണ് കൊത്താറുള്ളത്. എന്നാൽ ഈ സ്വൂരൂപത്തിൽ താടി മരത്തിൽ കൊത്തിയ ശില്പി മുടി കൊത്തിയില്ല. പകരം മുടിയാണ് ഉറപ്പിച്ചത്. ഇത് ശരിയായ മുടിയാണോ കൃത്രിമമുടിയാണോ എന്ന് അറിയില്ല. ഇക്കാലമത്രയും ഒരു കേടും വരാതെ ഇങ്ങനെയിരിക്കുന്നതിൽനിന്നും ഇത് നശിക്കാതിരിക്കാൻ ശില്പി ഇതിൽ പച്ചമരുന്നുകൾ ഉപയോഗിച്ചിരിക്കാം എന്നനുമാനിക്കുന്നവരു്. അമ്മമാർ പിടിയരി കൂട്ടിയാണ് പണം നൽകുന്നതെന്നറിഞ്ഞ ശില്പി അവരോടുള്ള ബഹുമാനസൂചകമായി മുടി മരത്തിൽ കൊത്താതെ യഥാർത്ഥ മുടിതന്നെയാണ് ഉപയോഗിച്ചതെന്നും വിശ്വസിച്ചുപോരുന്നു. തിരുസ്വരൂപം കൊുവന്ന വേളയിലും പിന്നീട് പല കാലഘട്ടത്തിലും ഇപ്പോഴും എടുത്തിട്ടുള്ള ഫോട്ടോകളിൽനിന്നും ഈ മുടിയുടെ നീളത്തിൽ വ്യത്യാസം കാണുന്നതിനാൽ മുടി സ്വയം വളരുന്നു എന്ന് എല്ലാവരും വിശ്വസിക്കുന്നു. 'മുടി വളരുന്ന ഈശോ' എന്നാണ് ഈ കാലഘട്ടത്തിൽ ഈ തിരുസ്വരൂപം പരക്കെ അറിയപ്പെടുന്നത്.

മുൻപു പറഞ്ഞതുപോലെ പച്ചമരുന്ന് ഉപയോഗിച്ചതാണോ, മറ്റെന്തെങ്കിലും വസ്തു മുടിയായി ഉപയോഗിച്ചുതമൂലമാണോ അമ്മമാരുടെ ത്യാഗസ്മരണ നിലനിൽക്കാനുള്ള ദൈവനിശ്ചയമാണോ ഈ രഹസ്യത്തിനു പിന്നിലെന്നറിയാവുന്നത് പ്രധാന ശില്പിക്കു മാത്രമാണ്. എന്തായാലും ഈ തിരുസ്വരൂപത്തിൽ മുടി കൊത്തിവയ്ക്കാതിരുന്നത് ഒരു ദൈവനിയോഗമാണെന്ന വിശ്വാസം ശക്തമാണ്.

തിരുസ്വരൂപം ഇടക്കൊച്ചിയിൽനിന്നാണ് വള്ളക്കാർ ഏറ്റെടുത്തത്. 1936-ൽ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചത്. 2011-ൽ ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടു. ലോറൻസ് പുളിയനത്ത് അച്ചനാണ്. വെഞ്ചരിപ്പുവേളയിൽ 'ഈ തിരുസ്വരൂപം തങ്കിയെ തങ്കമാക്കും' എന്ന് പുളിയനത്ത് അച്ചൻ പ്രവചിച്ചിരുന്നു.

### 9.26.3 ദുഃഖവെള്ളി ആചരണം

തങ്കിപ്പള്ളിയെ സംബന്ധിച്ചിടത്തോളം ദുഃഖവെള്ളിയാഴ്ച പ്രധാന തീർത്ഥാടനദിവസമാണ്. ആദ്യകാലങ്ങളിൽ ഇടവകസമൂഹവും അയൽ ഇടവകകളിലെ വിശ്വാസികളുമായിരുന്നു ഇവിടെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നത്.

1936 ഏപ്രിൽ 17-നാണ് ഈ അത്ഭുത തിരുസ്വരൂപം ആദ്യം ദർശിച്ചത്. ആദ്യദർശനം ഏറെ ഭീതിജനകവും ദുഃഖപൂർണ്ണവുമായിരുന്നു. കണ്ണീരോടെ ജനങ്ങൾ രൂപത്തെ ദർശിച്ചു. അടുത്തകാലത്തായി പെസഹാവ്യാഴാഴ്ചത്തെ പരസ്യാരാധനയ്ക്കുശേഷം 12 മണിക്ക് കബറടക്കം വരെ 24 മണിക്കൂർ തീർത്ഥാടകർക്ക് തിരുസ്വരൂപം ചുംബിക്കാൻ സാധിക്കുന്നു. തിരുസ്വരൂപം ചുംബനത്തിനു യോഗ്യമാക്കിയ ശേഷമാണ് മണിക്കൂറുകൾ ദൈർഘ്യമുള്ള ധ്യാനാത്മകമായ കുരിശിന്റെ വഴി നടത്തപ്പെടുന്നത്.

മലർമാലകളാലും മുത്തുമാലകളാലും അലംകൃതമായ തിരുസ്വരൂപം പള്ളിക്കു മുമ്പിലുള്ള മുല്ലപ്പന്തലിലേക്ക് മരമണികളുടെ അകമ്പടിയോടെയാണ് കൊുവരുന്നത്. ഈ മുല്ലപ്പന്തൽ ഒരുക്കുന്നത് ഭക്തരായ യുവജനങ്ങളാണ്. തങ്കിപ്പള്ളിയുടെ തിരുനട തുറന്ന് തിരുസ്വരൂപം പന്തലിലേക്ക് കൊുവരുന്ന അനുഗ്രഹീതനിമിഷം ഭക്തിസാന്ദ്രമാണ്. കാത്തുനിൽക്കുന്ന വിശ്വാസികൾ കണ്ണുനീരോടെ തിരുസ്വരൂപത്തെ സ്വീകരിക്കുന്നു. പള്ളിയുടെ കിഴക്കുവശത്തുനിന്നുള്ള രു നിരകളിലൂടെ കൈകൾ ചുംബിക്കാനും പടിഞ്ഞാറുള്ള രു നിരകളിലൂടെ തൃപ്പാദങ്ങൾ ചുംബിക്കാനും സാധിക്കുന്നു. വർഷത്തിലൊരിക്കൽ ദുഃഖവെള്ളിയാഴ്ച ദിവസം മാത്രമേ തിരുസ്വരൂപചുംബനം അനുവദിച്ചിട്ടുള്ളു എന്നതാണ് ഈ ജനത്തിരക്കിന് മുഖ്യകാരണം. ഭക്തരുടെ അഭൂതപൂർവ്വമായ തിരക്കുമൂലം തിരുസ്വരൂപ ചുംബനം അസൗകര്യമായതിനാൽ 2015-ലെ ദുഃഖവെള്ളിയാഴ്ച മുതൽ തിരുസ്വരൂപവന്ദനത്തിനുള്ള അവസരമൊരുക്കി.

ഉച്ചയ്ക്കുശേഷം മൂന്നു മണിയോടെ ആരംഭിക്കുന്ന പീഡാനുഭവ തിരുക്കർമ്മങ്ങൾ അതിന്റെ പരിസമാപ്തിയിൽ എത്തുന്നത് അഞ്ചുമണിക്കുള്ള നഗരികാണിക്കൽ തിരുക്കർമ്മത്തോടെയാണ്. പരിപൂർണ്ണ നിശ്ശബ്ദതയിൽ മരമണി ശബ്ദമുയരുന്നതോടെ ഭക്തർ തിരുസ്വരൂപം ചുമലിലേറ്റിയിരിക്കും. 'യേശുവേ, യേശുവേ' എന്ന വിളികൊ് അന്തരീക്ഷം മുഖരിതമാകും.

മഞ്ചൽ വഹിക്കാനുള്ള നേർച്ചയുള്ളവർ തിരക്കുകാരണം മഞ്ചൽ വഹിക്കുന്നയാളെ സ്പർശിച്ചെങ്കിലും ആ നേർച്ച സഫലീകരിച്ചു പോരുന്നു. ഈ വിധത്തിൽ സായൂജ്യമടയുന്ന



ധ്യകേരളത്തിലെ പ്രധാന (40) ക്രൈസ്തവദൈവാലയങ്ങൾ - സാംസ്കാരിക പഠനം

വർതന്നെ ആയിരങ്ങളാണ്. നഗരികാണിക്കലിലുടനീളം വെറ്റില, വേപ്പില, മലർ മുതലായവ മഞ്ചലിലേക്ക് നേർച്ചയായി എറിഞ്ഞുകൊിരിക്കും.

തപസ്സുകാലാരംഭത്തോടെ പ്രാർത്ഥനാനിർഭരമായ മണിക്കൂറുകൾക്ക് ജനം സാക്ഷ്യം വഹിക്കുന്നു. 2014 മാർച്ചു മാസത്തിലാണ് ആദ്യമായി പീഡാനുഭവനൊവേന ആരംഭിച്ചത്. കർത്താവിന്റെ പീഡാനുഭവനൊവേനയുള്ള ലോകത്തിലെ ഏകപള്ളിയും തങ്കിപ്പള്ളിയായിരിക്കും. ശനിയാഴ്ചകളിൽ 11 മണിക്കാണ് പീഡാനുഭവ നൊവേന. ഓശാനയ്ക്കു മുമ്പായി നവനാളായി നടത്തപ്പെടുന്നു. ഊട്ടുനേർച്ചയോടെയാണ് സമാപിക്കുന്നത്.

തങ്കിപ്പള്ളി ഇപ്പോൾ വെള്ളിയാഴ്ച ഭക്തിയുള്ള ഒരു പ്രാർത്ഥനാകേന്ദ്രമായി വളർന്നുകൊിരിക്കുന്നു.

### 9.26.4. പ്രാർത്ഥനയും നേർച്ചയും

'മുടി വളരുന്ന ഈശോ' എന്ന് പരക്കെ അറിയപ്പെടുന്ന തങ്കപ്പള്ളിയിലെ കർത്താവിന്റെ അത്ഭുത പീഡാനുഭവസ്വരൂപത്തിന്റെ പ്രത്യേകതകൾ ഏറെയാണ്. ഈ രൂപം ആശീർവദിച്ചത് ഇടക്കൊച്ചിയിലെ വല്യച്ചൻ എന്നറിയപ്പെടുന്ന ദൈവദാസൻ മോൺ. ലോറൻസ് പുളിയനത്താണ്. വിശുദ്ധനായ ഒരു വൈദികന്റെ ആശീർവാദപ്രാർത്ഥനയുടെ അഭിഷേകശക്തി ഈ രൂപത്തിൽ നിറഞ്ഞിരിക്കുന്നതിനാലും പാവപ്പെട്ട അമ്മമാരുടെ ത്യാഗപൂർവ്വമായ പിടിയരി സമർപ്പണത്തിൽനിന്നും പണം സ്വരൂപിച്ച് രൂപം വാങ്ങിയതിനാലും ഇന്ന് ഈ രൂപം വിശ്വാസികൾക്ക് അനുഗ്രഹത്തിന്റെ ഉറവിടമാണ്.

'തങ്കിയിലെ അപ്പച്ചൻ' എന്ന് വിശ്വാസികൾ സ്നേഹത്തോടെ വിളിക്കുന്ന ഈ രൂപത്തിന്റെ മുമ്പിൽ മുട്ടുകത്തി മുഖത്തോടുമുഖം നോക്കി തങ്ങളുടെ കാര്യങ്ങൾ സംസാരിച്ചു പ്രാർത്ഥിക്കുന്ന രീതി ഇവിടെ കുവരാറു്. ഈശോയുടെ ഈ തിരുസ്വരൂപത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരു പ്രത്യേക സൗഖ്യദായകശക്തി നിറഞ്ഞിരിക്കുന്നു.

#### 9.26.4.1. പ്രാർത്ഥനകൾ

തിരുസ്വരൂപത്തിനുമുമ്പിലെ പ്രധാന പ്രാർത്ഥന കല്ലറജപവും കരുണയുടെ ജപമാലയും വിശ്വാസപ്രമാണവുമാണ്. തിരുസ്വരൂപത്തിന് തൊട്ടുമുകളിലായി മറ്റൊരു ക്രൂശിതരൂപവും പ്രതിഷ്ഠിച്ചിട്ടു്. കണ്ണീരോടെയും വിശ്വാസത്തോടെയും പ്രാർത്ഥിക്കുന്നവൻ ഈ രൂപങ്ങളിൽ ചില അടയാളങ്ങൾ ദർശിക്കുന്നു. കുരിശിങ്കൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട് എന്ന് വിശ്വാസപ്രമാണത്തിലെ പ്രധാന ദൈവികരഹസ്യങ്ങൾ ഏറ്റുചൊല്ലി പ്രാർത്ഥിക്കുമ്പോൾ അത് വിശ്വാസികൾക്ക് അനുഗ്രഹമായി മാറുന്നു.

### 9.26.5. നേർച്ചകൾ

തങ്കപ്പള്ളിയിൽ വിവിധങ്ങളായ നേർച്ചകാഴ്ച്ചകൾ അർപ്പിക്കപ്പെടുന്നു. ഒരോ നേർച്ചസമർപ്പണത്തിനു പിന്നിലും വ്യക്തമായ നിയോഗങ്ങളും ഉദ്ദേശ്യങ്ങളുമു്.

#### 9.26.5.1. പിടിയരി സമർപ്പണം

തങ്കപ്പള്ളിയിലെ പ്രധാന വഴിപാടായി പിടിയരി സമർപ്പണം നടത്തപ്പെടുന്നു. 2011-ൽ തിരുസ്വരൂപപ്രതിഷ്ഠയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് ഈ പിടിയരി സമർപ്പണനേർച്ച ആരംഭിച്ചത്. വിശ്വാസികൾ നേർച്ചയടങ്ങിയ താലം തലയിൽവച്ച് ദൈവാലയത്തിന്റെ

പ്രധാനകവാടം മുതൽ കബറിടംവരെ മുട്ടിന്മേൽ നിരങ്ങിയാണ് ഇതു സമർപ്പിക്കുന്നത്. ചിലർ ദൈവാലയത്തിനു ചുറ്റും ഈ താലവുമായി പലതവണ പ്രദക്ഷിണം നടത്താറു്. അപ്പോൾ താലത്തിലെ കിഴിയിലെ അരിമണികളെല്ലാം പ്രാർത്ഥനാമണികളായി മാറുന്നു.

**9.26.5.2. ആൾരൂപങ്ങൾ നേർച്ച**

വിശേഷപ്പെട്ട ഒരു നേർച്ചയാണ് വെള്ളിയിൽ നിർമ്മിച്ച കാൽ, ആൾരൂപങ്ങൾ നേരുന്നത്. ഇത് രോഗസൗഖ്യത്തിന് നന്ദിസൂചകമായി നടത്തപ്പെടുന്നു.

**9.26.5.3. നേർച്ചക്കഞ്ഞി**

തങ്കിപ്പള്ളിയിലെ നേർച്ചക്കഞ്ഞി വളരെ പ്രസിദ്ധമാണ്. ഇതിന്റെ ചരിത്രപ്രാധാന്യം രൂപത്തോളം പഴക്കമുള്ളതാണ്. 1936-ൽ അത്ഭുതതിരുസ്വരൂപം വഞ്ചിയിൽ നിന്നിറക്കിയപ്പോൾ കണ്ണീരോടും ഭയഭക്ത്യാദരവോടെയും സ്വീകരിച്ച് വിശ്വാസികൾ അന്ന് കഞ്ഞുവെച്ച് നേർച്ചയായി കഴിച്ചു. പലർക്കും അന്ന് രോഗസൗഖ്യമുായി. വെഞ്ചരിച്ച നേർച്ചക്കഞ്ഞി കഴിക്കുന്നത് ഇന്നു വിശ്വാസികൾക്കു സൗഖ്യാനുഭവമാണ്. പെസഹാവ്യാഴാഴ്ച വൈകുന്നേരം മുതൽ ദുഃഖവെള്ളിയാഴ്ച ദിവസം മുഴുവനും ഇവിടെ വരുന്ന എല്ലാ തീർത്ഥാടകർക്കും നേർച്ചക്കഞ്ഞി കഴിക്കാനുള്ള അവസരമു്. മാസാദ്യവെള്ളിയാഴ്ചകളിലും അതിന്റെ തലേന്നുള്ള രാത്രി ആരാധനയിലും സാധാരണ വെള്ളിയാഴ്ചകളിലും എല്ലാ തിരുക്കർമ്മങ്ങളോടനുബന്ധിച്ച് നേർച്ചക്കഞ്ഞി വിതരണം ഇവിടെ നടത്തിപ്പോരുന്നു. ചേർത്തല ഗവണ്മെന്റ് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആഴ്ചയിൽ മൂന്നു തവണ തങ്കിപ്പള്ളിയിൽനിന്നും നേർച്ചക്കഞ്ഞി വിതരണം നടത്തുന്നു്.

ദുഃഖവെള്ളിയാഴ്ച ലക്ഷക്കണക്കിനു വിശ്വാസികളാണ് ഓരോ വർഷവും നേർച്ചക്കഞ്ഞി കുടിക്കാനെത്തുന്നത്. മുൻകൂട്ടി തയ്യാറാക്കിവെച്ചിട്ടുള്ള മാങ്ങ, നാരങ്ങ, ഇഞ്ചി തുടങ്ങിയ കറികൾ വിശ്വാസികൾ കൊുവന്നു വിതരണം ചെയ്യുന്നു. തെങ്ങിലെ ആദ്യകുലകളിലെ തേങ്ങകൾ പീരയും ചമ്മന്തിയുമാക്കി നേർച്ചയായി കൊുവരാറു്. നേർച്ചക്കഞ്ഞി വീട്ടിൽ കൊുപോയി ഉണക്കി സൂക്ഷിക്കുകയും പിന്നീട് അസുഖങ്ങളുാകുമ്പോൾ വേവിച്ചു കഴിക്കുകയും ചെയ്യുന്നുന്നെ് പലരും സാക്ഷ്യം നൽകുന്നു. ആദ്യകാലം മുതൽക്കേ നേർച്ചക്കഞ്ഞി പാകം ചെയ്യാനാവശ്യമായ വെള്ളം തങ്കി സ്കൂൾ പരിസരത്തുള്ള കുളത്തിൽനിന്നാണ് ശേഖരിക്കുന്നത്. വിശുദ്ധവാരത്തോടനുബന്ധിച്ച് കുളം തേകി ശുദ്ധീകരിക്കുന്നു. എന്തു സംഭവിച്ചാലും ദുഃഖവെള്ളിയാഴ്ചയാകുമ്പോൾ കുളത്തിലെ വെള്ളം തെളിനീരുപോലെ ശുദ്ധമാകുന്നുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

**9.26.5.4 കുഞ്ഞുങ്ങൾക്കു ചോറൂട്ട്**

എല്ലാ വെള്ളിയാഴ്ചകളിലും തിരുക്കർമ്മങ്ങൾക്കുശേഷം കുഞ്ഞുങ്ങൾക്കു ചോറൂട്ടുന്ന കർമ്മം ഇവിടെ നടത്തപ്പെടുന്നു. ഇതിനു വേി ഉപയോഗിക്കുന്നതും ഇവിടെ പാകം ചെയ്യുന്ന നേർച്ചക്കഞ്ഞിയാണ്.

**9.26.5.5 നേർച്ചപായസം**

ദൂരസ്ഥലങ്ങളിൽനിന്ന് വരുന്നവർക്കും ഇവിടെ വരാൻ സാധിക്കാത്ത രോഗികളായവർക്കും വേി ഇവിടെനിന്നും നേർച്ചയായി ആശീർവദിച്ച നേർച്ചപായസം നൽകപ്പെടുന്നു.

**9.26.5.6. തൊട്ടിൽ നേർച്ച**

കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾ, കുഞ്ഞുങ്ങളുായാൽ കർത്താവിന്റെ തിരുസ്വരൂപത്തിനു മുമ്പിലും മാതാവിന്റെ രൂപത്തിനു മുമ്പിലും കുഞ്ഞിനെ കൊുവന്ന് കിടത്തി സമർപ്പിക്കാമെന്ന് നേർച്ച നേർന്നു പ്രാർത്ഥിക്കാറു്. വിശ്വാസത്തോടെ പ്രാർത്ഥിച്ച് നേർച്ച നേരുന്നതുവഴി അനേകർക്ക് കുഞ്ഞുങ്ങളുായിട്ടുള്ള സാക്ഷ്യങ്ങളു്. ഇതിന്റെ വെളിച്ചത്തിൽ 2014 ഏപ്രിൽ 13 മുതൽ തൊട്ടിൽനേർച്ച ആരംഭിച്ചു. എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും തിരുക്കർമ്മങ്ങൾക്കുശേഷം വൈദികരുടെ സാന്നിധ്യത്തിൽ ഈ നേർച്ച നടത്തപ്പെടുന്നു. ഈ നേർച്ച നിറവേറ്റുന്ന കുഞ്ഞുങ്ങൾക്ക് രോഗപീഡകളിൽനിന്നും പ്രത്യേകമായ ഒരു ദൈവിക സംരക്ഷണം ലഭിക്കുന്നു.

**9.26.5.7. മലരുമാലയും മുല്ലപ്പൂമാലയും**

മംഗല്യസൗഭാഗ്യത്തിനും ജീവിതത്തിൽ ഐശ്വര്യമുാകുന്നതിനും വിശ്വാസികൾ മലരുമാലയും മുല്ലപ്പൂമാലയും സമർപ്പിക്കുന്നു.

**9.26.5.8. മരമണി നേർച്ച**

നഗരികാണിക്കൽ കർമ്മത്തിലെ ഒരു പ്രധാന നേർച്ചയാണിത്. ആദ്യകാലങ്ങളിൽ മരമണിയോടെ നഗരി കാണിക്കൽ നടത്തിയത് തങ്കിയുടെ മാത്രം പ്രത്യേകതയാണ്. പിന്നീടാണ് മറ്റു പള്ളികളിലേക്കു വ്യാപിച്ചത്.

**9.26.5.9. എണ്ണ നേർച്ച**

രൂപം കൊുവന്ന നാൾ മുതൽ തൂക്കുവിളക്കു്. അതിൽനിന്ന് എണ്ണ കൈമാറി പകർന്നു കൊടുത്തിരുന്നു. ഇത് രോഗസൗഖ്യത്തിനിടയാക്കുന്നു. പള്ളിയകത്തെ കല്ലറയ്ക്കു മുമ്പിലെ വിളക്കുകളിൽ എണ്ണ നേർച്ചനടത്തുവാനുള്ള അവസരമു്. ഇവിടെനിന്നും ലഭിക്കുന്ന ആശീർവ്വദിച്ച എണ്ണ നേർച്ച ഉപയോഗിച്ച് വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കുന്നതുവഴി ശാരീരിക രോഗപീഡകളിൽനിന്നും സൗഖ്യം ലഭിക്കുന്നു.

**9.26.5.10. ഉരുളുനേർച്ച**

കുട്ടികളുാകാനും ശാരീരികസൗഖ്യം ഉാകാനും ഉരുളുനേർച്ച നേരുന്നു. പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള കുരിശടി മുതൽ പള്ളിവരെയാണ് ഉരുളു നേർച്ച നടത്തുന്നത്. പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയഴ്ചയും ഈ നേർച്ച പ്രധാനമായും നടത്തപ്പെടുന്നു.

**9.26.5.11. നിരങ്ങുനേർച്ച**

ആദ്യമായി കുട്ടിയാകുമ്പോൾ അപ്പൻ കുട്ടിയെ മുതുകത്തിരുത്തി മുട്ടിൽ നിരങ്ങും. അമ്മ കുഞ്ഞിന്റെ തോളിൽ പിടിച്ചിരിക്കും. ഇത് സന്താനസൗഭാഗ്യത്തിന് നന്ദി സൂചകമായി നേരുന്നു. വിശുദ്ധ ദിവസങ്ങളിൽ പള്ളിമുറ്റത്തും അല്ലാത്തദിവസം പള്ളിക്കകത്തും ഈ നേർച്ച നടത്തപ്പെടുന്നു. പള്ളിക്കകത്ത് പിടിയരി താലം തലയിൽവച്ച് ഈ നേർച്ച നടത്തുന്നു.

**9.26.5.12. ദീപക്കാഴ്ച നേർച്ച**

വിശുദ്ധഗ്രന്ഥത്തിലെ പത്തു കന്യകമാരുടെ ഉപമയിലെ വിവേകമതികളായ അഞ്ചു കന്യകമാരെ പ്രതിനിധീകരിച്ച് ഇടവകയിലെ ഓരോ കുടുംബത്തിൽനിന്നും അമ്മമാരോ യുവതികളോ ആയ സ്ത്രീകളാണ് ദീപക്കാഴ്ച നേർച്ചയിൽ പങ്കുചേരുന്നത്. പെസഹാവ്യാഴാഴ്ച വൈകുന്നേരത്തെ തിരക്കർമ്മങ്ങൾക്കു ശേഷമാണ് ദീപക്കാഴ്ച നേർച്ച നടത്തപ്പെടുന്നത്.

കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്കു വേയും വിവാഹതടസ്സങ്ങൾ മാറുന്നതിനും നല്ലൊരു ജീവിതപങ്കാളിയെ ലഭിക്കുന്നതിനും വേയാണ് ഈ നേർച്ച നടത്തപ്പെടുന്നത്. കൊുവരുന്ന എണ്ണ വീും വീും വിളക്കിലൊഴിച്ച് അത് എരിഞ്ഞുതീരുന്നതുവരെ പ്രാർത്ഥനാപൂർവം ഇതിൽ പങ്കുചേരുന്നു. വിശ്വാസികളായ മറ്റു മതസ്ഥരും പ്രത്യേകിച്ച് ഹൈന്ദവ മതവിശ്വാസികൾ ഇതിൽ പങ്കാളികളാവുന്നത് പതിവു കാഴ്ചയാണ്.

#### 9.26.5.13. വെറ്റിലയും കറിവേപ്പിലയും കുരുമുളകും എറിയൽ നേർച്ച

ഈ നേർച്ച നടത്തപ്പെടുന്നത് ദുഃഖവെള്ളിയാഴ്ച നഗരികാണിക്കൽ കർമ്മം നടത്തുമ്പോൾ മാത്രമാണ്. വിശ്വാസികൾ വെറ്റിലയും കറിവേപ്പിലയും കുരുമുളകും തിരുസ്വരൂപത്തിലേക്ക് വർഷിച്ചുകൊിരിക്കും. സകല രോഗങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും സൗഖ്യം ലഭിക്കുന്നതിനുവേയാണ് വിശ്വാസികൾ ഈ നേർച്ച നിറവേറ്റുന്നത്.

## 9.27. അർത്തുങ്കൽ വി. സെബസ്ത്യാനോസ് ബസിലിക്ക

## തീർത്ഥാടകരുടെ പുണ്യഭൂമി

ആലപ്പുഴ ജില്ലയുടെ തീരദേശം രു നൂറ്റാു മുമ്പുവരെ അറിയപ്പെട്ടിരുന്നത് കരപ്പുറം എന്ന പേരിലായിരുന്നു. കരപ്പുറത്തിന്റെ തലസ്ഥാനം മുത്തേടത്ത് ആയിരുന്നു. മുത്തേടത്ത് പിന്നീട് മുത്തേടത്തിങ്കലും തുടർന്ന് എടത്തിങ്കലും ഒടുവിൽ അർത്തിങ്കലും ആയി പരിണമിച്ചു എന്നാണ് ചരിത്രകാരനായ ജോർജ്ജ് ഷൂറാമർ പറയുന്നത് (George Schurhammer - ‘The Mission work of the Jesuits in Muthedath (alias: Arthunkal) and Purakad in the 16th and 17th centuries’)

#### 9.27.1. അർത്തുങ്കലെ പുരാതന ക്രൈസ്തവസാന്നിധ്യം

തെക്കു പുറക്കാടുമുതൽ വടക്ക് പള്ളുരുത്തിവരെയായിരുന്നു കരപ്പുറത്തിന്റെ വ്യാപ്തിയെന്നും 72 നായർ മാടമ്പിമാരാണ് ഇവിടം ഭരിച്ചിരുന്നതെന്നും കൊച്ചിരാജാവിന്റെ അടുത്ത ആളുകളായിരുന്ന കൈമൾമാരായിരുന്നു അവരിൽ പ്രധാനികളെന്നും ശ്രീധരമേനോന്റെ ‘കേരളചരിത്രം’ എന്ന ഗ്രന്ഥം പറയുന്നു. പടിഞ്ഞാറ് കടലും കിഴക്ക് വേമ്പനാട്ടു കായലുമാണ് കരപ്പുറത്തിന്റെ മറ്റതിർത്തികൾ എന്നു നമുക്കു കൂട്ടിച്ചേർക്കാം. വേമ്പനാട്ടുകായലുമായും തെക്കൻ തുറമുഖവുമായും ജലമാർഗ്ഗം ബന്ധമുായിരുന്നതിനാൽ ചേർത്തല, കരപ്പുറത്തെ ഒരു വാണിജ്യകേന്ദ്രമായി വികസിച്ചു. 1762-ൽ തിരുവിതാംകൂറിനു വിട്ടുകൊടുക്കുന്നതുവരെ കരപ്പുറം കൊച്ചിരാജാവിന്റെ അധീനതയിലായിരുന്നു.

കരപ്പുറത്തെ ഏറ്റവും പഴക്കമുള്ള ക്രിസ്ത്യൻ കേന്ദ്രങ്ങൾ കോക്കമംഗലവും മനക്കോടവും അർത്തുങ്കലുമാണ്. വിശുദ്ധ തോമസ് അപ്പസ്തോലൻ സ്ഥാപിച്ചു എന്നു വിശ്വസിക്കപ്പെടുന്ന ഏഴു പള്ളികളിൽ, അഥവാ ക്രിസ്ത്യൻ സമൂഹങ്ങളിൽ ഒന്നായ കോക്കമംഗലം ചേർത്തലയ്ക്ക് 4. കി. മീ. കിഴക്കും മനക്കോടം 8 കി. മീ. വടക്കു പടിഞ്ഞാറും അർത്തുങ്കൽ 6 കി. മീ. തെക്കുപടിഞ്ഞാറുമാണ്. കൊച്ചി തുറമുഖം രൂപം കൊള്ളുന്നതുവരെ ചെറുകിടതുറ

മുഖവും ആലപ്പുഴ രൂപതയിലെ ഒരു ഇടവകയുമായ മനക്കോടത്ത് 3-ാം നൂറ്റാുമുതൽ മാർത്തോമ്മാ ക്രിസ്ത്യാനികളുായിരുന്നു.

1560 വരെ പോർത്തുഗീസുകാർക്കൊപ്പം വന്നുകൊിരുന്ന മിഷനറിമാരുടെ മുഖ്യപ്രവർത്തനം കൊല്ലംമുതൽ കൊടുങ്ങല്ലൂർവരെ തീരപ്രദേശത്ത് അങ്ങിങ്ങായി വസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസ, ധാർമ്മിക, ആരാധന, ആചാരരീതികളിൽ ക അപഭ്രംശങ്ങൾ മാറ്റിയെടുക്കുകയെന്നതായിരുന്നു. ഒപ്പം അവരെ കത്തോലിക്ക സഭയുടെ ആസ്ഥാനമായ റോമയുടെയും തലവൻ പരിശുദ്ധ പിതാവിന്റെയും (പോപ്പ്) വിധേയത്വത്തിൽ കൊുവരികയെന്നതുമായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഫ്രാൻസിസ്കൻ, ഈശോസഭ, ഡൊമിനിക്കൻ, അഗസ്റ്റിനിയൻ എന്നീ സന്ന്യാസസഭകൾ ഏതാനും ദശാബ്ദക്കാലം നടത്തിയ പ്രവർത്തനഫലമായി റോമൻ (ലത്തീൻ) ആരാധനാരീതിയും ആചാരക്രമങ്ങളും അവലംബിക്കുവാൻ ഈ നാട്ടിലെ മാർത്തോമ്മാ ക്രിസ്ത്യാനികളിൽ നല്ലൊരു വിഭാഗം സന്നദ്ധരാകുകയായിരുന്നു.

**9.27.2. അർത്തുങ്കലെ ആദ്യദൈവാലയം**

തീരദേശത്ത് തെക്കുനിന്ന് വടക്കോട്ട് അക്കാലത്തു രൂപമെടുത്ത പുറക്കാട്, ഇളേടത്ത്, മൂത്തേടത്ത്, കൊച്ചി, പറവൂർ, ആലങ്ങാട് എന്നീ 6 ഭരണപ്രദേശങ്ങളും കൊച്ചിരാജാവിന്റെ മേൽക്കോയ്മയിൻ കീഴിലായിരുന്നു. രാജാവിൻെറ ബന്ധുക്കളായ ഇളേടവും മൂത്തേടവുമാണ് ഇവിടം ഭരിച്ചിരുന്നത്. ഇളയാൾ ഭരിച്ചിരുന്ന ഇടം ഇളേടവും മൂത്തയാളിന്റേത് മൂത്തേടവുമെന്ന് അറിയപ്പെട്ടിരുന്നു. ഇവരുടെ സ്ഥാനപ്പേര് 'കൈമൾ' എന്നായിരുന്നു. മൂത്തേടത്ത് കൈമൾ കൊച്ചിരാജാവിനെപ്പോലെ പള്ളിനിർമ്മാണത്തിനും സുവിശേഷപ്രവർത്തനത്തിനും ഇവിടെ അനുവാദം നൽകിയിരുന്നില്ല. 1569-ൽ രോഗബാധിതനായിരുന്ന കൊച്ചി രാജാവിനെ സന്ദർശിക്കാൻ വന്ന സാമന്തരാജാക്കന്മാരെയും കൈമൾമാരെയും ഫാ. ടെയ്ക്സേയ്റായും പോർത്തുഗീസ് ക്യാപ്റ്റനും സന്ദർശിച്ച് കൊച്ചിരാജാവ് ചെയ്തതുപോലെ സുവിശേഷപ്രവർത്തനത്തിനും പള്ളിനിർമ്മാണത്തിനും അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചു. അനുമതിയെത്തുടർന്ന് തീരദേശജനതുടെ മനം കവർന്ന ഗാസ്ഫർ പയസ് 1581-ൽ വൈദികനായി അഭിഷേകം ചെയ്യപ്പെടുകയും അർത്തുങ്കലെ പ്രഥമ വികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ശ്രമഫലമായി ഉപദേഷ്ടാക്കളുടെ എതിർപ്പു നിലനില്ക്കെ ആ വർഷം നവംബറിൽ മൂത്തേടത്ത് (അർത്തുങ്കൽ) പലകയും ഓലയുംകൊ് ഒരു പള്ളി നിർമ്മിക്കാനും അതിനായി സമീപത്തെ ക്ഷേത്രംവക കാവിൽനിന്ന് തടി വെട്ടിയെടുത്തുകൊള്ളാനും രാജാവ് അനുമതി നൽകിയതായും ഷൂറാമർ രേഖപ്പെടുത്തുന്നു.

പള്ളിനിർമ്മാണത്തിന് ക്രൈസ്തവർക്കൊപ്പം ഹൈന്ദവരും വേസഹായം നൽകി. കുരിശു സ്ഥാപിക്കുന്ന സമയത്ത് അതുവരെ മിഷനറിമാരെ എതിർത്തുപോന്ന ഒരു ഹൈന്ദവപ്രമാണി നിറകണ്ണുകളോടെ ഇപ്രകാരം പ്രാർത്ഥിച്ചുവത്രേ.... "എല്ലാം അറിയുന്ന തമ്പുരാനേ, ഇതെല്ലാം അങ്ങയുടെ പ്രവർത്തനങ്ങളെ വളർത്തുവാൻ ഇടയാക്കണമേ." ക്രിസ്തുശിഷ്യനായ വിശുദ്ധ അന്ത്രയോസിന്റെ തിരുനാളായ നവംബർ 30-ന് തൊട്ടുമുമ്പായി പണി പൂർത്തിയായ പള്ളിക്ക് വിശുദ്ധ അന്ത്രയോസിന്റെ നാമം നൽകുകയും ചെയ്തു. അങ്ങനെ തങ്ങൾ ഏറ്റെടുത്ത മൂത്തേടത്തെ മിഷൻകേന്ദ്രത്തിന് സന്തന്ത്രെ (San Andre) എന്ന് ഈശോസഭക്കാർ

പേരിട്ടു (വി. അന്ത്രയോസ് എന്നതിന്റെ പോർത്തുഗീസ് ഭാഷാന്തരമാണത്). ഒരുനാൾ രാജാവ് പള്ളി സന്ദർശിക്കുകയും ഈശ്വരസന്നിധാനത്തിനു യോജിച്ചവിധം ദൈവാലയം മനോഹരമാക്കുവാൻ വികാരിയെ ഉപദേശിക്കുകയും അടുത്ത വർഷത്തെ പെരുന്നാൾ ആർഭാടപൂർവ്വമായി ആഘോഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പള്ളിയിൽ ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ചത് ഒരു കുലീനഹിന്ദുവിന്റെ മകളാണ്. ജന്മനാ അന്ധയായ തനിക്കു കാഴ്ച കിട്ടിയാൽ ക്രൈസ്തവവിശ്വാസം സ്വീകരിച്ചുകൊള്ളാമെന്ന് അവൾ നേർച്ച നേർന്നിരുന്നു. അടുത്ത തിരുനാൾ ദിവസം ഒരു ഹൈന്ദവമാടമ്പി തന്റെ പടയാളികളിൽ 20 പേരോടൊപ്പം വന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു. തുടർന്ന് നിരവധി പേർ വിശ്വാസം സ്വീകരിക്കാനുള്ള പരിശീലനത്തിൽ പങ്കെടുക്കാനും തയ്യാറായി. ഇതിനിടെ 1582 നവംബറിൽ ഗാസ്ഫർ പയസ് നിത്യതയിലേക്ക് യാത്രയായി.

മുത്തേടത്ത് (അർത്തുങ്കൽ) രാജ്യത്തുായിരുന്ന നൂറിലേറെ ക്രിസ്തീയ കുടുംബങ്ങളിലെ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കായ് ഒരു കസ്സനാർ (കത്തനാർ) വരുമായിരുന്നു എന്ന് മ്യൂൽബാവർ (ഞൗഹഹയൗല്യ) എന്ന ചരിത്രകാരൻ അഭിപ്രായപ്പെടുന്നു്. ആ പാരമ്പര്യപ്രകാരം ഇവിടെ 1569-ൽ തന്നെ ഓലകൊു നിർമ്മിച്ച ഒരു പള്ളിയുായിരുന്നുവെന്നും അത് വിശുദ്ധ തോമസ് അപ്പസ്തോലന്റെ നാമത്തിലായിരന്നുവെന്നും അന്നു പളളിയിൽ സ്ഥാപിച്ച അപ്പസ്തോലന്റെ രൂപമാണ് ഇന്ന് പുതിയ പള്ളിയിൽ അൾത്താരയിലുള്ളതെന്നും കരുതപ്പെടുന്നു.

### 9.27.3. ഫാ. ഫെനിച്ച്യോ എന്ന വെളുത്തച്ചൻ

ഫാ. ഗാസ്പർ പയസിന്റെ മരണത്തെത്തുടർന്ന് സാന്തന്ദ്രെയിലേക്ക് അയയ്ക്കപ്പെട്ടത് പിൽക്കാലത്ത് അർത്തുങ്കലെ എന്നല്ല കരപ്പുറത്തെതന്നെ ക്രൈസ്തവസമൂഹത്തിന്റെ ശില്പിയായി ഭവിച്ച ഫാ. ജെയ്ക്കോമോ ഫെനിഷ്യോ ആയിരുന്നു. ഇറ്റലിയിലെ കാപ്പുവയിൽ 1558 -ൽ ജനിച്ച് 25-ാമത്തെ വയസ്സിൽ ഇന്ത്യയിലെത്തിയ അദ്ദേഹം 1584-ൽ സാന്തന്ദ്രെ മിഷന്റെ വികാരിയായി ചുമതലയേറ്റു. പള്ളുരുത്തി, മുട്ടം എന്നീ മിഷനുകൾ ഇദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. യുദ്ധസാഹചര്യങ്ങളിൽനിന്നും കൊള്ളസംഘത്തിൽനിന്നും രക്ഷ നേടുന്നതിന് അർത്തുങ്കൽ ഒരു ബലിഷ്ഠമായ ദേവാലയം നിർമ്മിക്കുക ഫെനിഷ്യോയുടെ സ്വപ്നമായിരുന്നു. അതിനുള്ള അനുവാദം 1590-ൽ രാജാവിൽനിന്ന് ലഭിച്ചതിനെത്തുടർന്ന് 1597-ൽ കല്ലിൽ ഒരു ദൈവാലയം നിർമ്മിച്ചു. കൂടാതെ 1601-ൽ രു മുറിയും വരാന്തയുമുള്ള വൈദികമന്ദിരം ദൈവാലയത്തോടു ചേർത്തു പണിയുകയും ചെയ്തു. ഇതിനകം അർത്തുങ്കലിന്റെ കീഴിൽ കാട്ടൂരും തുമ്പോളിയിലും ഓരോ കപ്പേളകൾ ഉയർന്നുകഴിഞ്ഞിരുന്നു. 1602-ൽ ഫെനിഷ്യോ ഈശോസഭാ സന്ന്യാസസമൂഹത്തിന്റെ കോഴിക്കോടു ശാഖയുടെ മേലധികാരിയായി പോയി. പകരം അദ്ദേഹത്തിന്റെ സഹകാരികളിൽ ഒരാളായ തിയൊഫിലൊ മാസ്സി അർത്തുങ്കൽ വികാരിയായി നിയമിക്കപ്പെട്ടു.

1619-ൽ ഫെനിഷ്യോ അച്ചൻ അർത്തുങ്കൽ വികാരിയായി തിരിച്ചെത്തി. ചുരുങ്ങിയ സമയംകൊ് തമിഴ് കലർന്ന മലയാളം അദ്ദേഹം പഠിച്ചെടുത്തു. ഹിന്ദുമതത്തെക്കുറിച്ച് നല്ല അറിവുനേടിയ അദ്ദേഹം പൂർവനാടായ 'ഇന്ത്യയിലെ ജനവിഭാഗത്തെക്കുറിച്ചുള്ള പുസ്തകം' (Book of the Sect of the Oriental Indians) എന്ന ഗ്രന്ഥം എഴുതി അതിൽ അക്കാലത്തെ മലയാള കവി പാക്കനാരുടെ കവിതകളിൽനിന്നുള്ള ഉദ്ധരണികൾ ധാരാളമു്. മൂത്തേടത്തെ തന്റെ

പ്രവർത്തനങ്ങളെക്കുറിച്ച് മേലധികാരികൾക്കയച്ച കത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ഈ നാട്ടിൽ മാടമ്പിമാർ പലരു്. അവരെയെല്ലാം തൃപ്തിപ്പെടുത്താതെ തരമില്ല. ആദ്യമൊക്കെ അവർ മതപരിവർത്തനത്തിന് എതിരായിരുന്നെങ്കിലും ഇപ്പോൾ എല്ലാം ഭംഗിയായിപ്പോകുന്നു. ഈ നാട്ടിൽ എന്തും സൗമ്യതകൊാേ നേടാനാകൂ. ഭരണാധികാരികളും ജനങ്ങളും അദ്ദേഹത്തെ ഏറെ സ്നേഹിച്ചിരുന്നു. ഒരു വിശുദ്ധനെപ്പോലെ ആദരിച്ചിരുന്നു. വെളുത്തച്ചനെന്നാണ് അദ്ദേഹം നാനാജാതി മതസ്ഥരുടെ ഇടയിൽ അറിയപ്പെട്ടിരുന്നത്. 1584 മുതൽ 1602 വരെയും 1619 മുതൽ 1632 വരെയും 33 വർഷം അർത്തുങ്കൽ മിഷന്റെ വളർച്ചയ്ക്കു വേി പ്രവർത്തിച്ച അദ്ദേഹം 1632-ൽ നിത്യതയിലേക്ക് വിളിക്കപ്പെട്ടു. അർത്തുങ്കലെ പഴയ ദേവാലയത്തിലെ അൾത്താരഭാഗത്താണ് അദ്ദേഹത്തിന്റെ ശവകുടീരം.

### 9.27.3.1. ഫാ. ഫെനിച്ച്യോയും അയ്യപ്പനും

ഹിന്ദു മതശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കാൻ സംസ്കൃതം പഠിക്കുവാൻ ഫെനിച്ച്യോ അച്ചനു താത്പര്യമായിരുന്നു. ഹൈന്ദവരുടെ വിശ്വാസാചാരങ്ങളെക്കുറിച്ച് ഹിന്ദു മത പണ്ഡിതരുമായി അദ്ദേഹം ഇടയ്ക്ക് സംവാദം നടത്തിയിരുന്നു. വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് ഹൈന്ദവരെക്കുറിച്ച് അദ്ദേഹം വിവരങ്ങൾ ശേഖരിച്ചിരുന്നു. ഹൈന്ദവരുമായുള്ള ഫെനിച്ച്യോ അച്ചന്റെ സഹകരണത്തിന്റെ ഉജ്ജ്വലമായ ഒരേടാണ് പന്തളം രാജാവിന്റെ വളർത്തുമകനായ അയ്യപ്പനുമായുള്ള സൗഹൃദത്തെക്കുറിച്ചുള്ള ഐതിഹ്യം. വിവരശേഖരാണാർത്ഥം വിദൂരദേശങ്ങളിൽ യാത്ര ചെയ്ത ഫെനിച്ച്യോ അച്ചൻ പന്തളം രാജധാനിയിലെത്തുകയും അയ്യപ്പനുമായി നല്ല സൗഹൃത്തിലാകുകയും ചെയ്തു. അക്കാലത്ത് പടയാളികളെ പരിശീലിപ്പിക്കുന്ന കളരികൾ നാട്ടിൽ പലയിടത്തും ഉായിരുന്നു. ആയോധനകലയായ കളരിപ്പയറ്റിൽ ആകൃഷ്ടനായ ഫാ. ഫെനിച്ച്യോ അർത്തുങ്കൽനാട്ടിൽ കളരി ആരംഭിക്കാൻ താത്പര്യം കാണിച്ചവർക്ക് പ്രോത്സാഹനം നൽകിയെന്നതും കിഴക്കൻനാട്ടിൽനിന്നും അയ്യപ്പന്റെ സഹായത്തോടെ കളരിയിൽ പ്രാഗത്ഭ്യമുള്ളവരെ ഏർപ്പാടു ചെയ്തുവെന്നുതും ഈ ഐതിഹ്യത്തിന്റെ ഭാഗമാണ്.

അയ്യപ്പന്റെ നാട്ടിൽനിന്നും വളരെപ്പേർ ഫാ. ഫെനിച്ച്യോയെ കാണാൻ വരിക പതിവായിരുന്നുവത്രെ. അക്കാലത്ത് ഫെനിച്ച്യോ അച്ചനെ ജനങ്ങൾ വെളുത്തച്ചനെന്നാണ് വിളിച്ചിരുന്നത്. വളരെ വർഷം ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച വെളുത്ത നിറമുള്ള വൈദികനെ നാടൻഭാഷയിൽ വെളത്തച്ചനെന്നു വിളിച്ചത് സ്വാഭാവികം. അദ്ദേഹത്തിന്റെ വിശുദ്ധിയും പാണ്ഡിത്യവും പൈശാചികശക്തികളെ ഒഴിപ്പിക്കാനുള്ള കഴിവും ഒപ്പം ഇവിടത്തെ ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളുമെല്ലാം മലനാടുകളൽനിന്നും വളരെപ്പേരെ അർത്തുങ്കലേക്ക് ആകർഷിച്ചിരുന്നു. എന്നെ കാണാൻ വരുന്നവർ എന്റെ സഹോദരതുല്യനായ സുഹൃത്ത് വെളുത്തച്ചനെയും കിട്ടേ പോകാവൂ എന്ന് അയ്യപ്പൻ പറഞ്ഞിരുന്നുവത്രെ. ശബരിമലയിൽ അയ്യപ്പൻ സമാധിയാകുകയും അയ്യപ്പന്റെ സന്നിധിയിലെതതുന്നവർ മടങ്ങിപ്പോകുമ്പോൾ അർത്തുങ്കൽ പള്ളിയിലെത്തി പ്രാർത്ഥിച്ച് ഫാ. ഫെിനിച്ച്യോയെ സന്ദർശിക്കുന്നതുമായ പതിവ് മുടങ്ങാതെ തുടർന്നുപോന്നു.

പിൽക്കാലത്ത് 1647-ൽ വിശുദ്ധ സെബാസ്ത്യാനോസിന്റെ അത്ഭുതരൂപം പള്ളിയിൽ സ്ഥാപിച്ചതോടെ അർത്തുങ്കലിന്റെ ചരിത്രത്തിൽ നിർണ്ണായകമായ വ്യതിയാനത്തിന് തുടക്കം

കുറിച്ചു. അക്കാലത്ത് വ്യാപകമായി പടർന്നു പിടിച്ചിരുന്ന രോഗബാധമൂലം കഷ്ടപ്പെട്ടിരുന്ന വർ അർത്തുങ്കൽ വിശുദ്ധ സെബാസ്ത്യാനോസിനോടു പ്രാർത്ഥിച്ച് സുഖം പ്രാപിച്ചു തുട ങ്ങിയപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട വെളുത്തച്ചൻ തിരിച്ചെത്തിയതുപോലൊരു അനുഭവമാണ് വിശ്വാസികൾക്കുായത്. സ്വാഭാവികമായും ഫെനിച്ച്യൊ അച്ചൻ വിശ്വാസികൾ നൽകിയ വെളുത്തച്ചനെന്ന അഭിധാനം ക്രമേണ വിശുദ്ധ സെബാസ്ത്യാനോസിന് പകർന്നു കിട്ടുകയാ ണുായത്. അങ്ങനെ അക്കാലം മുതൽ വിശുദ്ധ സെബാസ്ത്യാനോസിനെ 'അർത്തുങ്കൽ വെളുത്തച്ചാ' എന്നാണ് ഭക്തജനങ്ങൾ വിളിച്ചുപോരുന്നത്. ശബരിമല തീർത്ഥാടനകാലത്ത് പുരാതന പാരമ്പര്യമനുസരിച്ച് ഇപ്പോഴും വെളുത്തച്ചനെ ശരണം വിളിച്ച് വന്ന് വിശുദ്ധ സെബാ സ്ത്യാനോസിന്റെ നടയിൽ അയ്യപ്പഭക്തന്മാർ മാല ഊരി പ്രാർത്ഥിക്കുന്നു് (അനുബന്ധം 5, ചിത്രങ്ങൾ: അർത്തുങ്കൽ പള്ളി കാണുക). തന്റെ അഗാധമായ വിനയവും സാത്വികഭാവവും ക്ഷമാശീലവും അപാരമായ ബുദ്ധികൂർമ്മതയുമെല്ലാം സാധാരണജനങ്ങളുടെ അഭിവൃദ്ധിക്കായി വ്യയം ചെയ്തുകൊ് അർത്തുങ്കൽ ദേശത്തെ ആലപ്പുഴ രൂപതയുടെ തറവാടാക്കി രൂപാന്ത രപ്പെടുത്തിയ ക്രാന്തദർശിയും വിശുദ്ധനുമായിരുന്നു ഫാ. ജാക്കൊമൊ ഫെനിച്ച്യൊ. 'അർത്തു ങ്കലിന്റെ അപ്പസ്തോലൻ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

### 9.27.4. അർത്തുങ്കൽ: ഒരു തീർത്ഥാടനകേന്ദ്രം

അർത്തുങ്കൽ പ്രശസ്തിയിലേക്കുയരുന്നത് പതിനേഴാം നൂറ്റാിന്റെ മധ്യത്തോടെയാ ണ്. വിശുദ്ധന്റെ നാടായ ഇറ്റലിയിലെ മിലാനിൽ 1575-ൽ പകർച്ചവ്യാധികൾ പടർന്നുപിടിച്ചു. ഭയവിഹ്വലരായ മിലാനിലെ വിശ്വാസികൾ അപ്പോൾ ഓർമ്മിച്ചത് വിശുദ്ധ സെബാസ്ത്യാനോ സ് 900 വർഷങ്ങൾക്കു മുമ്പു ചെയ്ത ഒരത്ഭുതമായിരുന്നു. 680-ൽ റോമാപട്ടണത്തിൽ ഭയാ നകമാംവിധം സാംക്രമികരോഗം പടർന്നു പിടിച്ചപ്പോൾ ക്രൈസ്തവർ വിശുദ്ധന്റെ ദേഹത്തു തറച്ച അമ്പുകളിൽ ഒന്ന് താലത്തിൽവച്ച് പട്ടണത്തിലൂടെ പ്രദക്ഷിണം നടത്തിയപ്പോൾ അത്ഭു തകരമായ രോഗശാന്തി ഉായി. മിലാൻകാർ ഉടൻതന്നെ വിശുദ്ധ സെബാസ്ത്യാനോസിന്റെ രൂപം ഉാക്കി മിലാൻ നഗരത്തിലൂടെ പ്രദക്ഷിണമായി കൊുനടന്നു. വിശുദ്ധന്റെ രൂപം കടന്നുപോയ സ്ഥലങ്ങളിലെല്ലാംതന്നെ അത്ഭുതരോഗമുക്തി ഉായി. നഗരം ഒരു മഹാനാശ ത്തിൽനിന്നു രക്ഷപെട്ടു. വിശുദ്ധനോടുള്ള നന്ദി എങ്ങനെ പ്രകടിപ്പിക്കുമെന്ന് അവർ ചിന്തി ച്ചു. വിശുദ്ധന്റെ അതേപോലെ ഒരു രൂപം തയ്യാറാക്കി കപ്പലിൽ ലോകം മുഴുവൻ കൊുന ടക്കാമെന്ന് അവർ തീരുമാനിച്ചു.

1598-ൽ മിലാനിൽ പകർച്ചവ്യാധി വീും ഉായപ്പോഴാണ് ജനങ്ങൾക്ക് വർഷ ങ്ങൾക്കുമുമ്പ് തങ്ങൾ എടുത്ത തീരുമാനം നടപ്പാക്കണമെന്ന ബോധോദയം ഉായത്. അങ്ങനെ ഏതാനും വർഷത്തെ ഒരുക്കങ്ങൾക്കുശേഷം അവർ വിശുദ്ധ സെബാസ്ത്യാനോ സിന്റെ രൂപം ഉാക്കി കപ്പലിൽ ലോകം ചുറ്റിയുള്ള യാത്ര ആരംഭിച്ചു. വിശുദ്ധന്റെ രൂപവു മായി അറബിക്കടലിലൂടെ കപ്പൽ മുന്നോട്ടു നീങ്ങവെ അർത്തുങ്കൽ പ്രദേശത്തിന്റെ ദിശയിൽ വന്നപ്പോൾ ശക്തിയായ കടൽക്ഷോഭം ഉാവുകയും കപ്പലിനു മുന്നോട്ടുപോകാനാകാതെ വരികയും ചെയ്തുവത്രെ. വിശുദ്ധന്റെ രൂപം കരയിലുള്ള പള്ളിയിൽ സ്ഥാപിക്കണമെന്ന വെളി പാട് കപ്പിത്താനുായി. അതേസമയംതന്നെ എന്നു പറയാം കടൽ മുന്നോട്ടു നീങ്ങാനാവാതെ കിടക്കുന്ന കപ്പലിനെക്കുറിച്ചും അതിലുള്ള വിശുദ്ധ സെബാസ്ത്യാനോസിന്റെ രൂപത്തെക്കു

റിച്ചും പള്ളിവികാരിക്ക് സ്വപ്നത്തിൽ ദർശനം ലഭിക്കുകയും വിശ്വാസികളെയും കൂട്ടി അദ്ദേഹം കടൽക്കരയിലെത്തി പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു. കപ്പലിൽനിന്ന് രൂപം അദ്ദേഹം ഏറ്റുവാങ്ങുകയും താത്ക്കാലികമായി ഉാക്കിയ കുരിശടയിൽ സ്ഥാപിക്കുകയും ചെയ്തു. 1647-ൽ വികാരിയും ജനങ്ങളും വിശുദ്ധന്റെ രൂപത്തിനു മുമ്പിൽ ഭജനമിരുന്ന് ഉപവസിച്ചു പ്രാർത്ഥിച്ച് വിശുദ്ധന്റെ തിരുനാൾദിവസമായ ജനുവരി 20-ന് രൂപം ഇപ്പോഴത്തെ പഴയപള്ളി യിൽ പ്രത്യേകം സജ്ജമാക്കിയ രൂപക്കൂട്ടിൽ സ്ഥാപിക്കുകയും ചെയ്തു.

അക്കാലത്ത് നാട്ടിൽ പലപ്പോഴായി കോളറ, മസൂരി തുടങ്ങിയ പകർച്ചവ്യാധികൾ തുട രെത്തുടരെ ഉാകുമായിരുന്നു. വിശുദ്ധന്റെ മാധ്യസ്ഥ്യം പ്രാർത്ഥിച്ചവർക്കെല്ലാം രോഗശാന്തി ലഭിച്ചതോടെ അർത്തുങ്കൽ രോഗമുക്തി തേടിയെത്തുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ച വന്നു. 1777-ൽ കേരളത്തിലെത്തിയ കത്തോലിക്ക മിഷനറിയും ചരിത്രകാരനുമായ ഫാ. പൗലി നോസ് ബർത്തലോമ്യോ കേരളത്തിന്റെ തീരപ്രദേശത്തുള്ള പള്ളികളിൽ ഏറ്റവും പ്രശസ്തമാ ദൈവാലയം അർത്തുങ്കൽ പള്ളിയാണെന്ന് രേഖപ്പെടുത്തിയിട്ടു്. വരാപ്പുഴ മെത്രാൻ ഡോ. സ്റ്റബിലീനി കുറച്ചുകാലം അർത്തുങ്കൽ പള്ളിയിലാണ് താമസിച്ചിരുന്നത്. 1829 നവംബർ 29-ന് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വൈദികനായി അഭിഷേകം ചെയ്തത് അർത്തുങ്കൽ പള്ളിയിൽവച്ചാണ്. അഭിഷേകകർമ്മം നടത്തിയത് വരാപ്പുഴ മെത്രാൻ ഡോ. സ്റ്റബിലീനിയാണ്. ഇന്നത്തെ ആലപ്പുഴ രൂപത ഉൾക്കൊള്ളുന്ന പ്രദേശത്തെ ലത്തീൻ സമുദാ യത്തിന്റെ കേന്ദ്രമായിരുന്നു അർത്തുങ്കൽ. പത്തൊമ്പതാം നൂറ്റാിന്റെ രാം പകുതിയിലാണ് നാട്ടുകാരനായ ഒരു വൈദികനെ വികാരിയായി അർത്തുങ്കൽ ഇടവകയ്ക്കു ലഭിക്കുന്നത്. ആ ബഹുമതി ലഭിച്ചത് ഫാ. പാസ്കൽ ബൈലോൺ (Pascal Baylon De Sancta Maria) ആണ്. അദ്ദേഹം എന്നു ചുമതലയേറ്റു എന്നു വ്യക്തമല്ല. 1896 വരെ വികാരിയായിരുന്നു എന്ന് അനു മാനിക്കാൻ സാധിക്കും.

### 9.27.5. അർത്തുങ്കൽ പുതിയപള്ളി

1910-ലാണ് പുതിയപള്ളിയുടെ അടിത്തറ പൂർത്തിയായതെങ്കിലും കരിങ്കൽ പണിക്കായി തമിഴ്നാട്ടിൽനിന്നു വിദഗ്ദ്ധരെ വരുത്തുക, യാത്രാസൗകര്യം തീരെക്കുറവായിരുന്ന അക്കാ ലത്ത് മലയോരത്തുനിന്ന് കരിങ്കല്ല് കേവുവള്ളത്തിൽ കൊുവരിക, അവ കൃത്യമായ തോതിൽ ചെത്തിയെടുത്തുക തുടങ്ങിയ ശ്രമകരമായ പണികൾക്ക് നീ കാലളവു വേിവന്നു. 1967 സെപ്റ്റംബർ 14-ാം തീയതി പുതിയ പള്ളി കൂദാശ ചെയ്തു. അന്ന് വിശുദ്ധ സെബാസ്ത്യാ നോസിന്റെ അത്ഭുതരൂപം പഴയപള്ളിയിൽനിന്ന് ആഘോഷമായി പുതിയപള്ളിയിൽ ഇന്നു കാണുന്ന അൾത്താരയിൽ പ്രതിഷ്ഠിച്ചു.

അന്നുമുതൽ മനഃശാന്തിയും രോഗശാന്തിയും തേടി നാനാജാതി മതസ്ഥരായ ആയിര ങ്ങൾ എന്നേരവും അണയുന്ന പുണ്യസ്ഥാനമായിത്തീർന്നു അർത്തുങ്കൽ വിശുദ്ധ സെബാ സ്ത്യാനോസിന്റെ നട. കേരളക്കരയിലെ ഈശ്വരവിശ്വാസികളായ ആയിരങ്ങൾ തൊഴുകൈ യോടെ ആ അത്ഭുതരൂപത്തിന്റെ മുൻപിൽ ശരണാർത്ഥികളായി വന്നുകൊയേിരിക്കുന്നു.

### 9.27.6. അർത്തുങ്കൽ തീർത്ഥാടനം

കഴിഞ്ഞ 364 വർഷമായി മനഃശാന്തിയും രോഗശാന്തിയും തേടി നാനാജാതി മതസ്ഥ രായ ആയിരങ്ങൾ എന്നേരവും അണയുന്ന പുണ്യസ്ഥാനമാണ് അർത്തുങ്കൽ വിശുദ്ധ സെബാ

സ്ത്യാനോസിന്റെ നട. കേരളക്കരയിലെ ഈശ്വരവിശ്വാസികളായ ആയിരങ്ങൾ തൊഴുകൈ യോടെ ആ അത്ഭുതരൂപത്തിനു മുമ്പിൽ ശരണാർത്ഥികളായി വന്നുകൊണ്ടേയിരിക്കുന്നു.

അർത്തുങ്കലെത്തി മാദ്ധ്യസ്ഥം തേടുന്ന ഏവർക്കും അനുഗ്രഹത്തിന്റെ വിസ്മയം സമ്മാനിക്കുന്ന വിശുദ്ധ സെബാസ്ത്യാനോസിന്റെ അടുക്കലണയാൻ എല്ലാവർഷവും ജനുവരി 10-ന് തിരുനാൾ ആരംഭിക്കുന്നു. നാലു ദിവസം നീണ്ടുനിൽക്കുന്ന ബൈബിൾ കൺവൻഷനും സാംസ്കാരികദിനാചരണത്തിനുംശേഷം ജനുവരി 18-ന് അതിരാവിലെ 5 മണിക്ക് വിശുദ്ധ സെബാസ്ത്യാനോസിന്റെ അത്ഭുതരൂപം പുതുവണക്കത്തിനായി പ്രധാന നടതുറന്ന് സ്ഥാപിക്കുന്നതോടെ തീർത്ഥാടകരുടെ പ്രവാഹം ആരംഭിക്കുകയായി. ജനുവരി 18-നു രാവിലെ 5 മണിക്ക് നടക്കുന്ന നടതുറക്കൽ ചടങ്ങിൽ സംബന്ധിക്കുവാൻ ആയിരക്കണക്കിനു ഭക്തജനങ്ങൾ തലേദിവസം രാത്രിമുതൽതന്നെ പുറത്തു കാത്തിരിക്കാറുണ്ട്. സഭാ കലർ അനുസരിച്ച് ജനുവരി 20 ആണ് തിരുനാൾദിനം. ഭക്തജനങ്ങളുടെ അഭ്യർത്ഥന മാനിച്ച് പതിറ്റാണ്ടുകൾക്കുമുമ്പ് ജനുവരി 26, 27 തീയതികളിൽ എട്ടാമിടം ഉൾപ്പെടുത്തിയതോടെ തിരുനാൾ ജനുവരി 10 മുതൽ 27 വരെ 17 ദിവസങ്ങളായി വർദ്ധിച്ചു. ജാതിമതഭേദമില്ലാതെ ജനലക്ഷങ്ങളുടെ ആശനിരാശകളും സുഖ ദുഃഖങ്ങളും പ്രാർത്ഥനാമന്ത്രമായി ഈശ്വരസന്നിധാനത്തിലേക്ക് ഉയരുന്ന നാളുകളാണ് എല്ലാ വർഷവും ജനുവരിയിലെ തിരുനാൾ ദിവസങ്ങൾ.

സമൃദ്ധിയുടെ നടുവിലും മനസ്സമാധാനം ഇല്ലാത്തവർ, ഒരു കുഞ്ഞിനെ ലഭിക്കാത്ത ദമ്പതികൾ, വീടുവയ്ക്കുന്നതിനും സ്ഥലം വിൽക്കുന്നതിനും തടസ്സം നേരിടുന്നവർ, അസുഖത്തിനു ചികിത്സ നടത്തി മടുത്തർ, വിദേശത്ത് ജോലിക്കായി ശ്രമിക്കുന്നവർ, ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവാതെ സ്വസ്ഥത നഷ്ടപ്പെട്ടവർ, അങ്ങനെ ആശ നശിച്ചവർക്കെല്ലാം വിശുദ്ധ സെബാസ്ത്യാനോസിന്റെ മാധ്യസ്ഥംവഴി ഈശ്വരകൃപ അനുഗ്രഹമഴയായി പെയ്തിറങ്ങുന്ന പുണ്യനാളുകളാണ് അർത്തുങ്കൽ തിരുനാൾ ദിനങ്ങൾ.

### 9.27.7. അർത്തുങ്കലെ നേർച്ചകൾ

സന്താനഭാഗ്യം, രോഗശാന്തി, വിദേശജോലി, പരീക്ഷാവിജയം, വീടു നിർമ്മാണം, ബിസിനസ്സിൽ അഭിവൃദ്ധി, കുടുംബസമാധാനം, തൊഴിൽ, സ്ഥലവില്പന എന്നു തുടങ്ങി ഒട്ടനവധി ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം തേടിവരുന്നവർ അസംഖ്യമാണ്. അപേക്ഷ സഫലമായതിന് കൃതജ്ഞതയർപ്പിക്കാൻ സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിച്ച അമ്പും വില്ലും കാഴ്ചയായി അർപ്പിക്കുക പതിവാണ്. അമ്പുനേർച്ചയും വെള്ളിനേർച്ചയുമാണ് ഇവിടത്തെ പ്രധാന വഴിപാടുകൾ. തിരുനാളിന്റെ പ്രധാനദിനമായ ജനുവരി 20-ന് കടൽതീരം മുതൽ പള്ളിവരെ നടത്തുന്ന ഉരുളുനേർച്ചയും നിരങ്ങുനേർച്ചയും ഒരു വിശേഷവഴിപാടാണ്.

ശബരിമലയിൽ പോകുന്ന അയ്യപ്പഭക്തന്മാർ തിരികെപ്പോകുമ്പൾ അർത്തുങ്കലെത്തി വെളുത്തച്ചനെ വണങ്ങിയതിനുശേഷം മാല ഊരുക എന്ന പരമ്പരാഗതരീതി ഇന്നും പാലിക്കപ്പെടുന്നു. ഇറ്റലിയിൽനിന്നു കൊണ്ടുവന്ന വിശുദ്ധ സെബാസ്ത്യാനോസിന്റെ അത്ഭുതരൂപം പ്രതിഷ്ഠിച്ചിട്ടുള്ള കരിങ്കല്ലിൽ പണിത പുതിയപള്ളിയും അതിനു പിന്നിലായി നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയപള്ളിയും അതിലെ പോർത്തുഗീസ് ശൈലിയിലുള്ള അൾത്താരയും ഏവരെയും ആകർഷിക്കുന്നു.

## 9.28. ആലപ്പുഴ മാർ സ്ലീവാ ഫൊറോനാ ദൈവാലയം (1400)

### 9.28.1. ദൈവാലയം പരി. കന്യാമറിയത്തിന്റെ നാമത്തിൽനിന്നു മാർസ്ലീവായിലേക്ക്

ആലപ്പുഴ പട്ടണം ഒരുകാലത്ത് നിരവധി വ്യവസായശാലകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും കേന്ദ്രവും വളരെ തിരക്കുപിടിച്ച ഒരു തുറമുഖപട്ടണവുമായിരുന്നു. എന്നാൽ ഇന്ന് ആലപ്പുഴയ്ക്ക് ആ പ്രൗഢിയും പ്രതാപവുമെല്ലാം പഴയ ഓർമ്മകൾ മാത്രമാണ്. 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ഈ തീരദേശപട്ടണം ഇന്ന് ടൂറിസ്റ്റുകളുടെ ഒരു ആകർഷണകേന്ദ്രമാണ്. വ്യവസായ, വാണിജ്യ പാരമ്പര്യം പുലർത്തുന്ന ഒട്ടേറെ സുറിയാനി കത്തോലിക്കാ കുടുംബങ്ങൾ ആലപ്പുഴ തങ്ങളുടെ അധിവാസകേന്ദ്രമാക്കിയിട്ട് നൂറ്റാണ്ടുകൾതന്നെ ആയിരിക്കുന്നു.

ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽനിന്നു പിരിഞ്ഞ് എ.ഡി. 1400-ൽ ആലപ്പുഴ വടശ്ശേരിയിൽ സ്ഥാപിതമായ പള്ളി കൂടുതൽ സൗകര്യം പരിഗണിച്ച് ഇപ്പോൾ ദൈവാലയം സ്ഥിതി ചെയ്യുന്ന പഴയങ്ങാടിയിലേക്ക് മാറ്റി സ്ഥാപിച്ചു. ആലപ്പുഴ തുറമുഖവും പട്ടണവും സംവിധാനം ചെയ്യുവാൻ രാജാ കേശവദാസൻ ആരംഭം കുറിക്കുന്നത് 1786-ൽ ആണ്. അതിനു വളരെ മുമ്പുതന്നെ വാണിജ്യ വ്യാപാരങ്ങൾക്ക് പ്രസിദ്ധമായ ഒരു അങ്ങാടി ഇവിടെയുണ്ടായിരുന്നു. പുതിയ കച്ചവടകേന്ദ്രം വളർച്ച പ്രാപിച്ചതോടുകൂടിയാണ് ഈ പ്രദേശം പഴയങ്ങാടി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

വടശ്ശേരിപ്പള്ളി പരി. കന്യാമറിയത്തിന്റെ നാമത്തിലാണു സ്ഥാപിച്ചതെങ്കിലും പഴയങ്ങാടിയിലേക്കു മാറിയപ്പോൾ പള്ളി മാർസ്ലീവായുടെ നാമത്തിലായി. ഈ പേരുമാറ്റത്തിന്റെ കാരണവും സാഹചര്യങ്ങളും എന്തായിരുന്നെന്ന് വ്യക്തമല്ല. വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പു സൂക്ഷിച്ചുവരുന്ന ചുരുക്കം ചില ദൈവാലയങ്ങളിൽ ഒന്നാണിത്. ഇപ്പോഴത്തെ പള്ളി എത്ര തവണ പുതുക്കി പണി ചെയ്തിട്ടുള്ളതാണെന്ന് അറിയുവാൻ രേഖകളൊന്നുമില്ല. ഏതായാലും 1408-ലെ ദൈവാലയം പിന്നീട് പല തവണ പരിഷ്കരിക്കപ്പെട്ടിരിക്കുമെന്നുള്ളതിനു സംശയമില്ല.

ശില്പകലാസുന്ദരമായ അൾത്താര പഴയങ്ങാടിപ്പള്ളിയുടെ ഒരു പ്രത്യേകതയാണ്. വലിപ്പത്തിലും ശില്പഭംഗിയിലും ഈ പള്ളിയുടെ അൾത്താര മികച്ചുതന്നെ നിൽക്കുന്നു. ഇവിടെ കലാസൗകുമാര്യം വഴിയുന്ന പത്തു ദാരുശില്പങ്ങൾ നമുക്കു കാണാം. പഴയങ്ങാടിപ്പള്ളിയുടെ എട്ടുപട്ടവും പ്രത്യേക പരാമർശം അർഹിക്കുന്നു. കേരളത്തിൽ ഞാറയ്ക്കൽ പള്ളിയുടെ രൂപസംവിധാനത്തിലല്ലാതെ മറ്റൊരിടത്തും ഈ പ്രത്യേകത കാണാനില്ല. ഞാറയ്ക്കൽ പള്ളിയുടെ രൂപമാതൃകയിലാണത്രെ ഈ പള്ളി നിർമ്മിച്ചിരിക്കുന്നത്.

ഇവിടത്തെ മണിമാളികയിൽ വിദേശനിർമ്മിതമായ മൂന്നു വലിയ മണികളും ഒരു ചെറിയമണിയുമാണുള്ളത്. 1904-ൽ, അക്കൊല്ലത്തെ തിരുനാൾ പ്രസുദേന്തിയായിരുന്ന പാണാവള്ളിൽ പോത്തൻ ജോസഫ് സ്പെയിനിൽനിന്നു വരുത്തി പള്ളിക്കു സംഭാവന ചെയ്തതാണ് ഈ വലിയ മൂന്നു മണികൾ. ആലപ്പുഴ മാർ സ്ലീവാപ്പള്ളിയുടെ പ്രൗഢിയും പാരമ്പര്യവും വിളിച്ചോതുന്നതും തേക്കുതടിയിൽ പണിത് ഓടുകൊണ്ടു കവചിതവുമാണ് കൊടിമരം.

### 9.28.2. ആലപ്പുഴ തുറമുഖപട്ടണം - ഉത്ഭവവും വളർച്ചയും

തിരുവിതാംകൂർ നാടുവാണ ധർമ്മരാജാവിന്റെ കാലത്ത് (1758–98) ദിവാനായിരുന്ന രാജാകേശവദാസനാണ് ആലപ്പുഴ തുറമുഖപട്ടണം സംവിധാനം ചെയ്തത്. മൈസൂർ യുദ്ധംമൂലമുണ്ടായ സാമ്പത്തിക തകർച്ചയിൽനിന്നു രാജ്യത്തെ രക്ഷിക്കുവാൻ കാർഷിക വ്യവസായിക മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ദിവാന്റെ ഏറ്റം വലിയ ഭരണനേട്ടമായിരുന്നു അത്. ആലപ്പുഴയുടെ വികസനത്തിൽ വ്യവസായപ്രമുഖനായിരുന്ന തച്ചിൽ മാത്തൂത്തരകന്റെ സഹായവും ദിവാനു ലഭിച്ചു. രാജാകേശവദാസന്റെ ആത്മമിത്രവും സഹപ്രവർത്തകനുമായിരുന്ന തരകന്റെ പധാനപ്പെട്ട പല വ്യവസായസ്ഥാപനങ്ങളും ആലപ്പുഴയായിരുന്നു.

ആലപ്പുഴ വളർച്ച പ്രാപിച്ചതോടുകൂടെ അവിടെ ക്രിസ്ത്യാനികളുടെ എണ്ണവും അനുക്രമം വർദ്ധിച്ചുവന്നു. തുടർന്നുള്ള കാലയളവിൽ പുറക്കാട്ടു തുറമുഖത്തിന്റെ പ്രാധാന്യം തീരെ നഷ്ടമാകുകയും അവിടെ വാണിജ്യ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്ന ക്രിസ്ത്യാനികളിൽ പലരും ആലപ്പുഴയിലേക്കു താമസം മാറ്റുകയും ചെയ്തു. കൂടാതെ തച്ചിൽ മാത്തുത്തരകൻ 64 ക്രൈസ്തവകുടുംബങ്ങളെ ആലപ്പുഴയിൽ കൊണ്ടുവന്നു താമസിപ്പക്കുകയുമുണ്ടായി. ഇവർ പ്രധാനമായും പുത്തനങ്ങാടി ഭാഗത്താണ് താമസമുറപ്പിച്ചത്.

### 9.28.3. പഴയങ്ങാടിപ്പള്ളി ചരിത്രത്തിന്റെ ഏടുകളിൽ

1599 ജൂൺ 20-ന് ആരംഭിച്ച് 26-നു സമാപിച്ച ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുത്ത 105 പള്ളികളുടെ ലിസ്റ്റിൽ മാർ സ്ലീവാപ്പള്ളിയും ഉൾപ്പെടുന്നു. 158 വൈദികരും 671 ഇടവകപ്രതിനിധികളും സംബന്ധിച്ച ഈ മഹാസമ്മേളനത്തിൽ ആലപ്പുഴ മാർ സ്ലീവാപ്പള്ളിയിൽനിന്നുള്ള വൈദികരും അല്മായ പ്രതിനിധികളും പങ്കെടുത്തിരുന്നെന്നുള്ളത് ശ്രദ്ധേയമാണ്. അതുപോലെതന്നെ 1787-ൽ അങ്കമാലിയിൽ ചേർന്ന സുറിയാനിക്കാരുടെ മഹാസമ്മേളനത്തിലും ഈ ഇടവകയിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

പുരാതനകാലം മുതൽക്കേ കേരളത്തിലെ നസ്രാണിജനതയ്ക്ക് പെരുമാക്കന്മാരും രാജാക്കന്മാരും അവരുടെ സേവനം പരിഗണിച്ച് പല ഉന്നതപദവികളും അവകാശങ്ങളും നല്കിയിട്ടുണ്ടെന്നുള്ളത് ഒരു ചരിത്രവസ്തുതയാണല്ലോ. കാലക്രമേണ അവയൊക്കെ അവഗണിക്കപ്പെടുവാനും വിസ്മരിക്കപ്പെടുവാനും ഇടയായി. എന്നാൽ, പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നസ്രാണി നേതാവായിരുന്ന തച്ചിൽ മാത്തൂത്തരകന്റെ നേതൃത്വത്തിൽ സമുദായം അവയിൽ ചിലതെങ്കിലും വീണ്ടെടുക്കുവാൻ ഒരു പരിശ്രമം നടത്തി. തത്ഫലമായി, പാറേമ്മാക്കൽ ഗോവർണ്ണദോർക്കും അദ്ദേഹത്തിന്റെ ആലോചനാസമിതി അംഗങ്ങൾക്കും ചില പദവികളും അവകാശങ്ങളും അനുവദിച്ചുകൊണ്ട് ധർമ്മരാജാവ് എന്നു പ്രസിദ്ധനായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് കല്പന പുറപ്പെടുവിക്കുകയുണ്ടായി. ഇതിലേക്ക് സുറിയാനി കത്തോലിക്കരുടെ 61 പള്ളികളിൽനിന്നും ഇടവകജനങ്ങളിൽനിന്നും പിരിവെടുത്ത് 207,360 കലിപ്പണം (30908 ൽ ചില്വാനം രൂപാ) മഹാരാജാവിന് അടിയറവച്ചു. ഈ ഫണ്ടിലേക്ക് മാർ സ്ലീവാപ്പള്ളിയിൽനിന്നു 2000 കലിപ്പണവും ഇടവകജനങ്ങളുടേതായി 3200 കലിപ്പണവും നല്കിയതായി രേഖകളിൽ കാണുന്നു.

കേരളത്തിലെ പുനരൈക്യസംരംഭങ്ങളുടെ ചരിത്രത്തിലും മാർ സ്ലീവാപ്പള്ളിക്ക് ഒരു പ്രധാനപ്പെട്ട സ്ഥാനമുണ്ട്. യാക്കോബായക്കാരുടെ മെത്രാനായിരുന്ന ഒന്നാം മാർ ദിവന്നാസിയോസിനെയും (ആറാം മാർതോമ്മാ, 1765–1808) അനുയായികളെയും കത്തോലിക്കാസഭയിലേക്ക്

പുനരൈക്യപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായി കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും പ്രതിനിധികൾ 1799 മെയ് 20-ാം തീയതി ആലപ്പുഴ മാർസ്ലീവാപ്പള്ളിയിലാണ് സമ്മേളിച്ചത്. അവിടെ നടന്ന ചർച്ചകളുടെ ഫലമായി ഇരുകൂട്ടരും ചേർന്ന് ഒരു ഉടമ്പടി തയ്യാറാക്കി അതിൽ ഒപ്പുവച്ചു. അതിൻപ്രകാരം മാർ ദിവന്നാസിയോസും അനുയായികളും ശീശ്മ അവസാനിപ്പിക്കുന്നതിനും മാർപ്പാപ്പായുടെ പരമാധികാരത്തിനു വിധേയമായി വർത്തിക്കുന്നതിനും പൂർവ്വകാലത്തെപ്പോലെ കൽദായ രീതിയിൽ ആരാധനക്രമം നടത്തുന്നതിനും ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങൾ അംഗീകരിക്കുന്നതിനും യാക്കോബായ വിശ്വാസവും ആചാരങ്ങളും പരിത്യജിക്കുന്നതിനും വിധിപ്രകാരം സത്യപ്രതിജ്ഞ പരസ്യമായി നടത്തുന്നതിനും സമ്മതിച്ചു. 'ആലപ്പുഴപ്പടിയോല' എന്ന പേരിൽ അറിയപ്പെടുന്ന ഈ രേഖ മാന്നാനത്തെ പുരാരേഖാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ഉടമ്പടിപ്രകാരം മാർ ദിവന്നാസിയോസും അദ്ദേഹത്തിന്റെ അനുയായിവൃന്ദത്തിന്റെ പ്രതിനിധികളും തത്തംപള്ളി പള്ളിയിൽവച്ച് 1799 ജൂലൈ 21-ാം തീയതി പണ്ടാരി പൗലോസ് മെത്രാന്റെയും കട്ടക്കയത്തിൽ അബ്രാഹം മല്പാന്റെയും മറ്റും സാന്നിധ്യത്തിൽ പരസ്യമായി വിശ്വാസപ്രഖ്യാപനം നടത്തുകയും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു. എന്നാൽ ഈ പുനരൈക്യം ചിരസ്ഥായി ആയിരുന്നില്ല. കാരണം, കേരളസഭയിൽ അംഗീകൃതമായ യാതൊരധികാരവുമില്ലാതിരുന്ന പണ്ടാരി പൗലോസ് മെത്രാനും കട്ടക്കയത്തിൽ അബ്രാഹം മല്പാനുമാണ് മാർ ദിവന്നാസിയോസിനെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചത് എന്നുള്ളതാണ് കാരണം. നിയമാനുസരണം പുനരൈക്യപരിപാടികൾ നടത്തുന്നതിനും അതിനോടു ബന്ധപ്പെട്ട കാനോനിക നടപടിക്രമങ്ങൾ പ്രയോഗപഥത്തിൽ കൊണ്ടുവരുന്നതിനും ചുമതലപ്പെട്ട സഭാധികാരിയായിരുന്ന കൊച്ചിമെത്രാൻ ഇക്കാര്യത്തിൽ വിരുദ്ധനിലപാടു കൈക്കൊണ്ടതുമൂലം മാർ ദിവന്നാസിയോസ് ആറുമാസത്തെ കാത്തിരിപ്പിനുശേഷം തന്റെ ഭരണാധികാരം കൈമോശം വന്നേക്കുമെന്നുള്ള ഭയം നിമിത്തം യാക്കോബായ സഭയിലേക്കു തന്നെ തിരിച്ചുപോയി.

ആലപ്പുഴ മാർസ്ലീവാപ്പള്ളിയിൽവച്ചു നടന്ന മറ്റൊരു സുപ്രധാന സംഭവമാണ് ഗോവർണ്ണദോർ തിരഞ്ഞെടുപ്പ്. കൊടുങ്ങല്ലൂർ അതിരുപതയുടെ ഗോവർണ്ണദോർ ആയിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ മരണശേഷം പണ്ടാരി പൗലോസ് മെത്രാന്റെയും തച്ചിൽ മാത്തൂത്തരകന്റെയും നേതൃത്വത്തിൽ ചങ്ങനാശേരിപ്പള്ളിയിൽവച്ച് പാലാ ഇടവക കട്ടക്കയത്തിൽ അബ്രാഹം മല്പാനെ ഗോവർണ്ണദോരായി തെരഞ്ഞെടുത്തു. അദ്ദേഹം ആ സ്ഥാനം ഉടൻതന്നെ സ്വീകരിക്കുകും ചെയ്തു. എന്നാൽ, ഈ തെരഞ്ഞെടുപ്പിന്റെ സാധുത താമസംവിനാ ചോദ്യം ചെയ്യപ്പെടുകയുണ്ടായി. കൊടുങ്ങല്ലൂർ അതിരൂപതയുടെ ആക്ടിംഗ് അഡ്മിനിസ്ട്രേറ്ററായി ഗോവാ മെത്രാപ്പോലീത്താ നിയമിച്ച ലൂയീസ് ജോസഫ് റിബാമറിന്റെ അറിവോ അംഗീകാരമോ ഇല്ലാത്ത ഈ തെരഞ്ഞെടുപ്പ് അസാധുവാണെന്നും ഗോവർണ്ണദോർ സ്ഥാനമേറ്റിരിക്കുന്ന അബ്രാഹം മല്പാന്റെ നിലപാട് ഛിദ്മപരമാണെന്നും വ്യാഖ്യാനിക്കപ്പെട്ടു. റിബാമർ ഏതാനും സുറിയാനിപ്പള്ളിക്കാരെ ആലപ്പുഴ മാർസ്ലീവാപ്പള്ളിയിൽ വിളിച്ചുകൂട്ടുകയും ആ സമ്മേളനത്തിൽ വച്ച് ശങ്കൂരിക്കൽ ഗീവർഗീസ് മല്പാനെ ഗോവർണ്ണദോരായി തെരഞ്ഞെടുക്കുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പ് ഗോവാ മെത്രാപ്പോലീത്താ അംഗീകരിച്ചു. അധികാര ധിക്കാരത്തിനു ആഗ്രഹമില്ലാതിരുന്ന കട്ടക്കയത്തിൽ അബ്രാഹം മല്പാനും അനുയായികളും സമുദായൈക്യം കാത്തുസൂക്ഷിക്കുവാൻ മത്സരബുദ്ധി വെടിഞ്ഞ് ശങ്കൂരിക്കൽ ഗോവർണ്ണദോരിനു വിധേയരായി വർത്തിച്ചു.

### 9.28.4. നിധീരിക്കൽ മാണിക്കത്തനാർ

നൂറ്റാണ്ടുകളുടെ ചരിത്രം ഉറങ്ങുന്ന മാർ സ്ലീവാ ഇടവകയെ വിവിധ കാലഘട്ടങ്ങളിൽ പ്രശസ്തരും പ്രഗദ്ഭരുമായ നിരവധി വികാരിമാർ ഭരിക്കുകയും നയിക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ ഏറ്റം പ്രമുഖൻ നിധീരിക്കൽ മാണിക്കത്തനാരാണ്. 1882 മുതൽ 1886 വരെ അദ്ദേഹം ഈ പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിച്ചു. മാണിക്കത്തനാൽ മാർ സ്ലീവാപ്പള്ളിയുടെ വികാരിയായിരുന്ന കാലത്താണ് പള്ളിയുടെ അൾത്താരയും മറ്റും പണിയിച്ചത്. അദ്ദേഹത്തിന്, ആലപ്പുഴ, കുറവിലങ്ങാട്, മുട്ടുചിറ എന്നീ മൂന്നു പള്ളികളിൽ ഒരേ സമയത്തു വികാരിത്തമുണ്ടായിരുന്നു. ഈ മൂന്നിടത്തും അദ്ദേഹം മാറിമാറി താമസിക്കുകയും ദൈവാലയശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തിരുന്നു.

### 9.28.5. പ്രധാന തിരുനാളുകൾ

കർമ്മെലമാതാവിന്റെ തിരുനാൾ എല്ലാ വർഷവും ഇവിടെ വളരെ ആഘോഷപൂർവം കൊണ്ടാടിവരുന്നു. ഈ തിരുനാൾ നൂറിലേറെ വർഷങ്ങളായി ഇവിടെ നടത്തിവരുന്നതു കർമ്മെലമാതാവിന്റെ നാമത്തിലുള്ള ദർശനസമൂഹത്തിന്റെ ചുമതലയിലും നേതൃത്വത്തിലുമാണ്. ആദ്യമായി ദർശനസമൂഹം സ്ഥാപിക്കപ്പെട്ട സുറിയാനിപ്പള്ളികളുടെ ഗണത്തിൽ മാർ സ്ലീവാപ്പള്ളിയും ഉൾപ്പെടുന്നു. ഈ പള്ളിയിലെ പ്രധാന തിരുനാൾ സെപ്റ്റംബർ മാസത്തിൽ ആഘോഷിക്കുന്ന സ്ലീവായുടെ പുകഴ്ചയുടെ തിരുനാളാണ്. ദർശനത്തിരുനാളിനേക്കാൾ പഴക്കമുള്ള ഈ തിരുനാളിനു കല്ലിട്ട തിരുനാൾ എന്നാണ് സാധാരണ പറഞ്ഞുവരുന്നത്. ഈ പള്ളിയുടെ രൂപമാതൃകതന്നെ കുരിശിന്റെ ആകൃതിയിലാണെന്നുള്ളതും ശ്രദ്ധേയമാണ്.

## 9.29. തത്തംപള്ളി സെന്റ് മിഖായേൽ ദൈവാലയം (1404)

### 9.29.1. 'ദത്തംപള്ളി'യിൽനിന്ന് 'തത്തംപള്ളി'യിലേക്ക്

1404-ൽ ആണ് മിഖായേൽ മാലാഖയുടെ നാമധേയത്തിലുള്ള തത്തംപള്ളി പള്ളി സ്ഥാപിക്കപ്പെട്ടത്. അതിനുമുമ്പ് ആലപ്പുഴയിലെ വടശ്ശേരിപ്പള്ളിയിലായിരുന്നു ഇവിടെയുള്ള വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ പോയിരുന്നത്. വടശ്ശേരിപ്പള്ളി സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് തീരദേശത്തെ വിശ്വാസികളുടെ ഇടവകദൈവാലയം ചമ്പക്കുളം കല്ലൂർക്കാട് പള്ളിയായിരുന്നനു. ആലപ്പുഴയിലെ വാടത്തോടിനു വടക്കുവശത്തുള്ള ആളുകൾ അന്ന് കൊച്ചിരാജ്യത്തിലും തെക്കുള്ളവർ അമ്പലപ്പുഴ (ചെമ്പകശേരി) രാജ്യത്തിലുമാണ് ഉൾപ്പെട്ടിരുന്നത്. വാടത്തോടിനു വടക്കുള്ള പ്രദേശത്ത് ക്രിസ്ത്യാനികൾക്ക് വടശ്ശേരിയിൽനിന്നു വന്നു തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുക ക്ലേശകരമായിരുന്നതിനാൽ സമീപപ്രദേശത്ത് ഒരിടത്ത് ഒരു ദൈവാലയം നിർമ്മിക്കുവാൻ അവർ ആഗ്രഹിച്ചു. ആര്യാടുഭാഗത്തെ കരപ്രമാണിയായിരുന്ന അവലൂർ പണിക്കർ ദാനം ചെയ്ത സ്ഥലത്ത് അവർ ഒരു പള്ളി സ്ഥാപിച്ചു. അതിനെ ഒരു ഇടവകയാക്കി മാറ്റി. ദാനം കിട്ടിയ സ്ഥലത്തു സ്ഥാപിച്ച പള്ളിക്കു 'ദത്തംപള്ളി' എന്നു പേരുായതായി പറയപ്പെടുന്നു. അന്നു നാട്ടിൽ പ്രചാരത്തിലിരുന്ന തമിഴ് ഭാഷയിൽ 'ദ'യ്ക്കു പകരം 'ത' ഉപയോഗിച്ചിരുന്നതിനാൽ 'ദത്തംപള്ളി' 'തത്തംപള്ളി'യായി രൂപപരിണാമം പ്രാപിച്ചു. പള്ളിയുടെ സ്ഥാപനത്തോടുകൂടി ഈ പ്രദേശവും തത്തംപള്ളിയെന്ന പേരിൽ അറിയ

പ്പെട്ടുതുടങ്ങി. അതിനു മുനപ് ആര്യാട് എന്നായിരുന്നു ഈ സ്ഥലത്തിന്റെ പേര്. തെക്കൻ ആര്യാടു പകുതിയിലാണ് തത്തംപള്ളിപള്ളി സ്ഥിതി ചെയ്യുന്നത്.

വടശ്ശേരിയിൽനിന്നു പിരിഞ്ഞ തത്തംപള്ളിപള്ളിയും വടശ്ശേരിയിൽനിന്നു മാറ്റി സ്ഥാപിച്ച പഴയങ്ങാടിപ്പള്ളിയും കേരളത്തിലെ പൗരാണികപാരമ്പര്യമനുസരിച്ച് മർത്തമറിയത്തിന്റെ നാമത്തിലാണ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. എന്നാൽ, പിൽക്കാലത്തു വന്ന സഭാധികാരികൾ തത്തംപള്ളിപള്ളിയെ സെന്റ് മൈക്കിൾസ് പള്ളി എന്നു പുനർനാമകരണം ചെയ്തു. ഈ നാമധേയപരിവർത്തനം എന്നു നടന്നുവെന്നോ, ആരാണ് അതു നടപ്പിൽ വരുത്തിയതെന്നോ അറിയുവാൻ ഇന്നു ചരിത്രരേഖകളൊന്നുമില്ല. മുഖ്യദൈവദൂതനായ വി. മിഖായേൽ മാലാഖയുടെ നാമത്തിൽ പ്രതിഷ്ഠിതമായിട്ടുള്ള ചങ്ങനാശേരി അതിരൂപതയിലെ ഏക ദൈവാലയമാണ് തത്തംപള്ളിയിലേത്.

### 9.29.2. തച്ചിൽ മാത്തൂത്തരകനും കോർത്തശ്ശേരി പള്ളിയും

പതിനെട്ടാം നൂറ്റിലെ തിരുവിതാംകൂർ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുളള പ്രഗത്ഭമതികളിൽ അദ്വിതീയനാണ് തച്ചിൽ മാത്തൂത്തരകൻ. സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലെല്ലാം ഉജ്ജ്വലനേതൃത്വം വഹിക്കുകയും രാജ്യത്തിനും രാജാവിനും സമുദായത്തിനും വേി നിസ്വാർത്ഥസേവനമനുഷ്ഠിക്കുകയും ചെയ്ത അദ്ദേഹത്തിന് ജീവിതാന്ത്യത്തിൽ അനുഭവിക്കേിവന്ന ദുരിതങ്ങളും തല്പരകക്ഷികൾ അദ്ദേഹത്തിന്റെ സൽപേരിനെ താറടിച്ചു കാണിക്കുവാൻ ചെയ്ത പരിശ്രമങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. സമുദായനേതാവും വ്യവസായപ്രമുഖനുമായിരുന്ന അദ്ദേഹത്തിന്റെ മുഖ്യവാസകേന്ദ്രം തത്തംപള്ളിയായിരുന്നു. തരകനും കുടുംബാംഗങ്ങൾക്കും വിശുദ്ധ കുർബാന കാണാൻ വേി പ്രത്യേകം പണികഴിപ്പിച്ചതാണ് കോർത്തശ്ശേരി സെന്റ് ജോൺ നെപുംസ്യാനോസ് ദൈവാലയം. ഈ പള്ളിക്കു കാലപ്പഴക്കംകൊു സംഭവിച്ച ജീർണ്ണാവസ്ഥയും സ്ഥലസൗകര്യക്കുറവും പരിഹരിക്കുന്നതിനുവേി കുറച്ചുനാൾമുമ്പ് പഴയപള്ളിയുടെ പൗരാണികത്വം നഷ്ടപ്പെടുത്താതെ അതേപടി നിലനിർത്തിക്കൊ് അതിനോടു ചേർന്ന് ഒരു പുതിയ പള്ളി നിർമ്മിച്ചിരിക്കുന്നു.

### 9.29.3. മാർ ദിവന്നാസിയോസിന്റെ പുനരൈക്യം

തത്തംപള്ളിപള്ളിയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ (മാർത്തോമ്മാ ആറാമൻ) പുനരൈക്യം. യാക്കോബായ സഭയിലെ മെത്രാനായിരുന്ന ഇദ്ദേഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ തീവ്രമായി ആഗ്രഹിച്ചിരുന്നു. എന്നാൽ, കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയും വരാപ്പുഴ വികാരി അപ്പസ്തോലിക്കയും ഇക്കാര്യത്തിൽ ഒട്ടും താത്പര്യം പ്രകടിപ്പിച്ചിരുന്നില്ല. തച്ചിൽ മാത്തൂത്തരകന്റെയും കട്ടക്കയത്തിൽ അബ്രാഹം മല്പാന്റെയും മറ്റും പരിശ്രമഫലമായി 1799 ജൂൺ 21-ാം തീയതി പാരി പൗലോസ് മെത്രാന്റെയും കട്ടക്കയത്തിൽ അബ്രാഹം മല്പാന്റെയും ബാബേലിൽനിന്നു വന്ന ഹൊർമീസ് കശീശായുടെയും സാന്നിധ്യത്തിൽ തത്തംപള്ളിയിൽ അദ്ദേഹം പരസ്യമായി വിശ്വാസപ്രഖ്യാപനം നടത്തുകയും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു. ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളും എട്ടാം ഉർബൻ മാർപ്പാപ്പയുടെ ഫോർമുലാ പ്രകാരമുള്ള വിശ്വാസപ്രമാണവും അംഗീകരിച്ചുകൊള്ളാമെന്നു സമ്മതിച്ച് അദ്ദേഹം ഒരു ഉടമ്പടി ഒപ്പുവച്ചിട്ടുായിരുന്നു. കൂടാതെ, താൻ യാക്കോബായ സഭയിലേക്ക്

തിരികെ പോകുകയാണെങ്കിൽ തിരുവിതാംകൂർ സർക്കാരിന് ഒരു നിശ്ചിതസംഖ്യ പ്രായശ്ചിത്തമായി അടച്ചുകൊള്ളാമെന്നു വാഗ്ദാനവും ചെയ്തിരുന്നു.

എന്നാൽ ദിവന്നാസിയോസിനെ സ്വീകരിക്കുവാൻ കൊച്ചിയിലെയും വരാപ്പുഴയിലെയും പരദേശി മെത്രാന്മാർ തയ്യാറായില്ല. ആറു മാസക്കാലം തത്തംപള്ളി പള്ളിയിൽ താമസിച്ചശേഷം അദ്ദേഹം യാക്കോബായ സഭയിലേക്കു തിരികെ പോകുകയും മുകളിൽ സൂചിപ്പിച്ച സംഖ്യ തിരുവിതാംകൂർ സർക്കാരിൽ അടയ്ക്കുകയും ചെയ്തു. ഈ പുനരൈക്യം ഫലപ്രാപ്തിയിൽ എത്തിയിരുന്നെങ്കിൽ പുത്തൻകൂർ, പഴയകൂർ വിഭാഗങ്ങൾ ഒന്നായി തുടരുമായിരുന്നു.

### 9.29.4. മിഖായേൽ മാലാഖയുടെ തിരുസ്വരൂപം

തത്തംപള്ളി പള്ളിയും അവിടെനിന്നു പിരിഞ്ഞ കാട്ടൂർ പള്ളിയും മുഖ്യദൈവദൂതനായ മിഖായേൽ മാലാഖയുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഈ രു പള്ളികളിലും പ്രതിഷ്ഠിതമായിരിക്കുന്ന മിഖായേൽ മാലാഖയുടെ തിരുസ്വരൂപങ്ങൾ ഫ്രാൻസിൽ നിർമ്മിച്ചതും അവിടെനിന്നു കപ്പലിൽ ഒരുമിച്ചു കേരളത്തിൽ കൊുവന്നതുമാണ്. ഇവയിൽ കലാസൗകുമാര്യത്തിലും ശില്പചാതുരിയിലും തത്തംപള്ളിയിലെ രൂപം മികച്ചുനിൽക്കുന്നു.

### 9.29.5. ദർശനസമൂഹം

കേരളത്തിലെ പുരാതനദൈവാലയങ്ങളിലെല്ലാംതന്നെ ദർശനസമൂഹങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടു്. പോർത്തുഗീസുകാരുടെ വരവിനുശേഷം ആരംഭിച്ച ലത്തീൻ ഭരണകാലത്താണ് കേരളത്തിൽ ദർശനസമൂഹങ്ങൾ ആരംഭിക്കുന്നത്. ആരാധനാകർമ്മങ്ങൾ സജീവവും സമാകർഷകവുമാക്കുന്നതിനും ആദ്ധ്യാത്മികകാര്യങ്ങളിൽ വൈദികരെ സഹായിക്കുന്നതിനും വേിയുള്ള അല്മായ സംഘടനയാണ് ദർശനസമൂഹം. 1838-ൽ തത്തംപള്ളി പള്ളിയിൽ ദർശനസമൂഹം സ്ഥാപിക്കപ്പെട്ടു.

### 9.29.6. പുതിയ പള്ളി

തത്തംപള്ളിയിൽ ഇപ്പോഴുള്ള പള്ളി പണിയുവാൻ അനുവദിച്ചുകൊുള്ള കല്പന 1838-ൽ വരാപ്പുഴയിലെ ഫ്രാൻസീസ് സേവ്യർ മെത്രാൻ നല്കി. ഇടവകാംഗവും വികാരിയുമായിരുന്ന കാപ്പിൽ മത്തായി കത്തനാരാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇടവകയിൽനിന്നും മറ്റു സ്ഥലങ്ങളിൽനിന്നും അദ്ദേഹം ഇതിലേക്ക് പണപ്പിരിവു നടത്തി. ആലപ്പുഴയിലെ ആദ്യത്തെ കയർ ഫാക്ടറിയായിരുന്ന ഡാറാസ്മെയിൽ കമ്പനിയിലെ ഡേവിഡ് സായ്പ്പ് പള്ളിക്ക് ആവശ്യമായ മേച്ചിലോടു സംഭാവന ചെയ്തു.

### 9.29.7. കൽക്കുരിശ്, മല്പാൻ വിദ്യാലയം

പള്ളിയിൽനിന്ന് ഏതാ് ഒരു ഫർലോങ് കിഴക്കു മാറി നൂറ്റാുകൾ പഴക്കമുള്ള കൽക്കുരിശ് സ്ഥിതി ചെയ്യുന്നു. ഇതും ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിലെ കുരിശും ഏതാ് ഒരേ രൂപത്തിലുള്ളവയാണ്. 16-ാം നൂറ്റാിലായിരിക്കണം ഈ കുരിശു സ്ഥാപിച്ചതെന്നു കരുതപ്പെടുന്നു. വെള്ളിയാഴ്ച ദിവസങ്ങളിൽ നാനാജാതി മതസ്ഥരായ ആളുകൾ കുരിശിൻ ചുവട്ടിലെത്തി തങ്ങളുടെ ഹൃദയഭാരങ്ങൾ ഇറക്കിവയ്ക്കുകയും പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തുവരുന്നു.

മുമ്പ്, ഒരു കാലഘട്ടത്തിൽ തത്തംപള്ളിയിൽ ഒരു മല്പാൻ വിദ്യാലയം പ്രവർത്തിച്ചിരുന്നു. പൂർവ്വകാലത്തു കേരളസഭയിൽ ഭൂരിപക്ഷം വൈദികരുടെയും പരിശീലനവേദിയായി

രുന്നു മല്പാൻ വിദ്യാലയങ്ങൾ. പൗരാണിക ഭാരതത്തിൽ നിലവിലിരുന്ന ഗുരുകുല വിദ്യാഭ്യാസത്തിന്റെ മാതൃകയിൽ പണ്ഡിതന്മാരായ വൈദികരുടെ മേൽനോട്ടത്തിൽ ഈ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ വൈദികാർത്ഥികൾക്കു വൈദികപരിശീലനം നൽകിയിരുന്നു. കത്തിൽ മല്പാനച്ചന്റെ കാലത്ത് തത്തംപള്ളിയിലും ഇങ്ങനെയൊരു വിദ്യാലയം പ്രവർത്തിക്കുന്നുായിരുന്നു. വിദ്യാർത്ഥികളും മല്പാനച്ചനും താമസിച്ചിരുന്ന കെട്ടിടമാണ് പള്ളിക്കു കിഴക്കുവശം കാണുന്ന മാളിക. ഇത് 'മുറി' എന്ന പേരിലാണ് ഇന്നും അറിയപ്പെടുക. വരാപ്പുഴയിലെ ബർണദീനോസ് മെത്രാപ്പോലീത്തായുടെ കാലത്ത് തത്തംപള്ളി യിലെ മല്പാൻ വിദ്യാലയം തിരോഭവിച്ചു. തച്ചിൽ മാത്തൂത്തരകനാണ് പഴയ മല്പാൻ സെമിനാരിക്കുവേി സ്ഥലം വാങ്ങി കെട്ടിടം വച്ചുകൊടുത്തത്.

### 9.29.8. കത്തോലിക്ക കമ്മാളസമുദായം - ഭജനമഠം

കത്തോലിക്കാവിശ്വാസം പുലർത്തിക്കൊും അതേസമയം തങ്ങളുടെ പ്രത്യേക ആചാരാനുഷ്ഠാനങ്ങൾ പാലിച്ചുകൊും തത്തംപള്ളി ഇടവകയിൽ കഴിയുന്ന ഒരു പ്രത്യേക ജനവിഭാഗമാണ് ഇവിടത്തെ തട്ടാന്മാർ. ഇവരുടെ പൂർവ്വികർ ഹിന്ദുകമ്മാളസമുദായത്തിൽ പെട്ടവരായിരുന്നു. കുംഭകോണം, മാതിരവിള, വടശ്ശേരി, തട്ടാമഠം, പെരുവിള എന്നീ അഞ്ചു സ്ഥലങ്ങളിൽനിന്ന് ഏതാു മുന്നൂറു വർഷംമുമ്പ് കുറേ ആളുകൾ സ്വർണ്ണപ്പണിക്കുവേി തമിഴ്നാട്ടിൽനിന്ന് ഇവിടെയെത്തുകയുായി. തമിഴായിരുന്നു ഇവരുടെ മാതൃഭാഷ.

കൂട്ടായ്മയിലുള്ള ജീവിതമാണ് ഇവരുടെ പ്രത്യേകത. ഇന്നു കാണുന്ന മാതാവിന്റെ നാമത്തിലുള്ള ഭജനമഠംപള്ളിക്ക് നൂറുവർഷത്തെ പഴക്കമു്. ആദ്യം ഇത് ഒരു ഓലഷെഡ്ഡായിരുന്നു. എല്ലാ ദിവസവും ഇവിടെ കൊന്തനമസ്കാരവും ശനിയാഴ്ചദിവസങ്ങളിൽ ഭജനകീർത്തനവും ഇവർ നടത്തിവരുന്നു. ഭജന നടത്തിവരുന്നതുകൊാണ് ഈ ചാപ്പലിന് ഭജനമഠം എന്ന പേരുായത്. ആഗസ്റ്റ് 15-ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഇവിടെ ഭക്ത്യാഡംബരപൂർവ്വം ആഘോഷിച്ചുവരുന്നു. ഈ ചാപ്പലിനു ചുറ്റുമായി 45 കുടുംബങ്ങൾ താമസിക്കുന്നു. തത്തംപള്ളിയിൽ ഇവർക്കു മൊത്തം 140 കുടുംബങ്ങളാണ് ഉള്ളത്. ഈ സമൂഹത്തിനു സ്വന്തമായി ഒരു സിമിത്തേരിയു്. ചങ്ങനാശേരിയിൽ ഇരുപതും കോട്ടയത്തു മൂന്നും പാലായിലും തൃശ്ശൂരിലും ഈരും കുടുംബങ്ങൾ ഈ സമൂഹത്തിൽപ്പെട്ടതായി ു്. ഇവരുടെയെല്ലാം കേന്ദ്രസ്ഥാനം തത്തംപള്ളിയിലെ ഭജനമഠമാണ്.

തച്ചിൽ മാത്തൂത്തരകൻ ധർമ്മരാജാവിനെ കാണാൻ പോയപ്പോൾ തിരുമുൽക്കാഴ്ച വച്ച കലാസുഭഗമായ തങ്കക്കൊമ്പൻ പണിതതു തത്തംപള്ളിയിലെ തട്ടാന്മാരാണ്. മദ്ധ്യതിരുവിതാംകൂറിലെ മിക്കപള്ളികളിലെയും കുരിശ്, അരുളിക്കാ, കുസ്തോദി, കാസാ, കറാപ്പ്, കതിരുമുടി, മകുടമുടി തുങ്ങിയ തിരുവസ്തുക്കളുടെ നിർമ്മാതാക്കൾ ഈ തട്ടാന്മാരാണ്. ഇവർ തത്തംപള്ളി സെന്റ് മൈക്കിൾസ് ഇടവകയിൽപ്പെട്ടവരാണെങ്കിലും ഇവരുടെ ഭജനമഠത്തിനു പ്രത്യേകമായി രു കൈക്കാരന്മാരും പൊതുയോഗവുമു്. ചങ്ങനാശേരി അതിമെത്രാസന അരമനയിൽ ഇവർ വർഷംതോറും ഈ ചാപ്പലിന്റെ കണക്കു ഹാജരാക്കുന്നു. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന ഈ സമൂഹം ഇപ്പോൾ പുത്തൻതലമുറയുടെ വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. സാക്ഷരതയിൽ മുന്നേറിക്കൊിരിക്കുന്ന ഇവരുടെയിടയിൽ ബിരുദധാരികളുമു്. ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ ഇവർക്ക് പിന്നോക്കജനവിഭാഗങ്ങൾക്കു ന്യായമായി അർഹതയുള്ള ആനുകൂല്യങ്ങൾ സർക്കാരിൽനിന്നു ലഭിക്കുന്നില്ല.

## 9.30. പുറക്കാട് മാർ സ്ലീവാ ദൈവാലയം (1410)

### 9.30.1. പള്ളിയും ചെമ്പകശ്ശേരിപ്പഴമയും

പുറക്കാടു പള്ളിയുടെ സ്ഥാപനത്തെക്കുറിച്ച് ചരിത്രകാരനായ ബർണാർദച്ചൻ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "പുറക്കാടു പള്ളി പണിയിച്ചത് ചെമ്പകശേരി എന്നു പ്രസിദ്ധമായ അമ്പലപ്പുഴ അഥവാ പുറക്കാടു രാജാവാണ്. രാജ്യസൈന്യത്തിലെ ക്രിസ്തീയഭടന്മാർ ഒരിക്കൽ കുരിശടയാളമുള്ള കൊടി വഹിച്ചുകൊ് യുദ്ധം ചെയ്യുകയും ആശ്ചര്യകരമയ വിജയം കൈവരിക്കുകയുമുായി. ആ വിജയത്തിന്റെ സാദരസ്മരണയ്ക്കായിട്ടാണു മാർ സ്ലീവായുടെ ബഹുമാനാർത്ഥം അദ്ദേഹം പുറക്കാട് ദൈവാലയം പണിയിച്ചത്. ഈ പള്ളിയെയും പുറക്കാട് രാജാവ് ഇതു സ്ഥാപിക്കാനുായ കാരണത്തെയുംപറ്റി പോർത്തുഗീസ് ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നു്. 1410-ലാണു പുറക്കാടു പള്ളി സ്ഥാപിച്ചത്. കായംകുളം രാജാവുമായുള്ള യുദ്ധത്തിൽ വിജയിച്ചതിനെത്തുടർന്നായിരുന്നു പുറക്കാടുപള്ളി സ്ഥാപിതമായത്. ഈ നമ്പൂതിരിരാജവംശത്തിന്റെ ഉത്ഭവം കോട്ടയത്തിനടുത്തുള്ള കുടമാളൂരും തലസ്ഥാനം അമ്പലപ്പുഴയുമായിരുന്നു. അമ്പലപ്പുഴ, പുറക്കാട്, കുട്ടനാട് എന്നീ പ്രദേശങ്ങൾ ഈ രാജ്യാതിർത്തിയിൽ ഉൾപ്പെട്ടിരുന്നു. ഇവർ ക്രിസ്ത്യൻ പ്രജകളോട് അനുഭാവപൂർവ്വം പെരുമാറുകയും നാട്ടിൽ ധാരാളം പള്ളികൾ സ്ഥാപിക്കുവാൻ അനുവദിക്കുകയും ചെയ്തു. ചെമ്പകശേരി രാജ്യത്തെ പ്രമുഖതുറമുഖവും കച്ചവടകേന്ദ്രവുമായിരുന്നു പുറക്കാട്. പതിനഞ്ചാം നൂറ്റാിന്റെ അവസാനം കച്ചവടത്തിനായി വന്ന പോർത്തുഗീസുകാരുമായും അവരെ തുടർന്നുവന്ന ഡച്ചുകാരുമായും ഈ രാജ്യത്തിനു കച്ചവടബന്ധമുായിരുന്നു. വിദേശികളുമായുള്ള കച്ചവടംവഴി പുറക്കാടുരാജ്യം കൂടുതൽ അഭിവൃദ്ധിപ്പെട്ടു.

ഇപ്പോഴത്തെ പള്ളിയിൽനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ പടിഞ്ഞാറു മാറിയായിരുന്നു രാജാവു പണിയിച്ചുകൊടുത്ത ദൈവാലയം. കാലക്രമേണ കടലാക്രമണംമൂലം ചെമ്പകശേരി രാജാവു പണിയിച്ച പള്ളിയും മറ്റും നശിച്ചുപോയി. അതിനുശേഷം 1928-ൽ ഇടവകക്കാർ സംഘടിച്ചു സ്ഥാപിച്ചതാണ് ഇപ്പോഴത്തെ പള്ളി.

ദൈവാലയത്തിന്റെ പ്രധാന അൾത്താരയിൽ ആൾരൂപത്തിന് ആറരഅടി നീളമുള്ള ഒരു ക്രൂശിതരൂപം കാണാം. ഇതു വളരെ കലാഭംഗിയുള്ള തിരുസ്വരൂപമാണ്. പൊൻകതിരുകളാൽ ചുറ്റപ്പെട്ട ഈ രൂപം ഫ്രാൻസിൽ നിർമ്മിച്ചതാണ്. പോർത്തുഗലിലെ ലിസ്ബണിൽനിന്ന് തങ്കശ്ശേരി(കൊല്ലം)ക്കു പുറപ്പെട്ട പായ്ക്കപ്പൽ പുറക്കാട്ട് ഉറച്ചതുകൊ് ഈ രൂപം പള്ളിക്കു നൽകിയതാണെന്നു പറയപ്പെടുന്നു.

### 9.30.2. ഉദയംപേരൂർ സൂനഹദോസിലെ പ്രാതിനിധ്യം

1599-ലെ ഉദയംപേരൂർസൂനഹദോസിൽ പങ്കെടുത്ത പള്ളികളുടെ ലിസ്റ്റിൽ പുറക്കാടും ഉൾപ്പെടുന്നു. പ്രസ്തുത വർഷംതന്നെ ഗോവാ മെത്രാപ്പോലീത്ത അല്കിസ് ഡോം മെനേസിസ് പുറക്കാടു പള്ളി സന്ദർശിക്കുകയും അമ്പലപ്പുഴ രാജാവിന്റെ അതിഥിയായി താമസിക്കുകയും ചെയ്തു. 1897 മുതൽ ഈ പള്ളി സുറിയാനിക്കാർക്കു മാത്രമുള്ളതായിത്തീർന്നു.

വ്യാവസായികമായി വളർച്ച പ്രാപിച്ച പുറക്കാട് കാലക്രമേണ പല കാരണങ്ങൾകൊ് ക്ഷയിച്ചുതുടങ്ങി. പലപ്പോഴും പ്രകൃതിക്ഷോഭങ്ങൾ പുറക്കാട് തുറമുഖത്തെ നശിപ്പിച്ചുകൊിരുന്നു. 1746-ൽ മാർത്താണ്ഡവർമ്മ അമ്പലപ്പുഴരാജ്യം പിടിച്ചെടുത്ത് തിരുവിതാംകൂറിനോടു ചേർത്തതോടുകൂടി ചെമ്പകശേരിരാജ്യം ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായി. ധർമ്മരാജാവിന്റെ കാലത്ത് ആലപ്പുഴ തുറമുഖവും പട്ടണവും സ്ഥാപിക്കപ്പെടുകയും ആലപ്പുഴ വ്യാവസായികമായി വളരുകയും ചെയ്തതോടുകൂടി, പുറക്കാടിന്റെ പ്രാധാന്യം അസ്തമിച്ചു. ഇതേത്തുടർന്ന്, പുറക്കാടു തുറമുഖംവഴി കച്ചവടം നടത്തിയിരുന്ന പല ക്രൈസ്തവകുടുംബങ്ങളും അവിടെ നിന്നു മറ്റു സ്ഥലങ്ങളിലേക്കു കുടിയേറിപ്പാർത്തു. ഇന്ന് 274 കുടുംബങ്ങളാണ് ഈ ഇടവകയിലുള്ളത്.

## 9.31. ചമ്പക്കുളം കല്ലൂർക്കാടു പള്ളിയും ചെമ്പകശ്ശേരി രാജാക്കന്മാരും

### 9.31.1 പ്രാരംഭചരിത്രം

ചെമ്പകശേരി രാജ്യത്തിന്റെ പ്രഭാവകാലത്ത് ആ രാജ്യത്തിലെ അതിപ്രധാനമായ ഒരു നസ്രാണികേന്ദ്രമായി വളർന്നുകഴിഞ്ഞിരുന്നു. ചമ്പക്കുളം 12-ാം നൂറ്റാിന്റെ ആദ്യഘട്ടത്തിൽ, വടക്ക് കോഴിക്കോട്ടു സാമൂതിരിയുടെ സൈന്യത്തിൽനിന്നു പിരിച്ചുവിടപ്പെട്ട ഒരു സംഘം നായർ ഭടന്മാരുടെ സഹായത്തോടെ, അന്ന് ഒരു ദരിദ്രബ്രാഹ്മണനായിരുന്ന ചെമ്പകശേരി നമ്പൂതിരി കുടമാളൂർ പ്രദേശത്ത് ഒരു രാജ്യം സ്ഥാപിക്കുകയും ക്രമേണ അദ്ദേഹം അമ്പലപ്പുഴ പ്രദേശങ്ങളിലെ ചെറുനാടുവാഴികളെ തോല്പിച്ച് തന്റെ ആധിപത്യം ആ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും രാജധാനി അമ്പലപ്പുഴയിലേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തുവെന്നാണ് ചെമ്പകശ്ശേരി രാജ്യത്തിന്റെ ഉത്ഭവം സംബന്ധിച്ചുള്ള പ്രബലമായ ഒരു ഐതിഹ്യം. ഇന്നത്തെ അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകൾ വ്യാപിച്ചു കിടക്കുന്ന സ്ഥലമാണു പത്തെ ചെമ്പകശ്ശേരി രാജ്യമെന്നു പൊതുവെ പറയാം. യൂറോപ്യൻ രാജ്യങ്ങളിൽ പൊർക്ക (പുറക്കാടിന്റെ പാശ്ചാത്യവത്ക്കൃതരൂപം) എന്ന പേരിലാണ് ഈ രാജ്യം അറിയപ്പെടുന്നത്.

ദേവനാരായണന്മാർ എന്ന കുലനാമത്തിൽ പ്രസിദ്ധരായിരുന്ന ചെമ്പകശ്ശേരി രാജാക്കന്മാർ അസഹിഷ്ണുതയിൽ അദ്വിതീയരും ക്രൈസ്തവരോടും ക്രിസ്തീയദേവാലയങ്ങളോടും പ്രത്യേക താത്പര്യവും അനുഭവവും കാണിച്ചുപോന്ന നാടുവാഴികളുമായിരുന്നു. അവർ തങ്ങളുടെ രാജ്യത്തു ക്രിസ്തീയദേവാലയങ്ങൾ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകുകയും പല പള്ളികൾക്കും സാമ്പത്തികാനുകൂല്യങ്ങളും പ്രത്യേകാവകാശങ്ങളും അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടു്. ചെമ്പകശ്ശേരി രാജാക്കന്മാരടെ പ്രത്യേക ശ്രദ്ധയ്ക്കും സവിശേഷമായ പ്രോത്സാഹനത്തിനും പാത്രീഭവിച്ചിട്ടുള്ള ഒന്നാണ് കല്ലൂർക്കാടുപള്ളി.

പൂർവകാലത്തെ ഒരു ചെമ്പകശേരി രാജാവ് കല്ലൂർക്കാടുപള്ളി സ്ഥിതി ചെയ്യുന്ന പുരയിടം കരമൊഴിവാക്കി കല്പന പുറപ്പെടുവിച്ചു. പില്ക്കാലത്ത് തിരുവിതാംകൂർ സർക്കാർ ഈ പുരയിടത്തിന് 23 1/2 കലിപ്പണം കരം നിശ്ചയിക്കുകയും അതു പള്ളിയിൽ വിളക്കു വയ്പിനു തിരികെ കൊടുക്കുവാൻ കല്പന പുറപ്പെടുവിക്കുകയുമുായി. 1544-ൽ ചെമ്പകശേരി രാജാവു മുൻകൈയെടുത്തു കല്ലൂർക്കാടുപള്ളിയുടെ ജീർണ്ണോദ്ധാരണം നടത്തിച്ചതായി പറ

യപ്പെടുന്നു. ചെമ്പകശ്ശേരിയിലെ അവസാനത്തെ രാജാവ് കല്ലൂർക്കാടുപള്ളിക്ക് മൂന്നു നോമ്പു ദിവസങ്ങളിലെ പാച്ചോറു നേർച്ചയ്ക്ക് 180 പറനിലം തിരുവടയാളമായും 80 പറ നിലം വിശേഷാൽ അനുഭവമായും ദാനം ചെയ്തിട്ടു്. പള്ളിയിലെ പ്രധാന തിരുനാളാവശ്യങ്ങൾക്ക് അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്ന് വെടിക്കുറ്റി, തീവെട്ടി, ആലവട്ടം, വെഞ്ചാമരം, കുട, തഴ മുതലായ ആഡംബരോപകരണങ്ങൾ നല്കണമെന്ന് ചെമ്പകശേരി രാജാക്കന്മാർ ക്ഷേത്രാധികാരികളെ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. ഹിന്ദുമതവിശ്വാസികളായിരുന്ന ചെമ്പകശേരി രാജാക്കന്മാർ തങ്ങളുടെ സ്വന്തം ആരാധനാലയമായിരുന്ന അമ്പലപ്പുഴ ക്ഷേത്രത്തിനു തുല്യം ഈ ദൈവാലയത്തെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു.

ചെമ്പകശേരി രാജാക്കന്മാരുടെ പ്രഭാവകാലത്ത് കല്ലൂർക്കാടു അങ്ങാടിയുടെ പ്രശസ്തി ഉച്ചകോടിയിൽ എത്തിയിരുന്നു. അങ്ങാടിയിലെ വ്യാപാരികളധികവും നസ്രാണികളായിരുന്നു. കല്ലൂർക്കാട് അങ്ങാടിയുടെ പ്രാധാന്യം നിമിത്തം അങ്ങാടിയിലെ കമ്പോളനിലവാരം രാജ്യത്തെ അംഗീകൃത വിലനിരക്കായി പരിഗണിക്കപ്പെട്ടിരുന്നു. കല്ലൂർക്കാടൻ പറ ഈ പുരാതന അങ്ങാടിയുടെ പ്രശസ്തി ഇന്നും നിലനിർത്തുന്ന ഒരു സ്മാരകമാണെന്നു പറയാം. അങ്ങാടിയിൽ മുൻകാലങ്ങളിൽ നടന്നിരുന്ന വ്യാപാരങ്ങളിൽ പ്രമുഖമായ ഒരു സ്ഥാനം സ്വർണ്ണവ്യാപാരത്തിനുായിരുന്നു. പുറക്കാടിന്റെ തുറമുഖപ്രാധാന്യം ക്രമേണ നഷ്ടപ്പെട്ടതോടുകൂടിയാണ് കല്ലൂർക്കാട് അങ്ങാടിയുടെ പ്രാധാന്യവും തിരോഭവിച്ചത്.

കേരളചരിത്രത്തിലെ ഒരു സുവർണ്ണകാലഘട്ടത്തിൽ ഇവിടെ പുലർന്നിരുന്ന മതസൗഹാർദ്ദത്തിന്റെ സാക്ഷിയും സാക്ഷ്യവുമാണ് കല്ലൂർക്കാടു ദൈവാലയം. അമ്പലപ്പുഴ ക്ഷേത്രപ്രതിഷ്ഠയോടു ബന്ധപ്പെട്ട് ആരംഭിച്ച ചമ്പക്കുളം മൂലം വള്ളംകളിയും അന്നത്തെ മതമൈത്രിയുടെ കഥതന്നെ നമ്മോടു പറയുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുവാനുള്ള പാർത്ഥസാരഥി വിഗ്രഹം കുറിച്ചി ക്ഷേത്രത്തിൽനിന്ന് ചമ്പക്കുളത്തുകൊുവന്നപ്പോൾ ആ വിഗ്രഹത്തിന് ജാതിമതഭേദമെന്യേ ജനസഹസ്രങ്ങൾ ചമ്പക്കുളത്താറ്റിൽ അത്യാഡംബരപൂർവം ജലഘോഷയാത്രയോടെ നല്കിയ വരവേല്പിന്റെ ഓർമ്മപുതുക്കലാണ് മൂലം വള്ളംകളിയെന്നാണ് പാരമ്പര്യം. ഇതിന്റെ ഉദ്ഘാടനച്ചടങ്ങിനു വേ കൊടിയും കയറും വെടിക്കുറ്റിയും നല്കുകയെന്ന പാരമ്പര്യകർത്തവ്യം കല്ലൂർക്കാടുപള്ളി ഇന്നും നിർവഹിച്ചുവരുന്നു.

### 9.31.2. അഞ്ചു ചരിത്രരേഖകൾ

പുരാതനപ്രസിദ്ധമായ കല്ലൂർക്കാട് ദൈവാലയത്തെ സംബന്ധിച്ച് ഇന്ന് അവശേഷിച്ചിട്ടുള്ള ചുരുക്കം ചില രേഖകളിൽ അഞ്ചെണ്ണം പ്രത്യേകം ശ്രദ്ധേയമാണ്. അവയിൽ രണ്ണെം ശിലാലിഖിതങ്ങളും ഒന്ന് തടിയിലുള്ള ലിഖിതവും മറ്റൊന്ന് ഒരു താളിയോലരേഖയും അവസാനത്തേത് ഒരു കുംഭകത്തിനുള്ളിലെ ലിഖിതവുമാണ്. ഇതിൽ ഏറ്റവും പുരാതനമായത് ഇന്നുള്ള ദൈവാലയത്തിന്റെ പ്രധാന വാതിലിൽക്കൂടി പുറത്തേക്കു കടക്കുമ്പോൾ മോളത്തിന്റെ കിഴക്കേ അറ്റത്തുള്ള തളത്തിൽനിന്നു വടക്കുവശത്തെ മുറ്റത്തേക്ക് ഇറങ്ങുവാനുള്ള ചവിട്ടുപടിയായി ഇട്ടിരിക്കുന്ന ചുവപ്പുനിറമുള്ള കരിങ്കൽപാളിയിലെ ലിഖിതമാണ്. ഏതാ് നാലരഅടി നീളം വരുന്നു ഈ ശില. മുകൾഭാഗം ഏറെക്കുറെ അർദ്ധവൃത്താകൃതിയിൽ ചെത്തി ശരിപ്പെടുത്തിയിരിക്കുന്ന കരിങ്കൽപാളിയിലെ ലിഖിതത്തിനു മുകളിലായി ഒരു കുരിശു കൊത്തിയിരിക്കുന്നു. ലിഖിതഭാഗത്തിനു രുവശത്തുമായി വരകൾ കാണാം. കുരിശിനു താഴെയുള്ള ആദ്യവരിയിലെ 844 എന്ന അക്കങ്ങൾ മാത്രം വായിച്ചു മനസ്സിലാക്കാൻ കഴിയും. കീഴോ

ട്ടുള്ള അഞ്ചുവരിയിലെ അക്ഷരങ്ങൾ വായിച്ചെടുക്കാൻ കഴിയാത്തവണ്ണം തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു. അതിനും താഴെയുള്ള എഴുത്തുകൾ കാൽപ്പെരുമാറ്റംമൂലം തീർത്തും മാഞ്ഞു പോയിരിക്കുകയാണ്.

വട്ടെഴുത്ത്, അഥവാ നാനംമോനം എന്നു പറയുന്ന പഴയ മലയാളലിപിയിൽ എഴുത പ്പെട്ടിട്ടുള്ള ഒരു ലിഖിതമാണ് ഇതെന്നും 844 എന്ന അക്കം കൊല്ലവർഷം 844-നെയാണ് (ക്രി സ്തുവർഷം 1669) സൂചിപ്പിക്കുന്നതെന്നും ചരിത്രഗവേഷകർ അഭിപ്രായപ്പെടുന്നു. ഇത് ആരു ടെയെങ്കിലും കുഴിമാടത്തിൽ സ്ഥാപിച്ചിരുന്ന സ്മാരകശിലയായിരിക്കാൻ സാധ്യതയു്.

കാലപ്പഴക്കംകൊ് രാമതു വരുന്ന മറ്റൊരു രേഖ ഇപ്പോഴുള്ള പള്ളിയുടെ കിഴക്കേ അറ്റത്തെ ശീലാന്തിയിൽ കൊത്തിയിട്ടുള്ളതാണ്. ലിഖിതം ഇപ്രകാരമാണ്: "മിശിയാ പിറന്ന 1730 താമല്ലൂര ഇട്ടിക്കുരുവിളക്കത്തനാര ഇച്ചീലാന്തി പണീച്ചു. ഈ കൊല്ലം 905-ന് മീനമാ തം. ക്രിസ്തുവർഷം 1730-ൽ താമല്ലൂർ ഇട്ടിക്കുരുവിളക്കത്തനാർ ഈ ശീലാന്തി പണിയിച്ചെന്നും അത് കൊല്ലവർഷം 905 മീനമാസത്തിലായിരുന്നെന്നും ആണ് ഇതിന്റെ അർത്ഥം.

മൂന്നാമത്തെ രേഖ കേരള സർക്കാർ വക പുരാരേഖാലയത്തിൽ സൂക്ഷിക്കപ്പെടുന്നതും കൊല്ലവർഷം 996 ഇടവമാസം 17-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് തുല്യം ചാർത്തി യിട്ടുള്ളതുമായ ഒരു ഓലക്കരണമാണ്. പള്ളി സ്ഥിതി ചെയ്യുന്ന പുരയിടത്തിനു നിശ്ചയിച്ച പാട്ടം 231/2 പണം പള്ളിയിലെ വിളക്കുവയ്പിനുവേി പള്ളിക്കു തിരികെ കൊടുക്കുവാനു ള്ള രാജകല്പനയാണ് ഇതിന്റെ ഉള്ളടക്കം.

നാലാമത്തെ രേഖ ഇന്നുള്ള പള്ളിയുടെ തെക്കുവശത്ത് സിമിത്തേരി പള്ളിക്ക് അഭിമു ഖമായി സ്ഥാപിച്ചിട്ടുള്ള കരിങ്കൽക്കുരിശിന്റെ കൽത്തറയുടെ വശത്ത് ചുറ്റിലുമായി ചതുരവ ടിവക്ഷരത്തിൽ കൊത്തിയിട്ടുള്ളതാണ്. ആ ലിഖിതം ഇപ്രകാരമാണ്:

"ഈ കുരിശ് കല്ലൂർക്കാടെന്ന നാമം വിളങ്ങും ഈ പള്ളിയുടെ കിഴക്കുവശം വച്ചിരു ന്നു. പള്ളിപ്പണി ചെയ്തു ഏറെക്കുറെ 670 വത്സരം ചെന്ന 1821 കാലം മദ്ബഹ പൊളിച്ചു പണികഴിച്ചപ്പോൾ പൊളിച്ചു. 1857 കാലം സിമിത്തേരി പണി ചെയ്തപ്പോൾ രാമതു വച്ചു.

ഇതിന്റെയർത്ഥം, ഈ കുരിശ് കല്ലൂർക്കാടെന്നു പ്രസിദ്ധിപെറ്റ ഈ പള്ളിയുടെ കിഴക്കു വശത്തു സ്ഥാപിച്ചിരുന്നു. പള്ളി പണി ചെയ്ത് ഏകദേശം 670 വത്സരം കഴിഞ്ഞു 1821-ൽ മദ്ബഹ പൊളിച്ച് 1857-ൽ സിമിത്തേരി പണികഴിച്ചപ്പോൾ രാമതും സ്ഥാപിച്ചു.

അഞ്ചാമത്തെ ലിഖിതം ഇപ്പോഴുള്ള പള്ളിയുടെ മദ്ബഹായുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള കുംഭമകുടത്തിനുള്ളിൽ ടാർകൊ് എഴുതിയിട്ടുള്ളതും 1885-ലെ ദൈവാലയനവീകരണത്തെ സൂചിപ്പിക്കുന്നതുമായ ഒരു വാക്യശകലമാണ്.

### 9.31.3. ദൈവാലയത്തിന്റെ ചരിത്രം

കല്ലൂർക്കാട്ടെ പ്രഥമ ദൈവാലയത്തിന്റെ ശിലാസ്ഥാപനം ക്രിസ്തുവർഷം 427-ൽ ആണെ ന്നാണു പാരമ്പര്യം. അതിനുശേഷം ഈ പള്ളി എത്ര തവണ എപ്പോഴൊക്കെ പുതുക്കിപ്പണി തിട്ടുന്നു കൃത്യമായി അറിയുവാൻ മാർഗ്ഗമൊന്നുമില്ല. ദൈവാലയനവീകരണം പലതവണ തന്നിട്ടുന്നുള്ളതു സംശയരഹിതമാണ്.

ക്രിസ്തുവർഷം 1544-ൽ ചെമ്പകശേരി രാജാവിന്റെ ഉത്സാഹത്തിലും സഹകരണത്തിലും പള്ളിയുടെ ജീർണ്ണോദ്ധാരണം നടത്തിയതായും മദ്ബഹാ പൊളിച്ചു പണിചെയ്തതായും പറയപ്പെടുന്നു്. എന്നാൽ ഇതിന് ഉപോത്ബലകമായ രേഖകളൊന്നും കാണാൻ കഴിഞ്ഞിട്ടില്ല.

ക്രിസ്തുവർഷം 1720-നടുത്ത് ഇടവകക്കാർ യോഗം ചേർന്ന് ഒരു പുതിയ പള്ളി പണിയുവാൻ തീരുമാനമെടുത്തു. ഇക്കാര്യത്തിൽ ചെമ്പകശേരി രാജാവിന്റെ നിർദ്ദേശവും സഹായവും അവർക്കു ലഭിച്ചിരുന്നു. രാജാവിന്റെ ഔദാര്യത്താൽ നികത്തിയെടുത്ത സ്ഥലത്ത് 1720 -ൽ ആരംഭിച്ച പള്ളിപണി 1730-ൽ പൂർത്തിയായി.

ചമ്പക്കുളത്ത് ഇന്നു കാണുന്ന ദൈവാലയം 1885-ൽ പുതുക്കി പണിയിച്ചിട്ടുള്ളതാണ്. അന്നു നിലവിലുായിരുന്ന പള്ളിയുടെ മുഖവാരവും ഭിത്തിയും പൊളിക്കാതെയും ആരൂഢം വ്യത്യാസപ്പെടുത്താതെയുമാണത്രെ പള്ളിക്കു പൊക്കവും വിസ്തൃതിയും വരുത്തിയിട്ടുള്ളത്. പുതുക്കിപ്പണിത ദൈവാലയത്തിന് പൗരസ്ത്യദൈവാലയസങ്കല്പമനുസരിച്ച് മദ്ബഹാ, കെസ്ത്രോമ്മാ, ഹൈക്കലാ എന്ന വിഭജനമു്. മദ്ബഹായിലെ ശില്പസംവിധാനങ്ങൾ ഒരു കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്ന പോർത്തുഗീസ് കലാമാതൃകയ്ക്ക് നിദർശനമാണ്. 1885 -ൽ ആരംഭിച്ച പുതിയ ദൈവാലയത്തിന്റെ പണി പൂർത്തീകരിച്ച് 1891 സെപ്തംബര് 14-ാം തീയതി വി. കുരിശിന്റെ തിരുനാൾ ദിവസം കൂദാശാകർമ്മം നിർവഹിക്കപ്പെട്ടു.

ഈ ദൈവാലയത്തിന്റെ നവീകരണം ഒരു നൂറ്റാിനുശേഷം ആരംഭിച്ചു. ദൈവാലയത്തിന്റെ വാസ്തുശില്പങ്ങൾക്ക് ഒരു വ്യതിയാനവും വരുത്താതെ കെട്ടിടത്തിന്റെ കേടുപാടുകൾ പോക്കുകയും ഭിത്തിയിലെ കുമ്മായം അപ്പാടെ പൊളിഞ്ഞുകളഞ്ഞ് തൽസ്ഥാനത്ത് സിമന്റു തേച്ച് ഉറപ്പും പുതുമയും വരുത്തുകയും ചിത്രവേലകൾ തെളിച്ച് മിഴിവു വരുത്തുകയും ചെയ്യുക എന്ന നയമാണ് ഈ പുനരുദ്ധാരണ നവീകരണപ്രക്രിയയിൽ സ്വീകരിച്ചത്.

### 9.31.4. തിരുനാളുകൾ

ഒരു കാലത്ത് കല്ലൂർക്കാട് പള്ളിയിലെ മൂന്നുനോമ്പ് തിരുനാൾ വളരെ പ്രസിദ്ധവും ജനസഹസ്രങ്ങളെ ആകർഷിക്കുന്നതുമായിരുന്നു. ആ തിരുനാളാഘോഷവും അതിനോടനുബന്ധിച്ചു നടത്തിയിരുന്ന തിരുനാൾസദ്യയും പാച്ചോറു നേർച്ചയുമെല്ലാം ഇന്നു ചരിത്രസ്മൃതികളായി മാറിയിരിക്കുന്നു.

ദൈവമാതാവായ പരി. കന്യാമറിയത്തോട് ഈ നാട്ടുകാർക്കുള്ള ഭക്തി അത്യഗാധനമാണ്. കേരളത്തിലെ ഒട്ടുമിക്ക പുരാതനദൈവാലയങ്ങളുമെന്നതുപോലെ കല്ലൂർക്കാട് ദൈവാലയും പരി. അമ്മയുടെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഒരു കൈയിൽ റോസാ പുഷ്പം പിടിച്ചുകൊു നിൽക്കുന്ന ഇവിടുത്തെ പ്രതിഷ്ഠാരൂപത്തെ അനുസ്മരിച്ചുകൊ് വിശ്വാസികൾ ഈ അമ്മയെ പുഷ്പറോസമാതാവ് എന്നാണു വിളിക്കുന്നത്. 1824-ൽ കർമ്മെലമാതാവിന്റെ ദർശനസമൂഹം ഇവിടെ സ്ഥാപിതമായി. പതിനൊന്നു ദിവസത്തെ ഭക്തിനിർഭരമായ ആഘോഷപരിപാടികളോടുകൂടി നടത്തപ്പെടുന്ന ദർശനത്തിരുനാൾ ഒക്ടോബർ 15-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച സമാപിക്കുന്നു. വി. യൗസേപ്പു പിതാവിന്റെ ദർശനസമൂഹവും ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടു്.

കല്ലൂർക്കാട് ദൈവാലയത്തിലേക്ക് വിദൂരദിക്കുകളിൽനിന്നുപോലും വളരെയേറെ ജനങ്ങളെ ആകർഷിക്കുന്ന ഏറെ പ്രാധാന്യമർഹിക്കുന്ന തിരുനാളാണ് മാർച്ച് 19-ാം തീയതിയിലെ

വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ. മുൻകാലങ്ങളിൽ തിരുനാളിൽ പങ്കെടുക്കുവാൻ തൂത്തുക്കുടി, നാഗർകോവിൽ, കോട്ടാർ, കോവളം, തിരുവനന്തപുരം, കൊല്ലം മുതലായ സ്ഥല ങ്ങളിൽനിന്നു ധാരാളം തീർത്ഥാടകർ വന്നിരുന്നതായി പറയപ്പെടുന്നു. അന്ന് അവർക്ക് രാവിലെ കഞ്ഞിയും ഉച്ചയ്ക്കു മൃഷ്ടാന്നഭക്ഷണവും എണ്ണ, വസ്ത്രം മുതലായവയും നൽകുമായിരു ന്നു. ഇപ്പോഴും നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം മുതലായ സ്ഥലങ്ങളിൽനിന്നു ഒട്ടേറെ തീർത്ഥാടകർ മാർച്ച് 18, 19 തീയതികളിൽ തിരുനാളിൽ പങ്കെടുക്കുവാൻ ഇവിടെ എത്താ റു്. ഇടവകജനങ്ങളിൽനിന്ന് അരിയും മറ്റു ഭക്ഷ്യവിഭവങ്ങളും ശേഖരിച്ച് തിരുനാൾദിവസം ഉച്ചയ്ക്ക് നേർച്ചഭക്ഷണം ഒരുക്കി നല്കുന്നതിൽ ഇന്നും മുടക്കം വരുത്തുന്നില്ല.

### 9.31.5. കേരളസഭാചരിത്രത്തിൽ കല്ലൂർക്കാട് പള്ളി

അതിപുരാതനവും വിശ്വാസദാർഢ്യത്തിലും സമ്പദ്പ്രൗഢിയിലും മികച്ചുനിന്നി രുന്നതുമായ കല്ലൂർക്കാട് ഇടവക കേരളത്തിലെ നസ്രാണിസമുദായത്തിന്റെ ചരിത്രത്തിൽ സുപ്ര ധാനമായ ഒരു പങ്കു വഹിച്ചിരുന്നു. 9-ാം നൂറ്റാൽ കൊല്ലത്തെത്തിയ മാർ സാപോർ, മാർ പ്രോത്ത് എന്നീ കൽദായമെത്രാന്മാരും അതുപോലെ കേരളസഭാഭരണത്തിനു കൽദായസഭ യിൽനിന്ന് ഓരോകാലത്ത് ഇവിടെ വന്നിട്ടുള്ള മറ്റു മെത്രാന്മാരും കല്ലൂർക്കാട് പള്ളി സന്ദർശി ച്ചി ട്ടു ാവണം. കേരളസഭയിൽ സമൂലപരിവർത്തനത്തിനു വഴിതെളിച്ച ഉദയംപേരൂർ സൂന ഹദോസിലും പോർത്തുഗീസ് ഈശോസഭക്കാരോടുള്ള എതിർപ്പ് ഒരു കൊടുങ്കാറ്റായി രൂപം കൊ കൂനൻകുരിശുസത്യത്തിലും കല്ലൂർക്കാടിന്റെ മക്കൾ പങ്കെടുത്തിട്ടുാവും. എന്നാൽ ഇതിനൊക്കെ പിൻബലം നൽകാൻ ചരിത്രരേഖകൾ ഇല്ല.

ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് മെനേസിസ് മെത്രാപ്പോലീത്ത നടത്തിയ പള്ളി സന്ദർശനവേളയിൽ അദ്ദേഹം കല്ലൂർക്കാട് ദൈവാലയം സന്ദർശിച്ചതായി ഗുവയായുടെ പുസ്ത കത്തിൽനിന്നു ഗ്രഹിക്കാം. ആ സന്ദർഭത്തിൽ അദ്ദേഹം സുറിയാനിക്കാരുടെ അനുഭാവവും സ്നേഹവും സമ്പാദിക്കാൻ സ്വർണ്ണക്കുരിശുവെച്ച കൊഴുക്കട്ട കുട്ടികൾക്കു വിതരണം ചെയ്ത തായി ചില ഗ്രന്ഥകാരന്മാർ ഉദ്ധരിക്കുന്ന പാരമ്പര്യകഥയിൽ എത്രമാത്രം വാസ്തവമുന്നെു പറയുക പ്രയാസം.

കൂനൻകുരിശുസത്യത്തിനുശേഷം സുറിയാനിക്കാരുടെ ബഹുഭൂരിപക്ഷം പള്ളികളും ശീശ്മക്കാരനായ അർക്കദിയാക്കോന്റെ കീഴിലായി. ഈ പള്ളികളെയും ജനങ്ങളെയും ഗാർസ്യാ മെത്രാപ്പോലീത്തയുടെ കീഴിൽ കൊുവരാൻ ചെയ്ത ശ്രമങ്ങളെല്ലാം വികാരവി ക്ഷോഭം മുറ്റിനിന്ന അന്നത്തെ സാഹചര്യത്തിൽ ഫലശൂന്യമാകുകയാണ് ഉായത്. പോർത്തു ഗീസ് പ്രേരണാഫലമായി അവരുടെ സഖ്യകക്ഷിയായിരുന്ന പുറക്കാടു രാജാവ് തന്റെ രാജ്യാ തിർത്തിയിലുള്ള ക്രിസ്ത്യാനികളെല്ലാം ഗാർസ്യാ മെത്രാപ്പോലീത്തായെത്തന്നെ അനുസരിച്ചു കൊള്ളണമെന്ന് ഒരു കല്പന പുറപ്പെടുവിച്ചു. ഇതിന്റെ ഫലമായി 1659 ജൂലൈ ആരംഭത്തിൽ കല്ലൂർക്കാട് പള്ളിയെയും കുടമാളൂർ പള്ളിയെയും പ്രതിനിധീകരിച്ച് ഏതാനും കത്തനാരന്മാരും ശെമ്മാശന്മാരും ആലങ്ങാട്ടു ചെന്ന്, റോമിൽനിന്നു മാർപ്പാപ്പയുടെ പ്രതിനിധിയായെത്തിയി രുന്ന ഫാ. ഹിയാസിന്തിനെ സന്ദർശിച്ചു. അവിടെവെച്ച് അവർ ശീശ്മ ഉപേക്ഷിക്കുകയും സഭാ ശിക്ഷകളിൽനിന്നു മോചനം നേടുകയും ചെയ്തു. ഇങ്ങനെ കൂനൻകുരിശുസത്യത്തിനുശേഷം ഏറെത്താമസിയാതെതന്നെ സഭയുടെ വിധേയത്വത്തിലേക്ക് തിരിച്ചുവന്ന ഒരു സമൂഹമാണ് കല്ലൂർക്കാട് ഇടവക.

സുറിയാനി സമുദായത്തിലെ വിഘടിതവിഭാഗത്തെ ഐക്യത്തിന്റെ പാതയിലേക്കു പുനരാനയിക്കാൻ അപ്പസ്തോലിക കമ്മിസറിയായും കേരളസഭയുടെ അഡ്മിനിസ്ട്രേറ്ററായും സെബസ്ത്യാനി മെത്രാൻ രാം തവണ കേരളത്തിലെത്തിയപ്പൾ പരി. സിംഹാസനം അദ്ദേഹത്തിനു വിപുലമായ അധികാരാവകാശങ്ങൾ നൽകിയിട്ടുായിരുന്നു. 1664 മേയ് 14-ാം തീയതി കൊച്ചിയിലെത്തിയ അദ്ദേഹം തന്റെ ദൗത്യനിർവ്വഹണത്തിനായി അക്ഷീണം പരിശ്രമിച്ചു. മഴക്കാലം കഴിഞ്ഞ് കാലാവസ്ഥ അനുകൂലമായപ്പോൾ അദ്ദേഹം ഏതാനും പള്ളികൾ സന്ദർശിക്കുകയും അവിടെയൊക്കെ കഴിവുറ്റ വൈദികരെ വികാരിമാരായി നിയമിക്കുകയും ജനങ്ങൾക്കു സ്ഥൈര്യലേപനകൂദാശ പരികർമ്മം ചെയ്യുകയും ചെയ്തു. ഇങ്ങനെ അന്ന് അദ്ദേഹം സന്ദർശിച്ചത് കല്ലൂർക്കാട്, മുട്ടം, പള്ളിപ്പുറം, ഉദയംപേരൂർ എന്നീ പള്ളികളാണ്.

കൂനൻകുരിശുസത്യത്തെത്തുടർന്ന് കേരളത്തിലെ സുറിയാനിസമുദായത്തിൽ ശക്തി പ്രാപിച്ചിരുന്ന പോർത്തുഗീസ് വിരുദ്ധ മനോഭാവവും ഡച്ച് ആക്രമണംമൂലം കേരളത്തിൽ പോർത്തുഗീസുകാർക്കു സംഭവിച്ച അധികാരനഷ്ടവുംമൂലം പരി. സിംഹാസനം കേരളത്തിൽ താൽക്കലിക സംവിധാനമെന്ന നിലയിൽ വികാരി അപ്പസ്തോലിക്കാ ഭരണം ഏർപ്പെടുത്തി. ആദ്യത്തെ വികാരി അപ്പസ്തോലിക്ക ആയി നിയമിക്കപ്പെട്ടത് കർമ്മെലീത്തക്കാരനായ ആഞ്ജലൂസ് ഫ്രാൻസീസ് ആയിരുന്നു. 1712 മാർച്ച് 31 മുതൽ ആഗസ്റ്റ് 3 വരെ അദ്ദേഹം വിവിധ പള്ളികൾ സന്ദർശിക്കുകയും ജനങ്ങൾക്ക് ഉദ്ബോധനം നൽകുകയും കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു. ഇങ്ങനെ അദ്ദേഹം സന്ദർശിച്ച പള്ളികൾ ആലങ്ങാട്, മലയാറ്റൂർ, ചൊവ്വര, കാഞ്ഞൂർ, കല്ലൂർക്കാട് എന്നിവയായിരുന്നു.

18-ാം നൂറ്റാിന്റെ ആരംഭത്തിൽ മാർ ഗബ്രിയേൽ എന്ന കൽദായമെത്രാൻ കേരളത്തിൽ വന്ന് സഭാന്തരീക്ഷത്തിൽ കുറെ കുഴപ്പങ്ങളൊക്കെ സൃഷ്ടിച്ചു. നെസ്തോറിയൻ സഭയിൽനിന്ന് കത്തോലിക്കസഭയിലേക്ക് പുനരൈക്യപ്പെട്ട മാർ ഗ്രബ്രിയേൽ 1712 ഒക്ടോബർ 5-ാം തീയതി ചങ്ങനാശേരിപ്പള്ളിയിൽവച്ച് ഒരു വിശ്വാസപ്രഖ്യാപനം നടത്തുകയും അന്നു വികാരി അപ്പസ്തോലിക്ക ആയിരുന്ന മാർ ആഞ്ജലൂസ് ഫ്രാൻസിസിന് താൻ വിധേയനായി വർത്തിച്ചുകൊള്ളാമെന്നും അധികാരപരമായ പ്രവൃത്തികളൊന്നും താൻ ചെയ്യുന്നതല്ലന്നും സമ്മതിച്ച് ഉറപ്പു നൽകുകയും ചെയ്തു. എങ്കിലും പിന്നീട് ഈ വാഗ്ദാനങ്ങളൊക്കെ മറന്ന് അദ്ദേഹം പ്രവർത്തിക്കുകയും ശെമ്മാശന്മാർക്ക് അനധികൃതമായി വൈദികപട്ടം നല്കുകയുമുായി. ഇപ്രകാരം മാർ ഗബ്രിയേലിൽനിന്നു വൈദികപട്ടം സ്വീകരിച്ചവരിൽ തെക്കൻപള്ളിപ്പുറത്തുകാരൻ ഒരു ഗീവർഗിസ് കത്തനാരെക്കുറിച്ചും കല്ലൂർക്കാട് ഇടവകക്കാരൻ ഒരു പ്രായം ചെന്ന കത്തനാരെക്കുറിച്ചും പൗലിനോസ് പാതിരി തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു്.

18-ാം നൂറ്റാിൽ കേരളത്തിലെ നസ്രാണിസമൂദായത്തെ ഒന്നടങ്കം വേദനിപ്പിക്കുകയും പ്രക്ഷുബ്ധമാക്കുകയും സമുദായത്തിന്റെ അഭിമാനബോധം ഉണർത്തുവാൻ പ്രേരകമായിത്തീരുകയും ചെയ്തു. ദാരുണസംഭവങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് കർമ്മെലീത്താമിഷനറിമാരുടെ ക്രൂരതയ്ക്കു ബലിയാടായിത്തീർന്ന ഇടപ്പള്ളി വികാരി ഇക്കാക്കോ കത്തനാരുടെ ദാരുണമരണം. കേരളസഭാചരിത്രത്തിൽ കുപ്രസിദ്ധി നേടിയ ഒരു സംഭവമാണിത്. പിന്നീട്, നസ്രാണിസമുദായപക്ഷത്തുനിന്നുായ എല്ലാ വിമോചനസംരംഭങ്ങൾക്കും ഇത് ഊർജ്ജം പകർന്നിരുന്നു. ഇങ്ങനെ സമുദായത്തിന്റെ സ്വാതന്ത്ര്യസമരചരിത്രത്തിൽ അവിസ്മരണീയനായി നിലകൊള്ളുന്ന പുത്തൻപറമ്പിൽ ഇക്കാക്കൊ കത്തനാർ കല്ലൂർക്കാട് ഇടവകക്കാരനാണെന്നുള്ളത് ശ്രദ്ധേയമാണ്.

പൗരസ്ത്യവിജ്ഞാനീയത്തിൽ അഗാധപണ്ഡിതനും പ്രഖ്യാതമിഷനറിയുമായിരുന്ന പൗലിനോസ് പാതിരി പല പ്രാവശ്യം കല്ലൂർക്കാട് പള്ളി സന്ദർശിച്ചിട്ടുള്ളതായി കാണുന്നു. ചിത്രമെഴുത്തു കെ. എം. വർഗീസിന്റെ ദീപിക ലേഖനത്തിൽ കല്ലൂർക്കാട് പള്ളിയിലെ ഗ്രന്ഥവരിയിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള കണക്കുകളിൽ 961 കന്നി 1-ാം തീയതി പൗലിനോസ് പാതിരി വന്ന വക ചെലവ് എന്നു കാണുന്നു്. മറ്റൊരു തീയതിയിൽ പൗലിനോസ് മൂപ്പൻ പാതിരിയും ഭട്ടതിരിപ്പാടും കൂടിക്കാഴ്ചയ്ക്കു ചെലവ് എന്നും കാണുന്നു. പൗലിനോസ് പാതിരിതന്നെ അദ്ദേഹത്തിന്റെ 'ഇന്ത്യ ഓറിയന്റലിസ് ക്രിസ്ത്യാന' എന്ന പ്രശസ്ത ഗ്രന്ഥത്തിൽ താൻ കല്ലൂർക്കാട്ടു വന്നു താമസിച്ചിരുന്നതും അവിടെ നിന്നു നിരണത്തു പോയി ആറാം മാർത്തോമ്മാമെത്രാനെ കതും സരസമായി വിവരിക്കുന്നു്.

സഭാപരവും സാമുദായികവുമായ കാര്യങ്ങളിൽ കല്ലൂർക്കാട് ഇടവക മാതൃകാപരമായ നേതൃത്വവും സേവനസന്നദ്ധതയും പ്രകടമാക്കിയിട്ടു്. കേരളത്തിലെ നസ്രാണികൾക്ക് പുരാതനകാലത്ത് ചെപ്പേടുകൾവഴിയും മറ്റും ലഭിച്ചിരുന്ന സ്ഥാനമാനങ്ങളും സാമൂഹികപദവികളും വിദേശാധിപത്യകാലങ്ങളിൽ വേവണ്ണം മാനിക്കപ്പെട്ടില്ല. എന്നാൽ 18-ാം നൂറ്റാിൽ സമുദായത്തിനു നേതൃത്വം കൊടുത്തിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരും തച്ചിൽ മാത്തൂത്തരകനും പഴയ പദവികൾ വീടെുക്കാൻവേി പരിശ്രമിക്കുകയും അതിനു സർക്കാരിലേക്ക് ഒരു വലിയതുക അടിയറവയ്ക്കുകയുമുായി. കേരളത്തിലെ പ്രധാന ഇടവകകളിൽനിന്നും വ്യക്തികളിൽനിന്നും പിരിച്ചെടുത്താണ് ആ തുക സഞ്ചയിച്ചത്. അക്കാലത്ത് പ്രഖ്യാതമായ മറ്റു പല ഇടവകകളെ അപേക്ഷിച്ച്, വളരെ വലിയൊരു സംഖ്യ ഇതിലേക്ക് കല്ലൂർക്കാട് ഇടവകയിൽനിന്നു സംഭാവന ചെയ്യപ്പെട്ടു. കല്ലൂർക്കാട് പള്ളി 13,000 കലിപ്പണം (ഏകദേശം 2,000 രൂപ) നല്കിയാതായി ശ്രീ. റ്റി. കെ. വർക്കിയുടെ 'കേരള മരിയതീർത്ഥങ്ങൾ' എന്ന ഗ്രന്ഥത്തില കാണുന്നു.

ആറാം മാർത്തോമ്മായുടെ പുനരൈക്യവാഞ്ഛയ്ക്കു പിന്നിലുള്ള ഉദ്ദേശശുദ്ധിയെക്കുറിച്ച് ഉറപ്പുവരുത്തിയശേഷം കൊച്ചിമെത്രാൻ സൊലെദാദെ അദ്ദേഹത്തെ കത്തോലിക്ക സഭയിലേക്കു സ്വീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയുായി. സഭാപ്രവേശനം 1791-ലെ ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന രാം ഞായറാഴ്ച കല്ലൂർക്കാട് പള്ളിയിൽവച്ച് നടത്തുവാനാണ് തീരുമാനിക്കപ്പെട്ടത്. പുനരൈക്യവേദിയായി ചമ്പക്കുളം തിരഞ്ഞെടുക്കാവാൻ കാരണം മാത്തൂത്തരകന് ചമ്പക്കുളവുമായി ഉായിരുന്ന ഗാഢബന്ധമാണ്. അദ്ദേഹത്തിന്റെ വ്യാപാരശാലകളിൽ പ്രധാനപ്പെട്ട ഒന്ന് ചമ്പക്കുളത്ത് ആയിരുന്നു.

കേരളത്തിലെ സുറിയാനി സമുദായത്തിന്റെ സ്വാതന്ത്ര്യവാഞ്ഛ ഒരു കൊടുങ്കാറ്റായി രൂപംകൊ കാലഘട്ടമാണ് 19-ാം നൂറ്റ്. ഈ സ്വാതന്ത്ര്യസമരത്തെ അവിഹിതമാർഗ്ഗത്തിലേക്കു തിരിച്ചുവിടാൻ ചിലർ ശ്രമിച്ചതിന്റെ ഫലമായിരുന്നു ഇവിടെ ആഞ്ഞടിച്ച റോക്കോസിയൻ, മേലൂസിയൻ വിപ്ലവതരംഗങ്ങൾ. അനധികൃതമായി ഇവിടെയെത്തിയ റോക്കോസ്, മേലൂസ് എന്നീ കൽദായമെത്രാന്മാർക്ക് കേരളത്തിലെ സുറിയാനിപ്പള്ളികൾ പലതും വിധേയത്വം പ്രഖ്യാപിച്ചപ്പോൾ കല്ലൂർക്കാട് ഇടവക സ്വാതന്ത്ര്യത്വരയുടെ കാര്യത്തിൽ മറ്റാരുടെയും പിറകിലായിരുന്നില്ലെങ്കിലും വിശ്വാസത്തിന്റെയും വിവേകത്തിന്റെയും മാർഗ്ഗം അവലംബിച്ചുകൊ് വിപ്ലവകക്ഷികളോടു കൂട്ടുചേരാതെ ന്യായാനുസൃതമായി അധികാരികൾക്കു വിധേയരായി കഴിയുകയാണു ചെയ്തത്.

1887 മേയ് 20-ാം തീയതി 13-ാം ലെയോ മാർപ്പാപ്പ 'ക്വോദ്യാം പ്രിദം' എന്ന തിരുവെഴുത്തുവഴി കേരളത്തിലെ സുറിയാനിക്കത്തോലിക്കർക്കായി കോട്ടയം, തൃശൂർ എന്നീ രു വികാരിയാത്തുകൾ സ്ഥാപിക്കുകയും അവിടേയ്ക്ക് യഥാക്രമം ചാൾസ് ലവീഞ്ഞ്, അഡോൾഫ് മെഡ്‌ലിക്കോട്ട് എന്നിവരെ വികാരി അപ്പസ്തോലിക്കമാരായി നിയമിക്കുകയും ചെയ്തു. കോട്ടയം വികാരി അപ്പസ്തോലിക്ക ചാൾസ് ലവീഞ്ഞു മെത്രാൻ, ആലുവാപ്പുഴയുടെ തെക്കേതീരം മുതൽ തെക്കോട്ട് അതിവിസ്തൃതമായി കിടക്കുന്ന വികാരിയാത്തിനെ ഭരണസകര്യത്തിനായി ഏഴു ഫൊറോനകളായി തിരിച്ചു. അവ ചങ്ങനാശേരി, ആനക്കല്ല് (ഭരണങ്ങാനം), പാലാ, കുറവിലങ്ങാട്, ആരക്കുഴ, കല്ലൂർക്കാട്, ഇടപ്പള്ളി എന്നിവയായിരുന്നു. ഇങ്ങനെ വിശാലമായ കോട്ടയം വികാരിയാത്തിലെ ആദ്യത്തെ ഏഴു ഫൊറോനകളിൽ ഒന്നായി കല്ലൂർക്കാട് പള്ളി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ചരിത്രപരവും സാമൂഹികവുമായി ഈ ദൈവാലയത്തിനുള്ള പ്രത്യേക പ്രാധാന്യം അംഗീകരിക്കപ്പെടുകയായിരുന്നു.

**നേർച്ച**

കല്ലൂർക്കാട് പള്ളിയിൽനിന്നും ആശീർവദിച്ചു നൽകുന്ന എണ്ണ തേച്ച് പമ്പയാറ്റിൽ മുങ്ങിക്കുളിച്ച് പള്ളിമുറ്റത്തു സജ്ജമാക്കിയിരിക്കുന്ന പന്തലിൽ ഇരുന്ന് വി. യൗസേപ്പിതാവിന്റെ നേർച്ചഭക്ഷണം കഴിക്കുക എന്നതാണ് പ്രധാന നേർച്ച. നേർച്ചഭക്ഷണം തീർത്ഥാടകർക്ക് വിളമ്പുന്നതിനുമുമ്പേ കുഞ്ഞുങ്ങൾക്ക് ആദ്യമായി ചോറൂട്ട് (മുത്തിയൂട്ട്) നൽകുന്ന കർമ്മമു്. ആദ്യചോറ് വി. യൗസേപ്പിതാവിന്റെ നേർച്ചഭക്ഷണമായാൽ കുഞ്ഞുങ്ങൾക്ക് ഒരുകാലത്തും ഭക്ഷണംമൂലം അസുഖം വരില്ലായെന്ന വിശ്വാസം ഇവിടെ പ്രബലമാണ്.

നേർച്ചഭക്ഷണത്തിന്റെ ഒരുഭാഗം സ്വദേശത്തുകൊുപോയി ഉണക്കി സൂക്ഷിക്കുകയും രോഗശാന്തിക്കായി കഴിക്കുകയും ചെയ്യുന്നവരു്. ഇപ്രകാരം അസുഖം അത്ഭുതകരമായി മാറിയ നിരവധി സംഭവങ്ങൾ സാക്ഷ്യപ്പെടുത്താറു്. കുടാതെ പള്ളിയിൽനിന്നും വെഞ്ചരിച്ചു നൽകുന്ന ചരട് കൈയിൽ കെട്ടുന്നവരും മത്സ്യബന്ധനത്തിനുള്ള വലയിൽ കെട്ടുന്നവരും അവിചാരിതമായ അപകടങ്ങളിൽനിന്നും രക്ഷ പ്രാപിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്നു.

**9.31.6. ചില പ്രത്യേകതകൾ**

ഈ ദൈവാലയത്തിലെ പ്രധാന പ്രതിഷ്ഠയായ പുഷ്പറോസാമാതാവിന്റെ രൂപത്തിൻമേലുള്ള കലാവൈഭവം ആരെയും അതിശയിപ്പിക്കുന്നതാണ്. അൾത്താരയിലെയും വലിയ ത്രോണോസിലെയും ഭിത്തികളിലും പള്ളിയുടെ മുകൾഭാഗത്തുള്ള (സീലിംഗ്) ചിത്രങ്ങളും കൊത്തുപണികളും കലാമേന്മ വിളിച്ചറിയിക്കുന്നതാണ്. ഇവിടെയെല്ലാം ബൈബിളിലെ സംഭവങ്ങളാണ് ആലേഖനം ചെയ്തിരിക്കുന്നത്. സിലോൺസ്വദേശികളായ മിഖായേൽപിള്ളയും ധർമ്മനാഥപിള്ളയുമായിരുന്നു ചിത്രവേലകളുടെ പിന്നിലെന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

തിരുശേഷിപ്പുകൾകൊ് ധന്യമാണ് ഈ ദൈവാലയം. മാർപ്പാപ്പായുടെ വിശേഷാനുമതിയോടെ ആറു തിരുശേഷിപ്പുകളാണ് ഇവിടെ വലിയ അൾത്താരയുടെ ബലിപീഠത്തിൽ സ്ഥാപിച്ചിട്ടുള്ളത്. കർത്താവ് അന്ത്യത്താഴം കഴിച്ച വീടിന്റെ ഒരു കല്ലിന്റെ ഭാഗം പരിശുദ്ധ ദൈവമാതാവിന്റെ ചെരുപ്പിന്റെ ഭാഗം, വിശുദ്ധരായ ബനദിക്തോസ്, ഇന്നാസിയൻസിയോസ്, സെലസ്റ്റീന, മർത്താ എന്നിവരുടെ അസ്ഥിയുടെ ഭാഗം ഇവയാണ് തിരുശേഷിപ്പുകൾ.

പഴയകാലത്ത് ദൈവവചനപ്രഘോഷണം നടത്തിയിരുന്ന, ദൈവാലയത്തിന്റെ മധ്യത്തിൽ ഉയർന്നുനിൽക്കുന്ന 'പുഷ്പ'മെന്ന പ്രസംഗപീഠം ഇവിടെ കാണാം. പള്ളിയുടെ പടിഞ്ഞാറു ഭാഗത്തുളള ബാൽക്കണി പഴമയുടെ കഥ പറയുന്നു്. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവ് ശക്തമായിരുന്ന ഒരു കാലഘട്ടത്തിൽ കരപ്രമാണിമാർ ഈ ബാൽക്കണി ഉപയോഗിച്ചിരുന്നു. പിന്നീട് ഗായകസംഘം ഉപയോഗിച്ചിരുന്നു. ഇപ്പോൾ ചരിത്രസ്മാരകമായി അവശേഷിക്കുന്നു. ദൈവാലയത്തിനു മുൻഭാഗത്ത് പ്രത്യേകം തയ്യാറാക്കിയ പ്ലാറ്റ്ഫോമിൽ സ്ഥാപിച്ചിട്ടുള്ള കോൺക്രീറ്റിൽ തീർത്ത 'സാമ്പാർതോണി' ശില്പഭംഗികൊ് ശ്രദ്ധേയമാണ്. പല പാത്രങ്ങളിൽ തയ്യാറാക്കുന്ന സാമ്പാർ ഇതിലൊഴിച്ച് ഇളക്കിവയ്ക്കും. പിന്നീട് ചെറിയ പാത്രങ്ങളിൽ കോരിയെടുത്ത് നേർച്ചഭക്ഷണത്തിനെത്തുന്നവർക്ക് വിളമ്പുന്നു. ഇത്തരത്തിൽ നിരവധി പ്രത്യേകതകൾ നിറഞ്ഞ ദേവാലയമാണ് കല്ലൂർക്കാട് പള്ളി.

ചങ്ങനാശേരി അതിരൂപതയിലെ അതിപുരാതനവും ചരിത്രപ്രാധാന്യമുള്ളതുമായ ചമ്പക്കുളം കല്ലൂർക്കാട് ഫൊറോനാപള്ളി 2016 സെപ്തംബർ 20-ന് ഫ്രാൻസീസ് മാർപ്പാപ്പ ബസിലിക്കാ ദൈവാലയമാക്കി ഉയർത്തി ആദരിച്ചു.

## 9.32. എടത്വാ കോയിൽമുക്ക് സെന്റ് ജോർജ് ഫൊറോനാ ദൈവാലയം

കുട്ടനാടിന്റെ ഭാഗമാണ് എടത്വായെങ്കിലും തിരുവല്ല, ചങ്ങനാശേരി മുതലായ ഇടനാടൻ പ്രദേശങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്നതുകൊ് ജലമാർഗ്ഗമായും കരമാർഗ്ഗമായും ഇവിടെ വന്നുചേരുന്നതിന് എളുപ്പമു്. കുട്ടനാട്ടിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ തലസ്ഥാനവും വാണിജ്യ-വ്യാവസായിക സംരംഭങ്ങളുടെ സിരാകേന്ദ്രവുമായിത്തീർന്നിരിക്കുന്നു ഇന്ന് എടത്വാ. ഈ പുരോഗതിക്കു നിദാനമായി പമ്പയാറിന്റെ തീരത്ത് ആത്മീയതേജസ്സിന്റെയും കലാസൗകുമാര്യത്തിന്റെയും സമന്വയമായി തലയുയർത്തിനില്ക്കുന്നു സെന്റ് ജോർജ് ഫൊറോനാപ്പള്ളി ദൈവാലയം.

### 9.32.1. പ്രാരംഭകാലചരിത്രം

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴുപള്ളികളിൽ ഒന്നായ നിരണംപള്ളിയായിരുന്നു ക്രിസ്തുവർഷം ആദ്യനൂറ്റാുകളിൽ കുട്ടനാട്ടിലെ ക്രിസ്ത്യാനികളുടെ ഏക ആരാധനാലയം. എന്നാൽ, ക്രിസ്തുവർഷം 427-ൽ കല്ലൂർക്കാട്ട് (ചമ്പക്കുളം) പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിൽ ഒരു ദൈവാലയം സ്ഥാപിതമായതോടുകൂടി അവരുടെ മതാത്മകജീവിതത്തിന്റെ കേന്ദ്രവേദി അതായിത്തീർന്നു. അങ്ങനെ തുടർന്നുള്ള നൂറ്റാുകളിൽ എടത്വായിലെയും സമീപപ്രദേശങ്ങളിലെയും ക്രൈസ്തവർ ചമ്പക്കുളം ഇടവകയിലാണ് ഉൾപ്പെട്ടിരുന്നത്. കുട്ടനാട് നൂറ്റാുകളിലൂടെ വികാസം പ്രാപിക്കുകയും വെള്ളക്കെട്ടുപ്രദേശങ്ങൾ കരഭൂമികളായും വിസ്തൃതമായ നെൽപ്പാടങ്ങളായും രൂപംകൊള്ളുകയും ചെയ്തു. കാർഷികവ്യവസ്ഥിതിയുടെയും സാംസ്കാരിക ജീവിതത്തിന്റെയും കർമ്മഭൂമിയായിത്തീർന്നു കുട്ടനാട്. ക്രിസ്തുവർഷം 1400-ൽ ആലപ്പുഴയിലും ക്രിസ്തുവർഷം 1404-ൽ തത്തംപള്ളിയിലും ക്രിസ്തുവർഷം 1410-ൽ പുറക്കാട്ടും ക്രിസ്തുവർഷം 1557-ൽ പുളിങ്കുന്നിലും ദൈവാലയങ്ങൾ സ്ഥാപിതമായി. പത്തൊമ്പതാം നൂറ്റാിന്റെ ഉദയത്തോടുകൂടി, അന്നോളം ചമ്പക്കുളം പള്ളിയിൽ തങ്ങളുടെ ആദ്ധ്യാ

ത്മികാവശ്യങ്ങൾ നിർവ്വഹിച്ചു വന്നിരുന്ന എടത്വായിലും പരിസരപ്രദേശങ്ങളിലുമുള്ള ക്രിസ്ത്യാനികളിൽ, തങ്ങൾക്കു സ്വന്തമായി ഒരു ഇടവക ദൈവാലയം ഉാകണമെന്ന ആഗ്രഹം തീവ്രമായി. അക്കലത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന റെയ്മ് മെത്രാനാണ് (1808 –1816) എടത്വായിൽ പള്ളി സ്ഥാപിക്കുന്നതിന് അനുവാദം നല്കിയത്.

യാത്രാസൗകര്യവും മറ്റു ഭൂമിശാസ്ത്രപരമായ പരിഗണനകളും കണക്കിലെടുത്ത്, പമ്പയാറിന്റെ വടക്കോട്ടൊഴുകുന്ന ശാഖയുടെ പടിഞ്ഞാറേക്കരയിൽ തരിശായിക്കിടന്നിരുന്ന തുരുത്തിൽ പുതിയപള്ളി പണിയുവാൻ എടത്വാക്കാർ ആഗ്രഹിച്ചു. അതിന്റെ ഉടമസ്ഥൻ, ചങ്ങങ്കരിൽ വെള്ളാപ്പള്ളി എന്ന പ്രമുഖ നായർകുടുംബത്തിലെ കാരണവർ ശ്രീ. കൊച്ചെറുക്കപ്പണിക്കർ പള്ളിവയ്ക്കുവാൻ ആ സ്ഥലം സൗജന്യമായി നല്കിയെന്നാണു പാരമ്പര്യം. 1810 സെപ്തംബർ 29-ാം തീയതി പള്ളിയുടെ ശിലാസ്ഥാപനം നടന്നു. ധൃതഗതിയിൽ പണിതീർത്ത ഈ ദൈവാലയം ചെറുതെങ്കിലും തോറ, ഹൈക്കലാ, സങ്കീർത്തി എന്നീ ഭാഗങ്ങളും മുറിത്തട്ടും ഉായിരുന്നതും ഓടുമേഞ്ഞതുമായിരുന്നു. പഴയ റിക്കാർഡുകളിലെല്ലാം ഈ ദൈവാലയത്തെ കോയിൽമുക്കു പള്ളിയെന്നാണു പറഞ്ഞിരിക്കുന്നത്. കോയിൽ, കോവിൽ എന്നീ പദങ്ങൾ ദൈവാലയ സൂചകങ്ങളാണ്. പള്ളിക്കു സ്ഥലം നല്കിയ വെള്ളാപ്പള്ളിൽ മൂത്തപണിക്കർക്കു തിരുനാളവസരങ്ങളിലും മറ്റും പാരിതോഷികങ്ങൾ നല്കിയിരുന്നതായും അദ്ദേഹത്തിന്റെ മരണാടിയന്തിരത്തിനു സംഭാവന നല്കിയതായും പള്ളിരേഖകളിൽ കാണുന്നു.

1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിയിൽ വച്ചു നടന്ന കൂനൻകുരിശുസത്യത്തെ തുടർന്ന് കത്തോലിക്കസഭയിൽനിന്ന് യാക്കോബായ വിശ്വാസികളായി ഒരു വിഭാഗം അകന്നുപോയി. ഈ വിഭാഗത്തെ കത്തോലിക്കസഭയുമായി പുനരൈക്യപ്പെടുത്തുന്നതിന് കരിയാറ്റിൽ യൗസേപ്പു മല്പാന്റെയും പാറേമ്മാക്കൽ തോമ്മാ കത്തനാരുടെയും മറ്റും നേതൃത്വത്തിൽ പരിശ്രമങ്ങൾ തുടർന്നു. പിന്നീട്, തച്ചിൽ മാത്തൂത്തരകന്റെയും കട്ടക്കയത്തിൽ അബ്രഹാം മല്പാന്റെയും മറ്റു സമുദായസ്നേഹികളുടെയും ഉത്സാഹത്തിൽ 1799 ജൂൺ 21-ാം തീയതി തത്തംപള്ളിപ്പള്ളിയിൽവച്ച് യാക്കോബായ മെത്രാൻ ആറാം മാർത്തോമ്മാ കത്തോലിക്കസഭയെ ആശ്ലേഷിച്ചെങ്കിലും വൈദേശികനായ കൊച്ചി മെത്രാന്റെ നൈയാമികതയിൽ ഊന്നിയുള്ള കടുംപിടുത്തംമൂലം ആ പുനരൈക്യം ഫലശൂന്യമായി. ആറുമാസത്തിനുശേഷം ആറാം മാർത്തോമ്മാ യാക്കോബായ സഭയിലേക്കു തന്നെ തിരിച്ചുപോയി. തത്തംപള്ളിയിൽ നടന്ന പുനരൈക്യ ചടങ്ങുകൾക്കുശേഷം പതിനൊന്നു കൊല്ലം കഴിഞ്ഞാണ് എടത്വാപള്ളി സ്ഥാപിതമാകുന്നത്. പുത്തൻകൂർവിഭാഗത്തിന്റെ സ്വാധീനം എടത്വായിൽ ചില പ്രദേശങ്ങളിൽ ശക്തമായി ഉായിരുന്നെങ്കിലും അവരും കത്തോലിക്കരും തമ്മിൽ ഉറ്റസൗഹൃദവും ആത്മാർത്ഥമായ സഹകരണവും പുലർന്നിരുന്നു.

### 9.32.2. വി. ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം

ദൈവാലയം സ്ഥാപിച്ച് അധികം കഴിയുന്നതിനു മുമ്പുതന്നെ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ വിപുലമായ രീതിയിൽ ഇവിടെ ആഘോഷിക്കുവാൻ തുടങ്ങി. ഇവിടത്തെ തിരുസ്വരൂപം സാധാരണ കുപരിചയിച്ചിട്ടുള്ളവയിൽനിന്നു വ്യത്യസ്തവും പ്രത്യേകമായ ശൈലിയിൽ നിർമ്മിച്ചിട്ടുള്ളതുമാണ്. പ്രത്യേകമായ തേജസ്സും ആകർഷകത്വവുമുള്ള ഈ രൂപം എവിടെ നിർമ്മിച്ചതാണെന്നു വ്യക്തമല്ല. വിശുദ്ധ ഗീവർഗീസിന്റെ നാമത്തിൽത്തന്നെ സ്ഥാപിച്ചിട്ടുള്ള വളരെ പുരാതനമായ ഇടപ്പള്ളിപ്പള്ളിയിൽനിന്നാണ് ഈ തിരുസ്വരൂപം ഇവിടെകൊ

വന്നത്. എടത്വാപള്ളി സ്ഥാപിക്കുന്നതിനു മുൻകൈയെടുത്ത ചങ്ങങ്കരി വല്യവീട്ടിൽ ഗീവർഗീസ് കത്തനാരായിരുന്നു രൂപം കൊുവരുന്നതിനു നേതൃത്വം നല്കിയത്. ഇടപ്പള്ളിപ്പള്ളി വികാരിയായി ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുായിരുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അനുവാദത്തോടെയാണ് ഈ രൂപം ഇവിടെ കൊുവന്നു പ്രതിഷ്ഠിച്ചത്. രൂപംകൊുവരുന്നതിനായി എടത്വാപള്ളിക്കാർ ഇടപ്പള്ളിയിലെത്തിയത് കളിവള്ളത്തിലായിരുന്നു. രൂപം തുടച്ചുവൃത്തിയാക്കിയപ്പോൾ അതു വളരെ തേജസ്സുറ്റതും ആകർഷകവുമായി തോന്നുകയാൽ അതു കൊടുത്തുവിടേതില്ലെന്ന് ഇടപ്പള്ളിയിലെ ചില ഇടവകപ്രമാണിമാർ അഭിപ്രായപ്പെട്ടു. എടത്വാക്കാരാകട്ടെ രൂപവുംകൊു വള്ളത്തിൽക്കയറി അതിവേഗം എടത്വാ ലക്ഷ്യമാക്കി തുഴഞ്ഞു. രൂപംകൊുപോന്നപ്പോൾ പള്ളിമണികൾ താനേ മുഴങ്ങിയെന്നും, ദൈവാലയത്തിന്റെ ഒരു ഭാഗത്ത് അഗ്നിബാധയുായെന്നും തലമുറകളായി കൈമാറിപ്പോരുന്ന ഒരു പാരമ്പര്യകഥ യു ്.

### 9.32.3. എടത്വാപ്പെരുന്നാൾ

എല്ലാ വർഷവും മേടം 14 മുതൽ 24 വരെ തീയതികളിൽ (ഏപ്രിൽ 27 മുതൽ മേയ് 7 വരെ) നടക്കുന്ന എടത്വാപ്പെരുന്നാൾ ലക്ഷക്കണക്കിനു ഭക്തജനങ്ങളെ ആ പള്ളിയിലേക്ക് ആകർഷിക്കുന്നു. തിരുനാളാഘോഷത്തിന്റെ ഏറ്റം പ്രധാനദിവസങ്ങൾ മേടം 23, 24 തീയതികളാണ്.

മുൻകാലങ്ങളിൽ ദക്ഷിണതിരുവിതാംകൂറിലെ തമിഴ്നാട്ടിൽനിന്നു ധാരാളമാളുകൾ കച്ചവടസംബന്ധമായ കാര്യങ്ങൾക്ക് ആലപ്പുഴയിൽ വരുമായിരുന്നു. ആലപ്പുഴപ്പട്ടണം തിരുവിതാംകൂറിലെ പ്രധാനപ്പെട്ട കച്ചവടകേന്ദ്രവും തുറമുഖപട്ടണവുമായിരുന്നു. പത്തേമാരികളിലും വലിയ കെട്ടുവള്ളങ്ങളിലും ആലപ്പുഴയിലേക്കു വന്നിരുന്ന തമിഴ്നാട്ടുകാർ വിശുദ്ധ ഗീവർഗീസിനെ തങ്ങളുടെ വഴികാട്ടിയും സംരക്ഷകനുമായിക്കരുതി വണങ്ങി. അവർ കൂട്ടമായി എടത്വാപള്ളിയിൽ വരാൻ തുടങ്ങിയതോടെ എടത്വാപള്ളിയും എടത്വാപ്പെരുന്നാളും പ്രസിദ്ധിയാർജ്ജിച്ചു. വിശുദ്ധ ഗീവർഗീസിനോടുള്ള ഭക്തി തെക്കൻ ദിക്കുകളിൽ കൂടുതൽ കൂടുതൽ വ്യാപകമാകുവാൻ അധികകാലം വേിവന്നില്ല.

തീർത്ഥാടകർ വലിയ വള്ളങ്ങളിലാണ് മുൻകാലങ്ങളിൽ ഇവിടെ എത്തിയിരുന്നത്. തിരുനാൾ ദിവസങ്ങളിൽ ഈ വള്ളങ്ങൾ പമ്പയാറ്റിൽ രുകിലോമീറ്ററോളം ദൂരം നിരനിരയായി കിടക്കുന്നതു കാണാമായിരുന്നു. ആഹാരം സ്വയം പാകം ചെയ്തുഭക്ഷിച്ചും പള്ളിക്കടവിൽ കുളിച്ചും ഈ തീർത്ഥാടകർ തിരുനാൾ തീരുന്നതുവരെ ഇവിടെ കഴിയുമായിരുന്നു. എന്നാൽ, ആധുനികകാലത്ത് ഈ രീതിക്കെല്ലാം മാറ്റംവന്നു. പെരുന്നാൾ ദിവസങ്ങളിൽ എടത്വായിൽ തടിച്ചുകൂടിയിരുന്നവരിൽ ഏറിയപങ്കും തമിഴ്നാട്ടുകാരായിരുന്നു. സിലോൺ ഉൾപ്പെടെ പല വിദേശനാടുകളിൽനിന്നുപോലും തീർത്ഥാടകർ വന്നിരുന്നു. നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ഇൻഡ്യയിലും പ്രചാരത്തിലിരുന്ന നാണയങ്ങൾക്കു പുറമേ ഫ്രഞ്ച് അധീനപ്രദേശങ്ങളിൽ പ്രചാരത്തിലിരുന്നതും നെപ്പോളിയന്റെ ശിരസ്സ് ആലേഖനം ചെയ്തിട്ടുള്ളതുമായ സ്വർണ്ണനാണയങ്ങളും ആദ്യകാലങ്ങളിൽ ലഭിച്ചിരുന്നു.

കൊടിമരത്തിൽ നേർച്ചയായി ഒഴിക്കുന്ന വെളിച്ചെണ്ണ ഭക്തജനങ്ങൾ ചെറുകുപ്പികളിൽ ശേഖരിച്ചു കൊുപോകുക പതിവാണ്. പള്ളിമുറ്റത്തെ തേക്കുമരത്തിന്റെ ഇലകൾ അത്ഭുതകരമായ ഔഷധശക്തിയുള്ളതാണെന്ന് അവർ കരുതുന്നു. അതുകൊ് അവയും ശേഖരിച്ച് സ്വന്തനാടുകളിലേക്ക് അവർ കൊുപോകുന്നു.

### 9.32.4. ഇപ്പോഴത്തെ പള്ളി

എടത്വാപള്ളി പെട്ടെന്ന് ഒരു തീർത്ഥാടനകേന്ദ്രമായി വളർന്നതുകൊ് നിലവിലുള്ള ചെറിയപള്ളി ഭക്തജനങ്ങളെ ഉൾക്കൊള്ളാൻ തീർത്തും അപര്യാപ്തമായിത്തീർന്നു. ഇന്നു കാണുന്ന ബൃഹത്തായ ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടന്നത് കൊല്ലവർഷം 1015 വൃശ്ചികം 10-ാം തീയതി (കൊല്ലവർഷം 1839 നവംബർ) ആയിരുന്നു. 1855-ൽ പള്ളിയുടെ വലിയ അൾത്താരയുടെ തങ്കവേലയും ചായവേലയും തുടങ്ങി. 1861-ൽ അതു പൂർത്തിയായി. പ്രധാനകലാകാരൻ കൈത്താൻ മേസ്തിരിയായിരുന്നു. ബൈബിൾ കഥാപാത്രങ്ങളുടെ ബഹുവർണ്ണചിത്രങ്ങൾകൊു കൂടാര മച്ചും മദ്ബഹായുടെ ഇരുവശങ്ങളിലെ ഭിത്തിയും മനോഹരമാക്കി. അതോടൊപ്പം തന്നെ പള്ളിയുടെ മേൽക്കൂര പൊക്കിപ്പണിതു. 1902-ൽ മദ്ബഹായുടെ മുൻവശത്തെ ആർച്ച് പണികഴിപ്പിക്കുകയും ഒപ്പം തന്നെ, പള്ളിയുടെ പൊക്കം വീും വർദ്ധിപ്പിക്കുകയും ചെയ്തു.

#### 9.32.4.1. പള്ളിയുടെ വളർച്ച; നാടിന്റെ പുരോഗതി

പത്തൊമ്പതാം നൂറ്റാിന്റെ അവസാനമായപ്പോഴേക്കും പള്ളിയുടെ സാമ്പത്തിക സ്ഥിതി അസൂയാർഹമാംവിധം അഭിവൃദ്ധി കൈവരിച്ചിരുന്നു. ദാനമായി ലഭിച്ചവയും വിലയ്ക്കു വാങ്ങിയവയുമുൾപ്പെടെ 1300 പറനിലം അന്നു പള്ളിയുടെ ഉടമസ്ഥതയിലുായിരുന്നു. പള്ളിക്കു സമീപമുായിരുന്ന നിലങ്ങൾ കുറേശ്ശെ നികത്തിയെടുത്ത് അവിടെ തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ചു. ആറിന്റെ കിഴക്കേക്കരയിലെ നിലങ്ങളും ഇക്കാലയളവിൽ നികത്തുന്നുായിരുന്നു. കാലാന്തരത്തിൽ ഒരു അങ്ങാടിയായി രൂപംപ്രാപിക്കുവാൻ തക്കവിധം അവിടെ, നികന്ന സ്ഥലങ്ങൾ ഇടവകക്കാരായ അപേക്ഷകർക്കു വാടകയ്ക്കു കൊടുത്തു. ക്രമേണ വിവിധ തരത്തിലുള്ള കച്ചവടസ്ഥാപനങ്ങളും വിപണനകേന്ദ്രങ്ങളും ആ ഭാഗത്ത് ഉയർന്നുവന്നതോടുകൂടി എടത്വാ സാമ്പത്തികസംരംഭങ്ങളുടെ ഒരു സംഗമവേദിയായിത്തീർന്നു. അതുവരെ നാടിന്റെ പലഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്ന പൊതുസ്ഥാപനങ്ങൾക്ക് എടത്വാ മാർക്കറ്റു പ്രദേശത്ത് ലാഭേച്ഛകൂടാതെ സ്ഥലം നല്കുവാൻ എടത്വാപള്ളി തയ്യാറായി.

### 9.32.5. എടത്വാപള്ളി വിദ്യാഭ്യാസരംഗത്ത്

എടത്വാ സെന്റ് ജോർജ് ദൈവാലയം ഈ പ്രദേശത്തിന്റെ വാണിജ്യപരവും സാമ്പത്തികവുമായ പുരോഗതിക്കു നേതൃത്വം നല്കിയതുപോലെ, കുട്ടനാടിന്റെ മൊത്തം വിദ്യാഭ്യാസപരവും സാമൂഹികവുമായ നവോത്ഥാനത്തിനും സാരഥ്യം വഹിച്ചു. കഴിഞ്ഞ ഒരു നൂറ്റാിലധികമായി കുട്ടനാട്ടിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയെല്ലാം സിരാകേന്ദ്രമായി ഈ ദൈവാലയം നിലകൊള്ളുന്നു. ഒരു ഒന്നാംഗ്രേഡ് കോളജ്, ഒരു ഹയർ സെക്കൻഡറി സ്കൂൾ, ഒരു ഗേൾസ് ഹൈസ്കൂൾ, ഒരു ഇൻഡസ്ട്രിയൽ ട്രയിനിങ്ങ് സെന്റർ, ഒരു ഇംഗ്ലീഷ്മീഡിയം സ്കൂൾ, രു എൽ.പി.സ്കൂളുകൾ, ഒരു നേഴ്സറി സ്കൂൾ എന്നിവയെല്ലാം ഇന്ന് എടത്വാപ്പള്ളിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

#### 9.32.5.1. കളരി ആശാന്മാർ

കളരിയായിരുന്നു എടത്വാപ്പള്ളിയുടെ വിദ്യാദാനയത്നങ്ങളുടെ ആദ്യവേദി. പൈതങ്ങളെ പഠിപ്പിക്കുന്നതിനു മാളേയ്ക്കൽ യൗസേപ്പ് ആശാനെയും പരിമൂട്ടിൽ വർക്കി ആശാനെയും ക്രിസ്തുവർഷം 1867ൽ പള്ളിക്കാര്യത്തിൽനിന്നു ചുമതലപ്പെടുത്തിയിരുന്നതായി പഴയരേഖകളിൽ കാണുന്നു.

# 9.33. തിരുവല്ല പാലിയേക്കര പള്ളി ചരിത്രം ചുവർചിത്രങ്ങൾ - റിലീഫ് വർക്കുകൾ

## 9.33.1. തിരുവല്ലയും കാവിൽകമ്പോളവും

തിരുവല്ല പ്രദേശത്തുള്ള ക്രിസ്ത്യാനികൾ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നിരണംപള്ളി ഇടവകാംഗങ്ങളായിരുന്നു. തിരുവല്ല പ്രദേശത്തുനിന്നും ആത്മീയാവശ്യങ്ങൾക്കായി നിരണത്തെ പള്ളിയിൽ പോയി ആരാധന നടത്തുന്നതിനുള്ള ബുദ്ധിമുട്ട് നിമിത്തം തിരുവല്ലയിൽത്തന്നെ ഒരു ആരാധനാലയം ഉാക്കുന്നതിന് ആഗ്രഹവും ശ്രമവും ഉായി. തിരുവല്ല പള്ളി എന്ന് ആദ്യകാലത്ത് അറിയപ്പെട്ടിരുന്ന പാലിയേക്കര പള്ളിയുടെ ചരിത്രത്തിൽ തിരുവല്ലയ്ക്കും കാവിൽ കമ്പോളത്തിനും മുഖ്യമായ സ്ഥാനമു്.

മധ്യതിരുവിതാംകൂറിന്റെ സാംസ്കാരിക തലസ്ഥാനമാണ് തിരുവല്ല. ബി.സി. 500 മുതൽ മനുഷ്യവാസമുള്ള സ്ഥലമാണിത്. പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മലയാളഗ്രാമങ്ങളിൽ ഒന്നായിരുന്നു തിരുവല്ലഗ്രാമം. 10-ാം നൂറ്റാിന്റെ പ്രാരംഭംവരെ 'ആയി'(AY) എന്ന രാജകുടുംബമാണ് തിരുവല്ല മുതൽ നാഗർകോവിൽവരെ ഭരിച്ചിരുന്നത്. തിരുവല്ലയുടെ സാമുഹിക ജീവിതത്തെപ്പറ്റിയുള്ള അനേകരേഖകൾ 12-ാം നൂറ്റാിൽ ഉള്ള ചെമ്പുതകിടുകളിൽ ആലേഖനം ചെയ്തിട്ടു്. വളരെ പ്രസിദ്ധമായ ഒരു പാഠശാല 'തിരുവല്ല ശാല' എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്നു. (എ.ഡി. 11-ാം നൂറ്റ്). തിരുവല്ല ചെപ്പേടുകൾ അതിന്റെ പൗരാണികതകൊും പ്രത്യേകതകൊും മലയാളത്തിലെ ആദ്യപുസ്തകമായിട്ടാണ് ഇളംകുളം കുഞ്ഞൻപിള്ള വിശേഷിപ്പിച്ചിരിക്കുന്നത്. തെക്കുംകൂർ രാജവംശം പിന്നീട് തിരുവല്ലയുടെ ഭരണാധികാരികളായി. കാവിൽ ക്ഷേത്രത്തിനടുത്ത് 'ഇടത്തിൽ' ആയിരുന്നു ഇതിന്റെ ആസ്ഥാനം. എന്നാൽ തെക്കുംകൂർ രാജാക്കന്മാർക്ക് പിന്നീട് ഭരണം നഷ്ടപ്പെടുകയും വിലക്കിലി നമ്പൂതിരമാർ 1752-53 വരെ ഭരിക്കുകയും ചെയ്തു.

തിരുവല്ലയുടെ പടിഞ്ഞാറുഭാഗത്തുള്ള നിരണം, കടപ്ര ഭാഗങ്ങൾ ആദ്യകാലങ്ങളിൽ കടലിനടിയിലായിരുന്ന പ്രദേശങ്ങളാണെന്നാണ് ചരിത്രം. യാത്രികനും ചരിത്രകാരനുമായിരുന്ന പ്ലീനി (എ.ഡി. 1) നെൽകിയെന്നാണ് നിരണം തുറമുഖത്തെ വിളിക്കുന്നത്. നിരണം തുറമുഖത്തെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു തിരുവല്ല. ഈ വാണിജ്യകേന്ദ്രം 'കാവിൽ കമ്പോളം' എന്നാണ് അറിയപ്പെട്ടിരുന്നത്. നിരണം തുറമുഖത്ത് വിദേശത്തുനിന്നും വാണിജ്യാവശ്യങ്ങൾക്കായി ആളുകൾ വന്നിരുന്നു. അതുമൂലം കേരളത്തിലെ ഏറ്റവും പുരാതനവും പ്രസിദ്ധവുമായ കാവിൽ കമ്പോളം വിദേശരാജ്യങ്ങളുമയി വ്യാപാരബന്ധം നടത്തിയിരുന്നതായി ചിത്രകാരന്മാർ സാക്ഷിക്കുന്നു. ഉണ്ണുനീലിസന്ദേശത്തിൽ (മലയാളത്തിലെ പുരാതനസന്ദേശകാവ്യം) കാവിൽ കമ്പോളത്തിലെ ജനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുന്നു്.

## 9.33.2. പാലിയേക്കര പള്ളിയുടെ ഉത്ഭവം

നിരണം ഇടവകാംഗങ്ങളായ തിരുവല്ല പ്രദേശക്കാരുടെ അപേക്ഷ പരിഗണിച്ച് ഒരു ദേവാലയം പണിയുന്നതിന് അനുമതി ലഭിച്ചു. എന്നാൽ ഈ ദേവാലയം പിന്നീട് അഗ്നിക്കിരയായി. പിന്നീട് മാർത്തോമ്മാ എട്ടാമന്റെ കാലത്ത് ബ്രിട്ടീഷ് റസിഡായിരുന്ന കേണൽ മൺറോ മുമ്പാകെ ഇത് അറിയിക്കുകയും, ഇദ്ദേഹത്തിന്റെ ശ്രമഫലമായി തിരുവിതാംകൂർ മഹാറാണി ഗൗരി പാർവതീഭായി തിരുമനസ്സിലെ ഉത്തരവിൻപ്രകാരം 16,000 ബ്രിട്ടീഷ് രൂപ പുതിയ ഒരു

ദേവാലയം നിർമ്മിക്കുവാൻ ലഭിച്ചു. ഈ തുകയുടെ പകുതി 8000 രൂപ പഠിത്തവീടായ പഴയ സെമിനാരി സ്ഥാപിക്കുന്നതിനു നല്കി. 1815 മാർച്ച് 7-ാം തീയതി പുതിയ പള്ളി സ്ഥാപിക്കപ്പെട്ടു. തിരുവല്ല കമ്പോളത്തിൽ ഉള്ള നസ്രാണികൾ തിരുവിതാംകൂർ മഹാറാണിയുടെ ഉത്തരവിൻപ്രകാരം പാലിയേക്കരമലയിൽ കള്ളിക്കുളത്തു കിഴക്കേപറമ്പിൽ സ്ഥാപിച്ചതാണ് തിരുവല്ലയിലെ ആദ്യദൈവാലയം.

വിശ്വാസികൾക്കിടയിലുായ പുത്തൻകൂറ്റ്, പഴയകൂറ്റ് തർക്കങ്ങളെത്തുടർന്ന് രാജകീയവിളംബരപ്രകാരം ഒരുവിഭാഗത്തിന് പാലിയേക്കര പള്ളിയിൽനിന്ന് പിരിഞ്ഞുപോകേ സാഹചര്യം ഉായി. അവർ 1865-ൽ കാവുംഭാഗത്ത് കാവിൽകമ്പോളത്തിന്റെ മധ്യത്തിൽ കട്ടപ്പുറത്തു പുരയിടത്തിന്റെ പടിഞ്ഞാറുഭാഗം വിലയ്ക്കു വാങ്ങി പുതിയ ദൈവാലയം സ്ഥാപിച്ചു. അതാണ് 'കട്ടപ്പുറത്തു പള്ളി' എന്ന് അറിയപ്പെടുന്നത്. കട്ടപ്പുറത്തു പള്ളി സ്ഥാപനത്തിനുശേഷം നാലു വർഷങ്ങൾക്കുള്ളിൽ തെക്കോട്ടു മാറി കട്ടപ്പുറത്തു പള്ളിയിൽനിന്നും ഏതാനും വീട്ടുകാർ മാറി സ്ഥാപിച്ചതാണ് 'കാവിൽ പള്ളി' എന്ന് ആദ്യകാലത്ത് അറിയപ്പെട്ടിരുന്ന തെക്കേ പുത്തൻപള്ളി (സെന്റ് മർക്ക് പള്ളി). പാലിയേക്കര പള്ളി ഉടമസ്ഥതയിൽ ആലപ്പുഴ ജില്ലാക്കോടതയിൽ വ്യവഹാരം ആരംഭിച്ചു. കേസിലെ വാദികൾ ദിവന്നാസിയോസ് അഞ്ചാമനും കൂട്ടുട്രസ്റ്റികളുമായിരുന്നു. ജില്ലാ കോടതിയിലും തുടർന്ന് തിരുവിതാംകൂർ ഹൈക്കോടതിയിലും വാദികൾക്കു വിജയം ലഭിച്ചു. ഇങ്ങനെ പാലിയേക്കര പള്ളി പൂർണ്ണമായും പിരിഞ്ഞുപോയ വിശ്വാസികൾക്ക് തിരികെ ലഭിച്ചു.

1876-ൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാന് (പരുമല തിരുമേനി) നിരണം ഭദ്രാസനത്തിന്റെ ഭരണമായിരുന്നു നൽകിയത്. ആദ്യകാലത്ത് നിരണം പള്ളിയിലും പിന്നീട് പരുമലയിലുമായി അദ്ദേഹം ഭദ്രാസനഭരണം നടത്തി. അദ്ദേഹം ഭദ്രാസനഭരണം ഏറ്റെടുക്കുമ്പോൾ 22 പള്ളികളാണ് നിരണം ഭദ്രാസനത്തിലുായിരുന്നത്. നിരണംപള്ളി കഴിഞ്ഞാൽ ഏറ്റവും അടുത്ത പള്ളികളാണ് തിരുവല്ലയിലെ മൂന്നു പള്ളികൾ. ഈ ദൈവാലയങ്ങൾക്ക് പാലിയേക്കര പള്ളി, കട്ടപ്പുറത്തു പള്ളി, തെക്കേ പുത്തൻപള്ളി എന്നീ പേരുകൾ നൽകിയത് പരുമല തിരുമേനിയാണ്. അദ്ദേഹത്തിന്റെ കല്പനകളിൽനിന്നും ഇതു വ്യക്തമാണ്. അനേകവർഷം ഈ ദൈവാലയത്തിൽ അദ്ദേഹം എഴുന്നള്ളി താമസിച്ചിട്ടു്. പല കല്പനകളും തിരുവല്ലാപള്ളിയിൽനിന്നും അയച്ചിട്ടു്. ഊർശ്ലേം യാത്രയ്ക്ക് സംഭാവന നൽകിയ ലിസ്റ്റിൽ തിരുവല്ലാപള്ളിയുടെ പേരു്.

ഒന്നായി നിന്നിരുന്ന ഇടവകയിൽ 1840-കളിൽ ആരംഭിച്ച് നവീകരണപ്രസ്ഥാനം മൂലം ഭിന്നതയുായി. തുടർന്ന് തവണവച്ച് ഇരുവിഭാഗങ്ങളും ആരാധന തുടങ്ങി. എന്നാൽ 1079 വൃശ്ചികത്തിൽ പാലിയേക്കര പള്ളിയിൽനിന്നും ഒരു രാജിപ്രകാരം 1700 രൂപ പറ്റിക്കൊ് നവീകരണക്കാർ ഒഴിഞ്ഞുപോയി. 1889-ൽ ഉായ റോയൽ കോടതിവിധിയെത്തുടർന്ന് സമാധാനമായി പ്രവർത്തിച്ചുകൊിരുന്ന ഇടവകയിൽ 1912 വർഷത്തോടുകൂടി കാതോലിക്കാകക്ഷിയും പാത്രിയർക്കീസ് കക്ഷിയും നിലവിൽ വരികയും ഒന്നിടവിട്ട ആഴ്ചകളിൽ ആരാധന ആരംഭിക്കുകയും ചെയ്തു. 1958-ൽ ഉായ സുപ്രീംകോടതി വിധിയെത്തുടർന്ന് 1959-ൽ രു കക്ഷിയായിരുന്ന സഭ യോജിച്ച് ഒരു സഭയായി. 1968-ൽ പാലിയേക്കര, കട്ടപ്പുറം തെക്കേ പുത്തൻ പള്ളികൾ ചേർന്ന് സംയുക്ത ഇടവകയും. അതിന്റെ നടത്തിപ്പിനായി 1934-ലെ സഭാഭരണഘടനയ്ക്കു വിധേയമായി നടപടി ചടങ്ങൾ അടങ്ങിയ സമാധാനവ്യവസ്ഥയും നടപ്പി

ലാക്കി. 2003-ൽ ഈ മൂന്ന് ഇടവകകളും സ്വതന്ത്രമായി നിൽക്കുന്നതുകൊ് ഉാകാവുന്ന പുരോഗതിയെപ്പറ്റി ബോധ്യമാവുകയും മൂന്നു പള്ളികളും സ്വതന്ത്ര ഇടവകകളായി വീും മാറുകയും ചെയ്തു.

### 9.33.3. പാലിയേക്കര പള്ളിയിലെ ചുവർചിത്രങ്ങൾ

പോർത്തുഗീസുകാരുടെ വരവിനു മുമ്പായി മലങ്കരയിലെ ദേവാലയങ്ങളിൽ ചുവർചിത്രങ്ങളോ റിലീഫ് വർക്കുകളോ കാണുവാൻ കഴിയുക വിരളമാണ്. കാരണം 16-ാം നൂറ്റാുവരെ പേർഷ്യൻ സഭയുമായുള്ള ബന്ധത്തിൽ ആണ് ഇവിടുത്തെ സഭ കഴിഞ്ഞിട്ടുള്ളത്, പേർഷ്യൻ പാരമ്പര്യത്തിൽ ദേവാലയങ്ങളിൽ അധികം ചിത്രങ്ങളോ അലങ്കാരങ്ങളോ വയ്ക്കുന്ന പതിവ് ഇല്ല. എന്നാൽ പോർത്തുഗീസുകാർ വന്നതോടുകൂടി ചിത്രങ്ങളും ശില്പങ്ങളും നസ്രാണികളുടെ ഇടയിൽ പ്രചരിച്ചു. ഇവിടെയുള്ള ഹൈന്ദവമതത്തിന്റെ ചിത്രശില്പബഹുലമായ  സാമീപ്യവും ഇതിനു കാരണമായി. ചുരുങ്ങിയ കാലംകൊു നസാണി ദേവാലയങ്ങൾ ചിത്രങ്ങൾകൊും റിലീഫ് വർക്കുകൾകൊും നിറഞ്ഞു. പോർത്തുഗീസുകാരുടെ കാലഘട്ടത്തൽ കൊച്ചി കേന്ദ്രമായി ചിത്ര-ശില്പനിർമ്മാണം ആരംഭിച്ചു. പോർത്തുഗീസുകാരിൽനിന്നും തൊഴിൽതഴക്കം ലഭ്യമായവരാണ് പിന്നീട് 20-ാം നൂറ്റാിന്റെ ആദ്യപാദംവരെയും കേരളത്തിലെ പള്ളിചിത്രങ്ങളുടെ മുഴുവൻ രചയിതാക്കൾ. മഞ്ഞുമ്മൽ പെയിന്റർമാരെന്നാണ് ഇവർ പൊതുവെ അറിയപ്പെട്ടിരുന്നത്.

കേരളത്തിൽ 51 പള്ളികളിലായി അഞ്ഞൂറോളം ചിത്രങ്ങൾ ു്. ഈ ചിത്രങ്ങളിലായി 83 വിഷയങ്ങൾ കാണുന്നു്. ക്രിസ്തുവിനും ക്രിസ്തുവിനോടു ബന്ധപ്പെട്ട വിഷയങ്ങൾക്കുമാണ് ഇതിൽ പ്രാധാന്യം. 51 ദേവാലയങ്ങളിലെയും ചിത്രങ്ങൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ ചിത്രങ്ങൾ ക്രിസ്തുവിന്റെ ജനനം, ബാല്യം, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം എന്നിവയാണ്. ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന ചിത്രം മാതാവ് ഉണ്ണിയേശുവിനെ എടുത്തുംകൊു നിൽക്കുന്ന ചിത്രമാണ്.

ചേപ്പാട്, അങ്കമാലി, കോട്ടയം ചെറിയപള്ളി, പാലിയേക്കര ശൈലികളിലാണ് കൂടുതൽ വൈവിധ്യമുള്ള ചിത്രങ്ങൾ കാണുന്നത്. ശൈലീവൈവിധ്യത്താൽ സമ്പന്നമാണ് ഓരോ ചിത്രങ്ങളും. ചിത്രങ്ങളെ ഓരോ ശൈലിയായി വേർതിരിച്ചിരിക്കുന്നത് അവയുടെ രേഖകളുടെ സവിശേഷതകൾ, രൂപപരമായ ചില സവിശേഷതകൾ, നിറങ്ങളുടെ സവിശേഷതകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ചുമർചിത്രങ്ങളിൽ ഒരേ ശൈലിയിലുള്ള എല്ലാ ചിത്രങ്ങളിലും മനുഷ്യരുടെ മുഖം, ശരീരം, ഭാവങ്ങൾ, ചലനങ്ങൾ എന്നിവപോലെതന്നെ മൃഗങ്ങൾ മരങ്ങൾ, പശ്ചാത്തലപ്രകൃതി, മേഘങ്ങൾ, ചെറിയ ഡിസൈനുകൾ ഇവയെല്ലാം ആവർത്തിച്ചുവരുന്നു്. പതിനൊന്നു ശൈലികളാണ് ഇങ്ങനെ വേർതിരിച്ചു കാണുവാൻ കഴിയുന്നത്. ❖ കോട്ടയം ചെറിയപള്ളി ശൈലി ❖ അങ്കമാലി ശൈലി ❖ പാലിയേക്കര ശൈലി ❖ കുറിഞ്ഞി ശൈലി ❖ ചേപ്പാട് ശൈലി ❖ വല്ലാർപാടം ശൈലി ❖ ഐക്കൺ ശൈലി ❖ ക്ഷേത്രചിത്രനുകരണ ശൈലി ❖ നവോത്ഥാന മാനറിസ്റ്റ് ശൈലി ❖ പാശ്ചാത്യാനുകരണ ശൈലി ❖ ഫോട്ടോ റിയലിസ്റ്റ് ശൈലി.

പഠനവിധേയമായ ചിത്രങ്ങളിൽ കൂടുതലും ഉൾപ്പെടുന്നത് ❖ കോട്ടയം ചെറിയപള്ളി ശൈലി ❖ അങ്കമാലി ശൈലി ❖ പാലിയേക്കര ശൈലി എന്നീ ശൈലികളാണ്.

#### 9.33.3.1. പാലിയേക്കര ശൈലി

ആകെ 15 പള്ളികളാണ് പാലിയേക്കര ശൈലിയിൽ വരുന്നത്. ❖ പാലിയേക്കര പള്ളി ❖ അങ്കമാലി അകപ്പറമ്പ് മാർ സാബോർ ആഫ്രോത്ത് പള്ളി ❖ അങ്കമാലി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി ❖ കടമറ്റം പള്ളി ❖ പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി ❖ നാകപ്പുഴ സെന്റ് മേരീസ് പള്ളി ❖ പിറവം രാജാക്കന്മാരുടെ പള്ളി ❖ കനാട് മർത്ത മറിയം പള്ളി ❖ കാഞ്ഞൂർ സെന്റ് മേരീസ് പള്ളി ❖ വേലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ പള്ളി ❖ മുട്ടുചിറ പരിശുദ്ധാത്മാവിന്റെ പള്ളി ❖ നിരണം സെന്റ് മേരീസ് പള്ളി ❖ ചൊവ്വര സെന്റ് മേരീസ് പള്ളി ❖ കൊല്ലം കാദീശാ പള്ളി ❖ കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ പള്ളി.

പ്രധാനമായും മദ്ബഹാ ഭിത്തിയിലും മരപ്പലകകളിലുമാണ് ചിത്രങ്ങൾ കാണപ്പെടുന്നത്. മാതാവിന്റെ ചിത്രങ്ങൾക്കും ഗീവർഗീസ് സഹദായുടെ ചിത്രങ്ങൾക്കും ഈ ശൈലിയിൽ പ്രാധാന്യമു്. പത്രോസിനും പൗലോസിനും പ്രത്യേക പ്രാധാന്യം കിട്ടിയിട്ടു്. നിറങ്ങൾ വളരെ കുറച്ചു മാത്രമേ ഈ ശൈലീചിത്രങ്ങളിൽ ഉപയോഗിച്ചിട്ടുള്ളു. ഈ ശൈലിയിൽ കൈകൾക്ക് സംവേദനക്ഷമതയുന്ന് തോന്നത്തക്കവിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു. സൂക്ഷ്മമായ വികാരങ്ങൾ പകർത്തുന്നതിൽ ഈ ശൈലി വിജയിച്ചിട്ടു്. എന്നാൽ തീവ്രമായ വികാരങ്ങളുടെ ആവിഷ്കാരം ഈ ശൈലിയിൽ കാണുന്നില്ല. പിറവം, നിരണം, കടുത്തുരുത്തി, അകപറമ്പ്, അങ്കമാലി, കടമറ്റം, കാഞ്ഞൂർ, ചൊവ്വര, മുട്ടുചിറ ചിത്രങ്ങൾ കഥാകഥന സ്വഭാവമുള്ളതാണ്.

പാശ്ചാത്യശൈലി, നാടൻശൈലി, പേർഷ്യൻ ശൈലി ഇവകൾ മൂന്നും പാലിയേക്കര ശൈലിയിൽ കാണുന്നു് 1653-ലെ കൂനൻകുരിശുസത്യത്തിനുശേഷം ചിത്രകലകൾ പരമ്പാഗത രീതിയിലേക്ക് തിരിച്ചുകൊുവരുവാൻ ശ്രമം ഉായി. 1658-ൽ ഡച്ചുകാരുടെ വരവോടുകൂടി പോർത്തുഗീസുകാരുടെ തിരോധാനം സംഭവിച്ചു. ഇതിനുശേഷം വരുന്ന പാലിയേക്കര അങ്കമാലി ശൈലികളിൽ കാണുന്ന പേർഷ്യൻ സ്വാധീനത്തെ, സുറിയാനിപ്പാരമ്പര്യത്തിന്റെ ബോധപൂർവ്വമായ വീടെടുപ്പായി കണക്കാക്കാവുന്നതാണ്. ഏറ്റവും പഴക്കമുള്ള ശൈലി ചേപ്പാട് ശൈലിയാണ്. 13-ാം നൂറ്റാാണ് ഇതിന്റെ കാലഘട്ടം. രാമതു വരുന്നത് കോട്ടയം ചെറിയപള്ളി ശൈലി. 14 മുതൽ 17 നൂറ്റാുവരെയാണ് ഇതിന്റെ കാലഘട്ടം. അങ്കമാലി ശൈലി 17, 18 നൂറ്റാുകളിലും പാലിയേക്കര ശൈലി ചിത്രങ്ങൾ 18, 19 നൂറ്റാുകളിലുമാണ വരച്ചിട്ടുള്ളത്.

#### 9.33.2. പാലിയേക്കര ചുവർചിത്രങ്ങൾ - വിശദപഠനം

പ്രധാനമായും 14 ചിത്രങ്ങളാണ് പാലിയേക്കര പള്ളിയുടെ പ്രധാന മദ്ബഹായുടെ കിഴക്കേ ഭിത്തിയിലുള്ളത്. വേദശാസ്ത്രപരമായും ചരിത്രപരമായും ഉള്ള കാര്യങ്ങളുടെ ശരിയായ പ്രതിഫലനം ഈ ചിത്രങ്ങളുടെ സൂക്ഷ്മപരിശോധനയിൽ വ്യക്തമാകും.

വേദശാസ്ത്രത്തിലും ചരിത്രത്തിലും ശരിയായ പാണ്ഡിത്യമുള്ള പൗരോഹിത്യശ്രേണിയിൽപ്പെട്ട ഒരാളുടെ നിർദ്ദേശം ഈ ചിത്രരചനയിൽ ഉന്നുള്ളതു സ്പഷ്ടമാണ്.

#### 9.33.3.3. ചിത്രങ്ങളുടെ പൊതുവായ പ്രത്യേകതകൾ

1) ചിത്രങ്ങളിൽ നീലയും ചുവപ്പും നിറങ്ങളാണ് കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. സി. എം.എസ്. മിഷനറിമാർ നീലം ഉല്പാദിപ്പിക്കുന്നതിനായി നീല അമരിച്ചെടുയുടെ കൃഷി

വലിയതോതിൽ നടത്തിയിരുന്നു. നീലം ഇവിടെ കൊുവന്ന് അതിൽനിന്ന് നീലനിറവും വെട്ടുകല്ലിൽനിന്ന് ചുവപ്പുനിറവും ഉാക്കി.

2) 14 ചിത്രങ്ങളിൽ 13-ൽ യേശുവും 8 ചിത്രങ്ങളിൽ മാതാവും ു്. 14 ചിത്രങ്ങളിൽ ഏറ്റവും വലുത് വി. ഗീവർഗീസ് സഹദായുടെ ചിത്രമാണെങ്കിലും ക്രിസ്തുവിന്റെ പ്രാധാന്യം കുറഞ്ഞുപോകാതിരിപ്പാൻ കലാകാരന്മാർ പ്രത്യേകം ശ്രദ്ധിച്ചിട്ടു്. എലിസബേത്തിന്റെയും മറിയാമിന്റെയും കൂടിക്കാഴ്ചയുടെ ചിത്രത്തിൽ മാത്രമാണ് യേശുവിനെ ചിത്രീകരിക്കാത്തത്.

3) യേശുവിന്റെ ബാല്യവുമായി ബന്ധപ്പെട്ട് 4 ചിത്രങ്ങളാണുള്ളത്. അവ നാലിലും വി. യൗസേപ്പിനെയും ഉൾപ്പെടുത്തിയിരിക്കുന്നു. ബാല്യത്തിൽ അപ്പനോടും അമ്മയോടുമൊപ്പം ജീവിച്ചു വളർന്നുവന്ന യേശുവിനെയും പിതാവെന്ന നിലയിൽ യൗസേപ്പിന്റെ കഷ്ടപ്പാടിനെയും അംഗീകരിക്കുന്നു എന്നതിന്റെ സൂചനയാണിത്.

4) യേശുവിന്റെ സ്നാനം വരെയുള്ള ചിത്രങ്ങളിൽ തലയ്ക്കു പിന്നിലായി വൃത്താകൃതിയിൽ പ്രകാശവലയം (ഹാലോ) കാണുന്നു. എന്നാൽ സ്നാനത്തിനുശേഷം കുരിശുമരണം ഒഴികെയുള്ള ചിത്രങ്ങളിൽ വൃത്താകൃതിക്കു പകരം ത്രികോണാകൃതിയിലാണ് വരച്ചിരിക്കുന്നത്. വേദശാസ്ത്രത്തിൽ ത്രികോണം പരി. ത്രിത്വത്തെ സൂചിപ്പിക്കുന്നു. ദൈവത്തിനു മരിക്കാൻ കഴിയുകയില്ല എന്ന ചിന്തയിലാകണം ക്രൂശുമരണസമയത്ത് ത്രികോണാകൃതിക്കു പകരം വൃത്താകൃതി സ്വീകരിച്ചിരിക്കുന്നത്.

5) മാതാവിനോടുള്ള അറിയിപ്പു മുതൽ സ്വർഗ്ഗത്തിൽ മാതാവിനെ രാജ്ഞിയായി കിരീടം അണിയിക്കുന്നതുവരെയുള്ള ചിത്രങ്ങളാണ് ചുവർചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6) യേശുവിന്റെയും മാതാവിന്റെയും വസ്ത്രങ്ങൾക്ക് ചുവന്ന നിറമാണു നല്കിയിരിക്കുന്നത്. മറിയാമിന്റെ ശിരോവസ്ത്രം യേശുവിന്റെ ക്രൂശുമരണസമയത്ത് കടുംനീലനിറത്തിലും ബാക്കിയുള്ള സന്ദർഭങ്ങളിലെല്ലാം വെള്ളനിറത്തിലുമാണു നല്കിയിരിക്കുന്നത്. ദുഃഖസൂചനയായിട്ടാവാം കടുംനീലനിറം മാതാവിന്റെ ശിരോവസ്ത്രത്തിനു നല്കിയിരിക്കുന്നത്.

7) വിദ്വാന്മാരിൽ ഒരാൾ ഒഴികെ മറ്റെല്ലാ ചിത്രങ്ങളിലും ഉള്ള എല്ലാവർക്കും മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലുള്ളവരുടെ ശരീരത്തിന്റെ നിറം നൽകാൻ ചിത്രകാരൻ ശ്രദ്ധിച്ചിട്ടു്.

8) യോഹന്നാന്റെ സവിശേഷത്തെ ആധാരമാക്കി രു ചിത്രങ്ങൾ ു്. ലാസറിന്റെ ഉയിർപ്പും മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമ്മാശ്ലീഹായുടെ പ്രാധാന്യത്തെ ഇവിടെ എടുത്തുകാട്ടുന്നു. വേദശാസ്ത്രപരമായി ഇതിനു പ്രാധാന്യമു്. ഒന്ന്, ഒരു മനുഷ്യനെ കർത്താവ് ഉയർപ്പിക്കുന്നതും മറ്റൊന്ന് കർത്താവ് മരിച്ചിട്ട് ഉയിർത്തതും.

9) യോർദ്ദാൻനദിയിലെ സ്നാനത്തിനുശേഷമുള്ള യേശുവിന്റെ ചിത്രങ്ങളിലെല്ലാം വലതുകൈയുടെ 2 വിരലുകൾ മടങ്ങിയും 3 വിരലുകൾ നിവർന്നതുമായി വരച്ചിരിക്കുന്നു.

10) അപ്പസ്തോലന്മാരുടെ ചിത്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ പത്രോസിന്റെ ചിത്രം പ്രധാന ചിത്രത്തിലുള്ള അദ്ദേഹത്തിന്റെ ചിത്രത്തിലുള്ളതിനോട് സാമ്യമായും തിരിച്ചറിയത്തക്ക വിധത്തിലുമാണ് വരച്ചിരിക്കുന്നത്. ഇപ്രകാരം മൂന്നിടത്ത് പത്രോസിന്റെ ചിത്രങ്ങൾ ു്. എല്ലാറ്റിനും മുമ്പനായിട്ടാണ് പത്രോസിനെ ചിത്രീകരിച്ചിരിക്കുന്നത്. (i) ലാസറിന്റെ ഉയിർപ്പ്

(ii) ഉയിർപ്പിനുശേഷം കർത്താവ് തോമ്മാശ്ലീഹായ്ക്കു പ്രത്യക്ഷപ്പെടുമ്പോൾ (iii) യേശുവിന്റെ യോർദ്ദാനിലെ സ്നാനസമയത്ത്.

**9.33.3.4. അപ്പസ്തോലചിത്രങ്ങളുടെ പൊതുവായ പ്രത്യേകതകൾ**

എല്ലാവരുടെയും തലയ്ക്കു പിന്നിലായി പ്രകാശവലയം (ഹാലോ) വരച്ചിരിക്കുന്നു. പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായി യൂദായ്ക്കു പകരം പൗലോസ് ശ്ലീഹായെയാണ് വരച്ചിരിക്കുന്നത്. രണ്ടു വശങ്ങളിലായി ശ്ലീഹന്മാരെ ചിത്രീകരിച്ചപ്പോൾ വടക്കുവശത്ത് ആദ്യം പത്രോസ് ശ്ലീഹായേയും തെക്കുവശത്ത് പൗലോസ് ശ്ലീഹായേയും വരച്ചിരിക്കുന്നു. വടക്കുവശത്ത് പത്രോസ് കഴിഞ്ഞാൽ ഉടനെ യോഹന്നാനെ ചിത്രീകരിച്ചിരിക്കുന്നു. വേദപുസ്തകത്തിൽ കൂടുതൽ സ്ഥലത്തു പത്രോസും യോഹന്നാനും എപ്പോഴും ഒരുമിച്ചു കാണുന്നവരാണ്. പ്രായത്തിൽ ഏറ്റവും മുതിർന്നവനായ പത്രോസും ഏറ്റവും പ്രായം കുറഞ്ഞവനായ യോഹന്നാനും പ്രധാന ചിത്രമുൾപ്പെടെ മൂന്നു ചിത്രങ്ങളിൽ അടുത്തടുത്തായി നിൽക്കുന്നു. യോഹന്നാനെ മീശ കുരുത്തിട്ടില്ലാത്ത യൗവനക്കാരനായി ചിത്രീകരിച്ചിരിക്കുന്നു.

അപ്പസ്തോലന്മാർ സുവിശേഷം അറിയിച്ചവർ എന്നതിന്റെ സൂചനയായി എല്ലവരുടെയും കൈയിൽ വേദപുസ്തകം ഉള്ളതായി വരച്ചിരിക്കുന്നു. പത്രോസ്, പൗലോസ്, തോമസ് എന്നിവരെ തിരിച്ചറിയുന്നതിനായി പത്രോസിന്റെ കൈയിൽ താക്കോൽ, പൗലോസിന്റെ കൈയിൽ വാൾ, തോമ്മാശ്ലീഹായുടെ കൈയിൽ മട്ടകവും മറ്റൊരു കൈയിൽ വേദപുസ്തകം തുറന്നിരിക്കുന്നതായും അതിൽ 'ആബുൻ ദ്ബശ്മായോ' (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ) എന്ന് സുറിയനിയിൽ എഴുതിയിരിക്കുന്നതായും കാണുന്നു. താക്കോൽ - സഭയുടെ താക്കോൽ പത്രോസിനെ ഏല്പിച്ചു എന്ന ചിന്ത: വാൾ - പൗലോസിന്റെ രക്തസാക്ഷിമരണത്തെ സൂചിപ്പിക്കുന്നു; മട്ടകം - മാർ തോമാശ്ലീഹാ ഗുാഫർ രാജാവിനു കൊട്ടാരം പണിയുവാൻ വന്നു എന്നതിനായി വരിച്ചിരിക്കുന്നു. ഈ മൂന്നു ശ്ലീഹന്മാരുടെയും പുറംവസ്ത്രത്തിനു കൂടുതൽ ചിത്രവേലയുള്ളതായി കാണുന്നു. മൂവരുടെയും പ്രാധാന്യത്തെ എടുത്തുകാണിക്കുന്നതിനാകാം.

എല്ലാ ശ്ലീഹന്മാരുടെയും പേരിനു മുമ്പായി അവരുടെ പിതാവിന്റെ പേരും എഴുതിയിരിക്കുന്നു. (ഉദാ: പത്രോസിന്റെ ചിത്രത്തിന്റെ താഴെയായി ബർയോന എന്നു സുറിയാനിയിൽ എഴുതിയിരിക്കുന്നു). (ബ്രോ. - പുത്രൻ, യൗനാന്റെ പുത്രൻ എന്നർത്ഥം).

**9.33.3.5. വി. ഗീവർഗീസ് സഹദാ - പ്രത്യേകതകൾ**

സാധാരണചിത്രങ്ങളിൽ കുതിരപ്പുറത്ത് ഇടത്തോട്ട് തിരിഞ്ഞിരിക്കുന്ന രീതിയിലാണ് സഹദായുടെ ചിത്രങ്ങൾ. എന്നാൽ ഇവിടെ വലത്തോട്ടു തിരിഞ്ഞിരിക്കുന്ന തരത്തിലാണ് വരച്ചിരിക്കുന്നത്. താടിമീശയുള്ള ആളായിട്ടാണ് ചിത്രീകരിക്കുന്നത്. സാധാരണ ചിത്രങ്ങളിൽ റോമൻ പട്ടാളക്കാരുടെ തലപ്പാവാണ് കാണുന്നത്. എന്നാൽ ഈ ചിത്രത്തിൽ അതിൽനിന്നും വ്യത്യസ്തമായ തലപ്പാവാണ് വരച്ചിരിക്കുന്നത്.

വി. ഗീവർഗീസ് സഹദായുമായി ബന്ധപ്പെട്ട പാട്ടുകളിൽ 'കുടനേ സഹദാ താനും കൊാടീ പുഞ്ചിരിതൂകി' എന്നാണ്. ഈ ചിത്രത്തിൽ പുഞ്ചിരിയോടെ സർപ്പത്തെ കൊല്ലുന്നതായിട്ട് ചിത്രീകരിച്ചിരിക്കുന്നു. ചില ചിത്രങ്ങളിൽ കുതിരയുടെ നിറം പച്ചയാണ്. ഇതിൽ വെള്ളക്കുതിരയാണ്. ആൺകുതിരയാണ് എന്നതിന് ചിത്രത്തിൽ ചില സൂചനകളു്. കുതിരയുടെ ഭാവം ഗൗരവമുള്ളതും തന്റെ യജമാനന്റെ പ്രവൃത്തിയിൽ സന്തോഷമുള്ളതുമാണ്.

'താനറിയാതുള്ളൊരു സർപ്പം കുതിരയുടെ കാലിൽ ചുറ്റി' എന്നതിൻ പ്രകാരം കുതിരയുടെ പുറകിലുള്ള രു കാലിലും സർപ്പത്തിന്റെ വാലറ്റം ചുറ്റുന്നു്. പല ചിത്രങ്ങളിലും ഇത് കാണ്മാനില്ല. ചിത്രത്തിന്റെ വലതുഭാഗത്ത് മുകളിലായി മാതാവും കുഞ്ഞും മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നതായി വരച്ചിട്ടു്. ഈ കാര്യം ഗീവർഗീസ് സഹദായുമായി ബന്ധപ്പെട്ട മറ്റൊരു ചിത്രത്തിലും ഇല്ല. തന്നെ രക്ഷിച്ച സഹദായെ നന്ദിയോടെ ഇരുകൈകളും കൂപ്പി വിനയാന്വിതനായി പ്രാർത്ഥനാപൂർവ്വം നിൽക്കുന്ന രാജകുമാരിയെ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. അടുത്തുള്ള വൃക്ഷം പുഷ്പിച്ചുനിൽക്കുന്നതായി വരച്ചിരിക്കുന്നു. സഹദായുടെ പ്രവൃത്തിയിൽ പ്രകൃതിയും മനുഷ്യനും സന്തോഷിക്കുന്നു എന്നതിന്റെ സൂചനയായിട്ട് ഇതിനെ കാണാം.

ദേശത്തിനും സമൂഹത്തിനും ദോഷകരമായ ഒന്നിനെ ഇല്ലായ്മ ചെയ്യുന്ന സാഹചര്യമായിട്ടും വളരെ ശാന്തവും സൗമ്യവുമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ചിത്രകാരൻ ശ്രമിച്ചിട്ടു്. സഹദായുടെ മുഖഭാവവും രാജകുമാരിയുടെയും കുതിരയുടെയും ഭാവങ്ങളും ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുന്നവരുടെ മുഖത്ത് വരുന്ന ഭയവും അങ്കലാപ്പും ആരവങ്ങളും ഒന്നും ഇല്ലാതെ ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിലും ഈ സൗമ്യതയാണല്ലോ കാണുന്നത്.

### 9.33.3.6. യേശുവിന്റെ ജനന ബാല്യകാലചിത്രങ്ങൾ

#### 9.33.3.6.1. മാതാവിനോടുള്ള അറിയിപ്പ് – ചിത്രത്തിലെ പ്രത്യേകതകൾ

മാതാവ് പ്രാർത്ഥിക്കുന്ന സന്ദർഭത്തിൽ ദൂതൻ പ്രത്യക്ഷപ്പെടുന്നു. സന്ദർഭം സൂചിപ്പിക്കുന്നതിനായി ഒരു പ്രാർത്ഥനാപുസ്തകം തുറന്നു വച്ചിരിക്കുന്നതായി വരച്ചിരിക്കുന്നു. 'പനിനീർപുഷ്പമായ മാതാവേ' എന്ന ലുത്തിനിയായെ സൂചിപ്പിക്കുംവിധം ഒരു പുഷ്പം ചേർത്തുവരച്ചിരിക്കുന്നു. 'ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ ഭവിക്കട്ടെ' എന്നു പറയുന്ന ഭാഗമാണ് ചിത്രത്തിന്റെ ഇതിവൃത്തം. അതിനു ആംഗ്യമായ് കൈ നെഞ്ചോടു ചേർത്തുവച്ച് വിനയാന്വിതനായി നിൽക്കുന്ന മാതാവിനെ ചിത്രീകരിച്ചിരിക്കുന്നു. പരി. റൂഹാ പ്രാവ് രൂപത്തിൽ മാതാവിൽ ആവസിക്കുന്നതായി വരച്ചിട്ടു്.

ഗബ്രിയേൽ ദൂതൻ മേഘത്തിൽ എത്തിയതായിട്ടാണ് വരച്ചിരിക്കുന്നത്. ദൂതന്റെ വലതുകൈയുടെ ഒരു വിരൽ ഉയർന്നിരിക്കുന്നതായി കാണുന്നു. ഉയരത്തിലുള്ള ദൈവത്തിന്റെ വചനമാണ് എന്നു പറയുന്നതിന്റെ സൂചനയായിട്ട് ഇതിനെ കാണാം.

#### 9.33.3.6.2. മാതാവും എലിസബത്തും തമ്മിലുള്ള കൂടിക്കാഴ്ച

കൂടുതൽ ചിത്രങ്ങളിലും മാതാവും എലിസബത്തുംമാത്രമാണ് കാണുന്നതെങ്കിൽ, മറ്റു പലരേയും സാഹചര്യങ്ങളെയും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. യൂദനാട്ടിലെ ഒരു ഭവനവും വൃദ്ധനായ സഖറിയാ പുരോഹിതനും ഒരു വാല്യക്കാരനും ഇതിലു്. വേദപുസ്തകത്തിൽ മറിയം എലിസബേത്തിന്റെ അടുക്കലേക്ക് പോയി എന്നല്ലാതെ കൂടെ മറ്റാരെയും കുറിച്ച് പരാമർശമില്ല. എന്നാൽ ഭർത്താവ് എന്ന നിലയിൽ യൗസേഫിനെയും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഒരു സാധാരണ കുടുംബത്തിൽ സ്വാഭാവികമായും ഉാകുന്ന ഒന്നാണ് ഭാര്യയ്ക്കു സംരക്ഷകനായി ഭർത്താവും ഒപ്പം കാണുക എന്നുള്ളത്. യേശുവിന്റെ ജനനവും ബാല്യവുമായി ബന്ധപ്പെട്ട 4 ചിത്രങ്ങളിലും യൗസേഫിനെ വരച്ചിട്ട്. അതിൽ 3 ചിത്രങ്ങളിലും യൗസേഫിന്റെ കൈയിൽ ഒരു തളിർത്ത വടിയു്. മറിയമും എലിസബേത്തും തമ്മിൽ സ്വീകരിക്കുന്ന ചിത്രമാണ് വരച്ചിരിക്കുന്നത്.

### 9.33.3.7. യേശുവിന്റെ ജനനം - പ്രത്യേകതകൾ

പത്തു മാലാഖമാർ ആകാശത്തിൽനിന്നും യേശുവിനെ നോക്കുന്നതായി വരച്ചിരിക്കുന്നു. പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ കാണുവാനായി ആട്ടിടയന്മാരെ കൂടാതെ മറ്റു ചിലരും ചിത്രത്തിലു്. സാധാരണ ചിത്രങ്ങളിൽ പശുത്തൊഴത്തിൽ പശുവിനെയും ആടിനെയുമാണ് കാണുന്നതെങ്കിൽ ഇവിടെ കഴുത, പുള്ളിമാൻ, കാള എന്നിവയെയാണ് വരച്ചിരിക്കുനനത്. കഴുത - വിനയത്തിന്റെ ചിഹ്നം, കർത്താവിന്റെ വാഹനം; മാൻ - ദൈവിക സംസർഗ്ഗത്തിനായി ആഗ്രഹിക്കുന്ന മനുഷ്യന്റെ പ്രതീകം (സങ്കീ. 42: 1), കാള - പഴയനിയമ ബലിമൃഗം.

### 9.33.3.8. വിദ്വാന്മാർ യേശുവിനെ നമസ്കരിക്കുന്നു

പല ചിത്രങ്ങളിലും ആട്ടിയന്മാരും വിദ്വാന്മാരും ഒരുമിച്ച് പശുത്തൊഴുത്തിൽ യേശുവിനെ കാണുന്നതായിട്ടാണ് ചിത്രീകരിക്കുന്നത്. എന്നാൽ ഇവിടെ വേദപുസ്തകത്തിലെ സംഭവം വളരെ ശ്രദ്ധയോടെ ചിത്രീകരിച്ചിരിക്കുന്നു. രു വയസ്സെങ്കിലും പ്രായമായ ശിശു ഒരു വീട്ടിൽ അമ്മയായ മറിയയുടെ മടിയിൽ ഇരിക്കുന്നു. മൂന്നു രാജാക്കന്മാർ ഇതിലു്. ഒരാൾ തലപ്പാവ് ഊരി മുട്ടുകുത്തി കാഴ്ച സമർപ്പിക്കുന്നു. മറ്റൊരാൾ നിക്ഷേപപാത്രവുമായി നിൽക്കുന്നു. മൂന്നാമതായി നിൽക്കുന്ന ആൾ കറുത്ത നിറമുള്ളവനും കൊമ്പൻമീശയോടുകൂടിയുള്ള വ്യക്തിയുമായിട്ടാണ് വരച്ചിരിക്കുന്നത്. ഒരു ചരിത്രത്തെ ഇതു വെളിപ്പെടുത്തുന്നു. കിഴക്കുനിന്നും രാജാക്കന്മാർ വന്നു എന്നതാണ് വിശ്വാസം. മൂന്നു പേരിൽ ഒരാൾ ഇന്ത്യാക്കാരൻ ആണെന്നുള്ള പാരമ്പര്യം ഉ്. ഈ ഇന്ത്യാക്കാരന്റെ സാന്നിധ്യം അല്പംകൂടി ശക്തമായി കാണിക്കുവാൻ വീടിനു പുറത്തായി രു കുതിരകളെയും ഒരു കൊമ്പനാനയെയും വരച്ചിട്ടു്. ആകാശത്തിൽ ഒരു വാൽനക്ഷത്രവും വരച്ചിട്ടു്.

### 9.33.3.9. യേശു ദേവാലയത്തിൽ

എട്ടാം ദിവസം പരിച്ഛേദനത്തിനായി യേശുവിനെ മാതാപിതാക്കൾ യെരുശലേം ദേവാലയത്തിൽ കൊുവന്നതാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. യെരുശലേം ദേവാലയത്തിന്റെ ഉൾവശം ദൃശ്യമാകുംവിധം വരച്ചിരിക്കുന്നു. ന്യായപ്രമാണപ്രകാരം യഹോവയ്ക്കു സമർപ്പിക്കുന്നതിനായി ഒരു ഇണ കുറുപ്രാവിനെയോ ര് പ്രാവിൻകുഞ്ഞിനെയോ യാഗം കഴിപ്പാൻ കൊുവന്നു എന്ന് വേദഭാഗം അനുസ്മരിക്കുമാറ് ഒരു കുട്ടയിൽ നാല് പ്രാവിൻകുഞ്ഞുങ്ങളെ വച്ചിരിക്കുന്നു. വൃദ്ധനായ ശീമോൻ ദേവാലയത്തിലെ പുരോഹിതവേഷത്തിലാണ്. ദേവാലയം വിട്ടുപോകാതെ 84 വർഷമായി ദേവാലയത്തിൽ പാർക്കുന്ന വൃദ്ധയായ ഹന്ന ഇതിൽ ചിത്രീകരിക്കപ്പെട്ടിട്ടു്. ശീമോൻ കുഞ്ഞിനെ കൈകളിലെടുത്ത് ചുംബിക്കുന്നതാണ് രംഗം.

### 9.33.3.6.10 ക്രിസ്തുവിന്റെ മാമ്മോദീസ - പരസ്യജീവിതം

യേശുവിന്റെ സ്നാനം

യേശുവിന്റെ യോർദ്ദാൻനദിയിലെ സ്നാനമാണ് ഈ ചിത്രത്തിൽ. യേശുവിനെ സ്നാനം കഴിപ്പിക്കുന്ന യോഹന്നാൻ സ്നാപകനെ ഒട്ടകരോമംകൊുള്ള വസ്ത്രമെന്നത് സൂചിപ്പിക്കുന്നതിനായി ഒട്ടകത്തിന്റെ തല വസ്ത്രത്തോടു ചേർത്തുവരച്ചിരിക്കുന്നു. തന്റെ പ്രിയപുത്രനിൽ പ്രസാദിക്കുന്ന പിതാവായ ദൈവം തന്റെ രു കൈയും വിടർത്തിയിരിക്കുന്നതും, പരി. റൂഹാ പിതാവിൽനിന്നും പുറപ്പെട്ട് ക്രിസ്തുവിലേക്ക് വരുന്നതായും വരച്ചിരിക്കുന്നു. നദീതീരത്ത് ഒരു കുഞ്ഞാടു്. യേശുവിനെക്കുറിച്ചുള്ള യോഹന്നാൻ സ്നാപകന്റെ സാക്ഷ്യമാണ് 'ഇതാ ലോക

ത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'. നദിയിലെ വിവിധതരം മീനുകളും ചിത്രത്തിൽ ദൃശ്യമാണ്.

**യേശു ലാസറിനെ ഉയർപ്പിക്കുന്നത്**

ഒരു ശവപ്പെട്ടിയിൽനിന്നും ലാസർ ഉയർക്കുന്ന ചിത്രമാണ് വരച്ചിരിക്കുന്നത്. മർത്തയും മറിയവും അരികിലു്. 12 ശിഷ്യന്മാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടു്. കർത്താവിന്റെ പരസ്യശുശ്രൂഷയിലെ പ്രവൃത്തികളിൽ ഈ ഒരത്ഭുതം മാത്രമേ മദ്ബഹാ ചുവർചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളു.

**യേശു ക്രൂശു ചുമക്കുന്നു**

യേശുവിന്റെ ഗോഗുൽത്തായിലേക്കുള്ള യാത്രയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. കുറേനക്കാരനായി ശീമോൻ കർത്താവിന്റെ ക്രൂശ് താങ്ങിക്കൊടുക്കുന്നതും ഇതിലു്.

**യേശുവിന്റെ ക്രൂശു മരണം**

ക്രിസ്തു കുരിശിൽ മരിച്ചു കിടക്കുന്നു. പഞ്ചമുറിവുകളിൽനിന്നും വരുന്ന രക്തം മാലാഖമാർ കാസയിൽ സ്വീകരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ശരീരത്തിൽ വളരെയധികം മുറിവുകൾ ഉള്ളതായിട്ടാണ് വരച്ചിരിക്കുന്നത്. മാതാവും മറ്റു രു സ്ത്രീകളും കുരിശിനരികിലു്. യോഹന്നാൻ ശ്ലീഹായും ഇതിലു്. 'ഇവൻ സാക്ഷാൽ ദൈവപുത്രൻ' എന്നു പറഞ്ഞ് ശതാധിപൻ തന്റെ മാറോടു കൈവച്ചു ഭക്തിയോടെ നിൽക്കുന്ന രംഗവും ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. ക്രൂശിന്റെ ചുവട്ടിലായി തലയോട്ടിയും വരച്ചിരിക്കുന്നു.

**യേശുവിന്റെ ഉയിർപ്പ്**

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെപ്പറ്റി മൂന്നു പ്രാവശ്യം ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചു. പുനരുത്ഥാനം യാഥാർത്ഥ്യമാണെന്ന് സാക്ഷിക്കുന്നതിന് സുവിശേഷകന്മാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനുശേഷം അവനോടുകൂടി തിന്നു കുടിച്ചവരായ ഞങ്ങൾക്കുതന്നെ പ്രത്യക്ഷമാക്കിത്തന്നു. (അപ്പൊ. 10: 41) ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ക്രിസ്തു ഉയിർത്തതിനാൽ ഞായറാഴ്ച ദിവസത്തെ ക്രൈസ്തവർ വിശുദ്ധമായി പരിഗണിക്കുന്നു.

**ക്രിസ്തുവിന്റെ വിലാവിൽ തോമ്മാശ്ലീഹാ സ്പർശിക്കുന്നത്**

വിശുദ്ധ തോമ്മാശ്ലീഹാ മുട്ടുകുത്തി കർത്താവിന്റെ വിലാവിൽ സ്പർശിക്കുന്നതാണ് രംഗം. ഇതിൽ മാർ തോമ്മാശ്ലീഹായുടെ രു വിരലുകൾ ചേർന്നിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു.

**മാതാവിനെ വി. ത്രിത്വം കിരീടമണിയിക്കുന്നു.**

പിതാവും പുത്രനും പരി. റൂഹായും മാതാവിനെ കിരീടമണിയിക്കുന്നതാണ് രംഗം. ചിത്രങ്ങളുടെയെല്ലാം ഏറ്റവും മുകളിലായിട്ടാണ് ഈ ചിത്രത്തിന്റെ സ്ഥാനം.

### 9.33.4. പാലിയേക്കര പള്ളിയും വാസ്തുവിദ്യയും

1815-ൽ പണിയപ്പെട്ട ഇപ്പോഴുള്ള ദൈവാലയം ഭാരതീയ പാരമ്പര്യത്തിന്റെയും പോർത്തുഗീസ് ശൈലിയുടെയും സംയുക്തരൂപമാണ്. ഇപ്പോൾ മലങ്കരയിലുള്ള പുരാതന ദേവാലയങ്ങളിൽ ഒന്നാണ് പാലിയേക്കര പള്ളി. പൗരസ്ത്യ വേദശാസ്ത്രത്തിന് അനുയോജ്യമായ രീതി

യിൽ തന്നെയാണ് ഇത് പണികഴിക്കപ്പെട്ടിട്ടുള്ളത്. മദ്ബഹാ, ഹൈക്കലാ, നാടകശാല (പൂമുഖം), വരാന്തകൾ, മുഖവാരങ്ങൾ, പള്ളിയോടു ചേർന്നുള്ള മുറികൾ, വാതിലുകൾ ഇവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

### 9.33.4.1. മദ്ബഹാ

മദ്ബഹായുടെ മുൻവശം മനോഹരമായ ആർക്കുകൾ കൊണ് നിർമ്മിച്ചിരിക്കുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിൽ സ്വർഗ്ഗവും ഭൂമിയും ഒന്നുചേർന്നതിന്റെ പ്രതീകമായിട്ടാണ് ഇതിനെ കാണുന്നത്. മദ്ബഹായുടെ ഉൾവശവും കിഴക്കേ ഭിത്തിയുമെല്ലാം ആർക്കായിത്തന്നെ പണിതിരിക്കുന്നു. കർത്താവ് ജനിച്ചതും കബറടക്കപ്പെട്ടതുമെല്ലാം ഗുഹയിലാണല്ലോ. ആർക്കുകൾക്കു ശബ്ദസംവിധാനം സുഗമമാക്കുന്നതിനു വലിയ പങ്കു്. കിഴക്കുവശം ആർക്കെങ്കിൽ ശബ്ദം അതിൽ തട്ടി ഏവർക്കും ഭംഗിയായി കേൾക്കുന്നതിനു സാധിക്കും.

മൂന്നുതരം മദ്ബഹകൾ കേരളത്തിലുായിരുന്നു. ചതുരം, സമചതുരം, അഷ്ടഭുജം. ഏറ്റവും സാധാരണം സമചതുരം. പാലിയേക്കര പള്ളിയിലെ മദ്ബഹാ സമചതുരാകൃതിയിലാണ്. മദ്ബഹായുടെ മുകൾവശം 117 കളങ്ങളായി തിരിച്ചിട്ടു്. കിഴക്കുനിന്നും പടിഞ്ഞാറോട്ട് 9 കളങ്ങളും വടക്കുനിന്ന് തെക്കോട്ട് 13 കളങ്ങളും അങ്ങനെ 117 കളങ്ങൾ ഇതിലു്. 117 എന്ന സംഖ്യയിലെ അക്കങ്ങൾ കൂട്ടുമ്പോൾ 9 കിട്ടും. ഭാരതീയപാരമ്പര്യത്തിൽ അതു പൂർണ്ണതയുടെ സംഖ്യ ആണ്. വടക്കും തെക്കും രു ജനാലകളും സ്ഥാപിച്ചിരിക്കുന്നു. കിഴക്കേഭിത്തി മനോഹരങ്ങളായ ചുവർചിത്രങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. ജനാലകൾ തുറക്കാത്തപക്ഷം നട്ടുച്ചയ്ക്കും മദ്ബഹായ്ക്കകം ഇരുട്ടാണ്. പഴയ പല ദേവാലയങ്ങളിലും ഇതു കാണാം ഈ ഇരുൾ ഒരു വേദശാസ്ത്രത്തെ ഓർമ്മപ്പെടുത്തുന്നു. യഹോവയായ ദൈവം മോശയെ സീനായ് മലയിലേക്ക് വിളിക്കുമ്പോൾ മോശ “യഹോവ ഇരുന്ന ഇരുളിലേക്കു ചെന്നു” (പുറ. 20:21, 1 രാജാ. 8:12) എന്ന് എഴുതിയിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ അജ്ഞതയുടെ അന്ധകാരമാണ് ഇതെന്ന് പറയുന്നു. പള്ളിക്കകത്തു നിൽക്കുന്നവർക്ക് മദ്ബഹാ മുഴുവനും കാണാൻ സാധിക്കാത്ത വിധത്തിലാണ് പണിതിരിക്കുന്നത്. കാരണം സ്വർഗ്ഗം മനുഷ്യനു മുഴുവനായും വെളപ്പെട്ടിട്ടില്ലല്ലോ.

### 9.33.4.2. ത്രോണോസ്

ത്രോണോസ് സമചതുരാകൃതിയിലാണ് പണിതിരിക്കുന്നത്. കല്ലുകെട്ടിയാണ് ഇതു നിർമ്മിച്ചിരിക്കുന്നത്. കൂടുതൽ ദേവാലയങ്ങളിലും തടികൊുള്ള ത്രോണോസുകളാണ് പൊതുവേ ഉായിരുന്നത്. അന്ത്യോഖ്യൻ മെത്രാന്മാർ കല്ലുകൊുള്ള ത്രോണോസുകൾ ഉാക്കാൻ നിർബ്ബന്ധിച്ചെങ്കിലും അക്കാലത്ത് കാര്യമായ ഫലമുായില്ല. എന്നാൽ പിന്നീട് മിക്ക ദേവാലയങ്ങളിലും കല്ലുകൊ് ത്രോണോസുകൾ നിർമ്മിക്കാൻ തുടങ്ങി. പൗരസ്ത്യ വേദശാസ്ത്രമനുസരിച്ച്, കർത്താവിന്റെ കല്ലറകൂടി ഉൾപ്പെടുത്തിയാണ് ബലിപീഠം നിർമ്മിക്കുന്നത്. ത്രോണോസിന്റെ കിഴക്ക് താഴെയായിട്ടാണ് ഇതു നിർമ്മിക്കുന്നത്. ഒരു ഗുഹയ്ക്കു സമാനമായിട്ടാണ് ഇതു പണിതിരിക്കുന്നത്. ദുഃഖവെള്ളിയാഴ്ച കബറടക്കശുശ്രൂഷ നിർവ്വഹിക്കുന്നത് സാധാരണയായി ഈ സ്ഥലത്താണ്.

### 9.33.4.3. അഴിയ്ക്കകം

അഴിക്കകം വിശുദ്ധസ്ഥലത്ത് അഴിയിട്ട് വേർതിരിച്ചിരിക്കുന്നിടമാണ്. ഒരു മേശ മദ്ധ്യഭാ

ഗത്തായി ഇട്ടിരിക്കുന്നു. അറ്റത്തായി തെക്കും വടക്കും ര് ത്രോണോസുകളു്. തെക്കുവശത്തായി മാമ്മോദീസാത്തൊട്ടിയു്. മാമ്മോദീസാത്തൊട്ടിയോടു ചേർന്ന് ഭിത്തിക്കു മുകളിലായി പഴയ മലയാളലിപിയിൽ വി. മദ്ബഹാ ശുശ്രൂഷകൾക്കുള്ള നിർദ്ദേശങ്ങൾ എഴുതിയിരിക്കുന്നു. യാമപ്രാർത്ഥനകളും വിവാഹം, മാമ്മോദീസ, കുമ്പസാരം എന്നീ കൂദാശകളും അഴിക്കത്താണ് നടത്തിയിരുന്നത്. വി. കുർബ്ബാനയല്ലാതെ മറ്റൊന്നും വി. മദ്ബഹായിൽ നടത്തുവാൻ പാടില്ല എന്നാണ് തത്ത്വം. ദനഹാ പെരുന്നാൾ ശുശ്രൂഷകൾ മാത്രമേ പെരുന്നാൾ ശുശ്രൂഷകളിൽ ഇപ്പോൾ അഴിക്കകത്ത് നിർവ്വഹിക്കുന്നുള്ളു.

#### 9.33.4.4. ഹൈക്കലാ

വിശ്വാസസമൂഹം ആരാധനയ്ക്കായി നിൽക്കുന്ന സ്ഥലമാണിത്. 19-ാം നൂറ്റാിന്റെ പകുതിവരെ ശവസംസ്കാരം പല ദേവാലയങ്ങളുടെയും ഉള്ളിലാണ് നടത്തിയിരുന്നത്. ഒരുകാലത്ത് പള്ളിക്കകം മണ്ണുതോലിന്റെ ഫലമായി വൃത്തിഹീനമായി കിടന്നിരുന്നു. 19-ാം നൂറ്റാിന്റെ അന്ത്യത്തിൽ പള്ളിക്കുള്ളിലെ ശവസംസ്കാരം പൂർണ്ണമായി നിർത്തി.

#### 9.33.4.5. കെടാവിളക്ക്

ഓടുകൊുള്ള കെടാവിളക്ക് പടിഞ്ഞാറ് മദ്ധ്യത്തിലായി തൂക്കിയിട്ടിരിക്കുന്നു. പൊലിയാവിളക്കെന്നും കെടാവിളക്ക് എന്നും പറയുന്നതിന്റെ പിന്നിൽ ഒരിക്കലും അവിടെ തിരി കെട്ടുപോകുന്നില്ല എന്നുള്ളതാണ്.

#### 9.33.4.6. വാതിലുകൾ, ജനലുകൾ

മദ്ബഹായിൽ ഉള്ള രു ജനാലകൾ അല്ലാതെ ഇവിടെ പള്ളിക്കുള്ളിൽ വേറെ ജനാലകൾ ഇല്ല. തെക്കും വടക്കും പടിഞ്ഞാറും ഓരോ വാതിലുകളും, വടക്കുഭാഗത്ത് പ്രവേശിക്കാൻ തീരെ ചെറിയ വാതിലും, വടക്കുപടിഞ്ഞാറ് മുറിക്കുള്ളിലേക്കു പ്രവേശിക്കാൻ ചെറിയ വാതിലും, തെക്കുപടിഞ്ഞാറ് വരാന്തയിലേക്കിറങ്ങാൻ ഒരു ചെറിയ വാതിലും അങ്ങനെ മൂന്നു വലിയ വാതിലും മൂന്നു ചെറിയ വാതിലും ു്.

പോർത്തുഗീസ് കാലത്തിനു മുമ്പ് മദ്ബഹാകൾക്കോ പള്ളിക്കോ ജനലുകൾ ഉായിരുന്നില്ല. 1599-ൽ ഉദയംപേരൂർ സൂനഹദോസ് മദ്ബഹാകൾക്ക് ജനൽ വേണമെന്ന് നിർദ്ദേശിച്ചു. ആദ്യകാലത്ത് നസ്രാണി ദേവാലയങ്ങൾക്ക് വാതിൽ തീരെ കുറവായിരുന്നു. തെക്കും വടക്കും പടിഞ്ഞാറും ഓരോ വാതിൽ മാത്രമേ ഉായിരുന്നുള്ളു. നസ്രാണി ദേവാലയങ്ങൾക്ക് നാലു വാതിലുകൾ ഉായിരുന്നതായി കാണുന്നു. പടിഞ്ഞാറ് വാതിൽ - കരുണ, വടക്കു വാതിൽ - പ്രത്യാശ, തെക്കേ വാതിൽ - അനുതാപം, കിഴക്കേ വാതിൽ - മഹത്ത്വത്തിന്റെ വാതിൽ (അതൊരിക്കലും തുറക്കാത്തതുമാണ്). അതിനാൽ കിഴക്കുവശത്ത് വാതിൽ ഉായിരുന്നില്ല. കിഴക്ക് ഒരു ചെറുജനൽ ഈ സങ്കല്പത്തിലാണ് പല ദേവാലയങ്ങളിലും കാണുന്നത്. ഈ ദേവാലയത്തിൽ കിഴക്കുവശത്ത് അതില്ല. വാതിലുകളും ജനലുകളും ഉയരമുള്ളവയും വീതി കുറഞ്ഞവയും മുകൾ അർദ്ധവൃത്താകൃതിയിൽ ഉള്ളതുമാകുന്നു. രു വ്യക്തികൾ തലവണങ്ങി നിൽക്കുന്നതിനേക്കാൾ സാമ്യമാണിത്.

#### 9.33.4.7. ബാൽക്കണി

തടികൊു നിർമ്മിക്കപ്പെട്ട ഒരു മേൽതട്ട് ദേവാലയത്തിനുള്ളിൽ പടിഞ്ഞാറുവശത്തായു്. മേൽതട്ടിൽ വടക്കുവശത്തായി ഒരു അറയുമു്. അറയ്ക്കുള്ളിൽ കിഴക്കുഭാഗത്തായി

ചെറിയ ഒരു കിളിവാതിലുമു്. പത്താഴം (പള്ളിമുതലുകൾ സൂക്ഷക്കുവാനുള്ള സ്ഥലം) ആയി ഇത് ഉപയോഗിച്ചിരുന്നു.

**9.33.4.8. പൂമുഖം**

നല്ല നീളമുള്ള പൂമുഖമാണ് ഇവിടെയുള്ളത്. പൂമുഖത്തിന്റെ വടക്കും തെക്കും ചാരു ബെഞ്ചുകൾ തടിയിൽ നിർമ്മിച്ചിരിക്കുന്നു. നടശാലയെന്നും നാടകശാലയെന്നും ഇതിനെ വിളിക്കുന്നു. കടലാസും അച്ചടിയും അക്ഷരാഭ്യാസവും ഇല്ലാതെയിരുന്ന കാലത്ത് മതബോധനം നടത്തിയിരുന്നത് ഇവിടെയാണ്. വലിയനോമ്പുകാലത്ത് വി. വേദപുസ്തകത്തിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ അരങ്ങേറി അവതരിപ്പിക്കുന്നത് നാടകശാലയിലായിരുന്നു (മാർഗ്ഗംകളി, ചവിട്ടുനാടകം, പരിചമുട്ട് മുതലായവ). നസ്രാണികൾ ഒരുകാലത്ത് നല്ല ഭടന്മാർകൂടിയായിരുന്നു. വാളും പരിചയും പിടിച്ചു നടക്കാൻ അധികാരമുായിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയ്ക്കായി വരുമ്പോൾ വാളും പരിചയും ഈ നാടകശാലകളിൽ വച്ചിട്ട് അകത്തു കയറി ആരാധിക്കുന്ന രീതി പഴയകാലങ്ങളിൽ ഉായിരുന്നു.

**9.33.4.9. വരാന്തകൾ**

ഈ ദേവാലയത്തിൽ വടക്കും തെക്കുമായി വിശാലമായ വരാന്തകൾ ു്. ഇരുവശത്തും വിശ്രമിക്കാനും മറ്റുമായി അരഭിത്തിയും ു്. ആരാധനാലയത്തിന്റെ പ്രധാനഭാഗം ഒഴിച്ചുള്ള ഇത്തരം ചരിപ്പുകളും ചാവടികളും സ്വാഭാവികമായ വെളിച്ചവും കാറ്റും കടന്നുവരുന്ന സ്ഥലങ്ങളാണ്. ഇവിടെ ആരാധനയില്ലാത്ത സമയങ്ങളിൽ ആളുകൾക്ക് ഇരിക്കുന്നതിനും പരസ്പരം കാണുന്നതിനും സൗകര്യമു്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യവും വിശ്വാസികൾക്ക് ആതിഥ്യമരുളുന്നതുമായ ഇത്തരം വരാന്തകളും ചാവടികളും പള്ളി അഭയസ്ഥാനവും ആശാകേന്ദ്രവുമാണെന്ന ആശയത്തെ ഉദാഹരിക്കുന്നതാണ്. പാലിയേക്കരപ്പള്ളി ഇതിനു മാതൃകയാകുന്നു.

**9.33.4.10. മേൽക്കൂര**

ഓടു മേഞ്ഞ മേൽക്കൂരയാണ് പാലിയേക്കരപ്പള്ളിയുടേത്. അകത്തേക്ക് വെളിച്ചം കിട്ടുവാൻ ഗ്ലാസിട്ട ഓടുകളും ചില സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. മേൽക്കൂരയുടെ തടിക്കൂട്ട് വളരെ മനോഹരമാണ്. ലളിതമെങ്കിലും പ്രൗഢമായ ചിത്രവേലകൾ ഇതിലു്. മേൽക്കൂര പ്രധാനമായും നാല് ശീലാന്തികളിലാണ് ഉറപ്പിച്ചിരിക്കുന്നത്. ആ നാല് ശീലാന്തികളെയും താങ്ങുന്നത് തെക്കും വടക്കുമായി എട്ട് ഗജമുഖങ്ങളാണ്. ചിലതിന് വ്യാളീമുഖമാണ്. ആനയുടെ മസ്തകംകൊ് താങ്ങിനിർത്തിയിരിക്കുന്നതായി കാണാം. ഈ ഗജങ്ങളിൽ 2 എണ്ണം കൊമ്പനാനയുടേതാണ്.

**9.33.4.11. മുഖവാരം**

മനോഹരവും ഏവരുടെയും ശ്രദ്ധായകർഷിക്കുന്നതും പൗരാണികത വിളിച്ചറിയിക്കുന്നതുമായ ഒരു മുഖവാരമാണിവിടുള്ളത്. പ്രധാന മുഖവാരവും പൂമുഖത്തിന്റെ ചെറിയ മുഖവാരവും ഇവിടെയു്. പ്രധാന മുഖവാരത്തിൽ മത്സ്യത്തിന്റെ രൂപമു്. പൗരസ്ത്യ വേദശാസ്ത്രമനുസരിച്ച് പ്രധാന മുഖവാരത്തേക്കാൾ ഉയരത്തിലാണ് മദ്ബഹായുടെ മുകൾവശം പണിതിരിക്കുന്നത്.

### 9.33.5. പാലിയേക്കര പളളിയിലെ റിലീഫ് വർക്കുകൾ

പാലിയേക്കര പളളിയുടെ മദ്ബഹായുടെ പുറംഭിത്തിയിൽ മൂന്നുവശങ്ങളിലും പടിഞ്ഞാറെ പ്രധാന മുഖവാരത്തും തെക്കുവശത്ത് വരാന്തയ്ക്കുള്ളിൽ ഭിത്തിയിൽ മുകളിലായും റിലീഫ് വർക്കുകൾ കാണാം. ഉറപ്പുള്ള പ്രതലത്തിൽ അതിൽനിന്നും അല്പം കനത്തിൽ രൂപങ്ങൾ ഉാക്കുന്നതിനെയാണ് റിലീഫ് എന്നതുകൊ് അർത്ഥമാക്കുന്നത്.

#### 9.33.5.1. മത്സ്യങ്ങൾ

പള്ളിയുടെ പടിഞ്ഞാറുവശത്ത് പ്രധാന മുഖവാരത്തിൽ 2 മത്സ്യങ്ങൾ റിലീഫ് വർക്കായി ചെയ്തിട്ടു്. എ.ഡി. 313-ലെ മിലാൻ വിളംബരത്തിലൂടെയാണ് കുസ്തന്തിനോസ് ചക്രവർത്തി ക്രിസ്തുമതത്തിന് അംഗീകാരം നൽകുന്നതും, കുരിശ് ഒരു ചിഹ്നമായി പരസ്യമായി ഉപയോഗിക്കുന്നതിന് അനുവാദം ലഭിച്ചതും. അതുവരെ ഒരു ക്രിസ്തീയഭവനവും ആരാധനാസ്ഥലവും കത്തെുന്നതിന് കുരിശിനു പകരം മത്സ്യത്തിന്റെ ചിത്രമാണ് ഉപയോഗിച്ചിരുന്നത്. നിറങ്ങൾ, സംഖ്യകൾ, അക്ഷരങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവ അക്കാലത്ത് തങ്ങളുടെ മതത്തിന്റെ ആശയങ്ങളും വിശ്വാസങ്ങളും അറിയിക്കുന്നതിനും മറ്റുമുള്ള കോഡ്ഭാഷയായി, ചിഹ്നങ്ങളായി ഉപയോഗിച്ചുപോരുന്നു. മത്സ്യത്തിന്റെ ചിത്രം ഉപയോഗിക്കുവാൻ കാരണം ഗ്രീക്കിൽ മത്സ്യത്തിന് 'ഇക്തൂസ്' എന്നാണു പറയുന്നത്. ഗ്രീക്കിലെ ഈ അക്ഷരങ്ങൾക്ക് ഓരോന്നിനും ഓരോ അർത്ഥം നൽകി. ഈസൂസ് (യേശു), ക്രിസ്തോസ് (ക്രിസ്തു), തെയോസ് (ദൈവം), ഊയോസ് (പുത്രൻ), സോയിറ്റോർ (രക്ഷകൻ). യേശുക്രിസ്തു ദൈവത്തിന്റെ പുത്രൻ, ലോകത്തിന്റെ രക്ഷിതാവ് ഇത് ആലേഖനം ചെയ്തിരിക്കുന്ന ഭവനം ക്രിസ്തീയഭവനമാണെന്നും ഇവിടെ അപ്പം നുറുക്കൽ നടക്കാറുന്നെുമുള്ള സൂചന നൽകുന്നു. ഈ ചരിത്രം ഉൾക്കൊാണ് പൂർവ്വികർ ദേവാലയത്തിന്റെ മുഖവാരത്തിന്റെ ചുമരിൽ ഈ ചിത്രം ഉൾപ്പെടുത്തിയിരിക്കുന്നത്.

#### 9.33.5.2. മയിൽ

പള്ളിയുടെ മദ്ബഹായുടെ പുറംഭിത്തിയിൽ കിഴക്കും തെക്കും ഭിത്തിയിൽ മയിലിന്റെ റിലീഫ് വർക്കുകളു്. മയിൽ ആയുസ്സു കൂടുതലുള്ള പക്ഷിയാണ്. വിഷപ്പാമ്പുകളും വിഷച്ചെടിയും മറ്റും ഭക്ഷിച്ചാലും മയിലിന് യാതൊരു ഹാനിയുമില്ല. ഇതിന്റെ മാംസം ദീർഘനാളുകൾ കേടുകൂടാതെയിരിക്കും. ആയതിനാൽ മയിലിനെ ദൈവാനുഗ്രഹത്തിന്റെയും നിത്യജീവന്റെയും പ്രതീകമായി കാണുന്നു. മയിൽപ്പീലിയിലെ കണ്ണുകൾ ആത്മീയദർശനം ഉള്ള ജീവിതത്തെ സൂചിപ്പിക്കുന്നു.

നസ്രാണിപാരമ്പര്യം ഇന്ത്യൻ ദേവതകളോടൊപ്പം മാർത്തോമാശ്ലീഹായ്ക്കും യാത്രയ്ക്കായി ഒരു ജീവിയെ സങ്കല്പിച്ചു നൽകിയിട്ടു്. മയിലാണ് മാർത്തോമ്മാശ്ലീഹായുടെ വാഹനം. ഈയൊരർത്ഥത്തിലും പുരാതനമായ പല ദേവാലയങ്ങളിലും കൽക്കുരിശുകളുടെ മണ്ഡപങ്ങളിലും മയിലിനെ കൊത്തിവച്ചിട്ടു്.

#### 9.33.5.3. പ്രാവ്

പള്ളിയുടെ മദ്ബഹായുടെ പുറംഭിത്തിയിൽ തെക്കുവശത്തായും പടിഞ്ഞാറെ മുഖവാരത്തിലും പ്രാവിന്റെ രൂപം ചെയതിട്ടു്. പ്രാവ് പഴയനിയമകാലത്ത് ബലി കഴിക്കുവാൻ ഉപയോഗിച്ചിരുന്ന പക്ഷിയാണ്. ജലപ്രളയത്തിനുശേഷം ശാന്തത കൈവന്നതിന്റെ സൂചനയായി

പ്രാവ് ഒലിവിലയുമായി പെട്ടകത്തിൽ തിരിച്ചെത്തിയത് ഉല്പത്തി പുസ്തകത്തിൽ കാണുന്നു ്. യേശുക്രിസ്തു യോർദ്ദാൻ നദിയിൽവച്ച് യോഹന്നാൻ സ്നാപകനാൽ സ്നാനം ഏറ്റസ മയത്ത് പരി. റൂഹാ പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പട്ടതായി വായിക്കുന്നു. സമാധാനത്തി ന്റെയും യാഗത്തിന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിദ്ധ്യം വെളിപ്പെടുത്തുന്ന ഒന്നായി പ്രാവിനെ കാണുന്നു.

#### 9.33.5.4. സിംഹം

സിംഹം ശക്തി, ആജ്ഞ, ധൈര്യം, വിപദിധൈര്യം എന്നിവയുടെ സൂചനയാണ്. സിംഹ ക്കുട്ടികൾ ജനിച്ച് മൂന്നു ദിവസം കഴിയുമ്പോൾ മാത്രമാണ് ജീവൻ വയ്ക്കുന്നതെന്നും ആൺസിംഹങ്ങൾ ഈ കുഞ്ഞുങ്ങളിൽ ശ്വാസം നൽകി ജീവൻവച്ച് ജീവിതത്തിലേക്ക് കൊു വരുന്നു എന്നും സിംഹത്തെ സംബന്ധിച്ച് ഒരു ഐതിഹ്യമു്. സിംഹത്തെ, മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനോട് ബന്ധപ്പെടുത്തിയിരിക്കുന്നു. യേശുവിനെ യഹൂദായുടെ സിംഹമെന്ന് ബൈബിൾ വിശേഷിപ്പിക്കുന്നു.

#### 9.33.5.5. ആന

ക്ഷമയുടെയും സഹനത്തിന്റെയും പാതിവ്രത്യത്തിന്റെയും സൂചനയായിട്ടാണ് ആനയെ കണക്കാക്കുന്നത്. ആനയുടെ വെള്ളക്കൊമ്പുകൾ പരിശുദ്ധിയെ സൂചിപ്പിക്കുന്നു.

#### 9.33.5.6. കോഴി

മനുഷ്യന്റെ പൊതുവായ ബലഹീനതയെയും അനുതാപത്തെയും സൂചിപ്പിക്കുന്നു. പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞതിന്റെ സൂചനയായി പലയിടങ്ങളിലും ഇത് ചിത്രീകരി ച്ചിട്ടു്. പൂവൻകോഴിയുടെ രൂപം കരുതലിന്റെ സൂചനകൂടിയാണ്. ഭക്ഷണം കത്തെിയാൽ പിടക്കോഴിയെ ശബ്ദമുാക്കി വിളിച്ച് അതിനുകൂടി നൽകുന്നു. ഇവിടെ ചിത്രീകരിച്ചിരിക്കുന്ന പോരിടുന്ന പൂവൻകോഴികൾ, പരസ്പരം കരുതേതിനു പകരം പോരിടുന്ന മനുഷ്യനെ സൂചി പ്പിക്കുന്നു.

#### 9.33.5.7. തോക്കുധാരിയായ മനുഷ്യൻ

പള്ളിയുടെ തെക്കുവശത്ത് മദ്ബഹാ ഭിത്തിയിലയി ഇതു കാണാം. ഇത് ദേശത്തിന്റെയും ദേവാലയനിർമ്മിതിയുടെയും ചരിത്രത്തെ സൂചിപ്പിക്കുന്നു. അഗ്നിക്കിരയായ ദേവാലയം പുനർനിർമ്മിക്കുവാൻ റാണി ഗൗരി പാർവ്വതീഭായിയും കേണൽ മൺറോയും ചെയ്ത സേവനം വിലമതിക്കാനാവാത്തതാണ്. ദേവാലയം പനർനിർമ്മിക്കാനുള്ള മുഴുവൻ തുകയും തടികളും കേണൽ മൺറോയുടെ ശ്രമഫലമായി ലഭിച്ചതാണ്. ദേവാലയനിർമ്മിതിക്കായി സഹായിച്ച കേണൽ മൺറോയോടുള്ള ആദരസൂചകമായിട്ടാണ് ഈ രൂപം ഭിത്തിയിൽ ചിത്രീകരിച്ചിരി ക്കുന്നത്. ശിലാഫലകത്തിൽ പേരുകൾ കൊത്തിവയ്ക്കന്നതിനു പകരം ഈ രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. റിലീഫ് വർക്കുകളിൽ കൂടുതലും പള്ളി മദ്ബഹായുടെ തെക്കുവ ശത്തെ ഭിത്തിയിലാണ്. വഴിയിലൂടെ പോകുന്നവർക്ക് ഇതു കാണുവാൻ തക്കവിധത്തിൽ ഉയർത്തിയാണ് ചിത്രീകരിച്ചിരിക്കുന്നത്.

## 9.34. കല്ലൂപ്പാറ വലിയപള്ളി സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം

ഒരു സഹസ്രാബ്ദത്തോളം പഴക്കമുള്ള കല്ലൂപ്പാറ സെന്റ് മേരീസ് ദേവാലയം മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനസ്തംഭങ്ങളിലൊന്നാണ്. വിശദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണം വലിയപള്ളിക്കുശേഷം തെക്കൻപ്രദേശത്ത് രൂപീകൃതമായ ആദ്യദേ വാലയമാണിത്. ചരിത്രപ്രസിദ്ധമായ ഈ ദേവാലയം നാനാജാതി മതസ്ഥരുടെ ആശ്രയവും അഭയവുമാണ്. നൂറ്റാുകളുടെ പഴമയും കേരള തച്ചുശാസ്ത്രപാരമ്പര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നിർമ്മിതിയും തനിമയോടെ നിലനിർത്തിയിട്ടുള്ള അപൂർവ്വം ദേവാലയങ്ങളിലൊന്നാണിത്. മലങ്കര ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനത്തിൽ ഉൾപ്പെട്ട ഈ ദേവാലയം പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ ജംഗ്ഷനു സമീപം സ്ഥിതിചെയ്യുന്നു.

### 9.34.1. കല്ലൂപ്പാറയുടെ ചരിത്രവഴികൾ

തെക്കുംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു കല്ലൂപ്പാറ. തികഞ്ഞ ഈശ്വരഭക്തനും ഉദാരമനസ്കനുമായ തെക്കുംകൂർ രാജാവ്, കല്ലൂപ്പാറദേശം ബ്രാഹ്മണണനായ ഇടപ്പള്ളി രാജാവിനു ദാനമയി നല്കിയതാണ്. മണിമലയാറിന്റെ തീരത്തു സ്ഥിത ചെയ്യന്ന ഒരു മലയോരഗ്രാമമാണ് കല്ലൂപ്പാറ. പെരും-പാറ-നാട് എന്നർത്ഥമുള്ള പെരുമ്പ്രനാട്എന്നായിരുന്നു കല്ലൂപ്പാറയുടെ പുരാതനനാമം.

സിറിയൻ ക്രൈസ്തവമേഖലകളായ കുറവിലങ്ങാട്, വൈക്കം, കടമ്പനാട് തുടങ്ങിയ പ്രദേശങ്ങളിൽനിന്നാണ് ക്രൈസ്തവ കുടുംബങ്ങൾ ഈ മേഖലയിലേക്ക് കുടിയേറിയത്. ഇവിടെ കുടിയേറിയ ക്രൈസ്തവർ ആരാധനയ്ക്ക് സംബന്ധിച്ചിരുന്നത് വിശുദ്ധ മാർത്തോമയാൽ സ്ഥാപിതമായ നിരണം വലിയപള്ളിയിലായിരുന്നു. മണിമല, പമ്പ എന്നീ നദികളിലൂടെ സഞ്ചരിച്ച് നിരണം വലിയപള്ളിയിൽ എത്തുക എന്നത് ജനങ്ങൾക്ക് വളരെ ക്ലേശകരമായിരുന്നു.

#### 9.34.1.1. പള്ളിയെ സംബന്ധിച്ചുള്ള ഐതിഹ്യം

ഇടപ്പള്ളി രാജവംശത്തിന്റെ അധീനതയിലായിരുന്ന കല്ലൂപ്പാറദേശത്തെ കീറിമുറിച്ചൊഴുകുന്ന മണിമലയാറിന്റെ വടക്കേതീരത്ത് മഠത്തുംഭാഗത്തുള്ള എളങ്ങല്ലൂർ മഠത്തിൽ, തമ്പുരാക്കന്മാർ വന്നു താമസിക്കുക പതിവായിരുന്നു. ഈ മഠത്തോടു ചേർന്ന് ആറിനഭിമുഖമായി കരിങ്കല്ലു പാകിയ കൽപ്പടവുകളോടുകൂടിയ ഒരു കുളിപ്പുരമാളികയും നിലകൊിരുന്നു. അങ്ങാടി കടവിനുസമീപം പുറമറ്റം ഗ്രാമപഞ്ചായത്തിലാണ് ഈ മാളിക ഇപ്പോൾ നിലനിൽക്കുന്നത്. മാളികയിൽ ഇടപ്പള്ളി തമ്പുരാൻ വിശ്രമിക്കുമ്പോൾ വടക്കുനിന്ന് വള്ളത്തിൽ കുറേപ്പേർ പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചു വരുന്നതു കു. മാളികയിൽനിന്നു പുറത്തിറങ്ങിയ തമ്പുരാൻ വെള്ളത്തുണിയിൽ പൊതിഞ്ഞ മൃതശരീരം വള്ളത്തിൽ കാണുവാനിടയായി. ഇതെന്താണെന്ന് വള്ളത്തിലുായിരുന്നവരോടു തമ്പുരാൻ അന്വേഷിച്ചു. ഞങ്ങൾ മണിമലയിൽനിന്നുള്ള നസ്രാണികളാണെന്നും, മൃതദേഹം സംസ്കരിക്കുവാൻ ഇടമില്ലാത്തതിനാൽ നിരണം പള്ളിയിലേക്ക് കൊുപോവുകയാണെന്നും അവർ ഉത്തരം പറഞ്ഞു. ആരാധനാസ്ഥലമില്ലാത്ത നസ്രാണികളുടെ ബുദ്ധിമുട്ട് നേരിട്ടറിഞ്ഞ തമ്പുരാൻ ആറിനക്കരെയുള്ള സ്ഥലം ചൂിക്കാട്ടി മൃതദേഹം അവിടെ സംസ്കരിക്കുവാനും പള്ളി സ്ഥാപിക്കുവാനും അനുമതി നല്കി. രാജാവിന്റെ ഉദാരമനസ്കത കല്ലൂപ്പാറയിലും ചുറ്റുപാടുമുള്ള നസ്രാണികളുടെ ഒത്തുചേരലിനു കാരണമായി. കല്ലൂപ്പാറ ദേവീക്ഷേത്രത്തിന് പടിഞ്ഞാറുവശത്ത് ദേവീക്ഷേത്രത്തിന്റെ ശ്രീമൂലസ്ഥാ

നമായ ആൽത്തറയോടു തൊട്ടുകിടക്കുന്ന താമരശ്ശേരി എന്ന ഇല്ലപ്പറമ്പാണ് തമ്പുരാൻ ദാനമായി നൽകിയത്.

#### 9.34.2. പള്ളിയുടെ കാലപ്പഴക്കം

പള്ളിയുടെ ഹൈക്കലായിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽഫലകത്തിൽ വ്യക്തമാകാത്ത ലിപികളിൽ കാണുന്ന ലിഖിതങ്ങൾ പള്ളിയുടെ സ്ഥാപിതതീയതിയും നിർമ്മിതിയുടെ വിവരങ്ങളും ആണെന്ന് പറയപ്പെടുന്നു. കാലപ്പഴക്കംകൊ് തേഞ്ഞ് അക്ഷരങ്ങൾ വായിക്കാൻ കഴിയാത്ത ഈ ലിപി കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ ആദ്യ നൂറ്റാുകളിലേതാണെന്നാണ് പുരാവസ്തുവകുപ്പിന്റ നിഗമനം. ഈ ദേവാലയത്തിന്റെ സ്ഥാപനം മലയാളവർഷം കർക്കിടകം മൂന്നാം തീയതിയാണെന്ന് പള്ളിയെ സംബന്ധിച്ചുള്ള മാർഗ്ഗംകളിപ്പാട്ടിൽ വ്യക്തമാക്കുന്നു. ഇതേ ദിനത്തിൽ ഇടവക, പള്ളിയുടെ കല്ലിട്ട പെരുന്നാൾ കൊാടുന്നു. കാലപ്പഴക്കത്തെപ്പറ്റി വ്യക്തമായ സൂചനകൾ ഒന്നുമില്ലെങ്കിലും കല്ലൂപ്പാറ പള്ളിക്ക് ഇടപ്പള്ളി രാജവംശത്തിന്റെ ആരംഭത്തോളം പഴക്കമുന്നെു കരുതാം.

#### 9.34.3. നിലവിലുള്ള ദേവാലയത്തിന്റെ രൂപഘടന

അതിപുരാതനമായ കല്ലൂപ്പാറ ദേവീക്ഷേത്രത്തിന് അടുത്തു സ്ഥിതി ചെയ്യുന്ന വലിയ പള്ളിയുടെ നിർമ്മാണവും ക്ഷേത്രമാതൃകയിലാണ്. പള്ളിയുടെ വാതിലുകളും മദ്ബഹയും ആർച്ചായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. മദ്ബഹായുടെ ഉൾവശത്തെ മേൽക്കൂര അർദ്ധവൃത്താകൃതിയിൽ വെട്ടുകല്ലുകൊ് നിർമ്മിച്ചിരിക്കുന്നു. പള്ളിയുടെ ഇരുവശത്തും 80 അടി നീളമുള്ള വരാന്തകൾ, മുകൾവശത്തും അത്രതന്നെ നീളമുള്ള കമാനങ്ങൾ ഉള്ള വരാന്തകൾ, തെക്കുവശത്തും വടക്കുവശത്തും തടികൊ് പൂർണമായി തീർത്ത നാലു പൂമുഖങ്ങൾ, പടിഞ്ഞാറുഭാഗത്ത് മൂന്നു മുഖങ്ങളോടുകൂടിയ പൂമുഖം, വടക്കുവശത്ത് മദ്ബഹായോടു ചേർന്ന് വലിയ മുഖപ്പുള്ള പൂമുഖമാതൃകയിൽ ഇരുനിലമാളിക. പള്ളിയുടെ ഉൾവശത്ത് തടിയിൽ കൊത്തുപണികളാൽ അലംകൃതമായ 33 അടി നീളവും 24 അടി വീതിയുമുള്ള വലിയ മട്ടുപ്പാവ്. വലിയ തടി ഉരുപ്പടികളിൽ കൊത്തുപണിയുള്ള കഴുക്കോലുകളും ഉത്തരവുമെല്ലാം ആരാധകരെ അത്ഭുതപ്പെടുത്തുന്നതാണ്.

പള്ളിയുടെ പുറംഭിത്തിയിലെ, മറ്റു ദേവാലയങ്ങളിൽ ഒന്നും കാണാത്ത പ്രത്യേകതകളുള്ള മാതാവിന്റെയും ഉണ്ണിയേശുവിന്റെയും അപൂർവശില്പം, വിശുദ്ധ പത്രോസ് ശ്ലീഹായുടെ ശില്പം, ആനയുടെ തലയും മത്സ്യത്തിന്റെ ഉടലുമുള്ള പ്രത്യേകരൂപം, ഇരുതലയുള്ള പക്ഷി എന്നീ ചിത്രപ്പണികൾ ആരെയും ആകർഷിക്കുന്നതാണ്. പള്ളിയുടെ മൂന്നര അടി വണ്ണമുള്ള വെട്ടുകല്ലിൽ തീർത്ത ഭിത്തി, വിശാലമായ മുറ്റം, കരിങ്കല്ലിൽ ചെരാതുകളുള്ള മതിൽ, കൽവിളക്ക്, പരിശുദ്ധ പരുമലത്തിരുമേനി ഉപയോഗിച്ചിരുന്ന ശില്പവേലകളാൽ അലംകൃതമയ കട്ടിൽ, കരിങ്കല്ലിലും തടിയിലും പണിതീർക്കപ്പെട്ട പള്ളിമേട ഇവയെല്ലാം വിശ്വാസികളെ ഒരു സഹസ്രാബ്ദം പിന്നിലുള്ള കാലഘട്ടത്തിൽ എത്തിക്കുന്നതാണ്.

#### 9.34.4. തീർത്ഥാടനകേന്ദ്രപ്രഖ്യാപനം

പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന ഏവർക്കും ആശ്വാസകേന്ദ്രമാണ് ഈ ആരാധനാലയം. പൗരാണികതയും തനിമയും നിലനിർത്തി പുനരുദ്ധരിച്ച ഈ മനോഹരദേവാലയത്തെ 2009 ജനുവരി 9-ാം തീയതി പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ദൈവമാതാവിന്റെ നാമത്തിലുള്ള പൗരസ്ത്യദേശത്തെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയുായി.

## 9.35. കല്ലിശ്ശേരി പള്ളി: മഴുക്കീർ പള്ളിയും സ്ഥാപനചരിത്രവും

പുരാതനകാലത്ത് യാത്രകൾ സമുദ്രത്തിലൂടെയും നദികളിലൂടെയും ആയിരുന്നു. സമുദ്രം കടന്ന് കൊടുങ്ങല്ലൂർ എത്തിയ സാഹസികരായ ക്നാനായക്കാർ ഉദയംപേരൂർ, മുളന്തുരുത്തി, കടുത്തുരുത്തി, കോട്ടയം അഴിയടുത്തുചിറ, നാക്കിട, നിരണം മുതലായ സമുദ്രതീരപ്രദേശങ്ങളിലേക്ക് കച്ചവടത്തിനും രാജ്യസേവനത്തിനുമായി അധിവാസമുറപ്പിച്ചു. വിശ്വസ്തരായ ഇവരെ നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും ക്ഷണിച്ചു വരുത്തിയിരുന്നു. പുരാതന ഗ്രാമങ്ങളായ കവിയൂർ, തിരുവല്ല, മഴുക്കീർ തുടങ്ങിയവ മണിമലയാറിന്റെയും പമ്പയുടെയും സാന്നിദ്ധ്യംകൊ് ഫലപുഷ്ടിയുള്ളതും കൃഷിക്കു പറ്റിയ പ്രദേശങ്ങളും ആയിരുന്നു. പുരാതനചരിത്രത്തിൽ വല്ലാപ്പുഴയെന്നാണ് മണിമലയാർ അറിയപ്പെട്ടിരുന്നത്. വല്ലവായ് എന്നു വിളിച്ചിരുന്ന സ്ഥലം ലോപിച്ചാണ് തിരുവല്ല ആയത് എന്ന് ചരിത്രം. തിരുവല്ലാ ഗ്രാമത്തിൽപ്പെട്ട തൃപ്പെരുന്തറ, നാക്കിട, നിരണം, മേപ്രാൽ, പെരുന്ന, അഴിയടുത്തുചിറ മുതലായ തുറമുഖങ്ങൾ വാണിജ്യസംസ്കാരകേന്ദ്രങ്ങളായിരുന്നു. ഉണ്ണിനീലിസന്ദേശത്തിൽ ഈ കച്ചവടകേന്ദ്രങ്ങളെ കൊല്ലത്തെയും കോഴിക്കോട്ടെയും വെല്ലുന്ന കച്ചവടസ്ഥലമായി പ്രകീർത്തിച്ചിട്ട്. ഇവിടുത്തെ പ്രമാണിമാരായ പത്തില്ലക്കാരിൽ പ്രധാനി വിലക്കില മംഗലമാണ്. തമിഴ് ബ്രാഹ്മണരെ വ്യാപാരത്തിനായി കൊുവന്നത് ഇവരാണ്. ഈ പ്രദേശങ്ങളിൽ അധിവസിച്ചിരുന്ന ക്നാനായക്കാർ ആദ്യകാലത്ത് എവിടെയാണ് ആരാധന നടത്തിയിരുന്നതെന്ന് യാതൊരു തെളിവുകളും ഇല്ലായിരുന്നു. പിന്നീടറിയപ്പെടുന്നത് പമ്പാനദിയുടെ തീരത്തുള്ള ചെങ്ങന്നൂർ പഴയസുറിയാനിപള്ളിയിലായിരുന്നു എന്നാണ്.

### 9.35.1. മഴുക്കീറിൽ സ്ഥാപിതമായ ദൈവാലയം

മഴുക്കീറു പ്രദേശത്തുായിരുന്ന ക്നാനായ പ്രമാണിയായിരുന്ന പവ്വോത്തിൽ പുന്നൂസിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ പള്ളിയിലെത്തിയ വിവാഹപാർട്ടിക്ക് വേ പരിഗണന ലഭിക്കാഞ്ഞതിൽ ക്ഷുഭിതരായ പവ്വോത്തിൽ പുന്നൂസും കൂട്ടരും കോട്ടയം വലിയപള്ളിയിൽവച്ചു വിവാഹകൂദാശ നടത്തുകയുായി. തങ്ങൾക്കു സ്വന്തമായി ഒരു പള്ളി പണിയണമെന്ന ആഗ്രഹത്തിൽ തിരികെ വരികയും മഴുക്കീർ തൃക്കേൽക്ഷേത്രത്തിന് കിഴക്കു പമ്പാനദിയുടെ കൈവഴിയായ വരട്ടാറിന്റെ തീരത്ത് കാവനാൽ കടവിനു സമീപമുള്ള പള്ളിഅയ്യം എന്നറിയപ്പെടുന്ന പുരയിടത്തിൽ ആദ്യമായി പള്ളി സ്ഥാപിക്കയും ചെയ്തു എന്നാണ് കല്ലിശേരിപള്ളിയുടെ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നത്. മഴുക്കീർപള്ളിയുടെ ആദ്യവികാരി വന്ദ്യ മത്തായി കത്തനാർ ആയിരുന്നു എന്നാണ് ഐതിഹ്യം. മുപ്പതുവർഷത്തോളം അവിടെ ആരാധന നടത്തി എന്ന് കല്ലിശ്ശേരി പള്ളിയുടെ പാട്ടിൽ പറഞ്ഞിരിക്കുന്നു.

> "കാരണം മഴുക്കീർ തന്നിൽ വെച്ച പള്ളിമുപ്പതാം
> കാലവുമവിടെനിന്നു മുങ്ങിപ്പൊങ്ങി മലയില
> കർത്താവു തന്നരുളാലെ പള്ളിനിറവേറി
> കല്ലിശ്ശേരിപള്ളിക്കുോരൊപ്പമൊരുപള്ളി"

ഇതിൽനിന്നു 1580-ൽ കല്ലിശ്ശേരിയിൽ ദൈവാലയം സ്ഥാപിതമാകുന്നതിന് മുപ്പതിലധികം വർഷങ്ങൾക്കുമുമ്പേ മഴുക്കീറിൽ പള്ളിവയ്ക്കുകയും ആരാധന ആരംഭിക്കുകയും

ചെയ്തു എന്നു വ്യക്തമാകുന്നു. പള്ളി സ്ഥാപിച്ചതിന്റെ മുപ്പതാം വർഷത്തിലുായ അതി വർഷവും വെള്ളപ്പൊക്കവുംമൂലം വരട്ടാറിന്റെ ഗതിമാറുകയും തടിയിൽ നിർമ്മിച്ച പള്ളിക്കെട്ടിടം ഒഴുകിപ്പോവുകയും ചെയ്തു. നാട്ടുകാർകൂടി അതിന്റെ മേക്കൂട് ആറാട്ടുകടവിനു സമീപമുള്ള മലയിൽ വലിച്ചു കയറ്റി താല്ക്കാലികമായി ആരാധന തുടങ്ങി. ആയതിനാൽ ആ മല ഇന്നും പള്ളിമല എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ സ്ഥലം വാങ്ങുന്നതിനുവേി പരേതരായ ബ. മടുക്കോലിൽ അച്ചനും ബ. ഇടശ്ശേരിയത്ത് അച്ചനും ആഗ്രഹിച്ച് പല ശ്രമങ്ങളും നടത്തുകയുായി. അധികാരസ്ഥാനങ്ങളിൽനിന്നും അനുകൂല തീരുമാനങ്ങളുാകാഞ്ഞതിനാൽ നിരാശരായി. ഇപ്പോൾ പള്ളിമല മലങ്കരകത്തോലിക്കാസഭക്കാരുടെ അധീനതയിലാണ്. പള്ളിയിരുന്ന സ്ഥലം ശ്രീവല്ലഭക്ഷേത്രത്തിന്റെ ആറാട്ടുകടവിന് സമീപമായിരുന്നു. ആ കുന്നിനു മുകളിൽ എത്രനാൾ ആരാധന നടത്തിയെന്ന് വ്യക്തമായി കാലനിർണ്ണയം ചെയ്യുവാൻ തെളിവുകൾ ഇല്ല.

ചെങ്ങന്നൂർ സുറിയാനിപള്ളി സന്ദർശിച്ചശേഷം ആർച്ചുബിഷപ്പ് മെനേസിസ് മഴുക്കീർപള്ളി സന്ദർശിച്ചതായി ഗോവിയോ, ജൊർനാഡോ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടു്. മഴുക്കീർ എന്നതിന് അദ്ദേഹം Maruquitil എന്നാണ് പറഞ്ഞിരിക്കുന്നത്. Maruquitil പിൽക്കാലത്ത് മണർകാട്, മാരാമൺ എന്നൊക്കെ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിട്ടു്. മഴുക്കീറിൽനിന്നും ചങ്ങനാശേരിയിലേക്കാണ് അദ്ദേഹം പോയത്. ചെങ്ങന്നൂർ സുറിയാനിപള്ളിയുടെ സമീപപ്രദേശമാണ് മഴുക്കീർ. മെനേസിസ് സന്ദർശിച്ചത് മഴുക്കീർ തന്നെയാണ് എന്നതിന്റെ അസന്ദിഗ്ധമായ തെളിവാണ് തന്റെ ചങ്ങനാശേരി യാത്ര.

പുരാതനകാലം മുതലേ തിരുവല്ലാക്ഷേത്രത്തിലെ ആറാട്ട് കുറ്റൂർ പള്ളിമലയ്ക്കു സമീപമുള്ള കടവിലായിരുന്നു. ഇന്നും ആ കടവ് ആറാട്ടുകടവ് എന്നാണറിയപ്പെടുന്നത്. ഈ പ്രദേശങ്ങൾ അടങ്ങിയ തിരുവല്ലാഗ്രാമം അടക്കിവാണിരുന്നത് വിലക്കില മംഗലമുൾപ്പെട്ട പത്തില്ലം പോറ്റിമാർ ആയിരുന്നു. ഒരു വർഷത്തെ ആറാട്ടെഴുന്നള്ളിപ്പു സമയം പള്ളിപ്പെരുന്നാൾ നടക്കുകയായിരുന്നു. ഇതിൽ ക്ഷുഭിതരായ മാടമ്പികൾ പള്ളി തീവെച്ചു നശിപ്പിക്കുകയുായി. കൂടുതൽ ക്നാനായക്കാർ തെക്കേക്കരക്കാരായിരുന്നതിനാൽ, വടക്കേക്കര പ്രമാണിമാരും തെക്കേക്കരക്കാരും തമ്മിലുള്ള മത്സരവും ഇതിനൊരു കാരണമാകാം. ആ കാലഘട്ടത്തിൽ കരക്കാർ തമ്മിൽ കലഹങ്ങൾ ഉാവുക സാധാരണമായിരുന്നു. പത്തിലത്തുപോറ്റിമാർക്ക് വരട്ടാറിന് തെക്കുള്ള സ്ഥലങ്ങളിൽ അധികാരം ഇല്ലാത്തതിനാൽ അവിടെ പള്ളിക്കുവേ സ്ഥലം കുപിടിക്കുന്നതിനുവേി പരിശ്രമിക്കുകയും അഴേകാവിൽ ക്ഷേത്രത്തിനു സമീപമുള്ള കല്ലൂശ്ശേരി പുരയിടം പള്ളിവയ്ക്കുന്നതിനു പറ്റിയതാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. പഴയകാലം മതസൗഹാർദ്ദമുള്ള കാലഘട്ടമായതിനാൽ പള്ളികളും ക്ഷേത്രങ്ങളും അടുത്തടുത്തു സ്ഥാപിക്കുന്നതിൽ ഒരു കുറ്റവും പഴമക്കാർ ദർശിച്ചിരുന്നില്ല.

**കല്ലിശ്ശേരി പുരയിടത്തിൽ സ്ഥാപിതമായ ദൈവാലയം**

കല്ലിശ്ശേരി പള്ളിയുടെ പാട്ടിൽ പള്ളിയുടെ സ്ഥാപനത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"അരചൻ വിരുതെഴുമഴകിയനിറമാണി
മുത്തേടത്തുസ്വരൂപത്തിൽ മൂപ്പുവാഴും
ആചാര്യപ്രഭുദേവൻ പരമീശൻനാമം

ചേരുംവീരൻ തിരുമുമ്പിൽ കനകംവെച്ചു
വെച്ചകാഴ്ചയെടുത്തുടനെ ഭൂമിദാനം
പള്ളിയ്ക്കും നാലാർക്കും നല്കിതൃക്കൈ ലക്ഷ്യത്താൽ"

പള്ളിനിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്നതിനായി മുത്തേടത്തു വഞ്ഞിപ്പുഴമഠം തമ്പുരാനെ കാണുവാനായി തീരുമാനിച്ചു. തമ്പുരാൻ മൈനറായിരുന്നതിനാൽ കാര്യഭരണം നടത്തിയിരുന്ന അമ്മ തമ്പുരാട്ടിയെ സമീപിക്കുകയും തങ്ങളുടെ ഇംഗിതം അറിയിക്കുകയും ചെയ്തു. തന്റെ കാര്യസ്ഥനും ഈ സ്ഥലം ആവശ്യപ്പെട്ടിരുന്നതിനാൽ ബുദ്ധിമതിയായ തമ്പു രാട്ടി കനകപ്പൊടി മഠത്തിൽ കാഴ്ചവയ്ക്കുന്നവർക്കു സ്ഥലം കൊടുക്കാം എന്നു പറഞ്ഞു. ഇതുകേട്ട് എല്ലാവരും നിരാശരായി പിരിഞ്ഞുപോയി. അന്നത്തെ പ്രമാണികളായിരുന്ന പള്ളി യേമ്പിൽ ഉതുപ്പ്, മെഗലത്തിൽ ഉതുപ്പാൻ, മാളിയേക്കൽ മാപ്പിള, പവ്വാറമാപ്പിള, പവ്വോത്തിൽ പുന്നൂസ് എന്നീ പ്രമാണിമാർ കൂടി ആലോചിക്കുകയും വേറെ എവിടെയെങ്കിലും സ്ഥലം കുപിടിച്ച് പള്ളിവയ്ക്കാം എന്ന ചിന്തയിൽ പിരിയുകയും ചെയ്തു. സ്വഭവനത്തിൽ നിരാശ രായി എത്തിയ പള്ളിയേമ്പിൽ ഉതുപ്പിന്റെ വയോവൃദ്ധയായ മാതാവ് പ്രയാസകാര്യം തിരക്കു കയും സന്തോഷമായിരിക്കൂ ഞാൻ പരിഹാരം ഉാക്കിത്തരാം എന്നു പറയുകയും ചെയ്തു. അദ്ദേഹം സമാധാനമായി ഉറങ്ങി. നിരാശയോടെ പോയ മറ്റു പ്രമാണിമാരെ വിവരം അറിയി ക്കുകയും രാവിലെതന്നെ തമ്പുരാട്ടിയെ കാണാൻ തീരുമാനിക്കുകയും ചെയ്തു. യാത്രയ്ക്കൊ രുങ്ങിയ മകന്റെ കൈയിൽ കനകപ്പൊടി സൂക്ഷിച്ചിരുന്ന പുല്ലുവട്ടി കൊടുത്തു യാത്രയാക്കി. പള്ളിയേമ്പിൽ ഉതുപ്പും കൂട്ടരും തമ്പുരാട്ടിയെ ക് കാഴ്ചവച്ച് കല്ലിശ്ശേരി പുരയിടം കരസ്ഥ മാക്കി.

1580-ൽ സ്ഥാപിതമായ പള്ളി ആ പുരയിടത്തിന്റെ പേരിൽ അറിയപ്പെടാൻ തുടങ്ങി. അങ്ങനെ പള്ളിക്കു ചുറ്റുമുള്ള പ്രദേശം കല്ലിശ്ശേരി ആയി മാറി. കല്ലിശ്ശേരി എന്ന സ്ഥലപ്പേർ റവന്യൂ റിക്കാർഡിൽ ഇല്ല. ഈ പുരയിടം മഴുക്കീർമേൽ എന്ന സ്ഥലത്താണ് സ്ഥിതിചെയ്യു ന്നത്. സമീപത്തുള്ള കര മഴുക്കീർകീഴുമാണ്. രാമങ്കേരി മുതൽ റാന്നിവരെ പതിനെട്ടു കരക ളിൽ അധിവസിച്ചിരുന്നവർ ഈ പള്ളി ഇടവകാംഗങ്ങൾ ആയിരുന്നു. മലങ്കര സുറിയാനിസഭ യിലെ വെള്ളിനക്ഷത്രമായി പരിശോഭിച്ച ധീരസേനാനിയായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഈ ഇടവക വികാരി ആയിരുന്നു. കർമ്മധീരനായ ഈ മഹത്വ്യക്തിയുടെ ത്യാഗ പൂർണ്ണമായ ജീവിതമാണ് ഈ സഭയുടെ നിലനില്പിനാധാരമായിത്തീർന്നത്. കൂനൻകുരിശു സത്യത്തെത്തുടർന്ന് പോർട്ടുഗീസുകാരായ കത്തോലിക്കരുടെ പൂർവ്വികവിശ്വാസത്തെ നില നിർത്തുന്നതിനും നുഴഞ്ഞുകയറ്റത്തെ തടയുന്നതിനും അക്ഷീണം പരിശ്രമിച്ച ത്യാഗമൂർത്തി യായ ഈ വൈദികശ്രേഷ്ഠൻ കല്ലിശേരിപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മുപ്പതുവർഷം മഴുക്കീറിലും കുറേ വർഷങ്ങൾ പള്ളിമലയിലും ആരാധന നടന്നത് കണ ക്കാക്കാതെ കാലനിർണ്ണയം ചെയ്യുകയോ മനപൂർവ്വം മറന്നുപോവുകയോ ചെയ്തതിനാലാണ് മഴുക്കീർ പള്ളിയെ വിസ്മരിച്ചുപോയത്. കല്ലിശ്ശേരിപള്ളിയുടെ സ്ഥാപനകാലം 1580 ആണ്. മഴുക്കീറിൽ അതിനു പുറമേ പള്ളിഅയ്യത്ത് മുപ്പതുവർഷം ആരാധനനടന്നു. 1580-ൽ നിന്നും മുപ്പതു കുറച്ചാൽ മഴുക്കീർപള്ളിസ്ഥാപനം 1550 ആണെന്ന് മനസ്സിലാകും. പള്ളിമലയിൽ എത്ര കാലം ആരാധന നടത്തിയെന്ന് ആർക്കും അറിയുകയില്ല.

1953-ൽ മഴുക്കീർ പള്ളിപണിക്കുവേി കാവനാൽകടവിൽനിന്നും മണ്ണെടുത്തപ്പോൾ പഴയപള്ളിയുടെ അവശിഷ്ടങ്ങൾ കാണുകയുായി. ഉടഞ്ഞ ഇഷ്ടികകളും ധാരാളം ചെറി

യകുരിശുകളും ലഭിക്കുകയുായി. ഈ കുരിശുകൾ അവിടെ കല്ലറകൾ സ്ഥിതിചെയ്തിരുന്നു എന്നതിന് തെളിവാണ്. ഇപ്പോഴത്തെ പള്ളിയുടെ അടിത്തറയിൽ അവ നിക്ഷേപിക്കുകയുായി. പള്ളിപണിക്കുവേി ശ്രമദാനം നടത്തിയവരിൽ ചിലർ ഇതിന് ദൃക്സാക്ഷികൾ ആയിരുന്നു. 1953–ൽ നിർമ്മിച്ച മഴുക്കീർപള്ളി പുരാതനമായ ഒരു ദൈവാലയത്തിന്റെ പുനഃപ്രതിഷ്ഠാകർമ്മ മായി കണക്കാക്കാവുന്നതാണ്.

കല്ലിശ്ശേരിപള്ളിയുടെ ആദ്യവികാരി പ്രസിദ്ധനായ തുളുനാട്ടച്ചൻ ആയിരുന്നു എന്ന് പുരാതനപാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. നവീകരണപ്രസ്ഥാനത്തിന്റെ അലയൊലികൾ കല്ലി ശേരി ഇടവകയേയും ബാധിച്ചു. കടവിൽ ഏബ്രഹാം കത്തനാരുമായി കേസുകൾ ആരംഭിച്ച പ്പോൾ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേി കേസുകളും മറ്റും കൈകാര്യം ചെയ്തത് ഊർജ്ജസ്വലനായ പടിഞ്ഞാറെ പുരക്കൽ ശ്രീ കൊച്ചുചാക്കോ ആയിരുന്നു. നവീകരണ കാല ഘട്ടത്തിൽ കടവിൽ ഏബ്രഹാം കത്തനാർ പാലക്കുന്നത്തുമെത്രാന്റെ വിശ്വസ്ത ആലോചന ക്കാരൻ ആയിരുന്നു. പ. പത്രോസ് പാത്രിയർക്കീസിന്റെ വരവോടെ നവീകരണപ്രസ്ഥാനം ക്നാനായക്കാരുടെ ഇടയിൽ അവസാനിച്ചു.

## 9.36. വായ്പൂര് സെന്റ് മേരീസ് പഴയപള്ളി (1212)

മണിമലയാറിന്റെ തീരത്ത് കോട്ടാങ്ങൽ-മല്ലപ്പള്ളി റോഡരികിൽ സ്ഥിതി ചെയ്യുന്ന വായ്പൂർ സെന്റ് മേരീസ് ദൈവാലയത്തിന് ഏറെ നൂറ്റാുകളുടെ ചരിത്രമു്. ക്രിസ്തു വർഷം 1212–ൽ ഈ പള്ളി സ്ഥാപിക്കപ്പെട്ടതായിട്ടാണു പാരമ്പര്യം. അടുത്തകാലത്തു പൊളി ച്ചുമാറ്റിയ പള്ളിക്കുതന്നെ ദീർഘകാലത്തെ പഴക്കുമുിരുന്നു. പള്ളിയെ സംബന്ധിക്കുന്ന പഴയരേഖകളെല്ലാം നഷ്ടപ്പെട്ടുപോയിരിക്കുന്നതിനാൽ പൂർവ്വകാലചരിത്രസംഭവങ്ങൾ മിക്കതും ഇന്ന് അജ്ഞാതമാണ്. പരമ്പരാഗതമായി കൈമാറിപ്പോരുന്ന വാങ്മയവൃത്താന്തങ്ങളാണ് ഇപ്പോൾ ആലംബമാക്കാവുന്നത്.

സമീപദിക്കുകളായ കോട്ടാങ്ങൽ, ചുങ്കപ്പാറ, മണിമല, കുളത്തൂർ, എഴുമറ്റൂർ, വായ്പൂർ എന്നീ പ്രദേശങ്ങളിലെ ക്രിസ്തീയ വിശ്വാസികൾ ആദ്യനൂറ്റാുകളിൽ നിരണംപള്ളിയിൽ പോയാണു തിരുക്കർമ്മങ്ങളിൽ പങ്കെടുത്തിരുന്നതും തങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേ റ്റിയിരുന്നതും. എന്നാൽ, പിൽക്കാലത്തു കല്ലൂപ്പാറയിൽ പള്ളി സ്ഥാപിക്കപ്പെട്ടതോടുകൂടി ആ പ്രദേശങ്ങളിലെല്ലാമുള്ള വിശ്വാസികൾക്ക് അത് ആശ്വാസകരമായിത്തീർന്നു. കല്ലൂപ്പാറയിൽനി ന്നുമാണ് ക്രിസ്ത്യാനികൾ ആദ്യമായി വായ്പൂരു പ്രദേശത്തു താമസമാക്കിയത്. ഇങ്ങനെ, വായ്പൂരിൽ എത്തിയ ആദ്യത്തെ ക്രിസ്ത്യാനികൾ എടൂർ കുടുംബക്കാരായിരുന്നുവന്നു പറ യപ്പെടുന്നു. വായ്പൂരിലെ ക്രിസ്ത്യാനികൾ ഏറെനാൾ  കല്ലൂപ്പാറ പള്ളിയിൽ പൊയ്ക്കൊ ിരുന്നു. ദീർഘവും ദുർഗ്ഗമവുമായ വഴികളിലൂടെ യാത്ര ചെയ്യേിയിരുന്ന അക്കാലത്ത് അവർ കാൽനടയായും ജലമാർഗ്ഗമായുമാണ് കല്ലൂപ്പാറപള്ളിയിൽ എത്തിയിരുന്നത്. ഈ സാഹ ചര്യങ്ങളിൽ തങ്ങളുടെ നാട്ടിൽത്തന്നെ ഒരു ആരാധനാലയം ഉാകേത് വളരെ ആവശ്യക മായി വായ്പൂര് നിവാസികൾക്ക് അനുഭവപ്പെട്ടു. മധ്യകാലഘട്ടങ്ങളിൽ കല്ലൂപ്പാറയും പ്രാന്ത പ്രദേശങ്ങളും ഇടപ്പള്ളി രാജാവിന്റെ അധീനതയിലായിരുന്നതിനാൽ വായ്പൂർഗ്രാമം അദ്ദേ ഹത്തിന്റെ അധികാരസീമയിൽപെട്ടിരുന്നു. ആരാധന നടത്തുന്നതിനു തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ വിശ്വാസികൾ ഒറ്റക്കെട്ടായി ഇടപ്പള്ളി രാജാവിനെക്ക് ഉണർത്തിച്ചു. ക്രിസ്ത്യാ

നികളുടെ കഷ്ടതകളിൽ അനുകമ്പ തോന്നിയ രാജാവ് കരം ഒഴിവാക്കിക്കൊ് പള്ളി വയ്ക്കുവാൻ അനുമതി നൽകി. താഴത്തുമംഗലത്തു നായർ കുടുംബക്കാരാണ് പള്ളിക്ക് ആവശ്യമായ സ്ഥലം ദാനം ചെയ്തതെന്നു പറയപ്പെടുന്നു. ഏകദേശം 50 വർഷം മുമ്പുവരെ ഈ കുടുംബക്കാർക്കു പള്ളിയിൽനിന്നു ചില അവകാശങ്ങൾ നല്കിവന്നിരുന്നു. പള്ളി ഓടുമേയുന്ന കാലം വരെ എല്ലാവർഷവും അതിനു പുല്ലു മേഞ്ഞുകൊടുത്തിരുന്നത് ഈ കുടുംബക്കാരായിരുന്നുവത്രേ.

പ്രസിദ്ധ ചരിത്രകാരനായ റവ. ഫാ. ബർണാർദ് റ്റി.ഒ.സി.ഡി. "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന തന്റെ ഗ്രന്ഥത്തിൽ വായ്പൂരു പള്ളിയെക്കുറിച്ച് സാന്ദർഭികമായി കൊടുത്തിട്ടുള്ള ചില വിവരങ്ങൾ പള്ളിയുടെ പഴയകാലചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. 1653-ലെ 'കൂനൻകുരിശുസത്യം' കേരളസഭയിൽ ഖേദകരമാംവിധം പിളർപ്പുാക്കിയെന്നത് സുവിദിതമാണ്. വിഘടിതവിഭാഗത്തെ കത്തോലിക്കാഐക്യത്തിലേക്കു തിരിച്ചുകൊവരാൻ പരി.സിംഹാസനം ഉത്സാഹപൂർവ്വം പരിശ്രമിക്കുകയും അതിനായി ജോസഫ് മരിയ സെബസ്ത്യാനി, വിൻസന്റ് ഹയസിന്ത് എന്നീ കർമ്മലീത്താ വൈദികരെ അപ്പസ്തോലിക് കമ്മിസറിമാരായി കേരളത്തിലേക്ക് അയയ്ക്കുകയും ചെയ്തു. അവരുടെ പരിശ്രമഫലമായി ഒട്ടേറെ പള്ളികൾ അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കുകയും പുനരൈക്യപ്പെടുകയുമുായി. മെത്രാൻസ്ഥാനത്തോടും കേരളസഭയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ എന്ന പദവിയോടുംകൂടെ മാർ സെബസ്ത്യാനി കേരളത്തിൽ തിരിച്ചുവന്നെങ്കിലും താമസംവിനാ ഡച്ചുകാർ പോർത്തുഗീസുകാരെ തുരത്തി കേരളത്തിൽ ആധിപത്യം സ്ഥാപിച്ചതിനെത്തുടർന്ന് അദ്ദേഹത്തിനു മടങ്ങിപ്പോകേിവന്നു. പിന്നീട്, ഏതാനും വർഷങ്ങൾക്കുശേഷം ഇവിടെ സഭാതലത്തിൽ സുദീർഘമായ ഒരു കാലഘട്ടം മൂഴുവൻ രുതരം ഭരണസംവിധാനമാണു നിലവിലുായിരുന്നത്. വരാപ്പുഴ കേന്ദ്രമാക്കിയുള്ള വികാരി അപ്പസ്തോലിക്കാഭരണവും കൊടുങ്ങല്ലൂർ മെത്രാസനം കേന്ദ്രമാക്കിയുള്ള 'പദ്രുവാദോ' ഭരണവും ഇങ്ങനെ 1767-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ കീഴിൽ നിന്നിരുന്ന 45 പള്ളികളുടെ പേര് മേൽപറഞ്ഞ പുസ്തകത്തിൽ എടുത്തുപറയുന്ന കൂട്ടത്തിൽ വായ്പൂര് പള്ളിയും ഉൾപ്പെടുന്നുന്നൊുള്ളതു ശ്രദ്ധേയമാണ്.

കരിയാറ്റിൽ യൗസേപ്പുമല്പാൻ തന്റെ സഹചരനായിരുന്ന പാറേമ്മാക്കാൽ തോമ്മാക്കത്തനാരുമൊന്നിച്ചു റോമായാത്ര ചെയ്തശേഷം ലിസ്ബണിൽവച്ച് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും തുടർന്ന് ഇരുവരും കേരളത്തിലേക്കു മടക്കയാത്ര ആരംഭിക്കുകയും ചെയ്തു. എന്നാൽ തിരിച്ചു വരുംവഴി മെത്രാപ്പോലീത്ത ഗോവയിൽവച്ച് ആകസ്മികമായി നിര്യാതനായി. പിന്നീട് കൊടുങ്ങല്ലൂർ മഹാമെത്രാസനത്തിന്റെ ഭരണഭാരം ഗോവർണദോർ എന്ന നിലയിൽ തോമ്മാക്കത്തനാരിലാണു നിക്ഷിപ്തമായത്. സുറിയാനിപ്പള്ളികളെല്ലാം അദ്ദേഹത്തെ തങ്ങളുടെ വൈദികാധികാരിയായി അംഗീകരിച്ചു. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ഭാവിയെ സാരവത്തായി സ്പർശിക്കുന്നതും ഗൗരവാവഹവുമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അദ്ദേഹം 1787 ഫെബ്രുവരി 2-ാം തീയതി അങ്കമാലി വലിയ പള്ളിയിൽ വിളിച്ചുകൂട്ടിയ മഹായോഗത്തിൽ വായ്പൂർ ഇടവകയിൽനിന്നു മൂന്നു വൈദികരും ഒരു ശെമ്മാശനും പങ്കെടുത്തിരുന്നുവെന്നുള്ളത് ഈ ഇടവകയുടെ പാരമ്പര്യവും പ്രാമുഖ്യവും വ്യക്തമാക്കുന്നു്.

പാറേമ്മാക്കാൽ തോമ്മാക്കത്തനാർ കൊടുങ്ങല്ലൂർ അതിരുപതയുടെ ഗോവർണ്ണദോരായി സ്ഥാനമേറ്റശേഷം സുറിയാനി കത്തോലിക്കർ രാജസമക്ഷം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്

തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ ഗോവർണദോരിനും അദ്ദേഹത്തിന്റെ ആലോചനാസമിതിയംഗങ്ങൾക്കും ചില അവകാശങ്ങളും പദവികളും അനുവദിച്ചുകൊടുക്കുകയുായി. ഇതിലേക്ക് നസ്രാണിസമുദായത്തിലെ എല്ലാ പള്ളികളിൽനിന്നും പണപ്പിരിവു നടത്തുകയും അന്നത്തെ നടപടിക്രമമനുസരിച്ച് തിരുവിതാംകൂർ സർക്കാരിൽ 30908 രൂപയും കൊച്ചി സർക്കാരിൽ 14000 രൂപയും അടിയറവു വയ്ക്കുകയും ചെയ്തു. ഇതിനായി വായ്പ്പൂരു പള്ളി 100 കലിപ്പണവും അവിടത്തെ ജനങ്ങൾ 2000 കലിപ്പണവും നൽകിയതായി കാണുന്നു. അക്കാലത്തെ സാമ്പത്തിക മാനദണ്ഡംവച്ചു നോക്കുമ്പോൾ ഇതു ഗണ്യമായ ഒരു തുകയായിരുന്നെന്നു കാണാം.

വായ്പൂരിന്റെ സമീപപ്രദേശങ്ങളിലെ മിക്ക പള്ളികളും ഈ ഇടവകയിൽനിന്ന് ഓരോ കാലത്തു പിരിഞ്ഞ് സ്വതന്ത്രഇടവകകളായിത്തീർന്നിട്ടുള്ളവയാണ്. കൃഷിഭൂമി തേടി ഹൈറേഞ്ച്, മലബാർ തുടങ്ങിയ പ്രദേശങ്ങളിൽ ജീവിതവൃത്തിക്കായി കുടിയേറിപ്പാർത്തിട്ടുള്ള ഇടവകമക്കൾ മാതാവിന്റെ തിരുനാൾദിനത്തിലും മറ്റു വിശേഷാവസരങ്ങളിലും ഇവിടെയെത്തി അമ്മയെ വണങ്ങുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും പതിവാണ്.

പഴയപള്ളിയുടെ സ്ഥലപരിമിതിയും പഴക്കവുംമൂലം ആധുനികകാലത്തിനിണങ്ങിയ ഒരു പുതിയ പള്ളി പണിയിക്കുവാൻ തീരുമാനമെടുത്തു. 1995-ൽ തുടങ്ങി ആറുവർഷകൊ് വളരെ മനോഹരമായ ഒരു ദേവാലയം പണിതുയർത്തുവാൻ കഴിഞ്ഞു. 120 അടി നീളവും 45 അടി വീതിയും 60 അടി ഉയരവുമുള്ളതാണു പുതിയ ദൈവാലയം. 'ഗെയിറ്റ് വെ ടു ദി ഹൗസ് ഓഫ് ഗോഡ് ഓപ്പൺഡ് ടു ഓൾ' എന്ന ലിഖിതത്തോടുകൂടിയ മനോഹരമായ പ്രധാന കവാടത്തിന്റെ മധ്യഭാഗത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന കൽക്കുരിശ് ഇടവകയുടെ പൗരാണികപാരമ്പര്യം വിളിച്ചോതുന്നു. ഏഴേകാൽ അടി നീളത്തിലും രടി വീതിയിലും മൂന്നടി ഉയരത്തിലും ഒറ്റക്കല്ലിൽ തീർത്തിട്ടുള്ള ബലിപീഠം ദൈവാലയത്തിന്റെ പുരാതനത്വത്തിന് നിദർശനമാണ്. പുതിയ ദൈവാലയത്തിന്റെ ഒരു സവിശേഷതയാണ് അതിനോട് ചേർന്ന് ഉയർന്നുനിൽക്കുന്ന ക്ലോക്ക് ടവറും അതിൽ സംവിധാനം ചെയ്തിരിക്കുന്ന വലിയ ഘടികാരവും. ഘടികാരം ഉതിർക്കുന്ന മണിനാദം കുറെ അകലെപ്പോലും കേൾക്കുവാൻ കഴിയും. ദേവാലയത്തിനു സമീപം സ്ഥാപിതമായിരിക്കുന്ന 40 അടി ഉയരമുള്ളതും ചെമ്പുതകിടിൽ പൊതിഞ്ഞതുമായ മനോഹരമായ കൊടിമരം ശ്രദ്ധേയമാണ്.

## 9.37. സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പുത്തൻകാവ്

### 9.37.1. പ്രാരംഭചരിത്രം

പുരാതനക്രിസ്ത്യൻ കേന്ദ്രങ്ങളായ നിരണം, കുറവിലങ്ങാട്, നിലയ്ക്കൽ എന്നീ ഭാഗങ്ങളിൽനിന്നും ക്രിസ്ത്യാനികൾ ടിപ്പുവിന്റെയും പാിപ്പടയുടെയും ഉപദ്രവം നിമിത്തം കടമ്പനാട്, കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കുകയുായി. ആ കാലങ്ങളിൽ അങ്ങനെ വന്നവർ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ ചേർന്ന്, കൂദാശാകർമ്മങ്ങൾ അനുഷ്ഠിച്ചുവന്നു. പുത്തൻകാവ്, ആറാട്ടുപുഴ, മംഗലം, പാനാട്, കുറിച്ചിമുട്ടം, വെൺമണി, മുളക്കുഴ, പുലിയൂർ, പേരിശ്ശേരി, നെല്ലിക്കൽ, കൂർത്തമല, ഇടനാട് എന്നിവിടങ്ങളിലായി പൂർവ്വികർ ചിതറിപ്പാർത്തുവസിച്ചിരുന്നു. എങ്കിലും വെള്ളപ്പൊക്ക കാലയളവിൽ ആരാധനയ്ക്കായി ചെങ്ങന്നൂരിൽ പോകുവാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു.

ചെങ്ങന്നൂരിനു കിഴക്കുള്ള ക്രിസ്ത്യൻ കുടുംബാംഗങ്ങൾ പുത്തൻകാവ് കേന്ദ്രമാക്കി ഒരു ആരാധനാലയം പണികഴിപ്പിക്കുന്നതിലേക്കായി സ്ഥലം കിട്ടണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചിരുന്നു.

പുത്തൻകാവ് കേന്ദ്രമാക്കി ആരാധനാലയം പണിയുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുവാനുള്ള മുഖ്യകാരണം പുത്തൻകാവ് ഒരു വലിയ വിപണനകേന്ദ്രമായിരുന്നു എന്നതാണ്. ക്രിസ്ത്യാനികൾ താമസമാക്കുന്നതിനു മുമ്പുതന്നെ വ്യാപാരകേന്ദ്രം എന്ന നിലയിൽ പമ്പാതീരത്തെ ഈ പ്രദേശത്തിന്റെ പ്രശസ്തി തിരുവിതാംകൂറിലേക്കും വ്യാപിച്ചിരുന്നു. കച്ചവടാഭിവൃദ്ധിക്കു വേിയാണ് ക്രിസ്ത്യാനികൾ ഇവിടെ വന്നു പാർക്കുവാൻ തുടങ്ങിയത്. ഇവിടുത്തെ പൂർവ്വനിവാസികൾ ചെട്ടിപിള്ളമാർ ആയിരുന്നു. ക്രിസ്ത്യാനികളുടെ ആഗമനത്തോടുകൂടി ഇവർ ചെങ്ങന്നൂർ മഹാദേവക്ഷേത്രപരിസരങ്ങളിലേക്കും മറ്റു പ്രദേശങ്ങളിലേക്കും മാറിത്താമസിക്കുകയുായി. അങ്ങനെ ക്രിസ്ത്യാനികൾമാത്രം വസിക്കുന്ന ഒരു ഗ്രാമമായി പുത്തൻകാവ് പരിണമിക്കുകയാണുായത്.

പുത്തൻകാവിലും സമീപപ്രദേശങ്ങളിലുമുള്ള ക്രിസ്ത്യാനികൾക്ക് കച്ചവടാഭിവൃദ്ധി ഉായപ്പോൾ തങ്ങളുടെ ഗ്രാമത്തിൽ ഒരു ആരാധനാലയം നിർമ്മിക്കണമെന്നുള്ള ആഗ്രഹം അവർ അന്നത്തെ മലങ്കരമെത്രാപ്പോലീത്ത ആയിരുന്ന വലിയ മാർ ദിവന്നാസിയോസ് (ആറാം മാർത്തോമ്മാ) തിരുമനസ്സിനെ അറിയിച്ചു. ആറാം മാർത്തോമ്മാ തിരുമേനിക്ക് മലങ്കരസഭയുടെ ഒരു ആസ്ഥാനം നസ്രാണികൾ മാത്രം തിങ്ങിപ്പാർക്കുന്ന ഒരു കേന്ദ്രത്തിൽ ഉാവുന്നതു നല്ലതാണെന്നു ബോധ്യം വന്നു. അങ്ങനെയാണ് പുത്തൻകാവ് പമ്പാനദിക്കു സമീപമുള്ള മനോഹരമായ പുത്തൻകാലാകുന്ന് ദൈവാലയപണിക്കായി തെരഞ്ഞെടുക്കുന്നതിനിടയായത്. പുത്തൻകാവിലെ ആദ്യത്തെ ആരാധനാസ്ഥലം ഇപ്പോൾ നിൽക്കുന്ന വലിയപള്ളിയുടെ തെക്കുഭാഗത്തായി ഉായിരുന്ന പഴയ കെട്ടിടമായിരുന്നു. അതാണ് ആറാം മാർത്തോമ്മാ ഇപ്പോഴുള്ള വലിയ പള്ളി പണിയുന്നതിനു മുമ്പ് ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നത്. പിൽക്കാലത്ത് അരമന എന്നറിയപ്പട്ടിരുന്നത് ഈ കെട്ടിടത്തിന്റെ മുകളിലത്തെ തട്ട് ആയിരുന്നു. ഈ പുരയിടം അന്ന് ചെങ്ങന്നൂർ പുന്നരിട്ടമഠം വകയായിരുന്നു. പള്ളിപണിക്കായി പിതാക്കന്മാർ ഈ സ്ഥലം ആവശ്യപ്പെട്ടു എങ്കിലും അന്നത്തെ സാമൂഹിക വ്യവസ്ഥിതി അനുസരിച്ച് ക്രിസ്ത്യാനികൾക്കു സ്ഥലമോ താമസസൗകര്യമോ ലഭിക്കാൻ പ്രയാസമായിരുന്നു എന്നുള്ളതിനാൽ മഠം നമ്പൂതിരി ക്രിസ്ത്യാനികളുടെ ഈ ആഗ്രഹത്തെ നിഷേധിച്ചു. ഈ വിവരം അറിഞ്ഞ ആറാം മാർത്തോമ്മാ തിരുമനസ്സും മാത്തൂത്തരകനുംകൂടി തിരുവനന്തപുരത്തുപോയി മഹാരാജാവ് കാർത്തിക തിരുനാൾ രാമവർമ്മയെ മുഖം കാണിക്കുകയും ആരാധനാലയത്തിനായി പുത്തൻകാവ് പുത്തൻകാലാകുന്ന് ആവശ്യമാണെന്ന് ഉണർത്തിക്കുകയും ചെയ്തു. അതിന്റെ ഫലമായി തിരുമനസ്സ് കല്പിച്ച് ഭൂമി ആധാരം നടത്തിത്തരുകയാണു ചെയ്തത്. അക്കാലത്ത് പൂർവ്വികർ ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയിൽ പങ്കെടുക്കുന്നതിനായി പുത്തൻകാവ് അരമനപ്പള്ളിയുടെ മുറ്റത്തുകൂടിവന്ന് ഭയഭക്തിപുരസ്സരം ആരാധനയിൽ പങ്കെടുക്കുകയും ആരാധനയ്ക്കുശേഷം പുരോഹിതൻ തട്ടിന്റെ മുകളിലുള്ള കിളിവാതിലിലൂടെ ജനങ്ങളെ ആശീർവ്വദിക്കുകയും ഭക്തജനങ്ങൾ നേർച്ചകാഴ്ചകൾ സമർപ്പിച്ച് പിരിഞ്ഞുപോവുകയുമായിരുന്നു പതിവ്.

### 9.37.2. അന്ത്രയോസ് ബാവായും പുത്തൻകാവും

ഇങ്ങനെ ഒരു ആരാധനാലയം സ്വന്തമാക്കുന്നതിനു മുമ്പുള്ള കാലയളവിലാണ് രാം മാർത്തോമ്മായുടെ ഭരണഘട്ടത്തിൽ 'പുത്തൻകാവിന്റെ കാവിൽപിതാവ്' എന്നറിയപ്പെടുന്ന

അന്ത്രയോസ് ബാവാ 1678-ൽ പുത്തൻകാവ് അങ്ങാടിയിൽ വന്നതും ഒരു ക്രിസ്ത്യൻഭവനത്തിൽ പാർത്ത് പ്രേഷിതവേല നടത്തിയതും (1693 വരെ). അക്കാലത്ത് അധികവും നദികളിൽ കൂടിയുള്ള യാത്രയായിരുന്നതിനാൽ മതപീഡനസമയത്ത് ഇദ്ദേഹവും സഹോദരൻ റമ്പാനും കൂടി വേഷപ്രച്ഛന്നനായി വള്ളത്തിൽ യാത്ര ചെയ്ത് കച്ചവടകേന്ദ്രമായ പുത്തൻകാവ് അങ്ങാടിയിൽ വന്നിറങ്ങി. പമ്പാനദി തിരുവിതാംകൂറിലെ ജലഗതാഗതത്തിനു പ്രധാന പങ്കു വഹിച്ചിരുന്നു. എന്നാൽ പുത്തൻകാവിന് അടുത്തുള്ള അത്തിമുട്കയം ജലഗതാഗതം നടത്തിയിരുന്നവർക്ക് പേടിസ്വപ്നമായിരുന്നു. അതിനാൽ ജലഗതാഗതക്കാരും വ്യാപാരികളും പമ്പാനദിയിലുള്ള അത്തിമുട്കയത്തിനു പടിഞ്ഞാറുള്ള പുത്തൻകാവ് അങ്ങാടിയിൽ പകശാല സ്ഥാപിക്കുകയും അവിടെ ഒരു ഇടത്താവളമായി മാറുകയും ചെയ്തു. കിഴക്കൻപ്രദേശങ്ങളിൽനിന്നും ആലപ്പുഴയിൽനിന്നുമുള്ള വ്യാപാരസാധനങ്ങൾ ഇവിടെയിറക്കി, ആളുകൾ വിശ്രമിച്ച്, സാധനങ്ങൾ വീും കയറ്റി കൊുപോകുമായിരുന്നു. വ്യാപാരരംഗങ്ങളിൽ ഒരു കുതിച്ചുചാട്ടംതന്നെ ഉാക്കിയെടുത്തതിലൂടെയാണ് പുത്തൻകാവിന് പ്രശസ്തി വർദ്ധിക്കാനിടയായതും അന്ത്രയോസ് ബാവാ ഇവിടെ ഇറങ്ങാൻ ഇടയായതും. അദ്ദേഹത്തെ കമാത്രയിൽ ഒരു ദിവ്യനായി ആളുകൾക്കു തോന്നുകയും, അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം മാതൃകയാക്കി കാവൽപിതാവായി അംഗീകരിച്ച് ശുശ്രൂഷിക്കുകയുമാണ് ഉായത്.

ഇവിടെനിന്നും യാത്ര പുറപ്പെട്ട് കൊല്ലത്തിനടത്തുള്ള കല്ലടയിൽ ചെന്നു താമസിച്ച് അദ്ദേഹം പ്രേഷിതവേല തുടർന്നു. അങ്ങനെയിരിക്കെ കല്ലടയാറ്റിൽ കുളിക്കാനിറങ്ങിയ സമയം കാൽവഴുതി വീണ് അദ്ദേഹം കാലം ചെയ്യുകയും അദ്ദേഹത്തെ കല്ലടപള്ളിയിൽ വി. മദ്ബഹായിൽ കബറടക്കുകയും ചെയ്തു. ഇത് പുത്തൻകാവിലെ നിവാസികൾ അറിഞ്ഞ് കല്ലടയ്ക്കു പോകുകയും, വർഷംതോറും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി നടത്തുകയും ചെയ്തിരുന്നു. ഏതോ ഒരു വർഷം ആളുകൾ കല്ലടയിൽ ചെല്ലുന്നതിനു മുമ്പായി അവിടെ പെരുന്നാൾ ചടങ്ങുകൾ ആരംഭിച്ചതിനെച്ചൊല്ലി ഇരുകൂട്ടരും തമ്മിൽ തർക്കമുായി. അതേത്തുടർന്ന് അവിടെനിന്ന് വിശ്വാസികൾ ഭയഭക്തിപുരസ്സരം പ്രാർത്ഥിച്ച് അവിടെനിന്ന് അല്പം മണ്ണെടുത്തുകൊുവന്ന് സഹോദരൻ റമ്പാച്ചനെ അടക്കിയിരുന്ന സ്ഥലത്ത് അടക്കുകയാണ് ഉായത്. ആ സ്ഥലത്താണ് പടിഞ്ഞാറേ കൽക്കുരിശ് സ്ഥാപിച്ചത്. പുത്തൻകാവിൽ അന്ത്രയോസ് ബാവാ വന്നപ്പോൾ ആരാധനാലയം ഉായിരുന്നില്ല. എന്നാൽ ആറാം മാർത്തോമ്മായുടെ നേതൃത്വത്തിൽ പുത്തൻകാവുകാർ പള്ളിക്കുള്ള സ്ഥലം വാങ്ങി പഴയപള്ളിയിൽ ആരാധന നടത്തിവരവെയാണ് കല്ലടയിൽനിന്നും മണ്ണ് ഇവിടെ കൊുവന്നതും പടിഞ്ഞാറ് അങ്ങാടിയിൽ കുരിശു സ്ഥാപിച്ചതും. പുഴയുടെ തീരത്ത് കുരിശ് സ്ഥാപിക്കാൻ കാരണം ഈ പ്രദേശത്തെ വിശാലമായ മണൽപ്പുറം കച്ചവടകേന്ദ്രമായിരുന്നു എന്നതാണ്. നിരവധി ഓടിവള്ളങ്ങളും കെട്ടുവള്ളങ്ങളും ചെറുവള്ളങ്ങളും ചരക്കുമായി ഇവിടെ വരുകയും പോവുകയും ചെയ്തതിന്റെ ഫലമായി ഈ കൽക്കുരിശ് പ്രശസ്തി നേടുകയും ധാരാളം ആളുകൾ ഇവിടെ വന്ന് നേർച്ചകൾ അർപ്പിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തതുമൂലം വളരെയധികം വരുമാനമുള്ള ഒരു പുണ്യകേന്ദ്രമായി പുത്തൻകാവ് മാറി. ഈ കുരിശിങ്കൽനിന്നും കിട്ടിയിരുന്ന ധനം ക്രമേണ വർദ്ധിച്ചുകൊിരുന്നതിനാൽ പുത്തൻകാവിലെ പള്ളിക്കുവേി നിരവധി സ്ഥലങ്ങളും പുരിയിടങ്ങളും സമ്പാദിക്കുവാൻ സാധിച്ചു.

### 9.37.3. ആറാം മാർത്തോമ്മായും ദൈവാലയനിർമ്മാണവും

ആറാം മാർത്തോമ്മായ്ക്ക് അക്കാലത്ത് അഞ്ചാം മാർത്തോമ്മാ വരുത്തിവച്ച ഋണബാധ്യതയിൽനിന്നും മോചനം നേടുന്നതിന് നിവൃത്തിയില്ലാതെവന്നു. കടം വീട്ടുന്നതിന് അന്ന് അദ്ദേഹം പുത്തൻകാവ് പള്ളിക്കാരെ സമീപിക്കുകയും പള്ളിപണിക്കു വേി സൂക്ഷിച്ചിരുന്ന പണം വാങ്ങി കടത്തിൽനിന്നും മോചനം നേടുകയും ചെയ്തു. ഇതിന്റെ പ്രത്യുപകാരമായിട്ടാണ് പിൽക്കാലത്ത് തന്റെ മേൽനോട്ടത്തിലും ചുമതലയിലും ആറാം മാർത്തോമ്മ ഇന്നുപയോഗിക്കുന്ന ദൈവാലയം പണികഴിപ്പിച്ചത്. കൊല്ലവർഷം 969-ാമത് വൃശ്ചികമാസം 17-ാം തീയതി പള്ളിക്കു കല്ലിട്ട് പണി ആരംഭിച്ചു. പള്ളിയുടെ അടിത്തറയും ഭിത്തിയും പണിയുന്നതിന് ആവശ്യമായ കല്ലുകൾ പുത്തൻകാവിന്റെ തെക്കുകിഴക്ക് രു മൈൽ അകലെയുള്ള പിരളശ്ശേരി മലകളിൽനിന്നും വെട്ടിയെടുത്ത് വെട്ടുകുഴിയിൽവച്ചുതന്നെ പണിക്കുറവ് തീർത്ത് പിതാക്കന്മാർ കൈയടുക്കെ നിന്ന് കൈകളിലൂടെ പകർന്ന് പള്ളിമുറ്റത്ത് എത്തിച്ചു. വരാൽപശ ചേർത്തു കുമ്മായക്കൂട്ട് ഉക്കുന്നതിനായി കോഴിമുക്ക് എന്ന സ്ഥലത്തുനിന്ന് (ആലപ്പുഴയ്ക്കടുത്ത്) വേലനായ ഗോവിന്ദനെയും കുടുംബത്തെയും പുത്തൻകാവിൽ താമസസൗകര്യം നൽകി പണിക്കുവേി വരുത്തുകയും അയാൾ പണി പൂർത്തിയാക്കുന്നതിന് സഹായിക്കുകയും ചെയ്തു. ആ കുടുംബത്തിന്റെ പിൻതലമുറ ഇപ്പോഴും പുത്തൻകാവിൽ താമസിച്ചുവരുന്നു. ഇപ്പോഴും ആ കുടുംബത്തെ പള്ളി ഭരണാധികാരികൾ സഹായിക്കുന്നു്.

ചെങ്ങന്നൂർ പഴയപള്ളിയിൽനിന്നും വി. മാതാവിന്റെ രൂപവും നിരണം പള്ളിയിൽനിന്നു പൊലിയാവിളക്കും വരുത്തി തിരുമനസ്സുകൊ് ഈ ദൈവാലയത്തെ വി. മാതാവിന്റെ നാമത്തിൽ പ്രഖ്യാപിച്ച് കൂദാശ നിർവ്വഹിച്ചു. എ.ഡി. 1806-ൽ ഡോക്ടർ ബുക്കാനൻ ഈ പള്ളിയിൽ വന്നു വന്ദ്യവയോധികനായ ആറാം മാർത്തോമ്മാ തിരുമേനിയുമായി സംഭാഷണം നടത്തി. 1807-ൽ വീും ബുക്കാനൻ സായ്പ് വന്നപ്പോൾ, മെനേസീസ് മെത്രാന്റെ അറിവോടുകടി നസ്രാണികളുടെ ഗ്രന്ഥങ്ങൾ കടുെത്തു നശിപ്പിച്ചപ്പോൾ അതിൽപ്പെടാതെ സൂക്ഷിച്ചുവച്ചിരുന്ന വളരെയധികം പഴക്കമുള്ള ഒരു സുറിയാനി വേദപുസ്തകം കട്ടിയുള്ള മെഴുകു കടലാസിലോ തോൽകടലാസിലോ ഭംഗിയായി എഴുതിയിരുന്നത് തിരുമേനി ബുക്കാനൻ സായ്പിന് ഇവിടെവച്ച് സമ്മാനിച്ചു. ഈ പുസ്തകം നിങ്ങളുടെ കൈയിൽ ആയാൽ ഞങ്ങളുടെ പക്കൽ ഇരിക്കുന്നതിനെക്കാൾ സുരക്ഷിതമായിരിക്കും എന്നും ഇതു ഞങ്ങൾ ആയിരം വർഷം സൂക്ഷിച്ചതാണ് എന്നും പറഞ്ഞുകൊാണ് തിരുമേനി ആ ഗ്രന്ഥം സമ്മാനിച്ചത്. ഈ ഗ്രന്ഥം ഇപ്പോൾ ല ൻ മ്യൂ സി യ ത്തിൽ ഉ്.

പള്ളിയുടെ സ്ഥാപകനായ വലിയ മാർ ദിവന്നാസിയോസ് (ആറാം മാർത്തോമ്മാ) നിരണത്തുവച്ച് 1898-ൽ കാലം ചെയ്യുകയും അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം അനുസരിച്ച് പുത്തൻകാവിൽ അദ്ദേഹത്തെ കബറടക്കുകയും ചെയ്തു. ഈ കബറിടം വി. മദ്ബഹായിൽ വലതുവശത്തായി സ്ഥിതിചെയ്യുന്നു. ആറാം മാർത്തോമ്മായുടെ വജ്രക്കല്ലു പതിച്ച മോതിരം പുത്തൻകാവിൽ സൂക്ഷിച്ചിരുന്നത് 1977-ൽ മാർത്തോമ്മാ സിംഹാസനത്തിന്റെ അധിപനും മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും തന്റെ പിൻഗാമിയുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനിക്കു നൽകുകയുായി. ആറാം മാർത്തോമ്മായെത്തുടർന്ന് ഏഴാം മാർത്തോമ്മാ മലങ്കരസഭാഭരണം ഏറ്റെടുത്തു. എങ്കിലും 1809-ൽ പുത്തൻകാവിൽവച്ച് ആറാം മാർത്തോമ്മായുടെ ഒരടിയന്തിരത്തിനു

വന്ന ചേപ്പാട് ഫിലിപ്പോസ് റമ്പാനുമായി വട്ടിപ്പണപലിശ സംബന്ധിച്ച് തർക്കമുക്കുകയും ഏഴാം മാർത്തോമ്മാ കനാട്ടേക്കു താമസം മാറ്റുകയും അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ കനാടുവച്ചു കാലം ചെയ്യുകയും ചെയ്തു. ഏഴാം മാർത്തോമ്മായുടെ കാലശേഷം എട്ടാം മാർത്തോമ്മാ ഭരണം ഏറ്റെടുക്കുകയും പുത്തൻകാവിൽ വന്ന് അദ്ദേഹം സഭാഭരണം ചിട്ടപ്പെടുത്തുകയും ചെയ്തു. അന്നത്തെ മലങ്കരസഭാ ആസ്ഥാനം പുത്തൻകാവ് ആയിരുന്നതിനാൽ ആ പിതാവിന്റെയും മൃതദേഹം ഇവിടെ അടക്കി. ഈ കല്ലറ വി. മദ്ബഹായിൽ ഇടതുവശത്തായി സ്ഥിതി ചെയ്യുന്നു. എട്ടാം മാർത്തോമ്മാ തന്റെ പിതൃസഹോദരനായ ഐപ്പ് കത്തനാരെ തന്റെ പിൻഗാമിയായി വാഴിച്ചിരുന്നു. അങ്ങനെ ഒൻപതാം മാർത്തോമ്മായുടെ മേൽനോട്ടത്തിലായിരുന്നു എട്ടാം മാർത്തോമ്മായുടെ സംസ്കാരചടങ്ങുകൾ പുത്തൻകാവിൽ ക്രമീകരിച്ചത്. ഒൻപതാം മാർത്തോമ്മായുടെ കാലത്ത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം മലങ്കരയിൽ ആരംഭിച്ചതിനാൽ സഭയിൽ ചേരിതിരിവും തർക്കങ്ങളുമുമായി. പൊതുവേ ശാന്തസ്വഭാവക്കാരനായിരുന്ന ഒൻപതാം മാർത്തോമ്മാ പുതിയ ഈ സാഹചര്യത്തെ അതിജീവിക്കാനുള്ള ബുദ്ധിമുട്ട് നേരിട്ടപ്പോൾ മലങ്കര ആസ്ഥാനമായ പുത്തൻകാവിൽനിന്നും വിട്ടുനിൽക്കാൻ ആഗ്രഹിക്കുകയും ഇവിടെനിന്നു കടമറ്റത്തു പോയി താമസിക്കുകയും ആ കാലയളവിൽ കാലം ചെയ്യുകയും അവിടെ കബറടക്കുകയും ചെയതു.

1843-ൽ മാർ മാത്യൂസ് മാർ അത്തനാസിയോസ് കേരളത്തിൽ വരികയും മഹാരാജാവിന്റെ തിരുവെഴുത്ത് വിളംബരപ്രകാരം മലങ്കരസഭയുടെ അധിപനായി സഭാകേന്ദ്രമായിരുന്ന പുത്തൻകാവിൽ എഴുന്നള്ളി സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇദ്ദേഹം നവീകരണപ്രസ്ഥാനം വളർത്തിക്കൊുവരാൻ പ്രത്യേകം ശ്രദ്ധിച്ചുവന്നു. മലങ്കരസഭയിലുായ ചേരിതിരിവ് ഈ കാലയളവിൽ ഈ പള്ളിയിലും പ്രത്യക്ഷപ്പെട്ടു. 1852-ലെ തിരുവിതാംകൂർ കൊച്ചി വിളംബരപ്രകാരം മാത്യൂസ് മാർ അത്തനാസിയോസിനെ അനുസരിക്കാൻ കഴിയാത്തവർ വേറെ പള്ളി കെട്ടി പോകണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയതിന്റെ വെളിച്ചത്തിൽ മാത്യൂസ് മാർ അത്തനാസിയോസിനെ എതിർക്കുന്നവരിൽ കുറച്ചാളുകൾ കോയിപ്പുറത്ത് ഒരു പള്ളി പണിയുകയും അവിടെ ആരാധന നടത്തിവരികയും ചെയ്തു.

1875-ൽ മലങ്കരസഭയിലേക്ക് എഴുന്നള്ളിയ പത്രോസ് പാത്രിയർക്കീസ് പാലാക്കുന്നത്ത് മെത്രാച്ചന്റെ നവീകരണസിദ്ധാന്തത്തെ എതിർക്കുന്നതിനുവേി മാരാമണ്ണിലേക്കുള്ള യാത്രമദ്ധ്യേ മലങ്കരസഭാ ആസ്ഥാനമായ പുത്തൻകാവ് പള്ളിയിൽ പ്രാർത്ഥന നടത്തി വിശ്രമിച്ചു. പാത്രിയർക്കീസിന്റെ വരവോടുകൂടി കുറ്റി പള്ളിയിൽ കൂടിയിരുന്നവരിൽ ഭൂരിഭാഗവും പാത്രിയർക്കീസിനെ സ്വീകരിക്കുകയും ഈ പള്ളിയിലേക്ക് തിരിച്ചുവരുകയും മാത്യൂസ് മാർ അത്തനാസിയോസിനെ എതിർക്കുകയും ചെയ്തു. അതോടുകൂടി പുത്തൻകാവ് പള്ളിയിൽ സിവിൾ കേസ് ആരംഭിച്ചു.

പഴയസെമിനാരിയും സഭാവക ഇതരസ്വത്തുക്കളും വിടർത്തിക്കിട്ടുന്നതിനായി ആലപ്പുഴ ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഈ കേസ് റോയൽ കോടതിവിധി ശരിവച്ചു. തുടർന്ന് തോമസ് മാർ അത്തനാസിയോസിന്റെ കൈവശം ഇരുന്ന എല്ലാ പള്ളികൾക്കും വേി കേസ് ഫയൽ ചെയ്തു. പുത്തൻകാവ് പള്ളിയുടെ കേസ് ആലപ്പുഴ ജില്ലാക്കോടതിയിൽ 391 -ാം നമ്പരായി ആരംഭിച്ചു. അന്നുമുതൽ നവീകരണക്കാർക്കും മലങ്കര മെത്രാപ്പോലീത്തായ്ക്കും പള്ളിയിൽ ഒന്നിടവിട്ട ആഴ്ചകളിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതിന് താൽക്കാലിക ഉത്ത

രവ് ഉായി. ഈ അവസരത്തിൽ തോഴിയൂർ മെത്രാപ്പോലീത്തയും തോമസ് മാർ അത്തനാസിയോസും ചേർന്നു 1074 വൃശ്ചികം 24-ൽ തീത്തൂസ് രാമനെ ഈ പള്ളിയിൽവച്ച് മാർത്തോമ്മാ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. പത്രോസ് പാത്രിയർക്കീസ് മുളന്തുരുത്തി പള്ളിയിൽവച്ച് വിളിച്ചുകൂട്ടിയ സൂനഹദോസിൽ വച്ച് സഭാക്രമീകരണങ്ങൾക്കായി ഏഴ് ഭദ്രാസനങ്ങൾ രൂപീകരിക്കുകയും തുമ്പമൺ ഭദ്രാവസാനത്തിൽ പുത്തൻകാവിനെ ഉൾപ്പെടുത്തിയും ഭദ്രാസനാധിപനായി പരുമല കൊച്ചുതിരുമേനിയെ അവരോധിക്കുകയും ചെയ്തു. എന്നാൽ കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ തിരുമേനിക്ക് ഈ പള്ളിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. പുത്തൻകാവ് പള്ളിയുമായുള്ള വ്യവഹാരത്തിൽ തങ്ങൾ പരാജയപ്പെടുമെന്ന് നവീകരണകക്ഷികളുടെ ട്രസ്റ്റിമാർക്ക് ബോദ്ധ്യമായി. അവരിൽ ചിലർ മേലദ്ധ്യക്ഷന്മാരോടുപോലും ചോദിക്കാതെ 1890-ൽ 1000 രൂപാ പ്രതിഫലമായി പറ്റിക്കൊ് കോടതിക്കു പുറമെയുള്ള ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒത്തുചേർന്ന് പുത്തൻകാവ് തെരുവിൽ മറ്റൊരു പള്ളി പണിതീർത്തു. അതാണ് ഇപ്പോഴത്തെ മതിലകം മാർത്തോമ്മാപള്ളി. പിന്നീട് മലങ്കരസഭയ്ക്ക് അനുകൂലമായ വിധി ഉാകുകയും നവീകരണക്കാർ മുഴുവൻ ആളുകളും പുത്തൻകാവ് വലിയപള്ളിയിൽ നിന്നു പിരിഞ്ഞുപോവുകയും ചെയ്തു.

കുട്ടികളുടെ വിദ്യഭ്യാസ സൗകര്യത്തിനായി 1899-ൽ പുത്തൻകാവ് മാർത്തോമ്മപള്ളിക്കാർ പച്ചത്തീകത്തിനോട് ചേർന്ന് ഒരു ആൺപള്ളിക്കൂടവും വലിയ പള്ളിക്കാർ റോഡ്സൈഡിൽ ഒരു പെൺപള്ളിക്കൂടവും സ്ഥാപിച്ചു. പിന്നീട് ഇരുകൂട്ടരും ഈ സ്ഥാപനങ്ങൾ സൗജന്യമായി സർക്കാരിനു വിട്ടുകൊടുത്തു. അതാണ് ഇപ്പോഴത്തെ മഹാകവി പുത്തൻകാവ് മാത്തൻ സ്മാരക ഗവണ്മെന്റ് യു.പി. സ്കൂളും എസ്.പി. സ്കൂളും. മലങ്കര സഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമനസ്സുകൊ് പുത്തൻകാവുപള്ളിയിൽ എഴുന്നള്ളുകയും പള്ളിയുടെ ഭരണക്രമീകരണങ്ങൾക്കായി വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽവച്ച് പന്ത്രു ട്രസ്റ്റിമാരെ തിരഞ്ഞെടുക്കുകയും ഇവരുടെ കാലാവധി ഓരോരുത്തർക്കും രു വർഷമായി നിശ്ചയിക്കുകയും അങ്ങനെ 24 വർഷത്തേക്ക് പ്രശ്നങ്ങൾ കൂടാതെ ഭരണം ക്രമീകരിക്കുകയും ചെയ്തു. 'തോമ്മാകത്തനാരുടെ രാമത്തെ മകനെ തനിക്കു വേണം' എന്നു പറഞ്ഞുകൊ് വൈദികപഠനത്തിനായി കൂട്ടിക്കൊുപോവുകയും അദ്ദേഹത്തെ പിൽക്കാലത്ത് മെത്രാപ്പോലീത്തയായി ഉയർത്തുകയും ചെയ്തു. ആ തിരുമേനിയാണ് പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനി. ഇദ്ദേഹം തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു. മലങ്കരസഭാ ആസ്ഥാനമായി പരിലസിച്ചിരുന്ന പുത്തൻകാവ് ദൈവാലയം അന്നുമുതൽക്കാണ് പൂർണ്ണമായും ഒരു ഭദ്രാസനത്തിന്റെ ഇടവകപ്പള്ളിയായി മാറിയത്.

### 9.37.4. പുത്തൻകാവിൽ കൊച്ചുതിരുമേനിയും മലങ്കരസഭയും

മലങ്കരയിലെങ്ങും ഓടിനടന്ന് സഭയെ വളർത്തുന്നതിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രത്യേകം ശ്രദ്ധിച്ചുവന്നു. അദ്ദേഹം കുട്ടികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പുത്തൻകാവിൽ ആരംഭിച്ച വായനശാല പള്ളിക്കൂടം ഹൈസ്കൂളായി രൂപാന്തരപ്പെടുത്തി. കോളജ് വിദ്യാഭ്യാസത്തിനായി പത്തനംതിട്ടയിൽ ഒരു കോളജ് സ്ഥാപിക്കുവാൻ മുൻകൈയെടുത്തു. ഇതൊക്കെയും സഭയ്ക്കു മുതൽക്കൂട്ടായിത്തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പിൽക്കാലത്ത് ഹൈസ്കൂളായി വായനശാല പള്ളിക്കൂടം ഉയർത്തിയപ്പോൾ പള്ളിവക സ്ഥല

ങ്ങൾ പള്ളിക്കാർ മാനേജ്മെന്റിനു നൽകുകയുായി. തുടർന്ന് കോർപ്പറേറ്റ് മാനേജ്മെന്റ് ഇതേറ്റെടുത്തപ്പോൾ അവിടെ നടത്തുന്നതായ ഉദ്യോഗനിയമനത്തിൽ നാലിൽ ഒന്നിന്റെ അവകാശം പുത്തൻകാവ് പള്ളിയുടെ ഭരണസമിതിക്കായി വ്യവസ്ഥ ചെയ്തിരുന്നു. ഇപ്പോൾ ഈ വ്യവസ്ഥ നിലനിൽക്കുന്നില്ല. ഇതേത്തുടർന്ന് (വിവിധ ഷെയറുകൾ ശേഖരിച്ച്) പുത്തൻകാവ് യു.പി. സ്കൂൾ, എം.ഡി. എൽ.പി പിരളശ്ശേരി, എം.ഡി.എൽ.പി. നീർവിളാകം എന്നീ സ്കൂളുകളും ആരംഭിച്ചു. സഭയിലെ ആളുകളെ ഒന്നിപ്പിക്കുന്നതിനും സഭയുടേതായി സ്വത്തുക്കൾ വർദ്ധിപ്പിക്കുന്നതിനും സഭാമക്കളെ ഒറ്റക്കെട്ടായി അണിനിരത്തുന്നതിനും അശ്രാന്തം പണിയെടുത്തുവന്ന ആ പുണ്യശ്ലോകൻ 1951 ഏപ്രിൽമാസം 17-ാം തീയതി കുന്നംകുളം ആർത്താറ്റ് കുരിശുപള്ളിയിൽവച്ച് (മരത്തംകോട് ചാപ്പൽ) കാലം ചെയ്തു. അങ്ങനെ തുമ്പമൺ ഭദ്രാസനാധിപനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മൃതദേഹവും സംസ്കരിക്കുന്നതിനുള്ള ഭാഗ്യം പുത്തൻകാവ് പള്ളിക്കു സിദ്ധിച്ചു. തിരുമേനിയെ മദ്ബഹായോട് ചേർന്ന് വടക്കുഭാഗത്തായി കബറടക്കിയിരിക്കുന്നു. ഇങ്ങനെ മൂന്നു മേലദ്ധ്യക്ഷന്മാരുടെ കബറിടം സ്ഥിചെയ്യുന്ന മലങ്കരസഭയിലെ ഏക ഇടവകയായി ഉയരുവാനുള്ള ഭാഗ്യം ദേവാലയത്തിനു സിദ്ധിച്ചു. മുൻകാലയളവിൽ മലങ്കര മാർത്തോമ്മ മെത്രാപ്പോലീത്തമാരുടെ ആസ്ഥാനമായിരുന്നു പുത്തൻകാവ് ദേവാലയം എന്നത് ഒരു ചരിത്രസത്യമായിരുന്നു. പുത്തൻകാവ് കൊച്ചുതിരുമേനിക്കുശേഷം ഔഗേൻമാർ തിമോത്തിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തമാർ ഈ ഇടവകയുടെ മേലദ്ധ്യക്ഷന്മാരായിരുന്നു.

ഇപ്പോൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരപുത്രനായ തോമസ് മാർ അത്തനാസിയോസ് ആണ് ഇടവകയുടെ മേലദ്ധ്യക്ഷൻ. ഈ ദൈവാലയം ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു കത്തീഡ്രൽ ദൈവാലയമായി ഇന്ന് പരിലസിക്കുന്നു.

## 9.38. ചന്ദനപ്പള്ളി ദൈവാലയം - പ്രാദേശികതയും സാംസ്കാരിക തനിമയും

### 9.38.1. ചരിത്രരേഖകളിലെ ചന്ദനപ്പള്ളി

പുണ്യപുരാതനവും ആഗോള ജോർജിയൻ തീർത്ഥാടനകേന്ദ്രവുമാണ് തുമ്പമൺ ഭദ്രാസനത്തിലെ ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി. തീർത്ഥാടനഭൂമിയായ ചന്ദനപ്പള്ളി ഗ്രാമം പത്തനംതിട്ട ജില്ലാ ആസ്ഥാനത്തുനിന്നും 10 കി. മീ ദൂരം തെക്ക് സ്ഥിതിചെയ്യുന്നു. ഇത് ഒരുകാലത്ത് ബൗദ്ധ-ഹൈന്ദവമതങ്ങളുടെ സംഗമഭൂമി ആയിരുന്നു. ചന്ദനത്തിന്റെ സുഗന്ധവും, പള്ളിയുടെ വിശുദ്ധിയും ഒന്നുചേർന്ന സ്ഥലനാമം തന്നെ ഗ്രാമത്തിന്റെ പൗരാണിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നതാണ്. പള്ളി ചേർന്നുവരുന്ന സ്ഥലനാമങ്ങൾ ബുദ്ധമതകേന്ദ്രങ്ങളായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. മുപ്പത്തിനാലാമത്തെ ബുദ്ധഭിക്ഷുവായ 'ചുന്ദൻ' അഥവാ ചന്ദ്രന്റെ ആസ്ഥാനമാണ് ചന്ദനപ്പള്ളി എന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. ചന്ദനംകൊുള്ള പള്ളി ഉായിരുന്നതുകൊാണ് ചന്ദനപ്പള്ളി എന്നു പേരു സിദ്ധിച്ചതെന്ന് മറ്റൊരു അഭിപ്രായവുമു്. കേരളത്തിലെ കൊല്ലം, പത്തനംതിട്ടജില്ലകളിൽ ബുദ്ധമതസ്വാധീനം ഏറെയു്. ഹൈന്ദവ-ക്രൈസ്തവ ദേവാലയങ്ങളിലെ ആചാരവിശേഷങ്ങളിലും, പെരുന്നാൾ, ഉത്സവച്ചടങ്ങുകളിലും ബുദ്ധമതത്തിൽനിന്നു പലതും കടംകൊിട്ടു്.

എ.ഡി. ഒന്നു മുതൽ അഞ്ചുവരെ കേരളത്തിൽ നിലവിലിരുന്ന ഒന്നാം ചേരസാമ്രാജ്യത്തിന്റെ (സംഘകാല കേരളത്തിന്റെ) ഉറവിടം ചന്ദനപ്പള്ളി ഉൾപ്പെടുന്ന കൊടുമൺ പഞ്ചായത്തായിരുന്നുവെന്ന് സംഘംകൃതികൾ തന്നെ തെളിവാണ്. ചന്ദനപ്പള്ളി ജംഗ്ഷനു സമീപമുള്ള പൊന്നെടുത്താംകുഴിയെക്കുറിച്ചും കൊടുമണ്ണി(സ്വർണ്ണഭൂമിയെന്ന് വാക്കിനർത്ഥം)നെപ്പറ്റിയും 'പതിറ്റുപ്പത്തി'ൽ പരാമർശിക്കുന്നു്. എ.ഡി. ഒൻപതാം നൂറ്റാിൽ ജീവിച്ചിരുന്ന ശ്രീശങ്കരന്റെ സമകാലീനനായിരുന്ന 'ആശ്ചര്യചൂഡാമണി'യെന്ന ഒരൊറ്റ സംസ്കൃതനാടകത്തിന്റെ രചനകൊുതന്നെ ദക്ഷിണേന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ അനശ്വരനായിത്തീർന്ന ശക്തിഭദ്രന്റെ പാദസ്പർശമേറ്റ പുണ്യഭൂമി കൂടിയാണ് ചന്ദനപ്പള്ളി. അദ്ദേഹം ഭരണം നടത്തിയിരുന്ന ചെന്നീർക്കര സ്വരൂപത്തിന്റെ അതിർത്തിക്കോട്ട ചന്ദനപ്പള്ളിയിലെ മൺകോട്ടയായിരുന്നു. വൈദേശികാധിപത്യത്തിനെതിരായി ധീരസമരം നയിച്ചിരുന്ന മാർത്താണ്ഡവർമ്മയും, വേലുത്തമ്പിദളവയും ഈ കോട്ടയിൽ അഭയം പ്രാപിച്ചിരുന്നു. തിരുവിതാംകൂർ ഭൂപ്രദേശം മുഴുവൻ സർവ്വേ ചെയ്ത പാശ്ചാത്യരായ വാരഡ്സും കോർണ്ണറും ചന്ദനപ്പള്ളി മൺകോട്ടയെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. ടി. കെ. വേലുപ്പിള്ളയുടെ 'ട്രാവൻകൂർ സ്റ്റേറ്റ് മാനുവലി'ൽ ചന്ദനപ്പള്ളി ഗ്രാമത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടു്. 1972-ൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി 'ദി സെന്റ് തോമസ് ക്രിസ്റ്റ്യൻ എൻസൈക്ലോപ്പീഡിയാ'യിൽ ചന്ദനപ്പള്ളി വലിയപള്ളിയിലെ ചെമ്പെടുപ്പിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടു്.

### 9.38.2. ക്രൈസ്തവകുടിയേറ്റം

ഈ ഗ്രാമത്തിൽ 17-ാം നൂറ്റാിന്റെ അവസാനഘട്ടത്തിലാണ് ക്രൈസ്തവ കുടിയേറ്റമുായത്. കുറവിലങ്ങാട് നിലയ്ക്കൽ പ്രദേശങ്ങളിൽനിന്നും കുമ്പനാട്, തുമ്പമൺ പ്രദേശങ്ങളിലേക്ക് കുടിയേറിയ ക്രൈസ്തവരിൽ ഒരു സംഘം ഉപജീവനമാർഗ്ഗം ചന്ദനപ്പള്ളിയിലുമെത്തി. ക്രൈസ്തവ കുടിയേറ്റത്തിനു മുമ്പുതന്നെ ഇവിടെ അശ്വാരൂഢനായ വിശുദ്ധനെ അക്രൈസ്തവർ ആരാധിച്ചിരുന്നു എന്നൊരു ഐതിഹ്യമു്. ഇപ്പോൾ കൽകുരിശിരിക്കുന്ന സ്ഥലത്തുവച്ച് ഒരു ഹൈന്ദവകാരണവർക്ക് വൈദേശിക പടയാളിയുടെ വേഷഭൂഷാദികളണിഞ്ഞ ഒരാൾ കുതിരപ്പുറത്ത് പ്രത്യക്ഷനായെന്നും ഞാൻ രക്ഷകന്റെ പടയാളി, ഇത് വിശുദ്ധ സ്ഥലം എന്നു പറഞ്ഞ് അപ്രത്യക്ഷനായെന്നും അന്നു മുതൽ അവിടെ പ്രാർത്ഥന നടന്നിരുന്നെന്നും പറഞ്ഞു പതിഞ്ഞരൊതിഹ്യവുമു്.

### 9.38.3. കൽക്കുരിശ്

ചന്ദനപ്പള്ളിയിലെ പരിശുദ്ധമായ കൽക്കുരിശ് പതിനേഴാം നൂറ്റാിന്റെ ആദ്യം സ്ഥാപിതമായി. കൽക്കുരിശിരിക്കുന്ന സ്ഥലം കുരിശ് സ്ഥാപനത്തിനു തെരഞ്ഞെടുക്കാൻ കാരണമു്. പാിനാടും കേരളത്തിന്റെ പടിഞ്ഞാറൻ തീരവുമായി പ്രാചീനകാലത്ത് നടത്തിയിരുന്ന വാണിജ്യത്തിന്റെ പ്രധാന നടപ്പാതകളിലൊന്ന് ഇതുവഴിയാണ് കടന്നുപോയിരുന്നത്. ചെങ്കോട്ടയിൽ നിന്നാരംഭിച്ച് ആര്യങ്കാവ്, കുളത്തൂപ്പുഴ, പുനലൂർ, പത്തനാപുരം, കൂടൽ, നെടുമൺകാവ്, അങ്ങാടിക്കൽ, ചന്ദനപ്പള്ളി, കൈപ്പട്ടൂർ, ഹരിപ്പാട്, പന്തളം വഴി ആലപ്പുഴ തുറമുഖത്ത് അവസാനിക്കുന്ന നടപ്പാതയിലെ ഇടത്താവളങ്ങളിലൊന്നായിരുന്നു ചന്ദനപ്പള്ളി കുരിശും പള്ളിയും നിൽക്കുന്ന സ്ഥലം. ആ ഭാഗം തെരുവ് എന്നാണ് അറിയപ്പെടുന്നത്. അശരണരുടെ അഭയകേന്ദ്രമാണ് ഈ കുരിശ്. ഒറ്റക്കല്ലിൽ തീർത്ത കുരിശ് പൗരാണികതയും ഭംഗിയും മൂലം അപൂർവ്വസുന്ദരദൃശ്യമാകുന്നു. പുണ്യാളന്മാരുടെയും, മാലാഖമാരുടെയും ചിത്രങ്ങൾ കൽക്കു

രിശിൽ ആലേഖനം ചെയ്തിട്ടു്. ശബരിമല തീർത്ഥാടനം നടത്തുന്ന ഹൈന്ദവ സഹോദരങ്ങൾ ബന്ധു മിത്രാദികളോടൊപ്പം ഇവിടെയെത്തി കുരിശിനെ മൂന്നു പ്രാവശ്യം പ്രദക്ഷിണം ചെയ്ത് ശബരിമലയിലേക്ക് പോവുകയും സുരക്ഷിതരായി തിരികെ വരുമ്പോൾ വീും കുരിശിനെ പ്രദക്ഷിണം ചെയ്യുകയും ചെയ്യുന്ന പതിവു്.

### 9.38.4. കുതിരത്തമ്പുരാൻ (ചന്ദനപ്പള്ളി പുണ്യാളച്ചൻ)

വിശുദ്ധ ഗീവറുഗീസ് സഹദായുടെ കുതിരക്കുളമ്പടി കേട്ട് ഉറങ്ങുകയും ഉണരുകയും ചെയ്യുന്ന നാടാണ് ചന്ദനപ്പള്ളി. പറഞ്ഞാലും പറഞ്ഞാലും വിശ്വസിക്കാത്ത ഒരു യാഥാർത്ഥ്യം ഇവിടെ എത്തിയാൽ സ്വന്തം ചെവികൊ് പരീക്ഷിച്ചറിയാൻ നമുക്ക് സാധിക്കും.

പാതയോരത്ത് കാത് ചേർത്തുവെച്ചാൽ..........പള്ളിവാതിലിൽ ചെവിവെച്ച് ശ്രദ്ധയോടെ നിരീക്ഷിച്ചാൽ........ രാത്രികാലങ്ങളിൽ പള്ളിപ്പരിസരത്ത് കിടന്ന് നോക്കിയാൽ.....തികച്ചും അവിശ്വസനീയമായ കാതടപ്പിക്കുന്ന ഒരു കുതിരക്കുളമ്പടി ശബ്ദം നമുക്ക് കേൾക്കാൻ സാധിക്കും. എന്നാൽ അവിടെയെങ്ങും കുതിരകൾ ഇല്ലതാനും. ചന്ദനപ്പള്ളി നിവാസികൾ എപ്പോഴും പറഞ്ഞു കേൾക്കുന്നതും അനുഭവിച്ചറിയുന്നതുമായ ഒരു സത്യമാണിത്. ഈ കുതിരക്കുളമ്പടിയുടെ ശബ്ദം കേട്ട് ഉറങ്ങുന്ന ഒരു ശീലമാണ് ചന്ദനപ്പള്ളിക്കാർക്കുള്ളത്, എന്നാണ് പുതൊട്ടേ ഇവിടുത്തെ മുതിർന്നവർ പറഞ്ഞുവരുന്നത്.

ദേശത്തിന്റെ കാവൽ മദ്ധ്യസ്ഥനാണ് വിശുദ്ധ ഗീവർഗ്ഗീസ് സഹദ. ഭക്തർ അദ്ദേഹത്തെ സ്നേഹപൂർവ്വം പള്ളിപ്പെരുമാൾ എന്നു വിളിക്കുന്നു. തങ്ങളുടെ ഹൃദയഭാരം ഇറക്കിവെയ്ക്കുന്നതിനുള്ള ഒരു അത്താണിയായാണ് നാനാജാതി മതസ്ഥർ ഈ ദൈവാലയത്തെ കാണുന്നത്. കൽക്കുരിശിൽ നെയ്ത്തിരികത്തിച്ചും, തിരുശേഷിപ്പ് കബറിൽ സർവ്വം സമർപ്പിച്ചും, കുർബാനചൊല്ലിച്ചും, തങ്ങളുടെ നേർച്ച കാഴ്ചകളാൽ അനുഗൃഹീതരായാണ് ഓരോ ഭക്തനും മടങ്ങുന്നത്.

### 9.38.5. ചന്ദനപ്പള്ളി പള്ളി

എ.ഡി. 1790-നോടടുത്ത് ആദ്യ ക്രൈസ്തവ ദൈവാലയം സ്ഥാപിതമായി. മുളകൾകൊു പണിത ആ ദേവാലയം കാലാന്തരത്തിൽ നശിക്കുകയും പുനർനിർമ്മാണം നടത്തുകയും ചെയ്തു. ഓലമേഞ്ഞിരുന്ന ദേവാലയം അഗ്നിക്കിരയായപ്പോൾ 1875-ൽ പുതിയ ദൈവാലയം പണിതു. 1986-ൽ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ദൈവാലയം പുനർനിർമ്മിച്ച് 2000-ത്തിൽ കൂദാശചെയ്തതാണ് ഇന്നു കാണുന്ന വലിയ ദൈവാലയം. രൂപചാരുതകൊും വലിപ്പംകൊും വിശുദ്ധികൊും സെന്റ് ജോർജ്ജിന്റെ നാമത്തിലുള്ള ഏഷ്യയിലെ പ്രധാന ദൈവാലയമാണിത്. ഇൻഡൊ-സാരസനിക് ശില്പകലയുടെ മിഴിവുറ്റ ദർശനമാണ് ഈ പള്ളിയിൽ കാണുന്നത്. ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ ശില്പകലയുടെ സമന്വയം എന്ന ആശയം ഈ ദൈവാലയത്തിന്റെ നിർമ്മിതിക്ക് ഉപയോഗിച്ചിരുന്നു.

### 9.38.6. കൽതൊട്ടി

ചന്ദനപ്പള്ളിയിലെ കൽതൊട്ടിയുടെ കഥ ചരിത്രത്തിന്റെയും വിശ്വാസത്തിന്റെയും സമന്വയമാണ്. ചരിത്രത്തിന്റെ നിഴലും വിശ്വാസത്തിന്റെ വെളിച്ചവും ഈ ശിലയുടെ കാഠിന്യത്തിൽ ഉൾച്ചേർന്നിട്ടു്. ശക്തിഭദ്രന്റെ ഭരണകാലത്താണ് കൽതൊട്ടിയുടെ നിർമ്മാണമെന്നു കരുതുന്നു. വലിയപള്ളി സ്ഥാപിക്കും മുമ്പ് നടന്നിരുന്ന കുരിശു പെരുന്നാളിന്റെ കാലത്തും കൽതൊട്ടിക്ക്

പ്രസക്തിയുായിരുന്നു. പെരുന്നാളിനോടനുബന്ധിച്ചു നടന്നിരുന്ന പാച്ചോർ വിളമ്പിന്റെ പെരുമ കൽതൊട്ടിക്കും അവകാശപ്പെട്ടതാണ്. ഇവിടെ ദീപം തെളിച്ച് വണങ്ങുന്നവർ ഇന്നുമു്.

**9.38.7. ചെമ്പിൻമൂട്**

പെരുന്നാൾ ദിവസങ്ങളിൽ ചന്ദനപ്പള്ളിയിലെ പ്രധാന നേർച്ചയായ അരി ചെമ്പിൽവെച്ച് പാകപ്പെടുത്തുന്നു. ഈ ചെമ്പ് വെയ്ക്കുന്ന അടുപ്പുകല്ലുകൾ ഇരിക്കുന്ന സ്ഥലമാണ് ചെമ്പിൻമൂട്. നൂറ്റാുകൾ പഴക്കമുള്ള കാട്ടുകല്ലുകൾ കൂട്ടി നിർമ്മിച്ച അടുപ്പിലാണ് ചെമ്പു വയ്ക്കുന്നത്.

**9.38.8. കുതിരപ്പുര**

ശക്തിഭദ്ര നാടുവാഴികളുടെ കുതിരപ്പുരയായിരുന്നു ഇവിടം. കൽക്കുരിശിനോടു ചേർന്ന സ്ഥലമാണിത്. ചെമ്പിൻമൂട്ടിൽനിന്ന് ആഘോഷപൂർവ്വം കൊുവരുന്ന അരി ഈ കുതിരപ്പുരയ്ക്കു്. ഓരോ പെരുനാളിനും വിശുദ്ധ സഹദായുടെ സാന്നിദ്ധ്യം ചന്ദനപ്പള്ളിക്കാർ അറിഞ്ഞ് അനുഭവിക്കുന്നു. ആദ്യകാലത്ത് ശക്തിഭദ്ര നാടുവാഴികൾ രാജപ്രതിനിധിയെ കുതിരപ്പുറത്ത് റാസയ്ക്ക് അകമ്പടി സേവിക്കാൻ അയച്ചിരുന്നു. പിന്നീട് ചെന്നീർക്കര സ്വരൂപം അയച്ചപ്പോൾ ആ പതിവ് ഇല്ലാതെയായി. കാലാന്തരത്തിൽ സഹദായുടെ കുതിരയുടെ വലിയരൂപം തടിയിൽ നിർമ്മിച്ചു. പെരുന്നാൾ ദിവസം സഹദായുടെ വേഷം ധരിച്ച ഒരാൾ ഈ തടിക്കുതിരയിൽ ആരൂഢനാകും. ഈ രൂപം റാസയിൽ എഴുന്നള്ളിച്ചിരുന്നു. ഈ തടിക്കുതിരയെ കുതിരപ്പുരയിലാണ് സൂക്ഷിച്ചിരുന്നത്. നാട്ടാചാരങ്ങളിൽ അജ്ഞനായ ഒരു വിദേശമെത്രാൻ കുതിരയെ നശിപ്പിച്ചു. കുതിരയെ സൂക്ഷിച്ചിരുന്ന സ്ഥലമാണ് കുതിരപ്പുര. അതിന്റെ സ്മരണയെ ഉണർത്തുന്ന സഹദായുടെ സ്വർണ്ണാങ്കിതമായ രൂപം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. പെരുന്നാൾ ദിവസങ്ങളിൽ ഇത് ഭക്തജനദർശനത്തിനായി ഇറക്കിവെയ്ക്കുന്നു.

**9.38.9. ചന്ദനപ്പള്ളി പെരുന്നാൾ**

മതസൗഹാർദ്ദത്തിനു പേരുകേട്ടതാണ് ചന്ദനപ്പള്ളി പെരുന്നാൾ. എല്ലാ വർഷവും മെയ് 7, 8 തീയതികളിലാണ് ചന്ദനപ്പള്ളി വലിയപള്ളിയിലെ പ്രധാന പെരുന്നാൾ. ഹൈന്ദവ-ക്രൈസ്തവ സംസ്കാരങ്ങളുടെ സംഗമവും സാകല്യവും സജീവ പ്രതീകങ്ങളായി ചന്ദനപ്പള്ളി വലിയപള്ളി പെരുന്നാളിൽ നിലനിൽക്കുന്നു. ഭാരതത്തിന്റെ പൗരാണികമായ മതമൈത്രിയുടെ മകുടോദാഹരണമാണ് ഈ പെരുന്നാൾ. മാത്രമല്ല ഗ്രാമത്തിന്റെ ഒരുമയും, ഭക്തിയുടെ നേർക്കാഴ്ചയും, ദൈവാനുഗ്രഹത്തിന്റെ വേദിയുമാണിത്.

**9.38.10. നേർച്ച കാഴ്ചകൾ**

ഇവിടുത്തെ പ്രധാന നേർച്ച വസ്തുക്കൾ അരി, മുട്ട, കോഴി, ആടുമാടുകൾ എന്നിവയാണ്. മുത്തുക്കുട വെയ്ക്കുക, പിടിപ്പണം വാരിയ്ക്കുക, കുർബ്ബാന ചൊല്ലിക്കുക, ചെമ്പ് വഹിക്കുക, ആദിയായവയാണ് നേർച്ചകൾ. പള്ളിയിൽനിന്നു ലഭിക്കുന്ന അരി, കുരുമുളക്, വെളിച്ചെണ്ണ തുടങ്ങിയവ വിശ്വാസികൾ വാങ്ങി ഭവനത്തിൽ ഐശ്വര്യത്തിന്റെ പ്രതീകമായും, രോഗശാന്തിക്കുള്ള ഔഷധമായും സൂക്ഷിച്ചുവെയ്ക്കുന്നു.

**9.38.11. ചന്ദനപ്പള്ളി ചെമ്പെടുപ്പ്**

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഇടംപിടിച്ച പ്രത്യേക അനുഷ്ഠാനമാണ് ചെമ്പെടുപ്പ്. വലിയപള്ളിയിലെ പ്രധാന നേർച്ചയായ അരിചെമ്പിൻമൂട്ടിൽ വെച്ച് പാകപ്പെടു

ത്തിയശേഷം ആഘോഷപൂർവ്വം കുതിരപ്പുരയിലേക്ക് എഴുന്നള്ളിക്കുന്ന ചടങ്ങാണ് പ്രസിദ്ധ മായ ചന്ദനപ്പള്ളി ചെമ്പെടുപ്പ്. ചെമ്പിൽതൊട്ട് സഹദായുടെ അനുഗ്രഹം വാങ്ങാനായി എത്തുന്ന ഭക്തജനങ്ങളാണ് ചെമ്പുവാഹകരാകുന്നത്. അങ്ങാടിക്കൽ വടക്കുള്ള പുരാതന നായർ തറവാ ട്ടിലെ കാരണവരാണ് ചെമ്പിൽ ആദ്യം അരി സമർപ്പിക്കുക. തുടർന്ന് നാടിന്റെ നാനാഭാഗത്തു നിന്നുമുള്ള വിവിധജാതി മതസ്ഥർ ഈ കർമ്മം അനുഷ്ഠിക്കും. പതിനൊന്നുപറ വീതം കൊള്ള ുന്ന രു ചെമ്പാണ് അടുപ്പിൽ വെയ്ക്കുക. ഇതിൽ പാതി വേവിച്ചെടുക്കുന്ന അരി ആഘോ ഷപൂർവ്വം ഹോ...... ഹൊയ്...... വിളികളോടെ കൽക്കുരിശിനെ മൂന്നു പ്രാവശ്യം പ്രദക്ഷിണം ചെയ്ത് കുതിരപ്പുരയിൽ ഇറക്കിവെയ്ക്കുന്നു. ഈ നേർച്ച അരി വിശ്വാസികൾക്ക് പ്രസാദ മായി നല്കുന്നു. ആഘോഷസമന്വിതമായി നടക്കുന്ന ഈ ചടങ്ങാണ് വിഖ്യാതമായ ചന്ദന പ്പള്ളി ചെമ്പെടുപ്പ് എന്നറിയപ്പെടുന്നത്. ചെമ്പിൽ തൊടാനും, ചെമ്പെടുപ്പിൽ പങ്കെടുക്കാനു മായി ലക്ഷക്കണക്കിനു ഭക്തജനങ്ങൾ അന്നേദിവസം ദേവാലയത്തിൽ എത്തിച്ചേരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിൽ ഗീവറുഗീസ് സഹദായുടെ സാന്നിദ്ധ്യംകൊ് ശ്രേഷ്ഠമായ ദൈവാലയങ്ങളിൽ ഒന്നാണ് ചന്ദനപ്പള്ളി വലിയപള്ളി. ഇന്ന് ആഗോള തീർത്ഥാ ടനകേന്ദ്രമായി ഉൾപ്പെടുത്തുകയും അനേകം ആളുകൾക്ക് ആശ്വാസവും നന്മയും ലഭിപ്പാൻ ഇടയാവുകയും ചെയ്യുന്ന തെക്കൻ കേരളത്തിലെ ഒരേ ഒരു ദേവാലയമാണ് ഇത്.

## 9.39. കുടമാളൂർ സെന്റ് മേരീസ് ദൈവാലയം (1125)

ആഢ്യബ്രാഹ്മണനായിരുന്ന ഒരു നാടുവാഴി, ക്രിസ്ത്യാനികൾ അധികമില്ലാതിരുന്ന ഒരു പ്രദേശത്ത് അവരെ ക്ഷണിച്ചുവരുത്തി അവർക്ക് ഒരു ദൈവാലയം നിർമ്മിച്ചു കൊടുക്കുകയും അതിന്റെ സംരക്ഷണഭാരം ഏറ്റെടുത്ത് അതിനെ പരിപോഷിപ്പിക്കുകയും ചെയ്ത അപൂർവ്വകഥ യാണ് കുടമാളൂർ പള്ളിക്കു പറയാനുള്ളത്. കുടമാളൂർ ദേശത്തുള്ള ചെമ്പകശേരി രാജവംശ ത്തിലെ ആദ്യത്തെ രാജാവ് ഈ പള്ളി സ്ഥാപിച്ചുവെന്നാണു പാരമ്പര്യവിശ്വാസം. അദ്ദേഹം രാജ്യഭരണം ആരംഭിച്ചത് കൊല്ലവർഷം 300 (ക്രിസ്തുവർഷം 1125)ന് അടുത്തായതിനാൽ പള്ളി സ്ഥാപിക്കപ്പെട്ടത് അതിനോടടുത്ത ഒരു കാലത്ത് ആയിരിക്കണം.

### 9.39.1 കുടമാളൂരിന്റെ ഉത്ഭവം

കൊല്ലവർഷം 300-ൽ (ക്രിസ്തുവർഷം 1125) കോഴിക്കോട്ടു രാജാവിന്റെ സൈന്യ ത്തിൽപ്പെട്ടവരും, കൊച്ചിരാജാവുമായുായ യുദ്ധത്തിൽ തോറ്റു പലായനം ചെയ്തവരുമായ അഞ്ഞൂറോളം ആയുധപാണികളായ നായർ ഭടന്മാർ ഒരു ദിവസം കുമാരനല്ലൂർ ക്ഷേത്രത്തിൽ എത്തിച്ചേർന്നു. യുദ്ധത്തിൽ തോറ്റോടിയതുമൂലം അഷ്ടിക്കു വകയില്ലാതെ വിശന്നുവലഞ്ഞാണ് അവർ എത്തിയത്. അക്കാലത്ത് തെക്കുംകൂർ രാജ്യത്തിലെ പ്രബലമായ ഒരു ക്ഷേത്രസങ്കേത മായിരുന്നു കുമാരനല്ലൂർ. ക്ഷേത്രസങ്കേതങ്ങളിലെ സകല അധികാരങ്ങളും നടത്തിവന്നിരുന്നതു ക്ഷേത്രാധികാരികളായ ഊരാണ്മക്കാരായിരുന്നു. ഊരാണ്മക്കാരിൽ ഒരുവനായിരുന്നു പുളിക്കൽ ചെമ്പകശ്ശേരി ഇല്ലത്തെ ഉണ്ണിനമ്പൂതിരി. ചെമ്പകശ്ശേരി ഇല്ലം അക്കാലത്ത് വളരെ ദരിദ്രാവസ്ഥ യിലാണു കഴിഞ്ഞിരുന്നത്. ആ ഇല്ലത്തെയും ഉണ്ണിനമ്പൂതിരിയെയും പരിഹാസപാത്രമാക്കു വാൻവേി മറ്റ് ഊരാണ്മക്കാർ ഭക്ഷണത്തിനു വഴിതേടിയ ഭടന്മാരോട് ഉണ്ണിയാണു ക്ഷേത്രഭ രണാധികാരിയെന്നും അദ്ദേഹത്തോടു ഭക്ഷണം ചോദിച്ചാൽ തരുമെന്നും പറഞ്ഞു. കുമാരന

ല്ലൂർ ക്ഷേത്രത്തിന്റെ വടക്കേഗോപുരത്തിൽ വടക്കുപടിഞ്ഞാറായിരുന്നു പുളിക്കൽ ചെമ്പക ശ്ശേരി ഇല്ലം ഇന്നും. ചെമ്പകശ്ശേരി മനയുടെ ദയനീയാവസ്ഥ നേരിൽ കപ്പോൾത്തന്നെ നമ്പൂതിരിമാർ തങ്ങളെ കബളിപ്പിക്കുകയായിരുന്നെന്നു ഭടന്മാർക്കു ബോദ്ധ്യമായി. അവരുടെ വിശപ്പടക്കാൻ എന്തെങ്കിലും ചെയ്യുന്നതിനു വഴികാണാതെ വിഷമിച്ച ഉണ്ണിനമ്പൂതിരി ഒടുവിൽ, തന്റെ കഴുത്തിൽ ധരിച്ചിരുന്ന പുലിനഖമോതിരം എടുത്ത് അവർക്കു കൊടുക്കുകയും അതു വിറ്റു ഭക്ഷണം കഴിക്കാൻ അവരോടു പറയുകയും ചെയ്തു.

സാമ്പത്തികമായി കുചേലനെങ്കിലും ഔദാര്യംകൊു കുബേരനായിരുന്ന ചെമ്പക ശ്ശേരിയെ തങ്ങളുടെ അന്നദാതാവായ പൊന്നുതമ്പുരാനായി സ്വീകരിച്ച് സേവിക്കുവാൻ ആ ഭടന്മാർ തയ്യാറായി. അതോടൊപ്പം തങ്ങളെ കബളിപ്പിച്ച ഊരാണ്മക്കാരെ ഒരു പാഠം പഠിപ്പിക്കുവാനും അവർ നിശ്ചയിച്ചു. അവരിൽ പലരുടെയും വീടു കൊള്ളചെയ്തും കൊള്ളിവച്ചും മുതലെല്ലാം അപഹരിച്ച് ഭടന്മാർ ചെമ്പകശേരി നമ്പൂതിരിക്കു കൊടുത്തു. രണശൂരന്മാരും സാഹസികരുമായിരുന്ന ആ ഭടന്മാരുടെ കയ്യേറ്റങ്ങൾ തടയുവാൻ ഊരാണ്മക്കാർക്കു കഴിഞ്ഞില്ല. കൊള്ളക്കാരായ ഭടന്മാരെ ആ പ്രദേശത്തുനിന്നു തുരത്തുവാൻ ക്ഷേത്രാധികാരികൾ തെക്കുംകൂർ രാജാവിനോട് അഭ്യർത്ഥിച്ചു. തങ്ങളെ സഹായിച്ച ചെമ്പകശ്ശേരി നമ്പൂതിരിക്കു കുറേ സ്ഥലം ദാനം ചെയ്താൽ തങ്ങൾ പിന്നെ ശല്യമൊന്നും ചെയ്യുകയില്ലെന്നു ഭടന്മാർ രാജവിനെ അറിയിച്ചു. ഒരാൾ ഒരു ദിവസംകൊ് കാടുവെട്ടി അതിരു തിരിച്ചെടുക്കുന്നത്ര ഭൂമി ചെമ്പക ശേരിക്കു നല്കാമെന്നു തെക്കുംകൂർരാജാവു സമ്മതിച്ചു. അതനുസരിച്ചു പിറ്റേന്ന് ഭടന്മാരിൽ ഒരുവൻ രാവിലെ മുതൽ വൈകുന്നേരം വരെ കാടുവെട്ടി അതിരുതിരിച്ച് കുമാരനല്ലൂർ പടിഞ്ഞാറുഭാഗം മുഴുവൻ സ്വാധീനമാക്കി. ഇത്ര വിസ്തൃതമായ ഒരു പ്രദേശം മുഴുവൻ ഭടന്മാർ കൈവശപ്പെടുത്തുമെന്നു രാജാവു പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും, അദ്ദേഹം വാക്കുപാലിക്കുകയും ആ പ്രദേശം ചെമ്പകശ്ശേരിക്കു വിട്ടുകൊടുക്കുകയും ചെയ്തു. കൊടുവാൾകൊു കാടു തെളിച്ച് അതിരിട്ട ഊരായതുകൊ് ഈ പ്രദേശത്തിനു 'കൊടുവാളൂർ' എന്ന പേരുായി. ഈ പേരിനു രൂപഭേദം സംഭവിച്ചതാണു 'കുടമാളൂർ' എന്നു കരുതപ്പെടുന്നു.

താമസിയാതെ ഭടന്മാർ, തങ്ങൾ സ്വാധീനപ്പെടുത്തിയ പ്രദേശത്തിനു ചുറ്റും കോട്ടയും കിടങ്ങുകളും തീർക്കുകയും ഒരു പുതിയ കൊട്ടാരം പണിയുകയും ചെയ്തു. അങ്ങനെ ഉയർന്ന മൺകോട്ടയുടെയും കിടങ്ങുകളുടെയും അവശിഷ്ടങ്ങൾ ഇന്നും അവിടവിടെ പല ഭാഗത്തും കാണാവുന്നതാണ്. പ്രസ്തുത സ്ഥലം ക്ഷേത്രത്തിന്റേതാണെന്നും അതു ദാനം ചെയ്യുവാൻ രാജാവിന് അധികാരമില്ലെന്നും ക്ഷേത്രാധികാരികൾ വാദിക്കുകയും ക്ഷേത്രജീവനക്കാർ ചെന്നു കോട്ടനിർമ്മാണം നിരോധിക്കുകയുമുായി. വിലക്കുവാചകം ഉച്ചരിച്ചു ശംഖുവിളിച്ച പുളിയായി മാരാരെ ഭടന്മാർ കോട്ടയോടു ചേർത്തു മണ്ണിൽ കുഴിച്ചുമൂടിയത്രേ. ചെമ്പകശേരി നമ്പൂതിരിയെ നാടുവാഴിയും കുബേരനുമാക്കി ഉയർത്തുവാൻ ഭടന്മാർ പല കൂട്ടായ്മക്കവർച്ചകളും കൂട്ടക്കൊലകളും നടത്തിയതായി പറയപ്പെടുന്നു. മണ്ണൂർ നമ്പൂതിരി, കിളിക്കാട്ടു നമ്പൂതിരി, തുരുത്തിപ്പള്ളി നമ്പൂതിരി മുതലായവരുടെ കുടുംബാംഗങ്ങളെ മുഴുവൻ അവർ കൊലചെയ്യുകയും ഇല്ലങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. ഇങ്ങനെ, മണ്ണൂർ നമ്പൂതിരിയുടെ കുളത്തിൽ നിരവധിയാളുകളുടെ ജഡങ്ങൾ വലിച്ചെറിഞ്ഞിട്ടുന്നെു പറയപ്പെടുന്നു. മണ്ണൂർക്കുളം എന്ന പേരോടുകൂടിയ ആ കുളത്തിന്റെ സ്ഥാനം കുടമാളൂർപള്ളിയുടെ വടക്കുവശത്ത് സിമിത്തേരിയുടെ താഴെയാണത്രേ.

### 9.39.2. ചെമ്പകശേരി രാജാവും കുടമാളൂർ പള്ളിയും

ഭടന്മാരോടു ചേർന്ന് താൻ നാട്ടിലെ ദുഷ്പ്രഭുക്കന്മാരെ അമർച്ച ചെയ്യുവാൻ ചെയ്ത ക്രൂരതകളും അധർമ്മങ്ങളും നിമിത്തം ചെമ്പകശ്ശേരി രാജാവു വളരെയധികം ദുഃഖപീഡിതനായി. പലവിധത്തിലുള്ള ഉപദ്രവങ്ങൾ അദ്ദേഹത്തിനു നേരിട്ടതായും പറയപ്പെടുന്നു. അതിനൊക്കെ പരിഹാരമായി ജ്യോത്സ്യനിർദ്ദേശപ്രകാരം മണ്ണൂർകുളത്തിനു സമീപം ക്രിസ്ത്യാനികളുടെ ഒരു ദൈവാലയം പണികഴിപ്പിച്ചു എന്നാണ് പാരമ്പര്യവൃത്താന്തം. കുടമാളൂർപള്ളിയുടെ സ്ഥാനം രാജാവിന്റെ കോട്ടയ്ക്കകത്തു കൊട്ടാരത്തിനു സമീപമായിരുന്നു. പള്ളിക്കു ചുറ്റിലും വളരെയധികം ഹിന്ദുക്കൾ താമസിക്കുന്നതിന്റെ കാരണവും ഇതാണെന്നു കരുതപ്പെടുന്നു. ചെമ്പകശ്ശേരിമഠം കുടമാളൂർപള്ളിക്ക് അല്പം പടിഞ്ഞാറുമാറി ഇന്നും കാണാവുന്നതാണ്. അവിടെയുള്ളവരെ വലിയമഠത്തിൽ തമ്പുരാക്കന്മാരെന്നാണ് ഇന്നും പറഞ്ഞുവരുന്നത്. പള്ളിയുടെ സ്ഥാപനത്തെക്കുറിച്ചു വിവരിക്കുന്ന ഒരു പാട്ട് കുടമാളൂരെ പഴയ തലമുറക്കാരുടെ യിടയിൽ പ്രചാരത്തിലുായിരുന്നു. ആ പാട്ട് ആരുാക്കിയതാണെന്നു നിശ്ചയമില്ല. പള്ളിയുടെ സ്ഥാപനം സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മിക്കതും ആ പാട്ടിൽ പ്രതിപാദിച്ചിട്ടു ്.

ചെമ്പകശ്ശേരി രാജാവു ഭടന്മാരുമൊന്നിച്ച് ആദ്യം തിരുവല്ലയ്ക്കും പിന്നീട് അമ്പലപ്പുഴയ്ക്കും പോയി. അക്കാലത്തും പല നാട്ടുപ്രമാണിമാരുടെയും അധീനത്തിലായിരുന്ന അമ്പലപ്പുഴ രാജ്യം ഭടന്മാർ പിടിച്ചടക്കി ചെമ്പകശ്ശേരി തമ്പുരാനെ അതിന്റെ രാജാവായി പ്രഖ്യാപിച്ചു. പുറക്കാട്ടു രാജാവ്, അമ്പലപ്പുഴ രാജാവ് എന്നീ പേരുകളിലും ചെമ്പകശ്ശേരി രാജാവു ചരിത്രത്തിൽ അറിയപ്പെടുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവു ചെമ്പകശ്ശേരി രാജ്യം പിടിച്ചടക്കിയപ്പോൾ ചെമ്പകശ്ശേരി രാജാവും അന്തർജ്ജനങ്ങളും ഒളിവിൽ പോയി. ചെമ്പകശ്ശേരി രാജ്യം അങ്ങനെ തിരുവിതാംകൂറിന്റെ ഭാഗമായിത്തീർന്നു. ഏതാനും വർഷങ്ങൾക്കു ശേഷം രാജകുടുംബം കുടമാളൂരിൽ തിരിച്ചെത്തി. തിരുവിതാംകൂർ ഗവണ്മെന്റ് മുൻകാലങ്ങളിൽ ഇവർക്ക് അടുത്തൂൺ നല്കിവന്നിരുന്നു.

കുടമാളൂർപള്ളിയുടെ സ്ഥാപനത്തിനു മുമ്പുതന്നെ അരുവിത്തുറനിന്ന് ഇവിടെ വന്നു താമസമാക്കിയിരുന്ന ഒരു ക്രിസ്തീയകുടുംബമാണ് മുട്ടത്തുപാടം. രാജാവിന്റെ നിർദ്ദേശമനുസരിച്ച് ഇവരാണ് അരുവിത്തുറനിന്ന് ഒരു വൈദികനെ ഇവിടെ ആദ്യമായി കൊുവന്നതെന്നു പറയപ്പെടുന്നു. തുടർന്ന് തെക്കേടം, കരിമ്പുമാലി, കുത്തുകല്ലൻ, പയ്യനാട്, മൂക്കുങ്കൽ, ചക്കുങ്കൽ എന്നീ കുടുംബങ്ങൾകൂടി അരുവിത്തുറ, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽനിന്നു കുടമാളൂരിൽ കുടിയേറി പാർക്കുകയുായി. പള്ളിയുടെ സ്ഥാപനകാലത്ത് ഈ ക്രിസ്തീയകുടുംബങ്ങൾ മാത്രമേ ഇവിടെ ഉായിരുന്നുള്ളു.

കൊല്ലവർഷം 723-ൽ കുടമാളൂർപള്ളിയുടെ നിത്യനിദാനച്ചെലവുകൾക്കുവേി ചെമ്പകശ്ശേരി രാജവംശത്തിൽനിന്ന് അമ്പതുപറനിലം ദാനം നല്കിയതായി കാണുന്നു്. മുട്ടത്തുപാടത്തെ ഗ്രന്ഥപ്പെട്ടിയിൽ ഈ ദാനം സംബന്ധിച്ചുള്ള ചെമ്പുതകിടു സൂക്ഷിച്ചിരുന്നു. ചെമ്പകശേരി രാജാവു കുടമാളൂർ മുത്തിയമ്മയ്ക്കു സമർപ്പിച്ചതും ചില പുരാതന ലിഖിതങ്ങളോടു കൂടിയതുമായ, വളരെ പഴക്കമുള്ള ഒരു പള്ളിമണി ഒരു സ്മാരകവസ്തുവായി ഇന്നും സൂക്ഷിച്ചുവരുന്നു. വളരെയധികം ചിത്രപ്പണികളോടു കൂടിയതും ഇപ്പോൾ സാധാരണ ഉപയോഗത്തിനെടുക്കാതെ നാലു പൂട്ടിനുള്ളിൽ സൂക്ഷിച്ചുവരുന്നതുമായ ഒരു കാസാ രാജാവു സംഭാവനചെയ്തതാണെന്നാണു പറയപ്പെടുന്നത്.

### 9.39.3 പുരാതനമായ ചില നേർച്ചകൾ

സന്താനലബ്ധിക്കായി കുടമാളൂർപള്ളിയിൽ പരമ്പാരാഗതമായി നടത്തിവരുന്ന ഒരു പ്രധാനപഴിപാടായ പായസനേർച്ച അഥവാ കറിനേർച്ച, 1515–ാമാടിടയ്ക്ക് സന്താനരഹിതനായിരുന്ന ഒരു ചെമ്പകശേരി രാജാവാണ് ആരംഭിച്ചത്. ജനങ്ങൾ പിന്നീട് ജാതിമതഭേദമെന്യേ അതു തുടർന്നു നടത്തിവരുന്നു. വന്ധ്യതാദുഃഖമനുഭവിക്കുന്ന അനേകം ദമ്പതികൾ ഈ നേർച്ച നിറവേറ്റുവാൻ പള്ളിയിൽ എത്തുന്നു്. പ്രതിവർഷം നിരവധി കറിനേർച്ചകൾ ഇവിടെ നടത്തപ്പെടുന്നു. അത്യന്തം രുചികരവും അതിലുപരി അമൂല്യവുമായ ഈ നേർച്ച സ്വീകരിക്കുന്നതിനു വളരെയധികം ആളുകൾ തിങ്ങിക്കൂടുമായിരുന്നു. നടയ്ക്കുവയ്ക്കാനെടുക്കുന്ന ചെറിയൊരളവുനീക്കി ബാക്കി കറി മുഴുവൻ ആളുകൾക്കു വിളമ്പിക്കൊടുക്കുകയായിരുന്നു പതിവ്. എന്നാൽ, ഇപ്പോൾ നേർച്ചയുടെ രീതിയിൽ മാറ്റം വരുത്തിയിട്ടു്. കുറച്ചു കറിയുാക്കി നടയ്ക്കൽ മാത്രം വയ്ക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതിനായി നിയോഗിച്ചിട്ടുള്ള തുകയിൽ ബാക്കി നേർച്ചക്കാരിൽനിന്നുവാങ്ങി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

തീരാരോഗങ്ങൾക്കു ശമനം ലഭിക്കുന്നതിനുവേി ഇവിടെ നടത്തപ്പെടുന്ന ഒരു നേർച്ചയാണ് പാളയും കയറും നേർച്ച. പഴയകാലം മുതൽ പെസഹാവ്യാഴം, പീഡാനുഭവവെള്ളി ദിവസങ്ങളിൽ പാളകൊു തൊട്ടിയുാക്കി പള്ളിമുറ്റത്തെ കിണറ്റിൽനിന്നു വെള്ളം കോരിക്കുടിച്ചു നേർച്ച നിറവേറ്റിവരുന്നു. സ്വർണ്ണത്തിലും വെള്ളിയിലും പാളയുടെയും കയറിന്റെയും രൂപം പണിയിച്ചു പള്ളിയിൽ നല്കുന്ന പതിവും ഇപ്പോൾ സാധാരണമാണ്.

പെസഹാവ്യാഴാഴ്ച ഇവിടെ നടത്തിവരുന്ന ഒരു പുരാതനനേർച്ചയാണ് തമുക്കു നേർച്ച. ഇടവകയിൽപ്പെട്ട കുമാരനല്ലൂർ പ്രദേശത്തെ ചില ആളുകൾക്ക് നൂറ്റാുകൾക്കുമുമ്പ് മുത്തിയമ്മയിൽനിന്നു ലഭിച്ച ഒരു അനുഗ്രഹത്തിന്റെ നന്ദിസൂചകമായി അവരും, തുടർന്ന് അവരുടെ പിൻഗാമികളും ആുതോറും ഈ നേർച്ച നടത്തിവരുന്നു. കറിപോലെതന്നെ അത്യന്തം ആസ്വാദ്യകരമായ ഒരു വിഭവമാണ് തമുക്ക്.

ഈ പള്ളിയിലെ വിശുദ്ധവാരത്തിരുക്കർമ്മങ്ങൾ അനേകായിരങ്ങളെ ആകർഷിക്കുന്നു. പെസഹാ വ്യാഴാഴ്ച രാത്രിയും പീഡാനുഭവവെള്ളിയാഴ്ചയും കുടമാളൂർ പള്ളിയങ്കണത്തിൽ എല്ലാ വർഷവും വളരെയധികം ആളുകൾ എത്തിച്ചേരുന്നു. ആ ദിവസങ്ങളിൽ നടത്തപ്പെടുന്ന നീന്തുനേർച്ച പ്രസിദ്ധമാണ്. ഈ നേർച്ചയും ചെമ്പകശ്ശേരി രാജാക്കന്മാർ ആരംഭിച്ചതായാണു കരുതിപ്പൊരുന്നത്. കൽക്കുരിശിന്റെ ചുവട്ടിൽനിന്നാരംഭിച്ച് മുട്ടിന്മേൽ നീന്തി പള്ളിയിലെത്തി തിരുസ്വരൂപം ചുംബിച്ചു നേർച്ച സമാപിപ്പിക്കുന്നു. ദൂരെദിക്കുകളിൽനിന്നുപോലും ജാതിമതഭേദമെന്യേ വളരെയധികം ആളുകൾ വന്നു നീന്തിനേർച്ചയിൽ സംബന്ധിക്കാറു്. പെസഹാ വ്യാഴാഴ്ച പകലും രാത്രിയും നടത്തപ്പെടുന്ന ആരാധന, പീഡാനുഭവവെള്ളിയാഴ്ച സന്ധ്യക്കുള്ള പീഡാനുഭവപ്രദർശനം എന്നിവ ഇവിടത്തെ പ്രത്യേകതകളാണ്.

കുടമാളൂരെ കരിങ്കൽക്കുരിശും ചരിത്രപ്രസിദ്ധമായ ഒന്നുതന്നെ. അവിടത്തെ ചുറ്റുവിളക്കു നേർച്ചയും ഒരു വഴിപാടായി ഇന്നും നടന്നുവരുന്നു.

### 9.39.4. മുക്തിമാതാവ് (മുത്തിയമ്മ)

കുടമാളൂർ പഴയപള്ളിയിലെ പ്രധാന ബലിപീഠത്തിൽ പ്രമുഖസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു തൂലികാചിത്രമാണ് മുത്തിയമ്മയുടെ പേരിൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള വർണ്ണ

ചിത്രം. നാലു ശതാബ്ദക്കാലം പഴക്കമെങ്കിലും ഈ ചിത്രത്തിനുണ്ടെന്നു പറയപ്പെടുന്നു. അന്നത്തെ ചായങ്ങൾക്കും നിറക്കൂട്ടുകൾക്കും മങ്ങലേല്ക്കാതെയും പുതുമ നഷ്ടപ്പെടാതെയും ഇപ്പോഴും ഈ ചിത്രമുണ്ട്. സുവിശേഷകനായ വി. ലൂക്കാ വരച്ചതെന്നു പരമ്പരാഗതമായി വിശ്വസിച്ചുപോരുന്ന ചിത്രമാതൃകയോടു വളരെ സാമ്യമുള്ളതാണ് കുടമാളൂരെ മുത്തിയമ്മയുടെ ചിത്രം. ഈ ചിത്രത്തോടു ചേർന്ന് ഇരുവശങ്ങളിലുമായി പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ചിത്രങ്ങൾകൂടി വരച്ചിരിക്കുന്നു. ഏകദേശം 7 അടി നീളവും 41/2 അടി വീതിയും ഈ ചിത്രത്തിനുണ്ട്. ഇതിനോടു ബന്ധപ്പെട്ട ചരിത്രവസ്തുതകളൊന്നും അറിവില്ല.

ചെമ്പകശ്ശേരി രാജാവു പണിയിച്ചതായി പറയപ്പെടുന്ന പള്ളി ഇപ്പോഴുള്ള പഴയപള്ളിയല്ല. അതു പിൽക്കാലത്തു പണിചെയ്തതാണ്. പോർട്ടുഗീസുകാരുടെ വരവിനുശേഷം പോർത്തുഗീസ് ശില്പകലാമാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഈ പള്ളി എന്നാണു പണി ചെയ്തതെന്നറിവാൻ രേഖകളൊന്നും ലഭ്യമല്ല.

### 9.39.5. ചില ചരിത്രവസ്തുതകൾ

16-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തയായിരുന്ന മാർ അബ്രാഹം ഈ പള്ളിയിൽ വന്നു ദീർഘനാൾ താമസിച്ചിട്ടുണ്ട്. 1599-ൽ ആർച്ചുബിഷപ്പ് മെനേസിസ് സന്ദർശിച്ച പള്ളികളിൽ കുടമാളൂരും ഉൾപ്പെടുന്നു. ആ വർഷംതന്നെ അദ്ദേഹം വിളിച്ചുകൂട്ടിയ ചരിത്രപ്രഖ്യാതമായ ഉദയമ്പേരൂർ സൂനഹദോസിൽ കുടമാളൂർപള്ളിയും പങ്കെടുത്തിരുന്നു കൂനൻകുരിശുസത്യത്തിനുശേഷം വിഘടിതവിഭാഗത്തിന്റെ നേതാവായിരുന്ന തോമ്മാ അർക്കദിയാക്കോനെ അനുഗമിച്ച പള്ളികളുടെകൂടെ കുടമാളൂരും ഉായിരുന്നതായിട്ടാണു കാണുന്നത്. എന്നാൽ, റോമിൽ നിന്നയച്ച അപ്പസ്തോലിക് കമ്മിസറി ജോസഫ് സെബാസ്റ്റ്യാനിയിൽനിന്നു സത്യം മനസ്സിലാക്കിയതോടുകൂടി കുടമാളൂർ പള്ളി അദ്ദേഹത്തോടൊപ്പം നിന്നു. 1787-ൽ ചേർന്ന അങ്കമാലിയോഗത്തിലും അവിടെവച്ചു തയ്യാറാക്കിയ അങ്കമാലി പടിയോലയിലും ഈ ഇടവകപ്രതിനിധികളും ഭാഗഭാക്കായി. 1861-ൽ റോക്കോസ് മെത്രാന്റെയും 1874-ൽ മേലൂസ് മെത്രാന്റെയും ആഗമനത്തോടെ കേരളസഭയിൽ രൂപംകൊ വിഘടനസംരംഭങ്ങളിൽ കുടമാളൂർ ഉൾപ്പെട്ടിരുന്നില്ല. പുണ്യശ്ലോകനെന്നു പ്രകീർത്തിക്കപ്പെടുന്ന പനങ്കുഴയ്ക്കലച്ചൻ കുടമാളൂർ ഇടവകയിലെ ദേശത്തു പട്ടക്കാരനായിരുന്നില്ലെങ്കിലും അദ്ദേഹം ഈ ഇടവകയിൽ ഏറെനാൾ താമസിച്ചിരുന്നു. കോട്ടയം വികാരി അപ്പസ്തോലിക്ക ആയിരുന്ന ബിഷപ്പ് ചാൾസ് ലവീഞ്ഞിന്റെ വികാരി ജനറാൾമാരിൽ ഒരാളായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ ഒരു വർഷക്കാലം (1890-91) തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തതു കുടമാളൂർ പള്ളിയാണ്.

### 9.39.6. പുതിയപള്ളി

ചരിത്രപ്രാധാന്യമുള്ള പഴയപള്ളി, ഇടവകജനങ്ങളെ മുഴുവൻ ഉൾക്കൊള്ളുവാൻ പര്യാപ്തമല്ലാതെവന്ന സാഹചര്യത്തിൽ 1969-ൽ തറക്കല്ലിട്ട് 1971-ൽ ആധുനികശില്പകലയുടെ ചാരുതയാർന്ന ദൈവാലയം പൂർത്തിയാക്കി.

### 9.39.7. അൽഫോൻസാ ഭവൻ

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജന്മഗൃഹമായ മുട്ടത്തുപാടത്തു പഴൂപ്പറമ്പിൽ ഭവനവും 95 സെന്റുള്ള വസ്തുവും 1973-ൽ ക്ലാരസഭക്കാർ വിലയ്ക്കു വാങ്ങുകയും ഭവനം ജീർണ്ണോദ്ധാരണം നടത്തുകയും ചെയ്തു. അൽഫോൻസാ ഭവൻ ഇന്ന് ഒരു തീർത്ഥാടനകേ

ന്ദ്രമാണ്. 1988 മുതൽ ആഗസ്റ്റുമാസത്തെ ആദ്യശനിയാഴ്ച ചങ്ങനാശേരി അതിരൂപതയിലെ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽനിന്നും മിഷൻലീഗ് അംഗങ്ങൾ ഇവിടേക്കു തീർത്ഥാടനം നടത്തിവരുന്നു.

### 9.39.8. വിശിഷ്ടവ്യക്തികൾ

കുടമാളൂർ ഇടവകയോടു ബന്ധപ്പെടുത്തി സ്മരിക്കപ്പെടേ വിശിഷ്ടവ്യക്തികളിൽ പ്രഥമസ്ഥാനത്തിന് അർഹ വിശുദ്ധ അൽഫോൻസാമ്മ തന്നെയാണ്. ഈ ഇടവകയിലെ മുട്ടത്തുപാടത്തു കുടുംബത്തിൽ യൗസേപ്പ് - മറിയം ദമ്പതികളുടെ നാലാമത്തെ സന്താനമായി 1910 ആഗസ്റ്റ് 19-ന് അൽഫോൻസാമ്മ ജനിച്ചു. മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ആധുനിക സഭാപിതാവ് എന്ന പേരിന് അർഹനായ പൊടിപ്പാറ ബ. പ്ലാസിഡച്ചൻ ഈ ഇടവകാംഗമായിരുന്നു. സീറോമലബാർസഭയുടെ തനിമയും വ്യക്തിത്വവും ആഴത്തിൽ മനസ്സിലാക്കുകയും അതു സഭാംഗങ്ങൾക്കു പകർന്നു കൊടുക്കുവാൻ അക്ഷീണം യത്നിക്കുകയും ചെയ്ത പ്ലാസിഡച്ചന്റെ സേവനങ്ങൾ വളരെ വിലപ്പെട്ടവയാണ്. സുറിയാനിയിൽനിന്നു മലയാളത്തിലേക്ക് ആദ്യമായി ബൈബിൾ വിവർത്തനം ചെയ്ത പ്രഖ്യാതനായ ക.നി.മൂ.സ. മാണിക്കത്തനാർ ആുമാലിൽ (ബ. എമ്മാനുവേലച്ചൻ) കുടമാളൂർ സ്വദേശിയാണ്.

## 9.40. നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയവും അന്താരാഷ്ട്ര എക്യുമെനിക്കൽ സംവാദകേന്ദ്രവും

മാർത്തോമ്മായുടെ പാദസ്പർശമേറ്റതും ക്രൈസ്തവസമൂഹം ദീർഘകാലം അധിവസിച്ചിരുന്നതുമായ നിലയ്ക്കൽ, ചരിത്രത്തിലെ സുപ്രധാന എടുകളിൽപ്പെട്ടതാണ്. കാഞ്ഞിരപ്പള്ളിയിലെ ക്രൈസ്തവസമൂഹത്തിന്റെ ആരംഭം നിലയ്ക്കലിൽ നിന്നാണെന്നു പാരമ്പര്യവും താളിയോലഗ്രന്ഥങ്ങളും പ്രമാണങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

600-ഓളം വർഷങ്ങൾക്കു മുമ്പു നഷ്ടപ്പെട്ട പള്ളിയും സ്ഥലവും വീടുക്കാനുള്ള ശ്രമങ്ങളുടെ സാക്ഷാത്ക്കാരമാണ് ഇന്നു കാണുന്ന നിലയ്ക്കൽപള്ളി. കേരളാ ഗവണ്മെന്റിന്റെ സമയോചിതമായ ഇടപെടലും കേന്ദ്രഗവണ്മെന്റിന്റെ ഔദാര്യവും ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെ വിട്ടുവീഴ്ചാമനോഭാവവും നല്ലവരായ വലിയൊരു വിഭാഗം അക്രൈസ്തവ സഹോദരങ്ങളുടെ സന്മനസ്സുമെല്ലാം കാരണമാണ് വർഗ്ഗീയകലാപത്തിന്റെ വക്കോളമെത്തിയ നിലയ്ക്കൽപ്രശ്നം രമ്യമായി പരിഹരിക്കപ്പെട്ടത്. അങ്ങനെ ഉരുത്തിരിഞ്ഞ സമവായപ്രകാരമാണ് 'ദൈവത്തിന്റെ മല' എന്നർത്ഥമുള്ള തേവർമലയിൽ പള്ളിയും അനുബന്ധസ്ഥാപനങ്ങളുമൊക്കെ നിർമ്മിക്കുവാൻ കഴിഞ്ഞത്. പുരാതന ക്രൈസ്തവസമൂഹത്തിന്റെ ദൈവാലയം സ്ഥിതിചെയ്തിരുന്നിടത്തുതന്നെ പുതിയ ആരാധനാലയം പണിയണമെന്ന് ക്രൈസ്തവർ ആഗ്രഹിച്ചെങ്കിലും മറ്റു മതവിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്തിക്കൊ് ക്രൈസ്തവാരാധനാലയം വേ എന്ന ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെ തീരുമാനമാണ് ശബരിമലക്ഷേത്രത്തിന്റെ സമീപത്തുനിന്നു തേവർമലയിലേക്കു മാറ്റി പള്ളി സ്ഥാപിക്കാൻ കാരണമായത്.

### 9.40.1. നിലയ്ക്കൽ പള്ളി

പത്തനംതിട്ട ജില്ലയിൽ സീതത്തോടു പഞ്ചായത്തിൽ ആങ്ങമൂഴി - നിലയ്ക്കൽ റോഡിൽ

പാലത്തടിയാറിന്റെ പാലത്തിൽനിന്നു രര കിലോമീറ്റർ അകലെ തേവർമലയിലാണ് എക്യു മെനിക്കൽ ദൈവാലയം. പ്രസ്തുത സ്ഥലത്ത് ദൈവാലയം പണിയുന്നതിനുള്ള ശ്രമങ്ങൾ 1983 നവംബർ 15 ന് ആരംഭിച്ചു. കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, യാക്കോബായ, സി.എസ്.ഐ. സഭകളിലെ വൈദികമേലദ്ധ്യക്ഷന്മാർ ഒന്നുചേർന്ന് 1984 ഏപ്രിൽ 8-ന് ദൈവാ ലയത്തിന്റെ പുനഃപ്രതിഷ്ഠ നടത്തി. അന്നു നടന്ന മതസൗഹാർദ്ദസമ്മേളനത്തിൽ കേരളാ ഗവർണർ, മുഖ്യമന്ത്രി, ഹിന്ദുമതാചാര്യന്മാർ, ക്രൈസ്തവമേലദ്ധ്യക്ഷൻമാർ, രാഷ്ട്രീയനേതാ ക്കൾ തുടങ്ങിയ ഉന്നതർ പങ്കെടുത്തു. മെത്രാൻപദവി അംഗീകരിക്കുന്ന വിവിധ സഭകൾ ചേർന്ന് പൊതുഉടമസ്ഥതയിൽ സ്ഥലം സമ്പാദിച്ചു പള്ളി പണിത് ആരാധന നടത്തി ഒന്നിച്ചു ഭരിക്കുന്ന ലോകത്തെ പ്രഥമ എക്യുമെനിക്കൽ ദൈവാലയമായ നിലയ്ക്കൽപള്ളി ക്രിസ്തീയ കൂട്ടായ്മ യുടെയും ഐക്യത്തിന്റെയും പ്രതീകമാണ്.

### 9.40.2. എക്യുമെനിക്കൽസെന്റർ ട്രസ്റ്റ്

മാർത്തോമ്മായുടെ പൈതൃകം അവകാശപ്പെടുന്ന അഞ്ചു സഭകൾക്കായി 1983 നവം ബർ 15 ന് കേരള സർക്കാർ, കേന്ദ്രസർക്കാരിന്റെ അനുമതിയോടെ 5 ഏക്കർ 49 സെന്റ് സ്ഥലം പള്ളിയും അനുബന്ധസ്ഥാപനങ്ങളും പണിയുന്നതിന് നിലയ്ക്കൽ പ്രദേശത്തു നൽകി. സഭൈ ക്യപ്രവർത്തനങ്ങൾ നടത്തുന്നതിനും പള്ളിയും മറ്റു സ്ഥാപനങ്ങളും പൊതുഉടമസ്ഥതയിൽ ഭരിക്കുന്നതിനുമായി ബന്ധപ്പെട്ട സഭകളുടെ പ്രാതിനിധ്യം വഹിക്കുന്ന പത്തു വൈദികമേല ദ്ധ്യക്ഷന്മാർ ട്രസ്റ്റു പ്രമാണം (Trust creed) 1985 മേയ് 11-നു രജിസ്റ്റർ ചെയ്തു. എക്യുമെനി ക്കൽ സെന്റർ സ്ഥാപനങ്ങളുടെ അനുദിനകാര്യങ്ങൾ ട്രസ്റ്റു നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ നിർവഹിക്കുന്നു.

### 9.40.3. അന്താരാഷ്ട്ര എക്യുമെനിക്കൽ സംവാദകേന്ദ്രം

ഇവിടെ മതസൗഹാർദ്ദചർച്ചകൾ നടത്തുന്നതിനും ധ്യാനങ്ങൾ, പഠനക്ലാസുകൾ എന്നി വയ്ക്കുമായി ഒരു കെട്ടിടം ഡയലോഗ് സെന്റർ എന്ന പേരിൽ 1996 ഫെബ്രു. 8-ന് പൗരസ്ത്യ തിരുസ്സംഘം അദ്ധ്യക്ഷൻ കർദ്ദിനാൾ അക്കിലെ സിൽവസ്ത്രീനി ഉദ്ഘാടനം ചെയ്തു. ഇതിന്റെ പ്രതിഷ്ഠാകർമ്മം ട്രസ്റ്റിമാരായ പത്തു സഭാമേലദ്ധ്യക്ഷന്മാർ സംയുക്തമായി നടത്തി.

### 9.40.4. ധ്യാനമന്ദിർ

ധ്യാനമന്ദിറിന്റെ ശിലാസ്ഥാപനം ജർമൻ ഇവാഞ്ചലിക്കൽ സഭയുടെ പ്രസിഡന്റ് ഡോ, ഉൾറിച്ച് ബെയർ 1996 ഫെബ്രു. 17-ന് നിർവഹിച്ചു. ഇരുന്നൂറിൽപരം ആളുകൾക്കു താമസിച്ചു ധ്യാനിക്കാൻ സാധിക്കത്തക്കവിധം മിതമായ സൗകര്യങ്ങളോടുകൂടിയ 50 മുറികളും രു വലിയ ഡോർമിറ്ററികളുമു്.

കേരള ക്രൈസ്തവരുടെ ഏക എക്യുമെനിക്കൽ തീർത്ഥാടനകേന്ദ്രമായ ഇവിടെ വിവിധ സഭകളിലും മതത്തിലും പെട്ട ആളുകൾ എത്താറു്. തീർത്ഥാടനത്തിനൊപ്പം വിനോദയാത്ര യ്ക്കും പറ്റിയ സ്ഥലമാണ് നിലയ്ക്കൽ. ഇവിടെനിന്നു മൂഴിയാർ-കക്കി-പമ്പ വഴി തേക്കടിക്കു പോകാനുള്ള മലമ്പാതയു്. കാഞ്ഞിരപ്പള്ളിയിൽനിന്ന് എരുമേലി-തുലാപ്പള്ളി-പ്ലാപ്പള്ളി-ആ ങ്ങമൂഴി വഴി ഇവിടേക്ക് 43 കിലോമീറ്റർ ദൂരമേയുള്ളു. ഇന്ത്യയിലെ വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിന്റെ എന്നത്തെയും ജീവിക്കുന്ന നിദർശനമാണ് നിലയ്ക്കൽ.

# ഉപസംഹാരം

ഭാഷയും പ്രയോക്താക്കളുമായി ബന്ധപ്പെട്ട പഠനശാഖയാണ് പ്രയോഗവിജ്ഞാനം. ഒരേസമയം ഉക്ത്യാർത്ഥപഠനവും പ്രകരണാർത്ഥപഠനവുമായി ഇതു മാറുന്നു. പ്രയോഗവിജ്ഞാനം മാത്രമാണ് പ്രയോക്താക്കളെ ഭാഷാപഗ്രഥനത്തിൽ ഉൾപ്പെടുത്തുന്നത്. ഭാഷയിലൂടെ കൃത്യങ്ങൾ (ആശയവിനിമയം) നിർവഹിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് പ്രയോഗവിജ്ഞാനത്തിന്റെ പഠനവിഷയം. ഭാഷാശാസ്ത്രപഠനരംഗത്ത് വാക്യവിജ്ഞാനത്തിന്റെ ചവറ്റുകുട്ട എന്ന നിലയിൽ അർത്ഥവിജ്ഞാനവും അർത്ഥവിജ്ഞാനത്തിന്റെ 'ചവറ്റുകുട്ട' എന്ന നിലയിൽ പ്രയോഗവിജ്ഞാനവും 1960-കളിലും 1980-കളിലുമായി സജീവമായി.

ഭാഷയുടെ ഭൗതികദത്തങ്ങളായ ശബ്ദങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന സങ്കുചിതമായ വിജ്ഞാനശാഖ എന്നതിൽനിന്ന് രൂപവും അർത്ഥവും പ്രകരണവും കണക്കിലെടുക്കുന്ന വിശാലവിജ്ഞാനമേഖല എന്ന നിലയിലേക്ക് വികസിച്ചു രൂപപ്പെട്ടതാണ് പ്രയോഗവിജ്ഞാനം. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പഠനവസ്തു പ്രകരണമാണ്. സംഭാഷണത്തിലൂടെ ഉരുത്തിരിയുന്ന ചലനാത്മകമായ സങ്കല്പനമാണത്. അങ്ങനെ പ്രയോഗാർത്ഥപഠനം, പ്രകരണാർത്ഥം തുടങ്ങിയ നിർവചനങ്ങളിലേക്ക് പ്രയോഗവിജ്ഞാനം എത്തിച്ചേരുന്നു. എന്നാൽ സമീപകാല പണ്ഡിതർക്കുള്ളത് ഇത്തരം നിർവചനങ്ങളിൽ ഈ വിജ്ഞാനശാഖയെ പരിമിതപ്പെടുത്തുന്നതിലും നല്ലത്, ഭാഷാശാസ്ത്രസംബന്ധമായ വീക്ഷണങ്ങളിൽ പുലർത്തേ വിശാലകാഴ്ചപ്പാടിന്റെ പരിധിയിൽ പ്രയോഗവിജ്ഞാനത്തെ പരിഗണിക്കുന്നതാവും ഉചിതം എന്ന സമീപനമാണ്.

മധ്യകേരള ക്രൈസ്തവസംസ്കാരം വ്യത്യസ്ത ക്രൈസ്തവസമൂഹങ്ങളുടെ ചരിത്രം, ഭാഷണഭേദങ്ങൾ, ആരാധനാഭേദങ്ങൾ, ആചാരാനുഷ്ഠാന ജീവിതചര്യാഭേദങ്ങൾ, കലകൾ, വേഷം, ഭക്ഷണശീലം, ദായക്രമം, കേരളത്തിലെ ഭിന്നഭാവസമൂഹത്തിൽ ഓരോ കാലയളവിൽ ക്രൈസ്തവർ നടത്തിയിട്ടുള്ള സ്വാധീനവും ഇടപെടലുകളും തുടങ്ങി അനേകകാര്യങ്ങളുമായി കെട്ടുപിണഞ്ഞ് നിലകൊള്ളുന്നു. ഇവ ഓരോന്നിനെയും കുറിച്ച് തൃശൂർ മുതൽ പത്തനംതിട്ട വരെയുള്ള അഞ്ചു ജില്ലകൾ കേന്ദ്രീകരിച്ച് പരമാവധി വിവരശേഖരണവും ഭാഷണഖണ്ഡ (utterances) ശേഖരണവും നടത്തി അപഗ്രഥിച്ചു പഠിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ ചുവടെ കുറിക്കുന്നു. ഭാഷണഖണ്ഡങ്ങളുടെ അർത്ഥം, നിഷ്പത്തി, പ്രകരണവിവരണങ്ങളോടുകൂടിയ 'ക്രൈസ്തവ പദകോശം' അനുബന്ധം ഒന്നിൽ ചേർത്തിട്ടു്.

- റോമാസാമ്രാജ്യത്തിനും പേർഷ്യൻ സാമ്രാജ്യത്തിനും പുറത്ത് ഭാരതമണ്ണിൽ തഴച്ചുവളർന്ന ഭാരതസഭയുടെ ഭാഗമാണ് മധ്യകേരള ക്രൈസ്തവസമൂഹം. തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിൽ ആറെണ്ണം (പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, മലയാറ്റൂർ, നിരണം, നിലയ്ക്കൽ) ഗവേഷണപഠനപ്രദേശമായ അഞ്ചു ജില്ലകളിലാണുള്ളത്.
- തനതായൊരു ശ്ലൈഹികപൈതൃകവും സഭാജീവിതശൈലിയും പുലർത്തിക്കൊ് 16-ാം നൂറ്റാിന്റെ അവസാനം വരെ 'തോമ്മാമാർഗ'മനുസരിച്ചു കഴിഞ്ഞവരാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ.

- സാംസ്കാരികമായി ഭാരതീയരും വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനക്രമപരമായി പൗരസ്ത്യരുമായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ.

- പോർത്തുഗീസുകാരുടെ മതപരമായ നയത്തിന്റെ ആകെത്തുക ലത്തീൻവത്ക്കരണമെന്ന സങ്കുചിതവീക്ഷണമായിരുന്നു. ഇതരമതങ്ങളെയോ, ഇതരക്രൈസ്തവസഭാവിഭാഗങ്ങളെയോ സഹിഷ്ണുതയോടെ വീക്ഷിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

- 1599-ൽ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസ് ലത്തീൻവത്ക്കരണ തീവ്രയത്നത്തിന്റെ ഭാഗമാണ്. കേരള ക്രൈസ്തവസംസ്കാരചരിത്രത്തിൽ ഒരു വഴിത്തിരിവിന് ഇതു കാരണമായി. മാർത്തോമ്മാക്രിസ്ത്യാനികളെ റോമിലെ പോപ്പിന്റെ ആധിപത്യത്തിൽ ക്രൈസ്തവവത്ക്കരിക്കുന്നതിന്റെ ഭാഗമായി അവരുടെ സാമൂഹ്യാചാരാനുഷ്ഠാനങ്ങളിലും വേഷഭൂഷാദികളിലും ഇതര സമസ്തമേഖലകളിലും പരിവർത്തനം ആവശ്യപ്പെട്ടു. അങ്ങനെ, സാമൂഹികജീവിതത്തിൽനിന്ന്, സാംസ്കാരികപൈതൃകത്തിൽനിന്ന് കേരള ക്രൈസ്തവരെ അടർത്തിമാറ്റുന്നതിന് ബോധപൂർവമായ ശ്രമം ഉായി. പഴയ കർമ്മാനുഷ്ഠാനങ്ങളും വിലക്കപ്പെട്ടു.

- കേരളീയജീവിതത്തിന്റെ സമസ്തതലസ്പർശിയായിരുന്ന ക്രൈസ്തവമൂല്യബോധത്തിന്റെ സ്രോതസ്സിനെ ഇടുങ്ങിയ പുതിയ ചാലിലേക്കു തിരിച്ചുവിടാനുള്ള ഗൂഢയത്നമായിരുന്നു ഉദയംപേരൂർ സൂനഹദോസ്. അതോടെ മാർത്തോമ്മാ ക്രിസ്ത്യാനിസഭയുടെ സ്വന്തമായ വ്യക്തിത്വവും പാരമ്പര്യവും ആചാരങ്ങളും ആരാധനക്രമവും വികലമായി; ഒട്ടേറെ നഷ്ടപ്പെട്ടു.

- ലത്തീൻവത്ക്കരണത്തെ എതിർക്കുന്നതിനുള്ള ശ്രമവും മലങ്കരയിൽ നീറിപ്പുകഞ്ഞ അസ്വസ്ഥതയും അസംതൃപ്തിയും കൂനൻകുരിശുസത്യമായി ആളിപ്പടർന്നു. കേരളക്രൈസ്തവസഭാചരിത്രത്തിലെ പരിവർത്തനബിന്ദുവാണ് കൂനൻകുരിശുസത്യം. റോമാ ആധിപത്യം അംഗീകരിച്ചവർ 'പഴയകൂറ്റുകാർ' എന്നും അർക്കദിയാക്കോന്റെ നേതൃത്വം അംഗീകരിച്ചവർ 'പുത്തൻകൂറ്റുകാർ' എന്നും അറിയപ്പെട്ടു.

- 19-ാം നൂറ്റ് കേരളത്തിൽ പ്രേഷിതവൃത്തിയുടെ മഹത്തായ യുഗമാണ്. പാശ്ചാത്യനവോത്ഥാനത്തിന്റെ നവദർശനം ഉൾക്കൊ മിഷനറിമാർക്ക് കേരളസഭയോടൊപ്പം സമൂഹത്തെയും നവീകരിക്കുക എന്ന ലക്ഷ്യമുായിരുന്നു. ഈ നൂറ്റാിന്റെ ആദ്യഘട്ടത്തിൽത്തന്നെ പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം കേരളമാകെ വ്യാപിച്ചു.

- ബൈബിൾ വിവർത്തനരംഗത്താണ് മിഷനറിമാർ ആദ്യമായി ശ്രദ്ധിച്ചത്. സാമാന്യജനത്തിന് നാട്ടുഭാഷയിലുള്ള ബൈബിൾ ആവശ്യമാണെന്നു ബോധ്യപ്പെട്ട ഡോ. ബുക്കാനന്റെയും കേണൽ മൺറോയുടെയും ഗുർട്ടിന്റെയും ആർച്ചുഡീക്കൻ കോശിയുടെയും നേതൃത്വത്തിൽ 1811 മുതൽ ഒരു നൂറ്റാിടയിൽ പലവട്ടം മലയാളം ബൈബിൾ വിവർത്തനങ്ങളു ാ യി.

- കേരളത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ ഒരുക്കിയത് മിഷനറിമാരാണ്. കേരളത്തിൽ നിലവിലിരുന്ന വർഗ്ഗാധിഷ്ഠിതവും സവർണ്ണകേന്ദ്രിതവുമായ വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത് സാമാന്യജനങ്ങൾക്കടക്കം സാർവത്രികവിദ്യാഭ്യാസത്തിന് അവർ കളമൊരുക്കി. ഒപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും. അവരുടെ ചുവടുപിടിച്ച് കത്തോലിക്കാസഭയും

ഗവണ്മെന്റും വിദ്യാഭ്യാസമേഖലയിലേക്കു പ്രവേശിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ മുമ്പോൾത്തന്നെ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ വികാസം സൃഷ്ടിക്കുവാൻ മിഷനറിമാർക്കു കഴിഞ്ഞു.

- സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകൾക്കും ചൂഷിതവിഭാഗമായ അധഃസ്ഥിതർക്കും 'വിദ്യാഭ്യാസത്തിലൂടെ വിമോചനം' എന്നതായിരുന്നു മിഷനറിമാരുടെ ലക്ഷ്യം. സമൂഹത്തിലെ താഴ്ന്നതലങ്ങളുമായി സാക്ഷ്യം പ്രാപിച്ച് 'അടിമസ്കൂളുകൾ' പോലും അവർ തുടങ്ങി. സാങ്കേതികവിദ്യാഭ്യാസത്തിന്റെയും ആധുനിക ശാസ്ത്രപഠനത്തിന്റെയും മാർഗദർശികളായി മിഷനറിമാർ.

- വിവിധ ക്ലാസുകളിലേക്ക് മലയാളഭാഷയിൽ ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട പാഠപുസ്തകങ്ങൾ, ഭാഷാഭ്യാസത്തിന്റെ അടിസ്ഥാനഘടകങ്ങളായ വ്യാകരണം, നിഘണ്ടു തുടങ്ങിയ പ്രാമാണിക ഗ്രന്ഥങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് മിഷനറിമാർ നേതൃത്വം നൽകി. അവർ നടപ്പാക്കിയ നവീനവിദ്യാഭ്യാസം ഉഴുതുമറിച്ച വളക്കൂറുള്ള മണ്ണിൽ കേരളത്തിന്റെ ഭൗതികവളർച്ചയുടെയും സാംസ്കാരികപ്രബുദ്ധതയുടെയും വേരുകൾ ആഴ്ന്നിറങ്ങി. ഹ്യൂമനിസത്തിന്റെ വക്താക്കളായിരുന്ന അവർ അയിത്തത്തിനും അടിമത്തത്തിനും ചൂഷണത്തിനും എതിരെ വ്യക്തമായ നിലപാടെടുത്തു.

- ഇരുപതാം നൂറ്റ് കേരളചരിത്രത്തിലും ക്രൈസ്തവസംസ്കാരചരിത്രത്തിലും ഒരു യുഗപ്പകർച്ചയുടെ കാലമാണ്. കേരളസംസ്കാരസ്രോതസ്സിൽ ക്രൈസ്തവസാംസ്കാരികധാര ലയിച്ചുചേരുന്നു. ക്രൈസ്തവം എന്ന വിശേഷണത്തിന് സങ്കുചിതമായ അർത്ഥത്തിൽ പ്രസക്തിയില്ലാതാകുന്നു. കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ നവയുഗപ്പിറവിക്ക് വഴികാട്ടിയവരിൽ ഒട്ടേറപ്പേർ മധ്യകേരളക്രൈസ്തവരാണ്.

- കത്തിൽ വറുഗീസ് മാപ്പിള (പത്രപ്രവർത്തന-സാഹിത്യരംഗം), ഐ.സി.ചാക്കോ (സാഹിത്യം -വൈജ്ഞാനികരംഗം), ഡോ. പി.ജെ. തോമസ് (സാമ്പത്തികശാസ്ത്രം-ക്രൈസ്തവസാഹിത്യചരിത്രം), പ്രൊഫ. എം.പി. പോൾ (നവീനസാഹിത്യവിമർശനം—സാംസ്കാരികരംഗം), പ്രൊഫ. ജോസഫ് മുശ്ശേരി (സാഹിത്യ-രാഷ്ട്രീയ-വിദ്യാഭ്യാസരംഗം), സി.ജെ. തോമസ് (രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികസങ്കല്പങ്ങൾ തിരുത്തിക്കുറിച്ച പ്രതിഭാശാലി), ഡി.സി. കിഴക്കേമുറി (പുസ്തകപ്രസാധനം), ഡോ. കെ.എം. ജോർജ്ജ് (വിജ്ഞാനസാഹിത്യം-ഗവേഷണം), പ്രൊഫ. സി.എൽ. ആന്റണി (സാഹിത്യചരിത്രം - ഭാഷാപഠനം), ഡോ. സാമുവൽ ചന്ദനപ്പള്ളി (മിഷനറി മലയാളഗദ്യം- ഗവേഷണം), ഡോ. ജോർജ്ജ് ഇരുമ്പയം (സാഹിത്യഗവേഷണം), ഡോ. സി. ജെ. റോയ് (വ്യാകരണം-ഭാഷാശാസ്ത്രം), ഡോ. സ്കറിയാ സക്കറിയ (ഭാഷാശാസ്ത്രം - ഗവേഷണം), മുട്ടത്തുവർക്കി, ഡോ. ചുമ്മാർ ചൂൽ (ക്രിസ്ത്യൻ ഫോക്‌ലോർ പഠനം) ഡോ. ഡി. ബെഞ്ചമിൻ (സർഗ്ഗാത്മക സാഹിത്യഗവേഷണം), കെ. എൽ. ദാനിയേൽ, എം. ഒ. ജോസഫ് നെടുംകുന്നം, റവ. ഡോ. സേവ്യർ കൂടപ്പുഴ, ഫാ. പ്ലാസിഡ് ജെ. പൊടിപ്പാറ തുടങ്ങി നിരവധി ക്രൈസ്തവർ സാഹിത്യ-ചരിത്ര-സാംസ്കാരികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചു.

- രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും മുൻനിരനേതൃത്വത്തിൽ ക്രൈസ്തവനിര കത്തൊം. പൗരസമത്വവാദപ്രക്ഷോഭണം, നിവർത്തനപ്രസ്ഥാനം, ഉത്ത

രവാദിത്വഭരണപ്രക്ഷോഭണം തുടങ്ങിയ പൗരാവകാശപ്രക്ഷോഭരംഗത്തും മനുഷ്യാവകാശ പോരാട്ടരംഗത്തും സത്യാന്വേഷണത്തിന്റെ പുതിയ പാതകളിലും നേതൃത്വപരമായ പങ്കു വഹിച്ച ക്രൈസ്തവർ കേരളചരിത്രത്തിന്റെ ഭാഗമാണ്.

- കേരളക്രൈസ്തവരുടെ സാംസ്കാരിക ജീവിതം ചിട്ടപ്പെടുത്തുന്നതിൽ അർണോസ് പാതിരിയുടെ കാവ്യങ്ങൾ ചരിത്രപരമായ പങ്കു നിർവഹിച്ചു. മിഷനറിമാരോടൊപ്പം തദ്ദേശീയരായ ക്രൈസ്തവരും സാഹിത്യരംഗത്ത് ഗണ്യമായ സംഭാവനകൾ നൽകി. ബൈബിൾ കഥകളായിരുന്നു അവർ കവിതയ്ക്ക് ഇതിവൃത്തമാക്കിയത്. മലയാളത്തിലെ ഇതരമഹാകാവ്യങ്ങളെ അപേക്ഷിച്ച് വ്യക്തിത്വം പുലർത്തുന്നവയാണ് ക്രൈസ്തവമഹാകവികളുടെ മഹാകാവ്യങ്ങൾ. മഗ്ദലനമറിയം (ഖണ്ഡകാവ്യം), ക്രിസ്തുഭാഗവതം (സംസ്കൃതം), നിരവധി ഭക്തിഗാനങ്ങൾ, കീർത്തനങ്ങൾ, വർത്തമാനപ്പുസ്തകം (യാത്രാവിവരണം) എന്നിവ ശ്രദ്ധേയകൃതികളാണ്.
- ബൈബിൾ കഥകൾ ഇതിവൃത്തമായി സ്വീകരിച്ച കൃതികളോടൊപ്പം ക്രൈസ്തവസമൂഹത്തിന്റെ ജീവിതം പകർത്തിയ കൃതികളും സർഗ്ഗാത്മക സാഹിത്യരംഗത്തെ ക്രൈസ്തവരുടെ സംഭാവനകളായുു്.
- ചാവറയച്ചൻ, കത്തിൽ വറുഗീസ് മാപ്പിള, സി. ജെ. തോമസ്, ഇ.എം.ജെ. വെണ്ണിയൂർ, കൊച്ചീപ്പൻതരകൻ, പൊൻകുന്നം വർക്കി, പി.ജെ. ആന്റണി, സി.എൽ. ജോസ്, പരവൂർ ജോർജ്ജ് എന്നിവർ ബൈബിൾ സന്ദേശം, സാമൂഹ്യപരിവർത്തനം, വിഗ്രഹഭഞ്ജനം, ക്രൈസ്തവജീവിതാദർശചിത്രീകരണം, എന്നിവ ലക്ഷ്യമാക്കി നാടകരചന നിർവഹിച്ചവരാണ്. പൊൻകുന്നം വർക്കി, ഇ.എം. കോവൂർ, പാറപ്പുറത്ത്, കാക്കനാടൻ, ജോൺ എബ്രഹാം, സാറാ ജോസഫ്, സക്കറിയ, കാനം, മുട്ടത്തുവർക്കി, അയ്മനം ജോൺ, ബാബു കുഴിമറ്റം തുടങ്ങിയവർ മലയാള കഥാസാഹിത്യത്തെ സമ്പന്നമാക്കിയ ക്രൈസ്തവ സാഹിത്യകാരന്മാരാണ്.
- ബാലസാഹിത്യം, ബൈബിൾ നോവലുകൾ, സാമൂഹികനോവലുകൾ ജനപ്രിയസാഹിത്യം, പെണ്ണെഴുത്ത്, ആത്മകഥാഖ്യാനങ്ങൾ എന്നീ മേഖലകളിലും ക്രൈസ്തവസാന്നിധ്യം ശ്രദ്ധേയമാണ്.
- ആധുനികസാഹിത്യത്തിൽ ക്രിസ്തുമതവും പ്രമാണഗ്രന്ഥമായ ബൈബിളും ചെലുത്തുന്ന സ്വാധീനം സൂക്ഷ്മതലത്തിലുള്ളതാണ്. മതത്തിന്റെ പരിധിക്കപ്പുറത്ത് ബൈബിൾ ആദരിക്കപ്പെടുന്നു. ആധുനികമനുഷ്യന്റെ ധാർമ്മികവ്യഥകളും അസ്തിത്വദുഃഖവും മൂർത്തമായി അവതരിപ്പിക്കുവാൻ ഒരുമ്പെടുമ്പോൾ ബൈബിൾ ഇമേജുകൾ സജീവബിംബങ്ങളായി കടന്നുവരുന്നു. അങ്ങനെ ബൈബിൾ ഇമേജുകൾക്കു പുതിയ അർത്ഥതലം രൂപപ്പെടുന്നു.
- ക്രിസ്തുമതവും അതുൾക്കൊള്ളുന്ന ജീവിതദർശനവും മലയാളസാഹിത്യത്തിന്റെ രൂപഭാവങ്ങളെ നിർണ്ണായകമായി സ്വാധീനിച്ചിട്ടു്. അത് വിശ്വസാഹോദര്യത്തിന്റെയും വിശ്വസ്നേഹത്തിന്റേതുമാകുന്ന ജീവിതദർശനമാണ്.
- ക്രൈസ്തവസംസ്കാരത്തിന്റെ പ്രകാശനോപാധികൾ എന്ന നിലയിൽ ക്രൈസ്തവകലകൾക്കും സാഹിത്യത്തിനും ഏറെ പ്രാധാന്യമു്. ഇന്നും നിലനിൽക്കുന്ന, പരിരക്ഷിക്കപ്പെടുന്ന പ്രാചീന ദൈവാലയങ്ങൾ നൂറ്റാുകളുടെ ചരിത്രസംസ്കാരം നിലനിർത്തുന്നവയും മൗലികതയാർന്ന ശില്പകലാപാരമ്പര്യത്തിന്റെ തിരുശേഷിപ്പുമാണ്.

- ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രതീകമായി കലാചാതുര്യത്തോടെ നിർമ്മിക്കപ്പെട്ടവയാണ് പള്ളികൾ. അവയുടെ ശില്പഘടനയിൽ ക്രൈസ്തവദൈവശാസ്ത്രത്തിന്റെയും പ്രാദേശികതയുടെയും സ്വാധീനം കത്തൊം. പുരാതന ക്രൈസ്തവ ദേവാലയങ്ങൾ പ്രാദേശിക-കേരളീയ-വാസ്തുവിദ്യയുടെ ഉത്തമനിദർശനങ്ങളാണ്. ക്ഷേത്രകലയുടെ സ്വാധീനം ആദ്യകാല പള്ളികളുടെ നിർമ്മാണത്തിൽ കത്തൊം. 'നസ്രാണി സ്തംഭം' എന്നറിയപ്പെടുന്ന കരിങ്കൽക്കുരിശുകൾ ഭാരതീയ ശില്പകലയുടെ പൊതുസ്വഭാവമുൾക്കൊള്ളുന്നു.

- പുരാതനകേരളത്തിലെ പള്ളികളുടെ വാസ്തുവിദ്യയ്ക്ക് നിദർശനമായി മധ്യകേരളത്തിൽ ഒല്ലൂർ തുടങ്ങി കല്ലൂപ്പാറവരെ ഏറെ ദൈവാലയങ്ങളു്. ഏറ്റവും പ്രാചീനമായ മാതൃക കല്ലൂപ്പാറപ്പള്ളിയുടേതാണ്. പുതുപ്പള്ളി പഴയപള്ളി മറ്റൊരു പഴക്കമേറിയ മാതൃകയാണ്. ഇവിടെയൊന്നും ഉയരം കൂടിയ മുഖവാരങ്ങളില്ല. പോർത്തുഗീസ് സ്വാധീനത്താലാണ് പടുകൂറ്റൻ മുഖവാരങ്ങൾ കെട്ടിയുയർത്തിത്തുടങ്ങിയത്.

- പഴയപള്ളികളുടെ മദ്ബഹായുടെ ചുവരുകളിലും പള്ളിയുടെ പ്രധാന ചുവരുകളിലും ബഹുവർണ്ണചിത്രങ്ങൾ കമനീയമായി ആലേഖനം ചെയ്തിരിക്കുന്നു. ബൈബിൾ രംഗങ്ങളാണ് അധികവും ചിത്രീകരിച്ചിട്ടുള്ളത്. കൂടാതെ ദൈവത്തിന്റെ മനുഷ്യാവതാരത്തോടു ബന്ധപ്പെട്ട രക്ഷാകരസംഭവങ്ങൾ, സ്വർഗ്ഗാരോഹണം തുടങ്ങിയ വിശ്വാസസത്യങ്ങൾ, മറിയം, ശ്ലീഹന്മാർ, വിശുദ്ധർ എന്നിവ വിഷയമായി വരുന്ന നിരവധി ഐക്കണുകൾ പുരാതന ദൈവാലയങ്ങൾ കലാചാതുര്യത്തോടെ ചിത്രീകരിച്ചിരിക്കുന്നു.

- മാർഗ്ഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം, വട്ടക്കളികൾ, പള്ളിപ്പെരുന്നാളുകൾ, വിവാഹാഘോഷങ്ങൾ എന്നിവയോടനുബന്ധിച്ച് അരങ്ങേറിയിരുന്ന ക്രൈസ്തവ കലാരൂപങ്ങൾ, ക്രൈസ്തവ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടവയാണ്.

- അഞ്ചു നൂറ്റാോളം പഴക്കമുള്ള മാർഗ്ഗംകളി ക്രൈസ്തവരുടെ ആയോധനപാടവവുമായി ബന്ധപ്പെട്ട കലയാണ്. മാർത്തോമ്മാശ്ലീഹായുടെ മാർഗ്ഗപ്രചാരണമാണ് ഇതിലൂടെ പുനരാവിഷ്കരിക്കുന്നത്. ക്രിസ്തുശിഷ്യന്മാരെ അനുസ്മരിച്ച് പന്ത്രു പുരുഷന്മാർ കളി അവതരിപ്പിക്കുന്നു. സമീപകാലത്ത് സ്ത്രീകൾ മാർഗ്ഗംകളി അവതരിപ്പിച്ചുകാണുന്നു.

- കേരളത്തിലെ പ്രാചീന കളരിസമ്പ്രദായത്തോടു പ്രത്യക്ഷബന്ധമുള്ള, നസ്രാണികളുടെ ആയോധനപാടവത്തെ പ്രകടമാക്കുന്ന കലാരൂപമാണ് പരിചമുട്ടുകളി. കൊച്ചി-ആലപ്പുഴ തീരദേശങ്ങളിൽ കാണുന്ന പരിചമുട്ടുകളിയാണ് വാളാട്ടുപരിചവീശുകളി. വിശ്വാസത്തിന്റെയും വിശുദ്ധരുടെയും പ്രമേയമുൾക്കൊ് അനുഷ്ഠാനകലകളുടെ തലത്തിലേക്ക് ഈ കലാരൂപം ഉയർന്നിട്ടു്. പോർത്തുഗീസുകാർക്കുവേി ഒരുക്കിനിർത്തിയിരുന്ന നാട്ടുകാരുടെ സൈന്യപാരമ്പര്യത്തിന്റെ കലാപാരമ്പര്യമാണ് വാളാട്ടുപരിചവീശുകളി.

- വീരരസം ജീവനായുള്ള ഒരുകലാരുപമാണ് ചവിട്ടുനാടകം. 17-ാം നൂറ്റിൽ ജന്മമെടുത്ത ഈ കല വിദേശമിഷനറിമാരോടു കടപ്പെട്ടിരിക്കുന്നു. പാട്ടും പയറ്റും നൃത്തനൃത്യാഭിനയങ്ങളും സമ്മേളിച്ചിരിക്കുന്ന ചവിട്ടുനാടകം പാശ്ചാത്യ പൗരസ്ത്യസംസ്കാരങ്ങളുടെയും കലാരീതികളുടെയും ആരോഗ്യകരമായ സംയോജനമാണ്. ശൃംഗാരരസസ്പർശമില്ലാത്ത ആദർശകഥകളാണ് ഇവയുടെ ഇതിവൃത്തം.

- ക്രിസ്തീയ നാടോടിപ്പാട്ടുകളാണ് അണ്ണാവിപാട്ടുകൾ അഥവാ പിച്ചപ്പാട്ടുകൾ. പെസഹാക്കാലത്ത് പാടിയിരുന്ന ഈ പാട്ടുകൾ 16-ാം നൂറ്റാു മുതൽ നിലനിന്നിരുന്നു. വലിയ നോമ്പുകാലത്തെ രാത്രികളിൽ അനുഷ്ഠിച്ചുപോന്ന ഗാനരൂപവും പ്രാർത്ഥനയുമാണ് ദേവാസ്തവിളി.

- ഗാനരചന, സംഗീതം, ആലാപനം, അഭിനയം, സംവിധാനം കാർട്ടൂൺ തുടങ്ങിയ കലാരംഗങ്ങളിൽ മധ്യകേരളത്തിൽ ക്രൈസ്തവരുടെ സംഭാവനകൾ നിസ്തുലമാണ്.

- സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ മൂന്നു കത്തോലിക്കാസഭാവിഭാഗങ്ങളാണ് കേരളത്തിലുള്ളത്. മധ്യകേരളത്തിലും ഈ മൂന്നു വിഭാഗങ്ങൾ കാണുന്നു. ലത്തീൻ സഭ പാശ്ചാത്യപാരമ്പര്യവും സീറോ മലബാർസഭ പൗരസ്ത്യ പാരമ്പര്യത്തിലെ ഉപവിഭാഗമായ കൽദായ പാരമ്പര്യവും മലങ്കരസഭ പൗരസ്ത്യപാരമ്പര്യത്തിലെതന്നെ മറ്റൊരു ഉപവിഭാഗമായ അന്ത്യോക്യൻ പാരമ്പര്യവും പിന്തുടരുന്നു. ഈ സഭാവിഭാഗങ്ങളെ 'റീത്ത്' എന്നു വിളിക്കുന്നു. കൂദാശകൾ, പൊതുത്തിരുനാളുകൾ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ മധ്യകേരളത്തിലെ വിവിധ റീത്തുകളിൽ പൊതുവായി കാണപ്പെടുന്നവയാണ്.

- ക്രിസ്മസ്, ദുക്റാന തിരുനാൾ, ഉയിർപ്പുതിരുനാൾ, പുതുഞായർ തിരുനാൾ എന്നിവ എല്ലാ സഭാവിഭാഗങ്ങൾക്കും പൊതുവായ തിരുനാളുകളാണ്. ഉപവാസം, ദാനധർമ്മം, പ്രാർത്ഥന എന്നിവ വഴി പരിഹാരം ചെയ്ത് മാനസാന്തരപ്പെടുവാനും കഴിഞ്ഞ കാലത്തേക്ക് തിരിഞ്ഞുനോക്കി തെറ്റുകുറ്റങ്ങൾ ഏറ്റുപറയുവാനും നോമ്പുകാലം അവസരമൊരുക്കുന്നു.

- കേരളത്തിലെ ദൈവാലയങ്ങളിലെ പെരുന്നാളുകൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് ഹൈന്ദവാരാധനകളുമായി ബന്ധമു്. ക്ഷേത്രോത്സവത്തിന്റെ ബാഹ്യാചാരങ്ങളോടു സാദൃശ്യം വഹിക്കുന്നവയാണ് പെരുന്നാൾ ചടങ്ങുകൾ. കൊടിമരം, കെടാവിളക്കുകൾ, കതിനാവെടി, ചെ, മുത്തുക്കുടകൾ, ആലവട്ടം, തീവെട്ടി എന്നിവ കൈസ്തവരും ഹൈന്ദവരും ഒരേപോലെ ഉപയോഗിക്കുന്നു.

- ആചാരങ്ങൾ കൈമാറ്റം ചെയ്തുപോരുന്നവയാണ്. അവ മാറ്റത്തിനു വിധേയമാകുന്നവയാണ്. അനുഷ്ഠാനത്തിന്റെ പിന്നിൽ വിശ്വാസത്തിന്റെ ബലമു്. അവയെ മാറ്റാനോ നവീകരിക്കാനോ സഭാനേതൃത്വത്തിനും വിശ്വാസസമൂഹത്തിനും സാധിക്കും. അനുഷ്ഠാനപരവും ഇതരവുമായ നിരവധി ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് ക്രൈസ്തവവിശ്വാസാചാരങ്ങൾ.

- സീറോ മലബാർസഭ, യാക്കോബായസഭ, മാർത്തോമ്മാസഭ, ചർച്ച് ഓഫ് സൗത്ത് ഇന്ത്യ, പെന്തക്കോസ്ത് വിഭാഗം, ബ്രദറൺ വിഭാഗം എന്നിവർക്കിടയിൽ വർത്തമാനകാലത്ത് വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ സാരമായ ഭേദം ദർശിക്കാം. എന്നാൽ ആദ്യകാലങ്ങളിൽ ഭാരതസംസ്കാരവും നാട്ടുരീതികളും ക്രൈസ്തവാരാധനയെ സാരമായി സ്വാധീനിച്ചിട്ടു്. അത്ഭുതകഥകളും പള്ളി ഉത്ഭവകഥകളും വ്യത്യസ്ത ആചാരങ്ങൾക്കു വഴിതെളിച്ചിട്ടു്. ജാതിമതഭേദമില്ലാതെ ഇത്തരം വിശ്വാസാചാരങ്ങളിൽ ജനങ്ങൾ പങ്കുചേരുന്നു.

- ക്രൈസ്തവ ദൈവാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ ഒരു വ്യക്തിയെ സമൂഹജീവിയാക്കുവാൻ സഹായമാക്കുന്നവയാണ്. പള്ളിച്ചടങ്ങുകൾക്കു പിന്നിൽ വ്യക്തികളുടെ വിശ്വാസം, ഭക്തി, ഉദ്ദിഷ്ടഫലസിദ്ധി, നന്ദിപ്രകടനം എന്നിവ പ്രതിഫലിക്കുന്നതായി കാണാം.

- ക്നാനായവിവാഹം വ്യത്യസ്തങ്ങളായ ആചാരങ്ങളുടെ സമന്വയമാണ്. അമ്മാവനു പ്രാധാന്യമുള്ള മരുമക്കത്തായ കേരളീയശൈലിയും പിതൃപക്ഷത്തിനു പ്രാധാന്യമുള്ള യഹൂദശൈലിയും ഒത്തുചേർന്ന് രുപക്ഷത്തിനും തുല്യപരിഗണന നൽകുന്ന രീതിയാണ് അവരുടേത്. സ്ത്രീധനവും ഇല്ലപ്പണവും നൽകുന്ന രീതി യഹൂദപാരമ്പര്യാധിഷ്ഠിതമാണ്. വിവാഹത്തലേന്ന് വധൂവരന്മാരുടെ വീട്ടിൽ നടക്കുന്ന ആട്ടവും പാട്ടും യഹൂദപാരമ്പര്യത്തിന്റെ പിന്തുടർച്ചയും പുരാതനപാട്ടുകളും മാർഗ്ഗംകളിയും കേരളത്തിന്റെ താളപാരമ്പര്യമനുസരിച്ചു ചിട്ടപ്പെടുത്തിയതുമാണ്. മദ്യത്തിന്റെയും മാംസാഹാരത്തിന്റെയും സംസ്കാരം യഹൂദപാരമ്പര്യത്തിന്റേതാണ്. താലികെട്ടലും വിവാഹമോതിരവും മൈലാഞ്ചിയിടീലും കേരളീയമാണ്. പന്തലിടീലും ക്ഷുരകന്റെ പങ്കും തട്ടാന്റെ അവകാശവും നടവിളിയും തലേക്കെട്ടും കച്ചയുമെല്ലാം ക്നായി തൊമ്മന്റെ ചെപ്പേടിന്റെ സ്വാധീനത്താൽ വന്നുകൂടിയതാണ്.

- പുതുപ്പള്ളി പള്ളിയിൽ പെരുന്നാളിനോടനുബന്ധിച്ചു നടക്കുന്ന കോഴിവെട്ട് മതപരമായ ഒരു ചടങ്ങല്ല. നേർച്ച വിളമ്പുവാനായി പാകം ചെയ്യുന്നതിനുവേ കോഴികളെ കൊല്ലുക മാത്രമാണു ചെയ്യുന്നത്. പുതുപ്പള്ളി പള്ളിയുടെ ചരിത്രവും ചടങ്ങുകളും മതം സംസ്കാരത്തിന്റെമേൽ അധിനിവേശം നടത്തുന്നതിനു മുമ്പുള്ള കേരളത്തിന്റെ പൊതുസംസ്കാരത്തിന്റെ പരിച്ഛേദമാണ്. കാലഭേദംമൂലം മറ്റിടങ്ങളിലെ സമാനചടങ്ങുകൾ അന്യം നിൽക്കുമ്പോൾ പുതുപ്പള്ളി പള്ളിക്കു പ്രസക്തിയേറുന്നു. ഇവിടുത്തെ വെച്ചൂട്ടും അനുബന്ധചടങ്ങുകളും മലങ്കരനസ്രാണികളുടെ ദേശീയതയുടെ പ്രതീകമാണ്.

- ഭാരതത്തിലെ ആദ്യ ക്രൈസ്തവദേവാലയമെന്ന പദവിയിലൂടെ വിശ്വാസപൈതൃകത്തിന്റെ പുണ്യഭൂമിയാണ് പാലയൂർ. ര ദശകം മാത്രം പിന്നിട്ട പാലയൂർ മഹാതീർത്ഥാടനത്തിലൂടെയും ത്വരിതവികസനപ്രവർത്തനങ്ങളിലൂടെയും അന്തർദ്ദേശീയതലത്തിൽ ഇതിന്റെ ഖ്യാതി ഉയർന്നിരിക്കുന്നു.

- ഉദയംപേരൂർ സൂനഹദോസിൽനിന്നും ഇറങ്ങിപ്പോന്ന ചാട്ടുക്കുളങ്ങര നസ്രാണികളുടെ ആർത്താറ്റുപള്ളി നടയിൽ വെച്ചെഴുതിയ ആർത്താറ്റ് പടിയോല (1806) സഭാചരിത്രത്തിലെ ഒരമൂല്യരേഖയാണ്. കൂനൻകുരിശുസത്യത്തെക്കാൾ അർത്ഥവ്യാപ്തിയും തീക്ഷ്ണതയും മുറ്റിനിൽക്കുന്നതാണ് ആർത്താറ്റ് പടിയോല. കൂനൻകുരിശുസത്യക്കാർ ഈശോസഭക്കാരെ അനുസരിക്കുകയില്ല എന്നു മാത്രം സത്യം ചെയ്തപ്പോൾ ആർത്താറ്റ് പടിയോല മലങ്കര സഭയുടെ വ്യാകുലത്തിന് ഇടവരുത്തിയ വിദേശമതമേൽക്കോയ്മകളെ ഓരോന്നായി പേരെടുത്തുപറഞ്ഞു തള്ളിക്കളയുന്നു. മലങ്കരനസ്രാണികളുടെ തനിമ നിലനിർത്തുന്നതിനുള്ള ആഹ്വാനമാണ് ആർത്താറ്റ് പടിയോലയിലൂടെ മുഴങ്ങിക്കേൾക്കുന്നത്.

- തോമ്മാശ്ലീഹാ ഉപയോഗിച്ച മട്ടം, ശ്ലീഹായെ കുത്താൻ ഉപയോഗിച്ച കുന്തം, ശ്ലീഹായുടെ വിശുദ്ധകരം എന്നിവയുടെ മാതൃകകൾ നേർച്ചയായി മട്ടം എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്ന ദൈവാലയമാണ് തീർത്ഥാടനകേന്ദ്രമായ പറവൂർ കോട്ടക്കാവ് പള്ളി. 'പ്രിവിലേജ്ഡ് ആൾട്ടർ' എന്ന പൂർണ്ണദണ്ഡവിമോചനം കല്പിക്കപ്പെട്ട അൾത്താരയാണ് ഇവിടുത്തേത്.

- ഹൈന്ദവാചാരങ്ങളിൽനിന്നും ക്രൈസ്തവാചാരങ്ങളിലേക്കു കയറിപ്പറ്റിയ വെടി നേർച്ച, ശൂലം എഴുന്നള്ളിപ്പ്, അടിമ(സമർപ്പണം), ഹൈന്ദവവിശ്വാസത്തിന്റെ ഭാഗമായ സർപ്പദോ

ഷത്തിൽനിന്നും രക്ഷപെടാൻ കോഴിനേർച്ച എന്നിവ പ്രധാന നേർച്ചയായി നടത്തപ്പെടുന്ന ഇടപ്പള്ളി പള്ളി ഹൈന്ദവരുടെയുംകൂടി തീർത്ഥാടനകേന്ദ്രമാണ്.

- 1951-ൽതന്നെ ഭാരതസർക്കാർ 'വലിയ തീർത്ഥാടനകേന്ദ്ര'മായി (Major Pilgrim Centre) പ്രഖ്യാപിച്ച പള്ളിയാണ് ഇന്നത്തെ വല്ലാർപാടം ബസിലിക്ക. ജലയാത്രികരുടെ മാദ്ധ്യസ്ഥയായ വല്ലാർപാടത്തമ്മയുടെ അടുത്ത് മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വഞ്ചിയും വലയും കൊുവന്ന് ആശീർവദിപ്പിക്കുന്നു. ദക്ഷിണേന്ത്യയിലെ മത്സ്യത്തൊഴിലാളികളുടെ അഭയകേന്ദ്രമാണിവിടം.
- പൗരാണികതയുടെ സ്മാരകങ്ങൾ സംരക്ഷിക്കപ്പെടുന്ന ഉദയംപേരൂർ സൂനഹദോസ് പള്ളിയിലെ സിനഡ് മ്യൂസിയം ചരിത്രം പഠിക്കുന്നതിനും പുരാവസ്തുക്കൾ കാണുന്നതിനും അവസരമൊരുക്കുന്നു.
- കാഞ്ഞൂർ പള്ളി ഭാരതീയ വാസ്തുശില്പവിദ്യയും പേർഷ്യൻ നിർമ്മാണശൈലിയും പോർത്തുഗീസ് ശില്പചാതുര്യവും ഒത്തുചേർന്ന ക്രൈസ്തവ ദേവാലയനിർമ്മാണശൈലിയുടെ ഒരു ഇതിഹാസമാണ്. പുരാതന കൊത്തുപണികൾ, പഴച്ചാറും ഇലച്ചാറും തങ്കഭസ്മവും ചാലിച്ചെടുത്ത ചിത്രപ്പണികൾകൊ് അലംകൃതമായ അൾത്താരകൾ, മനോഹരമായ പെയിന്റിംഗുകൾ, ദൈവാലയമുറ്റത്തെ ഒറ്റക്കല്ലിൽ തീർത്ത കൽക്കുരിശ്, പ്രധാന കവാടമായ ആനവാതിൽ, കരിങ്കല്ലിൽ തീർത്ത തൂണുകൾ, താമരപ്പൂവിന്റെ രൂപത്തിലുള്ള ഒറ്റക്കൽ മാമ്മോദീസത്തൊട്ടി, വട്ടെഴുത്തു ലിപിയിലുള്ള കല്ലറത്തറകല്ലുകൾ, പരിശുദ്ധാരൂപിയുടെ പ്രതീകമുള്ള ചാരുതയാർന്ന പ്രസംഗപീഠം, ശക്തൻതമ്പുരാനിൽനിന്നും കാണിക്കയായി ലഭിച്ച പ്രസിദ്ധമായ ആനവിളക്ക്, പുരാതനമായ താളിയോലകൾ, ഫ്രാൻസിൽനിന്നും കൊുവന്ന പുരാതന മണികൾ എന്നിവയെല്ലാം വർഷങ്ങളുടെ സാംസ്കാരിക പൈതൃകവും ചരിത്രസ്മരണകളും ഉണർത്തുന്നവയും കാഞ്ഞൂരിന്റെ ക്രൈസ്തവ പഴമ ലോകത്തോടു വിളിച്ചോതുന്നവയുമാണ്.
- കൊരട്ടിപള്ളിയിൽ ഉദ്ദിഷ്ടകാര്യസാധ്യത്തിനായും അനുഗ്രഹലബ്ധിക്കു നന്ദിയായും നടത്തിവരുന്ന പൂവൻകുല നേർച്ച ജാതിമതഭേദമെന്യേ എല്ലാവരും ചെയ്തുവരുന്നു. ഇവരിൽ വലിയൊരുവിഭാഗം ഹൈന്ദവരാണ്. ഇവിടുത്തെ പൂവൻകുലകൊുള്ള തുലാഭാരം വ്യത്യസ്ത ഭക്താഭ്യാസമാണ്.
- പുരാതനകാലം മുതൽ ക്രൈസ്തവദേവാലയങ്ങളിൽ കുവരുന്ന ഒരു നേർച്ചയാണ് (ആചാരം) 'അടിമവയ്ക്കൽ'. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പള്ളികളിൽ കൊുവന്ന് മാതാവിന് (വിശുദ്ധന്) അടിമയിരുത്തിക്കൊള്ളാം എന്നു നേരുന്നു. മുൻകൂട്ടിയുള്ള നിയോഗം ഇല്ലാതെയും ഈ കർമ്മം നടത്തുന്നവരു്. കുറേക്കൂടി അർത്ഥവ്യാപ്തിയും പ്രസക്തിയുമുള്ള 'സമർപ്പണം' എന്ന പദപ്രയോഗമാണ് അടിമവയ്ക്കൽ എന്ന ആചാരത്തിന് പലയിടത്തും ഇന്നു നൽകിക്കാണുന്നത്.
- എ.ഡി. 500-ൽ പൊൻകുരിശു കത്തെിയനാൾ മുതൽ മലയാറ്റൂർ കുരിശുമുടിയിൽ ആരംഭിച്ച തീർത്ഥാടനം ഇന്ന് ജനകോടികളുടെ വിശ്വാസപ്രഖ്യാപനവേദിയാണ്. ഏഷ്യയിലെ ഏക അന്തർദ്ദേശീയ ക്രൈസ്തവതീർത്ഥാടനകേന്ദ്രമാണിത്. ഇവിടെ നിലവിലുള്ള 25-ലേറെ വൈവിധ്യമുള്ള നേർച്ചകളും ഭക്താഭ്യാസങ്ങളും ശരണമന്ത്രങ്ങളും ചേർന്ന് മലയാറ്റൂർ തീർത്ഥാടനം ലോകത്തിലെതന്നെ വ്യതിരിക്ത തീർത്ഥാടനമായി മാറുന്നു.

- കടുത്തുരുത്തി ക്നാനായ വലിയപള്ളിയുടെ അകത്ത് ക്രിസ്തീയവിശ്വാസത്തിന്റെ അടയാളങ്ങളും പുറമെയുള്ള വശങ്ങളിൽ ചരിത്രസാക്ഷ്യങ്ങളും ചിത്രീകരിച്ചിരിക്കുന്നതായി കാണാം. അപ്രകാരം മുഖവാരചിത്രം ക്നാനായ കുടിയേറ്റത്തെയും മണിമാളികയുടെ പുറത്തെ ഭിത്തിയിലെ ശിക്കാരിയുടെ നായാട്ടുചിത്രം കൊടുങ്ങല്ലൂർ ഓർമ്മയെയും കുറിക്കുന്നു. കരിങ്കൽകുരിശിന്റെ പീഠത്തിനു ചുറ്റുമുള്ള കൊത്തുവേലകളും ചരിത്രസൂചകങ്ങളാണ്. മദ്ബഹായും അൾത്താരയും വിശ്വാസസത്യങ്ങൾ ചിത്രീകരിക്കുന്ന ശില്പകലാവൈഭവത്തിനു മാതൃകയാണ്.

- കേരളത്തിലെ പ്രാചീനമായ കത്തോലിക്കാ ദൈവാലയങ്ങളിൽ ഒട്ടേറെ ചരിത്രസംഭവങ്ങളും കേട്ടുകേൾവികളും പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും സവിശേഷാചാരാനുഷ്ഠാനങ്ങളും നിലനിൽക്കുന്ന ഒന്നാണ് കുറവിലങ്ങാട് മർത്തമറിയം പള്ളി. കപ്പൽപ്രദക്ഷിണം, തമുക്കുനേർച്ച, ആനവായിചക്കരനേർച്ച, എണ്ണ ഒഴിക്കൽ, തൊട്ടിയും കയറും തുടങ്ങി ഈ പള്ളിക്കു മാത്രം സ്വന്തമായ ആചാരങ്ങളും ഭക്താഭ്യാസങ്ങളും ഏറെയാണ്.

- നാനാജാതിമതസ്ഥർ തങ്ങളുടെ ആഗ്രഹപ്രാപ്തിക്കായി എത്തുന്ന ഒരു തീർത്ഥാടനസ്ഥലമാണ് രാമപുരം പള്ളി. കർഷകർ, വിദ്യാർത്ഥികൾ, രോഗികൾ, അംഗവൈകല്യം ബാധിച്ചവർ തുടങ്ങി ഏതു മതവിഭാഗത്തിലും പെട്ടവരുടെ അഭയകേന്ദ്രമാണ് രാമപുരത്തു കുഞ്ഞച്ചന്റെ കബറിടം.

- രക്ഷയ്ക്കായി നാഗങ്ങളെ ആരാധിച്ചിരുന്ന ബൗദ്ധഗോത്രപാരമ്പര്യങ്ങളിൽ വേരൂന്നിയതാണ് വി. ഗീവർഗീസ് നാഗഭീഷണിയിൽനിന്നു രക്ഷപെടുത്തുന്ന വിശുദ്ധനാണെന്നുള്ള സങ്കല്പം. പൗരസ്ത്യസഭയിലെ വി. ഗീവർഗീസിനോടുള്ള വ്യാപകമായ ഭക്തി മതേതരതലത്തിൽ പ്രകടമാകുന്ന ഇടമാണ് അരുവിത്തുറ പള്ളി. ഇവിടുത്തെ വല്യച്ചൻ പടച്ചട്ടയണിഞ്ഞ യുവാവായ കുതിരപ്പടയാളിയല്ല. കുതിരപ്പുറത്ത് നേരേയിരുന്ന് സർപ്പത്തിന്റെ വായിലേക്ക് കുന്തം കുത്തിയിറക്കുന്ന മദ്ധ്യവയസ്കനാണ്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളാണ് ഇവിടുത്തെ അക്രൈസ്തവരോടൊപ്പം വി. ഗീവർഗീസിനെ കൂടുതലായി അംഗീകരിച്ചുവരുന്നത് എന്നതിനു മാതൃകയാണ് അരുവിത്തുറ, എടത്വാ, ഇടപ്പള്ളി, പുതുപ്പള്ളി, അങ്കമാലി, മുതലക്കോടം, കുമ്പളങ്ങി എന്നീ ദൈവാലയങ്ങളിലെ പ്രസിദ്ധമായ പെരുന്നാളുകളും നേർച്ചകളും ഭക്താഭ്യാസങ്ങളും.

- പാലാ കത്തീഡ്രലിലെ രാക്കുളിത്തിരുന്നാൾ സവിശേഷശ്രദ്ധയർഹിക്കുന്നു. ദനഹാത്തിരുനാളിന് രാത്രിയിൽ കുളിച്ചതിനുശേഷം പള്ളിയിൽ പോകുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തെ അനുസ്മരിക്കാനാണ്. പഴയ സുറിയാനി കലറുകൾ പ്രകാരം ജനുവരി 6 യേശുവിന്റെ മാമ്മോദീസാദിനമാണ്. പൂജരാജാക്കന്മാരുടെ സന്ദർശനത്തിനു പ്രാധാന്യം വന്നത് 1164-നു ശേഷമാണ്. പൂജരാജാക്കളുടെ നാമത്തിലുള്ള പള്ളികളിലാണ് ദനഹാത്തിരുനാൾ  പ്രധാനമായും ആഘോഷിക്കുക. മധ്യകേരളത്തിലെ പാലാ, മണിമല ഹോളിമാഗി ദൈവാലയങ്ങളിൽ ദനഹാതിരുനാളിൽ യേശുവിന്റെ ജ്ഞാനസ്നാനവേളയിലെ ദൈവത്തിന്റെ വെളിപ്പെടുത്തലും പൂജരാജാക്കൾക്കുള്ള വെളിപ്പെടുത്തലും ഒന്നിച്ചു ചേർത്തിരുന്നു. ഇതുതന്നെയാണ് പിണ്ടികുത്തിപ്പെരുന്നാൾ.

- 1825-ലെ നെടുംകുന്നംപള്ളി വികാരിയായിരുന്ന 'നെടുങ്ങോത്തച്ചന്റെ' അന്നദാനമാണ് പില്ക്കാലത്ത് പുഴുക്കുനേർച്ചയിലേക്കും ആചാരത്തിലേക്കും വഴിതെളിച്ചത്.  ഈ ഖ്യാതി

യിലാണ് ദേവാലയസംജ്ഞ ദേശാന്തരങ്ങളിലേക്ക് അറിയപ്പെടുന്നത്, ഒത്തൊരുമയുടെ സമർപ്പിതമായ സംഘാടനം പുഴുക്കുനേർച്ചയ്ക്കു പിന്നിലു് . നാട്ടുമനസ്സിന്റെ ഈ ഒത്തുചേരലിൽ ജാതിമതഭേദങ്ങൾ ഇല്ലാതാകുന്നു. ഭക്ഷണമൊരുക്കിയും കഴിച്ചും പങ്കുവയ്ക്കുന്ന സ്നേഹസംസ്കാരം മനുഷ്യമനസ്സുകളെ ഇണക്കുന്നു.

- ചങ്ങനാശേരിയിലെ ക്രിസ്ത്യൻ-മുസ്ലീം-ഹൈന്ദവാരാധനാലയങ്ങൾ ആയിരം വർഷമായി മതസൗഹാർദ്ദത്തിന്റ മാതൃകയായി നിലകൊള്ളുന്നു. ഇവിടുത്തെ ആദ്യ ക്രൈസ്തവ ദൈവാലയം പണികഴിച്ചതിനു പിന്നിൽ തെക്കുംകൂർ രാജാവിന്റെ മതസൗഹാർദ്ദമനോഭാവമാണുള്ളത്. പള്ളിയും മോസ്കും അമ്പലവും തിരുനാളുകളിലും ഉത്സവങ്ങളിലും സഹകരിച്ചും സ്വീകരണമൊരുക്കിയും മുന്നേറുന്നു.

- ഉരുളുനേർച്ച, നീന്തുനേർച്ച, നിരങ്ങുനേർച്ച, തൊട്ടിൽ നേർച്ച, നാണയവും വെറ്റിലയും കറിവേപ്പിലയും കുരുമുളകും എറിയൽ നേർച്ച, സാരിനേർച്ച തുടങ്ങി വൈവിധ്യമേറിയ ആചരണങ്ങൾ മധ്യകേരളത്തിലെ ക്രൈസ്തവദൈവാലയങ്ങളും വിശ്വാസികളും തമ്മിലുള്ള ഹൃദയൈക്യത്തിന്റെ നിദർശനങ്ങളായി മാറുന്നു.

- അർത്തുങ്കലിൽ ശബരിമല തീർത്ഥാടനകാലത്ത് പുരാതനപാരമ്പര്യമനുസരിച്ച് ഇപ്പോഴും വെളുത്തച്ചനെ ശരണം വിളിച്ച് വന്ന് വി. സെബസ്ത്യാനോസിന്റെ നടയിൽ അയ്യപ്പഭക്തന്മാർ മാലയൂരി പ്രാർത്ഥിക്കുന്നു. മതസൗഹാർദ്ദത്തിന്റെ ഈയൊരു പാരമ്പര്യം അഭംഗുരം നിലനിന്നുപോകുന്നു.

- തിരുവല്ല പാലിയേക്കരപള്ളിയിലെ ചുവർചിത്രങ്ങളിൽ പാശ്ചാത്യശൈലി, പേർഷ്യൻ ശൈലി, നാടൻ ശൈലി എന്നിവ മൂന്നും കത്തൊം. കേരളത്തിലെ 51 പള്ളികളിലെ അഞ്ഞൂറോളം ചുവർചിത്രങ്ങളിൽ 15 പള്ളികളിൽ പാലിയേക്കര ശൈലിയിലാണുള്ളത്.

- മധ്യകേരളത്തിലെ ക്രൈസ്തവരുടെ സാംസ്കാരിക ജീവിതത്തെക്കുറിച്ച് ലഭ്യമായ ചരിത്രരേഖകളും വാമൊഴി പാരമ്പര്യങ്ങളും അവലംബമാക്കി നടത്തിയ ഈ പഠനം ഒരു ബഹുഭാവസമൂഹമായ കേരളത്തിൽ ക്രൈസ്തവർ നിർവഹിക്കുന്ന സാംസ്കാരിക ഇടപെടലുകളും സംഭാവനകളും അടയാളപ്പെടുത്താനുള്ള ഒരു ഉദ്യമമാണ്. ക്നായി തൊമ്മന് 72 പദവികൾ നല്കിയ ചേരമാൻ പെരുമാളിന്റെ കാലം മുതൽ നാളിതുവരെ ഭരണാധികാരികളും പ്രാദേശിക അധികാരകേന്ദ്രങ്ങളും ക്രൈസ്തവരോട് ഉദാരവും അനുഭാവപൂർവവുമായ സമീപനം സ്വീകരിച്ചുപോന്നു.

- മധ്യകേരളത്തിലെ പഴക്കംചെന്ന എല്ലാ ക്രൈസ്തവദൈവാലയങ്ങളിലും ക്രൈസ്തവരോടോപ്പം ധാരാളം നാനാജാതി മതസ്ഥരും വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം തേടിയെത്തുന്നു. വിശുദ്ധന്റെ തിരുനാളുകൾ നാടിന്റെ ഉത്സവമായാണ് നാനാജാതിമതസ്ഥർ ഒരുമയോടെ ആഘോഷിക്കുന്നത്. പലയിടങ്ങളിലും (ഉദാ: കാഞ്ഞൂർ പള്ളി, കൊരട്ടി പള്ളി, ഇടപ്പള്ളി പള്ളി, കോതമംഗലം മാർത്തോമ്മാ ചെറിയപള്ളി) തിരുനാൾ പ്രദക്ഷിണത്തിന് വിശുദ്ധരുടെ രൂപത്തിനുമുമ്പിൽ കോൽവിളക്കു പിടിക്കുന്നത് അക്രൈസ്തവരായ വിശ്വാസികളാണ്. ഇതു നൂറ്റാുകളായി നടന്നുവരുന്ന ആചാരമാണ്.

- മിക്ക ക്രൈസ്തവദേവാലയങ്ങളിലെയും വാദ്യമേളങ്ങളിൽ ഏറ്റവും പ്രധാനം ചെമേളമാണ്. അത് അക്രൈസ്തവരുടെ കുത്തകയാണ്. കൊരട്ടി മുത്തിയുടെ പ്രദക്ഷിണത്തിൽ

'പറയൻകൊട്ട്' എന്ന പേരിൽ ഹൈന്ദവഭക്തന്മാർ നടത്തുന്ന വാദ്യമേളവും മുടിയാട്ടവും ശ്രദ്ധേയമാണ്.

- ക്രൈസ്തവദേവാലയങ്ങളിലെ വിശുദ്ധർ സമീപത്തുള്ള ക്ഷേത്രങ്ങളിലെ ദേവീദേവന്മാരുടെ സഹോദരിയോ സഹോദരനോ ആണെന്ന വിശ്വാസം മധ്യകേരളത്തിൽ പലയിടത്തും പ്രബലമാണ്. പെരുന്നാൾ പ്രദക്ഷിണങ്ങൾ ക്ഷേത്രസമീപത്ത് എത്തുമ്പോൾ മികച്ച സ്വീകരണം നൽകുവാനും കൂടുതൽ മാലകൾ ചാർത്തുവാനും അക്രൈസ്തവരായ വിശ്വാസികൾ തയ്യാറാകുന്നു. അങ്ങനെ മതസൗഹാർദ്ദത്തിന്റെ മഹനീയമാതൃകയായി ഇന്നാട്ടിലെ ക്രൈസ്തവ-ഹിന്ദുജീവിതങ്ങളും പെരുന്നാൾപോലെയുള്ള ആഘോഷങ്ങളും നേർച്ചകൾ പോലെയുള്ള ഭക്താഭ്യാസങ്ങളും മാറുന്നു.
- ഗവേഷണപഠനവേളയിൽ സമാഹരിച്ച മലയാളത്തിലെ ക്രൈസ്തവഭാഷണഭേദമാതൃകകൾ (Models of Christian Utterances in Malayalam) കേരള ക്രൈസ്തവസമൂഹത്തിൽ സംഭവിച്ചുപോന്നിട്ടുള്ള സാംസ്കാരിക സമ്പർക്കങ്ങളെയും അവയുടെ സ്വാധീനങ്ങളെയും അടുത്തറിയാൻ ഉപകരിക്കുന്നവയാണ്. ഭാഷാപ്രയോക്താവിന്റെ പ്രകരണം എന്ന പ്രയോഗവിജ്ഞാനത്തിലെ ആധുനികസങ്കല്പനത്തിന്റെ പൊതുപരിപ്രേക്ഷ്യം ഭാഷണഖണ്ഡസ്വീകരണത്തിൽ മാനദണ്ഡമാക്കിയിട്ടു്.

# അനുബന്ധങ്ങൾ
## (Annexures)

## അനുബന്ധം ഒന്ന്

# ക്രൈസ്തവപദകോശം

## (A Guide to Christian Utterances)

**അഗാപ്പെ** സ്നേഹവിരുന്ന് എന്ന അർത്ഥത്തിൽ ഇപ്പോൾ ധാരാളമായി പ്രയോഗിച്ചു കാണുന്ന ഒരു ഗ്രീക്കുപദമാണ് അഗാപ്പെ. സ്നേഹം, അയൽക്കാരനോടുള്ള സ്നേഹം എന്നിങ്ങനെയാണ് ബൈബിളിലുള്ള അർത്ഥം. ശ്ലീഹന്മാരുടെ കാലശേഷം ഈ വാക്കിന് 'സ്നേഹവിരുന്ന്' എന്ന സാങ്കേതികാർത്ഥം കല്പിക്കപ്പെട്ടു.

**അച്ചൻ** കേരളത്തിൽ ക്രിസ്ത്യാനികൾ വൈദികരെ ബഹുമാനാർത്ഥം അച്ചൻ എന്നു വിളിക്കുന്നു. പ് കഹന, കശീശ, കർത്തൻ, കത്തൻ, കത്തനാർ, പട്ടക്കാരൻ എന്നൊക്കെയാണ് വിളിച്ചിരുന്നത്. അച്ചൻ എന്ന പദം ശ്രേഷ്ഠൻ, മാന്യൻ എന്നൊക്കെ അർത്ഥമുള്ള 'ആര്യ' എന്ന സംസ്കൃതശബ്ദത്തിന്റെ പ്രാകൃതരൂപമായ 'അജ്ജ'യിൽനിന്നുായതാണ്. കേരളീയർ പിതാവ് എന്ന അർത്ഥത്തിൽ ഇത് ഉപയോഗിച്ചുതുടങ്ങി.

**അജപാലകൻ** ആധ്യാത്മികാധികാരിയെ വിളിക്കുന്ന പേരാണിത്. ആട്ടിടയൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. ക്രിസ്തുവിനെ ഇടയനായും വിശ്വാസികളെ ആടുകളായും (അജഗണം) സങ്കല്പിക്കുന്നതുകൊാണ് ഈ പ്രയോഗമുായത്.

**അനാഫൊറ (അന്നാപ്പോറ, അന്നാഫുറ)** കൊുവരിക, കാഴ്ചവയ്ക്കുക, സ്തുതിക്കുക എന്നൊക്കെ അർത്ഥമുള്ള 'അനാഫെറേയിൻ' എന്ന ഗ്രീക്ക് ക്രിയയിൽനിന്നുായ നാമരൂപമാണ് അനാഫൊറ. കാഴ്ചവയ്ക്കൽ, കുർബാന എന്നിങ്ങനെയാണർത്ഥം.

**അന്നീദാ** അകന്നുപോയി, ഇല്ലാതായി, നാടു മാറി വസിച്ചു, മരിച്ചു എന്നൊക്കെ അർത്ഥംവരുന്ന 'അനദ്' എന്ന സുറിയാനി ക്രിയാരൂപത്തിൽനിന്നുായ വാക്കാണ് അന്നീദ. മരിച്ച, അകന്നുപോയ, ഹാജരില്ലാത്ത എന്നൊക്കെയാണ് ഇതിന്റെ വാച്യാർത്ഥം. മരിച്ചവർക്കുവേിയുള്ള പ്രാർത്ഥനയെന്നും അവർക്കുവേിയുള്ള ശുശ്രൂഷയെന്നും ഇതിന് അർത്ഥം വന്നുകൂടി.

**അന്തിക്രിസ്തു** യേശുക്രിസ്തുവിനെ നിഷേധിക്കുകയോ എതിർക്കുകയോ ചെയ്യുന്നവൻ എന്ന് ഇതിന്റെ അർത്ഥം.

**അപ്പസ്തോലൻ (അപ്പോസ്തലൻ)** അയയ്ക്കപ്പെട്ടവൻ (ശ്ലീഹാ) എന്നാണീ വാക്കിന്റെ അർത്ഥം. ഗ്രീക്കുഭാഷയിലെ 'അപ്പോസ്തൊലൊസ്' എന്ന വാക്കാണ് മൂലം.

**അപ്പെസ്കോപ്പാ (എപ്പിസ്കോപ്പാ, അപ്പസ്കോപ്പ)** ഗ്രീക്കുഭാഷയിലുള്ള 'എപ്പിസ്കോപ്പോസ്' എന്ന പദമാണ് സുറിയാനിയിൽ അപ്പെസ്കോപ്പാ, എപ്പിസ്കോപ്പാ എന്നിങ്ങനെ ഉപയോഗിക്കുന്നത്. മേൽനോട്ടക്കാരൻ, കാവൽക്കാരൻ എന്നിങ്ങനെയാണ് ഈ വാക്കിന്റെ അർത്ഥം.

**അമ്മീത്ത്** കുർബാനയ്ക്ക് ഉപയോഗിക്കുന്ന ശിരോവസ്ത്രമാണ് അമ്മീത്ത്.

**അമ്പാരി (അമ്പരദോര)** യേശുക്രിസ്തുവിന്റെ അമ്മയെ അമ്പാരിമാതാവെന്നു വിളിക്കാറു്. 'അമ്പാരി' ഒരു പോർത്തുഗീസ് പദമാണ്. ആ ഭാഷയിൽ അംപരാർ (Amparar) എന്ന ക്രിയയ്ക്ക് സംരക്ഷിക്കുക എന്നാണർത്ഥം. 'അംപാരോ' എന്ന വാക്കിന് സംരക്ഷണമെന്നും 'അംപരാദോർ' എന്ന വാക്കിന് സംരക്ഷകൻ എന്നും 'അപംരാരോ' എന്നതിന് സംരക്ഷക എന്നുമാണർത്ഥം.

**അംശം** അംശവടി, അംശപത്രം, അംശമുക്ക്, അംശക്കൂറ്, അംശവസ്ത്രം എന്നീ പ്രയോഗങ്ങൾ ക്രൈസ്തവസാഹിത്യത്തിൽ കാണാം. അംശം എന്നതിന് അധികാരം എന്നാണ് വിവക്ഷ. അംശവടി എന്നതിന് അധികാരം സൂചിപ്പിക്കുന്ന വടി എന്നും അംശപത്രത്തിന് അധികാരം നൽകുന്നതായി രേഖപ്പെടുത്തിയ പത്രമെന്നും അംശമുടക്കിന് അധികാരം പ്രയോഗിക്കാൻ പാടില്ലെന്ന വിലക്ക് എന്നും അംശക്കൂറിന് ഭരണാധികാരമുള്ള പ്രദേശം എന്നുമാണർത്ഥം. അംശവടി, തടിയോ വെള്ളിയോ കൊു നിർമ്മിക്കുന്ന തല വളഞ്ഞ വടി. ഇടയന്മാരുടെ കൃത്യനിർവ്വഹണത്തിന് അറ്റം വളഞ്ഞ നീവടികൾ ഉപയോഗിക്കുന്നതുപോലെ കർദ്ദിനാളന്മാർ, മെത്രാന്മാർ എന്നിവർ ദൗത്യത്തിന്റെ പ്രതീകമായിട്ടാണ് അംശവടി ഉപയോഗിക്കുന്നത്.

**അയനിയപ്പം** ക്നാനായരുടെ വിവാഹദിനത്തിൽ പള്ളിയിൽവെച്ചുള്ള വിവാഹകർമ്മങ്ങളെ

തുടർന്നു വരന്റെ സഹോദരി സ്ത്രീകൾക്കു മാത്ര മായി നല്കുന്ന പലഹാരം.

**അരമന** മെത്രാനോ മെത്രാപ്പോലീത്തയോ താമ സിക്കുന്ന വീടാണ് ഇന്ന് അരമന എന്നറിയപ്പെടു ന്നത്. പ് രാജാക്കന്മാരുടെയും പ്രഭുക്കന്മാരു ടെയും വീടുകൾക്കു പറഞ്ഞിരുന്ന പേരാണിത്. തമിഴിലെ 'അരമനൈ' എന്ന വാക്കാണ് അരമന എന്നു മലയാളത്തിൽ കാണുന്നത്. 'ര'കാര 'റ'കാ രങ്ങൾകൊു തുടങ്ങുന്ന വാക്കുകളുടെ ആദി യിൽ ഒരു സ്വരം ചേർക്കുക നമ്മുടെ പതിവാണ്.

**അരുളിക്ക** തിരുശേഷിപ്പ് അഥവാ പൂജ്യാവശിഷ്ടം (റെലിക്) വച്ചുസൂക്ഷിക്കാനുള്ള പാത്രം എന്നർത്ഥ മുള്ള 'റെലക്കാരിയോ' എന്ന പോർത്തുഗീസ് വാക്കാണ് മലയാളത്തിൽ അരുളിക്കയെന്നായത്.

**അർക്കദ്യാക്കോൻ** 'മുഖ്യസചിവൻ' എന്ന് അർത്ഥം കല്പിക്കാവുന്ന ഒരു ഗ്രീക്കു പദമാണ് അർക്കദ്യാക്കോൻ. അർക്കദ്യാക്കോൻ എന്ന സാങ്കേതികനാമം പേർഷ്യൻ സഭയിലൂടെയാവണം കേരളത്തിലെത്തിയത്. പ്രായേണ വൈദികരായി രുന്നു ഈ സ്ഥാനം അലങ്കരിച്ചിരുന്നത്. 'ഇന്ത്യ മുഴു വന്റെയും അർക്കദ്യാക്കോൻ' (Archdeacon of all India) എന്നായിരുന്നു അവരുടെ ഔദ്യോഗികനാ മം. പോർത്തുഗീസുകാരുടെ കാലം മുതലുള്ള അർക്കദ്യാക്കോന്മാരെക്കുറിച്ച് വിശദവിവരങ്ങൾ ലഭിച്ചിട്ടു്. അവരെല്ലാം പകലോമറ്റം കുടുംബാം ഗങ്ങളായിരുന്നു. ഉദയംപേരൂർ സൂനഹദോസ് നടന്ന കാലത്ത് 'കുരിശിന്റെ ഗീവർഗീസ്' എന്ന അർക്കദ്യാക്കോനാണ് കേരളസഭയെ നയിച്ചിരുന്ന ത്. പഴയമട്ടിലുള്ള അർക്കദ്യാക്കോൻ പദവി ഇന്ന് കേരളസഭകളിലൊന്നിലും നിലവിലില്ല.

**അല്മായൻ (അല്മേനി, അൾമേനി, അൻമേനി)** ലോകം എന്നർത്ഥമുള്ള 'അല്മാ' എന്ന സുറി യാനി വാക്കിൽനിന്ന് ലോകത്തെ സംബന്ധിച്ചവൻ എന്നർത്ഥമുള്ള 'അല്മായാ, അല്മാനിയാ' എന്നി ങ്ങനെ രു വാക്കുകളുാകുന്നു. അവ മലയാ ളത്തിൽ യഥാക്രമം അല്മായൻ, അല്മേനി എന്നി ങ്ങനെ രൂപം മാറി. ലോകവ്യാവഹാരങ്ങളിൽ കഴി യുന്നവൻ, ബാഹ്യലോകത്തു ജീവിക്കുന്നവൻ എന്നൊക്കെയാണ് അവയുടെ അർത്ഥം. ക്രിസ്തു മതത്തിൽ സന്ന്യാസസഭകളുായപ്പോൾ സന്ന്യ സ്തരല്ലാത്തവരെ വിളിക്കാനുപയോഗിച്ച പദ മാണിത്. സന്ന്യാസിയോ വൈദികനോ അല്ലാത്ത വിശ്വാസിയെ ഇന്ന് ഇപ്രകാരം വിളിക്കുന്നു.

**അൾത്താര** ബലിപീഠം (ത്രോണോസ്) എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ലത്തീൻ വാക്കാ ണ് അൾത്താര. അൾത്താരെ എന്നൊരു വാക്ക് ലത്തീനിൽ ഉായിരുന്നു. ഉന്നതമായത് എന്നർത്ഥമുള്ള 'ആൾത്തും' എന്നതിനോട് പീഠം, ഫലകം എന്നൊക്ക അർത്ഥമുള്ള 'ആര' എന്ന വാക്കു ചേർന്നാണ് അൾത്താരെ എന്ന പദമു ായത്. തീ കത്തിക്കാനുള്ള ഫലകം, ബലിവസ്തു ദഹിപ്പിക്കാനുള്ള പീഠം, ഉയർന്ന പീഠം എന്നൊക്ക അതിനർത്ഥമു്.

**ആഞ്ഞുസ്ദേയി** ലത്തീൻ ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന ഒരു ലഘുപ്രാർത്ഥനയുടെ ആദ്യത്തെ രു വാക്കുകളാണ് 'ആഞ്ഞൂസ്', 'ദേയി' എന്നിവ. 'ലോകത്തിന്റെ പാപങ്ങൾ നീക്കി ക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻകൂട്ടീ, ഞങ്ങളോടു കരുണ തോന്നണമേ' എന്നാണ് ലത്തീനിലുള്ള ആ പ്രാർത്ഥനയുടെ അർത്ഥം. 'ആഞ്ഞുസ്ദേയി' എന്നത് ഒരു സമസ്തപദമായി ആ പ്രാർത്ഥനയുടെ പേരായിത്തീർന്നു. 'ആഞ്ഞൂസ്' എന്നതിന് ആട്ടിൻകുട്ടി (ചെമ്മരിയാട്ടിൻകുട്ടി) എന്നും 'ദേയി' എന്നതിന് ദൈവത്തിന്റെ എന്നുമാണർത്ഥം.

**ആമ്മേൻ (ആമേൻ)** ലോകത്തിലെ മിക്ക ഭാഷക ളിലേക്കും കടന്നുചെന്നിട്ടുള്ള ഒരു ഹീബ്രുപദ മാണ് ആമ്മേൻ. യഹൂദരും ക്രൈസ്തവരും ഈ പദം ധാരാളമായി ഉപയോഗിക്കുന്നു. ബൈബിളിൽ പലേടത്തും അതു പ്രയോഗിച്ചിട്ടു്. ഉറപ്പ്, വിശ്വാ സയോഗ്യത, അംഗീകാരം, സമ്മതിച്ചുപറയൽ എന്നിവ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കും. ഹീബ്രു, അറമായ, കൽദായ സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളി ലെല്ലാം ആമേൻ അതിന്റെ തനിരൂപത്തിൽ നില നിൽക്കുന്നു.

ഇംഗ്ലീഷ് ഭാഷയിൽ ഇതിന്റെ ഉച്ചാരണം മാറ്റി യിട്ടു്. എയ്മൻ എന്നാണ് അവർ ഉച്ചരിക്കുന്ന ത്. എഴുതുന്നത് ആമേൻ (Amen) എന്നുതന്നെ.

**ആർച്ചുബിഷപ്പ്** ഗ്രീക്കിൽനിന്നു വന്ന ഇംഗ്ലീഷ്പ ദമാണ് ആർച്ചുബിഷപ്പ്. ഗ്രീക്കിൽ 'ആർക്ക' എന്ന തിന് പ്രധാനപ്പെട്ട എന്നർത്ഥമു്. ഇംഗ്ലീഷിൽ ആ വാക്ക് ആർച്ച് എന്നായി. ആർച്ചുബിഷപ്പ് അല്ലെ ങ്കിൽ 'ആർക്കെഎപ്പിസ്കോപ്പൂസ്' എന്ന സമസ്ത പദത്തിന് പ്രധാനപ്പെട്ട ബിഷപ്പ് എന്നർത്ഥമാണ്.

**ആലാഹാ** ഈശ്വരൻ എന്ന അർത്ഥത്തിൽ ക്രിസ്ത്യാനികൾ ആദ്യം ഉപയോഗച്ചിരുന്നത് ആലാഹാ, ഏൽ എന്നീ സെമിറ്റിക് പദങ്ങളും പിന്നീട് തമ്പുരാൻ എന്ന ദ്രാവിഡപദവുമായിരു ന്നു. സുറിയാനിയിലുള്ള കുർബാനക്രമവും പ്രാർത്ഥനകളും മലയാളത്തിലാക്കിയപ്പോൾ ദൈവ

മെന്ന വാക്ക് ഉപയോഗിച്ചു.

**ആൾബ (ആൾവ)** തിരുക്കർമ്മസമയത്ത് വൈദികൻ ഉപയോഗിക്കുന്നതും കാൽപ്പാദത്തോളം ഇറക്കമുള്ളതുമായ ഒരു വെള്ളക്കുപ്പായമാണ് ആൾബ. 'ആൽബ' എന്ന ലത്തീൻ വാക്കിന് വെളുത്തത് എന്നേ അർത്ഥമുള്ളു.

**ഇടത്തൂട്ടുകാർ** ക്രൈസ്തവസാഹിത്യത്തിൽ സാധാരണമായി പ്രയോഗിക്കുന്ന പദങ്ങളാണ് ഇടത്തൂട്, ഇടത്തൂട്ടുകാർ എന്നിവ. പാഷണ്ഡത അഥവാ അബദ്ധാഭിപ്രായം എന്നാണ് ഇടത്തൂടിന്റെ അർത്ഥം.

വലത്തുവശം ശ്രേഷ്ഠമാണെന്നും ഇടത്തുവശം മോശമാണെന്നുമുള്ള സങ്കല്പത്തിൽനിന്നാണ് ഇടത്തൂട് എന്ന പ്രയോഗമുായത്. പരമ്പരാഗതസിദ്ധാന്തത്തെ എതിർക്കുന്നവരും അതിനു വിപരീതമായി പഠിപ്പിക്കുന്നവരും ഇടത്തൂട്ടുകാരാണ്.

**ഇടവക (എടവക)** പാരീഷ് എന്ന ഇംഗ്ലീഷ്പദത്തിനും 'പരോയ്ക്കിയാ' എന്ന ഗ്രീക്ക്പദത്തിനും 'പരോക്കിയാ' എന്ന ലത്തീൻ പദത്തിനും പകരമായി മലയാളികൾ ഉപയോഗിക്കുന്ന പദമാണ് ഇടവക എന്നത്. സഭാഭരണസംബന്ധമായ ഒരു ഡിസ്ട്രിക്ട് എന്നാണ് അതിനർത്ഥം.

**ഇറിയപ്പം** (ഇൻറിയപ്പം) പെസഹാദിവസം കേരളക്രൈസ്തവർ പെസഹാഭക്ഷണം കഴിക്കുന്നു്. ഇറിയപ്പവും പെസഹാപ്പാലും (തേങ്ങാപ്പാല്) ആണ് അതിനുപയോഗിക്കുന്നത്. അരിയും ഉഴുന്നും ചേർത്ത് വട്ടയപ്പം പുഴുങ്ങുന്നതുപോലെ ഉാക്കുന്ന പുളിക്കാത്ത അപ്പമാണ് ഇറിയപ്പം. ഓശാനഞായറിൽ ദേവാലയങ്ങളിൽനിന്നും കിട്ടുന്ന വെഞ്ചരിച്ച കുരുത്തോല മുറിച്ച് കുരിശാകതിയിൽ അപ്പത്തിനു നടുവിൽ വയ്ക്കുന്നു. കുടുംബത്തിലെ കാരണവരാണ് ഇതു മുറിച്ച് നൽകി പ്രത്യേകം തയ്യാറാക്കുന്ന പാലിൽ മുക്കി മറ്റു കുടുംബാംഗങ്ങൾക്ക് മുതിർന്നവർക്ക് ആദ്യം എന്ന പ്രായക്രമത്തിൽ നല്കുന്നത്.

ഇറിയപ്പം എന്ന പേരുായത് പ് INRI എന്ന നാലക്ഷരങ്ങളുടെ ആകൃതിയിൽ കുരുത്തോലക്കഷണങ്ങൾവച്ച് അപ്പം നിർമ്മിച്ചിരുന്നതുകൊാണ് എന്നു പറയപ്പെടുന്നു.

**ഇൻക്വിസിഷൻ** പോർത്തുഗീസുകാർ ശിക്ഷണനടപടികൾ പാശ്ചാത്യമാതൃകയിൽ കർക്കശമാക്കി. അവയിലേറ്റവും പ്രധാനപ്പെട്ടത് ഇൻക്വിസിഷൻ എന്നറിയപ്പെടുന്ന മതവിചാരണക്കോടതിയാണ്. ഗോവയിലെ മതവിചാരണക്കോടതി (1560–1812) വിചാരണ നടത്തുകയും ഭയങ്കരമായ ശിക്ഷാവിധികൾ നടപ്പിലാക്കുകയും ചെയ്തു. തടവിൽ വെക്കാൻ മാത്രമല്ല, അതിക്രൂരമായി പീഡിപ്പിക്കാനും മതവിചാരണക്കോടതികൾ ഗോവയിൽ ഒരുമ്പെട്ടു. ഇതിന്റെ ചരിത്രാവശിഷ്ടങ്ങൾ ഗോവയിൽ കാണാവുന്നതാണ്. ഉദയംപേരൂർ സൂനഹദോസിൽ ഗോവയിലെ മതവിചാരണക്കോടതിയുടെ അധികാരപരിധിയിലാണ് കേരളം എന്നു പ്രഖ്യാപിക്കുകയുായി. കേരളത്തിലെ സാമൂഹികജീവിതത്തിൽ സമാനതകളില്ലാത്ത ഭീതിയായിരുന്നു ഇൻക്വിസിഷൻ.

**ഇല്ലപ്പണം** വിവാഹം കഴിഞ്ഞ് വധൂവരന്മാർ വധുവിന്റെ ഭവനത്തിലേക്ക് ആദ്യമായി പോകുന്ന സന്ദർഭത്തിൽ വരന്റെ പിതാവ് വധുവിനു നല്കുന്ന പണമാണ് ഇല്ലപ്പണം. തെക്കെ മെസപ്പെട്ടോമിയായിൽനിന്നു കേരളത്തിലേക്കു കുടിയേറിയ ക്നാനായർ ഏഴില്ലത്തിൽപ്പെട്ടവരാണെന്നു പരമ്പരാഗതമായി വിശ്വസിച്ചുവരുന്നു. ഒരേ ഇല്ലത്തിൽപെട്ടവരെങ്കിൽ ബന്ധുക്കൾ എന്ന നിലയിൽ വിവാഹം കഴിക്കുന്ന പതിവില്ല. ഒരു സ്ത്രീയെ ഒരില്ലത്തിൽനിന്ന് മറ്റൊരില്ലത്തേയ്ക്കു കൊടുക്കുമ്പോൾ ആ ഇല്ലത്തേയ്ക്കു അവളെ സ്വീകരിച്ചു എന്നതിന് സ്ത്രീധനം, കച്ച എന്നിവയുടെ തുക അനുസരിച്ചു കൊടുക്കുന്ന സംഖ്യയാണിത്. ഓർസ്ലേം, നിനവ, ഉറഹ (എദേസ) തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ബജി, ബെൽക്കൂ, ഹദായി, കുജലിക്, കോജാ, മജമുത്ത്, തെജമുത്ത് എന്നീ ഏഴു തായ്വഴികളിലുള്ള ഏഴില്ലങ്ങളിൽപെട്ടവരെയാണ് ഇല്ലക്കാർ എന്നു വിളിച്ചിരുന്നത്. ഇല്ലപ്പണം കൊടുക്കുന്ന സമ്പ്രദായം ഇപ്പോഴുമു് നേർച്ച കാഴ്ചകൾക്കും ദാനധർമ്മത്തിനുമായിട്ടാണ് ഈ പണം വധു വിനിയോഗിക്കുന്നത്.

**ഇസ്കോള (എസ്കോള)** ഇന്നത്തെ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ മിഷണറിമാരാണ് കേരളത്തിൽ തുടങ്ങിയത്. വിദ്യാലയങ്ങളെ അവർ എസ്കോള എന്ന് പോർത്തുഗീസ് ഭാഷയിൽ വിളിച്ചു. ലത്തീൻഭാഷയിലെ സ്കോള (schola) എന്ന പദമാണ്. പോർത്തുഗീസിൽ എസ്കോള എന്നും ഇംഗ്ലീഷിൽ സ്കൂൾ എന്നും രൂപം മാറിയത്. കേരളീയർ എസ്കോള എന്നതിന് ഇസ്കോള എന്നു പറയും.

**ഇസ്മോൾ (എസ്മോൾ)** ധർമ്മദാനം, ജീവകാരുണ്യപ്രവൃത്തിക്കായി നൽകുന്ന സംഖ്യ എന്നിങ്ങനെയാണ് ഈ പോർത്തുഗീസ് പദത്തിന്റെ അർത്ഥം. ഏതെങ്കിലും ഒരു സംഘടനയ്ക്ക്

നൽകുന്ന വരിസംഖ്യയ്ക്കും ഈ വാക്ക് ഉപയോഗിച്ചുവരുന്നു.

**ഈശോ** കേരള ക്രിസ്ത്യാനികൾ ക്രിസ്തുവിനെ സംബന്ധിച്ച് അടുത്തനാൾവരെ എപ്പോഴും ഉപയോഗിച്ചിരുന്ന പദമാണ് ഈശോ. കൽദായ സുറിയാനിപ്പദമാണത്. പാശ്ചാത്യമിഷണറിമാർ വന്ന കാലം മുതൽ (1550 മുതൽ) ഗ്രീക്ക്-ലത്തീൻ -പോർത്തുഗീസ് രീതിയിൽ യേസു, യേശു എന്നിങ്ങനെ പറയാനും എഴുതാനും തുടങ്ങി.

'യാഹ്‌വേ രക്ഷയാകുന്നു' എന്നർത്ഥമുള്ള യെഹോഷുആ (Yehosua) എന്ന ഹീബ്രു സമസ്തപദത്തിന്റെ സംക്ഷിപ്തരൂപമാണ് യോഷുആ (Yosua). 'ഒ' മാറ്റി വ്യത്യാസം വരുത്തിയ യേഷുആ (Yosua) എന്ന രൂപം പിൽക്കാലത്തുായി. ഗ്രീക്കുഭാഷയിൽ യേസൂസ് (Yosua) എന്നും ഇംഗ്ലീഷിൽ ജീസസ് എന്ന് അത് രൂപം മാറി.

ഹീബ്രുവിലെ യേശുആ എന്ന പേര് തന്നെയാണ് കൽദായാ സുറിയാനിയിൽ 'ഈശോആ' എന്നായത്. അവസാനത്തെ അക്ഷരമായ ആ ഉച്ചരിക്കാത്തതുകൊ് ഈശോ എന്നു പറയുന്നു.

**ഈറാത്തിയോൻ** ഒരു ഗ്രീക്കുപദമാണ് ഈറാത്തിയോനൻ. സിമിത്തേരി അല്ലെങ്കിൽ സിമിത്തേരിയിൽത്തന്നെയുള്ള കെട്ടിടം എന്നാണർത്ഥം. കബറിടക്കെട്ടിടം എന്നും ഇതിനു പറയാറു്.

**ഊറാല (ഊറാറ)** തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ വൈദികർ ഉപയോഗിക്കുന്ന വീതി കുറഞ്ഞ നീ ഒരു വസ്ത്രമാണ് ഊറാല. കഴുത്തിലിടുന്നതിനെ നെടിയ ഊറാല എന്നും കൈയിലിടുന്നതിനെ കൈയൂറാല എന്നുമാണ് പറയാറ്.

**എക്യുമെനിസം** ഗ്രീക്കുഭാഷയിൽനിന്നു വന്ന പദമാണിത്. സാർവത്രികമായതിനെ സംബന്ധിച്ച സിദ്ധാന്തം എന്ന് അർത്ഥം. എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളെയും ഒന്നായി കാണുകയും അവ ഒന്നായിത്തീരണമെന്ന് ആഗ്രഹിക്കുകയും അതിനുവേി പ്രവർത്തിക്കുകയും ചെയ്യുകയാണ് എക്യുമെനിസത്തിന്റെ സ്വഭാവം.

**എണങ്ങർ/ഇണങ്ങർ** നസ്രാണികൾ വിശ്വാസികളെ കുറിക്കാൻ പു പ്രയോഗിച്ചിരുന്നപദമാണ് എണങ്ങർ/ഇണങ്ങർ. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ എണങ്ങർ എന്ന പദം പ്രകടമായി കാണാം. പരമ്പരാഗത കേരള ക്രൈസ്തവസമൂഹത്തിൽ ഇണങ്ങരായിരുന്നു അടിസ്ഥാന യൂണിറ്റ്. അതു നിയോഗിക്കുന്ന ആദ്ധ്യാത്മശുശ്രൂഷികളായിരുന്നു പട്ടക്കാരും മെത്രാനും. എണങ്ങർ ഒരു ദ്രാവിഡപദമാണ്. 'ചേർന്നവർ' എന്നർത്ഥം. ഇതിനു പകരം 'അല്മേനി' എന്ന സുറിയാനി വാക്ക് കടന്നുകൂടിയിരിക്കുന്നു. ഈ പുതിയ വാക്കിന് ആഗമികമായി ലൗകികൻ എന്ന അർത്ഥം.

**എപ്പാർക്കി** കിഴക്കൻസഭകളിൽ രൂപത എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന വാക്കാണ് എപ്പാർക്കി. 'എപ്പാർക്കിയ' എന്ന ഗ്രീക്കുവാക്കിന്റെ ഇംഗ്ലീഷ് രൂപമാണിത്. ഒരു മെത്രാന്റെ കീഴിൽ വരുന്ന ഭരണപ്രദേശങ്ങൾക്കു പറയുന്ന പേരാണിത്.

**എസ്ക്രൂമൻ (സ്ക്രൂമൻ)** പോർത്തുഗീസ് ഭാഷയിലുള്ള എസ്ക്രൂദാതോർ (escrutador) എന്ന വാക്കിൽനിന്നാണ് എസ്ക്രൂമൻ എന്ന വാക്കുായത്. സൂക്ഷ്മപരിശോധന ചെയ്യുന്നവൻ എന്നാണ് ഇതിന്റെ അർത്ഥം.

**എ. ഡി.** (A. D.) ക്രിസ്തു ജനനത്തെ ആസ്പദമാക്കിയുള്ള കാലഗണനാരീതിയാണിത്. അതുകൊുതന്നെ ക്രിസ്ത്വബ്ദം എന്നും കലർ രീതിയെ പറഞ്ഞുവരുന്നു. ഈ രീതിവച്ച് ക്രിസ്തുവിന്റെ ജനനത്തിനു മുമ്പുള്ള വർഷങ്ങളെ ബി. സി. (Before Christ) എന്നും ക്രിസ്തുവിന്റെ ജനനത്തിനുശേഷമുള്ള വർഷങ്ങളെ എ.ഡി. (Anno Domini) എന്നും തിരിച്ചിരിക്കുന്നു. Anno Domini എന്ന ലാറ്റിൻ പദത്തിന് രക്ഷകന്റെ വർഷം എന്നർത്ഥം.

റോമക്കാരനായ ഡയണീഷ്യസ് ആണ് ഈ കാലപരിഗണനയുടെ ഉപജ്ഞാതാവ്. റോമാബ്ദകലർ പ്രകാരം റോമാബ്ദം 753-ലാണ് ക്രിസ്തു ജനിച്ചത്. റോമാബ്ദം 754-നെ എ.ഡി. 1 ആയി പരിഗണിച്ചുകൊാണ് എ.ഡി. 525-ൽ ഡയണീഷ്യസ് ഈ കാലഗണനാരീതിക്കു തുടക്കമിട്ടത്.

**ഏൽപയ്യ** പ് ദനഹാത്തിരുനാളിനോടനുബന്ധിച്ച് ക്രൈസ്തവഭവനങ്ങളിൽ അർത്ഥപൂർണ്ണമായ ഒരു ചടങ്ങുായിരുന്നു. രാത്രിയിൽ മുറ്റത്തു വാഴപ്പി കുത്തിനിറുത്തി അതിൽ ചെറിയ പന്തങ്ങൾ തറച്ചു നിർത്തി അതിനു ചുറ്റും നടന്ന് 'ഏൽപയ്യാ' എന്നു വിളിച്ചു പറയുക എന്നതായിരുന്നു ആ ചടങ്ങ്. ഇന്നും ചില പ്രദേശങ്ങളിൽ അതു നിലനിൽക്കുന്നു്. ഈ ചടങ്ങിൽനിന്നാണ് ദനഹാത്തിരുനാളിന് പിംകുത്തിപ്പെരുന്നാൾ എന്നും പിപ്പെരുന്നാൾ എന്നും പേരു വന്നത്.

ദൈവത്തെ സൂചിപ്പിക്കാൻ സെമിറ്റിക് ജനത ഉപയോഗിച്ച ഏറ്റവും പ്രാചീനമായ പദം 'ഏൽ' എന്നാണ്. 'പയ്യാ' എന്നത് ഒരു പ്രാചീന സെമറ്റിക് പദമാണ്. മഹത്ത്വം, മഹത്ത്വമുള്ളവൻ, പ്രകാശ മുള്ളവൻ എന്നൊക്കെയാണ് ഇതിനർത്ഥം.

**ഏവൻഗെലിയോൻ, ഏവൻഗെലിസ്ത** ഏവൻഗെ ലിയോൻ എന്ന ഗ്രീക്കു വാക്കിന് സുവിശേഷം എന്നർത്ഥം. ഏവൻഗെലിസ്ത എന്നതിന് സുവി ശേഷകൻ എന്നും.

**ഏസ്തി (ഏസ്തി കൂട്ടുക)** മേശ, പീഠം എന്നി ങ്ങനെ അർത്ഥമുള്ള പോർത്തുഗീസ് വാക്കാണ് ഏസ്തി. മൃതശരീരം അല്ലെങ്കിൽ ശവമഞ്ചം വയ്ക്കാൻവേ മേശ പിടിച്ചിട്ടു സജ്ജീകരിക്കുക എന്നാണ് ഏസ്തി കൂട്ടുക എന്നതിന്റെ അർത്ഥം.

**ഒത്തുകല്യാണം (മനസ്സമ്മതം)** വിവാഹത്തിനു വധൂവരന്മാരുടെ സമ്മതം ചോദിക്കുന്ന ചടങ്ങാ ണിത്. മനസ്സമ്മതം എന്നും പറയാറു്. പെണ്ണിന്റെ ഇടവകപ്പള്ളിയിൽവച്ചാണ് ഈ ചടങ്ങു നടത്തു ന്നത്. ബന്ധുക്കളെ സാക്ഷിനിറുത്തി പുരോഹിതൻ ചോദിക്കുന്ന ചോദ്യത്തിന് അനുകൂലമായ മറുപടി ചെറുക്കനും പെണ്ണും നൽകിയാൽ സാക്ഷികളുടെ സാക്ഷ്യം വാക്കാൽ വാങ്ങി ക്രിസ്തുവിന്റെ നാമ ത്തിൽ വിവാഹവാഗ്ദാനം ഉറപ്പിക്കുന്നു. തുടർന്ന് തങ്ങളുടെ ഇടവകയിൽപ്പെട്ട ഇന്ന പെൺകുട്ടിയു മായി ഇന്നയാൾ വിവാഹനിശ്ചയം നടത്തിയിരി ക്കുന്നു എന്ന സാക്ഷ്യപത്രം പുരോഹിതൻ ചെറു ക്കന്റെ ഇടവകവികാരിക്കു നൽകുവാനായി അക്കൂ ട്ടരെ ഏല്പിക്കുന്നു. ഇതിന് 'കുറി' എന്നാണു പറ യുന്നത്. തുടർന്ന് വധുവിന്റെ വീട്ടിലെ സദ്യയിൽ പങ്കെടുത്തതിനുശേഷം സ്ത്രീധനത്തുക നല്കു ന്നു. പെണ്ണിന്റെ അച്ചൻ (അമ്മാവൻ) ചെറുക്കന്റെ അച്ചനു വെറ്റില, അടക്ക, പുകയില എന്നിവയട ങ്ങിയ ഒരു പൊതി (വഴിപ്പുകയില) നല്കുന്നു. ഇന്ന ത്തെപ്പോലെ യാത്രാസൗകര്യം ഇല്ലാത്തതിനാൽ നടന്നുനടന്നു മടുക്കുമ്പോൾ ഇടയ്ക്കിരുന്നു വിശ്ര മിച്ചു മുറുക്കാൻ കൊടുത്തുവിടുന്നതാണ് വഴിപ്പു കയില.

**ഒപ്പീസ്** മരിച്ചവർക്കുവേ നടത്തുന്ന ഒരു പ്രാർത്ഥനാശുശ്രൂഷയ്ക്ക് മലയാളത്തിൽ ഒപ്പീസ് എന്നു പറയുന്നു. കടമ, ജോലി, ഔദ്യോഗികകൃ ത്യം എന്നിങ്ങനെ അർത്ഥമുള്ള ലത്തീനിലെ ഓഫീ ച്ചിയും പോർത്തുഗീസിൽ ഓഫീച്ചിയോ എന്നും മലയാളത്തിൽ ഒപ്പീസ് എന്നും മാറി.

**ഒപ്രുശുമ** സ്ഥൈര്യലേപനം, രോഗീലേപനം എന്നിങ്ങനെ ഇന്നു വിളിക്കുന്ന കൂദാശകളെ അടു ത്തകാലംവരെ മുമ്പിലത്തെ ഒപ്രുശുമ (ഒപ്പ് റുശ്മാ), ഒടുക്കത്തെ ഒപ്രുശുമ എന്നിങ്ങനെയാണ് വിളിച്ചിരുന്നത്.

ഒപ്രുശുമ എന്നത് ഒരു സമസ്തപദമാണ്. രു ഭാഷകളിലെ പദങ്ങളാണ് ഇതിലുള്ളത്. 'ഒപ്പ്' എന്ന മലയാളപദവും 'റുശ്മാ' എന്ന സുറിയാനി പ്പദവും. 'ഒപ്പുക' എന്ന ധാതുവിന് മൃദുവായി തൊടുക, എണ്ണയും മറ്റും ഒപ്പിയെടുക്കുക, എണ്ണ പൂശുക എന്നിങ്ങനെയാണ് അർത്ഥം. ആശീർവാ ദം, അടയാളപ്പെടുത്തൽ എന്നൊക്കെ അർത്ഥ മുള്ള ഒപ്പ് എന്ന വാക്കും അതേ അർത്ഥമുള്ള റുശ്മാ എന്ന വാക്കും കൂട്ടിച്ചേർത്തുള്ള പ്രയോ ഗമാണ് ഒപ്രുശുമാ.

**ഓക്സിയോസ് (ആക്സിയോസ്)** യോഗ്യൻ, അർഹൻ എന്നിങ്ങനെ അർത്ഥമുള്ള ഓക്സി യോസ് (ആക്സിയോസ്) എന്ന ഗ്രീക്ക് പ്രയോഗം 19-ാം നൂറ്റാിൽ അന്ത്യോക്യൻ ആരാധനക്രമ ത്തോടൊപ്പം കേരള ക്രൈസ്തവസാഹിത്യത്തി ലേക്കു കടന്നു.

മതപരമായ ഒരു പദവി ലഭിക്കുന്ന വ്യക്തി യെ കസേരയിലിരുത്തി എടുത്തുയർത്തിക്കൊ് ഓക്സിയോസ് എന്ന് ഉച്ചത്തിൽ പറയുന്നു. സമൂ ഹത്തിന്റെ അംഗീകാരമാണ് അതു സൂചിപ്പിക്കു ന്നത്.

**ഓർത്തഡോക്സ്** കേരളത്തിലെ യാക്കോബായ സുറിയാനിസഭയിലെ ഒരു വിഭാഗക്കാർ 1934-ൽ ഓർത്തഡോക്സ് എന്ന വിശേഷണം തങ്ങളുടെ സഭയോട് ഔദ്യോഗികമായി കൂട്ടിച്ചേർക്കുകയും അങ്ങനെ ഓർത്തഡോക്സ് സുറിയാനി സഭ എന്നൊരു വിഭാഗം ഇവിടെ ഉാവുകയും ചെയ്തു.

ഗ്രീക്ക് ഭാഷയിൽനിന്ന് ലത്തീനിലൂടെ ഇംഗ്ലീ ഷിലെത്തിയ പദമാണ് ഓർത്തഡോക്സ്. ശരി യായ അഭിപ്രായം അല്ലെങ്കിൽ സിദ്ധാന്തം ഉള്ളത് എന്നാണ് ഇതിന്റെ വാച്യാർത്ഥം.

**ഓറൈത്താ** ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾക്ക് (തോറ) പറയുന്ന കൽദായ സുറിയാനിപ്പേരാണ് ഓറൈത്താ. കേരളക്രിസ്ത്യാ നികൾ പുമുതലേ ഈ പേരാണ് പറഞ്ഞുവരു ന്നത്. നിയമം എന്നാണ് ഇതിന്റെ അർത്ഥം.

**കച്ച തഴുകൽ** ക്നാനായക്കാർ (തെക്കുംഭാഗർ) വിവാഹാവസരത്തിൽ നടത്തുന്ന ഒരു കർമ്മമാണ് ഇത്. വധുവിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് വരൻ നല്കുന്ന പുത്തൻ വസ്ത്രമാണ് കച്ച. അച്ചൻകച്ച, അമ്മക്കച്ച, അമ്മൂമ്മക്കച്ച എന്നിവ

യഥാക്രമം അമ്മാവൻ, അമ്മ, അമ്മൂമ്മ എന്നിവർക്ക് വിവാഹംകഴിഞ്ഞ് വധൂവരന്മാർ മണർക്കോലത്തിൽ പ്രവേശിച്ചു കഴിയുമ്പോൾ നൽകും. വരന്റെ അമ്മാവൻ കച്ചയെടുത്ത് വരന്റെ കൈയ്യിൽ കൊടുക്കുന്നു. വധുവിന്റെ അമ്മാച്ചൻ രാംമുു തലയിൽകെട്ടി 'കച്ച തഴുകട്ടെ' എന്നു മൂന്നു പ്രാവശ്യം ചോദിച്ചു സഭയുടെ അനുവാദം വാങ്ങുന്നു. ആദ്യം വരന്റെയും പിന്നെ വധുവിന്റെയും കൈയിൽ കച്ച നൽകുന്നു. വധൂവരന്മാരുടെ അരയുടെ ഇരുവശങ്ങളിലും പിടിച്ചാണ് തഴുകുന്നത്. ഇവരുടെ കൈയിൽ ഇരുന്ന കച്ചയുമായി അമ്മാവൻ പോകുന്നു. തുടർന്ന് അമ്മയും പിന്നീട് വല്യമ്മയും സഭയിൽ വന്നു തഴുകി കച്ചയുമായി പോകുന്നു.

**കത്തത്തിയാരമ്മ (കർത്തത്തിയാരമ്മ)** പ്രഭുക്കന്മാരുടെയും വൈദികരുടെയും ഭാര്യമാരെ വിളിക്കാനുപയോഗിച്ചിരുന്ന പദമാണിത്. കർത്തത്തിയാരമ്മ എന്നതിന്റെ രൂപാന്തരവുമാണ്.

**കത്തനാർ** കേരളത്തിലെ ക്രൈസ്തവപുരോഹിതന്മാരെ സുറിയാനിയിൽ കഹന, കശീശ എന്നൊക്കെ വിളിച്ചിരുന്ന കാലഘട്ടത്തിൽ കത്തനാർ എന്നും വിളിച്ചിരുന്നു. അധികാരി, നാഥൻ എന്നൊക്കെ അർത്ഥമുള്ള കർത്താ എന്ന സംസ്കൃതവാക്കിൽനിന്ന് കത്തൻ എന്ന തമിഴ്പദമായി. അതിനോട് ബഹുമാനസൂചകപ്രത്യയമായ 'ആർ' ചേർത്ത് കത്തനാർ എന്ന വാക്കുാക്കി.

വൈദികർ തങ്ങളുടെ പേരിനോടുകൂടെ കത്തനാർ (അധികാരി) എന്നോ കശീശ (മൂപ്പൻ) എന്നോ ചേർത്തിരുന്നു. അടുത്തകാലത്ത് യൂറോപ്യന്മാരുടെ സമ്പ്രദായമനുസരിച്ച് ഫാദർ എന്നു പേരിനോടു ചേർത്ത് എഴുതുന്നു.

**കത്തിസാൾ (കത്തിത്താൾ)** അൾത്താരകളിൽ വയ്ക്കുന്ന മെഴുകുതിരിക്കാലുകൾക്ക് അടുത്ത നാൾവരെ പറഞ്ഞിരുന്ന പേര് 'രത്തിസാൾ' എന്നായിരുന്നു. മരംകൊു നിർമ്മിക്കുന്നതും ചിത്രങ്ങൾ കൊത്തിയിട്ടുള്ളതും സ്വർണ്ണമോ മറ്റ് ചായങ്ങളോ പൂശിയതുമാണ് കത്തിസാൾ.

**കന്തീലാ** വിളക്ക് എന്നർത്ഥം. സുറിയാനിപദം.

**കന്തീശൻ, കന്തീശങ്ങൾ** കന്തീശ, കന്തീശൻ, കന്തീശങ്ങൾ എന്നീ പ്രയോഗങ്ങളുടെ മൂലരൂപം ഖദ്ദീശ എന്ന സുറിയാനിവാക്കാണ്. വിശുദ്ധൻ എന്നർത്ഥം.

**കപ്പിച്ചേരിയ, കപ്പീസിയും (കപ്പിത്തിയും)** മധ്യയുഗത്തിൽ യൂറോപ്പിലെ കത്തീഡ്രൽപള്ളികളുടെയും ആശ്രമദേവാലയങ്ങളുടെയും പൂജാപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ മുതലായവ സൂക്ഷിക്കുന്ന നിക്ഷേപാലയത്തിന് (ചമയപ്പുര - സങ്കീർത്തി) ലത്തീനിൽ പറയുന്ന പേരുകൾ.

**കപ്പൂച്ചിൻ** അസ്സീസിയിലെ വി. ഫ്രാൻസിസ് സ്ഥാപിച്ച മൂന്നു സഭകളിൽ ആദ്യത്തേതിന്റെ ഉപവിഭാഗമാണ് കപ്പൂച്ചിൻ സഭ. ഇറ്റാലിയനിൽ കപ്പൂച്ചിനോ എന്നു പറയും. കപ്പൂച്ചിയോ (Capuccio) എന്ന ഇറ്റാലിയൻ വാക്കിന് ചെറിയ തൊപ്പി (hood) എന്നാണർത്ഥം. അതിൽനിന്ന് കപ്പൂച്ചിനോ എന്ന പേരുായി. നീു കൂർത്ത ശിരോവസ്ത്രവും നീ അങ്കിയുമാണ് ഈ ഫ്രാൻസിസ്കൻ സന്ന്യാസിമാരുടെ വേഷം. കേരളത്തിൽ ആദ്യമായി കപ്പൂച്ചിൻ ആശ്രമം തുടങ്ങിയത് കൊല്ലത്താണ്. ഇപ്പോൾ വിവിധ സ്ഥലങ്ങളിൽ ആശ്രമങ്ങളും ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ മിഷൻകേന്ദ്രങ്ങളുമു്.

**കപ്പേള** ക്രിസ്ത്യൻ ദേവാലയങ്ങളുടെ കീഴിലുള്ള ചെറുപ്രാർത്ഥനാലയങ്ങളാണ് കപ്പേളകൾ. ചില സ്ഥലങ്ങളിൽ ഇതിനെ കുരിശടിയെന്നും കുരിശുപള്ളിയെന്നും പറയാറു്. കപ്പേളകളിൽ ചെറിയ പ്രാർത്ഥനകളും നൊവേനകളുമാണ് നടത്താറുള്ളതെങ്കിലും ചില പ്രധാനപ്പെട്ട സന്ദർഭങ്ങളിലും പെരുന്നാളുകളിലും പ്രത്യേകം ക്രമീകരിക്കുന്ന അൾത്താരയിൽ വിശുദ്ധ കുർബാനയും നടത്താറു്. ലത്തീൻഭാഷയിൽനിന്നും പോർത്തുഗീസിലേക്കും അതിൽനിന്നു മലയാളത്തിലേക്കും വന്ന വാക്കാണിത്.

**കപ്പ്യാർ, കപ്യാർ** (സുറിയാനി) ദേവാലയശുശ്രൂഷകൻ, ക്രിസ്തീയ ദേവാലയങ്ങളിലെ അൾത്താര ശുശ്രൂഷയ്ക്ക് ഔദ്യോഗികനിയമനം ലഭിച്ച വ്യക്തിയാണ്. അൾത്താരയിലെ ആരാധനാപരമായ ശുശ്രൂഷയ്ക്കു പുറമേ ദേവാലയത്തിന്റെയും പരിസരത്തിന്റെയും ദൈനംദിന മേൽനോട്ടത്തിനും കപ്യാർമാരെ ചുമതലപ്പെടുത്താറു്. ഇപ്പോൾ പല സഭകളും കപ്യാർ എന്നതിനു പകരം ശുശ്രൂഷകൻ, പ്രധാന ശുശ്രൂഷകൻ തുടങ്ങിയ പദങ്ങളാണ് ഉപയോഗിക്കുന്നത്. ലത്തീൻഭാഷയിലെ കപ്യാരിയൂസ് എന്ന പദമാണ് മലയാളത്തിൽ കപ്യാർ എന്നു രൂപം പ്രാപിച്ചത്. കാര്യസ്ഥൻ, നായകൻ, അധിപൻ, സൂക്ഷിപ്പുകാരൻ എന്നൊക്കെ അർത്ഥമുള്ള ഈ പദം പോർത്തുഗീസ് മിഷണറിമാരാണ് ഇവിടെ പ്രചരിപ്പിച്ചത്.

**കപ്ളോൻ, ചാപ്ളെയ്ൻ** ചെറിയ പ്രാർത്ഥനാലയത്തിന്റെ (കപ്പേളയുടെ) ചുമതല വഹിക്കുന്ന

വ്യക്തിയെയാണ് കപ്ളോൻ എന്നു മലയാളത്തിലും ചാപ്ളെയ്ൻ (Chaplain) എന്ന് ഇംഗ്ലീഷിലും വിളിക്കുന്നത്.

**കബലാന** കുർബാനയുടെ സമയത്ത് കാസാ മൂടുന്നതിനുപയോഗിക്കുന്ന കട്ടിയുള്ള ചെറിയ വസ്ത്രക്കഷണമാണ് 'കബലാന'.

**കബർ** കബർ, കബറിടം, കബറടക്കുക മുതലായ രൂപങ്ങൾ മലയാളത്തിൽ സാധാരണ ഉപയോഗിക്കാറുു്. ഹിബ്രു ഭാഷയിലെ 'ഖ്ബർ' എന്ന വാക്കാണ് കബർ എന്നായത്. അറബിയിലും ആ വാക്കുതന്നെ ഉപയോഗിക്കുന്നു. മൃതദേഹങ്ങൾ സംസ്കരിക്കാൻ സ്വീകരിക്കുന്ന – കുഴിയെടുത്ത് മൃതദേഹങ്ങൾ സംസ്കരിക്കുന്ന – ഒരു രീതിയാണിത്. കൂട്ടി, കുന്നുകൂട്ടി, മൂടി എന്നിങ്ങനെയാണ് 'ഖ്ബർ' എന്ന ഹീബ്രുക്രിയയുടെ അർത്ഥം. മലയാളത്തിൽ കബർ എന്നതിന് മൃതശരീരം വഹിക്കാനുള്ള മഞ്ചൽ എന്നും അർത്ഥമുു്.

**കയ്യൂമ** പ്രതിനിധി, മേൽനോട്ടക്കാരൻ, കാര്യസ്ഥൻ, മേലദ്ധ്യക്ഷൻ എന്നിങ്ങനെ അർത്ഥമുള്ള കയ്യൂമ എന്ന പദം 17-ാം നൂറ്റാുവരെ മലയാളത്തിൽ ഉപയോഗിച്ചിരുന്നു. പള്ളിയുടെ നടത്തിപ്പുകാരെ 'കയ്യൂമക്കാരെ'ന്നാണ് പറഞ്ഞിരുന്നത്. മലയാളത്തിൽ കൈക്കാരൻ എന്ന പദമാണ് ഇന്ന് ഉപയോഗിക്കുന്നത്. കൈക്കാരൻ പള്ളിയുടെ സാമ്പത്തികകാര്യങ്ങൾ നോക്കുന്ന വ്യക്തിയാണ്.

**കർദ്ദിനാൾ** റോമിലെ വൈദിക മേലദ്ധ്യക്ഷസമിതിഅംഗം. മാർപ്പാപ്പയെ സഭാഭരണത്തിൽ സഹായിക്കുന്നവരും മാർപ്പാപ്പയെ തെരഞ്ഞെടുക്കുവാൻ അവകാശമുള്ളവരുമാണ് .

'കർദ്ദിനാലിം' (Cardinalis) എന്ന പദത്തിൽനിന്നാണ് ഈ പദമുായത്. സത്താപരമായത് വളരെ പ്രധാനപ്പെട്ടത് എന്നിങ്ങനെയാണ് അതിന്റെ അർത്ഥം .

**കരിസ്മാറ്റിക്** ഗ്രീക്ക് ഭാഷയിലെ കാരിസ് (charis)എന്ന വാക്കാണ് ഇംഗ്ലീഷ്ഭാഷയിൽ കാരിസം (charism) എന്നായത്. ഗ്രീക്കിൽ കാരിസം അല്ലെങ്കിൽ കാരിസ്മ എന്നതിന് അനുഗ്രഹം, ദാനം, സിദ്ധി എന്നൊക്കെയാണർത്ഥം.

പരിശുദ്ധാത്മാവ് മുഖേനയുള്ള ഉണർവിലൂടെ ജീവിതനവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്രൈസ്തവവിശ്വാസികളുടെ കൂട്ടായ്മയാണ് കരിസ്മാറ്റിക് പ്രസ്ഥാനം. ആദിമ ക്രിസ്തീയസഭയിൽ പ്രകടമായിരുന്നതായി ബൈബിളിലെ അപ്പസ്തോലപ്രവൃത്തികളിലും പൗലോസിന്റെ ലേഖനങ്ങളിലും മറ്റും രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതപ്രവർത്തനവരം, പ്രവചനവരം, ഭാഷാവരം തുടങ്ങിയ ദൈവികദാനങ്ങളുടെ പ്രാപ്തിയും പ്രയോഗവും അനുഭവവും ആധുനികകാലത്തും സാധ്യമാണെന്ന് ഇവർ വിശ്വസിക്കുന്നു. പ്രൊട്ടസ്റ്റന്റ് സഭകളിൽ 1960-ലും കത്തോലിക്കാസഭയിൽ 1967-ലും ഓർത്തഡോക്സ് സഭയിൽ 1971-ലും ഈ പ്രസ്ഥാനം ആരംഭിച്ചതായി കരുതപ്പെടുന്നു.

**കർസോൻ** കേരളക്രൈസ്തവസാഹിത്യത്തിലെ സുപ്രധാനമായ ഒരു പദമാണ് കർസോൻ (Carshon). അത് ഒരു എഴുത്തുസമ്പ്രദായത്തിന്റെ പേരാണ്. കൽദായ സുറിയാനി അക്ഷരമാല ഉപയോഗിച്ച് മലയാളം എഴുതുന്ന സമ്പ്രദായമാണിത്. ഏഴാം നൂറ്റാുമുതൽ പതിനെട്ടാം നൂറ്റാുവരെ ഇവിടത്തെ ക്രൈസ്തവർ ഈ എഴുത്തുസമ്പ്രദായം ഉപയോഗിച്ചിരുന്നു. ഇന്നും കർസോനിൽ എഴുതപ്പെട്ടിട്ടുള്ള ധാരാളം കൈയെഴുത്തുപ്രതികൾ സൂക്ഷിക്കപ്പെട്ടിട്ടു്. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, മതപരമായ ഗ്രന്ഥങ്ങൾ, പ്രാർത്ഥനകൾ, ചരിത്രരേഖകൾ, ചികിത്സാവിധികൾ മുതലായവ കർസോനിൽ എഴുതിയിരുന്നു. കർസോൻ എന്നൊരാളാണ് ഈ സമ്പ്രദായം നടപ്പാക്കിയത്. അദ്ദേഹത്തിന്റെ പേരിൽ ഇത് അറിയപ്പെടുന്നു.

**കല്ത്തപ്പം (ഖല്ത്തപ്പം)** ചുരുക്കം ചില സ്ഥലങ്ങളിൽ (മധ്യകേരളത്തിൽ) കല്ത്തപ്പമാണ് പെസഹാഭക്ഷണത്തിന് പ്രധാന അപ്പമായി കരുതുന്നത്. പൊരിച്ചെടുക്കുന്ന അപ്പമെന്നാണ് കല്ത്തപ്പം എന്ന വാക്കിന്റെ അർത്ഥം. ഹീബ്രു, അറമായ ഭാഷകളിലുള്ള വാക്കാണ് കല്ത്ത് (ഖല്ത്ത്). പൊരിക്കുക, വറക്കുക എന്നിങ്ങനെയാണർത്ഥം. അരിയും ഉഴുന്നും തേങ്ങയും വെളുത്തുള്ളിയും ചേർത്താണ് കല്ത്തപ്പമുാക്കുന്നത്. ഇതുാക്കാൻ അടുപ്പിൽമാത്രം തീ കത്തിച്ചാൽ പോരാ. അപ്പം ചുടാനുള്ള പാത്രത്തിനു മുകളിൽ വറകലംവച്ച് അതിൽ തീക്കനമുള്ള വിറകുപൂളുകളിട്ട് തീ കത്തിക്കണം. അങ്ങനെ അടിയിലും മുകളിലും തീ കത്തിച്ച് പൊരിച്ചെടുക്കുന്ന അപ്പമാണ് കല്ത്തപ്പം അഥവാ ഖല്ത്തപ്പം (ഖല്ത്ത് + അപ്പം).

**കല്ലന്താരി** കേരളത്തിൽ പോർത്തുഗീസ് മിഷണറിമാരുടെ കാലം മുതൽ അടുത്തകാലംവരെ സഭാസംബന്ധമായ പഞ്ചാംഗത്തിന് (കലറിന്) കല്ലന്താരി എന്നാണു പറഞ്ഞിരുന്നത്.

**കശീശ** വൈദികൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന കശീശ ഒരു കൽദായാ സുറിയാനി

പദമാണ്. മൂപ്പൻ, പ്രമാണി, സന്ന്യാസപട്ടക്കാരൻ, സെനറ്റിലെ അംഗം എന്നൊക്കെ ഇതിനർത്ഥമു്. ഖശീശാ എന്നാണ് വാക്കിന്റെ ശരിയായ രൂപം. ഖ്ശശ് എന്ന സുറിയാനി ധാതുവിൽ നിന്നുായ പദമാണത്. പ്രായമാവുക, പ്രമാണിയാവുക എന്നൊക്കെയാണ് അതിന്റെ അർത്ഥം.

**കഹന** പുരോഹിതൻ എന്നാണ് കഹന എന്ന സുറിയാനി വാക്കിന്റെ അർത്ഥം. കഹനൂസയ്ക്ക് പൗരോഹിത്യമെന്നും. പുരോഹിതൻ, പൗരോഹിത്യം, വൈദികൻ മുതലായ സംസ്കൃതപദങ്ങൾ ക്രിസ്ത്യാനികൾ ഉപയോഗിച്ചുതുടങ്ങിയിട്ട് ഒരു നൂറ്റാാകുന്നതേയുള്ളു.

**ക്നാനായർ** ഏ.ഡി. 345-ൽ ക്നായിത്തൊമ്മൻ എന്ന കച്ചവടപ്രമാണിയുടെ നേതൃത്വത്തിൽ കേരളത്തിൽ കുടിയേറിയവരുടെ പിൻഗാമികൾ ആണ് തങ്ങൾ എന്നു വിശ്വസിക്കുന്ന ഒരു ക്രൈസ്തവ സമൂഹം കേരളത്തിലു്. ഇവരാണ് ക്നാനായർ. സുറിയാനി കത്തോലിക്കരിലെ കോട്ടയം രൂപതക്കാരും ഓർത്തഡോക്സ് യാക്കോബായ സമുദായത്തിലെ ചിങ്ങവനം ഭദ്രാസനക്കാരും ക്നാനായരാണ്. തെക്കുംഭാഗർ എന്നും ഇവർ അറിയപ്പെടുന്നു. ഇവർ കീനായ്ദേശത്തുനിന്നും ക്നായിത്തൊമ്മന്റെ നേതൃത്വത്തിൽ കുടിയേറിയവരുടെ പിൻമുറക്കാർ എന്ന നിലയിലാണു ക്നാനായർ എന്നു പറയുന്നത്.

**കാനോൻ (കാനോന)** കാനോന നമസ്കാരം, സൂനഹദോസ് കാനോനകൾ, കുർബാനയുടെ കാനോൻ, ബൈബിളിലെ കാനോനികഗ്രന്ഥങ്ങൾ എന്നൊക്കെ സാധാരണമായി പറയുന്നു. ഹീബ്രു ഭാഷയിൽനിന്നാണ് കാനോൻ എന്ന വാക്കിന്റെ വരവ്. മാനദണ്ഡം, കല്പന, ചട്ടം, മാതൃക, വിശിഷ്ടമാതൃക, പട്ടിക, ലിസ്റ്റ്, അംഗീകൃതമായത് എന്നൊക്കെ ആ വാക്കിന് അർത്ഥമു്. ഹീബ്രുവിൽ 'ഖാനേ' എന്നതിന് വടി (ദണ്ഡ്) എന്നാണ് ഒന്നാമത്തെ അർത്ഥം. അളക്കാൻ വടി ഉപയോഗിക്കുകയാൽ അതിന് അളവുകോല് എന്ന് അർത്ഥം കിട്ടി.

**കാപ്പ** ലത്തീൻഭാഷയിൽനിന്ന് പോർത്തുഗീസുവഴി മലയാളത്തിൽ വന്ന പദമാണ് കാപ്പ. മേൽവസ്ത്രം, ബാഹ്യാവരണം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. പുസ്തകത്തിന്റെ പുറംചട്ടയ്ക്കും 'കാപ്പ' (കാപ്പാ ദെ ലിവ്റോ) എന്ന് പോർത്തുഗീസിൽ പറയും. ആരാധനാപരമായ അനുഷ്ഠാനങ്ങളുടെ സമയത്ത് വൈദികർ (ചിലപ്പോൾ സഹായികളും) ഉപയോഗിക്കുന്ന മേൽവസ്ത്രമാണത്. ആദ്യകാലത്ത് ശിരോവസ്ത്രമാണ് കാപ്പ എന്നു വിളിക്കപ്പെട്ടത്. പിന്നീട് ശിരസ്സും മറ്റും ശരീരഭാഗങ്ങളും മറയ്ക്കുന്ന വസ്ത്രത്തെ കാപ്പ എന്നു വിളിച്ചു. ലത്തീനിലെ 'കാപ്പാ' എന്ന വാക്ക് മിക്ക ഇൻഡോ യൂറോപ്യൻ ഭാഷകളിലും (അല്പ രൂപഭേദത്തോടെ) ഉപയോഗിക്കുന്നു്.

**കാസ** ഹീബ്രുഭാഷയിലുള്ള ഒരു വാക്കാണ് കാസാ. അത് സുറിയാനിയിലേക്കും അതുവഴി മലയാളത്തിലേക്കും കടന്നുവന്നു. പാത്രം, പാനപാത്രം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. (കുപീസാ എന്ന സുറിയാനി വാക്കിന് ചെറിയ വായുള്ള പാത്രമെന്നർത്ഥം. ഇതിൽനിന്നാണ് കുപ്പി എന്ന മലയാള വാക്കുായത്.)

**കാറോസൂസ** കുർബാനക്രമത്തിലുള്ള ഒരു പ്രാർത്ഥനാസമാഹാരമാണ് കാറോസൂസ. കാറോസൂത്ത എന്നും പറയും. സുറിയാനിപ്പദമാണ്. ഉദ്ഘോഷണം എന്നാണർത്ഥം. അതുകൊ് ലത്തീനിൽ പ്രൊക്ലമാസിയോ എന്നു വിളിക്കുന്നു. അതിൽ സഭാശരീരത്തിലെ എല്ലാ അംഗങ്ങൾക്കും വേി പ്രത്യേകം പ്രത്യേകം പ്രാർത്ഥിക്കുന്നു. ഓരോ ആവശ്യത്തിനും വേി പ്രാർത്ഥിക്കുന്നു. ആറാം പട്ടക്കാരൻ (ഡീക്കൻ) ദേവാലയമധ്യത്തിൽ ഇറങ്ങിനിന്ന് ഉറക്കെ ചൊല്ലുന്നതുകൊാണ് ഉദ്ഘോഷണമെന്ന് പേരു വന്നത്.

**കുക്കിലിയോൻ** പടിഞ്ഞാറൻ സുറിയാനിയിലൂടെ വന്ന ഗ്രീക്ക് വാക്കാണ് കുക്കിലിയോൻ (കുക്കിലിയോൺ). പ്രാർത്ഥനകളുടെ കൂട്ടമെന്നാണ് അതുകൊ് ഉദ്ദേശിക്കുന്നത്. പ്രാർത്ഥനാവൃത്തമെന്നു പറയാം. ഗാനരൂപത്തിലുള്ള ചെറിയ ശുശ്രൂഷാക്രമമാണത്. അന്ത്യോക്യൻ ആരാധനക്രമത്തിൽ പല കുക്കിലിയോനുകളുമു്. കന്യാമറിയം, മറ്റു വിശുദ്ധർ, മരിച്ചുപോയ വൈദികർ, മരിച്ച വിശ്വാസികൾ മുതലായവർക്കു വേിയുള്ള കുക്കിലിയോനുകൾ സാധാരണമായി ഉപയോഗിക്കുന്നു.

**കുണുക്ക്** സുറിയാനി വനിതകൾ അണിയുന്ന ആഭരണങ്ങളുടെ വിഭാഗത്തിൽ ഒന്നാണ് കുണുക്ക്. മേൽക്കാതു തുളച്ചണിയുന്ന കുണുക്കിനു ചില പ്രത്യേകതകൾ കാണാം. കുണുക്കുാക്കുന്നതു തട്ടാന്മാരാണ്. അകം പൊള്ളയാക്കിയും അകത്തു അരക്കുവെച്ചു നിറച്ചും പുറം മനോഹരമാക്കാം.

ഇന്നത്തെ ക്നാനായ സ്ത്രീകൾ കുണുക്കണിയാൻ താത്പര്യം കുറവുള്ളവരാണ്. മാർഗ്ഗംകളിക്ക് ഉപയോഗിക്കാനുള്ള ഒരു ആഭരണമായി ഇന്നിതിനെ കാണുന്നവരും കുറവല്ല. കുണു

ക്കണിയുന്ന അമ്മച്ചിമാർ മരിക്കുമ്പോൾ അതിന്റെ അവകാശം പെൺമക്കൾക്കാണ്.

**കുഴിക്കാണം** പള്ളിയുടെ ഒരു വരുമാനമാർഗ്ഗമാണിത്. ആവേദകൻ (മാണി, കത്തിൽ, അരീക്കര) പറയുന്നു: "പഠാക്കെ കുടുംബാംഗങ്ങൾ മരിച്ചാൽ വികാരിയച്ചൻ ശവസംസ്കാരാനന്തരം കുഴിക്കാണം ആവശ്യപ്പെട്ടിരുന്നു. പണക്കാർക്കു 101 ചക്രവും സെക്കൻഡു ഗ്രേയ്ഡുകാർക്ക് 64 ചക്രവും മൂന്നാംതലത്തിൽ പെട്ടവർക്കു 32 ചക്രവുമായിരുന്നു നൽകേത്. പിള്ളേരു മരിച്ചാൽ 16 ചക്രം മതിയാകും."

**കുമ്പസാരം** 'ഏറ്റുപറയുക' എന്നർത്ഥമുള്ള 'കൊൺഫെസാർ' (confessar) എന്ന പോർത്തുഗീസുവാക്കിൽനിന്നാണ് കുമ്പസാരിക്കുക എന്ന മലയാളക്രിയാധാതു ഉായത്. ഏറ്റുപറച്ചിൽ എന്നതിന് 'കോൺഫിസാം' എന്നാണ് പോർത്തുഗീസിൽ. ആ വാക്കാണ് കുമ്പസാരം എന്നു രൂപാന്തരപ്പെട്ടത്. കത്തോലിക്ക മതവിശ്വാസികൾ വൈദികരോട് പശ്ചാത്താപത്തോടുകൂടി, ചെയ്ത പാപം ഏറ്റുപറയുകയാണ് കുമ്പസാരം എന്ന കൂദാശയിലൂടെ. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനയിലാണ് (4-ാം മൗത്വാ, 9-ാം കാനോന) ആദ്യമായി കുമ്പസാരം എന്ന വാക്കു കാണുന്നത്.

പാപങ്ങൾ ഏറ്റുപറയുന്നതിന് പിഴമൂളുക എന്നാണ് പോർത്തുഗീസുകാരുടെ വരവിനു മുമ്പ് പറഞ്ഞിരുന്നത്.

**കുരിശ്** പോർത്തുഗീസ് മിഷണറിമാരുടെ വരവിനു മുമ്പ് കേരളത്തിൽ കുരിശിനു പറഞ്ഞിരുന്നത് സ്ലീവാ (സ്ലീബാ), സ്ലീബാ മരം എന്നൊക്കെയാണ്. പോർത്തുഗീസ് ഭാഷയിലുള്ള ക്രൂസ് (Cruz) എന്ന വാക്കാണ് കുരിശ് എന്ന രൂപത്തിൽ മലയാളികൾ ഉപയോഗിക്കുന്നത്.

**കുർബാന** നൂറ്റാുകളായി മലയാളികൾ ഉപയോഗിക്കുന്ന ഒരു കൽദായ സുറിയാനി വാക്കാണ് കുർബാന. ബലിയർപ്പിച്ചു, കാഴ്ചയർപ്പിച്ചു എന്നർത്ഥമുള്ള 'കാറെവ്' എന്ന ക്രിയയിൽനിന്നാണ് ആ ധാതു ഉായത്. വിശുദ്ധ കുർബാന അല്ലെങ്കിൽ ദിവ്യബലി ക്രിസ്തുവിന്റെ തിരുവത്താഴത്തെ അനുസമരിച്ചുകൊ് പതിവായി ക്രൈസ്തവദേവാലയങ്ങളിൽ നടക്കുന്ന ശുശ്രൂഷയാണ്. എല്ലാ വിശ്വാസികൾക്കും വേി പരികർമ്മം ചെയ്യപ്പെടുന്നതിനാൽ വിശുദ്ധ കുർബാന സമ്പൂർണ്ണ ആരാധനയായാണ് കരുതപ്പെടുന്നത്. മറ്റു തിരുക്കർമ്മങ്ങളുടെ പൂർത്തീകരണമായി വിശുദ്ധ കുർബാന നിലകൊള്ളുന്നു.

**കുർബാനധർമ്മം** വൈദികൻ സമർപ്പിക്കുന്ന കുർബാനയിൽ ജനങ്ങൾ തങ്ങളുടെ ഭാഗഭാഗിത്വം സൂചിപ്പിക്കാൻ നൽകുന്ന സമ്മാനമാണ് കുർബാനധർമ്മം. കുർബാന എന്ന വാക്ക് ഹീബ്രുവിൽനിന്നും സുറിയാനിയിലും അതുവഴി മലയാളത്തിലും വന്നുചേർന്നു. ധർമ്മം ഒരു സംസ്കൃത പദമാണ്. പുണ്യം, ന്യായം, ആചാരം, നീതി, ദാനം, കടമ, ഭക്തി എന്നൊക്കെ അർത്ഥമു്. ദാനം എന്ന അർത്ഥത്തിലാണ് ഇവിടെ പ്രയോഗിക്കുന്നത്. ഈ ദാനം ദാതാവിന്റെ പരിത്യാഗത്തെയും അതുവഴി കുർബാനയാകുന്ന മഹായാഗത്തിലെ ഭാഗഭാഗിത്വത്തെയും സൂചിപ്പിക്കുന്നു. വിശ്വാസികൾ കാഴ്ചകളർപ്പിച്ചുകൊ് (കാഴ്ചപ്രദക്ഷിണത്തിൽ) ദിവ്യബലിയിൽ (കുർബാനയിൽ) പങ്കുകൊള്ളുന്ന രീതി മൂന്നാം നൂറ്റാു മുതൽ നിലവിലിരുന്നു.

**കുശിനി (കുസീഞ്ഞ)** പോർത്തുഗീസ് ഭാഷയിലെ കൊസിഞ്ഞ (Cozinha) എന്ന വാക്കാണ് മലയാളത്തിൽ കുശിനി എന്നായത്. അടുക്കള, ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം എന്നാണർത്ഥം. പള്ളികളോടനുബന്ധിച്ച അടുക്കളകൾക്ക് ഇന്നും കുശിനി എന്നു പറയുന്നു. കുശിനിക്കാരനെ 'കൊസിഞ്ഞീരോ' എന്നു വിളിക്കുന്നു. ഈ വാക്ക് മലയാളത്തിൽ കൊസിഞ്ഞർ ആണ്.

**കുസ്തോദി** ലത്തീനിൽ കുസ്തോദീരെ എന്ന ക്രിയയ്ക്ക് സൂക്ഷിക്കുക എന്ന അർത്ഥമാണ്. ദിവ്യകാരുണ്യം (പവിത്രീകൃതമായ കുർബാനയപ്പം) സൂക്ഷിച്ചുവയ്ക്കാനുള്ള പാത്രം എന്നാണ് കുസ്തോദി എന്ന വാക്കുകൊ് ഉദ്ദേശിക്കുന്നത്. പോർത്തുഗീസ് മിഷണറിമാരുടെ വരവിനുശേഷമാണ് ഈ വാക്ക് കേരളത്തിൽ പ്രയോഗിച്ചുതുടങ്ങിയത്.

**കുറിയേലായിസോൻ** ഗ്രീക്കുഭാഷയിൽനിന്നു വന്ന ഒരു ശൈലിയാണ് കുറിയേലായിസോൻ (Kurie eleison) 'കർത്താവേ, കനിയണമേ' എന്നാണ് അതിന്റെ അർത്ഥം. ഗ്രീക്കിൽ 'കുരിയേ' എന്നതിന് കർത്താവേ എന്നും 'എലൈസോൻ' എന്നതിന് കനിയണമേ എന്നുമാണർത്ഥം. ഈ രു വാക്കുകളും ഒന്നിച്ച് കുറിയേലായിസോൻ എന്ന് മലയാളത്തിൽ പറയുന്നു. (കുരിയോസ് = പ്രഭു, നാഥൻ കർത്താവ്; എലേഓ = കരുണ തോന്നുക).

**കൂദാശ** കൽദായ സുറിയാനിയിൽനിന്ന് മലയാളത്തിലേക്കു വന്ന പദമാണ് കൂദാശ. പ്രതിഷ്ഠ, വിശുദ്ധീകരിക്കൽ, കാഴ്ചവയ്പ്, സ്തുതിക്കൽ,

പരിശുദ്ധൻ പരിശുദ്ധൻ എന്നുള്ള സ്തുതി എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. ഖുദാശ എന്നതാണ് സുറിയാനിപദരൂപം.

ക്രിസ്തു സ്ഥാപിച്ചതും വരപ്രസാദം നൽകുന്നതുമായ പ്രതീകാത്മക ചടങ്ങുകളാണ് കൂദാശകൾ. ഏഴു കൂദാശകൾ മാമ്മോദീസ, സ്ഥൈര്യലേപനം, കുമ്പസാരം, വിശുദ്ധകുർബാന, വിവാഹം/പൗരോഹിത്യം, രോഗീലേപനം എന്നിവയാണ്.

**കൂരിയ** ലത്തീൻ ഭാഷയിൽനിന്ന് മലയാളത്തിലേക്കു വന്ന ഒരു പദമാണ് കൂരിയ (Curia). മതപരമായ കാര്യങ്ങളിൽ വിധിത്തീർപ്പു കല്പിക്കുന്ന സംഘത്തെ അഥവാ അരമനക്കോടതിയെയാണ് കൂരിയ എന്നു വിളിക്കുന്നത്. നിയമനിർമ്മാണവും അതിന്റെ ധർമ്മങ്ങളിൽ ഉൾപ്പെടും.

**കൂശാപ്പ** കുർബാനയിൽ താണസ്വരത്തിൽ ചൊല്ലുന്ന ചില പ്രാർത്ഥനകളെ കൂശാപ്പ എന്നു വിളിക്കുന്നു. ഒരു സുറിയാനി പദമാണ്. മന്ത്രിച്ചു, രഹസ്യത്തിൽ പറഞ്ഞു എന്നിങ്ങനെ അർത്ഥമു ്.

**കെത്താന** ഒരു സുറിയാനി പദമാണ് കെത്താന. കുർബാനയുടെ സമയത്ത് അൾത്താരയിൽ വിരിക്കുന്ന വെള്ളത്തുണിയാണത്.

**കെത്തുമാപ്പെരുന്നാൾ** വലിയനോമ്പിന്റെ ആരംഭത്തിൽ നെറ്റിയിൽ ചാരംകൊ് കുരിശുവരയ്ക്കുന്ന ഒരു ദിവസമു്. ഇതിന് കുരിശുവരപ്പെരുന്നാൾ, കരിക്കുറിപ്പെരുന്നാൾ, വിഭൂതിബുധൻ എന്നൊക്കെ പറയുന്നു. പക്ഷേ, കഴിഞ്ഞ നൂറ്റാണ്ടുവരെ കെത്തുമാപ്പെരുന്നാൾ എന്നായിരുന്നു എല്ലാവരും പറഞ്ഞിരുന്നത്. 'കെത്തുമ' എന്നത് ഒരു സുറിയാനി പദമാണ്. ചാരം എന്നാണർത്ഥം. ഇപ്പോൾ ലത്തീൻസഭ വിഭൂതി ബുധനും സീറോമലബാർസഭ വിഭൂതിതിങ്കളും ആചരിക്കുന്നു.

**കേപ്പാലെയോൻ** ബൈബിളിന്റെ ആദ്യത്തെ മലയാളവിവർത്തനത്തിൽ (എ.ഡി. 1811) അദ്ധ്യായം എന്ന അർത്ഥത്തിൽ കേപ്പാ ലെയോൻ എന്നാണു പ്രയോഗിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട കാര്യം, സംക്ഷേപം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. ഗ്രീക്കിൽനിന്ന് സുറിയാനിവഴി മലയാളത്തിൽ എത്തിയ പദം.

**കെറിയാനപ്പുസ്തകം** കുർബാനയിൽ വായിക്കുന്നതിൽ പഴയനിയമത്തിൽനിന്നും അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ നിന്നും ചില ഭാഗങ്ങൾ തിരഞ്ഞെടുത്ത് സഞ്ചയിക്കുന്നു. അത്തരം സമാഹാരത്തെ കെറിയാനപ്പുസ്തകം എന്നു വിളിക്കുന്നു. സുറിയാനിയിൽ കെറിയാന എന്നതിന് വായന എന്നർത്ഥം.

**കൈക്കസ്തൂരി** യഹൂദമതം, ഇസ്ലാംമതം, ക്രിസ്തുമതം, എന്നീ സെമിറ്റിക് മതങ്ങളിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളമായ ആലിംഗനവും ചുംബനവും മതകർമ്മങ്ങളായിത്തീരുന്നു. സമാധാനാശംസ ഒരു കടമയായും തീരുന്നു. ഭാരതീയർ വന്ദനം, നമസ്കാരം എന്നൊക്കെ പറയുമ്പോൾ അവർ നിനക്കു സമാധാനം (ശ്ലാംലേഖ് എന്നു സുറിയാനിയിൽ) എന്നു പറയുന്നു. സ്നേഹം, ഐക്യം, ആദരവ് എന്നിവയുടെ പ്രകടനങ്ങളായ ആലിംഗനവും ചുംബനവുമാണ് കൈക്കസ്തൂരിയായി മാറിയത്. (കൈകൊുള്ള സ്പർശനം മാത്രം). കൂപ്പിയ കൈകളുടെ ബാഹ്യതലത്തിൽ ഇരുകൈകൾ കൊും തൊടീക്കുക എന്നതാണ് കൈക്കസ്തൂരി കൊടുക്കുക എന്നതിലെ കർമ്മം. ആലിംഗന-ചുംബനങ്ങൾ കരസ്പർശം മാത്രമായിത്തീർന്നത് ഭാരതീയരുടെ പാരമ്പര്യത്തിന്റെ പ്രത്യേകതകൊാണ്.

**കൊന്ത (ജപമാല)** ഒരു കത്തോലിക്കാ ഭക്താഭ്യാസം. അതിനും അതിൽ ജപങ്ങളുടെ ആവർത്തനം എണ്ണാൻ ഉപയോഗിക്കുന്ന മണികൾ ചേർന്ന മാലയ്ക്കും പൊതുവായുള്ള പേരാണ് കൊന്ത. ഒരു കർത്തൃപ്രാർത്ഥന, 10 'നന്മനിറഞ്ഞ മറിയമേ' എന്ന ജപം ഒരു 'ത്രിത്വസ്തുതി' എന്നിവ ചേർന്നതാണ് ഒരു ദശകം. ഈ ദശകങ്ങൾ അഞ്ചുവട്ടം ആവർത്തിക്കുന്നു. ഓരോ ദശകത്തിന്റെയും തുടക്കത്തിൽ യേശുവിന്റെയും മാതാവിന്റെയും ജീവിതത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട ഒരു ധ്യാനരഹസ്യം ഹ്രസ്വമായി ചൊല്ലിയിട്ട് ദശകങ്ങൾ ചൊല്ലുമ്പോൾ ആ രഹസ്യത്തിന്മേൽ ധ്യാനിക്കുന്നു.

കൊന്തയുടെ ഉത്പത്തിയെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലു്. ജപമാല എന്നർത്ഥമുള്ള കൊന്ത പോർത്തുഗീസ് ഭാഷാപദമാണ്. കണക്ക് (അക്കൗ) കണക്കുകൂട്ടൽ എന്നൊക്കെയാണർത്ഥം.

**കൊംപാദ്രി (കുമ്പാരി)** മാമ്മോദീസാ മുങ്ങുന്ന കുട്ടിയുടെ പിതാവ് ആ കുട്ടിയുടെ തലതൊട്ടപ്പനെ കൊമപാദ്രേ (conpadre) എന്നു വിളിക്കുന്നു. ഒരു പോർത്തുഗീസ് പ്രയോഗമാണത്. സഹപിതാവ് എന്ന് അതിനർത്ഥം പറയാം.

**കൊംമാദ്രി (കൊമ്മാതിരി)** ഒരമ്മതന്റെ ശിശുവിനെ തലതൊട്ട സ്ത്രീയെ കൊംമാദ്രേ (കൊംമാ

ഡ്രി) എന്നു വിളിക്കുന്നു. മാതൃത്വത്തിൽ പങ്കുള്ളവൾ എന്നാണർത്ഥം. ഇതിനു പകരമായി 'കുമ്പാരിച്ചി' എന്നു ചിലർ പറയാറു്. അത് നല്ല പ്രയോഗമല്ല.

**കൊവേന്ത** സന്ന്യാസിമാർ താമസിക്കുന്ന ഭവനം (ആശ്രമം) എന്നർത്ഥമുള്ള കൊവേന്ത എന്ന വാക്ക് പോർത്തുഗീസ് ഭാഷയിലെ 'കൊൺവെന്തോ' എന്ന പദത്തിൽനിന്നുായതാണ്. അതാകട്ടെ, ലത്തീൻ ഭാഷയിലുള്ള കൊൺവെന്തൂസ് (Conventus) എന്ന വാക്കിൽനിന്നു വരുന്നു. സഭ, സംഘം എന്നൊക്കെയാണ് ഇതിനർത്ഥം. കൊവേന്ത എന്ന വാക്കും കോൺവെന്റ് എന്ന വാക്കും ഒരേ പദത്തിൽനിന്നു വരുന്നുവെങ്കിലും അവ ഒരേ സ്ഥാപനത്തെയല്ല ഇന്നു സൂചിപ്പിക്കുന്നത്.

**കോർഎപ്പിസ്കോപ്പ** ഒരു ഗ്രീക്ക് സമസ്തപദമാണ് കോർഎപ്പിസ്കോപ്പ. ഗ്രീക്കിലോ ഖോറാ, ഖോറേ, ഖോറോസ് എന്നൊക്കെ പറഞ്ഞാൽ പ്രദേശം, രാജ്യം, ഗ്രാമം, ഉൾഗ്രാമം എന്നൊക്കെ അർത്ഥം. ഈ സ്ഥലങ്ങളിലെ പള്ളികളുടെ ഭരണം നിർവഹിക്കുന്ന ആൾ കോർഎപ്പിസ്കോപ്പ. ചില ക്രൈസ്തവസഭകളിൽ എപ്പിസ്കോപ്പയുടെ താഴെയുള്ള ഒരു വൈദികപദവിയാണ് കോർഎപ്പിസ്കോപ്പ.

ആദിമനൂറ്റാുകളിൽ എല്ലാ സഭകളിലും കോർഎപ്പിസ്കോപ്പമാർ ഉായിരുന്നു. 9-ാം നൂറ്റാോടെ പടിഞ്ഞാറൻ സഭയിൽ ഈ പദവി ഇല്ലാതായി. പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലും ചില കത്തോലിക്കാസഭകളിലും കോർഎപ്പിസ്കോപ്പ പദവി നിലവിലു്. ഓർത്തഡോക്സ് സഭകളിൽ വിവാഹിതരായ വൈദികർക്കു ലഭിക്കാവുന്ന ഏറ്റവും ഉയർന്ന പൗരോഹിത്യസ്ഥാനമാണ് കോർഎപ്പിസ്കോപ്പ. മാർത്തോമ്മാ, സി.എസ്.ഐ. തുടങ്ങിയ സഭകളിൽ വികാരി ജനറൽ എന്ന സ്ഥാനമാണ് കോർഎപ്പിസ്കോപ്പയ്ക്കുള്ളത്. എപ്പിസ്കോപ്പ = മെത്രാൻ. ഡീക്കൻപട്ടം, വൈദികപട്ടം ഒഴികെ മറ്റെല്ലാ പട്ടവും കൊടുക്കാം.

**കൗമ്മ** 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നു തുടങ്ങുന്ന ലഘുപ്രാർത്ഥനയ്ക്ക് കൗമ്മ എന്നു പറയും. ഉറക്കമൊഴിവോടെ ചൊല്ലേ കാനോന നമസ്കാരത്തിനും ഈ പേരു്.

**ക്രിസ്തു** ഗ്രീക്കു ഭാഷയിലെ 'ക്രിസ്തോസ്' ലത്തീൻഭാഷയിൽ 'ക്രിസ്തൂസ്' എന്നും പോർത്തുഗീസിൽ 'ക്രിസ്തോ' (Christo) എന്നും ഇംഗ്ലീഷിൽ ക്രൈസ്റ്റ് എന്നും രൂപപ്പെട്ടു. മലയാളത്തിൽ 16-ാം നൂറ്റാു മുതൽ യൂറോപ്യൻ മിഷണറിമാരുടെ വരവോടെ ക്രിസ്തൂസ്, ക്രിസ്തോ എന്നീ പദരൂപങ്ങൾ കടന്നുവന്നു. അതു മലയാളത്തിൽ ക്രിസ്തു എന്നായിത്തീർന്നു.

**ക്രിസ്തുമതം** ഏകദൈവവിശ്വാസം അടിസ്ഥാനമാക്കിയ മതമാണ്. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ മതം നിലവിൽ വന്നത്. ക്രിസ്തീയമതവിശ്വാസികൾ യേശുവിനെ ദൈവപുത്രനായും പഴയനിയമത്തിൽ പ്രവചിച്ചിരുന്ന 'മിശിഹാ' ആയും കരുതുന്നു. വിവിധ വിഭാഗങ്ങളിലായി ക്രിസ്തുമതത്തിൽ ഇരുന്നൂറു കോടിയിലേറെ വിശ്വാസികളുന്നെു കണക്കാക്കപ്പെടുന്നു.

**ക്രിസ്തുമസ് (ക്രിസ്മസ്)** കേരളത്തിൽ പ്പിറവിത്തിരുനാളിന് യൽദാപ്പെരുന്നാൾ എന്നു പറഞ്ഞിരുന്നു. പിറവി എന്നാണ് 'യൽദാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം.

ക്രിസ്തുമസ്, ഇംഗ്ലീഷിന്റെ പ്രചാരത്തോടെ മലയാളത്തിൽ പ്രവേശിച്ചു. ആംഗ്ലോ-സാക്സണിലുള്ള ക്രീസ്റ്റ്മെസ്സെ (Christmaesse) യാണ് ഇംഗ്ലീഷിൽ ക്രിസ്ത്മസ് എന്നായത്. ക്രിസ്തുവിന്റെ പിറവിയുടെ ഓർമ്മദിവസം നടത്തുന്ന കുർബാന എന്നാണ് അതിന്റെ അർത്ഥം.

**ക്രിസ്ത്യാനി** കേരളത്തിൽ ക്രിസ്ത്യാനി എന്ന പദപ്രയോഗം തികച്ചും ആധുനികമാണ്. പതിനേഴാം നൂറ്റാോടെയാണ് യൂറോപ്യൻമിഷണറിമാരുടെ സ്വാധീനംമൂലം ഈ പ്രയോഗമുായത്. അതിനുമുമ്പ് നസ്രാണികൾ, നസ്രായികൾ (നസ്രത്തു ഗ്രാമക്കാരനായ യേശുവിന്റെ ശിഷ്യന്മാർ എന്ന അർത്ഥത്തിൽ) എന്നിങ്ങനെയാണ് ക്രിസ്തുശിഷ്യർ അറിയപ്പെട്ടിരുന്നത്. ഇന്നും നസ്രാണികൾ എന്ന പേരു നിലനിൽക്കുന്നു.

ക്രിസ്തുവിന്റെ അനുയായി എന്നാണ് ക്രിസ്ത്യാനി എന്ന വാക്കിന്റെ അർത്ഥം. മിശിഹാ അഥവാ അഭിഷിക്തൻ എന്നർത്ഥമുള്ള ക്രിസ്തോസ് എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈ പേരുായത്.

**ക്രിസ്മ** ഒരു ഗ്രീക്കു വാക്കാണ്. ക്രിസ്മ ലത്തീൻ ഭാഷയിലും അതുതന്നെ ഉപയോഗിക്കുന്നു. ഒലിവെണ്ണയും (സൈത്ത്) ബാൾസം എന്ന സുഗന്ധദ്രവ്യവും കൂട്ടിച്ചേർത്തുാക്കുന്ന തൈലമാണ് ക്രിസ്മ. മാമ്മോദീസ, സ്ഥൈര്യലേപനം, മെത്രാൻപട്ടാഭിഷേകം, വസ്തുക്കളുടെ പവിത്രീകരണം, രോഗീലേപനം എന്നീ മതകർമ്മാനുഷ്ഠാന

ങ്ങളിൽ പൂശാൻ ക്രിസ്മ ഉപയോഗിക്കുന്നു. പെസഹാവ്യാഴാഴ്ച നടക്കുന്ന കുർബാനയിൽ മെത്രാനാണ് ക്രിസ്മ ആശീർവദിക്കുന്നത്.

**ക്രൂസെയ്ഡ്** കുരിശടയാളം വഹിച്ചു ചെയ്യുന്ന സന്നദ്ധസേവനത്തെയാണ് 'ക്രൂസാദെ' അല്ലെങ്കിൽ 'ക്രൂസെയ്ഡ്' എന്നു വിളിച്ചിരുന്നത്. തിന്മയോടുള്ള എതിർപ്പ്, സാഹസികത എന്നിവയെ അത് ദ്യോതിപ്പിക്കുന്നു.

ക്രിസ്തുവിന്റെ ജനനവും മരണവും വഴി ക്രൈസ്തവർ സംപൂജ്യമായി കരുതിയിരുന്ന നാട് മുസ്ലീങ്ങൾ പിടിച്ചെടുക്കുകയും അങ്ങോട്ടുള്ള തീർത്ഥാടനം ദുസ്സാദ്ധ്യമാക്കുകയും ക്രിസ്തുവിന്റെ തിരുക്കല്ലറ തകർക്കുകയും (1010-ൽ) ചെയ്തപ്പോൾ യൂറോപ്പിലെ ക്രൈസ്തവ രാജാക്കന്മാർ എ.ഡി. 1096 മുതൽ 1270 വരെ വിശുദ്ധനാട് വീണ്ടെടുക്കാൻ നടത്തിയ ശ്രമങ്ങൾക്കും ഈ വാക്ക് ഉപയോഗിച്ചു.

കുരിശടയാളമുള്ള കൊടി ധരിച്ച് ഏർപ്പെടുന്ന ഒരു പ്രവൃത്തിയായതുകൊാണ് വിശുദ്ധനാടിന്റെ വിമോചനശ്രമത്തിനു ക്രൂസെയ്ഡ് എന്ന പേരു വന്നത്. എന്നാൽ മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലും കുരിശുയുദ്ധം എന്ന് ആ പദത്തിനു വിവർത്തനം ഇല്ല.

**ക്രോവേന്മാർ** ഹീബ്രുഭാഷയിലെ കെറൂബ് എന്ന വാക്കാണ് സുറിയാനിയിൽ 'ക്രോവേ' എന്നും ഗ്രീക്ക് ലത്തീൻ ഭാഷകളിലൂടെ കടന്ന് ഇംഗ്ലീഷിൽ 'ഖെറൂബ്' (Cherub) എന്നും രൂപം മാറിയത്. സ്തുതിക്കുന്നവൻ, പ്രാർത്ഥിക്കുന്നവൻ എന്നൊക്കെയാണർത്ഥം. മാലാഖമാരുടെ ഒരു ഗണത്തെയാണ് ക്രോവേന്മാർ എന്നു വിളിക്കുന്നത്.

**ക്ലേരി** വൈദികൻ എന്ന അർത്ഥത്തിൽ ക്ലേരി എന്ന വാക്ക് മലയാളത്തിൽ ഉപയോഗിക്കുന്നു. ഗ്രീക്കിൽനിന്ന് ലത്തീനിലൂടെ മലയാളത്തിലെത്തിയ വാക്കാണിത്.

**ചമയപ്പുര (കപ്പിത്തിയും, കപ്പിച്ചേരിയ, സാക്രിസ്ത്യ, സങ്കീർത്തി)** പോർത്തുഗീസുകാർ വന്ന കാലം മുതൽ (എ.ഡി. 1500) പള്ളികളിൽ ചമയപ്പുരയു ാക്കി.

കർമ്മാനുഷ്ഠാനങ്ങൾക്ക് ആവശ്യമായ കാസാ, പീലാസ, തിരുവസ്ത്രങ്ങൾ, മൂറോൻ, ഗ്രന്ഥങ്ങൾ മുതലായവ സൂക്ഷിക്കുന്ന മുറിക്ക് മലയാളത്തിൽ പറയുന്ന പേരാണ് ചമയമുറി. സാക്രിസ്ത്യ (വിശുദ്ധ വസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലം) എന്ന ലത്തീൻ വാക്ക് പോർത്തുഗീസിലു്. ഇതിൽ നിന്നാണ് സങ്കീർത്തി എന്ന വാക്കു ായത്.

**ചാത്തം** ശ്രാദ്ധം എന്ന സംസ്കൃതപദത്തിന്റെ തത്ഭവമാണ് ചാത്തം. ശ്രാദ്ധം ക്രിസ്ത്യാനികൾ തുടരുന്ന ഹൈന്ദവാചാരമാണ്. അന്നദാനത്തിനു പുറമെ മൃതർക്കു വേി പ്രത്യേകം പ്രാർത്ഥിക്കുകകൂടി ചെയ്യുന്നതുവഴി ഇതൊരു മതകർമ്മമായിത്തീരുന്നു.

**ചിത്തോല (ചിത്തോൽ)** ബലിപീഠത്തിന്റെ വിരികൾക്ക് അൾത്താരവിരികൾ എന്നു മലയാളികൾ പറഞ്ഞുതുടങ്ങിയിട്ട് ഒരു നൂറ്റാേ ആയിട്ടുള്ളു. അതിനുമുമ്പ് ചിത്തോൽ എന്നാണ് പറഞ്ഞിരുന്നത്. ഇന്നും ഈ പ്രയോഗം പല സ്ഥലങ്ങളിലും നിലനിൽക്കുന്നു.

**ചീര്** സ്തോത്രം ആലപിക്കുക എന്നർത്ഥമുള്ള 'ചീരു പാടുക' എന്നൊരു ശൈലി മലയാളത്തിലു്. ഹീബ്രുവിലുള്ള 'ശീറ്' എന്ന പദമാണ് മലയാളത്തിൽ ചീര് എന്ന രൂപം പ്രാപിച്ചത്. പല സെമിറ്റിക് ഭാഷകളിലേക്കും ദ്രാവിഡഭാഷകളിലേക്കും ശീറ് എന്ന പദം കടന്നിട്ടു്. സ്തോത്രം, കീർത്തനം എന്നിങ്ങനെയാണ് ആ പദത്തിന്റെ അർത്ഥം. തമിഴിൽ ചീറു എന്നാണ് ഈ പദരൂപം.

**ചെമ്മദോർ (ചെമ്മൊദോർ)** എ.ഡി. 1500 മുതൽ കേരളത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് ചെമ്മദോർ. ലത്തീൻ രൂപതകളിൽ ഇന്നും അത് നിത്യോപയോഗത്തിലു്. വിളിക്കുന്നവൻ എന്നാണ് പോർത്തുഗീസിൽനിന്നു വന്ന ആ വാക്കിന്റെ അർത്ഥം.

ആദിമനൂറ്റാുകളിൽ ആളുകളെ പ്രാർത്ഥനകൾക്കുള്ള സമയമറിയിച്ച് വിളിച്ചുവരുത്തുന്നതിന് ഒരു വൈദികനെ നിയമിച്ചിരുന്നു. മതപീഡനകാലത്ത് ആരാധനയ്ക്കുള്ള സ്ഥലവും സമയവും രഹസ്യമായി അറിയിക്കേിയിരുന്നു.

പ്രാർത്ഥനയ്ക്ക് ആളുകളെ വിളിച്ചുവരുത്താൻ കാഹളം ഉപയോഗിച്ചുതുടങ്ങിയത് കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതത്തെ അംഗീകരിച്ചപ്പോഴാണ്. പിൽക്കാലത്ത് ഭേരികൾ (പെരുമ്പറ) മരമണി, ഓട്ടുമണി മുതലായവ ഉപയോഗിച്ചുതുടങ്ങി.

**ജൂബിലി** യഹൂദമതത്തിൽനിന്ന് ക്രിസ്തുമതത്തിലെത്തി സാർവ്വത്രികമായിത്തീർന്ന ഒരു പദമാണ് ജൂബിലി.

ഒരു കുഴൽ ഊതിയാണ് ജൂബിലിവർഷത്തിന്റെ ഔദ്യോഗികമായ അറിയിപ്പു നടത്തുന്നത്

(ലേവാ. 25: 9). അങ്ങനെ കുഴൽ എന്നർത്ഥമുള്ള യോബേൽ എന്ന വാക്ക് ജൂബിലിവർഷത്തിന്റെ പേരായിത്തീർന്നു. 'യോബേൽ' എന്ന വാക്കിന്റെ പ്രഥമമായ അർത്ഥം ആട്ടിൻമുട്ടൻ, ആട്ടിൻമുട്ടന്റെ കൊമ്പ് എന്നിങ്ങനെയാണ്. വലിയ ആട്ടിൻകൊമ്പുകൾ ഊതാനുള്ള കുഴലായി ഉപയോഗിക്കുന്നതുകൊ് കുഴൽ എന്ന അർത്ഥം വന്നുകൂടി.

യഹൂദരുടെ ജൂബിലിയാഘോഷവും ഇപ്പോഴത്തെ ജൂബിലിയാഘോഷങ്ങളും തമ്മിൽ വ്യത്യാസമു്. പഴയനിയമത്തിൽ പറയുന്ന ലക്ഷ്യങ്ങളല്ല ഇന്നത്തെ ആഘോഷങ്ങൾക്കുള്ളത്.

**ജ്ഞാനസ്നാനം** മാമ്മോദീസ എന്നതിന് ജ്ഞാനസ്നാനം എന്ന തർജമ വളരെ നൂതനമാണ്. ആ വാക്കിൽ ജ്ഞാനം എന്നതിന് ആധ്യാത്മികമായത് എന്നാണർത്ഥം. ജ്ഞാനവായന എന്നതിന്റെ അർത്ഥം ആദ്ധ്യാത്മിക ഗ്രന്ഥവായന (spiritual reading) എന്നാണ്.

യോർദ്ദാൻനദിയിൽ സ്നാപകയോഹന്നാനിൽ നിന്ന് യേശു സ്വീകരിച്ച സ്നാനത്തിൽ അധിഷ്ഠിതമാണ് ക്രിസ്ത്യാനികളുടെ ജ്ഞാനസ്നാനം.

**ഡിക്രി** രാം വത്തിക്കാൻ സൂനഹദോസിനു ശേഷം മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഇംഗ്ലീഷ് പദമാണ് ഡിക്രി (Decree). കൗൺസിൽ ഡിക്രികൾ എന്ന് സൂനഹദോസിന്റെ കല്പനകളെപ്പറ്റി പറയുന്നു.

ദെക്രേത്തും (decretum) എന്ന ലത്തീൻ വാക്കിൽനിന്നാണ് ഇംഗ്ലീഷിലെ ഡിക്രി എന്ന പദമുായത്. കല്പന, വിധി, നിശ്ചയം എന്നൊക്കെയാണർത്ഥം.

**ഡീക്കൻ (ദിയാക്കോൻ)** ഗ്രീക്കുഭാഷയിലെ ദിയാക്കോണോസ് (diakonos) എന്ന വാക്കാണ്. ലത്തീനിൽനിന്നും ആധുനിക ഇംഗ്ലീഷിൽ ഡീക്കൻ (deacon) എന്നായിത്തീർന്നത്. സേവകൻ, ശുശ്രൂഷി, വേലക്കാരൻ എന്നൊക്കെയാണ് അതിന്റെ അർത്ഥം. കുർബാനപ്പട്ടത്തിനു മുമ്പുള്ള പട്ടമാണ് ഡീക്കൻപട്ടം.

**തക്സ, തുക്കാസ** കുർബാനയർപ്പണത്തിന്റെ പ്രാർത്ഥനകളും അനുഷ്ഠാനവിധികളും രേഖപ്പെടുത്തിയിട്ടുള്ളപുസ്തകത്തെ തക്സാ എന്നു വിളിക്കുന്നു. ക്രമപ്പുസ്തകം, ആരാധനക്രമപ്പുസ്തകം, കുർബാനപ്പുസ്തകം, ദിവ്യപൂജാക്രമപ്പുസ്തകം എന്നൊക്കെ അതിനെ വിളിക്കാറു്.

**തബലീത്ത** തബലീത്ത് എന്ന സുറിയാനിപദത്തിന് കൊുനടക്കാവുന്ന, സ്ഥിരമായി ഉറപ്പിച്ചിട്ടില്ലാത്ത ബലിപീഠം (ബലിയർപ്പിക്കാനുള്ള പലക) എന്നർത്ഥമാണ്.

അൾത്താരമേൽ സ്ഥാപിക്കുന്ന ആശീർവദിക്കപ്പെട്ട ഒരു മരപ്പലകയോ മാർബിൾ പലകയോ ആണത്. പൂജാവസ്തുക്കൾ (അപ്പവും വീഞ്ഞും) തബലീത്തിയിലാണ് വയ്ക്കുന്നത്. കുർബാനക്കല്ല് (Altar stone) എന്നാണ് ഇപ്പോൾ സാധാരണമായി ഈ പലകയ്ക്കു പറഞ്ഞുവരുന്ന പേര്.

**തരുതായ്കൾ (ത്റീസാകൾ)** അബദ്ധോപദേശം സ്വീകരിക്കാത്തവർ, സത്യവിശ്വാസികൾ, പാഷണ്ഡതയിൽ പെടാത്തവർ, ശരിയായ സിദ്ധാന്തമുള്ളവർ എന്നൊക്കെയാണ് ഈ പേരിന്റെ അർത്ഥം. ഇംഗ്ലീഷിൽ ഓർത്തഡോക്സ് എന്നു പറയുന്നതു തന്നെ. ക്നാനായക്കാർ തരുതായ്കളാണ് തങ്ങളെന്ന് പറയുന്നു.

**താലന്ത്** ഹീബ്രുഭാഷയിലെ 'കിക്കാർ' എന്ന വാക്കിന് തുല്യമായുള്ള 'തലാന്തോൻ' എന്ന ഗ്രീക്കു വാക്കിൽനിന്നുായ താലെന്തും എന്ന ലത്തീൻ വാക്കിൽനിന്നാണ് താലന്ത് (Talent) എന്ന പദമുായത്. സാമാന്യമായ അർത്ഥം ലോഹത്തകിട് എന്നാണ്. ഒരു നാണയത്തിന്റെ പേരായി അത് ഉപയോഗിക്കുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഈ പദം ധാരാളമായി ഉപയോഗിച്ചിട്ടു്. 3000 ഷെക്കലിന്റെ തൂക്കത്തിന് തുല്യമാണ് ഒരു താലന്ത്. ആയിരം ദ്രാക്മ അല്ലെങ്കിൽ ദനാറ ഒരു താലന്തിന് തുല്യമാണ്. സ്വർണ്ണതാലന്തുകളും വെള്ളി താലന്തുകളും ു്. ലോഹസൂചന കൂടാതെ പറയുമ്പോൾ വെള്ളിത്താലന്ത് എന്നാണുദ്ദേശിക്കുന്നത്. കൽദായ സുറിയാനിയിൽ താലന്തിന് 'കക്രാ' എന്നു പറയും.

**തേരസ്** പള്ളികളെ സംബന്ധിച്ച കണക്കുകളിലും നിയമസംഗ്രഹങ്ങളിലുമുള്ള ഒരു പദമാണ് തേരസ്. പോർത്തുഗീസ് പദമായ 'തേർസാ' മലയാളത്തിൽ തേരസായി.

**തോച്ചക്കാൽ** പൗരാണികവും പ്രസിദ്ധവുമായ പാലയൂർ പള്ളിയിലെ പ്രാചീനവസ്തുക്കളുടെ ശേഖരത്തിൽ ഒരിനത്തിന് തോച്ചക്കാൽ എന്നാണ് പേരെഴുതിവച്ചിരിക്കുന്നത്. വളരെ ഉയരമുള്ള തിരിക്കാലാണിത്. വിളക്കുകാൽ എന്നു പറയാം. പോർത്തുഗീസ് പദമാണിത്.

**തോറ (ഗോപുരം)** ദേവാലയത്തിലെ മദ്ബഹാ

യുടെ (അൾത്താരയിരിക്കുന്ന ഭാഗത്തിന്റെ) മുകൾഭാഗത്തെയാണ് തോറ എന്നു വിളിക്കുന്നത്.

തോറയുടെ പുറംഭാഗത്ത് കുമ്മായം കൊ് ചിത്രങ്ങൾ നിർമ്മിച്ചിരിക്കും. (മനുഷ്യർ, മത്സ്യം, സൂര്യൻ, സിംഹം, മയിൽ മുതലായവ) തോറയുടെ അകവും പുറവും ചിത്രങ്ങൾകൊ് അലങ്കരിക്കുന്നു. മദ്ബഹായ്ക്കുള്ള പ്രാധാന്യ മാണ് അതു സൂചിപ്പിക്കുന്നത്. സ്വർഗ്ഗരാജ്യത്തെ അതു സൂചിപ്പിക്കുന്നു്.

തോറ എന്ന വാക്ക് പോർത്തുഗീസ് ഭാഷ യിലെ തോളെ എന്ന പദത്തിൽനിന്ന് വരുന്നു.

**ത്രിസാജിയോൺ** 'ദൈവമേ, നീ പരിശുദ്ധനാകു ന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമി ല്ലാത്തവനേ നീ പരിശുദ്ധനാകുന്നു' എന്ന കീർത്ത നത്തിന്റെ ഗ്രീക്കു പേരാണ് ത്രിസാജിയോൺ.

**ത്രോണോസ്** ഗ്രീക്കുഭാഷയിലുള്ള ഒരു വാക്കാണ് ത്രോണോസ് (ഥ്റോണോസ്). സിംഹാ സനം, ബലിപീഠം, ഉന്നതസ്ഥാനം, ഇരിപ്പിടം എന്നൊക്കെയാണ് അതിന്റെ അർത്ഥം.

ബലിപീഠത്തിന് ഈ വാക്കാണ് പൗരാണി കകാലം മുതൽ കേരളത്തിൽ ഉപയോഗിച്ചിരുന്നത്.

**ദനഹ** ഇതൊരു സുറിയാനിപ്പദമാണ്. വെളിപ്പെ ടൽ എന്നാണർത്ഥം. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ യേശുവിനെ സന്ദർശിച്ചതിന്റെ ഓർമ്മദിവസം (ജ നുവരി 6) ദനഹാപ്പെരുന്നാളാണ്. യോർദ്ദാൻ നദി യിൽവച്ച് യേശു സ്നാപനമേറ്റതിന്റെ ഓർമ്മദിവ സത്തെയും ദനഹാ എന്നാണ് പറയുക. കാനാ യിലെ കല്യാണവിരുന്നിൽ യേശു തന്റെ ദൈവി കശക്തി ആദ്യമായി പ്രത്യക്ഷപ്പെടുത്തി. അതും ദന ഹയായി കരുതപ്പെടുന്നു. ഇങ്ങനെ മൂന്നു സംഭവ ങ്ങൾ ആ തിരുന്നാളിൽ ഓർക്കുന്നു. യേശുവിന്റെ മാമ്മോദീസയുടെ ഓർമ്മയ്ക്കായി അലക്സാൺ ഡ്രിയായയിൽ തുടങ്ങിയ തിരുനാളാണിത് (ഒന്നാം നൂറ്റാിൽ).

കേരളത്തിൽ ദനഹാപ്പെരുനാൾ ദിവസം ആളുകൾ രാത്രിയിൽ കുളിച്ചിട്ട് ദേവാലയത്തിൽ പോയിരുന്നു. അതുകൊ് ദനഹാപ്പെരുന്നാളിനെ രാക്കുളിപ്പെരുന്നാൾ എന്നും പറയുന്നു.

**ദെക്രേത്ത്** ദെക്രേത്തും എന്ന ലത്തീൻപദത്തിൽ നിന്നാണ് ദെക്രേത്ത് എന്ന മലയാളപദമുായ ത്. അധികാരികളുടെ തീരുമാനം, വിധി, കല്പന, നിയമം, ഓർഡിനൻസ് എന്നൊക്കെയാണർത്ഥം. ഇന്ന് ദെക്രേത്ത് എന്ന പ്രയോഗം സാധാരണമല്ല. പകരം ഡിക്രി എന്ന പദം പ്രചരിച്ചിട്ടു്.

**ദെവോസവിളി (ദേവാസ്തവിളി)** 16-ാം നൂറ്റാു മുതൽ അടുത്തകാലംവരെ കൊച്ചി, വരാപ്പുഴ പ്രദേ ശങ്ങളിൽ നിലനിന്ന ഒരു ഭക്ത്യാഭ്യാസമാണ് ദേവോസവിളി. അമ്പതുനോമ്പുകാലത്ത് ഒരു സന്ന ദ്ധസംഘം കുടികളിൽ ചെന്ന് പ്രാർത്ഥിക്കാൻ വിളിച്ചുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന സമ്പ്രദായമാണിത്. രാത്രിയിലാണിതു നടത്തുക. കുരിശും മണിയും തീവെട്ടികളുമായിട്ടാണ് അവർ ഊരുചുറ്റുന്നത്.

**ദൈവം** ആദിയും അന്തവുമില്ലാത്തവനും പ്രപ ഞ്ചത്തിന്റെ ആദികാരണവും പ്രപഞ്ചാതീതനുമാ യിരിക്കുന്ന പരമസത്തയെ കേരളക്രൈസ്തവർ ദൈവം എന്നു സാധാരണമായി വിളിക്കുന്നു. ഈ വാക്ക് ബുദ്ധമതക്കാർ ഉപയോഗിച്ചിരുന്നതാ ണെന്നും അതുകൊ് ബുദ്ധമതവും ഇവിടുത്തെ ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം അതു സൂചി പ്പിക്കുന്നുവെന്നും പറയാറു്. ഹൈന്ദവർ മുൻപ റഞ്ഞ അർത്ഥത്തിൽ ദൈവമെന്ന വാക്ക് ഉപയോ ഗിക്കുന്നില്ല. ഈശ്വരൻ, പരൻ, പരമാത്മാവ്, ആത്മൻ, പുരുഷൻ എന്നൊക്കെയാണ് അവർ പ്രയോഗിക്കുന്നത്. എല്ലാം സ്വായത്തമായിട്ടുള്ള വൻ എന്നർത്ഥമുള്ളതും ഈശ് എന്ന ക്രിയാധാ തുവിൽനിന്നുായതുമായ ഈശ്വരൻ എന്ന വാക്കാണ് സാധാരണമായി ഉപയോഗിക്കുന്നത്.

ദൈവമെന്ന പദവും ദേവഃ എന്ന പദവു മുായത് പ്രകാശിക്കുക എന്നർത്ഥമുള്ള ദിവ് എന്ന സംസ്കൃതധാതുവിൽനിന്നാണ്.

**നത്താൾ** ക്രിസ്തുമസ് എന്നാണ് നത്താൾ എന്ന പോർത്തുഗീസ് പദത്തിനർത്ഥം. നത്താലിസ് () എന്ന ലത്തീൻപദത്തിൽനിന്നാണ് അതിന്റെ വര വ്. ഉത്ഭവം, ജനനം, ജന്മദിവസം എന്നൊക്കെ യാണ് അതിന്റെ അർത്ഥം.

**നസ്രാണി** കേരളത്തിലെ ക്രിസ്തുമതാനുയായി കൾ ക്രിസ്ത്യാനികൾ എന്നും ക്രൈസ്തവർ എന്നും ഇപ്പോൾ പൊതുവേ അറിയപ്പെടുന്നു. പ് അവരെ നസ്രാണികൾ, നസ്രായികൾ, തരുതാ യ്കൾ (= സത്യവിശ്വാസികൾ, ബുദ്ധന്മാർ) എന്നൊക്കെ വിളിച്ചിരുന്നു. നസ്രത്തു ഗ്രാമക്കാര നായ യേശുവിന്റെ ശിഷ്യന്മാർ എന്ന അർത്ഥ ത്തിലുള്ള നസ്രാണികൾ എന്ന പേര് ഇപ്പഴും നില നിൽക്കുന്നു. കേരളത്തിലെ ക്രിസ്ത്യാനികളെ മാത്രമേ ഇന്ന് നസ്രാണികൾ എന്നു വിളിക്കുന്നു ള്ളു. പേർഷ്യൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ

നാലാം നൂറ്റാിൽ 'നസ്രായികൾ' എന്നറിയപ്പെട്ടിരുന്നു.

**നാളോത്ത്** നാള്, ഓത്ത് എന്ന രു ദ്രാവിഡപദങ്ങൾ ചേർന്നുായ പദമാണ് നാളോത്ത്. അന്നേ ദിവസത്തെ ഓത്ത് (പ്രാർത്ഥന) എന്നാണതിന് അർത്ഥം. മരിച്ച വ്യക്തിയുടെ വീട്ടിൽ ശവസംസ്കാരത്തിനുശേഷം നടത്തുന്ന പ്രാർത്ഥനയാണ് നാളോത്ത്. മരിച്ചദിവസംതന്നെ അതു നടത്തുന്നു.

**നെട്ടൂർപെട്ടി** ആടയാഭരണങ്ങളും വസ്ത്രങ്ങളും മറ്റു ചമയക്കോപ്പുകളെല്ലാം സൂക്ഷിക്കുന്ന നെട്ടൂർപെട്ടി ക്നാനായ ജനതയ്ക്കു ചേരമാൻ പെരുമാൾ നല്കിയ പദവികളിലൊന്നാണ്.

**നെലോന (നിലയണ)** പഴയ ക്രൈസ്തവരേഖകളിൽ നെലോന വീഴ്ത്തുക, നേലോന വീഴ്ത്തൽ. നെലോന ഒഴിക്കുക, നിലയണ ഇടുക എന്നീ ശൈലികൾ കാണാം. വിവാഹാവസരത്തിൽ ഉണക്കലരി പൊടിച്ചു വെള്ളമൊഴിച്ചു കലക്കി അതുകൊു മുറികളിലും കുരികളിലും ചിത്രങ്ങൾ വരയ്ക്കുന്നതിനെയാണ് ഈ ശൈലി സൂചിപ്പിക്കുന്നത്. നിലയണ എന്നത് നെലോന എന്നായി മാറിയിരിക്കുന്നു. ഇത്തരം അലങ്കാരപ്പണി, നമ്പൂതിരി ബ്രാഹ്മണർക്കും ക്രൈസ്തവർക്കും പൊതുവായിട്ടുള്ളതാണ്. ഉദയംപേരൂർ സൂനഹദോസിന്റെ കാലംവരെ (1599) നിലയണ ഒഴിക്കൽ ക്രിസ്ത്യാനികളുടെ ഇടയിലും നിലനിന്നിരുന്നു. ഹൈന്ദവാചാരമെന്ന നിലയിൽ സൂനഹദോസ് അതു മുടക്കി.

**നൊവേന** ഒൻപതു ദിവസം മുടങ്ങാതെ നടത്തേ പ്രാർത്ഥനയെയാണ് നൊവേന എന്നു വിളിക്കുന്നത്. ഒൻപതു പ്രാവശ്യം എന്നർത്ഥമുള്ള ഒരു ലത്തീൻ വാക്കാണത്. നൊവേനയ്ക്ക് നവനാൾ എന്നും പറയാറു്. അതാകട്ടെ നവ എന്ന സംസ്കൃതവാക്കും നാൾ (ദിവസം) എന്ന മലയാളവാക്കും ചേർന്നുായതാണ്.

**പടിസാധനം** പടി എന്ന ദ്രാവിഡപദവും സാധനം എന്ന സംസ്കൃതപദവും ചേർന്ന സമസ്തപദമാണ്. പടിസാധനം എന്നതിന് പള്ളിക്കും പട്ടക്കാർക്കും കപ്യാർക്കും പാട്ടുകാർക്കും കൊടുക്കേ വിഹിതങ്ങളുടെ (സംഭാവനകൾ) ആധികാരിക പട്ടിക എന്നൊരർത്ഥം വന്നുകൂടി. ആ അർത്ഥത്തിൽ ഇന്നും ഉപയോഗിക്കുന്നു.

**പട്ടക്കാരൻ** പുരോഹിതന്മാരെ പട്ടക്കാർ എന്ന് അടുത്തകാലംവരെ വിളിച്ചിരുന്നു. പട്ടം എന്നത് ഒരു സംസ്കൃതപദമാണ്.

പദവി എന്ന അർത്ഥത്തിൽ പട്ടം എന്ന വാക്ക് പുരാതനകാലം മുതൽ ക്രൈസ്തവർ ഉപയോഗിച്ചുപോരുന്നു. പട്ടക്കാരൻ, കന്നിപ്പട്ടം, പട്ടംകൊട (= പട്ടം കൊടുക്കൽ) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു വൈദികൻ, പുരോഹിതൻ, പൗരോഹിത്യം മുതലായ പ്രയോഗങ്ങള അടുത്തകാലത്തു പ്രചാരത്തിലായതാണ്.

**പത്തേന്തി** പതിനാറാം നൂറ്റാു മുതൽ കേരള ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന ഒരു വാക്കാണ് പത്തേന്തി. ചിലയിടങ്ങളിൽ പസ്തേന്തി എന്നു പറയും. രാജാക്കന്മാരോ മറ്റ് അധികാരികളോ ആർക്കെങ്കിലും ഒരവകാശമോ ആനുകൂല്യമോ നൽകുന്നതായി രേഖപ്പെടുത്തുന്ന തുറന്ന ലേഖനത്തിന് പ് ലത്തീൻ ഭാഷയിൽ ലിത്തെരെ പത്തേന്തെസ് എന്നു പറഞ്ഞിരുന്നു. തുറന്ന കത്തുകൾ (ലിത്തെരെ = എഴുത്തുകൾ, പത്തേന്തെസ് = തുറന്നിരിക്കുന്നവ) എന്നാണ് അതിന്റെ അർത്ഥം.

**പത്രമേനി (പത്രിമോനി)** പാത്രിമോണിയും എന്ന ലത്തീൻ വാക്കിൽനിന്നുായ പാത്രിമോണിയോ എന്ന പോർത്തുഗീസ് പദമാണ് മലയാളത്തിൽ പത്രമേനി ആയത്. പിതൃസ്വത്ത് എന്നാണ് അതിന്റെ അർത്ഥം.

**പന്തക്കുസ്ത (പെന്തക്കുസ്ത)** ഗ്രീക്കുഭാഷയിൽനിന്നുള്ള ഒരു വാക്കാണ് പന്തക്കുസ്ത. ഇംഗ്ലീഷിൽ പെന്റ്കോസ്റ്റ് (Pentecost) എന്നു പറയും. അൻപതാമത്തേത് എന്നാണ് അതിന്റെ അർത്ഥം. യഹൂദർക്ക് പെസഹാത്തിരുന്നാൾ കഴിഞ്ഞുള്ള ഒരു തിരുനാളാണ് പന്തക്കുസ്ത. നീസാൻമാസം 12-ാം തീയതി, പെസഹായുടെ രാം ദിവസം കഴിഞ്ഞുള്ള അമ്പതാം ദിവസമാണ് അത് ആഘോഷിക്കുന്നത്. ആ ദിവസം പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളി വന്നതുകൊ് ക്രൈസ്തവർക്കും അതു തിരുന്നാൾദിവസമായി.

**പർത്തീഞ്ഞ് (പട്ത്തീഞ്ഞ)** വിശ്വാസികൾക്കു വിതരണം ചെയ്യാൻ വേ കുർബാനയപ്പത്തിൽനിന്ന് മുറിച്ചെടുക്കുന്ന ഭാഗങ്ങളെയാണ് പർത്തീഞ്ഞകൾ എന്നു പറയുന്നത്. ഒരു പോർത്തുഗീസ് പദമാണിത്.

**പ്ശീത്ത (പെശീത്ത)** ബൈബിളിന് ആദിമകാലത്തുായ അറമായ (സുറിയാനി) വിവർത്തനത്തിന്റെ പേരാണ് പ്ശീത്താ. ലളിതം, സാധാരണ ഉപയോഗത്തിലുള്ളത് എന്നിങ്ങനെയാണ് ആ വാക്കിന്റെ അർത്ഥം.

**പസ്സാരം (പതവാരം)** പതവാരം എന്ന വാക്കാണ് പസ്സാരം എന്ന് ചില സ്ഥലങ്ങളിൽ പറയപ്പെടുന്നത്. ക്രിസ്ത്യാനികൾ സ്ത്രീധനത്തിന്റെ ഒരംശം പള്ളിക്കും പട്ടക്കാർക്കും കപ്യാർക്കും കൊടുക്കാറ്. അതിന് പതവാരമെന്ന് പറയുന്നു.

**പള്ളി** സെമിറ്റിക് പാരമ്പര്യത്തിൽപെട്ട യഹൂദർ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നിവരുടെ പ്രാർത്ഥനാലയങ്ങളെയാണ് ഇന്നു പള്ളികൾ എന്നു വിളിക്കുന്നത്. ബുദ്ധ-ജൈനമതക്കാരുടെ പ്രാർത്ഥനാലയങ്ങളെയും ഇപ്രകാരം വിളിച്ചിരുന്നു. ഹിന്ദുക്കളുടെ ആരാധനാലയങ്ങളെ ക്ഷേത്രങ്ങളെന്നും കോവിലുകളെന്നും കാവുകളെന്നും അമ്പലങ്ങളെന്നും വിളിക്കുന്നു. പള്ളി എന്നതിന്റെ ഒന്നാമത്തെ അർത്ഥം സമൂഹമെന്നോ ജനവാസകേന്ദ്രമെന്നോ ആണ്. ക്രൈസ്തവസാഹിത്യത്തിൽ പള്ളി എന്നതിന്റെ അർത്ഥം വിശ്വാസികളുടെ സമൂഹം എന്നാണ്.

**പറുദീസ** ഹീബ്രുവിൽനിന്ന് സുറിയാനിയിലെത്തി മലയാളത്തിൽ വന്നുചേർന്ന ഈ വാക്ക് വാസ്തവത്തിൽ ഒരു പൗരാണിക പേർഷ്യൻപദമാണ്. അറബിയിലും ഈ പദം ഉപയോഗിക്കുന്നു്. മതിൽ കെട്ടി സൂക്ഷിക്കുന്ന ഒരു പൂന്തോട്ടം എന്നാണ് ഇതിന്റെ ആദിമ അർത്ഥം.

ലത്തീൻ ഭാഷയിൽ ഈ പദം പരാദിസൂസ് എന്നാണ്. അതു പഴയ ഫ്രഞ്ചിൽ പരാദിസ് എന്നും മധ്യകാല ഇംഗ്ലീഷിൽ പരാഡിസ് എന്നും ആധുനിക ഇംഗ്ലീഷിൽ പാരഡൈസ് എന്നുമായി. സുറിയാനിയലേക്കും ഈ പദം കടന്നുവന്നു. പർദൈസ എന്നാണ് ആ ഭാഷയിൽ പ്രസ്തുത പദത്തിന്റെ സ്വരൂപം. പറുദീസയ്ക്ക് തോട്ടം, സൗഭാഗ്യസ്ഥലം, സ്വർഗ്ഗരാജ്യം എന്നിങ്ങനെ അർത്ഥവികാസം സംഭവിച്ചു.

**പാത്രീയാർക്കീസ്** പാത്രിയാർക്കെസ് എന്ന ഗ്രീക്കു വാക്കിന്റെ സുറിയാനി രൂപമാണ്. പാത്രിയാർക്കീസ്. അതു മലയാളത്തിലും സ്വീകരിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ ഈ വാക്ക് പേട്രിയാർക്ക് (Patriarch) എന്നായിത്തീർന്നു.

സഭാചരിത്രത്തിൽ പാത്രിയാർക്കെസ് എന്നത് ഒരു സ്ഥാനത്തെക്കൂടി സൂചിപ്പിക്കുന്നു. അന്ത്യോക്യ, റോം, അലക്സാൻഡ്രിയ മുതലായ സ്ഥലങ്ങളിലെ സഭാതലവന്മാരുടെ (ഓർത്തഡോക്സ് സഭകളുടെ തലവന്മാരുടെ) സ്ഥാനനാമം. പ്രധാനപ്പെട്ട പിതാവെന്ന് വാച്യാർത്ഥം.

**പാദ്രി (പാതിരി)** പട്ടക്കാർക്ക് പാദ്രികൾ എന്ന പേര് പോർത്തുഗീസ് മിഷണറിമാർ വന്ന കാലത്ത് നടപ്പിലായതാണ്. ഈശോസഭാ വൈദികരായ പോർത്തുഗീസ് മിഷണറിമാരെ പാദ്രിമാർ എന്നാണു വിളിച്ചിരുന്നത്.

പിതാവ് എന്നർത്ഥമുള്ള പിതൃ എന്ന സംസ്കൃത പദത്തിൽനിന്നുായ പാദ്രെ (Padre) എന്ന പോർത്തുഗീസ് വാക്കുതന്നെയാണ് പാദ്രി. ഇംഗ്ലീഷിൽ അതിന് പകരമായ ഫാദർ എന്നുപയോഗിക്കുന്നു. ബഹുമാനസൂചകമായി വിളിക്കുന്ന പേരാണിത്.

**പാദ്രുവാദോ** കേരളസഭാചരിത്രത്തിൽ സുപ്രസിദ്ധമായിത്തീർന്ന ഒരു പദമാണ് പാദ്രുവാദോ. പോർത്തുഗീസിൽനിന്നു വന്ന ഒരു പദമാണിത്. പാദ്രോ ആദോ (Padro ado) എന്നാണ് ആ ഭാഷയിൽ പറയുന്നത്. രക്ഷാധികാരം, സംരക്ഷണം എന്നൊക്കെയാണ് അതിന്റെ സാരം. പോർത്തുഗീസുകാർ സുവിശേഷവേല നടത്തുന്ന സ്ഥലങ്ങളിൽ അവർക്ക് മതാധികാരം പ്രയോഗിക്കാനുള്ള അവകാശം മാർപ്പാപ്പയിൽനിന്ന് 1456-ൽ ലഭിച്ചിരുന്നു. ഈ അവകാശവും ആനുകൂല്യവുമാണ് പാദ്രുവാദോ. ഇതനുസരിച്ച് അവർ മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരണത്തിൻ കീഴിലാക്കാൻ ശ്രമിക്കുകയും കുഴപ്പങ്ങൾ ഉാവുകയും ചെയ്തു.

**പാലിയം** പാലിയം ഒരു ലത്തീൻപദമാണ്. ഉപരിവസ്ത്രം (മേൽവസ്ത്രം) എന്നാണർത്ഥം. ക്രിസ്ത്യൻ പുരോഹിതർ ഉപയോഗിക്കുന്ന തിരുവസ്ത്രമാണിത്. മാർപ്പാപ്പാ അണിയുന്ന ഉപരിവസ്ത്രത്തിനും പാലിയം എന്നു പറയുന്നു. മെത്രാപ്പോലീത്തമാർക്ക് മാർപ്പാപ്പ പാലിയം സമ്മാനിക്കുന്നു.

**പാസ്കു രൂപം** ഗ്രീക്കിൽനിന്ന് ലത്തീനിലൂടെ പോർത്തുഗീസ് വഴി മലയാളത്തിൽ വന്ന പദമാണ് പാസ്കു. അതിനോട് സംസ്കൃതജന്യമായ മലയാളപദം ചേർത്തിരിക്കുന്നു. മരിച്ചുകിടക്കുന്ന യേശുവിന്റെ പ്രതിമയെയാണ് പാസ്കുരൂപം സൂചിപ്പിക്കുന്നത്.

**പാസ്റ്റർ** പ്രോട്ടസ്റ്റന്റ് മിഷണറിമാർ കേരളത്തിൽ വന്നതോടെ (1800-നു ശേഷം) പല ഇംഗ്ലീഷ്പദങ്ങളും ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിച്ചു. വൈദികൻ, കഹന, കശീശ, അച്ചൻ, പുരോഹിതൻ മുതലായ വാക്കുകൾക്കു പകരം പ്രോട്ടസ്റ്റന്റുകാർ പാസ്റ്റർ എന്ന വാക്ക് പ്രയോഗിക്കുന്നു.

പാസ്റ്റർ എന്ന ഇംഗ്ലീഷ്പദം പാസ്തോർ എന്ന ലത്തീൻ പദത്തിൽനിന്നു വരുന്നു. ഇടയൻ എന്നർത്ഥം.

**പീലാസ** ഗ്രീക്കുഭാഷയിൽനിന്നും സുറിയാനിയിലേക്കും സുറിയാനിയിലൂടെ മലയാളത്തിലേക്കും കടന്നുവന്ന പദമാണ് പീലാസ. തട്ടം, താലം, പരന്ന പാത്രം എന്നൊക്കെയാണ് അതിന്റെ അർത്ഥം. കുർബാനയിൽ അപ്പം വയ്ക്കുന്ന പാത്രത്തിന് പീലാസ എന്നു പറയുന്നു.

**പുരോഹിതൻ** ഹൈന്ദവസംസ്കാരത്തിൽനിന്നു സ്വീകരിച്ച പദമാണ് പുരോഹിതൻ. ഏറ്റവും മുമ്പിൽ നിൽക്കുന്നവൻ. മുമ്പിൽ വയ്ക്കപ്പെട്ടവൻ, അധികാരം നല്കപ്പെട്ടവൻ എന്നിങ്ങനെയാണ് പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം. ക്രൈസ്തവർ അതിന് വിശുദ്ധ വസ്തുക്കളായ കൂദാശകൾ കൊടുക്കുന്നവൻ എന്ന് അർത്ഥം കല്പിച്ചു. വിശുദ്ധമായ കാര്യങ്ങൾക്കായി സമർപ്പിക്കപ്പെട്ടവൻ എന്ന അർത്ഥംകൂടി അതിനുു്.

**പുക്കേറ്** ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടെ 'കേസും പുക്കേറും' എന്ന പ്രയോഗമുായിട്ടു്. പൂക്കാറാ എന്ന സുറിയാനിപദത്തിന് ദുർഘട വാദം, ദുർവ്വാദം, കെട്ട് പിണച്ചിൽ എന്നൊക്കെയാണർത്ഥം.

**പൂലകുളി, പുലയടിയന്തിരം** പരേതന്റെ സ്വന്തക്കാർ ദുഃഖാചരണഘട്ടം (ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഘട്ടം) കഴിഞ്ഞു നടത്തുന്ന കുളി എന്നാണ് ഇതിന്റെ ഒന്നാമത്തെ അർത്ഥം. മരണവും ശവസംസ്കാരവുമെല്ലാം അശുദ്ധി(പുല)യാണെന്നുള്ള ഒരന്ധവിശ്വാസമാണ് ഈ കുളിയുടെ പിന്നിലുായിരുന്നത്. ക്രൈസ്തവർ പുലകുളിയുടെ ദിവസം മരിച്ചവർക്കുവേി പ്രാർത്ഥിക്കുകയും പരേതന്റെ ആത്മശാന്തിക്കായി അന്നദാനം നടത്തുകയും (പുലയടിയന്തിരം) ചെയ്യുമ്പോൾ അതൊരു മതകർമ്മമായിത്തീരുന്നു. ഉപവാസം അവസാനിപ്പിക്കൽ കൂടിയാണിത്. ഹൈന്ദവരിൽനിന്നു സ്വീകരിച്ചതാണീ ആചാരം. ബ്രാഹ്മണർ പത്തു ദിവസം കഴിഞ്ഞും ക്ഷത്രിയർ 12 ദിവസം കഴിഞ്ഞും നായന്മാർ 15 ദിവസം കഴിഞ്ഞും പുലയടിയന്തിരം നടത്തുന്നു. ക്രൈസ്തവരും ബ്രാഹ്മണരെപ്പോലെ പത്തു ദിവസം കഴിഞ്ഞു 11-ാം ദിവസം അതു നടത്തിയിരുന്നു.

**പുല്പ്പം (പുൾപം, പുഷ്പം)** ഈ വാക്ക് പോർത്തുഗീസ് ഭാഷയിലുള്ള പുൾപിതോ (പുല്പിതോ) എന്ന വാക്കിന്റെ മലയാളീകൃതരൂപമാണ്. പ്രസംഗപീഠം എന്നാണ് 'പുല്പ്പം' എന്ന വാക്കിനർത്ഥം. അത് പുൾപം എന്നും പുഷ്പം എന്നും മാറിമാറി ഉപയോഗിച്ചുകാണുന്നു. ചില പുരാതന ദൈവാലയങ്ങളിൽ ഇപ്പോഴും പുല്പമു്. പള്ളിയുടെ മധ്യഭാഗത്ത് ഒരു ഭിത്തിയോടു ചേർത്ത് ഒരാൾപൊക്കത്തിൽ മരംകൊു പ്രസംഗപീഠമുാക്കുന്നു. അതിലേക്കു പ്രവേശിക്കാൻ നടകളുമുാകും.

**പെസഹ** യഹൂദമതത്തിലെ ഒരു പ്രധാന പെരുന്നാളാണ് പെസഹാ. (ഇംഗ്ലീഷ് Pass over) = കടന്നുപോവുക. ക്രിസ്ത്യാനികൾ ഈസ്റ്ററിനു തൊട്ടു മുമ്പുള്ള വ്യാഴാഴ്ച പെസഹാ ആചരിക്കുന്നു. യേശു തന്റെ അപ്പസ്തോലന്മാരുമൊത്ത് കഴിച്ച അന്ത്യഅത്താഴത്തിന്റെ ഓർമ്മയ്ക്കായാണ് ഈ ആചാരം. ഈ ദിനത്തിൽ പെസഹാ അപ്പവും (ഇന്ട്രിയപ്പം) പാലും ഉാക്കി കഴിക്കുന്നു..

**പേത്തർത്ത** ക്രൈസ്തവർ അൻപതുനോമ്പാചരണത്തിന്റെ ആരംഭമായി നടത്തുന്ന ആഘോഷമാണ് പേത്തർത്ത. വിട പറയൽ എന്നാണ് വാക്കിന്റെ അർത്ഥം. നിലവിലുള്ള എല്ലാ ആഘോഷങ്ങളോടും വിട പറഞ്ഞ് നോമ്പിന്റെ വിശുദ്ധിയിലേക്കു പ്രവേശിക്കുന്നു എന്നതാണ് ഇതുകൊർത്ഥമാക്കുന്നത്.

സുറിയാനിയിലെ 'പ്ത്തറ്' എന്ന ധാതുവിൽനിന്നാണ് പേത്തർത്ത എന്ന വാക്കുായത്. അവസാനിച്ചു, മുഴുവനായി, പോയി എന്നൊക്കെയാണ് പ്ത്തറ് എന്നതിന്റെ അർത്ഥം. ഈ വാക്കാണ് പേത്തർത്ത, പേത്രത്ത, പേത്തൂർത്ത എന്നൊക്കെ രൂപം മാറി മലയാളത്തിൽ കാണുന്നത്. മത്സ്യമാംസാദികളുടെ വർജ്ജനം, വിടപറച്ചിൽ, അവസാനിപ്പിക്കൽ എന്നൊക്കെ ഇതിന്റെ തർജമയായിട്ട് പറയാറു്.

**പൊന്തിഫിക്കൽ** പൊന്തിഫിക്കൽ എന്നതിന് ശ്ലൈഹികം (ശ്ലീഹായെ സംബന്ധിച്ചത്, അതായത് ശ്ലീഹന്മാരുടെ തലവനായ പത്രോസിന്റെ പിൻഗാമിയെ സംബന്ധിച്ചത്) എന്നാണ് അർത്ഥം പറഞ്ഞിരുന്നത്.

'മാർപ്പാപ്പയെ സംബന്ധിച്ചത്' എന്ന അർത്ഥത്തിൽ ലത്തീൻ ഭാഷയിലുള്ള പൊന്തിഫിക്കാലിസ് (Pontificalis) എന്ന വാക്കിൽനിന്നാണ് പൊന്തിഫിക്കൽ എന്ന രൂപമുായത്.

**പ്രസിദേന്തി (പ്രെസിദേന്തി)** തിരുനാൾ നോട്ടീസുകളിൽ സ്ഥിരംകാണുന്ന ഒരു പദമാണ് പ്രസിദേന്തി. ലത്തീൻഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷയിലേക്കും അതിൽനിന്നു മലയാളത്തിലേക്കും വന്ന വാക്കാണിത്. സംസ്കൃതത്തിലെ അദ്ധ്യക്ഷൻ, ഇംഗ്ലീഷിലെ പ്രസിഡന്റ് എന്നിവയ്ക്കു തുല്യമാണത്. തിരുനാൾ പ്രസിദേന്തി

എന്നു പറയുമ്പോൾ തിരുനാൾ നടത്തുന്നവൻ എന്നാണ് ഉദ്ദേശിക്കുന്നത്. മേൽനോട്ടം മാത്രമല്ല, പണം മുടക്കൽകൂടി അതിൽ ഉൾപ്പെടുന്നു.

**ബസ്ക്യാമ, ബർസ്ക്യാമാ** ഉടമ്പടിയുടെ മകൾ എന്നർത്ഥമുള്ള ഒരു കൽദായ സുറിയാനി സമസ്തപദമാണ് ബർസ്ക്യാമാ. വൈദികരുടെ ഭാര്യമാരെ വിളിക്കാൻ ഉപയോഗിക്കുന്ന പേര്.

**ബസിലിക്ക (ബസ്ലിക്ക)** കലാസുഭഗങ്ങളായ വലിയ ദേവാലയങ്ങളെയാണ് ഇന്ന് ബസിലിക്ക എന്നു വിളിക്കുന്നത്. പക്ഷേ, ആദ്യകാലത്ത് രാജകീയ കൊട്ടാരങ്ങളെയാണ് അങ്ങനെ വിളിച്ചിരുന്നത്. ഗ്രീക്കുഭാഷയിലെ 'ബസിലിക്കെ' എന്ന വാക്കിൽ നിന്നുായ ലത്തീൻപദമാണ് ബസിലിക്ക (Basilica). ബസിലിക്കകളെ രാജകീയ ദേവാലയങ്ങൾ എന്നു വിളിക്കാം.

**ബാബേൽ, ബാബിരു, ബാവരു** ബാബേൽ, ബാവരു, വാവേൽ, വാവര് എന്നൊക്കെ മലയാളത്തിൽ പറയുന്നത് ബാബിലോണിയായിലെ ബാബിലോൺ (ബാബേൽ) എന്ന സ്ഥലത്തെക്കുറിച്ചാണ്.

**ബാവാ (ബാബ)** പിതാവ് എന്നർത്ഥമുള്ള ആബാ, അബ്ബ എന്നീ രൂപങ്ങൾ മാത്രമല്ല ബാബാ എന്നൊരു രൂപവും പൗരാണിക സുറിയാനിയിലുായിരുന്നു. അത് ഇന്നും കേരളത്തിൽ നിലനില്ക്കുന്നു്.

കേരള ക്രിസ്ത്യാനികളുടെ പഴയപാട്ടുകളിൽ ആലാഹാ (ദൈവം), ആബൂൻ (ഞങ്ങളുടെ പിതാവ്), ആബാ (പിതാവ്), എമ്മ (അമ്മ), ബാവാ (പിതാവ്) മർത്ത, മാറാൻ മുതലായ വാക്കുകൾ ധാരാളമായിട്ടു്. ബാബാ എന്ന പദം വാവാ, ബാവ എന്നൊക്കെയായിട്ടു്, മലയാളത്തിൽ.

**ബാറേക്മാർ** അടുത്തനാൾവരെ സുറിയാനി ക്രമത്തിൽപ്പെട്ട കേരളക്രൈസ്തവർക്ക് സുപരിചിതമായിരുന്ന ഒരു സുറിയാനി ശൈലിയാണ് ബാറേക്മാർ. 'കർത്താവേ (മാറ്) ആശീർവദിക്കണമേ' (ബാറേക്) എന്നാണ് അതിന്റെ അർത്ഥം.

**ബുക്റാ** കുർബാനയിൽ കൂദാശ ചെയ്യപ്പെടുന്ന ഓസ്തിക്ക് (അപ്പം) ബുക്റ എന്നാണു പറയുന്നത്. ഒരു സുറിയാനിവാക്കാണിത്. അതിന്റെ അർത്ഥം കടിഞ്ഞൂൽപുത്രൻ എന്നാണ്.

**ബേമ (ബേമ്മ)** വേദഗ്രന്ഥം വായിക്കുന്നവർക്ക് നില്ക്കാനുള്ള ഉയർന്ന ഒരു പീഠം എന്നാണ് ബേമ്മ (ബേമ) എന്നതിന്റെ പ്രഥമാർത്ഥം. ആ പീഠത്തിൽ പുസ്തകംവച്ചു വായിക്കാനുള്ള ഒരു സ്റ്റാൻഡും ഉായിരിക്കും. ഒരു ഗ്രീക്കുവാക്കാണിത്.

**ബൈബിൾ** ക്രിസ്ത്യാനികളുടെയും യഹൂദരുടെയും വിശുദ്ധ ഗ്രന്ഥമാണ് ബൈബിൾ. പഴയനിയമം മാത്രമാണ് യഹൂദർക്ക് ബൈബിൾ. പഴയനിയമവും പുതിയനിയമവും ചേർന്നതാണ് ക്രിസ്ത്യാനികളുടെ ബൈബിൾ. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ രേഖയായും ദൈവവചനമായുമൊക്കെയാണ് വിശ്വാസികൾ ബൈബിളിനെ കരുതിപ്പോരുന്നത്.

ചെറിയപുസ്തകം എന്നർത്ഥം വരുന്ന 'ബിബ്ലിയ' (Biblia) എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ബൈബിൾ എന്ന പദം പ്രയോഗത്തിലെത്തിയത്. കേരളീയ ക്രിസ്ത്യാനികൾ തങ്ങളുടെ വേദഗ്രന്ഥത്തെ ഉദ്ദേശിച്ച് ഈ വാക്ക് പ്രയോഗിച്ചു തുടങ്ങിയിട്ട് രു നൂറ്റാുകളായി. ഇംഗ്ലീഷുകാരുടെ വരവിനു ശേഷമാണ് ഈ പദം പ്രചരിച്ചത്.

**മദ്ബഹ** കേരള ക്രൈസ്തവർക്കു സുപരിചിതമായ ഒരു സുറിയാനി വാക്കാണ് മദുബഹ. മദ്ബഹാ എന്നാണ് അതിന്റെ ശരിയായ രൂപം. ബലിപീഠം, ബലി കഴിക്കുന്ന സ്ഥലം, പൂജ ചെയ്യുന്ന സ്ഥലം, വിശുദ്ധസ്ഥലം എന്നിങ്ങനെയാണ് മദ്ബഹായുടെ അർത്ഥം.

**മദറശ്ത്ത (മദ്രശ, മദ്രശ്ത്ത)** കഴിഞ്ഞ നൂറ്റാുവരെ വൈദികവിദ്യാലയത്തിന് പറഞ്ഞിരുന്ന പേരാണ് മദറശ്ത്ത. അത് 'മദ്രശ' എന്നു രൂപം മാറിയിട്ടു്. 1541-ൽ പോർത്തുഗീസുകാർ കൊടുങ്ങല്ലൂരിൽ വൈദികപരിശീലനകേന്ദ്രം സ്ഥാപിച്ചപ്പോൾ മുതലാണ് സെമിനാരി എന്ന ലത്തീൻ വാക്ക് മലയാളത്തിൽ പ്രചരിച്ചത്. എന്നാലും സുറിയാനിക്കാരുടെയിടയിൽ മദറശ്ത്ത എന്ന പേരു തന്നെ നിലനിന്നു. 'പട്ടത്തുവീട്' എന്നൊരു മലയാളപ്പേരുമുായിരുന്നു.

**മന്ന** അറമായ (സുറിയാനി) ഭാഷയിൽനിന്ന് മലയാളത്തിലെത്തിയ പദമാണ് മന്ന. ഹീബ്രുവിൽ 'മാൻ' എന്നു പറയും. ഇസ്രായേൽ ജനത്തിന് കാനാൻദേശത്തേക്കുള്ള യാത്രയ്ക്കിടെ മരുഭൂമിയിൽവച്ച് ലഭിച്ച അത്ഭുതഭക്ഷണമാണ് മന്ന എന്നു പറയുന്നത്.

**മപ്രിയാന** യാക്കോബായക്കാരുടെയിടയിൽ, പാത്രിയാർക്കീസ് കഴിഞ്ഞാൽ ഒന്നാമത്തെ മെത്രാപ്പോലീത്ത, മെത്രാൻ എന്നൊക്കെയാണ് മപ്രിയാന എന്ന സുറിയാനി വാക്കിന് അർത്ഥം കൊടുത്തുകാണുന്നത്. കാതോലിക്കാബാവാ എന്നും അർത്ഥം നൽകിയിട്ടു്.

**മല്പാൻ** എ.ഡി. 1772-നു മുമ്പ് എഴുതപ്പെട്ട ചില വേദപാഠപുസ്തകങ്ങളിൽ (അവ അച്ചടിച്ചിട്ടില്ല). ചോദ്യങ്ങൾ ചോദിക്കുന്നത് മല്പാനും ഉത്തരങ്ങൾ പറയുന്നത് തലീയായുമാണ്. ഈ രു വാക്കുകളും കേരള ക്രിസ്ത്യാനികളുടെയിടയിൽ സർവ്വസാധാരണമായി പ്രയോഗിച്ചിരുന്നു എന്നതിന്റെ തെളിവാണത്. മല്പാൻ എന്നത് സുറിയാനിയിലെ 'മല്പാനാ' എന്ന വാക്കിൽനിന്നുായതാണ്. പണ്ഡിതൻ എന്നാണ് അതിന്റെ അർത്ഥം. അധ്യാപകൻ എന്നും അതിന് അർത്ഥമു്. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നവരെയും സഭാപണ്ഡിതന്മാരെയും മല്പാന്മാർ എന്നു വിളിക്കുന്നു. 'തലിയാ' എന്ന സുറിയാനിപദത്തിന് പൈതൽ എന്നർത്ഥം.

**മഹറോൻ** 'മഹറോൻ ശിക്ഷ' എന്ന പ്രയോഗം അടുത്തകാലംവരെ സാധാരണമായിരുന്നു. 'സഭയിൽനിന്നു പുറത്താക്കൽ' എന്നാണ് മഹറോൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം. 'കൂട്ടായ്മയിൽനിന്നു വിട്ടുകളയുക' എന്നാണ് സാരം. ലത്തീൻഭാഷയിൽ എക്സ്കോമ്യൂണിക്കാസിയോ (excommunicatio) എന്നു പറയും. സംസർഗ്ഗത്തിൽനിന്നു പുറംതള്ളൽ, സമ്പർക്കമില്ലായ്മ എന്നൊക്കെയാണ് അതിന്റെ അർത്ഥം. ബന്ധം വിച്ഛേദിക്കലാണത്. കുറ്റക്കാരായിട്ടുള്ളവരെ സഭ തന്റെ കൂട്ടായ്മയിൽനിന്നു പുറംതള്ളുന്നു.

**മഹാമഹം** തിരുനാൾ നോട്ടീസുകളിൽ ഉപയോഗിക്കുന്ന ഒരു സമസ്തപദമാണ് തിരുനാൾ മഹാമഹം. മഹാ എന്നതിന് വലുത് (great) എന്നർത്ഥം. മഹം എന്നതിന് ബലി, ബഹുമാനം, കാഴ്ചവസ്തു, ആഘോഷം, ആഘോഷപരമായ കീർത്തനം, പ്രദക്ഷിണം എന്നൊക്കെയാണർത്ഥം. അങ്ങനെ മഹാമഹത്തിന് ബഹുമാനിക്കൽ, ആഘോഷിക്കൽ, വലിയ പ്രദക്ഷിണം എന്നൊക്കെ അർത്ഥം വരുന്നു.

**മാമ്മോദീസ** സ്നാപനം എന്നർത്ഥമുള്ള, സുറിയാനിപദമാണ് മാമ്മോദീസ. ക്രിസ്ത്യാനികളുടെ ഏഴു കൂദാശകളിൽ ആദ്യത്തേതാണ് മാമ്മോദീസ. സുറിയാനിയിൽ 'മാമോദീത്താ' എന്നാണ് എഴുതുകയും പറയുകയും ചെയ്യുക.

**മാമ്മോന** നീതിരഹിതമായി സമ്പാദിച്ച പണം എന്ന് അർത്ഥം. അറമായ പദം.

**മാലാഖ** മതപരമായ വീക്ഷണത്തിൽ അസാധാരണമായ കഴിവുകളോടുകൂടിയ ഒരു ദൈവസൃഷ്ടിയാണു മാലാഖ. മാലാഖമാർ ദൈവത്തിന്റെ ദൂതരായി പ്രവർത്തിക്കുന്ന ബൈബിളിൽ പരാമർശിക്കുന്നു. സന്ദേശവാഹകൻ (ദൂതൻ) എന്നർത്ഥമുള്ള സുറിയാനിപ്പദമാണ് മാലാഖ. ഇതേ അർത്ഥത്തിൽ ഇംഗ്ലീഷിൽ കാണുന്ന എയ്ഞ്ചൽ (Angel) എന്ന വാക്ക് 'ആൻജെലോസ്' എന്ന ഗ്രീക്കുവാക്കിൽനിന്നുായ 'ആൻജെലൂസ്' എന്ന ലത്തീൻ പദത്തിൽനിന്നുായതാണ്.

**മാറ്, മാറൻ, മാറാനായ, മർത്ത** കർത്താവ്, നാഥൻ, ഉടമസ്ഥൻ എന്നൊക്കെ അർത്ഥമുള്ള 'മാറാ' എന്നും 'മാറിയാ' (മറിയാ) എന്നും രു വാക്കുകളു്. സുറിയാനിയിൽ. മാറിയാ എന്നതിന്റെ ലോപിച്ച രൂപമാണ് 'മാറ്'. ഈ ലുപ്തരൂപം വിശുദ്ധന്മാരുടെയും സഭാദ്ധ്യക്ഷന്മാരുടെയും പേരുകളോട് ബഹുമാനസൂചകമായി ചേർത്തു പറയും. മാർ തോമ്മാ, മാർ പൗലോസ് മാർപാപ്പാ എന്നിങ്ങനെ. കൽദായ സുറിയാനി(കിഴക്കൻ സുറിയാനി)യിലുള്ള ഈ വാക്ക് പൗരാണികകാലംമുതലേ കേരള ക്രൈസ്തവർ ഉപയോഗിച്ചുവരുന്നു. പടിഞ്ഞാറൻ (യാക്കോബായ) സുറിയാനിയിൽ ഇത് 'മോർ' എന്ന് ഉച്ചരിക്കുന്നു.

മാറാൻ എന്നത് 'മാറ്' എന്നതിന്റെ ബഹുവചനരൂപമാണ്. നമ്മുടെ (ഞങ്ങളുടെ) നാഥൻ എന്നർത്ഥം. 'മാറാൻ ഈശോമിശിഹാ' എന്ന പ്രയോഗം പ് സർവസാധാരണമായിരുന്നു.

'മാറാനായ' എന്ന വിശേഷണത്തിന് കർത്താവിനെ (നാഥനെ) സംബന്ധിച്ച എന്നാണർത്ഥം. ക്രിസ്തുവർഷത്തിന് മാറാൻ കാലം എന്നു പറഞ്ഞിരുന്നു.

മർത്താ എന്നത് മാർ എന്നതിന്റെ സ്ത്രീലിംഗരൂപമാണ്. സ്ത്രീകളുടെ പേരിനോടു ചേർത്ത് ബഹുമാനസൂചകമായി അത് ഉപയോഗിക്കുന്നു.

**മർത്തമറിയത്തുമ്മ** യേശുവിന്റെ അമ്മയെ മർത്തമറിയം എന്നാണ് ക്രൈസ്തവർ പറയാറ്. മർത്തമറിയത്തമ്മ, മർത്തമറിയത്തുമ്മ, മർത്തമറിയെത്തുമ്മ എന്നിങ്ങനെയും പറയും. ഈ പ്രയോഗങ്ങളിൽ അമ്മ, ഉമ്മ, എമ്മ ഇവ കൂട്ടിച്ചേർത്തിരിക്കുകയാണ്. മാതാവ് എന്ന അർത്ഥം കിട്ടുവാൻ. ആധുനിക സുറിയാനിയിൽ അമ്മ എന്ന അർത്ഥം വരുന്ന പദം എമ്മ ആണ്. പ് ഉമ്മ എന്നും പറഞ്ഞിരുന്നു. ആ വാക്ക് അറബിയിൽ ഇന്നുമു്.

**മാറാനാഥ** ബൈബിൾ വിവർത്തനങ്ങളിൽ വിവർത്തനം ചെയ്യാതെ മൂലഭാഷയിൽത്തന്നെ ചേർത്തിരിക്കുന്ന ഒരു പ്രയോഗമാണ് മാറാനാഥാ. അറമായ ഭാഷയിലെ ഒരു പ്രയോഗമാണിത്. ഞങ്ങളുടെ 'കർത്താവേ വന്നാലും' എന്നർത്ഥം.

**മാംദാനാ** ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാനെ യോഹന്നാൻ 'മാംദാന' എന്നാണു വിളിക്കുന്നത്. മാംദാന എന്ന സുറിയാനി വാക്കിന് കുളിപ്പിക്കുന്നവൻ എന്നാണ് അർത്ഥം. അനുതാപത്തിന്റെ അടയാളമായ കുളിയെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. 'സ്നാപകയോഹന്നാൻ' എന്ന പ്രയോഗം പാശ്ചാത്യമിഷണറിമാർ വന്നതിനുശേഷമാണ് നടപ്പായത്. സംസ്കൃതപദങ്ങൾ മിക്കതും അവരാണു പ്രചരിപ്പിച്ചത്. സ്നാപകൻ എന്ന വാക്കിനും കുളിപ്പിക്കുന്നവൻ എന്നുതന്നെയാണർത്ഥം. സ്നാ (= കുളിക്കുക) എന്ന സംസ്കൃത ധാതുവിൽനിന്നാണ് ആ വാക്കുാകുന്നത്.

**മിശിഹാ** മിശിഹാ എന്ന ഹീബ്രുവാക്കിന്റെ അർത്ഥം അഭിഷിക്തൻ, അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണ്. ക്രിസ്തുമതം അനുസരിച്ച് യഹൂദർക്കു വരാനിരുന്ന മിശിഹാ യേശുക്രിസ്തു ആയിരുന്നു. അതിനാൽതന്നെ യേശുവിനെ യേശു മിശിഹാ എന്നാണ് വിളിച്ചിരുന്നത്.

**മിശിഹാ പിറന്നിട്ട്** കർത്താവിന്റെ വർഷത്തിൽ എന്നർത്ഥം വരുന്ന എ.ഡി. എന്ന സംക്ഷിപ്തരൂപം ക്രിസ്തുവർഷത്തെ സൂചിപ്പിക്കാൻ കേരളത്തിൽ ഉപയോഗിച്ചുതുടങ്ങിയത് യൂറോപ്യന്മാർ വന്നതിനുശേഷമാണ്. അതിനുമുമ്പ് ക്രിസ്ത്യാനികൾ മിശിഹാ പിറന്ന്, മിശിഹാ പിറന്നകാലം, മിശിഹാ പിറന്നിട്ട്, മിശിഹാക്കാലം, മാറാൻ കാലം എന്നൊക്കെയാണ് എഴുതിയിരുന്നത്. എ.ഡി. 825 മുതൽ കൊല്ലവർഷവും അവർ ഉപയോഗിച്ചിരുന്നു.

പറവൂർപള്ളിയുടെ ഭിത്തിയിലുള്ള ലിഖിതത്തിൽ 'മാറാൻ ഈശോമിശിഹാ പിറന്നിട്ട് 1566' എന്നാണ് കാണുന്നത്. കടുത്തുരുത്തി പള്ളിഭിത്തിയിലെ രേഖയിൽ 'മാറാൻ ഈശോമിശിഹാ ഈ ഭൂമിയിൽ പെറന്ന 1590' എന്നു കാണാം. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളുടെ അവസാനഭാഗത്ത് 'മിശിഹാ പിറന്നിട്ട് 1599–ാം കാലം മിഥുന ഞായർ' എന്നിങ്ങനെയാണ് എഴുതിയിട്ടുള്ളത്. പഴയരേഖകൾ വട്ടെഴുത്തിലും കോലെഴുത്തിലുമാണ്. ആ ലിപികളിൽ 'ശ, ഹ' എന്നിവയില്ല. അതുകൊ് 'മിചിയ' (മിചിആ), 'ഈചൊ' എന്നിങ്ങനെയാണ് എഴുതുക. അക്കങ്ങൾ പഴയ മലയാള അക്കങ്ങൾതന്നെ.

**മിസ്സം** പ്രേഷിതവേലയെ സംബന്ധിച്ച പ്രദേശം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന വാക്കാണ് മിസ്സം. മിസ്സിയോ എന്ന ലത്തീൻ പദത്തിൽനിന്നുായ പോർത്തുഗീസ് പദമാണത്.

**മൂറോൻ** മതപരമായ അഭിഷേകത്തിനുള്ള തൈലത്തെയാണ് 'മൂറോൻ' എന്നു സുറിയാനിയിൽ പറയുന്നത്. ഗ്രീക്കു ഭാഷയിൽനിന്ന് സുറിയാനിയിലേക്കും അവിടെനിന്ന് മലയാളത്തിലേക്കും ഇതു കടന്നുവന്നു. ഒലിവുമരത്തിന്റെ എണ്ണയും (സൈത്ത്) ബാൾസം എന്ന സുഗന്ധദ്രവ്യവും കൂട്ടിച്ചേർത്താണ് മൂറോൻ തൈലമുാക്കുന്നത്. കിഴക്കൻസഭകളിൽ ചുക്ക്, കുരുമുളക്, ജാതിക്ക, കുങ്കുമപ്പൂ, കറുവാപ്പട്ട, ജടമാഞ്ചി, പച്ചഞെരിയാസ് എന്നിവയും കൂട്ടിച്ചേർത്താണ് മൂറോൻ തൈലമുാക്കുന്നത്. സുദീർഘമായ പ്രാർത്ഥനകളും നോമ്പും വായനകളുമെല്ലാം ഇതിനാവശ്യമാണ്. പെസഹാ വ്യാഴാഴ്ചയാണ് ഇതു തയ്യാറാക്കുന്നത്.

**മെത്രാൻ** ക്രിസ്തീയസഭയിൽ ഒരു രൂപതയുടെ അധിപനായ പുരോഹിതനാണ് മെത്രാൻ അഥവാ ബിഷപ്പ്. മെത്രാൻ ശ്ലൈഹികമായ പിന്തുടർച്ചാവകാശി ആണ്. കത്തോലിക്കാസഭയിൽ മെത്രാനെ നിയമിക്കുന്നത് മാർപ്പാപ്പയാണ്. മേൽനോട്ടക്കാരൻ, മേലദ്ധ്യക്ഷൻ, പരിപാലകൻ എന്നിങ്ങനെ അർത്ഥമുള്ള 'എപ്പിസ്കോപ്പോസ്' എന്ന ഗ്രീക്ക് വാക്കിനു പകരം ഉപയോഗിക്കുന്ന സുറിയാനിപ്പദമാണ് 'മത്ത്റാൻ' (മിത്ത്റാൻ). ഇതിന്റെ പൂർണ്ണരൂപം 'മ്നത്താറാനാ' എന്നാണ്. മലയാളത്തിൽ മെത്രാൻ എന്നു പറയുന്നു.

**മെത്രാപ്പോലീത്ത** ക്രിസ്തീയസഭയിൽ അതിരൂപതയുടെ അധിപനാണ് മെത്രാപ്പോലീത്ത. പ്രധാന നഗരത്തിൽ ഉള്ളവൻ, പ്രധാന നഗരത്തിൽ വസിച്ച് സഭാഭരണം നടത്തുന്നവൻ എന്നാണ് മെത്രാപ്പോലീത്ത എന്ന വാക്കിന്റെ അർത്ഥം. ഗ്രീക്കിൽ മെത്രോപ്പോലീത്തെസ് എന്നാണ് പറയുന്നത്. മെത്തേർ (= അമ്മ), പോലീസ് (= നഗരം) എന്നീ ഗ്രീക്കു വാക്കുകൾ ചേർന്നുായതുമാണ് അത്. എപ്പിസ്കോപ്പോസ് എന്ന ഗ്രീക്ക് വാക്കിനു പകരം ഉപയോഗിക്കുന്ന പദമാണ് മെത്രാൻ. ലത്തീൻ ഭാഷയിൽ 'മെത്രോപ്പോലീത്താനൂസ്' എന്നാണ് പറയുക. പോർത്തുഗീസിൽ 'മെത്രോപ്പോലീത്താനോ' എന്നും സുറിയാനിയിൽ മെത്രാപോലേയ്ത്താ, മിത്രാപോലേയ്ത്താ എന്നിങ്ങനെയും ഉപയോഗിക്കുന്നു. മെത്രാപ്പോലീത്ത എന്നാണ് മലയാളികൾ പറയാറ്, ഇംഗ്ലീഷിൽ ആർച്ചുബിഷപ്പ് എന്നു പറയും.

**മെസ്രേൻ** പ്രൊട്ടസ്റ്റന്റ് മിഷണറിമാർ ബൈബിൾ ഗ്രീക്കിൽനിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതിനുമുമ്പ് കേരള ക്രിസ്ത്യാനികൾ ഈജിപ്ത് എന്ന വാക്കിനു പകരം മെസ്രേൻ എന്ന

പദമാണുപയോഗിച്ചത്. എ.ഡി. 1811-ലെ ബുക്കാനന്റെ തർജമ വരെ മെസ്രേൻ എന്നുപയോഗിച്ചു. 'മിസ്രായിം' എന്ന ഹീബ്രു വാക്കിന്റെ സുറിയാനി രൂപമാണ് 'മെസ്രേൻ'. ഈജിപ്ത് എന്ന പദം ഗ്രീക്കിൽനിന്നു വന്നതാണ്.

**മോൺസിഞ്ഞോർ** ഇറ്റാലിയൻ ഭാഷയിൽനിന്നു മലയാളത്തിലെത്തിയ ഒരു സമസ്തപദമാണ് മോൺസിഞ്ഞോർ. ഒരു ബഹുമതിപ്പേരാണത്. ഫ്രാൻസിലെ രാജകുമാരന്മാരെ 17-ാം നൂറ്റാിനു മുമ്പേ ഈ സ്ഥാനപ്പേര് ഉപയോഗിച്ചു വിളിച്ചുവന്നു. കത്തോലിക്കാസഭയിലെ മികച്ച സേവനത്തിന് മാർപ്പാപ്പ നൽകുന്ന ബഹുമതിയാണിത്. 'എന്റെ നാഥൻ' എന്നാണ് ഈ സമസ്തപദത്തിന്റെ ഉദ്ദിഷ്ടാർത്ഥം.

**മൗതികം** ഗ്രീക്കിലെ 'മിസ്തേരിയോൺ' (= രഹസ്യം) എന്ന വാക്കിൽനിന്ന് 'മിസ്തേരിയും' എന്ന ലത്തീൻ വാക്കുായി. രഹസ്യം എന്നാണ് അതിന്റെ അർത്ഥം. അടുത്തകാലത്ത് 'മിസ്തിക്കൂസ്' എന്ന വിശേഷണത്തിനു പകരമായി നിർമ്മിച്ച പദമാണ് മൗതികം. രഹസ്യാത്മകമായ എന്നർത്ഥം.

**മൗദിയാനൻ** ഏറ്റുപറയുന്നവൻ എന്നാണ് 'മൗദിയാന' എന്ന പദത്തിന്റെ നിഷ്കൃഷ്ടമായ അർത്ഥം. വേദം ഏറ്റുപറയുന്നവൻ എന്ന അർത്ഥത്തിലാണ് മതസാഹിത്യത്തിൽ അത് ഉപയോഗിക്കുന്നത്. മതതത്ത്വങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്ന, ജീവിതംകൊ് മതസിദ്ധാന്തങ്ങൾക്കുള്ള സാക്ഷ്യം നൽകുന്ന വ്യക്തിയെ 'മൗദിയാനാ' എന്നു വിളിക്കും.

**യൽദാത്തിരുനാൾ** കേരള ക്രിസ്ത്യാനികൾ ക്രിസ്തുമസ് എന്നു പറഞ്ഞുതുടങ്ങിയത് ഇരുപതാം നൂറ്റാിലാണ്. ഇംഗ്ലീഷുകാർ വന്നതിനുശേഷം പോർത്തുഗീസുകാരുടെ കാലത്ത് നത്താൾ എന്നു പറഞ്ഞിരുന്നു. അതിനുമുമ്പ് ക്രിസ്തുവിന്റെ ജനനത്തിരുനാളിന് യൽദാത്തിരുനാളെന്നും പിറവിത്തിരുനാളെന്നും പറഞ്ഞിരുന്നു. 'യൽദാ' എന്ന സുറിയാനി പദത്തിന് പിറവി എന്നാണ് അർത്ഥം.

**യാവന** അടുത്തകാലംവരെ ഉപയോഗിച്ചിരുന്ന വേദപാഠപുസ്തകങ്ങളിലും മറ്റു ചില മതഗ്രന്ഥങ്ങളിലും ഭക്ഷണം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന ഒരു പദമാണ് യാവന.

'യാവന' എന്നത് ഒരു സംസ്കൃപദമാണ്. യവനന്മാരുടെ നാട്ടിൽ (ഗ്രീസിൽ) ഉാകുന്നത് എന്നാണ് അതിന്റെ ആദിമാർത്ഥം. ബാർലിയെ യവം എന്നാണ് സംസ്കൃതത്തിൽ വിളിക്കുന്നത്. ആദ്യകാലത്ത് യവം എന്നതിന് ഭക്ഷിക്കാൻ ഉപയോഗിക്കുന്ന ഏതു ധാന്യവും എന്നർത്ഥമായിരുന്നു. കേരളീയരുടെ പ്രധാനഭക്ഷണം ബാർലിയോ ഗോതമ്പോ അല്ലെങ്കിലും ഭക്ഷണസാധനം എന്ന അർത്ഥത്തിൽ മിഷണറിമാരുടെ കാലം മുതൽ യാവന എന്ന പദം പ്രയോഗിച്ചുവന്നു. ആഞ്ചലോ ഫ്രാൻസിസിന്റെ മലയാള-പോർത്തുഗീസ് നിഘുവിൽ യാവന എന്നതിന് തീററ എന്ന അർത്ഥം നല്കിയിട്ടു്.

**യൂക്കരിസ്റ്റ്** ഗ്രീക്കുഭാഷയിലുള്ള 'എവുക്കരിസ്തിയ' എന്ന പദമാണ് ഇംഗ്ലീഷിൽ യൂക്കരിസ്റ്റ് (Eucharist) എന്നു രൂപം പ്രാപിച്ചത്. കൃതജ്ഞതാപ്രകടനം എന്നാണ് അതിന്റെ അർത്ഥം.

യേശുക്രിസ്തുവിന്റെ അന്തിമാത്താഴത്തെ സൂചിപ്പിക്കാൻ ആദിമനൂറ്റാുമുതൽ ഈ ഗ്രീക്കുപദം പ്രയോഗിച്ചിരുന്നു. ഏതു കൃതജ്ഞതാപ്രാർത്ഥനയ്ക്കും ഈ വാക്ക് ഉപയോഗിക്കാം. എന്നാൽ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ കാലം മുതൽ (ഏതാ് 110) കുർബാനയുടെ മുഖ്യഭാഗം (കാനൻ അഥവാ അനാഫോറ) എന്ന സാങ്കേതികാർത്ഥം ഈ വാക്കിന് നൽകപ്പെട്ടു.

**യേശു** കൽദായ സുറിയാനി ഭാഷയിലുള്ള ഈശോ, മിശിഹാ എന്നിവയ്ക്കു പകരം യേശു, ക്രിസ്തു എന്നീ വാക്കുകൾ കേരളത്തിൽ അടുത്തകാലത്താണ് പ്രചാരത്തിലായത്. എ.ഡി. 1554 -ലെ 'കാർത്തില്യ' എന്ന വേദോപദേശപുസ്തകത്തിൽ ഈ പ്രയോഗങ്ങൾ ആദ്യമായി കുമുട്ടുന്നു. ഈശോസഭാവൈദികർ പോർത്തുഗീസിൽ എഴുതിയ ഗ്രന്ഥത്തിന്റെ തമിഴ് വിവർത്തനമാണത്. എന്നാൽ പിൽക്കാലത്ത് കർമ്മലീത്താവൈദികർ എഴുതിയ വേദപാഠപുസ്തകങ്ങളിലെല്ലാം ഈശോ മിശിഹാ എന്നാണ് പ്രയോഗം. ഇപ്പോഴും പ്രാർത്ഥനാഗ്രന്ഥങ്ങളിൽ അവ കാണാം. 'യേസു' എന്ന വാക്കിൽനിന്നാണ് യേശു എന്ന പദരൂപം കേരളത്തിൽ പ്രചരിച്ചത്. ആ വാക്കാകട്ടെ ഗ്രീക്കിലെ 'യേസോവൂസ്' എന്ന വാക്കിൽനിന്നുായതാണ്. ഹീബ്രുവിലുള്ള 'യേഷ്വാ' എന്നതിന്റെ ഗ്രീക്ക് രൂപമാണത്.

**രിലയിൽ ഭക്ഷണം** ഒരു വാഴയിലയുടെ മുകളിൽ മറ്റൊന്നിട്ട് ഭക്ഷണം കഴിച്ചിരുന്ന രീതി പഴയ കാലത്ത് രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കുമിടയിലുായിരുന്നതായി പറയപ്പെടുന്നു. ക്നായിത്തോ

മ്മായുമായി ബന്ധപ്പെട്ട് ഒരു പാരമ്പര്യം ഇതോട നുബന്ധിച്ചു്. ക്നായിത്തോമ്മാ പ്രഭുവിന് രി ലയിൽ ഭക്ഷണം കൊടുത്തതിനാൽ ഉദ്യോഗസ്ഥ ന്മാർക്ക് അസൂയ തോന്നി. രാജാവില്ലാതിരുന്ന അവ സരത്തിൽ ഉദ്യോഗസ്ഥർ തോമ്മായെ ഭക്ഷണ ത്തിനു ക്ഷണിക്കുകയും ഒരിലയിൽ ഭക്ഷണം കൊടുക്കുകയും ചെയ്തു. ബുദ്ധിമാനായ തോമ്മാ ഇല ഇടത്തുവശത്തു രായി മടക്കിവെച്ചു കൊ് അതു രിലയാക്കി ഉപയോഗിച്ചു. ഈ കാരണത്താലാണ് ക്നാനായക്കാർ ഇലയുടെ അറ്റം ഇടതുവശത്തു മടക്കിവെച്ച് ഭക്ഷണം കഴി ക്കുന്ന സമ്പ്രദായം സ്വീകരിച്ചത്. ഇല മടക്കുന്നത് അരപ്പദവിയയി പാണൻപാട്ടിൽ പറയുന്നു്.

**രാക്കുളിത്തിരുനാൾ** യേശുവിന്റെ പ്രത്യക്ഷീക രണത്തിരുനാളിന്റെ (ദനഹയുടെ) മറ്റൊരു പേരാണ് രാക്കുളിത്തിരുനാൾ. തിരുനാൾ ദിവസം ആളുകൾ രാത്രിയിൽ കുളിച്ചിട്ട് ദേവാലയത്തിൽ പോയിരുന്നു. അതുകൊ് ദനഹാപ്പെരുന്നാളിനെ രാക്കുളിപ്പെരുന്നാൾ എന്നും പറയുന്നു.

**രാപകൽ** ദക്ഷിണേന്ത്യക്കാർക്ക് യഹൂദജനതയു മായുള്ള പൗരാണികബന്ധം സൂചിപ്പിക്കുന്ന പ്രയോഗമാണ് രാപകൽ. വടക്കേ ഇൻഡ്യക്കാർ രാപകൽ എന്നു പറയുകയില്ല. അഹോരാത്രം എന്നാണ് സംസ്കൃതത്തിൽ. പകലും രാവും എന്നർത്ഥം. യഹൂദർക്ക് ദിവസത്തിന്റെ ആദ്യപ കുതി രാത്രിയും രാം പകുതി പകലുമാണ്. ഇൻഡോ ആര്യൻ സമ്പ്രദായത്തിൽ നേരേ മറിച്ചാ ണ്. യഹൂദർക്ക് ദിവസം തുടങ്ങുന്നത് വൈകുന്നേ രമാണ്. ചന്ദ്രനെ ആശ്രയിച്ചുള്ള കലറാണ് അവർ ഉപയോഗിച്ചിരുന്നത്. മലയാളത്തിലും തമി ഴിലും രാപകൽ എന്നാണ് പ്രയോഗം. ബൈബി ളിലും അങ്ങനെ കാണുന്നു.

**രൂപത, അതിരൂപത** ഗ്രീക്കിലെ 'എപ്പാർക്കി', ലത്തീ നിലെ 'ദിയോച്ചേസിസ്', ഇംഗ്ലീഷിലെ 'ഡയോസി സ്', പോർത്തുഗീസിലെ 'ദിയോച്ചെസെ', സ്പാനി ഷിലെ 'ദിയോസെസിസ്', ഇറ്റാലിയനിലെ 'ദിയോ ച്ചേസി' എന്നീ വാക്കുകൾക്ക് തുല്യമായ കേരളീയ പദമാണ് 'രൂപത'. മെത്രാന്റെ ഭരണത്തിൻകീഴി ലുള്ള പ്രദേശത്തെ രൂപത എന്നും മെത്രാപ്പോലീ ത്തയുടെ ഭരണത്തിൻകീഴിലുള്ള പ്രദേശത്തെ 'അതിരൂപത' എന്നും വിളിക്കുന്നു. പത്തൊമ്പതാം നൂറ്റാിലാണ് ഈ വാക്കുകൾ പ്രയോഗത്തിലാ യത്. പൗരാണികകാലത്ത് 'എടവക' (ഇടവ ക)യെന്ന വാക്കും പിൽക്കാലത്ത് 'വികാരിയാ ത്തെ'ന്ന വാക്കും പ്രയോഗത്തിലിരുന്നു. വികാരി യാത്തുകൾ ക്രമേണ രൂപതകളും അതിരൂപതക ളുമായി. രൂപതകളെ മിസ്സങ്ങൾ എന്നും വിളിച്ചി രുന്നു.

**ലദീഞ്ഞ്** പ്രദക്ഷിണസമയത്ത് ഉപയോഗിക്കുന്ന ലുത്തിനിയയുടെ പോർത്തുഗീസ് പേരാണ് ലദീ ഞ്ഞ്.

**ലിറ്റർജി** സഭയുടെ പൊതു ആരാധന എന്നാണ് ലിറ്റർജി (ആരാധനക്രമം) കൊ് ക്രൈസ്തവർ ഉദ്ദേശിക്കുന്നത്. ഗ്രീക്കിൽനിന്നു ലത്തീനിലേക്കും അവിടെനിന്ന് ഇംഗ്ലീഷിലേക്കും കടന്ന വാക്കാണ് ലിറ്റർജി (Liturgy). ലിറ്റർജിക്കൽ കമ്മറ്റി, ലിറ്റർജി കമ്മറ്റി എന്നൊക്കെ ഇപ്പോൾ മലയാളമെന്നപോലെ പ്രയോഗിച്ചുവരുന്നു.

**ലുത്തിനിയ** 'ലുത്തിനിയ' എന്ന വാക്കിന് പ്രാർത്ഥന എന്നേ അർത്ഥമുള്ളു. കീർത്തനംപോ ലുള്ള പ്രാർത്ഥനയാണത്. ക്രിസ്തീയ ആരാധന കളിലും യഹൂദമതആരാധനകളിലും ഉപയോഗി ക്കുന്ന ഒരു പ്രാർത്ഥനയുടെ രൂപമാണ് ലുത്തിനി യ. മുഖ്യകാർമ്മികൻ ലുത്തിനിയ ചൊല്ലുകയും മറ്റുള്ളവർ ഏറ്റുചൊല്ലുകയും ചെയ്യുന്നു. ഗ്രീക്കു ഭാഷയിലെ 'ലിത്താനേയിൻ' എന്ന ക്രിയയ്ക്ക് പ്രാർത്ഥിക്കുക എന്നർത്ഥം. (ലദീഞ്ഞ് കാണുക).

**വങ്കേത്തി (ബങ്കേത്തി)** തിരുനാളുകളിലും മറ്റ് ആഘോഷാവസരങ്ങളിലും നടത്തുന്ന വിരുന്നു സൽക്കാരത്തിന് 'വങ്കേത്തി' എന്നാണു പറയാറ്. വിരുന്നുസൽക്കാരമെന്നർത്ഥമുള്ള ബൻകെതെ (banquete) എന്ന പോർത്തുഗീസ് വാക്കിൽ നിന്നാണ് ഈ പദം മലയാളത്തിലേക്കു വന്നത്. ഇംഗ്ലീഷിൽ 'ബാൻക്വെറ്റ്' എന്നു പറയും. ഇറ്റാലി യൻ ഭാഷയിലുള്ള 'ബൻകെത്തോ' എന്ന പദമാണ് ഇതിന് ആധാരം.

**വറ്ക്കത്ത്** ഹീബ്രുവിലെ 'ഹറാക്കൊത്ത്' എന്ന വാക്കാണ് 'വറ്ക്കത്ത്' എന്നു രൂപപ്പെട്ടത്. ആശീർവദിക്കൽ എന്നു നിഷികൃഷ്ടാർത്ഥം. അനുഗ്രഹം, ഐശ്വര്യം എന്നിങ്ങനെയും അതിന ലർത്ഥമു്. 'കാലൊരു വർക്കത്തില്ല' എന്ന ശൈലി നസ്രാണികളുടെയിടയിലു്.

**വറുദപുഷ്പം** ഈ നൂറ്റാിന്റെ മധ്യം വരെ കന്യാമറിയത്തോടുള്ള സ്തോത്രപ്രാർത്ഥനയിൽ (ലുത്തനിയ) ദൈവരഹസ്യം നിറഞ്ഞ 'വറുദപു ഷ്പമേ' എന്നാണ് പറഞ്ഞിരുന്നത്. കൊന്തനമ സ്കാരവും അതിനോടനുബന്ധിച്ചുള്ള ലുത്തിനി യയും പോർത്തുഗീസ് ഇറ്റാലിയൻ മിഷണറിമാ രാണ് ഇവിടെ പ്രചരിപ്പിച്ചത്. മാർക്കോസ്

ജോർജെസ് 1561–ൽ പോർത്തുഗീസ് ഭാഷയിൽ എഴുതി ലിസ്ബണിൽ അച്ചടിച്ച വേദപാഠപുസ്തകത്തിലെ 'റോസാ മിസ്തിക്ക' (രഹസ്യം നിറഞ്ഞ റോസാപ്പൂ) എന്ന സംബോധന (സ്തുതി) മലയാളത്തിലേക്ക് 'ദൈവരഹസ്യം നിറഞ്ഞ വറുദപുഷ്പമേ' എന്ന് വിവർത്തനം ചെയ്തു.

**വാഴൂപിടുത്തം** മണവാട്ടിയുടെ അമ്മ യോ അവർ ചുമതലപ്പെടുത്തുന്ന ബന്ധുവോ (വധുവിന്റെ ജ്യേഷ്ഠസഹോദരി) "വാഴൂ പിടിക്കട്ടെ" എന്നു മൂന്നു പ്രാവശ്യം സഭയോടു ചോദിച്ച് അനുവാദം വാങ്ങുന്നു. അനന്തരം വധൂവരന്മാരുടെ മുൻപിൽ ഇട്ടിട്ടുള്ള ഉയർന്നപീഠത്തിൽ നിന്നുകൊ് വലതുകരം വരന്റെ ശിരസ്സിലും ഇടതുകരം വധുവിന്റെ ശിരസ്സിലുമായി കുരിശാകൃതിയിൽ (വലതുകരം ഇടതുകരത്തിന്റെ മുകളിലായിരിക്കും) വച്ച് മകളെയും മകളുടെ ഭർത്താവിനെയും അകമഴിഞ്ഞു അനുഗ്രഹിക്കുന്ന വികാരതീവ്രമായ ഒരു ചടങ്ങാണിത്. അനുഗ്രഹാശിസ്സുകളോടെ ശിഷ്ടകാലം ജീവിക്കുവാനുള്ള ഉത്തരവാദിത്വം ഇതിൽ നിഴലിക്കുന്നു്. ഈ ചടങ്ങ് ഇപ്പോഴും നിലനില്ക്കുന്നു ്.

**വികാരിയാത്ത്** ഒരു മിഷൻപ്രദേശത്ത് മാർപ്പാപ്പ നിശ്ചയിക്കുന്ന അപ്പസ്തോലിക വികാരി ഭരണം നടത്തുന്ന സഭാസംബന്ധമായ ഡിസ്ട്രിക്ട് ആണ് വികാരിയാത്ത്. ലത്തീൻഭാഷയിൽനിന്നു വന്ന വാക്കാണ് വികാരിയാത്ത്. വികാരിയാത്തൂസ് (Vicariatus) എന്നാണ് ആ ഭാഷയിലെ പദരൂപം. പ്രതിപുരുഷൻ എന്നർത്ഥമുള്ള വികാരിയൂസ് എന്ന പദം പോർത്തുഗീസിൽ 'വിഗാരിയോ' എന്ന രൂപം പ്രാപിച്ചു. അതിൽനിന്നാണ് മലയാളത്തിൽ വികാരി (വിഗാരി) എന്ന പദമുായത്.

**വിയാത്തിക്കം** മരണാസന്നർക്ക് ദിവ്യകാരുണ്യം കൊുപോയിക്കൊടുക്കുന്നതിന് വിയാത്തിക്കം കൊടുക്കുക എന്നു പറയാറു്. യാത്രയ്ക്കുള്ള മുൻകരുതൽ എന്നർത്ഥമുള്ള വിയാത്തിക്കും (viativum) എന്ന ലത്തീൻ വാക്കുതന്നെയാണിത്. നിത്യജീവിതത്തിലേക്ക് യാത്രചെയ്യാനുള്ള ഭക്ഷണമാണത്. ആദിമസഭയിൽ എല്ലാ കൂദാശകളെയും വിയാത്തിക്കും എന്നു വിളിച്ചിരുന്നു. 'വിയാത്തിക്കും' എന്ന പദത്തിന്റെ നിഷ്കൃഷ്ടമായ അർത്ഥം വഴിയെ സംബന്ധിച്ച എന്നാണ്.

**വിസീത്ത** വിസീത്ത നടത്തുക എന്ന പ്രയോഗം 16–ാം നൂറ്റാുമുതൽ കാണാവുന്നതാണ്. സഭാധികാരികൾ നടത്തുന്ന ഇടവക സന്ദർശനത്തിനാണ് വിസീത്ത (visita) എന്നു പറയുന്നത്. പള്ളികളിൽ സൂക്ഷിക്കുന്ന കൂദാശ ചെയ്ത ഓസ്തിയിൽ ക്രിസ്തുവിന്റെ സാന്നിധ്യമുന്നെ ക്രൈസ്തവവിശ്വാസത്തിൽനിന്ന് ക്രിസ്തുവിനെ സന്ദർശിക്കുക എന്നൊരർത്ഥവും ഈ വാക്കിനു വന്നുകൂടി. അങ്ങനെ ഭക്തന്മാർ ദേവാലയം സന്ദർശിക്കുന്നതിനും വിസീത്ത എന്നു പേരായി.

ഒരു പോർത്തുഗീസ് പദമാണ് വിസീത്ത. സന്ദർശനം എന്നർത്ഥം.

**വിളിച്ചുചൊല്ലൽ** ഒത്തുകല്യാണം (മനസ്സമ്മതം) കഴിഞ്ഞു പിറ്റെ ഞായറാഴ്ച ചെറുക്കന്റെയും പെണ്ണിന്റെയും പള്ളികളിൽ വിശുദ്ധ കുർബാനയെത്തുടർന്ന് വിവാഹകാര്യം പരസ്യമായി പറയുന്നതാണ് വിളിച്ചുചൊല്ലൽ. ചെറുക്കന്റെ പേര്, പെണ്ണിന്റെ പേര്, മാതാപിതാക്കൾ, വീട്ടുപേര്, ഇടവക എന്നിവ അറിയിപ്പിൽ ഉായിരിക്കും. ജീവിതത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളുെങ്കിൽ കല്യാണം ഒഴിവാക്കുവാൻ ഈ അറിയിപ്പു കാരണമാകും.

**വീഞ്ഞ്** ഒരു പോർത്തുഗീസ് പദമാണ് വീഞ്ഞ്. (Vinho) അത് മലയാളത്തിൽ ഉപയോഗിക്കുന്നു. മുന്തിരിച്ചാറ് എന്നാണ് അതിനർത്ഥം. ലത്തീൻഭാഷയിലുള്ള 'വീനും' എന്ന വാക്കാണ് പോർത്തുഗീസിൽ വീഞ്ഞ് എന്നു പറയുക.

ഉദയംപേരൂർ സൂനഹദോസിനുശേഷമാണ് ഇന്നത്തെ തരത്തിലുള്ള വീഞ്ഞ് ഉപയോഗിച്ചുതുടങ്ങിയത്. പ് ഉണക്കമുന്തിരിങ്ങ വെള്ളത്തിലിട്ടു പിഴിഞ്ഞെടുത്ത ചാറാണ് കുർബാനയ്ക്ക് ഉപയോഗിച്ചിരുന്നത്. പോർത്തുഗലിൽനിന്നു കൊുവന്ന വീഞ്ഞു മാത്രമേ കുർബാനയ്ക്ക് ഉപയോഗിക്കാവൂ എന്ന് പോർത്തുഗീസ് മിഷണറിമാർ നിർബന്ധിച്ചു.

**വെച്ചൂട്ട്** ആദിമ ക്രൈസ്തവസഭയിലുായിരുന്ന സ്നേഹവിരുന്നിന്റെ ('അഗാപ്പെ' എന്ന വാക്കു നോക്കുക). മാതൃകയിൽ കേരളത്തിലെ പള്ളികളിൽ നിലവിലിരുന്ന സദ്യയാണ് വെച്ചൂട്ട്. പള്ളിയിൽവച്ചുതന്നെ വേവിച്ച് (ഭക്ഷണം പാകം ചെയ്ത്) കൊടുക്കുന്നതുകൊാണ് ഈ പേരുായത്. വെയ് ധാതുവിനെ ചൂടാക്കുക, വേവിക്കുക എന്നൊക്കെയാണർത്ഥം. വെച്ച എന്നതിന് വേവിച്ച എന്നർത്ഥം. ഭക്ഷിക്കുക എന്നർത്ഥമുള്ള ഉൺധാതുവിൽനിന്നാണ് ഊട്ട് എന്ന പദമുായത്. സ്നേഹത്തിന്റെ അടയാളമായിട്ടു മാത്രമല്ല, പാവപ്പെട്ടവരെ തീറ്റിപ്പോറ്റാനായിട്ടും വെച്ചൂട്ടുകൾ നടത്തിയിരുന്നു. ഇപ്പോഴും തിരുനാൾ ദിവസം വെച്ചൂട്ട് നടത്തുന്നു.

**വെഞ്ചരിപ്പ്** വെഞ്ചരിക്കുക എന്ന ക്രിയയും വെഞ്ചരിപ്പ് എന്ന ക്രിയാനാമവും മലയാളത്തിൽ ഉപയോഗിച്ചുവരുന്നു. ആശീർവദിക്കുക, അനുഗ്രഹിക്കുക, പവിത്രീകരിക്കുക എന്നൊക്കെ അർത്ഥമുള്ള 'ബെൻസെർ' (Benzer) എന്ന പോർത്തുഗീസ് ധാതുവിൽനിന്നാണ് വെഞ്ചെരിക്കുക എന്ന ക്രിയ യു ാ യ ത്.

**വെന്തിങ്ങ** കന്യാമറിയത്തിന്റെ ചിത്രം ആലേഖനം ചെയ്തിട്ടുള്ള ഉത്തരീയമാണ് വെന്തിങ്ങ. പോർത്തുഗീസ് ഭാഷയിലെ ബെൻസെർ എന്ന ക്രിയയിൽനിന്നാണ് വെന്തിങ്ങ എന്ന പദത്തിന്റെ വരവ്. പവിത്രീകരിക്കുക എന്നൊരർത്ഥം ആ ക്രിയ യ്ക്കു ്. 'ബെന്തിന്ന്യോ' (Bentinho, ബെന്തിഞ്ഞോ) എന്ന വാക്കിന് പവിത്രീകരിക്കപ്പെട്ടത് എന്നാണർത്ഥം. വെന്തിങ്ങ എന്നതിന് പവിത്രീകൃതം, വിശുദ്ധം, ആശീർവദിക്കപ്പെട്ടത് എന്നൊക്കെയാണർത്ഥം.

**വെസ്പുർക്കാന** ദേവാസ്തവിളിയിലെ (devotional call) മലയാളവിവർത്തനത്തിൽ കാണുന്ന ഒരു ഭാഗം ഇങ്ങനെയാണ്: 'വെസ്പുർക്കാനായെന്ന ശിക്ഷയിടത്തിൽ വ്യസനപ്പെടുന്ന ആത്മാവുകളെ ഓർപ്പിൻ നമ്മൾ. അവർ സഹിക്കുന്ന മഹാസങ്കടങ്ങളുടെ പൊറുതിക്കായിട്ട്..... ചൊല്ലുവിൻ നമ്മൾ'.

ഒരു സുറിയാനി സമസ്തപദമാണ് ബെസ്പുർക്കാനാ. അത് മലയാളത്തിൽ വെസ്പുർക്കാനാ എന്നായി. ശുദ്ധീകരണസ്ഥലമെന്നർത്ഥം. ബേസ് = വീട്, സ്ഥലം. പുർക്കാന = ശുദ്ധീകരണം, രക്ഷ.

**വേദക്കുസ്ത** ദിവ്യകാരുണ്യ വാഴുവിന് കുസ്തോദി മറച്ചുപിടിക്കാനും അരുളിക്ക പിടിക്കാനും ഉപയോഗിക്കുന്ന ഒരു വസ്ത്രത്തെ വേദക്കുസ്ത എന്നു വളിക്കുന്നു.

**വേസ്പെര** സായാഹ്നപ്രാർത്ഥനയാണ് വേസ്പെര. ഗ്രീക്കുഭാഷയിൽ 'വെസ്പെരോസ്' എന്നും 'വെസ്പെരാ' എന്നും രു വാക്കുകളു ്. വൈകുന്നേരം എന്നാണർത്ഥം.

സന്ധ്യക്ക് വിളക്കു വയ്ക്കുന്ന സമയത്ത് യഹൂദർക്ക് പ്രത്യേക പ്രാർത്ഥനയു ്. ആദിമ ക്രിസ്ത്യാനികളും ആ പതിവു തുടർന്നു. സങ്കീർത്തനങ്ങൾ പാടുക, വേദഗ്രന്ഥഭാഗങ്ങൾ വായിക്കുക, ധൂപാർപ്പണം നടത്തുക മുതലായവയാണ് സായാഹ്നപ്രാർത്ഥനയുടെ സ്വഭാവം.

**വൈദികൻ** കേരള ക്രൈസ്തവർ പുരോഹിതന്മാരെ വിളിക്കാൻ ഉപയോഗിക്കുന്ന ഒരു പദമാണിത്. ഹൈന്ദവസംസ്കാരത്തിൽനിന്ന് കടമെടുത്ത ഒരു സംസ്കൃതപദം. വേദം അറിയുന്നവൻ, വേദത്തെ സംബന്ധിച്ചവൻ എന്നീ അർത്ഥങ്ങളിലാണ് അത് ഉപയോഗിക്കുന്നത്.

**ശീശ്മ** പരമ്പരാഗത മതതത്ത്വങ്ങളെ നിഷേധിക്കുന്നവരെ ഇടത്തൂട്ടുകാർ (പാഷണ്ഡികൾ) എന്നു വിളിക്കുന്നു. യഥാർത്ഥ മതാധികാരികളെ അംഗീകരിക്കാത്തവരെ ശീശ്മക്കാർ എന്നു വിളിക്കും. ഇടത്തൂട്ട്, വിശ്വാസസത്യങ്ങളുടെ നിഷേധത്തെയും ശീശ്മ അധികാരത്തിന്റെ നിഷേധത്തെയുമാണ് കാണിക്കുന്നത്.

'സ്കിസ്മ' (schhisa) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് ശീശ്മ എന്ന വാക്കു ായത്.

**ശോവാല** കേരളസഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു അക്ഷരസംഖ്യാപ്രയോഗം ആണ് ശോവാല. അക്ഷരങ്ങൾക്ക് സംഖ്യ കല്പിക്കുന്ന സമ്പ്രദായം സെമിറ്റിക് ഭാഷകളിലെല്ലാമു ്. ഹീബ്രുവിലെയും സുറിയാനിയിലെയും 22 അക്ഷരങ്ങൾക്കും സംഖ്യാമൂല്യമു ്. അക്കങ്ങൾ എഴുതുന്നതിനു പകരം അവർ അക്ഷരങ്ങൾ എഴുതിവരുന്നു. ഇൻഡ്യയിൽ അക്കങ്ങൾ പ്രാചീനകാലം മുതൽ പ്രയോഗിച്ചിരുന്നു. പിൽക്കാലത്ത് അക്ഷരസംഖ്യാസമ്പ്രദായം ഇൻഡ്യയിലും നടപ്പായി. കവിതകളിൽ കാലം കുറിക്കാൻ ഇതാണ് ഉപയോഗിച്ചിരുന്നത്. ഈ സമ്പ്രദായത്തെ പരൽപേര്, അക്ഷരസംഖ്യാ, കപടയാദി അക്കക്കെട്ട് എന്നിങ്ങനെ പല പേരുകളിൽ കേരളീയർ വിളിക്കുന്നു. അക്ഷരമാലയിലെ വ്യഞ്ജനങ്ങൾക്ക് (ക മുതൽ) ഒന്ന്, ര് എന്നിങ്ങനെ സംഖ്യ കല്പിക്കുകയാണ് ഇതിന്റെ രീതി.

ഈ അക്ഷരസംഖ്യാകണക്കനുസരിച്ച് ശോവാല എന്നതിന് 543 എന്നർത്ഥമാണ് (ശ – 5, വ – 4, ല – 3). പദസംഖ്യ മറിച്ചിടണം എന്നാണ് നിയമം. അപ്പോൾ 345 എന്നു കിട്ടും. സംഖ്യ മറിച്ചു വായിക്കുന്ന സമ്പ്രദായം സെമിറ്റിക് ഭാഷകളിലില്ല. എന്നാൽ, അവയിൽ എഴുതുന്നതും വായിക്കുന്നതും വലത്തുനിന്ന് ഇടത്തോട്ടാണ്. എ.ഡി. 345 –ൽ ക്നായിത്തൊമ്മൻ മഹാദേവർ പട്ടണത്തിൽ (കൊടുങ്ങല്ലൂർ, സിംഗളി, മുചിറ, മുസിരിസ് എന്നൊക്കെ പറഞ്ഞുവരുന്ന പട്ടണം) വന്നു. ചേരമാൻ പെരുമാളിൽനിന്ന് അവകാശങ്ങൾ രേഖപ്പെടുത്തിയ ചെപ്പേട് അദ്ദേഹത്തിനു ലഭിച്ചു. ആ കൊല്ലത്തെപ്പറ്റി ശോവാല എന്നാണ് ഒരു പുരാതനപ്പാട്ടിൽ കാണുന്നത്.

'മാറാൻ വന്നു പിറന്നശേഷം
ശോവാലയെന്ന കാലത്തിൽ
മാനിഭൻ കിനായിത്തൊമ്മൻ
ചെപ്പേടങ്ങു വാങ്ങിച്ചു'

(മാറാൻ = നമ്മുടെ കർത്താവ്. മാനിഭൻ = വാണിഭൻ = വ്യാപാരി. ചെപ്പേട് = ചെമ്പുതകിടിൽ എഴുതിയ രേഖ. ചെമ്പ് + ഏട്).

**ശ്ലീഹാ** ക്രിസ്തു തെരഞ്ഞെടുത്ത 12 ശിഷ്യന്മാരെയാണ് ശ്ലീഹാ എന്നറിയപ്പെടുന്നത്. അയയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള സുറിയാനി വാക്കാണ് ശ്ലീഹാ. ശ്ലഹ് (= അയച്ചു) എന്ന ധാതുവിൽനിന്നുായ നാമമാണത്. മലയാളികൾ ശ്ലീഹാ എന്നതിനോട് സംസ്കൃതത്തിലെ 'ഇക' പ്രത്യയം ചേർത്ത് ശ്ലൈഹികം എന്നൊരു പദം സൃഷ്ടിച്ചിട്ടു്. ശ്ലീഹായെ (ശ്ലീഹന്മാരെ) സംബന്ധിച്ച എന്നാണ് അതിന്റെ അർത്ഥം.

**സക്രാരി** 'സക്രാരിയോ' എന്ന പോർത്തുഗീസ് വാക്കിൽനിന്നാണ് മലയാളത്തിൽ സക്രാരി എന്ന വാക്കുായത്. ആ പോർത്തുഗീസ് വാക്കാകട്ടെ, 'സക്രാരിയും' (Sacraium) എന്ന ലത്തീൻ വാക്കിൽനിന്നു വരുന്നു. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന പേടകം (ചെറിയ പെട്ടി) എന്നാണ് അതിന്റെ അർത്ഥം.

സക്രാരി എന്ന പദവും സക്രാരിയുടെ ഉപയോഗവും പോർത്തുഗീസ് മിഷണറിമാരുടെ കാലത്താണ് കേരളത്തിൽ നടപ്പായത്. അതിനു മുമ്പ് രോഗികൾക്കു കൊടുക്കുന്നതിനു വേി കുർബാന സൂക്ഷിച്ചിരുന്നെങ്കിലും സക്രാരി എന്ന ഒരു പെട്ടി ഉായിരുന്നില്ല.

**സങ്കീഞ്ഞ്** കാസ തുടയ്ക്കാനുള്ള തുണിയുടെ പേരാണ് സങ്കീഞ്ഞ്. ഒരു പോർത്തുഗീസ് വാക്കാണത്. പോർത്തുഗീസ് ഭാഷയിൽ 'സാൻഗുവെ' (Sangue) എന്നതിന് രക്തം എന്നർത്ഥം. രക്തം എന്നർത്ഥമുള്ള സാൻഗൂയിസ് (Sanguis) എന്ന ലത്തീൻ വാക്കിൽനിന്നാണ് അതിന്റെ വരവ്. അങ്ങനെ രക്തം ഒപ്പിയെടുക്കാനുള്ള തുണി എന്നാണ് സങ്കീഞ്ഞിന്റെ കൃത്യമായ അർത്ഥം എന്നു വരുന്നു. പവിത്രീകൃതമായ വീഞ്ഞ് യേശുവിന്റെ രക്തമാണെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു.

**സങ്കീർത്തി** ലത്തീൻഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷയിലൂടെ മലയാളത്തിൽ വന്നു പ്രചുരപ്രചാരം നേടിയ വാക്കാണ് 'സങ്കീർത്തി'. പോർത്തുഗീസിൽ 'സാക്രിസ്തിയ' (Sacristia) എന്നാണു പറയുക. ലത്തീനിലുള്ള രൂപം തന്നെയാണത്. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലം എന്നാണർത്ഥം. ദേവാലയത്തിലെ പൂജാപാത്രങ്ങൾ, പൂജാവസ്തുക്കൾ, തിരുവസ്ത്രങ്ങൾ മുതലായവ സൂക്ഷിക്കുന്ന മുറി എന്നാണ് അതിനർത്ഥം. ദിവ്യബലിക്കായി പുരോഹിതനും ശുശ്രൂഷികളും അണിഞ്ഞൊരുങ്ങുന്ന സ്ഥലവുമാണത്.

**സഹദ** ഗീവറുഗീസ് സഹദാ, എസ്തപ്പാനോസ് സഹദാ എന്നൊക്കെ കേരള ക്രൈസ്തവർ പറയാറു്. സഹദാ എന്ന വാക്ക് കൽദായാ സുറിയാനിയിൽനിന്നു മലയാളത്തിലേക്കു വന്നതാണ്. പൗരാണികകാലം മുതൽ ക്രൈസ്തവർ ഈ വാക്ക് ഉപയോഗിച്ചുവരുന്നു. സഹദാ എന്ന വാക്കിന് സാക്ഷി, രക്തസാക്ഷി, വേദസാക്ഷി എന്നിങ്ങനെയാണർത്ഥം. രക്തസാക്ഷി എന്ന അർത്ഥത്തിലാണ് സാധാരണമായി പ്രയോഗിക്കുന്നത്.

**സാത്താൻ** ഹീബ്രുഭാഷയിൽനിന്നു മലയാളത്തിലെത്തിയ പദമാണ് സാത്താൻ. 'സാത്താനാ' എന്നാണ് കൽദായാ സുറിയാനിയിൽ ആ പദത്തിന്റെ രൂപം. ദുഷ്ടാരൂപി എന്ന അർത്ഥത്തിലാണ് നാം അത് സാധാരണമായി പ്രയോഗിക്കുന്നത്. പക്ഷേ, അതിന്റെ ആദിമകാലത്തുായിരുന്ന അർത്ഥം എതിർക്കുന്നവൻ എന്നു മാത്രമായിരുന്നു. മനുഷ്യരെപ്പറ്റിയും അതുപയോഗിച്ചിരുന്നു.

**സാപ്രേന്മാർ** നിയമജ്ഞൻ, വേദപണ്ഡിതൻ എന്നിങ്ങനെ അർത്ഥമുള്ള 'സാപ്രാ' എന്ന കൽദായാ സുറിയാനി പദത്തിന്റെ ബഹുവചനരൂപമാണ് 'സാപ്രേ'. അതിനോട് 'ൻ' 'മാർ' എന്നു മലയാളികൾ കൂട്ടിച്ചേർക്കുന്നു.

**സിനഗോഗ്** യഹൂദമതത്തിൽ വിശ്വസിക്കുന്നവരുടെ ആരാധനാലയത്തിനു പറയുന്ന പേരാണ് സിനഗോഗ് (Synagogue). ബൈബിളിലൂടെ കേരളീയർക്കു സുപരിചിതമായ ഒരു ഗ്രീക്കു പദമാണ് സിനഗോഗ്. ഗ്രീക്കുഭാഷയിൽ സിനഗോഗെ എന്നാണ് പദരൂപം.

പ്രാർത്ഥനാലയം, സമ്മേളനസ്ഥലം, സമ്മേളനം, കൂട്ടം എന്നൊക്കെയാണ് ഈ വാക്കുകൊ് ഉദ്ദേശിക്കുന്നത്. യഹൂദർക്ക് ലോകത്തിൽ ഒരു ദേവാലയമേ ഉള്ളൂ. അതിനെ അവർ ഹീബ്രുഭാഷയിൽ 'കഹാൽ' എന്നു വിളിക്കുന്നു. എന്നാൽ പ്രാർത്ഥിക്കാനും സമ്മേളിക്കാനും വേി നാടുതോറും നിർമ്മിച്ച സാധാരണ ആലയങ്ങളാണ് സിനഗോഗുകൾ അഥവാ കെനെഷെ

ത്തുകൾ. സിനഗോഗുകൾ പ്രാർത്ഥനയ്ക്കും മതപരമായ പ്രബോധനത്തിനും പ്രാഥമിക വിദ്യാഭ്യസത്തിനും അതിഥിശുശ്രൂഷയ്ക്കും ഉപയോഗിച്ചിരുന്നു.

**സിഞ്ചെല്ലൂസ്** രൂപതാഭരണത്തിൽ മെത്രാനെ സഹായിക്കുന്ന വ്യക്തിയാണ് സിഞ്ചെല്ലൂസ് (Syncellus). പടിഞ്ഞാറൻസഭയിൽ വികാരി ജനറാൾ ചെയ്യുന്ന ജോലി കിഴക്കൻസഭയിൽ സിഞ്ചെല്ലൂസ് ചെയ്യുന്നു. കിഴക്കൻസഭകളിൽ സന്ന്യാസിമാരെയാണ് മെത്രാന്മാരായി വാഴിച്ചിരുന്നത്. അവർ തങ്ങളുടെകൂടെ മറ്റൊരു സന്ന്യാസിയെക്കൂടി താമസിപ്പിച്ചിരുന്നു. ആശ്രമത്തിലെന്നപോലെ കൂട്ടായ്മയുടെ ജീവിതം നയിക്കാനായിരുന്നു അത്. അങ്ങനെ കൂടെത്താമസിക്കുന്ന സന്ന്യാസി മെത്രാന്റെ സെക്രട്ടറിയും സഹായിയുമായി ജോലി ചെയ്തുവന്നു. ഗ്രീക്കുഭാഷയിൽ സുൻകെലോസ് (സിൻകെല്ലോസ്) എന്നായിരുന്നു അദ്ദേഹത്തെ വളിച്ചിരുന്നത്. ഒരേ അറയിൽ (മുറിയിൽ) താമസിക്കുന്നവൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. ക്ലാസിക്കൽ ഗ്രീക്ക്, ക്ലാസിക്കൽ ലത്തീൻ എന്നീ ഭാഷകളുടെ നിഘുക്കളിലോ സാഹിത്യങ്ങളിലോ ഈ വാക്കു കാണുകയില്ല. ക്രിസ്ത്യാനികൾ സൃഷ്ടിച്ച ഒരു പദമാണിത്.

**സുവാറക്കാലം** ദൂത് അറിയിക്കൽ (സന്ദേശം നൽകൽ) എന്നാണ് സുവാറ എന്ന കൽദായ സുറിയാനിപദത്തിന്റെ അർത്ഥം. ദൂത് അറിയിക്കലിന് പ്രാധാന്യം നൽകുന്ന കാലഘട്ടത്തെ സുവാറക്കാലമെന്ന് വിളിക്കുന്നു. മംഗളവാർത്തക്കാലമെന്നും പറയാറു്. യേശുവിന്റെ പിറവിയെപ്പറ്റിയുള്ള സന്ദേശം ഗബ്രിയേൽ മാലാഖ മറിയത്തോട് അറിയിച്ച സംഭവത്തെ അനുസ്മരിക്കുന്നതുകൊ് ഈ പേരുവന്നു. ആരാധനാവത്സരം ഈ കാലത്തോടെയാണ് ആരംഭിക്കുന്നത്. യേശുവിന്റെ പിറവിയുടെ അനുസ്മരണം ഈ കാലഘട്ടത്തിലാണ്. അതുകൊ് ഇതിനെ ആഗമനകാലമെന്നു വിളിക്കാറു്.

**സൂനഹദോസ്** ഗ്രീക്കുഭാഷയിൽനിന്ന് സുറിയാനിയിലൂടെ മലയാളത്തിലേക്കു വന്ന ഒരു വാക്കാണ് സൂനഹദോസാ. ഗ്രീക്കിൽ 'സിനാദൊസ്' (സിൻ = ഒരുമിച്ച്, ഹോദോസ് = വഴി) എന്ന പദത്തിന് സമ്മേളനം എന്നാണർത്ഥം. സുറിയാനിയിൽ ഈ പദം സ്വീകരിക്കപ്പെട്ടു. സൂനഹദോസ്, സൂനോദോസ്, സൂനഹദോസ് എന്നിങ്ങനെ പല രൂപങ്ങളിലും അതു സുറിയാനിയിൽ കാണപ്പെടുന്നു. മലയാളത്തിലേക്ക് സൂനഹദോസ് എന്ന സുറിയാനിരൂപമാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. വൈദികമേലദ്ധ്യക്ഷന്മാർ മാത്രം നടത്തുന്ന സമ്മേളനത്തെയും വിശ്വാസികളും വൈദികരും വൈദികമേലദ്ധ്യക്ഷന്മാരുംകൂടി നടത്തുന്ന സമ്മേളനത്തെയും സൂനഹദോസ് എന്നു പറയും.

**സൂർപിലിസ്** മുട്ടിനു മുകളിൽവരെ എത്തുന്ന ഒരു വെള്ളക്കുപ്പായമാണ് സൂർപിലിസ്. പോർത്തുഗീസ് മിഷണറിമാരാണ് അതിവിടെ പ്രചരിപ്പിച്ചത്. 'വിശേഷിച്ചും മാമ്മൊദിസാ മുക്കുംപോൾ മുക്കുന്ന വൈദികൻ സൂർപ്പിലിസ് എന്ന വെള്ളക്കുപ്പായവും ഊറാറയും ഇടുകയും വെണം' എന്ന് ഉദയംപേരൂർ സൂനഹദോസ് കാനോനയിലു ്.

**സിമിത്തേരി** സിമിത്തേരി, സെമിത്തേരി, ചെമിത്തേരി എന്നൊക്കെ മലയാളത്തിലും 'സെമിത്തേരിയോ' എന്ന് പോർത്തുഗീസിലും 'സെമിട്രി' എന്ന് ഇംഗ്ലീഷിലും പറയപ്പെടുന്ന വാക്ക് ഗ്രീക്കിൽനിന്ന് വരുന്നതാണ്. 'കൊയ്മെത്തേരിയോൺ' (Koimeterion) എന്നാണ് ഗ്രീക്കുഭാഷയിലെ പദം. ഉറങ്ങുന്ന സ്ഥലം എന്നാണർത്ഥം.

സെമിത്തേരി എന്ന വാക്ക് മരണത്തെ സംബന്ധിച്ചുള്ള മഹോന്നതമായ ഒരർത്ഥമാണു ധ്വനിപ്പിക്കുന്നത്. മരണം ഉറക്കമാണെന്നും വീും ഉണരുമെന്നും (പുനരുത്ഥാനമുാകുമെന്നും) അത് ഓർമ്മിപ്പിക്കുന്നു. പട്ടട, ചുടുകാട്, ശവകുടീരം, ചിത മുതലായ വാക്കുകൾ നാശത്തെയും ഭീതിയെയും ജനിപ്പിക്കുന്നു. സെമിത്തേരി വിശ്രമസ്ഥലമാണ്. അവിശ്വാസിക്കു മരണവും മൃതസംസ്കാരവും ഭീതിജനകവും പ്രതിഷേധാർഹവുമാണ്. ക്രൈസ്തവർക്കാകട്ടെ, മരണം ഭീതിജനകമോ പ്രതിഷേധാർഹമോ അല്ല. അത് പ്രത്യാശാപൂർണ്ണമാണ്.

**സെമിനാരി** സെമിനാരിയും (Seminarium) എന്ന ലത്തീൻ വാക്കാണ് സെമിനാരി, സെമ്മനാരി, എന്നൊക്കെ മലയാളത്തിൽ പറയപ്പെടുന്നത്. പോർത്തുഗീസ് മിഷണറിമാർ വരുന്നതിനുമുമ്പ് വൈദികപരിശീലനം നല്കുന്ന സ്ഥാപനങ്ങൾ ദേവാലയത്തോടു ചേർന്നാണു നടത്തിയിരുന്നത്. മദ്രസ്ത, മല്പാൻവീട്, പട്ടത്തുവീട്, പഠിത്തവീട് എന്നൊക്കെ പറയുന്നത് പുരാതനകാല സെമിനാരികളെയാണ്. (മല്പാൻ എന്ന സുറിയാനിവാക്കിന് ഗുരു, ആചാര്യൻ, വിജ്ഞാനി എന്നൊക്കെ അർത്ഥം). 'സെമിനാരിയും' എന്ന ലത്തീൻ വാക്ക് അർത്ഥസംപുഷടമായ ഒന്നാണ്. വിത്തുപാകുന്നിടം എന്നാണ് അതിന്റെ വാച്യാർത്ഥം. മലയാളത്തിലെ ഞാറ്റടി (നെൽവിത്തു പാകി മുളപ്പിച്ച് പറി

ച്ചുനടാറാകുവോളം പ്രത്യേക പരിചരണം നൽകി വളർത്തുന്ന സ്ഥലം) എന്ന വാക്കിനു തുല്യമാണത്. ലത്തീൻഭാഷയിൽ 'സെമൻ' എന്നതിന് വിത്ത് എന്നും 'സെമിനാരിയും' എന്നതിന് വിത്തു വിതയ്ക്കാനുള്ള സ്ഥലം എന്നുമാണ് അർത്ഥം. 'സെമിനാരെ' എന്ന ലത്തീൻ ക്രിയയക്ക് ജനിപ്പിക്കുക, ഉല്പാദിപ്പിക്കുക എന്നൊക്കെ അർത്ഥമു ്. സെമൻ എന്ന വാക്കിന്റെ പ്രാചീനരൂപം സാമൻ എന്നാണ്. ജനിപ്പിക്കുക എന്ന അർത്ഥമുള്ള 'സാ' എന്ന പ്രാചീന ലത്തീൻ ധാതുരൂപത്തിൽനിന്നുായ നാമപദവുമാണത്. അങ്ങനെ സെമിനാരി എന്ന വാക്കിന് നട്ടുവളർത്തുന്നിടം, വിത്തു വിതയ്ക്കുന്നിടം, ഉല്പാദിപ്പിക്കുന്നിടം എന്നൊക്കെ അർത്ഥമു്.

വിദ്യയുടെ, ജ്ഞാനത്തിന്റെ ഉത്പാദനം വ്യക്തിപരവും സൂക്ഷ്മവുമായ പരിചരണം സമഗ്രമായ പരിശീലനം എന്നൊക്കെയുള്ള അർത്ഥം സെമിനാരി എന്ന വാക്ക് ദ്യോതിപ്പിക്കും.

**സൊരാലിക്കുക** പദത്തിന്റെ അർത്ഥം പൊന്നു പൂശുക, പൊന്നുകൊു പൊതിയുക (ഗിൽഡ് ഇടുക, ഗിൽഡ് ചെയ്യുക) എന്നിങ്ങനെയാണ്. 'സൊരാലിപ്പ്' ഒരു ക്രിയാനാമമാണ്. ഈ വാക്ക് ഇറ്റാലിയൻ ഭാഷയിൽനിന്നാണ് വരുന്നത്. പൊന്നു പൂശുന്ന കല ഇറ്റലിയിലാണ് ഏറ്റവും വ്യാപകവും പ്രശസ്തവുമായിരുന്നത്.

**സോപ്പാ** ഹീബ്രുവിൽനിന്ന് കൽദായ സുറിയാനിയിലേക്കും അതിൽനിന്നും മലയാളത്തിലേക്കും വന്ന വാക്കാണ് സോപ്പാ. വെള്ളം തളിക്കാനുള്ള ഉപകരണം എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

**സ്ലീവാ (സ്ലീബാ)** കേരളക്രിസ്ത്യാനികൾ കുരിശ് എന്ന വാക്ക് ഉപയോഗിച്ചു തുടങ്ങിയത് 16-ാം നൂറ്റാു മുതലാണ്. പോർത്തുഗീസ് മിഷണറിമാരാണ് കുരിശ് എന്ന വാക്ക് പ്രചരിപ്പിച്ചത്. ലത്തീനിലെ ക്രൂക്സ്സ് (Crux) പോർത്തുഗീസിൽ ക്രൂസ് എന്നായി. അത് കുരുശു, കുരിശ് എന്നൊക്കെ മലയാളത്തിൽ പ്രയോഗിച്ചു പോന്നു. പോർത്തുഗീസുകാർ വരുന്നതിനു മുമ്പ് 'സ്ലീബാ' എന്ന സുറിയാനി വാക്കാണ് കേരളീയർ ഉപയോഗിച്ചിരുന്നത്. ആ വാക്ക് ഇന്നും ഉപയോഗിക്കുന്നു്. സ്ലീബാ എന്നതിന് കുരിശ്, കുരിശടയാളം, യേശുവിന്റെ ക്രൂശിതരൂപം, കുരിശിൽ തറയ്ക്കൽ, സങ്കടം എന്നൊക്കെ അർത്ഥമുള്ളതായി സുറിയാനി നിഘു പറയുന്നു.

**സ്റാപ്പ് (ശ്റാപ്പ്, ശരാപ്പ)** പണം സൂക്ഷിക്കുന്നവൻ എന്ന അർത്ഥത്തിൽ മലയാളികൾ പല കാലഘട്ടങ്ങളിലായി പല പദങ്ങൾ പ്രയോഗിച്ചു. സ്രാപ്പ് (ശരാപ്പ്) മുതൽപ്പിടി, തെസെരോർ, പ്രൊക്കുറേറ്റർ, ട്രഷറർ, ഖജാൻജി, കോശാദ്ധ്യക്ഷൻ എന്നീ പദങ്ങൾ എല്ലാം ഇവിടെ പ്രചരിച്ചു. കൽദായ സുറിയാനി (അറമായ) ഭാഷയിലുള്ള 'സ്റാപ്പ്' എന്ന പദമാണ് ക്രൈസ്തവർ പ് ഉപയോഗിച്ചിരുന്നത്. ഇതിന് 'ശരാപ്പ്' എന്നൊരു രൂപം ഇവിടെ ജനിക്കുകയുായി.

**സ്റാപ്പേന്മാർ** 'സാരാഫ' എന്ന ഹീബ്രുപദമാണ് സുറിയാനിയിൽ 'സ്രാപ്പേ' എന്നായത്. ഒരു ഗണം മാലാഖമാരുടെ പേരാണത്. 'സെരാഫീം' (seraphim) എന്നാണ് ഹീബ്രുവിൽ ബഹുവചനരൂപം. സുറിയാനിയിലെ സ്രാപ്പേ ബഹുവചനമാണ്.

**ഹന്നാൻ, ഹന്നാൻ വെള്ളം** 'ഹന്നാനാ' എന്ന സുറിയാനി വാക്കിന് കനിവ്, കരുണ, കനിവുള്ളവൻ, അനുഗ്രഹമുള്ളവൻ എന്നൊക്കെയാണ് അർത്ഥം. ആ വാക്കിന്റെ കേവലരൂപമാണ് ഹന്നാൻ. അത് സ്വതന്ത്രരൂപമായും ഉപയോഗിക്കുന്നു. രോഗികളെ സ്വസ്ഥമാക്കൽ, വേദസാക്ഷികളുടെ തിരുശേഷിപ്പുകൾ ചേർത്തുാക്കിയ വാഴ്ത്തപ്പെട്ട വസ്തു എന്നിങ്ങനെയും അതിനർത്ഥമു്. എണ്ണ, പൂഴി, വിശുദ്ധരുടെ തിരുശേഷിപ്പ് എന്നിവ കലർത്തി പുരോഹിതൻ ആശീർവദിക്കുന്ന വെള്ളമാണ് ഹന്നാൻ വെള്ളം. അനുഗ്രഹത്തിന്റെ അഥവാ കാരുണ്യത്തിന്റെ ജലമെന്ന് അതിന് അർത്ഥം പറയാം. രോഗികളെയും വിവാഹിതരാകുന്നവരെയും അഭിഷേചിക്കാൻ കിഴക്കൻസഭകളിൽ ഈ വിശുദ്ധജലം ഉപയോഗിച്ചിരുന്നു. മലയാളികൾ ഹന്നാൻ വെള്ളം എന്നതിന് അന്നാൻ വെള്ളം എന്നും പറയാറു്.

**ഹമറാ (ഹമീറാ)** 'ഹമറാ' എന്ന കൽദായ സുറിയാനിപദത്തിന് വീഞ്ഞ് എന്നാണ് പ്രഥമാർത്ഥം. വീഞ്ഞുതന്നെ പുളിക്കുമ്പോൾ മദ്യമായിത്തീരുന്നു. (ഹ്മർ എന്ന ക്രിയയക്ക് പുളിപ്പിക്കുക, പുളിക്കുക എന്നിങ്ങനെയാണ് അർത്ഥം.) അതുകൊ് മത്തു പിടിപ്പിക്കുന്ന പാനീയം എന്നും ഹമറായ്ക്ക് അർത്ഥമു്.

**ഹല്ലേലുയ്യ (അല്ലേലുയ്യ)** ഹീബ്രുഭാഷയിൽനിന്ന് മലയാളത്തിലെത്തിയ ഒരു ശൈലിയാണ് ഹല്ലേലുയ്യ. മലയാളത്തിൽ അതിന് 'അല്ലേലുയ്യ' എന്നൊരു രൂപംകൂടിയു്. സുറിയാനിയിൽ ഹല്ലേലുയ്യ എന്ന ഹീബ്രുരൂപംതന്നെയാണ് പ്രയോഗിക്കുന്നത്. യാഹ്വേയെ (ദൈവത്തെ) സ്തുതിക്കുക എന്നാണ് ഈ ലഘുവാക്യത്തിന്റെ

അർത്ഥം. ഹല്ലേൽ എന്ന ക്രിയയ്ക്ക് സ്തുതിക്കുക എന്നാണ് അർത്ഥം. (ഹൂലാല എന്ന പദം കാണുക). സുറിയാനിയിൽ ഈ ധാതു തന്നെ പ്രയോഗത്തിലു്. ഹല്ലേൽ, യാഹ്‌വേ എന്നതു ചുരുങ്ങി ഹല്ലേലുയ്യ എന്നായിത്തീർന്നു. ക്രൈസ്തവരുടെ ആരാധനക്രമത്തിൽ കുർബാനക്രമത്തിലും സ്തോത്രഗാനങ്ങളിലും ഹല്ലേലുയ്യ ഉപയോഗിക്കുന്നു.

**ഹൂത്താമ** കുർബാനയുടെ അവസാനഭാഗത്തെ (സമാപ്ത) പ്രാർത്ഥന, മുദ്രയിടൽ പ്രാർത്ഥന, ആശീർവ്വാദ പ്രാർത്ഥന എന്നൊക്കെ ഹുത്താമയ്ക്ക് അർത്ഥം പറയാം.

**ഹൂലാലാ** 'ഹൂലാലാ' എന്ന പദം സുറിയാനിയിൽനിന്നു വരുന്നു. സ്തുതി, കീർത്തനം എന്നിങ്ങനെയാണ് അതിന്റെ ആദിമ അർത്ഥം. 'ദാവീദിന്റെ സങ്കീർത്തനങ്ങളുടെ ഇരുപതിൽ ഒരു ഭാഗം' എന്നൊരർത്ഥവും അതിൽ ഉ്. സങ്കീർത്തനങ്ങൾ ഉള്ളതുകൊ് കാനോന നമസ്കാരത്തിനും ഈ പേരു വന്നു. സ്തുതിക്കുക, പാടുക എന്നിങ്ങനെ അർത്ഥമുള്ള 'ഹല്ലെൽ' എന്ന ക്രിയയിൽനിന്ന് ഹൂലാലാ എന്ന നാമമുായി.

**ഹൈരാർക്കി** ഹൈരാർക്കി (Hierarchy) എന്ന പദം മലയാളികൾ ധാരാളമായി ഉപയോഗിക്കുന്നു്. അത് 'ഹിയേരാർക്കിയ' എന്ന ഗ്രീക്കു വാക്കിന്റെ ഇംഗ്ലീഷ് രൂപമാണ്. വിശുദ്ധ വസ്തുക്കൾ ഭരിക്കുന്നവൻ എന്നതാണ് 'ഹിയരാർക്കോസ്' (Hierarchos) എന്ന വാക്കിന്റെ ഒന്നാമത്തെ അർത്ഥം. മതപരമായ എന്നൊരർത്ഥവും ഹിയേരോസിനു്. ആ അർത്ഥത്തിൽ മതപരമായ ഭരണാധികാരം ഉള്ളവൻ എന്നും അർത്ഥം വരും. അങ്ങനെ 'ഹിയേരാർക്കിയ' എന്ന വാക്കിന് 'മതപരമായ ഭരണക്രമം' എന്ന് അർത്ഥം വരുന്നു. വ്യത്യസ്ത പദവികളിലുള്ള അധികാരികളുടെ സമൂഹത്തെ സൂചിപ്പിക്കാനും ഈ വാക്കുപയോഗിക്കുന്നു. ശ്രേഷ്ഠതാധിഷ്ഠിതക്രമമാണ് അതുകൊുദ്ദേശിക്കുന്നത്.

**ഹോശാന (ഓശാന, ഹോസാന)** ഹീബ്രുഭാഷയിൽനിന്ന് മലയാളത്തിലേക്കു വന്ന ഒരു പ്രയോഗമാണ് ഹോശാന. 'ഞങ്ങളെ രക്ഷിക്കണമേ' എന്നാണ് അതിന്റെ അർത്ഥം. കൽദായ സുറിയാനിയിൽ ഓശാന എന്നാണ് അതിന്റെ രൂപം (ആദ്യാക്ഷരമായ 'ഹ'കാരം ലോപിച്ചു). പടിഞ്ഞാറൻ സുറിയാനിയിൽ 'ഊശാന' എന്നുച്ചരിക്കും. ലത്തീനിൽ 'ഹോസാന' (Hossana) എന്നാണ് പറയുന്നത്. ആധുനിക യൂറോപ്യൻ ഭാഷകളിൽ ആ രൂപം നിലനിൽക്കുന്നു. ഹീബ്രുവിലെ ഒരു വാക്യം ചുരുങ്ങി ഒറ്റപ്പദമായി തീർന്നതാണിത്. 'ഹോസിയാഹ്നാ' എന്നാണ് ആ വാക്യം. 'ഞങ്ങളെ രക്ഷിക്കണമേ' എന്നർത്ഥം. ക്രൈസ്തവരുടെ ആരാധനക്രമത്തിലും ഇതു സ്വീകരിക്കപ്പെടാനിടയായി. (ഉദാ: ഓശാന ഞായറിലെ പ്രദക്ഷിണത്തിൽ; സ്തോത്രഗീതങ്ങളിൽ).

**ളോവ, ലോബ** വൈദികർ അണിയുന്ന മുഴുക്കുപ്പായത്തിന് ളോവ, ളോഹ, ലോഹ എന്നൊക്കെ പറയാറു്. പോർത്തുഗീസ് ഭാഷയിലെ ലോബ (loba) എന്ന വാക്കാണ് ഇങ്ങനെ വിവിധ രൂപങ്ങളിൽ ഉപയോഗിക്കപ്പെടുന്നത്. വൈദികർ മാത്രം അണിയുന്ന ഈ വേഷത്തിന് ഇറ്റാലിയനിൽ 'കാസാക്കാ' എന്നും ഫ്രഞ്ചിൽ 'കാസഖ്' എന്നും ഇംഗ്ലീഷിൽ 'കാസക്ക്' (Cassack) എന്നും പറയുന്നു. അയയുക, അഴിച്ചിടുക, അഴിക്കുക എന്നൊക്കെ അർത്ഥം വരുന്ന 'ലൂവോ' എന്ന ഗ്രീക്കു ധാതുവിൽനിന്നായിരിക്കാം 'ലോബ' എന്ന പോർത്തുഗീസ് പദത്തിന്റെ ഉൽപത്തി.

**റത്താൾ (റത്താവ്, ഇറത്താഴ്)** ദേവാലയത്തിൽ അൾത്താരയുടെ പിന്നിൽ ഭിത്തിയോടു ചേർന്ന് മരംകൊോ കല്ലുകൊോ നിർമ്മിക്കുന്ന ശില്പസുഭഗമായ പശ്ചാത്തലമാണ് റത്താൾ. രൂപങ്ങളോ പടങ്ങളോ വയ്ക്കാനുള്ള അലമാരി പോലെയാണ് അതു നിർമ്മിക്കുന്നത്. മധ്യയുഗത്തിൽ അത് മരംകൊോ ലോഹംകൊോ നിർമ്മിച്ചു. പിൽക്കാലത്ത് കല്ലുകൊും സിമന്റുകൊും നിർമ്മിച്ചു. 20-ാം നൂറ്റാുവരെ അൾത്താരകൾക്ക് റത്താൾ നിർമ്മിക്കുക സാധാരണമായിരുന്നു. അമൂല്യശില്പങ്ങളായ റത്താളുകൾ ചില പുരാതനദേവാലയങ്ങളിൽ ഇപ്പോഴും സൂക്ഷിക്കുന്നു്. റത്താൾ എന്ന വാക്ക് 'റിത്രോതാബുളും' (Retrotabulum) എന്ന ലത്തീൻ വാക്കിൽനിന്നുായതാണ്. പുതിയ ദേവാലയങ്ങളിൽ റത്താൾ നിർമ്മിക്കുന്നില്ല. റത്താൽ വേന്നെു വയ്ക്കുന്നതിന് രു കാരണങ്ങളു്. ജനങ്ങളുടെ നേരേ തിരിഞ്ഞു കുർബാന അർപ്പിക്കുക എന്നതും അൾത്താര സത്താപരമായി ഒരു മേശയായിരിക്കണമെന്നതും.

**റബ്ബി** ഒരു ഹീബ്രുപദമാണ് റബ്ബി. സുറിയാനിയിലും അതുപയോഗിക്കുന്നു. ആചാര്യൻ, ഗുരു, വലിയവൻ എന്നൊക്കെയാണ് അതിന്റെ അർത്ഥം.

**റമ്പാൻ, റമ്പാട്ടി, റബാന്യാത്തി** സുറിയാനി

യിൽനിന്നു വന്ന ഒരു വാക്കാണ് 'റമ്പാൻ'. 'റബാനാ' എന്നതിന്റെ ലുപ്ത(കേവല)രൂപമാണത്. വലിയവൻ, ശക്തൻ, അധികാരി, ഗുരു, അധ്യാപകൻ എന്നൊക്കെയാണ് അതിന്റെ അർത്ഥം. റമ്പാൻ എന്ന വാക്കിന് സന്ന്യാസി എന്നും ഒരർത്ഥമു്. അതിൽനിന്നാണ് സന്ന്യാസിനി എന്ന അർത്ഥത്തിൽ റമ്പാട്ടി, റബന്യാത്തി എന്നീ വാക്കുകൾ ഉായത്.

**റംലേത്തി (റംശേത്തി)** എ.ഡി. 1600 മുതൽ അടുത്തനാൾവരെ നമ്മുടെ അൾത്താരകളെ മനോഹരമാക്കിയിരുന്നത് റംലേത്തികളായിരുന്നു. മരപ്പലകയിൽ കൊത്തിയെടുത്ത് സ്വർണ്ണം പൂശിയ (പൊൻ സുരാലിച്ച) റംലേത്തികൾ അഥവാ പൂച്ചെുകൾ. സ്റ്റീൽ പൂപ്പാത്രങ്ങളും പ്ലാസ്റ്റിക് പൂക്കളും വന്നപ്പോൾ അവ അപ്രത്യക്ഷമായി. ചുരുക്കം ചില പഴയ ദേവാലയങ്ങളിൽ അവ ഇപ്പോഴും സൂക്ഷിച്ചിട്ടു്.

**റവറെൻഡ്** 15-ാം നൂറ്റാു മുതൽ യൂറോപ്യൻ വൈദികരുടെ പേരുകളോടുകൂടി ബഹുമാനസൂചകമായി ചേർത്തുവരുന്ന പദമാണ് റവറെൻഡ് (Reverend). ലത്തീനിൽനിന്നാണ് ഈ വിശേഷണം ഇംഗ്ലീഷിലേക്കു വന്നത്. ലത്തീനിൽ 'റെവെരന്തൂസ്' (Reverendus) എന്ന വിശേഷണത്തിന് ബഹുമാനിക്കത്തക്ക, ആദരിക്കത്തക്ക, അത്ഭുതം ജനിപ്പിക്കുന്ന എന്നൊക്കെയാണർത്ഥം. ലത്തീനിൽ 'റെവെറെൻദിസീമൂസ്' (ഏറ്റവും ബഹുമാനപ്പെട്ട) എന്നാണ് സാധാരണ പറയാറ്. റെവറെൻഡ് എന്ന പദത്തിന്റെ ചുരുക്കെഴുത്താണ് Rev (റവ. എന്നു മലയാളത്തിൽ).

**റാദ (റാസ)** റാദ എന്നാണ് പ്രദക്ഷിണത്തിനു പറഞ്ഞിരുന്നത് (ഉദയംപേരൂർ സൂനഹദോസ് കാനോന 7.19). 'ത'കാരത്തെ 'സ'കാരമാക്കുന്നവർ റാസയെന്നു ഉച്ചരിക്കുന്നു. വടക്കൻ കേരളത്തിലും ഈ റാദ എന്ന പദമു്. 'റാദ എഴുന്നള്ളത്തം' എന്നു ശൈലി ഗുർട്ട് നിഘുവിലു്. സുറിയാനിയിലെ റേയ്ദ എന്ന വാക്കിൽനിന്ന് റാദ എന്ന വാക്കുായി. ധാതു റ്ദാ എന്നാണ്. നടന്നു, പുറപ്പെട്ടു, ഒഴുകി, യാത്ര തിരിച്ചു, പതിവായിത്തീർന്നു എന്നൊക്കെ ഇതിനർത്ഥമു്. രഹസ്യക്കുർബാന എന്നർത്ഥമുള്ള റാസ എന്ന പദമല്ലിത്. (റാസ എന്ന പദം കാണുക).

**റാസ** സുറിയാനിയിൽനിന്നു മലയാളത്തിലേക്കു വന്ന റാസ എന്ന പദത്തിന് രഹസ്യം എന്നാണ് അർത്ഥം. കുർബാനയക്ക് റാസ എന്നു പറയും. കിഴക്കൻ സഭകളിൽ കുർബാനയുടെ രഹസ്യാത്മകതയ്ക്ക് കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. സാധാരണ കുർബാന, ആഘോഷപൂർവകമായ കുർബാന, റാസ എന്നിങ്ങനെ മൂന്നു രൂപങ്ങളാണ് സുറിയാനി കുർബാനയ്ക്കുള്ളത്. റാസക്കുർബാനയ്ക്ക് കാർമ്മികനും നാലു സഹായികളും വേണമെന്നാണ് വ്യവസ്ഥ.

**റീത്ത് (രീതി)** മലയാളത്തിലെ റീത്ത് എന്ന വാക്ക് 'റീത്തൂസ്' (Ritus) എന്ന ലത്തീൻ വാക്കിൽനിന്നുായതാണ്. അംഗീകൃത മതാനുഷ്ഠാനരീതി എന്നാണ് അർത്ഥം. കിഴക്കൻസഭകളിൽ അലക്സാൻഡ്രിയൻ, അർമ്മേനിയൻ, കൽദായ, ബൈസന്റൈൻ എന്ന അഞ്ചു പ്രധാന റീത്തുകളും അവയ്ക്കെല്ലാംകൂടി 20 ഉപവിഭാഗങ്ങളുമു്. ലത്തീൻ, സുറിയാനി, ഗ്രീക്ക് മുതലായി അനേകം ഭാഷകൾ ഇവയിൽ ഉപയോഗിക്കുന്നു. മതാനുഷ്ഠാന സമ്പ്രദായങ്ങൾ, ഭാഷ, ആചാരങ്ങൾ മുതലായവയിലുള്ള വൈവിധ്യമാണ് റീത്തുകളുടെ അടിസ്ഥാനം.

**റേന്ത** മാല, മാലപ്പണി എന്നൊക്കെ അർത്ഥമുള്ള പോർത്തുഗീസ് പദമാണ് റേന്ത. അലങ്കാരത്തിനുവേി വസ്ത്രങ്ങളുടെ അരികുകളിൽ തയ്ച്ചു പിടിപ്പിക്കുന്ന നൂൽപ്പണിയാണിത്.

**റൈറ്റ്** ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കു വന്ന ഒരു പദമാണ് റൈറ്റ് (Right). മെത്രാന്മാരുടെ പേരുകളോട് 'മാർ' എന്നതിനു പകരം റൈറ്റ് റെവറൻഡ് (Rt. Rev. എന്നു ചുരുക്കെഴുത്ത്) എന്നു കൂട്ടിച്ചേർക്കുക ഈ നൂറ്റാിൽ തുടങ്ങിയ സമ്പ്രദായമാണ്. റൈറ്റ് എന്ന പദത്തിന് വളരെ, എത്രയും, യഥാർത്ഥത്തിൽ എന്നൊക്കെയാണ് അർത്ഥം കല്പിക്കുന്നത്.

**വ്യക്തികളുടെ പേരും ക്രൈസ്തവസ്വാധീനവും**

കേരളത്തിലെ ക്രൈസ്തവരുടെ സാംസ്കാരികമുദ്രകൾ എടുത്തുകാട്ടുന്നതാണ് അവർ അനന്തരതലമുറയ്ക്കു നൽകിവരുന്ന പേരുകൾ. ഒരു സമൂഹത്തിന്റെ സാംസ്കാരിക തനിമ പേറുന്ന അടയാളങ്ങളാണ് വ്യക്തികൾക്കു നൽകുന്ന പേരുകൾ. കേരളത്തിലെ ക്രിസ്ത്യാനികൾ ഒരു കുട്ടി ജനിച്ചുകഴിഞ്ഞാലുടൻ ഓമനപ്പേരിടുന്ന പതിവു്. ആ ഓമനപ്പേര് ബന്ധുക്കളും ചാർച്ചക്കാരും വീട്ടിൽ വിളിക്കുന്നതിന് ഉപയോഗിക്കുന്നു. എന്നാൽ ജ്ഞാനസ്നാനവേളയിലാണ് കുട്ടിക്കു യഥാർത്ഥ പേരിടുന്നത്. ആദ്യത്തെ കുട്ടിക്ക് പിതാവിന്റെ മാതാപിതാക്കളുടെയും രാമത്തെ കുട്ടിക്ക് മാതാവിന്റെ മാതാപിതാക്കളുടെയും പേരി

ടുക എന്നത് സർവ്വസാധാരണമായ ഒരു നടപ്പുരീതിതന്നെയാണ്. തുടർന്നു ജനിക്കുന്ന കുട്ടികൾക്ക് അമ്മാവന്മാരുടെയും അമ്മായിമാരുടെയും ഒക്കെ പേരിടുകയാണ് പതിവ്. ബൈബിളിന്റെ സ്വാധീനവും സുറിയാനിപ്പാരമ്പര്യവും പേറുന്നവയാണ് ക്രൈസ്തവപേരുകൾ എല്ലാംതന്നെ. മിക്ക ബൈബിൾനാമങ്ങളും മലയാളീകരിക്കപ്പെട്ടുവെന്നത് കേരളീയ ക്രിസ്ത്യാനികളുടെ തനിമയെ എടുത്തുകാട്ടുന്നു. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

അബ്രഹാം – ഏബ്രഹാം, അവിരാ, ഔരാ, അവറാൻ, അവറാച്ചൻ, അബു, ഇട്ടിയവിരാ, ഇട്ടിച്ചെറിയ

ഈശോ – കോശി, കോശിച്ചൻ, കോഷി, കൊച്ചുകോശി, കുഞ്ഞോയി

യാക്കോബ് – യാക്കൂബ്, ജേക്കബ്, ജെയിംസ്, ജിം, ചാക്കുണ്ണി, ചാക്കോ, ചാക്കോച്ചി, ഇക്കാക്കൊ, കുഞ്ചാക്കോ, ചാക്കപ്പൻ

യോഹന്നാൻ – ജോൺ, യൂഹാനോൻ, ജോണി, ജീൻ, ജോഹാനസ്, ഐവൻ

ജോസഫ് – യൗസേഫ്, ഔസേഫ്, ജോസേഫ്, ഏപ്പ്, പാപ്പൂട്ടി, ജോസീഫ്, ഔതേപ്പ്, ഉതുപ്പ്, ഇട്ടൂപ്പ്, ജോസി, ജോസ്, ജോഷി

ബെന്യാമിൻ – ബെഞ്ചമിൻ, ബെൻ, ബെന്നി,

പോൾ – പൗലൂസ്, പാവുളൂസ്, പൈലോ, പൈലി, പൗലോച്ചൻ, കുഞ്ഞിപ്പാലു, പാവു

പീലിപ്പോസ് – ഫിലിപ്പ്, പീലി, പോത്തൻ,

സ്കറിയ – സക്കറിയാസ്, സഖറിയ, ചെറി, ചെറിയാൻ, റപ്പായി, ചേറുണ്ണി, കറിയാച്ചൻ

ഇസഹാക്ക് – ഐസക്ക്, ഇത്താക്ക്, ഇസ്താക്ക്

സ്റ്റീഫൻ – സ്തേഫാനോസ്, സ്തെഫനാസ്, സ്റ്റെഫാൻ, എസ്തഫാൻ, പുന്നൂസ്, എത്താപ്പൻ, ഇത്താപ്പിരി

തൊമ്മൻ – തോമസ്, തൊമ്മി, തൊമ്മിച്ചൻ, ഉമ്മൻ, ഉമ്മുമ്മൻ, കൊച്ചുമ്മൻ

ചാഠി – അലക്സാർ, അലക്സന്ത്രയോസ്, അലക്സ്, അലക്സിയോസ്

മത്തായി – മാത്തച്ചൻ, മാത്തൻ, മാത്തു, മത്ത, മത്തിയാസ്, മാത്യു

ഗീവർഗീസ് – ജോർജ്ജ്, കീവറീത്, വർഗീസ്, വർക്കി, കോര, കോരൂത്, വറീത്, വാറുണ്ണി, വാറപ്പൻ

ബഹനാൻ – നൈനാൻ, നൈനാ, നൈനാച്ചി

മിഖായേൽ – മൈക്കിൾ

ഇയ്യോബ് – ജോബ്, ജോബി, ഈപ്പൻ, ഐപ്പ്, ഇക്കോച്ചൻ, ഇയ്യുണ്ണി, ഇട്ടൂപ്പ്

ആണ്ടുവട്ടത്തിലെ എല്ലാ ദിനങ്ങൾക്കും വിശുദ്ധന്മാരും വിശുദ്ധമതികളുമുണ്ട്. ലത്തീൻ കത്തോലിക്കർ ജന്മദിനത്തിന്റെ കാവൽപിതാവായ വിശുദ്ധന്റെ/വിശുദ്ധയുടെ പേര് സ്വീകരിക്കുകയാണ് പതിവ്. ക്രിസ്തുവിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് അവരുടെ ക്രിസ്തീയസ്വത്വം വെളിവാക്കുന്നതിനുവേണ്ടി സ്നാപനസമയത്ത് ക്രിസ്ത്യൻ പേരുകൾ നൽകുന്നു. എൽ.എം.എസ്. മിഷണറിമാരാണ് ഇപ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ചവർക്ക് ഇംഗ്ലീഷ് പേരുകൾ നൽകിത്തുടങ്ങിയത്. ക്രിസ്തീയ ആശയങ്ങൾ പകരുന്ന പേരുകളും നൽകാറുണ്ട്: ഇമ്മാനുവൽ, കുറിയാക്കോസ്, ഗബ്രിയേൽ, ഏലി.

സുവിശേഷങ്ങളിൽ പ്രഖ്യാതമായ ക്രിസ്തുവിന്റെ പേരുകളും നൽകിവരുന്നു.

ഇമ്മാനുവൽ (മാണി),

ഈശോ (ഈശോക്കുട്ടി, കുഞ്ഞീശോ)

ക്രിസ്തു (ക്രിസ്തുദാസ്, ക്രിസ്റ്റീന)

യേശു (യേശുദാസ്)

എന്നാൽ യേശു എന്നോ ക്രിസ്തു എന്നോ മാത്രം വിളിക്കാറില്ല.

ക്രിസ്തുവിന്റെ അപ്പസ്തോലന്മാരുടെ പേരുകളും നൽകിവരുന്നു.

ശീമോൻ, സൈമൺ, പത്രോസ്, പീറ്റർ, ചുമ്മാർ

അന്ത്രയോസ് (ആൻഡ്രൂസ്, അപ്പായൻ, അന്ത്രപ്പേർ)

യാക്കോബ് (ജെയിംസ്)

യോഹന്നാൻ (ജോൺ, ജോൺസൺ, ഓനൻ, ലോനൻ, ലോനപ്പൻ)

ഫിലിപ്പോസ് (ഫിലിപ്പ്)

ബർത്തലോമായി, തോമസ്, മർക്കോസ് (മാണി), മത്തായി (മാത്യു), തദ്ദായി (തദേവൂസ്), യൂദാ

ഇവയിൽ ബർത്തലോമായി, തദ്ദായി, യൂദാ എന്നീ പേരുകൾ സാധാരണയായി നൽകാറില്ല. വീട്ടുപേരും പിതാവിന്റെ പേരും ചേർത്താണ് പേരു പൂർണ്ണമാക്കുക. ഉദാ: പതാലിൽ സ്കറിയാ മറിയം – പി.എസ്. മറിയം

പാറയിൽ ജോർജ് മത്തായി – പി.ജി. മത്തായി. സ്ത്രീകൾക്ക് ജ്ഞാനസ്നാനസമയത്ത് നൽകുന്ന

പേരിനോടൊപ്പം പിതാവിന്റെ പേര് ചേർക്കുന്നു. വിവാഹാനന്തരം ഭർത്താവിന്റെ പേരും ചേർക്കുന്നു. ഉദാ: മേരി ചാക്കോ ( മേരി സ്നാനസമയത്തു നൽകിയ പേര്, ചാക്കോ പിതാവിന്റെ പേരുമാകാം ഭർത്താവിന്റെ പേരുമാകാം).

പിതാവിന്റെ പേരും മാതാവിന്റെ പേരും ചേർക്കുന്ന പതിവുമു്. ഉദാ: എൽസബത്ത് മേരി മാത്യു

വൈദ്യൻ, പണിക്കർ, തരകൻ തുടങ്ങിയ സ്ഥാനപ്പേരുകളും നൽകിവരുന്നു. ഉദാ: വർഗീസ് വൈദ്യൻ/ മാത്യു പണിക്കർ/ തോമസ് തരകൻ/ മാമ്മൻ മാപ്പിള/ ചാക്കോ മുതലാളി.

ഹീബ്രു, ലാറ്റിൻ, ഗ്രീക്ക്, സുറിയാനി, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നിങ്ങനെ വിവിധ ഭാഷാപാരമ്പര്യങ്ങളിൽനിന്ന് ക്രിസ്ത്യൻ പേരുകൾ രൂപവ്യത്യാസങ്ങളോടെ കാണപ്പെടുന്നു്.

ഹീബ്രു: അന്ന (ഹന്ന) / ഇമ്മാനുവൽ/ എസ്തേർ/ ദാനിയേൽ/ ദീന

ലാറ്റിൻ: ആഗസ്/ അലക്സാർ/ ക്രിസ്റ്റബെല്ല/ ഡോമിനിക്/ തെരേസ/ ഫ്രാൻസിസ്.

ഗ്രീക്ക്: ഐറിൻ/

കുറിയാക്കോസ്– കോരൂത്/ കോര/ കുര്യൻ/ കുറു/ ഉക്കുറു

സുറിയാനി: തോമസ്, ദേവസ്യാ, ശോശന്ന

ഫ്രഞ്ച്: ആമി/ ആലീസ്/ ജൂലി/ ജോസഫിന/ ലിന (ഹെലൻ)

ക്രൈസ്തവരുടെ പേരുകൾ എല്ലാം ബൈബിളിൽനിന്നു സ്വീകരിച്ചവയാണെന്നു കരുതേതില്ല. ഏതദ്ദേശീയ ഭാഷയിൽനിന്നു സ്വീകരിച്ചവയും ു്. ഉദാ: ഉണ്ണി/ ഉണ്ണൂണ്ണി/ കുട്ടപ്പൻ/ കുഞ്ഞപ്പൻ/ കുഞ്ഞ്/ കുഞ്ഞൂഞ്ഞ്/ തങ്കച്ചൻ/ ജോയ്.

അമല/ അമ്മിണി/ ഓമന/ ഉഷ, ഗ്രേസി, കുഞ്ഞുമോൾ, തങ്കമ്മ, മിനി, രമണി, ലാലി.

കൊച്ച്, കുഞ്ഞ് എന്നീ വിശേഷണങ്ങൾ മുമ്പും അച്ചൻ എന്നു പിമ്പും ചേർത്ത് പേരുകൾക്കു രൂപം നൽകിയിരുന്നു. ആദ്യത്തേത് വാത്സല്യത്തെയും രാമത്തേത് ആദരവിനെയും കുറിക്കുന്നു.

കൊച്ച് + ചാി = കൊച്ചാി
കൊച്ച് + ഇട്ടി = കൊച്ചിട്ടി
കുഞ്ഞ് + അവിരാ = കുഞ്ഞവിരാ
കുഞ്ഞ് + ചാി = കുഞ്ഞുചാി, കുഞ്ചാി
കുഞ്ഞ് + കുട്ടി = കുഞ്ഞുകുട്ടി, കുഞ്ഞൂട്ടി
കുഞ്ഞ് + അച്ചൻ = കുഞ്ഞച്ചൻ
തൊമ്മൻ + അച്ചൻ = തൊമ്മച്ചൻ
മത്തായി + അച്ചൻ = മത്തായിച്ചൻ
നൈനാൻ + അച്ചൻ = നൈനാച്ചൻ
ചാക്കോ + അച്ചൻ = ചാക്കോച്ചൻ

ബൈബിളിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണ് സ്ത്രീകളുടെ പേരുകളും.

അമ്മ, കുട്ടി, മോൾ എന്നിങ്ങനെ അവയോടു വിശേഷണപദങ്ങളും ചേർക്കാറു്.

മറിയം – മറിയാമ്മ, മറിയക്കുട്ടി, മിറിയം, മേരി, മെറി, മെറീന, മെർലിൻ, മെയ്മോൾ

റാഹേൽ – റാഹേലമ്മ, റേച്ചൽ, റേയ്ച്ചി, റേമോൾ, റെജീന

എൽസബേത്ത് – ഏലിയാമ്മ, ഏലിക്കുട്ടി, കുഞ്ഞേലി, ഏലി, ലിസി, കൊച്ചേലി, എൽസി, എൽസ, ഇളച്ചാര്

സൂസന്ന – സൂസമ്മ, സൂസി, സൂസിക്കുട്ടി, സൂസൻ, സൂ, ശോശാമ്മ, ആച്ചി

ഹന്ന – അന്ന, അന്നമ്മ, അന്നാമ്മ, അന്നക്കുട്ടി, ആനി, ആൻ, ആൻസി, അനിത, അനീന, കുഞ്ഞാനി

റിബേക്ക – അച്ചാമ്മ, അക്കാമ്മ, അക്ക, റെപ്പുക, റീബ, റീബി

ഓരോ ക്രൈസ്തവസമൂഹത്തിലും വ്യക്തിനാമങ്ങളുടെ കാര്യത്തിൽ ശക്തമായ ഇഷ്ടാനിഷ്ടങ്ങളു്. ഉദാഹരണത്തിന് അഗസ്റ്റിൻ, സിൽവസ്റ്റർ, സെബാസ്റ്റ്യൻ, ത്രേസ്യ തുടങ്ങിയ പേരുകൾ കത്തോലിക്കർക്കു മാത്രമാണുള്ളത്. അവയിൽത്തന്നെ സിൽവസ്റ്റർ, ഗീൽബത്ത് എന്നിവ ലത്തീൻ കത്തോലിക്കർ ഉപയോഗിക്കുന്നവയാണ്. അച്ചൻ, അമ്മ, കുട്ടി, അച്ചി എന്നിവ ചേർന്നു വരുന്ന പേരുകൾ പൊതുവേ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലാണ് ഉള്ളത്. കുടുംബനാമങ്ങൾ ചേർത്തു പേരിടുന്ന പ്രവണത കത്തോലിക്കാ വിഭാഗത്തിലാണ് ഏറെയും കാണുന്നത്. മാത്യൂസ് മാവേലി, ജോസഫ് തെക്കേച്ചെരുവിൽ, എബ്രഹാം നിധീരി, ജോവാൻ ചുങ്കപ്പുര തുടങ്ങിയ പേരുകളൊക്കെ ഇങ്ങനെ രൂപം പ്രാപിച്ചവയാണ്. ആധുനികകാലത്ത് ഈ പാരമ്പര്യങ്ങൾക്കെല്ലാം മാറ്റം വന്നുകഴിഞ്ഞു. പേരിന്റെ അടിസ്ഥാനതതിൽ ഇന്ന് ഒരു വ്യക്തിയുടെ ജാതിയോ മതമോ നിശ്ചയിക്കാൻ കഴിയാത്തവിധത്തിൽ മാറ്റങ്ങൾ വന്നുകഴിഞ്ഞു.

അനുബന്ധം രണ്ട്

# മാർഗംകളി ആട്ടപ്രകാരം

## (The Procedure of Margamkali)

മാർഗംകളിപ്പാട്ടിന്റെ പ്രതിപാദ്യം മാർത്തോമ്മായുടെ ഭാരതപര്യടനമാണ്. അത് പതിനാല് പാദങ്ങളിലായി വിഭജിച്ചിരിക്കുന്നു. അർത്ഥസൂചന ഇപ്രകാരമാണ്.

### വന്ദനഗാനം

മാർത്തോമ്മായുടെ ദേഹത്തിൽ ചാർത്തിയ വസ്ത്രവും അങ്കിയും മയിലിനോടൊത്ത ശരീരവും പിടിച്ചിരിക്കുന്ന വടിയും കയ്യും മെയ്യുമെല്ലാം എന്നന്നേക്കും വിരാജിച്ചുകൊിരിക്കെ, നമ്മുടെ ജനതയെല്ലാം ഈ പാരിൽ നീണാൾ വാഴട്ടെ.

വിനാശകാലാഗമം കൊ് അലഞ്ഞുതിരിയുന്ന നിന്റെ മക്കളെ നശിച്ചുപോകാതെ കാത്തു രക്ഷിക്കാനുള്ള കഴിവ് മാർത്തോമ്മായെ, അങ്ങ് പറഞ്ഞു തരിക. മലമുകളിൽ നിന്നു നമ്പൂതിരി അമ്പെയ്തിട്ടു മാറിയപ്പോൾ കാണപ്പെട്ടപോലെ തന്റെ മയിലിന്റെ പുറത്ത് കയറി നിന്ന് അങ്ങയുടെ ആ നില്പ് ഈ  പന്തലിൽ ഞങ്ങൾക്കു കാണുമാറാകണം.

(വിജാതീയരുടെ ഉപദ്രവം അസഹ്യമായപ്പോൾ വിശുദ്ധ തോമ്മാശ്ലീഹാ (കൊല്ലത്തുനിന്നും) മൈലാപ്പൂരിലേക്കു പോയി. അവിടെയും സ്വസ്ഥത കിട്ടാതായപ്പോൾ മൈലാപ്പൂർ വനാന്തരങ്ങളിൽ അദ്ദേഹം അഭയം തേടി. ഒരിക്കൽ മയിൽവേട്ട നടത്തിക്കൊിരുന്ന ഒരു കാട്ടു വേടൻ ഒരു പാറപ്പുറത്തു ഒരുപറ്റം മയിൽ പക്ഷികൾ ഇരിക്കുന്നതു കു. നടുക്ക് ഒരു മനോഹരമായ മയിലും. ആ മയിലിനു നേരെ വേടൻ അമ്പെയ്തു. മുറിവേറ്റ ആ മയിൽ ആകാശത്തിലേക്കു പറന്നുയർന്നു. എങ്കിലും പെട്ടെന്ന് അത് മനുഷ്യരൂപം പ്രാപിച്ചു നിലംപതിച്ചു. ആ ദേശത്തെ ഭരണാധികാരി ചരമഗതി പ്രാപിച്ച മനുഷ്യനെ തിരിച്ചറിഞ്ഞു. ആ മനുഷ്യൻ മാർത്തോമ്മാ ആയിരുന്നു.)

ഈ സൂചിതകഥയാണ് ഇവിടെ അനുസ്മരിക്കുന്ന മയിലും മയിലാപ്പൂരും മാർത്തോമ്മായും എന്ന പ്രതിപാദ്യത്തിൽ പരാമർശിച്ചിട്ടുള്ളത്.

പട്ടും പണിപുടവയും പവിഴമാലയും മുത്തുമാലയും കൊ് അലംകൃതമായ കളിപ്പന്തലിൽ മാർത്തോമ്മായുടെ സാന്നിദ്ധ്യമുാകട്ടെ. അലങ്കരിക്കപ്പെട്ട ഈ പന്തലിൽ മാർത്തോമ്മാ വന്നു (നമുക്കേവർക്കും) അനുഗ്രഹമുാകട്ടെ.

### ഒന്നാം പാദം

സർവേശ്വരന്റെ തിരുമുമ്പാകെനിന്നും മഹത്ത്വം. സ്നേഹത്താൽ ക്രിസ്തുമാർഗം വിളയുന്ന ഇസ്രായേലിൻ നാട്ടിൽ ത്രിയേകദൈവത്തിന്റെ കല്പനയനുസരിച്ച് പ പള്ളി പണിയണമെന്ന് ആഗ്രഹിച്ച സ്ഥലത്ത് (ദാവീദു പണിയുവാൻ ആഗ്രഹിച്ച ദേവാലയമാണ് സോളമൻ പണികഴിപ്പിച്ചത്.) ആദ്യമായി സോളമൻ നിർമിച്ച കർത്തൃഭവനത്തെക്കുറിച്ചു പറഞ്ഞുകേട്ടറിഞ്ഞ ചോഴമണ്ഡലാധിപൻ ചോഴപ്പെരുമാൾ – (ഗുാഫോറസ് രാജാവ്) അതുപോലൊന്ന് നിർമിക്കണമെന്ന് തീരുമാനിച്ചു.

**രാം പാദം**

രമ്യഹർമ്യം നിർമിക്കണമെന്ന് തീരുമാനിച്ചുറച്ച ചോഴരാജൻ പെട്ടെന്ന് മന്ത്രിയായ ഹാബാന് കല്പന കൊടുത്തു.

തേനും പാലുമൊഴുകുന്ന ഒരു നാട്ട്. ദൈവത്തിന്റെ നഗരമാണ് ആ നാട്. അതിനെ വെല്ലാൻ വേറെ നാടില്ല. അതിനെ ദൈവത്തിന്റെ ആവാസഭൂമി എന്നു പറയാം. തെക്കുവടക്കായി പശ്ചിമദിക്ക് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഭൂവിഭാഗമാണത്. അവിടെ നീ ചെന്നിട്ട് ആകുലത വെടിഞ്ഞ് തച്ചന്മാരെ അന്വേഷിച്ചു നോക്കണം. കാണുന്നവർ അത്ഭുതപ്പെട്ടുപോകുമാറ് നീ വേത്ര ദ്രവ്യവും കയ്യിൽ കൊുപോവുക. ചോഴപ്പെരുമാളിന്റെ പേര് കപ്പരശ്. (അതിന്റെ ഗ്രീക്കു പേരായിരിക്കും ഗുദോഫോറസ്).

എന്നിങ്ങനെ പറഞ്ഞിട്ടു വേത്ര കനകനാണ്യങ്ങൾ കൊടുത്തു. അതു കേട്ടു ഹാബാൻ (ആയാൻ, ആവാൻ) സാദരം വേത്ര സന്നാഹങ്ങൾ കൂട്ടി അടുപ്പിച്ചു. ഒരാളേക്കൂടി കൂട്ടി. അനന്തരം ഇരുവരും കൂടി ആലോചിച്ച് ഒരു നിമിഷംപോലും കളയാതെ വഴിയാത്ര പുറപ്പെട്ടു.

**മൂന്നാം പാദം**

കരയും കടലുമൊരുപോലെ വഴിയാം വണ്ണം പരിപാലിക്കുന്ന ദേവാ, നീയാണ് എനിക്കാശ്രയം. കരുണാ സമുദ്രമേ, ഇക്കാര്യത്തേച്ചൊല്ലി കദനക്കടലിൽ നിപതിച്ചിരിക്കുന്ന എന്നെ കരകയറ്റണം. ഇപ്രകാരം പ്രാർഥിച്ചു സ്തുതിച്ചിട്ട് ആബാൻ കപ്പലിൽ കയറി. കാറ്റിന്റേയും ചുഴലിക്കാറ്റിന്റേയും ഉപദ്രവമേൽക്കാതെ കര ചേർന്നു. സഞ്ചരിച്ച് താൻ അഭിലഷിച്ച നാട്ടിൽ ആവാൻ ചെന്നു ചേർന്നു. അവിടെ തച്ചന്മാരെ അന്വേഷിച്ചു കുപിടിക്കുന്നതിനുള്ള വഴി ചോദിച്ചുകേട്ടു യുക്തരായ കൂട്ടാളികളോടു ചേർന്നു ജറുസലേമിൽ പ്രവേശിച്ചു. അവിടെ അവർ നടന്നുഴലുമ്പോൾ കർത്താവ് തെളിഞ്ഞു പ്രത്യക്ഷപ്പെട്ടു.

**നാലാം പാദം**

തങ്ങൾ എവിടെനിന്നാണെന്നും ആരാണെന്നും ആചാരവിധികൾ എന്തെന്നും അതിനുള്ള മുതൽ ഏതെന്നും അതിനുള്ള കാരണമെന്തെന്നും അവർ അറിയിച്ചു. ചോഴരാജാവിന്റെ കല്പനയനുസരിച്ച് അന്യൂനമായ പണികൾ നടത്തിത്തരാൻ കെല്പുള്ള ഒരു നല്ല ശില്പിയെ കാണാൻ ഇവിടെ വന്നുചേർന്നു. ആർക്കാണ് ഇതിനു കഴിവ് ഉള്ളതെന്നു അരുൾ ചെയ്യുക.

അതിനു ഏതു വഴിയാണു പോകേതെന്നും ഈ കഴിവുകൾ ഹേതുഭൂതനായിട്ടുള്ളവൻ ആരെന്നും സ്വയംഭൂവായ ശില്പിമാർ ഏതു ദിക്കിലാണെന്നും അവർ ചോദിച്ചു. അപ്പോൾ കർത്താവ് അവർക്കു ആനന്ദസന്ദായകമായ വൃത്താന്തം പറഞ്ഞു.

ഈ സ്ഥലത്തു നിന്ന് അരനാഴികയ്ക്കുള്ളിൽ ഞാൻ ഒരു ശില്പിയെ നൽകാം.

**അഞ്ചാം പാദം**

കല്ലും മരവും കനകവും വെള്ളിയും ചെമ്പും ഇരുമ്പും എന്നുവേ ഏതു പദാർഥങ്ങൾ കൊും മനസിനിണങ്ങിയ മട്ടിൽ വേ പണികൾ മഹത്തരമായി ചെയ്യുന്ന ഈ തച്ചന് തുല്യമായി മറ്റൊരു തച്ചനില്ല. അവൻ ചെയ്യുന്ന പണികൾക്കു അഴകിന് ഒരു മങ്ങലുമുായിരിക്കുകയില്ല. ഇപ്രകാരം സ്വാദിഷ്ടമനുസരിച്ചുള്ള ഉത്തരം അവരോട് കർത്താവ് അരുൾചെയ്യുമ്പോൾ സന്തുഷ്ടരായ വാനാരൂപികൾ നേരായ വഴിയിലൂടെ ഏദേസ്സായിൽ എത്തിച്ചേർന്നു.

തങ്ങൾക്കു തുണ തന്നെയായിട്ടുള്ളവനെ എടുത്തുകൊ് ആകാശമാർഗേണ വാനവദൂതന്മാർ ആ വഴി വന്നുചേർന്നു. അങ്ങനെ തച്ചനെന്നു തോന്നിക്കുംവിധം അരനാഴികയ്ക്കു മുൻപേ ഈ വിശ്വത്തെ ഇടം കൈത്തലത്തിലേന്തിയ വിധികർത്താവായ യേശുവിന്റെ സന്നിധിയിൽ തോമ്മാ വന്നുനിന്നു.

മാർത്തോമ്മായുടെ അങ്കിയും മയിലിനോടൊത്ത ശരീരവും പിടിച്ചിരിക്കുന്ന വടിയും കയ്യും മെയ്യുമെല്ലാം എന്നേക്കുമെ വിരാജിച്ചു കൊിരിക്കെ നമ്മുടെ ജനങ്ങളെല്ലാം ഇപ്പാരിൽ നീണാൾ വാഴട്ടെ.

**ആറാം പാദം**

താൻ ആഗ്രഹിച്ചു വന്ന വിദഗ്ധ തച്ചനെ കതിൽ ആത്മനിർവൃതികൊ ആവാൻ നാഥനോട് യാത്രാനുവാദം ചോദിക്കുകയും ക്രിസ്തുനാഥൻ തോമ്മായ്ക്ക് യാത്രാസന്ദേശം നൽകുകയും ചെയ്യുന്നു. അപ്പോൾ തോമ്മാ താൻ അഭിമുഖീകരിക്കാൻ പോകുന്ന പ്രതിബന്ധങ്ങൾ ഓർത്തു വിലപിക്കുന്നു.

**ഏഴാം പാദം**

ഹിന്ദുനാട്ടിലെ തകർന്ന കുടുംബബന്ധങ്ങളുടെ അനാചാരങ്ങളും മറ്റു ബുദ്ധിമുട്ടുകളും വിവരിച്ചുകൊ്, സുവിശേഷപ്രഘോഷണത്തിന് മറ്റു പ്രദേശങ്ങളിലേക്ക് രുപേരെ വീതം അയച്ച നാഥൻ തന്നെമാത്രം ഏകനായി വിടുന്നതിൽ തോമ്മാ പരിഭവം പ്രകടിപ്പിക്കുന്നു.

**എട്ടാം പാദം**

ഹിന്ദുനാട്ടിലും മനുഷ്യരും മൃഗങ്ങളും ് എന്ന് ഓർമിപ്പിച്ചിട്ട് "നീ ഏകനല്ല. ഞാൻ നിന്നോടുകൂടെയു്" എന്ന് നാഥൻ തോമ്മായ്ക്ക് ഉറപ്പു നൽകി ആശ്വസിപ്പിച്ചശേഷം ആവാനുമായി വാക്കുറപ്പിച്ച് ചിറ്റെഴുതി ഒരു വലിയ തുക പ്രതിഫലമായി വാങ്ങി തോമ്മായെ വിൽക്കുന്നു. തുക തോമ്മായെ ഏല്പിക്കുന്നു. ചോഴരാജസന്നിധിയിലെത്തി തോമ്മാ വരച്ച കൊട്ടാരത്തിന്റെ സുന്ദരമായ രൂപകല്പന ക് അത്ഭുതസ്തബ്ധനായ രാജാവ് കൊട്ടാര നിർമാണത്തിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യാൻ ആവാനോട് ആജ്ഞാപിക്കുന്നു. എന്നാൽ അക്കാര്യത്തിൽ ആരും ഇടപേടേന്നെും ആവശ്യമായ ഉപകരണങ്ങളുമായി താൻ ഒരു വർഷത്തിനകം തിരികെ വരാമെന്നും പറഞ്ഞ് ധനം മുഴുവൻ പാവപ്പെട്ടവർക്ക് ദാനം ചെയ്ത് തോമ്മാ യാത്ര പുറപ്പെടുന്നു.

**ഒമ്പതാം പാദം**

തോമ്മാ മാർഗം (സുവിശേഷം) അറിയിച്ചു നടക്കുന്നതിനിടയിൽ യഹൂദപ്രമാണിയായ പോളിന്റെ മകളുടെ വിവാഹത്തിൽ സംബന്ധിക്കുകയും അവനെ അനുഗ്രഹിക്കുകയും ചെയ്തതിൽ കോപിഷ്ഠനായ ഒരാൾ തോമ്മായുടെ കരണത്തടിച്ചയുടൻ ഒരു കടുവാ അയാളുടെ കൈ കടിച്ചു പറിച്ചുകൊ് ഓടുകയും ഒരു നായ് ആ കൈ തിരികെ കൊുവന്നത് തോമ്മാ കൂട്ടിയോജിപ്പിച്ചതു ക് ധാരാളമാളുകൾ മാനസാന്തരപ്പെട്ടു. തോമ്മാ പിന്നീട് കേരളത്തിൽ ഏഴു പള്ളികൾ സ്ഥാപിച്ചു. തോമ്മായെ വരുത്തി കൊട്ടാരം തീർക്കുവാൻ ആജ്ഞാപിച്ചപ്പോൾ അതിസുന്ദരമായ ഒരു കൊട്ടാരം രാജാവിനായി സ്വർഗത്തിൽ നിർമിച്ചിട്ടുന്നെു തോമ്മാ മറുപടി പറഞ്ഞു. രോഷംപൂ രാജാവ് തോമ്മാശ്ലീഹായേയും ആവാനേയും ജയിലിലടയ്ക്കുന്നു.

**പത്താം പാദം**

നിരാശനായ രാജാവ് രാജ്യഭരണം ഏറ്റെടുക്കാൻ സഹോദരനെ ക്ഷണിച്ചപ്പോൾ അയാൾ ഹൃദയവ്യഥയാൽ മരിക്കുന്നു. മാലാഖമാർ അയാളുടെ ആത്മാവിനെ സ്വർഗത്തിലേക്ക് ആനയിച്ചപ്പോൾ ചോഴരാജാവിന്റെ നാമം വഹിക്കുന്ന അതിമനോഹരമായ മന്ദിരം അയാൾ അവിടെ കാണുന്നു.

**പതിനൊന്നാം പാദം**

മരണമടഞ്ഞ രാജസഹോദരൻ ചിതയിൽ വയ്ക്കപ്പെടുന്നതിനു മുമ്പ് ഉണർന്നെഴുന്നേറ്റ് രാജാവിനെ ആലിംഗനം ചെയ്യുകയും സ്വർഗത്തിൽ താൻ ക അലൗകികദൃശ്യങ്ങൾ വിവരിക്കുകയും ചെയ്തപ്പോൾ പശ്ചാത്താപവിവശനായ രാജാവ് തോമ്മായുടെ മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്ത് ക്ഷമ ചോദിക്കുന്നു.

**പന്ത്രാം പാദം**

സംഭവിച്ചതു മുഴുവൻ അറിയാതിരുന്ന ജനങ്ങൾ രാജാവിനെ വഞ്ചിച്ച തച്ചനെ എങ്ങനെ ശിക്ഷിക്കണമെന്ന് ചർച്ച ചെയ്യുന്നതിനിടയിൽ തോമ്മാ ശാന്തനായി രാജകുടുംബാംഗങ്ങളോട് ദേവവചനം പ്രസംഗിക്കുകയും രാജാവും സഹോദരനും ആവാനും മറ്റ് ധാരാളമാളുകളും മാമോദീസാ സ്വീകരിക്കുകയും ചെയ്തു.

**പതിമൂന്നാം പാദം**

അത്ഭുതാവഹമായ വേഗത്തിൽ ധാരാളം മാനസാന്തരം നടത്തിയ തോമ്മായോട് എമ്പ്രാന്മാർക്ക് കോപമുാവുകയും ഒരു മതഭ്രാന്തൻ തോമ്മായെ കുന്തംകൊ് കുത്തി കൊലപ്പെടുത്തുകയും ചെയ്തു.

**പതിനാലാം പാദം**

ദൈവതിരുമനസ്സാൽ മാലാഖമാർ വി. തോമ്മായെ ചിന്നമലയിലേക്ക് മാറ്റുകയും അദ്ദേഹത്തിന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് ആവാഹിക്കപ്പെടുകയും ചെയ്തു.

**വന്ദനഗാനം**

മെയ്ക്കണിന്ത പീലിയും മയിൽ മേൽത്തോന്തും മേനിയും, തെയ് തെയ്
പിടിത്ത ദണ്ഡും കൈയ്യും മെയ്യും എന്നന്നേയ്ക്കും വാഴ്കവെ, തെയ് തെയ്
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ - തെയ് തെയ്
വഴികൂറായ് നടക്കവേ വന്തവരോ നാമെല്ലാം - തെയ് തെയ്
അഴിവുകാലം വന്നടുത്തു അലയുന്ന നിന്മകളെ - തെയ് തെയ്
അഴിവായ് വണ്ണം കാത്തരുളുവാൻ കഴിവുപേശുക മാർത്തോമ്മൻ, - തെയ് തെയ്
മലമേൽ നിന്നു വേദ്യനമ്പു ചാർത്തിമാറി എന്ന പോൽ - തെയ് തെയ്
മയിൽ മേലേറി നിന്ന നില കാണവേണം പന്തലിൽ - തെയ് തെയ്
പട്ടുടൻ പണിപ്പുടവ പവിഴമുത്തുമാലയും, തെയ് തെയ്
അലങ്കരിച്ച പന്തലിൽ വന്നുതക വേണം മാർത്തോമ്മൻ തെയ് തെയ്
അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർത്തോമ്മൻ - തെയ് തെയ്
അലങ്കരിച്ച പന്തലിൽ വന്നരുൾ തരേ (ണം മാർത്തോമ്മൻ)
താ കർകു തീത്തത്താ തിമൃതത്തെയ്

**ഒന്നാം പാദം**

*ആദിതാളം*

ത... മ്പു... രാൻ, ആൻ, മുമ്പാകെ, കെ...
കൊ.....പൂ..., പു...ക...ഴ്ച... ആ...
താ...ശി...യാൽ, ആൽ..മാ...ർഗം, അം..
വിളയും...ഉം, നാ...ട്ടിൽ.... ഇത തെയ് തെയ്
മൂവരൊരുവന്റെ കല്പന കൊ് തിത്തെയ് തെയ് താരാ
മുമ്പിനാലുായ പള്ളിയിടത്ത് ഇത തെയ് തെയ്
ആദിയെ മുമ്പു ശീലേമ്മോൻ ചമച്ച തീത്തെയ് തെയ് താരാ
ആലയം ഭാഷയിൽ കരോരു ചോഴൻ, ഇത തെയ് തെയ്
ആയതുപോൽത്തന്നെ നമുക്കുമിങ്ങ്, തിത്തെയ് തെയ് താരാ
ആദരാലൊന്നു ചമയ്ക്കവേ/ണം
താ കർകു തീ ത്തെയ്യ തീത്തെയ്
തക തെയ്യ ത്തെയ്

**രാം പാദം**

എന്നതുറച്ചുടൻ അൻപാൽ രാജൻ, ഏകിതുവേഗേന ആവാനോട്
തേനോടു പാലുമൊഴുകും നാട്
തേവരി പട്ടണമാകും ദേശം
തേറിയതിന്നു മേലില്ല ഭൂമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം
തെക്കുവടക്കൊരു പശ്ചിമ ദിക്ക്
ദണ്ഡനമസ്കാരം ചെയ്യും ഭാഗം
ആയിവിടത്തിന് നീ ചെന്നിട്ട്
ആകുലമെന്നിയെ തച്ചരെ നോക്ക്
കവരഞ്ചിത്തെളിയും പോലെ
കൊുപോകണം നീ വേും കോപ്പ്
കൂട്ടിയടുപ്പിച്ചൊരാളോടേകി
കൂടി നിരൂപിച്ചു വേും പോലെ
മാത്രയൊഴിയാതെ ചേർച്ചയാലെ
യാത്ര പുറപ്പെട്ടു നേർ വഴി/ക്കു
താ കർകു തീത്തെയ്യ തിത്തെയ്യ്
തക തെയ്യത്തെയ്യ്

**മൂന്നാം പാദം**

കടലും കരയുമൊരുപോൽ വഴിയാൽ - തെയ് തിത്തെയ്
കയ്യർ മരുവുന്നവനെ തുണ നീ, - തെയ് തിത്തെയ്
കരുണക്കടലേ കടലിൽ നിന്നെന്നെ - തെയ് തിത്തെയ്

കരകൊുതകേണം കാര്യമിതിനെ തെയ് തിത്തെയ്
ഇതുതരമായുള്ള വചനം ചൊല്ലി - തെയ് തിത്തെയ്
സ്തുതി ചെയ്തരുളാലെ കപ്പൽ കരേറി തെയ് തിത്തെയ്
കാറ്റോടു പെശറുകൾ മറുതലയാതെ - തെയ് തിത്തെയ്
കരചേർന്നരുളാൻ ഹിത - ”
തീയ്യം തീത്തീ തീത്തിത്തെയ് ”
കരചേർന്നരുളാൽ ഹിതമിയ നാട്ടിൽ ”
തീയ്യം തീത്തീ തീത്തിത്തെയ് ”
കരചേർന്നരുളാൻ ഹിതമിയ നാട്ടിൽ ”
പുക്കതിലാരായ്‌വാൻ നൽ ”
തീയ്യം തീത്തീ തീത്തിത്തെയ് ”
പുക്കതിലാരായ്‌വാൻ നൽ വഴികേട്ടൻപാൽ ”
തക്കവരോടു ചേർന്നു ”
തീയ്യം തീത്തീ തീത്തിത്തെയ് ”
തക്കവരോടു ചേർന്നണഞ്ഞു മഹോസ ”
ദിക്കു പൂക്കതിലവരുഴലുന്നപ്പോൾ (2) ”
തിറമൊടെ കർത്താവ് കാണകപ്പെട്ടു ”
തീത്തെയ്യ തീത്തെയ് തക തെയ്യത്തെയ്

**നാലാം പാദം**

*ആദിതാളം*

അരുൾ ചെയ്തിതാചാരമെങ്ങുനിന്നെന്നും, ഓ-തിത്തെയ്
ആരെന്നുമതെന്തെന്നും മുതലേതെന്നും ”
അതിനിഹകാരണമെങ്ങെയെന്നും ”
അതു പൊഴുതായവരറിയിച്ചപ്പോൾ ”
വിധമിത് നീയറിക അരചൻ ചോഴൻ ”
വിരവിലൊരാശാരി നല്ലോനെക്കാണ്മാൻ ”
വിനയറുമറ്റു പണികൾക്കെന്നാൽ ”
കഴിവതിനെവ്വനമെന്നരുൾ ചെയ്ക ”
കരുതിയതിന്നൊരു വിഴിയെ പോവാൻ ”
കഴിവതിനാരിതു കാരണമെന്നും ”
കൈ കരമില്ലാതുള്ള മനുവും ദിക്കിൽ ”
ഇവരിതു ചൊന്നതിനുത്തരമൻപാൽ ”
ഹിതം വരുമാറരുൾ ചെയ്തിതു മാറാൻ ”
ഇടമതിൽ നിന്നൊരുത/ച്ചനെ നൽകാം”
താ കർകു തീത്തെയ്യ തീത്തെയ്
തക തെയ്യത്തെയ്

**അഞ്ചാം പാദം**

മരമൊടു കല്ലുകൾ കനകം വെള്ളി
മനമിയലും പടി ചെമ്പുമിരുമ്പും
മറ്റും പലവക വേും പണികൾ
ഇന്തെയ് തത്ത
മരമൊടു ... പണികൾ, ഇന്തെയ് തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
മഹിമയൊടരിമകളെല്ലാം ചെയ്യും
മനുവിവ/തിത്ത ത്തകത ത്തികിതത്താം
തികിതക തകത ത്തികി തത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്
ഇന്തെയ്തത്താ
മഹിമയൊടരി മകളെല്ലാം ചെയ്യും
മനുവിവനെതിരില്ലൊരുവൻ തച്ചൻ
മറവില്ലേതും പണികൾ ക്കഴകാൽ, ഇന്തെയ്തത്താ
തത്തത്ത ത്തകത്തത്തേ കർകു
തിത്തെയ്തക തെയ് തെയ്താ
ഇത്തരമുത്തരമായുള്ള വചനം
ഇഛ വരും പടി കരുതിയുറച്ച്
തക്കിടക്കിടകിതായ്ക്ക തൊങ്കം
തക്കിട കിടതേ തരികിട കിടതേ
തക്കിത്തൊങ്കം ത്ളാങ്കു തരി കിണത്തോം ഇന്തെയ് തത്ത
ഇത്തര മുത്തരമായുള്ള വചനം
ഇഛ വരും പടി കരുതിയുറച്ച്
ഇവരോടിതമായരുൾ ചെയ്യുമ്പോൾ ഇന്തെയ്തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
ഇമ്പമോടരൂപികൾ തിരുമനസ്സാലെ
ഇയൽ വഴി/
തീ ത്തീ തെയ്യം തത്ത
തികു തീ തെയ്യം തത്ത
തീ ത്തെയ് തികു തെയ്
തീ തെയ് ഇത്താ തിത്താ
തിമൃത ത്തെയ് ഇന്തെയ് തത്ത
ഇമ്പമോടരൂപികൾ തിരുമനസ്സാലെ
ഇയൽ വഴിയെത്തിയണഞ്ഞു റൂഹായിൽ

ഇണതാനായോനെ എടുത്താകാശെ ഇന്തെയ്തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ്താ
ദൂതരോടൊരുമിച്ചവ്വഴി കൂടി
വിധമൊരു തച്ചനു സാദൃശ്യമായി
തീ ത്താം തിത്തത്താം
തീ ത്താം തിത്തത്താം
കർകു തിത്ത ത്താം കർകു തിന്തത്താം
കർകു തിത്ത ത്തത്താ തിത്താ
തിമൃതത്തെയ്, ഇന്തെയ് തത്താ
ദൂതരൊടൊരുമിച്ചവ്വഴി കൂടി
വിധമൊരു തച്ചനു സാദൃശ്യമായി
വിരവോടെ അര നാഴിക മുമ്പേ ഇന്തെയ് തത്ത
തത്ത ത്ത ത്തകതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
വിശ്വമിടങ്കയ്യിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
തക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തകത തകത തകത തീ
തിക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തികിത തികിത തികിത തീ
തിക്കിട കിടതകി തീ തകിതി തീ
തിക്കിട കിടതകി തീ തകിതി തീ
തക്കിട കിടതേ തിക്കിട കിടതേ
തക്കിട്ടേതാ ഇന്തത്താകിട
തെയ് തെയ് ഇത്തെയ് ഇന്തത്താകിട
തക്കിട കിടതകി തീ
വിശ്വമിടങ്കയ്യിലായ വനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
വിധിപോലെ വ(ന്നു നിന്നിതു തോമ്മാ)
താ കർകു തിത്തത്തത്താ തിമൃതത്തെയ്

**ആറാപാദം**

വിരവിലീ വരവുകാനന്ദിച്ചു
വിദഗ്ദനെന്നുറച്ചുള്ളിലാശകൊ്
വേന്ധ വരുത്തിയിതാവാനപ്പോൾ, ഇന്തെയ്തത്ത (2)

അതു നിജതിരുമനസ്സാദരാലെ
അറിഞ്ഞുടൻ ത്ധടുതിയിലാവാനോട്
അരുൾ ചെയ്തിതാ വന്നാശാരിയെന്ന് ഇന്തെയ് തത്ത
അവ്വനമരുൾ വഴി കേട്ടിട്ടാവാൻ
അതു തെളിവരചനിലായിക്കൊ്
അറിയിച്ചു യാത്ര കൽപ്പന വാചാൽ - ഇന്തെയ്തത്ത,
വചനമിതരുളിയതോർത്തു കേട്ടു
അകതാരിലിവരുടെ കോലം കു
വാക്കുവശത്താലുള്ളു ഞടുങ്ങി - ഇന്തെയ് തത്ത
വഴിങ്ങിയിതവനിൽ വീണു തോമ്മാ
വരുവതിൻ വിനകളിൽ കേണു നിന്നു
വലുതായിട്ടുള്ള / പീഡകളിതുപോൽ - ഇന്തെയ്തത്ത
താ കർകു തത്തോം തകതോം
തികി തക താ ഇത തെയ് തെയ്
തങ്ങും തിങ്ങും തതിം കിണ, തത്തോം
തകതോം തികി തക താ ഇത തെയ്തെയ്
തങ്ങും തിങ്ങും തതിം കിണതോം

**ഏഴാം പാദം**

എന്നെ നീ കാത്തല്ലോ ഏറ്റങ്ങളേശാതെ തെയ് തെയ്
എന്നതും പാഴായിട്ടേകുന്നു ദൈവമേ ” ”
ഹിന്തുവെന്നുള്ള നാടേറിയ സർപ്പങ്ങൾ ” ”
എന്നിവയെന്നിയെ ഏറ്റമാം ജന്തുക്കൾ ” ”
നാണമില്ലാതുള്ള നായനു ദിക്കിൽ ” ”
നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ ” ”
നാടെല്ലാം കാടെല്ലാം നായനെയെന്നെ നീ ” ”
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ ” ”
മാറാതെ ഹിന്തുവിൽ മാനുഷരല്ലല്ലൊ ” ”
മണ്ണിൽ മണ്ണുപോൽ മാറ്റമില്ലെങ്ങുമേ ” ”
മറ്റെല്ലാം നാടോടെ മാർഗങ്ങളെന്നല്ല ” ”
മക്കളെന്നൻപില്ല മാൽ ചെയ്യും തങ്ങളിൽ ” ”
മക്കൾക്കുമവ്വണ്ണം മനതാരിലില്ലല്ലൊ ” ”
മറ്റെല്ലാ നാട്ടിലും മാറാനേയീര് ” ”
മാറ്റവന്മാരെല്ലാ മാറാതെ പോകുന്നു ” ”
മാറാനെപ്പോലെന്നെ മായോനേ കല്പിച്ചൊ ” ”
മാറ്റവൻ കൂറ്റനായി മാലൊഴിപ്പോലില്ലെ ” ”
താ കർകു തീത്തത്താ തിമൃതത്തെയ് ” ”

**എട്ടാം പാദം**

എന്നിവയെല്ലാം കണ്ണുനീരാലെ തോമ്മായുണർത്തിച്ച നേരം തെയ്
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ പേർത്തരുൾചെയ്വാൻ തുടങ്ങി, - തെയ് തെയ്
നീയൊരുവൻ താനെന്നൊരു ചിന്ത ഉള്ളിൽ നിനക്കഴൽ വേ, - തെയ് തെയ്
നിന്നോടുകൂടെ ഞാനു് കൂട്ട് നീ പോകുന്നാടതിലെല്ലാം, തെയ് തെയ്
മാനുഷരല്ലാ ഹിന്തുവിലെന്ന് പാഴിൽ നിനക്കഴൽ വേ, തെയ് തെയ്
മാനുഷരെല്ലാം ജാതികളും പിന്നെ മാൽ ചെയ്യും ജന്തുക്കളല്ലോ, തെയ് തെയ്
നിന്നുടെ വാക്കും നിനവുകളും നോക്കും ഭാഷയറിഞ്ഞുതകിടും, തെയ് തെയ്
നിൻ നിനവെല്ലാമെൻ നിനവല്ലോ നീയുറയ്ക്കാകുലം വേ തെയ് തെയ്
എന്നതിനാലിപ്പോൾ ഞാനിന്നു നിന്നെയും വിറ്റുവിലവാങ്ങിയെന്നാൽ തെയ് തെയ്
ഏഴുമൊഴികളേതും തികപ്പാനായ് ചീട്ടുകൊടുക്കുന്നു വേറെ തെയ് തെയ്
ഈ മൊഴിയാവാൻ കേട്ടുടനൻപിൽ ആദി പെരിയോനെ നോക്കി, തെയ് തെയ്
ഈടേറ്റം കൊൾകാൻ കാശുകൊടുത്തു കയ്യെഴുത്തൻപോടെ വാങ്ങി, തെയ് തെയ്
ത്രീലോക നാഥൻ കാശെടുത്തമ്പാൽ തോമ്മാടെ പക്കൽ കൊടുത്തു, തെയ് തെയ്
തൃപ്തിവരുമ്പോലൻപാലരുൾ ചെയ്തു യാത്രാ വിധിച്ചഴകാലെ, തെയ് തെയ്

**ഒൻപതാം പാദം**

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനും തന്നുടെ മന്തിരിമാരും, തെയ് തെയ്
ചിന്ത തെളിഞ്ഞി...
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു ശരണമിതെന്ന്.. തെയ് തെയ്
ചൊല്ലിയൊരുപോൽ നടത്തി നടന്നിതു തോമമായരുൾ വഴി പോലെ, തെയ് തെയ്
ചോഴൻ പ്രകാശിക്കും നാടു കടന്നുടൻ മാർഗമറിയിച്ചശേഷം തെയ് തെയ്
പോലിന്റെ പുത്രിയെ വേളികഴിച്ചിതാമായൊരു കല്യാണം കൂടി തെയ് തെയ്
തിന്തുക നിന്ത ത്തെയ്
തിന്തക തിന്ത ത്തെയ്
തെയ് തെയ്ത തെയ്യ ത്തെയ്
കർകു താക തെയ്യത്തെയ്
കർകു തരികിട തിമൃത്തെയ്
പോരും വഴിക്കുള്ള വാഴ്വു കൊടുത്തതിനേതും തെളിഞ്ഞില്ലകാവ്യർ, തെയ് തെയ്
എന്ന നിമിത്തമായേകനടിച്ചിതു മാർത്തോമ്മാൻ തന്റെ കവളേൽ, തെയ് തെയ്
എത്തിയടിച്ചായവന്റെ വലത്തെ കൈ വ്യാഘ്രം കടിച്ചു തകർത്തു, തെയ് തെയ്
അന്നു പാണിയേയും നായ് കടിച്ചങ്ങനെ തൂക്കിയിവിടെ വരുത്തി, തെയ് തെയ്
തീ തിത്തി തീ തിത്തി തെയ് തെയ്
ഇപ്പടി കാരു പോലുമവനുടെ നാടതിലുള്ള ജനവും, തെയ് തെയ്
ഒത്തു നിരൂപിച്ച വിശ്വസിച്ചവൻ പോലെ മാമ്മോദീസായും മുഴുകി, തെയ് തെയ്
തിത്തീ തീ തീ ത്തീതി തീത്തീതി തീത്തിതി
തിത്തീ തീ തീത്തീ തീ തീ... തീ തെയ് തെയ്...

ഊരാളരോടറിയിച്ചതു മാർഗവും
കേട്ടവരായിതിലായി തെയ് തെയ്
കർകു തെയ്യ തിന്തക തിന്ത തെയ്
കർകു തെയ്യ തിന്തക തിന്ത ത്തെയ്

**പത്താം പാദം**

ഈവണ്ണം കെട്ടും കീഴായവാറെ
ഇവരെക്കൊവ്വണ്ണം വേണമെന്ന്
ഇൽ പെരുത്തു വിളിച്ചു ചോഴൻ
തമ്പിയെ തമ്പി വാ അണയത്തെന്ന്
തമ്പിയും താനുമായി വേുവോളം
കാര്യകാര്യങ്ങളെ ചിന്തിക്കുന്നു
അല്ലലായ് രാജനീവണ്ണം ചൊന്നാൽ
എന്നുടെ തമ്പി നീ കേൾക്ക വേണം
തരമിപ്പോൾ നമ്മുടെ വാഴ്ചക്കാലം
പെട്ടപോൽ പെട്ടിട്ടില്ലാർക്കും മുമ്പേ
നാടുവാഴുന്ന നൃപന്മാർക്കാർക്കും
നാണക്കേടിതുപോലെ വന്നിട്ടില്ല
നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
തമ്പി നീ വേും പോൽ പരിപാലിക്ക
അന്നേരം തമ്പിയും അല്ലലോടെ
അത്തൽ പെട്ടൊരു ദണ്ഡം ഉള്ളിലായി
അന്നുതന്നെയാദിയായ് ദണ്ഡങ്ങളും
ചിക്കനെ ചേർന്നു വശം കെട്ടുള്ളിൽ
ആരുളാലെ നാൾതോറും വർധിച്ചേറി
ആത്മാവു മാലാഖമാരെടുത്ത്
ആകാശെ കൊങ്ങു ചെന്ന നേരം
ചോഴന്റെ പേർക്കില്ലം കുറിയിൽ കു
അക്കുറി വായിച്ച് അറിഞ്ഞശേഷം
അകം പൂക്കു കതവനിൽ നിന്നെല്ലാം
അമ്പോടെ മൂന്നിനുമിമ്പം പോലെ
ആവോളം തരമുe പേർത്തു ചൊൽവാൽ
മാനുഷജാതിക്കകപ്പെടുന്നു
മാലെല്ലാമതു ചെന്നുകാൽ തീരും
മതിപോരും രാജാക്കൾ വാഴും കോയിൽ
എന്നെല്ലാം നന്നായിക്കാൊരാത്മം
തിത്തീ തീത്തെയ്

**പതിനൊന്നാം പാദം**

ആനന്ദം വരുമാറു മാലാഖമാർ തീ തെയ് തെയ്താരാ
ആകാശെ നിന്നിങ്ങു ലോകം ചേർന്നു തെയ് തിത്തെയ് തീ തെയ്കത തെയ്യ തെയ്
ആചാര ജഡരമടക്കും പോലെ, തീ തെയ് തെയ്താരാ
ആകയാൽ കൂടി പൊതിയുന്നപ്പോൾ തെയ് തീ തെയ് തീത്തെയ് തക തെയ്യ തെയ്
ആത്മാവും ജഡരത്തിൽ പൂരിച്ചുടൻ, തീ തെയ് തെയ്താരാ
ആലസ്യം കൂടായുർത്തു രാജൻ തെയ് തീത്തെയ് തീ തെയ്ക ത്തെയ്യത്തെയ്
ആരുയിരിയോനെ സ്തുതി ചെയ്തവൻ, തീ തെയ്തക ത്തെയ്യത്തെയ്
അതു പൊഴുതണ്ണന്റെ മുമ്പിൽ ചെന്നു " "
ആദരാൽ നിന്നവൻ കൈകൾ കൂപ്പി " "
അതുനേരം വന്നിങ്ങണഞ്ഞു ചോഴൻ " "
ഇഛയാലോർത്തു തഴുകിക്കൊ് " "
തെയ് തീത്തെയ് തീതെയ് തക തെയ്യതെയ് " "
കീർത്തിച്ചു വഴിപോലറിയിച്ചാറെ " "
കൃത്യമിതെല്ലാവർക്കും വേണമെന്ന് " "
കീർത്തിയാൽ ചെന്ന് വിലങ്ങും വീട്ടിൽ " "
കഷ്ടങ്ങൾ ദുഷ്ടർക്ക് പെട്ടപോലെ " "
തെയ് തീത്തെയ് തീതെയ് തക തെയ്യതെയ് " "
പെട്ടൊരു മുനിവരൻ തന്നെക്ക് " "
കാക്കൽ വീണഴുതു പിഴയും ചൊല്ലി " "
കുമ്പിട്ടു നിന്നവൻ കെട്ടും നീക്കി " "
തെയ് തീത്തെയ് തീത്തെയ് " "
തക തെയ്യത്തെയ് " "

**പന്ത്രാം പാദം**

കൊു നടക്കുന്ന നേരം പലരും തീ തെയ് തെയ് താരാ
കോയിക്കലൊതു കാണ്മാനിതെന്നും
കൊക്കുല ചെയ്വേനെന്നും ചിലർ
തല്ലിമുറിച്ചുതച്ചീടുവാനെന്നും
താമസമില്ലിപ്പോളറിയാമെന്നും
പോരുമീച്ചോരന്റെ പണികളൊന്നും
പോരുവീനെന്തു നമുക്കിതിലൊന്നും
പോകാതെ നിന്നുനില്ലെന്നും ചിലർ
ഇത്തരമോരോന്നു കവരോരോ
വിസ്താരമായവർ ചൊല്ലുനേരം
കൊക്കുല ചെയ്വാനിതെന്നും ചിലർ തീ തെയ് തെയ്താരാ
കൊല്ലാതെ കൊുപോയികളവാനിതെന്നും തീ തെയ് തെയ്താരാ
അങ്ങനെ മനുഷർ പേശുന്നേരം " "
വേും തരമുള്ള സ്നേഹങ്ങളാലെ " "
കൊു ചെന്നവരെ കോവിലകത്ത് " "

ഗോപുരമേറ്റിയിരുത്തുന്നേരം " "
രോഷമൊഴിഞ്ഞു ശ്ലീഹൻ തോമ്മാ " "
കോളതിലില്ലാതെ പ്രിയമുറച്ചു " "
ചൊല്ലിയറിച്ചറിഞ്ഞവർ മാർഗം " "
ചോഴരിരുവരും ആവാനും പിന്നെ " "
മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം " "
ഘോഷമൊഴിയാതെ മറ്റുപലരും " "
ആവോളം നല്ല ബഹുമാനത്താലെ " "
സന്തോഷമായൊരു മാമ്മോസായും " "
മൂവരൊരുമയാലൊത്തു മുഴുകി " "
മൂടലൊഴിഞ്ഞവർ മാർഗമെടുത്തു " "
തെയ് തീത്തെയ് തീത്തെയ് " "
തക തെയ്യത്തെയ് " "

**പതിമൂന്നാം പാദം**

മാണിക്കക്കല്ലായ മാർഗം നാളിൽ നാളിൽ തെളിയുന്നു
മറ്റാറ്റുള്ള നിവ്യാളന്മാർ മെല്ലെമെല്ലെച്ചവളുന്നു
മാമ്മോദീസാ മുഴുകുന്നവരും നാളിൽ നാളിൽ പെരുകുന്നു
മാർഗം നേടാക്കാവ്യരെല്ലാം കണക്കാണക്കുറയുന്നു
ലോക വീതി നീളെ മാർഗമേറിയേറ്റം വളരുന്നു
ലൗകികങ്ങൾ നീളെ നീളെ ചൊല്ലിപ്പലരും ചേരുന്നു
എന്നതിനാലെമ്പ്രാന്മാരുമേറിയേറ്റം മുതിരുന്നു
എങ്ങുമൊക്കെ മാർത്തോമ്മാനെ തേടിക്കാണാഞ്ഞുഴലുന്നു
കില്ലെന്നു ചൊല്ലുന്നവരെ കാലധികം ചീറുന്നു
കുകൊു ചൊല്ലാഞ്ഞിഷ്ടന്മാരോടൊക്കെ ചീറുന്നു
അക്കാലത്തിൽ മാർത്തോമ്മാനും ദൈവകൃത്യാലൊരു കാവിൽ
ആ വഴിക്കു പോവാനായി ചെന്നുകവരതുനേരം
കണ്ണിമാരിടയിലൊക്കെ കൂടിച്ചേർന്നവരൊരുപോലെ
കാരിരുളിലായ പഞ്ചമഞ്ചം തെളിവാൽ ചൊല്ലുന്നു
കുമ്പിടു നീ കാളിയാരെ കൂപ്പിക്കൈകളടി വീണാൽ
കുട്ടിത്തരാം പായസവും തിന്നു കൊു വഴിപോക
എന്നനേരം മാർത്തോമ്മാനും കോപിച്ചവരോടു ചൊല്ലുന്നു
എന്നനേരം മാർത്തോമ്മാനും ചൊല്ലി മനസ്സില്ലെന്ന്
എന്ന തെന്ന്യെ കുമ്പിടുകിൽ തീവീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും കളിയാരെ ഒരു നാളും
ദീനമേറിയുള്ളവനും തീയോടേറ്റം തീാതെ
സീമകൂടാതോരോ കൂട്ടമോർത്തു കേട്ടു കോപിച്ചു
തീയിൽ വേകുന്നേകൻ ചാടി പേശ വേ മാർവ്വത്ത്
പൂു നീ മൂർച്ചക്കോലും വാങ്ങി നിന്നങ്ങോങ്ങുമ്പോൾ
ഭൂമിവാനം തേടിയോനെ കാണ്മാറായി മുമ്പാകെ
തിത്ത ത്തകത തികിതത്താം

തികിതിക തകത തികിതത്താം
കർകു തിത്തത്താം കർകുതിന്തത്താം
കർകു തിത്ത ത്തത്താ തിത്താ തിമൃതത്തെയ്

**പതിനാലാം പാദം**

മനഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ, ഇത തീത്തീതെയ്
മറുതലനെറി കടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ, ഇത തീത്തീത്തെയ്
കൈകൊ വരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കെ ഇത തീത്തീത്തെയ്
കരുണയോടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമസ്സിതു പരിചേ ഇത തീത്തീത്തെയ്
നലമൊടു പലവക കിന്നരമഴകാൽ
നന്തുനീയും കഴൽ പലതരമേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലുക്കുകൾ പുലമ്പിതേ
തീത്തീത്തികതക തീത്തീത്തെയ്
ഉടമ്പിൽ നിന്നുയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചെ
ഇത തീത്തീതെയ്
ഉടമയിലുടയവനുടമ്പെഴുത്തഴകാൽ
നന്മനിറഞ്ഞൊരു പള്ളിയിലെ ഇത തീത്തീത്തെയ്
വച്ചിതു ധനമിതു മകളുമനുദിനം
അരുളു വഴിക്കു നടപ്പവരെ
തീത്തീത്തകതക തീത്തീത്തകത
തീത്തീത്തകത തീത്തീത്തെയ്
വൻവിനയൊഴിയപ്പെരിയവനരുൾ വഴി
തിറമൊടു തേടിപ്പുലരാമെ
തീത്തീത്തകതകത തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
തിത്തത്തകത തികിതത്താം
തികിതത തകത തികിതത്താം
കർകു തിത്തതാം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്

അവലംബം: ഡോ. ജേക്കബ് വെള്ളിയാൻ. ഡോ.ചുമ്മാർ ചൂൽ, മാർഗംകളി ആട്ടപ്രകാരം, ഹാദൂസാ അഖിലേന്ത്യ ക്രൈസ്തവ കലാകേന്ദ്രം, തെള്ളകം, 2015.

അനുബന്ധം മൂന്ന്

# പാണൻപാട്ടിലെ ക്നായിതോമ്മാ

## (Thomas of Cana in Panampattu)

1. ചേരാം പെരുമാൾ തമ്പുരാനുമേ
ക്നായ് നല്ല തൊമ്മച്ചനുമെ
അവൻ തമ്മിളില് വാണിരുന്ന

4. കാലമിപ്പോൾ പാടുന്നല്ലോ
**നാങ്കു പരിഷ നാടുവിടുന്നു** (252 കാണുക)
നാങ്കു പരിഷ (പെണ്ണിനെയൊന്ന്)

6. വെളുത്തേടൻ താൻ കൈപിടിച്ചു

6. ആ മൂലമെ നാങ്കു പരിഷകൾ

8. നാട്ടിൽനിന്ന് പൊയ്ക്കളഞ്ഞല്ലോ

9. വളരെയു് ബുദ്ധിമുട്ടടാ

10. പള്ളികളുമെ മഠങ്ങളെല്ലം
ഗോപുരമെ തകർന്നുടഞ്ഞു.
തൂമ്പായും അരിവാള് വാക്കത്തി

13. കോടാലി എന്നിവയൊന്നും പണിയാതായി
എഴു പിഴകളും പോക്കതിന്
എന്തിരുപായമെ ഉള്ളു തൊമ്മച്ചാ
നാങ്കപരിഷകൾ എവിടുന്നെ്
കേൾവിയുടോ തൊമ്മച്ചായെ

18. ഈഴത്തെന്ന ദിക്കിലവര് (= സിലോൺ)
**തിരുവരങ്കനെ അയയ്ക്കുന്നു (230 കാണുക)**

19. ഉന്നെതിന് കേൾവിയു്
അവരെയിങ്ങ് വരുത്തേതിന്

20. എന്തൊരുപായം ഉള്ളു തൊമ്മച്ചാ
മക്കു ത്തെന്നാ ജോനകരും (ഗ്രീക്കുകാർ)
ആദിയിൽ നല്ല കമ്മാളരുമായി
അവർ തമ്മിളിലെ പടയുദ്ധമേ
ഉള്ളതല്ലോ കാലമിപ്പോൾ
തിരുവരങ്കനെ വിട്ടിരുന്നാൽ
കൈതൊഴുവന് പൊയ് വരുമല്ലോ

27. വിളിക്കെടാ വിളിയ്ക്കു തൊമ്മച്ചാ

28. നമ്മുടെ അടിയാ തിരുവരങ്കനെ
തിരുവരങ്കനെ വിളിച്ചനേരം
കൈതൊഴുത് വന്നു മനസ്സാൽ

31. തിരുവരങ്കാ നീയിപ്പോഴെ

32. ഈഴത്തോളമേ പോയി വരാമോ
ദിക്കടിയന് അറിയില്ല

വേഷങ്ങളുമെ അറിയുകയില്ല.
അടയാളങ്ങളെ തന്നയ്ക്കാം
വിവരത്തെ പറഞ്ഞയക്കാം
അവർക്കുള്ളൊരു സ്ത്രീകളതിലെ
നെല്ലുമവര് പുഴുങ്ങിച്ചിക്കി
പാത്തലയ്ക്കല് കലം കമത്തി
40. ഒന്നും തലയിലെ  ഒന്നും പിറകെ
(സ്ത്രീകൾ ഒരാൾക്കു പിറകെ മറ്റൊരാൾ ഇരുന്ന് തലയിൽ പേൻ നോക്കുന്നു)
പേൻകൊന്ന് ഇരിക്കുമെടാ
ഈ അടയാളങ്ങൾ കു നീയ്
ചെന്നു കൊള്ളടാ തിരുവരങ്കോ.
തൊമ്മച്ചന്റെ അംശവടിയും
45. അടയാളമായ് കൊടുത്തയച്ചു
**സന്ദേശം അറിയിക്കുന്നു**
46. പടയിലുമെ ജയിച്ചു ചെന്ന്
ഈഴത്തെന്നാ ദിക്കിച്ചെന്ന്
നാങ്കപരിഷകളെ കനേരം
നിങ്ങൾ നാലുപേര്  പോരണമിപ്പോൾ
തമ്പുരാന്റെ കല്പനയു്.
ഞങ്ങളിപ്പോൾ പോരണില്ലടാ
52. നെറുവില്ലാത്ത നാട്ടിലേക്ക്.
തൊമ്മച്ചന്റെ അംശവടിയും
അടയാളമായ് കാണിക്കയാൽ
അംശവടിയെ കനേരം
56. പരവശരായ് നാങ്കുപരിഷകൾ
**വേന്തൽമുടി**
നാങ്കു പരിഷ നാലുപേരും
58. ഒരേ വീതമെ പൊന്നെടുത്തടാ
പൊന്നും മുടിയെ അരനിമിഷംകൊ്
പണിതീർത്ത് കൊു വന്നു
മുടി കൊുവന്ന് കാഴ്ചവയ്ക്കാ.
പിന്നാലെവരവുു ഞങ്ങൾ
അന്നാ നാങ്കുപരിഷകൾ തൻ
ചട്ടികലങ്ങൾ ചുമന്നുകൊ് പോന്നതല്ലോ ഈഴവർ
മുടികൊുവന്ന് തൊമ്മച്ചന്റെ
66. തിരുമുമ്പില് നിന്ന നേരം
67. തിരുവരങ്കൻ കാഴ്ച വച്ചു
എടുത്തോടാ എടുക്കൂ തൊമ്മച്ചാ
തിരുവരങ്കൻ താൻ വച്ച കാഴ്ച
മുടിവേഗമെ എടുത്തുടനെ
തൊമ്മച്ചന്റെ തലയിൽ വച്ചു
72. തിരുമുമ്പിലെ ചെന്നുനിന്ന്

73. തിരുമുസ്സോന്ന് ഇളക്കി ചിരിച്ചു തൊമ്മൻ
ചേരുമെടാ ചേരും തൊമ്മച്ചോ
പൊന്നും മുടിയെ നിനക്കു തന്നെ
മുടി തന്നെയൊ പോരാ തൊമ്മച്ചന്
77. മുടിയ്ക്കടുത്ത പദവികൾ വേണം.

**പദവികൾ**

78. ഉച്ചിപ്പൂവ് നെറ്റിപ്പട്ടം
പകൽവിളക്ക് പാവാട
നെറ്റിപ്പട്ടമെ നേർകാളാഞ്ചി (നെറ്റിപ്പട്ടത്തിൽ നിന്നു കീഴോട്ടു തൂക്കിയിടുന്നത്)
വിരൽപത്തിലുമെ പൂമോതിരം
വെള്ളികൊ് ഇടം പിരിയെ
പൊന്നുകൊ് വലംപിരിയെ
വഴിതോറുമെ തോരണമെ
കയ്ക്കാറുകള് (വള) തൊളുവളകൾ
അംശവടിയെ കൂമ്പൻ തൊപ്പി
കഴുത്തിൽമാല പതക്കങ്ങൾ മുഴുകൊന്തകൾ
തീനാളേ വലം തിരികളെല്ലാം
തും പല്ലക്കുമെ പരവിതാനങ്ങൾ
90. ഇടി വെടിയോ ആർപ്പലങ്കാരം (ഇടി-നട-നടനടായേ)
വഴിതോറുമേ തോരണങ്ങളും
പുതിയാൾക്കാർ നടന്നുപോകെ
പച്ചക്കുടയെ മുത്തുക്കുടകൾ
കുടനാലുമെ കൊടിയെട്ടുമേ
അഴകായിട്ട് പിടിച്ചുകൊള്ള്
അന്തോളത്തെൽ കേറിക്കോടാ
മേനാവിന്മേൽ നടന്നുകൊള്ള്
100. കനക പല്ലെക്കേലേറിയ്ക്കോടാ
101. മഞ്ചലുമേ മൂളിച്ചോളിൻ
ആനമേല് അമ്പാരിയും
വീര മദ്ദളം അടിച്ചുകൊള്ളടാ
ശംഖില്ലാതെ വാദ്യങ്ങളും
പരിനേര് അടിച്ചുകൊള്ള്
106. ആറ്റിൽ വേപ്പ് (പൂഴിമണ്ണ് ഇടിഞ്ഞുവീണ് രൂപപ്പെട്ട ഫലദായകമായ നിലം)
പാച്ചിൽമരം തേക്കോട്ട കുമ്പളം (തേക്കിൻ കുമ്പളം)
വെട്ടി പണിചെയ്തോടാ
വെരികു പുലിയെ (വേങ്ങമരം) കിണറ്റിൽപന്നി
കൊമ്പുചക്ക (പ്ലാവ് കായ്ച്ചാൽ ആുതോറും ഒരു ചക്ക മേൽക്കോയ്മയ്ക്ക്)
കുലവാഴയ്ക്ക അമ്മലയുമെ (അഞ്ചുമുലയുള്ള പശു)
മുമ്മലയുമെ (മൂന്നുമുലയുള്ള പശു)
ചില്ലി (കൂട്ടത്തിൽ നിന്ന് തെറ്റിപ്പോയ മൃഗം)
ചെങ്കൊമ്പ് (ചുവന്ന കൊമ്പുള്ള കാള)
അടക്കി കൊള്ളടാ
കളപ്പുരയോടു കുളിപ്പുരയും

പടിപ്പുരയോടു നാടകശാല
ഭക്ഷണസമയത്ത് ഇലമടക്കുന്നത്
അരപദവിയായ് കരുതണം തൊമ്മച്ചാ

118. തിരുമുമ്പിലെ വിളക്കെടുക്കാൻ
വിളക്കത്തലയൻ വേണം തൊമ്മച്ചാ

119. ഉച്ചിപ്പൂവ് നെറ്റിപ്പട്ടം
പകൽ വിളക്ക്, പാവാടകള്
കയ്ക്കാറുകള് തോളുവളകൾ കൂമ്പൻതൊപ്പി
അംശവടിയ് വേണം തൊമ്മാ
കൈക്കടമേ വീരചങ്ങല കൈക്കടക്കാവ്
തോൾ കൂട്ടാര് വേണം തൊമ്മാ
ആറ്റുവയ്പ് ആഞ്ഞിലി, പ്ലാവ്

126. തേക്കാട് കുമ്പളം (തേക്കിൻ കുമ്പളം)
ആയിക്കോടാ
കിണറ്റിൽപ്പന്നി (കിണറ്റിൽ വീണ പന്നി)
വെരുക് പുലിയെ
കൊമ്പു ചക്ക കൊലവാഴയ്ക്കാ
വഴി ഇരുപുറമേ തൂക്കിക്കോടാ
മന്ദാരമേ, (വലിയവിളക്ക്) മണിവിളക്ക്
തൂക്കിക്കോടാ തൊമ്മാനീയ്
വെടിയും പടയും വെടിപടക്കം
ചീനവെടി വയ്പിച്ചോടാ
പച്ചക്കൂടയേ പവിഷക്കൊടിയെ (പവിഴ)
മുത്തുക്കുട രത്നക്കുടയെ

136. കുടനാലുമേ കൊടുയെട്ടുമേ

137. പിടിപ്പിരെന്റെ തൊമ്മനിപ്പോൾ
കൊട്ടും വെടി ആർപ്പലങ്കാരം
വേണമല്ലോ തൊമ്മനിപ്പോൾ
തു പല്ലക്കും പരവതാനി
ആയിക്കോടാ തൊമ്മാ, നീയ്
നാലുകെട്ട് നാടകശാല
വിരിപന്തലുമേ ആയിക്കോടാ
ആനപ്പുറത്ത് അംബാരിമേൽ
കുതിരപ്പുറത്ത് സവാരി ചെയ്ക
പല്ലക്കിലില് ഏറിക്കോടാ

147. പള്ളിമേനാവേല് ഇരുന്നോാലും

148. ഏറുകിൽ പൊന്നും മുടിയും
കുറഞ്ഞതായാൽ തൊപ്പിപ്പാള
എഴുപത്തിരര പദവികളും

151. അറുപത്തിനാലുയോഗങ്ങളെടാ
**കല്പിന്മേൽ പതിപ്പു തിരുഞ്ചിക്കുളത്ത്**

152. ആദിത്യനുമേ ചന്ദ്രനുമേ
മാർത്തോമ്മാശ്ലീഹായെയും

മൂവരുമേ സാക്ഷിയായി
ചെമ്പേടിന്മേൽ എഴുതി മാറി
കരിങ്കല്ലിന്മേൽ പകർപ്പെടുത്തടാ (രാജവിളംമ്പരം പോലെ)
കൊടുങ്ങല്ലൂരെ വടക്കേ നടയിൽ
കമത്തി മൂടി ഇട്ടു കല്ല്
ഏതു രാജാക്കൾ കന്നൊലും
160. കുറവില്ലെന്റെ തൊമ്മച്ചായെ

**പാണനു സമ്മാനം**

161. മുടികൊടുന്നൊരു തിരുവരങ്കന്
എന്നതിപ്പോൾ കൊടുക്കിനെന്ന്
കന്നികളെ (പെൺകുട്ടികൾ) മാലവയ്ക്കുമ്പോൾ
പേർസ്തുതിച്ച് പാടണം നീ
പന്തലിച്ചോർ അവകാശവും
പണവും ചെമ്മേ നൽകണം തൊമ്മച്ചായോ
മുടിയുടെയായ് ചുമട്ടു കൂലിയായ്
കൊലയാനയെത്താൻ കൊടുക്കണം നീ
ആനകേറാൻ കഴിവില്ലാതെ

170. കോണി കെട്ടി ആനകേറി
ആനയെത്താന കൊുചെന്നിട്ട്
മാടത്തൂണേൽ തളച്ചു മെല്ലെ
തീറ്റവെട്ടാൻ പോയനേരം
മാടമെല്ലാം അവൻ കളഞ്ഞു

175. എട്ടടികോൽ കങ്ങളും
കാളപൂട്ടാൻ കൊടുത്തു പിന്നെ
കാളകളെത്താൻ കൊുചെന്നിട്ട്
*ഇരുതലയാലെ* (ഒരു കാളയെ മുമ്പോട്ടും മറ്റേ കാളയെ പിറകോട്ടും)
തിരിച്ചു നുകത്തിൽ കെട്ടി
പൊരുതുപൂട്ടി
മുമ്പോട്ടുമെ പോവതില്ല

180. പിമ്പോട്ടുമേ പോവതില്ല.
ഉഴുതടിച്ചേ നുകമൊടിച്ചു
പോയിതെല്ലാം കാവു തേടി
വിതപ്പാനായ് കൊടുത്ത വിത്ത്
184. വറുത്തിടിച്ച് മധു (കള്ള്) കുടിച്ചു
**വീടുകളിൽ പാടി പാരിതോഷികം നേടാം**

185. എതിരെ തിരുവരങ്കൻ
തൊമ്മച്ചന്റെ തിരുമുമ്പിലെ
പെരിയോരു തമ്പുരാരെ
അടിയനെളിയ വരം തരണം
അടിയനു ക്ഷീണ നാളിൽ
കഴിവനുള്ള വരം തരണം.
എന്റെ നാമമെ സ്തുതിച്ചു നീയേ

കുടിലുകൾ തോറുമെ പാടിക്കൊള്ളടാ
എന്റെ നാമമെകേക്കുമ്പൊഴടാ
പെരതുറന്ന് വിളക്കു വയ്ക്കും
വച്ചോരു വിളക്കിങ്കല്
അന്നവിടെ ഉടാ ഞാൻ
അറിവുള്ളൊരു സമ്പന്നര്
പറനെല്ലാല് തരും നിനക്ക്
ഉപ്പോടെ മുളക് ഉള്ളിയും
200. മാങ്ങയോടെ തേങ്ങയെല്ലാം
ഒരു പെരയിലെ ഉള്ള വസ്തുക്കൾ
കുറയാതെ തരും നിനക്ക്
അവയെല്ലാതെ വരം നിനക്ക്
204. സന്തതിമാർ കാലത്തോളം
205. അങ്ങുതന്നെ ആ വരത്താൽ
ഇന്നിരുന്ന് പാടിടുമ്പോൾ
സന്തതിയുമെ വർധിക്കണം
തറവാടുമേ തെളിഞ്ഞിരിക്കാം -
തൊമ്മച്ചൻതാൻ വാണ പോലെ
ഈ വീടുമെ വാണിരിക്കാ
നാലില്ലമെ തെളിഞ്ഞപോലെ
211. ഈയില്ലമെ തെളിഞ്ഞരിക്ക. (ഐശ്വര്യം നിറഞ്ഞത്)
നാമസ്തുതി
ആദിയുമേ അന്തമെല്ലാം
213. ആകുന്നോരാ കാലത്തെല്ലാം
ആക്കിച്ചമച്ച തമ്പുരാന്റെ
തിരുനാമത്തെ പാടുമ്പൊനെ
തിരുശുയേ തൂക്കുപുഴാ
അംശവടിയിൽ കൂമ്പൻതൊപ്പി
ഉടുകടയ വീരചങ്ങല
219. തിരുമടിയിലെ നാങ്കുപരിഷയുടെ
അസാന്നിദ്ധ്യംകിടപ്പിലു്
എന്റെയൊരു തൊമ്മച്ചായേ
നാങ്കുപരിഷപോയതുകൊ്
ന്നങ്കു പരിഷ പോയതുകൊ േ
വളരെയു് ബുദ്ധിമുട്ടു
അവരെയിന്നു വരുത്തുവാനേ
എന്തൊരു കഴിവേ ഉള്ളുതൊമ്മച്ച
ഈഴത്തെന്ന നാട്ടിലവർ
ഒന്നൊരു കേൾവിയു്
ആരിപ്പോൾ പോകവേു
229. ഈഴത്തെന്ന നാട്ടിലേക്ക്
230. എന്റെയൊരു തിരുവരങ്കാ
ഈഴത്തോളേ നീ പോയ്
അടിയനിന്ന് വിടകൊന്നൊൽ

കൊട്ടിയ്ക്കലൊരു ചെലവിനില്ല
നീ പോയി വരുവോളംമെടാ
235. ചെലവിന് ഞാനേ ക്കെടുത്തുകൊള്ളാം
236. തൊമ്മച്ചന്റെ അംശവടി
അടയാളമായി കൊടുത്തയച്ചു
പാതി വഴിയെ നടന്നു ചെന്നേ
മക്കത്തെന്ന ദിക്കിൽ ചെന്നു
മക്കത്തെന്ന ജോനവരുമേ
നേരിൽ അല്ല കണ്ണാളരും
അവർ തമ്മിലേ പടയുദ്ധമേ
പടപൊരുതുന്ന കാലമല്ലോ
ആരാണിപ്പോൾ ഞങ്ങൾക്കുള്ള
പടനടുവേ പോകാൻവന്തേ?
ഏറാൻപോറ്റി അടിയരെന്നേ
ചേരമാനെന്ന തിരുവരങ്കൻ
തിരുവരങ്കൻ നീയാണെങ്കിലേ പട
നടുവേ പൊയ്ക്കൊള്ളടാ
250. പടയിലുമേ ജയിച്ചെന്നു
251. ഈനത്തെന്ന ദിക്കിൽ ചെന്നു
252. നാങ്കു പരിഷനാലു പേരുമേ
കരിമ്പാറേടെ പുറത്തുചെല്ലാം
കരകയാലൊന്നും കേൾക്കുക മദ്ധ്യേ
നെല്ലു പുഴുങ്ങി പായിൽ ചിക്കി
പേൻ പെറുക്കിയിരിക്കുന്നവരെ
ആരടയാളമേ കു ചെന്നു
നമ്മുടെ തിരുവരങ്കൻ
തിരവരങ്കൻ ചെന്നനേരം
260 നാങ്കു പരിഷ ഭ്രമിച്ചടിച്ചെ
എന്താകുന്നേ തിരുവരങ്കാ
നീയിപ്പോൾ ഇങ്ങോട്ടു വന്നേ?
നിങ്ങൾ കൂടെ പോരുവാനെ
തമ്പുരാന്റെ കല്പനയു്
ഞങ്ങൾക്കുള്ളടാ താമരുള്ളടാ
തമ്പുരാനുമേ ഇല്ലയെന്നേ
ഞങ്ങളിലൊരു പെണ്ണിനെയൊന്ന്
വെളുത്തേടന് കൊടുത്ത മൂലം
ആ മൂലത്താൽ പോന്നു ഞങ്ങൾ
270. നെറിവില്ലാത്ത നാട്ടിൽ നിന്ന്
നമ്മളെവന്നേ കവരെ
പിടിയരിവച്ചു ചോറുകൊടുക്കാം
273. ഒരേ വിതം പൊന്നെടുത്ത്
274. പൊന്നിൻ മുടിയായ് പണിചെയ്തല്ലോ
മുടി...... നാങ്കുപരിഷ

കുറവുതീർത്ത് കൈയ്യിൽ കൊടുത്ത
രത്നങ്ങളുമെ പതിപ്പിച്ചല്ലൊ.
നല്ലനല്ല തൊപ്പിയായി
മുടിവാങ്ങി തിരുവരങ്കൻ
കുറിയമുിലെ പൊതിഞ്ഞുകെട്ടി
മുടികൊുചെന്നുകാഴ്ചവയ്ക്കടാ
ഞങ്ങൾ പിന്നാലെ വന്നുകൊള്ളാം
അതു കേട്ടു തിരുവരങ്കൻ
മുടിവാങ്ങി പോന്നിതെല്ലാം
മക്കമൊന്നു കടന്നു പോന്നു
തോമ്മായെ മുടി ഏല്പിച്ചു.
കൊടുങ്ങല്ലൂരെ വടക്കേനടയിൽ
തൊമ്മച്ചൻ താൻ നിന്ന നേരമേ
മുടികൊു ചെന്നു കാഴ്ചവച്ചു
എടുത്തോടാ, എടുക്കതൊമ്മോ
299. തിരുവരങ്കൻ വച്ചകാഴ്ച
അതുകേട്ടു തൊമ്മച്ചൻ
മുടിയെടുത്തു തലയിൽ വച്ചു
294. തിരുമനസ്സൊന്നു ഇളക്കി തൊമ്മൻ
ചേരുമെടാ ചേരും തൊമ്മാ
മുടിക്കീഴിൽ പദവികൾ വേണം
295. മുടിതന്നെയുമേ പോരാതൊമ്മാ
മുടിക്കീഴിലെ പദവികൾ വേണം
ഇടിവെടിയുമെ നഗരതോരണം
ഉച്ചിപ്പൂവാൽ നെറ്റിപ്പട്ടമേ
കൈക്കാറ തോൾവളകൾ
പിന്നെ യെന്തുമാ വേണം തൊമ്മാ
പള്ളികളുമെ മഠങ്ങളെല്ലാം
ഗോപുരങ്ങൾ വേണം തൊമ്മാ
അന്തോളത്തെ ഏറ്റി കൊള്ളടാ
മേനാവുകളുമേ മൂളി മൂളി
ഞൊറിഞ്ഞു കുഞ്ഞു പാവാടകൾ
പച്ചക്കുടയും പവിഴക്കുട
മുത്തുക്കുടയാൽ തഴക്കുടയെല്ലാം
കൊടനാലുമെ കൊടി എട്ടുമെ
300. അഴകായിട്ടേ നിറുത്തീടാ
മേൽപോയ പൊന്നിൻ മുടി
കാഴ് പറഞ്ഞാലെ കൂമ്പാൻ തൊപ്പി
318. പതിനെട്ടു പഞ്ചവാദ്യമേ
തപ്പും തകില്, താളം മൊരശ്
പതിനേഴു ജാതിക്കാരെ
കീഴ് വഴക്കമായ് കൊടുത്തിതെല്ലാം
എന്റെയൊരു തൊമ്മ എന്ന്
തിരുവരങ്കനെ നിനക്കുതന്നെ
മേൽപ്പോയ പൊന്നിൻ മുടി

കീഴ്പറഞ്ഞാലോ കൂമ്പാൻതൊപ്പി
പാളത്തൊപ്പിയും ചാളകൊട്ടയും
ചേരുമല്ലോ തൊമ്മാ നിനക്ക്
എഴുപത്തിര രപദവി ഒക്കണമെങ്കിൽ
ഇലമടക്കി ഉടോ തൊമ്മാ
എഴുപത്തിരര പദവികളുമേ
അറുപത്തിനാലു യോഗങ്ങൾ
ചേമ്പേടിന്മേൽ എഴുതിമാറി
കരിങ്കല്ലിന്മേൽ പകർപ്പടുത്തു
കൊടുങ്ങല്ലൂരെ വടക്കേനടയിൽ
ഇട്ടുമൂടിയേ കല്ലിതെല്ലാം
എന്റെ ആജ്ഞ അഴിക്കുംകാലം
മുടിവിനുള്ള കാലമത്രേ
കൊല ആന. നിലം, വിത്തു സമ്മാനം
മുടികൊുവന്ന തിരുവരങ്കനെ
മറക്കരുതേ തൊമ്മാ നീയ്
നൂലിലേതു കൊടുക്കാൻ
പടവൻ ചെന്നേ കൊടുക്കവേണം
എന്റെയൊരു കണക്കിലവന്
കൊലയാന സമ്മാനമേ
ആനെ താൻകൊു ചെന്ന്
അവൻ കിടക്കുന്ന മാടത്തിന്റെ
മാടത്തൂണേൽ തളച്ചാനയെ
ഈറ്റവെട്ടാൻ പോയ നേരമേ
മാടമെല്ലാം അവൻ കളഞ്ഞേ
കുഞ്ഞുങ്ങളെയും ഇട്ടോടിച്ചേ
അരികലങ്ങളെ തകർത്തടച്ചു
ഓടിയതാ കോവിൽ കങ്ങളുമേ
കാളപൂട്ടാൻ വരം കൊടുത്തു
ഉഴുതു വിതക്കാനായ് കൊടുത്ത വിത്ത്
347. വറത്തിടിച്ചു ധൂളിയാക്കി
പെരിയൊരു തമ്പുരാനേ
എളിയൊരു  വരം തരണേ
350. നിനക്കൊരുനാൾ വീണനാളിലെ
257. പയ്പണിക്കേട് ഉള്ളനാളിൽ
അരികലങ്ങളെ തകർച്ചടച്ചു
ഓടിയതാ കോവിൽ നോക്കി
ക്ഷീണ കാലത്തേക്കു വരം
പെരിയൊരു തമ്പുരാനേ
എളിയൊരു വരം തരണേ
നിനക്കൊരുനാൾ പിഴനാളിൽ
പയ്പഷണിക്കേട് ഉള്ളനാളിൽ
കർക്കടകമാസത്തിൽ
ഏഴുനാഴികരാവു ചെല്ലുമ്പോൾ

എഴുവീടുമേ പാടിക്കൊള്ളടാ.
കക്കല്ലടാ കവരല്ലേ നീ
നോട്ടം ചെന്ന തിരവരങ്കാ
പാട്ടതിനെ കേൾക്കുമല്ലോ
വെറ്റില അടയ്ക്ക തരും നിനക്ക്
പെര തുറന്ന് അറ പുകിന്തേ
പറനെല്ലാലെ തരും നിനക്ക്
ഉപ്പോടെ മുളകുള്ളി
മാങ്ങയുടയ തേങ്ങയെല്ലാം
ഒരു പെരയിൽ ഉള്ള വസ്തു
വകയറിഞ്ഞു തരും നിനക്ക്
അന്നു തന്ന ആ വരത്താൽ
ഇന്നിരുന്നു പാടുമ്പോഴെ
സന്തതിയും ധനവുമേ വർധിക്കേണം
തറവാടൊന്ന് രക്ഷ ചെയ്യാം
തമ്പുരാനേ തുകിലുണര്
തൊമ്മച്ചായേ തുകിലുണര്
നെല്ലറ വാതിൽ തുകിലുണരൂ
പള്ളിലെ അച്ചൻ തുകിലുണര്
മാമ്മോദീസാ കല്ലേ തുകിലുണര്
തമ്പുരാനേ തുകിലുണര്
ഇവ നടിച്ചേ തളിച്ചിടുമ്പോഴേ
അകത്തുടയണം ജീവബോധി
(കുഞ്ഞൻ നീലാൻ പാടിയ പാട്ട്)

അവലംബം : റവ.ഡോ.ജേക്കബ് വെള്ളിയാൻ, *പാണൻപാട്ടിലെ ക്നായിതോമ്മാ*, 2012, പുറം 27-49.

അനുബന്ധം നാല്

# പരിചമുട്ടുകളി പാട്ടുകൾ (52)

## (Songs of Parichamuttukali)

**പ്രാർഥന**

തമ്പുരാൻ പാദേ വണങ്ങിടുന്നേനടിയങ്ങൾ
തിരുമനസ്സലിഞ്ഞു ഞങ്ങളെ അനുഗ്രഹിക്കണേ
സ്വർഗമതെന്നപോലെ ഭൂമിയിലും ഞങ്ങൾക്കേകണേ
ഞങ്ങളൾക്കുള്ള അപ്പം എന്നും ഞങ്ങൾക്കേകണമേ
കടങ്ങൾ ക്ഷമിച്ചും പാപങ്ങൾ പൊറുത്തും അനുഗ്രഹിക്കണേ
മക്കളാകും ഞങ്ങളെ തൃക്കൺപാർക്കണമേ
നന്മ നിറഞ്ഞോരമ്മേ നിർമലകന്യകയെ
വന്ദനം ചെയ്യുന്നു സന്നിധോ ചേർന്നിടുന്നു ഞങ്ങൾ
തമ്പുരാൻ പാദേ കുമ്പിടുന്നേനടിയങ്ങൾ

**1. വന്ദനഗീതം**

കാണ്മാൻ പ്രഭയേറിയയൊരു പാണംപടിക്കലമരും കന്യകയമ്മേ
കന്മഷങ്ങളൊഴിച്ചടിയാർക്കരുളുക നിൻ മനോഗുണം
തിനതം - തിന്നായ് - തിനതം - തിന്നായ് - തിനതം-
തിന്നായ് - തിനനേ - കർതുക താത്തരികിട തിന്തകം
താത്തരികിട തിന്തകം - താതെയ്യത്തക - തൊങ്കണത്താ - തിങ്കിണതോം
കരുണയേറും പള്ളിതന്നിലമരും കന്നിയമ്മേ
കരുണ ചെയ്യുവാൻ തിരുപാദങ്ങളെ വണങ്ങിടുന്നേനടിയങ്ങൾ
തിനതം - തിന്നായ്
ബോധമില്ലാതുള്ള നരരുടെ കവിതകളെ തൃജിക്കല്ലേ
നിൻ കൃപയാലടിയങ്ങൾക്കിഹ രക്ഷ നൽകുക നാഥയെ
തിനകം - തിന്നായ് .......
ഈ കവിതകളൊക്കെ ഞങ്ങളെ സർവേശാനീ തോന്നിക്ക
പിഴ  വരികിൽ പൊറുക്കനാഥ പരമലോക തായേ
തിനതം - തിന്നായ് - തിനതം  - തിന്നായ് - തിനതം തിന്നായ്
തിനനേ - കർതുക താത്തരികിട -  തിന്തകം താത്തരികിട -
തിന്തകം - താതെയ്യത്തക - തൊങ്കണത്താ തിങ്കിണതോം

*പള്ളിമാറുമ്പോൾ നാമം മാറി ചൊല്ലണം*

**2.** മൈയ്യേ - തെയ്യ - തൈയ്യത്തോം
അവിടേം - തൈയ്യ - തൈയ്യത്തോം
പോ - പോ - തക - തക - താം - തികു തികുതാം
തീംന്തഹ - തിന്തോ - തിന്തോ - തരികിട
തികുതാതൈ                താളം ........

**3.** ഈശോതൻ കൃപയാൽ വണക്കമായ് തുടങ്ങുന്നേൻ
തൃലോകനാഥനെ കൃപയെപ്പോഴുതും നാങ്കളിൽ
ആദിനാഥനെനിന്നോടിരക്കുന്നേ അധരത്താൽ

മുന്നഭേരിശോദിനാൽ കൊടിത്തണൽ വഴങ്ങണേ
മതിരക കൊടിത്തണൽ വഴങ്ങുവാൻ തുണക്കണമെ
മൈവഴക്കമാവതിന് തൻകൃപ വേണമേ
കളിക്കുംമാലൈ ചുവടുതാളം ചിലമ്പിലോശ വളകളും
കൈതന്നിൽ വാളും പരിചയേന്തി കളിക്കുന്നേ ചെറുബാലന്മാർ
വിളക്കത്തോടി കളിക്കുന്നേരം ഗുരുക്കന്മാരെ തുണവേണം
എതൃപ്പൻനാട്ടിലെവിടെചെന്നാലും ബഹുമാനപ്പെട്ട ഗുരുക്കളെ
നീട്ടിച്ചവിട്ടി കുറുക്കിച്ചാടി കാട്ടിലളമാൻ മറിയുംപോൽ
കതിരൊളി പുലങ്കിനേകളിമിന്നെറിയും പൊന്നിനാൽ
സഭവിളങ്ങും പന്തലിൽ കളിയാടുന്നി ചെറുബാലന്മാർ
തീർത്തപന്തലും പന്തിയും മണിപീഠംകൂടെ വിളങ്ങണേ
ചായലോടുകൊളുത്തിവെച്ച വിളക്കും കൂടെ വിളങ്ങവേ
ഗരുവിനെയോർക്കണം വിളയാടണം ചെറുബാലരെ
പന്തലിൽ കളിയാടുമ്പോൾ ചുഴിഞ്ഞാടണം ചെറുബാലരെ
പൊൻ പരിചയും വാളുമേന്തി കളിക്കുന്ന ഇളംബാലരെ
താ ഇന്ത തരികിട തികിത തൈ

4. പന്തലിതാണെന്നല്ല രംഗമിതിൽ വന്നേ തകതൈ
മുൻപിൽ വിളക്കുംകൊവെച്ചേ - കർകുതത്തത്ത
ഇവിടെയൊരാളെ നല്ല പരിചകളിച്ചുവട് തകതൈ
എന്റെ ഗുരുക്കളാണേ - കർകുതത്തത്ത
ഈരെട്ടു ബാലകന്മാർ പരിചകളിച്ചേ തകതൈ
ചിട്ടമൊരുങ്ങി ഞങ്ങൾ വന്നേ - കർകുതത്തത്ത
ഇഷ്ടക്കേടുള്ളിലെള്ളോളം ഇല്ലേ തകതൈ
കൂടിയലോകരാണേ -കർകുതത്തത്ത
എടുത്തുപിടിച്ചു നല്ല തരത്തിൽ പരിച തകതൈ
എന്റെ ഗുരുക്കളാണേ - കർകുതത്തത്ത
താ ഇന്ത തരികിട തികിത തൈ

5. തെന്തിനയ് താനനതനാ തെന്തനായ് തനാനെ - തത്തിന്തകം
താനിനെയ് താനാനതനാ തെന്തിനായ താനെന്
എന്തൊരുകാഴ്ചയിതാ പൊന്നേശു കഴുതമതിൽ കയറി
ചന്തമോടെറുശലേം ദേവാലയംതന്നിലെഴുന്നള്ളുന്നേ
ഇൽകൂടാതെ രാജാധിരാജൻ വരുന്നതുകുടനെ
മുുകൾകൊുമൂടി അനേകർ വഴിയിൽ വിരിച്ചീടുന്നു
(തത്തിന്തകം)

കാടുകളിൽകയറി ചിലരൊടിച്ചീടുന്നു കൊമ്പുകളും
കേടുകൂടാതെവരും തിരുമുമ്പിൽ കൊവെിരിച്ചിടുന്നു.
ഓശാനയെന്നു ചിലർ ഉയരത്തിൽ ഓശാനയെന്ന് പാടി
ആശയോടാർത്തിടുന്നു നഗരങ്ങളെല്ലാമിളക്കീടുന്നേ
പ്രാക്കൾ പറന്നിടുന്നു പൊൻവാണിഭ മേശമറിച്ചീടുന്നു....
ശീഘ്രമങ്ങോടിടുന്നു കച്ചവടക്കാർ എടുത്താടലൊടെ
ദൈവഭവനമിതാരും നിങ്ങൾ അശുദ്ധമാക്കീടരുതേ
ദൈവവചനമിതു ധരിക്കുകിൽ ദിവ്യലോകം ലഭിക്കും....
താ ഇന്ത തരികിട തികിത തൈ.

6. നാനാജീവികളിൽ അതികൗശലമേറിയതാം തകതികുതൈ
പന്നകമതിൽപുക്ക് സാത്താൻ വശമായ് "
വഞ്ചിച്ചവ്വായെ അവൻ പുഞ്ചിരിവാണിയാൽ "
പഞ്ചസാരപോലെ അവൻ പാപക്കനി തീറ്റി "
ആദത്തിനുമേകി ഉടൻ നാണമവർക്കുളവായി "
ഖേദമോടെത്തിയില തുണിയുടുത്തവരും "
കോപം പൂടയോൻ വന്നാദത്തെനോക്കി "
പാപമിതിൻഫലമായി ഒരുശാപമവർക്കേകി "
ആട്ടിയിറക്കിയവരെ ആ തോട്ടത്തിൽ നിന്നും "
കൂട്ടം ഖെറുബികളാൽ തൻ തോട്ടമുറപ്പിച്ചു "
ദമ്പതിമാരിൽ നിന്നൻപോട് സന്താനം "
ഇമ്പമൊടതിനാലെ ജനസഞ്ചയമുളവായി "
ദുഷ്ടത വർധിച്ചു അവരൊട്ടധികം പെരുകി "
സൃഷ്ടികളുടെ നാഥൻ കതിലേറ്റം താപാൽ "
നരമൃഗമിഴജാദിപലപറവകളെയെല്ലാം "
വിരവിനോടരമാക്കാനഖിലേശനുറച്ചു മനെ "
ദശമാം തലമുറയിൽ ഒരു ധനയൻ നോഹയെ "
വശമായി ദൈവത്തിൻ അവൻ മനസിൽ ശുദ്ധതയാൽ "
ദുഷ്ടന്മാരവരിൽ നാം ഇഷ്ടമതാകാഞ്ഞാൽ "
സൃഷ്ടാവിനുതുപോൽ നൽ തുഷ്ടിയതുാകും "
താ ഇന്ത തരികിട തികിത തൈ
വാളും പരിചയുമെടുത്തു വെട്ടുകളി

7. അന്ത്യസമയമായവാറെ യേശുദേവൻ
ചന്തമിയലും ഗത്സമന വനിയിലേറി
ക്ലേശമഖിലം തീർത്തുതന്നെ കാത്തുകൊൾവാൻ
കേവലനായി താതനോടു യാചിച്ചീശൻ
നിദ്രചെയ്യും പത്രോസിനെ താനുണർത്തി
ജാഗ്രതയായി ഇരിക്കേണമെന്ന് ചൊല്ലി
കൂടെയുള്ള മറ്റു ശിഷ്യർ നിദ്രചെയ്തു
കുടിലരോടുകൂടി യൂദാ സ്കറിയോത്ത
ഉറ്റവനെ ചുംബനത്തിൽ ചൂികാട്ടി
മറ്റിലാർക്കും കുമദിയൂദാശിഷ്യനായി
ബന്ധനം ചെയ്യുവാനൊരുങ്ങി രാജസേവർ
ബന്ധുവാകും കർത്താവിനെകൂസലെന്യെ
വാളെടുത്തിട്ടൊന്ന് വെട്ടിശിമോൻ സ്കീപ്പ
ഒരു സേവകനുടെ കാതറത്തു താഴെവീഴ്ത്തി
ശിഷ്യകോപം ശമിപ്പീശൻ കാരുണ്യത്താൽ
ആ സേവകനുടെ കാതുതൊട്ടു സൗഖ്യമാക്കി
വാളെടുക്കുന്നവനെല്ലാം വാളാൽ വീഴും
ശിമയോനെ നീ വാളെടുത്തുറയിലിടുക
താ ഇന്ത തിരികിട തികിത തൈ

8. യഹോവ കല്പിച്ചു യോനാ മുനിയോട്
നിനുവയിൽ പോവാൻ, വേഗനാ നിനുവയിൽ പോകുവാൻ
വേഗനാ നിനുവയിൽ പോകുവാൻ തത്തിന്തകം

നിനുവയിൽ ദുഷ്ടതനീങ്ങുവാൻ സുവിശേഷം അറിയിക്കുവാൻ
വേഗന - സുവിശേഷം അറിയിക്കുവാൻ
വേഗന - സുവിശേഷം അറിയിക്കുവാൻ - തത്തിന്തകം
കേട്ട നിമിഷം ഈശൻ കാണാതെയോഫാവിൽ ചെന്നു
വേഗന - യോഫാവിൽ ചെന്നു വേഗന - യോഫാവിൽ
ചെന്നു തത്തിന്തകം
കപ്പൽ പ്രമാണിക്ക് കൂലി കൊടുത്തവൻ
തർശിശീലെത്താനായി കപ്പൽ കയറി
കർത്താവിനായത് തൃപ്പതി ഇല്ലാഞ്ഞ്
പൊടുന്നനവെ നടുക്കടലിൽ കൊടുങ്കാറ്റായി
കപ്പലിലിരുന്നവർക്കെല്ലാം സംഭ്രമം ഉായി - ത
യാനപാത്രമതിന്റെ ഭാരത്തെ കുറയ്ക്കുവാനായി
ഭാരത്തെ കുറയ്ക്കുവാനായി ഭാരത്തെ കുറയ്ക്കുവാനായി - തത്തിന്തകം
കപ്പലിലുള്ള സാമാനങ്ങൾ എടുത്തെറിഞ്ഞുടനെ സാഗരെ
എടുത്തെറിഞ്ഞുടനെ സാഗരെ
എടുത്തെറിഞ്ഞുടനെ-തത്തിന്തകം
യോനയോകപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുന്നത് ക്
കപ്പിത്താൻ കോപിച്ചു നശിക്കാതിരിപ്പാൻ
ഈശനെ വിളിപ്പാൻ അപ്പൊഴ
കപ്പലും തകിണംമറി-തികിണം മറി
കപ്പൽ കടലിൽ താഴുമെന്നവർ ചിത്തെ
നിനച്ചു തത്തിന്തകം
താ ഇന്ത തരികിട തികിത തൈ

9. സോദോമിന് നാശം വരുമെന്നറിവു ലഭിച്ചൊരുനാളിലബ്രഹാം
ഖേദിച്ചഖിലേശനോടോതി അൻപത് പേരവിടെ തക - തക -
നീതിജ്ഞരുന്നൊകിൽ നീ ശിക്ഷിച്ചിടുമോ ഇത തികു തൈ
എന്നാൽ മതി ശിക്ഷയൊഴിക്കാം എന്നഖിലേശ്വരനരുളി കൃപയാൽ
ഖിന്നാശയനായൊരു അബ്രഹാമനന്തരമുരചെയ്തു തക തക
മന്നിന്നുടയവനെ അതിലും പത്തു കുറഞ്ഞരുതോ
ഇത തികു തൈ
ഏവംദശമോരോന്ന് കുറച്ചൊക്കെയും ഈശനു സമ്മതൊടുവിൽ
അഞ്ചാളുകളാനഗരത്തിൽ നല്ലവരുങ്കെിൽ തക തക
രക്ഷിക്കാം ഞാനതിനെന്തു നിവൃത്തി നിനച്ചെന്നാൽ ഇത
ലോത്ത് എന്നൊരു മർത്യനൊഴിച്ചിട്ടപരൻ
സത്തമനൊരുവൻ മതി ഞാൻ സോദോമിനു രക്ഷയെ
നൽകാം എന്നരുൾ ചെയ്തീശൻ തക - തക
ഏബ്രഹാം അതുകേട്ടനിതരമൗനം പൂടനേ - ഇത തികു തൈ
മാലാഖതൻ വചനത്താൽ രക്ഷലെഭിച്ചിതു ലോത്തിനുചിത്രം
പിന്നോട്ടു നോക്കി അവൻ പ്രീയലവണത്തൂണായ തക-തക
സോദോമും ഗന്ധകവന്നി ചൊരിഞ്ഞു ദഹിച്ചഖിലം
താ ഇന്ത തരികിട തികിത തൈ

10. ബേദലഹേമിലെ കാലമെ / ഭക്തനിശ്ശായി മേവിനാൽ
ശൗൽ മഹാരാജാവിൻ കാല- / ത്തിശ്ശായി എന്നൊരു വൃദ്ധൻ
എട്ടുമക്കളിൽ മൂവർ പുറപ്പെട്ടു / ശൗലിന് പോർ ചെയ്യുവാൻ

മൂത്തപുത്രൻ ഏലിയാവും / പിന്നത്തവൻ ഹാമ്മീനാദാബും
മൂന്നാമത്തെവൻ ശമ്മയാണെന്ന് / പോരിന്ന് പോയത്
ദാവീദ് എന്നു പേരുള്ളവൻ / എല്ലാവരിലുമിളയവൻ
ആടുമേച്ചീടുന്ന തൊഴിലേറ്റി / ടയനായി ബാല്യത്തിലെ
തന്റെ സുശീലനായ പിതാവിന്റെ / അജങ്ങളെ നോക്കി
താ ഇന്ത തരികിട തികുത തൈ

11. നെബുക്കതിനേസരചൻ സ്വർണത്താൽ
ബിംബമൊന്നു ചമച്ചു - തത്തിന്ത
ബാബേലിൻ ദുറായെന്ന മൈതാനത്തിൽ നിർത്തിയതിനെ - തത്തിന്ത
വണ്ണമാറുമുഴവും ഉയരം ആറുപത്ത് മുഴവും - തത്തിന്ത
മന്നിലി വിഗ്രഹത്തെ പ്രതിഷ്ഠിപ്പാൻ പ്രധാനന്മാരും കൂടി - തത്തിന്ത
നാദസ്വരം തമ്പുരുകിന്നരം ആദിയാം വാദ്യഘോഷം - തത്തിന്ത
ആഗദർ കേട്ടു വീണുകുമ്പിട്ടു വന്ദിക്ക വേഗമോടെ - തത്തിന്ത
ഈവിധം കൽപ്പനയെ സ്വീകരിക്കാത്ത ഏവരേയും - തത്തിന്ത
അവ്വണ്ണം തന്നെ ഇതിൽ സംബന്ധിക്കാതെയുള്ളാരെയുമാം - തത്തിന്ത
ബന്ധിച്ചിട്ടഗ്നി ചൂള പഴുപ്പിച്ചിട്ടു ചുട്ടുകളയും - തത്തിന്ത
ബന്ധുവായാലും ഫലം ഇതുതന്നെ എന്നു നിനച്ചുകൊൾക - തത്തിന്ത
ക്ഷോണിപതി വിധിയെ വകവെച്ചില്ല യഹൂദബാലന്മാർ - തത്തിന്ത
കാണിനേരത്തിനിടയിൽ അവരെ ബന്ധിപ്പാനായിവരുത്തി - തത്തിന്ത
കോപം മുഴുത്തു രാജൻ അവരെ മൂവരേയും തീയിലിട്ടു - തത്തിന്ത
പാപമെന്നു കരുതി കാണ്മതിനായവൻ നോക്കിയപ്പോൾ - തത്തിന്ത
ജ്വലിക്കുംജ്വാലയതിൽ നടക്കുന്നു നാലുപേർ മന്ദമായി - തത്തിന്ത
ചലിക്കും നാലാമന്റെ നിറമതു ദൈവപുത്രനുതുല്യം - തത്തിന്ത
സദ്രുതം ചെന്നരചൻ വിസ്മയം പൂ ഭ്രമിച്ചുനിന്നു - തത്തിന്ത
ശദ്രക്കും മേശക്കും ആബേദലഹോ ആയുള്ളോരേ വരുവിൻ - തത്തിന്ത
ലേശവും കൂസലില്ലാതവർ ചെന്നു മന്നവൻ സന്നിധിയിൽ - തത്തിന്ത
മീശയൊന്നു കരിഞ്ഞില്ലഅവക്കൊരു തീമണം പോലുമില്ല - തത്തിന്ത
ഇങ്ങനെ കരചൻ വിഗ്രഹാരാധനയെ ത്യജിച്ചു - തത്തിന്ത
തിങ്ങിനമോദമോടെ അവരെല്ലാം
യഹോവായെ സ്തുതിച്ചു - തത്തിന്ത
താ ഇന്ത തരികിട തികിത തൈ

12. ഏശാപരവശനായി വരും നേരം - അവൻ
മോശം നിനക്കാതിരന്നാഹാരം - അവൻ
ലേശം മടിച്ചീടാതെനുജനോട് - ഇത തികു തൈ
ആശ പരിഹരിക്കാം സോദരനെ എന്റെ
ക്ലേശമകറ്റി എനിക്കാശു തന്നാൽ
നിന്നിൽ ഈശൻ നൽകിയ ജേഷ്ഠാവകാശത്തെ - ഇത തികു തൈ
ജേഷ്ഠനാം ഏശാവിതു തുഷ്ടിയോടെ
തന്റെ ശ്രേഷ്ഠമാം സ്ഥാനം പോകട്ടെന്നുറച്ചു.......
ജീവൻ നഷ്ടമാകും ആഹാരമില്ലെങ്കിൽ - ഇത തികു തൈ
ഇരട്ടി പാടവം പൊങ്കും അനുജനവൻ
കേട്ടനേരം വാക്കിലുടമ്പടി
ആടൽ തീർത്തിട്ടേശാവോട്

പാടെ വാങ്ങി പായസാലെ
ജൂം ജൂം ജൂം ജൂം ജൂം ജൂം - ഗമ - ഗമ
കും കും കും കും കും കും - കിടജം
പും പും പും പും പും പും - സരിഗമ
സരിം സരിം സരിം - നിമഗരി - പമഗരി
ജണും ജണും ജണും - താതരികിട
മല്ലിക മുല്ലയിവകളുടെയോ പുഷ്പം തല്ലി
പറിച്ചെടുത്തിട്ടെന്നപോലെ
ഗന്ധം തെല്ലുമില്ലാതെ വല്ലതായവനും
ഇന്ത തരികിട തൈ

13. ബൽശസറരചനൊരായിരം പേരേ -
സൽക്കരിച്ചു സദ്ധ്യ അവർക്കേകിയവൻ
ലോകർ കാൺകെ വീഞ്ഞു വരുത്തീട്ടവനും
ആകുവോളം കുടിച്ചു മത്ത ചിത്തനായി
തൻ പിതാവെറുശലേം ദൈവാലയത്തിൽ
വൻപു നേടി എടുത്ത പൂജാ പാത്രങ്ങളിൽ
രാജനും സ്വപത്നിമാരും മറ്റുമുള്ള
വ്യാജ നാരികളും മദ്യപാനം ചെയ്തു
മത്തചിത്തരായി വിഗ്രഹത്തെ വാഴ്ത്തി
ആർത്തജനങ്ങളിൽ ദൈവാനിഷ്ടമായി
അന്നു ദൂതൻ ഖിന്നനായി ഭിത്തിയിന്മേൽ
വന്നെഴുതിയതും കു രാജൻ
മൈയ് കൂടാതെ കൈപത്തി എഴുതുന്നകു
കൈകൂപ്പി വിസ്മയിച്ചു പരവശനായി
എഴുത്തിന്റെ സാരമറീച്ചു തന്നാൽ
കഴുത്തിൽ മാല ഏകി മൂന്നാംഭരണമാക്കാം
ധാനിയേലോടിവിധത്തിൽ രാജനോതി
ജ്ഞാനിയവൻ സാരമിത്ഥമായി പറഞ്ഞു
അന്നു തന്നെ മേദ്യനായ ദാരിയവേശ്
വന്നയുധാൽ ബൽശസറേ കൊന്നവനും -
താ ഇന്ത തരികിട തികിത തൈ

14. ഫറവോന്റെ ഭരണത്താൽ പരിതാപപ്പെട്ടു മുന്നം
അടിമകളായിസ്രായേൽ ജനങ്ങൾ വലഞ്ഞു പാരം
ബാലകന്മാർ പിറന്നുള്ള ദാസകാലമതു കാലം
നീല നദി തന്നിൽ മുക്കിക്കൊാടുക്കി കല്പനയാൽ
ഇഷ്ടികയുാക്കും വേലക്കായ്വരെ ഏർപ്പെടുത്തി
ഭക്ഷണത്തിനുള്ളി മാത്രം അന്നവർക്ക് കൊടുത്തത്
ഇപ്രകാരം ഫറവോന്റെ ദുഷ്പ്രഭത്വന്നി തന്നിൽ
അപ്രമേയതാപമാർന്നു പാർത്തിസ്രായേൽ മക്കളെല്ലാം
ജന നാഥൻ കഠിനനായി ഭവിച്ചാൽ നാമെന്തുചെയ്യും
ഹിനനോടേൽക്കുവാൻ മിന്നാമിനുങ്ങുകൾക്കെളുതാമേ
തന്നിലേറ്റം വിശ്വസിച്ചാശ്രയിച്ചീടും ജനങ്ങളിൽ
ഉന്നതന്റെ കാരുണ്യമതെന്നുമുായി വരും നൂനം
ആടുമേച്ചു നിന്ന മോശക്കന്നു ദൈവം വെളിപ്പെട്ടു

ആലിസ്രായേൽ ജനങ്ങൾക്കാകെ നീക്കി രക്ഷ ചെയ്യുവാൻ
എൻ ജനത്തെ കൊുപോരാൻ എത്തണം നീ മിസ്രയിംമിൽ
എന്നരുളപ്പാടിതെന്നു ഫറവോനോടറിയിക്ക
ഏവം ദൈവവചനത്തെ കേട്ടു മൂശ ഉണർത്തിച്ചു
എൻപിതാവെ വിക്കനെന്നു ധിക്കരിക്കും എന്നെ മന്നൻ
ആട്ടിടയനെന്നാക്ഷേപിച്ചാട്ടിയോടിച്ചെന്നുമാവാം
പട്ടി എത്ര കുരച്ചാലും പടിവാതൽ തുറക്കുമോ
എന്നീവണ്ണം പറഞ്ഞോരു മോശയോട് കല്പിച്ചീശൻ
എന്തുകഷ്ടം നിൻ വിചാരം എന്നെയറിഞ്ഞില്ലയോ നീ
വിക്കനെന്നല്ലുമോ പിന്നന്ധനോ പാർത്തലേ പാത്താൽ
ഒക്കെയുാക്കിയോൻ ഞാൻ ഉടയവൻ ആർക്കുമേ ഞാൻ
ഈശവാക്യം ശ്രവിച്ചേറ്റം സമാധാനം ആർന്നു മോശ
മോശ എത്തി മിസ്രയിമിൽ ഫറവോന്റെ സന്നിധിയിൽ
ആവതുമാശ്രയിച്ചിട്ടു വിട്ടയച്ചിതില്ലരചൻ
ആകുലമാനസനായിച്ചമഞ്ഞു മോശയുമപ്പോൾ
നാട്ടിലോരോതരം ദോഷം നാളിൽ നാളിൽ വളർന്നിട്ടും
നിഷ്ഠൂരമായത ഉള്ളു ഫറവോവിന്നന്തരംഗം
ആദ്യജാതന്മാർ തുടരെ മരിച്ചിട്ടു മന്നുപോലും
ബോദ്ധ്യമായിതില്ലിതു ദൈവശിക്ഷയെന്നു തൻ മനസ്സിൽ
ദൈവനീതിക്കൊരേടത്തും തടവില്ലെന്നറിഞ്ഞാലും
ദൈവമത്രെ നമുക്കുറ്റ മിത്രമായിട്ടിരുപ്പത്
ദുഷ്ടനായ ഫറവോവിൻ മൂത്തപുത്രൻ മരിക്കയാൽ
വിട്ടയപ്പാൻ അനുവദിച്ചടിമകളെ അശേഷം
താ ഇന്ത തരികിട തികിത തൈ

15. പൊത്തിഫേറിന്റെ പത്തനം തന്നിൻ
പാർത്തുയൗസേഫുകുട്ടി കാര്യസ്ഥനായ്
സത്വരിലെന്നും സത്യസ്വരൂപൻ
സൗമ്യമിയറ്റീടുമ്പോൾ - തത്തിന്തകം
ഏവമിരിക്കും കാലത്തൊരിക്കൽ
വേട്ടയ്ക്ക് പോയി വനത്തിൽ മന്ത്രിവരൻ
സാമർത്ഥ്യമേറും ബാലകനെയെല്ലാം
ഏല്പിച്ചുല്ലാസപൂർവം - തത്തിന്തകം
മധുരിത്താസ്വദിച്ചു ദൈനംദിനം
മാലകതാരിൽ ഏറിയമഥ്യം
സത്തമ ധർമപത്നി - തത്തിന്തകം
കാഴ്ചക്കിണങ്ങും കാമുകന്മാരെ
കാമിക്കും കാമനിമാർ വേഴ്ചക്കഹോ
താഴ്ചയെന്നല്ല വീഴ്ചയും മറ്റും ചിന്തിക്കയില്ല തെല്ലും തത്തിന്തകം
കാത്തിരുന്നിട്ടും കാണാഞ്ഞിവണ്ണം -
സൗകര്യം വന്നതിനാൽ സന്തുഷ്ടയായ്
ധാർത്തൻ മൊഴിയാൽ യൗസേഫിനെ തൻ
അന്തികത്തിൽ വിളിച്ചേ - തത്തിന്തകം
പാദത്തിൽ വീണു പാരം കരഞ്ഞു
സാഹസപ്പെട്ടു ധന്യയൗസേഫിന്റെ
ചേതസി ഇളക്കാൻ സാദ്ധ്യമാകാതെ

നൈര്യാശ്യമാർന്നവനിൽ - തത്തിന്തകം
കൊൽ കോളാലെ വെൺമതി പോലെ
കൊൽവേണി മണിയവൾ ദുഷ്ടതയാൽ
കൊ വൈരാഗ്യം പൂുകിടന്നു
കാന്തൻവരെക്കും - തത്തിന്തകം
ഇത്തരികിട തികിതൈ

16. പുണ്ണ്യവാനിസ്സഹാക്കിനുായി രുമക്കൾ
ഒന്നാമനേശാവെന്നും പിന്നവൻ യാക്കോബു തൻ
താതനെന്ന ആദിപ്രീതി ഏശാവോടതു പോലെ
മാതാവിനതിരറ്റ വാത്സല്യം യാക്കോബിനെ
വാർധക്യം കൊു കണ്ണിൽ കാഴ്ചപോയവസാനേ
യാത്രക്കടുത്തിരിക്കും ഇസഹാക്കൊരു ദിനം
വില്ലാളി വീരനാകും നന്ദനേശാവോട്
ചൊല്ലി നിൻ മനോരഥം ലൗകീക മോഹം തീർപ്പാൻ
ഓമനേ മകനെ നീ പോകേണം വേട്ടയാടാൻ
വേട്ട ചെയ്തിറച്ചിയും കൊിങ്ങു വന്നീടേണം
മാംസമുങ്കിലല്പം വല്ലതും ഭക്ഷിക്കാം ഞാൻ
താതന്റെ ആശ ഏതും സാധിക്കും നല്ല പുത്രൻ
അപ്പോഴെ വില്ലും അമ്പും തൻ കരം തന്നിലേന്തി
താതൻ പറഞ്ഞിട്ടവൻ നായാടാൻ പോയി കാട്ടിൽ
ഇക്കാര്യം ഗൂഢമായിട്ടൊക്കെയും അമ്മകേട്ടു
വേഗം വിളിച്ചു ചൊന്നാൾ യാക്കോബിനോടീവണ്ണം
നിൻ പിതാവിന്റെ ഇഷ്ടം സാധിച്ചാശിസു വാങ്ങാൻ
അൻപൊടെ നിന്റെ ജേഷ്ഠൻ എന്നു ഞാനിറിഞ്ഞിപ്പോൾ
ആഹാരം രുചികരമായിട്ടു വേണമെന്നു
വേട്ട ചെയ്തിറച്ചിയും കൊിങ്ങു വരും മുൻപേ
വേഗമൊരാടിനെ നീ കൊിങ്ങു വന്നീടേണം
പാകം ചെയ്തതു ഞാൻ പാത്രത്തിലാക്കി തരാം
പാരാതെ പിതാവിനു കൊ കൊടുത്തിടേണം
ഏശാവെന്നോർത്തപ്പ ആശിസു നിനക്കേകും
ശാപമെനിക്കും കിട്ടുമാകുലമില്ലതിന്മേൽ
സോദരേനേശാവിന് രോമം നിറഞ്ഞ ദേഹം
ഞാനതിനെന്തുചെയ്യും മാതാവെ പറഞ്ഞാലും
ആടിനെ കൊന്നതിന്റെ തോലും പുതച്ചുകൊ്
താതന്റെയടുത്തു ചെന്നാൽ കാര്യം പറ്റിക്കാം കുഞ്ഞേ
ഏവം സമ്മതിപ്പിച്ചാമാതാവ് യാക്കോബിനെ
ഏതും വകിയാതെ പിതൃസന്നിദോ യാത്രയാക്കി
യാക്കോബിന്റൊച്ച എന്റെ ഏശാവിൻ ശരീരവും
ആർക്കറിയമിതെല്ലാം എന്നേവം ഓർത്തു വൃദ്ധൻ
ഭക്ഷിച്ചു തൃപ്തിയായി അനുഗ്രഹവും വേുവോളം
നീ പോകും നാട്ടിലെല്ലാം രക്ഷകൻ കൂടെയു്
ഏറെ താമസിയാതെ യേശാവും വന്നു ചേർന്നു
കാര്യം നടന്നെതെല്ലാം താതനും ബോധ്യമായി
താ ഇന്ത തരികിട തികിത തൈ

17. നീതിമാനാം നോഹയോടീവിധം കല്പിച്ചീശൻ
ഭൂമിയിലാകെയുള്ള ജീവജാലങ്ങളെയെല്ലാം
ഹാനി വരുത്തി ഭൂമി ആകവെ നശിപ്പിക്കും ഞാൻ
വെള്ളത്താൽ നശിപ്പിക്കാനുള്ളിലുറച്ചതിനാൽ
മുന്നൂറുമുഴം നീളം വീതി എൺപത് പൊക്കം
മുപ്പത് മുഴമായി പെട്ടകം ഒന്നുാക്ക
ജീവജാലങ്ങളിലെ ആണും പെണ്ണുമായിട്ട്
ഓരോ ഓരോ മുറികളിൽ ഈരു വീധമാക്കി
വേവിധമാഹാരം ശേഖരിക്കണമിപ്പോൾ
എന്തെന്നാൽ അഞ്ചെട്ടുദിനം മാരി പെയ്യിക്കും ഞാൻ
എന്നരുൾകേട്ടു നോഹ കല്പനപോല ചെയ്തു
ദൈവ ഇഷ്ടമുള്ളവനീവിധം ഏതും സാദ്ധ്യം
തൽക്ഷണം പെട്ടകത്തിൽ നോഹും തൻ കുടുംബവും
ഉള്ളിൽ കയറ്റി വാതൽ ചേർത്തടച്ചീശനപ്പോൾ
താമസമെന്യെമാരി ചൊരിയിച്ചുടയവൻ
ധാരധാരയായി നാല്പതുനാൾ രാപകൽ വർഷിച്ചപ്പോൾ
പാരിടമഖിലവും വാരുതി പോലെയായി
സർവജീവികളെല്ലാം വെള്ളത്തിൽ മുങ്ങിചത്തു
ആയതുകു ദൈവം തപിച്ചു ദയ തോന്നി
മാരി നിറുത്തി വറകാറ്റടിപ്പിച്ചു വേഗം
ഏഴാകും മാസം തീയതി പതിനേഴിൽ തന്നെ
ആറാറിത്തെന്നമല തന്നിലുറച്ചു പെട്ടി
കാലക്രമേണ വെള്ളം വറ്റി തുടങ്ങിയപ്പോൾ
വാതൽ തുറന്നു മലങ്കാക്കയെയച്ചു നോഹാ
ഭോജന പ്രീയനാകും കാക്കയെ കാണാഞ്ഞിട്ട്
വ്യാജമില്ലാത്തതായ മാടപ്രാവേ അയച്ചു
രാം പ്രാവശ്യമതു കൊുവന്നൊലിവില
മൂന്നാമതാപക്ഷിയും വന്നില്ല തൻ സവിധെ
പിന്നവൻ പെട്ടകത്തിൻ മുകൾ തട്ടിനെ മാറ്റി
ഭൂമിയെ കിട്ടവൻ ആനന്ദചിത്തനായി
അന്നു സർവേശ നിയോഗാൽ താഴെ ഇറങ്ങിനാൻ
സന്തോഷിച്ചുടൻ നോഹ അർപ്പിച്ചു ബലിയന്ന്
സ്വീകരിച്ചുടയവൻ ഈവിധം നാശമിനി
പാരിതിൽ ചെയ്കയില്ലെന്നുള്ളൊരു സത്യം ചെയ്തു
പാരാതെയവരെല്ലാം യഹോവായെ സ്തുതിച്ചു
താ ഇന്ത തരികിട തികിത തൈ

18 പഞ്ചവർണങ്ങൾ തെളിഞ്ഞുള്ളതായ -/ പഞ്ചവർണക്കിളി വന്നുരചെയ്തു.
പഞ്ചസാര പാലും തേനും - ഗുളവും / കെഞ്ചാതെ തന്നാൽ കഥകളെല്ലാം
ചൊല്ലാം -
തത്തമ്മക്കൊത്തപോൽ ഭോജനമേകി - / തത്ത ഭുജിച്ചു പറഞ്ഞു തുടങ്ങി
സർവേശനാദിയിൽ വാനമവനീ / സർവ ചരാചരങ്ങളിവയെല്ലാം
മാറാതെ ഈശന്റെ കല്പന പോലെ / ആറുദിനം കൊല്ലൊമുളവാക്കി
പാദസേവക്കായി തൻ സ്വരൂപത്തിൽ / ആദത്തെ സൃഷ്ടിച്ചിട്ടേദനിലാക്കി
നാനാതരം ഫലമുള്ള തരുക്കൾ / മാനവനാ തോട്ടത്തിൽ മുളപ്പിച്ചു

ജീവിതതരു തോട്ട മദ്ധ്യത്തിലാക്കി / കേവലം മാനുഷ ജാതിക്കുനാശം
ഗാഡനിദ്ര നരനുവരുത്തി താൻ / ഗൂഡമായി സത്വരം സൃഷ്ടിച്ചവ്വായെ
താ ഇന്ത തരികിട തികിത തൈ

19. താനിന - തെന്ത - താനേന - തനയ് - താനതെന്ത താനേന
താനിന - തെന്ത - താനേന - തനയ് - താനതെന്ത താനേന
റൂത്ത് മാതാവോടു ചോദിച്ചു ദയവുള്ളവനുടെ വയലില്
തെരു തെരെ കതിരു പെറുക്കാനായി പൊയ്ക്കൊള്ളട്ടയോ പൊൻമാതാവ
പോകാനനുമതി നൽകിയതാ മാതാ നൽ വരമേകിയ താൽ
മാനാഹാനി നിനയ്ക്കാതെ പോയവൾ കാലാ ഊരിനായി
ദൈവ കൃപയാലവൾ പോയവയലതു പാർത്തെന്നാൽ
ഭർതൃ കുടുംബജനായ ബോവസ്സിന്റെ വകയായിരുന്നു
വയലുടമസ്ഥൻ വന്നപ്പോൾ യുവതി രത്നമിതേതെന്ന്
നാവോമിയിൽ മരുമകളാം മോവാബ്യ സ്ത്രീയാണെന്ന്
അറിഞ്ഞവനവളോട് പറഞ്ഞിഥം
മേലാൽ വേറൊരു വയലിലും പോകാതെന്നുടെ
ദാസികളുടെ നികിടെ വസിക്കുക തരുണിമണി
ദാസികളവളെ ഒരുനാളും ശാസിക്കരുതെന്നൊരു ചട്ടം
ബോധജ്ഞനാം ബോവസ് കാര്യമറിഞ്ഞു നിയോഗിച്ചു
അഷ്ടികഴിപ്പതിനായ് ധാന്യം സമഷ്ടിയായ് ലഭിച്ചതിനാൽ
ഇഷ്ടമാതാ റൂത്തുമായ് തുഷ്ടിയായി വസിച്ചവിടെ
കാലമതേറെ കഴിയാതവനിൽ പ്രേമമുദിക്കയാൽ ആ തരുണി
മാലുകളകന്നിഹ ബോവസ്സിൻ പ്രേമഭാജനമായിതീർന്നു
ഭാര്യയായി സ്വീകരിച്ചവളേയും ബോവസ്സി
നതിലൊരു സുതനുളവായി
കുഞ്ഞിനുനാമം ഹോബേദന്ന് എന്നിവരേകി സമ്മോദാൽ
ശക്തി പരാക്രമ സൽബുദ്ധി നീതി നെറിവവനുളവായി
പുകഴും നരപതി ദാവീദിൻ പിതാ
മഹനിവനെന്നറിഞ്ഞാലും

20. സർവചരാചരങ്ങൾ നിറഞ്ഞൊരു ഉർവിതലം രചിച്ചു - തത്തിന്ത
സർവേശൻ നൽകിമുന്നം ആദാമിന്നായ് അത്യന്തം പ്രീതിപൂർവം - തത്തിന്ത
ആദത്തിൻ പിൻഗാമികൾ വർധിച്ചതി പാപികളായിത്തീർന്നു - തത്തിന്ത
നോഹും കുടുംബമെന്യേ മുഴുവനും വെള്ളത്തിൽ മുങ്ങിച്ചത്തു - തത്തിന്ത
നോഹിന്റെ സന്തതികൾ ഉലകത്തിൽ വർധിച്ചുവന്നവരിൽ - തത്തിന്ത
അബ്രഹാം എന്നൊരുവൻ വിശ്വാസികൾക്കാദ്യനാരാധനീയൻ - തത്തിന്ത
ഇസ്രായേൽ നാമമർന്നവനിലതി വത്സരം നാനൂറ് അവൻ - തത്തിന്ത
മിസ്രയിം മന്നവന്റെ അടിമകളായതികഷ്ടതയാൽ - തത്തിന്ത
ആചാര്യസ്ഥാനികളെ തിരിച്ചതിലാദ്യമായിട്ടഹറോൻ - തത്തിന്ത
മോശയും മർത്യജാതി നിയമംപോൽ പാലനം ചെയ്തുമുന്നം - തത്തിന്ത
ആചാര്യന്മാർക്കുശേഷം ആരംഭിച്ചു രാജകീയ ഭരണം - തത്തിന്ത
ആദ്യമായിട്ടതേറ്റ ശൗലെന്ന പൂജ്യനാം ഭൂമിപാലൻ - തത്തിന്ത
ജ്ഞാനിയാകും ശലോമോൻ മഹീശനെ പാലനം ചെയ്തുവരെ - തത്തിന്ത
ഉർവിഭരണമെല്ലാം ശിലൈവരും മുന്നേ കഴിഞ്ഞുകൂടി - തത്തിന്ത

21. മോശ തന്റെ ആടുമേയിച്ചു കാനനത്തിൽ നിൽക്കുന്നേരം
മുൾപടർപ്പെരിഞ്ഞിടാതെകത്തുമഗ്നി ജ്വാലകു
മോശകു അംഭരന്ന് സൂക്ഷിച്ചങ്ങിനെ നോക്കുന്നേരം
മോശയെന്ന് താൻ വിളിച്ചു നോക്കുവാനായി പിന്തിരിഞ്ഞു
ശുദ്ധമുള്ള ഭൂമിയാണേ അഴിക്കണം നീ ചെരുപ്പിൻ വാറ്
മിസ്രയേമ്മിൽ ഉള്ള ജനത്തിൽ സങ്കടത്തെ കന്നൊനും
നീയവരെ കൂട്ടിക്കൊു വരുവാനായി വിട്ടയക്കാ
എൻ പിതാവെ എന്നെ വേ വേറൊരുവൻ പോകട്ടിപ്പോൾ
വിക്കനായ എന്നയവർ കേൾക്കയില്ലേ നിശ്ചയമായി
ഊമരേയും ചെകിടരേയും സൃഷ്ടിച്ചവൻ ഞാനല്ലയോ
വിക്കനന്നല്ലുമനോ പിന്നന്ധനേ പാർത്തലേ പാർത്താൽ
ഒക്കെയും ഉാക്കിയോൻ ഞാൻ ഉടയോനെന്നോർക്കുനീയ്
എന്തുകഷ്ടം നിൻ വിചാരം എന്നെയറിഞ്ഞില്ലയോ നീ
ഈശവാക്യം ശ്രവിച്ചേറ്റം സമാധാനമാർന്നു വേഗം
താ ഇന്ത തരികിട തികിത തൈ

22. ആക്കാലം ബാവാ തന്റെ മക്കൾ പത്തുപേരുമായി
ആടുമാടു കൂട്ടവുമായി മേയിച്ചവരും വാഴുമ്പോൾ
മേയിച്ചു താമസിച്ചവരേറിയ നാളായിട്ട്
എൻ പുത്രനാം യൗസേപ്പേ വേഗം നീ പോയി നോക്കിവാ
കല്പനകേട്ടപ്പോഴേ ശേഖേമിനു താൻ നടകൊു
ശേഖേമിൽ താനെത്തീട്ടു ദേശമൊക്കെ നോക്കി താൻ
തൂബേൻ ശിമയോൻ ലേവിയഹൂദാ ദൂരെ വച്ചവർ കവനെ
അതാ വരുന്നു സ്വപ്നക്കാരൻ നമ്മുടെ കയ്യിലായല്ലോ
സ്വപ്നഫലവും പക്ഷപ്രതിയും നമുക്കിപ്പോൾ കാണാവേ
അയ്യോ കുലചെയ്യരുതേ പൊട്ടകിണറ്റിലിട്ടേരോ
വെള്ളമില്ലാകുഴിയിലെ തള്ളിയിട്ടവർ തമ്പിയെ
കൂട്ടത്തെ തിരിപ്പാനായ് തൂബേൻ പോയ സമയത്ത്
മിസ്രയേമ്മിനു പോകാനായി യിഷ്മയേല്യർ വന്നതിലെ
സുന്ദരനാം യൗസേഫിനെ കാണിച്ചവരൊടു ചൊല്ലുന്നു
ഇരുപതു കാശു തന്നെന്നാൽ തന്നേക്കാമി കുഞ്ഞിനെ
കേടുപാടുകൾ നോക്കീട്ട് കൊള്ളാമെങ്കിൽ തന്നേക്കാം
കാശുവാങ്ങിയയഹൂദാ വിറ്റു തന്നുടെ തമ്പിയെ
വീും തൂബേൻ വന്നപ്പോൾ കുഴിയില്ല പൈതൽ
അയ്യോ കൊലപാതകരെ കില്ലല്ലോ കുഞ്ഞിനെ താൻ
മാർവത്തങ്ങലാച്ചിട്ടേ വേഗം വസ്ത്രം കീറി താൻ
മോഹാലസ്യം വന്നിട്ടേ തിണ്ണന്നങ്ങു മണ്ണിലായി
ഇത്ത തിന്ത തകതത്താ തകത തിന്ത തികിതത്താ
ഇത്ത താകർകു തിന്ത താകൃതു ഇത്ത തത്തി തികിത തൈത്തെ

23. ജ്യേഷ്ഠസോദരർ ആട്ടിൻകൂട്ടത്തെ മേയ്ക്കിന്നിടം തന്നിൽ
(സോദരർ) മേയ്ക്കിന്നിടം തന്നിൽ (സോദരർ)
മേയ്ക്കിടം തന്നിൽ
മുറുക്കം ഇഷ്ടതനയനാം ജോസഫുകുട്ടിയെ ശിഷ്ടനാം താതനയച്ചു വനാന്തരെ
തൊങ്കത്തരികിട – തരികിടാകിട – തകിണം – തിരി

തികിണം തിരി - തികിണം പുകൾ തന്നീടും (ജ്യേഷ്ഠസോദരർ)
വർണകഞ്ചുകം ചാർത്തി ചെന്നിടും ജോസഫിനെ കു
(ചെന്നിടും) ജോസഫിനെ കു (ചെന്നിടും)
ജോസഫിനെ കു - തത്തിന്തകം
നിർണയിച്ചാത്മസഹജാതരപ്പോഴെ നമുക്കി
വൻവധം പോക്കണമെന്നത് - തൊങ്ക തരികിട
ജ്യേഷ്ഠന്മാരവർ കാട്ടി വൻചതി കഷ്ടപ്പെടുത്തീടാൻ
(വൻചതി) കഷ്ടപ്പെടുത്തീടാൻ (വൻചതി)
കഷ്ടപ്പെടുത്തീടാൻ - തത്തിന്തം
പൊട്ടകിണറതിലിട്ടു കുമാരനെ നിഷ്ഠൂര ചിത്ത
ന്മാർക്കെന്തരുതാത്തത് തൊങ്കത
ആർത്തനീസ്വരം കേട്ടു തൂബേനാം ജേഷ്ഠൻ ജവം
വന്നു (തൂബേനാം) ജേഷ്ഠൻ ജവം വന്നു (തൂബേനാം)
ജേഷ്ഠൻ ജവം വന്നു തത്തിന്തകം
ദുർത്തരായ നൂഹോ കാട്ടുന്നനുജരെ പാർത്താലിതു
പാപമെന്നു വിലക്കിനാൻ - തൊങ്കത്തരികിട
താ ഇന്ത തരികിട തികിത തൈ

24. ഓശാകളുമുട്ടിന ഹേറാമറുവാമദ്ദള വീരിതതുടികൾ
ഓശേയിലുഘോഷമതേറിനാശം ഖൊടു
കൊമ്പുകളും - തക - തക
ഒട്ടെല്ലാം കൈമണി വീണശിത്താരുകളെത്തിരിയാൽ
താശാകുഴൽ മദ്ദളമുരശ്ശടി എത്തിടുമെത്തിരെയന്മണിയാരം
തഞ്ചിടാകൊഞ്ചിലിലഞ്ചിടും കിന്നാരം ധ്വരികൾ - തരികിട
തകൃതാരം വൻകുലയങ്കുലതിങ്കിമലങ്കിവരൈ - ഇത തികു തൈ
ഭാഷാ പറഞ്ഞിടുവാൻ കുഴിതാളവും ചെകൾ കൈമണിതാളം
പാറോംസിറുമംഗലടിയൊടു വീക്കൊടുമദ്ദളവും (എന്നും)
പേശുവാൻ ചെച്ചചിലമ്പു കിലുക്കിടും കിങ്ങിണിയും ഇത തികു തൈ
പൂശിച്ചുവച്ചൊരു കുരിശും വെണ്മവരുത്തി എടുത്തവരൊപ്പം
പിന്താതെ മുന്തിയെടുത്തവർ പങ്കമതില്ലണവാർ
പിന്താതെ മുന്തിയെടുത്തവർ പങ്കമതില്ലിണവാർ (ദുഷ്ടരും)
പാരീതം കുരിശിനുചുറ്റും ആശകുഴൽ വിളിയും
ഇത്ത തികി തൈ

25. പച്ചനെല്ലിൽ കതിരുകൊത്തി പറക്കും പൈങ്കിളിതത്തേ
നീയൊാോ പൊന്നാരംഭം കളിരികെ - ഇത്ത തികി തൈ
കളരിയും കനോനും ഗുരുവിനെ കേ ഞാനും
തിറമൊത്ത ഗുരുവിന്റെ ചയ കേ ....
അഞ്ചുവർണപട്ടുമുടുത്തു അരയിൽ -പൊന്നരിഞ്ഞാണം
മുത്തുരത്നം പതിച്ച രലേസ്സും കെട്ടി -
കളിനാങ്കളു കളിക്കുമ്പോൾ
കളിയാക്കി ചിരിക്കല്ല
അതു ഞങ്ങളുടെ ഗുരുവിനെ കുറവാക്കരുതെ
താ ഇന്ത തരികിട തികിത തൈ

26. മാനേവനം ദിനവും തേടുതേടി - മുഖം
കാണയെന്നാശയിനാൽ പാട്ടുതേടി

നാടകം തങ്കം തരികിടജം നാടകം
മുൻനാളെദിനം മൂസ്തവാനെ ബിനാ
യഗൊമെ - ജൂം ജൂം ജൂം ജൂം ജൂം ജൂം
ഗമ - ഗമ കും കും കും കും കും കും കിടജം
പും പും പും പും പും പും സരിഗമ
സരിം സരിം സരിം - നിമഗരി പമഗരി
ജണും ജണും ജണും താതരികിട തടമാനേ മനം
താ ഇന്ത തരികിട തികിത തൈ

27. വടിവൊടു മിശിഹാ തുണയരുളേണം - തെയ്തിത്തൈ തെയ്താ
കുടികൾക്കെന്നുടെ നാടതിൽ വാഴ്വാൻ
നാടധിപതിയുടെ കല്പനയാലെ - തെയ് തിതൈ തെയ്താം
കോടതി വച്ചു നാടതിലെട്ട്
മോടി എഴുന്നൊരു നാമം ജഡ്ജി - തെയ് തിതൈ
വടിവൊടു രാം ജഡ്ജിശാസ്ത്രികൾ
കൂടിയിരുന്ന വിചാരിപ്പാനു - തൈയ് തിത്തെ
കുടികൾ വന്നാൽ തീർന്നോപിള്ളെ - തെയ് തിത്തേ
പകർപ്പെഴുതുന്നത് താമസമെങ്കിൽ
അല്പം താമസമുന്നൊകിൽ - തെയ് തിതൈ
അപ്പീലെക്കൊന്നെഴുതാം ഞാനും
നമ്പരൊഴിഞ്ഞ് കുടിശിഖ വന്നാൽ - തെയ് തിത്തൈ
ശമ്പളമിങ്ങു പിടിക്കുന്നു്
ഇടപന്തി പിടിച്ചീടുക മൂലം - തൈയ് തിത്തെ
തേക്കുകൾ വെട്ടിയ കാരണമെന്ത്
ഉോ പുകയില് നേരെതിന്മാര് - തെയ് തിത്തൈ
മിുന്നുോ ഞാനാ കാര്യം
തറമേൽ നമ്മുടെ ധനവാൻ സോദരൻ - തൈ തിത്തെ
അനുകൂലപതി അറിയേുംമവസ്ഥ
തയ്യുടെ ചുവടു പിടത്തിയതു നമ്മുടെ - തൈയ് തിത്തെ
കൈമുതലിന്റെ ചുരുക്കം കെ്
ഞാനും കൂടി തയ്യുമെട്ടാലുപറമ്പിൽ വച്ചത് നൂനം - തൈ തിത്തെ
അത്താഴത്തിനു വകയില്ലാഞ്ഞാൽ പത്താക്കെ
കുഴവെപ്പനെളുതോ - തൈയ് തിത്തെ
ഈക്കുറിമാനം കൊച്ചുപ്പായി അപ്പനെ വായന കേൾപ്പിക്കേണം
- തൈയ് തിത്തെ
ഉങ്കെിൽ കുറെ നെല്ലുതരേണം
ഇല്ലെങ്കിൽ കുറി മറുപടി തരേണം - തൈയ് തിത്തെ
ഇന്നു നമുക്കിഹ നെല്ലു ലഭിക്കും
എന്നു ശിശുക്കൾ സന്തോഷിച്ചു - തൈയ് തിത്തെ
അന്നരനാഴികരാ ചെന്നപ്പോൾ
വന്നൊരു ഭാഷയിൽ വീടു പൂകിഞ്ഞാൻ - തൈയ്
കുട്ടികുളന്തകൾ കൊട്ടയുമായിട്ടൊട്ടു പതുക്കെ
അടുത്തു തുടങ്ങി - തൈയ് തിത്തെ
കിട്ടിയില്ലെന്നു പറഞ്ഞൊരു സമയം
മുളപൊട്ടു പോൽ നിന്നു കരഞ്ഞു - തെയ് തീത്തെ

കൊച്ചാച്ചാമ്പിള കൊച്ചാച്ചിം
കൂടൊച്ചത്തിൽ നിലവിളിയിട്ടു - തെയ് തിത്തൈ
ശിഷ്ടം നിന്നൊരു തെങ്ങേൽ നിന്നഞ്ചെട്ട്
ഇട്ടുകൊടുത്തവർ വെട്ടിതിന്നു തെയ് തിത്തൈ തെയ്താ
പെട്ടന്നീശോ മാർയോസേഫന്നുൾകൊങ്ങശയിച്ചെല്ലാരും
ആറരനെല്ലേ പറ്റുള്ളിവിടെ
വ്യാകുലമുള്ളിൽ തോന്നിടല്ലേ
സ്റ്റാമ്പിനു രൂപായെടുത്തു കൊടുത്താൽ
നൊമ്പരമുന്നെറിയാമല്ലോ
നാളേക്കനുഭവമുള്ളൊരു വൃക്ഷം
നാവെ പാടം ചെയ്യേല്ലോ
വിലമതിയാതെ കൊടുത്തു എന്നാൽ
ചുവടറിയാതെ കുലച്ചീടുന്നു
ആറ്റരികിൽ കുടി പാർത്തു വരുന്നോ
രാറ്റുപുറത്തുണ്ണേട്ടനെഴുത്തു
താ ഇന്ത തരികിട തികിത തൈ

28. മംഗലാ - വേലാ കാണ്മണിപോലെ-മാമണി-നൽപുരുഷ - തത്തിന്തകം
മന്നവരൊത്തു-പൊൻമുടിചൂടി-മുൻ കൈവളകയിക്ക - തത്തിന്തകം
പങ്കിയരയിൽ-പൊൻതുകിൽ വെള്ള കരയതിൻ വച്ചുവലാ - തത്തിന്തകം
ചങ്ങലാ വെള്ളി-പൊന്നരിഞ്ഞാണം ഇട്ടരതന്നിൽ പൂട്ടി - തത്തിന്തകം
പട്ടറുമാലും-ചെു-പൊടിപ്പും കെട്ടിയതിന്റെ മീതെ - തത്തിന്തകം
ഇരുമൈ കൂടാതെ-മംഗലാവേല-കരോരു വാർത്ത ചൊൽവാൻ - തത്തിന്തകം
തിങ്ങിന രു തോൾ വളയു് കൊിരുഭാഗം തന്നിൽ - തത്തിന്തകം
താ ഇന്ത തരികിട തൈത്തെ

29. ചൊല്ലിയധിപൻ ദാനിയേലിനോട് നീ സേവിക്കുക ദൈവം - തത്തിന്തകം
തെല്ലുപോലും കേടില്ലാതെ നിന്നെ കാത്തു സൂക്ഷിച്ചുകൊള്ളും - തത്തിന്തകം
നിശ്ചയമതു മാറ്റാതിരിപ്പാൻ രാജനെക്കൊു മുദ്ര
ഇച്ഛപോലവർ ചെയ്യിച്ചു ഗുഹാവാതിലടച്ചുകല്ലിൽ - തത്തിന്തകം
ആ ദിനം രാജൻ നിദ്രയില്ലാതെ സന്താപത്തോടിരുന്നു - തത്തിന്തകം
വാദികളറിയാതെ രാവിലെ ചെന്നു ഗുഹാസവിധെ- തത്തിന്തകം
താനധികം സ്നേഹിച്ച മന്ത്രിയെ കേണു വിളിച്ചീടുന്നേ - തത്തിന്തകം
ദാനിയേലേ നീ സേവിക്കും ദൈവം നിന്നെ രക്ഷിച്ചിടുന്നോ - തത്തിന്തകം
ആയതുകേട്ടു ചൊല്ലിയാ ദാസൻ സിംഹം എന്നെ തിന്നാതെ - തത്തിന്തകം
വായവയുടെ യഹോവാ ദൂതൻ കയ്യാലടച്ചിരുന്നു - തത്തിന്തകം
താ ഇന്ത തരികിട തൈത്തെ

30. വന്നൊരിക്കൽ പൈങ്കിളിയും മന്ദമായ് ചൊല്ലിയാൽ
താ ഇന്ത തരികിട തികിതൈ - ഇത തികു തൈ
സഭയിലുള്ള മാന്യജനങ്ങൾ മതി തരുന്നുവെങ്കിലോ
സമരവീരനായ ശിംശോൻ ചരിതമൊന്നുരച്ചിടാം
പൈങ്കിളി നീ ചൊല്ലിയാലും സൽക്കവിത ഭംഗിയായി
മഹത്വരാജൻ കരുണയാലെ മതിതെളിഞ്ഞു ചൊല്ലിയാൾ
ദാൻഗോത്രെമനോഹ തൻ ജായ്ക്ക് ദൂതന്റെയരുൾ
മച്ചിയായിരുന്ന നിന്നിലുൽപാദിച്ചിടും സുതൻ
മലിനമായതിന്നു മുതൽ അനുഭവിക്കരുത് നീ
ക്ഷിതിവസ്സേയവൻ തലയിൽ ക്ഷൗരമേതുമായിടാ

ഫെലിസ്ത്യർക്കൊരു ശത്രുവും യിസ്രായേലിനു നാഥനും
ഇദമരുളി ദൈവദൂതൻ ഭുവനമതിൽ നിന്നുപോയി
യാഗമാംമഗ്നി ജ്വാലയിൽ ദൂതൻ പോക്കു കവൾ
സ്രാഷ്ടാംഗം വീണു വീണു മനോഹയും ഭാര്യയും
സൃഷ്ടാവെ കതാൽ മൃത്യുകൃത്യമെന്ന് മനോഹാ
ഇഷ്ടഭാര്യ ചൊല്ലി തന്നോടക്ഷണത്തീലിവിധം
യാഗം സ്വീകരിക്കയാൽ ദൈവമതു ചെയ്കാലാ
വൃദ്ധയാകും സാറാ തന്റെ പുത്തിരനെ പ്രസവിച്ചപോൽ
ഇക്ഷിതിയിൽ ജാതനായ് ശക്തിമാൻ ശിംശോനുണ്ണി
മഹനദാസിൽ വെച്ച് റൂഹാ അവനു മേൽഗതിയേകി
താ ഇന്ത തരികിട തൈ

31. മൂന്നുപത്ത് തോഴർ മൂന്നുദിനം നോക്കി
മടങ്ങി അവരെല്ലാം മൗനമായിരുന്നു
തക്കംനോക്കി ചെന്നു മണവാട്ടിയോടോതി
കടമതിൻ പൊരുളെ പറഞ്ഞു തന്നില്ലെങ്കിൽ
നിന്നെ തന്നെയല്ലാ താതനേയും വീടും
അഗ്നിക്കിരയാക്കും ഓർത്തുകൊൾകെ വേു
കേട്ട നേരം നാരി തന്റെ ഇഷ്ടഭർത്താവിന്നരികെ (2)
വാട്ടമെന്യേ ചെന്നുനിന്നു വാർത്തയെല്ലാം ഉണർത്തിച്ച (2)
തോഴരോട് ചൊന്ന ചോദ്യത്തിന്റെ സാരം (2)
ഭാര്യയാമെന്നോടെന്ത് ഓതിയില്ല നാഥ (2)
നാഥേ ഞാനകാര്യം താതനോടെന്നല്ല
താതയോടുപോലും ചൊല്ലിയതുമില്ല
സ്ത്രീയുടെ സിദ്ധാന്തം സഹിക്ക വയ്യാതായി
ഭാര്യയോടായിട്ട് ഗൂഢമായുരച്ചു.
ധരുണിമണി വേഗം പൗരരോടുരച്ചു
സ്ത്രീയുടെ ചതിവ് ശീംശോനക്കും പറ്റി
പട്ടണക്കാരൊത്തൊരുമിച്ചസ്തമനത്തിന് മൂൻപ് (2)
തേനിനേക്കാൾ മധുരമേത് സിംഹത്തേക്കാൾ ബലവാനാര്
എസ്തലോനിൽ ചെന്നു മുപ്പതിനെ കൊന്നു
വസ്ത്രമിങ്ങെടുത്തു തോഴർക്ക് കൊടുത്തു
താ ഇന്ത തരികിട തൈ

32. ശിംശോൻ ചെന്നൊരു ഫലസ്ത്യകന്യക-
തെത് തിത്തെയ് തെയ്താം
ശീംശോൻ ചെന്നൊരു ഫലിസ്ത്യകന്യകയെ കവനവളെ ബോധിച്ചെന്നായ്
അപ്പനും അമ്മയും അവനൊടു ചൊല്ലി തെയ്തിത്തൈതെയ്താം
ഫെലിസ്ത്യരിൽ നിന്നൊരു കന്യക വേ
അക്കാലത്തിസ്രായേലെ - തെത് തിത്തെയ് തെയ് താം
അക്കാലത്തിസ്രായേലെ ഭരിച്ചിരുന്നതും ഫലസ്ത്യർ തന്നെ
താതനുമാതാസൂനുവുമായി - തെത് തിത്തെയ് തെയ് താം
താതനുമാതാസൂനുവുമായി തിമ്നയിലേക്കായി പോകും മാർഗേ
തിമ്നക്കരികെ ഉള്ളൊരു മുന്തിരി - തെത് തിത്തെയ് തെയ് താം
തിമ്നക്കരികെ ഉള്ളൊരു മുന്തിരിതോട്ടം തന്നിലെത്തിയ നേരം
വന്നൊരു സിംഹം അലറിക്കൊ് കൊന്നവരേയും തിന്നുവാനായി
ആയുധം ഒന്നും കൈവശമില്ലേ - തെത് തിത്തെയ് തെയ് താം

ആയുധം ഒന്നും കൈവശമില്ല ആവനുടെ സഹായം മാത്രം
ആയതുകൊവനാ സിംഹത്തെ - തെത് തിത്തെയ് തെയ്താം
ആയതുകൊവനാസിംഹത്തെ ആട്ടിൻകുട്ടിയെ കീറും പോലെ
പിന്നെയുമവനാ ധരുണിമണിയുമായ് -തെത് തിത്തെയ് തെയ് താം
പിന്നെയുമവനാ ധരുണിമണിയുമായി സംഭാഷിച്ചു - ബോദ്ധ്യപ്പെട്ടു
കാലം കുറച്ചു കഴിഞ്ഞപ്പം - തെത് തിത്തെയ് തെയ്താം
കാലം കുറച്ചു കഴിഞ്ഞപ്പോഴ മംഗല്യത്തിനായി പോയി
ഉടലിൽ തേനവരെടുത്തു ഭുജിച്ചു - തെത് തിത്തെയ് തെയ്താം
ഉടലിൽ തേനവരെടുത്തു ഭുജിച്ചു തായയും തന്തയും വേതു തിന്നു
ശിംശോനും തന്റെയപ്പനുമായ് - തെത് തിത്തെയ് തെയ്താം
ശിംശോനും തന്റെയപ്പനുമായ് കന്യക തന്നുടെ ഭവനേ ചെന്നു
ആക്കാലത്തെ പതിവതുപോലെ - തെത് തിത്തെയ് തെയ്താം
ആക്കാലത്തെ പതിവതുപോലെ ശിംശോനവിടൊരു വിരുന്നു കഴിച്ചു
കൂട്ടായിട്ടൊരു മുപ്പതുപേരും - തെത് തിത്തെയ് തെയ്താം
കൂട്ടായിട്ടൊരു മുപ്പതുപേരും തോഴന്മാരായി കൂടെയിരുന്നു
ഓരോ ദിക്കിൽ ഓരോ നടപടി - തെത് തിത്തെയ് തെയ്താം
ഓരോ ദിക്കിൽ ഓരോ നടപടി ഇക്കാലത്തും പതിവുല്ലോ
അന്നവനവരോട് ഒരു കടമോതി - തെത് തിത്തെയ് തെയ്താം
അന്നവനവരോട് ഒരു കടമോതി സമർത്ഥന്മാരെ പറവിനെങ്കിൽ
ഒരു വാരത്തിനകം ചൊന്നാകിൽ - തെത് തിത്തെയ് തെയ്താം
ഒരു വാരത്തിനകം ചൊന്നാകിൽ മുപ്പതുപേർക്കും വസ്ത്രം തരുവേൻ
തിന്നുവനിൽ നിന്നോരിരയും - തെത് തിത്തെയ് തെയ്താം
തിന്നുവനിൽ നിന്നോരിരയും മല്ലനിൽനിന്നും മധുരവുമേകി
താ ഇന്ത തരികിട തൈ

**33.** ആരുടെ പാപം എന്നറിവാനായി
ചിട്ടികളവരിട്ടെ - കർതുക തത്തത്ത
കാലക്കേടിനാൽ കുറിവീണതു
യോനായുടെ പേരിൽ - കർതുക തത്തത്ത
എന്നേയിക്കടൽ തന്നിലേക്കെറി
നിങ്ങൾക്കു പോകുവാൻ വേി - കർതുക തത്തത്ത
കേട്ടവർ വേഗം തള്ളി സാഗരേ
വലിയ മീൻ വിഴുങ്ങി - കർതുക തത്തത്ത
മൂന്നു രാപകൽ മത്സ്യ ഉദരേ
കിടന്നുയാഹേവ നമിച്ചേ - കർതുക തത്തത്ത
കർത്തന്റെ തീർപ്പാൽ വലിയ മത്സ്യം
യോനായെ കരയിറക്കി - കർതുക തത്തത്ത
കടുത്ത വെയിൽ തടുപ്പാനായി
ആവണക്കൊരു തണലേ - - കർതുക തത്തത്ത
താ ഇന്ത തരികിട തികിത തൈ

**34.** ആടുവാനാങ്കളും പോയോരു ദിനം
അല്ലിരലുവന്തുകവിന്തീടേലോ
ഇണങ്ങിയ ഡിതുടംഷാ - വൊലിയാരിൽ
ഒത്തുനടന്നുമതി - ദിനത്തോളം
ആ സ്ഥലം വിട്ടുമ-തി ദിനത്തോളം
താവിരിളിൽ വരും പോ യിതെന്നാൽ

ആസ്ഥലം വിട്ടുമട-ങ്ങിയാനന്തം
കു ബൽക്കീസീന്റെ രാ-ഗവും പിന്നെ
കൈമണി വീണമണി (ഇത്തിത്തെത്താ)
ആടിയവർ രാഗം - പാടിയാടുമ്പോൾ
അരചൻ വിടുന്ന-കുളെലിന്തത്തേ
താ ഇന്ത തരികിട തികിത തൈത്തെ

35. ചെങ്കുലയും മാനുമൊരു ചെമ്മലമേലോടി - കർതുക തൈ താം
അമ്മലമേൽ ചെൻറുവരും - ചെമ്പകപ്പൂമാലേ - കർതുക തൈ താം
ചെഞ്ചരണം തഞ്ചംമാലെ - ചെമ്മെലേറാ സൂലെ - കർതുക തൈ താം
വഞ്ചിതമായ് ചോലെ ചുഴും - ബിന്തൈ മതിനാവെ - കർതുക തൈ താം
വെന്തു വെന്തുരുകീടുന്നേ - എന്റെ നെഞ്ചിതയ്യോ - കർതുക തൈ താം
താ ഇന്ത തരികിട തികിത തൈത്തെ

36. അസദുനാമം കേട്ടിട്ടവനുമുരപ്പെട്ടു
കശുമലർ തീരാറു പു നാം  പിടിന്തു
ബാറുരംപെട്ടോനെ ബന്ധവസ്സിൽ കെട്ടി
കുറ്റപത്രം ചാർത്തി കോർട്ടിനു മുമ്പയച്ചു
(മുറുക്കം) വിട്ടകാലം കെട്ടിവിട്ടു കട്ടി തീരും വൻപുലി
കുട്ടിപോലെ കുതിരമോളിൽ ദുഷ്ടനും വന്നേശിയപ്പോൾ
ഏശിവന്ന ശൂരൻ അവനിലേക്ക് ഞാൻ
ആശവച്ചൊരുങ്ങിങ്ങങ്കിയാമുളങ്കി....
താ ഇന്ത തരികിട തികിത തൈത്തെ

37. ഏലിമേലേക്കും തന്റെ കാന്തനവോമിയും
പുത്രദ്വയത്തോടെ ബേതലേമിൽ നിന്നും
ക്ഷാമം മൂലം പോയി മോവാബിൽ വസിച്ചു
താമസമെന്യെ താതനും മരിച്ചു
മോവാബ്യസ്ത്രീകളെ പുത്രരിവരും
കാന്തയായ് വരിച്ചു മാതാവുമായി പാർത്തു
ജേഷ്ഠത്തി ഓർപ്പായും സോദരിയാം രൂത്തും
പാർത്തു ദശവർഷം കണവരും മരിച്ചു
മാതാ താനും തന്റെ സുനുപത്നിമാരും
നാഥന്മാരില്ലാതെ പാരമായ് വലഞ്ഞു
ക്ഷാമം തീർന്നു ധാന്യം ഏകി ബേതലമിൽ
ആ ദേശത്തേക്കായി വിധവമാർ തിരിച്ചു
(മുറുക്കം) മിത്രങ്ങളെ പോകുവിൻ നിങ്ങൾ തത്രതാതൻ ഭവനത്തിൽ
ക്ഷിത്രിനാഥൻ കൃപയാലെ തത്രസുഖെ വസിച്ചാലും
ഇത്ഥമോരോന്നായി മാതാ പുത്രികളോടുണർത്തിയാറെ
അത്തലാലെ പറഞ്ഞവരെത്തിടും നിന്നോടുകൂടെ
ഉ ാേ എന്നുദരെ സുതർ വറാണിക്കുഴൽമാരെ
ഉായാലും വേനാളിലക്കിടു ചോരരൊരുപോൽ
ഓർത്തു ചുംബിച്ചോർപ്പാ മാതാവെ പിരിഞ്ഞു
പാർത്തു രൂത്തു മാതാചിത്തമൊത്തു ചേർന്നു
താ ഇന്ത തരികിട തികിത തൈ

38. അമ്മയാം നവോമി (തികിതൈ) തന്മകൾ രൂത്തുമായി (തികിതൈ)
ഒന്നായി നടന്നവർ (തികിതൈ) ചെന്നഹോബേതലേ (തികിതൈ)
അന്നാളിലാനഗർ (തികിതൈ) അന്ധാളിച്ചവർമൂലം (തികിതൈ)

നാരിജനം ചൊല്ലി (തികിതൈ) നവോമിയോയിവൾ (തികിതൈ)
(മുറുക്കം) മ-മ-നാമം നവോമിയെന്നിനി മേലാൽ ചൊല്ലരുതേ
ധരണിയിൽ ദുരിതാലെ വലയുമെന്നെ പറയുക
മാറായെന്നതൊരുപോലിനി
മരുമകൾ രൂത്തും മാതാ നവോമിയുമായ്
സ്വദേശെ ചെന്നാറെ ക്ഷാമം ദേശത്തില്ല
ഗോതമ്പിൻ കൊയ്ത്താലെ - തികിതൈ
മോദമാണവർക്കും
ഇന്ത തരികിട തൈ

39. അടിയോ ഇടിയോ ചെറുപിള്ളേർ കളിയോ
അടിയല്ല പിടിയല്ല ചെറുപിള്ളേർ കളിയല്ല
ആരാണവിടെ മല പോലൊരുവൻ
മലയല്ല ഗോല്യാത്തെന്ന ഫെലസ്ത്യരുടെ മല്ലനാ
ഓടുന്നിവനും അണയുന്നവനും ഝടുതി പൊടിയാക്കിടുവതിനവനെ
മല്ലൻ ഇളകി ഉടനെ ഇളകി എടുത്തു
തൊടുത്തു കവിണയിൽ ശിലയും
ദാവീദരികെ പരിചയിലെതിർപ്പാൻ
എറിഞ്ഞു മറിഞ്ഞു ധരണിയിൽ പതിച്ചു
ഏറേറ്റതിനാൽ മലപോലെയവിടെ
ആരാണിവിടെ മലപോലൊരുവൻ
മലയല്ല ഗോല്യാത്തെന്ന ഫെലസ്ത്യരുടെ മല്ലനാ
രാക്ഷസന്റെ തലവെട്ടി കഷണമാക്കിയാൽ
ഊരുതേടി പുറപ്പെടു വായുവേഗം പോലെ
സൈന്യങ്ങളറിഞ്ഞനേരം ഓടിയവർ വേഗം
എത്രയും ഗംഭീരനായാലെന്തു ഫലം ഉ്
ദൈവസഹായമില്ലെങ്കിലെന്തു ചെയ്യും
ഇത്രയും പറഞ്ഞശേഷം അന്നവും പറന്നേ
ദൈവമേ നീ കുറ്റമൊക്കെ തീർത്തു രക്ഷിക്കണം
തെറ്റുകുറ്റങ്ങളൊക്കെ നീക്കി നീ തുണച്ചീടണം
താ ഇന്ത തരികിട തികിത തൈ

40. കാനനത്തിൽ വേട്ടയാടാൻ പോയിവരും
പ്രാണനാഥയിതു കേൾക്കുക
വല്ലഭൻ പോയതിൻ വല്ലായ്മ പെട്ടുഞാൻ
എല്ലാം മറന്നിതാ നേരമോ
മല്ലനാം യൗസേപ്പെന്നോടുല്ലാസമായി സ്വൈര്യ
സല്ലാപ വാക്കുകളോതിയേൻ
മാനിനിമാരുടെ മാനാഭിമാനത്തിൽ
ഹാനി വരുത്തിയ നീചനെ
കാണിനേരം പോലും താമസമെന്യെ
പ്രാണനാഥ ദൂരത്താക്കുക
ഇത്തരം ഭീഷണി വാക്കുകൾ കേട്ടുടൻ
ഫൊത്തിഫെറിൻ മനം നൊന്തിതെ
ഉത്തമനാകിയ യൗസേഫിനെ മന്ത്രി സത്തമൻ
ശിക്ഷ വിധിച്ചയ്യോ
മരണശിക്ഷക്കു നീ അർഹനാണെങ്കിലും

സ്മരണയോടെ ഹിതം ചൊല്ലുന്നേൻ
മേലിലൊരുത്തരവുാകുക വരെ
കാരാഗ്രഹം തന്നിൽ പാർക്കു
തത്തിന്ത തികിണ താകുജണം തരി
താകറുക തിത്താം - തിങ്കിണത്തൊ

41. വായിന്തമയിലോ കുയിലോയിനമൊരു
മടന്തൈ മുൻവന്താൾ
(ആളിനമൊരു) മടന്തൈ മുൻവന്താൾ
ഇന്ത തരികിട തികിതൈ
വാളന്തമാമറെ തെരിയും അലങ്കോലിയും
അടിയത്തിരൊരിശിത്തിരം നൊടിയിൽ തിരിമ്പിടവെ
തിംന്തജണുപത നീന്തജുണുപത നിദ
മസരിരിഗ സരിഗമപദനിസ
താകുടി തികുടി ദൃമിതക്കു നിക്കു നിക്കുണം
തകൃതം തകജുണു തികൃതം തികജണു
തകൃതം തകജുണു തികൃതം തികജണു
തളാങ്കുതപ്പതക തക തിടജം
വായിന്തമയിലോ
താ ഇന്ത തരികിട തികിത തൈ

42. പോറ്റി പുകഴ്ന്തുവരാർ (ക്ഷെകിതാക്കൾ)
പോരിൽ ജയിച്ചുവരാൻ (പാരിപിറം)
ഏറികളിത്തുവരാം - ഇന്ത തരികിട തികിതൈ
(മുറുക്കം) പോ - പോ- ഏറികളിത്താളം മേളകളിത്തതായ്
കപ്പകങ്കുഴൽ എങ്കും ചതുർവള
മുത്തുകുലത്താണി മുത്താണിമദ്ദളം
കററ വാരചുഴൽ കേറിവരുമ്പടി
പോറ്റി പുകഴ്ന്തുവരാർ (ക്ഷെകിതാക്കൾ)
പോരിൽ ജയിച്ചവരാൻ (പാരിപിറം)
ഏറികളിത്തുവരാം - ഇന്ത തരികിട തികിതൈ

43. ആദി അന്തവും താനാക്കിവളൈ രു പിന്തവും
ജാദി പല പല വേറാക്കി നിന്റെ തത്വം കേളടി - ജ്ഞാപ്പെണ്ണേ
ഉച്ചിതമാന ഉടുപ്പുടുത്തു നല്ല ഉയരമാനയ്താം - ഇത്തരികിട തിന്തോ
വച്ചിതമാനകടുക്കനിട്ടേ നല്ലവാരശിങ്കാരത്ത പാരും കൊടി - ഇത്തിരികിട തിന്തോ
പാട്ടുപാടാതെ ഇങ്ങൊരു അച്ചിമട്ടം പിന്നെ കാലലും - പന്തിര് - ഇത്തിരികിട തിന്തോ

44. കുമ്മി അടികളി
ആദിപിതാവാനപരൻ ചൊന്ന കല്പന കേളുങ്കോ
അന്തകല്പനയ്നാനെല്ലാമൽ പൊറുതിവന്തുകിടയാമൽ
കല്പനയ്കനിയേകപരൻ കട്ടിള ഇട്ട വടിവുകൾ
കല്ലെഴുത്താൽ മോശക്ക് കൊടുത്ത കല്പനയാമിത്
മോശ ദീർഘദർശിയുടെ രാം പുസ്തകമാണിത്
മുപ്പതിൽ പത്ത് നീക്കിയിട്ടൊള്ളൊരധികാരത്തെ ചൊല്ലുകിറെ
ഞാനെല്ലാമെൽ ഉനക്ക് ദേവൻ വേറെ രും നിനയാമൽ
ഞാൻ താനെ വൈരാഗിയ ഉള്ള ദേവനാകുതെ

തനിക്കു മറുരൂപമായ വിഗ്രഹങ്ങളെ വക്കാതെ
തന്നെ പോലെയതുകളേ വണക്കം ചെയ്തു പോവാതെ
തൻ മനസ്സെ അറിയാതെ പൊല്ലാവചനം ചൊല്ലാതെ
യേശുവനായൂദനാരുടെ വയ്യവനാളിൽ പാരുങ്കോ
സോദരൻ പൊാട്ടിയേയും ഭവനത്തേയും മോഹിക്ക
ദാസദാസി ആടുമാടിവകളൊന്നും മോഹിക്ക
തന്നെപ്പോലെ എല്ലാ അയൽക്കാരേയും സ്നേഹിക്ക
താ ഇന്ത തരികിട തികിത തൈ

**45.** ദൈവനിയോഗാൽ വന്നു മാലാഖ ഉണർത്തിച്ചു
മച്ചിയെന്നനേകർ ചൊന്നു ഏലിശബ്ബേത്ത് കന്നി
ദുഃഖമാകെ ഒഴിച്ചിങ്ങു പുത്രനെ നൽകേണമെന്ന്
ഇഷ്ടപേശനോട് പാരം ഭക്തിപൂപേക്ഷിച്ചവൾ
ഗബ്രിയേൽ വചനത്താൽ പുത്രനവൻ പിറന്നു
എന്തിടേണം പേരു തന്റെ പിതാവിനോടറിയിച്ചു
ആംഗ്യത്താൽ എഴുത്തു പലക തരണമെന്ന്
എഴുതികാണിച്ചവരെ യോഹന്നാൻ ബപ്തിസെന്ന്
ഉടനെ നാവതു കൊു സംസാരങ്ങളുമായി
പുണ്യവാനാം യോഹന്നാന്റെ വാർത്ത ഒന്നു കേൾക്കാമെങ്കിൽ
കാനനങ്ങൾ വാസമായി കായ്കനികൾ ആഹാരമായി
വെട്ടികിളിയും കാട്ടുതേനും ഭക്ഷണമാ പുണ്യവാന്
ഒട്ടകരോമവുമാണെ വസ്ത്രമവൻ ധരിച്ചത്
കേട്ടു പല ജനങ്ങളും ഓടി തന്റെ കാൽചുവട്ടിൽ
ഒട്ടുപോർക്കൊരു സംശയങ്ങൾ കർത്താവാണിവനെന്ന്
സ്നാനമേറ്റു കയറിയപ്പോൾ പരിശുദ്ധൻ തലയിലെ
പ്രാവുപോലെ വന്നു റൂഹാ ആവസിച്ചിരുന്നീടുന്നു
എന്നെക്കാൾ വലിയവൻ വരുന്നു എൻ പിന്നാലെ
അവനുടെ ചെരിപ്പിൻ വാറഴിപ്പാൻ ഞാൻ യോഗ്യനല്ല
താ ഇന്ത തരികിട തികിത തൈ

**46.** ആവന്റെ അനുകൂല്യത്താൽ - ശിംശോൻ
കഴുത താടിയെല്ലാൽ - കൊന്നായിരം പേരെ
അസ്ഥിയെ ദൂരത്തെറി - ഞ്ഞിട്ടായത്
രാമാത്തുവേഹിയിൽ - വീണുപോലും
ദാഹാൽ വലഞ്ഞവൻ യ - യോഹവായോട്
യാചിച്ചു വെള്ളം ത - രേണമെന്ന്
ഇത്ര മഹാജയം ന - ല്കിയയടിയനീ
ദുഷ്ടർ മുൻപാകെ - മരിക്കേണമോ
ചിത്തമലിഞ്ഞു പട - ത്തോൻ ലേഹിയിൽ
നീരുറവൊന്നുളവ - ക്കിയാനന്തം
എൻഹക്കോരജലം - കൊവൻ പാരം
വിവശത മാറി ശക്തി - മാനായി
ലേഹിയിലാക്കുളം എ - ന്നുമെന്നേക്കും
ഈശൻ കരുണയാൽ ശോഭിക്കുന്നു
നാലഞ്ചുകൊല്ലം പൊരുതി - സ്രായേലിൻ
നാഥനായ് നിന്നു ഫെലി - സ്ത്യരോട്
താ ഇന്ത തരികിട തികിത തൈ

**47.** ദൈവത്തെ അറിയേണം അറിവും ബോധവും വേണം
അഹംഭാവം നീക്കി തിരിച്ചറിവതും വേണം
ആദിയിൽ സർവേശൻ ആദത്തെ സൃഷ്ടിച്ചേദനിലാക്കി
ആദത്തിൻ കൂട്ടായിട്ടവ്വായേയും കൊടുത്തു
പരിമളം വിലസുന്ന തോട്ടവും കൊടുത്തു താൻ
മദ്ധ്യേ നിൽക്കുന്ന വൃക്ഷഫലമാകെ വിലക്കി താൻ
സാത്താൻ തൻ സൂത്രത്താലെ ഹവ്വായെ കനി തീറ്റി
ഹവ്വാ തൻ പിഴയാലെ ആദാമു കനി തിന്നു
അറിവില്ലാതെ ഇവർ ചെയ്തൊരു അപരാധം പൊറുക്കണമെ
അറിവില്ലാതെ ഇവർ ചെയ്തൊരു അപരാധം ക്ഷമിക്കണമെ

**48.** എതിരാമലയിലൊരു ചെമ്പകം നട്ടേ - തെയ്
ചെമ്പകം ചുറ്റിലും വേലിയും കെട്ടി - തെയ്
വേനലാറുമാസം കോരി നനച്ചേ - തെയ്
ചെമ്പകം പൂത്തിട്ടൊരു പൂവതുായ് - തെയ്
വാടാതെ ഞുള്ളി മടിയിൽ വച്ചേയവൾ - തെയ്
ആർക്കാക്കാ പൂകൊട കാഴ്ചവെയ്ക്കേു - തെയ്
നമ്മുടെ തമ്പുരാൻ ചിത്തിര നാൾ മുൻപാകെ - തെയ്
തൃക്കൈ വിളയാടി പട്ടും കിട്ടിയേ - തെയ്
പട്ടുടുത്തിട്ടവൾ തോൾമേലും ഇട്ടേ - തെയ്
കിണ്ണത്തിലെണ്ണയും താളിയുംമായ് - തെയ്
അവളും പതിനാലും തോഴിമാരും - തെയ്
പുത്തൻ ചിറമേൽ കുളിപ്പാനായി പോയി - തെയ്
ചിറ മുറിഞ്ഞവളുടെ കിണ്ണനും പോയേ - തെയ്
കൂടിയലോകരാണേ കിണ്ണൻ തരണേ - തെയ്
താ ഇന്ത തരികിട തികിത തൈ

**49.** മോക്ഷനായകാമീക്ഷി ചെയ്യും നൽമുത്തിപാദം തരും -
നായക-മത്തിപാദം തരും-നായക മുത്തിപാദം തരും- ഇത്ത തിത്ത
അക്ഷിനെബിയനും ഹാമിദാഹൂമദും
അക്ഷിനുടനെന്നെ ആളും പ്രകാശിത
തങ്കതരികിട-കിത-തകിണം-തിരി-തികണം പുകൾ-തന്തിടും
താ ഇന്ത തരികിട തികിത തൈ

**50.** ശീംശോൻ പോയി ഗസയിൽ അവനൊരു
വേശ്യാ പുരേ വസിച്ചാൽ
അവനൊരു വേശ്യാ പുരേ വസിച്ചാൽ
ഇന്ത തരികിട തികിതൈ
ശത്രുവാകിയ ശക്തിമാൻ അകത്തെന്ന്
ഫെലിസ്ത്യരറിഞ്ഞിടവേ - അകത്തെന്ന്
ഫെലിസ്ത്യരറിഞ്ഞിടവേ - ഇന്ത തരികിട തികിതൈ
(മുറുക്കം) ആ നിശിയവനേ - പുറത്തു വിടാതെ
വളഞ്ഞകത്തു - സൂക്ഷിച്ചു കൊാൽ
അരുണനുദിക്കും - നേരം അകത്ത് കടന്ന്
പിടിച്ചഹനിക്കാ - മെന്ന് നിനച്ചു
പതിയിരുന്നതറിഞ്ഞു - പാതിരാവിൽ
ഉണർന്നവൻ - ഗോപുരവാതിലെടുത്തു
കട്ടിള ഓടാമ്പലോടെ - നിശിയിൽച്ചുമന്ന്

വൻ ഗമിക്കാവേ - തകിണം തികണം മറിഞ്ഞും
വീണും എബ്രോനെതിരാ മലയിൽ ചെന്നു
താ ഇന്ത തരികിട തികിത തൈെ

51. ചുവടില്ല

**അങ്ങാടിമരുന്നുകൾ**

അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
അയമോദകം ആശാളി അതിമധുരം അതിവിടയം
അതിതാരം അമുക്കിരം അക്കികറവാ അക്രാവരത്തയും
അത്തിതൃഫലി ഇലവർങ്ങം ഇന്തുപ്പ്  ഇരുവേലി ഇരുപ്പയും
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
കരിംജീരകം കരിങ്ങാലി കാർകോലരി കിരിയാത്ത്
കടൽനുരയും കടൽനാക്ക് കുങ്കുമപ്പൂവ് കുരുമുളക് കൊത്തമല്ലി
കൽക്കം കൃമിശത്രു കുന്തിരിക്കം കിവെണ്ണ കുടകപ്പാലയരി
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
കർപ്പൂരം കന്നാരം പശുപാശി പിതൃമണി ചെറുപുന്ന
മക്കിപ്പു തിരുവട്ടപ്പശ്ശ ചവർക്കാരം ഗന്ധകം അഞ്ജനം
ചങ്കുപഴുതാരവും അക്കിരക്കല്ല് -
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
കാർകോളരി കായവും കറുവാപ്പട്ട കൊട്ടം കോലരക്ക്
കൽമദം കുരുവില്ലാകടുക്കാ കടുക്കായും കടുക് രോഹിണി
നാഗപ്പൂ നെല്ലാക്കാ ജീരകം ജാതിക്കാ ജാതിപത്രി ഉള്ളി
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
ചന്ദനം ചരളവും ചുക്കും ചതകുപ്പ ചേർക്കുരു ചായല്യം
ചെഞ്ചല്യം മായാക്ക് മദനപ്പൂ മാഞ്ചിയും മലങ്കാരക്കാ
മഞ്ഞൾ മരമഞ്ഞൾ ദേവതാരം മുന്തിരിങ്ങപ്പഴം
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
തക്കോലം തൃഫലി തകരവും താന്നിക്കാ തുവർച്ചിലക്കാരവും
താലീസപത്രം തൃക്കോല്പ കൊന്നയും തേറ്റാംപരൽ
ഏലത്തൊലി വാൽമുളക് വേപ്പുംതൽ വിഴാലരി വേമ്പാട
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
നാന്മുഖപ്പുല്ല് പിന്നിടംപിരി വലംപിരി ജോനകപ്പുല്ലുമാം
മഞ്ചട്ടിപൊടി തൂണിയാങ്കം  സാമ്പ്രാണി സഹസ്രവേലി
വത്സനാദി മേദമഹാമേദയുമാം ഗരുഡപച്ച തുരിശ്
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
പതിമുഖം പച്ചില പൂവത്തും പൊൻകാരം പവിഴപ്പുറ്റും
പാവും പൊന്നരിതാരം അസുരനഖം ഗുൽഗുലു ഗോറോചന
ഗ്രാമ്പൂവ് പൂതവൃക്ഷം അന്നഭേദി പഞ്ചമൻപഴക്കാ
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി
വയമ്പു വേങ്ങക്കാതൽ ഞെരിഞ്ഞിലും രാമച്ചം
രക്തചന്ദനം രസം ചിന്നാമുക്കി നല്ലൊരു സന്നിനായകം
അങ്ങാടി മരുന്നുകൾ ഞാൻ പറഞ്ഞിടുവേൻ ഓരോന്നായി

52. ചുവടില്ല

**പച്ചമരുന്നുകൾ**

പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
അത്തി അല്പം അമരി അമൃത് അമ്പഴം അശോകം

അമ്പരത്തി അരയാൽ അമൽപൊരിയൻ അടപൊതിയൻ -
കിഴങ്ങും അണലിവേഗവും അമരവേര് അട്ടനാറിവേള
അടയ്ക്കാമണിയൻ-പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ-
ആവലാവീരയും ആമ്പലും ആഹോരി ആര്യാപ്പ്
ആവണക്ക് ആടലോടകം ആകാശകോരിയും ആനചുവടി
ആനടിയൻ ആറ്റുദർഭ ആനപരുവാ -
പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
കരിങ്കൂവളം കറന്തകാന്തി കരളകം കറുക കദളി കറ്റാർവാഴ
കരിതൂമ്പ കരിമുരിക്ക് കറത്തകാര കമ്പിപാല കാക്കനച്ചി
കാട്ടുവെള്ളരി കാട്ടുമുല്ല കാട്ടുമുളക് കാട്ടരുതി കാട്ടുതൃഫലി
കാട്ടുഴുന്നു - പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
കാട്ടുചേന കാട്ടുപയർ കാട്ടുമുളക്കൊടി കാഞ്ഞിരം
കാർത്തോട്ടി കുറുന്തോട്ടി കുശയും കുടകപ്പാല കുമ്പിൽ
കുടകനും കുരുപരുത്തി കൂവളം കൂർക്കയില
പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
കിഴുക്കൊലചെത്തിയും കൊടുവേലിക്കിഴങ്ങും
കോടാശ്ശാരിയും കോവൽപുളി കൊടിആവണക്ക് കൃഷ്ണതുളസി
പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
കരിമ്പ് കരിമ്പന കരിങ്കുറിഞ്ഞി കറിവേപ്പ് കല്ലൂർവഞ്ചി
കുഴഞ്ചി കരിക്കൊടി കയ്യുണ്യം കച്ചോലം കൈപ്പില
പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ
ഓരില മൂവില നീലനച്ചിഇലയും പുളിയില
മുരിങ്ങഇല കരിഞ്ഞോട്ടഇല ഉമ്മത്തില
പച്ചമരുന്നുകളിലേതാനും ചൊല്ലീടുന്നേൻ ഞാൻ.

അനുബന്ധം അഞ്ച്

# ചിത്രങ്ങൾ

## (Pictures)

അനുബന്ധം ആറ്

# ആവേദകർ

## (Informers)

1. പെപ്പിൻ തോമസ് (കറന്റ് ബുക്സ് തൃശൂർ, പ്രസാധകൻ, പു. 58).
2. റവ. ഫാ. ജോസ് കോനിക്കര Jr. (വികാരി, സെന്റ് ആന്റണീസ് ഫൊറോനാപള്ളി, ഒല്ലൂർ, പു. 62).
3. ബാബു പള്ളിപ്പാടത്ത് (പാരമ്പര്യ കുഴിവെട്ടുകാരൻ, കുന്നംകുളം ആർത്താറ്റ് വലിയപള്ളി, പു. 57).
4. പാത്തപ്പൻ ഇട്ട്യേര (തോലത്ത്, ആർത്താറ്റ്, അധ്യാപകൻ, പു. 44.)
5. കുഞ്ഞിളച്ചാർ താരു (കാഞ്ഞിരത്തിങ്കൽ, അഞ്ഞൂർ, വീട്ടമ്മ, സ്ത്രീ 66).
6. മാത്തിരി വറതപ്പൻ (പ്ലാക്കിൽ, പുതുശേരി, ക്രൈസ്തവഗായിക, സ്ത്രീ. 70).
7. അയ്യു ഉക്രു (ചെറുവത്തൂർ, പറവൂർ, കപ്യാർ, പു. 44)
8. താവു (ഡേവിസ് ചീരൻ, പാലയൂർ പള്ളി കൈക്കാരൻ, പു. 58).
9. കുഞ്ഞാണി (സൂസന്ന വെള്ളറ, പാലയൂർ, മതാധ്യാപിക, സ്ത്രീ. 52).
10. താഞ്ചൻ (പുലിക്കോട്ടിൽ, അഗതിയൂർ, കർഷകൻ, പു.66).
11. ഇറേറ്യനം (നമ്പാത്ത്, വേലൂർ, പ്യൂൺ, സ്ത്രീ. 40).
12. ചെർച്ചി ലാസർ (കുന്നിലോൻ, പറവൂർ, വീട്ടമ്മ, സ്ത്രീ 68).
13. റപ്പായി ചാക്കുണ്ണി (വൈക്കിരി, പറവൂർ, വ്യവസായി, പു. 54).
14. സെബാസ്റ്റ്യൻ (കൊടിയൻ, ചേന്ദമംഗലം, വ്യവസായി, പു. 84).
15. അമ്മിണി (തെക്കേക്കര, കൊരട്ടി, ഗുമസ്ത, സ്ത്രീ. 48).
16. എളച്ചിക്കുട്ടി (കോലാടി, കൊരട്ടി, വീട്ടമ്മ, സ്ത്രീ. 62).
17. ജോയ്മോൻ ഉക്കുറു (ചീരൻ, മരത്തംകോട്, വിദ്യാർത്ഥി, പു. 24).
18. തര്യാക്കോ (പുതുശേരി, കാഞ്ഞൂർ, കർഷകൻ, പു. 87).
19. ഷേർലി കൊടിയൻ (പുതുശേരി, മറ്റൂർ, വീട്ടമ്മ, സ്ത്രീ. 60).
20. ജോബ് ഇട്ടി മാത്തു (കൊട്ടിലിൽ, കാഞ്ഞൂർ, കൈക്കാരൻ, പു. 48).
21. ഉട്ടൂപ്പ് വറീത് (പനക്കൽ, മലയാറ്റൂർ, വ്യവസായി, പു. 58).
22. സി. ജോസഫീന D.S. (മലയാറ്റൂർ പള്ളി സ്റ്റാഫ്, സ്ത്രീ 62).
23. ഫാ. ജിൻസ് MCBS. (അസി. വികാരി, ഇടപ്പള്ളി പള്ളി, പു. 34).
24. വർഗീസ് സി.റ്റി. (ചുങ്കത്ത്, ഇടപ്പള്ളി, റിട്ട. അധ്യാപകൻ, പു. 74).
25. അച്ചമ്മ ഇയ്യാക്കു (കാക്കശ്ശേരി, പാലാരിവട്ടം, വീട്ടമ്മ, സ്ത്രീ. 64).
26. കുഞ്ഞുമോൻ ടി.പി. (തോലത്ത്, കുറുക്കൻപാറ, ക്രൈസ്തവ കരിങ്കൽശില്പി, പു. 55).

27. ഡേവിസ് ആന്റോ (കണ്ണനാനിക്കൽ, വല്ലാർപാടം, മത്സ്യത്തൊഴിലാളി, പു. 62).
28. സറോക്കി റ്റി. റ്റി. (വൈപ്പിൻ, ചവിട്ടുനാടക കലാകാരൻ, പു. 50).
29. ഔസോ ആശാൻ (പടമാട്ടുമ്മൽ, ഗോതുരുത്ത്, ചവിട്ടുനാടകം, പു. 87).
30. ലോറൻസ് എ.വി. (അപ്പാപറമ്പിൽ, പോഞ്ഞിക്കര, ചവിട്ടുനാടകം, പു. 63).
31. മോളി ജോസഫ് (കണ്ടക്കടവ്, കൊച്ചി, ചവിട്ടുനാടക സിനിമ കലാകാരി, സ്ത്രീ. 64)
32. ഫാ. വി.പി. ജോസഫ് (ഡയറക്ടർ, കൃപാസനം, കലവൂർ, ആലപ്പുഴ, തീരദേശകലാഗവേഷകൻ, പു. 58).
33. ബാബു പള്ളുരുത്തി (ചവിട്ടുനാടകം, മേയ്ക്കപ്പ്, പു. 63).
34. ക്ലീറ്റസ് വി. പി. (വെളിയിൽ, ചേർത്തല തങ്കി, ഡ്രൈവർ, പു. 50).
35. ജയ്സൺ ജേക്കബ് (താടാലി, ചേർത്തല തങ്കി, കപ്യാർ, പു. 47).
36. സിന്ധു ഈശി (കോന്നത്ത്, അർത്തുങ്കൽ, അധ്യാപിക, സ്ത്രീ. 54).
37. സൻസിലാവോസ് (മുണ്ടംവേലി, അർത്തുങ്കൽ, ട്രസ്റ്റി പു. 64).
38. ഉമാദേവി എൻ. സി. (നടീത്തറ, പുതുവൈപ്പ്, തീരദേശകലാകാരി, സ്ത്രീ. 60).
39. ക്ലേമി ആശാൻ (ചെട്ടിവേലിൽ, പള്ളിത്തോട്, വാളാട്ടുപരിചവീശുകളി ആശാൻ, പു.71)
40. ആന്റണി എം. ജോൺ (കുമരംപറമ്പിൽ, ആലപ്പുഴ, വ്യവസായി, പു. 58).
41. ജോസഫ് മാത്യു (തടിക്കാട്, തത്തംപള്ളി, അധ്യാപകൻ, പു. 55).
42. ജോഷി ജോസഫ് (ചെമ്പുംപറമ്പിൽ, ആലപ്പുഴ, ഗായകൻ, പു. 42).
43. ജോസുകുട്ടി വല്ലയിൽ (ചമ്പക്കുളം, ബിസിനസ് പു.44).
44. ജെയിംസ് സെബാസ്റ്റ്യൻ (കളപ്പുരയ്ക്കൽ, എടത്വാ, റിട്ട. പ്രൊഫസർ, പു. 70)
45. ജിജി ജോസഫ് (കൂട്ടുമ്മേൽ, പെരുന്ന, റിട്ട. പ്രൊഫസർ, പു. 61)
46. ജോമ്മ ആന്റണി (കാട്ടടി, ചങ്ങനാശേരി, മതാധ്യാപകൻ പു. 62)
47. ദേവസ്യാ ചാക്കോ (പനയംതുരുത്ത്, കടുത്തുരുത്തി, ക്രൈസ്തവചരിത്രകാരൻ, പു. 67).
48. ബ്രിജിത്ത് മാത്യു (ആനാരിൽ, കടുത്തുരുത്തി, മാർഗ്ഗംകളി പരിശീലക, സ്ത്രീ. 48).
49. ഫാ. ജേക്കബ് വെള്ളിയാൻ (ഹാദൂസാ ക്രൈസ്തവരംഗകലാകേന്ദ്രം, തെള്ളകം, പു. 78).
50. സണ്ണി തോമസ് പൊട്ടനാനിക്കൽ (പാലാ, അധ്യാപകൻ, പു. 50).
51. മാണി പി. ജെ. (പൂവത്തിങ്കൽ, രാമപുരം, ഗുമസ്തൻ, പു. 49).
52. ഏലി ആഗസ്തി (മുളയോലിക്കൽ, അതിരമ്പുഴ, വീട്ടമ്മ, സ്ത്രീ. 86).
53. ജെയിംസ് (പുലിയുറുമ്പിൽ, കുറവിലങ്ങാട്, ചരിത്രകാരൻ, പു. 64).
54. ഫിലിപ്പ് ജോൺ (കുറവിലങ്ങാട്, റിട്ട. പ്രിൻസിപ്പൽ, പു. 56).
55. മാനുവൽ തോമസ് (മ്യൂസിയം സ്റ്റാഫ്, ഉദയംപേരൂർ, പു. 64).
56. പോളി ഡേവിസ് (ഓലിയപ്പുറം, കോതമംഗലം, വ്യവസായി, പു. 36)
57. പി.ആർ.സി. നായർ (കുടമാളൂർ, റിട്ട. പ്രൊഫസർ, പു. 68).
58. ഫാ. മാണി വള്ളിയാംതടം (വികാരി, അരുവിത്തുറപള്ളി, പു. 65).

59. റെനിൽ, (പള്ളിവാതുക്കൽ, കാഞ്ഞിരപ്പള്ളി, കൃഷി, പു.48).
60. സുരേഷ് വറുഗീസ് (തുടിയംപ്ലാക്കൽ, മണിമല, കൃഷി, പു. 54).
61. പി.എസ്. മറിയം (മാവേലിൽ, പുലിക്കല്ല്, മണിമല, റിട്ട. അധ്യാപിക, സ്ത്രീ.80).
62. പി. എസ്. തോമസ് (പതാലിൽ, നെടുംകുന്നം, വിമുക്തഭടൻ, പു.75).
63. സേവ്യർ സി.എ. (ചമ്പന്നൂർ, നെടുംകുന്നം, റിട്ട. പ്രൊഫസർ, പു. 65)
64. അനീഷ് ഇമ്മാനുവേൽ (ആറ്റുപുറം, കല്ലൂപ്പാറ, അധ്യാപകൻ, പു. 47).
65. എലൈൻ ജോൺസൺ (തകടിപ്പുറം, നെടുംകുന്നം, മാർഗ്ഗംകളി കലാകാരി, മെഡിക്കൽ വിദ്യാർത്ഥിനി, സ്ത്രീ. 21).
66. മൗനം തോമസ് (മൗനം ബുക്സ് പ്രസാധകൻ, പുതുപ്പള്ളി, പു. 76).
67. ഡോ. സി. ജെ. റോയി (അനുഗ്രഹ, പുതുപ്പള്ളി, റിട്ട. പ്രഫസർ, പു. 83).
68. തോമസ് മാണി (കീച്ചേരിൽ, തിരുവല്ല, കൈക്കാരൻ, പു. 65).
69. തോമസ് റ്റി. (കുഴികണ്ടത്തിൽ, കല്ലിശേരി, റിട്ട. അധ്യാപകൻ, പു. 68).
70. കുര്യാക്കോസ് മോർ സേവേറിയോസ് (ക്നാനായ ഓർത്തഡോക്സ് മെത്രാപ്പോലീത്ത, ചിങ്ങവനം, പു. 58).
71. ഐശ്വര്യ എം. (ഗവേഷണവിദ്യാർത്ഥിനി, എം.ജി. സർവകലാശാല, സ്ത്രീ. 30).

അനുബന്ധം ഏഴ്

# സഹായകഗ്രന്ഥങ്ങൾ

## (Bibliography)

Abraham Mattam (Mar), 1985, T*he Indian Church of St.Thomas Christians and Their Missionary Enterprises before the 16th Century* (OIRSI, Kottayam).

Adappur S. J., 2015, *Ernust Turned Arnos*, Bangaluru.

Achuthamenon C., 1911, *Cochin State Manual*, Ernakulam

Aerthayil J., 1982, *The Spiritual Heritage of the St. Thomas Christians*, Bangalore.

Agur C. 1903, *Church History of Travancore*, Trivandrum.

Alexander Marthoma, 1985, *The Marthoma Church Heritage and Mission*, Thiruvalla

Ananthakrishnan Iyer, 1926, *The Anthropology of the Syrian Christians*, Ernakulam

Arattukulam Maichael Bishop, 1983, *Latin Catholics of Kerala*, Kottayam

Asher R.C. (Ed-in-chief), 1994, *The Encyclopedia of Language and Linguistics* (Vol.2, 3, 6, 7, 8), Pergamon Press.

Asher R.E. & T. C. Kumari, 1997, Malayalam, Routledge, London.

Austin J. L., 1994, *How to do Things with Words*, Oxford Press Union.

Babu Cherian, 2014, *Towards Modernity*, The Story of the First College in India, Delhi.

Babu Paul D., 1987, *The Syrian Orthodox Christians of St. Thomas*

Bar-Hillel, Yehoshua, 1971, *Out of the Pragmatic Waste Basket*, Linguistic inquiry, 2:401-7.

Basham A.L. (ed.). 1975, *A Cultural History of India*, Oxford.

Bernard T. 1924, *A Brief sketch of the History of the St. Thomas Christian*s, Thrichinopoly.

Biju Thekkanath, 2017, *St. Thomas Life-Mission- Martyrdom*, Malayattoor.

Blakemore, Diane, 1992, *Understanding Utterances*, Blackwell Brown George, 1989, *Discourse Alaysis*, Cambridge University Press.

Chediath Geevarghese, 1996, *The Churches in Kerala*, Kottayam.

Cherian C.V., 1973, *The History of Christianity in Kerala*, Kottayam

Cherukarakkunnel Alexander, 1970, *The Hindu Christians in India, in Malabar Church*, Rome. pp. 203-208.

Chittilappally Jose, 2013, *Palayur Church*, Palayur.

Chittilappally Paul Bishop, 2011, *Syro Malabar Patriarchate*, Delhi.

Chomsky Noam, 1965, Aspects of the Theory of Syntax: Cambridge, Mass: MIY Press.

Choondal Chummar, 1978, *Studies in Folklore of Kerala*, Trivandrum, 1988, *Christian Folklore* (Vol. I) Kerala Folklore Academy, Trissur.

Cogswell David, 1996, *Chomsky for Beginners*, Orient, London.

Correa J Alfonso, 1997, *The Jesuits in India*, Anand, pp.142-173.

Coulthard M., 1985, *An Introduction to Discourse Analysis*, London Longman.

Crystal David, 1995, *The Cambridge Encyclopedia of Language*, Cambridge University Press.

Cutting Joan, 2002, *Pragmatics and Discourse*, Routledge.

Daniel K. N., 1925, *Desertations on the Proper place in Possession of the St. Thomas Christians*, Bombay.

David M.D. (ed), 1988, *Western Colonialism in Asia and Christianity*

David Steven, Ed. 1991, *Pragmatics and Semantics*, Cambridge University Press.

Fasold, Ralph 1994, *The Socio Linguistics of Language*, Blackwell, Oxford

George Menacherry Prof., 1982, *The St. Thomas Christians Encyclopedia of India* Vol.I & 1973 (Vol. II, Trichur, 200, The Thomapedia , Ollur 1998 *The Nazranies*, Saras, Ollur.

George V. C. 1977, *The Church in India Before and after the Synod of Diamper*, Alleppey

Gouvea A. de 1606, *Jornada* do Arcebispo de Goa Dom Frey Aleixo de Menezes Primaz da India Oriental religiosa da ordem de S. Agostinho, Coimbra.

Grace, Winkler, Elizabeth, 2008, *Understanding Language*, Continnum International

Grundy, Peter, 2000, *Doing Pragmatics*, Arnold

Howard G. B. 1860, *Christians of St. Thomas and their Liturgies*, London.

Jacob John A., 1990, *A History of he London Missionary Society in South Travancore*, Nagercovil.

Jaworski, Adam, 1999, *Discourse Reader*, Routledge.

Jean Stilwell Peccei, 1999, Pragmatics, Routledge

John K. J., 1981, *The Road to Diamper*, Cochin.

Kalayil Thomas, (ed.), 2007, *Collected Works of Rev. Dr. Placid J. Podippara* (Vol. II & III), Mannanam.

Kanijiramukalil Sylvester, 2016, *History of the St. Thomas Christians in India*.

Kollamparampil J. 1972, *The Archdeacon of All India*, Kottayam, 1981, *The St. Thomas Chiristians Revolution in 1653*, Kottayam.

Koodappuzha Xavier, 1982, Faith and Communion of the India Church of St. Thomas Christians

Leech, Geoffrey, 1983, Principles of Pragmatics, Longman

Lepore, Ernest & Barry C. Smith, 2008, *Philosophy of Language*, Oxford

Logan William, 1981, *Malabar State Manual*, Trivandrum.

Marykutty A. M., 1997, *Personal Names of Kerala Christians*, Edamattom.

Mekkattukunnel Andrews, 2012, *Marthoma Margam*, OIRSI, Kottayam

Meledath Kurian Thomas, 2016, *The Way of St. Thomas*, MOC Pub., Kottayam,

Mey L Jacob, 1994, *Pragmatics an Introduction*, Oxford Blackwell.

Mundadan A. M., 1984, *History of Christianity in India*, Vol. I, TPI, Bangalore.

Nagam Aiya, 1906, *The Travancore State Manual* Vol.II, Trivandrum.

Narayanan M.G.S., 2003, *Nampoothiris: Migrations and Early Settlements in Kerala*, Kochi, pp. 80-97.

Nedungatt George S.J, 2001, *The Synod of Diamper Revisited*, Kanonika 9, Rome.

Neelankavil Joseph, 2008, *Feasts & Celebrations*, OIRS, Kottayam.

Newmeyer J Frederick, 1996, *Generative Linguistics*, Routledge

Podippara Placid J., 1948, *Before the Koonan Cross*, Thiruvalla 1979, *The Rise and the Decline of the Indian Church of the Thomas Christians*, OIRSI, Kottayam

Raymond, Williams, 1959, *Culture and Society*, Anchor Bats, New York.

Sarkar H., 1978, *Monuments of Kerala* (Archaeological Survey of India) Delhi.

Scaria Zacharia (Ed.) 1994, *The Acts and Decrees of the Synod of Diamper*, Edamattam, Pala.

Shaiju Thoppil, 2008, *Vallarpadathamma*, Ernakulam,

Thayil Thomas SDB, 2003, *The Latin Christians of Kerala*, Bangalore.

Thomas Varghese, 2013, *Niranam Church - A Handbook*, Niranam.

Thomas, Jenny 1995, *Meaning in Interaction: An Introduction to Pragmatics*, Longman.

Vellilamthadam Thomas, 1986, The Freedom Fighters of Thomas Christians, Kottayam.

Vellian Jacob, 2001, *Knanaite Community History and Culture,* Kottayam.

Yale, G., 1996, *Pragmatics*, Oxford University Press

Yoohanon Mar Theodosius (ed.), 2018, *The Syro Malankara Catholic Major Archiepiscopal Church*, Trivandrum.

അച്യുതവാര്യർ എസ്., 2006 *കേരളസംസ്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, 2010, ഐക്കൺ, വടവാതൂർ

ആന്റണി സി. എൽ., 1989, *ഭാഷാപഠനങ്ങൾ*, സാഹിത്യഅക്കാദമി, തൃശൂർ

ആറാട്ടുകുളം പയസ് മോൺ., 2011, *വി. സെബാസ്ത്യാനോസ് അർത്തുങ്കലിന്റെ പുണ്യം*, അർത്തുങ്കൽ.

ഇടമറുക് ജോസഫ്, 1971, *കേരളസംസ്കാരം*, കോട്ടയം.

ഉഷാ നമ്പൂതിരിപ്പാട്, 1990, *മലയാളത്തിലെ സംബോധനാപദങ്ങളുടെ സാമൂഹികപശ്ചാത്തലം,* കേരളസാഹിത്യഅക്കാദമി, തൃശൂർ.

ഏബ്രഹാം റ്റി.പി. റവ., 2014, മലങ്കര മാർത്തോമ്മാ സുറിയാനിസഭ നൂറ്റാണ്ടുകളിലൂടെ, സി.എസ്. എസ്.; തിരുവല്ല.

ഏറത്തേടം മാത്യു ഫാ. (ചീഫ് എഡി.), 2001, *കാൽനൂറ്റാണ്ടു പിന്നിടുന്ന കാഞ്ഞിരപ്പള്ളി രൂപത*, കാഞ്ഞിരപ്പള്ളി,

ഒസ്ത്താത്തിയോസ് മാർ ഗീവറുഗീസ്, 2016, *മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഒരു പഠനം*, എം.ഒ.സി., കോട്ടയം

ഓണക്കൂർ ജോർജ്, 1998, *മാർ ഇവാനിയോസ് – ആർഷജ്ഞാനത്തിന്റെ പ്രവാചകൻ*, കോട്ടയം.

കട്ടക്കൽ ജെ., 1961, *കേരളത്തിലെ ക്രൈസ്തവദേവാലയങ്ങൾ,* 1969 ക്രൈസ്തവദർശനം, കോട്ടയം

കർത്താ പി. സി., 2003, *ആചാരാനുഷ്ഠാനകോശം*, ഡി. സി. ബുക്സ്, കോട്ടയം.

കവലക്കൽ ഫ്രാൻസിസ് സേവ്യർ, 2017, *തങ്കിപ്പള്ളിയും അത്ഭുതതിരുസ്വരൂപവും*, ചേർത്തല.

കുഞ്ഞൻപിള്ള ഇളംകുളം, 1970, *കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ*, കോട്ടയം, 1963 *ചില കേരള ചരിത്രപ്രശ്നങ്ങൾ*, കോട്ടയം 1959 *അന്നത്തെ കേരളം*, കോട്ടയം.

കുരുക്കൂർ ജോർജ് ഫാ., 2002, *ക്രൈസ്തവശബ്ദകോശം*, പി.ഒ.സി., എറണാകുളം

കുര്യൻ തോമസ് എം., 2000, *നിരണം ഗ്രന്ഥവരി*, കോട്ടയം. 2013 *നസ്രാണി സംസ്കാരം ദേശീയത*, എം. ഒ. സി., കോട്ടയം. 2003, പുതുപ്പള്ളിപള്ളിയുടെ സാംസ്കാരികമാനങ്ങൾ (ലേഖനം – പുതുപ്പള്ളിപള്ളികൂദാശാസ്മൃതിഗ്രന്ഥം) കോട്ടയം.

കുളത്രാമണ്ണിൽ ജോസഫ് ഫാ., 2010, *ക്നാനായ സുറിയാനിക്രിസ്ത്യാനികളുടെ സാംസ്കാരിക പൈതൃകം,* ചിങ്ങവനം. 2017, *കേരളത്തിലെ ക്രൈസ്തവസഭകൾ*, തിരുവല്ല.

കുര്യൻ പി. എം. (കുഞ്ഞാശാൻ), 1998, *പരിചമുട്ടുകളിപാട്ടുകൾ*, കോട്ടയം.

കൂടപ്പുഴ സേവ്യർ, 2018, *ഭാരതസഭാചരിത്രം,* OIRS കോട്ടയം, 1974 *തിരുസഭാചരിത്രം* (എഡി.) OIRS കോട്ടയം, 1999 *മാർത്തോമ്മാ നസ്രാണിസഭാവിജ്ഞാനകോശം.* OIRS കോട്ടയം.

കോലാത്തറ, മേരി അന്റോണിയോസി. 2012 *പൈതൃകവഴികൾ*, പറവൂർ

ഗുണ്ടർട്ട്, ഹെർമ്മൻ 1991, *മലയാളഭാഷാവ്യാകരണം*, ഡി. സി. ബുക്സ്, കോട്ടയം.

ഗോപാലകൃഷ്ണൻ പി. കെ., 1974, *കേരളത്തിന്റെ സാംസ്കാരികചരിത്രം*, തിരുവനന്തപുരം.

ഗോവിന്ദപിള്ള പി., 2009, *കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റുവീക്ഷണം*, തിരുവനന്തപുരം.

ചുമ്മാർ ചൂണ്ടൽ, 1985, *ക്നാനായ ക്രിസ്ത്യാനികളുടെ സാമുദായികാചാരങ്ങൾ*, കോട്ടയം. 1973 *മാർഗംകളി*, കോട്ടയം. 2015 (സഹഗ്രന്ഥകാരൻ) *മാർഗംകളി ആട്ടപ്രകാരം*, കോട്ടയം.

ചിറ്റിലപ്പള്ളി ജോസ്. 2016. പാലയൂർപള്ളി, പാലയൂർ

ചെറുശേരിൽ മാത്യു ഫാ. 1982. കടുത്തുരുത്തി വലിയപള്ളി - ക്നാനായക്കാരുടെ മാതൃദൈവാലയം, കടുത്തുരുത്തി.

ചെറിയാൻ കുനിയന്തോടത്ത്, 1997, *മലയാളഭാഷയും ഡോ.ഹെർമൻഗുണ്ടർട്ടും*, കോഴിക്കോട്.

ജയ്സിമോൾ അഗസ്റ്റിൻ ഡോ.(എഡി.). 2018, *ക്രിസ്ത്യൻ ഫോക്‌ലോർ - ചരിത്രവും വർത്തമാനവും*, ചങ്ങനാശേരി.

ജിപിൻ വറുഗീസ്, 2011, *കേരളത്തിലെ ക്രൈസ്തവദേവാലയം ചുവർചിത്രങ്ങളും അൾത്താരച്ചിത്രങ്ങളും*, തൃശൂർ.

ജെഫ്രി റോബിൻ, 2003, *നായർ മേധാവിത്വത്തിന്റെ പതനം*, കോട്ടയം

ജെ. എൻ. പഴുവിൽ, 2014, *ചരിത്രംപേറുന്ന പഴയൂർപള്ളി*, പഴുവിൽ,

ജേക്കബ് വെള്ളിയാൻ, 1995 *തനിമയുടെ മധുഗീതി - മാർഗംകളിപ്പാട്ട്*, കോട്ടയം. 2012, *പാണൻപാട്ടിലെ ക്നായിതോമ്മ*, കോട്ടയം. 2013 *കടുത്തുരുത്തി, വലിയപള്ളി പ്രൗഢിയും പാരമ്പര്യവും*, കടുത്തുരുത്തി.

ജോൺ ഫെൻവിക്ക് ബിഷപ്പ്, 2017, *വിസ്മൃതരായ സഭാപിതാക്കന്മാർ*, തിരുവല്ല.

ജോൺ മാത്യൂസ് സി., 2007, *സി. എസ്. ഐ. മധ്യകേരളമഹാഇടവകചരിത്രം*, കോട്ടയം.

ജോസ് എൻ.കെ., 1972, *ആദിമകേരള ക്രൈസ്തവർ*, കോട്ടയം. 1987, *കേരളത്തിലെ സുറിയാനിസഭയുടെ ഉത്ഭവം*, വൈക്കം.

ജോസ് പാറക്കടവിൽ, 1975, *കേരളത്തിലെ ക്രൈസ്തവരുടെ നാടൻപാട്ടുകൾ*, തിരുവല്ല.

ജോസഫ് ചീരൻ ഫാ., 2004, *ബൈബിൾ ആധുനിക മലയാളകവിതയിൽ*, തൃശൂർ,

ജോസഫ് ടി. കെ., 1925, *മലങ്കരനസ്രാണികളുടെ നാലു ചെപ്പേടുകൾ*, തിരുവനന്തപുരം. 1950, *പ്രാചീന ഇന്ത്യയിലെ ക്രിസ്തുമതപ്രചാരം*, തിരുവല്ല.

ജോസഫ് എം.ഒ. 1972 കേരളക്രിസ്ത്യാനികൾ, തേവര, കൊച്ചി. 1972 കേരളവും ക്രിസ്ത്യൻ മിഷനറിമാരും, KHA, എറണാകുളം

ജോസഫ് സ്കറിയ, 2007, *പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ*, മാതൃഭൂമി ബുക്സ്.

ജോസഫ് കെ. വി. (വിവ.) 1993, അരുവിത്തുറപള്ളി.

ജോർജ് മാത്തൻ, 2000, *മലയാഴ്മയുടെ വ്യാകരണം*, മലയാളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ടോണി മാത്യു, 1980, *ക്നാനായക്കാരുടെ കല്യാണപ്പാട്ടുകൾ*, വെണ്ണിക്കുളം.

ഡാനിയൽ കെ. എൽ., 1952, *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ*, തിരുവല്ല

തച്ചിൽ ജോമോൻ ഡോ., 2014, *കാഞ്ഞൂർ ക്രൈസ്തവപഴമ*, കാഞ്ഞൂർ

തടത്തിൽ ജോസഫ് ഫാ., 2018, കുറവിലങ്ങാട് ഉറവയും ഉറവിടവും, കുറവിലങ്ങാട് കോച്ചേരി ബന്നി 2019, *കുറയാതെ കാക്കുന്നവൾ കുറവിലങ്ങാട് മുത്തിയമ്മ*, കുറവിലങ്ങാട്.

തരകൻ കെ. എം., 1980, *മലയാളനോവൽ സാഹിത്യചരിത്രം*, തൃശൂർ.

തേയ്ക്കാനത്ത് ബിജു, 2007, *വി. തോമ്മാശ്ലീഹാ പ്രേഷിതവേലയും രക്തസാക്ഷിത്വവും*

തോമസ് പി. ജെ., 1961, *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, കോട്ടയം. 1989 മലയാളസാഹിത്യവും ക്രിസ്ത്യാനികളും (ചർച്ചയും പൂരണവും: ഡോ. സ്കറിയ സക്കറിയ) കോട്ടയം,

തോപ്പിൽ ഷൈജു ഫാ., 2005, *വല്ലാർപാടത്തമ്മ*, കൊച്ചി,

തോമസ് എം. എം., 1992, *എബ്രഹാം മല്പാന്റെ നവീകരണം*, തിരുവല്ല.

തോമസ് മാർ അത്താനാസിയോസ് (എ.ഡി.), 2007, *നസ്രാണി ദേവാലയവാസ്തുവിദ്യ*, കോട്ടയം.

തോമസ് വെട്ടം, 1958, *കേരളത്തിലെ ക്രൈസ്തവ രാജവംശം*, കോട്ടയം,

ദീപ സിസ്റ്റർ, 2011, *നസ്രാണികളുടെ പുരാതനപാട്ടുകൾ*, കോട്ടയം.

ദീവന്ന്യാസോസ് മാർ ശെമവൂൻ, 2008, *കണ്ടനാട് ഗ്രന്ഥവരി*, കുന്ദംകുളം

ദേവസി എം. കെ., 1978, *കേരളീയ ക്രൈസ്തവദേവാലയങ്ങളിലെ ചിത്രകലകൾ,* കോട്ടയം.

നമ്പൂതിരി എൻ. എം., 1992, കേരള*സംസ്കാരം - അകവും പുറവും*, കോഴിക്കോട്.

നാട്ടുനിലത്ത് ജോസഫ്, 2013, *തേവർപറമ്പിൽ കുഞ്ഞച്ചൻ* (ജീവചരിത്രം), രാമപുരം.

നാരായണൻ അജു, 2005, *കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ*, താപസം, ചങ്ങനാശേരി.

നാരായണപിള്ള സി., 2004, *തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം*, തിരുവനന്തപുരം.

നിധീരി, ജോണി ജോൺ, 2009, *കുറവിലങ്ങാട് മർത്താ മറിയംപള്ളിയും ക്രൈസ്തവ പാരമ്പര്യവും*, കുറവിലങ്ങാട്.

നെല്ലിക്കുന്നത്ത് ജേക്കബ് ഫാ. (ചീഫ് എഡി.) 1998 *ചങ്ങനാശേരി അതിരൂപത ഇന്നലെ ഇന്ന്* Vol.I,*ചങ്ങനാശേരി 2006 ചങ്ങനാശേരി അതിരൂപത ഇന്നലെ ഇന്ന്* Vol.II,ചങ്ങനാശേരി.

പക്കോമിയോസ് ജോസഫ്, 1991, *ഓർത്തഡോക്സ് സഭയുടെ ആരാധനയും അനുഷ്ഠാനങ്ങളും,* എം.ഒ.സി. കോട്ടയം.

പണിക്കശേരി വേലായുധൻ, 2001, *സഞ്ചാരികൾ കണ്ട കേരളം*, കോട്ടയം.

പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം, 1997 *ശബ്ദതാരാവലി,* സാ.പ്ര.സ.സം., കോട്ടയം.

പനയ്ക്കാമറ്റം സാം ഉമ്മൻ, 2009, *സത്യവിശ്വാസസംഗ്രഹം*, ചെങ്ങന്നൂർ.

പയ്യപ്പിള്ളി ഇഗ്നേഷ്യസ് ഫാ.. 2017. *കൊരട്ടിപ്പള്ളിയും പുത്രിമാരും ഒരു ചരിത്രാഖ്യാനം*, കൊരട്ടി/ കൊച്ചി 2012. *ഇടപ്പള്ളിപള്ളിയും ഗീവർഗീസ് സഹദായും*, ഇടപ്പള്ളി.

പയ്യനാട് രാഘവൻ. 1998. *ഫോക്‌ലോറിന് ഒരു പഠനപദ്ധതി*, തൃശൂർ.

പള്ളത്ത് ജെ. ജെ. 2004 *ക്രിസ്ത്യൻ ഫോക്‌ലോർ* ചിറക്കൽ.

പാറേട്ട് ഇസഡ്. എം. 2015 (എം.ഒ.സി.) *മലങ്കര നസ്രാണികൾ* Vol.I കോട്ടയം.

2017 (എം.ഒ.സി.) *മലങ്കര നസ്രാണികൾ* Vol.II കോട്ടയം.

2015 (എം.ഒ.സി.) *മലങ്കര നസ്രാണികൾ* Vol.III കോട്ടയം.

2014 (എം.ഒ.സി.) *മലങ്കര നസ്രാണികൾ പദവിയും ജാത്യാചാരങ്ങളും,* കോട്ടയം.

2018 (എം.ഒ.സി.) *മാർത്തോമ്മായുടെ കഥ*, കോട്ടയം

2017 (എം.ഒ.സി.) *ക്നായി തൊമ്മൻ*, കോട്ടയം

2010 (എം.ഒ.സി.) *പരുമല പുണ്യവാളൻ,* കോട്ടയം

പുലിക്കോട്ടിൽ മാത്യു പി. സി. അഡ്വ. 2018 *പടിയോലകൾ*, KSA തൃശൂർ

2012 *ആർത്താറ്റ് പടിയോല*, കുന്നംകുളം

2018 *ആർത്താറ്റ്പള്ളി – അയർത്ത അറ്റത്തെ പള്ളി*

പെരേപ്പാടൻ വർഗീസ് 1993, *പെന്തക്കോസ്തു സമൂഹങ്ങളും കത്തോലിക്കാസഭയും,* BLM ആളൂർ.

പോൾ ചിറക്കരോട്, 2000, *ദളിത ക്രൈസ്തവർ കേരളത്തിൽ*, തിരുവല്ല.

പോൾ മണലിൽ, 2014, *മലയാളസാഹിത്യചരിത്രം – എഴുതപ്പെടാത്ത ഏടുകൾ*, കോട്ടയം.

2015, *യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ*, തൃശൂർ.

2002, *നിരണം ഗ്രന്ഥവരി*, നിരണം പാട്ടുകൾ, കോട്ടയം.

പോൾ മണവാളൻ. 1990. *കേരളസംസ്കാരവും ക്രൈസ്തവ മിഷണറിമാരും*, കോട്ടയം.

പ്രബോധചന്ദ്രൻനായർ വി. ആർ., 2012, *ഭാഷാശാസ്ത്രനിഘണ്ടു*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

പ്രഭാകരവാര്യർ കെ. എം.. 2005 *മൊഴിവഴികൾ,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം,

പ്ലാസിഡ് ജെ. പൊടിപാറ, 1972, *കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ*, ആലപ്പുഴ, 1972 കേരളസഭയുടെ വ്യക്തിത്വം

ബാബു ചെറിയാൻ, 2008, *ബഞ്ചമിൻ ബയ്‌ലിയും മലയാളസാഹിത്യവും*, കോട്ടയം.

ബാലകൃഷ്ണൻ പി. കെ., 1987, *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും*, കോട്ടയം.

മലയാളപഠനസംഘം, 2007, *സംസ്കാരപഠനം – ചരിത്രം, സിദ്ധാന്തം, പ്രയോഗം*, കോട്ടയം.

മാത്യു ഡാനിയേൽ, 2015, *കേരളക്രൈസ്തവസംസ്കാരം*, CSS തിരുവല്ല

1999, പാറപ്പുറത്തിന്റെ നോവലുകൾ – ശില്പവും ദർശനവും, കോട്ടയം

2011, ആദ്ധ്യാത്മികതയും സാഹിത്യവും, തിരുവല്ല

മുരിക്കൻ ജേക്കബ് ഫാ., 2008 *അൽഫോൻസാത്മീയം*, ഭരണങ്ങാനം.

മിനിമോൾ മാത്യു സി.. 2015. *മീനച്ചിൽ താലൂക്കിലെ ക്രിസ്ത്യൻ നാട്ടാചാരങ്ങളും അനുഷ്ഠാനങ്ങളും*, ചൂണ്ടച്ചേരി, കോട്ടയം.

മൈലക്കാലിൽ ചെറിയാൻ ജേക്കബ്. 2016. *പാലിയേക്കരപള്ളി*, തിരുവല്ല

മോഹനാക്ഷൻനായർ. 2009. *വാസ്തുവിദ്യ- ക്രൈസ്തവ മുസ്ലീം ദേവാലയങ്ങൾ*

മൗനം തോമസ് (എഡി.), 2003, *പുതുപ്പള്ളി കൂദാശാസ്മൃതി*, പുതുപ്പള്ളി.

യൂഹാനോൻ മാർത്തോമ്മ ഡോ., 2010, *ഭാരതത്തിലെ ക്രിസ്തുസഭയും മാർത്തോമ്മാ സഭയുടെ ചരിത്രവും*, തിരുവല്ല

രാഘവവാര്യർ എം. ആർ., 1992, *കേരളീയത ചരിത്രമാനങ്ങൾ*, എടപ്പാൾ.

രാമചന്ദ്രൻനായർ, പന്മന (എഡി.), 2011, *കേരളസംസ്കാരപഠനങ്ങൾ*, കോട്ടയം.

രാമചന്ദ്രപൈ കെ.വി., 1979, *വ്യാകരണപഠനങ്ങൾ*, ലില്ലി ബുക്സ്, ചങ്ങനാശേരി.

ലൂക്കാസ് വി. യു. (പ്രസാ.), 1910, *മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകൾ*, കോട്ടയം.

വടക്കേത്തലക്കൽ റിഞ്ചുകോശി, 2015, *ഓർത്തഡോക്സ് സഭാപൈതൃകം*, അടൂർ

വലിയവീട്ടിൽ ജോസഫ് വി. പി. ഫാ., 2014, *ചവിട്ടുനാടകവിജ്ഞാനകോശം*, ചിറക്കൽ, കണ്ണൂർ
2013, *തീരദേശകലാനിഘണ്ടു* Vol.I , തിരുവനന്തപുരം
2011, *ചവിട്ടുനാടകം സാഹിത്യവും സംഗീതവും*, തൃശൂർ

വസന്തൻ എസ്.കെ., 1983, *കേരളചരിത്രനിഘണ്ടു*, കോട്ടയം.
2005, *കേരളസംസ്കാരചരിത്രനിഘണ്ടു* (Vol.I & II) തിരുവനന്തപുരം.

വറുഗീസ് കെ. എം., *ചിത്രമെഴുത്ത്,* 1936 *കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം*, തിരുവനന്തപുരം.

വാലത്ത് വി.വി.കെ., 1977, *ചരിത്രകവാടങ്ങൾ*, കോട്ടയം

വിഷ്ണുനമ്പൂതിരി എം. വി. (ജന. എഡി.) 2004 *ക്രിസ്ത്യൻ ഫോക്‌ലോർ* Vol.I, കണ്ണൂർ
2000 *ഫോക്‌ലോർ നിഘണ്ടു*, തിരുവനന്തപുരം,

വെണ്ണിയൂർ ഇ. എം. ജെ., 1972, *ക്രിസ്തുമതവും മലയാളസാഹിത്യവും*, തിരുവല്ല.

വേണുഗോപാലപണിക്കർ ടി.ബി., 2006, *ഭാഷാലോകം*, ഡി. സി. ബുക്സ്, കോട്ടയം

ശങ്കുണ്ണി, കൊട്ടാരത്തിൽ, 1948, *ഐതിഹ്യമാല*, കോട്ടയം.

ശശിഭൂഷൺ എം.ജി., 1994, *കേരളത്തിലെ ചുവർചിത്രങ്ങൾ*, തിരുവനന്തപുരം,

ശ്രീധരമേനോൻ എ., 1967, *കേരളചരിത്രം*, കോട്ടയം, 1978, *കേരളസംസ്കാരം*, കോട്ടയം

ഷാജൻ എ. ഇടിക്കുള റവ., 2012, ദൗത്യത്തിന്റെ ഏടുകൾ - *സി.എസ്. ഐ. മധ്യകേരള മഹാ ഇടവക ചരിത്രം*, കോട്ടയം

സാധു കൊച്ചുകുഞ്ഞ് ഉപദേശി, 2018, *യഹോവഭക്തന്മാർക്കുള്ള ആശ്വാസഗീതങ്ങൾ*, CSS തിരുവല്ല

സാമുവൽ ചന്ദനപ്പള്ളി. 1967, *വർത്തമാനപുസ്തകത്തിന് ഒരവതാരിക*, കോട്ടയം.
1969 *റവ.ജോർജ് മാത്തനും മലയാളഭാഷയും*, തിരുവല്ല.
1979 *കേരളസംസ്കാരം*, കോട്ടയം.
1983 മഹാകവി കെ. വി. സൈമൺ, തിരുവല്ല.

സാമുവൽ നെല്ലിമുകൾ. 2003. *കേരളത്തിലെ സാമൂഹികപരിവർത്തനം*, കോട്ടയം

സാം എൻ. 2003. *മലയാളപത്രപ്രവർത്തനം പത്തൊൻപതാം നൂറ്റാണ്ടിൽ*, കോട്ടയം

സെബീനാ റാഫി. 1980. *ചവിട്ടുനാടകം*, കോട്ടയം.

സ്കറിയാ സക്കറിയ, 1976, *രണ്ടു പ്രാചീനഗദ്യകൃതികൾ*, ചങ്ങനാശേരി.
1998 *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ,* IICS, ഇടമറ്റം, പാല.

*അഞ്ഞൂറുവർഷത്തെ കേരളം ചില അറിവടയാളങ്ങൾ*, താപസം, ചങ്ങനാശേരി പ്രകാശം പബ്ലിക്കേഷൻസ് 1975 *ക്രൈസ്തവവിജ്ഞാനകോശം*, ആലപ്പുഴ.

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, 1993, *മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം*, കോട്ടയം.

**സ്മരണികകൾ/ ആനുകാലികങ്ങൾ/ ബ്രോഷറുകൾ**

ഉദയംപേരൂർ സൂനഹദോസ്പള്ളി – *1500–ാമതു വർഷ ജൂബിലി സുവനീർ* – 2010 ഡിസംബർ.

'പുണ്യവാൻ' – *കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോനപള്ളി സുവനീർ* – 2018 ആഗസ്റ്റ്.

കാതോലിക്കേറ്റ് 'രത്നദീപം' *സ്മരണിക, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ*, പുത്തൻകാവ്, ചെങ്ങന്നൂർ – സെപ്തംബർ 2014.

*മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനം ശതാബ്ദി സ്മരണിക* – 2011 ഫെബ്രുവരി.

Angel of Peace - *Platinum Jubilee Souvenir of St. Ignatius Elias* III, Mor Ignatius Dayara Cathedral, Manjanikkara, Pathanamthitta - 2007 March.

*ചാവറ ജന്മദിശതാബ്ദി സ്പെഷ്യൽ സുവനീർ*, ദീപിക പ്രസിദ്ധീകരണം – 2004.

*സി. എസ്. ഐ. മധ്യകേരള ഡയോസിസ് ശതാബ്ദി സുവനീർ* – 1980.

*ജ്ഞാനനിക്ഷേപം* – ബെയ്‌ലി സുവനീർ – 1973.

സെന്റ് മേരീസ് ഫൊറോനാപള്ളി – കടുത്തുരുത്തി വലിയ പള്ളി – *ഇടവക ഡയറക്ടറി* – 2017.

കോതമംഗലം മാർതോമാ ചെറിയപള്ളി കന്നി 20 *പെരുന്നാൾ സ്മരണിക* – 2019.

The Malankara Orthodox Syrian Church - *A Hand book on the Life of the Church* - 2015 December.

Malankara Orthodox Syrian Church - *Profile and Statistics at a glance* 2018 November.

തുമ്പമൺ ഭദ്രാസന ദേവാലയം ഒരു ചരിത്രാവലോകനം – *1300 വർഷം പിന്നിട്ട ദേവാലയത്തിന്റെ സുവനീർ* – 2016 മാർച്ച്

മലയാറ്റൂർ തീർത്ഥാടനം 2017 – *സ്മരണിക*

സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ മണർകാട് – സംക്ഷിപ്തവിവരണം

'വിളിച്ചു വിളികേട്ട' കാഞ്ഞൂർപുണ്യവാൻ – വി. സെബസ്ത്യാനോസിന്റെ പ്രസിദ്ധതീർത്ഥാടനകേന്ദ്രം കാഞ്ഞൂർ ഫൊറോനാപള്ളി – ലഘുവിവരണം

സാൻതോം സാഗ (മാർത്തോമ്മാശ്ലീഹായുടെ ചരിത്രനാൾവഴി) – ശ്ലീഹായുടെ ഭാരത പ്രേഷിത പ്രവർത്തനങ്ങളുടെ ശില്പാവിഷ്ക്കാരം – വിവരണം – ലഘുപുസ്തകം

കല്ലൂപ്പാറ വലിയപള്ളി – ലഘുവിവരണം – ബ്രോഷർ.

സെന്റ് മേരീസ് ഫൊറോനാപള്ളി അതിരമ്പുഴ – ലഘുവിവരണം – ബ്രോഷർ

അരുവിത്തുറ തിരുനാൾ 2019 – ബ്രോഷർ.

കുറവിലങ്ങാട് പകലോമറ്റം അർക്കദിയാക്കോന്മാരുടെ മഹാസമാധിമണ്ഡപവും തറവാടുപള്ളിയും – ലഘുവിവരണം – ബ്രോഷർ.

മലയാറ്റൂർ കുരിശുമുടി – 2019–ലെ വിശുദ്ധ വാരാചരണവും പുതുഞായർ തിരുനാളും – ബ്രോഷർ.

'കേരളത്തിലെ ലൂർദ്' – മരിയൻ തീർത്ഥാടന കേന്ദ്രം കൊരട്ടി (അങ്കമാലി) – ലഘുവിവരണം – ബ്രോഷർ.

'ചിന്നറോമ' (സെന്റ് ആന്റണീസ് ഫൊറോന ചർച്ച് ഒല്ലൂർ) 300–ാം വർഷത്തിൽ – ലഘുചരിത്രവിവരണം – ബ്രോഷർ.

മാല്യങ്കര – ഭാരതക്രൈസ്തവ വിശ്വാസത്തിന്റെ പിള്ളത്തൊട്ടിൽ – ലഘുചരിത്രവിവരണം – ബ്രോഷർ.

ആർത്താറ്റ് (കുന്നംകുളം) ഓർത്തഡോക്സ് സിറിയൻ ചർച്ച് ലഘുചരിത്രം – ബ്രോഷർ.

ലൂർദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ തൃശൂർ – ചരിത്രവിവരണം – ബ്രോഷർ.

National Heritage study Centre (Coastal folk Art Academy) കൃപാസനം, കലവൂർ, ആലപ്പുഴ (നെയ്തൽ ഫോക്ക് വില്ലേജ് അക്കാദമി) സമഗ്രപ്രവർത്തന രൂപരേഖ – ബ്രോഷർ.

ജീവധാര ജൂലൈ/ആഗസ്റ്റ് 1978

നവദർശനം ഫെബ്രുവരി 1973

ഡെമോക്രാറ്റ് ഡിസംബർ 1980

മാതൃഭൂമി ആഴ്ചപതിപ്പ് മാർച്ച് 1984, ഫെബ്രുവരി 1989, ഏപ്രിൽ 1996, ഡിസംബർ 2012.

രാമപുരംപള്ളി സപ്ലിമെന്റ്, ദീപിക 2005 ജനുവരി 8.

വിശ്വദീപം മാസിക ജൂൺ 1966.

അരുവിത്തുറപള്ളി സപ്ലിമെന്റ് ദീപിക, 2009 ഫെബ്രുവരി.

സാന്ത്വനപ്രകാശം, പാലാ രൂപതാ ബുള്ളറ്റിൻ Vol.LVII No.4, 2007 ഏപ്രിൽ.

നീലൂർപള്ളി പ്ലാറ്റിനം ജൂബിലി സപ്ലിമെന്റ്, ദീപിക, 2006 ഡിസംബർ 18.

ആർത്താറ്റ് – കുന്നംകുളം – സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയിലെ സ്ലീബാ ബാവായുടെ ഓർമ്മപെരുന്നാൾ സപ്ലിമെന്റ്, മാതൃഭൂമി പത്രം 2019 മാർച്ച് 23 ശനി.

ചേർത്തല തങ്കിപള്ളി, വിശുദ്ധവാരസപ്ലിമെന്റ് 2019 ഏപ്രിൽ 16.





SYRIL T KURIAN







Puthuppally Pally


# ST. THOMAS SYRO-MALABAR CHURCH, PALAYOOR























## ഇന്ത്യയിലെ ഏറ്റവും വലിയ സെമിത്തേരി

- മലങ്കരയുടെ മഹാ പരിശുദ്ധൻ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കൽപനപ്രകരം ഈ സെമിത്തേരി സ്ഥാപിച്ചു (മുൻകാലങ്ങളിൽ ശവസംസ്ക്കാരം നടന്നിരുന്നത് പള്ളി അങ്കണത്തിലായിരുന്നു)
- 1899 ൽ സെമിത്തേരിയുടെ മതിൽ നിർമ്മാണത്തിന്റെ ശിലാസ്ഥാപനകർമ്മം പരിശുദ്ധ പരുമല തിരുമേനി നിർവ്വഹിച്ചു.
- മതിൽ പണിയുന്നതിന് മേൽനോട്ടം വഹിച്ചത് ചെമ്മണ്ണൂർ ചേറുകുട്ടി ഐപ്പുവാണ്.
- 1921-ൽ പരിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സെമിത്തേരിപള്ളി സ്ഥാപിച്ചു.
- സെമിത്തേരി പള്ളി പെരുന്നാൾ ഏപ്രിൽ 23 ന് (പരിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ)
- നവംബർ 15-ാം തിയ്യതി ആനീദാ പെരുന്നാൾ (ഓർമ്മപെരുന്നാൾ)
- പള്ളിയുടെ വടക്ക് ഭാഗത്ത് അഭിവന്ദ്യരായ പുരോഹിതൻമാരുടെ കല്ലറയും കാണാം.
- ഈ സെമിത്തേരിയുടെ വിസ്തീർണ്ണം 4.1/2 ഏക്കറാണ്.


























i à ³X¼pcm³ Xn«qc¯ neqsS
]Ånbm ¡ namänb
Ip¶wIpfw A´nalmImf³ Imhnt£{Xw.
A¼ew]Ånbnse {]Xnj]T
hn. Ipcymt¡mkn k lZmbpw
]n¶nse ]Ånbnse {]Xnj]T
skâ a¯nbmkpamW.
















# ST. GEORGE'S FORANE CHURCH, EDAPPALLY


















# NATIONAL SHRINE BASILICA OF OUR LADY OF RANSOM VALLARPADAM













1524
1676
1752
1888 "Altare Privilegiatum in Perpetuum Concessum"
1951
2002
2004
2004












# MARTHOMAN CHERIYAPALLY (ST. THOMAS JACOBITE SYRIAN CHURCH)
# KOTHAMANGALAM





SAINT BASELIOS YELDHO



SAINT BASELIOS YELDHO
TOMB

































THE SYNOD OF DIAMPER

Was held in this Building
In 1599 A.D. – Convened by

ARCHBISHOP MENEZEZ OF GOA
RENOVATED MUKAVARAM
BLESSED BY MAR JOSE PUTHENVEETTIL
Attractions in the SYNOD MUSEUM designed by
DR. GEORGE KOILPARAMPIL
MUKAVARAM RENOVATED BY
REV. FR. THARIAN MUNDADAN
Visual Models of the Synod of Diamper and
Coonan Cross Oath at Mattancherry.
The Roof endowed with splendid carvings on Teak wood
A beautiful statue of the Angel Michael.
The Golden Chalice (Manikasa) used during the synod.
Ancient inscriptions on stone.
Places where kings and Bishops are buried.
Palm Tree Leaves (Thaliyola)
Wooden strong Room to keep valuables.
Liturgical Books in Syriac etc.

































# ST. MARY'S FORANE CHURCH / KORATTY MUTHY CHURCH
# KORATTY








































## ST. THOMAS SYRO-MALABAR CHURCH, MALAYATTOOR








## ST. ANTONY'S FORANE CHURCH, PAZHUVIL & ARNOS PADRI TOMB (AÀtWmkv ]mZncnbpsS IÃdw)





# KADUTHURUTHY ST. MARY'S (FORANE) VALIYAPALLY



















# ST. AUGUSTINE'S FORANE CHURCH, RAMAPURAM













MAJOR ARCHIEPISCOPAL MARTH MARIAM ARCHDEACON PILGRIM CHURCH
KURAVILANGAD


















# Ncn{X{] kn²amb Ipdhne§mS s]cp¶mÄ












# ]Itemaäw AÀ¡Znbmt¡m·mcpsS almkam[na Þ]w













HAPPY NEW YEAR




വാദ്യപ്പുര









അരുവിത്തുറ പള്ളി
ST GEORGE FORANE CHURCH




[A.D.1575]
[A.D.1593]







വല്യച്ചൻമല


വല്യച്ചൻമല

# ST. THOMAS CATHEDRAL, PALA



## ST. MARY'S FORANE CHURCH BHARANANGANAM
(B\¡Ã]Å1)



## MAR SLEEVA FORANE CHURCH, CHERPUNKAL



ST. MARY'S JACOBITE SYRIAN CATHEDRAL
(MANARCAD MARTHA MARYAM) CHURCH








Ncn{X{]kn²amb \SXpd¡ÀNS§





]Ån¡pfw þ ss{I·h Jmc¼cy¯nsâ XpSÀ









## ST. DOMINIC'S CATHEDRAL KANJIRAPPALLY





## HOLY MAGI SYRO MALABAR FORANE CHURCH MANIMALA







MAR SLEEVA CHURCH
PURAKKAD
ARCHDIOCESE OF CHANGANACHERRY

# ST MARY'S METROPOLITAN CATHEDRAL, CHANGANASSERY



# ST. ANDREW'S BASILICA CHURCH ARTHUNGAL





























## ST. MICHAEL'S CHURCH THATHAMPALLY



## MAR SLEEVA FORANE CHURCH PAZHAVANGADI ALAPPUZHA




# KALLOORKADU ST. MARY'S BASILICA  CHAMPAKULAM



## ST. GEORGE FORANE CHURCH, EDATHUA



## ST. MARY'S ORTHODOX CATHEDRAL, PUTHENCAVU



# PALIAKARA ST. GEORGE ORTHODOX CHURCH




# ST. MARY'S KNANAYA VALIYAPALLY, KALLISSERY



# ST MARY'S ORTHODOX CHURCH, KALLOOPPARA



# ST.MARY'S OLD CHURCH,VAIPUR



## ST. GEORGE ORTHODOX CHURCH CHANDANAPALLY



## ST. MARY'S CHURCH PAREL CHANGANACHERRY



## ST. MARY'S FORANE CHURCH KUDAMALOOR













## NILACKAL ST.THOMAS ECUMENICAL CENTRE




## MARTHOMA PONTIFICAL SHRINE (ST. THOMAS SHRINE)
## AZHIKODE JETTY, KODUNGALLUR












## ST. MARY'S ORTHODOX SYRIAN CHURCH KOTTAYAM

















## ST. MARY'S ORTHODOX DIOCESAN CATHEDRAL, THUMPAMON




## ST MARY'S SYRO MALABAR CHURCH, VALLAMCHIRA, MANIMALA



# ST. GEORGE ORTHODOX KOONAN KURISH OLD SYRIAN CHURCH
# MATTANCHERRY



























## BASILICA OF OUR LADY OF DOLOURS, THRISSUR








## ST. MARY'S ORTHODOX CHURCH, NIRANAM








# ST. ANTONY'S FORANE CHURCH OLLUR






# ST. THOMAS FORANE CHURCH AMBAZHAKAD








# OLD SYRIAN CHURCH, CHENGANNUR



## SACRED HEART MONASTERY CHURCH CHETHIPUZHA CHANGANASSERY



## ST. PETER'S AND ST. PAUL'S ORTHODOX SYRIAN CHURCH PARUMALA



# hnip² PohnX¯nsâ aIpSw NqSnbhÀ








{]knUâv {]Xn`m ]m«oÂ
BZchÀ¸n¡p¶p.






1910 HmKÌv 19 \v AÂt^m³km½ P\n¨
apt¯m]mS¯v hoSpw apänbpw






hn. AÂt^m³km½sb
ano½mZokm ap¡nb
ano½mZokm sXm«n





# hnip²PohnX¯ns â¤ aIpSw NqSnbhÀ





















hn. NmhdbpsS am¶m\s¯ I _dnSw





ssI\Icnbnse P·Krlw



# hnip ²PohnX¯ns â aIpSw NqSnbhÀ











hn. Ghp{]mky
I_dnS XoÀ° tI{µw

# amcma¬ I¬h³j³





## ss{IkiXhIeIÄþamÀ¤wIfn






















# ss{I kXhI eIÄþNhn«p\mSIw



Ip«n{km¦ kn\nabnÂ a½q«n Nhn«p\mSI th j¯nÂ







a½q«n tKmbnXhÀ Ip ª p th j¯nÂ



# ss{I kXhI eI Äþ ]cnNaþ«þ I fn
















# ss{IkXhIeIÄ þ hmfm«p]cNhoipIfl





tZhmkXhnfn



ദേവാസ്ത് വിളി : സംസ്കൃത പദങ്ങൾ നിറഞ്ഞ വലിയ ദേവാസ്ത്.
വി. ഫ്രാൻസീസ് സേവ്യറാണ് 16–ാം നൂറ്റാണ്ടിൽ കൊച്ചിയിൽ വെച്ച് പോർച്ചുഗീസ് ഭാഷയിൽ ഗീതങ്ങൾ എഴുതിയത്. പിന്നീട് സംസ്കൃത പദങ്ങൾ കലർന്ന മലയാളത്തിലേക്കും, തമിഴിലേക്കും, തനി മലയാളത്തിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി
(ദേവാസ്ത് സംഘം, നെട്ടൂർ)

ss{I kXhPohnXw / BNmcm\p jTm\ §Ä þ ]pcmh kXp ¡Ä

amew I c s k â tXma k aqkn b ¯ nÂ \n¶...



aWí CÃmXícp¶ Ime¯ D]tbmKí¨ícp¶ Imlfw






ss{_ _nÄ Pm¸\okv







ss{I kXh Icn¦Â ime ] \nÀ½mWw Ip¶wIpfw


amew I c lmÀ_À




































# ss{I kXhPohnXw / BNmcm\pjTm\ §Ä þ ]pcmh kXp¡Ä

amew Icsk â tXmak ayqkn b¯nÂ \n¶p þ XpSÀ¨...



# ss{I kXhPohnXw / B Nmcm\p j Tm\ §Ä þ ]pcmh kXp ¡Ä
## DZbwt]cqÀ kq\ l tZm k ]Ån ayqkn b¯nÂ \n¶pw



]ucmWnI en]nIÄ





Ccp¼ ]n ª mWw



]gb Xncph k{X § fpw
]pcmh kXp ¡ fpw



Zmcp ı ]e¹ § Ä



kq\ l tZm k nÂ
Zmhj_ enbÀ¸W¯n\v
sat\ kn k D]tbmKn¨ncp¶
kÀ®aWn ¡ mk



sat\ kn k I pSo c ¯ nÂ
ASbmfs¸Sp¯nbn«pÅ
Fw»w



sat\ kn k I pSo cw



Ncn{X{KÙ § Ä





acaWn




ine ]`wKnbpÅ
XSnsagp I pXncn ¡ mÂ



DZbwt]cqÀ kq\ I tZm k nÀ
_ enbÀ¸W¯n\ D]tbmKn¨ncp¶
AÄ¯mc ¡ Ã



]p j ] ¡ qS




\qäm - p I Ä ¡ p ap¼pÅ
Ncn{XXmfnt bme IÄ



kpdnbm\n B cm[ \{I a]pkXIw

ss{I kXhPohnXw / BNmcm\p j Tm\ §Ä þ ]pcmhkXp¡Ä
Ipdhne §mS ]Ån almkmb¯nÂ \n¶pw




























# ss{I kXhPohnXw / BNmcm\p jTm\ §Ä þ ]pcmh kXp ¡Ä
# \ncWw ]Ån aykn b¯nÂ \n¶pw













